Digitized by [illegible] Foundation Chennai and eGangotri

അധ്യാത്‌മരാമായണം

വിവ: ഡോ. എ. രാമചന്ദ്രദേവ്

SAHITYA PRAVARTHAKA C.S. 179 • KOTTAYAM

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധ്യാത്മ രാമായണം

വിവർത്തനം

ഡോ. ഏ. രാമചന്ദ്രദേവ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7939

17 MAR 1994

7939

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

79,39

അധ്യാത്മരാമായണം

FORWARDED FREE OF COST,
AND WITH THE COMPLIMENTS OF
THE DEPARTMENT OF EDUCATION,
GOVERNMENT OF INDIA, NEW DELHI

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(Malayalam)

Adhyatma Ramayanam

With text, prose translation and notes

Translated by

Dr. A. RAMACHANDRA DEV M. A., Ph. D.

Cover Design: Suresh Champakkara

First Published 1983

Reprinted December 1988

PRINTED AT INDIA PRESS, KOTTAYAM

Price Rs. 135.00

Rights Reserved

Publishers

Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department
NATIONAL BOOK STALL
Kottayam-Trivandrum-Ernakulam-Cannanore-Trichur
Palghat – Quilon – Kozhikode – Alleppey – Kalpetta

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധ്യാത്മരാമായണം

(സംസ്കൃതമൂലസഹിതം)

DONATION

7939

വിവർത്തനം

ഡോ. ഏ. രാമചന്ദ്രദേവ് എം. എ., പിഎച്ച്. ഡി.

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

FORWARDED FREE OF COST,
AND WITH THE COMPLIMENTS OF
THE DEPARTMENT OF EDUCATION,
GOVERNMENT OF INDIA, NEW DELHI.

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 135.00

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

S 5353 B 3479 85/88-89 2—2000

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിനന്ദനം

ധാർമ്മികമായ സൗന്ദര്യബോധത്തിന്റെ സർവ്വതോമുഖമായ വികാസവും പ്രഭാവവുമാണ്, ധന്യമായ കാവ്യനിഷേവണത്തിന്റെ ലക്ഷ്യവും ഫലവും. അബ്ദസഹസ്രം കടന്നിട്ടും അധ്യാത്മരാമായണം ഭാരതീയ സാഹിത്യമന്ദിരത്തിൽ കെടാവിളക്കായി ധർമ്മരശ്മികൾ ചിതറിക്കൊണ്ട്, തമോവൃത്തികളെ തകർത്തുകൊണ്ട്, ജീവിതസരണികളെ സുന്ദരമാക്കിക്കൊണ്ട്, മനുഷ്യനും മനുഷ്യനും, മനുഷ്യനും ഈശ്വരനും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങളെ സംസ്കരിച്ച് ആരോഗ്യസമ്പന്നമാക്കിക്കൊണ്ട്, ഭക്തിസുരഭിലമായ ആ ഉത്തമപുരുഷകഥാജ്വാലാനാളം പ്രകാശിപ്പിച്ചുപോരുന്നു. നമ്മുടെ ദേശഭാഷകളിലെ എത്ര മഹാകവികളാണ്, അതിൽനിന്ന് ചൈതന്യം ഉൾക്കൊണ്ടിട്ടുള്ളത്! എത്ര തലമുറകളാണ്, ചിത്തശുദ്ധിയും ആത്മപ്രസാദവും സാത്വികാനന്ദവും നേടിയിട്ടുള്ളത്! അധ്യാത്മരാമായണം ധാർമ്മികകാവ്യഭംഗിയുടെ ഒരു പര്യായമാണ്.

എന്റെ പ്രിയസുഹൃത്തായ ഡോക്ടർ രാമചന്ദ്രദേവ് മൂലഭാഷയായ സംസ്കൃതത്തെ മുൻനിർത്തിക്കൊണ്ട് പദാനുപദമായ ആശയപ്രകാശനം സുഗമവും സുന്ദരവുമായ മലയാളഗദ്യത്തിലൂടെ സാധിക്കുവാൻ ചെയ്ത സഫലപ്രയത്നം സർവ്വഥാ ശ്ലാഘനീയമായിരിക്കുന്നു. സംസ്കൃതത്തിന്റെ സൗഭാഗ്യം കുറച്ചൊക്കെ ദേശഭാഷ മാത്രമറിയാവുന്ന അനുവാചകന്മാർക്കും അനുഭവിക്കാം. ആശയമാധുര്യം അനായാസമായി നാട്ടുമൊഴിയിൽത്തന്നെ ആവാവുന്നിടത്തോളം ആസ്വദിക്കാം. എഴുത്തച്ഛന്റെ മഹാർഘവും അനന്യാദൃശവുമായ കിളിപ്പാട്ട് ഒന്നുകൂടി ഉള്ളിൽക്കടന്ന് അറിഞ്ഞ് ആസ്വദിക്കുന്നതിന് ഈ കൃതി സഹായമാവും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഗ്രന്ഥപ്രസാധനം ആത്മപ്രസാദനത്തിനാവട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ജി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

FORWARDED FREE OF COST AND WITH THE COMPLIMENTS OF THE DEPARTMENT OF EDUCATION, GOVERNMENT OF INDIA, NEW DELHI.

അധ്യാത്മരാമായണത്തെപ്പററി

ക്രിസ്തുവർഷം ഏഴാം നൂററാണ്ടിന്നടുത്തു് ഭാരതീയചിന്തയിൽ മൗലികമായ ഒരു പരിവർത്തനം വന്നുചേൎന്നു. ഭക്തിമാർഗ്ഗത്തിന്നും ക്ഷേത്രകേന്ദ്രിതമായ ആരാധനാസമ്പ്രദായത്തിന്നും പ്രാധാന്യമുണ്ടായതു് ഈ പരിവർത്തനത്തെത്തുടൎന്നാണു്. ദക്ഷിണാപഥത്തിൽ ആരംഭിച്ച ഈ പരിവർത്തനം ഇന്ത്യയിൽ എല്ലായിടത്തും പരന്നെത്തുവാൻ ഏതാണ്ടു് ആയിരം വർഷങ്ങളോളം വേണ്ടിവന്നു. ഇന്ത്യക്കാരുടെ ജീവിതത്തിൻെറ കേന്ദ്രസ്ഥാനത്തിൽത്തന്നെ മതത്തെ പ്രതിഷ്ഠിച്ചതു് ഈ പരിവർത്തനമാണു്. ഋജുവും, ആൎദ്രവും സുഗ്രാഹ്യവും, അർത്ഥപൂർണ്ണവുമായ ബന്ധം മനുഷ്യാത്മാവിന്നും ഈശ്വരന്നുമിടയിൽ ഉളവാക്കി നിലനിർത്തി എന്നതാണു് ഈ പരിവർത്തനത്തിൻെറ സാർവ്വകാലികവും സാർവ്വദേശീയവുമായ പ്രസക്തി.

ഈശ്വരന്നും മനുഷ്യന്നും ഇടയ്ക്കുള്ള അത്യന്തം വൈയക്തികമായ ബന്ധമാണു് മതത്തിൻെറ അസ്ഥിവാരം. ഓരോ വ്യക്തിയുടേയും മാനസികഘടന ഓരോ വിധത്തിലാകയാൽ, ഈ ബന്ധവും, ഓരോരുത്തരേയും സംബന്ധിച്ചിടത്തോളം, വ്യത്യസ്തമായിരിക്കും. അതിനാൽ, ഓരോ വ്യക്തിയും തനിക്കു് ഇഷ്ടപ്പെട്ട രൂപത്തിൽ ഈശ്വരനെ വീക്ഷിക്കുകയും, തൻെറ മനോഘടനയ്ക്കു് ഇണങ്ങുന്ന ബന്ധം ഈശ്വരനുമായി പുലർത്തുകയും വേണം. ഇതാണു് ഹിന്ദുമതത്തിലെ ഇഷ്ടദേവതാവാദം.

ഭക്തിപ്രധാനമായ സമീപനത്തിന്നു് ഈശ്വരൻെറ ശൈവവും വൈഷ്ണവവുമായ സങ്കല്പങ്ങളെയാണു് ഹിന്ദുമതം മുഖ്യമായും ആധാരമാക്കിയതു്. വൈഷ്ണവസങ്കല്പങ്ങളിൽ പ്രാധാന്യം ശ്രീകൃഷ്ണന്നും ശ്രീരാമന്നുമായിരുന്നു. ഇന്ത്യയുടെ ഇതിഹാസങ്ങളായ മഹാഭാരതത്തിൻെറയും രാമായണത്തിൻെറയും നായകന്മാരാണല്ലോ യഥാക്രമം ശ്രീകൃഷ്ണനും ശ്രീരാമനും. സർവ്വേശ്വരൻ്റെ പീഠത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നതിന്നു് ഈ വീരനായകന്മാരുടെ ഐതിഹാസികചിത്രങ്ങൾക്കു കൂടുതൽ മിഴിവുനല്കേണ്ടതാവശ്യമായിരുന്നു. മഹാഭാരതത്തിൻെറയും രാമായണത്തിൻ്റെയും ചുവടുപിടിച്ചുകൊണ്ടാണെങ്കിലും, ഊന്നലിൽ അവയിൽനിന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തുലോം വ്യത്യസ്തത പുലത്തുന്ന വിപുലമായ ഒരു സാഹിത്യസമുച്ചയം ഈ ആവശ്യം നിറവേററുന്നതിന്നായി നിമ്മിക്കപ്പെട്ടു.

ഇക്കൂട്ടത്തിൽ ഏററവും പ്രധാനപ്പെട്ടവയത്രേ ശ്രീമഹാഭാഗവതവും അധ്യാത്മരാമായണവും. ഹൈന്ദവചിന്തയെ ഇത്ര അഗാധമായി സ്വാധീനിച്ച ഗ്രന്ഥങ്ങൾ വേറെയുണ്ടോ എന്നു സംശയമാണ്. ലോകത്തിലെ എല്ലാ ഭാഷകളിലുമുള്ള ഭക്തിസാഹിത്യകൃതികൾക്കിടയിൽ ഇവ ഹിമാലയശൃംഗങ്ങൾ പോലെ ഉയന്നുനില്ക്കുന്നു. രണ്ടിൻെറയും കത്താക്കൾ അജ്ഞാതരാണ്; രണ്ടും താരതമ്യേന ആധുനികകാലത്താണ് രചിക്കപ്പെട്ടതു്. എന്നിട്ടും, വേദങ്ങൾക്കുള്ളത്ര പ്രാമാണ്യം ഈ രണ്ടു കൃതികൾക്കും ഇന്ത്യയിലെ ആസ്തികന്മാർ കല്പിച്ചുപോരുന്നു. അദ്വൈതവേദാന്തത്തെയും, ശങ്കരോപജ്ഞമായ സ്മാത്തസമ്പ്രദായത്തെയും അനുകൂലിക്കുന്നവയാണെങ്കിലും ഈ രണ്ടു കൃതികളും വിശിഷ്ടാദ്വൈതം, ദ്വൈതം, അചിന്ത്യഭേദാഭേദം മുതലായ മററു ദാശ്നികപദ്ധതികൾ പിന്തുടരുന്നവക്കും സ്വീകാര്യങ്ങളായി വത്തിക്കുന്നു.

കൃഷ്ണഭക്തക്ക് ഭാഗവതമെന്നപോലെ രാമഭക്തക്ക് പരമപ്രമാണമാണ് അധ്യാത്മരാമായണം. കിളിപ്പാട്ടുരൂപത്തിലുള്ള എഴുത്തച്ഛൻെറ വിവത്തനത്തിലൂടെ മലയാളസാഹിത്യത്തെയും കേരളീയസംസ്കാരത്തെയും രൂപപ്പെടുത്തുന്നതിൽ ഏററവുമധികം സ്വാധീനം ചെലുത്തിയ കൃതി അധ്യാത്മരാമായണമത്രേ. ഭാഗവതംപോലെ അധ്യാത്മരാമായണവും നിത്യപാരായണം ചെയ്യുന്നവർ കുറവല്ല.

ശുദ്ധമായ പാഠവും, പദംതിരിച്ചുള്ള അത്ഥവിവരണവുമടങ്ങുന്ന അധ്യാത്മരാമായണത്തിന്റെ ഈ പതിപ്പ്, അതിനാൽ പരക്കെ സ്വാഗതംചെയ്യപ്പെടാതിരിക്കയില്ല. ഭക്തന്മാക്കെന്നപോലെ മലയാളസാഹിത്യം ഗൗരവപൂവ്വം പഠിക്കുന്ന വിദ്യാത്ഥികൾക്കും അദ്ധ്യാപകക്കും ഗവേഷകക്കും ഈ പതിപ്പിൻെറ ഉപയോഗം ഇത്രയെന്നു പറയാനാവില്ല.

ജീവിതസമ്പ്രദായം മാറുന്നതനുസരിച്ചു ജീവിതദശ്നത്തിലും മാററംവരുന്നു. മദ്ധ്യയുഗത്തിലെ ഇന്ത്യയിൽ മതത്തിന്നുണ്ടായിരുന്ന പ്രാധാന്യം ഇന്നു് ഒരുപക്ഷേ, മററു ചില കാര്യങ്ങൾക്കായിരിക്കാം. എന്നാലും ഉത്തമമായ സാഹിത്യത്തിൻെറ പ്രസക്തി ഒരിക്കലും ഇല്ലാതാകുന്നില്ല. ഏതു കാലത്തിലും, ഏതു പരിതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥിതിയിലും പ്രസക്തി നഷ്ടപ്പെടാത്ത കൃതികളെ നാം 'ക്ലാസ്സിക്കുകൾ' എന്നു വിളിക്കുന്നു. ഭാഗവതവും അധ്യാത്മരാമായണവും ക്ലാസ്സിക്കുകളാണ്. ലോകത്തിലെ ഏററവും മികച്ച ഇരുപതു ഗ്രന്ഥങ്ങളുടെ ഒരു പട്ടിക തയ്യാറാക്കിയാൽ അതിൽ ഈ ഗ്രന്ഥങ്ങളും ഉൾപ്പെടുത്തപ്പെടേണ്ടതായിവരും. ക്ലാസ്സിക്കുകളുമായി പരിചയപ്പെടുന്നതുപോലെ മഹനീയമായ ഒരു സാംസ്കാരികാനുഭൂതി വേറെ ഏതുണ്ട്? ലോകമഹാഗ്രന്ഥങ്ങളിലൊന്നുമായി നേരിട്ട് ഇടപെടാൻ, സംസ്കൃതം അറിയാത്ത മലയാളികളെ, അധ്യാത്മരാമായണത്തിൻെറ ഈ പതിപ്പ് സഹായിക്കുന്നു.

എൻ. വി. കൃഷ്ണവാരിയർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ॐ

—Dedicated to the sacred memory of our daughter Gita who passed away at the tender age of ten, on the 20th of April, 1978.

O My Divinity,
The Rose, The Jasmine, The Lotus,
Destined to dooms–day
in a smash of some moments;
Yet, they live unnoticed,
Unintelligible, in the Unfathomable!

The pristine purity,
The fragrance divine they emanate,
Remain perennially,
Embalm every iota of our entity.

Thus Innocence, Ye too,
Till the fragments of our futile life
Would be withered and washed away
By the torrents of time,
Irrestible, Inevitable!

With silent sighs and sober tears
....
....

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധ്യാത്മരാമായണത്തിൻെറ ആധുനികപ്രസക്തി

ഭാരതീയരുടെ ആദികാവ്യമാണ് വാല്മീകിരാമായണം. രാമായണമഹാഭാരതങ്ങളിലൂടെയാണ് പുരാതനഭാരതപ്രതിഭ സമഗ്രത കൈവരിക്കുന്നതു്. ഈ ഗ്രന്ഥങ്ങളാണ് ഈ നാട്ടിൻെറ ആത്മാവിനെ രൂപപ്പെടുത്തിയതു്. ആണ്ടുകൾ ആയിരക്കണക്കിനു താണ്ടിയിട്ടും സാമൂഹ്യ–രാജനീതിക–സാംസ്കാരികതലങ്ങളിൽ തുമുലമായ തകിടംമറിച്ചിലുകൾ പലതും നടന്നിട്ടും ഇവ അന്യൂന ഭാസ്സോടെ, ജനജീവിതസ്പർശിയായി വിലസുന്നു. കാലമാണ് നന്മതിന്മകളുടെ നെല്ലും പതിരും തിരിക്കുന്നതെന്നാണല്ലോ പറയാറു്. സമയത്തിൻെറ 'സ്ഥൂലഹസ്താവലേപങ്ങൾക്കു്' കാര്യമായ പോറലൊന്നുമേല്പിക്കാനാവാത്തവിധം രാമായണവും മഹാഭാരതവും പുലരുന്നു. ആദികാവ്യമെന്ന പേർ വാല്മീകീയത്തിനു മാത്രമുള്ളതാണ്. മഹാഭാരതത്തെ ഇതിഹാസമെന്നാണു വിളിക്കുക.

ഉത്തമകാവ്യമേതും മാനവജീവിതത്തിൻെറ അനുവ്യാഖ്യാനമാണ്. മനുഷ്യൻ എന്ന മഹാ(?)സത്ത സ്വന്തനിലനില്പിനും; ജീവനേക്കാൾ താൻ വിലമതിക്കുന്ന മൂല്യങ്ങളുടെ സംരക്ഷണത്തിനും, സ്വസങ്കല്പങ്ങളിൽ തറച്ചുനില്ക്കുന്ന അവ്യക്തമെങ്കിലും അനശ്വരമായ ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിനുമായി അനവരതം നടത്തിപ്പോന്ന സംഘർഷങ്ങളുടെ കഥയാണ് ഏതു നല്ല കാവ്യത്തിൻെറയും പ്രതിപാദ്യം. രാമായണത്തിൻേറതും മറെറാന്നല്ല. ഇതിഹാസം തലമുറകളുടെ തകർച്ചയുടെയും ഉയർച്ചയുടെയും ഇതിഹാസമാണ്. പ്രകൃതിയേയും നിയതിയേയും വെല്ലുവിളിച്ച നരൻെറ ചരിതമാണ്. യഥാർത്ഥ്യവുമായി ഏററുമുട്ടിത്തകന്ന സ്വപ്നങ്ങളിലൂടെ, കയ്പും ഇനിപ്പും കലന്ന് അനുഭവശതങ്ങളിലൂടെ ഉയിക്കൊണ്ട ജീവിതദർശനം അവിടെ കട്ടപിടിച്ചുകിടക്കുന്നു. തലമുറകൾ അതിൽ ആവേശംകൊള്ളുന്നു. അനവസിതജീവിതയാത്രയ്ക്കു വേണ്ട പാഥേയം പകുക്കുകയും ചെയ്യുന്നു. "യദിഹാസ്തി തദന്യത്ര യന്നേഹാസ്തി ന തത് ക്വചിത്" എന്ന അവകാശവാദം ഇതിഹാസത്തെ സംബന്ധിച്ചു വെറുതെ വന്നതല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്ങുനിന്നോ വരുന്ന മത്ത്യൻ എങ്ങോട്ടോ പോകുന്നു. സസ്യംപോലെ തഴച്ചുവളരുക, തകന്നടിയുക, പിന്നെയും പൊട്ടി മുളയ്ക്കുക ഇതല്ലാതെ മറെറന്താണു ജീവിതം?* അവിരാമമായ ഈ പ്രക്രിയയിൽ ആത്യന്തികനിയാമകതചമൊന്നും മനുഷ്യനില്ല എന്നതു് ആധുനിക അസ്തിതചവാദികളുടെമാത്രം തോന്നലല്ല. രാമായണമോ മഹാഭാരതമോ വായിച്ചാൽ അങ്ങനെ നമുക്കും തോന്നിപ്പോകും. ധാര മുറിയാത്ത ഒഴുക്കിൽപ്പെട്ട വ്യക്തിയും സമൂഹവുമെല്ലാം എങ്ങോട്ടോ ഒഴുകുന്നു. പാരന്ത്യികസത്യത്തെപ്പററി തറപ്പിച്ചുപറവാൻ കഴിവുററവനാരു്? എങ്കിലും വൈവശ്യത്തിനിടയിലും അനശചരതയെ ആഞ്ഞുപുല്കാനുള്ള ഒരു ആവേശം, വെമ്പൽ എന്നുമുണ്ടു് നമുക്കേവക്കും. കലയും കാവ്യവും വിജ്ഞാനവുമെല്ലാം ഉടലെടുക്കുന്നതു് അനശചരതയെപ്പററിയുള്ള ഈ അനേചഷണത്തിൽനിന്നത്രേ. ധമ്മപ്രവണതയുംപ്രേമവിഹചലതയും എല്ലാം അതുതന്നെയല്ലേ തത്തചത്തിൽ? എങ്കിൽ, ദേശകാലഭേദമെന്യേ ഏതു സത്സാഹിത്യവും നമ്മോടു ബന്ധപ്പെടുക തന്നെ ചെയ്യുന്നു. നമുക്കെന്നും അതു മാഗ്ഗദശ്നം അരുളും, ആവേശം പകന്നുതരും.

"ഇതിഹാസപുരാണങ്ങളെക്കൊണ്ടു് വേദം ഉപബൃംഹണം ചെയ്തുകൊള്ളുക" എന്നോതി നമ്മുടെ പുരാതനന്മാർ. വേദം, അറിവു്. അനുഭവസാപേക്ഷമായ അറിവു്. സാനുഭവമായ അറിവുതന്നെ കാവ്യം. മന്ത്രം ദശിച്ചവനത്രേ ഋഷി. ഋഷിയല്ലാത്തവൻ കവിയേ അല്ല. കാവ്യത്തിൻെറ, വിശേഷിച്ചു് ആദികാവ്യത്തിൻെറ വേരു് വേദത്തിൽ ആരാഞ്ഞുകൂടായ്കയില്ല. ചിലക്കു് അങ്ങനെ ദൃഢാഭിപ്രായമുണ്ടുതാനും. രാമകഥ, ഗാഥാരൂപത്തിൽ പണ്ടേ പ്രചരിച്ചിരിക്കാം. അവ ക്രോഡീകരിച്ചു കാവ്യമാക്കുകയാവാം വാല്മീകി ചെയ്തതു് എന്നും ചിലർ പറയുന്നു. എന്തായാലും ചുററിനും പുറവുമുട്ടുമാറു് തപസ്സിരുന്നതിൻെറ ഫലമാണു് ആദികാവ്യമെന്നതിൽ പക്ഷാന്തരമില്ല. ഇന്നും വെറുതെ കവിത വരാറില്ലല്ലോ. ആ തപസ്സിൻെറ സമേകിതഫലമായിരുന്നു ഉദാത്തമായ മാനവതചത്തിൻെറ ദശ്നം. ആ ദശ്നത്തിലൂടെയാണു് ആദികവിയുടെ പ്രതിഭ ചരിതാത്ഥമായതു്.

* സസ്യമിവ മർത്യഃ പച്യതേ സസ്യമിവാജായതേ പുനഃ—കഠോപനിഷത്, 1. 1. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനുഷ്യത്വത്തിന്റെ കവിയാണ് വാല്മീകി. മനുഷ്യന്റെ കഥ രാമായണവും. കവിയുടേതുപോലെ അകളങ്കമായ ഉള്ളം മററാക്കുണ്ട്? പാവനമായ മനസ്സിൽ സത്യം സ്വയം സ്ഫുരിക്കുന്നു. രാമന്റെ അയനം തന്മൂലം നമ്മുടെയും അയനമായി മാറുന്നു. അങ്ങനെ രാമായണം ശാശ്വതമായ ജീവിതസത്യത്തിന്റെ വ്യാഖ്യാനമായി പരിണമിച്ചു.

ആദികാവ്യം എന്നാണാവോ എഴുതപ്പെട്ടതു്? ഇൻഡ്യൻ പാരമ്പര്യപ്രകാരം ത്രേതായുഗത്തിലാണ് രാമാവതാരം. വാല്മീകി സമകാലികനും. ആധുനികരുടെ പിടി ഇങ്ങോട്ടാണ്. സഹസ്രാബ്ദങ്ങൾക്കപ്പുറമാണ് അതു വിരചിതമായതു് എന്നതിൽ വിവാദമില്ല.

കാലപ്പഴക്കംകൊണ്ടാകാം ആദികാവ്യത്തിനു് ഒട്ടേറെ പാഠങ്ങൾ നിലവിൽവന്നതു്. അവയിൽ മൂന്നെണ്ണമാണ് മുഖ്യം: (1) ഗൗഡീയം, (2) പശ്ചിമോത്തരീയം, (3) ദാക്ഷിണാത്യം. ഇവയിൽ ശ്ലോകസംഖ്യയ്ക്കു വ്യത്യാസമുണ്ട്. പാഠാന്തരത്തെപ്പറ്റി പറയേണ്ടതില്ല. കഥാമർമ്മത്തിനുമാത്രം വലിയ മാററമൊന്നും കാണാനില്ല. പാഠാന്തരം ഇല്ലെങ്കിലല്ലേ ആശ്ചര്യമുള്ളു? പ്ലേറ്റോയുടെ 'സംവാദങ്ങളു'(Dialogues)ടെ ആദ്യഖണ്ഡികയ്ക്കു് എഴുപതു പാഠാന്തരം കണ്ടെത്തിയത്രേ. അരിയോസ്റ്റോ എഴുതിയ 'ഓർലാൻഡോ ഫ്യൂറിയോസോ'യുടെ ആദ്യവരിക്കുമാത്രം അമ്പത്തിയാറുണ്ട് പാഠഭേദങ്ങൾ.[1] അതിലൊക്കെ എത്രയോ മുമ്പുണ്ടായതാണ് രാമായണം! പാഠഭേദങ്ങൾ യാതൊരു മങ്ങലും അതിനു് ഏല്പിച്ചിട്ടില്ല. അതിന്റെ മികവിന്റെ ഹേതു പലതാണ്.

II

വാല്മീകി നമുക്കു സംഭാവനചെയ്ത രാമൻ സർവ്വഗുണോപേതനാണ്, പൗരുഷപ്രതീകമാണ്.[2] ധീരാഗ്രിമനെങ്കിലും സരളഹൃദയൻ.[3] ഭാര്യാവിരഹത്തീയിലുരുകുന്നവൻ. സൗന്ദര്യദർശനത്തിൽ ത്രസിക്കുന്ന ഉള്ളത്തിന്നുടമ.[4] ധർമ്മവ്രതി. വിരോധികൾക്കു കാലാ

1 G. Murray: The Classical Tradition in Poetry (1927), P. 46.
2 വാ. രാ. 1. 1. 17
3 ,, ,, 1. 1. 54
4 ,, ,, 3. 60. 21, 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നലൻ.[1] സത്യവ്രതൻ, പ്രണയപരവശൻ.[2] താണവരെ താങ്ങിപ്പുണരുവോൻ.[3] പടനടുവിലും സമചിത്തത വെടിയാത്തവൻ. ശത്രുവിന്റെയും ഗുണമറിഞ്ഞു് ആദരിപ്പവൻ.[4] പ്രിയദർശനൻ.

രാമൻ ഈശ്വരാവതാരമായിരുന്നു! അമേയമെല്ലാം ഒരർത്ഥത്തിൽ ഈശ്വരീയമല്ലേ? വിശിഷ്യ കവികൾക്കു്. ഗ്രീക്ക് ദൈവങ്ങൾ പോയതോടെ പ്രകൃതി മൂകവും അചേതനവുമായി നിലകൊണ്ടു കവിയുടെ മുമ്പിൽ എന്നു് ഫ്രായ്ഡ് സൂചിപ്പിക്കുന്നു.[5] മത–ദർശനങ്ങൾക്കെതിരേ പ്രതിരോധം പടുത്ത ഫ്രായ്ഡ്. കനിവു്, അഴകു്, ധൈര്യം, നന്മ ഇവയുടെ പ്രതിമൂർത്തിയായ രാമൻ എന്ന മാനവൻ കാലാന്തരത്തിൽ വിഷ്ണുവിന്റെ അവതാരം മാത്രമല്ല സ്വയം ബ്രഹ്മമായിത്തന്നെ മാറി.[6] മനുഷ്യവംശത്തെ ഉദ്ധരിക്കാൻ, ധർമ്മം പുനഃസ്ഥാപിക്കാൻ പിറവിയെടുക്കുന്നവർ ദിവ്യന്മാർതന്നെ.

മനുഷ്യൻ തന്റെ ആവശ്യാനുസരണം ഈശ്വരനെ രൂപപ്പെടുത്തുന്നു. ആസ്ഥയുടെ പാരമ്യത്തെ ആസ്തികത്വമെന്നു വിളിക്കാം. ഏതൊരുവനും സ്വജീവിതത്തിനു് മൂല്യവത്ത ഏറ്റുന്ന ഏതെങ്കിലും സിദ്ധാന്തത്തോടോ വ്യക്തിയോടോ സവിശേഷമായ ആഭിമുഖ്യം ഉണ്ടാകുമല്ലോ. ഫ്രായ്ഡിനു് സെക്സു് ദൈവം തന്നെയായിരുന്നു എന്നു് യുങ് രേഖപ്പെടുത്തിയിട്ടുണ്ടു്. ഒരു ദാർശനികനു് സ്വസിദ്ധാന്തത്തോടോ ഭക്തനു് ഇഷ്ടദേവതയോടോ തോന്നുന്ന ആസ്ഥ തത്ത്വത്തിൽ സജാതീയമാണു്. ആസ്ഥയുടെ, പ്രേമത്തിന്റെ പാര്യന്തികലക്ഷ്യമാണു് ഈശ്വരൻ. ഏതു നാസ്തികന്റേയും അസ്തിത്വത്തിനു് അർത്ഥം നല്കുന്നതു് ഈ ആസ്ഥയാണു്.

തലമുറകളുടെ ഭാവനയെ രാമചരിതം എത്രമാത്രം ഉത്തേജിപ്പിച്ചു എന്നതിനു് സംസ്കൃതസാഹിത്യം സാക്ഷ്യംവഹിക്കുന്നു. ആയിരക്കണക്കിനു ശ്ലോകങ്ങളുള്ള രാമകാവ്യങ്ങൾ സംസ്കൃതത്തിൽ ഒട്ടേറെയുണ്ടു്. ഹരിവംശം, വിഷ്ണുപുരാണം, വായുപുരാണം, ഭാഗവതം, കൂർമ്മപുരാണം തുടങ്ങിയ ഗ്രന്ഥങ്ങളിൽ രാമകഥാ

1 വാ. രാ. 1. 1. 18
2 ,, ,, 3. 60. 11
3 ,, , 3. 67. 29
4 ,, ,, 6. 59. 49
5 Letter to C. G. Jung: Memories, Dreams, Reflections: 7th. imp, P. 173
6 അധ്യാത്മരാമായണം, 1. 3. 66; 4. 12 etc. etc.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർണ്ണനമുണ്ട്. ഉപപുരാണങ്ങളിലും രാമകഥയിലെ ചില പ്രകരണങ്ങളെങ്കിലും പരാമൃഷ്ടമാകാതിരിക്കുന്നില്ല. 210 രാമായണങ്ങളുടെ ലിസ്റ്റ് ഫാദർ കാമിൽ ബുൽക്കെ തയ്യാറാക്കിയിട്ടുണ്ട്. കാവ്യ-നാടകങ്ങൾ വേറെയുമുണ്ട് ധാരാളം.

ജൈനർക്കും ബൗദ്ധർക്കും തങ്ങളുടേതായ രാമായണങ്ങളുണ്ട്. ജൈനരുടെ രാമലക്ഷ്മണന്മാർ ജൈനമതാവലംബികളാണെന്നേയുള്ളൂ. ക്രി. പി. നാലാം ശതകത്തിൽ വിമലസൂരി രചിച്ച പഉമചരിയം (പദ്മചരിതം) രാമചരിതംതന്നെ. ശ്വേതാംബരർക്കും ദിഗംബരർക്കും വെവ്വേറെ രാമായണങ്ങളുണ്ട്. വിമലസൂരിയുടെ രാമകഥയ്ക്കാണ് ശ്വേതാംബരരുടെ ഇടയിൽ പ്രചാരം. വിമലസൂരിയുടേയും ഗുണഭദ്രന്റേയും ഗ്രന്ഥങ്ങൾ ദിഗംബരർ പാരായണംചെയ്യുന്നു. ഗുണഭദ്രന്റെ ഉത്തരപുരാണത്തിൽ രാമകഥയെ സംബന്ധിച്ചിടത്തോളം ആശ്ചര്യകരമായ ചില വ്യതിയാനങ്ങൾ കാണാം.*

ക്രി. പി. മൂന്നാം ശതകത്തിൽത്തന്നെ അനാമകജാതകം ചീനഭാഷയിൽ തർജ്ജമചെയ്യപ്പെട്ടു. സീതാരാമവനവാസം, സീതാഹരണം, ജടായുവൃത്താം, സാഗരതരണം, അഗ്നിപരീക്ഷണം തുടങ്ങിയ കഥകൾ അതിൽ സൂചിതമാകുന്നുണ്ട്. കഥാഗതിയിലും പാത്രസ്വഭാവത്തിലും ബൗദ്ധമതപ്രഭാവം സ്പഷ്ടം.

ഇൻഡ്യയിലെ എല്ലാ നാട്ടുഭാഷകൾക്കുമുണ്ട് തനതുരാമായണങ്ങൾ. സാഹിത്യപ്രഭവംപോലും പലതിനും രാമായണമാണ്. ചിലതിന്റെയെങ്കിലും ഏററവും മികച്ച നേട്ടം രാമകഥതന്നെ. സീതാരാമസ്പർശിയായ ജനപദഗാഥകൾക്കു പരിധിയില്ല. പോക്കുവരവും പരിവഹനവും കഷ്ടിയായ പഴയകാലത്തുതന്നെ രാമകഥ ഇൻഡ്യയ്ക്കു പുറത്തു ചെന്നെത്തി. ഇൻഡോനേഷ്യ തുടങ്ങിയ ദ്വീപാന്തരങ്ങളിൽ അതു നേടിയ ജനപ്രീതി സംസ്കാരപ്രേമികളെ പുളകംകൊള്ളിക്കുന്നു. അവിടങ്ങളിൽ പാട്ടിലും ആട്ടത്തിലും അരങ്ങത്തും കവിതയിലും മാത്രമല്ല, ദാരു-ശിലാ-ശില്പങ്ങളിലും രാമൻ സപരിവാരം ഇന്നും ജീവിക്കുകയാണ്.

III

അവസന്നമായ മാനവജീവിതത്തിൽ ഉടനീളം അനുഭൂതമാകുന്ന ശോകാകുലതയെ മൂല്യസങ്കലനംകൊണ്ട് ഉദാത്തമാക്കി ഉള്ളിൽത്തട്ടുമാറു വരച്ചുകാട്ടുന്നു എന്നതാണ് രാമായണത്തിന്റെ

* ഫാദർ കാമിൽ ബുൽക്കെ, രാമകഥ (ഹിന്ദി), പുറം 67

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനപ്രീതിക്കു ഹേതു. വാക്കുകൾക്കു് അർത്ഥസംപ്രേഷണത്തിൽ പരിമിതികൾ വളരെയുണ്ടു്. കവികൾക്കു് അതു നന്നായറിയാം. അനിവാര്യതകൊണ്ടുമാത്രമല്ല, കവിതയിൽ പ്രതീകങ്ങൾ കടന്നുകൂടിയതു്. അവ നമ്മെ വീണ്ടും വീണ്ടും ആലോചിക്കാൻ നിർബ്ബന്ധിക്കുന്നു. പുരാതനകഥാപാത്രങ്ങൾ മിക്കതും ചിന്താബന്ധുരങ്ങളായ പ്രതീകങ്ങളാണു്. യഥാർത്ഥത്തിൽനിന്നു് അടർന്നുവീണ പ്രതീകങ്ങൾ. പ്രതീകം സുഭഗമല്ലെന്നുവരാം. പക്ഷേ, അർത്ഥവത്തായിരിക്കും. പ്രതീകങ്ങളുടെ പിമ്പിലെ അർത്ഥസംഗതിയും ആശയവും ചികഞ്ഞെടുക്കാൻ ചിലപ്പോൾ ബുദ്ധിമുട്ടുണ്ടാകാറുണ്ടു്. എങ്കിലും ആലോചിക്കുംതോറും അമൃതം പകർന്നുതരുന്നവയാണു് അവ. മാനവസംസ്കാരത്തിന്റെ ഈററില്ലങ്ങൾപോലും അവയാണെന്നു ചില ചിന്തകന്മാർ സിദ്ധാന്തിക്കുന്നു.[1]

തേരിന്റെ എണ്ണം മാത്രമല്ല, കൈയുക്കു കണക്കാക്കിയാലും അധൃഷ്യനായിരുന്നു ദശരഥൻ. അയോധ്യ അനാക്രമണീയം.[2] ദശരഥന്റെ സമരസഖിത്വം ഇന്ദ്രൻപോലും തേടി. കകുൽസ്ഥന്റെ കാലംവരെ പിമ്പോട്ടു പോകുന്നു ആ കഥ. പക്ഷേ, പ്രതാപിയും പ്രബലനുമായ ദശരഥനെ തറപററിക്കാൻ നിയതിക്കു വേറെ കരുക്കൾ ഉണ്ടായിരുന്നു. ആഭ്യന്തരമായ കരുക്കൾ. പുറത്തെ അരക്കരെ തകക്കാം. അഥവാ അടരാടി മരിക്കാം. ധീരനു് രണ്ടും ഒരുപോലെ കാമ്യം. അന്തഃപുരത്തിലെ എതിരാളിയെ തകക്കാനാവില്ല. ദശരഥനു താങ്ങാനാവാത്ത അടിവരുന്നതു് കൈകേയിയിൽനിന്നാണു്. ചെറുപ്പക്കാരിയും സുന്ദരിയുമായ കൈകേയി. ഏതു കൊമ്പനേയും തറപറ്റിക്കാൻ നിയതി ഒരുക്കുന്ന കെണി നോക്കുക! ആന്തരികമായ ആഘാതം വ്യക്തിവൈശിഷ്ട്യത്തിന്റെ നികഷോപലമാണെന്ന ചൊല്ലിനെ എതിക്കുന്നില്ല. ഒക്കാപ്പുറത്തുള്ള അടി! പലരും പാടേ വീഴുന്നു. ചിലർ തെല്ലു ദിങ്മൂഢരായി നിന്നിട്ടു് മെല്ലെ മുന്നേറുന്നു. ദശരഥൻ വീണുപോയി. സ്നേഹത്തീയിലെ ഈയാംപാററയായിരുന്നു ആ ധീരൻ.

ദശരഥനു മക്കളുണ്ടായില്ല. അപുത്രന്റെ ഐഹികജീവിതത്തിനു് എന്തർത്ഥമാണു്? അവനു സ്നേഹമെന്തെന്നറിഞ്ഞുകൂടല്ലോ. സ്നേഹം എന്നാൽ ആത്മവ്യാപനം—'expansion of the self'. സന്താനത്തിലൂടെ സെൽഫ് വ്യാപിക്കുന്നു. ('തനു വിസ്താരേ

1 C. G. Jung: Modern Man in Search of a Soul, P. 141.

2 വാ. രാ., 1. 5. 6-22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരണേ ച.') സന്താനമാണ് ജീവിതത്തിന് അർത്ഥവും വ്യാപ്തിയും പകരുന്നതു്. വ്യക്തിയെ വിശ്വത്തോളം വളർത്താനും വിശ്വം വ്യക്തിയിലേക്കൊതുക്കാനും സ്നേഹത്തിനു കഴിയുമെന്നു് ബൽസാക് പറഞ്ഞതു് ശരിയാണ്. അപത്യസ്നേഹം അറിയാതെ നെട്ടനാളുഴന്ന കിഴവൻ ദശരഥനു് യജ്ഞഫലമായി വന്ന സന്താനലബ്ധി വികലമാക്കിക്കളഞ്ഞു കൈകേയി. വൃദ്ധനു് തരുണിയിലുള്ള മോഹാവേശം! ജീവാതുവായ സത്യം, ജീവതന്തുവായ മകൻ. ഏതിനെ തള്ളാം, ഏതിനെ കൊള്ളാം? ജീവിതത്തിൻെറ ആത്യന്തികനിഗൂഢതയെപ്പററി രാമായണകൃത്തിൻെറ ദർശനം ഇത്തരം പ്രകരണങ്ങളിലാണ് പ്രകടമാവുക.

രാമനെപ്പറ്റി വീണ്ടും പറയാനുണ്ട്. അവൻ രമിപ്പിക്കുന്നവനാണ്;[1] രഞ്ജിപ്പിക്കുന്നവനാണ്. ഈശ്വരത്വവും മാനവത്വവും അവനിൽ സംഗമിക്കുന്നു. ഏതിനാണു മുൻതൂക്കമെന്നു പറയാൻ വയ്യ. രാമൻ ആരെയും ആകർഷിച്ചിരുന്ന കൃഷ്ണനെപ്പോലെ തന്നെ. സമചിത്തതയ്ക്കും ധീരതയ്ക്കും പുകൾപെററ ആ ദിവ്യചരിതത്തിൻെറ പിമ്പിലുള്ള പച്ചമനുഷ്യനെ കാണാതിരിക്കുന്നതു് ശരിയല്ല. അവികലമായ മനുഷ്യത്വംതന്നെയാണ് രാമൻെറ ഈശ്വരത്വം. ദശരഥനിലെ സ്നേഹവിഹ്വലത രാമനിലും കലന്നിരുന്നു. അമ്മമാരോടും സഹോദരരോടും ജാനകിയോടും മാത്രമല്ല, പാവങ്ങളോടും അപാരമായ സ്നേഹമായിരുന്നു അദ്ദേഹത്തിനു്. ഇണയെ പിരിഞ്ഞ രാമൻെറ ഹൃദയവ്യഥ സവിശേഷം ശ്രദ്ധിക്കുക.[2] സീതയെ കാണാതെ രഘുവീരൻ കരൾപൊട്ടിക്കരഞ്ഞു.[3] (ക്രൗഞ്ചമിഥുനം സീതാരാമന്മാരുടെ പ്രണയപ്രതീകമാണ്.) അവളെത്തേടി കാടായ കാടെല്ലാം അലഞ്ഞു. തിര്യക്കുകളോടുപോലും തിരക്കി. എങ്കിലും ആ ഹൃദയാലുവിനു് ബാലിയെ ഒളിയമ്പെയ്തു കൊല്ലാൻ മടിയുണ്ടായില്ല! വാചാലമായി തൻെറ പ്രവൃത്തിയെ സമർത്ഥിക്കുകകൂടി ചെയ്യുന്നു.[4] മാറുപിളന്നു്, നിണം വാന്ന്, ചത്തുമലച്ച പ്രിയതമൻെറ ജഡത്തിന്നരികേ കിടന്നു കരൾപൊട്ടിക്കരയുന്ന താരയ്ക്കു് എത്ര കേമമായാണ് രാമൻ

1 യസ്മിൻ രമന്തേ മുനയോ—അധ്യാത്മ. 1. 3. 40

2 വാ. 3. 60.

3 തിഷ്ഠ തിഷ്ഠ വരാരോഹേ ന തേസ്തി കരുണാ മയി
നാത്യർത്ഥം ഹാസ്യശീലാസി കിമർത്ഥം മാമുപേക്ഷസേ.

4 അധ്യാത്മ. 4. 3. 13–16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദാന്തം ഉപദേശിക്കുന്നതു്![1] താൻ എന്തിനു സീതയ്ക്കുവേണ്ടി മാഴ്കുന്നു എന്നു ചോദിക്കാൻ താരയ്ക്കു കഴിവില്ലാതെപോയി.

ഇവിടെ നാം ഓർക്കേണ്ടതു് ഇത്രമാത്രം. അന്യനെ ഉപദേശിക്കാൻ ആർക്കും പട്ടത്വമേറും—'പരോപദേശേ പാണ്ഡിത്യം സർവേഷാം സുകരം നൃണാം.' ബാലിയോടു രാമൻ പെരുമാറിയതു് കേവലം സാധാരണക്കാരനെപ്പോലെയാണു്. ജീവിതത്തിന്റെ ഭൗതികതലം 'പാരമാർത്ഥികസത്യം' അല്ലായിരിക്കാം. അതു 'സംവൃത്തിസത്യം' ആണെന്നതു് മറന്നുകൂടാ. താരയുടേതു മാത്രമല്ല, രാമന്റെ ജീവിതത്തെയും അതു സ്വാധീനിക്കും. തത്ത്വചിന്തനത്തിൽ ആശ്വാസമാളുന്ന മനസ്സു് തരംകിട്ടുമ്പോൾ പഴയ പാതതേടും. രണ്ടോ നാലോ നാൾ കഴിഞ്ഞപ്പോൾ താര സുഗ്രീവനെ വേട്ടു; സുഖം തേടി.[2] രാക്ഷസകുലം കുളംതോണ്ടിയ രാമൻ സീതയെ വീണ്ടെടുത്തു. നീണ്ട വേർപാടിനുശേഷം കണ്ടുമുട്ടുന്ന സീതാരാമന്മാരുടെ ചേതോവികാരങ്ങൾ കവിഭാവനയ്ക്കു വിഹാരരംഗമൊരുക്കുന്നുണ്ടു്. അനവാപ്യത വസ്തുവിന്റെ മൂല്യം ഇരട്ടിപ്പിക്കുമെന്നതിനാലാവാം, മൈഥിലിയെ നേടാൻ വെമ്പൽകൊള്ളുകയായിരുന്നു രാമൻ ഇതുവരെ. കൈയിൽ കിട്ടിയതോടെ രാമന്റെ നോട്ടത്തിൽ സീതയ്ക്കു കടുത്ത മൂല്യച്യുതി പിണയാൻ കാരണമെന്താണു്?[3] ആ നവനീതാംഗിയെ കണ്ടതിനുശേഷം ആത്മസംയമനത്തോടെയിരിക്കാൻ ലോകജേതാവായ ദശകന്ധരനു കഴിഞ്ഞിരിക്കുമോ എന്നാണു് രാമന്റെ ശങ്ക![4] ഇതിനൊക്കെ കുറിക്കുകൊള്ളുന്ന മറുപടി കൊടുക്കാൻ (സീതയ്ക്കു) മാത്രമേ സാധിക്കു.[5]

ഈ സന്ദർഭങ്ങളെല്ലാം ഒരു വസ്തുത വിളിച്ചോതുന്നു. ഒരു നാൾപോലും രാമൻ മനസ്സമാധാനം അനുഭവിച്ചിട്ടില്ല. സീതാപരിത്യാഗത്തിൽ കലാശിക്കുന്ന നിയതിലീലയ്ക്കു് എങ്ങനെ ബീജാവാപം നടക്കുന്നു എന്നും ശ്രദ്ധിക്കുക. ഇതെല്ലാം മനുഷ്യജീവിതത്തിന്റെ ഗതിവിഗതികളാണു്.[6] 'Paragon of

1 അധ്യാത്മ. 4. 3. 18–38

2 മദ്ധ്യകക്ഷേ ഗതാ തത്ര ധാരാ താരാധിപാനനാ
സർവ്വാഭരണസമ്പന്നാ മദരക്താന്തലോചനാ.—അധ്യാത്മ. 4. 5. 41

3 വാ. 6. 115. 17. 24

4 ന ഹി ത്വാം രാവണോ ദൃഷ്ട്വാ ദിവ്യരൂപാം മനോരമാം
മർഷയത്യചിരം സീതേ സ്വഗൃഹേ പര്യവസ്ഥിതാം.
—വാ. 6. 115. 24

5 വാ. 7. 116. 5–16

6 ദൈവം ചേഷ്ടയതേ സർവ്വം ഹതം ദൈവേന ഹന്യതേ.
—വാ. 4. 110. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Animals' പക്ഷേ, 'Quintessence of Dust!' എന്നു കവി പാടിയതു് ഇതുകൊണ്ടായിരിക്കാം.

സീതയും ജീവിതത്തെ ചൂഴ്ന്നുനില്ക്കുന്ന അനിവാര്യശോകപരിണതിയുടെ പ്രതീകമാണു്—രാമനെപ്പോലെതന്നെ. വിശുദ്ധിക്കുള്ള പാരിതോഷികമായിരിക്കാം തോരാത്ത കണ്ണീർ.[1] ലക്ഷ്മീദേവിയുടെ അവതാരമെന്നാണല്ലോ വയ്പു്. ശരിയാണു്. ഒരു ദേവതയ്ക്കല്ലാതെ മരണധർമ്മാവിനു്, മർത്ത്യനു് ഇത്രയും സഹിക്കാൻ കഴിയുമോ? ജനനം, ബാല്യം, വിവാഹം, ദാമ്പത്യം, തിരോധാനം—എല്ലാം അസാധാരണം, ദിവ്യം. തന്റേതല്ലാത്ത കുറ്റത്തിനു ക്രൂശിക്കപ്പെടുന്ന സ്ത്രീജീവിതം![2] ആരെയും ഉലയ്ക്കാൻപോരുന്നതായിരുന്നു അവളുടെ ആകാരസുഷമ.[3] ആത്മസൗന്ദര്യമോ അതിലും മികച്ചതു്. നന്മ, ലാവണ്യം ഇവയുടെ സംഗമം. ഏററവും വലിയ വിപത്തിനു ഹേതുവായി അതു്. അതിനു് അവളാണോ പിഴച്ചതു്?[4] ('പട്ടരാക്ഷസചക്രവർത്തിയെന്നുടൽ മോഹിച്ചതു ഞാൻ പിഴച്ചതോ?' എന്നു് ആശാന്റെ സീത ചോദിക്കുന്നു.) പാവനതയുടെയും പ്രണയത്തിന്റെയും മണിദീപമായ ആ വനിത ആകാരംപൂണ്ട ശോകമായിരുന്നു. വിമോചനത്തിനു ശേഷവും തിരോധാനംവരെയും ദുഃഖത്തിന്റെയും അപമാനത്തിന്റെയും കൊട്ടംചൂടിൽ അവൾ ഉരുകി. സർവ്വംസഹയുടെ മകൾ! ക്ലാന്തയായി, താന്തയായി അവനിയുടെ മടിത്തട്ടിൽത്തന്നെ അടിയുകയുംചെയ്തു.

7939

രാമൻ സാക്ഷാൽ മഹാവിഷ്ണുവും സീത തൽപത്നി ലക്ഷ്മീദേവിയുമാണെന്ന പ്രബോധനം ബോധപൂർവ്വമൊന്നു മറക്കുക.

---

1 ഭൃശം ചുക്രോശ മത്തേവ.—വാ. 3. 49. 23
രുരോദ സീതാ ജനകാത്മജാ.—വാ. 3. 51. 46
ക്രോശന്തീം രാമ രാമേതി.—വാ. 3. 52. 8
ഛിന്നാം പ്രപതിതാം ഭൂമൗ
ശാഖാമിവ വനസ്പതേഃ.—വാ. 5. 19. 5

2 കാമകാരോ ന മേ തത്ര
ദൈവം തത്രാപ്യാരാധ്യതി.—വാ. 6. 116. 8

3 രാമസ്യ തു വിശാലാക്ഷീ പൂർണ്ണേന്ദുസദൃശാനനാ
ധർമ്മപത്നീ പ്രിയാ നിത്യം ഭർത്തുഃ പ്രിയഹിതേ രതാ
സാ സുകേശീ സുനാസോരു സ്വരൂപാ ച യശസ്വിനീ
ദേവതേവ വനസ്യാസ്യ രാജതേ ശ്രീരിവാപരാ.
—വാ. 3. 34–35 etc.

4 പരാധീനേഷു ഗാത്രേഷു കിം കരിഷ്യാമ്യനീശ്വരാ.
—വാ. 6. 116. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാനവജീവിതത്തിൻെറ അന്തമറ്റ മുൾപ്പാതയിലൂടെ നടന്നലഞ്ഞവരായിരുന്ന അവർ എന്നും ഓക്കുക.[1] ഉടനടി ഉയരും ഒരു ചോദ്യം: പിഴയാതെ ധർമ്മമാചരിപ്പവക്കു തീരാവ്യഥയും മാനഹാനിയുമാണോ പ്രതിഫലം? തന്നെ അകാരണം പുറംതള്ളിയവനെങ്കിലും ഭാവിജന്മങ്ങളിൽപ്പോലും രാമഭദ്രൻ മാത്രമേ തനിക്കു ഭർത്താവായിത്തീരാവൂ, വിരഹക്കെടുതി പേറാനിടവരരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ടു് പ്രസൂതിക്കുശേഷം തപസ്സാചരിക്കാൻ വെമ്പുന്ന വൈദേഹിക്കു[2] കിട്ടിയതെന്താണു്? എന്താവാം ധർമ്മത്തിൻെറ പൊരുൾ? ധർമ്മതത്ത്വം ഗുഹയിലെങ്ങോ ഒളിച്ചിരിക്കയാണെന്നു പറയുന്നു—"ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം." ഗുഹ്യമായ ആ തത്ത്വം എന്താവാം? അനുഭവങ്ങളെ നിഷ്കൃഷ്ടമായി അപഗ്രഥിച്ചാൽ, അനന്തവേദനയിൽ ആത്മാവിനെ ആഴ്ത്തി പുടപാകപ്പെടുത്തുക, അന്യൻെറ അഴലും തൻേറതാക്കി മാറ്റുക— അപ്പോൾ സംജാതമാകാവുന്ന ഒരു ധനാത്മകസംവേദനം മാത്രമാണു് ധർമ്മജനിതസുഖം എന്നു പറയേണ്ടിവരും.[3] അതുതന്നെയാണു് പരമവും അന്തഃഗ്രാഹ്യവുമായ ആനന്ദം. രാമായണധ്വനിതമായ ജീവിതസന്ദേശം, "ദുഃഖനിശ്രേണികകൾ ചവിട്ടിക്കയറുക, പീഡാനുഭവങ്ങളിലൂടെ ഔദാത്യം—ദിവ്യത്വം—പ്രാപിക്കുക" എന്നതാണു്. രാമായണത്തിൻെറ അംഗീരസം കരുണവും മഹാഭാരതത്തിൻെറ ശാന്തവുമാണെന്നു് ആനന്ദവർദ്ധനൻ വെറുതെ പറഞ്ഞതല്ല.[4]

ആദികവിയുടെ മഹാപ്രതിഭയിൽ വിളഞ്ഞ അദ്ഭുതങ്ങളിൽ ഒന്നു് രാവണനാണു്. മിൽട്ടൻെറ ചെകുത്താനാണു് ദൈവത്തേക്കാൾ മികവെന്നു ചൊല്ലുണ്ടല്ലോ.[5] ആ താരതമ്യം രാമായണത്തിൽ പററുമെന്നു പറയുന്നില്ല. "രാവണൻ ഒരു മഹാപുരുഷൻതന്നെ," എന്നാണു് വാല്മീകിയുടെ പക്ഷം. വെറും

1 ഇത്തരമൊരു 'സസ്പെൻസ്' ഏതു കവിതയുടേയും ആസ്വാദനത്തിനു് ആവശ്യമാണെന്നു് ടി. എസ്. എലിയട്ട് സിദ്ധാന്തിക്കുന്നു. Dante: Note to Section II.

2 രഘുവംശം, 14. 66

3 Cf 'In temptations and afflictions a man is proved, how much he hath profited; and his reward is thereby the greater, and his graces do more eminently shine forth.'—Of the Imitation of Christ, P. 29.

4 ധ്വന്യാലോകം, ഉദ്യോതം 4, പുറം 237.

5 Emile Legouis—A History of English Literature, 1961. P. 581.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടൈപ്പുകൾ എന്നു നമ്മുടെ പൗരാണികപാത്രങ്ങളെ തരംതാഴ്ത്തുന്നതു ശരിയല്ല എന്നേ വിവക്ഷയുള്ളു.

രാവണൻ കരുത്തൻ, സമൃദ്ധവിഭവൻ, ഉദ്ധതൻ![1] ജ്ഞാനിയും വിപ്രവംശ[2]ജന്മമായ അയാൾക്കു് ഒരു വലിയ ബലഹീനതയുണ്ടായിരുന്നു—ജഡമോഹം. അടക്കാനാവാത്ത ആസക്തി. തിമിർത്താക്കുന്ന ഭോഗപരത. അതും ഒരു ആഭ്യന്തരശത്രുതന്നെ. ആസക്തിയുടെ ആത്യന്തികഫലം വിനാശമത്രെ. അറിവുകൊണ്ടു് ഭോഗേച്ഛയെ അടക്കാൻ ആക്കും കഴിയാറില്ല. അറിയാഞ്ഞാണോ നാമൊക്കെ തെററു ചെയ്യുന്നതു്? രാവണൻ ജ്ഞാനിയായിരുന്നു. കാമത്തിൻെറ അടിമയായ ജ്ഞാനി. പ്രകൃതിയുടെ മൗലികമായ നിയാമകസംഹിത അലംഘ്യമെന്നു് രാവണചരിതം നമ്മെ പഠിപ്പിക്കുന്നു.

എന്താണു് ആ സംഹിത? ഒരോ പ്രവൃത്തിയുടേയും പിമ്പേ തത്ഫലം കൊളുത്തിയിട്ടിരിപ്പുണ്ടു്. കർമ്മഫലം കർത്താവിനെ ഇടവിടാതെ തുടരുന്നു.[3] നിയതിക്കു നീക്കുപോക്കില്ല.[4] രാവണൻ അപഥസഞ്ചാരണംചെയ്തതു് അറിവില്ലായ്മയാലല്ലല്ലോ. ബുദ്ധിമാൻ ബുദ്ധിപൂർവ്വം തെററുചെയ്യും. തെററു് ചിരാഭ്യാസംവഴി സ്വഭാവമായി മാറുന്നു. സ്വഭാവത്തെ മാററുക സുകരമല്ല— 'സ്വഭാവോ നോപദേശേന ശക്യതേ കർത്തുമന്യഥാ.' രാവണൻ ഭോഗപരതയുടെ പ്രതീകമായതു് അങ്ങനെയാണു്. ആത്യന്തികമായി ശോകാവഹമാണു് ഭോഗം. ത്യാഗം സുഖാവഹമല്ലെങ്കിലും അതു നമ്മെ ഭോഗത്തിൽനിന്നു പിൻതിരിപ്പിക്കുന്നു. ആത്മാവിനെ ഉദാത്തമാക്കുന്നു. ഉദാത്തീകരണമാണു് ആനന്ദമെന്നു കണ്ടുവല്ലോ. ദുഷ്പ്രവണതകളെ നിയന്ത്രിച്ചു് സത്പ്രവണതകളെ വളർത്തുക മാത്രമാണു് ഉത്കർഷഹേതു എന്നു് രാവണചരിതം തെളിയിക്കുന്നു. "രാവണന്റെ വഴിയേ പോകാതെ രാമമാർഗ്ഗം (രാമായണം) പിൻതുടരുവിൻ; അതു തീച്ചൂളയാണെങ്കിലും മൂല്യവത്താണു്,

1 അഹോ രൂപമഹോ ധൈര്യ-
മഹോ സത്വമഹോ ദ്യുതിഃ.—വാ. 5. 49. 17

2 അതസ്ത്വം ബ്രാഹ്മണോ ഭൂത്വാ
പൗലസ്ത്യതനയശ്ച സൻ.—അധ്യാ. 6. 4. 52

3 യദാചരതി കല്യാണി, ശുഭം വാ യദി വാ ശുഭം
തദേവ ലഭതേ ഭദ്രേ കർത്താ കാമജമാത്മനഃ.—വാ. 2. 63. 6

4 നിയതിഃ കാരണം ലോകേ നിയതിഃ കർമ്മസാധനം
നിയതിഃ സർവ്വഭൂതാനാം നിയോഗേഷ്വിവ കാരണം.—വാ. 4. 25. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആനന്ദാത്മകമാണ്." ഇതത്രേ രാമായണരചയിതാവിന്റെ സന്ദേശം.

സീതാരാമന്മാരും ദശരഥന്റെ ഇതരകുമാരന്മാരും മാത്രമല്ല, രാമായണകഥാപാത്രങ്ങൾ പൊതുവേ ചില മാനുഷികമൂല്യങ്ങളെ താലോലിച്ചുപോന്നു. രാമസോദരരുടെ കാര്യംതന്നെയെടുക്കുക. ഒരേ ഉയിരിൽനിന്നു പൊട്ടിവിടരുന്നവർ. ആക്കും ആഹ്ലാദകാരികൾ. സംയമികൾ. ത്യാഗശീലർ. ജ്യേഷ്ഠൻ അരചനാകാൻ ഒരുങ്ങി. പോയതോ ചീരധരനായി അടവിയിലേക്ക്. കൗമാരം പിന്നിടാത്ത പത്നി പിരിയാതെ പിമ്പേ. ധീരാഗ്രണി സൗമിത്രി ചേട്ടനെ നിഴൽപോലെ അനുഗമിച്ചു. ഭരതൻ ഭ്രാതൃപ്രേമത്തിലും ത്യാഗശീലത്തിലും അതുലൻ. രാമന്റെ അനിയനല്ലാതെ ആക്കു കഴിയും പാദുകപുരസ്കൃതമായി നാടുവാഴാൻ? ശത്രുഘ്നനും ഭരതനും പററിയവർതന്നെ. ഹനുമാനോ? സ്വാമിഭക്തിയുടേയും ധീരതയുടേയും പര്യായം. ഭക്താവതംസം! രാമസ്മരണ നിലനില്ക്കുന്നകാലം വരെ ഹനുമത്സ്മൃതി തുടരും, തീച്ച. എന്നെന്നും ജീവിക്കുന്ന എത്രയോ കഥാപാത്രങ്ങളുണ്ടു് രാമായണത്തിൽ! അവർ വഴിമുട്ടി നില്ക്കുന്ന മർത്ത്യജീവിതത്തെ തട്ടിയുണർത്തുന്നു; മുന്നോട്ടു വിടുന്നു. നമ്മുടെ അന്തരംഗത്തിൽ കുടികെട്ടിയിരുന്ന സൗന്ദര്യബോധത്തേയും സന്മാർഗ്ഗചിന്തയേയും ഉന്മിഷത്താക്കുന്നു! ആധുനികമനുഷ്യന്റെ ഊഹത്തിനപ്പുറത്താണു് അവരുടെ സ്വാധീനശക്തി.

രാമനിലുംമററും സ്മരിക്കുന്ന ഈശ്വരീയതയെ പരാമർശിച്ചു. പ്രതീകാത്മകതയും പരാമൃഷ്ടമായി. പോര. നാമെല്ലാം പിതാക്കളും മക്കളുമൊക്കെയാണു് എന്നതു ശരി. പക്ഷേ, ഏകാന്തപഥികരുംകൂടിയാണു് നാം. ഈ ഏകാന്തപഥികത്വം നമ്മുടെ സ്വന്തമാണു്. മുൻസൂചിപ്പിച്ചതുപോലെ നമ്മിൽ ഓരോരുത്തനും എവിടെനിന്നോ വരുന്നു, എങ്ങോട്ടോ പോകുന്നു. അജ്ഞേയതയുടെ നടുവിലാണു് ജീവിതമെന്ന പ്രതിഭാസം. നമ്മുടെ ഏററവും വലിയ സത്യം നാമാണു്.1 ഈ ഏകാന്തയാത്രയിൽ താന്തരാവുമ്പോൾ നമുക്കു് സീതാരാമന്മാരോടു സംവദിക്കാം. അവരുടെ പരിപൂതചര്യയിൽനിന്നു് ആശ്വാസം തേടാം. ഏകാന്തതയിലെ ആന്തരികതൃപ്തിയാണു് ജീവിതത്തിനു മാധുര്യം പകരുന്നതു് എന്നു് അനുഭവസ്ഥർക്കു് അറിയാം.2 സീതാരാമന്മാരുടെ ആധു

1 Cf.—'Truth is Subjectivity', Kierkegaard.

2 The reality of everyone's existence proceeds thus from the 'inwardness' of man...'Introduction to Sartre's Existentialism & Humanism' by Philip Mairet, P. 6.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നികപ്രസക്തി ഇതാണ്. എന്നും ഇതു തുടരുകയുംചെയ്യും. മലകളും പുഴകളുമുള്ള നാൾവരെ.

യാവത് സ്ഥാസ്യന്തി ഗിരയഃ സരിതശ്ച മഹീതലേ
താവദ് രാമായണകഥാ ലോകേഷു പ്രചരിഷ്യതി.

IV

എന്താണ് ജീവിതത്തിൻെറ പരമലക്ഷ്യം? മറേറതു ജനതതിയേയുംപോലെ ഭാരതീയരും ഈ ചോദ്യത്തിനുത്തരം തേടി, ഇന്നും അന്വേഷണം തുടരുന്നു. നമ്മുടെ പൂർവ്വികർ പണ്ടേ ചില നിഗമനങ്ങളിലെത്താതിരുന്നില്ല. 'മോക്ഷം' അഥവാ 'ആത്മസാക്ഷാത്കാരം' എന്നു ചിലർ തറപ്പിച്ചുപറഞ്ഞു. ചിലർ ഉത്തരം ഖണ്ഡിതമായി ചൊല്ലാൻ മടിച്ചു. എങ്കിലും ജീവികൾക്കു വേണ്ടതു് അവിചലസുഖമാണ് എന്നതിൽ പക്ഷാന്തരമുണ്ടായില്ല.[1] സുഖത്തിൻെറ പാര്യന്തികസ്ഥിതിയെന്തു് എന്ന പ്രശ്നത്തിലാണ് മതഭേദം. 'ഒന്നുമില്ല' എന്നതു് ഒരു നിരാകരണമാകും. അതു മനുഷ്യമനസ്സിനു നിരക്കുകയില്ല. ഐന്ദ്രിയപരിതൃപ്തിക്കപ്പുറം, ബുദ്ധ്യതീതമായ എന്തോ 'ഉണ്ടു്' എന്നു തോന്നുന്നു. അനശ്വരതയാണല്ലോ എന്നും മനുഷ്യൻെറ സ്വപ്നം.[2] മോക്ഷം, ആത്മസാക്ഷാത്കാരം എന്നീ വാക്കുകളും വ്യപദേശിക്കുന്നതു് മറെറാന്നാകാൻ താമില്ല.

സാഹിത്യാദികലകൾ ഉൾപ്പെടെ മനുഷ്യൻെറ എല്ലാ കർമ്മങ്ങൾക്കും ലക്ഷ്യം മുൻസൂചിപ്പിച്ച ആനന്ദമാണ്. ഭാരതീയർ ഈശ്വരനെ രസസ്വരൂപനായി കരുതുന്നു.[3] ആധ്യാത്മിക അന്വേഷണവും കലയും സംശ്ലിഷ്ടമാകാൻ ഈ സങ്കല്പമായിരിക്കണം കാരണം. രാമായണ മഹാഭാരതാദി ലൗകികകാവ്യങ്ങൾക്കു ക്രമത്തിൽ മതഗ്രന്ഥങ്ങളുടെ സ്ഥാനം കൈവരികയുംചെയ്തു.

ലക്ഷ്യംപോലെ പ്രമുഖമാണ് മാർഗ്ഗവും. അവയെത്തമ്മിൽ വ്യവച്ഛേദിക്കാനാവില്ല. കഴിവും അന്തഃസംസ്കാരവുമാകട്ടെ, വ്യക്തിസാപേക്ഷമാണ് ഏറിയകൂറും. പ്രതിജനഭിന്നമായിരിക്കും രുചി. തന്മൂലം മാർഗ്ഗത്തിലും വ്യക്ത്യഭിരുചി സ്വാധീനംചെലുത്തുന്നു. സാധനാപദ്ധതിയിൽ അങ്ങനെ ഭക്തി, കർമ്മം, ജ്ഞാനം എന്നു മൂന്നു സരണികൾ തെളിഞ്ഞുവരാൻ ഇടയായി. ഇവ പര

1 'യദാ വൈ സുഖം ലഭതേഽഥ കരോതി.'—ഛാ. 7. 22. 1
2 ബൃഹദ്. 2. 4. 2
3 രസോ വൈ സഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വരഭിന്നങ്ങളെന്നു കരുതരുതു്. ഒന്നിനു് ഊനംവന്നാൽ എല്ലാം വികലം. 'സത്യം മൊഴിയണം, പൊളിപറയരുതു്' എന്ന അറിവുമാത്രം മതിയോ? അറിവിനെ ആചരണത്തിൽ വരുത്തേണ്ടേ? ആസ്ഥ(ഭക്തി)യില്ലെങ്കിൽ കർമ്മവും ജ്ഞാനവും അർത്ഥവത്താവില്ല. ഭക്തി എല്ലാററിന്റേയും ആണിക്കല്ലാണു്. വിവേകഹീനമായ ഭക്തി കട്ടത്ത അന്ധതയിലേക്കു സാധകനെ നയിച്ചെന്നുവരാം. ജടിലമായ കർമ്മകാണ്ഡംകൊണ്ടും പ്രയോജനമില്ല. ജ്ഞാനകർമ്മസമന്വിതമായ ഭക്തിയാണു് സർവ്വോത്തമം എന്നു സ്പഷ്ടം.[1]

കാര്യം ഇങ്ങനെയാണെങ്കിലും ചിലതിനു് അല്പം മുൻതൂക്കം ആചാര്യന്മാർപോലും കല്പിച്ചു. ജ്ഞാനത്തിനു് ശങ്കരാചാര്യർ പരമപ്രാധാന്യം നല്കി. കർമ്മകാണ്ഡക്കാരാണു് മീമാംസകർ. നാരദൻ, ശാണ്ഡില്യൻ, രാമാനുജൻ, രാമാനന്ദൻ തുടങ്ങിയവർ ഭക്തിയെ സർവ്വോപരി സമർത്ഥിച്ചു. പൊതുജനസ്വഭാവവും അവർ കണക്കിലെടുത്തിരിക്കാം. ദാഹിച്ചുവലഞ്ഞവനു് ജലത്തിന്റെ ജ്ഞാനമല്ല, കുളിർനീരാണു് വേണ്ടതു്. ബുദ്ധിമാനു പറ്റിയതു് അവനും കർമ്മാനുരതകുന്നതു് അവനും വേണം. ഒന്നുമില്ലാത്തവനും വേണം ഒരു പോംവഴി. അതാണു് ഭക്തിമാർഗ്ഗം. അകിഞ്ചനന്റെ രാജപാത.

ലോകമതങ്ങളെ ശ്രദ്ധിക്കൂ. ആഗ്രഹംമാത്രം കൈമുതലുള്ളവരാണു് ബഹുഭൂരി. ആട്ടകളെപ്പോലെ ഏതു പച്ചയും കടിക്കുന്നവർ. വിവേചനമൊക്കെ പിന്നാലെ. ഭക്തിമാർഗ്ഗം അത്തരക്കാരുടേതാണു്. അവരെ വിഗണിക്കാൻ ഒരാചാര്യനും ആവില്ല. വെറും അബ്സ്ട്രാക്ഷൻകൊണ്ടു് എന്തു കിട്ടാൻ?[2] തഥാഗതൻ ബഹുജനഹിതവും ബഹുജനസുഖവും ലാക്കാക്കിയാണു് ധർമ്മചക്രം ചലിപ്പിച്ചതു്. ശങ്കരൻപോലും ഹൃദയഹാരിയായ സ്തോത്രതല്ലജം ചമയ്ക്കാൻ നിർബദ്ധനായി. 'ബഹുജനഹിതായ, ബഹുജനസുഖായ.'

ഭക്തിസാഹിത്യം അതിവിപുലമാണു്. അകിഞ്ചനന്റെ ഏകാവലംബമാണു് പരമപുരുഷൻ എന്നത്രേ പ്രസിദ്ധി.[3] അവ

1 'Jnana must lead to Bhakti, Bhakti must lead to Karma': Ramanuja's Teachings in his own words, P. 110.

2 'ദീഘനികായം: കേവട്ടസുത്തം' നോക്കുക.

3 'ഇന്ദ്രഃ സാധാരണസ്ത്വം', ഋഗ്വേദം, VIII. 65. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെ സംബന്ധിച്ച സാഹിത്യത്തിന്റേയും സ്ഥിതി അതുതന്നെ. ഭക്തിയുടെ പ്രയോക്താക്കളും ഭോക്താക്കളും എല്ലാം സ്നേഹസൂത്രത്താൽ ബദ്ധരായിരിക്കുന്നു. സാഹിത്യത്തിലും തത്വചിന്തയിലും മാത്രമല്ല, ഭാഷാരൂപത്തിലും കാണാം ജനകീയമായ ചായ്‌വ്. ആഭിജാത്യവും അറിവും ഭക്തിക്ക് ആവശ്യമില്ല. ഒന്നുമില്ലായ്മയാണ് ഭക്തന്റെ കൈമുതൽ. ശബരിക്കും ഗോപികമാക്കും വിദുരക്കും എന്താഭിജാത്യം, എന്തറിവ്? ആനയ്ക്കും കൂനിക്കും കുചേലനും എന്തു മേന്മ?[1] ഭഗവാനോടുള്ള രാഗവായ്പുമാത്രമായിരുന്നു അവരുടെ സമ്പത്ത്. ഏതു മഹാജ്ഞാനിക്കും അപ്രാപ്യമായ പരമപദമാണ് അതുകൊണ്ടു് അവർ നേടിയതു്.

V

അതിപ്രാചീനമായ വൈഷ്ണവമതം ഭക്തിപ്രധാനമായിരുന്നു. വേദത്തിൽത്തന്നെ ഭഗവദ്ഭക്തിയെ അനുസ്യൂതം പ്രവഹിപ്പിക്കുന്ന സൂക്തങ്ങൾ നിരവധിയുണ്ട്. എങ്കിലും ഭക്തിപ്രധാനങ്ങളായ ശൈവവൈഷ്ണവമതങ്ങൾ ക്രമബദ്ധമായാണ് സാർവ്വജനീനത കൈവരിച്ചതു്. വേദത്തിൽ അവതാരസങ്കല്പത്തിനു സ്ഥാനമില്ലെങ്കിലും പൗരാണികകാലത്തു് രാമൻ, കൃഷ്ണൻ തുടങ്ങിയ ചരിത്രപുരുഷന്മാർ വിഷ്ണുവിന്റെ അവതാരങ്ങളെന്നനിലയിൽ ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടി.2 എന്തെല്ലാം മറിമായങ്ങളാണ് അവരെപ്പററിയുള്ള സങ്കല്പങ്ങളിൽ വന്നുചേർന്നതു്! സംസ്കൃത–പ്രാകൃത–അപഭ്രംശഭാഷകളിൽ രാമ–കൃഷ്ണന്മാരെ കേന്ദ്രീകരിച്ചു് വിശാലവിശാലമായ സാഹിത്യം വിരചിതമായി. സ്വയം ഉദാത്തവും അർപ്പണപ്രവണവുമായ ഈശ്വരീയപ്രേമം രാമകൃഷ്ണോന്മുഖമായതോടെ അതിൽനിന്നുതിർന്നുവീണതു് പരമോദാരവും മധുരമധുരവുമായ കാവ്യസമുച്ചയമാണ്.

ബൗദ്ധമതം ഒരു ജനകീയവിപ്ലവമായിരുന്നു എങ്കിലും കാലാന്തരത്തിൽ മറ്റേതു പ്രസ്ഥാനത്തിനുമെന്നപോലെ അതിനും ഉണ്ടായി അപചയം. ഈശ്വരനിഷേധം ബുദ്ധനെത്തന്നെ ഈശ്വരനാക്കുന്നതിൽ കലാശിച്ചു. സരളവും സന്മാർഗ്ഗാധിഷ്ഠിത

---

1 വ്യാധസ്യാചരണം ധ്രുവസ്യ ച വയോ വിദ്യാ ഗജേന്ദ്രസ്യ കാ?
കുബ്ജായാഃ കിമു നാമരൂപമധികം കിം തത് സുദാമ്നോ ധനം?
വംശഃ കോ വിദുരസ്യ യാദവപതേരുഗ്രസ്യ കിം പൗരുഷം?
ഭക്ത്യാ തുഷ്യതി കേവലം ന ച ഗുണൈർ ഭക്തപ്രിയോ മാധവഃ

2 എൻ. വി. കൃഷ്ണവാരിയർ: ശ്രീമഹാഭാഗവതം ആമുഖം, പേജ് 16–18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വുമായ സദ്ധർമ്മം അന്ധവിശ്വാസങ്ങളുടേയും അസാന്മാർഗ്ഗികതയുടേയും ആകരമായി മാറി. ശങ്കരാചാര്യർ അനാചാരജടിലമായ ബൗദ്ധമതത്തെ നിഷ്കാസനംചെയ്ത് വേദാന്ത—പൗരാണികമതം പുനഃസ്ഥാപിച്ചു. ചരിത്രപരമായ ഒരാവശ്യമായിരുന്നു തന്മൂലം നിറവേറിയത്. ആചാര്യർ താത്ത്വികമായി അദ്വൈതമാണ് സ്ഥാപിച്ചതെങ്കിലും വ്യാവഹാരികമായി ബഹുദേവോപാസനയിൽ അധിഷ്ഠിതമായ സ്മാർത്തമതത്തെ അരക്കിട്ടുറപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കാതിരുന്നില്ല.

അദ്വൈതം വേദപ്രാമാണ്യം അംഗീകരിക്കുന്ന ആസ്തികമതമാണ്. ബാദരായണസൂത്രങ്ങളിലും ചില ഉപനിഷദ്വാക്യങ്ങളിലുമാണ് അതിന്റെ സൈദ്ധാന്തികമായ ഊന്നൽ. വേദാന്തമൊഴിച്ച് മററു ദർശനങ്ങളെപ്പററി (ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവ്വമീമാംസ) ശങ്കരനു മതിപ്പു കുറവാണ്. അവ അദ്വൈതത്തെ പിൻതാങ്ങുന്നവയല്ലല്ലോ. ശങ്കരൻ ബൗദ്ധരെ നിഷ്കാസനംചെയ്തുവെങ്കിലും അദ്ദേഹത്തിന്റെ അദ്വൈതസിദ്ധാന്തത്തിനു് ബൗദ്ധദർശനത്തോടുള്ള കടപ്പാട് കുറച്ചൊന്നുമല്ല. ശങ്കരഗുരുവായ ഗോവിന്ദപാദന്റെ ഗുരു ഗൗഡപാദാചാര്യർ രചിച്ച 'മാണ്ഡൂക്യകാരിക' ബൗദ്ധസിദ്ധാന്തപ്രതിപാദകംതന്നെയാണ്. ശങ്കരനെ പില്ക്കാല ആചാര്യന്മാർ 'പ്രച്ഛന്നബുദ്ധൻ' എന്നു വിളിച്ചുവല്ലോ.

ദാർശനികമായ അന്വേഷണത്തിൽ മൂന്നു വസ്തുക്കൾക്ക് അനിവാര്യപ്രസക്തിയുണ്ട്. (1) ഞാൻ, (2) ഞാൻ കാണുന്ന ജഗത്ത്, (3) കാണുക എന്ന എന്റെ ക്രിയ. ദെകാർത്ത് പറഞ്ഞു: Cogito—ഞാൻ അറിയുന്നു (ചിന്തിക്കുന്നു), ergo—അതിനാൽ, Sum—ഞാൻ ഉണ്ട്. അറിവിൽ പ്രവർത്തനംകൂടെ അടങ്ങിയിരിക്കുന്നു. അങ്ങനെ ഞാനും എന്റെ അനുഭവവും സ്വയം സിദ്ധമാകുന്നു. അന്വേഷണത്തിന്റെ ആരംഭബിന്ദു ഞാൻ (Self) ആണ് എന്നർത്ഥം. എന്റെ അനുഭവത്തിനു വിധേയമാകുന്ന വസ്തുവും സ്വയം സിദ്ധമാണ്. ഇന്ദ്രിയഗോചരമായ വസ്തുവിനെ അറിയുകയും അനുഭവിക്കുകയും ചെയ്യുകയാണല്ലോ ജീവന്റെ സാമാന്യലക്ഷണം. അതീന്ദ്രിയത്തെ അനുമാനിക്കാനും അനുഭവിക്കാനും അവൻ യത്നിക്കുന്നു. അതു ചേതനമാകാം, അചേതനവുമാകാം. പരമാണു അചേതനമാണ്. പ്രപഞ്ചത്തിന്റെ പിമ്പിൽ വർത്തിക്കുന്ന ചിച്ഛക്തിയെപ്പററിയുള്ള ജിജ്ഞാസ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജീവൻെറ മൗലികസ്വഭാവങ്ങളിൽ ഒന്നാകുന്നു. അതിനെ ഈശ്വരനെന്നോ ബ്രഹ്മമെന്നോ എന്തു പേർ വിളിച്ചാലും വ്യത്യാസമില്ല.

സ വേദൈതദ് പരമം ബ്രഹ്മ ധാമ
യത്ര വിശ്വം നിഹിതം ഭാതി ശുഭ്രം. —മുണ്ഡക. 3.2, 1

ഒരാൾ ബ്രഹ്മത്തെ അംഗീകരിച്ചില്ലെന്നുവരാം. ജീവനെയും ജഗത്തിനെയും നിഷേധിക്കാൻ ആക്കും സാധ്യമല്ല. എങ്കിലും അവയെ നിഷേധിക്കുകയും ബ്രഹ്മത്തെമാത്രം സത്യമായി അംഗീകരിക്കുകയും ചെയ്യാൻ ചില ദാർശനികർ ആഗ്രഹിക്കുന്നു. Zenophanes-ൻെറ സിദ്ധാന്തപ്രകാരം—എല്ലാം ഒന്നു്, ഒരേ ഈശ്വരൻ. അസത്തിൽനിന്നു സത്തുണ്ടാവില്ല. സത്തിൽനിന്നു് അസത്തും. എന്തെങ്കിലും ഉണ്ടായെന്നു തോന്നുന്നതു് വെറും ഭ്രമമാണു്. ഏതാണ്ടു് നമ്മുടെ അദ്വൈതസിദ്ധാന്തംപോലെ തന്നെ.

അദ്വൈതത്തിൽ സത്യം ഏകമാണു്. ബ്രഹ്മം മാത്രം. ജീവൻ സ്വയം ബ്രഹ്മമാണു്. ജഗത് വെറും മിഥ്യ. എനിക്കു തോന്നുന്നു, ഞാൻ ബ്രഹ്മമല്ല എന്നു്. എന്തുകൊണ്ടു്? എൻെറ അജ്ഞതകൊണ്ടു്. ഞാൻ ബ്രഹ്മംതന്നെയല്ലേ? അതെ. പിന്നെന്തിങ്ങനെ തോന്നാൻ? അതിനു ഹേതു മായ. ജഗത്തു് ഉണ്ടെന്നു തോന്നിപ്പിക്കുക, ജീവൻ ഈശ്വരനിൽനിന്നന്യനെന്നു കരുതാൻ ഇടയാക്കുക, ഇതെല്ലാം മായയുടെ ചതിതന്നെ. മായ അനാദി, അനിർവ്വചനീയം. ജ്ഞാനഖഡ്ഗംകൊണ്ടു് അറുത്തുനീക്കുക മായാബന്ധത്തെ. പരമാത്മബോധം ഉദിക്കും. ജ്ഞാനമാണു് ജീവബ്രഹ്മൈക്യബോധം സാധിതമാക്കുന്നതു്. വിശദീകരിക്കാം. രാത്രിസമയം. വഴിയിലൊരു കയർ കിടക്കുന്നു. പാമ്പെന്നു വഴിപോക്കനു തോന്നാം. അവൻ പേടിച്ചു വിറച്ചേക്കാം. വെളിച്ചം വരുന്നതോടെ പാമ്പല്ല, കയറാണു് എന്ന അറിവു് ഉദിക്കുന്നു, പേടി നീങ്ങുന്നു. ജീവൻെറ ജഗത്പ്രതീതിയുടെ പൊരുളും ഇത്രതന്നെ. മായാബദ്ധനു് ജഗത് സത്യം. ജ്ഞാനിക്കു മിഥ്യ. ജ്ഞാനോദയത്തോടെ ജീവൻ. താൻ ബ്രഹ്മംതന്നെ എന്നു് (ബ്രഹ്മൈവാഹമിദം ജഗച്ച സകലം ചിൻമാത്രവിസ്താരിതം) അറിയുന്നു. ഇതാണു് അറിവിൻെറ പാരമ്യം—അദ്വൈതം. രണ്ടു് എന്ന ബോധമേ മിഥ്യ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മററു് ആസ്തികാചാര്യന്മാരെപ്പോലെ ശ്രീശങ്കരനും ശ്രുതിയെ പരമപ്രമാണമായി സ്വീകരിക്കുന്നു എന്നു പറഞ്ഞല്ലോ. ശ്രുതി എന്നാൽ വേദം. വേദത്തിൽ ഉപനിഷദ്ഭാഗം മാത്രമല്ല ഉള്ളതു്. ഉപനിഷത്തുകളുടെ പ്രതിപാദ്യം ജ്ഞാനമാണു്. വേദങ്ങളിൽ കർമ്മം, ഉപാസന തുടങ്ങിയ വിവിധ വിഷയങ്ങൾക്കു സ്ഥാനമുണ്ടു്. അവയ്ക്കെല്ലാം ജീവിതത്തിൽ അർത്ഥമുണ്ടു്, സാംഗത്യമുണ്ടു്. സംഹിതയെ സമഗ്രമായി മുന്നിൽ കണ്ടുകൊണ്ടേ ഉപനിഷത്തുകളെ വിലയിരുത്താൻ പററൂ. ശങ്കരാചാര്യർ വേദസംഹിതയ്ക്കു വേണ്ടത്ര പ്രാധാന്യം നല്കിക്കാണുന്നില്ല. അദ്ദേഹം കർമ്മകാണ്ഡത്തെ തള്ളുന്നു. ജ്ഞാനകാണ്ഡം മാത്രം സ്വീകരിക്കുന്നു.

അദ്വൈതത്തിലെ മഹാവാക്യങ്ങൾ എല്ലാംതന്നെ ഉപനിഷത്തിലുള്ളവയാണു്—'അഹം ബ്രഹ്മാസ്മി'[1], 'തത് ത്വം അസി'[2], 'അയം ആത്മാ ബ്രഹ്മ'[3] ഇത്യാദി. ഇവയ്ക്കു് അദ്വൈതി നല്കുന്ന അർത്ഥത്തിനു നേരേ വിരുദ്ധമാണു് ദ്വൈതിയുടെ അർത്ഥം. വിശിഷ്ടാദ്വൈതിക്കും ദ്വൈതിക്കും എല്ലാം സ്വന്തം ഭാഷ്യങ്ങളും നിഗമനങ്ങളുമുണ്ടു്. ജിജ്ഞാസുവായ സാധകന്റെ മുമ്പിൽ കീറാമുട്ടികളെപ്പോലെ നില്ക്കുകയാണു് വ്യാഖ്യാനങ്ങൾ.

മതപ്രതിപത്തി എന്തു പറഞ്ഞാലും ഭക്തിക്കു പ്രസക്തി അദ്വൈതത്തിലില്ല. പരമപുരുഷനോടുള്ള അനുരാഗമാണല്ലോ ഭക്തി. പ്രേമത്തിനു് ഒരു പ്രേമപാത്രം കൂടിയേതീരൂ. ഇല്ലാത്തപക്ഷം അനുരാഗം എങ്ങോട്ടു പ്രസരിക്കും? അദ്വൈതപ്രകാരം ദ്വിത്വം തികഞ്ഞ മൗഢ്യമാണു്. ദ്വിത്വമില്ലെങ്കിൽ ഭക്തിയെങ്ങനെ? തന്റെ ലഘുത്വ[4]ത്തെപ്പററിയും ഭഗവാന്റെ മഹത്വ[5]ത്തെപ്പററിയുമുള്ള അവബോധമാണു് ആരാധനയുടെ ഉറവിടം. ഭഗവന്മഹിമയിലുള്ളവിശ്വാസമാണു് പ്രപത്തിക്കു പ്രേരകം—

"മഹസ്തേ വിഷ്ണോ സുമതിം ഭജാമഹേ."

'നീ തേജസ്സാണു്. എന്നിൽ തേജസ്സു് നിറയ്ക്കൂ.' 'നീ വീര്യമാണു്. എന്നിലും വീര്യം പകരൂ,' എന്നുംമറ്റുമുള്ള പ്രാർത്ഥ

1 ബൃഹദ്. 1. 4. 10. 2. ഛാ. 6. 8. 7. 3. ബൃഹദ്. 2. 5. 19.

4 "I remember not that I have done any good, but that I have been always prone to sin and slow to amendment"
—Of the Imitation of Christ, P. 213.

5 സഹസ്രശീർഷാ പുരുഷഃ... —ഋക്. 10. 90. 1.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമ്മ സാംഗത്യം ദ്വൈതത്തിലേ ഉള്ളൂ. ദ്വൈതമില്ലാത്തിടത്തു ഭക്തി തഴയ്ക്കുകയില്ല.

ഈ വരി ഞാൻ എഴുതുന്നു. നിങ്ങൾ വായിക്കുന്നു. നിങ്ങൾ ഞാൻതന്നെയെങ്കിൽ എന്റെ എഴുത്തു വ്യർത്ഥം. എൻെറ വികാരങ്ങൾക്കും അനുഭവങ്ങൾക്കും നിങ്ങളുടേതുമായി തീർച്ചയായും സാജാത്യമുണ്ട്. പക്ഷേ, അവ നിങ്ങളുടേതല്ല. അവയുടെ തീവ്രത ഞാൻമാത്രമറിയുന്നു—'ന ശക്യതേ വർണയിതും ഗിരാ തദാ സ്വയം തദന്തഃകരണേന ഗൃഹ്യതേ.' സമാവസ്ഥയിൽ നിങ്ങൾക്കെന്നോടും എനിക്കു നിങ്ങളോടും ഭാവൈക്യം തോന്നാം. പക്ഷേ, അതിൻെറ പരകോടിയിൽപ്പോലും നമ്മുടെ വ്യക്തിസത്ത വേറെ നിലനില്ക്കുന്നതാണ്.[1] വ്യക്തിസത്ത(Individual Entity)യാണ് ഭക്തിയുടെ ഭോക്താവ്. ഭാവസംക്രമണം (Emotional Infection) സജാതീയതയെ അല്ലാതെ ഏകത്വത്തെ സമർത്ഥിക്കുന്നില്ല.

പറയാൻ ഇനിയുമുണ്ട്. എൻെറ ജീവിതവും അനുഭവങ്ങളും എനിക്കു സത്യമാണ്.[2] അദ്വൈതിക്കു മിഥ്യയെന്നു തോന്നാം. അതയാളുടെ അറിവില്ലായ്മയാണ്. എൻെറ സത്യപ്രതീതി അജ്ഞാനജനിതമെന്ന് അയാൾ. ബ്രഹ്മമായ എനിക്ക് അജ്ഞാനം എങ്ങനെ സംഗതമാകും? മൊഴിമുട്ടിയാൽ മുൻപറഞ്ഞപോലെ എല്ലാം മായ. മായ ഒരു പ്രശ്നവും പരിഹരിക്കുന്നില്ല. ഇല്ലെന്നു പറഞ്ഞാലും വിശ്വം വർത്തിക്കുന്നു—കാരണരൂപത്തിലെങ്കിലും എന്നും വർത്തിക്കുകയും ചെയ്യും. ജീവാത്മാക്കളും വർത്തിക്കുന്നു. 'ശാശ്വതീഭ്യഃ സമാഭ്യഃ'—എന്നാണല്ലോ വേദവചനം.

ഏഴയായ ഒരു അന്വേഷകനെ അദ്വൈതം എങ്ങും എത്തിക്കുകയില്ല എന്നതാണ് സത്യം. ശങ്കരഭഗവത്പാദർക്കും തച്ഛിഷ്യർക്കുമൊഴികെ മറെറല്ലാ ലോകാചാര്യന്മാർക്കും ഇതു ബോദ്ധ്യമായിരുന്നു. ഭഗവത്പാദർക്കും അതു ബോദ്ധ്യപ്പെട്ടിരിക്കണം. അല്ലെങ്കിൽ സ്തോത്രരചനയ്ക്ക് അദ്ദേഹം ഒരുമ്പെടുകയില്ലായിരുന്നു എന്നു പറഞ്ഞല്ലോ.

പക്ഷേ, ശങ്കരമതത്തിൻെറ പ്രകരണഗ്രന്ഥങ്ങൾ സ്തോത്രങ്ങളല്ല. പ്രസ്ഥാനത്രയിക്ക് ആചാര്യൻ വിരചിച്ച ഭാഷ്യങ്ങ

1 നിർവ്വികല്പാമപി സവിശേഷവിഷയമേവ. —വേദാന്തദേശികർ.
2 'സർവ്വം വിജ്ഞാനജാതം യഥാർത്ഥം.' —ശ്രീഭാഷ്യം 1. 1. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളാണ്. അവയെല്ലാം ദ്വൈതഭാവനയെ നിരാകരിക്കുന്നു, അന്തപദം.

VI

ശാങ്കരാദ്വൈതത്തിൻെറ പാളിച്ച പില്ക്കാല ആചാര്യന്മാർ നല്ലപോലെ മനസ്സിലാക്കി. അവരിൽ ഒന്നാമൻ രാമാനുജാചാര്യരാണ്. അദ്വൈതം പഠിക്കാൻ പുറപ്പെട്ട രാമാനുജൻ മടങ്ങിവന്നതു് കട്ടത്ത അദ്വൈതവിരോധിയായിട്ടാണ്.1 അദ്ദേഹം വിശിഷ്ടാദ്വൈതം സ്ഥാപിച്ചു. പ്രസ്ഥാനത്രയിക്കു തദനുസരണം ഭാഷ്യം ചമച്ചു. ശ്രീവൈഷ്ണവസമ്പ്രദായത്തിൽ ശ്രീനാരായണൻ അഥവാ സപാഷദനായ മഹാവിഷ്ണുവാണ് പരമാരാദ്ധ്യൻ—പരമാത്മാവു്. ജീവന്മാരും ജഗത്തും വിഷ്ണുവിന്റെ അംശങ്ങൾതന്നെ.2 വേദങ്ങൾക്കും ആഗമങ്ങൾക്കും സമപ്രാധാന്യമാണ് ശ്രീവൈഷ്ണവസമ്പ്രദായം കല്പിച്ചിട്ടുള്ളതു്. ആഴ്വാർഭക്തരുടെ തിരുവായ്മൊഴികളും വേദംപോലെ ആദരിക്കപ്പെടുന്നു. ആഴ്വാർമാർ സാധാരണജനങ്ങളുടെ വക്താക്കളായിരുന്നു, പാണ്ഡിത്യഗർവ്വിൽ മതിമറന്നവരല്ല. ഭക്തിപ്രചുരിമയിൽ പ്രപഞ്ചത്തെ മുഴുവൻ സ്നേഹിക്കാൻ അവർ പഠിച്ചു, പഠിപ്പിച്ചു. ശാങ്കരമതത്തിൻെറ നിഷേധാത്മകതയ്ക്കു് അറുതിവരുത്തിയതു് അവരാണ്.

ഭക്തഹിതത്തിന്നായി അവതാരം കൈക്കൊള്ളുന്ന ഭഗവാൻ അവരുടെ നിത്യനൈമിത്തികവ്യവഹാരങ്ങളിൽ പങ്കുകൊള്ളുന്നു.3 ഭഗവാന്റെ അവതാരങ്ങൾക്കു് എണ്ണമില്ല. രാമനും കൃഷ്ണനും പൂർണ്ണ അവതാരങ്ങളാണ്. ഒപ്പം പൂർണ്ണബ്രഹ്മവും. വൈഷ്ണവമതത്തിലെ ദീപസ്തംഭങ്ങളാണ് രാമകൃഷ്ണന്മാർ.

രാമാനുജമതത്തിൽ ഭക്തിക്കു സർവ്വോന്നതമായ സ്ഥാനമാണുള്ളതു്. എങ്കിലും ജന്മായത്തജാതിയോടു് ശങ്കരനെന്നപോലെ രാമാനുജനുമുണ്ടായിരുന്നു പ്രതിപത്തി. മുക്തിക്കു ബ്രാഹ്മണജന്മം അനിവാര്യമെന്നുതന്നെ അദ്ദേഹം സിദ്ധാന്തിച്ചു. രാമാനുജപൂർവ്വവർത്തികളായ ആഴ്വാർമാരിൽ പലരും അബ്രാഹ്മണരായിരുന്നുവല്ലോ. ഒരുപക്ഷേ, തമിഴ്—സംസ്കൃതപക്ഷങ്ങളെച്ചൊല്ലി ഒരു ചേരിതിരിവു് (തെൻകലൈ—വടകലൈ) ശ്രീവൈഷ്ണവസമ്പ്രദായ

1 ഗീത, 13. 2. —രാമാനുജഭാഷ്യം.

2 ഗീത, 7. 7. —രാമാനുജഭാഷ്യം.

3 "The only God is He who is in perpetual birth."—Romain Rolland: Prophets of New India, P. X.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ ഉടലെടുക്കാൻ കാരണം രാമാനുജൻെറ മേല്പറഞ്ഞ വീക്ഷ ണമായിരിക്കാം. ഭഗവദ്ഗീത ചാതുർവർണ്യം ഈശ്വരസൃഷ്ട മെന്നു കരുതുന്നു.1 പഞ്ചരാത്രാഗമങ്ങൾക്കു ചാതുർവർണ്യത്തോടു പിടിവാശിയില്ല. ആഗമങ്ങൾ ഭാഗവതമതത്തിൻെറയും വാസു ദേവോപാസനയുടെയും ആദിസ്രോതസ്സുകളാണല്ലോ.2

ജനപ്രീതിയാർജ്ജിച്ച പല ആചാര്യന്മാരും സമ്പ്രദായങ്ങളും ഭാരതത്തിലുടനീളം ഭഗവദ്ഭക്തി പ്രചരിപ്പിച്ചു. മധ്വൻ (1238—1317), വല്ലഭൻ (1473—1531), നിംബാർക്കൻ (പതി നൊന്നാംശതകം), ചൈതന്യൻ (1486—1533) തുടങ്ങിയ എല്ലാ വരും ഭക്തിയുടെ വക്താക്കളായിരുന്നു. മധ്വൻ വിട്ടുവീഴ്ചയില്ലാ ത്ത ദ്വൈതിയും കട്ടത്ത അദ്വൈതവിരോധിയുമാണ്. അദ്വൈ തത്തിനുനേരെ ആഞ്ഞടിച്ച ഒരു കൊടുംകാറ്റാണ് മധ്വൻ എന്നു പറഞ്ഞാലും തെററില്ല. ജീവനും ഈശ്വരനും തികച്ചും ഭിന്നമാ ണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. വല്ലഭമതം ശുദ്ധമായ അദ്വൈതമാണ്—മായാവാദത്തെ നിരസിക്കുന്ന അദ്വൈതം. വിഷ്ണുവിനേയും തദവതാരങ്ങളിൽ കൃഷ്ണനേയുമാണ് അവർ ഉപാ സിക്കുന്നത്. നിംബാർക്കനും കൃഷ്ണഭക്തി പ്രചരിപ്പിച്ചു. രാധയെ കൃഷ്ണൻെറ 'ഹ്ലാദിനീശക്തി'യായി ഉയർത്തിയതു് നിംബാർക്കനാ ണ്. ചൈതന്യമഹാപ്രഭുവാകട്ടെ കൃഷ്ണഭക്തിയെ ഒരു ജീവിത രീതിയായി മാററി. കൃഷ്ണബോധത്തിൻെറ പ്രതീകമായി രാധ അംഗീകരിക്കപ്പെട്ടതോടെ രാധാഭാവം കൈക്കൊണ്ടു് ആനന്ദ മൂർച്ഛ അനുഭവിക്കുകയാണ് സാധനയുടെ പാര്യന്തികലക്ഷ്യം എന്നും വന്നു.

VII

രാമകൃഷ്ണന്മാരെ കേന്ദ്രീകരിച്ച് പരന്നൊഴുകിയ പ്രേമമന്ദാ കിനി ആസേതുഹിമാചലം വ്യാപിച്ചു. കർമ്മകാണ്ഡജടിലവും നിരാശാനിർഭരവും സംഘർഷനിരതവുമായ സാമൂഹ്യജീവിത ത്തിൽ അലിവിൻേറയും അനുരഞ്ജനത്തിൻേറയും അഭിനവസന്ദേ ശവുമായാണ് അതു കടന്നുചെന്നതു്. ദാർശനികമായ വിസംവാദ ങ്ങൾ സ്നേഹത്തിൻെറ പൊൻനൂലിൽ ഒരുമയോടെ ഇണങ്ങിച്ചേ ന്നു. മാനവജീവിതത്തെ ഭഗവദുന്മുഖമാക്കാൻ ഭക്തിക്കേ പററൂ എന്നു തെളിയിക്കപ്പെട്ടു.

1 ഗീത. 4. 13

2 എൻ. വി. കൃഷ്ണവാര്യർ: ശ്രീമഹാഭാഗവതം, ആമുഖം, പേജ് 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെട്ടനാൾ ഏറ്റുമുട്ടിയ ഹൈന്ദവ–മുസ്ലീം മതങ്ങളെ സമന്വയിപ്പിച്ചതു ഭക്തിയാണ്. ബിംബാരാധനയെ തുടച്ചുനീക്കാൻ പ്രതിജ്ഞാബദ്ധമായ ഇസ്ലാം ഇൻഡ്യയിലെത്തി സൂഫിസത്തിലൂടെ സമന്വയപ്രവണത സ്വീകരിച്ചു. ഇസ്ലാംമതസംഹിതയിലെ സാമ്യവാദവും സാഹോദര്യവും ജാതിച്ഛിന്നമായ ഹിന്ദുമതത്തിനു പരിചയപ്പെടുത്തിക്കൊടുത്തതു് സൂഫികളാണ്. ഹിന്ദുത്വമെന്നാൽ മൂർത്തിപൂജയല്ലെന്നും വിശ്വജനീനമായ ജീവിതദർശനമാണെന്നും സൂഫികൾ വിശദമാക്കി. ഭക്തിക്കു് ഹിന്ദുമുസ്ലീം ഭേദമില്ലല്ലോ. സ്നേഹധാരയിൽ മുഴുകിയവരെല്ലാം ഒരേ ജാതിക്കാരാണ്. കബീർ, നാനക്ക്, നാമ്ദേവൻ, തുക്കാറാം, മീരാബായി, സൂർദാസ്, തുളസീദാസ്, രവിദാസ്, രജ്ജബ്ദാസ് ഇങ്ങനെ പോകുന്നു ഭഗവദ്ഭക്തരുടെ നീണ്ട പട്ടിക.

ഭക്തിയുടെ സർവ്വംകഷമായ പ്രചരണത്തിനു് ഹേതുഭൂതർ പലരാണ്. ബുദ്ധിയിൽ പാണ്ഡിത്യപ്രഭയും മനതാരിൽ സ്നേഹമധുവും പേറിയ ആചാര്യന്മാർ, ആഷ്ദൃഷ്ടിയുള്ള കവികൾ, സാമൂഹ്യപരിവർത്തനത്തിനായി പടവെട്ടിയ വിപ്ലവകാരികൾ അങ്ങനെ പലർ. പ്രസ്ഥാനത്തിനു് സാർവ്വജനീനത നല്കിയവരിൽ പലതുകൊണ്ടും അതിശ്രദ്ധേയനായ ഒരാളുണ്ടു്, രാമാനന്ദൻ.

രാമാനന്ദൻ ശ്രീവൈഷ്ണവപരമ്പരയിലെ ഒരു സന്ന്യാസിയായിരുന്നു എന്നാണ് പൊതുവേ ധാരണ. രാമോപാസനയും അതിന്റെ പ്രകരണഗ്രന്ഥമായ അധ്യാത്മരാമായണവുമായി അച്ഛേദ്യമാംവിധം ആ നാമധേയം ബന്ധപ്പെട്ടിരിക്കുന്നു. ദാക്ഷിണാത്യനായിരുന്നു രാമാനന്ദൻ എന്നു ചില പാശ്ചാത്യപണ്ഡിതർ കരുതി.* അദ്ദേഹത്തിന്റെ ജന്മസ്ഥലം പ്രയാഗ് ആണ് എന്നു നൂതനന്മാർ സമർത്ഥിക്കുന്നു. ആധ്യാത്മിക–സാമൂഹ്യമണ്ഡലങ്ങളിൽ അസുലഭഭാസോടെ വിരാജിച്ച ഒരു വിപ്ലവകാരിയായിരുന്നു രാമാനന്ദൻ. ശ്രീവൈഷ്ണവസമ്പ്രദായം ഭൗതികതലത്തിൽ മാനവസമത്വം അംഗീകരിക്കുന്നില്ല. രാമാനന്ദന്റെ നിലപാടു് നേരേ വിപരീതമായിരുന്നു. നാടിന്റെ യഥാർത്ഥസ്ഥിതി നേരിട്ടു കണ്ട അദ്ദേഹം പ്രഖ്യാപിച്ചു: "ചിന്മയനായ ദൈവത്തിന്റെ മുന്നിൽ മാത്രമല്ല, മൃൺമയമായ ഉലകത്തിലും മനുഷ്യരെല്ലാം സമന്മാരാണ്," എന്നു്. രാമാനുജമതത്തിൽ ഒരു വിഘടനത്തിനു് ഇതു വഴിയൊരുക്കി. അന്നപാനങ്ങളിൽപ്പോ

* Journal of Royal Asiatic Society, 1929; pp. 185–192

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലം കശ്നമായ അസ്പൃശ്യത പുലത്തിയവരാണ് ശ്രീവൈഷ്ണവർ. അതിനോടൊന്നും ഒത്തുപോകാനാവാതെ രാമാനന്ദൻ ജനതയുടെ നട്ടവിലേക്കു പോന്നു. ഭാരതമാകെ കൊട്ടംകാററുപോലെ ചുററിയടിച്ചു. ആ ധമ്മകേസരിയുടെ സാന്നിദ്ധ്യം ഉപേക്ഷിതർ, ഉദ്ധിഗ്നർ, പതിതർ ഇവക്കെല്ലാം ആശ്വാസമേകി. യതിവര്യൻ കാരുണ്യപൂവ്വം മൊഴിഞ്ഞു: "ഏഴകളേ, മാനവരേ, നിങ്ങൾ അമൃതസന്തതികളാണ്—'അമൃതസ്യ പുത്രാഃ.' നിങ്ങളുടെ ഭവരോഗം തുടച്ചുനീക്കാനുള്ള മരുന്ന് എൻെറ കൈവശമുണ്ട്. നിങ്ങൾ ഹിന്ദുവോ, മുസൽമാനോ, പഞ്ചമനോ ആരുമാകട്ടെ. ഇതാ അമോഘമായ ആ ഔഷധം—രാമനാമം—ജപിച്ചു ചാരിതാത്ഥ്യമടയുവിൻ."

രാമാനന്ദമതം ശ്രീസമ്പ്രദായമെന്ന് അറിയപ്പെടുന്നു. ശ്രീവൈഷ്ണവരുടെ മൂലമന്ത്രം 'ഓം നമോ നാരായണായ.' ശ്രീസമ്പ്രദായക്കാരുടേതു് 'ഓം രാമായ നമഃ.' രാമാനുജന്റേതു് 'ശ്രീഭാഷ്യം.' രാമാനന്ദൻേറതു് 'ആനന്ദഭാഷ്യം.' (ആനന്ദഭാഷ്യം രാമാനന്ദകൃതമല്ല എന്ന് ആധുനികർ വാദിക്കുന്നുണ്ടെങ്കിലും മതാനുയായികളുടെ ഇടയിൽ അതിന്നു വലിയ മാന്യതയാണുള്ളതു്.)

രാമാനന്ദൻെറ ജീവിതകാലത്തെപ്പററി പണ്ഡിതന്മാക്കു് അഭിപ്രായപ്പൊരുത്തമില്ല. ക്രി. പി. 1299–ൽ ജനിച്ചു എന്ന് മോണിയർ വില്യംസ്, ഭണ്ഡാർകർ, പരശുരാം ചതുർവേദി, ബർഥ്വാൽ എന്നിവർ പറയുന്നു. ജീവിതകാലം ക്രി. പി. 1400—1470 എന്നു ഫക്കുഹർ. രാമോപാസന പ്രചരിപ്പിച്ചും താരകമന്ത്രം (രാമനാമം) ഉപദേശിച്ചും നൂററിപ്പതിനൊന്നു വഷം ജീവിച്ച ആചാര്യൻ ക്രി. പി. 1524--ൽ ദിവംഗതനായി എന്നു വിശ്വസിക്കപ്പെടുന്നു.

ശരിയായ അത്ഥത്തിൽത്തന്നെ ദിഗ്വിജയംചെയ്ത ആളാണ് രാമാനന്ദൻ. തികഞ്ഞ സമന്വയവാദിയായ അദ്ദേഹത്തിന് ജനസാമാന്യത്തെ ആകഷിക്കാൻ ഒരു വിഷമവും ഉണ്ടായില്ല. പാണ്ഡിത്യവും മനുഷ്യസ്നേഹവും ആ വ്യക്തിത്വത്തിൽ ഒരുമയോടെ ലസിച്ചു. സാധാരണക്കാരുടെ ഭാഷയിലാണ് താൻ ഉപദേശാമൃതം ചൊരിഞ്ഞതു്. മുസ്ലീംപണ്ഡിതരുമായി സമ്പക്കംപുലത്തുകമൂലം ഇസ്ലാമികസിദ്ധാന്തങ്ങൾ അറിയാനും കലവറയെന്യേ സ്വീകരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു എന്ന്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മെകാലിഫ് രേഖപ്പെടുത്തുന്നു.[1] വർണാശ്രമങ്ങളുടെ പിടിവാശി കൈവിടാൻ ഒരുപക്ഷേ, മുസ്ലീംസമ്പർക്കം സഹായകമായിത്തീർന്നിരിക്കാം. രൂഢമൂലമായ ജാത്യാചാരം ധ്വംസിക്കാൻ അദ്ദേഹം മുതിർന്നതായി തോന്നുന്നില്ല. പക്ഷേ, ഭക്ഷ്യപേയങ്ങളിൽപ്പോലും ശ്രീവൈഷ്ണവർ പുലർത്തിയ കർശനമായ അസ്പൃശ്യതയെ രാമാനന്ദൻ ധിക്കരിക്കുകതന്നെചെയ്തു. തന്മൂലം ബഹിഷ്കൃതനാകയും സ്വന്തമതം സ്ഥാപിക്കയുംചെയ്തുവെന്നാണ് കേഴ്‌വി. കാശിയിൽ രാമാനന്ദമഠം ഇന്നും പ്രവർത്തിക്കുന്നു.

പൂർവ്വകാലത്തെ ആചാര്യന്മാർ സ്വമതസ്ഥാപനാർത്ഥം പ്രകരണഗ്രന്ഥങ്ങൾക്കു ഭാഷ്യം ചമച്ചുകപതിവാക്കിയിരുന്നു. സ്വതന്ത്രകൃതികളും ചിലരൊക്കെ എഴുതിയിരുന്നു. രാമാനന്ദനും ഗ്രന്ഥരചന ചെയ്തിരിക്കാൻ ഇടയുണ്ട്. അദ്ദേഹത്തിൻേറതെന്നു പറയപ്പെടുന്ന ഗ്രന്ഥങ്ങളുടെ ഒരു സൂചിക (ഡോ. ബദരീനാരായൺ ശ്രീവാസ്തവ തയ്യാറാക്കിയതു്) താഴെ കൊടുക്കുന്നു:

1. ശ്രീവൈഷ്ണവമതാബ്ജഭാസ്കരം. 2. ശ്രീരാമാർച്ചനപദ്ധതി. 3. ഗീതാഭാഷ്യം. 4. ഉപനിഷദ്ഭാഷ്യം. 5. ആനന്ദഭാഷ്യം. 6. സിദ്ധാന്തപടലം. 7. രാമരക്ഷാസ്തോത്രം. 8. യോഗചിന്താമണി. 9. ശ്രീഗുരുരാമാനന്ദകബരീജ്ഞാനതിലകം. 10. ശ്രീരാമാരാധനം. 11. വേദാന്തവിചാരം. 12. രാമാനന്ദാദേശം. 13. രാമമന്ത്രയോഗം. 14. രാമാഷ്ടകം. 15. ജ്ഞാനലീല. 16. പ്രകീർണ്ണപദാവലി. 17. അധ്യാത്മരാമായണം.

ഇവയിൽ രണ്ടെണ്ണം — ശ്രീവൈഷ്ണവമതാബ്ജഭാസ്കരം, ശ്രീരാമാർച്ചനപദ്ധതി—മാത്രമേ സൂചികാകാരൻ പ്രാമാണികമെന്നു് എണ്ണുന്നുള്ളു. മിക്കവയുടേയും കർത്തൃത്വം സ്വാമികളിൽ ആരോപിതമത്രേ. മതസംഘടന സുസ്ഥാപിതമായതോടെ ഗുരുവിൻേറപേരിൽ ഗ്രന്ഥങ്ങൾ എഴുതപ്പെട്ടതാവാം.

VIII

നമ്മുടെ പ്രശ്നം അധ്യാത്മരാമായണത്തിൻേറ കർത്തൃത്വമാണ്. രാമഭക്തിക്കും മന്ത്രോപാസനയ്ക്കും അതിപ്രാധാന്യം നല്കിയിരിക്കയാൽ രാമാനന്ദരചിതമാണു് അതു് എന്നു വാദിച്ചുകൂടായ്കയില്ല. ചിലർ പ്രമാണസഹിതം വാദിക്കുകയും ചെയ്യുന്നു.[2]

1 The Sikh Religion, Vol, VI P. 93

2 The Authorship of Adhyatma Ramayana: Prof. Raghuvaramittulal Shastri: G. N. Jha Research Institute Journal, Vol. I, Part II.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാശിവാസിയായ ഒരു രാമശർമ്മാവാണ് അധ്യാത്മരാമായണം എഴുതിയതെന്ന സൂചന ഭവിഷ്യത്പുരാണത്തിലെ പ്രതിസർഗ്ഗ പർവ്വത്തിലുണ്ട്. ബ്രഹ്മാണ്ഡപുരാണത്തിലും കാണാം അധ്യാത്മ രാമായണത്തിനു സ്ഥാനം. തന്മൂലം അതു വ്യാസവിരചിതമാണെന്നു പണ്ഡിററ് പി. ഗോപാലൻനായർ. ക്രി. പി. 1400-നും 1600-നും ഇടയ്ക്ക് മഹാരാഷ്ട്രത്തിലെങ്ങോ എഴുതപ്പെട്ടതാകാമെന്ന് ഭണ്ഡാർകർ ഊഹിക്കുന്നു. 16-ാംശതകത്തിനുമുമ്പ് ആന്ധ്രയിൽ വിരചിതമായതാകാം എന്നാണ് ഡോ. വി. രാഘവൻെറ അനുമാനം. തൽക്കാലം ഒന്നും തീർത്തുപറയാൻ വയ്യ. കർത്തൃത്വം അജ്ഞാതംതന്നെ. കാലം പതിനാറാംശതകത്തിനുമുമ്പ് എന്നതു ശരി.

ഗ്രന്ഥം സശ്രദ്ധം വായിച്ചാൽ ചില വസ്തുതകൾ വെളിപ്പെടും. വളരെ പ്രാചീനമായ ഒരു കൃതിയല്ല അധ്യാത്മരാമായണം. കാവ്യസൗഷ്ഠവം പ്രായേണ ആനുഷംഗികമാണ്. എങ്കിലും ഭഗവാൻെറ രൂപവർണ്ണന, ഭഗവത്സ്തുതി തുടങ്ങിയ സന്ദർഭങ്ങളിൽ പ്രതിഭാപ്രകർഷത്തിൻെറ ഒളിചിതറുന്നതു കാണാം. രാമകഥാപ്രസംഗങ്ങളിലൂടെ അധ്യാത്മചിന്ത പ്രചരിപ്പിക്കയാണ് ഗ്രന്ഥരചനയുടെ ഉദ്ദേശ്യം. അതിൽ തികഞ്ഞ വിജയം ഗ്രന്ഥകാരൻ കൈവരിച്ചിരിക്കുന്നു. ഭക്തിയും തത്ത്വചിന്തയും ഇത്ര ഉദാത്തമായ രീതിയിൽ സംവദിക്കുന്ന കൃതികൾ അതിവിരളമെന്നുതന്നെ പറയാം. ഭക്തിപ്രകർഷത്തിൽ അധ്യാത്മരാമായണത്തെ അധഃകരിക്കുന്ന ഏകഗ്രന്ഥം ശ്രീമദ്ഭാഗവതം മാത്രമാണ്. ഭാഗവതപ്രതിപാദിതമായ ഭക്തിപദ്ധതി ഇതിൽ അതേപടി അംഗീകരിച്ചിരിക്കുന്നു.

ഭാഷാശൈലി നിരീക്ഷിച്ചാൽ അധ്യാത്മരാമായണം ഒരു തെക്കൻകൃതിയാണെന്നു തോന്നാൻ ന്യായമുണ്ട്. ഭാഗവതവും ദക്ഷിണാപഥത്തിൽ എഴുതിയതാവാമെന്നു ചിലർ പറയുന്നുണ്ടല്ലോ. അധ്യാത്മത്തിൽ 'തദ്ധിതപ്രിയത്വം' വളരെ കൂടുതലാണ്. ഭക്തിപ്രസ്ഥാനത്തിനു് ഒരു പുനരുത്ഥാനം തുടങ്ങുന്നതു് തെക്കുനിന്നാണ് എന്നും ഓർക്കണം. ഈ വസ്തുതകൾ പ്രസ്തുത പുസ്തകം തെക്കേ ഇൻഡ്യയിൽ രചിക്കപ്പെട്ടതാണ് എന്ന അഭിപ്രായത്തെ ബലപ്പെടുത്തുന്നു. വാല്മീകി-കാളിദാസ-ഭവഭൂതിമാരുടെയും മാനസകാരൻെറയും മററും കരസ്പർശത്താൽ അനശ്വരതയാളുന്ന സാഹിതീയചാരുത അധ്യാത്മരാമായണം അവകാശപ്പെടുന്നില്ല. എങ്കിലും മദ്ധ്യയുഗത്തിലെ രാമകഥാഗായകരെ ഏററവും സ്വാധീനിച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രന്ഥമെന്ന മേന്മ അതിനുണ്ടു്. തുളസീരാമായണവും തുഞ്ചൻെറ രാമായണവുംമാത്രം മതി ഇതു തെളിയിക്കാൻ. അധ്യാത്മരാമായണത്തിൻെറ ദാശ്നികപ്രഭാവം അപാരം എന്നുതന്നെ പറയട്ടെ.

രാമാനന്ദനു് സഗുണവും നിർഗ്ഗുണവുമായ ബ്രഹ്മം ഒരുപോലെ ഉപാസ്യമായിരുന്നു. തുളസിക്കും തുഞ്ചനും അങ്ങനെതന്നെ. സേവ്യസേവകഭക്തിയാണു് ഇവക്കെല്ലാം കാമ്യം. അധ്യാത്മരാമായണത്തിൻെറയും ഊന്നൽ സേവ്യസേവകഭക്തിയിലാണല്ലോ. ഈ സാദൃശ്യം യാദൃച്ഛികമാണോ? അല്ലെങ്കിൽ എന്തുകൊണ്ടു്? ഈ ഗ്രന്ഥം അക്ഷയമായ ഒരു പ്രഭാവസ്രോതസ്സായി വത്തിച്ചു പിൽക്കാലകവികൾക്കു് എന്നതാണു് കാരണം.

IX

അദ്വൈതമാണു് ഇതിലെ സിദ്ധാന്തപക്ഷമെന്നു പറഞ്ഞല്ലോ. രാമാനന്ദൻ അദ്വൈതിയായിരുന്നില്ല. പ്രതിമാപൂജനം, ഷോഡശോപചാരം ഇവയ്ക്കെല്ലാം അധ്യാത്മത്തിൽ അപ്രധാനമല്ലാത്ത സ്ഥാനം കാണാം. ഇവ തന്ത്രത്തിൻെറ കാര്യങ്ങളാണു്. തന്ത്രം കമ്മപ്രധാനവും അദ്വൈതം ജ്ഞാനപ്രധാനവുമാകുന്നു. രണ്ടും താത്ത്വികമായി യോജിക്കയില്ല. എങ്കിലും ഇതിൽ അവ ഒരുമിക്കുകയാണു്. ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം അതിൽ യാതൊരു വൈരുദ്ധ്യവുമില്ല. ഭക്തിയിൽ എല്ലാ വിരോധവും അലിഞ്ഞുചേരുന്നു. ഭാരതസംസ്കൃതിയുടെ സവിശേഷതകൾ അറിയാത്തവർ ഇതു കാണുമ്പോൾ അമ്പരന്നേക്കാം. തുടക്കം മുതൽ ഒടുക്കംവരെ അദ്വൈതം. ഒപ്പം ആചാരബഹുലമായ തന്ത്രവും. പല പുരാണങ്ങളുടെയും ഒരു പൊതുസ്വഭാവമാണിതു്. ഭാഗവതത്തിൽത്തന്നെ കപിലൻെറ സാംഖ്യം, ബാദരായണൻെറ വേദാന്തം ഇവയെല്ലാം ഭക്തിക്കു് അകമ്പടി സേവിക്കുന്നുണ്ടല്ലോ.

രാമാനുജദശ്നത്തിനുമുണ്ടു് അധ്യാത്മരാമായണത്തിൽ സുപ്രധാനസ്ഥാനം. രാമാനുജമതം ആഗമാധിഷ്ഠിതമാണു്. അതിൻ പ്രകാരം പ്രപഞ്ചം മിഥ്യയല്ല ഈശ്വരാംശമാണു്. ജീവനും ഈശ്വരാംശംതന്നെ. "സ്വാംശത്താൽ നീ വിശ്വം ചമയ്ക്കുന്നു. ഫണീശ്വരനെന്ന നിലയിൽ അതിനെ താങ്ങുന്നു. സൂര്യചന്ദ്രന്മാർ, വായു, സസ്യജാലം ഇവയെല്ലാം നീതന്നെ."* "ദേഹികളുടെ ഉദരത്തിൽ അഗ്നിയായി വത്തിപ്പതു നീയത്രേ. അന്നം പചിച്ചു് അവരെ പുലത്തുന്നതും നീതന്നെ. ലീലയ്ക്കായി നീ

* അധ്യാത്മ. 6. 15. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവതരിക്കുന്നു."* ഇത്തരം സന്ദർഭങ്ങൾ രാമാനുജദർശനത്തെ തീർത്തും സമർത്ഥിക്കുന്നവയാണ്.

ബ്രഹ്മത്തിൻെറ പരിണാമമമാണ് രാമാനുജന് ദൃശ്യപ്രപഞ്ചം. (ഗീതാഭാഷ്യം, 13. 2. 2.). എട്ടുകാലിയിൽനിന്നു വല പോലെ ബ്രഹ്മത്തിൽനിന്ന് ജഗത് ആവിർഭവിക്കുന്നു.

യഥോർണനാഭിഃ സൃജതേ ഗൃഹ്ണതേ ച
യഥാ പൃഥിവ്യാം ഓഷധയഃ സംഭവന്തി
യഥാ സതഃ പുരുഷാത് കേശലോമാനി
തഥാ അക്ഷരാത് സംഭവതീഹ വിശ്വം.

—മുണ്ഡക. 1. 1. 7

തത്ത്വത്തിൽ അധ്യാത്മരാമായണം ഈ വീക്ഷണത്തോടു യോജിക്കുകയാണ്, വിയോജിക്കുകയല്ല. ആകയാൽ അത് അദ്വൈതസമർത്ഥനംമാത്രം ലക്ഷീകരിക്കുന്നു എന്നു പറയുക യുക്തിസഹമല്ല.

ഇതിൽനിന്നെല്ലാം നമുക്ക് ഒരു നിഗമനത്തിലെത്താം. ഭക്തിക്കു പരമപ്രാധാന്യം ലഭിക്കുന്നിടത്ത് ദാർശനികമായ വിപ്രതിപത്തിക്കു പ്രസക്തിയില്ല. പ്രേമം അനുഭവഗോചരമാക്കാൻ തത്ത്വജ്ഞാനത്തേക്കാൾ ഭക്തിക്കു കഴിവുണ്ടെന്നു പറയുന്നതിൻെറ രഹസ്യമതാണ്. വിദ്യ, തപസ്സ്, വ്രതം, ധ്യാനം, തീർത്ഥാടനം ഇവയൊന്നും ആത്മശുദ്ധിക്ക് അതിനോളം ഉതകുകയില്ല.

വിദ്യാതപഃ പ്രാണനിരോധമൈത്രീ—
തീർത്ഥാഭിഷേകവ്രതദാനജപ്യൈഃ
നാത്യന്തശുദ്ധിം ലഭതേഽന്തരാത്മാ
യഥാ ഹൃദിസ്ഥേ ഭഗവത്യനന്തേ.

—ശ്രീമദ്ഭാഗവതം 12. 3. 48

അധ്യാത്മരാമായണം പ്രകൃഷ്ടമായ ഭക്തിമാർഗ്ഗത്തെ ദാർശനികരീത്യാ സമർത്ഥിക്കുകയാണ് ചെയ്യുന്നതെന്നു സ്പഷ്ടം. ഗ്രന്ഥത്തിൻെറ ജനപ്രീതിക്കും മഹിമയ്ക്കും ഹേതുവും മറെറാന്നുമല്ല.

ലോകധർമ്മമായി മാറിയതോടെ ഭക്തിക്ക് ശാസ്ത്രീയമായ പുനർനിർവചനം ആവശ്യമായി വന്നു. നാരദഭക്തിസൂത്രവും ശാണ്ഡില്യഭക്തിസൂത്രവും ദാർശനികരീത്യാ ഭക്തിയെ നിർവ്വചിക്കുന്ന രണ്ടു പ്രമുഖഗ്രന്ഥങ്ങളാണ്. അധ്യാത്മരാമായണം സൂത്രരൂപത്തിലല്ല രചിക്കപ്പെട്ടതെങ്കിലും അതിൻെറ ഭക്ത്യധിഷ്ഠിത ദാർശനികത സവിശേഷം ശ്രദ്ധയർഹിക്കുന്നു.

* അധ്യാത്മ. 6. 15. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശ്വരനിലുള്ള പരമാനുരാഗമാണ് ഭക്തി എന്നു നാരദൻ പറയുന്നു: "സാ തസ്മിൻ പരമപ്രേമരൂപാ." ശാണ്ഡില്യനും അതു തന്നെ മതം: "സാ പരാനുരക്തിരീശ്വരേ." പരമോച്ചമായ പ്രേമലക്ഷണഭക്തിക്കു നിദർശനമാണ് ഗോപികമാരുടെ അനുരാഗം. ദൃശ്യജഗത്തിലെ പ്രതിഭാസങ്ങളെല്ലാം അവക്ക് ഈശ്വരചൈതന്യത്തിന്റെ ബഹിഃസ്ഫുരണങ്ങൾ മാത്രം. ജഡവസ്തുക്കൾപോലും പരമപുരുഷന്റെ ആകർഷണവലയത്തിൽപ്പെടുന്നു. ജീവജാലങ്ങളെപ്പററി പറയേണ്ടതുണ്ടോ? ഭഗവദുന്മുഖമായ ഈ അഭിനിവേശം—ആകർഷണം—സ്വയംസാധനയും സിദ്ധിയുമാകുന്നു. ഏതു മതക്കാരായാലും ഉത്തമഭക്തർ ഈ വിഭാഗത്തിൽപ്പെട്ടവരാണ്. അവരുടെ അസ്തിത്വത്തിന്റെ പരമാണുക്കൾപോലും ഈശ്വരനാമം ഉരുവിടും. അബു സയ്യിദ് സ്വാനുഭവം വിവരിക്കവേ ഇങ്ങനെ പറഞ്ഞതായി നിക്കോൾസൺ എഴുതുന്നു: ...at last every atom of me began to cry aloud, 'Allah! Allah! Allah!'* ഇവിടെയാണ് ഭക്തിയുടെ പരമകാഷ്ഠ.

ഈ അവസ്ഥാവിശേഷത്തിൽ ലോകാചാരങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കും എന്തു സാംഗത്യം? പണ്ഡിതപാമരഭേദം, ബ്രാഹ്മണചണ്ഡാലഭേദം എല്ലാം ഇവിടെ ഒടുങ്ങുന്നു—"ശുനി ചൈവ ശ്വപാകേ ച പണ്ഡിതാഃ സമദർശിനഃ." സമദൃഷ്ടിയാണ് ഭക്തി. ശബരി, മാരുതി, സ്വയംപ്രഭ—എല്ലാം ഈ കൂട്ടത്തിൽപ്പെടും. ഗോപികമാരിലെ രാഗവിഹ്വലത ഇവരിൽ തുലോം സംയതാവസ്ഥയിൽ വർത്തിക്കുന്നു എന്ന വ്യത്യാസമേയുള്ളൂ. അന്യചിന്തയെന്യേ 'അവനിൽ' സർവ്വവും അർപ്പിക്കുന്നവരുടെ യോഗക്ഷേമം 'അവൻ' വഹിച്ചുകൊള്ളും. ജ്ഞാനവൈരാഗ്യങ്ങൾ അനന്യഭക്തിക്കു സ്വായത്തമാകുന്നു—

വാസുദേവേ ഭഗവതി ഭക്തിയോഗഃ പ്രയോജിതഃ
ജനയത്യാശു വൈരാഗ്യം ജ്ഞാനം ച യദഹൈതുകം.

—ശ്രീമദ്ഭാഗ. 1. 2. 7

ഭാഗവതകാരന്റെ നവധാഭക്തി (7. 5. 23) പടിപടിയായി ആത്മനിവേദനത്തിലെത്തുന്നതോടെ രാഗമായി പരിണമിക്കുകയും ചെയ്യും. അധ്യാത്മരാമായണത്തിലെ ഭക്തി തത്ത്വത്തിൽ മിക്കവാറും ഇതുതന്നെയാണ്. ഗ്രന്ഥത്തിന്റെ കാലാതിശായിത്വം ഭക്തിയിൽ അടിയുറച്ചിരിക്കുന്നു എന്നു ചുരുക്കം.

* Studies in Islamic Mysticism, P. 9.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

X

അത്യാധുനികനു് ഇതിലൊക്കെ എന്തു കാര്യം? രാമായണ ദർശനത്തിനു് ഇന്നെന്തു പ്രസക്തി? നിലനില്പിനുവേണ്ടിയുള്ള നെട്ടോട്ടത്തിനിടയ്ക്കു് അധ്യാത്മം പരിഹാസ്യമല്ലേ? ഈ ചോദ്യങ്ങൾ സ്വാഭാവികങ്ങളാണു്. പക്ഷേ, അപ്പക്കഷണങ്ങൾകൊണ്ടു മാത്രം തൃപ്തിയടയാത്ത ഒന്നായിപ്പോയി മനുഷ്യനെന്ന വിചിത്ര സൃഷ്ടിയുടെ മനസ്സു്. സ്വന്തം അന്തരംഗത്തിലേക്കു ചുഴിഞ്ഞിറങ്ങാനുള്ള കഴിവുമുണ്ടു് മനുഷ്യനു്. തൻെറ ആത്മാവിൻെറ ആനനം തനിമയിൽ ദർശിക്കാനിടവന്നവൻെറ ജീവിതം വഴി മാറിയൊഴുകി എന്നുവരാം. സംഘട്ടനത്തിലും സംഹാരത്തിലും ആത്മവിസ്മൃതിയാളുന്ന അസ്വസ്ഥനായ ആധുനികമനുഷ്യനു് ആത്മദർശനം അഭൂതപൂർവ്വമായ ഒരനുഭവമായിരിക്കും. അന്യനുവേണ്ടി ദുഃഖം സഹിക്കുന്നതിലുള്ള ആനന്ദം ഒരിക്കലറിഞ്ഞവൻ അതു നേടാനുള്ള അവസരം ഒരിക്കലും പാഴാക്കുകയില്ല. നേരിന്റേയും നന്മയുടേയും പാതയിലൂടെ നടന്നു തളന്നവൻ തിന്മയുടെയും കളവിൻെറയും വഴിയിലൂടെ നടക്കുകയേ ഇല്ല. രാമൻെറ കാലത്തെന്നപോലെ ഇന്നും ഇതു സത്യമാണു്. ലങ്കയിൽ കടന്നു ലക്ഷ്യസിദ്ധി കൈവരിച്ച ഹനുമാൻ നേട്ടമൊന്നും തൻേറതായി കണക്കാക്കിയില്ല. തൻെറ കൂട്ടകാരുടേതാണു് നേട്ടമെല്ലാം എന്നാണു് മാരുതിയുടെപക്ഷം. ഇന്നും ഉത്തമന്മാർ മററുള്ളവരുടെ മേന്മ വകവച്ചുകൊടുക്കാറുണ്ടു്. രാമൻ രണ്ടുവാക്കു പറയാറില്ലത്രേ. സത്യവാക്കാകുക ഇന്നും നല്ലതുതന്നെ. ഭോഗസുഖങ്ങളുടെ നട്ടവിൽനിന്നു് ആഫ്രിക്കൻവനഭൂവിലേക്കു ക്രിസ്തുസന്ദേശവുമായി പോയതിലെ ആനന്ദാതിരേകത്തെപ്പററി എത്ര അഭിമാനമാണു് ആൽബട്ടു് ഷെ്വററ്സർക്കുള്ളതു്! ഇതൊക്കെ അധ്യാത്മചിന്തയ്ക്കുള്ള ആധുനികപ്രസക്തി തെളിയിക്കാൻ തികച്ചും പര്യാപ്തമല്ലേ?

ഭാരതത്തിൻെറ ആത്മാവു് അധ്യാത്മദർശനത്തിലാണു് ആനന്ദത്തിൻെറ പാരമ്യം കണ്ടുമുട്ടിയതു്. മനുഷ്യരാശിയുടെ മൗലികസ്വഭാവംതന്നെ അതല്ലേ? ഇല്ലായ്മയിലും വറുതിയിലും എരിപൊരികൊള്ളുന്ന നമ്മുടെ ജനതതി അധ്യാത്മപരതയിൽ നിർവൃതികൊള്ളുന്നു എന്നു പറഞ്ഞാൽ ആളുകൾ നമ്മെ ആക്ഷേപിക്കും. എങ്കിലും ആ പ്രവണത പിഴവുകളയാമെന്നു വ്യാമോഹിക്കുന്നവർ മൂഢസ്വർഗ്ഗത്തിലാണു് എന്നു പറയാതെ തരമില്ല. ജീവിതത്തിൻെറ അപൂർണ്ണതകൾ നികത്താനും ആഭ്യന്തരശാന്തി കൈവരുത്താനും മനുഷ്യൻ ശ്രമം തുടരുന്ന കാലംവരെയും അധ്യാത്മരാമായണംപോലുള്ള ഗ്രന്ഥങ്ങൾക്കു് അഭംഗുരസാംഗത്യം ഉണ്ടായിരിക്കുമെന്നുതന്നെ പറയട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജീവിതത്തിൻെറ അവ്യാഖ്യേയത, വ്യക്തിസത്തയുടെ പരിമിതി ഇവയെപ്പററിയെല്ലാം ഇന്നത്തെ മനുഷ്യൻ കൂടുതൽ ബോധവാനാണ്. ആററംയുഗത്തിൻെറ _ സംഹാരാത്മകതയെപ്പററി ഉൾക്കാഴ്ചയുള്ളവക്ക് അതിൻെറ നിമ്മാണപ്രയോഗങ്ങളിൽ നിരതമാകുന്ന കരങ്ങളെപ്പററി മാത്രമല്ല, പിന്നിലെ മസ്തിഷ്കത്തെപ്പററിയും ചിന്തിക്കേണ്ടിവരും. മനസ്സിനെ ശുദ്ധീകരിക്കാതെ ഒരടി മുന്നോട്ടു പോകാൻ മനുഷ്യനിന്നു സാദ്ധ്യമല്ല. അല്ലാതെയുള്ള പോക്ക് വിനാശത്തിൻെറ ഗത്തത്തിലേക്കായിരിക്കുമെന്നു മാത്രം.

വിപുലമായ വിദ്യകളും വിജ്ഞാനങ്ങളും സ്വാംശീകരിച്ചവക്കുപോലും മനശ്ശാന്തിക്കു ഭഗവദ്ഭക്തി മാത്രമേ ഉതകുകയുള്ളു. കാവ്യാനുശീലനപരവും 'പരിനിഷ്ഠിതാത്ഥവിഷയവുമായ ദൃഷ്ടികൾ രണ്ടും അവലംബിച്ച് ശ്രാന്തനായ' ആനന്ദവദ്ധനന്ന് അബ്ധിശയനഭക്തിയിലേ സുഖം കിട്ടിയുള്ളുവത്രേ. തത്ത്വചിന്തയ്ക്കും വിശകലനത്തിനും ജീവിതമുഴിഞ്ഞുവച്ച ഷോപ്പൻഹോവക്ക് മനഃശാന്തിക്കുവേണ്ടി ഉപനിഷത്തുകളെ ആശ്രയിക്കേണ്ടിവന്നു. അവരിരുവരും അണുയുഗത്തിനുമുമ്പുള്ളവരാണ്. രണ്ടു മഹായുദ്ധങ്ങളുടെ കെടുതികൾ സ്വയം കണ്ട, ചരിത്രവ്യാഖ്യാനത്തിൽ തപസ്വിയെപ്പോലെ നിരതനായ, അതിനു പുതിയൊരു മാനം തന്നെ പ്രദാനംചെയ്ത, പ്രൊഫസർ ടോയിൻബിയും തൻെറ 'സ്മരണ'കളിൽ ഏതാണ്ട് അതുതന്നെ ആവത്തിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ആധ്യാത്മികഗ്രന്ഥങ്ങൾക്കുള്ള ഉപാദേയത ഒട്ടും കുറഞ്ഞിട്ടില്ല എന്നു തോന്നിപ്പോകുന്നു, അസ്മാദൃശക്ക്. അവയുടെ സാത്ഥകത സമയപരിധിയെ ലംഘിക്കുന്നു, ചിരന്തനതയിലേക്കു കടക്കുകയും ചെയ്യുന്നു.

XI

നമ്മുടെ സാഹിത്യത്തെ—സംസ്കൃതിയെ—ഇത്രയേറെ സ്വാധീനിക്കുന്ന ഈ മഹത്ഗ്രന്ഥത്തിനു മലയാളത്തിൽ ഗദ്യപരിഭാഷകൾ ഉണ്ടായിട്ടില്ലെന്നില്ല. ഭേദപ്പെട്ട ഒന്നാണ് പണ്ഡിററ് പി. ഗോപാലൻനായരുടെ പരിഭാഷ. വാക്കുകൾക്ക് അന്വയക്രമത്തിൽ അത്ഥം, പരന്ന വ്യാഖ്യാനം, ഇതാണ് അദ്ദേഹത്തിൻെറ രീതി. അരനൂററാണ്ടുമുമ്പ് പ്രസിദ്ധീകൃതമായ ഈ പുസ്തകം ഇപ്പോൾ കിട്ടാനില്ല. ഇതിൻെറ ഒരു പ്രതി തന്നു സഹായിച്ചതു് ശ്രീ പി. എൻ. മേനോൻ അവർകളാണെന്നു് നന്ദിപൂവ്വം രേഖപ്പെടുത്തട്ടെ. ചില ക്ലിഷ്ടസന്ദർഭങ്ങളിൽ വെളിച്ചംവീശാൻ ഇതു സഹായകമായി. എങ്കിലും ഇന്നത്തെ വായനക്കാരന്ന് ഗോപാലൻനായരുടെ വ്യാഖ്യാനം ഉതകുമെന്നു തോന്നുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആവശ്യത്തിൽക്കവിഞ്ഞ വിസ്തരിക്കൽ, അതിദുരൂഹമായ ശൈലി.

പദ്യപരിഭാഷകളുമുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടേതു് സവിശേഷപ്രസ്താവ്യം അർഹിക്കുന്നു. അതു കാണാൻ ഈ ലേഖകനു സാധിച്ചില്ല. നൂററാണ്ടുകൾക്കു മുമ്പുണ്ടായതെങ്കിലും തുഞ്ചത്താചാര്യരുടെ പദ്യവിവർത്തനം പുതുമക്കു മങ്ങലേല്ക്കാതെ ഇന്നും മുൻപന്തിയിൽ ലസിക്കുകയാണ്! പലേടത്തും മൂലത്തെ മനോമോഹകമാംവിധം അതിശയിക്കുന്ന ആ കാവ്യശില്പം നമുക്കൊരു മണിവിളക്കുതന്നെ. ഭക്തിയും തത്ത്വചിന്തയും കലാസുഭഗതയോടെ കതിരിട്ടുനില്ക്കുന്ന എഴുത്തച്ഛുരാമായണം ഒരു വിവർത്തനമാണെന്നു് എങ്ങനെയാണു പറയുക? ഇപ്പോൾ കിട്ടുന്ന മൂലകൃതിയിൽനിന്നു പലതരത്തിലും വ്യതിചലിച്ചിട്ടുണ്ട് തുഞ്ചത്താചാര്യൻ. അദ്ദേഹം ഉപജീവിച്ച പാഠമേതെന്നു് അറിയാൻ മാർഗ്ഗമില്ല.

ഗീതാ പ്രസ്സ(ഗോരഖ്പൂർ)കാർ പ്രസിദ്ധീകരിച്ച അധ്യാത്മരാമായണമാണ് ഈ പരിഭാഷയുടെ മൂലം. അവരോടും പണ്ഡിററ് ഗോപാലൻനായരോടും ലേഖകൻ കടപ്പെട്ടിരിക്കുന്നു.

മല്ലിനാഥൻെറ പ്രതിജ്ഞ—'നാനപേക്ഷിതമുച്യതേ'— ഒരു മുദ്രാവാക്യംപോലെ ധ്യാനവിഷയമാക്കാറുണ്ടായിരുന്നു. പരിഭാഷാവിഷയത്തിൽ കുട്ടിക്കൃഷ്ണമാരാരുടെ 'കാൽനഖേന്ദുമരീചികളാ'യിരുന്നു വഴികാട്ടികൾ. മാരാരെന്ന 'കവീന്ദ്ര'ൻെറ രസനിഷ്യന്ദിയായ 'കാവ്യസരണി'യെവിടെ? ഇതിലെ ഭക്തിസ്നിഗ്ദ്ധമെങ്കിലും ദുരൂഹമായ ദാശ്നികതയുടെ വിവരണമെവിടെ? നിങ്ങൾ തീരുമാനിക്കുക.

മഹാകവി ജി. ശങ്കരക്കുറുപ്പ് പരിഭാഷാപ്രയത്നത്തിൽ ലേഖകനെ അടിക്കടി പ്രോത്സാഹിപ്പിച്ചിരുന്നു. ഇന്നു മഹാകവി നമ്മോടൊപ്പമില്ല. അദ്ദേഹത്തിൻെറ ഓർമ്മ ബുദ്ധിയെ ഉന്മിഷത്താക്കുന്നു. പ്രചോദിപ്പിക്കുന്നു.

പ്രൗഢമായ ഒരു അവതാരികയിലൂടെ ഡോ. എൻ. വി. കൃഷ്ണവാരിയർ ഗ്രന്ഥത്തിനു മാറ്റുകൂട്ടി. ഡോ. സി. പി. മേനോൻ, ഡോ. എം. ഈശ്വരി ഇവരുടെ സഹായവും ലേഖകൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഡോ. എ. രാമചന്ദ്രദേവ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സങ്കേതസൂചി

അധ്യാ.	അധ്യാത്മരാമായണം
അധ്യാത്മ.	അധ്യാത്മരാമായണം
ഋക്.	ഋഗ്വേദം
കഠ.	കഠോപനിഷത്
കേന.	കേനോപനിഷത്
ഛാ.	ഛാന്ദോഗ്യ ഉപനിഷത്
ഛാന്ദോഗ്യ	,, ,,
ബൃ.	ബൃഹദാരണ്യക ഉപനിഷത്
ബൃഹദ്.	,, ,,
വാ.	വാല്മീകിരാമായണം
വാ. രാ.	,, ,,
വി. ചൂ.	വിവേകചൂഡാമണി
ശ്രീമദ്ഭാ.	ശ്രീമദ്ഭാഗവതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുതിയ പതിപ്പിനെപ്പററി

അധ്യാത്മരാമായണത്തിന്റെ മുൻപതിപ്പുകൾക്കു് സഹൃദയലോകം അകമഴിഞ്ഞ സ്വീകരണമാണു് നല്കിയതു്. പുതിയ പതിപ്പിനു് അതു പ്രചോദകമായി.

രാമായണം സനാതനമായ ജനകാവ്യമാണു്. ജീവിതത്തെ അതു് ആനന്ദപൂർണ്ണവും ചരിതാർത്ഥവും ആക്കുന്നു. നമ്മുടെ നിത്യ–നൈമിത്തിക പ്രവർത്തനങ്ങളെ നന്മയിലേക്കു നയിക്കുന്നു. രാമായണത്തിന്റെ വർദ്ധിച്ചുവരുന്ന ജനപ്രീതി ഈ വസ്തുതയിലേക്കാണു വിരൽചൂണ്ടുന്നതു്.

കഴിഞ്ഞ പതിപ്പുകളിൽ ഉത്തരകാണ്ഡം ഉൾപ്പെടുത്താൻ സാധിച്ചില്ല. പുതിയ പതിപ്പിൽ അതു ചേർത്തിട്ടുണ്ടു്. അങ്ങിങ്ങു് അനിവാര്യമെന്നു തോന്നിയ ചില മാററങ്ങൾ അല്ലാതെ അർത്ഥവിവരണത്തിൽ പരിവർത്തനം ഒന്നും വരുത്തിയിട്ടില്ല.

പുതിയ പതിപ്പിനു് സഹൃദയലോകം പൂർവ്വവത് സ്വീകരണം നല്കുമെന്നു പ്രതീക്ഷിക്കുന്നു.

ഡോ. എ. രാമചന്ദ്രദേവ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉള്ളടക്കം

മാഹാത്മ്യം 51

ബാലകാണ്ഡം 63—164

ശ്രീരാമഹൃദയം 65
ഭാരംകൊണ്ടു ക്ലേശിച്ച ഭൂമിദേവിക്ക്
വിഷ്ണുഭഗവാൻെറ ആശ്വാസവചനം 83
ഭഗവാൻെറ ജനനവും ബാലലീലയും 91
വിശ്വാമിത്രൻെറ ആഗമനം, രാമലക്ഷ്മണന്മാ
രുടെ വനഗമനം, താടകാവധം 107
യാഗരക്ഷ, അഹല്യോദ്ധാരണം 115
ധനുർഭംഗം—വിവാഹം 130
പരശുരാമദർശനം 147

അയോധ്യാകാണ്ഡം 165—332

നാരദാഗമനം 167
അഭിഷേകസംരംഭം—വസിഷ്ഠരാമസംവാദം 176
കൈകേയിയുടെ വരപ്രാപ്തി 193
വനയാത്രാസംരംഭം 211
രാമൻെറ വനയാത്ര 233
ഗംഗോത്തരണം—ഭരദ്വാജവാല്മീകിസന്ദർശനം 250
സുമന്ത്രൻെറ അയോധ്യാപ്രവേശം—ദശരഥൻെറ
ചരമഗതി—ഭരതപ്രത്യാഗമനം—
ദശരഥൻെറ അന്ത്യേഷ്ടി 273
ഭരതൻ ചിത്രകൂടത്തിലേക്ക് 298
രാമഭരതസംഗമം—ഭരതന്റെ മടക്കം 311

അരണ്യകാണ്ഡം 333—448

വിരാധവധം 335
ശരഭംഗാദി മുനിസന്ദർശനം 345
അഗസ്ത്യസന്ദർശനം 357
പഞ്ചവടീവാസം—ലക്ഷ്മണോപദേശം 370
ശൂർപ്പണഖാദണ്ഡനം—ഖരദൂഷണവധം 382

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണൻ മാരീചസവിധത്തിൽ 394
മാരീചവധം—സീതാഹരണം 403
രാമൻെറ വിരഹദുഃഖം—ജടായുദർശനം 416
കബന്ധമോക്ഷം 428
ശബരീസന്ദർശനം 440

കിഷ്കിന്ധാകാണ്ഡം 449—558

സുഗ്രീവസഖ്യം 451
ബാലിവധം—രാമബാലിസംവാദം 469
താരാവിലാപം—താരോപദേശം—സുഗ്രീവാഭിഷേകം 482
ലക്ഷ്മണോപദേശം 494
ലക്ഷ്മണൻെറ കിഷ്കിന്ധാപ്രവേശം 505
സീതാന്വേഷണം—സ്വയംപ്രഭാചരിതം 517
വാനരരുടെ അഗ്നിപ്രവേശനസംരംഭം—
സമ്പാതിദർശനം 532
സമ്പാതിയുടെ ആത്മകഥ 542
സമുദ്രലംഘനചർച്ച 553

സുന്ദരകാണ്ഡം 559—626

മാരുതിയുടെ സമുദ്രലംഘനം—ലങ്കാപ്രവേശം 561
അശോകവനികയിൽ മൈഥിലി 571
സീതാദർശനം—വാടികാവിധ്വംസനം—ബന്ധനം 582
ഹനുമദ്രാവണസംവാദം—ലങ്കാദഹനം 601
മാരുതിയുടെ പ്രത്യാഗമനം—സന്ദേശകഥനം 615

യുദ്ധകാണ്ഡം 627—850

പടനീക്കം 629
വിഭീഷണനിഷ്ക്രമണം 639
വിഭീഷണൻെറ ശരണാഗതി—സേതുബന്ധനം 648
സമുദ്രലംഘനം—രാവണശുകസംവാദം 666
ശുകവൃത്താന്തം—മാല്യവോപദേശം—സമരം 676
ലക്ഷ്മണൻെറ മോഹാലസ്യം—രാമരാവണയുദ്ധം—
ഔഷധാഹരണം—രാവണകാലനേമിസംവാദം 693
കാലനേമിവധം—ലക്ഷ്മണജാഗരണം—
കുംഭകർണ്ണനിദ്രാഭംഗം 705
കുംഭകർണ്ണവധം 718
മേഘനാദവധം 731

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞവിധ്വംസം—മന്ദോദരീസമാശ്വാസനം 743
രാമരാവണയുദ്ധം—രാവണവധം 755
വിഭീഷണാഭിഷേകം—അഗ്നിപരീക്ഷണം 771
ദേവസ്തുതി—സീതാസ്വീകരണം—അയോധ്യാഗമനം 788
അയോധ്യാഗമനം—ഭരതസന്ദർശനം 803
ശ്രീരാമപട്ടാഭിഷേകം 822
വാനരക്കു വിട—ഗ്രന്ഥപ്രശംസ 839

ഉത്തരകാണ്ഡം 851—983

രാവണാദികളുടെ പൂർവ്വചരിത്രം 853
രാക്ഷസരുടെ രാജ്യസ്ഥാപനം 866
ബാലിസുഗ്രീവന്മാരുടെ പൂർവ്വചരിത്രം—
രാവണ–സനത്കുമാരസംവാദം 881
രാമരാജ്യം—സീതാവനവാസം 892
രാമഗീത 905
ലവണവധം—കുശലവരോടൊത്ത്
യജ്ഞസ്ഥലത്തേക്ക് വാല്മീകിയുടെ വരവ് 926
യജ്ഞവേദിയിൽ ലവകുശന്മാരുടെ ഗാനം—
സീതയുടെ ഭൂപ്രവേശം—മാതാവിന്ന് ഉപദേശം 937
കാലന്റെ വരവ്—ലക്ഷ്മണന്റെ സ്വർഗ്ഗപ്രാപ്തി 953
മഹാപ്രയാണം 966

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാഹാത്മ്യം

അപ്രമേയത്രയാതീതനിർമ്മലജ്ഞാനമൂർത്തയേ
മനോഗിരാം വിദൂരായ ദക്ഷിണാമൂർത്തയേ നമഃ. 1

അപ്രമേയത്രയാതീത–	പ്രമാണങ്ങൾക്ക് അവിഷയവും
നിർമ്മലജ്ഞാനമൂർത്തയേ	ത്രിഗുണങ്ങൾക്കതീതവും വിമല–
മനോഗിരാം	വിജ്ഞാനത്തിടമ്പും മനോവാക്കുകൾക്ക്
വിദൂരായ	വിദൂരവർത്തിയുമായ
ദക്ഷിണാമൂർത്തയേ	ദക്ഷിണാമൂർത്തിക്ക്
നമഃ.	(സദാശിവന്) പ്രണാമം.

പ്രമയെന്നാൽ ജ്ഞാനം. പ്രമയ്ക്കുള്ള ഉപാധി പ്രമാണം. പ്രമയ്ക്കു വിധേയം പ്രമേയം. അറിവിന് അവിധേയം അപ്രമേയം. പ്രമാണം പ്രധാനമായി നാല്. പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം. ഇവയാണ് വസ്തുബോധത്തിനുപാധി. പരമസത്യം (ബ്രഹ്മം) പ്രത്യക്ഷാദിപ്രമാണങ്ങൾക്ക് അവിഷയമാകയാൽ അപ്രമേയം.

സത്വം, രജസ്, തമസ് ഇവ ത്രിഗുണങ്ങൾ. പ്രകൃതിയുടെ ഗുണങ്ങളാണിവ. ഭഗവാൻ ഗുണാതീതൻ, ശുദ്ധജ്ഞാനസ്വരൂപൻ. ''പ്രകൃതിവികൃതിഭിന്നഃ ശുദ്ധബോധസ്വഭാവഃ.'' വി. ചൂ. 137.

മനസ്സിനു പിടികിട്ടാത്ത വസ്തുവാണു പരബ്രഹ്മം. വചസ്സിനുമതു വിധേയമല്ല. ''യൻമനസാ ന മനുതേ.'' കേന. 1. 5. ''ന വാഗ് ഗച്ഛതി.'' കേന 1, 3.

സൂത ഉവാച: സൂതൻ പറഞ്ഞു

കദാചിന്നാരദോ യോഗീ പരാനുഗ്രഹവാഞ്ഛയാ
പര്യടൻ സകലാൻ ലോകാൻ സത്യലോകമുപാഗമത്. 2

പരാനുഗ്രഹവാഞ്ഛയാ	പരാനുഗ്രഹപ്രതിപത്തിമൂലം
ലോകാൻ സകലാൻ	ലോകങ്ങളിലെല്ലാം
പര്യടൻ നാരദഃ യോഗീ	ചുററിനടക്കുന്ന
കദാചിത് സത്യലോകം	നാരദമുനി ഒരുനാൾ
ഉപാഗമത്.	സത്യലോകത്തിലെത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര ദൃഷ്ട്വാ മൂർത്തിമദ്ഭിഃ ഛന്ദോഭിഃ പരിവേഷ്ടിതം
ബാലാർക്കപ്രഭയാ സമ്യക് ഭാസയന്തം സഭാഗൃഹം. 3

മാർക്കണ്ഡേയാദിമുനിഭിഃ സ്തൂയമാനം മുഹുർമ്മുഹുഃ
സർവ്വാർത്ഥഗോചരജ്ഞാനം സരസ്വത്യാ സമന്വിതം. 4

ചതുർമ്മുഖം ജഗന്നാഥം ഭക്താഭീഷ്ടഫലപ്രദം
പ്രണമ്യ ദണ്ഡവദ്ഭക്ത്യാ തുഷ്ടാവ മുനിപുംഗവഃ. 5

മൂർത്തിമദ്ഭിഃ ഛന്ദോഭിഃ	ഉടൽപൂണ്ട വേദങ്ങളാൽ
പരിവേഷ്ടിതം ബാലാർക്ക-	ചൂഴപ്പെട്ടവനും ബാലാരുണ-
പ്രഭയാ സഭാഗൃഹം	പ്രഭയാൽ സഭാഭവനം
സമ്യക് ഭാസയന്തം	മുററുമുജ്ജ്വലമാക്കുന്നവനും
മാർക്കണ്ഡേയാദി	മാർക്കണ്ഡേയാദി
മുനിഭിഃ മുഹുർമുഹുഃ	മുനിമാരാൽ അനവരതം
സ്തൂയമാനം	കീർത്തിതനും
സർവ്വാർത്ഥഗോചരജ്ഞാനം	എല്ലാ വസ്തുക്കളേയുമറിയുവോനും
സരസ്വത്യാ സമന്വിതം	സരസ്വതീസമേതനും
ഭക്താഭീഷ്ടഫലപ്രദം	ഭക്തർക്ക് വാഞ്ഛിതഫലമേകുവോനും
ജഗന്നാഥം ചതുർമ്മുഖം	ലോകനാഥനുമായ നാന്മുഖനെ
തത്ര ദൃഷ്ട്വാ മുനിപുംഗവഃ	അവിടെ ദർശിച്ച് മുനിവരൻ
ദണ്ഡവത് പ്രണമ്യ	(നാരദൻ) സാഷ്ടാംഗം വണങ്ങി,
ഭക്ത്യാ തുഷ്ടാവ.	ഭക്തിപൂർവ്വം സ്തുതിച്ചു.

സന്തുഷ്ടസ്തം മുനിം പ്രാഹ സ്വയംഭൂർവൈഷ്ണവോത്തമം
കിം പ്രഷ്ടുകാമസ്ത്വമസി തദ്വദിഷ്യാമി തേ മുനേ. 6

സന്തുഷ്ടഃ സ്വയംഭൂഃ	സന്തുഷ്ടനായ ബ്രഹ്മാവ്
വൈഷ്ണവോത്തമം	വൈഷ്ണവപ്രമുഖനായ
തം മുനിം പ്രാഹ.	ആ മുനിയോടരുളിച്ചെയ്തു
മുനേ, ത്വം കിം	മുനേ, നീയെന്താണ് ചോദിക്കാനനു-
പ്രഷ്ടുകാമഃ അസി?	ഗ്രഹിക്കുന്നത്? (ചോദിച്ചുകൊള്ളൂ)
തദ് തേ വദിഷ്യാമി.	അതു നിനക്കു പറഞ്ഞുതരാം.

ഇത്യാകർണ്ണ്യ വചസ്തസ്യ മുനിർബ്രഹ്മാണമബ്രവീത്
ത്വത്തഃ ശ്രുതം മയാ സർവ്വം പൂർവ്വമേവ ശുഭാശുഭം. 7

ഇതി തസ്യ വചഃ	ഇപ്രകാരം അദ്ദേഹത്തിൻെറ
ആകർണ്ണ്യ മുനിഃ	അരുളപ്പാടു കേട്ട മുനി
ബ്രഹ്മാണം അബ്രവീത്.	ബ്രഹ്മാവിനെ അറിയിച്ചു.
ശുഭാശുഭം സർവ്വം	ശുഭാശുഭമെല്ലാം അങ്ങയിൽനിന്നു
ത്വത്തഃ മയാ	ഞാൻ കേട്ടറിഞ്ഞിരിക്കുന്നു,
ശ്രുതം, പൂർവ്വം ഏവ.	മുമ്പുതന്നെ.

ഇദാനീം ഏകമേവാസ്തി ശ്രോതവ്യം സുരസത്തമ,
തദ്രഹസ്യമപി ബ്രൂഹി യദി തേഽനുഗ്രഹോ മയി. 8

സുരസത്തമ, ഇദാനീം ശ്രോ-	സുരോത്തമ, ഇനി
തവ്യം ഏകം ഏവ അസ്തി.	കേൾക്കേണ്ടതൊന്നേ ഉള്ളൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദി മയി മത അനുഗ്രഹഃ	എന്നിലവിടത്തെ തിരുകൃപയുള്ള—
രഹസ്യം അപി	പക്ഷം ഗോപ്യമായാലും
തദ് ബ്രൂഹി.	അതുപദേശിക്കുമാറാകണം.

പ്രാപ്തേ കലിയുഗേ ഘോരേ നരാഃ പുണ്യവിവജ്ജിതാഃ
ദുരാചാരരതാഃ സവ്വേ സത്യവാത്താപരാങ്മുഖാഃ. 9

ഘോരേ കലിയുഗേ പ്രാപ്തേ	ഘോരമായ കലിയുഗം
നരാഃ സവ്വേ പുണ്യവി—	പിറക്കമ്പോഴം മാനവരെല്ലാം
വജ്ജിതാഃ ദുരാചാരരതാഃ	പുണ്യഹീനരും ദുരാചാരരതരും,
സത്യവാത്താപരാങ്മുഖാഃ	സത്യവാത്തയിൽ വിമുഖരുമായ്
(ഭവിഷ്യന്തി).	(ഭവിക്കം).

പരാപവാദനിരതാഃ പരദ്രവ്യാഭിലാഷിണഃ
പരസ്ത്രീസക്തമനസഃ പരഹിംസാപരായണാഃ. 10

പരാപവാദനിരതാഃ	അന്യരെ അപവദിക്കുന്നതിൽ നിരതരും
പരദ്രവ്യാഭിലാഷിണഃ	പരദ്രവ്യത്തിൽ കൊതിയുററവരും
പരസ്ത്രീസക്തമനസഃ	പരനാരിയിൽ മനമൂന്നിയവരും
പരഹിംസാപരായണാഃ.	പരഹിംസാതൽപരരും (ആകം).

ദേഹാത്മദൃഷ്ടയോ മൂഢാഃ നാസ്തികാഃ പശുബുദ്ധയഃ
മാതൃപിതൃകൃതദ്വേഷാഃ സ്ത്രീദേവാഃ കാമകിങ്കരാഃ. 11

(തേ) മൂഢാഃ ദേഹാത്മദൃഷ്ടയഃ	(അവർ) മൂഢരും ഉടലിനെ ആത്മാവായ്
നാസ്തികാഃ പശുബുദ്ധയഃ	കാണുന്നവരും നാസ്തികരും
മാതൃപിതൃകൃതദ്വേഷാഃ	മൃഗമനസ്കരും മാതാപിതാക്കളെ
സ്ത്രീദേവാഃ കാമകിങ്കരാഃ	വെറുക്കുന്നവരും നാരീപൂജകരും
(ച ഭവിഷ്യന്തി)	കാമകിങ്കരരും (ആയിത്തീരും).

വിപ്രാഃ ലോഭഗ്രഹഗ്രസ്താഃ വേദവിക്രയജീവിനഃ
ധനാജ്ജനാത്ഥമഭ്യസ്തവിദ്യാഃ മദമോഹിതാഃ. 12

വിപ്രാഃ ലോഭഗ്രഹഗ്രസ്താഃ	വിപ്രർ ലോഭമെന്ന ഗ്രഹത്താൽ ഗ്രസ്തരും
വേദവിക്രയജീവിനഃ	വേദം വിററു ജീവിപ്പവരും
ധനാജ്ജനാത്ഥം	പണം നേടാൻ
അഭ്യസ്തവിദ്യാഃ	വിദ്യയഭ്യസിച്ചവരും
മദവിമോഹിതാഃ (ചസ്യുഃ).	മദമത്തരുമായ്ത്തീരും.

ത്യക്തസ്വജാതികമ്മാണഃ പ്രായശഃ പരവഞ്ചകാഃ
ക്ഷത്രിയാശ്ച തഥാ വൈശ്യാഃ സ്വധമ്മത്യാഗശീലിനഃ. 13

ക്ഷത്രിയാഃ തഥാ	ക്ഷത്രിയരും അതുപോലെ
വൈശ്യാഃ ച	വൈശ്യരും സ്വധമ്മംവിട്ടു പെരുമാറുന്നവരും
സ്വധമ്മത്യാഗശീലിനഃ	സ്വജാതിധമ്മം
ത്യക്തസ്വജാതികമ്മാണഃ	വെടിഞ്ഞവരും മിക്കവാറും
പ്രായശഃ പരവഞ്ചകാഃ	പരവഞ്ചകരുമായ് (ഭവിക്കും).

തദ്വത് ശൂദ്രാശ്ച യേ കേചിത് ബ്രാഹ്മണാചാരതത്പരാഃ
സ്ത്രീയശ്ച പ്രായശോ ഭ്രഷ്ടാഃ ഭർത്തൃവജ്ഞാനനിർഭയാഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്വശ്രൂദ്രോഹകാരിണ്യോ ഭവിഷ്യന്തി ന സംശയഃ
ഏതേഷാം നഷ്ടബുദ്ധീനാം പരലോകഃ കഥം ഭവേത്. 15

യേ കേചിത് ശൂദ്രാഃ	ചില ശൂദ്രരും അതുപോലെ
തദ്വത് ബ്രാഹ്മണാചാര	വിപ്രാചാരത്തിൽ
തത്പരാഃ (സ്യുഃ).	താൽപര്യം പെടും.
സ്ത്രീയഃ പ്രായശഃ ഭ്രഷ്ടാഃ	പെണ്ണുങ്ങളും പ്രായേണ പിഴച്ചവരും
ഭർത്ത്രവജ്ഞാനനിർഭയാഃ	പതിയെ അപമാനിക്കാൻ
ശ്വശ്രൂദ്രോഹകാരിണ്യഃ	കൂസാത്തവരും ശ്വശ്രൂദ്രോഹികളു-
ച ഭവിഷ്യന്തി, ന സംശയഃ.	മായിത്തീരും, തീർച്ച.
നഷ്ടബുദ്ധീനാം	നഷ്ടബുദ്ധികളായ
ഏതേഷാം കഥം	ഇക്കൂട്ടർക്ക് എങ്ങനെയാണു
പരലോകഃ ഭവേത്?	പരലോകസൗഖ്യം ലഭിക്കുക?

ഇതി ചിന്താകുലം ചിത്തം ജായതേ മമ സന്തതം
ലഘൂപായേന യേനൈഷാം പരലോകഗതിർഭവേത്.
തമുപായമുപാഖ്യാഹി സർവ്വം വേത്തി യതോ ഭവാൻ. 16

ഇതി മമ ചിത്തം സതതം	ഇങ്ങനെ എന്റെ മാനസം സദാ
ചിന്താകുലം ജായതേ.	വ്യാകുലപ്പെടുകയാണ്.
യേന ലഘൂപായേന	ഏതു ലഘൂപായംമൂലം
ഏഷാം പരലോകഗതിഃ	ഇവർക്ക് പരമഗതിയുളവാകുമോ,
ഭവേത്, തം ഉപായം	ആ ഉപായം
ഉപാഖ്യാഹി.	അരുളുമാറാകണം.
യതഃ സർവ്വം	എന്തെന്നാൽ എല്ലാം
വേത്തി ഭവാൻ.	അറിയുന്നവല്ലോ അങ്ങ്.

ഇതി ഋഷേർവാക്യമാകർണ്ണ്യ പ്രത്യുവാചാംബുജാസനഃ
സാധു പൃഷ്ടം ത്വയാ സാധോ വക്ഷ്യേ തച്ഛൃണു സാദരം. 17

ഇതി ഋഷേഃ വാക്യം	ഇപ്രകാരം ഋഷിയുടെ ഭാഷിതം
ആകർണ്ണ്യ അംബുജാസനഃ	കേട്ട് കമലാസനൻ
പ്രത്യുവാച. സാധോ,	പ്രതിവചിച്ചു. സാധോ,
ത്വയാ പൃഷ്ടം സാധു.	നീ ചോദിച്ചതു നന്ന്.
വക്ഷ്യേ,	പറഞ്ഞുതരാം,
തദ് സാദരം ശൃണു.	അതു് സാദരം കേൾക്കു.

പുരാ ത്രിപുരഹന്താരം പാർവ്വതീ ഭക്തവത്സലാ
ശ്രീരാമതത്ത്വം ജിജ്ഞാസുഃ പപ്രച്ഛ വിനയാന്വിതാ. 18

ജിജ്ഞാസുഃ ഭക്തവത്സലാ	ജിജ്ഞാസുവായ ഭക്തവത്സല
പാർവ്വതീ ത്രിപുരഹന്താരം	പാർവ്വതി, ത്രിപുരാരി(ശിവൻ)യോടു്
വിനയാന്വിതാ പുരാ	വിനയപൂർവ്വം പണ്ടു
ശ്രീരാമതത്ത്വം പപ്രച്ഛ.	ശ്രീരാമതത്ത്വം ചോദിക്കുകയുണ്ടായി.

പ്രിയായൈ ഗിരിശസ്തസ്യൈ ഗൂഢം വ്യാഖ്യാതവാൻ സ്വയം
പുരാണോത്തമമധ്യാത്മരാമായണമിതി സ്മൃതം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യൈ പ്രിയായൈ
ഗിരീശഃ ഗൂഢം പുരാണോ-
ത്തമം അധ്യാത്മരാമായണം
സ്വയം വ്യാഖ്യാതവാൻ
ഇതി സ്മൃതം.

ആ പ്രിയതമയ്ക്ക് പരമശിവൻ
ഗൂഢവും പുരാണോത്തമവുമായ
അധ്യാത്മരാമായണം
സ്വയം വിസ്തരിച്ചുപദേശിച്ചു-
വെന്നാണ് സ്മൃതി.

തത് പാർവ്വതീ ജഗദ്ധാത്രീ പൂജയിത്വാ ദിവാനിശം
ആലോചയന്തീ സ്വാനന്ദമഗ്നാ തിഷ്ഠതി സാമ്പ്രതം. 20

ജഗദ്ധാത്രീ പാർവ്വതീ തത്
പൂജയിത്വാ ദിവാനിശം
ആലോചയന്തീ സ്വാനന്ദ-
മഗ്നാ തിഷ്ഠതി സാമ്പ്രതം.

ജഗദംബ പാർവ്വതീ,
അതിനെ പൂജിച്ചും രാപ്പകൽ
മനനം ചെയ്തും സ്വാനന്ദമഗ്നയായി
കഴിയുകയാണിപ്പോഴും.

പ്രചരിഷ്യതി തല്ലോകേ പ്രാണ്യദൃഷ്ടവശാത് യദാ
തസ്യാദ്ധ്യയനമാത്രേണ ജനാഃ യാസ്യന്തി സദ്ഗതിം. 21

പ്രാണ്യദൃഷ്ടവശാത് തത്
യദാ ലോകേ പ്രചരിഷ്യതി
തസ്യ അധ്യയനമാത്രേണ
ജനാഃ സദ്ഗതിം
യാസ്യന്തി.

ലോകരുടെ ഭാഗ്യവശാൽ അതെ-
പ്പോഴാ നാട്ടിൽ പ്രചരിക്കുമോ
(അപ്പോൾ) അതിന്റെ അധ്യയനമാത്ര-
ത്താൽ ജനങ്ങൾ സദ്ഗതി
നേടും.

താവദ് വിജൃംഭതേ പാപം ബ്രഹ്മഹത്യാപുരസ്സരം
യാവജ്ജഗതി നാധ്യാത്മരാമായണമുദേഷ്യതി. 22

അധ്യാത്മരാമായണം
ജഗതി യാവത് ന
ഉദേഷ്യതി, താവത്
ബ്രഹ്മഹത്യാപുരസ്സരം
പാപം വിജൃംഭതേ.

അധ്യാത്മരാമായണം
ഭൂമിയിലാവിർഭവിക്കാതിരിക്കും-
നാൾവരെയേ
ബ്രഹ്മഹത്യാദി
പാപം പെരുകൂ.

അധ്യാത്മരാമായണം ആവിർഭവിക്കുന്നതോടെ ബ്രഹ്മഹത്യാദിപാപങ്ങൾക്ക പെരുകാനവസരമില്ലാതാകും.

താവത് കലിമലോത്സാഹോ നിഃശങ്കം സംപ്രവർത്തതേ
യാവജ്ജഗതി നാധ്യാത്മരാമായണമുദേഷ്യതി. 23

ജഗതി അധ്യാത്മരാമായ-
ണം യാവത് ന ഉദേഷ്യതി
താവത് കലിമലോത്സാഹഃ
നിശ്ശങ്കം സംപ്രവർത്തതേ.

ലോകത്തിൽ അധ്യാത്മരാമായണം
പ്രചരിക്കാത്ത കാലത്തോളമേ
കലിയുടെ മഹോത്സാഹം
അവിശങ്കം പ്രവർത്തിക്കൂ.

അധ്യാത്മരാമായണപ്രചാരത്തോടെ കലിയുടെ ഉത്സാഹപ്രകർഷം തണുക്കും. പാപകർമ്മങ്ങൾ ഇല്ലാതാകും.

താവദ് യമഭടാഃ ക്രൂരാഃ സഞ്ചരിഷ്യന്തി നിർഭയാഃ
യാവജ്ജഗതി നാധ്യാത്മരാമായണമുദേഷ്യതി. 24

അധ്യാത്മരാമായണം ജഗതി
യാവത് ന ഉദേഷ്യതി

അധ്യാത്മരാമായണം
നാട്ടിലുദിതമാകാത്തനാൾവരെയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താവത് യമഭടാഃ ശൂരാഃ	യമഭടർ സധൈര്യം
നിർഭയാഃ സഞ്ചരിഷ്യന്തി.	നിർഭയം സഞ്ചരിക്കും.

രാമായണത്തെ യമഭടർ ഭയപ്പെടും. തന്മൂലം, രാമായണപഠിതാക്കൾക്ക് യമഭടരെ പേടിക്കേണ്ടതായ് വരില്ല.

താവത് സർവ്വാണി ശാസ്ത്രാണി വിവദന്തേ പരസ്പരം. 25

താവത് സ്വരൂപം രാമസ്യ ദുർബോധം മഹതാമപി
യാവജ്ജഗതി നാധ്യാത്മരാമായണമുദേഷ്യതി. 26

താവത് ശാസ്ത്രാണി സർവ്വാണി	അതുവരെയേ ശാസ്ത്രതതി
പരസ്പരം വിവദന്തേ.	പരസ്പരം വാദിക്കൂ.
അധ്യാത്മരാമായണം	അധ്യാത്മരാമായണം
യാവത് ജഗതി ന ഉദേഷ്യതി	ഉലകത്തിലുദിക്കാത്ത നാളോളമേ
താവത് രാമസ്യ സ്വരൂപം	രാമസ്വരൂപം മഹത്തുക്കൾക്കുപോലും
മഹതാം അപി ദുർബോധം.	ദുർഗ്രഹമായ് തുടരൂ.

പരമാത്മസ്വരൂപം ജ്ഞാനികൾക്കുപോലും ദുർഗ്രഹമാണ്. ഈ ഗ്രന്ഥത്തിന്റെ പ്രചാരത്തോടെ അതു സുഗ്രഹമായിത്തീരും. ആർക്കും ഭഗവത് സ്വരൂപം ദർശിച്ച് ആനന്ദമടയാൻ ഇടയാകും.

അധ്യാത്മരാമായണസങ്കീർത്തനശ്രവണാദിജം
ഫലം വക്തും ന ശക്നോമി കാർത്സ്ന്യേന മുനിസത്തമ. 27

തഥാപി തസ്യ മാഹാത്മ്യം വക്ഷ്യേ കിഞ്ചിത്തവാനഘ
ശൃണു ചിത്തം സമാധായ ശിവേനോക്തം പുരാ മമ. 28

അധ്യാത്മരാമായണസങ്കീ-	അധ്യാത്മരാമായണത്തിന്റെ കീർത്തന-
ർത്തനശ്രവണാദിജം ഫലം	ശ്രവണാദികളുടെ ഫലം
പുരാ മമ ശിവേന ഉക്തം.	പണ്ടെനിക്ക ശിവനുപദേശിച്ചു. (അതു)
കാർത്സ്ന്യേന വക്തും	സാകല്യേന വിവരിക്കാൻ
ന ശക്നോമി.	എന്നാലാവില്ല.
അനഘ, മുനിസത്തമ,	പുണ്യാത്മാവേ, മഹാമുനേ,
തഥാപി തസ്യ മാഹാത്മ്യം	എങ്കിലും അതിന്റെ മാഹാത്മ്യം
കിഞ്ചിത് തവ വക്ഷ്യേ.	അല്പമൊന്നങ്ങയോടോതാം.
ചിത്തം സമാധായ ശൃണു.	മനസ്സിരുത്തി കേൾക്കുക.

അധ്യാത്മരാമായണതഃ ശ്ലോകം ശ്ലോകാർദ്ധമേവ വാ
യഃ പഠേത് ഭക്തിസംയുക്തഃ സ പാപാൻ
മുച്യതേ ക്ഷണാത്. 29

അധ്യാത്മരാമായണതഃ	അധ്യാത്മരാമായണത്തിൽനിന്നു്
ശ്ലോകം ശ്ലോകാർദ്ധം ഏവ	ഒററശ്ലോകമോ പാതിശ്ലോകം-
വാ ഭക്തിസംയുക്തഃ	പോലുമോ ഭക്തിപൂർവ്വം
യഃ പഠേത് സഃ ക്ഷണാത്	ഏവൻ പഠിക്കുമോ അവൻ
പാപാത് മുച്യതേ.	ക്ഷണംകൊണ്ടു പാപമുക്തനാകും.

യസ്തു പ്രത്യഹമധ്യാത്മരാമായണമനന്യധീഃ
യഥാശക്തി വദേത് ഭക്ത്യാ സ ജീവന്മുക്ത ഉച്യതേ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനന്യധീഃ ഭക്ത്യാ
പ്രത്യഹം യഥാശക്തി
അധ്യാത്മരാമായണം
യഃ പഠേത് സഃ
ജീവന്മുക്തഃ ഉച്യതേ.

അന്യചിന്തയൊഴാതെ, ഭക്തിയോടെ,
നാൾതോറും കഴിവിൻപടി
രാമായണം ഏവൻ പാരായണം
ചെയ്യുന്നുവോ അവനാണ്
ജീവന്മുക്തനെന്നറിയപ്പെടുക.

യോ ഭക്ത്യാഽർച്ചയതേഽധ്യാത്മരാമായണമതന്ദ്രിതഃ
ദിനേ ദിനേഽശ്വമേധസ്യ ഫലം തസ്യ ഭവേൻ മുനേ. 31

യഃ അതന്ദ്രിതഃ ഭക്ത്യാ ദിനേ
ദിനേ അധ്യാത്മരാമായണം
അർച്ചയതേ, തസ്യ മുനേ,
അശ്വമേധസ്യ
ഫലം ഭവേത്.

ഏവൻ നിരലസനായ് ഭക്തിയോടെ
ദിനംപ്രതി രാമായണത്തെ
പൂജിക്കുന്നുവോ, അവന് മുനേ,
അശ്വമേധം
(അനുഷ്ഠിച്ച) ഫലം ലഭിക്കും.

യദൃച്ഛയാപി യോഽധ്യാത്മരാമായണമനാദരാത്
അന്യതഃ ശൃണുയാൻ മർത്ത്യഃ സോഽപി മുച്യേത പാതകാത്.

യദൃച്ഛയാ അപി
അനാദരാത് അപി അന്യതഃ
യഃ മർത്ത്യഃ അധ്യാത്മരാമായണം
ശൃണുയാത് സഃ
അപി പാതകാത് മുച്യേത.

യദൃച്ഛയാ ആയാലും
അനാദരപൂർവ്വമായാലും
അന്യനിൽനിന്ന് ഏതൊരാൾ
അധ്യാത്മരാമായണം കേൾക്കുമോ
അവനും പാപമോചനം നേടും.

നമസ്കരോതി യോഽധ്യാത്മരാമായണമദൂരതഃ
സർവ്വദേവാർച്ചനഫലം സഃ പ്രാപ്നോതി ന സംശയഃ. 33

അദൂരതഃ അധ്യാത്മരാമായണം
യഃ നമസ്കരോതി സഃ
സർവ്വദേവാർച്ചനഫലം
പ്രാപ്നോതി; ന സംശയഃ.

അകലാതെ അധ്യാത്മരാമായണത്തെ
ആർ വണങ്ങുന്നുവോ അവന് സകല
ദേവന്മാരെയും അർച്ചിച്ചതിന്റെ
ഫലമാണ് കിട്ടുക; സംശയമില്ല.

ലിഖിത്വാ പുസ്തകേഽധ്യാത്മരാമായണമശേഷതഃ
യോ ദദ്യാത് രാമഭക്തേഭ്യഃ തസ്യ പുണ്യഫലം ശൃണു. 34

അധ്യാത്മരാമായണം അശേഷതഃ
പുസ്തകേ ലിഖിത്വാ
യഃ രാമഭക്തേഭ്യഃ ദദ്യാത്
തസ്യ പുണ്യഫലം ശൃണു.

അധ്യാത്മരാമായണം അശേഷം
പുസ്തകത്തിൽ എഴുതി ആര്
രാമഭക്തർക്ക് ദാനംചെയ്യുമോ, അവനു
(കിട്ടുന്ന) പുണ്യഫലം കേൾക്കൂ.

ഏകാദശീദിനേഽധ്യാത്മരാമായണമുപോഷിതഃ
യോ രാമഭക്തഃ സദസി വ്യാകരോതി നരോത്തമഃ. 36

തസ്യ പുണ്യഫലം വക്ഷ്യേ ശൃണു വൈഷ്ണവസത്തമ,
പ്രത്യക്ഷരം തു ഗായത്രീപുരശ്ചര്യാഫലം ഭവേത്. 37

നരോത്തമഃ യഃ രാമഭക്തഃ
ഏകാദശീദിനേ ഉപോഷിതഃ
സദസി അധ്യാത്മരാമായണം
വ്യാകരോതി

നരവരനായ ഏതു രാമഭക്തൻ
ഏകാദശിയിലുപവസിച്ച്
സഭയിൽ അധ്യാത്മരാമായണം
വ്യാഖ്യാനിക്കുന്നുവോ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ പുണ്യഫലം വക്ഷ്യേ.
വൈഷ്ണവസത്തമ, ശൃണു.
ഗായത്രീ പുരശ്ചര്യഫലം
പ്രത്യക്ഷരം
ഭവേത്.

അവനുള്ള പുണ്യഫലം ചൊല്ലാം.
വൈഷ്ണവപ്രവര, കേട്ടുകൊൾക.
(പൂർണ്ണമായ) ഗായത്രീദീക്ഷയുടെ
ഫലമാണ് (ഇതിലെ) ഓരോ
അക്ഷരത്തിനും കിട്ടുന്നത്.

ഉപവാസവ്രതം കൃത്വാ ശ്രീരാമനവമീദിനേ
രാത്രൗ ജാഗരിതോഽധ്യാത്മരാമായണമനന്യധീഃ
യഃ പഠേത് ശൃണുയാദ്വാപി തസ്യ പുണ്യം വദാമ്യഹം. 38

യഃ ശ്രീരാമനവമീദിനേ
ഉപവാസവ്രതം കൃത്വാ അന-
ന്യധീഃ രാത്രൗ ജാഗരിതഃ
അധ്യാത്മരാമായണം പഠേ-
ത് വാ ശൃണുയാത് തസ്യ
പുണ്യം അഹം വദാമി.

ഏതൊരാൾ രാമനവമീദിവസം ഉപ-
വാസവ്രതം അനുഷ്ഠിച്ച് അന്യചിന്ത-
കൂടാതെ രാവിലുണർന്നിരുന്ന് രാമാ-
യണം വായിക്കുകയോ അഥവാ
കേൾക്കുകയോ ചെയ്യുമോ, അവനുള്ള
പുണ്യഫലം ഞാൻ വിവരിക്കാം.

കുരുക്ഷേത്രാദിനിഖിലപുണ്യതീർത്ഥേഷ്വനേകശഃ
ആത്മതുല്യം ധനം സൂര്യഗ്രഹണേ സർവ്വതോമുഖേ. 39
വിപ്രേഭ്യോ വ്യാസതുല്യേഭ്യോ ദത്വാ യദ്ഫലമശ്നുതേ
തദ് ഫലം സംഭവേത്തസ്യ സത്യം സത്യം ന സംശയഃ. 40

സർവ്വതോമുഖേ സൂര്യഗ്രഹണേ
കുരുക്ഷേത്രാദി നിഖിലപുണ്യ-
തീർത്ഥേഷു ആത്മതുല്യം
ധനം വ്യാസതുല്യേഭ്യഃ
വിപ്രേഭ്യഃ അനേകശഃ ദത്വാ
യദ് ഫലം അശ്നുതേ,
തദ്ഫലം തസ്യ സംഭവേത്.

സമ്പൂർണ്ണസൂര്യഗ്രഹണവേളയിൽ
കുരുക്ഷേത്രാദി സകല പുണ്യതീർത്ഥ-
ങ്ങളിലും വച്ച് തന്റെ (മുതലിനു)
തുല്യം ധനം വ്യാസകല്പരായ
ബ്രാഹ്മണർക്ക് പലതവണ ദാനംചെയ്താൽ
ഏതു ഫലം ലഭിക്കുമോ,
ആ ഫലമാണ് അവനു കൈവരിക.

സത്യം, സത്യം. സംശയഃ ന.

സത്യം, സത്യം. അസംശയം.

യോ ഗായതേഽധ്യാത്മരാമായണമഹർന്നിശം
ആജ്ഞാം, തസ്യ പ്രതീക്ഷന്തേ ദേവാഃ ഇന്ദ്രപുരോഗമാഃ. 41

അഹർന്നിശം അധ്യാത്മരാമായണം
യഃ ഗായതേ
തസ്യ ആജ്ഞാം ഇന്ദ്രപുരോ-
ഗമാഃ ദേവാഃ പ്രതീക്ഷന്തേ.

രാപ്പകൽ അധ്യാത്മരാമായണം
ആരു ഗാനംചെയ്യുന്നുവോ
അവന്റെ കല്പന ഇന്ദ്രാദിദേവ-
ന്മാർപോലും കാത്തിരിക്കുന്നു.

പഠൻ പ്രത്യഹമധ്യാത്മരാമായണമനുവ്രതഃ
യദ്യത് കരോതി തത്കർമ്മ തതഃ കോടിഗുണം ഭവേത്. 42

അനുവ്രതഃ പ്രത്യഹം
അധ്യാത്മരാമായണം പഠൻ
യദ് യദ് കർമ്മ കരോതി
തത് തതഃ കോടിഗുണം
ഭവേത്.

വ്രതചര്യയോടെ അനുദിനം
രാമായണപാരായണംചെയ്യുന്നവൻ
ഏതേതു കർമ്മം ആചരിക്കുന്നുവോ
അതിനെല്ലാം കോടിഗുണം
(ഫലമാണു) സിദ്ധിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര ശ്രീരാമഹൃദയം യഃ പഠേത് സുസമാഹിതഃ
സ ബ്രഹ്മഘ്നോപി പൂതാത്മാ ത്രിഭിരേവ ദിനൈഃ ഭവേത്. 43

തത്ര ശ്രീരാമഹൃദയം	അതിലുള്ള 'ശ്രീരാമഹൃദയം'
സുസമാഹിതഃ യഃ പഠേത്	ഏകാഗ്രതയോടെ ഏവൻ പഠിക്കുമോ
സഃ ബ്രഹ്മഘ്നഃ അപി	അവൻ ബ്രഹ്മഘാതകനായാൽപ്പോലും
ത്രിഭിഃ ദിനൈഃ ഏവ	മൂന്നുനാൾകൊണ്ടുതന്നെ
പൂതാത്മാ ഭവേത്.	പരിശുദ്ധനായി ഭവിക്കും.

ശ്രീരാമഹൃദയം യസ്തു ഹനുമത്പ്രതിമാന്തികേ
ത്രിഃ പഠേത് പ്രത്യഹം മൗനീ സ സർവ്വേപ്സിതഭാക്ഭവേത്.

ഹനുമത്പ്രതിമാന്തികേ	ഹനുമത്പ്രതിമയ്ക്കരികിൽ
പ്രത്യഹം ത്രിഃ മൗനീ യഃ	ദിനന്തോറും മൂന്നുനേരം മൗനമായ്
ശ്രീരാമഹൃദയം പഠേത് സഃ	ശ്രീരാമഹൃദയം പഠിക്കുന്നവന്
സർവ്വേപ്സിതഭാക് ഭവേത്.	സകലകാമനകളും കൈവരും.

പഠൻ ശ്രീരാമഹൃദയം തുളസ്യശ്വത്ഥയോർ യദി
പ്രത്യക്ഷരം പ്രകുർവ്വീത ബ്രഹ്മഹത്യാനിവർത്തനം. 45

യദി തുളസ്യശ്വത്ഥയോഃ	തുളസി, അരയാൽ ഇവയ്ക്കരികിൽ
ശ്രീരാമഹൃദയം പഠൻ	ശ്രീരാമഹൃദയം വായിപ്പവൻ
പ്രത്യക്ഷരം ബ്രഹ്മഹത്യാ—	പ്രത്യക്ഷരം ബ്രഹ്മഹത്യാ—
നിവർത്തനം പ്രകുർവ്വീത.	മോചനമാണ് സാധിതമാക്കുക.

ശ്രീരാമഗീതാമാഹാത്മ്യം കൃത്സ്നം ജാനാതി ശങ്കരഃ
തദർദ്ധം ഗിരിജാ വേത്തി തദർദ്ധം വേദ്മ്യഹം മുനേ. 46

മുനേ,	മുനേ,
ശ്രീരാമഗീതാമാഹാത്മ്യം	ശ്രീരാമഗീതയുടെ മാഹാത്മ്യം
കൃത്സ്നം ജാനാതി ശങ്കരഃ.	മുഴുവനുമറിയാം പരമശിവന്.
തദർദ്ധം വേത്തി ഗിരിജാ.	അതിൽ പാതിയറിയാം പാർവ്വതിക്ക്.
തദർദ്ധം	അതിന്റെ പാതിയേ
അഹം വേദ്മി.	എനിക്കറിയാവൂ.

തത്തേ കിഞ്ചിത് പ്രവക്ഷ്യാമി
കൃത്സ്നം വക്തും ന ശക്യതേ
യത് ജ്ഞാത്വാ തത്ക്ഷണാല്ലോക—
ശ്ചിത്തശുദ്ധിമവാപ്നുയാത്. 47

കിഞ്ചിത് തത് തേ	തെല്ലത്
പ്രവക്ഷ്യാമി.	നിന്നോടോതാം.
കൃത്സ്നം വക്തും ന ശക്യതേ.	മുഴുവൻ പറവാൻ കഴിവില്ല.
യത് ജ്ഞാത്വാ ലോകഃ	അതറിയുന്നതോടെ
ക്ഷണാത് ചിത്തശുദ്ധിം	ജനതയ്ക്കുടനടി ചിത്തശുദ്ധി
അവാപ്നുയാത്.	കൈവന്നുകൊള്ളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീരാമഗീതാ യത് പാപം ന നാശയതി നാരദ,
തന്ന നശ്യതി തീൎത്ഥാദൌ ലോകേ ക്വാപി കദാചന.
തന്ന പശ്യാമ്യഹം ലോകേ മാൎഗ്ഗമാണോഽപി സൎവ്വദാ. 48

നാരദ, ശ്രീരാമഗീതാ യത്-
പാപം ന നാശയതി, തത്
ലോകേ ക്വാപി തീൎത്ഥാദൌ
കദാചന ന നശ്യതി.

നാരദരേ, ശ്രീരാമഗീത ഏതു
പാപം തീൎക്കില്ലയോ അതു് ഈ
ഉലകത്തിലെ ഏതു തീൎത്ഥാദിയാലും
ഒരിക്കലും ശമിക്കയില്ല.

ലോകേ സൎവ്വദാ
മാൎഗ്ഗമാണഃ അപി
തത് അഹം ന പശ്യാമി.

ഭുവനത്തിലെന്നും തേടിയിട്ടും
അതു (രാമഗീതയാൽ തീരാത്ത
പാപം) ഞാൻ കണ്ടുമില്ല.

രാമേണോപനിഷത് സിന്ധുമുന്മഥ്യോത്ഥാപിതാം മുദാ
ലക്ഷ്മണായാൎപ്പിതാം ഗീതാസുധാം പീത്വാഽമരോ ഭവേത്. 49

ഉപനിഷത് സിന്ധും
ഉന്മഥ്യ രാമേണ മുദാ
ഉത്ഥാപിതാം ലക്ഷ്മണായ
അൎപ്പിതാം ഗീതാസുധാം
പീത്വാ അമരഃ ഭവേത്.

ഉപനിഷത്കടൽ കടഞ്ഞു്
രാമൻ സന്തോഷത്തോടെ വീണ്ടെടുത്തതും
ലക്ഷ്മണനേകിയതുമായ (രാമ)
ഗീതാമൃതം നുകൎന്നു് (നരൻ)
അമരനാകട്ടെ.

ജമദഗ്നിസുതഃ പൂൎവ്വം കാൎത്തവീര്യവധേച്ഛയാ
ധനുൎവിദ്യാമഭ്യസിതും മഹേശസ്യാന്തികേ വസൻ. 50

അധീയമാനാം പാൎവ്വത്യാ രാമഗീതാം പ്രയത്നതഃ
ശ്രുത്വാ ഗൃഹീത്വാഽശു പഠൻ നാരായണകലാമഗാത്. 51

കാൎത്തവീര്യവധേച്ഛയാ
ധനുൎവിദ്യാം അഭ്യസിതും
പൂൎവ്വം ജമദഗ്നിസുതഃ
മഹേശസ്യ അന്തികേ
വസൻ, പാൎവ്വത്യാ
അധീയമാനാം രാമഗീതാം
പ്രയത്നതഃ ശ്രുത്വാ
പഠൻ ആശു ഗൃഹീത്വാ
നാരായണകലാം അഗാത്.

കാൎത്തവീര്യനെ വധിക്കാനിച്ഛയോടെ
ധനുൎവിദ്യ അഭ്യസിക്കാൻ
പണ്ടു ഭാൎഗ്ഗവരാമൻ പരമശിവന്റെ
സന്നിധിയിൽ വസിക്കുകയും
(അന്നു) പാൎവ്വതീദേവി
പഠിച്ചു കൊണ്ടിരുന്ന രാമഗീത
പ്രയത്നപൂൎവ്വം കേട്ടും
പഠിച്ചും ക്ഷിപ്രം ഗ്രഹിച്ചും
നാരായണകല ആൎജ്ജിക്കയും ചെയ്തു.

രാമഗീത അധ്യയനം ചെയ്കയാലാണു് പരശുരാമനു് നാരായണന്റെ അംശാവതാരമാകാൻ കഴിഞ്ഞതു്.

ബ്രഹ്മഹത്യാദിപാപാനാം നിഷ്കൃതിം യദി വാഞ്ഛതി
രാമഗീതാം മാസമാത്രം പഠിത്വാ മുച്യതേ നരഃ. 52

ബ്രഹ്മഹത്യാദിപാപാനാം
യദി നിഷ്കൃതിം
വാഞ്ഛതി മാസമാത്രം
രാമഗീതാം പഠിത്വാ
നരഃ മുച്യതേ.

ബ്രഹ്മഹത്യാദിപാപങ്ങളിൽനിന്നു
വിടുതൽ വാഞ്ഛിക്കുന്നുവെങ്കിൽ,
ഒരു മാസം മാത്രം രാമഗീത
വായിച്ചിട്ടു് മനുഷ്യനു്
(അവയിൽനിന്നു) മോചനം നേടാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഷ്പ്രതിഗ്രഹദുർഭോജ്യദുരാലാപാദിസംഭവം
പാപം യത്തത് കീർത്തനേന രാമഗീതാ വിനാശയേത്.

ദുഷ്പ്രതിഗ്രഹദുർഭോജ്യ	നിഷിദ്ധദാനം സ്വീകരിക്കുക,
ദുരാലാപാദിസംഭവം	അഭക്ഷ്യം ഭക്ഷിക്കുക, ദുർഭാഷണംചെയ്യുക
യത് പാപം തത്	മുതലായവയാൽ സംഭവിച്ച പാപം
രാമഗീതാ കീർത്തനേന	രാമഗീത പാരായണംചെയ്താൽ
വിനാശയേത്.	പാടെ നശിച്ചുപോകും.

ശാലഗ്രാമശിലാഗ്രേ ച തുളസ്യശ്വത്ഥസന്നിധൗ
യതീനാം പുരതസ്തദ്വത് രാമഗീതാം പഠേത്തു യഃ. 54

സ തദ് ഫലമാപ്നോതി യദ് വാചോഽപി ന ഗോചരഃ. 55

ശാലഗ്രാമശിലാഗ്രേ	സാളഗ്രാമശിലയുടെ മുന്നിലോ
തുളസ്യശ്വത്ഥ സന്നിധൗ	തുളസി—അശ്വത്ഥസന്നിധിയിലോ
യതീനാം പുരതഃ തദ്വത്	മുനിമാരുടെ മുന്നിലോ
യഃ രാമഗീതാം പഠേത് സഃ	അപ്രകാരം രാമഗീത
വാചഃ അപി ഗോചരം യത്	വായിക്കുന്നവന് വാഗതീതമായ
തത് ഫലം അവാപ്നോതി.	ഫലമാണ് സിദ്ധമാകുക.

രാമഗീതാം പഠൻ ഭക്ത്യാ യഃ ശ്രാദ്ധേ ഭോജയേത് ദ്വിജാൻ
തസ്യ തേ പിതരഃ സർവ്വേ യാന്തി വിഷ്ണോഃ പരം പദം. 56

ഭക്ത്യാ രാമഗീതാം	ഭക്തിയോടെ രാമഗീത പാരായണം
പഠൻ യഃ ശ്രാദ്ധേ	ചെയ്തുകൊണ്ട് ശ്രാദ്ധത്തിൽ ആര്
ദ്വിജാൻ ഭോജയേത്,	ബ്രാഹ്മണഭോജനം നല്കുന്നുവോ
തസ്യ തേ പിതരഃ	അവൻെറ ആ (ശ്രാദ്ധഭുക്കുകളായ)
സർവ്വേ പരം	പിതൃക്കളെല്ലാം പരമമായ
വിഷ്ണോഃ പദം യാന്തി.	വിഷ്ണുപദം പൂകുന്നു.

ഏകാദശ്യാം നിരാഹാരോ നിയതോ ദ്വാദശീദിനേ
സ്ഥിത്വാഽഗസ്ത്യതരോർമൂലേ രാമഗീതാം പഠേത്തു യഃ
സ ഏവ രാഘവഃ സാക്ഷാത് സർവ്വദേവൈശ്ച പൂജ്യതേ. 57

ഏകാദശ്യാം നിരാഹാരഃ	ഏകാദശിയിലുപവസിച്ച്
ദ്വാദശീദിനേ നിയതഃ അഗ-	ദ്വാദശിനാൾ ഇന്ദ്രിയനിഗ്രഹപൂർവ്വം
സ്ത്യതരോഃ മൂലേ സ്ഥിത്വാ	അകത്തിമരച്ചുവട്ടിലിരുന്നു
യഃ രാമഗീതാം പഠേത് സഃ	രാമഗീത പാരായണംചെയ്യുന്നവൻ
സാക്ഷാത് രാഘവഃ ഏവ.	സാക്ഷാൽ രാമൻതന്നെ.
സർവ്വദേവൈഃ (സഃ)	സകല ദേവന്മാരാലും (അവൻ)
പൂജ്യതേ ച.	പൂജിക്കപ്പെടുകയുംചെയ്യും.

അത്തരം ഭക്തനും രാമനും തമ്മിൽ അന്തരമില്ലാതാകുന്നു. അവനു രാമസായൂജ്യം ലബ്ധമാകുന്നു.

വിനാ ദാനം വിനാ ധ്യാനം വിനാ തീർത്ഥാവഗാഹനം
രാമഗീതാം നരോഽധീത്യ തദനന്തഫലം ലഭേത്. 58

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിനാ ദാനം വിനാ ധ്യാനം	ദാനമില്ലാതെ, ധ്യാനമില്ലാതെ,
വിനാ തീർത്ഥാവഗാഹനം	തീർത്ഥസ്നാനമില്ലാതെ
രാമഗീതാം അധീത്യ നരഃ	രാമഗീത (മാത്രം) പഠിച്ച മാനവൻ
തദനന്തഫലം ലഭേത്.	അവയുടെ അനന്തഫലം നേടും.

ബഹുനാ കിമിഹോക്തേന ശൃണു നാരദ തത്ത്വതഃ
ശ്രുതിസ്മൃതിപുരാണേതിഹാസാഗമശതാനി ച,
അർഹന്തി നാല്പാമധ്യാത്മരാമായണകലാമപി. 59

ബഹുനാ ഉക്തേന ഇഹ കിം?	ഏറെപ്പറഞ്ഞിട്ടിവിടെന്തു കാര്യം?
നാരദ, തത്ത്വതഃ ശൃണു.	നാരദരേ, നേരായ് കേൾക്കുക.
ശ്രുതിസ്മൃതിപുരാണേതി-	ശ്രുതി—സ്മൃതി—പുരാണ—ഇതി
ഹാസാഗമശതാനി ച	ഹാസ—ആഗമശതങ്ങൾ,
അല്പാം അധ്യാത്മ-	അല്പമായ അധ്യാത്മ-
രാമായണകലാം	രാമായണകലപോലും
അപി ന അർഹന്തി.	അർഹിക്കുന്നവയല്ല.

അധ്യാത്മരാമചരിതസ്യ മുനീശ്വരായ
മാഹാത്മ്യമേതദുദിതം കമലാസനേന
യഃ ശ്രദ്ധയാ പഠതി വാ ശൃണുയാത് സ മർത്ത്യഃ
പ്രാപ്നോതി വിഷ്ണുപദവീം സുരപൂജ്യമാനഃ. 60

അധ്യാത്മരാമചരിതസ്യ	അധ്യാത്മരാമായണത്തിന്റെ
ഏതത് മാഹാത്മ്യം	പ്രസ്തുത മാഹാത്മ്യം മാമുനിക്ക്
മുനീശ്വരായ കമലാസനേന	(നാരദന്) ബ്രഹ്മാവുപദേശി-
ഉദിതം. യഃ മർത്ത്യഃ	ച്ചതാണ്. ഏതു മനുജൻ ശ്രദ്ധാപൂർവ്വം
ശ്രദ്ധയാ പഠതി വാ	(ഇതു) വായിക്കുകയോ
ശൃണുയാത് സഃ	കേൾക്കുകയോ ചെയ്യുന്നു, അവൻ
സുരപൂജ്യമാനഃ	സുരപൂജിതനായ്
വിഷ്ണുപദവീം പ്രാപ്നോതി.	വിഷ്ണുപദവി പൂകുന്നു.

ഇതി ശ്രീമദ്ബ്രഹ്മാണ്ഡപുരാണേ ഉത്തരഖണ്ഡേ അധ്യാത്മരാമായണമാഹാത്മ്യം സമ്പൂർണ്ണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാലകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഒന്ന്

ശ്രീരാമഹൃദയം

യഃ പൃഥ്വീഭരവാരണായ ദിവിജൈഃ
 സംപ്രാർത്ഥിതശ്ചിന്മയഃ
സംജാതഃ പൃഥിവീതലേ രഘുകുലേ
 മായാമനുഷ്യോഽവ്യയഃ,
നിശ്ചക്രം ഹത രാക്ഷസഃ പുനരഗാത്
 ബ്രഹ്മത്വമാദ്യം സ്ഥിരാം
കീർത്തിം പാപഹരാം വിധായ ജഗതാം
 തം ജാനകീശം ഭജേ. 1

പൃഥ്വീഭരവാരണായ ദിവിജൈഃ സംപ്രാർത്ഥിതഃ യഃ ചിന്മയഃ അവ്യയഃ	ഭൂമിയുടെ ഭാരം പോക്കാൻ ദേവന്മാർ പ്രാർത്ഥിച്ചതിനാൽ ചിന്മയനും അവ്യയനുമായ ഭഗവാൻ
പൃഥിവീതലേ രഘുകുലേ മായാമനുഷ്യഃ സംജാതഃ	ഭൂമിയിൽ രഘുകുലത്തിൽ മായാമനുഷ്യനായി ജനിച്ചു.
നിശ്ചക്രം ഹത രാക്ഷസഃ	രാക്ഷസന്മാരെ അപ്പാടെ സംഹരിച്ച്
പാപഹരാം സ്ഥിരാം കീർത്തിം ജഗതാം വിധായ	പാപഹരവും ശാശ്വതവുമായ യശസ്സ് ലോകത്തിൽ നിലനിർത്തി
പുനഃ ആദ്യം ബ്രഹ്മത്വം അഗാത്	വീണ്ടും മൂലഭാവമായ ബ്രഹ്മത്വം പൂകി
തം ജാനകീശം ഭജേ	ജാനകീപതിയായ ആ ഭഗവാനെ ഞാൻ ഭജിക്കുന്നു.

വിശ്വോദ്ഭവസ്ഥിതിലയാദിഷു ഹേതുമേകം
മായാശ്രയം വിഗതമായമചിന്ത്യമൂർത്തിം
ആനന്ദസാന്ദ്രമമലം നിജബോധരൂപം
സീതാപതിം വിദിതതത്ത്വമഹം നമാമി. 2

വിശ്വോദ്ഭവസ്ഥിതിലയാ– ദിഷു ഏകം ഹേതും	പ്രപഞ്ചത്തിന്റെ ഉൽപത്തി, നിലനില്പ്, പ്രളയം ഇവയ്ക്ക് ഒരേ കാരണവും
മായാശ്രയം വിഗതമായം	മായയ്ക്ക് ആശ്രയമാണെങ്കിലും മായ ഇല്ലാത്തവനും
അചിന്ത്യമൂർത്തിം ആനന്ദസാന്ദ്രം	ചിന്തയ്ക്കു വഴങ്ങാത്തവനും ആനന്ദം നിറഞ്ഞവനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമലം	പവിത്രനും
നിജബോധരൂപം	ആത്മബോധരൂപിയും
വിദിതതത്ത്വം	തത്ത്വമെല്ലാം അറിയുന്നവനുമായ
സീതാപതിം	സീതാപതിയെ
അഹം നമാമി	ഞാൻ നമിക്കുന്നു.

പഠന്തി യേ നിത്യമനന്യചേതസഃ
ശൃണ്വന്തി ചാധ്യാത്മികസംജ്ഞിതം ശുഭം
രാമായണം സർവ്വപുരാണസമ്മതം
നിർദ്ധൂതപാപാഃ ഹരിമേവ യാന്തി തേ. 3

സർവ്വപുരാണസമ്മതം	എല്ലാ പുരാണങ്ങളും മാനിക്കുന്നതും
ശുഭം ആധ്യാത്മിക–	
സംജ്ഞിതം രാമായണം	ശുഭകരവുമായ അധ്യാത്മരാമായണം
അനന്യചേതസഃ	അന്യചിന്തയെന്യേ
യേ നിത്യം പഠന്തി	എന്നും പഠിക്കുകയും (വായിക്കുകയും)
ശൃണ്വന്തി ച തേ	കേൾക്കുകയും ചെയ്യുന്നവർ
നിർധൂതപാപാഃ	പാപമെല്ലാമററ്
ഹരിം ഏവ യാന്തി	വിഷ്ണുവിനെത്തന്നെ പ്രാപിക്കുന്നു.

അധ്യാത്മരാമായണമേവ നിത്യം
പഠേത് യദീച്ഛേത് ഭവബന്ധമുക്തിം
ഗവാം സഹസ്രായുതകോടിദാനാത്
ഫലം ലഭേദ്യഃ ശൃണുയാത് സ നിത്യം. 4

യദി ഭവബന്ധമുക്തിം	ലോകബന്ധനത്തിൽനിന്നു്
ഇച്ഛേത്	മോചനം ആഗ്രഹിക്കുന്നെങ്കിൽ
നിത്യം അധ്യാത്മരാമായണം	എന്നും അധ്യാത്മരാമായണംതന്നെ
ഏവ പഠേത്	(ശ്രദ്ധയോടെ) പഠിക്കുവിൻ
	(വായിക്കുവിൻ)
യഃ നിത്യം ശൃണുയാത്	നിത്യവും ഇതു കേൾക്കുന്ന ആരാം
സഃ ഗവാം സഹസ്രായുത–	കോടാനുകോടി ഗോക്കളെ ദാനം
കോടിദാനാത് ഫലം	ചെയ്ത പുണ്യം നേടും.
ലഭേത്	

പുരാരിഗിരിസംഭൂതാ ശ്രീരാമാർണ്ണവസംഗതാ
അധ്യാത്മരാമഗംഗേയം പുനാതി ഭുവനത്രയം. 5

പുരാരിഗിരിസംഭൂതാ	പരമശിവനാകുന്ന ഗിരിയിൽനിന്നു്
	ഉദ്ഭവിച്ച്
ശ്രീരാമാർണ്ണവസംഗതാ	ശ്രീരാമനാകുന്ന സാഗരത്തോടു ചേരുന്ന
ഇയം അധ്യാത്മരാമഗംഗാ	അധ്യാത്മരാമായണമെന്ന ഈ ഗംഗ
ഭുവനത്രയം പുനാതി	ലോകം മൂന്നും പാവനമാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൈലാസാഗ്രേ കദാചിദ്രവി ശതവിമലേ
മന്ദിരേ രത്നപീഠേ
സംവിഷ്ടം ധ്യാനനിഷ്ഠം ത്രിനയനമഭയം
സേവിതം സിദ്ധസംഘൈഃ
ദേവീ വാമാങ്കസംസ്ഥാ ഗിരിവരതനയാ
പാർവ്വതീ ഭക്തിനമ്രാ
പ്രാഹേദം ദേവമീശം സകലമലഹരം
വാക്യമാനന്ദകന്ദം. 6

കൈലാസാഗ്രേ	കൈലാസശിഖരത്തിൽ
രവിശതവിമലേ മന്ദിരേ	നൂറുനൂറു സൂര്യന്റെ ഒളിവിതറുന്ന മന്ദിരത്തിൽ
ധ്യാനനിഷ്ഠം രത്നപീഠേ സംവിഷ്ടം	ധ്യാനനിരതനായി രത്നപീഠത്തിൽ ഇരുന്നവനും
സിദ്ധസംഘൈഃ സേവിതം	സിദ്ധരാൽ സേവിതനും
സകലമലഹരം	പാപക്കറകൾ കഴുകി
അഭയം	അഭയം നല്കുന്നവനും
ആനന്ദകന്ദം	ആനന്ദക്കാമ്പും
ത്രിനയനം ഈശം ദേവം	മുക്കണ്ണനും ആയ ഭഗവാൻ പരമശിവ—നോട്ടു്
വാമാങ്കസംസ്ഥാ	ഇടതുവശത്തിരുന്ന
ഗിരിവരതനയാ ദേവീ പാർവ്വതി	മലമകൾ പാർവതീദേവി
ഭക്തിനമ്രാ കദാചിത് ഇദം വാക്യം പ്രാഹ	ഭക്തിപൂർവ്വം ഒരുനാൾ ഇങ്ങനെ ചോദിച്ചു.

നമോഽസ്തു തേ ദേവ ജഗന്നിവാസ
സർവ്വാത്മദൃക് ത്വം പരമേശ്വരോഽസി
പൃച്ഛാമി തത്ത്വം പുരുഷോത്തമസ്യ
സനാതനം ത്വം ച സനാതനോഽസി. 7

ജഗന്നിവാസ ദേവ,	ലോകത്തിലെല്ലാം വിളങ്ങുന്ന ഭഗവാനേ,
തേ നമഃ അസ്തു	അങ്ങേക്കു നമസ്കാരം.
ത്വം സർവ്വാത്മദൃക് പരമേശ്വര അസി	അങ്ങു് എല്ലാവരുടേയും ഉള്ളറിയുന്ന പരമേശ്വരനാണല്ലോ.
അഹം പുരുഷോത്തമസ്യ സനാതനം തത്ത്വം പൃച്ഛാമി	പുരുഷോത്തമന്റെ[1] (രാമന്റെ) പരമമായ തത്ത്വം എന്തെന്നു ഞാൻ ചോദിക്കയാണു്.
ത്വം ച സനാതനഃ അസി	അങ്ങും സനാതനൻ ആകുന്നു.

1. ബാലകാണ്ഡത്തിന്റെ അവസാനം കൊടുത്തിട്ടുള്ള നോട്ടുകൾ നോക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗോപ്യം യദത്യന്തമനന്യവാച്യം
വദന്തി ഭക്തേഷു മഹാനുഭാവാഃ
തദപ്യഹോऽഹം തവ ദേവ ഭക്താ,
പ്രിയോऽസി മേ ത്വം വദ യത്തു പൃഷ്ടം. 8

മഹാനുഭാവാഃ	മഹാത്മാക്കൾ
യദ് അനന്യവാച്യം അത്യന്തം ഗോപ്യം ഭക്തേഷു വദന്തി	അന്യരോടു പറയാൻ പാടില്ലാത്ത പരമരഹസ്യംപോലും സ്വഭക്തരോടു പറയാറുണ്ട്.
തദപി അഹോ ദേവ, അഹം തവ ഭക്താ	ഞാനാണെങ്കിൽ അവിടത്തെ ഭക്തയും. പ്രിയയും.
ത്വം പ്രിയഃ അസി	അങ്ങെന്റെ പ്രിയതമനും ആണ്.
യത്തു പൃഷ്ടം (തദ്) വദ	എന്റെ ചോദ്യത്തിന് ഉത്തരം അരുളണമേ.

ജ്ഞാനം സവിജ്ഞാനമഥാനുഭക്തി—
വൈരാഗ്യയുക്തം ച മിതം വിഭാസ്വത്
ജാനാമ്യഹം യോഷിദപി ത്വദുക്തം
യഥാ തഥാ ബ്രൂഹി തരന്തി യേന. 9

യേന തരന്തി	സംസാരക്കടൽ കടത്തുന്നതും
അനുഭക്തി, വൈരാഗ്യയുക്തം	ഭക്തി, വൈരാഗ്യം (ആസക്തിയില്ലായ്മ) ഇവയോടു ചേർന്നതും
വിഭാസ്വത്	തേജസ്സുററതും
സവിജ്ഞാനം അഥ ജ്ഞാനം	വിജ്ഞാനത്തിനു യോജിച്ചതുമായ അജ്ഞാനം
യോഷിദ് അപി അഹം ത്വദുക്തം യഥാ ജാനാമി തഥാ മിതം ബ്രൂഹി	സ്ത്രീയാണെങ്കിലും എനിക്കു പറയുന്നതു് തികച്ചും മനസ്സിലാകത്തക്കവിധം അങ്ങ് ചുരുക്കി പറഞ്ഞുതരണം.

പൃച്ഛാമി ചാന്യച്ച പരം രഹസ്യം
തദേവ ചാഗ്രേ വദ, വാരിജാക്ഷ
ശ്രീരാമചന്ദ്രേऽഖിലലോകസാരേ
ഭക്തിർ ദൃഢാ നൗർ ഭവതി പ്രസിദ്ധാ. 10

വാരിജാക്ഷ,	കമലനേത്രാ,
അന്യത് ച പരം രഹസ്യം പൃച്ഛാമി	പരമമായ മറെറാരു രഹസ്യംകൂടെ ചോദിക്കയാണ്.
തദ് ഏവ അഗ്രേ വദ	അതു വേണം ആദ്യം പറഞ്ഞുതരാൻ.
അഖിലലോകസാരേ ശ്രീരാമചന്ദ്രേ	ലോകത്തിന്റെയെല്ലാം സാരമായ ശ്രീരാമചന്ദ്രനിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃഢാ ഭക്തിഃ	ഉറച്ച ഭക്തിയാണു്
നൗഃ ഭവതി	(ഭവക്കടൽ കടക്കാൻ) പററിയ തോണി
(ഇതി) പ്രസിദ്ധാ	എന്നു പ്രസിദ്ധമത്രേ.

ഭക്തിഃ പ്രസിദ്ധാ ഭവമോക്ഷണായ
നാന്യത്തതഃ സാധനമസ്തി കിഞ്ചിത്,
തഥാപി ഹൃത്സംശയബന്ധനം മേ
വിഭേത്തുമർഹസ്യമലോക്തിഭിസ്ത്വം. 11

ഭക്തിഃ	ഭക്തി
ഭവമോക്ഷണായ	മോക്ഷദായകം എന്നു്
പ്രസിദ്ധാ	പ്രസിദ്ധം.
തതഃ അന്യത് കിഞ്ചിത്	അതു് (ഭക്തി) അല്ലാതെ
സാധനം ന അസ്തി	മററൊരു പാധിയും ഇല്ലതന്നെ.
തഥാപി	എന്നാലും (എന്റെ മനസ്സു നിറയെ സംശയമാണു്)
മേ ഹൃത്സംശയബന്ധനം	എന്റെ സംശയങ്ങളെക്കകളെല്ലാം
ത്വം അമലോക്തിഭിഃ	അങ്ങു് വിശുദ്ധവചനങ്ങളാൽ
വിഭേത്തും അർഹസി	അററുക്കളയണം.

വദന്തി രാമം പരമേകമാദ്യം
നിരസ്തമായാഗുണസംപ്രവാഹം;
ഭജന്തി ചാഹർന്നിശമപ്രമത്താഃ
പരം പദം യാന്തി തഥൈവ സിദ്ധാഃ. 12

അപ്രമത്താഃ സിദ്ധാഃ	പ്രമാദം പററാത്ത ജ്ഞാനികൾ
രാമം	രാമനെ
നിരസ്തമായാഗുണസംപ്രവാഹം	മായയുടെ ഗുണങ്ങളൊന്നും ഏശാത്ത
പരം, ഏകം, ആദ്യം വദന്തി	പരമവും ഏകവും ആയ ആദികാരണമെന്നു വിളിക്കുന്നു.
അഹർന്നിശം	പകലും രാവും
ഭജന്തി ച	അദ്ദേഹത്തെ ഭജിക്കുന്നു.
തഥാ ഏവ (തേ) പരമപദം യാന്തി	അങ്ങനെ (അവർ) പരമപദം പ്രാപിക്കയും ചെയ്യുന്നു.

വദന്തി കേചിത് പരമോഽപി രാമഃ
സ്വാഽവിദ്യയാ സംവൃതമാത്മസംജ്ഞം,
ജാനാതി നാത്മാനമതഃ പരേണ
സംബോധിതോ വേദ പരാത്മതത്ത്വം. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കേചിത് വദന്തി	ചിലർ പറയുന്നു,
"രാമഃ പരമഃ അപി സ്വ അവിദ്യയാ സംവൃതം	"രാമൻ പരമപുരുഷനാണെങ്കിലും സ്വ- മായയ്ക്കു് വിധേയനായിരുന്നതുകൊണ്ടു്
ആത്മസംജ്ഞം ആത്മാനം ന ജാനാതി	പരമാത്മതത്ത്വമാണു് താൻ എന്നു് അറിഞ്ഞിരുന്നില്ല.
അതഃ പരേണ സംബോധിതഃ	അതിനാൽ അന്യർ (വസിഷ്ഠാദികൾ) ഉദ്ബോധിപ്പിച്ചപ്പോൾ മാത്രമേ
പരാത്മതത്ത്വം വേദ"	പരമാത്മതത്ത്വം അറിഞ്ഞുള്ളൂ."

ജ്ഞാനവാസിഷ്ഠം മുതലായ ഗ്രന്ഥങ്ങളിൽ രാമനു് വസിഷ്ഠമഹർഷി ചെയ്യുന്ന തത്ത്വോപദേശം ശ്രദ്ധിക്കുക.

യദി സ്മ ജാനാതി കുതോ വിലാപഃ
സീതാകൃതേ ƒ നേനകൃതഃ പരേണ
ജാനാതി നൈവം യദി കേന സേവ്യഃ
സമോ ƒ പി സർവ്വൈരപി ജീവജാതൈഃ. 14

അത്രോത്തരം കിം വിദിതം ഭവദ്ഭിഃ
തദ് ബ്രൂത മേ സംശയഭേദി വാക്യം. 15

യദി ജാനാതി സ്മ	രാമൻ ആത്മരഹസ്യം അറിഞ്ഞിരു- ന്നെങ്കിൽ
സീതാകൃതേ അനേന പരേണ കൃതഃ വിലാപഃ കുതഃ?	സീതയെച്ചൊല്ലി ആ പരമാത്മാവു് എന്തിനിത്ര വിലപിച്ചു?
യദി ഏവം ന ജാനാതി കേന സേവ്യഃ?	ഇതറിവില്ലെങ്കിൽ എന്തിനദ്ദേഹത്തെ ഭജിക്കണം?
(സഃ) സർവ്വൈഃ അപി ജീവജാതൈഃ സമഃ	അപ്പോൾ അദ്ദേഹം മററു ജീവികൾക്കു സമൻ മാത്രം.
അത്ര ഉത്തരം ഭവദ്ഭിഃ കിം വിദിതം?	അങ്ങേയ്ക്കു് ഇതിനെന്താണു് മറുപടി പറയാനുള്ളതു്?
തദ് മേ സംശയഭേദി വാക്യം ബ്രൂത	എന്റെ സംശയം തീർക്കുന്ന ഉത്തരം പറയണം.

മഹാദേവ ഉവാച: മഹാദേവൻ പറഞ്ഞു

ധന്യാ ƒ സി ഭക്താ ƒ സി പരാത്മനസ്ത്വം
യത്ജ്ഞാതുമിച്ഛാ തവ രാമതത്ത്വം;
പുരാ ന കേനാ ƒ പ്യഭിചോദിതോ ƒ ഹം
വക്തും രഹസ്യം പരമം നിഗൂഢം. 16

ത്വം ധന്യാ അസി	നീ ധന്യയും
പരാത്മനഃ ഭക്താ അസി	പരമാത്മാവിൽ ഭക്തിയുള്ളവളുമാണു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത് രാമതത്ത്വം ജ്ഞാതും തവ ഇച്ഛാ	അതിനാൽ രാമതത്വം അറിയാൻ നിനക്കു താൽപര്യമുണ്ടായി.
പുരാ പരമം നിഗൂഢം രഹസ്യം വക്തും	പരമനിഗൂഢമായ ആ കാര്യം വെളിപ്പെടുത്താൻ
കേനാപി അഹം ന അഭിപ്രചോദിതഃ	ആരും എന്നെ ഇതുവരെ പ്രേരിപ്പിച്ചിട്ടില്ല.

ത്വയാ ഽദ്യ ഭക്ത്യാ പരിനോദിതോ ഽഹം
വക്ഷ്യേ നമസ്കൃത്യ രഘൂത്തമം തേ,
രാമഃ പരാത്മാ പ്രകൃതേരനാദി—
രാനന്ദ ഏകഃ പുരുഷോത്തമോ ഹി. 17

അദ്യ ത്വയാ അഹം ഭക്ത്യാ പരിനോദിതഃ	ഇന്നു നീ ഭക്തിപൂർവ്വം എന്നെ പ്രേരിപ്പിച്ചു;
രഘൂത്തമം നമസ്കൃത്യ തേ വക്ഷ്യേ	അതിനാൽ രഘൂത്തമനെ വണങ്ങി നിന്നോടു പറയാൻ പോകയാണ്.
രാമഃ പ്രകൃതേഃ പരാത്മാ	രാമൻ പ്രകൃത്യതീതനായ പരമാത്മാവുതന്നെ.
അനാദി ആനന്ദ ഏകഃ	അദ്ദേഹം അനാദിയും ആനന്ദമയനും
പുരുഷോത്തമഃ ഹി	ഏകനുമായ പുരുഷോത്തമനാണ്.

സ്വമായയാ കൃത്സ്നമിദം ഹി സൃഷ്ട്വാ
നഭോവദന്തർ ബഹിരാസ്ഥിതോ യഃ
സർവ്വാന്തരസ്ഥോ ഽപി നിഗൂഢ ആത്മാ
സ്വമായയാ സൃഷ്ടമിദം വിചഷ്ടേ. 18

യഃ	(യാതൊരുവൻ) അദ്ദേഹം
സ്വമായയാ	തന്റെ മായയാൽ
ഇദം കൃത്സ്നം സൃഷ്ട്വാ	ഇക്കാണായതെല്ലാം സൃഷ്ടിച്ച്
നഭോവത് അന്തഃബഹിഃ ആസ്ഥിതഃ	ആകാശംപോലെ അകവും പുറവും നിറഞ്ഞുനില്ക്കുന്നു.
സർവാന്തരസ്ഥ അപി നിഗൂഢ ആത്മാ	എല്ലാററിന്റെയും ഉള്ളിൽ ഗൂഢമായ ആത്മതത്ത്വമായി വിളങ്ങവെതന്നെ
സ്വമായയാ സൃഷ്ടം ഇദം വിചഷ്ടേ	സ്വമായയാൽ രചിച്ച ഈ പ്രപഞ്ചചക്രം നിരീക്ഷകയും ചെയ്യുന്നു.

ജഗന്തി നിത്യം പരിതോ ഽ ഭ്രമന്തി
യത് സന്നിധൗ ചുംബകലോഹബദ്ധി;
ഏതന്ന ജാനന്തി വിമൂഢചിത്താഃ
സ്വാ ഽ വിദ്യയാ സംവൃത മാനസാ യേ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത്സന്നിധൗ	അദ്ദേഹത്തിന്റെ സന്നിധിയിൽ
ജഗന്തി	വിശ്വം
ചുംബകലോഹബദ്ധി നിത്യം	കാന്തത്താൽ ആകൃഷ്ടമായ ലോഹം— ഇരുമ്പ്—പോലെ എന്നും
പരിതഃ ഭ്രമന്തി	ചുറ്റുന്നു.
സ്വാഽവിദ്യയാ സംവൃത മാനസാഃ	മനസ്സ് സ്വയം അവിദ്യ— (മായ)യിൽ ആണ്ടുപോകയാൽ
യേ വിമൂഢചിത്താഃ (തേ) ഏതത് ന ജാനന്തി	മൂഢന്മാർ ഇക്കാര്യം അറിയുന്നില്ല.

സ്വാജ്ഞാനമപ്യാത്മനി ശുദ്ധബുദ്ധേ
സ്വാരോപയന്തീഹ നിരസ്തമായേ;
സംസാരമേവാനുസരന്തി തേ വൈ
പുത്രാദിസക്താഃ പുരുകർമ്മയുക്താഃ. 20

തേ നിരസ്തമായേ ശുദ്ധബുദ്ധേ ആത്മനി	അവർ, മായാതീതവും ശുദ്ധചേതനവുമായ ആത്മാവിൽ
സ്വ അജ്ഞാനം അപി ആരോപയന്തി	തങ്ങളുടെ അജ്ഞതപോലും ആരോപിക്കയും
ഇഹ പുത്രാദിസക്താഃ പുരുകർമ്മയുക്താഃ	ഇങ്ങ് പുത്രാദിയിൽ ഭ്രമിച്ചും പല കർമ്മങ്ങൾ ചെയ്തും
സംസാര ഏവ അനുസരന്തി വൈ	സംസാരത്തിൽ തന്നെ മുഴുകകയും ചെയ്യുന്നു.

ജാനന്തി നൈവം ഹൃദയേ സ്ഥിതം വൈ
ചാമീകരം കണ്ഠഗതം യഥാഽജ്ഞാഃ
യഥാഽപ്രകാശോ ന തു വിദ്യതേ രവൗ
ജ്യോതിഃ സ്വഭാവേ പരമേശ്വരേ തഥാ
വിശുദ്ധ വിജ്ഞാന ഘനേ രഘൂത്തമേ—
ഽവിദ്യാ കഥം സ്യാത് പരതഃ പരാത്മനി. 21

അജ്ഞാഃ യഥാ	അജ്ഞന്മാർ
കണ്ഠഗതം ചാമീകരം ന ജാനന്തി ഏവം	സ്വന്തം കഴുത്തിലണിഞ്ഞ മാലയെ പ്പോലും അറിയാറില്ല.
തഥാ ഹൃദയേ സ്ഥിതം വൈ ന ജാനന്തി	അതുപോലെ ഹൃദയത്തിലുള്ള (ഈശ്വരനെയും) അറിയുന്നില്ല.
യഥാ രവൗ അപ്രകാശഃ തു ന വിദ്യതേ	സൂര്യനിൽ ഇരുളിനു സ്ഥാനമില്ലല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ വിശുദ്ധവിജ്ഞാന— ഘന ജ്യോതി സ്വഭാവേ പരമേശ്വരേ പരതഃ പരാത്മനി രഘൂത്തമേ അവിദ്യാ കഥം സ്യാത്?	അതുപോലെ വിശുദ്ധ വിജ്ഞാനവും ജ്യോതിസ്വരൂപവും പരമേശ്വരനും പരമാത്മാവുമായ രാമനിൽ അവിദ്യ എങ്ങനെ സംഭവിക്കും? [രാമനിൽ അവിദ്യ (മായ) ഇല്ലതന്നെ.]

യഥാ ഹി ചാക്ഷ്ണാ ഭ്രമതാ ഗൃഹാദികം
വിനഷ്ടദൃഷ്ടേർഭ്രമതീവ ദൃശ്യതേ,
തഥൈവ ദേഹേന്ദ്രിയകർത്തുരാത്മനഃ
കൃതം പരേഽധ്യസ്യ ജനോ വിമുഹ്യതി. 22

യഥാ ഭ്രമതാ അക്ഷ്ണാ വിനഷ്ടദൃഷ്ടേഃ ഗൃഹാദികം ഹി ഭ്രമതി ഇവ ദൃശ്യതേ	കറങ്ങുന്നവൻെറ കണ്ണിന് ദനാട്ടം ഉദ്ദ്യോഷ്ടയാൽ വീടും മറ്റും ചുററിത്തിരിയുന്നതായി തോന്നാം.
തഥാ ഏവ	അതുപോലെയാണ്
ജനഃ ച	ആളുകൾ
ആത്മനഃ ദേഹേന്ദ്രിയ— കർത്തുഃ കൃതം	തങ്ങളുടെ ദേഹം, ഇന്ദ്രിയം ഇവയുടെ ചെയ്തികളെ
പരേ അധ്യസ്യ വിമുഹ്യതി	പരമാത്മാവിൽ ആരോപിച്ച് വിമോഹിതരാകുന്നു.

നാഹോ ന രാത്രിഃ സവിതുർയഥാ ഭവേത്
പ്രകാശരൂപാഽവ്യഭിചാരതഃ ക്വചിത്
ജ്ഞാനം തഥാഽജ്ഞാനമിദം ദ്വയം ഹരൗ
രാമേ കഥം സ്ഥാസ്യതി ശുദ്ധചിദ്ഘനേ? 23

പ്രകാശരൂപ— അവ്യഭിചാരതഃ	(തൻെറ) പ്രകാശരൂപത്തിന് ഒരിക്കലും അഴിവില്ലാത്തതിനാൽ
സവിതുഃ	സൂര്യന്
യഥാ അഹഃ ക്വചിത് ന ഭവേത് രാത്രിഃ ച	രാത്രി, പകൽ എന്നീ ഭേദമൊന്നും ഒരിക്കലും ഉണ്ടാകാറില്ല.
തഥാ	അതുപോലെ
ശുദ്ധചിദ്ഘനേ ഹരൗ രാമേ	ശുദ്ധചൈതന്യവും ഹരിയുമായ രാമനിൽ
ജ്ഞാനം, അജ്ഞാനം, ഇദം ദ്വയം കഥം സ്ഥാസ്യതി	ജ്ഞാനം, അജ്ഞാനം ഇവ രണ്ടും എങ്ങനെ നിലനിൽക്കും?

ജ്ഞാനം, അജ്ഞാനം എന്ന ഭേദത്തിന് കേവലചേതനമായ രാമനിൽ പ്രസക്തിയില്ല. 'രാമ'ന് 'ശുദ്ധചിത്' അഥവാ Cognitive principle എന്നർത്ഥം.

തസ്മാത് പരാനന്ദമയേ രഘൂത്തമേ
വിജ്ഞാനരൂപേ ഹി ന വിദ്യതേ തമഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജ്ഞാനസാക്ഷിണ്യരവിന്ദലോചനേ
മായാശ്രയത്വാന്ന ഹി മോഹകാരണം. 24

തസ്മാത്	അതിനാൽ
വിജ്ഞാനരൂപേ പരാനന്ദമയേ രഘൂത്തമേ തമഃ ഹി ന വിദ്യതേ	ജ്ഞാന—ആനന്ദരൂപനായ രഘുവരനിൽ തമസ്സ് (അജ്ഞാനം) ഇല്ലതന്നെ.
അജ്ഞാനസാക്ഷിണി അരവിന്ദലോചനേ	പ്രകൃതിക്ക സാക്ഷി മാത്രമായ കമലലോചനനു് (രാമനു്)
മോഹകാരണം ഹി ന	മോഹത്തിനു കാരണമില്ല.
മായാശ്രയത്വാത്	(എന്തെന്നാൽ) രാമൻ മായയ്ക്കു് (പ്രകൃതിക്കു്) ആലംബമാണല്ലോ.[4]

അത്ര തേ കഥയിഷ്യാമി രഹസ്യമപി ദുർല്ലഭം,
സീതാരാമമരുത്സൂനു സംവാദം മോക്ഷസാധനം. 25

അത്ര തേ	ഇപ്പോൾ നിനക്കു്
രഹസ്യം അപി ദുർല്ലഭം മോക്ഷസാധനം	അതിഗൂഢവും ദുർല്ലഭവും മോക്ഷദായകവുമായ
സീതാരാമമരുത്സൂനു— സംവാദം കഥയിഷ്യാമി	'സീതാരാമഹനുമത്സംവാദം' ഉപദേശിച്ചുതരാം.

പുരാ രാമായണേ രാമോ രാവണം ദേവകണ്ടകം
ഹത്വാ രണേ രണശ്ലാഘീ സപുത്രബല വാഹനം. 26

സീതയാ സഹ സുഗ്രീവലക്ഷ്മണാഭ്യാം സമന്വിതഃ
അയോധ്യാമഗമദ്രാമോ ഹനൂമത്പ്രമുഖൈർ വൃതഃ 27

പുരാ രാമായണേ രണശ്ലാഘീ രാമഃ	പണ്ടു് രാമാവതാരകാലത്തു് യുദ്ധവീരനായ രാമൻ
സപുത്രബലവാഹനം ദേവകണ്ടകം രാവണം ഹത്വാ	പുത്ര, സൈന്യ, വാഹനങ്ങളോടുകൂടെ ദേവദ്രോഹിയായ രാവണനെ നിഗ്രഹിച്ചു്
സീതയാ സഹ	സീതയോടും
സുഗ്രീവലക്ഷ്മണാഭ്യാം സമന്വിതഃ	സുഗ്രീവനോടും ലക്ഷ്മണനോടും കൂടെ
ഹനൂമത്പ്രമുഖൈഃ വൃതഃ	ഹനുമാൻ മുതലായവരാൽ പരിസേവിതനായി
അയോധ്യാം അഗമത്	അയോധ്യയിൽ എത്തി

അഭിഷിക്തഃ പരിവൃതോ വസിഷ്ഠാദ്യൈർ
മഹാത്മഭിഃ
സിംഹാസനേ സമാസീനഃ കോടിസൂര്യസമപ്രഭഃ 28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിഷിക്തഃ	അഭിഷേകം കഴിഞ്ഞ്
വസിഷ്ഠാദ്യൈഃ മഹാത്മഭിഃ പരിവൃതഃ	വസിഷ്ഠാദി മഹാത്മാക്കളാൽ ചുററപ്പെട്ട്
കോടിസൂര്യസമപ്രഭഃ	കോടി സൂര്യസമമായ കാന്തിയോടെ
സിംഹാസനേ സമാസീനഃ	സിംഹാസനത്തിൽ ഇരുന്നു.

ദൃഷ്ട്വാ തദാ ഹനൂമന്തം
പ്രാഞ്ജലിപുരതഃ സ്ഥിതം
കൃതകാര്യം നിരാകാംക്ഷം
ജ്ഞാനാപേക്ഷം മഹാമതിം 29

രാമഃ സീതാമുവാചേദം
ബ്രൂഹി തത്ത്വം ഹനൂമതേ
നിഷ്ക്കല്മഷോ ഽയം ജ്ഞാനസ്യ
പാത്രം നോ നിത്യഭക്തിമാൻ, 30

തദാ	അപ്പോൾ
കൃതകാര്യം	ചെയ്യേണ്ടതു ചെയ്തവനും.
നിരാകാംക്ഷം	ആഗ്രഹമററവനും
മഹാമതിം	മഹാബുദ്ധിമാനും
ജ്ഞാനാപേക്ഷം	തത്ത്വമറിയാൻ ദാഹിക്കുന്നവനും
പ്രാഞ്ജലിം പുരതഃ സ്ഥിതം	കൈകൂപ്പി മുന്നിൽ നില്ക്കുന്നവനുമായ
ഹനൂമന്തം ദൃഷ്ട്വാ രാമഃ സീതാം ഇദം ഉവാച	ഹനുമാനെ കണ്ടിട്ട് രാമൻ സീതയോട് ഇങ്ങനെ പറഞ്ഞു:
"അയം നിഷ്കൽമഷഃ ജ്ഞാനസ്യ പാത്രം	ഇവൻ പുണ്യവാനും ജ്ഞാനദാനത്തിന് പററിയ പാത്രവും
നഃ നിത്യ ഭക്തിമാൻ	നമ്മുടെ ഉത്തമഭക്തനുമാണ്.
തത്ത്വം ഹനൂമതേ ബ്രൂഹി"	ഇവന് തത്ത്വജ്ഞാനം ഉപദേശിക്കു

തഥേതി ജാനകീ പ്രാഹ തത്ത്വം രാമസ്യ നിശ്ചിതം
ഹനൂമതേ പ്രപന്നായ സീതാ ലോക വിമോഹിനീ. 31

'തഥാ' ഇതി ലോക– വിമോഹിനീ ജാനകീസീതാ	അങ്ങനെതന്നെ എന്ന് ലോകമോഹിനിയും ജനകപുത്രിയുമായ സീത
പ്രപന്നായ ഹനൂമതേ	ശരണാഗതനായ ഹനുമാന്
രാമസ്യ നിശ്ചിതം തത്ത്വം പ്രാഹ	യഥാർത്ഥമായ ശ്രീരാമതത്ത്വം ഉപദേശിക്കാൻ തുടങ്ങി.

രാമം വിദ്ധി പരം ബ്രഹ്മ സച്ചിദാനന്ദമവ്യയം
സർവ്വോപാധി വിനിർമുക്തം സത്താമാത്രമഗോചരം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമം	രാമൻ
അവ്യയം	അഴിവില്ലാത്തതും
സച്ചിദാനന്ദം	സച്ചിദാനന്ദവും
അഗോചരം	ഇന്ദ്രിയങ്ങൾക്കു പിടികിട്ടാത്തതും
സർവ്വോപാധി വിനിർമുക്തം സത്താമാത്രം	ഉപാധിയററതും ഉൺമമാത്രവും ആയ
പരം ബ്രഹ്മ വിദ്ധി	പരബ്രഹ്മം ആണ് എന്നറിയണം.

ആനന്ദം നിർമ്മലം ശാന്തം നിർവ്വികാരം നിരഞ്ജനം
സർവ്വവ്യാപിനമാത്മാനം സ്വപ്രകാശമകൽമഷം 33

ആനന്ദം നിർമ്മലം ശാന്തം	ആനന്ദവും നിർമ്മലവും ശാന്തവും
നിർവ്വികാരം, നിരഞ്ജനം	വികാരമേശാതെ, മാലിന്യം കലരാതെ,
സർവ്വവ്യാപിനം സ്വപ്രകാശം	എങ്ങും നിറഞ്ഞ്, സ്വയം വിളങ്ങുന്ന,
അകൽമഷം ആത്മാനം	പാപമില്ലാത്ത, ആത്മതത്ത്വമാണ് രാമൻ.

മാം വിദ്ധി മൂലപ്രകൃതിം സർഗ്ഗസ്ഥിത്യന്ത കാരിണീം,
തസ്യ സന്നിധിമാത്രേണ സൃജാമീദമതന്ദ്രിതാ. 34

മാം	എന്നെ
സർഗ്ഗസ്ഥിത്യന്തം കാരിണീം	പ്രപഞ്ചത്തിന്റെ ഉൽപ്പത്തി-സ്ഥിതിലയങ്ങൾക്കു കാരണമായ
മൂലപ്രകൃതിം വിദ്ധി	മൂലപ്രകൃതി എന്നു ധരിക്കുക.
തസ്യ സന്നിധിമാത്രേണ	രാമസാന്നിദ്ധ്യംകൊണ്ടുമാത്രമാണ്
അതന്ദ്രിതാ (അഹം) ഇദം സൃജാമി	ജാഗ്രതയോടെ ഈ കാണായതെല്ലാം (ഞാൻ) സൃഷ്ടിക്കുന്നതു്.

തത് സാന്നിദ്ധ്യാന്മയാ സൃഷ്ടം തസ്മിന്നാരോപ്യ-
തേ/ബുധൈഃ 35
അയോധ്യാ നഗരേ ജന്മ രഘുവംശേ/തി നിർമ്മലേ.

തത്സാന്നിദ്ധ്യാത്	അദ്ദേഹത്തിന്റെ സാമീപ്യത്താൽ
മയാ സൃഷ്ടം	ഞാൻ ചെയ്യുന്ന സൃഷ്ടിയെ
അബുധൈഃ തസ്മിൻ ആരോപ്യതേ	അറിവില്ലാത്തവർ അദ്ദേഹത്തിൽ തന്നെ ആരോപിക്കുന്നു.
അയോദ്ധ്യാനഗരേ അതിനിർമ്മലേ രഘുവംശേ ജന്മ	രാമൻ അയോദ്ധ്യയിൽ പാവനമായ രഘുവംശത്തിൽ ജനിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വാമിത്രസഹായത്വം മഖസംരക്ഷണം തതഃ
അഹല്യാശാപശമനം ചാപഭംഗോ മഹേശിതുഃ 36

വിശ്വാമിത്ര സഹായത്വം	വിശ്വാമിത്രനെ സഹായിക്കാൻ
മഖസംരക്ഷണം	യാഗരക്ഷ ചെയ്തു.
തത അഹല്യാശാപശമനം	അനന്തരം അഹല്യയെ ഉദ്ധരിച്ചു.
മഹേശിതുഃ ചാപഭംഗം	ശിവന്റെ വില്ലൊടിച്ചിട്ട്

മത് പാണിഗ്രഹണം പശ്ചാത് ഭാർഗ്ഗവസ്യമദക്ഷയഃ
അയോദ്ധ്യാനഗരേ വാസോ മയാ ദ്വാദശവാർഷികഃ 37

മത് പാണിഗ്രഹണം	എന്നെ പരിഗ്രഹിച്ചു.
പശ്ചാത്	പിന്നെ
ഭാർഗ്ഗവസ്യ മദക്ഷയഃ	പരശുരാമന്റെ മുഷ്ക്കിന് ശമനം വരുത്തി
അയോദ്ധ്യാനഗരേ മയാ—ദ്വാദശവാർഷികഃ വാസഃ	അയോദ്ധ്യയിൽ എന്നോടൊന്നിച്ച് പന്ത്രണ്ടുവർഷം താമസിച്ചതിനുശേഷം

ദണ്ഡകാരണ്യഗമനം വിരാധവധ ഏവ ച
മായാമാരീചമരണം മായാസീതാഹൃതിസ്തഥാ 38

ദണ്ഡകാരണ്യഗമനം	ദണ്ഡകവനത്തിലേക്കു പോയി.
വിരാധവധം	വിരാധനേയും
മായാമാരീചമരണം	മായാവേഷധാരിയായ മാരീചനേയും
ഏവ ച	കൊന്നു.
തഥാ മായാ സീതാഹൃതിഃ	മായാസീത അപഹരിക്കപ്പെട്ടു.

ജടായുഷോ മോക്ഷലാഭഃ കബന്ധസ്യ തഥൈവ ച
ശബര്യാഃ പൂജനം പശ്ചാത് സുഗ്രീവേണ സമാഗമഃ. 39

ജടായുഷഃ തഥാ	ജടായുവിനും
കബന്ധസ്യ ച ഏവ	കബന്ധനും
മോക്ഷലാഭഃ	മോക്ഷം ലഭിച്ചു.
ശബര്യാഃ പൂജനം	ശബരിയുടെ പൂജയ്ക്കു ശേഷം
പശ്ചാത് സുഗ്രീവേണ	സുഗ്രീവനുമായി
സമാഗമഃ	കൂടിക്കാഴ്ച നടത്തി.

ബാലിനശ്ച വധഃ പശ്ചാത് സീതാന്വേഷണമേവ ച
സേതുബന്ധശ്ച ജലധൗ ലങ്കായാശ്ച നിരോധനം. 40

ബാലിനഃ വധഃ	ബാലി വധിക്കപ്പെട്ടു.
പശ്ചാത് സീതാന്വേഷണം	പിന്നെ സീതാന്വേഷണമായി.
ജലധൗ സേതുബന്ധഃ	സമുദ്രത്തിൽ ചിറകെട്ടി.
ലങ്കായാഃ നിരോധനം ഏവ ച	ലങ്കയെ ഉപരോധിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണസ്യ വധോ യുദ്ധേ സപുത്രസ്യ ദുരാത്മനഃ
വിഭീഷണേ രാജ്യദാനം പുഷ്പകേണ മയാ സഹ. 41

അയോദ്ധ്യാഗമനം പശ്ചാത് രാജ്യേ രാമാഭിഷേചനം
ഏവമാദീനി കർമ്മാണി മയൈവാചാരിതാന്യപി
ആരോപയന്തി രാമേ ഽസ്മിന്നിർവ്വികാരേ ഽഖിലാത്മനി. 42

യുദ്ധേ	യുദ്ധത്തിൽ
ദുരാത്മനഃ സപുത്രസ്യ രാവണസ്യ വധഃ	ദുഷ്ടാത്മാവായ രാവണനെ പുത്രസഹിതം വധിച്ചു.
വിഭീഷണേ രാജ്യദാനം	വിഭീഷണന് ലങ്ക ദാനം ചെയ്തു.
മയാ സഹ	എന്നോടുകൂടെ
പുഷ്പകേണ	പുഷ്പകവിമാനത്തിൽ
അയോദ്ധ്യാഗമനം	അയോദ്ധ്യയിൽ എത്തി.
പശ്ചാത് രാജ്യേ രാമാഭിഷേചനം	എന്നിട്ട് രാമന് രാജ്യാഭിഷേകം നടന്നു.
ഏവമാദീനി കർമ്മാണി മയാ ഏവ ആചരിതാനി അപി	ഈ കർമ്മങ്ങളൊക്കെ ചെയ്തതു് ഞാൻ തന്നെയെങ്കിലും
നിർവ്വികാരേ അഖിലാത്മനി	നിർവ്വികാരനും സകലാത്മാവുമായ
അസ്മിൻ രാമേ ആരോപയന്തി	രാമനിൽ (അജ്ഞർ അവയെല്ലാം) ആരോപിക്കുന്നു.

രാമോ ന ഗച്ഛതി ന തിഷ്ഠതി,നാനുശോച-
ത്യാകാംക്ഷതേ ത്യജതി നോ ന കരോതി കിഞ്ചിത്
ആനന്ദമൂർത്തിരചലഃ പരിണാമഹീനോ
മായാഗുണാനനുഗതോ ഹി തഥാ വിഭാതി. 43

രാമഃ ന ഗച്ഛതി തിഷ്ഠതി ന	രാമൻ എങ്ങും പോകുന്നില്ല, നില്ക്കുന്നുമില്ല.
ന അനുശോചതി ന ആകാംക്ഷതേ ന ത്യജതി	ദുഃഖിക്കുകയോ ഇച്ഛിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാറില്ല.
കിഞ്ചിത് ന കരോതി	ഒരു കർമ്മവും ചെയ്യാറില്ല.
ആനന്ദമൂർത്തിഃ	(അദ്ദേഹം) ആനന്ദമൂർത്തിയും
അചലഃ, പരിണാമ- ഹീനഃ ഹി	ചലനവും മാററവും ഇല്ലാത്തവനും ആണു്; പക്ഷേ
മായാഗുണാൻ അനുഗതഃ തഥാ വിഭാതി	മായയുടെ ഗുണപ്രഭാവത്താൽ അങ്ങനെ ചെയ്യുന്നതായി തോന്നുകയത്രേ.

തതോ രാമഃ സ്വയം പ്രാഹ ഹനൂമന്തമുപസ്ഥിതം
ശൃണു തത്ത്വം പ്രവക്ഷ്യാമി ഹ്യാത്മാനാത്മ പരാത്മനാം. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ രാമഃ സ്വയം ഉപസ്ഥിതം ഹനൂമന്തം പ്രാഹ	അനന്തരം രാമൻതന്നെ അരികിലിരുന്ന ഹനുമാനോട് അരുളിച്ചെയ്തു.
ആത്മാനാത്മപരാത്മനാം ഹി തത്ത്വം പ്രവക്ഷ്യാമി ശൃണു	ആത്മാവ് (ജീവൻ), അനാത്മാവ് (പ്രകൃതി), പരമാത്മാവ്, ഇവയുടെ തത്ത്വം പറയാം; കേട്ടുകൊള്ളു.

ആകാശസ്യ യഥാ ഭേദസ്ത്രിവിധോ ദൃശ്യതേ മഹാൻ
ജലാശയേ മഹാകാശസ്തദവച്ഛിന്ന ഏവ ഹി
പ്രതിബിംബാഖ്യമപരം ദൃശ്യതേ ത്രിവിധം നഭഃ.　　45

ആകാശസ്യ യഥാ	ആകാശത്തിന്
ത്രിവിധഃ ഭേദഃ ദൃശ്യതേ	മൂന്നുവിധ ഭേദം കാണാം.
മഹാകാശഃ	(1) മഹാകാശം (എല്ലായിടത്തും ഉള്ളത്)
ജലാശയേ ഹി തദവച്ഛിന്ന ഏവ	(2) വെള്ളത്തിൽ പരിമിതമായി കാണുന്നത്
അപരം പ്രതിബിംബാഖ്യം	(3) മറ്റൊന്നു പ്രതിബിംബാകാശം (ജലത്തിൽ നിഴലിക്കുന്നത്)
ത്രിവിധം നഭഃ ദൃശ്യതേ	ഇങ്ങനെ മൂന്നുവിധം ആകാശം.

ബുദ്ധ്യവച്ഛിന്നചൈതന്യമേകം പൂർണ്ണമഥാപരം
ആഭാസസ്ത്വപരം ബിംബഭൂതമേവം ത്രിധാ ചിതിഃ　　46

ഏവം ചിതിഃ ത്രിധാ	ചേതനത്തിനും മൂന്നു ഭേദം ഉണ്ട്.
ഏകം ബുദ്ധ്യവച്ഛിന്നചൈതന്യം	ഒന്ന്, ബുദ്ധിയാൽ പരിച്ഛിന്നമായത്
അഥ അപരം പൂർണ്ണം	രണ്ട്, പൂർണ്ണമായ പരമാത്മാവ്
ബിംബഭൂതം ആഭാസഃ തു അപരം	മൂന്ന്, ബുദ്ധിയിൽ നിഴലിക്കുന്നത്, ആഭാസചേതനം.

സാഭാസബുദ്ധേഃ കർത്തൃത്വമവിച്ഛിന്നേ *f* വികാരിണി
സാക്ഷിണ്യാരോപ്യതേ ഭ്രാന്ത്യാ ജീവത്വം ച തഥാ
f ബുധൈഃ　　47

സാഭാസബുദ്ധേഃ കർത്തൃത്വം	ആഭാസചേതനത്തോടു ചേർന്ന ബുദ്ധിയുടെ പ്രവൃത്തിയും
ജീവത്വം തഥാ കർത്തൃത്വം ച അബുധൈഃ ഭ്രാന്ത്യാ	ജീവത്വവും കർത്തൃത്വവും മൂഢന്മാരാൽ അറിവില്ലായ്മ നിമിത്തം
അവിച്ഛിന്നേ അവികാരിണി സാക്ഷിണി ആരോപ്യതേ	വിച്ഛേദിക്കാൻ വയ്യാത്തതും വികാരമില്ലാത്തതുമായ പരംപൊരുളിൽ ആരോപിക്കപ്പെടുന്നു.

പരമാത്മാവ് പ്രവർത്തിക്കുകയോ ഫലം അനുഭവിക്കുകയോ ചെയ്യുന്നില്ല. ഉണ്ടെന്നു വിചാരിക്കുക മൗഢ്യമെന്നർത്ഥം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഭാസസ്തു മൃഷാ ബുദ്ധിരവിദ്യാകാര്യമുച്യതേ
അവിച്ഛിന്നം തു തദ്ബ്രഹ്മവിച്ഛേദസ്തു വികല്പതഃ. 48

ആഭാസഃ തു മൃഷാ	ആഭാസചൈതന്യം വെറും മിഥ്യ.
ബുദ്ധിഃ അവിദ്യാകാര്യം ഉച്യതേ	ബുദ്ധി അവിദ്യയിൽനിന്നുണ്ടായി എന്നു പറയുന്നു.
തത് ബ്രഹ്മ തു അവിച്ഛിന്നം	ബ്രഹ്മമാകട്ടെ അഴിവില്ലാത്തതത്രെ.
വിച്ഛേദഃ തു വികല്പതഃ	വിച്ഛേദം (അഴിവ്) തോന്നൽമാത്രം.

ബുദ്ധി അവിദ്യാജനിതമാണ്. അതു നല്കുന്ന ജ്ഞാനം സത്യമല്ല. ബ്രഹ്മത്തിനു കർത്തൃത്വമുണ്ടെന്നു ബുദ്ധി ചിലപ്പോൾ വാദിക്കാം. ബുദ്ധിതന്നെ അജ്ഞാനസന്താനമാണെന്നു എതിർവാദം വന്നാലോ? ബുദ്ധിയുടെ വാദങ്ങൾ സ്വയം അമന്ദപാകം. ഏതാണ്ടിതേ രീതിയിലാണ് അദ്വൈതികൾ പ്രപഞ്ചം മിഥ്യയാണെന്നു സമർത്ഥിക്കാൻ ശ്രമിക്കുന്നതു്.

അവിച്ഛിന്നസ്യ പൂർണ്ണേന ഏകത്വം പ്രതിപാദ്യതേ
തത്ത്വമസ്യാദി വാക്യൈശ്ച സാഭാസസ്യാഹമസ്തഥാ. 49

തഥാ സാഭാസസ്യ അവിച്ഛിന്നസ്യ അഹമഃ	അതുപോലെ വെറും തോന്നലാലുണ്ടായ ജീവന്റെ ഞാനെന്ന ബോധം
തത്ത്വമസി ആദി വാക്യൈഃ പൂർണ്ണേന ഏകത്വം പ്രതിപാദ്യതേ	'തത്ത്വമസി'[6] ആദിവാക്യങ്ങളാൽ ബ്രഹ്മവുമായി ഐക്യത്തിൽ ലോപം ശിക്കുന്നു.

ഐക്യജ്ഞാനം യദോത്പന്നം
മഹാവാക്യേന ചാത്മനോഃ
തദാ ƒ വിദ്യാ സ്വകാര്യൈശ്ച
നശ്യത്യേവ ന സംശയഃ. 50

മഹാവാക്യേന	തത്ത്വമസി ആദിമഹാവാക്യങ്ങൾ അനുശീലനംചെയ്തു്
ആത്മനോഃ	ജീവാത്മപരമാത്മാക്കൾക്കു്
യദാ ഐക്യജ്ഞാനം ഉത്പന്നം തദാ	ഐക്യബോധം സാധിതമാകുമ്പോൾ
അവിദ്യാ സ്വകാര്യൈഃ	അവിദ്യ അതിന്റെ കാര്യങ്ങളോടു് (effects)
ച	ഒപ്പം
നശ്യതി ഏവ	പാടെ നശിക്കുന്നു.
ന സംശയഃ	സംശയമേ വേണ്ട.

ഏതദ്വിജ്ഞായ മദ്ഭക്തോ മദ്ഭാവായോപപദ്യതേ
മദ്ഭക്തി വിമുഖാനാം ഹി ശാസ്ത്രഗർത്തേഷു മുഹ്യതാം
ന ജ്ഞാനം ന ച മോക്ഷഃ സ്യാത്തേഷാം ജന്മശതൈരപി. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതദ് വിജ്ഞായ മദ്ഭക്തഃ	ഈ തത്ത്വം അറിയുമ്പോഴേ എൻെറ ഭക്തൻ
മദ്ഭാവായ ഉപപദ്യതേ	എന്നോടു ചേർന്ന് ഒന്നാകാൻ അർഹനാകുന്നു.
മദ്ഭക്തിവിമുഖാനാം ശാസ്ത്രഗർത്തേഷു മുഹ്യതാം നഹി തേഷാം	മറിച്ച് എന്നിൽ ഭക്തിയില്ലാതെ വെറും ശാസ്ത്രക്കുഴികളിൽ മോഹിക്കുന്നവർക്കാകട്ടെ
ജന്മശതൈഃ അപി	നൂറു ജന്മംകൊണ്ടുപോലും
ന ജ്ഞാനം, ന ച മോക്ഷഃ സ്യാത്	ജ്ഞാനവും മോക്ഷവും കിട്ടുവാൻപോകുന്നില്ല.

ഇദം രഹസ്യം ഹൃദയം മമാത്മനോഃ
മയൈവ സാക്ഷാത് കഥിതം തവാനഘ
മദ്ഭക്തിഹീനായ ശഠായ ന ത്വയാ
ദാതവ്യമൈന്ദ്രാദപി രാജ്യതോ ƒധികം. 52

അനഘ,	വിശുദ്ധാ,
ഇദം ആത്മനഃ മമ രഹസ്യം ഹൃദയം	ഇതാണു പരമപുരുഷനായ എന്നെ സംബന്ധിച്ച നിഗൂഢ സത്യം.
മയാ ഏവ തവ സാക്ഷാത് കഥിതം	ഇതു ഞാൻ നേരിട്ടു നിന്നോടു പറഞ്ഞിരിക്കുന്നു.
ഐന്ദ്രാത് രാജ്യാത് അധികം അപി	ഇന്ദ്രൻെറ രാജ്യത്തിലുമധികം ലഭിച്ചാലും
മദ്ഭക്തിഹീനായ ശഠായ ത്വയാ ന ദാതവ്യം	എന്നിൽ ഭക്തിയില്ലാത്ത ശഠന് നീ ഇതു പറഞ്ഞുകൊടുക്കരുത്.

ശ്രീമഹാദേവ ഉവാച: മഹാദേവൻ പറഞ്ഞു

ഏതത്തേ ƒഭിഹിതം ദേവി, ശ്രീരാമഹൃദയം മയാ
അതിഗുഹ്യതമം ഹൃദ്യം പവിത്രം പാപശോധനം. 53

ദേവി, ഏതത് ശ്രീരാമ ഹൃദയം മയാ തേ അഭിഹിതം	ദേവി, ഇതാ 'ശ്രീരാമഹൃദയം' നിനക്കു ഞാൻ ഉപദേശിച്ചു കഴിഞ്ഞു
അതിഗുഹ്യതമം ഹൃദ്യം പവിത്രം, പാപശോധനം	ഇതു പരമരഹസ്യവും ഹൃദ്യവും പാവനവും പാപഹരവുമാണ്.

സാക്ഷാദ്രാമേണ കഥിതം സർവ്വവേദാന്തസംഗ്രഹം
യഃ പഠേത് സതതം ഭക്ത്യാ സ മുക്തോ നാത്ര സംശയഃ. 54

സാക്ഷാത് രാമേണ കഥിതം	ഇതു രാമൻ നേരിട്ട് അരുളിയതത്രേ.
സർവ്വവേദാന്ത സംഗ്രഹം	സകല വേദാന്തതത്ത്വങ്ങളുടേയും സാരമാണിത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഃ സതതം ഭക്ത്യാ പഠേത് സ മുക്തഃ അത്ര ന സംശയഃ	ഇതു ഭക്തിയോടെ എന്നും പാരായണംചെയ്യുന്നവൻ മുക്തനാകും സംശയമില്ല.

ബ്രഹ്മഹത്യാദി പാപാനി ബഹുജന്മാർജ്ജിതാന്യപി
നശ്യന്ത്യേവ ന സന്ദേഹോ രാമസ്യ വചനം യഥാ. 55

ബഹുജന്മാർജ്ജിതാനി	ബഹുജന്മങ്ങളിൽ ചെയ്ത
ബ്രഹ്മഹത്യാദി പാപാനി അപി	ബ്രഹ്മഹത്യാദി പാപങ്ങൾപോലും
നശ്യന്തി ഏവ; ന സന്ദേഹഃ രാമസ്യ വചനം യഥാ	സന്ദേഹമെന്യേ നശിച്ചുപോകും. രാമന്റെ വാക്ക് അങ്ങനെയാണല്ലോ.

യോ*f*തി ഭ്രഷ്ടോ*f*തിപാപീ പരധനപരദാ–
രേഷു നിത്യോദ്യതോ വാ
സ്തേയീ ബ്രഹ്മഘ്ന മാതാപിതൃവധനിരതോ
യോഗിവൃന്ദാപകാരീ
യഃ സംപൂജ്യാഭിരാമം പഠതി ച ഹൃദയം
രാമചന്ദ്രസ്യ ഭക്ത്യാ
യോഗീന്ദ്രൈരപ്യലഭ്യം പദമിഹ ലഭതേ
സർവ്വദേവൈഃ സ പൂജ്യം. 56

യഃ അഭിരാമം സംപൂജ്യ രാമചന്ദ്രസ്യ ഭക്ത്യാ ച 'ഹൃദയം' പഠതി സഃ	ശ്രീരാമനെ പൂജിച്ച് രാമനിൽ ഭക്തിപൂർവ്വം 'ശ്രീരാമഹൃദയം' പഠിക്കുന്ന ആൾ
അതി ഭ്രഷ്ടഃ അതി പാപീ വാ പരധനപരദാരേഷു നിത്യോദ്യതഃ	വെറും ഭ്രഷ്ടനും മഹാപാപിയും അന്യന്റെ മുതലിലും അന്യന്റെ ഭാര്യയിലും കണ്ണുവയ്ക്കുന്നവനും ആയിക്കൊള്ളട്ടെ,
സ്തേയീ ബ്രഹ്മഘ്നഃ മാതാപിതൃവധനിരതഃ യോഗിവൃന്ദാപകാരീ	മോഷ്ടാവും ബ്രഹ്മഹത്യക്കാരനും മാതാ പിതാക്കളെ വധിച്ചവനും യോഗികളെ ഉപദ്രവിക്കുന്നവനും ആയിക്കൊള്ളട്ടെ,
സഃ സർവ്വദേവൈഃ പൂജ്യം യോഗീന്ദ്രൈഃ	അയാൾ സകല ദേവന്മാരാലും പൂജിക്ക– പ്പെടുന്നതും യോഗികൾക്കുപോലും
അപി അലഭ്യം പദം ഇഹ ലഭതേ	ലഭ്യമല്ലാത്തതുമായ പരമപദം പ്രാപിക്കുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ ബാലകാണ്ഡേ ശ്രീരാമഹൃദയം നാമ പ്രഥമഃ സർഗ്ഗഃ.

പാർവ്വതീപരമേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ ബാലകാണ്ഡത്തിലുള്ള ശ്രീരാമഹൃദയം എന്ന, ഒന്നാംസർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം രണ്ടു്

ഭാരംകൊണ്ടു ക്ളേശിച്ച ഭൂമിദേവിക്കു് വിഷ്ണുഭഗവാന്റെ ആശ്വാസവചനം

പാർവ്വതീ ഉവാച: പാർവ്വതി പറഞ്ഞു

ധന്യാസ്മ്യനുഗൃഹീതാസ്മി കൃതാർത്ഥാസ്മി ജഗത്പ്രഭോ
വിച്ഛിന്നോ മേƒതിസന്ദേഹഗ്രന്ഥിർ ഭവദനുഗ്രഹാത്. 1

ജഗത്പ്രഭോ	ലോകനാഥാ,
ഭവദനുഗ്രഹാത് മേ അതിസന്ദേഹഗ്രന്ഥിഃ വിച്ഛിന്നഃ	അവിടത്തെ അനുഗ്രഹത്താൽ എന്റെ കൊടും സംശയക്കെട്ടുകൾ പൊട്ടിത്തകർന്നു.
ധന്യാ അസ്മി, അനുഗൃഹീതാ അസ്മി, കൃതാർത്ഥാ അസ്മി	ഞാൻ ധന്യയും അനുഗൃഹീതയും കൃതാർത്ഥയുമാണു്.

ത്വന്മുഖാദ് ഗലിതം രാമതത്ത്വാമൃതരസായനം
പിബന്ത്യാ മേ മനോ ദേവ ന തൃപ്യതി ഭവാപഹം. 2

ദേവ, ത്വന്മുഖാദ് ഗലിതം ഭവാപഹം രാമതത്ത്വാമൃതരസായനം	ദേവ, അവിടത്തെ മുഖത്തുനിന്നു് ഉതിരുന്നതും, ഭവഭയം തീർക്കുന്നതുമായ രാമതത്ത്വമെന്ന അമൃതരസായനം
പിബന്ത്യാഃ മേ മനഃ ന തൃപ്യതി	എത്ര നുകർന്നിട്ടും എന്റെ മനസ്സ് തൃപ്തിപ്പെടുന്നില്ല.

ശ്രീരാമസ്യ കഥാ ത്വത്തഃ ശ്രുതാ സംക്ഷേപതോ മയാ
ഇദാനീം ശ്രോതുമിച്ഛാമി വിസ്തരേണ സ്ഫുടാക്ഷരം. 3

ശ്രീരാമസ്യ കഥാ	ശ്രീരാമന്റെ കഥ
സംക്ഷേപതഃ ത്വത്തഃ ശ്രുതാ	ചുരുക്കത്തിൽ അങ്ങിൽനിന്നു കേട്ടു.
ഇദാനീം സ്ഫുടാക്ഷരം	ഇനി വ്യക്തമായും
വിസ്തരേണ ശ്രോതും ഇച്ഛാമി	വിസ്തരിച്ചും അതു കേൾക്കാൻ എനിക്കാഗ്രഹമുണ്ടു്.

ശ്രീമഹാദേവ ഉവാച: പരമശിവൻ പറഞ്ഞു

ശൃണു ദേവി പ്രവക്ഷ്യാമി ഗുഹ്യാദ്ഗുഹ്യതരം മഹത്
അധ്യാത്മരാമചരിതം രാമേണോക്തം പുരാ മമ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവി	ദേവീ,
രാമേണ പുരാ മമ ഉക്തം	രാമൻ പണ്ടെന്നോടു പറഞ്ഞതും
ഗുഹ്യാത് ഗുഹ്യതരം മഹത്	പരമരഹസ്യവും മഹത്തുമായ
അധ്യാത്മരാമചരിതം	അധ്യാത്മരാമചരിതം
പ്രവക്ഷ്യാമി, ശൃണു	ഞാൻ പറയാം; കേട്ടുകൊള്ളുക.

തദദ്യ കഥയിഷ്യാമി ശൃണു താപത്രയാപഹം
യച്ഛ്രുത്വാ മുച്യതേ ജന്തുരജ്ഞാനോത്ഥമഹാഭയാത്
പ്രാപ്നോതി പരമാമൃദ്ധിം ദീർഘായുഃ പുത്രസന്തതിം. 5

താപത്രയാപഹം	ത്രിവിധതാപങ്ങളും പരിഹരിക്കുന്ന
തദ് അദ്യ	ആ കഥ ഇപ്പോൾ
കഥയിഷ്യാമി, ശൃണു	പറയാം, കേൾക്കൂ.
യത് ശ്രുത്വാ ജന്തുഃ	അതു കേട്ടാൽ ദേഹികൾ
അജ്ഞാനോത്ഥമഹാ- ഭയാത് മുച്യതേ	അജ്ഞാനജന്യമായ മഹാ- ഭീതിയിൽനിന്നും രക്ഷനേടും.
പരമാം ഋദ്ധിം ദീർഘായുഃ	പരമമായ സമൃദ്ധിയും ദീർഘായുസ്സും
പുത്രസന്തതിം പ്രാപ്നോതി	പുത്രസന്തതിയും പ്രാപിക്കും.

ഭൂമിർഭാരേണ മഗ്നാ ദശവദനമുഖാശേഷ-
രക്ഷോഗണാനാം
ധൃത്വാ ഗോരൂപമാദൗ ദിവിജമുനിജനൈഃ
സാകമബ്ജാസനസ്യ
ഗത്വാലോകം രുദന്തീ വ്യസനമുപഗതം
ബ്രഹ്മണേ പ്രാഹ സർവ്വം
ബ്രഹ്മാ ധ്യാത്വാ മുഹൂർത്തം സകലമപി ഹൃദാ
വേദ ശേഷാത്മകത്വാത്. 6

ആദൗ ഭൂമിഃ	മുമ്പൊരിക്കൽ ഭൂമി
ദശവദനമുഖാശേഷ- രക്ഷോഗണാനാം ഭാരേണ മഗ്നാ	രാവണാദി സകല രാക്ഷസപ്പരിഷ- കളുടെയും ഭാരത്താൽ വലഞ്ഞു.
ഗോരൂപം ധൃത്വാ	ഗോരൂപം ധരിച്ച്
ദിവിജമുനിജനൈഃ സാകം	ദേവന്മാരോടും മുനിമാരോടുംകൂടി
അബ്ജാസനസ്യ ലോകം ഗത്വാ രുദന്തീ ഉപഗതം സർവ്വം വ്യസനം ബ്രഹ്മണേ പ്രാഹ	ബ്രഹ്മലോകത്തു ചെന്ന് കണ്ണീരൊഴുക്കി, വന്ന വിപത്തിനെപ്പററി ബ്രഹ്മസന്നിധിയിൽ ഉണർത്തിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാ മുഹൂർത്തം ധ്യാത്വാ ശേഷാത്മകത്വാത് സകലം അപി ഹൃദാ അവേദ	ബ്രഹ്മാവ് ഒരു മുഹൂർത്തം ധ്യാനിച്ച് സർവ്വജ്ഞനാകയാൽ സകലതും മനസ്സിൽ ഗ്രഹിച്ചു.

തസ്മാത് ക്ഷീരസമുദ്രതീരമഗമത്
ബ്രഹ്മാഥ ദേവൈർ വൃതോ
ദേവ്യാ ചാഖിലലോകഹൃത്സ്ഥമജരം
സർവ്വജ്ഞമീശം ഹരിം
അസ്തൗഷീച്ഛ്രുതിസിദ്ധനിർമ്മലപദൈഃ
സ്തോത്രൈഃ പുരാണോദ്ഭവൈഃ
ഭക്ത്യാ ഗദ്ഗദയാ ഗിരാതിവിമലൈ–
രാനന്ദബാഷ്പൈർവൃതഃ. 7

ബ്രഹ്മാ തസ്മാത് (സ്ഥാനാത്)	ബ്രഹ്മാവ് അവിടെനിന്ന്
ദേവൈഃ വൃതഃ ദേവ്യാ ച	ദേവന്മാരാൽ പരിസേവിതനായി ഭൂമിദേവിയേയും കൂട്ടി
ക്ഷീരസമുദ്രതീരം അഗമത്	പാലാഴിയുടെ തീരത്തു ചെന്നു.
ആനന്ദബാഷ്പൈഃ വൃതഃ	ആനന്ദബാഷ്പം ചൊരിഞ്ഞുകൊണ്ട്
അഖിലലോകഹൃത്സ്ഥം	സകലലോകരുടേയും ഹൃദയത്തിൽ വിളങ്ങുന്ന
അജരം ഈശം സർവ്വജ്ഞം ഹരിം ശ്രുതിസിദ്ധ– നിർമ്മലപദൈഃ	അജരനും ഈശ്വരനും സർവ്വജ്ഞനുമായ ഹരിയെ വേദസിദ്ധവും വിശുദ്ധവുമായ ഗീതികളാലും,
അതിവിമലൈഃ പുരാണോദ്ഭവൈഃ സ്തോത്രൈഃ	പരമപാവനവും പുരാണങ്ങളിലുള്ളവയു– മായ സ്തോത്രങ്ങളാലും
ഭക്തിഗദ്ഗദയാ ഗിരാ അസ്തൗഷീഃ	ഭക്തിമൂലം ഗദ്ഗദമാന്ന വാക്കുകളിൽ സ്തുതിച്ചു.

തതഃ സ്ഫുരത് സഹസ്രാംശുസഹസ്രസദൃശപ്രഭഃ
ആവിരാസീദ്ധരിഃ പ്രാച്യാം ദിശാം വ്യപനയംസ്തമഃ. 8

തതഃ	അനന്തരം
സ്ഫുരത് സഹസ്രാംശു– സഹസ്രസദൃശപ്രഭഃ	ആയിരം സൂര്യന്മാരൊരുമിച്ചുദിച്ചാലുള്ള പ്രഭയോടെ
ദിശാം തമഃ വ്യപനയൻ	ദിക്കുകളിലെ ഇരുട്ടു നീക്കിക്കൊണ്ട്,
ഹരിഃ പ്രാച്യാം	ഭഗവാൻ കിഴക്കേ ദിക്കിൽ
ആവിരാസീത്	പ്രത്യക്ഷനായി.

കഥഞ്ചിദ് ദൃഷ്ടവാൻ ബ്രഹ്മാ ദുർദ്ദർശമകൃതാത്മനാം
ഇന്ദ്രനീലപ്രതീകാശം സ്മിതാസ്യം പത്മലോചനം. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അകൃതാത്മനാം ദുർദ്ദശം	പാപികൾക്കു കാണാൻ കിട്ടാത്തവനും
ഇന്ദ്രനീലപ്രതീകാശം	ഇന്ദ്രനീലക്കല്ലിന്റെ കാന്തിയും
സ്മിതാസ്യം	പുഞ്ചിരിപൂത്ത മുഖവും
പത്മലോചനം	താമരക്കണ്ണുകളും
(ഹരിം) ബ്രഹ്മാ	ഉള്ളവനുമായ ഭഗവാനെ ബ്രഹ്മാവ്
കഥഞ്ചിത് ദൃഷ്ടവാൻ	എങ്ങനെയോ ഒന്നു കണ്ടു.

കിരീടഹാരകേയൂരകുണ്ഡലൈഃ കടകാദിഭിഃ
വിഭ്രാജമാനം ശ്രീവത്സകൗസ്തുഭപ്രഭയാന്വിതം. 10

കിരീടഹാരകേയൂരകുണ്ഡലൈഃ	കിരീടം, ഹാരം, തോൾവള, കുണ്ഡലം,
കടകാദിഭിഃ	കടകം (മേഖല)
വിഭ്രാജമാനം	ആദിയാൽ ശോഭിക്കുന്നവനും
ശ്രീവത്സകൗസ്തുഭപ്രഭയാ	ശ്രീവത്സം, കൗസ്തുഭം ഇവയുടെ പ്രഭകൊണ്ട്
അന്വിതം	തിളങ്ങുന്നവനും

സ്തുവദ്ഭിഃ സനകാദ്യൈശ്ച പാർഷദൈഃ പരിവേഷ്ടിതം
ശംഖചക്രഗദാപത്മവനമാലാവിരാജിതം. 11

സ്തുവദ്ഭിഃ സനകാദ്യൈഃ പാർഷദൈഃ ച പരിവേഷ്ടിതം	സ്തുതികളർപ്പിക്കുന്ന സനകാദിസേവകരാൽ ചുററപ്പെട്ടവനും
ശംഖചക്രഗദാപത്മ-വനമാലാവിരാജിതം	ശംഖ്, ചക്രം, ഗദ, പത്മം, വനമാല ഇവയാൽ ശോഭിക്കുന്നവനും.

സ്വർണ്ണയജ്ഞോപവീതേന സ്വർണ്ണവർണ്ണാംബരേണ ച
ശ്രിയാ ഭൂമ്യാ ച സഹിതം ഗരുഡോപരി സംസ്ഥിതം. 12
ഹർഷഗദ്ഗദയാ വാചാ സ്തോത്രും സമുപചക്രമേ. 13

സ്വർണ്ണയജ്ഞോപവീതേന	സ്വർണ്ണയജ്ഞോപവീതവും
സ്വർണ്ണവർണ്ണാംബരേണ ച	സ്വർണ്ണനിറമാർന്ന ഉടയാടയുമണിഞ്ഞ്
ശ്രിയാ ഭൂമ്യാ ച സഹിതം	ലക്ഷ്മിയോടും ഭൂമിയോടുംകൂടെ
ഗരുഡോപരി സംസ്ഥിതം	ഗരുഡവാഹനത്തിൽ വിളങ്ങിയ ഭഗവാനെ
ഹർഷഗദ്ഗദയാ വാചാ	സന്തോഷവായ്പാലിടറിയ വാക്കുകളാൽ
സ്തോത്രും സമുപചക്രമേ	സ്തുതിക്കാൻ തുടങ്ങി.

ബ്രഹ്മാ ഉവാച: ബ്രഹ്മാവു പറഞ്ഞു

നതോഽസ്മി തേ പദം ദേവ പ്രാണബുദ്ധീന്ദ്രിയാത്മഭിഃ
യച്ചിന്ത്യതേ കർമ്മപാശാദ്ധൃദി നിത്യം മുമുക്ഷുഭിഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവ, കർമ്മപാശാത്	ദേവാ, കർമ്മപാശത്തിൽനിന്ന്
മുമുക്ഷുഭിഃ നിത്യം	മോചനം കൊതിക്കുന്നവരെന്നും
പ്രാണബുദ്ധീന്ദ്രിയാത്മഭിഃ	പ്രാണൻ, ബുദ്ധി, ഇന്ദ്രിയങ്ങൾ,
ഹൃദി യത് ചിന്ത്യതേ	ആത്മാവ് ഇവയാൽ ഉള്ളിൽ ധ്യാനിക്കുന്ന
തേ പദം നത അസ്മി	നിന്റെ കാല്ക്കൽ വണങ്ങുന്നു.

മായയാ ഗുണമയ്യാ ത്വം സൃജസ്യവസി ലുമ്പസി
ജഗത്തേന ന തേ ലേപ ആനന്ദാനുഭവാത്മനഃ. 15

ഗുണമയ്യാ മായയാ	ഗുണമയിയായ മായയാൽ
ത്വം ജഗത് സൃജസി,	നീ വിശ്വം സൃഷ്ടിച്ച് രക്ഷിച്ച
അവസി ലുമ്പസി	സംഹരിക്കുന്നു എങ്കിലും
ആനന്ദാനുഭവാത്മനഃ തേ	ആനന്ദരൂപിയായ നിന്നെ
തേന ന ലേപഃ	അതൊന്നും സ്പർശിക്കുന്നില്ല.

തഥാ ശുദ്ധിർ ന ദുഷ്ടാനാം ദാനാദ്ധ്യയന കർമ്മഭിഃ
ശുദ്ധാത്മതാ തേ യശസി സദാ ഭക്തിമതാം യഥാ. 16

തേ യശസി സദാ ഭക്തിമതാം	നിന്റെ യശസ്സിൽ സദാ ഭക്തിപൂണ്ടവർക്ക്
യഥാ ശുദ്ധാത്മതാ	കൈവരുന്ന ആത്മശുദ്ധി
ദാനാദ്ധ്യയന കർമ്മഭിഃ	ദാനം, പഠനം തുടങ്ങിയ പുണ്യകർമ്മ-ങ്ങളാലും
ദുഷ്ടാനാം തഥാ ശുദ്ധിഃ ന	ദുഷ്ടർക്ക് നേടാനാവില്ല.

അതസ്ത്വദാങ്ഘ്രിർമേ ദൃഷ്ടശ്ചിത്തദോഷാപനുത്തയേ
സദ്യോഽന്തർഹൃദയേ നിത്യം മുനിഭിഃ സാത്വതൈർ വൃതഃ. 17

അതഃ	അതിനാൽ
സദ്യഃ ചിത്തദോഷാപനുത്തയേ	ഉടനടി മനോമാലിന്യമെല്ലാം ദൂരെയാക്കാൻ
സാത്വതൈഃ മുനിഭിഃ	ഭക്തന്മാരായ മുനിമാരാൽ നിത്യവും
നിത്യം അന്തർഹൃദയേ	ഹൃദയാന്തർഭാഗത്തു ധ്യാനിക്കപ്പെടുന്ന
വൃതഃ തവ അംഘ്രിഃ മേ ദൃഷ്ടഃ	നിന്റെ പാദങ്ങൾ ഞാൻ ദർശിച്ചിരിക്കുന്നു.

ബ്രഹ്മാദ്യൈഃ സ്വാർത്ഥസിദ്ധ്യർത്ഥമസ്മാഭിഃ പൂർവ്വസേവിതഃ
അപരോക്ഷാനുഭൂത്യർത്ഥം ജ്ഞാനിഭിർ ഹൃദി ഭാവിതഃ. 18

ബ്രഹ്മാദ്യൈഃ അസ്മാഭിഃ	ബ്രഹ്മാദികളായ ഞങ്ങൾ
സ്വാർത്ഥസിദ്ധ്യർത്ഥം	സ്വാർത്ഥസിദ്ധിക്കായാണ് മുമ്പ് അങ്ങയെ
പൂർവ്വസേവിതഃ	ഭജിക്കാറ്.
ജ്ഞാനിഭിഃ	ജ്ഞാനികൾ നിന്നെ
അപരോക്ഷാനുഭൂത്യർത്ഥം	[8]അപരോക്ഷാനുഭൂതി ലാക്കാക്കി
ഹൃദി ഭാവിതഃ	ഹൃദയത്തിൽ ധ്യാനിക്കുന്നു.

തവാങ്ഘ്രിപൂജാനിർമ്മാല്യതുളസീമാലയാ വിഭോ
സ്പർദ്ധതേ വക്ഷസി പദം ലബ്ധ്വാപി ശ്രീഃസപത്നിവത്. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഭോ, വക്ഷസി പദം ലബ്ധ്വാ അപി ശ്രീഃ	പ്രഭോ, നിന്റെ തിരുമാറിൽ ലക്ഷ്മീദേവിക്കു സ്ഥാനം ലഭിച്ചിട്ടും
തവ അംഘ്രിപൂജാനിർമ്മാല്യ— തുളസീമാലയാ	നിന്റെ പാദപൂജയ്ക്കു് നിർമ്മാല്യമായി അർപ്പിക്കപ്പെട്ട തുളസീമാലയോട്
സപത്നീവത്	സപത്നിയോടെന്നപോലെ
സ്പർദ്ധതേ	സ്പർദ്ധയാണു്.

അതസ്ത്വത്പാദഭക്തേഷു തവഭക്തിഃ ശ്രിയോഽധികാ
ഭക്തിമേവാഭിവാഞ്ഛന്തി ത്വത്ഭക്താഃ സാരവേദിനഃ. 20

ത്വദ്പാദഭക്തേഷു തവഭക്തിഃ ശ്രിയ അധികാ	നിന്റെ ഭക്തന്മാരോട് നിനക്കുള്ള സ്നേഹവാത്സല്യ് ലക്ഷ്മിയോടുള്ളതിലും മികച്ചതാണു്.
അതഃ സാരവേദിനഃ ത്വത്ഭക്താഃ ഭക്തിം ഏവ അഭിവാഞ്ഛന്തി	അതിനാൽ സാരഗ്രാഹികളായ നിന്റെ ഭക്തന്മാർ ഭക്തി മാത്രമേ ആഗ്രഹിക്കൂ.

അതസ്ത്വദ് പാദകമലേ ഭക്തിരേവ സദാഽസ്തു മേ
സംസാരാമയതപ്താനാം ഭേഷജം ഭക്തിരേവ തേ. 21

അതഃ മേ ത്വത്പാദകമലേ	അതിനാലെനിക്കും നിന്റെ
സദാ ഭക്തിഃ ഏവ അസ്തു	പാദകമലത്തിൽ സദാ ഭക്തിയുണ്ടാകേണമേ.
സംസാരാമയതപ്താനാം	ഭവരോഗത്താൽ തപിക്കുന്നവർക്കു്
ഭേഷജം തേ ഭക്തിഃ ഏവ	നിന്നിലുള്ള ഭക്തി മാത്രമാണു് ഔഷധം.

ഇതി ബ്രുവന്തം ബ്രഹ്മാണം ബഭാഷേ ഭഗവാൻ ഹരിഃ
കിം കരോമീതി തം വേധാഃ പ്രത്യുവാചാതിഹർഷിതഃ. 22

ഇതി ബ്രുവന്തം ബ്രഹ്മാണം ഭഗവാൻ ഹരിഃ ബഭാഷേ കിം കരോമി അതിഹർഷിതഃ വേധാഃ തം ഇതി പ്രത്യുവാച	ഇപ്രകാരം പറയുന്ന ബ്രഹ്മാവിനോട് ഭഗവാൻ മഹാവിഷ്ണു ചോദിച്ചു ഞാൻ നിങ്ങൾക്കു് എന്താണു ചെയ്യേണ്ടതു്? ഹർഷവായ്പോടെ ബ്രഹ്മാവു് മറുപടി നല്കി.

ഭഗവൻ രാവണോ നാമ പൗലസ്ത്യതനയോ മഹാൻ
രാക്ഷസാനാമധിപതിർമദ്ദത്തവരദർപ്പിതഃ. 23

ഭഗവൻ, പൗലസ്ത്യതനയഃ രാക്ഷസാനാം	ഭഗവാനേ, പുലസ്ത്യന്റെ മകന്റെ മകനും രാക്ഷസാധിപതിയുമായ രാവണൻ
അധിപതിഃ രാവണോ നാമ രാക്ഷസഃ	എന്ന മഹാരാക്ഷസൻ, ഞാൻതന്നെ കൊടുത്ത വരപ്രഭാവത്താൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മട്ടത്തവരദപ്പ്തിഃ	അഹങ്കരിച്ചു കഴിയുകയാണു്.

പുലസ്ത്യന്റെ മകൻ വിശ്രവസ്സ്; വിശ്രവസ്സിന്റെ മകൻ രാവണൻ.

ത്രിലോകീം ലോകപാലാംശ്ച ബാധതേ വിശ്വബാധക
മാനുഷേണ മൃതിസ്തസ്യ മയാ കല്യാണകല്പിതാ
അതസ്ത്വം മാനുഷോ ഭൂത്വാ ജഹി ദേവരിപും പ്രഭോ. 24

വിശ്വബാധകഃ	ആ ലോകകണ്ടകൻ
ത്രിലോകീം	മൂന്നു ലോകത്തേയും
ലോകപാലാൻ ച ബാധതേ	ലോകപാലകരേയും ദ്രോഹിക്കയാണു്
കല്യാണ, മാനുഷേണ	മംഗലാത്മൻ! മനുഷ്യന്റെ
തസ്യ മൃതിഃ	കൈയാൽ മാത്രമാണു് അവനു
മയാ കല്പിതാ	മരണം എന്നു ഞാൻ കല്പിച്ചുപോയി.
പ്രഭോ, അതഃ ത്വം മാനുഷഃ	പ്രഭോ, ആകയാൽ നീ മനുഷ്യനായവ-
ഭൂത്വാ ദേവരിപും ജഹി	തരിച്ച് ആ ദേവദ്രോഹിയെ വധിക്കണം

ശ്രീഭഗവാൻ ഉവാച: ശ്രീഭഗവാൻ പറഞ്ഞു

കശ്യപസ്യ വരോ ദത്തസ്തപസാ തോഷിതേന മേ
യാചിതഃ പുത്രഭാവായ തഥേത്യംഗീകൃതം മയാ. 25

സ ഇദാനീം ദശരഥോ ഭൂത്വാ തിഷ്ഠതി ഭൂതലേ. 26

തപസാ തോഷിതേന	തപസ്സാൽ പ്രസാദിച്ച
മയാ	ഞാൻ
കശ്യപസ്യ വരഃ ദത്തഃ	കശ്യപനു് ഒരു വരം കൊടുത്തിട്ടുണ്ടു്
മേ പുത്രഭാവായ യാചിതഃ	''ഞാൻ പുത്രനായി ജനിക്കണം''
തഥാ ഇതി അംഗീകൃതം	എന്നു പ്രാർത്ഥിച്ചതു് 'അങ്ങനെതന്നെ' എന്നു ഞാൻ സമ്മതിച്ചിട്ടുമുണ്ടു്.
സ ഇദാനീം ദശരഥഃ ഭൂത്വാ	അദ്ദേഹം ഇപ്പോൾ ദശരഥനായി
ഭൂതലേ തിഷ്ഠതി	ഭൂമിയിൽ വസിക്കുന്നു.

തസ്യാഹം പുത്രതാമേത്യ കൗസല്യായാം ശുഭേ ദിനേ
ചതുർദ്ധാത്മാനമേവാഹം സൃജാമീതരയോഃ പൃഥക്. 27

തസ്യ പുത്രതാം ഏത്യ	അദ്ദേഹത്തിന്റെ പുത്രത്വം സ്വീകരിച്ച്
അഹം ആത്മാനം ഏവ	ഞാൻ എന്നെത്തന്നെ
ചതുർദ്ധാ	നാലാക്കിയിട്ടു്
ശുഭേ ദിനേ കൗസല്യായാം	ശുഭദിനത്തിൽ കൗസല്യയിലും
ഇതരയോഃ പൃഥക്	മറ്റു രണ്ടു് അമ്മമാരിലും വെവ്വേറെ
സൃജാമി	ജനിച്ചുകൊള്ളാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഗമായാപി സീതേതി ജനകസ്യ ഗൃഹേ തദാ
ഉത്പത്സ്യതേ തയാ സാദ്ധം സവ്വം സംപാദയാമ്യഹം
ഇത്യുക്ത്വാന്തർദധേ വിഷ്ണുർബ്രഹ്മാ ദേവാനഥാബ്രവീത്. 28

യോഗമായാ അപി തദാ	എന്റെ യോഗമായയും അപ്പോൾ
ജനകസ്യ ഗൃഹേ സീതാ	ജനകഭവനത്തിൽ സീതയായി
ഇതി ഉത്പത്സ്യതേ	ജനിക്കും.
തയാ സാദ്ധം അഹം	അവളോടു ചേന്ന് വേണ്ടതെല്ലാം
സവ്വം സമ്പാദയാമി	ഞാൻ സാധിച്ചുതരാം.
ഇതി ഉക്ത്വാ വിഷ്ണുഃ	ഇങ്ങനെ പറഞ്ഞു വിഷ്ണു മറഞ്ഞു.
അന്തർദധേ ബ്രഹ്മാ	ബ്രഹ്മാവു് പിന്നെ ദേവന്മാരോടു്
അഥ ദേവാൻ അബ്രവീത്	പറഞ്ഞു.

വിഷ്ണുർ മാനുഷരൂപേണ ഭവിഷ്യതി രഘോഃ കുലേ. 29

വിഷ്ണുഃ മാനുഷരൂപേണ	വിഷ്ണു മനുഷ്യരൂപത്തിൽ
രഘോഃ കുലേ ഭവിഷ്യതി	രഘുകുലത്തിൽ അവതരിക്കും.

യൂയം സൃജധ്വം സവ്വേഽപി വാനരേഷ്വംശസംഭവാൻ
വിഷ്ണോഃ സഹായം കുരുത യാവത് സ്ഥാസ്യതി ഭൂതലേ. 30

യൂയം സവ്വേ അപി	നിങ്ങളെല്ലാവരും
വാനരേഷു അംശ—	വാനരന്മാരിൽ അംശസംഭവന്മാരെ
സംഭവാൻ സൃജധ്വം	(പുത്രരെ) ജനിപ്പിക്കയും
യാവത് ഭൂതലേ	ഭൂമിയിൽ ഉണ്ടായിരിക്കുന്ന കാലം
സ്ഥാസ്യതി വിഷ്ണോഃ	വരെ വിഷ്ണുവിനെ
സഹായം കുരുത	സഹായിക്കുകയും വേണം.

ഇതി ദേവാൻ സമാദിശ്യ സമാശ്വാസ്യ ച മേദിനീം
യയൗ ബ്രഹ്മാ സ്വഭവനം വിജ്വരഃ സുഖമാസ്ഥിതഃ. 31

ദേവാൻ ഇതി സമാദിശ്യ	ദേവന്മാർക്കിങ്ങനെ ആജ്ഞനല്കി
മേദിനീം സമാശ്വാസ്യ ച	ഭൂമിദേവിയെ ആശ്വസിപ്പിച്ച്
ബ്രഹ്മാ സ്വഭവനം യയൗ	ബ്രഹ്മാവു് സ്വഭവനത്തിലേക്കു പോയി.
വിജ്വരഃ	അല്ലൽകൂടാതെ
സുഖം ആസ്ഥിതഃ	സുഖമായി വാണു.

ദേവാശ്ച സവ്വേ ഹരിരൂപധാരിണഃ
സ്ഥിതാഃ സഹായാത്ഥമിതസ്തതോ ഹരേഃ
മഹാബലാഃ പവ്വതവൃക്ഷയോധിനഃ
പ്രതീക്ഷമാണാഃ ഭഗവന്തമീശ്വരം. 32

സവ്വേ ദേവാഃ ച	ദേവന്മാരെല്ലാം
ഹരേഃ സഹായാത്ഥം	ഹരിയെ സഹായിക്കാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പർവ്വതവൃക്ഷായോധിനഃ	മലകളും മരങ്ങളും പറിച്ചുടരാടുന്ന
മഹാബലാഃ	കരുത്ത കരുത്തുറ്റ
ഹരിരൂപധാരിണഃ	വാനരന്മാരുടെ രൂപം ധരിച്ച്
ഈശ്വരം ഭഗവന്തം	ജഗദീശ്വരനായ ഭഗവാനെയും
പ്രതീക്ഷമാണാഃ	പ്രതീക്ഷിച്ച്
ഇതഃ തതഃ സ്ഥിതാഃ	അവിടവിടെ സ്ഥിതിചെയ്തു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ബാലകാണ്ഡേ ദ്വിതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ബാലകാണ്ഡം രണ്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം മൂന്ന്

ഭഗവാൻെറ ജനനവും ബാലലീലയും

ശ്രീമഹാദേവ ഉവാച: ശ്രീപരമേശ്വരൻ പറഞ്ഞു

അഥ രാജാ ദശരഥഃ ശ്രീമാൻ സത്യപരായണഃ
അയോദ്ധ്യാധിപതിർവീരഃ സർവ്വലോകേഷു വിശ്രുതഃ. 1

അഥ സർവ്വലോകേഷു വിശ്രുതഃ	അനന്തരം ലോകങ്ങളിലെല്ലാം പുകഴ് പെററവനും
വീരഃ സത്യപരായണഃ	ധീരനും സത്യസന്ധനും
അയോദ്ധ്യാധിപതിഃ ശ്രീമാൻ രാജാ ദശരഥഃ	അയോദ്ധ്യാധിപതിയും ഐശ്വര്യവാനുമായ ദശരഥരാജാവ്

സോഽനപത്യത്വദുഃഖേന പീഡിതോ ഗുരുമേകദാ
വസിഷ്ഠം സ്വകുലാചാര്യമഭിവാദ്യേദമബ്രവീത്. 2

അനപത്യത്വദുഃഖേന പീഡിതഃ	സന്താനമില്ലായ്കയാൽ ദുഃഖിതനായി
സഃ ഏകദാ സ്വകുലാചാര്യം ഗുരും വസിഷ്ഠം	അദ്ദേഹം ഒരിക്കൽ കുലഗുരുവായ വസിഷ്ഠനെ
അഭിവാദ്യ ഇദം അബ്രവീത്	വന്ദിച്ച് ഇങ്ങനെ പറഞ്ഞു.

സ്വാമിൻപുത്രാഃ കഥം മേ സ്യുഃ സർവ്വലക്ഷണലക്ഷിതാഃ
പുത്രഹീനസ്യ മേ രാജ്യം സർവ്വം ദുഃഖായ കല്പതേ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമിൻ	ഗുരോ,
മേ കഥം സർവ്വലക്ഷണലക്ഷിതാഃ പുത്രാഃ സ്യുഃ	എനിക്കു് എങ്ങനെയാണു്, സർവ്വലക്ഷണയുക്തരായ പുത്രന്മാർ ജനിക്കുക?
പുത്രഹീനസ്യ മേ സർവ്വം രാജ്യം ദുഃഖായ കല്പതേ	അപുത്രനായ എനിക്കു് രാജ്യമെല്ലാം ദുഃഖഹേതുകമായിരിക്കുന്നു.

തതോ/ബ്രവീത് വസിഷ്ഠസ്തം ഭവിഷ്യന്തി സുതാസ്തവ
ചത്വാരഃ സത്വസമ്പന്നാ ലോകപാലാ ഇവാപരാഃ. 4

തതഃ വസിഷ്ഠഃ തം അബ്രവീത്	അനന്തരം വസിഷ്ഠൻ രാജാവിനോടു പറഞ്ഞു.
അപരാഃ ലോകപാലാ ഇവ	മററു ലോകപാലകന്മാരെപ്പോലെ
സത്വസമ്പന്നാഃ ചത്വാരഃ സുതാഃ തവ ഭവിഷ്യന്തി	ബലശാലികളായ നാലു മക്കൾ നിങ്ങൾക്കുണ്ടാകും.

ശാന്താഭർത്താരമാനീയ ഋഷ്യശൃംഗം തപോധനം
അസ്മാഭിഃ സഹിതഃ പുത്രകാമേഷ്ടിം ശീഘ്രമാചര. 5

ശാന്താഭർത്താരം തപോധനം ഋഷ്യശൃംഗം ആനീയ	(അതിനായി) ശാന്തയുടെ ഭർത്താവും തപോനിധിയുമായ ഋഷ്യശൃംഗനെ കൊണ്ടുവന്നു്,
ശീഘ്രം അസ്മാഭിഃ സഹിതഃ പുത്രകാമേഷ്ടിം ആചര	ഉടൻതന്നെ ഞങ്ങളോടൊപ്പം പുത്രകാമേഷ്ടി അനുഷ്ഠിക്കുക

തഥേതിമുനിമാനീയ മന്ത്രിഭിഃ സഹിതഃ ശുചിഃ
യജ്ഞകർമ്മസമാരേഭേ മുനിഭിർവീതകല്മഷൈഃ. 6

'തഥാ' ഇതി മുനിം ആനീയ	'അങ്ങനെതന്നെ' എന്നു് (നിശ്ചയിച്ചു്) മുനിയെ കൂട്ടിക്കൊണ്ടുവരികയും
മന്ത്രിഭിഃ സഹിതഃ ശുചിഃ	മന്ത്രിമാരോടൊപ്പം വിശുദ്ധിനേടി
വീതകല്മഷൈഃ മുനിഭിഃ യജ്ഞകർമ്മ	നിഷ്പാപരായ മഹർഷിമാരുടെ സഹായത്തോടെ യജ്ഞകർമ്മം
സമാരേഭേ	സമാരംഭിക്കുകയും ചെയ്തു.

ശ്രദ്ധയാ ഹൂയമാനേ/ഗ്നൗതപ്തജാംബൂനദപ്രഭഃ
പായസംസ്വർണ്ണപാത്രസ്ഥം ഗൃഹീത്വോവാച ഹവ്യവാട്. 7

ശ്രദ്ധയാ അഗ്നൗ	ഭക്തിയോടെ അഗ്നിയിൽ
ഹൂയമാനേ	ആഹുതികളർപ്പിക്കവേ കനലിൽ
തപ്തജാംബൂനദപ്രഭഃ	പഴുത്ത കനകംപോലെ കാന്തികലർന്ന
ഹവ്യവാട്	അഗ്നിഭഗവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വർണ്ണപാത്രസ്ഥം പായസം ഗൃഹീത്വാ ഉവാച	സ്വർണ്ണപാത്രത്തിൽ പായസവുമായി പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു.

ഗൃഹാണ പായസം ദിവ്യം പുത്രീയം ദേവനിർമ്മിതം
ലപ്സ്യസേ പരമാത്മാനം പുത്രത്വേന ന സംശയഃ. 8

പുത്രീയം ദേവനിർമ്മിതം	പുത്രപ്രാപ്തിക്ക് ദേവനിർമ്മിതമായ
ദിവ്യം പായസം ഗൃഹാണ	ഈ ദിവ്യപായസം സ്വീകരിക്കൂ.
പരമാത്മാനം പുത്രത്വേന	നിങ്ങൾക്ക് പരമാത്മാവിനെത്തന്നെ
ലപ്സ്യസേ	പുത്രനായി കിട്ടും;
സംശയഃ ന	സംശയിക്കേണ്ട.

ഇത്യുക്ത്വാ പായസം ദത്വാ രാജ്ഞേ സോഽന്തർദധേഽനലഃ
വവന്ദേ മുനിശാർദൂലൗ രാജാ ലബ്ധമനോരഥഃ. 9

ഇതി ഉക്ത്വാ രാജ്ഞേ പായസം ദത്വാ	ഇങ്ങനെ പറഞ്ഞ് രാജാവിന് പായസവും കൊടുത്ത്
സ അനലഃ അന്തർദധേ	ആ അഗ്നിദേവൻ മറഞ്ഞു.
ലബ്ധമനോരഥഃ രാജാ	മനോരഥം നേടിയ രാജാവ്
മുനിശാർദൂലൗ വവന്ദേ	മുനിവരരായ വസിഷ്ഠനേയും ഋഷ്യശൃംഗനേയും വണങ്ങി.

വസിഷ്ഠഋഷ്യശൃംഗാഭ്യാമനുജ്ഞാതോ ദദൗ ഹവിഃ
കൗസല്യായൈ സ കൈകേയ്യൈ അർദ്ധമർദ്ധം പ്രയത്നതഃ. 10

വസിഷ്ഠഋഷ്യശൃംഗാഭ്യാം അനുജ്ഞാതഃ ഹവിഃ	വസിഷ്ഠന്റേയും ഋഷ്യശൃംഗന്റേയും അനുമതിയോടെ ഹവിസ്സ്
സ കൗസല്യായൈ കൈകേയ്യൈ	കൗസല്യയോടുകൂടിയ കൈകേയിക്കും
പ്രയത്നതഃ അർദ്ധം അർദ്ധം ദദൗ	സൂക്ഷ്മമായി പകുതി പകുതി കൊടുത്തു.

തതഃ സുമിത്രാ സംപ്രാപ്താ ജഗൃധ്നുഃ പൗത്രികം ചരും
കൗസല്യാ തു സ്വഭാഗാർദ്ധം ദദൗ തസ്യൈ മുദാന്വിതാ. 11

തതഃ പൗത്രികം ചരും ജഗൃധ്നുഃ	അതിനുശേഷം പുത്രോല്പാദകമായ ചരു ആഗ്രഹിച്ച്
സുമിത്രാ സംപ്രാപ്താ.	സുമിത്രയും എത്തി.
കൗസല്യാ തു മുദാന്വിതാ സ്വഭാഗാർദ്ധം തസ്യൈ ദദൗ	കൗസല്യ പ്രീതിയോടെ തന്റെ വീതത്തിൽ പാതി അവൾക്കു കൊടുത്തു.

കൈകേയീ ച സ്വഭാഗാർദ്ധം ദദൗ പ്രീതിസമന്വിതാ
ഉപഭുജ്യ ചരും സർവ്വാഃ സ്ത്രീയോ ഗർഭസമന്വിതാഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൈകേയീ ച	കൈകേയിയും
പ്രീതിസമന്വിതാ	സന്തോഷത്തോടെ
സ്വഭാഗാർദ്ധം ദദൗ	തന്റെ ഭാഗത്തിൽ പകുതി കൊടുത്തു.
ചരും ഉപഭുജ്യ	പായസം (ഹവിസ്സ്) കഴിച്ച്
സർവ്വാഃ സ്ത്രിയഃ	മഹിളകൾ മൂവരും
ഗർഭസമന്വിതാഃ	ഗർഭിണികളായി.

ദേവതാ ഇവ രേജുസ്താഃ സ്വഭാസാ രാജമന്ദിരേ
ദശമേ മാസി കൗസല്യാ സുഷുവേ പുത്രമത്ഭുതം. 13

താഃ സ്വഭാസാ	അവർ സ്വപ്രഭയാൽ
രാജമന്ദിരേ ദേവതാ ഇവ രേജുഃ	കൊട്ടാരത്തിൽ ദേവതമാരെപ്പോലെ വിളങ്ങി.
ദശമേ മാസി കൗസല്യാ അത്ഭുതം പുത്രം	പത്താം മാസത്തിൽ കൗസല്യാദേവി വിസ്മയനീയനായ ഒരു മകനെ
സുഷുവേ	പ്രസവിച്ചു.

മധുമാസേ സിതേപക്ഷേ നവമ്യാം കക്ക്ടേ ശുഭേ
പുനർവ്വസ് വൃക്ഷസഹിതേ ഉച്ചസ്ഥേ ഗ്രഹപഞ്ചകേ. 14

മധുമാസേ സിതേപക്ഷേ	മേടമാസത്തിലെ വെളുത്തപക്ഷത്തിൽ
നവമ്യാം ശുഭേ കക്ക്ടേ പുനർവ്വസ് വൃക്ഷസഹിതേ	നവമിനാളിൽ ശുഭകരമായ കക്ക്ടകലഗ്നം ചേർന്ന പുണർതം നക്ഷത്രത്തിൽ
ഗ്രഹപഞ്ചകേ	അഞ്ചു ഗ്രഹങ്ങളും
ഉച്ചസ്ഥേ	ഉച്ചസ്ഥമായിരിക്കവെ

മേഷം പൂഷണി സംപ്രാപ്തേ പുഷ്പവൃഷ്ടിസമാകുലേ
ആവിരാസീജ്ജഗന്നാഥഃ പരമാത്മാ സനാതനഃ. 15

പൂഷണി മേഷം സംപ്രാപ്തേ	സൂര്യൻ മേടംരാശിയിൽ നില്ക്കുമ്പോൾ
പുഷ്പവൃഷ്ടിസമാകുലേ	പൂമഴ ചൊരിയുമ്പോൾ,
ജഗന്നാഥഃ സനാതനഃ	ജഗദീശ്വരനും സനാതനനുമായ
പരമാത്മാ ആവിരാസീത്	പരമാത്മാവ് അവതരിച്ചു.

നീലോല്പലദലശ്യാമഃ പീതവാസാശ്ചതുർഭുജഃ
ജലജാരുണനേത്രാന്തഃ സ്ഫുരത്കുണ്ഡലമണ്ഡിതഃ. 16

നീലോല്പലദലശ്യാമഃ	നീലത്താമരയുടെ ദളംപോലെ ശ്യാമമായ നിറം
പീതവാസാഃ	അണിഞ്ഞിരിക്കുന്നതു് മഞ്ഞപ്പട്ടു്
ചതുർഭുജഃ	നാലു കൈകളും;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജലജാതങ്ങനേത്രാന്തഃ	കണ്ണിനകം താമരപോലെ ചെമന്നത്
സ്ഫുരത്കുണ്ഡലമണ്ഡിതഃ	വെട്ടിത്തിളങ്ങുന്ന കുണ്ഡലങ്ങളാൽ ശോഭിക്കുന്നു.

സഹസ്രാർക്കപ്രതീകാശഃ കിരീടീ കുഞ്ചിതാലകഃ
ശംഖചക്രഗദാപത്മവനമാലാവിരാജിതഃ. 17

സഹസ്രാർക്കപ്രതീകാശഃ	ആയിരം സൂര്യന്മാർക്കു കിടപിടിക്കുന്ന ദേഹകാന്തി
കിരീടീ കുഞ്ചിതാലകഃ	കിരീടമണിഞ്ഞ ശിരസ്സിൽ ചുരുണ്ട അളകങ്ങൾ
ശംഖചക്രഗദാപത്മ- വനമാലാവിരാജിതഃ	ശംഖ്, ചക്രം, ഗദ, പങ്കജം എന്നിവ മാറിൽ വനമാലയായി വിരാജിക്കുന്നു.

അനുഗ്രഹാഖ്യഹൃത്സ്ഥേന്ദുസൂചകസ്മിതചന്ദ്രികഃ
കരുണാരസസമ്പൂർണ്ണവിശാലോജ്ജ്വലലോചന
ശ്രീവത്സഹാരകേയൂരനൂപുരാദിവിഭൂഷണഃ. 18

അനുഗ്രഹാഖ്യഹൃത്സ്ഥേന്ദു- സൂചകസ്മിതചന്ദ്രിക	ഹൃദയത്തിൽ വിടരുന്ന അനുഗ്രഹചന്ദ്രനെ സൂചിപ്പിക്കുന്ന പുഞ്ചിരിപ്പൂനിലാവ്
കരുണാരസസമ്പൂർണ്ണ- വിശാലോജ്ജ്വലലോചനഃ	കാരുണ്യരസം നിറഞ്ഞതും വിശാലവുമായ കമലലോചനങ്ങൾ
ശ്രീവത്സഹാരകേയൂര- നൂപുരാദി വിഭൂഷണഃ	ശ്രീവത്സം, മാല, തോൾവള, കാൽച്ചിലമ്പ് തുടങ്ങിയ ആഭരണങ്ങൾ.

('ശ്രീവത്സം' ഭഗവാന്റെ മാറിലുള്ള ഒരു മറു.)

ദൃഷ്ട്വാ തം പരമാത്മാനം കൗസല്യാ വിസ്മയാകുലാ
ഹർഷാശ്രുപൂർണ്ണനയനാ നത്വാ പ്രാഞ്ജലിരബ്രവീത്. 19

തം പരമാത്മാനം ദൃഷ്ട്വാ കൗസല്യാ	ആ പരമാത്മാവിനെ (പുത്രനായി) കണ്ട് കൗസല്യ
വിസ്മയാകുലാ	വിസ്മയാകുലയായി.
ഹർഷാശ്രുപൂർണ്ണ- നയനാ നത്വാ	ഹർഷബാഷ്പം നിറഞ്ഞ നയനങ്ങളോടെ വണങ്ങി.
പ്രാഞ്ജലി അബ്രവീത്	കൈകൂപ്പി പറഞ്ഞു.

കൗസല്യാ ഉവാച: കൗസല്യ പറഞ്ഞു

ദേവദേവ നമസ്തേ/സ്തു ശംഖചക്രഗദാധര
പരമാത്മാച്യുതോ/നന്തഃ പൂർണ്ണസ്ത്വം പുരുഷോത്തമഃ. 20

ശംഖചക്രഗദാധര ദേവദേവ	ശംഖചക്രഗദാധാരിയായ ദേവദേവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ നമ അസ്തു	നിനക്കു നമസ്കാരം
ത്വം പൂർണ്ണഃ പുരുഷോത്തമഃ	നീ പൂർണ്ണനും പുരുഷോത്തമനും
അച്യുതഃ അനന്തഃ	അച്യുതനും അന്തമില്ലാത്തവനുമായ
പരമാത്മാ അസി	പരമാത്മാവാകുന്നു.

വദന്ത്യഗോചരം വാചാം ബുദ്ധ്യാദീനാമതീന്ദ്രിയം
ത്വാം വേദവാദിനഃ സത്താമാത്രം ജ്ഞാനൈകവിഗ്രഹം. 21

വേദവാദിനഃ ത്വാം	വേദജ്ഞാനികൾ നീ വാക്കിനും
വാചാം അഗോചരം	ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കുമൊക്കെ
ബുദ്ധ്യാദീനാം	അഗോചരമായ,
അതീന്ദ്രിയം	ജ്ഞാനസ്വരൂപമായ
സത്താമാത്രം ജ്ഞാനൈക- വിഗ്രഹം വദന്തി	സത്താമാത്രമാണെന്ന് അഭിപ്രായപ്പെടുന്നു.

ത്വമേവ മായയാ വിശ്വം സൃജസ്യവസി ഹംസി ച
സത്വാദി ഗുണസംയുക്തസ്തുര്യ ഏവാമലഃ സദാ. 22

സത്വാദി ഗുണ സംയുക്തഃ	സത്വാദി ഗുണങ്ങളോടു ചേർന്ന
ത്വം ഏവ മായയാ വിശ്വം	നീതന്നെയാണ് മായയാൽ വിശ്വം
സൃജസി അവസി ഹംസി ച	സൃഷ്ടിച്ച് രക്ഷിച്ച് സംഹരിക്കുന്നത്
സദാ അമലഃ	എന്നാലും നീ സദാ നിർമ്മലനായി
തുര്യ ഏവ	തുരീയാവസ്ഥയിൽത്തന്നെ വർത്തിക്കുന്നു.

തുരീയാവസ്ഥയിൽ ആത്മാവ് പരമാത്മാവിനോടു താദാത്മ്യം പ്രാപിക്കുന്നു. തുരീയം—നാലാമത്തേത്. മററു മൂന്നവസ്ഥകൾ—ജാഗ്രത്, സ്വപ്നം, സുഷുപ്തി. ബ്രഹ്മാദികൾ ചെയ്യുന്ന സൃഷ്ട്യാദികൾക്കതീതനായി നിലകൊള്ളുന്ന ചൈതന്യമാണ് നീ

കരോഷീവ ന കർത്താ ത്വം ഗച്ഛസീവ ന ഗച്ഛസി
ശൃണോഷി ന ശൃണോഷീവ പശ്യസീവ ന പശ്യസി. 23

ത്വം ന കർത്താ	നീ കർത്താവല്ല, എങ്കിലും
കരോഷി ഇവ	എല്ലാം പ്രവർത്തിക്കുന്നതായി തോന്നും.
ന ഗച്ഛസി,	ഗമിക്കുന്നില്ല,
ഗച്ഛസി ഇവ	ഗമിക്കുന്നതായി തോന്നും.
ന ശൃണോഷി,	കേൾക്കുന്നില്ല,
ശൃണോഷി ഇവ	കേൾക്കുന്നു എന്നു തോന്നുന്നു.
ന പശ്യസി, പശ്യസി ഇവ	കാണുന്നില്ല, പക്ഷേ കാണുന്നതായി തോന്നുന്നു എന്നുമാത്രം.

അപ്രാണോഹ്യമനാഃ ശുദ്ധ ഇത്യാദി ശ്രുതിരബ്രവീത്
സമഃ സർവ്വേഷു ഭൂതേഷു തിഷ്ഠന്നപി ന ലക്ഷ്യസേ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജ്ഞാനധ്വാന്തചിത്താനാം വ്യക്ത ഏവ സുമേധസാം
ജഠരേ തവ ദൃശ്യന്തേ ബ്രഹ്മാണ്ഡാഃ പരമാണവഃ. 25

ത്വം മമോദരസംഭൂത ഇതി ലോകാന്വിഡംബസേ
ഭക്തേഷു പാരവശ്യം തേ ദൃഷ്ടം മേഽദ്യ രഘൂത്തമ. 26

അപ്രാണഃ അമനഃ	പ്രാണമനസ്സുകൾ ഇല്ലാത്ത
ശുദ്ധ ഇതി ഹി	(കേവലം) ശുദ്ധതത്ത്വമാണ് നീ എന്ന്
ശ്രുതി അബ്രവീത്	ശ്രുതി അഭിപ്രായപ്പെടുന്നു.
സർവ്വേഷു ഭൂതേഷു	സകലഭൂതങ്ങളിലും
സമഃ തിഷ്ഠൻ അപി	നീ സമമായി വർത്തിക്കുന്നെങ്കിലും
അജ്ഞാനധ്വാന്തചിത്താനാം ന ലക്ഷ്യസേ	അജ്ഞാനികൾക്ക് നിന്നെ കാണാൻ കഴിയുന്നില്ല.
സുമേധസാം	ജ്ഞാനികൾക്ക്
വ്യക്ത ഏവ	സുവ്യക്തമാണുതാനും.
തവ ജഠരേ ബ്രഹ്മാണ്ഡാഃ	നിന്റെ ഉദരത്തിൽ ബ്രഹ്മാണ്ഡങ്ങൾ
പരമാണവഃ ദൃശ്യന്തേ	പരമാണുക്കളെപ്പോലെ കാണപ്പെടുന്നു.
ത്വം മമ ഉദരസംഭൂത ഇതി	നീ എന്റെ വയറ്റിൽ പിറന്നുവെന്ന് ഭാവിച്ച്
ലോകാൻ വിഡംബസേ	ലോകരെ കളിപ്പിക്കയാണ്.
രഘൂത്തമ, ഭക്തേഷു തേ	രഘൂത്തമാ, ഭക്തരിൽ
പാരവശ്യ അദ്യ മേ ദൃഷ്ടം	നിനക്കുള്ള വിധേയത്വം ഞാനിപ്പോൾ കാണുന്നു.

സംസാരസാഗരേ മഗ്നാ പതിപുത്രധനാദിഷു
ഭ്രമാമി മായയാ തേഽദ്യ പാദമൂലമുപാഗതാ. 27

മായയാ സംസാരസാഗരേ മഗ്നാ	മായയാൽ സംസാരസാഗരത്തിൽ മുങ്ങി,
പതിപുത്രധനാദിഷു	ഭർത്താവ്, പുത്രൻ, ധനം മുതലായവയിൽ
ഭ്രമാമി	ഭ്രമിച്ചു കഴിയുന്ന ഞാൻ
അദ്യ തേ പാദമൂലം ഉപാഗതാ	ഇന്നിതാ നിന്റെ തിരുവടികളിൽ എത്തിയിരിക്കുന്നു.

ദേവ ത്വദ്രൂപമേതന്മേ സദാ തിഷ്ഠതു മാനസേ
ആവൃണോതു ന മാം മായാ തവ വിശ്വവിമോഹിനീ. 28

ദേവ, ഏതത് ത്വദ്‌രൂപം	ഭഗവാനേ, നിന്റെ ഈ രൂപം
സദാ മേ മാനസേ തിഷ്ഠതു	എന്നും എന്റെ മനസ്സിൽ നില്ക്കേണമേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തവ വിശ്വവിമോഹിനീ	നിന്റെ വിശ്വവിമോഹിനിയായ
മായാ മാം ന ആവൃണോതു	മായ ഇനി എന്നെ മയക്കരുതേ.

ഉപസംഹര വിശ്വാത്മന്നതോ രൂപമലൗകികം
ദർശയസ്വ മഹാനന്ദബാലഭാവം സുകോമളം
ലളിതാലിംഗനാലാപൈസ്തരിഷ്യാമ്യുത്കടം തമഃ. 29

വിശ്വാത്മൻ,	വിശ്വാത്മാവേ,
അതഃ അലൗകികം രൂപം ഉപസംഹര	അലൗകികമായ ഈ രൂപം ഇനി മറയ്ക്കുകയും
സുകോമളം	സുകോമളവും
മഹാനന്ദബാലഭാവം ദർശയസ്വ	അത്യാനന്ദദായകവുമായ ബാലഭാവം കാണിക്കുകയും വേണമേ,
ലളിതാലിംഗനാലാപൈഃ	ലളിതമായി പുണർന്നും പുണർന്നും കൊഞ്ചി കേട്ടും
ഉത്കടം തമഃ തരിഷ്യാമി	ഘോരമായ ഇരുട്ടു (അന്ധകാരം—അജ്ഞാനം) താണ്ടിക്കൊള്ളാം.

ശ്രീഭഗവാൻ ഉവാച: ശ്രീഭഗവാൻ അരുളിച്ചെയ്തു

യദ്യദിഷ്ടം തവാസ്ത്യംബ, തത്തത്ഭവതു നാന്യഥാ. 30

അംബ,	അമ്മേ,
തവ യദ് യദ് ഇഷ്ടം അസ്തി	അവിടത്തേക്ക് എന്താണോ അഭിമതം
തദ് തദ് ഭവതു അന്യഥാ ന	അതെല്ലാം സംഭവിക്കും; മറിച്ചൊന്നും ഉണ്ടാവുകയില്ല.

അഹം തു ബ്രഹ്മണാ പൂർവ്വം ഭൂമേർ ഭാരാപനുത്തയേ
പ്രാർത്ഥിതോ രാവണം ഹന്തും മാനുഷത്വമുപാഗതഃ. 31

ബ്രഹ്മണാ പൂർവം	ബ്രഹ്മാവിനാൽ പണ്ട്
ഭൂമേഃ ഭാരാപനുത്തയേ പ്രാർത്ഥിതഃ അഹം തു	ഭൂമിയുടെ ഭാരം പോക്കാൻ പ്രാർത്ഥിക്കപ്പെട്ട ഞാൻ
രാവണം ഹന്തും മാനുഷത്വം ഉപാഗതഃ	രാവണനെ വധിക്കാൻ മനുഷ്യരൂപം കൈക്കൊണ്ടിരിക്കയാണ്.

ത്വയാ ദശരഥേനാഽഹം തപസാരാധിതഃ പുരാ
മത്പുത്രത്വാഭികാംക്ഷിണ്യാ തഥാകൃതമനിന്ദിതേ. 32

അനിന്ദിതേ	അഭിവന്ദ്യേ,
മത്പുത്രത്വാഭികാംക്ഷിണ്യാ	എന്നെ മകനായിക്കിട്ടാൻ കൊതിച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വയാ ദശരഥേന ച പുരാ അഹം	അവിടുന്നും ദശരഥനും പണ്ടെന്നെ
തപസാ ആരാധിതഃ തഥാ കൃതം	തപസ്സാൽ ആരാധിച്ചു. അതിതാ സാധിതമായി.

രൂപമേതത് ത്വയാ ദൃഷ്ടം പ്രാക്തനം തപസഃ ഫലം
മദ്ദർശനം വിമോക്ഷായ കല്പതേഹ്യന്യദുർല്ലഭം. 33

പ്രാക്തനം തപസഃ ഫലം	മുമ്പു ചെയ്ത തപസ്സിൻെറ ഫലമായാണ്
ത്വയാ	അവിടുന്ന്
ഏതത് രൂപം ദൃഷ്ടം	(എൻെറ) ഈ രൂപംകണ്ടത്.
അന്യദുർല്ലഭം മദ്ദർശനം വിമോക്ഷായ കല്പതേ	അന്യർക്കു ദുർലഭമായ എൻെറ ദർശനം മോക്ഷം തരാൻ കഴിവുററതാകുന്നു.

സംവാദമാവയോര്യസ്തു പഠേദ്വാ ശൃണുയാദപി
സ യാതി മമ സാരൂപ്യം മരണേ മത്സ്മൃതിം ലഭേത്. 34

ആവയോഃ സംവാദം	നമ്മുടെ ഈ സംവാദം
യഃ തു പഠേത്	പഠിക്കുകയോ
ശൃണുയാത് അപി വാ സഃ	കേൾക്കുകയോ ചെയ്യുന്നയാൾ
മമ സാരൂപ്യം യാതി	എൻെറ സാരൂപ്യം പ്രാപിക്കും.
മരണേ മത്സ്മൃതിം ലഭേത്	മരണത്തിൽ എന്നെ സ്മരിക്കുകയും ചെയ്യും.

ഇത്യുക്ത്വാ മാതരം രാമോ ബാലോ ഭൂത്വാ രുരോദ ഹ
ബാലത്വേഽപീന്ദ്രനീലാഭോ വിശാലാക്ഷോഽതിസുന്ദരഃ. 35

മാതരം ഇതി ഉക്ത്വാ രാമഃ ബാലഃ ഭൂത്വാ	അമ്മയോടിങ്ങനെ പറഞ്ഞു് രാമൻ ശിശുരൂപം പൂണ്ടു്
രുരോദ ഹ	കരഞ്ഞു (ആശ്ചര്യം)
ബാലത്വേ അപി ഇന്ദ്ര- നീലാഭഃ	ബാലഭാവത്തിലും (അവൻ) ഇന്ദ്രനീല- ക്കല്ലിൻെറ കാന്തികലർന്നവനും
വിശാലാക്ഷഃ അതിസുന്ദരഃ	വിശാലനേത്രനും അതിസുന്ദരനുമായിരുന്നു.

ബാലാരുണപ്രതീകാശോ ലാലിതാഖിലലോകപഃ
അഥ രാജാ ദശരഥഃ ശ്രുത്വാ പുത്രോദ്ഭവോത്സവം
ആനന്ദാർണ്ണവമഗ്നോഽസാവായയൗ ഗുരുണാ സഹ. 36

ബാലാരുണപ്രതീകാശഃ	ബാലസൂര്യനു തുല്യനും
ലാലിതാഖിലലോകപഃ	എല്ലാ ദിക്പാലകന്മാരെയും സന്തോഷി- പ്പിക്കുന്നവനുമായിരുന്നു.
അഥ അസൗ രാജാ ദശരഥഃ	അനന്തരം ദശരഥമഹാരാജാവു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുത്രോത്സവം ശ്രുത്വാ	പുത്രജന്മോത്സവം കേട്ട്
ആനന്ദാർണ്ണവമഗ്നഃ	ആനന്ദക്കടലിൽ മുങ്ങി,
ഗുരുണാ സഹ ആയയൗ	ഗുരുവിനോടുകൂടെ എത്തിച്ചേർന്നു.

രാമം രാജീവപത്രാക്ഷം ദൃഷ്ട്വാ ഹർഷാശ്രുസംപ്ലുതഃ
ഗുരുണാ ജാതകർമ്മാണി കർത്തവ്യാനി ചകാര സഃ. 37

രാജീവപത്രാക്ഷം രാമം ദൃഷ്ട്വാ സഃ	താമരയിലപോലെ നേത്രനായ രാമനെ ദർശിച്ച് രാജാവ്
ഹർഷാശ്രുസംപ്ലുതഃ	ആനന്ദാശ്രു പൊഴിച്ചു.
കർത്തവ്യാനി ജാതകർമ്മാണി	ചെയ്യേണ്ട ജാതകർമ്മങ്ങൾ
ഗുരുണാ ചകാര	ഗുരുവിനെക്കൊണ്ടു ചെയ്യിച്ചു.

കൈകേയീ ചാഥ ഭരതമസൂത കമലേക്ഷണാ
സുമിത്രായാം യമൗ ജാതൗ പൂർണ്ണേന്ദുസദൃശാനനൗ. 38

അഥ കമലേക്ഷണാ കൈകേയീ ഭരതം അസൂത	പിന്നെ കമലലോചനയായ കൈകേയി ഭരതനെ പ്രസവിച്ചു.
സുമിത്രായാം പൂർണ്ണേന്ദു—സദൃശാനനൗ യമൗ ജാതൗ	സുമിത്രയ്ക്കു വാർതിങ്കൾപോലെ മുഖമുള്ള രണ്ടു കുഞ്ഞുങ്ങളുണ്ടു ജനിച്ചത്.

തദാ ഗ്രാമസഹസ്രാണി ബ്രാഹ്മണേഭ്യോ മുദാ ദദൗ
സുവർണ്ണാനി ച രത്നാനി വാസാംസി സുരഭീഃ ശുഭാഃ. 39

തദാ ബ്രാഹ്മണേഭ്യഃ	അപ്പോൾ (രാജാവ്) ബ്രാഹ്മണർക്ക്
ഗ്രാമസഹസ്രാണി സുവർണ്ണാനി രത്നാനി	അനേകം ഗ്രാമങ്ങൾ ധാരാളം സ്വർണ്ണം, രത്നങ്ങൾ,
വാസാംസി ശുഭാഃ സുരഭീഃ ച മുദാ ദദൗ	വസ്ത്രങ്ങൾ, നല്ല പശുക്കൾ ഇവയെല്ലാം സസന്തോഷം ദാനം ചെയ്തു.

യസ്മിൻ രമന്തേ മുനയോ വിദ്യയാ/ജ്ഞാനവിപ്ലവേ
തം ഗുരുഃ പ്രാഹ രാമേതി രമണാദ്രാമ ഇത്യപി. 40

വിദ്യയാ-അജ്ഞാന വിപ്ലവേ	വിദ്യയാൽ അജ്ഞാനം ഒഴിയുന്നതോടെ
മുനയഃ യസ്മിൻ രമന്തേ	മുനിമാർ ഏതൊരുവനിൽ രമിക്കുന്നുവോ
രമണാദ് അപി തം	(ഭക്തഹൃദയം) രമിപ്പിക്കുന്നു എന്നതിനാലും
ഗുരുഃ രാമ ഇതി പ്രാഹ	അവനെ ഗുരു രാമനെന്നു വിളിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭരണാത് ഭരതോ നാമ ലക്ഷ്മണം ലക്ഷണാന്വിതം
ശത്രുഘ്നം ശത്രുഹന്താരമേവം ഗുരുരഭാഷത. 41

ഭരണാത് ഭരതഃ നാമ ലക്ഷണാന്വിതം ലക്ഷ്മണം	ഭരണസാമർത്ഥ്യത്താൽ ഭരതനെന്നും ലക്ഷണത്തികവിനാൽ ലക്ഷ്മണനെന്നും
ഏവം ശത്രുഹന്താരം ശത്രുഘ്നം ഗുരുഃ അഭാഷത	അതുപോലെ ശത്രുക്കളെ ഹനിക്കുമെ- ന്നതിനാൽ ശത്രുഘ്നനെന്നും ഗുരു (മററു കുമാരന്മാർക്ക്) പേർ നല്കി.

പേര് ഗുണവ്യഞ്ജകമായിരിക്കണമെന്ന് വസിഷ്ഠന് താൽപര്യമുണ്ടായിരുന്നു. നാമകരണസംസ്കാരത്തിൽ അതു്രഹമത്രേ നിറവേററി. രമന്തേ യോഗിനഃ അസ്മിന്നിതി രാമഃ.' ഭക്തജനങ്ങളുടെ ഹൃദയത്തെ അനുരഞ്ജിപ്പിക്കുകയും യോഗികളെ രമിപ്പിക്കുകയുമാണ് രാമൻെറ സ്വഭാവസവിശേഷത. ഭരതൻെറ ഭരണകുശലത വില്ലാലസംഭവങ്ങളാൽ തെളിയിക്കുന്നു. ലക്ഷ്മണൻെറ ലക്ഷണസമ്പന്നതയും ശത്രുഘ്നൻെറ ശത്രുഹനനസാമർത്ഥ്യവും പേരിൻെറ അന്വർത്ഥതയെ സാധൂകരിക്കുന്നുണ്ട്.

ലക്ഷ്മണോ രാമചന്ദ്രേണ ശത്രുഘ്നോ ഭരതേന ച
ദ്വന്ദ്വീഭൂയ ചരന്തൗ തൗ പായസാംശാനുസാരതഃ. 42

പായസാംശാനുസാരതഃ ലക്ഷ്മണഃ രാമചന്ദ്രേണ	പായസത്തിൻെറ അംശമനുസരിച്ച് ലക്ഷ്മണൻ രാമചന്ദ്രനോടും
ശത്രുഘ്നഃ ഭരതേന ച ദ്വന്ദ്വീഭൂയ തൗ ചരന്തൗ	ശത്രുഘ്നൻ ഭരതനോടും ചേർന്നുചേർന്ന് അവർ നടന്നു.

സുമിത്രയ്ക്കു കൗസല്യ കൊടുത്ത പായസാംശത്തിൽനിന്നാണ് ലക്ഷ്മണൻെറ ജനനം. കൈകേയി കൊടുത്തതിൽനിന്ന് ശത്രുഘ്നനും പിറന്നു. സ്വാഭാവികമായി ലക്ഷ്മണൻ രാമനോടും ശത്രുഘ്നൻ ഭരതനോടും കൂടുതൽ അടുത്തു ജീവിച്ചു.

രാമസ്തു ലക്ഷ്മണേനാഥ വിചരൻ ബാലലീലയാ
രമയാമാസ പിതരൗ ചേഷ്ടിതൈർമുഗ്ദ്ധഭാഷിതൈഃ. 43

അഥ ലക്ഷ്മണേന ബാലലീലയാ വിചരൻ രാമഃ തു	അനന്തരം ലക്ഷ്മണനോടുകൂടെ കളിച്ചുനടന്ന രാമനാകട്ടെ
മുഗ്ദ്ധഭാഷിതൈഃ ചേഷ്ടിതൈഃ ച പിതരൗ രമയാമാസ	മധുരമൊഴികൾകൊണ്ടും ചേഷ്ടകൾകൊണ്ടും അച്ഛനമ്മമാരെ ആനന്ദിപ്പിച്ചു.

ഫാലേ സ്വർണ്ണമയാശ്വത്ഥപർണ്ണമുക്താഫലപ്രഭം
കണ്ഠേ രത്നമണിവ്രാതമധ്യദ്വീപിനഖാഞ്ചിതം. 44

ഫാലേ സ്വർണ്ണമയാശ്വത്ഥ- പർണ്ണമുക്താഫലപ്രഭം	നെററിയിൽ കനകനിർമ്മിതമായ അശ്വത്ഥപർണ്ണ(അരയാലില)ത്തിൽ പതിച്ച മുത്തിൻെറ പ്രഭ ചിതറി.
കണ്ഠേ രത്നമണിവ്രാത- മധ്യദ്വീപിനഖാഞ്ചിതം	കഴുത്തിൽ രത്നമണികളുടെ ഇടയ്ക്കു പതിപ്പിച്ച പുലിനഖം ശോഭിച്ചു.

ദ്വീപി = കടുവ, പുലി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർണ്ണയോഃ രത്നസമ്പന്നരത്നാഞ്ജനസടാലുകം
ശിഞ്ജാനമണിമഞ്ജീരകടിസൂത്രാംഗദൈർവൃതം. 45

കർണ്ണയോഃ രത്നസമ്പന്ന- രത്നാഞ്ജനസടാലുകം	കാതുകളിൽ സ്വർണ്ണത്തിൽ പതിപ്പിച്ച രത്നങ്ങൾ അഞ്ജനവൃക്ഷത്തിന്റെ പച്ചക്കായപോലെ വിളങ്ങി.
ശിഞ്ജാനമണിമഞ്ജീര- കടിസൂത്രാംഗദൈർവൃതം	കിലുങ്ങുന്ന കാൽച്ചിലങ്കയും അരഞ്ഞാണം തോൾവളയും ധരിച്ചു.

അഞ്ജനവൃക്ഷം = നീർമരുതു്.

സ്മിതവക്ത്രാല്പദശനമിന്ദ്രനീലമണിപ്രഭം
അങ്കണേ രിംഗമാണം തം തർണ്ണകാനനു സർവ്വതഃ. 46

ദൃഷ്ട്വാ ദശരഥോ രാജാ കൗസല്യാ മുമുദേ തദാ
ഭോക്ഷ്യമാണോ ദശരഥോ രാമമേഹീതി ചാസകൃത്
ആഹ്വയത്യതിഹർഷേണ പ്രേമ്ണാനായാതിലീലയാ. 47

ആനയേതി ച കൗസല്യാമാഹ സാ സസ്മിതാ സുതം
ധാവത്യപി ന ശക്നോതി സ്പ്രഷ്ടും യോഗിമനോഗതിം.

പ്രഹസൻ സ്വയമായാതി കർദ്ദമാങ്കിതപാണിനാ
കിഞ്ചിത് ഗൃഹീത്വാ കബലം പുനരേവ പലായതേ. 49

ഇന്ദ്രനീലമണിപ്രഭം സ്മിത വക്ത്രാല്പദശനം	ഇന്ദ്രനീലക്കല്ലിന്റെ കാന്തിയുള്ളവനും കുരുന്നുപല്ലുകൾ കാട്ടി പുഞ്ചിരിതൂകി
തർണ്ണകാൻ അനു	പശുക്കുട്ടികളുടെ പിമ്പേ
അങ്കണേ സർവ്വതഃ	മുററത്തെല്ലാം
രിംഗമാണം തം ദൃഷ്ട്വാ	ഓടിനടക്കുന്നവനുമായ രാമനെക്കണ്ടു്
തദാ രാജാ ദശരഥഃ	രാജാ ദശരഥനും
കൗസല്യാ ച മുമുദേ	കൗസല്യയും സന്തോഷിച്ചു.
ദശരഥഃ ഭോക്ഷ്യമാണഃ ച രാമ ഏഹി ഇതി	ദശരഥൻ ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോൾ 'രാമാ, വരൂ' എന്നു്
അസകൃത് അതിഹർഷേണ പ്രേമ്ണാ ച ആഹ്വയതി	പലപ്രാവശ്യം അതിഹർഷത്തോടും പ്രേമത്തോടും വിളിക്കുന്നു.
ലീലയാ ന ആയാതി	കളിയിൽ മുഴുകുകയാൽ (കുട്ടി) വരികയില്ല.
ആനയ ഇതി കൗസല്യാം ആഹ ച	'കുട്ടിക്കൊണ്ടു വരൂ' എന്നു കൗസല്യയോടു പറയും.
സാ സസ്മിതാ ധാവതി അപി	അവർ പുഞ്ചിരിയോടെ ഓടിച്ചെന്നാലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഗിമനോഗതിം സുതം	യോഗികളുടെ മനസ്സിന്റെ വിഷയമായ മകനെ
സ്പ്രഷ്ടും ന ശക്നോതി	തൊടാൻ ശക്തയാകുന്നില്ല.
പ്രഹസൻ സ്വയം ആയാതി	ചിരിച്ചുകൊണ്ട് (രാമൻ) സ്വയം വരികയും ചെയ്യും.
കർദ്ദമാങ്കിതപാണിനാ കിഞ്ചിത് കബലം ഗൃഹീത്വാ	ചളി പുരണ്ട കൈയാൽ ചെറിയ ഉരുള വാങ്ങിയിട്ട്
പുനഃ ഏവ പലായതേ	വീണ്ടും ഓടിക്കളയുകയും ചെയ്യും.

കൗസല്യാ ജനനീ തസ്യ മാസി മാസി പ്രകുർവ്വതീ
വായനാനി വിചിത്രാണി സമലംകൃത്യ രാഘവം. 50

അപൂപാൻ മോദകാൻ കൃത്വാ കർണ്ണശഷ്കുലികാസ്തഥാ
കർണ്ണപൂരാംശ്ച വിവിധാൻ വർഷവൃദ്ധൗ ച വായനം. 51

തസ്യ ജനനീ കൗസല്യാ	അവന്റെ അമ്മ കൗസല്യ
മാസി മാസി	മാസംതോറും (പിറന്നാൾദിവസം)
രാഘവം സമലംകൃത്യ	രാമനെ നല്ലപോലെ അലങ്കരിച്ച്
അപൂപാൻ, മോദകാൻ	അപ്പങ്ങൾ, ലഡ്ഡു (കൊഴുക്കട്ട)
കർണ്ണശഷ്കുലികാഃ	കചൗഡി (മുറുക്ക്)
കർണ്ണപൂരാൻ ച കൃത്വാ	വടകൾ എന്നിവയുണ്ടാക്കി
വിചിത്രാണി വായനാനി	വിചിത്രങ്ങളായ നൈവേദ്യങ്ങൾ
പ്രകുർവ്വതീ	അർപ്പിച്ചു.
വർഷവൃദ്ധൗ ച	ആണ്ടുപിറന്നാൾ ദിവസവും
വായനം (പ്രകുർവ്വതീ)	നൈവേദ്യം ചെയ്തു.

വായനം = നൈവേദ്യം, ബ്രാഹ്മണഭോജനം.

ഗൃഹകൃത്യം തയാ ത്യക്തം തസ്യ ചാപല്യകാരണാത്
ഏകദാ രഘുനാഥോഽസൗ ഗതോ മാതരമന്തികേ. 52

തയാ തസ്യ ചാപല്യ-കാരണാത് ഗൃഹകൃത്യം ത്യക്തം	അവർ രാമന്റെ ചാപല്യം നിമിത്തം, ഗൃഹജോലി വിട്ടു.
ഏകദാ അസൗ രഘുനാഥഃ	ഒരുനാൾ രഘുനാഥൻ
മാതരം അന്തികേ ഗതഃ	അമ്മയുടെ അരികെ ചെന്നു.

ഭോജനം ദേഹി മേ മാതർ ന ശ്രുതം കാര്യസക്തയാ
തതഃ ക്രോധേന ഭാണ്ഡാനി ലഗുഡേനാഹനത്തദാ. 53

മാതഃ മേ ഭോജനം ദേഹി	'അമ്മ എനിക്ക് ഭക്ഷണം തരൂ' എന്നു പറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാര്യസക്തതയാ ന ശ്രുതം	ജോലിയിൽ മുഴുകിയിരുന്നതിനാൽ കൗസല്യ കേട്ടില്ല.
തദാ ക്രോധേന ലഗുഡേന	അപ്പോൾ ദേഷ്യത്താൽ രാമൻ ചടിയെടുത്തു്
തതഃ ഭാണ്ഡാനി അഹനത്	പാത്രങ്ങളെല്ലാം തല്ലിയുടച്ചു.

ശിക്യസ്ഥം പാതയാമാസ ഗവ്യം ച നവനീതകം
ലക്ഷ്മണായ ദദൗ രാമോ ഭരതായ യഥാക്രമം. 54

ശത്രുഘ്നായ ദദൗ പശ്ചാദ്ദധി ദുഗ്ധം തഥൈവ ച
സൂദേന കഥിതേ മാത്രേ ഹാസ്യം കൃത്വാ പ്രധാവതി. 55

ശിക്യസ്ഥം ഗവ്യം നവനീതകം ച രാമഃ പാതയാമാസ	ഉറിയിൽ വച്ചിരുന്ന പാലും വെണ്ണയും രാമൻ തള്ളിയിട്ടു.
പശ്ചാത് ദധി ദുഗ്ധം ച	പിന്നെ പാലും തൈരും
യഥാക്രമം ലക്ഷ്മണായ ഭരതായ ദദൗ	യഥാക്രമം ലക്ഷ്മണനും ഭരതനും പകുത്തു കൊടുത്തു.
തഥാ ഏവ ശത്രുഘ്നായ ദദൗ	അപ്രകാരം ശത്രുഘ്നനും കൊടുത്തു.
സൂദേന കഥിതേ മാത്രേ	പാചകക്കാരൻ ചെന്നു വിവരമറിയിച്ചപ്പോൾ
ഹാസ്യം കൃത്വാ പ്രധാവതി	കൗസല്യ ചിരിച്ചുകൊണ്ടു് ഓടിയെത്തി.

ആഗതാം താം വിലോക്യാഥ തതഃ സർവ്വേഃ പലായിതം
കൗസല്യാ ധാവമാനാപി പ്രസ്ഖലന്തീ പദേ പദേ. 56

താം ആഗതാം വിലോക്യ	അവർ വരുന്നതു കണ്ടപ്പോൾ
അഥ തതഃ സർവ്വേഃ പലായിതം	എല്ലാവരും കടന്നുകളഞ്ഞു.
ധാവമാനാ കൗസല്യാ	ഓടി ഓടി കൗസല്യ
പദേ പദേ പ്രസ്ഖലന്തീ അപി	പലപ്പോഴും വീഴാൻ തുടങ്ങിയെങ്കിലും

രഘുനാഥം കരേ ധൃത്വാ കിഞ്ചിന്നോവാച ഭാമിനീ
ബാലഭാവം സമാശ്രിത്യ മന്ദം മന്ദം രുരോദ ഹ. 57

രഘുനാഥം കരേ ധൃത്വാ	ഒടുക്കം രാമനെ പിടികൂടി.
ഭാമിനീ കിഞ്ചിത്	ആ ഉത്തമസ്ത്രീ
ന ഉവാച	ഒന്നും പറഞ്ഞില്ല.
ബാലഭാവം സമാശ്രിത്യ	(രാമനാകട്ടെ) ബാലഭാവമാശ്രയിച്ചു്
മന്ദം മന്ദം രുരോദ ഹ	മെല്ലെ മെല്ലെ കരഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ സർവ്വേ ലാളിതാ മാത്രാ ഗാഢമാലിംഗ്യ യത്നതഃ
ഏവമാനന്ദസന്ദോഹ ജഗദാനന്ദകാരകഃ. 58

മായാബാലവപുർധൃത്വാ രമയാമാസ ദമ്പതീ
അഥ കാലേന തേ സർവ്വേ കൗമാരം പ്രതിപേദിരേ. 59

മാത്രാ യത്നതഃ ഗാഢം ആലിംഗ്യ തേ സർവ്വേ ലാളിതാഃ	മാതാവ് യത്നപൂർവ്വം ഗാഢഗാഢം പുണർന്ന് അവരെയെല്ലാം താലോലിച്ചു.
ഏവം ആനന്ദസന്ദോഹഃ	ഇങ്ങനെ ആനന്ദത്തിടമ്പും
ജഗദാനന്ദകാരകഃ	ലോകാനന്ദകാരിയുമായ രാമൻ
മായാബാലവപുഃ ധൃത്വാ ദമ്പതീ രമയാമാസ	മായാബാലവേഷംപൂണ്ട് ആ ദമ്പതികൾക്ക് (കൗസല്യാദശരഥന്മാർക്ക്) ആനന്ദം നല്കി.
അഥ കാലേന തേ സർവ്വേ കൗമാരം പ്രതിപേദിരേ	അങ്ങനെ യഥാകാലം ആ രാജകുമാരന്മാർ കൗമാരാവസ്ഥയിലേക്കു കടന്നു.

ഉപനീതാ വസിഷ്ഠേന സർവ്വവിദ്യാവിശാരദാഃ
ധനുർവ്വേദേ ച നിരതാഃ സർവ്വശാസ്ത്രാർത്ഥവേദിനഃ. 60

ബഭൂവുർജ്ജഗതാം നാഥാഃ ലീലയാ നരരൂപിണഃ
ലക്ഷ്മണസ്തു സദാ രാമമനുഗച്ഛതി സാദരം. 61

സേവ്യസേവകഭാവേന ശത്രുഘ്നോ ഭരതം തഥാ
രാമശ്ചാപധരോ നിത്യം തൂണീ ബാണാന്വിതഃ പ്രഭുഃ. 62

അശ്വാരൂഢോ വനം യാതി മൃഗയായൈ സലക്ഷ്മണഃ
ഹത്വാ ദുഷ്ടമൃഗാൻ സർവ്വാൻ പിത്രേ സർവ്വം ന്യവേദയത്. 63

വസിഷ്ഠേന ഉപനീതാഃ	വസിഷ്ഠൻ ഉപനയനകർമ്മം അനുഷ്ഠിച്ചു
ലീലയാ നരരൂപിണഃ സർവ്വവിദ്യാവിശാരദാഃ	ലീലയ്ക്കായി മനുഷ്യരൂപംപൂണ്ട അവർ എല്ലാ വിദ്യയിലും സമർത്ഥരായി.
ധനുർവ്വേദേ ച നിരതാഃ സർവ്വശാസ്ത്രാർത്ഥവേദിനഃ	ധനുർവിദ്യയിൽ മുഴുകി. സകല ശാസ്ത്രാർത്ഥങ്ങളിലും വൈദുഷ്യം നേടി.
ജഗതാം നാഥാഃ ബഭൂവുഃ	അങ്ങനെ ലോകത്തിന് നാഥന്മാരായി.
ലക്ഷ്മണഃ തു സദാ	ലക്ഷ്മണൻ സദാ
സാദരം സേവ്യസേവകഭാവേന രാമം അനുഗച്ഛതി	ബഹുമാനത്തോടെ സേവ്യസേവകഭാവത്തോടെ രാമനെ അനുഗമിക്കും
തഥാ ഭരതം ശത്രുഘ്നഃ	അങ്ങനെതന്നെ ഭരതനെ ശത്രുഘ്നനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാപധരഃ തൂണീബാണാന്വിതഃ പ്രഭുഃ രാമഃ	വില്ലും അമ്പും തൂണീരവും ധരിച്ച് ധീരനായ രാമൻ
അശ്വാരൂഢഃ സലക്ഷ്മണഃ മൃഗയാംമൈയ നിത്യം വനം യാതി	കുതിരപ്പുറത്തേറി ലക്ഷ്മണനോടുകൂടെ നായാട്ടിനായി നിത്യവും വനത്തിൽ പോയി.
സർവ്വാൻ ദുഷ്ടമൃഗാൻ ഹത്വാ	ദുഷ്ടമൃഗങ്ങളെയെല്ലാം കൊല്ലുകയും
പിത്രേ സർവം ന്യവേദയത്	പിതാവിന് സകലതും അപ്പിക്കുകയും ചെയ്യും.

പ്രാതരുത്ഥായ സുസ്നാതഃ പിതരാവഭിവാദ്യ ച
പൗരകാര്യാണി സർവ്വാണി കരോതി വിനയാന്വിതഃ. 64

പ്രാതഃ ഉത്ഥായ സുസ്നാതഃ	പ്രഭാതത്തിൽ ഉണന്ന് സ്നാനാദികശം കഴിച്ച്
പിതരൗ അഭിവാദ്യ ച	മാതാപിതാക്കളെ നമസ്കരിച്ചിട്ട്
വിനയാന്വിതഃ	വിനയാന്വിതനായി
സർവ്വാണി പൗരകാര്യാണി കരോതി	പൗരന്മാർക്കു വേണ്ട കാര്യങ്ങളെല്ലാം നിവ്വഹിക്കും.

ബന്ധുഭിഃ സഹിതോ നിത്യം ഭുക്ത്വാ മുനിഭിരന്വഹം
ധർമ്മശാസ്ത്രരഹസ്യാനി ശൃണോതി വ്യാകരോതി ച. 65

ബന്ധുഭിഃ സഹിതഃ	ബന്ധുക്കളോടുകൂടെ
നിത്യം ഭുക്ത്വാ	നിയമേന ഭക്ഷണം കഴിച്ചിട്ട്
അന്വഹം	ദിവസവും
മുനിഭിഃ ധർമ്മശാസ്ത്രരഹസ്യാനി	മുനിമാർ ധർമ്മശാസ്ത്രരഹസ്യങ്ങൾ നിവ്വചിക്കുന്നതു്
ശൃണോതി	കേശക്കും.
വ്യാകരോതി ച	(സ്വയം) അവയെ വ്യാഖ്യാനിക്കയും ചെയ്യും.

ഏവം പരാത്മാ മനുജാവതാരോ
മനുഷ്യലോകാനനുസൃത്യ സർവ്വം
ചക്രേƒവികാരീ പരിണാമഹീനോ
വിചാര്യമാണേ ന കരോതി കിഞ്ചിത്. 66

ഏവം അവികാരീ	ഇങ്ങനെ അവികാരിയും
പരിണാമഹീനഃ	പരിണാമമില്ലാത്തവനും ആയ
പരാത്മാ	പരമാത്മാവു്
മനുജാവതാരഃ	മനുഷ്യാവതാരം കൈക്കൊണ്ടു്
മനുഷ്യലോകാൻ	മനുഷ്യസ്വഭാവം
അനുസൃത്യ	അനുസരിച്ചു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വം ചക്രേ	എല്ലാം ചെയ്തു.
വിചാര്യമാണേ	തത്ത്വം ചിന്തിച്ചാൽ
കിഞ്ചിത്	(അദ്ദേഹം) ഒന്നും തന്നെ
ന കരോതി	ചെയ്യുന്നുമില്ല.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ ബാലകാണ്ഡേ തൃതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ ബാലകാണ്ഡം മൂന്നാം സർഗ്ഗം അവസാനിച്ചു.

സർഗ്ഗം നാല്

വിശ്വാമിത്രൻെറ ആഗമനം, രാമലക്ഷ്മണന്മാരുടെ വനഗമനം, താടകാവധം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ പറഞ്ഞു

കദാചിത് കൗശികോഽഭ്യാഗാത് അയോദ്ധ്യാം ജ്വലനപ്രഭഃ
ദ്രഷ്ടും രാമം പരാത്മാനം ജാതം ജ്ഞാത്വാ സ്വമായയാ. 1

കദാചിത്	ഒരുനാൾ
ജ്വലനപ്രഭഃ കൗശികഃ	അഗ്നിയെപ്പോലെ തേജസ്വിയായ വിശ്വാമിത്രമുനി
പരാത്മാനം സ്വമായയാ	പരമാത്മാവ് സ്വമായയാൽ
രാമം ജാതം	രാമനായി ജനിച്ചിരിക്കുന്നു
ജ്ഞാത്വാ	എന്നറിഞ്ഞ്
ദ്രഷ്ടും	അദ്ദേഹത്തെ ദർശിക്കാൻ
അയോദ്ധ്യാം അഭ്യാഗാത്	അയോദ്ധ്യയിൽ എത്തി.

ദൃഷ്ട്വാ ദശരഥോ രാജാ പ്രത്യുത്ഥായാചിരേണ തു
വസിഷ്ഠേന സമാഗമ്യ പൂജയിത്വാ യഥാവിധി. 2

അഭിവാദ്യ മുനിം രാജാ പ്രാഞ്ജലിർ ഭക്തിനമ്രധീഃ
കൃതാർത്ഥോഽസ്മി മുനീന്ദ്രാഹം ത്വദാഗമനകാരണാത്. 3

മുനിം ദൃഷ്ട്വാ രാജാ	മുനിയെ കണ്ടിട്ട്
ദശരഥഃ തു	ദശരഥൻ
അചിരേണ പ്രത്യുത്ഥായ	പെട്ടെന്ന് എഴുന്നേററ്
വസിഷ്ഠേന സമാഗമ്യ	വസിഷ്ഠനോടൊപ്പം വന്ന്
യഥാവിധി പൂജയിത്വാ	യഥാവിധി പൂജിച്ച്
അഭിവാദ്യ	വണങ്ങി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജാ പ്രാഞ്ജലിഃ	രാജാവ് കൈകൂപ്പി
ഭക്തിനമ്രധീഃ	ഭക്തനമ്രനായി (ഇങ്ങനെ പറഞ്ഞു).
മുനീന്ദ്ര	മഹാമുനേ,
ത്വദാഗമനകാരണാത്	അങ്ങയുടെ വരവിനാൽ
അഹം കൃതാർത്ഥഃ അസ്മി	ഞാൻ കൃതാർത്ഥനാണ്.

ത്വദ്വിധാഃ യദ്ഗൃഹം യാന്തി തത്രൈവായാന്തി സമ്പദഃ
യദർത്ഥമാഗതോഽസി ത്വം ബ്രൂഹി സത്യം കരോമി തത്. 4

ത്വദ്വിധാഃ	അങ്ങയെപ്പോലുള്ളവർ
യദ്ഗൃഹം യാന്തി	ഏതു ഭവനത്തിൽ വരുന്നുവോ
തത്ര ഏവ സമ്പദഃ	അവിടെത്തന്നെ സമ്പത്ത്
ആയാന്തി	എത്തിച്ചേരുന്നു.
ത്വം യദർത്ഥം ആഗതഃ	അങ്ങ് എന്തിനാണ്
അസി, ബ്രൂഹി	വന്നതെന്നു പറഞ്ഞാലും.
സത്യം, തത് കരോമി	സത്യമായും ഞാനതു നിറവേറ്റാം.

വിശ്വാമിത്രോഽപി തം പ്രീതഃ പ്രത്യുവാച മഹാമതിഃ
അഹം പർവ്വണി സമ്പ്രാപ്തേ ദൃഷ്ട്വാ യഷ്ടും സുരാൻ പിതൄൻ.

യദാരഭേ തദാ ദൈത്യാഃ വിഘ്നം കുർവ്വന്തി നിത്യശഃ
മാരീചശ്ച സുബാഹുശ്ചാപരേ ചാനുചരാസ്തയോഃ. 6

മഹാമതിഃ വിശ്വാമിത്രഃ	മഹാനായ വിശ്വാമിത്രൻ
പ്രീതഃ തം പ്രത്യുവാച	പ്രീതനായി അദ്ദേഹത്തോടു പറഞ്ഞു.
പർവ്വണി സംപ്രാപ്തേ ദൃഷ്ട്വാ	പുണ്യദിനങ്ങൾ എത്തുമ്പോൾ
അഹം യദാ സുരാൻ പിതൄൻ	ഞാൻ ദേവന്മാർക്കും പിതൃക്കൾക്കും
യഷ്ടും ആരഭേ	യജ്ഞം ചെയ്വാൻ ആരംഭിക്കും.
തദാ	പക്ഷേ അപ്പോൾ
മാരീചഃ ച സുബാഹുഃ ച	മാരീചനും സുബാഹുവും
തയോഃ അനുചരാഃ	അവരുടെ അനുചരരായ
അപരേ ദൈത്യാഃ ച	മററു രാക്ഷസരും ചേർന്ന്
നിത്യശഃ വിഘ്നം കുർവ്വന്തി	നിത്യമെന്നോണം അതു മുടക്കുന്നു.

അതസ്തയോർ വധാർത്ഥായ ജ്യേഷ്ഠം രാമം പ്രയച്ഛ മേ
ലക്ഷ്മണേന സഹ ഭ്രാത്രാ തവ ശ്രേയോ ഭവിഷ്യതി. 7

അതഃ	അതുകൊണ്ട്
തയോഃ വധാർത്ഥായ	അവരെ വധിക്കാൻ
ജ്യേഷ്ഠം രാമം	ജ്യേഷ്ഠപുത്രനായ രാമനെ
ഭ്രാത്രാ ലക്ഷ്മണേന	സഹോദരൻ ലക്ഷ്മണനോടൊപ്പം
സഹ മേ പ്രയച്ഛ	എനിക്കു തന്നാലും
തവ ശ്രേയഃ ഭവിഷ്യതി	നിങ്ങൾക്കു ശ്രേയസ്സുണ്ടാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസിഷ്ഠേന സഹാമന്ത്ര്യ ദീയതാം യദി രോചതേ
പപ്രച്ഛ ഗുരുമേകാന്തേ രാജാ ചിന്താപരായണഃ. 8

വസിഷ്ഠേന സഹ ആമന്ത്ര്യ	വസിഷ്ഠനോടാലോചിച്ച്
യദി രോചതേ	ഉചിതമെന്നു തോന്നുന്നെങ്കിൽ
ദീയതാം	(അവരെ) വിട്ടുതരിക.
ചിന്താപരായണഃ രാജാ	വളരെ വിഷണ്ണനായ രാജാവ്
ഏകാന്തേ	ഏകാന്തതയിൽ
ഗുരും പപ്രച്ഛ	ഗുരുവിനോടു ചോദിച്ചു.

കിം കരോമി ഗുരോ രാമം ത്യക്തും നോത്സഹതേ മനഃ
ബഹുവർഷസഹസ്രാന്തേ കഷ്ടേനോത്പാദിതാഃ സുതാഃ. 9

ഗുരോ, കിം കരോമി	ഗുരോ, എന്താണ് ഞാൻ ചെയ്യേണ്ടത്?
രാമം ത്യക്തും	രാമനെ വിടാൻ
മനഃ ന ഉത്സഹതേ	മനസ്സു തീരെ അനുവദിക്കുന്നില്ല.
ബഹുവർഷസഹസ്രാന്തേ	നിരവധി വർഷങ്ങൾക്കുശേഷം
കഷ്ടേന	കഷ്ടപ്പെട്ടു
ഉത്പാദിതാഃ സുതാഃ	കിട്ടിയ മക്കളാണ്.

ചത്വാരോഽമരതുല്യാസ്തേ തേഷാം രാമോഽതിവല്ലഭഃ
രാമസ്ത്വിതോ ഗച്ഛതി ചേന്ന ജീവാമി കഥഞ്ചന. 10

തേ ചത്വാരഃ	അവർ നാലുപേരും
അമരതുല്യാഃ	ദേവതുല്യരാണ്.
തേഷാം രാമഃ	(എങ്കിലും) അവരിൽ രാമനാണ്
അതിവല്ലഭഃ	മിടുമിടുക്കൻ.
രാമഃ തു ഇതഃ ഗച്ഛതി	രാമൻ ഇവിടെനിന്നു പൊയ്പ്പോയാൽ
ചേത് കഥഞ്ചന	ഒരുപ്രകാരത്തിലും
ന ജീവാമി	ഞാൻ ജീവിച്ചിരിക്കയില്ല.

പ്രത്യാഖ്യാതോ യദി മുനിഃ ശാപം ദാസ്യത്യസംശയഃ
കഥം ശ്രേയോ ഭവേന്മഹ്യമസത്യം ചാപി ന സ്പൃശേത്. 11

യദി മുനിഃ പ്രത്യാഖ്യാതഃ	മുനിയോടു മറുത്തു പറഞ്ഞാൽ
അസംശയഃ ശാപം ദാസ്യതി	തീർച്ചയായും ശപിക്കും.
കഥം മഹ്യം	എങ്ങനെ എനിക്ക്
ശ്രേയഃ ഭവേത്	നന്മ വരും?
അസത്യം ച അപി	അസത്യം എന്നെ
ന സ്പൃശേത്	സ്പർശിക്കയുമരുത്.

വസിഷ്ഠ ഉവാച: വസിഷ്ഠമുനി പറഞ്ഞു

ശൃണു രാജൻ ദേവഗുഹ്യം ഗോപനീയം പ്രയത്നതഃ
രാമോ ന മാനുഷോ, ജാതഃ പരമാത്മാ സനാതനഃ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജൻ	രാജാവേ,
ദേവഗുഹ്യം ശൃണു	ദേവന്മാർക്കുപോലും ശരിക്കറിയാത്ത ഒരു രഹസ്യം കേൾക്കൂ.
പ്രയത്നേന ഗോപനീയം	ശ്രദ്ധിച്ച് ഗോപ്യമായി സൂക്ഷിക്കേണ്ടതുമാണത്.
രാമഃ ന മാനുഷഃ	രാമൻ മനുഷ്യനല്ല.
സനാതനഃ പരമാത്മാ ജാതഃ	ശാശ്വതനായ പരമാത്മാവുതന്നെ ജനിച്ചിരിക്കയാണ്.

ഭൂമേർ ഭാരാവതാരായ ബ്രഹ്മണാ പ്രാർത്ഥിതഃ പുരാ
സ ഏവ ജാതോ ഭവനേ കൗസല്യായാം തവാനഘ. 13

അനഘ,	പുണ്യാത്മാവേ,
ഭൂമേഃ ഭാരാവതാരായ	ഭൂമിയുടെ ഭാരംതീർക്കാൻ
പുരാ ബ്രഹ്മണാ	പണ്ട് ബ്രഹ്മാവ്
പ്രാർത്ഥിതഃ	പ്രാർത്ഥിച്ചതനുസരിച്ച്
സഃ ഏവ	അദ്ദേഹംതന്നെ
തവ ഭവനേ	അങ്ങയുടെ ഭവനത്തിൽ
കൗസല്യായാം ജാതഃ	കൗസല്യാദേവിയിൽ ജനിച്ചിരിക്കുന്നു.

ത്വം തു പ്രജാപതിഃ പൂർവ്വം കശ്യപോ ബ്രഹ്മണഃ സുതഃ
കൗസല്യാ ചാദിതിർദേവമാതാ പൂർവ്വം യശസ്വിനീ
ഭവന്തൗ തപ ഉഗ്രം വൈ തേപാഥേ ബഹുവത്സരം. 14

അഗ്രാമ്യവിഷയൗ വിഷ്ണുപൂജാധ്യാനൈകതത്പരൗ
തദാ പ്രസന്നോ ഭഗവാൻ വരദോ ഭക്തവത്സലഃ. 15

വൃണീഷ്വ വരമിത്യുക്ത ത്വം മേ പുത്രോ ഭവാമല
ഇതിത്വയാ യാചിതോഽസൗ ഭഗവാൻ ഭൂതഭാവനഃ. 16

തഥേത്യുക്ത്വാദ്യപുത്രസ്തേ ജാതോ രാമഃ സ ഏവ ഹി
ശേഷസ്തു ലക്ഷ്മണോ രാജൻ രാമമേവാന്വപദ്യത. 17

പൂർവ്വം ത്വം തു	പൂർവ്വജന്മത്തിൽ അങ്ങ്
ബ്രഹ്മണഃ സുതഃ	ബ്രഹ്മാവിന്റെ പുത്രനായ
കശ്യപപ്രജാപതിഃ	കശ്യപപ്രജാപതി ആയിരുന്നു.
യശസ്വിനീ കൗസല്യാ ച	യശസ്വിനിയായ കൗസല്യ
പൂർവ്വം ദേവമാതാ അദിതിഃ	പൂർവ്വജന്മത്തിൽ ദേവമാതാവായ അദിതിയും.
ഭവന്തൗ വൈ	നിങ്ങൾ ഇരുവരും
അഗ്രാമ്യവിഷയൗ	മററു ലൗകികകാര്യത്തിൽ ശ്രദ്ധിക്കാതെ
വിഷ്ണുപൂജാധ്യാനൈക- തത്പരൗ	വിഷ്ണുപൂജയിലും ധ്യാനത്തിലും മാത്രം തൽപരരായി
ബഹുവത്സരം	വളരെക്കാലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉഗ്രം തപഃ തേപദേ	ഘോരതപസ്സനുഷ്ഠിച്ചു.
തദാ ഭക്തവത്സലഃ	അപ്പോൾ ഭക്തവത്സലനും
വരദഃ ഭഗവാൻ പ്രസന്നഃ	വരദനുമായ ഭഗവാൻ പ്രസാദിച്ച്
വരം വൃണീഷ്വ	വരം വരിച്ചുകൊള്ളു
ഇതി ഉക്തഃ	എന്നു പറഞ്ഞു.
ഹേ അമല, ത്വം	'നിർമ്മലാ, നീ
മേ പുത്രഃ ഭവ	എന്റെ പുത്രനായി പിറക്കണം'
ഇതി	എന്ന്
അസൗ ത്വയാ യാചിതഃ	ഇദ്ദേഹത്തോട് അങ്ങ് യാചിച്ചു.
ഭൂതഭാവനഃ ഭഗവാൻ	ജഗത്കാരണനായ ഭഗവാൻ
'തഥാ ഇതി' ഉക്ത്വാ	'അങ്ങനെതന്നെ' എന്ന് അരുളിച്ചെയ്തു.
അദ്യ തേ പുത്രഃ ജാതഃ	ഇന്ന് അവിടത്തെ പുത്രനായി പിറന്ന
രാമഃ സ ഏവ ഹി	രാമൻ ആ ഭഗവാൻതന്നെയാണ്.
രാജൻ	രാജാവേ
ശേഷഃ തു ലക്ഷ്മണഃ	ആദിശേഷൻ ലക്ഷ്മണനായി
രാമം ഏവ അന്വപദ്യത	രാമനെ അനുഗമിച്ചു.

ജാതൗ ഭരതശത്രുഘ്നൗ ശംഖചക്രേ ഗദാഭൃതഃ
യോഗമായാപി സീതേതി ജാതാ ജനകനന്ദിനീ. 18

ഗദാ ഭൃതഃ	ഗദാധാരിയായ ഭഗവാന്റെ
ശംഖചക്രേ	(ആയുധമായ) ശംഖചക്രങ്ങൾ
ഭരതശത്രുഘ്നൗ ജാതൗ	ഭരതശത്രുഘ്നന്മാരായവതരിച്ചു.
യോഗമായാ അപി	ഭഗവാന്റെ യോഗമായയാണ്
ജനകനന്ദിനീ	ജനകപുത്രിയായ
സീതാ ഇതി	സീതയായി
ജാതാ	ജനിച്ചിരിക്കുന്നത്.

വിശ്വാമിത്രോഽപി രാമായ താം യോജയിതുമാഗതഃ
ഏതദ് ഗുഹ്യ തമം രാജന്ന വക്തവ്യം കദാചന. 19

വിശ്വാമിത്ര അപി രാമായ	വിശ്വാമിത്രനാകട്ടെ രാമനുമായി
താം യോജയിതും	അവളെ കൂട്ടിചേർക്കാൻ
ആഗതഃ	വന്നിരിക്കുന്നു.
രാജൻ, ഏതദ് ഗുഹ്യതമം	രാജാവേ, ഇതു് പരമരഹസ്യമാണ്.
കദാചന ന വക്തവ്യം	ഒരിക്കലും പറഞ്ഞുകൂടാ.

അതഃ പ്രീതേന മനസാ പൂജയിത്വാഥ കൗശികം
പ്രേഷയസ്വ രമാനാഥം രാഘവം സഹലക്ഷ്മണം. 20

അതഃ പ്രീതേന മനസാ	അതുകൊണ്ട് പ്രീതമായ മനസ്സോടെ
കൗശികം പൂജയിത്വാ	വിശ്വാമിത്രനെ സൽക്കരിച്ച്
രമാനാഥം രാഘവം	ലക്ഷ്മീപതിയായ രാമനെ
സഹലക്ഷ്മണം	ലക്ഷ്മണനോടൊപ്പം
പ്രേഷയസ്വ	അദ്ദേഹത്തിന്റെകൂടെ അയയ്ക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസിഷ്ഠേനൈവമുക്തസ്തു രാജാ ദശരഥസ്തദാ
കൃതകൃത്യമിവാത്മാനം മേനേ പ്രമുദിതാന്തരഃ. 21

ഏവം വസിഷ്ഠേന	ഇങ്ങനെ വസിഷ്ഠനാൽ
ഉക്തഃ	ഉപദേശിക്കപ്പെട്ട
രാജാ ദശരഥഃ തദാ	ദശരഥരാജാവ് അപ്പോൾ
പ്രമുദിതാന്തരഃ ആത്മാനം	ഉള്ളിൽ സന്തോഷം പൂണ്ട് തന്നെ
കൃതകൃത്യം ഇവ മേനേ	കൃതകൃത്യനായി കരുതുകയും ചെയ്തു.

ആഹൂയ രാമരാമേതി ലക്ഷ്മണേതി ച സാദരം
ആലിംഗ്യ മൂർദ്ധ്‌ന്യവഘ്രായ കൗശികായ സമർപ്പയത്. 22

സാദരം	സ്നേഹവാത്സല്യത്തോടെ
രാമ, രാമ ഇതി	'രാമ, രാമ' എന്നും
ലക്ഷ്മണ ഇതി ച	'ലക്ഷ്മണ' എന്നും
ആഹൂയ	വിളിച്ച് (അവരെ വരുത്തി)
ആലിംഗ്യ	മാറോടണച്ച്
മൂർദ്ധ്നി അവഘ്രായ	തലയിൽ ചുംബിച്ച്
കൗശികായ സമർപ്പയത്	വിശ്വാമിത്രന് ഏല്പിച്ചുകൊടുത്തു.

തതോ ഽതിഹൃഷ്ടോ ഭഗവാൻ വിശ്വാമിത്രഃ പ്രതാപവാൻ
ആശീർഭിരഭിനന്ദ്യാഥ ആഗതൗ രാമലക്ഷ്മണൗ. 23

പ്രതാപവാൻ	പ്രതാപിയായ
ഭഗവാൻ വിശ്വാമിത്രഃ	വിശ്വാമിത്രമഹർഷി
അതിഹൃഷ്ടഃ	അതിസന്തോഷത്തോടെ
തതഃ ആശീർഭിഃ	പിന്നെ ആശംസാവാക്കുകളാൽ
അഭിനന്ദ്യ	(അവരെ) അഭിനന്ദിച്ചു.
അഥ രാമലക്ഷ്മണൗ	അപ്പോഴേക്കും രാമലക്ഷ്മണന്മാർ
ആഗതൗ	എത്തി.

ഗൃഹീത്വാ ചാപതൂണീരബാണഖഡ്ഗധരൗ യയൗ
കിഞ്ചിദ്ദേശമതിക്രമ്യ രാമമാഹൂയ ഭക്തിതഃ. 24

ദദൗ ബലാം ചാതിബലാം വിദ്യേ ദ്വേ ദേവനിർമ്മിതേ
യയോർഗ്രഹണമാത്രേണ ക്ഷുത്ക്ഷാമാദി ന ജായതേ. 25

ചാപതൂണീരബാണ-ഖഡ്ഗധരൗ	വില്ല്, തൂണീരം, അമ്പ്, വാൾ തുടങ്ങിയ ആയുധങ്ങളും ധരിച്ച
ഗൃഹീത്വാ യയൗ	അവരെയുംകൂട്ടി (വിശ്വാമിത്രൻ) യാത്രയായി.
കിഞ്ചിത് ദേശം അതിക്രമ്യ	അല്പദൂരം ചെന്നപ്പോൾ വിശ്വാമിത്രൻ
ഭക്തിതഃ രാമം ആഹൂയ	ഭക്തിയോടെ രാമനെ വിളിച്ച്
ദേവനിർമ്മിതേ	ദേവന്മാർ നിർമ്മിച്ച
ബലാം അതിബലാം ച ദ്വേ വിദ്യേ ദദൗ	ബല, അതിബല എന്ന രണ്ടു വിദ്യകൾ ഉപദേശിച്ചുകൊടുത്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യയോഃ ഗ്രഹണ മാത്രേണ	ആ വിദ്യകളെ ഗ്രഹിച്ചാൽത്തന്നെ
ക്ഷുത് ക്ഷാമാദി ന ജായതേ	വിശപ്പും ക്ഷീണവും ഉണ്ടാകാറില്ല.

തത ഉത്തീര്യ ഗംഗാം തേ താടകാവനമാഗമൻ
വിശ്വാമിത്രസ്തദാ പ്രാഹ രാമം സത്യപരാക്രമം. 26

തതഃ ഗംഗാം ഉത്തീര്യ	പിന്നെ ഗംഗ കടന്ന്
തേ താടകാവനം അഗമൻ	അവർ താടകാവനത്തിൽ എത്തി.
തദാ വിശ്വാമിത്രഃ	അപ്പോൾ വിശ്വാമിത്രൻ
സത്യപരാക്രമം	സത്യവാനും പരാക്രമിയുമായ
രാമം പ്രാഹ	രാമനോട് ഇങ്ങനെ പറഞ്ഞു.

അത്രാസ്തി താടകാ നാമ രാക്ഷസീ കാമരൂപിണീ
ബാധതേ ലോകമഖിലം ജഹി താമവിചാരയൻ. 27

അത്ര താടകാ നാമ	ഇവിടെ താടക എന്നു പേരായ
കാമരൂപിണീ	കാമരൂപിണിയായ
രാക്ഷസീ അസ്തി	രാക്ഷസിയുണ്ട്.
അഖിലം ലോകം	അവൾ സകലലോകത്തേയും
ബാധതേ	ഉപദ്രവിക്കുന്നു.
അവിചാരയൻ താം ജഹി	ഒട്ടും മടിക്കാതെ അവളെ കൊന്നുകളയൂ.

തഥേതി ധനുരാദായ സഗുണം രഘുനന്ദനഃ
ടങ്കാരമകരോത്തേന ശബ്ദേനാപൂരയദ്വനം. 28

രഘുനന്ദനഃ 'തഥാ ഇതി'	രാമൻ, 'അങ്ങനെതന്നെ' എന്ന്
സഗുണം ധനുഃ ആദായ	ഞാൺ പൂട്ടിയ വില്ലെടുത്ത്
ടങ്കാരം അകരോത്	ഞാണൊലി പുറപ്പെടുവിച്ചു.
തേന ശബ്ദേന	ആ ശബ്ദം കൊണ്ട്
വനം ആപൂരയത്	വനം നിറച്ചു.

തച്ഛ്രുത്വാഽസഹമാനാ സ താടകാ ഘോരരൂപിണീ
ക്രോധസംമൂർച്ഛിതാ രാമമഭിദുദ്രാവ മേഘവത്. 29

ഘോരരൂപിണീ സാ താടകാ	ഘോരരൂപിണിയായ താടക
തത് ശ്രുത്വാ	ഞാണൊലി കേട്ട്
അസഹമാനാ	സഹിക്കവയ്യാതെ
ക്രോധസംമൂർച്ഛിതാ	കോപാവേശത്തോടെ
മേഘവത്	മേഘംപോലെ
രാമം അഭിദുദ്രാവ	രാമന്റെനേരെ ഓടി.

താമേകേന ശരേണാശു താഡയാമാസ വക്ഷസി
പപാത വിപിനേ ഘോരാ വമന്തീ രുധിരം ബഹു. 30

ആശു ഏകേന ശരേണ	ഉടൻതന്നെ ഒരു ബാണം (രാമൻ)
താം വക്ഷസി താഡയാമാസ	അവളുടെ മാറത്തേക്ക തൊടുത്തുവിട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘോരരം ബഹുരുധിരം	ആ ഭയങ്കരി ധാരധാരയായി ചോര
വമന്തീ വിപിനേ	ഒലിപ്പിച്ചുകൊണ്ടു് കാട്ടിൽ
പപാത	വീണുപോയി.

തതോഽതിസുന്ദരീ യക്ഷീ സർവ്വാഭരണഭൂഷിതാ
ശാപാത് പിശാചതാം പ്രാപ്താ മുക്താ രാമപ്രസാദതഃ 31

നത്വാ രാമം പരിക്രമ്യ ഗതാ രാമാജ്ഞയാ ദിവം. 32

തതഃ ശാപാത്	അതിനുശേഷം ശാപംകൊണ്ടു്
പിശാചതാം പ്രാപ്താ	രാക്ഷസിയായിപ്പോയ
യക്ഷീ	ആ യക്ഷി
രാമപ്രസാദതഃ	രാമന്റെ അനുഗ്രഹംകൊണ്ടു്
മുക്താ	മോചനം നേടി.
അതിസുന്ദരീ	അതിസുന്ദരിയും
സർവ്വാഭരണഭൂഷിതാ	ആഭരണങ്ങളാൽ അലംകൃതയുമായിത്തീർന്ന അവൾ
രാമം പരിക്രമ്യ നത്വാ	രാമനെ പ്രദക്ഷിണംചെയ്തു വന്ദിച്ച്
രാമാജ്ഞയാ	അദ്ദേഹത്തിന്റെ അനുമതിയോടെ
ദിവം ഗതാ	സ്വർഗ്ഗത്തേക്കു പോയി.

തതോഽതിഹൃഷ്ടഃ പരിരഭ്യ രാമം
മൂർദ്ധന്യവഘ്രായ വിചിന്ത്യ കിഞ്ചിത്
സർവ്വാസ്ത്രജാലം സരഹസ്യമന്ത്രം
പ്രീത്യാഭിരാമായ ദദൗ മുനീന്ദ്രഃ. 33

തതഃ അതിഹൃഷ്ടഃ മുനീന്ദ്രഃ	അതീവസന്തുഷ്ടനായ മാമുനി
രാമം പരിരഭ്യ	രാമനെ വാരിപ്പുണർന്നു്
മൂർദ്ധനി അവഘ്രായ	നിറുകയിൽ ചുംബിച്ചു.
കിഞ്ചിത് വിചിന്ത്യ	അല്പം ചിന്തിച്ചിട്ടു്
സരഹസ്യമന്ത്രം	ഗൂഢമന്ത്രങ്ങളോടൊപ്പം
സർവ്വാസ്ത്രജാലം പ്രീത്യാ	പ്രേമപൂർവ്വം എല്ലാ ദിവ്യാസ്ത്രങ്ങളും
അഭിരാമായ ദദൗ	രാമകുമാരനു് പ്രദാനംചെയ്യുകയും ചെയ്തു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ബാലകാണ്ഡേ ചതുർത്ഥഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ ശ്രീമദ് അധ്യാത്മരാമായണത്തിലെ ബാലകാണ്ഡം നാലാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം അഞ്ചു്

യാഗരക്ഷ, അഹല്യോദ്ധാരണം

ശ്രീമഹാദേവ ഉവാച: പരമശിവൻ പറഞ്ഞു

തത്ര കാമാശ്രമേ രമ്യേ കാനനേ മുനി സങ്കുലേ
ഉഷിത്വാ രജനീമേകാം പ്രഭാതേ പ്രസ്ഥിതാഃ ശനൈഃ. 1

തത്ര മുനി സങ്കുലേ	അവിടെ മുനിമാർ തിങ്ങിപ്പാർക്കുന്ന
രമ്യേ കാമാശ്രമേ കാനനേ	രമ്യമായ കാമാശ്രമം എന്ന വനത്തിൽ
ഏകാം രജനീം ഉഷിത്വാ	ഒരു രാത്രി കഴിച്ചിട്ടു്
പ്രഭാതേ	പ്രഭാതത്തിൽ (അവർ)
ശനൈഃ പ്രസ്ഥിതാഃ	മന്ദം യാത്രയായി.

സിദ്ധാശ്രമം ഗതാഃ സർവ്വേ സിദ്ധചാരണസേവിതം
വിശ്വാമിത്രേണ സംദിഷ്ടാ മുനയസ്തന്നിവാസിനഃ. 2

പൂജാം ച മഹതീം ചക്രുഃ രാമലക്ഷ്മണയോർദ്രുതം
ശ്രീരാമഃ കൗശികം പ്രാഹ മുനേ ദീക്ഷാം പ്രവിശ്യതാം. 3

സിദ്ധചാരണസേവിതം	സിദ്ധന്മാരും ചാരണരും നിറഞ്ഞ
സിദ്ധാശ്രമം സർവ്വേ ഗതാഃ	സിദ്ധാശ്രമത്തിൽ എല്ലാവരും എത്തി.
തന്നിവാസിനഃ മുനയഃ	അവിടെ പാർക്കുന്ന മുനിമാർ
വിശ്വാമിത്രേണ	വിശ്വാമിത്രന്റെ നിർദ്ദേശം
സംദിഷ്ടാഃ	അനുസരിച്ചു്
ദ്രുതം	ഉടൻതന്നെ
രാമലക്ഷ്മണയോഃ	രാമലക്ഷ്മണന്മാർക്കു്
മഹതീം	മഹത്തായ
പൂജാം ചക്രുഃ	പൂജചെയ്തു.
മുനേ, ദീക്ഷാം	'മഹർഷേ, ഇനി യാഗത്തിലേക്ക
പ്രവിശ്യതാം	കടക്കാം'
(ഇതി) ശ്രീരാമഃ കൗശികം	എന്നു് രാമൻ വിശ്വാമിത്രനു
പ്രാഹ	നിർദ്ദേശം നല്കി.

ദർശയസ്വ മഹാഭാഗ കുതസ്തൗ രാക്ഷസാധമൗ
തഥേത്യുക്ത്വാ മുനിര്യഷ്ടുമാരേഭേ മുനിഭിഃ സഹ. 4

മഹാഭാഗ	'മഹാശയ,
തൗ രാക്ഷസാധമൗ കുതഃ	ആ രാക്ഷസാധമന്മാർ എവിടെ?
ദർശയസ്വ	കാണിച്ചുതരു' (എന്നു് രാമൻ ആവശ്യപ്പെട്ടപ്പോൾ)
മുനിഃ	വിശ്വാമിത്രൻ,
'തഥാ ഇതി' ഉക്ത്വാ	'അങ്ങനെതന്നെ' എന്നു പറഞ്ഞു'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുനിഭിഃ സഹ	മററു മുനിമാരോടുകൂടെ
യഷ്ടും ആരേഭേ	യജ്ഞം ആരംഭിച്ചു.

മദ്ധ്യാഹ്നേ ദദൃശാതേ തൗ രാക്ഷസൗ കാമരൂപിണൗ
മാരീചശ്ച സുബാഹുശ്ച വർഷന്തൗ രുധിരാസ്ഥിനീ. 5

മദ്ധ്യാഹ്നേ	ഉച്ചയായപ്പോരം
കാമരൂപിണൗ	ഇഷ്ടാനുസരണം രൂപം മാറുന്നവരും
രുധിരാസ്ഥിനീ	(യജ്ഞസ്ഥലത്തു്) ചോരയും അസ്ഥിയും
വർഷന്തൗ മാരീചഃ ച	വർഷിക്കുന്നവരുമായ മാരീചൻ,
സുബാഹുഃ	സുബാഹു എന്ന
ച തൗ രാക്ഷസൗ ദദൃശാതേ	രണ്ടു രാക്ഷസർ കാണപ്പെട്ടു.

രാമോഽപിധനുരാദായ ദ്വൗ ബാണൗ സന്ദധേ സുധീഃ
ആകർണ്ണാന്തം സമാകൃഷ്യ വിസസർജ്ജ തയോഃ പൃഥക്. 6

സുധീഃ രാമഃ അപി	ബുദ്ധിമാനായ രാമനും
ധനുഃ ആദായ	വില്ലെടുത്തു്
ആകർണ്ണാന്തം	കർണ്ണാന്തം ഞാണ്
സമാകൃഷ്യ സന്ദധേ	വലിച്ചുപിടിച്ചു.
ദ്വൗ ബാണൗ	രണ്ടു് അമ്പുകളും
തയോഃ പൃഥക്	അവർക്കുനേരെ വെവ്വേറെ
വിസസർജ്ജ	തൊടുത്തുവിട്ടു.

തയോരേകസ്തു മാരീചം ഭ്രാമയഞ്ഛതയോജനം
പാതയാമാസ ജലധൗ തദദ്ഭുതമിവാഭവത്. 7

തയോഃ ഏകഃ തു	അതിലൊരു ബാണം
മാരീചം ശതയോജനം	മാരീചനെ നൂറു യോജന
ഭ്രാമയൻ	പറപ്പിച്ചു്
ജലധൗ പാതയാമാസ	സമുദ്രത്തിൽ തള്ളി.
തത് അദ്ഭുതം ഇവ അഭവത	അതു് വലിയ അത്ഭുതമായിരുന്നു.

ദ്വിതീയോഽഗ്നിമയോ ബാണഃ സുബാഹുമജയത് ക്ഷണാത്
അപരേ ലക്ഷ്മണേനാശു ഹതാസ്തദനുയായിനഃ. 8

അഗ്നിമയഃ ദ്വിതീയഃ ബാണഃ	തീ ചിതറിയ രണ്ടാം ബാണം
ക്ഷണാത് സുബാഹും	നിമിഷത്തിൽ സുബാഹുവിനെ
അജയത്	ജയിച്ചു.
തദനുയായിനഃ അപരേ	അവരുടെ അനുയായികളെ ഒന്നാകെ
ലക്ഷ്മണേന ആശു ഹതാഃ	ലക്ഷ്മണൻ ക്ഷണംകൊണ്ടു വകവരുത്തി.

പുഷ്പൗഘൈരാകിരൻ ദേവാഃ രാഘവം സഹലക്ഷ്മണം
ദേവദുന്ദുഭയോ നേദുസ്തുഷ്ടുവുഃ സിദ്ധചാരണാഃ. 9

സഹലക്ഷ്മണം രാഘവം	ലക്ഷ്മണസമേതനായ രാമന്റെമേൽ
ദേവാഃ	ദേവന്മാർ
പുഷ്പൗഘൈഃ ആകിരൻ	പുഷ്പസമൂഹങ്ങളും വർഷിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവദുന്ദുഭയഃ നേദുഃ	ദേവദുന്ദുഭികൾ മുഴങ്ങി
സിദ്ധചാരണാഃ തുഷ്ടുവുഃ	സിദ്ധരും ചാരണന്മാരും സ്തുതിച്ചു.

വിശ്വാമിത്രസ്തു സംപൂജ്യ പൂജാർഹം രഘുനന്ദനം
അങ്കേ നിവേശ്യ ചാലിംഗ്യ ഭക്ത്യാ ബാഷ്പാകുലേക്ഷണഃ. 10

ഭോജയിത്വാ സഹ ഭ്രാത്രാ രാമം പക്വഫലാദിഭിഃ
പുരാണവാക്യൈർ മധുരൈർ നിനായ ദിവസത്രയം. 11

വിശ്വാമിത്രഃ തു പൂജാർഹം	വിശ്വാമിത്രനാകട്ടെ പൂജ്യനായ
രഘുനന്ദനം സംപൂജ്യ	രാഘവനെ സംപൂജിച്ച്
ഭക്ത്യാ ബാഷ്പാകുലേക്ഷണഃ	ഭക്തിയാൽ നിറഞ്ഞ കണ്ണുകളോടെ
അങ്കേ നിവേശ്യ	മടിയിലിരുത്തി
ആലിംഗ്യ ച	ആലിംഗനംചെയ്തു.
ഭ്രാത്രാ സഹ രാമം	സഹോദരനോടുകൂടെ രാമനെ
പക്വഫലാദിഭിഃ	പഴങ്ങളും മററും
ഭോജയിത്വാ	ഭുജിപ്പിച്ച്
മധുരൈഃ പുരാണവാക്യൈഃ	മധുരങ്ങളായ പുരാണകഥകളും പറഞ്ഞ്
ദിവസത്രയം നിനായ	മൂന്നുദിവസം കഴിച്ചു.

ചതുർത്ഥേ / ഹനിസംപ്രാപ്തേ കൗശികോ രാമമബ്രവീത്
രാമ രാമ മഹായജ്ഞം ദ്രഷ്ടും ഗച്ഛാമഹേ വയം. 12

ചതുർത്ഥേ അഹനി	നാലാംദിനമായപ്പോൾ
സംപ്രാപ്തേ കൗശികഃ	വിശ്വാമിത്രൻ
രാമം അബ്രവീത്	രാമനോടു പറഞ്ഞു:
രാമ, രാമ,	രാമാ,
വയം മഹായജ്ഞം	നമുക്ക് മഹായജ്ഞം
ദ്രഷ്ടും ഗച്ഛാമഹേ	കാണാൻ പോകാം.

വിദേഹരാജനഗരേ ജനകസ്യ മഹാത്മനഃ
തത്ര മാഹേശ്വരം ചാപമസ്തി ന്യസ്തം പിനാകിനാ. 13

തത്ര മഹാത്മനഃ	അവിടെ മഹാത്മാവായ
ജനകസ്യ	ജനകന്റെ
വിദേഹരാജനഗരേ	വിദേഹരാജനഗരിയിൽ
പിനാകിനാ മാഹേശ്വരം	പരമശിവൻ മഹേശ്വരചാപം
ചാപം ന്യസ്തം അസ്തി	വച്ചിട്ടുണ്ട്.

ദ്രക്ഷ്യസി ത്വം മഹാസത്ത്വം പൂജ്യസേ ജനകേന ച
ഇത്യുക്ത്വാ മുനിഭിസ്താഭ്യാം യയൗ ഗംഗാസമീപഗം. 14

ഗൗതമസ്യാശ്രമം പുണ്യം യത്രാഹല്യാ സ്ഥിതാ തപഃ
ദിവ്യപുഷ്പഫലോപേത പാദപൈഃ പരിവേഷ്ടിതം. 15

മൃഗപക്ഷിഗണൈർഹീനം നാനാജന്തുവിവർജ്ജിതം
ദൃഷ്ട്വോവാച മുനിം ശ്രീമാൻ രാമോ രാജീവലോചനഃ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം മഹാസത്വം	നിനക്കു് മഹാബലവത്തായ ആ വില്ല്
ദ്രക്ഷ്യസി	കാണാം.
ജനകേന പൂജ്യസേ ച	ജനകൻ (നിന്നെ) ബഹുമാനിക്കയും ചെയ്യും
ഇതി ഉക്ത്വാ	ഇങ്ങനെ പറഞ്ഞു് (വിശ്വാമിത്രൻ)
താഭ്യാം മുനിഭിഃ	അവരോടും മുനിമാരോടുംകൂടെ
ഗംഗാസമീപഗം	ഗംഗയുടെ സമീപത്തുള്ള
ഗൗതമസ്യ പുണ്യം ആശ്രമം	ഗൗതമന്റെ പുണ്യാശ്രമത്തിലേക്കു
യയൗ	പോയി.
യത്ര അഹല്യാ	അവിടെയാണു് അഹല്യ
തപഃ സ്ഥിതാ	തപസ്സിരിക്കുന്നതു്.
ദിവ്യപുഷ്പഫലോപേതം	ആ സ്ഥലം ദിവ്യപുഷ്പങ്ങളും ഫലങ്ങളും
പാദപൈഃ	ഏന്തിയ മരങ്ങൾ
പരിവേഷ്ടിതം	നിറഞ്ഞതാണു്.
മൃഗപക്ഷിഗണൈഃ ഹീനം	പക്ഷിമൃഗങ്ങൾ അവിടെയില്ല.
നാനാജന്തുവിവർജ്ജിതം	നാനാജന്തുക്കളെ വെടിഞ്ഞിരിക്കുന്നു.
ശ്രീമാൻ രാജീവലോചനഃ	ഐശ്വര്യശാലിയും കമലനയനനുമായ
രാമഃ ദൃഷ്ട്വാ	രാമൻ അതു കണ്ടിട്ട്
മുനിം ഉവാച	മുനിയോടു ചോദിച്ചു.

കസ്യൈതദാശ്രമപദം ഭാതി ഭാസ്വച്ഛുഭം മഹത്
പത്രപുഷ്പഫലൈര്യുക്തം ജന്തുഭിഃ പരിവർജ്ജിതം. 17

ഭാസ്വത് ശുഭം	ശോഭയേറിയതും ശുഭകരവും
മഹത്	വിസ്തൃതവും
പത്രപുഷ്പഫലൈഃ	ഇലയും പൂവും കായും
യുക്തം	നിറഞ്ഞതെങ്കിലും
ജന്തുഭിഃ പരിവർജ്ജിതം	ജന്തുക്കളാൽ വെടിഞ്ഞുകളഞ്ഞതുമായ
ഏതദ് ആശ്രമപദം കസ്യ	ഈ ആശ്രമം ആരുടെയാണു്?

ഭാതി

ആഹ്ലാദയതി മേ ചേതോ ഭഗവൻ ബ്രൂഹി തത്വതഃ. 18

മേ ചേതഃ	ഇതെന്റെ മനസ്സിനെ
ആഹ്ലാദയതി	ആഹ്ലാദിപ്പിക്കുന്നു.
ഭഗവൻ, തത്വതഃ	ഭഗവൻ, എനിക്കു ശരിയായി
ബ്രൂഹി	പറഞ്ഞുതരണം.

വിശ്വാമിത്ര ഉവാച: വിശ്വാമിത്രൻ പറഞ്ഞു

ശൃണു രാമ പുരാവൃത്തം ഗൗതമോ ലോകവിശ്രുതഃ
സർവ്വധർമ്മഭൃതാം ശ്രേഷ്ഠസ്തപസാരാധയൻ ഹരിം. 19

രാമ, പുരാവൃത്തം ശൃണു	രാമാ, പഴയ കഥ കേട്ടുകൊള്ളുക.
സർവ്വധർമ്മഭൃതാം ശ്രേഷ്ഠഃ	എല്ലാ ധർമ്മജ്ഞരിലും ശ്രേഷ്ഠനും
ലോകവിശ്രുതഃ ഗൗതമഃ	ലോകപ്രസിദ്ധനുമായ ഗൗതമമുനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരിം തപസാ	വിഷ്ണുവിനെ തപസ്സാൽ
ആരാധയൻ (സ്ഥിതഃ)	ആരാധനചെയ്ത് ഇവിടെ പാർത്തിരുന്നു.

തസ്മൈ ബ്രഹ്മാ ദദൗ കന്യാമഹല്യാം ലോകസുന്ദരീം
ബ്രഹ്മചര്യേണ സന്തുഷ്ടഃ ശുശ്രൂഷണപരായണാം. 20

ബ്രഹ്മചര്യേണ സന്തുഷ്ടഃ	(അദ്ദേഹത്തിന്റെ) ബ്രഹ്മചര്യനിഷ്ഠയിൽ സന്തോഷിച്ച്
ബ്രഹ്മാ ശുശ്രൂഷണപരായണാം ലോകസുന്ദരീം അഹല്യാം കന്യാം	ബ്രഹ്മാവ് ശുശ്രൂഷയിൽ തൽപരയും അതിസുന്ദരിയുമായ അഹല്യ എന്ന കന്യകയെ
തസ്മൈ ദദൗ	(തന്റെ മകളെ) അദ്ദേഹത്തിന് ദാനംചെയ്തു.

തയാ സാർദ്ധമിഹാവാത്സീത് ഗൗതമസ്തപതാം വരഃ
ശക്രസ്തു താം ധർഷയിതുമന്തരം പ്രേപ്സുരന്വഹം. 21

തപതാം വരഃ ഗൗതമഃ	താപസശ്രേഷ്ഠനായ ഗൗതമൻ
തയാ സാർദ്ധം ഇഹ അവാത്സീത്	അവളോടൊപ്പം ഇവിടെ വസിച്ചിരുന്നു.
ശക്രഃ തു താം ധർഷയിതും അന്വഹം അന്തരം പ്രേപ്സുഃ	ഇന്ദ്രൻ അവളെ വഞ്ചിക്കാൻ എന്നും തക്കംനോക്കിയിരുപ്പായി.

കദാചിത് മുനിവേഷേണ ഗൗതമേ നിർഗ്ഗതേ ഗൃഹാത്
ധർഷയിത്വാഥ നിരഗാത് ത്വരിതം മുനിരപ്യഗാത്. 22

അഥ കദാചിത് ഗൗതമേ ഗൃഹാത് നിർഗ്ഗതേ	പിന്നൊരിക്കൽ ഗൗതമൻ വീട്ടിൽനിന്നു പുറത്തുപോയപ്പോൾ
മുനിവേഷേണ താം ധർഷയിത്വാ നിരഗാത്	ഗൗതമവേഷംപൂണ്ട് (ഇന്ദ്രൻ) അവളെ വഞ്ചിച്ചിട്ട് കടന്നുകളഞ്ഞു.
മുനിഃ അപി ത്വരിതം അഗാത്	മുനിയും അപ്പോൾത്തന്നെ വന്നുചേർന്നു.

ദൃഷ്ട്വാ യാന്തം സ്വരൂപേണ മുനിഃ പരമകോപനഃ
പപ്രച്ഛ കസ്ത്വം ദുഷ്ടാത്മൻ മമ രൂപധരോഽധമഃ. 23

സ്വരൂപേണ യാന്തം ദൃഷ്ട്വാ പരമകോപനഃ മുനിഃ പപ്രച്ഛ ദുഷ്ടാത്മൻ, മമ രൂപധരഃ അധമഃ ത്വം കഃ	തന്റെ വേഷംപൂണ്ട് ഒരാൾ പോകുന്നതു കണ്ട് അടങ്ങാത്ത കോപത്തോടെ മുനി ചോദിച്ചു. ദുഷ്ട, എന്റെ രൂപം ധരിച്ച അധമനായ നീ ആരാണ്?

സത്യം ബ്രൂഹി ന ചേദ് ഭസ്മകരിഷ്യാമി ന സംശയഃ
സോഽബ്രവീദ്ദേവരാജോഽഹം പാഹി മാം കാമകിങ്കരം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്യം ബ്രൂഹി	സത്യം പറഞ്ഞാലും.
ന ചേദ് ഭസ്മീകരിഷ്യാമി	അല്ലെങ്കിൽ ഭസ്മമാക്കിക്കളയും.
ന സംശയഃ	സംശയമേ വേണ്ട.
സഃ അബ്രവീത്	അവൻ പറഞ്ഞു.
അഹം ദേവരാജഃ	ഞാൻ ദേവരാജാവാണ്. (ഇന്ദ്രൻ)
കാമകിങ്കരം മാം പാഹി	കാമകിങ്കരനായ എന്നെ രക്ഷിക്കണം.

കൃതം ജുഗുപ്സിതം കർമ്മ മയാ കുത്സിതചേതസാ
ഗൗതമഃ ക്രോധതാമ്രാക്ഷഃ ശശാപ ദിവിജാധിപം. 25

കുത്സിതചേതസാ മയാ	ദുഷിതചിത്തനായ ഞാൻ
ജുഗുപ്സിതം കർമ്മ കൃതം	നിന്ദ്യകർമ്മം ചെയ്തു.
ക്രോധതാമ്രാക്ഷഃ ഗൗതമഃ	കോപംകൊണ്ടു ചുവന്ന കണ്ണുകളോടെ ഗൗതമൻ
ദിവിജാധിപം ശശാപ	ഇന്ദ്രനെ ശപിച്ചു.

യോനിലമ്പട ദുഷ്ടാത്മൻ സഹസ്രഭഗവാൻ ഭവ
ശപ്ത്വാ തം ദേവരാജാനം പ്രവിശ്യ സ്വാശ്രമം ദ്രുതം. 26

യോനിലമ്പട, ദുഷ്ടാത്മൻ	യോനിയിൽ അത്യാശയുള്ള ദുരാത്മാവേ
സഹസ്രഭഗവാൻ ഭവ	നീ ആയിരം ഭഗങ്ങളാൽ (യോനികൾ) ഉള്ളവനാകട്ടെ
തം ദേവരാജാനം ശപ്ത്വാ	ആ ദേവരാജനെ ഇങ്ങനെ ശപിച്ചിട്ട്
ദ്രുതം സ്വാശ്രമം പ്രവിശ്യ	പെട്ടെന്നു തന്റെ ആശ്രമത്തിലേക്കു കയറി.

ദൃഷ്ട്വാഹല്യാം വേപമാനാം പ്രാഞ്ജലിം ഗൗതമോ/ബ്രവീത്
ദുഷ്ടേ ത്വം തിഷ്ഠ ദുർവൃത്തേ ശിലായാമാശ്രമേ മമ. 27

വേപമാനാം പ്രാഞ്ജലിം	വിറപൂണ്ടു കൈകൂപ്പിനില്ക്കുന്ന
അഹല്യാം ദൃഷ്ട്വാ	അഹല്യയെ നോക്കി
ഗൗതമഃ അബ്രവീത്	ഗൗതമൻ പറഞ്ഞു.
ദുഷ്ടേ, ദുർവൃത്തേ,	ദുഷ്ടേ, ദുർന്നടത്തക്കാരീ,
മമ ആശ്രമേ	എന്റെ ആശ്രമത്തിലെ
ശിലായാം ത്വം തിഷ്ഠ	കല്ലിൽ നീ കഴിഞ്ഞുകൊള്ളുക.

നിരാഹാരാ ദിവാരാത്രം തപഃ പരമമാസ്ഥിതാ
ആതപാനിലവർഷാദി സഹിഷ്ണുഃ പരമേശ്വരം. 28

ധ്യായന്തീ രാമമേകാഗ്രമനസാ ഹൃദി സംസ്ഥിതം
നാനാജന്തുവിഹീനോ/യമാശ്രമോ മേ ഭവിഷ്യതി. 29

നിരാഹാരാ	ആഹാരം കൂടാതെ
ദിവാരാത്രം പരമം	രാവും പകലും
തപഃ ആസ്ഥിതാ	ഘോരതപസ്സിൽ മുഴുകി
ആതപാനിലവർഷാദി സഹിഷ്ണുഃ	ചൂടും കാററും മഴയും സഹിച്ച്
പരമേശ്വരം	പരമേശ്വരനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹൃദി സംസ്ഥിതം രാമം	ഹൃദയസ്ഥിതനുമായ രാമനെ
ഏകാഗ്രമനസാ ധ്യായന്തീ	ഏകാഗ്രതയോടെ ധ്യാനിച്ചുകൊള്ളു
മേ അയം ആശ്രമഃ	എന്റെ ഈ ആശ്രമം
നാനാജന്തുവിഹീനഃ ഭവിഷ്യതി	എല്ലാ ജന്തുക്കളുമൊഴിഞ്ഞതായിത്തീരും.

ഏവം വർഷസഹസ്രേഷു ഹ്യനേകേഷു ഗതേഷു ച
രാമോ ദാശരഥിഃ ശ്രീമാനാഗമിഷ്യതി സാനുജഃ. 30

ഏവം അനേകേഷു	ഇങ്ങനെ അനേകായിരം
വർഷസഹസ്രേഷു	വർഷങ്ങൾ
ഗതേഷു ച	കഴിയുമ്പോൾ
ശ്രീമാൻ ദാശരഥിഃ രാമഃ	ശ്രീമാനായ ദാശരഥി രാമൻ
സാനുജഃ	അനുജനോടുകൂടെ
ആഗമിഷ്യതി	വന്നുചേരും.

യദാ ത്വദാശ്രയശിലാം പാദാഭ്യാമാക്രമിഷ്യതി
തദൈവ ധൂതപാപാ ത്വം രാമം സംപൂജ്യ ഭക്തിതഃ. 31

പരിക്രമ്യ നമസ്കൃത്യ സ്തുത്വാ ശാപാദ് വിമോക്ഷ്യസേ
പൂർവ്വവന്മമ ശുശ്രൂഷാം കരിഷ്യസി യഥാസുഖം. 32

സഃ യദാ ത്വദാശ്രയശിലാം	അദ്ദേഹം എപ്പോൾ നിനക്കാശ്രയമായ ശിലയെ
പാദാഭ്യാം ആക്രമിഷ്യതി	പാദംകൊണ്ടു സ്പർശിക്കുമോ
തദാ ഏവ	അപ്പോൾത്തന്നെ
ധൂതപാപാ ത്വം	പാപങ്ങളെല്ലാം പോയി നീ
രാമം ഭക്തിതഃ സംപൂജ്യ	രാമനെ ഭക്തിയോടെ പൂജിച്ച്
പരിക്രമ്യ നമസ്കൃത്യ	വലംവച്ച് വണങ്ങി
സ്തുത്വാ	സ്തുതിച്ച്
ശാപാദ് വിമോക്ഷ്യസേ	ശാപമോക്ഷം നേടും.
പൂർവ്വവത് യഥാസുഖം	(അങ്ങനെ) പണ്ടത്തെപ്പോലെ വീണ്ടും
മമ ശുശ്രൂഷാം	സുഖമായി എന്റെ ശുശ്രൂഷ
കരിഷ്യസി	ചെയ്യും.

ഇത്യുക്ത്വാ ഗൗതമഃ പ്രാഗാദ് ഹിമവന്തം നഗോത്തമം
തദാദ്യഹല്യാ ഭൂതാനാമദൃശ്യാ സ്വാശ്രമേ ശുഭേ. 33

തവ പാദരജഃസ്പർശം കാംക്ഷതേ പവനാശനാ
ആസ്തേ/ദ്യാപി രഘുശ്രേഷ്ഠ, തപോ ദുഷ്കരമാസ്ഥിതാ. 34

ഇതി ഉക്ത്വാ ഗൗതമഃ	ഇങ്ങനെ പറഞ്ഞ് ഗൗതമൻ
നഗോത്തമം ഹിമവന്തം	പർവ്വതോത്തമനായ ഹിമവാനിലേക്ക
പ്രാഗാത്. രഘുശ്രേഷ്ഠ,	പോയി. രഘുശ്രേഷ്ഠാ,
അഹല്യാ തദാദി	അഹല്യ അന്നുമുതൽ
ഭൂതാനാം അദൃശ്യാ	ജീവികൾക്ക കാണാൻ പറ്റാതെ
ശുഭേ സ്വാശ്രമേ	തന്റെ ശോഭനമായ ആശ്രമത്തിൽ
തവ പാദരജഃസ്പർശം	അങ്ങയുടെ കാലടിപ്പൊടി തൊടാൻ
കാംക്ഷതേ	കൊതിച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പവനാശനാ	വായുമാത്രം ഭക്ഷിച്ച്
ദുഷ്കരം തപഃ ആസ്ഥിതാ	ദുഷ്കരമായ തപോനിഷ്ഠയിൽ
അദ്യാപി ആസ്തേ	ഇന്നും കഴിയുന്നു.

പാവയസ്വ മുനേർ ഭാര്യാമഹല്യാം ബ്രഹ്മണഃ സുതാം
ഇത്യുക്ത്വാ രാഘവം ഹസ്തേ ഗൃഹീത്വാ മുനിപുംഗവഃ. 35

ദർശയാമാസ ചാഹല്യാമുഗ്രേണ തപസാ സ്ഥിതാം
രാമഃ ശിലാം പദാസ്പൃഷ്ട്വാ താം ചാപശ്യത്തപോധനാം. 36

ബ്രഹ്മണഃ സുതാം	ബ്രഹ്മാവിന്റെ മകളും
മുനേഃ ഭാര്യാം അഹല്യാം	മുനിപത്നിയുമായ അഹല്യയെ
പാവയസ്വ	പവിത്രയാക്കിയാലും.
ഇതി ഉക്ത്വാ	ഇങ്ങനെ പറഞ്ഞ്
രാഘവം ഹസ്തേ ഗൃഹീത്വാ	രാമന്റെ കൈയുംപിടിച്ച്
മുനിപുങ്ഗവഃ	മുനിശ്രേഷ്ഠൻ (വിശ്വാമിത്രൻ)
ഉഗ്രേണ തപസാ സ്ഥിതാം	ഉഗ്രതപസ്സിൽ കഴിയുന്ന
അഹല്യാം ദർശയാമാസ	അഹല്യയെ കാട്ടിക്കൊടുത്തു.
രാമഃ ശിലാം പദാസ്പൃഷ്ട്വാ	രാമൻ കല്ല് കാലുകൊണ്ടു സ്പർശിച്ച്
താം തപോധനാം അപശ്യത്	ആ തപോധനയെ നോക്കി.

നനാമ രാഘവോഽഹല്യാം രാമോഽഹമിതി ചാബ്രവീത്
തതോ ദൃഷ്ട്വാ രഘുശ്രേഷ്ഠം പീതകൗശേയവാസസം. 37

ചതുർഭുജം ശംഖചക്രഗദാപങ്കജധാരിണം
ധനുർബാണധരം രാമം ലക്ഷ്മണേന സമന്വിതം. 38

രാഘവഃ അഹല്യാം നനാമ	രാമൻ അഹല്യയെ വന്ദിച്ചു.
അഹം രാമ ഇതി	'ഞാനാണ് രാമൻ'
അബ്രവീത് ച	എന്നു പറയുകയും ചെയ്തു.
തതഃ പീതകൗശേയവാസസം	അനന്തരം മഞ്ഞപ്പട്ടുടുത്ത
രഘുശ്രേഷ്ഠം ദൃഷ്ട്വാ	രാമനെ (അവൾ) കണ്ടു.
ചതുർഭുജം	നാലു കൈകൾ
ശംഖചക്രഗദാപങ്കജധാരിണം	ശംഖ്, ചക്രം, ഗദ, പങ്കജം ഇവ ധരിച്ചിരിക്കുന്നു.
ധനുർബാണധരം	വില്ലുമമ്പും എടുത്തിട്ടുണ്ട്.
ലക്ഷ്മണേന സമന്വിതം	ലക്ഷ്മണൻ കൂടെത്തന്നെ.

സ്മിതവക്ത്രം പദ്മനേത്രം ശ്രീവത്സാങ്കിതവക്ഷസം
നീലമാണിക്യസങ്കാശം ദ്യോതയന്തം ദിശോ ദശ. 39

സ്മിതവക്ത്രം	പുഞ്ചിരിക്കുന്ന മുഖം
പദ്മനേത്രം	കണ്ണുകൾ താമരപോലെ
ശ്രീവത്സാങ്കിതവക്ഷസം	'ശ്രീവത്സ'ത്തിന്റെ അടയാളമുള്ള മാറ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നീലമാണിക്യസങ്കാശം	നീലമാണിക്യക്കല്ലിന്റെ കാന്തി
ദശ ദിശഃ ദ്യോതയന്തം	പത്തുദിക്കും പ്രകാശിപ്പിക്കുന്നു.

ദൃഷ്ട്വാ രാമം രമാനാഥം ഹർഷവിസ്ഫാരിതേക്ഷണാ
ഗൗതമസ്യ വചഃ സ്മൃത്വാ ജ്ഞാത്വാ നാരായണം വരം. 40

സംപൂജ്യ വിധിവദ്രാമമർഘ്യാദിഭിരനിന്ദിതാ
ഹർഷാശ്രുജലനേത്രാന്താ ദണ്ഡവത് പ്രണിപത്യ സാ. 41

രമാനാഥം രാമം ദൃഷ്ട്വാ ഹർഷവിസ്ഫാരിതേക്ഷണാ	രമാകാന്തനായ രാമനെ ദർശിച്ചപ്പോൾ സന്തോഷംകൊണ്ട് അവളുടെ കണ്ണുകൾ വിടർന്നു
ഗൗതമസ്യ വചഃ സ്മൃത്വാ വരം നാരായണം ജ്ഞാത്വാ	ഗൗതമമുനിയുടെ വാക്കുകളോർത്തു വന്നിരിക്കുന്നതു് ഭഗവാൻ നാരായണനാണെന്നു മനസ്സിലാക്കി
അർഘ്യാദിഭിഃ രാമം വിധിവത് സംപൂജ്യ സാ അനിന്ദിതാ ഹർഷാശ്രുജലനേത്രാന്താ ദണ്ഡവത് പ്രണിപത്യ	അർഘ്യാദികൊണ്ട് രാമനെ യഥാവിധി പൂജിച്ച് ആ ആദരണീയയായ സ്ത്രീ സന്തോഷാശ്രു നിറഞ്ഞ നേത്രങ്ങളോടെ ദണ്ഡനമസ്കാരംചെയ്തു.

ഉത്ഥായ ച പുനർദൃഷ്ട്വാ രാമം രാജീവലോചനം
പുളകാങ്കിതസർവ്വാംഗാ ഗിരാ ഗദ്ഗദയൈലത. 42

ഉത്ഥായ പുനഃ രാജീവലോചനം രാമം ദൃഷ്ട്വാ പുളകാങ്കിതസർവ്വാംഗാ ഗദ്ഗദയാ ഗിരാ ഐലത	എഴുന്നേററിട്ട് വീണ്ടും താമരക്കണ്ണനായ രാമനെ നോക്കി. സർവ്വാംഗം രോമാഞ്ചം പൂണ്ട് ഗദ്ഗദവാക്കുകളിൽ സ്തുതിച്ചു.

അഹല്യാ ഉവാച: അഹല്യ പറഞ്ഞു

അഹോ കൃതാർത്ഥാസ്മി ജഗന്നിവാസ തേ
പദാബ്ജസംലഗ്ന രജഃ കണാദഹം
സ്പൃശാമി യത് പത്മജശങ്കരാദിഭിർ—
വിമൃഗ്യതേ രന്ധിതമാനസൈഃ സദാ. 43

ജഗന്നിവാസ	ജഗന്നിവാസാ,
തേ പദാബ്ജസംലഗ്ന രജഃ കണാത്	നിന്റെ പാദപത്മത്തിൽ പററിയ പൊടിയുടെ ലേശത്താൽ
അഹോ, അഹം കൃതാർത്ഥാ അസ്മി രന്ധിതമാനസൈഃ പത്മജശങ്കരാദിഭിഃ	അഹോ, ഞാൻ കൃതാർത്ഥയായി നിയന്ത്രിതചിത്തരായ ബ്രഹ്മാവ്, ശിവൻ തുടങ്ങിയവർ
യത് സദാ വിമൃഗ്യതേ തദ് സ്പൃശാമി	സദാ തേടുന്ന ആ (പാദധൂളി) ഞാനിതാ സ്പർശിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹോ വിചിത്രം തവ രാമ ചേഷ്ടിതം
മനുഷ്യഭാവേന വിമോഹിതം ജഗത്
ചലസ്യജസ്രം ചരണാദിവർജ്ജിതഃ
സമ്പൂർണ്ണ ആനന്ദമയോഽതിമായികഃ. 44

രാമ, തവചേഷ്ടിതം അഹോ വിചിത്രം!	രാമാ, നിന്റെ ലീലകൾ അതിവിചിത്രം!
മനുഷ്യഭാവേന ജഗത് വിമോഹിതം ചരണാദിവർജ്ജിതഃ അജസ്രം ചലസി	മനുഷ്യഭാവത്താൽ നീ ലോകത്തെ മോഹിപ്പിക്കുന്നു. കാലുകളില്ലാതെ നിരന്തരം സഞ്ചരിക്കുന്നു.
സമ്പൂർണ്ണഃ ആനന്ദമയഃ അതിമായികഃ	നീ പൂർണ്ണനും ആനന്ദമയനും മായികനുമാണ്.

യത്പാദപങ്കജപരാഗപവിത്രഗാത്രാ
ഭാഗീരഥീ ഭവവിരിഞ്ചിമുഖാൻ പുനാതി
സാക്ഷാത് സ ഏവ മമ ദൃഗ്വിഷയോ യദാസ്തേ
കിം വർണ്ണ്യതേ മമ പുരാകൃതഭാഗധേയം. 45

യത് പാദപങ്കജപരാഗ— പവിത്രഗാത്രാ ഭാഗീരഥീ	ആരുടെ കാൽത്താമരപ്പൂമ്പൊടിയാൽ പാവനതയാർന്ന ഗംഗ
ഭവവിരിഞ്ചിമുഖാൻ പുനാതി	ശിവബ്രഹ്മാദി ദേവന്മാരെ ശുദ്ധീകരിക്കുന്നുവോ
സ ഏവ, മമ ദൃഗ്വിഷയഃ സാക്ഷാത് ആസ്തേ	ആ ഭഗവാനിതാ എന്റെ കണ്ണാൽ കാണത്തക്കവണ്ണം കൺമുമ്പിൽ നില്ക്കുന്നു.
മമ പുരാകൃതഭാഗധേയം യത് കിം വർണ്ണ്യതേ?	എന്റെ മുജ്ജന്മകൃതഭാഗ്യം എങ്ങനെ വർണ്ണിക്കും?

മർത്ത്യാവതാരേ മനുജാകൃതിം ഹരിം
രാമാഭിധേയം രമണീയദേഹിനം.
ധനുർധരം പത്മവിശാലലോചനം
ഭജാമി നിത്യം ന പരാൻ ഭജിഷ്യേ. 46

മർത്ത്യാവതാരേ മനുജാകൃതിം രമണീയദേഹിനം	മനുഷ്യാവതാരത്തിൽ മാനവരൂപം കൈക്കൊണ്ട സുന്ദരശരീരനും
പത്മവിശാലലോചനം ധനുർധരം രാമാഭിധേയം	താമരപോലെ വിശാലമായ കണ്ണുള്ളവനും വില്ലാളിയും രാമനെന്നു പേരുള്ളവനുമായ
ഹരിം നിത്യം ഭജാമി പരാൻ ന ഭജിഷ്യേ	വിഷ്ണുവിനെ ഞാൻ എന്നും ഭജിക്കും മററാരെയും ഭജിക്കയില്ല.

യത്പാദപങ്കജരജഃ ശ്രുതിഭിർവിമൃഗ്യം
യന്നാഭിപങ്കജ ഭവഃ കമലാസനശ്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യന്നാമസാരരസികോ ഭഗവാൻപുരാരി—
സ്തം രാമചന്ദ്രമനിശം ഹൃദി ഭാവയാമി. 47

യത് പാദപങ്കജരജഃ ശ്രുതിഭിഃ വിമൃഗ്യം	ആരുടെ പാദകമലത്തിലെ പൊടി ശ്രുതികളാൽപോലും തേടുന്നു,
കമലാസനഃ ച യന്നാഭി— പങ്കജഭവഃ	ബ്രഹ്മാവുപോലും ആരുടെ നാഭിയിൽ നിന്നു ജനിച്ചു,
ഭഗവാൻ പുരാരിഃ യന്നാമരസികഃ	ഭഗവാൻ പരമശിവൻ ആരുടെ നാമത്തിൽ രസിക്കുന്നു,
തം രാമചന്ദ്രം അനിശം ഹൃദി ഭാവയാമി	ആ ശ്രീരാമചന്ദ്രനെ നിരന്തരം ഞാൻ മനസ്സിൽ ധ്യാനിക്കുന്നു.

യസ്യാവതാരചരിതാനി വിരിഞ്ചിലോകേ
ഗായന്തി നാരദമുഖാഃ ഭവപത്മജാദ്യാഃ
ആനന്ദജാശ്രുപരിഷിക്തകുചാഗ്രസീമാ
വാഗീശ്വരീ ച തമഹം ശരണം പ്രപദ്യേ. 48

നാരദമുഖാഃ ഭവപത്മജാദ്യാഃ	നാരദാദികളും ശിവൻ, ബ്രഹ്മാവ് തുടങ്ങിയവരും
വിരിഞ്ചിലോകേ	ബ്രഹ്മലോകത്തിൽ
ആനന്ദജാശ്രുപരിഷിക്ത- കുചാഗ്രസീമാ	ആനന്ദാശ്രുക്കൾകൊണ്ടു മാറിടം നനഞ്ഞ
വാഗീശ്വരീ ച	സരസ്വതീദേവിയും
യസ്യ അവതാര— ചരിതാനി ഗായന്തി	ആരുടെ അവതാര— കഥകൾ പാടുന്നു
തം അഹം ശരണം പ്രപദ്യേ	അവനെ ഞാൻ ശരണംപ്രാപിക്കുന്നു.

സോഽയം പരമാത്മാ പുരുഷഃ പുരാണ
ഏകഃ സ്വയം ജ്യോതിരനന്ത ആദ്യഃ
മായാതനും ലോകവിമോഹനീയാം
ധത്തേ പരാനുഗ്രഹ ഏഷ രാമഃ. 49

സഃ അയം ഏകഃ പരമാത്മാ പുരാണഃ പുരുഷഃ	അദ്ദേഹം ഏകനും പരമാത്മാവും പുരാതനനും പുരുഷനും
സ്വയം ജ്യോതിഃ	സ്വയംപ്രകാശനും
അനന്തഃ ആദ്യഃ ഏഷഃ രാമഃ	അനന്തനും ആദ്യനും (ആണെങ്കിൽപ്പോലും) ഈ രാമൻ
പരാനുഗ്രഹേ ലോകവിമോഹനീയാം മായാതനും ധത്തേ	ഭക്തരെ അനുഗ്രഹിക്കാൻ ലോകമോഹനമായ മായാശരീരം ധരിച്ചിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം ഹി വിശ്വോത്ഭവസംയമാനാ—
മേകഃ സ്വമായാഗുണബിംബിതോ യഃ
വിരിഞ്ചിവിഷ്ണ്വീശ്വരനാമഭേദാൻ
ധത്തേ സ്വതന്ത്രഃ പരിപൂർണ്ണ ആത്മാ. 50

യഃ പരിപൂർണ്ണഃ സ്വതന്ത്രഃ അയം ആത്മാ	പരിപൂർണ്ണനും സ്വതന്ത്രനുമായ ഈ പരമാത്മാവ്
വിശ്വോത്ഭവസംയമാനാം ഏകഃ	വിശ്വത്തിന്റെ ഉൽപത്തിസ്ഥിതിലയ— ങ്ങൾക്ക് ഏകഹേതുവാണെങ്കിലും
സ്വമായാഗുണബിംബിതഃ	തന്റെ മായയുടെ ഗുണങ്ങളിൽ സ്വയം പ്രതിബിംബിച്ച്
വിരിഞ്ചിവിഷ്ണ്വീശ്വര— നാമഭേദാൻ ധത്തേ	ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്ന പല പേരുകൾ കൈക്കൊള്ളുന്നു.

നമോഽസ്തു തേ രാമ തവാംഘ്രിപങ്കജം
ശ്രിയാ ധൃതം വക്ഷസി ലാളിതം പ്രിയാത്
ആക്രാന്തമേകേന ജഗത്ത്രയം പുരാ
ധ്യേയം മുനീന്ദ്രൈരഭിമാനവർജ്ജിതൈഃ. 51

രാമ തേ നമഃ അസ്തു തവ അംഘ്രിപങ്കജം	രാമാ, നിനക്കു വന്ദനം. നിന്റെ പാദപത്മം
ശ്രിയാ വക്ഷസി പ്രിയാത് ധൃതം ലാളിതം ച	ലക്ഷ്മീദേവി പ്രേമവാത്സല്യത്തോടെ ഹൃദയത്തിൽ വച്ചു പരിലാളിക്കുന്നു.
പുരാ ഏകേന ജഗത്ത്രയം ആക്രാന്തം അഭിമാനവർജ്ജിതൈഃ മുനീന്ദ്രൈഃ ധ്യേയം	പണ്ട് ഒരു കാലടികൊണ്ട് മൂന്നു ലോകവും നീ അളന്നു. ഞാനെന്ന ഭാവം വെടിഞ്ഞ മുനിമാർ നിന്റെ പാദം ധ്യാനിക്കുന്നു.

ജഗതാമാദിഭൂതസ്ത്വം ജഗത് ത്വം ജഗദാശ്രയഃ
സർവ്വഭൂതേഷ്വസംയുക്ത ഏകോ ഭാതി ഭവാൻ പരഃ. 52

ത്വം ജഗതാം	നീ ലോകത്തിനെല്ലാം
ആദിഭൂതഃ ത്വം ജഗത് ജഗദാശ്രയഃ ഭവാൻ	മൂലകാരണമാണ്. ജഗത്തും നീതന്നെ. ലോകത്തിനാശ്രയവും നീ.
സർവ്വഭൂതേഷു അസംയുക്തഃ ഏകഃ പരഃ ഭാതി.	ഭൂതങ്ങളിൽനിന്നെല്ലാം വേറിട്ട് ഏകനായ പരമാത്മാവായി പരിശോഭിക്കുന്നു.

ഓംകാരവാച്യസ്ത്വം രാമ വാചാമവിഷയഃ പുമാൻ
വാച്യവാചകഭേദേന ഭവാനേവ ജഗന്മയഃ. 53

രാമ, ത്വം ഓങ്കാരവാച്യഃ	രാമ, നീ ഓംകാരത്താൽ വാച്യനാണ്. (ഓംകാരം നിന്റെ നാമമാണ്.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വചാം അവിഷയഃ	എന്നാൽ നീ വാക്കുകൾക്കു വിഷയവുമല്ല.
പുമാൻ	നീ പരമപുരുഷനാണ്.
വാച്യവാചകഭേദേന	വാച്യം, വാചകം എന്ന ഭേദത്താൽ
ഭവാൻ ജഗന്മയഃ ഏവ	നീ ജഗന്മയനായിത്തന്നെ വർത്തിക്കുന്നു.

കാര്യകാരണകർത്തൃത്വഫലസാധനഭേദതഃ
ഏകോ വിഭാസി രാമ ത്വം മായയാ ബഹുരൂപയാ. 54

രാമ, ത്വം ഏകഃ	രാമാ, നീ ഏകൻ
കാര്യകാരണകർത്തൃത്വ– ഫലസാധനഭേദത്	കാര്യം, കാരണം, കർത്താവ്, ഫലം, ഉപകരണം ഇങ്ങനെ പലതായി
ബഹുരൂപയാ മായയാ വിഭാസി	ബഹുരൂപമായ മായയാൽ കാണപ്പെടുന്നു.

ത്വന്മായാമോഹിതധിയസ്ത്വാം ന ജാനന്തി തത്വതഃ
മാനുഷം ത്വാഭിമന്യന്തേ മായിനം പരമേശ്വരം. 55

ത്വന്മായാമോഹിതധിയഃ	നിന്റെ മായയിൽ മോഹിച്ച ബുദ്ധിയുള്ളവർ
ത്വാം തത്വതഃ ന ജാനന്തി	നിന്നെ തത്വത്തിൽ അറിയുന്നില്ല.
മായിനം പരമേശ്വരം ത്വാം മാനുഷം അഭിമന്യന്തേ	മായാപതിയും പരമേശ്വരനുമായ നിന്നെ (അവർ) മനുഷ്യനെന്നു വിചാരിക്കുന്നു.

ആകാശവത്ത്വം സർവ്വത്ര ബഹിരന്തർഗതോഽമലഃ
അസംഗോഹ്യചലോ നിത്യഃ ശുദ്ധോബുദ്ധഃ സദവ്യയഃ. 56

ത്വം ആകാശവത്	നീ ആകാശംപോലെ
ബഹിഃ അന്തഃ സർവ്വത്ര ഗതഃ	പുറത്തും അകത്തും എങ്ങും വിളങ്ങുന്നു.
അമലഃ അസംഗഃ	നീ അമലനും അസംഗനും
അചലഃ നിത്യഃ ശുദ്ധഃ	അചലനും നിത്യനും ശുദ്ധനും
ബുദ്ധഃ സത് അവ്യയഃ	ബുദ്ധനും സത്യവും അഴിവില്ലാത്തവ നുമാണ്.

യോഷിന്മൂഢാഹമജ്ഞാ തേ തത്വം ജാനേ കഥം വിഭോ
തസ്മാത്തേ ശതശോ രാമ നമസ്കുര്യാമനന്യധീഃ. 57

അഹം അജ്ഞാ മൂഢാ യോഷിത്	ഞാൻ അജ്ഞയും മൂഢയുമായ സ്ത്രീയാണ്.
വിഭോ, തേ തത്ത്വം കഥം ജാനേ	ഭഗവൻ, നിന്റെ തത്വം ഞാനെങ്ങനെ അറിയും?
തസ്മാത് രാമ, അനന്യധീഃ തേ ശതശഃ നമഃ കുര്യാം	അതിനാൽ രാമാ, ഏകാഗ്രതയോടെ ഞാൻ നിന്നെ നൂറുനൂറുപ്രാവശ്യം വണങ്ങിക്കൊള്ളട്ടെ

ദേവ മേ യത്ര കുത്രാപി സ്ഥിതായാ അപി സർവ്വദാ
ത്വത്പാദകമലേ സക്താഭക്തിരേവ സദാസ്തു മേ. 58

ദേവ, യത്ര കുത്ര സ്ഥിതായാഃ അപി മേ	ദേവ, എവിടെയായിരുന്നാലും എനിക്ക്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സദാ ത്വത്പാദകമലേ	എന്നും നിന്റെ പാദകമലത്തിൽ
സക്താ സർവ്വദാ ഭക്തിഃ ഏവ അസ്തു	അചലവും സർവ്വദായകവുമായ ഭക്തി ഉണ്ടായിരിക്കണമേ.

നമസ്തേ പുരുഷാധ്യക്ഷ, നമസ്തേ ഭക്തവത്സല
നമസ്തേऽസ്തു ഹൃഷീകേശ നാരായണ നമോऽസ്തു തേ. 59

പുരുഷാധ്യക്ഷ, തേ നമഃ	പുരുഷോത്തമ, നിനക്കു നമസ്കാരം
ഭക്തവത്സല, തേ നമഃ	ഭക്തവത്സലാ, വന്ദനം
ഹൃഷീകേശ തേ നമഃ	ഇന്ദ്രിയങ്ങളുടെ അധിപതേ, വണങ്ങുന്നേൻ.
നാരായണ തേ നമഃ അസ്തു	നാരായണ, നിനക്കു പ്രണാമം.

ഭവഭയഹരമേകം ഭാനുകോടിപ്രകാശം
കരധൃതശരചാപം കാലമേഘാവഭാസം
കനകരുചിരവസ്ത്രം രത്നവത്കുണ്ഡലാഢ്യം
കമലവിശദനേത്രം സാനുജം രാമമീഡേ. 60

ഏകം ഭവഭയഹരം	ഭവഭീതിക്ക് ഏകപരിഹാരവും
ഭാനുകോടിപ്രകാശം	കോടിസൂര്യന്റെ പ്രഭയാർന്നവനും
കരധൃതശരചാപം	കൈയിൽ അമ്പും വില്ലുമേന്തിയവനും
കാലമേഘാവഭാസം	കാർമേഘത്തിന്റെ കാന്തി കലർന്നവനും
കനകരുചിരവസ്ത്രം	കനകപ്രഭയാർന്ന വസ്ത്രമണിഞ്ഞവനും
രത്നവത്കുണ്ഡലാഢ്യം	രത്നക്കടുക്കൻ ഇട്ടവനും
കമലവിശദനേത്രം	താമരയുടെ കാന്തിയിയലുന്ന നയനങ്ങളുള്ളവനും
സാനുജം രാമം ഈഡേ	അനുജസമേതനുമായ രാമനെ ഞാൻ സ്തുതിക്കുന്നു.

സ്തുത്വൈവം പുരുഷം സാക്ഷാത് രാഘവം പുരതഃ സ്ഥിതം
പരിക്രമ്യ പ്രണമ്യാശു സാനുജ്ഞാതാ യയൗ പതിം. 61

ഏവം പുരതഃ	ഇപ്രകാരം മുമ്പിൽ
സാക്ഷാത് സ്ഥിതം	പ്രത്യക്ഷനായി നില്ക്കുന്ന
പുരുഷം രാഘവം	പരമപുരുഷനായ രാഘവനെ
പരിക്രമ്യ പ്രണമ്യ സ്തുത്വാ	പ്രദക്ഷിണം ചെയ്തു വണങ്ങി വാഴ്ത്തി
അനുജ്ഞാതാ സാ ആശു പതിം യയൗ	അനുമതിയും വാങ്ങി അവൾ ശീഘ്രം പതിയുടെ അടുക്കലേക്കു പോയി.

അഹല്യയാ കൃതം സ്തോത്രം യഃ പഠേത് ഭക്തിസംയുതഃ
സ മുച്യതേऽഖിലൈഃ പാപൈഃ പരം ബ്രഹ്മാധിഗച്ഛതി. 62

അഹല്യയാ കൃതം സ്തോത്രം	അഹല്യ രചിച്ച ഈ സ്തോത്രം
യഃ ഭക്തിസംയുതഃ പഠേത് സഃ	ഭക്തിപൂർവ്വം പഠിക്കുന്നവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഖിലൈഃ പാപൈഃ	സകലപാപങ്ങളിൽനിന്നും
മുച്യതേ	മുക്തനാകുകയും
പരം ബ്രഹ്മ അധിഗച്ഛതി	ബ്രഹ്മപദം പ്രാപിക്കയും ചെയ്യും.

പുത്രാദ്യർത്ഥേ പഠേദ് ഭക്ത്യാ രാമം ഹൃദി നിധായ ച
സംവത്സരേണ ലഭതേ വന്ധ്യാ അപി സുപുത്രകം. 63

പുത്രാദ്യർത്ഥേ	പുത്രനുംമറ്റും ഉണ്ടാകണമെന്ന ആഗ്രഹത്തോടെ
രാമം ഹൃദി നിധായ	രാമനെ മനസ്സിൽ ധ്യാനിച്ചുംകൊണ്ട് (ഈ സ്തോത്രം)
ഭക്ത്യാ (യദി) പഠേത്	ഭക്തിപൂർവ്വം പഠിച്ചാൽ
വന്ധ്യാ അപി	വന്ധ്യയ്ക്കുപോലും
സംവത്സരേണ	ഒരു വർഷത്തിനകം
സുപുത്രകം ലഭതേ	യോഗ്യനായ മകനെ കിട്ടും.

സർവ്വാൻ കാമാനവാപ്നോതി രാമചന്ദ്രപ്രസാദതഃ. 64

രാമചന്ദ്രപ്രസാദതഃ	ശ്രീരാമന്റെ അനുഗ്രഹത്താൽ
സർവ്വാൻ കാമാൻ	സകല അഭിലാഷങ്ങളും
അവാപ്നോതി	സാധിക്കയും ചെയ്യും.

ബ്രഹ്മഘ്നോ ഗുരുതല്പഗോഽപി പുരുഷഃ
സ്തേയീ സുരാപോഽപി വാ
മാതൃഭ്രാതൃവിഹിംസകോഽപി സതതം
ഭോഗൈകബദ്ധാതുരഃ
നിത്യം സ്തോത്രമിദം ജപൻ രഘുപതിം
ഭക്ത്യാ ഹൃദിസ്ഥം സ്മരൻ
ധ്യായൻ മുക്തിമുപൈതി കിം പുനരസൗ
സ്വാചാരയുക്തോ നരഃ. 65

ബ്രഹ്മഘ്നഃ	പുണ്യവാന്മാരെ ഹിംസിക്കുന്നവനും
ഗുരുതല്പഗഃ	ഗുരുവിന്റെ ശയ്യയിൽ കിടന്നവനും
സ്തേയീ സുരാപഃ വാ	മോഷ്ടാവും മദ്യപാനിയും
മാതൃഭ്രാതൃവിഹിംസകഃ അപി	മാതാവിനെയും സഹോദരനെയും പീഡിപ്പിക്കുന്നവനും
സതതം ഭോഗൈകബദ്ധഃ	എപ്പോഴും ഭോഗങ്ങളിൽ
ആതുരഃ അപി	മുങ്ങിക്കിടക്കുന്നവൻ ആയാലും
യഃ പുരുഷഃ	ഏതൊരുവൻ
നിത്യം ഇദം സ്തോത്രം ജപൻ	എന്നും ഈ സ്തോത്രം ജപിക്കയും
ഹൃദിസ്ഥം രഘുപതിം	ഹൃദയസ്ഥനായ രഘുപതിയെ
ഭക്ത്യാ സ്മരൻ ധ്യായൻ	ഭക്തിപൂർവ്വം ഓർത്ത് ധ്യാനിക്കയും ചെയ്യുന്നുവോ
മുക്തിം ഉപൈതി	(അവൻ) മോക്ഷം നേടും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാചാരരയുക്തഃ	സ്വയം സ്വീകരിച്ച ആചാരം
അസൗ നരഃ	വിട്ടത്തവനെപ്പററി
പുനഃ കിം	പിന്നെ പറയേണ്ടതുണ്ടോ?

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ബാലകാണ്ഡേ അഹല്യോദ്ധാരണം നാമ പഞ്ചമഃ സർഗ്ഗഃ.

പാർവ്വതീപരമേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ബാലകാണ്ഡത്തിൽപ്പെട്ട അഹല്യോദ്ധാരണം
എന്ന അഞ്ചാം സർഗ്ഗം അവസാനിച്ചു.

സർഗ്ഗം ആറ്

ധനുർഭംഗം—വിവാഹം

സൂത ഉവാച: സൂതൻ പറഞ്ഞു

വിശ്വാമിത്രോഽഥ തം പ്രാഹ രാഘവം സഹലക്ഷ്മണം
ഗച്ഛാമോ വത്സ മിഥിലാം ജനകേനാഭിപാലിതാം. 1

അഥ വിശ്വാമിത്രഃ	അനന്തരം വിശ്വാമിത്രൻ
സഹലക്ഷ്മണം	ലക്ഷ്മണസമേതനായ
തം രാഘവം പ്രാഹ	ആ രാഘവനോട് പറഞ്ഞു.
വത്സ, ജനകേന	കുഞ്ഞേ, ജനകനാൽ
അഭിപാലിതാം	രക്ഷിക്കപ്പെടുന്ന
മിഥിലാം ഗച്ഛാമഃ	മിഥിലയിലേക്കിനി പോകാം.

ദൃഷ്ട്വാ ക്രതുവരം പശ്ചാത് അയോദ്ധ്യാം ഗന്തുമർഹസി
ഇത്യുക്ത്വാ പ്രയയൗ ഗംഗാമുത്തർത്തും സഹരാഘവഃ
തസ്മിൻ കാലേ നാവികേന നിഷിദ്ധോ രഘുനന്ദനഃ. 2

ക്രതുവരം ദൃഷ്ട്വാ	മഹായജ്ഞം കണ്ടിട്ട്
പശ്ചാത് അയോദ്ധ്യാം	പിന്നെ അയോദ്ധ്യയിലേക്ക്
ഗന്തും അർഹസി	നീങ്ങൾക്കു മടങ്ങുകയും ചെയ്യാം.
ഇതി ഉക്ത്വാ സഹരാഘവഃ	ഇങ്ങനെ പറഞ്ഞ് രാഘവനോടുകൂടെ
ഗംഗാം ഉത്തർത്തും പ്രയയൗ	ഗംഗ കടക്കാൻ പുറപ്പെട്ടു.
തസ്മിൻ കാലേ	ആ സമയത്ത്
നാവികേന	കടത്തുകാരനാൽ
രഘുനന്ദനഃ നിഷിദ്ധഃ	രാമന് (വഞ്ചിയിൽ പ്രവേശം) നിഷേധിക്കപ്പെട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാവിക ഉവാച: കടത്തുകാരൻ പറഞ്ഞു

ക്ഷാലയാമി തവ പാദപങ്കജം
നാഥ, ദാരുദൃഷദോഃ കിമന്തരം
മാനുഷീകരണചൂർണ്ണമസ്തി തേ
പാദയോരിതി കഥാ പ്രഥീയസീ. 3

നാഥ, തവ പാദപങ്കജം ക്ഷാലയാമി	നാഥാ, അവിടുത്തെ പാദപത്മം ഞാൻ കഴുകട്ടെ.
തേ പാദയോഃ മാനുഷീകരണചൂർണ്ണം	അവിടുത്തെ പാദങ്ങളിൽ (എന്തിനെയും) മനുഷ്യനാക്കുന്ന പൊടി
അസ്തി ഇതി കഥാ പ്രഥീയസീ	ഉണ്ടെന്ന കഥ പ്രസിദ്ധമാണ്.
ദാരുദൃഷദോഃ കിം അന്തരം	മരത്തിനും കല്ലിനും തമ്മിലെന്തന്തരം?

അങ്ങു കാലുകൊണ്ടു തൊട്ടപ്പോഴാം കല്ല് അഹല്യയായി. എന്റെ വള്ളവും അങ്ങയുടെ പാദസ്പർശത്താൽ ഒരു മഹിളയായിപ്പോയാലോ? അതിനാൽ കാലു കഴുകുകതന്നെ.

പാദാംബുജം തേ വിമലം ഹി കൃത്വാ
പശ്ചാത്പരം തീരമഹം നയാമി
നോചേത്തരീ സദ്യുവതീ മലേന
സ്യാച്ചേദ്വിഭോ വിദ്ധി കുടുംബഹാനിഃ. 4

ഹി തേ പാദാംബുജം വിമലം കൃത്വാ അഹം	അതിനാൽ അങ്ങയുടെ പാദാംബുജം വൃത്തിയാക്കിയിട്ട് ഞാൻ
പശ്ചാത് പരം തീരം നയാമി	പിന്നെ മറുകര എത്തിക്കാം.
നോ ചേത് മലേന തരീ സദ്യുവതീ സ്യാത് ചേത്	അല്ലെങ്കിൽ കാല്പൊടിയേറ്റ് തോണി സുന്ദരിയായ യുവതിയായി-പ്പോയാൽ
വിഭോ, കുടുംബഹാനിഃ വിദ്ധി	പ്രഭോ, എന്റെ കുടുംബം തകരുമെന്നറിഞ്ഞാലും.

വഞ്ചികടത്തുകയല്ലാതെ കുടുംബം പുലർത്താൻ എനിക്കുപായമില്ല.

ഇത്യുക്ത്വാ ക്ഷാളിതൗ പാദൗ പരം തീരം തതോ ഗതാഃ
കൗശികോ രഘുനാഥേന സഹിതോ മിഥിലാം യയൗ. 5

ഇതി ഉക്ത്വാ പാദൗ ക്ഷാളിതൗ	ഇങ്ങനെ പറഞ്ഞ് (അയാൾ) കാലുകൾ കഴുകിച്ചു.
തതഃ പരം തീരം ഗതാഃ	പിന്നെ അവർ ആററിനക്കരെയെത്തി.
കൗശികഃ	വിശ്വാമിത്രൻ
രഘുനാഥേന സഹിതഃ	രഘുനാഥനോടൊപ്പം
മിഥിലാം യയൗ	മിഥിലയിലേക്കു പോകയുംചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദേഹസ്യ പുരം പ്രാതർ ഋഷിവാടം സമാവിശത്
പ്രാപ്തം കൗശികമാകർണ്ണ്യ ജനകോഽതിമുദാന്വിതഃ. 6

പൂജാദ്രവ്യാണി സംഗൃഹ്യ സോപാധ്യായഃ സമാ യയൗ
ദണ്ഡവത് പ്രണിപത്യാഥ പൂജയാമാസ കൗശികം. 7

പ്രാതഃ	രാവിലെ
വിദേഹസ്യ പുരം	വിദേഹരാജ്യത്ത്
ഋഷിവാടം	ഋഷികൾ വസിക്കുന്നിടത്ത്
സമാവിശത്	ചെന്നു താമസിച്ചു.
കൗശികം പ്രാപ്തം ആകർണ്ണ്യ	വിശ്വാമിത്രൻ വന്ന വാർത്ത കേട്ട്
ജനകഃ അതിമുദാന്വിതഃ	ജനകൻ അതിയായ സന്തോഷത്തോടെ
പൂജാദ്രവ്യാണി സംഗൃഹ്യ	പൂജാസാമഗ്രികൾ എടുത്ത്
സോപാധ്യായഃ സമാ യയൗ	ഗുരുവിനെയും കൂട്ടി വന്നു.
ദണ്ഡവത് പ്രണിപത്യ	സാഷ്ടാംഗം നമസ്കരിച്ച്
കൗശികം പൂജയാമാസ	വിശ്വാമിത്രനെ പൂജിച്ചു.

പപ്രച്ഛ രാഘവൗ ദൃഷ്ട്വാ സർവ്വലക്ഷണസംയുതൗ
ദ്യോതയന്തൗ ദിശഃ സർവ്വാശ്ചന്ദ്രസൂര്യാവിവാപരൗ. 8

സർവ്വലക്ഷണസംയുതൗ	സർവ്വലക്ഷണങ്ങളും തികഞ്ഞവരും
അപരൗ ചന്ദ്രസൂര്യൗ ഇവ	മററു സൂര്യചന്ദ്രന്മാരെപ്പോലെ
സർവ്വാഃ ദിശഃ	ദിക്കെല്ലാം
ദ്യോതയന്തൗ	പ്രകാശിപ്പിക്കുന്നവരുമായ
രാഘവൗ ദൃഷ്ട്വാ	രഘുകുമാരരെ ദർശിച്ചപ്പോൾ
പപ്രച്ഛ	(ജനകൻ വിശ്വാമിത്രനോട്) ചോദിച്ചു.

കസ്യൈതൗ നരശാർദ്ദൂലൗ പുത്രൗ ദേവസുതോപമൗ
മനഃപ്രീതികരൗ മേഽദ്യ നരനാരായണാവിവ. 9

ദേവസുതോപമൗ	ദേവസുതർക്കു തുല്യരും
നരശാർദ്ദൂലൗ	പുരുഷസിംഹങ്ങളും
നരനാരായണൗ ഇവ	നരനാരായണന്മാരെപ്പോലെ
മേ മനഃപ്രീതികരൗ	എന്റെ മനസ്സിനു കുളിർമ്മ പകരുന്നവരു-
ഏതൗ കസ്യ പുത്രൗ	മായ ഇവർ ആരുടെ പുത്രരാണ്?

പ്രത്യുവാച മുനിഃ പ്രീതോ ഹർഷയൻ ജനകം തദാ
പുത്രൗ ദശരഥസ്യൈതൗ ഭ്രാതരൗ രാമലക്ഷ്മണൗ. 10

പ്രീതഃ മുനിഃ തദാ	സംപ്രീതനായ മുനി അപ്പോൾ
ജനകം ഹർഷയൻ	ജനകന് ആമോദം പകർന്നുകൊണ്ട്
പ്രത്യുവാച	മറുപടി നല്കി.
ഏതൗ ദശരഥസ്യ പുത്രൗ	ഇവർ ദശരഥന്റെ പുത്രരാണ്.
ഭ്രാതരൗ രാമലക്ഷ്മണൗ	സഹോദരരായ രാമലക്ഷ്മണന്മാർ.

മഖസംരക്ഷണാർത്ഥായ മയാനീതൗ പിതുഃ പുരാത്
ആഗച്ഛൻ രാഘവോ മാർഗ്ഗേ താടകാം വിശ്വഘാതിനീം. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശരേണൈകേന ഹതവാന്നോദിതോ മേഽതിവിക്രമഃ
തതോ മമാശ്രമം ഗത്വാ മമ യജ്ഞവിഹിംസകാൻ. 12

സുബാഹുപ്രമുഖാൻ ഹത്വാ മാരീചം സാഗരേഽക്ഷിപത്
തതോ ഗംഗാതടേ പുണ്യേ ഗൗതമസ്യാശ്രമം ശുഭം. 13

ഗത്വാ തത്ര ശിലാരൂപാ ഗൗതമസ്യ വധൂഃ സ്ഥിതാ
പാദപങ്കജസംസ്പർശാത് കൃതാ മാനുഷരൂപിണീ. 14

മഖ സംരക്ഷണാർത്ഥായ	യാഗരക്ഷാർത്ഥം
പിതുഃ പുരാത്	പിതൃനഗരിയിൽനിന്ന്
മയാ ആനീതൗ	ഞാൻ കൂട്ടിക്കൊണ്ടുവന്നതാണ്
ആഗച്ഛൻ അതിവിക്രമഃ	ഇങ്ങോട്ടു വരുമ്പോൾ അതിധീരനായ
രാഘവഃ മാർഗ്ഗേ	രാമൻ വഴിക്കുവച്ച്
വിശ്വഘാതിനീം താടകാം	ലോകോപദ്രവകാരിണിയായ താടകയെ
മേ നോദിതഃ	എന്റെ പ്രേരണപ്രകാരം
ഏകേന ശരേണ ഹതവാൻ	ഒററശരംകൊണ്ടു കൊന്നു.
തതഃ മമ ആശ്രമം ഗത്വാ	അതിനുശേഷം എന്റെ ആശ്രമത്തിൽ എത്തി.
മമ യജ്ഞവിഹിംസകാൻ	എന്റെ യജ്ഞം മുടക്കിയ
സുബാഹുപ്രമുഖാൻ ഹത്വാ	സുബാഹു തുടങ്ങിയവരെ വധിച്ചു.
മാരീചം സാഗരേ അക്ഷിപത്	മാരീചനെ സമുദ്രത്തിൽ തള്ളി.
തതഃ പുണ്യേ ഗംഗാതടേ	തുടർന്ന് പുണ്യമായ ഗംഗാതീരത്തുള്ള
ഗൗതമസ്യ ശുഭം ആശ്രമം	ഗൗതമന്റെ ശുഭാശ്രമത്തിൽ
ഗത്വാ	എത്തി.
തത്ര ശിലാരൂപാ സ്ഥിതാ	അവിടെ ശിലാരൂപത്തിൽ സ്ഥിതിചെയ്ത
ഗൗതമസ്യ വധൂഃ	ഗൗതമപത്നിയെ
പാദപങ്കജസ്പർശാത്	പാദപങ്കജസ്പർശത്താൽ
മാനുഷരൂപിണീ കൃതാ	മനുഷ്യരൂപിണിയാക്കി.

ദൃഷ്ട്വാഹല്യാം നമസ്കൃത്യ തയാ സമ്യക്പ്രപൂജിതഃ
ഇദാനീം ദ്രഷ്ടുകാമസ്തേ ഗൃഹേ മാഹേശ്വരം ധനുഃ. 15

പൂജിതം രാജഭിഃ സർവൈർദൃഷ്ടമിത്യനുശുശ്രുവേ
അതോ ദർശയ രാജേന്ദ്ര! ശൈവം ചാപമനുത്തമം.
ദൃഷ്ട്വാഽയോധ്യാം ജിഗമിഷുഃ പിതരം ദ്രഷ്ടുമിച്ഛതി. 16

അഹല്യാം ദൃഷ്ട്വാ	അഹല്യയെ ദർശിച്ചു
നമസ്കൃത്യ	നമസ്കരിച്ചു
തയാ സമ്യക് പ്രപൂജിതഃ	അവളാൽ നല്ലപോലെ പൂജിതനായി
ഇദാനീം തേ ഗൃഹേ	ഇപ്പോൾ നിന്റെ ഭവനത്തിൽ
പൂജിതം	പൂജിക്കപ്പെടുന്ന
മാഹേശ്വരം ധനുഃ ദ്രഷ്ടുകാമഃ	ശൈവചാപം കാണാൻ ആഗ്രഹിക്കുകയാണ്.
സർവൈഃ രാജഭിഃ	എല്ലാ രാജാക്കന്മാരും
ദൃഷ്ടം ഇതി അനുശുശ്രുവേ	അതു കണ്ടുകഴിഞ്ഞെന്നു കേട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതഃ രാജേന്ദ്ര,	അതിനാൽ രാജേന്ദ്രാ,
അനുത്തമം ശൈവം ചാപം	അത്യുത്തമമായ ആ വില്ല്
ദർശയ	ഒന്നു കാണിച്ചുകൊടുക്കുക.
ദൃഷ്ട്വാ	അതു കണ്ടിട്ടു വേണം
അയോധ്യാം ജിഗമിഷുഃ	അയോധ്യയിൽ ചെന്നു്
പിതരം ദ്രഷ്ടും ഇച്ഛതി	അച്ഛനെ കാണാൻ എന്നാണു് (രാമൻെറ) ഇച്ഛ.

(ജിഗമിഷുഃ—പോകാൻ ഇച്ഛിക്കുന്നവൻ.)

ഇത്യുക്തോ മുനിനാ രാജാ പൂജാർഹാവിതി പൂജയാ
പൂജയാമാസ ധർമ്മജ്ഞോ വിധിദൃഷ്ടേന കർമ്മണാ. 17

മുനിനാ ഇതി ഉക്തഃ	മുനിയാൽ ഇങ്ങനെ പറയപ്പെട്ട
ധർമ്മജ്ഞഃ രാജാ	ധർമ്മജ്ഞൻ ജനകൻ
പൂജാർഹൗ ഇതി	(ഇവർ) പൂജാർഹരെന്നു കരുതി
വിധിദൃഷ്ടേന	വിധിപൂർവ്വമുള്ള
കർമ്മണാ പൂജയാമാസ	കർമ്മത്താൽ പൂജിച്ചു.

തതഃ സംപ്രേഷയാമാസ മന്ത്രിണം ബുദ്ധിമത്തരം
ശീഘ്രമാനയ വിശേശചാപം രാമായ ദർശ്യ. 18

തതഃ ബുദ്ധിമത്തരം	പിന്നീട്ടു് അതിബുദ്ധിമാനായ
മന്ത്രിണം	മന്ത്രിയെ
സംപ്രേഷയാമാസ	അയച്ചു (കല്പിച്ചു)
വിശേശചാപം	പരമശിവൻെറ വില്ലു്
ശീഘ്രം ആനയ	വേഗം കൊണ്ടുവരു
രാമായ ദർശ്യ	രാമനു കാട്ടിക്കൊടുക്കൂ.

തതോ ഗതേ മന്ത്രിവരേ രാജാ കൗശികമബ്രവീത്
യദി രാമോ ധനുർധൃത്വാ കോട്യാമാരോപയേത് ഗുണം. 19

തദാ മയാത്മജാ സീതാ ദീയതേ രാഘവായ ഹി
തഥേതി കൗശികോഽപ്യാഹ രാമം സംവീക്ഷ്യ സസ്മിതം. 20

തതഃ മന്ത്രിവരേ ഗതേ	അനന്തരം മന്ത്രിവരൻ പോയപ്പോൾ
രാജാ കൗശികം അബ്രവീത്	രാജാവു് വിശ്വാമിത്രനോടു പറഞ്ഞു
യദി രാമഃ ധനുഃ ധൃത്വാ	രാമൻ വില്ലെടുത്തു്
കോട്യാം	അററത്തു്
ഗുണം ആരോപയേത്	ഞാണേററുമെങ്കിൽ
തദാ ആത്മജാ സീതാ	അപ്പോൾ എൻെറ മകൾ സീതയെ
മയാ രാഘവായ ദീയതേഹി	ഞാൻ അവനു കൊടുക്കുകതന്നെ ചെയ്യും.
കൗശികഃ അപി	വിശ്വാമിത്രനും
സസ്മിതം രാമം സംവീക്ഷ്യ	പുഞ്ചിരിയോടെ രാമനെ നോക്കി
ആഹ 'തഥാ ഇതി'	പറഞ്ഞു: 'അങ്ങനെതന്നെ'.

ശീഘ്രം ദർശ്യ ചാപാഗ്ര്യം രാമായാമിതതേജസേ
ഏവം ബ്രുവതി മൗനീശ ആഗതാശ്ചാപ വാഹകാഃ. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമിതതേജസേ രാമായ	അപാരതേജസ്വിയായ രാമന്
ശീഘ്രം ചാപാഗ്ര്യം ദർശയ	ശീഘ്രം മഹാചാപം കാണിച്ചുകൊടുക്കുക
മൗനീശ ഏവം	മുനീന്ദ്രനിങ്ങനെ
ബ്രുവതി (സതി)	പറയുമ്പോഴേക്കും
ചാപവാഹകാഃ ആഗതാഃ	വില്ല് ചുമക്കുന്നവരെത്തി.

ചാപം ഗൃഹീത്വാ ബലിനഃ പഞ്ചസാഹസ്ര സംഖ്യകാഃ
ഘണ്ടാശതസമായുക്തം മണിവജ്രാദിഭൂഷിതം. 22

ഘണ്ടാശതസമായുക്തം	ധാരാളം മണികൾ കെട്ടിയിരുന്ന
മണിവജ്രാദിഭൂഷിതം	രത്നവും വജ്രവും കൊണ്ടലങ്കരിച്ച
ചാപം ഗൃഹീത്വാ	വില്ല് ചുമന്ന്
ബലിനഃ	ശക്തരായ
പഞ്ചസാഹസ്രസംഖ്യകാഃ	അയ്യായിരം
(ആഗതാഃ)	(ചുമട്ടുകാർ വന്നുചേർന്നു).

ദർശയാമാസ രാമായ മന്ത്രീ മന്ത്രയതാം വരഃ
ദൃഷ്ട്വാ രാമഃ പ്രഹൃഷ്ടാത്മാ ബദ്ധ്വാ പരികരം ദൃഢം. 23

ഗൃഹീത്വാ വാമഹസ്തേന ലീലയാ തോലയൻ ധനുഃ
ആരോപയാമാസ ഗുണം പശ്യസ്ത്വഖിലരാജസു. 24

മന്ത്രയതാം വരഃ മന്ത്രീ	മന്ത്രണക്കാരിൽ മുമ്പനായ ആ മന്ത്രി
രാമായ ദർശയാമാസ	രാമനെ (വില്ല്) കാണിച്ചു.
രാമഃ ദൃഷ്ട്വാ പ്രഹൃഷ്ടാത്മാ	രാമൻ അതു കണ്ട് വളരെ സന്തോഷിച്ചു
പരികരം ദൃഢം ബദ്ധ്വാ	അരക്കെട്ടിൽ വസ്ത്രം മുറുക്കിക്കെട്ടി.
വാമഹസ്തേന	ഇടതുകൈകൊണ്ട്
ധനുഃ ഗൃഹീത്വാ	വില്ലെടുത്ത്
ലീലയാ തോലയൻ	ലീലയാൽ തൂക്കിപ്പിടിച്ച്
അഖിലരാജസു പശ്യസ്സു	നൃപരെല്ലാം നോക്കിനില്ക്കവേ
ഗുണം ആരോപയാമാസ	ഞാൺ വലിച്ചു ബന്ധിച്ചു.

ഈഷദാകർഷയാമാസ പാണിനാ ദക്ഷിണേന സഃ
ബഭഞ്ജാഖിലഹൃത്സാരോ ദിശഃ ശബ്ദേന പൂരയൻ. 25

ദക്ഷിണേന പാണിനാ	വലത്തുകൈകൊണ്ട്
ഈഷദ് ആകർഷയാമാസ	ചെറുതായൊന്നു വലിച്ച്
അഖിലഹൃത്സാരഃ സഃ	സകലരുടെയും ഹൃദയസാരമായ അവൻ
ദിശഃ ശബ്ദേന പൂരയൻ	ദിക്കുകൾ ശബ്ദത്താൽ നിറച്ചുകൊണ്ട്
ബഭഞ്ജ	(ആ വില്ല്) ഒടിക്കയുംചെയ്തു.

ദിശശ്ച വിദിശശ്ചൈവ സ്വർഗ്ഗം മർത്ത്യം രസാതലം
തദദ്ഭുതമഭൂത്തത്ര ദേവാനാം ദിവി പശ്യതാം. 26

ദിശഃ ച വിദിശഃ ച ഏവ	ദിക്കുകളിലും വിദിക്കുകളിലും (കോൺദിക്കുകളിലും)
സ്വർഗ്ഗം മർത്ത്യം രസാതലം	സ്വർഗ്ഗം, ഭൂമി, പാതാളം (എന്നിവിടങ്ങളിലുമെല്ലാം ശബ്ദം നിറഞ്ഞു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര ദിവി പശ്യതാം	അവിടെ ആകാശത്തിൽ നോക്കിനിന്ന
ദേവാനാം തദ്	ദേവന്മാർക്ക് അതു്
അദ്ഭുതം അഭൂത്	അദ്ഭുതമായി ഭവിച്ചു.

ആച്ഛാദയന്തഃ കുസുമൈർദേവാഃ സ്തുതിഭിരീഡിരേ
ദേവദുന്ദുഭയോ നേദുർനനൃതുശ്ചാപ്സരോഗണാഃ. 27

ദേവാഃ കുസുമൈഃ	ദേവന്മാർ (ശ്രീരാമനെ) പൂക്കൾകൊണ്ടു
ആച്ഛാദയന്തഃ	പൊതിഞ്ഞു.
സ്തുതിഭിഃ ഈഡിരേ	സ്തോത്രങ്ങളാൽ വാഴ്ത്തി.
ദേവദുന്ദുഭയഃ നേദുഃ	ദേവവാദ്യങ്ങൾ മുഴങ്ങി.
അപ്സരോഗണാഃ നനൃതുഃ	അപ്സരസ്സുകൾ നൃത്തം ചെയ്തു.

ദ്വിധാ ഭഗ്നം ധനുർദൃഷ്ട്വാ രാജാലിംഗ്യ രഘൂദ്വഹം
വിസ്മയം ലേഭിരേ സീതാമാതരോഽന്തഃപുരാജിരേ. 28

ധനുഃ ദ്വിധാ ഭഗ്നം ദൃഷ്ട്വാ	വില്ലു രണ്ടായി മുറിച്ചതു കണ്ടു്
രാജാ രഘൂദ്വഹം ആലിംഗ്യ	രാജാവു് രാമനെ വാരിപ്പുണർന്നു.
അന്തഃപുരാജിരേ	അന്തഃപുരത്തിലെ അങ്കണത്തിൽ നിന്ന
സീതാമാതരഃ	സീതയുടെ അമ്മമാർ
വിസ്മയം ലേഭിരേ	വിസ്മയിച്ചുപോയി.

സീതാ സ്വർണ്ണമയീം മാലാം ഗൃഹീത്വാ ദക്ഷിണേകരേ
സ്മിതവക്ത്രാ സ്വർണ്ണവർണ്ണാ സർവ്വാഭരണഭൂഷിതാ. 29

മുക്താഹാരൈഃ കർണ്ണപത്രൈഃ ക്വണച്ചരണനൂപുരാ
ദുകൂലപരിസംവീതാ വസ്ത്രാന്തർവ്യഞ്ജിതസ്തനീ. 30

രാമസ്യോപരി നിക്ഷിപ്യ സ്മയമാനാ മുദം യയൗ
തതോ മുമുദിരേ സർവ്വേ രാജദാരാഃ സ്വലംകൃതം. 31

ഗവാക്ഷജാലരന്ധ്രേഭ്യോ ദൃഷ്ട്വാ ലോകവിമോഹനം
തതോഽബ്രവീൻമുനിം രാജാ സർവ്വശാസ്ത്രവിശാരദം. 32

സ്മിതവക്ത്രാ	പുഞ്ചിരിവിടർന്ന മുഖവും
സ്വർണ്ണവർണ്ണാ സീതാ	കനകത്തിന്റെ നിറവും ഉള്ള സീത
ദുകൂലപരിസംവീതാ	പട്ടുവസ്ത്രങ്ങൾ ഉടുത്തു്
മുക്താഹാരൈഃ കർണ്ണപത്രൈഃ	മുത്തുമാല, കമ്മൽ തുടങ്ങിയ
സർവ്വാഭരണഭൂഷിതാ	എല്ലാ ആഭരണങ്ങളും അണിഞ്ഞു്
ക്വണച്ചരണനൂപുരാ	കിലുങ്ങുന്ന നൂപുരവുമണിഞ്ഞു്
വസ്ത്രാന്തർവ്യഞ്ജിതസ്തനീ	പട്ടുവസ്ത്രങ്ങൾക്കിടയിലൂടെ സ്തനങ്ങൾ ദർശിഞ്ഞുനാക്കവേ
ദക്ഷിണേകരേ	വലതുകൈയിൽ
സ്വർണ്ണമയീം മാലാം ഗൃഹീത്വാ	ഒരു സ്വർണ്ണമാലയുമായി വന്നു്
രാമസ്യ ഉപരി നിക്ഷിപ്യ	രാമന്റെ കഴുത്തിൽ അണിയിച്ചു്
സ്മയമാനാ മുദം യയൗ	പുഞ്ചിരിയോടെ സന്തോഷം പ്രാപിച്ചു.
സു അലംകൃതം	ഭൂഷണങ്ങളണിഞ്ഞ
ലോകവിമോഹനം	ആ ലോകമോഹനരൂപം (രാമനെ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗവാക്ഷജാലരന്ധ്രേഭ്യോ ദൃഷ്ട്വാ	ജനൽവാതില്പ്പഴുതുകളിൽക്കൂടി കണ്ടിട്ട്
സർവ്വേ രാജദാരാഃ മുമുദിരേ	രാജപത്നിമാരെല്ലാം ആനന്ദിച്ചു.
തതഃ സർവ്വശാസ്ത്രവിശാരദഃ രാജാ മുനിം അബ്രവീത്	പിന്നെ സർവ്വശാസ്ത്രവേദിയായ രാജാവ് വിശ്വാമിത്രനോട് ഇങ്ങനെ പറഞ്ഞു.

ഭോ കൗശിക മുനിശ്രേഷ്ഠ പത്രം പ്രേഷയ സത്വരം
രാജാ ദശരഥഃ ശീഘ്രമാഗച്ഛതു സപുത്രകഃ. 33

വിവാഹാർത്ഥം കുമാരാണാം സദാരഃ സഹമന്ത്രിഭിഃ
തഥേതി പ്രേഷയാമാസ ദൂതാംസ്ത്വരിതവിക്രമാൻ. 34

ഭോ, മുനിശ്രേഷ്ഠ, കൗശിക, സത്വരം പത്രം പ്രേഷയ	വിശ്വാമിത്രമുനേ, ഉടൻതന്നെ (ദശരഥന്) എഴുത്തയയ്ക്കുക.
സപുത്രകഃ സദാരഃ സഹമന്ത്രിഭിഃ	പുത്രന്മാരോടും ഭാര്യമാരോടും മന്ത്രിമാരോടുംകൂടെ
രാജാ ദശരഥഃ കുമാരാണാം വിവാഹാർത്ഥം ശീഘ്രം ആഗച്ഛതു തഥാ ഇതി ത്വരിതവിക്രമാൻ ദൂതാൻ പ്രേഷയാമാസ	ദശരഥമഹാരാജാവ് കുമാരന്മാരുടെ വിവാഹത്തിന് ശീഘ്രം വന്നുചേരട്ടെ. 'അങ്ങനെതന്നെ' എന്ന് (മുനി) വേഗം പോകാൻ സമർത്ഥരായ ദൂതരെ അയച്ചു.

തേ ഗത്വാ രാജശാർദ്ദൂലം രാമശ്രേയോ ന്യവേദയൻ
ശ്രുത്വാ രാമകൃതം രാജാ ഹർഷേണ മഹതാപ്ലുതഃ. 35

തേ ഗത്വാ രാമശ്രേയഃ രാജശാർദ്ദൂലം ന്യവേദയൻ രാമകൃതം ശ്രുത്വാ രാജാ മഹതാ ഹർഷേണ ആപ്ലുതഃ	അവർ ചെന്ന് രാമന്റെ നേട്ടങ്ങളെ നൃപശ്രേഷ്ഠനെ അറിയിച്ചു. രാമൻ ചെയ്തതു കേട്ട് രാജാവ് അതിയായ സന്തോഷത്തിൽ മുഴുകി.

മിഥിലാഗമനാർത്ഥായ ത്വരയാമാസ മന്ത്രിണഃ
ഗച്ഛന്തു മിഥിലാം സർവ്വേ ഗജാശ്വരഥപത്തയഃ. 36

മിഥിലാഗമനാർത്ഥായ മന്ത്രിണഃ ത്വരയാമാസ	(ശീഘ്രം) മിഥിലയിലേക്കു പോകാൻ മന്ത്രിമാരെ ഉത്സാഹിപ്പിച്ചു.
ഗജാശ്വരഥപത്തയഃ സർവ്വേ മിഥിലാം ഗച്ഛന്തു	ആന, കുതിര, രഥം, കാലാൾപ്പട എല്ലാം മിഥിലയിലേക്കു പോകട്ടെ (രാജാവു കല്പിച്ചു).

രഥമാനയ മേ ശീഘ്രം ഗച്ഛാമ്യദ്യൈവ മാ ചിരം
വസിഷ്ഠസ്ത്വഗ്രതോ യാതു സദാരഃ സഹിതോഗ്നിഭിഃ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമമാതൃസമാദായ മുനിർ മേ ഭഗവാൻ ഗുരുഃ
ഏവം പ്രസ്ഥാപ്യ സകലം രാജർഷിർ വിപുലം രഥം. 38

മഹത്യാ സേനയാസാർദ്ധമാരുഹ്യ ത്വരിതോ യയൗ
ആഗതം രാഘവം ശ്രുത്വാ രാജാ ഹർഷസമാകുലഃ. 39

മമ രഥം ശീഘ്രം ആനയ	എന്റെ രഥം വേഗം കൊണ്ടുവരു
അദ്യ ഏവ ഗച്ഛാമി	ഞാനും ഇന്നുതന്നെ പോകുന്നു.
മാ ചിരം	ഒട്ടും താമസിക്കരുത്.
മേ ഗുരുഃ ഭഗവാൻ വസിഷ്ഠഃ	എന്റെ ഗുരു ഭഗവാൻ വസിഷ്ഠൻ
സദാരഃ അഗ്നിഭിഃ സഹിതഃ	ഭാര്യയോടും അഗ്നി*കളോടുംകൂടെ
രാമമാതൃസമാദായ	രാമന്റെ അമ്മമാരെയും കൂട്ടി
അഗ്രതഃ യാതു	മുമ്പേതന്നെ പൊയ്ക്കൊള്ളട്ടെ.
ഏവം സകലം പ്രസ്ഥാപ്യ	ഇപ്രകാരം എല്ലാവരെയും അയച്ച്
വിപുലം രഥം ആരുഹ്യ	വിശാലമായ രഥത്തിലേറി
മഹത്യാ സേനയാസാർദ്ധം	മഹത്തായ സേനയോടുകൂടെ
രാജർഷി ത്വരിതഃ യയൗ	ആ രാജർഷി വേഗം യാത്രയായി.
രാഘവം ആഗതം ശ്രുത്വാ	ദശരഥൻ വന്നതായി കേട്ട്
രാജാ ഹർഷസമാകുലഃ	ജനകൻ അത്യധികം ആനന്ദിച്ചു.

പ്രത്യുജ്ജഗാമ ജനകഃ ശതാനന്ദപുരോധസാ
യഥോക്തപൂജയാ പൂജ്യം പൂജയാമാസ സത്കൃതം. 40

ശതാനന്ദപുരോധസാ	ഗുരുവായ ശതാനന്ദനോടൊപ്പം
ജനകഃ പ്രത്യുജ്ജഗാമ	ജനകൻ ദശരഥനെ എതിരേറ്റ്
സത്കൃതം	സൽക്കരിച്ചു.
പൂജ്യം യഥോക്തപൂജയാ	പൂജ്യനായ (അദ്ദേഹത്തെ) യഥായോഗ്യം
പൂജയാമാസ	പൂജിക്കുകയും ചെയ്തു.

രാമസ്തു ലക്ഷ്മണേനാശു വവന്ദേ ചരണൗ പിതുഃ
തതോ ഹൃഷ്ടോ ദശരഥോ രാമം വചനമബ്രവീത്. 41

രാമഃ ലക്ഷ്മണേന ആശു	രാമൻ ലക്ഷ്മണനോടൊപ്പം
പിതുഃ ചരണൗ വവന്ദേ	പെട്ടെന്നു പിതൃപാദങ്ങളിൽ കുമ്പിട്ടു.
ഹൃഷ്ടഃ ദശരഥഃ രാമം തതഃ	സന്തുഷ്ടനായ ദശരഥൻ പിന്നെ
വചനം അബ്രവീത്	രാമനോടു പറഞ്ഞു.

ദിഷ്ട്യാ പശ്യാമി തേ രാമ മുഖം ഫുല്ലാംബുജോപമം
മുനേരനുഗ്രഹാത് സർവ്വം സമ്പന്നം മമ ശോഭനം. 42

---

* അഗ്നികൾ—യജ്ഞത്തിനുള്ള അഗ്നികൾ മൂന്ന്: (1) ഗാർഹപത്യം, (2) ആഹവനീയം, (3) ദക്ഷിണം. ഗാർഹപത്യാഗ്നി വീട്ടുകാരൻ ഒരിക്കലും കെടാതെ സൂക്ഷിക്കുന്നു. തന്റെ പിതാവിൽനിന്ന് ഏറ്റുവാങ്ങുകയും സന്താനത്തെ ഏല്പിക്കുകയും ചെയ്യും. യജ്ഞത്തിൽ അഗ്ന്യാധാനം ഇതിൽനിന്നാണ് നടത്തുക. നോക്കുക—മനു 2. 231. ഗാർഹപത്യത്തിൽനിന്ന് മന്ത്രപൂർവ്വം എടുത്ത് ആഹുതികൊണ്ടു ജ്വലിപ്പിക്കുന്നതു് ആഹവനീയം. ദക്ഷിണാഗ്നി തെക്കോട്ടു നോക്കി സ്ഥാപിക്കപ്പെടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ, ഫുല്ലാംബുജോപമം | മകനേ, വിടർന്ന താമരമലരിനൊത്ത
ഇതേ മുഖം ദിഷ്ട്യാ പശ്യാമി | നിന്റെ മുഖം ഭാഗ്യംകൊണ്ട് വീണ്ടും ഞാൻ കാണുകയാണ്.

മുനേഃ അനുഗ്രഹാത് | മഹർഷിയുടെ അനുഗ്രഹത്താൽ
മമ സർവ്വം ശോഭനം സമ്പന്നം | എന്റെ എല്ലാ കാര്യവും മംഗളമായി കലാശിച്ചിരിക്കുന്നു.

ഇത്യുക്ത്വാഘ്രായ മൂർദ്ധാനമാലിംഗ്യ ച പുനഃ പുനഃ
ഹർഷേണ മഹതാവിഷ്ടോ ബ്രഹ്മാനന്ദം ഗതോ യഥാ. 43

ഇതി ഉക്ത്വാ മൂർദ്ധാനം ആഘ്രായ | ഇങ്ങനെ പറഞ്ഞ് മൂർദ്ധാവിൽ മുകർന്നു.
പുനഃ പുനഃ ആലിംഗ്യ | വീണ്ടും വീണ്ടും പുണർന്നു.

മഹതാ ഹർഷേണ ആവിഷ്ടഃ | മഹത്തായ സന്തോഷാവേശത്താൽ
യഥാ ബ്രഹ്മാനന്ദം ഗതഃ | ബ്രഹ്മാനന്ദത്തിൽ ലയിച്ചപോലെ ആയി.

തതോ ജനകരാജേന മന്ദിരേ സന്നിവേശിതഃ
ശോഭനേ സർവ്വഭോഗാഢ്യേ സദാരഃ സസുതഃ സുഖീ. 44

തതഃ ജനകരാജേന | പിന്നെ ജനകരാജാവിനാൽ
സർവ്വഭോഗാഢ്യേ ശോഭനേ | സകലസുഖസൗകര്യങ്ങളുമുള്ള സുന്ദരമായ
മന്ദിരേ സദാരഃ | ഒരു മന്ദിരത്തിൽ (ദശരഥൻ)
സസുതഃ സുഖീ | ഭാര്യമാരോടും പുത്രരോടുംകൂടെ സസുഖം
സന്നിവേശിതഃ | വസിപ്പിക്കപ്പെട്ടു.

അതഃ ശുഭേദിനേ ലഗ്നേ സുമുഹൂർത്തേ രഘൂത്തമം
ആനയാമാസ ധർമ്മജ്ഞോ രാമം സഭ്രാതൃകം തദാ. 45

തതഃ ശുഭേദിനേ ലഗ്നേ | അനന്തരം ശുഭദിനത്തിൽ, ശുഭലഗ്നവും
സുമുഹൂർത്തേ ധർമ്മജ്ഞഃ | ശുഭമുഹൂർത്തവും പാർത്ത് ധർമ്മജ്ഞൻ ജനകൻ

സഭ്രാതൃകം രഘൂത്തമം രാമം | സഹോദരസമേതനും രഘൂത്തമനുമായ
തദാ ആനയാമാസ | രാമനെ ആനയിച്ചു.

രത്നസ്തംഭസുവിസ്താരേ സുവിതാനേ സുതോരണേ
മണ്ഡപേ സർവ്വശോഭാഢ്യേ മുക്താപുഷ്പഫലാന്വിതേ. 46

വേദവിദ്ഭിഃ സുസംബാധേ ബ്രാഹ്മണൈഃ സ്വർണ്ണഭൂഷിതൈഃ
സുവാസിനീഭിഃ പരിതോ നിഷ്കകണ്ഠീഭിരാവൃതേ. 47

ഭേരീദുന്ദുഭിനിർഘോഷൈർഗീതനൃത്തൈ്യഃ സമാകുലേ
ദിവ്യരത്നാഞ്ചിതേ സ്വർണ്ണപീഠേ രാമം ന്യവേശയത്. 48

സർവ്വശോഭാഢ്യേ | എല്ലാ ശോഭയും തികഞ്ഞതും
സുവിതാനേ | നല്ല വിതാനമുള്ളതും
സുതോരണേ | മികച്ച തോരണങ്ങൾ തൂക്കിയതും
മുക്താപുഷ്പഫലാന്വിതേ | മുത്തും പൂവും പഴങ്ങളും ചാർത്തിയതും
സ്വർണ്ണഭൂഷിതൈഃ | സ്വർണ്ണഭൂഷിതരും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദവിദ്ഭിഃ	വേദജ്ഞാനികളായ
ബ്രാഹ്മണൈഃ	ബ്രാഹ്മണരാൽ
സുസംബാധേ	നിറയപ്പെട്ടതും
നിഷ്കകണ്ഠിഭിഃ	കണ്ഠാഭരണമണിഞ്ഞു്
സുവാസിനിഭിഃ	മെച്ചമേറിയ ഉടയാട ധരിച്ച
പരിതഃ ആവൃതേ	സുന്ദരിമാരാൽ ചുററപ്പെട്ടതും
ഭേരീമൃദംഗനിർഘോഷൈഃ	പെരുമ്പറ, ചെണ്ട തുടങ്ങിയ വാദ്യഘോഷങ്ങളാലും
ഗീതനൃത്യൈഃ സമാകുലേ	നൃത്യഗീതങ്ങളാലും സംകലവുമായ
മണ്ഡപേ	മണ്ഡപത്തിൽ
ദിവ്യരത്നാഞ്ചിതേ	ദിവ്യരത്നങ്ങൾ പതിച്ച
സ്വർണ്ണപീഠേ	സ്വർണ്ണപീഠത്തിൽ
രാമം ന്യവേശയത്	രാമനെ ഇരുത്തി.

വസിഷ്ഠം കൗശികം ചൈവ ശതാനന്ദഃ പുരോഹിതഃ
യഥാക്രമം പൂജയിത്വാ രാമസ്യോഭയപാർശ്വയോഃ. 49

സ്ഥാപയിത്വാ സ തത്രാഗ്നിം ജ്വാലയിത്വാ യഥാവിധി
സീതാമാനീയ ശോഭാഢ്യാം നാനാരത്നവിഭൂഷിതാം. 50

സഭാര്യോ ജനകഃ പ്രായാദ്രാമം രാജീവലോചനം
പാദൗ പ്രക്ഷാല്യ വിധിവത്തദാപോ മൂർദ്ധ്ന്യധാരയത്. 51

പുരോഹിതഃ സഃ ശതാനന്ദഃ	പുരോഹിതൻ ശതാനന്ദൻ
വസിഷ്ഠം കൗശികം ച ഏവ	വസിഷ്ഠനെയും വിശ്വാമിത്രനെയും
യഥാക്രമം പൂജയിത്വാ	യഥാക്രമം പൂജിച്ച്
രാമസ്യ ഉഭയപാർശ്വയോഃ	രാമന്റെ ഇരുവശത്തും
സ്ഥാപയിത്വാ	ഇരുത്തി.
അഗ്നിം യഥാവിധി	ഹോമാഗ്നിയും യഥാവിധി
തത്ര ജ്വാലയിത്വാ	അവിടെ ജ്വലിപ്പിച്ചു.
സഭാര്യഃ ജനകഃ	ഭാര്യാസമേതനായ ജനകൻ
നാനാരത്നവിഭൂഷിതാം	നാനാരത്നാഭരണങ്ങളണിഞ്ഞു്
ശോഭാഢ്യാം സീതാം	അതിശോഭവഹിച്ച സീതയെ
രാജീവലോചനം രാമം പ്രായാത്	ചെന്താമരക്കണ്ണനായ രാമന്റെ (സമീപത്തേക്ക) കൂട്ടിക്കൊണ്ടുചെന്നു.
വിധിവദ് പാദൗ പ്രക്ഷാല്യ	വിധിപൂർവ്വം രാമപാദം കഴുകി
തദപഃ	ആ ജലം
മൂർദ്ധ്നി അധാരയത്	ശിരസ്സിൽ ധരിച്ചു.

യാ ധൃതാമൂർദ്ധ്നി ശർവ്വേണ ബ്രഹ്മണാ മുനിഭിഃ സദാ
തതഃ സീതാം കരേ ധൃത്വാ സാക്ഷതോദകപൂർവ്വകം. 52

രാമായ പ്രദദൗ പ്രീത്യാ പാണിഗ്രഹവിധാനതഃ
സീതാ കമലപത്രാക്ഷീ സ്വർണ്ണമുക്താദിഭൂഷിതാ. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദീയതേ മേ സുതാ തുഭ്യം പ്രീതോ ഭവ രഘൂത്തമ
ഇതി പ്രീതേന മനസാ സീതാം രാമകരേഽർപ്പയൻ. 54

മുമോദ ജനകോ ലക്ഷ്മീം ക്ഷീരാബ്ധിരിവ വിഷ്ണവേ
ഊർമ്മിളാം ചൗരസീം കന്യാം ലക്ഷ്മണായ ദദൗ മുദാ. 55

യാ (അപഃ) സദാ	ആ (ജലം) സദാ
ശർവ്വേണ ബ്രഹ്മണാ മുനിഭിഃ മൂർധ്നി ധൃതാ	ശിവനാലും ബ്രഹ്മാവിനാലും മുനിമാരാലും ശിരസ്സിൽ ധരിക്കപ്പെടുന്നു.
തതഃ സീതാം കരേ ധൃത്വാ അക്ഷതോദകപൂർവ്വകം പാണിഗ്രഹണവിധാനതഃ പ്രീത്യാ രാമായ പ്രദദൗ രഘൂത്തമ സ്വർണ്ണമുക്താദിഭൂഷിതാം കമലപത്രാക്ഷീ മേ സുതാ സീതാ തുഭ്യം ദീയതേ പ്രീതഃ ഭവ ഇതി പ്രീതേന മനസാ	പിന്നെ സീതയെ കൈപിടിച്ച് അക്ഷതത്തോടും ജലത്തോടും കൂടി പാണിഗ്രഹണവിധിപ്രകാരം പ്രീതിയോടെ രാമനു നല്കി. (ജനകൻ പറഞ്ഞു) രഘുശ്രേഷ്ഠാ, സ്വർണ്ണം, മുത്ത് ഇവയാൽ ഭൂഷിതയും കമലനയനയുമായ എന്റെ മകളാം സീതയെ ഇതാ നിനക്കു തന്നിരിക്കുന്നു. സന്തോഷമടയൂ. ഇങ്ങനെ പ്രീതിയാർന്ന മനസ്സോടെ
സീതാം രാമകരേ അർപ്പയൻ ജനകഃ	സീതയെ രാമന്റെ കൈകളിൽ അർപ്പിച്ചുകൊണ്ട് ജനകൻ
ലക്ഷ്മീം വിഷ്ണവേ അർപ്പയൻ ക്ഷീരാബ്ധിഃ ഇവ മുമോദ	ലക്ഷ്മിയെ വിഷ്ണുവിനു നല്കിയ ക്ഷീരസാഗരംപോലെ സന്തുഷ്ടനായി
ഔരസീം കന്യാം ഊർമ്മിളാം മുദാ ലക്ഷ്മണായ ച ദദൗ	സ്വന്തം മകളായ ഊർമ്മിളയെ മോദത്തോടെ ലക്ഷ്മണനു കൊടുത്തു.

വിഷ്ണുവിന്റെ പാദസ്പർശംകൊണ്ടു പവിത്രമായ ഗംഗാജലം ദേവന്മാരും മുനിമാരും സ്വശിരസ്സിൽ ധരിക്കുന്നു എന്നു പുരാണപ്രസിദ്ധം. പരമശിവന്റെ ശിരസ്സിൽത്തന്നെയാണല്ലോ ഗംഗയുടെ വാസം.

അക്ഷതം = ഉണക്കലരി.

തഥൈവ ശ്രുതകീർത്തിം ച മാണ്ഡവീം ഭ്രാതൃകന്യകേ
ഭരതായ ദദാവേകാം ശത്രുഘ്നായാപരാം ദദൗ. 56

തഥാ ഏവ ഭ്രാതൃകന്യകേ ശ്രുതകീർത്തിം മാണ്ഡവീം ച	അതുപോലെതന്നെ സഹോദരപുത്രിമാരായ ശ്രുതകീർത്തിയേയും മാണ്ഡവിയേയും
ഏകാം ഭരതായ ദദൗ അപരാം ശത്രുഘ്നായ ദദൗ	ഒരുത്തിയെ ഭരതനു നല്കി മററവളെ ശത്രുഘ്നനും കൊടുത്തു.

ചത്വാരോ ദാരസമ്പന്നാ ഭ്രാതരഃ ശുഭലക്ഷണാഃ
വിരേജുഃ പ്രഭയാ സർവ്വേ ലോകപാലാ ഇവാപരേ. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുഭലക്ഷണാഃ	ശുഭലക്ഷണങ്ങളൊത്ത
ചത്വാരഃ ഭ്രാതരഃ സർവ്വേ	ആ നാലു സഹോദരന്മാരും
ദാരസമ്പന്നാഃ	ഭാര്യമാരോടൊപ്പം
പ്രഭയാ	പ്രഭയാൽ
അപരേ ലോകപാലാ ഇവ വിരേജുഃ	മററു ലോകപാലർ എന്നപോലെ ശോഭിച്ചു.

തതോഽബ്രവീത് വസിഷ്ഠായ വിശ്വാമിത്രായ മൈഥിലഃ
ജനകഃ സ്വസുതോദന്തം നാരദേനാഭിഭാഷിതം. 58

തതഃ മൈഥിലഃ ജനകഃ	അനന്തരം മിഥിലാധിപനായ ജനകൻ
നാരദേന അഭിഭാഷിതം	നാരദമഹർഷി പറഞ്ഞ
സ്വസുതോദന്തം	സ്വപുത്രി(സീത)യുടെ കഥ
വസിഷ്ഠായ വിശ്വാമിത്രായ ച അബ്രവീത്	വസിഷ്ഠനേയും വിശ്വാമിത്രനേയും പറഞ്ഞുകേൾപ്പിച്ചു.

യജ്ഞഭൂമിവിശുദ്ധ്യർത്ഥം കഷ്തോ ലാങ്ഗലേന മേ
സീതാമുഖാത്സമുത്പന്നാ കന്യകാ ശുഭലക്ഷണാ. 59

യജ്ഞഭൂമിവിശുദ്ധ്യർത്ഥം	യജ്ഞഭൂമിയുടെ വിശുദ്ധിക്കായി
ലാങ്ഗലേന കഷ്തഃ	കലപ്പയെടുത്തു് ഉഴുതപ്പോൾ
സീതാമുഖാത് മേ	കലപ്പച്ചാലിൽനിന്നു് എനിക്കു്
ശുഭലക്ഷണാ കന്യകാ	ശുഭലക്ഷണയായ ഒരു പെൺകുഞ്ഞിനെ
ഉത്പന്നാ	കിട്ടി.

താമദ്രാക്ഷമഹം പ്രീത്യാ പുത്രികാഭാവഭാവിതാം
അർപ്പിതാ പ്രിയഭാര്യായൈ ശരച്ചന്ദ്രനിഭാനനാം. 60

താം അഹം പ്രീത്യാ	അവളെ ഞാൻ പ്രീതിയാൽ
പുത്രികാഭാവഭാവിതാം	പുത്രികാഭാവേന
അദ്രാക്ഷം	കണ്ടു
ശരച്ചന്ദ്രനിഭാനനാം	വാർതിങ്കളിനൊത്ത മുഖമുള്ള (ആ കുഞ്ഞിനെ)
പ്രിയഭാര്യായൈ	(ഞാനെൻെറ) പ്രിയപത്നിക്കു്
അർപ്പിതാ	സമർപ്പിച്ചു.

ഏകദാ നാരദോഽഭ്യാഗാത് വിവിക്തേ മയി സംസ്ഥിതേ
രണയൻ മഹതീം വീണാം ഗായന്നാരായണം വിഭും. 61

ഏകദാ മയി	ഒരിക്കൽ ഞാൻ
വിവിക്തേ സംസ്ഥിതേ	ഏകാന്തതയിലിരിക്കവെ
മഹതീം വീണാം രണയൻ	'മഹതി' എന്ന വീണ മീട്ടി
വിഭും നാരായണം ഗായൻ	വിഭുവായ നാരായണൻെറ സ്തോത്രവും പാടിക്കൊണ്ടു്
നാരദഃ അഭ്യാഗാത്	നാരദമുനി (അവിടെ) എത്തി.

പൂജിതഃ സുഖമാസീനോ മാമുവാച സുഖാന്വിതഃ
ശൃണുഷ്വ വചനം ഗുഹ്യം തവാഭ്യുദയകാരണം. 62

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂജിതഃ സുഖം ആസീനഃ	പൂജിക്കപ്പെട്ട് സുഖമായി ആസനസ്ഥനായ (നാരദൻ)
സുഖാന്വിതഃ മാം ഉവാച	സസുഖം എന്നോടു പറഞ്ഞു:
തവ അഭ്യുദയകാരണം	നിന്റെ അഭ്യുദയത്തിനുതകുന്ന
ഗുഹ്യം വചനം ശൃണുഷ്വ	ഒരു രഹസ്യവചനം കേട്ടുകൊള്ളുക:

പരമാത്മാ ഹൃഷീകേശോ ഭക്താനുഗ്രഹകാമ്യയാ
ദേവകാര്യാർത്ഥസിദ്ധ്യർത്ഥം രാവണസ്യ വധായ ച. 63

ജാതോ രാമ ഇതി ഖ്യാതോ മായാമാനുഷവേഷധൃക്
ആസ്തേ ദാശരഥിർഭൂത്വാ ചതുർദ്ധാ പരമേശ്വരഃ. 64

ഹൃഷീകേശഃ പരമാത്മാ	ഇന്ദ്രിയങ്ങളുടെ നിയന്താവായ പരമാത്മാവ്
ഭക്താനുഗ്രഹകാമ്യയാ	ഭക്തരെ അനുഗ്രഹിക്കാനുള്ള ആഗ്രഹംകൊണ്ടും
ദേവകാര്യാർത്ഥസിദ്ധ്യർത്ഥം	ദേവകാര്യം സിദ്ധമാക്കുവാനും
രാവണസ്യ വധായ ച	രാവണനെ വധിക്കാനുമായി
മായാമാനുഷവേഷധൃക്	മായാമനുഷ്യവേഷം ധരിച്ച്
ജാതഃ	ജനിച്ചിരിക്കുന്നു.
രാമ ഇതി ഖ്യാതഃ	രാമനെന്നു വിഖ്യാതനായ
പരമേശ്വരഃ	ഭഗവാൻ
ചതുർദ്ധാ ദാശരഥിഃ ഭൂത്വാ ആസ്തേ	ദശരഥന്റെ നാലു മക്കളായി അവതരിച്ചിരിക്കയാണ്.

യോഗമായാപി സീതേതി ജാതാ വൈ തവ വേശ്മനി
അതസ്ത്വം രാഘവായൈവ ദേഹി സീതാം പ്രയത്നതഃ. 65

നാന്യേഭ്യഃ പൂർവ്വഭാര്യൈഷാ രാമസ്യ പരമാത്മനഃ
ഇത്യുക്ത്വാ പ്രയയൗ ദേവഗതിം ദേവമുനിസ്തദാ. 66

യോഗമായാ അപി	യോഗമായയും
സീതാ ഇതി	സീതയെന്ന പേരിൽ
തവ വേശ്മനി ജാതാ വൈ	നിങ്ങളുടെ ഭവനത്തിൽ ജനിച്ചിരിക്കുന്നു.
അതഃ ത്വം പ്രയത്നതഃ	അതിനാൽ നിങ്ങൾ പ്രയത്നപ്പെട്ടിട്ടും
രാഘവായ ഏവ	രാമനുതന്നെ
സീതാം ദേഹി	സീതയെ കൊടുക്കണം
ന അന്യേഭ്യഃ	മററാർക്കുമരുത്.
ഏഷാ പരമാത്മനഃ രാമസ്യ പൂർവ്വഭാര്യാ	ഇവൾ പരമപുരുഷനായ രാമന്റെ പൂർവ്വഭാര്യയാണ്.
ഇതി ഉക്ത്വാ ദേവമുനിഃ തദാ ദേവഗതിം പ്രയയൗ	ഇങ്ങനെ പറഞ്ഞ് ആ ദേവർഷി അപ്പോൾ ദേവലോകത്തേക്കു പോയി.

തദാരഭ്യ മയാ സീതാ വിഷ്ണോർ ലക്ഷ്മീർവിഭാവ്യതേ
കഥം മയാ രാഘവായ ദീയതേ ജാനകീ ശുഭാ. 67

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ചിന്താസമാവിഷ്ടഃ കാര്യമേകമചിന്തയം
മത്പിതാമഹഗേഹേ തു ന്യാസഭൃതമിദം ധനുഃ. 68

തദാരഭ്യ മയാ	അന്നുമുതൽ ഞാൻ
സീതാ വിഷ്ണോഃ	സീതയെ വിഷ്ണുവിൻെറ ഭാര്യയായ
ലക്ഷ്മീ ഇവ വിഭാവ്യതേ	ലക്ഷ്മി എന്നാണ് കണക്കാക്കിപ്പോരു-ന്നതു്.
ശുഭാ ജാനകീ	ശുഭലക്ഷണയായ ജാനകിയെ
കഥം മയാ രാഘവായ	എങ്ങനെ ഞാൻ രാമചന്ദ്രന്
ദീയതേ	ഏല്പിച്ചുകൊടുക്കും
ഇതി ചിന്താസമാവിഷ്ടഃ	എന്ന് ചിന്താകുലനായി
ഏകം കാര്യം അചിന്തയത്	ഒരു ഉപായം വിചാരിച്ചു.
മത് പിതാമഹഗേഹേ തു	എൻെറ പിതാമഹൻെറ വീട്ടിൽ
ഇദം ധനുഃ ന്യാസഭൃതം	ഈ ധനുസ്സ് പണ്ടേ വച്ചിരുന്നതാണ്.

ഈശ്വരേണ പുരാ ക്ഷിപ്തം പുരദാഹാദനന്തരം
ധനുരേതത് പണം കാര്യമിതി ചിന്ത്യ കൃതം തഥാ. 69

സീതാപാണിഗ്രഹാർത്ഥായ സർവ്വേഷാം മാനനാശനം
ത്വത്പ്രസാദാൻ മുനിശ്രേഷ്ഠ രാമോ രാജീവലോചനഃ. 70

ആഗതോഽത്ര ധനുർദ്രഷ്ടും ഫലിതോ മേ മനോരഥഃ
അദ്യ മേ സഫലം ജന്മ രാമ ത്വാം സഹ സീതയാ. 71

ഏകാസനസ്ഥം പശ്യാമി ഭ്രാജമാനം രവിം യഥാ. 72

പുരാ പുരദാഹാദനന്തരം	പണ്ട് ത്രിപുരദഹനത്തിനുശേഷം
ഈശ്വരേണ ക്ഷിപ്തം	മഹാദേവൻ വച്ചിരുന്ന
സർവ്വേഷാം മാനനാശനം	ഏവരുടേയും ദുഷ്ടു ശമിപ്പിക്കുന്ന
ഏതത് ധനുഃ	ഈ വില്ലു വേണം
സീതാപാണിഗ്രഹാർത്ഥായ	സീതയുടെ സ്വയംവരത്തിന്
പണം കാര്യം	'പണനം' (പന്തയവസ്തു)
ഇതി വിചിന്ത്യ	ആക്കേണ്ടതെന്നുറച്ച്
തഥാ കൃതം	അങ്ങനെ ചെയ്യുകയും ചെയ്തു.
മുനിശ്രേഷ്ഠ	മഹാമുനേ,
ത്വത്പ്രസാദാത്	അവിടുത്തെ കാരുണ്യംകൊണ്ട്
രാജീവലോചനഃ രാമഃ	ചെന്താമരക്കണ്ണനായ രാമൻ
ധനുഃ ദ്രഷ്ടും അത്ര ആഗതഃ	ധനുസ്സു കാണാൻ ഇവിടെ എത്തി.
മേ മനോരഥഃ ഫലിതഃ	എൻെറ ആഗ്രഹം സഫലമായി.
രാമ	അല്ലയോ രാമ,
രവിം യഥാ ഭ്രാജമാനം ത്വാം	രവിയെപ്പോലെ പ്രഭ തിങ്ങുന്ന നീ
സീതയാ സഹ	സീതയോടൊപ്പം
ഏകാസനസ്ഥം പശ്യാമി	ഒരേ ഇരിപ്പിടത്തിൽ ഇരിക്കുന്നതു് ഞാൻ കാണുകയാണ്.
അദ്യ മേ ജന്മ സഫലം	ഇന്നെൻെറ ജന്മം സഫലമായി.

ത്വത്പാദാംബുധരോ ബ്രഹ്മാ സൃഷ്ടിചക്രപ്രവർത്തകഃ
ബലിസ്ത്വത്പാദസലിലം ധൃത്വാഽഭൂദ്ദിവിജാധിപഃ. 73

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തവത്പാദപാംസുസംസ്പർശാദഹല്യാ ഭർത്തൃശാപതഃ
സദ്യ ഏവ വിനിർമ്മുക്താ കോഽന്യസ്ത്വത്തോഽധിരക്ഷിതാ. 74

ത്വത് പാദാംബുധരഃ ബ്രഹ്മാ സൃഷ്ടിചക്രപ്രവർത്തകഃ	നിന്റെ പാദജലമേററിട്ടാണ് ബ്രഹ്മാവ് സൃഷ്ടിചക്രം തിരിക്കുന്നത്
ബലിഃ ത്വത് പാദസലിലം ധൃത്വാ ദിവിജാധിപഃ അഭൂത്	മഹാബലി അങ്ങയുടെ പാദോദകം ധരിച്ച് ഇന്ദ്രപദം നേടി.
ത്വത് പാദപാംസു— സംസ്പർശാത് അഹല്യാ	നിന്റെ പാദപാംസുക്കൾ സ്പർശിച്ചപ്പോൾ അഹല്യ
ഭർത്തൃശാപതഃ സദ്യ ഏവ വിനിർമ്മുക്താ ത്വത്തഃ അധിരക്ഷിതാ അന്യഃ കഃ	ഭർത്തൃശാപത്തിൽനിന്ന് ഉടൻതന്നെ മോചനം നേടി. അങ്ങയെക്കാൾ വലിയ രക്ഷകൻ മററാരാണ്?

യത് പാദപങ്കജപരാഗസുരാഗയോഗി—
വൃന്ദൈർജിതം ഭവഭയം ജിതകാലചക്രൈഃ
യന്നാമകീർത്തനപരാ ജിത ദുഃഖശോകാഃ
ദേവാസ്ത്വമേവ ശരണം സതതം പ്രപദ്യേ. 75

ജിതകാലചക്രൈഃ	കാലചക്രത്തെ അതിജീവിക്കുന്നവരും.
യത് പാദ പങ്കജപരാഗ— സുരാഗയോഗി വൃന്ദൈ	നിന്റെ പാദപങ്കജപരാഗത്തിൽ അനുരാഗം പുലർത്തുന്നവരുമായ യോഗികൾ
ഭവഭയം ജിതം	(അനായാസേന) സംസാരഭയത്തെ ജയിക്കുന്നു.
യന്നാമകീർത്തനപരാഃ ദേവാഃ	നിന്റെ നാമകീർത്തനത്തിൽ ലയിച്ച് ദേവന്മാർ
ജിത ദുഃഖഃ ശോകഃ	ദുഃഖശോകങ്ങളെ ദൂരീകരിക്കുന്നു.
ത്വം ഏവ സതതം ശരണം പ്രപദ്യേ	ആ (നിന്നെ) ത്തന്നെ ഞാനെന്നും ശരണം പ്രാപിക്കുന്നു.

ഇതി സ്തുത്വാ നൃപഃ പ്രാദാത് രാഘവായ മഹാത്മനേ
ദീനാരാണാം കോടിശതം രഥാനാമയുതം തദാ. 76

അശ്വാനാം നിയുതം പ്രാദാത് ഗജാനാം ഷട്ശതം തഥാ
പത്തീനാം ലക്ഷമേകം തു ദാസീനാം ത്രിശതം ദദൗ. 77

ഇതി സ്തുത്വാ നൃപഃ തദാ മഹാത്മനേ രാഘവായ	ഇങ്ങനെ സ്തുതിച്ചിട്ട് രാജാവ് അപ്പോൾ മഹാത്മാവായ രാമചന്ദ്രന്
ദീനാരാണാം കോടിശതം പ്രാദാത്	നൂറുകോടി ദീനാർ (സ്വർണ്ണനാണയം) കൊടുത്തു.
രഥാനാം അയുതം പ്രാദാത് അശ്വാനാം നിയുതം ഗജാനാം ഷട്ശതം തഥാ	പതിനായിരം രഥവും കൊടുത്തു. പത്തുലക്ഷം കുതിരകളെയും അറുനൂറാനകളെയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പത്തീനാം തു ഏകം ലക്ഷം	ഒരുലക്ഷം കാലാൾപ്പടയെയും
ദാസീനാം തു ത്രിശതം ദദൗ	മുന്നൂറു ദാസിമാരെയും നല്കി.

ദിവ്യാംബരാണി ഹാരാംശ്ച മുക്താരത്നമയോജ്ജ്വലാൻ
സീതായൈ ജനകഃ പ്രാദാത് പ്രീത്യാ ദുഹിതൃവത്സലഃ. 78

ദുഹിതൃവത്സലഃ ജനകഃ	മകളോടു വാത്സല്യമുള്ള ജനകൻ
സീതായൈ പ്രീത്യാ	സീതയ്ക്കു പ്രീതിപൂർവ്വം
ദിവ്യാംബരാണി	ദിവ്യവസ്ത്രങ്ങളും
മുക്താരത്നമയോജ്ജ്വലാൻ	മുത്തും രത്നവും പതിച്ച
ഹാരാൻ ച പ്രാദാത്	തിളങ്ങുന്ന മാലകളും കൊടുത്തു.

വസിഷ്ഠാദീൻ സുസംപൂജ്യ ഭരതം ലക്ഷ്മണം തഥാ
പൂജയിത്വാ യഥാന്യായം തഥാ ദശരഥം നൃപം. 79

പ്രസ്ഥാപയാമാസ നൃപോ രാജാനം രഘുസത്തമം
സീതാമാലിംഗ്യ രുദതീം മാതരഃ സാശ്രുലോചനാഃ. 80

വസിഷ്ഠാദീൻ	വസിഷ്ഠാദികളെയും
തഥാ ഭരതം ലക്ഷ്മണം	ഭരതനെയും ലക്ഷ്മണനെയും യഥായോഗ്യം
സുസംപൂജ്യ	പൂജിച്ച്.
യഥാന്യായം തഥാ ദശരഥം	ദശരഥമഹാരാജാവിനെയും വേണ്ടതര-
നൃപം പൂജയിത്വാ	ത്തിൽ പൂജിച്ച്.
നൃപഃ രഘുസത്തമം	അങ്ങനെ ജനകൻ രഘുകുലതിലകമായ
രാജാനം പ്രസ്ഥാപയാമാസ	ദശരഥനെ (സപരിവാരം) യാത്രയാക്കി.
സാശ്രുലോചനാഃ മാതരഃ	നിറഞ്ഞ കണ്ണുകളോടെ അമ്മമാർ
രുദതീം സീതാം	കണ്ണുനീർവാർക്കുന്ന സീതയെ
ആലിംഗ്യ	ആലിംഗനം ചെയ്ത്
	(ഇങ്ങനെ ആശീർവ്വദിച്ചു).

ശ്വശ്രൂശുശ്രൂഷണപരാ നിത്യം രാമമനുവ്രതാ
പാതിവ്രത്യമുപാലംബ്യ തിഷ്ഠ വത്സേ യഥാസുഖം. 81

വത്സേ, ശ്വശ്രൂ-	കുഞ്ഞേ, ഭർത്താവിന്റെ മാതാപിതാക്ക
ശുശ്രൂഷണപരാ	ന്മാരെ ശുശ്രൂഷിക്കുന്നതിൽ
	താൽപര്യത്തോടെയും
നിത്യം രാമം അനുവ്രതാ	എല്ലാ സമയവും രാമനെ അനുസരിച്ചും
പാതിവ്രത്യം ഉപാലംബ്യ	പാതിവ്രത്യനിഷ്ഠയോടെ
യഥാസുഖം തിഷ്ഠ	സസുഖം വാഴുക.

പ്രയാണകാലേ രഘുനന്ദനസ്യ
ഭേരീമൃദംഗാനകതൂര്യഘോഷഃ
സ്വർവാസിഭേരീഘനതൂര്യശബ്ദൈഃ
സമ്മൂർച്ഛിതോ ഭൂതഭയങ്കരോ ƒ ഭൂത്. 82

രഘുനന്ദനസ്യ പ്രയാണകാലേ	ശ്രീരാമചന്ദ്രന്റെ യാത്രാസമയത്ത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭേരീമൃദംഗാനക–	(മുഴക്കപ്പെട്ട) പെരുമ്പറ, മൃദംഗം,
തൂര്യഘോഷഃ	ചെണ്ട എന്നീ വാദ്യങ്ങളുടെ ഘോഷം
സ്വർഗ്ഗാസ്ഥിഭേരീഘന–	ദേവന്മാർ മുഴക്കിയ
തൂര്യശബ്ദൈഃ	പെരുമ്പറ തുടങ്ങിയവയുടെ
സമ്മൂർച്ഛിതഃ	ഘനഗംഭീരനാദവുമായി ചേർന്ന്
ഭൂതഭയങ്കരഃ അഭൂത്	ജീവികൾക്ക് പേടിയുളവാക്കി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ബാലകാണ്ഡേ ഷഷ്ഠഃ സർഗ്ഗഃ.

പാർവ്വതീപരമേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ബാലകാണ്ഡം ആറാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഏഴ്

പരശുരാമദർശനം

സൂത ഉവാച: സൂതൻ പറഞ്ഞു

അഥ ഗച്ഛതി ശ്രീരാമേ മൈഥിലാദ്യോജനത്രയം
നിമിത്താന്യതിഘോരാണി ദദർശ നൃപസത്തമഃ. 1

അഥ ശ്രീരാമേ	അനന്തരം ശ്രീരാമൻ
മൈഥിലാദ്യോജനത്രയം	മിഥിലയിൽനിന്ന് മൂന്നു യോജന
ഗച്ഛതി (സതി)	ചെന്നപ്പോഴേക്കും
നൃപസത്തമഃ	നൃപശ്രേഷ്ഠൻ (ദശരഥൻ)
അതിഘോരാണി	അതിഘോരങ്ങളായ
നിമിത്താനി ദദർശ	അപശകുനങ്ങൾ കണ്ടു.

നത്വാ വസിഷ്ഠം പപ്രച്ഛ കിമിദം മുനിപുംഗവ
നിമിത്താനീഹ ദൃശ്യന്തേ വിഷമാണി സമന്തതഃ. 2

വസിഷ്ഠം നത്വാ പപ്രച്ഛ	വസിഷ്ഠനെ വണങ്ങി ചോദിച്ചു,
മുനിപുംഗവ, സമന്തതഃ	മുനിശ്രേഷ്ഠ, ചുറ്റും
വിഷമാണി നിമിത്താനി	ദുർന്നിമിത്തങ്ങൾ
ദൃശ്യന്തേ	കാണുന്നല്ലോ.
ഇദം കിം?	എന്താണിതിന്റെ കാരണം?

വസിഷ്ഠസ്തമഥ പ്രാഹ ഭയമാഗാമി സൂച്യതേ
പുനരപ്യഭയം തേ ƒദ്യ ശീഘ്രമേവ ഭവിഷ്യതി. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ വസിഷ്ഠഃ	അനന്തരം വസിഷ്ഠൻ
തം പ്രാഹ	അദ്ദേഹത്തോടു പറഞ്ഞു
ആഗാമി ഭയം സൂച്യതേ	എന്തോ ഭയം വരുന്നു എന്നാണു് സൂചന
തേ അദ്യ പുനഃ അപി	നിനക്കതു നീങ്ങി വീണ്ടും
അഭയം ശീഘ്രം ഏവ ഭവിഷ്യതി	ഉടൻതന്നെ അഭയം ഉണ്ടാകും.

മൃഗാഃ പ്രദക്ഷിണം യാന്തി പശ്യ ത്വാം ശുഭസൂചകാഃ
ഇത്യേവം വദതസ്തസ്യ വവൗ ഘോരതരോഽനിലഃ. 4

മൃഷ്ണംശ്ചക്ഷൂംഷി സർവ്വേഷാം പാംസുവൃഷ്ടിഭിരർദ്ദയൻ
തതോവ്രജൻ ദദർശാഗ്രേ തേജോരാശിമുപസ്ഥിതം. 5

ശുഭസൂചകാഃ മൃഗാഃ	ശുഭസൂചകങ്ങളായ മൃഗങ്ങൾ
ത്വാം പ്രദക്ഷിണം	നിന്റെ വലതുവശത്തുകൂടെ
യാന്തി, പശ്യ	പോകുന്നു; കാണുക.
ഇതി ഏവം വദതഃ തസ്യ	ഇങ്ങനെ അദ്ദേഹം പറയുമ്പോഴേക്കും
ഘോരതരഃ അനിലഃ വവൗ	ഘോരമായ കാററു വീശി.
പാംസുവൃഷ്ടിഭിഃ	പൊടിവഷത്താൽ
സർവ്വേഷാം ചക്ഷൂംഷി	എല്ലാവരുടേയും കണ്ണുകൾ
മൃഷ്ണൻ അർദ്ദയൻ	കാഴ്ചയില്ലാതാക്കി പീഡിപ്പിച്ചു.
തതഃ വ്രജൻ	അവിടെനിന്നു പോയപ്പോൾ
അഗ്രേ തേജോരാശിം	മുമ്പിലൊരു തേജഃപുഞ്ജം
ഉപസ്ഥിതം ദദർശ	വന്നു നില്ക്കുന്നതായി കണ്ടു.

കോടിസൂര്യപ്രതീകാശം വിദ്യുത്പുഞ്ജസമപ്രഭം
തേജോരാശിം ദദർശാഥ ജാമദഗ്ന്യം പ്രതാപവാൻ. 6

അഥ പ്രതാപവാൻ	അനന്തരം പ്രതാപിയായ ദശരഥൻ
കോടിസൂര്യപ്രതീകാശം	കോടിസൂര്യതുല്യനും
വിദ്യുത്പുഞ്ജസമപ്രഭം	മിന്നൽക്കൂട്ടത്തിനു തുല്യം പ്രഭയാന്ന
തേജോരാശിം	തേജോരാശിയുമായ
ജാമദഗ്ന്യം ദദർശ	ജമദഗ്നിപുത്രനെ മുന്നിൽ കണ്ടു.

നീലമേഘനിഭം പ്രാംശും ജടാമണ്ഡലമണ്ഡിതം
ധനുഃ പരശുപാണിം ച സാക്ഷാത്കാലമിവാന്തകം. 7

കാർത്തവീര്യാന്തകം രാമം ദൃപ്തക്ഷത്രിയമർദ്ദനം
പ്രാപ്തം ദശരഥസ്യാഗ്രേഽകാലമൃത്യുമിവാപരം. 8

നീലമേഘനിഭം	നീലമേഘത്തിനു തുല്യനും
പ്രാംശും	ഉന്നതനും
ജടാമണ്ഡലമണ്ഡിതം	ജടാജൂടംകൊണ്ടു ശോഭിക്കുന്നവനും
ധനുഃ പരശുപാണിം ച	കൈയിൽ വില്ലും പരശുവുമേന്തിയവനും
സാക്ഷാൽ അന്തകം കാലം ഇവ	സാക്ഷാൽ അന്തകനായ കാലനു തുല്യനും
കാർത്തവീര്യാന്തകം	കാർത്തവീര്യനെ വധിച്ചവനും
ദൃപ്തക്ഷത്രിയമർദ്ദനം	ഗർവ്വിഷ്ഠരായ ക്ഷത്രിയരെ മുടിച്ചവനും
അപരം അകാലമൃത്യും ഇവ	മറെറാരു അകാലമൃത്യുവെപ്പോലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശരഥസ്യ അഗ്രേ — തന്റെ മുന്നിലെത്തിയവനായ
പ്രാപ്തം രാമം (ദദർശ) — ഭൃഗുരാമനെ ദശരഥൻ കണ്ടു.

തം ദൃഷ്ട്വാ ഭയസന്ത്രസ്തോ രാജാ ദശരഥസ്തദാ
അർഘ്യാദിപൂജാം വിസ്മൃത്യ ത്രാഹി ത്രാഹീതി ചാബ്രവീത്. 9

തം ദൃഷ്ട്വാ ഭയസംത്രസ്തഃ — അദ്ദേഹത്തെക്കണ്ടു പേടിച്ചു വിറച്ച
രാജാ ദശരഥഃ — ദശരഥരാജാവ്
തദാ അർഘ്യാദിപൂജാം — അപ്പോഴം അർഘ്യാദിപൂജകളംപോലും
വിസ്മൃത്യ — വിസ്മരിച്ച്
'ത്രാഹി ത്രാഹി' ഇതി — 'രക്ഷിക്കണേ, രക്ഷിക്കണേ' എന്നു
അബ്രവീത് ച — വിളിച്ചുപറഞ്ഞു.

ദണ്ഡവത് പ്രണിപത്യാഹ പുത്രപ്രാണം പ്രയച്ഛ മേ
ഇതി ബ്രുവന്തം രാജാനമനാദൃത്യ രഘൂത്തമം. 10

ഉവാച നിഷ്ഠുരം വാക്യം ക്രോധാത് പ്രചലിതേന്ദ്രിയഃ
ത്വം രാമ ഇതി നാമ്നാ മേ ചരസി ക്ഷത്രിയാധമ. 11

ദണ്ഡവത് പ്രണിപത്യ — ദണ്ഡനമസ്കാരംചെയ്ത്
ആഹ — അപേക്ഷിച്ചു.
മേ പുത്രപ്രാണം പ്രയച്ഛ — എന്റെ പുത്രന്മാരുടെ ജീവനെ ദാനം ചെയ്യേണമേ.
ഇതി ബ്രുവന്തം രാജാനം — ഇങ്ങനെ വിലപിക്കുന്ന രാജാവിനെ
അനാദൃത്യ — ഗൗനിക്കാതെ
ക്രോധാത് പ്രചലിതേന്ദ്രിയഃ — കോപാവേശംകൊണ്ട് വിറപൂണ്ട ഇന്ദ്രിയങ്ങളോടെ
രഘൂത്തമം നിഷ്ഠുരം വാക്യം — രഘുരാമനോടു നിഷ്ഠുരവാക്കുകളിൽ
ഉവാച — പറഞ്ഞു.
ക്ഷത്രിയാധമ, — ക്ഷത്രിയാധമാ
ത്വം രാമ ഇതി മേ നാമ്നാ — നീ 'രാമൻ' എന്ന് എന്റെ പേരുംകൊണ്ടു
ചരസി — നടക്കുകയാണ്.

ദ്വന്ദ്വയുദ്ധം പ്രയച്ഛാശു യദി ത്വം ക്ഷത്രിയോഽസി വൈ
പുരാണം ജർജ്ജരം ചാപം ഭംക്ത്വാ ത്വം കത്ഥസേ മുധാ. 12

യദി ത്വം ക്ഷത്രിയഃ വൈ അസി — നീ ക്ഷത്രിയൻതന്നെയാണെങ്കിൽ
ആശു ദ്വന്ദ്വയുദ്ധം പ്രയച്ഛ — ഉടൻ (എന്നോട്) ദ്വന്ദ്വയുദ്ധംചെയ്യുക
പുരാണം ജർജ്ജരം ചാപം — പഴയ, ജീർണ്ണിച്ച
ഭംക്ത്വാ ത്വം — ഒരു വില്ലൊടിച്ചിട്ട്
മുധാ കത്ഥസേ — നീ വെറുതെ പുലമ്പുകയാണ്.

അസ്മിംസ്തു വൈഷ്ണവേ ചാപ ആരോപയസി ചേദ് ഗുണം
തദാ യുദ്ധം ത്വയാ സാർദ്ധം കരോമി രഘുവംശജ. 13

രഘുവംശജ — രഘുവംശത്തിൽ പിറന്നവനേ,
അസ്മിൻ വൈഷ്ണവേ ചാപേ തു — ഈ വിഷ്ണുചാപത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുണം ആരോപയസി ചേത്	നീ ഞാൺ ഏററുകയാണെങ്കിൽ
തദാ ത്വയാ സമം	അപ്പോൾ നിന്നോട് ഞാൻ
യുദ്ധം കരോമി	യുദ്ധംചെയ്യുന്നതാണ്.

നോചേത് സർവ്വാൻ ഹനിഷ്യാമി ക്ഷത്രിയാന്തകരോഹ്യഹം
ഇതി ബ്രുവതി വൈ തസ്മിംശ്ചചാല വസുധാ ഭൃശം. 14

നോചേത് സർവ്വാൻ	അല്ലാത്തപക്ഷം എല്ലാററിനേയും
ഹനിഷ്യാമി	കൊന്നുകളയും.
അഹം ഹി ക്ഷത്രിയാന്തകരഃ	ഞാൻ ക്ഷത്രിയരുടെ അന്തകനാണ്.
തസ്മിൻ ഇതി	പരശുരാമൻ ഇങ്ങനെ
ബ്രുവതി വൈ	പറയുമ്പോൾ,
വസുധാ ഭൃശം ചചാല	ഭൂമി പെട്ടെന്നനവേ വിറച്ചുപോയി.

അന്ധകാരോ ബഭൂവാഥ സർവ്വേഷാമപി ചക്ഷുഷാം
രാമോ ദാശരഥിർവ്വീരോ വീക്ഷ്യ തം ഭാർഗ്ഗവം രുഷാ. 15

ധനുരാച്ഛിദ്യ തദ്ധസ്താദാരോപ്യ ഗുണമഞ്ജസാ
തൂണീരാദ് ബാണമാദായ സംധായാകൃഷ്യവീര്യവാൻ. 16

ഉവാച ഭാർഗ്ഗവം രാമം ശൃണു ബ്രഹ്മൻ വചോ മമ
ലക്ഷ്യം ദർശയ ബാണസ്യ ഹ്യമോഘോ മമ സായകഃ. 17

അഥ സർവ്വേഷാം അപി	പിന്നെ എല്ലാവരുടേയും
ചക്ഷുഷാം	കണ്ണിൽ
അന്ധകാരഃ ബഭൂവ	ഇരുട്ടു നിറഞ്ഞു.
വീരോ ദാശരഥിഃ രാമഃ തം	ധീരനായ ദാശരഥി രാമൻ ആ
ഭാർഗ്ഗവം രുഷാ വീക്ഷ്യ	പരശുരാമനെ രോഷത്തോടെ നോക്കി.
തദ് ഹസ്താത്	അദ്ദേഹത്തിന്റെ കൈയിൽനിന്ന്
അഞ്ജസാ ധനുഃ ആച്ഛിദ്യ	സത്വരം ധനുസ്സ് വലിച്ചെടുക്കുകയും
ഗുണം ആരോപ്യ	ഞാൺ പൂട്ടി
വീര്യവാൻ	ആ ധീരൻ
തൂണീരാദ് ബാണം ആദായ	ആവനാഴിയിൽനിന്ന് അമ്പെടുത്ത്
സംധായ ആകൃഷ്യ	തൊടുത്തു വലിച്ചിട്ട്
ഭാർഗ്ഗവം രാമം ഉവാച	പരശുരാമനോടു പറഞ്ഞു.
ബ്രഹ്മൻ മമ വചഃ ശൃണു	ബ്രാഹ്മണ, എന്റെ വാക്കു കേൾക്കു.
ബാണസ്യ ലക്ഷ്യം ദർശയ	ബാണത്തിനു ലക്ഷ്യം കാട്ടിത്തരിക.
മമ സായകഃ അമോഘഃ ഹി	എന്റെ ശരം വിഫലമാവുകയില്ല; തീർച്ച.

ലോകാൻ പാദയുഗം വാപി വദ ശീഘ്രം മമാജ്ഞയാ
അയം ലോകഃ പരോ വാഥ ത്വയാ ഗന്തും ന ശക്യതേ. 18

മമ ആജ്ഞയാ	എന്റെ ആജ്ഞപ്രകാരം
ശീഘ്രം വദ	ശീഘ്രം പറഞ്ഞുകൊള്ളുക.
ലോകാൻ വാ	ലോകങ്ങളെയോ
പാദയുഗം അപി	പാദയുഗത്തെയോ (ഏതാണ് ശരവ്യ-മാക്കേണ്ടതു്?)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം വാ പരം വാ ലോകഃ	ഇഹലോകമോ പരലോകമോ
അഥ ത്വയാ ഗന്തും ന ശക്യതേ	ഇനി നിങ്ങൾക്ക ഗമനീയമായി-രിക്കയില്ല.

ക്ഷത്രിയവംശം മുടിച്ചതിനുശേഷം പരശുരാമൻ തപസ്സിലും തീർത്ഥാടനത്തിലും മുഴകി. തപസ്സുകൊണ്ടു പരലോകസൗഖ്യവും തീർത്ഥാടനത്താൽ ഇഹലോകസൗഖ്യവും നേടുകയായിരുന്നു ലക്ഷ്യം. രണ്ടിലേതെങ്കിലുമൊന്നാണു് രഘുരാമൻ ശരവ്യമാക്കിയതു്. കർമ്മങ്ങൾ ഐഹികമായാലും പാരത്രികമായാലും പരമാത്മാവിൽ അർപ്പണബുദ്ധിയോടെ ചെയ്യണം. രാമബാണത്തിനു് ലക്ഷ്യമാകുന്നതോടെ പരശുരാമന്റെ കർമ്മങ്ങൾ ഈശ്വരനു സമർപ്പിക്കപ്പെടുകയും വാസനാബന്ധമല്ലാതായിത്തീരുന്നതിനാൽ അവ മോക്ഷഹേതുകമാവുകയും ചെയ്യും.

ശ്ലോകം 18—ൽ 'ലോകാൻ' എന്നതുകൊണ്ടു് 'പരലോകങ്ങളെ' എന്നും, 'പാദയുഗം' എന്ന വാക്കിനാൽ "തീർത്ഥയാത്രയ്ക്കുവേണ്ടിവന്ന നടപ്പ്" എന്നുമാണു് വിവക്ഷ.

ഏവം ത്വം ഹി പ്രകർത്തവ്യം വദ ശീഘ്രം മമാജ്ഞയാ
ഏവം വദതി ശ്രീരാമേ ഭാർഗ്ഗവോ വികൃതാനനഃ. 19

ഏവം	ഇങ്ങനെ
പ്രകർത്തവ്യം ഹി	എന്തുചെയ്യണമെന്നു്
മമ ആജ്ഞയാ	എന്റെ ആജ്ഞാനുസരണം
ത്വം ശീഘ്രം വദ	നീ ശീഘ്രം പറയുക.
ശ്രീരാമേ ഏവം വദതി	ശ്രീരാമൻ ഇങ്ങനെ പറയുമ്പോൾ
ഭാർഗ്ഗവഃ വികൃതാനനഃ	പരശുരാമന്റെ മുഖം വികൃതമായി.

സംസ്മരൻ പൂർവ്വവൃത്താന്തമിദം വചനമബ്രവീത്
രാമ, രാമ, മഹാബാഹോ ജാനേ ത്വാം പരമേശ്വരം. 20

പൂർവ്വവൃത്താന്തം സംസ്മരൻ	പൂർവ്വവൃത്താന്തം സ്മരിച്ചുകൊണ്ടു്
ഇദം വചനം അബ്രവീത്	ഈ വാക്കു പറഞ്ഞു.
മഹാബാഹോ, രാമ, രാമ,	മഹാബാഹുവായ രാമ,
ത്വാം പരമേശ്വരം ജാനേ	അങ്ങു ജഗദീശ്വരനാണെന്നു് ഞാൻ അറിയുന്നു.

പുരാണപുരുഷം വിഷ്ണും ജഗത്സർഗ്ഗലയോദ്ഭവം
ബാല്യേഽഹം തപസാ വിഷ്ണുമാരാധയിതുമഞ്ജസാ. 21

ചക്രതീർത്ഥം ശുഭം ഗത്വാ തപസാ വിഷ്ണുമന്വഹം
അതോഷയം മഹാത്മാനം നാരായണമനന്യധീഃ. 22

പുരാണപുരുഷം വിഷ്ണും	അങ്ങു് പുരാണപുരുഷനും വിഷ്ണുവും
ജഗത്സർഗ്ഗലയോദ്ഭവം	ജഗത്തിന്റെ ഉത്ഭവസ്ഥിതിലയങ്ങൾക്കു്
(ജാനേ)	ഹേതുവുമാണെന്നറിയുന്നു
അഹം ബാല്യേ	ഞാൻ കുട്ടിക്കാലത്തു്
വിഷ്ണും തപസാ ആരാധയിതും	വിഷ്ണുവിനെ തപസ്സുചെയ്താരാധിക്കാൻ
അഞ്ജസാ ശുഭം	വേഗത്തിൽ ശുഭകരമായ
ചക്രതീർത്ഥം ഗത്വാ	ചക്രതീർത്ഥത്തിൽ പോകയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനന്യധീഃ അന്വഹം	അന്യചിന്തകൂടാതെ നിരന്തരമായ
തപസാ	തപസ്സാൽ
മഹാത്മാനം നാരായണം	മഹാത്മാവായ നാരായണനെ
അതോഷയം	പ്രസാദിപ്പിക്കയും ചെയ്തു.

തതഃ പ്രസന്നോ ദേവേശഃ ശംഖചക്രഗദാധരഃ
ഉവാച മാം രഘുശ്രേഷ്ഠ പ്രസന്നമുഖപങ്കജഃ. 23

രഘുശ്രേഷ്ഠ,	രഘുശ്രേഷ്ഠാ,
ശംഖചക്രഗദാധരഃ	ശംഖചക്രഗദാധാരിയും
പ്രസന്നമുഖപങ്കജഃ	പ്രസന്നമുഖനമായ
ദേവേശഃ	ആ ദേവേശൻ
പ്രസന്നഃ	സന്തോഷത്തോടെ
മാം ഉവാച	എന്നോട് അരുളിച്ചെയ്തു.

ശ്രീഭഗവാനുവാച: ശ്രീഭഗവാൻ പറഞ്ഞു

ഉത്തിഷ്ഠ തപസോ ബ്രഹ്മൻ ഫലിതം തേ തപോ മഹത്
മച്ചിദംശേന യുക്തസ്ത്വം ജഹി ഹൈഹയപുംഗവം. 24

കാർത്തവീര്യം പിതൃഹണം യദർത്ഥം തപസഃ ശ്രമഃ
തതസ്ത്രിഃ സപ്തകൃത്വസ്ത്വം ഹത്വാ ക്ഷത്രിയമണ്ഡലം. 25

ബ്രഹ്മൻ	ഹേ ബ്രാഹ്മണശ്രേഷ്ഠാ,
തപസഃ ഉത്തിഷ്ഠ	തപസ്സു വിട്ട് എഴുന്നേററാലും.
തേ മഹത് തപഃ	നിന്റെ മഹത്തായ തപസ്സ്
ഫലിതം.	സഫലമായിരിക്കുന്നു.
ത്വം മച്ചിദംശേന യുക്തഃ	നീ എന്റെ ചിദംശത്തോടു-
	കൂടിയവനാണ്.
പിതൃഹണം ഹൈഹയ-	നിന്റെ പിതാവിനെ വധിച്ച
പുങ്ഗവം കാർത്തവീര്യം	ഹൈഹയശ്രേഷ്ഠനായ കാർത്തവീര്യനെ
ജഹി	നിഗ്രഹിക്കുക.
യദർത്ഥം തപസഃ ശ്രമഃ	അതിനുവേണ്ടിയാണല്ലോ
	തപസ്സിന്റെ ശ്രമം
തതഃ ത്വം	അതിനുശേഷം നീ
ത്രിഃ സപ്തകൃത്വഃ	ഇരുപത്തിയൊന്നു തവണയായിട്ട്
ക്ഷത്രിയമണ്ഡലം ഹത്വാ	ക്ഷത്രിയവംശം നശിപ്പിക്കുക.

കൃത്സ്നാം ഭൂമിം കശ്യപായ ദത്വാ ശാന്തിമുപാവഹ
ത്രേതാമുഖേ ദാശരഥിർ ഭൂത്വാ രാമോഽഹമവ്യയഃ. 26

ഉത്പത്സ്യേ പരയാ ശക്ത്യാ തദാ ദ്രക്ഷ്യസി മാം തതഃ
മത്തേജഃ പുനരാദാസ്യേ ത്വയി ദത്തം മയാ പുരാ. 27

ഭൂമിം കൃത്സ്നാം	ഭൂമി മുഴുവനും
കശ്യപായ ദത്വാ	കശ്യപനു ദാനംചെയ്ത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാന്തിം ഉപാവഹ	ശാന്തി നേടണം.
അവ്യയഃ അഹം	അപരിണാമിയായ ഞാൻ
ത്രേതാമുഖേ ദാശരഥി	ത്രേതായുഗത്തിൽ ദാശരഥി
രാമഃ ഭൂത്വാ ഉത്പത്സ്യേ	രാമനായി ജനിക്കും.
തദാ പരയാ ശക്ത്യാ	അന്ന് പരാശക്തിയായ
മാം ദ്രക്ഷ്യസി	സീതയോടൊപ്പം നീ എന്നെ ദർശിക്കും.
പുരാ മയാ ത്വയി ദത്തം	മുമ്പ് ഞാൻ നിനക്കു തന്ന
മത്തേജഃ	എന്റെ തേജസ്സ്
തതഃ പുനഃ ആദാസ്യേ	അന്നു തിരിച്ചെടുക്കുകയും ചെയ്യും.

തദാ തപശ്ചരംല്ലോകേ തിഷ്ഠ ത്വം ബ്രഹ്മണോ ദിനം
ഇത്യുക്ത്വാന്തർദധേ ദേവസ്തഥാ സർവ്വം കൃതം മയാ. 28

തദാ	അപ്പോൾ
ബ്രഹ്മണഃ ദിനം തപഃ ചരൻ	കല്പാന്തംവരെ തപസ്സുചെയ്തുകൊണ്ട്
ത്വം ലോകേ തിഷ്ഠ	നീ ലോകത്തിൽ സ്ഥിതിചെയ്യുക.
ഇതി ഉക്ത്വാ ദേവഃ	ഇങ്ങനെ അരുളിച്ചെയ്ത്
അന്തർദധേ	ഭഗവാൻ മറഞ്ഞു.
മയാ തഥാ സർവ്വം കൃതം	ഞാൻ അതുപോലെ എല്ലാം ചെയ്തു.

പ്രാചീന ഭാരതീയഗണിതപ്രകാരം ആയിരം ചതുർയുഗങ്ങൾ കൂടുന്നതാണ് ഒരു ബ്രാഹ്മദിനം. നാൽപ്പത്തിമൂന്നുലക്ഷത്തിയിരുപതിനായിരം വർഷമുണ്ട് ഒരു ചതുർയുഗത്തിന്.

സ ഏവ വിഷ്ണുസ്ത്വം രാമജാതോഽസി ബ്രഹ്മണാർത്ഥിതഃ
മയി സ്ഥിതം തു ത്വത്തേജസ്ത്വയൈവ പുനരാഹൃതം. 29

രാമ ത്വം സ വിഷ്ണു ഏവ	രാമാ, അങ്ങ് ആ വിഷ്ണുഭഗവാൻതന്നെയാണ്.
ബ്രഹ്മണാ അർത്ഥിതഃ ജാതഃ അസി	ബ്രഹ്മാവ് പ്രാർത്ഥിച്ചതിനാൽ ഭൂമിയിൽ അവതരിച്ചിരിക്കുന്നു.
മയി സ്ഥിതം ത്വത്തേജഃ തു ത്വയാ ഏവ പുനഃ ആഹൃതം	എന്നിലിരുന്ന അവിടുത്തെ തേജസ്സ് അങ്ങുതന്നെ തിരിച്ചെടുത്തിരിക്കുന്നു.

അദ്യ മേ സഫലം ജന്മ പ്രതീതോഽസി മമ പ്രഭോ
ബ്രഹ്മാദിഭിരലഭ്യസ്ത്വം പ്രകൃതേഃ പാരഗോ മതഃ. 30

പ്രഭോ, മമ പ്രതീതഃ അസി	പ്രഭോ, നിന്നെ ഞാൻ തിരിച്ചറിയുന്ന
അദ്യ മേ ജന്മ സഫലം	ഇന്നെന്റെ ജന്മം സഫലമാണ്.
ത്വം ബ്രഹ്മാദിഭിഃ അലഭ്യഃ	നീ ബ്രഹ്മാവ് തുടങ്ങിയവർക്കുപോലും അലഭ്യനത്രേ.
പ്രകൃതേഃ പാരഗഃ മതഃ	പ്രകൃതിക്ക് അതീതനാണ് നീ.

ത്വയി ജന്മാദിഷഡ്ഭാവാഃ ന സന്ത്യജ്ഞാനസംഭവാഃ
നിർവ്വികാരോഽസി പൂർണ്ണസ്ത്വം ഗമനാദി വിവർജ്ജിതഃ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വയി അജ്ഞാനസംഭവാഃ	അങ്ങയിൽ അജ്ഞാനജനിതങ്ങളായ
ജന്മാദിഷഡ്ഭാവാഃ ന സന്തി	ജന്മാദിഷഡ്ഭാവങ്ങൾ ഇല്ലതന്നെ.
ത്വം ഗമനാദി വിവർജ്ജിതഃ നിർവ്വികാരഃ പൂർണ്ണഃ അസി	അങ്ങ് ഗമനാദിയില്ലാത്തവനും നിർവ്വികാരനും പൂർണ്ണനും ആകുന്നു.

ജന്മാദിഷഡ്ഭാവങ്ങൾ: (1) ജായതേ = ജനിക്കുന്നു, (2) അസ്തി = ഉത്തിക്കുന്നു, (3) വർദ്ധതേ = വർദ്ധിക്കുന്നു, (4) വിപരിണമതേ = പരിണമിക്കുന്നു, (5) അപക്ഷീയതേ = ക്ഷയിക്കുന്നു, (6) നശ്യതി = നശിക്കുന്നു.

യഥാ ജലേ ഫേനജാലം ധൂമോ വഹ്നൗ തഥാ ത്വയി
ത്വദാധാരാ ത്വദ്വിഷയാ മായാ കാര്യം സൃജത്യഹോ. 32

യഥാ ജലേ ഫേനജാലം വഹ്നൗ ധൂമഃ	ജലത്തിൽ പതയും തീയിൽ പുകയും എങ്ങനെയോ
തഥാ ത്വദാധാരാ,	അതുപോലെ അങ്ങയെ ആശ്രയിച്ച്
ത്വദ്വിഷയാ മായാ ത്വയി	അങ്ങയ്ക്കു വിഷയമായി നില്ക്കുന്ന മായ അങ്ങയിൽ
അഹോ കാര്യം സൃജതി	അഹോ, കാര്യപ്രപഞ്ചം സൃഷ്ടിക്കുന്നു.

യാവന്മായാഽവൃതാ ലോകാസ്താവത് ത്വാം ന വിജാനതേ
അവിചാരിതസിദ്ധൈഷാഽവിദ്യാ വിദ്യാവിരോധിനീ. 33

യാവത് ലോകാഃ മായാവൃതാഃ	എപ്പോൾ വരെ ജനങ്ങൾ മായയാൽ മൂടപ്പെട്ടിരിക്കുന്നുവോ
താവത് ത്വാം ന വിജാനതേ	അപ്പോൾവരെ അങ്ങയെ അറിയുന്നില്ല.
വിദ്യാവിരോധിനീ ഏഷാ അവിദ്യാ	വിദ്യയ്ക്കു വിരോധിയായ ഈ അവിദ്യ (മായ)
അവിചാരിതസിദ്ധാ	വിചാരം ചെയ്യാത്തതുകൊണ്ടു് നില- നില്ക്കുന്നതാകുന്നു.

അവിദ്യാകൃതദേഹാദിസംഘാതേ പ്രതിബിംബിതാ
ചിച്ഛക്തിർജീവലോകേഽസ്മിൻ ജീവ ഇത്യഭിധീയതേ. 34

അവിദ്യാകൃതദേഹാദി- സംഘാതേ	അവിദ്യയാലുണ്ടായ ദേഹാദി സംഘാതത്തിൽ
പ്രതിബിംബിതാ ചിച്ഛക്തിഃ	പ്രതിബിംബിക്കുന്ന ജ്ഞാനശക്തിയാണു്
അസ്മിൻ ജീവലോകേ ജീവ ഇതി അഭിധീയതേ	ഈ ജീവലോകത്തിൽ ജീവാത്മാവു് എന്നു വിളിക്കപ്പെടുന്നതു്.

ദേഹം, ഇന്ദ്രിയങ്ങൾ ഇവയോടു ചേർന്നിരിക്കുന്ന അന്തഃകരണത്തെയാണു് 'ദേഹാദി സംഘാതം' എന്നതുകൊണ്ടർത്ഥമാക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാവത് ദേഹമനഃ പ്രാണബുദ്ധ്യാദിഷ്വഭിമാനവാൻ
താവത് കർത്തൃത്വഭോക്തൃത്വസുഖദുഃഖാദിഭാഗ്ഭവേത്. 35

യാവത് ദേഹമനഃ പ്രാണ– ബുദ്ധ്യാദിഷു അഭിമാനവാൻ	എപ്പോഴംവരെയാണോ ദേഹം, മനസ്സ്, പ്രാണൻ, ബുദ്ധി ഇവയിൽ അഭിമാനം വത്തിക്കുന്നതു്
താവത്	അപ്പോഴംവരെ മാത്രമേ (ആത്മാവ്)
കർത്തൃത്വഭോക്തൃത്വ– സുഖദുഃഖാദി ഭാഗ് ഭവേത്	പ്രവത്തിക്കുക, ഫലം ഭുജിക്കുക, സുഖദുഃഖാദികൾ അനുഭവിക്കുക എന്നിവയിൽ ഭാഗഭാക്കാകൂ.

ആത്മനഃ സംസൃതിർനാസ്തി ബുദ്ധേർജ്ഞാനം നജാത്വിതി
അവിവേകാദ്ദ്വയം യുക്ത്വാ സംസാരീതി പ്രവത്തതേ. 36

ആത്മനഃ സംസൃതിഃ നാസ്തി	യഥാർത്ഥത്തിൽ ആത്മാവിനു സംസാരബന്ധം (ജനനമരണം)ഇല്ല.
ബുദ്ധേഃ ജ്ഞാനം ജാതു ന	ബുദ്ധിക്ക ജ്ഞാനമാകട്ടെ, ഒരിക്കലുമില്ല.
അവിവേകാത്	അവിവേകത്താൽ
ദ്വയം യുക്ത്വാ	രണ്ടും ചേർന്ന്
സംസാരീ ഇതി	സംസാരിയെന്ന നിലയിൽ
പ്രവത്തതേ	പ്രവത്തിക്കുന്നു.

ജഡസ്യ ചിത്സമായോഗാച്ചിത്ത്വം ഭൂയാച്ചിതേസ്തഥാ
ജഡസംഗാജ്ജഡത്വം ഹി ജലാഗ്ന്യോർമ്മേലനം യഥാ. 37

ജഡസ്യ ചിത്സമായോഗാത്	ജഡത്തിനു ചിത്തുമായി സംയോഗം കൊണ്ടു്
ചിത്ത്വം തഥാ ചിതേഃ ജഡസംഗാത് ജഡത്വം ഭൂയാത്	ചേതനത്വവും, അതുപോലെ ചിത്തിന് ജഡവുമായുള്ള ചേർച്ചയാൽ ജഡത്വവും ഭവിക്കും.
യഥാ ജലാഗ്ന്യോഃ മേലനം ഹി	ജലത്തിന്റെയും തീയുടെയും ചേർച്ചയെന്നപോലെതന്നെ.

യാവത് ത്വത്പാദഭക്താനാം സംഗസൗഖ്യം ന വിന്ദതി
താവത് സംസാരദുഃഖൗഘാന്ന നിവത്തേന്നരഃ സദാ. 38

യാവത് ത്വത്പാദഭക്താനാം	എപ്പോഴംവരെ അവിടുത്തെ പാദ–ഭക്തന്മാരുമായി
സദാ സംഗസൗഖ്യം ന വിന്ദതി	നിരന്തരം സംസർഗ്ഗംചെയ്ത് സന്തോഷം നേടുന്നില്ലയോ
താവത് നരഃ സംസാരദുഃഖൗഘാത് ന നിവത്തേത്	അപ്പോഴംവരെ നരൻ സംസാരദുഃഖക്കൂട്ടത്തിൽനിന്നു് മോചനം നേടുന്നില്ല.

തത്സംഗലബ്ധയാ ഭക്ത്യാ യദാ ത്വാം സമുപാസതേ
തദാ മായാ ശനൈര്യാതി താനവം പ്രതിപദ്യതേ. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

തത്സംഗലബ്ധയാ	സത്സംഗംകൊണ്ടു കൈവന്ന
ഭക്ത്യാ	ഭക്തിയോടെ
യദാ ത്വാം സമുപാസതേ	അങ്ങയെ ഉപാസിക്കുമ്പോൾ
തദാ മായാ ശനൈഃ യാതി	മായ പതുക്കെ അകന്ന്
താനവം പ്രതിപദ്യതേ	തീരെ ക്ഷീണിക്കുന്നു.

തതസ്ത്വജ്ഞാനസമ്പന്നഃ സദ്ഗുരുസ്തേന ലഭ്യതേ
വാക്യജ്ഞാനം ഗുരോർലബ്ധ്വാ ത്വത് പ്രസാദാദ് വിമുച്യതേ.

തതഃ തേന ത്വജ്ഞാനസമ്പന്നഃ	അപ്പോൾ അവന് അങ്ങയെപ്പററി പൂർണ്ണജ്ഞാനം നേടിയ
സദ്ഗുരുഃ ലഭ്യതേ	സദ്ഗുരു ലഭ്യനാകുന്നു
ഗുരോഃ വാക്യജ്ഞാനം	ഗുരുവിൽനിന്ന് വാക്യജ്ഞാനം[12]
ലബ്ധ്വാ	നേടി
ത്വത് പ്രസാദാത്	അവിടുത്തെ കൃപയാൽ
വിമുച്യതേ	മുക്തിയും ലഭിക്കുന്നു.

തസ്മാത് ത്വദ്ഭക്തിഹീനാനാം കല്പകോടിശതൈരപി
ന മുക്തിശങ്കാ വിജ്ഞാനശങ്കാ നൈവ സുഖം തഥാ. 41

തസ്മാത്	അതിനാൽ
ത്വദ്	അങ്ങയിൽ
ഭക്തിഹീനാനാം	ഭക്തിയില്ലാത്തവർക്ക്
കല്പകോടിശതൈഃ അപി	ശതകോടി കല്പങ്ങളാൽപ്പോലും
ന മുക്തിശങ്കാ, ന വിജ്ഞാനശങ്കാ	മുക്തിയോ, ബ്രഹ്മജ്ഞാനമോ ലഭിക്കുമെന്ന ശങ്കയേ വേണ്ട.
തഥാ, ന ഏവ സുഖം	അതുപോലെതന്നെ ആനന്ദവും.

അതസ്ത്വത്പാദയുഗലേ ഭക്തിർമേ ജന്മജന്മനി
സ്യാത്ത്വദ്ഭക്തിമതാം സംഗോ ഽവിദ്യാ യാഭ്യാം വിനശ്യതി.

അതഃ ജന്മജന്മനി	അതുകൊണ്ട് ജന്മങ്ങൾതോറും
ത്വത് പാദയുഗലേ	അവിടുത്തെ പാദങ്ങളിൽ
ഭക്തിഃ മേ സ്യാത്	എനിക്ക് ഭക്തിയുണ്ടാകട്ടെ.
ത്വത് ഭക്തിമതാം സംഗഃ	നിന്റെ ഭക്തന്മാരായി സംസർഗ്ഗം (പുലർത്താനും ഇടവരണം)
യാഭ്യാം അവിദ്യാ വിനശ്യതി	ഇവയാലേ അവിദ്യ നശിക്കുകയുള്ളൂ.

ലോകേ ത്വദ്ഭക്തിനിരതാസ്ത്വദ്ധർമ്മാമൃതവർഷിണഃ
പുനന്തി ലോകമഖിലം കിം പുനഃ സ്വകുലോദ്ഭവാൻ. 43

ത്വദ്ഭക്തിനിരതാഃ ലോകേ	അവിടുത്തെ ഭക്തിയിൽ ലയിച്ചവർ
ത്വദ് ധർമ്മാമൃതവർഷിണഃ	അങ്ങയുടെ ധർമ്മമാകുന്ന അമൃതം വർഷിച്ച്
അഖിലം ലോകം പുനന്തി	സകലലോകവും വിമലമാക്കുന്നു.
സ്വകുലോദ്ഭവാൻ പുനഃ കിം	സ്വകുലത്തിൽ പിറന്നവരെപ്പററി പിന്നെ പറയേണ്ടതുണ്ടോ?

Digitized by Arya Samaj Foundation Chennai and eGangotri
CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമോഽസ്തു ജഗതാം നാഥ നമസ്തേ ഭക്തിഭാവന
നമഃ കാരുണികാനന്ത രാമചന്ദ്ര നമോഽസ്തു തേ. 44

ജഗതാം നാഥ, തേ നമഃ അസ്തു	ലോകനാഥ, അങ്ങയ്ക്കു നമസ്കാരം.
ഭക്തിഭാവന, തേ നമഃ	ഭക്തിദാതാവേ, കുമ്പിടുന്നേൻ.
ഹേ അനന്തകാരുണിക,	അന്തമില്ലാത്ത കരുണാനിധേ,
നമഃ	നമിക്കുന്നേൻ.
രാമചന്ദ്ര, തേ നമഃ അസ്തു	ഭഗവാനേ രാമചന്ദ്ര, നിനക്കു വണക്കം.

ദേവ, യദ്യത്കൃതം പുണ്യം മയാ ലോകജിഗീഷയാ
തത്സൎവ്വം തവ ബാണായ ഭൂയാദ്രാമ നമോഽസ്തു തേ. 45

ദേവ,	ദേവാ,
ലോകജിഗീഷയാ	സ്വർഗ്ഗാദിലോകപ്രാപ്തിക്കായി
മയാ യദ് യദ് പുണ്യം കൃതം	ഞാൻ ചെയ്ത പുണ്യം
തത് സൎവ്വം തവ	മുഴുവനും അവിടുത്തെ
ബാണായ ഭൂയാത്	ബാണത്തിനു ലക്ഷ്യമായിത്തീരട്ടെ
രാമ, തേ നമഃ അസ്തു	രാമാ, നിനക്കു നമസ്കാരം.

എന്റെ കൎമ്മബന്ധങ്ങളും അവിടുത്തെ ബാണത്തിനു ലക്ഷ്യമായിത്തീരട്ടെ. അങ്ങനെ എനിക്കു മോക്ഷവും അങ്ങയുടെ ബാണത്തിനു ലക്ഷ്യവും സവിശേഷം സിദ്ധിക്കും. ബാണത്തിനു ലക്ഷ്യം ആവശ്യപ്പെടുകയും ചെയ്തല്ലോ.

തതഃ പ്രസന്നോ ഭഗവാൻ ശ്രീരാമഃ കരുണാമയഃ
പ്രസന്നോഽസ്മി തവ ബ്രഹ്മന്യത്തേ മനസി വൎത്തതേ. 46

ദാസ്യേ തദഖിലം കാമം മാ കുരുഷ്വാത്ര സംശയം
തതഃ പ്രീതേന മനസാ ഭാൎഗ്ഗവോ രാമമബ്രവീത്. 47

തതഃ കരുണാമയഃ ഭഗവാൻ	പിന്നെ കാരുണ്യനിധിയായ ഭഗവാൻ
ശ്രീരാമഃ പ്രസന്നഃ	ശ്രീരാമൻ സന്തോഷത്തോടെ ഇങ്ങനെ അരുളി.
ബ്രഹ്മൻ, അഹം	ബ്രഹ്മൎഷേ, ഞാൻ
പ്രസന്ന അസ്മി	പ്രസന്നനാണ്.
യത് തേ മനസി വൎത്തതേ	നിങ്ങളുടെ മനസ്സിലെ
തത് അഖിലം കാമം ദാസ്യേ	ആഗ്രഹമെല്ലാം ഞാൻ സാധിച്ചുതരാം.
അത്ര സംശയം മാ കുരുഷ്വ	ഇതിൽ സംശയിക്കേണ്ട.
തതഃ പ്രീതേന മനസാ	പിന്നെ സംതൃപ്തമായ മനസ്സോടെ
ഭാൎഗ്ഗവഃ രാമം അബ്രവീത്	പരശുരാമൻ രഘുരാമനോടു പറഞ്ഞു.

യദി മേഽനുഗ്രഹോ രാമ തവാസ്തി മധുസൂദന
ത്വദ്ഭക്തസംഗസ്ത്വത്പാദേ ദൃഢാ ഭക്തിഃ സദാസ്തു മേ. 48

മധുസൂദന, രാമ, യദി മേ	മധുസൂദന, രാമാ, എനിക്ക്
തവ അനുഗ്രഹ അസ്തി	അവിടുത്തെ അനുഗ്രഹമുണ്ടെങ്കിൽ
ത്വത് ഭക്തസംഗഃ	അവിടുത്തെ ഭക്തരോടു സംസൎഗ്ഗവും,
ത്വത് പാദേ	അവിടുത്തെ പാദങ്ങളിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃഢാ ഭക്തി മേ സദാ അസ്തു	ദൃഢമായ ഭക്തിയും എന്നും ഉണ്ടാകണം.

സ്തോത്രമേതത് പഠേദ്യസ്തു ഭക്തിഹീനോƒപി സർവ്വദാ
ത്വത്ഭക്തിസ്തസ്യ വിജ്ഞാനം ഭൂയാദന്തേ സ്മൃതിസ്തവ. 49

ഭക്തിഹീനഃ അപി യഃ തു ഏതത് സ്തോത്രം സർവ്വദാ പഠേത് തസ്യ ത്വദ്ഭക്തിഃ വിജ്ഞാനം അന്തേ തവ സ്മൃതിഃ ച ഭൂയാത്	ഭക്തിയില്ലെങ്കിൽക്കൂടി ഏവൻ ഈ സ്തോത്രം നിരന്തരം പഠയിക്കുന്നു, അവനു് നിന്നിൽ ഭക്തിയും വിജ്ഞാനവും അന്ത്യവേളയിൽ നിന്റെ സ്മരണയും ഉണ്ടാകണം.

തഥേതി രാഘവേണോക്തഃ പരിക്രമ്യ പ്രണമ്യ തം
പൂജിതസ്തദനുജ്ഞാതോ മഹേന്ദ്രാചലമന്വഗാത്. 50

'തഥാ ഇതി' രാഘവേണ ഉക്തഃ തം പരിക്രമ്യ പ്രണമ്യ പൂജിതഃ തദനുജ്ഞാതഃ	'അപ്രകാരമാകട്ടെ' എന്നു് രാമൻ പറയവേ അദ്ദേഹത്തെ പ്രദക്ഷിണംചെയ്തു നമസ്കരിച്ചു് ബഹുമതിയും അനുമതിയും നേടി പരശുരാമൻ
മഹേന്ദ്രാചലം അന്വഗാത്	മഹേന്ദ്രപർവ്വതത്തിലേക്കു പോയി.

രാജാ ദശരഥോ ഹൃഷ്ടോ രാമം മൃതമിവാഗതം
ആലിംഗ്യാലിംഗ്യഹർഷേണ നേത്രാഭ്യാം ജലമുത്സൃജത്. 51

രാജാ ദശരഥഃ ഹൃഷ്ടഃ	ദശരഥരാജാവു് അത്യധികം ആഹ്ളാദിച്ചു
മൃതം ആഗതം ഇവ	മരണത്തിൽനിന്നു തിരിച്ചുവന്നാലെന്നപോലെ
രാമം ആലിംഗ്യ ആലിംഗ്യ ഹർഷേണ	രാമനെ കെട്ടിപ്പുണർന്നു് ഹർഷത്താൽ
നേത്രാഭ്യാം ജലം ഉത്സൃജത്	കണ്ണുനീർ പൊഴിച്ചു.

തതഃ പ്രീതേന മനസാ സ്വസ്ഥചിത്തഃ പുരം യയൗ
രാമലക്ഷ്മണശത്രുഘ്നഭരതാ ദേവസമ്മിതാഃ
സ്വാം സ്വാം ഭാര്യാമുപാദായ രേമിരേ സ്വസ്വമന്ദിരേ. 52

തതഃ പ്രീതേന മനസാ സ്വസ്ഥചിത്തഃ	അനന്തരം പ്രീതിയും സ്വസ്ഥതയുമാർന്ന മനസ്സോടെ
പുരം യയൗ	അയോദ്ധ്യയിലേക്കു പോയി.
ദേവസമ്മിതാഃ രാമലക്ഷ്മണ– ശത്രുഘ്നഭരതാഃ	ദേവതുല്യരായ രാമ,ലക്ഷ്മണ, ഭരത,ശത്രുഘ്നന്മാർ
സ്വാം സ്വാം ഭാര്യാം ഉപാദായ സ്വസ്വമന്ദിരേ രേമിരേ	അവരവരുടെ ഭാര്യയുമായി സ്വസ്വമന്ദിരത്തിൽ സസുഖം വാണു.

മാതാ പിതൃഭ്യാം സംഹൃഷ്ടോ രാമഃ സീതാസമന്വിതഃ
രേമേ വൈകുണ്ഠഭവനേ ശ്രിയാ സഹ യഥാ ഹരിഃ. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാതാപിതൃഭ്യാം	മാതാപിതാക്കൾക്ക്
സംഹൃഷ്ടഃ രാമഃ	ആനന്ദം പകർന്നുകൊണ്ട് രാമൻ
സീതാസമന്വിതഃ	സീതയോടു ചേർന്ന്

യുധാജിന്നാമകൈകേയീ ഭ്രാതാ ഭരതമാതുലഃ
ഭരതം നേതുമാഗച്ഛത് സ്വരാജ്യം പ്രീതിസംയുതഃ. 54

കൈകേയീ ഭ്രാതാ	കൈകേയിയുടെ സഹോദരനും
ഭരതമാതുലഃ	ഭരതന്റെ അമ്മാവനുമായ
യുധാജിന്നാമ	യുധാജിത് എന്നു പേരുള്ളയാൾ
പ്രീതിസംയുതഃ ഭരതം	സ്നേഹപൂർവ്വം ഭരതനെ
സ്വരാജ്യം നേതും	സ്വരാജ്യത്തേക്കു കൂട്ടിക്കൊണ്ടുപോകാൻ
ആഗച്ഛത്	വരികയുണ്ടായി.

പ്രേഷയാമാസ ഭരതം രാജാ സ്നേഹസമന്വിതഃ
ശത്രുഘ്നം ചാപി സംപൂജ്യ യുധാജിതമരിന്ദമഃ. 55

അരിന്ദമഃ	ശത്രുക്കളെ അമർത്തുന്നവനും
സ്നേഹസമന്വിതഃ രാജാ	സ്നേഹശീലനുമായ രാജാവ്
യുധാജിതം	യുധാജിത്തിനെ യഥായോഗ്യം
സംപൂജ്യ	സൽക്കരിച്ച്
ഭരതം ശത്രുഘ്നം ച അപി	ഭരതനേയും ശത്രുഘ്നനേയും
പ്രേഷയാമാസ	(അദ്ദേഹത്തിന്റെകൂടെ) അയച്ചു.

കൗസല്യാ ശുശുഭേ ദേവീ രാമേണ ന ഹ സീതയാ
ദേവമാതേവ പൗലോമ്യാ ശച്യാ ശക്രേണ ശോഭനാ. 56

പൗലോമ്യാ	പുലോമപുത്രിയായ
ശച്യാ ശക്രേണ സഹ	ശചിയോടും ഇന്ദ്രനോടും ചേർന്ന്
ശോഭനാ ദേവമാതാ ഇവ	ശോഭനയായ ദേവമാതാ അദിതിയെപ്പോലെ
ദേവീ കൗസല്യാ	കൗസല്യാദേവി
രാമേണ സീതയാ സഹ ശുശുഭേ	രാമനോടും സീതയോടും ചേർന്ന് ശോഭിച്ചു.

സാകേതേ ലോകനാഥപ്രഥിതഗുണഗണോ
ലോകസംഗീതകീർത്തിഃ
ശ്രീരാമഃ സീതയാസ്തേഽഖിലജനനികരാ—
നന്ദസന്ദോഹമൂർത്തിഃ
നിത്യശ്രീർനിർവ്വികാരോ നിരവധിവിഭവോ
നിത്യമായാനിരാസോ
മായാകാര്യാനുസാരീ മനുജ ഇവ സദാ
ഭാതി ദേവോഽഖിലേശഃ. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകനാഥപ്രഥിത- ഗുണഗണഃ	ലോകനാഥരിൽ പ്രകീർത്തിതമായ ഗുണഗണമുള്ളവനും
ലോകസംഗീതകീർത്തിഃ	വിശ്വമെങ്ങും പാടിപ്പുകഴ്ത്തപ്പെടുന്ന യശസ്സിനുടമയും
അഖിലജനനികരാനന്ദ- സന്ദോഹമൂർത്തിഃ	സകലജനങ്ങളുടെയും ആനന്ദസന്ദോഹത്തിടമ്പും
നിത്യശ്രീഃ നിർവ്വികാരഃ നിരവധിവിഭവഃ	നിത്യശ്രീമാനും വികാരരഹിതനും അനന്തമായ വൈഭവമുള്ളവനും
നിത്യമായാനിരാസഃ അഖിലേശഃ ദേവഃ	നിത്യമായി മായയെ നിരസിക്കുന്നവനും അഖിലേശനുമായ ദേവൻ
മായാകാര്യാനുസാരീ മനുജ ഇവ ഭാതി	മായാകാര്യങ്ങളെ അനുസരിച്ചുകൊണ്ട് മനുഷ്യനെപ്പോലെ വിരാജിക്കുന്നു.
സഃ ശ്രീരാമഃ സീതയാ സഹ സദാ സാകേതേ ആസ്തേ	ആ രാമദേവൻ സീതാസമേതനായി സദാ അയോദ്ധ്യയിൽ വർത്തിക്കുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ബാലകാണ്ഡേ സപ്തമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ബാലകാണ്ഡം ഏഴാം സർഗ്ഗം സമാപിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടിപ്പണി

രാമായണമാഹാത്മ്യം

ശ്ലോകം 1. 'അപ്രമേയത്രയാതീതം' എന്നതിന് അപ്രമേയമായ മൂന്നിനും അതീതം എന്നു ചിലർ അർത്ഥം കല്പിക്കുന്നു. അപ്രമേയത്രയം—1. ജീവൻ, 2. ഈശ്വരൻ, 3. മായ. അദ്വൈതമതപ്രകാരം പരമജ്ഞാനരൂപമായ ബ്രഹ്മം ഇവ മൂന്നിനുമപ്പുറമാണ്. ബ്രഹ്മത്തിന്റെ സഗുണരൂപമാണ് സൃഷ്ട്യാദികൾക്ക നിയന്താവായ ഈശ്വരൻ. ഈശ്വരന് (സഗുണ ബ്രഹ്മത്തിന്) പാരമാർത്ഥികസത്തയില്ല. നിർഗ്ഗുണബ്രഹ്മം മാത്രമാണ് പരമാർത്ഥസത്യം. അതാണ് ചിന്മയജ്ഞാനം. നോക്കുക—വിവേകചൂഡാമണി 239, 240; ബ്രഹ്മസൂത്രശാങ്കരഭാഷ്യം 2. 3. 9.

ഈ പരിഭാഷയിൽ 'അപ്രമേയം' എന്നതിന് അറിവിനപ്പുറം നില്ക്കുന്ന 'ബ്രഹ്മം' എന്നും 'ത്രയാതീത'ത്തിന് ത്രിഗുണാത്മികയായ പ്രകൃതി(മായ)ക്ക് അതീതമായ ചേതനതത്വമെന്നുമാണ് അർത്ഥം കൊടുത്തിരിക്കുന്നത്. സത്വം, രജസ്സ്, തമസ്സ് എന്നിവ പ്രകൃതിയുടെ ഗുണങ്ങളാണ്. അവസ്ഥാതീതമായ ചിന്മാത്രവസ്തു ബ്രഹ്മം. 'അചിന്ത്യസ്യാപ്രമേയസ്യ കാര്യതത്ത്വാർത്ഥവിത് പ്രഭുഃ.' —മനു. 1-6.

ദക്ഷിണാമൂർത്തി—അനുകൂലമായ മൂർത്തി (ദക്ഷിണാ അനുകൂലാ മൂർത്തിർയസ്യ). ദക്ഷിണാമൂർത്തിയുടെ സ്വരൂപം:

> പ്രോദ്യച്ഛാഖ മഹാവടദ്രുമതലേ
> രത്നാസനസ്ഥം പ്രഭും
> പ്രത്യക്തത്വബുഭുത്സുഭിഃ പ്രതിദിശം
> പ്രോദ്വീക്ഷ്യമാണാനനം
> മുദ്രാം തർക്കമയീം ദധാനമമലം
> കർപ്പൂരഗൗരം ശിവം
> ഹൃദ്യന്തഃ കലയേ സ്മരന്തമനിശം
> ശ്രീദക്ഷിണാമൂർത്തികം.

ബാലകാണ്ഡം

1. പുരുഷോത്തമൻ—ഈശ്വരൻ. പ്രകൃതി, പുരുഷൻ, പുരുഷോത്തമൻ എന്നു നിത്യവസ്തുക്കൾ മൂന്ന്. പ്രകൃതിതന്നെയാണ് മായ എന്നു വ്യവഹരിക്കപ്പെടുന്നത്. (മായാം തു പ്രകൃതിം വിദ്ധി, മായിനം തു മഹേശ്വരം.) പുരുഷൻ ജന്മമരണങ്ങൾക്ക വിധേയനാകുന്ന ജീവാത്മാവ്. ജീവൻ സംഖ്യാതീതനാണ്. (പുരുഷബഹുത്വം സിദ്ധം—സാംഖ്യകാരിക.) പുരുഷോത്തമൻ ഏകനും പ്രകൃത്യതീതനുമായ പരമാത്മാവ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2. ജ്ഞാനം, വിജ്ഞാനം. ജ്ഞാനം പൊതുവേ രണ്ടായി വിഭജിക്കപ്പെട്ടുന്നു. ജ്ഞാനം, വിജ്ഞാനം. വിദ്യയെന്നും, അവിദ്യയെന്നും പറയാറുണ്ട്. 'അവിദ്യയാ മൃത്യും തീർത്ത്വാ വിദ്യയാ ഽമൃതമശ്നുതേ.'—ഈശാവാസ്യം.

ആത്മജ്ഞാനമാണ് ജ്ഞാനം. അത് സർവ്വോത്കൃഷ്ടവുമാകുന്നു. 'ഏകത്വം ബുദ്ധിമനസോരിന്ദ്രിയാണാം ച സർവ്വശഃ.'

'ആത്മനോ വ്യാപിനസ്തത്ര ജ്ഞാനമേതദനുത്തമം.' വേദാന്തികൾ, 'അഹം ബ്രഹ്മാസ്മി' എന്ന ജ്ഞാനമാണ് യഥാർത്ഥജ്ഞാനമെന്നു കരുതുന്നു.

ബ്രഹ്മൈവാഹം സമഃ ശാന്തഃ സച്ചിദാനന്ദലക്ഷണഃ
നാഹം ദേഹോഹ്യസദ്രൂപോ ജ്ഞാനമിത്യുച്യതേ ബുധൈഃ.

വിജ്ഞാനം സാമാന്യേന 'പദാർത്ഥവിദ്യ', ഭൗതികജ്ഞാനമാണെന്നു പറയാം—'പദാർത്ഥഗ്രാഹികായാം മനോവൃത്തൗ', 'ചതുർദ്ദശാനാം വിദ്യാനാം ധാരണം ഹി യഥാർത്ഥതഃ വിജ്ഞാനം.' നോക്കുക—ഗീത7. 10, 17.

3. മായ അഥവാ പ്രകൃതിക്കു മൂന്നു ഗുണങ്ങൾ. സത്വം, രജസ്സ്, തമസ്സ്. പ്രകൃതി ജഡമാണ്. അതിൻെറ ഗുണങ്ങൾ പരമാത്മാവിനെ സ്പർശിക്കുന്നില്ല. പരമാത്മാവ് നിത്യശുദ്ധനും നിത്യമുക്തനുമായതിനാൽ. അനാദിയാണു രണ്ടും. പക്ഷേ, മായാഗുണപ്രവാഹത്തിന് പരമാത്മാവിൽ പ്രസക്തിയില്ല, പരമപുരുഷനായ രാമൻ മായാതീതനായി വിരാജിക്കുന്നു.

4. രാമൻ (പരമാത്മാവ്) മായാപതിയാണ്. മായയുടെ ഗുണങ്ങൾ അദ്ദേഹത്തെ സ്പർശിക്കുന്നില്ല. എങ്കിലും മായയുടെ നിയാമകത്വം രാമനുതന്നെ. 'മായിനം തു മഹേശ്വരം' എന്നു് ഉപനിഷദ്വാക്യം.

5. ഭക്തിമാർഗ്ഗത്തിൽ 'പ്രപത്തി' അഥവാ 'ശരണാഗതി' സാധകൻെറ അനിവാര്യമായ യോഗ്യതയാണ്. അർജ്ജുനൻ തന്നെ 'പ്രപന്നൻ' എന്നു വിശേഷിപ്പിക്കുന്നു. 'ശിഷ്യസ്തേഽഹം ശാധി മാം ത്വാം പ്രപന്നം' (ഗീത 2. 7). ഗീത 18. 65, 66 നോക്കുക.

6. 'തത്ത്വമസി'. ഛാന്ദോഗ്യം V. 8. 7-ൽ ശ്വേതകേതുപ്രകരണത്തിൽ വരുന്ന ഈ വാക്യത്തിന് വേദാന്തമതത്തിൽ പരമമായ പ്രാധാന്യം ലഭിച്ചിരിക്കുന്നു. 'മഹാവാക്യ'ങ്ങളിൽ ഒന്നാണ് 'തത്ത്വമസി'. തത് ത്വം അസി = അതു് നീയാകുന്നു. നീ പരമാത്മാവുതന്നെ. ജീവാത്മാവു പരമാത്മാവുതന്നെയാണ് എന്ന അദ്വൈതസിദ്ധാന്തത്തിന് വേദപ്രാമാണ്യം കൈവരുത്താൻ സാധാരണയായി ഉദ്ധരിക്കാറുള്ള വാക്യങ്ങളിൽ 'തത്ത്വമസി'ക്കു പ്രാധാന്യമേറും. എല്ലാ ആത്മാന്വേഷണപ്രവണതയുടേയും തത്ത്വജിജ്ഞാസയുടേയും പരിസമാപ്തി ഇവിടെയാണെന്ന് ആസ്തികന്മാർ പൊതുവേ സമ്മതിക്കുന്നു. ആധുനിക മനീഷികളേയും കുറച്ചൊന്നുമല്ല ഈ വാക്യശകലം ആകർഷിച്ചിട്ടുള്ളതു്. (ആൾഡസ് ഹക്സലിയുടെ 'The Perennial Philosophy', ടോയിൻബിയുടെ 'Reminiscences' എന്നീ കൃതികൾ നോക്കുക.) ഭാരതീയതത്ത്വചിന്തയിൽ ഇതിനുള്ള സ്ഥാനം അപരിമേയമത്രേ. എന്നാലും 'ശ്വേതകേതോ, നീ അതാണ്' എന്ന ഉപദേശം, 'നീ ആത്മതത്ത്വമാണ്, ജഡപിണ്ഡമല്ല' എന്ന കാര്യമല്ലേ വിവക്ഷിക്കുന്നതെന്നു ചോദിക്കാൻ ധാരാളം ന്യായങ്ങളുണ്ട്. സർവ്വവ്യാപിയും സർവ്വജ്ഞനുമായ ബ്രഹ്മമാണെന്നുതന്നെ വരുമോ?

ഉപനിഷദ്വചനങ്ങൾക്കു വ്യാഖ്യാനം പലതരത്തിലാകാം. ശരിയായ അർത്ഥം ഗ്രഹിക്കാൻ സൂക്ഷ്മമായ സത്യാന്വേഷണപ്രവണത കൂടിയേ കഴിയൂ.

7. 'ആത്മാ' എന്ന പദത്തിന് 'ജീവാത്മാവ്' എന്നും 'പരമാത്മാവ്' എന്നും അർത്ഥമുണ്ട്. ഉദ്ദിഷ്ടാർത്ഥമേതെന്നു സന്ദർഭംകൊണ്ടേ വിശദമാകൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8. സർഗ്ഗം 1. ശ്ലോകം 54. മേൽപ്പറഞ്ഞകാര്യങ്ങളാണ് അദ്വൈതമതത്തിന്റെ കാതൽ. അധ്യാത്മരാമായണത്തിൽ ആദ്യന്തം അദ്വൈതം സമർത്ഥിച്ചിരിക്കുന്നു. ശ്രീരാമന്റെ മുഖത്തുനിന്നു പുറപ്പെട്ടതുതന്നെയായതിനാൽ അതിന്റെ പ്രാമാണ്യത്തിൽ സംശയിക്കേണ്ടതില്ല. 'സർവ്വവേദാന്തസംഗ്രഹം' എന്നു വിശേഷിച്ചു പറയുന്നതുകൊണ്ടും പ്രയോജനമതുതന്നെ.

9. സൂര്യൻ, ചൊവ്വ, വ്യാഴം, ശുക്രൻ, ശനി എന്നീ അഞ്ചു ഗ്രഹങ്ങൾ യഥാക്രമം മേടം, മകരം, കർക്കടകം, മീനം, തുലാം എന്നീ അഞ്ചു സ്ഥാനങ്ങളിൽ നില്ക്കുമ്പോഴാണ് അവതാരം.

10. സർഗ്ഗം 3. പദ്യം 21 മുതൽ 29 വരെയുള്ള കൗസല്യാസ്തുതി സവിശേഷപ്രാധാന്യമർഹിക്കുന്നു. വേദാന്തതത്ത്വങ്ങൾ സംക്ഷിപ്തമായും സമഗ്രമായും പ്രതിപാദിക്കുക മാത്രമല്ല, സ്തോത്രം നിത്യപാരായണത്തിന് ഉപയോഗിക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. പെറ്റമ്മയുടെ സ്തുതിയെന്നനിലയിലും അതു ശ്രദ്ധാർഹംതന്നെ.

11. സർഗ്ഗം 3. ശ്ലോകം 62 മുതൽ 65 വരെ. ശ്രീരാമന്റെ സ്വഭാവവൈശിഷ്ട്യം സവിശേഷം വെളിപ്പെടുത്തുന്ന ചില സന്ദർഭങ്ങളിൽ ഒന്നാണിവിടെ വർണ്ണിക്കപ്പെടുന്നതു്. സംയതവും പക്വപ്പൊഴും അവിശ്വസനീയമാംവണ്ണം അക്ഷോഭ്യവുമായി വർത്തിക്കുന്ന ആ വ്യക്തിത്വത്തിന്റെ അങ്കുരങ്ങൾ ഈ വരികളിൽ കാണാം.

12. 'തത്ത്വമസി', 'അഹം ബ്രഹ്മാസ്മി' തുടങ്ങിയ മഹാവാക്യങ്ങളുടെ അർത്ഥം ഗുരുവിൽനിന്നു ഗ്രഹിക്കേണ്ടതാണ്. ശബ്ദാർത്ഥഗ്രഹണമല്ല വിവക്ഷ. അറിവ് അനുഭവമായി മാറുമ്പോൾ മാത്രമേ അറിവാകുന്നുള്ളു. അനുഭവമാകുന്ന അറിവു പകർന്നുതരാൻ അനുഭവസമ്പന്നനായ ഒരു ഗുരുവിനു മാത്രമേ സാധിക്കൂ. അധ്യാത്മസാധനയിൽ ഗുരുവിനുള്ള പരമപ്രാധാന്യം ഇതാണ്. സാധാരണ ഗുരുവിനും സദ്ഗുരുവിനും തമ്മിലുള്ള അന്തരം അനുഭവസമ്പന്നതയെ ആശ്രയിച്ചു നില്ക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയോധ്യാകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഒന്നു്

നാരദാഗമനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ പറഞ്ഞു

ഏകദാ സുഖമാസീനം രാമം സ്വാന്തഃപുരാജിരേ
സർവ്വാഭരണസമ്പന്നം രത്നസിംഹാസനേ സ്ഥിതം. 1

നീലോൽപലദലശ്യാമം കൗസ്തുഭാമുക്തകന്ധരം
സീതയാ രത്നദണ്ഡേന ചാമരേണാഥ വീജിതം. 2

വിനോദയന്തം താംബൂലചർവ്വണാദിഭിരാദരാത്
നാരദോഽവതരദ്ദ്രഷ്ടുമംബരാദ്യത്ര രാഘവഃ. 3

ഏകദാ സ്വാന്തഃപുരാജിരേ	ഒരിക്കൽ തന്റെ അന്തഃപുരത്തിലെ അങ്കണത്തിൽ
സുഖം ആസീനം	സുഖമായിരുന്നവനും
സർവ്വാഭരണസമ്പന്നം	എല്ലാ ആഭരണങ്ങളുമണിഞ്ഞവനും
രത്നസിംഹാസനേ സ്ഥിതം	രത്നസിംഹാസനത്തിൽ സ്ഥിതനും
നീലോൽപലദലശ്യാമം	നീലത്താമരയിതൾപോലെ കറുത്തവനും
കൗസ്തുഭാമുക്തകന്ധരം	കഴുത്തിൽ കൗസ്തുഭം ധരിച്ചവനും
രത്നദണ്ഡേന ചാമരേണ	രത്നപ്പിടിയുള്ള ചാമരത്താൽ
സീതയാ ആദരാത്	സീതയാൽ സസ്നേഹം
വീജിതം	വീജിതനും
താംബൂലചർവ്വണാദിഭിഃ	വെററില ചവച്ചും മററും
വിനോദയന്തം	വിനോദിച്ചിരുന്നവനുമായ
രാമം ദ്രഷ്ടും നാരദഃ	രാമനെ കാണാൻ നാരദൻ
അംബരാത് അഥ	ആകാശത്തുനിന്നു് ആ സമയത്തു്
യത്ര രാഘവഃ അവതരത്	രാമനിരുന്നിടത്തു വന്നിറങ്ങി.

ശുദ്ധസ്ഫടികസങ്കാശഃ ശരച്ചന്ദ്ര ഇവാമലഃ
അതർക്കിതമുപായാതോ നാരദോ ദിവ്യദർശനഃ. 4

ശുദ്ധസ്ഫടികസങ്കാശഃ	ശുദ്ധസ്ഫടികംപോലെ സ്വച്ഛനും
ശരച്ചന്ദ്ര ഇവ അമലഃ	ശരച്ചന്ദ്രനെപ്പോലെ വിമലനും
ദിവ്യദർശനഃ നാരദഃ	ദിവ്യദർശനനുമായ നാരദൻ
അതർക്കിതം ഉപായാതഃ	അപ്രതീക്ഷിതമായാണു വന്നതു്.

തം ദൃഷ്ട്വാ സഹസോത്ഥായ രാമഃ പ്രീത്യാ കൃതാഞ്ജലിഃ
നനാമ ശിരസാ ഭൂമൗ സീതയാ സഹ ഭക്തിമാൻ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ദൃഷ്ട്വാ രാമഃ സഹസാ ഉത്ഥായ	അദ്ദേഹത്തെക്കണ്ടപ്പോഠം രാമൻ പെട്ടെന്നെഴുന്നേററു്
പ്രീത്യാ ഭക്തിമാൻ കൃതാഞ്ജലിഃ സീതയാ സഹ ഭൂമൗ ശിരസാ നനാമ	പ്രീതിയോടും ഭക്തിയോടും കൈകൂപ്പി സീതയോടൊപ്പം ഭൂമിയിൽ തലയാൽ (തൊട്ട്) നമസ്കരിച്ചു

ഉവാച നാരദം രാമഃ പ്രീത്യാ പരമയാ യുതഃ
സംസാരിണാം മുനിശ്രേഷ്ഠ, ദുർലഭം തവ ദർശനം
അസ്മാകം വിഷയാസക്തചേതസാം നിതരാം മുനേ. 6

പരമയാ പ്രീത്യാ യുതഃ രാമഃ നാരദം ഉവാച	പരമമായ പ്രീതിയോടെ രാമൻ നാരദനോട് പറഞ്ഞു.
മുനിശ്രേഷ്ഠ, സംസാരിണാം തവ ദർശനം ദുർലഭം	മഹാമുനേ, സംസാരികഠംക്ക് അവിടത്തെ ദർശനം ദുർല്ലഭം
മുനേ, വിഷയാസക്തചേതസാം അസ്മാകം നിതരാം	മുനേ, വിഷയാസക്തമായ മനസ്സുള്ള ഞങ്ങഠംക്ക തീകച്ചും (ദുർല്ലഭം).

അവാപ്തം മേ പൂർവ്വജന്മകൃതപുണ്യമഹോദയൈഃ
സംസാരിണാമപി മുനേ, ലഭ്യതേ സത്സമാഗമഃ. 7

പൂർവ്വജന്മകൃതപുണ്യമഹോദയൈഃ	പൂർവ്വജന്മത്തിൽ ചെയ്ത പുണ്യത്തിൻെറ മഹാഫലങ്ങളാൽ
മേ അവാപ്തം മുനേ, സംസാരിണാം അപി സത്സമാഗമഃ ലഭ്യതേ	എനിക്ക കൈവന്നു (ദർശനം). മുനേ, സംസാരികഠംക്കുപോലും സത്സംഗം (ചിലപ്പോഠം) കിട്ടാറുണ്ടല്ലോ.

അതസ്ത്വദ്ദർശനാദേവ കൃതാർത്ഥോഽസ്മി മുനീശ്വര
കിം കാര്യം തേ മയാ കാര്യം ബ്രൂഹി തത്കരവാണി ഭോഃ. 8

ഭോഃ മുനീശ്വര,	അല്ലയോ മുനീശ്വര,
അതഃ ത്വദ്ദർശനാദ് ഏവ	അതിനാൽ അവിടത്തെ ദർശനത്താൽ തന്നെ
കൃതാർത്ഥഃ അസ്മി	ഞാൻ കൃതാർത്ഥനാണ്.
മയാ തേ കിം കാര്യം ബ്രൂഹി	എന്നാൽ അങ്ങേക്ക് എന്തു ചെയ്യപ്പെടണ മെന്നു പറയൂ.
തത്കാര്യം കരവാണി	ഞാനാക്കാര്യം ചെയ്യാം.

അഥ തം നാരദോഽപ്യാഹ രാഘവം ഭക്തവത്സലം
കിം മോഹയസി മാം രാമ, വാക്യൈർലോകാനുസാരിഭിഃ. 9

അഥ ഭക്തവത്സലം തം രാഘവം	അനന്തരം ഭക്തവത്സലനായ ആ രാഘവനോട്
നാരദഃ അപി ആഹ രാമ, ലോകാനുസാരിഭിഃ	നാരദനും പറഞ്ഞു: രാമാ, നീ ലോകാനുസാരികളായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാക്യൈഃ കിം മാം മോഹയസി?	വാക്യങ്ങളാൽ എന്നെ മോഹിപ്പിക്കയാണോ?

സംസാര്യഹമിതിപ്രോക്തം സത്യമേതത്ത്വയാ വിഭോ
ജഗതാമാദിഭൂതാ യാ സാ മായാ ഗൃഹിണീ തവ. 10

വിഭോ, അഹം സംസാരീ ഇതി	പ്രഭോ, 'ഞാൻ ലൗകികനാണ്'
ഏതത് ത്വയാ പ്രോക്തം സത്യം	എന്നങ്ങു പറഞ്ഞത് സത്യം
ജഗതാം ആദിഭൂതാ യാ മായാ സാ തവ ഗൃഹിണീ	ജഗത്തുക്കൾക്ക് ആദിയായിരിക്കുന്ന ആ മായ അവിടത്തെ ഭാര്യയാണ്.

പുരുഷൻ പ്രകൃതിയുമായി സമ്മേളിക്കുമ്പോഴാ ജഗത്ത് ആവിർഭവിക്കുന്നു. അവരെ ജഗത്തിന്റെ മാതാപിതാക്കളായി സങ്കല്പിക്കുന്നത് അതിനാൽ അർത്ഥവത്താണ്. രാമൻ ജഗത്പിതാവായ പുരുഷനും സീത ജഗജ്ജനനിയായ മായയുമാകുന്നു. അങ്ങനെ അവരെ ലൗകികരെന്നു പറയുന്നത് ഒരുതരത്തിൽ ഉപപന്നംതന്നെ.

ത്വത്സന്നികർഷാജ്ജായന്തേ തസ്യാം ബ്രഹ്മാദയഃ പ്രജാഃ
ത്വദാശ്രയ സദാ ഭാതി മായാ യാ ത്രിഗുണാത്മികാ. 11

ത്വത്സന്നികർഷാത്	അവിടത്തെ സാമീപ്യത്താൽ
തസ്യാം ബ്രഹ്മാദയഃ പ്രജാഃ ജായന്തേ	അവളിൽ ബ്രഹ്മാവ് തുടങ്ങിയ സന്താനങ്ങൾ ജനിക്കുന്നു.
ത്രിഗുണാത്മികാ യാ മായാ സദാ ത്വദാശ്രയാ ഭാതി	മൂന്നു ഗുണങ്ങളുള്ള ആ മായ സദാ നിന്നെ ആശ്രയിച്ചു വിളങ്ങുന്നു.

സൂതേഽജസ്രം ശുക്ലകൃഷ്ണലോഹിതാഃ സർവ്വദാ പ്രജാഃ
ലോകത്രയമഹാഗേഹേ ഗൃഹസ്ഥസ്ത്വമുദാഹൃതഃ. 12

ശുക്ലകൃഷ്ണലോഹിതാഃ പ്രജാഃ അജസ്രം സൂതേ	[1]വെണ്മ, കറുപ്പ്, ചുവപ്പ് എന്നീ നിറമുള്ള സന്താനങ്ങളെ നിരന്തരം ജനിപ്പിക്കുന്നു.
ലോകത്രയമഹാഗേഹേ ത്വം സർവ്വദാ ഗൃഹസ്ഥഃ ഉദാഹൃതഃ	ത്രിലോകമായ മഹാഗൃഹത്തിൽ നീ എന്നും ഗൃഹസ്ഥനെന്ന് ഉദാഹരിക്കപ്പെടുന്നു.

ത്വം വിഷ്ണുർ ജാനകീ ലക്ഷ്മീഃ ശിവസ്ത്വം ജാനകീ ശിവാ
ബ്രഹ്മാ ത്വം ജാനകീ വാണീ സൂര്യസ്ത്വം ജാനകീ പ്രഭാ. 13

ത്വം വിഷ്ണുഃ, ജാനകീ ലക്ഷ്മീഃ ത്വം ശിവഃ,	നീ വിഷ്ണുവും സീത ലക്ഷ്മിയുമാണ്. നീ ശിവൻ,
ജാനകീ ശിവാ	ജാനകി പാർവ്വതി
ത്വം ബ്രഹ്മാ ജാനകീ വാണീ ത്വം സൂര്യഃ	നീ ബ്രഹ്മാവ്, സീത സരസ്വതി, നീ സൂര്യൻ,
ജാനകീ പ്രഭാ	സീത പ്രഭ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭവാൻ ശശാങ്കഃ സീതാ തു രോഹിണീ ശുഭലക്ഷണാ
ശക്രസ്ത്വമേവ പൗലോമീ സീതാ സ്വാഹാഽനലോ ഭവാൻ. 14

ഭവാൻ ശശാങ്കഃ	നിന്തിരുവടി ചന്ദ്രനും
സീതാ തു ശുഭലക്ഷണാ	സീത ശുഭലക്ഷണയായ
രോഹിണീ	രോഹിണിയുമാണ്.
ത്വം ഏവ ശക്രഃ	നീതന്നെ ഇന്ദ്രൻ
സീതാ പൗലോമീ	സീത ശചീദേവി
ഭവാൻ അനലഃ	ഭവാൻ അഗ്നി,
സീതാ സ്വാഹാ	സീത സ്വാഹാദേവി.

യമസ്ത്വം കാലരൂപശ്ച സീതാ സംയമിനീ പ്രഭോ
നിരൃതിസ്ത്വം ജഗന്നാഥ താമസീ ജാനകീ ശുഭാ. 15

പ്രഭോ, കാലരൂപഃ	പ്രഭോ, കാലരൂപനായ
യമഃ ത്വം	യമനാണ് നീ
സീതാ ച സംയമിനീ	സംയമിനിയാണ് സീത
ജഗന്നാഥ, ത്വം നിരൃതിഃ	ലോകനാഥാ, നീ നിരൃതിയും
ശുഭാ ജാനകീ താമസീ	ശുഭയായ ജാനകി താമസിയുമത്രേ.

രാമ ത്വമേവ വരുണഃ ഭാർഗ്ഗവീ ജാനകീ ശുഭാ
വായുസ്ത്വം രാമ സീതാ തു സദാഗതിരിതീരിതാ. 16

രാമ, ത്വം ഏവ വരുണഃ	രാമ, നീതന്നെയാണ് വരുണൻ
ശുഭാ ജാനകീ ഭാർഗ്ഗവീ	ശുഭയായ ജാനകി ഭാർഗ്ഗവിയും.
രാമ, ത്വം വായുഃ	രാമാ, നീ വായുവാകുന്നു.
സീതാ തു സദാഗതിഃ	സീതയാകട്ടെ സദാഗതിയെന്നും
ഇതി ഈരിതാ	പറയപ്പെടുന്നു.

കുബേരസ്ത്വം രാമ സീതാ സർവ്വസമ്പത് പ്രകീർത്തിതാ
രുദ്രാണീ ജാനകീ പ്രോക്താ രുദ്രസ്ത്വം ലോകനാശകൃത്. 17

രാമ, ത്വം കുബേരഃ	രാമാ, നീ കുബേരൻ
സീതാ സർവ്വസമ്പത്	സീത സർവ്വസമ്പത്ത് എന്ന്
പ്രകീർത്തിതാ	പുകഴ്ത്തപ്പെടുന്നു.
ത്വം ലോകനാശകൃത് രുദ്രഃ	നീ ലോകസംഹാരകനായ രുദ്രൻ
ജാനകീ രുദ്രാണീ പ്രോക്താ	ജാനകി രുദ്രാണിയെന്നു പറയപ്പെടുന്നു.

ലോകേ സ്ത്രീവാചകം യാവത്തത് സർവ്വം ജാനകീ ശുഭാ
പുന്നാമവാചകം യാവത്തത് സർവ്വം ത്വം ഹി രാഘവ. 18

രാഘവ, ലോകേ	രാഘവാ, ലോകത്തിൽ
പുന്നാമവാചകം യാവത്	പുരുഷനാമവാചകമായത്
തത് സർവ്വം ത്വം ഹി	എന്തുണ്ടോ അതെല്ലാം നീതന്നെ.
സ്ത്രീവാചകം യാവത്	സ്ത്രീവാചകമെന്തുണ്ടോ
തത് സർവ്വം ശുഭാ ജാനകീ	അതെല്ലാം ശുഭയായ ജാനകിയുമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മാത് ലോകത്രയേ ദേവ യുവാഭ്യാം നാസ്തി കിഞ്ചന. 19

തസ്മാത് ദേവ ലോകത്രയേ	അതിനാൽ ഭഗവാനേ, ലോകം മൂന്നിലും
യുവാഭ്യാം കിഞ്ചന ന അസ്തി	നിങ്ങളിരുവരിൽനിന്നന്യമായി ഒന്നുമില്ല.

ത്വദാഭാസോദിതാജ്ഞാനമവ്യാകൃതമിതീര്യതേ
തസ്മാന്മഹാംസ്തതഃ സൂത്രം ലിംഗം സർവ്വാത്മകം തതഃ. 20

ത്വദാഭാസോദിതാജ്ഞാനം അവ്യാകൃതം ഇതി ഈര്യതേ തസ്മാത് മഹാൻ തതഃ സൂത്രം തതഃ സർവ്വാത്മകം ലിംഗം	നിന്റെ ആഭാസത്താലുളവായ അജ്ഞാനം അവ്യാകൃതമെന്നു പറയപ്പെടുന്നു.[2] അതിൽനിന്നു മഹത്തത്വവും[3] മഹത്തത്വത്തിൽനിന്നു സൂത്രാത്മാവും അനന്തരം സർവ്വാത്മകമായ ലിംഗദേഹവും (ഉണ്ടായി).

അഹങ്കാരശ്ച ബുദ്ധിശ്ച പഞ്ചപ്രാണേന്ദ്രിയാണി ച
ലിംഗമിത്യുച്യതേ പ്രാജ്ഞൈർ ജന്മമൃത്യുസുഖാദിമത്. 21

അഹങ്കാരഃ ച ബുദ്ധിഃ പഞ്ചപ്രാണഃ ച ഇന്ദ്രിയാണി ച ജന്മമൃത്യുസുഖാദിമത്	അഹങ്കാരവും (ഞാനെന്ന ബോധം) ബുദ്ധിയും അഞ്ചു പ്രാണന്മാരും ഇന്ദ്രിയങ്ങളും ആണ്. ജനനമരണസുഖാദികൾക്കു വിധേയമായ
ലിംഗം ഇതി പ്രാജ്ഞൈഃ ഉച്യതേ	ലിംഗ(സൂക്ഷ്മ)ശരീരമെന്ന് ജ്ഞാനികളാൽ പറയപ്പെടുന്നു.

സ ഏവ ജീവസംജ്ഞശ്ച ലോകേ ഭാതി ജഗന്മയഃ
അവാച്യാനാദ്യവിദ്യൈവ കാരണോപാധിരുച്യതേ. 22

സ ഏവ ജഗന്മയഃ ലോകേ ജീവസംജ്ഞഃ ഭാതി	അവൻതന്നെ ജഗത്തുമായി ബന്ധപ്പെട്ട് ലോകത്തിൽ 'ജീവ'നെന്ന പേരിൽ വിരാജിക്കുന്നു.
അവാച്യം, അനാദിഃ അവിദ്യാ ഏവ	അവാച്യവും അനാദിയുമായ അവിദ്യതന്നെയാണ്
കാരണോപാധിഃ ഉച്യതേ	കാരണോപാധി എന്നു പറയപ്പെടുന്നത്.

അനാദിയായ അവിദ്യയുമായി ബന്ധപ്പെട്ട് ബ്രഹ്മം ജീവഭാവം കൈക്കൊള്ളുന്നു എന്നു വേദാന്തികൾ.

സ്ഥൂലം സൂക്ഷ്മം കാരണാഖ്യമുപാധിത്രിതയം ചിതേഃ
ഏതൈർവിശിഷ്ടോ ജീവഃ സ്യാദ് വിയുക്തഃ
പരമേശ്വരഃ. 23

ചിതേഃ സ്ഥൂലം സൂക്ഷ്മം കാരണാഖ്യം ഉപാധിത്രിതയം	ചേതനത്തിന് സ്ഥൂലം, സൂക്ഷ്മം, കാരണം എന്ന മൂന്നുപാധികളുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതൈഃ വിശിഷ്ടഃ ജീവഃ സ്യാത്	ഇവയോടു ചേരുമ്പോൾ (ചേതനം) ജീവനാകും.
വിയുക്തഃ പരമേശ്വരഃ	വിയോജിക്കുമ്പോൾ പരമേശ്വരനും.

ജാഗ്രത്സ്വപ്നസുഷുപ്ത്യാഖ്യാ സംസൃതിർയാ പ്രവർത്തതേ
തസ്യാഃ വിലക്ഷണഃ സാക്ഷീ ചിന്മാത്രസ്ത്വം രഘൂത്തമ. 24

രഘൂത്തമ	രഘുവര
ജാഗ്രത്സ്വപ്ന– സുഷുപ്ത്യാഖ്യാ	ജാഗ്രത്, സ്വപ്നം, സുഷുപ്തിയെന്നപേരിൽ
യാ സംസൃതിഃ പ്രവർത്തതേ തസ്യാഃ വിലക്ഷണഃ ത്വം സാക്ഷീ ചിന്മാത്രഃ	വർത്തിക്കുന്ന സംസാരത്തിൽനിന്നു വിലക്ഷണനായ നീ സാക്ഷിയായ ചിന്മാത്രനാണ്.

ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നവസ്ഥകളെ ആശ്രയിച്ചാണ് ജഗത്തിന്റെ നിലനില്പ്. അവയില്ലാതായാൽ ജഗത്തുമില്ല എന്നാണ് മായാവാദികാം സിദ്ധാന്തിക്കുന്നത്.

ത്വത്ത ഏവ ജഗജ്ജാതം ത്വയി സർവ്വം പ്രതിഷ്ഠിതം
ത്വയ്യേവ ലീയതേ കൃത്സ്നം തസ്മാത്ത്വം സർവ്വകാരണം. 25

സർവ്വം ജഗത് ത്വത്ത ഏവ ജാതം	എല്ലാ ജഗത്തും നിന്നിൽനിന്നുതന്നെ ഉളവായി
ത്വയി പ്രതിഷ്ഠിതം കൃത്സ്നം ത്വയി ഏവ ലീയതേ	നിന്നിൽ നിലകൊള്ളുന്നു. എല്ലാം നിന്നിൽത്തന്നെ ലയിക്കുന്നു.
തസ്മാത് ത്വം സർവ്വകാരണം	അതിനാൽ നീ സർവ്വത്തിനും കാരണം.

രജ്ജാവഹിമിവാത്മാനം ജീവം ജ്ഞാത്വാ ഭയം ഭവേത്
പരാത്മാഹമിതി ജ്ഞാത്വാ ഭയദുഃഖൈർവിമുച്യതേ. 26

രജ്ജൗ അഹിം ഇവ ആത്മാനം ജീവം	കയറിൽ പാമ്പിനെയെന്നപോലെ തന്നെ (പരമാത്മാവിനെ) ജീവനെന്നു
ജ്ഞാത്വാ ഭയം ഭവേത്	നിനച്ച് ഭയപ്പെടും
അഹം പരാത്മാ ഇതി ജ്ഞാത്വാ	ഞാൻ പരമാത്മാവ് (തന്നെ) എന്നറിഞ്ഞിട്ട്
ഭയദുഃഖൈഃ വിമുച്യതേ	ഭയദുഃഖങ്ങളിൽനിന്നു മുക്തനാകുകയും ചെയ്യും.

ചിന്മാത്രജ്യോതിഷാ സർവ്വാഃ സർവ്വദേഹേഷു ബുദ്ധയഃ
ത്വയാ യസ്മാത് പ്രകാശ്യന്തേ സർവ്വസ്യാത്മാ തതോ ഭവാൻ.

ചിന്മാത്രജ്യോതിഷാ ത്വയാ സർവ്വദേഹേഷു സർവ്വാഃ	ജ്ഞാനമാത്രപ്രകാശമായ നിന്നാൽ സകലദേഹങ്ങളിലുമുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധയഃ	ചൈതന്യങ്ങൾ
യസ്മാത് പ്രകാശ്യന്തേ	പ്രകാശിപ്പിക്കപ്പെടുന്നു.
തതഃ ഭവാൻ	ആകയാൽ അങ്ങാണു്
സർവ്വസ്യ ആത്മാ	സർവ്വത്തിൻെറയും ആത്മാവു്.

അജ്ഞാനാന്ന്യസ്യതേ സർവ്വം ത്വയി രജ്ജൗ ഭുജംഗവത്
ത്വജ്ജ്ഞാനാല്ലീയതേ സർവ്വം തസ്മാജ്ജ്ഞാനം
സദാഭ്യസേത്. 28

രജ്ജൗ ഭുജംഗവത്	കയറിൽ പാമ്പിനെ എന്നപോലെ
അജ്ഞാനാത് ത്വയി സർവ്വം ന്യസ്യതേ	അജ്ഞാനംകൊണ്ടു് നിന്നിൽ എല്ലാം ആരോപിക്കപ്പെടുന്നു.
ത്വത് ജ്ഞാനാത് സർവ്വം ലീയതേ തസ്മാത് സദാ ജ്ഞാനം അഭ്യസേത്	നിന്നെ അറിയുമ്പോൾ എല്ലാ (ഭ്രമവും) നീങ്ങുന്നു. അതിനാൽ എപ്പോഴും ജ്ഞാനം പരിശീലിക്കേണ്ടതാണു്.

ത്വത്പാദഭക്തിയുക്താനാം വിജ്ഞാനം ഭവതിക്രമാത്
തസ്മാത് ത്വദ്ഭക്തിയുക്താ യേ മുക്തിഭാജസ്ത
ഏവ ഹി. 29

ത്വത്പാദഭക്തിയുക്താനാം ക്രമാത് വിജ്ഞാനം ഭവതി	നിൻെറ പാദങ്ങളിൽ ഭക്തിയുള്ളവർക്കു് ക്രമേണ വിജ്ഞാനം ഉണ്ടാകുന്നു.
തസ്മാത് യേ ത്വദ് ഭക്തിയുക്താഃ	അതിനാലാരാണോ നിൻെറ ഭക്തർ
തേ ഏവ മുക്തിഭാജഃ ഹി	അവർ മാത്രമാണു് മുക്തിക്കർഹർ.

അഹം ത്വത്ഭക്തഭക്താനാം തദ്ഭക്താനാം ച കിങ്കരഃ
അതോ മാമനുഗൃഹ്ണീഷ്വ മോഹയസ്വ ന മാം പ്രഭോ. 30

അഹം ത്വത്ഭക്തഭക്താനാം	ഞാൻ നിൻെറ ഭക്തരിൽ ഭക്തിയുള്ളവരുടെയും
തദ്ഭക്താനാം ച കിങ്കരഃ	അവരുടെ ഭക്തരുടെയും കൂടി ദാസനാണു്
അതഃ പ്രഭോ, മാം ന മോഹയസ്വ മാം അനുഗൃഹ്ണീഷ്വ	അതിനാൽ പ്രഭോ, എന്നെ മോഹിപ്പിക്കരുതേ എന്നെ അനുഗ്രഹിക്കണമേ.

ത്വന്നാഭികമലോത്പന്നോ ബ്രഹ്മാ മേ ജനകഃ പ്രഭോ
അതസ്തവാഹം പൗത്രോഽസ്മി ഭക്തം മാം പാഹി രാഘവ. 31

ത്വന്നാഭികമലോത്പന്നഃ ബ്രഹ്മാ മേ ജനകഃ	നിൻെറ നാഭികമലത്തിൽ പിറന്ന ബ്രഹ്മാവാണു് എൻെറ അച്ഛൻ.
അതഃ അഹം തവ പൗത്രഃ അസ്മി	അതിനാൽ ഞാൻ നിൻെറ പൗത്രനാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവ, ഭക്തം മാം	രാഘവാ, ഭക്തനായ എന്നെ
പാഹി	രക്ഷിക്കണമേ.

ഇത്യുക്ത്വാ ബഹുശോ നത്വാ സ്വാനന്ദാശ്രു പരിപ്ലുതഃ
ഉവാച വചനം രാമ ബ്രഹ്മണാ നോദിതോഽസ്മ്യഹം. 32

ഇതി ഉക്ത്വാ ബഹുശഃ	ഇങ്ങനെ പറഞ്ഞ് പലവുരു
നത്വാ	വണങ്ങി
സ്വാനന്ദാശ്രുപരിപ്ലുതഃ	ആനന്ദാശ്രുവിൽ മുഴുകി
വചനം ഉവാച	(നാരദൻ) വചനം മൊഴിഞ്ഞു.
രാമ, ബ്രഹ്മണാ	രാമ, ബ്രഹ്മാവാണ്
അഹം നോദിതഃ അസ്മി	എന്നെ (ഇങ്ങോട്ട്) അയച്ചത്.

രാവണസ്യ വധാർത്ഥായ ജാതോസി രഘുസത്തമ
ഇദാനീം രാജ്യരക്ഷാർത്ഥം പിതാ ത്വാമഭിഷേക്ഷ്യതി. 33

രഘുസത്തമ,	രഘുസത്തമാ,
രാവണസ്യ വധാർത്ഥായ	രാവണനെ വധിക്കാനാണ്
ജാതഃ അസി	നീ ജനിച്ചത്.
പിതാ ഇദാനീം	പിതാവ് ഇപ്പോൾ
രാജ്യരക്ഷാർത്ഥം ത്വാം	രാജ്യരക്ഷാർത്ഥം നിന്നെ
അഭിഷേക്ഷ്യതി	(യുവരാജാവായി) അഭിഷേകംചെയ്യും.

യദി രാജ്യാഭിസംസക്തോ രാവണം ന ഹനിഷ്യസി
പ്രതിജ്ഞാ തേ കൃതാ രാമ ഭൂഭാരഹരണായ വൈ. 34

രാമ, യദി രാജ്യാഭിസംസക്തഃ	രാമ, രാജ്യകാര്യത്തിൽ പററിച്ചേർന്നാൽ
രാവണം ന ഹനിഷ്യസി	രാവണനെ (നീ) വധിക്കയില്ല.
ഭൂഭാരഹരണായ തേ	ഭൂഭാരഹരണത്തിന്
പ്രതിജ്ഞാ കൃതാ വൈ	നീ പ്രതിജ്ഞചെയ്തിട്ടുണ്ടല്ലോ.

തത് സത്യം കുരു രാജേന്ദ്ര സത്യസന്ധസ്ത്വമേവ ഹി
ശ്രുത്വൈതദ് ഗദിതം രാമോ നാരദം പ്രാഹ സസ്മിതം. 35

രാജേന്ദ്ര, തത് സത്യം കുരു	രാജേന്ദ്ര, അതു സത്യമാക്കുക.
ത്വം ഹി സത്യസന്ധ ഏവ	നീ സത്യസന്ധനെന്നു തീർച്ച.
ഏതദ് ഗദിതം ശ്രുത്വാ	ഇപ്പറഞ്ഞതു കേട്ട്
രാമഃ സസ്മിതം	രാമൻ ചിരിച്ചുകൊണ്ട്
നാരദം പ്രാഹ	നാരദനോട് പറഞ്ഞു.

ശൃണു നാരദ മേ കിഞ്ചിദ്വിദ്യതേഽവിദിതം ക്വചിത്
പ്രതിജ്ഞാതം ച യത് പൂർവ്വം കരിഷ്യേ തന്ന സംശയഃ. 36

നാരദ, ശൃണു	നാരദാ, കേൾക്കു.
മേ അവിദിതം	എനിക്കറിയാൻ വയ്യാത്തതായി
കിഞ്ചിത് ക്വചിത്	എന്തെങ്കിലും എവിടെയെങ്കിലും
വിദ്യതേ	ഉണ്ടോ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ്വം യത് പ്രതിജ്ഞാതം	മുമ്പു ചെയ്ത പ്രതിജ്ഞയെല്ലാം
തത് കരിഷ്യേ സംശയഃ ച ന	പാലിക്കതന്നെ ചെയ്യും; സംശയമില്ല.

കിന്തു കാലാനുരോധേന തത്തത് പ്രാരബ്ധ സംക്ഷയാത്
ഹരിഷ്യേ സർവ്വഭൂഭാരം ക്രമേണാസുരമണ്ഡലം. 37

കിന്തു കാലാനുരോധേന	എന്നാൽ കാലത്തിനനുരോധമാംവിധം
തത്തത് പ്രാരബ്ധ സംക്ഷയാത്	ഓരോരുത്തരുടേയും പ്രാരബ്ധം ക്ഷയിക്കുന്നതോടെ
അസുരമണ്ഡലം	അസുരസമൂഹത്തേയും
ക്രമേണ സർവ്വഭൂഭാരം ഹരിഷ്യേ	ക്രമത്തിൽ ഭൂഭാരം മുഴുവൻതന്നെയും ഞാൻ ഹരിക്കാം.

രാവണസ്യ വിനാശാർത്ഥം ശ്വോഗന്താ ദണ്ഡകാനനം.
ചതുർദ്ദശ സമാസ്തത്ര ഹ്യുഷിത്വാ മുനിവേഷധൃക്. 38

സീതാമിഷേണ തം ദുഷ്ടം സകലം നാശയാമ്യഹം
ഏവം രാമേ പ്രതിജ്ഞാതേ നാരദഃ പ്രമുമോദ ഹ. 39

രാവണസ്യ വിനാശാർത്ഥം ശ്വഃ ദണ്ഡകാനനം ഗന്താ തത്ര ഹി മുനിവേഷധൃക് ചതുർദ്ദശ സമാഃ ഉഷിത്വാ	രാവണനെ നശിപ്പിക്കാൻ നാളെ ദണ്ഡകവനത്തിലേക്കു പോകും. അവിടെ മുനിവേഷം പൂണ്ടു് പതിന്നാലുകൊല്ലം വസിക്കയും
സീതാമിഷേണ അഹം തം ദുഷ്ടം സകലം	സീതയെ ഹേതുവാക്കി ഞാൻ ആ ദുഷ്ടനെ സകലം
നാശയാമി രാമേ ഏവം പ്രതിജ്ഞാതേ നാരദഃ പ്രമുമോദ ഹ	നശിപ്പിക്കുകയും ചെയ്യും. രാമനിവിധം പ്രതിജ്ഞചെയ്യവേ നാരദൻ സന്തുഷ്ടി നേടി.

പ്രദക്ഷിണത്രയം കൃത്വാ ദണ്ഡവത് പ്രണിപത്യ തം
അനുജ്ഞാതശ്ച രാമേണ യയൗ ദേവഗതിം മുനിഃ. 40

രാമേണ അനുജ്ഞാതഃ മുനി തം പ്രദക്ഷിണത്രയം കൃത്വാ ദണ്ഡവത് പ്രണിപത്യ ച ദേവഗതിം യയൗ	രാമനാൽ അനുജ്ഞപ്പനായ മുനി അദ്ദേഹത്തെ മൂന്നു വലംവെച്ച് ദണ്ഡപ്രണാമവുംചെയ്തു് ദേവലോകത്തേക്കു പോയി.

സംവാദം പഠതി ശൃണോതി സംസ്മരേദ്വാ
യോ നിത്യം മുനിവരരാമയോഃ സ ഭക്ത്യാ
സംപ്രാപ്നോത്യമരസുദുർല്ലഭം വിമോക്ഷം
കൈവല്യം വിരതി പുരഃസരം ക്രമേണ. 41

യഃ ഭക്ത്യാ നിത്യം മുനിവരരാമയോഃ സംവാദം	യാതൊരുവൻ ഭക്തിയോടെ ദിനംതോറും നാരദരാമ സംവാദം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഠതി, ശൃണോതി	പഠിക്കുകയോ കേൾക്കുകയോ
സംസ്മരേത് വാ സഃ	സ്മരിക്കയോ ചെയ്യുന്നു, അവൻ
വിരതി പുരസ്സരം	വിഷയവാസനയിൽനിന്നു വിട്ടതൽ നേടി
ക്രമേണ അമരസുദുർല്ലഭം	ക്രമേണ ദേവന്മാർക്കുപോലും ദുർല്ലഭമായ
വിമോക്ഷം കൈവല്യം	മോക്ഷവും[5] കൈവല്യവും
സംപ്രാപ്നോതി	പ്രാപിക്കുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ പ്രഥമഃ സർഗ്ഗഃ.

പാർവ്വതീപരമേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം ഒന്നാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം രണ്ട്

അഭിഷേകസംരംഭം—വസിഷ്ഠരാമസംവാദം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ പറഞ്ഞു

അഥ രാജാ ദശരഥഃ കദാചിദ്രഹസി സ്ഥിതഃ
വസിഷ്ഠം സ്വകുലാചാര്യമാഹൂയേദമഭാഷത. 1

അഥ കദാചിത്	പിന്നീട് ഒരിക്കൽ
രാജാ ദശരഥഃ	ദശരഥരാജാവ്
രഹസി സ്ഥിതഃ	രഹസ്യമായിരുന്നുകൊണ്ട്
സ്വകുലാചാര്യം	സ്വകുലഗുരുവായ
വസിഷ്ഠം ആഹൂയ	വസിഷ്ഠനെ വിളിച്ച്
ഇദം അഭാഷത	ഇങ്ങനെ അറിയിച്ചു.

ഭഗവൻ രാമമഖിലാഃ പ്രശംസന്തി മുഹുർമുഹുഃ
പൗരാശ്ച നിഗമാഃ വൃദ്ധാഃ മന്ത്രിണശ്ച വിശേഷതഃ. 2

ഭഗവൻ അഖിലാഃ	ഭഗവാനേ, എല്ലാവരും
മുഹുർമുഹുഃ രാമം	വീണ്ടും വീണ്ടും രാമനെ
പ്രശംസന്തി	പ്രശംസിക്കുന്നു.
പൗരാഃ നിഗമാഃ വൃദ്ധാഃ ച	പൗരന്മാരും പണ്ഡിതന്മാരും വൃദ്ധരും
വിശേഷതഃ മന്ത്രിണഃ ച	വിശിഷ്യ മന്ത്രിമാരും.

തതഃ സർവ്വഗുണോപേതം രാമം രാജീവലോചനം
ജ്യേഷ്ഠം രാജ്യേƒഭിഷേക്ഷ്യാമി വൃദ്ധോƒഹം മുനിപുംഗവ. 3

മുനിപുംഗവ, അഹം വൃദ്ധഃ	മഹാമുനേ, ഞാൻ വൃദ്ധനായി.
തതഃ സർവ്വഗുണോപേതം	അതുകൊണ്ടു സകല ഗുണങ്ങളും തികഞ്ഞവനും
ജ്യേഷ്ഠം രാജീവലോചനം	മൂത്തവനും രാജീവലോചനനുമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമം രാജ്യേ	രാമനെ രാജ്യത്തിൽ
അഭിഷേക്ഷ്യാമി	അഭിഷേകം ചെയ്യാം.

ഭരതോ മാതുലം ദ്രഷ്ടും ഗതഃ ശത്രുഘ്നസംയുതഃ
അഭിഷേക്ഷ്യേ ശ്വ ഏവാശു ഭവാംസ്തച്ചാനുമോദതാം. 4

ഭരതഃ ശത്രുഘ്നസംയുതഃ	ഭരതൻ ശത്രുഘ്നനോടുകൂടെ
മാതുലം ദ്രഷ്ടും ഗതഃ	അമ്മാവനെ കാണാൻ പോയി.
ആശു ശ്വ ഏവ	പെട്ടെന്നു നാളെത്തന്നെ
അഭിഷേക്ഷ്യേ	അഭിഷേകം നടത്താം.
ഭവാൻ തത് ച അനുമോദതാം	അങ്ങ് അതിനും അനുമോദനം നല്കണം.

സംഭാരാഃ സംഭ്രിയന്താം ച ഗച്ഛ മന്ത്രയ രാഘവം
ഉച്ഛ്റീയന്താം പതാകാശ്ച നാനാവർണ്ണാഃസമന്തതഃ. 5

സംഭാരാഃ സംഭ്രിയന്താം	സാമഗ്രികൾ സംഭരിക്കണം.
ഗച്ഛ രാഘവം ച മന്ത്രയ	ചെന്ന് രാമനോടും ആലോചിക്കണം
നാനാവർണ്ണാഃ പതാകാഃ ച	പല നിറമുള്ള പതാകകൾ
സമന്തതഃ ഉച്ഛ്റീയന്താം	എല്ലായിടത്തും ഉയരട്ടെ.

തോരണാനി വിചിത്രാണി സ്വർണ്ണമുക്താമയാനി വൈ
ആഹൂയ മന്ത്രിണം രാജാ സുമന്ത്രം മന്ത്രിസത്തമം. 6

ആജ്ഞാപയതി യദ്യത് ത്വാം മുനിസ്തത്തത് സമാനയ
യൗവരാജ്യേ/ഭിഷേക്ഷ്യാമി ശ്വോഭൂതേ രഘുനന്ദനം. 7

സ്വർണ്ണമുക്താമയാനി	സ്വർണ്ണവും മുത്തും പിടിപ്പിച്ച
വിചിത്രാണി വൈ	വൈചിത്ര്യമാർന്ന
തോരണാനി	തോരണങ്ങൾ (തൂക്കണം)
മന്ത്രിസത്തമം മന്ത്രിണം	കാര്യാലോചനയിൽ ഉത്തമനായ
സുമന്ത്രം ആഹൂയ	തന്റെ മന്ത്രിയെ, സുമന്ത്രനെ, വിളിച്ച്
രാജാ (ആജ്ഞാപയതിസ്മ)	രാജാവ് ആജ്ഞാപിച്ചു.
മുനിഃ യത്‌യത് ത്വാം	മുനി നിന്നോടെന്തൊക്കെ
ആജ്ഞാപയതി തത്‌തത്	കല്പിക്കുന്നുവോ അതെല്ലാം
സമാനയ	കൊണ്ടുവരിക.
ശ്വോ ഭൂതേ	നാളെ പുലരുമ്പോൾ
രഘുനന്ദനം യൗവരാജ്യേ	രാമനെ യുവരാജാവായി
അഭിഷേക്ഷ്യാമി	അഭിഷേകം ചെയ്യുന്നതാണ്.

തഥേതി ഹർഷാത് സ മുനിം കിം കരോമീത്യഭാഷത
തമുവാച മഹാതേജാഃ വസിഷ്ഠോ ജ്ഞാനിനാം വരഃ. 8

ഹർഷാത്	സന്തോഷത്തോടെ
തഥാ ഇതി സഃ	'അങ്ങനെതന്നെ' എന്ന്
കിം കരോമി ഇതി	സമ്മതിച്ച് (സുമന്ത്രൻ) ഞാനെന്താണ്
മുനിം അഭാഷത	ചെയ്യേണ്ടതെന്നു മുനിയോടു ചോദിച്ചു.
ജ്ഞാനിനാം വരഃ	ജ്ഞാനികളിൽ ശ്രേഷ്ഠനും
മഹാതേജാഃ വസിഷ്ഠഃ	മഹാതേജസ്വിയുമായ വസിഷ്ഠൻ
തം ഉവാച	അദ്ദേഹത്തോടു പറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്വഃ പ്രഭാതേ മധ്യകക്ഷേ കന്യകാഃ സ്വൎണ്ണഭൂഷിതാഃ
തിഷ്ഠന്തു ഷോഡശ ഗജഃ സ്വൎണ്ണരത്നാദിഭൂഷിതഃ. 9

ചതുർദന്തഃ സമായാതു ഐരാവതകുലോദ്ഭവഃ
നാനാതീൎത്ഥോദകൈഃ പൂൎണ്ണാഃ സ്വൎണ്ണകുംഭാഃ സഹസ്രശഃ. 10

സ്ഥാപ്യന്താം നവവൈയാഘ്രചൎമ്മാണി ത്രീണി ചാനയ
ശ്വേതച്ഛത്രം രത്നദണ്ഡം മുക്താമണി വിരാജിതം. 11

ദിവ്യമാല്യാനി വസ്ത്രാണി ദിവ്യാന്യാഭരണാനി ച
മുനയഃ സത്കൃതാസ്തത്ര തിഷ്ഠന്തു കുശപാണയഃ. 12

ശ്വഃ പ്രഭാതേ മധ്യകക്ഷേ	നാളെ പ്രഭാതത്തിൽ നടുക്കെ മുറിയിൽ
സ്വൎണ്ണഭൂഷിതാഃ ഷോഡശ കന്യകാഃ തിഷ്ഠന്തു	സ്വൎണ്ണഭൂഷിതരായ പതിനാറു കന്യകമാർ നില്ക്കണം.
ഐരാവതകുലോത്ഭവഃ സ്വൎണ്ണരത്നാദിഭൂഷിതഃ	ഐരാവതകുലത്തിൽ പിറന്നതും സ്വൎണ്ണരത്നാദിയാൽ അലംകൃതവുമായ
ചതുർദന്തഃ ഗജഃ സമായാതു	ഒരു നാല്ക്കൊമ്പനാനയും വേണം.
നാനാതീൎത്ഥോദകൈഃ പൂൎണ്ണാഃ സഹസ്രശഃ സ്വൎണ്ണകുംഭാഃ സ്ഥാപ്യന്താം	നാനാതീൎത്ഥങ്ങളിലെ വെള്ളം നിറച്ച ആയിരക്കണക്കിന് പൊൻകുടങ്ങൾ വയ്ക്കണം.
നവവൈയാഘ്ര- ചൎമ്മാണി ത്രീണി	പുതിയ കടുവത്തോല്ക് മൂന്ന് (വേണം).
മുക്താമണി വിരാജിതം രത്നദണ്ഡം	മുത്തുമണികളാൽ ശോഭിക്കുന്ന, രത്നപ്പിടിയുള്ള,
ശ്വേതച്ഛത്രം ച ആനയ	വെൺകൊററക്കുടയും കൊണ്ടുവരേണ്ടതുണ്ട്.
ദിവ്യമാല്യാനി വസ്ത്രാണി ദിവ്യാനി ആഭരണാനി ച	ദിവ്യമാലകൾ, വസ്ത്രങ്ങൾ ദിവ്യാഭരണങ്ങൾ (ഇവയും വേണം).
സത്കൃതാഃ മുനയഃ കുശപാണയഃ തത്ര തിഷ്ഠന്തു	സൽക്കരിക്കപ്പെട്ട മുനിമാർ കൈയിൽ ദർഭയുമായവിടെ നില്ക്കട്ടെ.

നൎത്തക്യോ വാരമുഖ്യാശ്ച ഗായകാ വേണുകാസ്തഥാ
നാനാവാദിത്രകുശലാഃ വാദയന്തു നൃപാങ്കണേ. 13

നൎത്തക്യഃ	നൎത്തകികളായ
വാരമുഖ്യാഃ ച	മുഖ്യവാരവനിതകൾ
ഗായകാഃ വേണുകാഃ	ഗായകർ, വേണുവാദനക്കാർ,
തഥാ നാനാവാദിത്രകുശലാഃ	അതുപോലെ പലപല വാദ്യനിപുണർ
നൃപാങ്കണേ	(ഇവരെല്ലാം) രാജാങ്കണത്തിൽ വാദ്യം
വാദയന്തു	ചെയ്യട്ടെ (കലാപ്രകടനം നടത്തട്ടെ).

ഹസ്ത്യശ്വരഥപാദാതാഃ ബഹിസ്തിഷ്ഠന്തു സായുധാഃ
നഗരേ യാനി തിഷ്ഠന്തി ദേവതായതനാനി ച. 14

തേഷു പ്രവൎത്തതാം പൂജാ നാനാബലിഭിരാവൃതാ
രാജാനഃ ശീഘ്രമായാന്തു നാനോപായനപാണയഃ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹസ്ത്യശ്വരഥപാദാതാഃ സായുധാഃ ബഹിഃ തിഷ്ഠന്തു	ആന, കുതിര, തേർ, കാലാൾപ്പട സായുധരായി വെളിയിൽ നില്ക്കണം.
നഗരേ യാനി ദേവതായതനാനി	നഗരത്തിൽ ഏതെല്ലാം ദേവാലയങ്ങളുണ്ടോ
തിഷ്ഠന്തി തേഷു നാനാബലിഭിരാവൃതാ പൂജാ ച പ്രവർത്തന്താം	അവിടെയെല്ലാം നാനാബലികളോടുകൂടിയ പൂജയും ചെയ്യിക്കണം.
രാജാനഃ നാനാനപായന- പാണയഃ ശീഘ്രം ആയാന്തു	രാജാക്കന്മാർ പലതരം കാഴ്ചദ്രവ്യങ്ങളുമെടുത്ത് ശീഘ്രം വരട്ടെ.

ഇത്യാദിശ്യ മുനിഃ ശ്രീമാൻ സുമന്ത്രം നൃപമന്ത്രിണം
സ്വയം ജഗാമ ഭവനം രാഘവസ്യാതിശോഭനം. 16

നൃപമന്ത്രിണം സുമന്ത്രം ഇതി ആദിശ്യ	രാജസചിവനായ സുമന്ത്രനോട് ഇങ്ങനെ ആജ്ഞാപിച്ചിട്ട്
ശ്രീമാൻ മുനിഃ സ്വയം	ശ്രീമാനായ വസിഷ്ഠൻതന്നെ
രാഘവസ്യ അതിശോഭനം ഭവനം ജഗാമ	രാമന്റെ ശോഭയേറിയ ഭവനത്തിലേക്കു ചെന്നു.

രഥമാരുഹ്യ ഭഗവാൻ വസിഷ്ഠോ മുനിസത്തമഃ
ത്രീണികക്ഷാണ്യതിക്രമ്യ രഥാത് ക്ഷിതിമവാതരത്. 17

മുനിസത്തമഃ ഭഗവാൻ വസിഷ്ഠഃ രഥം ആരുഹ്യ	മുനിസത്തമനായ ഭഗവാൻ വസിഷ്ഠൻ രഥത്തിലേറി
ത്രീണി കക്ഷാണി അതിക്രമ്യ	മൂന്നു ഗോപുരങ്ങളും പിന്നിട്ട്
രഥാത് ക്ഷിതിം അവാതരത്	തേരിൽനിന്നു താഴെയിറങ്ങി.

അന്തഃ പ്രവിശ്യ ഭവനം സ്വാചാര്യത്വാദവാരിതഃ
ഗുരുമാഗതമാജ്ഞായ രാമസ്തൂർണ്ണം കൃതാഞ്ജലിഃ. 18

പ്രത്യുദ്ഗമ്യ നമസ്കൃത്യ ദണ്ഡവത് ഭക്തിസംയുതഃ
സ്വർണ്ണപാത്രേണ പാനീയമാനിനായാശു ജാനകീ. 19

രത്നാസനേ സമാവേശ്യ പാദൗ പ്രക്ഷാല്യ ഭക്തിതഃ
തദപഃ ശിരസാ ധൃത്വാ സീതയാ സഹ രാഘവഃ. 20

സ്വാചാര്യത്വാദ് അവാരിതഃ ഭവനം അന്തഃ പ്രവിശ്യ	തന്റെ ആചാര്യത്വത്താൽ തടസ്സമെന്യേ (വസിഷ്ഠൻ) കൊട്ടാരത്തിനകത്തു കടന്നു.
ഗുരും ആഗതം ആജ്ഞായ രാമഃ കൃതാഞ്ജലിഃ തൂർണ്ണം	ഗുരു വന്നതായറിഞ്ഞ് രാമൻ കൈകൂപ്പിക്കൊണ്ട് ശീഘ്രം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്യുദ്ഗമ്യ — എഴുന്നേററ്
ഭക്തിസംയുതഃ — ഭക്തിപൂർവ്വം
ദണ്ഡവത് നമസ്കൃത്യ — ദണ്ഡനമസ്കാരം ചെയ്തു.

ജാനകീ ആഹൃത — സീത വേഗം
സ്വർണ്ണപാത്രേണ — സ്വർണ്ണപ്പാത്രത്തിൽ

പാനീയം ആനിനായ — ജലം കൊണ്ടുവന്നു.
രത്നാസനേ — (ഗുരുവിനെ) രത്നാസനത്തിൽ
സമാവേശ്യ — ഇരുത്തിയിട്ട്
ഭക്തിതഃ പാദൗ പ്രക്ഷാല്യ — ഭക്തിയോടെ കാലുകഠം കഴുകി

സീതയാ സഹ രാഘവഃ — സീതയോടുകൂടെ രാമൻ
തദപഃ ശിരസാ ധൃത്വാ — ആ ജലം ശിരസ്സിൽ ധരിച്ചു.

ധന്യോഽസ്മീത്യബ്രവീദ്രാമസ്തവ പാദാംബുധാരണാത്
ശ്രീരാമേണൈവ മുക്തസ്തു പ്രഹസൻ മുനിരബ്രവീത്. 21

രാമഃ ഇതി അബ്രവീത് — രാമൻ ഇങ്ങനെ പറഞ്ഞു.
തവ പാദാംബുധാരണാത് — അവിടുത്തെ ചരണജലം ധരിച്ച്
ധന്യഃ അസ്മി — ഞാൻ ധന്യനായിരിക്കുന്നു.

ശ്രീരാമേണ ഏവം ഉക്തഃ — ശ്രീരാമനാലിങ്ങനെ പറയപ്പെട്ട
മുനിഃ തു പ്രഹസൻ — മുനി ചിരിച്ചുകൊണ്ട്

അബ്രവീത് — പറഞ്ഞു.

ത്വത്പാദസലിലം ധൃത്വാ ധന്യോഽഭൂത് ഗിരിജാപതിഃ
ബ്രഹ്മാഽപി മത്പിതാ തേ ഹി പാദതീർത്ഥഹതാശുഭഃ. 22

ത്വത് പാദസലിലം — നിന്റെ പാദജലം
ധൃത്വാ — പേറി

ഗിരിജാപതിഃ ധന്യഃ — പരമശിവൻ
അഭൂത് — ധന്യനായി

മത്പിതാ ബ്രഹ്മാ അപി — എന്റെ പിതാവായ ബ്രഹ്മാവും
തേ പാദതീർത്ഥ — നിന്റെ പാദതീർത്ഥത്താൽ
ഹതാഽശുഭഃ ഹി — അശുഭം പോക്കി.

ഇദാനീം ഭാഷസേ യത്ത്വം ലോകാനാമുപദേശകൃത്
ജാനാമി ത്വാം പരാത്മാനം ലക്ഷ്മ്യാ സംജാതമീശ്വരം. 23

ത്വം ഇദാനീം യത് — നീ ഇപ്പോഠം
ഭാഷസേ — പറയുന്നതു്
ലോകാനാം ഉപദേശകൃത് — ലോകക്ക് ഉപദേശകരമാണ്.

ലക്ഷ്മ്യാ സംജാതം — ലക്ഷ്മീസമേതനായവതരിച്ച
ഈശ്വരം പരാത്മാനം — ഈശ്വരനും പരമാത്മാവും
ത്വാം ജാനാമി — എന്നു നിന്നെ ഞാനറിയുന്നു.

ദേവകാര്യാർത്ഥസിദ്ധ്യർത്ഥം ഭക്താനാം ഭക്തിസിദ്ധയേ
രാവണസ്യ വധാർത്ഥായ ജാതം ജാനാമി രാഘവ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവ,	അല്ലയോ രാമാ,
ദേവകാര്യാർത്ഥസിദ്ധ്യർത്ഥം	ദേവന്മാരുടെ കാര്യം സാധിക്കാനും
ഭക്താനാം ഭക്തി സിദ്ധയേ	ഭക്തരുടെ ഭക്തിക്കു സിദ്ധിനല്ലാനും
രാവണസ്യ വധാർത്ഥായ	രാവണനെ വധിക്കാനുമായി
ജാതം ജാനാമി	ജനിച്ചവനെന്നു് (നിന്നെ) ഞാനറിയുന്നു.

തഥാപി ദേവകാര്യാർത്ഥം ഗുഹ്യം നോദ്ഘാടയാമ്യഹം
യഥാ ത്വം മായയാ സർവ്വം കരോഷി രഘുനന്ദന. 25

തഥൈവാനുവിധാസ്യേഽഹം ശിഷ്യസ്ത്വം ഗുരുരപ്യഹം
ഗുരുർഗ്ഗുരൂണാം ത്വം ദേവ പിതൄണാം ത്വം പിതാമഹഃ. 26

തഥാപി ദേവകാര്യാർത്ഥം	എന്നിരുന്നാലും ദേവഹിതം ലാക്കാക്കി
അഹം ഗുഹ്യം ന ഉദ്ഘാടയാമി	ഞാനാ രഹസ്യം വെളിപ്പെടുത്തുന്നില്ല.
രഘുനന്ദന, യഥാ ത്വം മായയാ സർവ്വം കരോഷി	രാഘവാ, എങ്ങനെയാണോ നീ മായയാലെല്ലാം ചെയ്യുന്നതു്
തഥാ ഏവ അഹം ഗുരുഃ ത്വം ശിഷ്യഃ അപി ഇതി അഹം അനുവിധാസ്യേ ദേവ, ത്വം ഗുരൂണാം ഗുരുഃ പിതൄണാം ത്വം പിതാമഹഃ	അതുപോലെതന്നെ ഞാൻ ഗുരുവും നീ ശിഷ്യനുമെന്ന വിധത്തിൽ പെരുമാറിക്കൊള്ളാം. ദേവാ, നീ ഗുരുക്കന്മാർക്കു ഗുരുവും പിതാക്കന്മാർക്കു നീ പിതാമഹനുമാണല്ലോ.

അന്തര്യാമീ ജഗദ്യാത്രാവാഹകസ്ത്വമഗോചര
ശുദ്ധസത്വമയം ദേഹം ധൃത്വാ സ്വാധീനസംഭവം. 27

മനുഷ്യ ഇവ ലോകേഽസ്മിൻ ഭാസി ത്വം യോഗമായയാ
പൗരോഹിത്യമഹം ജാനേ വിഗർഹ്യം ദൂഷ്യജീവനം. 28

ത്വം അന്തര്യാമീ അഗോചരഃ	നീ ഉള്ളിൽ വിളങ്ങുന്നവനും ഇന്ദ്രിയങ്ങൾക്കതീതനും
ജഗദ്യാത്രാവാഹകഃ (അസി)	ലോകങ്ങളുടെ ഗതി നിയന്ത്രിക്കുന്നവനും ആകുന്നു.
സ്വാധീനസംഭവം	സ്വേച്ഛയാലുണ്ടായതും
ശുദ്ധസത്വമയം ദേഹം ധൃത്വാ യോഗമായയാ	ശുദ്ധസത്വസ്വരൂപവുമായ ദേഹം ധരിച്ചിട്ടു് യോഗമായയാൽ
അസ്മിൻ ലോകേ മനുഷ്യ ഇവ ഭാസി	ഈ ലോകത്തിൽ മനുഷ്യനെപ്പോലെ നീ ശോഭിക്കുന്നു.
പൗരോഹിത്യം വിഗർഹ്യം ദൂഷ്യജീവനം അഹം ജാനേ	പുരോഹിതവൃത്തി നിന്ദ്യവും ദൂഷിതവുമായ ജീവിതക്രമമാണെന്നെ– നിക്കറിയാം.

ഇക്ഷ്വാകൂണാം കുലേ രാമഃ പരമാത്മാ ജനിഷ്യതേ
ഇതി ജ്ഞാതം മയാ പൂർവ്വം ബ്രഹ്മണാ കഥിതം പുരാ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇക്ഷ്വാകൂണാം കലേ	ഇക്ഷ്വാകുവംശത്തിൽ
പരമാത്മാ രാമഃ ജനിഷ്യതി ഇതി	പരമാത്മാവു രാമനായി പിറക്കുമെന്ന്
മയാ പൂർവ്വം ജ്ഞാതം ബ്രഹ്മണാ പുരാ കഥിതം	ഞാൻ നേരത്തെ അറിഞ്ഞു ബ്രഹ്മാവ് നേരത്തെ പറഞ്ഞിരുന്നു.

തതോഹമാശയാ രാമ തവ സംബന്ധകാംക്ഷയാ
അകാർഷം ഗർഹിതമപി തവാചാര്യത്വസിദ്ധയേ. 30

രാമ തതഃ അഹം	ഹേ രാമാ, അതിനാൽ ഞാൻ
തവ സംബന്ധകാംക്ഷയാ ആശയാ	നിന്റെ സംബന്ധത്തിൽ ആകാംക്ഷാ- രൂപമായ ആശാകൊണ്ടും
തവ ആചാര്യത്വ- സിദ്ധയേ	നിന്റെ ഗുരുപദം സിദ്ധിക്കുന്നതിനുമായി
ഗർഹിതം അപി അകാർഷം	നിന്ദ്യമെങ്കിലും (പൗരോഹിത്യം) ആചരിച്ചു.

തതോ മനോരഥോ മേഽദ്യ ഫലിതോ രഘുനന്ദന
ത്വദധീനാ മഹാമായാ സർവ്വലോകൈകമോഹിനീ. 31

മാം യഥാ മോഹയേന്നൈവ തഥാ കുരു രഘൂദ്വഹ
ഗുരുനിഷ്കൃതികാമസ്ത്വം യദി ദേഹ്യേതദേവ മേ. 32

രഘുനന്ദന, തതഃ മമ മനോരഥഃ അദ്യ ഫലിതഃ	രഘുനന്ദന, അതുകൊണ്ട് എന്റെ മനോരഥമിന്നു ഫലിച്ചു.
സർവ്വലോകൈകമോഹിനീ	സർവ്വലോകത്തെയും മോഹിപ്പിക്കുന്നവളും
ത്വദധീനാ മഹാമായാ യഥാ മാം ന മോഹയേത്	നിനക്കധീനയുമായ മഹാമായ എങ്ങനെയായാലും എന്നെ മോഹിപ്പിക്ക- യില്ലയോ,
തഥാ കുരു രഘൂദ്വഹ,	അങ്ങനെ ചെയ്യാലും രഘുശ്രേഷ്ഠാ,
യദി ത്വം ഗുരുനിഷ്കൃതികാമഃ മേ ഏതദ് ഏവ ദേഹി	നീ ഗുരുകടം വീട്ടാനാഗ്രഹമുള്ളവനെങ്കിൽ എനിക്കിതുതന്നെ തന്നാലും.

പ്രസംഗാത് സർവ്വമപ്യുക്തം നവാച്യം കുത്രചിന്മയാ
രാജ്ഞാ ദശരഥേനാഽഹം പ്രേഷിതോഽസ്മി രഘൂദ്വഹ. 33

ത്വാമാമന്ത്ര്യയിതും രാജ്യേ ശ്വോഭിഷേക്ഷ്യതി രാഘവ,
അദ്യ ത്വം സീതയാ സാർദ്ധമുപവാസം യഥാവിധി. 34

കൃത്വാ ശുചിർഭൂമിശായീ ഭവ രാമ ജിതേന്ദ്രിയഃ
ഗച്ഛാമി രാജസാന്നിധ്യം ത്വം തു പ്രാതർഗമിഷ്യസി. 35

മയാ കുത്രചിത് ന വാച്യം	എന്നാൽ (ഇതു്) എങ്ങും പറയപ്പെടേണ്ടതല്ല.
രാഘവ, ത്വാം ശ്വഃ	രാമ, നിന്നെ നാളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്യേ അഭിഷേക്ഷ്യതി	രാജ്യത്തിൽ അഭിഷേകം ചെയ്യുമെന്ന്
ആമന്ത്രയിതും	അറിയിക്കാൻ
രാജ്ഞാ ദശരഥേന	ദശരഥരാജാവിനാൽ
അഹം പ്രേഷിതഃ അസ്മി	ഞാനയയ്ക്കപ്പെട്ടിരിക്കയാണ്
രഘൂത്തമ, അദ്യ ത്വം	രഘൂത്തമാ, ഇന്നു നീ
സീതയാ സാർദ്ധം	സീതയോടുകൂടെ
യഥാവിധി ഉപവാസം കൃത്വാ	യഥാവിധി ഉപവാസമനുഷ്ഠിച്ച്
ജിതേന്ദ്രിയഃ ശുചിഃ	ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് ശുചിയായി
ഭൂമിശായീ ഭവ	നിലത്തു കിടക്കണം.
രാജസാന്നിധ്യം	(ഞാനിപ്പോൾ) രാജാവിന്റെ അടുക്കലേക്ക
ഗച്ഛാമി	പോകുന്നു.
ത്വം പ്രാതഃ ഗമിഷ്യസി	നീ രാവിലെ പോരിക.

ഇത്യുക്ത്വാ രഥമാരുഹ്യ യയൗ രാജഗുരുർദ്രുതം
രാമോഽപി ലക്ഷ്മണം ദൃഷ്ട്വാ പ്രഹസന്നിദമബ്രവീത്. 36

ഇതി ഉക്ത്വാ രാജഗുരുഃ	ഇങ്ങനെ പറഞ്ഞു രാജഗുരു (വസിഷ്ഠൻ)
രഥം ആരുഹ്യ ദ്രുതം യയൗ	തേരിലേറി വേഗം പോയി.
രാമഃ അപി ലക്ഷ്മണം	രാമനാകട്ടെ, ലക്ഷ്മണനെ
ദൃഷ്ട്വാ	നോക്കി
പ്രഹസൻ ഇദം	ചിരിച്ചുകൊണ്ടിങ്ങനെ
അബ്രവീത്	പറഞ്ഞു.

സൗമിത്രേ യൗവരാജ്യേ മേ ശ്വോഭിഷേകോ ഭവിഷ്യതി
നിമിത്തമാത്രമേവാഹം കർത്താ ഭോക്താ ത്വമേവഹി. 37

സൗമിത്രേ, ശ്വഃ	ലക്ഷ്മണാ, നാളെ
യൗവരാജ്യേ മേ	യുവരാജസ്ഥാനത്ത് എനിക്ക്
അഭിഷേകഃ ഭവിഷ്യതി	അഭിഷേകമുണ്ടാകും.
അഹം നിമിത്തമാത്രം	ഞാൻനിമിത്തം
ഏവ	മാത്രം
കർത്താ ഭോക്താ	കർത്താവും ഭോക്താവും
ത്വം ഏവ ഹി	നീതന്നെ, തീർച്ച.

മമ ത്വം ഹി ബഹിഃപ്രാണോ നാത്ര കാര്യാ വിചാരണം
തതോ വസിഷ്ഠേന യഥാ ഭാഷിതം തത്തഥാഽകരോത്. 38

ത്വം മമ ബഹിഃപ്രാണഃ ഹി	നീ എനിക്ക് പുറമെയുള്ള പ്രാണൻതന്നെ
അത്ര വിചാരണം ന കാര്യം	ഇതിൽ ആലോചിക്കാനൊന്നുമില്ല.
തതഃ വസിഷ്ഠേന	പിന്നീട് വസിഷ്ഠനാൽ
യഥാ ഭാഷിതം	പറയപ്പെട്ടതുപോലെ
തത് തഥാ അകരോത്	എല്ലാം ചെയ്തു.

വസിഷ്ഠോഽപി നൃപം ഗത്വാ കൃതം സർവ്വം ന്യവേദയത്
വസിഷ്ഠസ്യ പുരോ രാജ്ഞാഹ്യുക്തം രാമാഭിഷേചനം. 39

യദാ തദൈവ നഗരേ ശ്രുത്വാ കശ്ചിത് പുമാൻ ജഗൗ
കൗസല്യായൈ രാമമാത്രേ സുമിത്രായൈ തഥൈവ ച. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസിഷ്ഠഃ അപി നൃപം ഗത്വാ കൃതം സർവ്വം ന്യവേദയത്	വസിഷ്ഠനും രാജസന്നിധിയിലെത്തി ചെയ്തതെല്ലാം നിവേദനം ചെയ്തു.
യദാ വസിഷ്ഠസ്യ പുരഃ രാജ്ഞാ രാമാഭിഷേചനം	എപ്പോഴാണോ വസിഷ്ഠൻെറ മുമ്പിൽ രാജാവിനാൽ രാമാഭിഷേകത്തെപ്പററി
ഹി ഉക്തം തദാ ഏവ നഗരേ കശ്ചിത് പുമാൻ ശ്രുത്വാ രാമമാതുഃ കൗസല്യായൈ തഥാ സുമിത്രായൈ ച ഏവ ജഗൗ	പറയപ്പെട്ടുവോ, അപ്പോഴാണ് അന്ന പട്ടണത്തിലുള്ള ഒരുവൻ (അതു) കേട്ടിട്ട് രാമമാതാവായ കൗസല്യയ്ക്കും അതുപോലെ സുമിത്രയ്ക്കും അറിവു കൊടുത്തു (പറഞ്ഞു).

ശ്രുത്വാ തേ ഹർഷസമ്പൂർണ്ണേ ദദതുർഹാരമുത്തമം
തസ്മൈ തതഃ പ്രീതമനാഃ കൗസല്യാ പുത്രവത്സലാ. 41
ലക്ഷ്മീം പര്യചരദ്ദേവീം രാമസ്യാർത്ഥപ്രസിദ്ധയേ
സത്യവാദീ ദശരഥഃ കരോത്യേവ പ്രതിശ്രുതം. 42

ശ്രുത്വാ ഹർഷ- സമ്പൂർണ്ണേ തേ	(വാർത്ത) കേട്ട് ഹർഷം തികഞ്ഞ അവർ
തസ്മൈ ഉത്തമം ഹാരം ദദതുഃ	അവന് ഉത്തമമായ ഒരു ഹാരം നല്കി.
തതഃ പുത്രവത്സലാ പ്രീതമനാഃ കൗസല്യാ	പിന്നെ, പുത്രവത്സലയും പ്രീതമനസ്സുമായ കൗസല്യ
രാമസ്യ അർത്ഥ- പ്രസിദ്ധയേ	രാമന് അർത്ഥസിദ്ധി കൈവരാൻ
ലക്ഷ്മീം ദേവീം പര്യചരത് സത്യവാദീ ദശരഥഃ പ്രതിശ്രുതം കരോതി ഏവ	ലക്ഷ്മീദേവിയെ പരിചരിച്ചു. സത്യവാദിയായ ദശരഥൻ പ്രതിജ്ഞ നിറവേററുകതന്നെ ചെയ്യും.

കൈകേയീ വശഗഃ കിന്തു കാമുകഃ കിം കരിഷ്യതി
ഇതി വ്യാകുലചിത്താ സാ ദുർഗ്ഗാം ദേവീമപൂജയത്. 43

കിന്തു കൈകേയീ വശഗഃ കാമുകഃ കിം കരിഷ്യതി	എങ്കിലും കൈകേയിക്കു വശഗനും കാമുകനുമായ (അദ്ദേഹം) എന്താണാവോ ചെയ്യുക.
ഇതി വ്യാകുലചിത്താ സാ ദുർഗ്ഗാം ദേവീം അപൂജയത്	എന്നോർത്തു മനംനൊന്ത് അവർ ദുർഗ്ഗാദേവിയെ പൂജിച്ചു.

ഏതസ്മിന്നന്തരേ ദേവാ ദേവീം വാണീമചോദയൻ
ഗച്ഛ ദേവി, ഭുവോലോകമയോധ്യായാം പ്രയത്നതഃ. 44

രാമാഭിഷേകവിഘ്നാർത്ഥം യതസ്വ ബ്രഹ്മവാക്യതഃ
മന്ഥരാം പ്രവിശസ്വാദൗ കൈകേയീം ച തതഃപരം. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാഃ ഏതസ്മിൻ	ദേവന്മാർ ഇതിനിടയ്ക്ക്
അന്തരേ വാണീം ദേവീം	സരസ്വതീദേവിയെ
അചോദയൻ	പ്രേരിപ്പിച്ചു.
ദേവി, പ്രയത്നതഃ	ദേവി, യത്നപൂർവ്വം
ഭുവഃ ലോകം ഗച്ഛ	ഭൂലോകത്തിലേക്കു പോയാലും
ബ്രഹ്മവാക്യതഃ	ബ്രഹ്മാവിന്റെ വാക്കനുസരിച്ച്
അയോധ്യായാം	അയോദ്ധ്യയിൽ (നടക്കുന്ന)
രാമാഭിഷേകവിഘ്നാർത്ഥം	രാമന്റെ രാജ്യാഭിഷേകം മുടക്കാൻ
യതസ്വ	ശ്രമിക്കണം
ആദൗ മന്ഥരാം തതഃ	ആദ്യം മന്ഥരയിലും പിന്നെ
പരം കൈകേയീം ച	കൈകേയിയിലും
പ്രവിശസ്വ	പ്രവേശിക്കണം.

തതോ വിഘ്നേ സമുത്പന്നേ പുനരേഹി ദിവം ശുഭേ
തഥേത്യുക്ത്വാ തഥാ ചക്രേ പ്രവിവേശാഥ മന്ഥരാം. 46

ശുഭേ, വിഘ്നേ	ശുഭേ, വിഘ്നമുണ്ടായാൽ
സമുത്പന്നേ തതഃ	പിന്നെ വീണ്ടും
പുനഃ ദിവം ഏഹി	സ്വർഗ്ഗത്തേക്കു പോരിക
തഥാ ഇതി ഉക്ത്വാ	'അങ്ങനെയാകാം' എന്നു പറഞ്ഞ്
തഥാ ചക്രേ	അതുപോലെ ചെയ്യുകയും ചെയ്തു
അഥ മന്ഥരാം പ്രവിവേശ	എന്നിട്ട് (സരസ്വതി) മന്ഥരയിൽ പ്രവേശിച്ചു.

സാഽപി കുബ്ജാ ത്രിവക്രാ തു പ്രാസാദാഗ്രമഥാരുഹത്
നഗരം പരിതോ ദൃഷ്ട്വാ സർവ്വതഃ സമലംകൃതം. 47

നാനാതോരണസംബാധം പതാകാഭിരലംകൃതം
സർവ്വോത്സവസമായുക്തം വിസ്മിതാ പുനരാഗമത്. 48

അഥ ത്രിവക്രാ അപി	അനന്തരം മൂന്നു വളവുള്ളവളെങ്കിലും
സാ കുബ്ജാ തു	ആ കൂനി
പ്രാസാദാഗ്രം ആരുഹത്	മാളികമുകളിൽ കയറി
നഗരം പരിതഃ	നഗരത്തിനു ചുററും
സർവ്വതഃ സമലംകൃതം	എല്ലായിടവും അലങ്കരിക്കപ്പെട്ടും
നാനാതോരണസംബാധം	പല തോരണങ്ങൾ തൂക്കിയിരിക്കുന്ന—തായും
പതാകാഭിഃ അലംകൃതം	കൊടികളാലലംകൃതമായും
സർവ്വോത്സവഃ സമായുക്തം	സകലവിധ ഉത്സവത്തോടു—കൂടിയതായും
ദൃഷ്ട്വാ വിസ്മിതാ	കണ്ടു വിസ്മയപ്പെട്ടു
പുനഃ ആഗമത്	വീണ്ടും (താഴേക്കു) പോന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാത്രീം പപ്രച്ഛ മാതഃ കിം നഗരം സമലംകൃതം
നാനോത്സവസമായുക്താ കൗസല്യാ ചാതിഹർഷിതാ. 49

ധാത്രീം പപ്രച്ഛ	ധാത്രി(പോററമ്മ)യോടു ചോദിച്ചു:
മാതഃ നഗരം കിം സമലംകൃതം	അമ്മേ, പട്ടണമെന്തിനാണ് അലങ്കരിച്ചിരിക്കുന്നത്?
നാനോത്സവസമായുക്താ	പല ഉത്സവാഘോഷങ്ങളോടെ
കൗസല്യാ ച അതിഹർഷിതാ	കൗസല്യയും വളരെ സന്തോഷവതിയായിരിക്കുന്നല്ലോ.

ദദാതി വിപ്രമുഖ്യേഭ്യോ വസ്ത്രാണി വിവിധാനി ച
താമുവാച തദാ ധാത്രീ രാമചന്ദ്രാഭിഷേചനം. 50

ശ്വോ ഭവിഷ്യതി തേനാദ്യ സർവ്വതോഽലംകൃതം പുരം
തച്ഛ്രുത്വാ ത്വരിതം ഗത്വാ കൈകേയീം വാക്യമബ്രവീത്.

പര്യങ്കസ്ഥാം വിശാലാക്ഷീമേകാന്തേ പര്യവസ്ഥിതാം
കിം ശേഷേ ദുർഭഗേ മൂഢേ മഹദ്ഭയമുപസ്ഥിതം. 52

ന ജാനീഷേഽതിസൗന്ദര്യമാനിനീ മത്തഗാമിനീ. 53

വിപ്രമുഖ്യേഭ്യഃ	ബ്രാഹ്മണമുഖ്യർക്ക്
വിവിധാനി	പലതരം
വസ്ത്രാണി ച ദദാതി	വസ്ത്രങ്ങൾ ദാനംചെയ്യുന്നു.
തദാ, ധാത്രീ താം ഉവാച	അപ്പോൾ ധാത്രി അവളോടു പറഞ്ഞു.
രാമചന്ദ്രാഭിഷേചനം	ശ്രീരാമചന്ദ്രന്റെ അഭിഷേകം
ശ്വഃ ഭവിഷ്യതി	നാളെയുണ്ടാകും.
തേന അദ്യപുരം സർവ്വതഃ അലംകൃതം	അതിനാലാണ് ഇന്നു പട്ടണമെല്ലാം മോടിപിടിപ്പിച്ചിരിക്കുന്നത്.
തത് ശ്രുത്വാ ത്വരിതം	അതു കേട്ട് പെട്ടെന്ന്
ഏകാന്ത പര്യങ്കസ്ഥാം പര്യവസ്ഥിതാം	മന്ഥര ഏകാന്തതയിൽ കട്ടിലിൽ കിടന്നിരുന്ന
വിശാലാക്ഷീം കൈകേയീം	സുന്ദരിയായ കൈകേയിയുടെ
ഗത്വാ	അടുത്തെത്തി,
വാക്യം അബ്രവീത്	ഈ വാക്കു പറഞ്ഞു.
ദുർഭഗേ, മൂഢേ, കിം ശേഷേ	ഭാഗ്യംകെട്ട മൂഢേ നീ കിടക്കുകയാണോ?
മഹദ്ഭയം ഉപസ്ഥിതം	കൊടിയ വിപത്തു വിന്നണഞ്ഞിരിക്കുന്നു
അതിസൗന്ദര്യമാനിനീ	അതിസൗന്ദര്യത്തിൽ അഭിമാനം മൂത്ത്
മത്തഗാമിനീ	മദിച്ചുനടക്കുന്ന നീ (ഒന്നും)
ന ജാനീഷേ	അറിയുന്നില്ലേ?

രാമസ്യാനുഗ്രഹാദ്രാജ്ഞഃ ശ്വോഭിഷേകോ ഭവിഷ്യതി
തച്ഛ്രുത്വാ സഹസോത്ഥായ കൈകേയീ പ്രിയവാദിനീ. 54

തസ്യൈ ദിവ്യം ദദൗ സ്വർണ്ണനൂപുരം രത്നഭൂഷിതം
ഹർഷസ്ഥാനേ കിമിതി മേ കഥ്യതേ ഭയമാഗതം. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്ഞഃ അനുഗ്രഹാത്	രാജാവിൻെറ അനുഗ്രഹത്താൽ
ശ്വ രാമസ്യ അഭിഷേകഃ	നാളെ രാമന് അഭിഷേകം
ഭവിഷ്യതി	നടക്കുന്നതാണ്.
തത് ശ്രുത്വാ	അതു കേട്ടിട്ട്
പ്രിയവാദിനീ കൈകേയീ	പ്രിയഭാഷിണി കൈകേയി
സഹസാ ഉത്ഥായ	പെട്ടെന്നെണീററ്
തസ്യൈ രത്നഭൂഷിതം	അവൾക്ക് രത്നഖചിതവും
ദിവ്യം സ്വർണ്ണനൂപുരം	ദിവ്യവുമായ ഒരു സ്വർണ്ണച്ചിലങ്ക
ദദൗ	ദാനം ചെയ്തു
ഹർഷസ്ഥാനേ	(ചോദിച്ചു): സന്തോഷസ്ഥാനത്തു്
മേ ഭയം ആഗതം ഇതി	എനിക്ക് ആപത്തണഞ്ഞിരിക്കുന്നെന്നു്
കിം കഥ്യതേ	പറയുന്നതെന്തു്?

ഭരതാദധികോ രാമഃ പ്രിയകൃന്മേ പ്രിയംവദഃ
കൗസല്യാം മാം സമം പശ്യൻ സദാ ശുശ്രൂഷതേ ഹി മാം. 56

രാമഃ മേ ഭരതാദ്	രാമൻ എനിക്ക് ഭരതനിലുമധികം
അധികഃ പ്രിയകൃത് പ്രിയംവദഃ	പ്രിയംകരനും പ്രിയംചൊല്ലുന്നവനുമാണ്.
കൗസല്യാം മാം സമം പശ്യൻ	(രാമൻ) കൗസല്യയേയും എന്നേയും സമമായിക്കാണുന്നു.
സദാ മാം ശുശ്രൂഷതേ ഹി	എപ്പോഴുമെന്നെ പരിചരിക്കുന്നു.

രാമാത് ഭയം കിമാപന്നം തവ മൂഢേ വദസ്വ മേ
തച്ഛ്രുത്വാ വിഷസാദാഥ കുബ്ജാഽകാരണവൈരിണീ. 57

രാമാത് തവ	രാമനിൽനിന്നു് നിനക്ക്
കിം ഭയം ആപന്നം	എന്തു ഭീതിയാണ വന്നുചേർന്നതെന്നു
മൂഢേ മേ വദസ്വ	മൂഢേ, എന്നോടു പറയുക.
അകാരണവൈരിണീ	അകാരണമായി വൈരംകൊണ്ട
കുബ്ജാ	ആ കൂനി
അഥ തദ് ശ്രുത്വാ	അതു (ചോദ്യം) കേട്ടപ്പോൾ
വിഷസാദ	വിഷമിച്ചുപോയി.

ശൃണു മദ്വചനം ദേവി, യഥാത്ഥം തേ മഹദ്ഭയം
ത്വാം തോഷയൻ സദാ രാജാ പ്രിയവാക്യാനി ഭാഷതേ. 58

ദേവി, മദ്വചനം ശൃണു	ദേവീ, എൻെറ വാക്കു കേട്ടാലും.
തേ മഹദ്ഭയം	നിനക്ക് കൊടുംവിപത്തു്
യഥാത്ഥം	യഥാത്ഥത്തിൽ വന്നിരിക്കുന്നു.
രാജാ ത്വാം തോഷയൻ	രാജാവ് നിന്നെ പ്രീണിപ്പിക്കാൻ
സദാ പ്രിയവാക്യാനി	എപ്പോഴും മധുരവാക്കുകൾ
ഭാഷതേ	പറയുകയാണ്.

കാമുകോഽതഥ്യവാദീ ച ത്വാം വാചാ പരിതോഷയൻ
കാര്യം കരോതി തസ്യാഃ വൈരാമമാതുഃ സുപുഷ്കലം. 59

കാമുകഃ ച അതഥ്യവാദീ	(അദ്ദേഹം) കാമുകനും പൊളിപറയുന്നവനുമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാം വാചാ പരിതോഷയൻ	നിന്നെ വാക്കാൽ സന്തോഷിപ്പിക്കയും
തസ്യാഃ രാമ മാതുഃ സുപുഷ്കലം കാര്യം കരോതി വൈ	ആ രാമമാതാവിന്നു് (കൗസല്യയ്ക്കു്) ധാരാളം കാര്യം നിറവേററുകയും ചെയ്യുന്നു.

മനസ്യേതന്നിധായൈവ പ്രേഷയാമാസ തേ സുതം
ഭരതം മാതുലകുലേ പ്രേഷയാമാസ സാനുജം. 60

മനസി ഏതത് നിധായ ഏവ	മനസ്സിലിതുറപ്പിച്ച– തന്നെയാണു്
തേ സുതം പ്രേഷയാമാസ ഭരതം സാനുജം മാതുലകുലേ പ്രേഷയാമാസ	നിന്റെ മകനെ (ഇവിടെനിന്നു്) അയച്ചതു് ഭരതനെ അനുജനോടുകൂടെ അമ്മാവന്റെ വീട്ടിലേക്കു് അയച്ചുകളഞ്ഞു!

സുമിത്രായാഃ സമീചീനം ഭവിഷ്യതി ന സംശയഃ
ലക്ഷ്മണോ രാമമന്വേതി രാജ്യം സോഽനുഭവിഷ്യതി. 61

സുമിത്രായാഃ സമീചീനം ഭവിഷ്യതി ന സംശയഃ	സുമിത്രയ്ക്കും നല്ലതുവരും; തീർച്ച
ലക്ഷ്മണഃ രാമം അന്വേതി രാജ്യം സഃ അനുഭവിഷ്യതി	ലക്ഷ്മണൻ രാമനെ പിൻതുടരും രാജ്യം അവനും അനുഭവിക്കും.

ഭരതോ രാഘവസ്യാഗ്രേ കിങ്കരോ വാ ഭവിഷ്യതി
വിവാസ്യതേ വാ നഗരാത് പ്രാണൈർവാ
ഹാപ്യതേഽചിരാത്. 62

ഭരതഃ രാഘവസ്യ അഗ്രേ കിങ്കരഃ ഭവിഷ്യതി വാ നഗരാത് വിവാസ്യതേ വാ അചിരാത് പ്രാണൈഃ ഹാപ്യതേ	ഭരതൻ രാമന്റെ മുന്നിൽ ദാസനായ്ത്തീരും അല്ലെങ്കിൽ നഗരത്തിൽനിന്നു് പുറത്താക്കപ്പെടും. അതുമല്ലെങ്കിൽ താമസംവിനാ ജീവൻ വിടുവിക്കപ്പെടും.

തം തു ദാസീവ കൗസല്യാം നിത്യം പരിചരിഷ്യസി
തതോഽപി മരണം ശ്രേയോ യത്സപത്ന്യാഃ പരാഭവഃ. 63

ത്വം തു ദാസീ ഇവ നിത്യം കൗസല്യാം പരിചരിഷ്യസി	നീയാകട്ടെ (വെറും) ദാസിയെപ്പോലെ എന്നും കൗസല്യയെ പരിചരിക്കും
സപത്ന്യാഃ യത് പരിഭവഃ തതഃ അപി മരണം ശ്രേയഃ	സപത്നിയിൽനിന്നുള്ള പരിഭവത്തെ ക്കാളും മരണമാണു് ശ്രേയസ്സ്.

അതഃ ശീഘ്രം യതസ്വാദ്യ ഭരതസ്യാഭിഷേചനേ
രാമസ്യ വനവാസാർത്ഥം വർഷാണി നവ പഞ്ച ച. 64

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതഃ ശീഘ്രം	അതിനാലുടൻ
അദ്യ ഭരതസ്യ	ഇന്നുതന്നെ ഭരതനെ
അഭിഷേചനേ	അഭിഷേകം ചെയ്യാനും
നവ പഞ്ച ച വർഷാണി	ഒമ്പതുമഞ്ചും (പതിന്നാല്) വർഷത്തേക്ക്
രാമസ്യ വനവാസാർത്ഥം	രാമന്റെ വനവാസത്തിനുമായി
യതസ്വ	യത്നിക്കുക.

തതോ രൂഢോഽഭയേ പുത്രസ്തവരാജ്ഞി ഭവിഷ്യതി
ഉപായം തേ പ്രവക്ഷ്യാമി പൂർവ്വമേവ സുനിശ്ചിതം. 65

രാജ്ഞി, തതഃ	രാജ്ഞി, പിന്നെ
തവ പുത്രഃ	നിന്റെ മകൻ
അഭയേ രൂഢഃ ഭവിഷ്യതി	അഭയത്തിലുറച്ചവനാകും
പൂർവ്വം ഏവ സുനിശ്ചിതം	മുമ്പുതന്നെ നിശ്ചയിച്ചുറച്ച
ഉപായം തേ	ഉപായം നിനക്കു
പ്രവക്ഷ്യാമി	പറഞ്ഞുതരാം.

പുരാ ദേവാസുരേ യുദ്ധേ രാജാ ദശരഥഃ സ്വയം
ഇന്ദ്രേണ യാചിതോ ധന്വീ സഹായാർത്ഥം മഹാരഥഃ. 66

ജഗാമ സേനയാ സാർദ്ധം ത്വയാ സഹ ശുഭാനനേ
യുദ്ധം പ്രകുർവ്വതസ്തസ്യ രാക്ഷസൈഃ സഹ ധന്വിനഃ. 67

തദാക്ഷകീലോ ന്യപതച്ഛിന്നസ്തസ്യ ന വേദ സഃ
ത്വം തു ഹസ്തം സമാവേശ്യ കീലരന്ധ്രേഽതിധൈര്യതഃ. 68

സ്ഥിതവത്യസിതാപാംഗി പതി പ്രാണപരീപ്സയാ
തതോ ഹത്വാഽസുരാൻ സർവ്വാൻ ദദൗ ത്വാമരിന്ദമഃ. 69

ശുഭാനനേ, പുരാ	സുന്ദരീ, പണ്ട്
ദേവാസുരേയുദ്ധേ	ദേവാസുരയുദ്ധത്തിൽ
സ്വയം ഇന്ദ്രേണ	സ്വയം ഇന്ദ്രനാൽ
സഹായാർത്ഥം	സഹായാർത്ഥം
യാചിതഃ ധന്വീ	യാചിക്കപ്പെട്ട വില്ലാളിവീരൻ
മഹാരഥഃ	മഹാരഥൻ
രാജാ ദശരഥഃ	രാജാ ദശരഥൻ
സേനയാ സാർദ്ധം	സേനയോടുകൂടെ
ത്വയാ സഹ ജഗാമ	നിന്നോടൊപ്പം (യുദ്ധത്തിനു) പോയി
രാക്ഷസൈഃ സഹ	രാക്ഷസരോട്
യുദ്ധം പ്രകുർവ്വതഃ	യുദ്ധം ചെയ്തുകൊണ്ടിരിക്കവേ
തസ്യ ധന്വിനഃ	ആ വില്ലാളിയുടെ
അക്ഷകീലഃ	അക്ഷകീലം (തേർചക്രത്തിന്റെ ആണി)
ഛിന്നഃ തദാ ന്യപതത്	തകർന്നു വീണുപോയി
സഃ ന വേദ	അദ്ദേഹമതറിഞ്ഞില്ല.
അസിതാപാംഗി ത്വം	കറുത്ത കടക്കണ്ണുള്ളവളായ നീ
പതിപ്രാണപരീപ്സയാ	പതിയുടെ ജീവരക്ഷയിലുള്ള
	താൽപര്യത്താൽ
അതിധൈര്യതഃ	മികച്ച ധൈര്യത്തോടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കീലരന്ധ്രേ	അച്ചിന്റെ ദ്വാരത്തിൽ
ഹസ്തം സമാവേശ്യ	കൈകടത്തി
സ്ഥിതവതീ	നിലകൊണ്ടു.
സർവ്വാൻ അസുരാൻ	പിന്നീടസുരന്മാരെയെല്ലാം
ഹത്വാ തതഃ	കൊന്നതിനുശേഷം
അരിന്ദമഃ ത്വാം ദദർശ	ആ ധീരൻ നിന്നെ ദർശിച്ചു.

ആശ്ചര്യം പരമം ലേഭേ ത്വാമാലിംഗ്യ മുദാന്വിതഃ
വൃണീഷ്വ യത്തേ മനസിവാഞ്ഛിതം വരദോഽസ്മ്യഹം. 70

വരദ്വയം വൃണീഷ്വ ത്വമേവം രാജാഽവദത് സ്വയം
ത്വയോക്തോ വരദോ രാജൻ യദി ദത്തം വരദ്വയം. 71

ത്വയ്യേവ തിഷ്ഠതു ചിരം ന്യാസഭൂതം മമാനഘ
യദാ മേഽവസരഃ ഭൂയാത്തദാ ദേഹി വരദ്വയം. 72

പരമം ആശ്ചര്യം ലേഭേ	(രാജാവിന്ന്) പരമമായ ആശ്ചര്യം ഉണ്ടായി
മുദാന്വിതഃ ത്വാം ആലിംഗ്യ	സന്തോഷപൂർവ്വം നിന്നെപ്പുണർന്ന്
രാജാ സ്വയം അവദത്	രാജാവ് സ്വയം പറഞ്ഞു.
അഹം വരദഃ അസ്മി	ഞാൻ വരദനാണ് (വരം തരാൻ പോകയാണ്)
തേ മനസി	നിന്റെ മനസ്സിൽ
യത് വാഞ്ഛിതം	എന്താണോ ഇഷ്ടം
തത് വൃണീഷ്വ	അതു വരിച്ചുകൊള്ളുക.
ത്വം ഏവ	നീ ഇപ്രകാരം
വരദ്വയം വൃണീഷ്വ	രണ്ടു വരം വരിച്ചുകൊള്ളുക
വരദഃ ത്വയാ ഉക്തഃ	(ആ) വരദനോടു നീ പറഞ്ഞു:
രാജൻ യദി വരദഃ	രാജാവേ, (അങ്ങു) വരം തരുന്നുവെങ്കിൽ
ദത്തം വരദ്വയം	തന്ന വരം രണ്ടും
മമ ന്യാസഭൂതം	എന്റെ നിക്ഷേപമെന്ന നിലയിൽ
ത്വയി ഏവ ചിരം തിഷ്ഠതു	അങ്ങയിൽത്തന്നെ നീണ്ടകാലം നിന്നോട്ടെ
അനഘ യദാ മേ	ഹേ പരിശുദ്ധാ എപ്പോഴാണോ എനിക്ക്
അവസരഃ ഭൂയാത്	അവസരം (ആവശ്യം) ഉണ്ടാകുന്നത്
തദാ വരദ്വയം ദേഹി	അപ്പോൾ രണ്ടു വരവും തന്നാൽ മതി.

തഥേത്യുക്ത്വാ സ്വയം രാജാ മന്ദിരം വ്രജസുവ്രതേ,
ത്വത്തഃ ശ്രുതം മയാ പൂർവ്വമിദാനീം സ്മൃതിമാഗതം. 73

തഥാ ഇതി ഉക്ത്വാ	'അങ്ങനെയാവട്ടെ' എന്നു പറഞ്ഞ്
രാജാ	രാജാവ്
സുവ്രതേ മന്ദിരം വ്രജ	പതിവ്രതേ, (ഇനി) മന്ദിരത്തിലേക്കു പോകൂ (എന്നു നിർദ്ദേശിച്ചു)
ത്വത്തഃ സ്വയം മയാ	നിന്നിൽനിന്നു ഞാൻതന്നെ
പൂർവ്വം ശ്രുതം	മുമ്പിതു കേട്ടതാണ്.
ഇദാനീം സ്മൃതിം ആഗതം	ഇപ്പോൾ ഓർമ്മയിൽ വന്നു.

അതഃ ശീഘ്രം പ്രവിശ്യാദ്യ ക്രോധാഗാരം രുഷാന്വിതാ
വിമുച്യ സർവ്വാഭരണം സർവ്വതോ വിനികീര്യ ച. 74

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂമാവേവ ശയാനാ ത്വം തൂഷ്ണീമാതിഷ്ഠ ഭാമിനി
യാവത് സത്യം പ്രതിജ്ഞായ രാജാഭീഷ്ടം കരോതി തേ. 75

ഭാമിനീ അതഃ അദ്യ ശീഘ്രം ക്രോധാഗാരം പ്രവിശ്യ സർവ്വാഭരണം വിമുച്യ സർവ്വതഃ വികിരീര്യ ച	ഉത്തമേ, അതിനാൽ ഇപ്പോൾ ശീഘ്രം കോപാലയത്തിൽ കടന്ന് ആഭരണമെല്ലാമഴിച്ച് എല്ലായിടത്തും ചിതറി
ഭൂമൗ അപി ഭൂമൗ ഏവ ശയാനാ	കോപത്തോടെ നിലത്തു തന്നെ കിടക്കണം.
രാജാ സത്യം പ്രതിജ്ഞായ യാവത് തേ അഭീഷ്ടം കരോതി	രാജാവ് സത്യപ്രതിജ്ഞ ചെയ്ത നിന്റെ അഭീഷ്ടം നിറവേററുന്നതുവരെ
തൂഷ്ണീം ആതിഷ്ഠ	മിണ്ടാതെ കിടക്കുകയും വേണം.

കോപാഗാരം = കോപം വരുമ്പോൾ കഴിഞ്ഞുകൂടാനുള്ള പ്രത്യേകസ്ഥലം.

ശ്രുത്വാ ത്രിവക്രയോക്തം തത്തദാ കേകയനന്ദിനീ
തഥ്യമേവാഖിലം മേനേ ദുസ്സംഗാഹിതവിഭ്രമാ. 76

ദുസ്സംഗാഹിതവിഭ്രമാ കേകയനന്ദിനീ തദാ	ദുസ്സംഗത്താൽ പരിഭ്രമിച്ചുപോയ കൈകേയി ആ സമയത്ത്
ത്രിവക്രയാ ഉക്തം തത് ശ്രുത്വാ	കൂനി പറഞ്ഞത് കേട്ട്
അഖിലം തഥ്യം ഏവ മേനേ	എല്ലാം സത്യമെന്നു കരുതി.

താമാഹ കൈകയീ ഹൃഷ്ടാ കുതസ്തേ ബുദ്ധിരീദൃശീ
ഏവം ത്വാം ബുദ്ധിസമ്പന്നാം ന ജാനേ വക്രസുന്ദരി. 77

ഹൃഷ്ടാ കൈകയീ താം ആഹ	ഹൃഷ്ടയായ കൈകേയി അവളോടു പറഞ്ഞു.
തേ ഈദൃശീ ബുദ്ധിഃ കുതഃ	നിനക്കിത്ര ബുദ്ധി എവിടെനിന്നു കിട്ടി?
വക്രസുന്ദരി ത്വാം ഏവം	വളഞ്ഞവളെങ്കിലും സുന്ദരീ നിന്നെ ഇത്രമാത്രം
ബുദ്ധിസമ്പന്നാം ന ജാനേ	ബുദ്ധിമതിയെന്നു ഞാൻ അറിഞ്ഞില്ല.

ഭരതോ യദി രാജാ മേ ഭവിഷ്യതി സുതഃ പ്രിയഃ
ഗ്രാമാഞ്ഛതം പ്രദാസ്യാമി മമ ത്വം പ്രാണവല്ലഭാ. 78

മമ പ്രിയസുതഃ ഭരതഃ യദി രാജാ ഭവിഷ്യതി ശതം ഗ്രാമാൻ പ്രദാസ്യാമി ത്വം മമ പ്രാണവല്ലഭാ	എന്റെ പ്രിയപുത്രൻ ഭരതൻ രാജാവായാൽ നൂറു ഗ്രാമങ്ങൾ (നിനക്കു) തരാം. നീ എനിക്കു പ്രാണനെക്കാൾ പ്രിയയാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്ത്വാ കോപഭവനം പ്രവിശ്യ സഹസാ രുഷാ
വിമുച്യ സർവ്വാഭരണം പരികീര്യ സമന്തതഃ. 79

ഭ്രുവൌ ശയാനാ മലിനാ മലിനാംബരധാരിണീ
പ്രോവാച ശൃണു മേ കുബ്ജേ യാവദ്
രാമോവനം വ്രജേത്. 80

പ്രാണാംസ്ത്യക്ഷ്യേഽഥവാ വക്രേ, ശയിഷ്യേ താവദേവ ഹി
നിശ്ചയം കുരു കല്യാണി, കല്യാണം തേ ഭവിഷ്യതി
ഇത്യുക്ത്വാ പ്രയയൌ കുബ്ജാഗൃഹം സാപി
തഥാഽകരോത്. 81

ഇതി ഉക്ത്വാ	ഇങ്ങനെ പറഞ്ഞിട്ട്
കോപഭവനം പ്രവിശ്യ	കോപാലയത്തിൽ കടന്ന്
സഹസാ രുഷാ	പെട്ടെന്നു കോപത്തോടെ
സർവ്വാഭരണം വിമുച്യ	ആഭരണമെല്ലാമഴിച്ച്
സമന്തതഃ പരികീര്യ	ചുററും ചിതറിയിട്ടു.
മലിനാ മലിനാംബരധാരിണീ	മലിനയായി മലിനവസ്ത്രം ധരിച്ച്
ഭ്രുവൌ ശയാനാ	നിലത്തു കിടന്നുകൊണ്ട്
പ്രോവാച	പറഞ്ഞു:
കുബ്ജേ മമ ശൃണു	കൂനീ എൻെറ (വാക്കു) കേൾക്കുക.
രാമഃ യാവത് വനം	രാമൻ കാട്ടിൽ
വ്രജേത് താവത് ഏവ	പോകുംവരെ
ശയിഷ്യേ ഹി	(നിലത്തുതന്നെ) കിടക്കും.
അഥവാ പ്രാണാൻ ത്യക്ഷ്യേ	അല്ലെങ്കിൽ ജീവൻ വെടിയും.
കല്യാണി നിശ്ചയം കുരു	മംഗളമയീ, നിശ്ചയം ചെയ്യുക;
തേ കല്യാണം ഭവിഷ്യതി	നിനക്കു നന്മവരും.
ഇതി ഉക്ത്വാ കുബ്ജാ	ഇപ്രകാരം പറഞ്ഞിട്ട് കുബ്ജ
ഗൃഹം പ്രയയൌ	വീട്ടിലേക്കു പോയി.
സാ അപി തഥാ അകരോത്	കൈകേയിയും അങ്ങനെ ചെയ്തു.

ധീരോഽത്യന്തദയാന്വിതോഽപി സുഗുണാ—
ചാരാന്വിതോ വാഽഥവാ
നീതിജ്ഞോ വിധിവാദദേശികപരോ
വിദ്യാവിവേകോഽഥവാ
ദുഷ്ടാനാമതിപാപഭാവിതധിയാം
സംഗം സദാ ചേദ്ഭജേ—
ത്തദ്ബുദ്ധ്യാ പരിഭാവിതോ വ്രജതി തത്
സാമ്യം ക്രമേണ സ്ഫുടം. 82

ധീരഃ അത്യന്തദയാന്വിതഃ	(ഒരുവൻ) ധീരനും പരമദയാലുവും അഥവാ
അഥവാ സുഗുണാചാരാന്വിതഃ	സദ്ഗുണങ്ങളും സദാചാരങ്ങളും തികഞ്ഞവനും
വാ നീതിജ്ഞഃ	നീതിജ്ഞനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിധിവാദദേശികപരഃ	വിധിയുപദേശിക്കുന്ന ഗുരുവിൽ ഭക്തിയുള്ളവനും
അഥവാ വിദ്യാവിവേകഃ	അല്ലെങ്കിൽ വിദ്യയും വിവേകവുമുള്ളവനും (ഒക്കെ ആയിക്കൊള്ളട്ടെ)
അതിപാപഭാവിതധിയാം	ബുദ്ധിയിൽ പാപഭാവന തിങ്ങിയ
ദുഷ്ടാനാം സദാ	ദുഷ്ടന്മാരായി സദാ
സംഗം ഭജേത് ചേത്	സംസർഗ്ഗം പുലർത്തിയാൽ
തദ്ബുദ്ധ്യാ	അവരുടെ ബുദ്ധിയാൽ
പരിഭാവിതഃ	പ്രഭാവിതനായി
ക്രമേണ	ക്രമത്തിൽ
തത് സാമ്യം വ്രജതി സ്ഫുടം	അവർക്ക് തുല്യനായിത്തീരുന്നു എന്നു സ്പഷ്ടം.

അതഃ സംഗഃ പരിത്യാജ്യോ ദുഷ്ടാനാം സർവ്വദൈവഹി
ദുസ്സംഗീ ച്യവതേ സ്വാർത്ഥാദ്യഥേയം രാജകന്യകാ. 83

അതഃ ദുഷ്ടാനാം സംഗഃ	അതിനാൽ ദുഷ്ടന്മാരുമായുള്ള കൂട്ടുകെട്ട്
സർവ്വദാഹി	എന്നും
ഏവ പരിത്യാജ്യ	പരിത്യജിക്കേണ്ടതാണ്.
ദുസ്സംഗീ ഇയം രാജകന്യകാ യഥാ	ദുസ്സംഗക്കാരൻ ഈ രാജസ്ത്രീയെപ്പോലെ
സ്വാർത്ഥാത്	സ്വന്തനിലയിൽനിന്ന്
ച്യവതേ	തെറ്റിപ്പോകുന്നു.

എത്ര നല്ല പ്രകൃതക്കാരനും ചീത്തയാളുകളുമായി നിരന്തരം സമ്പർക്കം പുലർത്തിയാൽ നന്മയിൽനിന്നു വ്യതിചലിക്കുന്നു. മനുഷ്യമനസ്സിനു സമ്പർക്കവസ്തുവിന്റെ ഗുണം അതിവേഗം ആർജ്ജിക്കാൻ കഴിയും. അതിനാലാണ്, സദ്വിചാരങ്ങളാൽ മാത്രം മനസ്സു പൂർണ്ണമാക്കണമെന്നു പറയുന്നത്. സത്സംഗം മോക്ഷഹേതുകമെന്നുപോലും ആചാര്യന്മാർ അനുശാസിക്കുന്നു. രാമനെ ഭരതനു തുല്യം സ്നേഹിച്ചുപോന്ന കൈകേയിയുടെ മനസ്സിൽ മന്ഥരയുടെ വാക്കുകൾ വരുത്തിയ കോളിളക്കം രാമായണത്തിലെ കഥാഗതിയെ ആകപ്പാടെ മഥിക്കുകയും വഴിമാററി വിടുകയും ചെയ്യുന്നതു ശ്രദ്ധിക്കുക.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ ദ്വിതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം രണ്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം മൂന്ന്

കൈകേയിയുടെ വരപ്രാപ്തി

ശ്രീമഹാദേവ ഉവാച: മഹാദേവൻ പറഞ്ഞു

തതോ ദശരഥോ രാജാ രാമാഭ്യുദയകാരണാത്
ആദിശ്യ മന്ത്രിപ്രകൃതീഃ സാനന്ദോ ഗൃഹമാവിശത്. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമാഭ്യുദയകാരണാത്	രാമന്റെ അഭ്യുദയത്തിനു (വേണ്ടതെല്ലാം ചെയ്യാൻ)
മന്ത്രിപ്രകൃതീഃ ആദിശ്യ	മന്ത്രിമാർക്കും പൗരമുഖ്യർക്കും ആജ്ഞ നല്കി.
തതഃ രാജാ ദശരഥഃ സാനന്ദഃ ഗൃഹം ആവിശത്	അതിനുശേഷം ദശരഥരാജാവ് ആനന്ദത്തോടെ കൊട്ടാരത്തിലേക്കു പോയി.

തത്രാദൃഷ്ട്വാ പ്രിയാം രാജാ കിമേതദിതി വിഹ്വലഃ
യാ പുരാ മന്ദിരം തസ്യാഃ പ്രവിഷ്ടേ മയി ശോഭനാ. 2

ഹസന്തീ മാമുപായാതി സാ കിം നൈവാദ്യ ദൃശ്യതേ
ഇത്യാത്മന്യേവ സംചിന്ത്യ മനസാതിവിദൂയതാ. 3

പപ്രച്ഛ ദാസീനികരം കുതോ വഃ സ്വാമിനീ ശുഭാ
നായാതി മാം യഥാപൂർവ്വം മത്പ്രിയാ പ്രിയദർശനാ. 4

തത്ര പ്രിയാം അദൃഷ്ട്വാ	അവിടെ പ്രിയതമയെ കാണാഞ്ഞതിനാൽ
രാജാ കിം ഏതദ് ഇതി വിഹ്വലഃ	രാജാവ് എന്തിതെന്നു് നടുങ്ങി.
പുരാ മയി തസ്യാഃ മന്ദിരം പ്രവിഷ്ടേ	മുമ്പ് ഞാനവളുടെ വസതിയിലെത്തുമ്പോഴേക്കും
ശോഭനാ യാ ഹസന്തീ മാം ഉപയാതി	ശോഭനയായ അവൾ ചിരിതൂകി എന്റെ അരികിലണയുമായിരുന്നു.
സാ അദ്യ കിം ന ദൃശ്യതേ ഏവ	അവളിന്നെന്തേ കാണപ്പെടുന്നതേയില്ലല്ലോ!
ഇതി ആത്മനി ഏവ സംചിന്ത്യ അതിവിദൂയതാ മനസാ	എന്നു് തന്നത്താൻ ആലോചിച്ച് കൊടിയ കദനമാർന്ന കരളോടെ
ദാസീനികരം പപ്രച്ഛ	ദാസിമാരോടു ചോദിച്ചു.
വഃ ശുഭാ സ്വാമിനീ കുതഃ	നിങ്ങളുടെ ശുഭചരിതയായ സ്വാമിനി എവിടെ?
പ്രിയദർശനാ മത്പ്രിയാ	പ്രിയദർശനയായ എന്റെ പ്രിയതമ
യഥാപൂർവ്വം മാം ന ആയാതി	മുമ്പെന്നപോലെ എന്റടുത്തേക്കു വരുന്നില്ലല്ലോ.

താ ഊചുഃ ക്രോധഭവനം പ്രവിഷ്ടാ നൈവ വിദ്മഹേ
കാരണം തത്ര ദേവ ത്വം ഗത്വാ നിശ്ചേതുമർഹസി. 5

താഃ ഊചുഃ	അവർ പറഞ്ഞു:
ദേവ ക്രോധഭവനം പ്രവിഷ്ടാ	ദേവാ (മഹാറാണി) കോപാലയത്തിൽ കടന്നിരിക്കയാണ്
കാരണം ന ഏവ വിദ്മഹേ	കാരണം ഞങ്ങൾക്കറിഞ്ഞുകൂടാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം തത്ര ഗത്വാ നിശ്ചേതും അർഹസി	അങ്ങവിടെച്ചെന്ന് നിശ്ചയിച്ചാൽ മതി.

ഇത്യുക്തോ ഭയസംത്രസ്തോ രാജാ തസ്യാഃ സമീപഗ
ഉപവിശ്യ ശനൈർദേഹം സ്പൃശൻ വൈ പാണിനാഽബ്രവീത്. 6

ഇതി ഉക്തഃ	ഇങ്ങനെ പറയപ്പെടവേ
ഭയസംത്രസ്തഃ രാജാ തസ്യാഃ സമീപഗഃ	പേടിച്ചു നടുങ്ങിയ രാജാവ് അവളുടെ അരികിലെത്തി,
ഉപവിശ്യ പാണിനാ	ചെന്നിരുന്ന് കൈകൊണ്ട്
ദേഹം ശനൈഃ സ്പൃശൻ വൈ അബ്രവീത്	ഉടൽ മന്ദം തലോടിക്കൊണ്ട് ചോദിച്ചു.

കിം ശേഷേ വസുധാ പൃഷ്ഠേ പര്യങ്കാദീൻ വിഹായ ച
മാം ത്വം ഖേദയസേ ഭീരു യതോ മാം നാവഭാഷസേ. 7

ഭീരു, പര്യങ്കാദീൻ വിഹായ	ഭീരു, കട്ടിലുംമറ്റും വെടിഞ്ഞ്
വസുധാ പൃഷ്ഠേ കിം ശേഷേ	വെറുംനിലത്തെന്താണ് കിടക്കുന്നത്?
ത്വം മാം ന അവഭാഷസേ യതഃ മാം ഖേദയസേ	നീ എന്നോടൊന്നുമുരിയാടുന്നുമില്ല. അതിനാൽ എന്നെ ദുഃഖിപ്പിക്കയാണ്.

അലങ്കാരം പരിത്യജ്യ ഭൂമൗ മലിനവാസസാ
കിമർത്ഥം ബ്രൂഹി സകലം വിധാസ്യേ തവ വാഞ്ഛിതം. 8

അലങ്കാരം പരിത്യജ്യ മലിനവാസസാ ഭൂമൗ	ആഭരണങ്ങൾ വെടിഞ്ഞ് മലിനവസ്ത്രമണിഞ്ഞ് നിലത്ത്
കിമർത്ഥം (ശേഷേ) സകലം ബ്രൂഹി	എന്തിനിങ്ങനെ കിടക്കുന്നു? എല്ലാം പറയുക.
തവ വാഞ്ഛിതം വിധാസ്യേ	നിന്റെ ആഗ്രഹമെല്ലാം നിറവേററിത്തരാം.

കോ വാ തവാഹിതം കർത്താ നാരീ വാ പുരുഷോഽപി വാ
സ മേ ദണ്ഡ്യശ്ച വധ്യശ്ച ഭവിഷ്യതി ന സംശയഃ. 9

തവ അഹിതം കർത്താ കഃ വാ നാരീ വാ പുരുഷഃ അപി വാ	നിനക്കഹിതം ചെയ്യുവനാരാണ്? സ്ത്രീയായാലും പുരുഷനായാലും
സഃ മേ ദണ്ഡ്യ ച വധ്യഃ ച ഭവിഷ്യതി ന സംശയഃ	അവനെന്നെ സംബന്ധിച്ചിടത്തോളം ശിക്ഷാർഹനും വധാർഹനുമായിത്തീരും സംശയമില്ല.

ബ്രൂഹി ദേവി യഥാ പ്രീതിസ്തദവശ്യം മമാഗ്രതഃ
തദിദാനീം സാധയിഷ്യേ സുദുർല്ലഭമപി ക്ഷണാത്. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവി, യഥാ തവ പ്രീതി തത് മമ അഗ്രതഃ ബ്രൂഹി	ദേവി, നിനക്കെങ്ങനെ പ്രീതിയുണ്ടാക— മെന്ന് എൻെറ മുമ്പിൽ പറയുക.
തത് സുദുർല്ലഭം അപി ക്ഷണാത് ഇദാനീം അവശ്യം	അത് അങ്ങേയററം ദുർല്ലഭമായാലും ക്ഷണത്തിൽ ഇപ്പോൾ തീർച്ചയായും
സാധയിഷ്യേ	സാധിച്ചുതരാം.

ജാനാസി ത്വം മമ സ്വാന്തം പ്രിയം മാം സ്വവശേസ്ഥിതം
തഥാപി മാം ഖേദയസേ വൃഥാ തവ പരിശ്രമഃ. 11

ത്വം മമ സ്വാന്തം ജാനാസി മാം പ്രിയം സ്വവശേസ്ഥിതം (ജാനാസി) തഥാപി മാം ഖേദയസേ തവ പരിശ്രമഃ വൃഥാ	നിനക്കെൻെറ അന്തരംഗമറിയാമല്ലോ. എന്നെ പ്രിയനെന്നും നിനക്ക് വശഗനെന്നുമറിയാം. എന്നിട്ടുമെന്നെ നീ ദുഖിപ്പിക്കുന്നു. നിൻെറ ഈ യത്നം വ്യർത്ഥമാണ്.

ബ്രൂഹി കം ധനിനം കുര്യാം ദരിദ്രം തേ പ്രിയങ്കരം
ധനിനം ക്ഷണമാത്രേണ നിർധനം ച തവാഹിതം. 12

തേ പ്രിയങ്കരം കം ദരിദ്രം ധനിനം കുര്യാം, ബ്രൂഹി	നിനക്കു പ്രിയങ്കരനായ ഏതു ദരിദ്രനെ ധനികനാക്കണം, പറയൂ.
തവ അഹിതം ധനിനം ക്ഷണമാത്രേണ നിർധനം	നിനക്കഹിതകാരിയായ ഏതെങ്കിലും ധനികനെ ക്ഷണംകൊണ്ട് ദരിദ്രനാക്കുകയും ചെയ്യാം.

ബ്രൂഹി കം വാ വധിഷ്യാമി വധാർഹോ വാ വിമോക്ഷ്യതേ
കിമത്ര ബഹുനോക്തേന പ്രാണാൻ ദാസ്യാമി തേ പ്രിയേ. 13

കം വാ വധിഷ്യാമി	ആരെ വധിക്കണം?
വാ വധാർഹഃ (കഃ) വിമോക്ഷ്യതേ ബ്രൂഹി	അല്ലെങ്കിൽ വധ്യനായ (ആരെ) വിട്ടയയ്ക്കണം; പറയൂ.
അത്ര ബഹുനാ ഉക്തേന കിം	ഇവിടെ എന്തിനേറെ പറയണം?
പ്രിയേ തേ പ്രാണാൻ ദാസ്യാമി	പ്രിയേ, നിനക്കെൻെറ ജീവൻപോലും ഞാൻ തരാം.

മമ പ്രാണാത് പ്രിയതരോ രാമോ രാജീവലോചനഃ
തസ്യോപരി ശപേ ബ്രൂഹി ത്വദ്ധിതം തത്
കരോമ്യഹം. 14

രാജീവലോചനഃ രാമഃ മമ പ്രാണാത് പ്രിയതരഃ	രാജീവനേത്രൻ രാമൻ എനിക്ക് ജീവനേക്കാൾ പ്രിയങ്കരനാണ്.
തസ്യ ഉപരി ശപേ ത്വദ്ധിതം ബ്രൂഹി	അവൻെറപേരിലിതാ ശപഥം ചെയ്യുന്നു. നിൻെറ ഹിതമെന്തെന്നറിയിക്കൂ.
തത് അഹം കരോമി	അതു ഞാൻ ചെയ്യാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ബ്രുവാണം രാജാനം ശപന്തം രാഘവോപരി
ശനൈർ വിമൃജ്യ നേത്രേ സാ രാജാനം പ്രത്യഭാഷത. 15

രാഘവോപരി ശപന്തം ഇതി ബ്രുവാണം രാജാനം	രാമനെച്ചൊല്ലി ആണയിട്ടിങ്ങനെ പറയുന്ന രാജാവിന്റെനേരെ
ശനൈഃ നേത്രേ വിമൃജ്യ പ്രത്യഭാഷത	മന്ദം കണ്ണുതുടച്ച് നോക്കിക്കൊണ്ട് കൈകേയി പ്രതിവചിച്ചു.

യദി സത്യപ്രതിജ്ഞോഽസി ശപഥം കുരുഷേ യദി
യാച്ഞാം മേ സഫലം കർത്തും ശീഘ്രമേവ ത്വമർഹസി. 16

യദി സത്യപ്രതിജ്ഞഃ അസി യദി ശപഥം കുരുഷേ (തർഹി)	അങ്ങു സത്യപ്രതിജ്ഞ പാലിക്കുന്നവനാണെങ്കിൽ, ശപഥം നിറവേററുമെങ്കിൽ
ത്വം ശീഘ്രം ഏവ	അങ്ങുടൻതന്നെ
മേ യാച്ഞാം സഫലം കർത്തും അർഹസി	എന്റെ അഭ്യർത്ഥന സഫലമാക്കുകയാണു വേണ്ടത്.

പൂർവ്വം ദേവാസുരേ യുദ്ധേ മയാ ത്വം പരിരക്ഷിതഃ
തദാ വരദ്വയം ദത്തം ത്വയാ മേ ഇഷ്ടചേതസാ. 17

പൂർവ്വം ദേവാസുരേ യുദ്ധേ മയാ ത്വം പരിരക്ഷിതഃ	പണ്ടു ദേവാസുരയുദ്ധത്തിൽ എന്നാലങ്ങു രക്ഷിക്കപ്പെട്ടു.
ഇഷ്ടചേതസാ ത്വയാ തദാ മേ വരദ്വയം ദത്തം	(അതിൽ) മനം കുളിർത്ത അങ്ങ് അന്നെനിക്കു രണ്ടു വരം നല്കി.

തദ്ദ്വയം ന്യാസഭൂതം മേ സ്ഥാപിതം ത്വയി സുവ്രത,
തത്രൈകേന വരേണാശു ഭരതം മേ പ്രിയം സുതം. 18

ഏഭിഃ സംഭൃതസംഭാരൈഃ യൗവരാജ്യേഽഭിഷേചയ
അപരേണ വരേണാശു രാമോ ഗച്ഛതു ദണ്ഡകാൻ. 19

സുവ്രത, തദ്ദ്വയം മേ ന്യാസഭൂതം	സത്യവ്രതാ, അതു രണ്ടും എന്റെ ഒരു നിക്ഷേപമെന്ന നിലയിൽ
ത്വയി സ്ഥാപിതം	അങ്ങയുടെ പക്കൽ നിറുത്തിയിട്ടുണ്ട്
തത്ര ഏകേന വരേണ മമ പ്രിയം സുതം ഭരതം	അതിലൊരു വരത്താൽ എന്റെ ഓമനമകൻ ഭരതനെ
ഏഭിഃ സംഭൃതസംഭാരൈഃ	ഈ വിഭവങ്ങളാൽ ഉപയോഗിച്ച്
ആശു യൗവരാജ്യേ അഭിഷേചയ	ഉടൻതന്നെ യുവരാജാവായി അഭിഷേകം ചെയ്യുക
അപരേണ വരേണ	പിന്നത്തെ വരപ്രകാരം
രാമഃ ആശു ദണ്ഡകാൻ ഗച്ഛതു	രാമനുടൻ ദണ്ഡകവനത്തിലേക്ക് പോകയും വേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുനിവേഷധരഃ ശ്രീമാൻ ജടാവല്കലഭൂഷണഃ
ചതുർദ്ദശ സമാസ്തത്ര കന്ദമൂലഫലാശനഃ. 20

ശ്രീമാൻ (രാമഃ) ജടാവല്കലഭൂഷണഃ	ശ്രീരാമനായ (രാമൻ) ജടാവല്കലങ്ങളണിഞ്ഞു്
മുനിവേഷധരഃ കന്ദമൂലഫലാശനഃ	മുനിവേഷം ധരിച്ചു് കിഴങ്ങുകളും കായ്കനികളും തിന്നു്
ചതുർദ്ദശ സമാഃ തത്ര (വസതു)	പതിന്നാലു വർഷം അവിടെ (വസിക്കട്ടെ).

പുനരായാതു തസ്യാന്തേ വനേ വാ തിഷ്ഠതു സ്വയം
പ്രഭാതേ ഗച്ഛതു വനം രാമോ രാജീവലോചനഃ. 21

തസ്യ അന്തേ പുനഃ ആയാതു	അതിന്റെ അവസാനത്തിൽ വീണ്ടും മടങ്ങിവരികയോ
വാ സ്വയം വനേ തിഷ്ഠതു	അല്ലാത്തപക്ഷം സ്വയം വനത്തിൽ താമസിക്കയോ ചെയ്യാം.
രാജീവലോചനഃ രാമഃ പ്രഭാതേ വനം	കമലനയനൻ രാമൻ (ഏതായാലും) രാവിലെ വനത്തിലേക്കു്
ഗച്ഛതു	പോകട്ടെ.

യദി കിഞ്ചിദ് വിലംബേത പ്രാണാംസ്ത്യക്ഷ്യേ തവാഗ്രതഃ
ഭവ സത്യപ്രതിജ്ഞസ്ത്വമേതദേവ മമ പ്രിയം. 22

യദി കിഞ്ചിത് വിലംബേത തവ അഗ്രതഃ പ്രാണാൻ ത്യക്ഷ്യേ ത്വം സത്യപ്രതിജ്ഞഃ ഭവ ഏതത് ഏവ മമ പ്രിയം	അല്പമെങ്കിലും താമസിച്ചാൽ അങ്ങയുടെ മുന്നിൽ ഞാൻ ജീവൻ വെടിയും അങ്ങു സത്യപ്രതിജ്ഞനായ് ഭവിക്കുക ഇതു മാത്രമാണു് എനിക്കു പ്രിയം.

ശ്രുത്വൈതദ്ദാരുണം വാക്യം കൈകേയ്യാഃ രോമഹർഷണം
നിപപാത മഹീപാലോ വജ്രാഹത ഇവാചലഃ. 23

രോമഹർഷണം ദാരുണം	രോമാഞ്ചമുളവാക്കുന്നതും ഭയാനകവുമായ
കൈകേയ്യാഃ ഏതത് വാക്യം ശ്രുത്വാ	കൈകേയിയുടെ ഈ വചനം കേട്ടിട്ടു്
മഹീപാലഃ വജ്രാഹതഃ അചലഃ ഇവ നിപപാത	രാജാവു് വജ്രത്താൽ വെട്ടേററ മലപോലെ നിലംപതിച്ചു.

ശനൈരുന്മീല്യ നയനേ വിമൃജ്യ പരയാ ധിയാ
ദുഃസ്വപ്നോ വാ മയാ ദൃഷ്ടോഹ്യഥവാ ചിത്തവിഭ്രമഃ. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യാലോക്യ പുരഃ പതീം വ്യാഘ്രീമിവ പുരഃസ്ഥിതാം
കിമിദം ഭാഷസേ ഭദ്രേ! മമ പ്രാണഹരം വചഃ. 25

ശനൈഃ നയനേ	പതുക്കെ കണ്ണു
ഉന്മീല്യ വീമൃജ്യ	തുറന്ന് (കണ്ണീർ) തുടച്ച്
പരയാ ഭീയാ	ഏറിയ ഭീതിയോടെ
മയാ ദുഃസ്വപ്നഃ	എന്നാൽ വല്ല ദുഃസ്വപ്നവും
വാ ദൃഷ്ടഃ	കാണപ്പെട്ടുവോ?
അഥവാ ചിത്തവിഭ്രമഃ ഹി ഇതി	അഥവാ ചിത്തഭ്രമംതന്നെയോ എന്ന്
(അചിന്തയത്)	(ആലോചിച്ചു)
പുരഃ വ്യാഘ്രീം ഇവ	മുന്നിൽ പെൺപുലിയെപ്പോലെ
സ്ഥിതാം പതീം	നിലകൊണ്ട പതിയുടെ
പുരഃ വിലോക്യ (പപ്രച്ഛ)	നേരെ നോക്കി (ചോദിച്ചു):
ഭദ്രേ മമ പ്രാണഹരം	ഭദ്രേ, എന്റെ ജീവഹരമായ
ഇദം വചഃ കിം ഭാഷസേ	ഇത്തരം വാക്ക് (നീ) പറയുന്നതെന്ത്?

രാമഃ കമപരാധം തേ കൃതവാൻ കമലലോചനഃ
മമാഗ്രേ രാഘവഗുണാൻ വർണ്ണയസ്യനിശം ശുഭാൻ. 26

കമലലോചനഃ രാമഃ	കമലലോചനൻ രാമൻ
തേ കം അപരാധം	നിന്നോടെന്തു കുറ്റമാണ്
കൃതവാൻ	ചെയ്തതു?
ശുഭാൻ രാഘവഗുണാൻ	ശുഭങ്ങളായ രാമഗുണങ്ങൾ
മമ അഗ്രേ അനിശം	(നീതന്നെ) എന്റെ മുന്നിലിടവിടാതെ
വർണ്ണയസി	വർണ്ണിക്കാറുണ്ടല്ലോ.

കൗസല്യാം മാം സമം പശ്യൻ ശുശ്രൂഷാം കുരുതേ സദാ
ഇതി ബ്രുവന്തീ ത്വം പൂർവ്വമിദാനീം ഭാഷസേഽന്യഥാ. 27

കൗസല്യാം മാം	കൗസല്യയെയും എന്നെയും
സമം പശ്യൻ	സമമായിക്കണ്ട്
സദാ ശുശ്രൂഷാം കുരുതേ	സദാ ശുശ്രൂഷ ചെയ്യുന്നു.
പൂർവ്വം ഇതി ബ്രുവന്തീ	മുമ്പിങ്ങനെ പറഞ്ഞിരുന്ന
ത്വം ഇദാനീം	നീ ഇപ്പോഴ്
അന്യഥാ ഭാഷസേ	മറിച്ചു പറയുകയാണ്.

രാജ്യം ഗൃഹാണ പുത്രായ രാമസ്തിഷ്ഠതു മന്ദിരേ
അനുഗൃഹ്ണീഷ്വ മാം വാമേ രാമാന്നാസ്തി ഭയം തവ. 28

പുത്രായ രാജ്യം ഗൃഹാണ	മകനായി രാജ്യമെടുത്തോളൂ
രാമഃ മന്ദിരേ തിഷ്ഠതു	രാമൻ വീട്ടിൽ കഴിഞ്ഞുകൊള്ളട്ടെ.
വാമേ, മാം അനുഗൃഹ്ണീഷ്വ	സുന്ദരി, എന്നെയനുഗ്രഹിക്കുക.
രാമാത് ഭയം	രാമനിൽനിന്നൊരു ഭയവും
തവ നാസ്തി	നിനക്ക് ഉണ്ടാകയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'വാമാ' ശബ്ദത്തിന് സുന്ദരി, വിപരീതം പറയുന്നവൾ, ഇടതുഭാഗത്തിരിക്കുന്നവൾ, എന്നൊക്കെയർത്ഥമുണ്ട്. ശോധൻെറ ഉദ്ദിഷ്ടാർത്ഥം എന്തായാലും കൈകേയിയുടെ എതിർനിലപാടിനെക്കൂടെ അതു വ്യഞ്ജിപ്പിക്കുന്നു.

ഇത്യുക്ത്വാ ƒ ശ്രുപരീതാക്ഷഃ പാദയോർനിപപാത ഹ
കൈകേയീ പ്രത്യുവാചേദം സാ ƒ പി രക്താന്തലോചനം. 29

ഇതി ഉക്ത്വാ	ഇങ്ങനെ പറഞ്ഞു്
അശ്രുപരീതാക്ഷഃ പാദയോഃ നിപപാത, ഹ	നിറഞ്ഞ കണ്ണുകളോടെ (രാജാവു് അവളുടെ) കാൽക്കൽ വീണു; കഷ്ടം!
രക്താന്തലോചനാ സാ കൈകേയീ അപി	കോപത്താൽ കണ്ണു ചുവന്ന ആ കൈകേയിയാകട്ടെ
ഇദം പ്രത്യുവാച	ഇങ്ങനെ മറുപടി നല്കി.

രാജേന്ദ്ര കിം ത്വം ഭ്രാന്തോ ƒ സി ഉക്തം തദ് ഭാഷസേ ƒ ന്യഥാ
മിഥ്യാ കരോഷി ചേത് സ്വീയം ഭാഷിതം നരകോ ഭവേത്.

രാജേന്ദ്ര, ത്വം കിം ഭ്രാന്തഃ അസി	മഹാരാജാവേ, അങ്ങു ഭ്രാന്തനായിപ്പോയോ?
ഉക്തം തദ് അന്യഥാ ഭാഷസേ	പറഞ്ഞ വാക്കു് മററിപ്പറയുന്നു!
സ്വീയം ഭാഷിതം മിഥ്യാ കരോഷി ചേത്	സ്വന്തം വാക്കു് മിഥ്യ- യാക്കിത്തീർത്താൽ
നരകഃ ഭവേത്	(അങ്ങേയ്ക്കു്) നരകമുണ്ടാകും.

വനം ന ഗച്ഛേദ്യദി രാമചന്ദ്രഃ
പ്രഭാതകാലേ ƒ ജിനചീരയുക്തഃ
ഉദ്ബന്ധനം വാ വിഷഭക്ഷണം വാ
കൃത്വാ മരിഷ്യേ പുരതസ്തവാഹം. 31

രാമചന്ദ്രഃ അജിനചീരയുക്തഃ	രാമചന്ദ്രൻ മാൻതോലും വല്ക്കലവുമുടുത്തു്
പ്രഭാതകാലേ യദി വനം ന ഗച്ഛേത്	രാവിലെ വനത്തിലേക്കു പോയില്ലെങ്കിൽ
ഉദ്ബന്ധനം വാ വിഷഭക്ഷണം വാ കൃത്വാ	കെട്ടിത്തൂങ്ങിയോ വിഷം കഴിച്ചോ
അഹം തവപുരതഃ മരിഷ്യേ	ഞാൻ നിങ്ങളുടെ മുമ്പിൽ മരിക്കുന്നതാണു്.

സത്യപ്രതിജ്ഞോ ƒ ഹമിതീഹലോകേ
വിഡംബസേ സർവ്വസഭാന്തരേഷു
രാമോപരി ത്വം ശപഥം ച കൃത്വാ
മിഥ്യാ പ്രതിജ്ഞോ നരകം പ്രയാഹി. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം സത്യപ്രതിജ്ഞ	ഞാൻ സത്യപ്രതിജ്ഞനെന്നു
ഇതി ഇഹലോകേ	ഈ ലോകത്തുള്ള
സർവ്വസമാന്തരേഷു	സകല സഭകളിലും
വിഡംബസേ	(സ്വയം) ശ്ലാഘിക്കുന്നു.
രാമോപരി ശപഥം	പക്ഷേ, രാമൻെറപേരിൽ ശപഥം
കൃത്വാ ച മിഥ്യാ പ്രതിജ്ഞഃ	ചെയ്തിട്ടുപോലും പ്രതിജ്ഞ ലംഘിക്കുന്നു.
ത്വം നരകം പ്രയാസ്യസി	നിങ്ങൾ നരകത്തിൽ പോകും.

ഇത്യുക്തഃ പ്രിയയാ ദീനോ മഗ്നോ ദുഃഖാർണ്ണവേ നൃപഃ
മൂർച്ഛിതഃ പതിതോ ഭൂമൗ വിസംജ്ഞോ മൃതകോ യഥാ. 33

ഇതി പ്രിയയാ ഉക്തഃ	ഇങ്ങനെ പ്രിയയാൽ പറയപ്പെട്ട
നൃപഃ ദീനഃ ദുഃഖാർണ്ണവേ മഗ്നഃ	രാജാവ് ദീനനായി കണ്ണീർക്കടലിൽ മുങ്ങി.
മൃതകഃ യഥാ വിസംജ്ഞഃ	മരിച്ചവനെപ്പോലെ ചേതനയററ്
മൂർച്ഛിതഃ ഭൂമൗ പതിതഃ	മൂർച്ഛിച്ച് ഭൂമിയിൽ വീണു.

ഏവം രാത്രിർഗ്ഗതാ തസ്യ ദുഃഖാത് സംവത്സരോപമാ
അരുണോദയകാലേ തു വന്ദിനോ ഗായകാഃ ജഗുഃ. 34

ഏവം ദുഃഖാത്	ഇങ്ങനെ അഴലാൽ
തസ്യ രാത്രിഃ	അദ്ദേഹത്തിന് രാവ്
സംവത്സരോപമാ ഗതാ	സംവത്സരംപോലെ കഴിഞ്ഞു.
അരുണോദയകാലേ തു	പുലർകാലമായപ്പോൾ
വന്ദിനഃ ഗായകാഃ ജഗുഃ	സ്തുതിപാഠകരായ ഗായകർ പാടി.

നിവാരയിത്വാ താൻ സർവ്വാൻ കൈകേയീ രോഷമാസ്ഥിതാ
തതഃ പ്രഭാതസമയേ മധ്യകക്ഷ്യാമുപസ്ഥിതാഃ. 35

ബ്രാഹ്മണാഃ ക്ഷത്രിയാഃ വൈശ്യാ ഋഷയഃ കന്യകാസ്തഥാ
ഛത്രം ച ചാമരം ദിവ്യം ഗജോ വാജീ തഥൈവ ച. 36

അന്യാശ്ച വാരമുഖ്യാ യാഃ പൗരജാനപദാസ്തഥാ
വസിഷ്ഠേന യഥാജ്ഞപ്തം തത്സർവ്വം തത്ര സംസ്ഥിതം. 37

താൻ സർവ്വാൻ	അവരെയെല്ലാം
നിവാരയിത്വാ	തടഞ്ഞിട്ട്
കൈകേയീ രോഷം	കൈകേയി കോപം
ആസ്ഥിതാ	പൂണ്ടിരുന്നു.
തതഃ പ്രഭാതസമയേ	പിന്നെ നേരം പുലർന്നപ്പോൾ
ബ്രാഹ്മണാഃ ക്ഷത്രിയാഃ	ബ്രാഹ്മണർ, ക്ഷത്രിയർ,
വൈശ്യാഃ	വൈശ്യർ
ഋഷയഃ തഥാ കന്യകാഃ	ഋഷിമാർ, കന്യകമാർ (എന്നിവരും)
ഛത്രം ദിവ്യം ചാമരം ച	കുടകൾ, ദിവ്യചാമരങ്ങൾ,
ഗജഃ തഥാ വാജീ	ആന, കുതിര
അന്യാഃ യാ വാരമുഖ്യാഃ	മററു വാരനാരിമാർ (വേശ്യമാർ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ പൗരജാനപദാഃ	പൗരന്മാർ, നാട്ടുകാർ (തുടങ്ങിയവരും)
മധ്യകക്ഷ്യാം	നടുക്കുള്ള
ഉപസ്ഥിതാഃ	മുറിയിലെത്തി.
വസിഷ്ഠേന യഥാ	വസിഷ്ഠനാൽ
ആജ്ഞപ്തം	ആജ്ഞാപിക്കപ്പെട്ടപോലെ
തത്സർവ്വം തത്ര	എല്ലാമവിടെ
സംസ്ഥിതം	ഒരുക്കിയിരുന്നു.

സ്ത്രീയോ ബാലാശ്ച വൃദ്ധാശ്ച രാത്രൗ നിദ്രാം ന ലേഭിരേ
കദാ ദ്രക്ഷ്യാമഹേ രാമം പീതകൗശേയവാസസം. 38

സ്ത്രീയഃ ബാലാഃ വൃദ്ധാഃ	സ്ത്രീകളും കുട്ടികളും വൃദ്ധരും
ച രാത്രൗ നിദ്രാം	രാത്രിയിലുറക്കം
ന ലേഭിരേ	ലഭിച്ചില്ല.
പീതകൗശേയവാസസം	മഞ്ഞപ്പട്ടണിഞ്ഞ
രാമം കദാ ദ്രക്ഷ്യാമഹേ	രാമനെ എപ്പോഴാണാവോ കാണുക!

സർവ്വാഭരണസമ്പന്നം കിരീടകടകോജ്ജ്വലം
കൗസ്തുഭാഭരണം ശ്യാമം കന്ദർപ്പശതസുന്ദരം. 39

അഭിഷിക്തം സമായാതം ഗജാരൂഢം സ്മിതാനനം
ശ്വേതച്ഛത്രധരം തത്ര ലക്ഷ്മണം ലക്ഷണാന്വിതം. 40

രാമം കദാ വാ ദ്രക്ഷ്യാമഃ പ്രഭാതം വാ കദാ ഭവേത്
ഇത്യുത്സുകധിയഃ സർവ്വേ ബഭൂവുഃ പുരവാസിനഃ. 41

സർവ്വാഭരണസമ്പന്നം	സർവ്വവിധ ആഭരണങ്ങളുമണിഞ്ഞവനും
കിരീടകടകോജ്ജ്വലം	കിരീടകടകങ്ങളാലെ പ്രശോഭിച്ചു ജ്വലിക്കുന്നവനും
കൗസ്തുഭാഭരണം	കൗസ്തുഭം ധരിച്ചവനും
കന്ദർപ്പശതസുന്ദരം	നൂറു കാമന്മാർക്കു തുല്യം സുന്ദരനും
ശ്യാമം അഭിഷിക്തം	ശ്യാമവർണ്ണനും അഭിഷേകത്തിനുശേഷം
ഗജാരൂഢം	ആനപ്പുറമേറി
ശ്വേതച്ഛത്രധരം	വെൺകൊറ്റക്കുടചൂടി
സ്മിതാനനം സമായാതം	പുഞ്ചിരിതൂകി വരുന്നവനുമായ
രാമം ലക്ഷണാന്വിതം	രാമനേയും ലക്ഷണമൊത്ത
ലക്ഷ്മണം ച കദാ	ലക്ഷ്മണനേയും എപ്പോഴാണവിടെ
തത്ര ദ്രക്ഷ്യാമഃ	കാണുക!
കദാ വാ പ്രഭാതം ഭവേത്	എപ്പോഴാണാവോ നേരം പുലരുക!
സർവ്വേ പുരവാസിനഃ	എല്ലാ പുരവാസികളും
ഇതി ഉത്സുകധിയഃ	ഇങ്ങനെയോർത്ത് ഉത്സുകചിത്തരായി-
ബഭൂവുഃ	ത്തീർന്നു.

നേദാനീമുത്ഥിതോ രാജാ കിമർത്ഥം ചേതി ചിന്തയൻ
സുമന്ത്രഃ ശനകൈഃ പ്രായാദ്യത്ര രാജാവതിഷ്ഠതേ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദാനീം രാജാ ന ഉത്ഥിതഃ	ഇതുവരെ രാജാവുണർന്നെണീറ്റില്ല.
കിം അർത്ഥം ച	എന്താണ് കാരണം
ഇതീ ചിന്തയൻ സുമന്ത്രഃ	എന്നു ചിന്തിച്ച് സുമന്ത്രൻ
രാജാ യത്ര അവതിഷ്ഠതേ	രാജാവിരുന്നിടത്തേക്ക്
ശനൈഃ പ്രായാത്	സാവധാനം ചെന്നു.

വർദ്ധയൻ ജയ ശബ്ദേന പ്രണമൻ ശിരസാ നൃപം
അതിഖിന്നം നൃപം ദൃഷ്ട്വാ കൈകേയീം സമപൃച്ഛത. 43

ജയശബ്ദേന നൃപം	ജയ ശബ്ദത്താൽ രാജാവിനെ
വർദ്ധയൻ	പ്രകീർത്തിച്ച്
ശിരസാ പ്രണമൻ	ശിരസാ വണങ്ങി.
നൃപം അതിഖിന്നം ദൃഷ്ട്വാ	അദ്ദേഹത്തെ അതിഖിന്നനായിക്കണ്ട്
കൈകേയീം സമപൃച്ഛത	(സുമന്ത്രൻ) കൈകേയിയോട് ചോദിച്ചു:

ദേവി കൈകേയീ വർദ്ധസ്വ കിം രാജാ ദൃശ്യതേ ഽന്യഥാ.
തമാഹ കൈകേയീ രാജാ രാത്രൗ നിദ്രാം ന ലബ്ധവാൻ. 44

ദേവി, കൈകേയി വർദ്ധസ്വ	ദേവി, കൈകേയി, ജയിച്ചാലും.
രാജാ കിം	രാജാവെന്താണ്,
അന്യഥാ ദൃശ്യതേ	ഖിന്നനായിക്കാണപ്പെടുന്നത്?
കൈകേയീ തം ആഹ	കൈകേയി അദ്ദേഹത്തോട് പറഞ്ഞു:
രാജാ രാത്രൗ	രാജാവിന് രാവിൽ
നിദ്രാം ന ലബ്ധവാൻ	ഉറക്കം ലഭിച്ചില്ല.

രാമ രാമേതി രാമേതി രാമമേവാനുചിന്തയൻ
പ്രജാഗരേണ വൈ രാജാ ഹ്യസ്വസ്ഥ ഇവ ലക്ഷ്യതേ.
രാമമാനയ ശീഘ്രം ത്വം രാജാ ദ്രഷ്ടുമിഹേച്ഛതി. 45

രാമ രാമ ഇതി, രാമ ഇതി	രാമാ രാമാ രാമാ എന്ന്
രാമം ഏവ അനുചിന്തയൻ	രാമനെത്തന്നെ ഓർത്തോർത്ത്
പ്രജാഗരേണ വൈ രാജാ	ഉണർന്നിരുന്നതിനാലാവാം രാജാവ്
അസ്വസ്ഥ ഇവ ലക്ഷ്യതേ	അസ്വസ്ഥനായിക്കാണപ്പെടുന്നത്
ത്വം ശീഘ്രം ഹി	നിങ്ങൾ ഉടൻതന്നെ
രാമം ആനയ	രാമനെ കൂട്ടിക്കൊണ്ടുവരൂ
രാജാ ഇഹ ദ്രഷ്ടും ഇച്ഛതി	രാജാവ് കാണാനാഗ്രഹിക്കുന്നു.

അശ്രുത്വാ രാജവചനം കഥം ഗച്ഛാമി ഭാമിനി
തച്ഛ്രുത്വാ മന്ത്രിണോ വാക്യം രാജാ മന്ത്രിണമബ്രവീത്. 46

ഭാമിനി, രാജവചനം	'ദേവി, രാജകല്പന കൂടാതെ എങ്ങനെ
അശ്രുത്വാ കഥം ഗച്ഛാമി	ഞാൻ പോകും?' (സുമന്ത്രൻ ചോദിച്ചു)
മന്ത്രിണഃ തദ് വാക്യം	മന്ത്രിയുടെ ആ വാക്ക
ശ്രുത്വാ	കേട്ടപ്പോൾ
രാജാ മന്ത്രിണം അബ്രവീത്	രാജാവ് അദ്ദേഹത്തോട് പറഞ്ഞു.

സുമന്ത്ര രാമം ദ്രക്ഷ്യാമി ശീഘ്രമാനയ സുന്ദരം
ഇത്യുക്തസ്ത്വരിതം ഗത്വാ സുമന്ത്രോ രാമമന്ദിരം. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവാരിതഃ പ്രവിഷ്ടോ ഽയം ത്വരിതം രാമമബ്രവീത്
ശീഘ്രമാഗച്ഛ ഭദ്രം തേ രാമ, രാജീവലോചന. 48

പിതുർഗേഹം മയാ സാർദ്ധം രാജാ ത്വാം ദ്രഷ്ടുമിച്ഛതി
ഇത്യുക്ത്വാ രഥമാരുഹ്യ സംഭ്രമാത് ത്വരിതോ യയൗ. 49

സുമന്ത്ര, രാമം ദ്രക്ഷ്യാമി സുന്ദരം ശീഘ്രം ആനയ	സുമന്ത്രാ, (എനിക്ക) രാമനെ കാണേണം കുമാരനെ വേഗം വരുത്തു
ഇതി ഉക്തഃ സുമന്ത്രഃ ത്വരിതം രാമമന്ദിരം ഗത്വാ	ഇങ്ങനെ പറയപ്പെട്ട സുമന്ത്രൻ ശീഘ്രം രാമഭവനത്തിൽ എത്തി.
അയം അവാരിതഃ പ്രവിഷ്ടഃ ത്വരിതം രാമം അബ്രവീത്	ഇദ്ദേഹം തടസ്സമെന്യേ (ഉള്ളിൽ) കടന്നു വേഗേന രാമനെ അറിയിച്ചു.
രാജീവലോചന, രാമ, തേ ഭദ്രം	ചെന്താമരക്കണ്ണാ, രാമാ, നിനക്ക മംഗലം (ഭവിക്കട്ടെ).
മയാ സാർദ്ധം ശീഘ്രം പിതൃഗേഹം ആഗച്ഛ	എന്റെകൂടെ ഉടൻതന്നെ അച്ഛന്റെ കൊട്ടാരത്തിലേക്ക പോരൂ.
രാജാ ത്വാം ദ്രഷ്ടും ഇച്ഛതി	രാജാവ് നിന്നെക്കാണാൻ ആഗ്രഹിക്കുന്നു.
ഇതി ഉക്ത്വാ രഥം ആരുഹ്യ സംഭ്രമാത് ത്വരിതം യയൗ	ഇങ്ങനെ പറഞ്ഞശേഷം (രാമൻ) തേരിലേറി സംഭ്രമത്തോടെ വേഗം പോയി.

രാമ സാരഥിനാ സാർദ്ധം ലക്ഷ്മണേന സമന്വിതഃ
മധ്യകക്ഷേ വസിഷ്ഠാദീൻ പശ്യന്നേവ ത്വരാന്വിതഃ. 50

പിതുഃ സമീപം സംഗമ്യ നനാമ ചരണൗ പിതുഃ
രാമമാലിംഗിതും രാജാ സമുത്ഥായ സസംഭ്രമഃ. 51

ബാഹു പ്രസാര്യ രാമേതി ദുഃഖാത് മദ്ധ്യേ പപാത ഹ
ഹാഹേതി രാമസ്തം ശീഘ്രമാലിംഗ്യാങ്കേന്യവേശയത്. 52

ലക്ഷ്മണേന സമന്വിതഃ രാമഃ സാരഥിനാ സാർദ്ധം മധ്യകക്ഷേ വസിഷ്ഠാദീൻ പശ്യൻ ഏവ	ലക്ഷ്മണസമേതനായ രാമൻ സാരഥിയോടുകൂടെ ഇടയ്ക്കു മുറിയിൽ നിന്ന വസിഷ്ഠാദികളെ നോട്ടത്താൽ (അഭിവാദ്യംചെയ്തിട്ട്)
ത്വരാന്വിതഃ പിതുഃ സമീപം സംഗമ്യ	അതിവേഗം പിതാവിന്നരികിലെത്തി
പിതുഃ ചരണൗ നനാമ	അദ്ദേഹത്തിന്റെ കാല്ക്കൽ കുമ്പിട്ടു.
രാജാ രാമം ആലിംഗിതും സസംഭ്രമഃ സമുത്ഥായ	രാജാവ് രാമനെ പുണരാൻ വേവലാതിയോടെ എണീറ്റു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാഹൂ പ്രസാര്യ	ഇരുകരവും നീട്ടി.
രാമ ഇതി ദുഃഖാത് മധ്യേ പപാത ഹ	'ഹാ, രാമാ' എന്നു വേദനയോടെ (വിളിച്ചുകൊണ്ട്) ഇടയിൽ നിലംപതിച്ചു.
രാമഃ തം ശീഘ്രം ആലിംഗ്യ അങ്കേ ന്യവേശയത്	രാമൻ അദ്ദേഹത്തെ പെട്ടെന്ന് ആലിംഗനംചെയ്ത് മടിയിലേററി.

രാജാനം മൂർച്ഛിതം ദൃഷ്ട്വാ ചുക്രുശുഃ സർവ്വയോഷിതഃ
കിമർത്ഥം രോദനമിതി വസിഷ്ഠോപി സമാവിശത്. 53

രാജാനം മൂർച്ഛിതം ദൃഷ്ട്വാ	രാജാവ് മോഹാലസ്യപ്പെട്ടതു കണ്ട്
സർവ്വയോഷിതഃ ചുക്രുശുഃ	സ്ത്രീകളെല്ലാം വാവിട്ടു കേണു.
കിമർത്ഥം രോദനം ഇതി വസിഷ്ഠഃ അപി സമാവിശത്	എന്തിനാണ് കരച്ചിലെന്നറിയാൻ വസിഷ്ഠനും വന്നെത്തി.

രാമഃ പപ്രച്ഛ കിമിദം രാജ്ഞോ ദുഃഖസ്യ കാരണം
ഏവം പൃച്ഛതി രാമേ സാ കൈകേയീ രാമമബ്രവീത്. 54

രാമഃ ഇദം പപ്രച്ഛ	രാമനിങ്ങനെ ചോദിച്ചു:
രാജ്ഞഃ ദുഃഖസ്യ കിം കാരണം	മഹാരാജാവിൻെറ ദുഃഖത്തിന് എന്താണു കാരണം?
രാമേ ഏവം പൃച്ഛതി സാ കൈകേയീ രാമം അബ്രവീത്	രാമൻ ഇങ്ങനെ ആരായവേ കൈകേയി അദ്ദേഹത്തോടു പറഞ്ഞു:

ത്വമേവ കാരണം ഹ്യത്ര രാജ്ഞോ ദുഃഖോപശാന്തയേ
കിഞ്ചിത്കാര്യം ത്വയാ രാമ, കർത്തവ്യം നൃപതേർഹിതം. 55

രാമ, അത്ര ത്വം ഏവ കാരണം ഹി	രാമാ, നീതന്നെയാണിതിനു കാരണം
രാജ്ഞഃ ദുഃഖോപശാന്തയേ നൃപതേഃ ഹിതം	രാജാവിൻെറ ശോകശാന്തിക്ക് അദ്ദേഹത്തിൻെറ ഹിതത്തിനുതകുന്ന
കിഞ്ചിത് കാര്യം ത്വയാ കർത്തവ്യം	ഒരു കാര്യം നീ ചെയ്യേണ്ടതുണ്ട്.

കുരു സത്യപ്രതിജ്ഞസ്ത്വം രാജാനം സത്യവാദിനം
രാജ്ഞാ വരദ്വയം ദത്തം മമ സന്തുഷ്ടചേതസാ. 56

സത്യപ്രതിജ്ഞഃ ത്വം രാജാനം സത്യവാദിനം കുരു	സത്യം പാലിക്കുന്നവനായ നീ രാജാവിനെയും സത്യവാദിയാക്കുക.
സന്തുഷ്ടചേതസാ രാജ്ഞാ മമ	സന്തുഷ്ടചിത്തനായ രാജാവ് എനിക്ക്
വരദ്വയം ദത്തം	(ഒരിക്കൽ) രണ്ടു വരം തന്നിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വദധീനം തു തത് സർവ്വം വക്തും ത്വാം ലജ്ജതേ നൃപഃ
സത്യപാശേന സംബദ്ധം പിതരം ത്രാതുമർഹസി. 57

തത് സർവ്വം തു ത്വദധീനം	അതെല്ലാമാകട്ടെ നിനക്കധീനവുമാണ്
ത്വാം വക്തും	(പക്ഷെ അക്കാര്യം) നിന്നോട് പറയാൻ
നൃപഃ ലജ്ജതേ	നൃപൻ ലജ്ജിക്കുന്നു.
സത്യപാശേന സംബദ്ധം	സത്യപാശത്താൽ മുറുകെ കെട്ടപ്പെട്ട
പിതരം ത്രാതും	പിതാവിനെ രക്ഷിക്കാൻ
അർഹസി	നീയാണ് അർഹൻ.

പുത്രശബ്ദേന ചൈതദ്ധി നരകാത് ത്രായതേ പിതാ
രാമസ്തയോദിതം ശ്രുത്വാ ശൂലേനാഭിഹതോ യഥാ. 58

പുത്രശബ്ദേന ച	പുത്രശബ്ദംകൊണ്ട്
നരകാത് പിതാ	നരകത്തിൽനിന്നു പിതാവിനെ
ത്രായതേ ഏതദ് ഹി	രക്ഷിക്കുന്നവൻ എന്നതന്നെയാണല്ലോ (അർത്ഥമാക്കുന്നതും)
തയാ ഉദിതം ശ്രുത്വാ	അവര് പറഞ്ഞതു കേട്ട്
രാമഃ ശൂലേന	രാമൻ ശൂലംകൊണ്ട്
അഭിഹതഃ യഥാ	കുത്തേറ്റവനെപ്പോലെ (പുളഞ്ഞു).

വ്യഥിതഃ കൈകേയീം പ്രാഹ കിം മാമേവം പ്രഭാഷസേ
പിത്രർത്ഥേ ജീവിതം ദാസ്യേ പിബേയം വിഷമുൽബണം. 59

വ്യഥിതഃ കൈകേയീം	ഹൃദയവേദനയോടെ (അദ്ദേഹം)
പ്രാഹ	കൈകേയിയോട് ചോദിച്ചു:
കിം മാം ഏവം	(അമ്മേ) എന്താണെന്നോടീങ്ങനെ
പ്രഭാഷസേ	പറയുന്നത്?
പിത്രർത്ഥേ ജീവിതം	പിതാവിനുവേണ്ടി (ഞാൻ) ജീവിതം
ദാസ്യേ	ദാനംചെയ്യും.
ഉൽബണം വിഷം	കൊടിയ വിഷം
പിബേയം	കുടിക്കാം.

സീതാം ത്യക്ഷ്യേഽഥ കൗസല്യാം രാജ്യം ചാപി ത്യജാമ്യഹം
അനാജ്ഞപ്തോഽപി കുരുതേ പിതുഃ കാര്യം സഃ ഉത്തമഃ. 60

ഉക്തഃ കരോതി യഃ പുത്രഃ സ മധ്യമ ഉദാഹൃതഃ
ഉക്തോഽപി കുരുതേ നൈവ സഃ പുത്രോ മല ഉച്യതേ. 61

സീതാം അഹം ത്യക്ഷ്യേ	സീതയെ ഞാൻ കൈവെടിയും,
കൗസല്യാം അഥ രാജ്യം	(അമ്മയായ) കൗസല്യയേയും പിന്നെ
ച അപി ത്യജാമി	രാജ്യംതന്നെയും ത്യജിക്കും.
അനാജ്ഞപ്തഃ അപി	ആജ്ഞാപിക്കപ്പെടാതെതന്നെ
യഃ പിതുഃ കാര്യം കുരുതേ	പിതൃകാര്യം ചെയ്യുന്നവനാണ്
സഃ ഉത്തമഃ	ഉത്തമപുത്രൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉക്തഃ യഃ പുത്രഃ	പറഞ്ഞാൽ (മാത്രം)
കരോതി സ മധ്യമഃ	ചെയ്യുന്നവൻ മധ്യമനെന്നു
ഉദാഹൃതഃ	പറയപ്പെടുന്നു.
ഉക്തഃ അപി	പറഞ്ഞാലും തീരെ
ന കുരുതേ ഏവ	ചെയ്യാത്ത
സഃ പുത്രഃ	ആ പുത്രൻ
മലഃ ഉച്യതേ	'മല'മെന്നു പറയപ്പെടുന്നു.

അതഃ കരോമി തത്‌സർവ്വം യന്മാമാഹ പിതാ മമ
സത്യം സത്യം കരോമ്യേവ രാമോദ്വിർനാഭിഭാഷതേ. 62

അതഃ യത്‌ മമ പിതാ	അതിനാൽ എന്ത്‌ എന്റെ അച്ഛൻ
മാം ആഹ	എന്നോടു പറയുന്നുവോ
തത്‌ സർവ്വം കരോമി	അതെല്ലാം ഞാൻ ചെയ്യും
കരോമി ഏവ	തീർച്ചയായും ചെയ്യും.
സത്യം സത്യം	സത്യം, സത്യം.
രാമഃ ദ്വിഃ ന അഭിഭാഷതേ	രാമൻ രണ്ടുതരം പറയുകയില്ല.

രാമന്‌ ഒററവാക്കേയുള്ളു. ചെയ്യാതിരിക്കുകയോ മാററിപ്പറയുകയോ ചെയ്യുന്നതു് രാമന്റെ രീതിയല്ല. തന്റെ വിചാരങ്ങളോടും സങ്കല്പങ്ങളോടുമുള്ള അവിചലമായ ആസ്ഥയാണ്‌ ഒരു വ്യക്തിയെ മററുള്ളവരിൽനിന്നു വേർതിരിക്കുന്നതു്. വിചാരസങ്കല്പങ്ങൾ ശരിയാകാം, തെററുമാകാം. അവ പരിശോധിച്ച്‌ പരിഷ്കരിച്ച്‌ ഉദ്‌ബുദ്ധമാക്കേണ്ടതു്‌ ആവശ്യംതന്നെ. എങ്കിലും അന്തർധാരപോലെ അവ്യാഹതമായി നില്ക്കുന്ന ഒന്നാണ്‌ വ്യക്തിത്വം. സുദൃഢവും സുവ്യവസ്ഥിതവും വിട്ടുവീഴ്ചകൾക്കു വിധേയമല്ലാത്തതുമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്‌ ശ്രീരാമൻ.

ഇതി രാമപ്രതിജ്ഞാം സാ ശ്രുത്വാ വക്‌തും പ്രചക്രമേ
രാമ ത്വദഭിഷേകാർത്ഥം സംഭാരാഃ സംഭൃതാശ്ച യേ. 63

തൈരേവ ഭരതോ*f*വശ്യമഭിഷേച്യഃ പ്രിയോ മമ
അപരേണ വരേണാശു ചീരവാസാ ജടാധരഃ. 64

വനം പ്രയാഹി ശീഘ്രം ത്വമദ്യൈവ പിതുരാജ്ഞയാ
ചതുർദ്ദശസമാസ്തത്ര വസ മുന്യന്നഭോജനഃ. 65

ഇതി രാമപ്രതിജ്ഞാം	ഈവിധം രാമപ്രതിജ്ഞ
ശ്രുത്വാ	കേട്ട്‌
സാ വക്‌തും പ്രചക്രമേ	അവൾ പറഞ്ഞുതുടങ്ങി:
രാമ, ത്വദഭിഷേകാർത്ഥം	രാമാ, നിന്റെ അഭിഷേകത്തിന്‌
സംഭൃതാഃ യേ ച	സംഭരിച്ച ഏതെല്ലാം
സംഭാരാഃ	സാമഗ്രികളുണ്ടോ
തൈഃ ഏവ മമ പ്രിയഃ	അവകൊണ്ടുതന്നെ എന്റെ പ്രിയ-
ഭരതഃ അവശ്യം	പുത്രനായ ഭരതനെ തീർച്ചയായും
അഭിഷേച്യഃ	(യുവരാജാവായി) അഭിഷേകംചെയ്യണം.
അപരേണ വരേണ	മറേറ വരപ്രകാരം
ത്വം അദ്യ ഏവ	നീ ഇന്നുതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചീരവാസാഃ ജടാധരഃ	വല്ക്കലവും ജടയും ധരിച്ച്
പിതുഃ ആജ്ഞയാ ആശു	അച്ഛന്റെ കല്പനയാൽ
ശീഘ്രം വനം പ്രയാഹി	ശീഘ്രം വനത്തിൽ പോകയും വേണം
മുന്യന്നഭോജനഃ	മുനിമാരുടെ ഭക്ഷണം കഴിച്ച്
ചതുർദ്ദശസമാഃ	പതിന്നാല് സംവത്സരം
തത്ര വസ	അവിടെ വസിക്കുക.

ഏതദേവ പിതുസ്തേഽദ്യ കാര്യം ത്വം കർത്തുമർഹസി
രാജാ തു ലജ്ജതേ വക്തും ത്വാമേവം രഘുനന്ദന. 66

അദ്യ ഏതദ് ഏവ	ഇന്ന് ഇതു മാത്രമാണ്
ത്വം തേ പിതുഃ	നിനക്കു നിന്റെ പിതാവിന്റെ
കാര്യം കർത്തും അർഹസി	കാര്യമായി ചെയ്യാനുള്ളത്
രഘുനന്ദന, ത്വാം ഏവം	രാഘവാ, നിന്നോടിക്കാര്യം
വക്തും രാജാ ലജ്ജതേ	പറയാൻ മഹാരാജാവ് ലജ്ജിക്കുന്നു.

ശ്രീരാമ ഉവാച: ശ്രീരാമൻ പറഞ്ഞു

ഭരതസ്യൈവ രാജ്യം സ്യാദഹം ഗച്ഛാമി ദണ്ഡകാൻ
കിന്തു രാജാ ന വക്തീഹ മാം ന ജാനേഽത്രകാരണം. 67

രാജ്യം ഭരതസ്യ	രാജ്യം ഭരതന്റെ
ഏവ സ്യാത്	തന്നെയാകും.
അഹം ദണ്ഡകാൻ ഗച്ഛാമി	ഞാൻ ദണ്ഡകത്തിലേക്കു പോകും
കിന്തു രാജാ മാം ഇഹ	പക്ഷേ, മഹാരാജാവ് എന്നോടിതു
ന വക്തി	പറയുന്നില്ല.
അത്ര കാരണം ന ജാനേ	അതിന്റെ കാരണമാണജ്ഞാതം.

ശ്രുത്വൈതദ് രാമവചനം ദൃഷ്ട്വാ രാമം പുരഃസ്ഥിതം
പ്രാഹ രാജാ ദശരഥോ ദുഃഖിതോ ദുഃഖിതം വചഃ. 68

ഏതദ് രാമവചനം	ഇങ്ങനെ രാമൻ പറഞ്ഞതു കേട്ടപ്പോഴും
ശ്രുത്വാ പുരഃസ്ഥിതം	തന്റെ മുമ്പിൽ നില്ക്കുന്ന അദ്ദേഹത്തെ
രാമം ദൃഷ്ട്വാ	നോക്കി
ദുഃഖിതഃ രാജാ ദശരഥഃ	ദുഃഖിതനായ ദശരഥരാജാവ്
ദുഃഖിതം വചഃ പ്രാഹ	അഴൽതിങ്ങിയ വാക്കുകളിൽ പറഞ്ഞു.

സ്ത്രീജിതം ഭ്രാന്തഹൃദയമുന്മാർഗ്ഗപരിവർത്തിനം
നിഗൃഹ്യ മാം ഗൃഹാണേദം രാജ്യം പാപം ന തദ്ഭവേത്. 69

സ്ത്രീജിതം ഭ്രാന്തഹൃദയം	(മകനെ,) സ്ത്രീജിതനും ഭ്രാന്തഹൃദയനും
ഉന്മാർഗ്ഗപരിവർത്തനം	നേർവഴി വെടിഞ്ഞവനും
പാപം മാം നിഗൃഹ്യ	പാപിയുമായ എന്നെക്കൊന്ന്
ഇദം രാജ്യം ഗൃഹാണ	നീയീ രാജ്യം കൈയടക്കുക.
തദ് പാപം ന ഭവേത്	അതു പാപമാകയില്ല.

ഏവം ചേദനൃതം നൈവ മാം സ്പൃശേദ് രഘുനന്ദന
ഇത്യുക്ത്വാ ദുഃഖസന്തപ്തോ വിലലാപ നൃപസ്തദാ. 70

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഘുനന്ദന ഏവം ചേത്	മകനെ, ഇങ്ങനെയായാൽ
അനൃതം മാം ന സ്പൃശേത് ഏവ	അസത്യമെന്നെ തീണ്ടുകപോലുമില്ല.
ഇതി ഉക്ത്വാ തദാ ദുഃഖസന്തപ്തഃ രാജാ വിലലാപ	ഇത്രയും പറഞ്ഞപ്പോഴേക്കും അഴലിൽ നീറിയ രാജാവ് പൊട്ടിക്കരഞ്ഞുപോയി.

ഹാ രാമ ഹാ ജഗന്നാഥ ഹാ മമ പ്രാണവല്ലഭ
മാം വിസൃജ്യ കഥം ഘോരം വിപിനം ഗന്തുമർഹസി. 71

ഹാ രാമ, ഹാ മമ പ്രാണവല്ലഭ	മകനേ രാമാ, എന്റെ ജീവന്നാധാരമേ
ഹാ ജഗന്നാഥ	ലോകനായകാ,
മാം വിസൃജ്യ കഥം ഘോരം വിപിനം ഗന്തും അർഹസി	എന്നെ വെടിഞ്ഞ് നിനക്കെങ്ങനെ കൊടുംകാട്ടിൽ പോകാൻ കഴിയും?

ഇതി രാമം സമാലിംഗ്യ മുക്തകണ്ഠോ രുരോദ ഹ
വിമൃജ്യ നയനേ രാമഃ പിതുഃ സജലപാണിനാ. 72

ആശ്വാസയാമാസ നൃപം ശനൈഃ സ നയകോവിദഃ
കിമത്ര ദുഃഖേന വിഭോ രാജ്യം ശാസതു മേ*f*നുജഃ. 73

ഇതി രാമം സമാലിംഗ്യ മുക്തകണ്ഠഃ രുരോദ ഹ	ഇപ്രകാരം രാമനെ വാരിപ്പുണർന്ന് (രാജാവ്) വാവിട്ടു നിലവിളിച്ചു തുടങ്ങി.
രാമഃ സജലപാണിനാ പിതുഃ നയനേ വിമൃജ്യ	രാമചന്ദ്രൻ കൈയിൽ ജലം പകർന്ന് അച്ഛന്റെ കണ്ണുകൾ തുടച്ചു.
സഃ നയകോവിദഃ ശനൈഃ നൃപം ആശ്വാസയാമാസ വിഭോ, അത്ര ദുഃഖേന കിം? മേ അനുജഃ രാജ്യം ശാസതു	ആ നയകോവിദൻ സാവധാനം പിതാവിനാശ്വാസമേകി (പറഞ്ഞു) പ്രഭോ, ഇതിൽ ദുഃഖിക്കാനെന്ത്? എന്റെ അനുജൻ നാടുവാഴട്ടെ.

അഹം പ്രതിജ്ഞാം നിസ്തീര്യ പുനർയാസ്യാമി തേ പുരം
രാജ്യാത് കോടിഗുണം സൗഖ്യം മമ രാജൻ വനേ സതഃ. 74

പ്രതിജ്ഞാം നിസ്തീര്യ	പ്രതിജ്ഞ നിറവേററിയിട്ട്
അഹം തേ പുരം പുനഃ യാസ്യാമി	ഞാൻ അവിടുത്തെ പുരിയിൽ മടങ്ങിയെത്തും
രാജൻ, വനേ സതഃ	തിരുമനസ്സേ, വനത്തിലായിരിക്കവേ
മമ രാജ്യാത് കോടിഗുണം സൗഖ്യം	എനിക്ക് രാജ്യവാസത്തേക്കാൾ കോടിയിരട്ടി സൗഖ്യമായിരിക്കും.

താത് സത്യപാലനം ദേവകാര്യം ചാപി ഭവിഷ്യതി
കൈകേയ്യാശ്ച പ്രിയോ രാജൻ വനവാസോ മഹാഗുണഃ. 75

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വത് സത്യപാലനം	അവിടുത്തെ സത്യപാലനം,
ദേവകാര്യം	ദേവഹിതം,
കൈകേയ്യാഃ പ്രിയം അപി	കൈകേയീയമ്മയുടെ ഇഷ്ടം
ഭവിഷ്യതി	(ഇവയെല്ലാം) സംഭവിക്കും.
രാജൻ വനവാസഃ	പ്രഭോ, വനവാസം (എന്തുകൊണ്ടും)
മഹാഗുണഃ	വലിയൊരു ഗുണമാണ്.

ഇദാനീം ഗന്തുമിച്ഛാമി വ്യേതു മാതുശ്ച ഹൃജ്ജ്വരഃ
സംഭാരാശ്ചോപഹ്രിയന്താമഭിഷേകാർത്ഥമാഹൃതാഃ. 76

ഇദാനീം ഗന്തും	ഇപ്പോൾ(തന്നെ) പോകാൻ
ഇച്ഛാമി	ഞാനാഗ്രഹിക്കുന്നു.
മാതുഃ	അമ്മയുടെ (കൈകേയിയുടെ)
ഹൃജ്ജ്വരഃ	മനോവ്യഥയും
വ്യേതു	തീരുമല്ലോ.
അഭിഷേകാർത്ഥം	(എന്റെ) അഭിഷേകത്തിന്
ആഹൃതാഃ സംഭാരാഃ	അടുപ്പിച്ച സാമഗ്രികളെല്ലാം
ഉപഹ്രിയന്താം	മാററിവെയ്ക്കട്ടെ.

മാതരം ച സമാശ്വാസ്യ അനുനീയ ച ജാനകീം
ആഗത്യ പാദൗ വന്ദിത്വാ തവ യാസ്യേ സുഖം വനം. 77

മാതരം സമാശ്വാസ്യ	അമ്മയെ (കൗസല്യയെ) ആശ്വസിപ്പിച്ചും
ജാനകീം അനുനീയ ച	ജാനകിയെ അനുനയിച്ചും
ആഗത്യ	വന്നിട്ട്
തവ പാദൗ വന്ദിത്വാ	അവിടുത്തെ തൃപ്പാദങ്ങളെ വണങ്ങി.
സുഖം വനം	(ഞാൻ) സുഖമായി വനത്തിലേക്കു
യാസ്യേ	പൊയ്ക്കൊള്ളാം.

ഇത്യുക്ത്വാ തു പരിക്രമ്യ മാതരം ദ്രഷ്ടുമായയൗ
കൗസല്യാഽപി ഹരേഃ പൂജാം കുരുതേ രാമകാരണാത്. 78

ഇതി ഉക്ത്വാ	ഇങ്ങനെ പറഞ്ഞ്
പരിക്രമ്യ	(പിതാവിനെ) വലംവെച്ച്
മാതരം ദ്രഷ്ടും	(രാമൻ) അമ്മയെക്കാണാൻ
ആയയൗ	വരികയായി.
കൗസല്യാ അപി	കൗസല്യയകട്ടെ
രാമകാരണാത്	(ആ സമയം) രാമനുവേണ്ടി
ഹരേഃ പൂജാം കുരുതേ	ഈശ്വരനെ പൂജിക്കയായിരുന്നു.

ഹോമം ച കാരയാമാസ ബ്രാഹ്മണേഭ്യോ ദദൗ ധനം
ധ്യായതേ വിഷ്ണുമേകാഗ്രമനസാ മൗനമാസ്ഥിതാ. 79

ഹോമം കാരയാമാസ	ഹോമം ചെയ്യിച്ചു
ബ്രാഹ്മണേഭ്യഃ	ബ്രാഹ്മണർക്കു
ധനം ദദൗ	ധനം നല്കി
മൗനം ആസ്ഥിതാ	മൗനംപൂണ്ട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാഗ്രമനസാ	ഏകാഗ്രമായ മനസ്സോടെ
വിഷ്ണും ധ്യായതേ	വിഷ്ണുവിനെ ധ്യാനിച്ചു.

അന്തഃസ്ഥമേകം ഘനചിത്പ്രകാശം
നിരസ്തസർവ്വാതിശയസ്വരൂപം
വിഷ്ണും സദാനന്ദമയം ഹൃദബ്ജേ
സാ ഭാവയന്തീ ന ദദർശ രാമം. 80

ഘനചിത്പ്രകാശം	നിരന്തരമായ ജ്ഞാനപ്രകാശമായി
നിരസ്തസർവ്വാതിശയ—സ്വരൂപം	മഹിമയേറിയ എല്ലാററിനുമപ്പുറം വിളങ്ങുന്നവനും
ഏകം	ഏകനും
സദാനന്ദമയം	സദാ ആനന്ദമയനും
അന്തഃസ്ഥം	ഉള്ളിൽ വിളങ്ങുന്നവനുമായ
വിഷ്ണും ഹൃദബ്ജേ ഭാവയന്തീ സാ	വിഷ്ണുവിനെ മനതാരിൽ ധ്യാനിച്ചിരുന്ന കൗസല്യ
രാമം ന ദദർശ	രാമനെ കണ്ടതേയില്ല.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ തൃതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം മൂന്നാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം നാല്

വനയാത്രാസംരംഭം

ശ്രീമഹാദേവ ഉവാച: മഹാദേവൻ പറഞ്ഞു

തതഃ സുമിത്രാ ദൃഷ്ട്വൈനം രാമം രാജ്ഞീം സസംഭ്രമാ
കൗസല്യാം ബോധയാമാസ രാമോഽയം സമുപസ്ഥിതഃ. 1

തതഃ സുമിത്രാ	അനന്തരം സുമിത്ര
ഏനം രാമം ദൃഷ്ട്വാ	രാമനെക്കണ്ടിട്ട്
സസംഭ്രമാ രാജ്ഞീം കൗസല്യാം ബോധയാമാസ	സംഭ്രമത്തോടെ കൗസല്യാരാജ്ഞിയെ അറിയിച്ചു:
അയം രാമഃ സമുപസ്ഥിതഃ	ഇതാ രാമൻ വന്നിരിക്കുന്നു.

ശ്രുത്വൈവ രാമനാമൈഷാ ബഹിർദൃഷ്ടിഃ പ്രവാഹിതാ
രാമം ദൃഷ്ട്വാ വിശാലാക്ഷമാലിംഗ്യാങ്കേ ന്യവേശയത്. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമനാമ ശ്രുത്വാ ഏവ	രാമനാമം കേട്ടപ്പോൾത്തന്നെ
ബഹിഃ ദൃഷ്ടിഃ പ്രവാഹിതാ	വെളിയിലേക്ക് നോട്ടമയച്ചു.
ഏഷാ (കൗസല്യാ)	അവൾ (കൗസല്യ)
വിശാലാക്ഷം രാമം	വിശാലമായ കണ്ണുകളുള്ള രാമനെ
ദൃഷ്ട്വാ ആലിംഗ്യ	ദർശിക്കയും പുണർന്ന്
അങ്കേ ന്യവേശയത്	മടിയിലിരുത്തുകയുംചെയ്തു.

മൂർധ്ന്യവഘ്രായ പസ്പർശ ഗാത്രം നീലോല്പലച്ഛവി
ഭുങ്ക്ഷ്വ പുത്രേതി ച പ്രാഹ മിഷ്ടമന്നം ക്ഷുധാർദ്ദിതഃ. 3

മൂർധ്നി അവഘ്രായ	തലയിൽ മുകർന്ന്
നീലോല്പലച്ഛവി ഗാത്രം പസ്പർശ	നീലത്താമരയുടെ കാന്തിയിയന്ന മേനി തലോടി.
പ്രാഹ ച	(എന്നിട്ട്) പറഞ്ഞു:
പുത്ര, ക്ഷുധാർദ്ദിതഃ	മകനേ (നിനക്ക) കഠത്ത വിശപ്പുണ്ട്
മിഷ്ടം അന്നം ഭുങ്ക്ഷ്വ	സ്വാദേറിയ ഭക്ഷണം കഴിക്കുക.

രാമഃ പ്രാഹ നമേ മാതഃ ഭോജനാവസരഃ കൃതഃ
ദണ്ഡകാഗമനേ ശീഘ്രം മമ കാലോഽദ്യ നിശ്ചിതഃ. 4

രാമഃ പ്രാഹ	രാമൻ അറിയിച്ചു:
മാതഃ മമ ഭോജനാവസരഃ ന കൃതഃ	അമ്മേ, എനിക്ക ഭക്ഷണത്തിന് അവസരമില്ല.
ശീഘ്രം ദണ്ഡകാഗമനേ മമ കാല അദ്യഃ നിശ്ചിതഃ	വേഗം ദണ്ഡകവനത്തിലേക്ക പോകാൻ എനിക്ക് ഇന്നു സമയം നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

കൈകേയീ വരദാനേന സത്യസന്ധഃ പിതാ മമ
ഭരതായ ദദൗ രാജ്യം മമാപ്യരണ്യമുത്തമം. 5

കൈകേയീ വരദാനേന	കൈകേയിയമ്മയ്ക്കു നല്കിയ വരദാനത്താൽ
സത്യസന്ധഃ മമ പിതാ ഭരതായ രാജ്യം ദദൗ	സത്യസന്ധനായ എന്റെ അച്ഛൻ ഭരതനു രാജ്യം കൊടുത്തിരിക്കുകയാണ്
മമ ഉത്തമം അരണ്യവാസം ച	എനിക്ക് ഉത്തമമായ വനവാസവും തന്നു.

ചതുർദ്ദശസമാസ്തത്ര ഹ്യുഷിത്വാ മുനിവേഷധൃക്
ആഗമിഷ്യേ പുനഃശീഘ്രം ന ചിന്താം കർത്തുമർഹസി. 6

മുനിവേഷധൃക്	മുനിവേഷം പൂണ്ട്
ചതുർദ്ദശസമാഃ	പതിന്നാലു വർഷം
തത്ര ഹി ഉഷിത്വാ	കാട്ടിൽത്തന്നെ പാർത്തിട്ട്
ശീഘ്രം	വേഗം
പുനഃ ആഗമിഷ്യേ	മടങ്ങിവരാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിന്താം കർത്തും ന അർഹസി	(അമ്മ) ആകലപ്പെടാനർഹയല്ല. (വിഷമിക്കരുത്)

തച്ഛ്രുത്വാ സഹസോദ്വിഗ്നാ മൂർച്ഛിതാ പുനരുത്ഥിതാ
ആഹ രാമം സുദുഃഖാർത്താ ദുഃഖസാഗരസംപ്ലുതാ. 7

തത് ശ്രുത്വാ	അതു കേട്ട്
സഹസാ ഉദ്വിഗ്നാ	പെട്ടെന്ന് ഹൃദയം തകർന്ന
മൂർച്ഛിതാ	കൗസല്യ മൂർച്ഛിച്ചു.
പുനഃ ഉത്ഥിതാ	പിന്നെ എഴുന്നേററു്
സുദുഃഖാർത്താ	കഠിനദുഃഖത്താലാർത്തിപൂണ്ട്
ദുഃഖസാഗരസംപ്ലുതാ	കദനക്കടലിൽ മുങ്ങി
രാമം ആഹ	രാമനോടു പറഞ്ഞു.

യദി രാമ, വനം സത്യം യാസി ചേന്നയ മാമപി
ത്വദ്വിഹീനാ ക്ഷണാർദ്ധം വാ ജീവിതം ധാരയേ കഥം. 8

രാമ, യദി വനം യാസി	മകനേ, രാമാ, നീ വനത്തിൽ പോകുന്നു
സത്യം (ചേത്)	എന്നതു സത്യമെങ്കിൽ
മാം അപി നയ	എന്നെക്കൂടെ കൊണ്ടുപോകൂ.
ത്വദ്വിഹീനാ	നിന്നെക്കൂടാതെ
ക്ഷണാർദ്ധം വാ	അരക്ഷണംപോലും
കഥം ജീവിതം ധാരയേ	എങ്ങനെ ഞാൻ ജീവൻ പുലർത്തും?

യഥാ ഗൗർബാലകം വത്സം ത്യക്ത്വാ തിഷ്ഠേന്ന കുത്രചിത്
തഥൈവ ത്വാം ന ശക്നോമി ത്യക്തും പ്രാണാത്
പ്രിയം സുതം. 9

ഗൗഃ ബാലകം വത്സം	പശു തൻെറ കുഞ്ഞുകിടാവിനെ
ത്യക്ത്വാ യഥാ	വെടിഞ്ഞു്
കുത്രചിത്	എങ്ങും
ന തിഷ്ഠേത് തഥാ ഏവ	നില്ക്കാത്തതുപോലെതന്നെ
പ്രാണപ്രിയം	ജീവനോളം പ്രിയപ്പെട്ട
സുതം ത്വാം	മകനായ നിന്നെ
ത്യക്തും ന ശക്നോമി	വിടാൻ എനിക്കു കഴിവില്ല.

ഭരതായ പ്രസന്നശ്ചേദ്രാജ്യം രാജാ പ്രയച്ഛതു
കിമർത്ഥം വനവാസായ ത്വാമാജ്ഞാപയതി പ്രിയം. 10

രാജാ പ്രസന്നഃ	രാജാവ് (ഭരതൻെറമാതാവിനെ കൂടുതൽ)
ചേത് രാജ്യം	പ്രസന്നനാണെങ്കിൽ രാജ്യം
ഭരതായ പ്രയച്ഛതു	ഭരതനു കൊടുക്കട്ടെ.
പ്രിയം ത്വാം കിമർത്ഥം	അരുമയായ നിന്നോട് എന്തിന്
വനവാസായ	വനവാസത്തിന്
ആജ്ഞാപയതി	ആജ്ഞാപിക്കുന്നു?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൈകേയ്യാഃ വരദോ രാജാ സർവ്വസ്വം വാ പ്രയച്ഛതു
ത്വയാ കിമപരാദ്ധം ഹി കൈകേയ്യാ വാ നൃപസ്യ വാ. 11

കൈകേയ്യാഃ വരദഃ രാജാ സർവ്വസ്വം വാ പ്രയച്ഛതു	കൈകേയിക്ക് വരദനായ രാജാവ് സർവ്വസ്വവും (അവക്ക്) കൊടുക്കട്ടെ.
കൈകേയ്യാഃ വാ നൃപസ്യ വാ	കൈകേയിയോടാവട്ടെ രാജാവിനോടാവട്ടെ
ത്വയാ ഹി കിം അപരാദ്ധം	നീ എന്താണ് കുററം ചെയ്തത്?

പിതാ ഗുരുർയഥാ രാമ തവാഹമധികാ തതഃ
പിത്രാജ്ഞപ്തോ വനം ഗന്തും വാരയേയമഹം സുതം. 12

രാമ, പിതാ തവ യഥാ ഗുരുഃ അഹം തത അധികാ	മകനേ, അച്ഛൻ നിനക്കെത്രമാത്രം ഗുരുവാണോ, ഞാനതിലുമധികമാണ്.
പിത്രാ വനം ഗന്തും ആജ്ഞപ്തഃ	പിതാവിനാൽ വനത്തിൽ പോകാൻ ആജ്ഞാപിക്കപ്പെട്ട;
അഹം സുതം വാരയേയം	ഞാൻ മകനെ (അതിൽനിന്നും) തടയുന്നു.

ആദ്യത്തെ ഗുരു അമ്മയാണ്. പിന്നെ അച്ഛൻ. പിന്നെ ആചാര്യൻ. 'മാതൃദേവോ ഭവ, പിതൃദേവോ ഭവ, ആചാര്യദേവോ ഭവ.' രണ്ടാമത്തെ ദൈവമായ പിതാവിനെക്കാൾ ഒന്നാമത്തേതിന് മഹത്വമേറും. അച്ഛന്റെ ആജ്ഞ വനത്തിൽ പോകണമെന്നാണെങ്കിൽ അമ്മയുടേത് അതു പാടില്ല എന്നാണ്. മാതാവിന്റെ ആജ്ഞ മാനിക്കയാണ് പുത്രന്റെ പ്രഥമകർത്തവ്യം.

യദി ഗച്ഛസി മദ്വാക്യമുല്ലംഘ്യ നൃപവാക്യതഃ
തദാ പ്രാണാൻ പരിത്യജ്യ ഗച്ഛാമി യമസാദനം. 13

യദി മദ്വാക്യം ഉല്ലംഘ്യ നൃപവാക്യതഃ ഗച്ഛസി	എന്റെ വാക്ക ലംഘിച്ച് രാജവചനപ്രകാരം (നീ) പോകയാണെങ്കിൽ
തദാ പ്രാണാൻ പരിത്യജ്യ യമസാദനം ഗച്ഛാമി	അപ്പോൾ ജീവൻ വെടിഞ്ഞ് ഞാൻ യമപുരി പൂകും.

ലക്ഷ്മണോfപി തതഃ ശ്രുത്വാ കൗസല്യാവചനം രുഷാ
ഉവാച രാഘവം വീക്ഷ്യ ദഹന്നിവ ജഗത്ത്രയം. 14

കൗസല്യാവചനം ശ്രുത്വാ തതഃ ലക്ഷ്മണഃ അപി	കൗസല്യ പറഞ്ഞതു കേട്ട് അനന്തരം ലക്ഷ്മണനും
രാഘവം വീക്ഷ്യ രുഷാ ജഗത്ത്രയം ദഹൻ ഇവ ഉവാച	രാമനെ നോക്കി കോപത്താൽ ലോകം മൂന്നും ചുട്ടെരിക്കുമാറ് (ഇങ്ങനെ) പറഞ്ഞു.

ഉന്മത്തം ഭ്രാന്തമനസം കൈകേയീ വശവർത്തിനം
ബദ്ധ്വാ നിഹന്മി ഭരതം തദ്ബന്ധൂൻ മാതുലാനപി. 15

ഉന്മത്തം	ഉന്മാദം പിടിച്ച്
ഭ്രാന്തമനസം	ഉള്ളമുഴറി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൈകേയീ	കൈകേയിയുടെ
വശവർത്തിനം	ചൊൽപ്പടിക്കു കഴിയുന്ന
ബദ്ധ്വാ	(രാജാവിനെ) പിടിച്ചുകെട്ടിയിട്ട്
ഭരതം തദ്ബന്ധൂൻ	ഭരതനേയും അയാളുടെ ബന്ധുക്കളേയും
മാതുലാൻ അപി	അമ്മാവന്മാരെയും (എല്ലാം)
നിഹന്മി	ഞാൻ കൊന്നുകളയും.

പെട്ടെന്നു ചൂടുപിടിക്കുന്ന പ്രകൃതമാണ് ലക്ഷ്മണന്റേത്. കോപംവന്നാൽ ആരുടേയും മുഖം നോക്കാതെ സംസാരിക്കും. അപശബ്ദവും മുഖത്തുനിന്നുതിരും. എങ്കിലും പെട്ടെന്നു വിവേകത്തിലേക്കു മടങ്ങാനും ശാന്തനാകാനും ലക്ഷ്മണനു കഴിയും.

അദ്യ പശ്യന്തു മേ ശൗര്യം ലോകാൻ പ്രദഹതഃ പുരഃ
രാമ ത്വമഭിഷേകായ കുരു യത്നമരിന്ദമ. 16

ലോകാൻ പ്രദഹതഃ	ലോകങ്ങളെ കത്തിക്കുന്ന
മേ ശൗര്യം അദ്യ	എന്റെ ശൂരത ഇന്ന്
(സർവ്വേ) പുരഃ പശ്യന്തു	എല്ലാവരും നേരിൽ കാണട്ടെ.
അരിന്ദമ രാമ ത്വം	എതിരാളിയെ അമർത്തുന്ന രാമ,
അഭിഷേകായ യത്നം കുരു	അങ്ങ് അഭിഷേകയത്നം ചെയ്തുകൊള്ളുക.

ധനുഷ്പാണിരഹം തത്ര നിഹന്യാം വിഘ്നകാരിണഃ
ഇതി ബ്രുവന്തം സൗമിത്രിമാലിംഗ്യ രഘുനന്ദനഃ. 17

ശൂരോസി രഘുശാർദ്ദൂല മമാത്യന്തഹിതേ രതഃ
ജാനാമി സർവ്വം തേ സത്യം കിന്തു തത്സമയോ ന ഹി. 18

ധനുഷ്പാണിഃ അഹം	വില്ലുമമ്പും കൈയിലേന്തി ഞാൻ
വിഘ്നകാരിണഃ	മുടക്കമുണ്ടാക്കുന്നവരെ
തത്ര നിഹന്യാം	അവിടെത്തന്നെ ഒടുക്കും.
ഇതി ബ്രുവന്തം	ഇങ്ങനെ പറയുന്ന
സൗമിത്രിം ആലിംഗ്യ	ലക്ഷ്മണനെ വാരിപ്പുണർന്ന്
രഘുനന്ദനഃ (ആഹ)	രഘുകുമാരനരുളി:
രഘു ശാർദ്ദൂല,	രഘുകുലത്തിലെ പുലിക്കുട്ടി,
ശൂരഃ അസി	നീ ശൂരനാണ്,
മമ അത്യന്തഹിതേ രതഃ	എന്റെ പരമഹിതത്തിൽ തൽപരനുമാണ്
തേ സർവ്വം	നിന്റെ (പറച്ചിൽ) എല്ലാം
സത്യം ജാനാമി	സത്യമാണെന്നുമറിയാം.
കിന്തു തത്സമയഃ ന ഹി	പക്ഷേ, (ഇപ്പോൾ) അതിനുള്ള സമയമല്ല.

യദിദം ദൃശ്യതേ സർവ്വം രാജ്യം ദേഹാദികം ച യത്
യദി സത്യം ഭവേത്തത്ര ആയാസഃ സഫലശ്ച തേ. 19

രാജ്യം ദേഹാദികം	രാജ്യം, ദേഹം തുടങ്ങി
ച യത് ഇദം ദൃശ്യതേ	ഈ കാണപ്പെടുന്നതൊക്കെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തത്) സത്വം യദി സത്യം	സത്യംതന്നെയെങ്കിൽ
തത്ര തേ ആയാസഃ ച	അതിൽ നിന്റെ ആയാസവും
സഫലഃ ഭവേത്	സഫലമായ്വരാം.

സത്യമല്ലാത്ത ഒന്നിനെച്ചൊല്ലി വേവലാതിപ്പെടുന്നതു് ശരിയല്ല. രാജ്യം, ദേഹം മുതലായവ ആത്യന്തികമായി സത്യമല്ലാത്തതിനാൽ അവയ്ക്കുവേണ്ടി വാശിപിടിച്ചാലെന്തു ഫലം?

ഭോഗാഃ മേഘവിതാനസ്ഥ വിദ്യുല്ലേഖേവ ചഞ്ചലാഃ
ആയുരപ്യഗ്നി സന്തപ്ത ലോഹസ്ഥ ജലബിന്ദുവത്. 20

ഭോഗാഃ മേഘവിതാനസ്ഥ	ഭോഗങ്ങൾ മുകിൽപ്പരപ്പിലെ
വിദ്യുല്ലേഖാ ഇവ	മിന്നൽക്കൊടിപോലെ
ചഞ്ചലാഃ	ഇളകുന്നവയാണ്.
ആയുഃ അപി അഗ്നി	ആയുസ്സും, കനലിൽ
സന്തപ്ത	ചുട്ടുപഴുത്ത
ലോഹസ്ഥ	ഇരുമ്പിൽ വീണ
ജലബിന്ദുവത്	വെള്ളത്തുള്ളിപോലെ.

യഥാ വ്യാലഗളസ്ഥോപി ഭേകോ ദംശാനപേക്ഷതേ
തഥാ കാലാഹിനാ ഗ്രസ്തോ ലോകോ ഭോഗാനശാശ്വതാൻ. 21

വ്യാലഗളസ്ഥഃ അപി	പാമ്പിന്റെ വായിലിരിക്കുമ്പോഴും
ഭേകഃ	തവള
യഥാ ദംശാൻ അപേക്ഷതേ തഥാ	ഇരയെത്തേടുമ്പോലെ
കാലാഹിനാ	സമയപ്പാമ്പിന്റെ
ഗ്രസ്തഃ ലോകഃ	പിടിയിൽ പെട്ട ലോകം
അശാശ്വതാൻ	നിജമല്ലാത്ത
ഭോഗാൻ	ഭോഗങ്ങളെ പിമ്പേ (പായുന്നു).

കരോതി ദുഃഖേന ഹി കർമ്മതന്ത്രം
ശരീരഭോഗാർത്ഥമഹന്നിശം നരഃ
ദേഹസ്തു ഭിന്നഃ പുരുഷാത് സമീക്ഷ്യതേ
കോവാത്ര ഭോഗഃ പുരുഷേണ ഭുജ്യതേ. 22

നരഃ ശരീരഭോഗാർത്ഥം	മനുഷ്യൻ ദേഹസുഖത്തിനായി
അഹന്നിശം ദുഃഖേന	പകലും രാവും കഷ്ടപ്പെട്ടു
കർമ്മതന്ത്രം കരോതി	പണിയെടുക്കുന്നു.
ദേഹഃ തു പുരുഷാത്	ദേഹമാകട്ടെ ആത്മാവിൽനിന്നന്യമാ-
ഭിന്നഃ സമീക്ഷ്യതേ	യാണല്ലോ കാണപ്പെടുന്നതു്.
അത്ര കഃ വാ ഭോഗഃ	ഇവിടെ ഏതു സുഖമാണു്
പുരുഷേണ ഭുജ്യതേ	ആത്മാവിനാൽ ഭുജിക്കപ്പെടുക?

ആത്മാവു് ഒരു ഭോഗവും ഭുജിക്കുന്നില്ല. ശരീരഭോഗത്തിനായി ചെയ്യുന്ന കർമ്മം വ്യർത്ഥം; ശരീരം നശ്വരമായതിനാൽ. രാജ്യധനാദികൾക്കുവേണ്ടി ചെയ്യുന്ന കർമ്മവും അതുപോലെതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിതൃമാതൃസുതഭ്രാതൃദാരബന്ധ്വാദി സംഗമഃ
പ്രപായാമിവ ജന്തൂനാം നദ്യാം കാഷ്ഠൗഘവച്ചലഃ. 23

പിതൃമാതൃസുതഭ്രാതൃ- ദാരബന്ധ്വാദി സംഗമഃ	അച്ഛൻ, അമ്മ, മകൻ, സഹോദരൻ, ഭാര്യ, ബന്ധു തുടങ്ങിയവരുടെ ചേർച്ച
പ്രപായാം ജന്തൂനാം ഇവ നദ്യാം കാഷ്ഠൗഘവത് (പ) ചലഃ	കുടിനീർക്കടവിൽ ജന്തുക്കളുടേയും പുഴയിൽ മരക്കമ്പുകളുടേയും ചേർച്ച പോലെ ചഞ്ചലം.

ഇവയ്ക്കു തമ്മിൽ സ്ഥായിയായ യാതൊരു ബന്ധവുമില്ല. മാനുഷികബന്ധങ്ങളുടെയും സ്ഥിതി അതുതന്നെ. മനുഷ്യർ എങ്ങുനിന്നോ വരുന്നു, അല്പനേരം തങ്ങിയിട്ട് എങ്ങോ പോകുന്നു.

ഛായേവ ലക്ഷ്മീ ചപലാ പ്രതീതാ
താരുണ്യമംബൂർമിവദധ്രുവം ച
സ്വപ്നോപമം സ്ത്രീസുഖമായുരല്പം
തഥാപി ജന്തോരഭിമാന ഏഷഃ. 24

ലക്ഷ്മീഃ ഛായാ ഇവ ചപലാ പ്രതീതാ	ധനം നിഴൽപോലെ മായുന്നതാണെന്നു തീർച്ച.
താരുണ്യം അംബൂർമിവദ് അധ്രുവം ച	യൗവനവും നീർക്കുമിളപോലെ നിലനില്പില്ലാത്തതു്.
സ്ത്രീസുഖം സ്വപ്നോപമം ആയുഃ അല്പം തഥാപി ജന്തോഃ ഏഷ അഭിമാനഃ	സ്ത്രീസുഖം കിനാവിനു തുല്യം ആയുസ്സു കുറവു്; എന്നിട്ടും (ഇവയിൽ) ജന്തുവിനു് ഇത്രമാത്രം അഭിമാനം!

ഒരു സുഖത്തിനും നിജത്വമില്ലെന്നതാണു് സത്യം. എങ്കിലും ജീവികൾ സുഖത്തിനുപിമ്പേ പരക്കം പായുന്നു. ഏതധർമ്മവും പ്രവർത്തിക്കുന്നു. വിവേകികൾക്കിതിലെല്ലാം ആശ്ചര്യം തോന്നും.

സംസൃതിഃ സ്വപ്നസദൃശീ സദാ രോഗാദിസങ്കുലാ
ഗന്ധർവ്വനഗരപ്രഖ്യാ മൂഢസ്താമനുവർത്തതേ. 25

സംസൃതിഃ സ്വപ്നസദൃശീ സദാ രോഗാദിസങ്കുലാ ഗന്ധർവ്വനഗരപ്രഖ്യാ മൂഢഃ താം അനുവർത്തതേ	ലോകം സ്വപ്നതുല്യവും എന്നും രോഗാദികൾ തിങ്ങിയതും ഗന്ധർവ്വനഗരത്തിനു സമവുമാകുന്നു. മൂഢനേ അതിന്റെ പിമ്പേ പോകൂ.

ഗന്ധർവ്വനഗരം = വെറും സങ്കല്പത്തിൽമാത്രം നിലനില്ക്കുന്ന ആകാശനഗരം. ലോകം വെറും മിഥ്യ. അതിന്റെ പിമ്പേ പായുന്നവൻ മൂഢൻ. അതിനെ വിഗണിക്കുന്നവനാണു് വിദ്വാൻ.

ആയുഷ്യം ക്ഷീയതേ യസ്മാദാദിത്യസ്യ ഗതാഗതൈഃ
ദൃഷ്ട്വാന്യേഷാം ജരാമൃത്യൂ കഥഞ്ചിന്നൈവ ബുദ്ധ്യതേ. 26

ആദിത്യസ്യ ഗതാഗതൈഃ ആയുഷ്യം ക്ഷീയതേ	സൂര്യന്റെ പോക്കുവരവുകളാൽ ആയുസ്സു തീർന്നുപോകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്മാത് അന്യേഷാം	അതിൽനിന്നും അന്യരുടെ
ജരാമൃത്യൂ ദൃഷ്ട്വാ	ജരാമരണങ്ങളും കണ്ടിട്ടും
കഥഞ്ചിത്	ഒരുതരത്തിലും
ന ബുധ്യതേ ഏവ	അറിയുന്നതേയില്ല.

സൂര്യന്റെ ഉദയാസ്തമനങ്ങളും മനുഷ്യായുസ്സിനെ നിയന്ത്രിക്കുന്നു. ദിനരാത്രങ്ങളും കടന്നുപോകുന്നതോടെ കുഞ്ഞുങ്ങളും കിഴവന്മാരായി മാറും. ഈ പ്രക്രിയ അനാദികാലംമുതലേ ഉള്ളതാണെങ്കിലും അതേപ്പററി ബോധമുള്ളവർ എത്രയുണ്ട്?

സ ഏവ ദിവസഃ സൈവ രാത്രിരിത്യേവ മൂഢധീഃ
ഭോഗാനനുപതത്യേവ കാലവേഗം ന പശ്യതി. 27

സ ഏവ ദിവസഃ	അതേ പകൽ
സാ ഏവ രാത്രിഃ	അതേ രാത്രി
ഇതി ഏവ മൂഢധീഃ	എന്നുതന്നെ നിനച്ച് ബുദ്ധിയില്ലാത്തവൻ
ഭോഗാൻ അനുപതതി	ഭോഗങ്ങളെ പിന്തുടരുന്നു.
കാലവേഗം ന പശ്യതി ഏവ	കാലത്തിന്റെ വേഗം കാണുന്നതേയില്ല.

പ്രതിക്ഷണം ക്ഷരത്യേതദായുരാമഘടാംബുവത്
സപത്നാ ഇവ രോഗൗഘാഃ ശരീരം പ്രഹരന്ത്യഹോ. 28

ഏതദ് ആയുഃ	ഈ ആയുസ്സാകട്ടെ
ആമഘടാംബുവത്	പച്ചമൺകുടത്തിലെ വെള്ളംപോലെ
പ്രതിക്ഷണം ക്ഷരതി	അനുനിമിഷം വാർന്നുപോകുന്നു.
രോഗൗഘാഃ	രോഗസമൂഹം
സപത്നാ ഇവ	ശത്രുക്കളെപ്പോലെ
അഹോ ശരീരം	അഹോ, ശരീരം
പ്രഹരന്തി	തകർക്കുകയായി.

ജരാ വ്യാഘ്രീവ പുരതസ്തർജ്ജയന്ത്യവതിഷ്ഠതേ
മൃത്യുഃ സഹൈവ യാത്യേഷ സമയം സംപ്രതീക്ഷതേ. 29

ജരാ വ്യാഘ്രീ ഇവ	ജര പെൺകടുവയെപ്പോലെ
തർജ്ജയന്തീ	ഭയപ്പെടുത്തിക്കൊണ്ട്
പുരതഃ അവതിഷ്ഠതേ	മുന്നിൽ നില്ക്കുന്നു.
ഏഷഃ മൃത്യുഃ	ഈ മരണം (സദാ)
സഹ ഏവ യാതി	കൂടെത്തന്നെ നടക്കുകയാണ്
സമയം സംപ്രതീക്ഷതേ	(അത്ത് പിടികൂടാൻ) സമയം നോക്കുന്നു.

ദേഹേഽഹംഭാവമാപന്നോ രാജാഽഹം ലോകവിശ്രുതഃ
ഇത്യസ്മിൻ മനുതേ ജന്തുഃ കൃമിവിഡ്ഭസ്മസംജ്ഞിതേ. 30

ദേഹേ അഹംഭാവം	ശരീരത്തിൽ ഞാനെന്ന ഭാവം
ആപന്നഃ ജന്തുഃ	പുലർത്തുന്ന മനുഷ്യജീവി
കൃമിവിഡ്ഭസ്മ— സംജ്ഞിതേ	കൃമി, മലം, ഭസ്മം എന്നു പറയപ്പെടാവുന്ന
അസ്മിൻ	ഇതിൽ (ദേഹത്തിൽ)
അഹം ലോകവിശ്രുതഃ	ഞാൻ ലോകമെങ്ങും പുകഴ്പെററ
രാജാ ഇതി മനുതേ	രാജാവെന്നഭിമാനിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മരണാനന്തരം ശരീരം കുഴിച്ചിട്ടാൽ കൃമികളം ഭക്ഷിച്ച് അവയുടെ മലമാകുന്നു. ദഹിപ്പിച്ചാൽ ഭസ്മം. ശരീരമാണ് താനെന്നുറച്ചുകൊള്ളുന്ന ജന്തുവിന്റെ പ്രവൃത്തി എത്ര വ്യർത്ഥം!

ത്വഗസ്ഥിമാംസവിൺമൂത്രരേതോരക്താദിസംയുതഃ
വികാരീ പരിണാമീ ച ദേഹ ആത്മാ കഥം വദ. 31

ത്വഗസ്ഥിമാംസവിൺമൂത്ര—	തോൽ, എല്ല്, മാംസം, മലം, മൂത്രം
രേതോരക്താദിസംയുതഃ	വീര്യം, രക്തം ആദിയായവ ചേർന്ന്,
വികാരീ പരിണാമീ ച	വികാരത്തിനും മാറ്റത്തിനും വിധേയമായ
ദേഹഃ കഥം	ഈ ദേഹം എങ്ങനെയാണ്
ആത്മാ വദ	ആത്മാവാകുക? നീ പറയുക.

ശരീരം വളരുന്നു, തളരുന്നു, ആകൃതി മാറുന്നു. അത് ജഡവസ്തുക്കളുടെ ഒരുമിപ്പിൽനിന്നാണുണ്ടാകുക. പക്ഷേ, ആത്മാവ് ഇത്തരം മാറ്റങ്ങൾക്കൊന്നും വിധേയമല്ലാത്ത ഉണ്മയാണ്. അതിനാൽ ശരീരമാണ് ആത്മാവെന്ന ധാരണ മൗഢ്യം.

യമാസ്ഥായ ഭവാംല്ലോകം ദഗ്ധുമിച്ഛതി ലക്ഷ്മണ
ദേഹാഭിമാനിനഃ സർവ്വേ ദോഷാഃ പ്രാദുർഭവന്തി ഹി. 32

ലക്ഷ്മണ,	ലക്ഷ്മണ,
യം ആസ്ഥായ	ആ ശരീരത്തെ ആശ്രയിച്ചാണ്
ഭവാൻ ലോകം	നീ ലോകം
ദഗ്ധും ഇച്ഛതി	ചുട്ടെരിക്കാൻ ആഗ്രഹിക്കുന്നത്.
ദേഹാഭിമാനിനഃ	(എന്നാൽ) ദേഹാഭിമാനിയിൽനിന്നാണ്
സർവ്വേ ദോഷാഃ	സകലദോഷങ്ങളും
പ്രാദുർഭവന്തി ഹി	ഉണ്ടാകുന്നതെന്നു തീർച്ച.

ദേഹമാണു താനെന്ന ഭാവം രാഗദ്വേഷാദികൾക്ക് ഇടം നല്കും. ദേഹാഭിമാനവും രാഗദ്വേഷവും ഒഴിവാക്കുകയാണ് വിവേകികളുടെ കടമ.

ദേഹോഽഹമിതി യാ ബുദ്ധിരവിദ്യാ സാ പ്രകീർത്തിതാ
നാഹം ദേഹശ്ചിദാത്മേതി ബുദ്ധിർ വിദ്യേതി ഭണ്യതേ. 33

അഹം ദേഹഃ ഇതി	ഞാൻ ശരീരമാണ്
യാ ബുദ്ധിഃ സാ	എന്ന ബോധം
അവിദ്യാ പ്രകീർത്തിതാ	അവിദ്യ എന്നു കീർത്തിക്കപ്പെടുന്നു.
അഹം ന ദേഹഃ	ഞാൻ ദേഹമല്ല,
ചിദാത്മാ	ജ്ഞാനരൂപമായ ആത്മാവുതന്നെ
ഇതി ബുദ്ധി	എന്ന ബുദ്ധി
വിദ്യാ ഇതി ഭണ്യതേ	വിദ്യയെന്നും പറയപ്പെടുന്നു.

അവിദ്യാ സംസൃതേർ ഹേതുഃ വിദ്യാ തസ്യ നിവർത്തികാ
തസ്മാദ് യത്നഃ സദാകാര്യോ വിദ്യാഭ്യാസേ മുമുക്ഷുഭിഃ
കാമക്രോധഭയാസ്തത്ര ശത്രവഃ ശത്രുസൂദന. 34

അവിദ്യാ സംസൃതേഃ ഹേതുഃ	അവിദ്യയാണു സംസാരഹേതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യാ തസ്യ നിവർത്തികാ	വിദ്യ അതിനെ (സംസാരത്തെ) ഒഴിക്കുന്നു.
തസ്മാത് മുമുക്ഷുഭിഃ സദാ വിദ്യാഭ്യാസേ യത്നഃ കാര്യഃ ശത്രുസൂദന	അതിനാൽ മോക്ഷാർത്ഥികളാൽ എന്നെന്നും വിദ്യ അഭ്യസിക്കുന്നതിൽ യത്നം ചെയ്യപ്പെടണം. അല്ലയോ ശത്രുസംഹാരക,
തത്ര കാമക്രോധഭയാഃ ശത്രവഃ (സന്തി)	അവിടെ (ആ കാര്യത്തിൽ) കാമം, കോപം, ഭയം എന്ന ശത്രുക്കളുണ്ട്.

കാമം, കോപം തുടങ്ങിയവ വിദ്യാഭ്യാസവിഷയത്തിൽ നമ്മുടെ മുന്നേററത്തെ തടയുന്ന ശത്രുക്കളാണ്. വിദ്യാഭ്യാസം ആത്മജ്ഞാനപരിശീലനമാണല്ലോ.

തത്രാപി ക്രോധ ഏവാലം മോക്ഷവിഘ്നായ സർവ്വദാ
യേനാവിഷ്ടഃ പുമാൻ ഹന്തി പിതൃഭ്രാതൃസുഹൃത്സഖീൻ. 35

തത്ര അപി	അവയിൽ
ക്രോധ ഏവ	കോപംതന്നെ
സർവ്വദാ മോക്ഷവിഘ്നായ അലം	എപ്പോഴും മോക്ഷത്തെ തടയാൻ കെല്പുററതാണ്.
യേന ആവിഷ്ടഃ പുമാൻ	കോപത്താൽ ആവേശംപൂണ്ട പുരുഷൻ
പിതൃഭ്രാതൃസുഹൃത്— സഖീൻ ഹന്തി	അച്ഛൻ, സഹോദരൻ, സുഹൃത്ത്, സഖാവ് എന്നിവരെപ്പോലും കൊല്ലുന്നു.

ക്രോധമൂലോ മനസ്താപഃ ക്രോധഃ സംസാരബന്ധനം
ധർമ്മക്ഷയകരഃ ക്രോധഃ തസ്മാത് ക്രോധം പരിത്യജ. 36

മനസ്താപഃ ക്രോധമൂലഃ	മനോദുഃഖത്തിന്റെ വേര് കോപമാണ്
ക്രോധഃ സംസാരബന്ധനം	കോപംതന്നെ സംസാരബന്ധനം
ക്രോധഃ ധർമ്മക്ഷയകരഃ	ക്രോധം ധർമ്മം ക്ഷയിപ്പിക്കുന്നു
തസ്മാത് ക്രോധം പരിത്യജ	അതിനാൽ ക്രോധം വിടുക.

ക്രോധ ഏഷ മഹാൻ ശത്രുഃ തൃഷ്ണാ വൈതരണീ നദീ
സന്തോഷോ നന്ദനവനം ശാന്തിരേവ ഹി കാമധുക്. 37

ഏഷ ക്രോധഃ മഹാൻ ശത്രു	ഈ കോപം കടുത്ത വൈരിയാണ്.
തൃഷ്ണാ	ആഗ്രഹം
വൈതരണീ നദീ	വൈതരണീനദിയും
സന്തോഷഃ നന്ദനവനം	സന്തോഷം നന്ദനാരാമവും
ശാന്തിഃ ഏവ കാമധുക്	ശാന്തിതന്നെ കാമധേനുവുമാകുന്നു.

നരകത്തിലേക്കു കടത്തിവിടുന്ന നദി വൈതരണി. അടങ്ങാത്ത ആഗ്രഹം നരകത്തിലേക്കു നയിക്കുമെന്നു തീർച്ച. അതിതൃഷ്ണ വീണ്ടുവിചാരമില്ലാത്ത കർമ്മത്തിലേക്കു മനുഷ്യനെ എത്തിക്കുന്നു. തൃഷ്ണാഭംഗം ക്രോധത്തിനും അതിനെ തുടർന്നുള്ള കഷ്ടപ്പാടുകളിലേക്കുമാണ് വഴിയൊരുക്കുക. സന്തോഷം പരമമായ ധനമെന്നു ഭഗവാൻ ബുദ്ധനും ഉപദേശിക്കുന്നുണ്ട്. 'സന്തുഷ്ടി പരമം ധനം.' ശാന്തി അഥവാ സമാധാനമാണ് എല്ലാ സൗഖ്യവും ചുരത്തുന്ന കാമധേനു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മാച്ഛാന്തിം ഭജസ്വാദ്യ ശത്രുരേവം ഭവേന്നതേ
ദേഹേന്ദ്രിയമനഃ പ്രാണബുദ്ധ്യാദിഭ്യോ വിലക്ഷണഃ. 38

ആത്മാശുദ്ധഃ സ്വയംജ്യോതിരവികാരീ നിരാകൃതിഃ
യാവദ്ദേഹേന്ദ്രിയപ്രാണൈഃ ഭിന്നത്വം നാത്മനോ വിദുഃ. 39

താവത് സംസാരദുഃഖൗഘൈഃ പീഡ്യന്തേ മൃത്യുസംയുതാഃ
തസ്മാത്ത്വം സർവ്വദാ ഭിന്നമാത്മാനം ഹൃദി ഭാവയ. 40

ബുദ്ധ്യാദിഭ്യോ ബഹിഃ സർവ്വമനുവർത്തസ്വ മാ ഖിദ
ഭുഞ്ജൻ പ്രാരബ്ധമഖിലം സുഖം വാ ദുഃഖമേവ വാ. 41

തസ്മാത് ത്വം അദ്യ ശാന്തിം ഭജസ്വ	അതിനാലിന്നു നീ ശാന്തിയെ ഭജിക്കുക.
ഏവം തേ ശത്രുഃ ന ഭവേത്	ഇങ്ങനെയായാൽ നിനക്കു ശത്രു (കോപം) ഉണ്ടാവുകയില്ല
ആത്മാ ദേഹേന്ദ്രിയമനഃ പ്രാണബുദ്ധ്യാദിഭ്യഃ വിലക്ഷണഃ	ആത്മാവ്, ദേഹം, ഇന്ദ്രിയം, മനസ്സ്, പ്രാണൻ, ബുദ്ധി തുടങ്ങിയവയിൽനിന്നു വേറിട്ടുനില്ക്കുന്ന
ശുദ്ധഃ അവികാരീ, നിരാകൃതിഃ സ്വയംജ്യോതിഃ	ശുദ്ധവും വികാരമോ ആകാരമോ ഇല്ലാത്ത സ്വയംജ്യോതിസ്സുമാണ്.
ദേഹേന്ദ്രിയപ്രാണൈഃ ആത്മനഃ ഭിന്നത്വം	ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ (ഇവയുമായി) ആത്മാവിനുള്ള അന്തരം
യാവത് ന വിദുഃ താവത്	എപ്പോളംവരെ അറിയുന്നില്ലയോ അപ്പോളംവരെയേ
മൃത്യുസംയുതാഃ സംസാരദുഃഖൗഘൈഃ പീഡ്യന്തേ	മരണംപററി പ്രപഞ്ചദുഃഖത്തിൻെറ ഒഴുക്കിൽപ്പെട്ട് നട്ടംതിരിയൂ
തസ്മാത് ത്വം ആത്മാനം ബുദ്ധ്യാദിഭ്യഃ	അതിനാൽ നീ ആത്മാവിനെ ബുദ്ധി ആദിയിൽനിന്ന്
ഭിന്നം സർവ്വദാ ഹൃദി ഭാവയ	ഭിന്നമായി സദാ മനസ്സിൽ ഭാവനചെയ്തുകൊള്ളുക
സുഖം വാ ദുഃഖം ഏവ വാ അഖിലം പ്രാരബ്ധം	സുഖമായാലും ദുഃഖംതന്നെയായാലും എല്ലാം പ്രാരബ്ധവും
ഭുഞ്ജൻ ബഹിഃ സർവ്വം അനുവർത്തസ്വ	അനുഭവിച്ചുകൊണ്ട് ബാഹ്യകർമ്മങ്ങളി– ലെല്ലാം ഇടപെടുകയും ചെയ്യുക.
മാ ഖിദഃ	ഖേദിക്കയുമരുത്.

ലോകം മിഥ്യയും ശരീരം നശ്വരവുമെങ്കിലും പ്രവൎത്തനങ്ങളിൽ ഇടപെടാതിരിക്കരുതെന്ന് അവസാനം ഉദ്ബോധിപ്പിച്ചിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കുക. ആദ്യത്തെ തത്ത്വചിന്തയിൽമാത്രമൂന്നിയാൽ ലോകവ്യവഹാരത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരാജയം അനിവാര്യമാകും. പരിണാമം സുഖമായാലും ദുഃഖമായാലും, പ്രവൃത്തിയാണ് ജീവിതധർമ്മമെന്നാണ് ഗീതാകാരന്റെയും അഭിമതം.

പ്രവാഹപതിതം കാര്യം കുർവ്വന്നപി ന ലിപ്യസേ
ബാഹ്യേ സർവ്വത്ര കർത്തൃത്വമാവഹന്നപി രാഘവ. 42

രാഘവ, ബാഹ്യേ	ലക്ഷ്മണ, വെളിയിൽ
സർവ്വത്ര കർത്തൃത്വം	എല്ലായിടത്തും കർത്തൃത്വം
ആവഹൻ അപി	വഹിച്ചാലും (പ്രവൃത്തികളുടെ)
പ്രവാഹപതിതം കാര്യം കുർവ്വൻ അപി ന ലിപ്യസേ	ഒഴുക്കിൽ വന്നുപെടുന്ന കാര്യമൊക്കെച്ചെയ്താലും (അവ നിന്നെ) തൊടുകയില്ല.

ബഹുകർമ്മങ്ങളിൽ നിരതനായാലും ആത്മാവിന്റെ യഥാർത്ഥസ്വരൂപം അറിയുന്നവൻ അവയിൽ മുങ്ങുകയില്ല. കർമ്മങ്ങൾ അവനെ ബന്ധിക്കയുമില്ല. ലോകവ്യാപാരങ്ങളെ ഒഴിവാക്കുകയല്ല, അവയുടെമേൽ നിയന്ത്രണമാണ് കാമ്യം.

അന്തഃ ശുദ്ധസ്വഭാവസ്ത്വം ലിപ്യസേ ന ച കർമ്മഭിഃ
ഏതൻ മയോദിതം കൃത്സ്നം ഹൃദി ഭാവയ സർവ്വദാ. 43

ത്വം അന്തഃ ശുദ്ധസ്വഭാവഃ	നീ ഉള്ളിൽ കളങ്കമില്ലാത്ത സ്വഭാവക്കാരനാണ്.
കർമ്മഭിഃ ന ലിപ്യസേ	(അതിനാൽ) കർമ്മങ്ങൾ നിന്നെ പുരളുകയില്ല.
മയാ ഉദിതം	ഞാൻ പറഞ്ഞ
ഏതത് കൃത്സ്നം	ഈ (കാര്യങ്ങൾ) എല്ലാം
സർവ്വദാ ഹൃദി ഭാവയ	എപ്പോഴും മനസ്സിലോർക്കുക.

അന്തഃകരണത്തിന്റെ വിശുദ്ധത കർമ്മലേപനത്തിൽനിന്ന് ആത്മാവിനെ അകററിനിർത്തുന്നു. കർമ്മംചെയ്യാനും അതേസമയം അതിന് അടിമയാകാതിരിക്കാനും വിശുദ്ധചരിതനു കഴിയും. ഇതിനെ സ്വധർമ്മനിർവ്വഹണം എന്നു ഗീതാകാരൻ പറയുന്നു. അത്തരം കർമ്മം ബന്ധത്തിനു ഹേതുവാകാറില്ല. മോക്ഷഹേതുകമാണുതാനും.

സംസാരദുഃഖൈരഖിലൈഃ ബാധ്യസേ ന കദാചന
ത്വമപ്യംബ മയാऽദിഷ്ടം ഹൃദി ഭാവയ നിത്യദാ. 44

അഖിലൈഃ	(അങ്ങനെയായാൽ) നിശ്ശേഷമായ
സംസാരദുഃഖൈഃ	സംസാരദുഃഖങ്ങളാൽ
കദാചന ന ബാധ്യസേ	ഒരിക്കലും ബാധിക്കപ്പെടുകയില്ല.
അംബ, ത്വം അപി	അമ്മേ, അവിടുന്നും
മയാ ആദിഷ്ടം നിത്യദാ	ഞാനീ പറഞ്ഞ കാര്യം എപ്പോഴും
ഹൃദി ഭാവയ	മനസ്സിലെടുത്തുകൊള്ളണം.

സമാഗമം പ്രതീക്ഷസ്വ ന ദുഃഖൈഃ പീഡ്യസേ ചിരം
ന സദൈകത്ര സംവാസഃ കർമ്മമാർഗ്ഗാനുവർത്തിനാം. 45

സമാഗമം പ്രതീക്ഷസ്വ	(എന്റെ) വരവു കാത്തിരിക്കുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിരം ദുഃഖൈഃ ന പീഡ്യസേ	നെടുനാൾ അഴലുകളാലലയേണ്ടി-വരികയില്ല.
കർമ്മമാർഗ്ഗാനുവർത്തിനാം	പ്രവൃത്തിമാർഗ്ഗം പിന്തുടരുന്നവർക്ക്
സമാഃ ഏകത്ര സംവാസഃ ന	എപ്പോഴുമൊരിടത്തു കഴിഞ്ഞുകൂടുക സാദ്ധ്യമല്ല.

പ്രതീക്ഷയാണ് ജീവിതത്തിന്റെ ആണിക്കല്ല്. എല്ലാം ദുഃഖവും നമ്മുടെ പ്രതീക്ഷയാൽ സഹ്യമായിത്തീരുന്നു. കർമ്മമാർഗ്ഗികൾക്ക് ഒരിടത്തു ചടഞ്ഞുകൂടുക സാദ്ധ്യമല്ലല്ലോ. രാമന്റെ വഴി പ്രവൃത്തിയുടേതാണ്. ജീവിതായോധനത്തിലെ ആ പോരാളിക്ക വിശ്രമമെവിടെ?

യഥാ പ്രവാഹപതിതപ്ലവാനാം സരിതാം തഥാ
ചതുർദ്ദശ സമാഃ സംഖ്യാഃ ക്ഷണാർദ്ധമിവ ജായതേ. 46

യഥാ സരിതാം	നദികളുടെ
പ്രവാഹപതിത-	ഒഴുക്കിൽപ്പെട്ട
പ്ലവാനാം തഥാ	തോണികൾക്ക് എന്നപോലെ
ചതുർദ്ദശ സംഖ്യാഃ സമാഃ	പതിന്നാലു സംവത്സരം
ക്ഷണാർദ്ധം ഇവ	അരനിമിഷംപോലെ
ജായതേ	ആയിത്തീരും (വേഗം കഴിഞ്ഞുപോകും).

ഒഴുക്കിൽപ്പെട്ട തോണികൾ എങ്ങും തങ്ങാതെ വേഗം നീങ്ങിപ്പോകുന്നു. അതുപോലെ സമയവും തീർന്നുപോകും.

അനുമന്യസ്വ മാമംബ ദുഃഖം സന്ത്യജ്യ ദൂരതഃ
ഏവം ചേത് സുഖസംവാസോ ഭവിഷ്യതി വനേ മമ. 47

അംബ,	അമ്മേ,
ദുഃഖം ദൂരതഃ സംത്യജ്യ	ദുഃഖം ദൂരെ നീക്കി
മാം അനുമന്യസ്വ	എന്നെ (പോകാൻ) അനുവദിക്കു.
ഏവം ചേത്	ഇങ്ങനെയായാൽ
വനേ മേ സുഖസംവാസഃ ഭവിഷ്യതി	കാട്ടിലെനിക്ക് വാസം ആനന്ദകരമായിത്തീരും.

ഇത്യുക്ത്വാ ദണ്ഡവൻ മാതുഃ പാദയോരപതച്ചിരം
ഉത്ഥാപ്യാങ്കേ സമാവേശ്യ ആശീർഭിരഭ്യനന്ദയത്. 48

ഇതി ഉക്ത്വാ	ഇങ്ങനെ പറഞ്ഞ് (രാമൻ)
മാതുഃ പാദയോഃ	അമ്മയുടെ കാല്ക്കൽ
ദണ്ഡവത്	ദണ്ഡപ്രണാമം ചെയ്ത്
ചിരം അപതത്	വളരെനേരം കിടന്നു.
ഉത്ഥാപ്യ	(അമ്മ മകനെ) എഴുന്നേല്പിച്ചു
അങ്കേ സമാവേശ്യ	മടിയിലിരുത്തി
ആശീർഭിഃ അഭ്യനന്ദയത്	ആശീർവ്വാദങ്ങളാൽ അഭിനന്ദിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വേ ദേവാഃ സഗന്ധർവ്വാഃ ബ്രഹ്മ വിഷ്ണു ശിവാദയഃ
രക്ഷന്തു ത്വാം സദാ യാന്തം തിഷ്ഠന്തം നിദ്രയാ യുതം. 49

സഗന്ധർവ്വാഃ	ഗന്ധർവ്വന്മാരോടൊപ്പം
ബ്രഹ്മ വിഷ്ണു	ബ്രഹ്മാവ്, വിഷ്ണു,
ശിവാദയഃ	ശിവൻ തുടങ്ങിയ
സർവ്വേ ദേവാഃ	സകലദേവന്മാരും
യാന്തം തിഷ്ഠന്തം	നീ നടക്കുമ്പോഴും ഇരിക്കുമ്പോഴും
നിദ്രയാ യുതം സദാ ത്വാം	ഉറങ്ങുമ്പോഴുമെല്ലാം നിന്നെ
രക്ഷന്തു	കാത്തു രക്ഷിക്കട്ടെ.

ഇതി പ്രസ്ഥാപയാമാസ സമാലിംഗ്യ പുനഃ പുനഃ
ലക്ഷ്മണോപി തദാ രാമം നത്വാ ഹർഷാശ്രുഗദ്ഗദഃ. 50

ആഹ രാമ, മമാന്തഃസ്ഥഃ സംശയോഽയം ത്വയാ ഹൃതഃ
യാസ്യാമി പൃഷ്ഠതോ രാമ സേവാം കർത്തും തദാദിശ. 51

ഇതി പുനഃ പുനഃ	ഇങ്ങനെ പലവുരു
സമാലിംഗ്യ	പുണർന്ന്
പ്രസ്ഥാപയാമാസ	(അമ്മ രാമനെ) യാത്രയാക്കി.
തദാ ലക്ഷ്മണഃ അപി	അപ്പോൾ ലക്ഷ്മണൻ
രാമം നത്വാ	രാമനെ നമിച്ച്
ഹർഷാശ്രുഗദ്ഗദഃ	സന്തോഷാശ്രുവാൽ ഗദ്ഗദംപൂണ്ട്
ആഹ	പറഞ്ഞു.
രാമ, മമ അന്തഃസ്ഥഃ	ജ്യേഷ്ഠാ, എന്റെ ഉള്ളിലെ
സംശയഃ ത്വയാ ഹൃതഃ	സംശയം അങ്ങയാൽ ദൂരീകരിക്കപ്പെട്ടു
രാമ, സേവാം കർത്തും	പ്രഭോ, (ഇനി) അങ്ങയെ ശുശ്രൂഷിക്കാൻ
പൃഷ്ഠതഃ യാസ്യാമി	ഞാൻ പിന്നാലെ വരാം
തദ് ആദിശ	അതിന് അനുവാദം നല്കിയാലും.

അനുഗൃഹ്ണീഷ്വ മാം രാമ നോ ചേത് പ്രാണാംസ്ത്യജാമ്യഹം
തഥേതിരാഘവോഽപ്യാഹലക്ഷ്മണം യാഹി മാ ചിരം. 52

മാം അനുഗൃഹ്ണീഷ്വ	(അങ്ങനെ ചെയ്ത്) എന്നെ
നോ ചേത് അഹം	അനുഗ്രഹിക്കണം. അല്ലെങ്കിൽ ഞാൻ
പ്രാണാൻ ത്യജാമി	ജീവൻ വെടിയും
രാഘവഃ അപി	രാമനും
തഥാ ഇതി	'അങ്ങനെയാവട്ടെ' എന്ന്
ലക്ഷ്മണം ആഹ	ലക്ഷ്മണനോടു പറഞ്ഞു.
'യാഹി, മാ ചിരം'	'പുറപ്പെട്ടോളൂ; വൈകിക്കേണ്ട.'

പ്രതസ്ഥേ താം സമാധാതും തതഃ സീതാപതിർവിഭുഃ
ആഗതം പതിമാലോക്യ സീതാ സുസ്മിതഭാഷിണീ. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വർണ്ണപാത്രസ്ഥ സലിലൈഃ പാദൗ പ്രക്ഷാല്യ ഭക്തിതഃ
പപ്രച്ഛ പതിമാലോക്യ ദേവ കിം സേനയാ വിനാ. 54

ആഗതോഽസി ഗതഃ കുത്ര ശ്വേതച്ഛത്രം ച തേ കുതഃ
വാദിത്രാണി ന വാദ്യന്തേ കിരീടാദിവിവർജ്ജിതഃ. 55

സാമന്തരാജസഹിതഃ സംഭ്രമാന്നാഗതോഽസി കിം
ഇതി സ്മ സീതയാ പൃഷ്ടോ രാമഃ സസ്മിതമബ്രവീത്. 56

തതഃ വിഭുഃ സീതാപതിഃ താം സമാധാതും	പിന്നെ മഹാനായ സീതാപതി അവളെ (സീതയെ) സമാധാനിപ്പിക്കാൻ
പ്രതസ്ഥേ സുസ്മിതശോഭിണീ സീതാ	പുറപ്പെട്ടു. പുഞ്ചിരിയോടെ മൊഴിയുകന്ന സീത
പതിം ആഗതം ആലോക്യ സ്വർണ്ണപാത്രസ്ഥ സലിലൈഃ	പ്രിയൻ വന്നതു കണ്ട് പൊൻപാത്രത്തിലെ ജലം വന്ന്
പാദൗ പ്രക്ഷാല്യ പതിം ആലോക്യ	(അദ്ദേഹത്തിന്റെ) കാലടികൾ കഴുകി നാഥനിൽ മിഴിയൂന്നി
ഭക്തിതഃ പപ്രച്ഛ	ആദരവോടെ ചോദിച്ചു.
ദേവ, സേനയാ വിനാ കിം ആഗതഃ അസി?	സ്വാമിൻ, രക്ഷാസൈനികരെക്കൂടാതെ പോന്നതെന്ത്?
കുത്ര ഗത(അസി)? തേ ശ്വേതച്ഛത്രം കുതഃ കിരീടാദിവിവർജ്ജിതഃ വാദിത്രാണി ന വാദ്യന്തേ	എവിടെ പോയിരിക്കയായിരുന്നു? അവിടുത്തെ വെണ്കൊററക്കുട എവിടെ? കിരീടാദിയും വെടിഞ്ഞല്ലോ വാദ്യങ്ങളും മുഴങ്ങുന്നില്ല.
കിം സംഭ്രമാത് സാമന്ത- രാജസഹിതഃ ന ആഗതഃ അസി	സംഭ്രമത്താലല്ലേ, സാമന്തരാജാക്കന്മാരോ- ടൊത്തു് പോരാഞ്ഞതു്?
ഇതി സീതയാ പൃഷ്ടഃ രാമഃ സസ്മിതം അബ്രവീത്	സീതയാലിങ്ങനെ ചോദിക്കപ്പെട്ട രാമൻ പുഞ്ചിരിയോടെ പറഞ്ഞു.

രാജ്ഞാ മേ ദണ്ഡകാരണ്യേ രാജ്യം ദത്തം ശുഭേഽഖിലം
അതസ്തത്പാലനാർത്ഥായ ശീഘ്രം യാസ്യാമി ഭാമിനി. 57

ശുഭേ, രാജ്ഞാ മേ	ശുഭേ, രാജാവെനിക്ക്
ദണ്ഡകാരണ്യേ അഖിലം രാജ്യം ദത്തം	ദണ്ഡകവനത്തിലുള്ള മുഴവൻ രാജ്യവും തന്നിരിക്കുന്നു.
അതഃ ഭാമിനി, തത്പാലനാർത്ഥായ ശീഘ്രം യാസ്യാമി	അതിനാൽ ഭാമനേ, ആ രാജ്യം ഭരിക്കാൻ ഞാനുടൻ പോകുകയാണ്.

അദ്യൈവ യാസ്യാമി വനം ത്വം തു ശ്വശ്രൂസമീപഗാ
ശുശ്രൂഷാം കുരു മേ മാതുർ ന മിഥ്യാവാദിനോ വയം. 58

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്യ ഏവ വനം യാസ്യാമി	ഇന്നുതന്നെ ഞാൻ വനത്തിൽ പോകും.
ത്വം തു ശ്വശ്രൂസമീപഗാ	നീയാകട്ടെ അമ്മയുടെ സമീപമുണ്ടാകണം.
മേ മാതുഃ ശുശ്രൂഷാം കുരു	എന്റെ അമ്മയെ ശുശ്രൂഷിക്കയും വേണം.
വയം ന മിഥ്യാവാദിനഃ	നാമൊന്നും പൊയ്‌ പറയാറില്ല.

പറഞ്ഞതു വിശ്വസിക്കാൻ സീതയ്ക്കു വിഷമമുണ്ടാകാം. രാമൻ യാതൊന്നും വെറുതെ പറയാറില്ല എന്ന വസ്തുത അവരുടെ സ്ഥിതിവിശേഷത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനാകുന്നു.

ഇതി ബ്രുവന്തം ശ്രീരാമം സീതാ ഭീതാ ഽബ്രവീദ്വചഃ
കിമർത്ഥം വനരാജ്യം തേ പിത്രാ ദത്തം മഹാത്മനാ. 59

ഇതി ബ്രുവന്തം	ഇങ്ങനെ പറയുന്ന
ശ്രീരാമം ഭീതാ സീതാ	ശ്രീരാമനോട്‌ ഭീതയായ സീത
വചഃ അബ്രവീത്‌	ചോദിച്ചു:
മഹാത്മനാ പിത്രാ	മഹാത്മാവായ പിതാവ്‌
തേ കിമർത്ഥം വനരാജ്യം ദത്തം	അങ്ങേയ്ക്കെന്തിനാണ്‌ വനവാഴ്ച തന്നത്‌?

താമാഹ രാമഃ കൈകേയ്യൈ രാജാ പ്രീതോ വരം ദദൗ
ഭരതായ ദദൗ രാജ്യം വനവാസം മമാനഘേ. 60

രാമഃ താം ആഹ	രാമൻ അവളെ അറിയിച്ചു:
അനഘേ	വിശുദ്ധേ,
പ്രീതഃ രാജാ	പ്രീതനായ രാജാവ്‌
കൈകേയ്യൈ വരം ദദൗ	കൈകേയിക്ക്‌ രണ്ടു വരം നല്കി.
ഭരതായ രാജ്യം ദദൗ	(അതിൻപ്രകാരം) ഭരതനു രാജ്യം
മമ വനവാസം ച	കൊടുത്തു. എനിക്കു വനവാസവും തന്നു.

ചതുർദ്ദശസമാസ്തത്ര വാസോ മേ കില യാചിതഃ
തയാ ദേവ്യാ ദദൗ രാജാ സത്യവാദീ ദയാപരഃ. 61

തയാ ദേവ്യാ	ആ ദേവിയാൽ
മേ ചതുർദ്ദശസമാഃ	എനിക്കു പതിന്നാലു വർഷം
തത്ര വാസഃ യാചിതഃ കില	വനവാസം യാചിക്കപ്പെട്ടുവത്രേ.
ദയാപരഃ	ദയാപരനെങ്കിലും
സത്യവാദീ രാജാ	സത്യവാദിയായ രാജാവ്‌
ദദൗ	(വരം) നല്കി.

പുത്രന്റെനേരേ ദയാപരനെങ്കിലും തന്റെ സത്യം പരിപാലിക്കാതിരിക്കാൻ രാജാവിനു കഴിയുമായിരുന്നില്ല.

അതഃ ശീഘ്രം ഗമിഷ്യാമി മാ വിഘ്നം കുരു ഭാമിനി
ശ്രുത്വാ തദ്‌ രാമവചനം ജാനകീ പ്രീതിസംയുതാ. 62

അഹമഗ്രേ ഗമിഷ്യാമി വനം പശ്ചാത്‌ത്വമേഷ്യസി
ഇത്യാഹ മാം വിനാഗന്തും തവ രാഘവ നോചിതം. 63

ഭാമിനി, അതഃ	ഉത്തമേ, അതിനാൽ
ശീഘ്രം ഗമിഷ്യാമി	ഞാനുടൻ പോകയാണ്‌.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീഘ്നം മാ കുരു	നീ തടസ്സമുണ്ടാക്കരുതു്.
ഏതദ് രാമവചനം ശ്രുത്വാ	ആ രാമവാക്യം കേട്ടു്
ജാനകീ പ്രീതിസംയുതാ ഇതി ആഹ	ജാനകി പ്രീതിയോടെ ഇങ്ങനെ പറഞ്ഞു.
വനം അഹം അഗ്രേ ഗമിഷ്യാമി ത്വം പശ്ചാത് ഏഷ്യസി	കാട്ടിലേക്കു ഞാൻ മുമ്പേ പോകാം. അങ്ങു് പിന്നാലെ നടക്കണം.
രാഘവ, മാം വിനാ ഗന്തും തവ ന ഉചിതം	സ്വാമിൻ, എന്നെക്കൂടാതെ പോകുന്നതു് അങ്ങേയ്ക്കു് ഉചിതമല്ല.

'പ്രമദാപതിവർത്മഗാ' എന്നതു് അറിയാത്തവരാരുമില്ല. കാടായാലും നാടായാലും രാമസാമീപ്യമാണു് സീതയ്ക്കു സ്വർഗ്ഗം.

> താമാഹ രാഘവഃ പ്രീതഃ സ്വപ്രിയാം പ്രിയവാദിനീം
> കഥം വനം ത്വാം നേഷ്യേ ƒ ഹം ബഹുവ്യാഘ്രമൃഗാകുലം. 64

പ്രിയവാദിനീം താം സ്വപ്രിയാം പ്രീതഃ രാഘവഃ ആഹ	പ്രിയം മൊഴിയുന്ന തന്റെ ആ പ്രേയസിയോടു് പ്രീതിയോടെ രാഘവൻ പറഞ്ഞു:
ബഹുവ്യാഘ്രമൃഗാകുലം വനം	ധാരാളം കടുവ തുടങ്ങിയ മൃഗങ്ങൾ തിങ്ങിയ കാട്ടിലേക്കു്
അഹം ത്വാം കഥം നേഷ്യേ	ഞാൻ നിന്നെ എങ്ങനെ കൊണ്ടുപോകും?

> രാക്ഷസാഃ ഘോരരൂപാശ്ച സന്തി മാനുഷഭോജിനഃ
> സിംഹവ്യാഘ്രവരാഹാശ്ച സഞ്ചരന്തി സമന്തതഃ. 65

മാനുഷഭോജിനഃ ഘോരരൂപാഃ ച	മനുഷ്യരെ തിന്നുന്നവരും ഘോരരൂപികളുമായ
രാക്ഷസാഃ സന്തി സിംഹവ്യാഘ്രവരാഹാഃ ച സമന്തതഃ സഞ്ചരന്തി	രാക്ഷസന്മാർ കാട്ടിലുണ്ടു്. സിംഹം, കടുവ, പന്നി എന്നിവയും ചുററിനടക്കുകയാണു്.

> കടവമ്ലഫലമൂലാനി ഭോജനാർത്ഥം സുമധ്യമേ
> അപൂപാനി വ്യഞ്ജനാനി വിദ്യന്തേ ന കദാചന. 66

സുമധ്യമേ, ഭോജനാർത്ഥം കടവമ്ലഫലമൂലാനി	രമണേ, ഭക്ഷണത്തിനു് കയ്പും പുളിപ്പുമുള്ള കായ്കളും കിഴങ്ങുകളും മാത്രം.
അപൂപാനി, വ്യഞ്ജനാനി കദാചന ന വിദ്യന്തേ	അപ്പങ്ങൾ, വ്യഞ്ജനങ്ങൾ ഇവയൊന്നും എങ്ങും ഉണ്ടായിരിക്കയില്ല.

> കാലേ കാലേ ഫലം വാപി വിദ്യതേ കുത്ര സുന്ദരി
> മാർഗ്ഗോ ന ദൃശ്യതേ ക്വാപി ശർക്കരാകണ്ടകാന്വിതഃ. 67

സുന്ദരി, ഫലം വാപി കാലേ കാലേ കുത്ര വിദ്യതേ	സുന്ദരി, ഫലംപോലും വേണ്ട സമയത്തു് എവിടെയുണ്ടു്?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശർക്കരാകണ്ടകാന്വിതഃ മാർഗ്ഗഃ	കല്ലും മുള്ളും നിറഞ്ഞ പാത
ക്വാപി ന ദൃശ്യതേ	എങ്ങും കാണാൻപോലും കഴിയുകയില്ല.

ഗുഹാഗഹ്വരസംബാധം ഝില്ലീദംശാദിഭിർയുതം
ഏവം ബഹുവിധം ദോഷം വനം ദണ്ഡകസംജ്ഞിതം. 68

ഗുഹാഗഹ്വരസംബാധം	ഗുഹാഗഹ്വരങ്ങൾ നിറഞ്ഞതും
ഝില്ലീദംശാദിഭിഃ യുതം	ചീവീട്, ദംശം ആദി തിങ്ങിയതും
ഏവം ബഹുവിധം ദോഷം	ഇതുപോലെ പലതരം ദോഷങ്ങളുള്ളതുമാണ്
ദണ്ഡകസംജ്ഞിതം വനം	ദണ്ഡകമെന്ന പേരായ ആ വനം.

പാദചാരേണ ഗന്തവ്യം ശീതവാതാതപാദിമത്
രാക്ഷസാദീൻ വനേ ദൃഷ്ട്വാ ജീവിതം ഹാസ്യസേഽചിരാത്.

പാദചാരേണ ഗന്തവ്യം	കാൽനടയായി നടക്കണം.
ശീതവാതാതപാദിമത്	(കൊടിയ) തണുപ്പും കാറ്റും ചൂടുമുണ്ട്.
വനേ രാക്ഷസാദീൻ ദൃഷ്ട്വാ	കാട്ടിലെ രാക്ഷസാദികളെ കണ്ടാൽ
അചിരാത് ജീവിതം	നീയുടൻ പ്രാണൻ
ഹാസ്യസേ	വെടിഞ്ഞെന്നുവരാം.

തസ്മാത് ഭദ്രേ ഗൃഹേ തിഷ്ഠ ശീഘ്രം ദ്രക്ഷ്യസി മാം പുനഃ
രാമസ്യ വചനം ശ്രുത്വാ സീതാ ദുഃഖസമന്വിതാ. 70

പ്രത്യുവാച സ്ഫുരദ്വക്ത്രാ കിഞ്ചിത് കോപസമന്വിതാ
കഥം മാമിച്ഛസേ ത്യക്തും ധർമ്മപത്നീം പതിവ്രതാം. 71

ഭദ്രേ, തസ്മാത്	മംഗളമയി, അതിനാൽ
ഗൃഹേ തിഷ്ഠ	നീ അരമനയിൽ കഴിയുക.
മാം പുനഃ ശീഘ്രം ദ്രക്ഷ്യസി	എന്നെ വീണ്ടും വിളംബമെന്യേ കാണാം.
രാമസ്യ വചനം ശ്രുത്വാ	രാമവചനം കേട്ട്
ദുഃഖസമന്വിതാ	ആടലാർന്ന്
സ്ഫുരദ്വക്ത്രാ സീതാ	മുഖം തുടുത്ത സീത
കിഞ്ചിത് കോപസമന്വിതാ	തെല്ല് കോപത്തോടെ
പ്രത്യുവാച	പ്രതിവചിച്ചു;
പതിവ്രതാം	പതിവ്രതയും
ധർമ്മപത്നീം മാം	ധർമ്മപത്നിയുമായ എന്നെ
ത്യക്തും കഥം	വിട്ടുപോകാൻ അങ്ങ് എങ്ങനെ
ഇച്ഛസേ	ഇച്ഛിക്കുന്നു?

ത്വദനന്യാമദോഷാം മാം ധർമ്മജ്ഞോഽസി ദയാപരഃ
ത്വത്സമീപേ സ്ഥിതാം രാമ കോ വാ മാം ധർഷയേദ്വനേ. 72

(ത്വം) ധർമ്മജ്ഞഃ	അങ്ങ് ധർമ്മമറിയുന്നവനും
ദയാപരഃ അസി	ദയാനിധിയുമാണല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വദനന്യാം ത്വത് സമീപേ സ്ഥിതാം	അങ്ങല്ലാതാരുമില്ലാത്തവളും അവിടുത്തെ സമീപസ്ഥയും
അദോഷാം മാം രാമ, വനേ കഃ വാ ധർഷയേത്	നിർദ്ദോഷിയുമായ എന്നെ രാമ, വനത്തിലാരാണ് ഉപദ്രവിക്കുക?

ഭർത്തൃപരായണതയും പവിത്രതയും സീതയെ സംബന്ധിച്ചിടത്തോളം രക്ഷാകവചങ്ങളാണ്. പോരെങ്കിൽ ഭുവനൈകവീരനായ രാമചന്ദ്രന്റെ സാമീപ്യവുമുണ്ടല്ലോ.

ഫലമൂലാദികം യദ്യദ് തവ ഭുക്താവശേഷിതം
തദേവാമൃതതുല്യം മേ തേന തുഷ്ടാ രമാമ്യഹം. 73

തവ ഭുക്താവശേഷിതം യദ് യദ് ഫലമൂലാദികം	അങ്ങ് ഭക്ഷിച്ചിട്ട് ശേഷിക്കുന്ന ഏതു ഫലമൂലാദികളുണ്ടോ,
തദ് മേ അമൃതതുല്യം ഏവ	അതെനിക്ക് അമൃതതുല്യം തന്നെയായിരിക്കും.
തേന തുഷ്ടാ അഹം രമാമി	അതുകൊണ്ട് തുഷ്ടിപൂണ്ട് ഞാൻ ആനന്ദിക്കും.

ത്വയാ സഹ ചരന്ത്യാ മേ കുശാഃ കാശാശ്ച കണ്ടകാഃ
പുഷ്പാസ്തരണതുല്യാ മേ ഭവിഷ്യന്തി ന സംശയഃ 74

ത്വയാ സഹ ചരന്ത്യാഃ മേ കുശാഃ കാശാഃ കണ്ടകാഃ ച	അങ്ങയോടൊത്തു നടക്കുന്ന എനിക്ക് ദർഭകളും കാശങ്ങളും മുള്ളുകളും
പുഷ്പാസ്തരണതുല്യാഃ ഭവിഷ്യന്തി; ന സംശയഃ	പൂവിരിപ്പിനു തുല്യരായി- ത്തീരും; തീർച്ച.

അഹം ത്വാം ക്ലേശയേ നൈവ ഭവേയം കാര്യസാധിനീ
ബാല്യേ മാം വീക്ഷ്യ കശ്ചിദ്വൈ ജ്യോതിശ്ശാസ്ത്രവിശാരദഃ. 75

പ്രാഹ തേ വിപിനേ വാസഃ പത്യാ സഹ ഭവിഷ്യതി
സത്യവാദീ ദ്വിജോ ഭൂയാത് ഗമിഷ്യാമി ത്വയാ സഹ. 76

അഹം ത്വാം ന ക്ലേശയേ ഏവ	ഞാനങ്ങയെ ക്ലേശിപ്പിക്കയേ ഇല്ല.
കാര്യസാധിനീ ഭവേയം	(മറിച്ച്) കാര്യത്തിനുതകുന്നവളായി വർത്തിക്കും.
ബാല്യേ മാം വീക്ഷ്യ കശ്ചിത് ജ്യോതിഃശാസ്ത്ര- വിശാരദഃ പ്രാഹ	കുട്ടിക്കാലത്ത് എന്നെ നോക്കി ഒരു ജ്യോതിശ്ശാസ്ത്രജ്ഞൻ പ്രവചിക്കുകയുണ്ടായി,
പത്യാ സഹ തേ വിപിനേ വാസഃ ഭവിഷ്യതി	പതിയോടൊപ്പം നിനക്കു കാട്ടിൽ പാർക്കേണ്ടിവരുമെന്ന്.
ത്വയാ സഹ ഗമിഷ്യാമി	ഞാനങ്ങയുടെകൂടെ വരാം
ദ്വിജഃ സത്യവാദീ ഭൂയാത്	ആ ബ്രാഹ്മണൻ സത്യവാദിയായി- ത്തീരട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്യോത്സ്യപ്രവചനത്തിന്റെ ഫലപ്രാപ്തിയിലുള്ള ആസ്ഥ സീതാരാമന്മാരെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണെങ്കിലും അധ്യാത്മരാമായണം രചിക്കപ്പെട്ട കാലത്തെ പൊതുവിശ്വാസത്തെ വെളിപ്പെടുത്താൻ അതു് ഉതകും. ബ്രാഹ്മണന്റെ വാക്കുകൾ മിഥ്യയാകാതിരിക്കാനും വനവാസം ആവശ്യമാണു്.

അന്യത് കിഞ്ചിത് പ്രവക്ഷ്യാമി ശ്രുത്വാ മാം നയ കാനനം.
രാമായണാനി ബഹുശഃ ശ്രുതാനി ബഹുഭിർദ്വിജൈഃ. 77

സീതാം വിനാ വനം രാമോ ഗതഃ കിം കുത്രചിദ്വദ
അതസ്ത്വയാ ഗമിഷ്യാമി സർവ്വഥാ ത്വത്സഹായിനീ. 78

അന്യത് കിഞ്ചിത് പ്രവക്ഷ്യാമി	മറ്റൊരു കാര്യംകൂടി പറയാം
ശ്രുത്വാ മാം കാനനം നയ	(അതു്) കേട്ടിട്ടു് എന്നെ കാട്ടിലേക്കു കൊണ്ടുപോകണം.
ബഹുഭിഃ ദ്വിജൈഃ	പല വിപ്രരിൽനിന്നും
രാമായണാനി ബഹുശഃ ശ്രുതാനി	രാമായണങ്ങൾ പലതും ശ്രുതിപ്പെട്ടിട്ടുണ്ടു്. (അവയിൽ)
കുത്രചിത്	ഏതിലെങ്കിലും
കിം രാമഃ സീതാം വിനാ വനം ഗതഃ വദ	രാമൻ സീതയെ കൂടാതെ വനത്തിൽ പോയിട്ടുണ്ടോ? പറയൂ.
അതഃ സർവ്വഥാ ത്വത് സഹായിനീ	അതിനാൽ എല്ലാത്തരത്തിലും അങ്ങേക്കു സഹായം ചെയ്യാനായി
ത്വയാ (സഹ) ഗമിഷ്യാമി	അങ്ങയുടെകൂടെ ഞാൻ വരും.

യദി ഗച്ഛസി മാം ത്യക്ത്വാ പ്രാണാംസ്ത്യക്ഷ്യാമി തേഽഗ്രതഃ
ഇതി തം നിശ്ചയം ജ്ഞാത്വാ സീതായാഃ രഘുനന്ദനഃ. 79

അബ്രവീദ്ദേവി ഗച്ഛ ത്വം വനം ശീഘ്രം മയാ സഹ
അരുന്ധത്യൈ പ്രയച്ഛാശു ഹാരാനാഭരണാനി ച. 80

യദി മാം ത്യക്ത്വാ ഗച്ഛസി	എന്നെ വിട്ടിട്ടുപോയാൽ
തേ അഗ്രതഃ പ്രാണാൻ ത്യക്ഷ്യാമി	അവിടുത്തെ മുമ്പിൽ ഞാൻ ജീവൻ ത്യജിക്കും.
ഇതി സീതായാഃ തം നിശ്ചയം ജ്ഞാത്വാ	ഇപ്രകാരം സീതയുടെ ആ നിശ്ചയമറിഞ്ഞപ്പോൾ
രഘുനന്ദനഃ അബ്രവീത്	രഘുനന്ദനൻ പറഞ്ഞു:
ദേവി, ത്വം ശീഘ്രം മയാ സഹ വനം ഗച്ഛ	ദേവി, നീയുടൻതന്നെ എന്റെകൂടെ വനത്തിലേക്കു പോരൂ.
ഹാരാൻ ആഭരണാനി ച ആശു അരുന്ധത്യൈ പ്രയച്ഛ	മാലകളും ആഭരണങ്ങളും ശീഘ്രം അരുന്ധതീദേവിക്കു ദാനംചെയ്യുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രാഹ്മണേഭ്യോ ധനം സർവ്വം ദത്വാ ഗച്ഛാമഹേ വനം
ഇത്യുക്ത്വാ ലക്ഷ്മണേനാശു ദ്വിജാനാഹൂയ ഭക്തിതഃ. 81

ദദൗ ഗവാം വൃന്ദശതം ധനാനി
വസ്ത്രാണി ദിവ്യാനി വിഭൂഷണാനി
കുടുംബവദ്ഭ്യഃ ശ്രുതശീലവദ്ഭ്യോ
മുദാ ദ്വിജേഭ്യോ രഘുവംശകേതുഃ. 82

സർവ്വം ധനം ബ്രാഹ്മണേഭ്യഃ ദത്വാ വനം ഗച്ഛാമഹേ	എല്ലാം സമ്പത്തും ബ്രാഹ്മണർക്കു ദാനംചെയ്തിട്ട് നമുക്കു കാട്ടിലേക്കു പോകാം.
ഇതി ഉക്ത്വാ രഘുവംശകേതുഃ ആശു ലക്ഷ്മണേന	ഇങ്ങനെ പറഞ്ഞിട്ട് ആ രഘുനാഥൻ സത്വരം ലക്ഷ്മണനെക്കൊണ്ട്
ദ്വിജാൻ ആഹൂയ ഗവാം വൃന്ദശതം	ബ്രാഹ്മണരെ വിളിപ്പിച്ച് നൂറുകണക്കിന് ഗോക്കളെയും
ധനാനി ദിവ്യാനി വസ്ത്രാണി	സമ്പത്തും ദിവ്യവസ്ത്രങ്ങളും
വിഭൂഷണാനി ച ശ്രുതശീലവദ്ഭ്യഃ കുടുംബവദ്ഭ്യഃ ദ്വിജേഭ്യ മുദാ ഭക്തിതഃ ദദൗ	ആഭരണങ്ങളും എല്ലാം ജ്ഞാനികളും സത്സ്വഭാവികളും ഗൃഹസ്ഥാശ്രമികളുമായ വിപ്രർക്ക് മോദമോടെ, ഭക്തിപൂർവ്വം ദാനംചെയ്തു.

അരുന്ധത്യൈ ദദൗ സീതാ മുഖ്യാന്യാഭരണാനി ച
രാമോമാതുഃ സേവകേഭ്യോ ദദൗ ധനമനേകധാ. 83

സീതാ ച മുഖ്യാനി ആഭരണാനി അരുന്ധത്യൈ ദദൗ	സീതയും തന്റെ വിലപ്പെട്ട ആഭരണങ്ങൾ അരുന്ധതീദേവിക്കു കൊടുത്തു.
രാമമാതുഃ സേവകേഭ്യഃ അനേകധാ ധനം ദദൗ	രാമമാതാവിന്റെ സേവകർക്കും ധാരാളം ധനം നല്കി.

സ്വകാന്തഃപുരവാസിഭ്യഃ സേവകേഭ്യസ്തഥൈവ ച
പൗരജാനപദേഭ്യശ്ച ബ്രഹ്മണേഭ്യഃ സഹസ്രശഃ. 84

തഥാ ഏവ	അതുപോലെതന്നെ
സ്വകാന്തഃപുരവാസിഭ്യഃ സേവകേഭ്യഃ	തന്റെ അന്തഃപുരവാസികളായ സേവകർക്കും
പൗരജാനപദേഭ്യഃ ബ്രഹ്മണേഭ്യഃ ച	പൗരന്മാർക്കും ഗ്രാമീണർക്കും ബ്രാഹ്മണർക്കും എല്ലാം
സഹസ്രശഃ (ദദൗ)	ആയിരക്കണക്കിന് ദാനംചെയ്തു.

ലക്ഷ്മണോഽപി സുമിത്രാം തു കൗസല്യായൈ സമർപ്പയത്
ധനുഷ്പാണിഃ സമാഗത്യ രാമസ്യാഗ്രേ വ്യവസ്ഥിതഃ. 85

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷ്മണഃ അപി	ലക്ഷ്മണനും തന്റെ അമ്മയായ
സുമിത്രാം തു	സുമിത്രയെ
കൗസല്യായൈഃ	കൗസല്യാദേവിക്കു
സമർപ്പയത്	സമർപ്പിച്ചു.
ധനുഷ്പാണിഃ	(എന്നിട്ട്) വില്ലേന്തി
രാമസ്യ അഗ്രേ സമാഗത്യ	രാമന്റെ മുമ്പിൽ വന്ന്
വ്യവസ്ഥിതഃ	നിലകൊണ്ടു.

രാമഃ സീതാ ലക്ഷ്മണശ്ച ജഗ്മുഃ സർവ്വേ നൃപാലയം. 86

രാമഃ സീതാ ലക്ഷ്മണഃ	പിന്നെ രാമൻ, സീത, ലക്ഷ്മണൻ
ച സർവ്വേ	ഇവരെല്ലാം
നൃപാലയം ജഗ്മുഃ	രാജാവിന്റെ വസതിയിലേക്കു പോയി.

ശ്രീരാമഃ സഹസീതയാ നൃപപഥേ
ഗച്ഛൻ ശനൈഃ സാനുജഃ
പൗരാൻ ജാനപദാൻ കുതൂഹലദൃശഃ
സാനന്ദമുദ്വീക്ഷയൻ
ശ്യാമഃ കാമസഹസ്രസുന്ദരവപുഃ
കാന്ത്യാ ദിശോ ഭാസയൻ
പാദന്യാസപവിത്രിതാഖിലജഗത്—
പ്രാപാലയം തത് പിതുഃ. 87

കാമസഹസ്ര—	ആയിരം മദനന്മാരുടെ
സുന്ദരവപുഃ	അഴകിയന്ന ദേഹമുള്ളവനും
ശ്യാമഃ ശ്രീരാമഃ	കാർവർണ്ണനുമായ ശ്രീരാമൻ
കാന്ത്യാ ദിശഃ ഭാസയൻ	ഒളിയാൽ ദിക്കുകളെ വിളക്കിക്കൊണ്ട്
കുതൂഹലദൃശഃ	കുതൂഹലത്തോടെ നോക്കുന്ന
പൗരാൻ	നാഗരികരേയും
ജാനപദാൻ സാനന്ദം	നാട്ടിൻപുറത്തുകാരേയും സാനന്ദം
ഉദ്വീക്ഷയൻ	തുറകൺപാർത്ത്
പാദന്യാസപവിത്രിതാ-	ചേവടി ചേർത്ത് ഭുവനമെല്ലാം
ഖിലജഗത്	പാവനമാക്കി
സാനുജഃ സീതയാ സഹ	അനുജനോടും ജാനകിയോടുമൊപ്പം
നൃപപഥേ ശനൈഃ	രാജവീഥിയിലൂടെ മെല്ലെ
ശനൈഃ ഗച്ഛൻ	മെല്ലെ നടന്ന്
തത്പിതുഃ ആലയം പ്രാപ	സ്വപിതാവിന്റെ ഭവനത്തിലെത്തി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ ചതുർത്ഥഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം നാലാംസർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം അഞ്ച്

രാമന്റെ വനയാത്ര

ശ്രീമഹാദേവ ഉവാച: മഹാദേവൻ പറഞ്ഞു

ആയാന്തം നാഗരാഃ ദൃഷ്ട്വാ മാർഗ്ഗേ രാമം സ ജാനകീം
ലക്ഷ്മണേന സമം വീക്ഷ്യ ഊചുഃ സർവ്വേ പരസ്പരം. 1

കൈകേയ്യാഃ വരദാനാദി ശ്രുത്വാ ദുഃഖസമാവൃതാ
ബത രാജാ ദശരഥഃ സത്യസന്ധം പ്രിയം സുതം. 2

സ്ത്രീഹേതോരത്യജത് കാമീ തസ്യ സത്യവതാ കുത
കൈകേയീ വാ കഥം ദുഷ്ടാ രാമം സത്യം പ്രിയങ്കരം. 3

വിവാസയാമാസ കഥം ക്രൂരകർമ്മാതിമൂഢധീഃ
ഹേ ജനാഃ നാത്ര വസ്തവ്യം ഗച്ഛാമോ/ദ്യൈവകാനനം. 4

സ ജാനകീം ലക്ഷ്മണേന സമം	ജാനകിയോടും ലക്ഷ്മണനോടുംകൂടെ
മാർഗ്ഗേ ആയാന്തം രാമം ദൃഷ്ട്വാ	വഴിയിലൂടെ വരുന്ന രാമനെ കാണുകയും
കൈകേയ്യാഃ വരദാനാദി ശ്രുത്വാ (ച)	കൈകേയിക്ക് (രാജാവു നല്കിയ) വരദാനം തുടങ്ങിയവ കേൾക്കുകയുംചെയ്ത്
ദുഃഖസമാവൃതാഃ നാഗരാഃ സർവ്വേ പരസ്പരം വീക്ഷ്യ ഊചുഃ ബത! കാമീ രാജാ ദശരഥഃ സ്ത്രീഹേതോഃ സത്യസന്ധം പ്രിയം സുതം അത്യജത്	ദുഃഖത്തിലാണ്ട നഗരവാസികളെല്ലാം തമ്മിൽ നോക്കി പറഞ്ഞു: കഷ്ടം! കാമലോലനായ ദശരഥരാജാവ് (ഒരു) വനിതയ്ക്കുവേണ്ടി സത്യസന്ധനായ പ്രിയപുത്രനെ തള്ളിക്കളഞ്ഞല്ലോ.
കുതഃ തസ്യ സത്യവതാ	എവിടെയാണ് അയാളുടെ സത്യസന്ധത?
ക്രൂരകർമ്മാ അതിമൂഢധീഃ	ക്രൂരത ചെയ്യുന്നവളും തികച്ചും മൂഢമതിയും
ദുഷ്ടാ കൈകേയീ സത്യം പ്രിയങ്കരം രാമം കഥം വാ വിവാസയാമാസ	ദുഷ്ടയുമായ ആ കൈകേയി സത്യവാനും പ്രിയങ്കരനുമായ രാമനെ എങ്ങനെ (നാട്ടിൽനിന്നു) പുറത്താക്കി?
ഹേ ജനാഃ അത്ര ന വസ്തവ്യം	അല്ലയോ ജനങ്ങളേ, ഇവിടെ പാർത്തുകൂടാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്യ ഏവ കാനനം ഗച്ഛാമ	ഇന്നുതന്നെ (നമുക്ക്) കാട്ടിലേക്കു പോകാം.

യത്ര രാമഃ സഭാര്യശ്ച സാനുജോ ഗന്തുമിച്ഛതി
പശ്യന്തു ജാനകീം സര്വ്വേ പാദചാരേണ ഗച്ഛതീം. 5

യത്ര രാമഃ സഭാര്യഃ സാനുജഃ ഗന്തും ഇച്ഛതി	അവിടെയാണല്ലോ രാമൻ ഭാര്യയോടും അനുജനോടുംകൂടെ പോകാനാഗ്രഹിക്കുന്നതു്.
പാദചാരേണ ഗച്ഛതീം ജാനകീം സര്വ്വേ പശ്യന്തു	കാൽനടയായി പോകുന്ന സീതയെ സകലരും കാണട്ടെ.

രാജകുമാരിയായ സീത പെരുവഴിയിലൂടെ നടക്കുന്നു എന്നതു് ജനങ്ങൾക്കു് സങ്കല്പിക്കുകപോലും വിഷമം. അതിനിടയാക്കിയവരുടെ കടുംകൈ ആളുകൾ മനസ്സിലാക്കട്ടെ!

പുംഭിഃ കദാചിത് ദൃഷ്ടാ വാ ജാനകീ ലോകസുന്ദരീ
സാപി പാദേന ഗച്ഛന്തീ ജനസംഘേഷ്വനാവൃതാ. 6

ലോകസുന്ദരീ ജാനകീ പുംഭിഃ കദാചിത് ദൃഷ്ടാ വാ സാ അപി ജനസംഘേഷു അനാവൃതാ പാദേന ഗച്ഛന്തീ (വര്ത്തതേ)	ലോകസുന്ദരിയായ ജാനകി (അന്യ)പുരുഷന്മാർ എന്നെങ്കിലും കാണപ്പെട്ടിട്ടുണ്ടോ? അവൾപോലും ആൾക്കൂട്ടത്തിൽ (യാതൊരു) മറവുംകൂടാതെ (ഇതാ) കാൽനടയായിപ്പോകുന്നു.

പെരുതുനിരത്തിൽ ആളുകൾക്കിടയിലൂടെ മൂടുപടമില്ലാതെ നടന്നുപോകുകയെന്നതു് രാജ്ഞിമാർക്കു് അപമാനജനകവും അതിവദുഃഖകരവുമാണു്.

രാമോ*f*പി പാദചാരേണ ഗജാശ്വാദി വിവര്ജ്ജിതഃ
ഗച്ഛതി ദ്രക്ഷ്യഥ വിഭും സര്വ്വലോകൈകസുന്ദരം. 7

രാമഃ അപി ഗജാശ്വാദി വിവര്ജ്ജിതഃ	രാമനും ആന, കുതിര ആദി (അകമ്പടികൾ) വെടിഞ്ഞു്
പാദചാരേണ ഗച്ഛതി	കാൽനടയായിപ്പോകുന്നു.
സര്വ്വലോകൈകസുന്ദരം വിഭും ദ്രക്ഷ്യഥ	ലോകൈകസുന്ദരനായ ആ പ്രഭുവിനെ (ഒന്നു) നോക്കുവിൻ.

രാക്ഷസീ കൈകയീ നാമ്നീ ജാതാ സര്വ്വവിനാശിനീ
രാമസ്യാപി ഭവേദ് ദുഃഖം സീതായാഃ പാദയാനതഃ. 8

കൈകയീ നാമ്നീ രാക്ഷസീ	കൈകേയി എന്നു പേരുള്ള ഈ രാക്ഷസി
സര്വ്വവിനാശിനീ ജാതാ	എല്ലാം നശിപ്പിക്കാൻ പിറന്നവളാണു്.
സീതായാഃ പാദയാനതഃ അപി	സീതയിങ്ങനെ നടന്നുപോകുന്നതു കണ്ടാൽത്തന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമസ്യ ദുഃഖം ഭവേത്	രാമചന്ദ്രന് ദുഃഖമേറുമല്ലോ.

വനവാസമാകെ ദുഃഖകരം. അതു സഹിക്കാൻ പൗരുഷപ്രതീകമായ രാമചന്ദ്രനു സാധിക്കും. പക്ഷേ, നിരപരാധിയായ തന്റെ പ്രേയസി കഷ്ടപ്പെടുന്നതു സഹിക്കാൻ കഴിഞ്ഞെന്നുവരില്ല.

ബലവാൻ വിധിരേവാത്ര പുംപ്രയത്നോ ഹി ദുർബലഃ
ഇതി ദുഃഖാകുലേ വൃന്ദേ സാധൂനാം മുനിപുംഗവഃ. 9

അബ്രവീത് വാമദേവോഽഥ സാധൂനാം സംഘമധ്യഗഃ
മാനുശോചഥ രാമം വാ സീതാം വാ വച്മി തത്വതഃ. 10

അത്ര വിധിഃ ഏവ ബലവാൻ	ഇതിൽ വിധിതന്നെ ബലവാൻ.
പുംപ്രയത്നഃ ദുർബ്ബലഃ ഹി	പുരുഷപ്രയത്നത്തിന് കരുത്തേയില്ല.
ഇതി സാധൂനാം വൃന്ദേ ദുഃഖാകുലേ (സതി)	ഇങ്ങനെ സാധുജനസമൂഹം സങ്കടത്തിൽ മുഴുകിയപ്പോൾ
സാധൂനാം സംഘമധ്യഗഃ	സാധുസംഘത്തിന്റെ നടുവിലേക്കു വന്ന
മുനിപുംഗവഃ വാമദേവഃ അബ്രവീത്	മുനിവരൻ വാമദേവൻ അരുളിച്ചെയ്തു.
രാമം വാ സീതാം വാ മാ അനുശോചഥ തത്വതഃ വച്മി	രാമനെയോ സീതയെയോ ചൊല്ലി (നിങ്ങൾ) ദുഃഖിക്കേണ്ടതില്ല. സത്യസ്ഥിതി ഞാൻ പറയാം.

ഏഷ രാമഃ പരോ വിഷ്ണുരാദിനാരായണഃ സ്മൃതഃ
ഏഷാ സാ ജാനകീ ലക്ഷ്മീർയോഗമായേതി വിശ്രുതാ. 11

ഏഷഃ രാമഃ ആദിനാരായണഃ	ഈ രാമൻ ആദിനാരായണനാണ്.
പരഃ വിഷ്ണുഃ സ്മൃതഃ	(ഇദ്ദേഹമാണ്) പരമപുരുഷനായ വിഷ്ണുവെന്ന് സ്മരിക്കപ്പെടുന്നതു്.
ഏഷാ ജാനകീ യോഗമായാ ഇതി വിശ്രുതാ ലക്ഷ്മീഃ	ഈ ജാനകി (ഭഗവാന്റെ) യോഗമായയെന്ന് പുകഴ്പെററ ലക്ഷ്മീദേവിയത്രേ.

അസൗ ശേഷസ്തമന്വേതി ലക്ഷ്മണാഖ്യശ്ച സാമ്പ്രതം
ഏഷ മായാഗുണൈർയുക്തസ്തത്തദാകാരവാനിവ. 12

ലക്ഷ്മണാഖ്യഃ അസൗ ശേഷഃ	ലക്ഷ്മണനെന്ന പേരുള്ള ഇയാൾ ആദിശേഷ(അനന്തൻ)നാകുന്നു.
മായാഗുണൈഃ യുക്തഃ ഏഷഃ	മായാഗുണങ്ങളോടു ചേർന്ന ഇദ്ദേഹം (രാമൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്തദാകാരവാൻ	അതതതാകൃതി കൈക്കൊള്ളുന്ന
ഇവ	പോലെ (തോന്നുകയാണ്).

പരമപുരുഷൻ മായാഗുണങ്ങളുമായി ചേരുമ്പോൾ പല രൂപം കൈക്കൊള്ളുന്നതായി മററുള്ളവർക്കു തോന്നും. അദ്ദേഹം യഥാർത്ഥത്തിൽ ഒരു രൂപവും ധരിക്കുന്നില്ല എന്നതാണേ സത്യം. തോന്നലിന്റെ ഹേതുവും മായതന്നെ. മായ എന്നാൽ 'മാതി = പരിച്ഛേദിക്കുന്നു' എന്നു് ഇവിടെ അർത്ഥം.

ഏഷ ഏവ രജോയുക്തോ ബ്രഹ്മാ ഽഭൂദ്വിശ്വഭാവനഃ
സത്വാവിഷ്ടസ്തഥാ വിഷ്ണുസ്ത്രിജഗത് പ്രതിപാലകഃ. 13

ഏഷ ഏവ	ഇദ്ദേഹംതന്നെ
രജോയുക്തഃ	രജോഗുണത്തോടു ചേർന്നു്
വിശ്വഭാവനഃ	വിശ്വം പരുക്കുന്ന
ബ്രഹ്മാ അഭൂത്	ബ്രഹ്മാവായി.
തഥാ സത്വാവിഷ്ടഃ	അതുപോലെ സത്വത്തോടു ചേർന്നു്
ത്രിജഗത് പ്രതിപാലകഃ	ലോകം മൂന്നും കാക്കുന്ന
വിഷ്ണുഃ	വിഷ്ണുവും.

ഏഷ രുദ്രസ്താമസോ ഽന്തേ ജഗത്പ്രളയകാരണം
ഏഷ മത്സ്യഃ പുരാ ഭൂത്വാ ഭക്തം വൈവസ്വതം മനും. 14

നാവ്യാരോപ്യ ലയസ്യാന്തേ പാലയാമാസ രാഘവഃ
സമുദ്രമഥനേ പൂർവ്വം മന്ദരേ സുതലം ഗതേ. 15

അധാരയത് സ്വപൃഷ്ഠേ ഽദ്രിം കൂർമ്മരൂപീ രഘൂത്തമഃ
മഹീ രസാതലം യാതാ പ്രളയേ സൂകരോ ഽഭവത്. 16

തോലയാമാസ ദംഷ്ട്രാഗ്രേ താം ക്ഷോണീം രഘുനന്ദനഃ

അന്തേ താമസഃ ജഗത്	കല്പാന്തത്തിൽ തമോഗുണം സ്വീകരിച്ച്
പ്രളയകാരണം	വിശ്വനാശത്തിനു ഹേതുവാകുന്ന
രുദ്രഃ ഏഷഃ	രുദ്രനും ഈ രാമനാണു്.
പുരാ ലയസ്യ അന്തേ	പണ്ടു് പ്രളയാന്തത്തിൽ
മത്സ്യഃ ഭൂത്വാ രാഘവഃ	മീനാകൃതിപൂണ്ടു് രാമൻ
ഭക്തം വൈവസ്വതം മനും	ഭക്തനായ വൈവസ്വതമനുവിനെ
നാവി ആരോപ്യ	നൗകയിലേററി
പാലയാമാസ	രക്ഷിച്ചു.
പൂർവ്വം സമുദ്രമഥനേ	മുമ്പു് പാലാഴി കടയവേ
മന്ദരേ സുതലം ഗതേ	മന്ദരം പാതാളത്തിലേക്കു താണപ്പോൾ
കൂർമ്മരൂപീ	ആമയുടെ രൂപം കൈക്കൊണ്ടു്
രഘൂത്തമഃ	രഘുവരൻ
സ്വപൃഷ്ഠേ	തന്റെ പുറത്തു്
അദ്രിം അധാരയത്	(ആ) പർവ്വതത്തെ ധരിച്ചു.
പ്രളയേ മഹീ	പ്രളയകാലത്തു് ഭൂമി
രസാതലം യാതാ	പാതാളത്തിലേക്കു താണുപോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഘുനന്ദനഃ	(അന്ന്) രാമൻ
സൂകരഃ അഭവത്	സൂകരാകൃതിപൂണ്ടു.
ദംഷ്ട്രാഗ്രേ താം	ദംഷ്ട്രാഗ്രത്തിൽ ആ
ക്ഷോണീം	ഭൂമിയെ
തോലയാമാസ	തൂക്കി (ഉയർത്തി).

നാരസിംഹം വപുഃ കൃത്വാ പ്രഹ്ലാദവരദഃ പുരാ. 17

ത്രൈലോക്യകണ്ടകം രക്ഷഃ പാടയാമാസ തന്നഖൈഃ
പുത്രരാജ്യം ഹൃതം ദൃഷ്ട്വാ ഹ്യദിത്യാ യാചിതഃ പുരാ. 18

വാമനത്വമുപാഗമ്യ യാച്ഞയാ ചാഹരത് പുനഃ
ദൃഷ്ടക്ഷത്രിയഭൂഭാരനിവൃത്ത്യൈ ഭാർഗ്ഗവോ ഽഭവത്. 19

പ്രഹ്ലാദവരദഃ	പ്രഹ്ലാദന്നു വരം നല്കുന്നവൻ
പുരാ നാരസിംഹം വപുഃ കൃത്വാ	പണ്ട് നരസിംഹരൂപം ധരിച്ച്
ത്രൈലോക്യകണ്ടകം	മൂന്നു ലോകത്തിനും ദ്രോഹകാരിയായ
രക്ഷഃ തന്നഖൈഃ	രാക്ഷസനെ (ഹിരണ്യകശിപുവിനെ)
	തന്റെ നഖങ്ങളാൽ
പാടയാമാസ	പിളർന്നു.
പുത്രരാജ്യം	പുത്രന്റെ (ഇന്ദ്രന്റെ) രാജ്യം
ഹൃതം ദൃഷ്ട്വാ	അപഹരിക്കപ്പെട്ടതു കണ്ട്
പുരാ അദിത്യാ യാചിതഃ	മുമ്പ് അദിതി യാചിച്ചതിനാൽ
വാമനത്വം ഉപാഗമ്യ	വാമനാകൃതി കൈക്കൊണ്ട്
യാച്ഞയാ പുനഃ	യാചനയാൽ (മൂന്നു ലോകവും
അഹരത്	മഹാബലിയിൽനിന്നു) തിരിച്ചുവാങ്ങി
ദൃഷ്ടക്ഷത്രിയ-	ദുഷ്ടക്ഷത്രിയരിൽനിന്നു ഭൂമിക്കുള്ള
ഭൂഭാരനിവൃത്ത്യൈ	ഭാരം നീക്കാൻ
ഭാർഗ്ഗവഃ അഭവത്	ഭാർഗ്ഗവരാമനായ് പിറന്നു.

സ ഏവ ജഗതാം നാഥ ഇദാനീം രാമതാം ഗതഃ
രാവണാദീനി രക്ഷാംസി കോടിശോ നിഹനിഷ്യതി. 20

സഃ ലോകനാഥ ഏവ	അതേ ലോകനാഥൻ
ഇദാനീം, രാമതാം ഗതഃ	ഇപ്പോൾ രാമനായിത്തീർന്ന്
രാവണാദീനി	രാവണാദി
കോടിശഃ രക്ഷാംസി	കോടാനുകോടി രാക്ഷസരെ
നിഹനിഷ്യതി	സംഹരിക്കും.

മാനുഷേണൈവ മരണം തസ്യ ദൃഷ്ടം ദുരാത്മനഃ
രാജ്ഞാ ദശരഥേനാപി തപസാരാധിതോ ഹരിഃ. 21

പുത്രത്വാകാംക്ഷയാ വിഷ്ണോസ്തദാപുത്രോ ഽഭവദ്ധരിഃ
സ ഏവ വിഷ്ണുഃ ശ്രീരാമോ രാവണാദി വധായ ഹി. 22

ഗന്താ ഽദ്യൈവവനം രാമോ ലക്ഷ്മണേന സഹായവാൻ
ഏഷാ സീതാ ഹരേർമായാ സൃഷ്ടിസ്ഥിത്യന്തകാരിണീ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ ദുരാത്മനഃ	ആ ദുഷ്ടാത്മാവിന്ന്
മാനുഷേണ ഏവ	മനുഷ്യനാൽ മാത്രമേ
മരണം ദൃഷ്ടം	മരണം വിധിച്ചിട്ടുള്ളൂ.
രാജ്ഞാ ദശരഥേന അപി	മഹാരാജാവായ ദശരഥനും
വിഷ്ണോഃ പുത്രത്വാകാംക്ഷയാ	വിഷ്ണു തന്റെ പുത്രനായ് പിറക്കണമെന്ന ആഗ്രഹത്തോടെ
ഹരിഃ തപസാ ആരാധിതഃ	ഹരിയെ തപസ്സാലാരാധിച്ചു
തതഃ ഹരിഃ	അങ്ങനെ ഭഗവാൻ
പുത്രഃ അഭവത്	(ദശരഥ)പുത്രനായി
ശ്രീരാമഃ സഃ വിഷ്ണുഃ ഏവ	ശ്രീരാമൻ ആ വിഷ്ണുതന്നെ.
ലക്ഷ്മണേന സഹായവാൻ	ലക്ഷ്മണന്റെ സഹായത്തോടെ
രാവണാദി വധായ ഹി	രാവണാദികളെ വധിക്കാൻ
രാമഃ അദ്യ ഏവ	രാമൻ ഇന്നുതന്നെ
വനം ഗന്താ	വനത്തിലേക്കു പോകും.
ഏഷാ സീതാ	ഈ സീതയാകട്ടെ
സൃഷ്ടിസ്ഥിത്യന്തകാരിണീ	(ജഗത്തിന്റെ) സൃഷ്ടിസ്ഥിതിലയങ്ങളെ നിർവ്വഹിക്കുന്നവളാണ്;
ഹരേഃ മായാ	ഭഗവാന്റെ മായ.

രാജാ വാ കൈകേയീ വാപി നാത്രകാരണമണ്വപി
പൂർവ്വേദ്യുർനാരദഃ പ്രാഹ ഭൂഭാരഹരണായ ച. 24

രാജാ വാ	രാജാവോ
കൈകേയീ അപി വാ	കൈകേയിയോ
അത്ര അണു അപി	ഇതിൽ അണുമാത്രംപോലും
കാരണം ന	കാരണക്കാരല്ല.
പൂർവ്വേദ്യുഃ നാരദഃ	ഇന്നലെ നാരദൻ
ഭൂഭാരഹരണായ	ഭൂഭാരം ഹരിക്കണമെന്ന്
പ്രാഹ ച	പറയുകയും ചെയ്തു.

രാമോഽപ്യാഹ സ്വയം സാക്ഷാത് ശ്വോ ഗമിഷ്യാമ്യഹം വനം
അതോ രാമം സമുദ്ദിശ്യ ചിന്താം ത്യജത ബാലിശാഃ. 25

രാമഃ അപി സ്വയം	രാമനും സ്വയം
സാക്ഷാത് ആഹ	നേരിട്ടുതന്നെ പറഞ്ഞു.
ശ്വഃ അഹം വനം	നാളെ ഞാൻ വനത്തിലേക്കു
ഗമിഷ്യാമി (ഇതി)	പോകും (എന്ന്)
അതഃ ബാലിശാഃ (യൂയം)	അതിനാൽ ലോലഹൃദയരായ നിങ്ങൾ
രാമം സമുദ്ദിശ്യ ചിന്താം	രാമനെയോർത്തുള്ള വ്യാകുലത
ത്യജത	വെടിയുവിൻ.

രാമരാമേതി യേ നിത്യം ജപന്തി മനുജാ ഭുവി
തേഷാം മൃത്യുഭയാദീനി ന ഭവന്തി കദാചന. 26

ഭുവി യേ മനുജാഃ	ലോകത്തിൽ ഏതാളുകൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ രാമ ഇതി നിത്യം ജപന്തി	രാമ, രാമ എന്ന് നിത്യവും ജപിക്കുന്ന
തേഷാം കദാചന	അവർക്ക് ഒരിക്കലും
മൃത്യുഭയാദീനി ന ഭവന്തി	മരണാദിഭയങ്ങൾ ഉണ്ടാവുകയില്ല.

കാ പുനസ്തസ്യ രാമസ്യ ദുഃഖശങ്കാ മഹാത്മനഃ
രാമനാമ്നൈവ മുക്തിഃ സ്യാത് കലൗ നാന്യേന കേനചിത്. 27

മഹാത്മനഃ തസ്യ രാമസ്യ പുനഃ കാ ദുഃഖശങ്കാ	മഹാത്മാവായ ആ രാമചന്ദ്രന് പിന്നെന്തു ദുഃഖശങ്ക?
കലൗ രാമനാമ്നാ ഏവ മുക്തിഃ സ്യാത് അന്യേന കേനചിത് ന	കലിയുഗത്തിൽ രാമനാമങ്ങൾ മാത്രമേ മോക്ഷം കൈവരൂ. മറ്റൊന്നിനാലുമില്ലതാനം.

മായാമാനുഷരൂപേണ വിഡംബയതി ലോകകൃത്
ഭക്താനാം ഭജനാർത്ഥായ രാവണസ്യ വധായ ച. 28

ഭക്താനാം ഭജനാർത്ഥായ രാവണസ്യ വധായ ച ലോകകൃത്	ഭക്തന്മാർക്ക് ഭജിക്കാനും രാവണനെ വധിക്കാനുമായി ലോകസ്രഷ്ടാവ് (ഭഗവാൻ രാമൻ)
മായാമാനുഷരൂപേണ വിഡംബയതി	മായാമനുഷ്യരൂപത്താൽ ലീലചെയ്യുകയാണ്.

ഭഗവാന്റെ അവതാരോദ്ദേശ്യങ്ങൾ പലതാണ്. ദുഷ്ടനിഗ്രഹം ചെയ്ത് ധർമ്മം പുനഃസ്ഥാപിക്കുക, ഭക്തന്മാരെ സംരക്ഷിക്കുക. പ്രപഞ്ചസൃഷ്ടിപോലും ഭഗവാന്റെ ലീലയാണ്. ലീലയ്ക്കു വിശേഷിച്ച പ്രയോജനമൊന്നുമില്ല; ലീല തന്നെ പ്രയോജനം. ''നഹി ലീലായാഃ കിഞ്ചിത് പ്രയോജനമസ്തി ലീലായാഃ ഏവ പ്രയോജനത്വാത്'' എന്നാണ് വല്ലഭാചാര്യരുടെ വചനം. ഭക്തന്മാരെല്ലാം അങ്ങനെതന്നെ വിശ്വസിക്കുന്നു.

വിഡംബനം = ഛദ്മവേഷം, പരിഹാസം (കളിയാക്കൽ). ''ഇയം ച തേഽന്യാ പുരതഃ വിഡംബനാ.'' കുമാരസംഭവം 5–70.

രാജ്ഞശ്ചാഭീഷ്ടസിദ്ധ്യർത്ഥം മാനുഷം വപുരാശ്രിത
ഇത്യുക്ത്വാ വിരരാമാഥ വാമദേവോ മഹാമുനിഃ. 29

രാജ്ഞഃ അഭീഷ്ട– സിദ്ധ്യർത്ഥം ച	രാജാവിന്റെ ആഗ്രഹം നിറവേറ്റാനുമാണ്
മാനുഷം വപുഃ ആശ്രിതഃ ഇതി ഉക്ത്വാ അഥ മഹാമുനിഃ വാമദേവഃ വിരരാമ	മനുഷ്യശരീരം കൈക്കൊണ്ടതു്. ഇത്രയും പറഞ്ഞതിനുശേഷം മഹാമുനി വാമദേവൻ മൗനംപൂണ്ടു.

പൂർവ്വജന്മത്തിൽ കശ്യപപ്രജാപതിയായിരുന്ന ദശരഥൻ ഭഗവാൻ തന്റെ പുത്രനായി പിറക്കണമെന്ന ആഗ്രഹത്തോടെ തപസ്സനുഷ്ഠിച്ചിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുത്വാ തേഽപി ദ്വിജാഃ സർവ്വേ രാമം ജ്ഞാത്വാ ഹരിം വിഭും
ജഹുർഹൃത്സംശയഃഗ്രന്ഥിം രാമമേവാന്വചിന്തയൻ. 30

ശ്രുത്വാ	(വാമദേവവചനം) കേട്ട്
തേ ദ്വിജാഃ സർവ്വേ അപി	ആ ബ്രാഹ്മണരെല്ലാം
രാമം വിഭും ഹരിം ജ്ഞാത്വാ	രാമനെ ഭഗവാൻ മഹാവിഷ്ണുവെന്നറിഞ്ഞ്
ഹൃത്സംശയഗ്രന്ഥിം	മനസ്സിലെ സംശയക്കെട്ടുകളെ
ജഹുഃ	ഉപേക്ഷിച്ചു.
രാമം ഏവ	(അവർ) അദ്ദേഹത്തെത്തന്നെ
അന്വചിന്തയൻ	ധ്യാനിച്ചുതുടങ്ങി.

യ ഇദം ചിന്തയേന്നിത്യം രഹസ്യം രാമസീതയോഃ
തസ്യ രാമേ ദൃഢാഭക്തിർഭവേദ്വിജ്ഞാനപൂർവ്വികാ. 31

രാമസീതയോഃ ഇദം	സീതാരാമന്മാരുടെ ഈ
രഹസ്യം യഃ നിത്യം	തത്ത്വം നിത്യവും
ചിന്തയേത് തസ്യ	ചിന്തിക്കുന്നവന്
രാമേ വിജ്ഞാനപൂർവ്വികാ	രാമനിൽ വിജ്ഞാനത്തോടു ചേർന്നുള്ള
ദൃഢാഭക്തിഃ ഭവേത്	ഭക്തി സംഭവിക്കും.

ശ്രീരാമൻ സാധാരണമനുഷ്യനല്ല, പരമപുരുഷനായ ഭഗവാൻതന്നെയെന്നു് വിജ്ഞാനം—വിശേഷേണയുള്ള ജ്ഞാനം. തത്ത്വജ്ഞാനത്തോടു ചേർന്ന ഭക്തി അവിചലമായിരിക്കും. സംശയമില്ലായ്കയാൽ ഇളക്കത്തിന് അവസരമേ ഉണ്ടാകുകയില്ല.

രഹസ്യം ഗോപനീയം വോ യൂയം വൈ രാഘവപ്രിയാഃ
ഇത്യുക്ത്വാ പ്രയയൗ വിപ്രസ്തേഽപി രാമം പരം വിദുഃ. 32

യൂയം രാഘവപ്രിയാഃ	നിങ്ങളെല്ലാം രാഘവന് പ്രിയപ്പെട്ട-
വൈ	വരാണല്ലോ.
രഹസ്യം വഃ	(ഞാൻ പറഞ്ഞ) തത്ത്വം നിങ്ങളാം
ഗോപനീയം	ഗോപ്യമാക്കി വയ്ക്കണം.
ഇതി ഉക്ത്വാ	ഇപ്രകാരം പറഞ്ഞു്
വിപ്രഃ പ്രയയൗ	മുനി കടന്നുപോയി.
തേ അപി രാമം	അവരും ശ്രീരാമനെ
പരം വിദുഃ	പരമാത്മാവെന്നറിഞ്ഞു.

തതോ രാമഃ സമാവിശ്യ പിതൃഗേഹമവാരിതഃ
സാനുജഃ സീതയാ ഗത്വാ കൈകേയീമിദമബ്രവീത്. 33

തതഃ രാമഃ	അനന്തരം രാമൻ
സാനുജഃ സീതയാ	അനുജനോടും സീതയോടുമൊപ്പം
അവാരിതഃ പിതൃ-	നേരേ (തടസ്സമെന്യേ) പിതാവിന്റെ
ഗേഹം സമാവിശ്യ ഗത്വാ	കൊട്ടാരത്തിലേക്കു കടന്നുചെന്ന്
കൈകേയീം ഇദം	കൈകേയിയോടിങ്ങനെ
അബ്രവീത്	പറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഗതാ സ്മോ വയം മാതസ്ത്രയസ്തേ സമ്മതം വനം
ഗന്തും കൃതധിയഃ ശീഘ്രമാജ്ഞാപയതു നഃ പിതാ. 34

മാതഃ വയം ത്രയഃ	അമ്മേ, ഞങ്ങൾ മൂവരും
തേ സമ്മതം വനം	അവിടുത്തെ അഭിമതപ്രകാരം
ഗന്തും കൃതധിയഃ	വനത്തിൽ പോകുവാനുറച്ച്
ആഗതാഃ സ്മഃ	വന്നിരിക്കയാണ്.
പിതാ ശീഘ്രം നഃ	അച്ഛൻ വേഗം ഞങ്ങൾക്ക്
ആജ്ഞാപയതു	ആജ്ഞ നല്കട്ടെ.

ഇത്യുക്ത്വാ സഹസോത്ഥായ ചീരാണി പ്രദദൗ സ്വയം
രാമായ ലക്ഷ്മണായാഥ സീതായൈ ച പൃഥക് പൃഥക്. 35

ഇതി ഉക്ത്വാ	ഇത്രയും പറഞ്ഞപ്പോൾ ഉടക്കം
(കൈകേയി)	(കൈകേയി)
സഹസാ ഉത്ഥായ	പെട്ടെന്നെണീററ്
സ്വയം	തന്നത്താൻ
രാമായ, ലക്ഷ്മണായ	രാമനും ലക്ഷ്മണനും
അഥ സീതായൈ ച	പിന്നെ സീതയ്ക്കും
പൃഥക് പൃഥക്	വെവ്വേറെ
ചീരാണി പ്രദദൗ	മരവുരി കൊടുത്തു.

രാമസ്തു വസ്ത്രാണ്യുത്സൃജ്യ വന്യചീരാണി പര്യധാത്
ലക്ഷ്മണോഽപി തഥാ ചക്രേ സീതാ തന്ന വിജാനതീ. 36

ഹസ്തേ ഗൃഹീത്വാ രാമസ്യ ലജ്ജയാ മുഖമൈക്ഷത
രാമോ ഗൃഹീത്വാ തച്ചീരമംശുകേ പര്യവേഷ്ടയത്. 37

രാമഃ തു വസ്ത്രാണി	രാമനാകട്ടെ (രാജകീയ)വസ്ത്രങ്ങൾ
ഉത്സൃജ്യ	ഉപേക്ഷിച്ച്
വന്യചീരാണി	കാട്ടുമരവുരി
പര്യധാത്	ഉടുത്തു.
ലക്ഷ്മണഃ അപി	ലക്ഷ്മണനും
തഥാ ചക്രേ	അപ്രകാരം ചെയ്തു.
തത് ന വിജാനതീ സീതാ	അത് (ഉടുക്കാൻ) അറിയാത്ത സീത
ഹസ്തേ ഗൃഹീത്വാ	(ചീരം) കൈയിലെടുത്ത്
ലജ്ജയാ രാമസ്യ	നാണത്തോടെ രാമന്റെ
മുഖം ഐക്ഷത	മുഖത്തേക്കു നോക്കി.
രാമഃ തത് ചീരം ഗൃഹീത്വാ	അദ്ദേഹം ആ മരവുരിയെടുത്ത്
അംശുകേ	(അവളുടെ) പട്ടുചേലമേൽ
പര്യവേഷ്ടയത്	ചുററിക്കൊടുത്തു.

തദ്ദൃഷ്ട്വാ രുരുദുഃ സർവ്വേ രാജദാരാഃ സമന്തതഃ
വസിഷ്ഠസ്തു തദാകർണ്ണ്യ രുദിതം ഭർത്സയൻ രുഷാ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൈകേയീം പ്രാഹ ദുർവൃത്തേ രാമ ഏവ ത്വയാ വൃതഃ
വനവാസായ ദുഷ്ടേ ത്വം സീതായൈ കിം പ്രയച്ഛസി. 39

തദ് ദൃഷ്ട്വാ	അതു കണ്ടു്
സർവ്വേ രാജദാരാഃ സമന്തതഃ രുരുദുഃ	എല്ലാ രാജദാരങ്ങളും ചുററും വാവിട്ടുകേണു.
തദ് രുദിതം ആകർണ്ണ്യ	ആ കരച്ചിൽ കേട്ടു്
രുഷ്ടാ കൈകേയീം ഭർത്സയൻ വസിഷ്ഠഃ	രോഷത്തോടെ കൈകേയിയെ ശകാരിച്ചുകൊണ്ടു് വസിഷ്ഠൻ
പ്രാഹ ദുർവൃത്തേ ത്വയാ രാമഃ ഏവ വൃതഃ	ചോദിച്ചു. പിഴച്ചവളേ, നീ രാമൻ മാത്രം (വനത്തിൽ പോകണമെ- ന്നല്ലേ) വരമാവശ്യപ്പെട്ടുള്ളു?
ദുഷ്ടേ ത്വം സീതായൈ വനവാസായ കിം പ്രയച്ഛസി?	ദുഷ്ടേ, നീ സീതയ്ക്കും വനവാസത്തിനു് (വല്ക്കലം) കൊടുക്കുകയാണോ?

യദി രാമം സമന്വേതി സീതാ ഭക്ത്യാ പതിവ്രതാ
ദിവ്യാംബരധരാ നിത്യം സർവ്വാഭരണഭൂഷിതാ. 40

രമയത്വനിശം രാമം വനദുഃഖനിവാരിണീ
രാജാ ദശരഥോഽപ്യാഹ സുമന്ത്രം രഥമാനയ. 41

യദി പതിവ്രതാ സീതാ ഭക്ത്യാ രാമം സമന്വേതി	പതിവ്രതയായ സീത ഭക്തിപൂർവ്വം രാമനെ അനുഗമിക്കുക- യാണെങ്കിൽ
ദിവ്യാംബരധരാ സർവ്വാഭരണഭൂഷിതാ	ദിവ്യവസ്ത്രങ്ങളുടുത്തു് സകല ആഭരണങ്ങളുമണിഞ്ഞൊരുങ്ങി
നിത്യം വനദുഃഖ- നിവാരിണീ	നിത്യേന കാട്ടിലെ കഷ്ടപ്പാടുകൾ നീക്കി (അവൾ)
രാമം അനിശം രമയതു രാജാ ദശരഥ അപി സുമന്ത്രം ആഹ	രാമനെ സദാ ആഹ്ലാദിപ്പിക്കട്ടെ. (അപ്പോൾ) ദശരഥരാജാവു് സുമന്ത്രരോടിങ്ങനെ കല്പിച്ചു.

കഷ്ടതകൾ മാത്രമാണു് കാട്ടിലെ ജീവിതത്തിൽനിന്നു് പ്രതീക്ഷിക്കാവുന്നതു്. വിശേഷിച്ചു് രാജകീയസുഖത്തിൽ മുഴുകി ജീവിക്കുന്നവർക്കു്. അതറിഞ്ഞുകൊണ്ടുതന്നെ രാമലക്ഷ്മണന്മാർ വനവാസം വരിക്കുന്നു. സീതയ്ക്കതേപ്പററി അത്രമാത്രം അറിവുണ്ടാവാനിടയില്ല. മരവുരി ധരിക്കുന്നതിൽ അവൾക്കുണ്ടായ അജ്ഞത ഈ വസ്തുത ദ്യോതിപ്പിക്കുന്നു. കാട്ടിൽ സീതയുടെ സാമീപ്യം രാമനു് ആശ്വാസമരുളും. ദിവ്യവസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ ആ സാധ്വിയുടെ സാഹചര്യം ഒരുപക്ഷേ, രാമനു് കൂടുതൽ ആഹ്ലാദപ്രദമാകുമെങ്കിൽ അതും തടയണമെന്നു് കൈകേയി ആഗ്രഹിക്കുന്നില്ലേ എന്നു വസിഷ്ഠൻ ശങ്കിക്കുന്നു. സീതയ്ക്കു മരവുരി കൊടുക്കാനുദ്യുക്തയായ കൈകേയിയുടെനേരേ വസിഷ്ഠന്റെ സാത്വിക ഹൃദയം കോപംകൊള്ളുന്നതിന്റെ കാരണമതാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഥമാരുഹ്യ ഗച്ഛന്തു വനം വനചരപ്രിയാഃ
ഇത്യുക്ത്വാ രാമമാലോക്യ സീതാം ചൈവ സലക്ഷ്മണം. 42

ദുഃഖാന്നിപതിതോ ഭൂമൗ രുരോദാശ്രുപരിപ്ലുത
ആരുരോഹ രഥം സീതാ ശീഘ്രം രാമസ്യ പശ്യതഃ. 43

വനചരപ്രിയാഃ	വനചാരികൾക്കുപോലും പ്രിയപ്പെട്ട (ഇവർ)
രഥം ആരുഹ്യ വനം ഗച്ഛന്തു	തേരിലേറി കാട്ടിലേക്ക് പോകട്ടെ.
ഇതി ഉക്ത്വാ സലക്ഷ്മണം	ഇത്രയും പറഞ്ഞ് ലക്ഷ്മണനോടൊപ്പം നില്ക്കുന്ന
രാമം സീതാം ച ഏവ ആലോക്യ (രാജാ) ദുഃഖാത് ഭൂമൗ നിപതിതഃ അശ്രുപരിപ്ലുതഃ രുരോദ രാമസ്യ പശ്യതഃ സീതാ ശീഘ്രം രഥം ആരുരോഹ	രാമനേയും സീതയേയും നോക്കി (രാജാവ്) അഴലാൽ നിലംപതിച്ചു. കണ്ണീർവാർത്തു പൊട്ടിക്കരഞ്ഞു. രാമന്റെ നോട്ടമനുസരിച്ച് സീത സവേഗം തേരിലേറി.

പിതാവ് വിവശനായി നിലംപതിച്ചതു കണ്ട രാമന്റെ ഹൃദയം തീച്ചയായും വിങ്ങിപ്പൊട്ടിയിരിക്കണം. മൗലികമായി അദ്ദേഹവും മനുഷ്യൻതന്നെയാണല്ലോ. ആ സ്ഥിതിയിൽ ഇനിയും അധികം അമാന്തിക്കുന്നത് തന്നെ കൂടുതൽ വികാരവിവശനാക്കിയേക്കുമെന്ന് അദ്ദേഹം കരുതിയിരിക്കാം. ഉടൻ യാത്രയാകാൻ നോട്ടംകൊണ്ടു സീതയ്ക്കു നിർദ്ദേശം നല്കുകയാണ് ആ സ്ഥിതപ്രജ്ഞൻ ചെയ്തത്.

രാമഃ പ്രദക്ഷിണം കൃത്വാ പിതരം രഥമാരുഹത്
ലക്ഷ്മണഃ ഖഡ്ഗയുഗളം ധനുസ്തൂണീയുഗം തഥാ. 44

ഗൃഹീത്വാ രഥമാരുഹ്യ നോദയാമാസ സാരഥിം
തിഷ്ഠ തിഷ്ഠ സുമന്ത്രേതി രാജാ ദശരഥോഽബ്രവീത്. 45

രാമഃ പിതരം പ്രദക്ഷിണം കൃത്വാ രഥം ആരുഹത്	രാമൻ പിതാവിനെ വലംവച്ച് തേരിൽ കയറി.
ലക്ഷ്മണഃ ഖഡ്ഗയുഗളം തഥാ ധനുസ്തൂണീയുഗം	ലക്ഷ്മണനാകട്ടെ, രണ്ടു വാളും, രണ്ടു വില്ല്, രണ്ടാവനാഴി
ഗൃഹീത്വാ രഥം ആരുഹ്യ സാരഥിം നോദയാമാസ	ഇവയുമെടുത്ത് രഥത്തിൽ കയറുകയും (മുന്നോട്ടു വിടാൻ) സാരഥിയോട് ആജ്ഞാപിക്കുകയും ചെയ്തു.
രാജാ ദശരഥഃ സുമന്ത്ര, തിഷ്ഠ തിഷ്ഠ ഇതി അബ്രവീത്	(അപ്പോൾ) ദശരഥമഹാരാജാവ് സുമന്ത്ര, നില്ക്കു, നില്ക്കു എന്ന് വിളിച്ചുപറഞ്ഞു.

ഗച്ഛ ഗച്ഛേതി രാമേണ നോദിതോഽചോദയദ്രഥം.
രാമേ ദൂരം ഗതേ രാജാ മൂർച്ഛിതഃ പ്രാപതത് ഭുവി. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗച്ഛ ഗച്ഛ ഇതി രാമേണ നോദിതഃ	(പാക്ഷ) പൊയ്ക്കൊള്ളൂ പൊയ്ക്കൊള്ളൂ എന്ന് രാമൻ കല്പിച്ചതനുസരിച്ച്
രഥം അചോദയത്	(സാരഥി) തേരോടിച്ചുപോയി.
രാമേ ദൂരം ഗതേ രാജാ മൂർച്ഛിതഃ ഭുവി പ്രാപതത്	രാമൻ അകലത്തെത്തിയപ്പോഴേക്കും രാജാവ് ബോധമററു നിലത്തുവീണു.

പൗരാസ്തു ബാലവൃദ്ധാശ്ച വൃദ്ധാഃ ബ്രാഹ്മണസത്തമാഃ
തിഷ്ഠ തിഷ്ഠേതി രാമേതി ക്രോശന്തോ രഥമന്വയുഃ. 47

ബാലവൃദ്ധാഃ ച പൗരാഃ	കുഞ്ഞുങ്ങളും മുതിർന്നവരുമായ പുരവാസികളും
വൃദ്ധാഃ ബ്രാഹ്മണസത്തമാഃ	പ്രായംചെന്ന ബ്രാഹ്മണശ്രേഷ്ഠരുമെല്ലാം
രാമ, തിഷ്ഠ തിഷ്ഠ ഇതി ക്രോശന്തഃ രഥം അന്വയുഃ	രാമാ, നില്ക്കണേ, നില്ക്കണേ എന്നു പറഞ്ഞുകൊണ്ട് പിറകേ ഓടി.

രാജാ രുദിത്വാ സുചിരം മാം നയന്തു ഗൃഹംപ്രതി
കൗസല്യായാഃ രാമമാതുരിത്യാഹ പരിചാരകാൻ. 48

രാജാ സുചിരം രുദിത്വാ പരിചാരകാൻ ഇതി ആഹ	രാജാവ് ഏറെനേരം കേണിട്ട് പരിചാരകരോട് ഇങ്ങനെയാവശ്യപ്പെട്ടു:
മാം രാമമാതുഃ കൗസല്യായാഃ ഗൃഹംപ്രതി നയന്തു	എന്നെ രാമമാതാവായ കൗസല്യയുടെ അരമനയിലേക്കു കൊണ്ടുപോകുവിൻ.

കൈകേയിയിൽ സവിശേഷം ആസക്തി പുലർത്തിയ രാജാവിന് കനത്ത ശിക്ഷതന്നെ കിട്ടി. ഉണങ്ങാത്ത മുറിവാണ് സ്നേഹനിധിയായ ആ വൃദ്ധന്റെ ഹൃദയത്തിനേററത്. ഇനി ആശ്വാസം പകരാനു കൗസല്യയുടെ കരങ്ങൾക്കേ കഴിയൂ. ഇരുവരും ദുഃഖം പങ്കിടുന്നതിൽ ഒരുമിച്ചേക്കാം. അങ്ങനെ ആശ്വാസം ലഭിക്കുമെന്നു പ്രതീക്ഷിക്കുക മനുഷ്യന്റെ സഹജസ്വഭാവമാണ്. കാളിദാസന്റെ ഈ വാക്കുകൾ എത്രയോ അർത്ഥവത്താണ്!

''സ്നിഗ്ദ്ധജനസംവിഭക്തം ഹി ദുഃഖം സഹ്യവേദനം ഭവതി.''—സ്നേഹനിധികൾക്ക് പകുത്തുകൊടുത്താൽ അഴൽ സഹ്യമായിത്തീരുന്നു. (ശാകുന്തളം)

കിഞ്ചിത്കാലം ഭവേത്തത്ര ജീവനം ദുഃഖിതസ്യ മേ
അത ഊർദ്ധ്വം ന ജീവാമി ചിരം രാമം വിനാ കൃതഃ. 49

ദുഃഖിതസ്യ മേ തത്ര കിഞ്ചിത്കാലം ജീവനം ഭവേത്	ദുഃഖിതനായ എനിക്ക് അവിടെ അല്പകാലം ജീവിച്ചിരിക്കാൻ കഴിഞ്ഞേക്കാം.
രാമം വിനാ കൃതഃ അഹം അത ഊർദ്ധ്വം ചിരം ന ജീവാമി	രാമനിൽനിന്ന് അടർത്തിമാററപ്പെട്ട ഞാൻ ഇനിമേൽ നീണ്ടാൾ ജീവിച്ചിരിക്കയില്ല.

ദശരഥന്റെ വാക്കുകൾ ശരിയായിരുന്നു. അദ്ദേഹത്തിന്റെ ജീവനായിരുന്നു രാമൻ. രാമനെ പിരിഞ്ഞു ജീവിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

തതോ ഗൃഹം പ്രവിശ്യൈവ കൗസല്യായാഃ പപാത ഹ
മൂർച്ഛിതശ്ച ചിരാദ് ബുദ്ധ്വാ തൂഷ്ണീമേവാവതസ്ഥിവാൻ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ കൗസല്യായാഃ ഗൃഹം പ്രവിശ്യ ഏവ മൂർച്ഛിതഃ പപാത ഹ	അനന്തരം കൗസല്യയുടെ ഭവനത്തിലെത്തിയപ്പോഴേക്കും തന്നെ രാജാവ് മൂർച്ഛിച്ചുവീണു.
ചിരാത് ബുദ്ധ്വാ തൂഷ്ണീം ഏവ അവതസ്ഥിവാൻ	വളരെ വൈകി ബോധം വന്നിട്ടും മൗനംപൂണ്ടിരുന്നതേയുള്ളു.

രാമസ്തു തമസാതീരം ഗത്വാ തത്രാവസത് സുഖീ
ജലം പ്രാശ്യ നിരാഹാരോ വൃക്ഷമൂലേഽസ്വപദ് വിഭുഃ. 51

സീതയാ സഹ ധർമ്മാത്മാ ധനുഷ്പാണിസ്തു ലക്ഷ്മണഃ
പാലയാമാസ ധർമ്മജ്ഞഃ സുമന്ത്രേണ സമന്വിതഃ. 52

രാമഃ തു തമസാതീരം ഗത്വാ തത്ര സുഖീ അവസത്	രാമനാകട്ടെ, തമസാനദിയുടെ തീരത്തെത്തി അവിടെ സസുഖം വസിച്ചു.
ധർമ്മാത്മാ വിഭുഃ നിരാഹാരഃ ജലം പ്രാശ്യ	ധർമ്മാത്മാവായ ആ പ്രഭു നിരാഹാരനായി ജലം മാത്രം കഴിച്ച്
സീതയാ സഹ വൃക്ഷമൂലേ അസ്വപത്	സീതയോടൊപ്പം മരച്ചുവട്ടിലുറങ്ങി.
ധർമ്മജ്ഞഃ ലക്ഷ്മണഃ തു ധനുഷ്പാണിഃ സുമന്ത്രേണ സമന്വിതഃ	ധർമ്മജ്ഞനായ ലക്ഷ്മണനാകട്ടെ, വില്ലുമേന്തി സുമന്ത്രരോടുകൂടെ
പാലയാമാസ	അവർക്കു കാവൽനിന്നു.

രാജകീയമായ ജീവിതചര്യ വെടിഞ്ഞു് കാനനത്തിലെ കഷ്ടപ്പാടുകളെ കൈവരിക്കുമ്പോഴും സമചിത്തത പുലർത്താൻ രാമൻ പ്രദർശിപ്പിക്കുന്ന താൽപര്യം ശ്രദ്ധേയമാണു്. ഇന്നലെ മണിമാളികയിൽ ഹംസതൂലികാശയ്യയിലുറങ്ങിയ ആ ദമ്പതികൾക്കു് ഇന്നു മരച്ചുവട്ടിൽ നിലത്തുറങ്ങുന്നതിനു് യാതൊരു ക്ലേശവും തോന്നിയില്ല. ലക്ഷ്മണന്റെ ശുശ്രൂഷാവ്രതവും ഇപ്പോഴേ ആരംഭിക്കുകയായി.

പൗരാഃ സർവ്വേ സമാഗത്യ സ്ഥിതാസ്തസ്യാഽവിദൂരതഃ
ശക്താഃ രാമം പുരം നേതും നോ ചേദ് ഗച്ഛാമഹേ വനം. 53

പൗരാഃ സർവ്വേ സമാഗത്യ തസ്യ അവിദൂരതഃ സ്ഥിതാഃ	പൗരരെല്ലാം ചേർന്നുവന്നു് ആ സ്ഥലത്തിനടുത്തു് നിലകൊണ്ടു.
രാമം പുരം നേതും ശക്താഃ	രാമനെ നഗരത്തിലേക്കു തിരികെ കൊണ്ടു പോകാൻ കഴിയണം.
നോ ചേത് വനം ഗച്ഛാമഹേ	അല്ലാത്തപക്ഷം (ഞങ്ങളും) വനത്തിൽ പോകും.

രാമനെ പിന്തിരിപ്പിക്കാൻ ശ്രമിക്കും. അദ്ദേഹം വഴങ്ങാത്തപക്ഷം ഞങ്ങളും അദ്ദേഹത്തോടൊപ്പം കാട്ടിൽ പോകും. ഈ തീരുമാനമെടുത്തുകൊണ്ടാണു് ജനങ്ങൾ നിലകൊണ്ടതു്. പരമാവധി ജനപ്രീതി നേടാൻ രാമനു കഴിഞ്ഞിരുന്നു എന്നു വ്യക്തം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി നിശ്ചയമാജ്ഞായ തേഷാം രാമോഽതിവിസ്മിതഃ
നാഹം ഗച്ഛാമി നഗരമേതേ വൈ ക്ലേശഭാഗിനഃ. 54

ഭവിഷ്യന്തീതി നിശ്ചിത്യ സുമന്ത്രമിദമബ്രവീത്
ഇദാനീമേവ ഗച്ഛാമഃ സുമന്ത്ര രഥമാനയ. 55

ഇത്യാജ്ഞപ്തഃ സുമന്ത്രോഽപി രഥം വാജിഭിരയോജയത്
ആരുഹ്യ രാമഃ സീതാ ച ലക്ഷ്മണോഽപി യയുർദ്രുതം. 56

ഇതി തേഷാം നിശ്ചയം ആജ്ഞായ രാമഃ അതി-വിസ്മിതഃ	ഇപ്രകാരം അവരുടെ നിശ്ചയം അറിഞ്ഞു് രാമൻ വളരെ വിസ്മയിച്ചു.
അഹം നഗരം ന ഗച്ഛാമി	ഞാൻ നഗരത്തിലേക്കു പോകുന്നില്ല.
ഏതേ ക്ലേശഭാഗിനഃ വൈ ഭവിഷ്യന്തി	ഇവർക്കു ക്ലേശിക്കേണ്ടതായി വരികയും ചെയ്യും.
ഇദാനീം ഏവ ഗച്ഛാമഃ ഇതി നിശ്ചിത്യ	(അതിനാൽ) ഇപ്പോഴത്തന്നെ പൊയ്ക്കള-യാം എന്നുറച്ചു് (അദ്ദേഹം)
സുമന്ത്രം ഇദം അബ്രവീത് സുമന്ത്ര, രഥം ആനയ	സുമന്ത്രരോടിങ്ങനെ കല്പിച്ചു: സുമന്ത്രരേ, തേർ കൊണ്ടുവരു.
ഇതി ആജ്ഞപ്തഃ സുമന്ത്രഃ അപി	ഇപ്രകാരം ആജ്ഞാപിക്കപ്പെട്ട സുമന്ത്രരാകട്ടെ
രഥം വാജിഭിഃ അയോജയത്	തേരിൽ കുതിരകളെ പൂട്ടി.
രാമഃ സീതാ ലക്ഷ്മണഃ ച അപി	രാമനും സീതയും ലക്ഷ്മണനും തേരിലേറി
ആരുഹ്യ ദ്രുതം യയുഃ	വേഗം പോകയും ചെയ്തു.

അയോധ്യാഭിമുഖം ഗത്വാ കിഞ്ചിദ്ദൂരം തതോ യയുഃ
തേഽപി രാമമദൃഷ്ട്വൈവ പ്രാതരുത്ഥായ ദുഃഖിതാഃ. 57

കിഞ്ചിത്ദൂരം	അല്പദൂരം
അയോധ്യാഭിമുഖം ഗത്വാ	അയോധ്യാഭിമുഖമായി ചെന്നിട്ട്
തതഃ യയുഃ	അവിടെനിന്നും പോയി.
തേ അപി പ്രാതഃ	അവർ (ജനങ്ങൾ) രാവിലെ
ഉത്ഥായ	എണീററു്
രാമം അദൃഷ്ട്വാ	രാമനെ കാണായ്കയാൽ
ദുഃഖിതാഃ ഏവ	ദുഃഖിച്ചു.

തേരുരുണ്ടുപോട നോക്കി ആളുകൾ അയോധ്യയിലേക്കുതന്നെ മടങ്ങിക്കൊള്ളട്ടെയെന്നുദ്ദേശിച്ചാണു് ആദ്യം അയോധ്യക്കുനേരെ തേരോടിച്ചതു്.

രഥനേമി ഗതം മാർഗ്ഗം പശ്യന്തസ്തേ പുരം യയുഃ
ഹൃദി രാമം സസീതം തേ ധ്യായന്തസ്തസ്ഥുരന്വഹം. 58

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഥനേമി ഗതം മാർഗ്ഗം	തേരുരുളും പോയ വഴി
പശ്യന്തഃ തേ	പാർത്ത് അവർ
പുരം യയുഃ	നഗരത്തിലേക്കു പോയി.
ഹൃദി അന്വഹം രാമം	ഹൃദയത്തിലെന്നും രാമനെ
ധ്യായന്തഃ തേ തസ്ഥുഃ	ധ്യാനിച്ച് അവർ ജീവിതം നയിച്ചു.

സുമന്ത്രോപി രഥം ശീഘ്രം നോദയാമാസ സാദരം
സ്ഫീതാൻ ജനപദാൻ പശ്യൻ രാമഃ സീതാസമന്വിതഃ. 59

ഗംഗാതീരം സമാഗച്ഛത് ശൃംഗിവേരാവിദൂരതഃ
ഗംഗാം ദൃഷ്ട്വാ നമസ്കൃത്യ സ്നാത്വാ സാനന്ദമാനസഃ. 60

ശിംശപാവൃക്ഷമൂലേ സ നിഷസാദ രഘൂത്തമഃ

സുമന്ത്രഃ അപി സാദരം	സുമന്ത്രൻ ആദരവോടെ
രഥം ശീഘ്രം	രഥം വേഗം
നോദയാമാസ	ഓടിച്ചുപോയി.
സീതാസമന്വിതഃ രാമഃ	സീതാസമേതനായ രാമൻ
സ്ഫീതാൻ ജനപദാൻ	വിസ്തൃതമായ ജനപദങ്ങൾ
പശ്യൻ	കണ്ടുകൊണ്ട്
ശൃംഗിവേരാവിദൂരതഃ	ശൃംഗിവേരപട്ടണത്തിനടുത്ത്
ഗംഗാതീരം സമാഗച്ഛത്	ഗംഗാനദിയുടെ തീരത്തെത്തി.
സഃ രഘൂത്തമഃ	ആ രഘുവരൻ
ഗംഗാം ദൃഷ്ട്വാ	ഗംഗയെ ദർശിച്ച്
സാനന്ദമാനസഃ	ആനന്ദചിത്തനായി
നമസ്കൃത്യ സ്നാത്വാ	വണങ്ങി സ്നാനവും ചെയ്ത്
ശിംശപാ വൃക്ഷമൂലേ നിഷസാദ	ശിംശപാവൃക്ഷച്ചുവട്ടിലിരുന്നു.

തതോ ഗുഹോ ജനൈഃ ശ്രുത്വാ രാമാഗമമഹോത്സവം 61

സഖായം സ്വാമിനം ദ്രഷ്ടും ഹർഷാത്തൂർണ്ണം സമാപതത്
ഫലാനി മധുപുഷ്പാദി ഗൃഹീത്വാ ഭക്തിസംയുതഃ. 62

തതഃ ജനൈഃ	അനന്തരം ആളുകളിൽനിന്ന്
രാമാഗമമഹോത്സവം	രാമൻ വന്ന ശുഭവാർത്ത
ശ്രുത്വാ ഗുഹഃ	കേട്ട് ഗുഹൻ
സഖായം സ്വാമിനം	(തന്റെ) സഖാവും സ്വാമിയുമായ
ദ്രഷ്ടും	അദ്ദേഹത്തെ കാണാൻ
ഹർഷാത് ഭക്തിസംയുതഃ	ഹർഷത്തോടും ഭക്തിയോടുംകൂടെ
ഫലാനി മധുപുഷ്പാദി	പഴങ്ങളും തേനും
ഗൃഹീത്വാ	പുഷ്പാദിയുമേന്തി
തൂർണ്ണം സമാപതത്	വേഗം വന്നെത്തി.

രാമസ്യാഗ്രേ വിനിക്ഷിപ്യ ദണ്ഡവത് പ്രാപതത് ഭുവി
ഗുഹമുത്ഥാപ്യ തം തൂർണ്ണം രാഘവഃ പരിഷസ്വജേ. 63

രാമസ്യ അഗ്രേ	രാമന്റെ മുമ്പിൽ
വിനിക്ഷിപ്യ	(തിരുമുൽക്കാഴ്ചകൾ) വെച്ച് (ഗുഹൻ)
ഭുവി ദണ്ഡവത് പ്രാപതത്	ഭൂമിയിൽ ദണ്ഡനമസ്കാരം ചെയ്ത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവഃ തം ഗുഹം തൂർണ്ണം	അദ്ദേഹം ആ ഗുഹനെ
ഉത്ഥാപ്യ പരിഷസ്വജേ	സത്വരമെഴുന്നേല്പിച്ച് പുണർന്നു.

സംപൃഷ്ട കുശലോ രാമം ഗുഹഃ പ്രാഞ്ജലിരബ്രവീത്
ധന്യോഽഹമദ്യ മേ ജന്മ നൈഷാദം ലോകപാവന. 64

ബഭൂവ പരമാനന്ദഃ സ്പൃഷ്ട്വാ തേഽംഗം രഘൂത്തമ
നൈഷാദരാജ്യമേതത്തേ കിങ്കരസ്യ രഘൂത്തമ. 65

ത്വദധീനം വസന്നത്ര പാലയാസ്മാൻ രഘൂദ്വഹ
ആഗച്ഛ യാമോ നഗരം പാവനം കുരു മേ ഗൃഹം. 66

സംപൃഷ്ട കുശലഃ	കുശലപ്രശ്നം കഴിഞ്ഞ്
ഗുഹഃ പ്രാഞ്ജലിഃ രാമം	ഗുഹൻ കൈകൂപ്പി രാമനോട്
അബ്രവീത്	അപേക്ഷിച്ചു.
ലോകപാവന അദ്യ	ലോകപാവന, ഇന്നു ഞാൻ
അഹം ധന്യഃ മേ നൈഷാദം	ധന്യനായി. എന്റെ നിഷാദ–
ജന്മ (സഫലം)	ജന്മം (സഫലമായി).
രഘൂത്തമ, തേ	രഘൂത്തമ, നിന്റെ
അംഗം സ്പൃഷ്ട്വാ പരമാനന്ദഃ	അംഗം സ്പർശിച്ച്
ബഭൂവ	(എനിക്ക്) പരമാനന്ദം കൈവന്നു.
തേ കിങ്കരസ്യ	നിന്റെ ദാസന്റെ
ഏതദ് നൈഷാദരാജ്യം	ഈ നിഷാദരാജ്യം
ത്വദധീനം	നിനക്കധീനമാണ്.
രഘൂദ്വഹ, അത്ര വസൻ	രഘൂത്തമ, ഇവിടെ വസിച്ച്
അസ്മാൻ പാലയ	ഞങ്ങളെ സംരക്ഷിച്ചാലും
ആഗച്ഛ, നഗരം യാമഃ	വരൂ, നഗരത്തിലേക്കു പോകാം
മേ ഗൃഹം പാവനം കുരു	എന്റെ ഭവനം പാവനമാക്കിയാലും.

അകളങ്കമായ സൗഹൃദവും സ്വാമിഭക്തിയും ഉടൽപൂണ്ട വ്യക്തിയാണ് നിഷാദൻ. അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവൃത്തികളിലും പ്രതിബിംബി ക്കുന്ന ഉദാരമായ വ്യക്തിത്വം അനുപമമെന്നുതന്നെ പറയാം. രാമന്റെ ഒരു വിനീതദാസനെന്നനിലയിലല്ല വാല്മീകി കിരാതരാജാവിനെ അവതരിപ്പി ക്കുന്നത്. ഏതാണ്ട് സമനിലയിലുള്ള സുഹൃത്തുക്കളാണ് അവർ. തുളസീദാസ ന്റേയും അധ്യാത്മരാമായണകൃത്തിന്റേയും മനോഭാവം തികച്ചും ഭിന്നമാണ്. വാല്മീകിയും ഒരു പൂജ്യപുരുഷനെന്ന നിലയിലാണ് രാമനെ ഗുഹനുമായി സംഗമിപ്പിക്കുന്നത്.

ഗൃഹാണ ഫലമൂലാനി ത്വദർത്ഥം സഞ്ചിതാനി മേ
അനുഗൃഹ്ണീഷ്വ ഭഗവൻ, ദാസസ്തേഽഹം സുരോത്തമ. 67

സുരോത്തമ, ത്വദർത്ഥം	ദേവദേവ, നിനക്കായി
മേ സഞ്ചിതാനി ഫലമൂലാനി	ഞാൻ സഞ്ചയിച്ച ഫലമൂലങ്ങൾ
ഗൃഹാണ	സ്വീകരിച്ചാലും
ഭഗവൻ, അഹം തേ ദാസഃ	ഭഗവാനെ, ഞാൻ നിന്റെ ദാസനാകുന്നു.
അനുഗൃഹ്ണീഷ്വ	എന്നെ അനുഗ്രഹിക്കേണമേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമസ്തമാഹ സുപ്രീതോ വചനം ശൃണു മേ സഖേ
ന വേക്ഷ്യാമി ഗൃഹം ഗ്രാമം നവവർഷാണി പഞ്ച ച. 68

സുപ്രീതഃ രാമഃ തം ആഹ	അതിപ്രീതനായ രാമൻ അവനോടു പറഞ്ഞു.
സഖേ, മേ വചനം ശൃണു	സ്നേഹിതാ, എന്റെ വാക്കു കേൾക്കുക.
നവ പഞ്ച ച വർഷാണി ഗൃഹം ഗ്രാമം	ഒൻപതും അഞ്ചും (പതിന്നാലു) വർഷത്തേക്കു വീട്ടിലും ഗ്രാമത്തിലും
ന വേക്ഷ്യാമി	ഞാൻ കടക്കുകയില്ല.

വനവാസത്തിനു നിരക്കാത്ത അന്തരീക്ഷത്തിൽ പ്രവേശിക്കയില്ല എന്നതു് രാമൻ സ്വയം സ്വീകരിച്ച പ്രതിജ്ഞയായിരുന്നു. ഒരു തപോധനനെപ്പോലെ അദ്ദേഹം തന്റെ പ്രതിജ്ഞ നിറവേററുന്നതിൽ ജാഗരൂകത പുലർത്തി.

ദത്തമന്യേന നോ ഭുഞ്ജേ ഫലമൂലാദി കിഞ്ചന
രാജ്യം മമൈതത്തേ സർവ്വം ത്വം സഖാ മേതിവല്ലഭഃ. 69

അന്യേന ദത്തം	അന്യൻ തന്ന
ഫലമൂലാദി കിഞ്ചന	ഫലമൂലാദിയൊന്നും
ന ഭുംജേ	ഭക്ഷിക്കുകയില്ല.
തേ ഏതത് രാജ്യം സർവ്വം മമ	നിന്റെയീ രാജ്യമെല്ലാം എന്റേതുതന്നെ
ത്വം മേ അതിവല്ലഭഃ സഖാ	നീയെന്റെ ഉത്തമസുഹൃത്തുമാണു്.

ഗുഹന്റെനേരെ രാമനുള്ള സൗഹൃദഭാവം എത്ര പവിത്രവും ഹൃദയസ്പർശിയുമായിരിക്കുന്നു! വാക്കുകളിൽ ആത്മാർത്ഥത നിറഞ്ഞുതുളുമ്പുന്നതുപോലെ!

വടക്ഷീരം സമാനായ്യ ജടാമകുടമാദരാത്
ബബന്ധ ലക്ഷ്മണേനാഥ സഹിതോ രഘുനന്ദനഃ. 70

അഥ രഘുനന്ദനഃ	പിന്നെ രാഘവൻ
വടക്ഷീരം സമാനായ്യ	വടവൃക്ഷപ്പാൽ കൊണ്ടുവരുവിച്ചു്
ലക്ഷ്മണേന സഹിതഃ	ലക്ഷ്മണനോടൊപ്പം
ആദരാത്	ശ്രദ്ധാപൂർവ്വം
ജടാമകുടം ബബന്ധ	ജടാമകുടം കെട്ടി.

ആലിന്റെ കറ പുരട്ടുമ്പോൾ തലമുടിയിഴകൾ പരസ്പരം ഒട്ടി ജടകെട്ടുന്നു.

ജലമാത്രം തു സംപ്രാശ്യ സീതയാ സഹ രാഘവഃ
ആസ്തൃതം കുശപർണ്ണാദ്യൈഃ ശയനം ലക്ഷ്മണേന ഹി. 71
ഉവാസ തത്ര നഗരപ്രാസാദാഗ്രേ യഥാ പുരാ
സുഷ്വാപ തത്ര വൈദേഹ്യാ പര്യങ്ക ഇവ സംസ്കൃതേ. 72

ലക്ഷ്മണേന ഹി കുശപർണ്ണാദ്യൈഃ ശയനം ആസ്തൃതം	ലക്ഷ്മണൻ ദർഭ, ഇല ആദികൊണ്ടു് കിടക്ക തയ്യാറാക്കി വിരിച്ചു.
രാഘവഃ തു ജലമാത്രം സംപ്രാശ്യ	രാമനാകട്ടെ വെള്ളം മാത്രം കഴിച്ചു്
പുരാ നഗരപ്രാസാദാഗ്രേ യഥാ തത്ര	മുമ്പു് നഗരത്തിലെ മണിമാളിക— മുകളിൽ എന്നപോലെതന്നെ അതിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സീതയാ സഹ ഉവാസ	സീതയോടൊപ്പം ശയിച്ചു.
സംസ്കൃതേ പര്യങ്കേ ഇവ	മോടിപിടിപ്പിച്ച കട്ടിലിലെന്നപോലെ
വൈദേഹ്യാ (സഹ)	സീതയോടൊപ്പം
സുഷ്വാപ	ഉറങ്ങുകയും ചെയ്തു.

സുഖദുഃഖങ്ങളെ സമഭാവനയോടെ സഹിക്കാൻ കഴിവുള്ള ആ ദമ്പതികൾക്ക വനശയ്യ നഗരപ്രാസാദത്തിലെ ശയ്യയേക്കാളും ആശ്വാസവും ആനന്ദവു മരുളി.

തതോƒവിദൂരേ പരിഗൃഹ്യ ചാപം
സ ബാണതൂണീരധനുഃ സ ലക്ഷ്മണഃ
രരക്ഷ രാമം പരിതോ വിപശ്യൻ
ഗുഹേന സാർദ്ധം സ ശരാസനേന. 73

തതഃ അവിദൂരേ	അവിടെനിന്നധികമകലെയല്ലാതെ
സഃ ലക്ഷ്മണഃ	ആ ലക്ഷ്മണൻ
സ ബാണതൂണീരധനുഃ	അമ്പുനിറച്ച ആവനാഴിയും വില്ലുമേന്തി
സ ശരാസനേന ഗുഹേന സാർദ്ധം	ധനുർദ്ധരനായ ഗുഹനോടൊപ്പം
ചാപം പരിഗൃഹ്യ	വില്ലും കലച്ച്
പരിതഃ വിപശ്യൻ	നാലുപാടും നിരീക്ഷിച്ചുകൊണ്ട്
രാമം രരക്ഷ	സീതാരാമന്മാർക്ക കാവൽനിന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ പഞ്ചമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ ശ്രീമദധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം അഞ്ചാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ആറ്

ഗംഗോത്തരണം—
ഭരദ്വാജവാല്മീകിസന്ദർശനം

ശ്രീമഹാദേവ ഉവാച: ശ്രീപരമേശ്വരൻ പറഞ്ഞു

സുപ്തം രാമം സമാലോക്യ ഗുഹഃ സോശ്രുപരിപ്ലുതഃ
ലക്ഷ്മണം പ്രാഹ വിനയാത് ഭ്രാതഃ പശ്യസി രാഘവം. 1

ശയാനം കുശപത്രൗഘസംസ്തരേ സീതയാ സഹ
യഃ ശേതേ സ്വർണ്ണപര്യങ്കേ സ്വാസ്തീർണ്ണേ ഭവനോത്തമേ. 2

സുപ്തം രാമം സമാലോക്യ	ഉറങ്ങിക്കിടക്കുന്ന ശ്രീരാമനെ നോക്കി
അശ്രുപരിപ്ലുതഃ സഃ ഗുഹഃ	കണ്ണീർതൂകുന്ന ആ ഗുഹൻ
വിനയാത് ലക്ഷ്മണം പ്രാഹ	വിനയപൂർവ്വം ലക്ഷ്മണനോട പറഞ്ഞു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രാതഃ ഭവനോത്തമേ സ്വാസ്തീർണ്ണേ സ്വർണ്ണ— പര്യങ്കേ യഃ ശേതേ തം രാഘവം	സഹോദര, മണിമാളികയിൽ ഭംഗിയായി വിരിച്ചിട്ട കനക— മഞ്ചത്തിൽ ശയിച്ചിരുന്ന ആ രാഘവൻ
കുശപത്രൌഘസംസ്തരേ സീതയാ സഹ ശയാനം പശ്യസി	ദർഭപ്പുല്ലും ഇലകളും നിരത്തിച്ചമച്ച കിടക്കയിൽ സീതയുമൊത്തു ശയിക്കുന്ന— നായി നിങ്ങൾ കാണുന്നുവല്ലോ.

കൈകേയീ രാമദുഃഖസ്യ കാരണം വിധിനാ കൃതാ
മന്ഥരാബുദ്ധിമാസ്ഥായ കൈകേയീ പാപമാചരത്. 3

വിധിനാ കൈകേയീ രാമദുഃഖസ്യ കാരണം കൃതാ	വിധിയാൽ കൈകേയി രാമന്റെ ശോകകാരണമാക്കപ്പെട്ടു.
മന്ഥരാബുദ്ധിം ആസ്ഥായ കൈകേയീ പാപം ആചരത്	മന്ഥരയുടെ കുബുദ്ധിയിൽ കുടുങ്ങി കൈകേയി കുടുംകൈയാണു ചെയ്തതു്.

തച്ഛ്രുത്വാ ലക്ഷ്മണഃ പ്രാഹ സഖേ ശൃണു വചോ മമ
കഃ കസ്യ ഹേതുർദുഃഖസ്യ കശ്ച ഹേതുഃ സുഖസ്യ വാ. 4

സ്വപൂർവ്വാർജ്ജിതകർമ്മൈവ കാരണം സുഖദുഃഖയോഃ. 5

തത് ശ്രുത്വാ ലക്ഷ്മണഃ പ്രാഹ സഖേ മമ വചനം ശൃണു കഃ കസ്യ ദുഃഖസ്യ ഹേതുഃ കഃ ച സുഖസ്യ വാ ഹേതുഃ	അതു കേട്ട് ലക്ഷ്മണൻ പറഞ്ഞു: സ്നേഹിത, എന്റെ വാക്കു കേൾക്കുക. ആരു് ആരുടെ അഴലിനു ഹേതുവാണു്? ആരാണാവോ സുഖത്തിനും കാരണം?
സ്വപൂർവ്വാർജ്ജിത— കർമ്മ ഏവ	താൻ മുമ്പാർജ്ജിച്ച കർമ്മം മാത്രമാണു് (ഓരോരുത്തന്റേയും)
സുഖദുഃഖയോഃ കാരണം	സുഖദുഃഖങ്ങൾക്കു ഹേതു.

സുഖസ്യ ദുഃഖസ്യ ന കോഽപി ദാതാ
പരോ ദദാതീതി കുബുദ്ധിരേഷാ
അഹം കരോമീതി വൃഥാഭിമാനഃ
സ്വകർമ്മസൂത്രഗ്രഥിതോ ഹി ലോകഃ. 6

സുഖസ്യ ദുഃഖസ്യ കോപി ദാതാ ന പരഃ ദദാതി ഇതി ഏഷാ കുബുദ്ധിഃ	സുഖദുഃഖങ്ങൾക്കു് ഒരു ദാതാവില്ല. അന്യൻ തരുന്നുവെന്നതു് (ആ വിശ്വാസം) ബുദ്ധിഹീനതയാണു്.
അഹം കരോമി ഇതി അഭിമാനഃ വൃഥാ	ഞാൻ പ്രവൃത്തിചെയ്യുന്നു എന്ന അഭിമാനവും വ്യർത്ഥമത്രേ.
ലോകഃ സ്വകർമ്മസൂത്ര— ഗ്രഥിതഃ ഹി	ലോകം സ്വന്തം ചെയ്തികളുടെ ചരടാൽ കെട്ടപ്പെട്ടിരിക്കുന്നു.

ഒരുവന്റെ സുഖദുഃഖങ്ങൾക്കു ഹേതു ആത്യന്തികമായ അപഗ്രഥനത്തിൽ മററാരുമല്ല, അവൻതന്നെയെന്നു ജ്ഞാനികൾ കരുതുന്നു. അവനവനെന്നാൽ താൻ ചെയ്യുന്ന പ്രവൃത്തി എന്നർത്ഥം. കർമ്മത്തിന്റെ അദൃശ്യമായ വാസന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യക്തിയുടെ ജീവിതവ്യാപാരത്തെ നിയന്ത്രിക്കുന്നു. അന്യൻ ചെയ്യുന്നു എന്നു ധാരണ വ്യർത്ഥം.

സുഹൃന്മിത്രര്യുദാസീനദ്വേഷ്യമധ്യസ്ഥബാന്ധവാഃ
സ്വയമേവാചരൻ കർമ്മ തഥാ തത്ര വിഭാവ്യതേ. 7

സ്വയം കർമ്മ ആചരൻ ഏവ	സ്വയം കർമ്മംചെയ്തുകൊണ്ടു് തന്നെ
സുഹൃന്മിത്രര്യുദാസീന–ദ്വേഷ്യമധ്യസ്ഥ–ബാന്ധവാഃ	സ്നേഹിതൻ, സഖാവു്, ശത്രു, ഉദാസീനൻ, ദ്വേഷിക്കപ്പെടേണ്ടവൻ, മധ്യസ്ഥൻ, ബന്ധു എന്നിങ്ങനെ
തത്ര തഥാ വിഭാവ്യതേ	അതാതിടത്തു് അതാതുപ്രകാരം ഭാവന–ചെയ്യപ്പെടുന്നു.

ഉദാസീനൻ = സ്നേഹമോ വെറുപ്പോ ഇല്ലാത്തവൻ. മധ്യസ്ഥൻ = ഗുണവും ദോഷവും ചെയ്യാത്ത ഇടനിലക്കാരൻ.

യഥാർത്ഥത്തിൽ നമ്മുടെ പ്രവൃത്തിയാണു് ശത്രുമിത്രാദിഭേദങ്ങളുടെ അടിസ്ഥാനം. അതോർക്കാതെ മറ്റുള്ളവരിൽ നാം അതു് ആരോപിക്കുന്നു. സുഖദുഃഖങ്ങളുടെ പ്രഭവസ്ഥാനവും അവനവൻതന്നെ. എങ്കിലും അതും അന്യരിൽ ആരോപിക്കപ്പെടുന്നു. ''ആത്മൈവാത്മനോ ബന്ധുരാത്മൈവ രിപുരാത്മനഃ.''

സുഖം വാ യദി ദുഃഖം സ്വകർമ്മവശഗോ നരഃ
യദ്യദ് യഥാഗതം തത്തദ് ഭുക്ത്വാ സ്വസ്ഥമനാഃ ഭവേത്. 8

യദി സുഖം വാ ദുഃഖം വാ	സുഖമായാലും ദുഃഖമായാലും
യദ് യദ് യഥാ ആഗതം	ഏതേതെങ്ങനെ വന്നുചേരുന്നുവോ
തദ് തദ് ഭുക്ത്വാ	അതാതനുഭവിച്ചുകൊണ്ടു്
സ്വകർമ്മവശഗഃ	സ്വകർമ്മത്തിൽ നിഷ്ഠയോടെ
നരഃ സ്വസ്ഥമനാഃ ഭവേത്	മനുഷ്യൻ ശാന്തചിത്തനാകണം.

സ്വയം സ്വീകരിച്ച കർമ്മം സ്വധർമ്മം. സ്വധർമ്മനിർവ്വഹണമാണു് പ്രമുഖ കർത്തവ്യം. അതു ശരിക്കു നിറവേററിയാൽ ഇടയ്ക്കു വന്നുചേരുന്ന സുഖദുഃഖങ്ങൾ പരിഗണനീയങ്ങളാകുന്നില്ല. സ്വധർമ്മനിർവ്വഹണം മനശ്ശാന്തിക്കു വഴിതെളിക്കുന്നു.

ന മേ ഭോഗാഗമേ വാഞ്ഛാ ന മേ ഭോഗവിവർജ്ജനേ
ആഗച്ഛത്വഥവാ ഗച്ഛത്വഭോഗവശഗോ ഭവേത്. 9

ഭോഗാഗമേ മേ വാഞ്ഛാ ന	ഭോഗം വന്നുപെടണമെന്ന ആഗ്രഹം എനിക്കില്ല.
ന മേ ഭോഗവിവർജ്ജനേ	ഭോഗം വർജ്ജിക്കണമെന്നുമില്ല.
ആഗച്ഛതു അഥവാ ഗച്ഛതു	അതു വരികയോ പോകയോ ചെയ്യട്ടെ.
അഭോഗവശഗഃ ഭവേത്	ഭോഗത്തിനു വശഗനാകാൻ പാടില്ലതന്നെ.

ഭോഗത്തിനടിമയാകാതിരിക്കുകയെന്നതാണു് ഏററവും വലിയ ധർമ്മം.

യസ്മിൻ ദേശേ ച കാലേ ച യസ്മാദ്വാ യേന കേന വാ
കൃതം ശുഭാശുഭം കർമ്മ ഭോജ്യം തത്തത്ര നാന്യഥാ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്മിൻ ദേശേ ച കാലേ ച യസ്മാദ് വാ യേന കേന വാ	ഏതു സ്ഥലത്തായാലും കാലത്തായാലും ഏതു വഴിയായാലും ഏതൊരാളാലായാലും
ശുഭാശുഭം കർമ്മ കൃതം	നല്ലതായാലും ചീത്തയായാലും ചെയ്ത കർമ്മം
തത്ര തത്ര ഭോജ്യം	അതാതിടത്ത് അനുഭവിച്ചേ പററൂ.
അന്യഥാ ന	മററൊരു പോംവഴിയുമില്ല. (കർമ്മഫലം അത്രമാത്രം അനിവാര്യമാണ്.)

അലം ഹർഷവിഷാദാഭ്യാം ശുഭാശുഭഫലോദയേ
വിധാത്രാ വിഹിതം യദ്യത്തദലംഘ്യം സുരാസുരൈഃ. **11**

ശുഭാശുഭഫലോദയേ ഹർഷവിഷാദാഭ്യാം അലം	ശുഭവും അശുഭവുമായ ഫലം വരുമ്പോൾ ഹർഷവും വിഷാദവും ഉണ്ടാകരുത്.
വിധാത്രാ വിഹിതം യത് തദ് സുരാസുരൈഃ അലംഘ്യം	ദൈവം വിധിച്ചതേതോ അതു ദേവാസുരന്മാർക്കുപോലും ലംഘിക്കാനാവില്ല.

വിധി അലംഘനീയമായതിനാൽ വന്നുപെടുന്ന സുഖദുഃഖങ്ങളും അലംഘനീയമാണെന്നു കരുതി സമചിത്തത പുലർത്തുകയാണ് ശ്രേയസ്സിൻെറ മാർഗ്ഗം.

സർവ്വദാ സുഖദുഃഖാഭ്യാം നരഃ പ്രത്യവരുധ്യതേ
ശരീരം പുണ്യപാപാഭ്യാമുത്പന്നം സുഖദുഃഖവത്. **12**

നരഃ സർവ്വദാ സുഖദുഃഖാഭ്യാം പ്രത്യവരുധ്യതേ	മനുഷ്യനെപ്പോഴും സുഖദുഃഖങ്ങളാൽ തടയപ്പെടുന്നു.
ശരീരം പുണ്യ- പാപാഭ്യാം ഉത്പന്നം സുഖദുഃഖവത്	ദേഹം (പോലും) പുണ്യ- പാപങ്ങളിൽനിന്നുണ്ടായതും സുഖദുഃഖമയവുമാണല്ലോ.

അഴലുമാഹ്ലാദവും കലർന്നതാണ് ജീവിതം സ്വഭാവേനതന്നെ. അതിനാൽ അനിവാര്യതയെ അംഗീകരിക്കയാണ് വിവേകിത. സുഖദുഃഖങ്ങൾ ജീവിതത്തിൽ അനിവാര്യങ്ങളത്രേ.

സുഖസ്യാനന്തരം ദുഃഖം ദുഃഖസ്യാനന്തരം സുഖം
ദ്വയമേതദ്ധി ജന്തൂനാമലംഘ്യം ദിനരാത്രിവത്. **13**

സുഖസ്യ അനന്തരം ദുഃഖം ദുഃഖസ്യ അനന്തരം സുഖം	സുഖത്തിനുശേഷം ദുഃഖം അഴൽ കഴിഞ്ഞാലാഹ്ലാദം
ഏതദ് ദ്വയം ജന്തൂനാം ദിനരാത്രിവത് അലംഘ്യം ഹി	ഇവ രണ്ടും ജീവികൾക്ക് പകലിരവുകൾപോലെ ഒഴിവാക്കാനാവാത്തവതന്നെ.

സുഖമധ്യേ സ്ഥിതം ദുഃഖം ദുഃഖമധ്യേ സ്ഥിതം സുഖം
ദ്വയമന്യോന്യസംയുക്തം പ്രോച്യതേ ജലപങ്കവത്. **14**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഖമധ്യേ ദുഃഖം സ്ഥിതം ദുഃഖമധ്യേ സുഖം സ്ഥിതം	സുഖത്തിന്റെ നടുക്ക് ദുഃഖമിരിപ്പുണ്ട് ദുഃഖമധ്യത്തിൽ സുഖവുമിരിക്കുന്നു.
ദ്വയം ജലപങ്കവത്	ഇവ രണ്ടും ജലവും ചെളിയുംപോലെ
അന്യോന്യസംയുക്തം പ്രോച്യതേ	തമ്മിൽ ചേർന്നിരിക്കുന്നവയെന്നു പറയപ്പെടുന്നു.

ഏകാന്തമായ സുഖമോ ദുഃഖമോ ആർക്കും ജീവിതത്തിൽ അനുഭവപ്പെടുകയില്ല. ഏതു വിപത്തിനിടയ്ക്കും ഒരു രജതരേഖ ആശ്വാസം കാണാറുണ്ട്. 'ഇടർതീർപ്പതിന്നേകഹേതു വന്നണയുമേതു മഹാവിപത്തിലും', 'കസ്യാത്യന്തം സുഖമുപനതം ദുഃഖമേകാന്തതോ വാ' എന്നൊക്കെ പറഞ്ഞവർ ജീവിതാനുഭവങ്ങളെ സമഗ്രമായപഗ്രഥിച്ചവരായിരുന്നല്ലോ.

> തസ്മാത് ധൈര്യേണ വിദ്വാംസ ഇഷ്ടാനിഷ്ടോപപത്തിഷു
> ന ഹൃഷ്യന്തി ന മുഹ്യന്തി സർവ്വം മായേതി ഭാവനാത്. 15

തസ്മാത് വിദ്വാംസഃ	അതിനാൽ അറിവുള്ളവർ
ഇഷ്ടാനിഷ്ടോപപത്തിഷു	ഇഷ്ടം വന്നാലും അനിഷ്ടം വന്നാലും
സർവ്വം മായാ ഇതി	സർവ്വവും മായ എന്ന
ഭാവനാത്	ഭാവനയോടെ
ധൈര്യേണ	ധൈര്യംകൊള്ളുന്നതുകൊണ്ട്
ന ഹൃഷ്യന്തി ന മുഹ്യന്തി	സന്തോഷിക്കായോ സന്തപിക്കായോ ഇല്ല.

തത്ത്വവേദികൾ ഹിതാഹിതപ്രാപ്തിയിൽ അടിപതറാതെ ധൈര്യപൂർവ്വം മുന്നോട്ടുപോകുന്നു. ലക്ഷ്മണന്റെ മുഖത്തുനിന്നതിന്ന വാക്കുകൾ ഗുഹനെ ആശ്വസിപ്പിക്കാൻ പററിയവതന്നെയെങ്കിലും സാധാരണഗതിയിൽ അവസ്ഥ് കാച്ചോരസ്വാഭാവികത തോന്നാവുന്നതാണ്. ഉപദേഷ്ടാവ് എന്ന നിലയിലല്ല, ഉപദേശം ശ്രവിക്കുന്നവനെന്ന നിലയിലാണ് പ്രായേണ ലക്ഷ്മണൻ ചിത്രീകരിക്കപ്പെടുക. രാമന്റെ സാന്നിദ്ധ്യവും പരിതഃസ്ഥിതിയുടെ മാററവും അദ്ദേഹത്തെ ഒരു ആത്മജ്ഞാനിയാക്കിത്തീർത്തിരിക്കാം.

> ഗുഹലക്ഷ്മണയോരേവം ഭാഷതോർ വിമലം നഭഃ
> ബഭൂവ രാമഃ സലിലം സ്പൃഷ്ട്വാ പ്രാതഃ സമാഹിതഃ. 16

ഗുഹലക്ഷ്മണയോഃ ഏവം ഭാഷതോഃ	ഗുഹലക്ഷ്മണന്മാർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കവേ
നഭഃ വിമലം ബഭൂവ	ആകാശം വിമലമായി (നേരം പുലർന്നു)
പ്രാതഃ സലിലം	പ്രഭാതത്തിൽ ജലം
സ്പൃഷ്ട്വാ രാമഃ സമാഹിതഃ	തൊട്ടാചമിച്ച് രാമൻ സന്ധ്യാവന്ദനം ചെയ്തു.

പ്രഭാതത്തിൽ നദിയിൽ സ്നാനവും ആചമനവും കഴിച്ച് വേദവിധിപ്രകാരം സന്ധ്യാവന്ദനാദികൾ അനുഷ്ഠിച്ചു.

> ഉവാച ശീഘ്രം സുദൃഢാം നാവമാനയ മേ സഖേ
> ശ്രുത്വാ രാമസ്യ വചനം നിഷാദാധിപതിർ ഗുഹഃ. 17

> സ്വയമേവ ദൃഢാം നാവമാനിനായ സുലക്ഷണാം
> സ്വാമിന്നാരുഹ്യതാം നൗകാം സീതയാ ലക്ഷ്മണേന ച. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉവാച	(അനന്തരം ഗുഹനോടു) പറഞ്ഞു
സഖേ മേ ശീഘ്രം	സ്നേഹിതാ, എനിക്കായി വേഗം
സുദൃഢാം നാവം ആനയ	നല്ല ഉറപ്പുള്ള ഒരു വള്ളം കൊണ്ടുവരു.
രാമസ്യ വചനം ശ്രുത്വാ	രാമവചനം കേട്ട്
നിഷാദാധിപതിഃ ഗുഹഃ	നിഷാദനേതാവായ ഗുഹൻ
സ്വയം ഏവ സുലക്ഷണാം	സ്വയം ചെന്ന് ലക്ഷണമൊത്ത,
ദൃഢാം നാവം ആനീനായ	ഉറപ്പേറിയ ഒരു വള്ളം കൊണ്ടുവന്നു.
സ്വാമിൻ സീതയാ	(എന്നിട്ടു പറഞ്ഞു) സ്വാമിൻ, സീതയോടും
ലക്ഷ്മണേന ച	ലക്ഷ്മണനോടുംകൂടി
നൗകാം ആരുഹ്യതാം	വള്ളത്തിൽ കയറിയാലും.

വാഹയേ ജ്ഞാതിഭിഃ സാദ്ധമഹമേവ സമാഹിതഃ
തഥേതി രാഘവഃ സീതാമാരോപ്യ ശുഭലക്ഷണാം. 19

ഗുഹസ്യ ഹസ്താവാലംബ്യ സ്വയം ചാരുഹദച്യുതഃ
ആയുധാദീൻ സമാരോപ്യ ലക്ഷ്മണോഽപ്യാരുരോഹ ച. 20

ജ്ഞാതിഭിഃ സാദ്ധം	ബന്ധുവരോടൊപ്പം
അഹം ഏവ സമാഹിതഃ	ഞാൻതന്നെ ശ്രദ്ധാപൂർവ്വം
വാഹയേ	മറുകര കടത്താം.
രാഘവഃ തഥാ ഇതി	രാമൻ 'അങ്ങനെയാകട്ടെ'
ശുഭലക്ഷണാം	(എന്നു പറഞ്ഞ്) ശുഭലക്ഷണയായ
സീതാം ആരോപ്യ	സീതയെ (വള്ളത്തിൽ) കയററി
ഗുഹസ്യ ഹസ്തൗ ആലംബ്യ	ഗുഹന്റെ കൈപിടിച്ച്
സ്വയം അച്യുതഃ ച	സ്വയം രാമനും
ആരുഹത്	കയറി.
ആയുധാദീൻ സമാരോപ്യ	ആയുധാദികൾ വള്ളത്തിലാക്കിയിട്ട്
ലക്ഷ്മണഃ അപി	ലക്ഷ്മണനും
ആരുരോഹ	കയറിപ്പററി.

ഗുഹസ്താൻ വാഹയാമാസ ജ്ഞാതിഭിഃ സഹിതഃ സ്വയം
ഗംഗാമധ്യേ ഗതാ ഗംഗാം പ്രാത്ഥയാമാസ ജാനകീ. 21

ജ്ഞാതിഭിഃ സഹിതഃ	ബന്ധുക്കളോടുകൂടെ
ഗുഹഃ സ്വയം താൻ	ഗുഹൻതന്നെ അവരെ
വാഹയാമാസ	മറുകരയിലെത്തിച്ചു.
ഗംഗാമധ്യേ ഗതാ ജാനകീ	ഗംഗയുടെ നടുക്കെത്തിയ ജാനകി
ഗംഗാം പ്രാത്ഥയാമാസ	ഗംഗാദേവിയോടിങ്ങനെ പ്രാത്ഥിച്ചു.

ദേവി, ഗംഗേ നമസ്തുഭ്യം നിവൃത്താ വനവാസതഃ
രാമേണ സഹിതാഹം ത്വാം ലക്ഷ്മണേന ച പൂജയേ. 22

ദേവി, ഗംഗേ തുഭ്യം നമഃ	ദേവി, ഗംഗേ, നിനക്കു വന്ദനം.
വനവാസതഃ നിവൃത്താ	വനവാസം കഴിഞ്ഞു മടങ്ങുമ്പോൾ
അഹം രാമേണ	ഞാൻ രാമ—
ലക്ഷ്മണേന ച സഹിതാ	ലക്ഷ്മണന്മാരൊത്ത്
ത്വാം പൂജയേ	നിന്നെ (യഥാവിധി) പൂജിച്ചുകൊള്ളാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്ത്വാ പരകൂലം തൗ ശനൈരുത്തീര്യ ജഗ്മതുഃ.* 23

ഇതി ഉക്ത്വാ തൗ	ഇങ്ങനെ പറഞ്ഞ് അവരിരുവരും (അവരെല്ലാം)
ശനൈഃ ഉത്തീര്യ	സാവധാനം നദി കടന്നു്
പരകൂലം ജഗ്മതുഃ	മറുകരയെത്തി.

ഗുഹോഽപി രാഘവം പ്രാഹ ഗമിഷ്യാമി ത്വയാ സഹ
അനുജ്ഞാം ദേഹി രാജേന്ദ്ര നോ ചേത് പ്രാണാംസ്ത്യജാമ്യഹം.

ഗുഹഃ അപി	ഗുഹനാകട്ടെ
രാഘവം പ്രാഹ	രാമനോടു പറഞ്ഞു:
ത്വയാ സഹ ഗമിഷ്യാമി	പ്രഭോ, നിന്റെകൂടെ ഞാനും പോരും
അനുജ്ഞാം ദേഹി	(അതിനു്) അനുമതി നല്കണം.
നോ ചേത് പ്രാണാൻ ത്യജാമി	അല്ലാത്തപക്ഷം ഞാൻ ജീവൻ വെടിയും.

ശ്രുത്വാ നൈഷാദിവചനം ശ്രീരാമസ്തമഥാബ്രവീത്
ചതുർദ്ദശസമാഃ സ്ഥിത്വാ ദണ്ഡകേ പുനരപ്യഹം. 25

ആയാസ്യാമ്യുദിതം സത്യം നാസത്യം രാമഭാഷിതം
ഇത്യുക്ത്വാലിംഗ്യ തം ഭക്തം സമാശ്വാസ്യ പുനഃ പുനഃ. 26

നിവർത്തയാമാസ ഗുഹം സോഽപി കൃച്ഛ്റാദ്യയൗ ഗൃഹം. 27

നൈഷാദിവചനം ശ്രുത്വാ	നിഷാദന്റെ വചനം കേട്ടതിനുശേഷം
അഥ ശ്രീരാമഃ തം	ശ്രീരാമൻ അവനോടു്
അബ്രവീത്	പറഞ്ഞു.
ദണ്ഡകേ ചതുർദ്ദശസമാഃ	ദണ്ഡകാരണ്യത്തിൽ പതിന്നാലു വത്സരം
സ്ഥിത്വാ അഹം പുനഃ	വസിച്ചിട്ടു് ഞാൻ വീണ്ടും
അപി ആയാസ്യാമി	(ഇവിടെ) വരും.
ഉദിതം സത്യം	പറഞ്ഞതു സത്യം.
രാമഭാഷിതം	രാമന്റെ വാക്ക്
ന അസത്യം	അസത്യമാകുകയേയില്ല.
ഇതി ഉക്ത്വാ	ഇപ്രകാരം പറഞ്ഞു്
ഭക്തം തം ഗുഹം	ഭക്തനായ ആ ഗുഹനെ
പുനഃ പുനഃ	വീണ്ടും വീണ്ടും
ആലിംഗ്യ സമാശ്വാസ്യ	പുണർന്നാശ്വസിപ്പിച്ച്
നിവർത്തയാമാസ	മടക്കിയയച്ചു.
സഃ അപി കൃച്ഛ്റാത്	അയാളാകട്ടെ വിമ്മിഷ്ടപ്പെട്ടു്
ഗൃഹം യയൗ	വീട്ടിലേക്കു പോയി.

തതോ രാമസ്തു വൈദേഹ്യാ ലക്ഷ്മണേന സമന്വിതഃ. 28

* 'ഇത്യുക്ത്വാ' എന്നതിനുമുമ്പ് 'സുരാമാംസോപഹാരൈശ്ച നാനാബലിഭിരാദൃതാ' എന്നൊരു വരി ചില പാഠങ്ങളിൽ കാണാം. മദ്യം, മാംസം മുതലായവകൊണ്ടു ഗംഗാപൂജ വിഹിതമല്ലാത്തതിനാൽ അതു പ്രക്ഷിപ്തമെന്നു കരുതിത്തള്ളുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭരദ്വാജാശ്രമപദം ഗത്വാ ബഹിരുപസ്ഥിതഃ
തത്രൈകം വടുകം ദൃഷ്ട്വാ രാമ പ്രാഹ ച ഹേ വടോ.   29

രാമോ ദാശരഥിഃ സീതാലക്ഷ്മണാഭ്യാം സമന്വിതഃ
ആസ്തേ ബഹിർവനസ്യേതി ഹ്യുച്യതാം മുനിസന്നിധൗ.   30

രാമഃ തു തതഃ വൈദേഹ്യാ	രാമനാകട്ടെ, അനന്തരം സീതയോടും
ലക്ഷ്മണേന ച സമന്വിതഃ	ലക്ഷ്മണനോടുമൊത്ത്
ഭരദ്വാജാശ്രമപദം ഗത്വാ	ഭരദ്വാജന്റെ ആശ്രമസമീപമെത്തി
ബഹിഃ ഉപസ്ഥിതഃ	വെളിയിൽ കാത്തിരുന്നു.
തത്ര ഏകം വടുകം	അവിടെ ഒരു ബ്രഹ്മചാരിയെ
ദൃഷ്ട്വാ രാമഃ പ്രാഹ ച	കണ്ട് ഇങ്ങനെ അറിയിച്ചു.
ഹേ വടോ,	ഹേ ബ്രഹ്മചാരീ,
ദാശരഥിഃ രാമഃ	ദശരഥപുത്രൻ രാമൻ
സീതാലക്ഷ്മണാഭ്യാം സമന്വിതഃ	സീതാലക്ഷ്മണന്മാരോടുകൂടെ
വനസ്യ ബഹിഃ	വനത്തിനു (ആശ്രമത്തിനു) പുറത്ത്
ആസ്തേ (ഇതി)	കാത്തിരിക്കുന്നു എന്ന്
മുനിസന്നിധൗ ഉച്യതാം	മുനിയുടെ അടുക്കൽ ചെന്നു പറയുക.

തച്ഛ്രുത്വാ സഹസാ ഗത്വാ പാദയോഃ പതിതോ മുനേഃ
സ്വാമിൻ രാമഃ സമാഗത്യ വനാദ് ബഹിരവസ്ഥിതഃ.   31

തത് ശ്രുത്വാ	അതു കേട്ടിട്ട്
സഹസാ ഗത്വാ	പെട്ടെന്നു ചെന്ന് (ബ്രഹ്മചാരി)
മുനേഃ പാദയോഃ പതിതഃ	മുനിയുടെ കാല്ക്കൽ വണങ്ങി (അറിയിച്ചു):
സ്വാമിൻ, രാമഃ	'ഗുരോ, ശ്രീരാമൻ
സമാഗത്യ	വന്ന്
വനാത് ബഹിഃ	ആശ്രമോപവനത്തിനു പുറത്ത്
അവസ്ഥിതഃ	കാത്തിരിക്കുന്നു.'

സഭാര്യഃ സാനുജഃ ശ്രീമാനാഹ മാം ദേവസന്നിഭഃ
ഭരദ്വാജായ മുനയേ ജ്ഞാപയസ്വ യഥോചിതം.   32

ദേവസന്നിഭഃ ശ്രീമാൻ	ദേവതുല്യനും ഐശ്വര്യവാനും
സഭാര്യഃ സാനുജ	സഭാര്യനും അനുജസമേതനുമായ (അദ്ദേഹം)
മാം ആഹ	എന്നോടു പറഞ്ഞു,
ഭരദ്വാജായ മുനയേ	'ഭരദ്വാജമുനിയെ
യഥോചിതം	യഥോചിതം
ജ്ഞാപയസ്വ (ഇതി)	വിവരമറിയിക്കു' എന്ന്.

തച്ഛ്രുത്വാ സഹസോത്ഥായ ഭരദ്വാജോ മുനീശ്വരഃ
ഗൃഹീത്വാർഘ്യം ച പാദ്യം ച രാമസാമീപ്യമായയൗ.   33

തത് ശ്രുത്വാ	ആ വാർത്ത കേട്ട്
മുനീശ്വരഃ ഭരദ്വാജഃ	മുനീശ്വരനായ ഭരദ്വാജൻ
സഹസാ ഉത്ഥായ	പെട്ടെന്നെണീറ്റ്
അർഘ്യം ച പാദ്യം ച	അർഘ്യവും പാദ്യവും
ഗൃഹീത്വാ രാമസാമീപ്യം	എടുത്തുകൊണ്ട് രാമസന്നിധിയിൽ
ആയയൗ	എത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർഘ്യം = പൂജാദ്രവ്യം. പാദ്യം = കാൽ കഴുകാൻ ജലം.

ദൃഷ്ട്വാ രാമം യഥാന്യായം പൂജയിത്വാ സലക്ഷ്മണം
ആഹ മേ പർണ്ണശാലാം ഭോ രാമ രാജീവലോചന. 34

ആഗച്ഛ പാദരജസാ പുനീഹി രഘുനന്ദന
ഇത്യുക്ത്വോടജമാനീയ സീതയാ സഹ രാഘവൗ. 35

ഭക്ത്യാ പുനഃ പൂജയിത്വാ ചകാരാതിഥ്യമുത്തമം
അദ്യാഹം തമസഃ പാരം ഗതോസ്മി തവ സംഗമാത്. 36

സലക്ഷ്മണം രാമം	ലക്ഷ്മണസഹിതനായ രാമനെ
ദൃഷ്ട്വാ	ദർശിച്ച്
യഥാന്യായം പൂജയിത്വാ	യഥാവിധി പൂജിച്ചതിനുശേഷം
ആഹ	(ഭരദ്വാജൻ) പറഞ്ഞു:
രാജീവലോചന	ചെന്താമരാക്ഷ,
രഘുനന്ദന രാമ	രഘുനന്ദന, രാമ
ആഗച്ഛ	വരൂ;
പാദരജസാ	ചരണധൂളിയാൽ
പർണ്ണശാലാം പുനീഹി	എന്റെ പർണ്ണശാല പാവനമാക്കുക.

ജ്ഞാതം രാമ തവോദന്തം ഭൂതം ചാഗാമികം ച യത്
ജാനാമി ത്വാം പരാത്മാനം മായയാഃ കാര്യമാനുഷം. 37

രാമ, ഭൂതം	രാമ, അതീതവും
ആഗാമികം ച	ഇനി വരേണ്ടതുമായ
യത് തവ ഉദന്തം (തത്)	നിന്റെ കഥയെല്ലാം
ജ്ഞാതം	എനിക്കറിയാം
മായയാ കാര്യമാനുഷം	മായയാൽ മനുഷ്യവേഷം പൂണ്ട
പരാത്മാനം ത്വാം	പരമാത്മാവെന്ന നിന്നെ
ജാനാമി	ഞാനറിയുന്നു.

യദർത്ഥമവതീർണ്ണോസി പ്രാർത്ഥിതോ ബ്രഹ്മണാ പുരാ
യദർത്ഥം വനവാസസ്തേ യത് കരിഷ്യസി വൈ പുരഃ. 38

ജാനാമി ജ്ഞാനദൃഷ്ട്യാഹം ജാതയാ ത്വദുപാസനാത്
ഇതഃ പരം ത്വാം കിം വക്ഷ്യേ കൃതാർത്ഥോഹം രഘൂത്തമ. 39

ബ്രഹ്മണാ പുരാ	ബ്രഹ്മാവിനാൽ മുമ്പ്
പ്രാർത്ഥിതഃ	പ്രാർത്ഥിതനായ നീ
യദർത്ഥം അവതീർണ്ണഃ അസി	എന്തിനായവതരിച്ചുവെന്നും
യദർത്ഥം തേ വനവാസഃ	എന്തിനാണ് നിന്റെ വനവാസമെന്നും
യത് വൈ പുരഃ കരിഷ്യസി	ഇനിമേലെന്തുചെയ്യുമെന്നും
ത്വദുപാസനാത് ജാതയാ	നിന്നെ ഉപാസിച്ചു സിദ്ധിച്ച
ജ്ഞാനദൃഷ്ട്യാ ജാനാമി	ജ്ഞാനദൃഷ്ടിയാൽ എനിക്കറിയാം.
രഘൂത്തമ അഹം	രഘൂത്തമ, ഞാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃതാർത്ഥഃ	കൃതാർത്ഥനാണ്.
ഇതഃ പരം ത്വാം കിം വക്ഷ്യേ	ഇതിലപ്പുറം നിന്നോടെന്താണു പറയുക?

പരമപുരുഷനെ യഥാവിധി അറിയുക എന്നതിൽപ്പരം എന്തു കൃതാർത്ഥതയാണ് ഒരു തപസ്വിക്ക് നേടാനുള്ളത്? ഭരദ്വാജൻ രാമനെ നേരിൽ കണ്ട് തന്റെ താപസജീവിതം ധന്യമാക്കി.

യസ്ത്വാം പശ്യാമി കാകുൽസ്ഥം പുരുഷം പ്രകൃതേഃ പരം
രാമസ്തമഭിവാദ്യാഹ സീതാലക്ഷ്മണസംയുതഃ. 40

യഃ (അഹം) പ്രകൃതേഃ പരം കാകുൽസ്ഥം പുരുഷം പശ്യാമി,	ഞാനിതാ പ്രകൃത്യതീതനും കാകുൽസ്ഥനുമായ പരമപുരുഷനെ (നേരിൽ) കാണുന്നു.
സീതാലക്ഷ്മണസംയുതഃ രാമഃ	സീതാലക്ഷ്മണസമേതനായ രാമൻ
തം അഭിവാദ്യ ആഹ	മുനിയെ അഭിവാദ്യംചെയ്തറിയിച്ചു.

അനുഗ്രാഹ്യാസ്ത്വയാ ബ്രഹ്മൻ വയം ക്ഷത്രിയബാന്ധവാഃ
ഇതി സംഭാഷ്യ തേഽന്യോന്യമുഷിതാഃ മുനിസന്നിധൗ. 41

പ്രാതരുത്ഥായ യമുനാമുത്തീര്യ മുനിദാരകൈഃ
കൃതാപ്ലവേന മുനിനാ ദൃഷ്ടമാർഗ്ഗേണ രാഘവഃ. 42

പ്രയയൗ ചിത്രകൂടാദ്രിം വാല്മീകേര്യത്ര ചാശ്രമഃ

ബ്രഹ്മൻ, ക്ഷത്രിയബാന്ധവാഃ വയം ത്വയാ അനുഗ്രാഹ്യാഃ	ബ്രാഹ്മണശ്രേഷ്ഠാ, ക്ഷത്രിയബന്ധുവായ ഞങ്ങൾ അങ്ങയാൽ അനുഗ്രഹിക്കപ്പെടേണ്ടവരാണ്.
ഇതി അന്യോന്യം സംഭാഷ്യ മുനിസന്നിധൗ ഉഷിതാഃ	ഇങ്ങനെ അന്യോന്യം സംസാരിച്ചുകൊണ്ട് അവർ അന്നു മുനിയുടെ ആശ്രമത്തിൽ വസിച്ചു.
പ്രാതഃ ഉത്ഥായ	കാലത്തെഴുന്നേറ്റ്
മുനിദാരകൈഃ കൃതാപ്ലവേന	മുനികുമാരന്മാരുണ്ടാക്കിയ ചങ്ങാടത്തിൽ
യമുനാം ഉത്തീര്യ	യമുനാനദി കടന്ന്
മുനിനാ ദൃഷ്ടമാർഗ്ഗേണ	മുനികാട്ടിയ വഴിയേ
ചിത്രകൂടാദ്രിം പ്രയയൗ	ചിത്രകൂടപർവ്വതത്തിലെത്തി.
യത്ര വാല്മീകേഃ ആശ്രമഃ	അവിടെയായിരുന്നു വാല്മീകിയുടെ ആശ്രമം.

ബ്രാഹ്മണൻ, ക്ഷത്രിയൻ തുടങ്ങിയ വർണ്ണങ്ങൾ ഗുണകർമ്മസ്വഭാവങ്ങളെ ആസ്പദമാക്കി നിശ്ചയിക്കപ്പെട്ടവയും പരസ്പരപൂരകങ്ങളുമാണ്. തനിക്കും അന്യനും ശ്രേയസ്കരമായ ധാർമ്മികപ്രവർത്തനങ്ങളിൽ മുഴുകുന്ന ബ്രാഹ്മണനെ ബന്ധുവായി കരുതിക്കാത്തുരക്ഷിക്കുക ക്ഷത്രിയന്റെ ധർമ്മമാകുന്നു. തങ്ങളെ ക്ഷത്രിയബാന്ധവർ എന്നു രാമൻ വിശേഷിപ്പിച്ചതിന്റെ കാരണം അതാണ്.

ഗത്വാ രാമോഥ വാല്മീകേരാശ്രമം ഋഷിസങ്കുലം. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാനാമൃഗദ്വിജാകീർണ്ണം നിത്യപുഷ്പഫലാകുലം
തത്ര ദൃഷ്ട്വാ സമാസീനം വാല്മീകിം മുനിസത്തമം. 44

അഥ രാമഃ നാനാമൃഗ-ദ്വിജാകീർണ്ണം	അനന്തരം രാമൻ പലതരം മൃഗങ്ങളും പക്ഷികളും നിറഞ്ഞതും
നിത്യപുഷ്പഫലാകുലം	എന്നും പുഷ്പവും കായും തിങ്ങിനില്ക്കുന്നതും
ഋഷിസങ്കുലം	മുനിമാർ തിങ്ങിപ്പാർക്കുന്നതുമായ
വാല്മീകേഃ ആശ്രമം ഗത്വാ	വാല്മീകിയുടെ ആശ്രമത്തിൽ എത്തി.
തത്ര സമാസീനം	അവിടെയിരുന്ന
മുനിസത്തമം	മുനിവരനായ
വാല്മീകിം ദൃഷ്ട്വാ	വാല്മീകിയെ ദർശിച്ച്
രാമഃ ലക്ഷ്മണേന	ശ്രീരാമൻ ലക്ഷ്മണനോടും
സീതയാ ച	സീതയോടുംകൂടെ
ശിരസാ നനാമ	ശിരസാ നമിച്ചു.

ദൃഷ്ട്വാ രാമം രമാനാഥം വാല്മീകിർ ലോകസുന്ദരം 45

ജാനകീലക്ഷ്മണോപേതം ജടാമുകുടമണ്ഡിതം
കന്ദർപ്പസദൃശാകാരം കമനീയാംബുജേക്ഷണം. 46

ദൃഷ്ട്വൈവ സഹസോത്തസ്ഥൗ വിസ്മയാനിമിഷേക്ഷണഃ
ആലിംഗ്യ പരമാനന്ദം രാമം ഹർഷാശ്രുലോചനഃ. 47

പൂജയിത്വാ ജഗത്പൂജ്യം ഭക്ത്യാർഘ്യാദിഭിരാദൃതഃ
ഫലമൂലൈഃ സ മധുരൈഃ ഭോജയിത്വാ ച ലാലിതഃ. 48

ലോകസുന്ദരം രമാനാഥം	ലോകസുന്ദരനും രമാപതിയും
ജാനകീലക്ഷ്മണോപേതം	സീതാലക്ഷ്മണസമേതനും
ജടാമുകുടമണ്ഡിതം	ജടാകിരീടംകൊണ്ടലംകൃതനും
കന്ദർപ്പസദൃശാകാരം	മാരനു തുല്യമായ രൂപമുള്ളവനും
കമനീയാംബുജേക്ഷണം	താമരപോലെ കമനീയമായ നയനങ്ങളോ-
രാമം ദൃഷ്ട്വാ ഏവ	ടുകൂടിയവനുമായ രാമനെ കണ്ടപ്പോൾ
വിസ്മയാനിമിഷേക്ഷണഃ	വിസ്മയത്താൽ കണ്ണിമപൂട്ടാതെ
വാല്മീകിഃ	വാല്മീകി
സഹസാ ഉത്തസ്ഥൗ	പെട്ടെന്നെഴുന്നേററു.
ഹർഷാശ്രുലോചനഃ	ഹർഷാശ്രു നിറഞ്ഞ കണ്ണുകളോടെ
പരമാനന്ദം രാമം	പരമാനന്ദരൂപനായ രാമനെ
ആലിംഗ്യ	പുണർന്നു.
ജഗത്പൂജ്യം	(ആ) ലോകാരാധ്യനെ
അർഘ്യാദിഭിഃ ഭക്ത്യാ	അർഘ്യാദികളാൽ ഭക്തിപൂർവ്വം
പൂജയിത്വാ ആദൃതഃ	പൂജിച്ചാദരിച്ചു.
മധുരൈഃ ഫലമൂലൈഃ	മധുരക്കനികളും കിഴങ്ങുകളും
ഭോജയിത്വാ സഃ	ഭുജിപ്പിച്ചു
ലാലിതഃ ച	പരിചരിക്കയും ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവഃ പ്രാഞ്ജലിഃ പ്രാഹ വാല്മീകിം വിനയാന്വിതഃ
പിതുരാജ്ഞാം പുരസ്കൃത്യ ദണ്ഡകാനാഗതാഃ വയം. 49

രാഘവഃ പ്രാഞ്ജലിഃ	രാഘവൻ കൈകൂപ്പി
വിനയാന്വിതഃ	വിനയപൂർവ്വം
വാല്മീകിം പ്രാഹ	വാല്മീകിയെ ഇങ്ങനെ അറിയിച്ചു.
പിതുഃ ആജ്ഞാം	പിതാവിന്റെ ആജ്ഞ
പുരസ്കൃത്യ വയം	മുൻനിർത്തി ഞങ്ങൾ
ദണ്ഡകാൻ ആഗതാഃ	ദണ്ഡകത്തിലേക്ക വന്നിരിക്കയാണ്.

ഭവന്തോ യദി ജാനന്തി കിം വക്ഷ്യാമോ/ത്ര കാരണം
യത്ര മേ സുഖവാസായ ഭവേത് സ്ഥാനം വദസ്വ തത്. 50

ഭവന്തഃ ജാനന്തി യദി	ഭവാന്മാർക്കറിവുള്ളതാകയാൽ
അത്ര കാരണം	അതിന്റെ കാരണത്തെപ്പററി ഞാൻ
കിം വക്ഷ്യാമഃ	(കൂടതൽ) എന്തു പറയാനാണ്?
യത്ര മേ സുഖവാസായ	എവിടമാണെനിക്ക് സുഖവാസത്തിന്
സ്ഥാനം ഭവേത് തത് വദസ്വ	പററിയ സ്ഥാനമെന്നു പറഞ്ഞുതന്നാലും.

വാല്മീകിക്ക് എല്ലാം വസ്തുതകളും നേരത്തേതന്നെ അറിയാമായിരുന്നു. അതിനാൽ വനവാസത്തിനിടയാക്കിയ സാഹചര്യങ്ങളൊന്നും വിവരിക്കേണ്ട ആവശ്യമുണ്ടായില്ല. വാല്മീകി കവിയാണ്. കവി ക്രാന്തദർശിയും. ക്രാന്തദർശിക്കു കാണാൻ വയ്യാത്തതൊന്നുമില്ല.

സീതയാ സഹിതഃ കാലം കിഞ്ചിത്തത്ര നയാമ്യഹം
ഇത്യുക്തോ രാഘവേണാസൗ മുനിഃ സസ്മിതമബ്രവീത്. 51

സീതയാ സഹിതഃ	സീതയോടും (ലക്ഷ്മണനോടും) കൂടെ
കിഞ്ചിത്കാലം	അല്പകാലം
അഹം തത്ര നയാമി	ഞാനവിടെ കഴിക്കാം.
രാഘവേണ ഇതി ഉക്തഃ	രാമനാലിങ്ങനെ പറയപ്പെട്ട
അസൗ മുനിഃ	ആ മുനി
സസ്മിതം അബ്രവീത്	പുഞ്ചിരിയോടെ പറഞ്ഞു.

ത്വമേവ സർവ്വലോകാനാം നിവാസസ്ഥാനമുത്തമം
തവാപി സർവ്വഭൂതാനി നിവാസസദനാനി ഹി. 52

സർവ്വലോകാനാം	സകലലോകർക്കും
ഉത്തമം നിവാസസ്ഥാനം	ഉത്തമമായ വാസസ്ഥാനം
ത്വം ഏവ	നീതന്നെ.
സർവ്വഭൂതാനി അപി	എല്ലാ ഭൂതങ്ങളും
തവ	നിനക്ക്
നിവാസ സദനാനി ഹി	പാർപ്പിടങ്ങളുമാകുന്നു.

രാമൻ പരമപുരുഷനായ ഭഗവാനാണെന്ന കാര്യം വാല്മീകിക്കറിയാം. ദൃശ്യപ്രപഞ്ചം മുഴവനും പരമാത്മാവിന്റെ നിവാസസ്ഥാനമാണ്. താനില്ലാത്ത ഒരു സ്ഥാനവുമില്ല. ഇദം സർവ്വം ഈശാവാസ്യം. അതുപോലെ വിശ്വത്തിന്റെ ആധാരവും ഈശ്വരനാണ്. വിശ്വത്തിലെല്ലാം പരമാത്മാവിനേയും പരമാത്മാവിൽ വിശ്വത്തേയും കാണാൻ കഴിയുന്നവനാണ് ദ്രഷ്ടാവ്—ഋഷി. ''യസ്തു സർവ്വാണി ഭൂതാനി ആത്മന്യേവാനുപശ്യതി, സർവ്വഭൂതേഷു ചാത്മാനം'' എന്നു ശ്രുതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം സാധാരണം സ്ഥാനമുക്തം തേ രഘുനന്ദന
സീതയാ സഹിതസ്യേതി വിശേഷം പൃച്ഛതസ്തവ. 53
തദ്വക്ഷ്യാമി രഘുശ്രേഷ്ഠ യത്തേ നിയതമന്ദിരം

രഘുനന്ദന, ഏവം തേ	രഘുനന്ദന, ഇങ്ങനെ നിനക്ക്
സാധാരണം സ്ഥാനം	സാമാന്യേനയുള്ള വാസസ്ഥാനം
ഉക്തം	(എന്നാൽ) പറയപ്പെട്ടു.
രഘുശ്രേഷ്ഠ, സീതയാ	രഘോ, സീതാസമേതം
സഹിതസ്യ ഇതി	(എവിടെ വസിക്കും) എന്ന്
വിശേഷം പൃച്ഛതഃ തവ	വിശേഷേണ ചോദിച്ച നിന്റെ
യത് നിയതമന്ദിരം	സുനിശ്ചിതമായ മന്ദിരമേതെന്നും
തദ് വക്ഷ്യാമി	ഞാൻ പറയാം.

ശാന്താനാം സമദൃഷ്ടീനാമദ്വേഷ്ടൄണാം ച ജന്തുഷു
ത്വാമേവ ഭജതാം നിത്യം ഹൃദയം തേഽധിമന്ദിരം. 54

ശാന്താനാം സമദൃഷ്ടീനാം	ശാന്തരും സമദൃഷ്ടികളും
ജന്തുഷു അദ്വേഷ്ടൄണാം	ജീവികളിൽ ദ്വേഷമില്ലാത്തവരും
നിത്യം ത്വാം ഏവ	സദാ നിന്നെത്തന്നെ ഭജിക്കുന്നവരുമായ
ഭജതാം ച ഹൃദയം	(സത്തുക്കളുടെ) ഹൃദയം
തേ അധിമന്ദിരം	നിന്റെ ഭവനമാണ്.

വിശുദ്ധമായ മാനവഹൃദയമാണ് ഭഗവാന്റെ ശരിയായ നിവാസസ്ഥാനം. അവിടെ സീതാസമേതനായ രാമൻ—ചിച്ഛക്തിയോടുകൂടിയ പരമപുരുഷൻ—വിരാജിക്കുന്നു. വെറുപ്പിന്റെ അഭാവം പ്രേമത്തിന്റെ പ്രഭവമാണല്ലോ. പ്രേമസ്വരൂപനായ രാമൻ—ഈശ്വരൻ—വിശുദ്ധഹൃദയങ്ങളിൽ വിളങ്ങുന്നു.

ധർമ്മാധർമ്മാൻ പരിത്യജ്യ ത്വാമേവ ഭജതോഽനിശം
സീതയാ സഹ തേ രാമ തസ്യ ഹൃത് സുഖമന്ദിരം. 55

ധർമ്മാധർമ്മാൻ പരിത്യജ്യ	ധർമ്മാധർമ്മങ്ങളെ പരിത്യജിച്ച്
ത്വാം ഏവ അനിശം	നിന്നെത്തന്നെയെന്നും
ഭജതഃ തസ്യ ഹൃത്	ഭജിക്കുന്നവന്റെ ഹൃദയം
സീതയാ സഹ തേ	സീതാസഹിതനായ നിനക്ക്
സുഖമന്ദിരം	സുഖകരമായ മന്ദിരമാകുന്നു.

ധർമ്മമേത് അധർമ്മമേത് എന്ന വികല്പം വിശുദ്ധചരിതനായ ഭഗവദ്ഭക്തനെ അലട്ടുകയില്ല. പരമപുരുഷനെ സർവ്വാത്മനാ ശരണം പ്രാപിക്കുന്നവർ ചെയ്യുന്നതെന്തും പാവനമായിരിക്കാനേ വഴിയുള്ളൂ. "സർവ്വധർമ്മാൻ പരിത്യജ്യ മാമേകം ശരണം വ്രജ അഹം ത്വാ സർവ്വപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ" എന്ന ഗീതാവചനം സ്മരിക്കുക.

ത്വന്മന്ത്രജാപകോ യസ്തു ത്വാമേവ ശരണം ഗതഃ
നിർദ്വന്ദ്വോ നിസ്പൃഹസ്തസ്യ ഹൃദയം തേ സുമന്ദിരം. 56

യഃ തു ത്വൻ മന്ത്രജാപകഃ	ഏവൻ നിന്റെ നാമമന്ത്രം ജപിക്കുന്നുവോ
ത്വാം ഏവ ശരണം ഗതഃ	നിന്നെത്തന്നെ ശരണം പ്രാപിക്കുന്നുവോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(യഃ) നിർദ്വന്ദ്വഃ നിസ്പൃഹഃ	ഏതൊരുവൻ ഭേദഭാവനയില്ലാത്തവനും കാമനയററവനുമാകുന്നുവോ
തസ്യ ഹൃദയം തേ സുമന്ദിരം	അവന്റെ മനസ്സാണ് നിന്റെ മണിമന്ദിരം.

ഭഗവന്നാമങ്ങൾ ജപിക്കുക, ഭഗവാനെത്തന്നെ ശരണീകരിക്കുക എന്നിവ ജീവിതവ്യാപാരമാക്കിയവന്റെ എല്ലാ കർമ്മങ്ങളും ഭേദചിന്തകൾക്കതീതമായിത്തീരുന്നു. 'സമത്വം യോഗ ഉച്യതേ.' അവനു കാമ്യമായി ലോകത്തിൽ വിശേഷിച്ചൊന്നുമുണ്ടാവില്ല. അങ്ങോട്ടു കൊടുക്കാനല്ലാതെ ഒന്നുമിങ്ങോട്ടു വാങ്ങാൻ അവൻ താല്പര്യം കാണിക്കാറുമില്ല. അവന്റെ ഹൃദയം ദിവ്യചൈതന്യത്താൽ പരിപൂർണ്ണമാകുന്നു.

നിരഹങ്കാരിണഃ ശാന്താഃ യേ രാഗദ്വേഷവർജ്ജിതാഃ
സമലോഷ്ടാശ്മകനകാഃ തേഷാം തേ ഹൃദയം ഗൃഹം. 57

യേ നിരഹങ്കാരിണഃ ശാന്താഃ രാഗദ്വേഷ വർജ്ജിതാഃ	അഹന്തയില്ലാത്തവരും ശാന്തരും രാഗദ്വേഷമററവരും
സമലോഷ്ടാശ്മകനകാഃ	കല്ലിനേയും കനകത്തെയും സമമായി കാണുന്നവരുമായ
തേഷാം ഹൃദയം തേ ഗൃഹം	ആ (സത്തുക്കളുടെ) മാനസം നിന്റെ ഭവനമാണ്.

തന്റെ വികാരവിചാരങ്ങൾക്ക് സർവ്വോപരി സ്ഥാനം നല്കുക അഹങ്കാര ലക്ഷണമാണ്. അവയെ അന്യരുടേതുമായി സമരസപ്പെടുത്തി താദാത്മ്യം പ്രാപിക്കാൻ ശ്രമിക്കുന്നതോടെ വ്യക്തിയുടെ അഹന്ത തളരുകയും അവനിൽ വിശ്വജനീനത തളിരിടുകയും ചെയ്യുന്നു. ഭഗവദ്സാമീപ്യത്തിന്റെ ലക്ഷണവും അതുതന്നെ. ഭഗവദ്ഭക്തനു സമ്പത്തിലും വിപത്തിലും സാമ്യദൃഷ്ടി പുലർത്താനും പ്രയാസമില്ല. ''തത്തത് പ്രാപ്യ സുഖാസുഖം നാഭിനന്ദതി ന ദ്വേഷ്ടി'' എന്നു ഗീതാകാരൻ പറയുന്നു.

ത്വയി ദത്തമനോബുദ്ധിർയഃ സന്തുഷ്ടഃ സദാ ഭവേത്
ത്വയി സന്ത്യക്തകർമ്മാ യസ്തൻമനസ്തേ ശുഭം ഗൃഹം. 58

യഃ ത്വയി ദത്തമനോ- ബുദ്ധിഃ	ഏതുവൻ മനസ്സും ബുദ്ധിയും നിന്നിലാക്കി
ത്വയി സന്ത്യക്തകർമ്മാ സദാ സന്തുഷ്ടഃ ഭവേത്	നിന്നിലെല്ലാം കർമ്മവും സമർപ്പിച്ച് സദാ സന്തുഷ്ടനായി ഭവിക്കുന്നുവോ
തൻമനഃ തേ ശുഭം ഗൃഹം	അവന്റെ ഹൃദയം നിന്റെ ശുഭസദനമാകുന്നു.

മനോവ്യാപാരങ്ങൾ സർവ്വാത്മനാ ഭഗവദ്പ്രീതമാകുമ്പോൾ കർമ്മങ്ങളും ഭഗവദുന്മുഖമാകും. സന്തോഷം അത്തരം ഭക്തനു സ്വയം സിദ്ധമാകുകയും ചെയ്യും.

യോ ന ദ്വേഷ്ട്യപ്രിയം പ്രാപ്യ പ്രിയം പ്രാപ്യ ന ഹൃഷ്യതി
സർവ്വം മായേതി നിശ്ചിത്യ ത്വാം ഭജേത്തന്മനോ ഗൃഹം. 59

യഃ അപ്രിയം പ്രാപ്യ ന ദ്വേഷ്ടി	യാതൊരാൾ അപ്രിയം വന്നാൽ ദ്വേഷിക്കാതെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രിയം പ്രാപ്യ ന ഹൃഷ്യതി	പ്രിയം വന്നാൽ ആഹ്ലാദിക്കാതെ
സർവ്വം മയാ	എല്ലാം മായയെന്നു
ഇതി നിശ്ചിത്യ	നിശ്ചയിച്ച്
ത്വാം ഭജേത്	നിന്നെ ഭജിക്കുന്നുവോ
തൻ മനഃ (തേ) ഗൃഹം	അവന്റെ മനസ്സ് നിന്റെ ഗൃഹമാണ്.

സുഖാസുഖങ്ങളിൽ സമചിത്തത പുലർത്താൻ ഭഗവദ്ഭക്തനേ സാധിക്കൂ. സുഖദുഃഖങ്ങൾക്ക സ്ഥായിത്വമില്ലാത്തതിനാൽ അവ മായികങ്ങളാണ്. ഈ വസ്തുത അറിയുന്നവന്റെ ഹൃദയം ഭഗവദ്സാന്നിധ്യത്തിനർഹമാകുന്നു.

ഷഡ്ഭാവാദി വികാരാൻ യോ ദേഹേ പശ്യതി നാത്മനി
ക്ഷുത്തൃട് സുഖം ഭയം ദുഃഖം പ്രാണബുദ്ധ്യോർ നിരീക്ഷതേ 60

സംസാരധർമ്മൈർ നിർമ്മുക്തസ്തസ്യ തേ മാനസം ഗൃഹം. 61

യഃ ഷഡ്ഭാവാദി വികാരാൻ	ഏവൻ ഷഡ്ഭാവാദി വികാരങ്ങളെ
ദേഹേ പശ്യതി	ദേഹത്തിൽ കാണുകയും
ആത്മനി ന പശ്യതി	ആത്മാവിൽ കാണാതിരിക്കുകയും
ക്ഷുത്തൃട് സുഖം	വിശപ്പ്, ദാഹം, സുഖം,
ഭയം ദുഃഖം	ഭയം, ദുഃഖം എന്നിവ
പ്രാണബുദ്ധ്യോഃ	പ്രാണനും ബുദ്ധിക്കുമുള്ള ധർമ്മങ്ങളാ—
നിരീക്ഷതേ	ണെന്നു ഗ്രഹിക്കുകയും ചെയ്യുന്നുവോ
സഃ സംസാരധർമ്മൈഃ	അവൻ ലോകധർമ്മങ്ങളിൽനിന്നു
നിർമ്മുക്തഃ	വിട്ടതൽ നേടുന്നു.
തസ്യ മാനസം തേ	അവന്റെ മനസ്സ് നിനക്കു
ഗൃഹം	വീടാകുന്നു.

ഷഡ്ഭാവവികാരങ്ങൾ = ജനനം, സത്ത, പരിണാമം, വൃദ്ധി, ക്ഷയം, വിനാശം.

ദേഹധർമ്മങ്ങൾ ആത്മാവിന്റെ ധർമ്മങ്ങളാണെന്നു മൂഢൻ വിശ്വസിക്കുന്നു. അവന് ആത്മാവിനെ അറിയാൻ കഴിയുന്നില്ല. വിവേകി ദേഹധർമ്മങ്ങളെ ആത്മധർമ്മങ്ങളിൽനിന്നു വ്യതിരിക്തമായി കാണുകയാൽ മുക്തിക്കർഹനായി ത്തീരുന്നു. വിവേകപൂർണ്ണമായ മനസ്സിലേ ഈശ്വരചൈതന്യം സ്ഫുരിക്കൂ.

പശ്യന്തി യേ സർവ്വഗുഹാശയസ്ഥം
ത്വാം ചിദ്ഘനം സത്യമനന്തമേകം
അലേപകം സർവ്വഗതം വരേണ്യം
തേഷാം ഹൃദബ്ജേ സഹ സീതയാ വസ. 62

യേ ത്വാം സർവ്വ—	ഏവർ നിന്നെ സകലരുടേയും
ഗുഹാശയസ്ഥം	ഹൃദയത്തിലിരിക്കുന്നവനും
ചിദ്ഘനം സത്യം	ചൈതന്യത്തിന്മവും സത്യവും
അനന്തം ഏകം	അന്തമററവനും ഏകനും
അലേപകം സർവ്വഗതം	ഒന്നിലും പുരളാത്തവനും സർവ്വവ്യാപിയും
വരേണ്യം പശ്യന്തി	വരണീയനുമായിക്കാണുന്നു,
തേഷാം ഹൃദബ്ജേ	അവരുടെ ഹൃത്താരിൽ (നീ)
സീതയാ സഹ വസ	സീതയുമൊരുമിച്ചു വസിച്ചുകൊള്ളുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമാത്മാവിന്റെ യഥാർത്ഥസ്വരൂപം ഇവിടെ വിശദമാക്കിയിരിക്കുന്നു. ഈശ്വരൻ സകല ജീവികളുടെയും ഹൃദയകമലങ്ങളിലാണ് വിരാജിക്കുന്നത്. ''ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേശേऽർജ്ജുന തിഷ്ഠതി.'' തന്റെ ഹൃദയത്തിലന്വേഷിക്കുന്നവൻ പരമതത്ത്വത്തെക്കാണും.—''വേനസ്തത് പശ്യൻ നിഹിതം ഗുഹായാം.'' (ഗുഹ = ഹൃദയകമലം) സത്യമാണ് ഈശ്വരൻ. സത്യത്തിനു പരിധിയില്ല; അതു് ഏകസ്വരവും ഒന്നിലും പുരളാതെ സ്വതന്ത്രമായി നില്ക്കുന്നതുമാണ്. ഈശ്വരനില്ലാത്ത ഒരിടവുമില്ല. സർവ്വവ്യാപിയായ പരമാത്മാവു മാത്രമാണ് പ്രാണികൾക്ക് സർവ്വഥാ വരണീയൻ. ഇങ്ങനെയൊക്കെ അറിയുന്നവരുടെ ഹൃദയകമലത്തിലാണ് സീതാരാമന്മാർ കുടികൊള്ളുന്നതെന്ന് വാല്മീകി വിവരിക്കുന്നു.

നിരന്തരാഭ്യാസദൃഢീകൃതാത്മനാം
ത്വത്പാദസേവാപരിനിഷ്ഠിതാനാം
ത്വന്നാമകീർത്ത്യാ ഹതകല്മഷാണാം
സീതാസമേതസ്യ ഗൃഹം ഹൃദബ്ജേ. 63

നിരന്തരാഭ്യാസ- ദൃഢീകൃതാത്മനാം	ഇടതടവില്ലാത്ത അഭ്യാസത്താൽ ദൃഢമാക്കപ്പെട്ട മനസ്സുള്ളവരും
ത്വത്പാദസേവാ- പരിനിഷ്ഠിതാനാം	നിന്റെ പാദസേവയിൽ പൂർണ്ണനിഷ്ഠപുലർത്തുന്നവരും
ത്വന്നാമകീർത്ത്യാ ഹതകല്മഷാണാം (സതാം) ഹൃദബ്ജേ സീതാസമേതസ്യ തേ ഗൃഹം	നിന്റെ നാമസങ്കീർത്തനത്താൽ പാപം പോക്കിയവരുമായ (സജ്ജനങ്ങളുടെ) മനതാരിലാണ് സീതാസമേതനായ നിന്റെ വീട്.

മനുഷ്യമനസ്സ് സ്വതവേ ചഞ്ചലമാണ്. അതിനെ നിയന്ത്രിക്കുക യോഗികൾക്കുപോലും അതീവ ദുഷ്കരവും ഭീതികരവുമായിരിക്കും. 'ചഞ്ചലം ഹി മനഃ കൃഷ്ണ' എന്നു പറഞ്ഞു് സാധകനായ അർജ്ജുനൻ തന്റെ ഗുരു(കൃഷ്ണ)വിന്റെ മുമ്പിൽ വിലപിക്കുമ്പോൾ കാര്യം ശരിയെങ്കിലും മനമാകുന്ന മദയാനയെ ഇടതടവില്ലാത്ത അഭ്യാസംകൊണ്ട് മെരുക്കിയെടുക്കാനാകുമെന്നു പറഞ്ഞു് യോഗേശ്വരനായ കൃഷ്ണൻ അർജ്ജുനനെ ആശ്വസിപ്പിച്ച് ജീവിതസമരത്തിനു സന്നദ്ധനാക്കുന്നുണ്ടല്ലോ. മനസ്സിനെ നിയന്ത്രിക്കുന്ന വിഷയത്തിൽ നാമകീർത്തനം തുടങ്ങിയ ഭക്തിമാർഗ്ഗപരിപാടികൾക്കുള്ള പരമോന്നതസ്ഥാനം തറപ്പിച്ചു പറയാൻ രാമായണകൃത്തു് അതിമാത്രം ശ്രദ്ധിക്കുന്നുണ്ടെന്ന് മേൽക്കാണിച്ച ശ്ലോകങ്ങൾ പരിശോധിച്ചാൽ വെളിപ്പെടും.

രാമ ത്വന്നാമമഹിമാ വർണ്ണ്യതേ കേന വാ കഥം
യത് പ്രഭാവാദഹം രാമ ബ്രഹ്മർഷിത്വമവാപ്തവാൻ. 64

രാമ, ത്വന്നാമമഹിമാ കേന വാ കഥം വർണ്ണ്യതേ രാമ, യത് പ്രഭാവാത് അഹം ബ്രഹ്മർഷിത്വം അവാപ്തവാൻ	രാമ, നിന്റെ നാമമാഹാത്മ്യം ആരാലെങ്ങനെ വർണ്ണിക്കപ്പെടും? രാമ, നിന്റെ നാമപ്രഭാവത്താലാണല്ലോ ഞാൻ ബ്രഹ്മർഷിപദം പ്രാപിച്ചതു്.

രാമനാമം ജപിച്ചതിന്റെ പരിണതഫലമായി വെറുമൊരു കിരാതൻ ബ്രഹ്മർഷിപദം പ്രാപിച്ച് വാല്മീകി എന്നു പുകൾപെറ്റ കവിയായിത്തീർന്ന കഥ ഇവിടെ ഓർക്കേണ്ടതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം പുരാ കിരാതേഷു കിരാതൈഃ സഹ വർദ്ധിതഃ
ജന്മമാത്രദ്വിജത്വം മേ ശൂദ്രാചാരരതഃ സദാ. 65

അഹം പുരാ കിരാതൈഃ	ഞാൻ പണ്ട് കാട്ടാളരാൽ
കിരാതേഷു	കാട്ടാളരുടെ ഇടയിൽ
വർദ്ധിതഃ	വളർത്തപ്പെട്ടവനാണ്.
ജന്മമാത്രദ്വിജത്വം മേ	എനിക്ക് ജന്മംകൊണ്ടു മാത്രമേ ദ്വിജത്വമുണ്ടായിരുന്നുള്ളു.
സദാ ശൂദ്രാചാരരതഃ (ആസം)	ഞാൻ സദാ ശൂദ്രരു ചേർന്ന കർമ്മങ്ങളിലാണ് മുഴുകിയത്.

വാല്മീകി കിരാതവൃത്തിയിൽ മുഴുകിക്കഴിഞ്ഞിരുന്നു ചെറുപ്പത്തിൽ എന്ന കഥ പ്രസിദ്ധമാണ്. രാമനാമപ്രഭാവത്താൽ കിരാതവൃത്തി വെടിഞ്ഞ് അദ്ദേഹമൊരു മഹാമുനിയായി മാറി. ജന്മംകൊണ്ട് വാല്മീകി കിരാതൻതന്നെയായിരിക്കാനാണു സാദ്ധ്യത. പക്ഷേ, കർമ്മംകൊണ്ട് അദ്ദേഹം ദ്വിജനാവുകയാണുണ്ടായത്. അധ്യാത്മരാമായണകർത്താവ് ജന്മംകൊണ്ടുകൂടിയുള്ള ദ്വിജത്വത്തിന് പ്രത്യേകമെന്ത കല്പിച്ചിരുന്നുവെന്നു തോന്നുന്നു. ജനനാൽ എല്ലാവരും ശൂദ്രരാണെന്നും സംസ്കാരംകൊണ്ട് ശൂദ്രൻ ദ്വിജനാകുമെന്നുമുള്ള വൈദികസങ്കല്പം ഈ ഗ്രന്ഥം രചിക്കപ്പെട്ടകാലത്ത് വിസ്മൃതപ്രായമായിരുന്നു എന്ന് ഊഹിക്കാം.

ശൂദ്രായാം ബഹവഃ പുത്രാഃ ഉത്പന്നാഃ മേഽജിതാത്മനഃ
തതശ്ചൗരൈശ്ച സംഗമ്യ ചൗരോഽഹമഭവം പുരാ. 66

അജിതാത്മനഃ മേ	ആത്മനിയന്ത്രണമില്ലാത്ത എനിക്ക്
ശൂദ്രായാം ബഹവഃ	ശൂദ്രസ്ത്രീയിൽ ധാരാളം
പുത്രാഃ ഉത്പന്നാഃ	പുത്രന്മാരും പിറന്നു.
തതഃ ചൗരൈഃ സംഗമ്യ	പിന്നെ കള്ളന്മാരുമായി കൂട്ടുകെട്ടി
പുരാ അഹം ചൗരഃ അഭവം	പണ്ടു ഞാൻ കള്ളനുമായി.

ധനുർബാണധരോ നിത്യം ജീവാനാമന്തകോപമഃ
ഏകദാ മുനയഃ സപ്ത ദൃഷ്ടാഃ മഹതി കാനനേ. 67

സാക്ഷാൻ മയാ പ്രകാശന്തോ ജ്വലനാർക്കസമപ്രഭാഃ
താനന്വധാവം ലോഭേന തേഷാം സർവ്വപരിച്ഛദാൻ. 68

ഗൃഹീതുകാമസ്തത്രാഹം തിഷ്ഠതിഷ്ഠേതി ചാബ്രുവം
ദൃഷ്ട്വാ മാം മുനയോഽപൃച്ഛൻ കിമായാസി ദ്വിജാധമ. 69

നിത്യം ധനുർബാണധരഃ	എന്നും വില്ലുമമ്പുമേന്തി
ജീവാനാം അന്തകോപമഃ	ജീവികൾക്ക് കാലനു തുല്യനായി പ്രവർത്തിച്ചു.
ഏകദാ മഹതി കാനനേ	ഒരിക്കൽ കൊടുംകാട്ടിൽവച്ച്
സപ്തമുനയഃ മയാ ദൃഷ്ടാഃ	സപ്തർഷികൾ എന്നാൽ കാണപ്പെട്ടു.
സാക്ഷാത് ജ്വലനാർക്ക-സമപ്രഭാഃ	അവർ സാക്ഷാൽ ജ്വലനസൂര്യന്മാരോടു സമം പ്രഭയുള്ളവരും
പ്രകാശന്തഃ	പ്രകാശരാശികളും ആയിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോഭേന തേഷാം സർവ്വപരിച്ഛദാൻ	ദുരയാൽ അവരുടെ വസ്ത്രങ്ങളും സാമഗ്രികളുമെല്ലാം
ഗ്രഹീതും കാമഃ താൻ അന്വധാവം	തട്ടിപ്പറിക്കാനാഗ്രഹിച്ച് അവരുടെ പിമ്പേയോടി.
തിഷ്ഠ, തിഷ്ഠ, ഇതി അബ്രുവം ച	നില്ല്, നില്ല് എന്നു വിളിച്ചു പറകയും ചെയ്തു.
മാം ദൃഷ്ട്വാ മുനയഃ അപൃച്ഛൻ	എന്നെ നോക്കി മുനിമാർ ചോദിച്ചു: (എടാ)
ദ്വിജാധമ, കിം ആഗതോസി?	ബ്രാഹ്മണാധമ, നീ എന്തിനാണ് (ഞങ്ങളുടെ പിമ്പേ) വരുന്നത്?

അഹം താനബ്രുവം കിഞ്ചിദാദാതും മുനിസത്തമാഃ
പുത്രദാരാദയഃ സന്തി ബഹവോ മേ ബുഭുക്ഷിതാഃ. 70

അഹം താൻ അബ്രുവം മുനിസത്തമാഃ, മേ ബഹവഃ പുത്രദാരാദയഃ സന്തി ബുഭുക്ഷിതാഃ	ഞാൻ അവരോടു പറഞ്ഞു: മുനിശ്രേഷ്ഠരേ, എനിക്ക് വളരെ മക്കളും ഭാര്യമാരുമുണ്ട് (അവർ) വിശന്നു വലയുന്നു.
കിഞ്ചിത് ആദാതും (ആഗതഃ അസ്മി)	(അവർക്കുവേണ്ടി) എന്തെങ്കിലുമല്പം എടുക്കാനാണ് (ഞാൻ വന്നത്).

തേഷാം സംരക്ഷണാർത്ഥായ ചരാമി ഗിരികാനനേ
തതോ മാമൂചുരവ്യഗ്രാഃ പൃച്ഛ ഗത്വാ കുടുംബകം. 71

യോ യോ മയാ പ്രതിദിനം ക്രിയതേ പാപസഞ്ചയഃ
യൂയം തദ്ഭാഗിനഃ കിം വാ നേതി വേതി പൃഥക് പൃഥക്. 72

തേഷാം സംരക്ഷണാർത്ഥായ ഗിരികാനനേ ചരാമി	അവരെ പുലർത്താൻ മലയിലും കാട്ടിലുമൊക്കെ ഞാൻ നടക്കുകയാണ്.
തതഃ അവ്യഗ്രാഃ മാം ഊചുഃ	പിന്നെ ശാന്തതയോടെ (മുനിമാർ) എന്നോടു പറഞ്ഞു:
കുടുംബകം ഗത്വാ പൃഥക് പൃഥക് പൃച്ഛ മയാ പ്രതിദിനം യഃ യഃ പാപസഞ്ചയഃ ക്രിയതേ കിം യൂയം തദ്ഭാഗിനഃ വാ ന വാ ഇതി	നീ കുടുംബത്തിന്റെ അടുത്തു ചെന്ന് (ഓരോ അംഗത്തോടും) പ്രത്യേകം പ്രത്യേകം (ഇങ്ങനെ) ചോദിക്കണം. എന്നാൽ ദിനംപ്രതി ഏതെല്ലാം പാപങ്ങൾ ചെയ്യപ്പെടുന്നുവോ നിങ്ങളും അതിന്റെ പങ്ക് വഹിക്കുമോ ഇല്ലയോ എന്ന്.

വയം സ്ഥാസ്യാമഹേ താവദാഗമിഷ്യസി നിശ്ചയഃ
തഥേത്യുക്ത്വാ ഗൃഹം ഗത്വാ മുനിഭിർ യദുദീരിതം. 73

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപൃച്ഛം പുത്രദാരാദീംസ്തൈരുക്തോഹം രഘൂത്തമ
പാപം തവൈവ തത്സർവ്വം വയം തു ഫലഭാഗിനഃ. 74

(യാവത്) ആഗമിഷ്യസി	നീ മടങ്ങിവരുന്നതുവരെ
(താവത്) വയം സ്ഥാസ്യാ	ഞങ്ങൾ ഇവിടെ നില്ക്കും
മഹേ, നിശ്ചയഃ	തീർച്ച.
തഥാ ഇതി ഉക്ത്വാ	അങ്ങനെയാകട്ടെ എന്നു പറഞ്ഞ്
ഗൃഹം ഗത്വാ	വീട്ടിൽ ചെന്ന്
മുനിഭിഃ യത് ഉദീരിതം	മുനിമാരാലെന്തു പറയപ്പെട്ടുവോ
പുത്രദാരാദീൻ	(അതുപോലെ) ഞാൻ മക്കളോടും
അപൃച്ഛം	ഭാര്യമാർ തുടങ്ങിയവരോടും ചോദിച്ചു.
രഘൂത്തമ, തൈഃ	രഘുവര, അവരെന്നോടിങ്ങനെ
അഹം ഉക്തഃ	പറഞ്ഞു:
പാപം തത് സർവ്വം	പാപമായതെല്ലാം
തവ ഏവ വയം തു	നിങ്ങൾക്കുതന്നെ. ഞങ്ങളാകട്ടെ,
ഫലഭാഗിനഃ	ഫലം ഭുജിക്കുന്നവർ മാത്രം.

തച്ഛ്രുത്വാ ജാതനിർവേദോ വിചാര്യ പുനരാഗമം
മുനയോ യത്ര തിഷ്ഠന്തി കരുണാപൂർണ്ണമാനസാഃ. 75

തച്ഛ്രുത്വാ	അവർ പറഞ്ഞതു കേട്ട്
ജാതനിർവ്വേദഃ	പശ്ചാത്താപമുളവായ (ഞാൻ)
വിചാര്യ	ചിന്തയിൽ മുഴുകി
കരുണാപൂർണ്ണമാനസാഃ	കരുണനിറഞ്ഞ കരളുള്ള (ആ)
മുനയഃ യത്ര തിഷ്ഠന്തി	മുനിമാർ നില്ക്കുന്നിടത്തേക്കു
പുനഃ ആഗമം	മടങ്ങിപ്പോന്നു.

മുനീനാം ദർശനാദേവ ശുദ്ധാന്തഃകരണോഽഭവം
ധനരാദീൻ പരിത്യജ്യ ദണ്ഡവത് പതിതോസ്മ്യഹം. 76

മുനീനാം ദർശനാത് ഏവ	മുനിമാരുടെ ദർശനംകൊണ്ടുതന്നെ
അഹം ശുദ്ധാന്തഃകരണഃ	ഞാൻ ശുദ്ധഹൃദയനായി
അഭവം	ഭവിച്ചു.
ധനുരാദീൻ പരിത്യജ്യ	വില്ലു മുതലായവ വലിച്ചെറിഞ്ഞ്
ദണ്ഡവത് പതിതഃ	(അവരുടെ കാൽക്കൽ) ദണ്ഡംപോലെ
അസ്മി	വീണു നമസ്കരിച്ചു.

രക്ഷധ്വം മാം മുനിശ്രേഷ്ഠാഃ ഗച്ഛന്തം നിരയാർണ്ണവം
ഇത്യഗ്രേ പതിതം ദൃഷ്ട്വാ മാമൂചുർമുനിസത്തമാഃ. 77

മുനിസത്തമാഃ	മുനിവരന്മാരേ,
നിരയാർണ്ണവം ഗച്ഛന്തം	നരകക്കടലിലേക്കു പായുന്ന
മാം രക്ഷധ്വം	എന്നെ രക്ഷിക്കണമേ
ഇതി അഗ്രേ പതിതം	ഇങ്ങനെ (കേണുകൊണ്ട്) മുമ്പിൽ കിടക്കുന്ന
മാം ദൃഷ്ട്വാ	എന്നെ നോക്കി
മുനിസത്തമാഃ ഊചുഃ	മാമുനിമാർ മൊഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്തിഷ്ഠോത്തിഷ്ഠ ഭദ്രം തേ സഫലം സത്സമാഗമഃ
ഉപദേക്ഷ്യാമഹേ തുഭ്യം കിഞ്ചിത്തേനൈവ മോക്ഷ്യസേ. 78

പരസ്പരം സമാലോച്യ ദുർവൃത്തോഽയം ദ്വിജാധമഃ
ഉപേക്ഷ്യ ഏവ സദ്വൃത്തൈഃ തഥാപി ശരണം ഗതഃ
രക്ഷണീയഃ പ്രയത്നേന മോക്ഷമാർഗ്ഗോപദേശതഃ. 79

ഉത്തിഷ്ഠ, ഉത്തിഷ്ഠ	എഴുന്നേൽക്കൂ, എഴുന്നേൽക്കൂ
തേ ഭദ്രം	നിനക്കു മംഗളം (വരും).
സത്സമാഗമഃ സഫലഃ	സത്തുക്കളുമായുള്ള ചേർച്ച സഫലമാകും.
തുഭ്യം കിഞ്ചിത്	നിനക്ക് അല്പമൊരു
ഉപദേക്ഷ്യാമഹേ	ഉപദേശം തരാം.
തേന ഏവ	അതുകൊണ്ടുതന്നെ നിനക്കു
മോക്ഷ്യസേ	മുക്തി ലഭിക്കും.
പരസ്പരം സമാലോച്യ	(അവർ) അന്യോന്യമാലോചിച്ച് (തീരുമാനിച്ചു)
അയം ദ്വിജാധമഃ	ഈ അധമബ്രാഹ്മണൻ
ദുർവൃത്തഃ	ദുർന്നടപ്പുകാരനാണ്.
സദ്വൃത്തൈഃ	സത്തുക്കളാൽ
ഉപേക്ഷ്യ ഏവ	ഉപേക്ഷിക്കപ്പെടേണ്ടവൻതന്നെ.
തഥാപി	എന്നാലും (അവൻ) നമ്മളെ
ശരണം ഗതഃ	ശരണംപ്രാപിച്ചു.
പ്രയത്നേന	(അതിനാൽ) പ്രയത്നപൂർവ്വം
മോക്ഷമാർഗ്ഗോപദേശതഃ	മോക്ഷമാർഗ്ഗം ഉപദേശിച്ച്
രക്ഷണീയഃ	(ഇവനെ) രക്ഷിക്കണം.

ഇത്യുക്ത്വാ രാമ തേ നാമ വ്യത്യസ്താക്ഷരപൂർവ്വകം
ഏകാഗ്രമനസാത്രൈവ മരേതി ജപ സർവ്വദാ. 80

ഇതി (ഉക്ത്വാ)	ഇപ്രകാരം പറഞ്ഞിട്ട്
രാമ, തേ നാമ	രാമ, നിന്റെ പേര്
വ്യത്യസ്താക്ഷരപൂർവ്വകം	വ്യത്യസ്തമായ അക്ഷരക്രമത്തോടെ
മരാ ഇതി	മരാ എന്ന്
അത്ര ഏവ ഏകാഗ്രമനസാ	ഇവിടെത്തന്നെ ഏകാഗ്രമനസ്സോടെ
സർവ്വദാ ജപ	എപ്പോഴും ജപിച്ചുകൊള്ളുക (എന്ന് ഉപദേശിക്കുകയുംചെയ്തു).

ആഗച്ഛാമോ പുനര്യാവത് താവദുക്തം സദാ ജപ
ഇത്യുക്ത്വാ പ്രയയുഃ സർവ്വേ മുനയോ ദിവ്യദർശനാഃ. 81

യാവത് പുനഃ	എപ്പോഴേക്കു വീണ്ടും ഞങ്ങൾ
ആഗച്ഛാമഃ താവത്	വരുമോ, അതുവരെ
ഉക്തം	പറഞ്ഞുതന്നതു് (രാമനാമം)
സദാ ജപ	സദാ ഉരുവിടണം.
ഇതി ഉക്ത്വാ	ഇത്രയും പറഞ്ഞിട്ട്
ദിവ്യദർശനാഃ സർവ്വേ	ദിവ്യദർശനരായ ആ
മുനയഃ പ്രയയുഃ	മഹർഷിമാരെല്ലാം കടന്നുപോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം യഥോപദിഷ്ടം തൈസ്തഥാ*f*കരവമഞ്ജസാ
ജപന്നേകാഗ്രമനസാ ബാഹ്യം വിസ്മൃതവാനഹം. 82

അഹം അഞ്ജസാ തൈഃ	ഞാൻ പെട്ടെന്നുതന്നെ അവരാൽ
യഥാ ഉപദിഷ്ടം	ഉപദേശിക്കപ്പെട്ടതെങ്ങനെയോ
തഥാ അകരവം	അങ്ങനെ ചെയ്തു.
ഏകാഗ്രമനസാ ജപൻ	ഏകാഗ്രമനസ്സോടെ (രാമനാമം)
ബാഹ്യം അഹം	ഉരുവിട്ടു് പുറമെയുള്ളതെല്ലാം
വിസ്മൃതവാൻ	മറന്നുപോയി.

ഏവം ബഹുതിഥേ കാലേ ഗതേ നിശ്ചലരൂപിണഃ
സർവ്വസംഗവിഹീനസ്യ വല്മീകോ*f*ഭൂത് മമോപരി. 83

ഏവം ബഹുതിഥേ	ഇങ്ങനെ ബഹുതിഥികളോടുകൂടിയ
കാലേ ഗതേ	കാലം കഴിഞ്ഞതോടെ
സർവ്വസംഗവിഹീനസ്യ	എല്ലാ സംഗങ്ങളും വിട്ടു്
നിശ്ചലരൂപിണഃ മമ ഉപരി	അനക്കമററിരുന്ന എന്റെമേൽ
വല്മീകഃ അഭൂത്	ചിതൽപ്പുററു മൂടി.

തതോ യുഗസഹസ്രാന്തേ ഋഷയഃ പുനരാഗമൻ
മാമൂചുർനിഷ്ക്രമസ്വേതി തച്ഛ്രുത്വാ തൂർണ്ണമുത്ഥിതഃ. 84

തതഃ യുഗസഹസ്രാന്തേ	പിന്നെ ആയിരം യുഗങ്ങൾ കഴിഞ്ഞപ്പോൾ
ഋഷയഃ പുനഃ ആഗമൻ	മുനിമാർ വീണ്ടും വന്നു.
നിഷ്ക്രമസ്വ ഇതി	പുറത്തേക്കു വരൂ എന്നു്
മാം ഊചുഃ	എന്നോടരുളിച്ചെയ്തു.
തത് ശ്രുത്വാ	അതു കേട്ടു് ഞാൻ
തൂർണ്ണം ഉത്ഥിതഃ	പെട്ടെന്നെഴുന്നേററു.

വല്മീകാന്നിർഗ്ഗതശ്ചാഹം നീഹാരാദിവ ഭാസ്കരഃ
മാമപ്യാഹുർ മുനിഗണാഃ വാല്മീകിസ്ത്വം മുനീശ്വര. 85

നീഹാരാത് ഭാസ്കരഃ ഇവ	മൂടൽമഞ്ഞിൽനിന്നു് സൂര്യനെന്നപോലെ-
അഹം വല്മീകാത്	യാണു് ഞാൻ ചിതൽപ്പുററിൽനിന്നു്
നിർഗ്ഗതഃ ച	വെളിയിൽ വന്നതു്.
മുനിഗണാഃ അപി	(അപ്പോൾ) മുനിമാർ
മാം ആഹുഃ	എന്നോടിങ്ങനെ പറഞ്ഞു.
മുനീശ്വര, ത്വം	മഹാമുനേ, നിങ്ങൾ
വാല്മീകിഃ	വാല്മീകിയാകുന്നു.

വല്മീകം = ചിതൽപ്പുററു്. നിരവധി വർഷങ്ങളോളം ചലിക്കാതെ തപോനിരതനായിരുന്ന വാല്മീകിയുടെ ദേഹമാകെ ചിതൽപ്പുററു മൂടി. ചിതൽപ്പുററിൽനിന്നു വെളിയിൽ വന്ന അദ്ദേഹത്തെ വാല്മീകി എന്നു മഹർഷിമാർ വിളിച്ചു.

വല്മീകാത് സംഭവോ യസ്മാത് ദ്വിതീയം ജന്മ തേ*f*ഭവത്
ഇത്യുക്ത്വാ തേ യയുർദിവ്യഗതിം രഘുകുലോത്തമ. 86

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വല്മീകാത് സംഭവഃ യസ്മാത് തേ	വല്മീകത്തിൽനിന്ന് ഉളവായതിനാൽ നിങ്ങൾക്ക്
ദ്വിതീയം ജന്മ അഭവത് രഘുകുലോത്തമ, ഇതി ഉക്ത്വാ തേ ദിവ്യഗതിം യയുഃ	രണ്ടാമതൊരു ജന്മം കൈവന്നു. രഘുവംശപ്രദീപമേ, ഇപ്രകാരം പറഞ്ഞിട്ട് അവർ ദേവലോകത്തേക്കു പോയി.

അഹം തേ രാമ നാമ്നശ്ച പ്രഭാവാദീദൃശോ$/$ഭവം
അദ്യ സാക്ഷാത് പ്രപശ്യാമി സസീതം ലക്ഷ്മണേന ച. 87

രാമം രാജീവപത്രാക്ഷം ത്വാം മുക്തോ നാത്ര സംശയഃ
ആഗച്ഛ രാമ ഭദ്രം തേ സ്ഥലം വൈ ദർശയാമ്യഹം. 88

രാമ, അഹം തേ നാമ്നഃ പ്രഭാവാത് ഈദൃശഃ അഭവം	രാമ, ഞാൻ നിന്റെ നാമ– പ്രഭാവത്താൽ ഇപ്രകാരമായിത്തീർന്നു.
അദ്യ സസീതം ലക്ഷ്മണേന ച (സഹിതം)	ഇന്ന് സീതാ– ലക്ഷ്മണസമേതനും
രാജീവപത്രാക്ഷം ത്വാം രാമം സാക്ഷാത് പ്രപശ്യാമി	ചെന്താമരക്കണ്ണനുമായ നിന്നെ— രാമനെ—ഞാൻ കൺമുമ്പിൽ കാണുകയാണ്.
അഹം മുക്തഃ അത്ര ന സംശയഃ രാമ, ആഗച്ഛ, തേ ഭദ്രം സ്ഥലം വൈ ദർശയാമി	ഞാൻ മുക്തനായി എന്നതിൽ സംശയമില്ല. രാമ, വരൂ, നിനക്കു മംഗളം. (പാർക്കാൻ പററിയ) സ്ഥലം ഞാൻ കാട്ടിത്തരാം.

വാല്മീകിയുടെ കഥ ഇവിടെ സവിസ്തരം പ്രതിപാദിച്ചതിനു് പ്രകടമായ ഒരു ഉദ്ദേശ്യമുണ്ട്. രാമനാമത്തിന്റെ സർവ്വാതിശായിയായ മഹിമ ഉദ്ഘോഷിക്കുകയെന്നതുതന്നെ അത്.

ഏവമുക്ത്വാ മുനിഃ ശ്രീമാൻ ലക്ഷ്മണേന സമന്വിതഃ
ശിഷ്യൈഃ പരിവൃതോ ഗത്വാ മധ്യേ പർവ്വതഗംഗയോഃ. 89

തത്ര ശാലാം സുവിസ്തീർണ്ണാം കാരയാമാസ വാസഭൂഃ
പ്രാക്പശ്ചിമം ദക്ഷിണോദക് ശോഭനം മന്ദിരദ്വയം. 90

ഏവം ഉക്ത്വാ ശ്രീമാൻ മുനിഃ ശിഷ്യൈഃ പരിവൃതഃ ലക്ഷ്മണേന സമന്വിതഃ പർവ്വതഗംഗയോഃ മധ്യേ ഗത്വാ തത്ര വാസഭൂഃ (രാമഃ) വിസ്തീർണ്ണാം ശാലാം കാരയാമാസ പ്രാക്പശ്ചിമം	ഇപ്രകാരം പറഞ്ഞ് ഐശ്വര്യശാലിയായ വാല്മീകി ശിഷ്യന്മാരാൽ പരിസേവിതനായി ലക്ഷ്മണനെയും കൂട്ടി ചിത്രകൂടപർവ്വതത്തിനും ഗംഗയ്ക്കുമിടയ്ക്കുള്ള (ഒരു സ്ഥലത്ത്) എത്തുകയും അവിടെ (ജഗത്തിനെല്ലാം) വാസഭൂവായ രാമൻ വിശാലമായ പർണ്ണശാല ഉണ്ടാക്കിക്കുകയും ചെയ്തു. കിഴക്കുപടിഞ്ഞാറായും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദക്ഷിണോദക്	തെക്കുവടക്കായും
ശോഭനം മന്ദിരദ്വയം	മനോഹരമായ രണ്ടു മന്ദിരങ്ങളും
	(അതിൽ) ഉണ്ടാക്കിച്ചു.

ജാനക്യാസഹിതോ രാമോ ലക്ഷ്മണേന സമന്വിതഃ
തത്ര തേ ദേവസദൃശാ ഹ്യവസൻ ഭവനോത്തമേ. 91

ജാനക്യാസഹിതഃ	ജാനകീദേവിയോടും
ലക്ഷ്മണേന ച സമന്വിതഃ	ലക്ഷ്മണനോടുംകൂടി
രാമഃ	രാമൻ
(തത്ര അവസത്)	(അവിടെ വസിച്ചു.)
ഭവനോത്തമേ	ഉത്തമമായ ആ ഭവനത്തിൽ
തേ ദേവസദൃശാഃ	അവർ മൂവരും ദേവന്മാരെപ്പോലെയാണ്
അവസൻ ഹി	താമസിച്ചത്.

വാല്മീകിനാ തത്ര സുപൂജിതോഽയം
രാമഃ സസീതഃ സഹ ലക്ഷ്മണേന
ദേവൈർമുനീന്ദ്രൈഃ സഹിതോ മുദാസ്തേ
സ്വർഗ്ഗേ യഥാ ദേവപതിഃ സശച്യാ. 92

സസീതഃ ലക്ഷ്മണേന	സീതയോടും ലക്ഷ്മണനോടും
സഹ അയം രാമഃ	കൂടിയ ഈ രാമൻ
തത്ര വാല്മീകിനാ	ചിത്രകൂടത്തിൽ വാല്മീകിയാൽ
സുപൂജിതഃ	സംപൂജിതനായി
ദേവൈഃ മുനീന്ദ്രൈഃ	ദേവന്മാരോടും മുനീന്ദ്രരോടും
ശച്യാ സഹിതഃ	ശചിയോടുകൂടെ
സഃ ദേവപതിഃ	ആ ദേവേന്ദ്രൻ
സ്വർഗ്ഗേ യഥാ	സ്വർഗ്ഗത്തിലെന്നപോലെ
മുദാ ആസ്തേ	സന്തോഷത്തോടെ വസിച്ചു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ ഷഷ്ഠഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം ആറാംസർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഏഴ്

സുമന്ത്രൻെറ അയോദ്ധ്യാപ്രവേശം— ദശരഥൻെറ ചരമഗതി—ഭരതപ്രത്യാഗമനം— ദശരഥൻെറ അന്ത്യേഷ്ടി

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ പറഞ്ഞു

സുമന്ത്രോഽപി തദായോധ്യാം ദിനാന്തേ പ്രവിവേശ ഹ
വസ്ത്രേണ മുഖമാച്ഛാദ്യ ബാഷ്പാകുലിതലോചനഃ. 1

തദാ സുമന്ത്രഃ അപി	അപ്പോൾ സുമന്ത്രനും
ബാഷ്പാകുലിതലോചനഃ	നീറഞ്ഞ കണ്ണുകളോടെ
വസ്ത്രേണ മുഖം ആച്ഛാദ്യ	വസ്ത്രംകൊണ്ടു മുഖം മറച്ച്
ദിനാന്തേ	സന്ധ്യാസമയത്ത്
അയോധ്യാം	അയോധ്യയിലേക്ക്
പ്രവിവേശ ഹ	പ്രവേശിച്ചു.

ബഹിരേവ രഥം സ്ഥാപ്യ രാജാനം ദ്രഷ്ടുമായയൗ
ജയശബ്ദേന രാജാനം സ്തുത്വാ തം പ്രണനാമ ഹ. 2

രഥം ബഹിഃ ഏവ സ്ഥാപ്യ	രഥം വെളിയിൽത്തന്നെ നിറുത്തിയിട്ട്
രാജാനം ദ്രഷ്ടും ആയയൗ	രാജാവിനെ മുഖംകാണിക്കാൻ ചെന്നു.
ജയശബ്ദേന രാജാനം	ജയശബ്ദത്താൽ അദ്ദേഹത്തെ
സ്തുത്വാ തം പ്രണനാമ ഹ	സ്തുതിച്ച് വണങ്ങി.

തതോ രാജാ നമന്തം തം സുമന്ത്രം വിഹ്വലോഽബ്രവീത്
സുമന്ത്ര രാമഃ ക്വാസ്തേ സീതയാ ലക്ഷ്മണേന ച. 3

നമന്തം തം വിഹ്വലഃ	പ്രണമിക്കുന്ന മന്ത്രിയോട്
രാജാ തതഃ അബ്രവീത്	മനംതകന്ന രാജാവ് പിന്നെ ചോദിച്ചു:
സുമന്ത്ര, രാമഃ സീതയാ	സുമന്ത്ര, രാമൻ സീതയോടും
ലക്ഷ്മണേന ച ക്വ ആസ്തേ	ലക്ഷ്മണനോടുംകൂടെ എവിടെയാണ് ഇരിക്കുന്നത്?

ക്വ ത്യക്തസ്ത്വയാ രാമഃ കിം മാം പാപിനമബ്രവീത്
സീതാ വാ ലക്ഷ്മണോവാപി നിർദ്ദയം മാം കിമബ്രവീത്. 4

ത്വയാ രാമഃ ക്വ ത്യക്തഃ	നിങ്ങൾ രാമനെ എവിടെ വിട്ടു?
പാപിനം മാം കിം അബ്രവീത്	പാപിയായ എന്നോട് എന്തു പറഞ്ഞു?
സീതാ വാ ലക്ഷ്മണഃ വാ അപി	സീതയും ലക്ഷ്മണനും
നിർദ്ദയം മാം കിം അബ്രവീത്	നിർദ്ദയനായ എന്നോട് എന്താണു പറഞ്ഞത്?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹാ രാമ ഹാ ഗുണനിധേ ഹാ സീതേ പ്രിയവാദിനി
ദുഃഖാർണ്ണവേ നിമഗ്നം മാം മ്രിയമാണം ന പശ്യസി. 5

ഹാ ഗുണനിധേ, ഹാ രാമ	ഹാ ഗുണനിധിയായ രാമ,
ഹാ പ്രിയവാദിനി സീതേ	ഹാ പ്രിയം പറയുന്ന സീതേ,
ദുഃഖാർണ്ണവേ നിമഗ്നം	ശോകക്കടലിൽ മുങ്ങി
മ്രിയമാണം മാം ന പശ്യസി?	മരിക്കുന്ന എന്നെ നിങ്ങൾ കാണുന്നില്ലേ?

വിലപ്യൈവം ചിരം രാജാ നിമഗ്നോ ദുഃഖസാഗരേ
ഏവം മന്ത്രീ രുദന്തം തം പ്രാഞ്ജലിർവാക്യമബ്രവീത്. 6

ഏവം ചിരം വിലപ്യ	ഇങ്ങനെ ഏറെനേരം വിലപിച്ച്
രാജാ ദുഃഖസാഗരേ നിമഗ്നഃ	രാജാവ് ദുഃഖക്കടലിലാണ്ടു.
ഏവം രുദന്തം തം	ഇപ്രകാരം വിലപിക്കുന്ന അദ്ദേഹത്തെ
മന്ത്രീ പ്രാഞ്ജലിഃ	തൊഴുതുകൊണ്ട് മന്ത്രി
വാക്യം അബ്രവീത്	ഈ വാക്കുകളുണർത്തിച്ചു.

രാമഃ സീതാ ച സൗമിത്രിസ്ത്വയാ നീതാ രഥേന തേ
ശൃങ്ഗവേരപുരാഭ്യാശേ ഗംഗാകൂലേ വ്യവസ്ഥിതാഃ. 7

രാമഃ സീതാ സൗമിത്രിഃ ച	രാമനും സീതയും ലക്ഷ്മണനും
ത്വയാ തേ രഥേന	എന്നാൽ അവിടുത്തെ രഥത്തിൽ
നീതാഃ	നയിക്കപ്പെട്ടു.
ശൃംഗവേരപുരാഭ്യാശേ	ശൃംഗവേരപുരത്തിന്റെ സമീപം
ഗംഗാകൂലേ വ്യവസ്ഥിതാഃ	ഗംഗാതീരത്ത് (അവർ മൂന്നു) താമസിച്ചു.

ഗുഹേന കിഞ്ചിദാനീതം ഫലമൂലാദികം ച യത്
സ്പൃഷ്ട്വാ ഹസ്തേന സംപ്രീത്യാ നാഗ്രഹീദ്വിസസർജ്ജ തത്. 8

ഗുഹേന ആനീതം	ഗുഹനാൽ കൊണ്ടുവരപ്പെട്ട
യത് കിഞ്ചിത് ഫലമൂലാദികം ച	കുറച്ചു കായ്കളും കിഴങ്ങുകളുമൊക്കെ
സംപ്രീത്യാ ഹസ്തേന	സ്നേഹത്താൽ കൈകൊണ്ട്
സ്പൃഷ്ട്വാ	തൊട്ടിട്ട്
തത് വിസസർജ്ജ	അതുപേക്ഷിച്ചുകളഞ്ഞു.
ന അഗ്രഹീത്	(ഒന്നും) ഭക്ഷിച്ചതേയില്ല.

വടക്ഷീരം സമാനായ്യ ഗുഹേന രഘുനന്ദനഃ
ജടാമുകുടമാബദ്ധ്യ മാമാഹ നൃപതേ സ്വയം. 9

രഘുനന്ദനഃ ഗുഹേന	രാമൻ ഗുഹനെക്കൊണ്ട്
വടക്ഷീരം സമാനായ്യ	വടവൃക്ഷക്കറ കൊണ്ടുവരുവിച്ച്
സ്വയം ജടാമുകുടം ആബദ്ധ്യ	തന്നത്താൻ ജടാമുകുടം മുറുക്കി.
നൃപതേ, മാം ആഹ	രാജൻ, എന്നിട്ടെന്നോടു പറഞ്ഞു.

സുമന്ത്ര, ബ്രൂഹി രാജാനം ശോകസ്തേഽസ്തു ന മത്കൃതേ
സാകേതാദധികം സൗഖ്യം വിപിനേ മേ ഭവിഷ്യതി. 10

സുമന്ത്ര, രാജാനം	സുമന്ത്രരേ, രാജാവിനോടിങ്ങനെ
ബ്രൂഹി	പറയണം.
തേ മത്കൃതേ ശോകഃ ന അസ്തു	അങ്ങേക്ക ഞാൻമൂലം ദുഃഖം ഉണ്ടാകരുത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിപിനേ നഃ	വനത്തിൽ ഞങ്ങൾക്ക്
സാകേതാദധികം സൗഖ്യം	അയോധ്യയിലുള്ളതിലധികം സൗഖ്യം
ഭവിഷ്യതി	ഉണ്ടാകും.

മാതുർമേ വന്ദനം ബ്രൂഹി ശോകം ത്യജതു മത്കൃതേ
ആശ്വാസയതു രാജാനം വൃദ്ധം ശോകപരിപ്ലുതം. 11

മാതുഃ മേ വന്ദനം ബ്രൂഹി	അമ്മയെ എന്റെ വന്ദനം അറിയിക്കണം.
മത് കൃതേ ശോകം	(അമ്മ) എന്നെപ്പററിയുള്ള ശോകം
ത്യജതു	ത്യജിക്കണം.
വൃദ്ധം ശോകപരിപ്ലുതം	വൃദ്ധനും അഴലിലുഴലുന്നവനുമായ
രാജാനം	രാജാവിനെ
ആശ്വാസയതു	സമാശ്വസിപ്പിക്കുകയും വേണം.

സീതാ ചാശ്രുപരീതാക്ഷീ മാമാഹ നൃപസത്തമ
ദുഃഖഗദ്ഗദയാ വാചാ രാമം കിംചിദവേക്ഷതീ. 12

നൃപസത്തമ	മഹാരാജാവേ
സീതാ ച അശ്രുപരീതാക്ഷീ	സീതയും നിറഞ്ഞ കണ്ണുകളോടെ
രാമം കിംചിദ്	രാമനെ ഇടയ്ക്കിടെ
അവേക്ഷതീ	നോക്കിക്കൊണ്ട്
ദുഃഖഗദ്ഗദയാ വാചാ	ദുഃഖത്താലിടറിയ വാക്കാൽ
മാം ആഹ	എന്നോടപേക്ഷിച്ചു.

സാഷ്ടാംഗം പ്രണിപാതം മേ ബ്രൂഹി ശ്വശ്രൂഃ പദാംബുജേ
ഇതി പ്രരുദതീ സീതാ ഗതാ കിഞ്ചിദവാങ്മുഖീ. 13

ശ്വശ്രൂഃ പദാംബുജേ	അച്ഛനമ്മമാരുടെ കാൽത്താരിങ്കൽ
മേ സാഷ്ടാംഗം പ്രണിപാതം	എന്റെ സാഷ്ടാംഗപ്രണാമം
ബ്രൂഹി	പറയണം.
ഇതി പ്രരുദതീ സീതാ	എന്നു കരഞ്ഞു പറഞ്ഞുകൊണ്ട് സീത
കിഞ്ചിദ് അവാങ്മുഖീ	തെല്ലു തലയും താഴ്ത്തി
ഗതാ	നടന്നുപോയി.

തതസ്തേഽശ്രുപരീതാക്ഷാഃ നാവമാരുരുഹുസ്തദാ
യാവദ് ഗംഗാം സമുത്തീര്യ ഗതാസ്താവദഹം സ്ഥിതഃ. 14

തതഃ അശ്രുപരീതാക്ഷാഃ	അനന്തരം നിറഞ്ഞ കണ്ണുകളോടെ
തേ നാവം ആരുരുഹുഃ	അവർ വള്ളത്തിൽ കയറി.
തദാ യാവദ് ഗംഗാം	അപ്പോൾ ഗംഗ കടന്നവർ
സമുത്തീര്യ ഗതാഃ താവദ്	നടന്നകലുന്നവരെ
അഹം സ്ഥിതഃ	ഞാനവിടെത്തന്നെ നിന്നു.

താതോ ദുഃഖേന മഹതാ പുനരേവാഹമാഗതഃ
തതോ രുദന്തീ കൗസല്യാ രാജാനമിദമബ്രവീത്. 15

തതഃ മഹതാ ദുഃഖേന	പിന്നെ കൊടിയ വേദനയും പേറി
അഹം പുനഃ ആഗതഃ	ഞാൻ മടങ്ങി.
തതഃ കൗസല്യാ രുദന്തീ	അപ്പോൾ പൊട്ടിക്കരഞ്ഞുകൊണ്ട്
രാജാനം ഇദം അബ്രവീത്	കൗസല്യ രാജാവിനോടിങ്ങനെ പറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൈകേയ്യൈ പ്രിയഭാര്യായൈ പ്രസന്നോ ദത്തവാൻ വരം
ത്വം രാജ്യം ദേഹിതസ്യൈവ മത്പുത്രഃ കിംവിവാസിതഃ. 16

പ്രിയഭാര്യായൈ	പ്രിയഭാര്യയായ
കൈകേയ്യൈ	കൈകേയിയിൽ
പ്രസന്നഃ വരം ദത്തവാൻ	പ്രസാദിച്ച് അങ്ങ വരം നല്കി.
ത്വം തസ്യ ഏവ രാജ്യം	അങ്ങ് അവനുതന്നെ (ഭരതന്) രാജ്യവും
ദേഹി	കൊടുത്തുകൊള്ള
	(എനിക്കതിൽ പരാതിയില്ല)
മത്പുത്രഃ കിം	(പക്ഷേ) എന്റെ മകനെ എന്തിന്
വിവാസിതഃ	നാട്ടിൽനിന്നു പുറത്താക്കി?

ഭരതനു രാജ്യം നല്കുന്നതിൽ കൗസല്യയ്ക്കു യാതൊരാക്ഷേപവുമില്ല. രാമനെ കാട്ടിലയച്ചതിന്റെ ന്യായീകരണമാണ് ആ അമ്മയ്ക്ക് അജ്ഞാതം.

കൃത്വാ ത്വമേവ തത്സർവ്വം ഇദാനീം കിം ന രോദിഷി
കൗസല്യാവചനം ശ്രുത്വാ ക്ഷതേ സ്പൃഷ്ട ഇവാഗ്നിനാ. 17

ത്വം ഏവ തത് സർവ്വം കൃത്വാ	അങ്ങ് സ്വയം അതെല്ലാം ചെയ്തിട്ട്
ഇദാനീം കിം ന രോദിഷി	ഇപ്പോൾ എന്തിനു കേഴുന്നു?
കൗസല്യാവചനം ശ്രുത്വാ	കൗസല്യയുടെ വാക്കു കേട്ടപ്പോൾ
ക്ഷതേ അഗ്നിനാ സ്പൃഷ്ട ഇവ	(രാജാവിന്) പുണ്ണിൽ കൊള്ളിവച്ചു-
	പോലെ തോന്നി.

സ്വയംകൃതമായ അനർത്ഥത്തെപ്പററി ഖേദ്യം വരുമ്പോൾ ആക്രമണവേപ്പെട്ടം ഖേദവും വല്ലായ്മയും.

പുനഃ ശോകാശ്രുപൂർണ്ണാക്ഷഃ കൗസല്യാമിദമബ്രവീത്
ദുഃഖേന മ്രിയമാണം മാം കിം പുനർദുഃഖയസ്യലം. 18

ശോകാശ്രുപൂർണ്ണാക്ഷഃ	അല്ലലാൽ മിഴിനീർ നിറഞ്ഞ
	കണ്ണുകളോടെ (അദ്ദേഹം)
കൗസല്യാം പുനഃ ഇദം	കൗസല്യയോടു പിന്നീങ്ങനെ
അബ്രവീത്	പറഞ്ഞു:
ദുഃഖേന മ്രിയമാണം മാം	വേദനയാലുയിർവെടിയുന്ന എന്നെ
കിം പുനഃ അലം ദുഃഖയസി	എന്തിനു നീയേറെ ദുഃഖിപ്പിക്കുന്നു?

ഇദാനീമേവ മേ പ്രാണാ ഉത്ക്രമിഷ്യന്തി നിശ്ചയഃ
ശപ്തോഽഹം ബാല്യഭാവേന കേന ചിന്മുനിനാ പുരാ. 19

മേ പ്രാണാഃ ഇദാനീം	എന്റെ ജീവൻ ഇപ്പോൾതന്നെ
ഏവ ഉത്ക്രമിഷ്യന്തി	വിട്ടുപോകുമെന്നു
നിശ്ചയഃ	തീർച്ച.
ബാല്യഭാവേന	അറിവില്ലായ്മയുടെ ഫലമായി
പുരാ കേനചിത് മുനിനാ	പണ്ടൊരു മുനിയുടെ
അഹം ശപ്തഃ	ശാപമെനിക്കേററിട്ടുമുണ്ട്.

പുരാഹം യൗവനേ ദൃപ്തശ്ചാപബാണധരോ നിശി
അചരം മൃഗയാ സക്തോ നദ്യാസ്തീരേ മഹാവനേ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാ അഹം യൗവനേ ദൃപ്തഃ ചാപബാണധരഃ നിശി നദ്യാഃ തീരേ മഹാവനേ മൃഗയാസക്തഃ അചരം	മുമ്പ് ഞാൻ ചെറുപ്പത്തിന്റെ മുഷ്ക്കോടെ വില്ലുമമ്പുമേന്തി രാവിൽ നദീതീരത്തുള്ള കൊടുംകാട്ടിൽ വേട്ടയാടി നടന്നു.

തത്രാദ്ധരാത്രസമയേ മുനിഃ കശ്ചിത്തൃഷാർദ്ദിതഃ
പിപാസാർദ്ദിതയോഃ പിത്രോർജലമാനേതുമുദ്യതഃ
അപൂരയൻജലേ കുംഭം തദാ ശബ്ദോഽഭവൻ മഹാൻ. 21

തൃഷാർദ്ദിതഃ കശ്ചിത് മുനിഃ അദ്ധരാത്രസമയേ	ദാഹാർത്തനായ ഒരു മുനി പാതിരാനേരത്ത്
പിപാസാർദ്ദിതയോഃ പിത്രോഃ	ദാഹത്താൽ വലഞ്ഞ തന്റെ മാതാപിതാക്കൾക്ക്
ജലം ആനേതും തത്ര ഉദ്യതഃ	കുടിനീർ കൊണ്ടുപോകാനുദ്യമിച്ച് (അവിടെയെത്തി)
കുംഭം ജലേ അപൂരയത് തദാ മഹാൻ ശബ്ദഃ അഭവത്	കുടം നദീജലത്തിൽ മുക്കിനിറച്ചു. അപ്പോൾ വലിയ 'ഗുളുഗുളു' ശബ്ദം ഉണ്ടായി.

ഗജഃ പിബതി പാനീയമിതി മത്വാ മഹാനിശി
ബാണം ധനുഷി സന്ധായ ശബ്ദവേധിനമക്ഷിപം. 22

മഹാനിശി ഗജഃ പാനീയം പിബതി ഇതി മത്വാ	കനത്ത ഇരുളിൽ ആന നീർകുടിക്കയാണെന്നു കരുതി
ശബ്ദവേധിനം ബാണം ധനുഷി സന്ധായ അക്ഷിപം	ശബ്ദവേധിയായ ബാണം വില്ലിൽ പൂട്ടി വലിച്ചുവിട്ടു.

ഹാ ഹതോസ്മീതി തത്രാഭൂച്ഛബ്ദോ മാനുഷസൂചകഃ
കസ്യാപി ന കൃതോ ദോഷോ മയാ കേന ഹതോ വിധേ. 23

'ഹാ ഹതഃ അസ്മി വിധേ, കേന ഹതഃ കസ്യാപി ദോഷഃ മയാ ന കൃതഃ' ഇതി തത്ര മാനുഷസൂചക- ശബ്ദഃ അഭൂത്	'അയ്യോ എന്നെ കൊല്ലുന്നേ ദൈവമേ, ആരാണെന്നെ കൊല്ലുന്നത്'? ഞാനാർക്കും ഒരു ദോഷവും ചെയ്തില്ലല്ലോ.' എന്ന മനുഷ്യസൂചകമായ ശബ്ദം കേൾക്കാറായി.

പ്രതീക്ഷതേ മാം മാതാ ച പിതാ ച ജലകാംക്ഷയാ
തച്ഛ്രുത്വാ ഭയസന്ത്രസ്തസ്തതോഹം പൗരുഷം വചഃ. 24

മാതാ ച പിതാ ച ജലകാംക്ഷയാ മാം പ്രതീക്ഷതേ തത് പൗരുഷം വചഃ ശ്രുത്വാ അഹം ഭയസന്ത്രസ്തഃ	അമ്മയും അച്ഛനും കുടിനീരിനായെന്നെ കാത്തിരിക്കുന്നു. ആ പുരുഷശബ്ദം കേട്ട് ഞാൻ ഭീതിയാൽ വിറച്ചു.

ശനൈർഗത്വാഥ തത്പാർശ്വം സ്വാമിൻ ദശരഥോസ്മ്യഹം.
അജാനതാ മയാ വിദ്ധസ്ത്രാതുമർഹസി മാം മുനേ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശനൈഃ തത് പാർശ്വം ഗത്വാ	സാവധാനം ആ മുനിയുടെ അരികിലെത്തി,
സ്വാമിൻ, അഹം ദശരഥഃ അസ്മി	സ്വാമിൻ, ഞാൻ ദശരഥനാണ്
അജ്ഞാനതഃ മയാ വിദ്ധഃ	അറിയാതെ ഞാനാണ് മുറിവേല്പിച്ചത്
മുനേ മാം ത്രാതും അർഹസി	മുനേ, അവിടുന്നെന്നെ രക്ഷിക്കണം.

ഇത്യുക്ത്വാ പദയോസ്തസ്യ പതിതോ ഗദ്ഗദാക്ഷരഃ
തദാ മാമാഹ സ മുനിർമാ ഭൈഷീർനൃപസത്തമ. 26

ഗദ്ഗദാക്ഷരഃ ഇതി ഉക്ത്വാ	ഗദ്ഗദവാക്കുകളിൽ ഇങ്ങനെ പറഞ്ഞ്
തസ്യ പാദയോഃ പതിതഃ	അദ്ദേഹത്തിൻെറ കാൽക്കൽ വീണു.
സഃ മുനിഃ തദാ മാം ആഹ	ആ മുനി അപ്പോൾ എന്നോടു പറഞ്ഞു.
നൃപസത്തമ, മാ ഭൈഷീഃ	മഹാരാജാവേ, ഭയപ്പെടേണ്ട.

ബ്രഹ്മഹത്യാസ്പൃശേന്നത്വാം വൈശ്യോഹം തപസിസ്ഥിത
പിതരൗ മാം പ്രതീക്ഷേതേ ക്ഷുത്തൃഡ്ഭ്യാം പരിപീഡിതൗ. 27

ത്വാം ബ്രഹ്മഹത്യാ	ബ്രഹ്മഹത്യാപാപം നിന്നെ
ന സ്പൃശേത്	സ്പർശിക്കയില്ല.
അഹം തപസിസ്ഥിതഃ	ഞാൻ തപസ്സനുഷ്ഠിക്കുന്ന
വൈശ്യഃ	വൈശ്യനാണ്.
ക്ഷുത്തൃഡ്ഭ്യാം	വിശപ്പും ദാഹവുംകൊണ്ടു
പരിപീഡിതൗ പിതരൗ മാം	തളർന്ന മാതാപിതാക്കൾ എന്നെ
പ്രതീക്ഷേതേ	കാത്തിരിക്കുന്നു.

തയോസ്ത്വമുദകം ദേഹി ശീഘ്രമേവാവിചാരയൻ
ന ചേത് ത്വാം ഭസ്മസാത് കുര്യാത് പിതാ മേ യദി കുപ്യതി.

തയോഃ അവിചാരയൻ	അവർക്ക് ചിന്തിച്ചുനില്ക്കാതെ
ശീഘ്രം ഏവ ത്വം	ഉടൻതന്നെ നിങ്ങൾ
ഉദകം ദേഹി	കുടിനീർ കൊടുക്കുക.
ന ചേത് മേ പിതാ	അല്ലെങ്കിൽ എൻെറ പിതാവ്
യദി കുപ്യതി ത്വാം	കോപം പൂണ്ടാൽ നിങ്ങളെ
ഭസ്മസാത് കുര്യാത്	ചാമ്പലാക്കിക്കളയും.

ജലം ദത്വാ തു തൗ നത്വാ കൃതം സർവ്വം നിവേദയ
ശല്യമുദ്ധര മേ ദേഹാത് പ്രാണാംസ്ത്യക്ഷ്യാമി പീഡിതഃ. 29

ജലം ദത്വാ തൗ നത്വാ	വെള്ളം കൊടുത്ത് അവരെ വണങ്ങി
കൃതം സർവ്വം നിവേദയ	ചെയ്തതെല്ലാമറിയിക്കണം.
മേ ദേഹാത് ശല്യം	എൻെറ ദേഹത്തിൽനിന്നു് ശരം
ഉദ്ധര	ഊരിയെടുക്കുക.
പീഡിതഃ പ്രാണാൻ	വേദനിക്കുന്ന ഞാൻ
ത്യക്ഷ്യാമി	പ്രാണൻ വെടിയട്ടെ.

ഇത്യുക്തോ മുനിനാ ശീഘ്രം ബാണമുത്പാട്യ ദേഹതഃ 30
സജലം കലശം ധൃത്വാ ഗതോഹം യത്ര ദമ്പതീ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുനിനാ ഇതി ഉക്തഃ ദേഹതഃ ശീഘ്രം ബാണം ഉത്പാട്യ	മുനി ഇങ്ങനെ പറഞ്ഞപ്പോൾ (കുമാരന്റെ) ശരീരത്തിൽനിന്ന് ശീഘ്രം ബാണം വലിച്ചൂരി
സജലം കലശം ധൃത്വാ അഹം യത്ര ദമ്പതീ ഗതഃ	നീർ നിറച്ച കുടവുമേന്തി ഞാൻ മുനിദമ്പതികളിരുന്നിടത്തേക്കു പോയി.

അതിവൃദ്ധാവന്ധദൃശൗ ക്ഷുത്പിപാസാർദ്ദിതൗ നിശി
നായാതി സലിലം ഗൃഹ്യ പുത്രഃ കിം വാത്രകാരണം. 31

അനന്യഗതികൗ വൃദ്ധൗ ശോച്യൗ തൃട്പരിപീഡിതൗ
ആവാമുപേക്ഷതേ കിം വാ ഭക്തിമാനാവയോഃ സുതഃ. 32

ഇതി ചിന്താവ്യാകുലൗ തൗ മത്പാദന്യാസജം ധ്വനിം
ശ്രുത്വാ പ്രാഹ പിതാ പുത്ര കിം വിലംബഃ കൃതസ്ത്വയാ. 33

ദേഹ്യവയോഃ സുപാനീയം പിബ ത്വമപി പുത്രക,
ഇത്യേവം ലപതോർഭീത്യാ സകാശമഗമം ശനൈഃ. 34

അതിവൃദ്ധൗ ക്ഷുത്പിപാ— സാർദ്ദിതൗ അന്ധദൃശൗ നിശി	പടുകിഴവരും പൈദാഹങ്ങളാൽ തളർന്നവരും കണ്ണിനു കാഴ്ചയററവരുമായ അവർ ഇരവിൽ (ഉഴറിയേത്തു)
സലിലം ഗൃഹ്യ പുത്രഃ ന ആയാതി; അത്ര കിം വാ കാരണം?	ജലവുമേന്തി മകൻ വന്നുചേർന്നില്ല; ഇതിനെന്താവാം കാരണം?
അനന്യഗതികൗ വൃദ്ധൗ തൃട്പരിപീഡിതൗ ശോച്യൗ ആവാം	ഗതിയററവരും കിഴവരും ദാഹത്താൽ വലഞ്ഞുഴലുന്നവരുമായ ഞങ്ങളെ, ഞങ്ങളുടെ
ആവയോഃ ഭക്തിമാൻ സുതഃ കിം ഉപേക്ഷതേ വാ? ഇതി തൗ ചിന്താവ്യാകുലൗ	സ്നേഹനിധിയായ ഓമനമകൻ തള്ളിക്കളഞ്ഞെന്നു വരുമോ? ഇങ്ങനെയോർത്ത് അവർ ചിന്താകുലരായി
മത്പാദന്യാസജം ധ്വനിം ശ്രുത്വാ	എന്റെ കാൽ— പെരുമാറി കേട്ട
പിതാ പ്രാഹ	പിതാവു ചോദിച്ചു:
പുത്ര, ത്വയാ കിം വിലംബഃ കൃതഃ	മകനേ, നീയെന്തിത്ര വൈകി?
ആവയോഃ സുപാനീയം ദേഹി പുത്രക, ത്വം അപി പിബ	ഞങ്ങൾക്കു കളിനീർ തരൂ മകനെ, നീയും കുടിക്കൂ!
ഇതി ഏവം ലപതോഃ സകാശം ശനൈഃ അഗമം	ഇങ്ങനെയൊക്കെ പുലമ്പുന്ന അവരുടെയരികിലേക്കു ഞാൻ മന്ദം ചെന്നു.

പാദയോഃ പ്രണിപത്യാഹമബ്രവം വിനയാന്വിതഃ
നാഹം പുത്രസ്ത്വയോധ്യായാഃ രാജാ ദശരഥോസ്മ്യഹം. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാദയോഃ പ്രണിപത്യ	കഴലിൽ കുമ്പിട്ട്
അഹം വിനയാന്വിതഃ	ഞാൻ താഴ്മയോടെ
അബ്രവം	അറിയിച്ചു:
അഹം തു ന പുത്രഃ	ഞാനവിടുത്തെ മകനല്ല.
അഹം അയോധ്യായാഃ	അയോധ്യയിലെ രാജാവായ
രാജാ ദശരഥഃ അസ്മി	ദശരഥനാണ് ഞാൻ.

പാപോഹം മൃഗയാസക്തോ രാത്രൗ മൃഗവിഹിംസകഃ
ജലാവതാരാദ് ദൂരേഹം സ്ഥിത്വാ ജലഗതം ധ്വനിം. 36

ശ്രുത്വാഹം ശബ്ദവേധിത്വാദേകം ബാണമഥാത്യജം
ഹതോസ്മീതി ധ്വനിം ശ്രുത്വാ ഭയാത്തത്രാഹമാഗതഃ. 37

പാപഃ അഹം രാത്രൗ	പാപിയായ ഞാൻ രാത്രിയിൽ
മൃഗയാസക്തഃ	നായാട്ടിൽ കമ്പം മൂത്ത്
മൃഗവിഹിംസകഃ	മൃഗങ്ങളെ കൊല്ലാൻ
ജലാവതാരാദ് ദൂരേ	പുഴക്കടവിൽനിന്നകലെ
സ്ഥിത്വാ	(തക്കംനോക്കി) നിലയുറപ്പിച്ചു.
ജലഗതം ധ്വനിം ശ്രുത്വാ	വെള്ളത്തിൽനിന്നുളവായ ശബ്ദം കേട്ട്
ശബ്ദവേധിത്വാത് അഹം	ഒലി കേട്ട് ഉന്നംവെയ്ക്കാൻ കഴിവുള്ള ഞാൻ
ഏകം ബാണം അത്യജം	ഒരമ്പു തൊടുത്തുവിട്ടു.
അഥ ഹതഃ അസ്മി	അതോടെ, 'അയ്യോ എന്നെ കൊന്നേ'
ഇതി ധ്വനിം ശ്രുത്വാ	എന്ന മുറവിളി കേട്ട്
ഭയാത് തത്ര ആഗതഃ	പേടിപൂണ്ടവിടെ ഓടിയെത്തി.

ജടാം വികീര്യ പതിതം ദൃഷ്ട്വാഹം മുനിദാരകം
ഭീതോ ഗൃഹീത്വാ തത്പാദൗ രക്ഷരക്ഷേതി ചാബ്രവം. 38

ജടാം വികീര്യ പതിതം	ജടയഴിഞ്ഞുചിതറി വീണുകിടക്കുന്ന
മുനിദാരകം ദൃഷ്ട്വാ	മുനികുമാരനെ കണ്ട്
ഭീതഃ അഹം	പേടിച്ചരണ്ട ഞാൻ
രക്ഷ രക്ഷ ഇതി	രക്ഷിക്കണേ, രക്ഷിക്കണേ എന്ന്
അബ്രവം ച	കേണപേക്ഷിച്ചു.

മാ ഭൈഷീരിതി മാം പ്രാഹ ബ്രഹ്മഹത്യാഭയം ന തേ
മത്പിത്രോഃ സലിലം ദത്വാ നത്വാ പ്രാർത്ഥയ ജീവിതം. 39

മാ ഭൈഷീഃ ബ്രഹ്മഹത്യാ—	ഭയപ്പെടേണ്ട, ബ്രാഹ്മണനെ കൊന്നു
ഭയം തേ ന	എന്ന പേടിയും വേണ്ട, നിനക്ക്.
മമ പിത്രോഃ സലിലം ദത്വാ	എന്റെ മാതാപിതാക്കൾക്കു ജലം
നത്വാ ജീവിതം പ്രാർത്ഥയ	കൊടുത്തിട്ട് (അവരെ) വണങ്ങി സ്വജീവരക്ഷ യാചിക്കൂ
ഇതി മാം പ്രാഹ	എന്ന് (അദ്ദേഹം) എന്നോടു പറഞ്ഞു.

ഇത്യുക്തോ മുനിനാ തേന ഹ്യാഗതോ മുനിഹിംസകഃ
രക്ഷേതാം മാം ദയായുക്തൗ യുവാം ഹി ശരണാഗതം. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുനിഹിംസകഃ	മുനികുമാരനെ കൊന്ന (ഞാൻ)
തേന മുനിനാ ഇതി ഉക്തഃ	അദ്ദേഹത്താൽ പറയപ്പെട്ടപ്രകാരം
ആഗതഃ	വന്നിരിക്കയാണ്.
ശരണാഗതം മാം	ശരണാഗതനായ എന്നെ
ദയായുക്തൗ യുവാം	ദയാനിധികളായ നിങ്ങൾ
രക്ഷതാം ഹി	തീർച്ചയായും രക്ഷിക്കണം.

ഇതി ശ്രുത്വാ തു ദുഃഖാർത്തൗ വിലപ്യ ബഹുശോച്യ തം
പതിതൗ നൗ സുതോ യത്ര നയ തത്രാവിലംബയൻ. 41

ഇതി ശ്രുത്വാ ദുഃഖാർത്തൗ	ഇതു കേട്ട് ദുഃഖാർത്തരായ അവർ
തം ബഹു ശോച്യ	തന്നെച്ചൊല്ലി ഏറെയുഴന്നും
വിലപ്യ പതിതൗ	കേണും വീണുകൊണ്ടു.
നൗ സുതഃ യത്ര	ഞങ്ങളുടെ കുഞ്ഞു കിടക്കുന്നിടത്തേക്കു
തത്ര അവിലംബയൻ നയ	വേഗം ഞങ്ങളെ കൊണ്ടുപോകൂ
	(എന്നവർ അഭ്യർത്ഥിച്ചു.)

തതോ നീതൗ സുതോ യത്ര മയാ തൗ വൃദ്ധദമ്പതീ
സ്പൃഷ്ട്വാ സുതം തൗ ഹസ്താഭ്യാം ബഹുശോധ വിലേപതുഃ. 42

തതഃ തൗ വൃദ്ധദമ്പതീ	പിന്നെ ആ വൃദ്ധദമ്പതികളെ ഞാൻ
സുതഃ യത്ര തത്ര നീതൗ	മകൻ കിടന്നിടത്തേക്കു കൊണ്ടുപോയി.
തൗ അഥ സുതം ഹസ്താഭ്യാം	ഇരുവരുമന്നേരം മകനെ കൈകൊണ്ടു
സംസ്പൃഷ്ട്വാ ബഹുശഃ	തലോടി പലതും ചൊല്ലി
വിലേപതുഃ	വിലപിച്ചു.

ഹാ ഹേതി ക്രന്ദമാനൗ തൗ പുത്ര പുത്രേത്യവോചതാം
ജലം ദേഹീതി പുത്രേതി കിമർത്ഥം ന ദദാസ്യലം. 43

ഹാ, ഹാ, ഇതി ക്രന്ദമാനൗ	ഹാ, ഹാ, എന്നു കേണുകൊണ്ട്
തൗ പുത്ര, പുത്ര,	അവർ മകനേ, മകനേ,
പുത്ര, ജലം ദേഹി	കുഞ്ഞേ, കുടിക്കാൻ വെള്ളം തരൂ
കിമർത്ഥം അലം ന ദദാസി	എന്തുകൊണ്ട് വേണ്ടത്ര ജലം തരുന്നില്ല
ഇതി അവോചതാം	എന്നു ചോദിച്ചു.

തതോ മാമൂചതുഃ ശീഘ്രം ചിതിം രചയ ഭൂപതേ
മയാ തഥൈവ രചിതാ ചിതിസ്തത്രനിവേശിതാഃ
ത്രയസ്തത്രാഗ്നിരുത്സൃഷ്ടോ ദഗ്ദ്ധാസ്തേ ത്രിദിവം യയുഃ. 44

തതഃ മാം ഊചതുഃ	പിന്നെ അവരെന്നോടു പറഞ്ഞു:
ഭൂപതേ ശീഘ്രം	രാജാവേ, വേഗമൊരു
ചിതിം രചയ	ചിതകൂട്ടുക.
മയാ തഥാ ഏവ	ഞാനതുപോലെതന്നെ
ചിതിഃ രചിതാ	ചിതയൊരുക്കി.
ത്രയഃ തത്ര നിവേശിതാഃ	മൂവരെയുമതിൽ കിടത്തി.
അഗ്നിഃ ഉത്സൃഷ്ടഃ	തീ കൊളുത്തി.
ദഗ്ദ്ധാഃ തേ ത്രിദിവം	വെന്തു വെണ്ണീറായ അവർ സ്വർഗ്ഗം
യയുഃ	പ്രാപിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര വൃദ്ധഃ പിതാ പ്രാഹ ത്വമപ്യേവം ഭവിഷ്യസി
പുത്രശോകേന മരണം പ്രാപ്സ്യസേ വചനാൻ മമ. 45

തത്ര വൃദ്ധഃ പിതാ പ്രാഹ	അവിടെവെച്ച് വൃദ്ധനായ ആ പിതാവു പറഞ്ഞു:
ത്വം അപി ഏവം ഭവിഷ്യസി	നീയുമീങ്ങനെയാകും.
മമ വചനാത്	എൻെറ വാക്പ്രഭാവംകൊണ്ട്
പുത്രശോകേന	പുത്രശോകത്താൽ നീ
മരണം പ്രാപ്സ്യസേ	മരണം പ്രാപിക്കും.

സ ഇദാനീം മമ പ്രാപ്തഃ ശാപകാലോ/നിവാരിതഃ
ഇത്യുക്ത്വാ വിലലാപാഥ രാജാ ശോകസമാകുലഃ. 46

അനിവാരിതഃ സഃ	തടയാൻ വയ്യാത്ത ആ
ശാപകാലഃ മമ ഇദാനീം	ശാപകാലം എനിക്കിപ്പോൾ
പ്രാപ്തഃ	വന്നണഞ്ഞിരിക്കുന്നു.
ഇതി ഉക്ത്വാ അഥ	ഇങ്ങനെ പറഞ്ഞുകൊണ്ട്
ശോകസമാകുലഃ രാജാ	അല്ലലിൽ മുഴുകിയ രാജാവ്
വിലലാപ	വാവിട്ടു കരഞ്ഞു.

ഹാ രാമ പുത്ര ഹാ സീതേ ഹാ ലക്ഷ്മണ ഗുണാകര
ത്വദ്വിയോഗാദഹം പ്രാപ്തോ മൃത്യും കൈകേയിസംഭവ. 47

ഹാ പുത്ര രാമ	ഹാ മകനേ, രാമാ
ഹാ സീതേ, ഹാ	ഹാ സീതേ,
ഗുണാകര ലക്ഷ്മണ	ഗുണനിധിയായ ലക്ഷ്മണ,
ത്വദ് വിയോഗാദ് അഹം	നിങ്ങളുടെ വിയോഗത്താൽ ഞാനിതാ
കൈകേയിസംഭവം	കൈകേയി വരുത്തിക്കൂട്ടിയ
മൃത്യും പ്രാപ്തഃ	മരണത്തിൻെറ പിടിയിലമർന്നു.

വദന്നേവം ദശരഥഃ പ്രാണാംസ്ത്യക്ത്വാ ദിവം ഗതഃ
കൗസല്യാ ച സുമിത്രാ ച തഥാന്യാഃ രാജയോഷിതഃ. 48

ചക്രുശുശ്ച വിലേപുശ്ച ഉരസ്താഡനപൂർവ്വകം
വസിഷ്ഠഃ പ്രയയൗ തത്ര പ്രാതർമന്ത്രിഭിരാവൃതഃ. 49

ഏവം വദൻ ദശരഥഃ	ഇവ്വിധം കേഴുന്ന ദശരഥൻ
പ്രാണാൻ ത്യക്ത്വാ	ഉയിർ വെടിഞ്ഞു
ദിവം ഗതഃ	ദിവം പൂകി.
കൗസല്യാ ച സുമിത്രാ ച	കൗസല്യയും സുമിത്രയും
തഥാ അന്യാഃ രാജയോഷിതഃ	അതുപോലെ മററു രാജവനിതകളും
ഉരസ്താഡനപൂർവ്വകം	നെഞ്ഞത്തടിച്ച്
വിലേപുഃ ചക്രുശുഃ ച	കരഞ്ഞു; നിലവിളിച്ചു.
പ്രാതഃ മന്ത്രിഭിഃ ആവൃതഃ	പുലർകാലമായപ്പോൾ മന്ത്രിമാരാൽ ചുററപ്പെട്ട്
വസിഷ്ഠഃ തത്ര പ്രയയൗ	വസിഷ്ഠൻ അവിടെയെത്തി.

തൈലദ്രോണ്യാം ദശരഥം ക്ഷിപ്ത്വാ ദൂതാനഥാബ്രവീത്
ഗച്ഛത ത്വരിതം സാശ്വാഃ യുധാജിന്നഗരം പ്രതി. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൈലദ്രോണ്യാം ദശരഥം	തൈലത്തോണിയിൽ ദശരഥന്റെ
ക്ഷിപ്ത്വാ അഥ	ദേഹം കിടത്തിയതിനുശേഷം
ദൂതാൻ അബ്രവീത്	ദൂതരോടാജ്ഞാപിച്ചു:
സാശ്വാഃ ത്വരിതം	കുതിരപ്പുറത്തേറി ശീഘ്രം
യുധാജിന്നഗരംപ്രതി	യുധാജിത്തിന്റെ നഗരിയിലേക്കു
ഗച്ഛത	പോകുവിൻ.

യുധാജിത്തു് ഭരതന്റെ മാതുലനാണു്. കൈകേയിയുടെ സഹോദരൻ. ദശരഥന്റെ മരണസമയത്തു് ഭരതൻ കേകയരാജ്യത്തായിരുന്നു.

തത്രാസ്തേ ഭരതഃ ശ്രീമാൻ ശത്രുഘ്നസഹിതഃ പ്രഭുഃ
ഉച്യതാം ഭരതഃ ശീഘ്രമാഗച്ഛേതി മമാജ്ഞയാ. 51

അയോധ്യാംപ്രതി രാജാനം കൈകയീം ചാപി പശ്യതു
ഇത്യുക്താസ്ത്വരിതം ദൂതാ ഗത്വാ ഭരത മാതുലം. 52

യുധാജിതം പ്രണമ്യോചുർ ഭരതം സാനുജം പ്രതി
വസിഷ്ഠസ്ത്വബ്രവീദ്രാജൻ ഭരതഃ സാനുജഃ പ്രഭുഃ. 53

ശീഘ്രമാഗച്ഛതു പുരീമയോധ്യാമവിചാരയൻ
ആയയൗ ഗുരുണാദിഷ്ടഃ സഹ ദൂതൈസ്തു സാനുജഃ. 54

രാജേന്ദ്രാ വാ രാഘവസ്യാപി ദുഃഖം കിഞ്ചിദുപസ്ഥിതം. 55

തത്ര പ്രഭുഃ ശ്രീമാൻ	അവിടെ മഹാനും ശ്രീമാനുമായ
ഭരതഃ ശത്രുഘ്നസഹിതഃ	ഭരതൻ ശത്രുഘ്നനോടൊത്തു
ആസ്തേ	വസിക്കുന്നു.
ശീഘ്രം അയോധ്യാംപ്രതി	പെട്ടെന്നു് അയോധ്യയിലെത്തി
ആഗച്ഛ, രാജാനം	മഹാരാജാവിനേയും
കൈകേയീം ച അപി	കൈകേയിയേയും
(സഃ) പശ്യതു ഇതി	കാണണമെന്നു്
മമ ആജ്ഞയാ	എന്റെ ആജ്ഞാനുസരണം
ഭരതഃ ഉച്യതാം	ഭരതനെ അറിയിക്കണം.
ഇതി ഉക്താഃ ദൂതാഃ	ഇങ്ങനെ കല്പന കിട്ടിയ ദൂതന്മാർ
ത്വരിതം ഗത്വാ	സത്വരം ചെന്നു്
ഭരതമാതുലം യുധാജിതം	ഭരതമാതുലനായ യുധാജിത്തിനേയും
സാനുജം ഭരതം ച	അനുജ(ശത്രുഘ്ന)സമേതനായ
പ്രണമ്യ പ്രത്യൂചുഃ	ഭരതനേയും വണങ്ങി അറിയിച്ചു:
രാജൻ, വസിഷ്ഠഃ	രാജാവേ, വസിഷ്ഠൻ
അബ്രവീത്	കല്പിച്ചിരിക്കുന്നു,
സാനുജഃ പ്രഭുഃ ഭരതഃ	അനുജനോടൊത്തു് പ്രഭു ഭരതൻ
അവിചാരയൻ ശീഘ്രം	ഓർത്തുനില്ക്കാതുടൻതന്നെ
പുരീം ആഗച്ഛതു	പട്ടണത്തിലെത്തണമെന്നു്.
ഇതി ആജ്ഞപ്തഃ ഭരതഃ തു	ഇങ്ങനെ ആജ്ഞാപിക്കപ്പെട്ട ഭരത-
ഭയവിഹ്വലഃ ത്വരിതം	നാകട്ടെ പേടിച്ചു നടുങ്ങി പെട്ടെന്നു്
ഗുരുണാ ആദിഷ്ടഃ	ഗുരുവിന്റെ നിർദ്ദേശപ്രകാരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാനുജഃ ദൂതൈഃ സഹ	അനുജനോടും ദൂതരോടുംകൂടി
ആയയൗ	യാത്രയായി.
അപി രാജ്ഞഃ വാ	മഹാരാജാവിനോ
രാഘവസ്യ വാ	ശ്രീരാമചന്ദ്രനോ
കിഞ്ചിത് ദുഃഖം	എന്തെങ്കിലും ദുരിതം
ഉപസ്ഥിതം	വന്നണഞ്ഞിരിക്കാം.

അച്ഛനേയും മൂത്തസഹോദരനേയും ഒരേ നിലയിൽ ഭരതൻ ആദരിച്ചുപോന്നു. അവരുടെ ക്ഷേമൈശ്വര്യങ്ങളിലായിരുന്നു അദ്ദേഹത്തിന് ഉൽക്കണ്ഠ. ശുദ്ധമായ അന്തഃകരണത്തിൽ സ്ഫുരിച്ച ആശങ്ക അകാരണമായിരുന്നില്ലല്ലോ.

ഇതി ചിന്താപരോ മാർഗ്ഗേ ചിന്തയന്നഗരം യയൗ
നഗരം ഭ്രഷ്ടലക്ഷ്മീകം ജനസംബാധവർജ്ജിതം. 56

ഉത്സവൈശ്ച പരിത്യക്തം ദൃഷ്ട്വാ ചിന്താപരോഽഭവത്
പ്രവിശ്യ രാജഭവനം രാജലക്ഷ്മീവിവർജ്ജിതം. 57

അപശ്യത് കൈകേയീം തത്ര ഏകാമേവാസനേ സ്ഥിതാം
നനാമ ശിരസാ പാദൗ മാതുർഭക്തിസമന്വിതഃ. 58

ഇതി ചിന്താപരഃ	എന്നോർത്ത് ഉൽക്കണ്ഠയോടെ
മാർഗ്ഗേ ചിന്തയൻ	വഴിനീളെ വിചാരിച്ചു വിഷണ്ണനായി
നഗരം യയൗ	നഗരത്തിലെത്തി.
നഗരം ഭ്രഷ്ടലക്ഷ്മീകം	പട്ടണം ലക്ഷ്മിയററതും
ജനസംബാധവർജ്ജിതം	ആൾത്തിരക്കൊഴിഞ്ഞതും
ഉത്സവൈഃ ച	ഉത്സവങ്ങളെല്ലാം
പരിത്യക്തം ദൃഷ്ട്വാ	വിട്ടതുമായിക്കണ്ട്
ചിന്താപരഃ അഭവത്	ചിന്താവിവശത പൂണ്ടു.
രാജലക്ഷ്മീവിവർജ്ജിതം	രാജകീയൈശ്വര്യം വിട്ടകന്ന
രാജഭവനം പ്രവിശ്യ	കൊട്ടാരത്തിലേക്കു കയറി
തത്ര ഏകാം ഏവ	അവിടെ ഏകാകിനിയായി
ആസനേ സ്ഥിതാം	ഇരിപ്പിടത്തിലിരിക്കുന്ന
കൈകേയീം അപശ്യത്	കൈകേയിയെ കണ്ടു.
ഭക്തിസമന്വിതഃ മാതുഃ	ഭക്തിപൂർവ്വം അമ്മയുടെ
പാദൗ ശിരസാ നനാമ	ചേവടികളിൽ തലവച്ചു വന്ദിച്ചു.

ആഗതം ഭരതം ദൃഷ്ട്വാ കൈകേയീ പ്രേമസംഭ്രമാത്
ഉത്ഥായാലിംഗ്യ രഭസാ സ്വാങ്കമാരോപ്യ സംസ്ഥിതാ. 59

മൂർദ്ധ്ന്യവഘ്രായ പപ്രച്ഛ കുശലം സ്വകുലസ്യ സാ
പിതാ മേ കുശലീ ഭ്രാതാ മാതാ ച ശുഭലക്ഷണാ. 60

ആഗതം ഭരതം ദൃഷ്ട്വാ	വന്നണഞ്ഞ ഭരതനെ കണ്ട്
കൈകേയീ പ്രേമസംഭ്രമാത്	കൈകേയി സ്നേഹവാത്സല്യത്തോടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്ഥായ ആലിംഗ്യ	എഴുന്നേററ് (അദ്ദേഹത്തെ) പുണർന്ന്
ഉത്സംഗം സ്വാങ്കം ആരോപ്യ സംസ്ഥിതാം	ഉത്സാഹപൂർവ്വം മടിയിലേററി ഇരുന്നു.
മൂർധ്നി അവഘ്രായ സം സ്വകുലസ്യ കുശലം പപ്രച്ഛ	നിറുകയിൽ ചുംബിച്ചിട്ട് അവൻ തന്റെ കുലത്തിന്റെ കുശലമന്വേഷിച്ചു.
മേ പിതാ കുശലീ?	എന്റെയച്ഛൻ കുശലമല്ലേ?
ഭ്രാതാ, ശുഭലക്ഷണാ മാതാ ച?	സഹോദരനും ശുഭചരിതയായ അമ്മയ്ക്കും ക്ഷേമംതന്നെയല്ലേ?

ദിഷ്ട്യാ ത്വമദ്യ കുശലീ മയാ ദൃഷ്ടോസി പുത്രക
ഇതി പൃഷ്ടഃ സ ഭരതോ മാത്രാ ചിന്താകുലേന്ദ്രിയഃ. 61

ശ്രൂയമാണേന മനസാ മാതരം സമപൃച്ഛത
മാതഃ പിതാ മേ കുത്രാസ്തേ ഏകാ ത്വമിഹസംസ്ഥിതാ. 62

പുത്രക, ദിഷ്ട്യാ ത്വം അദ്യ മയാ കുശലീ ദൃഷ്ടഃ അസി	മകനേ, ഭാഗ്യത്താൽ നീ സുഖമായിരിക്കുന്നതിന്നു ഞാൻ കാണുകയാണ്.
മാത്രാ ഇതി പൃഷ്ടഃ	അമ്മ ഈവിധം ചോദിക്കവേ
സഃ ഭരതഃ ചിന്താകുലേന്ദ്രിയഃ	ആ ഭരതൻ ചിന്തയാൽ ആകുലേന്ദ്രിയനായി.
ശ്രൂയമാണേന മനസാ മാതരം സമപൃച്ഛത	വിങ്ങുന്ന മനസ്സോടെ (ഭരതൻ) അമ്മയോടു ചോദിച്ചു:
മാതഃ മേ പിതാ കുത്ര ആസ്തേ	അമ്മേ, എന്റെ അച്ഛൻ എവിടെയാണ്?
ത്വം ഏകാ ഇഹ സംസ്ഥിതാ	അങ്ങ് ഒററയ്ക്കിവിടെയിരിക്കുന്നു.

കൈകേയി ആഹ്ലാദത്തോടെയാണ് തന്റെ മകന്റെ വരവും കാത്തിരുന്നത്. പക്ഷേ, പരിതഃസ്ഥിതിയിൽ ഏതോ പന്തികേടുണ്ടെന്നു മനസ്സിലാക്കിയ ഭരതൻ പിതാവിനെപ്പററി ഉൽക്കണ്ഠയോടെ അന്വേഷണം തുടങ്ങി.

ത്വയാ വിനാ ന മേ താതഃ കദാചിദ്രഹസി സ്ഥിതഃ
ഇദാനീം ദൃശ്യതേ നൈവ കുത്ര തിഷ്ഠതി മേ വദ. 63

ത്വയാ വിനാ മേ താതഃ കദാചിത് രഹസി ന സ്ഥിതഃ	അമ്മയോടൊന്നിച്ചല്ലാതെ എന്റെ അച്ഛൻ ഒരിക്കലും ഏകാന്തതയിൽ ഇരിക്കാറില്ല.
ഇദാനീം ന ദൃശ്യതേ ഏവ (സഃ) കുത്ര തിഷ്ഠതി (ഇതി) മേ വദ	ഇപ്പോഴോ കാണുന്നതേയില്ല. അദ്ദേഹമെവിടെയിരിക്കുന്നെന്ന് എന്നോടു പറയൂ.

അദൃഷ്ട്വാ പിതരം മേ{\/}ദ്യ ഭയം ദുഃഖം ച ജായതേ
അഥാഹ കൈകേയീ പുത്രം കിം ദുഃഖേന തവാനഘ. 64

യാ ഗതിർധർമ്മശീലാനാമശ്വമേധാദിയാജിനാം
താം ഗതിം ഗതവാനദ്യ പിതാ തേ പിതൃവത്സല. 65

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്യ പിതരം അദൃഷ്ട്വാ മേ ഭയം ദുഃഖം ച ജായതേ	ഇന്നു് അച്ഛനെക്കാണാഞ്ഞു് എനിക്കു് ഭീതിയും ശോകവുമുണ്ടാകുന്നു.
അഥ കൈകേയീ പുത്രം ആഹ	അനന്തരം കൈകേയി മകനോടു പറഞ്ഞു:
അനഘ, തവ ദുഃഖേന കിം?	പുണ്യശീല, നിൻെറ കദനംകൊണ്ടെന്തു കാര്യം?
പിതൃവത്സല, അശ്വമേധാദിയാജിനാം ധർമ്മശീലാനാം യാം ഗതിഃ	അച്ഛനിൽ സ്നേഹമുള്ള മകനേ, അശ്വമേധാദി യാഗം ചെയ്യുന്ന ധർമ്മാത്മാക്കൾക്കേതോ ഗതി
തേ പിതാ അദ്യ താം ഗതിം ഗതവാൻ	നിൻെറ അച്ഛനിന്നു് ആ ഗതി (സ്വർഗ്ഗം) പ്രാപിച്ചിരിക്കുന്നു.

യാഗാദികർമ്മങ്ങളുടെ ഫലമാണു് സ്വർഗ്ഗപ്രാപ്തി. ദശരഥൻ നിരവധി യാഗങ്ങൾ കഴിച്ചു. തത്ഫലമായി അദ്ദേഹം അനായാസേന സ്വർഗ്ഗം പുകി. അതിൽ വിശേഷവിധിയായെന്താണുള്ളതു്?

തച്ഛ്രുത്വാ നിപപാതോർവ്യാം ഭരതഃ ശോകവിഹ്വലഃ
ഹാ താത, ക്വഗതോസി ത്വം ത്യക്ത്വാ മാം വൃജിനാർണ്ണവേ.66

തത് ശ്രുത്വാ ശോകവിഹ്വലഃ	അതു കേട്ടു് അല്ലലിലുലഞ്ഞ
ഭരതഃ ഉർവ്യാം നിപപാത	ഭരതൻ നിലംപതിച്ചു.
ഹാ താത മാം	അയ്യോ അച്ഛാ, എന്നെ
വൃജിനാർണ്ണവേ ത്യക്ത്വാ ത്വം ക്വഃ ഗതഃ അസി?	കദനക്കടലിൽ തള്ളിയിട്ടു് അങ്ങെവിടെപ്പോയി?

അസമർപ്പ്യൈവ രാമായ രാജ്ഞേ മാം ക്വഗതോഽസി ഭോഃ
ഇതി വിഹ്വലിതം പുത്രം പതിതം മുക്തമൂർദ്ധജം. 67

ഉത്ഥാപ്യാമൃജ്യ നയനേ കൈകേയീ പുത്രമബ്രവീത്
സമാശ്വസിഹി ഭദ്രം തേ സർവ്വം സമ്പാദിതം മയാ. 68

രാജ്ഞേ രാമായ മാം	രാജാവായ രാമചന്ദ്രനു് എന്നെ
അസമർപ്പ്യ ഏവ	ഏല്പിച്ചുകൊടുക്കാതെതന്നെ
ഭോഃ ക്വ ഗതഃ അസി	അങ്ങെവിടെ പോയിരിക്കുന്നു?
ഇതി വിഹ്വലിതം	ഇങ്ങനെ പരവശനും
മുക്തമൂർദ്ധജം പതിതം	മുടിയഴിഞ്ഞു വീണുകിടക്കുന്നവനുമായ
പുത്രം ഉത്ഥാപ്യ	പുത്രനെ എഴുന്നേല്പിച്ചു്
നയനേ ആമൃജ്യ കൈകേയീ	കണ്ണുനീർ തുടച്ചുകൊണ്ടു് കൈകേയി
പുത്രം അബ്രവീത്	അവനോടു പറഞ്ഞു:
സമാശ്വസിഹി	മകനേ, സമാശ്വസിക്കു
തേ ഭദ്രം	നിനക്കു മംഗളം വരും. (നിനക്കു വേണ്ടതു്)
സർവ്വം മയാ സമ്പാദിതം	എല്ലാം ഞാൻ സമ്പാദിച്ചിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭരതൻ രാമനെ പിതൃതുല്യം സ്നേഹിച്ചു, ആദരിച്ചു. പിതാവിൻെറ അഭാവത്തിൽ രാമനിൽ ആശ്രയം തേടി. അദ്ദേഹത്തെ രാജ്യത്തിൻെറ അധിപതിയായി കരുതിപ്പോന്നു. ശോകാവേഗത്തിൽ ഭരതനിൽനിന്നു വന്ന വാക്കുകൾ ഈ വസ്തുതയ്ക്കു തെളിവാണ്.

താമാഹ ഭരതസ്താതോ മ്രിയമാണഃ കിമബ്രവീത്
തമാഹ കൈകേയീദേവീ ഭരതം ഭയവർജ്ജിതാ. 69

ഭരതഃ താം ആഹ	ഭരതൻ അവളോടു ചോദിച്ചു: (അമ്മേ)
മ്രിയമാണഃ താതഃ കിം	മരിക്കുമ്പോൾ അച്ഛനെന്തു
അബ്രവീത്	പറഞ്ഞു?
കൈകേയീദേവീ	(ചോദ്യം കേട്ട്) കൈകേയീദേവി
ഭയവർജ്ജിതാ	ഭയമെന്യേ
തം ഭരതം ആഹ	ആ ഭരതനെ അറിയിച്ചു:

ഹാ രാമ! രാമ! സീതേതി ലക്ഷ്മണേതി പുനഃ പുനഃ
വിലപന്നേവ സുചിരം ദേഹം ത്യക്ത്വാ ദിവം യയൗ. 70

ഹാ രാമ, രാമ	അയ്യോ മകനേ രാമ, രാമ
സീതേ ഇതി ലക്ഷ്മണ ഇതി	സീതേ, ലക്ഷ്മണ, എന്നെല്ലാം
പുനഃ പുനഃ സുചിരം	വീണ്ടും വീണ്ടും ഏറെനേരം
വിലപൻ ഏവ	കേണുകൊണ്ടുതന്നെ
ദേഹം ത്യക്ത്വാ	ഉടൽ വെടിഞ്ഞ്
ദിവം യയൗ	സ്വർഗ്ഗം പൂകി.

താമാഹ ഭരതോ ഹേംബ! രാമഃ സന്നിഹിതോ ന കിം?
തദാനീം ലക്ഷ്മണോ വാപി സീതാ വാ ക്വ തേ ഗതാഃ. 71

ഭരതഃ താം ആഹ	ഭരതൻ (വീണ്ടും) അവളോടു ചോദിച്ചു:
ഹേ അംബ, തദാനീം	അമ്മേ, അപ്പോൾ
രാമഃ കിം ന സന്നിഹിതഃ	രാമചന്ദ്രൻ അരികിലുണ്ടായിരുന്നില്ലേ?
ലക്ഷ്മണഃ വാ സീതാ വാ	ലക്ഷ്മണനും സീതയും ഇല്ലായിരുന്നോ?
തേ ക്വ ഗതാഃ	അവരെവിടെപ്പോയിരുന്നു?

കൈകേയ്യുവാച: കൈകേയി പറഞ്ഞു

രാമസ്യ യൗവരാജ്യാർത്ഥം പിതാ തേ സംഭ്രമഃ കൃതഃ
തവ രാജ്യപ്രദാനായ തദാഹം വിഘ്നമാചരം. 72

രാമസ്യ യൗവരാജ്യാർത്ഥം	മകനേ, രാമൻെറ യുവരാജാഭിഷേകത്തിന്
തേ പിതാ	നിൻെറ പിതാവ്
സംഭ്രമഃ കൃതഃ	വേണ്ട സംഭാരമൊരുക്കി.
തദാ തവ രാജ്യപ്രദാനായ	അപ്പോൾ നിനക്കു രാജ്യം തരുവിക്കാൻ
അഹം വിഘ്നം ആചരം	ഞാൻ അതു മുടക്കിക്കളഞ്ഞു.

രാജ്ഞാ ദത്തം ഹി മേ പൂർവ്വം വരദേന വരദ്വയം
യാചിതം തദിദാനീം മേ തയോരേകേന തേƒഖിലം. 73

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്യം രാമസ്യ ചൈകേന വനവാസോ മുനിവ്രതം
തതഃ സത്യപരോ രാജാ രാജ്യം ദത്വാ തവൈവ ഹി. 74

രാമം സംപ്രേഷയാമാസ വനമേവ പിതാ തവ
സീതാപ്യനുഗതാ രാമം പാതിവ്രത്യമുപാശ്രിതാ. 75

പൂർവ്വം വരദേന രാജ്ഞാ	പണ്ട് ഉദാരനായ മഹാരാജാവ്
മേ വരദ്വയം ദത്തം ഹി	എനിക്കു രണ്ടു വരം തന്നിരുന്നു.
തദ് ഇദാനീം	അതിപ്പോൾ
മേ യാചിതം	ഞാനാവശ്യപ്പെടുകയുണ്ടായി.
തയോഃ ഏകേന	അവയിലൊന്നിനാൽ
രാജ്യം അഖിലം തേ	നാടു മുഴുവൻ നിനക്കും
ഏകേന രാമസ്യ	മറ്റൊന്നിനാൽ രാമനു
വനവാസഃ മുനിവ്രതം ച	വനവാസവും മുനിചര്യയും (നല്കണം).
തതഃ സത്യപരഃ	അപ്പോൾ സത്യസന്ധനായ
തവ പിതാ രാജാ	നിന്റെ അച്ഛൻ, രാജാവ്,
രാജ്യം തവ ഏവ ദത്വാ	രാജ്യം നിനക്കുതന്നെ തരികയും
രാമം വനം ഏവ	രാമനെ കാട്ടിലേക്കുതന്നെ
സംപ്രേഷയാമാസ	അയയ്ക്കുകയും ചെയ്തു.
പാതിവ്രത്യം ഉപാശ്രിതാ	പതിവ്രതധർമ്മമാശ്രയിച്ച്
സീതാ അപി രാമം	സീതയും രാമന്റെ
അനുഗതാ	പിമ്പേ പോയി.

സൗഭ്രാത്രം ദർശയൻ രാമമനുയാതോഽപി ലക്ഷ്മണഃ
വനം ഗതേഷു സർവ്വേഷു രാജാ താനേവ ചിന്തയൻ. 76

പ്രലപൻ രാമരാമേതി മമാര നൃപസത്തമഃ
ഇതി മാതുർവചഃ ശ്രുത്വാ വജ്രാഹത ഇവ ദ്രുമഃ. 77

പപാത ഭൂമൗ നിസ്സംജ്ഞസ്തം ദൃഷ്ട്വാ ദുഃഖിതാ തദാ
കൈകേയീ പുനരപ്യാഹ വത്സ ശോകേന കിം തവ. 78

സൗഭ്രാത്രം ദർശയൻ	കൂടെപ്പിറന്നവനോടു കൂറു കാട്ടി
ലക്ഷ്മണഃ അപി	ലക്ഷ്മണനും
രാമം അനുയാതഃ	രാമനെ അനുഗമിച്ചു.
സർവ്വേഷു വനം ഗതേഷു	അവരെല്ലാം കാട്ടിൽ പോയതോടെ
നൃപസത്തമഃ രാജാ	മന്നവോത്തമനായ ദശരഥമഹാരാജാവ്
താൻ ഏവ ചിന്തയൻ	അവരെത്തന്നെ നിനച്ച്
രാമ, രാമ ഇതി പ്രലപൻ	രാമ, രാമ എന്നു നിലവിളിച്ച്
മമാര	മരണമടഞ്ഞു.
ഇതി മാതുഃ വചഃ ശ്രുത്വാ	ഇങ്ങനെ മാതാവിന്റെ വചനം കേട്ട്
വജ്രാഹതഃ ദ്രുമഃ ഇവ	(ഭരതൻ) ഇടിവെട്ടേറ്റ മരംപോലെ
നിസ്സംജ്ഞഃ ഭൂമൗ പപാത	ചേതനയറ്റു നിലത്തു വീണു.
തം ദൃഷ്ട്വാ ദുഃഖിതാ	അവനെ കണ്ടു് ഉണ്ടലഞ്ഞ
കൈകേയീ	കൈകേയി
തദാ പുനഃ അപി ആഹ	ആ സമയത്തു് പിന്നെയും പറഞ്ഞു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വത്സ, തവ	കുഞ്ഞേ, നിന്റെ
ശോകേന കിം?	ശോകംകൊണ്ട് എന്തു ഫലം?

രാജ്യേ മഹതി സംപ്രാപ്തേ ദുഃഖസ്യാവസരഃ കുതഃ
ഇതി ബ്രുവന്തീമാലോക്യ മാതരം പ്രദഹന്നിവ. 79

അസംഭാഷ്യാസി പാപേ മേ ഘോരേ ത്വം ഭർത്തൃഘാതിനീ
പാപേ, ത്വദ്ഗർഭജാതോഹം പാപവാനസ്മി സാംപ്രതം
അഹമഗ്നിം പ്രവേക്ഷ്യാമി വിഷം വാ ഭക്ഷയാമ്യഹം. 80

മഹതി രാജ്യേ സംപ്രാപ്തേ	മഹത്തായൊരു രാജ്യം കൈവന്നിരിക്കെ
ദുഃഖസ്യ അവസരഃ കുതഃ	വ്യസനത്തിനവസരമെവിടെ?
ഇതി ബ്രുവന്തീം മാതരം	ഇങ്ങനെ പറയുന്ന മാതാവിനെ
പ്രദഹൻ ഇവ	ദഹിപ്പിക്കുമോ എന്നു തോന്നുമാറ്
ആലോക്യ	നോക്കി
(ഭരതഃ ഉവാച)	(ഭരതൻ പറഞ്ഞു)
ഘോരേ, പാപേ,	ഘോരേ, പാപി
ത്വം ഭർത്തൃഘാതിനീ അസി	നീ ഭർത്താവിനെ കൊന്നവളാണ്
മേ അസംഭാഷ്യാ	എനിക്കു സംഭാഷണംചെയ്യാൻപോലും നീ അർഹയല്ല.
പാപേ ത്വദ് ഗർഭജാതഃ	പാപി, നിന്റെ ഗർഭത്തിൽ പിറന്ന
അഹം സാമ്പ്രതം	ഞാനിപ്പോൾ
പാപവാൻ അസ്മി	കൊടുംപാപിയായിത്തീർന്നിരിക്കുന്നു.
അഹം അഗ്നിം പ്രവേക്ഷ്യാമി	ഞാൻ തീയിൽ ചാടി മരിക്കും
വാ അഹം വിഷം ഭക്ഷയാമി	അല്ലെങ്കിൽ ഞാൻ വിഷം തിന്നും.

ഖഡ്ഗേന വാഥ ചാത്മാനം ഹത്വാ യാമി യമക്ഷയം
ഭർത്തൃഘാതിനി ദുഷ്ടേ ത്വം കുംഭീപാകം ഗമിഷ്യസി. 81

ഇതി നിർഭർത്സ്യ കൈകേയീം കൗസല്യാഭവനം യയൗ
സാപി തം ഭരതം ദൃഷ്ട്വാ മുക്തകണ്ഠാ രുരോദ ഹ. 82

അഥവാ ഖഡ്ഗേന	അല്ലെങ്കിൽ വാളാൽ
ആത്മാനം ഹത്വാ ച	തന്നെത്താൻ വെട്ടി
യമക്ഷയം യാമി	യമപുരി പൂകും.
ഭർത്തൃഘാതിനി, ദുഷ്ടേ ത്വം	ഭർത്താവിനെ കൊന്ന ദുഷ്ടേ,
കുംഭീപാകം ഗമിഷ്യസി	നീ കുംഭീപാകനരകത്തിൽ പോകും.
കൈകേയീം ഇതി	കൈകേയിയെ ഇങ്ങനെ
നിർഭർത്സ്യ	കഠിനമായി ശകാരിച്ചിട്ട്
കൗസല്യാഭവനം യയൗ	(ഭരതൻ) കൗസല്യയുടെ ഭവനത്തിലേക്കു ചെന്നു.
സാ അപി തം ഭരതം ദൃഷ്ട്വാ	അവരാകട്ടെ ആ ഭരതനെ കണ്ട്
ഹ മുക്തകണ്ഠം രുരോദ	കഷ്ടം! വാവിട്ടുകേണു.

രാജ്യലബ്ധിയിൽ ഭരതൻ ആഹ്ലാദിക്കുമെന്നായിരുന്നു കൈകേയിയുടെ പ്രതീക്ഷ. പിതൃഹത്യചെയ്തുപോലും സിംഹാസനം കരസ്ഥമാക്കാൻ ശ്രമി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്ന മനുഷ്യർ നിറഞ്ഞ ഒരു ലോകത്തിൽ അതിൽ ആശ്ചര്യപ്പെടാനെന്തിരിക്കുന്നു? പക്ഷേ, ഭരതൻ അത്തരക്കാരനായിരുന്നില്ല. ജ്യേഷ്ഠനായ രാമനാണ് യഥാർത്ഥരാജ്യാവകാശിയെന്നും, അദ്ദേഹത്തെപ്പോലെ അസ്ഖലദ്ഗുണനിധിയും ജനസമ്മതനുമായ ഒരാൾക്കേ രാജ്യക്ഷേമം കൈവരുത്താൻ കഴിയുകയുള്ളെന്നും മററാരെക്കാളും കൂടുതലായി അറിഞ്ഞിരുന്നു ഭരതൻ. പോരെങ്കിൽ പാവനമായ ഭ്രാതൃപ്രേമത്തിനു നിരക്കാത്തതൊന്നും ചെയ്യരുതെന്നതിൽ ഒരുതരം ശാഠ്യംതന്നെയുണ്ടായിരുന്നു അദ്ദേഹത്തിന്. ദശരഥനും രാമനും ഒരുപോലെ അനുമതി നല്കിയിട്ടുകൂടി രാജ്യം കൈയാളാൻ കൂട്ടാക്കാത്ത ഈ ത്യാഗനിധിയുടെ വാചാലമല്ലാത്ത സ്വഭാവപരതയെ അധഃകരിക്കാൻ ലക്ഷ്മണനുപോലും കഴിയുമോ എന്നു തോന്നുന്നില്ല.

പാദയോഃ പതിതസ്തസ്യാഃ ഭരതോऽപി തദാരുദത്
ആലിംഗ്യ ഭരതം സാധ്വീ രാമമാതാ യശസ്വിനീ
കൃശാതിദീനവദനാ സാശ്രുനേത്രേദമബ്രവീത്. 83

തസ്യാഃ പാദയോഃ പതിതഃ	അവരുടെ കാൽക്കൽ വീണ
ഭരതഃ അപി തദാ അരുദത്	ഭരതനുമപ്പോൾ കരഞ്ഞുപോയി.
കൃശാ അതിദീനവദനാ	മെലിഞ്ഞ്, തുലോം ദീനവദനയായ
(സാ) സാധ്വീ	ആ സാധ്വി
യശസ്വിനീ രാമമാതാ	പുകഴ്പെററ രാമമാതാവ്
ഭരതം ആലിംഗ്യ	ഭരതനെ മാറോടണച്ച്
സാശ്രുനേത്രാ	നിറഞ്ഞ കണ്ണുകളോടെ
ഇദം അബ്രവീത്	ഇങ്ങനെ പറഞ്ഞു:

വന്ന വിനകൾക്കൊന്നും പ്രത്യക്ഷമായോ അല്ലാതെയോ ഭരതൻ കാരണക്കാരനല്ലെന്ന് കൗസല്യയ്ക്ക് നന്നായി അറിയാം. എങ്കിലും ആരോപിതമായ ഭാഗിത്വബോധം ഭരതന്റെ ഹൃദയത്തെ ശകലിതമാക്കാതിരിക്കയില്ലെന്ന് അവർ ഊഹിച്ചു. സവിശേഷമായ ഒരു ഹാർദ്ദികത ഇരുവരുടേയും വാക്കിലും പ്രവൃത്തിയിലും വിടർന്നുവരുന്നതു നോക്കുക.

പുത്ര ത്വയി ഗതേ ദൂരമേവം സർവ്വമഭൂദിദം
ഉക്തം മാത്രാ ശ്രുതം സർവ്വം ത്വയാ തേ മാതൃചേഷ്ടിതം. 84

പുത്ര, ത്വയി ദൂരം ഗതേ	മകനേ, നീ അകലെപ്പോയപ്പോൾ
ഇദം സർവ്വം ഏവം അഭൂത്	ഇതെല്ലാമിങ്ങനെ സംഭവിച്ചു.
തേ മാതൃചേഷ്ടിതം സർവ്വം	നിന്റെ അമ്മയുടെ ചെയ്തികളെല്ലാം
മാത്രാ ഉക്തം ത്വയാ ശ്രുതം	അമ്മ പറഞ്ഞുതന്നെ നീ കേട്ടിരിക്കും.

കാര്യങ്ങളെല്ലാം കൈകേയിയിൽനിന്നുതന്നെ ഭരതൻ അറിഞ്ഞു. അവരുടെ നടപടികൾക്ക് ഏററവും നല്ല ഭാഷ്യകർത്താവും അവരായിരിക്കുമല്ലോ.

പുത്രഃ സഭാര്യോ വനമേവ യാതഃ
സലക്ഷ്മണോ മേ രഘുരാമചന്ദ്രഃ
ചീരാംബരോ ബദ്ധജടാകലാപഃ
സന്ത്യജ്യ മാം ദുഃഖസമുദ്രമഗ്നാം. 85

മേ പുത്രഃ രഘുരാമചന്ദ്രഃ	എന്റെ മകൻ രഘുരാമചന്ദ്രൻ
ചീരാംബരഃ ബദ്ധജടാകലാപഃ	മരവുരിയുടുത്ത് ജടയും മുറുക്കി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖസമുദ്രമഗ്നാം മാം സന്ത്യജ്യ	അല്ലൽക്കടലിലാണ്ട എന്നെ വെടിഞ്ഞ്
സഭാര്യഃ സലക്ഷ്മണഃ	ഭാര്യയോടും ലക്ഷ്മണനോടുമൊത്ത്
വനം യാതഃ ഏവ	കാട്ടിലേക്ക പൊയ്ക്കഴിഞ്ഞു.

മർമ്മഭേദകമായ ആ സംഭവം നടന്നുകഴിഞ്ഞു എന്നതിൽ സംശയമേ വേണ്ട.

ഹാ രാമ ഹാ മേ രഘുവംശനാഥ
ജാതോഽസി മേ ത്വം പരതഃ പരാത്മാ
തഥാപി ദുഃഖം ന ജഹാതി മാം വൈ
വിധിർബലീയാനിതി മേ മനീഷാ. 86

ഹാ മേ രാമ	ഹാ, എൻെറ (മകനേ) രാമ,
ഹാ രഘുവംശനാഥ	ഹാ, രഘുകുലനാഥ,
ത്വം പരതഃ പരാത്മാ	നീ പരമപുരുഷനായ പരമാത്മാവാണ്
തഥാപി മേ ജാതഃ അസി	എങ്കിലും എൻെറ ഗർഭത്തിൽ പിറന്നവനാണല്ലോ.
ദുഃഖം മാം ന	(നിന്നെപ്പിരിഞ്ഞ) ദുഃഖം
ജഹാതി വൈ	എന്നെ വിടുന്നതേയില്ല.
വിധിഃ ബലീയാൻ	വിധിതന്നെ ബലവാൻ
ഇതി മേ മനീഷാ	ഇതാണ് എൻെറ അഭിമതം.

രാമൻ പരമാത്മാവാണെങ്കിലും, മാനുഷികബന്ധങ്ങൾക്കപ്പുറം വർത്തിക്കുന്നവനെങ്കിലും, പെററ മാതാവിന് അതൊന്നുമല്ല കാര്യം. അമ്മയ്ക്കു മകൻ ജീവൻെറ ജീവനാണ്. നിലനില്പിൻെറതന്നെ ആശ്രയമാണ്. അനിവാര്യമായ ജീവിതപരിണാമങ്ങളോട് ഏററുമുട്ടി നട്ടംതിരിയുന്ന മനുഷ്യൻ എല്ലാം വിധിയാണെന്നു നിനച്ച് ആശ്വാസംകൊള്ളുന്നു. കൗസല്യയും ചെയ്യുന്നത് അതുതന്നെ.

സ ഏവം ഭരതോ വീക്ഷ്യ വിലപന്തീം ഭൃശം ശുചാ
പാദൗ ഗൃഹീത്വാ പ്രാഹേദം ശൃണു മാതർ വചോ മമ. 87

ഏവം ഭൃശം	ഇങ്ങനെ ഏറിയ
ശുചാ വിലപന്തീം	ശോകത്താൽ കരയുന്ന
(കൗസല്യാം) വീക്ഷ്യ	(കൗസല്യയെ)കണ്ട്
പാദൗ ഗൃഹീത്വാ	പാദങ്ങളെ പിടിച്ച്
സഃ ഭരതഃ ഇദം പ്രാഹ	ആ ഭരതൻ ഇങ്ങനെ അറിയിച്ചു:
മാതഃ മേ വചനം ശൃണു	അമ്മേ, എൻെറ വാക്ക കേട്ടാലും.

കൈകേയ്യാ യത്കൃതം കർമ്മ രാമരാജ്യാഭിഷേചനേ
അന്യദ് വാ യദി ജാനാമി സാ മയാ നോദിതാ യദി. 88

പാപം മേഽസ്തു തദാ മാതർ ബ്രഹ്മഹത്യാശതോദ്ഭവം
ഹത്വാ വസിഷ്ഠം ഖഡ്ഗേന അരുന്ധത്യാസമന്വിതം. 89

ഭൂയാത്തത് പാപമഖിലം മമ ജാനാമി യദ്യഹം
ഇത്യേവം ശപഥം കൃത്വാ രുരോദ ഭരതസ്തദാ. 90

രാമരാജ്യാഭിഷേചനേ	രാമചന്ദ്രൻെറ രാജ്യാഭിഷേകത്തിൽ
കൈകേയ്യാ യത് കർമ്മ കൃതം	കൈകേയിയമ്മ ചെയ്ത പ്രവൃത്തിയോ
അന്യദ് വാ	(അവർ ചെയ്ത) മറേറതെങ്കിലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദി ജാനാമി	കാര്യമോ ഞാനറിയുകയോ,
സാ മയാ യദി നോദിതാ	അവരെ ഞാൻ പ്രേരിപ്പിക്കുകയോ
മാതഃ	(ചെയ്തിട്ടുണ്ടെങ്കിൽ) മാതാവേ,
തദാ മമ ബ്രഹ്മഹത്യാശതോത്ഭവം	എനിക്ക് നൂറു ബ്രഹ്മഹത്യയിൽ—
പാപം അസ്തു	നിന്ന് ഉളവാകാവുന്ന പാപമുണ്ടാകട്ടെ.
യദി അഹം ജാനാമി	(ഇതേപ്പറ്റി) ഞാനറിഞ്ഞിട്ടുണ്ടെങ്കിൽ
അരുന്ധത്യാസമന്വിതം	അരുന്ധതീദേവിയോടൊപ്പം
വസിഷ്ഠം	വസിഷ്ഠമഹർഷിയെ
ഖഡ്ഗേന ഹത്വാ	വാളാൽ വെട്ടിക്കൊന്നാലുണ്ടാകാവുന്ന
തത് പാപം അഖിലം	ആ പാപം മുഴുവനും
മമ ഭൂയാത്	എനിക്കുണ്ടാകട്ടെ.
ഇതി ഏവം ശപഥം കൃത്വാ	എന്നിങ്ങനെ ശപഥം ചെയ്തിട്ട്
ഭരതഃ തദാ രുരോദ	ഭരതൻ അപ്പോൾ പൊട്ടിക്കരഞ്ഞു.

ഭരതന്റെ നിരപരാധിത്വം വെളിപ്പെടുത്താൻ ഇതിലധികമൊന്നും പറയേണ്ട ആവശ്യമുണ്ടായില്ല. വക്താവിന്റെ ഹൃദയത്തിൽനിന്നുതിരുന്ന വാക്ക് ശ്രോതാവിന്റെ ഹൃദയത്തിലേക്കുതന്നെ കടന്നുകൊള്ളും. ഭരതന്റെ വചനം കൗസല്യയുടെ മനസ്സിന് ആശ്വാസം പകർന്നു.

കൗസല്യാ തമഥാലിംഗ്യ പുത്ര ജാനാമി മാ ശുച
ഏതസ്മിന്നന്തരേ ശ്രുത്വാ ഭരതസ്യ സമാഗമം. 91

വസിഷ്ഠോ മന്ത്രിഭിഃ സാർദ്ധം പ്രയയൗ രാജമന്ദിരം
രുദന്തം ഭരതം ദൃഷ്ട്വാ വസിഷ്ഠഃ പ്രാഹ സാദരം. 92

അഥ കൗസല്യാ	അനന്തരം കൗസല്യ
തം ആലിംഗ്യ (ഉവാച)	അദ്ദേഹത്തെ മാറോടണച്ച് (പറഞ്ഞു):
പുത്ര, ജാനാമി	മകനേ, ഞാൻ (എല്ലാം) അറിയുന്നു.
മാ ശുച	നീ വ്യസനിക്കരുത്.
ഏതസ്മിൻ അന്തരേ	ഈ അവസരത്തിൽ
ഭരതസ്യ സമാഗമം ശ്രുത്വാ	ഭരതൻ വന്നുചേർന്നെന്നു കേട്ട്
വസിഷ്ഠഃ മന്ത്രിഭിഃ സാർദ്ധം	വസിഷ്ഠൻ മന്ത്രിമാരോടുകൂടെ
രാജമന്ദിരം പ്രയയൗ	രാജഭവനത്തിലെത്തി.
രുദന്തം ഭരതം ദൃഷ്ട്വാ	കരയുന്ന ഭരതനെ കണ്ടിട്ട്
വസിഷ്ഠഃ സാദരം പ്രാഹ	വസിഷ്ഠൻ ബഹുമാനപൂർവ്വം അറിയിച്ചു.

ബ്രഹ്മർഷിയായ വസിഷ്ഠനുപോലും ആദരണീയനായിരുന്നു ഭരതൻ.

വൃദ്ധോ രാജാ ദശരഥോ ജ്ഞാനീ സത്യപരാക്രമഃ
ഭുക്ത്വാ മർത്ത്യസുഖം സർവ്വമിഷ്ട്വാ വിപുലദക്ഷിണൈഃ. 93

അശ്വമേധാദിഭിർയജ്ഞൈർലബ്ധ്വാ രാമം സുതം ഹരിം
അന്തേ ജഗാമ ത്രിദിവം ദേവേന്ദ്രാർദ്ധാസനം പ്രഭുഃ. 94

വൃദ്ധഃ ജ്ഞാനീ	വയോവൃദ്ധനും ജ്ഞാനിയും
സത്യപരാക്രമഃ	സത്യശീലനും പരാക്രമിയുമായ
രാജാ ദശരഥഃ	ദശരഥമഹാരാജാവ്
വിപുലദക്ഷിണൈഃ	ധാരാളം ദക്ഷിണകളോടുകൂടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അശ്വമേധാദിഭിഃ യജ്ഞൈഃ	അശ്വമേധാദിയാഗങ്ങളാൽ
ഇഷ്ട്വാ	യജിക്കുകയും
ഹരിം രാമം സുതം	ഹരിയായ രാമനെ പുത്രനായി
ലബ്ധ്വാ	നേടി
മർത്ത്യസുഖം സർവ്വം	മനുഷ്യന്ന പ്രാപ്യമായ എല്ലാ സുഖങ്ങളും
ഭുക്ത്വാ	അനുഭവിച്ചിട്ട്
അന്തേ ത്രിദിവം ജഗാമ	അവസാനം സ്വർഗ്ഗം പ്രാപിക്കയും ചെയ്തു.
പ്രഭുഃ ദേവേന്ദ്രാർദ്ധാസനം	ആ മഹാൻ ഇന്ദ്രാസനത്തിന്റെ പകുതിക്ക്
(പ പ്രാപ)	അവകാശിയായി.

ദശരഥന്റെ ജീവിതം എന്തുകൊണ്ടും ധന്യമായിരുന്നു. യാഗാദികളനുഷ്ഠിച്ച് ഇഹലോകജീവിതവും പരലോകജീവിതവും അദ്ദേഹം സമ്പന്നമാക്കി.

തം ശോചസി വൃഥൈവ ത്വമശോച്യം മോക്ഷഭാജനം
ആത്മാ നിത്യോfവ്യയഃ ശുദ്ധോ ജന്മനാശാദിവർജ്ജിതഃ. 95

ശരീരം ജഡമത്യർത്ഥമപവിത്രം വിനശ്വരം
വിചാര്യമാണേ ശോകസ്യ നാവകാശഃ കഥഞ്ചന. 96

മോക്ഷഭാജനം അശോച്യം	മോക്ഷപാത്രവും അശോച്യനുമായ
തം ത്വം വൃഥാ	അദ്ദേഹത്തെപ്പററി നീ വെറുതെ
ഏവ ശോചസി	വ്യസനിക്കുകയാണ്.
ആത്മാ നിത്യഃ അവ്യയഃ	ആത്മാവ് എന്നുമുള്ളതും അഴിവില്ലാത്തതും
ശുദ്ധഃ ജന്മനാശാദി–	പാവനവും ജനനമരണാദി–
വർജ്ജിതഃ	രഹിതവുമാകുന്നു.
ശരീരം ജഡം അത്യർത്ഥം	ദേഹമാകട്ടെ വെറും ചൈതന്യമററതും
അപവിത്രം വിനശ്വരം	വൃത്തികെട്ടതും നശ്വരവുമത്രേ.
വിചാര്യമാണേ	വിചാരിച്ചുനോക്കിയാൽ
ശോകസ്യ	ശോകത്തിന്
കഥഞ്ചന അവകാശഃ ന	ഒരുതരത്തിലും അവകാശമില്ല.

ചിന്തിച്ചുനോക്കിയാൽ ദേഹാവസാനം അനിവാര്യവും കേവലം സ്വാഭാവികവുമായ ഒരു പ്രക്രിയയാണെന്നു തെളിയും. അപരിഹാര്യമായ ഒന്നിനെപ്പററി വിവേകശാലികൾ ശോകപ്പെടുകയില്ല. തത്ത്വം ഗ്രഹിച്ച് അവർ ആത്മാവിനെ ശാന്തിയിലേക്കു നയിക്കുന്നു.

പിതാ വാ തനയോ വാപി യദി മൃത്യുവശം ഗതഃ
മൂഢാസ്തമനുശോചന്തി സ്വാത്മതാഡനപൂർവ്വകം. 97

പിതാ വാ തനയഃ വാ അപി	അച്ഛനായാലും മകനായാലും
യദി മൃത്യുവശം ഗതഃ	മരണത്തിന്റെ പിടിയിൽപ്പെട്ടാൽ
മൂഢാഃ തം	മൂഢർമാത്രമേ അയാളെച്ചൊല്ലി
സ്വാത്മതാഡനപൂർവ്വകം	മാറത്തടിച്ച്
അനുശോചന്തി	മുറവിളിയിടൂ.

നിസ്സാരേ ഖലു സംസാരേ വിയോഗോ ജ്ഞാനിനാം യദാ
ഭവേദ് വൈരാഗ്യഹേതുഃ സഃ ശാന്തിസൗഖ്യം തനോതി ച.

നിസ്സാരേ സംസാരേ	സാരഹീനമായ ഈ ലോകത്തിൽ
ജ്ഞാനിനാം യദാ വിയോഗഃ	ജ്ഞാനിക്ക് വേർപാട് വന്നാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഃ ഖലു വൈരാഗ്യ— ഹേതുഃ ഭവേത്	അതു തീർച്ചയായും വിരക്തിക്കു കാരണമാകുന്നു.
(സഃ) ശാന്തിസൗഖ്യം തനോതി ച	അതു് ശാന്തിയും ആനന്ദവും വളർത്തുകയും ചെയ്യും.

ജ്ഞാനികൾക്കു് ഒരുതരത്തിലുള്ള വേർപാടും ശോകഹേതുകമാകാറില്ല. വിയോഗം അവരിൽ വിരക്തിയാണു ജനിപ്പിക്കുക.

വൈരാഗ്യമെന്നാൽ ആസക്തിയില്ലായ്മ. ആസക്തിയററുപോകുന്നതോടെ ജീവിതം പ്രശാന്തവും പ്രഫുല്ലവുമാകുന്നു.

ജന്മവാൻ യദി ലോകേസ്മിംസ്തർഹിതം മൃത്യുരന്വഗാത്
തസ്മാദപരിഹാര്യോയം മൃത്യുർജന്മവതാം സദാ. 99

യദി അസ്മിൻ ലോകേ ജന്മവാൻ തർഹി തം മൃത്യുഃ അന്വഗാത് തസ്മാത് അയം മൃത്യുഃ ജന്മവതാം സദാ അപരിഹാര്യഃ	(ഒരുവൻ) ഈ ലോകത്തിൽ ജനിച്ചാൽ അവനെ മരണം പിന്തുടരുകയായി. അതിനാൽ ഈ മരണം ജനിച്ചവർക്കെല്ലാം എന്നും അപരിഹാര്യമായിരിക്കുന്നു.

ജനനംപോലെ സ്വാഭാവികമാണു് മരണവും. സ്വഭാവസിദ്ധമായ ഒന്നിനെയും ഒഴിവാക്കാൻ സാധിക്കയില്ല.

സ്വകർമ്മവശതഃ സർവ്വജന്തൂനാം പ്രഭവാപ്യയൗ
വിജാനന്നപ്യവിദ്വാൻ യഃ കഥം ശോചതി ബാന്ധവാൻ. 100

സർവ്വജന്തൂനാം സ്വകർമ്മവശതഃ പ്രഭവാപ്യയൗ	എല്ലാ ജന്തുക്കൾക്കും സ്വകർമ്മവശാൽ ജനനമരണങ്ങൾ (സംഭവിക്കുന്നു)
(ഇതി) വിജാനൻ അപി യഃ അവിദ്വാൻ ബാന്ധവാൻ കഥം ശോചതി!	എന്നറിഞ്ഞിട്ടും അറിവില്ലാത്തവൻ ബന്ധുക്കളെപ്പററി എങ്ങനെ ദുഃഖിക്കുന്നു!

വസ്തുസ്ഥിതി അറിഞ്ഞിട്ടും അതേപ്പററി വ്യാകുലപ്പെടുന്നവൻ മൂഢൻ. നീ അറിവുള്ളവനാണു്; ദുഃഖിക്കാൻ പാടില്ല.

ബ്രഹ്മാണ്ഡകോടയോ നഷ്ടാ സൃഷ്ടയോ ബഹുശോ ഗതാഃ
ശുഷ്യന്തി സാഗരാ സർവ്വേ കൈവാസ്ഥാക്ഷണജീവിതേ. 101

ബ്രഹ്മാണ്ഡകോടയഃ നഷ്ടാഃ സൃഷ്ടയഃ ബഹുശഃ ഗതാഃ സർവ്വേ സാഗരാഃ ശുഷ്യന്തി	ബ്രഹ്മാണ്ഡകോടികൾ നഷ്ടമായി. സൃഷ്ടികൾ വളരെ പോയ്മറഞ്ഞു. എല്ലാ സാഗരങ്ങളും വാറിയുണങ്ങും.
ക്ഷണജീവിതേ കാ വാ ആസ്ഥാ	(പിന്നെ വെറും) ക്ഷണികമായ ഈ ജീവിതത്തിലെന്താസ്ഥ?

ചലത്പത്രാന്തലഗ്നാംബുബിന്ദുവത് ക്ഷണഭംഗുരം
ആയുസ്ത്യജത്യവേലായാം കസ്തത്ര പ്രത്യയസ്തവ? 102

ആയുഃ ചലത്പത്രാന്ത- ലഗ്നാംബുബിന്ദുവത് ക്ഷണഭംഗുരം	ആയുസ്സ് ഇളകുന്ന ഇലത്തുമ്പിലെ ജലകണംപോലെ ക്ഷണത്തിൽ നശിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവേലായാം ത്യജതി	ഓക്കാപ്പുറത്തു വിട്ടുപോകുന്നു.
തത്ര തവ കഃ പ്രത്യയഃ	അതിൽ നിനക്കെന്തു വിശ്വാസം?

ഓക്കാപ്പുറത്ത് ഒഴുകുന്നതാണ് ആയുസ്സ്. അതിൽ വിശ്വസിക്കാൻ വയ്യ.

ദേഹീ പ്രാക്തനദേഹോത്ഥകർമ്മണാ ദേഹവാൻ പുനഃ
തദ്ദേഹോത്ഥേന പുനരേവം ദേഹസ്സദാത്മനഃ. 103

ദേഹീ പ്രാക്തന— ദേഹോത്ഥകർമ്മണാ	ജീവൻ മുമ്പു കൈക്കൊണ്ട ദേഹത്തിന്റെ കർമ്മാനുസരണം
പുനഃ ദേഹവാൻ തദ്ദേഹോത്ഥേന പുനഃ ച	വീണ്ടും ദേഹമാളുന്നു. ആ ദേഹത്തിന്റെ കർമ്മാനുസരണം പിന്നേയും
ഏവം ആത്മനഃ സദാ ദേഹഃ	ഇങ്ങനെ ആത്മാവെന്നും സദേഹമായിരിക്കുന്നു.

യഥാ ത്യജതി വൈ ജീർണ്ണം വാസോ ഗൃഹ്ണാതി നൂതനം
തഥാ ജീർണ്ണം പരിത്യജ്യ ദേഹീ ദേഹം പുനർനവം. 104

ഭജത്യേവ സദാ തത്ര ശോകസ്യാവസരഃ കുതഃ
ആത്മാ ന മ്രിയതേ ജാതു ജായതേ ന ച വർദ്ധതേ. 105

യഥാ ജീർണ്ണം വാസഃ ത്യജതി നൂതനം	പൊടിഞ്ഞ വസ്ത്രം ത്യജിച്ച് പുതുവസ്ത്രം
ഗൃഹ്ണാതി തഥാ ദേഹീ വൈ ജീർണ്ണദേഹം പരിത്യജ്യ പുനഃ സദാ നവം ഭജതി ഏവ തത്ര ശോകസ്യ അവസരഃ കുതഃ? ആത്മാ ജാതു ന ജായതേ ന വർദ്ധതേ ന മ്രിയതേ ച	കൈക്കൊള്ളുന്നപോലെ ജീവാത്മാവും ജീർണ്ണദേഹം വിട്ട് വീണ്ടും സദാ പുതുദേഹം സ്വീകരിക്കുന്നു. അതിൽ ശോകത്തിനവസരമെവിടെ? ആത്മാവൊരിക്കലും ജനിക്കുന്നില്ല, വളരുന്നില്ല, മരിക്കുന്നുമില്ല.

പഴയ തുണി ദൂരെയെറിഞ്ഞ് പുതുവസ്ത്രം ധരിക്കുന്നപോലെയാണ് ജീവാത്മാവ് ജീർണ്ണശരീരം വിട്ട് പുതുദേഹം കൈക്കൊള്ളുന്നത്. അതിൽ ആഹ്ലാദത്തിനല്ലാതെ ശോകത്തിനു കാരണമില്ലതന്നെ. ഈ ശരീരപരിവർത്തനത്തിൽ ജീവാത്മാവിന്റെ മൗലികമായ ആനന്ദാത്മകതയ്ക്ക് യാതൊരു വ്യത്യാസവും വരുന്നില്ല.

ഷഡ്ഭാവരഹിതോനന്തഃ സത്യപ്രജ്ഞാനവിഗ്രഹഃ
ആനന്ദരൂപോ ബുദ്ധ്യാദി സാക്ഷീ ലയവിവർജ്ജിതഃ. 106

ഏക ഏവ പരോഹ്യാത്മാ ഹ്യദ്വിതീയഃ സമഃ സ്ഥിതഃ
ഇത്യാത്മാനം ദൃഢം ജ്ഞാത്വാ ത്യക്ത്വാ ശോകം കുരു ക്രിയാം.

ആത്മാ ഷഡ്ഭാവരഹിതഃ	ആത്മാവ് ആറു ഭാവങ്ങളറ്റതും
അനന്തഃ സത്യപ്രജ്ഞാന— വിഗ്രഹഃ	അനന്തവും സത്യമായ ജ്ഞാനവിഗ്രഹവും
ആനന്ദരൂപഃ ബുദ്ധ്യാദിസാക്ഷീ	ആനന്ദരൂപവും ബുദ്ധ്യാദികളുടെ സാക്ഷിയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലയവിവർജ്ജിതഃ	അനശ്വരവുമാണ്.
ആത്മാ ഏക ഏവ	ആത്മാവ് ഏകം തന്നെ.
പരഃ അദ്വിതീയഃ സമഃ	(അത്) പരവും അദ്വിതീയവും
സ്ഥിതഃ	സമവുമായി വിളങ്ങുന്നു.
ആത്മാനം ഇതി	ആത്മാവിനെ ഇപ്രകാരം
ദൃഢം ജ്ഞാത്വാ	ദൃഢമായറിഞ്ഞ്
ശോകം ത്യക്ത്വാ	ശോകം വെടിഞ്ഞ്
ക്രിയാം കുരു	പ്രവൃത്തി ചെയ്യുക.

ആത്മതത്ത്വം യഥാവത് ഗ്രഹിക്കുന്നതോടെ ശോകമോഹാദികളെ വെടിഞ്ഞ് മനുഷ്യൻ കർമ്മരംഗത്തിലൂടെ മുന്നോട്ടു പോകും. ആത്മാവ് അനശ്വരമെന്ന് വെളിവാക്കിയതിനുശേഷം സ്വകർമ്മം ചെയ്യാൻ വസിഷ്ഠൻ ഭരതനെ ഉദ്ബോധിപ്പിക്കുന്നു എന്നത് ശ്രദ്ധേയമത്രേ. യഥാർത്ഥജ്ഞാനം കർമ്മനിരസനമല്ല, കർമ്മസംഗ്രഹമെന്നു വ്യക്തം.

തൈലദ്രോണ്യാഃ പിതുർദേഹമുദ്ധൃത്യ സചിവൈഃ സഹ
കൃത്യം കുരു യഥാന്യായമസ്മാഭിഃ കുലനന്ദന. 108

കുലനന്ദന,	കുലപുത്ര,
തൈലദ്രോണ്യാഃ	തൈലത്തോണിയിൽനിന്ന്
പിതുഃ ദേഹം ഉദ്ധൃത്യ	പിതാവിന്റെ ദേഹമെടുത്ത്
സചിവൈഃ അസ്മാഭിഃ സഹ	മന്ത്രിമാരോടും ഞങ്ങളോടുംകൂടെ
യഥാന്യായം കൃത്യം കുരു	യഥാവിധി പിതൃകർമ്മം ചെയ്യുക.

ഇതി സംബോധിതഃ സാക്ഷാത് ഗുരുണാ ഭരതസ്തദാ
വിസൃജ്യാജ്ഞാനജം ശോകം ചക്രേ സ വിധിവത്ക്രിയാം.

ഇതി ഗുരുണാ തദാ	ഇപ്രകാരം അപ്പോൾ
സാക്ഷാത്	സാക്ഷാൽ ഗുരുവിനാൽ
സംബോധിതഃ സഃ ഭരതഃ	പ്രബോധിതനായ ആ ഭരതൻ
അജ്ഞാനജം ശോകം	അജ്ഞതയിൽനിന്നുദിച്ച ശോകം
വിസൃജ്യ വിധിവത്	വിട്ട് വിധിപൂർവ്വം
ക്രിയാം ചക്രേ	അച്ഛന്റെ ഉദകക്രിയ നിർവ്വഹിച്ചു.

ഗുരുണോക്തപ്രകാരേണ ആഹിതാഗ്നേഃ യഥാവിധി
സംസ്കൃത്യ സ പിതുർദേഹം വിധിദൃഷ്ടേന കർമ്മണാ. 110

ഏകാദശേഹനി പ്രാപ്തേ ബ്രാഹ്മണാൻ വേദപാരഗാൻ
ഭോജയാമാസ വിധിവച്ഛതശോഥ സഹസ്രശഃ. 111

ഗുരുണാ ഉക്തപ്രകാരേണ	ഗുരൂപദേശപ്രകാരം
ആഹിതാഗ്നേഃ	(നിരവധി) യജ്ഞം ചെയ്ത
പിതുഃ ദേഹം	പിതാവിന്റെ മൃതദേഹം
വിധിദൃഷ്ടേന കർമ്മണാ	വേദവിഹിതമായ കർമ്മത്താൽ
യഥാവിധി സംസ്കൃത്യ	യഥാവിധി സംസ്കരിച്ചിട്ട്
അഥ ഏകാദശേ അഹനി	പിന്നെ പതിനൊന്നാം
പ്രാപ്തേ	ദിനമായപ്പോൾ
ശതശഃ സഹസ്രശഃ	നൂറായിരക്കണക്കിന്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദപാരഗാൻ	വേദപാരംഗതരായ
ബ്രാഹ്മണാൻ	ബ്രാഹ്മണരെ
വിധിവത് ഭോജയാമാസ	വിധിപൂർവ്വം ഭുജിപ്പിച്ചു.

ഉദ്ദിശ്യ പിതരം തത്ര ബ്രാഹ്മണേഭ്യോ ധനം ബഹു
ദദൗ ഗവാം സഹസ്രാണി ഗ്രാമാൻ രത്നാംബരാണി ച. 112

പിതരം ഉദ്ദിശ്യ	പിതാവിനെ ഉദ്ദേശിച്ച്
തത്ര ബ്രാഹ്മണേഭ്യഃ	അന്ന് ബ്രാഹ്മണർക്ക്
ബഹുധനം	ധാരാളം ധനം
ഗവാം സഹസ്രാണി	ആയിരമായിരം പശുക്കളും
ഗ്രാമാൻ രത്നാംബരാണി	ഗ്രാമങ്ങളും രത്നാംബരങ്ങളും
ച ദദൗ	ഇവ ദാനംചെയ്തു.

അവസത് സ്വഗൃഹേ യത്ര രാമമേവാനുചിന്തയൻ
വസിഷ്ഠേന സഹ ഭ്രാത്രാ മന്ത്രിഭിഃ പരിവാരിതഃ. 113

വസിഷ്ഠേന ഭ്രാത്രാ ച	വസിഷ്ഠനോടും സഹോദരനായ
സഹ ഭരതഃ	ശത്രുഘ്നനോടുമൊത്തു ഭരതൻ
മന്ത്രിഭിഃ പരിവാരിതഃ	മന്ത്രിമാരാൽ പരിവൃതനായി
യത്ര സ്വഗൃഹേ	സ്വഭവനത്തിൽ
രാമം ഏവ അനുചിന്തയൻ	രാമനെത്തന്നെ ധ്യാനിച്ചുകൊണ്ട്
അവസത്	വസിച്ചു.

രാമേഽരണ്യം പ്രയാതേ സഹ ജനകസുതാ
ലക്ഷ്മണാഭ്യാം സുഘോരം
മാതാ മേ രാക്ഷസീവ പ്രദഹതി ഹൃദയം
ദർശനാദേവ സദ്യഃ
ഗച്ഛാമ്യാരണ്യമദ്യ സ്ഥിരമതിരഖിലം
ദൂരതോഽപാസ്യ രാജ്യം
രാമം സീതാസമേതം സ്മിതരുചിരമുഖം
നിത്യമേവാനുസേവേ. 114

ജനകസുതാ ലക്ഷ്മണാഭ്യാം	ജാനകിയും ലക്ഷ്മണനുമൊത്തു,രാമൻ
സഹ രാമേ സുഘോരം	കൊടുംകാട്ടിൽ
അരണ്യം പ്രയാതേ	പോയതിൽപ്പിന്നെ
മേ മാതാ ദർശനാത് ഏവ	എന്റെ മാതാവ് ദർശനമാത്രത്തിൽത്തന്നെ
രാക്ഷസീ ഇവ മമ ഹൃദയം	രാക്ഷസിയെപ്പോലെ എന്റെ ഹൃദയം
സദ്യഃ പ്രദഹതി	പൊടുന്നനവേ പൊള്ളിക്കുന്നു.
അഖിലം രാജ്യം ദൂരതഃ	രാജ്യമെല്ലാം ദൂരെ വലിച്ചെറിഞ്ഞു്
അപാസ്യ അദ്യ അരണ്യം	ഞാനിന്നുതന്നെ കാട്ടിലേക്കു
ഗച്ഛാമി	പോകയാണ്.
സ്മിതരുചിരമുഖം	പുഞ്ചിരിതൂകുന്ന തിരുമുഖമുള്ളവനും
സീതാസമേതം രാമം	സീതാസമേതനുമായ രാമനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിത്യം സ്ഥിരമതിഃ അനുസേവേ	ഞാനെന്നും സ്ഥിരബുദ്ധിയോടെ നിരന്തരം സേവിക്കും.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ സപ്തമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം ഏഴാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം എട്ട്

ഭരതൻ ചിത്രകൂടത്തിലേക്ക്

ശ്രീമഹാദേവ ഉവാച: പരമശിവൻ അരുളി

വസിഷ്ഠോ മുനിഭിഃ സാർദ്ധം മന്ത്രിഭിഃ പരിവാരിതഃ
രാജ്ഞഃ സഭാം ദേവസഭാസന്നിഭാമവിശദ് വിഭുഃ. 1

മന്ത്രിഭിഃ പരിവാരിതഃ വിഭുഃ വസിഷ്ഠഃ മുനിഭിഃ സാർദ്ധം	മന്ത്രിമാരാൽ ചുററപ്പെട്ട ഭഗവാൻ വസിഷ്ഠൻ (ഒരുനാൾ) മുനിമാരോടൊത്ത്
ദേവസഭാസന്നിഭാം രാജ്ഞഃ സഭാം അവിശത്	ദേവസഭയ്ക്കൊത്ത രാജസഭയിൽ പ്രവേശിച്ചു.

തത്രാസനേ സമാസീനശ്ചതുർമുഖ ഇവാപരഃ
ആനീയ ഭരതം തത്ര ഉപവേശ്യ സഹാനുജം. 2

അബ്രവീദ്വചനം ദേശകാലോചിതമരിന്ദമം
വത്സ, രാജ്യേഽഭിഷേക്ഷ്യാമസ്ത്വാമദ്യ പിതൃശാസനാത്. 3

അപരഃ ചതുർമുഖഃ ഇവ തത്ര ആസനേ സമാസീനഃ	മററൊരു നാന്മുഖനെപ്പോലെ അവിടെ ഇരിപ്പിടത്തിലിരുന്നു.
സഹാനുജം ഭരതം ആനീയ ഉപവേശ്യ	അനുജസമേതനായ ഭരതനെ വരുത്തി അരികിലിരുത്തി
അരിന്ദമം ദേശകാലോചിതം വചനം അബ്രവീത്	ആ ശത്രുദമനനോട് നാട്ടിനും കാലത്തിനും പററിയ വചനം (ഇങ്ങനെ) അരുളി.
വത്സ, പിതൃശാസനാത് ത്വാം അദ്യ രാജ്യേ അഭിഷേക്ഷ്യാമഃ	കുഞ്ഞേ, നിൻെറ അച്ഛൻെറ അരുളപ്പാടനു- സരിച്ച് നിന്നെ ഇന്നു രാജാവായി വാഴിക്കയാണ്.

കൈകേയ്യാ യാചിതം രാജ്യം ത്വദർത്ഥേ പുരുഷർഷഭ
സത്യസന്ധോ ദശരഥഃ പ്രതിജ്ഞായ ദദൗ കില. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരുഷർഷഭ	പുരുഷശ്രേഷ്ഠ,
കൈകേയ്യാ രാജ്യം ത്വദർത്ഥേ യാചിതം	കൈകേയി രാജ്യം നിനക്കുവേണ്ടിയാണാവശ്യപ്പെട്ടത്.
സത്യസന്ധഃ ദശരഥഃ പ്രതിജ്ഞായ കില ദദൌ	സത്യസന്ധൻ ദശരഥൻ പ്രതിജ്ഞചെയ്തു നല്കുകയുംചെയ്തു.

അഭിഷേകോ ഭവത്വദ്യ മുനിഭിർമന്ത്രപൂർവ്വകം
തച്ഛ്റുത്വാ ഭരതോപ്യാഹ മമ രാജ്യേന കിം മുനേ. 5

രാമോ രാജാധിരാജശ്ച വയം തസ്യൈവ കിം കരാഃ
ശ്വഃ പ്രഭാതേ ഗമിഷ്യാമോ രാമമാനേതുമഞ്ജസാ. 6

അഹം യൂയം മാതരശ്ച കൈകേയീം രാക്ഷസീം വിനാ
ഹനിഷ്യാമ്യധുനൈവാഹം കൈകേയീം മാതൃഗന്ധിനീം. 7

അദ്യ മുനിഭിഃ മന്ത്രപൂർവ്വകം അഭിഷേകഃ ഭവതു തത് ശ്രുത്വാ ഭരതഃ ആഹ മുനേ, രാജ്യേന മമ കിം? രാമഃ രാജാധിരാജഃ വയം തസ്യ കിങ്കരാഃ ഏവ രാമം അഞ്ജസാ ആനേതും	ഇന്നു മുനിമാരാൽ മന്ത്രപൂർവ്വകം (നിനക്ക്) അഭിഷേകം നടത്തപ്പെടട്ടെ. അതു കേട്ട് ഭരതൻ ചോദിച്ചു: ഗുരോ, രാജ്യംകൊണ്ടെനിക്കെന്തു കാര്യം? രാമനാണ് രാജാധിരാജൻ. ഞങ്ങൾ അദ്ദേഹത്തിന്റെ കിങ്കരർ മാത്രം. രാമനെ ഉടൻ കൂട്ടിക്കൊണ്ടുവരാൻ
രാക്ഷസീം കൈകേയീം വിനാ	രാക്ഷസിയായ കൈകേയിയെ ഒഴിവാക്കി
മാതരഃ അഹം യൂയം ശ്വഃ പ്രഭാതേ വനം ഗമിഷ്യാമഃ മാതൃഗന്ധിനീം കൈകേയീം അധുനാ ഏവ അഹം ഹനിഷ്യാമി	മററമ്മമാരും ഞാനും അങ്ങും നാളെ രാവിലെ വനത്തിൽ പോകും. പേരിനുമാത്രം അമ്മയായ കൈകേയിയെ ഇപ്പോഴത്തന്നെ ഞാൻ കൊല്ലും.

ഭരതന്റെ വാക്കുകൾ ചിലപ്പോൾ അതിർകടന്നുപോകുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഹൃദയവ്യഥ ഏതപരാധവും ക്ഷന്തവ്യമാക്കുന്നു. വാല്മീകിയുടെ ഭരതൻ പറയുന്നതു കേൾക്കുക:

സോഽഹമഗ്നിം പ്രവിശ വാ സ്വയം വാ വിശ ദണ്ഡകാൻ
രജ്ജും ബധാന വാ കണ്ഠേ നഹി തേഽന്യത്പരായണം.

അയോധ്യം. 74: 33

കിന്തു മാം നോ രഘുശ്രേഷ്ഠഃ സ്ത്രീഹന്താരം സഹിഷ്യതേ
തച്ഛ്വോ ഭൂതേ ഗമിഷ്യാമി പാദചാരേണ ദണ്ഡകാൻ. 8

ശത്രുഘ്നസഹിതസ്തൂർണ്ണം യൂയമായാത വാ ന വാ
രാമോ യഥാ വനേ യാതസ്തഥാഹം വല്ക്കലാംബരഃ. 9

ഫലമൂലകൃതാഹാരഃ ശത്രുഘ്നസഹിതോ മുനേ
ഭൂമിശായീ ജടാധാരീ യാവദ്രാമോ നിവർത്തതേ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിന്തു സ്ത്രീഹന്താരം രഘുശ്രേഷ്ഠഃ മാം ന സഹിഷ്യതേ	പക്ഷേ, സ്ത്രീഹത്യചെയ്തവനായാൽ രഘുനാഥൻ എന്നോട് ക്ഷമിക്കയില്ല.
തത് ശ്വഃ ഭ്രതേ ധ്രുവം	അതിനാൽ നാളെ പുലർച്ചയായാലുടൻ
ശത്രുഘ്നസഹിതഃ പാദചാരേണ ദണ്ഡകാൻ ഗമിഷ്യാമി	ശത്രുഘ്നനെയും കൂട്ടി കാൽനടയായി ദണ്ഡകവനത്തിലേക്ക പോകയായി.
യൂയം ആയാന്തു വാ ന വാ	നിങ്ങൾക്കു വരികയോ വരാതിരിക്കു- കയോ ചെയ്യാം.
രാമഃ യഥാ വനേ യാതഃ തഥാ അഹം വല്ക്കലാംബരധരഃ (യാസ്യാമി)	രാമനെങ്ങനെ വനത്തിൽ പോയോ അതുപോലെ ഞാനും മരവുരിയുടുത്തു പോകും.
മുനേ, യാവത് രാമഃ നിവർത്തതേ	ഗുരോ, രാമൻ മടങ്ങിവരുംവരെ
ശത്രുഘ്നസഹിതഃ ഫലമൂലകൃതാഹാരഃ ജടാധാരീ ഭൂമിശായീ	ശത്രുഘ്നനൊപ്പം വെറും കായും കിഴങ്ങും അശിച്ച് ജടയും ചൂടി തറയിൽ കിടക്കും.

ഇതി നിശ്ചിത്യ ഭരതസ്തൂഷ്ണീമേവാവതസ്ഥിവാൻ
സാധു സാധ്വിതി തം സർവ്വേ പ്രശശംസുർമുദാന്വിതാഃ. 11

ഇതി നിശ്ചിത്യ ഭരതഃ തൂഷ്ണീം ഏവ അവതസ്ഥിവാൻ	ഇങ്ങനെ തീരുമാനിച്ച് ഭരതൻ മൗനംപൂണ്ടിരുന്നു.
സാധു, സാധു ഇതി സർവ്വേ മുദാന്വിതാഃ തം പ്രശശംസുഃ	നന്നു് നന്നു് എന്നു പറഞ്ഞു് എല്ലാവരും മോദത്തോടെ അദ്ദേഹത്തെ പുകഴ്ത്തി.

തതഃ പ്രഭാതേ ഭരതം ഗച്ഛന്തം സർവ്വസൈനികാഃ
അനുജഗ്മുഃ സുമന്ത്രേണ നോദിതാഃ സാശ്വകുഞ്ജരാഃ. 12

തതഃ പ്രഭാതേ ഗച്ഛന്തം ഭരതം സുമന്ത്രേണ നോദിതാഃ സാശ്വകുഞ്ജരാഃ സർവ്വസൈനികാഃ അനുജഗ്മുഃ	പിറേറ പ്രഭാതത്തിൽ പുറപ്പെട്ട ഭരതനെ സുമന്ത്രൻെറ നിർദ്ദേശപ്രകാരം കുതിരയോടും ആനയോടും കൂടിയ സൈനികരെല്ലാം പിന്തുടർന്നു.

കൗസല്യാദ്യാഃ രാജദാരാഃ വസിഷ്ഠപ്രമുഖാഃ ദ്വിജാഃ
ഛാദയന്തോ ഭുവം സർവ്വേ പൃഷ്ഠതഃ പാർശ്വതോഗ്രതഃ. 13

ശൃംഗവേരപുരം ഗത്വാ ഗംഗാകൂലേ സമന്തതഃ
ഉവാസ മഹതീസേനാ ശത്രുഘ്നപരിചോദിതാ. 14

കൗസല്യാദ്യാഃ രാജദാരാഃ വസിഷ്ഠപ്രമുഖാഃ ദ്വിജാഃ സർവ്വേ	കൗസല്യാദി രാജ്ഞിമാരും വസിഷ്ഠാദി ബ്രാഹ്മണരും എല്ലാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്രതഃ പൃഷ്ഠതഃ പാർശ്വതഃ ഭുവം ഛാദയന്തഃ	മുമ്പിലും പിമ്പിലും വശങ്ങളിലും നിരന്ന് ഭൂമിയെ മൂടി.
ശത്രുഘ്നപരിചോദിതാ മഹതീ സേനാ	ശത്രുഘ്നന്റെ നിർദ്ദേശപ്രകാരം ആ പെരുംപട
ശൃംഗവേരപുരം ഗത്വാ ഗംഗാകൂലേ സമന്തതഃ ഉവാസ	ശൃംഗവേരപുരത്തെത്തി, ഗംഗാതീരങ്ങളവിടവിടെ താവളമടിച്ചു.

ആഗതം ഭരതം ശ്രുത്വാ ഗുഹഃ ശങ്കിതമാനസഃ
മഹത്യാ സേനയാ സാർദ്ധമാഗതോ ഭരതഃ കില. 15

ഭരതം ആഗതം ശ്രുത്വാ ഗുഹഃ ശങ്കിതമാനസഃ	ഭരതൻ വന്നെന്നു കേട്ട് ഗുഹന്റെ മനസ്സിൽ ആശങ്ക തോന്നി.
ഭരതഃ കില മഹത്യാ സേനയാ സാർദ്ധം ആഗതഃ	ഭരതനാണെങ്കിൽ വലിയ പടയുമായാണല്ലോ വന്നിരിക്കുന്നത്.

പാപം കർത്തും നവാ/യാതി രാമസ്യാവിദിതാത്മനഃ
ഗത്വാ തദ്ധൃദയം ജ്ഞേയം യദി ശുദ്ധസ്തരിഷ്യതി. 16

ഗംഗാം നോ ചേത് സമാകൃഷ്യ നാവസ്തിഷ്ഠന്തു സായുധാഃ
ജ്ഞാതയോ മേ സമായത്താഃ പശ്യന്തഃ സർവ്വതോ ദിശഃ. 17

അവിദിതാത്മനഃ രാമസ്യ പാപം കർത്തും ന വാ ആയാതി?	ഒന്നും അറിയാതിരിക്കുന്ന രാമന് ഉപദ്രവമുണ്ടാക്കാനല്ലേ അയാൾ വരുന്നത്?
ഗത്വാ തദ്ധൃദയം ജ്ഞേയം യദി ശുദ്ധഃ ഗംഗാം തരിഷ്യതി	ചെന്ന് അയാളുടെ ഹൃദയമറിയുകതന്നെ. ശുദ്ധഹൃദയനെങ്കിൽ ഗംഗ കടക്കും. (ദുരുദ്ദേശമുണ്ടെങ്കിൽ നദി കടക്കാൻ അനുവദിക്കയില്ല.)
നോ ചേത് സായുധാഃ നാവഃ സമാകൃഷ്യ തിഷ്ഠന്തു	അല്ലെങ്കിൽ ആയുധമേന്തി നൗകകൾ ഏകോപിച്ച് നിന്നോട്ടെ.
മേ ജ്ഞാതയഃ സമായത്താഃ ദിശഃ സർവ്വതഃ പശ്യന്തഃ തിഷ്ഠന്തു	എന്റെ ബന്ധുക്കൾ ശ്രദ്ധാപൂർവ്വം ദിക്കുകളെല്ലാം നോക്കി കാത്തു നിലകൊള്ളണം.

ഇതി സർവ്വാൻ സമാദിശ്യ ഗുഹോ ഭരതമാഗതഃ
ഉപായനാനി സംഗൃഹ്യ വിവിധാനി ബഹൂന്യപി. 18

ഇതി സർവ്വാൻ സമാദിശ്യ	ഇങ്ങനെ എല്ലാവർക്കും നിർദ്ദേശം നല്കി
വിവിധാനി ബഹൂനി ഉപായനാനി അപി സംഗൃഹ്യ	വൈവിധ്യമാർന്ന ധാരാളം ഉപഹാരങ്ങളുമേന്തി
ഗുഹഃ ഭരതം ആഗതഃ	ഗുഹൻ ഭരതസവിധത്തിലെത്തി.

പ്രയയൗ ജ്ഞാതിഭിഃ സാർദ്ധം ബഹുഭിർവിവിധായുധൈഃ
നിവേദ്യോപായനാന്യഗ്രേ ഭരതസ്യ സമന്തതഃ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃഷ്ട്വാ ഭരതമാസീനം സാനുജം സഹമന്ത്രിഭിഃ
ചീരാംബരം ഘനശ്യാമം ജടാമുകുടധാരിണം. 20

രാമമേവാനുശോചന്തം രാമരാമേതി വാദിനം
ननാമ ശിരസാ ഭൂമൗ ഗുഹോഹമിതി ചാബ്രവീത്. 21

വിവിധായുധൈഃ	പലതരം ആയുധങ്ങളും ധരിച്ച
ബഹുഭിഃ ജ്ഞാതിഭിഃ സാർദ്ധം	ബഹുബന്ധുക്കളോടൊത്താണു്
പ്രയയൗ	ഗുഹൻ പോയതു്.
ഭരതസ്യ അഗ്രേ സമന്തതഃ	ഭരതന്റെ മുമ്പിലെമ്പാടും
ഉപായനാനി നിവേദ്യ	ഉപഹാരങ്ങളർപ്പിച്ചു് (ഗുഹൻ)
സാനുജം സഹമന്ത്രിഭിഃ ആസീനം	അനുജനും മന്ത്രിമാരുമൊത്തിരിക്കുന്നവനും
ജടാമുകുടധാരിണം	ജടാമകുടം ധരിച്ചവനും
ചീരാംബരം	വല്ക്കലമുടുത്തവനും
ഘനശ്യാമം	മുകിൽവർണ്ണനും
രാമം ഏവ അനുശോചന്തം	രാമനെത്തന്നെയോർത്തു് അനുതപിച്ചു്
രാമ രാമ ഇതി വാദിനം	രാമ, രാമ എന്നുച്ചരിക്കുന്നവനുമായ
ഭരതം ദൃഷ്ട്വാ	ഭരതനെ ദർശിച്ചു്
ശിരസാ ഭൂമൗ നനാമ	ശിരസാ ഭൂമിയിൽ നമിച്ചു.
അഹം ഗുഹ ഇതി	ഞാനാണേ ഗുഹനെന്നു
അബ്രവീത് ച	പറയുകയും ചെയ്തു.

ശീഘ്രമുത്ഥായ ഭരതോ ഗാഢമാലിംഗ്യ സാദരം
പൃഷ്ട്വാനാമയമവ്യഗ്രഃ സഖായമിദമബ്രവീത്. 22

ഭരതഃ സാദരം ശീഘ്രം	ഭരതൻ ആദരവോടെ പെട്ടെന്നെണീറ്റു്
ഉത്ഥായ ഗാഢം ആലിംഗ്യ	ഗുഹനെ മുറുകെ പുണർന്നു.
അനാമയം പൃഷ്ട്വാ	ക്ഷേമാന്വേഷണത്തിനുശേഷം
അവ്യഗ്രഃ സഖായം	മനശ്ശാന്തിയോടെ ആ സുഹൃത്തിനോടു്
ഇദം അബ്രവീത്	ഇങ്ങനെ പറഞ്ഞു.

ഭ്രാതസ്ത്വം രാഘവേണാത്ര സമേതഃ സമവസ്ഥിതഃ
രാമേണാലിംഗിതഃ സാർദ്രനയനേനാമലാത്മനാ. 23

ഭ്രാതഃ ത്വം അത്ര	സോദരാ, നീയിവിടെയാണല്ലോ
രാഘവേണസമേതഃ സമവസ്ഥിതഃ	രാമചന്ദ്രനോടൊത്തു കഴിഞ്ഞതു്.
സാർദ്രനയനേന	നനഞ്ഞ നയനങ്ങളോടെ (ഇവിടെവച്ചു-
അമലാത്മനാ രാമേണ	ണല്ലോ) പാവനാത്മാവായ രാമൻ
ആലിംഗിതഃ	നിന്നെ വാരിപ്പുണർന്നതു്.

ധന്യോ ƒസി കൃതകൃത്യോ ƒസി യത് ത്വയാ പരിഭാഷിതഃ
രാമോ രാജീവപത്രാക്ഷോ ലക്ഷ്മണേന ച സീതയാ. 24

യത്ര രാമസ്ത്വയാ ദൃഷ്ടസ്തത്ര മാം നയ സുവ്രത
സീതയാ സഹിതോ യത്ര സുപ്തസ്തദ്ദർശയസ്വ മേ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധന്യഃ അസി, കൃതകൃത്യഃ	നീ ധന്യനാണ്; കൃതകൃത്യനാണ്.
അസി, യത് ത്വയാ രാജീവ-	എന്തെന്നാൽ നീ ചെന്താമരയിതഴ്-
പത്രാക്ഷഃ രാമഃ പരിഭാഷിതഃ	കണ്ണനായ രാമനോട് സംസാരിച്ചു.
ലക്ഷ്മണേന സീതയാ ച	ലക്ഷ്മണനോടും സീതയോടും ചേർന്ന
(സഹിതഃ) രാമഃ	രാമനെ
യത്ര ത്വയാ ദൃഷ്ടഃ	നീയെവിടെ കണ്ടുവോ,
സുവ്രത, തത്ര മാം	സുവ്രത, അങ്ങോട്ടെന്നെ
നയ	കൊണ്ടുപോകുക.
സീതയാ സഹിതഃ യത്ര	സീതയോടൊത്ത് അദ്ദേഹം ഉറങ്ങിയ
സുപ്തഃ തത് മേ ദർശയസ്വ	സ്ഥലം എനിക്കു കാണിച്ചുതരു.

ത്വം രാമസ്യ പ്രിയതമോ ഭക്തിമാനസി ഭാഗ്യവാൻ
ഇതി സംസ്മൃത്യ സംസ്മൃത്യ രാമം സാശ്രുവിലോചനഃ. 26

ഗുഹേന സഹിതസ്തത്ര യത്ര രാമഃ സ്ഥിതോ നിശി
യയൗ ദദർശ ശയനസ്ഥലം കുശസമാസ്തൃതം. 27

ത്വം അസി രാമസ്യ പ്രിയതമഃ	നീയാണ് ശ്രീരാമന്റെ പ്രിയതമൻ.
ഭക്തിമാൻ ഭാഗ്യവാൻ	ഭക്തൻ, ഭാഗ്യശാലി.
ഇതി രാമം	ഇങ്ങനെ രാമനെ
സംസ്മൃത്യ സംസ്മൃത്യ	ഓർത്തോർത്ത്
സാശ്രുവിലോചനഃ	കണ്ണീർനിറഞ്ഞ മിഴികളോടെ
ഗുഹേന സഹിതഃ (ഭരതഃ)	ഗുഹനുമൊത്ത് (ഭരതൻ)
യത്ര രാമഃ നിശി സ്ഥിതഃ തത്ര	രാമൻ രാവിൽ തങ്ങിയിടത്തേക്കു
യയൗ	പോയി.
കുശസമാസ്തൃതം	ദർഭപ്പുല്ലു വിരിച്ച
ശയനസ്ഥലം ദദർശ	ശയനസ്ഥലം ദർശിച്ചു.

സീതാഭരണസംലഗ്നസ്വർണ്ണബിന്ദുഭിരഞ്ചിതം
ദുഃഖസന്തപ്തഹൃദയോ ഭരതഃ പര്യദേവയത്. 28

സീതാഭരണസംലഗ്ന-	സീതയുടെ ആഭരണങ്ങളിലുള്ള
സ്വർണ്ണബിന്ദുഭിഃ	സ്വർണ്ണപ്പൊട്ടുകളാൽ അഞ്ചിതമായ
അഞ്ചിതം ദുഃഖസന്തപ്തഹൃദയഃ	(അവിടം കണ്ട്) അഴലാൽ അകംനൊന്ത്
ഭരതഃ പര്യദേവയത്	ഭരതൻ പൊട്ടിക്കരഞ്ഞു.

അഹോഽതിസുകുമാരീ യാ സീതാ ജനകനന്ദിനീ
പ്രാസാദേ രത്നപര്യങ്കേ കോമളാസ്തരണേ ശുഭേ. 29

രാമേണ സഹിതാ ശേതേ സാ കഥം കുശവിഷ്ടരേ
സീതാ രാമേണ സഹിതാ ദുഃഖേന മമ ദോഷതഃ. 30

പ്രാസാദേ കോമളാസ്തരണേ	മാളികയിൽ, നനുത്ത വിരിപ്പിട്ട
ശുഭേ രത്നപര്യങ്കേ	ശോഭനമായ രത്നക്കട്ടിലിൽ
രാമേണ സഹിതാ യാ ശേതേ	രാമനോടൊത്തു ശയിച്ചിരുന്ന
സാ ജനകനന്ദിനീ	ആ ജനകനന്ദിനി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിസുകുമാരീ സീതാ	അതിസുന്ദരിയായ സീത,
മമ ദോഷതഃ	എൻേറതായ ദോഷങ്ങൾ
രാമേണ സഹിതാ	അദ്ദേഹത്തോടൊത്തു (വെറും)
കുശവിഷ്ടരേ	ദർഭപ്പായയിൽ
ദുഃഖേന കഥം ശേതേ	ക്ലേശിച്ചെങ്ങനെ കിടക്കും?

ധിങ്മാം ജാതോസ്മി കൈകേയ്യാം പാപരാശിസമാനതഃ
മന്നിമിത്തമിദം ക്ലേശം രാമസ്യ പരമാത്മനഃ. 31

പാപരാശിസമാനതഃ	പാപപുഞ്ജംപോലെ
കൈകേയ്യാം ജാതഃ അസ്മി	കൈകേയിയിൽ ഞാൻ ജനിച്ചു.
മാം ധിക്	എന്നെ ഏവരും നിന്ദിക്കട്ടെ.
പരമാത്മനഃ രാമസ്യ	പരമാത്മാവായ രാമന് ഞാൻ നിമിത്ത-
മന്നിമിത്തം ഇദം ക്ലേശം	മാണല്ലോ ഈ ക്ലേശം നേരിട്ടതു്!

അഹോതിസഫലം ജന്മ ലക്ഷ്മണസ്യ മഹാത്മനഃ
രാമമേവ സദാന്വേതി വനസ്ഥമപി ഹൃഷ്ടധീഃ. 32

അഹോ മഹാത്മനഃ	അഹോ, മഹാത്മാവായ
ലക്ഷ്മണസ്യ ജന്മ അതിസഫലം	ലക്ഷ്മണൻെറ ജന്മമാണു് ഏററവും സഫലം.
വനസ്ഥം അപി രാമം ഏവ	വനവാസിയെങ്കിലും രാമനെത്തന്നെ
ഹൃഷ്ടധീഃ സദാ	അദ്ദേഹം സസന്തോഷം സദാ
അന്വേതി	പിൻതുടരുന്നു!

അഹം രാമസ്യ ദാസാ യേ തേഷാം ദാസസ്യ കിങ്കരഃ
യദി സ്യാം സഫലം ജന്മ മമ ഭൂയാന്ന സംശയഃ. 33

അഹം യേ രാമസ്യ ദാസാഃ	ഞാൻ രാമൻെറ ദാസന്മാരുടെ
തേഷാം ദാസസ്യ കിങ്കരഃ	ദാസദാസനെങ്കിലും
യദി സ്യാം	ആയിത്തീരുമെങ്കിൽ
മമ ജന്മ സഫലം ഭൂയാത്	എൻെറ ജന്മം സഫലമാകും.
ന സംശയഃ	സംശയമില്ല.

ഭ്രാതർജാനാസി യദി തത് കഥയസ്വ മമാഖിലം
യത്ര തിഷ്ഠതി തത്രാഹം ഗച്ഛാമ്യാനേതുമഞ്ജസാ. 34

ഭ്രാതഃ യദി ജാനാസി	സഹോദര, നീയറിയുന്നുവെങ്കിൽ
തത് അഖിലം മമ കഥയസ്വ	അതെല്ലാം എന്നോടു പറയൂ.
യത്ര തിഷ്ഠതി	(അദ്ദേഹം) എവിടെയാണോ
തത്ര അഹം ഗച്ഛാമി	അവിടേക്കു ഞാൻ പോകയാണു്.
അഞ്ജസാ ആനേതും	ഉടനെ കൂട്ടിക്കൊണ്ടുപോരാൻ.

ഗുഹസ്തം ശുദ്ധഹൃദയം ജ്ഞാത്വാ സസ്നേഹമബ്രവീത്
ദേവ ത്വമേവ ധന്യോഽസി യസ്യ തേ ഭക്തിരീദൃശീ. 35

രാമേ രാജീവപത്രാക്ഷേ സീതായാം ലക്ഷ്മണേ തഥാ
ചിത്രകൂടാദ്രിനികടേ മന്ദാകിന്യാവിദൂരതഃ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുനീനാമാശ്രമപദേ രാമസ്തിഷ്ഠതി സാനുജഃ
ജാനക്യാ സഹിതോ നന്ദാത് സുഖമാസ്തേ കില പ്രഭുഃ. 37

തം ശുദ്ധഹൃദയം ജ്ഞാത്വാ	അവനെ വിമലഹൃദയനെന്നറിഞ്ഞ്
ഗുഹഃ സസ്നേഹം അബ്രവീത്	ഗുഹൻ സ്നേഹപൂർവ്വം അറിയിച്ചു:
ദേവ, ത്വം ഏവ അസി	ദേവ, നീതന്നെയാണ്
ധന്യഃ	ധന്യൻ.
യസ്യ തേ രാജീവപത്രാക്ഷേ	നിനക്കാണല്ലോ താമരയിതൾക്കണ്ണനായ
രാമേ സീതായാം തഥാ ലക്ഷ്മണേ	രാമനിലും സീതയിലും ലക്ഷ്മണനിലും
ഈദൃശീ ഭക്തിഃ	ഇത്രമാത്രം ഭക്തി!
മന്ദാകിന്യാഃ അവിദൂരതഃ	ഗംഗയിൽനിന്ന് അധികമകലെയല്ലാതെ
ചിത്രകൂടാദ്രിനികടേ	ചിത്രകൂടഗിരിയുടെ അരികിൽ
മുനീനാം ആശ്രമപദേ	മുനികുടീരങ്ങളുള്ളിടത്ത്
സാനുജഃ	അനുജനോടൊത്ത്
രാമഃ തിഷ്ഠതി	രാമൻ വസിക്കുന്നു.
ജാനക്യാ സഹിതഃ പ്രഭുഃ	ജാനകീസമേതനായ പ്രഭു
നന്ദാത് സുഖം	സമൃദ്ധിയോടും സന്തോഷത്തോടും
ആസ്തേ	കഴിയുന്നു.

തത്ര ഗച്ഛാമഹേ ശീഘ്രം ഗംഗാം തർത്തുമിഹാർഹസി
ഇത്യുക്ത്വാ ത്വരിതം ഗത്വാ നാവഃ പഞ്ചശതാനിഹ. 38

സമാനയത് സസൈന്യസ്യ തർത്തും ഗംഗാം മഹാനദീം
സ്വയമേവാനിനായൈകാം രാജനാവം ഗുഹസ്തദാ. 39

തത്ര ശീഘ്രം ഗച്ഛാമഹേ	അവിടേക്ക നമുക്ക് അതിവേഗം പോകാം
ഇഹ ഗംഗാം	ഇവിടെ ഗംഗ
തർത്തും അർഹസി	കടക്കേണ്ടതുണ്ട്.
ഇതി ഉക്ത്വാ ത്വരിതം	എന്നു പറഞ്ഞു വേഗം
ഗത്വാ	ചെന്ന്
സസൈന്യസ്യ	സൈന്യസമേതനായ (ഭരതന്)
മഹാനദീം ഗംഗാം തർത്തും	വിശാലനദിയായ ഗംഗ കടക്കാൻ
പഞ്ചശതാൻ നാവഃ	അഞ്ഞൂറു തോണികൾ
സമാനയത്	കൊണ്ടുവന്നു.
തദാ ഗുഹഃ സ്വയം ഏവ	അപ്പോൾ ഗുഹൻ സ്വയംതന്നെ
ഏകാം രാജനാവം ആനിനായ	ഒരു രാജകീയനൗകയും കൊണ്ടുവന്നു.

ആരോപ്യ ഭരതം തത്ര ശത്രുഘ്നം രാമമാതരം
വസിഷ്ഠം ച തഥാന്യത്ര കൈകേയീം ചാന്യയോഷിതഃ. 40

തീർത്ത്വാ ഗംഗാം യയൗ ശീഘ്രം ഭരദ്വാജാശ്രമം പ്രതി
ദൂരേ സ്ഥാപ്യ മഹാസൈന്യം ഭരതഃ സാനുജോ യയൗ. 41

തത്ര ഭരതം ശത്രുഘ്നം	അതിൽ ഭരതശത്രുഘ്നന്മാരെയും
രാമമാതരം വസിഷ്ഠം ച	രാമമാതാവ്, വസിഷ്ഠൻ ഇവരെയും
അന്യത്ര കൈകേയീം	മറ്റൊന്നിൽ കൈകേയിയെയും
അന്യയോഷിതഃ ച ആരോപ്യ	മറ്റു വനിതകളേയും കയറ്റി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗംഗാം തീർത്ത്വാ	ഗംഗ കടന്ന്
ശീഘ്രം ഭരദ്വാജാശ്രമം പ്രതി	ശീഘ്രം ഭരദ്വാജാശ്രമത്തിലേക്ക
യയൗ	പോയി.
മഹാസൈന്യം ദൂരേ സ്ഥാപ്യ	വമ്പിച്ച സേനയെ അകലെ നിറുത്തി
സാനുജഃ ഭരതഃ യയൗ	അനുജനോടൊത്തു ഭരതൻ ചെന്നു.

ആശ്രമേ മുനിമാസീനം ജ്വലന്തമിവ പാവകം
ദൃഷ്ട്വാ നനാമ ഭരതഃ സാഷ്ടാംഗമതിഭക്തിതഃ. 42

ജ്വലന്തം പാവകം ഇവ	എരിയുന്ന തീപോലെ
ആശ്രമേ ആസീനം	ആശ്രമത്തിലിരുന്ന
മുനിം ദൃഷ്ട്വാ ഭരതഃ	മുനിയെ ദർശിച്ച് ഭരതൻ
അതിഭക്തിതഃ	അതീവഭക്തിയോടെ
സാഷ്ടാംഗം നനാമ	സാഷ്ടാംഗം വണങ്ങി.

ജ്ഞാത്വാ ദാശരഥിം പ്രീത്യാ പൂജയാമാസ മൗനിരാട്
പപ്രച്ഛ കുശലം ദൃഷ്ട്വാ ജടാവല്ക്കലധാരിണം. 43

ദാശരഥിം ജ്ഞാത്വാ	ദശരഥകുമാരനെന്നറിഞ്ഞ്
മൗനിരാട്	മുനിനായകൻ
പ്രീത്യാ പൂജയാമാസ	സ്നേഹപൂർവ്വം പൂജിച്ചു.
ജടാവല്ക്കലധാരിണം ദൃഷ്ട്വാ	ജടയും വല്ക്കലവും ധരിച്ചതു കണ്ട്
കുശലം പപ്രച്ഛ	കുശലം ചോദിച്ചു.

രാജ്യം പ്രശാസതസ്തേദ്യ കിമേതദ് വല്ക്കലാദികം
ആഗതോസി കിമർത്ഥം ത്വം വിപിനം മുനിസേവിതം. 44

രാജ്യം പ്രശാസതഃ തേ	നാടു ഭരിക്കുന്ന നിനക്ക്
അദ്യ ഏതദ്	ഇന്ന് ഈ
വല്ക്കലാദികം കിം	മരവുരി മുതലായതെങ്ങനെ?
മുനിസേവിതം വിപിനം	മുനിമാർ വസിക്കും വനത്തിലേക്ക്
ത്വം കിമർത്ഥം ആഗതഃ അസി	നീ എന്തിനായാണു പോന്നത്?

ഭരദ്വാജവചഃ ശ്രുത്വാ ഭരതഃ സാശ്രുലോചനഃ
സർവ്വം ജാനാസി ഭഗവൻ! സർവ്വഭൂതാശയസ്ഥിതഃ. 45

ഭരദ്വാജവചഃ ശ്രുത്വാ	ഭരദ്വാജവചനം കേട്ട്
സാശ്രുലോചനഃ ഭരതഃ	നിറമിഴികളോടെ ഭരതൻ (പറഞ്ഞു)
ഭഗവൻ, സർവ്വഭൂതാശയ—	ഭഗവൻ, എല്ലാ ജീവികളുടെയുമുള്ളിൽ
സ്ഥിതഃ	വിളങ്ങുന്ന നീ
സർവ്വം ജാനാസി	സർവ്വവുമറിയുന്നുവല്ലോ.

തഥാപി പൃച്ഛസേ കിഞ്ചിത്തദനുഗ്രഹ ഏവ മേ
കൈകേയ്യാ യത് കൃതം കർമ്മ രാമരാജ്യവിഘാതനം. 46

വനവാസാദികം വാപി നഹി ജാനാമി കിഞ്ചന
ഭവത്പാദയുഗം മേദ്യ പ്രമാണം മുനിസത്തമ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്ത്വാ പാദയുഗളം മുനേഃ സ്പൃഷ്ട്വാത്മമാനസഃ
ജ്ഞാതുമർഹസി മാം ദേവ ശുദ്ധോ വാ ശുദ്ധ ഏവ വാ. 48

തഥാപി കിഞ്ചിത് പൃച്ഛാമി	എങ്കിലും (ഞാ) ചിലതു ചോദിക്കുന്നു.
തത് മേ അനുഗ്രഹം ഏവ രാമരാജ്യവിഘാതനം വനവാസാദികം വാ അപി യത് കർമ്മ കൈകേയ്യാ കൃതം കിഞ്ചന നഹി ജാനാമി മുനിസത്തമ,	അതെനിക്കനുഗ്രഹംതന്നെ. രാമന്റെ രാജ്യാഭിഷേകവിഘ്നമോ വനവാസാദിയോ ആയ എന്തെല്ലാം കാര്യം കൈകേയി ചെയ്തോ (അതേപ്പറ്റി) തെല്ലും ഞാനറിയുന്നില്ല. മഹാമുനേ,
അദ്യ മേ ഭവത്പാദ യുഗം പ്രമാണം	ഇന്നെനിക്ക് അങ്ങേ കാൽത്താരിണ— യാണ് അതിന് പ്രമാണം.
ആത്മമാനസഃ ഇതി ഉക്ത്വാ മുനേഃ പാദയുഗളം സംസ്പൃഷ്ട്വാ	ഉള്ളമഴിഞ്ഞിങ്ങനെ പറഞ്ഞ് മുനിയുടെ കാലിണതൊട്ടറിയിച്ചു.
ദേവ, അഹം ശുദ്ധഃ അശുദ്ധഃ ഏവ വാ ജ്ഞാതും അർഹസി	ദേവ, ഞാൻ ശുദ്ധനോ അശുദ്ധൻതന്നെയോ എന്ന് അറിയാൻ നീ അർഹനാണല്ലോ. (നിനക്ക കഴിയുമല്ലോ)

മമ രാജ്യേന കിം സ്വാമിൻ, രാമേ തിഷ്ഠതി രാജനി
കിങ്കരോഹം മുനിശ്രേഷ്ഠ, രാമചന്ദ്രസ്യ ശാശ്വതഃ. 49

സ്വാമിൻ, രാജനി രാമേ തിഷ്ഠതി രാജ്യേന മമ കിം? മുനിശ്രേഷ്ഠ, അഹം രാമചന്ദ്രസ്യ കിങ്കരഃ ശാശ്വതഃ	സ്വാമിൻ, രാജാവായ രാമനിരിക്കവേ രാജ്യംകൊണ്ടെനിക്കെന്തുകാര്യം? മഹാമുനേ, ഞാൻ രാമന്റെ കിങ്കരനാണ്, എന്നെന്നും.

അതോ ഗത്വാ മുനിശ്രേഷ്ഠ, രാമസ്യ ചരണാന്തികേ
പതിത്വാ രാജ്യസംഭാരാൻ സമർപ്പ്യാത്രൈവ രാഘവം. 50

അഭിഷേക്ഷ്യ വസിഷ്ഠാദ്യൈഃ പൗരജാനപദൈഃ സഹ
നേഷ്യേ/യോധ്യാം രാമനാഥം ദാസഃ സേവേതിനീചവത്.

മുനിശ്രേഷ്ഠ, അതഃ ഗത്വാ രാമസ്യ ചരണാന്തികേ പതിത്വാ രാജ്യസംഭാരാൻ സമർപ്പ്യ വസിഷ്ഠാദ്യൈഃ	മുനിവര, അതിനാൽ ചെന്ന് രാമന്റെ കാല്ക്കൽ വീണ് രാജ്യാഭിഷേകസാമഗ്രികളർപ്പിച്ച്, വസിഷ്ഠാദികളോടും
പൗരജാനപദൈഃ സഹ അത്ര ഏവ	പൗരന്മാരോടും നാട്ടുകാരോടുമൊത്ത് ഇവിടെവെച്ചുതന്നെ
രാഘവം അഭിഷേക്ഷ്യ	അദ്ദേഹത്തെ അഭിഷേകംചെയ്യും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമനാഥം അയോദ്ധ്യാം
അനേഷ്യേ
ദാസഃ അതിനീചവത്
സേവേ

രാമനാഥനെ അയോധ്യയിലേക്ക
കൊണ്ടുപോകും.
ദാസനായ (ഞാൻ) താഴ്മയോടെ
(അദ്ദേഹത്തെ) സേവിക്കും.

ഇത്യുദീരിതമാകർണ്ണ്യ ഭരതസ്യ വചോ മുനിഃ
ആലിംഗ്യ മൂർദ്ധ്ന്യവഘ്രായ പ്രശശംസ സവിസ്മയഃ. 52

ഇതി ഭരതസ്യ
ഉദീരിതം വചഃ
ആകർണ്ണ്യ മുനിഃ
ആലിംഗ്യ മൂർദ്ധ്നി
അവഘ്രായ
സവിസ്മയഃ പ്രശശംസ

ഇപ്രകാരം ഭരതൻ
പറഞ്ഞ വചനം കേട്ട്
മുനി അദ്ദേഹത്തെ
ആശ്ലേഷിച്ച് നെറുകയിൽ
മുകർന്ന്
വിസ്മയംപൂണ്ടു പുകഴ്ത്തി.

വത്സ ജ്ഞാതം പുരൈവൈതത് ഭവിഷ്യം ജ്ഞാനചക്ഷുഷാ
മാ ശുചസ്ത്വം പരോ ഭക്തഃ ശ്രീരാമേ ലക്ഷ്മണാദപി. 53

വത്സ, ഭവിഷ്യം
ഏതത് ജ്ഞാനചക്ഷുഷാ
പുരാ ഏവ ജ്ഞാതം
മാ ശുചഃ
ത്വം ലക്ഷ്മണാത്
പരഃ ശ്രീരാമേ ഭക്തഃ

കുഞ്ഞേ, സംഭവിക്കാൻപോകുന്ന
ഇത് ജ്ഞാനക്കണ്ണാൽ
മുമ്പേതന്നെ ഞാനറിഞ്ഞിരുന്നു.
നീ ദുഃഖിക്കേണ്ട.
നീ ലക്ഷ്മണനെക്കാളും
മികച്ച രാമഭക്തനാണ്.

ആതിഥ്യം കർത്തുമിച്ഛാമി സസൈന്യസ്യ തവാനഘ
അദ്യ ഭുക്ത്വാ സസൈന്യസ്ത്വം ശ്വോ ഗന്താ രാമസന്നിധിം. 54

അനഘ,
സസൈന്യസ്യ തവ
ആതിഥ്യം കർത്തും
ഇച്ഛാമി
സസൈന്യഃ ത്വം
അദ്യ ഭുക്ത്വാ
ശ്വഃ രാമസന്നിധിം
ഗന്താ

പരിപാവന,
സേനാസമേതനായ നിനക്ക്
ആതിഥ്യംചെയ്യാൻ
ഞാനാഗ്രഹിക്കുന്നു.
സൈനികരോടൊത്ത് നീ
ഇന്നു ഭക്ഷണംകഴിച്ചു (വിശ്രമിക്കുക).
നാളെ രാമസന്നിധിയിലേക്ക
പോകാം.

യഥാജ്ഞാപയതി ഭവാംസ്തഥേതി ഭരതോ ƒ ബ്രവീത്
ഭരദ്വാജസ്ത്വപഃ സംസ്പൃഷ്ട്വാ മൗനീ ഹോമഗൃഹേ സ്ഥിതഃ. 55

ദധ്യൗ കാമദുഘാം കാമവർഷിണീം കാമദോ മുനിഃ
അസൃജത് കാമദുഘ് സർവ്വം യഥാകാമമലൗകികം. 56

ഭവാൻ യഥാ ആജ്ഞാപയതി
തഥാ ഇതി ഭരതഃ
അബ്രവീത്

അങ്ങ് എവ്വിധമാജ്ഞാപിക്കുന്നുവോ
അങ്ങനെ എന്നു ഭരതൻ
പ്രതിവചിച്ചു.

ഭരദ്വാജഃ തു അപഃ സംസ്പൃഷ്ട്വാ
മൗനീ
ഹോമഗൃഹേ സ്ഥിതഃ

ഭരദ്വാജനാകട്ടെ ജലം തൊട്ട്
(ആചമനംചെയ്ത്) മൗനിയായി
ഹോമശാലയിൽ പ്രവേശിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാമദഃ മുനിഃ	ആശിപ്പദതകുന്ന (ആ) മുനി
കാമവർഷിണീം	കാംക്ഷിതം ചൊരിയും
കാമദുഘാം ദധ്യൗ	കാമധേനുവിനെ ധ്യാനിച്ചു.
കാമദുഘ്	കാമധേനു(വാകട്ടെ)
യഥാകാമം	ആഗ്രഹാനുസരണം
അലൗകികം സർവ്വം	അലൗകിക(പദാർത്ഥങ്ങൾ) എല്ലാം
അസൃജത്	ഉണ്ടാക്കി.

ഭരതസ്യ സസൈന്യസ്യ യഥേഷ്ടം ച മനോരഥം
യഥാ വവർഷ സകലം തൃപ്താസ്തേ സർവ്വസൈനികാഃ. 57

സസൈന്യസ്യ ഭരതസ്യ	പടയോടൊപ്പം ഭരതന്
യഥാ ഇഷ്ടം മനോരഥം	ഇഷ്ടവും ആഗ്രഹവും ഏതോ
തഥാ സകലം വവർഷ	അവ്വിധമാണ് എല്ലാം ചൊരിഞ്ഞതു്.
തേ സർവ്വസൈനികാഃ	ആ സൈനികരെല്ലാം
തൃപ്താഃ	തൃപ്തരായി.

വസിഷ്ഠം പൂജയിത്വാഗ്രേ ശാസ്ത്രദൃഷ്ടേന കർമ്മണാ
പശ്ചാത് സസൈന്യം ഭരതം തർപ്പയാമാസ യോഗിരാട്. 58

യോഗിരാട്	ആ യോഗിവര്യൻ
ശാസ്ത്രദൃഷ്ടേന കർമ്മണാ	ശാസ്ത്രവിഹിതകർമ്മത്താൽ
വസിഷ്ഠം അഗ്രേ പൂജയിത്വാ	വസിഷ്ഠനെ മുമ്പേ പൂജിക്കയും
പശ്ചാത് സസൈന്യം	അനന്തരം സേനാസഹിതനായ
ഭരതം	ഭരതനെ (സൽക്കരിച്ച്)
തർപ്പയാമാസ	തൃപ്തിപ്പെടുത്തുകയും ചെയ്തു.

ഉഷിത്വാ ദിനമേകം തു ആശ്രമേ സ്വർഗ്ഗസന്നിഭേ
അഭിവാദ്യ പുനഃ പ്രാതർഭരദ്വാജം സഹാനുജഃ. 59

ഭരതസ്തു കൃതാനുജ്ഞഃ പ്രയയൗ രാമസന്നിധിം
ചിത്രകൂടമനുപ്രാപ്യ ദൂരേ സംസ്ഥാപ്യ സൈനികാൻ
രാമസന്ദർശനാകാംക്ഷീ പ്രയയൗ ഭരതഃ സ്വയം. 60

സ്വർഗ്ഗസന്നിഭേ ആശ്രമേ	സ്വർഗ്ഗതുല്യമായ ആശ്രമത്തിൽ
സഹാനുജഃ ഏകം ദിനം	അനിയനോടൊത്തു് ഒരുനാൾ
ഉഷിത്വാ ഭരതഃ തു	പാർത്ത ഭരതനാകട്ടെ
പുനഃ പ്രാതഃ	പിറേറന്നു പുലർച്ചയ്ക്കു്
ഭരദ്വാജം അഭിവാദ്യ	ഭരദ്വാജനെ വണങ്ങി
കൃതാനുജ്ഞഃ	അനുമതിയും വാങ്ങി
രാമസന്നിധിം പ്രയയൗ	രാമസന്നിധിയിലേക്കു ചെന്നു.
ചിത്രകൂടം അനുപ്രാപ്യ	ചിത്രകൂടത്തിനടുത്തെത്തി
രാമസന്ദർശനാകാംക്ഷീ	രാമദർശനത്തിനു വെമ്പുന്ന
പരന്തപഃ ഭരതഃ	ധീരനായ ഭരതൻ
സൈനികാൻ ദൂരേ	സൈനികരെ
സംസ്ഥാപ്യ	ദൂരെ നിറുത്തിയിട്ടു്
സ്വയം പ്രയയൗ	തനിയെ മുന്നോട്ടു പോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശത്രുഘ്നേന സുമന്ത്രേണ ഗുഹേന ച പരന്തപഃ
തപസ്വിമണ്ഡലം സർവ്വം വിചിന്വാനോ ന്യവർത്തത. 61

അദൃഷ്ട്വാ രാമഭവനമപൃച്ഛദൃഷിമണ്ഡലം
കുത്രാസ്തേ സീതയാ സാർദ്ധം ലക്ഷ്മണേന രഘൂത്തമഃ. 62

ശത്രുഘ്നേന, സുമന്ത്രേണ ഗുഹേന ച	ശത്രുഘ്നൻ, സുമന്ത്രൻ ഗുഹൻ ഇവരോടൊത്ത്
തപസ്വിമണ്ഡലം സർവ്വം വിചിന്വാനഃ ന്യവർത്തത	തപസ്വിമണ്ഡലം മുഴുവൻ അന്വേഷിച്ച് (ഫലമില്ലാതെ) മടങ്ങിപ്പോന്നു.
രാമഭവനം അദൃഷ്ട്വാ ഋഷിമണ്ഡലം അപൃച്ഛത്	രാമാശ്രമം കാണാനാവാതെ മുനിസമുദായത്തോടു ചോദിച്ചു:
സീതയാ ലക്ഷ്മണേന സാർദ്ധം രഘൂത്തമഃ	സീതയും ലക്ഷ്മണനുമൊത്ത് രഘുവരൻ
കുത്ര ആസ്തേ	എവിടെയാകാം വസിക്കുന്നത്?

ഊചുരഗ്രേ ഗിരേഃ പശ്ചാത് ഗംഗായാഃ ഉത്തരേ തടേ
വിവിക്തം രാമസദനം രമ്യകാനനമണ്ഡിതം. 63

സഫലൈരാമ്രപനസൈഃ കദളീഖണ്ഡസംവൃതം
ചമ്പകൈഃ കോവിദാരൈശ്ച പുന്നാഗൈർവിപുലൈ-
സ്തഥാ. 64

ഏവം ദർശിതമാലോക്യ മുനിഭിർഭരതോഗ്രതഃ
ഹർഷാദ്യയൗ രഘുശ്രേഷ്ഠഭവനം മന്ത്രിണാ സഹ. 65

(തേ) ഊചുഃ	(അവർ) പറഞ്ഞു:
ഗംഗായാഃ ഉത്തരേ തടേ അഗ്രേ ഗിരേഃ പശ്ചാത്	ഗംഗയുടെ മറുകരയിൽ മുമ്പേ കാണുന്ന മലയുടെ പിറകിലായി
വിവിക്തം രാമസദനം	ഏകാന്തമായ രാമാശ്രമം (കാണാം).
രമ്യകാനനമണ്ഡിതം കദളീഖണ്ഡസംവൃതം സഫലൈഃ ആമ്രപനസൈഃ തഥാ വിപുലൈഃ പുന്നാഗൈഃ കോവിദാരൈഃ ചമ്പകൈഃ (ച മണ്ഡിതം)	(അതു്) അഴകാർന്ന കാടാൽ അലംകൃതവും കദളീവാഴകളാൽ ചുഴപ്പെട്ടതുമാണ്. കായ് തിങ്ങിയ മാവ്, പ്ലാവ് വിശാലമായ പുന്നമരങ്ങൾ മന്ദാരികൾ (കൊന്ന) ചമ്പകങ്ങൾ ഇവയാലും (ശോഭിക്കുന്നു)
മുനിഭിഃ ഏവം ദർശിതം അഗ്രതഃ ആലോക്യ	മുനിമാരാൽ ഇപ്രകാരം കാണിക്കപ്പെട്ട ആശ്രമം മുമ്പിൽ കണ്ട്
ഭരതഃ മന്ത്രിണാ സഹ ഹർഷാത് രഘുശ്രേഷ്ഠഭവനം യയൗ	ഭരതൻ മന്ത്രിയോടൊത്ത് സസന്തോഷം (ആ) രാമഭവനത്തിലേക്ക് ചെന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദദർശ ദൂരാദതിഭാസുരം ശുഭം
രാമസ്യ ഗേഹം മുനിവൃന്ദസേവിതം
വൃക്ഷാഗ്രസംലഗ്നസുവല്കലാജിനം
രാമാഭിരാമം ഭരതഃ സഹാനുജഃ. 66

വൃക്ഷാഗ്രസംലഗ്ന— സുവല്കലാജിനം മുനിവൃന്ദസേവിതം	മരക്കൊമ്പേൽ തൂങ്ങുന്ന ശുദ്ധമരവുരിയും മാൻതോലുമുള്ളതും മുനിവൃന്ദത്താൽ സേവിതവും
അതിഭാസുരം ശുഭം	അതിശോഭനവും മംഗലകരവും
രാമാഭിരാമം രാമസ്യ ഗേഹം	രാമസാന്നിധ്യത്താൽ മനോഹരവുമായ രാമഭവനം
സഹാനുജഃ ഭരതഃ ദൂരാതു് ദദർശ	അനുജനോടൊത്ത ഭരതൻ ദൂരെനിന്നു ദർശിച്ചു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ അഷ്ടമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം എട്ടാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഒൻപതു്

രാമഭരതസംഗമം—ഭരതൻെറ മടക്കം

ശ്രീമഹാദേവ ഉവാച: പരമശിവൻ അരുളി

അഥ ഗത്വാശ്രമപദസമീപം ഭരതോ മുദാ
സീതാരാമപദൈർയുക്തം പവിത്രമതിശോഭനം. 1

അഥ ഭരതഃ	അനന്തരം ഭരതൻ
സീതാരാമപദൈഃ	സീതാരാമന്മാരുടെ കാലടി
യുക്തം	പതിഞ്ഞതും
പവിത്രം അതിശോഭനം	പാവനവും അഴകേറിയതുമായ
ആശ്രമപദസമീപം	ആശ്രമസ്ഥലത്തിനടുത്തേക്കു്
മുദാ ഗത്വാ	സന്തോഷം ചെന്നു.

സ തത്ര വജ്രാങ്കുശവാരിജാഞ്ചിത—
ധ്വജാദി ചിഹ്നാനി പദാനി സർവ്വതഃ
ദദർശ രാമസ്യ ഭുവോഽതിമംഗലാ—
ന്യചേഷ്ടയത് പാദരജസ്സു സാനുജഃ. 2

സഃ തത്ര സർവ്വതഃ ഭുവഃ അതിമംഗലാനി	അദ്ദേഹമവിടെ എല്ലായിടത്തും ലോകത്തിന്നു് അതിമംഗലകരവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വജ്രാങ്കുശവാരിജാഞ്ചിത– ധ്വജാദി ചിഹ്നാനി രാമസ്യ പദാനി ദദർശ	വജ്രം, അങ്കുശം (തോട്ടി), താമര, ധ്വജം ആദി ചിഹ്നങ്ങളുള്ളതുമായ രാമപാദങ്ങൾ (കാലടിപ്പാടുകൾ) കണ്ടു.
സാനുജഃ പാദരജസ്സു അവേഷ്ടയത്	അനുജനോടൊത്തു് ആ കാലടിപ്പൊടികളിൽ വീണുരുണ്ടു.

അഹോ സുധന്യോഽഹമമൂനി രാമ–
പാദാരവിന്ദാങ്കിതഭൂതലാനി
പശ്യാമി യത്പാദരജോ വിമൃഗ്യം
ബ്രഹ്മാദിദേവൈഃ ശ്രുതിഭിശ്ച നിത്യം. 3

അഹോ, അഹം സുധന്യഃ	അഹോ, ഞാനതിധന്യൻതന്നെ!
അമൂനി രാമപാദാര– വിന്ദാങ്കിതഭൂതലാനി പശ്യാമി	രാമന്റെ കാൽത്താർ പതിഞ്ഞ ഈ ഭൂതലങ്ങൾ ഞാൻ കാണുകയാണു്.
യത് പാദരജഃ	അദ്ദേഹത്തിന്റെ പാദധൂളിയാണല്ലോ
ബ്രഹ്മാദി ദേവൈഃ ശ്രുതിഭിഃ ച നിത്യം മൃഗ്യതേ	ബ്രഹ്മാദി ദേവന്മാരാലും വേദങ്ങളാലും എന്നും തിരയപ്പെടുക.

അറിവുള്ളവർ ദേവന്മാർ (വിദ്വാംസോ ഹി ദേവാഃ). അറിവു വേദം (വിദജ്ഞാനേ എന്ന ധാതു). വിദ്വാന്മാർക്കും വേദങ്ങൾക്കും പാരന്ത്യന്തികമായ ജ്ഞേയം ഏതോ അതത്രേ രാമൻ. അവരെന്നും രാമനെ—പരമസത്യത്തെ—തേടുന്നു.

ഇത്യദ്ഭുതപ്രേമരസാപ്ലുതാശയോ
വിഗാഢചേതാ രഘുനാഥഭാവനേ
ആനന്ദജാശ്രുസ്നപിതസ്തനാന്തരഃ
ശനൈരവാപാശ്രമസന്നിധിം ഹരേഃ. 4

ഇതി അദ്ഭുതപ്രേമരസം– പ്ലുതാശയഃ	ഇങ്ങനെ അദ്ഭുതപ്രേമരസത്തിൽ അന്തരംഗം മുഴുകിയവനും
രഘുനാഥഭാവനേ വിഗാഢചേതാഃ	രഘുനാഥഭാവനയിൽ പ്രഗാഢം പതിഞ്ഞ ചേതസ്സുള്ളവനും
ആനന്ദജാശ്രുസ്നപിത– സ്തനാന്തരഃ (ഭരതഃ)	ആനന്ദത്തിൽനിന്നുതിർന്ന മിഴിനീരിൽ മാറിടം കുതിർന്നവനുമായ (ഭരതൻ)
ഹരേഃ ആശ്രമസന്നിധിം ശനൈഃ അവാപ	രാമാശ്രമസന്നിധിയിലേക്കു് മന്ദം കടന്നു.

സ തത്ര ദൃഷ്ട്വാ രഘുനാഥമാസ്ഥിതം
ദൂർവാദളശ്യാമളമായതേക്ഷണം
ജടാകിരീടം നവവല്ക്കലാംബരം
പ്രസന്നവക്ത്രം തരുണാരുണദ്യുതിം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിലോകയന്തം ജനകാത്മജാം ശുഭാം
സൗമിത്രിണാ സേവിതപാദപദ്മം
തദാഭിദുദ്രാവ രഘൂത്തമം ശുചാ
ഹർഷാച്ച തത്പാദയുഗം ത്വരാഗ്രഹീത്. 6

ദൂർവ്വാദളശ്യാമളം	കറുകയിലപോലെ ശ്യാമളനും
ആയതേക്ഷണം	നീണ്ട മിഴികളുള്ളവനും
ജടാകിരീടം	ജടയാകുന്ന കിരീടം ചൂടിയവനും
നവവല്ക്കലാംബരം	പുതുമരവുരിയുടുത്തവനും
പ്രസന്നവക്ത്രം	പ്രസന്നമുഖനും
തരുണാരുണ-	ഉച്ചസൂര്യനെപ്പോലെ
ദ്യുതിം	പ്രകാശിക്കുന്നവനും
ശുഭാം ജനകാത്മജാം വിലോക-	മംഗലമയിയായ സീതയെ കടാക്ഷിക്കു-
യന്തം സൗമിത്രിണാ	ന്നവനും ലക്ഷ്മണനാൽ അടിമലർ
സേവിതപാദപങ്കജം	സേവിക്കപ്പെടുന്നവനുമായ
രഘുനാഥം തത്ര	രഘുനാഥൻ അവിടെ
ആസ്ഥിതം ദൃഷ്ട്വാ	ഇരിക്കുന്നതു കണ്ടപ്പോൾ
തദാ സഃ അഭിദുദ്രാവ	ഭരതൻ അങ്ങോട്ട് ഓടിച്ചെന്നു.
ശുചാ ഹർഷാത് ച	ശോകത്തോടും ഹർഷത്തോടും
തത്പാദയുഗം	അദ്ദേഹത്തിൻെറ കഴലിണ
ത്വരാഗ്രഹീത്	സത്വരം പിടിച്ചു.

രാമസ്തമാകൃഷ്യ സുദീർഘബാഹുഃ
ദോർഭ്യാം പരിഷ്വജ്യ സിഷിഞ്ച നേത്രജൈഃ
ജലൈരഥാങ്കോപരി സംന്യവേശയത്
പുനഃ പുനഃ സംപരിഷസ്വജേ വിഭുഃ. 7

സുദീർഘബാഹുഃ രാമഃ	വളരെ നീണ്ട കൈകളുള്ള രാമൻ
തം ദോർഭ്യാം ആകൃഷ്യ	ഭരതനെ കൈകളാൽ
പരിഷ്വജ്യ	പിടിച്ചടുപ്പിച്ചു പുൽകി.
നേത്രജൈഃ ജലൈഃ	മിഴിനീരിൽ
സിഷിഞ്ച	കുളിപ്പിച്ചു.
അഥ അങ്കോപരി	പിന്നെ മടിയിലേററി.
സംന്യവേശയത് വിഭുഃ	ആ മഹാത്മാവ് (അനുജനെ)
പുനഃ പുനഃ	വീണ്ടും വീണ്ടും
സംപരിഷസ്വജേ	മാറോടണച്ചു.

അഥ താഃ മാതരഃ സർവ്വാഃ സമാജഗ്മുസ്ത്വരാന്വിതാഃ
രാഘവം ദ്രഷ്ടുകാമാസ്താസ്തൃഷാർത്താ ഗാവോ യഥാ ജലം. 8

അഥ തൃഷാർത്താഃ ഗാവഃ	അനന്തരം ദാഹത്താൽ വലഞ്ഞ പശു
യഥാ ജലം,	ജലത്തിൻെറനേക്കുന്നപോലെ
താഃ മാതരഃ സർവ്വാഃ	ആ അമ്മമാരെല്ലാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവം ദ്രഷ്ടുകാമാഃ	രാഘവനെ കാണാൻ കൊതിച്ച്
ത്വരാന്വിതാഃ സമാജഗ്മുഃ	ധൃതിയിൽ മുന്നോട്ടു വന്നു.

രാമഃ സ്വമാതരം വീക്ഷ്യ ദ്രുതമുത്ഥായ പാദയോഃ
വവന്ദേ സാശ്രു സാ പുത്രമാലിംഗ്യാതീവദുഃഖിതാ. 9

രാമഃ സ്വമാതരം വീക്ഷ്യ	രാമൻ സ്വമാതാവിനെ കണ്ടതോടെ
ദ്രുതം ഉത്ഥായ	പെട്ടെന്നെഴുന്നേറ്റ്
പാദയോഃ വവന്ദേ	കഴലിണ വണങ്ങി.
സാ സാശ്രു പുത്രം	അവർ (അമ്മ) കണ്ണുനീരോടെ
ആലിംഗ്യ	മകനെ പുണർന്ന്
അതീവദുഃഖിതാ	അതീവദുഃഖംപൂണ്ടു.

ഇതരാശ്ച തഥാ നത്വാ ജനനീ രഘുനന്ദനഃ
തതഃ സമാഗതം ദൃഷ്ട്വാ വസിഷ്ഠം മുനിപുംഗവം. 10

സാഷ്ടാംഗം പ്രണിപത്യാഹ ധന്യോസ്മീതി പുനഃ പുനഃ
യഥാർഹമുപവേശ്യാഹ സർവ്വാനേവ രഘൂദ്വഹഃ. 11

ഇതരാഃ ജനനീഃ ച	മറ്റ് അമ്മമാരെയും
രഘുനന്ദനഃ തഥാ നത്വാ	രഘുനന്ദനൻ അതുപോലെ കുമ്പിട്ടു.
തതഃ മുനിപുംഗവം	പിന്നെ മുനിവരനായ
വസിഷ്ഠം സമാഗതം ദൃഷ്ട്വാ	വസിഷ്ഠൻ വന്നതു കണ്ട്
സാഷ്ടാംഗം പ്രണിപത്യ	സാഷ്ടാംഗം വണങ്ങി.
'ധന്യഃ അസ്മി'	'ഞാൻ ധന്യനായിരിക്കുന്നു'
ഇതി പുനഃ പുനഃ ആഹ	എന്നു പലവുരു പറകയുംചെയ്തു.
സർവ്വാൻ യഥാർഹം	എല്ലാവരേയും യഥാർഹം
ഉപവേശ്യ	ഇരുത്തി.
രഘൂദ്വഹഃ ആഹ	രാമചന്ദ്രൻ ചോദിച്ചു:

പിതാ മേ കുശലീ കിം വാ മാം കിമാഹാതിദുഃഖിതഃ
വസിഷ്ഠസ്തമുവാചേദം പിതാ തേ രഘുനന്ദന. 12

ത്വദ്വിയോഗാഭിതപ്താത്മാ ത്വാമേവ പരിചിന്തയൻ
രാമ രാമേതി സീതേതി ലക്ഷ്മണേതി മമാര ഹ! 13

കിം മേ പിതാ കുശലീ വാ?	എന്റെ അച്ഛനു സുഖമല്ലേ?
അതിദുഃഖിതഃ മാം കിം	അതിദുഃഖിതനായ അദ്ദേഹം
ആഹ?	എന്നോടെന്തു പറഞ്ഞു?
തം ഇദം	അദ്ദേഹത്തോട് ഇങ്ങനെ
വസിഷ്ഠ ഉവാച	വസിഷ്ഠൻ അരുളി:
രഘുനന്ദന, തേ പിതാ	രഘുനന്ദനാ, നിന്റെ അച്ഛൻ
ത്വദ്വിയോഗാഭിതപ്താത്മാ	നിന്റെ വേർപാടിൽ ഉള്ളം നീറി,
ത്വാം ഏവ പരിചിന്തയൻ	നിന്നെത്തന്നെ നിനച്ച്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ, രാമ ഇതി, സീതേ ഇതി ലക്ഷ്മണ ഇതി മമാര ഹ	രാമ, രാമ എന്നും സീതേ എന്നും ലക്ഷ്മണ എന്നും (പൊല്ലി വിലപിച്ചു- കൊണ്ട്) ദേഹം വെടിഞ്ഞു; കഷ്ടം!

ശ്രുത്വാ തത്കർണ്ണശൂലാഭം ഗുരോർവചനമഞ്ജസാ
ഹാ ഹതോസ്മീതി പതിതോ രുദൻ രാമഃ സലക്ഷ്മണഃ. 14

കർണ്ണശൂലാഭം ഗുരോഃ തത് വചനം ശ്രുത്വാ അഞ്ജസാ	കാതിനു ശൂലംപോലെ തോന്നിച്ച ആ ഗുരുവചനം കേട്ടയുടനെതന്നെ
സലക്ഷ്മണഃ രാമഃ	ലക്ഷ്മണസമേതൻ രാമൻ
ഹാ ഹതഃ അസ്മി ഇതി രുദൻ പതിതഃ	'അയ്യോ ഞാൻ ഹതനായി' എന്നു വിലപിച്ചുകൊണ്ട് വീണുപോയി.

തതോഽനുരുദുഃ സർവ്വാഃ മാതരശ്ച തഥാപരേ
ഹാ താത മാം പരിത്യജ്യ ക്വ ഗതോസി ഘൃണാകര. 15

അനാഥോസ്മി മഹാബാഹോ മാം കോവാ ലാളയേദിതഃ
സീതാ ച ലക്ഷ്മണശ്ചൈവ വിലേപതുരതോ ഭൃശം. 16

തതഃ സർവ്വാഃ മാതരഃ തഥാ അപരേ ച അനുരുരുദുഃ	അനന്തരം എല്ലാ അമ്മമാരും അതുപോലെ മററുള്ളവരും കൂടെ നിലവിളിച്ചു.
ഹാ ഘൃണാകര, താത മാം പരിത്യജ്യ ക്വ ഗതഃ അസി? മഹാബാഹോ അനാഥഃ അസ്മി	ഹാ കൃപാലുവായ പിതാവേ, എന്നെ വിട്ട് അങ്ങ് എവിടെപ്പോയി? മഹാബാഹോ, ഞാൻ അനാഥനാണ്.
ഇതഃ മാം കഃ വാ ലാളയേത്?	ഇനി എന്നെ ആരോമനിക്കും?
സീതാ ച ലക്ഷ്മണഃ ച ഏവ അതഃ ഭൃശം വിലേപതുഃ	സീതയും ലക്ഷ്മണനും അതിലുമേറെ വാവിട്ടു കേണു.

വസിഷ്ഠഃ ശാന്തവചനൈഃ ശമയാമാസ തം ശുചം
തതോ മന്ദാകിനീം ഗത്വാ സ്നാത്വാ തേ വീതകല്മഷാഃ. 17

രാജ്ഞേ ദദുർജലം തത്ര സർവ്വേ തേ ജലകാംക്ഷിണേ
പിണ്ഡാന്നിർവ്വാപയാമാസ രാമോ ലക്ഷ്മണസംയുതഃ. 18

ഇംഗുദീഫലപിണ്യാകരചിതാൻ മധുസംപ്ലുതാൻ
വയം യദന്നാഃ പിതരസ്തദന്നാഃ സ്മൃതിനോദിതാഃ. 19

വസിഷ്ഠഃ ശാന്തവചനൈഃ തം ശുചം ശമയാമാസ	വസിഷ്ഠൻ ശാന്തിവചനങ്ങളാൽ ആ ദുഃഖം ശമിപ്പിച്ചു.
തതഃ തേ മന്ദാകിനീം ഗത്വാ സ്നാത്വാ വീതകല്മഷാഃ	പിന്നെ അവർ ഗംഗയിൽ ചെന്ന് സ്നാനംചെയ്തു മനോമാലിന്യം പോക്കി.
തത്ര തേ സർവ്വേ ജലകാംക്ഷിണേ രാജ്ഞേ	അവിടെവെച്ച് അവരെല്ലാം ജലം ആഗ്രഹിക്കുന്ന രാജാവിന് (ദശരഥന്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജലം ദദുഃ	ജലതർപ്പണംചെയ്തു.
വയം യദന്നാഃ പിതരഃ തദന്നാഃ	നാം ഏതു് അന്നം ഭുജിക്കുന്നുവോ, പിതൃക്കളുമതു ഭുജിക്കുന്ന എന്ന
ഇതി സ്മൃതിനോദിതാഃ	സ്മൃതിയാൽ അനുശാസിക്കപ്പെടുന്നു
ലക്ഷ്മണസംയുതഃ രാമഃ	(അതിനാൽ) ലക്ഷ്മണസമേതം രാമൻ
ഇംഗുദീഫലപിണ്യാക- രചിതാൻ മധുസംപ്ളുതാൻ	ഇംഗുദീഫലം തേനിൽ കുഴച്ചുരുട്ടിയുണ്ടാക്കിയ
പിണ്ഡാൻ നിർവ്വാപയാമാസ	പിണ്ഡങ്ങൾ (പിതൃ)തർപ്പണംചെയ്തു.

ശ്രാദ്ധത്തിൽ പിതൃക്കൾക്കു നിവേദിക്കുന്ന ചോറുരുളയാണു് പിണ്ഡം. (മനു. 3. 216, ഇംഗുദീ = താപസതരു (ഓടൽ). കാനനവാസികളായ താപസർ ഇതിന്റെ ഫലം ഉപയോഗിക്കുന്നു. രാമൻ ഇപ്പോൾ താപസോചിതമായ ജീവിതമാണല്ലോ നയിക്കുന്നതു്. ഇംഗുദി താപസാശ്രമത്തിലെങ്ങനെ എന്നതിനു് അഭിജ്ഞാനശാകുന്തളം 1, ശ്ലോകം 13 & 4, ശ്ലോകം 13 നോക്കുക.

ഇതി ദുഃഖാശ്രുപൂർണ്ണാക്ഷഃ പുനഃ സ്നാത്വാ ഗൃഹം യയൗ
സർവ്വേ രുദിത്വാ സുചിരം സ്നാത്വാ ജഗ്മുസ്തദാശ്രമം. 20

ഇതി ദുഃഖാശ്രു- പൂർണ്ണാക്ഷഃ (രാമഃ)	ഇങ്ങനെ അഴലാൽ മിഴിനീർ തുളുമ്പുന്ന കണ്ണുകളോടെ രാമൻ വീണ്ടും
പുനഃ സ്നാത്വാ	സ്നാനംചെയ്തിട്ടു്
ഗൃഹം യയൗ	വസതിയിലേക്കു പോയി.
സർവ്വേ സുചിരം രുദിത്വാ സ്നാത്വാ	എല്ലാവരും ഏറെനേരം വിലപിച്ചതിനുശേഷം കുളികഴിഞ്ഞു്
തദാശ്രമം ജഗ്മുഃ	രാമാശ്രമത്തിലേക്കു ചെന്നു.

തസ്മിംസ്തു ദിവസേ സർവ്വേ ഉപവാസം പ്രചക്രിരേ
തതഃ പരേദ്യുർവ്വിമലേ സ്നാത്വാ മന്ദാകിനീ ജലേ. 21

ഉപവിഷ്ടം സമാഗമ്യ ഭരതോ രാമമബ്രവീത്
രാമ രാമ മഹാഭാഗ! സ്വാത്മാനമഭിഷേചയ. 22

തസ്മിൻ ദിവസേ തു	ആ ദിവസമാകട്ടെ
സർവ്വേ ഉപവാസം	സകലരും ഉപവാസം
പ്രചക്രിരേ	അനുഷ്ഠിച്ചു.
തതഃ പരേദ്യുഃ	പിന്നെ പിറേറന്നാൾ
വിമലേ മന്ദാകിനീജലേ	നിർമ്മലമായ ഗംഗാജലത്തിൽ
സ്നാത്വാ	സ്നാനംചെയ്തു്
ഉപവിഷ്ടം	(ആശ്രമത്തിൽ) ഇരുന്ന
രാമം സമാഗമ്യ	രാമനരികേ ചെന്നു്
ഭരതഃ അബ്രവീത്	ഭരതൻ അറിയിച്ചു:
മഹാഭാഗ രാമ, രാമ	മഹാത്മാവായ രാമ,
സ്വാത്മാനം	(ഇനി) അങ്ങയുടെ
അഭിഷേചയ	അഭിഷേകം നടത്തിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്യം പാലയ പിത്ര്യം തേ ജ്യേഷ്ഠസ്ത്വം മേ പിതാ തഥാ
ക്ഷത്രിയാണാമയം ധർമ്മോ യത് പ്രജാപരിപാലനം. 23

ഇഷ്ട്വാ യജ്ഞൈർ ബഹുവിധൈഃ പുത്രാനുത്പാദ്യ തന്തവേ
രാജ്യേ പുത്രം സമാരോപ്യ ഗമിഷ്യസി തതോ വനം. 24

പിത്ര്യം തേ രാജ്യം പാലയ	പിതാവിൽനിന്നു കിട്ടിയ, അങ്ങയുടേതായ രാജ്യം രക്ഷിക്കൂ.
ത്വം മേ ജ്യേഷ്ഠഃ തഥാ പിതാ	അങ്ങെനിക്ക ജ്യേഷ്ഠനെന്നപോലെ പിതാവുമാണു്. (ജ്യേഷ്ഠൻ പിതൃതുല്യനാണു്).
പ്രജാപരിപാലനം യത് ക്ഷത്രിയാണാം അയം ധർമ്മഃ	പ്രജാപരിപാലനമെന്നതാണല്ലോ ക്ഷത്രിയരുടെ ധർമ്മം.
തഥാ ബഹുവിധൈഃ യജ്ഞൈഃ ഇഷ്ട്വാ	അതുപോലെ പലതരം യാഗങ്ങളനുഷ്ഠിച്ചു്
തന്തവേ പുത്രാൻ ഉത്പാദ്യ	വംശവൃദ്ധിക്കായി പുത്രന്മാർക്കു ജന്മം നല്കി
രാജ്യേ പുത്രം സമാരോപ്യ	രാജ്യാധികാരത്തിൽ പുത്രനെ അവരോധിച്ചിട്ടു്
തതഃ വനം ഗമിഷ്യസി	പിന്നെ വനത്തിലേക്കു പോയ്ക്കൊള്ളൂ.

ഇദാനീം വനവാസസ്യ കാലോ നൈവ പ്രസീദ മേ
മാതുർ മേ ദുഷ്കൃതം കിഞ്ചിത് സ്മർത്തും നാർഹസി പാഹി നഃ. 25

ഇദാനീം വനവാസസ്യ കാലഃ ന ഏവ	ഇപ്പോഴാ വനവാസത്തിനു പററിയ കാലമേ അല്ല.
മേ പ്രസീദ	എന്നിൽ പ്രസാദിച്ചാലും.
മേ മാതുഃ ദുഷ്കൃതം കിഞ്ചിത് സ്മർത്തും ന അർഹസി	എന്റെ അമ്മയുടെ ദുഷ്കൃതമൊന്നുംതന്നെ അങ്ങു് ഓർക്കരുതു്.
നഃ പാഹി	ഞങ്ങളെ രക്ഷിച്ചാലും.

ക്ഷത്രിയധർമ്മം സന്ന്യാസപ്രധാനമല്ല. മററുള്ളവരെ ക്ഷതാത്—മുറിവിൽനിന്നു്, ആപത്തിൽനിന്നു്—രക്ഷിക്കലാണു് ക്ഷത്രിയന്റെ കടമ. ജീവിതസായന്തനത്തിൽ മാത്രമേ രാജാവിനു് സന്ന്യാസോചിതമായ വനവാസം വിധിച്ചിട്ടുള്ളു. രഘുവംശരാജാക്കന്മാരിലാരും ഈ ക്രമം ലംഘിച്ചിട്ടുമില്ല.

ഇത്യുക്ത്വാ ചരണൗ ഭ്രാതുഃ ശിരസ്യാധായ ഭക്തിതഃ
രാമസ്യ പുരതഃ സാക്ഷാത് ദണ്ഡവത് പതിതോ ഭുവി. 26

ഇതി ഉക്ത്വാ	ഇങ്ങനെ പറഞ്ഞു്
ഭ്രാതുഃ ചരണൗ ഭക്തിതഃ ശിരസി ആധായ	സോദരന്റെ പാദങ്ങൾ ഭക്തിപൂർവ്വം തലയിൽ വച്ചു്
രാമസ്യ പുരതഃ ഭുവി	അദ്ദേഹത്തിന്റെ മുമ്പിൽ നിലത്തു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാക്ഷാത് ദണ്ഡവത് പതിതഃ	സാക്ഷാൽ ദണ്ഡംപോലെ വീണുകിടന്നു.

ഉത്ഥാപ്യ രാഘവഃ ശീഘ്രമാരോപ്യാങ്കേതിഭക്തിതഃ
ഉവാച ഭരതം രാമഃ സ്നേഹാർദ്രനയനഃ ശനൈഃ. 27

രാഘവഃ ശീഘ്രം ഭരതം ഉത്ഥാപ്യ അതിഭക്തിതഃ അങ്കേ ആരോപ്യ	രാഘവൻ സത്വരം ഭരതനെ എഴുന്നേല്പിച്ച് അതിവാത്സല്യപൂർവ്വം മടിയിലിരുത്തി,
സ്നേഹാർദ്രനയനഃ രാമഃ	സ്നേഹത്താൽ നനവാർന്ന മിഴികളുള്ള രാമൻ
ശനൈഃ ഉവാച	സാവധാനം പറഞ്ഞു.

ശൃണു വത്സ പ്രവക്ഷ്യാമി ത്വയോക്തം യത്തഥൈവ തത്
കിന്തു മാമബ്രവീത്താതോ നവവർഷാണി പഞ്ച ച. 23

ഉഷിത്വാ ദണ്ഡകാരണ്യേ പുരം പശ്ചാത് സമാവിശ
ഇദാനീം ഭരതായേദം രാജ്യം ദത്തം മയാഖിലം. 29

വത്സ, പ്രവക്ഷ്യാമി, ശൃണു	കുഞ്ഞേ, ഞാൻ പറയാം, കേൾക്കൂ.
ത്വയാ യത് ഉക്തം തത് തഥാ ഏവ	നീ എന്തു പറഞ്ഞുവോ, അത് അതുപോലെതന്നെ (ശരിതന്നെ).
കിന്തു താതഃ മാം അബ്രവീത്	പക്ഷേ, അച്ഛനെന്നോട് പറഞ്ഞു,
നവ ച പഞ്ചവർഷാണി	ഒമ്പതും അഞ്ചും (പതിനാലു) വർഷം
ദണ്ഡകാരണ്യേ ഉഷിത്വാ പശ്ചാത് പുരം സമാവിശ	ദണ്ഡകാരണ്യത്തിൽ വസിച്ചിട്ട് പിന്നെ പുരിയിലേക്കു പോരണം എന്ന്.
ഇദാനീം ഇദം അഖിലം രാജ്യം മയാ ഭരതായ ദത്തം	ഇപ്പോൾ ഈ നാടു മുഴുവൻ ഞാൻ ഭരതനു കൊടുത്തിരിക്കുന്നു എന്ന്.

തതഃ പിത്രൈവ സുവ്യക്തം രാജ്യം ദത്തം തവൈവ ഹി
ദണ്ഡകാരണ്യരാജ്യം മേ ദത്തം പിത്രാ തഥൈവ ച. 30

തതഃ പിത്രാ തവ ഏവ രാജ്യം ദത്തം (ഇതി) സുവ്യക്തം ഹി	അതിനാൽ അച്ഛൻ നിനക്കുതന്നെയാണ് രാജ്യം തന്നതെന്നു സുസ്പഷ്ടം.
തഥാ ഏവ പിത്രാ മേ ദണ്ഡകാരണ്യരാജ്യം ച ദത്തം	അതുപോലെതന്നെ പിതാവെനിക്കു ദണ്ഡകവനമാണ് രാജ്യമായി തന്നതും.

അതഃ പിതുർവചഃ കാര്യമാവാഭ്യാമതിയന്ത്രതഃ
പിതുർവചനമുല്ലംഘ്യ സ്വതന്ത്രോ യസ്തു വർത്തതേ. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ജീവന്നേവ മൃതകോ ദേഹാന്തേ നിരയം വ്രജേത്
തസ്മാദ്രാജ്യം പ്രശാധി ത്വം വയം ദണ്ഡകപാലകാഃ. 32

അതഃ അതീയന്തതഃ	അതിനാൽ അതിയത്നം ചെയ്തും
ആചാര്യം പിതുഃ വചഃ	നാം ഇരുവരും പിതൃവചനം
കാര്യം	പാലിക്കണം.
യഃ പിതുഃ	ഏവൻ പിതാവിന്റെ
വചനം ഉല്ലംഘ്യ	വചനം ലംഘിച്ച് താന്തോന്നിയായി
സ്വതന്ത്രഃ വർത്തതേ	പെരുമാറുന്നുവോ,
സഃ തു ജീവൻ ഏവ	അവൻ ജീവിക്കവേതന്നെ
മൃതകഃ	മരിച്ചവനാണ്.
ദേഹാന്തേ	മരണാനന്തരം
നിരയം വ്രജേത്	നരകത്തിൽ പോകയും ചെയ്യും.
തസ്മാത് ത്വം	അതിനാൽ നീ
രാജ്യം പ്രശാധി	രാജ്യം ഭരിക്കുക;
വയം ദണ്ഡകപാലകാഃ	നാം ദണ്ഡകം വാണുകൊള്ളാം.

ഭരതസ്ത്വബ്രവീദ്രാമം കാമുകോ മൂഢധീഃ പിതാ
സ്ത്രീജിതോ ഭ്രാന്തഹൃദയ ഉന്മത്തോ യദി വക്ഷ്യതി
തത്സത്യമിതി ന ഗ്രാഹ്യം ഭ്രാന്തവാക്യം യഥാ സുധീഃ. 33

ഭരതഃ തു രാമം അബ്രവീത്	ഭരതനാകട്ടെ, രാമനോടു പറഞ്ഞു:
പിതാ	(നമ്മുടെ) പിതാവ്
കാമുകഃ മൂഢധീഃ	കാമുകനും ബുദ്ധികെട്ടവനും
സ്ത്രീജിതഃ ഭ്രാന്തധീഃ	സ്ത്രീജിതനും മതിഭ്രഷ്ടനും
ഉന്മത്തഃ (ആസീത്)	ഉന്മത്തനുമായിരുന്നു.
(സഃ തഥാ)	(അദ്ദേഹം അങ്ങനെ)
യദി വക്ഷ്യതി	പറയുമെങ്കിൽത്തന്നെ
തത് സത്യം ഇതി	അതു സത്യമെന്നനിലയിൽ
ന ഗ്രാഹ്യം	സ്വീകരിച്ചുകൂടാ.
സുധീഃ യഥാ	ബുദ്ധിയുള്ളവൻ
ഭ്രാന്തവാക്യം	ഭ്രാന്തന്റെ വാക്കിനെയെന്നപോലെ.

ഉന്മാദം പിടിച്ചവൻ പലതും പുലമ്പും. ബുദ്ധിമാന്മാർ അതു കാര്യമായെടുക്കാറില്ല. ദശരഥനും ഉന്മത്തനായിരുന്നു. അദ്ദേഹം പലതും വാലും തലയുമില്ലാതെ പുലമ്പിക്കാണും. ധീമാനായ അങ്ങ് അതൊന്നും കാര്യമാക്കരുത്.

ശ്രീരാമ ഉവാച: ശ്രീരാമൻ പറഞ്ഞു

ന സ്ത്രീജിതഃ പിതാ ബ്രൂം യാതത് ന കാമീ നൈവ മൂഢധീഃ
പൂർവ്വം പ്രതിശ്രുതം തസ്യൈ സത്യവാദീ ദദൗ ഭയാത്. 34

പിതാ സ്ത്രീജിതഃ ഇതി	അച്ഛൻ സ്ത്രീജിതനെന്നു പറഞ്ഞുകൂടാ.
ന ബ്രൂം യാതത്; ന കാമീ,	കാമിയല്ല,
ന മൂഢധീഃ ഏവ	മന്ദബുദ്ധിയുമല്ലതന്നെ.
തസ്യൈ പൂർവ്വം പ്രതിശ്രുതം	കൈകേയിക്ക് നേരത്തെ പ്രതിജ്ഞ- ചെയ്തതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്യവാദീ	സത്യവാനായ
ഭയാത് ദദൌ	(അദ്ദേഹം) ഭയന്നു നല്കി.

വരം നല്കാതിരുന്നാൽ താൻ സത്യവാദിയല്ലാതാകുമെന്ന ഭീതി അച്ഛനെ ഗ്രസിച്ചിരുന്നു. അത്രതന്നെ.

അസത്യാത് ഭീതിരധികാ മഹതാം നരകാദപി
കരോമീത്യഹമപ്യേതത് സത്യം തസ്യൈ പ്രതിശ്രുതം. 35

മഹതാം അസത്യാത് ഭീതിഃ	മഹാന്മാർക്ക് അസത്യഭീതി
നരകാത് അപി അധികാ	നരകഭീതിയെക്കാൾ വലുതാണ്.
അഹം അപി തു ഏതത്	ഞാനും ഇങ്ങനെ ചെയ്തുകൊള്ളാമെന്ന്
കരോമി (ഇതി) തസ്യൈ	അദ്ദേഹത്തോട്
സത്യം പ്രതിശ്രുതം	സത്യമായി പ്രതിജ്ഞ ചെയ്തിരുന്നു.

കഥം വാക്യമഹം കുര്യാമസത്യം രാഘവോഹി സൻ
ഇത്യുദീരിതമാകർണ്ണ്യ രാമസ്യ ഭരതോഽബ്രവീത്. 36

രാഘവഃ സൻ അഹം	രഘുവിന്റെ വംശജനായിരിക്കെ
വാക്യം അസത്യം	ഞാൻ (സ്വന്തം) വാക്ക്
കഥം കുര്യാം	അസത്യമാക്കുന്നതെങ്ങനെ?
ഇതി രാമസ്യ ഉദീരിതം	ഇങ്ങനെ രാമൻ
ആകർണ്ണ്യ	പറഞ്ഞതു കേട്ട്
ഭരതഃ അബ്രവീത്	ഭരതൻ അറിയിച്ചു.

തഥൈവ ചീരവസനോ വനേ വത്സ്യാമി സുവ്രത
ചതുർദ്ദശസമാസ്ത്വം തു രാജ്യം കുരു യഥാസുഖം. 37

സുവ്രത, തഥാ ഏവ	മഹാവ്രത, അതുപോലെതന്നെ
ചീരവസനഃ	മരവുരിയുടുത്ത്
ചതുർദ്ദശ സമാഃ	പതിന്നാലു വർഷം
വനേ വത്സ്യാമി	ഞാൻ വനവാസം ചെയ്യാം.
ത്വം തു യഥാസുഖം	അങ്ങാകട്ടെ സുഖമായി
രാജ്യം കുരു	രാജ്യം ഭരിച്ചുകൊള്ളൂ.

ശ്രീരാമ ഉവാച: ശ്രീരാമൻ പറഞ്ഞു

പിത്രാ ദത്തം തവൈവൈതദ് രാജ്യം മഹ്യം വനം ദദൌ
വ്യത്യയം യദ്യഹം കുര്യാമസത്യം പൂർവ്വവത് സ്ഥിതം. 38

പിത്രാ ഏതദ് രാജ്യം	അച്ഛൻ ഈ രാജ്യം (അയോധ്യ)
തവ ഏവ ദത്തം	നിനക്കാണു തന്നത്.
മഹ്യം വനം ദദൌ	എനിക്കു വനവും തന്നു.
യദി അഹം വ്യത്യയം കുര്യാം	ഞാൻ അതു മറിച്ചാക്കിയാൽ
അസത്യം പൂർവ്വവത് സ്ഥിതം	സത്യഭംഗം മുമ്പെന്നപോലെ നില്ക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭരത ഉവാച: ഭരതൻ പറഞ്ഞു

അഹമപ്യാഗമിഷ്യാമി സേവേ ത്വാം ലക്ഷ്മണോ യഥാ
നോ ചേത് പ്രായോപവേശേന ത്യജാമ്യേതത് കളേബരം. 39

അഹം അപി ആഗമിഷ്യാമി	(എങ്കിൽ) ഞാനും പോരികയാണ്.
ലക്ഷ്മണഃ യഥാ ത്വാം സേവേ	ലക്ഷ്മണനെന്നപോലെ അങ്ങയെ പരിചരിച്ചുകൊള്ളാം.
നോ ചേത് പ്രായോപവേശേന ഏതത് കളേബരം ത്യജാമി	അതിന് അനുവദിക്കാത്തപക്ഷം പട്ടിണികിടന്ന് ഈ ദേഹം ഞാൻ വെടിയും.

ഇത്യേവം നിശ്ചയം കൃത്വാ ദർഭാനാസ്തീര്യ ചാതപേ
മനസാപി വിനിശ്ചിത്യ പ്രാങ്മുഖോപവിവേശ സഃ. 40

ഇതി ഏവം നിശ്ചയം കൃത്വാ മനസാ അപി വിനിശ്ചിത്യ ആതപേ ദർഭാൻ ആസ്തീര്യ സഃ പ്രാങ്മുഖഃ ഉപവിവേശ	ഇങ്ങനെ നിശ്ചയംചെയ്ത് മനസ്സാലും ദൃഢസങ്കല്പം കൈക്കൊണ്ട് വെയിലത്ത് ദർഭ വിരിച്ച് അദ്ദേഹം കിഴക്കോട്ട് അഭിമുഖമായിരുന്നു.

ഭരതസ്യാപി നിർബ്ബന്ധം ദൃഷ്ട്വാ രാമോഽതിവിസ്മിതഃ
നേത്രാന്തസംജ്ഞാം ഗുരവേ ചകാര രഘുനന്ദനഃ. 41

ഭരതസ്യ അപി നിർബ്ബന്ധം ദൃഷ്ട്വാ രാമഃ അതിവിസ്മിതഃ	ഭരതന്റെയും നിർബ്ബന്ധം കണ്ട് രാമൻ വളരെ വിസ്മയിച്ചുപോയി.
രഘുനന്ദനഃ ഗുരവേ നേത്രാന്തസംജ്ഞാം ചകാര	അദ്ദേഹം ഗുരുവിനോട് കടാക്ഷസങ്കേതത്താൽ അഭ്യർത്ഥിച്ചു.

ഏകാന്തേ ഭരതം പ്രാഹ വസിഷ്ഠോ ജ്ഞാനിനാം വരഃ
വത്സ ഗുഹ്യം ശൃണുഷ്വേദം മമ വാക്യാത് സുനിശ്ചിതം. 42

ജ്ഞാനിനാം വരഃ വസിഷ്ഠഃ ഏകാന്തേ ഭരതം പ്രാഹ വത്സ, മമ വാക്യാത് സുനിശ്ചിതം ഗുഹ്യം ശൃണുഷ്വ	ജ്ഞാനികളിൽ മുമ്പനായ വസിഷ്ഠൻ ഏകാന്തതയിൽ ഭരതനോടു പറഞ്ഞു: കുഞ്ഞേ, എന്റെ വാക്കിൽനിന്ന് സുനിശ്ചിതമായ ഒരു ഗൂഢതത്ത്വം നീ കേൾക്കണം.

രാമോ നാരായണഃ സാക്ഷാത് ബ്രഹ്മണാ യാചിതഃ പുരാ
രാവണസ്യ വധാർത്ഥായ ജാതോ ദശരഥാത്മജഃ. 43

രാമഃ സാക്ഷാത് നാരായണഃ പുരാ ബ്രഹ്മണാ യാചിതഃ രാവണസ്യ വധാർത്ഥായ ദശരഥാത്മജഃ ജാതഃ	രാമൻ സാക്ഷാൽ നാരായണനാകുന്നു. മുമ്പ് ബ്രഹ്മാവു യാചിച്ചതിനാൽ (അദ്ദേഹം) രാവണനെ വധിക്കാൻ ദശരഥപുത്രനായി ജനിച്ചിരിക്കയാണ്.

യോഗമായാപി സീതേതി ജാതാ ജനകനന്ദിനീ
ശേഷോപി ലക്ഷ്മണോ ജാതോ രാമമന്വേതി സർവ്വദാ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഗമായാ അപി	(ഭഗവാൻെറ) യോഗമായയും
ജനകനന്ദിനീ സീതാ ഇതി ജാതാ	ജനകപുത്രിയായ സീതയായി പിറന്നിരിക്കുന്നു.
ശേഷഃ അപി ലക്ഷ്മണഃ ജാതഃ സർവ്വദാ രാമം അന്വേതി	ആദിശേഷനും ലക്ഷ്മണനായി പിറന്ന് സദാ രാമനെ പിന്തുടരുന്നു.

രാവണം ഹന്തുകാമാസ്തേ ഗമിഷ്യന്തി ന സംശയഃ
കൈകേയ്യാ വരദാനാദി യദ്യന്നിഷ്ഠുരഭാഷണം. 45

സർവ്വം ദേവകൃതം നോ ചേദേവം സാ ഭാഷയേത് കഥം
തസ്മാത് ത്യജാഗ്രഹം താത രാമസ്യ വിനിവർത്തനേ. 46

രാവണം ഹന്തുകാമാഃ തേ ഗമിഷ്യന്തി; ന സംശയഃ	രാവണവധം ആഗ്രഹിക്കുന്ന അവർ (വനത്തിൽ) പോകും; സംശയമില്ല.
കൈകേയ്യാഃ വരദാനാദി യത് നിഷ്ഠുരഭാഷണം ആദിയത്	കൈകേയിക്ക് (രാജാവ്) വരം നല്കിയത്, (അവരുടെ) നിഷ്ഠുരവചനം തുടങ്ങി
സർവ്വം ദേവകൃതം	എല്ലാം ദേവന്മാരുടെ പ്രവൃത്തിയാണ്
നോ ചേത് ഏവം സാ കഥം ഭാഷയേത്	അല്ലെങ്കിൽ ഇപ്രകാരം അവർ എങ്ങനെ സംസാരിക്കും?
താത, തസ്മാത്	കുഞ്ഞേ, അതിനാൽ
രാമസ്യ വിനിവർത്തനേ ആഗ്രഹം ത്യജ	രാമൻെറ മടക്കത്തിനുള്ള ആശ വെടിയുക.

നിവർത്തസ്വ മഹാസൈന്യൈർ മാതൃഭിഃ സഹിതഃ പുരം
രാവണം സകുലം ഹത്വാ ശീഘ്രമേവാഗമിഷ്യതി. 47

മഹാസൈന്യൈഃ മാതൃഭിഃ സഹിതഃ പുരം നിവർത്തസ്വ രാവണം സകുലം ഹത്വാ ശീഘ്രം ഏവ ആഗമിഷ്യതി	വൻപടയോടും അമ്മമാരോടുമൊത്ത് നീ പട്ടണത്തിലേക്കു മടങ്ങിപ്പോകുക. രാവണനെ വംശത്തോടെ നിഹനിച്ച് രാമൻ ശീഘ്രംതന്നെ വന്നുചേരും.

ഇതി ശ്രുത്വാ ഗുരോർവാക്യം ഭരതോ വിസ്മയാന്വിതഃ
ഗത്വാ സമീപം രാമസ്യ വിസ്മയോത്ഫുല്ലലോചനഃ. 48

ഇതി ഗുരോഃ വാക്യം ശ്രുത്വാ ഭരതഃ വിസ്മയാന്വിതഃ വിസ്മയോത്ഫുല്ലലോചനഃ രാമസ്യ സമീപം ഗത്വാ (ഉവാച)	ഇപ്രകാരം ഗുരു പറഞ്ഞതു കേട്ട് ഭരതൻ വിസ്മയിച്ചവനായി. ആശ്ചര്യത്താൽ വിടർന്ന മിഴികളോടെ (അദ്ദേഹം) രാമന്നരികെ ചെന്നറിയിച്ചു.

പാദുകേ ദേഹി രാജേന്ദ്ര രാജ്യായ തവ പൂജിതേ
തയോഃ സേവാം കരോമ്യേവ യാവദാഗമനം തവ. 49

രാജേന്ദ്ര, രാജ്യായ തവ പൂജിതേ പാദുകേ ദേഹി	രാജേന്ദ്ര, രാജ്യത്തിനായി അവിടുത്തെ പൂജ്യപാദുകങ്ങൾ തന്നാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തവ ആഗമനം യാവത്	അങ്ങു വരുന്നതുവരെക്കും
തയോഃ ഏവ സേവാം കരോമി	അവയെത്തന്നെ പൂജിച്ചുകൊള്ളാം.

ഇത്യുക്ത്വാ പാദുകേ ദിവ്യേ യോജയാമാസ പാദയോഃ
രാമസ്യ തേ ദദൗ രാമോ ഭരതായാതിഭക്തിതഃ. 50

ഇതി ഉക്ത്വാ (ഭരതഃ)	ഇങ്ങനെ പറഞ്ഞു് (ഭരതൻ)
ദിവ്യേ പാദുകേ	ദിവ്യങ്ങളായ മെതിയടികളെ
രാമസ്യ പാദയോഃ	രാമന്റെ കാലടികളിൽ
യോജയാമാസ	ചേർത്തുവച്ചു.
രാമഃ അതിഭക്തിതഃ	രാമൻ അതിവാത്സല്യത്തോടെ
തേ ഭരതായ ദദൗ	അവ ഭരതനു നല്കി.

ഗൃഹീത്വാ പാദുകേ ദിവ്യേ ഭരതോ രത്നഭൂഷിതേ
രാമം പുനഃ പരിക്രമ്യ പ്രണനാമ പുനഃ പുനഃ. 51

ഭരതഃ ദിവ്യേ രത്നഭൂഷിതേ	ഭരതൻ ദിവ്യവും രത്നഭൂഷിതവുമായ
പാദുകേ ഗൃഹീത്വാ	പാദുകങ്ങളെടുത്തിട്ടു്
പുനഃ രാമം പരിക്രമ്യ	പലവുരു രാമനെ വലംവച്ചു്
പുനഃ പുനഃ പ്രണനാമ	വീണ്ടും വീണ്ടും വണങ്ങി.

ഭരതഃ പുനരാഹേദം ഭക്ത്യാ ഗദ്ഗദയാ ഗിരാ
നവ പഞ്ചസമാന്തേ തു പ്രഥമേ ദിവസേ യദി. 52

. നാഗമിഷ്യസി ചേത് രാമ പ്രവിശാമി മഹാനലം
ബാഢമിത്യേവ തം രാമോ ഭരതം സംന്യവർത്തയത്. 53

പുനഃ ഭരതഃ ഭക്ത്യാ	പിന്നെ ഭരതൻ ഭക്തിയാൽ
ഗദ്ഗദയാ ഗിരാ ഇദം ആഹ	ഗദ്ഗദമായ വാക്കിൽ ഇങ്ങനെ പറഞ്ഞു:
രാമ, യദി നവപഞ്ചസമാന്തേ	രാമ, പതിന്നാലു വർഷം തീരുമ്പോഴും
പ്രഥമേ ദിവസേ	ആദ്യദിവസം തന്നെ (അങ്ങ്)
ന ആഗമിഷ്യസി ചേത്	വന്നുചേരാത്തപക്ഷം ഞാൻ
മഹാനലം പ്രവിശാമി	കൊടുംതീയിൽ ചാടി മരിക്കും.
'ബാഢം' ഇതി ഏവം	'തീർച്ചയായും വരാം' എന്നു്
രാമഃ തം	(സമ്മതിച്ചു്) രാമൻ അനുജനെ
സംന്യവർത്തയത്	തിരിച്ചയച്ചു.

സസൈന്യഃ സവസിഷ്ഠശ്ച ശത്രുഘ്നസഹിതഃ സുധീഃ
മാതൃഭിർമന്ത്രിഭിഃ സാർദ്ധം ഗമനായോപചക്രമേ. 54

സുധീഃ (ഭരതഃ)	ബുദ്ധിമാനായ ഭരതൻ
ശത്രുഘ്നസഹിതഃ സവസിഷ്ഠഃ	ശത്രുഘ്നനോടും വസിഷ്ഠനോടും
സസൈന്യഃ മാതൃഭിഃ	സേനയോടും അമ്മമാരോടും
മന്ത്രിഭിഃ ച സാർദ്ധം	മന്ത്രിമാരോടുമൊത്തു്
ഗമനായ ഉപചക്രാമ	മടങ്ങിപ്പോകാൻ വട്ടംകൂട്ടി.

കൈകേയീ രാമമേകാന്തേ സ്രവന്നേത്രജലാകുലാ
പ്രാഞ്ജലിഃ പ്രാഹ ഹേ രാമ, തവ രാജ്യവിഘാതനം. 55

കൃതം മയാ ദുഷ്ടധിയാ മായാമോഹിതചേതസാ
ക്ഷമസ്വ മമ ദൗരാത്മ്യം ക്ഷമാസാരാ ഹി സാധവഃ. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൈകേയീ ഏകാന്തേ സ്രവന്നേത്രജലാകുലാ	കൈകേയി ഏകാന്തത്തിൽ മിഴിനീർ ചൊരിഞ്ഞ്
പ്രാഞ്ജലിഃ രാമം പ്രാഹ	കൂപ്പുകൈകളോടെ രാമനോടിങ്ങനെ പറഞ്ഞു:
ഹേ രാമ, മായാമോഹിതചേതസാ ദുഷ്ടധിയാ മയാ	മകനേ രാമ, മായയാൽ മനസ്സു മോഹിച്ചു, ദുർബ്ബുദ്ധിയായ എന്നാലാണ്
തവ രാജ്യ— വിഘ്നാതനം കൃതം	നിന്റെ രാജ്യാഭിഷേകം മുടക്കപ്പെട്ടത്.
മമ ദൗരാത്മ്യം ക്ഷമസ്വ സാധവഃ ക്ഷമാസാരാ ഹി	എന്റെ ദുരാത്മത നീ പൊറുക്കണം. സത്തുക്കൾ ക്ഷമാശീലരാണല്ലോ.

ത്വം സാക്ഷാദ്വിഷ്ണുരവ്യക്തഃ പരമാത്മാ സനാതനഃ
മായാമാനുഷരൂപേണ മോഹയസ്യഖിലം ജഗത്
ത്വയൈവ പ്രേരിതോ ലോകഃ കുരുതേ സാധ്വസാധു വാ. 57

ത്വം സാക്ഷാത് സനാതനഃ അവ്യക്തഃ പരമാത്മാ വിഷ്ണുഃ	നീ സാക്ഷാൽ സനാതനനും അവ്യക്തനും പരമാത്മാവുമായ വിഷ്ണുവാണ്.
മായാമാനുഷരൂപേണ ജഗത് അഖിലം മോഹയസി ത്വയാ പ്രേരിതഃ ഏവ ലോകഃ സാധു വാ അസാധു കുരുതേ	മായാമാനുഷരൂപം കൈക്കൊണ്ട് നീ ഉലകത്തെയെല്ലാം മോഹിപ്പിക്കുന്നു. നിന്റെ പ്രേരണയാലത്രേ ലോകം നന്മയായാലും തിന്മയായാലും ചെയ്യുന്നത്.

ത്വദധീനമിദം വിശ്വമസ്വതന്ത്രം കരോതി കിം
യഥാ കൃത്രിമനർത്തക്യോ നൃത്യന്തി കുഹകേച്ഛയാ. 58

ത്വദധീനാ തഥാ മായാനർത്തകീ ബഹുരൂപിണീ
ത്വയൈവ പ്രേരിതാഹം ച ദേവകാര്യം കരിഷ്യതാ. 59

പാപിഷ്ഠം പാപമനസാ കർമ്മാചരമരിന്ദമ
അദ്യ പ്രതീതോഽസി മമ ദേവാനാമപ്യഗോചരഃ. 60

ഇദം വിശ്വം ത്വദധീനം അസ്വതന്ത്രം കിം കരോതി	ഈ വിശ്വം നിനക്കധീനം. അസ്വതന്ത്രമായ അത് എന്തുചെയ്യും?
കൃത്രിമനർത്തക്യഃ യഥാ കുഹകേച്ഛയാ നൃത്യന്തി തഥാ	പാവനർത്തകികൾ (നൃത്തംചെയ്യുന്ന ബൊമ്മ) ഇന്ദ്രജാലക്കാരന്റെ ഇച്ഛയ്ക്കൊത്തു നൃത്തംചെയ്യുന്നപോലെ
ത്വദധീനാ മായാനർത്തകീ ബഹുരൂപിണീ (നൃത്യതി) അരിന്ദമ, ദേവകാര്യം കരിഷ്യതാ	നിനക്കധീനയായ മായാനർത്തകീ പല രൂപം പൂണ്ട് (നൃത്തമാടുന്നു) ശത്രുദമന, ദേവകാര്യംചെയ്യാനിച്ഛിക്കുന്ന നിന്നാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വയാ പ്രേരിതാ ഏവ	പ്രേരിതയായാണ്
അഹം ച പാപമനസാ	ഞാനും പാപമനസാൽ
പാപിഷ്ഠം കർമ്മ ആചരം	മഹാപാപകർമ്മം ചെയ്തു്.
ദേവാനാം അപി	ദേവന്മാർക്കുപോലും അറിയാൻ
അഗോചരഃ ത്വം	കഴിയാത്തവനാണു നീയെന്നു്
അദ്യ മമ പ്രതീതഃ അസി	ഇന്നെനിക്കറിയാറായി.

പാഹി വിശ്വേശ്വരാനന്ത, ജഗന്നാഥ നമോഽസ്തു തേ
ഛിന്ധി സ്നേഹമയം പാശം പുത്രവിത്താദി ഗോചരം. 61

ത്വത് ജ്ഞാനാനലഖഡ്ഗേന ത്വാമഹം ശരണം ഗതാ
കൈകേയ്യാഃ വചനം ശ്രുത്വാ രാമഃ സസ്മിതമബ്രവീത്. 62

വിശ്വേശ്വര അനന്ത,	വിശ്വേശ്വര, അനന്ത, 'എന്നെ
പാഹി	രക്ഷിക്കണമേ.
ജഗന്നാഥ, തേ നമഃ അസ്തു	ലോകനാഥ, നിനക്കു നമസ്കാരം.
ത്വത് ജ്ഞാനാനല–	നിന്റെ ജ്ഞാനാഗ്നിയായ
ഖഡ്ഗേന	വാളിനാൽ
പുത്രവിത്താദിഗോചരം	പുത്രവിത്താദിയിൽ എനിക്കുള്ള
സ്നേഹമയം പാശം	സ്നേഹമാകുന്ന കയർ
ഛിന്ധി	മുറിച്ചുകളയേണമേ.
ത്വാം അഹം ശരണം ഗതാ	നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു.
കൈകേയ്യാഃ വചനം	കൈകേയിയുടെ വചനം കേട്ട്
ശ്രുത്വാ രാമഃ സസ്മിതം	രാമൻ തെല്ലു പുഞ്ചിരിയോടെ
അബ്രവീത്	പറഞ്ഞു.

പുത്രൻ, വിത്തം തുടങ്ങിയവയിൽ നമുക്കു തോന്നുന്ന വ്യാമോഹം നമ്മെ അവയുമായി ബന്ധിക്കുന്ന കയറാണ്. ഈശ്വരബോധം ആ കയർ മുറിക്കുന്നു. ജ്ഞാനോദയത്തോടെ വ്യാമോഹത്തിൽനിന്നു മുക്തനായ ജീവൻ പരമപുരുഷനിൽ ലയിച്ച് ആനന്ദം നേടും.

യദാഹ മാം മഹാഭാഗേ നാനൃതം സത്യമേവ തത്
മയൈവ പ്രേരിതാ വാണീ തവ വക്ത്രാത് വിനിർഗ്ഗതാ. 63

ദേവകാര്യാർത്ഥസിദ്ധ്യർത്ഥമത്ര ദോഷഃ കുതസ്തവ
ഗച്ഛ ത്വം ഹൃദി മാം നിത്യം ഭാവയന്തീ ദിവാനിശം. 64

സർവ്വത്ര വിഗതസ്നേഹാ മദ്ഭക്ത്യാ മോക്ഷ്യസേഽചിരാത്
അഹം സർവ്വത്ര സമദൃക് ദ്വേഷ്യോ വാ പ്രിയ ഏവ വാ. 65

നാസ്തി മേ കല്പകസ്യേവ ഭജതോഽനുഭജാമ്യഹം

മഹാഭാഗേ, മാം യത് ആഹ	മഹാഭാഗേ, എന്നോടു
തത് ന അനൃതം,	പറഞ്ഞതെന്തോ, അതു പൊളിയല്ല;
സത്യം ഏവ	സത്യംതന്നെ.
മയാ പ്രേരിതാ ഏവ	എന്നാൽ പ്രേരിതമായ്ത്തന്നെയാണ്
ദേവകാര്യാർത്ഥസിദ്ധ്യർത്ഥം	ദേവന്മാരുടെ കാര്യസിദ്ധിക്കായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാണീ തവ വക്ത്രാത് വിനിര്ഗ്ഗതാ	വാക്ക് അവിടുത്തെ മുഖത്തുനിന്നുതിര്ന്നു്.
അത്ര തവ ദോഷഃ കഃ	ഇതില് അവിടുത്തെക്കു ദോഷമെവിടെ?
ത്വം ഗച്ഛ	അവിടുന്നു പൊയ്ക്കൊള്ളും.
നിത്യം ദിവാനിശം മാം	എന്നും രാപകല് എന്നെ
ഹൃദി ഭാവയന്തീ	ഹൃദയത്തില് ധ്യാനിച്ചുകൊണ്ടു്
സര്വ്വത്ര വിഗതസ്നേഹാ	എല്ലാററിലുമുള്ള മമത നീക്കി
മദ്ഭക്ത്യാ	എന്നില് പുലര്ത്തുന്ന ഭക്തിമൂലം
അചിരാത് മോക്ഷ്യസേ	താമസമെന്യേ മോക്ഷം നേടാം.
അഹം സര്വ്വത്ര സമദൃക്	ഞാനെല്ലായിടത്തും സമദൃഷ്ടിയാണു്.
കല്പകസ്യ ഇവ മമ ദ്വേഷ്യഃ വാ പ്രിയഃ വാ ന അസ്തി	കല്പതരുവിനെന്നപോലെ എനിക്കു് അപ്രിയനോ പ്രിയനോ ഇല്ല.
ഭജതഃ അനുഭജാമി	(എന്നെ) ഭജിക്കുന്നവരെ ഞാനും ഭജിക്കുന്നു.

മന്മായാമോഹിതധിയോ മാമംബ മനുജാകൃതിം. 66

സുഖദുഃഖാദ്യനുഗതം ജാനന്തി ന തു തത്ത്വതഃ
ദിഷ്ട്യാ മദ്ഗോചരം ജ്ഞാനമുത്പന്നം തേ ഭവാപഹം. 67

അംബ, മന്മായാമോഹിതധിയഃ	അമ്മേ, എന്റെ മായയില് ബുദ്ധി മോഹിച്ചവര്
മാം സുഖദുഃഖാദ്യനുഗതം മനുജാകൃതിം ജാനന്തി	എന്നെ സുഖദുഃഖാദികള്ക്കു വിധേയനായ മനുഷ്യനായിട്ടാണു കരുതുക.
തത്ത്വതഃ തു ന	തത്ത്വമാകട്ടെ, അതല്ല.
ദിഷ്ട്യാ ഭവാപഹം	ഭാഗ്യത്താല് സംസാരനാശകവും
മദ്ഗോചരം ജ്ഞാനം	എന്നെ വെളിപ്പെടുത്തിത്തരുന്നതുമായ ജ്ഞാനം
തേ ഉത്പന്നം	അവിടുത്തേക്കു കൈവന്നു.

സ്മരന്തീ തിഷ്ഠ ഭവനേ ലിപ്യസേ ന ച കര്മ്മഭിഃ
ഇത്യുക്താ സാ പരിക്രമ്യ രാമം സാനന്ദവിസ്മയാ. 68

പ്രണമ്യ ശതശോ ഭൂമൗ യയൗ ഗേഹം മുദാന്വിതാ

സ്മരന്തീ ഭവനേ തിഷ്ഠ	(എന്നെ) സ്മരിച്ചുകൊണ്ടു് സ്വഗൃഹത്തില് കഴിയുക.
കര്മ്മഭിഃ ന ച ലിപ്യസേ	(അങ്ങു്) കര്മ്മങ്ങളാല് ലിപ്തയാവില്ല.
ഇതി ഉക്താ സാ സാനന്ദവിസ്മയാ രാമം പരിക്രമ്യ	ഇങ്ങനെ പറയപ്പെട്ട അവള് ആനന്ദാശ്ചര്യങ്ങളോടെ രാമനെ വലംവച്ച്
ശതശഃ ഭൂമൗ പ്രണമ്യ മുദാന്വിതാ ഗേഹം യയൗ	നൂറുതവണ നിലത്തുവീണു വണങ്ങി സസന്തോഷം വീട്ടിലേക്കു പോയി.

കൈകേയി ഇതോടെ രംഗം വിടുകയാണു്. അവളുടെ വരപ്രാര്ത്ഥനയും നിര്ബ്ബന്ധബുദ്ധിയും ശാന്തമായ കഥാന്തരീക്ഷത്തില് മഹാ കൊടുങ്കാററുതന്നെ അഴിച്ചുവിട്ടു. പലരുടേയും ജീവിതസരിത് വഴിമാറിയൊഴുകി. ദുഃഖം, ദേവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്മാരുടെ കൈകളിലെ ഒരായുധം മാത്രമായിരുന്നു അവളെന്നു വെളിപ്പെടുന്നതോടെ എല്ലാം വിക്ഷോഭവും തീരുന്നു. പരമാത്മാവായ രാമന്റെ ഇച്ഛാനുസരണമാണ് എല്ലാം നടന്നത്. ഇതറിയുമ്പോൾ ജീവിതത്തിന്റെ ഭവിതവ്യതയ്ക്കു യാതൊരു മാററവും സാദ്ധ്യമല്ലെന്ന സിദ്ധാന്തം പ്രമാണീകൃതമാകുന്നതായി നമുക്കു കാണാം. യഥാർത്ഥം പറഞ്ഞാൽ മനുഷ്യജീവിതത്തിന്റെ ഭംഗിമ ഇവിടെ മങ്ങിമറയുകയാണ്. അദ്ധ്യാത്മമാണ് ഏകമായ, പരമമായ സത്യം. ഗ്രന്ഥകാരന്റെ ഉദ്ദേശ്യം ഇതു സമർത്ഥിക്കയായതിനാൽ അതിൽ അദ്ദേഹം വിജയം കൈവരിച്ചിരിക്കുന്നു.

ഭരതസ്തു സഹാമാത്യൈർഭ്രാതൃഭിർഗ്ഗുരുണാ സഹ. 69

അയോധ്യാമഗമച്ഛീഘ്രം രാമമേവാനുചിന്തയൻ
പൗരജാനപദാൻ സർവ്വാനയോധ്യായാമുദാരധീഃ. 70

സ്ഥാപയിത്വാ യഥാന്യായം നന്ദിഗ്രാമം യയൗ സ്വയം

ഉദാരധീഃ ഭരതഃ തു	ഉദാരമതിയായ ഭരതനാകട്ടെ
രാമം ഏവ	രാമനെത്തന്നെ
അനുചിന്തയൻ	നിരന്തരം നിനച്ചുകൊണ്ട്
അമാത്യൈഃ ഭ്രാതൃഭിഃ	മന്ത്രിമാർ, സോദരർ
ഗുരുണാ ച സഹ	ഗുരു എന്നിവരോടൊപ്പം
ശീഘ്രം അയോധ്യാം അഗമത്	വേഗം അയോധ്യയിലേക്കു പോയി.
സർവ്വാൻ പൗരജാനപദാൻ	എല്ലാ പൗരരേയും ബഹുജനങ്ങളേയും
അയോധ്യായാം	അയോധ്യയിൽ
യഥാന്യായം	യഥോചിതം
സ്ഥാപയിത്വാ സ്വയം	പാർപ്പിച്ചിട്ട് സ്വയം
നന്ദിഗ്രാമം യയൗ	നന്ദിഗ്രാമത്തിൽ പോയി പാർത്തു.

തത്ര സിംഹാസനേ നിത്യം പാദുകേ സ്ഥാപ്യ ഭക്തിതഃ. 71

പൂജയിത്വാ യഥാ രാമം ഗന്ധപുഷ്പാക്ഷതാദിഭിഃ
രാജോപചാരൈരഖിലൈഃ പ്രത്യഹം നിയതവ്രതഃ. 72

ഫലമൂലാശനോ ദാന്തോ ജടാവല്ക്കലധാരകഃ
അധഃശായീ ബ്രഹ്മചാരീ ശത്രുഘ്നസഹിതസ്തദാ. 73

രാജകാര്യാണി സർവ്വാണി യാവന്തി പൃഥിവീതലേ
താനി പാദുകയോഃ സമ്യങ്ങ്നിവേദയതി രാഘവഃ. 74

തത്ര സിംഹാസനേ	അവിടെ സിംഹാസനത്തിൽ
പാദുകേ സ്ഥാപ്യ	പാദുകങ്ങളെ സ്ഥാപിച്ച്
ഭക്തിതഃ നിത്യം	ഭക്തിപൂർവ്വം എന്നും
രാമം യഥാ	രാമനെയെന്നപോലെ
ഗന്ധപുഷ്പാക്ഷതാദിഭിഃ	ചന്ദനം, പൂവ്, ഉണക്കലരി
അഖിലൈഃ	ആദിയാലും
രാജോപചാരൈഃ	എല്ലാ രാജോപചാരങ്ങളാലും
പ്രത്യഹം നിയത-വ്രതഃ	ദിനം തോറും നിശ്ചിതമായ വ്രതനിഷ്ഠയോടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശത്രുഘ്നസഹിതഃ പൂജയിത്വാ	ശത്രുഘ്നനോടൊത്ത് പൂജിക്കയും
ജടാവല്ക്കലധാരകഃ	ജടയേന്തി, മരവുരിയുടുത്ത്
ഫലമൂലാശനഃ	പഴങ്ങളും കിഴങ്ങുകളുമശിച്ച്
ദാന്തഃ ബ്രഹ്മചാരീ	സംയമത്തോടെ ബ്രഹ്മചര്യം കാത്ത്
അധഃശായീ	നിലത്തു കിടന്നുറങ്ങി.
പൃഥിവീതലേ യാവന്തി	നാട്ടിൽ ഏതേതു
രാജ്യകാര്യാണി താനി	രാജ്യകാര്യങ്ങളുണ്ടോ
സർവ്വാണി	അവയെല്ലാം
പാദുകയോഃ	പാദുകസമീപം
സമ്യഗ് നിവേദയതി(സ്മ)	യഥോചിതം നിവേദനംചെയ്തു.

ഗണയൻ ദിവസാനേവ രാമാഗമനകാംക്ഷയാ
സ്ഥിതോ രാമാർപ്പിതമനാഃ സാക്ഷാത് ബ്രഹ്മമുനിർയഥാ. 75

രാമാഗമനകാംക്ഷയാ	രാമന്റെ വരവിലാകാംക്ഷയോടെ,
രാമാർപ്പിതമനാഃ	രാമനിൽ മനസ്സർപ്പിച്ച്
ദിവസാൻ ഗണയൻ ഏവ	ദിനങ്ങളെണ്ണിയെണ്ണി
സാക്ഷാത് ബ്രഹ്മമുനിഃ യഥാ	സാക്ഷാൽ ബ്രഹ്മർഷിയെപ്പോലെ
സ്ഥിതഃ	ഭരതൻ സ്ഥിതിചെയ്തു.

രാമസ്തു ചിത്രകൂടാദ്രൗ വസൻ മുനിഭിരാവൃതഃ
സീതയാ ലക്ഷ്മണേനാപി കിഞ്ചിത്കാലമുപാവസത്. 76

മുനിഭിഃ ആവൃതഃ ചിത്ര-	മുനിമാരാൽ പരിവൃതനായി ചിത്ര-
കൂടാദ്രൗ വസൻ രാമഃ തു	കൂടാദ്രിയിൽ കഴിയുന്ന രാമനാകട്ടെ
സീതയാ ലക്ഷ്മണേന അപി	സീതയും ലക്ഷ്മണനുമൊത്ത്
കിഞ്ചിത്കാലം	അല്പനാൾകൂടെ
ഉപാവസത്	അവിടെ തങ്ങി.

നാഗരാശ്ച സദാ യാന്തി രാമദർശനലാലസാഃ
ചിത്രകൂടസ്ഥിതം ജ്ഞാത്വാ സീതയാ ലക്ഷ്മണേന ച. 77

സീതയാ ലക്ഷ്മണേന ച	സീതയും ലക്ഷ്മണനുമൊത്ത്
ചിത്രകൂടസ്ഥിതം ജ്ഞാത്വാ	(രാമൻ) ചിത്രകൂടത്തിൽ വസിക്കുന്ന-
രാമദർശനലാലസാഃ	തറിഞ്ഞ് രാമനെ കാണാൻ കൊതിപൂണ്ട
നാഗരാഃ	നഗരവാസികൾ
സദാ യാന്തി	നിരന്തരമങ്ങോട്ടു പൊയ്ക്കൊണ്ടിരുന്നു.

ദൃഷ്ട്വാ തജ്ജനസംബാധം രാമസ്തത്യാജ തം ഗിരിം
ദണ്ഡകാരണ്യഗമനേ കാര്യമപ്യനുചിന്തയൻ. 78

തജ്ജനസംബാധം ദൃഷ്ട്വാ	ആ ആൾക്കൂട്ടം കണ്ടും
ദണ്ഡകാരണ്യഗമനേ കാര്യം	ദണ്ഡകാരണ്യത്തിൽ
അനുചിന്തയൻ അപി	പോകേണ്ട കാര്യമോർത്തും
രാമഃ തം ഗിരിം തത്യാജ	രാമൻ ആ പർവ്വതം വിട്ടുപോയി.

അനാഗത്യ സീതയാ ഭ്രാത്രാഹ്യത്രേരാശ്രമമുത്തമം
സർവ്വത്ര സുഖവാസ... 79

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രാത്രാ സീതയാ	അനുജനോടും സീതയോടുമൊരുമിച്ചു്,
സർവ്വത്ര സുഖസംവാസം	എങ്ങും സുഖവാസത്തിനുതകുന്നതും
ജനസംബാധവർജ്ജിതം	ആൾത്തിരക്കൊഴിഞ്ഞതും
ഉത്തമം അത്രേഃ	ഉത്തമവുമായ
ആശ്രമം അന്വഗാത് ഹി	അത്ര്യാശ്രമത്തിലെത്തി.

ഗത്വാ മുനിമുപാസീനം ഭാസയന്തം തപോവനം
ദണ്ഡവത് പ്രണിപത്യാഹ രാമോഹമഭിവാദയേ. 80

തപോവനം ഭാസയന്തം	(അവിടെ) തപോവനത്തെ പ്രകാശ—
ഉപാസീനം	വത്താക്കി പാർത്തുപോന്ന
മുനിം ഗത്വാ	മുനിയുടെ അരികേ ചെന്നു്
ദണ്ഡവത് പ്രണിപത്യ	ദണ്ഡപ്രണാമം
ആഹ	ചെയ്തു് അറിയിച്ചു:
അഹം, രാമഃ അഭിവാദയേ	'ഞാൻ, രാമൻ, ഇതാ വന്ദിക്കുന്നു.'

പിതുരാജ്ഞാം പുരസ്കൃത്യ ദണ്ഡകാനഹമാഗതഃ
വനവാസമിഷേണാപി ധന്യോഹം ദർശനാത്തവ. 81

പിതുഃ ആജ്ഞാം പുരസ്കൃത്യ	പിതൃകല്പനയനുസരിച്ചാണു്
അഹം ദണ്ഡകാൻ ആഗതഃ	ഞാൻ ദണ്ഡകത്തിലേക്കു വന്നതു്.
വനവാസമിഷേണ അപി	വനവാസമെന്ന വ്യാജേന ആയാലും
തവ ദർശനാത്	അവിടുത്തെ ദർശനത്താൽ
അഹം ധന്യഃ	ഞാൻ ധന്യനായി.

ശ്രുത്വാ രാമസ്യ വചനം രാമം ജ്ഞാത്വാ ഹരിം പരം
പൂജയാമാസ വിധിവത് ഭക്ത്യാ പരമയാ മുനിഃ. 82

രാമസ്യ വചനം ശ്രുത്വാ	രാമന്റെ വചനം കേൾക്കവേ
രാമം പരം	അദ്ദേഹം പരമപുരുഷനായ
ഹരിം ജ്ഞാത്വാ	ഹരിയെന്നറിഞ്ഞ
മുനിഃ പരമയാ ഭക്ത്യാ	മുനി, തികഞ്ഞ ഭക്തിയോടെ
വിധിവത് പൂജയാമാസ	യഥാവിധി പൂജിച്ചു.

വന്യൈഃ ഫലൈഃ കൃതാതിഥ്യമുപവിഷ്ടം രഘൂത്തമം
സീതാം ച ലക്ഷ്മണം ചൈവ സന്തുഷ്ടോ വാക്യമബ്രവീത്. 83

വന്യൈഃ ഫലൈഃ	വനത്തിലെ ഫലങ്ങളാൽ
കൃതാതിഥ്യം	ആതിഥ്യം നല്കപ്പെട്ടു്,
ഉപവിഷ്ടം രഘൂത്തമം	അരികിലിരുന്ന രഘുനാഥനോടും
സീതാം ച ലക്ഷ്മണം ച ഏവ	സീത, ലക്ഷ്മണൻ ഇവരോടും
സന്തുഷ്ടഃ (മുനിഃ)	സംപ്രീതനായ (മുനി)
വാക്യം അബ്രവീത്	ഈ വാക്കുകളരുളി.

ഭാര്യാ മമേതീവ സംവൃദ്ധാഹ്യനസൂയേതി വിശ്രുതാ
തപശ്ചരന്തീ സുചിരം ധർമ്മജ്ഞാ ധർമ്മവത്സലാ. 84

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്തഃസ തിഷ്ഠതി താം സീതാ പശ്യത്വരിനിഷൂദന
തഥേതി ജാനകീം പ്രാഹ രാമോ രാജീവലോചനഃ. 85

ഗച്ഛ ദേവീം നമസ്കൃത്യ ശീഘ്രമേഹി പുനഃ ശുഭേ
തഥേതി രാമവചനം സീതാ പാപി തഥാകരോത്. 86

അനസൂയാ ഇതി	അനസൂയ എന്ന്
വിശ്രുതാ മേ ഭാര്യാ	പുകഴ്പെററ എന്റെ പത്നി
ധർമ്മജ്ഞാ	ധർമ്മമറിയുന്നവളും
ധർമ്മവത്സലാ	ധർമ്മത്തിൽപരായണയുമാണ്.
സുചിരം തപഃ	വളരെനാളം തപസ്സനുഷ്ഠിച്ച
ചരന്തീ അതീവ–	(അവൾ) തികച്ചും
സംവൃദ്ധാ ഹി	വൃദ്ധയായിത്തീർന്നിരിക്കുന്നു.
(സാ)	(അവൾ)
അന്തഃ തിഷ്ഠതി	ആശ്രമത്തിനകത്തിരിപ്പുണ്ട്.
അരിനിഷൂദന	എതിരിടുവോരെ തുരത്തുന്ന രാമ,
താം സീതാ പശ്യതു	അവളെ സീത ദർശിക്കട്ടെ.
തഥാ ഇതി	അങ്ങനെതന്നെയെന്ന് (സമ്മതിച്ച്)
രാജീവലോചനഃ രാമഃ	ചെന്താമരാക്ഷൻ രാമൻ
ജാനകീം പ്രാഹ	ജാനകിയോടരുളി:
ശുഭേ, ഗച്ഛ	ശുഭേ, ചെല്ലൂ;
ദേവീം നമസ്കൃത്യ	ദേവിയെ വന്ദിച്ച്
ശീഘ്രം പുനഃ ഏഹി	വേഗം മടങ്ങിവരൂ;
തഥാ ഇതി സീതാ അപി	'അങ്ങനെ'യെന്നു ചൊല്ലി സീതയും
രാമവചനം തഥാ അകരോത്	രാമവചനപ്രകാരം ചെയ്തു.

ദണ്ഡവത് പതിതാമഗ്രേ സീതാം ദൃഷ്ട്വാതിഹൃഷ്ടധീഃ
അനസൂയാ സമാലിംഗ്യ വത്സേ സീതേതി സാദരം. 87

ദിവ്യേ ദദൗ കുണ്ഡലേ ദ്വേ നിർമ്മിതേ വിശ്വകർമ്മണാ
ദുകൂലേ ദ്വേ ദദൗ തസ്യൈ നിർമ്മലേ ഭക്തിസംയുതാ. 88

അഗ്രേ ദണ്ഡവത്	മുമ്പിൽ ദണ്ഡംപോലെ
പതിതാം സീതാം ദൃഷ്ട്വാ	വീണുവണങ്ങിയ സീതയെക്കണ്ട്
അതിഹൃഷ്ടധീഃ അനസൂയാ	മനം കുളിർത്ത അനസൂയ
വത്സേ, സീതേ ഇതി	"കുഞ്ഞേ, സീതേ," എന്നു വിളിച്ച്
സാദരം സമാലിംഗ്യ	പ്രീതിയോടെ പുല്കി.
വിശ്വകർമ്മണാ നിർമ്മിതേ	വിശ്വകർമ്മാവു നിർമ്മിച്ച
ദ്വേ ദിവ്യേ കുണ്ഡലേ ദദൗ	രണ്ടു ദിവ്യകുണ്ഡലം നല്കി.
നിർമ്മലേ ദ്വേ ദുകൂലേ	പാവനമായ രണ്ടു പട്ടും
ഭക്തിസംയുതാ തസ്യൈ ദദൗ	പ്രേമപൂർവ്വം അവൾക്കു സമ്മാനിച്ചു.

അംഗരാഗം ച സീതായൈ ദദൗ ദിവ്യം ശുഭാനനാ
ന ത്യക്ഷ്യതേഽംഗരാഗേണ ശോഭാ ത്വാം കമലാനനേ. 89

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുഭാനനാ	പ്രസന്നമുഖി (അനസൂയ)
ദിവ്യം അംഗരാഗം ച	ദിവ്യമായ അംഗരാഗവും
സീതായൈ ദദൗ	സീതയ്ക്ക് ദാനംചെയ്തു (മൊഴിഞ്ഞു):
കമലാനനേ അംഗരാഗേണ	കമലമുഖീ, ഈ അംഗരാഗത്താൽ
ശോഭാ ത്വാം	(ഉണ്ടാകുന്ന) അഴക് നിന്നെ
ന ത്യക്ഷ്യതേ	വിട്ടകലുകയേയില്ല.

പാതിവ്രത്യം പുരസ്കൃത്യ രാമമന്വേഹി ജാനകി
കുശലീ രാഘവോ യാതു ത്വയാ സഹ പുനർഗൃഹം. 90

ജാനകി, പാതിവ്രത്യം	ജാനകീ, പാതിവ്രത്യം
പുരസ്കൃത്യ	മുൻനിറുത്തി
രാമം അന്വേഹി	(നീ) രാമനെ അനുഗമിക്കുക.
രാഘവഃ കുശലീ	രാഘവൻ സസന്തോഷം
ത്വയാ സഹ	നിന്നോടൊത്ത് യഥാകാലം
ഗൃഹം പുനഃ യാതു	കൊട്ടാരത്തിലേക്ക് മടങ്ങട്ടെ.

ഭോജയിത്വാ യഥാന്യായം രാമം സീതാസമന്വിതം
ലക്ഷ്മണം ച തദാ രാമം പുനഃ പ്രാഹ കൃതാഞ്ജലിഃ. 91

സീതാസമന്വിതം രാമം	സീതാസമേതനായ രാമനേയും
ലക്ഷ്മണം ച യഥാന്യായം	ലക്ഷ്മണനേയും യഥോചിതം
ഭോജയിത്വാ തദാ പുനഃ	ഭക്ഷണം കഴിപ്പിച്ചതിനുശേഷം
കൃതാഞ്ജലിഃ	അത്രി കൈകൂപ്പി
രാമം പ്രാഹ	രാമനോട് ഇങ്ങനെ പറഞ്ഞു:

രാമ ത്വമേവ ഭുവനാനി വിധായ തേഷാം
സംരക്ഷണായ സുരമാനുഷതിര്യഗാദീൻ
ദേഹാൻ ബിഭർഷി ന ച ദേഹഗുണൈർവിലിപ്ത-
സ്ത്വത്തോ ബിഭേത്യഖിലമോഹകരീ ച മായാ. 92

രാമ, ത്വം ഏവ	അല്ലയോ രാമ, നീതന്നെയാണ്
ഭുവനാനി വിധായ	ലോകങ്ങളെല്ലാം ചമച്ച്
തേഷാം സംരക്ഷണായ	അവയുടെ സംരക്ഷണത്തിന്
സുരമാനുഷതിര്യഗാദീൻ	ദേവന്മാരുടേയും മനുഷ്യരുടേയും
ദേഹാൻ	തിര്യക്കുകളുടേയും മറ്റും ദേഹങ്ങളെ
ബിഭർഷി	കൈക്കൊള്ളുന്നത്.
(ത്വം) ദേഹഗുണൈഃ	(നീ) ദേഹഗുണങ്ങളാൽ
ന വിലിപ്തഃ	ലിപ്തനല്ല.
അഖിലമോഹകരീ	എല്ലാററിനേയും മോഹിപ്പിക്കുന്ന
മായാ ച ത്വത്തഃ ബിഭേതി	മായയും നിന്നെ ഭയപ്പെടുന്നു.

ഭഗവാൻ രാമൻ വിശ്വം ചമയ്ക്കുന്നു. വിശ്വം രക്ഷിക്കാൻ നാനായോനികളിൽ അവതാരവും കൈക്കൊള്ളുന്നു. ആവശ്യാനുസരണം അവതാരം ദേവയോനിയിലോ മനുഷ്യനിലോ തിര്യക്കിലോ ആകാം. വാമനാവതാരം ദേവയോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നീയിൽ. രാമാവതാരത്തിൽ മനുഷ്യശരീരം. മത്സ്യാവതാരം തിര്യക്ദേഹധാരണം. ദേഹധാരികരം മായയിൽ മുങ്ങിക്കഴികയാണ്. പക്ഷെ, ആത്മതത്ത്വമായ നിനക്ക് ദേഹസംബന്ധം മായാബന്ധനത്തിനു ഹേതുവാകുന്നില്ല. മായ നിന്നെ ഭയപ്പെടുന്നു; നിന്റെ ഭക്തരെയും.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അയോധ്യാകാണ്ഡേ നവമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അയോധ്യാകാണ്ഡം ഒൻപതാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അരണ്യകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഒന്നു്

വിരാധവധം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ പറഞ്ഞു

അഥ തത്ര ദിനം സ്ഥിത്വാ പ്രഭാതേ രഘുനന്ദനഃ
സ്നാത്വാ മുനിം സമാമന്ത്ര്യ പ്രയാണായോപചക്രമേ. 1

അഥ ദിനം തത്ര സ്ഥിത്വാ	അനന്തരം ഒരുദിനമവിടെക്കഴിച്ചു്
പ്രഭാതേ	(പിറേറന്നു്) കാലത്തു്
സ്നാത്വാ	കുളിയും കഴിഞ്ഞു്
രഘുനന്ദനഃ മുനിം	രഘുനന്ദനൻ മുനിയോടു
സമാമന്ത്ര്യ	വിടവാങ്ങി
പ്രയാണായ ഉപചക്രമേ	യാത്രയ്ക്കൊരുമ്പെട്ടു.

മുനേ ഗച്ഛാമഹേ സർവ്വേ മുനിമണ്ഡലമണ്ഡിതം
വിപിനം ദണ്ഡകം യത്ര ത്വമാജ്ഞാതുമിഹാർഹസി. 2

മുനേ (വയം) സർവ്വേ	മുനേ, ഞങ്ങളെല്ലാം (ഇനി)
മുനിമണ്ഡലമണ്ഡിതം യത്ര ദണ്ഡകം വിപിനം ഗച്ഛാമഹേ	താപസഗണത്താൽ ശോഭിതമായ ദണ്ഡകവനത്തിലേക്കു പോകുകയാണു്.
ത്വം ഇഹ ആജ്ഞാതും അർഹസി	അങ്ങിപ്പോൾ അനുമതി നല്കണം.

മാർഗ്ഗപ്രദേശനാർത്ഥായ ശിഷ്യാനാജ്ഞപ്തുമർഹസി
ശ്രുത്വാ രാമസ്യ വചനം പ്രഹസ്യാത്രിർമഹായശാഃ
പ്രാഹ തത്ര രഘുശ്രേഷ്ഠം രാമ, രാമ, സുരാശ്രയ. 3

സർവ്വസ്യ മാർഗ്ഗദ്രഷ്ടാ ത്വം തവകോ മാർഗ്ഗദർശകഃ
തഥാപി ദർശയിഷ്യന്തി തവ ലോകാനുസാരിണഃ. 4

മാർഗ്ഗപ്രദേശനാർത്ഥായ ശിഷ്യാൻ ആജ്ഞപ്തും അർഹസി	വഴികാട്ടിത്തരാൻ ശിഷ്യരോടു് ആജ്ഞാപിക്കയും വേണം
രാമസ്യ വചനം ശ്രുത്വാ തത്ര മഹായശാഃ അത്രിഃ	രാമന്റെ വചനം കേട്ടപ്പോൾ മഹാകീർത്തിമാനായ അത്രി
പ്രഹസ്യ രഘുശ്രേഷ്ഠം പ്രാഹ	ചിരിച്ചുകൊണ്ടു് രഘുവരനോടു പറഞ്ഞു:
സുരാശ്രയ, രാമ, രാമ ത്വം സർവ്വസ്യ മാർഗ്ഗദ്രഷ്ടാ	ദേവന്മാർക്കാശ്രയമായ രാമ, നീയാണു് സർവ്വർക്കും വഴികാട്ടി.
തവ കഃ മാർഗ്ഗദർശകഃ തഥാപി ലോകാനു— സാരിണഃ തവ	നിനക്കാരാണു് മാർഗ്ഗദർശകൻ? എന്നാലും ലോകത്തെ അനുസരിക്കുന്ന നിനക്കു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർഗ്ഗം ദർശയിഷ്യന്തി	(എന്റെ ശിഷ്യന്മാർ) വഴികാണിച്ചുതരും.

സർവ്വജ്ഞനും സർവ്വവ്യാപിയുമായ നിനക്കു് അറിഞ്ഞുകൂടാത്തതൊന്നുമില്ല. എങ്കിലും മാനുഷഭാവം കൈക്കൊണ്ട നീ അറിവില്ലായ്മ അനുവർത്തിക്കുകയാണു്. അതിനനുരോധമായി പ്രവർത്തിക്കുക എന്റെ ധർമ്മമാകയാൽ വഴികാട്ടാൻ ശിഷ്യരെ നിയോഗിച്ചുകൊള്ളാം.

ഇതി ശിഷ്യാൻ സമാദിശ്യ സ്വയം കിഞ്ചിത്തമനുഗാത്
രാമേണ വാരിതഃ പ്രീത്യാ അത്രിഃ സ്വഭവനം യയൗ. 5

ഇതി ശിഷ്യാൻ സമാദിശ്യ	ഇങ്ങനെ ശിഷ്യന്മാർക്കു നിർദ്ദേശം നല്കി
സ്വയം കിഞ്ചിത് തം	മുനി കുറച്ചു്
അനുഗാത്	അദ്ദേഹത്തോടൊപ്പം നടന്നു.
രാമേണ വാരിതഃ	(പിന്നെ) രാമൻ തടഞ്ഞതിനാൽ
അത്രിഃ പ്രീത്യാ	അത്രിമുനി പ്രീതിയോടെ
സ്വഭവനം യയൗ	സ്വഭവനത്തിലേക്കു മടങ്ങി.

ക്രോശമാത്രം തതോ ഗത്വാ ദദർശ മഹതീം നദീം
അത്രേഃ ശിഷ്യാനുവാചേദം രാമോ രാജീവലോചനഃ. 6

തതഃ ക്രോശമാത്രം	അവിടെനിന്നു് ഒരു ക്രോശം മാത്രം
ഗത്വാ	ചെന്നപ്പോൾ
മഹതീം നദീം ദദർശ	ഒരു വലിയ നദി കണ്ടു.
രാജീവലോചനഃ രാമഃ	ചെന്താമരാക്ഷനായ രാമചന്ദ്രൻ
അത്രേഃ ശിഷ്യാൻ	അത്രിമുനിയുടെ ശിഷ്യരോടു്
ഇദം ഉവാച	(അപ്പോൾ) ഇങ്ങനെ ചോദിച്ചു.

നദ്യാഃ സന്തരണേ കശ്ചിദുപായോ വിദ്യതേ ന വാ
ഊചുസ്തേ വിദ്യതേ നൗകാ സുദൃഢാ രഘുനന്ദന. 7

താരയിഷ്യാമഹേ യുഷ്മാൻ വയമേവ ക്ഷണാദിഹ
തതോ നാവി സമാരോപ്യ സീതാം രാഘവലക്ഷ്മണൗ. 8

ക്ഷണാത് സന്താരയാമാസുർനദീം മുനികുമാരകാഃ
രാമാഭിനന്ദിതാഃ സർവ്വേ ജഗ്മുരത്രേരഥാശ്രമം. 9

നദ്യാഃ സന്തരണേ കശ്ചിത്	നദി കടക്കാൻ ഏതെങ്കിലും
ഉപായഃ വിദ്യതേ ന വാ	ഉപായമുണ്ടോ, ആവോ?
തേ ഊചുഃ	അവർ (മറുപടി) പറഞ്ഞു.
രഘുനന്ദന, സുദൃഢാ	രാഘവ, നല്ല ഉറപ്പേറിയ
നൗകാ വിദ്യതേ	ഒരു തോണിയുണ്ടല്ലോ.
വയം ഏവ ക്ഷണാത്	ഞങ്ങൾതന്നെ ക്ഷണത്തിൽ
യുഷ്മാൻ ഇഹ താരയിഷ്യാമഹേ	നിങ്ങളെ ഇവിടം കടത്തിവിടാം.
തതഃ സീതാം രാഘവ	പിന്നെ സീതയെയും രാമ—
ലക്ഷ്മണൗ നാവി	ലക്ഷ്മണന്മാരെയും തോണിയിലേറ്റി
സമാരോപ്യ മുനികുമാരകാഃ	മുനികുമാരന്മാർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷണാത് നദീം സന്താരയാമാസുഃ	ക്ഷണത്തിൽ പുഴയ്ക്കക്കരെയെത്തിച്ചു.
അഥ രാമാഭി— നന്ദിതാഃ സർവ്വേ	പിന്നെ, രാമനാൽ അഭിനന്ദിക്കപ്പെട്ട അവരെല്ലാം
അത്രേഃ ആശ്രമം ജഗ്മുഃ	അത്രിയുടെ ആശ്രമത്തിലേക്കു പോയി.

താവേത്യ വിപിനം ഘോരം ഝില്ലീഝംകാരനാദിതം
നാനാമൃഗഗണാകീർണ്ണം സിംഹവ്യാഘ്രാദിഭീഷണം. 10

രാക്ഷസൈഃ ഘോരരൂപൈശ്ച സേവിതം രോമഹർഷണം
പ്രവിശ്യ വിപിനം ഘോരം രാമോ ലക്ഷ്മണമബ്രവീത്. 11

ഝില്ലീഝംകാരനാദിതം	ചീവീടുകളുടെ ഝംകാരം മുഴങ്ങുന്നതും
നാനാമൃഗഗണാകീർണ്ണം	നാനാമൃഗഗണം നിറഞ്ഞതും
സിംഹവ്യാഘ്രാദിഭീഷണം	സിംഹവ്യാഘ്രാദികളാൽ ഭീകരവും
ഘോരരൂപൈഃ രക്ഷസൈഃ	ഘോരരൂപരായ രാക്ഷസരാൽ
സേവിതം രോമഹർഷണം	സേവിതവും രോമാഞ്ചകരവും
ഘോരം വിപിനം	ഘോരവുമായ കാട്ടിലേക്ക്
തൗ ഏത്യ	അവരിരുവരും കടന്നു. (ഉടനെ)
രാമഃ ലക്ഷ്മണം അബ്രവീത്	രാമൻ ലക്ഷ്മണനോടു പറഞ്ഞു:

ഇതഃ പരം പ്രയത്നേന ഗന്തവ്യം സഹിതേന മേ
ധനുർഗ്ഗുണേന സംയോജ്യ ശരാനപി കരേ ദധത്. 12

അഗ്രേ യാസ്യാമ്യഹം പശ്ചാത് ത്വമന്വേഹി ധനുർധരഃ
ആവയോർമധ്യഗാ സീതാ മായേവാത്മപരാത്മനോഃ. 13

ഇതഃ പരം പ്രയത്നേന മേ സഹിതേന ഗന്തവ്യം	ഇനിമേൽ ജാഗ്രതയോടെ എന്നോടൊത്തു പോരണം.
ധനുഃ ഗുണേന സംയോജ്യ കരേ ശരാൻ അപി ദധത്	വില്ലിൽ ഞാണേററി കൈയിൽ അമ്പുകളുമേന്തി
അഹം അഗ്രേ യാസ്യാമി	ഞാൻ മുമ്പേ നടക്കാം.
പശ്ചാത് ധനുർധരഃ ത്വം അന്വേഹി	പിമ്പേ ധനുർധരനായി നീ പോരിക.
സീതാ ആവയോഃ മധ്യഗാ	സീത നമ്മളിരുവരുടെയും ഇടയ്ക്കു നടക്കട്ടെ.
ആത്മപരാത്മനോഃ (മധ്യഗാ) മായാ ഇവ	ജീവാത്മപരമാത്മാക്കളുടെ (മധ്യത്തിൽ) മായ എന്നപോലെ.

ചക്ഷുശ്ചാരയ സർവ്വത്ര ദൃഷ്ടം രക്ഷോഭയം മഹത്
വിദ്യതേ ദണ്ഡകാരണ്യേ ശ്രുതപൂർവ്വമരിന്ദമ. 14

സർവ്വത്ര ചക്ഷുഃ ചാരയ	എല്ലായിടത്തും കണ്ണോടിച്ചുകൊള്ളണം.
അരിന്ദമ, ദണ്ഡകാരണ്യേ	ശത്രുദമന, ദണ്ഡകവനത്തിൽ
മഹത് രക്ഷോഭയം ദൃഷ്ടം വിദ്യതേ ഇതി	പെരിയ രാക്ഷസഭീഷണി ഉണ്ടാകാറുണ്ടെന്നു (നാം)
ശ്രുതപൂർവ്വം	നേരത്തേ കേട്ടിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യേവം ഭാഷമാണൗ തൗ ജഗ്മതുർസാർദ്ധയോജനം
തത്രൈകാം പുഷ്കരിണ്യാംസ്തേ കൽഹാരകുമുദോല്പലൈഃ. 15

അംബുജൈഃ ശീതളോദേന ശോഭമാനാ വ്യദൃശ്യത
തത്സമീപമഥോ ഗത്വാ പീത്വാ തത്സലിലം ശുഭം. 16

ഊഷുസ്തേ സലിലാഭ്യാശേ ക്ഷണം ഛായാമുപാശ്രിതാഃ
തതോ ദദൃശുരായാന്തം മഹാസത്വം ഭയാനകം. 17

കരാളദംഷ്ട്രവദനം ഭീഷയന്തം സ്വഗർജ്ജിതൈഃ
വാമാംസേ ന്യസ്തശൂലാഗ്രഗ്രഥിതാനേകമാനുഷം. 18

ഭക്ഷയന്തം ഗജവ്യാഘ്രമഹിഷം വനഗോചരം
ജ്യാരോപിതം ധനുർധൃത്വാ രാമോ ലക്ഷ്മണമബ്രവീത്. 19

ഇതി ഏവം ഭാഷമാണൗ തൗ സാർദ്ധയോജനം ജഗ്മതുഃ	ഇങ്ങനെ പറഞ്ഞുകൊണ്ട് അവർ ഒന്നര യോജന ദൂരം പോയി.
തത്ര കൽഹാരകുമുദോൽ— പലൈഃ അംബുജൈഃ	അവിടെ കൽഹാരം, ആമ്പൽ, നീലോൽപലം, താമര ഇവയാൽ
ശോഭമാനാ ശീതളോദേന ച ഏകാ പുഷ്കരിണീ വ്യദൃശ്യത	ശോഭമാനവും കുളിർനീർ നിറഞ്ഞതുമായ ഒരു തടാകം കണ്ടു.
അഥഃ തത്സമീപം ഗത്വാ ശുഭം തത് സലിലം പീത്വാ സലിലാഭ്യാശേ ഛായാം ഉപാശ്രിതാഃ തേ ക്ഷണം ഊഷുഃ തതഃ ഭയാനകം	അനന്തരം അതിനടുത്തെത്തി, അതിലെ തെളിനീർ കുടിച്ച്, ജലാശയത്തിനരികെ തണൽപററി, അവർ തെല്ലിട ഇരുന്നു. ഉടനെ ഭയാനകമായ
മഹാസത്വം ആയാന്തം ദദൃശുഃ	ഒരു മഹാസത്വം വരുന്നതു കാണാറായി.
കരാളദംഷ്ട്രവദനം സ്വഗർജ്ജിതൈഃ	വായിൽ കരാളമായ തേററകളുള്ളവനും അലർച്ചകളാൽ
ഭീഷയന്തം	ഭീഷണിപ്പെടുത്തുന്നവനും
വാമാംസേ ന്യസ്തശൂലാഗ്ര- ഗ്രഥിതാനേകമാനുഷം	ഇടത്തുതോളിൽ വച്ച ശൂലത്തിൻെറ അററത്ത് അനേകം മനുഷ്യരെ കോർത്തിട്ടിരിക്കുന്നവനും
വനഗോചരം ഗജവ്യാഘ്ര- മഹിഷം ഭക്ഷയന്തം	കാട്ടിൽ കണ്ട ആന, കടുവ, പോത്ത് ഇവയെ പിടിച്ചു തിന്നുന്നവനും
(തം ദൃഷ്ട്വാ) ജ്യാരോപിതം ധനുഃ ധൃത്വാ രാമഃ ലക്ഷ്മണം അബ്രവീത്	ആയ അവനെ കണ്ടിട്ടു ഞാണേററിയ വില്ലെടുത്ത് രാമൻ ലക്ഷ്മണനോടരുളി.

പശ്യ ഭ്രാതർമഹാകായോ രാക്ഷസോഽയമുപാഗതഃ
ആയാത്യഭിമുഖം നോഽഗ്രേ ഭീരൂണാം ഭയമാവഹൻ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രാതഃ പശ്യ	സോദര, നോക്കൂ;
ഭീരൂണാം ഭയം ആവഹൻ	ഭീരുക്കൾക്കു ഭയമുളവാക്കുമാറ്
മഹാകായഃ അയം രാക്ഷസഃ	ഭീമകായനായ ഈ രാക്ഷസൻ
നഃ അഭിമുഖം ആയാതി	നമുക്കഭിമുഖമായാണ് വരിക.
അഗ്രേ ഉപാഗതഃ	(അവൻ) മുമ്പിൽ എത്തിക്കഴിഞ്ഞു.

സജ്ജീകൃതധനുസ്തിഷ്ഠ മാ ഭൈർജനകനന്ദിനി,
ഇത്യുക്ത്വാ ബാണമാദായ സ്ഥിതോ രാമ ഇവാചലഃ. 21

സജ്ജീകൃതധനുഃ തിഷ്ഠ	വില്ലൊരുക്കി നിലകൊള്ളണം.
ജനകനന്ദിനി, മാ ഭൈഃ	ജാനകീ, നീ ഭയപ്പെടരുത്.
ഇതി ഉക്ത്വാ രാമഃ	ഇങ്ങനെ ചൊന്നു രാമൻ
ബാണം ആദായ	ശരവും കൈയിലെടുത്ത്
അചല ഇവ സ്ഥിതഃ	മലപോലെ (ഉറച്ചു) നിന്നു.

സ തു ദൃഷ്ട്വാ രമാനാഥം ലക്ഷ്മണം ജാനകീം തദാ
അട്ടഹാസം തതഃ കൃത്വാ ഭീഷയന്നിദമബ്രവീത്. 22

തദാ സഃ തു	അപ്പോൾ അവനാകട്ടെ
രമാനാഥം ലക്ഷ്മണം	രാമനേയും ലക്ഷ്മണനേയും
ജാനകീം ച ദൃഷ്ട്വാ	ജാനകിയേയും നോക്കി,
അട്ടഹാസം കൃത്വാ ഭീഷയൻ	അട്ടഹസിച്ചു ഭീഷണിപ്പെടുത്തിക്കൊണ്ട്
ഇദം അബ്രവീത്	ഇങ്ങനെ ചോദിച്ചു:

കൗ യുവാം ബാണതൂണീരജടാവല്ക്കലധാരിണൗ
മുനിവേഷധരൗ ബാലൗ സ്ത്രീസഹായൗ സുദുർമ്മദൗ. 23

ബാണതൂണീര–	അമ്പ്, ആവനാഴി,
ജടാവല്ക്കലധാരിണൗ	ജട, മരവുരി ഇവയേന്തിയവരും
മുനിവേഷധരൗ	മുനിവേഷധാരികളും
സ്ത്രീസഹായൗ	സ്ത്രീസഹായരും
സുദുർമ്മദൗ ബാലൗ	തികഞ്ഞ അഹങ്കാരികളും
യുവാം കൗ?	കുഞ്ഞുങ്ങളുമായ നിങ്ങളാരാണ്?

സുന്ദരൗ ബത മേ വക്ത്രപ്രവിഷ്ട കബളോപമൗ
കിമർത്ഥമാഗതൗ ഘോരം വനം വ്യാളനിഷേവിതം. 24

ബത! സുന്ദരൗ (യുവാം)	കഷ്ടം, സുന്ദരരായ (നിങ്ങൾ)
മേ വക്ത്രപ്രവിഷ്ട കബളോപമൗ	എന്റെ വായിലകപ്പെട്ട ഉരുളയ്ക്കു തുല്യരായല്ലോ!
വ്യാളനിഷേവിതം ഘോരം വനം	വ്യാളങ്ങൾ നിറഞ്ഞ (ഈ) കൊടുംകാട്ടിൽ
കിമർത്ഥം ആഗതൗ	എന്തിനാണ് നിങ്ങൾ വന്നത്?

ശ്രുത്വാ രക്ഷോവചോ രാമഃ സ്മയമാന ഉവാച തം
അഹം രാമസ്ത്വയം ഭ്രാതാ ലക്ഷ്മണോ മമ സമ്മതഃ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷാ സീതാ മമ പ്രാണവല്ലഭാ വയമാഗതാഃ
പിതൃവാക്യം പുരസ്കൃത്യ ശിക്ഷണാൎത്ഥം ഭവാദൃശാം. 26

രക്ഷോവചഃ ശ്രുത്വാ — രാക്ഷസന്റെ വചനം കേട്ട്

രാമഃ സ്മയമാനഃ തം ഉവാച — രാമൻ പുഞ്ചിരിയോടെ അവനോടു പറഞ്ഞു:

അഹം രാമഃ (അസ്മി) — ഞാൻ രാമനാണ്.

അയം മമ സമ്മതഃ ഭ്രാതാ ലക്ഷ്മണഃ — ഇവനെന്റെ പ്രിയസഹോദരൻ ലക്ഷ്മണൻ.

ഏഷാ സീതാ, മമ പ്രാണവല്ലഭാ — ഇവൾ സീത, എന്റെ പ്രാണപ്രേയസി.

പിതൃവാക്യം പുരസ്കൃത്യ — അച്ഛന്റെ വാക്കു മുൻനിൎത്തി

ഭവാദൃശാം ശിക്ഷണാൎത്ഥം വയം ആഗതാഃ — നിന്നെപ്പോലെയുള്ളവരെ ശിക്ഷിക്കാനാണ് ഞങ്ങൾ വന്നിരിക്കുന്നതു്.

ശ്രുത്വാ തദ്രാമവചനം അട്ടഹാസമഥാകരോത്
വ്യാദായ വക്ത്രം ബാഹുഭ്യാം ശൂലമാദായ സത്വരഃ. 27

മാം ന ജാനാസി രാമ ത്വം വിരാധം ലോകവിശ്രുതം
മൽഭയാത് മുനയഃ സൎവ്വേ ത്യക്ത്വാ വനമിതോ ഗതാഃ. 28

യദി ജീവിതുമിച്ഛാസ്തി ത്യക്ത്വാ സീതാം നിരായുധൗ
പലായതം നചേച്ഛീഘ്രം ഭക്ഷയാമി യുവാമഹം. 29

തദ് രാമവചനം ശ്രുത്വാ അഥ അട്ടഹാസം അകരോത് — ആ രാമവചനം കേട്ട് പിന്നെയും (അവൻ) അട്ടഹസിച്ചു.

വക്ത്രം വ്യാദായ ബാഹുഭ്യാം ശൂലം ആദായ സത്വരഃ — വായും പിളൎന്ന് കൈകളിൽ ശൂലവുമെടുത്തു് പെട്ടെന്നു് (മുന്നോട്ടണഞ്ഞു ചോദിച്ചു)

രാമ, മാം ലോകവിശ്രുതം വിരാധം ത്വം ന ജാനാസി മദ്ഭയാത് സൎവേ മുനയഃ വനം ത്യക്ത്വാ ഇതഃ ഗതാഃ — രാമ, എന്നെ, ലോകവിശ്രുതനായ വിരാധനെ, നീ അറിയുകയില്ല (അല്ലേ?) എന്നെപ്പേടിച്ച് എല്ലാ മുനിമാരും വനം വെടിഞ്ഞു് ഇവിടെനിന്നു കടന്നിരിക്കുന്നു.

യദി ജീവിതും ഇച്ഛാ അസ്തി സീതാം ത്യക്ത്വാ നിരായുധൗ പലായതം നോ ചേത് അഹം യുവാം ശീഘ്രം ഭക്ഷയാമി — ജീവിക്കാനിച്ഛയുണ്ടെങ്കിൽ സീതയെ വിട്ടിട്ട് നിരായുധരായി ഓടിക്കൊള്ളുക. അല്ലെങ്കിൽ ഞാൻ നിങ്ങളെയുടൻ തിന്നുകളയും.

ഇത്യുക്ത്വാ രാക്ഷസഃ സീതാമാദാതുമഭിദുദ്രുവേ
രാമശ്ചിച്ഛേദ തദ്ബാഹൂ ശരേണ പ്രഹസന്നിവ. 30

ഇതി ഉക്ത്വാ രാക്ഷസഃ സീതാം ആദാതും അഭിദുദ്രുവേ — ഇങ്ങനെ പറഞ്ഞു് രാക്ഷസൻ സീതയെ പിടിക്കാൻ പാഞ്ഞടുത്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഹസൻ ഇവ രാമഃ	ചിരിച്ചുകൊണ്ടെന്നപോലെ രാമൻ
ശരേണ തദ്ബാഹു ചിച്ഛേദ	ശരത്താൽ അവൻെറ കൈകരം വെട്ടി.
ശിരഃ ച ചിച്ഛേദ	തലയും അരിഞ്ഞു.

തതഃ ക്രോധപരീതാത്മാ വ്യാദായ വികടം മുഖം
രാമമഭ്യദ്ദ്രവദ്രാമശ്ഛിച്ഛേദ പരിധാവതഃ. 31

പദദ്വയം വിരാധസ്യ തദദ്ഭുതമിവാഭവത്. 32

തതഃ ക്രോധപരീതാത്മാ	അനന്തരം ആ കോപാകുലൻ
വികടം മുഖം വ്യാദായ	ഭയാനകമായ വായുംപിളന്ന്
രാമം അഭ്യദ്രവത്	രാമൻെറനേരെ പാഞ്ഞടുത്തു.
രാമഃ പരിധാവതഃ	രാമൻ ഓടിവന്ന വിരാധൻെറ
വിരാധസ്യ പദദ്വയം ചിച്ഛേദ	കാലു രണ്ടും വെട്ടി.
തത് അദ്ഭുതം	അതു് (ഒരു) അദ്ഭുതമായാണു്
ഇവ അഭവത്	സംഭവിച്ചതു്.

തതഃ സർപ്പ ഇവാസ്യേന ഗ്രസിതും രാമമാപതത്
തതോഽർദ്ധചന്ദ്രാകാരേണ ബാണേനാസ്യ മഹച്ഛിരഃ. 33

ചിച്ഛേദ രുധിരൗഘേണ പപാത ധരണീതലേ
തതഃ സീതാ സമാലിംഗ്യ പ്രശശംസ രഘൂത്തമം. 34

തതഃ സർപ്പ ഇവ	പിന്നീടു് സർപ്പത്തെപ്പോലെ
ആസ്യേന രാമം	വായ് കൊണ്ടു് രാമനെ
ഗ്രസിതും ആപതത്	വിഴുങ്ങാനിഴഞ്ഞടുത്തു.
തതഃ അർദ്ധചന്ദ്രാകാരേണ	അപ്പോഴാം അർദ്ധചന്ദ്രാകാരമായ
ബാണേന	ഒരു അമ്പുകൊണ്ടു്
അസ്യ മഹത് ശിരഃ	അവൻെറ ഭീമമായ തല
ചിച്ഛേദ	വെട്ടിക്കളഞ്ഞു.
രുധിരൗഘേണ	ചോര ഒലിപ്പിച്ചുകൊണ്ടു്
ധരണീതലേ പപാത	(രാക്ഷസൻ) നിലംപതിച്ചു.
തതഃ സീതാ രഘൂത്തമം	അനന്തരം സീത രഘൂത്തമനെ
സമാലിംഗ്യ പ്രശശംസ	മുറുകെപ്പുണർന്നു് മുറവും പുകഴ്ത്തി.

തതോ ദുന്ദുഭയോ നേദുർദിവി ദേവഗണേരിതാഃ
നനൃതുശ്ചാപ്സരാഃ ഹൃഷ്ടാഃ ജഗുർഗന്ധർവ്വകിന്നരാഃ. 35

തതഃ ദിവി	ആ സമയത്തും വിണ്ണിൽ
ദേവഗണേരിതാഃ	ദേവഗണങ്ങളുടെ പ്രേരണയാൽ
ദുന്ദുഭയഃ നേദുഃ	പെരുമ്പറകൾ മുഴങ്ങി.
ഹൃഷ്ടാഃ അപ്സരാഃ നനൃതുഃ	പ്രീതരായ അപ്സരസ്സുകൾ നൃത്തമാടി.
ഗന്ധർവ്വകിന്നരാഃ ജഗുഃ	ഗന്ധർവ്വരും കിന്നരരും പാടി.

വിരാധകായാദതിസുന്ദരാകൃതിഃ
വിഭ്രാജമാനോ വിമലാംബരാവൃതഃ
പ്രതപ്തചാമീകരചാരുഭൂഷണോ
വ്യദൃശ്യതാഗ്രേ ഗഗനേ രവിർയഥാ. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗഗനേ രവിഃ യഥാ വിഭ്രാജമാനഃ വിമലാംബരാവൃതഃ	വിണ്ണിൽ രവിയെപ്പോലെ വിളങ്ങുന്നവനും ശുദ്ധവസ്ത്രമണിഞ്ഞവനും
പ്രതപ്തചാമീകര— ചാരുഭൂഷണഃ	കാച്ചിയ സ്വർണ്ണംകൊണ്ടുള്ള ആഭരണങ്ങളണിഞ്ഞവനും
അതിസുന്ദരാകൃതിഃ (കശ്ചിത് പുരുഷഃ) വിരാധകായാത് (നിഃസൃതഃ) അഗ്രേ വ്യദൃശ്യത	അതിമനോഹരാകൃതിയുമായ (ഒരു പുരുഷൻ) വിരാധൻെറ ഉടലിൽനിന്ന് (പുറപ്പെട്ടതായി) മുമ്പിൽ കാണപ്പെട്ടു.

പ്രണമ്യ രാമം പ്രണതാർത്തിഹാരിണം
ഭവപ്രവാഹോപരമം കല്യാണാകരം
പ്രണമ്യ ഭൂയഃ പ്രണനാമ ദണ്ഡവത്
പ്രപന്നസർവ്വാർത്തിഹരം പ്രസന്നധീഃ. 37

പ്രണതാർത്തിഹരം ഭവപ്രവാഹോപരമം	നമിപ്പോരുടെ അഴലൊഴിപ്പോനും ഭവപ്രവാഹത്തിന്നറുതിയും
പ്രപന്ന— സർവ്വാർത്തിഹരം	ശരണാഗതരുടെ ദുരിതമെല്ലാം ഹരിക്കുന്നവനും
കല്യാണാകരം രാമം പ്രസന്നധീഃ ഭൂയഃ പ്രണമ്യ ദണ്ഡവത് പ്രണനാമ	ദയാനിധിയുമായ രാമനെ പ്രസന്നമായ മനസ്സോടെ പലവുരു കുമ്പിട്ട് ദണ്ഡംപോലെ വീണുവണങ്ങി.

വിരാധ ഉവാച: വിരാധൻ പറഞ്ഞു

ശ്രീരാമ രാജീവദലായതാക്ഷ
വിദ്യാധരോഽഹം വിമലപ്രകാശഃ
ദുർവാസസോഽകാരണകോപമൂർത്തിനാ
ശപ്തഃ പുരാ സോഽദ്യ വിമോചിതസ്ത്വയാ. 38

രാജീവദലായതാക്ഷ ശ്രീരാമ അഹം വിമലപ്രകാശഃ വിദ്യാധരഃ അകാരണകോപമൂർത്തിനാ ദുർവാസസാ അഹം പുരാ ശപ്തഃ	ചെന്താമരയിതൾപോലെ നീണ്ട മിഴികളുള്ള ശ്രീരാമ, ഞാൻ അതിതേജസ്വിയായ ഒരു വിദ്യാധരനാണ്. കാരണമെന്യേ കോപംകൊള്ളുന്ന ദുർവ്വാസാവ് എന്നെ പണ്ടു ശപിച്ചു.
സഃ (അഹം) അദ്യ ത്വയാ വിമോചിതഃ	ആ (ഞാൻ) ഇന്നു നിന്നാൽ മോചിതനായി.

ഇതഃ പരം ത്വച്ചരണാരവിന്ദയോഃ
സ്മൃതിഃ സദാ മേസ്തു ഭവോപശാന്തയേ
ത്വന്നാമസങ്കീർത്തനമേവ വാണീ
കരോതു മേ കർണ്ണപുടം ത്വദീയം. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഥാമൃതം പാതു കരദ്വയം തേ
പാദാരവിന്ദാർച്ചനമേവ കുര്യാത്
ശിരശ്ച തേ പാദയുഗപ്രണാമം
കരോതു നിത്യം ഭവദീയമേവം.   40

ഇതഃ പരം മേ ഭവോപശാന്തയേ	ഇനിമേൽ എനിക്ക് സംസാരക്ലേശം ശമിക്കുവാൻ
ത്വച്ചരണാരവിന്ദയോഃ സ്മൃതിഃ സദാ അസ്തു	നിന്റെ കാൽത്താരിണകളുടെ ഓർമ്മ എന്നേരവുമുണ്ടാകട്ടെ.
വാണീ ത്വന്നാമസങ്കീർത്തനം ഏവ കരോതു	(എന്റെ) വാക്ക് നിന്റെ നാമസങ്കീർത്തനംതന്നെ ചെയ്യട്ടെ.
മേ കർണ്ണപുടം ത്വദീയം കഥാമൃതം പാതു	എന്റെ കാതുകൾ നിന്റെ കഥാമൃതം കുടിക്കട്ടെ.
കരദ്വയം തേ പാദാരവിന്ദാർച്ചനം ഏവ കുര്യാത്	കൈ രണ്ടും നിന്റെ കാൽത്താരിണകളെ അർച്ചിക്കുകമാത്രം ചെയ്യട്ടെ.
ശിരഃ ച തേ പാദയുഗപ്രണാമം കരോതു	ശിരസ്സ് നിന്റെ ചേവടികളിൽ നമിക്കട്ടെ.
ഏവം നിത്യം ഭവദീയം (കാര്യം ഏവ കരോതു)	ഇങ്ങനെ എന്നും നിന്റെ കർമ്മംമാത്രം ചെയ്യാനിടയാകട്ടെ.

നമസ്തുഭ്യം ഭഗവതേ വിശുദ്ധജ്ഞാനമൂർത്തയേ
ആത്മാരാമായ രാമായ സീതാരാമായ വേധസേ.   41

വിശുദ്ധ– ജ്ഞാനമൂർത്തയേ	നിരുപാധികമായ ജ്ഞാനം രൂപംപൂണ്ടവനും
ആത്മാരാമായ	ആത്മാവിൽത്തന്നെ രമിക്കുന്നവനും
സീതാരാമായ ഭഗവതേ വേധസേ	സീതയ്ക്ക് ആനന്ദം പകരുന്നവനും ഭഗവാനും പ്രപഞ്ചസ്രഷ്ടാവും
രാമായ തുഭ്യം നമഃ	രാമനുമായ നിനക്ക് നമസ്കാരം.

പ്രപന്നം പാഹി മാം രാമ യാസ്യാമി ത്വദനുജ്ഞയാ
ദേവലോകം രഘുശ്രേഷ്ഠ മായാ മാം മാ വൃണോതു തേ.   42

രാമ, പ്രപന്നം മാം പാഹി	രാമ, ശരണാഗതനായ എന്നെ രക്ഷിക്കേണമേ.
രഘുശ്രേഷ്ഠ ത്വദനുജ്ഞയാ ദേവലോകം യാസ്യാമി തേ മായാ മാം മാ വൃണോതു	രഘുശ്രേഷ്ഠ, നിന്റെ അനുമതിയോടെ (ഞാൻ) വിണ്ണേറുകയാണ്. നിന്റെ മായ എന്നെ ചുറ്റാതിരിക്കേണമേ.

ഇതി വിജ്ഞാപിതസ്തേന പ്രസന്നോ രഘുനന്ദനഃ
ദദൗ വരം തദാ പ്രീതോ വിരാധായ മഹാമതിഃ.   43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി തേന	ഇപ്രകാരം
വിജ്ഞാപിതഃ	അവനാൽ അറിയിക്കപ്പെട്ട
മഹാമതിഃ രഘുനന്ദനഃ	മഹാത്മാവ്, രഘുനന്ദനൻ
പ്രസന്നഃ പ്രീതഃ	പ്രസന്നനും പ്രീതനുമായി
തദാ വിരാധായ	അപ്പോൾത്തന്നെ വിരാധനു
വരം ദദൗ	(യഥേഷ്ടം) വരം നല്കി.

ഗച്ഛ വിദ്യാധരാശേഷമായാദോഷഗുണാ ജിതാഃ
ത്വയാ മദ്ദർശനാത് സദ്യോ മുക്തോ ജ്ഞാനവതാം വരഃ. 44

വിദ്യാധര	വിദ്യാധര,
മദ്ദർശനാത്	എന്റെ ദർശനത്താൽ
അശേഷമായാദോഷഗുണാഃ	മായയുടെ ദോഷഗുണങ്ങൾ
ത്വയാ ജിതാഃ	മുഴുവനും നീ ജയിച്ചിരിക്കുന്നു.
സദ്യഃ മുക്തഃ ത്വം	പെട്ടെന്നു മുക്തനായ നീ
ജ്ഞാനവതാം വരഃ	ജ്ഞാനികളിൽ മുമ്പനാണ്.
ഗച്ഛ	(ഇനി) പൊയ്ക്കൊള്ളുക.

മദ്ഭക്തിർദ്ദുർല്ലഭാ ലോകേ ജാതാ ചേത് മുക്തിദാ യതഃ
അതസ്ത്വം ഭക്തിസമ്പന്നഃ പരം യാഹി മമാജ്ഞയാ. 45

ലോകേ	(ഈ) ലോകത്തിൽ
മദ്ഭക്തിഃ ദുർല്ലഭാ	എന്നിൽ ഭക്തി ദുർല്ലഭമത്രേ.
യതഃ ജാതാ ചേത്	എന്തെന്നാൽ (അതു) ലഭ്യമായാൽ
മുക്തിദാ	മോക്ഷം നേടിത്തരുന്നു.
ത്വം ഭക്തിസമ്പന്നഃ	നീയോ തികഞ്ഞ ഭക്തിയുള്ളവൻ.
അതഃ മമ ആജ്ഞയാ	അതിനാൽ എന്റെ ആജ്ഞപ്രകാരം
പരം യാഹി	ബ്രഹ്മപദം പ്രാപിച്ചുകൊള്ളുക.

രാമേണ രക്ഷോനിധനം സുഘോരം
ശാപാദ്വിമുക്തിർവരദാനമേവം
വിദ്യാധരത്വം പുനരേവ ലബ്ധം
രാമം ഗൃണന്നേതി നരോഽഖിലാർത്ഥാൻ. 46

രാമേണ സുഘോരം	രാമനാൽ അതിഘോരനായ
രക്ഷോനിധനം (കൃതം)	രാക്ഷസൻ വധിക്കപ്പെട്ടു.
ശാപാദ് വിമുക്തിഃ	(അദ്ദേഹം അവന്) ശാപമോചനമരുളി.
വരദാനം	വരവും കൊടുത്തു.
പുനഃ ഏവ വിദ്യാധരത്വം	വീണ്ടും അവന് വിദ്യാധരപദം
ലബ്ധം	കിട്ടി.
രാമം ഗൃണൻ നരഃ	രാമനെ സ്തുതിക്കുന്ന മനുഷ്യൻ
ഏവം അഖിലാർത്ഥാൻ ഏതി	ഇങ്ങനെ എല്ലാം സിദ്ധികളും നേടുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ പ്രഥമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം ഒന്നാംസർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം രണ്ടു്

ശരഭംഗാദിമുനിസന്ദർശനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ പറഞ്ഞു

വിരാധേ സ്വർഗ്ഗതേ രാമോ ലക്ഷ്മണേന ച സീതയാ
ജഗാമ ശരഭംഗസ്യ വനം സർവ്വസുഖാവഹം. 1

വിരാധേ സ്വർഗ്ഗതേ	വിരാധൻ വിണ്ണേറിയതിനുശേഷം
രാമഃ ലക്ഷ്മണേന സീതയാ ച	രാമൻ ലക്ഷ്മണനും സീതയുമൊത്തു്
സർവ്വസുഖാവഹം	സകല സുഖവും തികഞ്ഞ
ശരഭംഗസ്യ വനം ജഗാമ	ശരഭംഗവനത്തിലേക്കു പോയി.

ശരഭംഗസ്തതോ ദൃഷ്ട്വാ രാമം സൗമിത്രിണാ സഹ
ആയാന്തം സീതയാ സാർദ്ധം സംഭ്രമാദുത്ഥിതഃ സുധീഃ. 2

സുധീഃ ശരഭംഗഃ	ബുദ്ധിമാനായ ശരഭംഗൻ
സൗമിത്രിണാ സഹ	ലക്ഷ്മണനും സീതയുമൊത്തു്
സീതയാ സാർദ്ധം	വന്നുചേർന്ന
ആയാന്തം രാമം ദൃഷ്ട്വാ	രാമനെ കണ്ടപ്പോൾ
സംഭ്രമാത് ഉത്ഥിതഃ	സംഭ്രമത്തോടെ എഴുന്നേററു.

അഭിഗമ്യ സുസംപൂജ്യ വിഷ്ടരേഷൂപവേശയത്
ആതിഥ്യമകരോത്തേഷാം കന്ദമൂലഫലാദിഭിഃ. 3

അഭിഗമ്യ സുസംപൂജ്യ	ചെന്നെതിരേററു് നന്നായി പൂജിച്ചു്
വിഷ്ടരേഷു ഉപവേശയത്	ഇരിപ്പിടങ്ങളിലിരുത്തി.
കന്ദമൂലഫലാദിഭിഃ തേഷാം	കന്ദമൂലഫലാദിയാൽ
ആതിഥ്യം അകരോത്	അവൎക്കു് ആതിഥ്യമേകി.

പ്രീത്യാഹ ശരഭംഗോഽപി രാമം ഭക്തപരായണം
ബഹുകാലമിഹൈവാസം തപസേ കൃതനിശ്ചയഃ. 4

തവ സന്ദർശനാകാംക്ഷീ രാമ ത്വം പരമേശ്വരഃ
അദ്യ മത്തപസാ സിദ്ധം യത് പുണ്യം ബഹു വിദ്യതേ
തത് സർവ്വം തവ ദാസ്യാമി തതോ മുക്തിം വ്രജാമ്യഹം. 5

ഭക്തപരായണം രാമം	ഭക്തവത്സലനായ രാമനോടു്
ശരഭംഗഃ അപി പ്രീത്യാ ആഹ	ശരഭംഗൻ പ്രേമപൂർവ്വം പറഞ്ഞു:
രാമ, ത്വം പരമേശ്വരഃ	ഹേ രാമ, നീ പരമേശ്വരനാണു്.
തവ സന്ദർശനാകാംക്ഷീ	നിന്റെ ദർശനാശയാൽ
തപസേ കൃതനിശ്ചയഃ	തപസ്സുചെയ്യുമെന്നുറച്ചു (ഞാൻ)
ബഹുകാലം	ഏറെനാളായി
ഇഹ ഏവ ആസം	ഇവിടെത്തന്നെ കഴിയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മത്തപസാ സിദ്ധം യത്—	എന്റെ തപസ്സാൽ സിദ്ധിച്ച
ബഹുപുണ്യം വിദ്യതേ	ബഹുപുണ്യമെല്ലാം
തത് സർവ്വം അദ്യ	(ഞാൻ) ഇന്നു
തവ ദാസ്യാമി	നിനക്കു തരികയാണ്.
തതഃ മുക്തിം വ്രജാമി	ഇനി ഞാൻ മോക്ഷമടയട്ടെ.

സമർപ്പ്യ രാമസ്യ മഹത് സുപുണ്യ—
ഫലം വിരക്തഃ ശരഭംഗയോഗീ
ചിതിം സമാരോഹയദപ്രമേയം
രാമം സസീതം സഹസാ പ്രണമ്യ. 6

മഹത് സുപുണ്യം	വിപുലമായ സ്വസുകൃതമെല്ലാം
രാമസ്യ സമർപ്പ്യ	രാമനു സമർപ്പിച്ചിട്ട്
വിരക്തഃ ശരഭംഗയോഗീ	നിസ്സംഗനായ ശരഭംഗയോഗി
സസീതം അപ്രമേയം	സീതാസമേതനും അറിവിനതീതനുമായ
രാമം പ്രണമ്യ	രാമനെ പ്രണമിച്ച്
സഹസാ ചിതിം സമാരോഹയത്	പെട്ടെന്നു ചിതയിലേറി.

ധ്യായംശ്ചിരം രാമമശേഷഹൃത്സ്ഥം
ദൂർവ്വാദളശ്യാമളമംബുജാക്ഷം
ചീരാംബരം സ്നിഗ്ദ്ധജടാകലാപം
സീതാസഹായം സഹലക്ഷ്മണം തം. 7

ദൂർവ്വാദളശ്യാമളം	കറുകനാമ്പുപോലെ കറുത്തവനും
അംബുജാക്ഷം	താമരക്കണ്ണനും
ചീരാംബരം	മരവുരിയുടുത്തവനും
സ്നിഗ്ദ്ധജടാകലാപം	സ്നിഗ്ദ്ധജടാധാരിയും
സീതാസഹായം	സീതാസഹായനും
സഹലക്ഷ്മണം	ലക്ഷ്മണസമേതനും
അശേഷഹൃത്സ്ഥം	എല്ലാവരുടേയുമുള്ളിലിരിപ്പവനുമായ
തം രാമം ചിരം ധ്യായൻ	ആ രാമനെ ഏറെനേരം
(സ്ഥിതഃ)	ധ്യാനിച്ചിരുന്നു.

ദേഹത്യാഗം ചെയ്യുമ്പോഴും ഭഗവത്സ്മരണ ചെയ്യണമെന്ന് ശ്രുതി അനുശാസിക്കുന്നു—''ഓം ക്രതോ സ്മര'' (ഈശാവാസ്യം—17)

മരണസമയത്തെ സന്മനോവ്യാപാരം ആത്മാവിന്റെ സദ്ഗതിക്കുതകും. ജീവിച്ചിരിക്കവേ കൈക്കൊള്ളുന്ന ചര്യയാണ് അതിന്റെ നിയാമകശക്തിയെന്നു ഓർക്കണം. ഭഗവാൻ അർജ്ജുനനോടു പറഞ്ഞു: ''അന്തകാലേ ച മാമേവ സ്മരൻ മുക്ത്വാകളേബരം യഃ പ്രയാതി സ മദ്ഭാവം യാതി നാസ്ത്യത്ര സംശയഃ.'' (ഗീത—8. 5)

കോ വാ ദയാലുഃ സ്മൃതകാമധേനു—
രന്യോ ജഗത്യാം രഘുനായകാദഹോ
സ്മൃതോ മയാ നിത്യമനന്യഭാജാ
ജ്ഞാത്വാ സ്മൃതിം മേ സ്വയമേവ യാതഃ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹോ ജഗത്യാം	അഹോ! (ഈ) ലോകത്തിൽ
ദയാലുഃ സ്മൃതകാമധേനുഃ രഘുനായകാദ് അന്യഃ കഃ വാ	ദയാലുവും ധ്യാനിപ്പവർക്കു കാമധേനുവുമായി രഘുനാഥനല്ലാതെ മററാരുണ്ട്?
അനന്യഭാജാ മയാ നിത്യം സ്മൃതഃ മേ സ്മൃതിം ജ്ഞാത്വാ സ്വയം ഏവ യാതഃ	അന്യനെ ഭജിക്കാത്ത എന്നാൽ സദാ ധ്യാനിക്കപ്പെട്ട (അദ്ദേഹം) എന്റെ ധ്യാനമറിഞ്ഞ് സ്വയമേവ വന്നുചേർന്നല്ലോ.

അന്യചിന്തകളോരാതെ ഭഗവാനെ ഭജിക്കുന്നവരുടെ യോഗക്ഷേമം ഭഗവാൻ സ്വയമേറെറടുത്തുകൊള്ളുമെന്നാണല്ലോ അദ്ദേഹത്തിന്റെ പ്രതിജ്ഞതന്നെ. നോക്കുക: ഗീത—9. 22.

പശ്യത്വിദാനീം ദേവേശോ രാമോ ദാശരഥിഃ പ്രഭുഃ
ദഗ്ധ്വാ സ്വദേഹം ഗച്ഛാമി ബ്രഹ്മലോകമകല്മഷഃ. 9

അകല്മഷഃ അഹം സ്വദേഹം ദഗ്ധ്വാ ബ്രഹ്മലോകം ഗച്ഛാമി ദേവേശഃ പ്രഭുഃ	കല്മഷമററ ഞാൻ സ്വന്തദേഹം ദഹിപ്പിച്ച് ബ്രഹ്മലോകത്തേക്കു പോകയാണ്. ദേവേശനും പ്രഭുവും
ദാശരഥിഃ രാമഃ ഇദാനീം (മാം) പശ്യതു	ദാശരഥിയുമായ രാമൻ ഈ സമയത്ത് (എന്നെ) തൃക്കൺപാർക്കട്ടെ.

അയോധ്യാധിപതിർമേഽസ്തു ഹൃദയേ രാഘവഃ സദാ
യദ്വാമാങ്കേ സ്ഥിതാ സീതാ മേഘസ്യേവതടില്ലതാ. 10

മേഘസ്യ തടില്ലതാ ഇവ	മുകിലിൽ മിന്നൽക്കൊടിപോലെ
യദ് വാമാങ്കേ സീതാ സ്ഥിതാ	ഏതൊരാളുടെ വാമഭാഗത്ത് ജാനകീദേവി വിരാജിക്കുന്നുവോ
അയോധ്യാധിപതിഃ സഃ രാഘവഃ സദാ മേ ഹൃദയേ അസ്തു	അയോധ്യാധിപനായ ആ രാഘവൻ എന്നെന്നും എന്റെ മനതാരിൽ വിളങ്ങട്ടെ.

ഇതി രാമം ചിരം ധ്യാത്വാ ദൃഷ്ട്വാ ച പുരതഃസ്ഥിതം
പ്രജ്ജ്വാല്യ സഹസാ വഹ്നിം ദഗ്ധ്വാ പഞ്ചാത്മകം വപുഃ. 11

ദിവ്യദേഹധരഃ സാക്ഷാദ് യയൗ ലോകപതേഃ പദം
തതോ മുനിഗണാഃ സർവ്വേ ദണ്ഡകാരണ്യവാസിനഃ
ആജഗ്മുഃ രാഘവം ദ്രഷ്ടും ശരഭംഗനിവേശനം. 12

ഇതി പുരതഃസ്ഥിതം രാമം ദൃഷ്ട്വാ ചിരം ധ്യാത്വാ	ഇപ്രകാരം മുന്നിൽ നിന്ന രാമനെ ദർശിക്കയും ഏറെനേരം ധ്യാനിക്കയുംചെയ്തിട്ട്
സഹസാ വഹ്നിം പ്രജ്ജ്വാല്യ പഞ്ചാത്മകം വപുഃ ദഗ്ധ്വാ	വേഗം അഗ്നി ജ്വലിപ്പിച്ച് (ശരഭംഗൻ) പഞ്ചഭൂതമയമായ ദേഹം ദഹിപ്പിച്ച്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാക്ഷാത്	സാക്ഷാൽ
ദിവ്യദേഹധരഃ	ദിവ്യദേഹം കൈക്കൊണ്ട്
ലോകപതേഃ പദം യയൗ	ബ്രഹ്മലോകം പൂകി.
തതഃ	പിന്നെ,
ദണ്ഡകാരണ്യവാസിനഃ	ദണ്ഡകാരണ്യത്തിൽ വസിക്കുന്ന
മുനിഗണാഃ സർവ്വേ	മുനിഗണങ്ങളെല്ലാം
രാഘവം ദ്രഷ്ടും	രാഘവനെ ദർശിക്കാൻ
ശരഭംഗനിവേശനം ആജഗ്മുഃ	ശരഭംഗാശ്രമത്തിലെത്തി.

ദൃഷ്ട്വാ മുനിസമൂഹം തം ജാനകീ രാമലക്ഷ്മണാഃ
പ്രണേമുഃ സഹസാ ഭൂമൗ മായാമാനുഷരൂപിണഃ. 13

തം മുനിസമൂഹം ദൃഷ്ട്വാ	ആ മുനിസമൂഹത്തെ കണ്ടപ്പോൾ
മായാമാനുഷരൂപിണഃ	മായയാൽ മനുഷ്യരൂപം പൂണ്ട
ജാനകീരാമലക്ഷ്മണാഃ	സീതയും രാമനും ലക്ഷ്മണനും
സഹസാ ഭൂമൗ പ്രണേമുഃ	പെട്ടെന്നു നിലത്തു വീണു വണങ്ങി.

ആശീർഭിരഭിനന്ദ്യാഥ രാമം സർവ്വഹൃദിസ്ഥിതം
ഊചുഃ പ്രാഞ്ജലയഃ സർവ്വേ ധനുർബാണധരം ഹരിം. 14

സർവ്വഹൃദിസ്ഥിതം	സകലരുടേയും ഉള്ളിൽ കുടികൊള്ളുന്നവനും
ധനുർബാണധരം	(ലോകരക്ഷയ്ക്ക്) വില്ലുമമ്പുമേന്തിയവനും
ഹരിം രാമം	ശ്രീഹരിയുമായ രാമനെ
ആശീർഭിഃ അഭിനന്ദ്യ	ആശിസ്സുകളാലഭിനന്ദിച്ചിട്ട് (മുനിമാർ)
അഥ സർവ്വേ	പിന്നെല്ലാവരും (ചേർന്ന്)
പ്രാഞ്ജലയഃ ഊചുഃ	തൊഴുകൈയോടെ അറിയിച്ചു.

ഭൂമേർഭാരാവതാരായ ജാതോ/സി ബ്രഹ്മണാർത്ഥിതഃ
ജാനീമസ്ത്വാം ഹരിം ലക്ഷ്മീം ജാനകീം ലക്ഷ്മണം തഥാ. 15

ശേഷാംശം ശംഖചക്രേ ദ്വേ ഭരതം സാനുജം തഥാ
അതശ്ചാദൗ ഋഷീണാം ത്വം ദുഃഖം മോക്തുമിഹാർഹസി. 16

ഭൂമേഃ ഭാരാവതാരായ	ഭൂമിയുടെ ഭാരം പോക്കാൻ
ബ്രഹ്മണാ അർത്ഥിതഃ	ബ്രഹ്മാവിനാൽ പ്രാർത്ഥിക്കപ്പെട്ട നീ
ജാതഃ അസി	(മനുഷ്യനായി) ജനിച്ചിരിക്കയാണ്.
ത്വാം	നിന്നെ
ഹരിം	മഹാവിഷ്ണുവെന്നും
ജാനകീം ലക്ഷ്മീം	സീതയെ ലക്ഷ്മീദേവിയെന്നും
തഥാ ലക്ഷ്മണം	അതുപോലെ ലക്ഷ്മണനെ
ശേഷാംശം	ആദിശേഷന്റെ അംശമെന്നും
ജാനീമഃ	ഞങ്ങൾ അറിയുന്നു.
സാനുജം	അനുജനോടു (ശത്രുഘ്നൻ) കൂടിയ
ഭരതം	ഭരതനെ
ശംഖചക്രേ ദ്വേ (ജാനീമഃ)	ശംഖചക്രങ്ങൾ രണ്ടുമെന്നും അറിയാം.
അതഃ ആദൗ ത്വം	അതിനാലാദ്യം നീ
ഋഷീണാം ദുഃഖം	ഋഷിമാരുടെ ദുഃഖം
മോക്തും അർഹസി	തീർക്കുമാറാകണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂമിയുടെ അഴൽപോക്കാൻ ബ്രഹ്മാവിൻെറ പ്രാർത്ഥനപ്രകാരം പിറന്ന നീ ആദ്യം ചെയ്യേണ്ടതു് ഋഷിമാരുടെ ദുഃഖം തീർക്കുകയാണു്. ഭൂമിയുടെ ഭാരം അതുവഴി നീങ്ങിക്കൊള്ളും.

ആഗച്ഛ യാമോ മുനിസേവിതാനി
വനാനി സർവ്വാണി രഘൂത്തമ, ക്രമാത്
ദ്രഷ്ടും സുമിത്രാ സുതജാനകീഭ്യാം
തദാ ദയാഽസ്മാസു ദൃഢാ ഭവിഷ്യതി. 17

രഘൂത്തമ ആഗച്ഛ	രഘുശ്രേഷ്ഠ, വന്നാലും.
മുനിസേവിതാനി	മുനിമാർ സേവിക്കുന്ന (വസിക്കുന്ന)
സർവ്വാണി വനാനി	വനഭാഗങ്ങളെല്ലാം
ക്രമാത് ദ്രഷ്ടും	മുറയ്ക്കൊന്നു കാണാൻ
സുമിത്രാസുതജാനകീഭ്യാം	ലക്ഷ്മണനോടും ജാനകിയോടുമൊപ്പം
യാമഃ	(നമുക്കു) പോകാം.
തദാ അസ്മാസു	അപ്പോഴാം ഞങ്ങളിൽ
ദൃഢാ ദയാ	(നിനക്കു) അചലമായ
ഭവിഷ്യതി	അനുകമ്പയുണ്ടാകും.

അത്ര അനുകമ്പാർഹമാണു് ഈ കൊടുംകാട്ടിൽ തപശ്ചര്യയിൽ കഴിയുന്ന ഞങ്ങളുടെ ജീവിതം.

ഇതി വിജ്ഞാപിതോ രാമഃ കൃതാഞ്ജലിപുടൈർവിഭുഃ
ജഗാമ മുനിഭിഃ സാർദ്ധം ദ്രഷ്ടും മുനിവനാനി സഃ. 18

കൃതാഞ്ജലിപുടൈഃ	കൂപ്പുകൈകളോടെ (മുനിമാരാൽ)
ഇതി വിജ്ഞാപിതഃ	ഇപ്രകാരം അറിയിക്കപ്പെട്ട
സഃ വിഭുഃ രാമഃ	ആ സർവ്വജ്ഞൻ, ശ്രീരാമചന്ദ്രൻ
മുനിഭിഃ സാർദ്ധം	മുനിമാരോടുകൂടെ
മുനിവനാനി	ഋഷിമാർ പാർക്കുന്ന വനഭാഗങ്ങളും
ദ്രഷ്ടും ജഗാമ	കാണാൻ പോയി.

ദദർശ തത്ര പതിതാന്യനേകാനി ശിരാംസി സഃ
അസ്ഥിഭൂതാനി സർവ്വത്ര രാമോ വചനമബ്രവീത്. 19

തത്ര സർവ്വത്ര	അവിടെയെല്ലായിടത്തും
അനേകാനി ശിരാംസി	നിരവധി തലകൾ
അസ്ഥിഭൂതാനി പതിതാനി	അസ്ഥിഭൂതങ്ങളായി (ദ്രവിച്ച്)
രാമഃ ദദർശ	കിടക്കുന്നതു് രാമൻ കണ്ടു.
സഃ വചനം	അദ്ദേഹം (മുനിമാരോടു്)
അബ്രവീത്	ഇങ്ങനെ ചോദിച്ചു:

അസ്ഥീനി കേഷാമേതാനി കിമർത്ഥം പതിതാനി വൈ
തമൂചുർമുനയോ രാമ ഋഷീണാം മസ്തകാനി ഹി. 20

ഏതാനി അസ്ഥീനി കേഷാം	ഈ അസ്ഥികൾ ആരുടെ?
കിമർത്ഥം പതിതാനി	എന്തുകൊണ്ടു് (ഇവ) വീണുകിടക്കുന്നു?
മുനയഃ തം ഊചുഃ	മുനിമാർ അദ്ദേഹത്തോടു പറഞ്ഞു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ, ഋഷീണാം	രാമ, (ഇവ) ഋഷിമാരുടെ
മസ്തകാനി ഹി	മസ്തകങ്ങൾതന്നെ.

രാക്ഷസൈർഭക്ഷിതാനീശ പ്രമത്താനാം സമാധിതഃ
അന്തരായം മുനീനാം തേ പശ്യന്തോനുചരന്തി ഹി. 21

ഈശ, സമാധിതഃ	ഭഗവാനെ, സമാധിയാൽ
പ്രമത്താനാം	(ബാഹ്യകാര്യം) വിസ്മരിച്ച
മുനീനാം	മുനിമാരുടെ
(മസ്തകാനി ഹി)	(മസ്തകങ്ങൾതന്നെയാണ് ഇവ)
രാക്ഷസൈഃ	(ഇവ) രാക്ഷസർ
ഭക്ഷിതാനി	തിന്നുകളഞ്ഞവയാണ്.
അന്തരായം പശ്യന്തഃ	തക്കം നോക്കി
തേ അനുചരന്തി ഹി	അവർ പിമ്പേ നടക്കുകയാണ്.

ശ്രുത്വാ വാക്യം മുനീനാം സഃ ഭയദൈന്യസമന്വിതം
പ്രതിജ്ഞാമകരോദ്രാമോ വധായാശേഷരക്ഷസാം. 22

ഭയദൈന്യസമന്വിതം	ഭീതിയും ദീനതയും കലർന്ന
മുനീനാം വാക്യം ശ്രുത്വാ	മുനിമാരുടെ വചനം കേട്ട്
സഃ രാമഃ	ആ രാമൻ
അശേഷരക്ഷസാം	രാക്ഷസന്മാരെ നിശ്ശേഷം (താൻ)
വധായ	വധിക്കുമെന്ന്
പ്രതിജ്ഞാം അകരോത്	പ്രതിജ്ഞചെയ്തു.

പൂജ്യമാനഃ സദാ തത്ര മുനിഭിർവനവാസിഭിഃ
ജാനക്യാ സഹിതോ രാമോ ലക്ഷ്മണേന സമന്വിതഃ. 23

ഉവാസ കതിചിത്തത്ര വർഷാണി രഘുനന്ദനഃ
ഏവം ക്രമേണ സംപശ്യൻ ഋഷീണാമാശ്രമാൻ വിഭുഃ. 24

ജാനക്യാ സഹിതഃ	സീതാസമേതനും
ലക്ഷ്മണേന സമന്വിതഃ	ലക്ഷ്മണസഹിതനും
വനവാസിഭിഃ മുനിഭിഃ	വനവാസികളായ മുനിമാരാൽ
സദാ പൂജ്യമാനഃ	സദാ പൂജിക്കപ്പെടുന്നവനും
വിഭുഃ രഘുനന്ദനഃ രാമഃ	മഹാനും രഘുനന്ദനനുമായ രാമൻ
ഏവം ക്രമേണ	ഇങ്ങനെ ക്രമത്തിന്
ഋഷീണാം ആശ്രമാൻ	ഋഷിമാരുടെ ആശ്രമങ്ങളെ
പശ്യൻ	സന്ദർശിച്ചുകൊണ്ട്
കതിചിത് വർഷാണി	കുറെ വർഷക്കാലം
തത്ര ഉവാസ	അവിടെ വസിച്ചു.

സുതീക്ഷ്ണസ്യാശ്രമം പ്രാഗാത് പ്രഖ്യാതമൃഷിസങ്കുലം
സർവർത്തുഗുണസമ്പന്നം സർവകാലസുഖാവഹം. 25

(അനന്തരം)	(അതിനുശേഷം)
സർവർത്തുഗുണ—	സകല ഋതുക്കളുടേയും ഗുണങ്ങളാൽ
സമ്പന്നം	സമ്പന്നവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വകാലസുഖാവഹം	എല്ലായ്പോഴും സുഖം പകരുന്നതും
ഋഷിസങ്കുലം	ഋഷിമാർ തിങ്ങിപ്പാർക്കുന്നതും
ഋവ്യാതം	പുകൾപെററതുമായ
സുതീക്ഷ്ണസ്യ ആശ്രമം	സുതീക്ഷ്ണാശ്രമത്തിലേക്ക്
പ്രാഗാത്	(അദ്ദേഹം) പോയി.

രാമമാഗതമാകർണ്ണ്യ സുതീക്ഷ്ണഃ സ്വയമാഗതഃ
അഗസ്ത്യശിഷ്യോ രാമസ്യ മന്ത്രോപാസനതത്പരഃ
വിധിവത് പൂജയാമാസ ഭക്ത്യുത്കലിതലോചനഃ. 26

രാമം ആഗതം ആകർണ്ണ്യ	രാമൻ വന്നതായി കേട്ട്
സുതീക്ഷ്ണഃ	സുതീക്ഷ്ണൻ
സ്വയം ആഗതഃ	സ്വയം (അവിടെ) എത്തി.
അഗസ്ത്യശിഷ്യഃ	(അദ്ദേഹം) അഗസ്ത്യന്റെ ശിഷ്യനും
രാമസ്യ മന്ത്രോപാസന—	രാമമന്ത്രം ഉപാസിക്കുന്നതിൽ
തത്പരഃ	തൽപരനുമായിരുന്നു.
ഭക്ത്യുത്കലിതലോചനഃ	ഭക്തിയാൽ വിടർന്ന കണ്ണുകളോടെ
വിധിവത് പൂജയാമാസ	(രാമനെ) യഥാവിധി പൂജിച്ചു.

സുതീക്ഷ്ണഃ ഉവാച: സുതീക്ഷ്ണൻ പറഞ്ഞു

ത്വന്മന്ത്രജാപ്യഹമനന്തഗുണാപ്രമേയ,
സീതാപതേ, ശിവവിരിഞ്ചിസമാശ്രിതാംഘ്രേ,
സംസാരസിന്ധുതരണാമലപോതപാദ
രാമാഭിരാമ, സതതം തവ ദാസദാസഃ. 27

അനന്തഗുണ	അന്തമററ ഗുണമുള്ളവനും
അപ്രമേയ	അറിവിനു വിഷയമല്ലാത്തവനുമായ
സീതാപതേ	സീതാപതേ,
ശിവവിരിഞ്ചി	ശിവനും ബ്രഹ്മാവും
സമാശ്രിതാംഘ്രേ	ആശ്രയിക്കുന്ന കാൽത്താരുള്ളവനേ,
സംസാരസിന്ധു	സംസാരസാഗരം കടത്തുന്നതിനു
തരണാമല—	പാവനനൗകയായ്ത്തീർന്ന
പോതപാദ	പാദങ്ങളുള്ളവനേ,
അഭിരാമ,	(യോഗികളെ) രമിപ്പിക്കുന്ന
രാമ	രാമചന്ദ്ര,
ത്വന്മന്ത്രജാപീ അഹം	നിന്റെ നാമമന്ത്രം
സതതം തവ	ഉരുവിടുന്ന ഞാൻ എന്നെന്നും
ദാസദാസഃ	നിന്റെ ദാസന്മാരുടെ ദാസനാണേ.

അകിഞ്ചനത്വ(ഒന്നുമില്ലായ്മ)താണ് ഭക്തന്റെ ഏററവും വലിയ നേട്ടം. തന്റെ ഭക്തിയെപ്പററിപ്പോലും അയാൾക്ക് അഭിമാനമില്ല. ഭക്തന്മാരുടെ ദാസനായിക്കഴിയാൻ ഇടയായാൽ അതു മാത്രം മതി!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാമദ്യ സർവ്വജഗതാമവിഗോചരസ്ത്വം
തന്മായയാ സുതകളത്രഗൃഹാന്ധകൂപേ
മഗ്നം നിരീക്ഷ്യ മലപുദ്ഗലപിണ്ഡമോഹ—
പാശാനുബദ്ധഹൃദയം സ്വയമാഗതോഽസി. 28

മലപുദ്ഗല— പിണ്ഡമോഹപാശാനു— ബദ്ധഹൃദയം	മലമയ ദേഹ പിണ്ഡത്തിൽ മോഹപാശത്താൽ ബദ്ധമായ ഹൃദയമുള്ളവനും
ത്വന്മായയാ സുതകളത്ര— ഗൃഹാന്ധകൂപേ മഗ്നം	ഭഗവന്മായയാൽ പുത്രകളത്രഭവനാദിയായ ഇരുട്ടുകിണ— റ്റിൽ മുങ്ങിക്കിടക്കുന്നവനുമായ
മാം നിരീക്ഷ്യ	എന്നെ തൃക്കൺപാർത്തു് (രക്ഷിക്കാൻ)
സർവ്വജഗതാം അവിഗോചരഃ ത്വം അദ്യ	സകലജഗത്തിനും അതീതനായ നീന്തിരുവടി ഇന്നിതാ
സ്വയം ആഗതഃ അസി	സ്വയം വന്നുചേർന്നല്ലോ!

അശരണരോടെനേരെ അങ്ങേയ്ക്കുള്ള അനുകമ്പയ്ക്കു യാതൊരതിരുമില്ല. ജഗത്തിനെല്ലാം അഗോചരനായി നിലകൊള്ളുന്ന അങ്ങ് ശരണാഗതനായ ഭക്തനെ രക്ഷിക്കാൻ എവിടെയും എത്തിച്ചേരുന്നു.

ത്വം സർവ്വഭൂതഹൃദയേഷു കൃതാലയോഽപി
ത്വന്മന്ത്രജാപ്യ വിമുഖേഷു തനോഷി മായാം
ത്വന്മന്ത്രസാധനപരേഷ്വപയാതി മായാ
സേവാനുരൂപഫലദോഽസി യഥാ മഹീപഃ. 29

സർവ്വഭൂതഹൃദയേഷു കൃതാലയഃ അപി	എല്ലാ ഭൂതങ്ങളുടേയും ഹൃദയങ്ങളിലാണ് നിനക്കു വസതിയെങ്കിലും
ത്വന്മന്ത്രജാപ്യ വിമുഖേഷു മായാം തനോഷി	നിന്റെ നാമമന്ത്രം ജപിക്കുന്നതിൽ വൈമുഖ്യമുള്ളവരിൽ നീ മായയെ വ്യാപിപ്പിക്കാറുണ്ട്.
ത്വന്മന്ത്രസാധനപരേഷു മായാ അപയാതി	നിന്റെ മന്ത്രസാധകരിൽനിന്ന് മായ ഒഴിഞ്ഞുപോകുന്നു.
യഥാ മഹീപഃ	രാജാവിനെപ്പോലെ
ത്വം സേവാനുരൂപഫലദഃ അസി	നീ സേവനാനുരൂപമായ ഫലം നല്കുന്നവനത്രേ.

ഭഗവദ്ഗുണങ്ങളെ അനുശീലനംചെയ്യുകയും സാദ്ധ്യമാവുന്നത്ര തന്നിലേക്കു സംക്രമിപ്പിക്കുകയുമാണ് നാമജപത്തിന്റെ ലക്ഷ്യം. നാമോപാസനയിൽ മുഴുകിയ ഭക്തനെ മായ വിട്ടൊഴിയുന്നു.

വിശ്വസ്യ സൃഷ്ടിലയസംസ്ഥിതിഹേതുരേക—
സ്ത്വം മായയാ ത്രിഗുണയാ വിധിരീശവിഷ്ണൂ
ഭാസീശ മോഹിതധിയാം വിവിധാകൃതിസ്ത്വം
യദ്വദ്രവിഃ സലിലപാത്രഗതോ ഹ്യനേകഃ. 30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈശ,	അല്ലയോ ഭഗവാനേ,
വിശ്വസ്യ സൃഷ്ടിലയ—	വിശ്വത്തിന്റെ സൃഷ്ടിക്കും ലയത്തിനും
സംസ്ഥിതിഹേതുഃ	നിലനില്പിനും കാരണം
ത്വം ഏകഃ (ഏവ)	നീയൊരാൾ (മാത്രമാണ്).
ത്രിഗുണയാ മായയാ	(നീതന്നെ) മൂന്നു ഗുണങ്ങളുള്ള മായ—
വിധിഃ ഈശ വിഷ്ണുഃ	നിമിത്തം ബ്രഹ്മാവ്, ശിവൻ, വിഷ്ണു
വിവിധാകൃതിഃ	എന്നിങ്ങനെ വിവിധരൂപങ്ങളിൽ
ഭാസി	വിളങ്ങുന്നു.
സലിലപാത്രഗതഃ	പല ജലപാത്രങ്ങളിൽ നിഴലിക്കുന്ന
രവിഃ യഥാ	ഒരു സൂര്യൻ
അനേകഃ	പലതായി (കാണുംപോലെ)

ജഗത്കാരണനായ പരമാത്മാവ് ഏകൻതന്നെ. സത്വരജസ്തമോഗുണങ്ങൾക്കിരിപ്പിടമായ മായയുടെ പ്രഭാവത്താൽ ഏകമായ പൊരുളിനെ പലതായി അജ്ഞന്മാർ കാണുന്നു. ബ്രഹ്മാവിഷ്ണു തുടങ്ങിയ ദേവതാസങ്കല്പങ്ങൾക്ക ഹേതുവും മായയാണ്. സൂര്യൻ ഒന്നേയുള്ളൂ. പല പാത്രങ്ങളിലെ ജലത്തിൽ അതിന്റെ പ്രതിബിംബങ്ങൾ കണ്ട് അജ്ഞൻ അനേകം സൂര്യന്മാരുണ്ടെന്നു കരുതുന്നു. യഥാർത്ഥസൂര്യനെ കാണുന്നുമില്ല. മൂഢന്മാരുടെ സ്ഥിതിയും ഇതുതന്നെ. ദേവതകളിൽ മോഹിക്കുന്നു; പരംപൊരുളിനെ അറിയാറുമില്ല.

പ്രത്യക്ഷതോഽദ്യ ഭവതശ്ചരണാരവിന്ദം
പശ്യാമി രാമ തമസഃ പരതഃ സ്ഥിതസ്യ
ദൃഗ്രൂപതസ്ത്വമസതാമവിഗോചരോപി
ത്വന്മന്ത്രപൂതഹൃദയേഷു സദാ പ്രസന്നഃ. 31

രാമ,	അല്ലയോ ഭഗവാനേ,
തമസഃ പരതഃ	ഇരുളിന് (അജ്ഞാനത്തിന്)
സ്ഥിതസ്യ	അപ്പുറം വർത്തിക്കുന്ന
ദൃഗ്രൂപതഃ	ദ്രഷ്ടാവായ
ഭവതഃ ചരണാരവിന്ദം	അവിടത്തെ കാൽത്താർ
അദ്യ പ്രത്യക്ഷതഃ	ഇന്നു (ഞാൻ) പ്രത്യക്ഷത്തിൽ
പശ്യാമി	കാണുകയാണ്.
അസതാം അവിഗോചരഃ അപി	പാപികൾക്ക് അജ്ഞേയനെങ്കിലും
ത്വന്മന്ത്ര പൂത—	നിന്റെ നാമമന്ത്രത്താൽ പാവനതയാർന്ന
ഹൃദയേഷു	ഹൃദയമുള്ളവരിൽ
പ്രസന്നഃ ത്വം	പ്രസാദിക്കുന്നവനാണല്ലോ നീ.

തമസ്സിനും അജ്ഞതയ്ക്കും അപ്പുറം വർത്തിക്കുന്ന ശുദ്ധജ്ഞാനമാണ് രാമൻ—ബ്രഹ്മം. തൻ്റെ പ്രപഞ്ചവ്യാപാരങ്ങളെല്ലാം വീക്ഷിച്ചു വിലസുന്നു—''അനശ്നൻ അന്യഃ അഭിചാകശീതി'' എന്നു് യജുർവ്വേദം.

ഭഗവന്നാമജപം ഹൃദയശുദ്ധീകരിക്കുന്നു. ശുദ്ധമായ ഹൃദയത്തിൽ ദിവ്യചൈതന്യം സ്വയം സ്ഫുരിക്കുമല്ലോ.

പശ്യാമി രാമ തവരൂപമരൂപിണോപി
മായാവിഡംബനകൃതം സുമനുഷ്യവേഷം
കന്ദർപ്പകോടിസുഭഗം കമനീയചാപ—
ബാണം ദയാർദ്രഹൃദയം സ്മിതചാരുവക്ത്രം. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ, അരൂപിണഃ അപി	അല്ലയോ രാമ, അരൂപിയെങ്കിലും
മായാവിഡംബന— കൃതം	മായാവിലാസത്തിനായ് കൈക്കൊണ്ടതും
കന്ദർപ്പകോടിസുഭഗം	കോടിമന്മഥന്മാരെക്കാളും സുഭഗവും
കമനീയചാപബാണം	മനോഹരമായ വില്ലമമ്പുമേന്തിയതും
ദയാർദ്രഹൃദയം	ഉള്ളം അനുകമ്പയാലലിയുന്നതും
സ്മിതചാരു— വക്ത്രം	പുഞ്ചിരിയാൽ ശോഭയാർന്ന മുഖത്തോടുകൂടിയതും
സുമനുഷ്യവേഷം	മനുഷ്യവേഷം പൂണ്ടതുമായ
തവ രൂപം പശ്യാമി	നിന്റെ രൂപം ഞാൻ കാണുകയാണ്.

സീതാസമേതമജിനാംബരമപ്രധൃഷ്യം
സൗമിത്രിണാ നിയതസേവിതപാദപദ്മം
നീലോല്പലദ്യുതിമനന്തഗുണം പ്രശാന്തം
മദ്ഭാഗധേയമനിശം പ്രണമാമി രാമം. 33

സീതാസമേതം	സീതാസമേതനും
അജിനാംബരം	കൃഷ്ണമൃഗത്തോലുടുത്തവനും
അപ്രധൃഷ്യം	അനതിക്രമണീയനും
സൗമിത്രിണാ നിയത— സേവിതപാദപദ്മം	ലക്ഷ്മണനാൽ നിയമേന സേവിക്കപ്പെടുന്ന കാൽത്താരുള്ളവനും
നീലോല്പലദ്യുതിം	നീലത്താമരയൊളിയിയന്നവനും
അനന്തഗുണം	അന്തമററ ഗുണങ്ങൾക്കടമയും
പ്രശാന്തം	പ്രശാന്തനും
മദ്ഭാഗധേയം	എന്റെ ഭാഗ്യത്തിടമ്പുമായ
രാമം	ശ്രീരാമചന്ദ്രനെ
അനിശം പ്രണമാമി	എപ്പോഴും വണങ്ങുന്നു.

ജാനന്തു രാമ തവരൂപമശേഷദേശ—
കാലാദ്യുപാധിരഹിതം ഘനചിത്പ്രകാശം
പ്രത്യക്ഷതോഽദ്യ മമ ഗോചരമേതദേവ
രൂപം വിഭാതു ഹൃദയേ ന പരം വികാംക്ഷേ. 34

രാമ, തവ രൂപം	അല്ലയോ രാമ, നിന്റെ രൂപം
അശേഷദേശകാലാ— ദ്യുപാധിരഹിതം	ദേശകാലാദി സകല ഉപാധികളുമററതും
ഘനചിത്പ്രകാശം	ഘനമായ ചിത്പ്രകാശവും (ആണെന്നു ധരിക്കുന്നവർ അങ്ങനെ)
ജാനന്തു	അറിഞ്ഞോട്ടെ.
അദ്യ പ്രത്യക്ഷതഃ ഗോചരം	ഇന്നു (ഞാൻ) പ്രത്യക്ഷത്തിൽ കണ്ട
ഏതദ് രൂപം ഏവ	ഈ രൂപംതന്നെ
മമ ഹൃദയേ വിഭാതു	എന്റെ ഹൃദയത്തിൽ വിളങ്ങേണമേ.
പരം ന വികാംക്ഷേ	അതിൽപ്പരമൊന്നും എനിക്കാഗ്രഹമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിരുപാധികവും ശുദ്ധചേതനവുമായ പരമതത്ത്വമാണ് രാമൻ എന്നു യോഗികൾക്കറിയാം. പക്ഷേ, യോഗികൾക്കേ ആ പരമാർത്ഥം ഗ്രഹിക്കാൻ കഴിവുള്ളു. ഭക്തന്മാർക്ക് അതല്ല കാമ്യം. ഇന്ദ്രിയങ്ങൾക്കുനേരെ പിടികിട്ടുന്ന, നിത്യജീവിതബദ്ധമായ ഭഗവത്സ്വരൂപമാണ് അവർക്കു മോക്ഷത്തേക്കാൾ ഇഷ്ടം.

ഇത്യേവം സ്തുവതസ്തസ്യ രാമഃ സസ്മിതമബ്രവീത്
മുനേ ജാനാമി തേ ചിത്തം നിർമ്മലം മദുപാസനാത്. 35

ഇതി ഏവം സ്തുവതഃ	ഇങ്ങനെയൊക്കെ വാഴ്ത്തി സ്തുതിച്ച
തസ്യ രാമഃ സസ്മിതം	അദ്ദേഹത്തോട് രാമൻ
അബ്രവീത്	പുഞ്ചിരിതൂകി പറഞ്ഞു:
മുനേ, തേ ചിത്തം	മുനേ, നിങ്ങളുടെ ഹൃദയം
മദുപാസനാത്	എന്റെ ഉപാസനയാൽ
നിർമ്മലം ജാനാമി	നിർമ്മലമാണെന്ന് എനിക്കറിയാം.

അതോഽഹമാഗതോ ദ്രഷ്ടും മദൃതേ നാന്യസാധനം
മന്മന്ത്രോപാസകാ ലോകേ മാമേവ ശരണം ഗതാഃ. 36

നിരപേക്ഷാ നാന്യഗതാസ്തേഷാം ദൃശ്യോഽഹമന്വഹം
സ്തോത്രമേതത് പഠേദ്യസ്തു ത്വത്കൃതം മത്പ്രിയം സദാ
സദ്ഭക്തിർ മേ ഭവേത്തസ്യ ജ്ഞാനം ച വിമലം ഭവേത്. 37

അതഃ അഹം	അതിനാൽ ഞാൻ (നിന്നെ)
ദ്രഷ്ടും ആഗതഃ	കാണാൻ വന്നിരിക്കയാണ്.
മദൃതേ	ഞാനല്ലാതെ
അന്യസാധനം ന	(എന്നിലുള്ള ഭക്തിയല്ലാതെ എന്നെ പ്രാപിക്കാൻ) മറ്റുപായമില്ല.
ലോകേ മന്മന്ത്രോ—	ലോകത്തിൽ എന്റെ നാമമന്ത്രം
പാസകാഃ മാം ഏവ	ഉപാസിക്കുന്നവരും എന്നെത്തന്നെ
ശരണം ഗതാഃ	ശരണം ഗമിക്കുന്നവരും
നിരപേക്ഷാഃ	അപേക്ഷയില്ലാത്തവരും
നാന്യഗതാഃ	മറ്റൊരുമാശ്രയമില്ലാത്തവരും
യേ തേഷാം	ആരാണോ, അവർക്ക്
അഹം അന്വഹം ദൃശ്യഃ	ഞാനെന്നും ദൃശ്യനാണ്.
ത്വത്കൃതം	നീ രചിച്ചതും
മത്പ്രിയം	എനിക്കു പ്രിയങ്കരവുമായ
ഏതത് സ്തോത്രം	ഈ സ്തോത്രം
യഃ സദാ പഠേത്	ആരെപ്പോഴും പഠിക്കുമോ
തസ്യ മേ സദ്ഭക്തിഃ	അവന് എന്നിൽ ശുദ്ധമായ
ഭവേത്	ഭക്തിയുണ്ടാകും.
വിമലം ജ്ഞാനം ച ഭവേത്	നിർമ്മലമായ ജ്ഞാനവും ഭവിക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം മമോപാസനാദേവ വിമുക്തോസീഹ സർവ്വതഃ. 38

ദേഹാന്തേ മമ സായുജ്യം ലപ്സ്യസേ നാത്ര സംശയഃ
ഗുരും തേ ദ്രഷ്ടുമിച്ഛാമിഹ്യഗസ്ത്യം മുനിനായകം
കിഞ്ചിത് കാലം തത്ര വസ്തും മനോ മേ ത്വരയത്യലം. 39

മമ ഉപാസനാത് ഏവ ത്വം ഇഹ സർവ്വതഃ വിമുക്തഃ അസി	എന്റെ ഉപാസനയാൽത്തന്നെ നീ ഇഹത്തിലുള്ള എല്ലാററിൽനിന്നും മുക്തനായിരിക്കുന്നു.
ദേഹാന്തേ മമ സായുജ്യം ലപ്സ്യസേ	ദേഹാവസാനത്തോടെ നിനക്കെന്റെ സായുജ്യവും ലഭിക്കും.
അത്ര ന സംശയഃ	ഇതിൽ സംശയമില്ല.
തേ ഗുരും മുനിനായകം അഗസ്ത്യം ദ്രഷ്ടും ഇച്ഛാമി	(ഇനി) നിന്റെ ഗുരുവും മുനിനായകനുമായ അഗസ്ത്യനെ കാണാൻ ഞാനാഗ്രഹിക്കുന്നു.
തത്ര കിഞ്ചിത് കാലം വസ്തും മമ മനഃ അലം ത്വരയതി	അവിടെ അല്പകാലം വസിക്കാനും എന്റെ മനസ്സിന് അതിയായ അഭിനിവേശമുണ്ട്.

സുതീക്ഷ്ണോപി തഥേത്യാഹ ശ്വോ ഗമിഷ്യസി രാഘവ
അഹമപ്യാഗമിഷ്യാമി ചിരാദ് ദ്രഷ്ടോ മഹാമുനിഃ. 40

സുതീക്ഷ്ണഃ അപി തഥാ ഇതി ആഹ	സുതീക്ഷ്ണനും 'അങ്ങനെയാകട്ടെ' എന്നു പറഞ്ഞു
രാഘവ ശ്വഃ ഗമിഷ്യസി അഹം അപി അനുഗമിഷ്യാമി മഹാമുനിഃ ചിരാദ് ദ്രഷ്ടഃ	രാഘവ, നാളെ (അങ്ങോട്ട്) പോകുക; ഞാനും കൂടെ വരാം. മഹാമുനിയെ കണ്ടിട്ട് വളരെ നാളായി.

അഥ പ്രഭാതേ മുനിനാ സമേതോ
രാമഃ സസീതഃ സഹലക്ഷ്മണേന
അഗസ്ത്യസംഭാഷണലോലമാനസഃ
ശനൈരഗസ്ത്യാനുജമന്ദിരം യയൗ. 41

അഥ പ്രഭാതേ രാമഃ മുനിനാ സമേതഃ	അനന്തരം പ്രഭാതത്തിൽ ശ്രീരാമൻ മുനിയേയുംകൂട്ടി
സസീതഃ ലക്ഷ്മണേന സഹ	സീതയോടും, ലക്ഷ്മണനോടുമൊപ്പം
അഗസ്ത്യസംഭാഷണലോലമാനസഃ	അഗസ്ത്യനോട സംഭാഷണം ചെയ്യുന്നതിൽ താൽപര്യമാന്ന മനസ്സോടെ
ശനൈഃ	മെല്ലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗസ്ത്യാനുജ-	അഗസ്ത്യന്റെ അനുജന്റെ
മന്ദിരം യയൗ	മന്ദിരത്തിലെത്തിച്ചേർന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ ദ്വിതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം രണ്ടാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം മൂന്ന്
അഗസ്ത്യസന്ദർശനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

അഥ രാമഃ സുതീക്ഷ്ണേന ജാനക്യാ ലക്ഷ്മണേന ച
അഗസ്ത്യസ്യാനുജസ്ഥാനം മധ്യാഹ്നേ സമപദ്യത. 1

അഥ രാമഃ	പിന്നീട് രാമൻ
സുതീക്ഷ്ണേന	സുതീക്ഷ്ണനും
ജാനക്യാ ലക്ഷ്മണേന ച	സീതയും ലക്ഷ്മണനുമൊത്ത്
മധ്യാഹ്നേ അഗസ്ത്യസ്യ	ഉച്ചസമയത്ത് അഗസ്ത്യന്റെ
അനുജസ്ഥാനം	അനുജനായ (അഗ്നിജിഹ്വന്റെ)
സമപദ്യത	ആശ്രമത്തിലെത്തി.

തേന സമ്പൂജിതഃ സമ്യഗ് ഭുക്ത്വാ മൂലഫലാദികം
പരേദ്യുഃ പ്രാതരുത്ഥായ ജഗ്മുസ്തേ ഽഗസ്ത്യമണ്ഡലം. 2

തേന സമ്പൂജിതഃ	അദ്ദേഹത്താൽ സംപൂജിതനായി
ഫലമൂലാദികം	ഫലമൂലാദികളും
സമ്യക് ഭുക്ത്വാ	യഥേഷ്ടം ഭുജിച്ച്;
പരേദ്യുഃ പ്രാതഃ ഉത്ഥായ	പിറേന്നു രാവിലെയെഴുന്നേറ്റ്
തേ	അവർ
അഗസ്ത്യമണ്ഡലം ജഗ്മുഃ	അഗസ്ത്യാശ്രമത്തിലേക്കു ചെന്നു.

സർവ്വർത്തുഫലപുഷ്പാഢ്യം നാനാമൃഗഗണൈർയുതം
പക്ഷിസംഘൈശ്ച വിവിധൈർനാദിതം നന്ദനോപമം. 3

ബ്രഹ്മർഷിഭിർദേവർഷിഭിഃ സേവിതം മുനിമന്ദിരൈഃ
സർവ്വതോഽലംകൃതം സാക്ഷാത് ബ്രഹ്മലോകമിവാപരം. 4

സർവ്വർത്തു- ഫലപുഷ്പാഢ്യം	എല്ലാ ഋതുക്കളിലുമുള്ള പഴങ്ങളും പൂക്കളുംകൊണ്ടു സമൃദ്ധവും
നാനാമൃഗഗണൈഃ യുതം	പലതരം മൃഗങ്ങളുള്ളതും
വിവിധൈഃ പക്ഷിസംഘൈഃ ച നാദിതം	പലതരം പക്ഷിക്കൂട്ടങ്ങളാൽ മുഖരിതവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്ദനോപമം	നന്ദനസമാനവും
ബ്രഹ്മർഷിഭിഃ ദേവർഷിഭിഃ ച സേവിതം മുനിമണ്ഡലൈഃ സവ്വതഃ അലംകൃതം	ബ്രഹ്മർഷിമാരാലും ദേവർഷിമാരാലും സേവിതവും മുനിവാടങ്ങളാലെങ്ങും അലങ്കരിക്കപ്പെട്ടതും
അപരം സാക്ഷാത് ബ്രഹ്മലോകം ഇവ	മറെറാരു സാക്ഷാത് ബ്രഹ്മലോകത്തിനു തുല്യവുമായിരുന്നു ആശ്രമം.

ബഹിരേവാശ്രമസ്യാഥ സ്ഥിത്വാ രാമോ ഽബ്രവീൻ മുനിം
സുതീക്ഷ്ണ, ഗച്ഛ ത്വം ശീഘ്രമാഗതം മാം നിവേദയ. 5

അഗസ്ത്യമുനിവര്യായ സീതയാ ലക്ഷ്മണേന ച
മഹാപ്രസാദ ഇത്യുക്ത്വാ സുതീക്ഷ്ണഃ പ്രയയൗ ഗുരോഃ. 6

ആശ്രമം ത്വരയാ തത്ര ഋഷിസംഘസമാവൃതം
ഉപവിഷ്ടം രാമഭക്തൈർവിശേഷേണ സമായുതം. 7

വ്യാഖ്യാതരാമമന്ത്രാർത്ഥം ശിഷ്യേഭ്യശ്ചാതിഭക്തിതഃ
ദൃഷ്ട്വാഗസ്ത്യം മുനിശ്രേഷ്ഠഃ സുതീക്ഷ്ണഃ പ്രയയൗ മുനേഃ. 8

ദണ്ഡവത് പ്രണിപത്യാഹ വിനയാവനതഃ സുധീഃ
രാമോ ദാശരഥിർബ്രഹ്മൻ സീതയാ ലക്ഷ്മണേന ച
ആഗതോ ദർശനാർത്ഥം തേ ബഹിസ്തിഷ്ഠതി സാഞ്ജലിഃ. 9

ആശ്രമസ്യ ബഹിഃ ഏവ സ്ഥിത്വാ രാമഃ അഥ മുനിം അബ്രവീത് സുതീക്ഷ്ണ, ത്വം ശീഘ്രം ഗച്ഛ സീതയാ ലക്ഷ്മണേന ച മാം ആഗതം	ആശ്രമത്തിനു വെളിയിൽത്തന്നെ നിന്നുകൊണ്ട് രാമൻ പിന്നെ മുനിയോട് പറഞ്ഞു: സുതീക്ഷ്ണ, നിങ്ങൾ വേഗം ചെന്ന് സീതയോടും ലക്ഷ്മണനോടുമൊരുത്താണ് ഞാൻ വന്നിരിക്കുന്നതെന്നു
അഗസ്ത്യമുനിവര്യായ നിവേദയ	മുനിവരനായ അഗസ്ത്യനെ അറിയിക്കണം.
മഹാപ്രസാദഃ ഇതി ഉക്ത്വാ സുതീക്ഷ്ണഃ ത്വരയാ ഗുരോഃ ആശ്രമം പ്രയയൗ തത്ര ഋഷിസംഘസമാവൃതം	'വലിയ അനുഗ്രഹം' എന്നു ചൊല്ലി സുതീക്ഷ്ണൻ പെട്ടെന്നു ഗുരുവിന്റെ ആശ്രമത്തിലേക്കു ചെന്നു. അവിടെ ഋഷിസമൂഹത്താൽ ചുററപ്പെട്ടവനും
രാമഭക്തൈഃ വിശേഷേണ സമായുതം ശിഷ്യേഭ്യഃ അതിഭക്തിതഃ വ്യാഖ്യാത— രാമമന്ത്രാർത്ഥം മുനിശ്രേഷ്ഠം അഗസ്ത്യം	രാമഭക്തന്മാരോടു സവിശേഷം ചേർന്നിരിക്കുന്നവനും ശിഷ്യന്മാർക്ക് തികഞ്ഞ ഭക്തിയോടെ രാമമന്ത്രത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചുകൊടുക്കുന്നവനും മുനിമാരിൽ മുമ്പനുമായ അഗസ്ത്യനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃഷ്ട്വാ സുതീക്ഷ്ണഃ	ദർശിച്ച സുതീക്ഷ്ണൻ
മുനേഃ	അദ്ദേഹത്തിൻെറ
സമീപം പ്രയയൗ	സമീപത്തേക്കു ചെന്നു.
വിനയാവനതഃ സുധീഃ	വിനയനമ്രനായ ആ ബുദ്ധിശാലി
ദണ്ഡവത് പ്രണിപത്യ ആഹ	ദണ്ഡംപോലെ വീണുവണങ്ങി അറിയിച്ചു.
ബ്രഹ്മൻ,	അല്ലയോ ബ്രഹ്മജ്ഞ,
ദാശരഥിഃ രാമഃ	ദശരഥപുത്രൻ രാമൻ
സീതയാ ലക്ഷ്മണേന ച	സീതയും ലക്ഷ്മണനുമൊത്ത്
തേ ദർശനാർത്ഥം ആഗതഃ	അങ്ങയെ ദർശിക്കാൻ വന്ന്
സാഞ്ജലിഃ ബഹിഃ തിഷ്ഠതി	കൂപ്പുകൈകളോടെ പുറത്തു നില്ക്കുന്നു.

അഗസ്ത്യ ഉവാച: അഗസ്ത്യൻ അരുളി

ശീഘ്രമാനയ ഭദ്രം തേ രാമം മമ ഹൃദിസ്ഥിതം
തമേവ ധ്യായമാനോ ഽഹം കാംക്ഷമാണോ ഽത്ര സംസ്ഥിതഃ. 10

തേ ഭദ്രം	(വത്സ) നിനക്കു മംഗലം!
മമ ഹൃദിസ്ഥിതം	എൻെറ കരളിൽ കുടികൊള്ളുന്ന
രാമം ശീഘ്രം ആനയ	രാമനെ വേഗം ആനയിക്കൂ.
തം ഏവ	അദ്ദേഹത്തെത്തന്നെ
ധ്യായമാനഃ	ധ്യാനിച്ചുകൊണ്ട്,
കാംക്ഷമാണഃ അഹം	(കാണാൻ) കൊതിയോടെ ഞാൻ
അത്ര സംസ്ഥിതഃ	ഇവിടെ കഴിയുകയാണ്.

ഇത്യുക്ത്വാ സ്വയമുത്ഥായ മുനിഭിഃ സഹിതോ ദ്രുതം
അഭ്യഗാത് പരയാ ഭക്ത്യാ ഗത്വാ രാമമഥാബ്രവീത്. 11

ഇതി ഉക്ത്വാ സ്വയം ഉത്ഥായ	എന്നു ചൊല്ലി സ്വയം എഴുന്നേററ്
മുനിഭിഃ സഹിതഃ	മുനിമാരോടുകൂടെ (അഗസ്ത്യൻ)
ദ്രുതം രാമം അഭ്യഗാത്	പെട്ടെന്ന് രാമസവിധമെത്തി.
അഥ ഗത്വാ	പിന്നെ മുന്നോട്ടു ചെന്ന്
പരയാ ഭക്ത്യാ	പരമമായ ഭക്തിയോടെ
രാമം അബ്രവീത്	രാമനോട് ഇങ്ങനെ പറഞ്ഞു.

ആഗച്ഛ രാമ ഭദ്രം തേ ദിഷ്ട്യാ തേ ഽദ്യ സമാഗമഃ
പ്രിയാതിഥിർ മമ പ്രാപ്തോ ഽസ്യദ്യ മേ സഫലം ദിനം. 12

രാമ ആഗച്ഛ, തേ ഭദ്രം	രാമ, വന്നാലും; നിനക്കു മംഗലം.
ദിഷ്ട്യാ അദ്യ തേ സമാഗമഃ	ഭാഗ്യത്താൽ ഇന്നു നീ വന്നുചേർന്നു.
മമ പ്രിയാതിഥിഃ	എനിക്കു പ്രിയപ്പെട്ട വിരുന്നുകാരനായി
പ്രാപ്തഃ അസി	നിന്നെ ലഭിച്ചുവല്ലോ.
അദ്യ മേ ദിനം സഫലം	ഇന്ന് എൻെറ ദിനം സഫലമായി.

രാമോ ഽപി മുനിമായാന്തം ദൃഷ്ട്വാ ഹർഷസമാകുലഃ
സീതയാ ലക്ഷ്മണേനാപി ദണ്ഡവത് പതിതോ ഭുവി. 13

ആയാന്തം മുനിം ദൃഷ്ട്വാ	വന്നുചേർന്ന മുനിയെ കണ്ട്
ഹർഷസമാകുലഃ രാമഃ അപി	സന്തോഷത്തുള്ളലാർന്ന രാമൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സീതയാ ലക്ഷ്മണേന	സീതയും ലക്ഷ്മണനുമൊത്ത്
അപി ഭുവി ദണ്ഡവത് പതിതഃ	നിലത്തു സാഷ്ടാംഗം വീണു (വണങ്ങി)

ഭൃത്യമുത്ഥാപ്യ മുനിരാട് രാമമാലിംഗ്യ ഭക്തിതഃ
തദ്ഗാത്രസ്പർശജാഹ്ലാദസ്രവന്നേത്ര ജലാകുലഃ. 14

ഗൃഹീത്വാ കരമേകേന കരേണ രഘുനന്ദനം
ജഗാമ സ്വാശ്രമം ഹൃഷ്ടോ മനസാ മുനിപുംഗവഃ. 15

മുനിരാട് രാമം	മുനിവരൻ രാമനെ
ഭൃത്യം ഉത്ഥാപ്യ	പെട്ടെന്നെഴുന്നേല്പിച്ച്
ഭക്തിതഃ ആലിംഗ്യ	ഭക്തിപൂർവ്വം പുണർന്നു
തദ്ഗാത്രസ്പർശനാഹ്ലാദ–	ആ ഭൃത്യന്റെ മേനി തൊട്ട
സ്രവന്നേത്ര ജലാകുലഃ	ആഹ്ലാദത്താൽ വന്ന
(ബഭൂവ)	മിഴിനീരാൽ ആകുലനായി.
ഏകേന കരേണ	ഒരു കൈകൊണ്ട്
രഘുനന്ദനം കരം ഗൃഹീത്വാ	രഘുനന്ദനന്റെ കരം പിടിച്ച്
മനസാ ഹൃഷ്ടഃ മുനിപുംഗവഃ	മനസ്സോല്ലാസംപൂണ്ട മുനിശ്രേഷ്ഠൻ
സ്വാശ്രമം ജഗാമ	തന്റെ ആശ്രമത്തിലേക്കു നടന്നു.

സുഖോപവിഷ്ടം സംപൂജ്യ പൂജയാ ബഹുവിസ്തരം
ഭോജയിത്വാ യഥാന്യായം ഭോജ്യൈർവന്യൈരനേകധാ. 16

സുഖോപവിഷ്ടമേകാന്തേ രാമം ശശിനിഭാനനം
കൃതാഞ്ജലിരുവാചേദമഗസ്ത്യോ ഭഗവാനൃഷിഃ. 17

സുഖോപവിഷ്ടം	(ആശ്രമത്തിൽ) സാനന്ദം ഇരുന്നരുളിയ
(രാമം)	(രാമനെ)
പൂജയാ	പൂജയാൽ
ബഹുവിസ്തരം	നന്നേ വിസ്തരിച്ചുപചരിച്ചു.
സംപൂജ്യ, വന്യൈഃ	കാട്ടിലുണ്ടായ
അനേകധാ ഭോജ്യൈഃ	പലവിധ ഭോജ്യങ്ങളാം
യഥാന്യായം ഭോജയിത്വാ	യഥായോഗ്യം ഭുജിപ്പിച്ചു;
ഏകാന്തേ സുഖോപവിഷ്ടം	ഏകാന്തതയിൽ വിശ്രമിച്ച
ശശിനിഭാനനം രാമം	ശശിമുഖനായ രാമനെ
കൃതാഞ്ജലിഃ ഭഗവാൻ	തൊഴുകൈകളോടെ ഭഗവാൻ
അഗസ്ത്യഃ ഋഷിഃ	അഗസ്ത്യമുനി
ഇദം ഉവാച	ഇപ്രകാരമറിയിച്ചു.

ത്വദാഗമനമേവാഹം പ്രതീക്ഷൻ സമവസ്ഥിതഃ
യദാ ക്ഷീരസമുദ്രാന്തേ ബ്രഹ്മണാ പ്രാർത്ഥിതഃ പുരാ. 18

ഭൂമേർഭാരാപനുത്യർത്ഥം രാവണസ്യ വധായ ച
തദാദി ദർശനാകാംക്ഷീ തവ രാമ തപശ്ചരൻ
വസാമി മുനിഭിഃ സാർദ്ധം ത്വാമേവ പരിചിന്തയൻ. 19

രാമ, പുരാ	അല്ലയോ രാമ, പണ്ട്
ക്ഷീരസമുദ്രാന്തേ	പാൽക്കടൽത്തീരത്തുവച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂമേഃ ഭാരാപനുത്യർത്ഥം രാവണസ്യ വധായ ച	ഭൂമിയുടെ ഭാരം നീക്കാനും രാവണനെ വധിക്കാനുമായി
ബ്രഹ്മണാ യദാ പ്രാർത്ഥിതഃ തദാദി	ബ്രഹ്മാവിനാൽ എപ്പോഴാണ പ്രാർത്ഥിക്ക- പ്പെട്ടുവോ, അന്നുമുതൽ
തവ ദർശനാകാംക്ഷീ ത്വദാഗമനം ഏവ പ്രതീക്ഷൻ ത്വാം ഏവ പരിചിന്തയൻ മുനിഭിഃ സാർദ്ധം അഹം (അത്ര) വസാമി	നിന്നെ കാണാൻ കൊതിച്ച് നിൻെറ വരവുമാത്രം പ്രതീക്ഷിച്ച്, നിന്നെത്തന്നെ നിനച്ചുകൊണ്ട് മുനിമാരോടൊത്ത് ഞാൻ (ഇവിടെ) കഴിയുകയാണ്.

സൃഷ്ടേഃ പ്രാഗേക ഏവാസീന്നിർവ്വികല്പോfനുപാധികഃ
ത്വദാശ്രയാ ത്വദ്വിഷയാ മായാ തേ ശക്തിരുച്യതേ. 20

ത്വാമേവ നിർഗ്ഗുണം ശക്തിരാവൃണോതി യദാ തദാ
അവ്യാകൃതമിതി പ്രാഹുർവേദാന്തപരിനിഷ്ഠിതാഃ. 21

മൂലപ്രകൃതിരിത്യേകേ പ്രാഹുർമായേതി കേചന
അവിദ്യാസംസൃതിർബന്ധ ഇത്യാദി ബഹുധോച്യതേ. 22

സൃഷ്ടേഃ പ്രാക് നിർവ്വികല്പഃ അനുപാധികഃ ത്വം ഏകഃ ഏവ ആസീഃ	സൃഷ്ടിക്കുമുമ്പ്, വികല്പമററവനും നിരുപാധികനുമായ നീയൊരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.
ത്വദാശ്രയാ ത്വദ്വിഷയാ മായാ തേ ശക്തിഃ ഉച്യതേ	നിന്നെ ആശ്രയിച്ച്, നിന്നെ ലക്ഷീകരിച്ചു നിലകൊണ്ട മായ നിൻെറ ശക്തി എന്നു പറയപ്പെടുന്നു.
നിർഗ്ഗുണം ത്വാം ഏവ ശക്തിഃ യദാ ആവൃണോതി തദാ വേദാന്തപരിനിഷ്ഠിതാഃ	ഗുണാതീതനായ നിന്നെത്തന്നെ ശക്തി എപ്പോൾ ആവരണംചെയ്യുന്നുവോ അപ്പോൾ വേദാന്തനിഷ്ഠാതർ
അവ്യാകൃതം ഇതി പ്രാഹുഃ	അവ്യാകൃതം എന്നാണ വിളിക്കുക.
ഏകേ മൂലപ്രകൃതിഃ ഇതി കേചന മായാ ഇതി അവിദ്യാ, സംസൃതിഃ ബന്ധഃ ഇതി ബഹുധാ (ശക്തിഃ) ഉച്യതേ	ചിലർ മൂലപ്രകൃതിയെന്നും പറയുന്നു. ചിലർ മായയെന്നും. അവിദ്യ, സംസാരം, ബന്ധം എന്നിങ്ങനെയും ബഹുധാ (ശക്തി) പറയപ്പെടാറുണ്ട്.

ത്വയാ സംക്ഷോഭ്യമാണാ സാ മഹത്തത്ത്വം പ്രസൂയതേ
മഹത്തത്ത്വാദഹംകാരസ്ത്വയാ സഞ്ചോദിതാദഭൂത്. 23

ത്വയാ സംക്ഷോഭ്യമാണാ സാ മഹത്തത്ത്വം പ്രസൂയതേ	നിന്നാൽ ക്ഷോഭിപ്പിക്കപ്പെട്ട അവൾ മഹത്തത്ത്വത്തെ പ്രസവിക്കുന്നു.
ത്വയാ സംചോദിതാത് മഹത്തത്ത്വാത് അഭൂത് അഹംകാരഃ	നിന്നാൽ പ്രചോദിതമായ മഹത്തത്ത്വത്തിൽനിന്നുണ്ടായി, അഹങ്കാരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹംകാരോ മഹത്തത്വസംവൃതസ്ത്രീവിധോഽഭവത്
സാത്വികോ രാജസശ്ചൈവ താമസശ്ചേതി ഭണ്യതേ. 24

മഹത്തത്വസംവൃതഃ	മഹത്തത്വത്താൽ ആവൃതമായ
അഹംകാരഃ ഏവ	അഹങ്കാരംതന്നെ
ത്രിവിധഃ അഭവത്	മൂന്നായിത്തീർന്നു.
സാത്വികഃ രാജസഃ	(അവ) സാത്വികം, രാജസം,
ച താമസഃ ഇതി ഭണ്യതേ	താമസം എന്നു പറയപ്പെടുന്നു.

താമസാത് സൂക്ഷ്മതന്മാത്രാണ്യാസൻ ഭൂതാന്യതഃ പരം
സ്ഥൂലാനി ക്രമശോ രാമ ക്രമോത്തരഗുണാനി ഹ. 25

രാമ, താമസാത്	ഹേ രാമ, തമോഗുണപ്രധാനമായ
സൂക്ഷ്മതന്മാത്രാണി ഭൂതാനി ആസൻ	(അഹങ്കാരത്തിൽനിന്നു്) സൂക്ഷ്മതന്മാത്രങ്ങളായ ഭൂതങ്ങളുണ്ടായി.
അതഃ പരം ക്രമശഃ സ്ഥൂലാനി ഭൂതാനി	അതിൽപ്പിന്നെ മുറയ്ക്കു് സ്ഥൂലഭൂതങ്ങൾ.
ക്രമോത്തരഗുണാനി ഹ	(ഇവ) ക്രമപ്രകാരം ഗുണക്കൂടുതലുള്ളവയാണു്.

താമസാഹങ്കാരത്തിൽനിന്നു് സൂക്ഷ്മതന്മാത്രങ്ങളായ ഭൂതങ്ങളുണ്ടായി എന്നു പറഞ്ഞുവല്ലോ. അഹങ്കാരമെന്നാൽ അസ്മിതാബോധമെന്നർത്ഥം (Concept of self or individuality). പ്രാഥമികവും സൂക്ഷ്മവുമായ വസ്തുതത്ത്വമാണു് തന്മാത്ര (Rudementary or subtle element). തന്മാത്രകൾ അഞ്ചു്: ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം. ഇവയ്ക്കു് യഥാക്രമം ഗുണങ്ങളുടെ അനുപാതം ഏറിയേറി വരും. തന്മാത്രയും സൂക്ഷ്മഭൂതവും ഒന്നുതന്നെ. സൂക്ഷ്മഭൂതങ്ങളിൽനിന്നു സ്ഥൂലഭൂതം ആവിർഭവിക്കുന്നു. ആകാശം, വായു, അഗ്നി, ജലം, ഭൂമി ഇവയാണു് സ്ഥൂലഭൂതങ്ങൾ. യഥാക്രമം ഗുണാനുപാതം ഏറിവരുന്നതെങ്ങനെയെന്നു കാണുക. ആകാശത്തിനു് ഗുണം ഒന്നു്: ശബ്ദം (ശബ്ദഗുണമാകാശം). ആകാശത്തിൽനിന്നുണ്ടായ വായുവിനു് ഗുണം രണ്ടു്: ശബ്ദം, സ്പർശം. ആകാശം, വായു ഇവയിൽനിന്നു് അഗ്നിയുണ്ടാകുന്നു. അഗ്നിക്കു മൂന്നു ഗുണം: ശബ്ദം, സ്പർശം, രൂപം. ആകാശവായുസഹിതമായ അഗ്നിയിൽനിന്നുത്ഭവിക്കുന്ന ജലത്തിനു് ശബ്ദം, സ്പർശം, രൂപം, രസം എന്നു നാലു ഗുണം. ഇവ എല്ലാററിലുംനിന്നുണ്ടാകുന്ന പൃഥിവിക്കു് അഞ്ചു ഗുണം: ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം. അഞ്ചു തന്മാത്രകളിൽനിന്നു പഞ്ചേന്ദ്രിയങ്ങൾ ഉണ്ടായി. ഓരോ ഇന്ദ്രിയവും അതാതിന്റെ തന്മാത്രയ്ക്കനുസരിച്ചു് അറിവു നേടുന്നു.

രാജസാനീന്ദ്രിയാണ്യേവ സാത്വികാ ദേവതാ മനഃ
തേഭ്യോഽഭവത് സൂത്രരൂപം ലിംഗം സർവ്വഗതം മഹത്. 26

ഇന്ദ്രിയാണി രാജസാനി ഏവ	ഇന്ദ്രിയങ്ങൾ രാജസാഹങ്കാരജനിതങ്ങൾതന്നെ.
ദേവതാഃ മനഃ ച സാത്വികാഃ	ദേവതകളും മനസ്സത്വവും സാത്വികാഹങ്കാരത്തിൽനിന്നു്.
തേഭ്യഃ സർവ്വഗതം മഹത് സൂത്രരൂപം ലിംഗം അഭവത്	അവയിൽനിന്നു് സർവ്വവ്യാപിയും മഹത്തും സൂത്രരൂപവുമായ ലിംഗശരീരവും ആവിർഭവിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രിയങ്ങൾ ആകെ പത്ത്. കർമ്മേന്ദ്രിയങ്ങൾ അഞ്ച്. ജ്ഞാനേന്ദ്രിയങ്ങൾ അഞ്ച്. വാക്, പാണി, പാദം, പായു, ഉപസ്ഥം ഇവ കർമ്മേന്ദ്രിയങ്ങൾ. ശ്രോത്രം, ത്വക്, ചക്ഷു, ജിഹ്വ, ഘ്രാണം ഇവ ജ്ഞാനേന്ദ്രിയങ്ങൾ.

അഗ്നി, ഇന്ദ്രൻ, രുദ്രൻ, മിത്രൻ, ബ്രഹ്മം ഇവ കർമ്മേന്ദ്രിയദേവതകൾ. സൂര്യൻ, ദിക്, വായു, വരുണൻ, അശ്വിനികൾ ഇവ ജ്ഞാനേന്ദ്രിയദേവതകൾ.

കർമ്മശക്തിരൂപമായ പ്രാണാദികൾ സൂത്രരൂപം. എല്ലാററിന്റെയും സംഘാതമായ ഹിരണ്യഗർഭൻതന്നെ ലിംഗദേഹം.

തതോ വിരാട് സമുത്പന്നഃ സ്ഥൂലാത് ഭൂതകദംബകാത്
വിരാജഃ പുരുഷാത് സർവ്വം ജഗത്സ്ഥാവരജംഗമം. 27

തതഃ വിരാട് സമുത്പന്നഃ	അതിൽനിന്ന് വിരാട് ഉണ്ടായി.
സ്ഥൂലാത് ഭൂതകദംബകാത്	സ്ഥൂലഭൂതസമൂഹമായ
വിരാജഃ പുരുഷാത്	വിരാട്പുരുഷനിൽനിന്ന്
സ്ഥാവരജംഗമം	സ്ഥാവരജംഗമമായ
സർവ്വം ജഗത് സമുത്പന്നം	സകലജഗത്തും ആവിർഭവിച്ചു.

ഹിരണ്യഗർഭനിൽനിന്ന് വിരാൾപുരുഷനും സ്ഥൂലഭൂതസ്വരൂപനായ വിരാൾപുരുഷനിൽനിന്നു പരാപരമയമായ സകലവിശ്വവും നിലവിൽവന്നു.

ദേവതിര്യങ്മനുഷ്യാശ്ച കാലകർമ്മക്രമേണ തു
ത്വം രജോഗുണതോ ബ്രഹ്മാ ജഗതഃ സർവ്വകാരണം. 28

കാലകർമ്മക്രമേണ തു	കാലവും കർമ്മവുമനുസരിച്ച്
ദേവതിര്യങ്മനുഷ്യാഃ	ദേവന്മാർ, തിര്യക്കുകൾ, മനുഷ്യർ
ച	എന്നിവരും ഉണ്ടായി.
ത്വം രജോഗുണതഃ	നീ രജോഗുണമാശ്രയിച്ച്
ജഗതഃ സർവ്വകാരണം ബ്രഹ്മാ	ലോകസ്രഷ്ടാവായ ബ്രഹ്മാവായി.

സത്വാദ്വിഷ്ണുസ്ത്വമേവാസ്യ പാലകഃ സദ്ഭിരുച്യതേ
ലയേ രുദ്രസ്ത്വമേവാസ്യ ത്വന്മായാഗുണഭേദതഃ. 29

സത്വാദ് അസ്യ പാലകഃ	സത്വഗുണത്താൽ ഈ വിശ്വത്തിന്റെ
വിഷ്ണുഃ	രക്ഷകനായി വർത്തിക്കുന്ന വിഷ്ണുവും
ത്വം ഏവ	നീതന്നെ.
അസ്യ ലയേ രുദ്രഃ	ഇതിന്റെ ലയഹേതുവായ
ത്വം ഏവ ഇതി	രുദ്രനും നീതന്നെയാണെന്ന്
സദ്ഭിഃ ഉച്യതേ	ജ്ഞാനികളാൽ പറയപ്പെടുന്നു.
ത്വന്മായാ—	(എല്ലാം) നിന്റെ മായയുടെ
ഗുണഭേദതഃ	ഗുണഭേദമനുസരിച്ചുതന്നെ.

മൂർത്തിത്രയഭേദത്തിന്റെ അടിസ്ഥാനം ത്രിഗുണാത്മികയായ മായയാകുന്നു.

ജാഗ്രത്സ്വപ്നസുഷുപ്ത്യാഖ്യാ വൃത്തയോ ബുദ്ധിജൈർഗ്ഗുണൈഃ
താസാം വിലക്ഷണോ രാമസ്ത്വം സാക്ഷീ ചിന്മയോഽവ്യയഃ. 30

ബുദ്ധിജൈഃ	ബുദ്ധിയിൽനിന്നുളവാകുന്ന
ഗുണൈഃ	ഗുണങ്ങളാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാഗ്രത്സ്വപ്നസുഷുപ്ത്യാഖ്യാഃ വൃത്തയഃ (പ്രഭവന്തി)	ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ വൃത്തികളും (അവസ്ഥകൾ) ഉണ്ടാകുന്നു.
രാമ, ത്വം താസാം വിലക്ഷണഃ	(പക്ഷേ) രാമ, നീ അവയിൽനിന്ന് അന്യനായി
സാക്ഷീ ചിന്മയഃ അവ്യയഃ (വർത്തതേ)	സാക്ഷിയും ചിത്സ്വരൂപനും അഴിവില്ലാ- ത്തവനുമായി വർത്തിക്കയാണ്.

മൂർത്തിത്രയത്തിന്റെ ഗുണാസ്പദത്വം മുൻശ്ലോകത്തിൽ വിവരിച്ചു. ഇനി അവസ്ഥാത്രയത്തിന് ഗുണങ്ങളിലുള്ള ആശ്രയത്വവും പരമപുരുഷന്റെ ഗുണാതീതസ്ഥിതിയുമാണ് പ്രതിപാദ്യം. ജാഗ്രത് (ഉണർവ്വ്), സ്വപ്നം, സുഷുപ്തി (ഗാഢനിദ്ര) ഇവയാണല്ലോ മൂന്നവസ്ഥകൾ. ബുദ്ധിയിൽ സ്ഫുരിക്കുന്ന സത്വഗുണത്താൽ ജാഗ്രത്തും, രജോഗുണത്താൽ സ്വപ്നവും, തമോഗുണത്താൽ സുഷുപ്തിയുമുണ്ടാകുന്നു. ഇവയെ അതിലംഘിച്ചുള്ള പരംപൊരുളാണ് ശ്രീരാമൻ. അവസ്ഥകളോട് ചേർന്നു കിടക്കുന്ന അനുഭവപരമ്പരകളുടെ സ്പർശമേല്ക്കാതെ സാക്ഷിമാത്രനും ചിത്സ്വരൂപനുമായി അദ്ദേഹം വിരാജിക്കുന്നു.

സൃഷ്ടിലീലാം യദാ കർത്തുമീഹസേ രഘുനന്ദന,
അംഗീകരോഷി മായാം ത്വം തദാ വൈ ഗുണവാനിവ. 31

രഘുനന്ദന,	രാഘവ,
യദാ സൃഷ്ടിലീലാം കർത്തും ഈഹസേ തദാ ത്വം മായാം അംഗീകരോഷി	എപ്പോൾ സൃഷ്ടിയാകുന്ന ലീല നടത്താൻ ആഗ്രഹിക്കുന്നുവോ അപ്പോൾ നീ മായയെ അംഗീകരിക്കുന്നു;
ഗുണവാൻ ഇവ ഭാസി വൈ	ഗുണമുള്ളവനെപ്പോലെ ശോഭിക്കയും ചെയ്യുന്നു.

ഭഗവാന്റെ ലീലയാണ് ഈ ലോകമെന്ന സങ്കല്പം സുവിദിതമാണല്ലോ. അല്ലാതെ നിത്യമുക്തനായ പ്രഭുവിന് സിസൃക്ഷയുണ്ടാകാൻ എന്താണു ഹേതു? ''രസോ വൈ സഃ, രസം ഹ്യേവായം ലബ്ധ്വാ ആനന്ദീ ഭവതി.'' താൻ രസമാണ്; രസലബ്ധിയിലേ താൻ ആനന്ദിക്കൂ എന്നു ശ്രുതിവചനവുമുണ്ട്. സൃഷ്ടിലീലയ്ക്കായി ഗുണവത്തയെ ഭഗവാൻ അംഗീകരിക്കുന്നു എന്നു പറയുന്നതിന്റെ സാംഗത്യമിതാണ്.

പ്രപഞ്ചസൃഷ്ടിയെ ലാക്കാക്കി ഗുണവാനെപ്പോലെ വർത്തിക്കുന്നുവെങ്കിലും പരമാത്മാവിന് യഥാർത്ഥത്തിൽ ഗുണസമ്പർക്കമുണ്ടാകുന്നില്ല.

രാമ, മായാ ദ്വിധാ ഭാതി വിദ്യാവിദ്യേതി തേ സദാ
പ്രവൃത്തിമാർഗ്ഗനിരതാഃ അവിദ്യാവശവർത്തിനഃ
നിവൃത്തിമാർഗ്ഗനിരതാഃ വേദാന്താർത്ഥവിചാരകാഃ. 32

രാമ, തേ മായാ സദാ ദ്വിധാ ഭാതി വിദ്യാ അവിദ്യാ ഇതി	ഭഗവാനേ, നിന്റെ മായ എപ്പോഴും രണ്ടുതരത്തിൽ വിളങ്ങുന്നു. വിദ്യയെന്നും അവിദ്യയെന്നും.
അവിദ്യാവശവർത്തിനഃ പ്രവൃത്തിമാർഗ്ഗനിരതാഃ	അവിദ്യയ്ക്കധീനപ്പെട്ടവർ പ്രവൃത്തിമാർഗ്ഗം കൈക്കൊള്ളുന്നു.
നിവൃത്തിമാർഗ്ഗനിരതാഃ	നിവൃത്തിമാർഗ്ഗം കൈക്കൊള്ളുന്നവരാകട്ടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദാന്താർത്ഥവിചാരകാഃ	വേദാന്തത്തിന്റെ അർത്ഥചിന്തനം ചെയ്യുന്നവരാണ്.

''ശ്രേയശ്ച പ്രേയശ്ച...'' എന്നു തുടങ്ങുന്ന കഠോപനിഷന്മന്ത്രത്തിൽ[1] പ്രവൃത്തിനിവൃത്തിമാർഗ്ഗങ്ങളുടെ സവിശേഷതകൾ വിസ്തരിച്ചുപപാദിച്ചിട്ടുണ്ട്. രണ്ടു പാതകൾ മനുഷ്യന്റെ മുമ്പിൽ തുറന്നുകിടക്കുന്നു: ഒന്ന് പ്രവൃത്തിയുടേത്, മറേറത്ത് നിവൃത്തിയുടേത്. ഏതെങ്കിലും ഒന്നു പാടെ ഒഴിവാക്കാമെന്നു വിചാരിക്കുക യുക്തിസഹമല്ല. നിവൃത്തിക്ക് കൂടുതൽ ധൈര്യം ആവശ്യമായിരിക്കാം. പ്രവൃത്തിയെത്തന്നെ നിവൃത്തിക്കുള്ള ഉപാധിയാക്കി മാററുകയാണ് ബുദ്ധിമാന്റെ കടമ.[2]

വേദാന്താർത്ഥവിചാരമെന്നിടത്തെ വിചാരത്തിനു ബുദ്ധിവ്യാപാരമെന്ന് അർത്ഥം കല്പിച്ചാൽ മതിയാവാം. അനുസൃതമായ ചരണം, പ്രവർത്തനം, അനുപേക്ഷണീയം തന്നെയാണ്. ജ്ഞാനകർമ്മസമന്വയമാണ് ഗീതയുടെ സിദ്ധാന്തപക്ഷം എന്നും ഓർക്കണം.

തദ്ഭക്തിനിരതാഃ യേ ച തേ വൈ വിദ്യാമയാഃ സ്മൃതാഃ
അവിദ്യാവശഗാ യേ തു നിത്യം സംസാരിണശ്ച തേ
വിദ്യാഭ്യാസരതാഃ യേ തു നിത്യമുക്താസ്ത ഏവ ഹി. 33

യേ തദ്ഭക്തിനിരതാഃ	ആരാണോ നിന്നിൽ ഭക്തിയുള്ളവർ
തേ ച വിദ്യാമയാഃ സ്മൃതാഃ	അവരാണ് വിദ്യാസ്വരൂപന്മാരെന്നു പറയപ്പെടുന്നത്.
യേ തു അവിദ്യാ വശഗാഃ തേ നിത്യം സംസാരിണഃ	അവിദ്യയ്ക്കു വശഗരായവർ എന്നും സംസാരികൾതന്നെ.
യേ തു വിദ്യാഭ്യാസ—രതാഃ	ആരാണോ വിദ്യയുടെ അഭ്യാസത്തിൽ മുഴുകുന്നത്
തേ ഏവ നിത്യമുക്താഃ ഹി	അവർതന്നെ നിത്യമുക്തർ എന്നു തീർച്ച.

ഭഗവാനോട് അഹൈതുകമായ പ്രേമം—ഭക്തി—ഉള്ളവരാത്ര വിദ്യാസ്വരൂപന്മാർ. ഭക്തി നിവൃത്തിദായകം. പക്ഷേ, അതു് നിഷേധാർത്ഥത്തിലുള്ളതല്ല. പ്രേമലക്ഷണയായ ഭക്തിയാണ് നിവൃത്തിയുടെ പരകോടി എന്നു പറഞ്ഞാലും ശരിയാണ്. കാരണം, സ്നേഹത്തിന്റെ പരമോന്നതസ്ഥിതിയിൽ മറെറല്ലാം മറക്കപ്പെടുകയും ഭഗവാൻ മാത്രം അനുഭവിക്കപ്പെടുകയും ചെയ്യുന്നു. ഭഗവാൻ ഒരു ആശയമല്ല, അനുഭവമാണ്. അനുഭവം ഇന്ദ്രിയസാപേക്ഷമായതിനാൽ ഭഗവത്പ്രേമം വിശാലത്ത സ്വയം ആവഹിക്കുന്നു. അതിന്റെ ഫലമായാണ് അണുജീവികളിലും മനുഷ്യരിലുമെല്ലാം 'സഹോദരപ്രണയം' അനുഭവപ്പെടുന്നതു്. മീരയായാലും വേണ്ടില്ല, മദർ തെരേസയായാലും വേണ്ടില്ല, സെൻറ് ഫ്രാൻസിസ് അസീസിയായാലും ചൈതന്യമഹാപ്രഭുവായാലും ഭഗവാനെ അനുഭവിക്കയാണ ചെയ്യുന്നതു്; ആശയവൽക്കരിക്കയല്ല.

ലോകേ തദ്ഭക്തിനിരതാഃ തന്മന്ത്രോപാസകാശ്ച യേ
വിദ്യാ പ്രാദുർഭവേത്തേഷാം നേതരേഷാം കദാചന. 34

ലോകേ യേ തദ്—ഭക്തിനിരതാഃ	ലോകത്തിൽ ആരാണോ നിന്റെ ഭക്തിയിൽ മുഴുകുന്നതു്,

1 കഠോപനിഷത്—അ. I, വ. 2, മ. 2.
2 ഈശോപനിഷത്—മ. 2.
ഗീത—3. 20, 2. 48 മുതലായവ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേ ത്വന്മന്ത്രോ— പാസകാഃ ച	ആരാണോ നിന്റെ നാമമന്ത്രം ഉപാസിക്കുന്നതു്,
തേഷാം വിദ്യാ പ്രാദുർഭവേത് ഇതരേഷാം കദാചന ന	അവർക്കേ വിദ്യ കൈവരൂ. മററുള്ളവർക്കൊരിക്കലും ഇല്ലതന്നെ.

പ്രേമലക്ഷണയായ ഭക്തിയിൽ മുഴുകി ദേവനാമം ഉപാസിക്കുന്നവർക്കു മാത്രമേ വിദ്യ കൈവരികയുള്ളൂ. സ്നേഹത്തിന്റെ ദിവ്യപ്രഭയാൽ ഉജ്ജ്വലമാകാത്ത ജീവിതം ഈശ്വരസാക്ഷാത്കാരത്തിനുതകുന്നതെങ്ങനെ?

അതസ്ത്വദ്ഭക്തിസമ്പന്നാഃ മുക്താഃ ഏവ ന സംശയഃ
ത്വദ്ഭക്ത്യമൃതഹീനാനാം മോക്ഷഃ സ്വപ്നേപി നോ ഭവേത്. 35

അതഃ ത്വദ്ഭക്തിസമ്പന്നാഃ മുക്താഃ ഏവ; ന സംശയഃ	അതിനാൽ നിന്തിരുവടിയിൽ ഭക്തിയുള്ളവർ മുക്തന്മാർതന്നെ; സംശയമില്ല.
ത്വദ്ഭക്ത്യമൃത— ഹീനാനാം	ഭഗവത്ഭക്തിയാകുന്ന അമൃതം ലഭിക്കാത്തവർക്കു്
മോക്ഷഃ സ്വപ്നേ അപി നോ ഭവേത്	മോക്ഷം സ്വപ്നത്തിൽപ്പോലും ഉണ്ടാകയില്ല.

ഭക്തി അമൃതമാണു്. അതു് ആസ്വദിക്കുന്നവർതന്നെ ജീവന്മുക്തർ. ഭക്തിയില്ലാത്തവർക്കു് മോക്ഷം സ്വപ്നേപി ലഭിക്കയില്ല. മോക്ഷപ്രാപ്തിക്കു് ഏററവും സുലഭവും സമർത്ഥവുമായ ഉപാധി ഭക്തിയെന്നു ചുരുക്കം.

കിം രാമ, ബഹുനോക്തേന സാരം കിഞ്ചിത് ബ്രവീമി തേ
സാധുസംഗതിരേവാത്ര മോക്ഷഹേതുരുദാഹൃതാ. 36

രാമ, ബഹുനാ ഉക്തേന കിം?	രാമ, വളരെ പറഞ്ഞിട്ടെന്തു ഫലം?
സാരം കിഞ്ചിത് തേ ബ്രവീമി	സാരവത്തായതു് നിന്നോടു ചുരുക്കിപ്പറയാമല്ലോ.
സാധുസംഗതി ഏവ അത്ര മോക്ഷഹേതുഃ ഉദാഹൃതാ	സജ്ജനസംസർഗ്ഗം മാത്രമാണു് ഈ ലോകത്തിൽ മോക്ഷഹേതുവെന്നു പറയപ്പെട്ടിട്ടുള്ളതു്.

ഭക്തിക്കു പ്രധാനഹേതു സജ്ജനങ്ങളോടുള്ള സംസർഗ്ഗമാണെന്നു് ശ്രീശങ്കരൻ പറയുന്നു: "സത്സംഗത്വേ നിസ്സംഗത്വം..."

സാധവഃ സമചിത്താഃ യേ നിസ്പൃഹാഃ വിഗതൈഷിണഃ
ദാന്താഃ പ്രശാന്താസ്ത്വദ്ഭക്താഃ നിവൃത്താഖിലകാമനാഃ. 37

സമചിത്താഃ	സമചിത്തരും
നിസ്പൃഹാഃ	ആഗ്രഹമററവരും
വിഗതൈഷിണഃ	ഏഷണയില്ലാത്തവരും
ദാന്താഃ	സംയമികളും
പ്രശാന്താഃ	പ്രശാന്തരും
ത്വദ്ഭക്താഃ	ഭഗവത്ഭക്തരും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിവൃത്താഖില- കാമനാഃ യേ	സകലകാമനകളേയും പരിത്യജിക്കയും ചെയ്യവരാമരോ
തേ സാധവഃ	അവരാണ് സാധുക്കാം.

രാഗദ്വേഷാദികാംക്കപരി സമചിത്തത പുലര്‍ത്താന്‍ കഴിവുള്ളവര്‍ സത്തുക്കളാണ്. അവര്‍ ഇന്ദ്രിയഭോഗങ്ങളുടെ പിമ്പേ പായാറില്ല. അര്‍ത്ഥേഷണ, ദാരേഷണ, പുത്രേഷണ തുടങ്ങിയ എല്ലാ വ്യാമോഹങ്ങളും വെടിഞ്ഞ് സത്തുക്കാം ഭഗവത്പ്രേമം ലാക്കാക്കി ജീവിതം നയിക്കുന്നു.

ഇഷ്ടപ്രാപ്തിവിപത്ത്യോശ്ച സമാഃ സംഗവിവര്‍ജ്ജിതാഃ
സന്യസ്താഖിലകര്‍മ്മാണഃ സര്‍വ്വദാ ബ്രഹ്മതത്പരാഃ.   38

ഇഷ്ടപ്രാപ്തിവിപത്ത്യോഃ സമാഃ	(അവര്‍) ഇഷ്ടപ്രാപ്തിയിലും ആപത്തിലും സമചിത്തരായിരിക്കും.
സംഗവിവര്‍ജ്ജിതാഃ സന്യസ്താഖിലകര്‍മ്മാണഃ	(ദുഷ്ടരോടുള്ള) സംഗം വെടിഞ്ഞവരും (സകാമ)കര്‍മ്മങ്ങളുപേക്ഷിച്ചവരും
സര്‍വ്വദാ ബ്രഹ്മ- തത്പരാഃ	എപ്പോഴും ബ്രഹ്മധ്യാനത്തില്‍ തത്പരരും (ആയിരിക്കും).

തികച്ചും ബ്രഹ്മതത്പരനായ ഭക്തന് ആചാരപരമായ പ്രവൃത്തികളില്‍ ആസ്ഥ കുറയും. ജടിലമായ കര്‍മ്മകലാപങ്ങാം ഒരു ഭാരമായേ അയാംക്കനുഭവപ്പെട്ടു പക്ഷേ, ഭഗവദര്‍പ്പിതമായ കര്‍മ്മങ്ങാം—നിഷ്കാമകര്‍മ്മങ്ങാം—ഒഴിവാക്കുക സാദ്ധ്യമല്ലല്ലോ, കര്‍മ്മം ജീവന്റെ സ്വാഭാവികധര്‍മ്മമായതിനാല്‍.

"തച്ചിന്തനം തത്കഥനം അന്യോന്യം തത്പ്രബോധനം
ഏതദേകപരത്വം ച ബ്രഹ്മാഭ്യാസം വിദുര്‍ബുധാഃ."

യമാദി ഗുണസമ്പന്നാഃ സന്തുഷ്ടാഃ യേനകേനചിത്
സത്സംഗമോ ഭവേദ്യര്‍ഹി ത്വത്കഥാശ്രവണേ രതിഃ.   39

സമുദേതി തതോ ഭക്തിസ്ത്വയി രാമ, സനാതനേ
ത്വദ്ഭക്താവുപപന്നായാം വിജ്ഞാനം വിപുലം സ്ഫുടം.   40

ഉദേതി മുക്തിമാര്‍ഗ്ഗോയമാദ്യശ്ചതുരസേവിതഃ
തസ്മാദ് രാഘവ സദ്ഭക്തിസ്ത്വയി മേ പ്രേമലക്ഷണാ.   41

സദാഭൂയാദ്ധരേ, സംഗസ്ത്വദ്ഭക്തേഷു വിശേഷതഃ
അദ്യ മേ സഫലം ജന്മ ഭവത്സന്ദര്‍ശനാദഭൂത്.   42

യമാദി ഗുണസമ്പന്നാഃ യേനകേനചിത്	യമാദിഗുണങ്ങാം തികഞ്ഞവരും കിട്ടുന്നതുകൊണ്ടു
സന്തുഷ്ടാഃ സത്സംഗമഃ യര്‍ഹി ഭവേത് (തര്‍ഹി) ത്വത് കഥാശ്രവണേ രതിഃ സമുദേതി രാമ, തതഃ സനാതനേ	തുഷ്ടിനേടുന്നവരുമാണ് സത്തുക്കാം (ഇത്തരം) സത്സംഗം ഉളവാകുമ്പോാം നിന്റെ കഥ കോംക്കുന്നതില്‍ താത്പര്യം ജനിക്കുന്നു. രാമ, അതില്‍നിന്നാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വയി ഭക്തിഃ സമുദേതി	നിത്യനായ നിന്നിൽ ഭക്തിയുണ്ടാകുന്നു.
ത്വത് ഭക്തൗ ഉപപന്നായാം	നിന്നിൽ ഭക്തിയുളവായാൽ
വിപുലം സ്ഫുടം	വിസ്തൃതവും സുവ്യക്തവുമായ
വിജ്ഞാനം ഉദേതി	വിജ്ഞാനം കൈവരികയായി.
അയം ആദ്യഃ	ഇതാണ് പ്രഥമവും വിവേകികൾ
ചതുരസേവിതഃ മുക്തിമാർഗ്ഗഃ	സ്വീകരിക്കുന്നതുമായ മുക്തിമാർഗ്ഗം
തസ്മാത് രാഘവ,	അതിനാൽ ഭഗവാനേ,
ത്വയി പ്രേമലക്ഷണാ	നിന്നിൽ പ്രേമലക്ഷണയായ
സദ്ഭക്തിഃ മേ സദാ ഭൂയാത്	സദ്ഭക്തി എനിക്കെന്നുമുണ്ടാകേണമേ.
ഹരേ, വിശേഷതഃ	പ്രഭോ, വിശേഷിച്ച് നിന്റെ
ത്വത് ഭക്തേഷു സംഗഃ ഭൂയാത്	ഭക്തരുമായി സംസർഗ്ഗം പുലരേണമേ.
ഭവത് സന്ദർശനാത്	അവിടത്തെ സന്ദർശനത്താൽ
അദ്യ മേ ജന്മ സഫലം അഭൂത്	ഇന്നെന്റെ ജന്മം സഫലമായി.

യമാദി:—യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി. യമനിയമങ്ങൾ അഷ്ടാംഗയോഗത്തിന്റെ ആധാരശിലകളാണ്.

അഹിംസ, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം ഇവയാണ് യമങ്ങൾ.* അഹിംസയാണ് ഒന്നാമത്തേത്. അഹിംസയെന്നാൽ സ്നേഹം തന്നെ. ഈശ്വരാനുഭൂതിയുടെ പ്രഥമസോപാനം സ്നേഹമല്ലാതെ മറെറന്താണ്? ഭഗവത് ഭക്തർ പ്രേമമാർഗ്ഗത്തിലെ പഥികരാകുന്നു

ഭക്തിക്ക് പല പ്രഭേദങ്ങളും ശാസ്ത്രകാരന്മാർ കല്പിച്ചിട്ടുണ്ട്. പരമോച്ചമായ പദവി പ്രേമലക്ഷണയായ ഭക്തിക്കുതന്നെ. ശാസ്ത്രാനുശാസനംകൊണ്ട് ആചരിക്കപ്പെടുന്ന ഭക്തി 'വൈധീഭക്തി' എന്നു പറയപ്പെടുന്നു—

''യത്ര രാഗാനവാപ്തത്വാദ പ്രവൃത്തിരുപജായതേ,
ശാസനേനൈവ ശാസ്ത്രസ്യ സാ വൈധീഭക്തിരുച്യതേ.''

അതേസമയം അഹേതുകമായ, പ്രായോജനനിരപേക്ഷമായ ഹൃദയവേഴ്ചയത്രേ പ്രേമലക്ഷണാഭക്തി—

''അന്യാഭിലഷിതാശൂന്യം ജ്ഞാനകർമ്മാദ്യനാവൃതം
ആനുകൂല്യേന കൃഷ്ണാനുശീലനം ഭക്തിരുത്തമാ.''

(ഭക്തിരസാമൃതസിന്ധു)

അദ്യ മേ ക്രതവഃ സർവ്വേ ബഭൂവുഃ സഫലാഃ പ്രഭോ
ദീർഘകാലം മയാ തപ്തമനന്യമതിനാ തപഃ
തസ്യേഹ തപസോ രാമ, ഫലം തവ യദർച്ചനം. 43

പ്രഭോ, അദ്യ മേ	പ്രഭോ, ഇന്നെന്റെ
സർവ്വേ ക്രതവഃ സഫലാഃ ബഭൂവുഃ	എല്ലാ യജ്ഞങ്ങളും സഫലങ്ങളായി.
അനന്യമതിനാ മയാ	അന്യചിന്തയെന്യേ എന്നാൽ
ദീർഘകാലം തപഃ തപ്തം	നെടുനാൾ തപസ്സനുഷ്ഠിക്കപ്പെട്ടു.
രാമ, ഇഹ തവ യദ്	രാമാ, ഇവിടെവെച്ച്
അർച്ചനം, തസ്യ തപസഃ	നിനക്കു ചെയ്ത ഈ പൂജ
ഫലം	ആ തപസ്സിന്റെ സത്ഫലമത്രേ.

* യോഗദർശനം—2.30.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സദാ മേ സീതയാ സാർദ്ധം ഹൃദയേ വസ രാഘവ
ഗച്ഛതസ്തിഷ്ഠതോ വാപി സ്മൃതിഃ സ്യാന്മേ സദാ ത്വയി. 44

രാഘവ, സദാ സീതയാ സാർദ്ധം മേ ഹൃദയേ വസ	രാമ, എപ്പോഴും സീതയോടൊത്ത് എന്റെ ഹൃദയത്തിൽ നീ വസിക്കേണമേ.
ഗച്ഛതഃ തിഷ്ഠതഃ വാ അപി മേ സ്മൃതിഃ സദാ ത്വയി സ്യാത്	നടക്കുമ്പോഴായാലും ഇരിക്കുമ്പോഴായാലും എന്റെ സ്മരണ എല്ലായ്പ്പോഴും നിന്നിൽ ആയിരിക്കേണമേ.

ഇതി സ്തുത്വാ രമാനാഥമഗസ്ത്യോ മുനിസത്തമഃ
ദദൗ ചാപം മഹേന്ദ്രേണ രാമാർത്ഥേ സ്ഥാപിതം പുരാ. 45

അക്ഷയ്യൗ ബാണതൂണീരൗ ഖഡ്ഗോ രത്നവിഭൂഷിതഃ
ജഹി രാഘവ ഭൂഭാരഭൂതം രാക്ഷസമണ്ഡലം. 46

ഇതി രമാനാഥം സ്തുത്വാ മുനിസത്തമഃ അഗസ്ത്യഃ പുരാ മഹേന്ദ്രേണ രാമാർത്ഥേ സ്ഥാപിതം ചാപം ദദൗ	ഇങ്ങനെ രമാപതിയായ (രാമനെ) സ്തുതിച്ചിട്ട് മുനിസത്തമൻ അഗസ്ത്യൻ പണ്ട് ഇന്ദ്രനാൽ രാമനു കൊടുക്കാൻ ഏല്പിക്കപ്പെട്ടിരുന്ന വില്ല് കൊടുത്തു.
അക്ഷയ്യൗ ബാണതൂണീരൗ രത്നവിഭൂഷിതഃ ഖഡ്ഗഃ	ക്ഷയിക്കാത്ത ബാണതൂണീരങ്ങളും രത്നം പതിച്ച വാളും (നല്കപ്പെട്ടു).
(തതഃ മുനിഃ ഉവാച)	(പിന്നെ മുനി അറിയിച്ചു:)
രാഘവ, ഭൂഭാരഭൂതം	രാഘവ, ഇനി ഭൂമിക്കു ഭാരമായിത്തീർന്നിരിക്കുന്ന
രാക്ഷസമണ്ഡലം ജഹി	രാക്ഷസരെയെല്ലാം ഒടുക്കുക.

യദർത്ഥമവതീർണ്ണോഽസി മായയാ മനുജാകൃതിഃ
ഇതോ യോജനയുഗ്മേ തു പുണ്യകാനനമണ്ഡിതഃ. 47

അസ്തി പഞ്ചവടീ നാമ്നാ ആശ്രമോ ഗൗതമീതടേ
നേതവ്യസ്തത്ര തേ കാലഃ ശേഷോ രഘുകുലോദ്വഹ. 48

യദർത്ഥം മായയാ	അതിനാണല്ലോ മായയാൽ
മനുജാകൃതിഃ അവതീർണ്ണഃ അസി	(നീ) മാനവാകൃതി കൈക്കൊണ്ട് അവതരിച്ചത്.
ഇതഃ യോജനയുഗ്മേ തു ഗൗതമീതടേ പുണ്യകാനനമണ്ഡിതഃ	ഇവിടെനിന്നു രണ്ടു യോജന ദൂരെ ഗോദാവരിയുടെ തീരത്ത് പുണ്യവനങ്ങളാലലംകൃതവും
നാമ്നാ പഞ്ചവടീ ആശ്രമഃ അസ്തി	പഞ്ചവടിയെന്നു പേരുള്ളതുമായ ആശ്രമമുണ്ട്.
രഘുകുലോദ്വഹ, തേ ശേഷഃ കാലഃ തത്ര നേതവ്യഃ	ഹേ രഘുകുലശ്രേഷ്ഠ, നിനക്ക് ഇനി ശേഷമുള്ള (വനവാസ)കാലം അവിടെ കഴിക്കാവുന്നതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്രൈവ ബഹുകാര്യാണി ദേവാനാം കുരു സത്പതേ. 49

സത്പതേ ദേവാനാം ബഹുകാര്യാണി തത്ര എവ കുരു	അല്ലയോ സത്തുക്കളെ രക്ഷിതാവേ, ദേവന്മാരുടെ ബഹുകാര്യങ്ങൾ അവിടെത്തന്നെ നിറവേററിയാലും.

ശ്രുത്വാ തദാഗസ്ത്യസുഭാഷിതം വചഃ
സ്തോത്രം ച തത്വാർത്ഥസമന്വിതം വിഭുഃ
മുനിം സമാഭാഷ്യ മുദാന്വിതോ യയൗ
പ്രദർശിതം മാർഗ്ഗമശേഷവിദ്ധരിഃ. 50

തദാ അഗസ്ത്യസുഭാഷിതം വചഃ തത്വാർത്ഥസമന്വിതം സ്തോത്രം ച ശ്രുത്വാ മുദാന്വിതഃ അശേഷവിത് വിഭുഃ ഹരിഃ മുനിം സമാഭാഷ്യ പ്രദർശിതം മാർഗ്ഗം യയൗ	അപ്പോൾ അഗസ്ത്യൻ പറഞ്ഞ വചനങ്ങളും തത്വാർത്ഥം നിറഞ്ഞ സ്തോത്രവും കേട്ട് സന്തോഷിച്ചവനും എല്ലാമറിയുന്നവനും സർവ്വശക്തനുമായ ഹരി (രാമൻ) മുനിയോട് യാത്രാവചനവും ചൊല്ലി (അദ്ദേഹം) കാട്ടിയ വഴിയിലൂടെ പോയി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ തൃതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം മൂന്നാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം നാല്

പഞ്ചവടീവാസം—ലക്ഷ്മണോപദേശം

മാർഗ്ഗേ വ്രജൻ ദദർശാഥ ശൈലശൃംഗമിവ സ്ഥിതം
വൃദ്ധം ജടായുഷം രാമഃ കിമേതദിതി വിസ്മിതഃ. 1

അഥ മാർഗ്ഗേ വ്രജൻ രാമഃ ശൈലശൃംഗം ഇവ സ്ഥിതം വൃദ്ധം ജടായുഷം ദദർശ കിം ഏതദ് ഇതി വിസ്മിതഃ	അനന്തരം വഴിയിലൂടെ നടക്കുന്ന രാമൻ ശൈലശൃംഗംപോലെയിരിക്കുന്ന കിഴവൻജടായുവിനെ കണ്ടു. എന്താണിതെന്നു വിസ്മിതനായി.

ധനുരാനയ സൗമിത്രേ രാക്ഷസോഽയം പുരഃ സ്ഥിതഃ
ഇത്യാഹ ലക്ഷ്മണം രാമോ ഹനിഷ്യാമൃഷിഭക്ഷകം. 2

രാമഃ ലക്ഷ്മണം ഇതി ആഹ	രാമൻ ലക്ഷ്മണനോട് ഇങ്ങനെ പറഞ്ഞു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൗമിത്രേ ധനുഃ ആനയ	ലക്ഷ്മണ, വില്ല് ഇങ്ങു കൊണ്ടുവരിക.
അയം രാക്ഷസഃ	ഇതാ ഒരു രാക്ഷസൻ
പുരഃ സ്ഥിതഃ	മുമ്പിൽ നില്ക്കുന്നു.
ഋഷിഭക്ഷകം	ഋഷിമാരെ തിന്നുന്ന (ഇവനെ)
ഹനിഷ്യാമി	ഞാൻ കൊല്ലും.

തച്ഛ്രുത്വാ രാമവചനം ഗൃധ്രരാട് ഭയപീഡിതഃ
വധാർഹോഽഹം ന തേ രാമ പിതുസ്സ്നേഹം പ്രിയഃ സഖാ. 3
ജടായുർനാമ ഭദ്രം തേ ഗൃധ്രോഽഹം പ്രിയകൃത് തവ. 4

തത് രാമവചനം ശ്രുത്വാ	ആ രാമവചനം കേട്ട്
ഭയപീഡിതഃ	പേടിപൂണ്ട
ഗൃധ്രരാട് (ആഹ)	പക്ഷിശ്രേഷ്ഠൻ അറിയിച്ചു:
രാമ, അഹം ന തേ വധാർഹഃ	രാമ, ഞാൻ നിനക്കു വദ്ധ്യനല്ല.
അഹം തേ പിതുഃ	ഞാൻ നിന്റെ പിതാവിന്റെ
പ്രിയസഖാ	ഉററതോഴൻ.
ജടായുഃ നാമ ഗൃധ്രഃ	ജടായു എന്നു പേരായ കഴുകൻ,
തവ പ്രിയകൃത്	നിനക്കു പ്രിയം ചെയ്യുന്നവൻ.
തേ ഭദ്രം	നിനക്കു മംഗളം (ഭവിക്കട്ടെ).

പഞ്ചവട്യാമഹം വത്സ്യേ തവൈവ പ്രിയകാമ്യയാ
മൃഗയായാം കദാചിത്തു പ്രയാതേ ലക്ഷ്മണേഽപി ച. 5
സീതാ ജനകകന്യാ മേ രക്ഷിതവ്യാ പ്രയത്നതഃ
ശ്രുത്വാ തദ് ഗൃധ്രവചനം രാമഃ സസ്നേഹമബ്രവീത്. 6

തവ പ്രിയകാമ്യയാ	നിനക്ക് പ്രിയം ചെയ്യാനാശയോടെ
അഹം പഞ്ചവട്യാം ഏവ വത്സ്യേ	ഞാൻ പഞ്ചവടിയിൽത്തന്നെ പാർക്കും.
കദാചിത് ലക്ഷ്മണേ അപി	എപ്പോഴെങ്കിലും ലക്ഷ്മണനും
മൃഗയായാം പ്രയാതേ തു	നായാട്ടിനു പൊയ്പ്പോയാൽ
ജനകകന്യാ സീതാ	ജനകപുത്രിയായ സീത
പ്രയത്നതഃ മേ	പ്രയത്നപൂർവ്വം എന്നാൽ
രക്ഷിതവ്യാ	രക്ഷിക്കപ്പെടേണ്ടവളാണല്ലോ.
തദ് ഗൃധ്രവചനം ശ്രുത്വാ	ആ പക്ഷി പറഞ്ഞതു കേട്ട്
രാമഃ സസ്നേഹം അബ്രവീത്	രാമൻ സ്നേഹപൂർവ്വം പറഞ്ഞു:

സാധു ഗൃധ്രമഹാരാജ തഥൈവ കുരു മേ പ്രിയം.
അത്രൈവ മേ സമീപസ്ഥോ നാതിദൂരേ വനേ വസൻ. 7

ഗൃധ്രമഹാരാജ, സാധു	പക്ഷിരാജാവേ, നന്ന്.
അത്ര ഏവ	ഇവിടെത്തന്നെ
നാതിദൂരേ	അധികമകലെയല്ലാതെ
മേ സമീപസ്ഥഃ	എനിക്കു സമീപസ്ഥനായി
വനേ വസൻ	കാട്ടിൽ വസിക്കയും അങ്ങനെ എനിക്കു
തഥാ മേ പ്രിയം കുരു	പ്രിയമാചരിക്കയും ചെയ്താലും.

ഇത്യാമന്ത്രിതമാലിംഗ്യ യയൗ പഞ്ചവടീം പ്രഭുഃ
ലക്ഷ്മണേന സഹ ഭ്രാത്രാ സീതയാ രഘുനന്ദനഃ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ആമന്ത്രിതം ആലിംഗ്യ പ്രഭുഃ രഘുനന്ദനഃ ഭ്രാത്രാ ലക്ഷ്മണേന സീതയാ സഹ പഞ്ചവടീം യയൗ	ഇങ്ങനെ വിടനല്കപ്പെട്ട (ജടായുവിനെ) പുണർന്ന് പ്രഭു രഘുനന്ദനൻ ഭ്രാതാവായ ലക്ഷ്മണനോടും സീതയോടുമൊപ്പം പഞ്ചവടിയിലേക്ക് പോയി.

ഗത്വാ തേ ഗൗതമീതീരം പഞ്ചവട്യാം സുവിസ്തരം
മന്ദിരം കാരയാമാസ ലക്ഷ്മണേന സുബുദ്ധിനാ. 9

ഗൗതമീതീരം ഗത്വാ തേ പഞ്ചവട്യാം സുബുദ്ധിനാ ലക്ഷ്മണേന	ഗൗതമീതീരത്തെത്തി അവർ പഞ്ചവടിയിൽ മഹാബുദ്ധിമാനായ ലക്ഷ്മണനെക്കൊണ്ട്
സുവിസ്തരം മന്ദിരം കാരയാമാസ	വിശാലമായ ഒരു വസതി ഉണ്ടാക്കിച്ചു.

തത്ര തേ ന്യവസൻ സർവ്വേ ഗംഗായാ ഉത്തരേ തടേ
കദംബപനസാമ്രാദി ഫലവൃക്ഷസമാകുലേ. 10

വിവിക്തേ ജനസംബന്ധവർജ്ജിതേ നീരുജസ്ഥലേ
വിനോദയൻ ജനകജാം ലക്ഷ്മണേന വിപശ്ചിതാ. 11

അധ്യവാസ സുഖം രാമോ ദേവലോക ഇവാമരഃ
കന്ദമൂലഫലാദീനി ലക്ഷ്മണോഽനുദിനം തയോഃ. 12

ആനീയ പ്രദദൗ രാമസേവാതത്പരമാനസഃ
ധനുർബാണധരോ നിത്യം രാത്രൗ ജാഗർത്തി സർവ്വദാ. 13

ഗംഗായാഃ ഉത്തരേ തടേ കദംബപനസാമ്രാദി ഫലവൃക്ഷസമാകുലേ	ഗൗതമിയുടെ വടക്കേക്കരെയുള്ള കടമ്പ്, പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ തിങ്ങിയതും
വിവിക്തേ ജനസംബന്ധ- വർജ്ജിതേ നീരുജസ്ഥലേ തത്ര തേ സർവ്വ ന്യവസൻ	ഏകാന്തവും ആൾത്താമസമൊഴിഞ്ഞതും ആരോഗ്യകരവുമായ ആ സ്ഥലത്ത് അവരെല്ലാം പാർപ്പു തുടങ്ങി.
ജനകജാം വിനോദയൻ രാമഃ	ജാനകിയെ സന്തോഷിപ്പിക്കുന്ന രാമൻ
വിപശ്ചിതാ ലക്ഷ്മണേന	ജ്ഞാനിയായ ലക്ഷ്മണനോടൊത്ത്
ദേവലോകേ അമരഃ ഇവ സുഖം അധ്യവാസ	സ്വർഗ്ഗത്തിൽ ഒരു ദേവനെന്നപോലെ- യാണ് സാനന്ദം നിവസിച്ചത്.
രാമസേവാതത്പരമാനസഃ ലക്ഷ്മണഃ അനുദിനം	രാമസേവയിൽ തത്പരഹൃദയനായ ലക്ഷ്മണൻ ദിനംതോറും
കന്ദമൂലഫലാദീനി ആനീയ തയോഃ പ്രദദൗ	കിഴങ്ങും മൂലഫലാദിയും കൊണ്ടുവന്ന് ഇരുവർക്കും നല്കി.
നിത്യം രാത്രൗ ധനുർബാണധരഃ സർവ്വദാ ജാഗർത്തി	നിത്യവും രാവിൽ വില്ലമ്പുമേന്തി സദാ ഉണർവ്വോടെ കാത്തു.

ഗംഗയ്ക്കു മാത്രമല്ല, ഭാരതത്തിലെ മററു പാവനനദികൾക്കും 'ഗംഗ' എന്ന പേർ ഉപയോഗിക്കാറുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്നാനം കുർവ്വന്ത്യനുദിനം ത്രയസ്തേ ഗൗതമീജലേ
ഉഭയോർമദ്ധ്യഗാ സീതാ കുരുതേ ച ഗമാഗമൗ. 14

തേ ത്രയഃ	അവർ മൂവരും
അനുദിനം ഗൗതമീജലേ	എന്നും ഗോദാവരീജലത്തിൽ
സ്നാനം കുർവ്വന്തി	സ്നാനംചെയ്യുന്നു
സീതാ ഉഭയോഃ മദ്ധ്യഗാ	സീത ഇരുവരുടേയും മദ്ധ്യത്തിലൂടെയാണു്
ഗമാഗമൗ കുരുതേ ച	പോകുകയും വരികയും ചെയ്യുന്നതു്.

ആനീയ സലിലം നിത്യം ലക്ഷ്മണഃ പ്രീതമാനസഃ
സേവതേഽഹരഹഃ പ്രീത്യാ ഏവമാസൻ സുഖം ത്രയഃ. 15

പ്രീതമാനസഃ ലക്ഷ്മണഃ	ഉൾപ്രീതനായ ലക്ഷ്മണൻ
നിത്യം അഹരഹഃ	എന്നും നിയമേന
സലിലം ആനീയ	ജലം കൊണ്ടുവന്നു്
പ്രീത്യാ സേവതേ	പ്രീതിയോടെ ശുശ്രൂഷിച്ചുപോന്നു.
ഏവം ത്രയഃ	ഇങ്ങനെയാണു് മൂന്നുപേരും
സുഖം ആസൻ	(പഞ്ചവടിയിൽ) സാനന്ദം വാണതു്.

ഏകദാ ലക്ഷ്മണോ രാമമേകാന്തേ സമുപസ്ഥിതം
വിനയാവനതോ ഭൂത്വാ പപ്രച്ഛ പരമേശ്വരം. 16

ഏകദാ ലക്ഷ്മണഃ	ഒരുനാൾ ലക്ഷ്മണൻ
ഏകാന്തേ സമുപസ്ഥിതം	ഏകാന്തതയിൽ സ്വസ്ഥനായിരുന്ന
പരമേശ്വരം രാമം	പരമേശ്വരനായ രാമനോടു്
വിനയാവനതഃ ഭൂത്വാ പപ്രച്ഛ	വിനയാവനമ്രനായി (ഇങ്ങനെ) ചോദിച്ചു:

ഭഗവൻ ശ്രോതുമിച്ഛാമി മോക്ഷസ്യൈകാന്തികീം ഗതിം
ത്വത്തഃ കമലപത്രാക്ഷ സംക്ഷേപാത് വക്തുമർഹസി. 17

കമലപത്രാക്ഷ, ഭഗവൻ	താമരക്കണ്ണ, ഭഗവാനേ,
മോക്ഷസ്യ	മോക്ഷത്തിനു്
ഏകാന്തികീം ഗതിം	ഏകാന്തമായ മാർഗ്ഗമേതെന്നു്
ത്വത്തഃ	അങ്ങിൽനിന്നു്
ശ്രോതും ഇച്ഛാമി	കേൾക്കാൻ ഞാനാഗ്രഹിക്കുന്നു.
സംക്ഷേപാത് വക്തും അർഹസി	ചുരുക്കി (എന്നോടു്) അരുളമാറാകണം.

ജ്ഞാനം വിജ്ഞാനസഹിതം ഭക്തിവൈരാഗ്യബൃംഹിതം
ആചക്ഷ്വ മേ രഘുശ്രേഷ്ഠ വക്താ നാന്യോഽസ്തി ഭൂതലേ. 18

രഘുശ്രേഷ്ഠ,	രഘുശ്രേഷ്ഠ,
ഭക്തിവൈരാഗ്യ—ബൃംഹിതം	ഭക്തി, വൈരാഗ്യം ഇവയാൽ പരിപുഷ്ടവും
വിജ്ഞാനസഹിതം ജ്ഞാനം	വിജ്ഞാനസഹിതവുമായ ജ്ഞാനം
മേ ആചക്ഷ്വ	എനിക്കുപദേശിച്ചുതന്നാലും.
ഭൂതലേ അന്യഃ വക്താ ന അസ്തി	ഊഴിയിൽ മറ്റൊരുപദേഷ്ടാവു് ഇല്ലല്ലോ.

വിജ്ഞാനം = ഭൗതികജ്ഞാനം. ജ്ഞാനം = അദ്ധ്യാത്മവിദ്യ. ഇവയെ ക്രമത്തിൽ അവിദ്യ, വിദ്യ; അപരാവിദ്യ, പരാവിദ്യ എന്നും പറയും. രണ്ടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്റേയും സമന്വയമാണ് പൂർണ്ണത. ''വിദ്യാം ച അവിദ്യാം ച...'' (ഈശാവാസ്യം—11, ഗീത—VII)

ശ്രീരാമ ഉവാച: ശ്രീരാമൻ അരുളി

ശൃണു വക്ഷ്യാമി തേ വത്സ ഗുഹ്യാത് ഗുഹ്യതരം പരം
യദ്വിജ്ഞായ നരോ ജഹ്യാത് സദ്യോവൈകല്പികം ഭ്രമം. 19

വത്സ, ഗുഹ്യാത് ഗുഹ്യതരം	കുഞ്ഞേ, ഗോപ്യാൽ ഗോപ്യതരമായ
പരം തേ വക്ഷ്യാമി ശൃണു	പരമതത്ത്വം നിന്നോടോതാം; കേട്ടുകൊൾക.
യത് വിജ്ഞായ നരഃ സദ്യഃ	അതറിഞ്ഞാൽ മനുഷ്യൻ ഉടൻതന്നെ
വൈകല്പികം ഭ്രമം ജഹ്യാത്	വികല്പങ്ങളാലുണ്ടായ ഭ്രമം വെടിയും.

യഥാർത്ഥത്തിലില്ലെങ്കിലും ഉണ്ടെന്ന ബോധം വികല്പഭ്രമം.

ഉദാ: മുയലിന്റെ കൊമ്പ്. മുയലിനു കൊമ്പില്ലെങ്കിലും താദൃശമായ ഒരാശയം ആ വാക്ക് മനസ്സിലുദിപ്പിക്കും. സംസാരസംബന്ധിയായ വ്യാവഹാരികജ്ഞാനവും ഇതുപോലെതന്നെ. യഥാർത്ഥത്തിൽ ഇല്ല. ഉണ്ടെന്നുള്ള തോന്നൽ (വികല്പഭ്രമം) മാത്രം.

ആദൗ മായാസ്വരൂപം തേ വക്ഷ്യാമി തദനന്തരം
ജ്ഞാനസ്യ സാധനം പശ്ചാത് ജ്ഞാനം
വിജ്ഞാനസംയുതം. 20

ജ്ഞേയം ച പരമാത്മാനം യത് ജ്ഞാത്വാ മുച്യതേ ഭയാത്
അനാത്മനി ശരീരാദാവാത്മബുദ്ധിസ്തു യാ ഭവേത്. 21

സൈവ മായാ തയൈവാസൗ സംസാരഃ പരികല്പ്യതേ

ആദൗ മായാസ്വരൂപം	ആദ്യം മായാസ്വരൂപം
തേ വക്ഷ്യാമി	നിനക്കുപദേശിക്കാം.
തദനന്തരം ജ്ഞാനസ്യ സാധനം	അതിനുശേഷം ജ്ഞാനത്തിനുപാധി.
പശ്ചാത് വിജ്ഞാനസംയുതം	പിന്നെ വിജ്ഞാനസഹിതമായ
ജ്ഞാനം ജ്ഞേയം പരമാത്മാനം	ജ്ഞാനം. അറിയപ്പെടേണ്ട പരമാത്മാ-
ച (വക്ഷ്യാമി)	വിനെപ്പററിയും ചൊല്ലാം.
യത് ജ്ഞാത്വാ ഭയാത്	ഇതറിയുന്നതോടെ ഭയത്തിൽനിന്നു
മുച്യതേ	വിടുതൽകിട്ടും.
അനാത്മനി ശരീരാദൗ	ആത്മാവല്ലാത്ത ദേഹാദിയിൽ
ആത്മബുദ്ധിഃ യാ ഭവേത്	ആത്മാവെന്ന ബോധം ഏതുളവാകുന്നുവോ,
സാ ഏവ മായാ. തയാ ഏവ അസൗ	അതുതന്നെ മായ. ആ (മായയാൽ) തന്നെ
സംസാരഃ പരികല്പ്യതേ	ഈ സംസാരം കല്പിക്കപ്പെടുന്നു.

സംസാരകാരണം മായയാണ്. മായയിൽനിന്നു മോചനം മോക്ഷം. മോക്ഷഹേതു യഥാവത്തായ ജ്ഞാനമാകുന്നു. മായയെ സംബന്ധിക്കുന്ന യഥാർത്ഥജ്ഞാനം അതിൽനിന്നു മോചനം ലഭിക്കുന്നതിനാവശ്യമാണ്. മായാസ്വരൂപം അതിനാൽ ആദ്യംതന്നെ വിശദീകരിക്കപ്പെടുന്നു. എന്താണ് മായ? ആത്മാവല്ലാത്ത ദേഹാദിയാണ് ആത്മാവെന്ന ബോധംതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപേ ദ്വേ നിശ്ചിതേ പൂർവ്വം മായായാഃ കുലനന്ദന. 22

വിക്ഷേപാവരണേ തത്ര പ്രഥമം കല്പയേജ്ജഗത്
ലിംഗാദ്യ ബ്രഹ്മപര്യന്തം സ്ഥൂലസൂക്ഷ്മവിഭേദതഃ. 23

കുലനന്ദന	കുലത്തിന് ആനന്ദമരുളുന്നവനേ,
മായായാഃ ദ്വേ രൂപേ പൂർവ്വം നിശ്ചിതേ	മായയ്ക്ക് രണ്ടു രൂപം പണ്ടേ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്;
വിക്ഷേപാവരണേ തത്ര പ്രഥമം സ്ഥൂലസൂക്ഷ്മവിഭേദതഃ ലിംഗാദ്യ ബ്രഹ്മപര്യന്തം ജഗത് കല്പയേത്	വിക്ഷേപാവരണങ്ങൾ. അവയിൽ ആദ്യത്തേത് സ്ഥൂലസൂക്ഷ്മഭേദങ്ങളോടെ ലിംഗം* മുതൽ ബ്രഹ്മപര്യന്തമായ ജഗത്തിനെ കല്പിക്കുന്നു.

അപരം ത്വഖിലം ജ്ഞാനരൂപമാവൃത്യ തിഷ്ഠതി
മായയാ കല്പിതം വിശ്വം പരമാത്മനി കേവലേ. 24

രജ്ജൗ ഭുജംഗവത് ഭ്രാന്ത്യാ വിചാരേ നാസ്തി കിഞ്ചന
ശ്രൂയതേ ദൃശ്യതേ യദ്യത് സ്മര്യതേ വാ നരൈഃ സദാ. 25

അസദേവ ഹി തത് സർവ്വം യഥാ സ്വപ്നമനോരഥൗ
ദേഹ ഏവ ഹി സംസാരവൃക്ഷമൂലം ദൃഢം സ്മൃതം. 26

അപരം തു ജ്ഞാനരൂപം അഖിലം ആവൃത്യ തിഷ്ഠതി	മറേറതാകട്ടെ ജ്ഞാനസ്വരൂപമാകെ ചൂഴ്ന്നു നിലകൊള്ളുന്നു.
മായയാ കേവലേ പരമാത്മനി വിശ്വം കല്പിതം	മായയാലാണ് കേവലമായ പരമാത്മാ– വിൽ വിശ്വം കല്പിതമാകുന്നത്.
ഭ്രാന്ത്യാ രജ്ജൗ ഭുജംഗവത്	ഭ്രാന്തിയാൽ കയറിൽ പാമ്പിനെയെന്നപോലെ.
വിചാരേ കിഞ്ചന നാസ്തി	ആലോചിച്ചാൽ ഒന്നുമില്ലതാനും.
നരൈഃ സദാ യദ് യദ് ശ്രൂയതേ ദൃശ്യതേ സ്മര്യതേ വാ തത് സർവ്വം സ്വപ്നമനോരഥൗ യഥാ അസത് ഏവ	നരരാൽ എന്നും എന്തെന്തു കേൾക്കപ്പെടുന്നു, കാണപ്പെടുന്നു, സ്മരിക്കപ്പെടുന്നു, അതെല്ലാം കിനാവും മനോരഥവുംപോലെ ഉണ്മയററതുതന്നെ.

ആവരണശക്തി ആത്മാവിന്റെ ജ്ഞാനസ്വരൂപം മറയ്ക്കുന്നു. കേവലമായ പരമാത്മാവിൽ വിശ്വം അതോടെ പ്രദർശിതമാവുകയായി. മായയാൽ മറയ്ക്കപ്പെട്ട ബുദ്ധി ഇതു ഗ്രഹിക്കുന്നില്ല. തന്മൂലം ദേഹാദികളെ ആത്മാവെന്നു തെററിദ്ധരിക്കയും ചെയ്യുന്നു.

ദേഹഃ ഏവ ഹി ദൃഢം സംസാരവൃക്ഷമൂലം സ്മൃതം	ഉടൽതന്നെയാണ് ഉറച്ച സംസാരതരുവിനു വേരെന്നു സ്മരിക്കപ്പെട്ടിരിക്കുന്നത്.

* വേദാന്തത്തിൽ സൂക്ഷ്മശരീരത്തെ ലിംഗമെന്നും പറയും.
"ഇദം ശരീരം ശൃണു സൂക്ഷ്മസംജ്ഞിതം
ലിംഗം ത്വപഞ്ചീകൃതഭൂതസംഭവം." (വി. ചൂ.–97)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരംപൊരുളിനെ അറിയായ്കയാൽ നരർ ഉലകമാണ് ഉണ്മയെന്നു കരുതുന്നു. വിവേകമുദിക്കുമ്പോൾ പരമാത്മാവല്ലാതെ മറ്റെല്ലാം മിഥ്യയെന്നു വെളിപ്പെടും. സംസാരതരുവിന്റെ മൂലമത്രെ ദേഹം. വേരററാൽ മരം ഉണങ്ങുന്നപോലെ ഉടലാണ് ഉയിരെന്ന ബോധമകലുന്നതോടെ സംസാരവും തീരുന്നു.

തന്മൂലഃ പുത്രദാരാദിബന്ധഃ കിം തേഽന്യഥാത്മനഃ. 27

തന്മൂലഃ പുത്രദാരാദിബന്ധഃ	ദേഹമൂലമാണ് പുത്രദാരാദിബന്ധം.
അന്യഥാ ആത്മനഃ തേ കിം?	അന്യഥാ ആത്മാവായ നിനക്കെന്തു (ബന്ധം?)

പുത്രൻ, ഭാര്യ തുടങ്ങിയവരോടുള്ള ബന്ധത്തിന്റെ ആധാരം ശരീരമാണ്. ശരീരമില്ലെങ്കിൽ ആത്മാവിന്ന് ഇവരെക്കൊണ്ടൊക്കെ എന്തു കാര്യം?

ദേഹസ്തു സ്ഥൂലഭൂതാനാം പഞ്ച തന്മാത്രപഞ്ചകം
അഹങ്കാരശ്ച ബുദ്ധിശ്ച ഇന്ദ്രിയാണി തഥാ ദശ. 28

ചിദാഭാസോ മനശ്ചൈവ മൂലപ്രകൃതിരേവ ച
ഏതത് ക്ഷേത്രമിതി ജ്ഞേയം ദേഹ ഇത്യഭിധീയതേ. 29

ദേഹഃ സ്ഥൂലഭൂതാനാം	ദേഹമാകട്ടെ സ്ഥൂലഭൂതങ്ങൾ അഞ്ചും
പഞ്ച തന്മാത്രപഞ്ചകം	സൂക്ഷ്മഭൂതങ്ങൾ അഞ്ചും
അഹങ്കാരഃ ച ബുദ്ധിഃ ച	അഹങ്കാരവും ബുദ്ധിയും
തഥാ ദശ ഇന്ദ്രിയാണി ച	പത്ത് ഇന്ദ്രിയങ്ങളും
ചിദാഭാസഃ മനഃ ച മൂലപ്രകൃതിഃ	ചിദാഭാസമായ മനസ്സും മൂലപ്രകൃതിയും
ച. ഏതത് ക്ഷേത്രം ഇതി ജ്ഞേയം	(അടങ്ങിയതാണ്). ഇതിനെ ക്ഷേത്രമെന്നറിയണം.
ദേഹഃ ഇതി അഭിധീയതേ	(ഇതുതന്നെ) ദേഹമെന്നു പറയപ്പെടുന്നു.

ജഡതത്ത്വത്തിന് മൗലികമായി രണ്ടു ഭേദങ്ങൾ: പ്രകൃതി, വികൃതി. പ്രകൃതി എട്ട്: പ്രധാനം (മൂലപ്രകൃതി), മഹത്തത്ത്വം, അഹങ്കാരം, അഞ്ചു തന്മാത്രകൾ. വികൃതികൾ പതിനാറ്: സ്ഥൂലഭൂതങ്ങൾ അഞ്ച്, ജ്ഞാനേന്ദ്രിയങ്ങൾ അഞ്ച്, കർമ്മേന്ദ്രിയങ്ങൾ അഞ്ച്, പിന്നൊന്നു മനസ്സ്.

അഹങ്കാരമെന്നാൽ അസ്മിത; ഞാൻ എന്ന ബോധം. ഇതു ചേതനലക്ഷണമാണ്. ചേതനസാന്നിധ്യത്താൽ ജഡത്തിനുണ്ടാകുന്ന വിക്ഷോഭത്തിന്റെ ഫലമായി മൂലപ്രകൃതിയിൽനിന്ന് മഹത്തത്ത്വവും അതിൽനിന്ന് അഹങ്കാരവും, അഹങ്കാരത്തിൽനിന്ന് ബുദ്ധിയും ഇന്ദ്രിയങ്ങളുമുണ്ടാകുന്നു. ചിത്തിന്റെ ആഭാസമാണ് മനസ്സ്; സ്വയം ചേതനമല്ല. ചേതനത്തിന്റെ അനുഭവോപാധി മാത്രം. ഇന്ദ്രിയസംവേദനം മനസ്സിലൂടെ ആത്മാവിലെത്തുന്നു.

തന്മാത്രകളിൽനിന്നു സ്ഥൂലഭൂതങ്ങളുണ്ടായി. ക്ഷേത്രമെന്നത് ഇതിന്റെയെല്ലാം സംഘാതമാണ്. ക്ഷേത്രം ശരീരംതന്നെ. ''ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയതേ.'' (ഗീത–13.1)

ഏതൈർവിലക്ഷണോ ജീവഃ പരമാത്മാ നിരാമയഃ
തസ്യ ജീവസ്യ വിജ്ഞാനേ സാധനാന്യപി മേ ശൃണു. 30

ജീവഃ ഏതൈഃ വിലക്ഷണഃ നിരാമയഃ പരമാത്മാ	ജീവൻ ഇവയുടെ ലക്ഷണങ്ങളില്ലാത്തതാണ്. (അതു) ആമയമേശാത്ത പരമാത്മാവാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ ജീവസ്യ	ആ ജീവൻെറ (പരമാത്മാവിനെ
വിജ്ഞാനേ	സംബന്ധിക്കുന്ന) വിജ്ഞാനം
സാധനാനി	നേടാനുള്ള ഉപാധികളും
അപി മേ ശൃണു	എന്നിൽനിന്നു കേൾക്കുക.

ജീവശ്ച പരമാത്മാ ച പര്യായോ നാത്ര ഭേദധീഃ
മാനാഭാവസ്തഥാ ദേഹേ ഹിംസാദിപരിവർജ്ജനം. 31

പരാക്ഷേപാദി സഹനം സർവ്വത്രാവക്രതാ തഥാ
മനോവാക്കായ സദ്ഭക്ത്യാ സദ്ഗുരോഃ പരിസേവനം. 32

ബാഹ്യാഭ്യന്തരസംശുദ്ധിഃ സ്ഥിരതാ സത്ക്രിയാദിഷു
മനോവാക്കായ ദണ്ഡശ്ച വിഷയേഷു നിരീഹതാ. 33

നിരഹങ്കാരതാ ജന്മജരാദ്യാലോചനം തഥാ
അസക്തിഃ സ്നേഹശൂന്യത്വം പുത്രദാരധനാദിഷു. 34

ഇഷ്ടാനിഷ്ടാഗമേ നിത്യം ചിത്തസ്യ സമതാ തഥാ
മയി സർവ്വാത്മകേ രാമേ ഹ്യനന്യവിഷയാ മതിഃ. 35

ജനസംബാധരഹിതശുദ്ധദേശനിഷേവണം
പ്രാകൃതൈർജ്ജനസംഘൈശ്ച ഹ്യരതിഃ സർവ്വദാ ഭവേത്. 36

ആത്മജ്ഞാനേ സദോദ്യോഗോ വേദാന്താർത്ഥാവലോകനം
ഉക്തൈരേതൈർഭവേത്ജ്ഞാനം വിപരീതൈർ
വിപര്യയഃ. 37

ജീവഃ ച പരമാത്മാ ച	ജീവാത്മാവും പരമാത്മാവും
പര്യായഃ	(പരസ്പരം) പര്യായമാണ്.
അത്ര ഭേദധീഃ ന	ഇവിടെ ഭേദബുദ്ധിയില്ല (പാടില്ല).
ദേഹേ മാനാഭാവഃ ഹിംസാദി	ദേഹാഭിമാനമില്ലായ്മ,
പരിവർജ്ജനം പരാക്ഷേപാദി	ഹിംസ തുടങ്ങിയവ വെടിയുക, അന്യരു
സഹനം സർവ്വത്ര	ടെ ആക്ഷേപാദി സഹിക്കുക, എല്ലായിട
അവക്രതാ	ത്തും നേരെ പെരുമാറുക,
മനോവാക്കായ	മനസ്സിലും വാക്കിലും
സദ്ഭക്ത്യാ സദ്ഗുരോഃ	സദ്ഭക്തിയോടെ സദ്ഗുരുവിനെ
പരിസേവനം	പരിസേവിക്കുക,
ബാഹ്യാഭ്യന്തരസംശുദ്ധിഃ	പുറത്തും അകത്തും വിശുദ്ധി,
സത്ക്രിയാദിഷു സ്ഥിരതാ	നല്ല പ്രവൃത്തികളിലും മററും ഉറപ്പ്,
മനോവാക്കായ	മനസ്സ്, വാക്ക്,
ദണ്ഡഃ ച	ദേഹം ഇവയുടെ സംയമം,
വിഷയേഷു നിരീഹതാ	വിഷയങ്ങളിൽ ആശയില്ലായ്മ,
നിരഹങ്കാരതാ	അഹങ്കാരമില്ലായ്മ,
ജന്മജരാദ്യാലോചനം	ജനനജരാദികളെപ്പററി പരിചിന്തനം.
പുത്രദാരധനാദിഷു	പുത്രകളത്രധനാദിയിൽ
അസക്തിഃ	അമോഹം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്നേഹശൂന്യത്വം	അനാസക്തി, പ്രിയാപ്രിയങ്ങൾ
ഇഷ്ടാനിഷ്ടാഗമേ	വരുമ്പോൾ ഉള്ളിലെന്നേരവും
ചിത്തസ്യ നിത്യം സമതാ	സമനില, സർവ്വാത്മാവും
സർവ്വാത്മകേ രാമേ മയി	രാമനുമായ എന്നിൽ
അനന്യവിഷയാ മതിഃ	മറുവിഷയം പേറാതെ (ലയിക്കുന്ന)
ജനസംബാധരഹിതശുദ്ധ-	ചേതസ്സ്, ജനോപദ്രവമൊഴിഞ്ഞ
ദേശനിഷേവണം	വിശുദ്ധസ്ഥലത്തുള്ള നിവാസം,
പ്രാകൃതൈഃ ജനസംഘൈഃ	അറിവില്ലാത്ത ജനക്കൂട്ടത്തോട്
അരതിഃ	ചേർച്ചയില്ലായ്മ,
ആത്മജ്ഞാനേ	ആത്മജ്ഞാനത്തിലുള്ള
സദാ ഉദ്യോഗഃ	നിരന്തരശ്രമം,
വേദാന്താർത്ഥാവലോകനം	വേദാന്തപ്പൊരുളിന്റെ നിരൂപണം
ച സർവ്വദാ ഭവേത്	(ഇവ) എപ്പോഴുമുണ്ടായിരിക്കണം.
ഏതൈഃ ഉക്തൈഃ	ഇപ്പറഞ്ഞവയാൽ
ജ്ഞാനം ഭവേത്	പരമാർത്ഥജ്ഞാനം ഉളവാകും.
വിപരീതൈഃ	വിപരീതാചരണങ്ങളാൽ
വിപര്യയഃ	വിപരീതഫലവും.

സാധകന് അവശ്യം വേണ്ട ഗുണങ്ങളാണ് മേൽവിവരിച്ചത്. വൈരാഗ്യയുക്തമായ ചര്യ സിദ്ധിക്കു ഹേതുവാകുന്നു. ജീവിതവിശുദ്ധി, ഭഗവത്പ്രേമം ഇവയാൽ മാത്രമേ മുക്തി കൈവരൂ എന്നു താൽപര്യം.

ബുദ്ധിപ്രാണമനോദേഹാഹംകൃതിഭ്യോ വിലക്ഷണഃ
ചിദാത്മാഽഹം നിത്യശുദ്ധബുദ്ധ ഏവേതി നിശ്ചയം. 38

യേന ജ്ഞാനേന സംവേത്തി തത് ജ്ഞാനം നിശ്ചിതം ച മേ
വിജ്ഞാനം ച തദൈവൈ തത് സാക്ഷാദനുഭവേദ്യദാ. 39

ബുദ്ധിപ്രാണമനോദേഹാ-	ബുദ്ധി, പ്രാണൻ, മനസ്സ്, ദേഹം, അഹ
ഹംകൃതിഭ്യഃ വിലക്ഷണഃ	ങ്കാരം ഇവയിൽനിന്നു വിലക്ഷണനായ
അഹം ചിദാത്മാ	ഞാൻ ചിദാത്മാവും
നിത്യശുദ്ധബുദ്ധഃ	നിത്യശുദ്ധനും ബോധവാനും തന്നെ
ഏവ ഇതി നിശ്ചയം	എന്ന നിശ്ചയം ഏതു ജ്ഞാനത്താൽ
യേന ജ്ഞാനേന സംവേത്തി	സംബോധ്യമാകുന്നുവോ
തത് ജ്ഞാനം (ഇതി)	അതാണ് ജ്ഞാനം (എന്ന്)
മേ നിശ്ചിതം ച	ഞാൻ നിശ്ചയിച്ചിരിക്കുന്നു.
ഏതദ് ഏവ യദാ	ഇതുതന്നെ എപ്പോൾ സാക്ഷാത്തായി
സാക്ഷാത് അനുഭവേത്	അനുഭവിക്കുമോ (അപ്പോൾ)
തത് വിജ്ഞാനം ച	അതുതന്നെ വിജ്ഞാനവുമാകുന്നു.

താൻ ചിത്സ്വരൂപവും നിത്യശുദ്ധബുദ്ധവുമായ പരമാത്മാവുതന്നെയാണെന്ന ബോധം ഗുരൂപദേശത്താൽ കരഗതമാകുമ്പോൾ സാധകനു ജ്ഞാനം പ്രാപ്തമായി. പക്ഷേ, ജ്ഞാനാർജ്ജനം പരമമായ ലക്ഷ്യമല്ല. ലക്ഷ്യത്തിലേക്കുള്ള അമോഘമായ ഉപാധി മാത്രമാണത്. ലക്ഷ്യം അനുഭവമാണ്. നിദിധ്യാസമാണ്. അനുഭവയുക്തമായ ജ്ഞാനമത്രേ വിജ്ഞാനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാ സർവ്വത്ര പൂർണ്ണഃ സ്യാച്ചിദാനന്ദാത്മകോഽവ്യയഃ
ബുദ്ധ്യാദ്യുപാധിരഹിതഃ പരിണാമാദിവർജ്ജിതഃ. 40

ആത്മാ സർവ്വത്ര പൂർണ്ണഃ	ആത്മാവ് എങ്ങും നിറഞ്ഞ
ചിദാനന്ദാത്മകഃ അവ്യയഃ	ചിദാനന്ദരൂപവും അഴിവില്ലാത്തതും
ബുദ്ധ്യാദ്യുപാധിരഹിതഃ	ബുദ്ധി മുതലായ ഉപാധിയില്ലാത്തതും
പരിണാമാദിവർജ്ജിതഃ സ്യാത്	മാററമില്ലാത്തതുമാകുന്നു.

സ്വപ്രകാശേന ദേഹാദീൻ ഭാസയന്നനപാവൃതഃ
ഏക ഏവാദ്വിതീയശ്ച സത്യജ്ഞാനാദിലക്ഷണഃ. 41

സ്വപ്രകാശേന ദേഹാദീൻ	സ്വന്തം പ്രകാശത്താൽ ദേഹാദികളെ
ഭാസയൻ അനപാവൃതഃ	പ്രകാശിപ്പിച്ചുകൊണ്ട് മറവെന്യേ
ഏകഃ ഏവ	(മരുവുന്ന ആത്മാവ്) ഏകംതന്നെ.
അദ്വിതീയഃ ച	അദ്വിതീയവുമാകുന്നു.
സത്യജ്ഞാനാദി ലക്ഷണഃ	(അതു്) സത്യജ്ഞാനാദിലക്ഷണവുമത്രേ.

അസംഗഃ സ്വപ്രഭോ ദ്രഷ്ടാ വിജ്ഞാനേനാവഗമ്യതേ
ആചാര്യശാസ്ത്രോപദേശാദൈക്യജ്ഞാനം യദാ ഭവേത്. 42

ആത്മനോർജീവപരയോർമൂലാവിദ്യാ തദൈവ ഹി
ലീയതേ കാര്യകരണൈഃ സഹൈവ പരമാത്മനി. 43

അസംഗഃ സ്വപ്രഭഃ	സംഗമററതും സ്വയംപ്രകാശവും
ദ്രഷ്ടാ (ഇതി)	ദ്രഷ്ടാവുമാണെന്നു്
വിജ്ഞാനേന അവഗമ്യതേ	വിജ്ഞാനത്താലറിയപ്പെടുന്നു.
ആചാര്യശാസ്ത്രോപദേശാത്	ഗുരുവിൽനിന്നും ശാസ്ത്രോപദേശത്താലും
ജീവപരയോഃ ആത്മനോഃ	ജീവാത്മപരമാത്മാക്കളുടെ
ഐക്യജ്ഞാനം യദാ ഭവേത്	ഐക്യജ്ഞാനം എപ്പോൾ ഉദിക്കുന്നുവോ
തദാ ഏവ മൂലാവിദ്യാ	അപ്പോൾത്തന്നെ മൂലമായ അവിദ്യ
കാര്യകരണൈഃ സഹ	കാര്യകാരണങ്ങളോടൊപ്പം
പരമാത്മനി ലീയതേ ഹി	പരമാത്മാവിൽ ലയിക്കുന്നു, തീർച്ച.

സാവസ്ഥാ മുക്തിരിത്യുക്താഹ്യുപചാരോഽയമാത്മനി
ഇദം മോക്ഷസ്വരൂപം തേ കഥിതം രഘുനന്ദന. 44

ജ്ഞാനവിജ്ഞാനവൈരാഗ്യസഹിതം മേ പരാത്മനഃ
കിന്ത്വേതദ്ദുർല്ലഭം മന്യേ മദ്ഭക്തി വിമുഖാത്മനാം. 45

സാ അവസ്ഥാ മുക്തിഃ	ആ അവസ്ഥയാണ്
ഇതി ഉക്താ	മുക്തിയെന്നു പറയപ്പെടുന്നതു്.
രഘുനന്ദന, പരാത്മനഃ മേ	ലക്ഷ്മണ, പരമാത്മാവായ എന്റെ
ജ്ഞാനവിജ്ഞാന–	ജ്ഞാനവിജ്ഞാനവൈരാഗ്യ–
വൈരാഗ്യസഹിതം മോക്ഷ-	സഹിതമായ മോക്ഷസ്വരൂപം
സ്വരൂപം തേ കഥിതം.	നിനക്കു പറഞ്ഞുതന്നു.
അയം ആത്മനി ഉപചാരഃ	ഇതു് ആത്മാവിൽ ഉപചാരം മാത്രം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിന്തു ഏതത് മത്ഭക്തി	എന്നാലിതു് എന്റെ ഭക്തിയിൽ
വിമുഖാത്മനാം	വിമുഖതയുള്ളോർക്കു് ദുർല്ലഭമെന്നു
ദുർല്ലഭം മന്യേ	ഞാൻ കരുതുന്നു.

ചക്ഷുഷ്മതാമപി തഥാ രാത്രൗ സമ്യങ്ങ് ന ദൃശ്യതേ
പദം ദീപസമേതാനാം ദൃശ്യതേ സമ്യഗേവ ഹി. 46

ഏവം മത്ഭക്തിയുക്താനാമാത്മാ സമ്യക് പ്രകാശതേ
മത്ഭക്തേഃ കാരണം കിഞ്ചിത് വക്ഷ്യാമി ശൃണു തത്വതഃ. 47

ചക്ഷുഷ്മതാം അപി	കണ്ണുള്ളവർക്കുപോലും രാവിൽ
രാത്രൗ പദം തഥാ സമ്യക്	(നടക്കുമ്പോൾ) പാദം അത്ര
ന ദൃശ്യതേ	നല്ലപോലെ കാണാനാവില്ല.
ദീപസമേതാനാം ഹി	പക്ഷേ, വിളക്കുള്ളവർക്കു്
സമ്യഗ് ഏവ ദൃശ്യതേ ഹി	നന്നായ്ത്തന്നെ കാണുകയുമാവാം.
ഏവം മത്ഭക്തിയുക്താനാം	എന്നപോലെ, എന്നിൽ
ആത്മാ സമ്യക്	ഭക്തിയുള്ളോർക്കു് ആത്മാവു്
പ്രകാശതേ	തെളിഞ്ഞുവിളങ്ങുന്നു.
തത്വതഃ മത്ഭക്തേഃ കിഞ്ചിത്	താത്ത്വികമായി എന്നിൽ ഭക്തിക്കുള്ള
കാരണം വക്ഷ്യാമി ശൃണു	ചില കാരണം അരുളാം. കേൾക്കുക.

കണ്ണുള്ളവർക്കുപോലും ദീപത്തിന്റെ സഹായംകൂടാതെ ഇരുട്ടത്തു് സ്വന്തം കാലടികൾ കാണാൻ കഴിയാറില്ല ദീപം ഉണ്ടെങ്കിൽ ഇരുളൊഴിയും. കാലടി തെളിഞ്ഞുകാണുകയും ചെയ്യും. അറിവു കണ്ണാണു്. കാലടി ആത്മസ്വരൂപം. വെളിച്ചം പരമപ്രേമരൂപമായ ഭക്തിതന്നെ. ഭക്തിയുടെ ദീപ്തിയില്ലാതെ മായയുടെ ഇരുളകലുകയോ ആത്മസ്വരൂപം തെളിയുകയോ ചെയ്യുന്നില്ല.

മത്ഭക്തസംഗോ മത്സേവാ മത്ഭക്താനാം നിരന്തരം
ഏകാദശ്യുപവാസാദി മമ പർവ്വാനുമോദനം. 48
മത്കഥാശ്രവണേ പാഠേ വ്യാഖ്യാനേ സർവ്വദാ രതിഃ
മത്പൂജാ പരിനിഷ്ഠാ ച മമ നാമാനുകീർത്തനം. 49
ഏവം സതതയുക്താനാം ഭക്തിരവ്യഭിചാരിണീ
മയി സംജായതേ നിത്യം തതഃ കിമവശിഷ്യതേ. 50

മത്ഭക്തസംഗഃ	എന്റെ ഭക്തരോടുള്ള ചേർച്ച,
മത്സേവാ	എന്റെ സേവനം, എന്റെ ഭക്തന്മാരോട
മത്ഭക്താനാം നിരന്തരം (സേവാ)	നിരന്തരപരിചരണം, ഏകാദശിയിലെ
ഏകാദശ്യുപവാസാദി	ഉപവാസാദികളുടെ അനുഷ്ഠാനം,
മമ പർവ്വാനുമോദനം	എന്റെ ഉത്സവാദികളുടെ അനുമോദനം,
മത്കഥാശ്രവണേ	എന്റെ കഥ കേൾക്കുന്നതിലും
പാഠേ വ്യാഖ്യാനേ	പഠിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും
സർവ്വദാ രതിഃ	നിരന്തരമായ താത്പര്യം,
മത്പൂജാപരിനിഷ്ഠാ ച	എന്റെ പൂജയിൽ തികഞ്ഞ നിഷ്ഠ,
മമ നാമാനുകീർത്തനം ഏവം	എന്റെ നാമകീർത്തനം ഇങ്ങനെ(യുള്ള
സതതയുക്താനാം മയി	കാര്യങ്ങളിൽ) എപ്പോഴും മുഴുകിക്കഴിയു-
അവ്യഭിചാരിണീ ഭക്തിഃ	ന്നവർക്കു് എന്നിൽ പതറാത്ത ഭക്തി
സംജായതേ	ഉദിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതോ മദ്ഭക്തിയുക്തസ്യ ജ്ഞാനം വിജ്ഞാനമേവ ച
വൈരാഗ്യം ച ഭവേച്ഛീഘ്രം തതോമുക്തിമവാപ്നുയാത്. 51

അതഃ മദ്ഭക്തിയുക്തസ്യ	അതുവഴി എൻെറ ഭക്തന്
ജ്ഞാനം, വിജ്ഞാനം,	ജ്ഞാനവും, വിജ്ഞാനവും,
വൈരാഗ്യം ച ശീഘ്രം ഭവേത്	വൈരാഗ്യവും സത്വരം കൈവരും.
തതഃ മുക്തിം അവാപ്നുയാത്	പിന്നെ മുക്തിയും ലഭിക്കും.

ആധ്യാത്മികമായ ഏതു പരമസിദ്ധിയും ഭക്തിയെ ആശ്രയിച്ചിരിക്കുന്നു എന്നു സാരം.

കഥിതം സർവ്വമേതത്തേ തവപ്രശ്നാനുസാരതഃ
അസ്മിൻ മനഃസമാധായ യസ്തിഷ്ഠേത് സ തു മുക്തിഭാക്. 52

തവ പ്രശ്നാനുസാരതഃ	നിൻെറ ചോദ്യമനുസരിച്ച്
ഏതത് സർവ്വം തേ കഥിതം	ഇതെല്ലാം നിന്നോടോതി.
യഃ അസ്മിൻ മനഃ—	ഏവൻ ഇതിൽ ഉള്ളമൂന്നി
സമാധായ തിഷ്ഠേത്	നിലകൊള്ളുമോ,
സഃ തു മുക്തിഭാക്	അവൻതന്നെ മോക്ഷത്തിനധികാരി.

ന വക്തവ്യമിദം യത്നാൻ മദ്ഭക്തിവിമുഖായ ഹി
മദ്ഭക്തായ പ്രദാതവ്യമാഹൂയാപി പ്രയത്നതഃ. 53

മദ്ഭക്തിവിമുഖായ	എന്നിൽ ഭക്തിയില്ലാത്തവന്
ഇദം യത്നാത്	ഇതു് പണിപ്പെട്ടും
ന വക്തവ്യം ഹി	പറഞ്ഞുകൊടുക്കാതിരിക്കണം.
മദ്ഭക്തായ പ്രയത്നതഃ	എൻെറ ഭക്തനാകട്ടെ,
ആഹൂയ അപി	പ്രയത്നപൂർവ്വം വിളിച്ചായാലും
പ്രദാതവ്യം	പറഞ്ഞുകൊടുക്കയും വേണം.

യ ഇദം തു പഠേന്നിത്യം ശ്രദ്ധാഭക്തിസമന്വിതഃ
അജ്ഞാനപടലധ്വാന്തം വിധൂയ പരിമുച്യതേ. 54

യഃ ശ്രദ്ധാഭക്തിസമന്വിതഃ	ഏവൻ ശ്രദ്ധാഭക്തിസമേതം ഈ
ഇദം നിത്യം പഠേത് സഃ	സ്തോത്രം എന്നും പഠിക്കുമോ,
അജ്ഞാനപടലധ്വാന്തം	അവൻ അജ്ഞാനപടലങ്ങളുടെ
വിധൂയ പരിമുച്യതേ	ഇരുട്ടു നീക്കി മോക്ഷം നേടും.

ഭക്താനാം മമ യോഗിനാം സുവിമല—
സ്വാന്താതിശാന്താത്മനാം
മത്സേവാഭിരതാത്മനാം ച
വിമലജ്ഞാനാത്മനാം സർവ്വദാ
സംഗം യഃ കുരുതേ സദോദ്യതമതിഃ
സത്സേവനാനന്യധീർ—
മോക്ഷസ്തസ്യകരേ സ്ഥിതോഽഹമനിശം
ദൃശ്യോ ഭവേ നാന്യഥാ. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വവിമലസ്വാന്താതിശാന്താ—	ശുദ്ധചിത്തരും പ്രശാന്താത്മാക്കളും
ത്മനാം മത്സേവാഭിരതാത്മനാം	എന്റെ സേവയിൽ ഉള്ളം രമിപ്പോരും
വിമലജ്ഞാനാത്മനാം	പാവനമായ ജ്ഞാനമാണ് ആത്മതത്ത്വ—
മമ ഭക്താനാം	മെന്നറിവോരും എന്റെ ഭക്തന്മാരായ
യോഗിനാം സദാ ഉദ്യതമതിഃ	യോഗിമാരോട് സദാ ഉദ്യതബുദ്ധിയും
സത്സേവാനന്യധീഃ	സത്സംഗമെന്യേ മറ്റൊന്നിൽ
യഃ സർവ്വദാ സംഗം	പറ്റാത്ത ചേതസ്സുള്ളവനുമായ ഏവൻ
കുരുതേ തസ്യ കരേ	എന്നേരവും വേഴ്ച പുലർത്തുന്നുവോ,
മോക്ഷഃ സ്ഥിതഃ.	അവന്റെ കൈയിലാണു മോക്ഷം.
അഹം അനിശം	ഞാനെപ്പോഴും (അവന്)
ദൃശ്യഃ	ദൃശ്യനായിരിക്കും.
അന്യഥാ ന	മറ്റുതരത്തിലായിരിക്കയില്ല.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ ചതുർത്ഥഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം നാലാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം അഞ്ചു്

ശൂർപ്പണഖാദണ്ഡനം—ഖരദൂഷണവധം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ പറഞ്ഞു

തസ്മിൻ കാലേ മഹാരണ്യേ രാക്ഷസീ കാമരൂപിണീ
വിചചാര മഹാസത്വാ ജനസ്ഥാനനിവാസിനീ. 1

ജനസ്ഥാനനിവാസിനീ	ജനസ്ഥാനവാസിനിയും*
മഹാസത്വാ കാമരൂപിണീ	പ്രബലയും ഇച്ഛാരൂപിണിയുമായ
രാക്ഷസീ തസ്മിൻ കാലേ	(ഒരു) രാക്ഷസി അക്കാലത്തു്
മഹാരണ്യേ വിചചാര	കൊടുംകാട്ടിൽ വിഹരിച്ചിരുന്നു.

ഏകദാ ഗൗതമീതീരേ പഞ്ചവട്യാഃ സമീപതഃ
പദ്മവജ്രാങ്കുശാങ്കാനി പദാനി ജഗതീപതേഃ. 2

ദൃഷ്ട്വാ കാമപരീതാത്മാ പാദസൗന്ദര്യമോഹിതാ
പശ്യന്തീ സാ ശനൈരായാത് രാഘവസ്യ നിവേശനം. 3

പഞ്ചവട്യാഃ സമീപതഃ	പഞ്ചവടിക്കടുത്തു്,
ഗൗതമീതീരേ പദ്മവജ്രാ—	ഗോദാവരീതീരത്തിൽ, താമര,
ങ്കുശാങ്കാനി ജഗതീപതേഃ	വജ്രം, അങ്കുശം ഇവയുടെ രൂപമുള്ള
പദാനി ദൃഷ്ട്വാ	രാമപാദചിഹ്നങ്ങളും കണ്ടു്,

* ജനസ്ഥാനം—ദണ്ഡകാരണ്യത്തിലുള്ള ഒരു സ്ഥലം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാദസൌന്ദര്യമോഹിതാ	പാദസൌകുമാര്യത്തിൽ മോഹിച്ച്,
കാമപരീതാത്മാ സാ	കാമവിവശയായിത്തീർന്ന അവൾ
പശ്യന്തീ ശനൈഃ ഏകദാ	(കാല്പാദം) നോക്കി
രാഘവസ്യ നിവേശനം	മെല്ലെ ഒരുനാൾ
ആയാത്	രാമാശ്രമത്തിലെത്തി.

തത്ര സാ തം രമാനാഥം സീതയാ സഹ സംസ്ഥിതം
കന്ദർപ്പസദൃശം രാമം ദൃഷ്ട്വാ കാമവിമോഹിതാ. 4

തത്ര സീതയാ സഹ സംസ്ഥിതം	അവിടെ സീതയോടൊത്തിരുന്ന
കന്ദർപ്പസദൃശം രമാനാഥം	മാരതുല്യനായ രമാനാഥനെ,
തം രാമം ദൃഷ്ട്വാ സാ	ആ രാമനെ, കണ്ട് അവൾ
കാമവിമോഹിതാ (ബഭൂവ)	കാമമോഹിതയായി.

രാക്ഷസീ രാഘവം പ്രാഹ, കസ്യ ത്വം കഃ കിമാശ്രമേ
യുക്താ ജടാവല്ക്കലാദ്യൈഃ സാദ്ധ്യം കിം തേഽത്ര മേ വദ. 5

രാഘവം രാക്ഷസീ പ്രാഹ	രാമനോട് രാക്ഷസി ചോദിച്ചു:
ത്വം കഃ? കസ്യ (പുത്രഃ)?	നീയാര്? ആരുടെ മകൻ? ജടാവല്ക്കലാദി
ജടാവല്ക്കലാദ്യൈഃ യുക്തഃ	യണിഞ്ഞു് ആശ്രമത്തിലിരിക്കുന്നതെന്തി
ആശ്രമേ കിം? അത്ര തേ	ന്? ഇവിടെ നിനക്കു സാധിക്കാനെന്ത്?
സാദ്ധ്യം കിം? മേ വദ	എന്നോടു പറയുക.

അഹം ശൂർപ്പണഖാ നാമ രാക്ഷസീ കാമരൂപിണീ
ഭഗിനീ രാക്ഷസേന്ദ്രസ്യ രാവണസ്യ മഹാത്മനഃ. 6

അഹം രാക്ഷസേന്ദ്രസ്യ	ഞാനാണ് രാക്ഷസേന്ദ്രനായ
മഹാത്മനഃ രാവണസ്യ	മഹാത്മാ രാവണന്റെ ശൂർപ്പണഖ
ശൂർപ്പണഖാ നാമ ഭഗിനീ	എന്നു പേരുടയ സോദരി,
കാമരൂപിണീ	ഇച്ഛാനുസരണം രൂപംപേറുന്നവൾ.

ഖരേണ സഹിതാ ഭ്രാത്രാ വസാമ്യത്രൈവ കാനനേ
രാജ്ഞാ ദത്തം ച മേ സർവ്വം മുനിഭക്ഷാ വസാമ്യഹം. 7

ഭ്രാത്രാ ഖരേണ സഹിതാ	ഭ്രാതാവായ ഖരനോടൊത്തു് ഈ
അത്ര കാനനേ ഏവ വസാമി	കാട്ടിൽത്തന്നെ ഞാൻ വസിക്കുന്നു.
രാജ്ഞാ മേ സർവ്വം	രാജാവ് എനിക്കെല്ലാം
ദത്തം	നല്കിയിരിക്കയാണ്.
മുനിഭക്ഷാ അഹം വസാമി	മുനിമാരെ തിന്ന് ഞാൻ കഴിയുന്നു.

ത്വാം തു വേദിതുമിച്ഛാമി വദ മേ വദതാം വര,
താമാഹ രാമനാമാഹം അയോധ്യാധിപതേഃ സുതഃ. 8

വദതാം വര, ത്വാം	പുരുഷശ്രേഷ്ഠ, നിന്നെ
വേദിതും ഇച്ഛാമി	അറിയാനാഗ്രഹമുണ്ട്.
മേ വദ	എന്നോടു പറഞ്ഞാലും.
(രാമഃ) താം ആഹ	രാമൻ അവളോടു പറഞ്ഞു:
അഹം അയോധ്യാധിപതേഃ	ഞാൻ അയോദ്ധ്യാപതിയുടെ
സുതഃ രാമ നാമാ.	പുത്രനാണ്; രാമനെന്നു പേര്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷാ മേ സുന്ദരീ ഭാര്യാ സീതാ ജനകനന്ദിനീ
സ തു ഭ്രാതാ കനീയാൻ മേ ലക്ഷ്മണോഽതീവസുന്ദരഃ. 9

ഏഷാ സുന്ദരീ മേ ഭാര്യാ	ഈ സുന്ദരി എന്റെ ഭാര്യയാണ്;
ജനകനന്ദിനീ സീതാ	ജനകപുത്രി, സീത.
അതീവസുന്ദരഃ സഃ തു	അതികോമളനായ അവനാകട്ടെ
മമ കനീയാൻ ഭ്രാതാ ലക്ഷ്മണഃ.	എന്റെ അനിയൻ ലക്ഷ്മണനത്രേ.

കിം കൃത്യം തേ മയാ ബ്രൂഹി കാര്യം ഭുവനസുന്ദരി,
ഇതി രാമവചഃ ശ്രുത്വാ കാമാർത്താ സാഽബ്രവീദിദം. 10

ഭുവനസുന്ദരി, ബ്രൂഹി മയാ	ഭുവനസുന്ദരി, പറയൂ, ഞാൻ നിനക്കെന്തു
തേ കിം കൃത്യം കാര്യം ഇതി	കാര്യം ചെയ്യണം? ഇപ്രകാരം
രാമവചഃ ശ്രുത്വാ കാമാർത്താ	രാമവചനം കേട്ട് കാമാർത്തയായ
സാ ഇദം അബ്രവീത്	അവൾ ഈവിധമറിയിച്ചു:

ഏഹി രാമ മയാ സാർദ്ധം രമസ്വ ഗിരികാനനേ
കാമാർത്താഽഹം ന ശക്നോമി ത്യക്തും ത്വാം
കമലേക്ഷണം. 11

രാമ, കമലേക്ഷണം ത്വാം	രാമാ, താമരക്കണ്ണനായ
ത്യക്തും ന ശക്നോമി	നിന്നെ വെടിയാനെനിക്കാവില്ല.
അഹം കാമാർത്താ	ഞാൻ കാമാതുരയാണ്.
മയാ സാർദ്ധം ഏഹി	എന്നോടൊത്തു പോരൂ.
ഗിരികാനനേ രമസ്വ	മലയിലും കാട്ടിലും രമിക്കൂ.

രാമഃ സീതാം കടാക്ഷേണ പശ്യൻ സസ്മിതമബ്രവീത്
ഭാര്യാ മമൈഷാ കല്യാണീ വിദ്യതേഹ്യനപായിനീ. 12

കടാക്ഷേണ സീതാം പശ്യൻ	കടക്കണ്ണാൽ സീതയെ നോക്കി
രാമഃ സസ്മിതം അബ്രവീത്	രാമൻ പുഞ്ചിരിയോടെ അരുളി:
കല്യാണീ ഏഷാ	മംഗലമയിയായ ഇവൾ,
മമ ഭാര്യാ അനപായിനീ	എന്റെ ഭാര്യ, അപായമെന്യേ
വിദ്യതേ ഹി	വർത്തിക്കുന്നുണ്ടല്ലോ.

ത്വം തു സാപത്ന്യദുഃഖേന കഥം സ്ഥാസ്യസി സുന്ദരി,
ബഹിരാസ്തേ മമ ഭ്രാതാ ലക്ഷ്മണോഽതീവസുന്ദരഃ. 13

ത്വം തു സാപത്ന്യദുഃഖേന	നീ സപത്നീദുഃഖത്തോടെ
കഥം സ്ഥാസ്യസി	എങ്ങനെ കഴിയും?
സുന്ദരി, മമ ഭ്രാതാ	സുന്ദരീ, എന്റെ സഹോദരൻ,
അതീവസുന്ദരഃ ലക്ഷ്മണഃ	പരമകോമളൻ, ലക്ഷ്മണൻ
ബഹിഃ ആസ്തേ	വെളിയിലിരിപ്പുണ്ട്.

തവാനുരൂപോ ഭവിതാ പതിസ്തേനൈവ സഞ്ചര,
ഇത്യുക്ത്വാ ലക്ഷ്മണം പ്രാഹ പതിർമേ ഭവ സുന്ദര. 14

തവ അനുരൂപഃ	നിനക്ക് അനുരൂപനായ
പതിഃ ഭവിതാ (സഃ)	പതിയായിരിക്കും അവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേന ഏവ സഞ്ചര്	അവനോടൊത്തുതന്നെ സഞ്ചരിക്കു.
ഇതി ഉക്താ (സാ)	ഇങ്ങനെ അറിയിക്കപ്പെട്ട അവൾ
ലക്ഷ്മണം പ്രാഹ	ലക്ഷ്മണനോടർത്ഥിച്ചു:
സുന്ദര, മേ പതിഃ ഭവ	സുന്ദര, (നീ) എന്റെ പതിയാകണം.

ഭ്രാതുരാജ്ഞാം പുരസ്കൃത്യ സംഗച്ഛാവോ$\prime$ദ്യ മാ ചിരം
ഇത്യാഹ രാക്ഷസീ ഘോരാ ലക്ഷ്മണം കാമമോഹിതാ. 15

കാമമോഹിതാ	കാമാർത്തയായ ആ
ഘോരാ രാക്ഷസീ	ഘോരരാക്ഷസി
ലക്ഷ്മണം ഇതി ആഹ	ലക്ഷ്മണനോട് ഈവിധം കെഞ്ചി:
ഭ്രാതുഃ ആജ്ഞാം പുരസ്കൃത്യ	സഹോദരാജ്ഞ മുൻനിറുത്തി
അദ്യ സംഗച്ഛാവഃ	നമുക്കിപ്പോൾ ചേരാം.
മാ ചിരം	വൈകേണ്ട.

താമാഹ ലക്ഷ്മണഃ സാധ്വി, ദാസോ$\prime$ഹം തസ്യ ധീമതഃ
ദാസീ ഭവിഷ്യസി ത്വം തു തതോ ദുഃഖതരം നു കിം. 16

ലക്ഷ്മണഃ താം ആഹ	ലക്ഷ്മണൻ അവളെ അറിയിച്ചു:
സാധ്വി, തസ്യ ധീമതഃ	സാധ്വി, ആ പ്രതിഭാശാലിയുടെ
ദാസഃ അഹം ത്വം തു	ദാസനാണ് ഞാൻ. നീയും
ദാസീ ഭവിഷ്യസി	ദാസിയായ്ത്തീരും.
തതഃ കിന്നു ദുഃഖതരം (സ്യാത്)	അതിന്മീതേ ദുഃഖമെന്തുണ്ടാകാൻ?

തമേവ ഗച്ഛ ഭദ്രം തേ സ തു രാജാ$\prime$ഖിലേശ്വരഃ
തച്ഛ്രുത്വാ പുനരപ്യാഗാത് രാഘവം ദുഷ്ടമാനസാ. 17

സഃ തു രാജാ,	അദ്ദേഹമാണെങ്കിൽ രാജാവ്,
അഖിലേശ്വരഃ	അഖിലേശ്വരൻ.
തം ഏവ	അദ്ദേഹത്തിന്റെ അടുത്തേക്കുതന്നെ
ഗച്ഛ	ചെല്ലുക.
തേ ഭദ്രം (ഭവതു)	നിനക്കു നന്മ ഭവിക്കട്ടെ.
തത് ശ്രുത്വാ ദുഷ്ടമാനസാ	അതു കേട്ട് ദുർബ്ബുദ്ധിയായ
രാക്ഷസീ പുനഃ അപി	നിശാചരി വീണ്ടും
രാഘവം ആഗാത്	രാമനെ സമീപിച്ചു.

ക്രോധാത് രാമ കിമർത്ഥം മാം ഭ്രാമയസ്യനവസ്ഥിതഃ
ഇദാനീമേവ താം സീതാം ഭക്ഷയാമി തവാഗ്രതഃ. 18

ക്രോധാത് രാമ,	കോപത്തോടെ (അവൾ പറഞ്ഞു):
അനവസ്ഥിതഃ കിമർത്ഥം	രാമ, സ്ഥിരതയില്ലാത്ത (നീ)
മാം ഭ്രാമയസി?	എന്തിനെന്നെ ഭ്രമിപ്പിക്കുന്നു?
താം സീതാം തവ അഗ്രതഃ	ആ സീതയെ നിന്റെ മുമ്പിൽവച്ച്
ഇദാനീം ഏവ ഭക്ഷയാമി	ഇപ്പോൾത്തന്നെ ഞാൻ തിന്നുന്നുണ്ട്.

ഇത്യുക്ത്വാ വികടാകാരാ ജാനകീമനുധാവതീ
തതോ രാമാജ്ഞയാ ഖഡ്ഗമാദായ പരിഗൃഹ്യ താം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിച്ഛേദ നാസാം കർണ്ണൗ ച ലക്ഷ്മണോഽലഘുവിക്രമഃ
തതോ ഘോരധ്വനിം കൃത്വാ രുധിരാക്തവപുർദ്രുതം. 20

ക്രന്ദമാനാ പപാതാഗ്രേ ഖരസ്യ പരുഷാക്ഷരാ
കിമേതദിതി താമാഹ ഖരഃ ഖരതരാക്ഷരഃ. 21

കേനേദം കാരിതാസി ത്വം മൃത്യോർവക്ത്രാനുവർത്തിനാ
വദ മേ തം വധിഷ്യാമി കാലകല്പമപി ക്ഷണാത്. 22

ഇതി ഉക്ത്വാ വികടാകാരാ ജാനകീം അന്വധാവത	ഇങ്ങനെ പറഞ്ഞ് ഭീകരരൂപം പൂണ്ട (അവൾ) സീതയെ പിന്തുടർന്നു.
തതഃ അലഘുവിക്രമഃ ലക്ഷ്മണഃ രാമാജ്ഞയാ ഖഡ്ഗം ആദായ താം പരിഗൃഹ്യ നാ സാം കർണ്ണൗ ച ചിച്ഛേദ	അപ്പോൾ മഹാധീരനായ ലക്ഷ്മണൻ രാമന്റെ ആജ്ഞാനുസരണം വാളെടുത്ത് അവളെ പിടികൂടി, മൂക്കും കാതും മുറിച്ചു.
തതഃ ഘോരധ്വനിം കൃത്വാ ക്രന്ദമാനാ പരുഷാക്ഷരാ രുധിരാക്തവപുഃ ദ്രുതം ഖരസ്യ അഗ്രേ പപാത	അനന്തരം ഘോരനാദം ഉതിർത്തു കരഞ്ഞുകൊണ്ട്, പരുഷവാക്കുകളോതി ചോരയിൽ കുതിർന്ന ദേഹവുമായി പൊട്ടുന്നനവേ ഖരന്റെ മുമ്പിൽ വീണു.
ഖരതരാക്ഷരഃ ഖരഃ ഏതത് കിം ഇതി താം ആഹ	അതിരൂക്ഷവാക്കായ ഖരൻ 'ഇതെന്ത്' എന്നവളോടു ചോദിച്ചു:
മൃത്യോഃ വക്ത്രാനുവർത്തിനാ കേന ത്വം ഏവം കാരിതാ അസി?	മരണത്തിന്റെ വായിലേക്കു പോകുന്ന ഏവനാലാണ് നീയിങ്ങനെ ആക്കപ്പെട്ടത്?
മേ വദ; കാലകല്പം അപി തം ക്ഷണാത് വധിഷ്യാമി.	എന്നോടു പറയുക; കാലതുല്യ- നായാലും അവനെ ക്ഷണത്തിൽ ഞാൻ കൊല്ലും.

തമാഹ രാക്ഷസീ രാമഃ സീതാലക്ഷ്മണസംയുതഃ
ദണ്ഡകം നിർഭയം കുർവ്വന്നാസ്തേ ഗോദാവരീതടേ. 23

തം രാക്ഷസീ ആഹ	അവനോടു രാക്ഷസി പറഞ്ഞു:
സീതാലക്ഷ്മണസംയുതഃ രാമഃ ദണ്ഡകം നിർഭയം കുർവ്വൻ ഗോദാവരീതടേ ആസ്തേ	സീതാലക്ഷ്മണസമേതൻ രാമൻ ദണ്ഡകം നിർഭയമാക്കിക്കൊണ്ട് ഗോദാവരീതടത്തിൽ താമസിക്കുന്നുണ്ട്.

മാമേവം കൃതവാംസ്തസ്യ ഭ്രാതാ തേനൈവ ചോദിതഃ
യദി ത്വം കുലജാതോഽസി വീരോഽസി ജഹി തൗ രിപൂ. 24

തേന ചോദിതഃ തസ്യ ഭ്രാതാ ഏവ മാം ഏവം കൃതവാൻ	അവനാൽ പ്രേരിതനായ തൽസഹോദരൻതന്നെയാണ് എന്നെ ഇങ്ങനെ ചെയ്തത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദി ത്വം കുലജാതഃ	നീ കുലത്തിൽ ജനിച്ചവനെങ്കിൽ,
വീരഃ അസി	ധീരനെങ്കിൽ,
തൗ രിപൂ ജഹി	ആ വൈരികളെ ഒടുക്കുക.

തയോസ്തു രുധിരം പാസ്യേ ഭക്ഷയൈതൗ സുദുർമ്മദൗ
നോ ചേത് പ്രാണാൻ പരിത്യജ്യ യാസ്യാമി യമസാദനം. 25

സുദുർമ്മദൗ ഏതൗ	ദുരഹങ്കാരികളായ അവരെ
ഭക്ഷയ. തയോഃ രുധിരം	തിന്നുക. അവരുടെ ചോര
പാസ്യേ. നോ ചേത്	ഞാൻ കുടിക്കും. അല്ലെങ്കിൽ
പ്രാണാൻ പരിത്യജ്യ	ജീവനുപേക്ഷിച്ച്
യമസാദനം യാസ്യാമി	യമലോകം പൂകും.

തച്ഛ്രുത്വാ ത്വരിതം പ്രാഗാത് ഖരഃ ക്രോധേന മൂർച്ഛിതഃ
ചതുർദ്ദശസഹസ്രാണി രക്ഷസാം ഭീമകർമ്മണാം. 26

ചോദയാമാസ രാമസ്യ സമീപം വധകാംക്ഷയാ
ഖരശ്ച ത്രിശിരാശ്ചൈവ ദൂഷണശ്ചൈവ രാക്ഷസഃ. 27

സർവ്വേ രാമം യയുഃ ശീഘ്രം നാനാ പ്രഹരണോദ്യതാഃ
ശ്രുത്വാ കോലാഹലം തേഷാം രാമഃ സൗമിത്രിമബ്രവീത്. 28

തത് ശ്രുത്വാ ക്രോധേന മൂർച്ഛിതഃ	അതു കേട്ട് കോപാവിഷ്ടനായ
ഖരഃ ത്വരിതം പ്രാഗാത്	ഖരൻ തെറ്റെന്നു പുറപ്പെട്ടു.
(സഃ) രാക്ഷസഃ രാമസ്യ	ആ നിശാചരൻ രാമനെ
വധകാംക്ഷയാ ഭീമ-	വധിക്കാനാഗ്രഹത്തോടെ ഭീകര-
കർമ്മണാം രക്ഷസാം	പ്രവർത്തകരായ പതിനാലായിരം
ചതുർദ്ദശസഹസ്രാണി	രാക്ഷസരെയാണ് രാമനുനേരേ
(രാമ)സമീപം ചോദയാമാസ	നിയോഗിച്ചതു്.
ഖരഃ ച ത്രിശിരാഃ ച	ഖരനും ത്രിശിരസ്സും
ദൂഷണഃ ച സർവ്വേ	ദൂഷണനും എല്ലാം
നാനാ പ്രഹരണോദ്യതാഃ	പല ആയുധങ്ങളുമയത്തി
ശീഘ്രം രാമം യയുഃ	ശീഘ്രം രാമനെ സമീപിച്ചു.
തേഷാം കോലാഹലം	അവരുടെ കോലാഹലം
ശ്രുത്വാ രാമഃ	കേൾക്കെ രാമൻ
സൗമിത്രിം അബ്രവീത്	ലക്ഷ്മണനോട് അരുളി.

ശ്രൂയതേ വിപുലഃ ശബ്ദോ നൂനമായാന്തി രാക്ഷസാഃ
ഭവിഷ്യതി മഹദ്യുദ്ധം നൂനമദ്യ മയാ സഹ. 29

വിപുലഃ ശബ്ദഃ ശ്രൂയതേ	പെരിയ ശബ്ദം കേൾക്കപ്പെടുന്നു.
രാക്ഷസാഃ ആയാന്തി നൂനം	രാക്ഷസർ വരികയാണ്, തീർച്ച.
അദ്യ മയാ സഹ മഹദ്യുദ്ധം	ഇന്നെന്നോട് കടുത്ത പോരാട്ടം
ഭവിഷ്യതി, നൂനം	ഉണ്ടാകുമെന്നുറപ്പായി.

സീതാം നീത്വാ ഗുഹാം ഗത്വാ തത്ര തിഷ്ഠ മഹാബല
ഹന്തുമിച്ഛാമ്യഹം സർവ്വാൻ രാക്ഷസാൻ ഘോരരൂപിണഃ. 30

മഹാബല, ഗത്വാ	പ്രബല, ചെന്ന്
സീതാം ഗുഹാം നീത്വാ	സീതയെ ഗുഹയിലാക്കി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര തിഷ്ഠ	അവിടെത്തന്നെ നില്ക്കുക.
ഘോരരൂപിണഃ സർവ്വാൻ	ഘോരരൂപരായ എല്ലാ
രാക്ഷസാൻ ഹന്തും	രാക്ഷസരേയും വകവരുത്താൻ
അഹം ഇച്ഛാമി	ഞാൻ ഇച്ഛിക്കുന്നു.

അത്ര കിഞ്ചിന്നവക്തവ്യം ശാപിതോഽസി മമോപരി
തഥേതി സീതാമാദായ ലക്ഷ്മണോ ഗഹ്വരം യയൗ. 31

മമ ഉപരി ശാപിതഃ അസി	എന്മേൽ പ്രതിജ്ഞാബദ്ധനാണല്ലോ (നീ)
അത്ര കിഞ്ചിത് ന വക്തവ്യം 'തഥാ' ഇതി ലക്ഷ്മണഃ സീതാം ആദായ ഗഹ്വരം യയൗ	ഇതിൽ (മറ്റൊന്നു്) ഒന്നും മിണ്ടരുതു്. 'അങ്ങനെ'യെന്നു ലക്ഷ്മണൻ സീതയേയുംകൂട്ടി ഗുഹയിലേക്കു പോയി.

രാമഃ പരികരം ബദ്ധ്വാ ധനുരാദായ നിഷ്ഠുരം
തൂണീരാവക്ഷയശരൗ ബദ്ധ്വാഽയത്തോഽഭവത് പ്രഭുഃ. 32

പ്രഭുഃ രാമഃ പരികരം ബദ്ധ്വാ നിഷ്ഠുരം ധനുഃ ആദായ	പ്രഭു, രാമൻ, അരയും തലയും മുറുക്കി, ഘോരമായ വില്ലുമേന്തി,
അക്ഷയശരൗ തൂണീരൗ ബദ്ധ്വാ ആയത്തഃ അഭവത്	അമ്പൊടുങ്ങാത്ത രണ്ടാവനാഴിയും കെട്ടി (പോരിനു) സന്നദ്ധനായി.

തത ആഗത്യ രക്ഷാംസി രാമസ്യോപരി ചിക്ഷിപുഃ
ആയുധാനി വിചിത്രാണി പാഷാണാൻ പാദപാനപി. 33

തതഃ രക്ഷാംസി ആഗത്യ	അനന്തരം രാക്ഷസർ വന്നു്,
വിചിത്രാണി ആയുധാനി	വിചിത്രമായ ആയുധങ്ങളും
പാഷാണാൻ	പാറകളും
പാദപാൻ അപി	മരങ്ങളുമൊക്കെ
രാമസ്യ ഉപരി ചിക്ഷിപുഃ	രാമന്റെമേൽ വർഷിച്ചു.

താനി ചിച്ഛേദ രാമോഽപി ലീലയാ തിലശഃ ക്ഷണാത്
തതോ ബാണസഹസ്രേണ ഹത്വാ താൻ സർവ്വരാക്ഷസാൻ. 34

ഖരം ത്രിശിരസം ചൈവ ദൂഷണം ചൈവ രാക്ഷസം
ജഘാന പ്രഹരാർദ്ധേന സർവ്വാനേവ രഘൂത്തമഃ. 35

ലീലയാ ക്ഷണാത്	ലീലയാ(ലെന്നോണം) ക്ഷണത്തിൽ
രാമഃ താനി അപി തിലശഃ ചിച്ഛേദ	രാമൻ അവയും എള്ളുമണിപ്രായം കഷണമാക്കി.
ബാണസഹസ്രേണ താൻ സർവ്വരാക്ഷസാൻ ഹത്വാ രഘൂത്തമഃ പ്രഹരാർദ്ധേന ഖരം ദൂഷണം ത്രിശിരസം ച രാക്ഷസം സർവ്വാൻ ഏവ ജഘാന.	ആയിരമമ്പുകളാൽ ആ രാക്ഷസരെയെല്ലാമൊടുക്കി, രഘൂത്തമൻ മുന്നേമുക്കാൽ നാഴികകൊണ്ടു് ഖരൻ, ദൂഷണൻ, ത്രിശിരസ്സ് എന്നീ ഓരോ രാക്ഷസനേയുമടക്കം സകലരേയും വധിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷ്മണോഽപി ഗുഹാമദ്ധ്യാത് സീതാമാദായ രാഘവേ
സമർപ്പ്യ രാക്ഷസാൻ ദൃഷ്ട്വാ ഹതാൻ വിസ്മയമായയൗ. 36

ലക്ഷ്മണഃ അപി ഗുഹാമദ്ധ്യാത്	ലക്ഷ്മണനും ഗുഹയ്ക്കുള്ളിൽനിന്ന്
സീതാം ആദായ	സീതയെ കൊണ്ടുവന്ന്
രാഘവേ സമർപ്പ്യ	രാമന്നു സമർപ്പിച്ചു;
ഹതാൻ രാക്ഷസാൻ ദൃഷ്ട്വാ	കൊല്ലപ്പെട്ട രാക്ഷസരെ കണ്ട്
വിസ്മയം ആയയൗ	വിസ്മയം പേറി.

സീതാ രാമം സമാലിംഗ്യ പ്രസന്നമുഖപങ്കജാ
ശസ്ത്രവ്രണാനി ചാംഗേഷു മമാർജ്ജ ജനകാത്മജാ. 37

പ്രസന്നമുഖപങ്കജാ	പ്രസന്നമായ മുഖകമലത്തോടെ
ജനകാത്മജാ സീതാ രാമം	ജനകപുത്രി സീത, രാമനെ
സമാലിംഗ്യ അംഗേഷു ശസ്ത്ര-	മുറുകെപ്പുണർന്ന് ഉടലിൽ ആയുധമേറ്റുണ്ടായ
വ്രണാനി മമാർജ്ജ ച.	മുറിവുകളെ തലോടി.

സാപി ദുദ്രാവ ദൃഷ്ട്വാ താൻ ഹതാൻ രക്ഷസപുംഗവാൻ
ലങ്കാം ഗത്വാ സഭാമദ്ധ്യേ ക്രോശന്തീ പാദസന്നിധൗ. 38

രാവണസ്യ പപാതോർവ്വ്യാം ഭഗിനീ തസ്യ രക്ഷസഃ
ദൃഷ്ട്വാ താം രാവണഃ പ്രാഹ ഭഗിനീം ഭയവിഹ്വലാം. 39

താൻ രാക്ഷസപുംഗവാൻ	ആ രാക്ഷസത്തലവരെല്ലാം ചത്തു
ഹതാൻ ദൃഷ്ട്വാ രാവണസ്യ	കണ്ട് രാവണഭഗിനിയായ അവളും
ഭഗിനീ സാ അപി ദുദ്രാവ	(ശൂർപ്പണഖ) ഓടിക്കളഞ്ഞു.
ക്രോശന്തീ ലങ്കാം ഗത്വാ	നിലവിളിയോടെ ലങ്കയിലെത്തി
സഭാമദ്ധ്യേ തസ്യ രക്ഷസഃ	സഭാമദ്ധ്യത്തിൽ
രാവണസ്യ പാദസന്നിധൗ	ആ രാക്ഷസന്റെ കാലിന്നരികെ
ഉർവ്വ്യാം പപാത	നിലത്തു വീണു.
ഭയവിഹ്വലാം താം ഭഗിനീം	പേടിച്ചു നടുങ്ങിയ ആ സഹോദരിയെ
ദൃഷ്ട്വാ രാവണഃ പ്രാഹ	കണ്ട് രാവണൻ പറഞ്ഞു:

ഉത്തിഷ്ഠോത്തിഷ്ഠ വത്സേ ത്വം വിരൂപകരണം തവ
കൃതം ശക്രേണ വാ ഭദ്രേ യമേന വരുണേന വാ. 40

കുബേരേണാഥവാ ബ്രൂഹി ഭസ്മീകുര്യാം ക്ഷണേന തം
രാക്ഷസീ തമുവാചേദം ത്വം പ്രമത്തോ വിമൂഢധീഃ. 41

പാനാസക്തഃ സ്ത്രീവിജിതഃ ഷണ്ഡഃ സർവ്വത്ര ലക്ഷ്യസേ
ചാരചക്ഷുർവിഹീനസ്ത്വം കഥം രാജാ ഭവിഷ്യസി. 42

ഖരശ്ച നിഹതഃ സംഖ്യേ ദൂഷണസ്ത്രിശിരാസ്തഥാ
ചതുർദ്ദശസഹസ്രാണി രാക്ഷസാനാം മഹാത്മനാം. 43

നിഹതാനി ക്ഷണേനൈവ രാമേണാസുരശത്രുണാ
ജനസ്ഥാനമശേഷേണ മുനീനാം നിർഭയം കൃതം
ന ജാനാസി വിമൂഢസ്ത്വമത ഏവ മയോച്യതേ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വത്സേ, ത്വം ഉത്തിഷ്ഠ, ഉത്തിഷ്ഠ — കുഞ്ഞേ, നീയെഴുന്നേല്ക്ക്, എഴുന്നേല്ക്ക്.

ഭദ്രേ, ശക്രേണ വാ യമേന വാ വരുണേന — ഭദ്രേ, ഇന്ദ്രനാലോ, യമനാലോ വരുണനാലോ

അഥവാ കുബേരേണ — അഥവാ കുബേരനാലോ

തവ വിരൂപകരണം കൃതം ബ്രൂഹി, തം ക്ഷണേന ഭസ്മീകുര്യാം. രാക്ഷസീ തം ഇദം ഉവാച. ത്വം പ്രമത്തഃ വിമൂഢധീഃ പാനാസക്തഃ സ്ത്രീവിജിതഃ ഷണ്ഡഃ സർവ്വത്ര ലക്ഷ്യസേ — (ആരാലാണ്) നിനക്ക വൈരൂപ്യം വരുത്തപ്പെട്ടതു് ? ചൊല്ലൂ, അവനെ ക്ഷണത്തിൽ ഭസ്മമാക്കാം. രാക്ഷസി അവനോടു പറഞ്ഞു: നീ പ്രമത്തനും മൂഢമതിയും കുടിയിൽ മുഴുകിയവനും സ്ത്രീജിതനും ഷണ്ഡനുമായാണ് എങ്ങും കാണപ്പെടുക.

ചാരചക്ഷുർവിഹീനഃ ത്വം കഥം രാജാ ഭവിഷ്യസി — ചാരചക്ഷുസ്സില്ലാത്ത നീ എങ്ങനെ രാജാവാകും?

സംഖ്യേ ഖരഃ നിഹതഃ ദൂഷണഃ ത്രിശിരാഃ ച അസുരശത്രുണാ രാമേണ മഹാത്മനാം രാക്ഷസാനാം — പോരിൽ ഖരൻ കൊല്ലപ്പെട്ടു. ദൂഷണനും ത്രിശിരസ്സും (ചത്തു). അസുരാരിയായ രാമനാൽ പ്രബലരായ നിശാചരർ

ചതുർദ്ദശസഹസ്രാണി ക്ഷണേന ഏവ നിഹതാനി — പതിനാലായിരമാണ് ഞൊടിയിടയിൽത്തന്നെ വധിക്കപ്പെട്ടതു്.

ജനസ്ഥാനം അശേഷേണ മുനീനാം നിർഭയം കൃതം ത്വം ന ജാനാസി — ജനസ്ഥാനം അശേഷം മുനിമാർക്ക നിർഭയമാക്കപ്പെട്ടു. നീ അറിയുന്നതേയില്ല.

അത ഏവ വിമൂഢധീഃ ഇതി മയാ ഉച്യതേ — അതിനാലാണ് (നീ) മൂഢമതിയാണെന്നു ഞാൻ പറയുന്നതു്.

രാവണ ഉവാച: രാവണൻ ചോദിച്ചു

കോ വാ രാമഃ കിമർത്ഥം വാ കഥം തേനാസുരാഃ ഹതാഃ
സമ്യക്കഥയ മേ തേഷാം മൂലാഘാതം കരോമ്യഹം. 45

കഃ വാ രാമഃ? തേന കിമർത്ഥം കഥം വാ അസുരാഃ ഹതാഃ മേ സമ്യക് കഥയ — ആരാണാവോ രാമൻ? അവൻ എന്തിനു്, എങ്ങനെ, അസുരരെ കൊന്നു? എന്നോടു വിശദമായ് പറയൂ.

അഹം തേഷാം മൂലാഘാതം കരോമി — ഞാനവരുടെ മൂലനാശം വരുത്താം.

ശൂർപ്പണഖാ ഉവാച: ശൂർപ്പണഖ പറഞ്ഞു

ജനസ്ഥാനാദഹം യാതാ കദാചിത് ഗൗതമീതടേ
തത്ര പഞ്ചവടീ നാമ പുരാ മുനിജനാശ്രയാ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്രാശ്രമേ മയാ ദൃഷ്ടോ രാമോ രാജീവലോചനഃ
ധനുർബാണധരഃ ശ്രീമാൻ ജടാവല്ക്കലമണ്ഡിതഃ. 47

ജനസ്ഥാനാത് ഗൗതമീതടേ	ജനസ്ഥാനത്തുനിന്ന് ഗൗതമീതടത്തി–
അഹം കദാചിത് യാതാ	ലേക്ക് ഞാനൊരിക്കൽ പോയി.
പുരാ മുനിജനാശ്രയം	പണ്ടു മുനിമാർ പാർത്തുപോന്ന
പഞ്ചവടീ നാമ	പഞ്ചവടിയെന്ന (ആശ്രമപദം)
തത്ര (അസ്തി)	അവിടെയാണല്ലോ.
തത്ര ആശ്രമേ ജടാവല്ക്കലമണ്ഡിതഃ	ആ ആശ്രമത്തിൽ ജടാവല്ക്കലഭൂഷിതനും
ധനുർബാണധരഃ	വില്ലുമമ്പും ധരിച്ചവനും
രാജീവലോചനഃ ശ്രീമാൻ	ചെന്താമരാക്ഷനും ഐശ്വര്യവാനുമായ
രാമഃ മയാ ദൃഷ്ടഃ.	രാമനെ ഞാൻ കണ്ടു.

കനീയാനനുജസ്തസ്യ ലക്ഷ്മണോഽപി തഥാവിധഃ
തസ്യ ഭാര്യാ വിശാലാക്ഷീ രൂപിണീ ശ്രീരിവാപരാ. 48

തസ്യ കനീയാൻ അനുജഃ	അയാളുടെ ഇളയവൻ
ലക്ഷ്മണഃ അപി തഥാവിധഃ	ലക്ഷ്മണനും അത്തരക്കാരനാണ്.
തസ്യ വിശാലാക്ഷീ ഭാര്യാ	അവന്റെ സുന്ദരിയായ ഭാര്യ
രൂപിണീ അപരാ	രൂപംപൂണ്ട മറെറാരു
ശ്രീഃ ഇവ (ഭാതി)	ശ്രീദേവിയെപ്പോലെ വിളങ്ങുന്നു.

ദേവഗന്ധർവ്വനാഗാനാം മനുഷ്യാണാം തഥാവിധാ
നാ ദൃഷ്ടാ ന ശ്രുതാ രാജൻ ദ്യോതയന്തീ വനം ശുഭാ. 49

രാജൻ, ദേവഗന്ധർവ്വനാഗാനാം	രാജാവേ, ദേവ–ഗന്ധർവ്വ–നാഗന്മാരിലും
മനുഷ്യാണാം തഥാവിധാ	മാനവരിലും അതുപോലൊരുവളെ
ന ദൃഷ്ടാ ന ശ്രുതാ	കണ്ടിട്ടില്ല, കേട്ടിട്ടുമില്ല.

ആനേതുമഹമുദ്യുക്താ താം ഭാര്യാർത്ഥം തവാനഘ,
ലക്ഷ്മണോ നാമ തദ് ഭ്രാതാ ചിച്ഛേദ മമ നാസികാം. 50

കർണ്ണൗ ച നോദിതസ്തേന രാമേണ സ മഹാബലഃ
തതോഽഹമതി ദുഃഖേന രുദന്തീ ഖരമന്വഗാം. 51

അനഘ, താം തവ	പരിശുദ്ധ, അവളെ നിനക്കു
ഭാര്യാർത്ഥം ആനേതും	വേളിക്കായി കൊണ്ടുപോരാൻ
അഹം ഉദ്യുക്താ	ഞാൻ തുനിഞ്ഞതാണ്. (അപ്പോഴാം)
തദ്ഭ്രാതാ ലക്ഷ്മണഃ നാമ	അവന്റെ ലക്ഷ്മണനാമാവായ
മമ നാസികാം ചിച്ഛേദ	സഹോദരൻ എന്റെ മൂക്കു ചെത്തി.
തേന രാമേണ നോദിതഃ	രാമനാൽ പ്രേരിതനായ
സഃ മഹാബലഃ	ആ മുഷ്കരൻ
കർണ്ണൗ ച (ചിച്ഛേദ)	(എന്റെ) കാതും അരിഞ്ഞു.
അതിദുഃഖേന രുദന്തീ	കൊടുംവേദനയാൽ കരയുന്ന
അഹം തതഃ ഖരം അന്വഗാം	ഞാൻ പിന്നെ ഖരന്നരികിലെത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോഽപി രാമം സമാസാദ്യ യോദ്ധും രാക്ഷസയൂഥപൈഃ
തതഃ ക്ഷണേന രാമേണ തേനൈവ ബലശാലിനാ. 52

സർവ്വേ തേന വിനഷ്ടാ വൈ രാക്ഷസാഃ ഭീമവിക്രമാഃ
യദി രാമോ മനഃ കുര്യാത് ത്രൈലോക്യം നിമിഷാർദ്ധതഃ. 53

ഭസ്മീകുര്യാന്ന സന്ദേഹഃ ഇതി ഭാതി മമ പ്രഭോ
യദി സാ തവ ഭാര്യാ സ്യാത് സഫലം തവ ജീവിതം. 54

യോദ്ധും രാക്ഷസയൂഥപൈഃ സഃ അപി രാമം സമാസാദ്യ	ഇടരാടാൻ രാക്ഷസത്തലവന്മാരുമായി അവനും രാമനോടടുക്കവെ
ബലശാലിനാ തേന രാമേണ ഏവ ഭീമവിക്രമാഃ സർവ്വേ രാക്ഷസാഃ ക്ഷണേന വിനഷ്ടാഃ	കരുത്തനായ ആ രാമനാൽത്തന്നെ ഭീമവിക്രമരായ എല്ലാ നിശാചരരും ക്ഷണത്തിൽ തകർക്കപ്പെട്ടു.
പ്രഭോ, യദി രാമഃ മനഃ കുര്യാത് ത്രൈലോക്യം നിമിഷാർദ്ധതഃ ഭസ്മീകുര്യാത് ഇതി മമ ഭാതി	പ്രഭോ, രാമൻ മനസ്സുവച്ചാൽ, മൂന്നു ലോകവും അരനിമിഷത്തിൽ ചാരമാക്കുമെന്ന് എനിക്കു തോന്നുന്നു.
സന്ദേഹഃ ന	സന്ദേഹം വേണ്ട.
യദി സാ തവ ഭാര്യാ സ്യാത് തവ ജീവിതം സഫലം	അവൾ നിന്റെ കളത്രമായാൽ നിന്റെ ജീവിതം സഫലമായി.

അതോ യതസ്വ രാജേന്ദ്ര യഥാ തേ വല്ലഭാ ഭവേത്
സീതാ രാജീവപത്രാക്ഷീ സർവ്വലോകൈകസുന്ദരീ. 55

അതഃ രാജേന്ദ്ര സർവ്വലോകൈകസുന്ദരീ രാജീവപത്രാക്ഷീ സീതാ യഥാ തേ വല്ലഭാ ഭവേത് തഥാ യതസ്വ	അതിനാൽ രാജേന്ദ്ര, സർവ്വലോകൈകസുന്ദരിയും ചെന്താമരക്കണ്ണിയുമായ സീത നിനക്കു ഭാര്യയായി ഭവിക്കുമാറ് യത്നിക്കുക.

സാക്ഷാത് രാമസ്യ പുരതഃ സ്ഥാതും ത്വം ന ക്ഷമഃ പ്രഭോ
മായയാ മോഹയിത്വാ തു പ്രാപ്സ്യസേ താം രഘൂത്തമം. 56

രാമസ്യ സാക്ഷാത് പുരതഃ സ്ഥാതും ത്വം ന ക്ഷമഃ	രാമന്റെ കൺമുമ്പിൽ (എതിർത്തു)നില്ക്കാൻ നീ ശക്തനല്ല.
രഘൂത്തമം മായയാ മോഹയിത്വാ താം പ്രാപ്സ്യസേ	രാമനെ മായയാൽ മോഹിപ്പിച്ച് അവളെ പ്രാപിക്കാവുന്നതാണ്.

ശ്രുത്വാ തത് സൂക്തവാക്യൈശ്ച ദാനമാനാദിഭിസ്തഥാ
ആശ്വാസ്യ ഭഗിനീം രാജാ പ്രവിവേശ സ്വകം ഗൃഹം
തത്ര ചിന്താപരോ ഭൂത്വാ നിദ്രാം രാത്രൗ ന ലബ്ധവാൻ. 57

തത് ശ്രുത്വാ സൂക്തവാക്യൈഃ തഥാ ദാനമാനാദിഭിഃ ച ഭഗിനീം ആശ്വാസ്യ രാജാ സ്വകം ഗൃഹം പ്രവിവേശ	അതു കേട്ട്, നല്ല വാക്കുകളാലും ദാനമാനാദികളാലും അനുജയെ ആശ്വസിപ്പിച്ച് അരചൻ സ്വഗൃഹം പൂകി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര ചിന്താപരഃ ഭൂത്വാ	അവിടെയും ചിന്താപരനാകയാൽ
രാത്രൗ നിദ്രാം ന ലബ്ധവാൻ	(തനിക്ക്) രാവിൽ ഉറക്കം ലഭിച്ചില്ല.

ഏകേന രാമേണ കഥം മനുഷ്യ-
മാത്രേണ നഷ്ടഃ സബലഃ ഖരോ മേ
ഭ്രാതാ കഥം മേ ബലവീര്യദർപ്പ-
യുതോ വിനഷ്ടോ ബത രാഘവേണ. 58

ഏകേന മനുഷ്യമാത്രേണ	ഏകനും മനുഷ്യമാത്രനുമായ
രാഘവേണ രാമേണ	രഘുരാമനാൽ
ബലവീര്യദർപ്പയുതഃ സബലഃ	ബല–വീര്യ–ഗർവ്വം മുററിയ, സൈന്യ-
മേ ഭ്രാതാ ഖരഃ	സമേതനായ, എന്റെ സോദരൻ ഖരൻ
കഥം വിനഷ്ടഃ ബത	എങ്ങനെ നശിപ്പിക്കപ്പെട്ടു! ആശ്ചര്യം!

യദ്വാ ന രാമോ മനുജഃ പരേശോ
മാം ഹന്തുകാമഃ സബലം ബലൗഘൈഃ
സംപ്രാർത്ഥിതോഽയം ദ്രുഹിണേന പൂർവ്വം
മനുഷ്യരൂപോഽദ്യ രഘോഃ കുലേഽഭൂത്. 59

യദ്വാ രാമഃ ന മനുജഃ	അഥവാ രാമൻ നരനല്ല.
അയം പരേശഃ	അദ്ദേഹം പരമേശ്വരൻതന്നെ.
ദ്രുഹിണേന പൂർവ്വം സംപ്രാർത്ഥിതഃ	ബ്രഹ്മാവിനാൽ മുമ്പു പ്രാർത്ഥിക്കപ്പെട്ട
ബലൗഘൈഃ സബലം	(താൻ) പടയാളികളൊത്ത് സൈന്യമടക്കം
മാം ഹന്തുകാമഃ	എന്നെ കൊല്ലാൻ
മനുഷ്യരൂപഃ രഘോഃ കുലേ	മാനവാകൃതിയിൽ രഘുകുലത്തിൽ
അദ്യ അഭൂത്	ഇപ്പോൾ ജനിച്ചിരിക്കയാണ്.

വധ്യോ യദി സ്യാം പരമാത്മനാഽഹം
വൈകുണ്ഠരാജ്യം പരിപാലയേഽഹം
നോ ചേദിദം രാക്ഷസരാജ്യമേവ
ഭോക്ഷ്യേ ചിരം രാമമതോ വ്രജാമി. 60

പരമാത്മനാ യദി	പരമപുരുഷനാൽ
വധ്യഃ സ്യാം അഹം	വധിക്കപ്പെടുകയാണെങ്കിൽ ഞാൻ
വൈകുണ്ഠരാജ്യം പരിപാലയേ	വൈകുണ്ഠരാജ്യം പരിപാലിക്കും.
നോ ചേത് ഇദം രാക്ഷസരാജ്യം	അല്ലെങ്കിൽ ഈ രാക്ഷസരാജ്യംതന്നെ
ഏവ ചിരം ഭോക്ഷ്യേ	ചിരകാലം ഭുജിക്കുകയുമാകാം.
അതഃ രാമം വ്രജാമി	അതിനാൽ രാമനെ നേരിടുകതന്നെ.

ഇത്ഥം വിചിന്ത്യാഖിലരാക്ഷസേന്ദ്രോ
രാമം വിദിത്വാ പരമേശ്വരം ഹരിം
വിരോധബുദ്ധ്യൈവ ഹരിം പ്രയാമി
ദ്രുതം ന ഭക്ത്യാ ഭഗവാൻ പ്രസീദേത്. 61

അഖിലരാക്ഷസേന്ദ്രഃ	സകലരാക്ഷസന്മാരുടെയും അധിപതി
ഇത്ഥം വിചിന്ത്യ	ഇങ്ങനെ ചിന്തിച്ച് (ഉറച്ചു):

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമം പരമേശ്വരം ഹരിം വിദിത്വാ	രാമനെ പരമേശ്വരനായ ഹരിയെന്നറിഞ്ഞുകൊണ്ട്
വിരോധബുദ്ധ്യാ ഏവ (അഹം) ഹരിം പ്രയാമി ഭക്ത്യാ ഭഗവാൻ ദ്രുതം ന പ്രസീദേത്	വിരോധബുദ്ധിയാൽത്തന്നെ (ഞാൻ) ഹരിയെ പ്രാപിച്ചുകൊള്ളാം. ഭക്തികൊണ്ട് ഭഗവാൻ പെട്ടെന്ന് (എന്നിൽ) കനിയുകയില്ല.

ഭഗവദ്ഗുണങ്ങളെ പേർത്തും പേർത്തും മനസ്സിൽ നിനയ്ക്കുയാണ് ഭഗവച്ചിന്തനം. അതു് രാഗമൂലകമാകാം, ദ്വേഷജനിതവുമാകാം. ഗോപികമാർ രാഗമൂലകമായ ഭഗവച്ചിന്തനത്താൽ സ്വജീവിതം ധന്യമാക്കി. രാവണന്റെയും കംസന്റെയും മനോഭാവം ദ്വേഷജനിതമായിരുന്നു. എങ്കിലും അതു് മുക്തിക്ഷമതകി.

''യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം
മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർത്ഥ സർവ്വശഃ.'' (ഗീത–4. 11)

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ പഞ്ചമഃ സർഗ്ഗഃ

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം അഞ്ചാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ആറ്

രാവണൻ മാരീചസവിധത്തിൽ

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

വിചിന്ത്യൈവം നിശായാം സ പ്രഭാതേ രഥമാസ്ഥിതഃ
രാവണോ മനസാ കാര്യമേകം നിശ്ചിത്യ ബുദ്ധിമാൻ. 1

ബുദ്ധിമാൻ സഃ രാവണഃ നിശായാം ഏവം വിചിന്ത്യ	ബുദ്ധിമാനായ ആ രാവണൻ രാവിൽ ഇങ്ങനെ ആലോചിച്ച്
പ്രഭാതേ ഏകം കാര്യം മനസാ നിശ്ചിത്യ രഥം ആസ്ഥിതഃ	പുലരിയിൽ ഒരു കാര്യം മനസാ തീർച്ചപ്പെടുത്തി തേരിലേറി.

യയൗ മാരീചസദനം പരം പാരമുദന്വതഃ
മാരീചസ്തത്രമുനിവജ്ജടാവല്ക്കലധാരകഃ. 2

ധ്യായൻ ഹൃദി പരാത്മാനം നിർഗ്ഗുണം ഗുണഭാസകം
സമാധിവിരമേഽപശ്യത് രാവണം ഗൃഹമാഗതം. 3

ദ്രുതമുത്ഥായ ചാലിംഗ്യ പൂജയിത്വാ യഥാവിധി
കൃതാതിഥ്യം സുഖാസീനം മാരീചോ വാക്യമബ്രവീത്. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദന്വതഃ പരംപാരം	അലയാഴിക്കക്കരെയുള്ള
മാരീചസദനം യയൗ	മാരീചഭവനത്തിലെത്തി.
മുനിവത് ജടാവല്ക്കലധാരകഃ	മുനിയെപ്പോലെ ജടയും മരവുരിയു-
മാരീചഃ തത്ര നിർഗ്ഗുണം	മണിഞ്ഞ മാരീചൻ അവിടെ
ഗുണഭാസകം പരാത്മാനം	ഗുണാതീതനും ഗുണപ്രകാശകനുമായ
ഹൃദി ധ്യായൻ	പരമാത്മാവിനെ ഉള്ളിൽ
(സ്ഥിതഃ)	ധ്യാനിച്ചിരിക്കയായിരുന്നു.
സമാധിവിരമേ ഗൃഹം ആഗതം	സമാധി തീർന്നപ്പോൾ ഗൃഹത്തിലെത്തിയ
രാവണം അപശ്യത്	രാവണനെയാണ് കണ്ടത്.
ദ്രുതം ഉത്ഥായ ആലിംഗ്യ ച	പെട്ടെന്നെണീറ്റു പുണർന്ന്
യഥാവിധി പൂജയിത്വാ	യഥാവിധി പൂജിച്ചു;
കൃതാതിഥ്യം സുഖാസീനം	ആതിഥ്യം ആചരിക്കപ്പെട്ട് സസുഖം
മാരീചഃ വാക്യം	ആസനസ്ഥനായ (രാവണനോട്)
അബ്രവീത്	മാരീചൻ വചനമോതി.

സമാഗമനമേതത്തേ രഥേനൈകേന രാവണ
ചിന്താപര ഇവാഭാസി ഹൃദി കാര്യം വിചിന്തയൻ.   5

രാവണ ഏകേന രഥേന	രാവണ, ഒററത്തേരോടെ
തേ ഏതത് സമാഗമനം	നിന്റെ ഈ വരവ്
(കിമർത്ഥം)	(എന്തിനാണ്?)
ഹൃദി കാര്യം വിചിന്തയൻ	മനസ്സിലേതോ കാര്യം നിനച്ച നീ
ചിന്താപര ഇവ ആഭാസി	വിഷമിക്കുന്നതായി തോന്നുന്നല്ലോ.

ബ്രൂഹി മേ നഹി ഗോപ്യം ചേത് കരവാണി തവ പ്രിയം
ന്യായ്യം ചേത് ബ്രൂഹി രാജേന്ദ്ര വൃജിനം മാം
സ്പൃശേന്നഹി.   6

ഗോപ്യം നഹി	ഗോപ്യമല്ലെങ്കിൽ
ചേത് മേ ബ്രൂഹി	എന്നോടു പറയുക.
ന്യായ്യം ചേത് വൃജിനം	ന്യായമാണെങ്കിൽ, കിഴവനായ എന്നെ
മാം ന സ്പൃശേത് രാജേന്ദ്ര	സ്പർശിക്കയില്ലെങ്കിൽ, രാജേന്ദ്ര,
തവ പ്രിയം കരവാണി	നിനക്കു പ്രിയം ഞാൻ ചെയ്യാം.

രാവണ ഉവാച: രാവണൻ പറഞ്ഞു

അസ്തി രാജാ ദശരഥഃ സാകേതാധിപതിഃ കില
രാമനാമാ സുതസ്തസ്യ ജ്യേഷ്ഠഃ സത്യപരാക്രമഃ.   7

സാകേതാധിപതിഃ ദശരഥഃ	സാകേതാധിപൻ ദശരഥനെന്നൊരു
രാജാ അസ്തി കില	അരചനുണ്ടത്രെ.
തസ്യ ജ്യേഷ്ഠഃ സുതഃ	അയാളുടെ മൂത്ത മകനാണ്
രാമ നാമാ സത്യപരാക്രമഃ	രാമനെന്നു പേരായ സത്യപരാക്രമി.

വിവാസയാമാസ സുതം വനം വനജനപ്രിയം
ഭാര്യയാ സഹിതം ഭ്രാത്രാ ലക്ഷ്മണേന സമന്വിതം.   8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനജനപ്രിയം സുതം ഭാര്യയാ	വനജനങ്ങൾക്കു പ്രിയനായ പുത്രനെ
സഹിതം ഭ്രാത്രാ ലക്ഷ്മണേന	ഭാര്യയോടും അനിയൻ ലക്ഷ്മണനോടു—
സമന്വിതം (നൃപഃ)	മൊപ്പം (നൃപൻ)
വനം വിവാസയാമാസ	കാട്ടിലേക്കയച്ചു.

സ ആസ്തേ വിപിനേ ഘോരേ പഞ്ചവട്യാശ്രമേ ശുഭേ
തസ്യ ഭാര്യാ വിശാലാക്ഷീ സീതാ ലോകവിമോഹിനീ. 9

സഃ ഘോരേ വിപിനേ	അവൻ കൊടുംകാട്ടിൽ
ശുഭേ പഞ്ചവട്യാശ്രമേ	ശോഭനമായ പഞ്ചവട്യാശ്രമത്തിൽ
ആസ്തേ	വസിക്കുന്നുണ്ട്.
തസ്യ ഭാര്യാ വിശാലാക്ഷീ	അവന്റെ പത്നി കണ്ണൽക്കണ്ണി
സീതാ ലോകവിമോഹിനീ	സീത വിശ്വമോഹിനിയത്രേ.

രാമോ നിരപരാധാൻ മേ രാക്ഷസാൻ ഭീമവിക്രമാൻ
ഖരം ഹത്വാ ച വിപിനേ സുഖമാസ്തേഽതിനിർഭയഃ 10

ഭീമവിക്രമാൻ നിരപരാധാൻ	ഭീമപരാക്രമികളും നിരപരാധികളുമായ
രാക്ഷസാൻ മേ	രാക്ഷസരേയും എന്റെ (അനിയൻ)
ഖരം ച ഹത്വാ രാമഃ	ഖരനേയും വകവരുത്തിയ രാമൻ
അതിനിർഭയഃ വിപിനേ	തികച്ചും നിർഭയനായി കാട്ടിൽ
സുഖം ആസ്തേ	സസുഖം വാഴുകയാണ്.

ഭഗിന്യാഃ മേ ശൂർപ്പണഖ്യാഃ നിർദ്ദോഷായാശ്ച നാസികാം
കർണ്ണൗ ചിച്ഛേദ ദുഷ്ടാത്മാ വനേ തിഷ്ഠതി നിർഭയഃ. 11

നിർദ്ദോഷായാഃ മേ	നിർദ്ദോഷിയായ എന്റെ
ഭഗിന്യാഃ ശൂർപ്പണഖ്യാഃ	പെങ്ങൾ ശൂർപ്പണഖയുടെ
നാസികാം കർണ്ണൗ ച	മൂക്കും കാതും അരിഞ്ഞു
ചിച്ഛേദ ദുഷ്ടാത്മാ	ആ നീചൻ.
നിർഭയഃ വനേ തിഷ്ഠതി	(അവൻ) കൂസലെന്യേ വനമാളുന്നു.

അതസ്ത്വയാ സഹായേന ഗത്വാ തത് പ്രാണവല്ലഭാം
ആനയിഷ്യാമി വിപിനേ രഹിതേ രാഘവേണ താം. 12

അതഃ വിപിനേ	അതിനാൽ കാട്ടിൽ
രാഘവേണ രഹിതേ	രാമനില്ലാതിരിക്കവേ
ത്വയാ സഹായേന ഗത്വാ	നിന്റെ സഹായത്തോടെ ചെന്ന്
താം തത് പ്രാണവല്ലഭാം	അവളെ, അവന്റെ പ്രാണപ്രേയസിയെ,
ആനയിഷ്യാമി	കൊണ്ടുപോരാം.

ത്വം തു മായാമൃഗോ ഭൂത്വാ ഹ്യാശ്രമാദപനേഷ്യസി
രാമം ച ലക്ഷ്മണം ചൈവ തദാ സീതാം ഹരാമ്യഹം. 13

ത്വം തു മായാമൃഗഃ ഭൂത്വാ	നീയാകട്ടെ, മായാമൃഗമായ് ചമഞ്ഞ്
രാമം ച ലക്ഷ്മണം	രാമനേയും ലക്ഷ്മണനേയും
ച ഏവ ആശ്രമാദ്	ആശ്രമത്തിൽനിന്ന്
അപനേഷ്യസി	അകററണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദാ അഹം സീതാം ഹരാമി	ആ തക്കത്തിന് ഞാൻ സീതയെ അപഹരിക്കാം.

ത്വം തു താവത് സഹായം മേ കൃത്വാ സ്ഥാസ്യസി പൂൎവ്വവത്
ഇത്യേവം ഭാഷമാണം തം രാവണം വീക്ഷ്യ വിസ്മിതഃ. 14

കേനേദമുപദിഷ്ടം തേ മൂലഘാതകരം വചഃ
സ ഏവ ശത്രുർവധ്യശ്ച യസ്ത്വന്നാശം പ്രതീക്ഷതേ. 15

ത്വം തു താവത് മേ സഹായം കൃത്വാ പൂൎവ്വവത് സ്ഥാസ്യസി	നീയാകട്ടെ അത്രമാത്രമെനിക്ക സഹായംചെയ്തിട്ട് പഴയപോലെ (ആശ്രമത്തിൽ) കഴിഞ്ഞുകൊള്ളുക.
ഇതി ഏവം ഭാഷമാണം തം രാവണം വീക്ഷ്യ (മാരീചഃ) വിസ്മിതഃ	ഇപ്രകാരം ചൊല്ലുന്ന ആ രാവണനെ നോക്കി (മാരീചൻ) ആശ്ചര്യപ്പെട്ടു.
കേന തേ മൂലഘാതകരം ഇദം വചഃ ഉപദിഷ്ടം സഃ ഏവ ശത്രുഃ വധ്യഃ ച	ആരാണ് നിനക്ക മൂലനാശം വരുത്തുന്ന ഈ വാക്കുപദേശിച്ചതു്? അവൻതന്നെ നിനക്ക വൈരിയും വധ്യനും.
യഃ ത്വന്നാശം പ്രതീക്ഷതേ	അവൻ നിൻെറ നാശം പ്രതീക്ഷിക്കുന്നു.

രാമസ്യ പൗരുഷം സ്മൃത്വാ ചിത്തമദ്യാപി രാവണ
ബാലോഽപി മാം കൗശികസ്യ യജ്ഞസംരക്ഷണായ സഃ 16

ആഗതസ്ത്വിഷുണൈകേന പാതയാമാസ സാഗരേ
യോജനാനാം ശതം രാമസ്തദാദി ഭയവിഹ്വലഃ. 17

സ്മൃത്വാ സ്മൃത്വാ തദേവാഹം രാമം പശ്യാമി സൎവ്വതഃ. 18

രാവണ രാമസ്യ പൗരുഷം സ്മൃത്വാ അദ്യാപി മേ ചിത്തം (വേപതേ)	രാവണ, രാമൻെറ പൗരുഷമോൎത്തു് ഇന്നും എൻെറ ഉള്ളം (കിടിലംകൊള്ളുന്നു.)
കൗശികസ്യ യജ്ഞസംരക്ഷണായ ബാലഃ അപി സഃ ആഗതഃ	വിശ്വാമിത്രൻെറ യാഗരക്ഷണത്തിന് പൈതലാണെങ്കിലും താൻ എത്തി.
ഏകേന ഇഷുണാ രാമഃ മാം യോജനാനാം ശതം സാഗരേ പാതയാമാസ	ഒററയമ്പുകൊണ്ടാണ് രാമൻ എന്നെ നൂറു യോജന അകലെ അലകടലിലാഴ്ത്തിയതു്.
തദാദി അഹം ഭയവിഹ്വലഃ തദ് ഏവ സ്മൃത്വാ സ്മൃത്വാ സൎവ്വതഃ രാമം പശ്യാമി	അന്നുമുതൽ ഞാൻ പേടിച്ചരണ്ട് അതുതന്നെയോൎത്തോൎത്തു് എമ്പാടും രാമനെ കണ്ടുപോരുന്നു.

ദണ്ഡകേഽപി പുനരപ്യഹം വനേ
പൂൎവ്വവൈരമനുചിന്തയൻ ഹൃദി
തീക്ഷ്ണശൃംഗമൃഗരൂപമേകദാ
മാരുതൈർബഹുഭിരാവൃതോഽഭ്യയാം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ്വവൈരം ഹൃദി	പൂർവ്വവൈരം ഉള്ളിൽ
അനുചിന്തയൻ പുനഃ	പേർത്തുമോർത്തു്, പിന്നെ
ഏകദാ അപി (അഹം)	ഒരിക്കൽക്കൂടി (ഞാൻ)
തീക്ഷ്ണശൃംഗമൃഗരൂപം (ധൃത്വാ)	കൂർത്തകൊമ്പൻമാനിന്റെ രൂപം (പൂണ്ടു്)
മാദൃശൈഃ ബഹുഭിഃ ആവൃതഃ	എന്നെപ്പോലുള്ള ബഹുമൃഗങ്ങളാൽ
ദണ്ഡകേ വനേ അഭ്യയാം	ചൂഴപ്പെട്ടു്, ദണ്ഡകവനത്തിലെത്തി.

രാഘവം ജനകജാസമന്വിതം
ലക്ഷ്മണേന സഹിതം ത്വരാന്വിതഃ
ആഗതോഽഹമഥ ഹന്തുമുദ്യതോ
മാം വിലോക്യ ശരമേകമക്ഷിപത്. 20

ജനകജാസമന്വിതം	സീതാസമേതനും
ലക്ഷ്മണേന സഹിതം	ലക്ഷ്മണസഹിതനുമായ
രാഘവം ഹന്തും ഉദ്യതഃ	രാമനെ കൊല്ലാനുദ്യമിച്ചു്
അഹം ത്വരാന്വിതഃ ആഗതഃ	ഞാൻ അതിവേഗം മുന്നേറി.
അഥ മാം വിലോക്യ	അപ്പോൾ എന്നെ നോക്കി
ഏകം ശരം അക്ഷിപത്	(രാമൻ) ഒരമ്പെയ്തു.

തേന വിദ്ധഹൃദയോഽഹമുദ്ഭ്രമൻ
രാക്ഷസേന്ദ്ര പതിതോഽസ്മി സാഗരേ
തത് പ്രഭൃത്യഹമിദം സമാശ്രിതഃ
സ്ഥാനമൂർജ്ജിതമിദം ഭയാർദ്ദിതഃ. 21

രാക്ഷസേന്ദ്ര, തേന വിദ്ധഹൃദയഃ	രാക്ഷസരാജാവേ, അതേറ്റു ഹൃദയം
അഹം ഉദ്ഭ്രമൻ	പിളർന്ന ഞാൻ ചുററി പൊങ്ങിത്തി-
സാഗരേ പതിത അസ്മി	രിഞ്ഞു് കടലിൽ വീണുപോയി.
തത്പ്രഭൃതി ഭയാർദ്ദിതഃ	അന്നുമുതൽ ഭയഭീതനായി
ഇദം ഊർജ്ജിതം സ്ഥാനം	ഈ അഭയസ്ഥാനം
സമാശ്രിതഃ	ആശ്രയിച്ചുപോരുന്നു.

രാമമേവ സതതം വിഭാവയേ
ഭീത ഭീത ഇവ ഭോഗരാശിതഃ
രാജരത്നരമണീരഥാദികം
ശ്രോത്രയോർയദി ഗതം ഭയം ഭവേത്. 22

ഭോഗരാശിതഃ ഭീത ഭീതഃ	ഭോഗരാശിയെ പേടിച്ചു നടുങ്ങി-
ഇവ സതതം	യവനെപ്പോലെ നിരന്തരം (ഞാൻ)
രാമം ഏവ വിഭാവയേ	രാമനെത്തന്നെ നിനയ്ക്കുന്നു.
രാജരത്നരമണീ-	രാജാവു്, രത്നം, രമണി, രഥം
രഥാദികം യദി	തുടങ്ങി ('ര'കൊണ്ടാരംഭിക്കുന്ന
ശ്രോത്രയോഃ ഗതം	വാക്കുകൾ) കാതിൽപ്പെട്ടാൽപ്പോലും
ഭയം ഭവേത്	ഭയമുളവാകും.

'ര' എന്ന അക്ഷരം കേൾക്കുമ്പോൾ ഓർമ്മവരുന്നതു് രാമനെയാണു്. രാമസ്മരണ ഭോഗപരതയെ ദൂരീകരിക്കുമല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ ആഗത ഇഹേതി ശങ്കയാ
ബാഹ്യകാര്യമപി സർവ്വമത്യജം
നിദ്രയാ പരിവൃതോ യദാ സ്വപേ
രാമമേവമനസാനുചിന്തയൻ. 23

സ്വപ്നദൃഷ്ടിഗതരാഘവം തദാ
ബോധിതോ വിഗതനിദ്ര ആസ്ഥിതഃ
തദ്ഭവാനപി വിമുച്യ ചാഗ്രഹം
രാഘവം പ്രതി ഗൃഹം പ്രയാഹി ഭോഃ. 24

രാമഃ ഇഹ ആഗതഃ ഇതി ശങ്കയാ	രാമൻ ഇവിടെ വന്നിട്ടുണ്ട് എന്ന ശങ്കയാൽ
സർവ്വം ബാഹ്യകാര്യം അപി അത്യജം	എല്ലാ ബാഹ്യകാര്യങ്ങളും ഞാൻ വിട്ടു.
രാമം ഏവ മനസാ അനുചിന്ത- യൻ നിദ്രയാ പരിവൃതഃ യദാ സ്വപേ തദാ സ്വപ്നദൃഷ്ടിഗതരാഘവം പശ്യൻ ബോധിതഃ വിഗതനിദ്രഃ ആസ്ഥിതഃ	രാമനെത്തന്നെ മനസാ ലോചിച്ചുകൊണ്ട് നിദ്രയാലാവൃതനായി ഉറങ്ങുമ്പോഴൊക്കെ സ്വപ്നദൃഷ്ടിയിൽപ്പെട്ട രാമനെ കണ്ട് ഉണർന്ന്, ഉറക്കംവിട്ടിരുന്നുപോകുന്നു.
തത് ഭവാൻ അപി രാഘവം പ്രതി ആഗ്രഹം വിമുച്യ ഭോഃ ഗൃഹം പ്രയാഹി	അതിനാൽ അങ്ങും രാഘവന്റെ- നേരെയുള്ള ദുരാഗ്രഹം വെടിഞ്ഞ് വീട്ടിലേക്ക് പോയാലും.

രക്ഷ രാക്ഷസകുലം ചിരാഗതം
തത് സ്മൃതൗ സകലമേവ നശ്യതി
തവ ഹിതം വദതോ മമ ഭാഷിതം
പരിഗൃഹാണ പരാത്മനി രാഘവേ. 25

ത്യജ വിരോധമതിം ഭജ ഭക്തിതഃ
പരമകാരുണികോ രഘുനന്ദനഃ
അഹമശേഷമിദം മുനി വാക്യതോ-
ഽശൃണവമാദിയുഗേ പരമേശ്വരഃ. 26

ബ്രഹ്മണാർത്ഥിത ഉവാച തം ഹരിഃ
കിം തവേപ്സിതമഹം കരവാണി തത്
ബ്രഹ്മണോക്തമരവിന്ദലോചന
ത്വം പ്രയാഹി ഭുവി മാനുഷം വപുഃ
ദശരഥാത്മജഭാവമഞ്ജസാ
ജഹി രിപും ദശകന്ധരം ഹരേ. 27

ചിരാഗതം രാക്ഷസകുലം രക്ഷ. തത് സ്മൃതൗ സകലം നശ്യതി ഏവ	ചിരന്തനമായ രാക്ഷസവംശം രക്ഷിച്ചാലും. അവനെ (ദ്രോഹിപ്പാൻ) നിനച്ചാൽ എല്ലാം മുടിഞ്ഞതുതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തവ ഹിതം വദതഃ	നിനക്കു ഹിതം പറയുന്ന
മമ ഭാഷിതം പരിഗൃഹാണ	എന്റെ വാക്കു സ്വീകരിക്കുക.
പരാത്മനി രാഘവേ	പരമാത്മാവായ രാമനിലുള്ള
വൈരോദ്ധമതിം ത്യജ	വൈരബുദ്ധി വെടിയുക.
ഭക്തിതഃ ഭജ	ഭക്തിപൂർവ്വം രാമനെ ഭജിക്കുക.
രഘുനന്ദനഃ പരമകാരുണികഃ	രാമൻ പരമദയാലുവാണ്.
ഇദം അശേഷം അഹം മുനി–	ഇതെല്ലാം ഞാൻ നാരദമുനിയുടെ
വാക്യതഃ അശൃണവം	വാക്കുകളിലൂടെ കേട്ടു.
ആദിയുഗേ ബ്രഹ്മണാ	ആദിയുഗത്തിൽ ബ്രഹ്മാവിനാൽ
അർത്ഥിതഃ പരമേശ്വരഃ ഹരിഃ	പ്രാർത്ഥിക്കപ്പെട്ട പരമേശ്വരൻ ഹരി
തം ഉവാച	അദ്ദേഹത്തോടു പറഞ്ഞുവത്രേ:
തവ ഈപ്സിതം കിം	"നിനക്കെന്താണാഗ്രഹം
അഹം കരവാണി	(അതു) ഞാൻ ചെയ്യാം" എന്ന്.
ബ്രഹ്മണാ ഉക്തം	ബ്രഹ്മാവു പറഞ്ഞു:
ഹരേ അരവിന്ദാലോചന	ഹരേ, ചെന്താമരക്കണ്ണാ,
ത്വം ഭുവി മാനുഷം വപുഃ ധൃത്വാ	നീ ഭൂമിയിൽ മാനവദേഹം പൂണ്ട്
ദശരഥാത്മജഭാവം	ദശരഥന്റെ പുത്രഭാവം
പ്രയാഹി	കൈക്കൊള്ളണം.
ഹരേ രിപും ദശകന്ധരം	ഹരേ, ശത്രുവായ രാവണനെ
അഞ്ജസാ ജഹി	ഉടൻതന്നെ വധിക്കുകയും വേണം.

അതോ ന മാനുഷോ രാമഃ സാക്ഷാന്നാരായണോഽവ്യയഃ
മായാമാനുഷവേഷേണ വനം യാതോഽതിനിർഭയഃ. 28

ഭൂഭാരഹരണാർത്ഥായ ഗച്ഛ താത ഗൃഹം സുഖം
ശ്രുത്വാ മാരീചവചനം രാവണഃ പ്രത്യഭാഷത. 29

അതഃ രാമഃ ന മാനുഷഃ	അതിനാൽ രാമൻ (വെറും) മനുഷ്യനല്ല.
അവ്യയഃ സാക്ഷാത്	നാശരഹിതനായ സാക്ഷാൽ
നാരായണഃ	നാരായണനാണ്.
മായാമാനുഷവേഷേണ	മായാമാനുഷവേഷത്തോടെ
ഭൂഭാരഹരണാർത്ഥായ	ഭൂഭാരം തീർക്കാൻ
അതിനിർഭയഃ	തികച്ചും നിർഭയനായി
വനം യാതഃ	വനത്തിൽ വന്നിരിക്കയാണ്.
താത, ഗൃഹം സുഖം ഗച്ഛ	കുഞ്ഞേ, നീ സുഖമായി വീട്ടിൽ
മാരീചവചനം ശ്രുത്വാ	പോകുക. മാരീചവചനം കേട്ട്
രാവണഃ പ്രത്യഭാഷത	രാവണൻ മറുപടി പറഞ്ഞു:

പരമാത്മാ യദാ രാമഃ പ്രാർത്ഥിതോ ബ്രഹ്മണാ കില
മാം ഹന്തും മാനുഷോ ഭൂത്വാ യത്നാദിഹ സമാഗതഃ. 30

കരിഷ്യത്യചിരാദേവ സത്യസങ്കല്പ ഈശ്വരഃ
അതോഽഹം യത്നതഃ സീതാമാനേഷ്യാമ്യേവ രാഘവാത്. 31

പരമാത്മാ രാമഃ	പരമാത്മാവായ രാമൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാനുഷഃ ഭൂത്വാ മാം	മനുഷ്യനായി ജനിച്ച് എന്നെ
ഹന്തും ബ്രഹ്മണാ യദാ പ്രാർത്ഥിതഃ	കൊല്ലണമെന്ന് ബ്രഹ്മാവിനാൽ
യസ്മാദ് ഇഹ സമാഗതഃ	പ്രാർത്ഥിക്കപ്പെട്ടിരിക്കയാൽ
അചിരാദ് ഏവ	പണിപ്പെട്ടും ഇവിടെ വന്ന് താമസം
കരിഷ്യതി	വിനാ അത്, അദ്ദേഹം ചെയ്യും.
ഈശ്വരഃ സത്യസങ്കല്പഃ	ഈശ്വരൻ സത്യസങ്കല്പനാണല്ലോ.
അതഃ അഹം യത്നതഃ	അതിനാൽ ഞാൻ യത്നപൂർവ്വം
സീതാം രാഘവാത്	സീതയെ രാമനിൽനിന്ന്
ആനേഷ്യാമി ഏവ	അപഹരിക്കുമെന്നുതീർച്ച.

വധേ പ്രാപ്തേ രണേ വീര, പ്രാപ്സ്യാമി പരമം പദം
യദ്വാ രാമം രണേ ഹത്വാ സീതാം പ്രാപ്സ്യാമി നിർഭയഃ. 32

വീര	അല്ലയോ ധീര,
രണേ വധേ പ്രാപ്തേ	അടരിൽ മൃതിയടഞ്ഞാൽ
പരമപദം പ്രാപ്സ്യാമി	ഞാൻ മോക്ഷം നേടും.
യദ് വാ രാമം രണേ ഹത്വാ	അല്ലാത്തപക്ഷം രാമനെ രണത്തിൽ
നിർഭയഃ സീതാം	കൊന്ന് നിർഭയം സീതയെ
പ്രാപ്സ്യാമി	പ്രാപിക്കും.

തദുത്തിഷ്ഠ മഹാഭാഗ, വിചിത്രമൃഗരൂപധൃക്
രാമം സലക്ഷ്മണം ശീഘ്രം ആശ്രമാദതിദൂരതഃ. 33

ആക്രമ്യ ഗച്ഛ ത്വം ശീഘ്രം സുഖം തിഷ്ഠ യഥാ പുരാ
അതഃ പരം ചേത് യത് കിഞ്ചിത് ഭാഷസേ മദ്വിഭീഷണം. 34

ഹനിഷ്യാമ്യസിനാഽനേന ത്വാമത്രൈവ ന സംശയഃ
മാരീചസ്തദ് വചഃ ശ്രുത്വാ സ്വാത്മന്യേവാനുചിന്തയത്. 35

മഹാഭാഗ, തദ് ഉത്തിഷ്ഠ	മഹാഭാഗ, ആകയാൽ എഴുന്നേൽക്കൂ.
വിചിത്രമൃഗരൂപധൃക്	വിചിത്രപ്പൊൻമാനിന്റെ രൂപംപൂണ്ട്
സലക്ഷ്മണം രാമം	ലക്ഷ്മണനോടൊപ്പം രാമനെ
ആശ്രമാദ് അതിദൂരതഃ	ആശ്രമത്തിൽനിന്ന് അതിദൂരത്തേക്ക്
ആക്രമ്യ ത്വം ശീഘ്രം ഗച്ഛ	ആകർഷിച്ച് നീ വേഗം പൊയ്ക്കൊള്ളുക.
യഥാ പുരാ	(പിന്നെ) പണ്ടത്തെപ്പോലെ
സുഖം തിഷ്ഠ	സുഖമായിരിക്കുക.
അതഃ പരം മദ്വിഭീഷണം	അതിനപ്പുറം എന്നെ മറുത്ത്
യത് കിഞ്ചിത് ഭാഷസേ	എന്തെങ്കിലും ഉരിയാടിയാൽ
ചേത് അനേന അസിനാ	ഈ വാളുകൊണ്ട്
ത്വാം അത്ര ഏവ	നിന്നെ ഇവിടെത്തന്നെ
ഹനിഷ്യാമി ന സംശയഃ	വെട്ടിനുറുക്കും, സംശയമില്ല.
തദ് വചഃ ശ്രുത്വാ	അവന്റെ വചനം കേൾക്കവേ
മാരീചഃ സ്വാത്മനി ഏവ	മാരീചൻ തന്നുള്ളിൽത്തന്നെ
അനുചിന്തയത്	പെരുത്തും ചിന്തിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദി മാം രാഘവോ ഹന്യാത് തദാ മുക്തോ ഭവാർണ്ണവാത്
മാം ഹന്യാദ്യദി ചേദ് ദുഷ്ടഃ തദാ മേ നിരയോ ധ്രുവം. 36

ഇതി നിശ്ചിത്യ മരണം രാമാദുത്ഥായ വേഗതഃ
അബ്രവീദ്രാവണം രാജൻ കരോമ്യാജ്ഞാം തവ പ്രഭോ. 37

യദി രാഘവഃ മാം ഹന്യാത്	രാമൻ എന്നെ കൊന്നാൽ അന്ന
തദാ ഭവാർണ്ണവാത് മുക്തഃ	ഭവസാഗരത്തിൽനിന്നു മുക്തനാകും.
യദി ദുഷ്ടഃ മാം ഹന്യാത്	(ഈ) ദുഷ്ടൻ എന്നെ കൊന്നാലോ,
ചേത് മേ നിരയഃ ധ്രുവം	എനിക്കു നരകം തീർച്ച്.
ഇതി രാമാത് മരണം	അങ്ങനെ രാമനിൽനിന്നു മരണം
നിശ്ചിത്യ	(വരിക്കണമെന്നു) തീർച്ചയാക്കി
വേഗതഃ ഉത്ഥായ	വേഗമെണീററു്
രാവണം അബ്രവീത്	രാവണനോടു പറഞ്ഞു:
പ്രഭോ രാജൻ	പ്രഭോ, രാജാവേ,
തവ ആജ്ഞാം കരോമി	അവിടുത്തെ കല്പന നിറവേററാം.

ഇത്യുക്ത്വാ രഥമാസ്ഥായ ഗതോ രാമാശ്രമം പ്രതി
ശുദ്ധജാംബൂനദപ്രഖ്യോ മൃഗോ/ഭൂത് രൗപ്യബിന്ദുകഃ. 38

ഇതി ഉക്ത്വാ രഥം ആസ്ഥായ	എന്നു ചൊല്ലി തേരിലേറി
രാമാശ്രമം പ്രതി ഗതഃ	രാമാശ്രമത്തിലേക്കു പോയി.
ശുദ്ധജാംബൂനദപ്രഖ്യഃ രൗപ്യ—	തനിത്തങ്കനിറവും വെള്ളപ്പുള്ളികളുമാർന്ന
ബിന്ദുകഃ മൃഗഃ അഭൂത്	ഒരു പൊന്മാനായി ചമഞ്ഞു.

രത്നശൃംഗോ മണിഖുരോ നീലരത്നവിലോചനഃ
വിദ്യുത്പ്രഭോ വിമൃദ്ധാസ്യോ വിചചാര വനാന്തരേ 39
രാമാശ്രമപദസ്യാന്തേ സീതാദൃഷ്ടിപഥേ ചരൻ. 40

രത്നശൃംഗഃ മണിഖുരഃ	രത്നക്കൊമ്പും മണിക്കുളമ്പും
നീലരത്നവിലോചനഃ	നീലക്കല്ലൊളിമിഴികളും
വിദ്യുത്പ്രഭഃ വിമൃദ്ധാസ്യഃ	മിന്നൽക്കാന്തിയും മോഹനമുഖവും
(സഃ മൃഗഃ) രാമാശ്രമപദസ്യ അന്തേ	(ഉള്ള ആ പൊന്മാൻ) രാമാശ്രമത്തി—
സീതാദൃഷ്ടിപഥേ	ന്നരികേ സീതയുടെ കൺമുമ്പിലൂടെ
ചരൻ വനാന്തരേ വിചചാര	ഓടി വനാന്തരത്തിൽ വിഹരിച്ചു.

ക്ഷണം ച ധാവത്യവതിഷ്ഠതേ ക്ഷണം
സമീപമാഗത്യ പുനർഭയാവൃതഃ
ഏവം സ മായാമൃഗവേഷരൂപധൃക്
ചചാര സീതാം പരിമോഹയൻ ഖലഃ. 41

ക്ഷണം ധാവതി	ക്ഷണം ഓടും
ക്ഷണം അവതിഷ്ഠതേ ച	ക്ഷണം നില്ക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമീപം ആഗത്യ പുനഃ ഭയാവൃതഃ ഏവം മായാമൃഗവേഷ- രൂപധൃക് സഃ ഖലഃ സീതാം പരിമോഹയൻ ചചാര	അരികിലണഞ്ഞ് വീണ്ടും വിരണ്ടോട്ടം. ഇങ്ങനെ മായാമൃഗ- രൂപംപൂണ്ട ആ ഖലൻ സീതയെ വ്യാമോഹിപ്പിച്ച് ചാഞ്ചാടി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ ഷഷ്ഠഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം ആറാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഏഴ്

മാരീചവധം—സീതാഹരണം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

അഥ രാമോഽപി തത് സർവ്വം ജ്ഞാത്വാ രാവണചേഷ്ടിതം
ഉവാച സീതാമേകാന്തേ ശൃണു ജാനകി മേ വചഃ. 1

അഥ രാമഃ അപി രാവണചേഷ്ടിതം തത് സർവ്വം ജ്ഞാത്വാ സീതാം ഏകാന്തേ ഉവാച ജാനകി മേ വചഃ ശൃണു	പിന്നെ രാമനും രാവണന്റെ പ്രവർത്തനങ്ങളെല്ലാം മനസ്സിലാക്കി സീതയോട് ഏകാന്തതയിലോതി. ജാനകി, എന്റെ വാക്കു കേൾക്കൂ.

രാവണോ ഭിക്ഷുരൂപേണ ആഗമിഷ്യതി തേഽന്തികം
ത്വം തു ഛായാം ത്വദാകാരാം സ്ഥാപയിത്വോടജേ വിശ. 2

അഗ്നാവദൃശ്യരൂപേണ വർഷം തിഷ്ഠ മമാജ്ഞയാ
രാവണസ്യ വധാന്തേ മാം പൂർവ്വവത് പ്രാപ്സ്യസേ ശുഭേ. 3

രാവണഃ ഭിക്ഷുരൂപേണ തേ അന്തികം ആഗമിഷ്യതി	രാവണൻ ഭിക്ഷുവേഷത്തിൽ നിന്റെ അരികിലണയും.
ത്വം തു ത്വദാകാരാം ഛായാം	നീയാകട്ടെ, നിനക്കു തുല്യാകാരമായ പ്രതിരൂപം
ഉടജേ സ്ഥാപയിത്വാ അദൃശ്യരൂപേണ അഗ്നൗ വിശ	ആശ്രമത്തിൽ നിറുത്തി അദൃശ്യരൂപത്തിൽ തീയിൽ പ്രവേശിക്കണം.
മമ ആജ്ഞയാ വർഷം തിഷ്ഠ	എന്റെ ആജ്ഞാനുസരണം ഒരു കൊല്ലം (അവിടെ) കഴിയുക.
ശുഭേ രാവണസ്യ വധാന്തേ	ശുഭേ, രാവണവധത്തിനുശേഷം
പൂർവ്വവത് മാം പ്രാപ്സ്യസേ	മുന്നേപ്പോലെ എന്നോടു ചേരുകയുമാവാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുത്വാ രാമോദിതം വാക്യം സാപി തത്ര തഥാ/കരോത്
മായാസീതാം ബഹിഃ സ്ഥാപ്യ സ്വയമന്തർദധേ/നലേ. 4

രാമോദിതം വാക്യം ശ്രുത്വാ — രാമൻ ചൊന്ന വചനം ശ്രവിച്ച്
സാ അപി തത്ര — അവളും അവിടെ
തഥാ അകരോത് — അതുപോലെ ചെയ്തു.
മായാസീതാം — മായാസീതയെ
ബഹിഃ സ്ഥാപ്യ — വെളിയിലാക്കി
സ്വയം അനലേ അന്തർദധേ — സ്വയം തീയിൽ മറഞ്ഞു.

മായാസീതാ തദാ/പശ്യൻമൃഗം മായാവിനിർമ്മിതം
ഹസന്തീ രാമമഭ്യേത്യ പ്രോവാച വിനയാന്വിതാ. 5

മായാസീതാ തദാ — മായാസീത ആ സമയമാണ്
മായാവിനിർമ്മിതം — മായാവിരചിതമായ
മൃഗം അപശ്യത്. — പൊന്മാനിനെ കണ്ടതു്.
ഹസന്തീ രാമം അഭ്യേത്യ — പുഞ്ചിരിതൂകി രാമന്നരികേ ചെന്നു്
വിനയാന്വിതാ പ്രോവാച — വിനയപൂർവ്വം മൊഴിഞ്ഞു.

പശ്യ രാമ മൃഗം ചിത്രം കാനകം രത്നഭൂഷിതം
വിചിത്രബിന്ദുഭിർയുക്തം ചരന്തമകുതോഭയം
ബദ്ധ്വാ ദേഹി മമ ക്രീഡാമൃഗോ ഭവതു സുന്ദരഃ. 6

രാമ വിചിത്രം — രാമ, വിചിത്രവും
രത്നഭൂഷിതം ചിത്രം — രത്നഭൂഷിതവും അദ്ഭുതകരവുമായ
കാനകം മൃഗം പശ്യ — സ്വർണ്ണമാനിനെ നോക്കുക.
വിചിത്രബിന്ദുഭിഃ യുക്തം — ഭംഗിയേറിയ പുള്ളിയുള്ളതും
അകുതോഭയം ചരന്തം — ഭയപ്പെടാതെ നടക്കുന്നതുമായ
തം ബദ്ധ്വാ ദേഹി — അതിനെ ബന്ധിച്ചുതരുമാറാകണം.
മമ സുന്ദരഃ ക്രീഡാമൃഗഃ ഭവതു (സഃ) — എന്റെ അരുമക്രീഡാമൃഗമാകട്ടെ അതു്.

തഥേതി ധനുരാദായ ഗച്ഛൻ ലക്ഷ്മണമബ്രവീത്
രക്ഷ ത്വം അതിയത്നേന സീതാം മത്പ്രാണവല്ലഭാം. 7

മായിനഃ സന്തി വിപിനേ രാക്ഷസാഃ ഘോരദർശനാഃ
അതോ/ത്രാവഹിതഃ സാദ്ധ്വീം രക്ഷ സീതാമനിന്ദിതാം. 8

തഥാ ഇതി ധനുഃ ആദായ ഗച്ഛൻ രാമഃ — അങ്ങനെയെന്നു വില്ലുമന്തി പുറപ്പെടവേ രാമൻ
ലക്ഷ്മണം അബ്രവീത് — ലക്ഷ്മണനോടു് അരുളി:
മത്പ്രാണവല്ലഭാം സീതാം ത്വം അതിയത്നേന രക്ഷ — എന്റെ പ്രാണനാഥയായ സീതയെ നീ അതിയത്നം ചെയ്തും രക്ഷിക്കുക.
അത്ര വിപിനേ ഘോരദർശനാഃ മായിനഃ രാക്ഷസാഃ സന്തി അതഃ — ഈ വനത്തിൽ ഘോരരൂപികളും മായാവികളുമായ രാക്ഷസരുണ്ടു്. തന്മൂലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനിന്ദിതാം സാദ്ധ്വീം	അകളങ്കയും പതിവ്രതയുമായ
4 സീതാം അപഹിതഃ രക്ഷ	സീതയെ സശ്രദ്ധം സംരക്ഷിക്കുക.

ലക്ഷ്മണോ രാമമാഹേദം ദേവാഽയം മൃഗരൂപധൃക്
മാരീചോഽത്ര ന സന്ദേഹ ഏവം ഭൂതോ മൃഗഃ കുതഃ. 9

ലക്ഷ്മണഃ രാമം ഇദം ആഹ	ലക്ഷ്മണൻ രാമനോടോതി.
ദേവ അയം മൃഗരൂപധൃക് മാരീചഃ	ദേവ, ഇവൻ മാനിന്റെ രൂപം ധരിച്ച മാരീചനാണ്.
അത്ര ന സന്ദേഹഃ ഏവം ഭൂതഃ മൃഗഃ കുതഃ	ഇതിൽ സംശയം വേണ്ട. ഇത്തരം മാൻ എവിടെയുണ്ട്?

5

ശ്രീരാമ ഉവാച: ശ്രീരാമൻ പറഞ്ഞു

യദി മാരീച ഏവായം തദാ ഹന്മി ന സംശയഃ
മൃഗശ്ചേദാനയിഷ്യാമി സീതാവിശ്രാമഹേതവേ. 10

യദി അയം മാരീച ഏവ തദാ ഹന്മി ന സംശയഃ	ഇവൻ മാരീചൻതന്നെയെങ്കിൽ (ഞാനിവനെ) കൊല്ലും; തീർച്ച.
മൃഗഃ ചേത് സീതാ 6 വിശ്രാമഹേതവേ ആനയിഷ്യാമി	മൃഗമാണെങ്കിലോ, സീതയ്ക്കു വിനോദിക്കാൻ കൊണ്ടുപോരികയും ചെയ്യാം.

ഗമിഷ്യാമി മൃഗം ബദ്ധ്വാ ഹ്യാനയിഷ്യാമി സത്വരഃ
ത്വം പ്രയത്നേന സന്തിഷ്ഠ സീതാസംരക്ഷണോദ്യതഃ. 11

ഗമിഷ്യാമി സത്വരഃ മൃഗം ബദ്ധ്വാ ആനയിഷ്യാമി	ഞാൻ പോകയായി. ഉടൻ മാനിനെ ബന്ധിച്ചു കൊണ്ടുവരും.
ത്വം സീതാസംരക്ഷണോദ്യതഃ പ്രയത്നേന സന്തിഷ്ഠ	നീ സീതയെ രക്ഷിക്കുന്നതിൽ ശ്രദ്ധിച്ച് പ്രയത്നപൂർവ്വം നിലകൊള്ളുക.

ഇത്യുക്ത്വാ പ്രയയൗ രാമോ മായാമൃഗമനുദ്രുതഃ
മായാ യദാശ്രയാ ലോകമോഹിനീ ജഗദാകൃതിഃ. 12

7 ലോകമോഹിനീ ജഗദാകൃതിഃ മായാ യദാശ്രയാ	ജഗന്മോഹിനിയും വിശ്വരൂപിണിയുമായ മായ ആരെ ആശ്രയിക്കുന്നുവോ,
8 സഃ രാമഃ ഇതി ഉക്ത്വാ മായാമൃഗം അനുദ്രുതഃ പ്രയയൗ	ആ രാമൻ ഇങ്ങനെ ചൊല്ലി മൃഗത്തിൻപിമ്പേ ഓടി.

നിർവ്വികാരശ്ചിദാത്മാഽപി പൂർണ്ണോഽപി മൃഗമന്വഗാത്
ഭക്താനുകമ്പീ ഭഗവാൻ ഇതി സത്യം വചോ ഹരിഃ. 13

കർത്തും സീതാപ്രിയാർത്ഥായ ജാനന്നപി മൃഗം യയൗ
അന്യഥാ പൂർണ്ണകാമസ്യ രാമസ്യ വിദിതാത്മനഃ. 14

മൃഗേണ വാ സ്ത്രീയാ വാപി കിം കാര്യം പരമാത്മനഃ

ചിദാത്മാ നിർവ്വികാരഃ പൂർണ്ണഃ ച അപി	ചൈതന്യരൂപനും നിർവ്വികാരനും പരിപൂർണ്ണനുമെങ്കിലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

	(താൻ) മാനിന്റെ പിമ്പേ പോയി.
മൃഗം അന്വഗാത്	'ഭഗവാൻ ഹരി, ഭക്തരിൽ
ഭഗവാൻ ഹരിഃ	കനിവുററവനാണ്' എന്ന വചനം
ഭക്താനുകമ്പീ ഇതി വചഃ	സത്യമാക്കാൻ!
സത്യം കർത്തും	
ജാനൻ അപി	അറിഞ്ഞുകൊണ്ടുതന്നെയാണ്
സീതാപ്രിയാർത്ഥായ	സീതയുടെ പ്രീതിക്കായി
മൃഗം യയൗ	(താൻ) മാനിനെ പിന്തുടർന്നത്.
അന്യഥാ വിദിതാത്മനഃ	അല്ലാത്തപക്ഷം, ആത്മജ്ഞാനിയും
പൂർണ്ണകാമസ്യ പരമാത്മനഃ	പൂർണ്ണകാമനും പരമാത്മാവുമായ
രാമസ്യ മൃഗേണ വാ സ്ത്രീയാ	രാമന് മൃഗത്താലോ നാരിയാലോ
വാ അപി കാര്യം കിം	കാര്യമെന്ത്?

കദാചിദ്ദൃശ്യതേഽഭ്യാശേ ക്ഷണം ധാവതി ലീയതേ. 15

ദൃശ്യതേ ച തതോ ദൂരാദേവം രാമമപാഹരത്
തതോ രാമോഽപി വിജ്ഞായ രാക്ഷസോഽയമിതി സ്ഫുടം. 16

വിവ്യാധ ശരമാദായ രാക്ഷസം മൃഗരൂപിണം
പപാത രുധിരാക്താസ്യോ മാരീചഃ പൂർവ്വരൂപധൃക്. 17

കദാചിദ് അഭ്യാശേ ദൃശ്യതേ	ചിലപ്പോൾ അരികെ കാണാം.
ക്ഷണം ധാവതി ലീയതേ	ക്ഷണത്തിലോടുന്നു, മറയുന്നു.
തതഃ ദൂരാത് ദൃശ്യതേ ച	പിന്നെ അകലെ കാണാറാകുന്നു.
ഏവം രാമം അപാഹരത്	ഇങ്ങനെ രാമനെ അകററി.
തതഃ രാമഃ അപി	അപ്പോൾ രാമനും
അയം രാക്ഷസ ഇതി	ഇതു രാക്ഷസനെന്നു
സ്ഫുടം വിജ്ഞായ	സ്പഷ്ടമായറിഞ്ഞ്
ശരം ആദായ മൃഗരൂപിണം	ശരമെടുത്ത് മൃഗരൂപിയായ
രാക്ഷസം വിവ്യാധ	രാക്ഷസനെ എയ്തു. (അമ്പെററ്)
രുധിരാക്താസ്യഃ	വായിലൂടെ ചോരയൊലിപ്പിച്ച്
മാരീചഃ പൂർവ്വരൂപധൃക് പപാത	മാരീചൻ പൂർവ്വരൂപംപേറി നിലംപററി.

ഹാ ഹതോഽസ്മി മഹാബാഹോ ത്രാഹി ലക്ഷ്മണ മാം ദ്രുതം
ഇത്യുക്ത്വാ രാമവദ് വാചാ പപാത രുധിരാശനഃ. 18

ഹാ മഹാബാഹോ ലക്ഷ്മണ	ഹാ മഹാബാഹോ ലക്ഷ്മണ,
ഹതഃ അസ്മി	ഞാനിതാ ചാവുകയായി.
മാം ദ്രുതം ത്രാഹി	എന്നെ വേഗം രക്ഷിക്കണേ.
ഇതി രാമവദ് വാചാ	ഇങ്ങനെ രാമനെന്നപോലെ
ഉക്ത്വാ രുധിരാശനഃ പപാത	വചനമുച്ചരിച്ച് രാക്ഷസൻ വീണു.

യന്നാമാഽജ്ഞോഽപി മരണേ സ്മൃത്വാ തത്സാമ്യമാപ്നുയാത്
കിമുതാഗ്രേ ഹരിം പശ്യംസ്തേനൈവ നിഹതോഽസുരഃ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മരണേ യന്നാമ സ്മൃത്വാ	ചാകുമ്പോൾ ആരുടെ നാമം സ്മരിച്ച്
അജ്ഞഃ അപി തത്സാമ്യം	അജ്ഞൻപോലും ആ സാമ്യമാജ്ജി-
ആപ്നുയാത് തേന ഏവ	ക്കുന്നുവോ, അദ്ദേഹത്താൽത്തന്നെ
നിഹതഃ അഗ്രേ ഹരിം പശ്യൻ	ഹതനും (തന്റെ) മുമ്പിൽ ഹരിയെ
അസുരഃ കിം ഉത	കണ്ടവനുമായ അസുരന് പിന്നെന്ത്?

ഭഗവാനെ കൺമുമ്പിൽ കണ്ടുകൊണ്ട് ഉടൽവെടിഞ്ഞ അസുരന് സാരൂപ്യം ലഭിക്കുമെന്നു പിന്നെ പറയേണ്ടതുണ്ടോ?

തദ്ദേഹാദുത്ഥിതം തേജഃ സർവ്വലോകസ്യ പശ്യതഃ
രാമമേവാവിശദ്ദേവാ വിസ്മയം പരമം യയുഃ. 20

തദ്ദേഹാദ് ഉത്ഥിതം തേജഃ	അവന്റെ ഉടലിൽനിന്നുയന്ന തേജസ്സ്
സർവ്വലോകസ്യ പശ്യതഃ	എല്ലാ ലോകവും കാൺകെ
രാമം ഏവ ആവിശത്	രാമനിൽത്തന്നെ പ്രവേശിച്ചു.
ദേവാഃ പരമം വിസ്മയം യയുഃ	ദേവന്മാർ അതിവിസ്മയംപേറി.

കിം കർമ്മ കൃത്വാ കിം പ്രാപ്തഃ പാതകീ മുനിഹിംസകഃ
അഥവാ രാഘവസ്യാഽയം മഹിമാ നാത്രസംശയഃ. 21

പാതകീ മുനിഹിംസകഃ	പാപിയായ ആ മുനിഹിംസകൻ
കിം കർമ്മ കൃത്വാ കിം	എന്തു കർമ്മംചെയ്ത് എന്തു നേടി?
പ്രാപ്തഃ അഥവാ രാഘവസ്യ	അല്ലെങ്കിൽ ഭഗവാന്റെ
മഹിമാ അയം,	മഹിമയാകാം ഇത്.
അത്ര ന സംശയഃ	ഇക്കാര്യത്തിൽ സംശയിപ്പാനില്ല.

മാരീചന്റെ നടപടി കണക്കിലെടുത്താൽ അവനു സദ്ഗതി കിട്ടുക വിഷമം. പക്ഷേ, ഭഗവത്കൃപയ്ക്കു പരിധിയില്ലല്ലോ. ഏതു പാപിക്കും അതു പരമഗതി നല്കുന്നു.

രാമബാണേന സംവിദ്ധഃ പൂർവ്വം രാമമനുസ്മരൻ
ഭയാത് സർവ്വം പരിത്യജ്യ ഗൃഹവിത്താദികം ച യത്. 22

ഹൃദി രാമം സദാ ധ്യാത്വാ നിർദ്ധൂതാശേഷകല്മഷഃ
അന്തേ രാമേണ നിഹതഃ പശ്യൻ രാമമവാപ സഃ. 23

രാമബാണേന സംവിദ്ധഃ	രാമബാണത്താൽ
(സഃ) ഭയാത് ഗൃഹവിത്താ-	മുറിവേററ അവൻ പേടിച്ച്
ദികം യത് സർവ്വം ച പൂർവ്വം	ഗൃഹധനാദിയെല്ലാം മുമ്പേതന്നെ
പരിത്യജ്യ രാമം അനുസ്മരൻ	കൈവെടിഞ്ഞ് രാമസ്മരണയിൽ മുഴുകി
(ആസീത്)	കഴിയുകയായിരുന്നു.
ഹൃദി സദാ രാമം ധ്യാത്വാ	മനസ്സിലെപ്പോഴും രാമനെ ധ്യാനിച്ച്
നിർദ്ധൂതാശേഷകല്മഷഃ സഃ	പാപങ്ങളെല്ലാം പോക്കിയ അവൻ
അന്തേ രാമേണ നിഹതഃ	ഒടുക്കം രാമനാൽ വധിക്കപ്പെട്ടു.
രാമം പശ്യൻ	രാമനെ ദശിച്ചുകൊണ്ട്
(തം) അവാപ	(അദ്ദേഹത്തെ) പ്രാപിക്കയുംചെയ്തു.

ദ്വിജോ വാ രാക്ഷസോ വാപി പാപീ വാ ധാർമ്മികോഽപി വാ
ത്യജൻ കളേബരം രാമം സ്മൃത്വാ യാതി പരം പദം. 24

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിജഃ വാ രാക്ഷസഃ വാ	ബ്രാഹ്മണനോ, രാക്ഷസനോ,
അപി പാപീ വാ ധാർമ്മികഃ	പാപിയോ, ധർമ്മിഷ്ഠനോ
അപി വാ രാമം സ്മൃത്വാ	ആരായാലും രാമനെ സ്മരിച്ച
കളേബരം ത്യജൻ പരം	ദേഹം വെടിയുന്നവൻ
പദം യാതി.	പരമപദം (മോക്ഷം) പ്രാപിക്കുന്നു.

ഇതി തേഽന്യോന്യമാഭാഷ്യ തതോ ദേവാ ദിവം യയുഃ
രാമസ്തച്ചിന്തയാമാസ മ്രിയമാണോഽസുരാധമഃ. 25

ഹാ ലക്ഷ്മണേതി മദ്വാക്യമനുകൃത്വ മമാര കിം
ശ്രുത്വാ മദ്വാക്യസദൃശം വാക്യം സീതാപി കിം ഭവേത്. 26

ഇതി അന്യോന്യം	ഇങ്ങനെ തമ്മിൽ പറഞ്ഞുകൊണ്ട്
ആഭാഷ്യ തേ ദേവാഃ	ആ ദേവന്മാർ പിന്നെ
തതഃ ദിവം യയുഃ	സ്വർഗ്ഗത്തേക്കു പോയി.
രാമഃ തത് ചിന്തയാമാസ	രാമൻ അതേപ്പററി ചിന്തിച്ചു.
മ്രിയമാണഃ അസുരാധമഃ	മരിക്കുമ്പോൾ അസുരാധമൻ
ഹാ ലക്ഷ്മണ ഇതി	'ഹാ ലക്ഷ്മണ' എന്ന് എന്റെ
മദ്വാക്യം അനുകൃത്വ	വചനമനുകരിച്ച് ഉച്ചരിച്ചുകൊണ്ട്
മമാര കിം?	മരണമടഞ്ഞതെന്തിന്?
മദ്വാക്യസദൃശം വാക്യം	എന്റെ മൊഴിക്കു തുല്യമായ
ശ്രുത്വാ സീതാ അപി കിം	വാക്കു കേട്ടാൽ സീതയ്ക്കും എന്താണാവോ
ഭവേത്?	ഭവിക്കുക?

ഇതി ചിന്താപരീതാത്മാ രാമോ ദൂരാന്ന്യവർത്തത,
സീതാ തദ് ഭാഷിതം ശ്രുത്വാ മാരീചസ്യ ദുരാത്മനഃ. 27

ഭീതാതിദുഃഖസംവിഗ്നാ ലക്ഷ്മണം ത്വിദമബ്രവീത്
ഗച്ഛ ലക്ഷ്മണ വേഗേന ഭ്രാതാ തേഽസുരപീഡിതഃ. 28

ഇതി ചിന്താപരീതാത്മാ	ഇങ്ങനെ ചിന്തയാൽ ആകുലമനസ്സനായ
രാമഃ ദൂരാത് ന്യവർത്തത	രാമൻ ദൂരെനിന്നു മടങ്ങി,
ദുരാത്മനഃ മാരീചസ്യ തദ്	ദുരാത്മാവായ മാരീചന്റെ ആ
ഭാഷിതം ശ്രുത്വാ അതിദുഃഖ-	പറച്ചിൽ കേട്ട് അഴലാലുഴറി
സംവിഗ്നാ ഭീതാ സീതാ	പേടിച്ച സീത
ലക്ഷ്മണം ഇദം അബ്രവീത്	ലക്ഷ്മണനോട്ട് അപേക്ഷിച്ചു:
ലക്ഷ്മണ ഗച്ഛ	ലക്ഷ്മണ, ചെല്ലു വേഗം.
വേഗേന തേ ഭ്രാതാ	നിന്റെ ജ്യേഷ്ഠൻ അസുരരാൽ
അസുരപീഡിതഃ	പീഡിപ്പിക്കപ്പെട്ടകയാണ്.

ഹാ ലക്ഷ്മണേതി വചനം ഭ്രാതുസ്തേ ന ശൃണോഷി കിം
താമാഹ ലക്ഷ്മണോ ദേവി, രാമവാക്യം ന തദ് ഭവേത്. 29

ഹാ ലക്ഷ്മണ ഇതി തേ	ഹാ ലക്ഷ്മണ എന്ന നിന്റെ
ഭ്രാതുഃ വചനം	ഭ്രാതൃവചനം
കിം ന ശൃണോഷി	കേൾക്കുന്നില്ലേ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താം ലക്ഷ്മണഃ ആഹ.	അവളോട് ലക്ഷ്മണൻ പറഞ്ഞു:
ദേവി, തത് രാമവാക്യം	ദേവി, അതു രാമവാക്യം
ന ഭവേത്	ആയിരിക്കയില്ല.

യഃ കശ്ചിദ്രാക്ഷസോ ദേവി മ്രിയമാണോഽബ്രവീദ്വചഃ
രാമസ്ത്രൈലോക്യമപി യഃ ക്രുദ്ധോ നാശയതി ക്ഷണാത്. 30

സ കഥം ദീനവചനം ഭാഷതേഽമരപൂജിതഃ
ക്രുദ്ധാ ലക്ഷ്മണമാലോക്യ സീതാ ബാഷ്പവിലോചനാ. 31

പ്രാഹ ലക്ഷ്മണ ദുർബുദ്ധേ ഭ്രാതുർവ്യസനമിച്ഛസി
പ്രേഷിതോ ഭരതേനൈവ രാമനാശാഭികാംക്ഷിണാ. 32

ദേവി മ്രിയമാണഃ യഃ	ദേവി ചാകാൻപോകുന്ന
കശ്ചിത് രാക്ഷസഃ	ഏതോ രാക്ഷസൻ
അബ്രവീത് വചഃ	പറഞ്ഞതാവാം ആ വാക്കുകൾ.
ക്രുദ്ധഃ യഃ രാമഃ	കോപംപൂണ്ട രാമൻ
ത്രൈലോക്യം അപി	മൂവുലകംപോലും
ക്ഷണാത് നാശയതി	ക്ഷണത്തിൽ നശിപ്പിക്കും.
അമരപൂജിതഃ സഃ	ദേവപൂജിതനായ അദ്ദേഹം
ദീനവചനം കഥം ഭാഷതേ	ദീനവചനമെങ്ങനെയുതിർക്കും?
ക്രുദ്ധാ ബാഷ്പവിലോചനാ	കുപിതയും കണ്ണീർവാർക്കുന്ന മിഴികളുള്ള-
സീതാ ലക്ഷ്മണം	വളുമായ സീത ലക്ഷ്മണനെ
ആലോക്യ പ്രാഹ	നോക്കി ആക്രോശിച്ചു:
ദുർബുദ്ധേ ലക്ഷ്മണ	ദുഷ്ടബുദ്ധിയായ ലക്ഷ്മണ,
ഭ്രാതുഃ വ്യസനം	നീ സഹോദരന്റെ നാശം
ഇച്ഛസി	കാംക്ഷിക്കയാണ്.
രാമനാശാഭികാംക്ഷിണാ	രാമന്റെ നാശം കൊതിക്കുന്ന
ഭരതേന പ്രേഷിതഃ ഏവ	ഭരതനാൽ അയയ്ക്കപ്പെട്ടവൻതന്നെ (നീ).

മാം നേതുമാഗതോഽസി ത്വം രാമനാശ ഉപസ്ഥിതേ
ന പ്രാപ്സ്യസേ ത്വം മാമദ്യ പശ്യ പ്രാണാംസ്ത്യജാമ്യഹം. 33

ത്വം രാമനാശേ ഉപസ്ഥിതേ	നീ, രാമനു നാശം നേരിടുമ്പോൾ
മാം നേതും ആഗതഃ അസി	എന്നെ കൊണ്ടുപോകാൻ വന്നവനാണ്.
മാം ത്വം ന പ്രാപ്സ്യസേ	എന്നെ നിനക്കു കിട്ടില്ല.
പശ്യ അദ്യ പ്രാണാൻ ത്യജാമി	കണ്ടോളൂ; ഇന്നു ഞാൻ ജീവൻ വെടിയും.

ന ജാനാതീദൃശം രാമസ്ത്വാം ഭാര്യാഹരണോദ്യതം
രാമാദന്യം ന സംസ്പൃശാമി ത്വാം വാ ഭരതമേവ വാ. 34

ഭാര്യാഹരണോദ്യതം	ഭാര്യയെ അപഹരിക്കാനൊരുമ്പെട്ട
ഈദൃശം ത്വാം	ഇത്തരക്കാരനെന്നു
രാമഃ ന ജാനാതി	നിന്നെപ്പറ്റി രാമനറിഞ്ഞുകൂട.
രാമാദ് അന്യം	രാമനെയൊഴിച്ച് അന്യനെ
ന സംസ്പൃശാമി	ഞാൻ സ്പർശിക്കപോലുമില്ല.
ത്വാം വാ ഭരതം ഏവ വാ	നിന്നെയാകട്ടെ, ഭരതനെത്തന്നെയാകട്ടെ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്ത്വാ വധ്യമാനാ സാ സ്വബാഹുഭ്യാം രുരോദ ഹ
തച്ഛ്രുത്വാ ലക്ഷ്മണഃ കർണ്ണൗ പിധായാതീവദുഃഖിതഃ. 35

ഇതി ഉക്ത്വാ സാ	ഇങ്ങനെ ചൊല്ലിയിട്ട് അവൾ
സ്വബാഹുഭ്യാം വധ്യമാനാ ഹ രുരോദ	സ്വബാഹുക്കളാൽ (മാറ) അടിച്ച് മുറവിളിക്കൂട്ടി.
തത് ശ്രുത്വാ അതീവദുഃഖിതഃ ലക്ഷ്മണഃ കർണ്ണൗ പിധായ ആഹ	അതു കേട്ടുകൊണ്ട് അതിദുഃഖിതൻ ലക്ഷ്മണൻ ചെവിപൊത്തി (പറഞ്ഞു).

മാമേവം ഭാഷസേ ചണ്ഡി, ധിക്ത്വാം നാശമുപൈഷ്യസി
ഇത്യുക്ത്വാ വനദേവീഭ്യഃ സമർപ്പ്യ ജനകാത്മജാം. 36

യയൗ ദുഃഖാതിസംവിഗ്നോ രാമമേവ ശനൈഃ ശനൈഃ
തതോഽന്തരം സമാലോക്യ രാവണോ ഭിക്ഷുവേഷധൃക്. 37

സീതാസമീപമഗമത് സ്ഫുരദ്ദണ്ഡകമണ്ഡലുഃ
സീതാ തമവലോക്യാശു നത്വാ സംപൂജ്യ ഭക്തിതഃ. 38

കന്ദമൂലഫലാദീനി ദത്വാ സ്വാഗതമബ്രവീത്
മുനേ, ഭുംക്ഷ്വ ഫലാദീനി വിശ്രമസ്വ യഥാസുഖം. 39

ചണ്ഡി മാം ഏവം ഭാഷസേ. ത്വാം ധിക് നാശം ഉപൈഷ്യസി	ഭയങ്കരി, നീ എന്നോടിങ്ങനെ പറയുന്നല്ലോ! നിനക്കു കഷ്ടം! നീ നാശമടയും.
ഇതി ഉക്ത്വാ ജനകാത്മജാം വനദേവീഭ്യഃ സമർപ്പ്യ ദുഃഖാതിസംവിഗ്നഃ ശനൈഃ ശനൈഃ രാമം ഏവ യയൗ	ഇത്രയും പറഞ്ഞ് ജനകജയെ വനദേവതമാർക്ക് സമർപ്പണം ചെയ്തശേഷം ദുഃഖത്താലതിമാത്രമുഴറിയ (ലക്ഷ്മണൻ) മെല്ലെ മെല്ലെ രാമന്നരികിലേക്കുതന്നെ നടന്നു.
ഭിക്ഷുവേഷധൃക് സ്ഫുരദ്ദണ്ഡ- കമണ്ഡലുഃ രാവണഃ തതഃ അന്തരം സമാലോക്യ സീതാസമീപം അഗമത് തം അവലോക്യ സീതാ ആശു നത്വാ ഭക്തിതഃ സംപൂജ്യ കന്ദമൂലഫലാദീനി ദത്വാ സ്വാഗതം അബ്രവീത്	ഭിക്ഷുവേഷംപൂണ്ട്, തിളങ്ങുന്ന യോഗ- ദണ്ഡും ജലപാത്രവുമേന്തിയ രാവണൻ അപ്പോഴേക്കും തക്കം നോക്കി സീതാസമീപം എത്തി. അവനെ കാണവേ സീത പെട്ടെന്നു വണങ്ങി, ഭക്തിപൂർവ്വം പൂജിച്ച്, കിഴങ്ങും കനികളും നല്കി സ്വാഗതമാശംസിച്ചു:
മുനേ ഫലാദീനി ഭുംക്ഷ്വ യഥാസുഖം വിശ്രമസ്വ	മുനേ, പഴങ്ങളും മററും ഭുജിച്ചാലും. സസുഖം വിശ്രമിക്കയും ചെയ്യാമല്ലോ.

ഇദാനീമേവ മേ ഭർത്താ ഹ്യാഗമിഷ്യതി, തേ പ്രിയം
കരിഷ്യതി വിശേഷേണ തിഷ്ഠ ത്വം യദി രോചതേ. 40

ഇദാനീം ഏവ മേ ഭർത്താ ആഗമിഷ്യതി. തേ വിശേഷേണ പ്രിയം കരിഷ്യതി യദി രോചതേ ത്വം തിഷ്ഠ	ഉടൻതന്നെ എന്റെ പതി വന്നുചേരും. അങ്ങേയ്ക്കു സവിശേഷം പ്രിയമാചരിക്കും. താൽപര്യമുണ്ടെങ്കിൽ അവിടുന്നിരുന്നാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭിക്ഷുഃ ഉവാച: ഭിക്ഷു ചോദിച്ചു

കാ ത്വം കമലപത്രാക്ഷി കോ വാ ഭർത്താ തവാനഘേ
കിമർത്ഥമത്ര തേ വാസോ വനേ രാക്ഷസസേവിതേ
ബ്രൂഹി ഭദ്രേ തതഃ സർവ്വം സ്വവൃത്താന്തം നിവേദയേ. 41

കമലപത്രാക്ഷി ത്വം കാ കഃ വാ തവ ഭർത്താ അനഘേ രാക്ഷസസേവിതേ	താമരയിതഴക്കണ്ണി, നീയാരാണ്? ആരാണ് നിന്റെ കണവൻ? പവിത്രേ, രാക്ഷസർ തിങ്ങിയ
അത്ര വനേ തേ വാസഃ കിമർത്ഥം	ഈ കാട്ടിൽ നിന്റെ വാസം എന്തിനായാണ്?
ഭദ്രേ ബ്രൂഹി തതഃ	ഭദ്രേ, പറയൂ; പിന്നെ
സ്വവൃത്താന്തം സർവ്വം നിവേദയേ	സ്വന്തവൃത്താന്തമെല്ലാം ഞാൻ അറിയിക്കാം.

സീതാ ഉവാച: സീത പ്രതിവചിച്ചു

അയോധ്യാധിപതിഃ ശ്രീമാൻ രാജാ ദശരഥോ മഹാൻ
തസ്യ ജ്യേഷ്ഠസുതോ രാമഃ സർവ്വലക്ഷണലക്ഷിതഃ. 42

അയോധ്യാധിപതിഃ ശ്രീമാൻ മഹാൻ രാജാ ദശരഥഃ	അയോധ്യയുടെ അധിപനാണ് ഐശ്വ- ര്യശാലി മഹാരാജാ ദശരഥൻ.
സർവ്വലക്ഷണലക്ഷിതഃ രാമഃ തസ്യ ജ്യേഷ്ഠഃ സുതഃ	ലക്ഷണമെല്ലാമൊത്ത രാമൻ അദ്ദേഹത്തിന്റെ മൂത്തമകൻ.

തസ്യാഹം ധർമ്മതഃ പത്നീ സീതാ ജനകനന്ദിനീ
തസ്യ ഭ്രാതാ കനീയാംശ്ച ലക്ഷ്മണോ ഭ്രാതൃവത്സലഃ. 43

അഹം തസ്യ ധർമ്മതഃ പത്നീ ജനകനന്ദിനീ സീതാ	ഞാൻ രാമന്റെ ധർമ്മപത്നി. ജനകപുത്രി, സീത.
തസ്യ കനീയാൻ ഭ്രാതാ ഭ്രാതൃവത്സലഃ ലക്ഷ്മണഃ	രാമന്റെ അനിയനാണ് ഭ്രാതൃവത്സലൻ ലക്ഷ്മണൻ.

പിതുരാജ്ഞാം പുരസ്കൃത്യ ദണ്ഡകേ വസ്തുമാഗതാഃ
ചതുർദ്ദശസമാസ്ത്വാം തു ജ്ഞാതുമിച്ഛാമി മേ വദ. 44

പിതുഃ ആജ്ഞാം പുരസ്കൃത്യ ചതുർദ്ദശസമാഃ ദണ്ഡകേ വസ്തും ആഗതാഃ (വയം)	പിതൃകല്പന മുൻനിറുത്തി പതിന്നാലുകൊല്ലം ദണ്ഡകത്തിൽ പാർക്കാനെത്തിയിരിക്കയാണ് (ഞങ്ങൾ).
ത്വാം തു ജ്ഞാതും ഇച്ഛാമി; മേ വദ	(ഇനി) അങ്ങയെ അറിയാനാഗ്രഹിക്കുന്നു; എന്നോടതുളമാറാകണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭിക്ഷുഃ ഉവാച: ഭിക്ഷു പറഞ്ഞു

പൗലസ്ത്യതനയോഽഹം തു രാവണോ രാക്ഷസാധിപഃ
ത്വത് കാമപരിതപ്തോഽഹം ത്വാം നേതും പുരമാഗതഃ. 45

അഹം തു പൗലസ്ത്യതനയഃ — ഞാനാകട്ടെ, പൗലസ്ത്യപുത്രനും
രാക്ഷസാധിപഃ രാവണഃ — രാക്ഷസാധിപനുമായ രാവണനാണ്.

ത്വത് കാമപരിതപ്തഃ — നിന്നെ കാമിച്ച് സന്താപംപൂണ്ട
അഹം ആഗതഃ ത്വാം — ഞാൻ വന്നിരിക്കയാണ് നിന്നെ
പുരം നേതും — രാജധാനിയിലേക്ക കൊണ്ടുപോകാൻ.

മുനിവേഷേണ രാമേണ കിം കരിഷ്യസി മാം ഭജ
ഭുംക്ഷ്വ ഭോഗാൻ മയാസാർദ്ധം ത്യജ ദുഃഖം വനോദ്ഭവം. 46

മുനിവേഷേണ രാമേണ — മുനിവേഷക്കാരൻ രാമനെക്കൊണ്ട്
കിം കരിഷ്യസി — എന്തുചെയ്യും നീ?
മാം ഭജ — എന്നെ ഭജിക്കു (എന്റെകൂടെ പോരൂ).

മയാസാർദ്ധം ഭോഗാൻ — എന്നോടൊത്തു ഭോഗങ്ങളെ
ഭുംക്ഷ്വ. വനോദ്ഭവം — ഭുജിക്കൂ. കാട്ടിലുളവാകുന്ന
ദുഃഖം ത്യജ. — കഷ്ടത ഒഴിവാക്കൂ.

ശ്രുത്വാ തദ്വചനം സീതാ ഭീതാ കിഞ്ചിദുവാച തം
യദ്യേവം ഭാഷസേ മാം ത്വം നാശമേഷ്യസി രാഘവാത്. 47

തദ്വചനം ശ്രുത്വാ — അവന്റെ വചനം കേട്ട്
കിഞ്ചിത് ഭീതാ സീതാ — തെല്ലൊന്നു നടുങ്ങിയ സീത
തം ഉവാച — അവനോട് പറഞ്ഞു:

യദി ഏവം മാം ഭാഷസേ — ഈവിധം എന്നോട് സംസാരിച്ചാൽ
ത്വം രാഘവാത് — നീ രാമന്റെ കൈയാൽ
നാശം ഏഷ്യസി — നാശമടയും.

ആഗമിഷ്യതി രാമോഽപി ക്ഷണം തിഷ്ഠ സഹാനുജഃ
മാം കോ ധർഷയിതും ശക്തോ ഹരേർഭാര്യാം ശശോ യഥാ. 48

ക്ഷണം (തത്ര) തിഷ്ഠ — ക്ഷണം (അവിടെ) നില്ല്.

സഹാനുജഃ രാമഃ അപി — അനുജനോടൊത്ത് രാമനിപ്പോൾ
ആഗമിഷ്യതി ഹരേഃ ഭാര്യാം — എത്തും. സിംഹത്തിന്റെ ഭാര്യയെ
ശശഃ യഥാ ഹരേഃ ഭാര്യാം — മുയലെന്നപോലെ വിഷ്ണുപത്നിയായ
മാം ധർഷയിതും — എന്നെ കൈയേററംചെയ്യാൻ
ശക്തഃ കഃ — കഴിവുററവനാര്?

രാമബാണൈർവിഭിന്നസ്ത്വം പതിഷ്യസി മഹീതലേ
ഇതി സീതാവചഃ ശ്രുത്വാ രാവണഃ ക്രോധമൂർച്ഛിതഃ. 49

രാമബാണൈഃ വിഭിന്നഃ ത്വം — രാമശരങ്ങളാൽ ശകലിതനായി
മഹീതലേ പതിഷ്യസി — നീ മണ്ണിൽ വീണരുളും.

സീതാവചഃ — സീതയുടെ വചനം ഇങ്ങനെ
ഇതി ശ്രുത്വാ രാവണഃ — കേട്ടപ്പോൾ രാവണൻ
ക്രോധമൂർച്ഛിതഃ — കോപമൂർച്ഛിതനായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വരൂപം ദർശയാമാസ മഹാപർവ്വതസന്നിഭം
ദശാസ്യം വിംശതിഭുജം കാലമേഘസമദ്യുതിം. 50

ദശാസ്യം വിംശതി ഭുജം	പത്തു തലയും ഇരുപതു കരവുമുള്ളതും
കാലമേഘസമദ്യുതിം	കാർമേഘസമം കാന്തിയാർന്നതും
മഹാപർവ്വതസന്നിഭം	മാമലയ്ക്കു തുല്യവുമായ
സ്വരൂപം (സഃ) ദർശയാമാസ	തന്റെ രൂപം അവൻ വെളിപ്പെടുത്തി.

തദ് ദൃഷ്ട്വാ വനദേവ്യശ്ച ഭൂതാനി ച വിതത്രസുഃ
തതോ വിദാര്യ ധരണീം നഖൈരുദ്ധൃത്യ ബാഹുഭിഃ. 51
തോലയിത്വാ രഥേ ക്ഷിപ്ത്വാ യയൗ ക്ഷിപ്രം വിഹായസാ

തദ് ദൃഷ്ട്വാ വനദേവ്യഃ	അതു കണ്ടു വനദേവതമാരും
ഭൂതാനി ച വിതത്രസുഃ	ഭൂതങ്ങളും നടുങ്ങി.
തതഃ നഖൈഃ	പിന്നെ നഖങ്ങളാൽ (സീതയുടെപാദതല—
ധരണീം വിദാര്യ* ബാഹുഭിഃ	ത്തിനടിയിലെ)ഭൂതലം പിളർന്ന്(അവളെ)
ഉദ്ധൃത്യ തോലയിത്വാ	കൈകളാൽ പൊക്കിത്തൂക്കി
രഥേ ക്ഷിപ്ത്വാ (രാവണഃ)	തേരിലേററി (രാവണൻ)
ക്ഷിപ്രം വിഹായസാ യയൗ	ശീഘ്രം ആകാശമാർഗ്ഗം സ്ഥലംവിട്ടു.

ഹാ രാമ, ഹാ ലക്ഷ്മണേതി രുദന്തീ ജനകാത്മജാ 52
ഭയോദ്വിഗ്നമനാ ദീനാ പശ്യന്തീ ഭുവമേവ സാ

ഭയോദ്വിഗ്നമനാഃ ദീനാ	പേടിച്ചരണ്ട മനസ്സോടെ ദീനയായ
സാ ജനകാത്മജാ ഭുവം ഏവ	ആ സീത ഭൂമിയിലേക്കുതന്നെ
പശ്യന്തീ ഹാ രാമ, ഹാ ലക്ഷ്മണ	നോക്കി, ഹാ രാമ, ഹാ ലക്ഷ്മണ
ഇതി രുദന്തീ	എന്നു നിലവിളിച്ചു.

ശ്രുത്വാ തത് ക്രന്ദിതം ദീനം സീതായാഃ പക്ഷിസത്തമഃ. 53

ജടായുരുത്ഥിതഃ ശീഘ്രം നഗാഗ്രാത് തീക്ഷ്ണതുണ്ഡകഃ
തിഷ്ഠ തിഷ്ഠേതി തം പ്രാഹ കോ ഗച്ഛതി മമാഗ്രതഃ. 54

മുഷിത്വാ ലോകനാഥസ്യ ഭാര്യാം ശൂന്യാദ്വനാലയാത്
ശുനകോ മന്ത്രപൂതം ത്വം പുരോഡാശമിവാധ്വരേ. 55

---

* ഒരു കഥയുണ്ട് ഇതേപ്പററി. സ്ത്രീയെ ബലാൽ സ്പർശിക്കാൻ മുതിർന്നാൽ തല പൊട്ടിപ്പോകുമെന്ന് ഒരു ശാപം രാവണന് ഏററിരുന്നുവത്രേ. രണ്ടുതവണ അയാളും ശാപം മേടിച്ചുകെട്ടി. ഒരു അപ്സര ബ്രഹ്മാവിനെ ദർശിക്കാൻ ഗഗനമാർഗ്ഗം പോകയായിരുന്നു. വഴിക്കുവച്ച് ഉദ്ധതൻ രാവണൻ അവളെ മാനഭംഗപ്പെടുത്തി. ബ്രഹ്മാവ് മേല്പറഞ്ഞവിധം ശപിച്ചു. രംഭയെ കൈയേററംചെയ്തതിന്റെപേരിൽ ഇതുപോലൊരു ശാപം നളകൂബരനിൽനിന്നും കിട്ടി. അങ്ങനെ പരസ്ത്രീധർഷണം രാവണന് അസാദ്ധ്യമായിത്തീർന്നു. (വാ. രാ. യു. 16. 14 & ഉ. കാ. 26) മണ്ണിളക്കിപ്പൊക്കിയ കാര്യം എഴുത്തച്ഛനും തുളസീദാസനും പരാമർശിക്കുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സീതായാഃ തത് ദീനം ക്രന്ദിതം	സീതയുടെ ആ ദീനരോദനം
ശ്രുത്വാ തീക്ഷ്ണതുണ്ഡകഃ	കേട്ട് കൂർത്ത ചുണ്ടുള്ള പക്ഷിരാജൻ
പക്ഷിസത്തമഃ ജടായുഃ	ജടായു പർവ്വതാഗ്രത്തിൽനിന്ന്
നഗാഗ്രാത് ശീഘ്രം ഉത്ഥിതഃ	പെട്ടെന്നു പറന്നുയർന്ന്
തം പ്രാഹ	അവനോടു പറഞ്ഞു.
തിഷ്ഠ തിഷ്ഠ	നില്ക്കുക, നില്ക്കുക.
അധ്വരേ മന്ത്രപൂതം	യാഗത്തിൽ മന്ത്രങ്ങളാൽ പരിപൂതമായ
പുരോഡാശം ശുനകഃ ഇവ	ഹവിസ്സ് പട്ടിയെന്നപോലെ,
ശൂന്യാത് വനാലയാത്	ശൂന്യമായ വനാശ്രമത്തിൽനിന്ന്
ലോകനാഥസ്യ ഭാര്യാം	ലോകനാഥന്റെ (രാമന്റെ) പത്നിയെ
മുഷിത്വാ മമ അഗ്രതഃ	മോഷ്ടിച്ചുകൊണ്ട് എന്റെ മുന്നിലൂടെ
കഃ ഗച്ഛതി കഃ ത്വം	പോകുന്നതാര്? ആരാണു നീ?

ഇത്യുക്ത്വാ തീക്ഷ്ണതുണ്ഡേന ചൂർണ്ണയാമാസ തദ്രഥം
വാഹാൻ ബിഭേദ പാദാഭ്യാം ചൂർണ്ണയാമാസ തദ്ധനുഃ. 56

ഇതി ഉക്ത്വാ തീക്ഷ്ണ- തുണ്ഡേന തദ്രഥം ചൂർണ്ണയാമാസ	എന്നു പറഞ്ഞ് മൂർച്ചയേറിയ കൊക്കിന്റെ അററംകൊണ്ട് അവന്റെ തേർ പൊടിയാക്കി.
പാദാഭ്യാം വാഹാൻ ബിഭേദ തദ്ധനുഃ ചൂർണ്ണയാമാസ	കാലുകളാൽ കുതിരകളെ കീറിയിട്ടു. അവന്റെ വില്ലും കഷണമാക്കി.

തതഃ സീതാം പരിത്യജ്യ രാവണഃ ഖഡ്ഗമാദദേ
ചിച്ഛേദ പക്ഷൗ സാമർഷഃ പക്ഷിരാജസ്യ ധീമതഃ. 57

സീതാം പരിത്യജ്യ രാവണഃ തതഃ ഖഡ്ഗം ആദദേ	സീതയെ വിട്ട് രാവണൻ പിന്നെ വാൾ എടുത്തു.
സാമർഷഃ ധീമതഃ പക്ഷിരാജസ്യ പക്ഷൗ ചിച്ഛേദ	അമർഷത്തോടെ ബുദ്ധിശാലിയായ പക്ഷിരാജന്റെ ചിറകുകൾ വെട്ടി.

പപാത കിഞ്ചിച്ഛേഷേണ പ്രാണേന ഭുവി പക്ഷിരാട്
പുനരന്യരഥേനാശു സീതാമാദായ രാവണഃ. 58

ക്രോശന്തീ രാമരാമേതി ത്രാതാരം നാധിഗച്ഛതി
ഹാ രാമ, ഹാ ജഗന്നാഥ, മാം ന പശ്യസി ദുഃഖിതാം. 59

രക്ഷസാ നീയമാനാം സ്വാം ഭാര്യാം മോചയ രാഘവ,
ഹാ ലക്ഷ്മണ, മഹാഭാഗ ത്രാഹി മാമപരാധിനീം. 60

വാക്ശരേണ ഹതസ്ത്വം മേ ക്ഷന്തുമർഹസി ദേവര
ഇത്യേവം ക്രോശമാനാം താം രാമാഗമനശങ്കയാ. 61

ജഗാമ വായുവേഗേന സീതാമാദായ സത്വരഃ

കിഞ്ചിച്ഛേഷേണ പ്രാണേന പക്ഷിരാട് ഭുവി പപാത	തെല്ലു ശേഷിച്ച ജീവനോടെ പക്ഷിരാജൻ നിലംപതിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുനഃ സീതാം അന്യ—
രഥേന ആദായ രാവണഃ
ആശു യയൗ

പിന്നെ സീതയെ മറെറാരു
തേരിലേററി രാവണൻ
ശീഘ്രം പോയി.

ത്രാതാരം ന അധിഗച്ഛതി
(സീതാ) രാമ രാമ
ഇതി ക്രോശന്തീ

രക്ഷകനെ കാണാതെ
(സീത) 'രാമ രാമ'
എന്നു വിളിച്ചു കേണു.

ഹാ രാമ, ഹാ ജഗന്നാഥ,
ദുഃഖിതാം മാം ന പശ്യസി

ഹാ രാമ, ജഗന്നാഥ, അല്ലൽപെടുന്ന
എന്നെ അങ്ങു കാണുന്നില്ലേ?

രാഘവ രാക്ഷസാ
നീയമാനാം സ്വാം
ഭാര്യാം മോചയ

രാഘവ, രാക്ഷസൻ
കൊണ്ടുപോകുന്ന അവിടുത്തെ
ഭാര്യയെ മോചിപ്പിക്കേണമേ.

ഹാ മഹാഭാഗ ലക്ഷ്മണ
അപരാധിനീം മാം ത്രാഹി

പൂജ്യനായ ലക്ഷ്മണ,
കുററക്കാരിയായ എന്നെ രക്ഷിച്ചാലും.

ത്വം മേ വാക്ശരേണ
ഹതഃ ദേവര,
ക്ഷന്തും അർഹസി

നീ എൻെറ വാക്ശരത്താൽ
മുറിവേററവനാണ്. അനിയ,
ക്ഷമിക്കമാററാകണം.

ഇതി ഏവം ക്രോശമാനാം താം
സീതാം ആദായ രാവണഃ
രാമാഗമനശങ്കയാ
വായുവേഗേന സത്വരഃ ജഗാമ

ഇവ്വിധം കേഴുന്ന ആ
സീതയെ കൈക്കലാക്കി രാവണൻ,
രാമനണയുമെന്ന ഭീതിയാൽ,
വായുവേഗത്തിൽ തെററെന്നു പോയി.

വിഹായസാ നീയമാനാ സീതാഽപശ്യദധോമുഖീ. 62

പർവ്വതാഗ്രേ സ്ഥിതാൻ പഞ്ചവാനരാൻ വാരിജാനനാ
ഉത്തരീയാർദ്ധഖണ്ഡേന വിമുച്യാഭരണാദികം 63

ബധ്വാ ചിക്ഷേപ രാമായ കഥയന്ത്വിതി പർവ്വതേ.

വിഹായസാ നീയമാനാ
അധോമുഖീ വാരിജാനനാ സീതാ

വിഹായസ്സിലൂടെ കൊണ്ടുപോകവേ
താഴേക്കു നോക്കിയ കമലമുഖി സീത

പർവ്വതാഗ്രേ സ്ഥിതാൻ
പഞ്ചവാനരാൻ അപശ്യത്

ഗിരിശിഖരത്തിലിരുന്ന
അഞ്ചു വാനരരെ കണ്ടു.

ആഭരണാദികം വിമുച്യ
ഉത്തരീയാർദ്ധഖണ്ഡേന
ബധ്വാ രാമായ കഥയന്തു
(ഇതി സങ്കല്പ്യ) പർവ്വതേ
ചിക്ഷേപ

ആഭരണാദികൾ അഴിച്ച്
ഉത്തരീയപ്പാതിത്തുണ്ടിൽ
പൊതിഞ്ഞു 'രാമനു കാര്യം
വെളിപ്പെടുത്തട്ടെ' (എന്നു സങ്കല്പിച്ച്)
പർവ്വതത്തിലിട്ടു.

തതഃ സമുദ്രമുല്ലംഘ്യ ലങ്കാം ഗത്വാ സ രാവണഃ 64

സ്വാന്തഃപുരേ രഹസ്യേ താമശോകവിപിനേഽക്ഷിപത്
രാക്ഷസീഭിഃ പരിവൃതാം മാതൃബുദ്ധ്യാഽന്വപാലയത്. 65

തതഃ സഃ രാവണഃ
സമുദ്രം ഉല്ലംഘ്യ ലങ്കാം ഗത്വാ
താം സ്വാന്തഃപുരേ രഹസ്യേ
അശോകവിപിനേ അക്ഷിപത്

അതിനുശേഷം ആ രാവണൻ
കടൽ കടന്നു ലങ്കയിലെത്തി
അവളെ തൻെറ അന്തഃപുരത്തിലെ
ഏകാന്തമായ അശോകവനത്തിലാക്കി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാക്ഷസീഭിഃ പരിവൃതാം	രാക്ഷസിമാരാൽ ചൂഴപ്പെട്ട
(താം) മാതൃബുദ്ധ്യാ	(അവളെ) മാതൃഭാവേന
അന്വപാലയത്	പരിപാലിച്ചു.

കൃശാതിദീനാ പരികർമ്മവർജ്ജിതാ
ദുഃഖേന ശുഷ്യദ്വദനാഽതിവിഹ്വലാ
ഹാ രാമ, രാമേതി വിലപ്യമാനാ
സീതാ സ്ഥിതാ രാക്ഷസവൃന്ദമധ്യേ. 66

കൃശാ അതിദീനാ	കൃശയും അതിദീനയും
പരികർമ്മവർജ്ജിതാ	ദേഹസംസ്കരണം വെടിഞ്ഞവളും
ദുഃഖേന ശുഷ്യദ്വദനാ	അഴലാൽ ആവിലമുഖിയും
അതിവിഹ്വലാ	ഏററ നഞ്ഞി; ഹാ രാമ, രാമ
ഹാ രാമ, രാമ ഇതി	എന്നു വിലപിക്കുന്നവളുമായ
വിലപ്യമാനാ സീതാ	സീത രാക്ഷസപ്പരിഷകളുടെ
രാക്ഷസവൃന്ദമധ്യേ സ്ഥിതാ	ഇടയിൽ കഴിഞ്ഞുകൂടി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ സപ്തമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം ഏഴാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം എട്ട്

രാമൻെറ വിരഹദുഃഖം—ജടായുദർശനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

രാമോ മായാവിനം ഹത്വാ രാക്ഷസം കാമരൂപിണം
പ്രതസ്ഥേ സ്വാശ്രമം ഗന്തും തതോ ദൂരാദ്ദദർശ തം. 1

ആയാന്തം ലക്ഷ്മണം ദീനം മുഖേന പരിശുഷ്യതാ
രാഘവശ്ചിന്തയാമാസ സ്വാത്മന്യേവ മഹാമതിഃ. 2

മായാവിനം കാമരൂപിണം	മായാവിയും കാമരൂപിയുമായ
രാക്ഷസം ഹത്വാ	രാക്ഷസനെ കൊന്നതിനുശേഷം
രാമഃ സ്വാശ്രമം	രാമൻ തൻെറ ആശ്രമത്തിലേക്കു
ഗന്തും പ്രതസ്ഥേ	പോരുവാൻ പുറപ്പെട്ടു.
തതഃ പരിശുഷ്യതാ മുഖേന	അപ്പോഴാം വാടിയ മുഖത്തോടെ
ആയാന്തം തം ദീനം ലക്ഷ്മണം ദൂരാത് ദദർശ	വരുന്ന ആ ദീനനായ ലക്ഷ്മണനെ അകലെ കണ്ടു.
മഹാമതിഃ രാഘവഃ സ്വാത്മനി ഏവ ചിന്തയാമാസ	മഹാമതിയായ രാഘവൻ തന്നുള്ളിൽ—ത്തന്നെ ഇങ്ങനെ നിനച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷ്മണസ്തന്ന ജാനാതി മായാസീതാം മയാകൃതാം
ജ്ഞാത്വാപ്യേനം വഞ്ചയിത്വാ ശോചാമി പ്രാകൃതോ യഥാ. 3

മയാകൃതാം മായാസീതാം ലക്ഷ്മണഃ ന ജാനാതി	ഞാൻ ചമച്ച മായാസീതയെ ലക്ഷ്മണനറിയുന്നില്ല.
തത് ജ്ഞാത്വാ അപി ഏനം വഞ്ചയിത്വാ പ്രാകൃതഃ യഥാ ശോചാമി	ആകയാൽ അറിയേണ്ടതെന്നെ ഇവനെ (അതല്ല) വഞ്ചിച്ച് പ്രാകൃതനെപ്പോലെ ഉഴലാം.

യദ്യഹം വിരതോ ഭൂത്വാ തൂഷ്ണീം സ്ഥാസ്യാമി മന്ദിരേ
തദാ രാക്ഷസകോടീനാം വധോപായഃ കഥം ഭവേത്. 4

അഹം യദി വിരതഃ ഭൂത്വാ തൂഷ്ണീം മന്ദിരേ സ്ഥാസ്യാമി തദാ രാക്ഷസകോടീനാം വധോപായഃ കഥം ഭവേത്	ഞാൻ അനാസക്തനായി മിണ്ടാതെ വീട്ടിലിരുന്നാൽ രാക്ഷസകോടികളെ വകവരുത്താൻ ഉപായം എങ്ങനെയുണ്ടായ്‌വരും?

യദി ശോചാമി താം ദുഃഖസന്തപ്തഃ കാമുകോ യഥാ
തദാ ക്രമേണാന്വിച്ഛൻ സീതാം യാസ്യേഽസുരാലയം
രാവണം സകുലം ഹത്വാ സീതാമഗ്നൗ സ്ഥിതാം പുനഃ. 5

മയൈവ സ്ഥാപിതാം നീത്വാ യാതാഽയോധ്യാമതന്ദ്രിതഃ
അഹം മനുഷ്യഭാവേന ജാതോഽസ്മി ബ്രഹ്മണാർത്ഥിതഃ. 6

ദുഃഖസന്തപ്തഃ കാമുകഃ യഥാ യദി സീതാം ശോചാമി ക്രമേണ താം അന്വിച്ഛൻ അസുരാലയം യാസ്യേ	അഴലിൽ നീറിയ കാമുകനെപ്പോലെ സീതയെച്ചൊല്ലി മാഴ്കുമെങ്കിൽ ക്രമേണ അവളെത്തേടി അസുരപുരി പൂകാം.
പുനഃ തദാ സകുലം രാവണം ഹത്വാ മയാ ഏവ അഗ്നൗ സ്ഥാപിതാം അഗ്നൗ സ്ഥിതാം സീതാം നീത്വാ അതന്ദ്രിതഃ അയോധ്യാം യാതാ	പിന്നെ അന്നേരം കുലത്തോടെ രാവണനെ ഒടുക്കി ഞാൻതന്നെ അഗ്നിയിലാക്കിയ, അഗ്നിസ്ഥയായ സീതയെ കൂട്ടിക്കൊണ്ട് സോന്മേഷം സാകേതപുരിയിലേക്ക പോകയുമാകാം.
ബ്രഹ്മണാ അർത്ഥിതഃ അഹം മനുഷ്യഭാവേന ജാതഃ അസ്മി	ബ്രഹ്മാവ് പ്രാർത്ഥിച്ചതിനാലാണല്ലോ ഞാൻ നരഭാവത്തിൽ പിറന്നത്.

മനുഷ്യഭാവമാപന്നഃ കിഞ്ചിത്കാലം വസാമി കൗ
തതോ മായാമനുഷ്യസ്യ ചരിതം മേഽനുശൃണ്വതാം. 7

മുക്തിഃ സ്യാദപ്രയാസേന ഭക്തിമാർഗ്ഗാനുവർത്തിനാം
നിശ്ചിത്യൈവം തദാ ദൃഷ്ട്വാ ലക്ഷ്മണം വാക്യമബ്രവീത്. 8

മനുഷ്യഭാവം ആപന്നഃ കിഞ്ചിത്കാലം കൗ വസാമി	മാനവഭാവം കൈക്കൊണ്ട് കുറേനാൾ അവനിയിൽ വാഴാം.
തതഃ മായാമനുഷ്യസ്യ മേ ചരിതം അനുശൃണ്വതാം ഭക്തിമാർഗ്ഗാനുവർത്തിനാം അപ്രയാസേന മുക്തിഃ സ്യാത്	തന്മൂലം മായാമനുഷ്യനായ എന്റെ ചരിതം കേൾക്കുന്നോർക്കും ഭക്തിമാർഗ്ഗം പിന്തുടരുന്നോർക്കും പ്രയാസമെന്യേ മുക്തി ലഭിക്കയുംചെയ്യും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം നിശ്ചിത്യ ലക്ഷ്മണം	ഇങ്ങനെ തീർച്ചപ്പെടുത്തി ലക്ഷ്മണനെ
ദൃഷ്ട്വാ വാക്യം അബ്രവീത്	കാണവേ ഈ വചനമരുളി.

കിമർത്ഥമാഗതോഽസി ത്വം സീതാം ത്യക്ത്വാ മമ പ്രിയാം
നീതാ വാ ഭക്ഷിതാ വാപി രാക്ഷസൈർ ജനകാത്മജാ. 9

മമ പ്രിയാം സീതാം ത്യക്ത്വാ	എന്റെ പ്രിയയെ, സീതയെ വിട്ട്
കിമർത്ഥം ത്വം ആഗതഃ അസി	എന്തിനാണു നീ പോന്നത്?
ജനകാത്മജാ രാക്ഷസൈഃ	ജാനകിയെ രാക്ഷസർ
നീതാ വാ	തട്ടിക്കൊണ്ടുപോകയോ,
അപി ഭക്ഷിതാ	തിന്നുകയോ ചെയ്തിരിക്കും.

ലക്ഷ്മണഃ പ്രാഞ്ജലിഃ പ്രാഹ സീതായാഃ ദുർവ്വചോ രുദൻ
ഹാ ലക്ഷ്മണേതി വചനം രാക്ഷസോക്തം ശ്രുതം തയാ. 10

ത്വദ്വാക്യസദൃശം ശ്രുത്വാ മാം ഗച്ഛേതി ത്വരാഽബ്രവീത്
രുദന്തീ സാ മയാ പ്രോക്താ ദേവി, രാക്ഷസഭാഷിതം
നേദം രാമസ്യ വചനം സ്വസ്ഥാ ഭവ ശുചിസ്മിതേ. 11

രുദൻ ലക്ഷ്മണഃ	കണ്ണീർ ചൊരിയുന്ന ലക്ഷ്മണൻ
പ്രാഞ്ജലിഃ സീതായാഃ	കൈ കൂപ്പിക്കൊണ്ട് സീതയുടെ
ദുർവ്വചനം പ്രാഹ	കുത്തുവാക്കുകൾ വിവരിച്ചു.
ഹാ ലക്ഷ്മണ ഇതി	'അയ്യോ ലക്ഷ്മണ' എന്ന്
ത്വദ്വാക്യസദൃശം രാക്ഷസോക്തം	അങ്ങു പറയുന്നതുപോലെ രാക്ഷസൻ
വചഃ തയാ ശ്രുതം	ഉച്ചരിച്ച വചനം അവർ കേട്ടു.
ശ്രുത്വാ ത്വരാ ഗച്ഛ,	കേട്ടിട്ട് ശീഘ്രം പോകൂ
ഇതി മാം അബ്രവീത്	എന്ന് എനിക്ക് ആജ്ഞ നല്കി.
രുദന്തീ സാ മയാ പ്രോക്താ	കരയുന്ന അവരെ ഞാനറിയിച്ചു:
ദേവി, ഇദം രാക്ഷസഭാഷിതം	ദേവി, ഇതു രാക്ഷസൻ ചൊന്നതാണ്;
രാമസ്യ വചനം ന	രാമവചനമല്ല.
ശുചിസ്മിതേ സ്വസ്ഥാ ഭവ	ശോഭനേ, ശാന്തമായിരിക്കു.

ഇത്യേവം സാന്ത്വിതാ സാധ്വീ മയാ പ്രോവാച മാം പുനഃ
യദുക്തം ദുർവ്വചോ രാമ, ന വാച്യം പുരതസ്തവ. 12

ഇതി ഏവം മയാ സാന്ത്വിതാ	ഇങ്ങനെ എന്നാൽ
സാ സാധ്വീ പുനഃ മാം	ആശ്വസിപ്പിക്കപ്പെട്ട ആ സാധ്വി
ദുർവ്വചനം പ്രോവാച	പിന്നെ എന്നോടു കുത്തുവാക്കുരച്ചു.
യദ് ഉക്തം രാമ,	പറഞ്ഞതെന്തെന്ന് ഭഗവൻ,
തവ പുരതഃ ന വാച്യം	നിൻ തിരുമുമ്പിൽ പറയാവതല്ല.

കർണ്ണൗ പിധായ നിർഗ്ഗത്യ യാതോഽഹം ത്വാം സമീക്ഷിതും
രാമസ്തു ലക്ഷ്മണം പ്രാഹ തഥാപ്യനുചിതം കൃതം. 13

കർണ്ണൗ പിധായ അഹം	കാതു പൊത്തിക്കൊണ്ടു ഞാൻ
ത്വാം സമീക്ഷിതും	അങ്ങയെ കാണാൻ
നിർഗ്ഗത്യ യാതഃ	പുറപ്പെട്ടുപോന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമഃ ലക്ഷ്മണം പ്രാഹ — രാമൻ ലക്ഷ്മണനോട് അരുളി:

തഥാപി കൃതം അനുചിതം — എന്നാലും (നീ) ചെയ്തത് അനുചിതംതന്നെ.

ത്വയാ സ്ത്രീഭാഷിതം സത്യം കൃത്വാ ത്യക്താ ശുഭാനനാ
നീതാ വാ ഭക്ഷിതാ വാഽപി രാക്ഷസൈർ നാത്ര സംശയഃ. 14

സ്ത്രീഭാഷിതം സത്യം കൃത്വാ ത്വയാ ശുഭാനനാ ത്യക്താ — പെണ്ണിന്റെ വാക്ക നേരെന്നെണ്ണി നീ ആ ശോഭനയെ വിട്ടു.

രാക്ഷസൈഃ നീതാ വാ അപി ഭക്ഷിതാ അത്ര ന സംശയഃ — രാക്ഷസൻ (അവളെ) കൊണ്ടുപോകയോ ഭക്ഷിക്കയോ ചെയ്തിട്ടുണ്ട് എന്നതിൽ സംശയമില്ല.

ഇതി ചിന്താപരോ രാമഃ സ്വാശ്രമം ത്വരിതോ യയൗ
തത്രാദൃഷ്ട്വാ ജനകജാം വിലലാപാതിദുഃഖിതഃ. 15

ഇതി ചിന്താപരഃ രാമഃ ത്വരിതം സ്വാശ്രമം യയൗ — ഇങ്ങനെ ചിന്താകുലനായ രാമൻ പെട്ടെന്നു തന്റെ ഉടജത്തിലെത്തി.

ജനകജാം തത്ര അദൃഷ്ട്വാ അതിദുഃഖിതഃ വിലലാപ — ജാനകിയെ അവിടെ കാണാതെ അതിദുഃഖിതനായി വിലപിച്ചു.

ഹാ പ്രിയേ ക്വ ഗതാഽസി ത്വം നാഽസി പൂർവ്വവദാശ്രമേ
അഥവാ മദ്വിമോഹാർത്ഥം ലീലയാ ക്വ വിലീയസേ. 16

ഹാ പ്രിയേ ത്വം ക്വ ഗതാ അസി — ഹാ പ്രിയേ, നീ എവിടെപ്പോയിരിക്കുന്നു?

പൂർവ്വവത് ആശ്രമേ ന അസി അഥവാ മദ് വിമോഹാർത്ഥം — മുമ്പേപ്പോലെ ആശ്രമത്തിലില്ലല്ലോ. അഥവാ, എന്നെ മോഹിപ്പിക്കാൻ

ലീലയാ ക്വ വിലീയസേ — കളിയായി എങ്ങോ ഒളിച്ചിരിക്കയാണോ?

ഇത്യാചിന്വൻ വനം സർവ്വം നാഽപശ്യൻ ജാനകീം തദാ
വനദേവ്യഃ കുതഃ സീതാം ബ്രുവന്തു മമ വല്ലഭാം. 17

ഇതി സർവ്വം വനം ആചിന്വൻ ജാനകീം ന അപശ്യത് — ഇങ്ങനെ (കരഞ്ഞ്) കാടെല്ലാം തേടിയിട്ടും ജാനകിയെ കണ്ടില്ല.

വനദേവ്യഃ മമ വല്ലഭാം സീതാം കുതഃ ബ്രുവന്തു — വനദേവിമാരേ, എന്റെ പ്രിയതമ സീത എവിടെയെന്നരുളേണമേ.

മൃഗാശ്ച പക്ഷിണോ വൃക്ഷാഃ ദർശയന്തു മമ പ്രിയാം
ഇത്യേവം വിലപന്നേവ രാമഃ സീതാം ന കുത്രചിത്. 18

സർവ്വജ്ഞഃ സർവ്വഥാ ക്വാപി നാപശ്യദ്രഘുനന്ദനഃ
ആനന്ദോഽപ്യനുശോചത്താം അചലോഽപ്യനുധാവതി. 19

മൃഗാഃ പക്ഷിണഃ വൃക്ഷാഃ ച മമ പ്രിയാം ദർശയന്തു — മൃഗങ്ങളും പറവകളും തരുക്കളും എന്റെ ഓമനയെ കാട്ടിത്തരട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ഏവം വിലപൻ ഏവ രാമഃ സീതാം കുത്രചിത് ന അപശ്യത്	ഇങ്ങനെയൊക്കെ കേണുകൊണ്ടേയിരുന്ന രാമൻ സീതയെ എങ്ങും കണ്ടില്ല.
രഘുനന്ദനഃ സർവ്വഥാ സർവ്വജ്ഞഃ അപി ക്വാപി ന അപശ്യത്	രഘുനന്ദനൻ എല്ലാത്തരത്തിലും എല്ലാമറിയുന്നവനെങ്കിലും (പ്രിയയെ) എങ്ങും കാണാൻ കഴിഞ്ഞില്ല.
ആനന്ദഃ അപി താം അന്വശോചത്. അചലഃ അപി അനുധാവതി	ആനന്ദരൂപനെങ്കിലും അവൾക്കുവേണ്ടി മാഴ്കി. അചലനെങ്കിലും അനുധാവനം ചെയ്തു.

നിർമ്മമോ നിരഹങ്കാരോഽപ്യഖണ്ഡാനന്ദരൂപവാൻ
മമ ജായേതി സീതേതി വിലലാപാതിദുഃഖിതഃ. 20

ഏവം മായാമനുസരന്നസക്തോഽപി രഘൂത്തമഃ
ആസക്ത ഇവ മൂഢാനാം ഭാതി തത്ത്വവിദാം ന ഹി. 21

നിരഹങ്കാരഃ നിർമ്മമഃ അഖണ്ഡാനന്ദരൂപവാൻ അപി മമ ജായാ സീതാ ഇതി അതിദുഃഖിതഃ വിലലാപ	ഞാനെന്നില്ലാത്ത, എന്റേതെന്നില്ലാത്ത, അഖണ്ഡാനന്ദരൂപനെങ്കിലും 'എന്റെ പത്നി സീത' എന്ന് അഴൽമുററി വിലപിച്ചു.
ഏവം അസക്തഃ അപി രഘൂത്തമഃ മായാം അനുസരൻ മൂഢാനാം ആസക്ത ഇവ ഭാതി	ഇങ്ങനെ, ആസക്തിയററവനെങ്കിലും രഘുവരൻ മായയെ അനുസരിക്കയാൽ മൂഢർക്ക് ആസക്തനെപ്പോലെ തോന്നിക്കുന്നു.
തത്ത്വവിദാം ന ഹി	തത്ത്വമറിയുന്നവർക്ക് അതല്ലതാനും.

ഏവം വിചിന്വൻ സകലം വനം രാമഃ സലക്ഷ്മണഃ
ഭഗ്നം രഥം ഛത്രചാപം കൂബരം പതിതം ഭുവി. 22

ദൃഷ്ട്വാ ലക്ഷ്മണമാഹേദം പശ്യ ലക്ഷ്മണ കേനചിത്
നീയമാനാം ജനകജാം തം ജിത്വാഽന്യോ ജഹാര താം. 23

ഏവം സലക്ഷ്മണഃ വനം സകലം വിചിന്വൻ രാമഃ ഭഗ്നം രഥം ഛത്രചാപം കൂബരം ഭുവി പതിതം ദൃഷ്ട്വാ ലക്ഷ്മണം ഇദം ആഹ	ഇപ്രകാരം ലക്ഷ്മണനോടൊത്ത് കാടാകെ തിരയുന്ന രാമൻ തകർന്ന തേരും ഛത്രവും വില്ലും അച്ചുതണ്ടും മണ്ണിൽ കിടക്കുന്നതു കണ്ട് ലക്ഷ്മണനോട് ഇങ്ങനെ പറഞ്ഞു:
ലക്ഷ്മണ പശ്യ കേന ചിത് നീയമാനാം താം ജനകജാം തം ജിത്വാ അന്യഃ ജഹാര.	ലക്ഷ്മണ, നോക്കൂ, ആരാലോ നീതയായ ആ സീതയെ അവനെയും വെന്ന് മറെറാരുവൻ അപഹരിച്ചിരിക്കുന്നു.

തതഃ കിഞ്ചിത് ഭുവോ ഭാഗം ഗത്വാ പർവ്വതസന്നിഭം
രുധിരാക്ത വപുർദൃഷ്ട്വാ രാമോ വാക്യമഥാബ്രവീത്. 24

തതഃ കിഞ്ചിത് ഭുവഃ ഭാഗം ഗത്വാ പർവ്വതസന്നിഭം	അവിടെനിന്ന് തെല്ലുഭാഗം പിന്നിട്ടപ്പോൾ മലപോലുള്ളതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുധിരാക്ത വപുഃ ദൃഷ്ട്വാ	ചോര പുരണ്ടതുമായ ശരീരം കണ്ടു:
രാമഃ വാക്യം അബ്രവീത്	(അപ്പോൾ) രാമൻ ഈ വചനമരുളി:

ഏഷ വൈ ഭക്ഷയിത്വാ താം ജാനകീം ശുഭദർശനാം
ശേതേ വിവിക്തേഽതിതൃപ്തഃ പശ്യ ഹന്മി നിശാചരം. 25

പശ്യ ഏഷഃ വൈ ശുഭദർശനാം	നോക്കൂ, ഇവൻ പ്രിയദർശനയായ
താം ജാനകീം ഭക്ഷയിത്വാ	ആ ജാനകിയെ (കൊന്നു) തിന്നു്
അതിതൃപ്തഃ	അതിതൃപ്തനായി
വിവിക്തേ ശേതേ	ഏകാന്തതയിൽ കിടക്കുകയാണു്.
നിശാചരം ഹന്മി	(ഞാൻ ഈ) രാക്ഷസനെ കൊല്ലും.

ചാപമാനയ ശീഘ്രം മേ ബാണം ച രഘുനന്ദന
തച്ഛ്രുത്വാ രാമവചനം ജടായുഃ പ്രാഹഭീതവത്. . 26

രഘുനന്ദന ശീഘ്രം മേ	ലക്ഷ്മണ, പെട്ടെന്നു് എന്റെ
ചാപം ബാണം ച ആനയ	വില്ലും അമ്പും ഇങ്ങു തരൂ.
തത് രാമവചനം ശ്രുത്വാ	ആ രാമവചനം കേൾക്കവേ
ഭീതവത് ജടായുഃ പ്രാഹ	ഭീതനെപ്പോലെ ജടായു പറഞ്ഞു:

മാം ന മാരയ ഭദ്രം തേ മ്രിയമാണം സ്വകർമ്മണാ
അഹം ജടായുസ്തേ ഭാര്യാഹാരിണം സമനുദ്രുതഃ. 27
രാവണം തത്ര യുദ്ധം മേ ബഭൂവാരിമർദ്ദന
തസ്യ വാഹാൻ രഥം ചാപം ഛിത്വാഽഹം തേന ഘാതിതഃ. 28
പതിതോഽസ്മി ജഗന്നാഥ പ്രാണാംസ്ത്യക്ഷ്യാമി പശ്യ മാം. 29

(രാമ) തേ ഭദ്രം	(രാമ) നിനക്കു നന്മവരട്ടെ
സ്വകർമ്മണാ മ്രിയമാണം	സ്വന്തകർമ്മത്താൽ മൃതിയടയുന്ന
മാം ന മാരയ	എന്നെ കൊല്ലേണ്ടതില്ല.
അഹം ജടായുഃ തേ ഭാര്യാ—	ഞാൻ ജടായുവാണു്. നിന്റെ ഭാര്യയെ
ഹാരിണം രാവണം	കവന്ന രാവണനെ ഞാൻ
സമനുദ്രുതഃ അരിമർദ്ദന	പിന്തുടർന്നു, അല്ലയോ ശത്രുമർദ്ദന,
തത്ര മേ യുദ്ധം ബഭൂവ	അവിടെ എനിക്കു് അടരാടേണ്ടിവന്നു.
തസ്യ വാഹാൻ രഥം ചാപം	അവന്റെ കുതിരകളെയും തേരും വില്ലും
ഛിത്വാ (സ്ഥിതഃ)	തകർത്തു (നില്ക്കവേ)
അഹം തേന ഘാതിതഃ	ഞാൻ അവനാൽ വെട്ടി മുറിവേല്പിക്കപ്പെട്ടു.
പതിതഃ അസ്മി	വീണിരിക്കയാണു്.
ജഗന്നാഥ	ലോകനാഥ (നീ തൃക്കൺപാർക്കവേ)
പ്രാണാൻ ത്യക്ഷ്യാമി	ഞാൻ ജീവൻ വെടിയട്ടെ.
മാം പശ്യ	എന്നെ നോക്കിയാലും.

തച്ഛ്രുത്വാ രാഘവോ ദീനം കണ്ഠപ്രാണം ദദർശ ഹ
ഹസ്താഭ്യാം സംസ്പൃശൻ രാമോ ദുഃഖാശ്രുവൃതലോചനഃ. 30

തത് ശ്രുത്വാ രാഘവഃ	അതു കേൾക്കവേ രാഘവൻ
ദീനം കണ്ഠപ്രാണം	ദീനനും പ്രാണൻ വെടിയാറായവനുമായ
ഹ ദദർശ	(അവനെ) തൃക്കൺപാർത്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖാശ്രുവൃതലോചനഃ (സഃ) ഹസ്താഭ്യാം സംസ്പൃശൻ (സ്ഥിതഃ)	കദനത്താൽ കണ്ണീർ തൂകുമ്പും മിഴികളുള്ള (അദ്ദേഹം) ഇരുകരങ്ങളാൽ തലോടി (നിന്നു).

ജടായോ ബ്രൂഹി മേ ഭാര്യാ കേന നീതാ ശുഭാനനാ
മത്കാര്യാർത്ഥം ഹതോഽസി ത്വം അതോ മേ
പ്രിയബാന്ധവഃ. 31

ജടായോ ബ്രൂഹി. ശുഭാനനാ മേ ഭാര്യാ കേന നീതാ ത്വം മത്കാര്യാർത്ഥം ഹതഃ അസി അതഃ മേ പ്രിയബാന്ധവഃ	ജടായോ, പറയുക. സുമുഖിയായ എന്റെ പത്നിയെ ആരാണു കൊണ്ടുപോയതു്? നീ എന്റെ കാര്യത്തിനായി മരണമടയുകയാണു്. അതിനാൽ എന്റെ ഉററബന്ധുവാകുന്നു.

ജടായുഃ സന്നയാ വാചാ വക്ത്രാദ് രക്തം സമുദ്വമൻ
ഉവാച രാവണോ രാമ, രാക്ഷസോ ഭീമവിക്രമഃ. 32

ആദായ മൈഥിലീം സീതാം ദക്ഷിണാഭിമുഖോ യയൗ
ഇതോ വക്തും ന മേ ശക്തിഃ പ്രാണാംസ്ത്യക്ഷ്യാമി
തേഽഗ്രതഃ. 33

വക്ത്രാദ് രക്തം സമുദ്വമൻ ജടായുഃ സന്നയാ വാചാ ഉവാച രാമ, ഭീമവിക്രമഃ രാക്ഷസഃ രാവണഃ മൈഥിലീം സീതാം ആദായ ദക്ഷിണാഭിമുഖം യയൗ	വായിലൂടെ ചോര ഛർദ്ദിക്കുന്ന ജടായു തളർന്ന വാക്കാൽ അറിയിച്ചു: രാമ, വിപുലവിക്രമനായ രാക്ഷസൻ, രാവണൻ മിഥിലാകുമാരിയെ, സീതയെ കൈക്കലാക്കി തെക്കോട്ടു പോയിരിക്കുന്നു.
ഇതഃ വക്തും മേ ന ശക്തിഃ തേ അഗ്രതഃ പ്രാണാൻ ത്യക്ഷ്യാമി	ഇതിലേറെ ഉച്ചരിക്കാൻ എനിക്കു കെല്പില്ല. നിന്റെ മുമ്പിൽവച്ചു് (ഞാൻ) ജീവൻ വെടിയട്ടെ.

ദിഷ്ട്യാ ദൃഷ്ടോഽസി രാമ ത്വം മ്രിയമാണേന മേഽനഘ
പരമാത്മാഽസി വിഷ്ണുസ്ത്വം മായാമാനുഷരൂപധൃക്. 34

അനഘ രാമ മ്രിയമാണേന മേ ദിഷ്ട്യാ ദൃഷ്ടഃ അസി	പരിപാവന, രാമ, ചാകാൻ തുടങ്ങുന്ന എനിക്കു് ഭാഗ്യവശാൽ നിന്നെ ദർശിക്കാറായി.
പരമാത്മാ വിഷ്ണുഃ ത്വം മായാ മാനുഷരൂപധൃക് അസി	പരമാത്മാവും വിഷ്ണുവുമായ നീ മായയാൽ മാനവാകൃതിപൂണ്ടവനാണല്ലോ.

അന്തകാലേഽപി ദൃഷ്ട്വാ ത്വാം മുക്തോഽഹം രഘുസത്തമ,
ഹസ്താഭ്യാം സ്പൃശ മാം രാമ, പുനര്യാസ്യാമി തേ പദം. 35

രഘുസത്തമ, അന്തകാലേ ത്വാം ദൃഷ്ട്വാ അഹം അപി മുക്തഃ	രഘുവര, അവസാനനിമിഷം നിന്നെ ദർശിച്ചു് ഞാനും മുക്തനായി.
രാമ, മാം ഹസ്താഭ്യാം പുനഃ സ്പൃശ	ഭഗവൻ, എന്നെ തൃക്കൈകളാൽ ഇനിയും തലോടണമേ.
തേ പദം യാസ്യാമി	(ഞാൻ) നിൻപദം പൂകട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥേതി രാമ പസ്പൃശ് തദംഗം പാണിനാ സ്വയൻ
തതഃ പ്രാണാൻ പരിത്യജ്യ ജടായുഃ പതിതോ ഭുവി. 36

തഥാ ഇതി രാമഃ സ്വയൻ തദംഗം പാണിനാ പസ്പൃശ്	അങ്ങനെയെന്ന രാമൻ പുഞ്ചിരിയോടെ അവന്റെ ഉടൽ കൈകൊണ്ട് തടവി.
തതഃ ജടായുഃ പ്രാണാൻ പരിത്യജ്യ ഭുവി പതിതഃ	അതോടെ ജടായു പ്രാണൻ വിട്ടു നിലംപതിച്ചു.

രാമസ്തമനുശോചിത്വാ ബന്ധുവത് സാശ്രുലോചനഃ
ലക്ഷ്മണേന സമാനായ്യ കാഷ്ഠാനി പ്രദദാഹ തം. 37

ബന്ധുവത് സാശ്രുലോചനഃ രാമഃ തം അനുശോചിത്വാ	ബന്ധുവിനെപ്പോലെ നീർത്തുളുമ്പും മിഴിയോടെ രാമൻ അവനെയോർത്ത് അല്ലൽപ്പെട്ടു.
ലക്ഷ്മണേന കാഷ്ഠാനി സമാനായ്യ തം പ്രദദാഹ	ലക്ഷ്മണനെക്കൊണ്ട് വിറകു ശേഖരി- പ്പിച്ച് അവനെ ദഹിപ്പിക്കുകയും ചെയ്തു.

സ്നാത്വാ ദുഃഖേന രാമോഽപി ലക്ഷ്മണേന സമന്വിതഃ
ഹത്വാ വനേ മൃഗം തത്ര മാംസഖണ്ഡാൻ സമന്തതഃ. 38

ശാദ്വലേ പ്രാക്ഷിപദ് രാമഃ പൃഥക് പൃഥഗനേകധാ
ഭക്ഷന്തു പക്ഷിണഃ സർവ്വേ തൃപ്തോ ഭവതു പക്ഷിരാട്. 39

രാമഃ അപി ലക്ഷ്മണേന സമന്വിതഃ ദുഃഖേന സ്നാത്വാ മൃഗം ഹത്വാ മാംസഖണ്ഡാൻ പൃഥക് പൃഥക് തത്ര വനേ ശാദ്വലേ സമന്തതഃ അനേകധാ പ്രാക്ഷിപത്	രാമനും ലക്ഷ്മണനോടൊത്ത് ദുഃഖത്തോടെ സ്നാനംചെയ്തും ഒരു മാനിനെ കൊന്ന് മാംസക്കഷണങ്ങൾ വെവ്വേറെ ആ കാട്ടിലെ പച്ചപ്പുൽപ്പരപ്പിൽ എമ്പാടും പലതര- ത്തിൽ വിതറുകയുംചെയ്തു.
സർവ്വേ പക്ഷിണഃ ഭക്ഷന്തു	എല്ലാ പറവകളും തിന്നട്ടെ.
പക്ഷിരാട് തൃപ്തഃ ഭവതു*	പക്ഷിരാജാവ് (ജടായു) തൃപ്തിയടയട്ടെ.

ഇത്യുക്ത്വാ രാഘവഃ പ്രാഹ ജടായോ ഗച്ഛ മത്പദം
മത്സാരൂപ്യം ഭജസ്വാദ്യ സർവ്വലോകസ്യ പശ്യതഃ. 40

ഇതി ഉക്ത്വാ രാഘവഃ പ്രാഹ ജടായോ മത്പദം ഗച്ഛ	ഇങ്ങനെ പറഞ്ഞിട്ട് രാഘവൻ ആജ്ഞാപിച്ചു: ജടായു, നീ എന്റെ പരമപദം പൂകുക.
സർവ്വലോകസ്യ പശ്യതഃ അദ്യ മത്സാരൂപ്യം ഭജസ്വ	സകലലോകവും കാൺകെ ഇന്നെന്റെ സാരൂപ്യം നേടുക.

* വാല്മീകിരാമായണത്തിലും രാമൻ ഇങ്ങനെ ചെയ്തതായി പ്രസ്താവമുണ്ട്. ഈ ഭാഗം പ്രക്ഷിപ്തമായിരിക്കുമെന്നു തോന്നുന്നില്ല. തുളസീരാമായണത്തിൽ പരാമർശമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോഽനന്തരമേവാഽസൗ ദിവ്യരൂപധരഃ ശുഭഃ
വിമാനവരമാരുഹ്യ ഭാസ്വരം ഭാനുസന്നിഭം. 41

ശംഖചക്രഗദാപദ്മകിരീടവരഭൂഷണൈഃ
ദ്യോതയൻ സ്വപ്രകാശേന പീതാംബരധരോഽമലഃ. 42

ചതുർഭിഃ പാർഷദൈഃ വിഷ്ണോഃ താദൃശൈരഭിപൂജിതഃ
സ്തൂയമാനോ യോഗിഗണൈഃ രാമമാഭാഷ്യ സത്വരഃ
കൃതാഞ്ജലിപുടോ ഭൂത്വാ തുഷ്ടാവ രഘുനന്ദനം. 43

തതഃ അനന്തരം ഏവ ദിവ്യരൂപ—	പിന്നീട് ഉടൻതന്നെ ദിവ്യരൂപധരനും
ധരഃ ശുഭഃ പീതാംബരഃ ധരഃ	ശോഭയേറിയവനും മഞ്ഞപ്പട്ടണിഞ്ഞവനു—
അസൗ അമലഃ ഭാനുസന്നിഭം	മായ ആ വിശുദ്ധൻ സൂര്യനു തുല്യം
ഭാസ്വരം വിമാനവരം	തിളങ്ങുന്ന ഒരു ശ്രേഷ്ഠവിമാനത്തിലേറി,
ആരുഹ്യ ശംഖചക്രഗദാകിരീട—	ശംഖം, ചക്രം, ഗദ, കിരീടം, മികച്ച
വരഭൂഷണൈഃ	ആഭരണങ്ങൾ എന്നിവയാലും
സ്വപ്രകാശേന ച ദ്യോതയൻ	സ്വപ്രഭയാലും ഒളിവിതറി,
താദൃശൈഃ ചതുർഭിഃ വിഷ്ണോഃ	അതുപോലുള്ള നാലു വിഷ്ണുദൂതരാൽ
പാർഷദൈഃ അഭിപൂജിതഃ	സംപൂജിതനായി, യോഗിഗണങ്ങളാൽ
യോഗിഗണൈഃ സ്തൂയമാനഃ	വാഴ്ത്തപ്പെട്ട്, കൈ കൂപ്പി തൊഴുത്
കൃതാഞ്ജലിപുടഃ ഭൂത്വാ	വേഗം രഘുനന്ദനനായ രാമനെ
സത്വരഃ രഘുനന്ദനം രാമം	അഭിസംബോധനചെയ്തു
ആഭാഷ്യ തുഷ്ടാവ	സ്തുതിച്ചു.

ജടായുഃ ഉവാച: ജടായു പറഞ്ഞു

അഗണിതഗുണമപ്രമേയമാദ്യം
സകലജഗത്സ്ഥിതിസംയമാദിഹേതും
ഉപരമപരമം പരാത്മഭൂതം
സതതമഹം പ്രണതോഽസ്മി രാമചന്ദ്രം. 44

അഗണിതഗുണം	എണ്ണമററ ഗുണമുള്ളവനും
അപ്രമേയം ആദ്യം	അറിവിന്നതീതനും ആദ്യനും
സകലജഗത്സ്ഥിതിസംയ—	സകല ജഗത്തിന്റെയും നിലനില്പിനും
മാദിഹേതും	വിനാശാദികൾക്കും ഹേതുവും
ഉപരമപരമം പരാത്മഭൂതം	പരമശാന്തിയായ പരമാശ്രയമായുള്ളതീയ-
രാമചന്ദ്രം അഹം സതതം	വനും പരമാത്മരൂപനുമായ രാമചന്ദ്രനെ
പ്രണതഃ അസ്മി	ഞാൻ എപ്പോഴും വണങ്ങുന്നു.

നിരവധിസുഖമിന്ദിരാകടാക്ഷം
ക്ഷപിതസുരേന്ദ്രചതുർമുഖാദിദുഃഖം
നരവരമനിശം നതോഽസ്മി രാമം
വരദമഹം വരചാപബാണഹസ്തം. 45

നിരവധി സുഖം ഇന്ദിരാ—	പരിധിയററ സുഖസ്വരൂപനും ലക്ഷ്മിയുടെ
കടാക്ഷം ക്ഷപിത സുരേന്ദ്ര—	കടാക്ഷപാത്രവും ഇന്ദ്ര—
ചതുർമുഖാദി ദുഃഖം	ബ്രഹ്മാദികളുടെ അഴലൊഴിക്കുവോനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരചാപബാണഹസ്തം	മികച്ച വില്ലും അമ്പും കൈയിലേന്തിയ—
വരദം നരവരം രാമം	വനും വരമരുളുന്ന നരവരനുമായ രാമനെ
അനിശം നതഃ അസ്മി	എപ്പോഴും നമിക്കുന്നു.

ത്രിഭുവനകമനീയരൂപമീഡ്യം
രവിശതഭാസുരമീഹിതപ്രദാനം
ശരണദമനിശം സുരാഗമൂലേ
കൃതനിലയം രഘുനന്ദനം പ്രപദ്യേ. 46

ത്രിഭുവനകമനീയരൂപം	മൂവുലകിലും മികച്ച കമനീയരൂപമുടയ—
ഈഡ്യം	വനും സ്തുതിക്കപ്പെടേണ്ടവനും
രവിശതഭാസുരം	നൂറു സൂര്യന്റെ പ്രഭയുള്ളവനും അഭിലഷി—
ഈഹിതപ്രദാനം ശരണദം	ച്ചതു തരുന്നവനും അഭയമരുളുന്നവനും
സുരാഗമൂലേ കൃതനിലയം	രാഗം (ഭക്തി) തിങ്ങും മനതാരിൽ
രഘുനന്ദനം	കുടികൊള്ളുവേനുമായ രഘുനന്ദനനെ
അനിശം പ്രപദ്യേ	ഞാൻ എപ്പോഴും ആശ്രയിക്കയാണ്.

ഭവവിപിനദവാഗ്നിനാമധേയം
ഭവമുഖദൈവതദൈവതം ദയാലും
ദനുജപതിസഹസ്രകോടിനാശം
രവിതനയാസദൃശം ഹരിം പ്രപദ്യേ. 47

ഭവവിപിനദവാഗ്നി	സംസാരവനത്തിനു തീയായ
നാമധേയം ഭവമുഖദൈവത—	നാമത്തിനുടമയും ശിവൻ തുടങ്ങിയ
ദൈവതം ദയാലും ദനുജ—	ദേവന്മാർക്കും ദേവനും ദയാലുവും
പതിസഹസ്രകോടിനാശം	കോടി കോടി രാക്ഷസത്തലവന്മാർക്ക്
രവിതനയാസദൃശം	നാശവും (നിറത്തിൽ) യമുനാതുല്യനുമായ
ഹരിം പ്രപദ്യേ	(കറുത്ത) ഹരിയെ ശരണംപ്രാപിക്കുന്നു.

അവിരതഭവഭാവനാതിദൂരം
ഭവവിമുഖൈർമുനിഭിഃ സദൈവദൃശ്യം
ഭവജലധിസുതാരണാംഘ്രിപോതം
ശരണമഹം രഘുനന്ദനം പ്രപദ്യേ. 48

അവിരതഭവഭാവനാതിദൂരം	വിരക്തിയില്ലാത്തോരുടെ ഭാവനയ്ക്ക്
ഭവവിമുഖൈഃ മുനിഭിഃ	അതിദൂരെ വർത്തിപ്പോനും ലോകാസക്തി—
സദാ ഏവ ദൃശ്യം	യില്ലാത്ത മുനിമാർക്ക് സദാ ദൃശ്യനും
ഭവജലധിസുതാരണാം—	ഭവസാഗരം കടത്താൻപോരും
ഘ്രിപോതം രഘുനന്ദനം	പാദനൗകയുടമയുമായ രഘുനന്ദനനെ
അഹം ശരണം പ്രപദ്യേ	ഞാൻ ശരണംപ്രാപിക്കുന്നു.

ഗിരിശഗിരിസുതാമനോനിവാസം
ഗിരിവരധാരിണമീഹിതാഭിരാമം
സുരവരദനുജേന്ദ്രസേവിതാംഘ്രിം
സുരവരദം രഘുനായകം പ്രപദ്യേ. 49

ഗിരിശഗിരിസുതാ—	പരമശിവന്റെയും പാർവ്വതിയുടെയും
മനോനിവാസം	മനതാരിൽ വസിക്കുന്നവനും (വരാൻപോ—
	കുന്ന കൃഷ്ണാവതാരകാലത്ത്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗിരിവരധാരിണം	മാമലയെയത്തുന്നവനും (ഭക്തന്മാരുടെ)
ഈഹിതാഭിരാമം	ഇംഗിതങ്ങൾ നിറവേററുന്നതിൽ
സുരവരദനുജേന്ദ്ര–	ആനന്ദിക്കുന്നവനും ദേവേന്ദ്രനാലും അസു–
സേവിതാംഘ്രിം	രേന്ദ്രനാലും സേവിതമായ കാലടിയുള്ള–
സുരവരദം	വനും സുരന്മാർക്ക് വരമരുളുന്നവനുമായ
രഘുനായകം പ്രപദ്യേ	രഘുനായകനെ ആശ്രയിക്കയാണ്.

പരധനപരദാരവർജ്ജിതാനാം
പരഗുണഭൂതിഷു തുഷ്ടമാനസാനാം
പരഹിതനിരതാത്മനാം സുസേവ്യം
രഘുവരമംബുജലോചനം പ്രപദ്യേ. 50

പരധനപരദാരവർജ്ജിതാനാം	പരസമ്പത്തും പരദാരവും ഒഴിവാക്കുന്നവ–
പരഗുണഭൂതിഷു	ർക്കും അന്യന്റെ ഗുണത്തിലും ഐശ്വര്യ–
തുഷ്ടമാനസാനാം	ത്തിലും സന്തോഷമാളുന്ന മനസ്സുള്ളവർക്കും
പരഹിതനിരതാത്മനാം സുസേവ്യം	പരഹിതതല്പരർക്കും തികച്ചും സേവ്യ–
അംബുജലോചനം	നായ താമരക്കണ്ണനെ
രഘുവരം പ്രപദ്യേ	രഘുവരനെ ഞാൻ ശരണംപ്രാപിക്കുന്നു.

സ്മിതരുചിരവികാസിതാനനാബ്ജം
സ്മൃതിസുലഭം സുരരാജനീലനീലം
സിതജലരുഹചാരുനേത്രശോഭം
രഘുപതിമീശഗുരോർഗ്ഗുരും പ്രപദ്യേ. 51

സ്മിതരുചിര–	പുഞ്ചിരിയാൽ രുമ്യമായി വിടർന്ന
വികാസിതാനനാബ്ജം	മുഖാരവിന്ദമുള്ളവനും ധ്യാനത്തിൽ
സ്മൃതിസുലഭം	സുലഭനും ഇന്ദ്രനീലത്തിന്റെ
സുരരാജനീലനീലം സിതജല–	നിറമാർന്നവനും വെള്ളത്താമരപോലെ
രുഹചാരുനേത്രശോഭം	ചാരുവായ മിഴിയൊളിയുടയോനും
ഈശഗുരോഃ ഗുരും	പരമശിവന്റെ ഗുരുവുമായ
രഘുപതിം പ്രപദ്യേ	രഘുനാഥനെ ആശ്രയിക്കുന്നു.

ഹരികമലജശംഭുരൂപഭേദാത്
ത്വമിഹ വിഭാസി ഗുണത്രയാനുവൃത്തഃ
രവിരിവജലപൂരിതോദപാത്രേ–
ഷ്വമരപതിസ്തുതിപാത്രമീശമീഡേ. 52

ജലപൂരിതോദപാത്രേഷു	വെള്ളം നിറച്ച പാത്രങ്ങളിൽ
രവിഃ ഇവ	(ഒററ) സൂര്യൻ (പലതായ് കാണപ്പെടും)
ഗുണത്രയാനുവൃത്തഃ	പോലെ ത്രിഗുണങ്ങളെ
(ഏകഃ) ത്വം	ആശ്രയിക്കയാൽ (ഏകനായ) നീ
ഹരികമലജശംഭു–	ഹരി, വിരിഞ്ചൻ, ശിവൻ എന്ന
രൂപഭേദാത്	പല രൂപങ്ങളിൽ ഈ വിശ്വത്തിൽ
ഇഹ വിഭാസി	വിരാജിക്കയാണ്.
അമരപതിസ്തുതിപാത്രം	ഇന്ദ്രന്റെ സ്തുതിപാത്രമായ, ഈശനായ
ഈശം ഈഡേ	(നിന്നെ) ഞാനിതാ വാഴ്ത്തുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രതിപതീ ശതകോടി സുന്ദരാംഗം
ശതപഥഗോചരഭാവനാവിദൂരം
യതിപതിഹൃദയേ സദാവിഭാതം
രഘുപതിമാർത്തിഹരം പ്രഭും പ്രപദ്യേ. 53

രതിപതീ ശതകോടി	രാരനേക്കാൾ നൂറുകോടി മടങ്ങ്
സുന്ദരാംഗം	ചാരുവായ മേനിയുള്ളവനും
ശതപഥഗോചര–	പരശതം പാതകളിലൂടെ പായുന്ന ഇന്ദ്രിയ-
ഭാവനാവിദൂരം	ങ്ങളുടെ ഭാവനയ്ക്കു ദൂരസ്ഥനും
യതിപതിഹൃദയേ	മുനിവരന്മാരുടെ മനതാരിൽ എന്നും
സദാവിഭാതം	വിളങ്ങുവോനും അല്ലലൊഴിപ്പവനുമായ
ആർത്തിഹരം പ്രഭും	പ്രഭുവിനെ, രഘുപതിയെ,
രഘുപതിം പ്രപദ്യേ	ഞാൻ ആശ്രയിക്കുന്നു.

ബ്രഹ്മവിദ്യാവിഷയകമായ ചർച്ചയ്ക്കു ബൃഹദാരണ്യകത്തിൽ ഏറ്റവും മികച്ച സ്ഥാനമാണുള്ളത്. ശതപഥബ്രാഹ്മണത്തിൽ പെട്ടതത്രേ ബൃഹദാരണ്യകം. ശതപഥത്തിൽ (ബൃഹദാരണ്യകത്തിൽ) കാണുന്ന ബ്രഹ്മചർച്ചയ്ക്ക് ദൂരെയാണ് രാമന്റെ നില. കാരണം, ബുദ്ധിവ്യാപാരത്തിനു മീതെയുള്ള നിദിധ്യാസം കൊണ്ടേ രാമനെ അറിയാൻ കഴിയൂ. 'അവിദൂരം' എന്നു പദച്ഛേദംചെയ്താൽ ഉപനിഷത്തുകളുടെ അന്വേഷണപഥത്തിലെ രാമൻ ബുദ്ധിക്കു ഗ്രാഹ്യനാകുന്നുള്ളൂ എന്നും അർത്ഥം കിട്ടും.

ഇത്യേവം സ്തുവതസ്തസ്യ പ്രസന്നോഽബ്രവീത് രഘൂത്തമഃ
ഉവാച ഗച്ഛ ഭദ്രം തേ മമ വിഷ്ണോഃ പരം പദം. 54

ഇതി ഏവം സ്തുവതഃ തസ്യ	ഈവിധം വാഴ്ത്തി സ്തുതിച്ച അവനിൽ
രഘൂത്തമഃ പ്രസന്നഃ അബ്രവീത്	രഘുവരൻ കനിഞ്ഞു.
ഉവാച തേ ഭദ്രം	അരുളി: നിനക്കു മംഗളം വരട്ടെ.
വിഷ്ണോഃ മമ	വിഷ്ണുവായ എന്റെ
പരം പദം ഗച്ഛ	പരമപദത്തിലേക്കു പൊയ്ക്കൊള്ളുക.

ശൃണോതി യ ഇദം സ്തോത്രം ലിഖേദ് വാ നിയതഃ പഠേത്
സ യാതി മമ സാരൂപ്യം മരണേ മത്സ്മൃതിം ലഭേത്. 55

യഃ ഇദം സ്തോത്രം ശൃണോതി	ഏവൻ ഈ സ്തോത്രം കേൾക്കുകയോ
ലിഖേത് വാ നിയതഃ പഠേത്	എഴുതുകയോ നിയമേന പഠിക്കുകയോ
സഃ മമ സാരൂപ്യം	ചെയ്യുന്നു, അവൻ എന്റെ സാരൂപ്യം
യാതി. മരണേ	പ്രാപിക്കുന്നു. മരണസമയത്ത്
മത്സ്മൃതിം ലഭേത്	എന്റെ ഓർമ്മയും ലഭിക്കും.

മരണസമയത്തെ ഭഗവത്സ്മൃതി മുക്തിഹേതുകമെന്ന് ശ്രുതി. ''വായുരനിലമമൃതമഥേദം ഭസ്മാന്തം ശരീരം. ഓം ക്രതോ സ്മര...'' (യജുർ–40. 17)

ഇതി രാഘവഭാഷിതം തദാ
ശ്രുതവാൻ ഹർഷസമാകുലോ ദ്വിജഃ
രഘുനന്ദനസാമ്യമാസ്ഥിതഃ
പ്രയയൗ ബ്രഹ്മസുപൂജിതം പദം. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി രാഘവഭാഷിതം	ഈവിധം രാമന്റെ തിരുമൊഴി
ശ്രുതവാൻ ദ്വിജഃ	കേട്ട ആ പക്ഷി (ജടായു)
ഹർഷസമാകുലഃ	ആനന്ദാകുലനായി.
തദാ രഘുനന്ദനസാരൂപ്യം	ഉടനെ രാമസാരൂപ്യം നേടി
ആസ്ഥിതഃ ബ്രഹ്മസുപൂജിതം	ബ്രഹ്മാവിനാൽ സംപൂജിതമായ
പദം പ്രയയൗ	പരമ പദമടയുകയും ചെയ്തു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ അഷ്ടമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം എട്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഒൻപത്

കബന്ധമോക്ഷം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

തതോ രാമോ ലക്ഷ്മണേന ജഗാമ വിപിനാന്തരം
പുനർദുഃഖം സമാശ്രിത്യ സീതാന്വേഷണതത്പരഃ. 1

തതഃ സീതാന്വേഷണതത്പരഃ	അനന്തരം സീതാന്വേഷണതൽപരനായ
രാമഃ പുനഃ ദുഃഖം സമാശ്രിത്യ	രാമൻ വീണ്ടും അല്ലലാർന്ന്
ലക്ഷ്മണേന	ലക്ഷ്മണനോടൊത്ത് വേറൊരു
വിപിനാന്തരം ജഗാമ	വനത്തിലേക്കു പോയി.

തത്രാദ്ഭുതസമാകാരോ രാക്ഷസഃ പ്രത്യദൃശ്യത
വക്ഷസ്യേവ മഹാവക്ത്രശ്ചക്ഷുരാദിവിവർജ്ജിതഃ. 2

തത്ര വക്ഷസി ഏവ മഹാ—	അവിടെ, വക്ഷസ്സിൽത്തന്നെ വലിയ
വക്ത്രഃ ചക്ഷുരാദി വിവർജ്ജിതഃ	വദനമുള്ളവനും മിഴി മുതലായ (അംഗങ്ങൾ)
അദ്ഭുതസമാകാരഃ	ഇല്ലാത്തവനും അദ്ഭുതാകാരനുമായ
രാക്ഷസഃ പ്രത്യദൃശ്യത	ഒരു നിശാചരൻ കാണപ്പെട്ടു.

ബാഹൂ യോജനമാത്രേണ വ്യാപ്തൗ തസ്യ രക്ഷസഃ
കബന്ധോ നാമ ദൈത്യേന്ദ്രഃ സർവ്വസത്ത്വവിഹിംസകഃ. 3

തസ്യ രക്ഷസഃ ബാഹൂ	ആ രാക്ഷസന്റെ ബാഹുക്കൾ
യോജനമാത്രേണ വ്യാപ്തൗ	യോജനയോളമാണ് വ്യാപിച്ചത്
കബന്ധഃ നാമ	കബന്ധനെന്നു പേരായ
ദൈത്യേന്ദ്രഃ	ആ രാക്ഷസാധിപൻ
സർവ്വസത്ത്വവിഹിംസകഃ	സകലജീവികളെയും കൊന്നുപോന്നു.

തദ്ബാഹ്വോർമ്മധ്യദേശേ തൗ പരന്തൗ രാമലക്ഷ്മണൗ
ദദർശ്ശാഥ ഹന്തും ത്വം തദ്ബാഹുപരിവേഷ്ടിതൗ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദ്ബാഹ്വോഃ മദ്ധ്യദേശേ	അവന്റെ ബാഹുക്കളുടെ നടുവിലൂടെ
ചരന്തൗ തൗ രാമലക്ഷ്മണൗ	നടന്ന ആ രാമലക്ഷ്മണന്മാർ
തദ്ബാഹുപരിവേഷ്ടിതൗ	അവന്റെ ബാഹുക്കളാൽ വലയിതരായി.
മഹാസത്വം	(അപ്പോഴാണ് അവർ) ആ ഭീകരസത്വ—
ദദൃശതുഃ	ത്തെ കണ്ടത്.

രാമഃ പ്രോവാച വിഹസൻ പശ്യ ലക്ഷ്മണ രാക്ഷസം
ശിരഃപാദവിഹീനോऽയം യസ്യ വക്ഷസി ചാനനം. 5

രാമഃ വിഹസൻ പ്രോവാച	രാമൻ ചിരിച്ചുകൊണ്ടു പറഞ്ഞു:
ലക്ഷ്മണ രാക്ഷസം പശ്യ	ലക്ഷ്മണ, രാക്ഷസനെ നോക്കൂ.
അയം ശിരഃപാദവിഹീനഃ	ഇവനു തലയും കാലുമില്ല.
യസ്യ വക്ഷസി ആനനം ച	ഇവന്റെ മാറിലാണു മുഖവും!

ബാഹുഭ്യാം ലഭ്യതേ യദ്യത്
തത്തദ് ഭക്ഷൻ സ്ഥിതോ ധ്രുവം
ആവാമപ്യേതയോർബാഹ്വോഃ
മദ്ധ്യേ സങ്കലിതൗ ധ്രുവം. 6

ബാഹുഭ്യാം യദ് യദ്	കൈകളിലെന്തെന്തു കിട്ടുമോ,
ലഭ്യതേ തദ് തദ് ഭക്ഷൻ	അതെല്ലാം തിന്നു കഴിയുകയാണവൻ;
സ്ഥിതഃ ധ്രുവം	തീർച്ച.
ആവാം അപി ഏതയോഃ	നമ്മളും
ബാഹ്വോഃ മദ്ധ്യേ ധ്രുവം	ഇക്കരങ്ങളുടെക്കിടയിൽ
സങ്കലിതൗ	പാടേ കുടുങ്ങി.

ഗന്തുമന്യത്ര മാർഗ്ഗോ ന ദൃശ്യതേ രഘുനന്ദന,
കിം കർത്തവ്യമിതോऽസ്മാഭിരിദാനീം ഭക്ഷയേത് സ നൗ. 7

രഘുനന്ദന, അന്യത്ര ഗന്തും	ലക്ഷ്മണ, മറ്റെങ്ങും പോകാനും
മാർഗ്ഗഃ ന ദൃശ്യതേ. ഇതഃ	വഴി കാണുന്നില്ല. ഇനിയും
അസ്മാഭിഃ കിം കർത്തവ്യം	നാമെന്താണു ചെയ്യുക?
സഃ ഇദാനീം നൗ ഭക്ഷയേത്	അവൻ ഇപ്പോൾ നമ്മെ തിന്നും.

ലക്ഷ്മണസ്തമുവാചേദം കിം വിചാരേണ രാഘവ,
ആവാമേകൈകമവ്യഗ്രൗ ഛിന്ദ്യാവാസ്യ ഭുജൗ ധ്രുവം. 8

ലക്ഷ്മണഃ തം ഇദം ഉവാച	ലക്ഷ്മണൻ രാമനോട് ഇങ്ങനെ പ്രതിവ—
രാഘവ, വിചാരേണ കിം	ചിച്ചു: പ്രഭോ, വിചാരത്താലെന്തു ഫലം?
അവ്യഗ്രൗ ആവാം	പരിഭ്രമമെന്യേ നമുക്ക്
അസ്യ ഭുജൗ ഏകൈകം ധ്രുവം	ഇവന്റെ കൈകളെ ഓരോന്നായി
ഛിന്ദ്യാവഃ	തീർത്തും വെട്ടിക്കളയാം.

തഥേതി രാമഃ ഖഡ്ഗേന ഭുജം ദക്ഷിണമച്ഛിനത്
തഥൈവ ലക്ഷ്മണോ വാമം ചിച്ഛേദ ഭുജമഞ്ജസാ. 9

തഥാ ഇതി രാമഃ ഖഡ്ഗേന	അങ്ങനെയെന്ന് രാമൻ വാളാൽ
ദക്ഷിണം ഭുജം അച്ഛിനത്	വലതുകൈ വെട്ടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ ഏവ വാമം ഭുജം	അതുപോലെ ഇടത്തുകരം
അഞ്ജസാ ലക്ഷ്മണഃ ചിച്ഛേദ	ഉടനടി ലക്ഷ്മണനും മുറിച്ചു.

തതോഽതിവിസ്മിതോ ദൈത്യഃ കൗ യുവാം സുരപുംഗവൗ
മദ്ബാഹുച്ഛേദകൗ ലോകേ ദിവി, ദേവേഷു വാ കുതഃ. 10

അതിവിസ്മിതഃ ദൈത്യഃ	അതിവിസ്മിതനായ രാക്ഷസൻ
തതഃ (ആഹ)	അപ്പോൾ ചോദിച്ചു:
സുരപുംഗവൗ യുവാം കൗ	സുരവരരെ, നിങ്ങളാര്?
ലോകേ ദിവി	ഭൂമിയിലോ ആകാശത്തിലോ
ദേവേഷു വാ മദ്ബാഹുച്ഛേദകൗ	ദേവന്മാരിലോ എന്റെ കൈ വെട്ടാൻ
കുതഃ	കഴിവുററവർ എവിടെ?

തതോഽബ്രവീദ്ധസന്നേവ രാമോ രാജീവലോചനഃ
അയോധ്യാധിപതിഃ ശ്രീമാൻ രാജാ ദശരഥോ മഹാൻ. 11

രാമോഽഹം തസ്യ പുത്രോഽസ്യ ഭ്രാതാ മേ ലക്ഷ്മണഃ സുധീഃ
മമ ഭാര്യാ ജനകജാ സീതാ ത്രൈലോക്യസുന്ദരീ. 12

ആവാം മൃഗയയാ യാതൗ തദാ കേനാപി രക്ഷസാ
നീതാം സീതാം വിചിന്വന്തൗ ചാഗതൗ ഘോരകാനനേ. 13

രാജീവലോചനഃ രാമഃ തതഃ	ചെന്താമരാക്ഷൻ രാമൻ പിന്നെ
ഹസൻ ഏവ അബ്രവീത്	ചിരിച്ചുകൊണ്ടുതന്നെ അരുൾചെയ്തു:
അയോധ്യാധിപതിഃ	അയോധ്യാപതിയാണ്,
മഹാൻ ശ്രീമാൻ	മഹാനും ശ്രീമാനുമായ
രാജാ ദശരഥഃ	രാജാ ദശരഥൻ.
അഹം തസ്യ പുത്രഃ	ഞാൻ അദ്ദേഹത്തിന്റെ മകനാണ്,
രാമഃ. അസ്യ മേ ഭ്രാതാ സുധീഃ	രാമൻ. ഇതെന്റെ ഇളയ സഹോദരൻ,
ലക്ഷ്മണഃ. ത്രൈലോക്യ-	ബുദ്ധിമാനായ ലക്ഷ്മണൻ.
സുന്ദരീ സീതാ ജനകജാ	ത്രൈലോക്യസുന്ദരിയായ ജനകപുത്രി
മമ ഭാര്യാ	സീതയത്രേ എന്റെ ഭാര്യ.
ആവാം മൃഗയയാ യാതൗ	ഞങ്ങൾ (ഇരുവരും) വേട്ടയ്ക്കു പോയി.
തദാ കേനാപി രക്ഷസാ	അപ്പോൾ ഏതോ രാക്ഷസനാൽ
നീതാം സീതാം വിചിന്വന്തൗ	അപഹൃതയായ സീതയെത്തേടി
ഘോരകാനനേ ച ആഗതൗ	ഈ കൊടുംകാട്ടിലുമെത്തി.

ബാഹുഭ്യാം വേഷ്ടിതാവത്ര തവ പ്രാണരിരിക്ഷയാ
ഛിന്നൗ തവ ഭുജൗ ത്വം ച കോ വാ വികടരൂപധൃക്. 14

അത്ര തവ ബാഹുഭ്യാം വേഷ്ടിതൗ	ഇവിടെ നിന്റെ കൈകളാൽ ചുററപ്പെട്ടു.
പ്രാണരിരിക്ഷയാ	പ്രാണരക്ഷയാഗ്രഹിച്ച്
തവ ഭുജൗ ഛിന്നൗ ച	നിന്റെ ഭുജങ്ങൾ വെട്ടി.
വികടരൂപധൃക് ത്വം ച കഃ വാ	വികൃതരൂപധാരിയായ നീയാരാണ്?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കബന്ധ ഉവാച: കബന്ധൻ പ്രതിവചിച്ചു

ധന്യോഽഹം യദി രാമസ്ത്വം ആഗതോഽസി മമാന്തികം
പുരാ ഗന്ധർവ്വരാജോഽഹം രൂപയൗവനദർപ്പിതഃ. 15

വിചരൻ ലോകമഖിലം വരനാരീമനോഹരഃ
തപസാ ബ്രഹ്മണോ ലബ്ധമവധ്യത്വം രഘൂത്തമ. 16

മമ അന്തികം ആഗതഃ ത്വം	എന്റെ അരികിലണഞ്ഞ നീ രാമ–
യദി രാമഃ അസി അഹം ധന്യഃ	നെങ്കിൽ ഞാൻ ധന്യനത്രേ. പൂർവ്വജന്മ–
പുരാ അഹം ഗന്ധർവ്വരാജഃ	ത്തിൽ ഞാൻ ഗന്ധർവ്വരാജാവായിരുന്നു.
രഘൂത്തമ രൂപയൗവന-	രഘുവര, രൂപത്തിലും യൗവനത്തിലും
ദർപ്പിതഃ വരനാരീമനോഹരഃ	ഊററംകൊണ്ടു്, സുന്ദരിമാരുടെ
അഖിലം ലോകം	മനം കവർന്നുകൊണ്ടു്, ഉലകമെല്ലാം
വിചരൻ തപസാ ബ്രഹ്മണഃ	ചുററിയ (ഞാൻ) തപസ്സുചെയ്തു് ബ്രഹ്മാ–
അവധ്യത്വം ലബ്ധം	വിൽനിന്നു് മരണമില്ലായ്മ നേടി.

അഷ്ടാവക്രം മുനിം ദൃഷ്ട്വാ കദാചിദഹസം പുരാ
ക്രുദ്ധോഽസാവാഹ ദുഷ്ട ത്വം രാക്ഷസോ ഭവ ദുർമ്മതേ. 17

പുരാ കദാചിത് അഷ്ടാവക്രം	പണ്ടൊരിക്കൽ അഷ്ടാവക്ര–
മുനിം ദൃഷ്ട്വാ അഹസം	മുനിയെ കണ്ടു് ഞാൻ ചിരിച്ചുപോയി.
ക്രുദ്ധഃ അസൗ ആഹ	കോപിച്ച അദ്ദേഹം പറഞ്ഞു (ശപിച്ചു):
ദുർമ്മതേ ദുഷ്ട ത്വം	ദുർബ്ബുദ്ധി, ദുഷ്ട, നീ
രാക്ഷസഃ ഭവ	രാക്ഷസനായ് ഭവിക്കട്ടെ.

അഷ്ടാവക്രഃ പുനഃ പ്രാഹ, വന്ദിതോ മേ ദയാപരഃ
ശാപസ്യാന്തം ച മേ പ്രാഹ തപസാ ദ്യോതിതപ്രഭഃ. 18

മേ വന്ദിതഃ ദയാപരഃ	എന്നാൽ വണങ്ങപ്പെട്ടവനും ദയാപരനും
തപസാ ദ്യോതിതപ്രഭഃ	തപസ്സാൽ ഉജ്ജ്വലപ്രഭനുമായ
അഷ്ടാവക്രഃ പുനഃ മേ	അഷ്ടാവക്രൻ പിന്നെ എന്റെ
ശാപസ്യ അന്തം ച പ്രാഹ	ശാപത്തിനു പരിഹാരവും നിർദ്ദേശിച്ചു.

ത്രേതായുഗേ ദാശരഥിർഭൂത്വാ നാരായണഃ സ്വയം
ആഗമിഷ്യതി തേ ബാഹൂ ഛിദ്യേതേ യോജനായതൗ. 19

ത്രേതായുഗേ സ്വയം ദാശരഥിഃ	ത്രേതായുഗത്തിൽ സ്വയം ദശരഥപുത്ര–
ഭൂത്വാ നാരായണഃ	നായി അവതരിച്ചു് നാരായണൻ
ആഗമിഷ്യതി. യോജനായതൗ	(നിന്നരികിൽ) വരും. ഒരു യോജന നീണ്ട
തേ ബാഹൂ ഛിദ്യേതേ	നിന്റെ ബാഹുക്കൾ മുറിക്കപ്പെടും.

തേന ശാപാദ് വിനിർമ്മുക്തോ ഭവിഷ്യസി യഥാ പുരാ
ഇതി ശപ്തോഽഹമദ്രാക്ഷം രാക്ഷസീം തനുമാത്മനഃ. 20

തേന ശാപാദ് വിനിർമ്മുക്തഃ	അതോടെ ശാപമോചനം നേടി നീ
പുരാ യഥാ ഭവിഷ്യസി	മുന്നേപ്പോലെയാകും.
ഇതി ശപ്തഃ അഹം ആത്മനഃ	ഇപ്രകാരം ശപിക്കപ്പെട്ട ഞാൻ സ്വദേഹം
രാക്ഷസീം തനും അദ്രാക്ഷം	രാക്ഷസീയമാകുന്നതു കണ്ടു.

കദാചിദ്ദേവരാജാനമഭ്യദ്രവമഹം രുഷാ
സോഽപി വജ്രേണ മാം രാമ ശിരോദേശേഽഭ്യതാഡയത്. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ കദാചിത് അഹം	രാമ, ഒരിക്കൽ ഞാൻ
ക്രോധാ ദേവരാജാനം അഭ്യദ്രവം	കോപത്തോടെ ഇന്ദ്രന്റെ പിമ്പേ ഓടി.
സഃ അപി വജ്രേണ	അവനും വജ്രംകൊണ്ട്
മാം ശിരോദേശേ അഭ്യതാഡയത്	എന്റെ തലയ്ക്കു മററുമടിച്ചു.

തദാ ശിരോ ഗതം കുക്ഷിം പാദൌ ച രഘുനന്ദന,
ബ്രഹ്മദത്തവരാൻ മൃത്യുർനാഭൂൻ മേ വജ്രതാഡനാത്. 22

രഘുനന്ദന, തദാ ശിരഃ	രാഘവ, അന്നാണ് (എന്റെ) തല
കുക്ഷിം ഗതം. പാദൌ ച	വയററിൽ പോയത്. കാലുകളും.
ബ്രഹ്മദത്തവരാത്	ബ്രഹ്മാവു തന്ന വരത്തിന്റെ പ്രഭാവത്താൽ
വജ്രതാഡനാത്	വജ്രതാഡനംകൊണ്ട്
മേ മൃത്യുഃ ന അഭൂത്	എനിക്കു മരണം ഭവിച്ചില്ല.

മുഖാഭാവേ കഥം ജീവേദയമിത്യമരാധിപം
ഊചുഃ സർവ്വേ ഭയാവിഷ്ടാഃ മാം വിലോക്യാസ്യവർജ്ജിതം. 23

ആസ്യവർജ്ജിതം മാം വിലോക്യ	മുഖമില്ലാത്ത എന്നെ നോക്കി
ഭയാവിഷ്ടാഃ സർവ്വേ അമരാധിപം	ഭയം തോന്നിയ സകലരും ഇന്ദ്രനോടു
ഊചുഃ: മുഖാഭാവേ	ചോദിച്ചു: മുഖമില്ലാതെ
അയം കഥം ജീവേത്	ഇവനെങ്ങനെ ജീവിച്ചുപോകും?

തതോ മാം പ്രാഹ മഘവാ ജഠരേ തേ മുഖം ഭവേത്
ബാഹൂ തേ യോജനായാമൌ ഭവിഷ്യത; ഇതോ വ്രജ. 24

തതഃ മഘവാ മാം പ്രാഹ	പിന്നെ ഇന്ദ്രനോട്ട് അരുളി:
തേ മുഖം ജഠരേ ഭവേത്	നിനക്കു മുഖം വയററിലായിരിക്കും.
തേ ബാഹൂ	നിന്റെ കൈകൾ
യോജനായാമൌ ഭവിഷ്യതഃ	ഒരു യോജന നീളമുള്ളതാകും.
ഇതഃ വ്രജ	ഇവിടെനിന്നു പൊയ്ക്കൊള്ളുക.

ഇത്യുക്തോഽത്ര വസൻ നിത്യം ബാഹുഭ്യാം വനഗോചരാൻ
ഭക്ഷയാമ്യധുനാ ബാഹൂ ഖണ്ഡിതൌ മേ ത്വയാഽനഘ. 25

ഇതി ഉക്തഃ (അഹം)	ഇപ്രകാരം പറയപ്പെട്ട ഞാൻ
അത്ര വസൻ ബാഹുഭ്യാം	ഇവിടെ വസിച്ചുകൊണ്ട് കൈകളാൽ
വനഗോചരാൻ	വന്യജീവികളെ (പിടിച്ചു)
ഭക്ഷയാമി	ഭക്ഷിച്ചുപോരികയാണ്.
അനഘ അധുനാ	പരിശുദ്ധ, ഇപ്പോൾ
മേ ബാഹൂ ത്വയാ ഖണ്ഡിതൌ	എന്റെ കരങ്ങളെ നീ വെട്ടി.

ഇതഃ പരം മാം ശ്വഭ്രാസ്യേ നിക്ഷിപാഗ്നീന്ധനാവൃതേ
അഗ്നിനാ ദഹ്യമാനോഽഹം ത്വയാ രഘുകുലോത്തമ. 26
പൂർവ്വരൂപമനുപ്രാപ്യ ഭാര്യാമാർഗ്ഗം വദാമി തേ.

ഇതഃ പരം മാം അഗ്നീന്ധനാവൃതേ	ഇനി എന്നെ തീയും വിറകുമൊരുക്കിയ
ശ്വഭ്രാസ്യേ നിക്ഷിപ	കുഴിയിൽ വയ്ക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഘുകുലോത്തമ ത്വയാ	രഘുകുലോത്തമ, നിന്നാൽ
അഗ്നിനാ ദഹ്യമാനഃ	തീയിൽ ദഹിപ്പിക്കപ്പെട്ടവ
പൂർവ്വരൂപം അനുപ്രാപ്യ അഹം	പൂർവ്വരൂപംപൂണ്ട് ഞാൻ നിന്റെ
ഏതത് ഭാര്യാമാർഗ്ഗം വദാമി	ഭാര്യ പോയ വഴി പറഞ്ഞുതരാം.

ഇത്യുക്തേ ലക്ഷ്മണേനാശു ശ്വഭ്രം നിർമ്മായ തത്ര തം. 27

നിക്ഷിപ്യ പ്രാദഹത് കാഷ്ഠൈസ്തതോ ദേഹാത് സമുത്ഥിതഃ
കന്ദർപ്പസദൃശാകാരഃ സർവ്വാഭരണഭൂഷിതഃ. 28

രാമം പ്രദക്ഷിണം കൃത്വാ സാഷ്ടാംഗം പ്രണിപത്യ ച
കൃതാഞ്ജലിരുവാചേദം ഭക്തിഗദ്ഗദയാ ഗിരാ. 29

ഇതി ഉക്തേ ലക്ഷ്മണേന	ഇങ്ങനെ പറഞ്ഞപ്പോൾ
ആശു ശ്വഭ്രം നിർമ്മായ	ലക്ഷ്മണനെക്കൊണ്ട് പെട്ടെന്ന്
തം തത്ര നിക്ഷിപ്യ	കുഴിതീർപ്പിച്ച് ആ കബന്ധനെ
കാഷ്ഠൈഃ പ്രാദഹത്	അതിലാക്കി വിറകുകൂട്ടി ദഹിപ്പിച്ചു.
തതഃ ദേഹാത്	പിന്നെ ആ ദേഹത്തിൽനിന്ന്
കന്ദർപ്പസദൃശാകാരഃ	മദനതുല്യമായ ആകാരമുള്ളവനും
സർവ്വാഭരണഭൂഷിതഃ	സർവ്വാഭരണഭൂഷിതനുമായി
(സഃ) സമുത്ഥിതഃ	അവൻ ഉയർന്നുവന്നു.
രാമം പ്രദക്ഷിണം കൃത്വാ	രാമനെ വലംവച്ച്
സാഷ്ടാംഗം പ്രണിപത്യ	സാഷ്ടാംഗം വണങ്ങി കൈകൂപ്പി
കൃതാഞ്ജലിഃ ച ഭക്തിഗദ്ഗദയാ	ഭക്തിയാൽ ഇടറിയ
ഗിരാ ഇദം ഉവാച	വാക്കുകളിൽ ഇങ്ങനെ വാഴ്ത്തി.

ഗന്ധർവ്വ ഉവാച: ഗന്ധർവ്വൻ ചൊല്ലി

സ്തോതുമുത്സഹതേ മേഽദ്യ മനോ രാമാതിസംഭ്രമാത്
ത്വാമനന്തമനാദ്യന്തം മനോവാചാമഗോചരം. 30

രാമ അനാദ്യന്തം	രാമ, ആദിയും അന്തവുമററവനും
അനന്തം മനോവാചാം	അസീമനും മനസ്സിനും വാക്കുകൾക്കും
അഗോചരം ത്വാം	അതീതനുമായ നിന്നെ സ്തുതിക്കാൻ എന്റെ
സ്തോതും മേ മനഃ അതിസംഭ്രമാത്	ഹൃദയം അതീവസംഭ്രമത്തോടെ
ഉത്സഹതേ	ഉത്സാഹംകൊള്ളുകയാണ്.

സൂക്ഷ്മം തേ രൂപമവ്യക്തം ദേഹദ്വയവിലക്ഷണം
ദൃഗ്രൂപമിതരത് സർവ്വം ദൃശ്യം ജഡമനാത്മകം
തത് കഥം ത്വാം വിജാനീയാത് വ്യതിരിക്തം മനഃ പ്രഭോ. 31

പ്രഭോ തേ രൂപം	പ്രഭോ, നിൻസ്വരൂപം
അവ്യക്തം സൂക്ഷ്മം	അവ്യക്തവും സൂക്ഷ്മവുമാകുന്നു.
ദേഹദ്വയവിലക്ഷണം	ഇരുദേഹങ്ങളിൽനിന്നു ഭിന്നമായ
ദൃഗ്രൂപം	അതു ദൃഗ്രൂപമാണ്.
ഇതരത് സർവ്വം ദൃശ്യം	മററെല്ലാം ദൃശ്യവും
ജഡം അനാത്മകം	ജഡവും ആത്മാവല്ലാത്തതുമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത് വ്യതിരിക്തം മനഃ	അതിനാൽ അന്യമായ മനസ്സ്
ത്വാം കഥം വിജാനീയാത്	നിന്നെ എങ്ങനെയാണ് അറിയുക?

''യതോ വാചോ നിവർത്തന്തേ അപ്രാപ്യ മനസാ സഹ'' (തൈത്തി—2. 4. 1) എന്ന് ശ്രുതി പറയുന്നു. അന്വേഷണവ്യഗ്രമായ മനസ്സും വാക്കുമെല്ലാം പരംപൊരുളിനെ അറിവാനാകാതെ പിന്തിരിഞ്ഞുപോകും. കാരണം, ആത്മാവ് ചേതനവും മനസ്സും ഇന്ദ്രിയങ്ങളും ജഡവുമാണ് എന്നതുതന്നെ. ചേതനത്തെ അറിയാൻ ജഡത്തിനു കഴിവില്ല. അതിനു ചേതനംതന്നെ സമർത്ഥം. കണ്ണിനെ (ദൃക്കിനെ) കാണാൻ കണ്ണിനു കഴിയുമോ? ദൃഷ്ടിയുടെ പ്രയോജനം ദൃശ്യത്തെ കാണുകയാണല്ലോ. പരമാത്മദർശനത്തിന് ജീവാത്മാവുതന്നെ വേണം.

ബുദ്ധ്യാത്മാഭാസയോരൈക്യം ജീവ ഇത്യഭിധീയതേ
ബുദ്ധ്യാദിസാക്ഷീ ബ്രഹ്മൈവ തസ്മിൻ നിർവ്വിഷയേഽഖിലം.

ആരോപ്യതേഽജ്ഞാനവശാത് നിർവ്വികാരേഽഖിലാത്മനി
ഹിരണ്യഗർഭസ്തേ സൂക്ഷ്മം ദേഹം സ്ഥൂലം വിരാട് സ്മൃതം. 33

ഭാവനാവിഷയം രാമ, സൂക്ഷ്മം തേ ധ്യാതൃമംഗലം
ഭൂതം ഭവ്യം ഭവിഷ്യച്ച യത്രേദം ദൃശ്യതേ ജഗത്. 34

ബുദ്ധ്യാത്മാഭാസയോഃ	ബുദ്ധിയുടെയും ആത്മാഭാസത്തിന്റെയും
ഐക്യം ജീവ	ഐക്യമാണ് ജീവൻ
ഇതി അഭിധീയതേ	എന്നു പറയപ്പെടുന്നത്.
ബുദ്ധ്യാദിസാക്ഷീ ഏവ	ബുദ്ധ്യാദികളുടെ സാക്ഷിമാത്രമത്രേ
ബ്രഹ്മ നിർവ്വിഷയേ	ബ്രഹ്മം. (എങ്കിലും) വിഷയരഹിതവും
നിർവ്വികാരേ അഖിലാത്മനി	വികാരമററതും സർവ്വാത്മാവുമായ
തസ്മിൻ അജ്ഞാനവശാത്	അതിൽ അജ്ഞതമൂലം
അഖിലം ആരോപ്യതേ	എല്ലാം ആരോപിക്കപ്പെടുന്നു.
തേ സൂക്ഷ്മം ദേഹം ഹിരണ്യഗർഭഃ	നിന്റെ സൂക്ഷ്മദേഹമാണ് ഹിരണ്യഗർഭൻ.
സ്ഥൂലം വിരാട്	സ്ഥൂലദേഹം 'വിരാട്' എന്ന്
സ്മൃതം. രാമ,	സ്മരിക്കപ്പെടുന്നു. രാമ, ധ്യാനിപ്പോർക്കു
ധ്യാതൃമംഗലം തേ സൂക്ഷ്മം	മംഗലംപകരുന്ന നിന്റെ സൂക്ഷ്മദേഹം
ഭാവനാവിഷയം	ഭാവനാവിഷയമാണ്.
യത്ര ഭൂതം ഭവ്യം	അതിൽ ഭൂതവും
ഭവിഷ്യത് ച ഇദം	വർത്തമാനവും ഭവിഷ്യത്തുമായ
ജഗത് ദൃശ്യതേ	ഈ വിശ്വം ദൃഷ്ടിഗോചരമാകുന്നു.

ജീവാത്മാവിന് താത്ത്വികമായി വേറിട്ട് ഒരസ്തിത്വമില്ല. ജീവാത്മാവ് ഒരു പ്രതീതി—ആഭാസം—മാത്രം. ബുദ്ധിയുടെയും പരമാത്മാഭാസത്തിന്റെയും ഐക്യമാണ് പ്രതീതിക്ക് ഹേതു. പരമാത്മാവ് സാക്ഷിമാത്രനും. പരമാത്മാവേ യഥാർത്ഥത്തിലുള്ളൂ.

'ഹിരണ്യഗർഭൻ' ഈശ്വരന്റെ പല നാമങ്ങളിലൊന്നാണ്. ഉജ്ജ്വലമായ പ്രപഞ്ചത്തെ ഉള്ളിൽ വഹിക്കുന്നവനെന്നർത്ഥം. ''ഹിരണ്യഗർഭഃ സമവർത്തതാഗ്രേ ഭൂതസ്യ ജാതഃ പതിരേക ആസീത്'' എന്ന പ്രസിദ്ധ വേദമന്ത്രം പ്രമാണം. പൗരാണികകാലത്ത് പരമപുരുഷന്റെ സ്ഥൂലദേഹമെന്ന് അതിന് അർത്ഥാന്തരം വന്നു. 'വിരാട്' വിശേഷേണ രാജിക്കുന്നത്. അതും ബ്രഹ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാചകംതന്നെ. സ്ഥൂലപ്രപഞ്ചം എന്നും അർത്ഥമുണ്ട്. വൈദികകാലംമുതലേ ജഗത്തിനെ ബ്രഹ്മത്തിന്റെ സ്ഥൂലരൂപമായി കല്പിക്കുന്നതിൽ കാവ്യോചിതമായ ഒരു അർത്ഥാന്തരസംക്രമണം കാണാം.

സൂക്ഷ്മബ്രഹ്മരൂപം അനുധ്യാനംചെയ്യുന്ന സാധകന് ഭൂതഭവിഷ്യദ്വർത്തമാനങ്ങളും തെളിഞ്ഞുകാണാറാകുന്നു. അവൻ ത്രികാലജ്ഞനാകുന്നു എന്നു സാരം.

സ്ഥൂലേഽണ്ഡകോശേ ദേഹേ തേ മഹദാദിഭിരാവൃതേ
സപ്തഭിരുത്തരഗ്ഗുണൈഃ വൈരാജോ ധാരണാശ്രയഃ. 35

ഉത്തരഗ്ഗുണൈഃ മഹദാദിഭിഃ സപ്തഭിഃ ആവൃതേ അണ്ഡ- കോശേ തേ സ്ഥൂലേ ദേഹേ ധാരണാശ്രയഃ വൈരാജഃ പുരുഷഃ (വിഭാതി)	മേല്ക്കുമേൽ (ദശഗുണം) വിപുലമായ മഹത്ത് ആദി ഏഴു (ആവരണം) ചുററിയ ബ്രഹ്മാണ്ഡമാകുന്ന നിന്റെ സ്ഥൂലദേഹ- ത്തിൽ ധാരണയ്ക്കു് ആശ്രയമായ വിരാട്- പുരുഷൻ വിളങ്ങുന്നു.

വിരാട്പുരുഷന്റെ സ്ഥൂലരൂപമാണു് പതിന്നാലു ലോകങ്ങളും. അവ ഏഴു തത്ത്വങ്ങളാൽ മറയ്ക്കപ്പെട്ടിരിക്കുന്നു. ഒന്നിനു മറെറാന്നിനേക്കാൾ പത്തിരട്ടി വലിപ്പമേറും. പൃഥിവി, ജലം, തേജസ്സ്, വായു, ആകാശം, അഹങ്കാരം, മഹത്തത്ത്വം ഇവയാണു് സപ്തതത്ത്വങ്ങൾ. വിരാട്പുരുഷൻ ധാരണാവിധേയനാണു്. ധാരണ—''ദേശബന്ധശ്ചിത്തസ്യ ധാരണാ.'' (യോഗ—3.1)

ത്വമേവ സർവ്വകൈവല്യം ലോകാസ്തേഽവയവാഃ സ്മൃതാഃ
പാതാളം തേ പാദമൂലം പാർഷ്ണിസ്തവ മഹാതലം. 36

സർവ്വകൈവല്യം ത്വം ഏവ	സകലത്തിന്റെയും കേവലഭാവം നീതന്നെ.
ലോകാഃ തേ അവയവാഃ സ്മൃതാഃ	ലോകങ്ങൾ നിന്റെ അവയവങ്ങളായി ഗണിക്കപ്പെടുന്നു.
പാതാളം തേ പാദമൂലം മഹാതലം തവ പാർഷ്ണി	പാതാളം നിന്റെ ഉള്ളംകാല്. മഹാതലമാണു് നിന്റെ പുറവടി.

രസാതലം തേ ഗുൽഫൗ തു തലാതലമിതീര്യതേ
ജാനുനീ സുതലം രാമ ഊരൂ തേ വിതലം തഥാ. 37

രാമ രസാതലം തേ ഗുൽഫൗ. ജാനുനീ തലാതലം ഇതി ഈര്യതേ. സുതലം തഥാ വിതലം തേ ഊരൂ	രാമ, രസാതലമാണു് നിന്റെ ഞെരിയാണി. കാൽമുട്ടുകൾ തലാതലമെ- ന്നു പറയപ്പെടുന്നു. സുതലവും വിതലവും നിന്റെ തുടകൾ.

അതലം ച മഹീ രാമ, ജഘനം നാഭിഗം നഭഃ
ഉരഃസ്ഥലം തേ ജ്യോതീംഷി ഗ്രീവാ തേ മഹ ഉച്യതേ. 38

രാമ, അതലം മഹീ ച ജഘനം നാഭിഗം നഭഃ തേ ഉരസ്ഥലം ജ്യോതീംഷി	രാമ, അതലവും ഭൂമിയുമാണു് ജഘനം. നാഭിഭാഗം ഭുവർല്ലോകം. നിന്റെ മാറിടം ജ്യോതിർല്ലോകം.
മഹഃ തേ ഗ്രീവാ ഉച്യതേ	മഹർല്ലോകം നിന്റെ കഴുത്തെന്നു പറയപ്പെടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വദനം ജനലോകസ്തേ തപസ്തേ ശംഖദേശഗം
സത്യലോകോ രഘുശ്രേഷ്ഠ, ശീഷ്ണ്യാസ്തേ സദാ പ്രഭോ. 39

പ്രഭോ രഘുശ്രേഷ്ഠ, ജനലോകഃ	പ്രഭോ, രഘുനായക, ജനലോകം
തേ വദനം. തപഃ	നിന്റെ വദനം. തപോലോകം
തേ ശംഖദേശഗം സത്യലോകഃ	നിന്റെ നെററിയിലും സത്യലോകം
ശീഷ്ണി സദാ ആസ്തേ	സദാ ഉച്ചിയിലുമിരിക്കുന്നു.

ഇന്ദ്രാദയോ ലോകപാലാഃ ബാഹവസ്തേ ദിശഃ ശ്രുതീ
അശ്വിനൗ നാസികേ രാമ, വക്ത്രം തേഽഗ്നിരുദാഹൃതഃ. 40

ഇന്ദ്രാദയഃ ലോകപാലാഃ	ഇന്ദ്രാദിലോകപാലന്മാർ
രാമ, തേ ബാഹവഃ	രാമ, നിന്റെ ബാഹുക്കളാണ്.
ദിശഃ ശ്രുതീ, അശ്വിനൗ	ദിക്കുകൾ ചെവികളും അശ്വിനീകുമാരന്മാർ
നാസികേ അഗ്നിഃ തേ	നാസാപുടങ്ങളും അഗ്നി നിന്റെ
വക്ത്രം ഉദാഹൃതഃ	വായയും കല്പിക്കപ്പെടുന്നു.

ചക്ഷുഃസ്തേ സവിതാ രാമ, മനശ്ചന്ദ്ര ഉദാഹൃതഃ
ഭ്രൂഭംഗ ഏവ കാലസ്തേ ബുദ്ധിസ്തേ വാക്പതിർഭവേത്. 41

സവിതാ തേ ചക്ഷുഃ. ചന്ദ്രഃ	സൂര്യൻ നിന്റെ കണ്ണാണ്. ചന്ദ്രൻ
മനഃ ഉദാഹൃതഃ. ഭ്രൂഭംഗ ഏവ	മനസ്സെന്ന് ഉദാഹരിക്കപ്പെടുന്നു. ഭ്രൂഭംഗം
കാലഃ. രാമ, വാക്പതിഃ	തന്നെ കാലം. രാമ,
ഭവേത് തേ ബുദ്ധിഃ	ബൃഹസ്പതിയാണ് നിന്റെ ബുദ്ധി.

രുദ്രോഽഹംകാരരൂപസ്തേ വാചശ്ഛന്ദാംസി തേഽവ്യയ,
യമസ്തേ ദംഷ്ട്രദേശസ്ഥോ നക്ഷത്രാണി ദ്വിജാലയഃ. 42

തേ അഹംകാരരൂപഃ രുദ്രഃ	നിന്റെ അഹങ്കാരരൂപമാണ് രുദ്രൻ.
അവ്യയ, തേ വാചഃ	അവ്യയ, നിന്റെ വാക്കുകൾ
ഛന്ദാംസി. യമഃ തേ	വേദങ്ങൾ. യമൻ നിന്റെ
ദംഷ്ട്രദേശസ്ഥഃ	ദംഷ്ട്രസ്ഥാനത്തിരിക്കുന്നു
നക്ഷത്രാണി ദ്വിജാലയഃ	നക്ഷത്രങ്ങൾ നിന്റെ പല്ലുകളത്രേ.

ഹാസോ മോഹകരീ മായാ സൃഷ്ടിസ്തേഽപാംഗമോക്ഷണം
ധർമ്മഃ പുരസ്തേഽധർമ്മശ്ച പൃഷ്ഠമാഗ്ഗ് ഉദീരിതഃ. 43

ഹാസഃ മോഹകരീ മായാ	ചിരിയാണ് മോഹിനിയായ മായ.
തേ അപാംഗമോക്ഷണം സൃഷ്ടിഃ	നിന്റെ കടാക്ഷവിക്ഷേപം സൃഷ്ടി.
തേ പുരഃ ധർമ്മഃ	നിന്റെ മുൻഭാഗം ധർമ്മമെന്നും
പൃഷ്ഠഭാഗഃ അധർമ്മഃ	പിൻഭാഗം അധർമ്മമെന്നും
ച ഉദീരിതഃ	പറയപ്പെടുന്നു.

നിമേഷോന്മേഷണേ രാത്രിർദിവാ ചൈവ രഘൂത്തമ,
സമുദ്രാഃ സപ്ത തേ കുക്ഷിഃ നാഡ്യോ നദ്യസ്തവ പ്രഭോ. 44

തേ നിമേഷോന്മേഷണേ	നിന്റെ മിഴിപൂട്ടലും
ഏവ രഘൂത്തമ,	തുറക്കലുമാണ് രാമ,
രാത്രിഃ ച ദിവാ. സപ്തസമുദ്രാഃ	രാവും പകലും. ഏഴു സമുദ്രങ്ങളാണ്
പ്രഭോ തേ കുക്ഷിഃ.	പ്രഭോ, നിന്റെ വയറ്.
നദ്യഃ തവ നാഡ്യഃ	പുഴകൾ നിനക്കു നാഡികളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രോമാണി വൃക്ഷൗഷധയോ രേതോ വൃഷ്ടിസ്തവ പ്രഭോ,
മഹിമാ ജ്ഞാനശക്തിസ്തേ ഏവം സ്ഥൂലം വപുസ്തവ. 45

വൃക്ഷൗഷധയഃ	മരങ്ങളും ചെടികളുമാണ്
പ്രഭോ തവ രോമാണി	പ്രഭോ, നിന്റെ രോമരാജി.
വൃഷ്ടിഃ തവ രേതഃ	മഴ നിന്റെ വീര്യം.
തേ ജ്ഞാനശക്തിഃ മഹിമാ	നിന്റെ ജ്ഞാനശക്തിയാണ് മഹിമ.
ഏവം തവ	ഈവിധമാണ് നിന്റെ
സ്ഥൂലം വപുഃ	സ്ഥൂലശരീരം.

സ്ഥൂലജഗത്തിനെ സൂക്ഷ്മചൈതന്യത്തിന്റെ ബഹിഃസ്ഫുരണമായി കണ്ടവരാണ് കിഴക്കും പടിഞ്ഞാറുമുള്ള ദാർശനികരിൽ പലരും. ചേതനമല്ലാതെ മറ്റൊന്നുമില്ല എന്ന സിദ്ധാന്തവും ക്രമേണ നിലവിൽവന്നു. ചേതനത്തിന്റെ പ്രകാശനോപാധിയായി പദാർത്ഥങ്ങളെ കണക്കാക്കിയവരും കുറവല്ല. പരമസൂക്ഷ്മവും ബൃഹത്തമവുമായ ചൈതന്യത്തെ ബ്രഹ്മം എന്നു പറയുന്നു. അത് എങ്ങും നിറഞ്ഞുവിളങ്ങുന്നു—''അണോരണീയാൻ മഹതോ മഹീയാൻ.'' രാമൻ ബ്രഹ്മമാണ്. ബ്രഹ്മത്തിന്റെ ദേഹമാണ് ജഗത്തെന്നുവന്നാൽ വിശ്വപ്രതിഭാസങ്ങളെ അവയവങ്ങളാക്കി കല്പിക്കാമല്ലോ. മേൽവിവരിച്ച അവയവവിവരണം അത്തരത്തിൽ ധരിക്കേണ്ടതാണ്.

പദാർത്ഥങ്ങൾക്ക്—അവ സ്ഥൂലമോ സൂക്ഷ്മമോ ആകട്ടെ—ബോധവൃത്തിയുണ്ടോ എന്ന സംശയം അവശേഷിക്കുന്നു. ബോധമാണ് ജീവലക്ഷണം. അതു പദാർത്ഥസംഘാതത്തിന്റെ പരിണാമമാണെന്നാണ് ലോകായതികർ പറയുന്നത്. പക്ഷേ, സവിശേഷം സംയോജിതമായ വസ്തുസംഘാതത്തിന്റെ പിമ്പിലും ഒരു ഇച്ഛാശക്തി പ്രവർത്തിച്ചിരുന്നില്ലേ? കമ്പ്യൂട്ടറിനും രൂപംനല്കാൻ ഒരു ചിച്ഛക്തി വേണമല്ലോ. അതു വസ്തുസ്ഫുരിതമെങ്കിലും വ്യതിരിക്തമെന്ന് അദ്ധ്യാത്മവാദികൾ പറയും. യുക്തിഹീനമെന്നു പറഞ്ഞുതള്ളാൻ വയ്യാ, ആ പറച്ചിൽ.

യദസ്മിൻ സ്ഥൂലരൂപേ തേ മനഃ സന്ധാര്യതേ നരൈഃ
അനായാസേന മുക്തിഃ സ്യാദതോഽന്യന്നഹി കിഞ്ചന. 46

തേ അസ്മിൻ സ്ഥൂലരൂപേ	നിന്റെ ഈ സ്ഥൂലരൂപത്തിൽ
നരൈഃ മനഃ സന്ധാര്യതേ	നരർ മനസ്സർപ്പിക്കുന്നു.
യത് അനായാസേന	അതുവഴി അനായാസം
മുക്തിഃ സ്യാത്	മുക്തി ലഭിക്കുകയുംചെയ്യും.
അതഃ അന്യം	ഇതല്ലാതെ മറ്റൊരു
കിഞ്ചന നഹി	(വഴി) ഇല്ലതന്നെ.

അതോഽഹം രാമ രൂപം തേ സ്ഥൂലമേവാനുഭാവയേ,
യസ്മിൻ ധ്യാതേ പ്രേമരസഃ സരോമപുളകോ ഭവേത്. 47

അതഃ അഹം രാമ	ആകയാൽ ഞാൻ രാമ,
തേ സ്ഥൂലം രൂപം ഏവ	നിന്റെ സ്ഥൂലരൂപമേ
അനുഭാവയേ	ധ്യാനിക്കൂ.
യസ്മിൻ ധ്യാതേ സരോമപുളകഃ	അതു ധ്യാനിച്ചാൽ പുളകപ്രദമായ
പ്രേമരസഃ ഭവേത്	പ്രേമരസം അനുഭവിക്കാറാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപോപാസനയ്ക്കു താത്ത്വികമായ ഒരു അംഗീകരണം ഇവിടെ കാണാം. വിശ്വം പരമപുരുഷന്റെ ദേഹമാണ്. ദൃശ്യമായ അതിനെ ആരാധിച്ചാലേ പ്രേമരസം അനുഭവിക്കാറാകൂ. പ്രേമാനുഭൂതിതന്നെ ഭക്തി.

തദൈവ മുക്തിഃ സ്യാത് രാമ യദാ തേ സ്ഥൂലഭാവകഃ
തദപ്യാസ്താം തദൈവാഹം ഏതദ്രൂപം വിചിന്തയേ. 48

രാമ യദാ തേ സ്ഥൂലഭാവകഃ തദാ ഏവ മുക്തിഃ സ്യാത് തദപി ആസ്താം	രാമ, (ഭക്തൻ) എപ്പോഴാ നിന്റെ സ്ഥൂലരൂപം ധ്യാനിക്കുന്നുവോ, അപ്പോഴാത്തന്നെ (അവനു) മുക്തിയുണ്ടാ- കുന്നു. അതുമിരിക്കട്ടെ.
തവ ഏതദ് രൂപം ഏവ അഹം വിചിന്തയേ	നിന്റെ ഈ രൂപമേ ഞാൻ ധ്യാനിക്കൂ.

വിശ്വരൂപം ധ്യാനിക്കുന്നതുകൊണ്ട് ഉടനടി മുക്തി കിട്ടുമെങ്കിൽത്തന്നെയും എന്റെ കൺമുമ്പിൽ കാണുന്ന ഈ രമ്യരൂപം ധ്യാനിക്കാനാണ് എനിക്കു കൂടുതൽ പ്രതിപത്തി.

ധനുർബ്ബാണധരം ശ്യാമം ജടാവല്ക്കലഭൂഷിതം
അപീച്യവയസം സീതാം വിചിന്വന്തം സലക്ഷ്മണം. 49

ഇദമേവ സദാ മേ സ്യാൻമാനസേ രഘുനന്ദന,
സർവ്വജ്ഞഃ ശങ്കരഃ സാക്ഷാത് പാർവ്വത്യാ സഹിതഃ സദാ. 50

ത്വദ്രൂപമേവ സതതം ധ്യായന്നാസ്തേ രഘൂത്തമ,
മുമൂർഷൂണാം സദാ കാശ്യാം താരകം ബ്രഹ്മവാചകം. 51

രാമരാമേത്യുപദിശൻ സദാ സന്തുഷ്ടമാനസഃ
അതസ്ത്വം ജാനകീനാഥ, പരമാത്മാ സുനിശ്ചിതഃ. 52

ജടാവല്ക്കലഭൂഷിതം ധനുർ- ബാണധരം അപീച്യവയസം സലക്ഷ്മണം സീതാം വിചിന്വന്തം ഇദം ശ്യാമം (രൂപം) ഏവ രഘുനന്ദന മേ മാനസേ സദാ സ്യാത്	ജടാവല്ക്കലങ്ങളാൽ ഭൂഷിതവും വില്ല- മ്പുമേന്തിയതും മനോഹരമായ പ്രായ- ത്തിലുള്ളതും ലക്ഷ്മണസമേതവും സീതയെ തേടുന്നതുമായ ഈ ശ്യാമരൂപംതന്നെ ഭഗവൻ, എന്റെ മനസ്സിൽ എന്നും ഉണ്ടായിരിക്കട്ടെ.
സർവ്വജ്ഞഃ സാക്ഷാത് ശങ്കരഃ പാർവ്വത്യാ സഹിതഃ സദാ ത്വദ്രൂപം ഏവ സതതം ധ്യായൻ ആസ്തേ രഘൂത്തമ	സർവ്വജ്ഞനായ സാക്ഷാൽ ശങ്കരൻ, പാർവ്വതിയോടൊത്ത് എന്നേരവും നിന്റെയീ രൂപംതന്നെയാണല്ലോ നിരന്തരം ധ്യാനിച്ചുകൊണ്ടിരിക്കുന്നത്, ഭഗവാനേ!
കാശ്യാം മുമൂർഷൂണാം ബ്രഹ്മ- വാചകം രാമ രാമ ഇതി താരകം (മന്ത്രം) ഉപദിശൻ സന്തുഷ്ടമാനസഃ (ആസ്തേ)	കാശിയിൽ മരണോന്മുഖർക്ക് ബ്രഹ്മ- വാചകമായ 'രാമ, രാമ' എന്ന താരകമന്ത്രം ഉപദേശിച്ചുകൊണ്ട് (അദ്ദേ- ഹം) പ്രസന്നചിത്തനായി കഴിയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാനകീനാഥ, അതഃ ത്വം പരമാത്മാ സുനിശ്ചിതഃ	സീതാപതേ, അതിനാൽ നീ പരമാത്മാവെന്നു സുനിശ്ചിതം.

സർവ്വേ തേ മായയാ മൂഢാഃ ത്വാം ന ജാനന്തി തത്ത്വതഃ
നമസ്തേ രാമഭദ്രായ വേധസേ പരമാത്മനേ. 53

സർവ്വേ തേ മായയാ മൂഢാഃ ത്വാം തേ തത്ത്വതഃ ന ജാനന്തി	സകലരും നിന്റെ മായയാൽ മോഹിതരാണു്; നിന്നെ അവർ ശരിക്കറിയുന്നില്ല.
പരമാത്മനേ വേധസേ രാമഭദ്രായ തേ നമഃ	പരമാത്മാവും സ്രഷ്ടാവും രാമഭദ്രനുമായ നിനക്കു വന്ദനം.

അയോധ്യാധിപതേ തുഭ്യം നമഃ സൗമിത്രിസേവിത,
ത്രാഹി ത്രാഹി ജഗന്നാഥ, മാം മായാ നാവൃണോതു തേ. 54

അയോധ്യാധിപതേ സൗമിത്രി– സേവിത, തുഭ്യം നമഃ	അയോധ്യാപതേ, ലക്ഷ്മണ– സേവിത, നിനക്കു പ്രണാമം.
ജഗന്നാഥ മാം ത്രാഹി ത്രാഹി. തേ മായാ മാം ന ആവൃണോതു	ജഗന്നാഥ, എന്നെ രക്ഷിക്കണേ, രക്ഷിക്കണേ; നിന്റെ മായ എന്നെ വലയ്ക്കരുതേ.

ദൃശ്യപ്രപഞ്ചം ബ്രഹ്മശരീരമാണെന്നു് ഗന്ധർവ്വസ്തുതി സിദ്ധാന്തിക്കുന്നു. ശാങ്കരമതപ്രകാരം ജഗത് മിഥ്യയാണു്. ഈ ഗ്രന്ഥത്തിൽ ശാങ്കരമതമാണല്ലോ സമർത്ഥിക്കപ്പെടുന്നതു്, സർവ്വത്ര. പക്ഷേ, ഇവിടെ ബ്രഹ്മത്തിന്റെ സ്ഥൂലദേഹമാണു് ജഗത്തെന്ന രാമാനുജമതത്തിനാണു പ്രസക്തി. ജ്ഞാനത്തേക്കാൾ മികച്ചതാണു ഭക്തിയെന്നു പറയുമ്പോൾ സിദ്ധാന്തപരമായി രാമാനുജ–രാമാനന്ദാദികളോടു് കൂടുതൽ അടുക്കുന്നു ഗ്രന്ഥകാരൻ എന്നു തെളിയുന്നു.

ശ്രീരാമ ഉവാച: ശ്രീരാമൻ അരുൾചെയ്തു

തുഷ്ടോഽഹം ദേവ ഗന്ധർവ്വ, ഭക്ത്യാ സ്തുത്യാ ച തേഽനഘ,
യാഹി മേ പരമം സ്ഥാനം യോഗിഗമ്യം സനാതനം. 55

ദേവ ഗന്ധർവ്വ തേ ഭക്ത്യാ സ്തുത്യാ ച അഹം തുഷ്ടഃ അനഘ, യോഗിഗമ്യം സനാതനം മേ പരമം സ്ഥാനം യാഹി	ജ്ഞാനിയായ ഗന്ധർവ്വാ, നിന്റെ ഭക്തിയാലും സ്തുതിയാലും ഞാൻ സന്തോഷിച്ചിരിക്കുന്നു. പരിശുദ്ധ, യോഗികൾ നേടുന്ന സനാതനമായ എന്റെ പരമപദത്തിലേക്കു പൊയ്ക്കൊള്ളുക.

ജപന്തി യേ നിത്യമനന്യബുദ്ധ്യാ
ഭക്ത്യാ ത്വദുക്തം സ്തവമാഗമോക്തം
തേഽജ്ഞാനസംഭൂതഭവം വിഹായ
മാം യാന്തി നിത്യാനുഭവാനുമേയം. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദുക്തം ആഗമോക്തം
സ്തവം അനന്യബുദ്ധ്യാ
ഭക്ത്യാ യേ നിത്യം
ജപന്തി, തേ അജ്ഞാന—
സംഭൂതഭവം വിഹായ
നിത്യാനുഭവാനന്ദമേയം
മാം യാന്തി

നീ ചൊല്ലിയ വേദാന്തസാരീയായ
ഈ സ്തോത്രം അന്യചിന്തയെന്യേ
ഭക്തിപൂർവ്വം ആർ എന്നും
ജപിക്കുന്നുവോ, അവർ അജ്ഞാന—
ജനിതമായ സംസാരം വിട്ട്
നിത്യാനുഭവങ്ങളിൽനിന്നനുമിക്കാവുന്ന—
വനായ എന്നെ പ്രാപിക്കുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ നവമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം ഒൻപതാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം പത്ത്

ശബരീസന്ദർശനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ലബ്ധ്വാ വരം സ ഗന്ധർവ്വഃ പ്രയാസ്യൻ രാമമബ്രവീത്
ശബര്യാസ്തേ പുരോഭാഗേ ആശ്രമേ രഘുനന്ദന. 1

ഭക്ത്യാ ത്വത്പാദകമലേ ഭക്തിമാർഗ്ഗവിശാരദാ
താം പ്രയാഹി മഹാഭാഗ, സർവ്വം തേ കഥയിഷ്യതി. 2

വരം ലബ്ധ്വാ പ്രയാസ്യൻ സഃ
ഗന്ധർവ്വഃ രാമം അബ്രവീത്
രഘുനന്ദന, തേ പുരോഭാഗേ
ആശ്രമേ ത്വത്—
പാദകമലേ ഭക്ത്യാ
ആസ്തേ ഭക്തിമാർഗ്ഗവിശാരദാ
ശബരീ

വരം നേടി യാത്രയാകുന്ന ആ
ഗന്ധർവ്വൻ രാമനോടു പറഞ്ഞു:
രാഘവ, നിന്റെ മുൻഭാഗത്തു
(കാണുന്ന) ആശ്രമത്തിൽ നിന്റെ
പാദാരവിന്ദത്തിൽ ഭക്തിയോടെ
കഴിയുന്നുണ്ട്, ഭക്തിമാർഗ്ഗവിശാരദയായ
ശബരി.

മഹാഭാഗ, താം പ്രയാഹി
(സാ) സർവ്വം തേ കഥയിഷ്യതി

പ്രഭോ, അവളെ, സമീപിക്കുക.
അവൾ എല്ലാം നിന്നോടു പറയും.

ഇത്യുക്ത്വാ പ്രയയൗ സോഽപി വിമാനേനാർക്കവർച്ചസാ
വിഷ്ണോഃ പദം രാമനാമസ്മരണേ ഫലമീദൃശം. 3

ഇതി ഉക്ത്വാ സഃ അപി
അർക്കവർച്ചസാ വിമാനേന
വിഷ്ണോഃ പദം യയൗ
രാമനാമസ്മരണേ ഫലം ഈദൃശം

ഇങ്ങനെ ചൊന്ന് അവനും
സൂര്യപ്രഭയാർന്ന വിമാനമേറി
വിഷ്ണുപദം പുകി.
രാമനാമസ്മരണയുടെ ഫലം ഈവിധമാണ്.

ത്യക്ത്വാ തദ്വിപിനം ഘോരം സിംഹവ്യാഘ്രാദിദൂഷിതം
ശനൈരഥാശ്രമപദം ശബര്യാഃ രഘുനന്ദനഃ. 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിംഹവ്യാഘ്രാദി ഭൂഷിതം	സിംഹത്തിൻെറയും കടുവയുടേയും മററും
തദ് ഘോരം വിപിനം ത്യക്ത്വാ	ഭീഷണിയുള്ള ആ ഘോരകാടുവിട്ട്
ശബര്യാഃ ആശ്രമപദം	ശബരിയുടെ ആശ്രമസ്ഥലത്തേക്ക്
രഘുനന്ദനഃ	രാഘവൻ
അഥ ശനൈഃ (യയൗ)	പിന്നെ മെല്ലെ നടന്നു.

ശബരീ രാമമാലോക്യ ലക്ഷ്മണേന സമന്വിതം
ആയാന്തമാരാദ്ധർഷേണ പ്രത്യുത്ഥായാഽചിരേണ സാ. 5

പതിതാ പാദയോരഗ്രേ ഹർഷപൂർണ്ണാശ്രുലോചനാ
സ്വാഗതേനാഭിനന്ദ്യാഥ സ്വാസനേ സംന്യവേശയത്. 6

ലക്ഷ്മണേന സമന്വിതം	ലക്ഷ്മണനോടൊത്ത്
ആരാത് ആയാന്തം	അരികിലെത്തിയ
രാമം ആലോക്യ സാ	രാമനെ കണ്ട് ആ
ശബരീ ഹർഷേണ പ്രത്യുത്ഥായ	ശബരി സന്തോഷമെണീററ്
അചിരേണ പാദയോഃ അഗ്രേ	തെററന്നു കാല്ക്കൽ വീണ്
പതിതാ ഹർഷപൂർണ്ണാശ്രുലോചനാ	ആനന്ദാശ്രു നിറഞ്ഞ മിഴികളോടെ
സ്വാഗതേന അഭിനന്ദ്യ	സ്വാഗതമോതി അഭിനന്ദിച്ചു,
സ്വാസനേ സംന്യവേശയത്	തന്റേതായ ഇരിപ്പിടത്തിലിരുത്തി.

രാമലക്ഷ്മണയോഃ സമ്യക് പാദൗ പ്രക്ഷാല്യ ഭക്തിതഃ
തജ്ജലേനാഭിഷിച്യാംഗം ഹ്യാർഘ്യാദിഭിരാദൃതാ. 7

സംപൂജ്യ വിധിവദ് രാമം സസൗമിത്രിം സപര്യയാ
സംഗൃഹീതാനി ദിവ്യാനി രാമാർത്ഥം ശബരീ മുദാ. 8

ഫലാന്യമൃതകല്പാനി ദദൗ രാമായ ഭക്തിതഃ
പാദൗ സംപൂജ്യ കുസുമൈഃ സുഗന്ധൈഃ സാനുലേപനൈഃ. 9

കൃതാതിഥ്യം രഘുശ്രേഷ്ഠമുപവിഷ്ടം സഹാനുജം
ശബരീ ഭക്തിസംപന്നാ സാഞ്ജലിർവ്വാക്യമബ്രവീത്. 10

രാമലക്ഷ്മണയോഃ പാദൗ	രാമലക്ഷ്മണന്മാരുടെ പാദങ്ങളെ
ഭക്തിതഃ സമ്യക് പ്രക്ഷാല്യ	ഭക്തിയോടെ നന്നായി കഴുകി,
തജ്ജലേന അംഗം അഭിഷിച്യ	ആ ജലംകൊണ്ട് അംഗമഭിഷേകം-
ആദൃതാ സാ ശബരീ	ചെയ്ത് ആദൃതയായ ആ ശബരി,
അർഘ്യാദിഭിഃ സപര്യയാ	അർഘ്യാദിയാലും അർച്ചനയാലും
സസൗമിത്രിം രാമം വിധിവത്	ലക്ഷ്മണസമേതനായ രാമനെ
സംപൂജ്യ രാമാർത്ഥം	യഥാവിധി പൂജിച്ചു; രാമനായി
സംഗൃഹീതാനി അമൃതകല്പാനി	സംഗ്രഹിച്ച അമൃതസമമായ
ദിവ്യാനി ഫലാനി മുദാ	ദിവ്യഫലങ്ങൾ ഹർഷാരേകങ്ങളോടെ
ഭക്തിതഃ രാമായ ദദൗ	രാമന് അർപ്പിച്ചു.

സാനുലേപനൈഃ സുഗന്ധൈഃ	സുഗന്ധലേപനസഹിതം നറുമണമുള്ള
കുസുമൈഃ പാദൗ സംപൂജ്യ	സുമങ്ങളാൽ പാദങ്ങളിലർച്ചിതനും
കൃതാതിഥ്യം സഹാനുജം	ആതിഥ്യമാചരിക്കപ്പെട്ട്.
ഉപവിഷ്ടം രഘുശ്രേഷ്ഠം	അനുജനോടൊത്തിരുന്നവനുമായ
ഭക്തിസമ്പന്നാ ശബരീ	രഘുവരനോട് ഭക്തിസമ്പന്നയായ ശബരി
പ്രാഞ്ജലിഃ വാക്യം അബ്രവീത്	കൈകൂപ്പി ഈ വചനമോതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്രാശ്രമേ രഘുശ്രേഷ്ഠ ഗുരവോ മേ മഹർഷയഃ
സ്ഥിതാഃ, ശുശ്രൂഷണം തേഷാം കുർവ്വതീ സമുപസ്ഥിതാ. 11

ബഹുവർഷസഹസ്രാണി ഗതാസ്തേ ബ്രഹ്മണഃ പദം
ഗമിഷ്യന്തോഽബ്രുവൻ മാം ത്വം വസാത്രൈവ സമാഹിതാ. 12

രഘുശ്രേഷ്ഠ അത്ര ആശ്രമേ	രഘുവര, ഈ ആശ്രമത്തിൽ (മുമ്പ്)
മേ ഗുരവഃ മഹർഷയഃ	എന്റെ ഗുരുക്കന്മാരായ മുനിമാർ
സ്ഥിതാഃ	വസിച്ചിരുന്നു.
തേഷാം ശുശ്രൂഷണം കുർവ്വതീ	അവർക്കു ശുശ്രൂഷ ചെയ്തുകൊണ്ട്
(അഹം) ബഹുവർഷസഹസ്രാണി	ഞാൻ അനേകായിരം വർഷങ്ങൾ
സമുപസ്ഥിതാ	കഴിഞ്ഞുകൂടി.
തേ ബ്രഹ്മണഃ പദം ഗതാഃ	അവർ ബ്രഹ്മപദം പ്രാപിച്ചു.
ഗമിഷ്യന്തഃ മാം അബ്രുവൻ	പോകവേ അവർ എന്നോട് അരുളി:
ത്വം അത്ര ഏവ	നീ ഇവിടെത്തന്നെ
സമാഹിതാ വസ	തപോലീനയായി കഴിയുക.

രാമോ ദാശരഥിർജ്ജാതഃ പരമാത്മാ സനാതനഃ
രാക്ഷസാനാം വധാർത്ഥായ ഋഷീണാം രക്ഷണായ ച. 13

രാക്ഷസാനാം വധാർത്ഥായ	രാക്ഷസരെ വധിക്കാനും
ഋഷീണാം രക്ഷണായ ച	ഋഷിമാരെ രക്ഷിക്കാനുമായി
സനാതനഃ പരമാത്മാ	സനാതനനായ പരമാത്മാവ്
ദാശരഥി രാമഃ ജാതഃ	ദാശരഥി രാമനായി ജനിച്ചിട്ടുണ്ട്.

ആഗമിഷ്യതി സൈകാഗ്ര്യധ്യാനനിഷ്ഠാ സ്ഥിരാ ഭവ
ഇദാനീം ചിത്രകൂടാദ്രാവാശ്രമേ വസതി പ്രഭുഃ. 14

പ്രഭുഃ ഇദാനീം ചിത്രകൂടാദ്രൗ	പ്രഭു ഇപ്പോൾ ചിത്രകൂടാദ്രിയിലുള്ള
ആശ്രമേ വസതി	ആശ്രമത്തിൽ വസിക്കുന്നു.
സഃ ആഗമിഷ്യതി	അദ്ദേഹം വന്നുചേരും.
ഏകാഗ്ര്യധ്യാനനിഷ്ഠാ	ഏകാഗ്രമായ ധ്യാനനിഷ്ഠയോടെ,
സ്ഥിരാ ഭവ	നീ അചഞ്ചലയായിരിക്കുക.

യാവദാഗമനം തസ്യ താവദ് രക്ഷ കളേബരം
ദൃഷ്ട്വൈവ രാഘവം ദഗ്ധ്വാ ദേഹം യാസ്യസി തത്പദം. 15

യാവദ് തസ്യ ആഗമനം	അദ്ദേഹം വരുവോളം
താവദ് കളേബരം രക്ഷ	സ്വദേഹം പുലർത്തുക.
രാഘവം ദൃഷ്ട്വാ ഏവ	(പിന്നെ) രാമനെ ദർശിച്ചുകൊണ്ടുതന്നെ
ദേഹം ദഗ്ധ്വാ	ദേഹം ദഹിപ്പിച്ച്
തത്പദം യാസ്യസി	പരമധാമം പ്രാപിക്കയുമാകാം.

തഥൈവാകരവം രാമ ത്വദ് ധ്യാനൈകപരായണാ
പ്രതീക്ഷ്യാഗമനം തേഽദ്യ സഫലം ഗുരുഭാഷിതം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ ആഗമനം പ്രതീക്ഷ്യ	നിൻെറ വരവു കാത്തു്,
ത്വദ്് ധ്യാനൈകപരായണാ	നിൻെറ ധ്യാനത്തിൽ മാത്രം ലയിച്ചു്,
തഥാ ഏവ അകരവം	അതുപോലെതന്നെ ഞാൻ ചെയ്തു.
രാമ അദ്യ ഗുരുഭാഷിതം സഫലം	രാമ, ഇന്നു ഗുരുവചനം സഫലമായി.

തവ സന്ദർശനം രാമ, ഗുരൂണാമപി മേ നഹി
യോഷിൻമൂഢാഽപ്രമേയാത്മൻ ഹീനജാതിസമുദ്ഭവാ. 17

തവ ദാസസ്യ ദാസാനാം ശതസംഖ്യോത്തരസ്യ വാ
ദാസീത്വേ നാഽധികാരോഽസ്തി കുതഃ സാക്ഷാത്
തവൈവ ഹി. 18

രാമ തവ സന്ദർശനം മേ	പ്രഭോ, നിൻെറ ദർശനം എൻെറ
ഗുരൂണാം അപി ഹി ന	ഗുരുക്കന്മാർക്കുപോലും ലഭിച്ചില്ല.
അപ്രമേയാത്മൻ	അറിവിനു് അഗോചരനായോനേ,
ഹീനജാതിസമുദ്ഭവാ	ഹീനജാതിയിൽ പിറന്ന
മൂഢാ യോഷിത് (അഹം)	ഒരു മൂഢവനിതയാണേ ഞാൻ.
തവ ദാസസ്യ ദാസാനാം	നിൻെറ ദാസൻെറ ദാസന്മാരുടെയോ,
ശതസംഖ്യോത്തരസ്യ വാ	നൂറെണ്ണത്തിലവസാനക്കാരൻെറയോ
ദാസീത്വേ അധികാരഃ	പോലും ദാസീത്വത്തിനധികാരം
ന അസ്തി	എനിക്കില്ല.
സാക്ഷാത്	സാക്ഷാൽ നിന്തിരുവടിയുടെതന്നെ
തവ ഏവ ഹി കുതഃ?	(ദാസിയാകുക) പിന്നെയെങ്ങനെ?

കഥം രാമാഽദ്യ മേ ദൃഷ്ടസ്ത്വം മനോവാഗഗോചരഃ
സ്തോതും ന ജാനേ ദേവേശ, കിം കരോമി പ്രസീദ മേ. 19

രാമ ത്വം	രാമ, നീ
മനോവാഗഗോചരഃ	വാക്കിനും മനസ്സിനും ഗോചരനല്ല.
കഥം മേ അദ്യ ദൃഷ്ടഃ	എങ്ങനെ എനിക്കിന്നു നീ ദൃശ്യനായി?
ദേവേശ സ്തോതും	ദേവേശ, സ്തുതിക്കാൻ
ന ജാനേ	എനിക്കറിവില്ല.
കിം കരോമി മേ പ്രസീദ	എന്താണു ചെയ്യുക! എന്നിൽ കനിയണമേ.

ശ്രീരാമ ഉവാച: ശ്രീരാമൻ അരുൾചെയ്തു

പുംസ്ത്വേ സ്ത്രീത്വേ വിശേഷോ വാ ജാതിനാമാശ്രയാദയഃ
ന കാരണം മദ്ഭജനേ ഭക്തിരേവ ഹി കാരണം. 20

പുംസ്ത്വേ സ്ത്രീത്വേ	പുരുഷത്വത്തിലും നാരീത്വത്തിലുമുള്ള
വിശേഷഃ ജാതി	പ്രത്യേകതയോ ജാതിയോ
നാമാശ്രയാദയഃ വാ	നാമമോ ആസ്പദമാക്കിയ
മദ്ഭജനേ	(വൈശിഷ്ട്യമോ) എന്നെ
കാരണം ന	ഭജിക്കുന്നതിനു് കാരണമല്ല.
ഭക്തിഃ ഏവ കാരണം	ഭക്തിമാത്രമേ കാരണമാകൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞദാനതപോഭിർവാ വേദാധ്യയനകർമ്മഭിഃ
നൈവ ദ്രഷ്ടുമഹം ശക്യോ മദ്ഭക്തിവിമുഖൈഃ സദാ. 21

സദാ യജ്ഞദാനതപോഭിഃ	നിരന്തരമായ യജ്ഞദാനതപസ്സുകളാലോ
വേദാധ്യയനകർമ്മഭിഃ വാ	വേദാധ്യയനകർമ്മങ്ങളാലോ
മദ്ഭക്തിവിമുഖൈഃ	എന്നിൽ ഭക്തിയില്ലാത്തവർക്ക്
അഹം ദ്രഷ്ടും ന ശക്യഃ ഏവ	എന്നെ കാണാനാവില്ലതന്നെ.

തസ്മാദ് ഭാമിനി സംക്ഷേപാത് വക്ഷ്യേഽഹം ഭക്തിസാധനം.
സതാം സംഗതിരേവാത്ര സാധനം പ്രഥമം സ്മൃതം. 22

തസ്മാത് ഭാമിനി	അതിനാൽ, സ്നേഹശീലേ,
ഭക്തിസാധനം സംക്ഷേപാത്	ഭക്തിക്കുള്ള ഉപാധി
അഹം വക്ഷ്യേ	ചുരുക്കി ഞാൻ ഉപദേശിക്കാം:
സതാം സംഗതിഃ	സത്സംഗംതന്നെയാണ്
ഏവ അത്ര പ്രഥമം	ഇവിടെ ആദ്യോപാധിയായി
സാധനം സ്മൃതം	സങ്കല്പിക്കപ്പെടുന്നതു്.

ദ്വിതീയം മത്കഥാലാപഃ തൃതീയം മദ്ഗുണേരണം
വ്യാഖ്യാതൃത്വം മദ്വചസാം ചതുർത്ഥം സാധനം ഭവേത്. 23

മത്കഥാലാപഃ ദ്വിതീയം	എന്റെ കഥാകഥനം രണ്ടാമത്തു്,
തൃതീയം മദ്ഗുണേരണം	മൂന്നാമത്തു് എന്റെ ഗുണകീർത്തനം,
മദ്വചസാം വ്യാഖ്യാതൃത്വം	എന്റെ വചനങ്ങളുടെ വ്യാഖ്യാതൃത്വം
ചതുർത്ഥം സാധനം ഭവേത്	നാലാം ഉപാധിയായിരിക്കും.

ആചാര്യോപാസനം ഭദ്രേ മദ്ബുദ്ധ്യാഽമായയാ സദാ
പഞ്ചമം പുണ്യശീലത്വം യമാദി നിയമാദി ച. 24

നിഷ്ഠാ മത്പൂജനേ നിത്യം ഷഷ്ഠം സാധനമീരിതം
മമ മന്ത്രോപാസകത്വം സാംഗം സപ്തമമുച്യതേ. 25

ഭദ്രേ അമായയാ മദ്ബുദ്ധ്യാ	ഭദ്രേ, മായമെന്യേ ഈശ്വരഭാവേന
സദാ ആചാര്യോപാസനം	നിരന്തരം (ചെയ്യുന്ന) ഗുരുസേവ
പഞ്ചമം	അഞ്ചാമത്തേതു്.
പുണ്യശീലത്വം യമാദി നിയമാദി	പുണ്യാചരണം, യമനിയമങ്ങളും,
ച മത്പൂജനേനിത്യം നിഷ്ഠാ	എന്റെ പൂജയിലുറച്ച നിഷ്ഠ
ഷഷ്ഠം സാധനം ഈരിതം	(ഇവ) ആറാം ഉപാധിയെന്നു പറയപ്പെടുന്നു.
സാംഗം മമ മന്ത്രോപാസകത്വം	സാംഗമായി എന്റെ മന്ത്രമുപാസിക്കയാ-
സപ്തമം ഉച്യതേ	ണ് ഏഴാമത്തേതായി പറയപ്പെടുന്നതു്.

മത്ഭക്തേഷ്വധികാ പൂജാ സർവ്വഭൂതേഷു മന്മതിഃ
ബാഹ്യാർത്ഥേഷു വിരാഗിത്വം ശമാദിസഹിതം തഥാ. 26

അഷ്ടമം നവമം തത്വവിചാരോ മമ ഭാമിനി
ഏവം നവവിധാ ഭക്തിഃ സാധനം യസ്യ കസ്യ വാ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ത്രീയോ വാ പുരുഷസ്യാപി തിര്യഗ്യോനിഗതസ്യ വാ
ഭക്തിഃ സംജായതേ പ്രേമലക്ഷണാ ശുഭലക്ഷണേ. 28

മദ് ഭക്തേഷു അധികം പൂജാ	എന്റെ ഭക്തരെ സവിശേഷം പൂജിക്കുക,
സർവ്വഭൂതേഷു മന്മതിഃ	സകല ഭൂതങ്ങളിലും ഈശ്വരഭാവം,
ബാഹ്യാർത്ഥേഷു ശമാദിസഹിതം	ബാഹ്യവസ്തുക്കളിൽ ശമാദി കലർന്ന
വിരാഗിതാം അഷ്ടമം	വിരക്തി (ഇവ) എട്ടാമത്തേതു്.
തഥാ നവമം	അങ്ങനെ ഒമ്പതാമത്തു്
മമ തത്ത്വവിചാരഃ	ഭഗവത്തത്ത്വചിന്ത.
ശുഭേ ലക്ഷണേ ഭാമിനി ഏവം നവ—	ശുഭലക്ഷണേ, സ്നേഹശീലേ, ഈ ഒൻപതു
വിധാ ഭക്തിഃ യസ്യ	വ ധ ഭക്തി[1] ഏതൊരുവന്
കസ്യ വാ സാധനം	ഉപാധിയായി (കരഗതമാകുന്നുവോ)
സ്ത്രീയഃ പുരുഷസ്യ വാ	പെണ്ണായാലും ആണായാലും പക്ഷി—
തിര്യഗ്യോനിഗതസ്യ	മൃഗാദിയോനിയിൽ പിറന്നവനായാൽ
അപി വാ തസ്യ പ്രേമലക്ഷണം	പോലും അവനിൽ പ്രേമലക്ഷണയായ
ഭക്തിഃ സംജായതേ	ഭക്തി[2] ഉളവാകുന്നതാണ്.
പ്രഥമം സാധനം യസ്യ	ആദ്യത്തെ ഉപാധി ആർക്കുണ്ടോ,
ഭവേത് തസ്യ ക്രമേണ	അവന് ക്രമത്തിൽ
സർവ്വം ഭവേത്	മറെറല്ലാം കൈവരും.
തതഃ ഭക്തിഃ ഏവ	അതിനാൽ ഭക്തിതന്നെയാണ്
മുക്തിഃ സുനിശ്ചിതം	മുക്തിയെന്നു തീർച്ച.
ത്വം മദ്ഭക്തിയുക്താ	നീ എന്നിൽ ഭക്തിയുള്ളവളാം
യസ്മാത് തതഃ അഹം	ആയതിനാൽ ഞാൻ
ത്വാം ഉപസ്ഥിതഃ	നിന്റെ അടുത്തുകൂ വന്നു.

ഇതോ മദ്ദർശനാന്മുക്തിഃ കവ നാസ്ത്യത്രസംശയഃ
യദി ജാനാസി മേ ബ്രൂഹി സീതാ കമലലോചനാ. 29

കുത്രാഽസ്തേ കേന വാ നീതാ പ്രിയാ മേ പ്രിയദർശനാ.

മദ്ദർശനാത് ഇതഃ	എന്നെ ദർശിക്കയാൽ ഇനി
തവ മുക്തിഃ അത്ര	നിനക്കു മോക്ഷമാണ് എന്നതിൽ
സംശയഃ ന അസ്തി	സംശയമില്ല.

---

1. നവവിധഭക്തിയെപ്പററി ശ്രീമദ് ഭാഗവതം പറയുന്നു: ''ശ്രവണം കീർത്തനം വിഷ്ണോഃ സ്മരണം പാദസേവനം അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം.'' (VII. 5. 23) ഗീതയിലും കാണാം നവവിധഭക്തിയുടെ നിരൂപണം. (III. 30; IV. 24, 34; IX. 14, 34; XIII. 25; VIII. 73 മുതലായവ.)

2. പ്രേമലക്ഷണാഭക്തിയെപ്പററി മുമ്പു വിശദീകരിച്ചിട്ടുണ്ട്. ജ്ഞാനാദികളേക്കാൾ മികച്ചതാണ് ഭക്തിയെന്നു ഗ്രന്ഥകാരൻ വിവക്ഷിക്കുന്നു. (ശ്രീമദ് ഭാഗവതം—II. 18) പ്രേമലക്ഷണാഭക്തിയിൽ അധികാരിഭേദമില്ല, ആഢ്യത്വമില്ല. പരമപദപ്രാപ്തിക്ക് അമോഘമായ ഏകോപാധി ഭക്തിയാണ്— ''ഭക്തിരേകൈവമുക്തിദാ.'' (ശ്രീമദ് ഭാഗവതം—II. 21) ''പ്രീയതേഽമലയാ ഭക്ത്യാ ഹരിരന്യദ് വിഡംബനം.'' (ശ്രീമദ് ഭാഗവതം—VII. 52)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദി ജാനാസി മേ ബ്രൂഹി	നിനക്കറിയാമെങ്കിൽ എന്നോടു പറയൂ,
കമലലോചനാ	കമലമുഖിയായ
സീതാ കുത്ര ആസ്തേ	സീത എവിടെയാണ് കഴിയുന്നത്?
പ്രിയദർശനാ മേ പ്രിയാ	പ്രിയദർശനയായ എന്റെ പ്രിയയെ
കേന വാ നീതാ	ആരാണ് കൊണ്ടുപോയത്?

ശബരീ ഉവാച: ശബരി പറഞ്ഞു

ദേവ ജാനാസി സർവ്വജ്ഞ സർവ്വം ത്വം വിശ്വഭാവന,
തഥാപി പൃച്ഛസേ യന്മാം ലോകാനനുസൃതഃ പ്രഭോ. 30

തതോഽഹമഭിധാസ്യാമി സീതാ യത്രാധുനാ സ്ഥിതാ
രാവണേന ഹൃതാ സീതാ ലങ്കായാം വർത്തതേഽധുനാ. 31

സർവ്വജ്ഞ വിശ്വഭാവന	സർവ്വജ്ഞ, ലോകാനുഗ്രഹകര,
ദേവ ത്വം സർവ്വം ജാനാസി	ദേവ, നീ എല്ലാം അറിയുന്നു.
തഥാപി പ്രഭോ	എങ്കിലും പ്രഭോ,
ലോകാൻ അനുസൃതഃ	ലോകരെ അനുസരിച്ച്
യത് മാം പൃച്ഛസേ	എന്നോടു ചോദിക്കയാണല്ലോ.
തതഃ അധുനാ	തന്മൂലം ഇപ്പോൾ
സീതാ യത്ര സ്ഥിതാ	സീത എവിടെയിരിക്കുന്നെന്നു
അഹം അഭിധാസ്യാമി	ഞാൻ അറിയിക്കാം.
രാവണേന ഹൃതാ സീതാ	രാവണനാൽ അപഹൃതയായ സീത
അധുനാ ലങ്കായാം വർത്തതേ	ഇപ്പോൾ ലങ്കയിലുണ്ട്.

ഇതഃ സമീപേ രാമാഽസ്തേ പമ്പാ നാമ സരോവരം
ഋഷ്യമൂകഗിരിർനാമ തത്സമീപേ മഹാനഗഃ. 32

രാമ ഇതഃ സമീപേ	രാമ, ഇതിനടുത്ത്
പമ്പാനാമ സരോവരം ആസ്തേ	പമ്പയെന്നു പേരായ തടാകമുണ്ട്.
തത്സമീപേ	അതിന്നരികിലാണ്
ഋഷ്യമൂകഗിരിഃ നാമ മഹാനഗഃ	ഋഷ്യമൂകമെന്ന മഹാഗിരി.

ചതുർഭിർമന്ത്രിഭിഃ സാർദ്ധം സുഗ്രീവോ വാനരാധിപഃ
ഭയഭീതഃ സദാ യത്ര തിഷ്ഠത്യതുലവിക്രമഃ. 33

ബാലിനശ്ച ഭയാത് ഭ്രാതുസ്തദഗമ്യമൃഷേർഭയാത്
ബാലിനസ്തത്ര ഗച്ഛ ത്വം തേന സഖ്യം കുരു പ്രഭോ. 34

സുഗ്രീവേണ സ സർവ്വം തേ കാര്യം സമ്പാദയിഷ്യതി
അഹമഗ്നിം പ്രവേക്ഷ്യാമി തവാഗ്രേ രഘുനന്ദന. 35

യത്ര അതുലവിക്രമഃ	അവിടെയാണ് കിടയററ വീരൻ
വാനരാധിപഃ സുഗ്രീവഃ	വാനരാധിപൻ സുഗ്രീവൻ
ഭ്രാതുഃ ബാലിനഃ ഭയാത്	സോദരനായ ബാലിയെ പേടിച്ച്
ഭീതഭീതഃ ചതുർഭിഃ	നടുങ്ങി നാലു
മന്ത്രിഭിഃ സാർദ്ധം തിഷ്ഠതി	മന്ത്രിമാരോടൊത്ത് കഴിഞ്ഞുകൂടുന്നത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷേഃ ഭയാത് തത്	മുനിയുടെ (ശാപ)ഭീതിയാൽ
ബാലിനഃ അഗമ്യം	ആ സ്ഥലത്ത് ബാലിക്കു കടക്കാനാവില്ല.
പ്രഭോ ത്വം തത്ര ഗച്ഛ	പ്രഭോ, നീ അവിടെ ചെല്ലുക.
തേന സുഗ്രീവേണ	ആ സുഗ്രീവനുമായി
സഖ്യം കുരു	സഖ്യംചെയ്യുക.
തേ കാര്യം സർവ്വം	നിന്റെ കാര്യമെല്ലാം
സഃ സമ്പാദയിഷ്യതി	അവൻ നിറവേററിത്തരും.
രഘുനന്ദന അഹം	രഘുനന്ദന, ഞാൻ നിന്റെ
തവ അഗ്രേ	തിരുമുമ്പിൽവച്ചു(തന്നെ)
അഗ്നിം പ്രവേക്ഷ്യാമി	അഗ്നിയിൽ പ്രവേശിക്കട്ടെ.

മുഹൂർത്തം തിഷ്ഠ രാജേന്ദ്ര യാവദ് ദഗ്ദ്ധ്വാ കളേബരം
യാസ്യാമി ഭഗവൻ രാമ, തവ വിഷ്ണോഃ പരം പദം. 36

രാജേന്ദ്ര ഭഗവൻ രാമ	രാജേന്ദ്ര, ഭഗവാനെ, രാമ,
മുഹൂർത്തം തിഷ്ഠ	തെല്ലിട നില്ക്കേണമേ.
യാവത് കളേബരം ദഗ്ദ്ധ്വാ	അപ്പോഴേക്കും ദേഹം ദഹിപ്പിച്ചു ഞാൻ
വിഷ്ണോഃ തവ	വിഷ്ണുവായ നിന്റെ
പരം പദം യാസ്യാമി	പരമപദം പ്രാപിച്ചുകൊള്ളാം.

ഇതി രാമം സമാമന്ത്ര്യ പ്രവിവേശ ഹുതാശനം
ക്ഷണാന്നിർധൂയ സകലമവിദ്യാകൃതബന്ധനം
രാമപ്രസാദാച്ഛബരീ മോക്ഷം പ്രാപാതിദുർല്ലഭം. 37

ഇതി രാമം സമാമന്ത്ര്യ ശബരീ	ഇങ്ങനെ രാമനോടു വിടവാങ്ങി ശബരി
ഹുതാശനം പ്രവിവേശ	അഗ്നിപ്രവേശം ചെയ്തു.
രാമപ്രസാദാത് അവിദ്യാകൃതം	രാമന്റെ കരുണയാൽ അവിദ്യാജനിത–
സകലം ബന്ധനം	മായ എല്ലാ ബന്ധനങ്ങളും
ക്ഷണാത് നിർധൂയ	ക്ഷണത്തിലൊഴിവാക്കി
അതിദുർല്ലഭം മോക്ഷം പ്രാപ.	പരമദുർല്ലഭമായ മോക്ഷം നേടി.

കിം ദുർല്ലഭം ജഗന്നാഥേ ശ്രീരാമേ ഭക്തവത്സലേ
പ്രസന്നേഽധമജന്മാഽപി ശബരീ മുക്തിമാപ സാ. 38

ഭക്തവത്സലേ ജഗന്നാഥേ	ഭക്തവത്സലനും ലോകനാഥനുമായ
ശ്രീരാമേ പ്രസന്നേ	ശ്രീരാമൻ പ്രസാദിച്ചാൽ
കിം ദുർല്ലഭം	എന്താണു ദുർല്ലഭം?
അധമജന്മാ അപി	നീചകുലത്തിൽ ജനിച്ചവളെങ്കിലും
ശബരീ മുക്തിം ആപ	ശബരി മുക്തിയാർജ്ജിച്ചു.

കിം പുനർബ്രാഹ്മണാഃ മുഖ്യാഃ പുണ്യാഃ ശ്രീരാമചിന്തകാഃ
മുക്തിം യാന്തീതി തദ്ഭക്തിർമുക്തിരേവ ന സംശയഃ. 39

ശ്രീരാമ ചിന്തകാഃ	രാമനെ ധ്യാനിക്കുന്ന
പുണ്യാഃ മുഖ്യാഃ	പുണ്യാത്മാക്കളും മുഖ്യരുമായ
ബ്രാഹ്മണാഃ മുക്തിം യാന്തി ഇതി	ബ്രാഹ്മണർ മുക്തി നേടുന്നു എന്നു
പുനഃ കിം	പിന്നെ (വിശേഷ്യ) പറയേണമോ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദ്ഭക്തിഃ ഏവ	രാമഭക്തിതന്നെയാണ്
മുക്തിഃ ന സംശയഃ	മുക്തി; സംശയമില്ല.

ഭക്തിർമുക്തിവിധായിനീ
ഭഗവതഃ ശ്രീരാമചന്ദ്രസ്യ ഹേ
ലോകാഃ, കാമദുഘാംഘ്രി
പദ്മയുഗളം സേവധ്വമത്യുത്സുകാഃ
നാനാജ്ഞാനവിശേഷ–
മന്ത്രവിതതിം ത്യക്ത്വാ സുദൂരേ ഭൃശം
രാമം ശ്യാമതനും സ്മരാരിഹൃദയേ
ഭാന്തം ഭജധ്വം ബുധാഃ 40

ഹേ ലോകാഃ, ഭഗവതഃ	ലോകരേ, ഭഗവാൻ
ശ്രീരാമചന്ദ്രസ്യ ഭക്തിഃ	രാമചന്ദ്രനിലുള്ള ഭക്തി,
മുക്തിവിധായിനീ	മുക്തിപ്രദമാണ്.
കാമദുഘാംഘ്രി	ആശിപ്പതു ചൊരിയുന്ന
പദ്മയുഗളം	ആ കാല്ത്താരിണ തികഞ്ഞ
അത്യുത്സുകാഃ സേവധ്വം	സ്നേഹവായ്പോടെ സേവിക്കുവിൻ.
ബുധാഃ നാനാജ്ഞാന–	വിദ്വാന്മാരേ, നാനാജ്ഞാനങ്ങളും
വിശേഷമന്ത്രവിതതിം ഭൃശം	വിശിഷ്ടമന്ത്രതന്ത്രങ്ങളും ഉടനടി
സുദൂരേ ത്യക്ത്വാ സ്മരാരി	അതിദൂരെക്കളഞ്ഞ് മാരാരിയുടെ
ഹൃദയേ ഭാന്തം ശ്യാമതനും	മനതാരിൽ വിളങ്ങുന്ന ശ്യാമമേനിയായ
രാമം ഭജധ്വം	രാമനെ ഭജിക്കുവിൻ.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
അരണ്യകാണ്ഡേ ദശമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
അരണ്യകാണ്ഡം പത്താംസർഗ്ഗം കഴിഞ്ഞു.

സമാപ്തമിദം അരണ്യകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിഷ്കിന്ധാകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഒന്ന്

സുഗ്രീവസഖ്യം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

തതഃ സലക്ഷ്മണോ രാമഃ ശനൈഃ പമ്പാസരസ്തടം
ആഗത്യ സരസാം ശ്രേഷ്ഠം ദൃഷ്ട്വാ വിസ്മയമായയൗ. 1

തതഃ സലക്ഷ്മണഃ രാമഃ	പിന്നെ ലക്ഷ്മണനോടൊപ്പം രാമൻ
ശനൈഃ പമ്പാസരസ്തടം	മെല്ലെ പമ്പാസരസ്സിന്റെ
ആഗത്യ സരസാം ശ്രേഷ്ഠം	തീരത്തെത്തി, സരസ്സുകളിൽ മികച്ച
ദൃഷ്ട്വാ വിസ്മയം ആയയൗ	(പമ്പ) കണ്ട് വിസ്മയം പൂണ്ടു.

ക്രോശമാത്രം സുവിസ്തീർണ്ണമഗാധാമലശംബരം
ഉത്ഫുല്ലാംബുജകൽഹാരകുമുദോത്പലമണ്ഡിതം. 2

ഹംസകാരണ്ഡവാകീർണ്ണം ചക്രവാകാദിശോഭിതം
ജലകുക്കുടകോയഷ്ടി ക്രൗഞ്ചനാദോപനാദിതം. 3

നാനാപുഷ്പലതാകീർണ്ണം നാനാഫലസമാവൃതം
സതാം മനഃസ്വച്ഛജലം പദ്മകിഞ്ജൽക്കവാസിതം. 4

ക്രോശമാത്രം	ഒരു ക്രോശം മാത്രം വിസ്താരമുള്ളതും
സുവിസ്തീർണ്ണം	ആഴമേറിയതും തെളിനീർ നിറഞ്ഞതും
അഗാധാമലശംബരം	വിരിഞ്ഞ താമര, കൽഹാരം,
ഉത്ഫുല്ലാംബുജകൽഹാര-	ആമ്പൽ, നീലകമലം ഇവയാൽ
കുമുദോത്പലമണ്ഡിതം	അലംകൃതവും, അരയന്നം, എരണ്ട ഇവ
ഹംസകാരണ്ഡവാകീർണ്ണം	നിറഞ്ഞതും ചക്രവാകാദിയാൽ
ചക്രവാകാദിശോഭിതം	ശോഭിതവും കുളക്കോഴി, വെള്ളമുണ്ടി,
ജലകുക്കുടകോയഷ്ടി	ക്രൗഞ്ചം ഇവയുടെ കളനാദത്താൽ
ക്രൗഞ്ചനാദോപനാദിതം	മുഖരിതവും പലതരം പൂവല്ലികൾ
നാനാപുഷ്പലതാകീർണ്ണം	നിറഞ്ഞതും നാനാഫലങ്ങൾ
നാനാഫലസമാവൃതം	തിങ്ങിയതും താമരയല്ലിയുടെ
പദ്മകിഞ്ജൽക്കവാസിതം	നറുമണമാർന്നതും സത്തുക്കളുടെ
സതാം മനഃസ്വച്ഛജലം	മനസ്സുപോലെ തെളിഞ്ഞ നീർ
(ച ആസീത് സരഃ)	നിറഞ്ഞതും ആയിരുന്നു സരസ്സ്.

തത്രോപസ്പൃശ്യ സലിലം പീത്വാ ശ്രമഹരം വിഭുഃ
സാനുജഃ സരസസ്തീരേ ശീതളേന പഥാ യയൗ. 5

ശ്രമഹരം സലിലം	ശ്രമഹരമായ നീർ സ്പർശിച്ച്
ഉപസ്പൃശ്യ പീത്വാ	(കൈകാൽമുഖം കഴുകി)
സാനുജഃ വിഭുഃ	പാനവും ചെയ്ത് അനുജനോടൊത്ത്
തത്ര സരസഃ തീരേ	പ്രഭു ആ സരസ്സിന്റെ തീരത്തുള്ള
ശീതളേന പഥാ യയൗ	തണൽപ്പാതയിലൂടെ പോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷ്യമൂകഗിരേഃ പാർശ്വേ ഗച്ഛന്തൌ രാമലക്ഷ്മണൌ
ധനുർബ്ബാണകരൌ ദാന്തൌ ജടാവല്ക്കലമണ്ഡിതൌ
പശ്യന്തൌ വിവിധാൻ വൃക്ഷാൻ ഗിരേഃ ശോഭാം സുവിക്രമൌ. 6

ജടാവല്ക്കലമണ്ഡിതൌ	ജടാവല്ക്കലങ്ങളാൽ വിളങ്ങുന്ന,
ധനുർബാണകരൌ സുവിക്രമൌ	കൈകളിൽ വില്ലമമ്പുമേന്തിയ,
ദാന്തൌ രാമലക്ഷ്മണൌ	സുധീരരും സംയമികളുമായ,
വിവിധാൻ വൃക്ഷാൻ ഗിരേഃ	രാമലക്ഷ്മണന്മാർ പലതരം
ശോഭാം പശ്യന്തൌ	തരുക്കളും ശൈലശോഭയും
ഋഷ്യമൂകഗിരേഃ പാർശ്വേ	നോക്കിക്കണ്ട് ഋഷ്യമൂകഗിരിയുടെ
ഗച്ഛന്തൌ (ആസ്താം)	അരികിലൂടെ നടന്നുപോയി.

സുഗ്രീവസ്തു ഗിരേർമൂർദ്ധ്നി ചതുർഭിഃ സഹ വാനരൈഃ
സ്ഥിത്വാ ദദർശ തൌ യാന്താവാരുരോഹ ഗിരേഃ ശിരഃ. 7

സുഗ്രീവഃ തു ചതുർഭിഃ വാനരൈഃ	സുഗ്രീവനാകട്ടെ നാലു വാനരരോടൊ
സഹ ഗിരേഃ മൂർദ്ധ്നി സ്ഥിത്വാ	ത്തു് ഗിരിമുകളിൽ നില്ക്കവേ,
യാന്തൌ തൌ ദദർശ	നടന്നുപോകുന്ന അവരെ കണ്ടു.
ഗിരേഃ ശിരഃ	ഗിരിയുടെ ശിഖരത്തിലേക്കു്
ആരുരോഹ	(അവൻ) കയറിപ്പോയി.

ഭയാദാഹ ഹനുമന്തം കൌ തൌ വീരവരൌ സഖേ
ഗച്ഛ ജാനീഹി ഭദ്രം തേ വടുർഭൂത്വാ ദ്വിജാകൃതിഃ. 8

ഭയാത്	ഭീതിയോടെ
ഹനുമന്തം ആഹ	ഹനുമാനോടു ചോദിച്ചു:
സഖേ	സഖേ,
തൌ വീരവരൌ കൌ	ആ വീരവരർ ആരായിരിക്കാം?
ദ്വിജാകൃതിഃ	വിപ്രാകാരനായ
വടുഃ ഭൂത്വാ ഗച്ഛ	വടുവായിച്ചെല്ലുക; (വിവരം)
ജാനീഹി. തേ ഭദ്രം	അറിയുക. നിനക്കു മംഗളം.

ബാലിനാ പ്രേഷിതൌ കിം വാ മാം ഹന്തും സമുപാഗതൌ
താഭ്യാം സംഭാഷണം കൃത്വാ ജാനീഹി ഹൃദയം തയോഃ. 9

മാം ഹന്തും ബാലിനാ	എന്നെ കൊല്ലാൻ ബാലി
പ്രേഷിതൌ സമുപാഗതൌ കിം വാ?	അയച്ചവരാകുമോ വന്നതു്?
താഭ്യാം സംഭാഷണം കൃത്വാ	അവരോടു സംഭാഷണംചെയ്തു്
തയോഃ ഹൃദയം ജാനീഹി	അവരുടെ മനോഗതി അറിയുക.

യദി തൌ ദുഷ്ടഹൃദയൌ സംജ്ഞാം കുരു കരാഗ്രതഃ
വിനയാവനതോ ഭൂത്വാ ഏവം ജാനീഹി നിശ്ചയം. 10

യദി തൌ ദുഷ്ടഹൃദയൌ	അവർ ദുഷ്ടഹൃദയരെങ്കിൽ
കരാഗ്രതഃ സംജ്ഞാം കുരു	കരാഗ്രത്താൽ അടയാളം കാണിക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിനയാവനതഃ ഭൂത്വാ	വിനയനമ്രനായ് (സംസാരിച്ച്)
ഏവം നിശ്ചയം ജാനീഹി	ഇതു തീർത്തറിഞ്ഞുകൊള്ളണം.

തഥേതി വടുരൂപേണ ഹനുമാൻ സമുപാഗതഃ
വിനയാവനതോ ഭൂത്വാ രാമം നത്വേദമബ്രവീത്. 11

തഥാ ഇതി ഹനുമാൻ	അങ്ങനെയാകട്ടെയെന്ന് ഹനുമാൻ
വടുരൂപേണ സമുപാഗതഃ	വടുവേഷത്തിൽ അവരെ സമീപിച്ചു.
വിനയാവനതഃ ഭൂത്വാ രാമം	വിനയനമ്രനായി രാമനെ
നത്വാ ഇദം അബ്രവീത്	വണങ്ങി ഇങ്ങനെ ചോദിച്ചു:

കൌ യുവാം പുരുഷവ്യാഘ്രൌ യുവാനൌ വീരസമ്മതൌ
ദ്യോതയന്തൌ ദിശഃ സർവ്വാഃ പ്രഭയാ ഭാസ്കരാവിവ. 12

പുരുഷവ്യാഘ്രൌ യുവാനൌ	പുരുഷകേസരികളേ, യുവാക്കളും
വീരസമ്മതൌ ദിശഃ സർവ്വാഃ	വീരസമ്മതരും ദിക്കെല്ലാം ഒളിയാൽ
പ്രഭയാ ഭാസ്കരൌ ഇവ	സൂര്യനെപ്പോലെ പ്രകാശിപ്പിക്കുന്നവരു-
ദ്യോതയന്തൌ യുവാം കൌ?	മായ നിങ്ങളാര്?

യുവാം ത്രൈലോക്യകർത്താരാവിതി ഭാതി മനോ മമ
യുവാം പ്രധാനപുരുഷൌ ജഗദ്ധേതൂ ജഗന്മയൌ. 13

യുവാം ത്രൈലോക്യകർത്താരൌ	നിങ്ങൾ മൂവുലകത്തിന്നും കർത്താക്കളാ-
ഇതി മമ മനഃ ഭാതി	ണെന്ന് എന്റെയുള്ളിൽ തോന്നുന്നു.
യുവാം ജഗദ്ധേതൂ	നിങ്ങൾ ജഗത്തിനു
ജഗന്മയൌ	ഹേതുഭൂതരും ജഗത്സ്വരൂപരുമായ
പ്രധാനപുരുഷൌ	ദിവ്യപുരുഷരാണ്.

മായയാ മാനുഷാകാരൌ ചരന്താവിവ ലീലയാ
ഭൂഭാരഹരണാർത്ഥായ ഭക്താനാം പാലനായ ച. 14

ഭൂഭാരഹരണാർത്ഥായ	ഭൂമിയുടെ ഭാരം നീക്കാനും
ഭക്താനാം പാലനായ ച മായയാ	ഭക്തരെ പരിപാലിക്കാനുമായി മായയാൽ
മാനുഷാകാരൌ ലീലയാ	മാനവാകൃതിപൂണ്ട് ലീലാഭാവേന
ചരന്തൌ ഇവ	സഞ്ചരിക്കുന്നവരുമാകാം.

അവതീർണ്ണാവിഹ പരൌ ചരന്തൌ ക്ഷത്രിയാകൃതീ
ജഗത് സ്ഥിതിലയൌ സർഗ്ഗം ലീലയാ കർത്തുമുദ്യതൌ. 15

സ്വതന്ത്രൌ പ്രേരകൌ സർവ്വഹൃദയസ്ഥാവിഹേശ്വരൌ
നരനാരായണൌ ലോകേ ചരന്താവിതി മേ മതിഃ. 16

ലീലയാ	ലീലയാൽ ജഗത്തിന്റെ
ജഗത്സ്ഥിതിലയൌ	നിലനില്പും വിലയവും സൃഷ്ടിയും
സർഗ്ഗം കർത്തുമുദ്യതൌ	ചെയ്യാൻപോന്ന പരമപുരുഷർ,
പരൌ ക്ഷത്രിയാകൃതീ	ക്ഷത്രിയാകൃതിയിൽ പിറന്ന്
അവതീർണ്ണൌ ഇഹ ചരന്തൌ	ഇവിടെ നടക്കുകയാകാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വതന്ത്രൗ സർവ്വഹൃദയസ്ഥൗ പ്രേരകൗ ഈശ്വരൗ നരനാരായണൗ ഇഹ ലോകേ ചരന്തൗ ഇതി മേ മതിഃ	സ്വതന്ത്രരും എല്ലാവരുടെയും കരളിലിരുന്നു (നന്മയിലേക്കു) നയിക്കുന്നവരും ഈശ്വരരുമായ നരനാരായണന്മാർ ഈ ലോകത്തിൽ സഞ്ചരിക്കയാണെ- ന്നാണ് എന്റെ ധാരണ.

ശ്രീരാമോ ലക്ഷ്മണം പ്രാഹ പശ്യൈനം വടുരൂപിണം
ശബ്ദശാസ്ത്രമശേഷേണ ശ്രുതം നൂനമനേകധാ. 17

ശ്രീരാമഃ ലക്ഷ്മണം പ്രാഹ വടുരൂപിണം ഏനം പശ്യ	രാമൻ ലക്ഷ്മണനോട് അരുളി. വടുരൂപിയായ ഇവനെ നോക്കൂ.
ശബ്ദശാസ്ത്രം അശേഷേണ അനേകധാ (അനേന) ശ്രുതം	വ്യാകരണം മുഴുവൻ പലവുരു ഇവൻ പഠിച്ചിട്ടുണ്ട്.

അനേന ഭാഷിതം കൃത്സ്നം ന കിഞ്ചിദപശബ്ദിതം
തതഃ പ്രാഹ ഹനൂമന്തം രാഘവോ ജ്ഞാനവിഗ്രഹഃ. 18

അനേന ഭാഷിതം കൃത്സ്നം കിഞ്ചിത് അപശബ്ദിതം ന	ഇവൻ ഉച്ചരിച്ച മുഴുവൻ (വാക്കുകളിൽ) ഒറ്റ അപശബ്ദമില്ല.*
തതഃ ജ്ഞാനവിഗ്രഹഃ രാഘവഃ ഹനൂമന്തം പ്രാഹ	പിന്നെ ജ്ഞാനസ്വരൂപനായ രാമൻ ഹനുമാനോട് അരുളി:

അഹം ദാശരഥീ രാമസ്ത്വയം മേ ലക്ഷ്മണോഽനുജഃ
സീതയാ ഭാര്യയാ സാർദ്ധം പിതുർവ്വചനഗൗരവാത്. 19

ആഗതസ്തത്ര വിപിനേ സ്ഥിതോഽഹം ദണ്ഡകേ ദ്വിജ
തത്ര ഭാര്യാ ഹൃതാ സീതാ രക്ഷസാ കേനചിന്മമ.
താമന്വേഷ്ടുമിഹായാതൗ ത്വം കോ വാ കസ്യ വാ വദ. 20

ദ്വിജ അഹം ദാശരഥീ രാമഃ അയം തു മേ അനുജഃ ലക്ഷ്മണഃ	വിപ്ര, ഞാൻ ദശരഥതനയനായ രാമനാണ്; ഇവൻ എന്റെ അനുജൻ, ലക്ഷ്മണൻ.
അഹം പിതുഃ വചനഗൗരവാത് ഭാര്യയാ സീതയാ സാർദ്ധം ദണ്ഡകേ വിപിനേ ആഗതഃ	ഞാൻ പിതാവിന്റെ വചനമാദരിച്ച് പത്നിയായ സീതയുമൊത്ത് ദണ്ഡകവനത്തിലെത്തി.
തത്ര സ്ഥിതഃ	അവിടെ (ഒരിടത്ത്) പാർത്തു.
തത്ര കേനചിത് രക്ഷസാ മമ ഭാര്യാ സീതാ ഹൃതാ	അവിടെവച്ച് ഏതോ രാക്ഷസനാൽ എന്റെ ഭാര്യ സീത അപഹൃതയായി.
താം അന്വേഷ്ടും ഇഹ ആയാതൗ. ത്വം കഃ	അവളെ തേടിയാണ് ഇവിടെ എത്തിയത്. നീയാര്?
കസ്യ വദ	ആരുടെ പുത്രൻ? പറയുക.

* ഹനുമാന്റെ ശബ്ദശുദ്ധി, സംഭാഷണചാതുരി, വേദജ്ഞാനം തുടങ്ങിയ ഗുണങ്ങളെ വാല്മീകി സവിശേഷം പ്രശംസിക്കുന്നു. (വാ. രാ. കി. സ. 3. ശ്ലോ. 28, 29, 30)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വടുഃ ഉവാച: ബ്രഹ്മചാരി പ്രതിവചിച്ചു

സുഗ്രീവോ നാമ രാജാ യോ വാനരാണാം മഹാമതിഃ
ചതുർഭിഃ മന്ത്രിഭിഃ സാർദ്ധം ഗിരിമൂർദ്ധനി തിഷ്ഠതി. 21

വാനരാണാം രാജാ	വാനരന്മാരുടെ അരചനാണ്
സുഗ്രീവഃ നാമ മഹാമതിഃ	സുഗ്രീവനെന്ന മഹാമതി.
യഃ ചതുർഭിഃ മന്ത്രിഭിഃ സാർദ്ധം	അദ്ദേഹം നാല് മന്ത്രിമാരോടൊത്ത്
ഗിരിമൂർദ്ധനി തിഷ്ഠതി	ഗിരിശിഖരത്തിലിരിക്കുന്നു.

ഭ്രാതാ കനീയാൻ സുഗ്രീവോ ബാലിനഃ പാപചേതസഃ
തേന നിഷ്കാസിതോ ഭാര്യാ ഹൃതാ തസ്യേഹ ബാലിനാ. 22

പാപചേതസഃ ബാലിനഃ	ദുർബ്ബുദ്ധിയായ ബാലിയുടെ
കനീയാൻ ഭ്രാതാ സുഗ്രീവഃ	ഇളയ സഹോദരനാണ് സുഗ്രീവൻ.
തേന ബാലിനാ ഇഹ	ആ ബാലി ഈയിടെ അവൻെറ
തസ്യ ഭാര്യാ ഹൃതാ	ഭാര്യയെ അപഹരിച്ചു.
തേന	(സുഗ്രീവൻ) അവനാൽ
നിഷ്കാസിതഃ	പുറത്താക്കപ്പെടുകയുംചെയ്തു.

തദ്ഭയാദൃഷ്യമൂകാഖ്യം ഗിരിമാശ്രിത്യ സംസ്ഥിതഃ
അഹം സുഗ്രീവസചിവോ വായുപുത്രോ മഹാമതേ. 23

തദ്ഭയാത് ഋഷ്യമൂകാഖ്യം	അവനെ പേടിച്ച് ഋഷ്യമൂകമെന്ന
ഗിരിം ആശ്രിത്യ സംസ്ഥിതഃ	ഗിരിയെ ആശ്രയിച്ചു കഴിയുകയാണ്.
മഹാമതേ, അഹം സുഗ്രീവസചിവഃ	മഹാമതേ, ഞാൻ സുഗ്രീവൻെറ മന്ത്രി,
വായുപുത്രഃ	വായുവിൻെറ മകൻ.

ഹനൂമാൻ നാമ വിഖ്യാതോഹ്യഞ്ജനാഗർഭസംഭവഃ
തേന സഖ്യം ത്വയാ യുക്തം സുഗ്രീവേണ രഘൂത്തമ. 24

അഞ്ജനാഗർഭസംഭവഃ	അഞ്ജനാതനയനായ (ഞാൻ)
ഹനൂമാൻ നാമ	ഹനുമാനെന്നാണ് പരക്കെ
വിഖ്യാതഃ ഹി	അറിയപ്പെടുന്നത്.
രഘൂത്തമ,	രഘുവര,
തേന സുഗ്രീവേണ	ആ സുഗ്രീവനുമായി അങ്ങു സഖ്യം
ത്വയാ സഖ്യം യുക്തം	ചെയ്യുന്നതു് യുക്തമായിരിക്കും.

ഭാര്യാപഹാരിണം ഹന്തും സഹായസ്തേ ഭവിഷ്യതി
ഇദാനീമേവ ഗച്ഛാമ ആഗച്ഛ യദി രോചതേ. 25

തേ ഭാര്യാപഹാരിണം ഹന്തും	അങ്ങയുടെ ഭാര്യാചോരനെ കൊല്ലാൻ
സഹായഃ ഭവിഷ്യതി	(സുഗ്രീവൻ) സഹായമായ്ത്തീരും.
യദി രോചതേ, ആഗച്ഛ	ഉചിതമായ് കരുതുന്നുവെങ്കിൽ വന്നാലും.
ഇദാനീം ഏവ ഗച്ഛാമഃ	ഇപ്പോഴത്തന്നെ പോകാം.

ശ്രീരാമ ഉവാച: ശ്രീരാമൻ അരുൾചെയ്തു

അഹമപ്യാഗതസ്തേന സഖ്യം കർത്തും കപീശ്വര,
സഖ്യുസ്തസ്യാപി യത് കാര്യം തത്കരിഷ്യാമ്യസംശയം. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കപീശ്വര, അഹം അപി — കപിവര, ഞാനും അവനോടു
തേന സഖ്യം കർത്തും ആഗതഃ — സഖ്യംചെയ്യാൻതന്നെയാണു വന്നതു്.

തസ്യ സഖ്യുഃ യത്കാര്യം — ആ സുഹൃത്തിൻെറ കാര്യമേതോ,
അസംശയം തത് അപി — സംശയമെന്യേ ഞാൻ അതും
കരിഷ്യാമി — നിറവേററും.

ഹനൂമാൻ സ്വസ്വരൂപേണ സ്ഥിതോ രാമമഥാബ്രവീത്
ആരോഹതാം മമ സ്കന്ധൗ ഗച്ഛാമ പർവ്വതോപരി. 27

യത്ര തിഷ്ഠതി സുഗ്രീവോ മന്ത്രിഭിർബ്ബാലിനോ ഭയാത്
തഥേതി തസ്യാരുരോഹ സ്കന്ധം രാമോഽഥ ലക്ഷ്മണഃ. 28

സ്വസ്വരൂപേണ സ്ഥിതഃ — സ്വന്തരൂപമാർന്നു നിലകൊണ്ട
ഹനൂമാൻ അഥ രാമം അബ്രവീത് — മാരുതി പിന്നെ രാമനോടു പറഞ്ഞു:

മമ സ്കന്ധൗ — എൻെറ തോളിൽ ഇരുവരും
ആരോഹതാം — കയറിക്കൊള്ളുവിൻ.

പർവ്വതോപരി ഗച്ഛാമഃ — പർവ്വതത്തിൻെറ മുകളിലേക്കു പോകാം.
ബാലിനഃ ഭയാത് സുഗ്രീവഃ — ബാലിയെ ഭയന്ന സുഗ്രീവൻ
മന്ത്രിഭിഃ സഹ യത്ര തിഷ്ഠതി — മന്ത്രിമാരോടുകൂടെ അവിടെയാണല്ലോ കഴിയുന്നതു്.

തഥാ ഇതി രാമഃ — അങ്ങനെയെന്നു രാമനും
അഥ ലക്ഷ്മണഃ തസ്യ — തുടർന്നു ലക്ഷ്മണനും
സ്കന്ധം ആരുരോഹ — അവൻെറ തോളിലേറി.

ഉത്പപാത ഗിരേർമൂർദ്ധ്നി ക്ഷണാദേവ മഹാകപിഃ
വൃക്ഷച്ഛായാം സമാശ്രിത്യ സ്ഥിതൗ തൗ രാമലക്ഷ്മണൗ. 29

മഹാകപിഃ ക്ഷണാത് — മഹാകപി നിമിഷംകൊണ്ടുതന്നെ
ഏവ ഗിരേഃ മൂർദ്ധ്നി — ഗിരിശിഖരത്തിൽ
ഉത്പപാത — കുതിച്ചെത്തി.

തൗ രാമലക്ഷ്മണൗ — ആ രാമലക്ഷ്മണന്മാർ
വൃക്ഷച്ഛായയാം സമാശ്രിത്യ — മരത്തണലാശ്രയിച്ചു്
സ്ഥിതൗ — ഇരുന്നു.

ഹനൂമാനപി സുഗ്രീവമുപഗമ്യ കൃതാഞ്ജലിഃ
വ്യേതു തേ ഭയമായാതൗ രാജൻ ശ്രീരാമലക്ഷ്മണൗ. 30

ഹനൂമാൻ അപി സുഗ്രീവം — ഹനുമാനും സുഗ്രീവനെ
ഉപഗമ്യ കൃതാഞ്ജലിഃ (പ്രാഹ) — സമീപിച്ചു് കൈതൊഴുതു് അറിയിച്ചു:
രാജൻ തേ ഭയം വ്യേതു — മഹാരാജാവേ, അവിടുത്തെ ഭയം തീരട്ടെ;
ശ്രീരാമലക്ഷ്മണൗ — ശ്രീരാമലക്ഷ്മണന്മാരാണു്
ആയാതൗ — വന്നിരിക്കുന്നതു്.

ശീഘ്രമുത്തിഷ്ഠ രാമേണ സഖ്യം തേ യോജിതം മയാ
അഗ്നിം സാക്ഷിണമാരോപ്യ തേന സഖ്യം ദ്രുതം കുരു. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശീഘ്രം ഉത്തിഷ്ഠ	ശീഘ്രം എഴുന്നേല്ക്കുക.
മയാ രാമേണ തേ സഖ്യം യോജിതം	ഞാൻ രാമനുമായി അങ്ങേക്ക് സഖ്യമുറപ്പിച്ചിരിക്കുന്നു.
അഗ്നിം സാക്ഷിണം ആരോപ്യ തേന ദ്രുതം സഖ്യം കുരു	അഗ്നിയെ സാക്ഷിയാക്കി അദ്ദേഹവുമായി ഉടനടി സഖ്യംചെയ്യുക.

തതോഽതിഹർഷാത് സുഗ്രീവഃ സമാഗമ്യ രഘൂത്തമം
വൃക്ഷശാഖാം സ്വയം ഛിത്വാ വിഷ്ടരായ ദദൗ മുദാ. 32

സുഗ്രീവഃ തതഃ അതിഹർഷാത്	സുഗ്രീവൻ അനന്തരം അത്യാഹ്ലാദത്തോടെ
രഘൂത്തമം സമാഗമ്യ	രഘുവരന്റെ അരികിലെത്തി
സ്വയം വൃക്ഷശാഖാം ഛിത്വാ	സ്വയം മരക്കൊമ്പൊടിച്ചിട്ട്
മുദാ വിഷ്ടരായ ദദൗ	സാമോദം ഇരിപ്പിടമേകി.

ഹനൂമാൻ ലക്ഷ്മണായാദാത് സുഗ്രീവായ ച ലക്ഷ്മണഃ
ഹർഷേണ മഹതാവിഷ്ടാഃ സർവ്വ ഏവാവതസ്ഥിരേ. 33

ഹനൂമാൻ ലക്ഷ്മണായ	ഹനുമാൻ ലക്ഷ്മണനും
ലക്ഷ്മണഃ സുഗ്രീവായ ച അദാത്	ലക്ഷ്മണൻ സുഗ്രീവനും കൊടുത്തു.
മഹതാ ഹർഷേണ ആവിഷ്ടാഃ	തികഞ്ഞ സന്തോഷവായ്പോടെ
ഏവ സർവ്വേ അവതസ്ഥിരേ	സകലരും ആസനസ്ഥരായി.

ലക്ഷ്മണസ്ത്വബ്രവീത് സർവ്വം രാമവൃത്താന്തമാദിതഃ
വനവാസാഭിഗമനം സീതാഹരണമേവ ച. 34

വനവാസാഭിഗമനം	വനവാസത്തിനു പോന്നതും
സീതാഹരണം ച ഏവ	സീത അപഹൃതയായതും
ആദിതഃ രാമവൃത്താന്തം സർവ്വം	തുടങ്ങി രാമചരിതം മുഴുക്കെ
ലക്ഷ്മണഃ അബ്രവീത്	ലക്ഷ്മണൻ വിവരിച്ചു.

ലക്ഷ്മണോക്തം വചഃ ശ്രുത്വാ സുഗ്രീവോ രാമമബ്രവീത്
അഹം കരിഷ്യേ രാജേന്ദ്ര സീതായാഃ പരിമാർഗ്ഗണം. 35

ലക്ഷ്മണോക്തം വചഃ	ലക്ഷ്മണൻ ചൊന്ന
ശ്രുത്വാ സുഗ്രീവഃ	വചനം കേട്ടുകൊണ്ട് സുഗ്രീവൻ
രാമം അബ്രവീത്	രാമനോടോതി.
രാജേന്ദ്ര സീതായാഃ	രാജേന്ദ്ര, സീതയെ
പരിമാർഗ്ഗണം അഹം കരിഷ്യേ	ഞാൻ തേടാം.

സാഹായ്യമപി തേ രാമ, കരിഷ്യേ ശത്രുഘാതിനഃ
ശൃണു രാമ, മയാ ദൃഷ്ടം കിഞ്ചിത്തേ കഥയാമ്യഹം. 36

രാമ ശത്രുഘാതിനഃ	രാമ, വൈരിയെ വകവരുത്തുന്ന
തേ സാഹായ്യം കരിഷ്യേ	നിനക്കു സഹായവുമെത്തിക്കാം.
മയാ ദൃഷ്ടം കിഞ്ചിത്	ഞാൻ കണ്ട ഒരു കാര്യം (കൂടി)
തേ അഹം കഥയാമി	നിന്നോടു ഞാൻ പറയാം.
രാമ ശൃണു	രാമ, കേട്ടാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകദാ മന്ത്രിഭിഃ സാദ്ധം സ്ഥിതോഽഹം ഗിരിമൂദ്ധനി
വിഹായസാ നീയമാനാം കേനചിത് പ്രമദോത്തമാം. 37

ക്രോശന്തീ രാമരാമേതി ദൃഷ്ട്വാഽസ്മാൻ പർവ്വതോപരി
ആമുച്യാഭരണാന്യാശു സ്വോത്തരീയേണ ഭാമിനീ. 38

നിരീക്ഷ്യാധഃ പരിത്യജ്യ ക്രോശന്തീ തേന രക്ഷസാ
നീതാഽഹം ഭൂഷണാന്യാശു ഗുഹായാമക്ഷിപം പ്രഭോ. 39

ഏകദാ മന്ത്രിഭിഃ സാദ്ധം	ഒരുനാൾ മന്ത്രിമാരോടൊത്ത്
ഗിരിമൂദ്ധനി സ്ഥിതഃ അഹം	ഗിരിശിഖരത്തിലിരുന്ന ഞാൻ
വിഹായസാ കേനചിത്	വാനിലൂടെ ആരാലോ
നീയമാനാം	നയിക്കപ്പെടുന്ന
പ്രമദോത്തമാം (ദദർശ)	ഒരു വനിതാരത്നത്തെ (കണ്ടു).
രാമ രാമ ഇതി ക്രോശന്തീ	രാമ, രാമ എന്നു കേഴുന്ന
സാ ഭാമിനീ പർവ്വതോപരി	ആ മഹിള, മലമുകളിൽ
അസ്മാൻ ദൃഷ്ട്വാ ആഭരണാനി	ഞങ്ങളെ കണ്ടപ്പോൾ ആഭരണങ്ങളഴിച്ച്
ആമുച്യ സ്വോത്തരീയേണ	സ്വന്തം ഉത്തരീയത്തിൽ
നിരീക്ഷ്യ ആശു	(പൊതിഞ്ഞ് ഞങ്ങളെ)
അധഃ പരിത്യജ്യ	നോക്കി പെട്ടെന്ന് താഴേക്കിട്ടു;
ക്രോശന്തീ തേന രക്ഷസാ	കേഴുന്ന (അവളെ) ആ രാക്ഷസൻ
നീതാ. പ്രഭോ അഹം	കൊണ്ടുപോയി. പ്രഭോ, ഞാൻ ആ
ഭൂഷണാനി	ആഭരണങ്ങൾ ഉടൻതന്നെ
ആശു ഗുഹായാം അക്ഷിപം	ഒരു ഗുഹയിൽ സൂക്ഷിച്ചു.

ഇദാനീമപി പശ്യ ത്വം ജാനീഹി തവ വാ ന വാ
ഇത്യുക്ത്വാനീയ രാമായ ദർശയാമാസ വാനരഃ. 40

ഇദാനീം അപി ത്വം പശ്യ	ഇപ്പോൾത്തന്നെ നീ നോക്കുക.
തവ വാ ന വാ ഇതി	നിനക്കുള്ളതോ അല്ലയോ എന്ന്
ജാനീഹി. ഇതി ഉക്ത്വാ	അറിയാമല്ലോ. ഇങ്ങനെ പറഞ്ഞ്
വാനരഃ ആനീയ രാമായ	വാനരൻ (ആഭരണങ്ങൾ) കൊണ്ടുവന്ന്
ദർശയാമാസ	രാമനെ കാണിച്ചു.

വിമുച്യ രാമസ്തദ്ദൃഷ്ട്വാ ഹാ സീതേതി മുഹുർമുഹുഃ
ഹൃദി നിക്ഷിപ്യ തത്സർവ്വം രുരോദ പ്രാകൃതോ യഥാ. 41

തദ് വിമുച്യ ദൃഷ്ട്വാ	അതു് അഴിച്ചുനോക്കി
തത് സർവ്വം ഹൃദി	ആ ആഭരണമെല്ലാം മാറോടണച്ച്
നിക്ഷിപ്യ ഹാ സീതേ ഇതി	ഹാ സീതേ! എന്നു വിളിച്ചുകൊണ്ട്
പ്രാകൃതഃ യഥാ രാമഃ	പ്രാകൃതനെപ്പോലെ രാമൻ
മുഹുഃ മുഹുഃ രുരോദ	വീണ്ടും വീണ്ടും തേങ്ങിക്കരഞ്ഞു.

ആശ്വാസ്യ രാഘവം ഭ്രാതാ ലക്ഷ്മണോ വാക്യമബ്രവീത്
അചിരേണൈവ തേ രാമ പ്രാപ്യതേ ജാനകീ ശുഭാ 42
വാനരേന്ദ്രസഹായേന ഹത്വാ രാവണമാഹവേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവം ആശ്വാസ്യ	രാഘവന് ആശ്വാസം
ഭ്രാതാ ലക്ഷ്മണഃ	പകർന്നുകൊണ്ട് സോദരൻ
വാക്യം അബ്രവീത്	ലക്ഷ്മണൻ ഈ വാക്കുകളരുളി:
രാമ വാനരേന്ദ്രസഹായേന	സ്വാമിൻ, സുഗ്രീവസഹായത്തോടെ
രാവണം ആഹവേ ഹത്വാ	രാവണനെ പോരിൽ നിഹനിച്ച്
അചിരേണ ഏവ ശുഭേ	താമസമെന്യേ ശോഭനയായ
ജാനകീ തേ പ്രാപ്യതേ	ജാനകിയെ അങ്ങേക്കു പ്രാപിക്കാമല്ലോ.

സുഗ്രീവോഽപ്യാഹ ഹേ രാമ, പ്രതിജ്ഞാം കരവാണി തേ
സമരേ രാവണം ഹത്വാ തവ ദാസ്യാമി ജാനകീം. 43

സുഗ്രീവഃ അപി ആഹ	സുഗ്രീവനും പറഞ്ഞു:
ഹേ രാമ, സമരേ രാവണം	രാമ, സമരത്തിൽ രാവണനെ
ഹത്വാ ജാനകീം തവ	കൊന്ന് ജാനകിയെ നിനക്കു
ദാസ്യാമി	തന്നുകൊള്ളാം.
തേ പ്രതിജ്ഞാം കരവാണി	നിന്നോട് പ്രതിജ്ഞചെയ്യുകയാണ്.

തതോ ഹനുമാൻ പ്രജ്ജ്വാല്യ തയോരഗ്നിം സമീപതഃ
താവുഭൗ രാമസുഗ്രീവാവഗ്നൗ സാക്ഷിണി തിഷ്ഠതി. 44

ബാഹൂ പ്രസാര്യ ചാലിംഗ്യ പരസ്പരമകല്മഷൗ
സമീപേ രഘുനാഥസ്യ സുഗ്രീവഃ സമുപാവിശത്. 45

തതഃ തയോഃ സമീപതഃ	പിന്നെ അവരുടെ സമീപം മാരുതി
ഹനുമാൻ അഗ്നിം പ്രജ്ജ്വാല്യ	അഗ്നി നന്നായ് ജ്വലിപ്പിച്ചു.
അഗ്നൗ സാക്ഷിണി തിഷ്ഠതി	അഗ്നി സാക്ഷിയായ് നില്ക്കവേ
അകല്മഷൗ തൗ രാമസുഗ്രീവൗ	വിശുദ്ധരായ ആ രാമസുഗ്രീവന്മാർ
ഉഭൗ ബാഹൂ പ്രസാര്യ	ഇരുവരും കൈകൾ നീട്ടി
ആലിംഗ്യ ച (സ്ഥിതൗ)	ഗാഢം പുണർന്നു.
രഘുനാഥസ്യ സമീപേ	രഘുവരന്നരികേ
സുഗ്രീവഃ സമുപാവിശത്	സുഗ്രീവൻ ആസനസ്ഥനായി.

സ്വോദന്തം കഥയാമാസ പ്രണയാദ് രഘുനായകേ
സഖേ ശൃണു മമോദന്തം ബാലിനാ യത്കൃതം പുരാ. 46

രഘുനായകേ പ്രണയാത്	രഘുനാഥനിൽ സ്നേഹവായ്പോടെ
സ്വോദന്തം കഥയാമാസ.	സ്വന്തകഥ വിവരിച്ചു:
സഖേ, മമ ഉദന്തം ശൃണു.	തോഴരേ, എന്റെ കഥ കേട്ടുകൊള്ളൂ.
ബാലിനാ പുരാ യത്കൃതം	ബാലി പണ്ടു ചെയ്ത കാര്യമാണ്.

മയപുത്രോഽഥ മായാവീ നാമ്നാ പരമദുർമ്മദഃ
കിഷ്കിന്ധാം സമുപാഗത്യ ബാലിനം സമുപാഹ്വയത്. 47

സിംഹനാദേന മഹതാ ബാലീ തദമർഷണഃ
നിർയയൗ ക്രോധതാമ്രാക്ഷോ ജഘാന ദൃഢമുഷ്ടിനാ. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമദുർമ്മദഃ മയപുത്രഃ	പരമദുരഹങ്കാരിയും മയന്റെ മകനും
നാമ്നാ മായാവീ	മായാവി എന്നു പേരുള്ളവനുമായ
അഥ കിഷ്കിന്ധാം	(രാക്ഷസൻ) ഒരിക്കൽ
സമുപാഗത്യ, മഹതാ	കിഷ്കിന്ധയിലെത്തി
സിംഹനാദേന ബാലിനം	ഘോരമായ സിംഹനാദത്തോടെ
സമുപാഹ്വയത്	ബാലിയെ പോരിനു വിളിച്ചു.
തദമർഷണഃ	അതു പൊറുക്കാനാവാതെ
ക്രോധതാമ്രാക്ഷഃ	കോപത്താൽ കൺചുവന്ന
ബാലീ തു നിർയയൗ	ബാലി പുറത്തുവന്നു.
ദൃഢമുഷ്ടിനാ	ദൃഢമായ മുഷ്ടികൊണ്ട്
ജഘാന	(മായാവിയെ) ഇടിച്ചു.

ദുദ്രാവ തേന സംവിഗ്നോ ജഗാമ സ്വഗുഹാം പ്രതി
അനുദുദ്രാവ തം ബാലീ മായാവിനമഹം തഥാ. 49

തതഃ പ്രവിഷ്ടമാലോക്യ ഗുഹാം മായാവിനം രുഷാ
ബാലീ മാമാഹ തിഷ്ഠ ത്വം ബഹിർഗ്ഗച്ഛാമ്യഹം ഗുഹാം
ഇത്യുക്ത്വാഽവിശ്യ സ ഗുഹാം മാസമേകം ന നിർയയൗ. 50

തേന സംവിഗ്നഃ ദുദ്രാവ	ഇടിയേറ്റു വലഞ്ഞ (മായാവി) ഓടി.
സ്വഗുഹാം പ്രതി ജഗാമ	തന്റെ ഗുഹയ്ക്കുനേരെ പാഞ്ഞു.
അഹം തഥാ ബാലീ	ഞാനും ബാലിയും
തം മായാവിനം അനുദുദ്രാവ	ആ മായാവിയെ പിന്തുടർന്നു.
തതഃ മായാവിനം ഗുഹാം	എന്നിട്ട് മായാവി ഗുഹയിൽ
പ്രവിഷ്ടം ആലോക്യ	കടന്നതു കണ്ട് ക്രോധത്തോടെ
രുഷാ ബാലീ മാം ആഹ	ബാലി എന്നോടാജ്ഞാപിച്ചു:
ത്വം ബഹിഃ തിഷ്ഠ	നീ വെളിയിൽ നില്ക്കണം.
അഹം ഗുഹാം ഗച്ഛാമി	ഞാൻ ഗുഹയിൽ കടക്കാം.
ഇതി ഉക്ത്വാ ഗുഹാം ആവിശ്യ	എന്നു പറഞ്ഞ് ഗുഹയിലേക്കു പോയ
സഃ ഏകം മാസം	അവൻ ഒരു മാസമായിട്ടും
ന നിർയയൗ	മടങ്ങിവന്നില്ല.

മാസാദൂർദ്ധ്വം ഗുഹാദ്വാരാന്നിർഗ്ഗതം രുധിരം ബഹു
തദ് ദൃഷ്ട്വാ പരിതപ്താംഗോ മൃതോ ബാലീതി ദുഃഖിതഃ. 51

മാസാദ് ഊർദ്ധ്വം	ഒരു മാസത്തിനുശേഷം
ഗുഹാദ്വാരാത്	ഗുഹാദ്വാരത്തിൽനിന്നു ധാരാളം
ബഹുരുധിരം നിർഗ്ഗതം	ചോരയൊലിച്ചുവന്നു.
തത് ദൃഷ്ട്വാ പരിതപ്താംഗഃ	അതു കണ്ട് പരിതപിച്ച (ഞാൻ)
ബാലീ മൃത ഇതി ദുഃഖിതഃ	ബാലി ചത്തെന്നെണ്ണി വിഷണ്ണനായി.

ഗുഹാദ്വാരി ശിലാമേകാം നിധായ ഗൃഹമാഗതഃ
തതോഽബ്രവം മൃതോ ബാലീ ഗുഹായാം രക്ഷസാ ഹതഃ. 52

ഗുഹാദ്വാരി ഏകാം ശിലാം	ഗുഹാദ്വാരത്തിൽ ഒരു ശിലവച്ചടച്ച്
നിധായ ഗൃഹം ആഗതഃ	വസതിയിലെത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാലീ മൃതഃ ഗുഹായാം	ബാലി മരിച്ചു, ഗുഹയിൽവച്ച്
രക്ഷസാ ഹതഃ ഇതി	രാക്ഷസനാൽ കൊല്ലപ്പെട്ടു, എന്ന്
(സർവ്വാൻ) അബ്രവം	(സകലരേയും) അറിയിച്ചു.

തച്ഛ്രുത്വാ ദുഃഖിതാഃ സർവ്വേ മാമനിച്ഛന്തമപ്യത
രാജ്യേഽഭിഷേചനം ചക്രുഃ സർവ്വേ വാനരമന്ത്രിണഃ. 53

തത് ശ്രുത്വാ സർവ്വേ	അതു കേട്ട് എവരും
ദുഃഖിതാഃ	ദുഃഖിതരായി.
അനിച്ഛന്തം അപി മാം	ഇച്ഛിക്കാത്തവനെങ്കിലും
വാനരമന്ത്രിണഃ സർവ്വേ	എന്നെ വാനരമന്ത്രിമാരെല്ലാംചേർന്ന്
രാജ്യേ അഭിഷേചനം ചക്രുഃ	നാടുവാഴിച്ചു.

ശിഷ്ടം തദാ മയാ രാജ്യം കിഞ്ചിത്കാലമരിന്ദമ,
തതഃ സമാഗതോ ബാലീ മാമാഹ പരുഷം രുഷാ. 54

അരിന്ദമ, തദാ മയാ	ശത്രുദമന, അന്ന് ഞാൻ
കിഞ്ചിത്കാലം	കുറെനാൾ
രാജ്യം ശിഷ്ടം	രാജ്യം ഭരിച്ചു.
തതഃ ബാലീ സമാഗതഃ	പിന്നെ ബാലി മടങ്ങുകയായി.
രുഷാ മാം	ദ്വേഷ്യപ്പെട്ട് എന്നോടു
പരുഷം ആഹ	പരുഷം പറഞ്ഞു.

ബഹുധാ ഭർത്സയിത്വാ മാം നിജഘാന ച മുഷ്ടിഭിഃ
തതോ നിർഗ്ഗത്യ നഗരാദധാവം പരയാ ഭിയാ. 55

ബഹുധാ മാം ഭർത്സയിത്വാ	പലവിധം എന്നെ ഭർത്സിച്ച്
മുഷ്ടിഭിഃ നിജഘാന ച	മുഷ്ടികളാൽ താഡിക്കയുംചെയ്തു.
പരയാ ഭിയാ തതഃ	കൊടിയ ഭീതിയോടെ പിന്നെ
നഗരാത് നിർഗ്ഗത്യ അധാവം	ഞാൻ പട്ടണംവിട്ടോടി.

ലോകാൻ സർവ്വാൻ പരിക്രമ്യ ഋശ്യമൂകം സമാശ്രിതഃ
ഋഷേഃ ശാപഭയാത് സോഽപി നായാതീമം ഗിരിം പ്രഭോ. 56

ലോകാൻ സർവ്വാൻ പരിക്രമ്യ	ഉലകങ്ങളെല്ലാം ചുററി (ഒടുക്കം)
ഋശ്യമൂകം സമാശ്രിതഃ	ഋശ്യമൂകത്തെ ആശ്രയിച്ചു.
പ്രഭോ, ഋഷേഃ ശാപഭയാത്	പ്രഭോ, മുനിശാപം പേടിച്ച്
സഃ ഇമം ഗിരിം ന ആയാതി	അവൻ ഈ ഗിരിയിൽ വരാറില്ല.

തദാദി മമ ഭാര്യാം സഃ സ്വയം ഭുംക്തേ വിമൂഢധീഃ
അതോ ദുഃഖേന സംതപ്തോ ഹൃതദാരോ ഹൃതാശ്രയഃ. 57

വസാമ്യദ്യ ഭവത്പാദസംസ്പർശാത് സുഖിതോഽസ്മ്യഹം
മിത്രദുഃഖേന സംതപ്തോ രാമോ രാജീവലോചനഃ. 58

ഹനിഷ്യാമി തവ ദ്വേഷ്യം ശീഘ്രം ഭാര്യാപഹാരിണം
ഇതി പ്രതിജ്ഞാമകരോത് സുഗ്രീവസ്യ പുരസ്തദാ. 59

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദാദി സഃ വിമൂഢധീഃ	അന്നുമുതൽ ആ മൂഢമതി
മമ ഭാര്യാം സ്വയം ഭുംക്തേ	എന്റെ ഭാര്യയേയും സ്വയം അനുഭവിക്കുന്നു.
അതഃ ഹൃതദാരഃ	അങ്ങനെ, ഭാര്യ നഷ്ടപ്പെട്ട,
ഹൃതാശ്രയഃ ദുഃഖേന	ആശ്രയമററ (ഞാൻ)
സന്തപ്തഃ വസാമി	അഴലിൽ നീറിക്കഴിയുകയാണ്.
അദ്യ ഭവത്പാദസംസ്പർശാത്	ഇന്ന് അവിടുത്തെ പാദം തൊട്ടതിനാൽ
അഹം സുഖിതഃ അസ്മി	ഞാൻ ആശ്വസ്തനായി.
മിത്രദുഃഖേന സംതപ്തഃ	തോഴന്റെ ദുഃഖത്താൽ മനംനൊന്ത
രാജീവലോചനഃ രാമഃ തദാ	ചെന്താമരക്കണ്ണൻ രാമൻ
സുഗ്രീവസ്യ പുരഃ ഇതി	അപ്പോൾ സുഗ്രീവന്റെ മുമ്പിൽ
പ്രതിജ്ഞാം അകരോത്	ഇങ്ങനെ പ്രതിജ്ഞചെയ്തു:
തവ ഭാര്യാപഹാരിണം	'നിന്റെ ഭാര്യാപഹാരിയായ
ദ്വേഷ്യം ശീഘ്രം ഹനിഷ്യാമി	ദ്രോഹിയെ ഉടനടി ഞാൻ കൊല്ലും.'

സുഗ്രീവോപ്യാഹ രാജേന്ദ്ര ബാലീ ബലവതാം ബലീ
കഥം ഹനിഷ്യതി ഭവാൻ ദേവൈരപി ദുരാസദം. 60

സുഗ്രീവഃ അപി ആഹ	സുഗ്രീവനും അറിയിച്ചു:
രാജേന്ദ്ര, ബാലീ	രാജേന്ദ്ര, ബാലി
ബലവതാം ബലീ	ശക്തരിൽ ശക്തനാണ്.
ദേവൈഃ അപി	ദേവന്മാർക്കുപോലും
ദുരാസദം ഭവാൻ	എതിർക്കാൻപററാത്ത (അവനെ)
കഥം ഹനിഷ്യതി	അങ്ങ് എങ്ങനെ വധിക്കും?

ശൃണു തേ കഥയിഷ്യാമി തദ്ബലം ബലിനാംവര
കദാചിത് ദുന്ദുഭിർനാമ മഹാകായോ മഹാബലഃ. 61

കിഷ്കിന്ധാമഗമദ് രാമ മഹാമഹിഷരൂപധൃക്
യുദ്ധായ ബാലിനം രാത്രൗ സമാഹ്വയത ഭീഷണഃ. 62

ബലിനാംവര രാമ	വീരവര, രാമ,
തദ്ബലം തേ	അവന്റെ ബലം എത്രയെന്ന്
കഥയിഷ്യാമി ശൃണു	അങ്ങേയ്ക്കു പറയാം, കേട്ടാലും.
കദാചിത് മഹാകായഃ	ഒരിക്കൽ ഭീമകായനും മഹാശക്ത–
മഹാബലഃ ദുന്ദുഭിഃ നാമ	നുമായ ദുന്ദുഭി എന്ന (ദൈത്യൻ)
മഹാമഹിഷരൂപധൃക്	തടിയൻപോത്തിന്റെ രൂപം പൂണ്ട്
കിഷ്കിന്ധാം അഗമത്	കിഷ്കിന്ധയിലെത്തി.
ഭീഷണഃ ബാലിനം	(ആ) ഭയങ്കരൻ ബാലിയെ
രാത്രൗ യുദ്ധായ സമാഹ്വയത	രാവിൽ പോരിനു വിളിച്ചു.

തച്ഛ്രുത്വാഽസഹമാനോഽസൗ ബാലീ പരമകോപനഃ
മഹിഷം ശൃംഗയോർധൃത്വാ പാതയാമാസ ഭൂതലേ. 63

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത് ശ്രുത്വാ അസഹമാനഃ	അതു കേട്ട് സഹിക്കവയ്യാതെ
പരമകോപനഃ അസൗ ബാലി	കൊടുംപാപിയായ ഈ ബാലി
മഹിഷം ശൃംഗയോഃ ധൃത്വാ	പോത്തിനെ ഇരുകൊമ്പിലും
ഭൂതലേ പാതയാമാസ	പിടിച്ച് നിലത്തടിച്ചു.

പാദേനൈകേന തത്കായമാക്രമ്യാസ്യ ശിരോ മഹത്
ഹസ്താഭ്യാം ഭ്രാമയംശ്ഛിത്വാ തോലയിത്വാഽക്ഷിപത് ഭുവി.

ഏകേന പാദേന തത്കായം	ഒരു കാലുകൊണ്ട് അവന്റെ
ആക്രമ്യ അസ്യ മഹത്ശിരഃ	ഉടൽ ചവിട്ടിയമർത്തി
ഹസ്താഭ്യാം ഭ്രാമയൻ	അവന്റെ കൂറ്റൻതല
ഛിത്വാ തോലയിത്വാ	ഇരുകൈകളാൽ ചുഴററിപ്പറിച്ച്
ഭുവി അക്ഷിപത്	തൂക്കി തറയിലെറിഞ്ഞു.

പപാത തച്ഛിരോ രാമ മാതംഗാശ്രമസന്നിധൗ
യോജനാത് പതിതം തസ്മാൻ മുനേരാശ്രമമണ്ഡലേ. 65

രക്തവൃഷ്ടിഃ പപാതോച്ചൈഃ ദൃഷ്ട്വാ തം ക്രോധമൂർച്ഛിതഃ
മാതംഗോ ബാലിനം പ്രാഹ യദ്യാഗന്താസി മേ ഗിരിം. 66

ഇതഃ പരം ഭഗ്നശിരാഃ മരിഷ്യസി ന സംശയഃ
ഏവം ശപ്തസ്തദാരഭ്യ ഋഷ്യമൂകം ന യാത്യസൗ. 67

രാമ തച്ഛിരഃ യോജനാത്	രാമ, ആ തല യോജന ദൂരെനിന്ന്
പതിതം. മുനേഃ ആശ്രമ-	തെറിച്ചു. മുനിയുടെ ആശ്രമ-
മണ്ഡലേ മാതംഗാശ്രമ-	പരിധിയിൽ മാതംഗാശ്രമത്തിന്ന-
സന്നിധൗ പപാത	രികെ വീണു.
തസ്മാത് ഉച്ചൈഃ	അതിൽനിന്നു കടുത്ത
രക്തവൃഷ്ടിഃ പപാത	ചോരമഴ ചൊരിയുകയുണ്ടായി.
തം ദൃഷ്ട്വാ ക്രോധമൂർച്ഛിതഃ	അതു കണ്ടു കോപകലുഷിതനായ
മാതംഗഃ ബാലിനം പ്രാഹ	മാതംഗൻ ബാലിയോടു പറഞ്ഞു:
ഇതഃപരം യദി മേ ഗിരിം	ഇനിമേൽ എന്റെ ഗിരിയിൽ
ആഗന്താ അസി ഭഗ്നശിരാഃ	കടന്നുപോയാൽ നീ തലപൊട്ടി
മരിഷ്യസി ന സംശയഃ	ചാകുമെന്നു തീർച്ച.
ഏവം ശപ്തഃ അസൗ തദാരഭ്യ	ഈവിധം ശപിക്കപ്പെട്ട അവൻ അന്നു
ഋഷ്യമൂകം ന യാതി	മുതൽ ഋഷ്യമൂകത്തിൽ വരാറില്ല.

ഏതത് ജ്ഞാത്വാഽഹമപ്യത്ര വസാമി ഭയവർജ്ജിതഃ
രാമ, പശ്യ ശിരസ്തസ്യ ദുന്ദുഭേഃ പർവ്വതോപമം. 68

ഏതത് ജ്ഞാത്വാ അഹം അപി	ഇതറിഞ്ഞു ഞാനും ഇവിടെ
അത്ര ഭയവർജ്ജിതഃ വസാമി	ഭയമെന്യേ കഴിയുന്നു.
രാമ തസ്യ ദുന്ദുഭേഃ	രാമ, ആ ദുന്ദുഭിയുടെ
പർവ്വതോപമം ശിരഃ പശ്യ	മലപോലുള്ള തല കാണുക.

തത്ക്ഷേപണേ യദാ ശക്തഃ ശക്തസ്ത്വം ബാലിനോ വധേ
ഇത്യുക്ത്വാ ദർശയാമാസ ശിരസ്തദ്ഗിരിസന്നിഭം. 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ക്ഷേപണേ യദാ ശക്തഃ	ആ തല പൊക്കിയെറിയാൻ
ത്വം ബാലിനഃ	കരുത്തുള്ളപക്ഷം നീ ബാലിയെ
വധേ ശക്തഃ	കൊല്ലാൻ കെല്പുററവൻതന്നെ.
ഇതി ഉക്ത്വാ ഗിരിസന്നിഭം	ഇത്രയും പറഞ്ഞിട്ട് മലപോലുള്ള
തത് ശിരഃ ദർശയാമാസ	ആ തല കാട്ടിക്കൊടുത്തു.

ദൃഷ്ട്വാ രാമഃ സ്മിതം കൃത്വാ പാദാംഗുഷ്ഠേന ചാക്ഷിപത്
ദശയോജനപര്യന്തം തദദ്ഭുതമിവാഭവത്. 70

ദൃഷ്ട്വാ സ്മിതം കൃത്വാ രാമഃ	(അതു) കണ്ട് പുഞ്ചിരിതൂകി, രാമൻ
പാദാംഗുഷ്ഠേന ദശയോജന	കാൽപ്പെരുവിരലാൽ പത്തുയോജന
പര്യന്തം അക്ഷിപത് ച	ദൂരേക്ക് എറിഞ്ഞുകളഞ്ഞു.
അദ്ഭുതം ഇവ	അദ്ഭുതംപോലെയാണ്
തത് അഭവത്	അതു ഭവിച്ചതു്.

സാധു സാധ്വിതി സംപ്രാഹ സുഗ്രീവോ മന്ത്രിഭിഃ സഹ
പുനരപ്യാഹ സുഗ്രീവോ രാമം ഭക്തപരായണം. 71

സുഗ്രീവഃ മന്ത്രിഭിഃ സഹ	സുഗ്രീവൻ മന്ത്രിമാരോടൊത്ത്
'സാധു സാധു' ഇതി സംപ്രാഹ	'നന്ന്', നന്ന്'' എന്നുൽഘോഷിച്ചു.
ഭക്തപരായണം രാമം	ഭക്തവത്സലനായ രാമനോട്
സുഗ്രീവഃ പുനഃ അപി ആഹ	സുഗ്രീവൻ വീണ്ടും പറഞ്ഞു:

ഏതേ താലാഃ മഹാസാരാഃ സപ്ത പശ്യ രഘൂത്തമ
ഏകൈകം ചാലയിത്വാഽസൗ നിഷ്പത്രാൻ കുരുതേഽഞ്ജസാ. 72

രഘൂത്തമ മഹാസാരാഃ	രഘുവര, അതിബലിഷ്ഠങ്ങളാണ്
ഏതേ സപ്തതാലാഃ	ഈ പനകളേഴും.
(ഏതാൻ) പശ്യ	ഇവ നോക്കൂ.
അസൗ ഏകൈകം	ഇവൻ (ബാലി) ഓരോന്നും
ചാലയിത്വാ അഞ്ജസാ	കുലുക്കി ഞൊടിയിടയിൽ
നിഷ്പത്രാൻ കുരുതേ	ഇലകളം കൊഴിക്കും.

യദി ത്വമേകബാണേന വിദ്ധ്വാ ഛിദ്രം കരോഷി ചേത്
ഹതസ്ത്വയാ തദാ ബാലീ വിശ്വാസോ മേ പ്രജായതേ.
തഥേതി ധനുരാദായ സായകം തത്ര സന്ദധേ. 73

യദി ഏകബാണേന വിദ്ധ്വാ	ഒരമ്പുകൊണ്ടെയ്ത്
ത്വം ഛിദ്രം കരോഷി	(പനകളിൽ) നീ
ചേത് തദാ ത്വയാ	ദ്വാരമുണ്ടാക്കമെങ്കിൽ അപ്പോൾ,
ബാലീ ഹതഃ (ഇതി) മേ	നിന്നാൽ ബാലി ഹതനാകുമെന്ന്
വിശ്വാസഃ പ്രജായതേ	എനിക്ക വിശ്വാസമുളവാകും.
തഥാ ഇതി ധനുഃ ആദായ	'അങ്ങനെ' എന്നു വില്ലെടുത്ത്
തത്ര സായകം സന്ദധേ	(രാമൻ) അതിൽ അമ്പു തൊടുത്തു.

ബിഭേദ ച തദാ രാമഃ സപ്തതാലാൻ മഹാബലഃ
താലാൻ സപ്ത വിനിർഭിദ്യ ഗിരിം ഭൂമിം ച സായകഃ. 74

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുനരാഗത്യ രാമസ്യ തൂണീരേ പൂർവ്വവത് സ്ഥിതഃ
തതോഽതിഹർഷാത് സുഗ്രീവോ രാമമാഹാതിവിസ്മിതഃ. 75

മഹാബലഃ രാമഃ തദാ	പ്രബലനായ രാമൻ അനന്തരം
താലാൻ സപ്ത ബിഭേദ	പനകളേഴും ഭേദിച്ചു.
സപ്ത താലാൻ ഗിരിം ഭൂമിം	ഏഴു പനകളും മലയും ഭൂമിയും
ച വിനിർഭിദ്യ സായകഃ	തുളച്ച് അമ്പു മടങ്ങിയെത്തി
പുനഃ ആഗത്യ രാമസ്യ	രാമൻെറ ആവനാഴിയിൽ
തൂണീരേ പൂർവ്വവത് സ്ഥിതഃ	മുമ്പെപ്പോലെ സ്ഥിതിചെയ്തു.
തതഃ അതിവിസ്മിതഃ	അനന്തരം അതീവവിസ്മിതനായ
സുഗ്രീവഃ അതിഹർഷാത്	സുഗ്രീവൻ വർദ്ധിച്ച
രാമം ആഹ	ആഹ്ലാദത്തോടെ രാമനോടോതി:

ദേവ ത്വം ജഗതാം നാഥഃ പരമാത്മാ ന സംശയഃ
മത്പൂർവ്വകൃതപുണ്യൗഘൈഃ സംഗതോഽദ്യ മയാ സഹ. 76

ദേവ ത്വം ജഗതാം നാഥഃ	ദേവ, നീ ഉലകങ്ങളുടെ നാഥനാണ്.
പരമാത്മാ ന സംശയഃ	പരമാത്മാവാണ്, സംശയമില്ല.
മത്പൂർവ്വകൃതപുണ്യൗഘൈഃ	ഞാൻ മുൻചെയ്ത പുണ്യപൂരത്താൽ
അദ്യ മയാ സംഗതഃ	ഇന്ന് നീ എന്നോടു ചേർന്നു.

ത്വാം ഭജന്തി മഹാത്മാനഃ സംസാരവിനിവൃത്തയേ
ത്വാം പ്രാപ്യ മോക്ഷസചിവം പ്രാർത്ഥയേഽഹം കഥം ഭവം. 77

മഹാത്മാനഃ സംസാരവി–	മഹാത്മാക്കൾ സംസാരമോചന–
നിവൃത്തയേ ത്വാം ഭജന്തി	ത്തിനായാണ് നിന്നെ ഭജിക്കുക.
മോക്ഷസചിവം	മോക്ഷദാതാവായ നിന്നെ
ത്വാം പ്രാപ്യ അഹം കഥം	നേടിയിട്ട് ഞാനെങ്ങനെ
ഭവം പ്രാർത്ഥയേ	ലൗകികസിദ്ധി പ്രാർത്ഥിക്കും?

ദാരാഃ പുത്രാഃ ധനം രാജ്യം സർവ്വം ത്വന്മായയാ കൃതം
അതോഽഹം ദേവദേവേശ നകാംക്ഷേഽന്യത് പ്രസീദ മേ. 78

ദേവദേവേശ ദാരാഃ	ദേവദേവേശ, ഭാര്യ, മക്കൾ, ധനം,
പുത്രാഃ ധനം രാജ്യം	രാജ്യം ഇവയെല്ലാം നിൻെറ മായയുടെ
സർവ്വം ത്വന്മായയാ കൃതം	നിർമ്മിതിയാണ്.
അതഃ അഹം അന്യത്	തന്മൂലം ഞാൻ (നിന്നെ വിട്ട്) മറ്റൊന്നും
ന ആകാംക്ഷേ മേ പ്രസീദ	കാംക്ഷിക്കുന്നില്ല. എന്നിൽ കനിയേണമേ.

ആനന്ദാനുഭവം ത്വാദ്യ പ്രാപ്തോഽഹം ഭാഗ്യഗൗരവാത്
മൃദർത്ഥം യതമാനേന നിധാനമിവ സത്പതേ. 79

സത്പതേ മൃദർത്ഥം യതമാനേന	അരുമനാഥ, മൺകട്ടയ്ക്കു യത്നിച്ചവന്
നിധാനം ഇവ ഭാഗ്യ–	നിധിയെന്നപോലെ ഭാഗ്യ–
ഗൗരവാത് ആനന്ദാനുഭവം	പ്പൊലിമയാലാണ് ആനന്ദാനുഭവമായ
ത്വാം അദ്യ അഹം പ്രാപ്തഃ	നിന്നെ ഞാനിന്നു നേടിയത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനാദ്യവിദ്യാസംസിദ്ധം ബന്ധനം ഛിന്നമദ്യ നഃ
യജ്ഞദാനതപഃകർമ്മപൂർത്തേഷ്ടാദിഭിരപ്യസൗ. 80

ന ജീര്യതേ പുനർദാർഢ്യം ഭജതേ സംസൃതിഃ പ്രഭോ,
ത്വത്പാദദർശനാത് സദ്യോ നാശമേതി ന സംശയഃ. 81

അനാദ്യവിദ്യാസംസിദ്ധം നഃ ബന്ധനം അദ്യ ഛിന്നം	അനാദിയായ അവിദ്യയാലുളവായ എന്റെ സംസാരബന്ധനം ഇന്നറ്റു.
പ്രഭോ യജ്ഞദാനതപഃ— കർമ്മപൂർത്തേഷ്ടാദിഭിഃ അപി അസൗ ന ജീര്യതേ	പ്രഭോ, യജ്ഞദാനതപസ്സുകളാലും യാഗാദിപുണ്യകർമ്മങ്ങളാൽത്തന്നെയും ഈ (ബന്ധനം) ക്ഷയിക്കാറില്ല.
സംസൃതിഃ പുനഃ ദാർഢ്യം ഭജതേ	സംസാരം (ഇവമൂലം) വീണ്ടും ദൃഢമാവുകയേ ഉള്ളൂ.
ത്വത്പാദദർശനാത് സദ്യഃ നാശം ഏതി ന സംശയഃ	നിന്റെ കഴലിണ കണ്ടാലോ, അതു് ഉടനടി നശിക്കുന്നു; സംശയമില്ല.

ക്ഷണാർദ്ധമപി യച്ചിത്തം ത്വയി തിഷ്ഠത്യചഞ്ചലം
തസ്യാജ്ഞാനമനർത്ഥാനാം മൂലം നശ്യതി തത്ക്ഷണാത്. 82

തത്തിഷ്ഠതു മനോ രാമ, ത്വയി നാന്യത്ര മേ സദാ. 83

ക്ഷണാർദ്ധം അപി യച്ചിത്തം അചഞ്ചലം ത്വയി തിഷ്ഠതി തസ്യ അനർത്ഥാനാം മൂലം അജ്ഞാനം തത്ക്ഷണാത് നശ്യതി തത് രാമ മേ മനഃ സദാ ത്വയി തിഷ്ഠതു	അരനിമിഷമെങ്കിലും ആരുടെ ചിത്തം ഇളകാതെ നിന്നിൽ നിലകൊള്ളുന്നു, അവന്റെ വിപത്തുകൾക്കെല്ലാം മൂലമായ അറിവില്ലായ്മ ഉടനടിയില്ലാതാകും. ആകയാൽ രാമ, എന്റെ മനസ്സ് എന്നേരവും നിന്നിൽ നില്ക്കുമാറാകണം.
അന്യത്ര ന	മറെറാരിടത്തുമാകരുതു്.

രാമ രാമേതി യദ്വാണീ മധുരം ഗായതി ക്ഷണം
സ ബ്രഹ്മഹാ വാ സുരാപോ വാ മുച്യതേ സർവ്വപാതകൈഃ. 84

യദ്വാണീ ക്ഷണം രാമ രാമ ഇതി മധുരം ഗായതി സഃ ബ്രഹ്മഹാ വാ സുരാപഃ വാ സർവ്വപാതകൈഃ മുച്യതേ	ആരുടെ വാക്കു് നിമിഷനേരം 'രാമ രാമ' എന്ന മധുരഗാനമുതിർക്കുന്നു, അവൻ ബ്രഹ്മഘാതകനോ മദ്യപാനിയോ ആയാലും എല്ലാ പാപങ്ങളിൽനിന്നും വിടുതൽ നേടുന്നു.

ന കാംക്ഷേ വിജയം രാമ ന ച ദാരസുഖാദികം
ഭക്തിമേവ സദാ കാംക്ഷേ ത്വയി ബന്ധവിമോചിനീം. 85

രാമ വിജയം ന കാംക്ഷേ ന ച ദാരസുഖാദികം	രാമ, ഞാൻ വിജയം ആശിക്കുന്നില്ല. ഭാര്യാസുഖാദിയും വേണ്ട.
ത്വയി സദാ ബന്ധവിമോചിനീം ഭക്തിം ഏവ കാംക്ഷേ	നിന്നിലെന്നും ബന്ധമോചനകാരിയായ ഭക്തി മാത്രമേ എനിക്കു കാംക്ഷയുള്ളൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

ത്വന്മായാകൃതസംസാരസ്ത്വദംശോഽഹം രഘൂത്തമ
സ്വപാദഭക്തിമാദിശ്യ ത്രാഹി മാം ഭവസങ്കടാത്. 86

രഘൂത്തമ ത്വന്മായാകൃതഃ സംസാരഃ	രഘുവര, നിന്റെ മായ ചമച്ചതാണ് സംസാരം.
അഹം ത്വദംശഃ	ഞാൻ നിന്റെ അംശവും.
സ്വപാദഭക്തിം ആദിശ്യ മാം ഭവസങ്കടാത് ത്രാഹി	നിന്റെ പാദഭക്തിയേകി എന്നെ ഭവസങ്കടത്തിൽനിന്നു രക്ഷിച്ചാലും.

പൂർവ്വം മിത്രാര്യുദാസീനാസ്ത്വന്മായാവൃതചേതസഃ
ആസൻ മേഽദ്യ ഭവത്പാദദർശനാദേവ രാഘവ. 87

സർവ്വം ബ്രഹ്മൈവ മേ ഭാതി ക്വ മിത്രം ക്വ ച മേ രിപുഃ
യാവത് ത്വന്മായയാ ബദ്ധഃ താവദ് ഗുണവിശേഷതാ. 88

ത്വന്മായാവൃതചേതസഃ മേ പൂർവ്വം മിത്രാര്യുദാസീനാഃ ആസൻ	നിന്റെ മായയാൽ മൂടിയ മനസ്സുമുള്ള എനിക്ക് മുമ്പു തോഴനും വൈരിയും ഉദാസീനനും ഉണ്ടായിരുന്നു.
രാഘവ അദ്യ ഭവത്പാദദർശനാത് ഏവ മേ സർവ്വം ബ്രഹ്മ ഇവ ഭാതി	രാമ, ഇന്നു നിൻപാദദർശനത്താൽത്തന്നെ എനിക്കെല്ലാം ബ്രഹ്മമയമായാണു തോന്നുക.
മേ മിത്രം ക്വ രിപുഃ ച ക്വ	എനിക്കു മിത്രമെങ്ങ്? ശത്രുവെങ്ങ്?
യാവത് ത്വന്മായയാ ബദ്ധഃ താവത് ഗുണവിശേഷതാ	നിന്റെ മായയാൽ ബദ്ധനായിരിപ്പോളമേ ഗുണവൈശിഷ്ട്യമുണ്ടായിരിക്കൂ.

രാമപാദം ദർശിക്കുന്ന സാധകന് എല്ലാം ബ്രഹ്മ(രാമ)മയമായി തോന്നുക സ്വാഭാവികം മാത്രം. 'ബ്രഹ്മവിദ്ബ്രഹ്മൈവ ഭവതി' എന്ന വാക്യത്തിന്റെ അർത്ഥവും ഇതുതന്നെ. ബ്രഹ്മലീനന് എങ്ങും ആ ചൈതന്യം സ്ഫുരിക്കുന്നതായി അനുഭവപ്പെടാം. തന്റെ അസ്തിത്വബോധംപോലും തിരോഹിതമാകാം. വ്യാവഹാരികജീവിതത്തിലും ഇത്തരം അനുഭവമുണ്ടാകാറുണ്ടല്ലോ. ഏകതാനമായ മനസ്സിൽനിന്ന് ഇതരപ്രതീതി ഒഴിഞ്ഞുപോകുന്നു. ബ്രഹ്മൈക്യബോധത്തിന്റെ പൊരുളും ഇത്രമാത്രമാകാനേ സാദ്ധ്യതയുള്ളൂ.

സാ യാവദസ്തി നാനാത്വം താവദ് ഭവതി നാന്യഥാ
യാവന്നാനാത്വമജ്ഞാനാത് താവത് കാലകൃതം ഭയം. 89

സാ യാവദ് അസ്തി താവദ് നാനാത്വം ഭവതി അന്യഥാ ന	അത് (മായ) എപ്പോളംവരെ നിലനില്ക്കുമോ അപ്പോളംവരെയേ നാനാത്വവും നില്ക്കൂ. ഇല്ലെങ്കിൽ ഇല്ല.
യാവത് അജ്ഞാനാത് നാനാത്വം താവത് കാലകൃതം ഭയം	അജ്ഞാനജനിതമായ നാനാത്വമുള്ളപ്പോളംവരെയേ മരണഭയവും വർത്തിക്കൂ.

അതോഽവിദ്യാമുപാസ്തേ യഃ സോഽന്ധേ തമസി മജ്ജതി
മായാമൂലമിദം സർവ്വം പുത്രദാരാദിബന്ധനം.
തദുത്സാരയ മായാം ത്വം ദാസീം തവ രഘൂത്തമ. 90

Digitized by Arya Samaj Foundation Chennai and eGangotri

അതഃ യഃ അവിദ്യാം	ആകയാൽ അവിദ്യയെ
ഉപാസതേ സഃ	ഉപാസിക്കുന്നവൻ
അന്ധേ തമസി മജ്ജതി	കൂരിരുട്ടിൽ മുങ്ങുന്നു.
ഇദം പുത്രദാരാദിബന്ധനം സർവ്വം	ഈ പുത്രദാരാദിബന്ധനമെല്ലാം
മായാമൂലം	മായാമൂലകമാണ്.
തദ് രഘൂത്തമ ത്വം തവ ദാസീം	അതിനാൽ രാമ, നീ സ്വദാസിയായ
മായാം ഉത്സാരയ	മായയെ (എന്നിൽനിന്ന്) അകററണം.

ത്വത്പാദപദ്മാർപ്പിതചിത്തവൃത്തിഃ
ത്വന്നാമസംഗീതകഥാസു വാണീ
ത്വദ്ഭക്തസേവാനിരതൗ കരൗ മേ
ത്വദംഗസംഗം ലഭതാം മദംഗം. 91

ത്വത്പാദപദ്മാർപ്പിത—	നിന്റെ കാൽത്താരിലർപ്പിതമാകട്ടെ
ചിത്തവൃത്തിഃ	(എന്റെ) മനോവൃത്തി.
വാണീ ത്വന്നാമസംഗീത—	വാക്ക് നിന്റെ നാമസങ്കീർത്തനത്തിലും
കഥാസു	കഥകളിലും (നിരതമാകട്ടെ).
മേ കരൗ ത്വദ്ഭക്തസേവാ നിരതൗ	എന്റെ കരങ്ങൾ നിന്റെ ഭക്തന്മാരെ സേവയിൽ മുഴുകുമാറാകട്ടെ.
മദംഗം ത്വദംഗസംഗം ലഭതാം	എന്റെ ഉടൽ നിന്റെ അംഗസംഗം നേടട്ടെ.

ത്വന്മൂർത്തി ഭക്താൻ സ്വഗുരും ച ചക്ഷുഃ
പശ്യത്വജസ്രം സ ശൃണോതു കർണ്ണഃ
ത്വജ്ജന്മകർമ്മാണി ച പാദയുഗ്മം
വ്രജത്വജസ്രം തവ മന്ദിരാണി. 92

ചക്ഷുഃ അജസ്രം	(എന്റെ) മിഴിയെപ്പോഴും
ത്വന്മൂർത്തി ഭക്താൻ	നിന്റെ തിരുവുടൽ, നിന്റെ ഭക്തർ,
സ്വഗുരും ച പശ്യതു	എന്റെ ഗുരു എന്നിവരെ കാണട്ടെ.
സഃ കർണ്ണഃ ത്വജ്ജന്മകർമ്മാണി	(എന്റെ) ആ കാത് നിന്റെ അവതാര—
ശൃണോതു	ലീലകൾ കേൾക്കട്ടെ.
പാദയുഗ്മം ച അജസ്രം	കഴലിണ സദാ
തവ മന്ദിരാണി വ്രജതു	നിന്റെ മന്ദിരങ്ങളിലേക്ക നടക്കട്ടെ.

അംഗാനി തേ പാദരജോവിമിശ്ര—
തീർത്ഥാനി ബിഭ്രത്വഹിശത്രുകേതോ!
ശിരസ്ത്വദീയം ഭവപത്മജാദ്യൈഃ
ജുഷ്ടം പദം രാമ, നമത്വജസ്രം. 93

അഹിശത്രുകേതോ അംഗാനി	ഗരുഡധ്വജ, (എന്റെ) അംഗങ്ങൾ
തേ പാദരജോവിമിശ്ര-	നിന്റെ പാദധൂളി കലർന്ന
തീർത്ഥാനി ബിഭ്രതു	തീർത്ഥജലം പേറട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ മേ ശിരഃ ഭവപത്മജാദ്യൈഃ	രാമ, എന്റെ തല ശിവബ്രഹ്മാദികളാൽ
ജുഷ്ടം ത്വദീയം	പൂജിതനായ നിന്റെ
പദം അജസ്രം നമതു	പാദങ്ങളിൽ എപ്പോഴും നമിക്കട്ടെ.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ പ്രഥമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം ഒന്നാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം രണ്ട്

ബാലിവധം—രാമബാലിസംവാദം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ഇത്ഥം സ്വാത്മപരിഷ്വംഗനിർധൂതാശേഷകല്മഷം
രാമഃ സുഗ്രീവമാലോക്യ സസ്മിതം വാക്യമബ്രവീത്. 1

മായാം മോഹകരീം തസ്മിൻ വിതന്വൻ കാര്യസിദ്ധയേ
സഖേ ത്വദുക്തം യത്തന്മാം സത്യമേവ ന സംശയഃ. 2

സ്വാത്മപരിഷ്വംഗ—	തന്റെ ആത്മസമ്പർക്കത്താൽ
നിർധൂതാശേഷകല്മഷം	സകലപാപങ്ങളിൽനിന്നും
സുഗ്രീവം ആലോക്യ	മുക്തനായ സുഗ്രീവനെ നോക്കി,
കാര്യസിദ്ധ്യൈ മോഹകരീം	കാര്യസിദ്ധിക്ക്, മോഹിനിയായ
മായാം തസ്മിൻ വിതന്വൻ	മായയെ അവനിലേക്കു വ്യാപിപ്പിച്ചു—
രാമഃ സസ്മിതം ഇത്ഥം	കൊണ്ട് രാമൻ, പുഞ്ചിരിയോടെ
വാക്യം അബ്രവീത്	ഈ വചനമരുളി.
സഖേ മാം ത്വദുക്തം യത്	സഖേ, എന്നോട് നീ പറഞ്ഞത്
തത് സത്യം ഏവ	സത്യംതന്നെ.
സംശയഃ ന	സംശയമില്ല.

കിന്തു ലോകാഃ വദിഷ്യന്തി മാമേവം രഘുനന്ദനഃ
കൃതവാൻ കിം കപീന്ദ്രായ സഖ്യം കൃത്വാഗ്നിസാക്ഷികം. 3

കിന്തു അഗ്നിസാക്ഷികം	പക്ഷേ, അഗ്നിസാക്ഷിയായി
സഖ്യം കൃത്വാ രഘുനന്ദനഃ	സഖ്യംചെയ്തിട്ട് രഘുനന്ദനൻ
കപീന്ദ്രായ കിം കൃതവാൻ	വാനരേന്ദ്രനുവേണ്ടി
ഏവം ലോകാഃ മാം വദിഷ്യന്തി	എന്തുചെയ്തു എന്ന് ലോകർ എന്നെപ്പറ്റി പറയും.

ഇതി ലോകാപവാദോ മേ ഭവിഷ്യതി ന സംശയഃ
തസ്മാദാഹ്വയ ഭദ്രം തേ ഗത്വാ യുദ്ധായ ബാലിനം. 4
ബാണേനൈകേന തം ഹത്വാ രാജ്യേ ത്വാമഭിഷേചയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേ ഇതി ലോകാപവാദഃ ഭവിഷ്യതി ന സംശയഃ	എനിക്കിങ്ങനെ ലോകാപവാദം ഉണ്ടാകുമെന്നു തീർച്ച.
തസ്മാത് ഗത്വാ ബാലിനം യുദ്ധായ ആഹ്വയ. തേ ഭദ്രം (ഭവതു). ഏകേന ബാണേന തം ഹത്വാ ത്വാം രാജ്യേ അഭിഷേചയേ	അതിനാൽ ചെന്ന് ബാലിയെ പോരിനു വിളിക്കുക. നിനക്കു നന്മ ഭവിക്കട്ടെ. ഒററയമ്പുകൊണ്ട് അവൻെറ കഥ കഴിച്ച് നിന്നെ ഞാൻ നാട്ടിൽ വാഴിക്കും.

തഥേതി ഗത്വാ സുഗ്രീവഃ കിഷ്കിന്ധോപവനം ദ്രുതം. 5

കൃത്വാ ശബ്ദം മഹാനാദം തമാഹ്വയത ബാലിനം
തച്ഛ്രുത്വാ ഭ്രാതൃനിനദം രോഷതാമ്രവിലോചനഃ. 6

നിർജ്ജഗാമ ഗൃഹാച്ഛീഘ്രം സുഗ്രീവോ യത്ര വാനരഃ
തമാപതന്തം സുഗ്രീവഃ ശീഘ്രം വക്ഷസ്യ താഡയത്. 7

തഥാ ഇതി സുഗ്രീവഃ ദ്രുതം കിഷ്കിന്ധോപവനം ഗത്വാ മഹാനാദം ശബ്ദം കൃത്വാ തം ബാലിനം ആഹ്വയത	'അങ്ങനെതന്നെ' യെന്നു സുഗ്രീവൻ ശീഘ്രം കിഷ്കിന്ധയിലെ ഉപവനത്തി- ലെത്തി (അലറി) ഘോരനാദമുളവാക്കി- ക്കൊണ്ട് ആ ബാലിയെ (പോരിനു) വിളിച്ചു.
തദ് ഭ്രാതൃനിനദം ശ്രുത്വാ രോഷതാമ്രവിലോചനഃ വാനരഃ ശീഘ്രം ഗൃഹാത് നിർജ്ജഗാമ സുഗ്രീവഃ യത്ര (തത്ര ആഗതഃ)	ആ സോദരനാദം കേട്ടക്കെ ക്രോധത്താൽ മിഴി ചുവന്ന ബാലി ഉടനടി വീട്ടിൽനിന്നിറങ്ങി; സുഗ്രീവൻ നിന്നിടത്തേക്കു വന്നു.
ആപതന്തം തം വക്ഷസി ശീഘ്രം സുഗ്രീവഃ അതാഡയത്	വന്നണയുന്ന അവൻെറ നെഞ്ചത്തുതന്നെ ഉടനടി സുഗ്രീവൻ ഇടിച്ചു.

സുഗ്രീവമപി മുഷ്ടിഭ്യാം ജഘാന ക്രോധമൂർച്ഛിതഃ
ബാലീ തമപി സുഗ്രീവ ഏവം ക്രുദ്ധൗ പരസ്പരം. 8

അയുധ്യേതാം ഏകരൂപൗ ദൃഷ്ട്വാ രാമോഽതിവിസ്മിതഃ
ന മുമോച തദാ ബാണം സുഗ്രീവവധശങ്കയാ. 9

ക്രോധമൂർച്ഛിതഃ ബാലീ സുഗ്രീവം അപി മുഷ്ടിഭ്യാം ജഘാന	രോഷത്താൽ മതിമറന്ന ബാലി സുഗ്രീവനെയും മുഷ്ടികളാൽ പ്രഹരിച്ചു.
തം സുഗ്രീവഃ അപി	അവനെ സുഗ്രീവനും.
ഏവം ക്രുദ്ധൗ പരസ്പരം അയുധ്യേതാം	ഇങ്ങനെ ക്രുദ്ധരായ അവർ പരസ്പരം പൊരുതി.
(തൗ) ഏകരൂപൗ ദൃഷ്ട്വാ രാമഃ അതിവിസ്മിതഃ	അവരെ ഒരേ രൂപമുള്ളവരായി കാണുക- യാൽ രാമൻ മുററുമാശ്ചര്യപ്പെട്ടു.
സുഗ്രീവവധശങ്കയാ സഃ തദാ ബാണം ന മുമോച	സുഗ്രീവൻ കൊല്ലപ്പെട്ടേക്കുമെന്ന ശങ്കയാൽ അദ്ദേഹം അപ്പോഴാം അമ്പയച്ചില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോ ദുദ്രാവ സുഗ്രീവോ വമൻ രക്തം ഭയാകുലഃ
ബാലീ സ്വഭവനം യാതഃ സുഗ്രീവോ രാമമബ്രവീത്. 10

തതഃ രക്തം വമൻ	അനന്തരം ചോര ഛർദ്ദിച്ചുകൊണ്ട്
സുഗ്രീവഃ ഭയാകുലഃ ദുദ്രാവ	സുഗ്രീവൻ പേടിച്ചരണ്ടോടി.
ബാലീ സ്വഭവനം യാതഃ	ബാലി സ്വഭവനത്തിലേക്കും പോയി.
സുഗ്രീവഃ രാമം അബ്രവീത്	സുഗ്രീവൻ രാമനോടു ചോദിച്ചു:

കിം മാം ഘാതയസേ രാമ, ശത്രുണാ ഭ്രാതൃരൂപിണാ
യദി മദ്ധനനേ വാഞ്ഛാ ത്വമേവ ജഹി മാം വിഭോ. 11

ഏവം മേ പ്രത്യയം കൃത്വാ സത്യവാദിൻ രഘൂത്തമ,
ഉപേക്ഷസേ കിമർത്ഥം മാം ശരണാഗതവത്സല. 12

രാമ ഭ്രാതൃരൂപിണാ	രാമ, സോദരരൂപിയായ
ശത്രുണാ മാം കിം	വൈരിയെക്കൊണ്ട് എന്തിനെന്നെ
ഘാതയസേ	കൊല്ലിക്കുന്നു?
യദി മദ്ധനനേ വാഞ്ഛാ	എന്നെ കൊല്ലാനാണാഗ്രഹമെങ്കിൽ
വിഭോ ത്വം ഏവ മാം ജഹി	പ്രഭോ, നീതന്നെ എന്നെ കൊന്നുകൊ–
ശരണാഗതവത്സല	ള്ളുക. ശരണാഗതരിൽവാത്സല്യമുള്ളവനേ,
സത്യവാദിൻ രഘൂത്തമ	സത്യവാദിയായ രഘൂത്തമ,
മേ പ്രത്യയം കൃത്വാ	എന്നിൽ വിശ്വാസമുളവാക്കിയിട്ട്
കിമർത്ഥം മാം ഉപേക്ഷസേ	എന്തിനെന്നെ തള്ളുന്നു?

ശ്രുത്വാ സുഗ്രീവവചനം രാമഃ സാശ്രുവിലോചനഃ
ആലിംഗ്യ മാസ്മ ഭൈഷീസ്ത്വം ദൃഷ്ട്വാ വാമേകരൂപിണൗ. 13

മിത്രഘാതിത്വമാശംക്യ മുക്തവാൻ സായകം ന ഹി
ഇദാനീമേവ തേ ചിഹ്നം കരിഷ്യേ ഭ്രമശാന്തയേ. 14

സുഗ്രീവവചനം ശ്രുത്വാ	സുഗ്രീവന്റെ വചനം കേട്ട്
സാശ്രുവിലോചനഃ രാമഃ	നിറഞ്ഞ മിഴികളോടെ രാമൻ (അവനെ)
ആലിംഗ്യ (പ്രാഹ)	ആലിംഗനംചെയ്തറിയിച്ചു:
ത്വം മാസ്മ ഭൈഷീഃ	നീ പേടിക്കാതിരിക്കൂ.
ഏകരൂപിണൗ വാം ദൃഷ്ട്വാ	ഒരേ രൂപമുള്ള നിങ്ങളെ കണ്ടപ്പോഴാം
മിത്രഘാതിത്വം	(അബദ്ധത്തിൽ) തോഴനെ കൊല്ലാനിട–
ആശംക്യ	യായേക്കാമെന്ന് ആശങ്കിച്ചാണ്
സായകം അഹം ന മുക്തവാൻ	അമ്പു ഞാൻ അയയ്ക്കാതിരുന്നത്.
ഭ്രമശാന്തയേ ഇദാനീം ഏവ	അബദ്ധമൊഴിവാക്കാൻ ഇപ്പോഴാണെന്നെ
തേ ചിഹ്നം കരിഷ്യേ	നിനക്കൊരടയാളം തരാം.

ഗത്വാഹ്വയ പുനഃ ശത്രും ഹതം ദ്രക്ഷ്യസി ബാലിനം
രാമോഽഹം ത്വാം ശപേ ഭ്രാതർഹനിഷ്യാമി രിപും ക്ഷണാത്.

ഗത്വാ പുനഃ	ചെന്നു വീണ്ടും വൈരിയെ
ശത്രും ആഹ്വയ	പോരിനു വിളിച്ചോളൂ.
ഹതം ബാലിനം ദ്രക്ഷ്യസി	കൊല്ലപ്പെട്ട ബാലിയെ കണ്ടോളൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രാതഃ അഹം രാമഃ ത്വാം ശപേ. ക്ഷണാത് രിപും ഹനിഷ്യാമി	സഹോദര, ഞാൻ, രാമൻ നിന്നോടിതാ ശപഥംചെയ്യുന്നു. ക്ഷണത്തിൽ ശത്രുവിനെ ഞാൻ കൊല്ലും.

ഇത്യാശ്വാസ്യ സ സുഗ്രീവം രാമോ ലക്ഷ്മണമബ്രവീത്
സുഗ്രീവസ്യ ഗലേ പുഷ്പമാലാമാമുച്യ പുഷ്പിതാം. 16

പ്രേഷയസ്വ മഹാഭാഗ, സുഗ്രീവം ബാലിനം പ്രതി
ലക്ഷ്മണസ്തു തദാ ബദ്ധ്വാ ഗച്ഛ ഗച്ഛേതി സാദരം. 17

പ്രേഷയാമാസ സുഗ്രീവം സോഽപി ഗത്വാ തഥാഽകരോത്
പുനരപ്യദ്ഭുതം ശബ്ദം കൃത്വാ ബാലിനമാഹ്വയത്. 18

ഇതി സുഗ്രീവം ആശ്വാസ്യ സഃ രാമഃ ലക്ഷ്മണം അബ്രവീത്	ഇങ്ങനെ സുഗ്രീവനെ ആശ്വസിപ്പിച്ച് ആ രാമൻ ലക്ഷ്മണനോട് അരുളി:
മഹാഭാഗ സുഗ്രീവസ്യ ഗലേ പുഷ്പിതാം പുഷ്പമാലാം ആമുച്യ സുഗ്രീവം ബാലിനം പ്രതി പ്രേഷയസ്വ	ശ്രീമൻ, സുഗ്രീവന്റെ കഴുത്തിൽ ഒരു വിരിമലർമാലയണിയിച്ച് അവനെ ബാലിയുടെ അടുത്തേക്കയയ്ക്കുക.
ലക്ഷ്മണഃ തു തദാ ബദ്ധ്വാ ഗച്ഛ ഗച്ഛ ഇതി സാദരം സുഗ്രീവം പ്രേഷയാമാസ	ലക്ഷ്മണനാകട്ടെ അപ്പോൾത്തന്നെ മാലയണിയിച്ച് 'പോകൂ, പോകൂ' എന്നു ചൊല്ലി ആദരവോടെ സുഗ്രീവനെ യാത്രയാക്കി.
സഃ അപി ഗത്വാ തഥാ അകരോത് പുനഃ അപി അദ്ഭുതം ശബ്ദം കൃത്വാ ബാലിനം ആഹ്വയത്	അവൻ ചെന്ന് പറഞ്ഞപ്രകാരം ചെയ്തു. വീണ്ടും അദ്ഭുതശബ്ദമുളവാക്കി ബാലിയെ വെല്ലുവിളിച്ചു.

തച്ഛ്രുത്വാ വിസ്മിതോ ബാലീ ക്രോധേന മഹതാവൃതഃ
ബദ്ധ്വാ പരികരം സമ്യഗ്ഗമനായോപചക്രമേ. 19

തത് ശ്രുത്വാ വിസ്മിതഃ ബാലീ മഹതാ ക്രോധേന ആവൃതഃ പരികരം സമ്യക് ബദ്ധ്വാ ഗമനായ ഉപചക്രമേ	അതു കേട്ട് വിസ്മിതനായ ബാലി കടുത്ത കോപാവേശത്തോടെ അരയും തല- യും നന്നായി മുറുക്കി (പോരിനു) പുറപ്പെടാൻ തുടങ്ങി.

ഗച്ഛന്തം ബാലിനം താരാ ഗൃഹീത്വാ നിഷിഷേധ തം
ന ഗന്തവ്യം ത്വയേദാനീം ശങ്കാ മേഽതീവ ജായതേ. 20

ഗച്ഛന്തം തം ബാലിനം താരാ ഗൃഹീത്വാ നിഷിഷേധ	പോകുന്ന ആ ബാലിയെ താര (കരം) പിടിച്ചു തടഞ്ഞു.
ത്വയാ ഇദാനീം ന ഗന്തവ്യം മേ അതീവ ശങ്കാ ജായതേ	നീ ഇപ്പോൾ പോകരുത്. എനിക്കതിയായ ശങ്കയുളവാകുന്നു.

ഇദാനീമേവ തേ ഭഗ്നഃ പുനരായാതി സത്വരഃ
സഹായോ ബലവാംസ്തസ്യ കശ്ചിന്നൂനം സമാഗതഃ. 21

ഇദാനീം ഏവ തേ ഭഗ്നഃ സത്വരഃ പുനഃ ആയാതി	ഇപ്പോൾത്തന്നെ നിന്നാൽ തകർക്കപ്പെട്ടവൻ ഉടനടി വീണ്ടും വരുന്നു!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ കശ്ചിത് ബലവാൻ സഹായഃ നൂനം സമാഗതഃ	അവന് ആരോ ഒരു പ്രബലനായ സഹായി തീർച്ചയായും വന്നുചേർന്നിട്ടുണ്ട്!

ബാലീ താമാഹ ഹേ സുഭ്രു, ശങ്കാ തേ വ്യേതു തദ്ഗതാ
പ്രിയേ കരം പരിത്യജ്യ ഗച്ഛ, ഗച്ഛാമി തം രിപും. 22

ഹത്വാ ശീഘ്രം സമായാസ്യേ സഹായസ്തസ്യ കോഭവേത്
സഹായോ യദി സുഗ്രീവസ്തതോ ഹത്വോഭയം ക്ഷണാത്. 23

ആയാസ്യേ മാ ശുചഃ ശൂരഃ കഥം തിഷ്ഠേത് ഗൃഹേ രിപും
ജ്ഞാത്വാപ്യാഹ്വയമാനം ഹി ഹത്വാ യാസ്യാമി സുന്ദരി. 24

ബാലീ താം ആഹ	ബാലി അവളോട് പറഞ്ഞു:
ഹേ സുഭ്രു, തദ്ഗതാ തേ ശങ്കാ വ്യേതു	സുന്ദരി, അതിലുള്ള നിന്റെ ആശങ്ക അകലട്ടെ.
പ്രിയേ, കരം പരിത്യജ്യ ഗച്ഛ. ഗച്ഛാമി തം രിപും ഹത്വാ ശീഘ്രം സമായാസ്യേ	പ്രിയേ, (എന്റെ) കൈ വിട്ടിട്ട് പോകൂ. ഞാൻ പോകട്ടെ. ആ വൈരിയെ വകവരുത്തി വേഗം മടങ്ങിവരാം.
തസ്യ കഃ സഹായഃ ഭവേത്?	അവനാരാണ് സഹായിയാകുക?
തതഃ യദി സുഗ്രീവഃ സഹായഃ ക്ഷണാത് ഉഭയം ഹത്വാ ആയാസ്യേ	ഇനി സുഗ്രീവന് സഹായമുണ്ടെങ്കിൽ— അന്നേ നിമിഷത്തിൽ ഇരുവരെയും കൊന്നു പോന്നോളാം.
മാ ശുചഃ	നീ വിഷമിക്കേണ്ട.
സുന്ദരി, രിപും ആഹ്വയമാനം ജ്ഞാത്വാ അപി ശൂരഃ കഥം ഗൃഹേ തിഷ്ഠേത്?	ഓമനേ, ശത്രു പോർവിളി നടത്തുന്നത് അറിഞ്ഞുംകൊണ്ട് ഒരു ധീരപുരുഷൻ എങ്ങനെ വീട്ടിനുള്ളിൽ ഇരിക്കും?
ഹത്വാ ആയാസ്യാമി ഹി	(ശത്രുവിനെ) കൊന്നിട്ട് ഞാൻ മടങ്ങിവരാം, തീർച്ച.

താരാ ഉവാച: താര പ്രതിവചിച്ചു

മത്തോ ƒന്യച്ഛൃണു രാജേന്ദ്ര, ശ്രുത്വാ കുരു യഥോചിതം
ആഹ മാമംഗദഃ പുത്രോ മൃഗയായാഃ ശ്രുതം വചഃ. 25

രാജേന്ദ്ര, മത്തഃ അന്യത് ശൃണു ശ്രുത്വാ യഥോചിതം കുരു	രാജേന്ദ്ര, എന്നിൽനിന്ന് മറ്റൊന്നുകൂടി കേൾക്കൂ. കേട്ടിട്ട് യഥോചിതം ചെയ്യൂ.
പുത്രഃ അംഗദഃ മൃഗയായാം ശ്രുതം വചഃ മാം ആഹ	(നമ്മുടെ) മകൻ അംഗദൻ വേട്ടയാടവേ കേട്ട വാർത്ത എന്നെ അറിയിച്ചിട്ടുണ്ട്.

അയോധ്യാധിപതിഃ ശ്രീമാൻ രാമോ ദാശരഥിഃ കില
ലക്ഷ്മണേന സഹ ഭ്രാത്രാ സീതയാ ഭാര്യയാ സഹ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഗതോ ദണ്ഡകാരണ്യം തത്ര സീതാ ഹൃതാ കില
രാവണേന സഹ ഭ്രാത്രാ മാർഗ്ഗമാണോഽഥ ജാനകീം. 27

ആഗതോ ഋഷ്യമൂകാദ്രിം സുഗ്രീവേണ സമാഗതഃ
ചകാര തേന സുഗ്രീവഃ സഖ്യം ചാനലസാക്ഷികം. 28

അയോധ്യാധിപതിഃ	അയോധ്യയുടെ അധിപതി
ശ്രീമാൻ ദാശരഥിഃ രാമഃ	ഐശ്വര്യശാലി ദാശരഥി രാമൻ
ഭാര്യയാ സീതയാ സഹ ഭ്രാത്രാ	പത്നിയായ സീതയോടും ഭ്രാതാവായ
ലക്ഷ്മണേന സഹ	ലക്ഷ്മണനോടുമൊത്ത്
ദണ്ഡകാരണ്യം ആഗതഃ കില	ദണ്ഡകവനത്തിൽ വന്നുവത്രേ.
തത്ര സീതാ രാവണേന	അവിടെവച്ച് സീത രാവണനാൽ
ഹൃതാ കില	അപഹൃതയായിപോലും.
അഥ ഭ്രാതാ സഹ	അനന്തരം അനുജനോടൊത്ത്
ജാനകീം മാർഗ്ഗമാണഃ	ജാനകിയെത്തേടി (രാമൻ)
ഋഷ്യമൂകാദ്രിം ആഗതഃ	ഋഷ്യമൂകാചലത്തിലെത്തി.
സുഗ്രീവേണ സമാഗതഃ	സുഗ്രീവനോടു ചേർന്നു.
സുഗ്രീവഃ തേന	സുഗ്രീവൻ അയാളുമായി
അനലസാക്ഷികം	അഗ്നിസാക്ഷിയായി
സഖ്യം ചകാര	സഖ്യംചെയ്തിരിക്കയാണ്.

പ്രതിജ്ഞാം കൃതവാൻ രാമഃ സുഗ്രീവായ സലക്ഷ്മണഃ
ബാലിനം സമരേ ഹത്വാ രാജാനം ത്വാം കരോമ്യഹം. 29

ഇതി നിശ്ചിത്യ തൗ യാതൗ നിശ്ചിതം ശൃണു മദ്വചഃ
ഇദാനീമേവ തേ ഭഗ്നഃ കഥം പുനരുപാഗതഃ. 30

അതസ്ത്വം സർവ്വഥാ വൈരം ത്യക്ത്വാ സുഗ്രീവമാനയ
യൗവരാജ്യേഽഭിഷിഞ്ചാശു രാമം ത്വം ശരണം വ്രജ. 31

സലക്ഷ്മണഃ രാമഃ സുഗ്രീവായ	ലക്ഷ്മണസമേതൻ രാമൻ സുഗ്രീവനോട്
പ്രതിജ്ഞാം കൃതവാൻ	ഈവിധം പ്രതിജ്ഞയുംചെയ്തത്രേ:
ബാലിനം സമരേ	'ബാലിയെ പോരിൽ
ഹത്വാ ത്വാം അഹം	കൊന്ന് നിന്നെ ഞാൻ
രാജാനം കരോമി	രാജാവാക്കും.'
ഇതി നിശ്ചിത്യ തൗ	ഇങ്ങനെയുറച്ച് അവർ
യാതൗ. മദ്വചഃ	പോന്നിരിക്കുന്നു എന്റെ വാക്ക്
നിശ്ചിതം ശൃണു	നിശ്ചിതമാണ്. അതു കേൾക്കണം.
ഇദാനീം ഏവ	ഇപ്പോഴത്തന്നെ നിന്നോട് ഏററു
തേ ഭഗ്നഃ കഥം	തകർന്നവൻ (അല്ലാത്തപക്ഷം)
പുനഃ ഉപാഗതഃ	എങ്ങനെ വീണ്ടും വന്നു?
അതഃ സർവ്വഥാ	ആകയാൽ, എല്ലാവിധ
വൈരം ത്യക്ത്വാ ത്വം	വൈരവും വിട്ട് നീ
സുഗ്രീവം ആനയ	സുഗ്രീവനെ കൂട്ടിക്കൊണ്ടുപോരിക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുവരാജ്യ ആശു അഭിഷിഞ്ച	യുവരാജാവായി ഉടനെ വാഴിക്കുക.
രാമം ത്വം ശരണം വ്രജ	രാമനെ നീ ശരണംപ്രാപിക്കയും ചെയ്യുക.

പാഹി മാം അംഗദം രാജ്യം കുലം ച ഹരിപുംഗവ,
ഇത്യുക്ത്വാഽശ്രുമുഖീ താരാ പാദയോഃ പ്രണിപത്യ തം. 32

ഹസ്താഭ്യാം ചരണൗ ധൃത്വാ രുരോദ ഭയവിഹ്വലാ
താമാലിംഗ്യ തദാ ബാലീ സസ്നേഹമിദമബ്രവീത്. 33

ഹരിപുംഗവ	കപിവര
അംഗദം മാം രാജ്യം	അംഗദനേയും എന്നേയും
കുലം ച പാഹി	നാടിനേയും വംശത്തേയും രക്ഷിക്കുക.
ഇതി ഉക്ത്വാ അശ്രുമുഖീ	ഇങ്ങനെ ചൊല്ലി കണ്ണീർചൊരിയുന്ന
താരാ തം പാദയോഃ	താര അവന്റെ കഴൽ വണങ്ങി,
പ്രണിപത്യ ഹസ്താഭ്യാം ചരണൗ	കൈകളാൽ കാൽ പിടിച്ച്,
ധൃത്വാ ഭയവിഹ്വലാ രുരോദ	ഭയചകിതയായി വിലപിച്ചു.
തദാ താം ആലിംഗ്യ	അപ്പോൾ അവളെ പുണർന്നുകൊണ്ട്
ബാലീ സസ്നേഹം	സ്നേഹപൂർവ്വം ബാലി
ഇദം അബ്രവീത്	ഇങ്ങനെ പറഞ്ഞു:

സ്ത്രീസ്വഭാവാത് ബിഭേഷി ത്വം പ്രിയേ നാസ്തി ഭയം മമ
രാമോ യദി സമായാതോ ലക്ഷ്മണേന സമം പ്രഭുഃ. 34

തദാ രാമേണ മേ സ്നേഹോ ഭവിഷ്യതി ന സംശയഃ
രാമോ നാരായണഃ സാക്ഷാദവതീർണ്ണോഽഖിലപ്രഭുഃ. 35

ഭൂഭാരഹരണാർത്ഥായ ശ്രുതം പൂർവ്വം മയാനഘേ,
സ്വപക്ഷഃ പരപക്ഷോ വാ നാസ്തി തസ്യ പരാത്മനഃ. 36

പ്രിയേ ത്വം	പ്രിയേ, നീ
സ്ത്രീസ്വഭാവാത് ബിഭേഷി	സ്ത്രീസ്വഭാവത്താൽ ഭയപ്പെടുകയാണ്.
മമ ഭയം നാസ്തി	എനിക്കു ഭയമില്ല.
പ്രഭുഃ രാമഃ യദി ലക്ഷ്മണേന	ഭഗവാൻ രാമൻ ലക്ഷ്മണനോടൊത്ത്
സമം സമായാതഃ തദാ	വന്നിട്ടുണ്ടെങ്കിൽ,
രാമേണ മേ സ്നേഹഃ ഭവിഷ്യതി	അദ്ദേഹത്തോട് എനിക്കു സ്നേഹമേ ഉണ്ടാകൂ.
ന സംശയഃ. അനഘേ	തീർച്ച. പരിശുദ്ധേ,
മയാ പൂർവ്വം ശ്രുതം	ഞാൻ നേരത്തേ കേട്ടിട്ടുണ്ട്.
രാമഃ അഖിലപ്രഭുഃ	രാമൻ അഖിലേശ്വരനായ
സാക്ഷാത് നാരായണഃ	സാക്ഷാൽ നാരായണനാണ്;
ഭൂഭാരഹരണാർത്ഥായ	ഭൂഭാരം ഹരിക്കാൻ
അവതീർണ്ണഃ	അവതരിച്ചിരിക്കയാണ് എന്ന്.
തസ്യ പരാത്മനഃ	ആ പരമാത്മാവിന്
സ്വപക്ഷഃ പരപക്ഷഃ വാ ന അസ്തി	സ്വപക്ഷമെന്നോ പരപക്ഷമെന്നോ ഇല്ല.

ആനേഷ്യാമി ഗൃഹം സാധ്വി, നത്വാ തച്ചരണാംബുജം
ഭജതോഽനുഭജത്യേഷഃ ഭക്തിഗമ്യഃ സുരേശ്വരഃ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാധ്വി	സാധ്വീ
ത്വച്ചരണാംബുജം നത്വാ	അവിടത്തെ കാൽത്താർ വണങ്ങി
ഗൃഹം യാസ്യാമി	ഞാൻ വീട്ടിലേക്കു പൊയ്ക്കൊണ്ടുപോരാം.
ഏഷഃ ഭജതഃ	അദ്ദേഹം സേവിപ്പവരെ
ഭജതി. സുരേശ്വരഃ	സേവിപ്പവനാണ്. ആ ദേവേശ്വരൻ
ഭക്തിഗമ്യഃ	ഭക്തിയാൽ പ്രാപ്യനത്രേ.

യദി സ്വയം സമായാതി സുഗ്രീവോ ഹന്മിതം ക്ഷണാത്
യുക്തം യൗവരാജ്യായ സുഗ്രീവസ്യാഭിഷേചനം. 38

കഥമാഹൂയമാനോഽഹം യുദ്ധായ രിപുണാ പ്രിയേ,
ശൂരോഽഹം സർവ്വലോകാനാം സമ്മതഃ ശുഭലക്ഷണേ. 39

ഭീതഭീതമിദം വാക്യം കഥം ബാലീ വദേത് പ്രിയേ,
തസ്മാച്ഛോകം പരിത്യജ്യ തിഷ്ഠ സുന്ദരി, വേശ്മനി. 40

യദി സുഗ്രീവഃ സ്വയം	സുഗ്രീവൻ തനിയെയാണ്
സമായാതി തം	വരുന്നതെങ്കിൽ അവനെ
ക്ഷണാത് ഹന്മി	തൽക്ഷണം ഞാൻ കൊല്ലും.
യൗവരാജ്യായ സുഗ്രീവസ്യ	യുവരാജാവായി സുഗ്രീവനെ
അഭിഷേചനം യുക്തം	വാഴിക്കണമെന്നു നീ പറഞ്ഞതു്
തത് കഥം (ഭവേത്)	എങ്ങനെ നടക്കാനാണ്?
ശുഭലക്ഷണേ പ്രിയേ	ശുഭലക്ഷണയായ പ്രിയേ,
സർവ്വലോകാനാം സമ്മതഃ	സകലലോകർക്കും സമ്മതനായ
ശൂരഃ അഹം	ധീരനാണു ഞാൻ.
യുദ്ധായ രിപുണാ	പോരിനു വൈരിയാൽ
ആഹൂയമാനഃ ബാലീ	വെല്ലുവിളിക്കപ്പെടുന്ന ബാലി
ഭീതഭീതം ഇദം വാക്യം	അതിഭീതമായ ഈ വചനം
പ്രിയേ കഥം വദേത്?	പ്രിയേ, എങ്ങനെ ഉച്ചരിക്കും?
സുന്ദരി തസ്മാത് ശോകം	സുന്ദരി, ആകയാൽ ഭീതി വിട്ട്
പരിത്യജ്യ വേശ്മനി തിഷ്ഠ	നീ വീട്ടിലിരിക്കുക.

ഏവമാശ്വാസ്യ താരാം താം ശോചന്തീമശ്രുലോചനാം
ഗതോ ബാലീ സമുദ്യുക്തഃ സുഗ്രീവസ്യ വധായ സഃ. 41

ശോചന്തീം	ദുഃഖിതയും
അശ്രുലോചനാം താം	അശ്രുലോചനയുമായ ആ
താരാം ഏവം ആശ്വാസ്യ	താരയെ ഈവിധമാശ്വസിപ്പിച്ച്
സഃ ബാലീ സുഗ്രീവസ്യ	ആ ബാലി സുഗ്രീവനെ
വധായ സമുദ്യുക്തഃ ഗതഃ	വധിക്കാൻ ഒരുങ്ങിപ്പുറപ്പെട്ടു.

ദൃഷ്ട്വാ ബാലിനമായാന്തം സുഗ്രീവോ ഭീമവിക്രമഃ
ഉത്പപാത ഗലേ ബദ്ധപുഷ്പമാലഃ മതംഗവത്. 42

ആയാന്തം ബാലിനം ദൃഷ്ട്വാ	(നേരെ) വരുന്ന ബാലിയെക്കണ്ടവേ
ഗലേ ബദ്ധപുഷ്പമാലഃ	കഴുത്തിൽ പൂമാല കെട്ടിയ
ഭീമവിക്രമഃ സുഗ്രീവഃ	ഭീമവിക്രമൻ സുഗ്രീവൻ
മതംഗവത് ഉത്പപാത	മദയാനയെപ്പോലെ മുന്നോട്ടു ചാടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുഷ്ടിഭ്യാം താഡയാമാസ ബാലിനം സോഽപി തം തഥാ
അഹനദ് ബാലീ ച സുഗ്രീവം സുഗ്രീവോ ബാലിനം തഥാ. 43

ബാലിനം മുഷ്ടിഭ്യാം താഡയാമാസ തഥാ തം സഃ അപി	ബാലിയെ മുഷ്ടി ചുരുട്ടി ഇടിച്ചു. അതുപോലെ സുഗ്രീവനെ ബാലിയും.
ബാലീ സുഗ്രീവം തഥാ സുഗ്രീവഃ ബാലിനം അഹനദ്	ബാലി സുഗ്രീവനേയും അവ്വണ്ണം സുഗ്രീവൻ ബാലിയേയും പ്രഹരിച്ചു.

രാമം വിലോകയന്നേവ സുഗ്രീവോ യുയുധേ യുധി
ഇത്യേവം യുധ്യമാനൗ തൗ ദൃഷ്ട്വാ രാമഃ പ്രതാപവാൻ. 44

ബാണമാദായ തൂണീരാത് ഐന്ദ്രേ ധനുഷി സംദധേ
ആകൃഷ്യ കർണ്ണപര്യന്തം അദൃശ്യോ വൃക്ഷഖണ്ഡഗഃ. 45

നിരീക്ഷ്യ ബാലിനം സമ്യക് ലക്ഷ്യം തദ്ധൃദയം ഹരിഃ
ഉത്സസർജ്ജാശനിസമം മഹാവേഗം മഹാബലഃ. 46

രാമം വിലോകയൻ ഏവ സുഗ്രീവഃ യുധി യുയുധേ	രാമനെ നോക്കിക്കൊണ്ടുതന്നെ സുഗ്രീവൻ യുദ്ധത്തിൽ പൊരുതി.
ഇതി ഏവം യുധ്യമാനൗ തൗ ദൃഷ്ട്വാ പ്രതാപവാൻ രാമഃ തൂണീരാത് ബാണം ആദായ ഐന്ദ്രേ ധനുഷി സംദധേ	ഈവിധം ഏററുമുട്ടുന്ന അവരെ വീക്ഷിച്ച്, പ്രതാപിയായ രാമൻ ആവനാഴിയിൽനിന്ന് അമ്പെടുത്ത് ഇന്ദ്രചാപത്തിൽ തൊടുത്തു.
വൃക്ഷഖണ്ഡഗഃ അദൃശ്യഃ മഹാബലഃ ഹരിഃ ബാലിനം നിരീക്ഷ്യ തദ്ധൃദയം സമ്യക് ലക്ഷ്യം (കൃത്വാ) കർണ്ണപര്യന്തം ആകൃഷ്യ അശനിസമം മഹാവേഗം ബാണം ഉത്സസർജ്ജ	മരക്കൂട്ടത്തിൽ മറഞ്ഞുനിന്ന്, മഹാബലവാനായ ഹരി ബാലിയെ നിരീക്ഷിച്ച്, അവന്റെ ഹൃദയം സൂക്ഷ്മമായ് ഉന്നമാക്കി കാതുവരെ (ഞാൺ) വലിച്ച് മിന്നൽപോലെ അതിവേഗം പായുന്ന ബാണം വിടുകയുംചെയ്തു.

ബിഭേദ സ ശരോ വക്ഷോ ബാലിനഃ കമ്പയൻ മഹീം
ഉത്പപാത മഹാശബ്ദം മുഞ്ചൻ സ നിപപാത ഹ. 47

സഃ ശരഃ ബാലിനഃ വക്ഷഃ ബിഭേദ	ആ ശരം ബാലിയുടെ മാറു പിളർന്നു.
മഹീം കമ്പയൻ മഹാശബ്ദം മുഞ്ചൻ സഃ ഉത്പപാത നിപപാത ഹ!	ഭൂമിയെ വിറപ്പിക്കുമാറ് ഘോര- നാദമുതിർത്ത് അവൻ മേലോട്ടു ചാടി; നിലംപതിച്ചു; ആശ്ചര്യം!

തദാ മുഹൂർത്തം നിസ്സംജ്ഞോ ഭൂത്വാ ചേതനമാപ സഃ
തതോ ബാലീ ദദർശാഗ്രേ രാമം രാജീവലോചനം
ധനുരാലംബ്യ വാമേന ഹസ്തേനാന്യേന സായകം. 48

ബിഭ്രാണം ചീരവസനം ജടാമുകുടധാരിണം
വിശാലവക്ഷസം ഭ്രാജത് വനമാലാവിഭൂഷിതം. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പീനചാപ്വായതഭുജം നവദൂർവ്വാദലച്ഛവിം
സുഗ്രീവലക്ഷ്മണാഭ്യാം ച പാർശ്വയോഃ പരിസേവിതം. 50

വിലോക്യ ശനകൈഃ പ്രാഹ ബാലീ രാമം വിഗർഹയൻ
കിം മയാപകൃതം രാമ തവ യേന ഹതോഽസ്മ്യഹം. 51

തദാ മുഹൂർത്തം	അന്നേരം അല്പനേരത്തേക്ക്
നിസ്സംജ്ഞഃ ഭൂത്വാ	ബോധമററുപോയ അവൻ
സഃ ചേതനം ആപ	(വീണ്ടും) ചേതനയാർന്നു.
വാമേന ഹസ്തേന ധനുഃ അന്യേന	ഇടത്തുകൈയിൽ വില്ലും മറേറതിൽ
സായകം ആലംബ്യ	(വലത്തുകരത്തിൽ) അമ്പും പിടിച്ച്
അഗ്രേസ്ഥിതം രാജീവലോചനം	മുന്നിൽ നില്ക്കുന്ന രാജീവലോചനനായ
രാമം ബാലീ തതഃ ദദർശ	രാമനെയാണ് ബാലി അപ്പോൾ കണ്ടത്.
ചീരവസനം ബിഭ്രാണം ജടാമുകുട-	മരവുരിയുടുത്തവനും ജടാമുകുടം
ധാരിണം ഭ്രാജത്	ചൂടിയവനും മനോഹരമായ
വനമാലാവിഭൂഷിതം	വനമാലയാലലംകൃതനും
വിശാലവക്ഷസം	വിരിഞ്ഞ മാറുള്ളവനും തടിച്ചു
പീനചാപ്വായതഭുജം	നീണ്ട ദീർഘബാഹുക്കളുള്ളവനും
നവദൂർവ്വാദലച്ഛവിം	ഇളംകറുകനാമ്പിന്റെ ഒളിയിയന്നവനും
സുഗ്രീവലക്ഷ്മണാഭ്യാം പാർശ്വയോഃ	സുഗ്രീവലക്ഷ്മണന്മാരാൽ ഇരുവശവും
പരിസേവിതം രാമം വിലോക്യ	സേവിതനുമായ രാമനെ നോക്കി
ബാലീ ശനകൈഃ	ബാലി മെല്ലെ, മുറും
വിഗർഹയൻ പ്രാഹ	നിന്ദിക്കുമാറ്, പറഞ്ഞു.
അഹം ഹതഃ അസ്മി യേന	എന്നെ കൊന്നുകളയത്തക്കവണ്ണം
രാമ മയാ കിം തവ	രാമ, ഞാനെന്തു കുററമാണ്
അപകൃതം	നിന്നോടു ചെയ്തത്?

രാജധർമ്മമവിജ്ഞായ ഗർഹിതം കർമ്മ തേ കൃതം
വൃക്ഷഖണ്ഡേ തിരോഭൂത്വാ ത്യജതാ മയി സായകം. 52

യശഃ കിം ലപ്സ്യസേ രാമ, ചോരവത് കൃതസംഗരഃ
യദി ക്ഷത്രിയദായാദോ മനോർവ്വംശസമുദ്ഭവഃ. 53

യുദ്ധം കൃത്വാ സമക്ഷം മേ പ്രാപ്സ്യസേ തദ്ഫലം തദാ
സുഗ്രീവേണ കൃതം കിം തേ മയാ വാ ന കൃതം കിമു. 54

രാജധർമ്മം അവിജ്ഞായ	രാജധർമ്മം അറിയായ്കയാലാണ്
ഗർഹിതം കർമ്മ തേ കൃതം	ഇത്ര നീചകർമ്മം നീ ചെയ്തത്.
വൃക്ഷഖണ്ഡേ തിരോഭൂത്വാ	മരക്കൂട്ടത്തിലൊളിച്ചിരുന്ന്
ചോരവത് കൃതസംഗരഃ	കള്ളനെപ്പോലെ ഒളിപ്പോർ നടത്തി.
മയി സായകം ത്യജതാ രാമ	എന്നെ അമ്പെയ്തുകൊണ്ട് രാമ,
ത്വയാ കിം യശഃ ലപ്സ്യസേ	എന്തു യശസ്സാണ് നിനക്കു കിട്ടുക?
യദി ക്ഷത്രിയദായാദഃ മനോഃ	നീ ക്ഷത്രിയപുത്രനും മനുവിന്റെ
വംശസമുദ്ഭവഃ	വംശത്തിൽ ജനിച്ചവനുമായിരുന്നെങ്കിൽ
തദാ മേ സമക്ഷം യുദ്ധം കൃത്വാ	എന്നോടു നേരേ യുദ്ധംചെയ്ത്
തദ്ഫലം പ്രാപ്സ്യസേ	അതിന്റെ ഫലം (എന്തായാലും)
	നേടുമായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഗ്രീവേണ കിം	സുഗ്രീവൻ എന്താണ്
തേ കൃതം	നിനക്കു ചെയ്തുതന്നത്?
മയാ കിമു വാ	ഞാൻ എന്താണാവോ
ന കൃതം	ചെയ്യാതിരുന്നതും?

രാവണേന ഹൃതാ ഭാര്യാ തവ രാമ മഹാവനേ
സുഗ്രീവം ശരണം യാതസ്തദർത്ഥമിതി ശുശ്രുമഃ. 55

രാമ മഹാവനേ രാവണേന	രാമ, കൊടുംകാട്ടിൽവച്ച് രാവണൻ
തവ ഭാര്യാ ഹൃതാ	നിന്റെ ഭാര്യയെ അപഹരിച്ചെന്നും
തദർത്ഥം സുഗ്രീവം ശരണം	അതിനാലാണ് സുഗ്രീവനെ നീ
യാതഃ ഇതി ശുശ്രുമഃ	ശരണംപ്രാപിച്ചതെന്നും കേൾക്കുന്നു.

ബത രാമ, ന ജാനീഷേ മദ്ബലം ലോകവിശ്രുതം
രാവണം സകലം ബദ്ധ്വാ സസീതം ലങ്കയാ സഹ. 56

ആനയാമി മുഹൂർത്താർദ്ധാദ് യദി ചേച്ഛാമി രാഘവ
ധർമ്മിഷ്ഠ ഇതി ലോകേഽസ്മിൻ കഥ്യസേ രഘുനന്ദന. 57

രാമ ലോകവിശ്രുതം മദ്	രാമ, ലോകവിശ്രുതമായ എന്റെ
ബലം ന ജാനീഷേ ബത	ശക്തി നീയറിയുന്നില്ല, കഷ്ടം!
രാഘവ യദി ഇച്ഛാമി	രാഘവ, ഞാൻ ആഗ്രഹിച്ചാൽ,
രാവണം സകലം ബദ്ധ്വാ	രാവണനെ സകുടുംബം ബന്ധിച്ച്
സസീതം ലങ്കയാ ച സഹ	സീതയോടും ലങ്കയോടുമൊപ്പം
മുഹൂർത്താർദ്ധാത്	അരനിമിഷത്തിൽ (ഇവിടെ)
ആനയാമി	കൊണ്ടുവരുമായിരുന്നു.
അസ്മിൻ ലോകേ	ഈ ലോകത്തിൽ
രഘുനന്ദന ധർമ്മിഷ്ഠ	രഘുനന്ദന, നീ ധർമ്മിഷ്ഠനെന്നാണല്ലോ
ഇതി കഥ്യസേ	പറയപ്പെടുക.

വാനരം വ്യാധവദ്ധത്വാ ധർമ്മം കം ലപ്സ്യസേ വദ,
അഭക്ഷ്യം വാനരം മാംസം ഹത്വാ മാം കിം കരിഷ്യസി. 58

വ്യാധവത് വാനരം	കാട്ടാളനെപ്പോലെ വാനരനെ
ഹത്വാ കം ധർമ്മം	കൊന്നിട്ട് എന്തു ധർമ്മമാണു
ലപ്സ്യസേ വദ	നേടുക? പറയൂ.
വാനരം മാംസം അഭക്ഷ്യം	വാനരമാംസം തിന്നാനും കൊള്ളുകയില്ല.
മാം ഹത്വാ കിം കരിഷ്യസി	എന്നെ കൊന്നിട്ടെന്തുചെയ്യാനാണ്!

ഇത്യേവം ബഹുഭാഷന്തം ബാലിനം രാഘവോഽബ്രവീത്
ധർമ്മസ്യ ഗോപ്താ ലോകേഽസ്മിംശ്ചരാമി സശരാസനഃ. 59

ഇതി ഏവം ബഹുഭാഷന്തം	ഇങ്ങനെ വളരെയൊക്കെപ്പറയുന്ന
ബാലിനം രാഘവഃ അബ്രവീത്	ബാലിയോടു രാമൻ അരുളി:
അസ്മിൻ ലോകേ ധർമ്മസ്യ	ഈ ലോകത്തിൽ
ഗോപ്താ സശരാസനഃ	ധർമ്മസംരക്ഷകനായി വില്ലുമേന്തി
ചരാമി അഹം	നടക്കുകയാണു ഞാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധർമ്മകാരിണം ഹത്വാ സദ്ധർമ്മം പാലയാമ്യഹം
ദുഹിതാ ഭഗിനീ ഭ്രാതുർഭാര്യാ ചൈവ തഥാ സ്നുഷാ. 60

സമാ യോ രമതേ താസാമേകാമപി വിമൂഢധീഃ
പാതകീ സ തു വിജ്ഞേയഃ സ വധ്യോ രാജഭിഃ സദാ. 61

അധർമ്മകാരിണം ഹത്വാ അഹം സദ്ധർമ്മം പാലയാമി	അധർമ്മം ചെയ്യുന്നവനെ വധിച്ച് ഞാൻ സദ്ധർമ്മം രക്ഷിക്കുന്നു.
ദുഹിതാ ഭഗിനീ ഭ്രാതുഃ ഭാര്യാ തഥാ സ്നുഷാ ച സമാഃ ഏവ	പുത്രി, സഹോദരി, സഹോദരഭാര്യ, പുത്രഭാര്യ ഇവരെല്ലാം തുല്യർതന്നെ.
വിമൂഢധീഃ യഃ അപി താസാം ഏകാം രമതേ സഃ തു പാതകീ വിജ്ഞേയഃ സഃ സദാ രാജഭിഃ വധ്യഃ	ബോധമില്ലാത്ത ഏവനെങ്കിലും അവരിൽ ഒരുവളുടെകൂടെ രമിച്ചാൽ അവൻ പാതകിയാണെന്ന് അറിയണം. അവൻ എക്കാലവും രാജാക്കന്മാർക്ക് വധ്യനാണ്.

ത്വം തു ഭ്രാതുഃ കനിഷ്ഠസ്യ ഭാര്യായാം രമസേ ബലാത്
അതോ മയാ ധർമ്മവിദാ ഹതോഽസി വനഗോചര. 62

ത്വം തു കനിഷ്ഠസ്യ ഭ്രാതുഃ ഭാര്യായാം ബലാത് രമസേ	നീയാണെങ്കിൽ ഇളയ സോദരന്റെ ഭാര്യയിൽ ബലാൽ രമിക്കുന്നു.
അതഃ വനഗോചര ധർമ്മവിദാ മയാ ഹതഃ അസി	അതിനാലാണ് വനചര, ധർമ്മജ്ഞനായ ഞാൻ നിന്നെ നിഹനിച്ചത്.

ത്വം കപിത്വാന്ന ജാനീഷേ മഹാന്തോ വിചരന്തി യത്
ലോകം പുനാനാഃ സഞ്ചാരൈരതസ്താന്നാതിഭാഷയേത്. 63

കപിത്വാത് ത്വം ന ജാനീഷേ യത് സഞ്ചാരൈഃ ലോകം പുനാനാഃ മഹാന്തഃ വിചരന്തി. അതഃ താൻ ന അതിഭാഷയേത്	കുരങ്ങത്തംമൂലം നീനക്കറിഞ്ഞുകൂട. സ്വസഞ്ചാരങ്ങളാൽ ഉലകം പാവനമാക്കുന്ന മഹാത്മാക്കൾ ചുററിനടക്കാറുണ്ടെന്ന്. ആകയാൽ അവരെപ്പററി കടത്തി സംസാരിച്ചുകൂടാ.

ബാലിയെ ഒളിയമ്പെയ്യതെന്തിന് എന്ന ചോദ്യം ഉത്തരമില്ലാതെ അവശേഷിക്കുന്നു. ഒരു ധർമ്മനീതിയും രാജനീതിയും അതു് അനുവദിക്കുന്നില്ല. എന്നു് ഏവർക്കുമറിയാം. അതാകാം രാമന്റെ മൗനത്തിനു കാരണം.

തച്ഛ്രുത്വാ ഭയസംത്രസ്തോ ജ്ഞാത്വാ രാമം രമാപതിം
ബാലീ പ്രണമ്യ രഭസാത് രാമം വചനമബ്രവീത്. 64

തത് ശ്രുത്വാ ഭയസംത്രസ്തഃ ബാലീ രാമം രമാപതിം ജ്ഞാത്വാ രഭസാത് പ്രണമ്യ രാമം വചനം അബ്രവീത്	അതു കേട്ടു് ഭയചകിതനായ ബാലി രാമനെ മഹാവിഷ്ണുവെന്നു മനസ്സിലാക്കി, സത്വരം വണങ്ങി രാമനോടു് ഈ വചനമോതി.

രാമ രാമ, മഹാഭാഗ, ജാനേ ത്വാം പരമേശ്വരം
അജാനതാ മയാ കിഞ്ചിദുക്തം തത് ക്ഷന്തുമർഹസി. 65

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാഭാഗ രാമ രാമ ത്വാം പരമേശ്വരം ജാനേ	പൂജ്യനായ രാമ, രാമ, നിന്നെ പരമേശ്വരനെന്നു ഞാൻ അറിയുന്നു.
അജ്ഞാനതാ മയാ യത് കിഞ്ചിത് ഉക്തം തത് ക്ഷന്തും അർഹസി	അജ്ഞനായ ഞാൻ എന്തോ പറഞ്ഞതു് ക്ഷമിക്കമാറാകണം.

സാക്ഷാത് ത്വച്ഛരഘാതേന വിശേഷേണ തവാഗ്രതഃ
ത്യജാമ്യസൂൻ മഹായോഗിദുർല്ലഭം തവ ദർശനം. 66

സാക്ഷാത് ത്വച്ഛരഘാതേന വിശേഷേണ തവ അഗ്രതഃ അസൂൻ ത്യജാമി	സാക്ഷാൽ (ഈശ്വരനായ) നിന്റെ അമ്പുകൊണ്ടു മുറിവേററ്, വിശിഷ്യ നിൻതിരുമുമ്പിൽവച്ച് ഞാൻ പ്രാണൻ വെടിയുകയാണു്!
തവ ദർശനം മഹായോഗിദുർല്ലഭം	നിന്റെ ദർശനം മഹായോഗികൾക്കുപോലും ദുർല്ലഭമാണല്ലോ.

യന്നാമ വിവശോ ഗൃഹ്ണൻ മ്രിയമാണഃ പരം പദം
യാതി സാക്ഷാത് സ ഏവാദ്യ മുമൂർഷോർമേ പുരഃ സ്ഥിതഃ. 67

വിവശഃ മ്രിയമാണഃ യന്നാമ ഗൃഹ്ണൻ പരം പദം യാതി സാക്ഷാത് സ ഏവ മുമൂർഷോഃ മേ പുരഃ അദ്യ സ്ഥിതഃ	വിവശനെങ്കിലും മരണോന്മുഖനായവൻ ആരുടെ പേരുച്ചരിച്ച് പരമപദം പൂകുന്നുവോ, സാക്ഷാൽ (ഭഗവാനായ) അവൻതന്നെ മരിക്കാൻ തുടങ്ങുന്ന എന്റെ മുന്നിൽ ഇന്നിതാ നിലകൊള്ളുന്നു!

ദേവ ജാനാമി പുരുഷം ത്വാം ശ്രിയം ജാനകീം ശുഭാം
രാവണസ്യ വധാർത്ഥായ ജാതം ത്വാം ബ്രഹ്മണാർത്ഥിതം. 68

ദേവ ബ്രഹ്മണാ അർത്ഥിതം രാവണസ്യ വധാർത്ഥായ ജാതം പുരുഷം (ഇതി) ത്വാം ജാനാമി ശുഭാം ജാനകീം ശ്രിയം	ദേവ, ബ്രഹ്മപ്രാർത്ഥനയാൽ രാവണനെ വധിക്കാൻ പിറന്ന പരമപുരുഷനെന്നു നിന്നെ ഞാൻ അറിയുന്നു. ശോഭനയായ സീതയെ ലക്ഷ്മിയെന്നും.

അനുജാനീഹി മാം രാമ യാന്തം തത് പദമുത്തമം
മമ തുല്യബലേ ബാലേ അംഗദേ ത്വം ദയാം കുരു. 69

രാമ തത് ഉത്തമം പദം യാന്തം മാം അനുജാനീഹി	രാമ, ആ പരമപദം പൂകുന്ന എനിക്കു വിടനല്കിയാലും.
ബാലേ മമ തുല്യബലേ അംഗദേ ത്വം ദയാം കുരു	ബാലനും എനിക്കു തുല്യം ബലവാനുമായ അംഗദനിൽ നീ കനിവു കാട്ടണം.

വിശല്യം കുരു മേ രാമ, ഹൃദയം പാണിനാ സ്പൃശൻ
തഥേതി ബാണമുദ്ധൃത്യ രാമഃ പസ്പർശ പാണിനാ
ത്യക്ത്വാ തദ് വാനരം ദേഹം അമരേന്ദ്രോഽഭവത് ക്ഷണാത്. 70

മേ ഹൃദയം പാണിനാ സ്പൃശൻ രാമ മാം വിശല്യം കുരു	എന്റെ ഹൃദയം തൃക്കൈയാൽ തലോടി, രാമ, എന്നെ ആശ്വസിപ്പിക്കുക (അമ്പു വലിച്ചൂരുക).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ ഇതി	അങ്ങനെയെന്നു (സമ്മതിച്ച്)
ബാണം ഉദ്ധൃത്യ രാമഃ	അമ്പു വലിച്ചൂരി രാമൻ
പാണിനാ (തം) പസ്പർശ	കൈകൊണ്ട് അവനെ തലോടി.
ക്ഷണാത് തദ് വാനരം ദേഹം	ക്ഷണത്തിൽ ആ വാനരദേഹം
ത്യക്ത്വാ അമരേന്ദ്രഃ അഭവത്	വിട്ട് (ബാലി) ദേവശ്രേഷ്ഠനായിത്തീർന്നു.

ബാലീ രഘൂത്തമശരാഭിഹതോ വിമൃഷ്ടോ
രാമേണ ശീതളകരേണ സുഖാകരേണ
സദ്യോ വിമുച്യ കപിദേഹമനന്യലഭ്യം
പ്രാപ്തം പദം പരമഹംസഗണൈർദുരാപം. 71

ശീതളകരേണ	ശാന്തിദായകനും
സുഖാകരേണ	ആനന്ദനികേതനനുമായ
രാമേണ വിമൃഷ്ടഃ	രാമനാൽ തലോടപ്പെട്ട,
രഘൂത്തമശരാഭിഹതഃ	രാമശരമേറ്റ് ഉയിർവെടിഞ്ഞ
ബാലീ സദ്യഃ കപിദേഹം വിമുച്യ	ബാലി, സത്വരം വാനരദേഹം വിട്ട്
പരമഹംസഗണൈഃ ദുരാപം	പരമഹംസഗണങ്ങൾക്കുപോലും ദുർല്ലഭവും
അനന്യലഭ്യം പരം പ്രാപ്തം	അന്യർക്കലഭ്യവുമായ പരമപദം പൂകി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ ദ്വിതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം രണ്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം മൂന്ന്

താരാവിലാപം—താരോപദേശം—സുഗ്രീവാഭിഷേകം

ശ്രീമഹാദേവ ഉവാച: ശ്രീപരമേശ്വരൻ അരുളി

നിഹതേ ബാലിനി രണേ രാമേണ പരമാത്മനാ
ദുദ്രുവുർവാനരാഃ സർവ്വേ കിഷ്കിന്ധാം ഭയവിഹ്വലാഃ. 1

പരമാത്മനാ രാമേണ രണേ	പരമാത്മാവായ രാമനാൽ രണത്തിൽ
ബാലിനി നിഹതേ	ബാലി കൊല്ലപ്പെട്ടതോടെ
വാനരാഃ സർവ്വേ ഭയവിഹ്വലാഃ	വാനരരെല്ലാം പേടിച്ചു നടുങ്ങി
കിഷ്കിന്ധാം ദുദ്രുവുഃ	കിഷ്കിന്ധയിലേക്കോടി.

താരാമൂചുർമ്മഹാഭാഗേ ഹതോ ബാലീ രണാജിരേ
അംഗദം പരിരക്ഷാദ്യ മന്ത്രിണഃ പരിണോദയ. 2

താരാം ഊചുഃ	താരയോട് അവർ പറഞ്ഞു:
മഹാഭാഗേ ബാലീ	മഹാമാന്യേ, ബാലി
രണാജിരേ ഹതഃ	പോർക്കളത്തിൽ കൊല്ലപ്പെട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്യ അംഗദം പരിരക്ഷ	ഇപ്പോൾ അംഗദനെ പരിരക്ഷിക്കണം.
മന്ത്രിണഃ പരിണോദയ	മന്ത്രിമാർക്ക് മുന്നറിയിപ്പു നല്കണം.

ചതുർദ്വാരകപാടാദീൻ ബദ്ധ്വാ രക്ഷാമഹേ പുരീം
വാനരാണാം തു രാജാനമംഗദം കുരു ഭാമിനി. 3

ചതുർദ്വാരകപാടാദീൻ ബദ്ധ്വാ പുരീം രക്ഷാമഹേ	നാലു കോട്ടവാതിലുകളുടേയും കതകു തുടങ്ങിയവ പൂട്ടി നഗരം (ഞങ്ങൾ) കാത്തുകൊള്ളാം.
ഭാമിനി അംഗദം തു വാനരാണാം രാജാനം കുരു	ശോഭനേ, അംഗദനെ വാനരരാജാവായി വാഴിച്ചാലും.

നിഹതം ബാലിനം ശ്രുത്വാ താരാ ശോകവിമൂർച്ഛിതാ
അതാഡയത് സ്വപാണിഭ്യാം ശിരോ വക്ഷശ്ച ഭൂരിശഃ. 4

ബാലിനം നിഹതം ശ്രുത്വാ ശോകവിമൂർച്ഛിതാ താരാ സ്വപാണിഭ്യാം ശിരഃ വക്ഷഃ ച ഭൂരിശഃ അതാഡയത്	ബാലി കൊല്ലപ്പെട്ടതു കേട്ട് ശോകമൂർച്ഛിതയായ താര സ്വഭുജങ്ങളാൽ തലയിലും മാറിലും ഒട്ടേറെ താഡിച്ചു.

കിമംഗദേന രാജ്യേന നഗരേണ ധനേന വാ
ഇദാനീമേവ നിധനം യാസ്യാമി പതിനാ സഹ. 5

അംഗദേന രാജ്യേന നഗരേണ ധനേന വാ കിം	അംഗദൻ രാജ്യം നഗരം ധനം ഇവയാലെനിക്കെന്തു കാര്യം?
പതിനാ സഹ ഇദാനീം ഏവ നിധനം യാസ്യാമി	പതിയോടൊത്ത് ഇപ്പോൾത്തന്നെ ഞാൻ മരണമടയും.

ഇത്യുക്ത്വാ ത്വരിതാ തത്ര രുദതീ മുക്തമൂർദ്ധജാ
യയൗ താരാ/തിശോകാർത്താ യത്ര ഭർത്തൃകളേബരം. 6

ഇതി ഉക്ത്വാ അതിശോകാർത്താ മുക്തമൂർദ്ധജാ രുദതീ താരാ ത്വരിതാ യത്ര ഭർത്തൃ- കളേബരം (തത്ര) യയൗ	എന്നു പറഞ്ഞ് അത്യന്തം ശോകാർത്തയായി മുടിയഴിച്ചിട്ടു കരയുന്ന താര പെട്ടെന്നു സ്വഭർത്താവിൻെറ ജഡം കിടക്കുന്നിടത്തേക്കു പോയി.

പതിതം ബാലിനം ദൃഷ്ട്വാ രക്തൈഃ പാംസുഭിരാവൃതം
രുദതീ നാഥനാഥേതി പതിതാ തസ്യ പാദയോഃ. 7

രക്തൈഃ പാംസുഭിഃ ആവൃതം പതിതം ബാലിനം ദൃഷ്ട്വാ നാഥ നാഥ ഇതി രുദതീ തസ്യ പാദയോഃ പതിതാ	ചോര പുരണ്ട പൊടിയിൽ പുണ്ടു കിടന്ന ബാലിയെ കണ്ടപ്പോൾ നാഥ, നാഥ എന്നു മുറവിളിയോടെ (താര) അവൻെറ കാല്ക്കൽ വീണു.

കരുണം വിലപന്തീ സാ ദദർശ രഘുനന്ദനം
രാമ, മാം ജഹി ബാണേന യേന ബാലീ ഹതസ്ത്വയാ. 8

കരുണം വിലപന്തീ സാ രഘുനന്ദനം ദദർശ	കരുണയുളവാക്കുംപടി കരയുന്ന അവൾ രാഘവനെക്കണ്ടു (പറഞ്ഞു):

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമ, യേന ബാണേന
ബാലീ ത്വയാ ഹതഃ
തേന മാം ജഹി

രാമ, ഏതമ്പുകൊണ്ട്
ബാലിയെ നീ കൊന്നുവോ,
അതുകൊണ്ടെന്നെയും കൊന്നുകൊള്ളുക.

ഗച്ഛാമി പതിസാലോക്യം പതിർമ്മാമഭികാംക്ഷതേ
സ്വർഗ്ഗേഽപി ന സുഖം തസ്യ മാം വിനാ രഘുനന്ദന. 9

പതിസാലോക്യം
ഗച്ഛാമി
പതിഃ മാം അഭികാംക്ഷതേ
രഘുനന്ദന സ്വർഗ്ഗേ അപി
തസ്യ മാം വിനാ
സുഖം ന (ഭവേത്)

(എന്റെ) പതി പോയിടത്തേക്കു
ഞാൻ പോകട്ടെ.
പ്രിയനെന്നെ കാത്തിരിക്കുന്നു.
രാഘവ, സ്വർഗ്ഗത്തിൽപ്പോലും
അദ്ദേഹത്തിനെന്നെക്കൂടാതെ
സുഖമുണ്ടാകയില്ല.

പതിവിയോഗജം ദുഃഖമനുഭൂതം ത്വയാഽനഘ
ബാലിനേ മാം പ്രയച്ഛാശു പതിദാനഫലം ഭവേത്. 10

അനഘ*
പതിവിയോഗജം ദുഃഖം
ത്വയാ അനുഭൂതം
ആശു മാം ബാലിനേ
പ്രയച്ഛ. പതിദാന-
ഫലം ഭവേത്

പരിശുദ്ധ,
പ്രിയ പിരിഞ്ഞതിലുളവായ വേദന
നീ അനുഭവിച്ചതാണല്ലോ.
പെട്ടെന്നെന്നെ ബാലിയുടെ
അടുക്കലെത്തിക്കുക. പതിദാനത്തിന്റെ
ഫലം (നിനക്കു) കിട്ടും.

സുഗ്രീവ, ത്വം സുഖം രാജ്യം ദാപിതം ബാലിഘാതിനാ
രാമേണ രുമയാ സാർദ്ധം ഭുംക്ഷ്വ സാപത്നവർജ്ജിതം. 11

സുഗ്രീവ ബാലിഘാതിനാ
രാമേണ ദാപിതം സാപത്ന-
വർജ്ജിതം രാജ്യം രുമയാ
സാർദ്ധം ത്വം സുഖം ഭുംക്ഷ്വ

സുഗ്രീവ, ബാലിയുടെ ഘാതകനായ
രാമൻ തന്ന നിർബ്ബാധമായ
രാജ്യം രുമയോടൊത്തു
നീ സസുഖം ഭുജിച്ചോളൂ.

ഇത്യേവം വിലപന്തീം താം താരാം രാമോ മഹാമനാഃ
സാന്ത്വയാമാസ ദയയാ തത്ത്വജ്ഞാനോപദേശതഃ. 12

ഇതി ഏവം വിലപന്തീം
താം താരാം മഹാമനാഃ രാമഃ
ദയയാ തത്ത്വജ്ഞാനോപദേശതഃ
സാന്ത്വയാമാസ

എന്നിങ്ങനെ വിലപിക്കുന്ന
ആ താരയെ മഹാമനസ്സനായ രാമൻ
കനിവോടെ തത്ത്വജ്ഞാനമുപദേശിച്ച്
സമാശ്വസിപ്പിച്ചു.

കിം ഭീരു ശോചസി വ്യർത്ഥം ശോകസ്യാവിഷയം പതിം
പതിസ്തവായം ദേഹോ വാ ജീവോ വാ വദ തത്ത്വതഃ. 13

ഭീരു ശോകസ്യ
അവിഷയം പതിം വ്യർത്ഥം
കിം ശോചസി

ഭീരു, ശോകത്തിനു
വിഷയമല്ലാത്ത പതിയെപ്പററി വെറുതെ
എന്തിനു നീ വേദനിക്കുന്നു?

---

* ഭർത്തൃഹന്താവിനോടു അയാളും ആരുമാകട്ടെ, ഒരു സാധ്വി 'അനഘ' എന്നു വിളിക്കാമോ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തവ അയം പതിഃ തത്ത്വതഃ ദേഹഃ വാ ജീവഃ വദ	നിന്റെയീ ഭർത്താവ് തത്ത്വത്തിൽ ദേഹമോ, ജീവനോ? പറയുക.

പഞ്ചാത്മകോ ജഡോ ദേഹഃ
ത്വങ്മാംസരുധിരാസ്ഥിമാൻ
കാലകർമ്മഗുണോത്പന്നഃ
സോഽപ്യാസ്തേഽദ്യാപി തേ പുരഃ. 14

പഞ്ചഭൂതാത്മകഃ ദേഹഃ ജഡഃ. ത്വങ്മാംസ— രുധിരാസ്ഥിമാൻ	പഞ്ചഭൂതനിർമ്മിതമായ ദേഹം ജഡമാണ്. തൊലി, മാംസം, രക്തം, അസ്ഥി ഇവ ചേർന്നതാണ്.
കാലകർമ്മഗുണോത്പന്നഃ സഃ അപി അദ്യ അപി തേ പുരഃ ആസ്തേ	കാലം, കർമ്മം, ഗുണം ഇവയിൽനിന്നുണ്ടായ അത് (ദേഹം) ഇപ്പോഴും നിന്റെ മുമ്പിൽ കിടക്കുന്നു.

മന്യസേ ജീവമാത്മാനം ജീവസ്തർഹി നിരാമയഃ
ന ജായതേ ന മ്രിയതേ, ന തിഷ്ഠതി, ന ഗച്ഛതി. 15

ന സ്ത്രീ പുമാൻ വാ ഷണ്ഡോ വാ ജീവഃ സർവ്വഗതോഽവ്യയഃ
ഏക ഏവാഽദ്വിതീയോഽയം ആകാശവദലേപകഃ 16
നിത്യോ ജ്ഞാനമയഃ ശുദ്ധഃ സഃ കഥം ശോകമർഹതി?

യദി ആത്മാനം ജീവം മന്യസേ തർഹി ജീവഃ നിരാമയഃ	ആത്മാവായ ജീവനെയാണ് (നീ സ്വഭർത്താവെന്നു) കരുതുന്നതെങ്കിൽ ജീവൻ അല്ലലില്ലാത്തതാണല്ലോ.
(സഃ) ന ജായതേ ന മ്രിയതേ	അത് ജനിക്കുന്നില്ല, മരിക്കുന്നില്ല;
ന തിഷ്ഠതി, ന ഗച്ഛതി	നില്ക്കുന്നില്ല, പോകുന്നുമില്ല.
ജീവഃ സ്ത്രീഃ വാ പുമാൻ വാ ഷണ്ഡഃ വാ ന	ജീവൻ സ്ത്രീയോ പുരുഷനോ നപുംസകമോ അല്ല.
സഃ സർവ്വഗതഃ അവ്യയഃ	അത് എങ്ങും നിറഞ്ഞതാണ്, അഴിവില്ലാത്തതാണ്.
അയം ഏകഃ അദ്വിതീയഃ ഏവ. ആകാശവത് അലേപകഃ	അത് ഏകവും രണ്ടില്ലാത്തതും തന്നെ. (അത്) ആകാശംപോലെ ലേപനമില്ലാത്തതു്.
നിത്യഃ ജ്ഞാനമയഃ ശുദ്ധഃ സഃ കഥം ശോകം അർഹതി	എന്നുമുള്ളതു്, അറിവിയന്നതു്, ശുദ്ധം. അതെങ്ങനെ അല്ലലർഹിക്കും?

താരാ ഉവാച: താര ചോദിച്ചു

ദേഹോഽചിത് കാഷ്ഠവത് രാമ ജീവോ നിത്യശ്ചിദാത്മകഃ
സുഖദുഃഖാദി സംബന്ധഃ കസ്യ സ്യാദ്രാമ മേ വദ. 17

രാമ ദേഹഃ അചിത് കാഷ്ഠവത്	രാമ, ദേഹം അചേതനവും കട്ടയ്ക്കു തുല്യവുമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജീവഃ നിത്യഃ ചിദാത്മകഃ സുഖദുഃഖാദി സംബന്ധഃ രാമ കസ്യ സ്യാത് മേ വദ	ജീവൻ നിത്യനും ജ്ഞാനരൂപനും. (അപ്പോൾ) സുഖദുഃഖാദിബന്ധം രാമ, ആർക്കാണുണ്ടാവുക? എന്നോടതു പറയു്..

ശ്രീരാമ ഉവാച: ശ്രീരാമൻ പ്രതിവചിച്ചു

അഹങ്കാരാദിസംബന്ധോ യാവദ് ദേഹേന്ദ്രിയൈഃ സഹ
സംസാരസ്താവദേവ സ്യാത് ആത്മനസ്ത്വവിവേകിനഃ. 18

ദേഹേന്ദ്രിയൈഃ സഹ യാവദ് ആത്മനഃ അഹങ്കാരാദിസംബന്ധഃ താവദ് ഏവ അവിവേകിനഃ (തസ്യ) സംസാരഃ സ്യാത്	ഉടലിനോടും ഇന്ദ്രിയങ്ങളോടും എപ്പോഴുംവരെ ആത്മാവിന് അഹങ്കാരാദിസംബന്ധം നീങ്ങാതിരിക്കുമോ, അപ്പോഴുംവരെയേ അവിവേകിയായ അതിന് സംസാരവും ഉണ്ടായിരിക്കു.

മിഥ്യാരോപിതസംസാരോ ന സ്വയം വിനിവർത്തതേ
വിഷയാൻ ധ്യായമാനസ്യ സ്വപ്നേ മിഥ്യാഗമോ യഥാ. 19

മിഥ്യാരോപിതസംസാരഃ സ്വയം ന വിനിവർത്തതേ	(ആത്മാവിൽ) മിഥ്യയായാരോപിതമായ സംസാരം തനിയെ ഒഴിയുകയില്ല.
വിഷയാൻ ധ്യായമാനസ്യ സ്വപ്നേ യഥാ മിഥ്യാഗമഃ	വിഷയങ്ങളെ ധ്യാനിപ്പവന് സ്വപ്നത്തിൽ (വസ്തുക്കളുടെ) മിഥ്യാപ്രാപ്തിയെന്നപോലെ (സംസാരവും നീങ്ങുകയില്ല).

സംസാരബന്ധത്തിനു ജീവനെ വിധേയനാക്കുന്നത് 'ഞാൻ ദേഹമാണ്' എന്ന ബോധവും വിഷയങ്ങളൊക്കെ എൻേറതാണെന്ന ധാരണയുമാണ്. ആനന്ദരൂപനായ ആത്മാവ് അങ്ങനെ അവിവേകിയും അതിനധീനനുമായി ത്തീരുന്നു. സംസാരബന്ധം സ്വയം പരിഹൃതമാകുന്നില്ല. സ്ഥിതികാലത്തിൽ ആ മിഥ്യ സത്യമായി ഭാസിക്കയും ചെയ്യും. കിനാവും കാണുമ്പോൾ നേരെന്നു തോന്നുമല്ലോ. ജാഗ്രത്തിൽ നേരു പുലരുന്നു. മിഥ്യ മായുന്നു. അതുപോലെയാണ് അറിവിൻെറ ഉണർച്ചയിൽ സംസാരമാകുന്ന സ്വപ്നം ഒഴിയുകയും ആത്മസ്വരൂപം പുലരുകയും ചെയ്യുന്നത്.

അനാദ്യവിദ്യാസംബന്ധാത് തത്കാര്യാഹംകൃതേസ്തഥാ
സംസാരോഽപാർത്ഥകോഽപി സ്യാത്
രാഗദ്വേഷാദിസംകുലഃ. 20

അയം സംസാരഃ അപാർത്ഥകഃ അപിഅനാദ്യവിദ്യാസംബന്ധാത് തഥാ തത്കാര്യാഹംകൃതേഃ (ച സംബന്ധാത്) രാഗദ്വേഷാദിസംകുലഃ സ്യാത്	ഈ സംസാരം അർത്ഥഹീനമെങ്കിലും അനാദിയായ അവിദ്യയോടും അതുപോലെ തൽക്കാര്യമായ അഹങ്കാരത്തോടുമുള്ള സംബന്ധത്താൽ (അതു്) രാഗദ്വേഷാദികൾ നിറഞ്ഞ നിലകൊള്ളും.

അവിദ്യയെന്നാൽ പ്രകൃതിയെന്നർത്ഥം. പ്രകൃതി അനാദിയാണ്. ആകയാൽ തജ്ജന്യമായ അഹംബോധവും. അഹംബോധം—ഞാൻ എന്ന ബോധം—ആണ് ജീവൻെറ ലക്ഷണം. പ്രകൃതിയിൽനിന്നു് അഹംബോധമുളവായി എന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പറഞ്ഞാൽ ചിത് ആയ പുരുഷൻ അചിത്തായ പ്രകൃതിയുമായി സമ്മേളിച്ചതിന്റെ ഫലമായി അഹംബോധമുളവായി എന്ന അർത്ഥമുള്ള.

മന ഏവ ഹി സംസാരോ ബന്ധശ്ചൈവ മനഃ ശുഭേ
ആത്മാ മനഃസമാനത്വമേത്യ തദ്ഗതബന്ധഭാക്. 21

ശുഭേ മന ഏവ ഹി സംസാരഃ ബന്ധഃ ച മന ഏവ	ശുഭേ, മനംതന്നെ സംസാരം. ബന്ധവും മനംതന്നെ.
ആത്മാ മനഃസമാനത്വം ഏത്യ തദ്ഗതബന്ധഭാക് (ഭവതി)	ആത്മാവ് മനസ്സുമായി സമാനത്വം പ്രാപിക്കയാൽ അതിലെ ബന്ധത്തിനു പങ്കാളിയാകുന്നു.

യഥാ വിശുദ്ധസ്ഫടികോഽലക്തകാദിസമീപഗഃ
തത്തദ്വർണ്ണയുഗാഭാതി വസ്തുതോ നാസ്തി രഞ്ജനം. 22

ബുദ്ധീന്ദ്രിയാദിസാമീപ്യാദാത്മനഃ സംസൃതിർബ്ബലാത്

അലക്തകാദി സമീപഗഃ വിശുദ്ധസ്ഫടികഃ യഥാ തത്തദ്വർണ്ണയുക് ആഭാതി വസ്തുതഃ രഞ്ജനം ന അസ്തി (തഥാ) ബുദ്ധീന്ദ്രിയാദി സാമീപ്യാത് ആത്മനഃ ബലാത് സംസൃതിഃ	ദകാലരക്കിന്റെയും മററും അരികിലിരിക്കുന്ന ശുദ്ധസ്ഫടികം എങ്ങനെയാണോ അതാതിന്റെ നിറമാർന്നു വിളങ്ങുകയും തത്വത്തിൽ നിറമേശാതി- രിക്കുകയും ചെയ്യുന്നതു്, അതുപോലെയാണ് ബുദ്ധി—ഇന്ദ്രിയാദി— യുടെ സാമീപ്യത്താൽ ആത്മാവിനു ബലാൽ സംസാരബന്ധം (വന്നുചേരു— ന്നതു്).

ആത്മാ സ്വലിംഗം തു മനഃ പരിഗൃഹ്യ തദ്ഉദ്ഭവാൻ. 23

കാമാൻ ജുഷൻ ഗുണൈർബ്ബദ്ധഃ സംസാരേ വർത്തതേഽവശഃ
ആദൌ മനോഗുണാൻ സൃഷ്ട്വാ തതഃ കർമ്മാണ്യനേകധാ. 24

ശുക്ലലോഹിതകൃഷ്ണാനി ഗതയസ്തത്സമാനതഃ
ഏവം കർമ്മവശാജ്ജീവോ ഭ്രമത്യാഭൂതസംപ്ലവം. 25

ആത്മാ തു സ്വലിംഗം മനഃ പരിഗൃഹ്യ തദ്ഉദ്ഭവാൻ കാമാൻ ജുഷൻ ഗുണൈഃ ബദ്ധഃ അവശഃ സംസാരേ വർത്തതേ	ആത്മാവാകട്ടെ തന്റെ ഉപാധിയായ മനസ്സിനെ ആശ്രയിച്ച് അതിലുളവാകുന്ന ഭോഗങ്ങളെ അനുഭവിക്കയും ഗുണബദ്ധനും അവശനുമായി സംസാരത്തിൽ കഴിയുകയും ചെയ്യുന്നു.
ആദൌ മനോഗുണാൻ സൃഷ്ട്വാ തതഃ ശുക്ലലോഹിത കൃഷ്ണാനി അനേകധാ കർമ്മാണി കൃത്വാ തത്സമാനതഃ ഗതയഃ	ആദ്യം മനസ്സിന്റെ ഗുണങ്ങളെ രചിക്കയും പിന്നെ വെണ്മ, ശോണിമ, കാളിമ ഇവ കലർന്ന നാനാകർമ്മങ്ങളനുഷ്ഠിച്ച് അവയ്ക്കനുസൃതമായ ഗതികളെ (ആർജ്ജിക്ക— യും ചെയ്യും).
ഏവം കർമ്മവശാത് ജീവഃ ആഭൂതസംപ്ലവം ഭ്രമതി	ഇങ്ങനെ കർമ്മവശഗനായി ജീവൻ പ്രളയംവരെ ചുററുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്വാദി ഗുണങ്ങളെ ആസ്പദമാക്കിയാണ്‌ കർമ്മങ്ങൾക്കു വർണ്ണങ്ങളും കല്പിക്കപ്പെടുന്നതു്. സത്വപ്രധാനമായ കർമ്മം ശ്വേതം. വെണ്മ വിശുദ്ധിയുടെ പ്രതീകമാണല്ലോ. ശോണിമ രാജസകർമ്മം ദ്യോതിപ്പിക്കുന്നു. ഫലേച്ഛയോടെ ചെയ്യപ്പെടുന്ന യാഗാദി ഉദാഹരണം. താമസം സൂചിപ്പിക്കുന്നതു് ആലസ്യവും പാപവും. മദ്യപാനം, ചൂതുകളി മുതലായവ ഈ ഇനത്തിൽപ്പെടും.

സർവ്വോപസംഹൃതൗ ജീവോ വാസനാഭിഃ സ്വകർമ്മഭിഃ
അനാദ്യവിദ്യാവശഗഃ തിഷ്ഠത്യഭിനിവേശതഃ. 26

സർവ്വോപസംഹൃതൗ	(പ്രളയത്തിൽ) എല്ലാം ഒടുങ്ങുമ്പോഴും
ജീവഃ സ്വകർമ്മഭിഃ	ജീവൻ സ്വകർമ്മങ്ങളാലും
വാസനാഭിഃ	വാസനകളാലും
അഭിനിവേശതഃ	(ഉളവായ) അഭിനിവേശത്താൽ
അനാദ്യവിദ്യാവശഗഃ	അനാദിയായ അവിദ്യയ്ക്കടിപ്പെട്ടു
തിഷ്ഠതി	കഴിയുന്നു.

സൃഷ്ടികാലേ പുനഃ പൂർവ്വവാസനാമാനസൈഃ സഹ
ജായതേ പുനരപ്യേവം ഘടീയന്ത്രമിവാവശഃ. 27

സൃഷ്ടികാലേ പുനഃ	(അടുത്ത) സൃഷ്ടി തുടങ്ങുമ്പോൾ വീണ്ടും
പൂർവ്വവാസനാമാനസൈഃ	മുൻവാസന പേറിയ മനോവൃത്തികളോടെ
സഹ ഘടീയന്ത്രം ഇവ	ഘടീയന്ത്രമെന്നവണ്ണം
അവശഃ പുനഃ അപി ഏവം	അപശനായി, പിന്നെയുമിങ്ങനെ
ജായതേ	ജനനം കൈക്കൊള്ളും.

ജലാശയത്തിൽ താണിറങ്ങി ജലം സംഭരിച്ചുയരുന്ന ഒരു യന്ത്രമാണ്‌ ഘടീയന്ത്രം. സൃഷ്ടിയും പ്രളയവും ചിരന്തനപ്രക്രിയയാണെന്നാണ്‌ വൈദികമതം.

യദാ പുണ്യവിശേഷേണ ലഭതേ സംഗതിം സതാം
മദ്ഭക്താനാം സുശാന്താനാം തദാ മദ്വിഷയാ മതിഃ. 28

പുണ്യവിശേഷേണ	പുണ്യവിശേഷത്താൽ
സുശാന്താനാം മദ്ഭക്താനാം	പരമശാന്തരും എന്റെ ഭക്തരുമായ
സതാം സംഗതിം യദാ	സത്തുക്കളുമായി സംസർഗ്ഗം ലഭിക്കുന്നതോടെ
ലഭതേ തദാ മതിഃ മദ്വിഷയാ	മനസ്സന്നിലേക്കു തിരിയുകയായി.

മത്കഥാശ്രവണേ ശ്രദ്ധാ ദുർല്ലഭാ ജായതേ തതഃ
തതഃ സ്വരൂപവിജ്ഞാനമനായാസേന ജായതേ. 29

തതഃ	അതിൽനിന്നു്
മത് കഥാശ്രവണേ	എന്റെ കഥ കേൾക്കുന്നതിൽ
ദുർല്ലഭാ ശ്രദ്ധാ ജായതേ	ദുർല്ലഭമായ ശ്രദ്ധ മുളയ്ക്കുന്നു.
തതഃ അനായാസേന	തൽഫലമായി പ്രയാസമെന്യേ
സ്വരൂപവിജ്ഞാനം ജായതേ	ആത്മജ്ഞാനം ഉദിക്കയും ചെയ്യും.

തദാചാര്യപ്രസാദേന വാക്യാർത്ഥജ്ഞാനതഃ ക്ഷണാത്
ദേഹേന്ദ്രിയമനഃപ്രാണാഹംകൃതിഭ്യഃ പൃഥക് സ്ഥിതം. 30

സ്വാത്മാനമനുഭവതഃ സത്യം ആനന്ദാത്മാനമദ്വയം
ജ്ഞാത്വാ സദ്യോ ഭവേന്മുക്തഃ സത്യമേവ മയോദിതം. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദാ ആചാര്യപ്രസാദേന വാക്യാർത്ഥജ്ഞാനതഃ ദേഹേന്ദ്രിയമനഃ പ്രാണാഹംകൃതിഭ്യഃ പൃഥക്സ്ഥിതം അദ്വയം ആനന്ദാത്മാനം സ്വാത്മാനുഭവതഃ ക്ഷണാത് ജ്ഞാത്വാ സദ്യഃ മുക്തഃ ഭവേത്	അപ്പോൾ ഗുരുകൃപയാൽ (തത്ത്വമസ്യാദി) വാക്യങ്ങളുടെ അർത്ഥം അറിയുകമൂലം, ദേഹം, ഇന്ദ്രിയം, മനസ്സ്, പ്രാണൻ, അഹംകാരം ഇവയിൽനിന്നകന്നുനില്ക്കുന്ന ഏകനായ ആനന്ദരൂപനായ ആത്മാവിനെ സ്വാനുഭവംകൊണ്ട് സത്വരമറിഞ്ഞ് ഉടനടി മുക്തനാകയും ചെയ്യും.
മയാ ഉദിതം സത്യം ഏവ	ഞാൻ ചൊന്നതു സത്യംതന്നെ.

ഏവം മയോദിതം സമ്യഗാലോചയതി യോഽനിശം
തസ്യ സംസാരദുഃഖാനി ന സ്പൃശന്തി കദാചന. 32

മയാ ഏവം ഉദിതം യഃ അനിശം സമ്യക് ആലോചയതി തസ്യ കദാചന സംസാരദുഃഖാനി ന സ്പൃശന്തി	ഞാൻ ഇങ്ങനെ ചൊന്നതു് ഏവൻ എന്നേരവും നന്നായാലോചിക്കുന്നുവോ അവനെ ഒരുനാളും സംസാരക്ലേശങ്ങൾ തീണ്ടുകയില്ല.

ത്വമപ്യേതന്മയാ പ്രോക്തമാലോചയ വിശുദ്ധധീഃ
ന സ്പൃശ്യസേ ദുഃഖജാലൈഃ കർമ്മബന്ധാത്
വിമോക്ഷ്യസേ. 33

ത്വം അപി വിശുദ്ധധീഃ മയാ പ്രോക്തം ഏതദ് ആലോചയ	നീയും വിശുദ്ധബുദ്ധിയോടെ ഞാൻ പറഞ്ഞ ഈ (തത്ത്വം) നന്നായി ചിന്തിക്കുക.
ദുഃഖജാലൈഃ ന സ്പൃശ്യസേ കർമ്മബന്ധാത് വിമോക്ഷ്യസേ	ദുഃഖജാലങ്ങൾ നിന്നെ സ്പർശിക്കയില്ല. കർമ്മബന്ധത്തിൽനിന്നു മുക്തയുമാകും.

പൂർവ്വജന്മനി തേ സുഭ്രു, കൃതാ മദ്ഭക്തിരുത്തമാ
അത ഏവ വിമോക്ഷായ രൂപം മേ ദർശിതം ശുഭേ. 34

സുഭ്രു തേ പൂർവ്വജന്മനി ഉത്തമാ മദ്ഭക്തിഃ കൃതാ	സുന്ദരി, നിന്റെ പൂർവ്വജന്മത്തിൽ മികച്ച ഭക്തി എന്നിൽ നീ പുലർത്തി.
അത ഏവ ശുഭേ വിമോക്ഷായ മേ രൂപം തേ ദർശിതം	അതിനാൽ മാത്രമാണു ശുഭേ, മോക്ഷസാധകമായ എന്റെ രൂപം നിനക്കു കാട്ടിത്തന്നതു്.

ധ്യാത്വാ മദ്രൂപമനിശം ആലോചയ മയോദിതം
പ്രവാഹപതിതം കാര്യം കുർവ്വന്ന്യപി ന ലിപ്യസേ. 35

അനിശം മദ്രൂപം ധ്യാത്വാ മയോദിതം ആലോചയ	നിരന്തരം എന്റെ രൂപം ധ്യാനിച്ച് ഞാൻ ചൊന്നതു് ആലോചിക്കുക.
പ്രവാഹപതിതം കാര്യം കുർവ്വന്തീ അപി ന ലിപ്സ്യസേ	പ്രാരബ്ധാനുസരണം വന്നുചേരുന്ന കർമ്മം ചെയ്താലും (അതു നിന്നെ) ബാധിക്കയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീരാമേണോദിതം സർവ്വം ശ്രുത്വാ താരാƒതിവിസ്മിതാ
ദേഹാഭിമാനജം ശോകം ത്യക്ത്വാ നത്വാ രഘൂത്തമം. 36

ആത്മാനുഭവസന്തുഷ്ടാ ജീവന്മുക്താ ബഭൂവ ഹ
ക്ഷണസംഗമമാത്രേണ രാമേണ പരമാത്മനാ. 37

അനാദിബന്ധം നിർധൂയ മുക്താ സാƒപി വികല്മഷാ
സുഗ്രീവോƒപി തച്ഛ്രുത്വാ രാമവക്ത്രാത് സമീരിതം. 38

ജഹാവാƒജ്ഞാനമഖിലം സ്വസ്ഥചിത്തോƒഭവത്തദാ
തതഃ സുഗ്രീവമാഹേദം രാമോ വാനരപുംഗവം. 39

ശ്രീരാമേണ ഉദിതം സർവം	ശ്രീരാമൻ അരുളിയതെല്ലാം കേട്ട്
ശ്രുത്വാ താരാ അതിവിസ്മിതാ	താര ഏറെ വിസ്മയിച്ചു.
ദേഹാഭിമാനജം	ദേഹാഭിമാനത്തിൽനിന്നുളവായ
ശോകം ത്യക്ത്വാ രഘൂത്തമം	ശോകം വിട്ട് (അവൾ) രഘുവരനെ
നത്വാ ആത്മാനുഭവസന്തുഷ്ടാ	വണങ്ങി, ആത്മാനുഭവത്താൽ
ജീവന്മുക്താ ബഭൂവ ഹ	പ്രസന്നയും ജീവന്മുക്തയുമായി!
പരമാത്മനാ രാമേണ	പരമാത്മാവായ രാമനുമായുള്ള
ക്ഷണസംഗമമാത്രേണ	ക്ഷണസമ്പർക്കത്താൽത്തന്നെ
സാ അപി വികല്മഷാ	അവളും നിഷ്പാപയും
അനാദിബന്ധം നിർധൂയ	അനാദിബന്ധമററു
മുക്താ (ബഭൂവ)	മുക്തയും ആയിത്തീർന്നു.
സുഗ്രീവഃ അപി രാമ–	സുഗ്രീവനും രാമൻെറ
വക്ത്രാത് സമീരിതം	തിരുമുഖത്തുനിന്നതിന്ന
തത് ശ്രുത്വാ അജ്ഞാനം	ആ (മൊഴി) കേട്ട്
അഖിലം ജഹൗ	അജ്ഞാനമെല്ലാം വിട്ടു.
തദാ സ്വസ്ഥചിത്തഃ അഭവത്	അപ്പോഴേ (തന്നെ) സ്വസ്ഥചിത്തത നേടി.
തതഃ രാമഃ വാനരപുംഗവം	അതിനുശേഷം രാമൻ കപിവരനായ
സുഗ്രീവം ഇദം ആഹ	സുഗ്രീവനോട് ഇങ്ങനെ പറഞ്ഞു:

ഭ്രാതുർജ്യേഷ്ഠസ്യ പുത്രേണ യദ്യുക്തം സാമ്പരായികം
കുരു സർവ്വം യഥാന്യായം സംസ്കാരാദി മമാജ്ഞയാ. 40

മമ ആജ്ഞയാ	എൻെറ ആജ്ഞപ്രകാരം
ജ്യേഷ്ഠസ്യ ഭ്രാതുഃ പുത്രേണ	ജ്യേഷ്ഠസഹോദരൻെറ
യദ് യുക്തം സാമ്പരായികം	പുത്രനെക്കൊണ്ട് ഉചിതമായ
സംസ്കാരാദി (തത്) സർവ്വം	പരലോകസംസ്കാരാദികളെല്ലാം
യഥാന്യായം കുരു	യഥാന്യായം ചെയ്യിക്കണം.

തഥേതി ബലിഭിർമ്മുഖ്യൈഃ വാനരൈഃ പരിണീയ തം
ബാലിനം പുഷ്പകേ ക്ഷിപ്ത്വാ സർവ്വരാജോപചാരകൈഃ. 41

ഭേരീദുന്ദുഭിനിർഘോഷൈർബ്രാഹ്മണൈർമന്ത്രിഭിഃ സഹ
യൂഥപൈർവാനരൈഃ പൗരൈഃ താരയാ ചാംഗദേന ച. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗത്വാ ചകാര തത്സർവ്വം യഥാശാസ്ത്രം പ്രയത്നതഃ
സ്നാത്വാ ജഗാമ രാമസ്യ സമീപം മന്ത്രിഭിഃ സഹ. 43

തഥാ ഇതി സുഗ്രീവഃ ബലിഭിഃ മുഖ്യൈഃ വാനരൈഃ തം ബാലിനം പരിണീയ പുഷ്പകേ ക്ഷിപ്ത്വാ സർവ്വരാജോപചാരകൈഃ ഭേരീദുന്ദുഭിനിർഘോഷൈഃ	'അങ്ങനെ'യെന്നു സുഗ്രീവൻ പ്രബലരായ കപിമുഖ്യരോടൊത്ത് ആ ബാലിയെ കൊണ്ടുവന്ന് പുഷ്പശയ്യയിൽ കിടത്തി, എല്ലാം രാജകീയോപചാരങ്ങളോടും പെരുമ്പറ, ചെണ്ട എന്നീ വാദ്യ— ഘോഷങ്ങളോടും
ബ്രാഹ്മണൈഃ മന്ത്രിഭിഃ യൂഥപൈഃ വാനരൈഃ പൗരൈഃ താരയാ അംഗദേന ച സഹ ഗത്വാ തത് സർവ്വം പ്രയത്നതഃ യഥാശാസ്ത്രം ചകാര	ബ്രാഹ്മണർ, മന്ത്രിമാർ, ഗണാധിപർ (സാധാരണ) വാനരർ, പൗരർ, താര, അംഗദൻ എന്നിവരോടുംകൂടെ ചെന്ന് ആ (സംസ്കാരങ്ങൾ) എല്ലാം പ്രയത്നപൂർവ്വം ശാസ്ത്രാനുസാരം അനുഷ്ഠിച്ചു.
സ്നാത്വാ മന്ത്രിഭിഃ സഹ രാമസ്യ സമീപം ജഗാമ	കുളികഴിച്ച് മന്ത്രിമാരോടുകൂടെ (സുഗ്രീവൻ) രാമന്റെ അടുത്തേക്കു ചെന്നു.

നത്വാ രാമസ്യ ചരണൗ സുഗ്രീവഃ പ്രാഹ ഹൃഷ്ടധീഃ
രാജ്യം പ്രശാധി രാജേന്ദ്ര, വാനരാണാം സമൃദ്ധിമത്. 44

രാമസ്യ ചരണൗ നത്വാ ഹൃഷ്ടധീഃ സുഗ്രീവഃ പ്രാഹ	രാമന്റെ കഴലിണ വണങ്ങി പ്രസന്നചിത്തനായ സുഗ്രീവനറിയിച്ചു:
രാജേന്ദ്ര സമൃദ്ധിമത് വാനരാണാം രാജ്യം പ്രശാധി	രാജേന്ദ്ര, (ഇനി നീ) സമൃദ്ധിമത്തായ (ഈ) വാനരരാജ്യം ഭരിക്കുക.

ദാസോഽഹം തേ പാദപദ്മം സേവേ ലക്ഷ്മണവച്ചിരം
ഇത്യുക്തോ രാഘവഃ പ്രാഹ സുഗ്രീവം സസ്മിതം വചഃ. 45

അഹം തേ ദാസഃ ലക്ഷ്മണവത് ചിരം പാദപദ്മം സേവേ	ഞാൻ നിന്റെ ദാസനാണ്. ലക്ഷ്മണനെപ്പോലെ എന്നും പാദപങ്കജം സേവിച്ചുകൊള്ളാം.
ഇതി ഉക്തഃ രാഘവഃ സസ്മിതം സുഗ്രീവം വചഃ പ്രാഹ	ഇങ്ങനെ പറയപ്പെട്ട രാമൻ മന്ദസ്മിതപൂർവ്വം സുഗ്രീവനോട് ഈ വചനം അരുളി.

ത്വമേവാഹം ന സന്ദേഹഃ ശീഘ്രം ഗച്ഛ മമാജ്ഞയാ
പുരരാജ്യാധിപത്യേ ത്വം സ്വാത്മാനമഭിഷേചയ. 46

ത്വം അഹം ഏവ	നീ ഞാൻതന്നെ (നാം ഒന്നാണ്).
ന സന്ദേഹഃ	സംശയമില്ല.
മമ ആജ്ഞയാ ശീഘ്രം ഗച്ഛ	(പക്ഷേ, ഇപ്പോൾ) എന്റെ ആജ്ഞപ്രകാരം ഉടൻ പോവുക.
പുരരാജ്യാധിപത്യേ ത്വം സ്വാത്മാനം അഭിഷേചയ	നഗരിയുടെയും നാട്ടിന്റെയും അധീശപദവിയിൽ നീ നിന്നെത്തന്നെ വാഴിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഗരം ന പ്രവേക്ഷ്യാമി ചതുർദ്ദശസമാഃ സഖേ,
ആഗമിഷ്യതി മേ ഭ്രാതാ ലക്ഷ്മണഃ പത്തനം തവ. 47

സഖേ ചതുർദ്ദശസമാഃ	സ്നേഹിത, പതിന്നാലു വർഷത്തേക്ക
നഗരം ന പ്രവേക്ഷ്യാമി	നഗരത്തിൽ കടക്കുകയില്ല ഞാൻ.
മേ ഭ്രാതാ ലക്ഷ്മണഃ	എന്റെ സോദരൻ ലക്ഷ്മണൻ
തവ പത്തനം	(എനിക്കുവേണ്ടി) നിന്റെ
ആഗമിഷ്യതി	നഗരിയിൽ വരും.

അംഗദം യൗവരാജ്യേ ത്വം അഭിഷേചയ സാദരം
അഹം സമീപേ ശിഖരേ പർവ്വതസ്യ സഹാനുജഃ. 48
വത്സ്യാമി വർഷദിവസാം സ്തതസ്ത്വം യത്നവാൻ ഭവ
കിഞ്ചിത് കാലം പുരേ സ്ഥിത്വാ സീതായാഃ പരിമാർഗ്ഗണേ.

ത്വം അംഗദം സാദരം	നീ അംഗദനെ ബഹുമാനപൂർവ്വം
യൗവരാജ്യേ അഭിഷേചയ	യുവരാജാവായി വാഴിക്കണം.
വർഷദിവസാൻ അഹം	വർഷകാലദിനങ്ങളിൽ ഞാൻ
സഹാനുജഃ സമീപേ	അനുജനോടൊത്ത് അടുത്തുള്ള
പർവ്വതസ്യ ശിഖരേ വത്സ്യാമി	ഗിരിശിഖരത്തിൽ പാർക്കാം.
കിഞ്ചിത് കാലം പുരേ	കുറേനാൾ നഗരത്തിൽ
സ്ഥിത്വാ തതഃ ത്വം	കഴിഞ്ഞതിനുശേഷം നീ
സീതായാഃ പരിമാർഗ്ഗണേ	സീതാന്വേഷണത്തിൽ
യത്നവാൻ ഭവ	യത്നവാനാകണം.

സാഷ്ടാംഗം പ്രണിപത്യാഹ സുഗ്രീവോ രാമപാദയോഃ
യദാജ്ഞാപയസേ ദേവ, തത്തഥൈവ കരോമ്യഹം. 50

സുഗ്രീവഃ രാമപാദയോഃ	സുഗ്രീവൻ രാമപാദങ്ങളിൽ
സാഷ്ടാംഗം പ്രണിപത്യ ആഹ	സാഷ്ടാംഗം വണങ്ങി അറിയിച്ചു:
ദേവ, യദ്	ദേവ, നിന്തിരുവടി
ആജ്ഞാപയസേ	എന്താജ്ഞാപിക്കുന്നുവോ,
തത് തഥാ ഏവ അഹം കരോമി	അതുപോലെതന്നെ ഞാൻ ചെയ്യും.

അനുജ്ഞാതശ്ച രാമേണ സുഗ്രീവസ്തു സലക്ഷ്മണഃ
ഗത്വാ പുരം തഥാ ചക്രേ യഥാ രാമേണ ചോദിതഃ. 51

രാമേണ അനുജ്ഞാതഃ	രാമന്റെ അനുമതിയോടെ
സുഗ്രീവഃ തു സലക്ഷ്മണഃ	സുഗ്രീവനാകട്ടെ, ലക്ഷ്മണനോടൊത്ത്
പുരം ഗത്വാ യഥാ രാമേണ	നഗരിയിലെത്തി രാമൻ
ചോദിതഃ തഥാ ചക്രേ	നിർദ്ദേശിച്ചതുപോലെ ചെയ്തു.

സുഗ്രീവേണ യഥാന്യായം പൂജിതോ ലക്ഷ്മണസ്തദാ
ആഗത്യ രാഘവം ശീഘ്രം പ്രണിപത്യോപതസ്ഥിവാൻ. 52

സുഗ്രീവേണ യഥാന്യായം	സുഗ്രീവനാൽ യഥോചിതം
പൂജിതഃ ലക്ഷ്മണഃ	പൂജിക്കപ്പെട്ട ലക്ഷ്മണൻ
തദാ ശീഘ്രം ആഗത്യ	അപ്പോൾ ശീഘ്രം മടങ്ങിവരികയും
രാഘവം പ്രണിപത്യ	രാമനെ പ്രണമിച്ച് തത്സമീപം
ഉപതസ്ഥിവാൻ	കഴിയുകയുംചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോ രാമോ ജഗാമാശു ലക്ഷ്മണേന സമന്വിതഃ
പ്രവർഷണഗിരേരൂർദ്ധ്വം ശിഖരം ഭൂരിവിസ്തരം. 53

ലക്ഷ്മണേന സമന്വിതഃ രാമഃ	ലക്ഷ്മണസമേതനായ രാമൻ
തതഃ പ്രവർഷണഗിരേഃ	പിന്നെ പ്രവർഷണഗിരിയുടെ
ഭൂരിവിസ്തരം ഊർദ്ധ്വം	വിസ്താരമേറിയ ഉന്നതശിഖരത്തിലേക്ക്
ശിഖരം ആശു ജഗാമ	സവേഗം പോയി.

തത്രൈകം ഗഹ്വരം ദൃഷ്ട്വാ സ്ഫാടികം ദീപ്തിമച്ഛുഭം
വർഷവാതാതപസഹം ഫലമൂലസമീപഗം
വാസായ രോചയാമാസ തത്ര രാമഃ സലക്ഷ്മണഃ. 54

തത്ര ശുഭം ദീപ്തിമത്	അവിടെ, ശുഭകരവും വെളിച്ചമുള്ളതും
വർഷവാതാതപസഹം	മഴയും കാററും ചൂടും തടുക്കാനുതകുന്നതും
ഫലമൂലസമീപഗം	അരികെ ഫലമൂലങ്ങൾ ലഭിക്കുന്നതും
സ്ഫാടികം ഏകം ഗഹ്വരം	സ്ഫടികക്കല്ലിലുള്ളതുമായ ഒരു ഗുഹ
ദൃഷ്ട്വാ സലക്ഷ്മണഃ	കാണുകയാൽ ലക്ഷ്മണനോടൊത്ത്
തത്ര വാസായ രാമഃ	അതിൽ പാർക്കാൻ രാമന്ന്
രോചയാമാസ	സന്തോഷം തോന്നി.

ദിവ്യമൂലഫലപുഷ്പസംയുതേ
മൗക്തികോപമജലൗഘപല്വലേ
ചിത്രവർണ്ണമൃഗപക്ഷിശോഭിതേ
പർവ്വതേ രഘുകുലോത്തമോഽവസത്. 55

ദിവ്യമൂലഫലപുഷ്പ–	ദിവ്യങ്ങളായ മൂലഫലങ്ങൾ, പൂക്കൾ
സംയുതേ മൗക്തികോപമ–	ഇവ ചേർന്നതും മുത്തിനൊത്ത
ജലൗഘപല്വലേ	തെളിനീർ നിറഞ്ഞ കുളമുള്ളതും
ചിത്രവർണ്ണമൃഗപക്ഷി–	ചിത്രവർണ്ണപ്പൊലിമയാർന്ന പക്ഷിമൃഗങ്ങ–
ശോഭിതേ പർവ്വതേ	ളാൽ ശോഭിതവുമായ ആ ഗിരിയിൽ
രഘുകുലോത്തമഃ അവസത്	രഘുവംശോത്തമൻ പാർപ്പു തുടങ്ങി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ തൃതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം മൂന്നാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം നാല്

ലക്ഷ്മണോപദേശം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

തത്ര വാർഷികദിനാനി രാഘവോ
ലീലയാ മണിഗുഹാസു സഞ്ചരൻ
പക്വമൂലഫലഭോഗതോഷിതോ
ലക്ഷ്മണേനസഹിതോഽവസത് സുഖം. 1

ലക്ഷ്മണേനസഹിതഃ	ലക്ഷ്മണസമേതനായ
രാഘവഃ മണിഗുഹാസു	രാമൻ മണിമയഗുഹകളിൽ
ലീലയാ സഞ്ചരൻ	ലീലയാ സഞ്ചരിച്ചും
പക്വമൂലഫലഭോഗ–	പാകമായ കിഴങ്ങുകളും കനികളും തിന്നു
തോഷിതഃ വാർഷികദിനാനി	തോഷമാന്നും മഴയുടെ നാളുകൾ
തത്ര സുഖം അവസത്	അവിടെ സസുഖം കഴിച്ചുകൂട്ടി.

വാതനുന്നജലപൂരിതമേഘാ–
നന്തരസ്തനിതവൈദ്യുതഗർഭാൻ
വീക്ഷ്യ വിസ്മയമഗാദ് ഗജയൂഥാ–
ന്യഭദാഹിതസുകാഞ്ചനകക്ഷാൻ. 2

അന്തരസ്തനിതവൈദ്യുതഗർഭാൻ	ഉള്ളിൽ മുഴങ്ങുന്ന ഇടിമിന്നൽ പേറിയ,
ആഹിതസുകാഞ്ചനകക്ഷാൻ	സ്വർണ്ണത്തുടക്ക് (നെററിപ്പട്ടം) ധരിച്ച
ഗജയൂഥാൻ യഥാ	ആനക്കൂട്ടങ്ങളെപ്പോലുള്ള,
വാതനുന്നജലപൂരിത–	കാററടിച്ചുകൂട്ടിയ, വെള്ളം വിതുമ്പുന്ന
മേഘാൻ വീക്ഷ്യ രാമഃ	കൊണ്ടൽനിര കണ്ട് രാമൻ
വിസ്മയം അഗാത്	വിസ്മയംപൂണ്ടു.

നവഘാസം സമാസ്വാദ്യ ഹൃഷ്ടപുഷ്ടമൃഗദ്വിജാഃ
ധാവന്തഃ പരിതോ രാമം വീക്ഷ്യ വിസ്താരിതേക്ഷണാഃ. 3

ന ചലന്തി സദാ ധ്യാനനിഷ്ഠാ ഇവ മുനീശ്വരാഃ
രാമം മാനുഷരൂപേണ ഗിരികാനനഭൂമിഷു. 4

ചരന്തം പരമാത്മാനം ജ്ഞാത്വാ സിദ്ധഗണാഃ ഭുവി
മൃഗ പക്ഷിഗണാഃ ഭൂത്വാ രാമമേവാനുസേവിരേ. 5

നവഘാസം സമാസ്വാദ്യ	ഇളംപുല്ല് മതിയാവോളം
ഹൃഷ്ടപുഷ്ടമൃഗദ്വിജാഃ	തിന്നു പുളച്ചു കൊഴുത്ത മൃഗങ്ങളും,
പരിതഃ ധാവന്തഃ	തുഷ്ടിയും പുഷ്ടിയുമാന്ന പക്ഷികളും നാലു–
വിസ്താരിതേക്ഷണാഃ	പാടുമോടവേ, (പാഞ്ഞോടവേ) മിഴി–
രാമം വീക്ഷ്യ സദാ	വിരിച്ച് രാമനെ നോക്കി സദാ
ധ്യാനനിഷ്ഠാഃ മുനീശ്വരാഃ	ധ്യാനലീനരായ മുനിവരരെപ്പോലെ
ഇവ ന ചലന്തി (സ്മ).	നിശ്ചലരായി നില്പുകൊണ്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമാത്മാനം രാമം	പരംപൊരുളായ രാമൻ
ഗിരികാനനഭൂമിഷു	ഗിരികളിലും വനഭൂമികളിലും
ചരന്തം ജ്ഞാത്വാ സിദ്ധഗണാഃ	സഞ്ചരിക്കുന്നതറിഞ്ഞ് സിദ്ധഗണങ്ങൾ
മൃഗപക്ഷിഗണാഃ ഭൂത്വാ	പക്ഷിമൃഗഗണങ്ങളായ് ഭവിച്ച്
ഭുവി (ആഗതാഃ) രാമം	അവനിയിലെത്തി രാമനെത്തന്നെ
ഏവ അന്വസേവിരേ	പരിസേവിച്ചു കഴിഞ്ഞുകൂടി.

സൗമിത്രിരേകദാ രാമമേകാന്തേ ധ്യാനതത്പരം
സമാധിവിരമേ ഭക്ത്യാ പ്രണയാദ്വിനയാന്വിതഃ. 6

അബ്രവീത് ദേവ തേ വാക്യാത് പൂർവ്വോക്താത് വിഗതോ മമ
അനാദ്യവിദ്യാസംഭൂതഃ സംശയോ ഹൃദി സംസ്ഥിതഃ. 7

ഏകദാ ഏകാന്തേ ധ്യാന-	ഒരിക്കൽ ഏകാന്തതയിൽ ധ്യാന-
തത്പരം രാമം	നിരതനായിരുന്ന രാമനോട്
സമാധിവിരമേ	(അദ്ദേഹത്തിന്റെ) സമാധിയൊഴിഞ്ഞ-
വിനയാന്വിതഃ സൗമിത്രിഃ	പ്പോൾ വിനീതനായ ലക്ഷ്മണൻ
ഭക്ത്യാ പ്രണയാത് അബ്രവീത്	ഭക്തിപൂർവ്വം, സസ്നേഹം അറിയിച്ചു:
ദേവ അനാദ്യവിദ്യാസംഭൂതഃ	ദേവ, അനാദി മായയിൽനിന്നുളവായി
മമ ഹൃദി സംസ്ഥിതഃ	എന്നുള്ളിൽ കുടികൊണ്ട
സംശയഃ തേ പൂർവ്വോക്താത്	സംശയം അങ്ങു മുമ്പരുളിയ വാക്കിന്റെ
വാക്യാത് വിഗതഃ	(പ്രഭാവത്താൽ) പാടെ നീങ്ങിപ്പോയി.

ഇദാനീം ശ്രോതുമിച്ഛാമി ക്രിയാമാർഗ്ഗേണ രാഘവ
ഭവദാരാധനം ലോകേ യഥാ കുർവ്വന്തി യോഗിനഃ. 8

ലോകേ യോഗിനഃ	ലോകത്തിലുള്ള യോഗികൾ
ക്രിയാമാർഗ്ഗേണ യഥാ	ക്രിയാമാർഗ്ഗത്തിലൂടെ എങ്ങനെയാണ്
ഭവദാരാധനം കുർവ്വന്തി രാഘവ	അങ്ങയെ ആരാധിക്കുന്നതെന്ന്, രാമ
ഇദാനീം ശ്രോതും ഇച്ഛാമി	ഇനി കേൾക്കാൻ ഞാനാഗ്രഹിക്കുന്നു.

ഇദമേവ സദാ പ്രാഹുർയോഗിനോ മുക്തിസാധനം
നാരദോഽപി തഥാ വ്യാസോ ബ്രഹ്മാ കമലസംഭവഃ. 9

യോഗിനഃ നാരദഃ വ്യാസഃ	യോഗികളും നാരദൻ, വ്യാസൻ,
തഥാ കമലസംഭവഃ ബ്രഹ്മാ	പത്മസംഭവനായ ബ്രഹ്മാവ്
അപി സദാ ഇദം ഏവ	തുടങ്ങിയവരും എന്നേരവും ഇതുതന്നെ
മുക്തിസാധനം പ്രാഹുഃ	മോക്ഷസാധനമെന്നു പറയുന്നു.

ബ്രഹ്മക്ഷത്രാദിവർണ്ണാനാം ആശ്രമാണാം ച മോക്ഷദം
സ്ത്രീശൂദ്രാണാം ച രാജേന്ദ്ര സുലഭം മുക്തിസാധനം
തവ ഭക്തായ മേ ഭ്രാത്രേ ബ്രൂഹി ലോകോപകാരകം. 10

ബ്രഹ്മക്ഷത്രാദിവർണ്ണാനാം	ബ്രാഹ്മണക്ഷത്രിയാദിവർണ്ണസ്ഥർക്കും
ആശ്രമാണാം	(ബ്രഹ്മചര്യാദി) ആശ്രമസ്ഥർക്കും
ച മോക്ഷദം	മോക്ഷമേകുന്നതും
സ്ത്രീശൂദ്രാണാം ച	സ്ത്രീകൾക്കും ശൂദ്രർക്കുംപോലും
സുലഭം മുക്തിസാധനം	സുലഭവും മുക്തിക്കുതകുന്നതും
ലോകോപകാരകം	ജനങ്ങൾക്കുപകരിക്കുന്നതുമായ (ആ പൂജാ-
രാജേന്ദ്ര, തവ ഭക്തായ	വിധി) രാജേന്ദ്ര, അവിടത്തെ ഭക്തനും
ഭ്രാത്രേ മേ ബ്രൂഹി	സഹോദരനുമായ എനിക്ക് ഉപദേശിച്ചു-
	തരണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീരാമ ഉവാച: ശ്രീരാമൻ അരുളി

മമ പൂജാവിധാനസ്യ നാന്തോഽസ്തി രഘുനന്ദന,
തഥാപി വക്ഷ്യേ സംക്ഷേപാത് യഥാവദനുപൂർവ്വശഃ. 11

രഘുനന്ദന, മമ പൂജാവിധാനസ്യ അന്തഃ ന അസ്തി	രഘുനന്ദന, എന്റെ പൂജാവിധിക്ക് അന്തമില്ല.
തഥാപി സംക്ഷേപാത് അനുപൂർവ്വശഃ യഥാവത് വക്ഷ്യേ	എന്നാലും ചുരുക്കി പൂർവ്വക്രമപ്രകാരം യഥാവിധി ഉപദേശിച്ചുതരാം.

സ്വഗൃഹോക്തപ്രകാരേണ ദ്വിജത്വം പ്രാപ്യ മാനവഃ
സകാശാത് സദ്ഗുരോർമ്മന്ത്രം ലബ്ധ്വാ മദ്ഭക്തിസംയുതഃ. 12

തേന സന്ദർശിതവിധിർമ്മാമേവാരാധയേത് സുധീഃ
ഹൃദയേ വാനലേവാർച്ചേത് പ്രതിമാദൗ വിഭാവസൗ. 13

സുധീഃ മാനവഃ	ബുദ്ധിമാനായ മനുഷ്യൻ
സ്വഗൃഹോക്തപ്രകാരേണ	തന്റെ ഗൃഹ്യസൂത്രത്തിൽ* പറഞ്ഞപടി
ദ്വിജത്വം പ്രാപ്യ	(സംസ്കാരത്താൽ) ബ്രാഹ്മണത്വം പ്രാപിച്ച്
മദ്ഭക്തിസംയുതഃ	എന്നിൽ ഭക്തിയോടെ
സദ്ഗുരോഃ സകാശാത്	സദ്ഗുരുസന്നിധിയിൽനിന്നു
മന്ത്രം ലബ്ധ്വാ	മന്ത്രം ഗ്രഹിക്കണം;
തേന സന്ദർശിതവിധിഃ	(എന്നിട്ട്) ഗുരു ഉപദേശിച്ച വിധിപ്രകാരം
ഹൃദയേ വാ	സ്വഹൃദയത്തിലോ
അനലേ അർച്ചേത്	അഗ്നിയിലോ അർച്ചിക്കണം.
പ്രതിമാദൗ	പ്രതിമാദിയിലോ
വിഭാവസൗ മാം	സൂര്യനിലോ (ആയാലും)
ഏവ ആരാധയേത്	എന്നെത്തന്നെ ആരാധിക്കുക.

ശാലഗ്രാമശിലായാം വാ പൂജയേൻ മാമതന്ദ്രിതഃ
പ്രാതഃ സ്നാനം പ്രകുർവ്വീത പ്രഥമം ദേഹശുദ്ധയേ. 14

വേദതന്ത്രോദിതൈർമ്മന്ത്രൈർമ്മൃല്ലേപനവിധാനതഃ
സന്ധ്യാദികർമ്മ യന്നിത്യം തത കുര്യാത് വിധിനാ ബുധഃ. 15

ശാലഗ്രാമശിലായാം വാ അതന്ദ്രിതഃ മാം പൂജയേത്	ശാലഗ്രാമശിലയിലായാലും നിരലസനായി എന്നെ പൂജിക്കുക.
പ്രഥമം ദേഹശുദ്ധയേ	ആദ്യം, ദേഹശുദ്ധിക്ക്
മൃല്ലേപനവിധാനതഃ	കളിമൺ പുരട്ടി
പ്രാതഃ സ്നാനം പ്രകുർവ്വീത	രാവിലെ കുളിക്കണം.

---

* ''സംസ്കാരാത് ദ്വിജ ഉച്യതേ'' എന്നാണ് പഴയ പ്രമാണം. ഷോഡശ (പതിനാറ്) സംസ്കാരങ്ങൾ ഗർഭാധാനം, പുംസവനം എന്നിങ്ങനെ തുടങ്ങി അന്ത്യേഷ്ടിയിൽ അവസാനിക്കുന്നു. ജന്മനാ ഏവരും ശൂദ്രർ. സംസ്കാരത്താൽ ദ്വിജർ. ഇവയെപ്പററിയെല്ലാം സവിസ്തരം പ്രതിപാദിക്കുന്ന ഗൃഹ്യസൂത്രങ്ങളാണ് പാരസ്കരം, ആശ്വലായനം, ഗോഭിലീയം തുടങ്ങിയവ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദതന്ത്രോദിതൈഃ മന്ത്രൈഃ	വേദത്തിലും തന്ത്രത്തിലുമുള്ള മന്ത്രങ്ങളും
യത് സന്ധ്യാദി–	ഉച്ചരിച്ചുകൊണ്ട് സന്ധ്യാവന്ദനാദി
കർമ്മ തദ് ബുധഃ വിധിനാ	കർമ്മവും വിദ്വാൻ വിധിപൂർവ്വം
നിത്യം കുര്യാത്	നിത്യവും അനുഷ്ഠിക്കണം.

സങ്കല്പമാദൗ കുർവ്വീത സിദ്ധ്യർത്ഥം കർമ്മണാം സുധീഃ
സ്വഗുരും പൂജയേത് ഭക്ത്യാ മദ്ബുദ്ധ്യാ പൂജകോ മമ. 16

മമ പൂജകഃ സുധീഃ ആദൗ	എന്റെ പൂജചെയ്യുന്ന ബുദ്ധിമാൻ ആദ്യം
കർമ്മണാം സിദ്ധ്യർത്ഥം	കർമ്മസിദ്ധി ലാക്കാക്കി
സങ്കല്പം കുർവ്വീത	(ദൃഢ)സങ്കല്പം കൈക്കൊള്ളണം.
ഭക്ത്യാ മദ്ബുദ്ധ്യാ	ഭക്തിയോടെ, ഈശ്വരഭാവനയോടെ
സ്വഗുരും പൂജയേത്	സ്വഗുരുവിനെ പൂജിക്കയുംവേണം.

ശിലായാം സ്നപനം കുര്യാത് പ്രതിമാസു പ്രമാർജ്ജനം
പ്രസിദ്ധൈഃ ഗന്ധപുഷ്പാദ്യൈഃ മത്പൂജാ സിദ്ധിദായികാ. 17

ശിലായാം	ശിലയിലാണ്
സ്നപനം കുര്യാത്	(പൂജയെങ്കിൽ) കുളിപ്പിക്കണം.
പ്രതിമാസു പ്രമാർജ്ജനം	പ്രതിമകളിലാണെങ്കിൽ തുടയ്ക്കുക.
പ്രസിദ്ധൈഃ ഗന്ധ–	പ്രസിദ്ധസുഗന്ധങ്ങളാലും
പുഷ്പാദ്യൈഃ മത്–	പുഷ്പാദികളാലും എന്നെ
പൂജാ സിദ്ധിദായികാ	പൂജിക്കുന്നതു് സിദ്ധിദായകമാണ്.

അമായികോഽനുവൃത്ത്യാ മാം പൂജയേന്നിയതവ്രതഃ
പ്രതിമാദിഷ്വലങ്കാരഃ പ്രിയോ മേ കുലനന്ദന. 18

അമായികഃ	കളങ്കമററവനും
നിയതവ്രതഃ	വ്രതനിഷ്ഠയുള്ളവനുമായി
അനുവൃത്ത്യാ മാം പൂജയേത്	മുടക്കമെന്യേ എന്നെ പൂജിക്കണം.
കുലനന്ദന,	വംശത്തിനാനന്ദമേകുന്നവനേ,
പ്രതിമാസു അലങ്കാരഃ	പ്രതിമകളിൽ അലങ്കാരം
മേ പ്രിയഃ	എനിക്കു പ്രിയമാണ്.

അഗ്നൗ യജേത ഹവിഷാ ഭാസ്കരേ സ്ഥണ്ഡിലേ യജേത്
ഭക്തേനാപഹൃതം പ്രീത്യൈ ശ്രദ്ധയാ മമ വാര്യപി. 19

അഗ്നൗ ഹവിഷാ യജേത	അഗ്നിയിൽ ഹവിസ്സാൽ യജിക്കണം.
ഭാസ്കരേ	സൂര്യനിലാണെങ്കിൽ
സ്ഥണ്ഡിലേ യജേത്	വേദികയിൽ പൂജിക്കുക.
ഭക്തേന ശ്രദ്ധയാ ഉപഹൃതം	ഭക്തൻ സസ്നേഹം അർപ്പിക്കുന്ന
വാരി അപി മമ പ്രീത്യൈ	ജലംപോലും എന്റെ പ്രീതിക്കുതകുന്നു.

കിം പുനർഭക്ഷ്യഭോജ്യാദിഗന്ധപുഷ്പാക്ഷതാദികം
പൂജാദ്രവ്യാണി സർവ്വാണി സമ്പാദ്യൈവം സമാരഭേത്. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്ഷ്യഭോജ്യാദി	ഭക്ഷണം, മധുരപലഹാരം, സുഗന്ധം,
ഗന്ധപുഷ്പാക്ഷതാദികം	പൂവ്, അക്ഷതം (നുറുങ്ങാത്ത ഉണക്കലരി)
പുനഃ കിം?	മുതലായവയെപ്പററി പിന്നെന്തു പറവാൻ?
പൂജാദ്രവ്യാണി സർവ്വാണി	പൂജാദ്രവ്യങ്ങളെല്ലാം
സമ്പാദ്യ ഏവം സമാരഭേത്	ഒരുക്കി ഇങ്ങനെ പൂജ തുടങ്ങണം.

ചൈലാജിനകുശൈഃ സമ്യഗാസനം പരികല്പയേത്
തത്രോപവിശ്യ ദേവസ്യ സമ്മുഖേ ശുദ്ധമാനസഃ. 21

തതോ ന്യാസം പ്രകുർവ്വീത മാതൃകാ ബഹിരാന്തരം
കേശവാദി തതഃ കുര്യാത് തത്വന്യാസം തതഃ പരം. 22

മൻമൂർത്തിപഞ്ജരന്യാസം മന്ത്രന്യാസം തതോന്യസേത്
പ്രതിമാദാവപി തഥാ കുര്യാന്നിത്യമതന്ദ്രിതഃ. 23

ചൈലാജിനകുശൈഃ	കുശ, മാൻതോൽ, വസ്ത്രം ഇവയാൽ
ആസനം സമ്യക്	(ഒന്നിനൊന്നു പുറത്തു വിരിച്ച്) ഇരിപ്പിടം
പരികല്പയേത്	നന്നായി തയ്യാറാക്കണം.
ശുദ്ധമാനസഃ	ശുദ്ധഹൃദയനായി
തത്ര ദേവസ്യ	അവിടെ ദേവൻെറ
സമ്മുഖേ ഉപവിശ്യ	മുമ്പിലിരുന്നതിനുശേഷം
തതഃ ബഹിരാന്തരം മാതൃകാ	ബഹിർമാതൃക,[1] അന്തർമാതൃക
ന്യാസം പ്രകുർവ്വീത	എന്നിവയും ന്യാസംചെയ്യുക.
തതഃ കേശവാദി	പിന്നെ, കേശവാദി
കുര്യാത്	(തിരുനാമന്യാസം) ചെയ്യണം.
തതഃ പരം തത്വന്യാസം,	അതിനുശേഷം തത്വന്യാസം,
മൻമൂർത്തിപഞ്ജരന്യാസം	എൻെറ പ്രതിമയിൽ പഞ്ജരന്യാസം.[2]
മന്ത്രന്യാസം തതഃ ന്യസേത്	മന്ത്രന്യാസം പിന്നീടു വേണം.
പ്രതിമാദൗ അപി അതന്ദ്രിതഃ	പ്രതിമാദിയിലും ആലസ്യമെന്യേ
തഥാ നിത്യം കുര്യാത്.	അപ്രകാരം എന്നും അനുഷ്ഠിക്കണം

കലശം സ്വപുരോ വാമേ ക്ഷിപേത് പുഷ്പാദി ദക്ഷിണേ
അർഘ്യപാദ്യപ്രദാനാർത്ഥം മധുപർക്കാർത്ഥമേവ ച. 24

സ്വപുരഃ വാമേ	തൻെറ മുമ്പിൽ
കലശം ക്ഷിപേത്	ഇടത്തു് കലശം വയ്ക്കുക.
ദക്ഷിണേ പുഷ്പാദി	വലത്തു് പൂവ് തുടങ്ങിയവ.

1 മാതൃക: വർണ്ണങ്ങളെ സവിശേഷം വിന്യസിച്ച് ദേവമാതൃക ഉണ്ടാക്കപ്പെടുന്നു. ഇതിനു ദിവ്യശക്തിയുണ്ടെന്നാണ് വിശ്വാസം.

2 ന്യാസം: മന്ത്രോച്ചാരണത്തോടെ ഇഷ്ടദേവതയുടെ അംഗങ്ങളെ ധ്യാനിച്ച് ബീജാക്ഷരവിന്യാസംചെയ്യുന്ന ഏർപ്പാടാണ് ന്യാസം. രണ്ടിനും താന്ത്രികസമ്പ്രദായത്തിലാണ് പ്രസക്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർഘ്യപാദ്യപ്രദാനാർത്ഥം	അർഘ്യപാദ്യങ്ങൾ നല്കാനും
മധുപർക്കാർത്ഥം ച ഏവ	മധുപർക്കം നല്കാനും (പാത്രം വേണം).*

തഥൈവാചമനാർത്ഥം തു ന്യസേത് പാത്രചതുഷ്ടയം
ഹൃത്പദ്മേ ഭാനുവിമലേ മത്കലാം ജീവസംജ്ഞിതാം. 25

ധ്യായേത് സ്വദേഹമഖിലം തയാ വ്യാപ്തമരിന്ദമ
താമേവാവാഹയേന്നിത്യം പ്രതിമാദിഷു മത്കലാം. 26

തഥാ ഏവ	അതുപോലെതന്നെ
ആചമനാർത്ഥം തു	ആചമനത്തിനായി
പാത്രചതുഷ്ടയം ന്യസേത്	നാലു പാത്രങ്ങൾ വയ്ക്കേണ്ടതാണ്.
ഭാനുവിമലേ ഹൃത്പദ്മേ	സൂര്യനെപ്പോലെ വിമലമായ
ജീവസംജ്ഞിതാം	മനതാരിൽ, ജീവനെന്ന പേരായ
മത്കലാം ധ്യായേത്	എന്റെ കലയെ ധ്യാനിക്കുക.
അരിന്ദമ, സ്വദേഹം	ശത്രുദമന, സ്വദേഹം
അഖിലം തയാ	മുഴുവനും ആ ജീവകലയാൽ
വ്യാപ്തം ധ്യായേത്	വ്യാപ്തമാണെന്നു വേണം ധ്യാനിക്കാൻ.
മത്കലാം താം ഏവ	എന്റെ ആ കലയെത്തന്നെ
പ്രതിമാദിഷു	പ്രതിമാദികളിൽ
നിത്യം ആവാഹയേത്	എന്നും ആവാഹിക്കേണ്ടതാണ്.

പാദ്യാർഘ്യാചമനീയാദ്യൈഃ സ്നാനവസ്ത്രവിഭൂഷണൈഃ
യാവച്ഛക്യോപചാരൈർവാ ത്വർച്ചയേൻ മാമമായയാ. 27

പാദ്യാർഘ്യാചമനീയാദ്യൈഃ	പാദ്യം, അർഘ്യം, ആചമനം ആദിയായവ
സ്നാനവസ്ത്രവിഭൂഷണൈഃ	സ്നാനം, വസ്ത്രം, ആഭരണം ഇവയാലോ
യാവച്ഛക്യോപചാരൈഃ	അല്ലെങ്കിൽ കഴിവിൻപടി മററുപചാര-
വാ മാം അമായയാ	ങ്ങളാലോ എന്നെ വിശുദ്ധതയോടെ
അർച്ചയേത്	പൂജിച്ചുകൊള്ളുക.

വിഭവേ സതി കർപ്പൂരകുങ്കുമാഗരുചന്ദനൈഃ
അർച്ചയേൻ മന്ത്രവന്നിത്യം സുഗന്ധകുസുമൈഃ ശുഭൈഃ. 28

വിഭവേ സതി കർപ്പൂര-	വിഭവശേഷിയുണ്ടെങ്കിൽ കർപ്പൂരം,
കുങ്കുമാഗരുചന്ദനൈഃ	കുങ്കുമം, സാമ്പ്രാണി, ചന്ദനം ഇവയാലും
ശുഭൈഃ സുഗന്ധകുസുമൈഃ	ശോഭയേറിയ സുഗന്ധപുഷ്പങ്ങളാലും
മന്ത്രവത് നിത്യം മാം	മന്ത്രപൂർവ്വം നിത്യവും എന്നെ
അർച്ചയേത്	പൂജിക്കാം.

ദശാവരണപൂജാം വൈ ഹ്യാഗമോക്താം പ്രകാരയേത്
നീരാജനൈർധൂപദീപൈർനൈവേദ്യൈർ ബഹുവിസ്തരൈഃ.

നീരാജനൈഃ	നീരാജനങ്ങൾ (അഞ്ചു തിരിയുള്ള ആരതി)
ധൂപദീപൈഃ	ധൂപദീപങ്ങൾ
ബഹുവിസ്തരൈഃ നൈവേദ്യൈഃ	വളരെ വിസ്തരിച്ച നൈവേദ്യങ്ങൾ
ആഗമോക്താം ദശാവരണപൂജാം	ഇവയാലും ശാസ്ത്രോക്തമായ ദശാവരണപൂജ
വൈ പ്രകാരയേത്	നിർവ്വഹിക്കാവുന്നതാണ്.

* അർഘ്യം—പൂജയ്ക്കുള്ള പൂവ്, പഴം ആദി. പാദ്യം—കാൽ കഴുകാൻ ജലം. മധുപർക്കം—തയിർ, നെയ്യ്, ജലം, തേൻ, പഞ്ചസാര ഇവ ചേർത്തുണ്ടാക്കുന്ന നൈവേദ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രദ്ധയോപഹരേന്നിത്യം ശ്രദ്ധാഭുഗഹമീശ്വരഃ
ഹോമം കുര്യാത് പ്രയത്നേന വിധിനാ മന്ത്രകോവിദഃ. 30

ശ്രദ്ധയാ നിത്യം ഉപഹരേത്	(എല്ലാം) ശ്രദ്ധയോടെ വേണം എന്നും അർപ്പിക്കേണ്ടതു്.
അഹം ഈശ്വരഃ ശ്രദ്ധാഭുക്	ഞാൻ, ഈശ്വരൻ, ശ്രദ്ധയെ (മനഃശ്ശുദ്ധിയെ) ഭുജിക്കുന്നവനാകുന്നു.
മന്ത്രകോവിദഃ പ്രയത്നേന വിധിനാ ഹോമം കുര്യാത്	മന്ത്രപ്രവീണൻ പ്രയത്നപൂർവ്വം യഥാവിധി ഹോമം ചെയ്യണം.

അഗസ്ത്യേനോക്തമാർഗ്ഗേണ കുണ്ഡേനാഗമവിത്തമഃ
ജുഹുയാന്മൂലമന്ത്രേണ പുംസൂക്തേനാഥവാ ബുധഃ. 31

അഗസ്ത്യേന ഉക്തമാർഗ്ഗേണ കുണ്ഡേന മൂലമന്ത്രേണ അഥവാ പുംസൂക്തേന ആഗമവിത്തമഃ ബുധഃ ജുഹുയാത്	അഗസ്ത്യവിധിപ്രകാരമുള്ള ഹോമകുണ്ഡത്തിൽ വേണം ഗുരുമന്ത്രത്താലോ *പുരുഷസൂക്തത്താലോ ആഗമജ്ഞരിൽ ഉത്തമനായ ജ്ഞാനി ആഹുതി അർപ്പിക്കേണ്ടതു്.

അഥവൗപസനാഗ്നൗ വാ ചരുണാ ഹവിഷാ തഥാ
തപ്തജാംബൂനദപ്രഖ്യം ദിവ്യാഭരണഭൂഷിതം. 32

ധ്യായേദനലമധ്യസ്ഥം ഹോമകാലേ സദാ ബുധഃ
പാർഷദേഭ്യോ ബലിം ദത്വാ ഹോമശേഷം സമാപയേത്. 33

അഥവാ ഔപസനാഗ്നൗ ചരുണാ വാ ഹവിഷാ (ജുഹുയാത്)	അല്ലെങ്കിൽ ഹോമാഗ്നിയിൽ ഹവ്യാന്നംകൊണ്ടോ ഹവിസ്സുകൊണ്ടോ ആഹുതിയർപ്പിക്കാം.
തപ്തജാംബൂനദപ്രഖ്യം ദിവ്യാഭരണഭൂഷിതം (യജ്ഞപുരുഷം) അനലമധ്യസ്ഥം ഹോമകാലേ ബുധഃ സദാ ധ്യായേത്	ഉരുക്കിയ കനകത്തിന്റെ ഒളിയുള്ളവനും ദിവ്യാഭരണഭൂഷിതനുമായ ഭഗവാനെ അഗ്നിസ്ഥനെന്ന നിലയിൽ ഹോമസമയത്തു് സാധകൻ സദാ ധ്യാനിച്ചുകൊള്ളണം.
പാർഷദേഭ്യഃ ബലിം ദത്വാ ഹോമശേഷം സമാപയേത്	പാർഷദന്മാർക്കു് ബലിയർപ്പിച്ചു് ഹോമത്തിന്റെ ശേഷാംശം അവസാനിപ്പിക്കാം.

തതോ ജപം പ്രകുർവ്വീത ധ്യായൻമാം യതവാക് സ്മരൻ
മുഖവാസം ച താംബൂലം ദത്വാ പ്രീതിസമന്വിതഃ. 34

മദർത്ഥേ നൃത്യഗീതാദി സ്തുതിപാഠാദി കാരയേത്
പ്രണമേദ് ദണ്ഡവത് ഭൂമൗ ഹൃദയേ മാം നിധായ ച. 35

---

* പുരുഷസൂക്തം—ഋഗ്വേദം, മണ്ഡലം 10, മന്ത്രം 90. വേദത്തിലെ പരമപ്രധാനമായ പ്രകരണങ്ങളിൽ ഒന്നാണിതു്. ഗുരുമന്ത്രം—ഗായത്രി. പ്രണവം തുടങ്ങി വേറെയും ഗുരുമന്ത്രങ്ങളുണ്ടാകാം. അധികാരിഭേദമനുസരിച്ചു് ഓരോ സാധകനും പ്രത്യേകം മന്ത്രം ഗുരു നിശ്ചയിക്കുന്ന പതിവുമുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ മാം സ്മരൻ ജപം പ്രകുർവ്വീത	പിന്നെ എന്നെ നിനച്ച് ജപമനുഷ്ഠിക്കണം.
യതവാക് ധ്യായേത്	മൗനമായി ധ്യാനിക്കണം.
പ്രീതിസമന്വിതഃ മുഖവാസം താംബൂലം ച ദത്വാ മദർത്ഥേ നൃത്യഗീതാദി സ്തുതിപാഠാദി കാരയേത്	പ്രീതിയോടെ ശ്വാസഗന്ധവും വെററിലയുമർപ്പിച്ച് എനിക്കായി ആട്ടം, പാട്ട് തുടങ്ങിയവയും സ്തുതിപാഠാദികളും നടത്തിക്കാം.
മാം ഹൃദയേ നിധായ ഭൂമൗ ദണ്ഡവത് പ്രണമേത് ച	എന്നെ മനതാരിലാക്കി ഭൂമിയിൽ ദണ്ഡപ്രണാമവും ചെയ്യുക.

ശിരസ്യാധായ മദ്ദത്തം പ്രസാദം ഭാവനാമയം
പാണിഭ്യാം മത്പദേ മൂർദ്ധ്നി ഗൃഹീത്വാ ഭക്തിസംയുതഃ.
രക്ഷ മാം ഘോരസംസാരാദിത്യുക്ത്വാ പ്രണമേത് സുധീഃ
ഉദ്വാസയേത് യഥാപൂർവ്വം പ്രത്യഗ്ജ്യോതിഷി സംസ്മരൻ.

മദ്ദത്തം ഭാവനാമയം പ്രസാദം ശിരസി ആധായ ഭക്തിസംയുതഃ പാണിഭ്യാം മത്പദേ മൂർദ്ധ്നി ഗൃഹീത്വാ 'മാം ഘോരസംസാരാത് രക്ഷ' ഇതി ഉക്ത്വാ പ്രണമേത്	ഞാൻ തന്ന ഭാവനാമയമായ പ്രസാദം നിറുകയിലേന്തി, ഭക്തിയോടെ കൈകൊണ്ട് എന്റെ കഴലിണ തലയിൽ വച്ച്, 'എന്നെ ഘോരസംസാരത്തിൽനിന്നു രക്ഷിക്കണേ' എന്നു പ്രാർത്ഥിച്ച് കുമ്പിടുക.
യഥാപൂർവ്വം പ്രത്യഗ്ജ്യോതിഷി സംസ്മരൻ ഉദ്വാസയേത്	മുൻപിലത്തേപ്പോലെ ജീവകലയിലൂടെ (ദേവൻ തന്നിൽ ആവേശിക്കുന്നതായി) സ്മരിച്ച് സമാപിപ്പിക്കയും ചെയ്യുക.

ഏവമുക്തപ്രകാരേണ പൂജയേദ് വിധിവദ് യദി
ഇഹാമുത്ര ച സംസിദ്ധിം പ്രാപ്നോതി മദനുഗ്രഹാത്. 38

ഏവം ഉക്തപ്രകാരേണ യദി വിധിവത് പൂജയേത് മദനുഗ്രഹാത് ഇഹ അമുത്ര ച സംസിദ്ധിം പ്രാപ്നോതി	ഇങ്ങനെ, പറഞ്ഞപ്രകാരം വിധിപോലെ പൂജിച്ചാൽ എന്റെ അനുഗ്രഹംകൊണ്ട് (സാധകനു) ഇഹത്തിലും പരത്തിലും മികച്ച സിദ്ധി നേടാം.

മദ്ഭക്തോ യദി മാമേവം പൂജാം ചൈവ ദിനേ ദിനേ
കരോതി മമ സാരൂപ്യം പ്രാപ്നോത്യേവ ന സംശയഃ. 39

മദ്ഭക്തഃ യദി ദിനേ ദിനേ മാം ഏവം പൂജാം കരോതി മമ സാരൂപ്യം ച പ്രാപ്നോതി ഏവ, ന സംശയഃ	എന്റെ ഭക്തൻ ദിനംതോറും എന്നെ ഈവിധം പൂജിച്ചാൽ എന്റെ സാരൂപ്യം പ്രാപിക്കുകതന്നെ ചെയ്യും, തീർച്ച.

ഇദം രഹസ്യം പരമം ച പാവനം
മയൈവ സാക്ഷാത് കഥിതം സനാതനം
പഠത്യജസ്രം യദി വാ ശൃണോതി യഃ
സ സർവ്വപൂജാഫലഭാക് ന സംശയഃ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദം രഹസ്യം പരമം പാവനം സനാതനം ച — ഇതു് ഗൂഢവും പരമപാവനവും ശാശ്വതവുമാകുന്നു.

മയാ ഏവ സാക്ഷാത് കഥിതം. യഃ അജസ്രം യദി പഠതി വാ ശൃണോതി സഃ സർവ്വപൂജാ—ഫലഭാക് ന സംശയഃ — ഞാൻതന്നെ നേരെ അരുളിയതുമാണ്. ആരു് ഇതു നിരന്തരം പഠിക്കുന്നു, അഥവാ കേൾക്കുന്നു, അവനാണ് എല്ലാ പൂജയുടെയും ഫലം ഭുജിക്കുന്നവൻ. സംശയമില്ല.

ഏവം പരാത്മാ ശ്രീരാമഃ ക്രിയായോഗമനുത്തമം
പൃഷ്ടഃ പ്രാഹ സ്വഭക്തായ ശേഷാംശായ മഹാത്മനേ. 41

ഏവം പൃഷ്ടഃ പരാത്മാ ശ്രീരാമഃ സ്വഭക്തായ ശേഷാംശായ മഹാത്മനേ (ലക്ഷ്മണായ) അനുത്തമം ക്രിയായോഗം പ്രാഹ — ഇങ്ങനെ ചോദിക്കപ്പെട്ട പരമാത്മാ ശ്രീരാമൻ സ്വഭക്തനും ആദിശേഷന്റെ അംശവുമായ മഹാത്മാവിനു് (ലക്ഷ്മണനു്) സർവ്വോത്തമമായ ക്രിയായോഗം ഉപദേശിച്ചു.

പുനഃ പ്രാകൃതവദ് രാമോ മായാമാലംബ്യ ദുഃഖിതഃ
ഹാ സീതേതി വദൻ നൈവ നിദ്രാം ലേഭേ കഥഞ്ചന. 42

രാമഃ മായാം ആലംബ്യ പുനഃ പ്രാകൃതവത് ദുഃഖിതഃ — രാമൻ മായയെ ആശ്രയിച്ചു് പിന്നെയും പ്രാകൃതനെപ്പോലെ ദുഃഖിതനായി.

ഹാ സീതേ ഇതി വദൻ കഥഞ്ചന നിദ്രാം ന ഏവ ലേഭേ — 'ഹാ സീതേ' എന്നു വിളിച്ചു് (കൊണ്ടു). ഒരുതരത്തിലും ഉറക്കം ലഭിച്ചതേയില്ല.

ഏതസ്മിന്നന്തരേ തത്ര കിഷ്കിന്ധായാം സുബുദ്ധിമാൻ
ഹനൂമാൻ പ്രാഹ സുഗ്രീവമേകാന്തേ കപിനായകം. 43

ഏതസ്മിൻ അന്തരേ തത്ര കിഷ്കിന്ധായാം സുബുദ്ധിമാൻ ഹനൂമാൻ ഏകാന്തേ കപിനായകം സുഗ്രീവം പ്രാഹ — ഇതിനിടയ്ക്കു് അങ്ങു കിഷ്കിന്ധയിൽ മഹാമനീഷി മാരുതി, ഏകാന്തമായി കപിനായകനായ സുഗ്രീവനോടു പറഞ്ഞു:

ശൃണു രാജൻ പ്രവക്ഷ്യാമി തവൈവ ഹിതമുത്തമം
രാമേണ തേ കൃതഃ പൂർവ്വമുപകാരോഹ്യനുത്തമഃ. 44

രാജൻ ശൃണു. തവ ഏവ ഉത്തമം ഹിതം പ്രവക്ഷ്യാമി — രാജൻ, കേട്ടാലും. നിനക്കുതന്നെ പരമഹിതമായതു ചൊല്ലാം.

രാമേണ തേ അനുത്തമഃ ഹി ഉപകാരഃ പൂർവ്വം കൃതഃ — രാമൻ നിനക്കു് അനുപമമായ ഉപകാരമാണല്ലോ മുമ്പു ചെയ്തതു്.

കൃതഘ്നവത്ത്വയാ നൂനം വിസ്മൃതഃ പ്രതിഭാതി മേ
ത്വത്കൃതേ നിഹതോ ബാലീ വീരസ്ത്രൈലോക്യസമ്മതഃ. 45

കൃതഘ്നവത് ത്വയാ നൂനം വിസ്മൃതഃ മേ പ്രതിഭാതി — നന്ദികെട്ടവനെപ്പോലെ നീ (ആ വസ്തുത) തീർത്തും വിസ്മരിച്ചതായി എനിക്കു തോന്നുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വത്കൃതേ	നിനക്കുവേണ്ടിയാണ്
ത്രൈലോക്യസമ്മതഃ	ത്രിഭുവനസമ്മതനായ
വീരഃ ബാലീ നിഹതഃ	വീരൻ, ബാലി കൊല്ലപ്പെട്ടത്.

രാജ്യേ പ്രതിഷ്ഠിതോഽസി ത്വം താരാം പ്രാപ്തോഽസി ദുർല്ലഭാം
സ രാമഃ പർവ്വതസ്യാഗ്രേ ഭ്രാത്രാ സഹ വസൻ സുധീഃ. 46

ത്വദാഗമനമേകാഗ്രമീക്ഷതേ കാര്യഗൗരവാത്
ത്വം തു വാനരഭാവേന സ്ത്രീസക്തോ നാവബുദ്ധ്യസേ. 47

ത്വം രാജ്യേ പ്രതിഷ്ഠിതഃ അസി	നീ നാട്ടിൽ വാഴിക്കപ്പെട്ടിരിക്കുന്നു.
സുദുർല്ലഭാം താരാം പ്രാപ്തഃ അസി	തികച്ചും ദുർല്ലഭയായ താരയെ നേടി.
സുധീഃ സഃ രാമഃ	മഹാമതിയായ ആ രാമൻ
ഭ്രാത്രാ സഹ കാര്യഗൗരവാത്	അനിയനോടൊത്തു കാര്യഗൗരവത്താൽ
പർവ്വതസ്യ അഗ്രേ വസൻ	മലമുകളിൽ തങ്ങി,
ഏകാഗ്രം ത്വദാഗമനം	ഏകാഗ്രമായി നിന്റെ വരവും
ഈക്ഷതേ	കാത്തിരിക്കയാണ്.
ത്വം തു സ്ത്രീസക്തഃ	നീയാകട്ടെ സ്ത്രീസക്തൻ.
വാനരഭാവേന	വാനരസ്വഭാവത്താൽ
ന അവബുദ്ധ്യസേ	ഒന്നും നേരെ അറിയുന്നുമില്ല.

കരോമീതി പ്രതിജ്ഞായ സീതായാഃ പരിമാർഗ്ഗണം
ന കരോഷി കൃതഘ്നസ്ത്വം ഹന്യസേ ബാലിവദ് ദ്രുതം. 48

സീതായാഃ പരിമാർഗ്ഗണം കരോമി	'സീതയെ തേടാം'
ഇതി പ്രതിജ്ഞായ ന	എന്നു പ്രതിജ്ഞചെയ്തെങ്കിലും (ഒന്നും)
കരോഷി. കൃതഘ്നഃ ത്വം	പ്രവർത്തിക്കുന്നില്ല. കൃതഘ്നനായ നീ
ബാലിവത് ദ്രുതം ഹന്യസേ	ബാലിയെപ്പോലെ ശീഘ്രം കൊല്ലപ്പെടും.

ഹനുമദ്വചനം ശ്രുത്വാ സുഗ്രീവോ ഭയവിഹ്വലഃ
പ്രത്യുവാച ഹനുമന്തം സത്യമേവ ത്വയോദിതം. 49

ഹനുമദ്വചനം ശ്രുത്വാ	ഹനുമാന്റെ വചനം കേട്ട്
ഭയവിഹ്വലഃ സുഗ്രീവഃ	പേടിച്ചു നടുങ്ങിയ സുഗ്രീവൻ
ഹനുമന്തം പ്രത്യുവാച	ഹനുമാനോടു പ്രതിവചിച്ചു:
ത്വയാ ഉദിതം സത്യം ഏവ	നീ പറഞ്ഞതു നേരുതന്നെ.

ശീഘ്രം കുരു മമാജ്ഞാം ത്വം വാനരാണാം തരസ്വിനാം
സഹസ്രാണി ദശേദാനീം പ്രേഷയാശു ദശോ ദിശഃ. 50

ത്വം മമ ആജ്ഞാം ശീഘ്രം കുരു	നീ എന്റെ ആജ്ഞ ഉടനടി നടപ്പാക്കുക.
തരസ്വിനാം വാനരാണാം	വേഗവാന്മാരായ പതിനായിരം
ദശ സഹസ്രാണി ആശു	വാനരരെ തെറ്റെന്നിപ്പോൾ
ഇദാനീം ദശ ദിശഃ പ്രേഷയ	പത്തു ദിക്കിലേക്കും അയയ്ക്കണം.

സപ്തദ്വീപഗതാൻ സർവ്വാൻ വാനരാനാനയന്തു തേ
പക്ഷമദ്ധ്യേ സമായാന്തു സർവ്വേ വാനരപുംഗവാഃ. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ സപ്തദ്വീപഗതാൻ
സർവ്വാൻ വാനരാൻ ആനയന്തു

അവർ ഏഴു ദ്വീപിലുമുള്ള
സർവ്വവാനരരേയും കൂട്ടിക്കൊണ്ടുവരട്ടെ.

പക്ഷമദ്ധ്യേ സർവ്വേ
വാനരപുംഗവാഃ സമായാന്തു

രണ്ടാഴ്ചയ്ക്കകം സകല
കപിവരരും എത്തണം.

യേ പക്ഷമതിവർത്തന്തേ തേ വധ്യാ മേ ന സംശയഃ
ഇത്യാജ്ഞാപ്യ ഹനൂമന്തം സുഗ്രീവോ ഗൃഹമാവിശത്. 52

പക്ഷം അതിവർത്തന്തേ യേ,
തേ മേ വധ്യാഃ ന സംശയഃ

രണ്ടാഴ്ച അതിക്രമിക്കുന്നവരാരോ
അവർ എനിക്കു വധ്യരാണ്, തീർച്ച.

ഹനൂമന്തം ഇതി ആജ്ഞാപ്യ
സുഗ്രീവഃ ഗൃഹം ആവിശത്

ഹനുമാനോട് ഈവിധം ആജ്ഞാപിച്ച്
സുഗ്രീവൻ വസതിയിലേക്കു പോയി.

സുഗ്രീവാജ്ഞാം പുരസ്കൃത്യ ഹനൂമാൻ മന്ത്രിസത്തമഃ
തത്ക്ഷണേ പ്രേഷയാമാസ ഹരീൻ ദശദിശഃ സുധീഃ. 53

സുഗ്രീവാജ്ഞാം പുരസ്കൃത്യ
സുധീഃ മന്ത്രിസത്തമഃ
ഹനൂമാൻ തത്ക്ഷണേ ഹരീൻ
ദശദിശഃ പ്രേഷയാമാസ

സുഗ്രീവാജ്ഞ മുൻനിർത്തി
സുബുദ്ധിയായ മന്ത്രിവരൻ
ഹനുമാൻ തൽക്ഷണം വാനരരെ
പത്തു ദിക്കിലേക്കും അയച്ചു.

അഗണിതഗുണസത്വാൻ വായുവേഗപ്രചാരാൻ
വനചരഗണമുഖ്യാൻ പർവ്വതാകാരരൂപാൻ
പവനഹിതകുമാരഃ പ്രേഷയാമാസ ദൂതാ-
നതിരഭസതരാത്മാ ദാനമാനാദിതൃപ്താൻ. 54

അഗണിതഗുണസത്വാൻ
വായുവേഗപ്രചാരാൻ
പർവ്വതാകാരരൂപാൻ
വനചരഗണമുഖ്യാൻ
ദൂതാൻ ദാനമാനാദിതൃപ്താൻ
അതിരഭസതരാത്മാ
പവനഹിതകുമാരഃ
പ്രേഷയാമാസ

അളവററ ഗുണവും ധൈര്യവുമുള്ളവരും
വായുവേഗത്തിൽ സഞ്ചരിക്കുന്നവരും
മാമലയ്ക്കൊത്ത രൂപാകാരമുള്ളവരും
വാനരഗണങ്ങളിൽ മുഖ്യരുമായ
ദൂതരെ ദാനമാനാദിയാൽ തൃപ്തരാക്കി,
(രാമകാര്യത്തിൽ) അതിവ്യഗ്രമാനസ-
നായ പവനനന്ദനൻ
അയയ്ക്കുകയുണ്ടായി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ ചതുർത്ഥഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം നാലാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം അഞ്ചു്

ലക്ഷ്മണൻെറ കിഷ്കിന്ധാപ്രവേശം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

രാമസ്തു പർവ്വതസ്യാഗ്രേ മണിസാനൗ നിശാമുഖേ
സീതാവിരഹജം ശോകമസഹന്നിദമബ്രവീത്. 1

പർവ്വതസ്യ അഗ്രേ മണിമയസാനൗ	ഗിരിശിഖരത്തിലെ മണിമയസാനുവിൽ
രാമഃ തു	(ഇരുന്നരുളിയ) രാമനാകട്ടെ
നിശാമുഖേ	രാവിൻെറ വരവോടെ
സീതാവിരഹജം ശോകം	സീതാവിയോഗത്താൽ ഉളവായ അഴൽ
അസഹൻ ഇദം അബ്രവീത്	പൊറുക്കാനാവാതെ ഇങ്ങനെ അരുളംചെയ്തു:

പശ്യ ലക്ഷ്മണ മേ സീതാ രാക്ഷസേന ഹൃതാ ബലാത്
മൃതാഽമൃതാ വാ നിശ്ചേതും ന ജാനേഽദ്യാപി ഭാമിനീം. 2

ലക്ഷ്മണ പശ്യ	ലക്ഷ്മണ, നോക്കൂ.
രാക്ഷസേന ബലാത്	രാക്ഷസനാൽ ബലാൽ
ഹൃതാ മേ സീതാ മൃതാ വാ	അപഹൃതയായി എൻെറ സീത; മരിച്ചോ,
അമൃതാ നിശ്ചേതും	ജീവിച്ചിരിക്കുന്നോ എന്നു നിശ്ചയി-
ഭാമിനീം	ക്കാൻപോലും ആ സുന്ദരിയെപ്പററി
അദ്യാപി ന ജാനേ	ഇന്നുവരെ (ഒന്നും) അറിയാററായില്ല.

ജീവതീതി മമ ബ്രൂയാത് കശ്ചിത് വാ പ്രിയകൃത് സ മേ
യദി ജാനാമി താം സാധ്വീം ജീവന്തീം യത്ര കുത്ര വാ. 3

ഹാദേവാഹരിഷ്യാമി സുധാമിവ പയോനിധേഃ
പ്രതിജ്ഞാം ശൃണു മേ ഭ്രാതർയേന മേ ജനകാത്മജാ. 4

നീതാ തം ഭസ്മസാത്കുർയ്യാം സപുത്രബലവാഹനം
ഹേ സീതേ ചന്ദ്രവദനേ, വസന്തീ രാക്ഷസാലയേ. 5

ദുഃഖാർത്താ മാമപശ്യന്തീ കഥം പ്രാണാൻ ധരിഷ്യസി
ചന്ദ്രോഽപി ഭാനുവദ് ഭാതി മമ ചന്ദ്രാനനാം വിനാ. 6

കശ്ചിത് വാ ജീവതി ഇതി മമ ബ്രൂയാത് സഃ മേ പ്രിയകൃത്	ആരെങ്കിലും (അവൾ) ജീവിച്ചിരിക്കുന്നു എന്നു് എന്നോടു പറയുമെങ്കിൽ അവനാണു് എനിക്കു പ്രിയങ്കരൻ.
താം സാധ്വീം യത്ര കുത്ര വാ ജീവന്തീം യദി ജാനാമി പയോനിധേഃ സുധാം ഇവ ഹഠാദ് ഏവ ആഹരിഷ്യാമി	ആ സാധ്വി എവിടെയെങ്കിലും ജീവിച്ചിരിക്കുന്നെന്നു് അറിഞ്ഞാൽ പാൽക്കടലിൽനിന്നു് അമൃതെന്നപോലെ ബലാൽത്തന്നെ (ഞാനവളെ) കൊണ്ടുപോരും.
ഭ്രാതഃ മേ പ്രതിജ്ഞാം ശൃണു	സഹോദര, എൻെറ ശപഥം കേൾക്കൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേ ജനകാത്മജാം യേന	എന്റെ സീതയെ ഏവൻ
നീതാ തം	തട്ടിക്കൊണ്ടുപോയോ അവനെ
സപുത്രബലവാഹനം	പുത്ര–സേനാ–വാഹനസഹിതം
ഭസ്മസാത് കുര്യാം	ഞാൻ ചാമ്പലാക്കും.
ഹേ ചന്ദ്രവദനേ സീതേ	ഇന്ദുമുഖിയായ സീതേ,
മാം അപശ്യന്തീ ദുഃഖാർത്താ	എന്നെക്കാണാതെ ശോകാർത്തയായി
രാക്ഷസാലയേ വസന്തീ	രാക്ഷസാലയത്തിൽ കഴിയുന്ന നീ
കഥം പ്രാണാൻ ധരിഷ്യസി?	എങ്ങനെ പ്രാണൻ പേറും?
ചന്ദ്രാനനാം വിനാ	(ആ) മതിമുഖിയുടെ വേർപാടിൽ
ചന്ദ്രഃ അപി മമ	ചന്ദ്രൻപോലും എനിക്കു്
ഭാനുവത് ഭാതി	സൂര്യനെപ്പോലെ താപകരനായി തോന്നുന്നു.

ചന്ദ്ര ത്വം ജാനകീം സ്പൃഷ്ട്വാ കരൈർമാം സ്പൃശ ശീതളൈഃ
സുഗ്രീവോഽപി ദയാഹീനോ ദുഃഖിതം മാം ന പശ്യതി. 7

ചന്ദ്ര, ജാനകീം സ്പൃഷ്ട്വാ	തിങ്കളേ, സീതയെ സ്പർശിച്ച്
ശീതളൈഃ കരൈഃ	കുളുർമയാർന്ന കരങ്ങളാൽ
മാം സ്പൃശ	എന്നെ തലോടുക.
സുഗ്രീവഃ അപി	സുഗ്രീവനും എത്ര
ദയാഹീനഃ ദുഃഖിതം	ദയാഹീനൻ! ദുഃഖിതനായ
മാം ന പശ്യതി	എന്നെ (അവൻ) നോക്കുന്നതേയില്ല.

രാജ്യം നിഷ്കണ്ടകം പ്രാപ്യ സ്ത്രീഭിഃ പരിവൃതോ രഹഃ
കൃതഘ്നോ ദൃശ്യതേ വ്യക്തം പാനാസക്തോഽതികാമുകഃ. 8

നിഷ്കണ്ടകം രാജ്യം പ്രാപ്യ	ശല്യമൊഴിഞ്ഞ രാജ്യം നേടി,
അതികാമുകഃ (സഃ)	കാമകിങ്കരനായ (അവൻ)
പാനാസക്തഃ രഹഃ	കുടിയിൽ ലയിച്ച് ഏകാന്തതയിൽ
സ്ത്രീഭിഃ പരിവൃതഃ (വർത്തതേ)	സ്ത്രീകളാൽച്ചുററപ്പെട്ട് (കഴിയുന്നു).
വ്യക്തം കൃതഘ്നഃ	(അവൻ) സ്പഷ്ടമേ നന്ദികെട്ടവനായാണ്
ദൃശ്യതേ	കാണപ്പെടുക.

നായാതി ശരദം പശ്യന്നപി മാർഗ്ഗയിതും പ്രിയാം
പൂർവ്വോപകാരിണം ദുഷ്ടഃ കൃതഘ്നോ വിസ്മൃതോ ഹി മാം. 9

ശരദം പശ്യൻ അപി	ശരത്തു കണ്ടിട്ടും എന്റെ
പ്രിയാം മാർഗ്ഗയിതും	പ്രിയതമയെ അന്വേഷിക്കാൻ
ന ആയാതി	വരുന്നില്ല.
പൂർവ്വോപകാരിണം മാം	മുമ്പ് ഉപകാരം ചെയ്ത എന്നെ
കൃതഘ്നഃ ദുഷ്ടഃ വിസ്മൃതഃ ഹി	നന്ദികെട്ട ദുഷ്ടൻ മറന്നെന്നു തീർച്ച.

ഹന്മി സുഗ്രീവമപ്യേവം സപുരം സഹബാന്ധവം
ബാലീ യഥാ ഹതോ മേഽദ്യ സുഗ്രീവോഽപി തഥാ ഭവേത്. 10

സുഗ്രീവം അപി	സുഗ്രീവനെയും അതുപോലെ
ഏവം സപുരം	നഗരബാന്ധവസമേതം
സഹബാന്ധവം ഹന്മി	കാലനുക്കയയ്ക്കും ഞാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാ ബാലീ മേ ഹതഃ തഥാ സുഗ്രീവഃ അപി ഭവേത്	ബാലി എന്നാൽ ഹതനായപോലെ സുഗ്രീവനുമാകും.

ഇതി രുഷ്ടം സമാലോക്യ രാഘവം ലക്ഷ്മണോഽബ്രവീത്
ഇദാനീമേവ ഗത്വാഹം സുഗ്രീവം ദുഷ്ടമാനസം. 11

മാമാജ്ഞാപയ ഹത്വാ തം ആയാസ്യേ രാമ തേഽന്തികം
ഇത്യുക്ത്വാ ധനുരാദായ സ്വയം തൂണീരമേവ ച. 12

ഗന്തുമഭ്യുദ്യതം വീക്ഷ്യ രാമോ ലക്ഷ്മണമബ്രവീത്
ന ഹന്തവ്യസ്ത്വയാ വത്സ, സുഗ്രീവോ മേ പ്രിയഃ സഖാ. 13

ഇതി രാഘവം രുഷ്ടം സമാലോക്യ ലക്ഷ്മണഃ അബ്രവീത്	ഇങ്ങനെ രാമനെ ക്രുദ്ധനായി കണ്ട് ലക്ഷ്മണൻ പറഞ്ഞു:
രാമ മാം ആജ്ഞാപയ	പ്രഭോ, എനിക്കു് ആജ്ഞനൽകൂ.
ഇദാനീം ഏവ ഗത്വാ ദുഷ്ടമാനസം തം സുഗ്രീവം ഹത്വാ തേ അന്തികം ആയാസ്യേ അഹം	ഇപ്പോഴത്തന്നെ ചെന്നു് ദുഷ്ടമാനസനായ ആ സുഗ്രീവന്റെ കഥകഴിച്ച് അവിടുത്തെ അന്തികമണയാം ഞാൻ.
ഇതി ഉക്ത്വാ സ്വയം ധനുഃ തൂണീരം ച ആദായ ഗന്തും അഭ്യുദ്യതം ലക്ഷ്മണം വീക്ഷ്യ രാമഃ അബ്രവീത്	എന്നു ചൊല്ലി സ്വയം വില്ലും തൂണീരവുമെടുത്തു് പോകാൻ തുനിഞ്ഞ ലക്ഷ്മണനെ നോക്കി രാമൻ അരുളി:
വത്സ, സുഗ്രീവഃ മേ പ്രിയസഖാ	കുഞ്ഞേ, സുഗ്രീവൻ എനിക്കുററ തോഴനാണ്.
ത്വയാ ന ഹന്തവ്യഃ	നിന്നാൽ വധിക്കപ്പെടേണ്ടവനല്ല.

കിന്തു ഭീഷയ സുഗ്രീവം ബാലിവത് ത്വം ഹനിഷ്യസേ
ഇത്യുക്ത്വാ ശീഘ്രമാദായ സുഗ്രീവപ്രതിഭാഷിതം. 14

ആഗത്യ പശ്ചാത് യത്കാര്യം തത്കരിഷ്യാമ്യസംശയം
തഥേതി ലക്ഷ്മണോഽഗച്ഛത് ത്വരിതോ ഭീമവിക്രമഃ. 15

കിന്തു ബാലിവത് ത്വം ഹനിഷ്യസേ ഇതി ഉക്ത്വാ സുഗ്രീവം ഭീഷയ	എങ്കിലും ബാലിയെപ്പോലെ നീയും കൊല്ലപ്പെടുമെന്നു ചൊല്ലി സുഗ്രീവനെ ഭീഷണിപ്പെടുത്തണം.
സുഗ്രീവപ്രതിഭാഷിതം ആദായ ശീഘ്രം ആഗത്യ പശ്ചാത് യത്കാര്യം തത് അസംശയം കരിഷ്യാമി	സുഗ്രീവന്റെ മറുപടി നേടി ശീഘ്രം വന്നിട്ട് പിന്നെ എന്തു ചെയ്യണമോ, അതു് തീർച്ചയായും ചെയ്യാം.
തഥാ ഇതി ഭീമവിക്രമഃ ലക്ഷ്മണഃ ത്വരിതഃ അഗച്ഛത്	അങ്ങനെയെന്നു പറഞ്ഞു് ഭീമവിക്രമൻ ലക്ഷ്മണൻ അതിവേഗം പോയി.

കിഷ്കിന്ധാം പ്രതി കോപേന നിർദ്ദഹന്നിവ വാനരാൻ
സർവ്വജ്ഞോ നിത്യലക്ഷ്മീകോ വിജ്ഞാനാത്മാപി രാഘവഃ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സീതാമനുശുശോചാർത്തഃ പ്രാകൃതഃ പ്രാകൃതാമിവ.

വാനരാൻ കോപേന	വാനരരെ കോപംകൊണ്ട്
നിർദ്ദഹൻ ഇവ	പാടേ ചുട്ടുകളയുമോ എന്നു തോന്നിക്കു–
കിഷ്കിന്ധാം പ്രതി (അഗച്ഛത്)	മാറാണ് കിഷ്കിന്ധയ്ക്കു പോയതു്.
രാഘവഃ സർവ്വജ്ഞഃ	രാമൻ സർവ്വജ്ഞനാണ്,
നിത്യലക്ഷ്മീകഃ	സദാ ലക്ഷ്മിയോടു ചേർന്നിരിപ്പോനും.
വിജ്ഞാനാത്മാ അപി	വിജ്ഞാനസ്വരൂപനുമാണ്, എങ്കിലും
പ്രാകൃതഃ പ്രാകൃതാം ഇവ	ഒരു പ്രാകൃതൻ പ്രാകൃതവനിതയെച്ചൊല്ലി എന്നപോലെ
ആർത്തഃ സീതാം	ആർത്തനായി സീതയെ ഓർത്തു്
അനുശുശോച	അനുതപിച്ചു.

ബുദ്ധ്യാദിസാക്ഷിണസ്തസ്യ മായാകാര്യാതിവർത്തിനഃ. 17

രാഗാദിരഹിതസ്യാസ്യ തത്കാര്യം കഥമുദ്ഭവേത്
ബ്രഹ്മണോക്തമൃതം കർത്തും രാജ്ഞോ ദശരഥസ്യ ഹി. 18

തപസഃ ഫലദാനായ ജാതോ മാനുഷവേഷധൃക്.

മായാകാര്യാതിവർത്തിനഃ	മായാകാര്യത്തിനപ്പുറം വർത്തിപ്പോനും
ബുദ്ധ്യാദിസാക്ഷിണഃ	ബുദ്ധ്യാദികൾക്കു സാക്ഷിയും
രാഗാദിരഹിതസ്യ തസ്യ	രാഗാദിയില്ലാത്തവനുമായ അവന്ന്
തത്കാര്യം കഥം ഉദ്ഭവേത്	മായാകാര്യം (ശോകം) എങ്ങനെ ഉണ്ടാകും?
ബ്രഹ്മണാ ഉക്തം ഋതം കർത്തും	ബ്രഹ്മവചനം സത്യമാക്കാനും ഈ
അസ്യ ദശരഥസ്യ രാജ്ഞഃ തപസഃ	ദശരഥരാജാവിന്റെ തപസ്സിനു
ഫലദാനായ ഹി	ഫലമേകാനുമാണല്ലോ (താൻ)
മാനുഷവേഷധൃക് ജാതഃ	നരവേഷധാരിയായി ജനിച്ചതു്.

മായയാ മോഹിതാഃ സർവ്വേ ജനാ/ജ്ഞാനസംയുതാഃ. 19

കഥം ഏഷാം ഭവേൻമോക്ഷ ഇതി വിഷ്ണുർവ്വിചിന്തയൻ
കഥാം പ്രഥയിതും ലോകേ സർവ്വലോകമലാപഹാം. 20

രാമായണാഭിധാം രാമോ ഭൂത്വാ മാനുഷചേഷ്ടകഃ
ക്രോധം മോഹം ച കാമം ച വ്യവഹാരാർത്ഥസിദ്ധയേ. 21

തത്തത്കാലോചിതം ഗൃഹ്ണൻ മോഹയത്യവശാഃ പ്രജാഃ
അനുരക്ത ഇവാശേഷഗുണേഷു ഗുണവർജ്ജിതഃ. 22

ജനാഃ സർവ്വേ	ആളുകളെല്ലാം
മായയാ മോഹിതാഃ	മായാമോഹിതരും
അജ്ഞാനസംയുതാഃ	അറിവില്ലാത്തവരുമാണ്.
ഏഷാം കഥം മോക്ഷഃ	ഇവർക്കെങ്ങനെ മോചനം
ഭവേത് ഇതി വിചിന്തയൻ വിഷ്ണുഃ	ഭവിക്കും എന്നു ചിന്തിച്ച് വിഷ്ണു,
സർവ്വലോകമലാപഹാം	സകലലോകരുടെയും പാപം പരിഹരി–
രാമായണാഭിധാം കഥാം ലോകേ	ക്കുന്ന രാമായണകഥ ലോകത്തിൽ
പ്രഥയിതും രാമഃ	പ്രശസ്തമാക്കുവാൻ രാമനായ്
ഭൂത്വാ മാനുഷചേഷ്ടകഃ	ജനിച്ചു മനുഷ്യനെപ്പോലെ പെരുമാറി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യവഹാരാർത്ഥസിദ്ധയേ	വ്യാവഹാരികമായ പ്രയോജനലബ്ധി
തത്തത്കാലോചിതം	ലാക്കാക്കി അതാതുകാലത്തിന്
	ഉചിതമാംവിധം
ക്രോധം മോഹം ച	കോപവും മോഹവും
കാമം ച ഗൃഹ്ണൻ	കാമവും കൈക്കൊണ്ട്
അവശാഃ പ്രജാഃ	അവശരായ ജനങ്ങളെ
മോഹയതി	വ്യാമോഹിപ്പിക്കുകയും ചെയ്യുന്നു.
ഗുണവർജ്ജിതഃ അശേഷഗുണേഷു	ഗുണാതീതനെങ്കിലും എല്ലാ ഗുണങ്ങളിലും
അനുരക്ത ഇവ (ആചരതി)	അനുരക്തനെപ്പോലെ പ്രവർത്തിക്കുന്നു.
വിജ്ഞാനമൂർത്തിഃ	(താൻ) വിജ്ഞാനമൂർത്തിയും
വിജ്ഞാനശക്തിഃ	വിജ്ഞാനശക്തിയും
സാക്ഷീ അഗുണാന്വിതഃ	സാക്ഷിയും ഗുണാതീതനുമാണ്.
അതഃ നഭഃ യഥാ കാമാദിഭിഃ	തന്മൂലം ആകാശംപോലെ കാമാദികളാൽ
അലിപ്തഃ (വർത്തതേ)	ഏശാതെ വർത്തിക്കുന്നു.

വിന്ദന്തിമുനയഃ കേചിത് ജാനന്തി ജനകാദയഃ. 23

തദ്ഭക്താഃ നിർമ്മലാത്മാനഃ സമ്യക്ജാനന്തി നിത്യദാ
ഭക്തചിത്താനുസാരേണ ജായതേ ഭഗവാനജഃ. 24

കേചിത് മുനയഃ വിന്ദന്തി	ചില മുനിമാർക്കിതറിയാം.
ജനകാദയഃ ച ജാനന്തി	ജനകാദികൾക്കുമറിവുണ്ട്.
നിർമ്മലാത്മാനഃ	വിമലഹൃദയരായ
തദ്ഭക്താഃ സമ്യക്	ഭഗവദ്ഭക്തന്മാർക്കാകട്ടെ
നിത്യദാ ജാനന്തി	നന്നായെന്നുമറിയാം.
ഭക്തചിത്താനുസാരേണ	ഭക്തന്മാരുടെ അന്തർഗ്ഗതമനുസരിച്ച്
അജഃ ഭഗവാൻ	ജനനമില്ലാത്ത ഭഗവാൻ
ജായതേ	ജനനം കൈക്കൊള്ളാറുണ്ട്.

ലക്ഷ്മണോഽപി തദാ ഗത്വാ കിഷ്കിന്ധാനഗരാന്തികം
ജ്യാഘോഷമകരോത്തീവ്രം ഭീഷയൻ സർവ്വവാനരാൻ. 25

തദാ ലക്ഷ്മണഃ അപി	ആ സമയത്ത് ലക്ഷ്മണനാകട്ടെ
കിഷ്കിന്ധാനഗരാന്തികം	കിഷ്കിന്ധാനഗരത്തിന്റെ സമീപം
ഗത്വാ സർവ്വവാനരാൻ	എത്തി വാനരരെയാകെ
ഭീഷയൻ തീവ്രം	ഭയപ്പെടുത്തുമാറ് കടുത്ത
ജ്യാഘോഷം അകരോത്	ഞാണൊലി കൂട്ടി.

തം ദൃഷ്ട്വാ പ്രാകൃതാസ്തത്ര വാനരാഃ വപ്രമൂർദ്ധനി
ചക്രുഃ കിലകിലാശബ്ദം ധൃതപാഷാണപാദപാഃ. 26

തം തത്ര ദൃഷ്ട്വാ	ലക്ഷ്മണനെ അവിടെ കണ്ടപ്പോൾ
പ്രാകൃതാഃ വാനരാഃ	പ്രാകൃതരായ കപികൾ
ധൃതപാഷാണപാദപാഃ	കല്ലും മരവും കൈയിലേന്തി
വപ്രമൂർദ്ധനി	കോട്ടമതിലിൻമുകളിൽനിന്ന്
കിലകിലാശബ്ദം ചക്രുഃ	'കിലുകിലാ' ശബ്ദമുണ്ടാക്കി.

താൻ ദൃഷ്ട്വാ ക്രോധതാമ്രാക്ഷോ വാനരാൻ ലക്ഷ്മണസ്തദാ
നിർമ്മൂലാൻ കർത്തുമുദ്യുക്തോ ധനുരാനമ്യ വീര്യവാൻ. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താൻ വാനരാൻ ദൃഷ്ട്വാ ക്രോധ— താമ്രാക്ഷഃ വീര്യവാൻ ലക്ഷ്മണഃ ധനുഃ ആനമ്യ നിർമ്മൂലാൻ കർത്തും ഉദ്യുക്തഃ	ആ കപികളെക്കണ്ടു് കോപത്താൽ മിഴിതുടുത്ത ധീരൻ ലക്ഷ്മണൻ വില്ലു കുലച്ച് (അവരെ) പാടെ തകർക്കാനൊരുമ്പെട്ടു.

തതഃ ശീഘ്രം സമാപ്ലുത്യ ജ്ഞാത്വാ ലക്ഷ്മണമാഗതം. 28

നിവാര്യ വാനരാൻ സർവ്വാൻ അംഗദോ മന്ത്രിസത്തമഃ
ഗത്വാ ലക്ഷ്മണസാമീപ്യം പ്രണനാമ സ ദണ്ഡവത്. 29

തതഃ ലക്ഷ്മണം ആഗതം ജ്ഞാത്വാ മന്ത്രിസത്തമഃ അംഗദഃ ശീഘ്രം സമാപ്ലുത്യ	അപ്പോഴേക്കും ലക്ഷ്മണൻ വന്നതു് അറിഞ്ഞു് മന്ത്രിമുഖ്യൻ അംഗദൻ സത്വരമോടിയെത്തി.
സഃ വാനരാൻ സർവ്വാൻ നിവാര്യ ലക്ഷ്മണസാമീപ്യം ഗത്വാ ദണ്ഡവത് പ്രണനാമ	അവൻ വാനരരെയെല്ലാം മാററി ലക്ഷ്മണസമീപം ചെന്നു് സാഷ്ടാംഗം വണങ്ങി.

തതോഽംഗദം പരിഷ്വജ്യ ലക്ഷ്മണഃ പ്രിയവർദ്ധനഃ
ഉവാച വത്സ ഗച്ഛ ത്വം പിതൃവ്യായ നിവേദയ. 30

മാമാഗതം രാഘവേണ ചോദിതം രൗദ്രമൂർത്തിനാ
തഥേതി ത്വരിതം ഗത്വാ സുഗ്രീവായ ന്യവേദയത്. 31

പ്രിയവർദ്ധനഃ ലക്ഷ്മണഃ തതഃ അംഗദം പരിഷ്വജ്യ ഉവാച: വത്സ ത്വം ഗച്ഛ	പ്രിയവർദ്ധനനായ ലക്ഷ്മണൻ പിന്നെ അംഗദനെ ആലിംഗനംചെയ്തു് അറിയിച്ചു: ഉണ്ണീ, നീ ചെല്ലുക.
രൗദ്രമൂർത്തിനാ രാഘവേണ ചോദിതം ആഗതം മാം പിതൃവ്യായ നിവേദയ	കോപമൂർത്തിയായ രാമനാൽ പ്രേരിതനായി വന്ന എന്നെപ്പററി ഇളയച്ഛനെ അറിയിക്കുക.
തഥാ ഇതി ത്വരിതം ഗത്വാ സുഗ്രീവായ ന്യവേദയത്	'അങ്ങനെയാകാം' എന്നു (സമ്മതിച്ച് അംഗദൻ) വേഗം ചെന്നു് സുഗ്രീവനെ വിവരമറിയിച്ചു.

ലക്ഷ്മണഃ ക്രോധതാമ്രാക്ഷഃ പുരദ്വാരി ബഹിഃ സ്ഥിതഃ
തച്ഛ്രുത്വാതീവസംത്രസ്തഃ സുഗ്രീവോ വാനരേശ്വരഃ. 32

ക്രോധതാമ്രാക്ഷഃ ലക്ഷ്മണഃ പുരദ്വാരി ബഹിഃ സ്ഥിതഃ	കോപത്താൽ ശോണിമയാർന്ന നയന— ങ്ങളോടെ ലക്ഷ്മണൻ ഗോപുരവാതിലിൽ വെളിയിൽ നിന്നു.
തത് ശ്രുത്വാ വാനരേശ്വരഃ സുഗ്രീവഃ അതീവസംത്രസ്തഃ	അതു കേട്ട് വാനരേശ്വരൻ സുഗ്രീവൻ തികച്ചും സംഭീതനായി.

ആഹൂയ മന്ത്രിണാം ശ്രേഷ്ഠം ഹനൂമന്തമഥാബ്രവീത്
ഗച്ഛ ത്വമംഗദേനാശു ലക്ഷ്മണം വിനയാന്വിതം. 33

സാന്ത്വയൻ കോപിതം വീരം ശനൈരാനയ സാദരം
പ്രേഷയിത്വാ ഹനൂമന്തം താരാമാഹ കപീശ്വരഃ. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രിണാം ശ്രേഷ്ഠം ഹനുമന്തം ആഹൂയ അഥ അബ്രവീത്	മന്ത്രിമുഖ്യനായ ഹനുമാനെ വിളിച്ച് അനന്തരം ഇങ്ങനെ ആജ്ഞാപിച്ചു:
ത്വം അംഗദേന ആശു ഗച്ഛ	നീ അംഗദനേയുംകൂട്ടി ഉടൻ പോകണം.
കോപിതം വീരം ലക്ഷ്മണം വിനയേനോചിതഃ സാന്ത്വയൻ സാദരം ശനൈഃ ആനയ	കുപിതനായ വീരലക്ഷ്മണനെ അനുനയപൂർവ്വം സമാധാനിപ്പിച്ച്, ആദരവോടെ മെല്ലെ കൂട്ടിക്കൊണ്ടു- പോരിക.
ഹനുമന്തം പ്രേഷയിത്വാ കപീശ്വരഃ താരാം ആഹ	ഹനുമാനെ അയച്ചതിനുശേഷം സുഗ്രീവൻ താരയോടു പറഞ്ഞു.

ത്വം ഗച്ഛ സാന്ത്വയന്തീ തം ലക്ഷ്മണം മൃദുഭാഷിതൈഃ
ശാന്തമന്തഃപുരം നീത്വാ പശ്ചാദ്ദർശയ മേƒനഘേ. 35

അനഘേ ത്വം ഗച്ഛ തം ലക്ഷ്മണം മൃദുഭാഷിതൈഃ സാന്ത്വയന്തീ ശാന്തം അന്തഃപുരം നീത്വാ പശ്ചാത് മേ ദർശയ	പുണ്യവതി, നീ ചെല്ലുക. ആ ലക്ഷ്മണനെ മൃദുവചനങ്ങളാൽ സാന്ത്വനിപ്പിച്ച് ശാന്തനാക്കി അന്തഃപുരത്തിൽ എത്തിച്ചതിനുശേഷം എന്നെ കാണിക്കുക.

ഭവത്വിതി തതസ്താരാ മധ്യകക്ഷം സമാവിശത്
ഹനുമാനംഗദേനൈവ സഹിതോ ലക്ഷ്മണാന്തികം. 36

ഗത്വാ നനാമ ശിരസാ ഭക്ത്യാ സ്വാഗതമബ്രവീത്
ഏഹി വീര മഹാഭാഗ, ഭവദ്ഗൃഹമശങ്കിതം. 37

'ഭവതു' ഇതി താരാ തതഃ മധ്യകക്ഷം സമാവിശത്	'ആകട്ടെ' എന്നു മൊഴിഞ്ഞ് താര പിന്നെ (അരമനയിലെ) അകത്തളത്തിൽ കടന്നു.
ഹനുമാൻ അംഗദേന സഹിതഃ ഏവ ലക്ഷ്മണാന്തികം ഗത്വാ ശിരസാ നനാമ	ഹനുമാൻ അംഗദനോടൊത്തുതന്നെ ലക്ഷ്മണനരികിലെത്തി തല കുനിച്ചു വണങ്ങി.
ഭക്ത്യാ സ്വാഗതം അബ്രവീത്	സസ്നേഹം സ്വാഗതമാശംസിച്ചു.
മഹാഭാഗ വീര അശങ്കിതം ഭവദ്ഗൃഹം ഏഹി	മഹാഭാഗ, വീര, ശങ്കയെന്യേ സ്വഭവനത്തിലേക്കു വന്നാലും.

പ്രവിശ്യ രാജദാരാദീൻ ദൃഷ്ട്വാ സുഗ്രീവമേവ ച
യദാജ്ഞാപയസേ പശ്ചാത് തത് സർവ്വം കരവാണി ഭോഃ. 38

പ്രവിശ്യ രാജദാരാദീൻ സുഗ്രീവം ഏവ ച ദൃഷ്ട്വാ പശ്ചാത് യദ് ആജ്ഞാപയസേ ഭോഃ തത് സർവ്വം കരവാണി	(അകത്തു) വന്ന് രാജദാരാദികളെയും സുഗ്രീവനെയും സന്ദർശിച്ചതിനുശേഷം അങ്ങെന്താജ്ഞാപിക്കുന്നുവോ അതെല്ലാം ചെയ്തുകൊള്ളാം.

ഇത്യുക്ത്വാ ലക്ഷ്മണം ഭക്ത്യാ കരേ ഗൃഹ്യ ച മാരുതിഃ
ആനയാമാസ നഗരമധ്യാത് രാജഗൃഹം പ്രതി. 39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ഉക്ത്വാ സഃ മാരുതിഃ ഭക്ത്യാ ലക്ഷ്മണം കരേ ഗൃഹ്യ നഗരമദ്ധ്യാത് രാജഗൃഹം പ്രതി ആനയാമാസ	ഇങ്ങനെ ചൊല്ലി ആ മാരുതി സ്നേഹപൂർവ്വം ലക്ഷ്മണന്റെ കരംപിടിച്ച് നഗരമദ്ധ്യത്തിൽനിന്ന് രാജഭവന- ത്തിലേക്കു കൊണ്ടുപോയി.

പശ്യംസ്തത്ര മഹാസൗധാൻ യൂഥപാനാം സമന്തതഃ
ജഗാമ ഭവനം രാജ്ഞഃ സുരേന്ദ്രഭവനോപമം. 40

തത്ര സമന്തതഃ യൂഥപാനാം മഹാസൗധാൻ പശ്യൻ സുരേന്ദ്രഭവനോപമം രാജ്ഞഃ ഭവനം ജഗാമ	അവിടെ നാലുപാടും ഗണമുഖ്യരുടെ കൂറ്റൻമാളികകൾ നോക്കിക്കണ്ട് ഇന്ദ്രഭവനത്തിനു തുല്യമായ രാജഭവനത്തിലേക്കു ചെന്നു.

മദ്ധ്യകക്ഷേ ഗതാ തത്ര താരാ താരാധിപാനനാ
സർവ്വാഭരണസമ്പന്നാ മദരക്താന്തലോചനാ. 41

മദരക്താന്തലോചനാ താരാധിപാനനാ താരാ സർവ്വാഭരണസമ്പന്നാ മദ്ധ്യകക്ഷേ തത്ര ഗതാ	മദംകൊണ്ടു കടമിഴി ചുവന്ന മുഴുമതിമുഖി താര സകല ആഭരണങ്ങളുമണിഞ്ഞ് അകത്തളത്തിൽ അവിടെ ഇരുന്നിരുന്നു.

രാമനിൽനിന്നു ജ്ഞാനോപദേശം നേടി പൂർണ്ണകാമയായ താരയാണ് വന്നിരിക്കുന്നത്. ലക്ഷ്മണനെ ശാന്തനാക്കാൻ വരുമ്പോൾ മദംകൊണ്ടു കടമിഴി ചുവന്നതിന്റെയും ആഭരണങ്ങളെല്ലാം അണിഞ്ഞതിന്റെയും ഔചിത്യം മനസ്സിലാകുന്നില്ല. വാല്മീകിയോ തുഞ്ചനോ തുളസിയോ ഇങ്ങനെ പറയുന്നില്ല എന്നത് ആശ്വാസകരം.

ഉവാച ലക്ഷ്മണം നത്വാ സ്മിതപൂർവ്വാഭിഭാഷിണീ
യാഹി ദേവര, ഭദ്രം തേ, സാധുസ്ത്വം ഭക്തവത്സലഃ. 42

ലക്ഷ്മണം നത്വാ സ്മിതപൂർവ്വാഭിഭാഷിണീ ഉവാച	ലക്ഷ്മണനെ തൊഴുതു്, വാക്കിനു മുന്നോടിയായ പുഞ്ചിരിയോടുകൂടി മൊഴിഞ്ഞു.
ദേവര യാഹി തേ ഭദ്രം	അനുജ, വരൂ; നിനക്കു മംഗളം.
ത്വം ഭക്തവത്സലഃ സാധുഃ	നീ ഭക്തവത്സലനും സാധുശീലനുമാണല്ലോ.

കിമർത്ഥം കോപമാകാർഷീർ ഭക്തേ ഭൃത്യേ കപീശ്വരേ
ബഹുകാലമനാശ്വാസം ദുഃഖമേവാനുഭൂതവാൻ. 43

കിമർത്ഥം ഭൃത്യേ ഭക്തേ കപീശ്വരേ കോപം അകാർഷീത്	എന്തിനാണ് സേവകനും ഭക്തനുമായ കപീശ്വരനിൽ കോപംകൊണ്ടതു്?
(സഃ) ബഹുകാലം അനാശ്വാസം ദുഃഖം ഏവ അനുഭൂതവാൻ	അവൻ വളരെനാൾ ആശ്വാസമെന്യേ ശോകം മാത്രമനുഭവിച്ചവനാണല്ലോ.

ഇദാനീം ബഹുദുഃഖൗഘാത് ഭവദ്ഭിരഭിരക്ഷിതഃ 44
ഭവത് പ്രസാദാത് സുഗ്രീവഃ പ്രാപ്തസൗഖ്യോ മഹാമതിഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദാനീം ബഹൂദുഃഖൗഘാത് ഭവദ്ഭിഃ അഭിരക്ഷിതഃ	ഇപ്പോഴം നാനാശോകത്തിയിൽനിന്നു് ഭവാന്മാർ (അവനെ) രക്ഷിച്ചതേയുള്ളൂ.
ഭവത്പ്രസാദാത് മഹാമതിഃ സുഗ്രീവഃ പ്രാപ്തസൗഖ്യഃ	ഭവാന്മാരുടെ കൃപയാലാണു് മഹാശയനായ സുഗ്രീവനു് സൗഖ്യം ലഭിച്ചതു്.

കാമാസക്തോ രഘുപതേഃ സേവാർത്ഥം നാഽഗതോ ഹരിഃ
ആഗമിഷ്യന്തി ഹരയോ നാനാദേശാഗതാഃ പ്രഭോ. 45

കാമാസക്തഃ ഹരിഃ രഘുപതേഃ സേവാർത്ഥം ന ആഗതഃ	കാമാസക്തനായ കപി രഘുപതിയുടെ സേവനത്തിനു വന്നുചേർന്നില്ല.
പ്രഭോ നാനാദേശഗതാഃ ഹരയഃ ആഗമിഷ്യന്തി	പ്രഭോ, നാനാദേശങ്ങളിലുള്ള വാനരർ (ഉടൻ) എത്തിച്ചേരും.

പ്രേഷിതാഃ ദശസാഹസ്രാഃ ഹരയോ രഘുസത്തമ,
ആനേതും വാനരാൻ ദിഗ്ഭ്യോ മഹാപർവ്വതസന്നിഭാൻ. 46

ദിഗ്ഭ്യഃ മഹാപർവ്വതസന്നിഭാൻ വാനരാൻ ആനേതും ദശസാഹസ്രാഃ വാനരാഃ പ്രേഷിതാഃ	(എല്ലാ) ദിക്കുകളിൽനിന്നും മഹാപർവ്വതതുല്യരായ വാനരരെ കൂട്ടിക്കൊണ്ടുവരാൻ പതിനായിരം കപികളെയാണു് അയച്ചിരിക്കുന്നതു്.

സുഗ്രീവഃ സ്വയമാഗത്യ സർവ്വവാനരയൂഥപൈഃ
വധയിഷ്യതി ദൈത്യൗഘാൻ രാവണം ച ഹനിഷ്യതി. 47

സർവ്വവാനരയൂഥപൈഃ സുഗ്രീവഃ സ്വയം ആഗത്യ ദൈത്യൗഘാൻ വധയിഷ്യതി	സകല വാനരയൂഥപന്മാരെയും കൂട്ടി സുഗ്രീവൻ സ്വയം വന്നു് ദൈത്യപ്പരിഷകളെ കൊല്ലിക്കും.
രാവണം ച ഹനിഷ്യതി	രാവണനേയും കൊല്ലും.

ത്വയൈവ സഹിതോഽദ്യൈവ ഗന്താ വാനരപുംഗവഃ
പശ്യാന്തർഭവനം തത്ര പുത്രദാരസുഹൃദ്വൃതം. 48

ദൃഷ്ട്വാ സുഗ്രീവമഭയം ദത്വാ നയ സഹൈവ തേ
താരായാഃ വചനം ശ്രുത്വാ കൃശക്രോധോഽഥ ലക്ഷ്മണഃ. 49

ജഗാമാന്തഃപുരം യത്ര സുഗ്രീവോ വാനരേശ്വരഃ
രുമാമാലിംഗ്യ സുഗ്രീവഃ പര്യങ്കേ പര്യവസ്ഥിതഃ. 50

ത്വയാ സഹിതഃ ഏവ വാനരപുംഗവഃ അദ്യ ഏവ ഗന്താ	നിന്നോടുകൂടെത്തന്നെ കപിവരൻ ഇപ്പോഴ (രാമസന്നിധിയിലേക്കു) പോരും.
അന്തർഭവനം പശ്യ	അരമനയ്ക്കകത്തേക്കു വന്നു കാണൂ.
തത്ര പുത്രദാരസുഹൃദ്വൃതം സുഗ്രീവം ദൃഷ്ട്വാ അഭയം ദത്വാ തേ സഹ ഏവ നയ	അവിടെ തനയൻ, ഭാര്യ, സഖാക്കൾ ഇവരാൽ ചുഴപ്പെട്ട സുഗ്രീവനെ തൃക്കൺപാർത്തു് അഭയമരുളി നിന്നോടൊപ്പംതന്നെ കൊണ്ടുപോരാമല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താരായാഃ വചനം ശ്രുത്വാ	താരയുടെ വചനം കേട്ട്
കൃശക്രോധഃ ലക്ഷ്മണഃ	കോപം തണുത്ത ലക്ഷ്മണൻ
അഥ അന്തഃപുരം ജഗാമ	അനന്തരം അന്തഃപുരത്തിലേക്കു ചെന്നു.
തത്ര വാനരേശ്വരഃ	അവിടെ വാനരനായകൻ
സുഗ്രീവഃ രുമാം ആലിംഗ്യ	സുഗ്രീവൻ രുമയെ പുണർന്നുകൊണ്ട്
പര്യങ്കേ പര്യവസ്ഥിതഃ	കട്ടിലിൽ ശയിക്കയായിരുന്നു.

ദൃഷ്ട്വാ ലക്ഷ്മണമത്യർത്ഥമുത്പപാതാതിഭീതവത്
തം ദൃഷ്ട്വാ ലക്ഷ്മണഃ ക്രുദ്ധോ മദവിഹ്വലിതേക്ഷണം. 51

സുഗ്രീവം പ്രാഹ ദുർവൃത്ത, വിസ്മൃതോഽസി രഘൂത്തമം
ബാലീ യേന ഹതോ വീരഃ സ ബാണോഽദ്യ പ്രതീക്ഷതേ. 52

ലക്ഷ്മണം ദൃഷ്ട്വാ	ലക്ഷ്മണനെ കണ്ടവേ
അത്യർത്ഥം അതിഭീതവത്	മുററും പേടിച്ചരണ്ടവനെപ്പോലെ
ഉത്പപാത	പിടഞ്ഞെഴുന്നേററു.
മദവിഹ്വലിതേക്ഷണം	മദമൊഴുകും മിഴികളുള്ള
തം സുഗ്രീവം ദൃഷ്ട്വാ	ആ സുഗ്രീവനെ നോക്കി
ക്രുദ്ധഃ ലക്ഷ്മണഃ പ്രാഹ	കോപംപൂണ്ട ലക്ഷ്മണൻ പറഞ്ഞു:
ദുർവൃത്ത, രഘൂത്തമം	ദുർന്നടത്തക്കാരേ, രഘുവരനെ
വിസ്മൃതഃ അസി	മറന്നവനാണ് നീ.
വീരഃ ബാലീ	വീരനായ ബാലി
യേന ഹതഃ സഃ ബാണഃ	ഏതിനിരയായയോ ആ അമ്പ്
അദ്യ പ്രതീക്ഷതേ	ഇപ്പോഴും (നിന്നെ) കാത്തിരിക്കയാണ്.

ത്വമേവ ബാലിനോ മാർഗ്ഗം ഗമിഷ്യസി മയാ ഹതഃ
ഏവമത്യന്തപരുഷം വദന്തം ലക്ഷ്മണം തദാ. 53

ഉവാച ഹനുമാൻ വീരഃ കഥമേവം പ്രഭാഷസേ
ത്വത്തോഽധികതരോ രാമേ ഭക്തോഽയം വാനരാധിപഃ. 54

മയാ ഹതഃ ത്വം ഏവ	എന്നാൽ ഹതനായി നീയും
ബാലിനഃ മാർഗ്ഗം ഗമിഷ്യസി	ബാലിയുടെ വഴിയേ പോകും.
ഏവം അത്യന്തപരുഷം	ഇങ്ങനെ അതിപാരുഷ്യം
വദന്തം ലക്ഷ്മണം തദാ	പറയുന്ന ലക്ഷ്മണനോട് അന്നേരം
വീരഃ ഹനുമാൻ ഉവാച	വീരനായ ഹനുമാൻ പറഞ്ഞു:
കഥം ഏവം പ്രഭാഷസേ?	എന്താണിങ്ങനെ സംസാരിക്കുന്നത്?
അയം വാനരാധിപഃ ത്വത്തഃ	ഈ വാനരാധിപൻ നിങ്ങളിലും
അധികതരഃ രാമേ ഭക്തഃ	മുന്തിയ രാമഭക്തനാണല്ലോ.

രാമകാര്യാർത്ഥമനിശം ജാഗർത്തി ന തു വിസ്മൃതഃ
ആഗതാഃ പരിതഃ പശ്യ വാനരാഃ കോടിശഃ പ്രഭോ. 55

രാമകാര്യാർത്ഥം	രാമകാര്യത്തിൽ
അനിശം ജാഗർത്തി	നിരന്തരം ഉണർവ്വോടിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിസ്മൃതഃ തു ന	മറവിയേയില്ല.
പ്രഭോ, പശ്യ	പ്രഭോ, നോക്കു.
കോടിശഃ വാനരാഃ	കോടികോടി വാനരർ
പരിതഃ ആഗതാഃ	ചുററും വന്നണഞ്ഞിരിക്കുന്നു.

ഗമിഷ്യന്ത്യചിരേണൈവ സീതായാഃ പരിമാർഗ്ഗണം
സാധയിഷ്യന്തി സുഗ്രീവോ രാമകാര്യമശേഷതഃ. 56

അചിരേണ ഏവ (ഏതേ)	ഉടൻതന്നെ ഇവർ
ഗമിഷ്യന്തി	പോകും.
സീതായാഃ പരിമാർഗ്ഗണം	സീതയെ
കരിഷ്യന്തി	തേടും.
രാമകാര്യം അശേഷതഃ	രാമകാര്യമശേഷം
സുഗ്രീവഃ സാധയിഷ്യതി	സുഗ്രീവൻ നിറവേററും.

ശ്രുത്വാ ഹനുമതോ വാക്യം സൗമിത്രിർലജ്ജിതോഽഭവത്
സുഗ്രീവോഽപ്യർഘ്യപാദ്യാദ്യൈഃ ലക്ഷ്മണം സമപൂജയത്. 57

ഹനുമതഃ വാക്യം ശ്രുത്വാ	ഹനുമാൻെറ വചനം കേട്ട്
സൗമിത്രിഃ ലജ്ജിതഃ അഭവത്	ലക്ഷ്മണൻ ലജ്ജിച്ചുപോയി.
സുഗ്രീവഃ അപി	സുഗ്രീവൻതന്നെ
അർഘ്യപാദ്യാദ്യൈഃ	അർഘ്യപാദ്യാദികളാൽ
ലക്ഷ്മണം സമപൂജയത്	ലക്ഷ്മണനെ യഥാവിധി പൂജിച്ചു.

ആലിംഗ്യ പ്രാഹ രാമസ്യ ദാസോഽഹം തേന രക്ഷിതഃ
രാമഃ സ്വതേജസാ ലോകാൻ ക്ഷണാർദ്ധേനൈവ ജേഷ്യതി. 58

ആലിംഗ്യ പ്രാഹ.	മാറോടണച്ചു പറഞ്ഞു:
അഹം രാമസ്യ ദാസഃ	ഞാൻ രാമൻെറ ദാസനാണ്.
തേന രക്ഷിതഃ	അദ്ദേഹത്താൽ രക്ഷിക്കപ്പെട്ടവനാണ്.
രാമഃ സ്വതേജസാ	രാമൻ സ്വതേജസ്സാൽ
ലോകാൻ ക്ഷണാർദ്ധേന ഏവ	ലോകങ്ങളെയാകെപ്പോലും അരനിമിഷത്തിനകം
ജേഷ്യതി	ജയിച്ചടക്കും.

സഹായമാത്രമേവാഹം വാനരൈഃ സഹിതഃ പ്രഭോ
സൗമിത്രിമപി സുഗ്രീവം പ്രാഹ കിഞ്ചിന്മയോദിതം. 59

തത് ക്ഷമസ്വ മഹാഭാഗ, പ്രണയാദ് ഭാഷിതം മയാ
ഗച്ഛാമോഽദ്യൈവ സുഗ്രീവ, രാമസ്തിഷ്ഠതി കാനനേ. 60

പ്രഭോ, വാനരൈഃ സഹിതഃ	പ്രഭോ, വാനരരോടൊത്തു
അഹം അത്ര സഹായമാത്രം ഏവ	ഞാൻ ഇതിലൊരു സഹായം മാത്രം.
സൗമിത്രിഃ അപി	ലക്ഷ്മണനും
സുഗ്രീവം പ്രാഹ	സുഗ്രീവനോടഭ്യർത്ഥിച്ചു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാഭാഗ, മയാ (യത്) കിഞ്ചിത് ഉദിതം തത് പ്രണയാത് രോഷിതം ഇവ ക്ഷമസ്വ	മഹാശയ, ഞാനെന്തോ പറഞ്ഞുപോയത് സ്നേഹത്താൽ ഉരചെയ്തതാണെന്നു കണ്ട് ക്ഷമിക്കമാറാകണം.
സുഗ്രീവ വയം അദ്യ ഏവ ഗച്ഛാമഃ	സുഗ്രീവ, നമുക്കിന്നുതന്നെ പോകാം.
രാമഃ കാനനേ തിഷ്ഠതി	രാമൻ കാട്ടിൽ കഴിയുകയാണല്ലോ.

ഏക ഏവാതിദുഃഖാർത്തോ ജാനകീവിരഹാത് പ്രഭുഃ
തഥേതി രഥമാരുഹ്യ ലക്ഷ്മണേന സമന്വിതഃ. 61

വാനരൈഃ സഹിതോ രാജാ രാമമേവാന്വപദ്യത. 62

പ്രഭുഃ ഏകഃ ഏവ	പ്രഭു ഏകനാണുതാനും.
ജാനകീവിരഹാത് അതിദുഃഖാർത്തഃ	ജാനകിയുടെ വിരഹംമൂലം അതിദുഃഖത്തിൽ ഉഴലുകയുമാണ്.
തഥാ ഇതി ലക്ഷ്മണേനസമന്വിതഃ രഥം ആരുഹ്യ വാനരൈഃ സഹ രാജാ രാമം ഏവ അന്വപദ്യത	'അങ്ങനെ' എന്നു സമ്മതിച്ച് ലക്ഷ്മണനോടൊത്ത് തേരിലേറി കപികളേയുംകൂട്ടി സുഗ്രീവൻ രാമന്നരികിലേക്കുതന്നെ തിരിച്ചു.

ഭേരീമൃദംഗൈർബഹു ഋക്ഷവാനരൈഃ
ശ്വേതാതപത്രൈഃ വ്യജനൈശ്ച ശോഭിതഃ
നീലാംഗദാദ്യൈർഹനുമത് പ്രധാനൈഃ
സമാവൃതോ രാഘവമഭ്യഗാദ് ധരിഃ. 63

ഭേരീമൃദംഗൈഃ ശ്വേതാതപത്രൈഃ	പെരുമ്പറകളും, മൃദംഗങ്ങളും, വെൺകൊറ്റക്കുടകളും, വിശറികളും
ച ശോഭിതഃ ഹനുമത്പ്രധാനൈഃ നീലാംഗദാദ്യൈഃ ബഹു ഋക്ഷവാനരൈഃ സമാവൃതഃ ഹരിഃ രാഘവം അഭ്യഗാത്	ഇവയാൽ ശോഭിതനും ഹനുമാന്റെ നേതൃത്വത്തിലുള്ള നീല അംഗദാദികളാലും മററനേകം ഋക്ഷവാനരരാലും ചൂഴപ്പെട്ടവനുമായ സുഗ്രീവൻ രാമസന്നിധിയിലെത്തി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ പഞ്ചമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം അഞ്ചാംസർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ആറ്

സീതാന്വേഷണം—സ്വയംപ്രഭാചരിതം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ദൃഷ്ട്വാ രാമം സമാസീനം ഗുഹാദ്വാരി ശിലാതലേ
ചൈലാജിനധരം ശ്യാമം ജടാമൌലിവിരാജിതം. 1

വിശാലനയനം ശാന്തം സ്മിതചാരുമുഖാംബുജം
സീതാവിരഹസന്തപ്തം പശ്യന്തം മൃഗപക്ഷിണഃ. 2

തഥാദ് ദൂരാത് സമുത്പത്യ വേഗാത് സുഗ്രീവലക്ഷ്മണൌ
രാമസ്യ പാദയോരഗ്രേ പേതതുർഭക്തിസംയുതൌ. 3

ചൈലാജിനധരം ശ്യാമം
ജടാമൌലിവിരാജിതം
സ്മിതചാരുമുഖാംബുജം
വിശാലനയനം
സീതാവിരഹസന്തപ്തം
ശാന്തം ഗുഹാദ്വാരി
ശിലാതലേ സമാസീനം
മൃഗപക്ഷിണഃ പശ്യന്തം
രാമം ദൃഷ്ട്വാ
സുഗ്രീവലക്ഷ്മണൌ ദൂരാത്
തഥാത് സമുത്പത്യ
ഭക്തിസംയുതൌ രാമസ്യ
പാദയോഃ അഗ്രേ പേതതുഃ

മാൻതോലുടുത്തവനും ശ്യാമളനും
ശിരസ്സിലെ ജടയാൽ ശോഭിപ്പവനും
പുഞ്ചിരിയാൽ ഭംഗിയാർന്ന മുഖാരവിന്ദ–
മുള്ളവനും വിശാലനയനനും
സീതയുടെ വേർപാടിലുരുകുന്നവനും
(പക്ഷേ) ശാന്തനും ഗുഹാമുഖത്തുള്ള
കൽത്തളത്തിലിരുന്ന്
പക്ഷിമൃഗങ്ങളുടെ (പ്രേഷ്കകം) നിരീ–
ക്ഷിക്കുന്നവനുമായ രാമനെ കണ്ടപ്പോൾ
സുഗ്രീവലക്ഷ്മണന്മാർ ദൂരെവച്ചേ
തേരിൽനിന്നിറങ്ങി (വന്ന്)
ഭക്തിപൂർവ്വം രാമന്റെ
കാല്ക്കൽ വീണു.

രാമഃ സുഗ്രീവമാലിംഗ്യ പൃഷ്ട്വാനാമയമന്തികേ
സ്ഥാപയിത്വാ യഥാന്യായം പൂജയാമാസ ധർമ്മവിത്. 4

ധർമ്മവിത് രാമഃ സുഗ്രീവം
ആലിംഗ്യ അനാമയം പൃഷ്ട്വാ
അന്തികേ സ്ഥാപയിത്വാ
യഥാന്യായം പൂജയാമാസ

ധർമ്മജ്ഞനായ രാമൻ സുഗ്രീവനെ
പുണർന്നു കുശലം ചോദിച്ചു.
അരികിലിരുത്തി
യഥായോഗ്യം സൽക്കരിച്ചു.

തതോഽബ്രവീത് രഘുശ്രേഷ്ഠം സുഗ്രീവോ ഭക്തിനമ്രധീഃ
ദേവ പശ്യ സമായാന്തീം വാനരാണാം മഹാചമൂം. 5

തതഃ ഭക്തിനമ്രധീഃ
സുഗ്രീവഃ
രഘുശ്രേഷ്ഠം അബ്രവീത്
ദേവ വാനരാണാം മഹാചമൂം
ആയാന്തീം പശ്യ

അനന്തരം സ്നേഹവിനീതമായ
മനോഭാവത്തോടെ സുഗ്രീവൻ
രഘുവരനോടു പറഞ്ഞു:
ദേവ, വാനരന്മാരുടെ പെരുംപട
വരുന്നതു നോക്കിയാലും.

കുലാചലാദ്രിസംഭൂതാഃ മേരുമന്ദരസന്നിഭാഃ
നാനാദ്വീപസരിച്ഛൈലവാസിനോ പർവ്വതോപമാഃ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസംഖ്യാതാഃ സമായാന്തി ഹരയഃ കാമരൂപിണഃ
സർവ്വേ ദേവാംശസംഭൂതാഃ സർവ്വേ യുദ്ധവിശാരദാഃ. 7

കലാചലാദ്രിസംഭൂതാഃ	*കലാചലങ്ങളിൽ പിറന്നവരും
മേരുമന്ദരസന്നിഭാഃ നാനാദ്വീപ-	മേരുമന്ദരതുല്യരും പല ദ്വീപുകളിലും
സരിച്ഛൈലവാസിനഃ	നദീതടങ്ങളിലും ഗിരികളിലും പാർക്കുന്ന-
പർവ്വതോപമാഃ	വരും ശൈലതുല്യരും
യുദ്ധവിശാരദാഃ	പോരിൽ വിരുതരും
കാമരൂപിണഃ അസംഖ്യാതാഃ	നിനച്ച രൂപം പേറുന്നവരുമായ എണ്ണമററ
ഹരയഃ സമായാന്തി	വാനരർ വരികയാണ്.
സർവ്വേ ദേവാംശസംഭൂതാഃ	സകലരും ദേവാംശജാതരുമത്രെ.

അത്ര കേചിത് ഗജബലാഃ കേചിത് ദശഗജോപമാഃ
ഗജായുതബലാഃ കേചിത് അന്യേഽമിതബലാഃ പ്രഭോ. 8

അത്ര കേചിത് ഗജബലാഃ	ഇവരിൽ ചിലർ ആനയ്ക്കൊപ്പം കെല്പു-
കേചിത് ദശഗജോപമാഃ	ള്ളവർ. ചിലർ പത്താനക്കരുത്തന്മാർ.
ഗജായുതബലാഃ കേചിത്	പതിനായിരം ആനയുടെ ബലമുള്ളവർ
പ്രഭോ അന്യേ അമിതബലാഃ	ചിലർ. പ്രഭോ, മററുചിലരുടെ ശക്തി-
	ക്കതിരേയില്ല.

കേചിദഞ്ജനകൂടാഭാഃ കേചിത് കനകസന്നിഭാഃ
കേചിദ്രക്താന്തവദനാഃ ദീർഘബാലാസ്തഥാഽപരേ. 9

കേചിത് അഞ്ജനകൂടാഭാഃ	ചിലർ അഞ്ജനകൂടത്തിനു തുല്യർ.
കേചിത് കനകസന്നിഭാഃ	ചിലർ കനകസമാനന്മാർ.
രക്താന്തവദനാഃ കേചിത്	ശോണമുഖർ ചിലർ.
തഥാ അപരേ	അതുപോലെ മററുചിലർ
ദീർഘബാലാഃ	നീണ്ട രോമക്കാർ.

ശുദ്ധസ്ഫടികസങ്കാശാഃ കേചിത് രാക്ഷസസന്നിഭാഃ
ഗർജ്ജന്തഃ പരിതോ യാന്തി വാനരാഃ യുദ്ധകാംക്ഷിണഃ. 10

ശുദ്ധസ്ഫടികസങ്കാശാഃ കേചിത്	ശുദ്ധസ്ഫടികത്തിനൊത്തവർ ചിലർ.
കേചിത് രാക്ഷസസന്നിഭാഃ	ചിലർ രാക്ഷസതുല്യർ.
യുദ്ധകാംക്ഷിണഃ വാനരാഃ	യുദ്ധക്കൊതിയരായ ആ വാനരർ
ഗർജ്ജന്തഃ പരിതഃ യാന്തി	അലറിച്ചുററിനടക്കുന്നു.

ത്വദാജ്ഞാകാരിണഃ സർവ്വേ ഫലമൂലാശനാഃ പ്രഭോ
ഋക്ഷാണാമധിപോ വീരോ ജാംബവാന്നാമ ബുദ്ധിമാൻ. 11

പ്രഭോ സർവ്വേ	പ്രഭോ, സകലരും
ത്വദാജ്ഞാകാരിണഃ	നിന്റെ ആജ്ഞാപാലകരാണ്.
ഫലമൂലാശനാഃ	പഴവും കിഴങ്ങും ഭുജിക്കുന്നവർ.

* മഹാദ്വീപുകളുടെ ഓരോ ഖണ്ഡത്തിലുമുണ്ട് ഓരോ കലാചലം.
മാഹേന്ദ്രോ മലയഃ സഹ്യഃ ശുക്തിമാൻ ഋക്ഷപർവ്വതഃ
വിന്ധ്യശ്ച പാരിയാത്രശ്ച സപ്തൈതേ കുലപർവ്വതാഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീരഃ ബുദ്ധിമാൻ	വീരനും ബുദ്ധിമാനുമായ
ജാംബവാൻ നാമ	ജാംബവാനാണ്
ഋക്ഷാണാം അധിപഃ	വാനരരുടെ നായകൻ.

ഏഷ മേ മന്ത്രിണാം ശ്രേഷ്ഠഃ കോടിഭല്ലൂകവൃന്ദപഃ
ഹനൂമാനേഷ വിഖ്യാതോ മഹാസത്വപരാക്രമഃ. 12

വായുപുത്രോഽതിതേജസ്വീ മന്ത്രീ ബുദ്ധിമതാം വരഃ.

ഏഷഃ വിഖ്യാതഃ ഹനൂമാൻ	ഇതാ പുകഴ്പെറ്റ ഹനുമാൻ,
മഹാസത്വപരാക്രമഃ	അതിശക്തൻ, പരാക്രമി.
ഏഷഃ മേ	ഇയാളാണ് എന്റെ
മന്ത്രിണാം ശ്രേഷ്ഠഃ	മന്ത്രിമാരിൽ മുമ്പൻ.
കോടിഭല്ലൂക-	കോടി ഭല്ലൂകഗണങ്ങളുടെ (കരടിക്കപി)
വൃന്ദപഃ മന്ത്രീ	അധിപൻകൂടിയാണ് മന്ത്രി.
അതിതേജസ്വീ വായുപുത്രഃ	മഹാതേജസ്വിയായ വായുതനയൻ
ബുദ്ധിമതാം വരഃ	ബുദ്ധിമാന്മാരിൽ മികച്ചവനത്രേ.

നലോ നീലശ്ച ഗവയോ ഗവാക്ഷോ ഗന്ധമാദനഃ. 13

ശരഭോ മൈന്ദവശ്ചൈവ ഗജഃ പനസ ഏവ ച
ബലീമുഖോ ദധിമുഖഃ സുഷേണസ്താര ഏവ ച. 14

കേസരീ ച മഹാസത്വഃ പിതാ ഹനുമതോ ബലീ
ഏതേ തേ യൂഥപാഃ രാമ, പ്രാധാന്യേന മയോദിതാഃ. 15

നലഃ നീലഃ ഗവയഃ ഗവാക്ഷഃ	നളൻ, നീലൻ, ഗവയൻ, ഗവാക്ഷൻ,
ഗന്ധമാദനഃ ശരഭഃ മൈന്ദവഃ	ഗന്ധമാദനൻ, ശരഭൻ, മൈന്ദവൻ,
ഗജഃ പനസഃ ച ബലീമുഖഃ	ഗജൻ, പനസൻ, ബലീമുഖൻ,
ദധിമുഖഃ സുഷേണഃ താരഃ	ദധിമുഖൻ, സുഷേണൻ, താരൻ,
ച ഏവ; ഹനുമതഃ പിതാ മഹാ—	ഹനുമാന്റെ വളർത്തച്ഛനും മഹാ—
സത്വഃ ബലീ കേസരീ	ധൈര്യശാലിയും ബലവാനുമായ കേസരി;
പ്രാധാന്യേന ഏതേ യൂഥപാഃ	മുഖ്യമായി ഇവരൊക്കെയാണ് യൂഥപ—
രാമ തേ മയാ ഉദിതാഃ	ന്മാരെന്നു രാമ, അങ്ങയ്ക്കു ഞാൻ പറഞ്ഞു—
	തന്നിരിക്കുന്നു.

മഹാത്മാനോ മഹാവീര്യാഃ ശക്രതുല്യപരാക്രമാഃ
ഏതേ പ്രത്യേകതഃ കോടികോടിവാനരയൂഥപാഃ. 16

ഏതേ മഹാത്മാനഃ മഹാവീര്യാഃ	ഇവർ മഹാശക്തരും മഹാവീരരും
ശക്രതുല്യപരാക്രമാഃ	ഇന്ദ്രതുല്യം പരാക്രമികളുമാണ്.
പ്രത്യേകതഃ കോടീകോടി	ഓരോരുത്തരും കോടീകോടി
വാനരയൂഥപാഃ	വാനരഗണങ്ങളുടെ നേതാക്കളുമത്രെ.

തവാജ്ഞാകാരിണഃ സർവ്വേ സർവ്വേ ദേവാംശസംഭവാഃ
ഏഷ ബാലിസുതഃ ശ്രീമാനംഗദോ നാമ വിശ്രുതഃ. 17

സർവ്വേ തവ ആജ്ഞാകാരിണഃ	സർവ്വരും നിന്റെ ആജ്ഞാകാരികൾ.
സർവ്വേ ദേവാംശസംഭവാഃ	സകലരും ദേവാംശത്തിൽനിന്നു പിറന്നവർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷഃ ബാലിസുതഃ വിശ്രുതഃ ശ്രീമാൻ അംഗദഃ നാമ	ഇതാ ബാലിയുടെ മകൻ, പുകഴ്‌പെററ ശ്രീമാൻ അംഗദൻ.

ബാലിതുല്യബലോ വീരോ രാക്ഷസാനാം ബലാന്തകഃ
ഏതേ ചാന്യേ ച ബഹവഃ ത്വദർത്ഥേ ത്യക്തജീവിതാഃ. 18

ബാലിതുല്യബലഃ വീരഃ രാക്ഷസാനാം ബലാന്തകഃ	ബാലിക്കു തുല്യം ബലവാനും വീരനും രാക്ഷസപ്പടയെ ഒടുക്കുന്നവനുമാണു്.
ഏതേ ച അന്യേ ബഹവഃ ത്വദർത്ഥ ത്യക്തജീവിതാഃ	ഇവരും മററനവധിപേരും നിനക്കായി ജീവിതമുഴിഞ്ഞുവച്ചവരത്രെ.

യോദ്ധാരഃ പർവ്വതാഗ്രൈശ്ച നിപുണാഃ ശത്രുഘാതനേ
ആജ്ഞാപയ രഘുശ്രേഷ്ഠ, സർവ്വേ തേ വശവർത്തിനഃ. 19

പർവ്വതാഗ്രൈഃ ച യോദ്ധാരഃ ശത്രുഘാതനേ നിപുണാഃ	കൊടുമുടികളാലും അടരാടുന്ന (ഇവർ) വൈരികളെ വകവരുത്തുന്നതിൽ നിപുണരാണു്.
രഘുശ്രേഷ്ഠ ആജ്ഞാപയ	രഘുവര, ആജ്ഞാപിച്ചാലും.
സർവ്വേ തേ വശവർത്തിനഃ (സ്യുഃ)	സകലരും നിനക്കു വശവർത്തികളായിരിക്കും.

രാമഃ സുഗ്രീവമാലിംഗ്യ ഹർഷപൂർണ്ണാശ്രുലോചനഃ
പ്രാഹ, സുഗ്രീവ, ജാനാസി സർവ്വം ത്വം കാര്യഗൗരവം. 20

ഹർഷപൂർണ്ണാശ്രുലോചനഃ രാമഃ സുഗ്രീവം ആലിംഗ്യ പ്രാഹ	ആനന്ദാശ്രു നിറഞ്ഞ മിഴികളോടെ രാമൻ സുഗ്രീവനെ മാറോടണച്ചു് അരുളി:
സുഗ്രീവ ത്വം കാര്യഗൗരവം സർവ്വം ജാനാസി	സുഗ്രീവ, നീ കാര്യത്തിന്റെ ഗൗരവം എല്ലാം അറിയുന്നവനല്ലോ.

മാർഗ്ഗണാർത്ഥം ഹി ജാനക്യാഃ നിയുംക്ഷ്വ യദി രോചതേ
ശ്രുത്വാ രാമസ്യ വചനം സുഗ്രീവഃ പ്രീതമാനസഃ. 21

പ്രേഷയാമാസ ബലിനോ വാനരാൻ വാനരർഷഭഃ
ദിക്ഷു സർവ്വാസു വിവിധാൻ വാനരാൻ പ്രേഷ്യ സത്വരം. 22

ദക്ഷിണാം ദിശമത്യർത്ഥം പ്രയത്നേന മഹാബലാൻ
യുവരാജം ജാംബവന്തം ഹനുമന്തം മഹാബലം. 23

നലം സുഷേണം ശരഭം മൈന്ദം ദ്വിവിദമേവ ച
പ്രേഷയാമാസ സുഗ്രീവോ വചനം ചേദമബ്രവീത്. 24

യദി രോചതേ ജാനക്യാഃ മാർഗ്ഗണാർത്ഥം നിയുംക്ഷ്വ ഹി	ഉചിതമായി കരുതുന്നുവെങ്കിൽ ജാനകിയെ തേടാൻ (ഇവരെ) നിയോഗിച്ചുകൊള്ളുക.
രാമസ്യ വചനം ശ്രുത്വാ പ്രീതമാനസഃ വാനരർഷഭഃ സുഗ്രീവഃ സർവ്വാസു ദിക്ഷു ബലിനഃ വിവിധാൻ വാനരാൻ സത്വരം പ്രേഷയാമാസ	രാമൻ ചൊന്നതു കേട്ടു് പ്രീതമാനസനായ വാനരനാഥൻ സുഗ്രീവൻ സകലദിക്കുകളിലേക്കും പ്രബലരായ ധാരാളം കപികളെ സത്വരം നിയോഗിക്കുകയുണ്ടായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രേഷ്യ മഹാബലാൻ	(അവരെ) അയച്ചതിനുശേഷം അതിശക്ത-
ജാംബവന്തം നലം സുഷേണം	രായ ജാംബവാൻ, നളൻ, സുഷേണൻ,
ശരഭം മൈന്ദം ദ്വിവിദം ച	ശരഭൻ, മൈന്ദൻ, ദ്വിവിദൻ
മഹാബലം ഹനൂമന്തം	എന്നിവരേയും പ്രബലനായ ഹനുമാനേയും
യുവരാജം ച അത്യർത്ഥം	ഇളയ രാജാവായ അംഗദനേയും
പ്രയത്നേന	തികച്ചും സന്നാഹപൂർവ്വം
ദക്ഷിണാം ദിശം പ്രേഷയാമാസ	തെക്കേ ദിക്കിലേക്കു നിയോഗിച്ചു.
വാനരാൻ സുഗ്രീവഃ ഇദം	വാനരരോട് സുഗ്രീവൻ ഈ
വചനം ച അബ്രവീത്	വചനവും ചൊല്ലി.

വിചിന്വന്തു പ്രയത്നേന ഭവന്തോ ജാനകീം ശുഭാം
മാസാദർവ്വാങ് നിവർത്തധ്വം മച്ഛാസനപുരസ്സരാഃ. 25

മച്ഛാസനപുരസ്സരാഃ ഭവന്തഃ	എന്റെ കല്പന പുരസ്സരിച്ച് ഭവാന്മാർ
പ്രയത്നേന ശുഭാം	പ്രയത്നപൂർവ്വം ശുഭചരിതയായ
ജാനകീം വിചിന്വന്തു	ജാനകിയെ അന്വേഷിക്കണം.
മാസാത് അർവ്വാങ്	ഒരു മാസം തീരും മുമ്പ്
നിവർത്തധ്വം	മടങ്ങുകയും വേണം.

സീതാമദൃഷ്ട്വാ യദി വോ മാസാദൂർദ്ധ്വം ദിനം ഭവേത്
തദാ പ്രാണാന്തികം ദണ്ഡം മത്തഃ പ്രാപ്സ്യഥ വാനരാഃ. 26

വാനരാഃ സീതാം അദൃഷ്ട്വാ	വാനരന്മാരേ, സീതയെ കാണാതെ
യദി വഃ മാസാത് ഊർദ്ധ്വം	നിങ്ങൾക്ക് ഒരു മാസത്തിനുമേൽ
ദിനം ഭവേത്	ഒരുദിനമെങ്കിലും (നയിക്കേണ്ടി) വന്നാൽ
തദാ മത്തഃ പ്രാപ്സ്യഥ	അപ്പോൾ എന്നിൽനിന്നു കിട്ടുക,
പ്രാണാന്തികം ദണ്ഡം	മരണശിക്ഷയായിരിക്കും.

ഇതി പ്രസ്ഥാപ്യ സുഗ്രീവോ വാനരാൻ ഭീമവിക്രമാൻ
രാമസ്യ പാർശ്വേ ശ്രീരാമം നത്വാ ചോപവിവേശ സഃ. 27

ഇതി ഭീമവിക്രമാൻ വാനരാൻ	ഇങ്ങനെ ഭീമപരാക്രമികളായ വാനരരെ
പ്രസ്ഥാപ്യ സഃ സുഗ്രീവഃ	യാത്രയാക്കിയിട്ട് ആ സുഗ്രീവൻ
ശ്രീരാമം നത്വാ രാമസ്യ	ശ്രീരാമനെ വണങ്ങി അദ്ദേഹത്തിന്റെ
പാർശ്വേ ഉപവിവേശ ച	അരികിൽ ഇരുന്നു.

ഗച്ഛന്തം മാരുതിം ദൃഷ്ട്വാ രാമോ വചനമബ്രവീത്
അഭിജ്ഞാനാർത്ഥമേതൻമേ ഹ്യംഗുലീയകമുത്തമം. 28

മന്നാമാക്ഷരസംയുക്തം സീതായൈ ദീയതാം രഹഃ
അസ്മിൻ കാര്യേ പ്രമാണം ഹി ത്വമേവ കപിസത്തമ
ജാനാമി സത്വം തേ സർവ്വം ഗച്ഛ പന്ഥാഃ ശുഭസ്തവ. 29

ഗച്ഛന്തം മാരുതിം ദൃഷ്ട്വാ	പോകുന്ന മാരുതിയെ നോക്കി
രാമഃ വചനം അബ്രവീത്	രാമൻ വചനമരുളി.
കപിസത്തമ	കപിവര,
മന്നാമാക്ഷരസംയുക്തം	എന്റെ നാമാക്ഷരം കൊത്തിയ,
മേ ഏതദ് ഉത്തമം അംഗുലീയകം	എന്റെ ഈ ഉത്തമമോതിരം
അഭിജ്ഞാനാർത്ഥം	അടയാളമെന്നോണം
രഹഃ സീതായൈ ദീയതാം	രഹസ്യമായി സീതയ്ക്കു കൊടുക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്മിൻ കാര്യേ ത്വം ഏവ	ഈ വിഷയത്തിൽ നീ മാത്രമാണ്
പ്രമാണം. തേ സത്വം സർവ്വം	പ്രമാണം. നിന്റെ ബുദ്ധിസാമർത്ഥ്യ-
ജാനാമി, ഗച്ഛ	മെല്ലാം എനിക്കറിയാം. പോകുക.
തവ പന്ഥാഃ ശുഭഃ	നിന്റെ വഴി (യാത്ര) ശുഭമായിരിക്കട്ടെ.

ഏവം കപീനാം രാജ്ഞാ തേ വിസൃഷ്ടാഃ പരിമാർഗ്ഗണേ
സീതായാ അംഗദമുഖാ ബഭ്രമുസ്തത്ര തത്ര ഹ. 30

ഏവം കപീനാം രാജ്ഞാ	ഇങ്ങനെ വാനരരാജാവിനാൽ
വിസൃഷ്ടാഃ തേ അംഗദമുഖാഃ	വിടപ്പെട്ട ആ അംഗദാദികൾ
സീതായാഃ പരിമാർഗ്ഗണേ	സീതയെത്തേടി
തത്ര തത്ര ബഭ്രമുഃ ഹ	അവിടവിടെ ചുററി.

ഭ്രമന്തോ വിന്ധ്യഗഹനേ ദദൃശുഃ പർവ്വതോപമം
രാക്ഷസം ഭീഷണാകാരം ഭക്ഷയന്തം മൃഗാൻ ഗജാൻ. 31

വിന്ധ്യഗഹനേ ഭ്രമന്തഃ	വിന്ധ്യാടവിയിൽ ചുററിസ്സഞ്ചരിച്ച
പർവ്വതോപമം ഭീഷണാകാരം	(അവർ) ശൈലതുല്യനും ഭീകരരൂപനും
മൃഗാൻ ഗജാൻ	മൃഗങ്ങളെയും ആനകളെയുമൊക്കെ
ഭക്ഷയന്തം രാക്ഷസം ദദൃശുഃ	(പിടിച്ചു) തിന്നുന്നവനുമായ ഒരു രാക്ഷ-സനെ കണ്ടു.

രാവണോഽയമിതി ജ്ഞാത്വാ കേചിദ് വാനരപുംഗവാഃ
ജഘ്നുഃ കിലകിലാശബ്ദം മുഞ്ചന്തോ മുഷ്ടിഭിഃ ക്ഷണാത്. 32

അയം രാവണഃ ഇതി	ഇതുതന്നെ രാവണനെന്നു
ജ്ഞാത്വാ കേചിത്	വിചാരിച്ച് ചില
വാനരപുംഗവാഃ കിലകിലാശബ്ദം	വാനരവീരർ കിലകിലാശബ്ദം
മുഞ്ചന്തഃ ക്ഷണാത്	പുറപ്പെടുവിച്ചുകൊണ്ട് ക്ഷണത്തിൽ
മുഷ്ടിഭിഃ ജഘ്നുഃ	അവനെ മുഷ്ടികൊണ്ട് ഇടിച്ചു കൊന്നു.

നായം രാവണ ഇത്യുക്ത്വാ യയുരന്യൻ മഹദ്വനം 33
തൃഷാർത്താഃ സലിലം തത്ര നാഽവിന്ദൻ ഹരിപുംഗവാഃ.

അയം ന രാവണഃ ഇതി	'ഇതു രാവണനല്ല' എന്നു
ഉക്ത്വാ ഹരിപുംഗവാഃ	പറഞ്ഞുകൊണ്ട് കപിവരർ
അന്യത് മഹാവനം യയുഃ	മറെറാരു മഹാവനത്തിലേക്കു പോയി.
തൃഷാർത്താഃ (തേ) തത്ര	ദാഹിച്ചുവലഞ്ഞ അവർക്ക് അവിടെ
സലിലം ന അവിന്ദൻ	ജലം ലഭിച്ചില്ല.

വിഭ്രമന്തോ മഹാരണ്യേ ശുഷ്കകണ്ഠോഷ്ഠതാലുകാഃ 34
ദദൃശുർഗ്ഗഹ്വരം തത്ര തൃണഗുല്മാവൃതം മഹത്.

ശുഷ്കകണ്ഠോഷ്ഠതാലുകാഃ	തൊണ്ടയും ചുണ്ടും അണ്ണാക്കും വരണ്ട്
മഹാരണ്യേ വിഭ്രമന്തഃ	കൊടുംകാട്ടിൽ കറങ്ങവെ,
തൃണഗുല്മാവൃതം	പുല്ലും വള്ളിപ്പടർപ്പും ചുററി മൂടിയ ഒരു
മഹത് ഗഹ്വരം തത്ര ദദൃശുഃ	വലിയ ഗുഹ (അവർ) അവിടെ കണ്ടെത്തി.

ആർദ്രപക്ഷാൻ ക്രൗഞ്ചഹംസാൻ നിഃസൃതാൻ ദദൃശുസ്തതഃ 35
അത്രാഽസ്തേ സലിലം നൂനം പ്രവിശാമോ മഹാഗുഹാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്ത്വാ ഹനുമാനഗ്രേ പ്രവിവേശ തമന്വയുഃ
സർവ്വേ പരസ്പരം ധൃത്വാ ബാഹൂൻ ബാഹുഭിരുത്സുകാഃ. 36

ആർദ്രപക്ഷാൻ ക്രൗഞ്ചഹംസാൻ	ചിറകു നനഞ്ഞ ക്രൗഞ്ചങ്ങളും ഹംസങ്ങളും
തതഃ നിഃസൃതാൻ ദദൃശുഃ	അതിൽനിന്നു പുറത്തേക്കു വരുന്നതു കണ്ടു.
അത്ര സലിലം നൂനം ആസ്തേ	'ഇവിടെ ജലം തീർച്ചയായുമുണ്ട്,
മഹാഗുഹാം പ്രവിശാമഃ	മഹാഗുഹയിലേക്കു പോകാം'
ഇതി ഉക്ത്വാ	എന്നു പറഞ്ഞ്
ഹനുമാൻ അഗ്രേ പ്രവിവേശ	മാരുതി മുന്നോട്ടു നീങ്ങി.
സർവ്വേ പരസ്പരം	എല്ലാവരും അന്യോന്യം
ബാഹുഭിഃ ബാഹൂൻ ധൃത്വാ	കൈക്കുകൈ പിടിച്ച്
ഉത്സുകാഃ തം അന്വയുഃ	ഉത്സുകതയോടെ അവന്റെ പിമ്പേ നടന്നു.

അന്ധകാരേ മഹദ്ദൂരം ഗത്വാഽപശ്യൻ കപീശ്വരാഃ
ജലാശയാൻ മണിനിഭതോയാൻ കല്പദ്രുമോപമാൻ. 37

വൃക്ഷാൻ പക്വഫലൈർനമ്രാൻ മധുദ്രോണസമന്വിതാൻ
ഗൃഹാൻ സർവ്വഗുണോപേതാൻ മണിവസ്ത്രാദിപൂരിതാൻ. 38

ദിവ്യഭക്ഷ്യാന്നസഹിതാൻ മാനവൈഃ പരിവർജ്ജിതാൻ
വിസ്മിതാസ്തത്ര ഭവനേ ദിവ്യേ കനകവിഷ്ടരേ. 39

പ്രഭയാ ദീപ്യമാനാം തു ദദൃശുസ്സ്ത്രീയമേകകാം
ധ്യായന്തീം ചീരവസനാം യോഗിനീം യോഗമാസ്ഥിതാം. 40

അന്ധകാരേ മഹദ്ദൂരം	ഇരുളിൽ വളരെദ്ദൂരം
ഗത്വാ കപീശ്വരാഃ	ചെന്ന കപീശ്വരർ
മണിനിഭതോയാൻ ജലാശയാൻ	മണിനിഭനീർത്തടാകങ്ങളും,
പക്വഫലൈഃ	പക്വഫലങ്ങളാൽ
നമ്രാൻ മധുദ്രോണസമന്വിതാൻ	ചാഞ്ഞു, തേനറ ചേറിയ,
കല്പദ്രുമോപമാൻ	കല്പതരുവിനൊപ്പമായ
വൃക്ഷാൻ അപശ്യൻ	മരങ്ങളും കണ്ടു.
സർവ്വഗുണോപേതാൻ	ഗുണങ്ങളെല്ലാം തികഞ്ഞവയും
മണിവസ്ത്രാദിപൂരിതാൻ	മണിവസനാദികളാലലംകൃതങ്ങളും
ദിവ്യഭക്ഷ്യാന്നസഹിതാൻ	ദിവ്യഭോജനമൊരുക്കിയവയും
മാനവൈഃ പരിവർജ്ജിതാൻ	(പക്ഷേ) ജനവർജ്ജിതവുമായ
ഗൃഹാൻ ച അപശ്യൻ	മന്ദിരങ്ങളും കാണാറായി.
വിസ്മിതാഃ തത്ര	വിസ്മിതരായ (കപികൾ)
ദിവ്യഭവനേ	അതിലൊരു ദിവ്യഭവനത്തിൽ,
പ്രഭയാ ദീപ്യമാനാം	പ്രഭയാൽ ദീപ്തയും
ചീരവസനാം യോഗം ആസ്ഥിതാം	മരവുരിയണിഞ്ഞ് യോഗചര്യയിലും
ധ്യായന്തീം ഏകകാം	ധ്യാനത്തിലും മുഴുകി, ഏകയായി
കനകവിഷ്ടരേ (ആസീനാം)	കനകാസനത്തിലിരിക്കുന്നവളുമായ
യോഗിനീം ദദൃശുഃ	ഒരു യോഗിനിയേയും ദർശിച്ചു.

പ്രണേമുസ്താം മഹാഭാഗാം ഭക്ത്യാ ഭീത്യാ ച വാനരാഃ
ദൃഷ്ട്വാ താൻ വാനരാൻ ദേവീ പ്രാഹ യൂയം കിമാഗതാഃ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുതോ വാ കസ്യ വാ ദൂതാഃ മത്സ്ഥാനം കിം പ്രധർഷഥ
തച്ഛ്രുത്വാ ഹനുമാനാഹ ശൃണു വക്ഷ്യാമി ദേവി തേ. 42

താം മഹാഭാഗാം ദൃഷ്ട്വാ	ആ മഹാഭാഗയെ ദർശിച്ച്
വാനരാഃ ഭക്ത്യാ ഭീത്യാ ച	വാനരർ ഭക്തിയോടെ, ഭീതിയോടെ
പ്രണേമുഃ. ദേവി താൻ വാനരാൻ	വണങ്ങി. ദേവി ആ കപികളെ
ദൃഷ്ട്വാ പ്രാഹ	നോക്കി ചോദിച്ചു:
യൂയം കിം ആഗതാഃ	നിങ്ങളെന്തിനു വന്നു?
കുതഃ വാ (ആഗതാഃ)	എവിടെനിന്നു വന്നു?
കസ്യ ദൂതാഃ മത്സ്ഥാനം	ആരുടെ ദൂതർ? എന്റെ വസതി
കിം പ്രധർഷഥ	കൈയേറുന്നതെന്തിന്?
തത് ശ്രുത്വാ ഹനുമാൻ ആഹ	അതു കേട്ട് മാരുതി പ്രതിവചിച്ചു:
ദേവി തേ വക്ഷ്യാമി ശൃണു	ദേവി, നിന്നോടു പറയാം, കേൾക്കുക.

അയോദ്ധ്യാധിപതിഃ ശ്രീമാൻ രാജാ ദശരഥഃ പ്രഭുഃ
തസ്യ പുത്രോ മഹാഭാഗോ ജ്യേഷ്ഠോ രാമ ഇതി ശ്രുതഃ. 43

അയോദ്ധ്യാധിപതിഃ	അയോദ്ധ്യയുടെ അധിപനായി (ഒന്നു)
ശ്രീമാൻ പ്രഭുഃ രാജാ ദശരഥഃ	ശ്രീമാനും മഹാനുമായ മന്നവൻ ദശരഥൻ.
തസ്യ ജ്യേഷ്ഠഃ പുത്രഃ	അദ്ദേഹത്തിന്റെ മൂത്ത മകനാണ്
രാമ ഇതി ശ്രുതഃ മഹാഭാഗഃ	രാമനെന്നു വിശ്രുതനായ മഹാത്മാവ്.

പിതുരാജ്ഞാം പുരസ്കൃത്യ സഭാര്യഃ സാനുജോ വനം
ഗതസ്തത്ര ഹൃതാ ഭാര്യാ തസ്യ സാധ്വീ ദുരാത്മനാ. 44

രാവണേന തതോ രാമഃ സുഗ്രീവം സാനുജോ യയൗ
സുഗ്രീവോ മിത്രഭാവേന രാമസ്യ പ്രിയവല്ലഭാം. 45

മൃഗയധ്വമിതി പ്രാഹ തതോ വയമുപാഗതാഃ
തതോ വനം വിചിന്വന്തോ ജാനകീം ജലകാംക്ഷിണഃ. 46

പ്രവിഷ്ടാ ഗഹ്വരം ഘോരം ദൈവാദത്ര സമാഗതാഃ
ത്വം വാ കിമർത്ഥമത്രാസി കാ വാ ത്വം വദ നഃ ശുഭേ. 47

പിതുഃ ആജ്ഞാം പുരസ്കൃത്യ	പിതൃകല്പന മുൻനിറുത്തി
സഭാര്യഃ സാനുജഃ	പത്നിയോടും അനുജനോടുമൊത്ത്
സഃ വനം ഗതഃ	അദ്ദേഹം വനത്തിലെത്തി.
തത്ര തസ്യ സാധ്വീ	അവിടെവച്ച് അദ്ദേഹത്തിന്റെ
ഭാര്യാ ദുരാത്മനാ	സാധ്വിയായ ഭാര്യ ദുഷ്ടനായ
രാവണേന ഹൃതാ	രാവണനാൽ അപഹരിക്കപ്പെട്ടു.
തതഃ രാമഃ സാനുജഃ	അതിനുശേഷം രാമൻ അനുജനോടൊത്ത്
സുഗ്രീവം യയൗ	സുഗ്രീവന്റെ അരികിലെത്തി.
മിത്രഭാവേന	സൗഹൃദഭാവത്താൽ
സുഗ്രീവഃ രാമസ്യ	സുഗ്രീവൻ 'രാമന്റെ
പ്രിയവല്ലഭാം മൃഗയധ്വം	പ്രിയതമയെ അന്വേഷിക്കു'
ഇതി പ്രാഹ	എന്ന് ഞങ്ങളോട് ആജ്ഞാപിച്ചു.
തതഃ വയം ഉപാഗതാഃ	ആകയാൽ ഞങ്ങൾ ഇവിടെയെത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാനകീം വനം വിചിന്വന്തഃ ജലകാംക്ഷിണഃ ഘോരം ഗഹ്വരം പ്രവിഷ്ടാഃ	ജാനകിയെ വനത്തിൽ തിരയവേ ദാഹജലമാശിച്ച് ഘോരമായ ഈ ഗുഹയിൽ കടന്നു.
ദൈവാത് അത്ര സമാഗതാഃ ശുഭേ ത്വം കാ വാ കിമർത്ഥം അത്ര അസി നഃ വദ	ഭാഗ്യത്താൽ ഇവിടെയെത്തി. ശുഭേ, നീ ആരാണ്? എന്തിനാണ് ഇവിടെ ഇരിക്കുന്നത്? ഞങ്ങളോട് പറയൂ.

യോഗിനീ ച തഥാ ദൃഷ്ട്വാ വാനരാൻ പ്രാഹ ഹൃഷ്ടധീഃ
യഥേഷ്ടം ഫലമൂലാനി ജഗ്ധ്വാ പീത്വാഽമൃതം പയഃ. 48

ആഗച്ഛത തതോ വക്ഷ്യേ മമ വൃത്താന്തമാദിതഃ
തഥേതി ഭുക്ത്വാ പീത്വാ ച ഹൃഷ്ടാസ്തേ സർവ്വവാനരാഃ. 49

ദേവ്യാഃ സമീപം ഗത്വാ തേ ബദ്ധാഞ്ജലിപുടാഃ സ്ഥിതാഃ
തതഃ പ്രാഹ ഹനൂമന്തം യോഗിനീ ദിവ്യദർശനാ. 50

തഥാ വാനരാൻ ദൃഷ്ട്വാ ഹൃഷ്ടധീഃ യോഗിനീ പ്രാഹ ച	അങ്ങനെ വാനരരെ കണ്ട് പ്രസന്നചിത്തയായ യോഗിനി പറഞ്ഞു:
യഥേഷ്ടം ഫലമൂലാദീനി ജഗ്ധ്വാ അമൃതം പയഃ പീത്വാ ആഗച്ഛത തതഃ മമ വൃത്താന്തം ആദിതഃ വക്ഷ്യേ	ഇഷ്ടംപോലെ ഫലമൂലാദികളശിച്ച് അമൃതിനോടൊത്ത ജലവും കുടിച്ച് വരു- വിൻ. പിന്നെ എൻറെ കഥ ആദിമുതൽ പറയാം.
തഥാ ഇതി ഭുക്ത്വാ പീത്വാ ച ഹൃഷ്ടാഃ തേ സർവ്വവാനരാഃ ദേവ്യാഃ സമീപം ഗത്വാ ബദ്ധാഞ്ജലിപുടാഃ സ്ഥിതാഃ	അങ്ങനെയെന്ന് ഭോജനവും ജലപാനവും കഴിഞ്ഞ് സന്തുഷ്ടരായ വാനരരെല്ലാം ദേവിയുടെ അരികിലെത്തി കൈകൂപ്പി നിന്നു.
തതഃ ദിവ്യദർശനാ യോഗിനീ ഹനൂമന്തം പ്രാഹ	അപ്പോൾ ദിവ്യദർശനയായ യോഗിനി ഹനുമാനോട് അരുളി:

ഹേമാ നാമ പുരാ ദിവ്യരൂപിണീ വിശ്വകർമ്മണഃ
പുത്രീ മഹേശം നൃത്യേന തോഷയാമാസ ഭാമിനീ. 51

പുരാ വിശ്വകർമ്മണഃ പുത്രീ ഹേമാ നാമ ദിവ്യരൂപിണീ ഭാമിനീ മഹേശം നൃത്യേന തോഷയാമാസ	പണ്ട് വിശ്വകർമ്മാവിൻെറ പുത്രി, ഹേമയെന്ന ദിവ്യരൂപിണിയായ സുന്ദരി ശിവനെ നൃത്യത്താൽ പ്രസാദിപ്പിച്ചു.

തുഷ്ടോ മഹേശഃ പ്രദാദിദം ദിവ്യപുരം മഹത്
അത്ര സ്ഥിതാ സാ സുദതീ വർഷാണാമയുതായുതം. 52

തുഷ്ടഃ മഹേശഃ ഇദം മഹത് ദിവ്യപുരം പ്രദദൗ	പ്രസന്നനായ മഹേശൻ ഈ മഹത്തായ ദിവ്യപുരം അവൾക്ക് നല്കി.
സാ സുദതീ വർഷാണാം അയുതാ- യുതം അത്ര സ്ഥിതാ	ആ സുന്ദരി ആയിരമായിരമാണ്ടുകാലം ഇവിടെ വസിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യാഃ അഹം സഖീ വിഷ്ണുതത്പരാ മോക്ഷകാംക്ഷിണീ
നാമ്നാ സ്വയംപ്രഭാ ദിവ്യഗന്ധർവ്വതനയാ പുരാ. 53

ഗച്ഛന്തീ ബ്രഹ്മലോകം സാ മാമാഹേദം തപശ്ചര
അത്രൈവ നിവസന്തീ ത്വം സർവ്വപ്രാണിവിവർജ്ജിതേ. 54

അഹം തസ്യാഃ സഖീ	ഞാൻ അവളുടെ തോഴിയാണു്.
നാമ്നാ സ്വയംപ്രഭാ	പേരു് സ്വയംപ്രഭ.
ദിവ്യഗന്ധർവ്വതനയാ	ദിവ്യനായ ഗന്ധർവ്വന്റെ മകൾ.
മോക്ഷകാംക്ഷിണീ	മോക്ഷം കാംക്ഷിച്ചു്
വിഷ്ണുതത്പരാ (വസാമി)	വിഷ്ണുവിനെ ഭജിച്ചു കഴിയുന്നു.
പുരാ ബ്രഹ്മലോകം ഗച്ഛന്തീ	പണ്ടു ബ്രഹ്മലോകത്തേക്കു പോകവേ
സാ മാം ഇദം ആഹ	അവളെന്നോടു് ഈവിധമോതി.
സർവ്വപ്രാണിവിവർജ്ജിതേ	സർവ്വജീവികളുമൊഴിഞ്ഞ
അത്ര ഏവ നിവസന്തീ	ഈ സ്ഥലത്തുതന്നെ താമസിച്ചു്
ത്വം തപഃ ചര	നീ തപസ്സനുഷ്ഠിക്കുക.

ത്രേതായുഗേ ദാശരഥിർഭൂത്വാ നാരായണോഽവ്യയഃ
ഭൂഭാരഹരണാർത്ഥായ വിചരിഷ്യതി കാനനേ. 55

അവ്യയഃ നാരായണഃ	അവ്യയനായ നാരായണൻ
ത്രേതായുഗേ ദാശരഥിഃ	ത്രേതായുഗത്തിൽ ദശരഥതനയനായി
ഭൂത്വാ ഭൂഭാരഹരണാർത്ഥായ	പിറന്നു് ഭൂമിയുടെ ഭാരം പോക്കാൻ
കാനനേ വിചരിഷ്യതി	കാട്ടിൽ ചുററിനടക്കും.

മാർഗ്ഗന്തോ വാനരാസ്തസ്യ ഭാര്യാമായാന്തി തേ ഗുഹാം
പൂജയിത്വാഥ താൻ നത്വാ രാമം സ്തുത്വാ പ്രയത്നതഃ. 56

യാതാസി ഭവനം വിഷ്ണോഃ യോഗിഗമ്യം സനാതനം
ഇതോഽഹം ഗന്തുമിച്ഛാമി രാമം ദ്രഷ്ടും ത്വരാന്വിതാ. 57

തസ്യ ഭാര്യാം മാർഗ്ഗന്ത വാനരാഃ	അവന്റെ ഭാര്യയെ തേടുന്ന വാനരർ
തേ ഗുഹാം ആയാന്തി	നിന്റെ ഗുഹയിലെത്തും.
അഥ താൻ പൂജയിത്വാ രാമം	അപ്പോൾ അവരെ പൂജിച്ചും രാമനെ
പ്രയത്നതഃ സ്തുത്വാ നത്വാ	പ്രയത്നപൂർവ്വം വാഴ്ത്തിയും വണങ്ങിയും
യോഗിഗമ്യം സനാതനം	യോഗികൾക്കു ഗമ്യമായ, സനാതനമായ,
വിഷ്ണോഃ ഭവനം യാതാസി	വിഷ്ണുസദനം പ്രാപിച്ചുകൊൾക.
ഇതഃ അഹം ത്വരാന്വിതാ രാമം	ഇനി ഞാൻ അതിവേഗം രാമ—
ദ്രഷ്ടും ഗന്തും ഇച്ഛാമി	ദർശനത്തിനായി പോകാനാഗ്രഹിക്കുന്നു.

യൂയം പിദധ്വമക്ഷീണി ഗമിഷ്യഥ ബഹിർഗ്ഗുഹാം
തഥൈവ ചക്രുസ്തേ വേഗാത് ഗതാഃ പൂർവ്വസ്ഥിതം വനം. 58

യൂയം അക്ഷീണി പിദധ്വം	നിങ്ങൾ മിഴികളടയ്ക്കുക.
ഗുഹാം ബഹിഃ ഗമിഷ്യഥ	ഗുഹയ്ക്കു വെളിയിലെത്തും.
തേ തഥാ ഏവ ചക്രുഃ	അവർ അങ്ങനെതന്നെ ചെയ്തു.
വേഗാത് പൂർവ്വസ്ഥിതം	വേഗം മുമ്പു നിന്ന
വനം ഗതാഃ	വനത്തിലെത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാഽപി ത്യക്ത്വാ ഗുഹാം ശീഘ്രം യയൗ രാഘവസന്നിധിം
തത്ര രാമം സസുഗ്രീവം ലക്ഷ്മണം ച ദദർശ ഹ. 59

സാ അപി ശീഘ്രം ഗുഹാം ത്യക്ത്വാ രാഘവസന്നിധിം യയൗ	അവളും ശീഘ്രം ഗുഹ വിട്ട് രാമസന്നിധിയിലേക്കു പോയി.
തത്ര സസുഗ്രീവം രാമം ലക്ഷ്മണം ച ദദർശ ഹ	അവിടെവച്ച് സുഗ്രീവസമേതനായി രാമ- നേയും ലക്ഷ്മണനേയും ദർശിക്കയും ചെയ്തു!

കൃത്വാ പ്രദക്ഷിണം രാമം പ്രണമ്യ ബഹുശഃ സുധീഃ
ആഹ ഗദ്ഗദയാ വാചാ രോമാഞ്ചിതതനൂരുഹാ. 60

രാമം പ്രദക്ഷിണം കൃത്വാ ബഹുശഃ പ്രണമ്യ രോമാഞ്ചിതതനൂരുഹാ സുധീഃ ഗദ്ഗദയാ വാചാ ആഹ	രാമനെ വലംവച്ച്, പലവുരു വണങ്ങി, കോരിത്തരിച്ചുകൊണ്ട് ആ ബുദ്ധിമതി ഗദ്ഗദവാക്കിൽ മൊഴിഞ്ഞു.

ദാസീ തവാഽഹം രാജേന്ദ്ര, ദർശനാർത്ഥമിഹാഗതാ
ബഹുവർഷസഹസ്രാണി തപ്തം മേ ദുശ്ചരം തപഃ. 61

ഗുഹായാം ദർശനാർത്ഥം തേ ഫലിതം മേഽദ്യ തത്തപഃ
അദ്യ ഹി ത്വാം നമസ്യാമി മായായാഃ പരതഃ സ്ഥിതം. 62

സർവ്വഭൂതേഷു ചാലക്ഷ്യം ബഹിരന്തരവസ്ഥിതം

രാജേന്ദ്ര, അഹം തവ ദാസീ ദർശനാർത്ഥം ഇഹ ആഗതാ	രാജേന്ദ്ര, ഞാൻ അങ്ങേ ദാസിയാണ്. ദർശനം കൊതിച്ചിവിടെയെത്തി.
തേ ദർശനാർത്ഥം ബഹുവർഷസഹസ്രാണി ഗുഹായാം ദുശ്ചരം തപഃ തപ്തം	നിന്നെ ഒരുനോക്കു കാണാൻ ആയിരമായിരമാണ്ടുകാലം ഗുഹയിൽ ഘോരതപസ്സനുഷ്ഠിച്ചു.
അദ്യ മേ തത് തപഃ ഫലിതം	ഇന്നെന്റെ ആ തപസ്സ് സഫലമായി.
മായായാഃ പരതഃ സ്ഥിതം അലക്ഷ്യം സർവ്വഭൂതേഷു ബഹിരന്തരവസ്ഥിതം ത്വാം അദ്യ നമസ്യാമി ഹി	മായയ്ക്കപ്പുറം വാണരുളുന്ന, അദൃശ്യനായി സകലഭൂതങ്ങളുടേയും അകത്തും പുറത്തും വിളങ്ങുന്ന, നിന്നെ ഞാനിപ്പോൾ വണങ്ങിക്കൊള്ളട്ടെ!

യോഗമായാജവനികാച്ഛന്നോ മാനുഷവിഗ്രഹഃ. 63

ന ലക്ഷ്യസേഽജ്ഞാനദൃശാം ശൈലൂഷ ഇവ രൂപധൃക്
മഹാഭാഗവതാനാം ത്വം ഭക്തിയോഗവിധിത്സയാ. 64

അവതീർണ്ണോഽസി ഭഗവൻ കഥം ജാനാമി താമസീ
ലോകേ ജാനന്തു യഃ കശ്ചിത് തവ തത്ത്വം രഘൂത്തമ. 65

മമൈതദേവ രൂപം തേ സദാ ഭാതു ഹൃദാലയേ
രാമ തേ പാദയുഗളം ദർശിതം മോക്ഷദർശനം. 66

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഗമായാജവനികാച്ഛന്നഃ	യോഗമായയുടെ മറയിൽ മറഞ്ഞ,
മാനുഷവിഗ്രഹഃ	മാനവരൂപംപൂണ്ട,
രൂപധൃക് ശൈലൂഷ ഇവ	നീ വേഷംകെട്ടിയ നടനെപ്പോലെ
അജ്ഞാനദൃശാം	മൂഢമിഴികൾക്ക്
ന ലക്ഷ്യസേ	അവിധേയനായി നിലകൊള്ളുന്നു.
ഭഗവൻ ത്വം തു	ഭഗവാനേ, നീന്തിരുവടി
മഹാഭാഗവതാനാം	മഹാന്മാരായ ഭഗവദ്ഭക്തർക്ക്
ഭക്തിയോഗവിധിത്സയാ	ഭക്തിയോഗമുപദേശിക്കാൻ
അവതീർണ്ണഃ അസി. താമസീ	അവതരിച്ചവനാണല്ലോ. അന്ധയായ
കഥം ജാനാമി	ഞാനെങ്ങനെ (നിന്നെ) അറിയും?
രഘൂത്തമ ലോകേ യഃ	രഘുവര, ലോകത്തിൽ ഏവനെങ്കിലും
കശ്ചിത് തവ തത്ത്വം	നിന്റെ പൊരുളും (അറിയുന്നെങ്കിൽ)
ജാനാതു. മമ ഹൃദാലയേ	അറിഞ്ഞോട്ടെ. എന്റെ മനോമന്ദിര-
തു തേ ഏതദ് രൂപം ഏവ	ത്തിൽ നിന്റെ ഈ രൂപം മാത്രം
സദാ ഭാതു	എന്നെന്നും വിളങ്ങിയാൽ മതി.
രാമ മോക്ഷദർശനം തേ	രാമ, മോക്ഷമേകുന്ന നിന്റെ
പാദയുഗളം ദർശിതം	കഴലിണ ഞാൻ കണ്ടു.

അദർശനം ഭവാർണ്ണാനാം സന്മാർഗ്ഗപരിദർശനം
ധനപുത്രകളത്രാദിവിഭൂതിപരിദർപ്പിതഃ
അകിഞ്ചനധനം ത്വാദ്യ നാഭിധാതും ജനോഽർഹതി. 67

ഭവാർണ്ണാനാം	(നിന്റെ കാലടി) ഭവക്കടലിലാണ്ടവർക്ക്
അദർശനം	കാണാനാവാത്തതും
സന്മാർഗ്ഗപരിദർശനം	നേർവഴി കാട്ടിത്തരുന്നതുമാണല്ലോ.
ആദ്യ ധനപുത്രകളത്രാദി–	ആദിപുരുഷ, വിത്തകളത്രാദികളിലും
വിഭൂതിപരിദർപ്പിതഃ ജനഃ	ഐശ്വര്യത്തിലും ഗർവ്വംകൊള്ളുന്നവന്
അകിഞ്ചനധനം	ഒന്നുമില്ലാത്തവന്റെ ഏകധനമായ
അഭിധാതും ന അർഹതി	നിന്റെ നാമം ഉച്ചരിക്കാനർഹതയില്ല.

നിവൃത്തഗുണമാർഗ്ഗായ നിഷ്കിഞ്ചനധനായ തേ. 68

നമഃ സ്വാത്മാഭിരാമായ നിർഗ്ഗുണായ ഗുണാത്മനേ
കാലരൂപിണമീശാനമാദിമദ്ധ്യാന്തവർജ്ജിതം. 69

സമം ചരന്തം സർവ്വത്ര മന്യേ ത്വാം പുരുഷം പരം
ദേവ, തേ ചേഷ്ടിതം കശ്ചിന്നവേദ നൃവിഡംബനം. 70

നിവൃത്തഗുണമാർഗ്ഗായ	ത്രിഗുണങ്ങളുടെ പരിധിക്കതീതനും
നിഷ്കിഞ്ചനധനായ	ഏഴകളുടെ ധനനവും
സ്വാത്മാഭിരാമായ	തന്റെ ആത്മാവിൽത്തന്നെ രമിപ്പോനും
നിർഗ്ഗുണായ ഗുണാത്മനേ	ഗുണരഹിതനും *സഗുണനുമായ
തേ നമഃ	നിനക്കു നമസ്കാരം.

---

* ഈശ്വരൻ ഒരേസമയം സഗുണനും നിർഗ്ഗുണനുമാകുന്നതെങ്ങനെ? രൂപരസസ്പർശാദിഗുണങ്ങൾക്കതീതനാകയാൽ നിർഗ്ഗുണൻ. ദയാലുത, ന്യായകാരിത തുടങ്ങിയ ഗുണങ്ങളുള്ളതുകൊണ്ട് സഗുണൻ. ''അശബ്ദമസ്പർശമരൂപമവ്യയം...'' (കഠ. I. 3. 15; II. 2. 12); ''ഏകോ വശീ സർവ്വഭൂതാന്തരാത്മാ...'' (കഠ. II. 2. 12)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലരൂപിണം ഈശാനം	കാലരൂപിയും നിയന്താവും
ആദിമദ്ധ്യാന്തവർജ്ജിതം	ആദിമദ്ധ്യാന്തമില്ലാത്തവനും
സർവ്വത്ര സമം ചരന്തം	എങ്ങുമൊരുപോൽ നിറഞ്ഞോനും
പരം പുരുഷം ത്വാം മന്യേ	പരമപുരുഷനുമെന്നു നിന്നെ ഞാൻ കരുതുന്നു.
ദേവ നൃവിഡംബനം	ദേവ, നരനെ അനുകരിക്കുന്ന
തേ ചേഷ്ടിതം കശ്ചിത്	നിന്റെ ലീലാവിലാസം
ന വേദ	ആരുമറിയുന്നില്ല.

ന തേഽസ്തി കശ്ചിദ്ദയിതോ ദ്വേഷ്യോ വാപര ഏവ ച
ത്വന്മായാപിഹിതാത്മാനസ്ത്വാം പശ്യന്തി തഥാവിധം. 71

തേ ദയിതഃ ദ്വേഷ്യഃ അപര	നിനക്ക് പ്രിയനോ അപ്രിയനോ
ഏവ ച കശ്ചിത് ന അസ്തി	ഉദാസീനനോ ആയി ഒരുവനുമില്ല.
ത്വന്മായാപിഹിതാത്മാനഃ	നിന്റെ മായയാൽ ഉൾക്കാഴ്ച മങ്ങിയവർ
ത്വാം തഥാവിധം പശ്യന്തി	നിന്നെ അങ്ങനെയുള്ളവനെന്നു കാണുന്നു (എന്നുമാത്രം).

അജസ്യാകർത്തുരീശസ്യ ദേവതിര്യങ്നരാദിഷു
ജന്മകർമ്മാദികം യദ്യദ് തദത്യന്തവിഡംബനം. 72

അജസ്യ അകർത്തുഃ ഈശസ്യ	അജനും അകർത്താവും ഈശനുമായ
ദേവതിര്യങ്നരാദിഷു	(നിനക്ക്) ദേവതിര്യക്നരാദിയോനി-
യദ്ജന്മകർമ്മാദികം തദ്	കളിലെ ജന്മകർമ്മാദികൾ
അത്യന്തവിഡംബനം	വെറും ഉപഹാസം (മാത്രം).

ത്വാമാഹുരക്ഷരം ജാതം കഥാശ്രവണസിദ്ധയേ
കേചിത് കോസലരാജസ്യ തപസഃ ഫലസിദ്ധയേ. 73

കഥാശ്രവണസിദ്ധയേ	(ഭക്തർക്ക് അവതാര)കഥ കേൾപ്പാൻ
അക്ഷരം ത്വാം	അവസരം സിദ്ധമാക്കാനാണ്
ജാതം കേചിത്	അവ്യയനായ നീ പിറവിയെടുത്തതെന്നു
ആഹുഃ	ചിലർ പറയുന്നു.
കോസലരാജസ്യ	ദശരഥന്റെ
തപസഃ ഫലസിദ്ധയേ	തപസ്സിന്റെ ഫലസിദ്ധി
(ഇതി കേചിത്)	നല്കാനെന്നു ചിലർ.

കൗസല്യയാ പ്രാർത്ഥ്യമാനം ജാതമാഹുഃ പരേ ജനാഃ
ദുഷ്ടരാക്ഷസഭൂഭാരഹരണായാർത്ഥിതോ വിഭുഃ. 74

ബ്രഹ്മണാ നരരൂപേണ ജാതോഽയമിതി കേചന,
ശൃണ്വന്തി ഗായന്തി ച യേ കഥാസ്തേ രഘുനന്ദന. 75

പശ്യന്തി തവ പാദാബ്ജം ഭവാർണ്ണവസുതാരണം
ത്വന്മായാഗുണബദ്ധോഽഹം വ്യതിരിക്തം ഗുണാശ്രയം
കഥം ത്വാം ദേവ ജാനീയാം സ്തോതും വാ വിഷയം വിഭും. 76

നമസ്യാമി രഘുശ്രേഷ്ഠം ബാണാസനശരാന്വിതം
ലക്ഷ്മണേന സഹ ഭ്രാത്രാ സുഗ്രീവാദിഭിരന്വിതം. 77

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൗസല്യയാം പ്രാർത്ഥ്യമാനം ജാതം (ഇതി) പരേ ജനാഃ ആഹുഃ	കൗസല്യ പ്രാർത്ഥിച്ചതിനാൽ ജനിച്ചെന്നു മററുചിലർ പറയുന്നു.
ദുഷ്ടരാക്ഷസഭൂഭാരഹരണായ ബ്രഹ്മണാ അർത്ഥിതഃ അയം വിഭുഃ നരരൂപേണ ജാതഃ ഇതി കേചന	ദുഷ്ടരാക്ഷസരെക്കൊണ്ടു ഭൂമിക്കുള്ള ഭാരം പോക്കാൻ ബ്രഹ്മാവിനാൽ പ്രാർത്ഥിതനാകയാലാണ് ഈ പ്രഭു നരരൂപത്തിൽ പിറന്നതെന്നു ചിലർ.
രഘുനന്ദന യേ ച തേ കഥാഃ ശൃണ്വന്തി ഗായന്തി തേ പശ്യന്തി ഭവാബ്ധിവസ്തുതാരണം തവ പാദാബ്ജം	രാഘവ, ഏവർ നിന്റെ കഥകൾ കേൾക്കുന്നു, പാടുന്നു, അവർ കാണാറാകും സംസാരസാഗരം പാരേ കടത്തുന്ന നിന്റെ പാദപങ്കജം.
ദേവ അഹം ത്വന്മായാഗുണബദ്ധാ	ദേവ, ഞാൻ നിന്റെ മായാഗുണങ്ങളാൽ ബദ്ധയാണ്.
വ്യതിരിക്തം ഗുണാശ്രയം ത്വാം കഥം ജാനീയാം	(മായയിൽനിന്നു്) വേറിട്ട് ഗുണാശ്രയനായി വിളങ്ങുന്ന നിന്നെ എങ്ങനെ ഞാൻ അറിയും?
വിഭും കഥം സ്തോതും വിഷയം (കാര്യം?)	വിഭുവിനെ എങ്ങനെ സ്തുതിവിഷയമാക്കും?
അതഃ ഭ്രാത്രാ ലക്ഷ്മണേന സഹ സുഗ്രീവാദിഭിഃ ച അന്വിതം ബാണാസനശരാന്വിതം രഘുശ്രേഷ്ഠം നമസ്യാമി	ആകയാൽ ഭ്രാതാവായ ലക്ഷ്മണനോടും സുഗ്രീവാദികളോടും ചേർന്ന, വില്ലുമമ്പുമേന്തിയ, രഘുവരനെ നമിച്ചുകൊള്ളാം (അതേ കഴിയൂ).

ഏവം സ്തുതോ രഘുശ്രേഷ്ഠഃ പ്രസന്നഃ പ്രണതാഘഹൃത്
ഉവാച യോഗിനീം ഭക്താം കിം തേ മനസി കാംക്ഷിതം. 78

പ്രണതാഘഹൃത് രഘുശ്രേഷ്ഠഃ ഏവം സ്തുതഃ പ്രസന്നഃ	പ്രണമിപ്പവരുടെ പാപംപോക്കുന്ന രഘുവരൻ ഇങ്ങനെ വാഴ്ത്തപ്പെട്ടവേ പ്രീതനായി.
ഭക്താം യോഗിനീം ഉവാച. തേ മനസി കിം കാംക്ഷിതം (അസ്തി)	ഭക്തയായ (ആ) യോഗിനിയോട് ആരാഞ്ഞു: നിനക്കുള്ളിലെന്താണ് ആഗ്രഹമുള്ളത്?

സാ പ്രാഹ രാഘവം ഭക്ത്യാ ഭക്തിം തേ ഭക്തവത്സല
യത്ര കുത്രാപി ജാതായാഃ നിശ്ചലാം ദേഹി മേ പ്രഭോ. 79

സാ ഭക്ത്യാ രാഘവം പ്രാഹ: പ്രഭോ ഭക്തവത്സല യത്ര കുത്ര ജാതായാഃ അപി മേ തേ നിശ്ചലാം ഭക്തിം ദേഹി	അവൾ ഭക്തിയോടെ രാഘവനെ അറിയിച്ചു: പ്രഭോ, ഭക്തവത്സല, എവിടെ ജനിച്ചാലും വേണ്ടില്ല, എനിക്ക നിന്നിലിളകാത്ത ഭക്തി നല്കേണമേ.

ത്വദ്ഭക്തേഷു സദാ സംഗോ ഭൂയാൻ മേ പ്രാകൃതേഷു ന 80
ജിഹ്വാ മേ രാമരാമേതി ഭക്ത്യാ വദതു സർവ്വദാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേ സദാ ത്വദ്ഭക്തേഷു സംഗഃ ഭൂയാത് പ്രാകൃതേഷു ന	എനിക്കെന്നും നിന്റെ ഭക്തന്മാരോട് ചേർച്ചയുണ്ടാകട്ടെ, പ്രാകൃതരോട് അരുത്.
മേ ജിഹ്വാ സർവ്വദാ രാമ രാമ ഇതി ഭക്ത്യാ വദതു	എന്റെ നാവ് എപ്പോഴും 'രാമ, രാമ' എന്നു ഭക്തിപൂർവ്വം ഉച്ചരിക്കട്ടെ.

മാനസം ശ്യാമളം രൂപം സീതാലക്ഷ്മണസംയുതം
ധനുർബ്ബാണധരം പീതവാസസം മുകുടോജ്ജ്വലം. 81

അംഗദൈർന്നൂപുരൈർമുക്താഹാരൈഃ കൗസ്തുഭകുണ്ഡലൈഃ
ഭാന്തം സ്മരതു മേ രാമ, വരം നാന്യം വൃണേ പ്രഭോ. 82

ധനുർബ്ബാണധരം പീതവാസസം മുകുടോജ്ജ്വലം അംഗദൈഃ നൂപുരൈഃ മുക്താഹാരൈഃ കൗസ്തുഭകുണ്ഡലൈഃ ഭാന്തം സീതാലക്ഷ്മണസംയുതം ശ്യാമളം രൂപം മേ മാനസം സ്മരതു	ധനുർബ്ബാണങ്ങളും ധരിച്ച, മഞ്ഞപ്പട്ടുടുത്ത, കിരീടത്താൽ തിളങ്ങുന്ന, തോൾവളകളും, നൂപുരങ്ങളും, മുത്തുമാലകളും, കൗസ്തുഭം, കർണ്ണഭൂഷകൾ ഇവയാൽ ശോഭി- ക്കുന്ന, സീതാലക്ഷ്മണസമേതമായ, (ഈ) ശ്യാമളരൂപം എന്റെ മനസ്സ് സ്മരിക്കുമാറാകട്ടെ.
പ്രഭോ രാമ, അന്യം വരം ന വൃണേ	പ്രഭോ, രാമ, മറ്റൊരു വരവും ഞാൻ വരിക്കുന്നില്ല.

ശ്രീരാമ ഉവാച: ശ്രീരാമൻ അരുളി

ഭവത്വേവം മഹാഭാഗേ ഗച്ഛ ത്വം ബദരീവനം
തത്രൈവ മാം സ്മരന്തീ ത്വം ത്യക്ത്വേദം ഭൂതപഞ്ചകം
മാമേവ പരമാത്മാനമചിരാത് പ്രതിപദ്യസേ. 83

മഹാഭാഗേ ഏവം ഭവതു ത്വം ബദരീവനം ഗച്ഛ	മഹാശയേ, അങ്ങനെ ഭവിക്കട്ടെ. നീ ബദരീവനത്തിലേക്കു പൊയ്ക്കൊള്ളുക;
തത്ര മാം സ്മരന്തീ ഇദം ഭൂതപഞ്ചകം ത്യക്ത്വാ അചിരാത് ത്വം പരമാത്മാനം മാം ഏവ പ്രതിപദ്യസേ	അവിടെ എന്നെ ധ്യാനിച്ചുകൊണ്ട് ഈ പഞ്ചഭൂതാത്മകശരീരം വെടിഞ്ഞ് താമസമെന്യേ നിനക്ക് പരമാത്മാവായ എന്നെത്തന്നെ പ്രാപിക്കാവുന്നതാണ്.

ശ്രുത്വാ രഘൂത്തമവചോഽമൃതസാരകല്പം
ഗത്വാ തദൈവ ബദരീതരുഖണ്ഡജുഷ്ടം
തീർത്ഥം തദാ രഘുപതിം മനസാ സ്മരന്തീ
ത്യക്ത്വാ കളേബരമവാപ പരം പദം സാ. 84

അമൃതസാരകല്പം രഘൂത്തമവചഃ ശ്രുത്വാ തദാ ഏവ ബദരീതരുഖണ്ഡജുഷ്ടം തീർത്ഥം ഗത്വാ	അമൃതസാരത്തിനൊത്ത രഘുവരവചനം കേട്ട് (സ്വയംപ്രഭ) അപ്പോൾത്തന്നെ ഇലന്തമരങ്ങൾ തിങ്ങിയ ആ തീർത്ഥസ്ഥലത്തേക്കു പോയി;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സദാ രഘുപതിം മനസാ സ്മരന്തീ — സദാ രാമനെ മനസാ നിനച്ച്,
കളേബരം ത്യക്ത്വാ — ഉടൽ വെടിഞ്ഞ്,
സാ പരം പദം അവാപ — അവൾ പരമപദം പ്രാപിച്ചു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ ഷഷ്ഠഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം ആറാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഏഴ്

വാനരരുടെ അഗ്നിപ്രവേശനസംരംഭം—സമ്പാതിദർശനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

അഥ തത്ര സമാസീനാ വൃക്ഷഖണ്ഡേഷു വാനരാഃ
ചിന്തയന്തോ വിമുഹ്യന്തഃ സീതാമാർഗ്ഗണകർഷിതാഃ. 1

സീതാമാർഗ്ഗണകർഷിതാഃ — സീതയെ തേടി തളർന്ന
ചിന്തയന്തഃ വിമുഹ്യന്തഃ — ചിന്തിതരും വ്യാകുലരുമായ
വാനരാഃ അഥ തത്ര — വാനരർ അനന്തരം അവിടെയുള്ള
വൃക്ഷഖണ്ഡേഷു സമാസീനാഃ — മരനിരകളിൽ ഇരിപ്പുറപ്പിച്ചു.

തത്രോവാചാംഗദഃ കാംശ്ചിദ്വാനരാൻ വാനരർഷഭഃ
ഭ്രമതാം ഗഹ്വരേഽസ്മാകം മാസോ നൂനം ഗതോഽഭവത്. 2

തത്ര വാനരർഷഭഃ അംഗദഃ — അവിടെവെച്ച് കപിവരൻ അംഗദൻ
കാംശ്ചിത് വാനരാൻ ഉവാച — ചില വാനരരോട് ഈവിധം പറഞ്ഞു.
ഗഹ്വരേ ഭ്രമതാം അസ്മാകം — ഗുഹയിൽ കറങ്ങി നമ്മുടെ
മാസഃ നൂനം ഗതഃ അഭവത് — ഒരു മാസം തീർത്തും കഴിഞ്ഞുപോയി.

സീതാ നാധിഗതാസ്മാഭിഃ ന കൃതം രാജശാസനം
യദി ഗച്ഛാമ കിഷ്കിന്ധാം സുഗ്രീവോഽസ്മാൻ ഹനിഷ്യതി. 3

അസ്മാഭിഃ സീതാ ന അധിഗതാ — നാം സീതയെ കണ്ടെത്തിയില്ല.
രാജശാസനം ന കൃതം — രാജകല്പന നിറവേററിയുമില്ല.
യദി കിഷ്കിന്ധാം ഗച്ഛാമഃ — കിഷ്കിന്ധയ്ക്കു പോയാൽ
സുഗ്രീവഃ അസ്മാൻ ഹനിഷ്യതി — സുഗ്രീവൻ നമ്മുടെ കഥകഴിക്കും.

വിശേഷതഃ ശത്രുസുതം മാം മിഷാന്നിഹനിഷ്യതി
മയി തസ്യ കുതഃ പ്രീതിഃ അഹം രാമേണ രക്ഷിതഃ. 4

വിശേഷതഃ ശത്രുസുതം മാം — വിശേഷിച്ച് ശത്രുസുതനായ എന്നെ
മിഷാത് നിഹനിഷ്യതി — (ഈ) വ്യാജേന കൊന്നുകളയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മയി തസ്യ കുതഃ പ്രീതിഃ.	എന്നിൽ അയാൾക്ക് എങ്ങനെ പ്രീതി?
അഹം രക്ഷിതഃ രാമേണ	എന്നെ രക്ഷിച്ചതു് രാമനാണു്.

ഇദാനീം രാമകാര്യം മേ ന കൃതം തന്മിഷം ഭവേത്
തസ്യ മദ്ധനനേ നൂനം സുഗ്രീവസ്യ ദുരാത്മനഃ. 5

ഇദാനീം രാമകാര്യം മേ ന കൃതം	ഇതുവരെ രാമകാര്യം ഞാൻ സാധിച്ചുമില്ല.
തത് ദുരാത്മനഃ തസ്യ സുഗ്രീവസ്യ	അതു് ദുർബ്ബുദ്ധിയായ ആ സുഗ്രീവന്നു്
മദ്ധനനേ മിഷം ഭവേത്	എന്നെക്കൊല്ലുവാൻ (പററിയ) തന്ത്രമാകും.

മാതൃകല്പാം ഭ്രാതൃഭാര്യാം പാപാത്മാഽനുഭവത്യസൗ
ന ഗച്ഛേയമതഃ പാർശ്വം തസ്യ വാനരപുംഗവാഃ. 6

മാതൃകല്പാം ഭ്രാതൃഭാര്യാം അസൗ	മാതൃതുല്യയായ സോദരപത്നിയെ
പാപാത്മാ അനുഭവതി	ആ പാപി അനുഭവിക്കയാണു്.
വാനരപുംഗവാഃ അതഃ തസ്യ	വാനരവീരരെ, ആകയാൽ അവന്നരി-
പാർശ്വം ന ഗച്ഛേയം	കിലേക്കു ഞാൻ പോകുന്നേയില്ല.

ത്യക്ഷ്യാമി ജീവിതം ചാത്ര യേനകേനാപി മൃത്യുനാ
ഇത്യശ്രുനയനം കേചിദ് ദൃഷ്ട്വാ വാനരപുംഗവാഃ. 7
വ്യഥിതാഃ സാശ്രുനയനാഃ യുവരാജമഥാബ്രുവൻ. 8

യേനകേനാപി മൃത്യുനാ	ഏതെങ്കിലും തരത്തിലുള്ള മരണത്താൽ
അത്ര ജീവിതം ത്യക്ഷ്യാമി	ഇവിടെ ജീവിതം വെടിയും.
ഇതി അശ്രുനയനം ദൃഷ്ട്വാ	ഇങ്ങനെ കണ്ണീർ ചൊരിയുന്ന
കേചിത് വാനരപുംഗവാഃ	(അംഗദനെ) നോക്കി ചില കപിവരർ
വ്യഥിതാഃ സാശ്രുനയനാഃ	വ്യഥയാർന്നു; നിറഞ്ഞ നയനങ്ങളോടെ
തേ അഥ യുവരാജനം അബ്രുവൻ	അവർ പിന്നെ യുവരാജാവിനോടു പറഞ്ഞു.

കിമിത്ഥം തവ ശോകോഽത്ര വയം തേ പ്രാണരക്ഷകാഃ
ഭവാമോ നിവസാമോഽത്ര ഗുഹായാം ഭയവർജ്ജിതാഃ. 9

തവ ശോകഃ കിമിത്ഥം	നിനക്കു ശോകമെന്തിനുവേണ്ടി?
അത്ര വയം തേ	ഇവിടെ ഞങ്ങൾ നിന്റെ
പ്രാണരക്ഷകാഃ ഭവാമഃ	പ്രാണരക്ഷകരായി നിലകൊള്ളും.
അത്ര ഗുഹായാം	ഈ ഗുഹയിൽ ഭയമെന്യേ
ഭയവർജ്ജിതാഃ വസാമഃ	നമുക്കു പാർക്കുകയും ചെയ്യാം.

സർവ്വസൗഭാഗ്യസഹിതം പുരം ദേവപുരോപമം
ശനൈഃ പരസ്പരം വാക്യം വദതാം മാരുതാത്മജഃ. 10
ശ്രുത്വാംഗദം സമാലിംഗ്യ പ്രോവാച നയകോവിദഃ
വിചാര്യതേ കിമർത്ഥം തേ ദുർവ്വിചാരോ ന യുജ്യതേ. 11
രാജ്ഞോഽത്യന്തപ്രിയസ്ത്വം ഹി താരാപുത്രോഽതിവല്ലഭഃ
രാമസ്യ ലക്ഷ്മണാത് പ്രീതിഃ ത്വയി നിത്യം പ്രവർദ്ധതേ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വസൗഭാഗ്യസഹിതം ദേവപുരോപമം പുരം	സകലസൗഭാഗ്യവുമടങ്ങിയ ഇന്ദ്രപുരിക്കു തുല്യമായ ഒരു നഗരമാണ് (ഈ ഗുഹ).
ശനൈഃ പരസ്പരം വദതാം വാക്യം ശ്രുത്വാ നയകോവിദഃ മാരുതാത്മജഃ അംഗദം സമാലിംഗ്യ പ്രോവാച	മെല്ലെ തമ്മിലിങ്ങനെ ചൊല്ലുന്ന (അവരുടെ) വചനം കേട്ട് നയചതുരൻ മാരുതി അംഗദനെ ആലിംഗനംചെയ്തറിയിച്ചു:
കിമർത്ഥം വിചാര്യതേ ദുർവ്വിചാരഃ തേ ന യുജ്യതേ	എന്തിനാണു (നീ) വിചാരപ്പെടുന്നതു്? ദുർവ്വിചാരം നിനക്കു ചേർന്നതല്ല.
ത്വം രാജ്ഞഃ അതിപ്രിയഃ താരാപുത്രഃ അതിവല്ലഭഃ	നീ രാജാവിന്നു് അതിപ്രിയൻ. താരയുടെ പുത്രൻ, മിടുമിടുക്കൻ.
രാമസ്യ ലക്ഷ്മണാത് പ്രീതിഃ ത്വയി നിത്യം പ്രവർദ്ധതേ	രാമനു് ലക്ഷ്മണനിലും കവിഞ്ഞ പ്രീതിയാണു് നിന്നിലെന്നും വളരുന്നതു്.

അതോ ന രാഘവാത് ഭീതിഃ തവ രാജ്ഞോ വിശേഷതഃ
അഹം തവ ഹിതേ സക്തോ വത്സ നാന്യം വിചാരയ. 13

അതഃ തവ രാഘവാത് വിശേഷതഃ രാജ്ഞഃ ഭീതിഃ ന	തന്മൂലം നിനക്കു രാമനിൽനിന്നോ, വിശിഷ്യ രാജാവിൽനിന്നോ ഭീതി വേണ്ട.
അഹം തവ ഹിതേ സക്തഃ	ഞാൻ നിന്റെ ശ്രേയസ്സിൽ തൽപരനാണു്.
വത്സ അന്യം ന വിചാരയ	കുഞ്ഞേ, നീ മറ്റൊന്നും നിനയ്ക്കരുതു്.

ഗുഹാവാസശ്ച നിർഭേദ്യ ഇത്യുക്തം വാനരൈസ്തു യത്
തദേതദ് രാമബാണാനാം അഭേദ്യം കിം ജഗത്ത്രയേ? 14

ഗുഹാവാസഃ തു നിർഭേദ്യഃ ഇതി വാനരൈഃ യത് ഉക്തം തത് ഏതദ്	ഗുഹാവസതി തകർക്കാൻപറ്റാത്തതെന്നു് കപികൾ പറഞ്ഞതിനെപ്പറ്റി ഇതേ (പറയാനുള്ളൂ).
രാമബാണസ്യ അഭേദ്യം ജഗത്ത്രയേ കിം	രാമബാണത്തിനു് അഭേദ്യമായി മൂവുലകിലുമെന്തുണ്ടു്? (ഒന്നുമില്ല.)

യേ ത്വാം ദുർബ്ബോധയന്ത്യേതേ വാനരാഃ വാനരർഷഭ
പുത്രദാരാദികം ത്യക്ത്വാ കഥം സ്ഥാസ്യന്തി തേ ത്വയാ. 15

വാനരർഷഭ ഏതേ യേ വാനരാഃ ത്വാം ദുർബ്ബോധയന്തി തേ പുത്രദാരാദികം ത്യക്ത്വാ ത്വയാ സഹ കഥം സ്ഥാസ്യന്തി	വാനരനാഥ, യാതൊരു കപികൾ നിനക്കു് ദുർബ്ബോധന നല്കുന്നുവോ, അവർ പുത്രകളത്രാദികളെ വിട്ടു് നിന്നോടൊത്തു് എങ്ങനെ കഴിയും?

അന്യദ് ഗുഹ്യതമം വക്ഷ്യേ രഹസ്യം ശൃണു മേ സുത
രാമോ ന മാനുഷോ ദേവഃ സാക്ഷാന്നാരായണോഽവ്യയഃ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭോ സുത അന്യത്	എന്റെ മകനേ, മറ്റൊരു
ഗുഹ്യതമം രഹസ്യം വക്ഷ്യേ	പരമരഹസ്യം നിന്നോടു പറയാം,
ശൃണു. രാമഃ ന മാനുഷഃ	കേൾക്കുക. രാമൻ (വെറും) മനുഷ്യനല്ല.
അവ്യയഃ ദേവഃ	അവ്യയനായ ദേവനാണ്.
സാക്ഷാത് നാരായണഃ	സാക്ഷാൽ നാരായണൻ.

സീതാ ഭഗവതീ മായാ ജനസമ്മോഹകാരിണീ
ലക്ഷ്മണോ ഭുവനാധാരഃ സാക്ഷാച്ഛേഷഃ ഫണീശ്വരഃ. 17

ജനസമ്മോഹകാരിണീ	ജനമോഹിനിയായ
മായാ ഭഗവതീ സീതാ	മായാഭഗവതിയാണ് സീത.
ലക്ഷ്മണഃ ഭുവനാധാരഃ	ലക്ഷ്മണൻ ജഗത്തിനാധാരമായ
ഫണീശ്വരഃ	ഫണീശ്വരനാണ്;
സാക്ഷാത് ശേഷഃ	സാക്ഷാൽ ആദിശേഷൻ.

ബ്രഹ്മണാ പ്രാർത്ഥിതാഃ സർവ്വേ രക്ഷോഗണവിനാശനേ
മായാമാനുഷഭാവേന ജാതാഃ ലോകൈകരക്ഷകാഃ. 18

ബ്രഹ്മണാ പ്രാർത്ഥിതാഃ സർവ്വേ	ബ്രഹ്മാവിനാൽ പ്രാർത്ഥിതരായ അവരെ-
രക്ഷോഗണവിനാശനേ	ല്ലാം രാക്ഷസഗണത്തെ ഒടുക്കാൻ
മായാമാനുഷഭാവേന	മായാമാനുഷഭാവത്തിൽ
ജാതാഃ	ജനിച്ചിരിക്കയാണ്.
ലോകൈകരക്ഷകാഃ	ലോകത്തിന്റെ മുഖ്യരക്ഷകരാണവർ.

വയം ച പാർഷദാഃ സർവ്വേ വിഷ്ണോർവൈകുണ്ഠവാസിനഃ
മനുഷ്യഭാവമാപന്നാഃ സ്വേച്ഛയാ പരമാത്മനി. 19

വയം വാനരരൂപേണ ജാതാസ്തസ്യൈവ മായയാ
വയം തു തപസാ പൂർവ്വമാരാധ്യ ജഗതാം പതിം. 20

തേനൈവാനുഗൃഹീതാഃ സ്മഃ പാർഷദത്വമുപാഗതാഃ
ഇദാനീമപി തസ്യൈവ സേവാം കൃത്വൈവ മായയാ. 21

പുനർവൈകുണ്ഠമാസാദ്യ സുഖം സ്ഥാസ്യാമഹേ വയം
ഇത്യംഗദമഥാശ്വാസ്യ ഗതാ വിന്ധ്യം മഹാചലം. 22

വയം സർവ്വേ ച	നാമെല്ലാംതന്നെ
വൈകുണ്ഠവാസിനഃ	വൈകുണ്ഠവാസിയായ
വിഷ്ണോഃ പാർഷദാഃ	വിഷ്ണുവിന്റെ അനുചരരാണ്.
പരമാത്മനി സ്വേച്ഛയാ	പരമാത്മാവ് സ്വേച്ഛപ്രകാരം
മനുഷ്യഭാവം ആപന്നേ	മാനവഭാവം കൈക്കൊണ്ടപ്പോൾ
വയം വാനരരൂപേണ ജാതാഃ	നമ്മൾ വാനരാകൃതിയിൽ പിറന്നു.
തസ്യ മായയാ ഏവ	അവന്റെ മായാപ്രഭാവത്താൽത്തന്നെ.
വയം തു പൂർവ്വം തപസാ	നമ്മളും മുമ്പു തപസ്സാൽ
ജഗതാംപതിം ആരാധ്യ	ജഗദീശ്വരനെ ആരാധിച്ച്
തേന അനുഗൃഹീതാഃ ഏവ	തദനുഗ്രഹം നേടി
പാർഷദത്വം ഉപാഗതാഃ സ്മഃ	അനുചരത്വം ആർജ്ജിച്ചവർതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദാനീം അപി മായയാ	ഇപ്പോഴും മായയാൽ
തസ്യ സേവനം കൃത്വാ പുനഃ	തൽസേവനം നിർവ്വഹിച്ച് വീണ്ടും
ഏവ വൈകുണ്ഠം ആസാദ്യ	വൈകുണ്ഠത്തിലെത്തി
വയം സുഖം സ്ഥാസ്യാമഹേ	നാം സുഖമായി വാഴും.
ഇതി അംഗദം ആശ്വാസ്യ	ഈവിധം അംഗദന് ആശ്വാസം
അഥ	പകർന്നതിനുശേഷം (അവർ)
മഹാചലം വിന്ധ്യം ഗതാഃ	വിന്ധ്യമഹാഗിരിയിലേക്കു പോയി.

വിചിന്വന്തോഽഥ ശനകൈഃ ജാനകീം ദക്ഷിണാംബുധേഃ
തീരേ മഹേന്ദ്രാഖ്യഗിരേഃ പവിത്രം പാദമായയുഃ. 23

ജാനകീം വിചിന്വന്തഃ അഥ	ജാനകിയെ തേടുന്ന (അവർ) പിന്നെ
ശനകൈഃ ദക്ഷിണാംബുധേഃ	സാവധാനം തെക്കേക്കടൽക്കരെയുള്ള
തീരേ മഹേന്ദ്രാഖ്യഗിരേഃ	മഹേന്ദ്രഗിരിയുടെ
പവിത്രം പാദം ആയയുഃ	പാവനമായ താഴ്‌വരയിലെത്തി.

ദൃഷ്ട്വാ സമുദ്രം ദുഷ്പാരമഗാധം ഭയവർദ്ധനം
വാനരാഃ ഭയസംത്രസ്താഃ കിം കർമ്മ ഇതി വാദിനഃ. 24

ദുഷ്പാരം അഗാധം ഭയവർദ്ധനം	അപാരവും അഗാധവും ഭയമേറുന്നതുമായ
സമുദ്രം ദൃഷ്ട്വാ	സാഗരം കണ്ട്
ഭയസംത്രസ്താഃ വാനരാഃ	പേടിച്ചു നടുങ്ങിയ വാനരർ
'കിം കർമ്മ' ഇതി വാദിനഃ	'എന്താ ചെയ്യുക' എന്നു മന്ത്രിച്ചു.

നിഷേദുരുദധേസ്തീരേ സർവ്വേ ചിന്താസമന്വിതാഃ
മന്ത്രയാമാസുരന്യോന്യം അംഗദാദ്യാഃ മഹാബലാഃ. 25

ചിന്താസമന്വിതാഃ സർവ്വേ	ചിന്താഗ്രസ്തരായ (അവർ) എല്ലാം
ഉദധേഃ തീരേ നിഷേദുഃ	കടൽത്തീരത്ത് ഇരിപ്പായി.
അംഗദാദ്യാഃ മഹാബലാഃ	അംഗദൻ തുടങ്ങിയ പ്രബലന്മാർ
അന്യോന്യം മന്ത്രയാമാസുഃ	പരസ്പരം ആലോചിച്ചു.

ഭ്രമതോ മേ വനേ മാസോ ഗതോഽത്രൈവ ഗുഹാന്തരേ
ന ദൃഷ്ടോ രാവണോ വാദ്യ സീതാ വാ ജനകാത്മജാ. 26

വനേ ഭ്രമതഃ മേ മാസഃ	കാട്ടിൽ കറങ്ങിയ എന്റെ ഒരു മാസം
അത്ര ഗുഹാന്തരേ ഏവ ഗതഃ	ഈ ഗുഹയ്ക്കകത്തുതന്നെ തീർന്നു.
അദ്യ രാവണഃ വാ ന ദൃഷ്ടഃ	ഇന്നുവരെ രാവണനെയോ കണ്ടില്ല.
ജനകാത്മജാ	ജനകനന്ദിനിയായ
സീതാ വാ ന (ദൃഷ്ടാ)	സീതയേയും കാണാറായില്ല.

സുഗ്രീവസ്തീക്ഷ്ണദണ്ഡോഽസ്മാൻ നിഹന്ത്യേവ ന സംശയഃ
സുഗ്രീവ വധതോഽസ്മാകം ശ്രേയഃ പ്രായോപവേശനം. 27

സുഗ്രീവഃ തീക്ഷ്ണദണ്ഡഃ	സുഗ്രീവൻ ഉഗ്രശിക്ഷകാരനാണ്.
അസ്മാൻ നിഹന്തി ഏവ	നമ്മെ കൊല്ലുകതന്നെ ചെയ്യും.
ന സംശയഃ	സംശയമില്ല.
സുഗ്രീവ വധതഃ	സുഗ്രീവൻ കൊല്ലുന്നതിനേക്കാൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രായോപവേശനം	പട്ടിണികിടന്നു ചാവുകയാണ്
അസ്മാകം ശ്രേയഃ	നമുക്കു ശ്രേയസ്സ്.

ഇതി നിശ്ചിത്യ തത്രൈവ ദര്ഭാനാസ്തീര്യ സര്വ്വതഃ
ഉപാവിവേശുസ്തേ സര്വ്വേ മരണേ കൃതനിശ്ചയാഃ. 28

ഇതി നിശ്ചിത്യ	ഇങ്ങനെ തീരുമാനിച്ച്
മരണേ കൃതനിശ്ചയാഃ തേ സര്വ്വേ	ചാകാനുറച്ച അവരെല്ലാം
തത്ര ഏവ സര്വ്വതഃ	അവിടെത്തന്നെ എമ്പാടും
ദര്ഭാൻ ആസ്തീര്യ ഉപാവിവേശുഃ	ദര്ഭ വിരിച്ച് കിടന്നു.

ഏതസ്മിന്നന്തരേ തത്ര മഹേന്ദ്രാദ്രിഗുഹാന്തരാത്
നിര്ഗ്ഗത്യ ശനകൈരാഗാദ് ഗൃധ്രഃ പര്വ്വതസന്നിഭഃ. 29

ഏതസ്മിൻ അന്തരേ പര്വ്വത-	ഇതിനിടയ്ക്ക് മലപോലുള്ള
സന്നിഭഃ ഗൃധ്രഃ മഹേന്ദ്രാദ്രി-	ഒരു കഴുകൻ മഹേന്ദ്രഗിരിയിലെ
ഗുഹാന്തരാത് നിര്ഗ്ഗത്യ	ഗുഹയ്ക്കകത്തുനിന്നു പുറപ്പെട്ട്
ശനകൈഃ തത്ര ആഗാത്	മെല്ലെ അവിടെയെത്തി.

ദൃഷ്ട്വാ പ്രായോപവേശേന സ്ഥിതാൻ വാനരപുംഗവാൻ
ഉവാച ശനകൈര്ഗൃധ്രഃ പ്രാപ്തോ ഭക്ഷ്യോऽദ്യ മേ ബഹുഃ. 30

പ്രായോപവേശേന സ്ഥിതാൻ	പട്ടിണിമരണം കാത്തുകിടന്ന
വാനരപുംഗവാൻ ദൃഷ്ട്വാ	കപിവരരെക്കണ്ടവേ
ഗൃധ്രഃ ശനകൈഃ ഉവാച	കഴുകൻ (സ്വയം) പതുക്കെ പറഞ്ഞു:
അദ്യ മേ ബഹുഃ	ഇന്ന് എനിക്കു ധാരാളം
ഭക്ഷ്യഃ പ്രാപ്തഃ	ആഹാരം കിട്ടിയിരിക്കുന്നു.

ഏകൈകശഃ ക്രമാത് സര്വ്വാൻ ഭക്ഷയാമി ദിനേ ദിനേ
ശ്രുത്വാ തദ് ഗൃധ്രവചനം വാനരാഃ ഭീതമാനസാഃ. 31

ദിനേ ദിനേ ക്രമാത് ഏകൈകശഃ	ദിനംതോറും ക്രമത്തിന് ഓരോരുത്തരായി
സര്വ്വാൻ ഭക്ഷയാമി	എല്ലാവരെയും തിന്നോളാം.
തദ് ഗൃധ്രവചനം ശ്രുത്വാ	ആ കഴുകന്റെ വചനം കേട്ട്
വാനരാഃ ഭീതമാനസാഃ	വാനരർ സംഭീതരായി.

ഭക്ഷയിഷ്യതി നഃ സര്വ്വാനസൗ ഗൃധ്രോ ന സംശയഃ
രാമകാര്യം ച നാസ്മാഭിഃ കൃതം കിഞ്ചിദ്ധരീശ്വരാഃ. 32

അസൗ ഗൃധ്രഃ നഃ സര്വ്വാൻ	(പറഞ്ഞു:) ഈ കഴുകൻ നമ്മെയെല്ലാം
ഭക്ഷയിഷ്യതി ന സംശയഃ	തിന്നുമെന്നു തീര്ച്ച.
ഹരീശ്വരാഃ രാമകാര്യം ച	കപിശ്രേഷ്ഠരേ, രാമകാര്യവും
അസ്മാഭിഃ ന കൃതം	നമ്മെക്കൊണ്ടു നിറവേററാനായില്ല.

സുഗ്രീവസ്യാപി ച ഹിതം ന കൃതം സ്വാത്മനാമപി
വൃഥാऽനേന വധം പ്രാപ്താ ഗച്ഛാമോ യമസാദനം. 33

സുഗ്രീവസ്യ അപി	സുഗ്രീവന്റെയും
ഹിതം ന കൃതം	ഹിതം അനുഷ്ഠിക്കപ്പെട്ടില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാത്മനാം അപി	സ്വന്തഹിതവും (സാധിച്ചില്ല.)
വൃഥാ അനേന വധം പ്രാപ്താഃ യമസാദനം ഗച്ഛാമഃ	വെറുതെ ഇവനാൽ കൊല്ലപ്പെട്ട് യമപുരിക്കു പോകുകയാണ്.

അഹോ ജടായുർധർമ്മാത്മാ രാമസ്യാർത്ഥേ മൃതഃ സുധീഃ
മോക്ഷം പ്രാപ ദുരാവാപം യോഗിനാമപ്യരിന്ദമഃ. 34

അഹോ ജടായുഃ ധർമ്മാത്മാ സുധീഃ	അഹോ, ജടായു ധർമ്മാത്മാവാണ്, ബുദ്ധിമാനുമാണ്.
രാമസ്യ അർത്ഥേ മൃതഃ	(അവൻ) രാമനുവേണ്ടി മരിച്ചു.
അരിന്ദമഃ (സഃ) യോഗിനാം അപി ദുരാവാപം മോക്ഷം പ്രാപ	വൈരിയെ അമർച്ചചെയ്ത അവൻ യോഗികൾക്കുപോലും ദുർല്ലഭമായ മോക്ഷം നേടുകയുംചെയ്തു.

സമ്പാതിസ്തു തദാ വാക്യം ശ്രുത്വാ വാനരഭാഷിതം
കേ വാ യൂയം മമ ഭ്രാതുഃ കർണ്ണപീയൂഷസന്നിഭം. 35

ജടായുരിതി നാമാദ്യ വ്യാഹരന്തഃ പരസ്പരം
ഉച്യതാം വോ ഭയം മാഭൂന്മത്തഃ പ്ലവഗസത്തമാഃ. 36

വാനരഭാഷിതം വാക്യം ശ്രുത്വാ സമ്പാതിഃ തു (പപ്രച്ഛ)	വാനരർ ചൊന്ന വചനം കേൾക്കെ സമ്പാതി ചോദിച്ചു:
അദ്യ മമ ഭ്രാതുഃ കർണ്ണപീയൂഷസന്നിഭം ജടായുഃ ഇതി നാമ പരസ്പരം വ്യാഹരന്തഃ യൂയം കേ വാ	ഇപ്പോൾ എന്റെ സഹജന്റെ (പേര്)—കാതിനമൃതമായ 'ജടായു' എന്ന പേര്—പരസ്പരം ഉച്ചരിക്കുന്ന നിങ്ങളാര്?
പ്ലവഗസത്തമാഃ ഉച്യതാം	വാനരശ്രേഷ്ഠരേ, പറയുവിൻ.
മത്തഃ വഃ ഭയം മാഭൂത്	എന്നിൽനിന്ന് നിങ്ങൾക്ക് ഒരു ഭീതിയും വേണ്ട.

തമുവാചാംഗദഃ ശ്രീമാനുത്ഥിതോ ഗൃധ്രസന്നിധൗ
രാമോ ദാശരഥിഃ ശ്രീമാൻ ലക്ഷ്മണേന സമന്വിതഃ. 37

സീതയാ ഭാര്യയാ സാർദ്ധം വിചചാര മഹാവനേ
തസ്യ സീതാ ഹൃതാ സാധ്വീ രാവണേന ദുരാത്മനാ. 38

ശ്രീമാൻ അംഗദഃ ഉത്ഥിതഃ ഗൃധ്രസന്നിധൗ തം ഉവാച	ശ്രീമാൻ അംഗദൻ എണീറ്റ് പക്ഷിയുടെ അരികിൽ (എത്തി) അവനെ അറിയിച്ചു:
ദാശരഥിഃ ശ്രീമാൻ രാമഃ ലക്ഷ്മണേന സമന്വിതഃ ഭാര്യയാ സീതയാ സാർദ്ധം മഹാവനേ വിചചാര	ദശരഥപുത്രൻ, ഐശ്വര്യശാലി, രാമൻ ലക്ഷ്മണനോടു ചേർന്ന്, പത്നിയായ സീതയുമൊത്ത്, മഹാവനത്തിൽ സഞ്ചരിക്കുകയായിരുന്നു.
തസ്യ സാധ്വീ സീതാം ദുരാത്മനാ രാവണേന ഹൃതാ	അവന്റെ സാധ്വിയായ ഭാര്യയായ സീതയെ ദുഷ്ടരാവണൻ തട്ടിക്കൊണ്ടുപോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൃഗയാം നിര്‍ഗ്ഗതേ രാമേ ലക്ഷ്മണേ ച ഹൃതാ ബലാത്
രാമ രാമേതി ക്രോശന്തീ ശ്രുത്വാ ഗൃധ്രഃ പ്രതാപവാന്‍. 39

ജടായുര്‍നാമ പക്ഷീന്ദ്രോ യുദ്ധം കൃത്വാ സുദാരുണം
രാവണേന ഹതോ വീരോ രാഘവാര്‍ത്ഥം മഹാബലഃ. 40

രാമേ ലക്ഷ്മണേ ച മൃഗയാം നിര്‍ഗ്ഗതേ ബലാത് ഹൃതാ	രാമനും ലക്ഷ്മണനും വേട്ടയ്ക്കു പോയിരിക്കുമ്പോഴാണ് (സീത– യെ) ബലാല്‍ തട്ടിക്കൊണ്ടുപോയതു്.
രാമ രാമ ഇതി ക്രോശന്തീ	'രാമ രാമ' എന്നു് അവര്‍ വാവിട്ടു കേണു.
പ്രതാപവാന്‍ പക്ഷീന്ദ്രഃ ഗൃധ്രഃ ജടായുഃ നാമ ശ്രുത്വാ രാവണേന സുദാരുണം യുദ്ധം കൃത്വാ മഹാബലഃ (സഃ) വീരഃ രാഘവാര്‍ത്ഥം ഹതഃ	പ്രതാപശാലി പക്ഷീന്ദ്രന്‍, ഗൃധ്രശ്രേഷ്ഠന്‍ ജടായു, (കരച്ചില്‍) കേട്ടു് രാവണനോടു ഘോരഘോരം പൊരുതി, മഹാബലവാനായ ആ വീരന്‍ രാമനുവേണ്ടി മരിച്ചു.

രാമേണ ദഗ്ദ്ധോ രാമസ്യ സായൂജ്യമഗമത് ക്ഷണാത്
രാമഃ സുഗ്രീവമാസാദ്യ സഖ്യം കൃത്വാഽഗ്നിസാക്ഷികം. 41

സുഗ്രീവചോദിതോ ഹത്വാ ബാലിനം സുദുരാസദം
രാജ്യം ദദൗ വാനരാണാം സുഗ്രീവായ മഹാബലഃ. 42

രാമേണ ദഗ്ദ്ധഃ ക്ഷണാത് രാമസ്യ സായൂജ്യം അഗമത്	രാമനാല്‍ ദഹിപ്പിക്കപ്പെട്ട (ജടായു) നിമിഷത്തില്‍ രാമസായൂജ്യം നേടി.
മഹാബലഃ രാമഃ സുഗ്രീവം ആസാദ്യ അഗ്നിസാക്ഷികം സഖ്യം കൃത്വാ; സുഗ്രീവ– ചോദിതഃ സുദുരാസദം ബാലിനം ഹത്വാ; വാനരാണാം രാജ്യം സുഗ്രീവായ ദദൗ	അതിബലശാലി രാമന്‍ സുഗ്രീവനെ സമീപിച്ചു് അഗ്നിസാക്ഷിയായി സഖ്യംചെയ്തു; സുഗ്രീവനാല്‍ പ്രേരിതനായി ബാലിയെ വധിച്ചു; വാനരരാജ്യം സുഗ്രീവനു നല്കി.

സുഗ്രീവഃ പ്രേഷയാമാസ സീതായാഃ പരിമാര്‍ഗ്ഗണേ
അസ്മാന്‍ വാനരവൃന്ദാന്‍ വൈ മഹാസത്വാന്‍ മഹാബലഃ. 43

മഹാബലഃ സുഗ്രീവഃ സീതായാഃ പരിമാര്‍ഗ്ഗണേ മഹാസത്വാന്‍ വാനരവൃന്ദാന്‍— അസ്മാന്‍—പ്രേഷയാമാസ	മഹാബലവാന്‍ സുഗ്രീവന്‍ സീതാന്വേഷണാര്‍ത്ഥം ബലമേറിയ വാനരവൃന്ദങ്ങളെ — ഞങ്ങളെ—നിയോഗിച്ചു.

മാസാദര്‍വ്വാങ് നിവര്‍ത്തധ്വം നോ ചേത് പ്രാണാന്‍ ഹരാമി വഃ
ഇത്യാജ്ഞയാ ഭ്രമന്തോഽസ്മിന്‍ വനേ ഗഹ്വരമധ്യഗാഃ. 44

മാസാത് അര്‍വ്വാങ് നിവര്‍ത്തധ്വം. നോ ചേത് വഃ പ്രാണാന്‍ ഹരാമി	ഒരുമാസം തികയുംമുമ്പ് മടങ്ങണം. അല്ലെങ്കില്‍ നിങ്ങളുടെ കഥകഴിക്കും (ഇതാണു് രാജകല്പന).
ഇതി ആജ്ഞയാ ഭ്രമന്തഃ അസ്മിന്‍ വനഗഹ്വരമധ്യഗാഃ	ഈ കല്പനപ്രകാരം ചുററിനടന്നു് ഈ കാട്ടുഗുഹയുടെ നടുക്കെത്തിപ്പെട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗതോ മാസോ ന ജാനീമഃ സീതാം വാ രാവണം ച വാ
മർത്തും പ്രായോപവിഷ്ടാസ്സ്മസ്തീരേ ലവണവാരിധേഃ. 45

മാസഃ ഗതഃ. സീതാം വാ രാവണം ച വാ ന ജാനീമഃ	മാസം കടന്നുപോയി. സീതയേയോ രാവണനേയോ അറിയാറായില്ല.
ലവണവാരിധേഃ തീരേ മർത്തും പ്രായോപവിഷ്ടാഃ സ്മഃ	ലവണക്കടലിൻകരയ്ക്കു മരണം വരിക്കാൻ പട്ടിണികിടക്കയാണ്.

യദി ജാനാസി ഹേ പക്ഷിൻ, സീതാം കഥയ നഃ ശുഭാം
അംഗദസ്യ വചഃ ശ്രുത്വാ സമ്പാതിർഹൃഷ്ടമാനസഃ. 46

ഉവാച മത്പ്രിയോ ഭ്രാതാ ജടായുഃ പ്ലവഗേശ്വരാഃ
ബഹുവർഷസഹസ്രാന്തേ ഭ്രാതൃവാർത്താ ശ്രുതാ മയാ. 47

ഹേ പക്ഷിൻ യദി ശുഭാം സീതാം ജാനാസി നഃ കഥയ	അല്ലയോ പക്ഷി, ശുഭചരിതയായ സീതയെ നിനക്ക് അറിയാമെങ്കിൽ ഞങ്ങളോടു പറയുക.
അംഗദസ്യ വചഃ ശ്രുത്വാ ഹൃഷ്ടമാനസഃ സമ്പാതിഃ ഉവാച: പ്ലവഗേശ്വരാഃ ജടായുഃ മത്പ്രിയഃ ഭ്രാതാ	അംഗദന്റെ വചനം കേട്ട് പ്രസന്നചിത്തനായ സമ്പാതി ചൊല്ലി: വാനരശ്രേഷ്ഠരേ, ജടായു എന്റെ പ്രിയസോദരനാണ്.
ബഹുവർഷസഹസ്രാന്തേ മയാ ഭ്രാതൃവാർത്താ ശ്രുതാ	അനേകായിരം വർഷങ്ങൾക്കുശേഷമാണ്, ഞാൻ എന്റെ സഹോദരന്റെ വാർത്ത കേൾക്കുന്നത്.

വാക്സാഹായ്യം കരിഷ്യേഽഹം ഭവതാം പ്ലവഗേശ്വരാഃ
ഭ്രാതുഃ സലിലദാനായ നയധ്വം മാം ജലാന്തികം. 48

പ്ലവഗേശ്വരാഃ അഹം ഭവതാം വാക്സാഹായ്യം കരിഷ്യേ	കപിവരരേ, ഞാൻ നിങ്ങൾക്ക് വാക്സഹായം ചെയ്യാം.
ഭ്രാതുഃ സലിലദാനായ മാം ജലാന്തികം നയധ്വം	സോദരന് ഉദകക്രിയ ചെയ്യാൻ എന്നെ ജലത്തിനടുത്തേക്ക കൊണ്ടുപോകുവിൻ.

പശ്ചാത് സർവ്വം ശുഭം വക്ഷ്യേ ഭവതാം കാര്യസിദ്ധയേ
തഥേതി നിന്യുസ്തേ തീരം സമുദ്രസ്യ വിഹംഗമം. 49

പശ്ചാത് ഭവതാം കാര്യസിദ്ധയേ ശുഭം സർവ്വം വക്ഷ്യേ	പിന്നെ ഭവാന്മാരുടെ കാര്യസിദ്ധിക്ക് ശുഭപ്രദമായതെല്ലാം പറഞ്ഞുതരാം.
തഥാ ഇതി തേ വിഹംഗമം സമുദ്രസ്യ തീരം നിന്യുഃ	'അങ്ങനെ'യെന്നു (സമ്മതിച്ച്) അവർ പക്ഷിയെ കടൽത്തീരത്തെത്തിച്ചു.

സോഽപി തത്സലിലേ സ്നാത്വാ ഭ്രാതുർദത്വാ ജലാഞ്ജലിം
പുനഃ സ്വസ്ഥാനമാസാദ്യ സ്ഥിതോ നീതോ ഹരീശ്വരൈഃ
സമ്പാതിഃ കഥയാമാസ വാനരാൻ പരിഹർഷയൻ. 50

തത് സലിലേ സ്നാത്വാ ഭ്രാതുഃ ജലാഞ്ജലിം ദത്വാ പുനഃ	ആ ജലത്തിൽ കുളിച്ച് സോദരന് ജലാഞ്ജലിയർപ്പിച്ചതിനുശേഷം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരീശ്വരൈഃ നീതഃ	കപീശ്വരരാൽ നയിക്കപ്പെട്ട
സഃ അപി സ്വസ്ഥാനം ആസാദ്യ	അവൻ സ്വസ്ഥാനത്തെത്തി
സ്ഥിതഃ	സ്ഥിതിചെയ്തു.
വാനരാൻ പരിഹർഷയൻ	വാനരർക്ക് ആമോദം പകർന്നുകൊണ്ട്
സമ്പാതിഃ കഥയാമാസ	സമ്പാതി പറഞ്ഞുതുടങ്ങി.

ലങ്കാ നാമ നഗര്യാസ്തേ ത്രികൂടഗിരിമൂർധനി
തത്രാശോകവനേ സീതാ രാക്ഷസീഭിഃ സുരക്ഷിതാ. 51

ത്രികൂടഗിരിമൂർധനി	ത്രികൂടഗിരിയുടെ മൂർധാവിൽ
ലങ്കാ നാമ നഗരീ ആസ്തേ	ലങ്കയെന്നൊരു നഗരിയുണ്ട്.
തത്ര അശോകവനേ	അവിടെ അശോകവനികയിൽ
രാക്ഷസീഭിഃ സുരക്ഷിതാ	രാക്ഷസികളാൽ സുരക്ഷിതയായി
സീതാ	(കഴിയുകയാണ്) സീത.

സമുദ്രമധ്യേ സാ ലങ്കാ ശതയോജനദൂരതഃ
ദൃശ്യതേ മേ ന സന്ദേഹഃ സീതാ ച പരിദൃശ്യതേ. 52

ശതയോജനദൂരതഃ സമുദ്രമധ്യേ	നൂറുയോജന ദൂരെ, കടലിന്റെ നടുവി-
സാ ലങ്കാ (സ്ഥിതാ)	ലാണ് ആ ലങ്ക സ്ഥിതിചെയ്യുന്നത്.
മേ ദൃശ്യതേ	എനിക്ക് അതു കാണാം.
സീതാ ച പരിദൃശ്യതേ	സീതയും കാണപ്പെടുന്നുണ്ട്.
ന സന്ദേഹഃ	സന്ദേഹമില്ല.

ഗൃധ്രത്വാദ് ദൂരദൃഷ്ടിർമേ നാത്രസംശയിതും ക്ഷമം
ശതയോജനവിസ്തീർണ്ണം സമുദ്രം യസ്തു ലംഘയേത്. 53

സ ഏവ ജാനകീം ദൃഷ്ട്വാ പുനരായാസ്യതി ധ്രുവം
അഹമേവ ദുരാത്മാനം രാവണം ഹന്തുമുത്സഹേ
ഭ്രാതുർഹന്താരമേകാകീ കിന്തു പക്ഷവിവർജ്ജിതഃ. 54

ഗൃധ്രത്വാത് മേ ദൂരദൃഷ്ടിഃ	കഴുകനാകയാൽ എനിക്കു ബഹുദൂരം
അത്ര സംശയിതും ന ക്ഷമം	കാണാം. ഇതിൽ സംശയിക്കാനില്ല.
യഃ തു ശതയോജനവിസ്തീർണ്ണം	ഏവൻ നൂറുയോജന വിസ്താരമുള്ള
സമുദ്രം ലംഘയേത്	കടൽ കടക്കുമോ,
സഃ ഏവ ജാനകീം ദൃഷ്ട്വാ	അവനേ ജാനകിയെ ദർശിച്ച്
പുനഃ ധ്രുവം ആയാസ്യതി	മടങ്ങിയെത്താൻ തീർത്തും കഴിയൂ.
ഭ്രാതുഃ ഹന്താരം	(എന്റെ) സോദരനെ കൊന്ന
ദുരാത്മാനം രാവണം ഏകാകീ ഏവ	ദുഷ്ടരാവണനെ ഒറ്റയ്ക്കുതന്നെ
ഹന്തും അഹം ഉത്സഹേ	വകവരുത്താൻ എനിക്ക് ഉത്സാഹമുണ്ട്.
കിന്തു പക്ഷവിവർജ്ജിതഃ	പക്ഷേ, ചിറകില്ലാത്തവനാണല്ലോ ഞാൻ.

യതധ്വമധിയത്നേന ലംഘിതും സരിതാം പതിം
തതോ ഹന്താ രഘുശ്രേഷ്ഠോ രാവണം രാക്ഷസാധിപം. 55

അതിയത്നേന സരിതാം	അതിയത്നംചെയ്ത് ആഴി
പതിം ലംഘിതും യതധ്വം	താണ്ടാൻ ശ്രമിക്കുവിൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ രഘുശ്രേഷ്ഠഃ രാക്ഷസാധിപം പിന്നെ രഘുവരൻ രാക്ഷസാധിപനായ
രാവണം ഹന്താ രാവണനെ വധിച്ചുകൊള്ളും.

ഉല്ലംഘ്യ സിന്ധും ശതയോജനായതം
ലങ്കാം പ്രവിശ്യാഥ വിദേഹകന്യകാം
ദൃഷ്ട്വാ സമാഭാഷ്യ ച വാരിധിം പുനഃ
തർത്തും സമർത്ഥഃ കതമോ വിചാര്യതാം. 56

ശതയോജനായതം സിന്ധും നൂറുയോജന പരന്നുകിടക്കുന്ന പാരാവാരം
ഉല്ലംഘ്യ ലങ്കാം പ്രവിശ്യ കടന്നു ലങ്കയിലെത്തി,
വിദേഹകന്യകാം ദൃഷ്ട്വാ ജാനകിയെ ദർശിച്ച്
സമാഭാഷ്യ ച പുനഃ സംഭാഷണവും ചെയ്തു്, വീണ്ടും
വാരിധിം തർത്തും സമർത്ഥഃ സാഗരം താണ്ടാൻ കഴിവുററവനാരെന്നു്
കതമഃ അഥ വിചാര്യതാം ഇനി നിങ്ങൾ ആലോചിച്ചുകൊൾക.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ സപ്തമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം ഏഴാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം എട്ട്

സമ്പാതിയുടെ ആത്മകഥ

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

അഥ തേ കൗതുകാവിഷ്ടാഃ സമ്പാതിം സർവ്വവാനരാഃ
പപ്രച്ഛുർഭഗവൻ ബ്രൂഹി സ്വമുദന്തം ത്വമാദിതഃ. 1

അഥ കൗതുകാവിഷ്ടാഃ അനന്തരം കൗതുകാവേശം പൂണ്ട
തേ സർവ്വവാനരാഃ ആ കപികളെല്ലാം (ചേർന്നു്)
സമ്പാതിം പപ്രച്ഛുഃ സമ്പാതിയോടു് അഭ്യർത്ഥിച്ചു:

ഭഗവൻ സ്വം ഉദന്തം ത്വം ഭഗവൻ, സ്വന്തം കഥ നീ
ആദിതഃ ബ്രൂഹി ആദിമുതൽ പറയണം.

സമ്പാതിഃ കഥയാമാസ സ്വവൃത്താന്തം പുരാകൃതം
അഹം പുരാ ജടായുശ്ച ഭ്രാതരൗ രൂഢയൗവനൗ. 2

ബലേന ദർപ്പിതാവാവാം ബലജിജ്ഞാസയാ ഖഗൗ
സൂര്യമണ്ഡലപര്യന്തം ഗന്തുമുത്പതിതൗ മദാത്. 3

സമ്പാതിഃ പുരാകൃതം സമ്പാതി, പണ്ടു ചെയ്ത
സ്വവൃത്താന്തം കഥയാമാസ സ്വവൃത്താന്തം വിവരിക്കുകയായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാ ഭ്രാതരൗ അഹം ജടായുഃ ച വൃദ്ധയൗവനൗ ബലേന ദർപ്പിതൗ	പണ്ട്, സോദരരായ ഞാനും ജടായുവും യൗവനം മുററവ, കരുത്തിൽ ഊററംകൊണ്ട്.
ഖഗൗ ആവാം ബലജിജ്ഞാസയാ മദാത് സൂര്യമണ്ഡലപര്യന്തം ഗന്തും ഉത്പതിതൗ	പറവകളാ ഞങ്ങൾ സ്വബലജിജ്ഞാസയാൽ മദിച്ച് സൂര്യമണ്ഡലംവരെ എത്താൻ പാറന്നുയർന്നു.

ബഹുയോജനസാഹസ്രം ഗതൗ തത്ര പ്രതാപിതഃ
ജടായുസ്തം പരിത്രാതും പക്ഷൈരാച്ഛാദ്യ മോഹതഃ. 4

സ്ഥിതോऽഹം രശ്മിഭിർദഗ്ധപക്ഷോऽസ്മിൻ വിന്ധ്യമൂർധനി
പതിതോ ദൂരപതനാന്മൂർച്ഛിതോऽഹം കപീശ്വരാഃ. 5

ബഹുയോജനസാഹസ്രം ഗതൗ	ആയിരമായിരം യോജന (ഉയരത്തിൽ) എത്തി.
ജടായുഃ തത്ര പ്രതാപിതഃ	ജടായുവിന് അവിടെവച്ചു പൊള്ളലേററു.
പരിത്രാതും മോഹതഃ തം പക്ഷൈഃ ആച്ഛാദ്യ സ്ഥിതഃ	രക്ഷിക്കാൻ മോഹിച്ച് (ഞാൻ) അവനെ ചിറകുകളാൽ മൂടിനിന്നു.
രശ്മിഭിഃ ദഗ്ധപക്ഷഃ അസ്മിൻ വിന്ധ്യമൂർധനി പതിതഃ	രശ്മികളാൽ ചിറകു കരിഞ്ഞ് ഈ വിന്ധ്യസാനുവിലാണ് വീണത്.
കപീശ്വരാഃ ദൂരപതനാത് അഹം മൂർച്ഛിതഃ	കപിവരരേ, ദൂരെനിന്നുള്ള വീഴ്ചയാൽ ഞാൻ മൂർച്ഛിച്ചുപോയി.

ദിനത്രയാത് പുനഃ പ്രാണസഹിതോ ദഗ്ധപക്ഷകഃ
ദേശം വാ ഗിരികൂടാൻ വാ ന ജാനേ ഭ്രാന്തമാനസഃ. 6

ദിനത്രയാത് പുനഃ പ്രാണസഹിതഃ ദഗ്ധപക്ഷകഃ ഭ്രാന്തമാനസഃ (അഹം) ദേശം വാ ഗിരികൂടാൻ വാ ന ജാനേ	മൂന്നു ദിനത്തിനുശേഷം, വീണ്ടും ബോധമാർന്ന, ചിറകു കരിഞ്ഞ, ഭ്രാന്തചിത്തനായ, (ഞാൻ) നാടോ ഗിരികൂടങ്ങളോ തിരിച്ചറിഞ്ഞില്ല.

ശനൈരുന്മീല്യ നയനേ ദൃഷ്ട്വാ തത്രാശ്രമം ശുഭം
ശനൈഃ ശനൈരാശ്രമസ്യ സമീപം ഗതവാനഹം. 7

ശനൈഃ നയനേ ഉന്മീല്യ തത്ര ശുഭം ആശ്രമം ദൃഷ്ട്വാ അഹം ശനൈഃ ശനൈഃ ആശ്രമസ്യ സമീപം ഗതവാൻ	മെല്ലെ മിഴികൾ തുറന്ന്, അവിടെ ശോഭനമായൊരാശ്രമം കാണവേ, ഞാൻ സാവധാനം ആശ്രമത്തിനരികിലേക്കു ചെന്നു.

ചന്ദ്രമാ നാമ മുനിരാട് ദൃഷ്ട്വാ മാം വിസ്മിതോऽവദത്
സമ്പാതേ, കിമിദം തേऽദ്യ വിരൂപം കേന വാ കൃതം. 8

മാം ദൃഷ്ട്വാ വിസ്മിതഃ ചന്ദ്രമാ നാമ മുനിരാട് അവദത് സമ്പാതേ കിം ഇദം	എന്നെ കണ്ട് വിസ്മയിച്ച ചന്ദ്രമാ എന്ന മുനിവരൻ ചോദിച്ചു: സമ്പാതി, എന്താണിത്?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ അദ്യ വിരൂപം	നിനക്കിന്നു വൈരൂപ്യം
കേന വാ കൃതം	വരുത്തിയതാര്?

ജാനാമി ത്വാമഹം പൂർവ്വം അത്യന്തം ബലവാനസി
ദഗ്ദ്ധൗ കിമർത്ഥം തേ പക്ഷൗ കഥ്യതാം യദി മന്യസേ. 9

അഹം ത്വാം പൂർവ്വം ജാനാമി	എനിക്കു നിന്നെ നേരത്തെ അറിയാം.
അത്യന്തം ബലവാൻ അസി	അതീവബലവാനാണ് (നീ).
കിമർത്ഥം തേ പക്ഷൗ ദഗ്ദ്ധൗ	എന്തിനായാണ് നിന്റെ ചിറകു് കത്തിപ്പോയതു്?
യദി മന്യസേ കഥ്യതാം	സമ്മതമാണെങ്കിൽ വിവരിക്കൂ.

തതഃ സ്വചേഷ്ടിതം സർവ്വം കഥയിത്വാതി ദുഃഖിതഃ
അബ്രവം മുനിശാർദ്ദൂലം ദഹ്യോഽഹം ദാവവഹ്നിനാ. 10

സ്വചേഷ്ടിതം സർവ്വം	സ്വന്തം ചെയ്തിയെല്ലാം
മുനിശാർദ്ദൂലം കഥയിത്വാ	മുനിവരനെ അറിയിച്ചതിനുശേഷം
തതഃ അതിദുഃഖിതഃ അബ്രവം	അതിഖിന്നനായ ഞാൻ പറഞ്ഞു:
അഹം ദാവവഹ്നിനാ ദഹ്യഃ	ഞാനിനി കാട്ടുതീയിൽ (ചാടി) ദഹിക്കാൻപോകയാണ്.

കഥം ധാരയിതും ശക്തോ വിപക്ഷോ ജീവിതം പ്രഭോ
ഇത്യുക്തോഽഥ മുനിർവ്വീക്ഷ്യ മാം ദയാർദ്രവിലോചനഃ. 11

പ്രഭോ വിപക്ഷഃ കഥം ജീവിതം ധാരയിതും ശക്യഃ	പ്രഭോ, ചിറകില്ലാത്തവനെങ്ങനെ ജീവിതം പേറാനാകും?
ഇതി ഉക്തഃ മുനിഃ ദയാർദ്ര- വിലോചനഃ മാം വീക്ഷ്യ അഥ (അബ്രവീത്)	ഇപ്രകാരം പറയപ്പെട്ട, കനിവാൽ നനഞ്ഞ മിഴികളുള്ള മുനി എന്നെ നോക്കി അനന്തരം അരുളി.

ശൃണു വത്സ വചോ മേഽദ്യ ശ്രുത്വാ കുരു യഥേപ്സിതം
ദേഹമൂലമിദം ദുഃഖം ദേഹഃ കർമ്മസമുദ്ഭവഃ. 12

വത്സ അദ്യ മേ വചനം ശൃണു	കുഞ്ഞേ, ഇപ്പോഴ് എന്റെ വചനം കേൾക്കുക.
ശ്രുത്വാ യഥേപ്സിതം കുരു	കേട്ടിട്ടു് യഥേഷ്ടം ചെയ്യുക.
ഇദം ദുഃഖം ദേഹമൂലം	ഈ ദുഃഖം ദേഹംമൂലമാണ്.
ദേഹഃ കർമ്മസമുദ്ഭവഃ	ദേഹം കർമ്മജനിതവും.

കർമ്മ പ്രവർത്തതേ ദേഹേഽഹംബുദ്ധ്യാ പുരുഷസ്യ ഹി
അഹംകാരസ്ത്വനാദിഃ സ്യാദവിദ്യാസംഭവോ ജഡഃ. 13

ദേഹേ പുരുഷസ്യ	ഉടലിൽ ജീവാത്മാവിനുള്ള
അഹംബുദ്ധ്യാ ഹി	അഹംബോധത്താൽ മാത്രമാണ്
കർമ്മ പ്രവർത്തതേ	കർമ്മം പ്രവർത്തിക്കുന്നതു്.
അവിദ്യാസംഭവഃ	അവിദ്യയിൽനിന്നുളവായ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഡഃ അഹങ്കാരഃ തു അനാദി	ജഡമായ, അഹംബോധമാകട്ടെ അനാദിയത്രേ.*

ചിച്ഛായയാ സദാ യുക്തഃ തപ്തായഃ പിണ്ഡവത് സദാ
തേന ദേഹസ്യ താദാത്മ്യാത് ദേഹശ്ചേതനവാൻ ഭവേത്. 14

തപ്തായഃ പിണ്ഡവത്	ചുട്ടുപഴുത്ത ഇരുമ്പുകഷണത്തോട് (തീയെന്നപോലെ അഹംബുദ്ധി)
ചിച്ഛായയാ സദാ യുക്തഃ	ചേതനച്ഛായയോടെന്നും ചേർന്നിരിക്കയാണ്.
തേന ദേഹസ്യ താദാത്മ്യാത് ദേഹഃ ചേതനവാൻ ഭവേത്	അതുമായി (ചിത്തിനോടു ചേർന്ന അഹംബുദ്ധിയുമായി) ദേഹത്തിനുള്ള താദാത്മ്യംകൊണ്ടാണ് ദേഹം സചേതനമാകുന്നതും.

ദേഹോഽഹമിതി ബുദ്ധിഃ സ്യാദാത്മനോഽഹം കൃതേർബലാത്
തന്മൂല ഏവ സംസാരഃ സുഖദുഃഖാദിസാധകഃ 15

അഹംകൃതേഃ ബലാത് ആത്മനഃ 'അഹം ദേഹഃ' ഇതി ബുദ്ധിഃ സ്യാത്	അഹങ്കാരബലത്താൽ ആത്മാവിന് 'ഞാൻ ദേഹമാണ്' എന്ന ബോധം ഉളവാകും.
സുഖദുഃഖാദിസാധകഃ സംസാരഃ തന്മൂല ഏവ	സുഖദുഃഖങ്ങളെ പകരുന്ന സംസാരം തന്മൂലമായിത്തന്നെ (നിലവിൽവരുന്നതാണ്).

ആത്മനോ നിർവ്വികാരസ്യ മിഥ്യാതാദാത്മ്യതഃ സദാ
ദേഹോഽഹം കർമ്മകർത്താഹമിതി സംകല്പ്യ സർവ്വദാ. 16

ജീവഃ കരോതി കർമ്മാണി തത്ഫലൈർബദ്ധ്യതേഽവശഃ
ഊർദ്ധ്വാധോ ഭ്രമതേ നിത്യം പാപപുണ്യാത്മകഃ സ്വയം. 17

നിർവ്വികാരസ്യ ആത്മനഃ സദാ മിഥ്യാതാദാത്മ്യതഃ	നിർവ്വികാരനായ ആത്മാവിന് (ദേഹവുമായി) നീണ്ടാം മിഥ്യാതാദാത്മ്യം

---

* ദാർശനികമായ നോട്ടത്തിൽ സുപ്രധാനമായ ഈ തത്ത്വം നേരത്തേ ഉപന്യസിച്ചതാണ്. അഹങ്കാരം (ഞാനെന്ന ബോധം) അനാദിയെന്നാണ് സിദ്ധാന്തപക്ഷം. അതു് ജഡത്തിൽനിന്നുളവായി. അഹംബോധം ജഡമാണോ? ബോധവത്ത ജഡത്തിന്റെ ലക്ഷണമല്ല എന്നാണ് അനുഭവം. മനസ്സ് ജഡമാണെന്ന പക്ഷമില്ലേ? ഉണ്ട്. മനസ്സ് ബുദ്ധിയുടെ ഉപാധി മാത്രമാകുന്നു. ബുദ്ധി ആത്മാവിന്റേതും. ആത്മാവാണ് മുഖം. ചേതനമായ ആത്മാവ് ജഡത്തിൽ പ്രസരിക്കുന്നു. ''മനസസ്തു പരാബുദ്ധിഃ യോ ബുദ്ധേഃ പരതസ്തു സഃ.'' ആത്മാവിന്റെ അഹംബോധം അനാദിയാണ്. അതു് അവിദ്യാസംഭവമെന്ന് രാമായണകർത്താവു പറയുന്നു. പ്രകൃതിസമ്പർക്കത്താൽ പ്രസരിക്കുന്നതു് എന്നാണ് അർത്ഥം. അവിദ്യ, മായ എന്നൊക്കെ പറയുന്നതു് മൂലപ്രകൃതിയെയാണല്ലോ. അങ്ങനെ മൂലപ്രകൃതിയും ജീവാത്മാവിനെപ്പോലെ അനാദിയാണെന്നുവരുന്നു. എങ്കിലേ ''അവിദ്യാസംഭവഃ ജഡഃ, അഹംകാരഃ തു അനാദി'' എന്നു പറയുന്നതിൽ യുക്തിയുള്ളു. അപ്പോൾ എത്ര അനാദികളുണ്ട്? മൂന്ന്. മൂലപ്രകൃതി, ജീവാത്മാവ്, ബ്രഹ്മം. വൈദികതത്ത്വചിന്തയുടെ (ത്രൈതവാദം) ഒരു ബൃംഹണമെന്നോ രൂപാന്തരണമെന്നോ മാത്രമേ ഇതിനെ കണക്കാക്കാൻ പററൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'ജീവഃ അഹം ദേഹഃ	വന്നുചേരുകയാൽ (അതു്) 'ജീവനായ
കർമ്മകർത്താ' ഇതി	ഞാൻ ദേഹമാണു്, പ്രവൃത്തിചെയ്യുന്ന-
സ്വയം സംകല്പ്യ	വനാണു്'' എന്നു് സ്വയം കരുതി
സർവ്വദാ കർമ്മാണി കരോതി	നിരന്തരം കർമ്മം ചെയ്തുപോരുന്നു.
അവശഃ തത്ഫലൈഃ	അവശനായി അവയുടെ ഫലങ്ങളാൽ
ബദ്ധ്യതേ	കെട്ടപ്പെടുകയും ചെയ്യുന്നു.
പാപപുണ്യാത്മകഃ സ്വയം	പാപപുണ്യങ്ങളാം പേറി സ്വയം
ഊർദ്ധ്വാധഃ ഭ്രമതേ	മേലോട്ടും താഴോട്ടും ചുററുകയുമാണു്.

കൃതം മായാധികം പുണ്യം യജ്ഞദാനാദി നിശ്ചിതം
സ്വർഗ്ഗം ഗത്വാ സ്വയം ഭോക്ഷ്യ ഇതി സംകല്പവാൻ ഭവേത്. 18

അധികം പുണ്യം മയാ കൃതം	വളരെ പുണ്യം ഞാൻ ചെയ്തു.
യജ്ഞദാനാദി നിശ്ചിതം	യാഗദാനാദി (നടത്താൻ) തീർച്ചയാക്കി.
സ്വർഗ്ഗം ഗത്വാ സുഖം ഭോക്ഷ്യേ	(ഇനി) സ്വർഗ്ഗം പൂകി സുഖിച്ചേക്കാം.
ഇതി സംകല്പവാൻ ഭവേത്	എന്നു തീരുമാനിക്കയും ചെയ്യും.

തഥൈവാധ്യാസതസ്തത്ര ചിരം ഭുക്ത്വാ സുഖം മഹത്
ക്ഷീണപുണ്യഃ പതത്യർവ്വാഗനിച്ഛൻ കർമ്മചോദിതഃ. 19

തഥാ ഏവ അധ്യാസതഃ	അങ്ങനെതന്നെ മിഥ്യാധാരണയാൽ
തത്ര ചിരം മഹത് സുഖം	സ്വർഗ്ഗത്തിൽ നെടുനാൾ മഹാസുഖം
ഭുക്ത്വാ ക്ഷീണപുണ്യഃ	അനുഭവിക്കുകയും പുണ്യം ക്ഷയിക്കുമ്പോൾ,
അനിച്ഛൻ (അപി)	ഇഷ്ടമില്ലെങ്കിൽക്കൂടെ,
കർമ്മചോദിതഃ	കർമ്മപ്രചോദനയാൽ
അർവ്വാക് പതതി	താഴേക്കു വീഴുകയുംചെയ്യുന്നു.

പതിത്വാ മണ്ഡലേ ചേന്ദോസ്തതോ നീഹാരസംയുതഃ
ഭൂമൗ പതിത്വാ വ്രീഹ്യാദൗ തത്ര സ്ഥിത്വാ ചിരം പുനഃ. 20

ഭൂത്വാ ചതുർവ്വിധം ഭോജ്യം പുരുഷൈർഭുജ്യതേ തതഃ
രേതോ ഭൂത്വാ പുനസ്തേന ഋതൗ സ്ത്രീയോനിസിഞ്ചിതഃ. 21

ഇന്ദോഃ മണ്ഡലേ പതിത്വാ	ചന്ദ്രമണ്ഡലത്തിൽ പതിച്ച്
തതഃ നീഹാരസംയുതഃ	അവിടെനിന്നു് നീഹാരകണികയോ-
ഭൂമൗ പതിത്വാ പുനഃ	ടൊപ്പം ഭൂമിയിൽ വീഴുകയും വീണ്ടും
ചിരം തത്ര വ്രീഹ്യാദൗ	നീണ്ടനാളവിടെ ധാന്യാദിയിൽ
സ്ഥിത്വാ ചതുർവ്വിധം	നിലകൊണ്ടതിനുശേഷം നാലിനം
	(ഭക്ഷ്യം, ഭോജ്യം, ലേഹ്യം, ചോഷ്യം)
ഭോജ്യം ഭൂത്വാ	ഭോജനമായി പരിണമിച്ച്
പുരുഷൈഃ	പുരുഷന്മാരാൽ
ഭുജ്യതേ	ഭുജിക്കപ്പെടുകയുംചെയ്യുന്നു.
തതഃ രേതഃ ഭൂത്വാ	പിന്നെ വീര്യമായിത്തീർന്നാണു്
തേന ഋതൗ	പുരുഷനാൽ ഋതുകാലത്തു്
സ്ത്രീയോനിസിഞ്ചിതഃ	സ്ത്രീയോനിയിൽ നനയ്ക്കപ്പെടുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോനിരക്തേന സംയുക്തം ജരായുപരിവേഷ്ടിതം
ദിനേനൈകേന കലലം ഭൂത്വാ ശുദ്ധത്വമാപ്നുയാത്. 22

യോനിരക്തേന സംയുക്തം ജരായുപരിവേഷ്ടിതം ഏകേന ദിനേന കലലം ഭൂത്വാ ശുദ്ധത്വം ആപ്നുയാത്	യോനീരക്തത്തോടു ചേർന്ന് ജരായു (മറുപിള്ള) വാൽ വേഷ്ടിതമാകുന്നു വീര്യം ഒററനാളുകൊണ്ട് കലലമായി കട്ടിപിടിക്കും.

തത് പുനഃ പഞ്ചരാത്രേണ ബുദ്ബുദാകാരതാമിയാത്
സപ്തരാത്രേണ തദപി മാംസപേശിത്വമാപ്നുയാത്. 23

പുനഃ തത് പഞ്ചരാത്രേണ ബുദ്ബുദാകാരതാം ഇയാത്	പിന്നെ അത് അഞ്ചു രാത്രികൊണ്ട് ബുദ്ബുദാകൃതി (കുമിള) കൈക്കൊള്ളും.
സപ്തരാത്രേണ തദ് അപി മാംസപേശിത്വം ആപ്നുയാത്	ഏഴു രാവിനകം അതും മാംസപേശിത്വം പ്രാപിക്കും.

പക്ഷമാത്രേണ സാ പേശീ രുധിരേണ പരിപ്ലുതാ
തസ്യാ ഏവാങ്കുരോത്പത്തിഃ പഞ്ചവിംശതിരാത്രിഷു. 24

പക്ഷമാത്രേണ സാ പേശീ രുധിരേണ പരിപ്ലുതാ	ഒരുപക്ഷം മാത്രംകൊണ്ട് ആ പേശി നിണത്താൽ നിറയുന്നു.
പഞ്ചവിംശതി രാത്രിഷു തസ്യാം ഏവ അങ്കുരോത്പത്തിഃ	ഇരുപത്തിയഞ്ചു രാവു കഴിയുന്നതോടെ അതിൽത്തന്നെ (അവയവങ്ങൾ) നാമ്പിടും.

ഗ്രീവാ ശിരശ്ച സ്കന്ധശ്ച പൃഷ്ഠവംശസ്തഥോദരം
പഞ്ചധാംഗാനി ചൈകൈകം ജായന്തേ മാസതഃ ക്രമാത്.

മാസതഃ ക്രമാത് ഏകൈകം ഗ്രീവാ, ശിരഃ ച സ്കന്ധഃ ച പൃഷ്ഠവംശഃ തഥാ ഉദരം പഞ്ചധാ അംഗാനി ജായന്തേ	മാസംകൊണ്ട് ക്രമത്തിനൊരോന്നായി കഴുത്ത്, തല, തോള്, നട്ടെല്ല്, വയറ് (എന്നിങ്ങനെ) അഞ്ചുതരം അംഗങ്ങളുണ്ടാകുന്നു.

പാണിപാദൌ തഥാ പാർശ്വഃ കടിർജാനു തഥൈവ ച
മാസദ്വയാത് പ്രജായന്തേ ക്രമേണൈവ ന ചാന്യഥാ. 26

മാസദ്വയാത് പാണിപാദൌ തഥാ പാർശ്വഃ തഥാ ഏവ കടിഃ ജാനുഃ ക്രമേണ ഏവ പ്രജായന്തേ ന ച അന്യഥാ	രണ്ടുമാസത്തിനകം കൈകാലുകളും, വാരിയെല്ലുകളും, അതുപോലെതന്നെ അരക്കെട്ട്, കാൽമുട്ട് ഇവയും ക്രമത്തിലാണുണ്ടാവുക. മററുപ്രകാരത്തിലല്ല.

ത്രിഭിർമാസൈഃ പ്രജായന്തേ അംഗാനാം സന്ധയഃ ക്രമാത്
സർവ്വാംഗുല്യഃ പ്രജായന്തേ ക്രമാന്മാസചതുഷ്ടയേ. 27

ത്രിഭിഃ മാസൈഃ ക്രമാത് അംഗാനാം സന്ധയഃ പ്രജായന്തേ	മൂന്നുമാസംകൊണ്ടു മുറയ്ക്ക് അംഗസന്ധികളുളവാകുന്നു.
മാസചതുഷ്ടയേ ക്രമാത് സർവ്വാംഗുല്യഃ പ്രജായന്തേ	നാലുമാസത്തിനകം ക്രമത്തിൽ വിരലുകളെല്ലാം രൂപംകൊള്ളുകയായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാസാ കർണ്ണൗ ച നേത്രേ ച ജായന്തേ പഞ്ചമാസതഃ
ദന്തപംക്തിർനഖാഃ ഗുഹ്യം പഞ്ചമേ ജായതേ തഥാ. 28

പഞ്ചമാസതഃ നാസാകർണ്ണൗ ച നേത്രേ ച ജായന്തേ	അഞ്ചു മാസംകൊണ്ട് മൂക്ക്, ചെവി, മിഴി ഇവ ഉണ്ടാകുന്നു.
പഞ്ചമേ തഥാ ദന്തപംക്തിഃ നഖാഃ ഗുഹ്യം ജായതേ	അഞ്ചാം മാസത്തിൽ അപ്രകാരം ദന്തനിര, നഖങ്ങൾ, ഗുഹ്യം ഇവയും ഉളവാകും.

അർവ്വാക് ഷൺമാസതഃ ഛിദ്രം കർണ്ണയോർഭവതി സ്ഫുടം
പായുർമേഢ്രമുപസ്ഥം ച നാഭിശ്ചാപി ഭവേത് നൃണാം. 29

ഷൺമാസതഃ അർവ്വാക് നൃണാം കർണ്ണയോഃ ഛിദ്രം സ്ഫുടം ഭവേത്	ആറാം മാസാരംഭത്തിൽ മനുഷ്യരുടെ കർണ്ണസുഷിരം വ്യക്തമാകുന്നു.
നാഭിഃ പായുഃ മേഢ്രം ഉപസ്ഥം ച ഭവേത്	നാഭി, വിസർജ്ജനേന്ദ്രിയം, ലിംഗം, ഉപസ്ഥം (ആൺ—പെൺഭേദമനുസരിച്ച്) ഇവയുമുണ്ടാകും.

സപ്തമേ മാസി രോമാണി ശിരഃ കേശാസ്തഥൈവ ച
വിഭക്താവയവത്വം ച സർവ്വം സമ്പദ്യതേഽഷ്ടമേ. 30

സപ്തമേ മാസി രോമാണി തഥാ ശിരഃ കേശഃ ഏവ	ഏഴാം മാസത്തിൽ രോമങ്ങളും തലമുടിയും മാത്രം.
അഷ്ടമേ സർവ്വം വിഭക്താവയവത്വം ച സമ്പദ്യതേ	എട്ടാമത്തേതിൽ എല്ലാററിനും വെവ്വേറെ അവയവത്വം കൈവരും.

ജഠരേ വർദ്ധതേ ഗർഭഃ സ്ത്രീയാ ഏവം വിഹംഗമ
പഞ്ചമേ മാസി ചൈതന്യം ജീവഃ പ്രാപ്നോതി സർവ്വശഃ. 31

വിഹംഗമ ഏവ ഗർഭഃ സ്ത്രീയാഃ ജഠരേ വർദ്ധതേ	പക്ഷീന്ദ്ര, ഈവിധമാണ് ഗർഭം സ്ത്രീയുടെ ജഠരത്തിൽ വളരുന്നത്.
പഞ്ചമേ മാസി ജീവഃ സർവ്വശഃ ചൈതന്യം പ്രാപ്നോതി	അഞ്ചാം മാസത്തിൽ ജീവൻ എല്ലാത്തരത്തിലും പൂർണ്ണബോധം (ചൈതന്യം) നേടുന്നു.

നാഭിസൂത്രാല്പരന്ധ്രേണ മാതൃഭുക്താന്നസാരതഃ
വർദ്ധതേ ഗർഭഗഃ പിണ്ഡോ ന മ്രിയേത സ്വകർമ്മതഃ. 32

ഗർഭഗഃ പിണ്ഡഃ നാഭി—സൂത്രാല്പരന്ധ്രേണ മാതൃഭുക്താന്നസാരതഃ വർദ്ധതേ സ്വകർമ്മതഃ ന മ്രിയേത	ഗർഭസ്ഥപിണ്ഡം, പൊക്കിൾ—ക്കുഴലിലുള്ള ചെറുസുഷിരത്തിലൂടെ അമ്മ കഴിച്ച അന്നത്തിന്റെ സാരം നേടി വളരുകയും സ്വകർമ്മവശാൽ മരിക്കാതിരിക്കയുംചെയ്യും.

സ്മൃത്വാ സർവ്വാണി ജന്മാനി പൂർവ്വകർമ്മാണി സർവ്വശഃ
ജഠരാനലതപ്തോഽയമിദം വചനമബ്രവീത്. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജരാനലതപ്തഃ	ജരാഗ്നിയിൽ തപിക്കുന്ന
അയം സർവ്വാണി ജന്മാനി	(ഈ ജീവൻ) എല്ലാ (മുൻ)ജന്മങ്ങളും
സർവ്വശഃ പൂർവ്വകർമ്മാണി സ്മൃത്വാ	സകല പൂർവ്വകർമ്മങ്ങളും നിനച്ച്
ഇദം വചനം അബ്രവീത്	ഈ വചനമുച്ചരിക്കുകയായി.

നാനായോനിസഹസ്രേഷു ജായമാനോഽനുഭൂതവാൻ
പുത്രദാരാദിസംബന്ധം കോടിശഃ പശുബാന്ധവാൻ. 34

നാനായോനിസഹസ്രേഷു	ആയിരക്കണക്കിനു നാനായോനികളിൽ
ജായമാനഃ (അഹം)	പിറവിയെടുത്ത ഞാൻ
കോടിശഃ പുത്രദാരാദി സംബന്ധം	കോടികോടി പുത്രദാരാദി സംബന്ധവും
പശുബാന്ധവാൻ അനുഭൂതവാൻ	മൃഗങ്ങളോടെപോലും ബന്ധുത്വവും അനുഭ-വിച്ചവനാണ്.

കുടുംബഭരണാസക്ത്യാ ന്യായാന്യായൈർധനാർജ്ജനം
കൃതം നാകരവം വിഷ്ണുചിന്താം സ്വപ്നേഽപി ദുർഭഗഃ. 35

കുടുംബഭരണാസക്ത്യാ	കുടുംബഭരണത്തിലുള്ള ആസക്തിമൂലം
ന്യായാന്യായൈഃ	ന്യായമായും അന്യായമായും
ധനാർജ്ജനം കൃതം	ധനമാർജ്ജിച്ചു.
ദുർഭഗഃ (അഹം) സ്വപ്നേ അപി	ഭാഗ്യംകെട്ട ഞാൻ കിനാവിൽപ്പോലും
വിഷ്ണുചിന്താം ന അകരവം	വിഷ്ണുസ്മരണ ചെയ്തില്ല.

ഇദാനീം തത്ഫലം ഭുഞ്ജേ ഗർഭദുഃഖം മഹത്തരം
അശാശ്വതേ ശാശ്വതവത് ദേഹേ തൃഷ്ണാസമന്വിതഃ. 36

ഇദാനീം തത്ഫലം	ഇപ്പോൾ തൽഫലമായി
മഹത്തരം ഗർഭദുഃഖം ഭുഞ്ജേ	ഗുരുതരമായ ഗർഭദുഃഖം അനുഭവിക്കയാണ്.
അശാശ്വതേ ദേഹേ	നശ്വരമായ ദേഹത്തിൽ
ശാശ്വതവത്	അനശ്വരത്തിലെന്നപോലെ
തൃഷ്ണാസമന്വിതഃ (അഹം)	ആസ്ഥ പുലർത്തുന്നവനാണ് ഞാൻ.

അകാര്യാണ്യേവ കൃതവാൻ ന കൃതം ഹിതമാത്മനഃ
ഇത്യേവം ബഹുധാ ദുഃഖമനുഭൂയ സ്വകർമ്മതഃ. 37

കദാ നിഷ്ക്രമണം മേ സ്യാദ് ഗർഭാന്നിരയസന്നിഭാത്
ഇത ഊർദ്ധ്വം നിത്യമഹം വിഷ്ണുമേവാനുപൂജയേ. 38

അകാര്യാണി ഏവ കൃതവാൻ	അകാര്യങ്ങളേ ചെയ്തുള്ളൂ;
ആത്മനഃ ഹിതം ന കൃതം	ആത്മാവിനു നന്മചെയ്തതുമില്ല.
ഇതി ഏവം സ്വകർമ്മതഃ	എന്നിങ്ങനെ സ്വകർമ്മാനുസരണം
ബഹുധാ ദുഃഖം അനുഭൂയ	പലതരം ആകുലതയനുഭവിച്ച് (ഓർക്കും):
നിരയസന്നിഭാത് ഗർഭാത്	നരകോപമമായ ഗർഭത്തിൽനിന്ന്
കദാ മേ നിഷ്ക്രമണം സ്യാത്	എന്നാണെനിക്കു മോചനമുണ്ടാവുക?
ഇത ഊർദ്ധ്വം അഹം നിത്യം	ഇനിമേൽ ഞാൻ എന്നും വിഷ്ണുവിനെ-
വിഷ്ണും ഏവ അനുപൂജയേ	ത്തന്നെ മുടങ്ങാതെ പൂജിച്ചുകൊള്ളാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യാദി ചിന്തയൻ ജീവോ യോനിയന്ത്രപ്രപീഡിതഃ
ജായമാനോഽതിദുഃഖേന നരകാത് പാതകീ യഥാ. 39

പൂതിവ്രണാൻ നിപതിതഃ കൃമിരേഷ ഇവാപരഃ
തതോ ബാല്യാദിദുഃഖാനി സർവ്വ ഏവം വിഭുംജതേ. 40

ഇത്യാദി ചിന്തയൻ യോനിയന്ത്രപ്രപീഡിതഃ ജീവഃ നരകാത് പാതകീ യഥാ അതിദുഃഖേന ജായമാനഃ	ഇങ്ങനെയൊക്കെ ചിന്തിച്ച് യോനിയന്ത്രത്തിൽ വലയുന്ന ജീവൻ നരകത്തിൽനിന്നു പാതകീയെന്നപോലെ അത്യന്തം അഴലോടെ പിറന്നുവീഴുന്നു.
ഏഷഃ പൂതിവ്രണാത് നിപതിതഃ അപരഃ കൃമിഃ ഏവ	(ജന്മവേളയിൽ) ഇവൻ ചീഞ്ഞ വ്രണ- ത്തിൽനിന്നുതിരുന്ന മറെറാരു കൃമിതന്നെ.
തതഃ ബാല്യാദി ദുഃഖാനി	പിന്നെ ബാല്യാദി ദുഃഖങ്ങും.
ഏവം സർവ്വേ വിഭുംജതേ	ഇങ്ങനെ എല്ലാവരും (ക്ലേശങ്ങളു) അനുഭവിക്കുന്നു.

ത്വയാ ചൈവാനുഭൂതാനി സർവ്വത്ര വിദിതാനി ച
ന വർണ്ണിതാനി മേ ഗൃധ്ര, യൗവനാദിഷു സർവ്വതഃ. 41

ഗൃധ്ര യൗവനാദിഷു (യാനി ദുഃഖാനി താനി) ത്വയാ ച അനുഭൂതാനി ഏവ	ഗൃധ്ര, യൗവനാദികളിൽ (ഏതെല്ലാം കഷ്ടതകളുണ്ടോ അവ) നീയും അനുഭവിച്ചവതന്നെ.
സർവ്വതഃ സർവ്വത്ര വിദിതാനി ച	എല്ലാത്തരത്തിലും എല്ലായിടത്തും അറിയപ്പെട്ടവയുമാണ്.
മേ ന വർണ്ണിതാനി	(തന്മൂലം) ഞാൻ അവ വർണ്ണിച്ചില്ല.

ഏവം ദേഹോഽഹമിത്യസ്മാദഭ്യാസാന്നിരയാദികം
ഗർഭവാസാദി ദുഃഖാനി ഭവന്ത്യഭിനിവേശതഃ. 42

ഏവം അഹം ദേഹഃ ഇതി അസ്മാത് അഭ്യാസാത് അഭിനിവേശതഃ നിരയാദികം ഗർഭവാസാദി ദുഃഖാനി ഭവന്തി	ഇപ്രകാരം, 'ഞാൻ ദേഹമാണ്'' എന്ന (നിരന്തരധാരണയുടെ) അഭ്യാസത്താലും അഭിനിവേശത്താലുമാണ് നരകാദിയും ഗർഭവാസാദിയുമായ ദുരിതങ്ങളുണ്ടാകുന്നത്.

തസ്മാദ്ദേഹദ്വയാദന്യമാത്മാനം പ്രകൃതേഃ പരം
ജ്ഞാത്വാ ദേഹാദിമമതാം ത്യക്ത്വാത്മജ്ഞാനവാൻ ഭവേത്.

തസ്മാത് ആത്മാനം ദേഹദ്വയാത് അന്യം പ്രകൃതേഃ പരം ജ്ഞാത്വാ ദേഹാദിമമതാം ത്യക്ത്വാ ആത്മജ്ഞാനവാൻ ഭവേത്	ആകയാൽ ആത്മാവിനെ ഇരു(സ്ഥൂല- സൂക്ഷ്മ)ദേഹങ്ങളിൽനിന്നു് അന്യമെന്നും പ്രകൃതിക്കു് അതീതമെന്നുമറിഞ്ഞ് ദേഹാദിമമത വിട്ട് (സാധകൻ) ആത്മജ്ഞാനിയാകണം.

ജാഗ്രദാദിവിനിർമ്മുക്തം സത്യജ്ഞാനാദിലക്ഷണം 44
ശുദ്ധം ബുദ്ധം തഥാ ശാന്തം ആത്മാനമവധാരയേത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാഗ്രദാദിവിനിർമ്മുക്തം
സത്യജ്ഞാനാദിലക്ഷണം
ശുദ്ധം ബുദ്ധം തഥാ
ശാന്തം ആത്മാനം അവധാരയേത്

ജാഗ്രത് ആദി (അവസ്ഥ) യിൽനിന്നു മുക്തവും സത്യം, ജ്ഞാനം തുടങ്ങിയ ലക്ഷണമുള്ളതും വിശുദ്ധവും ബുദ്ധവുമെന്നപോലെ ശാന്തവുമാണ് ആത്മാവ് എന്നറിയണം.

ചിദാത്മനി പരിജ്ഞാതേ നഷ്ടേ മോഹേഽജ്ഞസംഭവേ
ദേഹഃ പതതു വാരബ്ധകർമ്മവേഗേന തിഷ്ഠതു. 45

യോഗിനോ ന ഹി ദുഃഖം വാ സുഖം വാഽജ്ഞാനസംഭവം
തസ്മാദ്ദേഹേന സഹിതോ യാവത് പ്രാരബ്ധസംക്ഷയഃ. 46

താവത്തിഷ്ഠ സുഖേന ത്വം ധൃതകഞ്ചുകസർപ്പവത്
അന്യദ് വക്ഷ്യാമി തേ പക്ഷിൻ, ശൃണു മേ പരമം ഹിതം. 47

ചിദാത്മനി പരിജ്ഞാതേ
അജ്ഞസംഭവേ മോഹേ നഷ്ടേ
ആരബ്ധകർമ്മവേഗേന
ദേഹഃ പതതു വാ തിഷ്ഠതു
യോഗിനഃ അജ്ഞാനസംഭവം
ദുഃഖം വാ സുഖം ന ഹി

ചിദാത്മാവിനെ നന്നായറിയുമ്പോഴും അജ്ഞാനജനിതമായ മോഹമൊഴിയുമ്പോഴും, തുടങ്ങിവച്ച കർമ്മങ്ങളുടെ തള്ളലാൽ ഉടൽ വീണാലും നിന്നാലും യോഗിക്ക് അറിവില്ലായ്മയിൽനിന്നുള്ള അഴലോ ആഹ്ലാദമോ ഉണ്ടാകയില്ല.

തസ്മാത് യാവത്
പ്രാരബ്ധസംക്ഷയഃ താവത്
ധൃതകഞ്ചുകസർപ്പവത്
ദേഹേന സഹിതഃ ത്വം
സുഖേന തിഷ്ഠ

ആകയാൽ പ്രാരബ്ധകർമ്മം ഒടുങ്ങുമവോളം, പടംപേറുന്ന പാമ്പിനെപ്പോലെ ദേഹവും പേറി നീ സുഖമായി ജീവിക്കുക.

പക്ഷിൻ തേ പരമം ഹിതം
അന്യത് വക്ഷ്യാമി
മേ ശൃണു

വിഹംഗമ, നിനക്കു പരമഹിതമായ മറ്റൊന്നുകൂടെ പറയാം. എന്റെ (വാക്കു) കേൾക്കുക.

ത്രേതായുഗേ ദാശരഥിർഭൂത്വാ നാരായണോഽവ്യയഃ
രാവണസ്യ വധാർത്ഥായ ദണ്ഡകാനാഗമിഷ്യതി. 48

സീതയാ ഭാര്യയാ സാർത്ഥം ലക്ഷ്മണേന സമന്വിതഃ

അവ്യയഃ നാരായണഃ
ത്രേതായുഗേ
ദാശരഥിഃ ഭൂത്വാ
രാവണസ്യ വധാർത്ഥായ
ദണ്ഡകാൻ ആഗമിഷ്യതി

അവ്യയനായ നാരായണൻ ത്രേതായുഗത്തിൽ ദശരഥപുത്രനായി പിറന്ന് രാവണനെ വധിക്കാൻ ദണ്ഡകാരണ്യത്തിലെക്കു വരും.

ഭാര്യയാ സീതയാ സാർത്ഥം
ലക്ഷ്മണേന സമന്വിതഃ

ഭാര്യയായ സീതയും (ഭ്രാതാവായ) ലക്ഷ്മണനുമൊത്ത്.

തത്രാശ്രമേ ജനകജാം ഭ്രാതൃഭ്യാം രഹിതേ വനേ. 49

രാവണശ്ചോരവന്നീത്വാ ലങ്കായാം സ്ഥാപയിഷ്യതി
തസ്യാഃ സുഗ്രീവനിർദ്ദേശാദ്വാനരാഃ പരിമാർഗ്ഗണേ. 50

ആഗമിഷ്യന്തി ജലധേസ്തീരം തത്ര സമാഗമഃ
ത്വയാ തൈഃ കാരണവശാത് ഭവിഷ്യതി ന സംശയഃ. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര വനേ ആശ്രമേ	ആ വനത്തിലുള്ള ആശ്രമത്തിൽ
ഭ്രാതൃഭ്യാം രഹിതേ	ഇരു സഹജന്മാരില്ലാത്തപ്പോൾ
രാവണഃ ചൗരവത്	രാവണൻ കള്ളനെപ്പോലെ (കടന്നുവന്നു)
ജനകജാം നീത്വാ	ജാനകിയെ തട്ടിക്കൊണ്ടുപോയി
ലങ്കായാം സ്ഥാപയിഷ്യതി	ലങ്കയിൽ താമസിപ്പിക്കും.
സുഗ്രീവനിർദ്ദേശാത്	സുഗ്രീവന്റെ നിർദ്ദേശപ്രകാരം
തസ്യാ പരിമാർഗ്ഗണേ വാനരാഃ	അവളെത്തേടി വാനരർ
ജലധേഃ തീരം ആഗമിഷ്യന്തി	സാഗരതീരമണയും.
തത്ര കാരണവശാത്	അവിടെ, കാരണവശാൽ
ത്വയാ തൈഃ സമാഗമഃ	നിനക്ക് അവരുമായി സമാഗമമുണ്ടാകും;
ഭവിഷ്യതി ന സംശയഃ	തീർച്ച.

തദാ സീതാസ്ഥിതിം തേഭ്യഃ കഥയസ്വ യഥാർത്ഥതഃ
തദൈവ തവ പക്ഷൗ ദ്വാവുത്പത്സ്യേതേ പുനർനവൗ. 52

തദാ സീതാസ്ഥിതിം	അന്നേരം സീതയുടെ സ്ഥിതി
യഥാർത്ഥതഃ തേഭ്യഃ കഥയസ്വ	യഥാർത്ഥമായി അവരോടു പറയുക.
തദാ ഏവ തവ	അപ്പോൾത്തന്നെ നിനക്കു
ദ്വൗ നവൗ പക്ഷൗ	രണ്ടു പുതുചിറകുകൾ
പുനഃ ഉത്പത്സ്യേതേ	വീണ്ടും മുളച്ചുവരും.

സമ്പാതി ഉവാച: സമ്പാതി പറഞ്ഞു

ബോധയാമാസ മാം ചന്ദ്രനാമാ മുനികലേശ്വരഃ
പശ്യന്തു പക്ഷൗ മേ ജാതൗ നൂതനാവതികോമളൗ. 53

ചന്ദ്രനാമാ മുനികലേശ്വര	ചന്ദ്രനെന്ന മുനികുലനാഥൻ
മാം ബോധയാമാസ	എന്നെ (ഇങ്ങനെ) അറിയിച്ചു:
പശ്യന്തു	(ഭവാന്മാർ) നോക്കിയാലും.
മേ അതികോമളൗ	എനിക്കു നന്നേ നനുത്ത
നൂതനൗ പക്ഷൗ ജാതൗ	പുതുചിറകുകൾ മുളച്ചിരിക്കുന്നു.

സ്വസ്തി വോഽസ്തു ഗമിഷ്യാമി സീതാം ദ്രക്ഷ്യഥ നിശ്ചയം
യത്നം കുരുധ്വം ദുർലംഘ്യ സമുദ്രസ്യ വിലംഘനേ. 54

വഃ സ്വസ്തി അസ്തു	നിങ്ങൾക്കു മംഗളം ഭവിക്കട്ടെ.
ഗമിഷ്യാമി	ഞാൻ പോകയാണ്.
നിശ്ചയം സീതാം ദ്രക്ഷ്യഥ	തീർച്ചയായും സീതയെ (നിങ്ങൾ) കണ്ടെത്തും.
ദുർലംഘ്യസമുദ്രസ്യ	അലംഘ്യമായ അലകടൽ
വിലംഘനേ യത്നം കുരുധ്വം	താണ്ടാൻ യത്നം ചെയ്യുവിൻ.

യന്നാമസ്മൃതിമാത്രതോഽപരിമിതം
സംസാരവാരാന്നിധിം
തീർത്ത്വാ ഗച്ഛതി ദുർജ്ജനോഽപി പരമം
വിഷ്ണോഃ പദം ശാശ്വതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യൈവ സ്ഥിതികാരിണസ്ത്രി—
ജഗതാം രാമസ്യ ഭക്താഃ പ്രിയാഃ
യൂയം കിം ന സമുദ്രമാത്രതരണേ
ശക്താഃ കഥം വാനരാഃ. 55

യന്നാമസ്മൃതിമാത്രതഃ	യാതൊരുവൻെറ പേർ ഓർക്കമാത്രംകൊണ്ടു
ദുർജ്ജനഃ അപി അപരിമിതം	ദുർജ്ജനംപോലും അപാരമായ
സംസാരവാരാന്നിധിം തീർത്ത്വാ	സംസാരവാരിധി കടന്നു്
വിഷ്ണോഃ ശാശ്വതം	വിഷ്ണുവിൻെറ ശാശ്വതമായ
പരമം പദം ഗച്ഛതി	പരമപദം പ്രാപിക്കുന്നുവോ,
ത്രിജഗതാം സ്ഥിതികാരിണഃ	മൂവുലകിൻെറയും രക്ഷകനായ
തസ്യ രാമസ്യ ഏവ	ആ രാമൻെറതന്നെ
പ്രിയാഃ ഭക്താഃ യൂയം	പ്രിയഭക്തരാണു് നിങ്ങൾ.
വാനരാഃ	വാനരരേ, വെറുമൊരു
സമുദ്രമാത്രതരണേ	കടൽമാത്രം താണ്ടാൻ എങ്ങനെ,
കഥം കിം ന ശക്താഃ	എന്തുകൊണ്ടു് (നിങ്ങൾ) ശക്തരാകയില്ല?

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ അഷ്ടമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം എട്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഒൻപതു്

സമുദ്രലംഘനചർച്ച

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ഗതേ വിഹായസാ ഗൃധ്രരാജേ വാനരപുംഗവാഃ
ഹർഷേണ മഹതാവിഷ്ടാഃ സീതാദർശനലാലസാഃ. 1

ഊചുഃ സമുദ്രം പശ്യന്തോ നക്രചക്രഭയങ്കരം
തരംഗാദിഭിരുന്നദ്ധമാകാശമിവ ദുർഗ്രഹം. 2

പരസ്പരമവോചൻ വൈ കഥമേനം തരാമഹേ
ഉവാച ചാംഗദസ്തത്ര ശൃണുധ്വം വാനരോത്തമാഃ. 3

ഗൃധ്രരാജേ വിഹായസാ ഗതേ	സമ്പാതി വിണ്ണിലൂടെ പോയതോടെ,
സീതാദർശനലാലസാഃ	സീതാദർശനതല്പരരായ
വാനരപുംഗവാഃ മഹതാ	കപിവരർ തികഞ്ഞ
ഹർഷേണ ആവിഷ്ടാഃ	ആമോദത്താൽ ആവേശംപൂണ്ടു.
നക്രചക്രഭയങ്കരം	മുതലകളാലും ചുഴികളാലും ഭീകരമായ,
തരംഗാദിഭിഃ ഉന്നദ്ധം	അലമാലകളടിച്ചാർക്കുന്ന,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകാശം ഇവ ദുർഗ്രഹം സമുദ്രം	ആകാശംപോലെ അമേയമായ ആഴിയാഴി
പശ്യന്തഃ പരസ്പരം ഊചുഃ	കാണവേ (അവർ) അന്യോന്യം ആലോ-
ആലോചൻ	ചിച്ചു, ചർച്ചചെയ്തു:
കഥം വൈ ഏനം തരാമഹേ	എങ്ങനെ നാമിതു താണ്ടും!
തത്ര അംഗദഃ ഉവാച	അപ്പോൾ അംഗദൻ ചൊല്ലി:
വാനരോത്തമാഃ ശൃണുധ്വം	വാനരോത്തമരേ, കേൾക്കുവിൻ.

ഭവന്തോഽത്യന്തബലിനഃ ശൂരാശ്ച കൃതവിക്രമാഃ
കോ വാത്ര വാരിധിം തീർത്വാ രാജ്യകാര്യം കരിഷ്യതി? 4

ഭവന്തഃ അത്യന്തബലിനഃ ശൂരാഃ	ഭവാന്മാർ തികഞ്ഞ ശക്തരും ധീരരും
കൃതവിക്രമാഃ ച	വിക്രമം കാട്ടിയവരുമാണല്ലോ.
അത്ര വാരിധിം തീർത്വാ	ഈ സാഗരം തരണംചെയ്ത്
രാജ്യകാര്യം കഃ വാ	രാജ്യകാര്യം ആരാകാം
കരിഷ്യതി	നിറവേറ്റുക?

ഏതേഷാം വാനരാണാം സഃ പ്രാണദാതാ ന സംശയഃ
തദുത്തിഷ്ഠതു മേ ശീഘ്രം പുരതോ യോ മഹാബലഃ. 5

ഏതേഷാം വാനരാണാം	ഈ വാനരരുടെ
പ്രാണദാതാ സഃ	പ്രാണദാതാവാണ് അവനെന്നതു
ന സംശയഃ	തീർച്ച.
തദ് യഃ മഹാബലഃ ശീഘ്രം	ആകയാൽ ആ മഹാശക്തൻ ശീഘ്രം
മേ പുരതഃ ഉത്തിഷ്ഠതു	എന്റെ മുന്നിലേക്ക് എണീറ്റുവരട്ടെ.

വാനരാണാം ച സർവ്വേഷാം രാമസുഗ്രീവയോരപി
സ ഏവ പാലകോ ഭൂയാത് നാത്ര കാര്യാ വിചാരണാ. 6

സർവ്വേഷാം വാനരാണാം	എല്ലാം വാനരരുടെയും
രാമസുഗ്രീവയോഃ ച അപി	രാമസുഗ്രീവന്മാരുടെപോലും
സ ഏവ ഭൂയാത് പാലകഃ	അവൻതന്നെയാകും പാലകൻ.
അത്ര വിചാരണാ ന കാര്യാ	ഇതിൽ വിചാരിക്കേണ്ട കാര്യമില്ല.

ഇത്യുക്തേ യുവരാജേന തൂഷ്ണീം വാനരസൈനികാഃ
ആസന്നോചുഃ കിഞ്ചിദപി പരസ്പരവിലോകിനഃ. 7

യുവരാജേന ഇതി ഉക്തേ	യുവരാജാവ് ഇങ്ങനെ പറഞ്ഞപ്പോൾ
വാനരസൈനികാഃ	വാനരസൈനികർ
കിഞ്ചിത് അപി ന ഊചുഃ	ഒന്നും മിണ്ടിയില്ല.
പരസ്പരവിലോകിനഃ	അന്യോന്യം നോക്കി (അവർ)
തൂഷ്ണീം ആസൻ	മൗനമായിരുന്നു.

അംഗദ ഉവാച: അംഗദൻ പറഞ്ഞു

ഉച്യതാം വൈ ബലം സർവ്വൈഃ പ്രത്യേകം കാര്യസിദ്ധയേ
കേന വാ സാദ്ധ്യതേ കാര്യം ജാനീമസ്തദനന്തരം. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാര്യസിദ്ധയേ വൈ	കാര്യസിദ്ധിക്കതകുമാറു്
പ്രത്യേകം ബലം	ഓരോരുത്തനുമുള്ള ബലം (എത്രയെന്നു്)
സർവ്വൈഃ ഉച്യതാം	എല്ലാവരും പറയണം.
തദനന്തരം ജാനീമഃ	അതിനുശേഷം നാമറിഞ്ഞോളാം,
കേന വാ കാര്യം സാധ്യതേ	ആരാൽ കാര്യം സാധിക്കുമെന്നു്.

അംഗദസ്യ വചഃ ശ്രുത്വാ പ്രോചുർവ്വീരാഃ ബലം പൃഥക്
യോജനാനാം ദശാരഭ്യ ദശോത്തരഗുണം ജഗുഃ. 9

അംഗദസ്യ വചഃ ശ്രുത്വാ	അംഗദന്റെ വചനം കേട്ടു്
വീരാഃ പൃഥക് ബലം	(ആ) ധീരർ വെവ്വേറെ (തങ്ങളുടെ) ബലം
പ്രോചുഃ	വെളിപ്പെടുത്തി.
യോജനാനാം ദശ ആരഭ്യ	പത്തു യോജന തുടങ്ങി
ദശോത്തരഗുണം ജഗുഃ	പത്തുപ്പത്തു കൂട്ടൽ പറഞ്ഞു.

ശതാദർവ്വാഗ് ജാംബവസ്തു പ്രാഹ മദ്ധ്യേ വനൗകസാം
പുരാ ത്രിവിക്രമേ ദേവേ പാദം ഭ്രമാനലക്ഷണം. 10

ത്രിഃ സപ്തകൃത്വാഹമഗാം പ്രദക്ഷിണവിധാനതഃ
ഇദാനീം വാർദ്ധകഗ്രസ്തോ ന ശക്നോമി വിലംഘിതും. 11

വനൗകസാം മദ്ധ്യേ	വാനരരുടെയിടയിൽ
ജാംബവാൻ തു	ജാംബവാനാകട്ടെ
ശതാദ് അർവ്വാക് പ്രാഹ	നൂറുയോജനയ്ക്കിപ്പുറം പറഞ്ഞുവച്ചു.
പുരാ ദേവേ ത്രിവിക്രമേ	'പണ്ടു് ഭഗവാൻ ത്രിവിക്രമാകൃതിപൂണ്ട-
ഭ്രമാനലക്ഷണം പാദം അഹം	പ്പോൾ ഭൂമണ്ഡലമളന്ന തൃപ്പാദം ഞാൻ
ത്രിസപ്തകൃത്വാ	ഇരുപത്തൊന്നു ചുറ്റു്
പ്രദക്ഷിണവിധാനതഃ അഗാം	പ്രദക്ഷിണവിധിക്കായോടി.
ഇദാനീം വാർദ്ധകഗ്രസ്തഃ	ഇപ്പോൾ വാർദ്ധക്യം ബാധിച്ചു;
വിലംഘിതും ന ശക്നോമി	(കടൽ) കടക്കാനാവില്ല.'

അംഗദോപ്യാഹ മേ ഗന്തും ശക്യം പാരം മഹോദധേഃ
പുനർലംഘനസാമർത്ഥ്യം ന ജാനാമ്യസ്തി വാ ന വാ. 12

അംഗദഃ അപി ആഹ	അംഗദനും ചൊല്ലി:
മഹോദധേഃ പാരം ഗന്തും	അലയാഴിക്കക്കരെയെത്താൻ
മേ ശക്യം	എനിക്കു കഴിയും.
പുനഃ ലംഘനസാമർത്ഥ്യം	വീണ്ടും (തിരിച്ചു) താണ്ടാൻ
അസ്തി വാ ന വാ (ഇതി)	കെല്പുണ്ടോ ഇല്ലയോ
ന ജാനാമി	എന്നറിഞ്ഞുകൂട.

തമാഹ ജാംബവാൻ വീരസ്ത്വം രാജാ നോ നിയാമകഃ
ന യുക്തം ത്വാം നിയോക്തും മേ ത്വം സമർത്ഥോഽസി
യദ്യപി, 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം വീരഃ ജാംബവാൻ ആഹ ത്വം രാജാ നഃ നിയാമകഃ	അവനെ വീരജാംബവാൻ അറിയിച്ചു: നീ രാജാവ്, ഞങ്ങളുടെ നിയന്താവ്.
യദ്യപി ത്വം സമർത്ഥഃ അസി ത്വാം നിയോക്തും മേ ന യുക്തം	നീ കഴിവുററവനാണെങ്കിലും നിന്നെ നിയോഗിക്കുക എനിക്കു പററിയതല്ല.

അംഗദ ഉവാച: അംഗദൻ പ്രതിവചിച്ചു

ഏവം ചേത് പൂർവ്വവത്സർവ്വേ സ്വാപ്സ്യാമോ ദർഭവിഷ്ടരേ
കേനാപി ന കൃതം കാര്യം ജീവിതും ച ന ശക്യതേ. 14

ഏവം ചേത് പൂർവ്വവത് ദർഭവിഷ്ടരേ സർവ്വേ സ്വാപ്സ്യാമഃ	(സംഗതി) ഇങ്ങനെയെങ്കിൽ മുമ്പേപ്പോലെ ദർഭവിരിപ്പിൽ (മരണം കാത്ത്) എല്ലാവരും കിടക്കാം.
കാര്യം കേന അപി ന കൃതം ജീവിതും ച ന ശക്യതേ	ചെയ്യേണ്ടതാരും ചെയ്തില്ല ജീവിക്കാനും സാദ്ധ്യമല്ലാതായി.

തമാഹ ജാംബവാൻ വീരോ ദർശയിഷ്യാമി തേ സുത
യേനാസ്മാകം കാര്യസിദ്ധിർഭവിഷ്യത്യചിരേണ ച. 15

വീരഃ ജാംബവാൻ തം ആഹ	വീരജാംബവാൻ അവനോടു പറഞ്ഞു:
സുത യേന അസ്മാകം കാര്യസിദ്ധിഃ അചിരേണ ഭവിഷ്യതി തം തേ ദർശയിഷ്യാമി ച	മകനെ, ആരാൽ നമ്മുടെ കാര്യസിദ്ധി അചിരേണ ഭവിക്കുമോ, അവനെ നിനക്കു കാട്ടിത്തരാം.

ഇത്യുക്ത്വാ ജാംബവാൻ പ്രാഹ ഹനൂമന്തമവസ്ഥിതം
ഹനൂമൻ കിം രഹസ്തൂഷ്ണീം സ്ഥീയതേ കാര്യഗൗരവേ. 16

പ്രാപ്തേഽജ്ഞേനേവ സാമർത്ഥ്യം ദർശയാദ്യ മഹാബല,
ത്വം സാക്ഷാത് വായുതനയോ വായുതുല്യപരാക്രമഃ. 17

ഇതി ഉക്ത്വാ ജാംബവാൻ അവസ്ഥിതം ഹനൂമന്തം പ്രാഹ	ഇങ്ങനെ ചൊന്നതിനുശേഷം ജാംബവാൻ അവിടെയിരുന്ന ഹനുമാനോടു ചോദിച്ചു:
ഹനൂമൻ കാര്യഗൗരവേ പ്രാപ്തേ അജ്ഞേന ഇവ രഹഃ തൂഷ്ണീം കിം സ്ഥീയതേ?	മാരുതീ, കാര്യഗൗരവം വന്നണയവേ അജ്ഞനെപ്പോലെ ഏകാന്തമായി ഇങ്ങനെ മിണ്ടാതിരിക്കുന്നത് എന്ത്?
മഹാബല ത്വം സാക്ഷാത് വായുതനയഃ	മഹാബലവാനേ, നീ സാക്ഷാൽ വായുതനയനാണല്ലോ.
വായുതുല്യപരാക്രമഃ	വായുവിനു സമം പരാക്രമിയും.
സാമർത്ഥ്യം അദ്യ ദർശയ	(നിന്റെ) നൈപുണ്യം ഇന്നു പ്രദർശിപ്പി- ക്കുക.

രാമകാര്യാർത്ഥമേവ ത്വം ജനിതോസി മഹാത്മനാ
ജാതമാത്രേണ തേ പൂർവ്വം ദൃഷ്ട്വാദ്യന്തം വിഭാവസും. 18

പക്വം ഫലം ജിഘൃക്ഷാമീത്യുത്പ്ലുതം ബാലചേഷ്ടയാ
യോജനാനാം പഞ്ചശതം പതിതോസി തതോ ഭുവി. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാത്മനാം (വായുനാം)	മഹാത്മാവായ വായു,
രാമകാര്യാർത്ഥം	രാമകാര്യത്തിനായി
ഏവ ത്വം ജനിതഃ അസി	മാത്രമാണു് നിനക്കു ജന്മമരുളിയതു്.
ജാതമാത്രേണ പൂർവ്വം ഉദ്യന്തം	പിറന്നപ്പോഴേ അന്നെ, കിഴക്കു് ഉദിച്ചു—
വിഭാവസും ദൃഷ്ട്വാ	യരുന്ന കതിരോനെ കാണവേ
പക്വം ഫലം ജിഘൃക്ഷാമി	(പഴമെന്നു കരുതി) പഴം തിന്നാമെന്നു
ഇതി ബാലചേഷ്ടയാ	(നിനച്ചു്) ബാലചേഷ്ടയാൽ
യോജനാനാം പഞ്ചശതം ഉത്പ്ലുതം	അഞ്ഞൂറു യോജന മേലോട്ടു ചാടി,
തതഃ ഭുവി	അവിടെനിന്നു ഭൂമിയിൽ
പതിതഃ അസി	വീണവനാണു് നീ.

അതസ്ത്വദ്ബലമാഹാത്മ്യം കോ വാ ശക്നോതി വർണ്ണിതും
ഉത്തിഷ്ഠ കുരു രാമസ്യ കാര്യം നഃ പാഹി സുവ്രത. 20

അതഃ ത്വദ്ബലമാഹാത്മ്യം	അതിനാൽ നിന്റെ ബലമഹിമ
വർണ്ണിതും കഃ വാ ശക്തഃ	വർണ്ണിക്കാനാരാണു് ശക്തൻ?
സുവ്രത ഉത്തിഷ്ഠ	നല്ല വ്രതനിഷ്ഠയുള്ളവനേ, എഴുന്നേൽക്കൂ,
രാമസ്യ കാര്യം കുരു	രാമകാര്യം നിറവേററൂ.
നഃ പാഹി	ഞങ്ങളെ രക്ഷിക്കൂ.

ശ്രുത്വാ ജാംബവതോ വാക്യം ഹനൂമാനതിഹർഷിതഃ
ചകാര നാദം സിംഹസ്യ ബ്രഹ്മാണ്ഡം സ്ഫോടയന്നിവ. 21

ജാംബവതഃ വാക്യം ശ്രുത്വാ	ജാംബവാന്റെ വചനം കേട്ടു്
അതിഹർഷിതഃ ഹനൂമാൻ	തികച്ചും സന്തോഷമാർന്ന ഹനുമാൻ
ബ്രഹ്മാണ്ഡം സ്ഫോടയൻ ഇവ	ബ്രഹ്മാണ്ഡം പൊട്ടിക്കുമാറു്
സിംഹസ്യ നാദം ചകാര	സിംഹനാദം ഉളവാക്കി.

ബഭൂവ പർവ്വതാകാരഃ ത്രിവിക്രമ ഇവാപരഃ
ലംഘയിത്വാ ജലനിധിം കൃത്വാ ലങ്കാം ച ഭസ്മസാത്. 22

രാവണം സകുലം ഹത്വാ നേഷ്യേ ജനകനന്ദിനീം
യദ്വാ ബദ്ധ്വാ ഗലേ രജ്ജ്വാ രാവണം വാമപാണിനാ. 23

ലങ്കാം സപർവ്വതാം ധൃത്വാ രാമസ്യാഗ്രേ ക്ഷിപാമ്യഹം
യദ്വാ ദൃഷ്ട്വൈവ യാസ്യാമി ജാനകീം ശുഭലക്ഷണാം. 24

അപരഃ ത്രിവിക്രമഃ ഇവ	മറെറാരു ത്രിവിക്രമമൂർത്തിയെപ്പോലെ
പർവ്വതാകാരഃ ബഭൂവ	പർവ്വതാകാരനായി.
ജലനിധിം ലംഘയിത്വാ	(മാരുതി ഉദ്ഘോഷിച്ചു:) അലകടൽ
ലങ്കാം ഭസ്മസാത് കൃത്വാ	കടന്നു് ലങ്ക ചുട്ടു ചാമ്പലാക്കി,
കുലസഹിതം രാവണം	വംശത്തോടെ രാവണനെ
ഹത്വാ ച നേഷ്യേ	വകവരുത്തി കൊണ്ടുവരട്ടെയോ,
ജനകനന്ദിനീം	ഞാൻ സീതയെ?
യദ്വാ രാവണം ഗലേ	അല്ലെങ്കിൽ രാവണന്റെ കഴുത്തിൽ
രജ്ജ്വാ ബദ്ധ്വാ വാമപാണിനാ	കയർ കെട്ടി (അവനേയും), ഇടതുകൈയാൽ
സപർവ്വതാം ലങ്കാം ധൃത്വാ	ത്രികൂടത്തോടൊപ്പം ലങ്കയും പൊക്കിയെ—
അഹം രാമസ്യ അഗ്രേ ക്ഷിപാമി	ടുത്തു രാമന്റെ തിരുമുമ്പിൽ വയ്ക്കട്ടെയോ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാ ശുഭലക്ഷണാം	അഥവാ. ശുഭലക്ഷണയായ സീതയെ
ജാനകീം ദൃഷ്ട്വാ ഏവ യാസ്യാമി	ദർശിച്ചുമാത്രം പോരട്ടെയോ?

ശ്രുത്വാ ഹനുമതോ വാക്യം ജാംബവാനിദമബ്രവീത്
ദൃഷ്ട്വൈവാഗച്ഛ ഭദ്രം തേ ജീവന്തീം ജാനകീം ശുഭാം. 25

ഹനുമതഃ വാക്യം ശ്രുത്വാ	ഹനുമാന്റെ വചനം കേട്ട്
ജാംബവാൻ ഇദം അബ്രവീത്	ജാബവാൻ ഇങ്ങനെ പറഞ്ഞു:
ശുഭാം ജാനകീം	ശുഭചരിതയായ ജാനകി
ജീവന്തീം ദൃഷ്ട്വാ	ജീവിച്ചിരിക്കുന്നതായി കണ്ടു
ഏവ ആഗച്ഛ. തേ ഭദ്രം	മാത്രം പോരിക. നിനക്കു മംഗളം.

പശ്ചാത് രാമേണ സഹിതോ ദർശയിഷ്യസി പൗരുഷം
കല്യാണം ഭവതാദ് ഭദ്ര, ഗച്ഛതസ്തേ വിഹായസാ. 26

പശ്ചാത് രാമേണ സഹിതഃ	പിന്നീട് രാമനോടൊത്തു് (സമരരംഗത്തു്)
പൗരുഷം ദർശയിഷ്യസി	പൗരുഷം പ്രകടിപ്പിച്ചോളൂ.
ഭദ്ര വിഹായസാ ഗച്ഛതഃ	ഭദ്ര, മാനത്തൂടെ പോകുന്ന
തേ കല്യാണം ഭവതാത്	നിനക്കു മംഗളമുണ്ടാകട്ടെ.

ഗച്ഛന്തം രാമകാര്യാർത്ഥം വായുസ്ത്വാമനുഗച്ഛതു
ഇത്യാശീർഭിഃ സമാമന്ത്ര്യ വിസൃഷ്ടഃ പ്ലവഗാധിപൈഃ. 27
മഹേന്ദ്രാദ്രിശിരോ ഗത്വാ ബഭ്രുവാദ്ഭുതദർശനഃ. 28

രാമകാര്യാർത്ഥം ഗച്ഛന്തം	രാമകാര്യത്തിനായി പോകുന്ന
ത്വാം വായുഃ അനുഗച്ഛതു	നിന്നെ വായുദേവൻ അനുഗമിക്കട്ടെ.
ഇതി ആശീർഭിഃ സമാമന്ത്ര്യ	ഇങ്ങനെ ആശിസ്സുകളാൽ അഭിനന്ദിച്ച്
പ്ലവഗാധിപൈഃ	കപിവരർ (വായുതനയനെ)
വിസൃഷ്ടഃ	യാത്രയാക്കി.
മഹേന്ദ്രാദ്രിശിരഃ ഗത്വാ	മഹേന്ദ്രഗിരിയുടെ ശിഖരത്തിലെത്തിയ
അദ്ഭുതദർശനഃ ബഭ്രുവ	(മാരുതി) അദ്ഭുതദർശനനായിത്തീർന്നു.

മഹാനഗേന്ദ്രപ്രതിമോ മഹാത്മാ
സുവർണ്ണവർണ്ണോഽരുണചാരുവക്ത്രഃ
മഹാഫണീന്ദ്രാഭസുദീർഘബാഹുഃ
വാതാത്മജോഽദൃശ്യത സർവ്വഭൂതൈഃ. 29

മഹാത്മാ വാതാത്മജഃ	മഹാത്മാവായ പവനനന്ദനൻ
മഹാനഗേന്ദ്രപ്രതിമഃ	മഹാമേരുവിനു തുല്യനും
സുവർണ്ണവർണ്ണഃ	കനകനിറമാർന്നവനും
ബാലാരുണചാരുവക്ത്രഃ	ബാലരവിയെപ്പോലെ ചാരുമുഖനും
മഹാഫണീന്ദ്രാഭ-	സർപ്പേന്ദ്രനൊപ്പം സുദീർഘമായ
സുദീർഘബാഹുഃ	ബാഹുക്കളും ഉള്ളവനുമായി
സർവ്വഭൂതൈഃ അദൃശ്യത	സകലഭൂതരാലും ദർശിക്കപ്പെട്ടു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
കിഷ്കിന്ധാകാണ്ഡേ നവമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
കിഷ്കിന്ധാകാണ്ഡം ഒൻപതാം സർഗ്ഗം കഴിഞ്ഞു.

സമാപ്തമിദം കിഷ്കിന്ധാകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുന്ദരകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഒന്നു്

മാരുതിയുടെ സമുദ്രലംഘനം—ലങ്കാപ്രവേശം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ശതയോജനവിസ്തീർണ്ണം സമുദ്രം മകരാലയം
ലിലംഘയിഷുരാനന്ദസന്ദോഹോ മാരുതാത്മജഃ. 1

ധ്യാത്വാ രാമം പരാത്മാനമിദം വചനമബ്രവീത്
പശ്യന്തു വാനരാഃ സർവ്വേ ഗച്ഛന്തം മാം വിഹായസാ. 2

അമോഘം രാമനിർമ്മുക്തം മഹാബാണമിവാഖിലാഃ
പശ്യാമ്യദ്യൈവ രാമസ്യ പത്നീം ജനകനന്ദിനീം. 3

ശതയോജനവിസ്തീർണ്ണം മകരാലയം സമുദ്രം ലിലംഘയിഷുഃ ആനന്ദസന്ദോഹഃ മാരുതാത്മജഃ പരാത്മാനം രാമം ധ്യാത്വാ ഇദം വചനം അബ്രവീത്	നൂറുയോജന വിസ്താരമുള്ളതും, മകരമത്സ്യങ്ങളുടെ ആവാസവുമായ സാഗ- രം കടക്കാനുറച്ച് ആനന്ദോന്മത്തനായ മാരുതി, പരമാത്മാവായ രാമനെ ധ്യാനിച്ച് ഈ വചനം ഉദ്ഘോഷിച്ചു.
വാനരാഃ സർവ്വേ പശ്യന്തു	വാനരരെല്ലാം നോക്കുവിൻ.
രാമനിർമ്മുക്തം അമോഘം മഹാബാണം ഇവ വിഹായസാ ഗച്ഛന്തം മാം അഖിലാഃ (പശ്യന്തു)	രാമൻ തൊടുത്തുവിട്ട അമോഘമായ മഹാബാണംപോലെ വിണ്ണിലൂടെ കുതിക്കുന്ന എന്നെ സകലരും (വീക്ഷിക്കട്ടെ).
അദ്യ ഏവ രാമസ്യ പത്നീം ജനകനന്ദിനീം പശ്യാമി	ഇന്നുതന്നെ രാമപത്നിയെ, ജാനകിയെ ഞാൻ കാണും.

കൃതാർത്ഥോഽഹം കൃതാർത്ഥോഽഹം പുനഃ പശ്യാമി രാഘവം
പ്രാണപ്രയാണസമയേ യസ്യ നാമ സകൃത് സ്മരൻ. 4

നരസ്തീർത്ത്വാ ഭവാംഭോധിമപാരം യാതി തത്പദം
കിം പുനസ്തസ്യ ദൂതോഽഹം തദംഗാംഗുലിമുദ്രികഃ. 5

തമേവ ഹൃദയേ ധ്യാത്വാ ലംഘയാമ്യല്പവാരിധിം
ഇത്യുക്ത്വാ ഹനുമാൻ ബാഹൂ പ്രസാര്യായതവാലധിഃ. 6

ഋജുഗ്രീവോർദ്ധ്വദൃഷ്ടിഃ സന്നാകുഞ്ചിതപാദയഃ
ദക്ഷിണാഭിമുഖസ്തൂർണ്ണം പുപ്ലുവേഽനിലവിക്രമഃ. 7

പുനഃ രാഘവം പശ്യാമി	പിന്നെ രാമനെ ദർശിക്കും.
അഹം കൃതാർത്ഥഃ അഹം കൃതാർത്ഥഃ	ഞാൻ കൃതാർത്ഥൻ, ഞാനാണു കൃതാർത്ഥൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാണപ്രയാണസമയേ	പ്രാണൻ വിടും വേളയിൽ
യസ്യ നാമ സകൃത് സ്മരൻ നരഃ	ആരുടെ നാമം ഒരുകുറി ഓർക്കുന്ന നരൻ
അപാരം ഭവാംബുധിം തീർത്ത്വാ	കരകാണാത്ത സംസാരക്കടൽ കടന്ന്
തത്പദം യാതി	ആ കാലടി പൂകുന്നുവോ,
തസ്യ ദൂതഃ അഹം	അവന്റെ ദൂതനാണു ഞാൻ.
തദംഗാംഗുലിമുദ്രികഃ	അവന്റെ അംഗത്തിൽ, വിരലിൽ അണിഞ്ഞ മോതിരമേന്തിയവൻ.
പുനഃ കിം	ഇനിയെന്ത്?
തം ഹൃദയേ ധ്യാത്വാ ഏവ	അവനെ മനസ്സിൽ നിനച്ചുകൊണ്ടുതന്നെ
അല്പവാരിധിം ലംഘയാമി	(ഞാനീ) ചെറുകടൽ താണ്ടും.
ഇതി ഉക്ത്വാ ഹനൂമാൻ	ഇങ്ങനെ ഉദ്ഘോഷിച്ച് മാരുതി
ആയതവാലധിഃ ബാഹൂ പ്രസാര്യ	വാലുയർത്തി, കരങ്ങളും പരത്തി,
ഋജുഗ്രീവഃ ഊർധ്വദൃഷ്ടിഃ	കഴുത്തു നേരെയാക്കി, ദൃഷ്ടി
സൻ ആകുഞ്ചിതപാദയുഗഃ	മേലേക്കുറപ്പിച്ച്, ഇരുകാലും തെല്ലു വളച്ച്,
അനിലവിക്രമഃ	വായുവേഗത്തിൽ,
തൂർണ്ണം ദക്ഷിണാഭിമുഖഃ പുപ്ലുവേ	ക്ഷിപ്രം തെക്കോട്ട് അഭിമുഖമായി പാടി.

ആകാശാത് ത്വരിതം ദേവൈർവീക്ഷ്യമാണോ ജഗാമ സഃ
ദൃഷ്ട്വാനിലസുതം ദേവാഃ ഗച്ഛന്തം വായുവേഗതഃ. 8

പരീക്ഷണാർത്ഥം തത്വസ്യ വാനരസ്യേദമബ്രുവൻ
ഗച്ഛത്യേഷ മഹാസത്വോ വാനരോ വായുവിക്രമഃ. 9

ദേവൈഃ വീക്ഷ്യമാണഃ സഃ	ദേവന്മാരാൽ വീക്ഷിക്കപ്പെടുന്ന അവൻ
ആകാശാത് ത്വരിതം ജഗാമ	വിണ്ണിലൂടെ ശീഘ്രം പോയി.
വായുവേഗതഃ ഗച്ഛന്തം	വായുവേഗത്തിൽ പായുന്ന
അനിലസുതം ദൃഷ്ട്വാ വാനരസ്യ	മാരുതിയെ കാണവേ (ആ) വാനരന്റെ
തത്വസ്യ പരീക്ഷണാർത്ഥം	ബലപരീക്ഷണാർത്ഥം
ദേവാഃ ഇദം അബ്രുവൻ	ദേവന്മാർ ഇങ്ങനെ അരുളി:
വായുവിക്രമഃ മഹാസത്വഃ	വായുവിക്രമൻ, മഹാബലശാലി,
വാനരഃ ഏഷഃ ഗച്ഛതി	വാനരൻ ഇതാ പോകുന്നു.

ലങ്കാം പ്രവേഷ്ടും ശക്തോ വാ ന വാ ജാനീമഹേ ബലം
ഏവം വിചാര്യ നാഗാനാം മാതരം സുരസാഭിധാം. 10

അബ്രുവീത് ദേവതാവൃന്ദഃ കൗതൂഹലസമന്വിതഃ
ഗച്ഛ ത്വം വാനരേന്ദ്രസ്യ കിഞ്ചിദ്വിഘ്നം സമാചര. 11

ജ്ഞാത്വാ തസ്യ ബലം ബുദ്ധിം പുനരേഹി ത്വരാന്വിതാ
ഇത്യുക്ത്വാ സാ യയൗ ശീഘ്രം ഹനുമദ്വിഘ്നകാരണാത്. 12

ലങ്കാം പ്രവേഷ്ടും	ലങ്കയിൽ കടക്കാൻ (ഇവൻ)
ശക്തഃ വാ ന വാ	പ്രാപ്തനാണോ അല്ലയോ?
ബലം ജാനീമഹേ	ബലം അറിയുകതന്നെ.
ഏവം വിചാര്യ കൗതൂഹല—	എന്നു വിചാരിച്ച് കൗതൂഹലം
സമന്വിതഃ ദേവതാവൃന്ദഃ	പൂണ്ട ദേവവൃന്ദം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഗാനാം മാതരം സുരസാഭിധാം അബ്രവീത്	നാഗമാതാവായ സുരസയോട് അഭ്യർത്ഥിച്ചു:
ത്വം ഗച്ഛ. വാനരേന്ദ്രസ്യ കിഞ്ചിത് വിഘ്നം സമാചര	നീ ചെല്ലുക. വാനരേന്ദ്രന് തെല്ലു വിഘ്നം വരുത്തുക.
തസ്യ ബലം ബുദ്ധിം ജ്ഞാത്വാ ത്വരാന്വിതാ പുനഃ ഏഹി	അവൻെറ ശക്തിയും ബുദ്ധിയും അറിഞ്ഞ് പെട്ടെന്നു മടങ്ങിപ്പോരിക.
ഇതി ഉക്ത്വാ സാ ഹനുമദ്വിഘ്നകാരണാത് ശീഘ്രം യയൗ	ഇങ്ങനെ അഭ്യർത്ഥിക്കപ്പെട്ട അവൾ ഹനുമാനു വിഘ്നമുണ്ടാക്കാൻ ഉടനടി യാത്രയായി.

അവൃത്യ മാർഗ്ഗം പുരതഃ സ്ഥിതാ വാനരമബ്രവീത്
ഏഹി മേ വദനം ശീഘ്രം പ്രവിശസ്വ മഹാമതേ. 13

മാർഗ്ഗം ആവൃത്യ പുരതഃ സ്ഥിതാ വാനരം അബ്രവീത്	വഴിതടഞ്ഞു മുന്നിൽനിന്നു് (അവൾ) വാനരനോടു പറഞ്ഞു:
മഹാമതേ ഏഹി മേ വദനം ശീഘ്രം പ്രവിശസ്വ	മഹാമതേ, വരൂ; എൻെറ വായിലേക്കു പെട്ടെന്നു കടക്കൂ.

ദേവൈസ്ത്വം കല്പിതോ ഭക്ഷ്യഃ ക്ഷുധാസമ്പീഡിതാത്മനഃ
താമാഹ ഹനുമാൻ മാതരഹം രാമസ്യ ശാസനാത്. 14

ഗച്ഛാമി ജാനകീം ദ്രഷ്ടും പുനരാഗമ്യ സത്വരഃ
രാമായ കുശലം തസ്യാഃ കഥയിത്വാ ത്വദാനനം. 15

നിവേക്ഷ്യേ ദേഹി മേ മാർഗ്ഗം സുരസായൈ നമോഽസ്തു തേ
ഇത്യുക്ത്വാ പുനരേവാഹ സുരസാ ക്ഷുധിതാഽസ്മ്യഹം. 16

ക്ഷുധാസംപീഡിതാത്മനഃ ദേവൈഃ ത്വം ഭക്ഷ്യഃ കല്പിതഃ	വിശന്നു വലഞ്ഞ (എനിക്കു്) ദേവന്മാർ നിന്നെ ഭക്ഷണമായി കല്പിച്ചിരിക്കുന്നു.
ഹനുമാൻ താം ആഹ മാതഃ, അഹം രാമസ്യ ശാസനാത് ജാനകീം ദ്രഷ്ടും ഗച്ഛാമി	ഹനുമാൻ അവളോടു് ഓതി: അമ്മേ, ഞാൻ രാമാജ്ഞപ്രകാരം ജാനകിയെ കാണാൻ പോകയാണ്.
പുനഃ ആഗമ്യ തസ്യാഃ കുശലം രാമായ കഥയിത്വാ സത്വരഃ ത്വദാനനം നിവേക്ഷ്യേ	മടങ്ങിവന്നു്, അവളുടെ ക്ഷേമം രാമനെ അറിയിച്ചു്, ശീഘ്രം നിൻെറ വായിൽ കടന്നുകൊള്ളാം.
മേ മാർഗ്ഗം ദേഹി തേ, സുരസായൈ നമഃ അസ്തു	എനിക്കു വഴി തരുമാറാകണം. നിനക്കു്, സുരസയ്ക്കു് നമോവാകം.
ഇതി ഉക്ത്വാ സുരസാ പുനഃ ഏവ ആഹ	ഈവിധം അറിയിക്കപ്പെട്ട സുരസ പിന്നെയും മൊഴിഞ്ഞു:
അഹം ക്ഷുധിതാ അസ്മി	ഞാൻ വിശന്നു് അവശയായിരിക്കയാണു്.

പ്രവിശ്യ ഗച്ഛ മേ വക്ത്രം നോ ചേത് ത്വാം ഭക്ഷയാമ്യഹം
ഇത്യുക്തോ ഹനുമാനാഹ മുഖം ശീഘ്രം വിദാരയ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേ വക്ത്രം പ്രവിശ്യ ഗച്ഛ	എന്റെ വായിലൂടെ കടന്നുപൊയ്ക്കൊള്ളൂ.
നോ ചേത് അഹം ത്വാം ഭക്ഷയാമി	അല്ലെങ്കിൽ ഞാൻ നിന്നെ തിന്നുകളയും.
ഇതി ഉക്തഃ ഹനുമാൻ ആഹ.	ഇങ്ങനെ പറയപ്പെട്ട ഹനുമാൻ
ശീഘ്രം മുഖം വിദാരയ	പ്രതിവചിച്ചു: ശീഘ്രം വായ് തുറക്കുക.

പ്രവിശ്യ വദനം തേഽദ്യ ഗച്ഛാമി ത്വരയാന്വിതഃ
ഇത്യുക്ത്വാ യോജനായാമദേഹോ ഭൂത്വാ പുരഃ സ്ഥിതഃ. 18

അദ്യ തേ വദനം പ്രവിശ്യ	ഇന്ന് നിന്റെ വായിലൂടെ
ത്വരയാന്വിതഃ ഗച്ഛാമി.	കടന്ന് ഉടനടി പൊയ്ക്കൊള്ളാം.
ഇതി ഉക്ത്വാ	ഇത്രയും പറഞ്ഞ്,
യോജനായാമദേഹഃ ഭൂത്വാ	ഒരു യോജന വിപുലതയുള്ള ഉടൽപൂണ്ട്
പുരഃ സ്ഥിതഃ	മുന്നിൽ നില്പായി.

ദൃഷ്ട്വാ ഹനുമതോ രൂപം സുരസാ പഞ്ചയോജനം
മുഖം ചകാര ഹനുമാൻ ദ്വിഗുണം രൂപമാദധത്. 19

ഹനുമതഃ രൂപം ദൃഷ്ട്വാ സുരസാ	മാരുതിയുടെ രൂപം കണ്ട് സുരസ
മുഖം പഞ്ചയോജനം ചകാര	മുഖം അഞ്ചു യോജനയാക്കി.
ഹനുമാൻ ദ്വിഗുണം രൂപം	ഹനുമാൻ ഇരട്ടിരൂപം
ആദധത്	കൈക്കൊണ്ടു.

തതശ്ചകാര സുരസാ യോജനാനാം ച വിംശതിം
വക്ത്രം ചകാര ഹനുമാംസ്ത്രിംശദ്യോജനസമ്മിതം. 20

സുരസാ തതഃ വക്ത്രം	സുരസ അപ്പോൾ വായ്
യോജനാനാം വിംശതിം ചകാര	ഇരുപതു യോജന തുറന്നു.
ഹനുമാൻ ത്രിംശത്	ഹനുമാൻ (ഉടൽ) മുപ്പതു
യോജനസമ്മിതം ചകാര	യോജനയാക്കി.

തതശ്ചകാര സുരസാ പഞ്ചാശദ് യോജനായതം
വക്ത്രം തദാ ഹനുമാംസ്തു ബഭൂവാംഗുഷ്ഠസന്നിഭഃ. 21

തതഃ സുരസാ വക്ത്രം പഞ്ചാശദ്	പിന്നെ സുരസ വായ് അമ്പതു
യോജനായതം ചകാര	യോജന പിളർന്നു.
ഹനുമാൻ തു തദാ	മാരുതിയാകട്ടെ അപ്പോൾ
അംഗുഷ്ഠസന്നിഭഃ ബഭൂവ	പെരുവിരലിനൊപ്പമായി.

പ്രവിശ്യ വദനം തസ്യാഃ പുനരേത്യ പുരഃ സ്ഥിതഃ
പ്രവിഷ്ടോ നിർഗ്ഗതോഽഹം തേ വദനം ദേവി തേ നമഃ. 22

തസ്യാഃ വദനം പ്രവിശ്യ	അവളുടെ വായിൽ കടന്ന്
പുനഃ ഏത്യ പുരഃ സ്ഥിതഃ	പിന്നെ വന്നു മുന്നിൽ നിന്നു.
ദേവി അഹം തേ വദനം	(പറഞ്ഞു:) ദേവി, ഞാൻ നിന്റെ
പ്രവിഷ്ടഃ നിർഗ്ഗതഃ	വായിലകപ്പെട്ടു പുറത്തിറങ്ങി.
തേ നമഃ	നിനക്കു വണക്കം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം വദന്തം ദൃഷ്ട്വാ സാ ഹനൂമന്തമഥാബ്രവീത്
ഗച്ഛ സാധയ രാമസ്യകാര്യം ബുദ്ധിമതാം വര. 23

ദേവൈഃ സംപ്രേഷിതാഽഹം തേ
ബലം ജിജ്ഞാസുഭിഃ കപേ,
ദൃഷ്ട്വാ സീതാം പുനർഗ്ഗത്വാ
രാമം ദ്രക്ഷ്യസി ഗച്ഛ ഭോഃ. 24

ബുദ്ധിമതാം വര ഗച്ഛ — ബുദ്ധിമാന്മാരിൽ ശ്രേഷ്ഠ, പോകുക;
രാമസ്യകാര്യം സാധയ — രാമകാര്യം സാധിക്കുക.

തേ ബലം ജിജ്ഞാസുഭിഃ — നിന്റെ ബലം അറിയാനാശിച്ച
ദേവൈഃ അഹം സംപ്രേഷിതാ — ദേവന്മാരാണ് എന്നെ അയച്ചത്.

സീതാം ദൃഷ്ട്വാ പുനഃ ഗത്വാ — സീതയെക്കണ്ടു മടങ്ങിച്ചെന്ന്
രാമം ദ്രക്ഷ്യസി — രാമനേയും ദർശിക്കുമാറാകും.

ഭോഃ ഗച്ഛ — പൊയ്ക്കൊള്ളുക.

ഇത്യുക്ത്വാ സാ യയൗ ദേവലോകം വായുസുതഃ പുനഃ
ജഗാമ വായുമാർഗ്ഗേണ ഗരുത്മാനിവ പക്ഷിരാട്. 25

ഇതി ഉക്ത്വാ സാ — ഇങ്ങനെ പറഞ്ഞ് അവൾ
ദേവലോകം യയൗ — ദേവലോകത്തേക്കു തിരിച്ചു.

പക്ഷിരാട് ഗരുത്മാൻ ഇവ — പക്ഷീന്ദ്രനായ ഗരുഡനെപ്പോലെ
വായുസുതഃ പുനഃ — വായുതനയൻ പിന്നെ
വായുമാർഗ്ഗേണ ജഗാമ — ഗഗനമാർഗ്ഗം യാത്രയായി.

സമുദ്രോഽപ്യാഹ മൈനാകം മണികാഞ്ചനപർവ്വതം
ഗച്ഛത്യേഷ മഹാസത്വോ ഹനുമാൻ മാരുതാത്മജഃ 26

രാമസ്യ കാര്യസിദ്ധ്യർത്ഥം തസ്യ ത്വം സചിവോ ഭവ.
സഗരൈർവർദ്ധിതോ യസ്മാത് പുരാഽഹം സാഗരോഽഭവം. 27

മണികാഞ്ചനപർവ്വതം മൈനാകം — മണികാഞ്ചനം തിങ്ങും മൈനാകപർവ്വത-
സമുദ്രഃ അപി ആഹ — ത്തോട് അലയാഴി പറഞ്ഞു:

ഏഷഃ മാരുതാത്മജഃ മഹാസത്വഃ — ഇതാ പവനപുത്രനും പ്രബലനുമായ
ഹനുമാൻ രാമസ്യ കാര്യ- — ഹനുമാൻ രാമകാര്യം
സിദ്ധ്യർത്ഥം ഗച്ഛതി — സിദ്ധമാക്കാൻപോകുന്നു.

ത്വം തസ്യ സചിവഃ ഭവ — നീ അവനു സഹായിയാകുക.
പുരാ സഗരൈഃ അഹം വർദ്ധിതഃ — പണ്ടു സഗരന്മാരാണ് എന്നെ വളർത്തിയതു്.
യസ്മാത് സാഗരഃ അഭവം — തന്മൂലം ഞാൻ സാഗരമായി.

തസ്യാന്വയേ ബഭൂവാഽസൗ രാമോ ദാശരഥിഃ പ്രഭുഃ
തസ്യ കാര്യാർത്ഥസിദ്ധ്യർത്ഥം ഗച്ഛത്യേഷ മഹാകപിഃ. 28

അസൗ പ്രഭുഃ ദാശരഥിഃ രാമഃ — ഈ മഹാൻ, ദാശരഥി രാമൻ
തസ്യ അന്വയേ ബഭൂവ — ആ വംശത്തിലാണു പിറന്നതു്.

മഹാകപിഃ ഏഷഃ തസ്യ കാര്യാ- — കപിവരൻ ഇവൻ അവന്റെ കാര്യം
ർത്ഥസിദ്ധ്യർത്ഥം ഗച്ഛതി — സാധിതമാക്കാനാണ് പോകുന്നതും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വമുത്തിഷ്ഠ ജലാത്തൂൂൎണ്ണം ത്വയി വിശ്രമ്യ ഗച്ഛതു
സ തഥേതി പ്രാദുരഭൂത് ജലമദ്ധ്യാൻ മഹോന്നതഃ. 29

ത്വം തൂൎണ്ണം ജലാത് ഉത്തിഷ്ഠ	നീ ഉടൻ നീരിൽനിന്നുയരുക.
ത്വയി വിശ്രമ്യ ഗച്ഛതു	നിന്നിൽ വിശ്രമിച്ചു് (അവൻ) പോകട്ടെ.
തഥാ ഇതി സഃ	'അങ്ങനെ' എന്നു (സമ്മതിച്ചു്)
ജലമദ്ധ്യാത്	മൈനാകം ജലമദ്ധ്യത്തുനിന്നു്
മഹോന്നതഃ പ്രാദുരഭൂത്	മഹോന്നതനായി ഉയൎന്നുവന്നു.

നാനാമണിമയൈഃ ശൃംഗൈഃ തോയോപരി നരാകൃതിഃ
പ്രാഹ യാന്തം ഹനൂമന്തം മൈനാകോഽഹം മഹാകപേ. 30

സമുദ്രേണ സമാദിഷ്ടസ്ത്വദ്വിശ്രമായ മാരുതേ
ആഗച്ഛാമൃതകല്പാനി ജഗ്ധ്വാ പക്വഫലാനി മേ. 31

വിശ്രാമ്യാത്ര ക്ഷണം പശ്ചാദ് ഗമിഷ്യസി യഥാസുഖം
ഏവമുക്തോഽഥ തം പ്രാഹ ഹനൂമാൻ മാരുതാത്മജഃ. 32

നാനാമണിമയൈഃ ശൃംഗൈഃ	നാനാമണിമയശൃംഗങ്ങളോടെ,
നരാകൃതിഃ തോയോപരി	നരാകൃതിയിൽ ജലോപരി
(ആഗതഃ മൈനാകഃ) യാന്തം	വന്ന മൈനാകം യാത്രാനിരതനായ
ഹനൂമന്തം പ്രാഹ	മാരുതിയോടു പറഞ്ഞു:
മഹാകപേ അഹം മൈനാകഃ	കപിവര, ഞാൻ മൈനാകമാണു്.
മാരുതേ ത്വദ്വിശ്രമായ	മാരുതി, നിനക്കു വിശ്രമമേകാൻ
സമുദ്രേണ	ജലധി (എന്നോടു്)
സമാദിഷ്ടഃ	ആജ്ഞാപിച്ചിരിക്കുന്നു.
ആഗച്ഛ അമൃതകല്പാനി	വന്നാലും, അമൃതതുല്യമായ
പക്വഫലാനി ജഗ്ധ്വാ	കനികളശിച്ചു്,
ക്ഷണം അത്ര വിശ്രമ്യ പശ്ചാത്	തെല്ലിവിടെ വിശ്രമിച്ചു്, പിന്നെ
യഥാസുഖം ഗമിഷ്യസി	യഥാസുഖം പോകാമല്ലോ.
ഏവം ഉക്തഃ മാരുതാത്മജഃ	ഇങ്ങനെ അറിയിക്കപ്പെട്ട മാരുതി,
ഹനൂമാൻ തം അഥ പ്രാഹ	ഹനുമാൻ, അവനോടു് അനന്തരം അരുളി:

ഗച്ഛതോ രാമകാര്യാൎത്ഥം ഭക്ഷണം മേ കഥം ഭവേത്
വിശ്രാമോ വാ കഥം മേ സ്യാത് ഗന്തവ്യം ത്വരിതം മയാ. 33

രാമകാര്യാൎത്ഥം ഗച്ഛതഃ	രാമകാര്യത്തിനായി പോകുന്ന
മേ ഭക്ഷണം ഭവേത് കഥം	എനിക്കു ഭോജനം ഭവിപ്പതെങ്ങനെ?
വിശ്രാമഃ വാ	വിശ്രമവും
മേ കഥം സ്യാത്	എനിക്കെങ്ങനെയുണ്ടാകാൻ?
മയാ ഗന്തവ്യം ത്വരിതം	എനിക്കു പോകേണ്ടതുണ്ടു് ഉടനടി.

ഇത്യുക്ത്വാ സംസ്പൃഷ്ടശിഖരഃ കരാഗ്രേണ യയൗ കപിഃ
കിഞ്ചിദ്ദൂരം ഗതസ്യാസ്യ ഛായാം ഛായാഗ്രഹോഽഗ്രഹീത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ഉക്ത്വാ കരാഗ്രേണ സ്പൃഷ്ടശിഖരഃ കപിഃ യയൗ	എന്നു പറഞ്ഞ് കരാഗ്രത്താൽ ശിഖരം തൊട്ട് കപി കടന്നുപോയി.
കിഞ്ചിദ് ദൂരം ഗതസ്യ അസ്യ ഛായാം ഛായാഗ്രഹഃ അഗ്രഹീത്	തെല്ലകലെയെത്തിയ അവന്റെ നിഴൽ (ഒരു) ഛായാഗ്രഹം പിടികൂടി.

സിംഹികാ നാമ സാ ഘോരാ ജലമധ്യേ സ്ഥിതാ സദാ
ആകാശഗാമിനാം ഛായാം ആക്രമ്യാകൃഷ്യ ഭക്ഷയേത്. 35

സിംഹികാ നാമ സാ ഘോരാ സദാ ജലമധ്യേ സ്ഥിതാ ആകാശഗാമിനാം ഛായാം ആക്രമ്യ ആകൃഷ്യ ഭക്ഷയേത്	സിംഹികയെന്നു പേരായ ആ ഭയങ്കരി സദാ ജലമധ്യത്തിൽ നിലയുറപ്പിച്ച്, മാനത്തുടെ പോകുന്ന- വരുടെ നിഴലാക്രമിച്ച പിടിച്ചു തിന്നുമായിരുന്നു.

തയാ ഗൃഹീതോ ഹനുമാംശ്ചിന്തയാമാസ വീര്യവാൻ
കേനേദം മേ കൃതം വേഗരോധനം വിഘ്നകാരിണാ. 36

ദൃശ്യതേ നൈവ കോഽപ്യത്ര വിസ്മയോ മേ പ്രജായതേ
ഏവം വിചിന്ത്യ ഹനുമാനധോദൃഷ്ടിം പ്രസാരയത്. 37

തത്ര ദൃഷ്ട്വാ മഹാകായാം സിംഹികാം ഘോരരൂപിണീം
പപാത സലിലേ തൂർണ്ണം പദ്ഭ്യാമേവാഹനദ് രുഷാ. 38

തയാ ഗൃഹീതഃ വീര്യവാൻ ഹനുമാൻ ചിന്തയാമാസ	അവളാൽ പിടിക്കപ്പെട്ട വീരഹനുമാൻ ആലോചിച്ചു:
കേന വിഘ്നകാരിണാ മേ ഇദം വേഗരോധനം കൃതം?	ഏതു വിഘ്നകാരിയാണ് എനിക്കീ വേഗരോധം വരുത്തിയത്?
അത്ര കോഽപി ന ദൃശ്യതേ ഏവ മേ വിസ്മയഃ പ്രജായതേ	ഇവിടെയാരും കാണപ്പെടുന്നുമില്ലല്ലോ. എനിക്ക് അദ്ഭുതമുളവാകുന്നു.
ഏവം വിചിന്ത്യ ഹനുമാൻ അധഃദൃഷ്ടിം പ്രസാരയത്	ഇങ്ങനെ ചിന്തിച്ച് മാരുതി താഴോട്ടു കണ്ണോടിച്ചു.
മഹാകായാം ഘോരരൂപിണീം സിംഹികാം തത്ര ദൃഷ്ട്വാ തൂർണ്ണം സലിലേ പപാത രുഷാ പദ്ഭ്യാം ഏവ അഹനത്	ഭീമകായയും ഘോരരൂപിണിയുമായ സിംഹികയെ അവിടെക്കണ്ട് പെട്ടെന്നു വെള്ളത്തിലേക്കു ചാടി. കോപത്തോടെ കാലുകൊണ്ട് (ചവിട്ടി) കൊന്നു.

പുനരുത്പ്ലുത്യ ഹനുമാൻ ദക്ഷിണാഭിമുഖോ യയൗ
തതോ ദക്ഷിണമാസാദ്യ കൂലം നാനാഫലദ്രുമം. 39

നാനാപക്ഷിമൃഗാകീർണ്ണം നാനാപുഷ്പലതാവൃതം
തതോ ദദർശ നഗരം ത്രികൂടാചലമൂർദ്ധനി. 40

പ്രാകാരൈർബ്ബഹുഭിർയുക്തം പരിഖാഭിശ്ച സർവ്വതഃ
പ്രവേക്ഷ്യാമി കഥം ലങ്കാമിതി ചിന്താപരോഽഭവത്. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുനഃ ഉത്പ്ലുത്യ ഹനുമാൻ	വീണ്ടും കുതിച്ചുയർന്നു മാരുതി
ദക്ഷിണാഭിമുഖഃ യയൗ	തെക്കോട്ടു യാത്ര തുടർന്നു.
ദക്ഷിണം കൂലം ആസാദ്യ	തെക്കേക്കരയിലെത്തി, ത്രികൂടഗിരി–
ത്രികൂടാചലമൂർദ്ധനി സ്ഥിതം	യുടെ മുകളിൽ സ്ഥിതിചെയ്യുന്നതും
നാനാഫലദ്രുമം	പല ഫലവൃക്ഷങ്ങളുള്ളതും
നാനാപക്ഷിമൃഗാകീർണ്ണം	നാനാപക്ഷിമൃഗങ്ങൾ തിങ്ങിയതും
നാനാപുഷ്പലതാവൃതം	പലതരം പൂവള്ളികളാൽ ആവൃതവും
ബഹുഭിഃ പ്രാകാരൈഃ	ധാരാളം കോട്ടകിടങ്ങുകളാൽ എമ്പാടും
പരിഖാദിഭിഃ ച സംവൃതഃ	സുരക്ഷിതവുമായ
യുക്തം നഗരം ദദർശ	ഒരു നഗരം കാണുകയുണ്ടായി.
ലങ്കാം കഥം പ്രവേക്ഷ്യാമി	ലങ്കയിൽ എങ്ങനെ കടന്നുകൂടുമെന്നോർത്ത്
ഇതി ചിന്താപരഃ അഭവത്	(മാരുതി) ചിന്താകുലതപൂണ്ടു.

രാത്രൗ വേക്ഷ്യാമി സൂക്ഷ്മോഽഹം ലങ്കാം രാവണപാലിതാം
ഏവം വിചിന്ത്യ തത്രൈവ സ്ഥിതോ ലങ്കാം ജഗാമ സഃ. 42

രാവണപാലിതാം ലങ്കാം	രാവണപാലിതമായ ലങ്കയിൽ
രാത്രൗ സൂക്ഷ്മരൂപഃ	രാത്രിയിൽ സൂക്ഷ്മരൂപം പൂണ്ട്
അഹം വേക്ഷ്യാമി	ഞാൻ കടന്നുകൊള്ളാം
ഏവം വിചിന്ത്യ തത്ര ഏവ	എന്നു ചിന്തിച്ചുറച്ച് അവിടെത്തന്നെ
സ്ഥിതഃ സഃ	നിലകൊണ്ട അവൻ (രാത്രിയിൽ)
ലങ്കാം ജഗാമ	ലങ്കയിൽ പ്രവേശിക്കയും ചെയ്തു.

ധൃത്വാ സൂക്ഷ്മം വപുർദ്വാരം പ്രവിവേശ പ്രതാപവാൻ
തത്ര ലങ്കാപുരീ സാക്ഷാത് രാക്ഷസീവേഷധാരിണീ. 43

പ്രവിശന്തം ഹനൂമന്തം ദൃഷ്ട്വാ ലങ്കാ വ്യതർജ്ജയത്
കസ്ത്വം വാനരരൂപേണ മാമനാദൃത്യ ലങ്കിനീം. 44

പ്രവിശ്യ ചോരവദ് രാത്രൗ കിം ഭവാൻ കർത്തുമിച്ഛതി
ഇത്യുക്ത്വാ രോഷതാമ്രാക്ഷീ പാദേനാഭിജഘാന തം. 45

സൂക്ഷ്മം വപുഃ ധൃത്വാ പ്രതാപവാൻ	സൂക്ഷ്മദേഹം പേറി, പ്രതാപവാൻ
ദ്വാരം പ്രവിവേശ	(മാരുതി) കവാടം കടന്നു.
ഹനൂമന്തം തത്ര പ്രവിശന്തം ദൃഷ്ട്വാ	ഹനുമാൻ അവിടെ കടക്കുന്നതു കണ്ട്,
രാക്ഷസീവേഷധാരിണീ	രാക്ഷസീവേഷം പൂണ്ട
സാക്ഷാത് ലങ്കാപുരീ	സാക്ഷാൽ ലങ്കാപുരി,
ലങ്കാ വ്യതർജ്ജയത്	ലങ്കാലക്ഷ്മി, ഭീഷണിപ്പെടുത്തി:
കഃ ത്വം ലങ്കിനീം മാം	ആരെടാ നീ? ലങ്കാലക്ഷ്മിയായ എന്നെ
അനാദൃത്യ വാനരരൂപേണ	ധിക്കരിച്ച്, വാനരാകൃതിയിൽ
രാത്രൗ ചോരവത്	ഇരുട്ടത്തു കള്ളനെപ്പോലെ
പ്രവിശ്യ കിം കർത്തും	കടന്നുകൂടി എന്തു ചെയ്യാൻ
ഭവാൻ ഇച്ഛതി	നീ ആഗ്രഹിക്കുന്നു?
രോഷതാമ്രാക്ഷീ	രോഷത്താൽ മിഴി ചുടുത്ത (അവൾ)
ഇതി ഉക്ത്വാ തം	ഇങ്ങനെ ചോദിച്ചുകൊണ്ട് അവനെ
പാദേന അഭിജഘാന	കാലുകൊണ്ട് തെരുതെരെ ചവിട്ടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹനൂമാനപി താം വാമമുഷ്ടിനാഽവജ്ഞയാഽഹനത്
തദൈവ പതിതാ ഭൂമൗ രക്തമുദ്വമതീ ഭൃശം. 46

അവജ്ഞയാ വാമമുഷ്ടിനാ താം ഹനൂമാൻ അപി അഹനത്	അവജ്ഞയോടെ ഇടതുമുഷ്ടിയാൽ അവളെ ഹനൂമാനും ഇടിച്ചു.
ഭൃശം രക്തം ഉദ്വമതീ തദാ ഏവ ഭൂമൗ പതിതാ	കുടുകുടെ ചോര കമട്ടിക്കൊണ്ട് അപ്പോഴത്തന്നെ (അവൾ) നിലത്തുവീണു.

ഉത്ഥായ പ്രാഹ സാ ലങ്കാ ഹനൂമന്തം മഹാബലം
ഹനൂമൻ ഗച്ഛ ഭദ്രം തേ ജിതാ ലങ്കാ ത്വയാഽനഘ. 47

ഉത്ഥായ ലങ്കാ മഹാബലം ഹനൂമന്തം പ്രാഹ	എഴുന്നേറ്റ് ലങ്കാലക്ഷ്മി പ്രബലനായ മാരുതിയോട് ഓതി:
ഹനൂമൻ ഗച്ഛ തേ ഭദ്രം (ഭവതു) അനഘ ത്വയാ ലങ്കാ ജിതാ	ഹനൂമാനേ, പൊയ്ക്കൊള്ളുക. നിനക്കു നന്മ ഭവിക്കട്ടെ. പരിശുദ്ധ, നീ ലങ്ക ജയിച്ചിരിക്കുന്നു.

പുരാഽഹം ബ്രഹ്മണാ പ്രോക്താ ഹ്യഷ്ടാവിംശതിപര്യയേ
ത്രേതായുഗേ ദാശരഥീ രാമോ നാരായണോഽവ്യയഃ. 48

ജനിഷ്യതേ യോഗമായാ സീതാ ജനകവേശ്മനി
ഭൂഭാരഹരണാർത്ഥായ പ്രാർത്ഥിതോഽയം മയാ കദാചിത്. 49

പുരാ ബ്രഹ്മണാ ഹി അഹം പ്രോക്താ അഷ്ടാവിംശതിപര്യയേ ത്രേതായുഗേ അവ്യയഃ നാരായണഃ ദാശരഥീ രാമഃ ജനിഷ്യതേ	മുമ്പ് ബ്രഹ്മാവുതന്നെ എന്നോടരുളിയിരുന്നു, ഇരുപത്തെട്ടാം ചതുർയുഗത്തിലെ ത്രേതായുഗത്തിൽ, അപരിണാമി ശ്രീനാരായണൻ ദാശരഥീ– രാമനായവതരിക്കും.
യോഗമായാ ജനകവേശ്മനി സീതാ (ജനിഷ്യതേ)	യോഗമായ ജനകഭവനത്തിൽ സീതയായും ജനിക്കും.
ഭൂഭാരഹരണാർത്ഥായ മയാ അയം കദാചിത് പ്രാർത്ഥിതഃ (ഇതി)	ഊഴിയുടെ ഭാരം നീക്കാൻ ഞാൻ (ബ്രഹ്മാവ്) അദ്ദേഹത്തോട് ഒരുനാൾ പ്രാർത്ഥിച്ചിരുന്നതാണ് എന്ന്.

സഭാര്യോ രാഘവോ ഭ്രാത്രാ ഗമിഷ്യതി മഹാവനം
തത്ര സീതാം മഹാമായാം രാവണോഽപഹരിഷ്യതി. 50

സഭാര്യഃ രാഘവഃ ഭ്രാത്രാ മഹാവനം ഗമിഷ്യതി	ഭാര്യാസമേതൻ രാമൻ സോദരനൊത്ത് കൊടുംകാട്ടിലേക്കു പോകും.
തത്ര മഹാമായാം സീതാം രാവണഃ അപഹരിഷ്യതി	അവിടെ മഹാമായയായ സീതയെ രാവണൻ അപഹരിക്കും.

പശ്ചാദ്രാമേണ സാചിവ്യം സുഗ്രീവസ്യ ഭവിഷ്യതി
സുഗ്രീവോ ജാനകീം ദ്രഷ്ടും വാനരാൻ പ്രേഷയിഷ്യതി. 51

പശ്ചാത് രാമേണ സുഗ്രീവസ്യ സാചിവ്യം ഭവിഷ്യതി	പിന്നെ രാമനുമായി സുഗ്രീവനു സൗഹൃദമുണ്ടാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഗ്രീവഃ ജാനകീം ദ്രഷ്ടും വാനരാൻ പ്രേഷയിഷ്യതി	സുഗ്രീവൻ ജാനകിയെ കാണ്മാൻ വാനരരെ നിയോഗിച്ചയയ്ക്കും.

തത്രൈകോ വാനരോ രാത്രാവാഗമിഷ്യതി തേഽന്തികം
ത്വയാ ച ഭർത്സിതഃ സോഽപി ത്വാം ഹനിഷ്യതി മുഷ്ടിനാ. 52

തത്ര ഏകഃ വാനരഃ രാത്രൗ തേ അന്തികം ആഗമിഷ്യതി	അവരിൽ ഒരു വാനരൻ രാവിൽ നിന്നരികിലണയും.
ത്വയാ ഭർത്സിതഃ സഃ ത്വാം അപി മുഷ്ടിനാ ഹനിഷ്യതി	നിന്നാൽ ഭർത്സിക്കപ്പെടവേ അവൻ നിന്നെയും മുഷ്ടിചുരുട്ടി ഇടിക്കും.

തേനാഹതാ ത്വം വ്യഥിതാ ഭവിഷ്യസി യദാനഘേ
തദൈവ രാവണസ്യാന്തോ ഭവിഷ്യതി ന സംശയഃ. 53

അനഘേ തേന ആഹതാ ത്വം യദാ വ്യഥിതാ ഭവിഷ്യസി തദാ ഏവ രാവണസ്യ അന്തഃ ഭവിഷ്യതി	വിശുദ്ധേ, അവനാൽ താഡിക്കപ്പെട്ട് നീ എപ്പോഴാം വ്യഥിതയാകുമോ, അപ്പോഴത്തന്നെ രാവണനു് വിനാശം സംഭവിക്കുന്നതാണു്.
ന സംശയഃ	സംശയം വേണ്ട.

തസ്മാത് ത്വയാ ജിതാ ലങ്കാ ജിതം സർവ്വം ത്വയാനഘേ,
രാവണാന്തഃപുരവരേ ക്രീഡാകാനനമുത്തമം. 54

തൻമദ്ധ്യേഽശോകവനികാ ദിവ്യപാദപസങ്കുലാ
അസ്തി തസ്യാം മഹാവൃക്ഷഃ ശിംശപാ നാമ മദ്ധ്യഗഃ. 55

തത്രാസ്തേ ജാനകീ ഘോരരാക്ഷസീഭിഃ സുരക്ഷിതാ
ദൃഷ്ട്വൈവ ഗച്ഛ ത്വരിതം രാഘവായ നിവേദയ. 56

തസ്മാത് അനഘേ ത്വയാ ലങ്കാ ജിതാ സർവ്വം ജിതം	ആകയാൽ വിശുദ്ധേ, നീ ലങ്കാലക്ഷ്മിയെ ജയിച്ചതോടെ എല്ലാം ജയിച്ചിരിക്കുന്നു.
രാവണാന്തഃപുരവരേ ഉത്തമം ക്രീഡാകാനനം (അസ്തി)	രാവണന്റെ മേടയേറിയ അന്തഃപുര- ത്തിൽ മികച്ച ഒരു കേളീവനമുണ്ടു്.
തൻമദ്ധ്യേ ദിവ്യപാദപ- സങ്കുലാ അശോകവനികാ	അതിന്റെ മദ്ധ്യത്തു് ദിവ്യതരുക്കൾ തിങ്ങിയ അശോകവനിക.
തസ്യാം മദ്ധ്യഗഃ ശിംശപാ നാമ മഹാവൃക്ഷഃ	അതിന്റെ നടുക്കു് ശിംശപ എന്ന മഹാവൃക്ഷം.
തത്ര ഘോരരാക്ഷസീഭിഃ സുരക്ഷിതാ ജാനകീ ആസ്തേ	അവിടെ ഘോരരാക്ഷസികളാൽ സുരക്ഷിതയായി ജാനകി ഇരിക്കുന്നു.
ദൃഷ്ട്വാ ത്വരിതം ഏവ ഗച്ഛ രാഘവായ നിവേദയ	കണ്ടിട്ടു് ശീഘ്രംതന്നെ പോകുക. രാഘവനെ അറിയിക്കുക.

ധന്യാഽഹമപ്യദ്യ ചിരായ രാഘവ_
സ്മൃതിർമ്മമാസീത് ഭവപാശമോചിനീ.
തദ്ഭക്തസംസർഗ്ഗോ പ്രത്യുതിദുർല്ലഭോ മമ
പ്രസീദതാം ദാശരഥിഃ സദാ ഹൃദി. 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിരായ അദ്യ മമ
ശോകാദ്വിമോചിനീ
രാഘവസ്മൃതിഃ ആസീത്

നെടുനാളത്തെ ശേഷം ഇന്നെനിക്ക്,
ശോകത്തിൽനിന്നു മോചനമേകുന്ന
രാഘവസ്മൃതി ഉളവായി.

അതിദുർല്ലഭഃ തദ്ഭക്തസംഗഃ
അപി മമ (പ്രാപ്തഃ)

തികച്ചും ദുർല്ലഭമായ രാമഭക്ത സംഗമവും
എനിക്കു കൈവന്നു.

ധന്യാ അഹം
മമ ഹൃദി ദാശരഥിഃ സദാ
പ്രസീദതാം

ധന്യയാണു ഞാൻ.
എന്റെ ഉള്ളിൽ ദശരഥതനയൻ എന്നും
പ്രസാദിക്കുമാറാകട്ടെ.

ഉല്ലംഘിതേഽബ്ധൗ പവനാത്മജേന
ധരാസുതായാശ്ച ദശാനനസ്യ
പുസ്ഫോര വാമാക്ഷി ഭുജശ്ച തീവ്രം
രാമസ്യ ദക്ഷാംഗമതീന്ദ്രിയസ്യ. 58

പവനാത്മജേന അബ്ധൗ ഉല്ലംഘിതേ മാരുതി സാഗരം തരണം ചെയ്തതോടെ
ധരാസുതായാഃ
ദശാനനസ്യ ച വാമാക്ഷി
പുസ്ഫോര. ഭുജഃ ച

ധരാസുത (സീത) യുടേയും
ദശഗ്രീവന്റേയും ഇടത്തെ മിഴി
തുടിച്ചുതുടങ്ങി. (ഇടതു) തോളും.

അതീന്ദ്രിയസ്യ രാമസ്യ
ദക്ഷാംഗം തീവ്രം പുസ്ഫോര

ഇന്ദ്രിയാതീതനായ രാമന്റെ
വലതുഭാഗം ശക്തിയായി മിടിച്ചു.

സ്ത്രീകൾക്ക് ഇടതുകണ്ണും ഇടതുതോളും പുരുഷന്മാർക്ക് വലതുകണ്ണും വലതുതോളും തുടിക്കുന്നത് ശുഭസൂചകമാണെന്നു വിശ്വസിക്കപ്പെടുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
സുന്ദരകാണ്ഡേ പ്രഥമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
സുന്ദരകാണ്ഡം ഒന്നാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം രണ്ട്

അശോകവനികയിൽ മൈഥിലി

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

തതോ ജഗാമ ഹനുമാൻ ലങ്കാം പരമശോഭനാം
രാത്രൗ സൂക്ഷ്മതനുർഭൂത്വാ ബഭ്രാമ പരിതഃ പുരീം. 1

തതഃ പരമശോഭനാം
ലങ്കാം ഹനുമാൻ ജഗാമ

അനന്തരം പരമരമണീയമായ
ലങ്കയിലേക്കു ഹനുമാൻ കടന്നു.

സൂക്ഷ്മതനുഃ ഭൂത്വാ രാത്രൗ
പുരീം പരിതഃ ബഭ്രാമ

സൂക്ഷ്മശരീരം കൈക്കൊണ്ട് രാത്രിയിൽ
നഗരമെമ്പാടും ചുറ്റി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സീതാന്വേഷണകാര്യാർത്ഥീ പ്രവിവേശ നൃപാലയം
തത്ര സർവ്വപ്രദേശേഷു വിവിച്യ ഹനുമാൻ കപിഃ. 2

നാപശ്യജ്ജാനകീം സ്മൃത്വാ തതോ ലങ്കാഭിഭാഷിതം
ജഗാമ ഹനുമാൻ ശീഘ്രം അശോകവനികാം ശുഭാം. 3

സീതാന്വേഷണകാര്യാർത്ഥീ ഹനുമാൻ നൃപാലയം പ്രവിവേശ	സീതാന്വേഷണകാര്യത്തിൽ തൽപരനായ ഹനുമാൻ രാജാവിന്റെ അരമനയിൽ പ്രവേശിച്ചു.
തത്ര സർവ്വപ്രദേശേഷു വിവിച്യ കപിഃ ജാനകീം ന അപശ്യത്	അവിടെ എല്ലാ സ്ഥലത്തും തെരഞ്ഞിട്ടും കപി ജനകജയെ കണ്ടില്ല.
ലങ്കാഭിഭാഷിതം സ്മൃത്വാ ഹനുമാൻ തതഃ ശുഭാം അശോകവനികാം ശീഘ്രം ജഗാമ	ലങ്കാലക്ഷ്മി പറഞ്ഞതോർത്ത് മാരുതി പിന്നെ ശോഭനമായ അശോകവനികയിലേക്ക് ശീഘ്രം ചെന്നു.

സുരപാദപസംബാധാം രത്നസോപാനവാപികാം
നാനാപക്ഷിമൃഗാകീർണ്ണാം സ്വർണ്ണപ്രാസാദശോഭിതാം. 4

ഫലൈരാനമ്രശാഖാഗ്രപാദപൈഃ പരിവാരിതാം
വിചിന്വൻ ജാനകീം തത്ര പ്രതിവൃക്ഷം മരുത്സുതഃ. 5

ദദർശാഭ്രംലിഹം തത്ര ചൈത്യപ്രാസാദമുത്തമം
ദൃഷ്ട്വാ വിസ്മയമാപന്നോ മണിസ്തംഭശതാന്വിതം. 6

സുരപാദപസംബാധാം രത്നസോപാനവാപികാം നാനാപക്ഷിമൃഗാകീർണ്ണാം സ്വർണ്ണപ്രാസാദശോഭിതാം ഫലൈഃ ആനമ്രശാഖാഗ്ര– പാദപൈഃ പരിവാരിതാം തത്ര പ്രതിവൃക്ഷം ജാനകീം വിചിന്വൻ മരുത്സുതഃ അഭ്രംലിഹം ഉത്തമം ചൈത്യപ്രാസാദം തത്ര ദദർശ	കല്പതരുക്കൾ തിങ്ങിയതും രത്നപ്പടവിയന്ന കുളങ്ങളുള്ളതും പലതരം പക്ഷിമൃഗങ്ങൾ നിറഞ്ഞതും കനകസൗധങ്ങളാൽ ശോഭിതവും ഫലങ്ങൾകൊണ്ട് ശാഖാഗ്രം കുനിഞ്ഞ തരുനിരയാൽ ചുഴപ്പെട്ടതുമായ ആ (അശോകവനികയിലെ) ഓരോ മര– ച്ചുവട്ടിലും ജാനകിയെത്തേടിയ മാരുതി ആകാശം മുട്ടുന്ന ഉത്തമചൈത്യം* അവിടെ കാണുകയുണ്ടായി.
മണിസ്തംഭശതാന്വിതം ദൃഷ്ട്വാ വിസ്മയം ആപന്നഃ	നൂറു രത്നത്തൂണുള്ള (ആ ദേവാലയം) കണ്ട് ആശ്ചര്യപ്പെട്ടു.

സമതീത്യ പുനർഗത്വാ കിഞ്ചിദ്ദൂരം സ മാരുതിഃ
ദദർശ ശിംശപാവൃക്ഷമത്യന്തനിബിഡച്ഛദം. 7

സമതീത്യ പുനഃ കിഞ്ചിദ്ദൂരം ഗത്വാ സഃ മാരുതിഃ	അതും കടന്ന് വീണ്ടും അല്പദൂരം ചെന്നപ്പോൾ ആ മാരുതി

* ചൈത്യം = യജ്ഞവേദിക, ദേവാലയം, ബൗദ്ധ(ജൈന)മന്ദിരം. ദേവമന്ദിരമോ പ്രാസാദമോ ആവാം കവിവിവക്ഷിതം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്യന്തനിബിഡച്ഛദം	വളരെ ഇടതൂർന്ന ഇലകളുള്ളൊരു
ശിംശപാവൃക്ഷം ദദർശ	ശിംശപാവൃക്ഷം കണ്ടു.

അദൃഷ്ടാതപമാകീർണ്ണം സ്വർണ്ണവർണ്ണവിഹംഗമം
തന്മൂലേ രാക്ഷസീമദ്ധ്യേ സ്ഥിതാം ജനകനന്ദിനീം. 8

ദദർശ ഹനുമാൻ വീരോ ദേവതാമിവ ഭൂതലേ
ഏകവേണീം കൃശാം ദീനാം മലിനാംബരധാരിണീം. 9

ഭൂമൗ ശയാനാം ശോചന്തീം രാമരാമേതി ഭാഷിണീം
ത്രാതാരം നാധിഗച്ഛന്തീം ഉപവാസകൃശാം ശുഭാം. 10

ശാഖാന്തച്ഛദമദ്ധ്യസ്ഥോ ദദർശ കപികുഞ്ജരഃ

അദൃഷ്ടാതപം സ്വർണ്ണവർണ്ണ-	വെയിലേല്ക്കാത്തതും കനകനിറമുള്ള
വിഹംഗമം ആകീർണ്ണം	പറവകളാൽ തിങ്ങുന്നതുമായ
തന്മൂലേ ഭൂതലേ ദേവതാം	ആ (മരത്തിൻ)ചുവട്ടിൽ മന്നിലെ ദേവ-
ഇവ രാക്ഷസീമദ്ധ്യേ സ്ഥിതാം	തയെപ്പോലെ രാക്ഷസിമാരുടെ ഇടയി-
ജനകനന്ദിനീം	ലിരുന്ന ജനകപുത്രിയെ
വീരഃ ഹനുമാൻ ദദർശ	വീരഹനുമാൻ ദർശിക്കുകയുണ്ടായി.

ഏകവേണീം കൃശാം ദീനാം	ഒറ്റവേണിയും കൃശയും ദീനയും
മലിനാംബരധാരിണീം	മലിനവസ്ത്രങ്ങളാം ധരിച്ചവളും
ശോചന്തീം ഭൂമൗ ശയാനാം	അഴലാർന്ന് നിലത്തു കിടന്നവളും
രാമ, രാമ ഇതി ഭാഷിണീം	'രാമ, രാമ' എന്നുരുവിട്ടുന്നവളും
ഉപവാസകൃശാം ശുഭാം	ഉപവാസത്താൽ മെലിഞ്ഞവളും ശുഭ-
ത്രാതാരം ന അധിഗച്ഛന്തീം	ചരിതയും രക്ഷകനെ കാണാത്തവളുമായ
(സീതാം)	(സീതയെ)
ശാഖാന്തച്ഛദമദ്ധ്യസ്ഥഃ	കൊമ്പിൻതുഞ്ചത്തുള്ള ഇലകളുടെ
കപികുഞ്ജരഃ ദദർശ	നടുവിലിരുന്ന കപിവരൻ ദർശിച്ചു.

കൃതാർത്ഥോഽഹം കൃതാർത്ഥോഽഹം ദൃഷ്ട്വാ ജനകനന്ദിനീം. 11

മയൈവ സാധിതം കാര്യം രാമസ്യ പരമാത്മനഃ
തതഃ കിലകിലാശബ്ദോ ബഭൂവാന്തഃപുരാത് ബഹിഃ. 12

ജനകനന്ദിനീം ദൃഷ്ട്വാ	ജനകപുത്രിയെ കണ്ടകയാൽ
അഹം കൃതാർത്ഥഃ	ഞാൻ കൃതാർത്ഥനായി.
അഹം കൃതാർത്ഥഃ	ഞാൻ ധന്യനായി.

മയാ ഏവ പരമാത്മനഃ	എന്നാൽ മാത്രമാണല്ലോ പരമാത്മാവായ
രാമസ്യ കാര്യം സാധിതം	രാമന്റെ കാര്യം സാധിതമായത്.

തതഃ അന്തഃപുരാത്	അപ്പോഴേക്കും അന്തഃപുരത്തിൽനിന്നു
ബഹിഃ കിലകിലാശബ്ദഃ	വെളിയിലേക്ക് കിലകിലാരവം
ബഭൂവ	കേൾക്കാറായി.

കിമേതദിതി സംലീനോ വൃക്ഷപത്രേഷു മാരുതിഃ
ആയാന്തം രാവണം തത്ര സ്ത്രീജനൈഃ പരിവാരിതം. 13

ദശാസ്യം വിംശതിഭുജം നീലാഞ്ജനചയോപമം
ദൃഷ്ട്വാ വിസ്മയമാപന്നഃ പത്രഖണ്ഡേഷ്വലീയത. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതദ് കിം ഇതി മാരുതിഃ	'ഇതെന്തു്' എന്നു (വിസ്മിതനായ) മാരുതി
വൃക്ഷപത്രേഷു സംലീനഃ	മരത്തിന്റെ ഇലകളിൽ മറഞ്ഞു.
സ്ത്രീജനൈഃ പരിവാരിതം	സ്ത്രീജനങ്ങളാൽ ചൂഴപ്പെട്ട,
ദശാസ്യം വിംശതിഭുജം	പത്തു തലയും ഇരുപതു കരവുമുള്ള,
നീലാഞ്ജനചയോപമം	അഞ്ജനക്കട്ടപോലുള്ള
രാവണം തത്ര ആയാന്തം ദൃഷ്ട്വാ	രാവണൻ അവിടേക്കു വരുന്നതു കണ്ടു്
വിസ്മയം ആപന്നഃ സഃ	വിസ്മയംപൂണ്ട ഹനുമാൻ
പത്രഖണ്ഡേഷു അലീയത	ഇലച്ചില്ലകൾക്കിടയിൽ ഒളിച്ചിരിപ്പായി.

രാവണോ രാഘവേണാശു മരണം മേ കഥം ഭവേത്
സീതാർത്ഥമപി നായാതി രാമഃ കിം കാരണം ഭവേത്. 15

ഇത്യേവം ചിന്തയൻ നിത്യം രാമമേവ സദാ ഹൃദി
തസ്മിൻ ദിനേഽപരരാത്രൗ രാവണോ രാക്ഷസാധിപഃ. 16

സ്വപ്നേ രാമേണ സന്ദിഷ്ടഃ കശ്ചിദാഗത്യ വാനരഃ
കാമരൂപധരഃ സൂക്ഷ്മോ വൃക്ഷാഗ്രസ്ഥോഽനുപശ്യതി. 17

രാഘവേണ ആശു മേ	രാമനാൽ വേഗം എനിക്കു
മരണം കഥം ഭവേത്	മൃതി എങ്ങനെ കൈവരും?
സീതാർത്ഥം അപി	സീതയ്ക്കായിപ്പോലും
രാമഃ ന ആയാതി	രാമൻ വരുന്നില്ലല്ലോ.
കിം ഭവേത് കാരണം	എന്താവാം കാരണം?
ഇതി ഏവം നിത്യം	എന്നിങ്ങനെ നിത്യം
സദാ രാമം ഏവ	നിരന്തരം രാമനെത്തന്നെ
ഹൃദി ചിന്തയൻ	ഉള്ളിൽ നിനച്ചുപോന്ന
രാക്ഷസാധിപഃ രാവണഃ	രാക്ഷസാധിപൻ രാവണൻ,
തസ്മിൻ ദിനേ അപരരാത്രൗ	അന്നു വെളുപ്പിനു്
സ്വപ്നേ ദദർശ	സ്വപ്നത്തിൽ (ഇങ്ങനെ) കണ്ടു:
രാമേണ സന്ദിഷ്ടഃ സൂക്ഷ്മഃ	രാമസന്ദേശവാഹകനും സൂക്ഷ്മരൂപനും
കാമരൂപധരഃ കശ്ചിത്	യഥേഷ്ടം രൂപം പേറുന്നവനുമായ
വാനരഃ ആഗത്യ	ഒരു വാനരൻ വന്നു.
വൃക്ഷാഗ്രസ്ഥഃ അനുപശ്യതി	വൃക്ഷാഗ്രത്തിലിരുന്നു് വീക്ഷിക്കുന്നു!

ഇതി ദൃഷ്ട്വാഽദ്ഭുതം സ്വപ്നം സ്വാത്മന്യേവാനുചിന്ത്യ സഃ
സ്വപ്നം കദാചിത്സത്യം സ്യാദേവം തത്ര കരോമ്യഹം. 18

ജാനകീം വാക്ശരൈർവിദ്ധ്വാ ദുഃഖിതാം നിതരാമഹം
കരോമി ദൃഷ്ട്വാ രാമായ നിവേദയതു വാനരഃ. 19

ഇതി അദ്ഭുതം സ്വപ്നം	ഇങ്ങനെ അത്ഭുതകരമായ സ്വപ്നം
ദൃഷ്ട്വാ സഃ സ്വാത്മനി ഏവ	കണ്ടപ്പോൾ അവൻ സ്വമനസ്സിൽത്തന്നെ
ഇതി അനുചിന്ത്യ	ഇങ്ങനെ പേർത്തും ചിന്തിച്ചു:
കദാചിത് സ്വപ്നം സത്യം സ്യാത്	ചിലപ്പോൾ സ്വപ്നം സത്യവുമാകാമല്ലോ.
അഹം കാര്യം തത്ര	ഞാൻ ഒരു കാര്യം ഇവിടെ
കരോമി	ചെയ്യുകയാണു്.
ജാനകീം വാക്ശരൈഃ വിദ്ധ്വാ	ജാനകിയെ വാക്ശരങ്ങളാൽ മുറിപ്പെടു-
അഹം നിതരാം ദുഃഖിതാം കരോമി	ത്തി മുറ്റും വേദനിപ്പിക്കുകതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാനരഃ ദൃഷ്ട്വാ രാമായ നിവേദയതു	വാനരൻ (അതു) കണ്ട് രാമനെ അറിയിക്കട്ടെ.

ഇത്യേവം ചിന്തയൻ സീതാസമീപമഗമദ് ദ്രുതം
നൂപുരാണാം കിങ്കിണീനാം ശ്രുത്വാ ശിഞ്ജിതമംഗനാ. 20

സീതാ ഭീതാ ലീയമാനാ സ്വാത്മന്യേവ സുമദ്ധ്യമാ
അധോമുഖ്യശ്രുനയനാ സ്ഥിതാ രാമാർപ്പിതാന്തരാ. 21

ഇതി ഏവം ചിന്തയൻ ദ്രുതം സീതാസമീപം അഗമത് നൂപുരാണാം കിങ്കിണീനാം ശിഞ്ജിതം ശ്രുത്വാ അംഗനാ സീതാ ഭീതാ (അഭവത്)	എന്നിങ്ങനെ ചിന്തിച്ചുകൊണ്ട് (രാവണൻ) പെട്ടെന്നു സീതാസമീപമെ- ത്തി. നൂപുര–കിങ്ങിണികളുടെ ശിഞ്ജിതം കേട്ട് ശോഭനാംഗി സീത ഭീതയായി.
(സാ) സുമദ്ധ്യമാ സ്വാത്മനി ഏവ ലീയമാനാ അശ്രുനയനാ രാമാർപ്പിതാന്തരാ അധോമുഖീ (അവർത്തത)	ആ സുന്ദരി തന്നിൽത്തന്നെ (സ്വയം) മറഞ്ഞ് കണ്ണീർനിറഞ്ഞ മിഴികളോടെ ഹൃദയം രാമനിലർപ്പിച്ച് അധോമുഖിയായി ഇരുന്നു.

രാവണോഽപി തദാ സീതാമാലോക്യാഹ സുമദ്ധ്യമേ,
മാം ദൃഷ്ട്വാ കിം വൃഥാ സുഭ്രു സ്വാത്മന്യേവ വിലീയസേ. 22

തദാ സീതാം ആലോക്യ രാവണഃ അപി ആഹ	അപ്പോൾ സീതയെ നോക്കി രാവണൻ ചോദിച്ചു:
സുഭ്രു, സുമദ്ധ്യമേ മാം ദൃഷ്ട്വാ കിം സ്വാത്മനി ഏവ വൃഥാ വിലീയസേ	അഴകിയന്ന പുരികമുള്ളവളേ, സുന്ദരി, എന്നെക്കാണവേ എന്തിനിങ്ങനെ നിന്നിൽത്തന്നെ നീ വൃഥാ മറയുന്നു?

രാമോ വനചരാണാം ഹി മദ്ധ്യേ തിഷ്ഠതി സാനുജഃ
കദാചിത് ദൃശ്യതേ കൈശ്ചിത് കദാചിന്നൈവ ദൃശ്യതേ. 23

സാനുജഃ രാമഃ വനചരാണാം മദ്ധ്യേ ഹി തിഷ്ഠതി	അനുജനോടൊത്ത് രാമൻ കാട്ടാളരുടെ ഇടയിൽത്തന്നെ കഴിയുകയാണ്.
കൈശ്ചിത് കദാചിത് ദൃശ്യതേ. കദാചിത് ന ദൃശ്യതേ ഏവ	ചിലരാൽ ചിലപ്പോൾ കാണപ്പെട്ടെന്നുവരാം. ചിലപ്പോൾ, കാണപ്പെടുകതന്നെ ഇല്ല.

മയാ തു ബഹുധാ ലോകാഃ പ്രേഷിതാസ്തസ്യ ദർശനേ
ന പശ്യന്തി പ്രയത്നേന വീക്ഷമാണാഃ സമന്തതഃ. 24

തസ്യ ദർശനേ മയാ തു ബഹുധാ ലോകാഃ പ്രേഷിതാഃ	അയാളുടെ ദർശനത്തിന് എന്നാലാകട്ടെ നിരവധിയാളുകൾ നിയുക്തരായി.
സമന്തതഃ പ്രയത്നേന വീക്ഷമാണാഃ ന പശ്യന്തി	നാലുപാടും പ്രയത്നപൂർവ്വം നിരീക്ഷിച്ചിട്ടും (അവർ) കാണുന്നില്ല.

കിം കരിഷ്യസി രാമേണ നിഃസ്പൃഹേണ സദാ ത്വയി
ത്വയാ സദാലിംഗിതോഽപി സമീപസ്ഥോഽപി സർവ്വദാ. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹൃദയേƒസ്യ ന ച സ്നേഹസ്ത്വയി രാമസ്യ ജായതേ
ത്വത്കൃതാൻ സർവ്വഭോഗാംശ്ച ത്വദ്ഗുണാനപി രാഘവഃ. 26

ഭുഞ്ജാനോപി ന ജാനാതി കൃതഘ്നോ നിർഗ്ഗുണോƒധമഃ
ത്വമാനീതാ മയാ സാധ്വീ ദുഃഖശോകസമാകുലാ. 27

ഇദാനീമപി നായാതി ഭക്തിഹീനഃ കഥം വ്രജേത്
നിഃസത്വോ നിർമ്മമോ മാനീ മൂഢഃ പണ്ഡിതമാനവാൻ. 28

ത്വയി നിസ്പൃഹേണ രാമേണ സദാ കിം കരിഷ്യസി	നിന്നിൽ തൽപരനല്ലാത്ത രാമനെക്കൊണ്ട് എക്കാലവും എന്താണു നീ ചെയ്യുക?
സർവ്വദാ സമീപസ്ഥഃ അപി സദാ ത്വയാ ആലിംഗിതഃ അപി അസ്യ രാമസ്യ ഹൃദയേ ത്വയി സ്നേഹഃ ന ജായതേ	എപ്പോഴും അരികിലിരുന്നാലും, സദാ നിന്നാൽ ആലിംഗിതനായാലും ഈ രാമൻെറ ഹൃദയത്തിൽ നിന്നോടു സ്നേഹമുളവാകാറില്ല.
ത്വത് കൃതാൻ സർവ്വഭോഗാൻ ത്വദ്ഗുണാൻ ച ഭുംജാനഃ അപി രാഘവഃ കൃതഘ്നഃ നിർഗ്ഗുണഃ അധമഃ (സഃ ത്വ മഹിമാനം) ന ജാനാതി സാധ്വീ ത്വം മയാ ആനീതാ	നീ രചിച്ച സകല ഭോഗങ്ങളും നിൻെറ ഗുണങ്ങളും ആസ്വദിക്കുന്നവനെങ്കിലും രാഘവൻ കൃതഘ്നനാണ്, നിർഗ്ഗുണനാണ്; അധമനായ അവന് നിൻെറ മഹിമയറിഞ്ഞുകൂട. സാധ്വിയായ നിന്നെ ഞാൻ കൊണ്ടുപോന്നു.
ദുഃഖശോകസമാകുലാ (വസസി)	അല്ലലിലും അഴലിലും മുഴുകിയാണ് നീ കഴിയുക.
ഇദാനീം അപി ന ആയാതി ഭക്തിഹീനഃ വ്രജേത് കഥം (സഃ) നിസ്സത്വഃ നിർമ്മമഃ മാനീ മൂഢഃ പണ്ഡിതമാനവാൻ	ഇപ്പോഴും അയാൾ വരുന്നില്ല. സ്നേഹഹീനൻ വരുവതെങ്ങനെ? അവൻ ദുർബ്ബലനും മമതയററവനുമാണ്. മാനമററ മൂഢൻ പണ്ഡിതമ്മന്യൻ!

നരാധമം ത്വദ്വിമുഖം കിം കരിഷ്യസി ഭാമിനി
ത്വയ്യതീവസമാസക്തം മാം ഭജസ്വാസുരോത്തമം. 29

നരാധമം ത്വദ്വിമുഖം ത്വം കിം കരിഷ്യസി	നരാധമനും നിന്നിൽ വിമുഖനുമായ (അവനെക്കൊണ്ട്) നീയെന്തുചെയ്യും?
ഭാമിനി ത്വയി അതീവസമാസക്തം അസുരോത്തമം മാം ഭജസ്വ	ഉത്തമേ, നിന്നിൽ അതീവസക്തനും അസുരോത്തമനുമായ എന്നെ ഭജിക്കുക (വരിക്കുക).

രാവണൻ രാമനെപ്പററി പറഞ്ഞതു് തത്ത്വത്തിൽ ശരിയാണ്. പരമാത്മാവായ രാമന് മായാസീതയിൽ തരിമ്പും ആസക്തിയില്ല, സർവ്വസംഗപരിത്യാഗികളായ താപസർക്കു മാത്രമേ പരമപുരുഷനെ—രാമനെ—യഥാവത്തായി ഗ്രഹിക്കാൻ കഴിയൂ. അന്വേഷിക്കുന്നവർ ചുരുക്കം. അവരിൽത്തന്നെ അപൂർവ്വം ചിലർക്കേ കാണാൻ പററൂ. മമത്വബുദ്ധി രാമന് ഒന്നിലുമില്ല. തനിക്കുപ്രാപ്യമായോ പ്രാപിക്കേണ്ടതായോ എന്തിരിക്കുന്നു?—''തദന്തരസ്യ സർവ്വസ്യ തദു സർവ്വസ്യാസ്യ ബാഹ്യതഃ.''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമനെ ആശ്രയിച്ചു കഴിയുന്ന, അഭിന്നയായ മായയത്രേ സീത. മായയുടെനേരെയാണ് രാവണനു് അത്യാസക്തി. മായയെ വശത്താക്കിയാൽ മായാമയനെ പ്രാപിക്കാമെന്നാകാം അയാളുടെ വിചാരം.

ദേവഗന്ധർവ്വനാഗാനാം യക്ഷകിന്നരയോഷിതാം
ഭവിഷ്യസി നിയോക്ത്രീ ത്വം യദി മാം പ്രതിപദ്യസേ. 30

യദി മാം പ്രതിപദ്യസേ — എന്നെ വരിക്കയാണെങ്കിൽ
ത്വം ദേവഗന്ധർവ്വനാഗാനാം — നീ ദേവ—ഗന്ധർവ്വ—നാഗ—
യക്ഷകിന്നരയോഷിതാം — യക്ഷ—കിന്നരന്മാരുടെ മങ്കമാർക്കു
നിയോക്ത്രീ ഭവിഷ്യസി — സ്വാമിനിയായിത്തീരും.

രാവണസ്യ വചഃ ശ്രുത്വാ സീതാ മർഷസമന്വിതാ
ഉവാചാധോമുഖീ ഭൂത്വാ നിധായ തൃണമന്തരേ. 31

രാവണസ്യ വചഃ ശ്രുത്വാ — രാവണവചനം കേട്ട്
അമർഷസമന്വിതാ സീതാ — അമർഷം പൂണ്ട സീത
അന്തരേ തൃണം നിധായ — ഇടയിലൊരു പുൽക്കൊടിയിട്ട്
അധോമുഖീ ഭൂത്വാ ഉവാച — താഴോട്ടു നോക്കി പറഞ്ഞു.

പതിവ്രതകൾ പരപുരുഷന്റെനേരേ നോക്കാറില്ല. ഒഴിവാക്കാനാവാത്ത അവസരം വന്നാൽ ഇടയിലെന്തെങ്കിലും ജഡവസ്തു ലക്ഷീകരിക്കുന്നു. പുല്ക്കൊടി അർത്ഥവത്തായ ഒരു പ്രതീകമാണ്. ലോകാധിപനായ രാവണൻ പതിവ്രതയുടെ ദൃഷ്ടിയിൽ പുല്ക്കൊടിയല്ലാതെ മറെറന്തു്? ''പ്രമദാഃ പതിവർത്മഗാ ഇതി പ്രതിപന്നം ഹി വിചേതനൈരപി.'' സ്വജീവനും ആ സാധ്വിക്കു തൃണം പോലെ.

രാഘവാദ് ബിഭ്യതാ നൂനം ഭിക്ഷുരൂപം ത്വയാ ധൃതം
രഹിതേ രാഘവാഭ്യാം ത്വം ശ്വുനീവ ഹവിരധ്വരേ. 32

ഹൃതവാനസി മാം നീച, തത് ഫലം പ്രാപ്സ്യസേഽചിരാത്
യദാ രാമശരാഘാതവിദാരിതവപുർഭവാൻ. 33

ജ്ഞാസ്യസേഽമാനുഷം രാമം ഗമിഷ്യസി യമാന്തികം
സമുദ്രം ശോഷയിത്വാ വാ ശരൈർബ്ബദ്ധ്വാഥ വാരിധിം. 34

ഹന്തും ത്വാ സമരേ രാമോ ലക്ഷ്മണേന സമന്വിതഃ
ആഗമിഷ്യത്യസന്ദേഹോ ദ്രക്ഷ്യസേ രാക്ഷസാധമ. 35

നീച രാഘവാദ് ബിഭ്യതാ — നീച, രാമനെ ഭയപ്പെട്ട്
ത്വയാ ഭിക്ഷുരൂപം ധൃതം — നീ ഭിക്ഷുവേഷം പൂണ്ട്,
രാഘവാഭ്യാം രഹിതേ — രാമലക്ഷ്മണന്മാരില്ലാഞ്ഞ (തക്കം നോക്കി),
അധ്വരേ ശ്വുനീ ഹവിഃ — യാഗത്തിൽനിന്ന് പെൺപട്ടി ഹവിസ്സ്
ഇവ മാം ഹൃതവാൻ — എന്നപോലെ എന്നെ അപഹരിച്ചു.

അചിരാത് തത് ഫലം — ഉടനടി അതിന്റെ ഫലം
പ്രാപ്സ്യസേ, നൂനം — നിനക്കു കിട്ടും; തീർച്ച.

രാമശരാഘാതവിദാരിതവപുഃ — രാമബാണമേററു് ശരീരം നുറുങ്ങി
ഭവാൻ യദാ യമാന്തികം — നീ മരണത്തിന്റെ
ഗമിഷ്യസി, രാമം — പിടിയിൽപ്പെട്ടപ്പോൾ, രാമനെ
അമാനുഷം ജ്ഞാസ്യസേ — അമാനുഷൻ എന്നറിഞ്ഞുകൊള്ളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമുദ്രം ശോഷയിത്വാ അഥവാ	**സമുദ്രം വററിച്ചോ അല്ലെങ്കിൽ**
വാരിധിം ശരൈഃ ബദ്ധ്വാ	**വാരിധി ബാണങ്ങളാൽ ബന്ധിച്ചോ**
ത്വാം സമരേ ഹന്തും	**നിന്നെ പോരിൽ നിഹനിക്കാൻ**
ലക്ഷ്മണേന സമന്വിതഃ രാമഃ	**ലക്ഷ്മണനൊത്തു് രാമൻ**
അസന്ദേഹഃ ആഗമിഷ്യതി	**നിസ്സംശയം വന്നുചേരും.**
രാക്ഷസാധമ ദ്രക്ഷ്യസേ	**രാക്ഷസാധമ, (നീനക്കതു) കാണാറാകും.**

ത്വാം സപുത്രം സഹബലം ഹത്വാ നേഷ്യതി മാം പുരം
ശ്രുത്വാ രക്ഷഃപതി ക്രുദ്ധോ ജാനക്യാഃ പരുഷാക്ഷരം. 36

വാക്യം ക്രോധസമാവിഷ്ടഃ ഖഡ്ഗമുദ്യമ്യ സത്വരഃ
ഹന്തും ജനകരാജസ്യ തനയാം താമ്രലോചനഃ. 37

ത്വാം സപുത്രം സഹബലം	**നിന്നെ നിന്റെ സന്താന-സൈനികസ-**
ഹത്വാ മാം	**ഹിതം വകവരുത്തി എന്നെ**
പുരം നേഷ്യതി	**അയോദ്ധ്യയിലേക്കു കൊണ്ടുപോകും.**
ജാനക്യാഃ പരുഷാക്ഷരം വാക്യം	**സീതയുടെ പരുഷവചനം**
ശ്രുത്വാ രാക്ഷസാധിപഃ ക്രുദ്ധഃ	**കേട്ടു് രാക്ഷസാധിപൻ കലിതുള്ളി.**
ക്രോധസമാവിഷ്ടഃ താമ്രലോചനഃ	**കോപാവേശത്താൽ മിഴിതുടുത്തു**
ഖഡ്ഗം ഉദ്യമ്യ	**(അവൻ) വാളുയർത്തി**
ജനകരാജസ്യ തനയാം ഹന്തും	**ജനകപുത്രിയെ വെട്ടാൻ**
സത്വരഃ (ആഗതഃ)	**പാഞ്ഞടുത്തു.**

മന്ദോദരീ നിവാര്യാഹ പതിം പതിഹിതേ രതാ
ത്യജൈനാം മാനുഷീം ദീനാം ദുഃഖിതാം കൃപണാം കൃശാം. 38

പതിഹിതേ രതാ	**ഭർത്തൃഹിതത്തിൽ തൽപരയായ**
മന്ദോദരീ പതിം നിവാര്യ ആഹ	**മന്ദോദരി പ്രിയനെ വിലക്കി അറിയിച്ചു:**
ദീനാം ദുഃഖിതാം	**(പ്രിയതമ!) ദീനദുഃഖിതയും**
കൃപണാം കൃശാം	**അനാഥയും ക്ഷീണിതയുമായ**
ഏനാം മാനുഷീം ത്യജ	**ഈ മാനുഷിയെ വിട്ടാലും.**

ദേവഗന്ധർവ്വനാഗാനാം ബഹ്വ്യഃ സന്തി വരാംഗനാഃ
ത്വാമേവ വരയന്ത്യുച്ചൈഃ മദമത്തവിലോചനാഃ. 39

ദേവഗന്ധർവ്വനാഗാനാം	**ദേവഗന്ധർവ്വനാഗന്മാരുടെ**
മദമത്തവിലോചനാഃ	**(കൂട്ടത്തിൽ) മദിരാക്ഷികളായ**
ബഹ്വ്യഃ വരാംഗനാഃ സന്തി	**എത്രയോ സുന്ദരിമാരുണ്ടു്!**
(താഃ) ഉച്ചൈഃ ത്വാം	**(അവർ) തികഞ്ഞ (സ്നേഹത്തോടെ)**
ഏവ വരയന്തി	**അങ്ങയെത്തന്നെ വരിക്കുന്നുണ്ടല്ലോ.**

തതോഽബ്രവീദ്ദശഗ്രീവോ രാക്ഷസീർവ്വികൃതാനനാഃ
യഥാ മേ വശഗാ സീതാ ഭവിഷ്യതി സകാമനാ
തഥാ യതധ്വം ത്വരിതം തർജ്ജനാദരണാദിഭിഃ. 40

തതഃ വികൃതാനനാഃ	**പിന്നെ, വികൃതമുഖികളായ**
രാക്ഷസീഃ ദശഗ്രീവഃ അബ്രവീത്	**രാക്ഷസിമാരോടു് ദശാനനൻ കല്പിച്ചു:**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാ സീതാ മേ സകാമനാ	എങ്ങനെയായാൽ സീത എനിക്കനുരാഗ–
വശഗാ ഭവിഷ്യതി തഥാ	വശഗയാകുമോ, അങ്ങനെ,
തർജ്ജനാദരണാദിഭിഃ	ഭീഷണിപ്രലോഭനാദികളാൽ
ത്വരിതം യതധ്വം	വേഗം യത്നിക്കുവിൻ.

ദ്വിമാസാഭ്യന്തരേ സീതാ യദി മേ വശഗാ ഭവേത്
തദാ സർവ്വസുഖോപേതാ രാജ്യം ഭോക്ഷ്യതി സാ മയാ. 41

ദ്വിമാസാഭ്യന്തരേ യദി സീതാ	രണ്ടുമാസത്തിനകം സീത എനിക്ക
മേ വശഗാ ഭവേത്	വശഗയാകുമെങ്കിൽ,
തദാ സാ മയാ (സഹ)	അന്നുമുതൽ അവൾ എന്നോടൊത്ത്
സർവ്വ സുഖോപേതാ	സകലസുഖോപേതയായി
രാജ്യം ഭോക്ഷ്യതി	രാജ്യമനുഭവിക്കും.

യദി മാസദ്വയാദൂർദ്ധ്വം മച്ഛയ്യാം നാഭിനന്ദതി
തദാ മേ പ്രാതരാശായ ഹത്വാ കുരുത മാനുഷീം. 42

മാസദ്വയാദ് ഊർദ്ധ്വം യദി	രണ്ടുമാസത്തിനുമേലും
മച്ഛയ്യാം ന അഭിനന്ദതി	എന്റെ കിടക്കയെ അഭിനന്ദിക്കുന്നില്ലെ–
തദാ മാനുഷീം ഹത്വാ	ങ്കിൽ അപ്പോൾ ആ മാനുഷിയെക്കൊന്ന്
മേ പ്രാതരാശായ കുരുത	എനിക്കു പ്രഭാതഭക്ഷണമാക്കിക്കൊടുക്കുക.

ഇത്യുക്ത്വാ പ്രയയൗ സ്ത്രീഭിഃ രാവണോഽന്തഃപുരാലയം
രാക്ഷസ്യോ ജാനകീമേത്യ ഭീഷയന്ത്യഃ സ്വതർജ്ജനൈഃ. 43

തത്രൈകാ ജാനകീമാഹ യൗവനം തേ വൃഥാ ഗതം
രാവണേന സമാസാദ്യ സഫലം തു ഭവിഷ്യതി. 44

ഇതി ഉക്ത്വാ രാവണഃ സ്ത്രീഭിഃ	ഇങ്ങനെ ചൊല്ലി രാവണൻ രമണിമാരു–
അന്തഃപുരാലയം യയൗ	മായി അന്തഃപുരത്തിലേക്കു പോയി.
രാക്ഷസ്യഃ ജാനകീം	രാക്ഷസിമാർ സീതയെ
ഏത്യ സ്വതർജ്ജനൈഃ	സമീപിച്ച് സ്വപീഡനങ്ങളാൽ
ഭീഷയന്ത്യഃ (ആസൻ)	ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു.
തത്ര ഏകാ	അവരിലൊരുത്തി
ജാനകീം ആഹ	ജാനകിയോടു പറയുകയുണ്ടായി:
തേ യൗവനം വൃഥാ ഗതം	നിന്റെ യൗവനം വെറുതെ പോയല്ലോ.
രാവണേന സമാസാദ്യ തു	രാവണനുമായി ചേർന്നാൽ (അതു)
സഫലം ഭവിഷ്യതി	സഫലമായിത്തീരും.

അപരാ ചാഹ കോപേന കിം വിളംബേന ജാനകി,
ഇദാനീം ഛേദ്യതാമംഗം വിഭജ്യ ച പൃഥക് പൃഥക്. 45

അന്യാ തു ഖഡ്ഗമുദ്യമ്യ ജാനകീം ഹന്തുമുദ്യതാ
അന്യാ കരാളവദനാ വിദാര്യാസ്യമഭീഷയത്. 46

അപരാ കോപേന ആഹ	മറ്റൊരുത്തി കോപത്തോടെ മൊഴിഞ്ഞു:
ജാനകി വിളംബേന കിം	ജാനകീ, വിളംബംകൊണ്ടെന്തു ഫലം?
ഇദാനീം അംഗം	ഇപ്പോൾത്തന്നെ അവയവം
പൃഥക് പൃഥക് വിഭജ്യ ഛേദ്യതാം	കഷണംകഷണമാക്കി മുറിക്കപ്പെടട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യാ തു ഖഡ്ഗം ഉദ്യമ്യ	വേറൊരുത്തവൾ വാളുയർത്തി
ജാനകീം ഹന്തും ഉദ്യതാ	സീതയെ വെട്ടാനോങ്ങി.
അന്യാ കരാളവദനാ ആസ്യം	മറ്റൊരു കരാളമുഖി വായ്
വിദാര്യ അഭീഷയത്	തുറന്നു ഭീഷണിപ്പെടുത്തി.

ഏവം താം ഭീഷയന്തീസ്താഃ രാക്ഷസീർവ്വികൃതാനനാഃ
നിവാര്യ ത്രിജടാ വൃദ്ധാ രാക്ഷസീ വാക്യമബ്രവീത്. 47

ഏവം താം ഭീഷയന്തീഃ	ഇങ്ങനെ അവളെ ഭീഷണിപ്പെടുത്തുന്ന
വികൃതാനനാഃ താഃ രാക്ഷസീഃ	വികൃതമുഖികളായ രാക്ഷസിമാരെ
നിവാര്യ, വൃദ്ധാ രാക്ഷസീ	വിലക്കിക്കൊണ്ട് വൃദ്ധരാക്ഷസി
ത്രിജടാ വാക്യം അബ്രവീത്	ത്രിജട ഈ വാക്കുകൾ പറഞ്ഞു.

ശൃണുധ്വം ദുഷ്ടരാക്ഷസ്യോ മദ്വാക്യം വോ ഹിതം ഭവേത്. 48

ദുഷ്ടരാക്ഷസ്യഃ	ദുഷ്ടരാക്ഷസിമാരേ,
മദ്വാക്യം ശൃണുധ്വം	എന്റെ വാക്കു കേൾക്കുവിൻ.
വഃ ഹിതം ഭവേത്	നിങ്ങൾക്കു നന്മയുണ്ടാകും.

ന ഭീഷയധ്വം രുദതീം നമസ്കുരുത ജാനകീം
ഇദാനീമേവ മേ സ്വപ്നേ രാമഃ കമലലോചനഃ. 49

ആരുഹ്യൈരാവതം ശുഭ്രം ലക്ഷ്മണേന സമാഗതഃ
ദഗ്ദ്ധ്വാ ലങ്കാപുരീം സർവ്വാം ഹത്വാ രാവണമാഹവേ. 50

ആരോപ്യ ജാനകീം സ്വാങ്കേ സ്ഥിതോ ദൃഷ്ടോഽദ്രിമൂർദ്ധനി
രാവണോ ഗോമയഹ്രദേ തൈലാഭ്യക്തോ ദിഗംബരഃ. 51

അഗാഹത് പുത്രപൗത്രൈശ്ച കൃത്വാ വദനമാലികാം
വിഭീഷണസ്തു രാമസ്യ സന്നിധൗ ദൃഷ്ടമാനസഃ. 52

സേവാം കരോതി രാമസ്യ പാദയോർഭക്തിസംയുതഃ
സർവ്വഥാ രാവണം രാമോ ഹത്വാ സകുലമഞ്ജസാ. 53

വിഭീഷണായാധിപത്യം ദത്വാ സീതാം ശുഭാനനാം
അങ്കേ നിധായ സ്വപുരീം ഗമിഷ്യതി ന സംശയഃ. 54

രുദതീം ജാനകീം	കേഴുന്ന സീതയെ
ന ഭീഷയധ്വം	ഭീഷണിപ്പെടുത്തരുത്.
നമസ്കുരുത	(അവരെ) നമസ്കരിക്കുവിൻ.
ഇദാനീം ഏവ	ഇപ്പോൾത്തന്നെ
മേ സ്വപ്നേ ദൃഷ്ടഃ	ഞാൻ സ്വപ്നത്തിൽ കണ്ടു.
കമലലോചനഃ രാമഃ	കമലലോചനൻ രാമൻ
ശുഭ്രം ഐരാവതം ആരുഹ്യ	വെളുത്ത ഐരാവതത്തിൻപുറത്തേറി,
ലക്ഷ്മണേന സമാഗതഃ	ലക്ഷ്മണനുമൊത്ത് ഇവിടെയെത്തി.
ലങ്കാപുരീം സർവ്വാം ദഗ്ദ്ധ്വാ	ലങ്കാപുരിയെല്ലാം ദഹിപ്പിച്ച്,
രാവണം ആഹവേ ഹത്വാ	രാവണനെ പോരിൽ വധിച്ച്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാനകീം സ്വാങ്കേ ആരോപ്യ അഗമൂർധനി സ്ഥിതഃ	സീതയെ തന്റെ മടിയിലേററി ഗിരിശിഖരത്തിൽ സ്ഥിതിചെയ്തു.
തൈലാഭ്യക്തഃ ദിഗംബരഃ രാവണഃ വദനമാലികാം കൃത്വാ പുത്രപൗത്രൈഃ ച (സഹിതഃ) ഗോമയഹ്രദേ അഗാഹത്	ദേഹമാകെ എണ്ണപൂശിയ, നൂൽബന്ധ- മില്ലാഞ്ഞ, രാവണൻ മുണ്ഡമാലപൂണ്ട് പുത്രരും പൗത്രരുമൊത്ത് ചാണകക്കയത്തിൽ മുങ്ങി.
രാമസ്യ പാദയോഃ ഭക്തിസംയുതഃ വിഭീഷണഃ തു ഹൃഷ്ടമനാഃ രാമസ്യ സേവാം കരോതി	രാമചരണങ്ങളിൽ ഭക്തിയുള്ള വിഭീഷണനാകട്ടെ പ്രസന്നചിത്തനായി രാമനെ സേവിക്കുന്നു.
(അതഃ) രാമഃ അഞ്ജസാ രാവണം സകലം ഹത്വാ സർവ്വഥാ വിഭീഷണായ ആധി- പത്യം ദത്വാ ശുഭാനനാം സീതാം അങ്കേ നിധായ സ്വപുരീം ഗമിഷ്യതി	(അതിനാൽ) രാമൻ ഉടൻതന്നെ രാവണനെ സകലം സംഹരിച്ച്, സർവ്വഥാ വിഭീഷണന് അധികാരവും നല്കി, സുമുഖിയായ സീതയെ മടിയിലേററി സ്വനഗരിയിലേക്കു പോകും.
സന്ദേഹഃ ന	തീർച്ച.

ത്രിജടായാഃ വചഃ ശ്രുത്വാ ഭീതാസ്താഃ രാക്ഷസസ്ത്രിയഃ
തൂഷ്ണീമാസംസ്തത്ര തത്ര നിദ്രാവശമുപാഗതാഃ 55

ത്രിജടായാഃ വചഃ ശ്രുത്വാ രാക്ഷസസ്ത്രിയഃ ഭീതാഃ	ത്രിജടയുടെ വചനം കേട്ട് രാക്ഷസികൾ പേടിച്ചുപോയി.
താഃ തത്ര തത്ര തൂഷ്ണീം ആസൻ നിദ്രാവശം ഉപാഗതാഃ	അവർ അവിടവിടെ മിണ്ടാതിരുന്നു. (പിന്നെ) ഉറങ്ങുകയുംചെയ്തു.

തർജ്ജിതാ രാക്ഷസീഭിഃ സാ സീതാ ഭീതാതിവിഹ്വലാ
ത്രാതാരം നാധിഗച്ഛന്തീ ദുഃഖേന പരിമൂർച്ഛിതാ. 56

രാക്ഷസീഭിഃ തർജ്ജിതാ സാ സീതാ ഭീതാ അതിവിഹ്വലാ	രാക്ഷസിമാരാൽ പീഡിതയായ ആ സീത ഭീതയും അതിപരവശയുമായി.
ത്രാതാരം ന അധിഗച്ഛന്തീ ദുഃഖേന പരിമൂർച്ഛിതാ (അഭവത്)	രക്ഷകനെക്കിട്ടാതെ ശോകമൂർച്ഛിതയായി കഴിഞ്ഞു.

അശ്രുഭിഃ പൂർണ്ണനയനാ ചിന്തയന്തീദമബ്രവീത്
പ്രഭാതേ ഭക്ഷയിഷ്യന്തി രാക്ഷസ്യോ മാം ന സംശയഃ.
ഇദാനീമേവ മരണം കേനോപായേന മേ ഭവേത്. 57

ചിന്തയന്തീ അശ്രുഭിഃ പൂർണ്ണനയനാ ഇദം അബ്രവീത്	ചിന്താകുലയും അശ്രുപൂർണ്ണനയനയുമായ (അവൾ) ഇങ്ങനെ മൊഴിഞ്ഞു:
രാക്ഷസ്യഃ പ്രഭാതേ മാം ഭക്ഷയിഷ്യന്തി; ന സംശയഃ	രാക്ഷസിമാർ പ്രഭാതത്തിൽ എന്നെ ഭക്ഷിക്കും; സംശയമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കേന ഉപായേന ഇദാനീം	ഏതുപായത്താൽ ഇപ്പോഴത്തന്നെ
ഏവ മേ മരണം ഭവേത്	എനിക്കു മരണം ഭവിക്കും?

ഏവം സുദുഃഖേന പരിപ്ലുതാ സാ
വിമുക്തകണ്ഠം രുദതീ ചിരായ
ആലംബ്യ ശാഖാം കൃതനിശ്ചയാ മൃതൗ
ന ജാനതീ കഞ്ചിദുപായമംഗനാ. 58

ഏവം മൃതൗ കൃതനിശ്ചയാ	ഇങ്ങനെ മരണംവരിക്കാനുറച്ച,
ഉപായം കഞ്ചിത് ന ജാനതീ	(ആയതിലേക്ക്) ഉപായമൊന്നും തിരി-
സുദുഃഖേന പരിപ്ലുതാ	യാത്ത, കടുംകന്നത്തിലാണ്ട,
സ അംഗനാ	ആ അംഗന,
ശാഖാം ആലംബ്യ	ഒരു മരക്കൊമ്പു താങ്ങിപ്പിടിച്ച്
വിമുക്തകണ്ഠം രുദതീ	വാവിട്ടു കേണു
ചിരായ അതിഷ്ഠത്	വളരെനേരം കഴിഞ്ഞുകൂടി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
സുന്ദരകാണ്ഡേ ദ്വിതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
സുന്ദരകാണ്ഡം രണ്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം മൂന്ന്

സീതാദർശനം—വാടികാവിധ്വംസനം—ബന്ധനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ഉദ്ബന്ധനേന വാ മോക്ഷ്യേ ശരീരം രാഘവം വിനാ
ജീവിതേന ഫലം കിം സ്യാന്മമ രക്ഷോഽധിമധ്യതഃ. 1

ഉദ്ബന്ധനേന വാ	(കയർ) കെട്ടിത്തൂങ്ങിയായാലും
രാഘവം വിനാ	രാഘവനെപ്പിരിഞ്ഞ
ശരീരം മോക്ഷ്യേ	ഈ ഉടൽ ഞാൻ വെടിയും.
രക്ഷോഽധിമധ്യതഃ	രാക്ഷസരുടെ നടുക്കുള്ള
മമ ജീവിതേന കിം	എന്റെ ഈ ജീവിതത്താൽ
ഫലം സ്യാത്	എന്തു ഫലമാണുണ്ടാവുക?

ദീർഘാ വേണീ മമാത്യർത്ഥമുദ്ബന്ധായ ഭവിഷ്യതി
ഏവം നിശ്ചിതബുദ്ധിം താം മരണായാഥ ജാനകീം. 2

വിലോക്യ ഹനുമാൻ കിഞ്ചിദ്വിചാര്യൈതദഭാഷത
ശനൈഃ ശനൈഃ സൂക്ഷ്മരൂപോ ജാനക്യാഃ ശ്രോത്രഗം വചഃ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മമ അത്യർത്ഥം ദീർഘാ വേണീ	എന്റെ അതിദീർഘമായ വേണി
ഉദ്ബന്ധായ	കെട്ടിത്തൂങ്ങാൻ
(പാശം) ഭവിഷ്യതി	കയറായിത്തീരട്ടെ.
ഏവം താം ജാനകീം മരണായ	ഇങ്ങനെ ആ ജാനകി മരിക്കാൻ
നിശ്ചിതബുദ്ധിം വിലോക്യ	ദൃഢനിശ്ചയം ചെയ്തതു കണ്ട്
സൂക്ഷ്മരൂപഃ ഹനുമാൻ	സൂക്ഷ്മരൂപി മാരുതി
കിഞ്ചിത് വിചാര്യ	അല്പമൊന്നാലോചിച്ച്; എന്നിട്ട്
ജാനക്യാഃ ശ്രോത്രഗം	ജാനകി കേൾക്കുമാറ്
ശനൈഃ ശനൈഃ	മെല്ലെമെല്ലെ
ഏതത് വചഃ അഭാഷത	ഈ വചനമോതി.

ഇക്ഷ്വാകുവംശസംഭൂതോ രാജാ ദശരഥോ മഹാൻ
അയോദ്ധ്യാധിപതിസ്തസ്യ ചത്വാരോ ലോകവിശ്രുതാഃ. 4

പുത്രാഃ ദേവസമാഃ സർവ്വേ ലക്ഷണൈരുപലക്ഷിതാഃ
രാമശ്ച ലക്ഷ്മണശ്ചൈവ ഭരതശ്ചൈവ ശത്രുഹാ. 5

ഇക്ഷ്വാകുവംശസംഭൂതഃ	ഇക്ഷ്വാകുവംശത്തിൽ പിറന്ന
മഹാൻ രാജാ അയോദ്ധ്യാധിപതിഃ	മഹാരാജാവാണ് അയോദ്ധ്യാപതി
ദശരഥഃ	ദശരഥൻ.
തസ്യ ലോകവിശ്രുതാഃ	അദ്ദേഹത്തിന് ഉലകമെങ്ങും
ചത്വാരഃ പുത്രാഃ	പുകഴ്പെററ നാലു മക്കൾ.
രാമഃ ലക്ഷ്മണഃ ച	രാമൻ, ലക്ഷ്മണൻ,
ഭരതഃ ശത്രുഹാ ച ഏവ	ഭരതൻ, ശത്രുഘ്നൻ.
സർവ്വേ ദേവസമാഃ	എല്ലാവരും ദേവതുല്യർ.
ലക്ഷണൈഃ ഉപലക്ഷിതാഃ	ലക്ഷണമൊത്തവർ.

ജ്യേഷ്ഠോ രാമഃ പിതുർവ്വാക്യാത് ദണ്ഡകാരണ്യമാഗതഃ
ലക്ഷ്മണേന സഹ ഭ്രാത്രാ സീതയാ ഭാര്യയാ സഹ. 6

ഉവാസ ഗൗതമീതീരേ പഞ്ചവട്യാം മഹാമനാഃ
തത്ര നീതാ മഹാഭാഗാ സീതാ ജനകനന്ദിനീ. 7

രഹിതേ രാമചന്ദ്രേണ രാവണേന ദുരാത്മനാ
തതോ രാമോഽതിദുഃഖാർത്തോ മാർഗ്ഗമാണോഥ ജാനകീം. 8

ജടായുഷം പക്ഷിരാജമപശ്യത് പതിതം ഭുവി
തസ്യൈ ദത്വാ ദിവം ശീഘ്രമൃഷ്യമൂകമുപാഗമത്. 9

ജ്യേഷ്ഠഃ രാമഃ	ജ്യേഷ്ഠൻ രാമൻ,
പിതുഃ വാക്യാത്	പിതൃവചനമനുസരിച്ച്
ദണ്ഡകാരണ്യം ആഗതഃ	ദണ്ഡകാരണ്യത്തിൽ വന്നു.
മഹാമനാഃ ഭ്രാത്രാ	(ആ) മഹാമനസ്സൻ, സഹോദരൻ
ലക്ഷ്മണേന സഹ ഭാര്യയാ	ലക്ഷ്മണനും ഭാര്യ
സീതയാ സഹ ഗൗതമീതീരേ	സീതയുമൊത്ത്, ഗൗതമീതീരത്ത്
പഞ്ചവട്യാം ഉവാസ	പഞ്ചവടിയിൽ വസിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര രാമചന്ദ്രേണ രഹിതേ	അവിടെ രാമനില്ലാത്തപ്പോൾ,
മഹാഭാഗാ ജാനകീ സീതാ	മഹാഭാഗ, ജനകപുത്രി, സീത
ദുരാത്മനാ രാവണേന നീതാ	ദുഷ്ടനായ രാവണനാൽ അപഹൃതയായി.
തതഃ അതിദുഃഖാർത്തഃ രാമഃ	അനന്തരം അതിദുഃഖിതൻ രാമൻ
ജാനകീം മാർഗ്ഗമാണഃ	ജാനകിയെ തേടിനടക്കവെ
ഭുവിപതിതം പക്ഷിരാജം	ഭൂമിയിൽ വീണുകിടന്ന പക്ഷിരാജനെ—
ജടായുഷം അപശ്യത്	ജടായുവിനെ—കണ്ടു.
തസ്മൈ ദിവം ദത്വാ	അവനു സ്വർഗ്ഗം നല്കി,
അഥ ശീഘ്രം ഋഷ്യമൂകം ഉപാഗമത്	പിന്നെ പെട്ടെന്ന് ഋഷ്യമൂകത്തിലെത്തി.

സുഗ്രീവേണ കൃതാ മൈത്രീ രാമസ്യ വിദിതാത്മനഃ
തദ്ഭാര്യാഹാരിണം ഹത്വാ ബാലിനം രഘുനന്ദനഃ. 10

രാജ്യേഽഭിഷിച്യ സുഗ്രീവം മിത്രകാര്യം ചകാര സഃ
സുഗ്രീവസ്തു സമാനായ്യ വാനരാൻ വാനരപ്രഭുഃ. 11

പ്രേഷയാമാസ പരിതോ വാനരാൻ പരിമാർഗ്ഗണേ
സീതായാസ്തത്ര ചൈകോഽഹം സുഗ്രീവസചിവോ ഹരിഃ. 12

സമ്പാതിവചനാച്ഛീഘ്രമുല്ലംഘ്യ ശതയോജനം
സമുദ്രം നഗരീം ലങ്കാം വിചിന്വൻ ജാനകീം ശുഭാം. 13

ശനൈരശോകവനികാം വിചിന്വൻ ശിംശപാതരും
അദ്രാക്ഷം ജാനകീമത്ര ശോചന്തീം ദുഃഖസംപ്ലുതാം. 14

രാമസ്യ മഹിഷീം ദേവീം കൃതകൃത്യോഽഹമാഗതഃ
ഇത്യുക്ത്വാപരരാമാഥ മാരുതിർബ്ബുദ്ധിമത്തരഃ. 15

വിദിതാത്മനഃ രാമസ്യ	ആത്മജ്ഞാനിയായ രാമന്
സുഗ്രീവേണ മൈത്രീ കൃതാ	സുഗ്രീവനുമായി സഖ്യം സ്ഥാപിതമായി.
തദ്ഭാര്യാഹാരിണം	സുഗ്രീവപത്നിയെ അപഹരിച്ച
ബാലിനം ഹത്വാ	ബാലിയെക്കൊന്ന്
സഃ രഘുനന്ദനഃ സുഗ്രീവം	ആ രഘുനന്ദനൻ സുഗ്രീവനെ
രാജ്യേ അഭിഷിച്യ	നാട്ടിൽ അഭിഷേചിക്കയും
മിത്രകാര്യം ചകാര	മിത്രകാര്യം നിറവേറുകയുംചെയ്തു.
വാനരപ്രഭുഃ സുഗ്രീവഃ തു	വാനരാധിപൻ സുഗ്രീവനാകട്ടെ,
വാനരാൻ സമാനായ്യ	കപികളെ വിളിച്ചുകൂട്ടി
സീതായാഃ പരിമാർഗ്ഗണേ	സീതയെത്തേടാൻ
പരിതഃ പ്രേഷയാമാസ	നാലുപാടും അയച്ചു.
തത്ര ച ഏകഃ അഹം	അവരിൽ ഒരുവനാണ് ഞാൻ.
സുഗ്രീവസചിവഃ ഹരിഃ	സുഗ്രീവസചിവൻ, കപി.
സമ്പാതിവചനാത്	സമ്പാതിയുടെ വചനപ്രകാരം
ശതയോജനം സമുദ്രം	നൂറു യോജന വിസ്തൃതിയുള്ള
ശീഘ്രം ഉല്ലംഘ്യ	കടൽ ക്ഷിപ്രം കടന്ന്
ലങ്കാം നഗരീം (ആഗതഃ)	ലങ്കാനഗരിയിലെത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുതാം ജാനകീം വിചിന്വൻ	ശ്രുതചരിതയായ ജാനകിയെ അന്വേഷിച്ച്
അശോകവനികാം ശനൈഃ	അശോകവനികയിൽ മെല്ലെ തിരയവേ
വിചിന്വൻ ശിംശപാതരും ദദർശ	ഈ ശിംശപാമരം കണ്ടു;
അത്ര ദുഃഖസംപ്ലുതാം ശോചന്തീം	ഇവിടെ അഴലിൽ മുഴുകിയുഴലുന്ന
രാമസ്യ മഹിഷീം ജാനകീം	രാമപത്നിയെ, ജാനകീദേവിയെ
ദേവീം ദദർശ ച	കാണാനും ഇടയായി.
അത്ര ആഗതഃ	ഇവിടെ എത്തിച്ചേർന്ന
അഹം കൃതകൃത്യഃ	ഞാൻ കൃതകൃത്യനാണ്.
ഇതി ഉക്ത്വാ അഥ	ഇത്രയും പറഞ്ഞതിനുശേഷം
ബുദ്ധിമതാം വരഃ	മതിമാന്മാരിൽ മുമ്പൻ
മാരുതിഃ ഉപരരാമ	മാരുതി മൗനംപൂണ്ടു.

സീതാ ക്രമേണ തത് സർവ്വം ശ്രുത്വാ വിസ്മയമായയൗ
കിമിദം മേ ശ്രുതം വ്യോമ്നി വായുനാ സമുദീരിതം. 16

ക്രമേണ (ഉക്തം)	ക്രമപൂർവ്വം
തത് സർവ്വം ശ്രുത്വാ സീതാ	പറഞ്ഞതെല്ലാം കേട്ട്
വിസ്മയം ആയയൗ	സീത വിസ്മിതയായി.
വ്യോമ്നി മേ ശ്രുതം ഇദം	വിണ്ണിൽ ഞാൻ ഈ കേട്ടത്
കിം വായുനാ സമുദീരിതം	തെന്നലാൽ ചൊല്ലപ്പെട്ടതാണോ?

സ്വപ്നോ വാ മേ മനോഭ്രാന്തിർയദി വാ സത്യമേവ തത്
നിദ്രാ മേ നാസ്തി ദുഃഖേന ജാനാമ്യേതത് കുതോ ഭ്രമഃ. 17

സ്വപ്നഃ വാ മേ മനോഭ്രാന്തിഃ	കിനാവോ, എന്റെ മതിഭ്രമമോ?
യദി വാ തത് സത്യം ഏവ	അഥവാ ഇതു നേരുതന്നെയോ?
ദുഃഖേന മേ നിദ്രാ നാസ്തി	അല്ലലാൽ എനിക്കുറക്കമില്ലല്ലോ.
	(അതിനാൽ സ്വപ്നമല്ല)
(ശ്രുതം) ഏതത് ജാനാമി	കേട്ടത് അറിയാവുന്നതുമാണ്.
കുതഃ ഭ്രമഃ	പിന്നെ എങ്ങനെ ഭ്രമമാകും?

യേന മേ കർണ്ണപീയൂഷം വചനം സമുദീരിതം
സ ദൃശ്യതാം മഹാഭാഗഃ പ്രിയവാദീ മമാഗ്രതഃ. 18

മേ കർണ്ണപീയൂഷം വചനം	എന്റെ കാതിന് അമൃതമായ വചനം
യേന സമുദീരിതം	ആരാൽ ഉരചെയ്യപ്പെട്ടുവോ,
സഃ പ്രിയവാദീ മഹാഭാഗഃ	ആ പ്രിയഭാഷി, പൂജനീയൻ
മമ അഗ്രതഃ ദൃശ്യതാം	എന്റെ മുന്നിൽ കാണപ്പെടട്ടെ.

ശ്രുത്വാ തജ്ജാനകീവാക്യം ഹനുമാൻ പത്രഖണ്ഡതഃ
അവതീര്യ ശനൈഃ സീതാപുരതഃ സമവസ്ഥിതഃ. 19

തത് ജാനകീവാക്യം ശ്രുത്വാ	ആ ജാനകീവചനം കേട്ട്
ഹനുമാൻ ശനൈഃ പത്രഖണ്ഡതഃ	മാരുതി മെല്ലെ ഇലച്ചില്ലകളിൽനിന്ന്
അവതീര്യ സീതാ പുരതഃ	ഇറങ്ങി സീതയുടെ മുമ്പിൽ
സമവസ്ഥിതഃ	വന്നു നിന്നു.

കലവിങ്കപ്രമാണാംഗോ രക്താസ്യഃ പീതവാനരഃ
നനാമ ശനകൈഃ സീതാം പ്രാഞ്ജലിഃ പുരതഃ സ്ഥിതഃ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കലവിങ്കപ്രമാണാംഗഃ	കുരുവിയെപ്പോലെ (ചെറിയ) ആകാരവും
രക്താസ്യഃ പീതവാനരഃ	ചുവന്ന മുഖവുമുള്ള ആ മഞ്ഞക്കുരങ്ങൻ
ശനകൈഃ സീതാം നനാമ	മെല്ലെ സീതയെ വണങ്ങി.
പ്രാഞ്ജലിഃ പുരതഃ സ്ഥിതഃ	കൈകൂപ്പി മുന്നിൽ നിന്നു.

ദൃഷ്ട്വാ തം ജാനകീ ഭീതാ രാവണോഽയമുപാഗതഃ
മാം മോഹയിതുമായാതോ മായയാ വാനരാകൃതിഃ. 21

ഇത്യേവം ചിന്തയിത്വാ സാ തൂഷ്ണീമാസീദധോമുഖീ
പുനരപ്യാഹ താം സീതാം ദേവി യത്ത്വം വിശങ്കസേ. 22

നാഹം തഥാവിധോ മാതഃ ത്യജ ശങ്കാം മയി സ്ഥിതാം
ദാസോഹം കോസലേന്ദ്രസ്യ രാമസ്യ പരമാത്മനഃ. 23

സചിവോഹം ഹരീന്ദ്രസ്യ സുഗ്രീവസ്യ ശുഭപ്രദേ
വായോഃ പുത്രോഹമഖിലപ്രാണഭൃതസ്യ ശോഭനേ. 24

തം ദൃഷ്ട്വാ അയം രാവണഃ	അവനെക്കണ്ടപ്പോൾ, ഈ വന്നതു്
ഉപാഗതഃ മായയാ	രാവണനാണു്, മായയാൽ
വാനരാകൃതിഃ മാം	വാനരാകൃതിയായി എന്നെ
മോഹയിതും ആയാതഃ	മോഹിപ്പിക്കാൻ എത്തിയിരിക്കയാണു്,
ഇതി ജാനകീ ഭീതാ (അഭവത്)	എന്നു നിനച്ചു് സീത നടുങ്ങി.
ഇതി ഏവം ചിന്തയിത്വാ	ഇങ്ങനെ ചിന്തിച്ചു്
സാ അധോമുഖീ തൂഷ്ണീം ആസീത്	അവൾ മുഖം കുനിച്ചു് മിണ്ടാതിരുന്നു.
പുനഃ അപി താം	പിന്നെയും ആ സീതയോടു്
സീതാം (മാരുതിഃ) ആഹ	മാരുതി ചൊല്ലി:
ദേവി അഹം ത്വം യത്	ദേവി, ഞാൻ അങ്ങു് ആശങ്കിക്കുന്നവിധ—
വിശങ്കസേ ന തഥാവിധഃ	ത്തിലുള്ളവനല്ല.
മാതഃ മയി സ്ഥിതാം	അമ്മേ, എന്നിലുള്ള
ശങ്കാം ത്യജ	ശങ്ക വെടിഞ്ഞാലും.
അഹം കോസലേന്ദ്രസ്യ	ഞാൻ കോസലപതിയായ
രാമസ്യ പരമാത്മനഃ ദാസഃ	രാമപരമാത്മാവിന്റെ ദാസനാണു്.
ഹരീന്ദ്രസ്യ സുഗ്രീവസ്യ	കപീന്ദ്രനായ സുഗ്രീവന്റെ
സചിവഃ അഹം	മന്ത്രിയുമാണു് ഞാൻ.
ശുഭപ്രദേ അഹം	ശുഭപ്രദേ, ഞാൻ
അഖിലപ്രാണഭൃതസ്യ	എല്ലാ ജീവികൾക്കും പ്രാണനായ
വായോഃ പുത്രഃ	വായുവിന്റെ മകനാകുന്നു.

തച്ഛ്രുത്വാ ജാനകീ പ്രാഹ ഹനുമന്തം കൃതാഞ്ജലിം
വാനരാണാം മനുഷ്യാണാം സംഗതിർഘടതേ കഥം? 25

യഥാ ത്വം രാമചന്ദ്രസ്യ ദാസോഽഹമിതി ഭാഷസേ
താമാഹ മാരുതിഃ പ്രീതോ ജാനകീം പുരതഃ സ്ഥിതഃ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത് ശ്രുത്വാ ജാനകീ കൃതാഞ്ജലിഃ ഹനൂമന്തം പ്രാഹ	അതു കേട്ട് ജാനകി കൈതൊഴുതു നിന്ന മാരുതിയോടു ചോദിച്ചു:
ത്വം യഥാ ഭാഷസേ രാമചന്ദ്രസ്യ ദാസഃ അഹം ഇതി	നീ പറയുന്നതു് 'രാമചന്ദ്രന്റെ ദാസനാണു് ഞാനെ'ന്നാണല്ലോ.
വാനരാണാം മനുഷ്യാണാം സംഗതിഃ കഥം ഘടതേ	(പക്ഷേ) കപികൾക്കും മാനവർക്കും തമ്മിൽ പേർച്ച് എങ്ങനെയാണു് സാധിതമാകുക?
പുരതഃ സ്ഥിതഃ മാരുതിഃ പ്രീതഃ താം ജാനകീം ആഹ	മുമ്പിൽ നിന്ന മാരുതി പ്രീതനായി ആ ജാനകിയോടു പറഞ്ഞു.

ഋഷ്യമൂകനഗാദ് രാമഃ ശബര്യാ നോദിതോ സുധീഃ .
സുഗ്രീവോ ഋഷ്യമൂകസ്ഥോ ദൃഷ്ടവാൻ രാമലക്ഷ്മണൗ. 27

ഭീതോ മാം പ്രേഷയാമാസ ജ്ഞാതും രാമസ്യ ഹൃദ്ഗതം
ബ്രഹ്മചാരിവപുർധൃത്വാ ഗതോഽഹം രാമസന്നിധിം. 28

ശബര്യാ നോദിതഃ സുധീഃ രാമഃ ഋഷ്യമൂകം അഗാത്	ശബരിയാൽ നിർദ്ദിഷ്ടനായ ബുദ്ധിമാൻ രാമൻ ഋഷ്യമൂകത്തിലേക്കു പോയി.
ഋഷ്യമൂകസ്ഥഃ സുഗ്രീവഃ രാമലക്ഷ്മണൗ ദൃഷ്ടവാൻ	ഋഷ്യമൂകത്തിൽ വസിച്ചിരുന്ന സുഗ്രീവൻ രാമലക്ഷ്മണന്മാരെ കണ്ടു.
ഭീതഃ (സഃ) രാമസ്യ ഹൃദ്ഗതം ജ്ഞാതും മാം പ്രേഷയാമാസ	ഭീതനായ അദ്ദേഹം രാമന്റെ മനോഗതമറിവാൻ എന്നെ നിയോഗിച്ചു.
ബ്രഹ്മചാരിവപുഃ ധൃത്വാ അഹം രാമസന്നിധിം ഗതഃ	ബ്രഹ്മചാരിവേഷം ധരിച്ച് ഞാൻ രാമന്നരികിലെത്തി.

ജ്ഞാത്വാ രാമസ്യ സദ്ഭാവം സ്കന്ധോപരി നിധായ തൗ
നീത്വാ സുഗ്രീവസാമീപ്യം സഖ്യം ചാകരവം തയോഃ. 29

രാമസ്യ സദ്ഭാവം ജ്ഞാത്വാ തൗ സ്കന്ധോപരി നിധായ സുഗ്രീവസാമീപ്യം നീത്വാ തയോഃ സഖ്യം ച അകരവം	രാമന്റെ സദ്ഭാവമറിഞ്ഞപ്പോൾ അവരെ (രാമലക്ഷ്മണന്മാരെ) തോളിലേറ്റി സുഗ്രീവസമീപമെത്തിക്കുകയും അവരെത്തമ്മിൽ സഖ്യംചെയ്യിക്കുകയും ചെയ്തു.

സുഗ്രീവസ്യ ഹൃതാ ഭാര്യാ ബാലിനാ തം രഘൂത്തമഃ
ജഘാനൈകേന ബാണേന തതോ രാജ്യേഽഭ്യഷേചയത്. 30

സുഗ്രീവം വാനരാണാം സ പ്രേഷയാമാസ വാനരാൻ
ദിഗ്ഭ്യോ മഹാബലാൻ വീരാൻ ഭവത്യാഃ പരിമാർഗ്ഗണേ. 31

സുഗ്രീവസ്യ ഭാര്യാം ഹൃതാ ബാലിനാ	സുഗ്രീവന്റെ ഭാര്യയെ അപഹരിച്ചിരുന്നു ബാലി.
തം രഘൂത്തമഃ ഏകേന ബാണേന ജഘാന	അവനെ (ബാലിയെ) രഘുവരൻ ഒരൊറ്റ ബാണംകൊണ്ടാണു് കൊന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഗ്രീവം വാനരാണാം രാജ്യേ	സുഗ്രീവനെ വാനരക്കു് അരചനായി
അഭ്യഷേചയത്	വാഴിക്കയും ചെയ്തു.
തതഃ സഃ ഭവത്യാഃ	പിന്നെ അദ്ദേഹം ഭവതിയെത്തേടി
പരിമാർഗ്ഗണേ ദിഗ്ഭ്യഃ	നാനാദിക്കിലേക്കും
മഹാബലാൻ വാനരാൻ	മഹാശക്തരായ കപികളെ
പ്രേഷയാമാസ	അയച്ചു

ഗച്ഛന്തം രാഘവോ ദൃഷ്ട്വാ മാമഭാഷത സാദരം. 32

ഗച്ഛന്തം മാം ദൃഷ്ട്വാ	പോകുന്ന എന്നെ നോക്കി
രാഘവഃ സാദരം അഭാഷത	രാമൻ പ്രീതിപൂർവ്വം അരുളി:

ത്വയി കാര്യമശേഷം മേ സ്ഥിതം മാരുതനന്ദന,
ബ്രൂഹി മേ കുശലം സർവ്വം സീതായൈ ലക്ഷ്മണസ്യ ച. 33

മാരുതനന്ദന മേ കാര്യം അശേഷം	വായുപുത്രാ, എന്റെ കാര്യമശേഷം
ത്വയി സ്ഥിതം	നിന്നിലാണു് നിലകൊള്ളുന്നതു്.
മേ ലക്ഷ്മണസ്യ ച	എന്റെയും ലക്ഷ്മണന്റെയും
കുശലം സർവ്വം സീതായൈ ബ്രൂഹി	കുശലമെല്ലാം സീതയെ അറിയിക്കുക.

അംഗുലീയകമേതൻമേ പരിജ്ഞാനാർത്ഥമുത്തമം
സീതായൈ ദീയതാം സാധു മന്നാമാക്ഷരമുദ്രിതം. 34

മന്നാമാക്ഷരമുദ്രിതം മേ ഏതത്	എന്റെ നാമാക്ഷരം കൊത്തിയ എന്റെയീ
ഉത്തമം അംഗുലീയകം	ഉത്തമമോതിരം നിന്നെ
സാധു പരിജ്ഞാനാർത്ഥം	നന്നായി അറിയാനുതകുമാറു്
സീതായൈ ദീയതാം	സീതയ്ക്കു നല്കണം.

ഇത്യുക്ത്വാ പ്രദദൗ മഹ്യം കരാഗ്രാദംഗുലീയകം
പ്രയത്നേന മയാനീതം ദേവി, പശ്യാംഗുലീയകം. 35

ഇതി ഉക്ത്വാ അംഗുലീയകം	ഇങ്ങനെ ചൊല്ലി, മോതിരം
കരാഗ്രാത് മഹ്യം പ്രദദൗ	കൈവിരലിൽനിന്നൂരി എന്നെ ഏല്പിച്ചു.
ദേവി പ്രയത്നേന മയാ	ദേവി, സൂക്ഷ്മതയോടെ ഞാൻ
ആനീതം അംഗുലീയകം പശ്യ	കൊണ്ടുവന്ന ആ മോതിരം കണ്ടാലും.

ഇത്യുക്ത്വാ പ്രദദൗ ദേവ്യൈ മുദ്രികാം മാരുതാത്മജഃ
നമസ്കൃത്യ സ്ഥിതോ ദൂരാത് ബദ്ധാഞ്ജലിപുടോ ഹരിഃ. 36

മാരുതാത്മജഃ ഇതി ഉക്ത്വാ	മാരുതി ഇങ്ങനെ പറഞ്ഞു്
ദേവ്യൈ മുദ്രികാം പ്രദദൗ	ദേവിക്കായി അംഗുലീയകമർപ്പിച്ചു.
നമസ്കൃത്യ ബദ്ധാഞ്ജലിപുടഃ	താണുവണങ്ങി, തൊഴുകൈകളോടെ
ഹരിഃ ദൂരാത് സ്ഥിതഃ	കപി അകലെ നില്പായി.

ദൃഷ്ട്വാ സീതാ പ്രമുദിതാ രാമനാമാങ്കിതാം തദാ
മുദ്രികാം ശിരസാ ധൃത്വാ സ്രവദാനന്ദനേത്രജാ. 37

കപേ മേ പ്രാണദാതാ ത്വം ബുദ്ധിമാനസി രാഘവേ
ഭക്തോഽസി പ്രിയകാരീ ത്വം വിശ്വാസോഽസ്തി തവൈവ ഹി. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നോ ചേത് മത്സന്നിധിം ചാന്യം പുരുഷം പ്രേഷയേത് കഥം
ഹനുമൻ ദൃഷ്ടമഖിലം മമ ദുഃഖാദികം ത്വയാ. 39

രാമനാമാങ്കിതം	രാമനാമം രേഖപ്പെടുത്തിയ
മുദ്രികാം ദൃഷ്ട്വാ	മോതിരം കണ്ട്
സീതാ തദാ പ്രമുദിതാ (അഭവത്)	സീതയപ്പോൾ ഏററവുമാഹ്ലാദിച്ചു.
മുദ്രികാം ശിരസാ ധൃത്വാ	മോതിരം നെറുകയിൽ വച്ച്
സ്രവദാനന്ദനേത്രജാ	ബാഷ്പം ചൊരിഞ്ഞുകൊണ്ട് അവൾ
(ഉവാച)	പറഞ്ഞുതുടങ്ങി.
കപേ ത്വം മേ	കപിവര, നീ എനിക്ക്
പ്രാണദാതാ അസി	ജീവൻ തന്നവനാണ്.
ബുദ്ധിമാൻ രാഘവേ ഭക്തഃ	ബുദ്ധിമാനും രാമഭക്തനും
പ്രിയകാരീ ത്വം	പ്രിയങ്കരനുമാണ് നീ.
തവ ഏവ	നിന്നിലേ
വിശ്വാസഃ അസ്തി	(അദ്ദേഹത്തിന്) വിശ്വാസമുള്ളൂ.
നോ ചേത് അന്യം പുരുഷം	അല്ലെങ്കിൽ ഒരന്യപുരുഷനെ
മത്സന്നിധിം പ്രേഷയേത്	എൻെറ സമീപത്തേക്കയയ്ക്കുന്നതു്
കഥം	എങ്ങനെ?
ഹനുമൻ മമ ദുഃഖാദികം അഖിലം	മാരുതി, എൻെറ ദുഃഖാദികളെല്ലാം
ത്വയാ ദൃഷ്ടം	നീ കണ്ടല്ലോ.

സർവ്വം കഥയ രാമായ യഥാ മേ ജായതേ ദയാ
മാസദ്വയാവധി പ്രാണാഃ സ്ഥാസ്യന്തി മമ സത്തമ. 40
നാഗമിഷ്യതി ചേത് രാമോ ഭക്ഷയിഷ്യതി മാം ഖലഃ.

മേ ദയാ ജായതേ യഥാ	എൻെറനേരെ ദയ തോന്നത്തക്കവിധം
സർവ്വം രാമായ കഥയ	എല്ലാം രാമനോടു പറയുക.
സത്തമ മമ പ്രാണാഃ	സത്തുക്കളിൽ ശ്രേഷ്ഠ, എൻെറ പ്രാണൻ
മാസദ്വയാവധി സ്ഥാസ്യന്തി	ഇനി രണ്ടു മാസമേ നിലനിൽക്കൂ.
രാമഃ ന ആഗമിഷ്യതി ചേത്	(അതിനകം) രാമൻ വന്നില്ലെങ്കിൽ,
ഖലഃ മാം ഭക്ഷയിഷ്യതി	ദുഷ്ടനെന്നെ ഭക്ഷിക്കും.

അതഃ ശീഘ്രം കപീന്ദ്രേണ സുഗ്രീവേണ സമന്വിതഃ. 41

വാനരാനീകപൈഃ സാർദ്ധം ഹത്വാ രാവണമാഹവേ
സപുത്രം സബലം രാമോ യദി മാം മോചയേത് പ്രഭുഃ. 42

തത്തസ്യ സദൃശം വീര്യം വീര, വർണ്ണയ വർണ്ണിതം
യഥാ മാം താരയേദ്രാമോ ഹത്വാ ശീഘ്രം ദശാനനം. 43

തഥാ യതസ്വ ഹനുമൻ വാചാ ധർമ്മമവാപ്നുഹി.

അതഃ കപീന്ദ്രേണ സുഗ്രീവേണ	അതിനാൽ, കപീന്ദ്രനായ സുഗ്രീവനും
സമന്വിതഃ വാനരാനീകപൈഃ	വാനരസേനാപതികളുമൊത്തു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാദരം ശീഘ്രം (ആഗത്യ)	ശീഘ്രമെത്തി,
സബലം സപുത്രം	സൈനികപുത്രസഹിതനായ
രാവണം ആഹവേ ഹത്വാ	രാവണനെ പോരിൽ കൊന്നു്
യദിപ്രഭുഃ രാമഃ	ഭഗവാൻ രാമൻ
മാം മോചയേത്	എന്നെ മോചിപ്പിക്കുമെങ്കിൽ,
വീര വർണ്ണിതം	അല്ലയോ വീര, (ഏവരാലും) പുകഴ്ത്തപ്പെടുന്ന
തസ്യ തത് വീര്യം	അദ്ദേഹത്തിന്റെ ആ ധീരത
സദൃശം	സദൃശമെന്നു്, സമുചിതമെന്നു്,
വർണ്ണയ	വർണ്ണിച്ചുകൊള്ളുക.
ഹനുമൻ യഥാ ശീഘ്രം	ഹനുമാൻ, എങ്ങനെയായാൽ ശീഘ്രം
ദശാനനം ഹത്വാ രാമഃ മാം	രാവണനെ വധിച്ചു് രാമൻ എന്നെ
താരയേത് തഥാ യതസ്വ	വീണ്ടെടുക്കുമോ, ആവിധം യത്നിക്കുക.
വാചാ ധർമ്മം അവാപ്നുഹി	(അങ്ങനെ) വാക്കാൽ ധർമ്മം നേടുക.

ഹനൂമാനപി താമാഹ ദേവി ദൃഷ്ടോ യഥാ മയാ. 44

രാമഃ സലക്ഷ്മണഃ ശീഘ്രമാഗമിഷ്യതി സായുധഃ
സുഗ്രീവേണ സസൈന്യേന ഹത്വാ ദശമുഖം ബലാത്. 45
സമാനേഷ്യതി ദേവി ത്വാമയോദ്ധ്യാം നാത്ര സംശയഃ.

ഹനൂമാൻ അപി താം ആഹ	ഹനുമാൻ അവളെ അറിയിച്ചു:
ദേവി സലക്ഷ്മണഃ രാമഃ	ദേവി, ലക്ഷ്മണസമേതനായ രാമൻ
യഥാ മയാ ദൃഷ്ടഃ	എപ്പോഴാ എന്നാൽ കാണപ്പെട്ടുവോ, (അപ്പോഴത്തന്നെ)
സസൈന്യേന സുഗ്രീവേണ	സേനാസഹിതനായ സുഗ്രീവനുമൊത്തു്
സായുധഃ ആഗമിഷ്യതി	സായുധനായി വന്നുചേരും.
ദശമുഖം ബലാത്	രാവണനെ ബലത്താൽ
ഹത്വാ ത്വാം അയോദ്ധ്യാം	സംഹരിച്ചു് അങ്ങയെ അയോദ്ധ്യയിലേക്കു
സമാനേഷ്യതി	കൊണ്ടുപോകും.
അത്ര ന സംശയഃ	ഇതിൽ സംശയമില്ല.

തമാഹ ജാനകീ രാമഃ കഥം വാരിധിമാതതം. 46

തീർത്ത്വാ യാസ്യത്യമേയാത്മാ വാനരാനീകപൈഃ സഹ
ഹനൂമാനാഹ മേ സ്കന്ധാവാരുഹ്യ പുരുഷർഷഭൗ. 47

ആയാസ്യതഃ സസൈന്യശ്ച സുഗ്രീവോ വാനരേശ്വരഃ
വിഹായസാ ക്ഷണേനൈവ തീർത്ത്വാ വാരിധിമാതതം. 48
നിർദ്ദഹിഷ്യതി രക്ഷൗഘാംസ്ത്വത്കൃതേ നാത്ര സംശയഃ.

താം ജാനകീ ആഹ	അവനോടു് ജാനകി ചോദിച്ചു:
അമേയാത്മാ രാമഃ	അമേയാത്മാവായ രാമൻ
വാനരാനീകപൈഃ സഹ	വാനരപ്പടനായകരോടൊത്തു്
ആതതം വാരിധിം തീർത്ത്വാ	വിസ്തൃതമായ വാരിധി താണ്ടി
കഥം ആയാസ്യതി	എങ്ങനെ എത്തിച്ചേരും?
ഹനൂമാൻ ആഹ	ഹനുമാൻ മറുപടി നല്കി:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേ സ്കന്ധം ആരുഹ്യ പുരുഷർഷഭൗ ആയാസ്യതഃ	എന്റെ തോളിലേറിയാണ് ആ നരവരരിരുവരും വരുന്നതു്.
സസൈന്യഃ വാനരേശ്വരഃ സുഗ്രീവഃ ച ക്ഷണേന ഏവ ആതതം വാരിധിം വിഹായസാ തീർത്വാ ത്വത് കൃതേ രക്ഷോഘ്നാൻ നിർഹനിഷ്യതി അത്ര ന സംശയഃ	സേനാസമേതനായ വാനരാധിപൻ സുഗ്രീവനും ക്ഷണംകൊണ്ടുതന്നെ വിശാലമായ ജലധി ഗഗനമാർഗ്ഗം കടന്നുവന്നു് അവിടുത്തേക്കായി രാക്ഷസപ്പരിഷകളെ ചുട്ടെരിക്കും, ഇതിൽ സന്ദേഹമില്ലു്.

അനുജ്ഞാം ദേഹി മേ ദേവി, ഗച്ഛാമി ത്വരയാന്വിതഃ. 49

ദ്രഷ്ടും രാമം സഹ ഭ്രാത്രാ ത്വരയാമി തവാന്തികം
ദേവി, കിഞ്ചിദഭിജ്ഞാനം ദേഹി മേ യേന രാഘവഃ. 50

വിശ്വസേൻമാം പ്രയത്നേന തതോ ഗന്താ സമുത്സുകഃ
തതഃ കിഞ്ചിദ്വിചാര്യാഥ സീതാ കമലലോചനാ. 51

വിമുച്യ കേശപാശാന്തേ സ്ഥിതാം ചൂഡാമണിം ദദൗ
അനേന വിശ്വസേദ്രാമഃ ത്വാം കപീന്ദ്ര സലക്ഷ്മണഃ. 52

ദേവി അനുജ്ഞാം ദേഹി	ദേവി, വിടതരൂ.
ഭ്രാത്രാ സഹ രാമം ദ്രഷ്ടും ത്വരയാ അന്വിതഃ ഗച്ഛാമി	അനുജനോടൊത്ത രാമനെക്കാണാൻ അതിവേഗം ഞാൻ പോകട്ടെ.
തതഃ തവ അന്തികം ദ്രഷ്ടും ച ത്വരയാമി	പിന്നീടവിടുത്തെ സന്നിധി ദർശിപ്പാനും എനിക്കു ധൃതിയുണ്ടു്.
ദേവി യേന രാഘവഃ മാം വിശ്വസേത് കിഞ്ചിത് അഭിജ്ഞാനം മേ ദേഹി	ദേവി, രാഘവൻ എന്നെ വിശ്വസിക്കുമാറു്, എന്തെങ്കിലുമടയാളംകൂടി എനിക്കു തരുമാറാകണം.
തതഃ പ്രയത്നേന സമുത്സുകഃ ഗന്താ	പിന്നെ പ്രയത്നപൂർവ്വം, ഉത്സാഹത്തോടെ പൊയ്ക്കൊള്ളാം.
തതഃ കമലലോചനാ സീതാ കിഞ്ചിദ് വിചാര്യ കേശപാശാന്തേ സ്ഥിതാം ചൂഡാമണിം വിമുച്യ ദദൗ	അനന്തരം കമലലോചന സീത അല്പമൊന്നാലോചിച്ചു് മുടിക്കെട്ടിനുള്ളിലിരുന്ന ചൂഡാമണി എടുത്തു കൊടുത്തു.
കപീന്ദ്ര അനേന സലക്ഷ്മണഃ രാമഃ ത്വാം വിശ്വസേത്	'കപീന്ദ്ര, ഇതിനാൽ ലക്ഷ്മണസമേതൻ രാമൻ നിന്നെ വിശ്വസിച്ചുകൊള്ളും.'

അഭിജ്ഞാനാർത്ഥമന്യച്ച വദാമി തവ സുവ്രത,
ചിത്രകൂടഗിരൗ പൂർവ്വമേകദാ രഹസി സ്ഥിതഃ
മദങ്കേ ശിര ആധായ നിദ്രാതി രഘുനന്ദനഃ. 53

സുവ്രത അഭിജ്ഞാനാർത്ഥം അന്യത് ച തവ വദാമി	പരിശുദ്ധ, അടയാളത്തിനു് മറ്റൊന്നുകൂടി നിന്നോടു പറയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ്വം ഏകദാ ചിത്രകൂടഗിരൗ	മുമ്പൊരിക്കൽ ചിത്രകൂടഗിരിയിൽ,
രഹസി സ്ഥിതഃ	ഏകാന്തതയിൽക്കഴിഞ്ഞ
രഘുനന്ദനഃ മദങ്കേ	രാമൻ എന്റെ മടിയിൽ
ശിര ആധായ നിദ്രാതി (സ്മ)	തലവച്ചുറങ്ങി.

ഐന്ദ്രഃ കാകഃ തദാഗത്യ നഖൈഃ തുണ്ഡേന ചാസകൃത്
മത്പാദാംഗുഷ്ഠമാരക്തം വിദദാരാമിഷാശയാ. 54

തദാ ഐന്ദ്രഃ	അപ്പോൾ ഇന്ദ്രപുത്രൻ (ജയന്തൻ)
കാകഃ* ആഗത്യ	കാക്കയായി വന്ന്.
ആരക്തം മത്പാദാംഗുഷ്ഠം	എന്റെ അരുണമായ കാൽപ്പെരുവിരൽ
ആമിഷാശയാ നഖൈഃ തുണ്ഡേന ച	ഇറച്ചിക്കൊതിയാൽ നഖവും ചുണ്ടും
അസകൃത് വിദദാര	കൊണ്ട് പലവുരു കൊത്തിക്കീറി.

തതോ രാമഃ പ്രബുദ്ധ്യാഥ ദൃഷ്ട്വാ പാദം കൃതവ്രണം
കേന ഭദ്രേ കൃതം ചൈതദ് വിപ്രിയം മേ ദുരാത്മനാ. 55

അഥ രാമഃ പ്രബുദ്ധ്യ	അനന്തരം രാമനുണർന്ന്;
കൃതവ്രണം പാദം ദൃഷ്ട്വാ	മുറിപ്പെടുത്തിയ പാദം കണ്ട് (ചോദിച്ചു):
ഭദ്രേ കേന ദുരാത്മനാ മേ വിപ്രിയം	'ഭദ്രേ, ഏതു ദുഷ്ടനാണ് എനിക്കനിഷ്ടമായ
ഏതദ് കൃതം	ഈ (കടുംകൈ) ചെയ്തത്?'

ഇത്യുക്ത്വാ പുരതോഽപശ്യത് വായസം മാം പുനഃ പുനഃ
അഭിദ്രവന്തം രക്താക്തനഖതുണ്ഡം ചുകോപ ഹ. 56

ഇതി ഉക്ത്വാ	ഇങ്ങനെ ചോദിക്കവെ,
മാം പുനഃ പുനഃ	എന്റെനേരെ വീണ്ടും വീണ്ടും
അഭിദ്രവന്തം രക്താക്ത–	പാഞ്ഞടുക്കുന്ന, ചോരപുരണ്ട
നഖതുണ്ഡം വായസം	നഖവും ചുണ്ടുമുള്ള, കാക്കയെ
പുരതഃ അപശ്യത്	മുന്നിൽക്കണ്ടു (ജാട്ടഹത്തിന് കൗശലമായ)
ചുകോപ ഹ!	കോപമുണ്ടായി!

തൃണമേകമുപാദായ ദിവ്യാസ്ത്രേണാഭിയോജ്യ തം
ചിക്ഷേപ ലീലയാ രാമോ വായസോപരി തജ്ജ്വലത്. 57

അഭ്യദ്രവദ്വായസശ്ച ഭീതോ ലോകാൻ ഭ്രമൻ പുനഃ
ഇന്ദ്രബ്രഹ്മാദിഭിശ്ചാപി ന ശക്യോ രക്ഷിതും തദാ. 58

രാമസ്യ പാദയോരഗ്രേഽപതത് ഭീത്യാ ദയാനിധേഃ
ശരണാഗതമാലോക്യ രാമസ്തമിദമബ്രവീത്. 59

ഏകം തൃണം ഉപാദായ	ഒരു പുൽക്കൊടിയെടുത്ത്,
തത് ദിവ്യാസ്ത്രേണ അഭിയോജ്യ	അത് ദിവ്യാസ്ത്രത്തോട് യോജിപ്പിച്ച്,
ലീലയാ രാമഃ	വിനോദാർത്ഥം രാമൻ
വായസോപരി ചിക്ഷേപ	കാക്കയുടെനേരെ അയച്ചു.
ജ്വലത് തത് അഭ്യദ്രവത്	ജ്വലിക്കുന്ന അത് പറഞ്ഞെത്തി.

* വാല്മീകി തികച്ചും വ്യത്യസ്തമായ രീതിയിലാണ് ഈ സംഭവം വർണ്ണിക്കുന്നത്. 'ശക്രസുതന്റെ കഥ 'ഓർമ്മിപ്പിക്കുക എന്നു മാത്രം പറഞ്ഞ് തുളസീദാസൻ മുന്നോട്ടുപോകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭീതഃ വായസഃ ലോകാൻ പുനഃ ഭ്രാൻ	ഭീതനായ കാക്ക ലോകങ്ങളിലെല്ലാം പലവുരു ചുററി.
ഇന്ദ്രബ്രഹ്മാദിഭിഃ ച അപി രക്ഷിതും ന ശക്യഃ	ഇന്ദ്രബ്രഹ്മാദികളാൽപ്പോലും രക്ഷിപ്പാനാകാത്ത (നിലയിലായി).
തദാ ഭീത്യാ ദയാനിധേഃ രാമസ്യ പാദയോഃ അഗ്രേ അപതത്	അപ്പോൾ ഭീതിയോടെ, ദയാനിധിയായ രാമന്റെ കാല്ക്കൽ പതിച്ചു.
ശരണാഗതം തം ആലോക്യ രാമഃ ഇദം അബ്രവീത്	ശരണാഗതനായ അവനെ തൃക്കൺപാർത്ത് രാമൻ ഇങ്ങനെയരുളി.

അമോഘമേതദസ്ത്രം മേ ദത്വൈകാക്ഷമിതോ വ്രജ
സവ്യം ദത്വാ ഗതഃ കാകഃ ഏവം പൗരുഷവാനപി. 60

ഉപേക്ഷതേ കിമർത്ഥം മാമിദാനീം സോപി രാഘവഃ
ഹനൂമാനപി താമാഹ ശ്രുത്വാ സീതാനുഭാഷിതം. 61

ദേവി, ത്വാം യദി ജാനാതി സ്ഥിതാമത്ര രഘൂത്തമഃ
കരിഷ്യതി ക്ഷണാദ് ഭസ്മ ലങ്കാം രാക്ഷസമണ്ഡിതാം. 62

മമ ഏതദ് അസ്ത്രം അമോഘം	എന്റെ ഈ അമ്പ് വ്യർത്ഥം പോകുന്നതല്ല.
ഏകാക്ഷം ദത്വാ ഇതഃ വ്രജ	ഒരു മിഴി (ലക്ഷ്യമായി) നല്കിയിട്ട് നീ ഇവിടം വിട്ടുകൊള്ളുക.
സവ്യം ദത്വാ കാകഃ ഗതഃ	(അങ്ങനെ) ഇടതുമിഴി കൊടുത്ത് കാക്ക സ്ഥലം വിട്ടു.
ഏവം പൗരുഷവാൻ അപി കിമർത്ഥം സഃ രാഘവഃ മാം ഇദാനീം ഉപേക്ഷതേ	ഇത്ര പൗരുഷശാലിയായിട്ടും എന്തുകൊണ്ടാണ് ആ രാഘവൻ എന്നെയിപ്പോൾ തള്ളിക്കളയുന്നത്?
സീതാനുഭാഷിതം ശ്രുത്വാ ഹനുമാൻ അപി താം ആഹ	സീതയുടെ മൊഴി കേട്ട് ഹനുമാൻ അവളോടു പറഞ്ഞു:
ദേവി ത്വാം യദി അത്ര സ്ഥിതാം ജാനാതി രാക്ഷസമണ്ഡിതാം ലങ്കാം രഘൂത്തമഃ ക്ഷണാത് ഭസ്മ കരിഷ്യതി	ദേവി, അങ്ങ് ഇവിടെയുണ്ടെന്നറിഞ്ഞാൽ രാക്ഷസർ തിങ്ങുന്ന ഈ ലങ്കയെ രഘുവരൻ ക്ഷണത്തിൽ ഭസ്മീകരിക്കും.

ജാനകീ പ്രാഹ താം വത്സ കഥം ത്വം യോത്സ്യസേഽസുരൈഃ
അതിസൂക്ഷ്മവപുസ്സർവ്വേ വാനരാശ്ച ഭവാദൃശാഃ. 63

ജാനകീ തം പ്രാഹ	ജാനകി അവനോടു ചോദിച്ചു:
വത്സ ത്വം അതിസൂക്ഷ്മവപുഃ	കുഞ്ഞേ, നീ തീരെ ചെറിയശരീരനാ- ണല്ലോ.
കഥം അസുരൈഃ യോത്സ്യസേ	എങ്ങനെ അസുരരോട് അടരാടും?
സർവ്വേ വാനരാഃ ച ഭവാദൃശാഃ	എല്ലാ വാനരരും നിന്നെപ്പോലെയായിരിക്കുമല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുത്വാ തദ്വചനം ദേവ്യൈ പൂർവ്വരൂപമദർശയത്
മേരുമന്ദരസങ്കാശം രക്ഷോഗണവിഭീഷണം. 64

ദൃഷ്ട്വാ സീതാ ഹനൂമന്തം മഹാപർവ്വതസന്നിഭം
ഹർഷേണ മഹതാവിഷ്ടാ പ്രാഹ തം കപികുഞ്ജരം. 65

തദ്വചനം ശ്രുത്വാ	ആ വചനം കേട്ടപ്പോൾ
പൂർവ്വരൂപം	(മാരുതി) തന്റെ പൂർവ്വരൂപം
ദേവ്യൈ അദർശയത്	ദേവിക്കു കാട്ടിക്കൊടുത്തു.
മേരുമന്ദരസങ്കാശം	മേരുമന്ദരഗിരികൾക്കു തുല്യനും
രക്ഷോഗണവിഭീഷണം	രാക്ഷസഗണങ്ങളെ ഭീതിപ്പെടുത്തുന്നവനും
മഹാപർവ്വതസന്നിഭം	മഹാപർവ്വതസദൃശനുമായ
ഹനൂമന്തം ദൃഷ്ട്വാ മഹതാ	ഹനുമാനെക്കണ്ടു് വലിയ
ഹർഷേണ ആവിഷ്ടാ	ആഹ്ലാദത്താൽ ആവേശംപൂണ്ട
സീതാ തം കപികുഞ്ജരം പ്രാഹ	സീത ആ കപിവരനോടരുളി:

സമർത്ഥോഽസി മഹാസത്വ, ദ്രക്ഷ്യന്തി ത്വാം മഹാബലം
രാക്ഷസ്യസ്തേ ശുഭഃ പന്ഥാ ഗച്ഛ രാമാന്തികം ദ്രുതം. 66

മഹാസത്വ	തികഞ്ഞ കരുത്തുററവനേ,
ത്വം സമർത്ഥഃ അസി	നീ സമർത്ഥനാണു്.
മഹാബലം	(ഇനി ഇവിടെ നിന്നാൽ) പ്രബലനായ
ത്വാം രാക്ഷസ്യഃ ദ്രക്ഷ്യന്തി	നിന്നെ രാക്ഷസികൾ കണ്ടേക്കാം.
ദ്രുതം രാമാന്തികം ഗച്ഛ	പെട്ടെന്നു് രാമസമീപമെത്തുക.
തേ പന്ഥാ ശുഭഃ	നിന്റെ മാർഗ്ഗം ശോഭനമാകട്ടെ.

ബുഭുക്ഷിതഃ കപിഃ പ്രാഹ ദർശനാത് പാരണം മമ
ഭവിഷ്യതി ഫലൈഃ സർവ്വൈഃ തവദൃഷ്ടൗ സ്ഥിതൈർഹി മേ.

ബുഭുക്ഷിതഃ കപിഃ പ്രാഹ	വിശന്നു വലഞ്ഞ കപി പറഞ്ഞു:
ദർശനാത്	ഭവതിയെ ദർശിച്ചുകഴിഞ്ഞതിനാൽ
തവ ദൃഷ്ടൗ സ്ഥിതൈഃ	അവിടത്തെ കൺമുമ്പിൽ നില്ക്കുന്ന
ഫലൈഃ സർവ്വൈ മമ	ഈ പഴങ്ങളെല്ലാം എനിക്കിന്നു്
പാരണം ഭവിഷ്യതി	പാരണമായി ഭവിക്കട്ടെ.

വ്രതസമാപ്തിയിൽ കഴിക്കുന്ന ഭക്ഷണം പാരണം. ഭവതിയെ ദർശിച്ചതോടെ വ്രതത്തിന്റെ ഒരു ഘട്ടം ശുഭമായി പര്യവസാനിച്ചു. ഭക്ഷണം അതിനാൽ തികച്ചും വിഹിതംതന്നെ. അവിടത്തെ കൺമുമ്പിലുള്ള തരുക്കളിലെ പഴങ്ങൾ വിശേഷിച്ചും മേന്മയേറിയവയാണല്ലോ.

തഥേത്യുക്തഃ സ ജാനക്യാ ഭക്ഷയിത്വാ ഫലം കപിഃ
തതഃ പ്രസ്ഥാപിതോഽഗച്ഛജ്ജാനകീം പ്രണിപത്യ സഃ
കിഞ്ചിദ്ദൂരമഥോ ഗത്വാ സ്വാത്മന്യേവാനുചിന്തയത്. 68

തഥാ ഇതി ജാനക്യാ	'അങ്ങനെയാകട്ടെ' എന്നു ജാനകിയാൽ
ഉക്തഃ സ കപിഃ	അനുജ്ഞാതനായ ആ കപി
ഫലം ഭക്ഷയിത്വാ പ്രസ്ഥാപിതഃ	ഫലങ്ങളും ഭുജിച്ചതിനുശേഷം വിടവാങ്ങി.
ജാനകീം പ്രണിപത്യ	ജാനകിയെ പ്രണമിച്ചു്
അഗച്ഛത്	(അവൻ) നടകൊണ്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ കിഞ്ചിത് ദൂരം ഗത്വാ	പിന്നെ തെല്ലുദൂരം ചെന്നപ്പോൾ
സ്വാത്മനി ഏവ	തന്റെ ഉള്ളിൽത്തന്നെ ഈവിധം
അന്വചിന്തയത്	ചിന്തിച്ചു:

കാര്യാർത്ഥമാഗതോ ദൂതഃ സ്വാമികാര്യാവിരോധതഃ
അന്യത് കിഞ്ചിദസംപാദ്യ ഗച്ഛത്യധമ ഏവ സഃ. 69

കാര്യാർത്ഥം ആഗതഃ ദൂതഃ	(ഒരു) കാര്യത്തിനായി വരുന്ന ദൂതൻ,
സ്വാമികാര്യാവിരോധതഃ	സ്വാമികാര്യത്തിനനുരോധമാംവിധം
അന്യത് കിഞ്ചിത്	മററു കാര്യംകൂടെ
അസംപാദ്യ (യദി) ഗച്ഛതി	സാധിക്കാതങ്ങു പോയാൽ
സഃ അധമ ഏവ	അവനൊരു അധമൻതന്നെയായിരിക്കും.

അതോഽഹം കിഞ്ചിദന്യച്ച കൃത്വാ ദൃഷ്ട്വാഥ രാവണം
സംഭാഷ്യ ച തതോ രാമദർശനാർത്ഥം വ്രജാമ്യഹം. 70

അതഃ അഹം അന്യത് കിഞ്ചിത്	അതിനാൽ ഞാൻ, മററെന്തെങ്കിലുംകൂടെ
ച കൃത്വാ രാവണം ദൃഷ്ട്വാ	ചെയ്തു്, രാവണനെ കണ്ടു്
സംഭാഷ്യ ച തതഃ	സംഭാഷണവും നടത്തിയതിനുശേഷം
രാമദർശനാർത്ഥം വ്രജാമി	രാമദർശനത്തിനായി പോകുകതന്നെ.

ഇതി നിശ്ചിത്യ മനസാ വൃക്ഷഖണ്ഡാൻ മഹാബലഃ
ഉത്പാട്യാശോകവനികാം നിർവൃക്ഷാമകരോത്
ക്ഷണാത്. 71

മനസാ ഇതി നിശ്ചിത്യ	മനസ്സാലിങ്ങനെ നിശ്ചയിച്ചു്
മഹാബലഃ വൃക്ഷഖണ്ഡാൻ	ആ മഹാബലവാൻ, തരുനിര
ഉത്പാട്യ ക്ഷണാത്	കടപുഴക്കി, ഞൊടിയിടയിൽ
അശോകവനികാം	അശോകവനിക
നിർവൃക്ഷാം അകരോത്	വൃക്ഷശൂന്യമാക്കി.

സീതാശ്രയനഗം ത്യക്ത്വാ വനം ശൂന്യം ചകാര സഃ
ഉത്പാടയന്തം വിപിനം ദൃഷ്ട്വാ രാക്ഷസയോഷിതഃ. 72
അപൃച്ഛൻ ജാനകീം കോഽസൗ വാനരാകൃതിരുദ്ഭടഃ. 73

സീതാശ്രയനഗം ത്യക്ത്വാ	സീതയ്ക്കാശ്രയമായ മരമൊഴിച്ചു്
വനം സഃ ശൂന്യം ചകാര	ഉപവനം (എല്ലാം) അവൻ ശൂന്യമാക്കി.
വിപിനം ഉത്പാടയന്തം	വനം തകർക്കുന്ന
ദൃഷ്ട്വാ രാക്ഷസയോഷിതഃ	അവനെ കണ്ടപ്പോൾ രാക്ഷസിമാർ
ജാനകീം അപൃച്ഛൻ	സീതയോടു് ആരാഞ്ഞു:
വാനരാകൃതിഃ	വാനരരൂപിയായ
അസൗ ഉദ്ഭടഃ കഃ	ഈ ഉദ്ദണ്ഡൻ ആരാണാവോ?

ജാനകീ ഉവാച: ജാനകി പറഞ്ഞു

ഭവത്യ ഏവ ജാനന്തി മായാം രാക്ഷസനിർമ്മിതാം
നാഹമേനം വിജാനാമി ദുഃഖശോകസമാകുലാ. 74

രാക്ഷസനിർമ്മിതാം മായാം	രാക്ഷസനിർമ്മിതമായ മായ
ഭവത്യ ഏവ ജാനന്തി	ഭവതിമാർക്ക് അറിയാനാവൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖശോകസമാകുലാ അഹം — അഴലിലുഴറുന്ന എനിക്ക്
ഏനം ന വിജാനാമി — ഇവനെ അറിഞ്ഞുകൂട.

ഇത്യുക്താസ്ത്വരിതം ഗത്വാ രാക്ഷസ്യോ ഭയപീഡിതാഃ
ഹനൂമതാ കൃതം സർവ്വം രാവണായ ന്യവേദയൻ. 75

ഇതി ഉക്താഃ രാക്ഷസ്യഃ — ഇങ്ങനെ പറയപ്പെട്ട രാക്ഷസിമാർ
ഭയപീഡിതാഃ ത്വരിതം ഗത്വാ — ഭയന്നു നടുങ്ങി പെട്ടെന്നു ചെന്ന്
ഹനൂമതാ കൃതം സർവ്വം — ഹനുമാൻ ചെയ്ത കാര്യമെല്ലാം
രാവണായ ന്യവേദയൻ — രാവണനെ അറിയിച്ചു.

ദേവ, കശ്ചിൻമഹാസത്വോ വാനരാകൃതിദേഹഭൃത്
സീതയാ സഹ സംഭാഷ്യ ഹ്യശോകവനികാം ക്ഷണാത്
ഉത്പാട്യ ചൈത്യപ്രാസാദം ബഭഞ്ജാധികവിക്രമഃ 76

ദേവ വാനരാകൃതി — ദേവ, വാനരാകൃതിയിൽ
ദേഹഭൃത് കശ്ചിത് മഹാസത്വഃ — ഉടൽപേറിയ ഒരു മഹാസത്വം
സീതയാ സഹ സംഭാഷ്യ — സീതയുമായി സംഭാഷണം ചെയ്തതിനു-
ക്ഷണാത് — ശേഷം ഞൊടിയിടയിൽ
അശോകവനികാം ഉത്പാട്യ — അശോകവനിക താറുമാറാക്കി;
അമിതവിക്രമഃ — ആ മഹാവിക്രമി
ചൈത്യപ്രാസാദം ബഭഞ്ജ — യജ്ഞമന്ദിരം ഇടിച്ചുകളഞ്ഞിരിക്കുന്നു.

പ്രാസാദരക്ഷിണഃ സർവ്വാൻ ഹത്വാ തത്രൈവ തസ്ഥിവാൻ
തച്ഛ്രുത്വാ തൂർണ്ണമുത്ഥായ വനഭംഗം മഹാപ്രിയം. 77

കിങ്കരാൻ പ്രേഷയാമാസ നിയുതം രാക്ഷസാധിപഃ
നിർഭഗ്നചൈത്യപ്രാസാദപ്രഥമാന്തരസംസ്ഥിതഃ 78

ഹനുമാൻ പർവ്വതാകാരോ ലോഹസ്തംഭകൃതായുധഃ
കിഞ്ചില്ലാംഗുലചലനോ രക്താസ്യോ ഭീഷണാകൃതിഃ 79

ആപതന്തം മഹാസംഘം രാക്ഷസാനാം ദദർശ സഃ
ചകാര സിംഹനാദം ച ശ്രുത്വാ തേ മുമുഹുർഭൃശം. 80

സർവ്വാൻ പ്രാസാദരക്ഷിണഃ — എല്ലാ പ്രാസാദരക്ഷകരെയും
ഹത്വാ തത്ര ഏവ — കൊന്നിട്ട് (അവൻ) അവിടെത്തന്നെ
തസ്ഥിവാൻ — നില്ക്കയാണ്.

മഹാപ്രിയം തത് വനഭംഗം — ഏററവും അപ്രിയമായ ആ വനഭംഗവാർത്ത
ശ്രുത്വാ രാക്ഷസാധിപഃ — കേട്ട് രാക്ഷസാധിപൻ
തൂർണ്ണം ഉത്ഥായ — പിടഞ്ഞെഴുന്നേറ്റു;
നിയുതം കിങ്കരാൻ പ്രേഷയാമാസ — അനേകലക്ഷം കിങ്കരന്മാരെ (അങ്ങോട്ട്) അയച്ചു.

ലോഹസ്തംഭകൃതായുധഃ — ഇരുമ്പുതൂണ് ആയുധമാക്കിയവനും
നിർഭഗ്നചൈത്യപ്രാസാദ- — താൻ തകർത്ത യജ്ഞമന്ദിരത്തിന്റെ
പ്രഥമാന്തരസംസ്ഥിതഃ — ആദ്യഭാഗത്ത് നിലയുറപ്പിച്ചവനും
കിഞ്ചിത് ലാംഗുലചലനഃ — അല്പമായി വാലിളക്കുന്നവനും
രക്താസ്യഃ പർവ്വതാകാരഃ — അരുണമുഖനും പർവ്വതാകാരനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭീഷണാകൃതിഃ സഃ	ഭീഷണരൂപിയുമായ
ഹനുമാൻ രാക്ഷസാനാം	ആ ഹനുമാൻ രാക്ഷസന്മാരെ
മഹാസംഘം ആപതന്തം ദദർശ	വൻകൂട്ടം വരുന്നതു കണ്ടു്
സിംഹനാദം ചകാര	സിംഹനാദം മുഴക്കി.
ശ്രുത്വാ തേ ഭൃശം മുമുഹുഃ	കേട്ടു് അവർ ഏറ്റവും മോഹിച്ചു.

ഹനൂമന്തമഥോ ദൃഷ്ട്വാ രാക്ഷസാഃ ഭീഷണാകൃതിം
നിർജ്ജഘ്നുർവ്വിവിധാസ്ത്രൗഘൈഃ സർവ്വരാക്ഷസഘാതിനം. 81

സർവ്വരാക്ഷസഘാതിനം	രാക്ഷസരെ ഒന്നാകെ വകവരുത്തുന്ന,
ഭീഷണാകൃതിം ഹനൂമന്തം ദൃഷ്ട്വാ	ഭീകരരൂപിയായ മാരുതിയെ കണ്ടപ്പോൾ
അഥ രാക്ഷസാഃ	രാക്ഷസർ (അദ്ദേഹത്തിനെതിരെ)
വിവിധാസ്ത്രൗഘൈഃ	പലതരം ആയുധങ്ങളാൽ
നിർജ്ജഘ്നുഃ	പ്രഹാരം തുടങ്ങി.

തത ഉത്ഥായ ഹനൂമാൻ മുദ്ഗരേണ സമന്തതഃ
നിഷ്പിപേഷ ക്ഷണാദേവ മശകാനിവ യൂഥപഃ. 82

തതഃ ഹനുമാൻ ഉത്ഥായ	അനന്തരം ഹനുമാൻ എഴുന്നേററു്,
യൂഥപഃ മശകാൻ ഇവ	ആനത്തലവൻ ഈച്ചകളെയെന്നപോലെ
മുദ്ഗരേണ ക്ഷണാത് ഏവ	ഇരുമ്പുലക്കകൊണ്ടു് ക്ഷണത്തിൽത്തന്നെ
സമന്തതഃ നിഷ്പിപേഷ	(ചുററും നിന്ന രാക്ഷസരെ) തച്ചുതച്ചു.

നിഹതാൻ കിങ്കരാൻ ശ്രുത്വാ രാവണഃ ക്രോധമൂർച്ഛിതഃ
പഞ്ചസേനാപതീംസ്തത്ര പ്രേഷയാമാസ ദുർമ്മദാൻ 83

കിങ്കരാൻ നിഹതാൻ ശ്രുത്വാ	കിങ്കരന്മാർ കൊല്ലപ്പെട്ടതു കേട്ടു്
ക്രോധമൂർച്ഛിതഃ രാവണഃ	കോപംമൂത്ത രാവണൻ,
ദുർമ്മദാൻ പഞ്ചസേനാപതീൻ	മദമത്തരായ അഞ്ചു സേനാനികളെ
തത്ര പ്രേഷയാമാസ	അങ്ങോട്ടയച്ചു.

ഹനൂമാനപി താൻ സർവ്വാൻ ലോഹസ്തംഭേന ചാഹനത്
തതഃ ക്രുദ്ധോ മന്ത്രിസുതാൻ പ്രേഷയാമാസ സപ്ത സഃ. 84

ലോഹസ്തംഭേന ഹനൂമാൻ താൻ	ഇരുമ്പുദണ്ഡുകൊണ്ട് ഹനുമാൻ അവരെ
സർവ്വാൻ അപി അഹനത് ച	എല്ലാവരേയും അടിച്ചുകൊന്നു.
തതഃ സഃ	അനന്തരം അവൻ
സപ്തമന്ത്രിസുതാൻ പ്രേഷയാമാസ	ഏഴു മന്ത്രികുമാരന്മാരെയാണു് അയച്ചതു്.

ആഗതാനപി താൻ സർവ്വാൻ പൂർവ്വവദ് വാനരേശ്വരഃ
ക്ഷണാന്നിശ്ശേഷതോ ഹത്വാ ലോഹസ്തംഭേന മാരുതിഃ. 85

പൂർവ്വസ്ഥാനമുപാശ്രിത്യ പ്രതീക്ഷൻ രാക്ഷസാൻ സ്ഥിതഃ
തതോ ജഗാമ ബലവാൻ കുമാരോഽക്ഷ പ്രതാപവാൻ. 86

ആഗതാൻ താൻ സർവ്വാൻ അപി	വന്നുചേർന്ന ആ സകലരേയും
വാനരേശ്വരഃ മാരുതിഃ	വാനരാധിപൻ മാരുതി
പൂർവ്വവത് ക്ഷണാത്	മുമ്പിലത്തെപ്പോലെ, ക്ഷണത്തിൽ
ലോഹസ്തംഭേന നിശ്ശേഷതഃ ഹത്വാ	ഇരുമ്പുവടിയാൽ നിശ്ശേഷം തച്ചുകൊന്നു.
പൂർവ്വസ്ഥാനം ഉപാശ്രിത്യ	(എന്നിട്ടു്) താൻ മുമ്പിരുന്ന സ്ഥാനത്തു-
രാക്ഷസാൻ പ്രതീക്ഷൻ സ്ഥിതഃ	തന്നെ രാക്ഷസരെ കാത്തു നില്പായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതാപവാൻ ബലവാൻ	പ്രതാപിയും ബലവാനുമായ
കുമാരഃ അക്ഷഃ തതഃ ജഗാമ	അക്ഷകുമാരനാണ് പിന്നീട് പോയത്.

തമുത്പപാത ഹനുമാൻ ദൃഷ്ട്വാകാശേ സമുദ്ഗരഃ
ഗഗനാത് ത്വരിതോ മൂർധ്നി മുദ്ഗരേണ വ്യതാഡയത്. 87
ഹത്വാ തമക്ഷം നിശ്ശേഷം ബലം സർവ്വം ചകാര സഃ. 88

തം ദൃഷ്ട്വാ ഹനുമാൻ	അവനെ കണ്ടപ്പോൾ ഹനുമാൻ
സമുദ്ഗരഃ ആകാശേ	ഇരുമ്പുവടിയുമായി ആകാശത്തോളം
ഉത്പപാത	കുതിച്ചുപൊങ്ങി.
ഗഗനാത് ത്വരിതഃ	ആകാശത്തുനിന്നുതന്നെ ശീഘ്രം
മൂർധ്നി	(അക്ഷകുമാരന്റെ) തലയ്ക്ക്
മുദ്ഗരേണ വ്യതാഡയത്	ഇരുമ്പുവടികൊണ്ട് ആഞ്ഞടിച്ചു.
തം അക്ഷം ഹത്വാ	ആ അക്ഷനെ കൊന്നതിനുശേഷം
ബലം സർവ്വം	സൈന്യത്തെയുമെല്ലാം
സഃ നിശ്ശേഷം ചകാര	അവൻ നിശ്ശേഷമാക്കി.

തതഃ ശ്രുത്വാ കുമാരസ്യ വധം രാക്ഷസപുംഗവഃ
ക്രോധേന മഹതാവിഷ്ട ഇന്ദ്രജേതാരമബ്രവീത്. 89

പുത്ര ഗച്ഛാമ്യഹം തത്ര യത്രാസ്തേ പുത്രഹാ രിപുഃ
ഹത്വാ തമഥവാ ബദ്ധ്വാ ആനയിഷ്യാമി തേƒന്തികം. 90

കുമാരസ്യ വധം ശ്രുത്വാ	അക്ഷകുമാരന്റെ വധവാർത്ത കേട്ട്
മഹതാ കോപേന ആവിഷ്ട	കൊടിയ കോപാവേശം പൂണ്ട
രാക്ഷസപുംഗവഃ തതഃ	രാക്ഷസേശ്വരൻ, അനന്തരം
ഇന്ദ്രജേതാരം അബ്രവീത്	ഇന്ദ്രജിത്തിനോട് പറഞ്ഞു:
പുത്ര മേ പുത്രഹാ	മകനേ, എന്റെ കുഞ്ഞിനെ കൊന്ന
രിപുഃ യത്ര ആസ്തേ	ശത്രു എവിടെയിരിക്കുന്നുവോ
തത്ര അഹം ഗച്ഛാമി	അവിടേക്ക് ഞാൻ പോകുകയാണ്.
ഹത്വാ അഥവാ ബദ്ധ്വാ	കൊന്നോ ബന്ധിച്ചോ
തം തേ അന്തികം	അവനെ നിന്റെ സമീപം
ആനയിഷ്യാമി	കൊണ്ടുവരാം.

ഹനുമാനെ കൊല്ലാൻ മക്കൾക്കായില്ല എന്ന് രാവണനു തോന്നിയിരിക്കാം. സ്വയം രാവണൻ പോകാനൊരുങ്ങിയതുകൊണ്ട് കാര്യത്തിന്റെ ഗൗരവം ഇന്ദ്രജിത്തിനു ബോദ്ധ്യപ്പെട്ടു. അവൻ യുദ്ധത്തിനു പോകുകയും ചെയ്തു.

ഇന്ദ്രജിത് പിതരം പ്രാഹ ത്യജ ശോകം മഹാമതേ
മയി സ്ഥിതേ കിമർത്ഥം ത്വം ഭാഷസേ ദുഃഖിതം വചഃ. 91

ബദ്ധ്വാ നേഷ്യേ ദ്രുതം താത, വാനരം ബ്രഹ്മപാശതഃ
ഇത്യുക്ത്വാ രഥമാരുഹ്യ രാക്ഷസൈസ്സർവ്വതഃ. 92

ജഗാമ വായുപുത്രസ്യ സമീപം വീരവിക്രമഃ.

ഇന്ദ്രജിത് പിതരം പ്രാഹ	ഇന്ദ്രജിത്ത് അച്ഛനോട് പറഞ്ഞു:
മഹാമതേ ശോകം ത്യജ	മഹാത്മൻ, ശോകം വെടിഞ്ഞാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മയി സ്ഥിതേ കിമർത്ഥം ത്വം ദുഃഖിതം വചഃ ഭാഷസേ	ഞാൻ (ജീവനോടെ) ഇരിക്കവേ എന്തിനാണു് അങ്ങു് ആവലാന്ന മൊഴി അരുളുന്നതു്?
താത ബ്രഹ്മപാശതഃ ബദ്ധ്വാ വാനരം ദ്രുതം ആനയേ	പിതാവേ, ബ്രഹ്മപാശത്താൽ ബന്ധിച്ചു് കുരങ്ങനെ വേഗം (ഇവിടെ) കൊണ്ടുവരാം.
ഇതി ഉക്ത്വാ രഥം ആരുഹ്യ ബഹുഭിഃ രാക്ഷസൈഃ വൃതഃ വീരവിക്രമഃ വായുപുത്രസ്യ സമീപം ജഗാമ	ഇങ്ങനെ പറഞ്ഞു് തേരിലേറി ധാരാളം രാക്ഷസരാൽ പരിവൃതനായ ആ വീരവിക്രമൻ (ഇന്ദ്രജിത്തു്) മാരുതി— യുടെ സമീപത്തേക്കു പോയി.

തതോഽതിഗർജ്ജിതം ശ്രുത്വാ സ്തംഭമുദ്യമ്യ വീര്യവാൻ. 93
ഉത്പപാത നഭോദേശം ഗരുത്മാനിവ മാരുതിഃ.

അതിഗർജ്ജിതം ശ്രുത്വാ വീര്യവാൻ മാരുതിഃ സ്തംഭം ഉദ്യമ്യ ഗരുത്മാൻ ഇവ നഭോദേശം ഉത്പപാത	കടുത്ത അലച്ച കേട്ടപ്പോൾ വീരഹനുമാൻ ഇരുമ്പുതൂണുമുയർത്തി ഗരുഡനെപ്പോലെ ആകാശത്തേക്കു കുതിച്ചു.

തതോ ഭ്രമന്തം നഭസി ഹനൂമന്തം ശിലീമുഖൈഃ. 94
വിദ്ധ്വാ തസ്യ ശിരോഭാഗമിഷുഭിശ്ചാഷ്ടഭിഃ പുനഃ
ഹൃദയം പാദയുഗളം ഷഡ്ഭിരേകേന വാലധിം. 95
ഭേദയിത്വാ തതോ ഘോരം സിംഹനാദമഥാകരോത്.

നഭസി ഭ്രമന്തം ഹനൂമന്തം ശിലീമുഖൈഃ വിദ്ധ്വാ അഷ്ടഭിഃ ഇഷുഭിഃ തസ്യ ശിരോഭാഗം ഷഡ്ഭിഃ ഹൃദയം പാദയുഗളം വാലധിം ഭിത്വാ	മാനത്തു ചുററുന്ന ഹനുമാനെ ബാണങ്ങളാൽ മുറിപ്പെടുത്തി, എട്ടു് അമ്പുകളാൽ അവന്റെ ശിരോഭാഗവും ആറുകൊണ്ടു് ഹൃദയവും കാലിണയും വാലും ഭേദിച്ചു.
അഥ തതഃ ഘോരം സിംഹനാദം അകരോത്	അവിടെ നിന്നുകൊണ്ടു് പിന്നെ ഘോരമായ സിംഹനാദം മുഴക്കി.

തതോഽതിഹർഷാദ്ധനുമാൻ സ്തംഭമുദ്യമ്യ വീര്യവാൻ. 96
ജഘാന സാരഥിം സാശ്വം രഥം ചാചൂർണ്ണയത് ക്ഷണാത്
തതോഽന്യം രഥമാദായ മേഘനാദോ മഹാബലഃ. 97
ശീഘ്രം ബ്രഹ്മാസ്ത്രമാദായ ബദ്ധ്വാ വാനരപുംഗവം
നിനായ നികടം രാജ്ഞോ രാവണസ്യ മഹാബലഃ. 98

തതഃ വീര്യവാൻ ഹനുമാൻ അതിഹർഷാത് സ്തംഭം ഉദ്യമ്യ ക്ഷണാത് സാരഥിം ജഘാന സാശ്വം രഥം ച അചൂർണ്ണയത്	അനന്തരം വീരഹനുമാൻ വമ്പിച്ച ഉത്സാഹത്തോടെ ഇരുമ്പുതൂണുയർത്തി അടിച്ചു് ക്ഷണത്തിൽ സാരഥിയെ കൊന്നു. കുതിരയോടൊപ്പം തേരും പൊടിയാക്കി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാബലഃ മേഘനാദഃ തതഃ	അതിശക്തനായ മേഘനാദൻ പിന്നെ
അന്യം രഥം ആദായ ശീഘ്രം	മറെറാരു തേരിലേറി ശീഘ്രം
ബ്രഹ്മാസ്ത്രം ആദായ, വാനരപുംഗവം	ബ്രഹ്മാസ്ത്രമെടുത്തു് വാനരനായകനെ
ബദ്ധ്വാ രാവണസ്യ രാജ്ഞഃ	ബന്ധിച്ച് രാവണരാജാവിൻെറ
നികടം നിനായ	അരികിലേക്ക കൊണ്ടുപോയി.

യസ്യ നാമ സതതം ജപന്തി യേ-
ഽജ്ഞാനകർമ്മകൃതബന്ധനം ക്ഷണാത്
സദ്യ ഏവ പരിമുച്യ തത്പദം
യാന്തി കോടിരവിഭാസുരം ശിവം. 99

തസ്യൈവ രാമസ്യ പദാംബുജം സദാ
ഹൃത്പദ്മമദ്ധ്യേ സുനിധായ മാരുതിഃ
സദൈവ നിർമ്മുക്തസമസ്തബന്ധനഃ
കിം തസ്യ പാശൈരിതരൈശ്ച ബന്ധനൈഃ. 100

യസ്യ നാമ സതതം	യാതൊരുവൻെറ തിരുനാമം നിരന്തരം
യേ ജപന്തി (തേ)	ഏവർ ജപിക്കുന്നുവോ അവർ
അജ്ഞാനകർമ്മ-	അജ്ഞാനമൂലകമായ കർമ്മം
കൃതബന്ധനം ക്ഷണാത്	വരുത്തിവച്ച ബന്ധനം ക്ഷണത്തിൽ
പരിമുച്യ കോടിരവിഭാസുരം	വിട്ടുവിച്ച് കോടിസൂര്യഭാസുരവും
ശിവം തത്പദം	മംഗലമയവുമായ ആ തിരുവടികളിൽ
സദ്യ ഏവ യാന്തി	സത്വരം എത്തിച്ചേരുന്നു.
തസ്യ രാമസ്യ പദാംബുജം ഏവ	ആ രാമൻെറ കാൽത്താർമാത്രം
സദാ ഹൃത്പദ്മമദ്ധ്യേ സുനിധായ	എപ്പോഴും ഉൾപ്പൂവിലുറപ്പിച്ച
മാരുതിഃ സദാ ഏവ	മാരുതി എന്നെന്നേക്കുമായി
നിർമ്മുക്തസമസ്തബന്ധനഃ	സകലവിധ ബന്ധനങ്ങളിൽനിന്നും
	വിടുതൽ നേടിയവനാണ്.
തസ്യ	അദ്ദേഹത്തിന് (ബ്രഹ്മാസ്ത്രാദി)
ഇതരൈഃ പാശൈഃ ബന്ധനൈഃ	മററു പാശങ്ങളാലും കെട്ടുകളാലും
ച കിം	എന്താണ് (ഹാനി? ഒന്നുമില്ല).

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
സുന്ദരകാണ്ഡേ തൃതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
സുന്ദരകാണ്ഡം മൂന്നാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം നാല്

ഹനുമദ്രാവണസംവാദം—ലങ്കാദഹനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

യാന്തം കപീന്ദ്രം ധൃതപാശബന്ധനം
വിലോകയന്തം നഗരം വിഭീതവത്
അതാഡയൻമുഷ്ടിതലൈഃ സുകോപനാഃ
പൗരാഃ സമന്താദനുയാന്ത ഈക്ഷിതും. 1

ധൃതപാശബന്ധനം	പാശബന്ധനം പേറിയവനും
വിഭീതവത് നഗരം	ഭീതനെപ്പോലെ നഗരം
വിലോകയന്തം യാന്തം	നോക്കി പൊയ്ക്കൊണ്ടിരുന്നവനുമായ
കപീന്ദ്രം ഈക്ഷിതും	കപീന്ദ്രനെക്കാണാൻ
സമന്താത് അനുയാന്തഃ	ചുററി പിമ്പേകൂടിയ,
സുകോപനാഃ പൗരാഃ	അതിരോഷപൂർണ്ണ നഗരവാസികൾ
മുഷ്ടിതലൈഃ അതാഡയൻ	കൈത്തലങ്ങളാൽ (അവനെ) അടിച്ചു.

ബ്രഹ്മാസ്ത്രമേനം ക്ഷണമാത്രസംഗമം
കൃത്വാ ഗതം ബ്രഹ്മവരേണ സത്വരം
ജ്ഞാത്വാ ഹനൂമാനപി ഫൽഗുരജ്ജുഭിഃ
ധൃതോ യയൗ കാര്യവിശേഷഗൗരവാത്. 2

ബ്രഹ്മവരേണ	ബ്രഹ്മാവു് (മുമ്പു നല്കിയ)
ഏനം ക്ഷണമാത്രസംഗമം	വരപ്രഭാവത്താൽ അവനോടു് അല്പനേരം
കൃത്വാ ബ്രഹ്മാസ്ത്രം	ചേർന്നിരുന്നിട്ടു് ബ്രഹ്മാസ്ത്രം
സത്വരം ഗതം	പെട്ടെന്നു വിട്ടുപോയി.
ജ്ഞാത്വാ അപി ഹനൂമാൻ	(അതു്) അറിഞ്ഞിട്ടും ഹനുമാൻ
കാര്യവിശേഷഗൗരവാത്	കാര്യവിശേഷത്തിലുള്ള ഗൗരവത്താൽ
ഫൽഗുരജ്ജുഭിഃ ധൃതഃ യയൗ	ചെറുകയർക്കെട്ടു വിടുത്താതെയാണു് പോയതു്.

സഭാന്തരസ്ഥസ്യ ച രാവണസ്യ തം
പുരോ നിധായാഹ വലാരിജിത്തദാ
ബദ്ധോ മയാ ബ്രഹ്മവരേണ വാനരഃ
സമാഗതോഽനേന ഹതാഃ മഹാഽസുരാഃ. 3

തദാ സഭാന്തരസ്ഥസ്യ	അപ്പോൾ സഭാമധ്യത്തിലിരുന്ന
രാവണസ്യ പുരഃ തം നിധായ	രാവണന്റെ മുമ്പിൽ അവനെ നിറുത്തി—
വലാരിജിത് ആഹ	യിട്ടു് ഇന്ദ്രജിത്തു് അറിയിച്ചു:
ബ്രഹ്മവരേണ മയാ	(ഇതാ) ബ്രഹ്മവരത്താൽ ഞാൻ
ബദ്ധഃ വാനരഃ സമാഗതഃ	ബന്ധിച്ച വാനരൻ എത്തിയിട്ടുണ്ടു്.
അനേന മഹാഽസുരാഃ ഹതാഃ	ഇവനാണു് മഹാരാക്ഷസരെ കൊന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദ്യുക്തമത്രാര്യ വിചാര്യ മന്ത്രിഭിഃ
വിധീയതാമേഷ ന ലൗകികോ ഹരിഃ
തതോ വിലോക്യാഹ സ രാക്ഷസേശ്വരഃ
പ്രഹസ്തമഗ്രേ സ്ഥിതമഞ്ജനാദ്രിഭം. 4

ആര്യ മന്ത്രിഭിഃ വിചാര്യ	പിതാവേ, മന്ത്രിമാരോട് ആലോചിച്ച്
അത്ര യത് യുക്തം വിധീയതാം	ഇനി യുക്തമായതു വിധിച്ചാലും.
ഏഷഃ ഹരിഃ ന ലൗകികഃ	ഈ വാനരൻ സാധാരണക്കാരനല്ല.
തതഃ സഃ രാക്ഷസേശ്വരഃ	അനന്തരം ആ രാക്ഷസേശ്വരൻ
അഗ്രേ സ്ഥിതം	മുന്നിലിരുന്ന,
അഞ്ജനാദ്രിഭം	അഞ്ജനഗിരിതുല്യനായ,
പ്രഹസ്തം വിലോക്യ ആഹ	പ്രഹസ്തനെ നോക്കി കല്പിച്ചു:

പ്രഹസ്ത പൃച്ഛൈനമസൗ കിമാഗതഃ
കിമത്ര കാര്യം കുത ഏവ വാനരഃ
വനം കിമർത്ഥം സകലം വിനാശിതം
ഹതാഃ കിമർത്ഥം മമ രാക്ഷസാഃ ബലാത്. 5

പ്രഹസ്ത ഏനം പൃച്ഛ	പ്രഹസ്ത, ഇവനോടു ചോദിക്കുക:
അസൗ വാനരഃ കിം ആഗതഃ	ഈ കുരങ്ങൻ എന്തിനു വന്നു?
അത്ര കിം കാര്യം	ഇവിടെ എന്തു കാര്യം?
കുത ഏവ (ആഗതഃ)	എവിടെനിന്നു വന്നു?
വനം സകലം വിനാശിതം കിമർത്ഥം	ഉപവനമെല്ലാം തകർത്തു് എന്തിന്?
മമ രാക്ഷസാഃ ബലാത്	എന്റെ രാക്ഷസരെ ബലാൽ
ഹതാഃ കിമർത്ഥം	കൊന്നതു് എന്തിന്?

തതഃ പ്രഹസ്തോ ഹനുമന്തമാദരാത്
പപ്രച്ഛ കേന പ്രഹിതോഽസി വാനര,
ഭയം ച തേ മാസ്തു വിമോക്ഷ്യസേ മയാ
സത്യം വദസ്വാഖിലരാജസന്നിധൗ. 6

തതഃ ഹനുമന്തം	അനന്തരം മാരുതിയോടു്
പ്രഹസ്തഃ ആദരാത് പപ്രച്ഛ	പ്രഹസ്തൻ സാദരം ചോദിച്ചു:
വാനര കേന പ്രഹിതഃ അസി	വാനര, നീ ആരാൽ അയയ്ക്കപ്പെട്ടവനാണു?
തേ ഭയം മാ അസ്തു	നിനക്കു പേടിയുണ്ടാകേണ്ടതില്ല.
അഖിലരാജസന്നിധൗ	രാജാധിരാജന്റെ മുമ്പിൽ
സത്യം വദസ്വ	സത്യം ബോധിപ്പിച്ചുകൊള്ളുക.
മയാ വിമോക്ഷ്യസേ	ഞാൻ നിന്നെ മോചിപ്പിക്കാം.

തതോഽതിഹൃഷ്ടാത് പവനാത്മജോ രിപും
നിരീക്ഷ്യ ലോകത്രയകണ്ടകാസുരം
വക്തും പ്രചക്രേ രഘുനാഥസത്കഥാം
ക്രമേണ രാമം മനസാ സ്മരൻ മുഹുഃ. 7

തതഃ പവനാത്മജഃ ലോകത്രയ—	അനന്തരം വായുതനയൻ മൂവുലകിനും
കണ്ടകാസുരം രിപും	ദ്രോഹിയായ അസുരനെ, ശത്രുവിനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിരീക്ഷ്യ രാമം മനസാ മുഹുഃ	സൂക്ഷിച്ചുനോക്കി; രാമനെ മനതാരിൽ
സ്മരൻ ക്രമേണ അതിഹൃഷ്ടാത്	പേർത്തും നിനച്ച്, ക്രമപ്രകാരം, അത്യം–
രഘുനാഥസത്കഥാം	ഗ്ദാദപൂർവ്വം, രഘുനാഥന്റെ സൽക്കഥ
വക്തും പ്രചക്രേ	വിവരിച്ചുതുടങ്ങി.

ശൃണു സ്ഫുടം ദേവഗണാദ്യമിത്ര ഹേ
രാമസ്യ ദൂതോഽഹമശേഷഹൃത്സ്ഥിതേഃ
തസ്യാഖിലേശസ്യ ഹൃതാധുനാ ത്വയാ
ഭാര്യാ സ്വനാശായ ശുനേവ സദ്ധവിഃ.   8

ഹേ ദേവഗണാദ്യമിത്ര	ഹേ ദേവഗണാദികൾക്കു ശത്രുവായുള്ളോനേ,
സ്ഫുടം ശൃണു	വ്യക്തമായി കേൾക്കുക.
അശേഷഹൃത്സ്ഥിതേഃ	സകലരുടേയും ഉൾപ്പൂവിൽ വിളങ്ങുന്ന
രാമസ്യ ദൂതഃ അഹം	രാമന്റെ ദൂതനാണ് ഞാൻ.
തസ്യ അഖിലേശസ്യ	ആ അഖിലേശ്വരന്റെ
ഭാര്യാ സ്വനാശായ	ഭാര്യയെയാണല്ലോ ആത്മനാശത്തിനു,
ത്വയാ അധുനാ ഹൃതാ	നീ ഇവിടെ അപഹരിച്ചത്;
സദ്ധവിഃ	പാവനമായ ഹവിസ്സ്
ശുനഃ ഇവ	പട്ടി (കൊണ്ടുപോകുന്ന) പോലെ.

സ രാഘവോഭ്യേത്യ മതംഗപർവ്വതം
സുഗ്രീവമൈത്രീമനലസ്യ സന്നിധൗ
കൃത്വൈകബാണേന നിഹത്യ ബാലിനം
സുഗ്രീവമേവാധിപതിം ചകാര തം.   9

സഃ രാഘവഃ മതംഗപർവ്വതം	ആ രാഘവൻ മതംഗഗിരിയിലെത്തി,
അഭ്യേത്യ അനലസ്യ സന്നിധൗ	അഗ്നിസന്നിധിയിൽ
സുഗ്രീവസ്യ	സുഗ്രീവനുമായി
മൈത്രീം കൃത്വാ ഏകബാണേന	സഖ്യംചെയ്യുകയും ഒററയമ്പിനാൽ
ബാലിനം നിഹത്യ	ബാലിയെ നിഗ്രഹിച്ച്
തം സുഗ്രീവം ഏവ	ആ സുഗ്രീവനെത്തന്നെ
അധിപതിം ചകാര	രാജാവാക്കുകയുംചെയ്തു.

സ വാനരാണാമധിപോ മഹാബലീ
മഹാബലൈർവ്വാനരയൂഥകോടിഭിഃ
രാമേണ സാർധം സഹ ലക്ഷ്മണേന ഭോഃ
പ്രവർഷണേഽമർഷയുതോഽവതിഷ്ഠതേ.   10

ഭോഃ വാനരാണാം അധിപഃ	അല്ലയോ രാവണ, വാനരന്മാരുടെ അധിപ–
സഃ മഹാബലീ	നായ ആ പ്രബലൻ, (ഇപ്പോൾ)
മഹാബലൈഃ	വമ്പിച്ച കരുത്തുററ
വാനരയൂഥകോടിഭിഃ	കോടിക്കണക്കിനു കപിഗണങ്ങളും
രാമേണ സാർധം ലക്ഷ്മണേന സഹ	രാമലക്ഷ്മണന്മാരുമൊത്ത്
പ്രവർഷണേ	പ്രവർഷണഗിരിയിൽ
അമർഷയുതഃ അവതിഷ്ഠതേ	അമർഷത്തോടെ കഴിയുകയാണ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംചോദിതാസ്തേന മഹാഹരീശ്വരാഃ
ധരാസുതാം മാർഗ്ഗയിതും ദിശോ ദശ
തത്രാഹമേകഃ പവനാത്മജഃ കപിഃ
സീതാം വിചിന്വൻ ശനകൈഃ സമാഗതഃ. 11

ധരാസുതാം മാർഗ്ഗയിതും ദശ ദിശഃ	ഭൂമിപുത്രിയെ തേടാൻ പത്തു ദിക്കിലേക്കും
തേന മഹാഹരീശ്വരാഃ	അദ്ദേഹത്താൽ വമ്പരായ വാനരനായകർ
സഞ്ചോദിതാഃ	അയയ്ക്കപ്പെട്ടിരിക്കുന്നു.
തത്ര ഏകഃ കപിഃ അഹം	അവരിൽ ഒരു കപിമാത്രമായ ഞാൻ,
പവനാത്മജഃ സീതാം വിചിന്വൻ	വായുതനയൻ സീതയെത്തേടി
ശനകൈഃ സമാഗതഃ	മെല്ലെ ഇവിടെയെത്തി.

അവരിലൊരു സാധാരണകപി മാത്രമാണ് ഞാൻ. എന്നെക്കൊണ്ട് ഇത്രയൊക്കെ സാധിക്കുമെങ്കിൽ മറ്റുള്ളവർക്കെന്താണ് കഴിയാത്തത് എന്നു ധ്വനി.

ദൃഷ്ട്വാ മയാ പത്മപലാശലോചനാ
സീതാ, കപിത്വാദ്വിപിനം വിനാശിതം
ദൃഷ്ട്വാ തതോഽഹം രഭസാ സമാഗതാൻ
മാം ഹന്തുകാമാൻ ധൃതചാപസായകാൻ. 12

മയാ ഹതാസ്തേ പരിരക്ഷിതം വപുഃ
പ്രിയോഹി ദേഹോഽഖിലദേഹിനാം പ്രഭോ
ബ്രഹ്മാസ്ത്രപാശേന നിബധ്യ മാം തതഃ
സമാഗമൻമേഘനിനാദനാമകഃ. 13

പത്മപലാശലോചനാ	കമലദളലോചനയായ
സീതാ മയാ ദൃഷ്ട്വാ	സീതയെ ഞാൻ കണ്ടു.
കപിത്വാദ്	കപിപ്രകൃതിയാലാണ്
വിപിനം വിനാശിതം	ഉപവനം തകർത്തത്.
ധൃതചാപസായകാൻ	വില്ലും അമ്പുമേന്തി,
മാം ഹന്തുകാമാൻ രഭസാ	എന്നെ കൊല്ലാൻ
സമാഗതാൻ (രാക്ഷസാൻ) ദൃഷ്ട്വാ	പാഞ്ഞടുത്ത (രാക്ഷസരെ) കാണവേ
വപുഃ പരിരക്ഷിതും	സ്വദേഹരക്ഷയ്ക്കായി
മയാ തേ ഹതാഃ	ഞാൻ അവരെ കൊന്നു.
പ്രഭോ ദേഹഃ അഖിലദേഹിനാം	പ്രഭോ, ദേഹം ജീവികൾക്കെല്ലാം
പ്രിയഃ ഹി	പ്രിയംതന്നെയാണല്ലോ.
തതഃ മേഘനിനാദനാമകഃ	പിന്നെ മേഘനാദനെന്ന
ബ്രഹ്മാസ്ത്രപാശേന നിബധ്യ	പേരുടയവൻ ബ്രഹ്മാസ്ത്രപാശത്താൽ
മാം സമാഗമത്	കെട്ടി എന്നെ (ഇവിടെ) ആക്കി.

സ്പൃഷ്ടൈവ മാം ബ്രഹ്മവരപ്രഭാവതഃ
ത്യക്ത്വാ ഗതം സർവ്വമവൈമി, രാവണ,
തഥാപ്യഹം ബദ്ധ ഇവാഗതോ ഹിതം
പ്രവക്തുകാമഃ കരുണാരസാർദ്രധീഃ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണ ബ്രഹ്മവരപ്രഭാവതഃ മാം സ്പൃഷ്ട്വാ ഏവ ത്യക്ത്വാ ഗതം	രാവണ, ബ്രഹ്മവരപ്രഭാവത്താൽ (അസ്ത്രം) എന്നെ തൊട്ടുകമാത്രം ചെയ്തു വിട്ടുപോയി.
സർവ്വം അവൈമി	എല്ലാം എനിക്കറിയാം.
തഥാപി ബദ്ധ ഇവ അഹം ഇഹ ആഗതഃ	എങ്കിലും ബദ്ധനെപ്പോലെ ഞാൻ ഇവിടെയെത്തി.
കരുണാരസാർദ്രധീഃ ഹിതം പ്രവക്തുകാമഃ അസ്മി	കൃപാരസത്താൽ മനമലിഞ്ഞ ഞാൻ (നിനക്ക്) നന്മചൊല്ലിത്തരാൻ ആഗ്രഹിക്കുന്നു.

വിചാര്യ ലോകസ്യ വിവേകതോ ഗതിം
ന രാക്ഷസീം ബുദ്ധിമുപൈഹി രാവണ
ദൈവീം ഗതിം സംസൃതിമോക്ഷഹൈതുകീം
സമാശ്രയാത്യന്തഹിതായ ദേഹിനഃ. 15

രാവണ വിവേകതഃ ലോകസ്യ ഗതിം വിചാര്യ രാക്ഷസീം ബുദ്ധിം ന ഉപൈഹി	രാവണ, വിവേകപൂർവ്വം ലോകസ്വഭാവം ആലോചിക്കുക; ആസുരബുദ്ധി കൈക്കൊള്ളാതിരിക്കുക.
ദേഹിനഃ അത്യന്തഹിതായ സംസൃതിമോക്ഷഹൈതുകീം ദൈവീം ഗതിം സമാശ്രയ	ആത്മാവിന്റെ പരമഹിതം ലാക്കാക്കി സംസാരമോചനത്തിനുതകുന്ന ദിവ്യമാർഗ്ഗം (വിദ്വാന്മാരുടെ വഴി) സ്വീകരിക്കുക.

സത്യം ഏതു്, മിഥ്യ ഏതു്, നിത്യാനിത്യങ്ങൾ ഏവ എന്നു് അന്വേഷിച്ചു കണ്ടുപിടിക്കുകയാണു് വിവേകിത. വിവേകത്താൽ ആത്മാവു് സത്യമെന്നും പ്രപഞ്ചം ആത്യന്തികമായി അസത്യമെന്നും മനസ്സിലാക്കാം. കാമക്രോധലോഭമോഹാദികൾക്കടിമയാകുന്നതു് രാക്ഷസീവൃത്തി. അഹിംസ, സത്യം, അസ്തേയം, സ്വാധ്യായം, ഈശ്വരസേവ, ലോകോപകാരം ഇവയൊക്കെ ദേവമാർഗ്ഗം.

ത്വം ബ്രഹ്മണോ ഹ്യുത്തമ വംശസംഭവഃ
പൗലസ്ത്യപുത്രോഽസി കുബേരബാന്ധവഃ
ദേഹാത്മബുദ്ധ്യാപി ച പശ്യ രാക്ഷസോ
നാസ്യാത്മബുദ്ധ്യാ കിമു രാക്ഷസോ ന ഹി. 16

ഉത്തമവംശസംഭവഃ ത്വം ബ്രാഹ്മണഃ ഹി	ഉത്തമവംശജനായ നീ ബ്രാഹ്മണൻതന്നെ.
പൗലസ്ത്യപുത്രഃ കുബേരബാന്ധവഃ അസി	പൗലസ്ത്യപുത്രനും കുബേരസോദരനുമാണല്ലോ നീ.
പശ്യ ദേഹാത്മബുദ്ധ്യാ അപി ത്വം ന രാക്ഷസഃ	നോക്കൂ, ദേഹമാണു് ആത്മാവെന്നു കരുതിയാലും നീ രാക്ഷസനല്ല.
ആത്മബുദ്ധ്യാ രാക്ഷസഃ ന ഹി ഇതി കിമു	ആത്മബുദ്ധിയാൽ രാക്ഷസനേയല്ലെന്നു് പിന്നെ പറയേണ്ടതുണ്ടോ?

ശരീരബുദ്ധീന്ദ്രിയ ദുഃഖ സന്തതിർ—
ന തേ, ന ച ത്വം തവ നിർവ്വികാരതഃ
അജ്ഞാനഹേതോശ്ച തഥൈവ സന്തതേ—
രസത്വമസ്യാഃ സ്വപതോ ഹി ദൃശ്യവത്. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശരീരബുദ്ധീന്ദ്രിയ ദുഃഖസന്തതിഃ തേ ന	ദേഹം, ബുദ്ധി, ഇന്ദ്രിയങ്ങൾ ഇവയുടെ ക്ലേശൽനിര നിന്റേതല്ല.
(ശരീരാദയഃ) ച ത്വം ന	(ശരീരാദിയും) നീയല്ല.
നിർവ്വികാരതഃ തവ (ഏതൈഃ ന സംഗഃ)	വികാരരഹിതനായ നിനക്ക് (ഇവയുമായി യാതൊരു ബന്ധവുമില്ല).
തഥാ ഏവ സ്വപതഃ ദൃശ്യവത് അജ്ഞാനഹേതുതഃ അസ്യാഃ സന്തതേഃ ച അസത്വം	അതുപോലെതന്നെ, ഉറങ്ങുന്നവൻ (സ്വപ്നാവിൽ കാണുന്ന) ദൃശ്യത്തിനെന്നപോലെ അജ്ഞാനഹേതുകമായ ഈ (ദേഹാദി) സമൂഹത്തിനും (സത്യത്തിൽ) ഉണ്മയില്ല.

സ്ഥൂലം, സൂക്ഷ്മം, കാരണം എന്നീ മൂന്നു ശരീരങ്ങളിൽനിന്നും തികച്ചും ഭിന്നമായ ഉണ്മയാണ് ആത്മാവ്. ദേഹത്തിന്റെ അഴൽനിരയും ആഹ്ലാദവും ആത്മാവിന്റേതല്ല. ജഗത്, സ്വപ്നദൃശ്യംപോലെ അയഥാർത്ഥമാണ്. അതിനാൽ ജഡത്തിനുവേണ്ടി എന്തും ചെയ്യാനുള്ള പ്രവണത വിഫൽക്കരമാകുന്നു, അവിവേകമാകുന്നു.

ഇദം തു സത്യം തവ നാസ്തി വിക്രിയാ
വികാരഹേതുർ ന ച തേഽദ്വയത്വതഃ
യഥാ നഭഃ സർവ്വഗതം ന ലിപ്യതേ
തഥാ ഭവാൻ ദേഹഗതോഽപി സൂക്ഷ്മകഃ.
ദേഹേന്ദ്രിയപ്രാണശരീരസംഗതസ്ത്വാത്മേതി
ബുദ്ധ്വാഖിലബന്ധഭാഗ് ഭവേത്. 18

ഇദം തു സത്യം	ഈ (ആത്മാവ്) ആകട്ടെ സത്യമാണ്.
തവ വിക്രിയാ നാസ്തി	(നീ ആത്മാവാകയാൽ) നിനക്കു വികാരമില്ല.
അദ്വയത്വതഃ തേ വികാരഹേതുഃ ച ന	അദ്വിതീയമായതിനാൽ നിനക്കു വികാരഹേതുവുമില്ല.
യഥാ സർവ്വഗതം നഭഃ ന ലിപ്യതേ തഥാ ഭവാൻ ദേഹഗതഃ അപി സൂക്ഷ്മകഃ	എങ്ങനെയാണോ എങ്ങും നിറഞ്ഞ ആകാശം (മറ്റൊന്നിനാലും) ലിപ്തമാകാത്തത്, അതുപോലെ നീയും (ആത്മാവ്) ദേഹഗതനെങ്കിലും സൂക്ഷ്മവസ്തുവാകയാൽ (ലിപ്തനാകാറില്ല).
ദേഹേന്ദ്രിയ-പ്രാണശരീരസംഗതഃ ആത്മാ (ഇതി) ബുദ്ധ്വാ (സഃ) അഖിലബന്ധഭാക് ഭവേത്	സൂക്ഷ്മദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ, സ്ഥൂലദേഹം ഇവയുടെ സംഗമമാണ് ആത്മാവെന്നു ധരിക്കയാൽ (അതു്) സകലബന്ധങ്ങൾക്കും ഭാഗമാക്കാകുന്നു.

ആത്മാവൊന്നേ സത്യമായുള്ളൂ. ശേഷമെല്ലാം മിഥ്യ. സത്യത്തിനു വികാരവിക്ഷോഭം ഇല്ല. ആത്യന്തികതത്വം ഒന്നേയുള്ളുവെങ്കിൽ വികാരവിക്ഷോഭത്തിനു ഹേതു എവിടെ? ദേഹസ്ഥമായ ആത്മാവ് സൂക്ഷ്മതത്വമാകുന്നു. സൂക്ഷ്മത്തിന് സ്ഥൂലവുമായി താദാത്മ്യം ശക്യമല്ല. പക്ഷേ, ദേഹേന്ദ്രിയങ്ങളാണ് താനെന്ന ധാരണ ആത്മാവിനെ തൽക്കാലത്തേക്കായാലും ബദ്ധനാക്കുന്നു. ഇതാണ് പ്രശ്നങ്ങൾക്കെല്ലാം മൂലം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിന്മാത്രമേവാഹമജോഽഹമക്ഷരോ
ഹ്യാനന്ദഭാവോഽഹമിതി പ്രമുച്യതേ
ദേഹോപ്യനാത്മാ പൃഥിവീവികാരജോ
ന പ്രാണ ആത്മാനില ഏഷ ഏവ സഃ. 19

അഹം ചിന്മാത്രം അഹം അജഃ അക്ഷരഃ ഏവ	ഞാൻ അറിവുമാത്രം; ഞാൻ അജനും അനശ്വരനുംതന്നെ.
അഹം ആനന്ദഭാവഃ ഇതി പ്രമുച്യതേ	ഞാൻ ആനന്ദഭാവമാണ് എന്ന (വസ്തുതയുടെ നിരന്തരാനുധ്യാനത്താൽ ജീവൻ സംസാരത്തിൽനിന്ന്) മോചിപ്പിക്കപ്പെടുന്നു.
പൃഥിവീവികാരജഃ ദേഹഃ അപി അനാത്മാ	ഭൂമിയുടെ പരിണാമജനിതമായ ദേഹവും ആത്മാവല്ല.
ഏഷഃ പ്രാണഃ ന ആത്മാ സഃ അനിലഃ ഏവ	ഈ പ്രാണനും ആത്മാവല്ല; അതു വെറും കാററുമാത്രം.

ആത്മാവ് ശുദ്ധമായ ബോധവസ്തുവാണ്. ജനനമരണാദിവികാരങ്ങൾ അതിനില്ല. വിശുദ്ധമായ ആനന്ദത്തിൽനിന്നു വ്യതിരിക്തമായി അതിലൊന്നുമില്ല. 'ഞാൻ ആനന്ദരൂപനായ ആത്മാവുതന്നെ' എന്ന നിരന്തരവും ദൃഢവുമായ സങ്കല്പമാണ് വ്യക്തിയെ മുക്തനാക്കുന്നതു്. ദൃഢസങ്കല്പമാണ് സിദ്ധിയുടെ മുന്നോടി.

മനോഽപ്യഹങ്കാരവികാര ഏവ നോ
ന ചാപിബുദ്ധിഃ പ്രകൃതേർവ്വികാരജാ
ആത്മാ ചിദാനന്ദമയോഽവികാരവാൻ
ദേഹാദിസംഘാദ് വ്യതിരിക്ത ഈശ്വരഃ. 20

മനഃ അപി അഹങ്കാരവികാര ഏവ. നോ ആത്മാ	മനസ്സും അഹങ്കാരത്തിന്റെ വികാരം മാത്രമാണ്. ആത്മാവല്ല.
പ്രകൃതേഃ വികാരജാ ബുദ്ധിഃ അപി ന ആത്മാ	പ്രകൃതിവികാരത്തിൽനിന്നുളവായ ബുദ്ധിയും ആത്മാവല്ല.
ആത്മാ ചിദാനന്ദമയഃ അവികാരവാൻ	ആത്മാവ് ചിദാനന്ദമയമാണ്. വികാരമററതാണ്.
ദേഹാദി സംഘാദ് വ്യതിരിക്തഃ ഈശ്വരഃ	ദേഹാദികളുടെ കൂട്ടത്തിൽനിന്നു വിട്ടുനില്ക്കുന്ന നിയാമകശക്തിയാണ്.

ദേഹാദികളാണോ ആത്മാവ്? അല്ല. സ്ഥൂലദേഹം പഞ്ചഭൂതങ്ങളുടെ പരിണാമമാണല്ലോ. പ്രാണനാണെങ്കിൽ വെറും കാററ്. മനസ്സാകട്ടെ അന്തഃകരണത്തിന്റെ—അഹങ്കാരത്തിന്റെ—പരിണാമം, ജഡം. "മനസസ്തു പരാബുദ്ധിഃ" എന്നുള്ളതുകൊണ്ട് ബുദ്ധിയായാലോ? അല്ല. ബുദ്ധി പ്രകൃതിവികാരമായ മഹത്തത്വത്തിൽനിന്നുണ്ടായതാണ്. "യോ ബുദ്ധേഃ പരതസ്തു സഃ" എന്നാണ് ഭഗവാൻ പറയുന്നതു്. അതിനാൽ ആത്മാവ് ചിദാനന്ദമയമാണ്; അവികാരിയാണ്; ദേഹാദിവ്യതിരിക്തമായ 'ഈശ്വരൻതന്നെ'—ആത്മാവ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിരംജനോ മുക്ത ഉപാധിതഃ സദാ
ജ്ഞാത്വൈവമാത്മാനമിതോ വിമുച്യതേ
അതോ ഽഹമാത്യന്തികമോക്ഷസാധനം
വക്ഷ്യേ ശൃണുഷ്വാവഹിതോ മഹാമതേ. 21

നിരംജനഃ സദാ ഉപാധിതഃ മുക്തഃ	(ആത്മ്) കറയററതും എന്നും ഉപാധിരഹിതവുമാകുന്നു.
ആത്മാനം ഏവം ജ്ഞാത്വാ ഇതഃ വിമുച്യതേ	ആത്മാവിനെ ഈവിധമറിഞ്ഞാണ് സംസാരത്തിൽനിന്നു മോചനം നേടുന്നതു്.
മഹാമതേ അതഃ അഹം ആത്യന്തികമോക്ഷ- സാധനം വക്ഷ്യേ	അല്ലയോ അതിബുദ്ധിമാനായ രാവണ, അതിനാൽ ഞാൻ പരമമായ മോക്ഷോ- പായം ഉപദേശിച്ചുതരാം.
അവഹിതഃ ശൃണുഷ്വ	ശ്രദ്ധാപൂർവ്വം കേട്ടുകൊള്ളുക.

വിഷ്ണോർഹി ഭക്തിഃ സുവിശോധനം ധിയഃ
തതോ ഭവേത് ജ്ഞാനമതീവനിർമ്മലം
വിശുദ്ധതത്ത്വാനുഭവോ ഭവേത്തതഃ
സമ്യഗ് വിദിത്വാ പരമം പദം വ്രജേത്. 22

വിഷ്ണോഃ ഭക്തിഃ ധിയഃ സുവിശോധനം ഹി	ഭഗവാനിലുള്ള പരമപ്രേമമാണ് ബുദ്ധിയെ പാവനമാക്കാനുള്ള (നിശ്ചിതോപായം).
തതഃ അതീവനിർമ്മലം ജ്ഞാനം ഭവേത്	അതിൽനിന്നും പരമനിർമ്മലമായ ആത്മജ്ഞാനം ഉളവാകുന്നു.
തതഃ വിശുദ്ധതത്ത്വാനുഭവഃ ഭവേത്	അതിൽനിന്നാണ് ശുദ്ധതത്ത്വത്തിന്റെ അനുഭവമുദിക്കുന്നതു്.
സമ്യഗ് വിദിത്വാ പരമം പദം വ്രജേത്	(അങ്ങനെ) സമ്യക്കായ ജ്ഞാനത്താൽ പരമപദം പ്രാപിക്കാം.

എന്താണ് ആത്യന്തികമായ മോക്ഷസാധനം? മാരുതി വിശദീകരിച്ചു: ചിത്തശുദ്ധിയാണ് എല്ലാ അദ്ധ്യാത്മസാധനയുടേയും അടിക്കല്ല്. ചിത്തശുദ്ധി എങ്ങനെ സമ്പാദിക്കാം? ഒരു മാർഗ്ഗമേയുള്ളൂ. അവ്യാഹതമായ ഭഗവത്പ്രേമം. അതുതന്നെ ഭക്തി. പ്രേമത്താൽ വിമലമായ മനസ്സിൽ പരമസത്യം സ്വയം സ്ഫുരിക്കുന്നു. അതിനാൽ പ്രാഥമാവശ്യം പ്രേമം—ഭക്തി—തന്നെ. പ്രേമമാണ് അഹിംസ. അതു നമ്മെ മോക്ഷത്തിലേക്കു സാവധാനം നയിക്കുന്നു.

അതോ ഭജസ്വാദ്യ ഹരിം രമാപതിം
രാമം പുരാണം പ്രകൃതേഃ പരം വിഭും
വിസൃജ്യ മൗർഖ്യം ഹൃദി ശത്രുഭാവനാം
ഭജസ്വ രാമം ശരണാഗതപ്രിയം
സീതാം പുരസ്കൃത്യ സപുത്രബാന്ധവോ
രാമം നമസ്കൃത്യ വിമുച്യസേ ഭയാത്. 23

അതഃ പ്രകൃതേഃ പരം വിഭും പുരാണം രമാപതിം ഹരിം രാമം ഭജസ്വ	അതിനാൽ, പ്രകൃത്യതീതനും വിഭുവും അനാദിയും രമാപതിയും ഹരിയുമായ രാമനെ ഭജിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൗർഖ്യം ഹൃദി ശത്രുഭാവനാം	മൂഢതയും മനസ്സിലുള്ള ശത്രുതയും
വിസൃജ്യ ശരണാഗതപ്രിയം	വിട്ട് ശരണാഗതർക്ക് പ്രിയങ്കരനായ
രാമം ഭജസ്വ	രാമനെ സേവിക്കുക.

സീതാം പുരസ്കൃത്യ	സീതയെ സമർപ്പിച്ച്,
സപുത്രബാന്ധവഃ	മക്കളും ബന്ധുക്കളുമൊത്ത്
രാമം നമസ്കൃത്യ	രാമനെ വണങ്ങി,
ഭയാത് വിമുച്യസേ	ഭയത്തിൽനിന്നു വിടുതൽ നേടുക.

അനന്യഭാവേന ശരണംപ്രാപിക്കുന്നവനെ ഭഗവാൻ കൈവിടുകയില്ല. അവിവേകിയും ഭാര്യാചോരനുമായ രാവണനുപോലും ആ അനുകമ്പാപ്രവാഹത്തിൽ അലിഞ്ഞുചേർന്നു മോചനം നേടാമായിരുന്നു. തുറന്ന മനസ്സോടെ, അനന്താപാർദ്രമായ ജീവിതസങ്കല്പത്തോടെ, ശരണംപ്രാപിക്കുന്ന ഘാതകനെപ്പോലും താൻ കൈനീട്ടി സ്വീകരിച്ചുകൊള്ളും.

രാമം പരാത്മാനമഭാവയൻ ജനോ
ഭക്ത്യാ ഹൃദിസ്ഥം സുഖരൂപമദ്വയം
കഥം പരം തീരമവാപ്നുയാത് ജനോ
ഭവാംബുധേർദുഃഖതരംഗമാലിനഃ. 24

ഹൃദിസ്ഥം സുഖരൂപം	ഹൃദയസ്ഥനും സുഖരൂപനും
അദ്വയം പരാത്മാനം രാമം	ഏകനും പരമാത്മാവുമായ രാമനെ
ഭക്ത്യാ അഭാവയൻ ജനഃ	ഭക്തിപൂർവ്വം ഭാവനചെയ്യാത്തവൻ
കഥം ദുഃഖതരംഗമാലിനഃ	എങ്ങനെ അഴലിൻ കല്ലോലമാല തിങ്ങുന്ന
ഭവാംബുധേഃ പരം തീരം	ഭവസാഗരത്തിന്റെ മറുകര
അവാപ്നുയാത്	പററിക്കൂടും?

നോ ചേത് ത്വജ്ഞാനമയേന വഹ്നിനാ
ജ്വലന്തമാത്മാനമരക്ഷിതാരിവത്
നയസ്യധോഽധഃ സ്വകൃതൈശ്ച പാതകൈഃ
വിമോക്ഷശങ്കാ ന ച തേ ഭവിഷ്യതി. 25

നോ ചേത്	അങ്ങനെ ചെയ്യില്ലെങ്കിൽ,
അജ്ഞാനമയേന വഹ്നിനാ ജ്വലന്തം	അജ്ഞതയുടെ തീയിലെരിയുന്ന
ആത്മാനം അരക്ഷിതാ	ആത്മാവിനെ രക്ഷിക്കാനാവാതെ
ത്വം അരിവത് സ്വകൃതൈഃ	നീ അരിയെപ്പോലെ, സ്വയം ചെയ്ത
പാതകൈഃ ആത്മാനം	പാതകങ്ങളാൽ (ആത്മാവിനെ)
അധോഽധഃ നയസി	താഴോട്ടു താഴോട്ടു തള്ളിവിടും.

തേ വിമോക്ഷശങ്കാ ച	നിനക്കു മോക്ഷശങ്കപോലും
ന ഭവിഷ്യതി	പിന്നെയുണ്ടാകയില്ല.

ശ്രുത്വാമൃതാസ്വാദസമാനഭാഷിതം
തദ് വായുസൂനോർദശകന്ധരോഽസുരഃ
അമൃഷ്യമാണോഽതിരുഷാ കപീശ്വരം
ജഗാദ രക്താന്തവിലോചനോ ജ്വലൻ. 26

വായുസൂനോഃ തദ് അമൃതാസ്വാദ–	മാരുതിയുടെ ആ അമൃതാസ്വാദംപോലെ
സമാനഭാഷിതം ശ്രുത്വാ	(മധുരിമയാർന്ന) വചനം കേട്ട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസുരഃ ദശകന്ധരഃ അമൃഷ്യമാണഃ — അസുരൻ ദശമുഖൻ, അസഹ്യമായ
അതിരുഷാ ജ്വലൻ — കോപാവേശത്താൽ ജ്വലിച്ച്,
രക്താന്തലോചനഃ — ചുട്ടുത്ത കടക്കണ്ണുകളോടെ,
കപീശ്വരം ജഗാദ — കപീശനോട് ഇങ്ങനെ പറഞ്ഞു:

കഥം മമാഗ്രേ വിലപസ്യഭീതവത്
പ്ലവംഗമാനാമധമോഽസി ദുഷ്ടധീഃ
ക ഏഷ രാമഃ കതമോ വനേചരോ
നിഹൻമി സുഗ്രീവയുതം നരാധമം. 27

ദുഷ്ടധീഃ ത്വം പ്ലവംഗമാനാം — എടാ ദുർബുദ്ധി, നീ വാനരരിൽ
അധമഃ അസി — അധമനാണ്.

അഭീതവത് മമ അഗ്രേ — ഭീതിയെന്യേ എന്റെ മുമ്പിൽ
കഥം വിലപസി — എങ്ങനെ പുലമ്പുന്നു!

കഃ ഏഷഃ രാമഃ — ആരാണ് ഈ രാമൻ?
വനേചരഃ കതമഃ — വനചരൻ സുഗ്രീവനാര്?

സുഗ്രീവയുതം — സുഗ്രീവനോടൊപ്പം
നരാധമം നിഹൻമി — ആ നരാധമന്റെ കഥകഴിക്കുന്നുണ്ട്.

ത്വാം ചാദ്യ ഹത്വാ ജനകാത്മജാം തതോ
നിഹൻമി രാമം സഹലക്ഷ്മണം തതഃ
സുഗ്രീവമഗ്രേ ബലിനം കപീശ്വരം
സവാനരം ഹൻമ്യചിരേണ വാനര
ശ്രുത്വാ ദശഗ്രീവവചഃ സ മാരുതിഃ
വിവൃദ്ധകോപേന ദഹന്നിവാസുരം. 28

വാനര — എടാ കുരങ്ങേ,
ത്വാം അദ്യ ഹത്വാ — നിന്നെയിപ്പോൾ കൊന്നിട്ട്

തതഃ ജനകാത്മജാം തതഃ — പിന്നെ ജാനകിയെയും അതു കഴിഞ്ഞ്
സഹലക്ഷ്മണം രാമം — രാമലക്ഷ്മണന്മാരേയും
നിഹൻമി — ഞാൻ വധിക്കും.

അഗ്രേ ബലിനം കപീശ്വരം — നേരേ കരുത്തൻ കപീശ്വരനെയും
സവാനരം അചിരേണ — അവന്റെ പടയോടൊപ്പം ഉടൻ
ഹൻമി — തകർക്കുന്നുണ്ട്.

ദശഗ്രീവവചഃ ശ്രുത്വാ സഃ — രാവണന്റെ വാക്കുകൾ കേട്ട് ആ
മാരുതിഃ വിവൃദ്ധകോപേന — മാരുതി ഏറിയ രോഷത്താൽ
അസുരം ദഹൻ ഇവ (ആഹ) — അസുരനെ ദഹിപ്പിക്കുമാറ് (പറഞ്ഞു).

നമേ സമാഃ രാവണകോടയോഽധമ,
രാമസ്യ ദാസോഽഹമപാരവിക്രമഃ
ശ്രുത്വാതികോപേന ഹനൂമതോ വചോ
ദശാനനോ രാക്ഷസമേവമബ്രവീത്. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാർശ്വേ സ്ഥിതം മാരയ ഖണ്ഡശഃ കപിം
പശ്യന്തു സർവ്വേഽസുരമിത്രബാന്ധവാഃ
നിവാരയാമാസ തതോ വിഭീഷണോ
മഹാസുരം സായുധമുദ്യതം വധേ. 30
രാജൻ വധാർഹോ ന ഭവേത് കഥഞ്ചന
പ്രതാപയുക്തൈഃ പരരാജവാനരഃ. 31

അധമ രാവണകോടയഃ അപി മേ സമാഃ ന	നീച, കോടി രാവണന്മാർപോലും എനിക്ക സമന്മാരല്ല.
അഹം രാമസ്യ ദാസഃ അപാരവിക്രമഃ	ഞാൻ രാമദാസനാണ്° അപാരവിക്രമൻ.
ഹനൂമതഃ വചഃ ശ്രുത്വാ അതികോപേന ദശാനനഃ പാർശ്വേ സ്ഥിതം ഏകം രാക്ഷസം അബ്രവീത്	ഹനുമാന്റെ വചനം കേട്ട് കടുത്ത ദേഷ്യത്തോടെ രാവണൻ അരികിലിരുന്ന ഒരു രാക്ഷസനോടാജ്ഞാപിച്ചു:
കപിം ഖണ്ഡശഃ മാരയ	ഈ കുരങ്ങനെ കഷണമാക്കി കൊല്ലുക.
അസുരമിത്രബാന്ധവാഃ സർവ്വേ പശ്യന്തു	അസുര-മിത്ര-ബാന്ധവർ സകലരും കാണട്ടെ.
വധേ ഉദ്യതം സായുധം മഹാസുരം തതഃ വിഭീഷണഃ നിവാരയാമാസ	(മാരുതിയെ) വധിക്കാനൊരുങ്ങിയ സായുധനായ മഹാസുരനെ അപ്പോൾ വിഭീഷണൻ വിലക്കി (പറഞ്ഞു).
രാജൻ പരരാജവാനരഃ പ്രതാപയുക്തൈഃ രാജഭിഃ വധാർഹഃ ന ഭവേത്	രാജൻ, മറ്റൊരു (ശ്രേഷ്ഠ) രാജാവയച്ച വാനരൻ പ്രതാപികളായ അരചന്മാർക്ക വധ്യനാകരുത്°.

7939

ഹതേഽസ്മിൻ വാനരേ ദൂതേ വാർത്താ കോവാ നിവേദയേത്
രാമായ ത്വം യമുദ്ദിശ്യ വധായ സമുപസ്ഥിതഃ. 32

ദൂതേ അസ്മിൻ വാനരേ ഹതേ യം വധായ ഉദ്ദിശ്യ ത്വം സമുപസ്ഥിതഃ (തസ്മൈ) രാമായ വാർത്താം കഃ വാ നിവേദയേത്	ദൂതനായ ഈ വാനരൻ കൊല്ലപ്പെട്ടാൽ ആരെ വധിക്കണമെന്നുദ്ദേശിച്ച് അങ്ങ് ഒരുങ്ങുന്നുവോ, ആ രാമന്° വാർത്ത ആരാണ്° അറിയിച്ചുകൊടുക്കുക?

അതോ വധസമം കിഞ്ചിദന്യച്ചിന്തയ വാനരേ
സചിഹ്നോ ഗച്ഛതു ഹരിർയം ദൃഷ്ട്വാഽയാസ്യതി ദ്രുതം. 33

രാമഃ സുഗ്രീവസഹിതസ്തതോ യുദ്ധം ഭവേത്തവ
വിഭീഷണവചഃ ശ്രുത്വാ രാവണോഽപ്യേതദബ്രവീത്. 34

അതഃ വധസമം കിഞ്ചിത് അന്യത് വാനരേ ചിന്തയ	അതിനാൽ വധതുല്യമായ മറ്റെന്തെങ്കിലും (ശിക്ഷ) വാനരനു (നല്ലാൻ) ആലോചിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരിഃ സചിഹ്നഃ ഗച്ഛതു	കപി (ഇവിടെനിന്നു്) അടയാളസഹിതം പോകുമാറാകട്ടെ.
യം ദൃഷ്ട്വാ സുഗ്രീവസഹിതഃ രാമഃ ദ്രുതം ആയാസ്യതി	അവനെ കണ്ടാൽ സുഗ്രീവസഹിതൻ രാമൻ ഉടനെത്തിച്ചേരും.
തതഃ തവ യുദ്ധം ഭവേത്	അപ്പോഴാം അങ്ങേയ്ക്കു് (അവരോടു്) പൊരുതുകയുമാകാം.
വിഭീഷണവചഃ ശ്രുത്വാ രാവണഃ അപി ഏതദ് അബ്രവീത്	വിഭീഷണന്റെ ഭാഷിതം കേട്ടു് രാവണനും ഇങ്ങനെ പറഞ്ഞു.

വാനരാണാം ഹി ലാംഗൂലേ മഹാമാനോ ഭവേത്കില
അതോ വസ്ത്രാദിഭിഃ പുച്ഛം വേഷ്ടയിത്വാ പ്രയത്നതഃ. 35
വഹ്നിനാ യോജയിത്വൈനം ഭ്രാമയിത്വാ പുരേഽഭിതഃ
വിസർജ്ജയത പശ്യന്തു സർവ്വേ വാനരയൂഥപാഃ. 36

വാനരാണാം ഹി ലാംഗൂലേ മഹാമാനഃ ഭവേത് കില	കുരങ്ങന്മാർക്കു് വാലിൽ വലിയ അഭിമാനമാണത്രേ.
അതഃ വസ്ത്രാദിഭിഃ പ്രയത്നതഃ പുച്ഛം വേഷ്ടയിത്വാ വഹ്നിനാ യോജയിത്വാ ഏനം പുരേ അഭിതഃ ഭ്രാമയിത്വാ വിസർജ്ജയത	ആകയാൽ തുണികളാലും മററും പ്രയത്ന- പൂർവ്വം (ഇവന്റെ) വാൽ ചുററിക്കെട്ടി തീ കൊളുത്തുക. എന്നിട്ടു് ഇവനെ പട്ടണത്തിനു നാലുപാടും ചുററിച്ചിട്ടു് വിട്ടയയ്ക്കുകയും ചെയ്യുക.
സർവ്വേ വാനരയൂഥപാഃ ഏനം പശ്യന്തു	സകല വാനരഗണമുഖ്യരും ഇവനെ കാണട്ടെ.

തഥേതി ശണപട്ടൈശ്ച വസ്ത്രൈരന്യൈരനേകശഃ
തൈലാക്തൈർവ്വേഷ്ടയാമാസുഃ ലാംഗൂലം മാരുതേർദൃഢം. 37

തഥാ ഇതി രാക്ഷസാഃ തൈലാക്തൈഃ ശണപട്ടൈഃ അന്യൈഃ അനേകശഃ വസ്ത്രൈഃ മാരുതേഃ ലാംഗൂലം ദൃഢം വേഷ്ടയാമാസുഃ	അങ്ങനെയാകട്ടെ എന്നു പറഞ്ഞു് രാക്ഷസർ എണ്ണയിൽ മുക്കിയ ചണപ്പട്ട, മററനേകം തുണികൾ ഇവകൊണ്ടു് മാരുതിയുടെ വാൽ മുറുക്കി ചുററിക്കെട്ടി.

പുച്ഛാഗ്രേ കിഞ്ചിദനലം ദീപയിത്വാഥരാക്ഷസാഃ
രജ്ജുഭിഃ സുദൃഢം ബദ്ധ്വാ ധൃത്വാ തം ബലിനോഽസുരാഃ. 38
സമന്താദ് ഭ്രാമയാമാസുഃ ചോരോഽയമിതി വാദിനഃ
തൂര്യഘോഷൈർഘോഷയന്തഃ താഡയന്തോ മുഹുർമുഹുഃ. 39

അഥ രാക്ഷസാഃ പുച്ഛാഗ്രേ കിഞ്ചിത് അനലം ദീപയിത്വാ രജ്ജുഭിഃ സുദൃഢം ബദ്ധ്വാ മുഹുഃ മുഹുഃ തം താഡയന്തഃ തൂര്യഘോഷൈഃ ഘോഷയന്തഃ 'അയം ചോരഃ' ഇതി വാദിനഃ ച	പിന്നെ രാക്ഷസർ വാലിന്റെ അററത്തു് അല്പം തീ കൊളുത്തി, കയറുകൾ കൊണ്ടു് ദൃഢമായി ബന്ധിച്ചു; (എന്നിട്ടു്) നിരന്തരം അവനെ അടിക്കുകയും പെരുമ്പറ മുഴക്കുകയും 'ഇതാ കള്ളൻ' എന്നു വിളിച്ചുപറയുകയും ചെയ്യുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖലിനഃ അസുരാഃ തം ധൃത്വാ സമന്താത് ഭ്രാമയാമാസുഃ	ദുഷ്ടരായ രാക്ഷസന്മാർ മാരുതിയെ പിടിച്ച (നഗരത്തിൽ) നാലുപാടും ചുററിച്ചു.

ഹനൂമതാപി തത്സർവ്വം സോഢം കിഞ്ചിച്ചികീർഷുണാ
ഗത്വാ തു പശ്ചിമദ്വാരസമീപം തത്ര മാരുതിഃ. 40

സൂക്ഷ്മോ ബഭൂവ ബന്ധേഭ്യോ നിഃസൃതഃ പുനരപ്യസൗ
ബഭൂവ പർവ്വതാകാരസ്തതഃ ഉത്പ്ലുത്യ ഗോപുരം. 41

കിഞ്ചിത് ചികീർഷുണാ ഹനൂമതാ അപി തത് സർവ്വം സോഢം	(എന്തെങ്കിലും) അല്പം കാട്ടിക്കൂട്ടണമെന്നു് ആഗ്രഹിച്ച ഹനുമാനും അതെല്ലാം സഹിക്കുകയാണു ചെയ്തതു്.
പശ്ചിമദ്വാരസമീപം ഗത്വാ മാരുതിഃ തു സൂക്ഷ്മഃ ബഭൂവ	പടിഞ്ഞാറേ ഗോപുരകവാടത്തിനടുത്തെ- ത്തി, മാരുതി ചെറുരൂപം പേറി.
ബന്ധേഭ്യഃ നിഃസൃതഃ തതഃ ഗോപുരം ഉത്പ്ലുത്യ പുനഃ അപി അസൗ പർവ്വതാകാരഃ ബഭൂവ	കെട്ടുകളിൽനിന്നു വേറിട്ടു്, പിന്നെ ഗോപുരത്തിലേക്കു കുതിച്ചു് വീണ്ടും അവൻ പർവ്വതാകാരം പൂണ്ടു.

തത്രൈകം സ്തംഭമാദായ ഹത്വാ താൻ രക്ഷിണഃ ക്ഷണാത്
വിചാര്യ കാര്യശേഷം സഃ പ്രാസാദാഗ്രാത് ഗൃഹാത്ഗൃഹം. 42

ഉത്പ്ലുത്യോത്പ്ലുത്യ സന്ദീപ്തപുച്ഛേന മഹതാ കപിഃ
ദദാഹ ലങ്കാമഖിലാം സാട്ടപ്രാസാദതോരണാം. 43

തത്ര ഏകം സ്തംഭം ആദായ താൻ രക്ഷിണഃ ക്ഷണാത് ഹത്വാ	അവിടെനിന്നു് ഒരു തൂൺ വലിച്ചൂരി, ആ കാവല്ക്കാരെ ക്ഷണത്തിൽ വധിച്ചു.
കാര്യശേഷം വിചാര്യ സഃ പ്രാസാദാഗ്രാത് ഗൃഹാത്ഗൃഹം ഉത്പ്ലുത്യ	ഇനി ചെയ്യേണ്ടതെപ്പററി തീരുമാനമെ- ടുത്തുകൊണ്ടു് അവൻ ഗോപുരാഗ്രത്തിൽ- നിന്നു വീടുതോറും ചാടി.
മഹതാ സന്ദീപ്തപുച്ഛേന ഉത്പ്ലുത്യ സഃ കപിഃ സാട്ടപ്രാസാദതോരണാം ലങ്കാം അഖിലാം ദദാഹ	തടിച്ച, തീകത്തുന്ന വാലുമായി ചാടി ആ കപി അട്ടാളികകളും അരമനകളും തോരണങ്ങളു- മടക്കം ലങ്ക മുഴവൻ ദഹിപ്പിച്ചു.

ഹാ താത, പുത്ര നാഥേതി ക്രന്ദമാനാഃ സമന്തതഃ
വ്യാപ്താഃ പ്രാസാദശിഖരേഽപ്യാരൂഢാഃ ദൈത്യയോഷിതഃ. 44

ദേവതാ ഇവ ദൃശ്യന്തേ പതന്ത്യഃ പാവകേഽഖിലാഃ
വിഭീഷണഗൃഹം ത്യക്ത്വാ സർവ്വം ഭസ്മീകൃതം പുരം. 45

പ്രാസാദശിഖരേ ആരൂഢാഃ ദൈത്യയോഷിതഃ അപി ഹാ താത പുത്ര നാഥ ഇതി ക്രന്ദമാനാഃ സമന്തതഃ വ്യാപ്താഃ	മാളികമുകളിലിരുന്ന ദൈത്യനാരിമാർപോലും അയ്യോ അച്ഛാ, മകനേ, നാഥാ, എന്നു നിലവിളിച്ചുകൊണ്ടു് എങ്ങും ഉഴറി ഓടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാവകേ പതന്ത്യഃ	(മുകളിൽനിന്നു്) തീയിൽ വീണ
അഖിലാഃ	അവരെല്ലാം
ദേവതാഃ ഇവ ദൃശ്യന്തേ	ദേവതകളെപ്പോലെ കാണപ്പെട്ടു.
വിഭീഷണഗൃഹം ത്യക്ത്വാ	വിഭീഷണൻെറ വീടൊഴിച്ച്
പുരം സർവ്വം ഭസ്മീകൃതം	നഗരം മുഴുവൻ ചാമ്പലാക്കി.

തത ഉത്പ്ലുത്യ ജലധൗ ഹനൂമാൻ മാരുതാത്മജഃ
ലാംഗൂലം മജ്ജയിത്വാന്തഃ സ്വസ്ഥചിത്തോ ബഭൂവ സഃ. 46

തതഃ മാരുതാത്മജഃ	പിന്നെ വായുതനയൻ,
സഃ ഹനൂമാൻ	ആ ഹനുമാൻ
ജലധൗ ഉത്പ്ലുത്യ	കടലിൽ ചാടി
ലാംഗൂലം അന്തഃ മജ്ജയിത്വാ	വാൽ വെള്ളത്തിൽ താഴ്ത്തി,
സ്വസ്ഥചിത്തഃ ബഭൂവ	സ്വസ്ഥചിത്തനായിത്തീർന്നു.

വായോഃ പ്രിയസഖിത്വാച്ച സീതയാ പ്രാർത്ഥിതോഽനലഃ
ന ദദാഹ ഹരേഃ പുച്ഛം ബഭൂവാത്യന്തശീതളഃ. 47

വായോഃ പ്രിയസഖിത്വാത്	വായുവിൻെറ ഉററതോഴനാകയാലും,
സീതയാ പ്രാർത്ഥിതഃ ച	സീതയാൽ പ്രാർത്ഥിതനാകയാലും,
അനലഃ ഹരേഃ പുച്ഛം	അഗ്നി, മാരുതിയുടെ വാൽ
ന ദദാഹ	പൊള്ളിച്ചില്ല.
അത്യന്തശീതളഃ ബഭൂവ	(മറിച്ച്) തികച്ചും ശീതളനായിത്തീരുക- യാണു ചെയ്തതു്.

യന്നാമസംസ്മരണധൂതസമസ്തപാപാഃ
താപത്രയാനലമപീഹ തരന്തി സദ്യഃ
തസ്യൈവ കിം രഘുവരസ്യ വിശിഷ്ടദൂതഃ
സന്തപ്യതേ കഥമസൗ പ്രകൃതാനലേന. 48

യന്നാമസംസ്മരണധൂത—	ഏതൊരുവൻെറ പേരോർക്കയാൽ
സമസ്തപാപാഃ (ജനാഃ)	(ജനങ്ങൾ) സകല പാപങ്ങളും പോക്കി,
ഇഹ താപത്രയാനലം അപി	ഐഹികമായ ത്രിവിധതാപാഗ്നിയെ-
സദ്യഃ തരന്തി	പ്പോലും സത്വരം അതിജീവിക്കുന്നുവോ,
തസ്യ രഘുവരസ്യ ഏവ	ആ രഘുവരൻെറതന്നെ
വിശിഷ്ടദൂതഃ അസൗ	വിശിഷ്ടദൂതനായ ഈ (ഹനുമാൻ)
പ്രകൃതാനലേന	ഭൗതികാഗ്നിയാൽ
കഥം സന്തപ്യതേ	എങ്ങനെയാണു് പൊള്ളിക്കപ്പെടുക?

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
സുന്ദരകാണ്ഡേ ചതുർത്ഥഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
സുന്ദരകാണ്ഡം നാലാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം അഞ്ചു്

മാരുതിയുടെ പ്രത്യാഗമനം—സന്ദേശകഥനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

തതഃ സീതാം നമസ്കൃത്യ ഹനൂമാനബ്രവീദ്വചഃ
ആജ്ഞാപയതു മാം ദേവി, ഭവതീ രാമസന്നിധിം. 1

ഗച്ഛാമി രാമസ്ത്വാം ദ്രഷ്ടുമാഗമിഷ്യതി സാനുജഃ
ഇത്യുക്ത്വാ ത്രിഃ പരിക്രമ്യ ജാനകീം മാരുതാത്മജഃ. 2

പ്രണമ്യ പ്രസ്ഥിതോ ഗന്തുമിദം വചനമബ്രവീത്
ദേവി, ഗച്ഛാമി ഭദ്രം തേ തൂർണ്ണം ദ്രക്ഷ്യസി രാഘവം. 3

ലക്ഷ്മണം ച സസുഗ്രീവം വാനരായുതകോടിഭിഃ
തതഃ പ്രാഹ ഹനൂമന്തം ജാനകീ ദുഃഖകർശിതാ. 4

തതഃ സീതാം നമസ്കൃത്യ ഹനൂമാൻ വചഃ അബ്രവീത്	അനന്തരം മൈഥിലിയെ വണങ്ങി മാരുതി ഈ വചനമുണർത്തിച്ചു:
ദേവീ ഭവതീ മാം ആജ്ഞാപയതു രാമസന്നിധിം ഗച്ഛാമി	ദേവീ, ഭവതി എനിക്കനുമതിയേകണം. (ഞാൻ) രാമസന്നിധിയിലേക്കു പോകട്ടെ.
സാനുജഃ രാമഃ ത്വാം ദ്രഷ്ടും ആഗമിഷ്യതി	അനുജനൊത്തു് രാമൻ ഭവതിയെ ദർശിക്കാൻ വന്നുചേരും.
ഇതി ഉക്ത്വാ ജാനകീം ത്രിഃ പരിക്രമ്യ പ്രണമ്യ ഗന്തും പ്രസ്ഥിതഃ മാരുതാത്മജഃ ഇദം വചനം അബ്രവീത്	ഇങ്ങനെ ചൊന്നു് ജാനകിയെ മൂവുരു വലംവച്ചു്, വണങ്ങി പോകാൻ പുറപ്പെട്ട മാരുതി (വീണ്ടും) ഈ വചനമോതി.
ദേവീ ഗച്ഛാമി തേ ഭദ്രം (ഭവതു)	ദേവീ, ഞാൻ പോകയാണു്, അവിടുത്തേക്കു ശുഭം (ഭവിക്കട്ടെ).
തൂർണ്ണം രാഘവം ദ്രക്ഷ്യസി	വേഗം (ഭവതിക്കു) രാമനെ ദർശിക്കുമാറാകും.
ലക്ഷ്മണം വാനരായുതകോടിഭിഃ സുഗ്രീവം ച (ദ്രക്ഷ്യസി)	ലക്ഷ്മണനേയും വാനരകോടികളോടൊത്ത സുഗ്രീവനേയും കാണും.
തതഃ ദുഃഖകർശിതാ ജാനകീ ഹനൂമന്തം പ്രാഹ	അനന്തരം ശോകകൃശ, വൈദേഹി ഹനുമാനോടു് അരുളി.

ത്വാം ദൃഷ്ട്വാ വിസ്മൃതം ദുഃഖം ഇദാനീം ത്വം ഗമിഷ്യസി
ഇതഃ പരം കഥം വർത്തേ രാമവാർത്താശ്രുതിം വിനാ. 5

ത്വാം ദൃഷ്ട്വാ ദുഃഖം വിസ്മൃതം	നിന്നെ കണ്ടു് (എന്റെ) സങ്കടം ഞാൻ മറന്നു.
ഇദാനീം ത്വം ഗമിഷ്യസി	ഇപ്പോഴോ നീയും പോകയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമവാർത്താശ്രുതിം വിനാ	രാമവാർത്ത ശ്രവിക്കാതെ
ഇതഃ പരം കഥം വർത്തേ	ഇനിമേൽ (ഞാൻ) എങ്ങനെ കഴിയും?

മാരുതി ഉവാച: മാരുതി പറഞ്ഞു

യദ്യേവം ദേവി, മേ സ്കന്ധമാരോഹ ക്ഷണമാത്രതഃ
രാമേണ യോജയിഷ്യാമി മന്യസേ യദി ജാനകി. 6

യദി ഏവം ദേവി മേ സ്കന്ധം ആരോഹ	ഇങ്ങനെയാണെങ്കിൽ, ദേവി, എന്റെ തോളിലേറിയാലും.
ജാനകി യദി മന്യസേ ക്ഷണമാത്രതഃ രാമേണ യോജയിഷ്യാമി	ജനകപുത്രി, അങ്ങേയ്ക്കു വിസമ്മതമില്ലെ- ങ്കിൽ ക്ഷണമാത്രംകൊണ്ട് രാമസമീപമെത്തിക്കാം.

സീതാ ഉവാച: സീത മറുമൊഴി നല്കി

രാമഃ സാഗരമാശോഷ്യ ബദ്ധ്വാ വാ ശരപഞ്ജരൈഃ
ആഗത്യ വാനരൈഃ സാർദ്ധം ഹത്വാ രാവണമാഹവേ. 7

മാം നയേദ്യദി രാമസ്യ കീർത്തിർഭവതി ശാശ്വതീ
അതോ ഗച്ഛ കഥം ചാഽപി പ്രാണാൻ സന്ധാരയാമ്യഹം. 8

സാഗരം ആശോഷ്യ ശരപഞ്ജരൈഃ ബദ്ധ്വാ വാ വാനരൈഃ സാർദ്ധം ആഗത്യ രാവണം ആഹവേ ഹത്വാ രാമഃ യദി മാം നയേത് രാമസ്യ ശാശ്വതീ കീർത്തിഃ ഭവതി. അതഃ ഗച്ഛ അഹം കഥം ച അപി പ്രാണാൻ സംധാരയാമി	വാനരരോടൊത്തു വന്ന്, രാവണനെ പോരിൽ കൊന്ന്, രാമൻ എന്നെ കൊണ്ടുപോകുമെങ്കിൽ അദ്ദേഹത്തിന് ശാശ്വതയശസ്സുണ്ടാകും. അതിനാൽ നീ പോകുക. ഞാൻ എങ്ങനെയെങ്കിലും പ്രാണധാരണംചെയ്തുകൊള്ളാം.

ഇതി പ്രസ്ഥാപിതോ വീരഃ സീതയാ പ്രണിപത്യ താം
ജഗാമ പർവ്വതസ്യാഗ്രേ ഗന്തും പാരം മഹോദധേഃ. 9

ഇതി സീതയാ പ്രസ്ഥാപിതഃ വീരഃ താം പ്രണിപത്യ മഹോദധേഃ പാരം ഗന്തും പർവ്വതസ്യ അഗ്രേ ജഗാമ	ഇവ്വിധം മൈഥിലിയാൽ വിടനല്കപ്പെട്ട ആ ധീരൻ, അവളെ താണുവണങ്ങി, മഹോദധിക്കു മറുകര പോകാൻ ഗിരികൂടത്തിലെത്തി.

തത്ര ഗത്വാ മഹാസത്വഃ പാദാഭ്യാം പീഡയൻ ഗിരിം
ജഗാമ വായുവേഗേന പർവ്വതശ്ച മഹീതലം. 10

ഗതോ മഹീസമാനത്വം ത്രിംശദ്യോജനമുച്ഛ്റിതഃ
മാരുതിർഗ്ഗഗനാന്തഃസ്ഥോ മഹാശബ്ദം ചകാര സഃ. 11

മഹാസത്വഃ തത്ര ഗത്വാ ഗിരിം പാദാഭ്യാം പീഡയൻ വായുവേഗേന ജഗാമ	(ആ) വൻകരുത്തൻ അവിടെ എത്തി, ശൈലം പാദങ്ങളാൽ അമർത്തിക്ഷതിച്ച് വായുവേഗത്തിൽ പോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പർവ്വതഃ ച മഹീതലം ജഗാമ	പർവ്വതംപോലും തറനിരപ്പിൽ താണു.
ത്രിംശദ്യോജനം ഉച്ഛ്റിതഃ (ഗിരിഃ) മഹീസമാനതാം ഗതഃ	മുപ്പതു യോജന പൊങ്ങിനിന്ന (ഗിരി) തറനിരപ്പായി.
ഗഗനാന്തഃസ്ഥഃ സഃ മാരുതിഃ മഹാശബ്ദം ചകാര	വിണ്ടലത്തിൽ നിലകൊണ്ട ആ മാരുതി തുമുലനാദമുതിർത്തു.

തം ശ്രുത്വാ വാനരാഃ സർവ്വേ ജ്ഞാത്വാ മാരുതിമാഗതം
ഹർഷേണ മഹതാവിഷ്ടാഃ ശബ്ദം ചക്രുർമ്മഹാസ്വനം. 12

തം ശ്രുത്വാ ആഗതം മാരുതിം ജ്ഞാത്വാ മഹതാ ഹർഷേണ ആവിഷ്ടാഃ വാനരാഃ സർവ്വേ മഹാസ്വനം ശബ്ദം ചക്രുഃ	അതു കേൾക്കവേ, വന്നുചേർന്ന മാരുതി എന്നറിഞ്ഞു വലിയ ഹർഷാവേശം പൂണ്ട വാനരരെല്ലാം ഉച്ചത്തിൽ മുഴങ്ങുമാറു് ശബ്ദമുതിർത്തു.

ശബ്ദേനൈവ വിജാനീമഃ കൃതകാര്യഃ സമാഗതഃ
ഹനുമാനേവ പശ്യധ്വം വാനരാഃ വാനരർഷഭം. 13

ഏവം ബ്രുവത്സു വീരേഷു വാനരേഷു സ മാരുതിഃ
അവതീര്യ ഗിരേർമൂർദ്ധ്നി വാനരാനിദമബ്രവീത്. 14

കൃതകാര്യഃ ഹനുമാൻ ഏവ സമാഗതഃ	കാര്യം നിറവേററിയ ഹനുമാൻ—തന്നെയാണു് വന്നിരിക്കുന്നതു്.
ശബ്ദേന ഏവ വിജാനീമഃ	ശബ്ദംകൊണ്ടുതന്നെ തിരിച്ചറിയാം.
വാനരാഃ വാനരർഷഭം പശ്യധ്വം	വാനരരേ, കപിവരനെ കണ്ടുകൊൾവിൻ.
വാനരേഷു വീരേഷു ഏവം ബ്രുവത്സു ഗിരേഃ മൂർദ്ധ്നി അവതീര്യ സഃ മാരുതിഃ വാനരാൻ ഇദം അബ്രവീത്	വാനരവീരർ ഇങ്ങനെവിളിച്ചറിയിക്കവേ ഗിരിശിഖരത്തിൽ ഇറങ്ങിവന്നു് ആ മാരുതി അവരോടു് ഈവിധം ഉദ്ഘോഷിച്ചു.

ദൃഷ്ടാ സീതാ മയാ ലങ്കാ ധർഷിതാ ച സകാനനാ
സംഭാഷിതോ ദശഗ്രീവഃ തതോഽഹം പുനരാഗതഃ. 15

മയാ സീതാ ദൃഷ്ടാ	ഞാൻ സീതയെ കണ്ടു.
സകാനനാ ലങ്കാ ധർഷിതാ	ഉപവനസഹിതം ലങ്കയെ താറുമാറാക്കി.
ദശഗ്രീവഃ സംഭാഷിതഃ ച	രാവണനോടു സംസാരിച്ചു.
തതഃ അഹം പുനഃ ആഗതഃ	അനന്തരം ഇതാ ഞാൻ മടങ്ങിയെത്തി.

ഇദാനീമേവ ഗച്ഛാമോ രാമസുഗ്രീവസന്നിധിം.
ഇത്യുക്ത്വാ വാനരാഃ സർവ്വേ ഹർഷേണാലിംഗ്യ മാരുതിം. 16

കേചിച്ചുചുംബുർലാംഗുലം നനൃതുഃ കേചിദുത്സുകാഃ
ഹനുമതാ സമേതാസ്തേ ജഗ്മുഃ പ്രസ്രവണം ഗിരിം. 17

ഇദാനീം ഏവ രാമസുഗ്രീവ—സന്നിധിം ഗച്ഛാമഃ	ഇപ്പോൾതന്നെ രാമസുഗ്രീവന്മാരുടെ സന്നിധിയിലേക്കു പോകാം.
ഇതി ഉക്ത്വാ സർവ്വേ വാനരാഃ ഹർഷേണ മാരുതിം	എന്നു ചൊല്ലി വാനരരെല്ലാം ആഹ്ലാദത്തോടെ മാരുതിയെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആലിംഗ്യ; കേചിത്	ആലിംഗനംചെയ്തു; ചിലർ
ലാംഗൂലം ചുചുംബുഃ	(അവന്റെ) വാൽ ചുംബിച്ചു.
കേചിത് ഉത്സുകാഃ നനൃതുഃ	ചിലർ ഉത്സാഹത്തള്ളലിൽ നൃത്തംചെയ്തു.
ഹനൂമതാ സമേതാഃ തേ	ഹനൂമാനുമായി അവർ
പ്രസ്രവണഗിരിം ജഗ്മുഃ	പ്രസ്രവണഗിരിയിലേക്കു പോയി.

ഗച്ഛന്തോ ദദൃശുർവ്വീരാഃ വനം സുഗ്രീവരക്ഷിതം
മധുസംജ്ഞം തദാ പ്രാഹുരംഗദം വാനരർഷഭാഃ. 18

ഗച്ഛന്തഃ വീരാഃ വാനരർഷഭാഃ	(മടങ്ങി)പോകവേ ധീരവാനരർ,
സുഗ്രീവരക്ഷിതം മധു–	സുഗ്രീവൻ സംരക്ഷിച്ചുപോന്ന 'മധു'
സംജ്ഞിതം വനം ദദൃശുഃ	എന്നു പേരായ ഉപവനം കാണുകയുണ്ടായി.
തദാ അംഗദം പ്രാഹുഃ	അപ്പോൾ അംഗദനോട് അവർ പറഞ്ഞു:

ക്ഷുധിതാ സ്മോ വയം വീര, ദേഹ്യനുജ്ഞാം മഹാമതേ
ഭക്ഷയാമോ ഫലാന്യദ്യ പിബാമോഽമൃതവൻമധു. 19

സന്തുഷ്ടാ രാഘവം ദ്രഷ്ടും ഗച്ഛാമോഽദ്യൈവ സാനുജം. 20

മഹാമതേ വീര വയം	മഹാശയ, വീര, ഞങ്ങൾ
ക്ഷുധിതാഃ സ്മഃ	വിശന്നു തളർന്നിരിക്കയാണ്.
അനുജ്ഞാം ദേഹി	അനുമതി തരു.
ഫലാനി അദ്യ ഭക്ഷയാമഃ	പഴങ്ങൾ ഇപ്പോൾ ഭുജിക്കട്ടെ.
അമൃതവത് മധു പിബാമഃ	അമൃതോപമം മധു കുടിക്കട്ടെ.
സന്തുഷ്ടാഃ	(അങ്ങനെ) സന്തോഷപൂർവ്വം
സാനുജം രാഘവം ദ്രഷ്ടും	അനുജസമേതനായ രാമനെ ദർശിക്കാൻ
അദ്യ ഏവ ഗച്ഛാമഃ	ഇന്നുതന്നെ പോകയുമാകാം.

അംഗദ ഉവാച: അംഗദൻ പ്രതിവചിച്ചു

ഹനുമാൻ കൃതകാര്യോഽയം പിബതൈതത് പ്രസാദതഃ
ഭക്ഷധ്വം ഫലമൂലാനി ത്വരിതം ഹരിസത്തമാഃ. 21

കൃതകാര്യഃ അയം ഹനുമാൻ	കാര്യം സാധിച്ചിരിക്കുന്നു ഹനുമാൻ.
ഏതത് പ്രസാദതഃ	ഇവന്റെ പ്രസാദമെന്നോണം
ഹരിസത്തമാഃ	വാനരപ്രവരരേ,
ഫലമൂലാനി ത്വരിതം	ഫലമൂലങ്ങൾ ശീഘ്രം
ഭക്ഷധ്വം പിബത	ഭുജിക്കുവിൻ, (മധു) കുടിക്കുവിൻ.

തതഃ പ്രവിശ്യ ഹരയഃ പാതുമാരേഭിരേ മധു
രക്ഷിണസ്താനനാദൃത്യ ദധിവക്ത്രേണ നോദിതാൻ. 22

പിബതസ്താഡയാമാസുഃ വാനരാൻ വാനരർഷഭാഃ
തതസ്താൻ മുഷ്ടിഭിഃ പാദൈഃ ചൂർണ്ണയിത്വാ പപുർമധു. 23

തതഃ ഹരയഃ പ്രവിശ്യ	അനന്തരം കപികൾ കടന്ന്
മധു പാതും ആരേഭിരേ	തേൻ കുടിക്കാൻ തുടങ്ങി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദധിവക്ത്രേണ നോദിതാൻ	ദധിവക്ത്രനാൽ നീതരായ
താൻ രക്ഷിണഃ അനാദൃത്യ	ആ കാവല്ക്കാരെ വകവയ്ക്കാതെ (തേൻ)
പിബതഃ വാനരാൻ വാനരർഷഭാഃ	കുടിച്ച കപികളെ വാനരവരർ (രക്ഷികളെ)
താഡയാമാസുഃ. തതഃ താൻ	അടിച്ചു. അപ്പോഴും അവരെ
മുഷ്ടിഭിഃ പാദൈഃ ച	മുഷ്ടികളാലും പാദങ്ങളാലും (തകർത്തു)
ചൂർണ്ണയിത്വാ	പൊടിയാക്കി (ഹനുമദാദികൾ)
മധു പപുഃ	തേൻകുടി തുടർന്നു.

തതോ ദധിമുഖഃ ക്രുദ്ധഃ സുഗ്രീവസ്യ സ മാതുലഃ
ജഗാമ രക്ഷിഭിഃ സാർദ്ധം യത്ര രാജാ കപീശ്വരഃ. 24

ക്രുദ്ധഃ സഃ സുഗ്രീവസ്യ മാതുലഃ	കുപിതനായ ആ സുഗ്രീവമാതുലൻ
ദധിമുഖഃ രക്ഷിഭിഃ സാർദ്ധം	ദധിമുഖൻ, രക്ഷികളെയുംകൂട്ടി
കപീശ്വരഃ രാജാ യത്ര തത്ര	വാനരരാജാവ് ഇരിക്കുന്നിടത്തേക്ക്
തതഃ ജഗാമ	ഉടൻ പോയി.

ഗത്വാ തമബ്രവീദ്ദേവ, ചിരകാലാഭിരക്ഷിതം
നഷ്ടം മധുവനം തേഽദ്യ കുമാരേണ ഹനുമതാ. 25

ഗത്വാ തം അബ്രവീത്	(അവിടെ) ചെന്ന് അവനോട് ഉണർത്തിച്ചു:
ദേവ, ചിരകാലാഭിരക്ഷിതം	ദേവ, ചിരകാലമായി കാത്തുപോരുന്ന
തേ മധുവനം	അവിടത്തെ മധുവനം
അദ്യ കുമാരേണ	ഇന്നിതാ അംഗദകുമാരനും
ഹനുമതാ നഷ്ടം	ഹനുമാനുംകൂടി നശിപ്പിച്ചിരിക്കുന്നു.

ശ്രുത്വാ ദധിമുഖേനോക്തം സുഗ്രീവോ ഹൃഷ്ടമാനസഃ
ദൃഷ്ട്വാഽഗതോ ന സന്ദേഹഃ സീതാം പവനനന്ദനഃ. 26

നോ ചേൻമധുവനം ധ്രഷ്ടും സമർത്ഥഃ കോ ഭവേൻമമ
തത്രാപി വായുപുത്രേണ കൃതം കാര്യം ന സംശയഃ. 27

ദധിമുഖേന ഉക്തം ശ്രുത്വാ	ദധിമുഖൻ ചൊന്നതു കേട്ട്
ഹൃഷ്ടമാനസഃ സുഗ്രീവഃ ആഹ	സന്തുഷ്ടചിത്തനായ സുഗ്രീവൻ പറഞ്ഞു:
പവനനന്ദനഃ സീതാം	പവനപുത്രൻ സീതയെ
ദൃഷ്ട്വാ ആഗതഃ	ദർശിച്ചു വന്നിരിക്കയാണ്.
ന സന്ദേഹഃ	സംശയമില്ല.
നോ ചേത് മമ	അല്ലെങ്കിൽ എന്റെ
മധുവനം ധ്രഷ്ടും	മധുവനം നോക്കാൻപോലും
കഃ സമർത്ഥഃ ഭവേത്	ആരാണ് സമർത്ഥനാകുക?
തത്ര അപി വായുപുത്രേണ	അവിടെയും മാരുതിയാലാണ്
കാര്യം കൃതം ന സംശയഃ	കാര്യം ചെയ്യപ്പെട്ടതു്; തീർച്ച.

ശ്രുത്വാ സുഗ്രീവവചനം ഹൃഷ്ടോ രാമസ്തമബ്രവീത്
കിമുച്യതേ ത്വയാ രാജൻ വചഃ സീതാകഥാന്വിതം. 28

സുഗ്രീവവചനം ശ്രുത്വാ	സുഗ്രീവവചനം കേട്ട്
ഹൃഷ്ടഃ രാമഃ തം അബ്രവീത്	തുഷ്ടനായ രാമൻ അവനോട് ചോദിച്ചു:
രാജൻ സീതാ കഥാന്വിതം	രാജൻ, മൈഥിലിയുടെ കഥയുമായി
കിം വചഃ ത്വയാ ഉച്യതേ	ബന്ധപ്പെട്ട എന്തു വാക്കാണ് അങ്ങ് ഉച്ചരിച്ചതു്?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഗ്രീവസ്ത്വബ്രവീദ്വാക്യം ദേവ, ദൃഷ്ടാഽവനീസുതാ
ഹനുമത് പ്രമുഖാഃ സർവ്വേ പ്രവിഷ്ടാ മധുകാനനം. 29

സുഗ്രീവഃ തു വാക്യം അബ്രവീത്	സുഗ്രീവൻ ഈ വാക്യമറിയിച്ചു:
ദേവ ദൃഷ്ടാ അവനീസുതാ	ദേവ, കണ്ടെത്തി മൈഥിലിയെ.
ഹനുമത് പ്രമുഖാഃ സർവ്വേ	ഹനുമദാദികളെല്ലാം
മധുകാനനം പ്രവിഷ്ടാഃ	മധുവനത്തിൽ കടന്നിട്ടുണ്ട്.

ഭക്ഷയന്തിസ്മ സകലം താഡയന്തി സ്മ രക്ഷിണം
അകൃത്വാ ദേവകാര്യം തേ ദ്രഷ്ടും മധുവനം മമ. 30
ന സമർത്ഥാസ്തതോ ദേവീ ദൃഷ്ടാ സീതേതി നിശ്ചിതം.

സകലം ഭക്ഷയന്തി സ്മ	(അവിടെയുള്ളതു്) എല്ലാം തീന്നു.
രക്ഷിണഃ താഡയന്തി സ്മ	കാവല്ക്കാരെ കൈയേററംചെയ്തു.
ദേവകാര്യം അകൃത്വാ	ദേവകാര്യം സാധിക്കാതെ
മമ മധുവനം	എൻെറ മധുവനത്തിലേക്കു നോക്കാൻ–
ദ്രഷ്ടും ന സമർത്ഥാഃ	പോലും (അവർക്ക്) കഴിയുകയില്ല.
തതഃ സീതാദേവീ	അതിനാൽ സീതാദേവിയെ
ദൃഷ്ടാ ഇതി നിശ്ചിതം	കണ്ടുവെന്നതു തീച്ച്.

രക്ഷിണോ വോ ഭയം മാസ്തു ഗത്വാ ബ്രൂത മമാജ്ഞയാ. 31
വാനരാനംഗദമുഖാനാനയധ്വം മമാന്തികം
ശ്രുത്വാ സുഗ്രീവവചനം ഗത്വാ തേ വായുവേഗതഃ. 32

ഹനൂമത്പ്രമുഖാനൂചുഃ ഗച്ഛതേശ്വരശാസനാത്
ദ്രഷ്ടുമിച്ഛതി സുഗ്രീവഃ സരാമോ ലക്ഷ്മണാന്വിതഃ. 33

യുഷ്മാനതീവഹൃഷ്ടാസ്തേ ത്വരയന്തി മഹാബലാഃ
തഥേത്യംബരമാസാദ്യ യയുസ്തേ വാനരോത്തമാഃ. 34

രക്ഷിണഃ വഃ ഭയം മാ അസ്തു	കാവല്ക്കാരേ, നിങ്ങൾക്കു ഭയമുണ്ടാകേണ്ട.
മമ ആജ്ഞയാ ഗത്വാ ബ്രൂത	എൻെറ കല്പനപ്രകാരം ചെന്നറിയിക്കുക.
അംഗദമുഖാൻ വാനരാൻ	അംഗദാദി വാനരരെ
മമ അന്തികം ആനയധ്വം	എൻെറ അടുത്തേക്കു കൊണ്ടുവരിക.
സുഗ്രീവവചനം ശ്രുത്വാ	സുഗ്രീവൻെറ വചനം കേൾക്കവേ
വായുവേഗതഃ ഗത്വാ	വായുവേഗത്തിൽ പാഞ്ഞെത്തി
തേ ഹനൂമത്പ്രമുഖാൻ ഊചുഃ	അവർ ഹനുമദാദികളോടു പറഞ്ഞു:
ഈശ്വരശാസനാത് ഗച്ഛത	രാജകല്പനപ്രകാരം (ഉടൻ) ചെല്ലുവിൻ.
ലക്ഷ്മണാന്വിതഃ	ലക്ഷ്മണനോടും
സരാമഃ സുഗ്രീവഃ	രാമനോടുംകൂടി സുഗ്രീവൻ
യുഷ്മാൻ ദ്രഷ്ടും ഇച്ഛതി	നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നു.
അതീവഹൃഷ്ടാഃ	തികച്ചും തുഷ്ടരായ
തേ മഹാബലാഃ	ആ മഹാധീരർ (കാണാൻ)
ത്വരയന്തി	ധൃതിപ്പെടുകയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ ഇതി അംബരം ആസാദ്യ	അപ്രകാരമെന്നു (പറഞ്ഞ്) വ്യോമമാർഗ്ഗം
തേ വാനരോത്തമാഃ യയുഃ	ആ വാനരോത്തമർ യാത്രയായി.

ഹനൂമന്തം പുരസ്കൃത്യ യുവരാജം തഥാംഗദം
രാമസുഗ്രീവയോരഗ്രേ നിപേതുർഭുവി സത്വരം. 35

ഹനൂമന്തം തഥാ യുവരാജം	ഹനുമാനേയും യുവരാജാവായ
അംഗദം പുരസ്കൃത്യ	അംഗദനേയും മുന്നിലാക്കി
സത്വരം രാമസുഗ്രീവയോഃ	ശീഘ്രം (ചെന്ന്) രാമസുഗ്രീവന്മാരുടെ
അഗ്രേ ഭുവി നിപേതുഃ	സമക്ഷം നിലംപതിച്ചു (വണങ്ങി).

ഹനൂമാൻ അംഗദം പ്രാഹ ദൃഷ്ട്വാ സീതാ നിരാമയാ
സാഷ്ടാംഗം പ്രണിപത്യാഗ്രേ രാമം .പശ്ചാദ്ധരീശ്വരം. 36

അഗ്രേ രാമം പശ്ചാത്	ആദ്യം രാമനേയും പിന്നെ
ഹരീശ്വരം സാഷ്ടാംഗം	സുഗ്രീവനേയും സാഷ്ടാംഗം
പ്രണിപത്യ ഹനൂമാൻ	പ്രണമിച്ച്, ഹനുമാൻ
രാഘവം പ്രാഹ	രാഘവനോടോതി:
ദൃഷ്ടാ സീതാ നിരാമയാ	കണ്ടു, സീത സുഖമായിരിക്കുന്നു.

കുശലം പ്രാഹ രാജേന്ദ്ര, ജാനകീ ത്വാം ശുചാന്വിതാ
അശോകവനികാമധ്യേ ശിംശപാമൂലമാശ്രിതാ. 37

രാജേന്ദ്ര അശോകവനികാമധ്യേ	രാജേന്ദ്ര, അശോകവനികയുടെ നടുവിൽ
ശിംശപാമൂലം ആശ്രിതാ	ശിംശപാവൃക്ഷത്തിൻെറ ചുവടാശ്രയിച്ചു
ശുചാന്വിതാ ജാനകീ	കഴിയുന്ന, ശോകാകുലയായ ജാനകി
ത്വാം കുശലം പ്രാഹ	അങ്ങേയ്ക്കു കുശലമാശംസിക്കുകയാണ്.

രാക്ഷസീഭിഃ പരിവൃതാ നിരാഹാരാ കൃശാ പ്രഭോ,
ഹാ രാമ, രാമ, രാമേതി ശോചന്തീ മലിനാംബരാ. 38

ഏകവേണീ മയാ ദൃഷ്ടാ ശനൈരാശ്വാസിതാ ശുഭാ.

പ്രഭോ, രാക്ഷസീഭിഃ പരിവൃതാ	പ്രഭോ, രാക്ഷസിമാരാൽ ചുഴപ്പെട്ട,
നിരാഹാരാ കൃശാ	ആഹാരമില്ലാതെ മെലിഞ്ഞ,
ഹാ രാമ രാമ രാമ	ഹാ രാമാ, രാമാ, രാമാ
ഇതി ശോചന്തീ, മലിനാംബരാ	എന്നു വിലപിക്കുന്ന, മലിനവസ്ത്രമണി–
ഏകവേണീ	ഞ്ഞ, (കുടുക്കുകെട്ടി) ഒന്നായ മുടിയുള്ള
(സാ) മയാ ദൃഷ്ടാ. ശുഭാ ശനൈഃ	അവരെ ഞാൻ കണ്ടു. ആ മംഗലമയിയെ
ആശ്വാസിതാ ച	സാവധാനം ആശ്വസിപ്പിക്കയുംചെയ്തു.

വൃക്ഷശാഖാന്തരേ സ്ഥിത്വാ സൂക്ഷ്മരൂപേണ തേ കഥാം. 39

ജന്മാരഭ്യ തവാത്യർത്ഥം ദണ്ഡകാഗമനം തഥാ
ദശാനനേന ഹരണം ജാനക്യാ രഹിതേ ത്വയി. 40

സുഗ്രീവേണ യഥാ മൈത്രീം കൃത്വാ ബാലി നിബർഹണം
മാർഗ്ഗണാർത്ഥം ച വൈദേഹ്യാഃ സുഗ്രീവേണ വിസർജ്ജിതാഃ. 41

മഹാബലാ മഹാസത്വാഃ ഹരയോ ജിതകാശിനഃ
ഗതാഃ സർവ്വത്ര സർവ്വേ വൈ തത്രൈകോഽഹമിഹാഗതഃ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം സുഗ്രീവസചിവോ ദാസോഽഹം രാഘവസ്യ ഹി
ദൃഷ്ട്വാ യജ്ജാനകീ ഭാഗ്യാത് പ്രയാസഃ ഫലിതോഽദ്യ മേ. 43

സൂക്ഷ്മരൂപേണ	ചെറുരൂപത്തോടെ മരക്കൊമ്പുകൾ-
വൃക്ഷശാഖാന്തരേ സ്ഥിത്വാ	ക്കിടയിലിരുന്നുകൊണ്ട്
തേ കഥാം ജന്മ ആരഭ്യ	അവിടുത്തെ കഥ, പിറവിമുതലുള്ളത്,
(കഥയാമാസ)	വിവരിക്കുകയുണ്ടായി.
തവ അത്യർത്ഥം	അവിടുത്തെ ആത്യന്തികമായ
ദണ്ഡകാഗമനം, ത്വയി	ദണ്ഡകഗമനവും അങ്ങയുടെ
രഹിതേ ദശാനനേന	അസാന്നിദ്ധ്യത്തിൽ രാവണനാൽ
ജാനക്യാഃ അപഹരണം	ജാനകി അപഹൃതയായതും
സുഗ്രീവേണ മൈത്രീം കൃത്വാ	സുഗ്രീവനോട് സഖ്യംചെയ്തു
യഥാ ബാലിനിർബർഹണം	ബാലിയെ എങ്ങനെ കൊന്നു എന്നതും
(സൂചിതം)	സൂചിപ്പിച്ചു. (പിന്നെ ചൊല്ലി:)
വൈദേഹ്യാഃ മാർഗ്ഗണാർത്ഥം	മൈഥിലിയെ തേടാൻ
മഹാബലാഃ മഹാസത്വാഃ	പ്രബലരും ദൃഢചിത്തരും
ജിതകാശിനഃ ഹരയഃ	വിജയത്തിന്റെ പരിവേഷം പേറുന്നവരു-
സുഗ്രീവേണ വിസർജ്ജിതാഃ	മായ കപികളെ സുഗ്രീവനയച്ചു.
(തേ) സർവ്വേ	അവരെല്ലാം
സർവ്വത്ര ഗതാഃ	എല്ലാ ദിക്കിലേക്കും പോയി.
തത്ര ഏകഃ അഹം	അവരിലൊരുവൻ,
ഇഹ ആഗതഃ വൈ	ഞാനിവിടെയെത്തി.
സുഗ്രീവസചിവഃ അഹം	സുഗ്രീവന്റെ മന്ത്രിയാണ് ഞാൻ.
രാഘവസ്യ ദാസഃ ഹി	രാമന്റെ കിങ്കരനും.
ഭാഗ്യാത് ജാനകീം ദൃഷ്ട്വാ	ഭാഗ്യവശാൽ ജാനകിയെ ദർശിക്കമൂലം
അദ്യ മേ യത് പ്രയാസഃ ഫലിതഃ	എന്റെ പ്രയത്നം ഇന്നു ഫലവത്തായി.

ഇത്യുദീരിതമാകർണ്ണ്യ സീതാ വിസ്സാരിതേക്ഷണാ
കേന വാ കർണ്ണപീയൂഷം ശ്രാവിതം മേ ശുഭാക്ഷരം. 44

യദി സത്യം തദായാതു മദ്ദൃശ്നപഥം തു സഃ.

ഇതി ഉദീരിതം ആകർണ്ണ്യ	ഇങ്ങനെ ഞാൻ ചൊന്നതു കേട്ട്
വിസ്സാരിതേക്ഷണാ	(പ്രീതിയാൽ) മിഴിവിടർന്ന
സീതാ ആഹ	സീതാ മൊഴിഞ്ഞു:
മേ കർണ്ണപീയൂഷം	എന്റെ കർണ്ണാമൃതമായ
ശുഭാക്ഷരം കേന വാ	ഈ മംഗലവചനം ആരാണോ
ശ്രാവിതം യദി സത്യം തു തദാ	കേൾപ്പിച്ചത്, ഇതു നേരുതന്നെയെങ്കിൽ,
സഃ മദ്ദൃശ്നപഥം	അയാൾ എന്റെ കാഴ്ചപ്പാടിൽ
ആയാതു	വരുമാറാകട്ടെ.

തതോഽഹം വാനരാകാരഃ സൂക്ഷ്മരൂപേണ ജാനകീം. 45

പ്രണമ്യ പ്രാഞ്ജലിർഭൂത്വാ ദൂരാദേവ സ്ഥിതഃ പ്രഭോ
പൃഷ്ടോഽഹം സീതയാ കസ്ത്വമിത്യാദി ബഹുവിസ്തരം. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഭോ തതഃ വാനരാകാരഃ	പ്രഭോ, പിന്നെ വാനരാകാരനായ
അഹം സൂക്ഷ്മരൂപേണ ജാനകീം	ഞാൻ ലഘുരൂപംപേറി ദേവിയെ
പ്രണമ്യ പ്രാഞ്ജലിഃ ഭൂത്വാ	പ്രണമിച്ച് കൈകൂപ്പി,
ദൂരാത് ഏവ സ്ഥിതഃ	അകലെത്തന്നെ നിന്നു.
ത്വം കഃ ഇത്യാദി	നീ ആരെന്നുംമറ്റും
അഹം സീതയാ	എന്നോട് സീത
ബഹുവിസ്തരം പൃഷ്ടഃ	വളരെ വിസ്തരിച്ചു ചോദിക്കയുണ്ടായി.

മയാ സർവ്വം ക്രമേണൈവ വിജ്ഞാപിതമരിന്ദമ,
പശ്ചാന്മയാർപ്പിതം ദേവ്യൈ ഭവദ്ദത്താംഗുലീയകം. 47

അരിന്ദമ, ക്രമേണ മയാ	ശത്രുദമന, ക്രമത്തിൽ ഞാൻ
സർവ്വം ഏവ വിജ്ഞാപിതം	എല്ലാംതന്നെ വിവരിച്ചു.
പശ്ചാത്	പിന്നീട്,
ഭവദ്ദത്താംഗുലീയകം മയാ	അങ്ങു തന്ന മോതിരവും എന്നാൽ
ദേവ്യൈ അർപ്പിതം	ദേവിക്കു സമർപ്പിതമായി.

തേന മമാതിവിശ്വസ്താ വചനം ചേദമബ്രവീത്
യഥാ ദൃഷ്ടാഽസി ഹനുമൻ, പീഡ്യമാനാ ദിവാനിശം. 48
രാക്ഷസീനാം തർജ്ജനൈസ്തത് സർവ്വം കഥയ രാഘവേ
മയോക്തം ദേവി, രാമോഽപി ത്വച്ചിന്താപരിനിഷ്ഠിതഃ. 49
പരിശോചത്യഹോരാത്രം ത്വദ്വാർത്താം നാധിഗമ്യ സഃ
ഇദാനീമേവ ഗത്വാഹം സ്ഥിതിം രാമായ തേ ബ്രുവേ. 50

തേന മമ അതിവിശ്വസ്താ	അതോടെ എന്നിൽ അതിവിശ്വാസം
ഇദം വചനം ച	കൂറിയ (മൈഥിലി) ഈ വചനം
അബ്രവീത്	മൊഴിഞ്ഞു.
ഹനുമൻ, രാക്ഷസീനാം	ഹനുമാനേ, രാക്ഷസികളുടെ
തർജ്ജനൈഃ ദിവാനിശം	തർജ്ജനങ്ങളാൽ രാപ്പകൽ
യഥാ പീഡ്യമാനാ	എത്രമാത്രം പീഡിതയാണ്
ദൃഷ്ടാ അസി	ഞാനെന്നു നീ കണ്ടുവല്ലോ.
തത് സർവ്വം രാഘവേ കഥയ	അതെല്ലാം രാഘവനെ അറിയിക്കുക.
മയാ ഉക്തം	ഞാൻ പ്രതിവചിച്ചു:
ദേവി, രാമഃ അപി ത്വച്ചിന്താ—	ദേവി, രാമനും ഭവതിയുടെ
പരിനിഷ്ഠിതഃ	ചിന്തയിൽ മുഴുകിക്കഴിയുകയാണ്.
ത്വദ്വാർത്താം ന അധിഗമ്യ	അവിടുത്തെ വാർത്തയറിയാതെ
സഃ അഹോരാത്രം	അദ്ദേഹം രാവും പകലും
പരിശോചതി	പരിതപിക്കുന്നു.
ഇദാനീം ഏവ ഗത്വാ	ഇപ്പോൾത്തന്നെ ചെന്ന്
തേ സ്ഥിതിം അഹം	അവിടുത്തെ അവസ്ഥ ഞാൻ
രാമായ ബ്രുവേ	രാമനെ അറിയിക്കാം.

രാമഃ ശ്രവണമാത്രേണ സുഗ്രീവേണ സലക്ഷ്മണഃ
വാനരാനീകപൈഃ സാകമാഗമിഷ്യതി തേഽന്തികം. 51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രവണമാത്രേണ സുഗ്രീവേണ സലക്ഷ്മണഃ വാനരാനീകപൈഃ സാർദ്ധം രാമഃ തേ അന്തികം ആഗമിഷ്യതി	(സംഗതി) കേട്ടക്ഷണംതന്നെ സുഗ്രീവലക്ഷ്മണന്മാരോടും വാനരസേനാപതികളോടുംകൂടെ രാമൻ അവിടത്തെ അന്തികത്തിലെത്തും.

രാവണം സകുലം ഹത്വാ നേഷ്യതി ത്വാം സ്വകം പുരം
അഭിജ്ഞാം ദേഹി മേ ദേവി, യഥാ മാം വിശ്വസേദ്വിഭുഃ. 52

രാവണം സകുലം ഹത്വാ ത്വാം സ്വകം പുരം നേഷ്യതി	രാവണനെ കുലത്തോടെ മുടിച്ച് ദേവിയെ സ്വപുരിയിലേക്കു കൊണ്ടുപോകയുംചെയ്യും.
ദേവി, വിഭുഃ മാം യഥാ വിശ്വസേത് അഭിജ്ഞാം മേ ദേഹി	ദേവീ, ഭഗവാൻ എന്നെ വിശ്വസിക്കത്തക്കവണ്ണം ഒരടയാളവും എനിക്കു തരുമാറാകണം.

ഇത്യുക്ത്വാ സാ ശിരോരത്നം ചൂഡാപാശേ സ്ഥിതം പ്രിയം
ദത്വാ കാകേന യദ്‌വൃത്തം ചിത്രകൂടഗിരൌ പുരാ. 53

തദപ്യാഹാശ്രുപൂർണ്ണാക്ഷീ കുശലം ബ്രൂഹി രാഘവം
ലക്ഷ്മണം ബ്രൂഹി മേ കിഞ്ചിത് ദുരുക്തം ഭാഷിതം പുരാ. 54

തത് ക്ഷമസ്വാജ്ഞഭാവേന ഭാഷിതം കുലനന്ദന,
താരയേൻമാം യഥാ രാമസ്തഥാ കുരു കൃപാന്വിതഃ. 55

ഇതി ഉക്ത്വാ സാ ചൂഡാപാശേ സ്ഥിതം പ്രിയം ശിരോരത്നം ദത്വാ പുരാ ചിത്രകൂടഗിരൌ കാകേന യദ് വൃത്തം തദ് അപി ആഹ	ഇങ്ങനെ പറയപ്പെട്ട അവർ മുടിക്കെട്ടിലിരുന്ന (തന്റെ) പ്രിയപ്പെട്ട ചൂഡാമണി (എന്നെ) ഏല്പിക്കയും, പണ്ട് ചിത്രകൂടഗിരിയിൽ (നടന്ന) ആ കാകവൃത്താന്തം കേൾപ്പിക്കയുംചെയ്തു.
അശ്രുപൂർണ്ണാക്ഷീ ആഹ	നിറഞ്ഞ മിഴികളോടെ അവർ മൊഴിഞ്ഞു:
രാഘവം കുശലം ബ്രൂഹി	രാഘവനെ കുശലമറിയിക്കുക.
ലക്ഷ്മണം ബ്രൂഹി പുരാ മേ കിഞ്ചിത് ദുരുക്തം ഭാഷിതം	ലക്ഷ്മണനോടു പറയണം. മുമ്പു ഞാൻ ഏതോ ദുർവ്വാക്ക് ഉച്ചരിച്ചുപോയി.
കുലനന്ദന അജ്ഞഭാവേന ഭാഷിതം തത് ക്ഷമസ്വ	കുലനന്ദന, അറിവില്ലായ്മയാൽ ഉരചെയ്ത അതു് നീ പൊറുക്കണം.
രാമഃ കൃപാന്വിതഃ യഥാ മാം താരയേത് തഥാ കുരു	രാമൻ ദയാവായ്പോടെ എന്നെ ഉദ്ധരിക്കുമാറു് വേണ്ടതു ചെയ്കയുംവേണം.

ഇത്യുക്ത്വാ രുദതീ സീതാ ദുഃഖേന മഹതാവൃതാ 56
മയാപ്യാശ്വാസിതാ രാമ, വദതാ സർവ്വമേവ തേ.

ഇതി ഉക്ത്വാ മഹതാ ദുഃഖേന ആവൃതാ രുദതീ	ഇപ്രകാരം അഭ്യർത്ഥിച്ച് കടുത്ത ദുഃഖത്തിലാണ്ടു കരഞ്ഞ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സീതാം രാമ, തേ	സീതയെ രാമ, അങ്ങയുടെ
സർവ്വം ഏവ വദതാ	(വൃത്താന്തം) എല്ലാംതന്നെ വർണ്ണിച്ച
മയാ അപി ആശ്വാസിതാ	ഞാൻ ആശ്വസിപ്പിച്ചു.

തതഃ പ്രസ്ഥാപിതോ രാമ, ത്വത്സമീപമിഹാഗതഃ
തദാഗമനവേലായാമശോകവനികാം പ്രിയാം. 57

ഉത്പാട്യ രാക്ഷസാംസ്തത്ര ബഹൂൻ ഹത്വാ ക്ഷണാദഹം
രാവണസ്യ സുതം ഹത്വാ രാവണേനാഭിഭാഷ്യ ച. 58

ലങ്കാമശേഷതോ ദഗ്ധ്വാ പുനരപ്യാഗമം ക്ഷണാത്
ശ്രുത്വാ ഹനുമതോ വാക്യം രാമോഽത്യന്തപ്രഹൃഷ്ടധീഃ. 59

രാമ തതഃ പ്രസ്ഥാപിതഃ ഇഹ	രാമ, പിന്നെ അവിടെനിന്നു തിരിച്ച്
ത്വത് സമീപം ആഗതഃ	ഇങ്ങ് അവിടുത്തെ അരികിലെത്തി.
ആഗമനവേലായാം തദാ അഹം	പോരുന്ന ആ നേരത്തു ഞാൻ (രാവണന്റെ)
പ്രിയാം അശോകവനികാം	പ്രിയപ്പെട്ട അശോകവനിക
ഉത്പാട്യ ക്ഷണാത് ബഹൂൻ	തകർക്കുകയും ക്ഷണത്തിൽ വളരെ
രാക്ഷസാൻ ഹത്വാ	രാക്ഷസരെ വകവരുത്തുകയും
രാവണസ്യ സുതം	രാവണപുത്രനെ (അക്ഷകുമാരനെ)
ഹത്വാ രാവണേന	കൊല്ലുകയും രാവണനോടു
അഭിഭാഷ്യ ച	സംസാരിക്കുകയുംചെയ്തു.
ലങ്കാം അശേഷതഃ ദഗ്ധ്വാ	ലങ്ക നിശ്ശേഷം ദഹിപ്പിച്ചിട്ട്
ക്ഷണാത് പുനഃ അപി ആഗമം	ഞൊടിയിടയിൽ മടങ്ങി.
ഹനുമതഃ വാക്യം ശ്രുത്വാ രാമഃ	ഹനുമാന്റെ വചനം കേട്ട് രാമൻ
അത്യന്തപ്രഹൃഷ്ടധീഃ (അഭവത്)	അതീവസന്തുഷ്ടനായി.

ഹനുമൻ, തേ കൃതം കാര്യം ദേവൈരപി സുദുഷ്കരം
ഉപകാരം ന പശ്യാമി തവ പ്രത്യുപകാരിണഃ. 60

ഹനുമൻ ദേവൈഃ അപി	മാരുതീ, ദേവന്മാർക്കുപോലും
സുദുഷ്കരം കാര്യം	തികച്ചും ദുഷ്കരമായ കാര്യമാണ്
തേ കൃതം	നീ ചെയ്തത്.
പ്രത്യുപകാരിണഃ തവ	പ്രത്യുപകാരിയായ നിനക്ക് (ചെയ്യുമാറ്)
ഉപകാരം ന പശ്യാമി	ഉപകാരമൊന്നും ഞാൻ കാണുന്നില്ല.

ഇദാനീം തേ പ്രയച്ഛാമി സർവ്വസ്വം മമ മാരുതേ,
ഇത്യാലിംഗ്യ സമാകൃഷ്യ ഗാഢം വാനരപുംഗവം. 61

സാർദ്രനേത്രോ രഘുശ്രേഷ്ഠഃ പരാം പ്രീതിമവാപ സഃ
ഹനുമന്തമുവാചേദം രാഘവോ ഭക്തവത്സലഃ. 62

മാരുതേ മമ സർവ്വസ്വം	വായുപുത്രാ, എനിക്കുള്ളതെല്ലാം
തേ ഇദാനീം പ്രയച്ഛാമി	നിനക്ക് ഇതാ ഞാൻ തരുന്നു.
ഇതി വാനരപുംഗവം	എന്നു (പറഞ്ഞ്) വാനരവരനെ
സമാകൃഷ്യ ഗാഢം ആലിംഗ്യ	(മാറോടു) ചേർത്ത് മുറുകെപ്പുണർന്ന്,
സാർദ്രനേത്രഃ സഃ രഘുശ്രേഷ്ഠഃ	മിഴിനനഞ്ഞ രഘുവരൻ
പരാം പ്രീതിം അവാപ	അതിരറ്റ പ്രീതി നേടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്തവത്സലഃ രാഘവഃ ഹനൂമന്തം ഇദം ഉവാച	ഭക്തവത്സലനായ രാഘവൻ ഹനുമാനോട് ഇങ്ങനെ അരുളിച്ചെയ്തു:

പരിരംഭോ ഹി മേ ലോകേ ദുർല്ലഭഃ പരമാത്മനഃ
അതസ്ത്വം മമ ഭക്തോഽസി പ്രിയോഽസി ഹരിപുംഗവ. 63

പരമാത്മനഃ മേ പരിരംഭഃ ലോകേ ദുർല്ലഭഃ ഹി	പരമാത്മാവായ എന്റെ ആലിംഗനം ലോകത്തിൽ ദുർല്ലഭംതന്നെ.
ഹരിപുംഗവ ത്വം മമ ഭക്തഃ അസി പ്രിയഃ അസി	കപിവര, നീ എന്റെ ഭക്തനാണ്, പ്രിയനാണ്.
അതഃ (ത്വയാ പ്രാപ്തഃ)	ആകയാൽ നിനക്ക് അതു കിട്ടി.

യത് പാദപത്മയുഗളം തുളസീദലാദ്യൈഃ
സംപൂജ്യ വിഷ്ണുപദവീമതുലാം പ്രയാന്തി
തേനൈവ കിം പുനരസൗ പരിരബ്ധമൂർത്തി
രാമേണ വായുതനയഃ കൃതപുണ്യപുഞ്ജഃ. 64

യത് പാദപത്മയുഗളം തുളസീദലാദ്യൈഃ സംപൂജ്യ ഭക്താഃ അതുലാം വിഷ്ണുപദവീം പ്രയാന്തി തേന രാമേണ പരിരബ്ധമൂർത്തിഃ കൃതപുണ്യപുംജഃ അസൗ വായുതനയഃ പുനഃ കിം	യാതൊരാളുടെ കാൽത്താരിണ തുളസീദളാദികളാൽ മററും പൂജിച്ച് ഭക്തന്മാർ അതുലമായ വിഷ്ണുപദം പ്രാപിക്കുന്നുവോ, (സ്വയം) ആ രാമനാൽ ആലിംഗിതാംഗനും ബഹുപുണ്യം ചെയ്തവനുമായ ഈ വായുതനയനെപ്പററി പിന്നെന്തു (പറയാനാണ്)?

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
സുന്ദരകാണ്ഡേ പഞ്ചമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
സുന്ദരകാണ്ഡം അഞ്ചാംസർഗ്ഗം കഴിഞ്ഞു.

സമാപ്തമിദം സുന്ദരകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുദ്ധകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഒന്നു്

പടനീക്കം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

യഥാവത് ഭാഷിതം വാക്യം ശ്രുത്വാ രാമോ ഹനൂമതഃ
ഉവാചാനന്തരം വാക്യം ഹർഷേണ മഹതാഽവൃതഃ. 1

യഥാവത് ഭാഷിതം	യഥോചിതം ചൊന്ന
ഹനൂമതഃ വാക്യം ശ്രുത്വാ	ഹനുമദ്വചനം കേട്ടു് വർദ്ധിയ
മഹതാ ഹർഷേണ ആവൃതഃ	സന്തോഷത്താൽ ആവിഷ്ടനായ
രാമഃ അനന്തരം വാക്യം ഉവാച	രാമൻ പിന്നെ ഈ വചനം അരുളി.

കാര്യം കൃതം ഹനുമതാ ദേവൈരപി സുദുഷ്കരം
മനസാപി യദന്യേന സ്മർത്തും ശക്യം ന ഭൂതലേ. 2

ഹനുമതാ കൃതം കാര്യം ദേവൈഃ	ഹനുമാൻ ചെയ്ത കാര്യം ദേവന്മാർക്കുപോലും
അപി സുദുഷ്കരം	തികച്ചും ദുഷ്കരമാണു്.
യദ് ഭൂതലേ അന്യേന	അതു് മന്നിൽ മററാരുവനു്
മനസാ സ്മർത്തും അപി ന ശക്യതേ	മനസാ സ്മരിക്കാൻപോലും സാദ്ധ്യമല്ല.

ശതയോജനവിസ്തീർണ്ണം ലംഘയേത് കഃ പയോനിധിം
ലങ്കാം ച രാക്ഷസൈർഗുപ്താം കോ വാ ധർഷയിതും ക്ഷമഃ. 3

ശതയോജനവിസ്തീർണ്ണം	നൂറുയോജന വിസ്താരമുള്ള
പയോനിധിം കഃ ലംഘയേത്	സാഗരം ആരു താണ്ടും?
രാക്ഷസൈഃ ഗുപ്താം ലങ്കാം	രാക്ഷസരാൽ രക്ഷിക്കപ്പെടുന്ന ലങ്കയെ
ധർഷയിതും ച ക്ഷമഃ കഃ വാ	തകർക്കാനും സമർത്ഥനാരു്?

ഭൃത്യകാര്യം ഹനുമതാ കൃതം സർവ്വമശേഷതഃ
സുഗ്രീവസ്യേദൃശോ ലോകേ ന ഭൂതോ ന ഭവിഷ്യതി. 4

സുഗ്രീവസ്യ ഭൃത്യകാര്യം സർവ്വം	സുഗ്രീവന്റെ ഭൃത്യകാര്യമെല്ലാം
ഹനുമതാ അശേഷതഃ കൃതം	ഹനുമാൻ നിശ്ശേഷം നിർവ്വഹിച്ചു.
ലോകേ ഈദൃശഃ	ലോകത്തിൽ ഇങ്ങനെ ഒരുവൻ
ന ഭൂതഃ ന ഭവിഷ്യതി	ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല.

അഹം ച രഘുവംശശ്ച ലക്ഷ്മണശ്ച കപീശ്വരഃ
ജാനക്യാ ദർശനേനാദ്യ രക്ഷിതാഃ സ്മോ ഹനൂമതാ. 5

ജാനക്യാഃ ദർശനേന അഹം	ജാനകീദർശനംവഴി, ഞാനും
ച രഘുവംശഃ ച ലക്ഷ്മണഃ	രഘുകുലവും ലക്ഷ്മണനും
കപീശ്വരഃ ച ഹനൂമതാ	സുഗ്രീവനും മാരുതിയാൽ
അദ്യ രക്ഷിതാഃ സ്മഃ	ഇന്നു രക്ഷിക്കപ്പെട്ടു.

സർവ്വഥാ സുകൃതം കാര്യം ജാനക്യാഃ പരിമാർഗ്ഗണം
സമുദ്രം മനസാ സ്മൃത്വാ സീദതീവ മനോ മമ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാനക്യാഃ പരിമാൎഗ്ഗണം കാൎയ്യം സൎവ്വഥാ സുകൃതം	ജാനകിയുടെ അന്വേഷണകാൎയ്യം എല്ലാംതരത്തിലും നന്നായി നിറവേററപ്പെട്ടു.
സമുദ്രം മനസാ സ്മൃത്വാ മമ മനഃ സീദതി ഇവ	(എങ്കിലും) അലകടൽ ഉള്ളിലോൎക്കവേ എന്റെ ചേതന തളരുന്നപോലെ (തോന്നുന്നു.)

കഥം നക്രഝഷാകീൎണ്ണം സമുദ്രം ശതയോജനം
ലംഘയിത്വാ രിപും ഹന്യാം കഥം ദ്രക്ഷ്യാമി ജാനകീം. 7

നക്രഝഷാകീൎണ്ണം ശതയോജനം സമുദ്രം ലംഘയിത്വാ കഥം രിപും ഹന്യാം ജാനകീം കഥം ദ്രക്ഷ്യാമി	മുതലകളും മത്സ്യങ്ങളും തിങ്ങിയ നൂറുയോജന (പരന്ന) കടൽ കടന്നു് എങ്ങനെ ഞാൻ വൈരിയെ വകവരുത്തും? ജാനകിയെ എങ്ങനെ കാണും?

ശ്രുത്വാ തു രാമവചനം സുഗ്രീവഃ പ്രാഹ രാഘവം
സമുദ്രം ലംഘയിഷ്യാമോ മഹാനക്രഝഷാകുലം. 8

ലങ്കാം ച വിധമിഷ്യാമോ ഹനിഷ്യാമോഽദ്യ രാവണം
ചിന്താം ത്യജ രഘുശ്രേഷ്ഠ, ചിന്താ കാൎയ്യവിനാശിനീ. 9

രാമവചനം ശ്രുത്വാ സുഗ്രീവഃ തു രാഘവം പ്രാഹ	രാമഭാഷിതം കേട്ട സുഗ്രീവൻ അദ്ദേഹത്തിനു് ഉറപ്പുനല്കി:
മഹാനക്രഝഷാകുലം സമുദ്രം ലംഘയിഷ്യാമഃ ലങ്കാം വിധമിഷ്യാമഃ രാവണം അദ്യ ഹനിഷ്യാമഃ ച	തടിയൻമുതലകളും മകരമത്സ്യങ്ങളും പുളയ്ക്കുന്ന സാഗരം നാം തരണംചെയ്യും; ലങ്ക തകൎക്കും; രാവണനെ ഉടനെ കൊല്ലുകയും ചെയ്യും.
രഘുശ്രേഷ്ഠ, ചിന്താം ത്യജ ചിന്താ കാൎയ്യവിനാശിനീ	രഘുവര, വ്യാകുലത വെടിയുക. വ്യാകുലത കാൎയ്യഹാനി വരുത്തും.

ഏതാൻ പശ്യ മഹാസത്വാൻ ശൂരാൻ വാനരപുംഗവാൻ
ത്വത്പ്രിയാൎത്ഥം സമുദ്യുക്താൻ പ്രവേഷ്ടുമപി പാവകം. 10

മഹാസത്വാൻ ത്വത്പ്രിയാൎത്ഥം പാവകം പ്രവേഷ്ടും അപി സമുദ്യുക്താൻ ഏതാൻ ശൂരാൻ വാനരപുംഗവാൻ പശ്യ	പ്രബലരും നിൻപ്രിയത്തിനായി തീയിൽ ചാടാൻപോലും ഒരുക്കമുള്ളവരുമായ ഈ ധീരരെ, കപിവരരെ, നൃക്ഷൺ പാൎത്താലും.

സമുദ്രതരണേ ബുദ്ധിം കുരുഷ്വ പ്രഥമം തതഃ
ദൃഷ്ട്വാ ലങ്കാം ദശഗ്രീവോ ഹത ഇത്യേവ മന്മഹേ. 11

പ്രഥമം സമുദ്രതരണേ ബുദ്ധിം കുരുഷ്വ. തതഃ ലങ്കാം ദൃഷ്ട്വാ ദശഗ്രീവഃ ഹത ഇതി ഏവ മന്മഹേ	ആദ്യം കടൽ താണ്ടുന്നതിൽ ബുദ്ധി വിനിയോഗിക്കുക. പിന്നെ ലങ്ക കാണുന്നമാത്രയിൽ ദശഗ്രീവൻ കൊല്ലപ്പെട്ടു എന്നുതന്നെ കരുതാം.

ന ഹി പശ്യാമ്യഹം കഞ്ചിത് ത്രിഷു ലോകേഷു രാഘവ,
ഗൃഹീതധനുഷോ യസ്തേ തിഷ്ഠേദഭിമുഖോ രണേ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവ ഗൃഹീതധനുഷഃ തേ	രാഘവ, ധനുർധരനായ നിന്നെ
രണേ അഭിമുഖഃ യഃ തിഷ്ഠേത്	പോരിൽ എതിർത്തുനില്ലുമാറ്,
ത്രിഷു ലോകേഷു കംചിത്	മൂവുലകിലും ഒരുവനെ
അഹം ന പശ്യാമി	ഞാൻ കാണുന്നില്ല.

സർവ്വഥാ നോ ജയോ രാമ ഭവിഷ്യതി ന സംശയഃ
നിമിത്താനി ച പശ്യാമി തഥാഭൂതാനി സർവ്വശഃ. 13

രാമ സർവ്വഥാ ജയഃ	രാമ, എല്ലാത്തരത്തിലും വിജയം
നഃ ഭവിഷ്യതി ന സംശയഃ	നമുക്കാകും; സംശയിക്കേണ്ട.
തഥാഭൂതാനി നിമിത്താനി	താദൃശമായ (ശുഭ)നിമിത്തങ്ങളും
ച സർവ്വശഃ പശ്യാമി	എല്ലായിടത്തും കാണുന്നുമുണ്ട്.

സുഗ്രീവവചനം ശ്രുത്വാ ഭക്തിവീര്യസമന്വിതം
അംഗീകൃത്യാഽബ്രവീദ്രാമോ ഹനൂമന്തം പുരഃ സ്ഥിതം. 14

ഭക്തിവീര്യസമന്വിതം	പ്രേമവും ധൈര്യവും ചേർന്ന
സുഗ്രീവവചനം ശ്രുത്വാ	സുഗ്രീവവചനം ശ്രവിക്കയും
അംഗീകൃത്യ	അംഗീകരിക്കയും ചെയ്തതിനുശേഷം,
രാമഃ പുരഃ സ്ഥിതം ഹനൂമന്തം	രാമൻ മുമ്പിൽ നിന്ന മാരുതിയോട്
അബ്രവീത്	ഇങ്ങനെ അരുളി:

യേനകേനപ്രകാരേണ ലംഘയാമോ മഹാർണ്ണവം
ലങ്കാസ്വരൂപം മേ ബ്രൂഹി ദുഃസാധ്യം ദേവദാനവൈഃ. 15

യേനകേനപ്രകാരേണ	എങ്ങനെയെങ്കിലും
ലംഘയാമഃ മഹാർണ്ണവം	താണ്ടാം, അപാരമായ പാരാവാരം.
ദേവദാനവൈഃ ദുഃസാധ്യം	ദേവദാനവന്മാർക്കുപോലും ദുരാപമായ
ലങ്കാസ്വരൂപം	ആ ലങ്കയുടെ തനിരൂപം
മേ ബ്രൂഹി	എനിക്കൊന്നു വിവരിച്ചുതരൂ.

ജ്ഞാത്വാ തസ്യ പ്രതീകാരം കരിഷ്യാമി കപീശ്വര,
ശ്രുത്വാ രാമസ്യ വചനം ഹനൂമാൻ വിനയാന്വിതഃ. 16

ഉവാച പ്രാഞ്ജലിർദേവ, യഥാദൃഷ്ടം ബ്രവീമി തേ
ലങ്കാ ദിവ്യപുരീ ദേവ, ത്രികൂടശിഖരേ സ്ഥിതാ. 17

ജ്ഞാത്വാ തസ്യ പ്രതീകാരം	അറിഞ്ഞിട്ട് അതിനു പ്രതിവിധി
കരിഷ്യാമി കപീശ്വര	ചെയ്യാം, കപിവര!
രാമസ്യ വചനം ശ്രുത്വാ	രാമഭാഷിതം കേട്ട്
വിനയാന്വിതഃ ഹനൂമാൻ	വിനയവാൻ ഹനുമാൻ
പ്രാഞ്ജലിഃ ഉവാച	കൈ തൊഴുതു് അറിയിച്ചു:
ദേവ, യഥാദൃഷ്ടം	ദേവ, ഞാൻ കണ്ടതുപോലെ
തേ ബ്രവീമി	അങ്ങയോടു പറയാം.
ദിവ്യപുരീ ലങ്കാ	ദിവ്യപുരി, ലങ്ക,
ത്രികൂടശിഖരേ സ്ഥിതാ	ത്രികൂടശിഖരത്തിൽ സ്ഥിതിചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വർണ്ണപ്രാകാരസഹിതാ സ്വർണ്ണാട്ടാളകസംയുതാ
പരിഖാഭിഃ പരിവൃതാ പൂർണ്ണാഭിർനിർമ്മലോദകൈഃ. 18

നാനോപവനശോഭാഢ്യാ ദിവ്യവാപീഭിരാവൃതാ
ഗൃഹൈർവ്വിചിത്രശോഭാഢ്യൈഃ മണിസ്തംഭമയൈർശ്ശുഭൈഃ. 19

സ്വർണ്ണപ്രാകാരസഹിതാ	സ്വർണ്ണപ്രാകാരമുള്ളതും
സ്വർണ്ണാട്ടാളകസംയുതാ	കനകസൗധങ്ങൾ തിങ്ങിയതും
നിർമ്മലോദകൈഃ പൂർണ്ണാഭിഃ	തെളിനീർ നിറഞ്ഞ
പരിഖാഭിഃ പരിവൃതാ	കിടങ്ങുകളാൽ ചുഴപ്പെട്ടതും
നാനോപവനശോഭാഢ്യാ	അനേകം ആരാമങ്ങളുടെ ഭംഗിമ തിങ്ങി-
ദിവ്യവാപീഭിഃ ആവൃതാ	യതും ദിവ്യകല്യകൾ ചുഴന്നതും
വിചിത്രശോഭാഢ്യൈഃ	വിചിത്രശോഭയേറിയ,
മണിസ്തംഭമയൈഃ	മണിസ്തംഭമുള്ള,
ശുഭൈഃ ഗൃഹൈഃ	ശുഭഭവനങ്ങളാൽ
(ശോഭിതാ വർത്തതേ ലങ്കാ)	ശോഭിതവുമാണ് ലങ്ക.

പശ്ചിമദ്വാരമാസാദ്യ ഗജവാഹാഃ സഹസ്രശഃ
ഉത്തരേ ദ്വാരി തിഷ്ഠന്തി സാശ്വവാഹാഃ സപത്തയഃ. 20

തിഷ്ഠന്ത്യർബ്ബുദസംഖ്യാകാഃ പ്രാച്യാമപി തഥൈവ ച
ദക്ഷിണേ രാക്ഷസാഃ വീരാഃ ദ്വാരം ദക്ഷിണമാശ്രിതാഃ. 21

സഹസ്രശഃ ഗജവാഹാഃ	ആയിരക്കണക്കിന് ഗജാരോഹികൾ
പശ്ചിമദ്വാരം ആസാദ്യ	പടിഞ്ഞാറേ കവാടത്തിലെത്തി
തിഷ്ഠന്തി	നിലയുറപ്പിച്ചിരിക്കുന്നു.
ഉത്തരേ ദ്വാരി (തിഷ്ഠന്തി)	വടക്കേ വാതില്ക്കൽ നില്പുണ്ട്
സപത്തയ സാശ്വവാഹാഃ	കാലാൾപ്പടയോടൊത്ത് കുതിരപ്പട.
തഥാ ഏവ പ്രാച്യാം അപി	അതുപോലെതന്നെ കിഴക്കുമുണ്ട്
ച (തിഷ്ഠന്തി) അർബ്ബുദസംഖ്യാകാഃ	എണ്ണമററ
രാക്ഷസാഃ വീരാഃ	രാക്ഷസവീരർ.
ദക്ഷിണം ദ്വാരം ച	തെക്കേ കോട്ടവാതില്ക്കലും
(ആ തിഷ്ഠന്തി)	അവർ നിലയുറപ്പിച്ചിരിക്കുന്നു.

മദ്ധ്യകക്ഷേഽപ്യസംഖ്യാതാഃ ഗജാശ്വരഥപത്തയഃ
രക്ഷയന്തി സദാ ലങ്കാം നാനാസ്ത്രകുശലാഃ പ്രഭോ. 22

പ്രഭോ മദ്ധ്യകക്ഷേ അപി	ഭഗവാനേ, മദ്ധ്യഭാഗത്തും
നാനാസ്ത്രകുശലാഃ	പല ആയുധ(വിദ്യയിൽ) നൈപുണ്യമുള്ള
അസംഖ്യാതാഃ	എണ്ണമററ
ഗജാശ്വരഥപത്തയഃ	ആന-കുതിര-തേർ-കാലാൾപ്പട
സദാ ലങ്കാം രക്ഷയന്തി	നിരന്തരം ലങ്കയെ രക്ഷിച്ചുപോരുന്നു.

സംക്രമൈർവിവിധൈർലങ്കാ ശതഘ്നീഭിശ്ച സംയുതാ
ഏവം സ്ഥിതേഽപി ദേവേശ, ശൃണു മേ തത്ര ചേഷ്ടിതം. 23

വിവിധൈഃ സംക്രമൈഃ	പലതരം തുരങ്കങ്ങളോടും
ശതഘ്നീഭിഃ ച സംയുതാ ലങ്കാ	പീരങ്കികളോടുംകൂടിയതാണ് ലങ്ക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവേശ, ഏവം സ്ഥിതേ അപി	ദേവേശ, ഇങ്ങനെ സുരക്ഷിതമാണെങ്കിലും
മേ തത്ര ചേഷ്ടിതം ശൃണു	ഞാനവിടെ ചെയ്തതു കേട്ടാലും.

ദശാനനബലൗഘസ്യ ചതുർത്ഥാംശോ മയാ ഹതഃ
ദഗ്ദ്ധ്വാ ലങ്കാംപുരീം സ്വർണ്ണപ്രാസാദോ ധർഷിതോ മയാ. 24

ദശാനനബലൗഘസ്യ	രാവണസേനാവൃന്ദത്തിന്റെ
ചതുർത്ഥാംശഃ മയാ ഹതഃ	നാലിലൊന്ന് ഞാൻ നശിപ്പിച്ചു.
ലങ്കാംപുരീം ദഗ്ദ്ധ്വാ	ലങ്കാപുരി ചുട്ടെരിച്ച് (അവന്റെ)
സ്വർണ്ണപ്രാസാദഃ	കനകക്കൊട്ടാരവും
മയാ ധർഷിതഃ	ഞാൻ തറുമാറാക്കി.

ശതഘ്ന്യഃ സംക്രമാശ്ചൈവ നാശിതാ മേ രഘൂത്തമ,
ദേവ ത്വദ്ദർശനാദേവ ലങ്കാ ഭസ്മീകൃതാ ഭവേത്. 25

രഘൂത്തമ, ശതഘ്ന്യഃ	രഘുവര, പീരങ്കികളും
സംക്രമാഃ ച ഏവ മേ നാശിതാഃ	ഗുപ്തമാർഗ്ഗങ്ങളും ഞാൻ നശിപ്പിച്ചു.
ദേവ ത്വദ്ദർശനാത് ഏവ	ദേവ, അങ്ങയുടെ നോട്ടംകൊണ്ടുതന്നെ
ലങ്കാ ഭസ്മീകൃതാ ഭവേത്	ലങ്ക ചാമ്പലായിത്തീരും.

പ്രസ്ഥാനം കുരു ദേവേശ, ഗച്ഛാമോ ലവണാംബുധേഃ
തീരം സഹ മഹാവീരൈഃ വാനരൗഘൈഃ സമന്തതഃ. 26

ദേവേശ, പ്രസ്ഥാനം കുരു	ദേവേശ, (ഉടൻ) പുറപ്പെട്ടാലും.
സമന്തതഃ മഹാവീരൈഃ	ചുററിനും മഹാധീരരായ
വാനരൗഘൈഃ സഹ	വാനരങ്ങളുടെ വ്യൂഹവുമായി
ലവണാംബുധേഃ തീരം ഗച്ഛാമഃ	ഉപ്പുകടൽത്തീരത്തേക്കു പോകാം.

ശ്രുത്വാ ഹനുമതോ വാക്യമുവാച രഘുനന്ദനഃ
സുഗ്രീവ, സൈനികാൻ സർവ്വാൻ പ്രസ്ഥാനായാഭിനോദയ. 27

ഹനുമതഃ വാക്യം ശ്രുത്വാ	മാരുതിയുടെ ഭാഷിതം കേട്ട്
രഘുനന്ദനഃ വാക്യം ഉവാച	രാഘവൻ ഈ വചനം അരുളി:
സുഗ്രീവ, സൈനികാൻ സർവ്വാൻ	സുഗ്രീവ, സൈനികരെയെല്ലാം
പ്രസ്ഥാനായ അഭിനോദയ	പുറപ്പാടിനു പ്രേരിപ്പിക്കൂ.

ഇദാനീമേവ വിജയോ മുഹൂർത്തഃ പരിവർത്തതേ,
അസ്മിൻ മുഹൂർത്തേ ഗത്വാഽഹം ലങ്കാം രാക്ഷസസങ്കുലാം. 28
സപ്രാകാരാം സുദുർദ്ധർഷാം നാശയാമി സരാവണാം,
ആനേഷ്യാമി ച സീതാം മേ ദക്ഷിണാക്ഷി സ്ഫുരത്യധഃ. 29

വിജയഃ മുഹൂർത്തഃ	'വിജയ'മുഹൂർത്തം
പരിവർത്തതേ, ഇദാനീം ഏവ	വർത്തിക്കയാണ് ഈ വേളയിൽത്തന്നെ.
അസ്മിൻ മുഹൂർത്തേ	ഈ മുഹൂർത്തത്തിൽ
ഗത്വാ അഹം	(ചെന്നു ഞാൻ ശക്തമായ)
സപ്രാകാരാം	കോട്ടമതിലുള്ള,
സുദുർദ്ധർഷാം ലങ്കാം	പാടേ തകർക്കാൻ പണിപ്പാടുള്ള ലങ്കയെ
സരാവണാം നാശയാമി	രാവണനോടൊപ്പംതന്നെ നശിപ്പിക്കും.
സീതാം ആനേഷ്യാമി ച	സീതയെ കൊണ്ടുപോരികയും ചെയ്യും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേ ദക്ഷിണാക്ഷി അധഃ സ്ഫുരതി	എന്റെ വലതുമിഴിയുടെ താഴ്ഭാഗം തുടിക്കുന്നുവല്ലോ.

പുരുഷന് വലതുമിഴി തുടിക്കുന്നതു ശുഭസൂചകമെന്നാണ് ജനവിശ്വാസം. ''ഉപരിഷ്ടാദധി നയനം സ്ഫുരമാണമിദം മമ'' എന്നു വാല്മീകി.

പ്രയാതു വാഹിനീ സർവ്വാ വാനരാണാം തരസ്വിനാം
രക്ഷന്തു യൂഥപാഃ സേനാമഗ്രേ പൃഷ്ഠേ ച പാർശ്വയോഃ. 30

തരസ്വിനാം വാനരാണാം വാഹിനീ സർവ്വാ പ്രയാതു	പ്രബലരായ വാനരരുടെ പട മുഴുവൻ പുറപ്പെടട്ടെ.
യൂഥപാഃ സേനാം അഗ്രേ പൃഷ്ഠേ പാർശ്വേ ച രക്ഷന്തു	ഗണമുഖ്യർ സേനയുടെ മുന്നണിയിലും പിമ്പിലും പാർശ്വങ്ങളിലും കാത്തുകൊള്ളണം.

ഹനൂമന്തമഥാരുഹ്യ ഗച്ഛാമ്യഗ്രേഽംഗദം തതഃ
ആരുഹ്യ ലക്ഷ്മണോ യാതു സുഗ്രീവ ത്വം മയാ സഹ. 31

ഹനൂമന്തം ആരുഹ്യ അഹം അഥ അഗ്രേ ഗച്ഛാമി	ഹനുമാന്റെ (തോളി)ലേറി ഞാൻ ഇനി മുമ്പേ പോകാം.
അംഗദം ആരുഹ്യ തതഃ ലക്ഷ്മണഃ യാതു. സുഗ്രീവ ത്വം മയാ സഹ (ആഗച്ഛ)	അംഗദന്റെ ചുമലിലേറി പിമ്പേ ലക്ഷ്മണൻ പോരട്ടെ. സുഗ്രീവ, നീ എന്നോടൊത്തു പോന്നോളൂ.

ഗജോ ഗവാക്ഷോ ഗവയോ മൈന്ദോ ദ്വിവിദ ഏവ ച
നലോ നീലഃ സുഷേണശ്ച ജാംബവാംശ്ച തഥാഽപരേ. 32

സർവ്വേ ഗച്ഛന്തു സർവ്വത്ര സേനായാഃ ശത്രുഘാതിനഃ
ഇത്യാജ്ഞാപ്യ ഹരീൻ രാമഃ പ്രതസ്ഥേ സഹ ലക്ഷ്മണഃ. 33

ഗജഃ ഗവാക്ഷഃ ഗവയഃ മൈന്ദഃ ദ്വിവിദഃ ച നലഃ നീലഃ സുഷേണഃ ച ജാംബവാൻ ച ഏവ തഥാ ശത്രുഘാതിനഃ സർവ്വേ അപരേ സേനായാഃ സർവ്വത്ര ഗച്ഛന്തു	ഗജൻ, ഗവാക്ഷൻ, ഗവയൻ, മൈന്ദൻ, ദ്വിവിദൻ, നളൻ നീലൻ, സുഷേണൻ, ജാംബവാൻ എന്നിവരും ശത്രുസംഹാരകരായ മറ്റെല്ലാ(സേനാപതികളും)പടയണികളെ എല്ലായിടത്തും(കാത്തുകൊണ്ട്) മുന്നേറട്ടെ.
രാമഃ ഹരീൻ ഇതി ആജ്ഞാപ്യ സഹലക്ഷ്മണഃ പ്രതസ്ഥേ	രാമൻ കപികൾക്ക് ഇങ്ങനെ ആജ്ഞ നല്കിയിട്ട് ലക്ഷ്മണനൊത്തു മുന്നേറി.

സുഗ്രീവസഹിതോ ഹൃഷ്ടാത് സേനാമധ്യഗതോ വിഭുഃ
വാരണേന്ദ്രനിഭാഃ സർവ്വേ വാനരാഃ കാമരൂപിണഃ. 34

സുഗ്രീവസഹിതഃ വിഭുഃ സേനാമധ്യഗതഃ ഹൃഷ്ടാത് (ച ചാല)	സുഗ്രീവനൊത്ത് ഭഗവാൻ പടനടുവിലൂടെ ഉല്ലാസപൂർവ്വം മുന്നോട്ടു പോയി.
വാരണേന്ദ്രനിഭാഃ കാമരൂപിണഃ (ആസൻ) വാനരാഃ സർവ്വേ	ഐരാവതതുല്യരും കാമരൂപികളുമായിരുന്നു വാനരരെല്ലാംതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷ്വേളന്തഃ പരിഗർജ്ജന്തോ ജഗ്മുസ്തേ ദക്ഷിണാം ദിശം
ഭക്ഷയന്തോ യയുഃ സർവ്വേ ഫലാനി ച മധൂനി ച. 35

ക്ഷ്വേളന്തഃ പരിഗർജ്ജന്തഃ	അട്ടഹാസം ചവിട്ടിയും ആർത്തലറിയും
ഫലാനി ച മധൂനി ച ഭക്ഷയന്തഃ	ഫലങ്ങളും മധുവുമകത്താക്കിയും
തേ സർവ്വേ ജഗ്മുഃ	അവരെല്ലാം നടന്നു
ദക്ഷിണാം ദിശം യയുഃ	തെക്കേ ദിക്കിലേക്കു നീങ്ങി.

ബ്രുവന്തോ രാഘവസ്യാഗ്രേ ഹനിഷ്യാമോഽദ്യ രാവണം
ഏവം തേ വാനരശ്രേഷ്ഠാഃ ഗച്ഛന്ത്യതുലവിക്രമാഃ. 36

അദ്യ രാവണം ഹനിഷ്യാമഃ	'ഇന്നു രാവണന്റെ കഥകഴിക്കും'
ഏവം രാഘവസ്യ അഗ്രേ ബ്രുവന്തഃ	എന്നു രാമസമക്ഷം ഘോഷിച്ചുകൊണ്ടാണു്
തേ അതുലവിക്രമാഃ	ആ കിടയററ വിക്രമികൾ,
വാനരശ്രേഷ്ഠാഃ ഗച്ഛന്തി	വാനരവീരർ, പോയതു്.

ഹരിഭ്യാമുഹ്യമാനൗ തൗ ശുശുഭാതേ രഘൂത്തമൗ
നക്ഷത്രൈഃ സേവിതൗ യദ്വച്ചന്ദ്രസൂര്യാവിവാംബരേ. 37

ഹരിഭ്യാം	(ഹനുമാൻ, അംഗദൻ) എന്നീ കപികളാൽ
ഉഹ്യമാനൗ തൗ രഘൂത്തമൗ	വഹിക്കപ്പെടുന്ന ആ രഘുവരർ
അംബരേ നക്ഷത്രൈഃ സേവിതൗ	വിണ്ണിൽ താരകങ്ങളാൽ ചൂഴപ്പെട്ട
ചന്ദ്രസൂര്യൗ യദ്വത് ശുശുഭാതേ	ചന്ദ്ര–സൂര്യന്മാരെപ്പോലെ വിളങ്ങി.

സൂര്യൻ താരകങ്ങളാൽ ചുററപ്പെട്ട നിലയിൽ കാണപ്പെടാറില്ല. തന്മൂലം ഉപമയ്ക്കു് ഔചിത്യമില്ല. 'ഗ്രഹമണ്ഡലപരിവേഷ്ടിതർ' എന്നു് അർത്ഥം ഉൾക്കൊള്ളിച്ചാൽ ഔചിത്യഹാനി ഒഴിവാക്കാമെന്നു തോന്നുന്നു. ''മഹദ്ഭ്യാമിവ സംശ്ലിഷ്ടൗ ഗ്രഹാഭ്യാം ചന്ദ്രഭാസ്കരൗ'' എന്നാണു് വാല്മീകി പറയുന്നതു്.

ആവൃത്യ പൃഥിവീം കൃത്സ്നാം ജഗാമ മഹതീ ചമൂഃ
പ്രസ്ഫോടയന്തഃ പുച്ഛാഗ്രാൻ ഉദ്വഹന്തശ്ച പാദപാൻ. 38

ശൈലാനാരോഹന്തശ്ച ജഗ്മുർമാരുതവേഗതഃ
അസംഖ്യാതാശ്ച സർവ്വത്ര വാനരാഃ പരിപൂരിതാഃ. 39

പൃഥിവീം കൃത്സ്നാം ആവൃത്യ	ഊഴി മുഴുവൻ തിങ്ങിനിറഞ്ഞാണു്
മഹതീ ചമൂഃ ജഗാമ	പെരുംപട നീങ്ങിയതു്.
പുച്ഛാഗ്രാൻ പ്രസ്ഫോടയന്തഃ	വാലിന്നഗ്രം പൊക്കിയടിച്ചും
പാദപാൻ ഉദ്വഹന്തഃ	മരങ്ങളെ പുഴക്കിപ്പിടിച്ചും
ശൈലാൻ ആരോഹയന്തഃ	മാമലകളെ കയറിക്കടന്നും
ച മാരുതവേഗതഃ ജഗ്മുഃ	വായുവേഗത്തിൽ (അവർ) മുന്നേറി.
സർവ്വത്ര അസംഖ്യാതാഃ	എങ്ങും എണ്ണമററ
വാനരാഃ പരിപൂരിതാഃ	വാനരർ തിങ്ങിനിറഞ്ഞു.

ഹൃഷ്ടാസ്തേ ജഗ്മുരത്യർത്ഥം രാമേണ പരിപാലിതാഃ
ഗതാ ചമൂർദിവാരാത്രം കപചിന്നാസജ്ജത ക്ഷണം. 40

രാമേണ പരിപാലിതാഃ തേ	രാമനാൽ സംരക്ഷിതരായ അവർ
അത്യർത്ഥം ഹൃഷ്ടാഃ	തികഞ്ഞ ആഹ്ലാദത്തോടെയാണു്
ജഗ്മുഃ	സഞ്ചരിച്ചതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിവാരാത്രം ചമൂഃ ഗതാ	രാപ്പകൽ (തടവെന്യേ) പട നീങ്ങി.
കദാചിത് ക്ഷണം ന അസജ്ജത	എങ്ങും തെല്ലിടപോലും തങ്ങിയില്ല.

കാനനാനി വിചിത്രാണി പശ്യൻ മലയസഹ്യയോഃ
തേ സഹ്യം സമതിക്രമ്യ മലയം ച തഥാ ഗിരിം. 41

ആയയുശ്ചാനുപൂർവ്വേണ സമുദ്രം ഭീമനിസ്വനം
അവതീര്യ ഹനുമന്തം രാമഃ സുഗ്രീവസംയുതഃ. 42

സലിലാഭ്യാശമാസാദ്യ രാമോ വചനമബ്രവീത്
ആഗതാഃ സ്മോ വയം സർവ്വേ സമുദ്രം മകരാലയം. 43

ഇതോ ഗന്തുമശക്യം നോ നിരുപായേന വാനരാഃ
അത്ര സേനാനിവേശോഽസ്തു മന്ത്രയാമോഽസ്യ താരണേ. 44

മലയസഹ്യയോഃ	മലയനിലും
വിചിത്രാണി കാനനാനി	സഹ്യനിലുമുള്ള വിചിത്രവനങ്ങളും
പശ്യൻ ഗിരിം സഹ്യം	കണ്ടും സഹ്യാദ്രിയും
മലയം ച സമതിക്രമ്യ തേ	മലയാചലവും അതിക്രമിച്ചും അവർ
ഭീമനിസ്വനം സമുദ്രം	ഭീകരമായി അലറുന്ന അലയാഴിയുടെ
ആനുപൂർവ്വേണ ആയയുഃ	അടുത്ത് ക്രമത്തിൽ വന്നെത്തി.
ഹനുമന്തം അവതീര്യ	ഹനുമാന്റെ തോളിൽനിന്നിറങ്ങി
രാമഃ സുഗ്രീവസംയുതഃ	രാമൻ സുഗ്രീവനൊന്നിച്ച്
സലിലാഭ്യാശം ആസാദ്യ	(സമുദ്ര)ജലത്തിനരികിലെത്തി
വചനം അബ്രവീത്	ഈ വചനം അരുളിച്ചെയ്തു:
വാനരാഃ വയം സർവ്വേ	വാനരരേ, നാമെല്ലാം
മകരാലയം സമുദ്രം	തിമിംഗലങ്ങളാവളമായ കടലിന്റെ
ആഗതാഃ സ്മഃ	(കരയ്ക്ക്) എത്തിയിരിക്കയാണ്.
നിരുപായേന	(പററിയ) ഉപായമില്ലാതെ
ഇതഃ ഗന്തും നഃ	ഇവിടെനിന്നു (മുന്നോട്ടു) പോകാൻ
അശക്യം	നമുക്കാവില്ല.
അത്ര സേനാനിവേശഃ അസ്തു	ഇവിടെ പട താവളമടിക്കാം.
അസ്യ താരണേ മന്ത്രയാമഃ	ഇതു താണ്ടാൻ മാർഗ്ഗമാലോചിക്കാം.

ശ്രുത്വാ രാമസ്യ വചനം സുഗ്രീവഃ സാഗരാന്തികേ
സേനാം ന്യവേശയത് ക്ഷിപ്രം രക്ഷിതാം കപികുഞ്ജരൈഃ. 45

രാമസ്യ വചനം ശ്രുത്വാ	രാമന്റെ വചനം കേട്ട്
സുഗ്രീവഃ കപികുഞ്ജരൈഃ	സുഗ്രീവൻ, കപിവരരാൽ
രക്ഷിതാം സേനാം	രക്ഷിതമായ സേനയെ
ക്ഷിപ്രം സാഗരാന്തികേ	സത്വരം അലകടലിന്നരികെ
ന്യവേശയത്	നിവേശിപ്പിച്ചു.

തേ പശ്യന്തോ വിചേഷ്ടന്തം സാഗരം ഭീമദർശനം
മഹോന്നതതരംഗാഢ്യം ഭീമനക്രഭയങ്കരം. 46

ഭീമനക്രഭയങ്കരം	ക്രൂരനീർമുതലകളാൽ ഭയാനകവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹോന്നതതരംഗാഢ്യം	അത്യുന്നതമായ അലമാലകളടിച്ചുയർക്കുന്ന–
ഭീമദർശനം സാഗരം	തും ഭീമദർശനവുമായ സാഗരം
പശ്യന്തഃ തേ വിഷേദുഃ	കണ്ട് അവർ നടുങ്ങി.

അഗാധം ഗഗനാകാരം സാഗരം വീക്ഷ്യ ദുഃഖിതാഃ
തരിഷ്യാമഃ കഥം ഘോരം സാഗരം വരുണാലയം. 47

ഹന്തവ്യോഽസ്മാഭിരദ്യൈവ രാവണോ രാക്ഷസാധമഃ
ഇതി ചിന്താകുലാഃ സർവ്വേ രാമപാർശ്വേ വ്യവസ്ഥിതാഃ. 48

അഗാധം ഗഗനാകാരം	ആഴമേറിയതും വ്യോമാകാരമായ
സാഗരം വീക്ഷ്യ ദുഃഖിതാഃ	(അനന്തനീലിമയാർന്ന) കടൽ കണ്ട്
(കപയഃ) സർവ്വേ	സംഭ്രമിച്ച കപികളെല്ലാം ഈ
വരുണാലയം ഘോരം സാഗരം	വരുണവസതി, ഘോരസാഗരം
കഥം തരിഷ്യാമഃ	എങ്ങനെ തരണംചെയ്യും നാം!
അദ്യ ഏവ അസ്മാഭിഃ ഹന്തവ്യഃ	ഇന്നുതന്നെ നമ്മളാൽ കൊല്ലപ്പെടേണ്ടവ–
രാക്ഷസാധമഃ രാവണഃ	നാണല്ലോ രാക്ഷസാധമൻ, രാവണൻ,
ഇതി ചിന്താകുലാഃ	എന്നോർത്ത് ചിന്താകുലരായി
രാമപാർശ്വേ വ്യവസ്ഥിതാഃ	രാമന്നരികിലിരുന്നു.

രാമഃ സീതാമനുസ്മൃത്യ ദുഃഖേന മഹതാവൃതഃ
വിലപ്യ ജാനകീം സീതാം ബഹുധാ കാര്യമാനുഷഃ. 49

അദ്വിതീയശ്ചിദാത്മൈകഃ പരമാത്മാ സനാതനഃ
യസ്തു ജാനാതി രാമസ്യ സ്വരൂപം തത്ത്വതോ ജനഃ. 50

തം ന സ്പൃശതി ദുഃഖാദി കിമുതാനന്ദമവ്യയം
ദുഃഖഹർഷഭയക്രോധലോഭമോഹമദാദയഃ. 51

അജ്ഞാനലിംഗാന്യേതാനി കുതഃ സന്തി ചിദാത്മനി
ദേഹാഭിമാനിനോ ദുഃഖം ന ദേഹസ്യ ചിദാത്മനഃ. 52

സീതാം അനുസ്മൃത്യ രാമഃ	സീതയെ ഓർത്തോർത്ത് രാമൻ
മഹതാ ദുഃഖേന ആവൃതഃ (അഭവത്)	കഠിനമായ കദനത്തിൽ മുഴുകി.
(സ്വയം) അദ്വിതീയഃ ചിദാത്മാ	(സ്വയം) അദ്വിതീയനും ചിദാത്മാവും
ഏകഃ സനാതനഃ	ഏകനും ശാശ്വതനുമായ
പരമാത്മാ (അപി)	പരമാത്മാവാണെങ്കിലും
കാര്യമാനുഷഃ ജാനകീം	കാര്യവശാൽ മാനവനാകയാൽ ജനകജയെ,
സീതാം ബഹുധാ	സീതയെ (ഓർത്ത് താൻ) പേർത്തും
വിലപ്യ (സ്ഥിതഃ)	വിലപിച്ചുകൊണ്ടിരുന്നു.
യഃ ജനഃ രാമസ്യ സ്വരൂപം	ഏതൊരുവൻ രാമന്റെ സ്വരൂപം
തത്ത്വതഃ ജാനാതി തം തു	നേരായറിയുന്നുവോ, അവനെപ്പോലും
ദുഃഖാദി ന സ്പൃശതി	ദുഃഖാദി സ്പർശിക്കയില്ല.
ആനന്ദം അവ്യയം	ആനന്ദരൂപനായ അവ്യയനെ
കിം ഉത (ശോകഃ സ്പൃശതി)	(രാമനെ) പിന്നെങ്ങനെ (ശോകമലട്ടും?)
ദുഃഖഹർഷഭയക്രോധ–	ദുഃഖം, ഹർഷം, ഭയം, കോപം,
ലോഭമോഹമദാദയഃ	ലോഭം, മോഹം, മദം മുതലായവ
അജ്ഞാനലിംഗാനി	അജ്ഞാനചിഹ്നങ്ങളാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതാനി ചിദാത്മനി കതഃ സന്തി	ഇവ ചിദാത്മാവിൽ എങ്ങനെയുണ്ടാകും?
ദേഹസ്യ ദുഃഖം	ദേഹത്തിന്റെ ദുഃഖം
ദേഹാഭിമാനിനഃ	ദേഹാഭിമാനിക്കേ ഉള്ളൂ.
ചിദാത്മനഃ ന	ചിദാത്മാവിനില്ല.

ദേഹമാണ്' താനെന്നു വിചാരിക്കുന്നവനെ മാത്രമേ ദേഹത്തിന്റെ ദുഃഖം അലട്ടുകയുള്ളൂ. രാമൻ അത്തരക്കാരനല്ലല്ലോ.

സംപ്രസാദേ ദ്വയാഭാവാത് സുഖമാത്രം ഹി ദൃശ്യതേ
ബുദ്ധ്യാദ്യഭാവാത് സംശുദ്ധേ ദുഃഖം തത്ര ന ദൃശ്യതേ
അതോ ദുഃഖാദികം സർവ്വം ബുദ്ധേരേവ ന സംശയഃ. 53

സംപ്രസാദേ	സമാധിയിൽ
ദ്വയാഭാവാത്	ദ്വൈതം (രണ്ടെന്ന ഭാവം) ഒഴിയുകയാൽ
സുഖമാത്രം ഹി ദൃശ്യതേ	ആനന്ദം മാത്രം അനുഭൂതമാകുന്നു.
സംശുദ്ധേ	(ആ) വിശുദ്ധാവസ്ഥയിൽ
ബുദ്ധ്യാദ്യഭാവാത്	ബുദ്ധ്യാദി പൊലിഞ്ഞുപോകയാൽ
ദുഃഖം തത്ര ന ദൃശ്യതേ	ദുഃഖം അവിടെ കാണപ്പെടുകയില്ല.
അതഃ ദുഃഖാദികം സർവ്വം	ആകയാൽ ദുഃഖാദിയെല്ലാം
ബുദ്ധേഃ ഏവ	ബുദ്ധിയുടെ മാത്രം
ന സംശയഃ	(ധർമ്മമാണെന്നതിൽ) സംശയം വേണ്ട.

രാമഃ പരാത്മാ പുരുഷഃ പുരാണോ
നിത്യോദിതോ നിത്യസുഖോ നിരീഹഃ
തഥാപി മായാഗുണസംഗതോഽസൗ
സുഖീവ ദുഃഖീവ വിഭാവ്യതേഽബുധൈഃ. 54

രാമഃ പരാത്മാ	രാമൻ പരമാത്മാവാണ്'.
പുരാണഃ പുരുഷഃ	പുരാണപുരുഷനും
നിത്യോദിതഃ നിത്യസുഖഃ	നിത്യപ്രകാശനും നിത്യാനന്ദനും
നിരീഹഃ	നിഷ്കാമനുമാണ്'.
തഥാപി മായാഗുണസംഗതഃ	എങ്കിലും മായാഗുണങ്ങളോടുള്ള വേഴ്ചയാൽ
അസൗ സുഖീ ഇവ ദുഃഖീ ഇവ	താൻ സുഖിയെപ്പോലെയും ദുഃഖിയെപ്പോലെയും
അബുധൈഃ വിഭാവ്യതേ	അജ്ഞരാൽ വിഭാവനംചെയ്യപ്പെട്ടുപോരുന്നു.

രാമനെ നേരെ അറിയുന്നവന്റെപോലും അല്ലലറുപോകുന്നു. പിന്നെ സ്വയം രാമന്' അതെങ്ങനെയുണ്ടാകും? സീതാവിയോഗം അദ്ദേഹത്തെ സ്പർശിച്ചതേയില്ല.

രാമന്' വ്യഥയുണ്ടായി എന്നു തോന്നിയതുതന്നെ അറിവില്ലായ്മമൂലമാണ്'. ദുഃഖം മായാകാര്യമാണല്ലോ. രാമൻ മായാതീതനും. സമാധിയിൽ ദ്വൈതമകലുന്നു. അതോടെ ചിദാത്മാവ്' ദർശിതമാവുകയുംചെയ്യുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ പ്രഥമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം ഒന്നാംസർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം രണ്ടു്

വിഭീഷണനിഷ്ക്രമണം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ലങ്കായാം രാവണോ ദൃഷ്ട്വാ കൃതം കർമ്മ ഹനൂമതാ
ദുഷ്കരം ദൈവതൈൎവ്വാപി ഹ്രിയാ കിഞ്ചിദവാങ്മുഖഃ. 1

ആഹൂയ മന്ത്രിണഃ സർവ്വാനിദം വചനമബ്രവീത്
ഹനൂമതാ കൃതം കർമ്മ ഭവദ്ഭിർദൃഷ്ടമേവ തത്. 2

ദൈവതൈഃ അപി	ദേവതകൾക്കുപോലും
ദുഷ്കരം കർമ്മ ഹനൂമതാ	ദുഷ്കരമായ കർമ്മം ഹനുമാൻ
ലങ്കായാം കൃതം ദൃഷ്ട്വാ	ലങ്കയിൽ ചെയ്തതു കണ്ടു്
രാവണഃ മന്ത്രിണഃ സർവ്വാൻ	രാവണൻ, മന്ത്രിമാരെയെല്ലാം
ആഹൂയ ഹ്രിയാ	വിളിച്ചുകൂട്ടി,
കിഞ്ചിത് അവാങ്മുഖഃ	നാണംകൊണ്ടു തല തെല്ല താഴ്ത്തി
ഇദം വചനം അബ്രവീത്	ഈ വചനം ഉച്ചരിച്ചു.
ഹനൂമതാ കൃതം തത്കർമ്മ	മാരുതി കാട്ടിയ ആ കർമ്മമന
ഭവദ്ഭിഃ ദൃഷ്ടം ഏവ	ഭവാന്മാർ കണ്ടുവല്ലോ.

പ്രവിശ്യ ലങ്കാം ദുർദ്ധർഷാം ദൃഷ്ട്വാ സീതാം ദുരാസദാം
ഹത്വാ ച രാക്ഷസാൻ വീരാൻ അക്ഷം മണ്ഡോദരീസുതം. 3

ദഗ്ദ്ധ്വാ ലങ്കാമശേഷേണ ലംഘയിത്വാ ച സാഗരം
യുഷ്മാൻ സർവ്വാനതിക്രമ്യ സ്വസ്ഥോഽഗാത് പുനരേവസഃ. 4

ദുർദ്ധർഷാം ലങ്കാം പ്രവിശ്യ	കടക്കാൻപററാത്ത ലങ്കയിൽ കടന്നു്,
സഃ ദുരാസദാം സീതാം	അവൻ ദുരാപയായ സീതയെ
ദൃഷ്ട്വാ വീരാൻ രാക്ഷസാൻ	ദർശിച്ചു്, വീരരായ രാക്ഷസരേയും
മണ്ഡോദരീസുതം അക്ഷം ച	മണ്ഡോദരീതനയനായ അക്ഷകുമാരനേയും
ഹത്വാ ലങ്കാം അശേഷേണ	സംഹരിച്ചു്, ലങ്ക അശേഷം
ദഗ്ദ്ധ്വാ യുഷ്മാൻ സർവ്വാൻ	ചുട്ടെരിക്കയും നിങ്ങളെയെല്ലാം
അതിക്രമ്യ സാഗരം ലംഘയിത്വാ	മറികടന്നു്, അലകടൽ താണ്ടി,
സ്വസ്ഥഃ ഏവ പുനഃ അഗാത്	അല്ലലെന്യേ തിരിയെപ്പോകയുംചെയ്തു!

കിം കർത്തവ്യമിതോഽസ്മാഭിഃ യൂയം മന്ത്രവിശാരദാഃ
മന്ത്രയധ്വം പ്രയത്നേന യത്കൃതം മേ ഹിതം ഭവേത്. 5

യൂയം മന്ത്രവിശാരദാഃ	നിങ്ങൾ നയവിശാരദരാണു്.
അസ്മാഭിഃ ഇതഃ കിം കർത്തവ്യം	നാം ഇനി എന്തുചെയ്യണം?
യത് കൃതം മേ ഹിതം ഭവേത്	എന്തു ചെയ്താൽ നമുക്കു ഹിതമാകും?
പ്രയത്നേന മന്ത്രയധ്വം	ഗാഢമായി ആലോചിക്കുവിൻ.

രാവണസ്യ വചഃ ശ്രുത്വാ രാക്ഷസാസ്തമഥാഽബ്രുവൻ
ദേവ, ശങ്കാ കുതോ രാമാത്തവ ലോകജിതോ രണേ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണസ്യ വചഃ ശ്രുത്വാ	രാവണവചനം കേട്ട്
രാക്ഷസാഃ തം അഥ അബ്രുവൻ	രാക്ഷസർ അവനെ അറിയിച്ചു:
ദേവ, രണേ ലോകജിതഃ	ദേവ, പോരിൽ ഉലകം വെന്ന
തവ രാമാത് ശങ്കാ കുതഃ	അങ്ങേയ്ക്കു രാമനിൽനിന്നു് ആശങ്ക എന്തിനു്?

ഇന്ദ്രസ്തു ബദ്ധ്വാ നിക്ഷിപ്തഃ പുത്രേണ തവ പത്തനേ
ജിത്വാ കുബേരമാനീയ പുഷ്പകം ഭുജ്യതേ ത്വയാ. 7

തവ പുത്രേണ തു ഇന്ദ്രഃ ബദ്ധ്വാ പത്തനേ നിക്ഷിപ്തഃ	അവിടത്തെ പുത്രൻ ഇന്ദ്രനെ ബന്ധിച്ചു് (സ്വ)പുരത്തിലടച്ചിട്ടു.
കുബേരം ജിത്വാ പുഷ്പകം ആനീയ ത്വയാ ഭുജ്യതേ	കുബേരനെ കീഴടക്കി പുഷ്പകം കൊണ്ടുവന്നു് അങ്ങ് ഉപയോഗിച്ചു പോരുന്നു.

യമോ ജിതഃ കാലദണ്ഡാത് ഭയം നാഭൂത്തവ പ്രഭോ,
വരുണോ ഹുംകൃതേനൈവ ജിതഃ സർവ്വേഽപി രാക്ഷസാഃ. 8

പ്രഭോ യമഃ ജിതഃ	പ്രഭോ, കാലനും പരാജിതനായി.
കാലദണ്ഡാത് ഭയം ന അഭൂത്	കാലദണ്ഡത്തിൽനിന്നു് (അങ്ങേയ്ക്കു) ഭീതിയുണ്ടായില്ല.
ഹുംകൃതേന ഏവ വരുണഃ ജിതഃ	ഹുംകാരംകൊണ്ടുതന്നെ വരുണനെ അടിപ്പെടുത്തി.
സർവ്വേ രാക്ഷസാഃ അപി	സകലരാക്ഷസരേയും (വെന്നു).

മയോ മഹാഽസുരോ ഭീത്യാ കന്യാം ദത്വാ സ്വയം തവ
ത്വദ്വശേ വർത്തതേഽദ്യാപി കിമുതാന്യേ മഹാസുരാഃ. 9

ഭീത്യാ കന്യാം തവ	പേടിച്ചു് പുത്രിയെ അങ്ങേയ്ക്കു
ദത്വാ സ്വയം അദ്യാപി	തന്നിട്ടു്, സ്വയം ഇന്നും
ത്വദ്വശേ വർത്തതേ	അവിടത്തെ വശഗനായി കഴിയുകയാണു്,
മഹാസുരഃ മയഃ	മഹാനായ അസുരൻ മയൻ.
അന്യേ മഹാസുരാഃ കിം ഉത	മററു പെരുംരാക്ഷസർ പിന്നെയോ?

ഹനൂമദ്ധർഷണം യത്തു തദവജ്ഞാകൃതം ച നഃ
വാനരോഽയം കിമസ്മാകം അസ്മിൻ പൗരുഷദർശനേ. 10

യത് ഹനുമദ്ധർഷണം	ഹനുമാൻ ചെയ്ത ആ കെടുതിയാകട്ടെ,
തത് തു നഃ അവജ്ഞാകൃതം	നമ്മുടെ ഉപേക്ഷകൊണ്ടു ചെയ്യപ്പെട്ടതാണു്.
അയം വാനരഃ	(ഞങ്ങൾക്കു തോന്നി) ഇവൻ ഒരു കുരങ്ങു്,
അസ്മിൻ പൗരുഷദർശനേ	ഇവനോടു പൗരുഷം കാട്ടുന്നതുകൊണ്ടു്
അസ്മാകം കിം	നമുക്കു് എന്തു (നേട്ടം)?

ഇത്യുപേക്ഷിതമസ്മാഭിഃ ധർഷണം തേന കിം ഭവേത്?
വയം പ്രമത്താഃ കി തേന വഞ്ചിതാഃ സ്മോ ഹനൂമതാ. 11

ഇതി അസ്മാഭിഃ ഉപേക്ഷിതം	ഇങ്ങനെ (വിചാരിച്ചു്) ഞങ്ങൾ അവനെ വിട്ടുകളഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അന്യഥാ) തേന ധർഷണം കിം ഭവേത്	(അല്ലാത്തപക്ഷം) അവനെ നമ്മോട് കെട്ടമതി കാട്ടാൻ കഴിയുമോ?
വയം പ്രമത്താഃ ഹനൂമതാ വഞ്ചിതാഃ സ്മഃ തേന കിം	നമുക്കു തെറ്റുപറ്റി. ഹനുമാൻ നമ്മെ ചതിച്ചു. (പക്ഷേ) അതുകൊണ്ടെന്ത്?

ജാനീമോ യദി തം സർവ്വേ കഥം ജീവൻ ഗമിഷ്യതി?
ആജ്ഞാപയ ജഗത്കൃത്സ്നം അവാനരമമാനുഷം. 12

കൃത്വാ യാസ്യാമഹേ സർവ്വേ പ്രത്യേകം വാ നിയോജയ
കുംഭകർണ്ണസ്തദാ പ്രാഹ രാവണം രാക്ഷസേശ്വരം. 13

തം യദി (വയം) സർവ്വേ ജാനീമഃ കഥം (സഃ) ജീവൻ ഗമിഷ്യതി ആജ്ഞാപയ	അവനെ നാമെല്ലാം അറിഞ്ഞിരുന്നെങ്കിൽ എങ്ങനെ അവൻ ജീവനോടെ പോയിപ്പറ്റും? അനുമതിയേകൂ.
ജഗത്കൃത്സ്നം അവാനരം അമാനുഷം കൃത്വാ യാസ്യാമഹേ (വയം) സർവ്വേ വാ പ്രത്യേകം നിയോജയ	മന്നിടം മുഴുവനും വാനര–മാനവശൂന്യമാക്കി പോരന്നോളാം ഞങ്ങളെല്ലാം. അല്ലെങ്കിൽ ഓരോരുത്തരെ നിയോഗിച്ചാട്ടെ.
തദാ കുംഭകർണ്ണഃ രാക്ഷസേശ്വരം രാവണം പ്രാഹ	ആ സമയത്തു് കുംഭകർണ്ണൻ രാക്ഷസാധിപനു്, രാവണനു് മുന്നറിയിപ്പു നല്കി:

ആരബ്ധം യത് ത്വയാ കർമ്മ സ്വാത്മനാശായ കേവലം
ന ദൃഷ്ടോഽസി തദാ ഭാഗ്യാത് ത്വം രാമേണ മഹാത്മനാ. 14

ത്വയാ ആരബ്ധം യത് കർമ്മ കേവലം സ്വാത്മനാശായ (ഭവിഷ്യതി)	നീ തുടങ്ങിവച്ച ഈ കർമ്മം കേവലം ആത്മനാശത്തിൽ കലാശിക്കും.
ഭാഗ്യാത് തദാ മഹാത്മനാ രാമേണ ത്വം ന ദൃഷ്ടഃ അസി	ഭാഗ്യത്തിനു് അന്നേരം മഹാത്മാ രാമൻ നിന്നെ കാണുകയുണ്ടായില്ല.

യദി പശ്യതി രാമസ്ത്വാം ജീവൻ നായാസി രാവണ,
രാമോ ന മാനുഷോ ദേവഃ സാക്ഷാന്നാരായണോഽവ്യയഃ. 15

യദി രാമഃ ത്വാം പശ്യതി രാവണ ജീവൻ ന ആയാസി	രാമൻ നിന്നെ കണ്ടിരുന്നെങ്കിൽ, രാവണാ, ജീവനോടെ നീ പോരുമായിരുന്നില്ല.
രാമഃ ന മാനുഷഃ	രാമൻ (വെറും) മനുഷ്യനല്ല.
അവ്യയഃ സാക്ഷാത് നാരായണഃ	അവ്യയനായ സാക്ഷാൽ നാരായണ– നാണു്.

സീതാ ഭഗവതീ ലക്ഷ്മീ രാമപത്നീ യശസ്വിനീ
രാക്ഷസാനാം വിനാശായ ത്വയാ നീതാ സുമദ്ധ്യമാ. 16

രാമപത്നീ യശസ്വിനീ സീതാ ലക്ഷ്മീ ഭഗവതീ	രാമപത്നി, യശസ്വിനി സീത ലക്ഷ്മീഭഗവതിയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാക്ഷസാനാം വിനാശായ	രാക്ഷസന്മാരുടെ നാശത്തിനാണ്
ത്വയാ സുമധ്യമാ നീതാ	നീ ആ സുന്ദരിയെ കൊണ്ടുപോന്നതു്.

വിഷപിണ്ഡമിവാഗീര്യ മഹാമീനോ യഥാ തഥാ
ആനീതാ ജാനകീ പശ്ചാത് ത്വയാ കിം വാ ഭവിഷ്യതി. 17

യഥാ മഹാമീനഃ വിഷപിണ്ഡം	മഹാമത്സ്യം വിഷപിണ്ഡം
ആഗീര്യ ഇവ തഥാ	വിഴുങ്ങിയതുപോലെയാണ്
ത്വയാ ജാനകീ ആനീതാ	നീ ജാനകിയെ ആനയിച്ചതു്.
പശ്ചാത് കിം വാ ഭവിഷ്യതി	ഇനി എന്താണാവോ ഭവിക്കുക!

യദ്യപ്യനുചിതം കർമ്മ ത്വയാ കൃതമജാനതാ
സർവ്വം സമം കരിഷ്യാമി സ്വസ്ഥചിത്തോ ഭവ പ്രഭോ. 18

പ്രഭോ യദ്യപി അജാനതാ ത്വയാ	പ്രഭോ, അജ്ഞനായ അങ്ങ്
അനുചിതം കർമ്മ കൃതം	അനുചിതകർമ്മമാണ് ചെയ്തതെങ്കിലും
സർവ്വം സമം കരിഷ്യാമി	എല്ലാം ഞാൻ നേരെയാക്കാം.
സ്വസ്ഥചിത്തഃ ഭവ	സ്വസ്ഥചിത്തനായിരുന്നാലും.

കുംഭകർണ്ണവചഃ ശ്രുത്വാ വാക്യമിന്ദ്രജിദബ്രവീത്
ദേഹി ദേവ മമാനുജ്ഞാം ഹത്വാ രാമം സലക്ഷ്മണം
സുഗ്രീവം വാനരാംശ്ചൈവ പുനര്യാസ്യാമി തേഽന്തികം. 19

കുംഭകർണ്ണവചഃ ശ്രുത്വാ	കുംഭകർണ്ണവചനം കേട്ടപ്പോൾ
ഇന്ദ്രജിത് വാക്യം അബ്രവീത്	ഇന്ദ്രജിത്തു് ഈ വചനമോതി:
ദേവ മമ അനുജ്ഞാം ദേഹി	ദേവ (പിതാവേ), എനിക്കു് അനുജ്ഞ നല്കിയാലും.
സലക്ഷ്മണം രാമം	ലക്ഷ്മണനോടൊപ്പം രാമനെയും
സുഗ്രീവം വാനരാൻ ച	സുഗ്രീവനെയും വാനരരെയും
ഏവ ഹത്വാ പുനഃ	എല്ലാം വകവരുത്തിയതിനുശേഷം
തേ അന്തികം യാസ്യാമി	അവിടുത്തെ അരികിലെത്തിക്കൊള്ളാം (ഞാൻ).

തത്രാഗതോ ഭാഗവതപ്രധാനോ
വിഭീഷണോ ബുദ്ധിമതാം വരിഷ്ഠഃ
ശ്രീരാമപാദദ്വയ ഏകതാനഃ
പ്രണമ്യ ദേവാരിമുപോപവിഷ്ടഃ. 20

(തദാ) തത്ര ആഗതഃ	അപ്പോൾ അവിടെയെത്തി,
ഭാഗവതപ്രധാനഃ	ഭഗവദ്ഭക്തരിൽ പ്രധാനി,
ബുദ്ധിമതാം വരിഷ്ഠഃ	ബുദ്ധിമാന്മാരിൽ ഉത്തമൻ,
ശ്രീരാമപാദദ്വയേ	ശ്രീരാമന്റെ കഴലിണകളിൽ
ഏകതാനഃ വിഭീഷണഃ	ഏകാഗ്രമാനസൻ, വിഭീഷണൻ.
ദേവാരിം പ്രണമ്യ	ദേവാരിയെ വണങ്ങി
ഉപോപവിഷ്ടഃ	അരികിലിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിലോക്യ കുംഭശ്രവണാദിദൈത്യാൻ
മത്തപ്രമത്താനതിവിസ്മയേന
വിലോക്യ കാമാതുരമപ്രമത്തോ
ദശാനനം പ്രാഹ വിശുദ്ധബുദ്ധിഃ. 21

അപ്രമത്തഃ വിശുദ്ധബുദ്ധിഃ	പ്രമാദം പററാത്ത (ആ) വിശുദ്ധബുദ്ധി
(വിഭീഷണഃ) അതിവിസ്മയേന	(വിഭീഷണൻ) തികഞ്ഞ വിസ്മയത്തോടെ
മത്തപ്രമത്താൻ	മദമത്തരായ
കുംഭശ്രവണാദി ദൈത്യാൻ	കുംഭകർണ്ണാദി ദാനവരെ
വിലോക്യ	സൂക്ഷിച്ചുനോക്കി; എന്നിട്ട്
കാമാതുരം ദശാനനം ച	കാമാതുരനായ ദശമുഖനെയും
വിലോക്യ പ്രാഹ	വിലോകനംചെയ്ത് അറിയിച്ചു:

ന കുംഭകർണ്ണേന്ദ്രജിതൗ ച രാജം-
സ്തഥാ മഹാപാർശ്വ മഹോദരൗ തൗ
നികുംഭകുംഭൗ ച തഥാഽതികായഃ
സ്ഥാതും ന ശക്താഃ യുധി രാഘവസ്യ. 22

രാജൻ കുംഭകർണ്ണേന്ദ്രജിതൗ	രാജാവേ, കുംഭകർണ്ണൻ, ഇന്ദ്രജിത്ത്,
തഥാ തൗ മഹാപാർശ്വ-	അതുപോലെ ആ മഹാപാർശ്വ-
മഹോദരൗ നികുംഭകുംഭൗ ച	മഹോദരന്മാർ, നികുംഭകുംഭന്മാർ,
തഥാ അതികായഃ	അതികായൻ (ഇവരാരും)
യുധി രാഘവസ്യ (അഗ്രേ)	പോരിൽ രാമനു നേരേ
സ്ഥാതും ന ശക്താഃ	നില്ക്കാൻ ശക്തരല്ല.

സീതാഭിധാനേന മഹാഗ്രഹേണ
ഗ്രസ്തോഽസി രാജൻ ന ച തേ വിമോക്ഷഃ
താമേവ സത്കൃത്യ മഹാധനേന
ദത്വാഭിരാമായ സുഖീ ഭവ ത്വം. 23

രാജൻ, സീതാഭിധാനേന	മന്നവ, സീതയെന്നു പേരായ
മഹാഗ്രഹേണ	മഹാഗ്രഹത്താൽ
ഗ്രസ്തഃ അസി	ഗ്രസിക്കപ്പെട്ടിരിക്കയാണ് അങ്ങ്.
തേ വിമോക്ഷഃ ച ന	അങ്ങേയ്ക്ക് (അതിൽനിന്നു) മോചനമില്ല.
മഹാധനേന ഏവ	ധാരാളം ധനത്തോടൊപ്പംതന്നെ
സത്കൃത്യ താം	ബഹുമാനപൂർവ്വം അവളെ
അഭിരാമായ ദത്വാ	രാമനു സമർപ്പിച്ച്
ത്വം സുഖീ ഭവ	അങ്ങ് സുഖമായി വാഴുക.

യാവന്ന രാമസ്യ ശിതാഃ ശിലീമുഖാഃ
ലങ്കാമഭിപ്രാപ്യ ശിരാംസി രക്ഷസാം
ഛിന്ദന്തി താവദ് രഘുനായകസ്യ ഭോഃ
താം ജാനകീം ത്വം പ്രതിദാതുമർഹസി. 24

ഭോഃ രാവണ രാമസ്യ	അല്ലയോ രാവണ, രാമന്റെ
ശിതാഃ ശിലീമുഖാഃ ലങ്കാം	ക്രൂരമ്പുകൾ ലങ്കയിൽ മുററും
അഭിപ്രാപ്യ രക്ഷസാം ശിരാംസി	വ്യാപിച്ച് ദാനവരുടെ തലകൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാവത് ന ഛരിന്ദന്തി	അരിഞ്ഞുവീഴ്ത്തുന്നതിനുമുമ്പേ
താവത് താം ജാനകീം ത്വം	ആ ജാനകിയെ അങ്ങു
രഘുനായകസ്യ	രഘുനാഥനു തിരികെ
പ്രതിദാതും അർഹസി	നല്കുമാറാകണം.

യാവന്നഗാഭാഃ കപയോ മഹാബലാഃ
ഹരീന്ദ്രതുല്യാഃ നഖദംഷ്ട്രയോധിനഃ
ലങ്കാം സമാക്രമ്യ വിനാശയന്തി തേ
താവദ് ദ്രുതം ദേഹി രഘൂത്തമായ താം. 25

നഗാഭാഃ ഹരീന്ദ്രതുല്യാഃ	ശൈലതുല്യരും കേസരികളോടു
മഹാബലാഃ	കിടപിടിക്കുന്നവരും പ്രബലരും
നഖദംഷ്ട്രയോധിനഃ	നഖവും തേററയുംകൊണ്ടു പൊരുതുന്ന—
തേ കപയഃ യവത് ലങ്കാം	വരുമായ ആ കപികൾ ലങ്ക
സമാക്രമ്യ ന വിനാശയന്തി	കടന്നാക്രമിച്ചു തകർക്കുന്നതിനുമുമ്പേ,
താവദ് ദ്രുതം താം	പെട്ടെന്നു് അവളെ
രഘൂത്തമായ ദേഹി	രഘുവരനു നല്കിയേക്കുക.

ജീവന്ന രാമേണ വിമോക്ഷ്യസേ ത്വം
ഗുപ്തഃ സുരേന്ദ്രൈരപി ശങ്കരേണ
ന ദേവരാജാങ്കഗതോ ന മൃത്യോഃ
പാതാളലോകാനപി സംപ്രവിഷ്ടഃ. 26

(യദി തഥാ ന കരോഷി തർഹി)	(അങ്ങനെ ചെയ്യാത്തപക്ഷം)
സുരേന്ദ്രൈഃ ശങ്കരേണ	ഇന്ദ്രന്മാരും ശങ്കരനും
ഗുപ്തഃ അപി രാമേണ ത്വം	ഒളിച്ചുവച്ചാലും രാമൻ അങ്ങയെ
ജീവൻ ന വിമോക്ഷ്യസേ	ജീവനോടെ വിടുകയില്ല.
ദേവരാജാങ്കഗതഃ	ദേവരാജന്റെ മടിയിലിരുന്നാലും
മൃത്യോഃ (അങ്കഗതഃ) ന	യമന്റെ മടിയിലായാലും വിടുകയില്ല.
പാതാളലോകാൻ	പാതാളലോകങ്ങളിൽ
സംപ്രവിഷ്ടഃ അപി ന	പോയി ഒളിച്ചാലും രക്ഷയില്ല.

ശുഭം ഹിതം പവിത്രം ച വിഭീഷണവചഃ ഖലഃ
പ്രതിജഗ്രാഹ നൈവാസൗ മ്രിയമാണ ഇവൗഷധം. 27

ശുഭം ഹിതം പവിത്രം ച	ശുഭവും ഹിതവും പാവനവുമായ
വിഭീഷണവചഃ അസൗ ഖലഃ	വിഭീഷണവചനം ആ ദുഷ്ടൻ
ന പ്രതിജഗ്രാഹ ഏവ	സ്വീകരിച്ചതേയില്ല.
മ്രിയമാണഃ ഔഷധം ഇവ	മരണാസന്നൻ മരുന്നെന്നപോലെ.

കാലേന നോദിതോ ദൈത്യോ വിഭീഷണമഥാബ്രവീത്
മദ്ദത്തഭോഗൈഃ പുഷ്ടാംഗോ മത്സമീപേ വസന്നപി. 28

പ്രതീപമാചരത്യേഷ മമൈവ ഹിതകാമിണഃ
മിത്രഭാവേന ശത്രുർമേ ജാതോ നാസ്ത്യത്ര സംശയഃ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലേന നോദിതഃ	കാലപ്രേരിതനായ
ദൈത്യഃ അഥ	ദൈത്യൻ (രാവണൻ) പിന്നെ
വിഭീഷണം അബ്രവീത്	വിഭീഷണനോട് ആക്രോശിച്ചു:
മൃഗത്വഭോഗൈഃ പുഷ്ടാംഗഃ	ഞാൻ നല്ലിയ വക തിന്നുവളന്ന
ഏഷഃ മത്സമീപേ വസൻ അപി	ഇവൻ എന്നോടൊത്തു പാത്തു പാന്നിട്ടും
ഹിതകാരിണഃ മമ ഏവ	ഹിതകാരിയായ എനിക്കുതന്നെ
പ്രതീപം ആചരതി	എതിരു പ്രവർത്തിക്കയാണു്!
മിത്രഭാവേന മേ ശത്രുഃ	മിത്രഭാവേന എന്റെ ശത്രുവായി
ജാതഃ. അത്ര സംശയഃ ന അസ്തി	പിറന്നവൻ! ഇതിൽ സംശയമില്ല.

അനാര്യേണ കൃതഘ്നേന സംഗതിർമേ ന യുജ്യതേ
വിനാശമഭികാംക്ഷന്തി ജ്ഞാതീനാം ജ്ഞാതയഃ സദാ. 30

അനാര്യേണ കൃതഘ്നേന	അനാര്യനായ ഈ നന്ദികെട്ടവനോടുള്ള
സംഗതിഃ മേ ന യുജ്യതേ	സഹവാസം എനിക്കു പററിയതല്ല.
ജ്ഞാതയഃ സദാ	ബന്ധുക്കാം എന്നും
ജ്ഞാതീനാം വിനാശം	ബന്ധുക്കളുടെ നാശം
അഭികാംക്ഷന്തി	കാംക്ഷിപ്പവരാണല്ലോ.

യോഽന്യസ്ത്വേവം വിധം ബ്രൂയാത് വാക്യമേകം നിശാചരഃ
ഹന്മി തസ്മിൻ ക്ഷണേ ഏവ ധിക് ത്വാം രക്ഷഃകുലാധമം. 31

അന്യഃ യഃ നിശാചരഃ ഏവം	മററതെങ്കിലും നിശാചരൻ ഇത്തരമൊരു
വിധം ഏകം വാക്യം ബ്രൂയാത്	വാക്കെങ്കിലുമുരിയാടിയാൽ
തസ്മിൻ ക്ഷണേ	ആ ക്ഷണത്തിൽത്തന്നെ
ഏവ ഹന്മി	(അവനെ) കാലനുക്കേല്പിച്ചേനെ (ഞാൻ).
രക്ഷഃകുലാധമ ത്വാം ധിക്	രാക്ഷസകുലാധമ, നിന്നെ ധിക്കരിക്കുന്നു.

രാവണേനൈവമുക്തഃ സൻ പരുഷം സ വിഭീഷണഃ
ഉത്പപാത സഭാമധ്യാത് ഗദാപാണിർമഹാബലഃ. 32

രാവണേന ഏവം	രാവണനാൽ ഇങ്ങനെ
പരുഷം ഉക്തഃ സൻ	പരുഷഭാഷണം ചെയ്യപ്പെട്ട
സഃ മഹാബലഃ വിഭീഷണഃ	ആ പ്രബലൻ വിഭീഷണൻ
ഗദാപാണിഃ	ഗദയും കൈയിലേന്തി
സഭാമധ്യാത് ഉത്പപാത	സഭാമധ്യത്തിൽനിന്നു കുതിച്ചുയന്നു.

ചതുർഭിഃ മന്ത്രിഭിഃ സാർദ്ധം ഗഗനസ്ഥോഽബ്രവീദ്വചഃ
ക്രോധേന മഹതാവിഷ്ടോ രാവണം ദശകന്ധരം
മാ വിനാശമുപൈഹി ത്വം പ്രിയവാദിനമേവ മാം. 33

ധിക്കരോഷി തഥാപി ത്വം ജ്യേഷ്ഠോ ഭ്രാതാപിതുഃ സമഃ
കാലോ രാഘവരൂപേണ ജാതോ ദശരഥാലയേ. 34

ചതുർഭിഃ മന്ത്രിഭിഃ	നാലു മന്ത്രിമാരോടുകൂടി
സാർദ്ധം ഗഗനസ്ഥഃ	ആകാശത്തിൽ നിലയുറപ്പിക്കയും
മഹതാ ക്രോധേന ആവിഷ്ടഃ	കഠുത്ത കോപാവേശത്തോടെ
ദശകന്ധരം രാവണം വചഃ	പത്തു കഴുത്തുള്ള രാവണനോട്
അബ്രവീത്	ഈ വചനം ഉച്ചരിക്കുകയുമുണ്ടായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം വിനാശം മാ ഉപൈഹി	നീ വിനാശമടയാതിരിക്കുക.
പ്രിയവാദിനം ഏവ മാം ത്വം ധിക്കരോഷി തഥാപി ത്വം ജ്യേഷ്ഠഃ ഭ്രാതാ. പിതുഃ സമഃ	പ്രിയം മാത്രമോതുന്ന എന്നെ നീ ധിക്കരിക്കയാണല്ലോ! (കഷ്ടം!) എന്നാലും, നീ (എൻെറ) ജ്യേഷ്ഠ- സഹോദരനാണ്. പിതൃതുല്യനാണ്.
(അതഃ പുനഃ കഥയാമി) കാലഃ രാഘവരൂപേണ ദശരഥാലയേ ജാതഃ	(ആകയാൽ വീണ്ടും അറിയിക്കട്ടെ.) (നിൻെറ) കാലനാണ് രാമരൂപേണ ദശരഥാലയത്തിൽ പിറന്നിരിക്കുന്നത്.

കാലീ സീതാഭിധാനേന ജാതാ ജനകനന്ദിനീ
താവുഭാവാഗതാവത്ര ഭൂമേർഭാരാപനുത്തയേ. 35

കാലീ സീതാഭിധാനേന ജനകനന്ദിനീ ജാതാ	കാലി (സംഹാരശക്തി) സീതയെന്ന പേരിൽ ജനകപുത്രിയായി ജനിച്ചിരിക്കുന്നു.
തൗ ഉഭൗ ഭൂമേഃ ഭാരാപനുത്തയേ അത്ര ആഗതൗ	അവരിരുവരും ഭൂഭാരം പോക്കാൻ ഇവിടെ വന്നിരിക്കയാണ്.

തേനൈവ പ്രേരിതസ്ത്വം തു ന ശൃണോഷി ഹിതം മമ
ശ്രീരാമഃ പ്രകൃതേഃ സാക്ഷാത് പരസ്താത് സർവ്വദാ സ്ഥിതഃ. 36

തേന പ്രേരിത ഏവ ത്വം തു മമ ഹിതം ന ശൃണോഷി	തൽപ്രേരണയാൽ തന്നെയാണ് നീ എൻെറ ഹിതോപദേശം കേൾക്കാത്തതും.
ശ്രീരാമഃ സർവ്വദാ സാക്ഷാത് പ്രകൃതേഃ പരസ്താത് സ്ഥിതഃ	ശ്രീരാമൻ സദാ സാക്ഷാത്തായ പ്രകൃതിക്കപ്പുറം നിലകൊള്ളുന്നു.

ബഹിരന്തശ്ച ഭൂതാനാം സമഃ സർവ്വത്ര സംസ്ഥിതഃ
നാമരൂപാദിഭേദേന തത്തന്മയ ഇവാമലഃ. 37

ഭൂതാനാം ബഹിഃ അന്തഃ ച സർവ്വത്ര സമഃ സംസ്ഥിതഃ	ഉണ്ടായതിൻെറ(യെല്ലാം) പുറത്തും അകത്തും എങ്ങും ഒരുപോലെ നിലകൊള്ളുവോൻ.
(സഃ) അമലഃ നാമരൂപാദിഭേദേന തത്തന്മയ ഇവ (പ്രതിഭാതി)	(ആ) അമലൻ നാമരൂപാദിഭേദത്താൽ അതാതിൽ ചേർന്ന് വിലസുകയാണ്.

യഥാ നാനാപ്രകാരേഷു വൃക്ഷേഷ്വേകോ മഹാനലഃ
തത്തദാകൃതിഭേദേന ഭിദ്യതേഽജ്ഞാനചക്ഷുഷാം. 38

പഞ്ചകോശാദിഭേദേന തത്തന്മയ ഇവാബഭൗ
നീലപീതാദിയോഗേന നിർമ്മലഃ സ്ഫടികോ യഥാ. 39

ഏകഃ മഹാനലഃ നാനാപ്രകാരേഷു വൃക്ഷേഷു തത്തദാകൃതിഭേദേന യഥാ അജ്ഞാനചക്ഷുഷാം ഭിദ്യതേ	ഒരേ മഹാഗ്നി പലതരം മരങ്ങളിൽ അതാതിൻെറ ആകൃതിഭേദത്താൽ എവ്വിധമാണോ അജ്ഞരുടെ മിഴികൾക്ക് പലതായിത്തീരുന്നത്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നീലപീതാദിയോഗേന	നീല, മഞ്ഞ മുതലായ നിറം കലരുമ്പോൾ
നിർമ്മലഃ സ്ഫടികഃ യഥാ	നിർമ്മലസ്ഫടികം എങ്ങനെയാണോ
തഥാ	(താദൃശമായി തോന്നുന്നത്), അതുപോലെ
പഞ്ചകോശാദിഭേദേന	പഞ്ചകോശങ്ങളുടെ ഭേദാനുസരണം
(ആത്മാ അപി) തന്മയ	ആത്മാവും അവയ്ക്കനുഗുണമായി
(ബഹുധാ) ഇവ ആബഭൗ	(പലതെന്നപോലെ) ഭാസിക്കുന്നു.

സ ഏവ നിത്യമുക്തോഽപി സ്വമായാഗുണബിംബിതഃ
കാലഃ പ്രധാനം പുരുഷോഽവ്യക്തം ചേതി ചതുർവ്വിധഃ. 40

നിത്യമുക്തഃ അപി സ്വമായാ-	നിത്യമുക്തനെങ്കിലും സ്വമായയുടെ
ഗുണബിംബിതഃ	ഗുണങ്ങളിൽ ബിംബിതനായ
സ ഏവ കാലഃ	ആ (പരമപുരുഷൻ) തന്നെ കാലം,
പ്രധാനം പുരുഷഃ അവ്യക്തം ച	പ്രധാനം, പുരുഷൻ, അവ്യക്തം
ഇതി ചതുർവ്വിധഃ (ജ്ഞായതേ)	എന്നു നാലായി അറിയപ്പെടുന്നു.

നിത്യമുക്തനു മായാസമ്പർക്കത്താൽ ഉളവാകുന്ന നാലു ഭേദങ്ങളാണ് മേൽ കാണിച്ചത്. ഭഗവാൻ കാലരൂപനാണ്, ഉദ്ഭവസ്ഥിതിലയങ്ങൾക്കു സാക്ഷിയാകയാൽ. പ്രധാനം=ഭൗതികസൃഷ്ടിയുടെ ഉറവിടം. പുരുഷൻ=ജീവാത്മാവ്. അവ്യക്തം=സൃഷ്ടിനിയമം. തത്ത്വത്തിൽ പരംജ്യോതിസ്സിൽനിന്ന് ഉദ്ഗമിക്കയാൽ ഇവ അഭിന്നങ്ങൾതന്നെ.

പ്രധാനപുരുഷാഭ്യാം സ ജഗത്കൃത്സ്നം സൃജത്യജഃ
കാലരൂപേണ കലനാം ജഗതഃ കുരുതേഽവ്യയഃ. 41

സഃ അജഃ അവ്യയഃ	ആ അജൻ, അവ്യയൻ
പ്രധാനപുരുഷാഭ്യാം	പ്രകൃതിപുരുഷന്മാരിലൂടെ
ജഗത് കൃത്സ്നം സൃജതി	ലോകമെല്ലാം രചിക്കുന്നു.
കാലരൂപേണ ജഗതഃ	കാലരൂപനായി ജഗത്തെല്ലാം
കലനാം ച കുരുതേ	സംഹരിക്കയുംചെയ്യും.

വിശ്വം വിരചിക്കാൻ പരമപുരുഷൻ പ്രകൃതിപുരുഷന്മാരെ ഉപാധിയാക്കാറുണ്ട്. കാലരൂപനായി ദൃശ്യജഗത്തിനെ കാരണങ്ങളിൽ ലയിപ്പിക്കുന്നതും തന്റെ ലീലതന്നെ. താൻ ഈ വ്യവഹാരങ്ങൾക്കു നിമിത്തകാരണമെങ്കിലും ഇവയൊന്നും തന്നെ ബാധിക്കാറില്ല എന്നുമാത്രം.

കാലരൂപീ സ ഭഗവാൻ രാമരൂപേണ മായയാ. 42

ബ്രഹ്മണാ പ്രാർത്ഥിതോ ദേവസ്ത്വദ്വധാർത്ഥമിഹാഗതഃ
തദന്യഥാ കഥം കുര്യാത് സത്യസങ്കല്പ ഈശ്വരഃ. 43

സഃ കാലരൂപീ ഭഗവാൻ	ആ കാലസ്വരൂപൻ, ഭഗവാൻ,
ദേവഃ ബ്രഹ്മണാ പ്രാർത്ഥിതഃ	ദേവൻ ബ്രഹ്മാവിന്റെ പ്രാർത്ഥനപ്രകാരം
മായയാ രാമരൂപേണ	മായയാൽ രാമരൂപംപൂണ്ട്
ഇഹ ആഗതഃ	ഇവിടെ എത്തിയിരിക്കയാണ്,
ത്വദ്വധാർത്ഥം	നിന്നെ വധിക്കാൻ.
ഈശ്വരഃ സത്യസങ്കല്പഃ	ഈശ്വരൻ സത്യസങ്കല്പനാണല്ലോ.
തത് കഥം അന്യഥാ കുര്യാത്	അത് എങ്ങനെ മറിച്ചാക്കാനാവും?

ഹനിഷ്യതി ത്വാം രാമസ്തു സപുത്രബലവാഹനം
ഹന്യമാനം ന ശക്നോമി ദ്രഷ്ടും രാമേണ രാവണ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാം രാക്ഷസകുലം കൃത്സ്നം തതോ ഗച്ഛാമി രാഘവം
മയി യാതേ സുഖീ ഭൂത്വാ രമസ്വ ഭവനേ ചിരം. 45

സപുത്രബലവാഹനം	പുത്ര—സേനാ—വാഹനസഹിതം
ത്വാം രാമഃ ഹനിഷ്യതി	നിന്നെ രാമൻ കൊല്ലും.
രാവണ കൃത്സ്നം	രാവണാ, സകല
രാക്ഷസകുലം ത്വാം ച	രാക്ഷസകുലവും നീയും
രാമേണ ഹന്യമാനം	രാമനാൽ വധിക്കപ്പെടുന്നതു
ദ്രഷ്ടും ന ശക്നോമി	കാണാൻ എനിക്കു കഴിവില്ല.
തതഃ	അതിനാൽ (ഞാൻ)
രാഘവം ഗച്ഛാമി	രാമസവിധത്തിലേക്കു പോകയാണ്.
മയി യാതേ സുഖീഭൂത്വാ	ഞാൻ പോയതിനുശേഷം സൊല്ലാസം
ഭവനേ ചിരം രമസ്വ	അരമനയിൽ നീണാൾ രമിക്കുക.

വിഭീഷണോ രാവണവാക്യതഃ ക്ഷണാത്
വിസൃജ്യ സർവ്വം സപരിച്ഛദം ഗൃഹം
ജഗാമ രാമസ്യ പാദാരവിന്ദയോഃ
സേവാഭികാംക്ഷീ പരിപൂർണ്ണമാനസഃ. 46

രാവണവാക്യതഃ	രാവണന്റെ പരുഷവചനങ്ങളുടെ ഫല-
വിഭീഷണഃ ക്ഷണാത്	മായി വിഭീഷണൻ തൽക്ഷണം
സപരിച്ഛദം ഗൃഹം സർവ്വം വിസൃജ്യ	പരിവാരസമേതം
പരിപൂർണ്ണമാനസഃ	ഭവനമെല്ലാം വിട്ടുകയും
രാമസ്യ പാദാരവിന്ദയോഃ	പൂർണ്ണകാമനായി രാമപാദാബ്ജം
സേവാഭികാംക്ഷീ	സേവിക്കാൻ ആകാംക്ഷയോടെ
ജഗാമ	പുറപ്പെട്ടുപോകയും ചെയ്തു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ദ്വിതീയഃ സർഗ്ഗഃ

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം രണ്ടാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം മൂന്ന്

വിഭീഷണന്റെ ശരണാഗതി—സേതുബന്ധനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

വിഭീഷണോ മഹാഭാഗഃ ചതുർഭിർമന്ത്രിഭിഃ സഹ
ആഗത്യ ഗഗനേ രാമസമ്മുഖേ സമവസ്ഥിതഃ. 1

മഹാഭാഗഃ വിഭീഷണഃ	മഹാശയൻ വിഭീഷണൻ
ചതുർഭിഃ മന്ത്രിഭിഃ സഹ ആഗത്യ	നാലു മന്ത്രിമാരുമായി വന്ന്
രാമസമ്മുഖേ	രാമന് അഭിമുഖമായി
ഗഗനേ സമവസ്ഥിതഃ	നഭസ്സിൽ നില്പുകൊണ്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉച്ചൈരുവാച ഭോഃ സ്വാമിൻ രാമ രാജീവലോചന,
രാവണസ്യാനുജോഽഹം തേ ദാരഹർത്തുർവ്വിഭീഷണഃ. 2

നാമ്നാ ഭ്രാത്രാ നിരസ്തോഽഹം ത്വാമേവ ശരണം ഗതഃ
ഹിതമുക്തം മയാ ദേവ, തസ്യ ചാവിദിതാത്മനഃ. 3

ഉച്ചൈഃ ഉവാച	ഉച്ചത്തിൽ അറിയിച്ചു:
ഭോ രാജീവലോചന രാമ	അല്ലയോ ചെന്താമരാക്ഷ, രാമ,
തേ ദാരഹർത്തുഃ	അവിടത്തെ ഭാര്യാപഹാരനായ
രാവണസ്യ അനുജഃ അഹം	രാവണന്റെ അനുജനാണ് ഞാൻ.
നാമ്നാ വിഭീഷണഃ	പേര് വിഭീഷണൻ.
ഭ്രാത്രാ നിരസ്തഃ അഹം	സോദരനാൽ പുറന്തള്ളപ്പെട്ട ഞാൻ
ത്വാം ഏവ	അങ്ങയെത്തന്നെ
ശരണം ഗതഃ	ശരണംപ്രാപിച്ചിരിക്കുന്നു.
ദേവ അവിദിതാത്മനഃ തസ്യ	ഭഗവൻ, അറിവില്ലാത്ത അവന്
മയാ ഹിതം ഉക്തം	ഞാൻ ഹിതം ഉപദേശിക്കയുണ്ടായി.

സീതാം രാമായ വൈദേഹീം പ്രേഷയേതി പുനഃ പുനഃ
ഉക്തോഽപി ന ശൃണോത്യേവ കാലപാശവശം ഗതഃ. 4

വൈദേഹീം സീതാം	വിദേഹപുത്രിയായ സീതയെ
രാമായ പ്രേഷയ ഇതി	രാമന് എത്തിച്ചുകൊടുക്കൂ എന്ന്
പുനഃ പുനഃ ഉക്തഃ അപി	പലകുറി ഉപദേശിച്ചിട്ടും
കാലപാശവശം ഗതഃ	കാലപാശത്തിൽ കുരുങ്ങിയ
ന ശൃണോതി ഏവ	(അയാൾ) കേൾക്കുന്നതേയില്ല.

ഹന്തും മാം ഖഡ്ഗമാദായ പ്രാദ്രവത് രാക്ഷസാധമഃ
തതോഽചിരേണ സചിവൈഃ ചതുർഭിഃ സഹിതോ ഭയാത്. 5

ത്വാമേവ ഭവമോക്ഷായ മുമുക്ഷുഃ ശരണം ഗതഃ
വിഭീഷണവചഃ ശ്രുത്വാ സുഗ്രീവോ വാക്യമബ്രവീത്. 6

(സഃ) രാക്ഷസാധമഃ മാം ഹന്തും ഖഡ്ഗം ആദായ പ്രാദ്രവത്	(ആ) രാക്ഷസാധമൻ എന്നെ കൊല്ലാൻ വാളുമേന്തി ഓടിയെത്തി.
മുമുക്ഷുഃ (അഹം) ഭവമോക്ഷായ ചതുർഭിഃ സചിവൈഃ സഹിതഃ ത്വാം ഏവ അചിരേണ ശരണം ഗതഃ	മോക്ഷേച്ഛുവായ ഞാൻ ഭവമോചനത്തിനായി നാലു മന്ത്രിമാരെയും കൂട്ടി അങ്ങയെത്തന്നെ ക്ഷിപ്രം ശരണംപ്രാപിച്ചു.
വിഭീഷണവചഃ ശ്രുത്വാ സുഗ്രീവഃ തതഃ വാക്യം അബ്രവീത്	വിഭീഷണഭാഷിതം കേട്ടതിനുശേഷം സുഗ്രീവൻ ഈ വചനം ഓതി.

വിശ്വാസാർഹോ ന തേ രാമ, മായാവീ രാക്ഷസാധമഃ
സീതാഹർത്തുർവ്വിശേഷേണ രാവണസ്യാനുജോ ബലീ. 7

രാമ, മായാവീ രാക്ഷസാധമഃ തേ വിശ്വാസാർഹഃ ന	രാമ, (ഈ) മായാവി, രാക്ഷസാധമൻ അങ്ങേയ്ക്കു വിശ്വസനീയനല്ല.
വിശേഷേണ സീതാഹർത്തുഃ രാവണസ്യ ബലീ അനുജഃ അയം	വിശിഷ്യ, സീതയെ കവർന്ന രാവണന്റെ പ്രബലനായ അനുജനാണല്ലോ ഇവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രിഭിഃ സായുധൈരസ്മാൻ വിവരേ നിഹനിഷ്യതി
തദാജ്ഞാപയ മേ ദേവ, വാനരൈർഹന്യതാമയം. 8

സായുധൈഃ മന്ത്രിഭിഃ	സായുധരായ മന്ത്രിമാരുമൊരുമിച്ച്
വിവരേ അസ്മാൻ	തരംകിട്ടുമ്പോൾ
നിഹനിഷ്യതി	നമ്മെ കൊല്ലും.
തദ് ദേവ	ആകയാൽ ദേവ,
മമ ആജ്ഞാപയ	എനിക്കനുമതിനല്കുക.
വാനരൈഃ അയം ഹന്യതാം	വാനരരാൽ ഇവൻ വധിക്കപ്പെടട്ടെ.

മമൈവം ഭാതി തേ രാമ, ബുദ്ധ്യാ കിം നിശ്ചിതം വദ
ശ്രുത്വാ സുഗ്രീവവചനം രാമഃ സസ്മിതമബ്രവീത്. 9

രാമ, മമ ഏവം	രാമ, എനിക്കിങ്ങനെയാണ്
ഭാതി	തോന്നുന്നത്.
തേ ബുദ്ധ്യാ കിം	അവിടുത്തെ ബുദ്ധിയിൽ എന്താണു
നിശ്ചിതം വദ	നിശ്ചയിച്ചതെന്ന് അരുളിയാലും.
സുഗ്രീവവചനം ശ്രുത്വാ	സുഗ്രീവവചനം ശ്രവിച്ച്
രാമഃ സസ്മിതം അബ്രവീത്	രാമൻ പുഞ്ചിരിതൂകി പറഞ്ഞു:

യദീച്ഛാമി കപിശ്രേഷ്ഠ, ലോകാൻ സർവ്വാൻ സഹേശ്വരാൻ
നിമിഷാർദ്ധേന സംഹന്യാം സൃജാമി നിമിഷാർദ്ധതഃ. 10
അതോ മയാഽഭയം ദത്തം ശീഘ്രമാനയ രാക്ഷസം. 11

കപിശ്രേഷ്ഠ യദി ഇച്ഛാമി	കപിവര, വേണമെന്നുവെച്ചാൽ
സർവ്വാൻ ലോകാൻ	സകലലോകങ്ങളെയും അവയുടെ
സഹേശ്വരാൻ നിമിഷാർദ്ധേന	നാഥരോടൊപ്പം അരനിമിഷത്തിനകം
സംഹന്യാം	(ഞാൻ) സംഹരിക്കും.
നിമിഷാർദ്ധതഃ	അരക്ഷണത്തിൽ
സൃജാമി	സൃഷ്ടിക്കയും ചെയ്യും.
അതഃ മയാ	തന്മൂലമാണ് ഞാൻ (അവന്)
അഭയം ദത്തം	അഭയമരുളിയത്.
രാക്ഷസം ശീഘ്രം ആനയ	രാക്ഷസനെ ഉടൻ കൂട്ടിക്കൊണ്ടുവന്നാലും.

സകൃദേവ പ്രപന്നായ തവാസ്മീതി ച യാചതേ
അഭയം സർവ്വഭൂതേഭ്യോ ദദാമ്യേതദ് വ്രതം മമ. 12

സകൃത് ഏവ പ്രപന്നായ	ഒരുകുറിയെങ്കിലും ശരണംപ്രാപിച്ച്
തവ അസ്മി	'ഞാൻ അങ്ങയുടെ (ദാസ)നാണേ'
ഇതി യാചതേ ച	എന്നു ചൊല്ലി അഭയമിരക്കുന്നവന്
സർവ്വഭൂതേഭ്യഃ	സകലപ്രാണികളിൽനിന്നും
അഭയം ദദാമി	(ഞാൻ) അഭയമരുളുകതന്നെ ചെയ്യും.
ഏതദ് മമ വ്രതം	ഇതു് എന്റെ (ജീവിത)വ്രതമാണ്.

രാമസ്യ വചനം ശ്രുത്വാ സുഗ്രീവോ ഹൃഷ്ടമാനസഃ
വിഭീഷണമഥാനായ്യ ദർശയാമാസ രാഘവം. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമസ്യ വചനം ശ്രുത്വാ ഹൃഷ്ടമനസഃ സുഗ്രീവഃ അഥ വിഭീഷണം ആനായ്യ രാഘവം ദർശയാമാസ	രാമഭാഷിതം ശ്രവിച്ച പ്രസന്നചിത്തൻ സുഗ്രീവൻ അനന്തരം വിഭീഷണനെ കൊണ്ടുവന്ന് രാമനെ ദർശിപ്പിച്ചു.

വിഭീഷണസ്തു സാഷ്ടാംഗം പ്രണിപത്യ രഘൂത്തമം
ഹർഷഗദ്ഗദയാ വാചാ ഭക്ത്യാ ച പരയാന്വിതഃ. 14

രാമം ശ്യാമം വിശാലാക്ഷം പ്രസന്നമുഖപങ്കജം
ധനുർബ്ബാണധരം ശാന്തം ലക്ഷ്മണേന സമന്വിതം. 15

കൃതാഞ്ജലിപുടോ ഭൂത്വാ സ്തോത്രും സമുപചക്രമേ. 16

ശ്യാമം വിശാലാക്ഷം പ്രസന്നമുഖപങ്കജം ധനുർബ്ബാണധരം ശാന്തം ലക്ഷ്മണേന സമന്വിതം രഘൂത്തമം രാമം സാഷ്ടാംഗം പ്രണിപത്യ പരയാ ഭക്ത്യാ ച അന്വിതഃ കൃതാഞ്ജലിപുടഃ ഭൂത്വാ ഹർഷഗദ്ഗദയാ വാചാ വിഭീഷണഃ തു സ്തോത്രും സമുപചക്രമേ	ശ്യാമനും വിശാലാക്ഷനും പ്രസന്നമായ മുഖാരവിന്ദമുള്ളവനും വില്ലുമമ്പുമേന്തിയവനും ശാന്തനും ലക്ഷ്മണസമേതനും രഘുവരനുമായ രാമനെ സാഷ്ടാംഗം പ്രണമിച്ച്, പരമമായ ഭക്തിയോടെ കൈകൂപ്പി തൊഴുത് ഹർഷംകൊണ്ട് ഇടറിയ വാക്കിൽ വിഭീഷണൻ സ്തുതിച്ചുതുടങ്ങി.

വിഭീഷണ ഉവാച: വിഭീഷണൻ പറഞ്ഞു

നമസ്തേ രാമ രാജേന്ദ്ര നമഃ സീതാമനോരമ,
നമസ്തേ ചണ്ഡകോദണ്ഡ നമസ്തേ ഭക്തവത്സല. 17

നമോഽനന്തായ ശാന്തായ രാമായാമിതതേജസേ
സുഗ്രീവമിത്രായ ച തേ രഘൂണാം പതയേ നമഃ. 18

രാജേന്ദ്ര രാമ തേ നമഃ	രാജേന്ദ്ര, രാമ, നിനക്കു വന്ദനം.
സീതാമനോരമ നമഃ	സീതയുടെ മനസ്സിന് ആനന്ദമേകുന്നവനേ, വന്ദനം.
ചണ്ഡകോദണ്ഡ തേ നമഃ	ഭീകരമായ കോദണ്ഡമേന്തിയവനേ, നിനക്കു പ്രണാമം.
അനന്തായ ശാന്തായ അമിതതേജസേ സുഗ്രീവമിത്രായ രഘൂണാം പതയേ ച തേ നമഃ	അനന്തനും ശാന്തനും അപാരതേജസ്സും സുഗ്രീവമിത്രവും രഘുപതിയുമായ നിനക്കു വണക്കം.

ജഗദുത്പത്തിനാശാനാം കാരണായ മഹാത്മനേ
ത്രൈലോക്യഗുരവേഽനാദിഗൃഹസ്ഥായ നമോ നമഃ. 19

ജഗദുത്പത്തിനാശാനാം കാരണായ മഹാത്മനേ ത്രൈലോക്യഗുരവേ അനാദിഗൃഹസ്ഥായ നമോ നമഃ	ജഗത്തിന്റെ പിറവിക്കും ഒടുക്കത്തിനും ഹേതുവും മഹാത്മാവും ത്രിലോകഗുരുവും അനാദിഗൃഹസ്ഥനുമായ (നിനക്കു) പ്രണാമം, വന്ദനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമപുരുഷൻ അനാദിഗൃഹസ്ഥനാണ്. തൻെറ പത്നിയാണ് മൂലപ്രകൃതി. പ്രകൃതിപുരുഷസംയോഗത്തിൽനിന്നു ഭുവനം ജനിക്കുന്നു. പ്രകൃതി പുരുഷന്മാർ അനാദിയാകയാൽ അവരുടെ സംഗമവും അനാദി. (നോക്കുക—ഗീത, 13. 19).

ത്വമാദിർജഗതാം രാമ ത്വമേവ സ്ഥിതികാരണം
ത്വമന്തേ നിധനസ്ഥാനം സ്വേച്ഛാചാരസ്ത്വമേവ ഹി. 20

രാമ ത്വം ജഗതാം ആദിഃ	രാമ, നീയാണ് ജഗത്തുകൾക്ക് ആദി.
സ്ഥിതികാരണം ത്വം ഏവ	നിലനില്പിനു മൂലവും നീതന്നെ.
അന്തേ നിധനസ്ഥാനം ത്വം	ഒടുവിലുള്ള ലയസ്ഥാനവും നീയാണ്.
ത്വം സ്വേച്ഛാചാരഃ ഏവ ഹി	നീ സ്വേച്ഛയാ പ്രവർത്തിക്കുന്നവൻതന്നെ.

ജഗത്തിൻെറ സൃഷ്ടിസ്ഥിതിലയങ്ങൾക്കു നീ മാത്രമാണ് ഹേതു. അതു് നിൻെറ ഗുണകർമ്മസ്വഭാവമനുസരിച്ചു നീ ചെയ്യപ്പെടാരികയാണ്. നിനക്കുപരിയായതൊരു നിയാമകശക്തിയുമില്ല.

ചരാചരാണാം ഭൂതാനാം ബഹിരന്തശ്ച രാഘവ,
വ്യാപ്യവ്യാപകരൂപേണ ഭവാൻ ഭാതി ജഗന്മയഃ. 21

രാഘവ, ചരാചരാണാം ഭൂതാനാം	രാഘവ, ചരാചരഭൂതങ്ങളുടെ
അന്തഃ ബഹിഃ ച	ഉള്ളിലും പുറമേയും
വ്യാപ്യവ്യാപകരൂപേണ	വ്യാപ്യവ്യാപകരൂപത്തിൽ
ജഗന്മയഃ ഭവാൻ ഭാതി	വിശ്വാത്മാവായ നീ വിരാജിക്കുന്നു.

ജഗത് വ്യാപ്യം, ഈശ്വരൻ വ്യാപകം. ചരാചരജഗത്തിൽ ഈശ്വരൻ നിറഞ്ഞരുളുന്നു, അകമെന്നോ പുറമെന്നോ ഭേദമില്ലാതെ. ''തദന്തരസ്യ സർവ്വസ്യ തദു് സർവ്വസ്യാസ്യ ബാഹ്യതഃ.''

ത്വന്മായയാ ഹൃതജ്ഞാനാഃ നഷ്ടാത്മാനോ വിചേതസഃ
ഗതാഗതം പ്രപദ്യന്തേ പാപപുണ്യവശാത് സദാ. 22

ത്വന്മായയാ ഹൃതജ്ഞാനാഃ	നിൻെറ മായയാൽ വിവേകം അപഹരി-
നഷ്ടാത്മാനഃ വിചേതസഃ	ക്കപ്പെട്ട, ആത്മനാശമടഞ്ഞ മന്ദമതികൾ
പാപപുണ്യവശാത്	പാപപുണ്യങ്ങൾക്കടിപ്പെട്ട്
സദാ ഗതാഗതം പ്രപദ്യന്തേ	എക്കാലവും ചത്തും പിറന്നും കഴിഞ്ഞു- കൂടുന്നു.

താവത് സത്യം ജഗത് ഭാതി ശുക്തികാരജതം യഥാ
യാവന്നജ്ഞായതേ ജ്ഞാനം ചേതസാഽനന്യഗാമിനാ. 23

അനന്യഗാമിനാ	മറ്റൊന്നിൽ പറ്റാത്ത (ഏകാഗ്രമായ)
ചേതസാ ജ്ഞാനം യാവത്	ചേതസ്സിൽ (നിൻെറ) പൊരുൾ
ന ജ്ഞായതേ താവത്	വിരിയാതിരിക്കുംവരെയേ
ജഗത് സത്യം ഭാതി	ഉലകം സത്യമായി വിളങ്ങൂ.
ശുക്തികാരജതം യഥാ	ചിപ്പിയിൽ വെള്ളിയെന്നപോലെ.

ഏകാഗ്രമായ മാനസത്തിൽ പരംപൊരുൾ തെളിയുന്നതോടെ ഉലകം മറഞ്ഞുപോകുന്നു. രജതം വെള്ളി, ചിപ്പിയും വെള്ള. ചിപ്പി കണ്ടാൽ വെള്ളിയെന്നു തോന്നാം. തെററിദ്ധാരണ നീങ്ങുമ്പോൾ ചിപ്പിയെന്നു നേരു തെളിഞ്ഞുകൊള്ളും. ഇതുതന്നെ ജഗത്തിൻെറയും സ്ഥിതി. അറിവില്ലായ്മയാലാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഗത്ത് വിരാജിക്കുന്നതായി തോന്നുക. ജ്ഞാനോദയത്തോടെ ജഗത്ത് മറഞ്ഞു പോകുന്നു.

ത്വദജ്ഞാനാത് സദാ യുക്താഃ പുത്രദാരഗൃഹാദിഷു
രമന്തേ വിഷയാൻ സർവ്വാനന്തേ ദുഃഖപ്രദാൻ വിഭോ. 24

വിഭോ, ത്വദജ്ഞാനാത്	പ്രഭോ, നിന്നെ അറിയായ്കയാലാണ്
(ജനാഃ) അന്തേ ദുഃഖപ്രദാൻ	(ജനങ്ങൾ) ഒടുവിൽ അഴലേകുന്ന
പുത്രദാരഗൃഹാദിഷു സദാ	പുത്രഭാര്യാഭവനാദികളിൽ ഇടവിടാതെ
യുക്താഃ വിഷയാൻ	പററിപ്പിടിച്ച് വിഷയസുഖങ്ങളിലെല്ലാം
സർവ്വാൻ രമന്തേ	രമിക്കുന്നത്.

ത്വമിന്ദ്രോഽഗ്നിർയമോ രക്ഷോ വരുണശ്ച തഥാഽനിലഃ
കുബേരശ്ച തഥാ രുദ്രസ്ത്വമേവ പുരുഷോത്തമ. 25

പുരുഷോത്തമ ഇന്ദ്രഃ അഗ്നിഃ	പുരുഷോത്തമ, ഇന്ദ്രൻ, അഗ്നി,
യമഃ രക്ഷഃ അനിലഃ	യമൻ, നിരൃതി, വായു,
തഥാ കുബേരഃ ത്വം	കുബേരൻ ഇവരെല്ലാം നീയാകുന്നു.
തഥാ രുദ്രഃ ത്വം ഏവ	അപ്രകാരം രുദ്രനും നീതന്നെ.

നാമധേയത്തിലേ നാനാത്വമുള്ളു തത്ത്വത്തിൽ എല്ലാം ഒന്നുതന്നെ. "ഏകം സദ് വിപ്രാഃ ബഹുധാ വദന്തി... അഗ്നിം യമം മാതരിശ്വാനമാഹുഃ" എന്ന് ഋഗ്വേദംതന്നെ സിദ്ധാന്തിക്കുന്നു.

ത്വമണോരണീയാംശ്ച സ്ഥൂലാത് സ്ഥൂലതരഃ പ്രഭോ
ത്വം പിതാ സർവ്വലോകാനാം മാതാ ധാതാ ത്വമേവ ഹി. 26

പ്രഭോ, ത്വം അണോഃ അണീയാൻ	പ്രഭോ, നീ അണുവിനേക്കാൾ അണുവും
സ്ഥൂലാത് സ്ഥൂലതരഃ ച	വലുതിനേക്കാൾ വലുതുമാണല്ലോ.
ത്വം സർവ്വലോകാനാം പിതാ	നീ സകലലോകങ്ങളുടേയും പിതാവ്.
മാതാ ധാതാ ച ത്വം ഏവ ഹി	അമ്മയും രക്ഷകനും നീതന്നെ.

ആദിമദ്ധ്യാന്തരഹിതഃ പരിപൂർണ്ണോഽച്യുതോഽവ്യയഃ
ത്വം പാണിപാദരഹിതശ്ചക്ഷുഃശ്രോത്രവിവർജ്ജിതഃ. 27

ത്വം ആദിമദ്ധ്യാന്തരഹിതഃ	നീ ആദിമദ്ധ്യാന്തമററവൻ.
പരിപൂർണ്ണഃ അച്യുതഃ അവ്യയഃ	പരിപൂർണ്ണൻ, അച്യുതൻ, അവ്യയൻ.
പാദപാണിരഹിതഃ	കൈകാലുകളില്ലാത്തവൻ.
ചക്ഷുഃശ്രോത്രവിവർജ്ജിതഃ	മിഴിയും ചെവിയുമില്ലാത്തവൻ.

നിനക്ക് ആദിയുമന്തവുമില്ല. നീ ഏകരസനും പരിപൂർണ്ണനുമാണ്. പാദപാണികളും ജ്ഞാനേന്ദ്രിയങ്ങളും ഇല്ലാത്ത പരിപാവനൻ. നിരിന്ദ്രിയനെങ്കിലും ജഗത്സൃഷ്ടിയും സ്ഥിതിസംഹാരങ്ങളും നീ നിറവേററുന്നു—"ന തത്ര ചക്ഷുർഗച്ഛതി ന വാഗ്ഗച്ഛതി നോ മനഃ." (കേന. I. 3)

ശ്രോതാ ദ്രഷ്ടാ ഗ്രഹീതാ ച ജവനസ്ത്വം ഖരാന്തക,
കോശേഭ്യോ വ്യതിരിക്തസ്ത്വം നിർഗ്ഗുണോ നിരുപാശ്രയഃ. 28

ഖരാന്തക, ത്വം (സർവ്വം)	ഖരാന്തക, നീയാണ് (എല്ലാം)
ശ്രോതാ ദ്രഷ്ടാ	കേൾക്കുന്നവനും കാണുന്നവനും
ഗ്രഹീതാ ച	ഗ്രഹിക്കുന്നവനും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജവനഃ	(നീ എത്രയോ) വേഗവാൻ!
കോശേഭ്യഃ വ്യതിരിക്തഃ	[1]പഞ്ചകോശങ്ങൾക്കപ്പുറം വർത്തിക്കുന്ന
ത്വം നിർഗ്ഗുണഃ	നീ നിർഗ്ഗുണനാണ്;
നിരുപാശ്രയഃ	നിരാധാരനാണ്.

ദ്രഷ്ടാവും ശ്രോതാവും നീയാണ്. എല്ലാം നീ കാണുന്നു, കേൾക്കുന്നു. എല്ലായിടത്തും നീ വ്യാപിക്കുന്നു. പഞ്ചകോശങ്ങൾക്കപ്പുറമാണ് നിന്റെ സ്ഥിതി. 'പൂർവ്വമഷ്ത്' എന്ന ശ്രുതിയനുസരിച്ച് നീ എങ്ങും സമം വിളങ്ങുകയാണ്.

നിർവ്വികല്പോ നിർവ്വികാരോ നിരാകാരോ നിരീശ്വരഃ
ഷഡ്ഭാവരഹിതോഽനാദിഃ പുരുഷഃ പ്രകൃതേഃ പരഃ. 29

നിർവ്വികല്പഃ നിർവ്വികാരഃ	(നീ) വികല്പമററവൻ, വികാരഹീനൻ.
നിരാകാരഃ നിരീശ്വരഃ	അരൂപി, നിരീശ്വരൻ.
ഷഡ്ഭാവരഹിതഃ	[2]ആറു ഭാവമില്ലാത്തവൻ.
പ്രകൃതേഃ പരഃ	പ്രകൃതിക്കതീതൻ.
അനാദിഃ പുരുഷഃ	അനാദിപുരുഷൻ.

നിനക്കു സേവ്യനായോ നിനക്കുപരിയായോ ഈശ്വരനില്ലായ്കയാൽ നീ നിരീശ്വരൻ.

മായയാ ഗൃഹ്യമാണസ്ത്വം മനുഷ്യ ഇവ ഭാവ്യസേ
ജ്ഞാത്വാ ത്വാം നിർഗ്ഗുണമജം വൈഷ്ണവാഃ മോക്ഷഗാമിനഃ. 30

മായയാ ഗൃഹ്യമാണഃ ത്വം	മായയുമായി സമ്പർക്കപ്പെട്ട് നീ
മനുഷ്യ ഇവ ഭാവ്യസേ	മാനവനെപ്പോലെ ഭാവിക്കുകയാണ്.
നിർഗ്ഗുണം അജം	നിർഗ്ഗുണനും ജനനമില്ലാത്തവനുമായ
ത്വാം ജ്ഞാത്വാ വൈഷ്ണവാഃ	നിന്നെ അറിഞ്ഞ് വൈഷ്ണവർ
മോക്ഷഗാമിനഃ (ഭവന്തി)	മോക്ഷഗാമികളായി ഭവിക്കുന്നു.

അഹം ത്വത്പാദസദ്ഭക്തിനിഃശ്രേണീം പ്രാപ്യ രാഘവ,
ഇച്ഛാമി ജ്ഞാനയോഗാഖ്യം സൗധമാരോഢുമീശ്വര. 31

ഈശ്വര രാഘവ	ഭഗവാനേ, രാമ,
ത്വത്പാദസദ്ഭക്തി—	അവിചലമായ തൃപ്പാദഭക്തിയുടെ
നിഃശ്രേണീം പ്രാപ്യ	പടവുകൾ കടന്ന്
ജ്ഞാനയോഗാഖ്യം സൗധം	ജ്ഞാനയോഗമെന്ന മാളികയി—
ആരോഢും ഇച്ഛാമി അഹം	ലേറാനാഗ്രഹിക്കയാണ് ഞാൻ.

ജ്ഞാനയോഗത്തിലേക്കുള്ള പടിയാണ് സദ്ഭക്തി. അതിലൂടെയല്ലാതെ ജ്ഞാനസൗധത്തിലെത്താൻ വഴിയില്ല. ശലീകമായി ഭക്തിയില്ലാതെ ജ്ഞാനസിദ്ധി അലഭ്യമെന്നു സാരം.

നമഃ സീതാപതേ രാമ, നമഃ കാരുണികോത്തമ,
രാവണാരേ, നമസ്തുഭ്യം ത്രാഹി മാം ഭവസാഗരാത്. 32

സീതാപതേ രാമ നമഃ	സീതാപതേ, രാമ, വന്ദനം.
കാരുണികോത്തമ നമഃ	പരമകാരുണിക, പ്രണാമം.

1 പഞ്ചകോശങ്ങളുടെ വിവരണം അന്യത്ര ചേർത്തിട്ടുണ്ട്.
2 ഉത്പത്തി, വളർച്ച, മാററം, ക്ഷയം, ജീർണ്ണത, നാശം ഇവ ഷഡ്ഭാവങ്ങൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണാരേ തുഭ്യം നമഃ	രാവണവൈരി, നിനക്കു നമസ്കാരം.
മാം ഭവസാഗരാത്	എന്നെ സംസാരക്കടലിൽനിന്നു
ത്രാഹി	രക്ഷിച്ചാലും.

തതഃ പ്രസന്നഃ പ്രോവാച ശ്രീരാമോ ഭക്തവത്സലഃ
വരം വൃണീഷ്വ ഭദ്രം തേ വാഞ്ഛിതം വരദോഽസ്മ്യഹം. 33

ഭക്തവത്സലഃ ശ്രീരാമഃ	ഭക്തവത്സലൻ ശ്രീരാമൻ
പ്രസന്നഃ തതഃ പ്രോവാച	പ്രസന്നനായി അനന്തരം അരുളി.
തേ ഭദ്രം (ഭവതു)	(വിഭീഷണ) നിനക്കു നന്മ വരട്ടെ.
അഹം വരദഃ അസ്മി	ഞാൻ വരദനാണ്.
വരം വൃണീഷ്വ	(വേണ്ട) വരം വരിച്ചുകൊള്ളുക.

വിഭീഷണ ഉവാച: വിഭീഷണൻ പറഞ്ഞു

ധന്യോഽസ്മി കൃതകൃത്യോഽസ്മി കൃതകാര്യോഽസ്മി രാഘവ,
ത്വത്പാദദർശനാദേവ വിമുക്തോഽസ്മി ന സംശയഃ. 34

രാഘവ ധന്യഃ അസ്മി	രാഘവ, ഞാൻ ധന്യനാണ്.
കൃതകൃത്യഃ അസ്മി	കൃതാർത്ഥനാണ്.
കൃതകാര്യഃ അസ്മി	ചെയ്യേണ്ടതു ചെയ്തവനാണ്.
ത്വത്പാദദർശനാത്	നിന്റെ പാദദർശനത്താൽത്തന്നെ
ഏവ വിമുക്തഃ അസ്മി	ഞാൻ മുക്തനായിരിക്കുന്നു;
ന സംശയഃ	സംശയമില്ല.

നാസ്തി മത്സദൃശോ ധന്യോ നാസ്തി മത്സദൃശഃ ശുചിഃ
നാസ്തി മത്സദൃശോ ലോകേ രാമ ത്വന്മൂർത്തിദർശനാത്. 35

മത്സദൃശഃ ധന്യഃ ന അസ്തി	എന്നെപ്പോലെ ഒരു ധന്യനില്ല.
മത്സദൃശഃ ശുചിഃ ന അസ്തി	എന്നെപ്പോലെ പരിശുദ്ധനുമില്ല.
രാമ ത്വന്മൂർത്തിദർശനാത്	രാമ, നിന്തിരുവുടൽ ദർശിക്കയാൽ
ലോകേ മത്സദൃശഃ	ലോകത്തിൽ എനിക്കു തുല്യനായി
ന അസ്തി	ആരുമില്ലാതായിരിക്കുന്നു.

കർമ്മബന്ധവിനാശായ ത്വത്ജ്ഞാനം ഭക്തിലക്ഷണം
ത്വദ്ധ്യാനം പരമാർത്ഥം ച ദേഹി മേ രഘുനന്ദന. 36

രഘുനന്ദന	രാഘവ,
കർമ്മബന്ധവിനാശായ	കർമ്മബന്ധമററുപോകാനുതകുമാറ്
ഭക്തിലക്ഷണം ത്വത് ജ്ഞാനം	പ്രേമലക്ഷണമായ താവകജ്ഞാനവും
പരമാർത്ഥം ത്വദ്ധ്യാനം ച	പരമാർത്ഥമായ ഭഗവദ്ധ്യാനവും
മേ ദേഹി	എനിക്കേകേണമേ.

സ്നേഹമില്ലാത്ത അറിവിന് എന്തു മേന്മ? ഭക്തിയില്ലാത്ത ജ്ഞാനം വെറും പാണ്ഡിത്യപ്രകടനംമാത്രം. പ്രേമാർദ്രമായ ചേതസ്സ് ഭഗവദ്ധ്യാനത്തിൽ തനിയേ ഏകതാനമാകുന്നു. ഏകതാനത ഭഗവാനെ കാട്ടിത്തരികയുംചെയ്യും.

ന യാചേ രാമ രാജേന്ദ്ര, സുഖം വിഷയസംഭവം
ത്വത്പാദകമലേ സക്താ ഭക്തിരേവ സദാഽസ്തു മേ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജേന്ദ്ര രാമ വിഷയസംഭവം	രാജേന്ദ്ര, രാമ, വിഷയജന്യമായ
സുഖം ന യാചേ	സുഖം ഞാൻ യാചിക്കുന്നില്ല.
മേ സദാ	എനിക്കെന്നും
ത്വത്പാദകമലേ സക്താ	നിന്റെ കാൽത്താരിൽ ഇളകാത്ത
ഭക്തിഃ ഏവ അസ്തു	ഭക്തിമാത്രം ഉളവായാൽ മതി.

ഓമിത്യുക്ത്വാ പുനഃ പ്രീതോ രാമഃ പ്രോവാച രാക്ഷസം
ശൃണു വക്ഷ്യാമി തേ ഭദ്രം രഹസ്യം മമ നിശ്ചിതം. 38

പ്രീതഃ രാമഃ ഓം	പ്രീതനായ രാമൻ 'ഓം'
ഇതി ഉക്ത്വാ പുനഃ	(അങ്ങനെയാകട്ടെ) എന്ന് ആശീർവ്വദിച്ച്
രാക്ഷസം പ്രോവാച	വിഭീഷണനോട് അരുളി:
മമ നിശ്ചിതം ഭദ്രം രഹസ്യം	എന്റെ നിശ്ചിതവും ഭദ്രവുമായ തത്ത്വം
തേ വക്ഷ്യാമി ശൃണു	നിന്നോട് പറയാം, കേൾക്കുക.

മദ്ഭക്താനാം പ്രശാന്താനാം യോഗിനാം വീതരാഗിണാം
ഹൃദയേ സീതയാ നിത്യം വസാമ്യത്ര ന സംശയഃ. 39

വീതരാഗിണാം പ്രശാന്താനാം	അനാസക്തരും പ്രശാന്തരും
യോഗിനാം മദ്ഭക്താനാം	യോഗികളുമായ എന്റെ ഭക്തന്മാരുടെ
ഹൃദയേ സീതയാ	മനതാരിലാണ് സീതയുമായി
നിത്യം വസാമി	ഞാനെന്നും വസിക്കുന്നത്.
അത്ര ന സംശയഃ	ഇതിൽ സന്ദേഹമില്ല.

തസ്മാത് ത്വം സർവ്വദാ ശാന്തഃ സർവ്വകല്മഷവർജ്ജിതഃ
മാം ധ്യാത്വാ മോക്ഷ്യസേ നിത്യം ഘോരസംസാര-
സാഗരാത്. 40

തസ്മാത് സർവ്വകല്മഷവർജ്ജിതഃ	ആകയാൽ പാപമെല്ലാം ഒഴിവാക്കി,
നിത്യം മാം	നിത്യനായ എന്നെ
ശാന്തഃ സർവ്വദാ ധ്യാത്വാ	ശാന്തനായി നിരന്തരം നിനച്ച്,
ഘോരസംസാരസാഗരാത്	ഘോരസംസാരസാഗരത്തിൽനിന്നു
ത്വം മോക്ഷ്യസേ	നീ മോചനം നേടിക്കൊള്ളുക.

സ്തോത്രമേതത് പഠേദ്യസ്തു ലിഖേദ് യഃ ശൃണുയാദപി
മത്പ്രീതയേ മമാഭീഷ്ടം സാരൂപ്യം സമവാപ്നുയാത്. 41

മത്പ്രീതയേ ഏതത് സ്തോത്രം	എന്റെ പ്രീതി ലാക്കാക്കി ഈ സ്തോത്രം
യഃ പഠേത് യഃ തു ലിഖേത്	ഏവൻ പഠിക്കുമോ, ഏവൻ എഴുതുമോ,
ശൃണുയാത് അപി	കേൾക്കുകയെങ്കിലും ചെയ്യുമോ,
സഃ മമ അഭീഷ്ടം സാരൂപ്യം	അവൻ എന്റെ അഭിമതസാരൂപ്യം
സമവാപ്നുയാത്	കൈവരിക്കും.

ഇത്യുക്ത്വാ ലക്ഷ്മണം പ്രാഹ ശ്രീരാമോ ഭക്തഭക്തിമാൻ
പശ്യത്വിദാനീമേവൈഷ മമ സന്ദർശനേ ഫലം. 42

ഇതി ഉക്ത്വാ	ഇങ്ങനെ അരുളിയതിനുശേഷം
ഭക്തഭക്തിമാൻ ശ്രീരാമഃ	ഭക്തവത്സലൻ ശ്രീരാമൻ
ലക്ഷ്മണം പ്രാഹ	ലക്ഷ്മണനോടോതി:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മമ സന്ദർശന ഫലം	എന്നെ ദർശിച്ചതിന്റെ ഫലം
ഏഷഃ ഇദാനീം ഏവ പശ്യതു	ഇവൻ ഇപ്പോൾത്തന്നെ കണ്ടുകൊള്ളട്ടെ.

ലങ്കാരാജ്യേഽഭിഷേച്യാമി ജലമാനയ സാഗരാത്
യാവച്ചന്ദ്രശ്ച സൂര്യശ്ച യാവത്തിഷ്ഠതി മേദിനീ. 43

യാവൻമമ കഥാ ലോകേ താവദ്രാജ്യം കരോത്വസൗ
ഇത്യുക്ത്വാ ലക്ഷ്മണേനാംബു ഹ്യാനായ്യ കലശേന തം. 44

ലങ്കാരാജ്യാധിപത്യാർത്ഥമഭിഷേകം രമാപതിഃ
കാരയാമാസ സചിവൈർലക്ഷ്മണേന വിശേഷതഃ. 45

ലങ്കാരാജ്യേ	ലങ്കാരാജ്യത്തിലെ
അഭിഷേച്യാമി	(രാജാവായി ഇവനെ) വാഴിക്കയാണ്.
സാഗരാത് ജലം ആനയ	സാഗരത്തിൽനിന്ന് ജലം കൊണ്ടുവരിക.
സൂര്യഃ ച ചന്ദ്രഃ ച യാവത്	സൂര്യചന്ദ്രന്മാർ എന്നുവരെ ഉണ്ടായിരിക്കു—
യാവത് മേദിനീ തിഷ്ഠതി	മോ, എന്നുവരെ ഭൂമി നിലനില്ക്കുമോ,
യാവത് ലോകേ മമ കഥാ	പാരിൽ എന്നുവരെ എന്റെ കഥ നിന്നു പോരുമോ,
താവത് അസൗ രാജ്യം കരോതു	അന്നുവരെ ഇവൻ നാടു വാഴട്ടെ.
ഇതി ഉക്ത്വാ	ഇത്രയും പറഞ്ഞതിനുശേഷം
ലക്ഷ്മണേന കലശേന	ലക്ഷ്മണനെക്കൊണ്ട് കലശത്തിൽ
അംബു ആനായ്യ	ജലം കൊണ്ടു വരുവിക്കയും
സചിവൈഃ വിശേഷതഃ	മന്ത്രിമാരെക്കൊണ്ടും വിശിഷ്യ
ലക്ഷ്മണേന തം രമാപതിഃ	ലക്ഷ്മണനെക്കൊണ്ടും അവനെ രാമൻ
അഭിഷേകം കാരയാമാസ	അഭിഷേചിപ്പിക്കയുംചെയ്തു.
ലങ്കാരാജ്യാധിപത്യാർത്ഥം	ലങ്കാരാജ്യത്തിന്റെ അധീശത്വമാളാൻ.

സാധു സാധ്വിതി തേ സർവ്വേ വാനരാഃ തുഷ്ടുവുർഭൃശം
സുഗ്രീവോഽപി പരിഷ്വജ്യ വിഭീഷണമഥാബ്രവീത്. 46

സാധു സാധു ഇതി തേ	'നന്ന്', നന്ന്'' എന്ന് (ഉദ്ഘോഷിച്ച്)
വാനരാഃ സർവ്വേ	ആ വാനരരെല്ലാം
ഭൃശം തുഷ്ടുവുഃ	മുറ്റും സ്തുതിചെയ്തു.
അഥ സുഗ്രീവഃ അപി	പിന്നെ സുഗ്രീവനും
വിഭീഷണം പരിഷ്വജ്യ	വിഭീഷണനെ ആലിംഗനംചെയ്ത്
അബ്രവീത്	അറിയിക്കയുണ്ടായി.

വിഭീഷണ, വയം സർവ്വേ രാമസ്യ പരമാത്മനഃ
കിങ്കരാസ്തത്ര മുഖ്യസ്ത്വം ഭക്ത്യാ രാമപരിഗ്രഹാത്.
രാവണസ്യ വിനാശേ ത്വം സാഹായ്യം കർത്തുമർഹസി. 47

വിഭീഷണ,	വിഭീഷണ,
വയം സർവ്വേ പരമാത്മനഃ	നാമെല്ലാം പരമപുരുഷനായ
രാമസ്യ കിങ്കരാഃ	രാമന്റെ കിങ്കരരാണല്ലോ.
ഭക്ത്യാ രാമപരിഗ്രഹാത്	ഭക്തിപൂർവ്വം രാമനെ പരിഗ്രഹിക്കമൂലം
ത്വം തത്ര മുഖ്യഃ	നീയാണ് നമ്മിൽ മുഖ്യൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണസ്യ വിനാശേ	രാവണൻെറ വിനാശത്തിനു
ത്വം സാഹായ്യം കർത്തും അർഹസി	നീ തുണചെയ്യേണ്ടതാകണം.

വിഭീഷണ ഉവാച: വിഭീഷണൻ പ്രതിവചിച്ചു

അഹം കിയാൻ സഹായത്വേ രാമസ്യ പരമാത്മനഃ
കിന്തു ദാസ്യം കരിഷ്യേ{ഽ}ഹം ഭക്ത്യാ ശക്ത്യാഹ്യമായയാ. 48

രാമസ്യ പരമാത്മനഃ	രാമപരമാത്മാവിന്ന്
സഹായത്വേ	സഹായമേകാൻ
അഹം കിയാൻ	ഞാനെങ്ങനെ (കഴിവുറ്റവനാകും)?
കിന്തു അമായയാ ഭക്ത്യാ	എങ്കിലും അകളങ്കമായ പ്രേമത്തോടെ
ശക്ത്യാ അഹം	യഥാശക്തി ഞാൻ (അദ്ദേഹത്തിന്ന്)
ദാസ്യം കരിഷ്യേ	ദാസ്യമാചരിച്ചുകൊള്ളാം.

ദശഗ്രീവേണ സന്ദിഷ്ടഃ ശുകോ നാമ മഹാസുരഃ
സംസ്ഥിതോഽഹ്യംബരേ വാക്യം സുഗ്രീവമിദമബ്രവീത്. 49

ദശഗ്രീവേണ സന്ദിഷ്ടഃ	രാവണൻെറ സന്ദേശവാഹകൻ,
ശുകഃ നാമ മഹാസുരഃ	ശുകനെന്ന മഹാരാക്ഷസൻ
അംബരേ സംസ്ഥിതഃ	മാനത്തു നിന്നുകൊണ്ട് (തത്സമയം)
സുഗ്രീവം ഇദം വാക്യം അബ്രവീത്	സുഗ്രീവനെ ഈ വചനമറിയിച്ചു:

ത്വാമാഹ രാവണോ രാജാ ഭ്രാതരം രാക്ഷസാധിപഃ
മഹാകുലപ്രസൂതസ്ത്വം രാജാഽസി വനചാരിണാം. 50

മമ ഭ്രാതൃസമാനസ്ത്വം തവ നാസ്ത്യർത്ഥവിപ്ലവഃ
അഹം യദഹരം ഭാര്യാം രാജപുത്രസ്യ കിം തവ? 51

രാക്ഷസാധിപഃ രാജാ രാവണഃ	രാക്ഷസാധിപൻ, രാജാ രാവണൻ
ഭ്രാതരം ത്വാം ആഹ	സോദരനായ നിന്നെ അറിയിക്കുകയാണ്:
ത്വം മഹാകുല—	നീ ഉന്നതകുലത്തിൽ
പ്രസൂത അസി	പിറന്നവനാണല്ലോ.
വനചാരിണാം രാജാ	വനചരന്മാരെ അരചനായ
ത്വം മമ ഭ്രാതൃസമാനഃ	നീ എനിക്ക ഭ്രാതൃതുല്യൻ.
തവ അർത്ഥവിപ്ലവഃ	നിനക്കു (യാതൊരു) താൽപര്യഹാനിയും
നാസ്തി	(ഞാൻമൂലം) ഉണ്ടാകുന്നില്ല.
യദി രാജപുത്രസ്യ ഭാര്യാം	രാജകുമാരൻെറ പത്നിയെ
അഹം അഹരം	ഞാൻ അപഹരിച്ചെങ്കിൽത്തന്നെ
തവ കിം?	നിനക്കെന്ത്?

കിഷ്കിന്ധാം യാഹി ഹരിഭിർലങ്കാ ശക്യാ ന ദൈവതൈഃ
പ്രാപ്തും കിം മാനവൈരല്പസത്വൈർവ്വാനരയൂഥപൈഃ. 52

ഹരിഭിഃ	കപികളുമായി
കിഷ്കിന്ധാം യാഹി	കിഷ്കിന്ധയ്ക്കു മടങ്ങുക.
ദൈവതൈഃ (അപി)	ദേവതകളാൽപ്പോലും
ലങ്കാ പ്രാപ്തും ന ശക്യാ	ലങ്ക കീഴടക്കാനാവില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അല്പസത്ത്വൈഃ	കെല്പു കുറഞ്ഞ
വാനരൈഃ വാനരയൂഥപൈഃ	മനുജരാലും വാനരപ്രമുഖരാലും
(പുനഃ) കിം	പിന്നെങ്ങനെ (സാധിക്കും)?

തം പ്രാപയന്തം വചനം തൂർണ്ണമുത്പ്ലുത്യ വാനരാഃ
പ്രാപദ്യന്ത തദാ ക്ഷിപ്രം നിഹന്തും ദൃഢമുഷ്ടിഭിഃ. 53

തൂർണ്ണം വചനം പ്രാപയന്തം	സത്വരം സന്ദേശമെത്തിച്ച
തം ദൃഢമുഷ്ടിഭിഃ	അവനെ ദൃഢമുഷ്ടികളാൽ ഇടിച്ചു
നിഹന്തും വാനരാഃ	കൊല്ലാൻ ഉന്നി വാനരർ
തദാ ഉത്പ്ലുത്യ	തൽക്ഷണം മേലോട്ടു ചാടി
ക്ഷിപ്രം പ്രാപദ്യന്ത	ക്ഷിപ്രം പിടികൂടി.

വാനരൈർഹന്യമാനസ്തു ശുകോ രാമമഥാബ്രവീത്
ന ദൂതാൻ ഘ്നന്തി രാജേന്ദ്ര, വാനരാൻ വാരയ പ്രഭോ. 54

വാനരൈഃ ഹന്യമാനഃ	വാനരരാൽ മർദ്ദിക്കപ്പെടുന്ന
ശുകഃ തു രാമം	ശുകനാകട്ടെ, രാമനോട്
അഥ അബ്രവീത്	തത്സമയം അപേക്ഷിച്ചു:
രാജേന്ദ്ര, ദൂതാൻ ന ഘ്നന്തി	രാജേന്ദ്ര, ദൂതന്മാരെ (ആരും) കൊല്ലാറില്ല.
പ്രഭോ വാനരാൻ വാരയ	പ്രഭോ, വാനരരെ തടയേണമേ.

രാമഃ ശ്രുത്വാ തദാ വാക്യം ശുകസ്യ പരിദേവിതം
മാ വധിഷ്ടേതി രാമസ്താൻ വാരയാമാസ വാനരാൻ. 55

ശുകസ്യ പരിദേവിതം വാക്യം	ശുകന്റെ വിലാപവചനം
ശ്രുത്വാ രാമഃ	കേട്ട് (ദയതോന്നിയ) രാമൻ
മാ വധിഷ്ട	'അവനെ കൊല്ലരുത്'
ഇതി താൻ വാനരാൻ	എന്നു ചൊല്ലി ആ വാനരരെ
തദാ (ഏവ) വാരയാമാസ	അന്നേരംതന്നെ വിലക്കി.

പുനരംബരമാസാദ്യ ശുകഃ സുഗ്രീവമബ്രവീത്
ബ്രൂഹി രാജൻ ദശഗ്രീവം കിം വക്ഷ്യാമി വ്രജാമ്യഹം. 56

പുനഃ അംബരം ആസാദ്യ	വീണ്ടും വിണ്ണിലെത്തിയ
ശുകഃ സുഗ്രീവം അബ്രവീത്	ശുകൻ സുഗ്രീവനോടു പറഞ്ഞു:
രാജൻ അഹം വ്രജാമി	രാജാവേ, ഞാൻ പോകയാണ്,
ദശഗ്രീവം കിം വക്ഷ്യാമി	രാവണനോടെന്തു പറയണം?
ബ്രൂഹി	അതരുൾചെയ്താലും.

സുഗ്രീവ ഉവാച: സുഗ്രീവൻ പ്രതിവചിച്ചു

യഥാ ബാലീ മമ ഭ്രാതാ തഥാ ത്വം രാക്ഷസാധമ,
ഹന്തവ്യസ്ത്വം മയാ യത്നാത് സപുത്രബലവാഹനഃ. 57

ബ്രൂഹി മേ രാമചന്ദ്രസ്യ ഭാര്യാം ഹൃത്വാ ക്വ യാസ്യസി?
തതോ രാമാജ്ഞയാ ധൃത്വാ ശുകം ബദ്ധ്വാഽന്വരക്ഷയത്. 58

(രാവണം) ബ്രൂഹി	(രാവണനോടു) പറയുക:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാക്ഷസാധമ യഥാ മമ ഭ്രാതാ
ബാലീ തഥാ ത്വം
സപുത്രബലവാഹനഃ
മയാ ഹന്തവ്യഃ

രാക്ഷസാധമ, എന്റെ സോദരൻ
ഏതുവിധമോ, അതുപോലെ നീയും
പുത്ര—സേനാ—വാഹനസഹിതം
എന്നാൽ കൊല്ലപ്പെടേണ്ടവനാണ്.

മേ രാമചന്ദ്രസ്യ
ഭാര്യാം ഹൃത്വാ
ക്വ യാസ്യസി?

എന്റെ (സ്വാമിയായ) രാമചന്ദ്രന്റെ
പത്നിയെ അപഹരിച്ചിട്ട്
എവിടെ പോകുന്നോണ് നീ?

തതഃ രാമാജ്ഞയാ
ശുകം ധൃത്വാ ബദ്ധ്വാ
അന്വരക്ഷയത്

അനന്തരം രാമാജ്ഞപ്രകാരം
സുഗ്രീവൻ ശുകനെ പിടിച്ചുകെട്ടി
കാത്തുസൂക്ഷിച്ചു.

ശാർദ്ദൂലോഽപി തതഃ പൂർവ്വം ദൃഷ്ട്വാ കപിബലം മഹത്
യഥാവത് കഥയാമാസ രാവണായ സ രാക്ഷസഃ. 59

ദീർഘചിന്താപരോ ഭൂത്വാ നിശ്വസന്നാസ മന്ദിരേ.

തതഃ പൂർവ്വം ഏവ ശാർദ്ദൂലഃ
മഹത് കപിബലം ദൃഷ്ട്വാ
രാവണായ യഥാവത്
കഥയാമാസ

അതിനുമുമ്പേതന്നെ, ശാർദ്ദൂലൻ
വിപുലമായ വാനരവാഹിനിയെ കണ്ടു—
കയും രാവണനു് ശരിയായ
വിവരണം നല്കുകയും ചെയ്തിരുന്നു.

സഃ രാക്ഷസഃ
ദീർഘചിന്താപരഃ
ഭൂത്വാ നിശ്വസൻ
മന്ദിരേ ആസ

ആ രാക്ഷസൻ (രാവണൻ)
ദീർഘചിന്തയിൽ മുഴകി
നെടുവീർപ്പിട്ടുകൊണ്ടു്
സ്വഭവനത്തിൽ കഴിഞ്ഞുകൂടി.

തതഃ സമുദ്രമാവേക്ഷ്യ രാമോ രക്താന്തലോചനഃ. 60

പശ്യ ലക്ഷ്മണ ദൃഷ്ടോഽസൗ വാരിധിർമാമുപാഗതം
നാഭിനന്ദതി ദുഷ്ടാത്മാ ദർശനാർത്ഥം മമാനഘ. 61

രക്താന്തലോചനഃ
രാമഃ തതഃ സമുദ്രം
ആവേക്ഷ്യ (ഉവാച)

(കോപത്താൽ) മിഴി ചുടന്ന
രാമൻ പിന്നെ സാഗരത്തെ
നിരീക്ഷണംചെയ്തു് അരുളി:

അനഘ ലക്ഷ്മണ പശ്യ
അസൗ വാരിധിഃ ദുഷ്ടഃ

വിശുദ്ധ, ലക്ഷ്മണ, നോക്കൂ.
ഈ സാഗരം (എത്ര) ദുഷ്ടനാണ്!

ഉപാഗതം മാം ദുഷ്ടാത്മാ
ന അഭിനന്ദതി

അരികിലണഞ്ഞ എന്നെ (ഈ) ദുരാത്മാവു്
അഭിവാദനംചെയ്യുന്നില്ല.

മമ ദർശനാർത്ഥം ന ആയാതി

എന്നെ ദർശിക്കാൻ വരുന്നതുമില്ല.

ജാനാതി മാനുഷോഽയം മേ കിം കരിഷ്യതി വാനരൈഃ
അദ്യ പശ്യ മഹാബാഹോ ശോഷയിഷ്യാമി വാരിധിം. 62

അയം ജാനാതി (ഏഷഃ)
മാനുഷഃ വാനരൈഃ (സഹ)
മേ കിം കരിഷ്യതി

ഇവൻ വിചാരിക്കുന്നുണ്ടാവാം,
ഈ മനുഷ്യൻ കുരങ്ങന്മാരേയുംകൂട്ടി
എന്നോടെന്തുചെയ്യാനാണ്?

മഹാബാഹോ പശ്യ

മഹാബാഹോ, കണ്ടുകൊള്ളുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്യ വാരിധിം ശോഷയിഷ്യാമി	ഇന്ന് വാരിധിയെ (ഞാൻ) ഉണക്കിക്കളയും.

പാദേനൈവ ഗമിഷ്യന്തി വാനരാഃ വിഗതജ്വരാഃ
ഇത്യുക്ത്വാ ക്രോധതാമ്രാക്ഷഃ ആരോപിതധനുർദ്ധരഃ. 63

തൂണീരാദ് ബാണമാദായ കാലാഗ്നിസദൃശപ്രഭം
സന്ധായ ചാപമാകൃഷ്യ രാമോ വാക്യമഥാബ്രവീത്. 64

വിഗതജ്വരാഃ വാനരാഃ പാദേന ഏവ ഗമിഷ്യന്തി	നിശ്ചിന്തരായ വാനരർ കാൽനടയായിത്തന്നെ (അക്കരെ) എത്തും.
ക്രോധതാമ്രാക്ഷഃ ആരോപിതധനുർദ്ധരഃ രാമഃ ഇതി ഉക്ത്വാ കാലാഗ്നിസദൃശപ്രഭം ബാണം തൂണീരാത് ആദായ സന്ധായ ചാപം ആകൃഷ്യ അഥ വാക്യം അബ്രവീത് ച	കോപത്താൽ മിഴി ചുവന്ന, കുലച്ച വില്ലേന്തിയ രാമൻ ഇത്രയുമരുളിയിട്ട് കാലാഗ്നിയെപ്പോലെ കാളുന്ന ഒരു ബാണം ആവനാഴിയിൽനിന്നെടുത്ത് തൊടുത്തു വില്ല് വലിക്കുകയും പിന്നീട് ഈ വാക്യം ഉദ്ഘോഷിക്കുകയും ചെയ്തു.

പശ്യന്തു സർവ്വഭൂതാനി രാമസ്യ ശരവിക്രമം
ഇദാനീം ഭസ്മസാത്കുര്യാം സമുദ്രം സരിതാം പതിം. 65

സർവ്വഭൂതാനി രാമസ്യ ശരവിക്രമം പശ്യന്തു	എല്ലാ ജീവജാലങ്ങളും രാമന്റെ ശരപരാക്രമം കണ്ടുകൊള്ളട്ടെ.
ഇദാനീം സരിതാം പതിം സമുദ്രം ഭസ്മസാത്കുര്യാം	ഇപ്പോൾ(ത്തന്നെ) നദീപതിയെ, സാഗരത്തെ (ഞാൻ) ഭസ്മമാക്കും.

ഏവം ബ്രുവതി രാമേ തു സശൈലവനകാനനാ
ചചാല വസുധാ ദ്യൗശ്ച ദിശശ്ച തമസാവൃതാഃ. 66

രാമേ ഏവം ബ്രുവതി (സതി) സശൈലവനകാനനാ വസുധാ ചചാല	രാമൻ ഇങ്ങനെ പറഞ്ഞപ്പോൾ മലയും കാടും പടലും സഹിതം ഭൂമി വിറച്ചു.
ദ്യൗഃ ദിശഃ ച തമസാ ആവൃതാഃ	ആകാശവും ദിക്കുകളും ഇരുളിൽ മുങ്ങി.

ചുക്ഷുഭേ സാഗരോ വേലാം ഭയാത് യോജനമത്യഗാത്
തിമിനക്രഝഷാഃ മീനാഃ പ്രതപ്താഃ പരിതത്രസുഃ. 67

സാഗരഃ ചുക്ഷുഭേ	കടൽ ക്ഷോഭിച്ചു.
ഭയാത് വേലാം യോജനം അത്യഗാത്	ഭീതിമൂലം തീരത്തേക്ക് ഒരു യോജന കടന്നുകയറി.
തിമിനക്രഝഷാഃ മീനാഃ പ്രതപ്താഃ പരിതത്രസുഃ	തിമിംഗലം, മുതല, മത്സ്യങ്ങൾ, ചെറുമീനുകൾ (ഇവയെല്ലാം) കിടിലം- കൊണ്ടു.

ഏതസ്മിന്നന്തരേ സാക്ഷാത് സാഗരോ ദിവ്യരൂപധൃക്
ദിവ്യാഭരണസമ്പന്നഃ സ്വഭാസാ ഭാസയൻ ദിശഃ. 68

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാന്തഃസ്ഥദിവ്യരത്നാനി കരാഭ്യാം പരിഗൃഹ്യ സഃ
പാദയോഃ പുരതഃ ക്ഷിപ്ത്വാ രാമസ്യോപായനം ബഹു. 69

ദണ്ഡവത് പ്രണിപത്യാഹ രാമം രക്താന്തലോചനം
ത്രാഹി ത്രാഹി ജഗന്നാഥ, രാമ, ത്രൈലോക്യരക്ഷക. 70

ഏതസ്മിൻ അന്തരേ	ഇതിനിടയിൽ,
ദിവ്യരൂപധൃക്	ദിവ്യരൂപധരനും
ദിവ്യാഭരണസമ്പന്നഃ	ദിവ്യാഭരണഭൂഷിതനുമായ
സാക്ഷാത് സാഗരഃ	സാക്ഷാൽ സാഗരം
സ്വഭാസാ ദശഃ ദിശഃ	സ്വകാന്തിയാൽ പത്തു ദിക്കും
ഭാസയൻ (തത്ര ആഗതഃ)	ഭാസുരമാക്കിക്കൊണ്ട് അവിടെയെത്തി.
സ്വാന്തഃസ്ഥദിവ്യരത്നാനി	തന്റെ ഉള്ളിലുള്ള ദിവ്യരത്നങ്ങളും
കരാഭ്യാം പരിഗൃഹ്യ	കൈകളിലേന്തിവന്ന
(സാഗരഃ) ബഹു ഉപായനം	സാഗരം ധാരാളം ഉപഹാരങ്ങൾ
രാമസ്യ പുരതഃ ക്ഷിപ്ത്വാ	രാമന്റെ മുമ്പിൽ സമർപ്പിച്ചു.
പാദയോഃ ദണ്ഡവത്	ചേവടികളിൽ സാഷ്ടാംഗം
പ്രണിപത്യ രക്താന്തലോചനം	പ്രണമിച്ച് കടമിഴി ചുട്ടുത്ത
രാമം ആഹ	രാമനോട് അഭ്യർത്ഥിച്ചു:
ത്രൈലോക്യരക്ഷക	ത്രിഭുവനരക്ഷക,
ജഗന്നാഥ രാമ	ജഗന്നാഥ, രാമ, (എന്നെ)
ത്രാഹി ത്രാഹി	പാലിക്കണേ, രക്ഷിക്കണേ!

ജഡോഽഹം രാമ തേ സൃഷ്ടഃ സൃജതാ നിഖിലം ജഗത്
സ്വഭാവമന്യഥാ കർത്തും കഃ ശക്തോ ദേവനിർമ്മിതം. 71

രാമ നിഖിലം ജഗത് സൃജതാ	രാമ, നിഖിലജഗത്തും നിർമ്മിച്ച
(ത്വയാ) അഹം ജഡഃ സൃഷ്ടഃ	നീ എന്നെ ജഡനായാണ് സൃഷ്ടിച്ചതു്.
ദേവനിർമ്മിതം സ്വഭാവം	ദൈവദത്തമായ സ്വഭാവം
അന്യഥാ കർത്തും കഃ ശക്തഃ	മറിച്ചാക്കാൻ ആരാണ് ശക്തൻ?

സ്ഥൂലാനി പഞ്ചഭൂതാനി ജഡാന്യേവ സ്വഭാവതഃ
സൃഷ്ടാനി ഭവതൈതാനി ത്വദാജ്ഞാം ലംഘയന്തി ന. 72

സ്ഥൂലാനി പഞ്ചഭൂതാനി	സ്ഥൂലങ്ങളായ പഞ്ചഭൂതങ്ങളെ
സ്വഭാവതഃ ജഡാനി ഏവ	സ്വഭാവേന ജഡങ്ങളായാണ്
ഭവതാ സൃഷ്ടാനി	അങ്ങു രചിച്ചതുതന്നെ.
ഏതാനി ത്വദാജ്ഞാം	ഇവ നിന്റെ ആജ്ഞ
ന ലംഘയന്തി	ലംഘിക്കയില്ല.

താമസാദഹമോ രാമ, ഭൂതാനി പ്രഭവന്തി ഹി
കാരണാനുഗമാത്തേഷാം ജഡത്വം താമസം സ്വതഃ. 73

രാമ താമസാദ് അഹമഃ ഹി	രാമ, താമസാഹങ്കാരത്തിൽനിന്നുതന്നെ
ഭൂതാനി പ്രഭവന്തി	പഞ്ചഭൂതങ്ങൾ ഉളവാകുന്നു.
കാരണാനുഗമാത് തേഷാം	(വസ്തുക്കൾ) സ്വകാരണ(ഗുണ)ങ്ങളെ അനുവർത്തിക്കയാൽ അവയ്ക്കു താമസജഡത്വം
താമസം ജഡത്വം	
സ്വതഃ (ഏവ സിദ്ധം)	സ്വതവേ(തന്നെ സിദ്ധം).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർഗ്ഗുണസ്ത്വം നിരാകാരോ യദാ മായാഗുണാൻ പ്രഭോ
ലീലയാംഗീകരോഷി ത്വം തദാ വൈരാജനാമവാൻ. 74

പ്രഭോ നിർഗ്ഗുണഃ നിരാകാരഃ ത്വം ലീലയാ യദാ മായാഗുണാൻ അംഗീകരോഷി തദാ വൈരാജനാമവാൻ (ഭവസി)	പ്രഭോ, നിർഗ്ഗുണനും നിരാകാരനുമായ നീ ലീലയാൽ എപ്പോഴാ മായാഗുണങ്ങളെ അംഗീകരിക്കുന്നുവോ, അപ്പോഴാ 'വിരാജ്' എന്ന പേരുള്ളവ– നായി (ഭവിക്കുന്നു).

വിരാജ് = വിശേഷേണ രാജിക്കുന്നവൻ. ''തസ്മാത് വിരാഡ് ജായത.''
(ഋക്. X. 90. 5)

ഗുണാത്മനോ വിരാജശ്ച സത്വാദ്ദേവാ ബഭൂവിരേ
രജോഗുണാത് പ്രജേശാദ്യാഃ മന്യോർഭൂതപതിസ്തവ. 75

ഗുണാത്മനഃ വിരാജഃ സത്വാത് ദേവാഃ ബഭൂവിരേ. തവ രജോഗുണാത് പ്രജേശാദ്യാഃ മന്യോഃ ഭൂതപതിഃ	ഗുണമയനായ വിരാട്ടിന്റെ സാത്വികാംശത്തിൽനിന്ന് ദേവന്മാർ ഉണ്ടായി. നിന്റെ രജോഗുണത്തിൽ– നിന്ന് പ്രജാപതി മുതലായവരും തമോഗുണത്തിൽനിന്നു രുദ്രനും (ജനിച്ചു).

ത്വാമഹം മായയാ ഛന്നം ലീലയാ മാനുഷാകൃതിം. 76

ജഡബുദ്ധിർജഡോ മൂർഖഃ കഥം ജനാമി നിർഗ്ഗുണം
ദണ്ഡ ഏവ ഹി മൂർഖാണാം സന്മാർഗ്ഗപ്രാപകഃ പ്രഭോ. 77

ഭൂതാനാമമരശ്രേഷ്ഠ, പശൂനാം ലഗുഡോ യഥാ
ശരണം തേ വ്രജാമീശം ശരണ്യം ഭക്തവത്സല,
അഭയം ദേഹി മേ രാമ, ലങ്കാമാർഗ്ഗം ദദാമി തേ. 78

ലീലയാ മായയാ ഛന്നം മാനുഷാകൃതിം നിർഗ്ഗുണം ത്വാം ജഡബുദ്ധിഃ ജഡഃ മൂർഖഃ അഹം കഥം ജാനാമി	ലീലയ്ക്കായി മായയിൽ മറഞ്ഞു മാനവരൂപംപൂണ്ട, നിർഗ്ഗുണനായ നിന്നെ മന്ദമതിയും ജഡനും മായനുമായ ഞാൻ എങ്ങനെ അറിയും?
പ്രഭോ അമരശ്രേഷ്ഠ പശൂനാം ലഗുഡഃ യഥാ മൂർഖാണാം ഭൂതാനാം സന്മാർഗ്ഗപ്രാപകഃ ദണ്ഡഃ ഏവ	പ്രഭോ, അമരശ്രേഷ്ഠ, മൃഗങ്ങളെ വടിയെന്നപോലെ, വകതിരിവില്ലാത്ത ജന്തുക്കളെ നേർവഴി നടത്തുന്നതു ദണ്ഡ(നീതി)തന്നെ.
ഭക്തവത്സല രാമ ശരണ്യം ഈശം തേ ശരണം വ്രജാമി	ഭക്തവത്സല, രാമ, ശരണീയനും ഈശ്വരനുമായ നിന്നെ ശരണംപ്രാപിക്കയാണ് ഞാൻ.
മേ അഭയം ദേഹി	എനിക്ക് അഭയം അരുളിയാലും.
തേ ലങ്കാമാർഗ്ഗം ദദാമി	നിനക്കു ലങ്കയിൽ എത്താൻ മാർഗ്ഗം തന്നുകൊള്ളാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീരാമ ഉവാച: ശ്രീരാമൻ അരുളി

അമോഘോഽയം മഹാബാണഃ കസ്മിൻദേശേ നിപാത്യതാം
ലക്ഷ്യം ദർശയ മേ ശീഘ്രം ബാണസ്യാമോഘപാതിനഃ. 79

അയം മഹാബാണഃ അമോഘഃ	ഈ മഹാബാണം വിഫലമാകുന്നതല്ല.
കസ്മിൻദേശേ നിപാത്യതാം	ഏതു സ്ഥലത്താണ് ഇതു വീഴ്ത്തപ്പെടുക?
അമോഘപാതിനഃ മേ ബാണസ്യ ശീഘ്രം ലക്ഷ്യം ദർശയ	വിഫലമായി വീഴാത്ത എന്റെ ബാണത്തിന് വേഗം ലക്ഷ്യം കാട്ടിത്തരിക.

രാമസ്യ വചനം ശ്രുത്വാ കരേ ദൃഷ്ട്വാ മഹാശരം
മഹോദധിർമഹാതേജാഃ രാഘവം വാക്യമബ്രവീത്. 80

രാമസ്യ കരേ മഹാശരം ദൃഷ്ട്വാ വചനം ശ്രുത്വാ മഹാതേജാഃ മഹോദധിഃ രാഘവം വാക്യം അബ്രവീത്	രാമന്റെ കൈയിൽ മഹാശരം കാണുകയും (അദ്ദേഹത്തിന്റെ) വചനം കേൾക്കുകയും ചെയ്ത മഹാതേജസ്വി, മഹാസാഗരം രാഘവനോട് ഈ വാക്യമോതി.

രാമോത്തരപ്രദേശേ തു ദ്രുമകുല്യ ഇതി ശ്രുതഃ
പ്രദേശസ്തത്ര ബഹവഃ പാപാത്മാനോ ദിവാനിശം. 81

ബാധന്തേ മാം രഘുശ്രേഷ്ഠ, തത്ര തേ പാത്യതാം ശരഃ
രാമേണ സൃഷ്ടോ ബാണസ്തു ക്ഷണാദാഭീരമണ്ഡലം. 82

ഹത്വാ പുനഃ സമാഗത്യ തൂണീരേ പൂർവ്വവത് സ്ഥിതഃ
തതോഽബ്രവീദ്രഘുശ്രേഷ്ഠം സാഗരോ വിനയാന്വിതഃ. 83

രാമ ഉത്തരപ്രദേശേ തു 'ദ്രുമകുല്യ' ഇതി ശ്രുതഃ പ്രദേശഃ (അസ്തി)	രാമ, വടക്കേ ദിക്കിൽ ദ്രുമകുല്യം എന്നു കേൾവിപ്പെട്ട ഒരു സ്ഥലമുണ്ട്.
തത്ര ബഹവഃ പാപാത്മാനഃ മാം ദിവാനിശം ബാധന്തേ	അവിടെയുള്ള ഒട്ടേറെ പാപികൾ എന്നെ രാപ്പകൽ പീഡിപ്പിക്കുന്നു.
രഘുശ്രേഷ്ഠ തത്ര തേ ശരഃ പാത്യതാം	രഘുവര, അവിടേക്കു് നിന്റെ ശരം എയ്തുകൊള്ളുക.
രാമേണ സൃഷ്ടഃ ബാണഃ തു ക്ഷണാത് ആഭീരമണ്ഡലം ഹത്വാ പുനഃ സമാഗത്യ തൂണീരേ പൂർവ്വവത് സ്ഥിതഃ	രാമനാൽ എയ്യപ്പെട്ട ബാണമാകട്ടെ, സത്വരം *ആഭീരവർഗ്ഗത്തെ മുടിച്ചിട്ട് മടങ്ങിയെത്തി ആവനാഴിയിൽ മുന്നെപ്പോലെ സ്ഥിതിചെയ്തു.

* ആഭീരന്മാർ—ഇടയന്മാർ. നിശാചരരായ ആഭീരരെന്നു് എഴുത്തച്ഛൻ. ''ഉഗ്രദർശനകർമ്മാണോ ബഹവസ്തത്ര ദസ്യവഃ, ആഭീരപ്രമുഖാഃ'' എന്നു് വാല്മീകി. (യുദ്ധ. 22—32, 33)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാഗരഃ തതഃ	അലയാഴി പിന്നെ
വിനയാന്വിതഃ	താഴ്മയോടെ
രഘുശ്രേഷ്ഠം അബ്രവീത്	രഘുവരനെ അറിയിക്കയുണ്ടായി:

നലഃ സേതും കരോത്വസ്മിൻ ജലേ മേ വിശ്വകർമ്മണഃ
സുതോ ധീമാൻ സമർത്ഥോഽസ്മിൻ കാര്യേ ലബ്ധവരോ ഹരിഃ. 84

മേ അസ്മിൻ ജലേ	എന്റെ ഈ ജലത്തിൽ
വിശ്വകർമ്മണഃ സുതഃ	വിശ്വകർമ്മാവിന്റെ പുത്രൻ
ധീമാൻ നലഃ സേതും കരോതു	ബുദ്ധിമാൻ നളൻ ചിറകെട്ടട്ടെ.
ലബ്ധവരഃ ഹരിഃ	വരം നേടിയ (ആ) വാനരൻ
അസ്മിൻ കാര്യേ സമർത്ഥഃ	ഇക്കാര്യത്തിൽ സമർത്ഥനാണ്.

കീർത്തിം ജാനന്തു തേ ലോകാഃ സർവ്വലോകമലാപഹാം
ഇത്യുക്ത്വാ രാഘവം നത്വാ യയൗ സിന്ധുരദൃശ്യതാം. 85

സർവ്വലോകമലാപഹാം	ഉലകങ്ങളുടെയെല്ലാം പാപമകറ്റുന്ന
തേ കീർത്തിം ലോകാഃ ജാനന്തു	നിന്റെ യശസ്സ് ലോകരറിയട്ടെ.
ഇതി ഉക്ത്വാ രാഘവം നത്വാ	ഇത്രയും ചൊല്ലി, രാമനെ വണങ്ങി,
സിന്ധുഃ അദൃശ്യതാം യയൗ	സാഗരം അദൃശ്യനായി.

തതോ രാമസ്തു സുഗ്രീവലക്ഷ്മണാഭ്യാം സമന്വിതഃ
നലമാജ്ഞാപയച്ഛീഘ്രം വാനരൈഃ സേതുബന്ധനേ. 86

തതഃ സുഗ്രീവലക്ഷ്മണാഭ്യാം	അനന്തരം സുഗ്രീവലക്ഷ്മണ–
സമന്വിതഃ രാമഃ വാനരൈഃ	സമേതൻ രാമൻ വാനരരെക്കൊണ്ട്
ശീഘ്രം സേതുബന്ധനേ	ക്ഷിപ്രം ചിറകെട്ടിക്കാൻ
നലം ആജ്ഞാപയത്	നളനോട് ആജ്ഞാപിച്ചു.

തതോഽതിഹൃഷ്ടഃ പ്ലവഗേന്ദ്രയൂഥപൈഃ
മഹാനഗേന്ദ്രപ്രതിമൈർയുതോ നലഃ
ബബന്ധ സേതും ശതയോജനായതം
സുവിസ്തൃതം പർവ്വതപാദപൈർദൃഢം. 87

മഹാനഗേന്ദ്രപ്രതിമൈഃ	മാമലവടിവുള്ള
പ്ലവഗേന്ദ്രയൂഥപൈഃ യുതഃ	വാനരത്തലവരോടൊത്ത്
നലഃ തതഃ പർവ്വതപാദപൈഃ	നളൻ പിന്നെ മലയും (പാറയും) മരങ്ങളും
അതിഹൃഷ്ടഃ	ഉപയോഗിച്ച് ഉത്സാഹപൂർവ്വം
ദൃഢം ശതയോജനായതം	ഉറപ്പേറിയ, നൂറു യോജന നീളമുള്ള,
സുവിസ്തൃതം സേതും	സുവിസ്തൃതമായ ചിറ
ബബന്ധ	കെട്ടുകയുണ്ടായി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ തൃതീയഃ സർഗ്ഗഃ

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം മൂന്നാംസർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

സർഗ്ഗം നാല്

സമുദ്രലംഘനം—രാവണശുകസംവാദം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

സേതുമാരംഭമാണസ്തു തത്ര രാമേശ്വരം ശിവം
സംസ്ഥാപ്യ പൂജയിത്വാഹ രാമോ ലോകഹിതായ ച. 1

സേതും ആരംഭമാണഃ	ചിറ (കെട്ടാൻ) തുടങ്ങിയ
രാമഃ തു തത്ര രാമേശ്വരം	രാമനാകട്ടെ, അവിടെ രാമേശ്വരനെ—
ശിവം സംസ്ഥാപ്യ	ശിവനെ—പ്രതിഷ്ഠിച്ച്
പൂജയിത്വാ ലോകഹിതായ	പൂജിക്കയും ലോകഹിതം ലാക്കാക്കി*
ആഹ ച	(ഇപ്രകാരം) അരുളുകയും ചെയ്തു:

പ്രണമേത് സേതുബന്ധം യോ ദൃഷ്ട്വാ രാമേശ്വരം ശിവം
ബ്രഹ്മഹത്യാദിപാപേഭ്യോ മുച്യതേ മദനുഗ്രഹാത്. 2

യഃ സേതുബന്ധം ദൃഷ്ട്വാ	യാതൊരുവൻ സേതുബന്ധം ദർശിച്ച്
രാമേശ്വരം ശിവം പ്രണമേത്	രാമേശ്വരനെ—ശിവനെ—പ്രണമിക്കുമോ,
സഃ മദനുഗ്രഹാത്	അവൻ എന്റെ അനുഗ്രഹത്താൽ
ബ്രഹ്മഹത്യാദിപാപേഭ്യഃ	ബ്രഹ്മഹത്യാദിപാപങ്ങളിൽനിന്ന്
മുച്യതേ	മോചനം നേടും.

സേതുബന്ധേ നരഃ സ്നാത്വാ ദൃഷ്ട്വാ രാമേശ്വരം ഹരം
സങ്കല്പനിയതോ ഭൂത്വാ ഗത്വാ വാരാണസീം നരഃ. 3

ആനീയ ഗംഗാസലിലം രാമേശമഭിഷിച്യ ച
സമുദ്രേ ക്ഷിപ്തതദ്ഭാരോ ബ്രഹ്മ പ്രാപ്നോത്യസംശയം. 4

സേതുബന്ധേ സ്നാത്വാ	സേതുബന്ധത്തിൽ സ്നാനംചെയ്ത്
രാമേശ്വരം ഹരം ദൃഷ്ട്വാ	രാമേശ്വരനെ, ശിവനെ, ദർശിക്കയും
സങ്കല്പനിയതഃ ഭൂത്വാ	(അനന്തരം) ദൃഢസങ്കല്പനായി
വാരാണസീം ഗത്വാ	കാശിയിലെത്തി
ഗംഗാസലിലം ആനീയ	ഗംഗാജലം കൊണ്ടുവന്ന്
രാമേശം അഭിഷിച്യ ച	രാമേശ്വരനെ അഭിഷേചിക്കയും (ജലപാ—
സമുദ്രേ ക്ഷിപ്തതദ്ഭാരഃ	ത്രാദി)ഭാരം സമുദ്രത്തിൽനിക്ഷേപിക്കയും
നരഃ അസംശയം	ചെയ്യുന്ന നരൻ സംശയമെന്യേ
ബ്രഹ്മ പ്രാപ്നോതി	ബ്രഹ്മപദം പ്രാപിക്കുന്നതാണ്.

കൃതാനി പ്രഥമേനാഹ്നാ യോജനാനി ചതുർദ്ദശ
ദ്വിതീയേന തഥാ ചാഹ്നാ യോജനാനി തു വിംശതിഃ. 5

തൃതീയേന തഥാ ചാഹ്നാ യോജനാന്യേകവിംശതിഃ
ചതുർത്ഥേന തഥാ ചാഹ്നാ ദ്വാവിംശതിരിതി ശ്രുതം. 6

പഞ്ചമേന ത്രയോവിംശദ് യോജനാനി സമന്തതഃ
ബബന്ധ സാഗരേ സേതും നളോ വാനരസത്തമഃ. 7

---

* രാമൻ ശിവപ്രതിഷ്ഠ നടത്തിയതായി വാല്മീകി പറയുന്നില്ല. ചില പുരാണങ്ങളിലെ പ്രസ്താവം ഗ്രന്ഥകാരൻ അനുകരിച്ചതാവാം.

Digitized by Arya Samaj Foundation Chennai and eGangotri
CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥമേന അഹ്നാ ചതുർദ്ദശ— യോജനാനി കൃതാനി	ആദ്യദിവസംകൊണ്ട് പതിന്നാല് യോജന കെട്ടി.
തഥാ ദ്വിതീയേന അഹ്നാ വിംശതി യോജനാനി	അങ്ങനെ രണ്ടാം ദിനം ഇരുപതു യോജന.
തൃതീയേന അഹ്നാ തു യോജനാനി ഏകവിംശതി	മൂന്നാം നാളാകട്ടെ, യോജന ഇരുപത്തിയൊന്ന്.
ചതുർത്ഥേന അഹ്നാ തഥാ ദ്വാവിംശതിഃ ച	നാലാം ദിവസം അതുപോലെ ഇരുപത്തിരണ്ട്.
പഞ്ചമേന ത്രയോവിംശത് യോജനാനി സമന്തതഃ (കൃതാനി)	അഞ്ചിന് ഇരുപത്തിമൂന്നു യോജന (കെട്ടി) മുഴമിപ്പിക്കയുംചെയ്തു.
വാനരസത്തമഃ നലഃ സാഗരേ സേതും ബബന്ധ	വാനരോത്തമൻ നളൻ (അങ്ങനെ) അലയാഴിയിൽ ചിറകെട്ടി.

തേനൈവ ജഗ്മുഃ കപയോ യോജനാനാം ശതം ദ്രുതം
അസംഖ്യാതാഃ സുബേലാദ്രിം രുരുധുഃ പ്ലവഗോത്തമാഃ. 8

തേന ഏവ കപയഃ ദ്രുതം യോജനാനാം ശതം ജഗ്മുഃ	ആ (സേതുവിലൂടെ)ത്തന്നെ കപികൾ ശീഘ്രം യോജന നൂറും കടന്നുപോയി.
അസംഖ്യാതാഃ പ്ലവഗോത്തമാഃ സുബേലാദ്രിം രുരുധുഃ	എണ്ണമററ വാനരോത്തമർ സുബേലശൈലം ഉപരോധിച്ചു.

ആരുഹ്യ മാരുതിം രാമോ ലക്ഷ്മണോഽപ്യംഗദം തഥാ
ദിദൃക്ഷു രാഘവോ ലങ്കാമാരുരോഹാചലം മഹത്. 9

മാരുതിം ആരുഹ്യ രാഘവഃ രാമഃ തഥാ അംഗദം (ആരുഹ്യ) ലക്ഷ്മണഃ അപി ലങ്കാം ദിദൃക്ഷു മഹത് അചലം ആരുരോഹ	മാരുതിയുടെ (ചുമലിൽ) ഏറി രഘുരാമനും അംഗദന്റെ (ചുമലിൽ) ഏറി ലക്ഷ്മണനും ലങ്ക കാണാൻ ആഗ്രഹത്തോടെ (ആ) മഹാഗിരിയിലേക്കു കയറി.

ദൃഷ്ട്വാ ലങ്കാം സുവിസ്തീർണ്ണാം നാനാചിത്രധ്വജാകുലാം
ചിത്രപ്രാസാദസംബാധാം സ്വർണ്ണപ്രാകാരതോരണാം. 10

പരിഖാഭിഃ ശതഘ്നീഭിഃ സംക്രമൈശ്ച വിരാജിതാം
പ്രാസാദോപരി വിസ്തീർണ്ണ പ്രദേശേ ദശകന്ധരഃ. 11

മന്ത്രിഭിഃ സഹിതോ വീരൈഃ കിരീടദശകോജ്ജ്വലഃ
നീലാദ്രിശിഖരാകാരഃ കാലമേഘസമപ്രഭഃ. 12

രത്നദണ്ഡൈഃ സിതച്ഛത്രൈഃ അനേകൈഃ പരിശോഭിതഃ.

സുവിസ്തീർണ്ണാം	അതിവിസ്തൃതവും
നാനാചിത്രധ്വജാകുലാം	പല ചിത്രപതാകകൾ പാറുന്നതും
ചിത്രപ്രാസാദസംബാധാം	വിചിത്രസൗധങ്ങൾ നിറഞ്ഞതും
സ്വർണ്ണപ്രാകാരതോരണാം	കനകപ്രാകാരവും തോരണവും ഉള്ളതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിഖാഭിഃ ശതഘ്നീഭിഃ സംക്രമൈഃ ച വിരാജിതാം ലങ്കാം ദൃഷ്ട്വാ (തേ വിസ്മിതാഃ ബഭൂവതുഃ)	കിടങ്ങുകളും, പീരങ്കികളും, തുരങ്കങ്ങളും ഇവയാൽ ശോഭിത(സുര- ക്ഷിത)യുമായ ലങ്ക കണ്ട് അവർ ഇരുവരും വിസ്മയംപൂണ്ടു.
(തത്ര) പ്രാസാദോപരി വിസ്തീർണ്ണപ്രദേശേ വീരൈഃ മന്ത്രിഭിഃ സഹിതഃ ദശകന്ധരഃ (ആസീനഃ)	(അവിടെ) മാളികമുകളിൽ വിശാലമായ ഒരിടത്ത് വീരരായ മന്ത്രിമാരുമൊത്ത് ദശഗ്രീവൻ (ഇരിക്കുന്നു).
കിരീടദശകോജ്ജ്വലഃ നീലാദ്രിശിഖരാകാരഃ കാലമേഘ- സമപ്രഭഃ	പത്തു മകുടങ്ങളാൽ പ്രശോഭിപ്പവൻ, നീലാദ്രിശിഖരത്തിനൊത്ത ആകാരം ഉള്ളവൻ, കാർകൊണ്ടലിൻകാന്തി ചിന്തുന്നവൻ!
രത്നദണ്ഡൈഃ അനേകൈഃ സിതച്ഛത്രൈഃ പരിശോഭിതഃ	രത്നപ്പിടിയുള്ള അനേകം വെൺകൊററക്കുടകളാൽ പരിശോഭിപ്പവൻ!

ഏതസ്മിന്നന്തരേ ബദ്ധോ മുക്തോ രാമേണ വൈ ശുകഃ. 13

വാനരൈസ്താഡിതഃ സമ്യഗ് ദശാനനമുപാഗതഃ
പ്രഹസൻ രാവണഃ പ്രാഹ പീഡിതഃ കിം പരൈഃ ശുകഃ. 14

ഏതസ്മിൻ അന്തരേ രാമേണ ബദ്ധഃ മുക്തഃ വാനരൈഃ സമ്യക് താഡിതഃ ശുകഃ വൈ ദശാനനം ഉപാഗതഃ	ഈ സമയത്ത് രാമനാൽ ബന്ധനായെങ്കിലും (പിന്നെ) മോചിപ്പിക്കപ്പെട്ടകയും വാനരരാൽ കഠിനമായി മർദ്ദിക്കപ്പെട്ടകയുംചെയ്ത ശുകൻ, രാവണസമീപം എത്തി.
പ്രഹസൻ രാവണഃ പ്രാഹ	ചിരിച്ചുകൊണ്ട് രാവണൻ ചോദിച്ചു:
ശുക, പരൈഃ പീഡിതഃ കിം	ശുക, ശത്രുക്കൾ (നിന്നെ) ഉപദ്രവിച്ചുവോ?

രാവണസ്യ വചഃ ശ്രുത്വാ ശുകോ വചനമബ്രവീത്
സാഗരസ്യോത്തരേ തീരേ(അ)ബ്രുവം തേ വചനം യഥാ
തത ഉത്പ്ലുത്യ കപയോ ഗൃഹീത്വാ മാം ക്ഷണാത്തതഃ. 15

മുഷ്ടിഭിർനഖദന്തൈശ്ച ഹന്തും ലോപ്തും പ്രചക്രമുഃ.

രാവണസ്യ വചഃ ശ്രുത്വാ ശുകഃ വചനം അബ്രവീത്	രാവണവചനം ശ്രവിച്ച് ശുകൻ (ഇങ്ങനെ) പ്രതിവചിച്ചു.
സാഗരസ്യ ഉത്തരേ തീരേ യഥാ തേ വചനം അബ്രുവം തതഃ കപയഃ ഉത്പ്ലുത്യ ക്ഷണാത് മാം ഗൃഹീത്വാ തതഃ മുഷ്ടിഭിഃ നഖദന്തൈഃ ഹന്തും ലോപ്തും ച പ്രചക്രമുഃ	കടലിന്റെ വടക്കേക്കരയ്ക്കെത്തി അവിടുത്തെ സന്ദേശം അറിയിച്ചതോടെ കപികൾ ചാടിവന്ന് ഞൊടിയിടയിൽ എന്നെ പിടികൂടി, പിന്നെ മുഷ്ടികളാൽ (ഇടിച്ചും) നഖദന്ത- ങ്ങളാൽ (കടിച്ചും മാന്തിയും) കൊന്ന് ഒളിച്ചുവയ്ക്കാനും ഒരുക്കംകൂട്ടി.

തതോ മാം രാമ രക്ഷേതി ക്രോശന്തം രഘുപുംഗവഃ. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിസൃജ്യതാമിതി പ്രാഹ വിസൃഷ്ടോഽഹം കപീശ്വരൈഃ
തതോഽഹമാഗതോ ഭീത്യാ ദൃഷ്ട്വാ തദ് വാനരം ബലം. 17

തതഃ രാമ രക്ഷ ഇതി ക്രോശന്തം മാം വിസൃജ്യതാം ഇതി രഘുപുംഗവഃ പ്രാഹ	അപ്പോൾ, രാമാ, രക്ഷിക്കണേ എന്നു് വിളിച്ചു കേണ എന്നെ 'വിട്ടയയ്ക്കു' എന്നു രഘുവരൻ കല്പിച്ചു.
അഹം കപീശ്വരൈഃ വിസൃഷ്ടഃ	എന്നെ കപീശ്വരർ വിട്ടകയും ചെയ്തു.
തദ് വാനരം ബലം ദൃഷ്ട്വാ ഭീത്യാ അഹം ആഗതഃ	ആ വാനരവാഹിനിയെക്കണ്ടു് ഭീതിയോടെയാണു് ഞാൻ മടങ്ങിവന്നിരിക്കുന്നതു്.

രാക്ഷസാനാം ബലൗഘസ്യ വാനരേന്ദ്രബലസ്യ ച
നൈതയോർവിദ്യതേ സന്ധിർദേവദാനവയോരിവ. 18

രാക്ഷസാനാം ബലൗഘസ്യ വാനരേന്ദ്രബലസ്യ ച ഏതയോഃ സന്ധിഃ ന വിദ്യതേ	രാക്ഷസരുടെ സേനാസമൂഹത്തിനും വാനരേന്ദ്രന്റെ പടയ്ക്കും തമ്മിൽ സന്ധി സാദ്ധ്യമല്ല.
ദേവദാനവയോഃ ഇവ	ദേവദാനവർക്കു തമ്മിലെന്നപോലെ.

പുരപ്രാകാരമായാന്തി ക്ഷിപ്രമേകതരം കുരു
സീതാം വാസ്മൈ പ്രയച്ഛാശു യുദ്ധം വാ ദീയതാം പ്രഭോ. 19

പ്രഭോ (തേ) പുരപ്രാകാരം ആയാന്തി	പ്രഭോ, (അവർ) പട്ടണപ്രാകാരത്തിൽ എത്തിക്കൊണ്ടിരിക്കുന്നു.
ക്ഷിപ്രം ഏകതരം കുരു	ഉടൻ രണ്ടിലൊന്നു ചെയ്യുക.
വാ അസ്മൈ (രാമായ) സീതാം പ്രയച്ഛ വാ ആശു യുദ്ധം ദീയതാം	ഒന്നുകിൽ ആ (രാമനു്) സീതയെ നല്കുക, അല്ലാത്തപക്ഷം ഉടൻ യുദ്ധം തുടങ്ങുക.

മാമാഹ രാമസ്ത്വം ബ്രൂഹി രാവണായ വചഃ ശുക,
യദ്ബലം ച സമാശ്രിത്യ സീതാം മേ ഹൃതവാനസി. 20

തദ്ദർശയ യഥാകാമം സസൈന്യഃ സഹബാന്ധവഃ
ശ്വഃ കാലേ നഗരീം ലങ്കാം സപ്രാകാരാം സതോരണാം. 21

രാക്ഷസം ച ബലം പശ്യ ശരൈർവിധ്വംസിതം മയാ
ഘോരരോഷമഹം മോക്ഷ്യേ ബലം ധാരയ രാവണ. 22

രാമഃ മാം ആഹ	രാമൻ എന്നോടു പറഞ്ഞു:
ശുക ത്വം രാവണായ വചഃ ബ്രൂഹി	ശുക, നീ രാവണനെ ഈ വചനം അറിയിക്കണം.
യദ്ബലം സമാശ്രിത്യ മേ സീതാം ഹൃതവാൻ അസി തദ് സസൈന്യഃ സഹബാന്ധവഃ യഥാകാമം ദർശയ	ഏതു ശക്തി ആശ്രയിച്ചാണോ എന്റെ സീതയെ നീ അപഹരിച്ചതു്, ആ (ശക്തി) സൈനിക— ബാന്ധവസമേതം യഥേഷ്ടം പ്രകടിപ്പിച്ചുകൊള്ളുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സതോരണാം സപ്രകാരാം	തോരണങ്ങളും കോട്ടകളുമുള്ള
ലങ്കാം നഗരീം രാക്ഷസം ബലം	ലങ്കാനഗരിയും രാക്ഷസപ്പടയും
ച ശ്വഃ കാലേ മയാ	നാളെക്കാലത്ത് എന്നാൽ
ശരൈഃ വിധ്വംസിതം	ശരങ്ങളാൽകൊണ്ട് തകർക്കപ്പെടുന്നതും
പശ്യ	കാണുക.
ഘോരരോഷം	(എന്റെ) ഘോരരോഷം
അഹം മോക്ഷ്യേ	(അങ്ങനെ) ഞാൻ തീർക്കും.
രാവണ ബലം ധാരയ	രാവണ, കരുത്താർജ്ജിച്ചുകൊള്ളുക.

ഇത്യുക്ത്വോപരരാമാഥ രാമഃ കമലലോചനഃ
ഏകസ്ഥാനഗതാ യത്ര ചത്വാരഃ പുരുഷർഷഭാഃ. 23
ശ്രീരാമോ ലക്ഷ്മണശ്ചൈവ സുഗ്രീവശ്ച വിഭീഷണഃ
ഏത ഏവ സമർത്ഥാസ്തേ ലങ്കാം നാശയിതും പ്രഭോ. 24
ഉത്പാട്യ ഭസ്മീകരണേ സർവ്വേ തിഷ്ഠന്തു വാനരാഃ
തസ്യ യാദൃഗ്ബലം ദൃഷ്ടം രൂപം പ്രഹരണാനി ച. 25
വധിഷ്യതി പുരം സർവ്വമേകസ്തിഷ്ഠന്തു തേ ത്രയഃ
പശ്യ വാനരസേനാം താമസംഖ്യാതാം പ്രപൂരിതാം. 26

ഇതി ഉക്ത്വാ അഥ	ഇത്രയും പറഞ്ഞതിനുശേഷം
കമലലോചനഃ രാമഃ ഉപരരാമ	താമരക്കണ്ണൻ രാമൻ മൗനം പൂണ്ടു.
പ്രഭോ സർവ്വേ വാനരാഃ	പ്രഭോ, എല്ലാ വാനരരും
തിഷ്ഠന്തു	മാറിനിന്നോട്ടെ.
ശ്രീരാമഃ ലക്ഷ്മണഃ ച ഏവ	രാമൻ, ലക്ഷ്മണൻ,
സുഗ്രീവഃ വിഭീഷണഃ ച	സുഗ്രീവൻ, വിഭീഷണൻ
ഏതേ ചത്വാരഃ പുരുഷർഷഭാഃ	ഈ നാലു പുരുഷകേസരികൾ
യത്ര ഏകസ്ഥാനഗതാഃ	ഒരിടത്ത് (ഒരുമിച്ചു) നിന്നാൽ
ലങ്കാം ഉത്പാട്യ ഭസ്മീകരണേ	ലങ്കയെ കടപുഴക്കി ഭസ്മമാക്കി
നാശയിതും തേ സമർത്ഥാഃ	നശിപ്പിക്കാൻ അവർക്കു കഴിയും.
പ്രഭോ തസ്യ യാദൃക് ബലം	പ്രഭോ, ആ (രാമന്റെ) ശക്തിയും
രൂപം പ്രഹരണാനി	ആകാരവും ആയുധവും മറ്റും
ച ദൃഷ്ടം തേ ത്രയഃ	കണ്ടിടത്തോളം അവർ മൂവരും
തിഷ്ഠന്തു ഏകഃ	മാറിനിന്നാലും, ഒററയ്ക്ക് (രാമൻ)
സർവ്വം പുരം വധിഷ്യതി	നഗരമെല്ലാം നശിപ്പിച്ചുകളയും.
പ്രപൂരിതാം അസംഖ്യാതാം	എങ്ങും നിറഞ്ഞുനില്ക്കുന്ന, എണ്ണമററ
താം വാനരസേനാം പശ്യ	ആ വാനരപ്പടയെ നോക്കിയാലും.

ഗർജ്ജന്തി വാനരാസ്തത്ര പശ്യ പർവ്വതസന്നിഭാഃ
ന ശക്യാസ്തേ ഗണയിതും പ്രാധാന്യേന ബ്രവീമി തേ. 27

പർവ്വതസന്നിഭാഃ വാനരാഃ തത്ര	പർവ്വതതുല്യരായ വാനരർ അതാ
ഗർജ്ജന്തി, പശ്യ	ഗർജ്ജിക്കുന്നു! കണ്ടാലും.
ഗണയിതും ന ശക്യാഃ തേ	എണ്ണത്തിനു വഴങ്ങാത്തവർ!
പ്രാധാന്യേന തേ	പ്രാധാന്യമനുസരിച്ച് അങ്ങയോട്
ബ്രവീമി	(അവരെപ്പററി) വിവരിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷ യോഽഭിമുഖോ ലങ്കാം നദംസ്തിഷ്ഠതി വാനരഃ
യൂഥപാനാം സഹസ്രാണാം ശതേന പരിവാരിതഃ. 28

സുഗ്രീവസേനാധിപതിർനീലോ നാമാഗ്നിനന്ദനഃ
ഏഷ പർവ്വതശൃംഗാഭഃ പദ്മകിഞ്ജല്ക്കസന്നിഭഃ. 29

സ്ഫോടയത്യഭിസംരബ്ധോ ലാംഗൂലം ച പുനഃ പുനഃ
യുവരാജോഽംഗദോ നാമ ബാലിപുത്രോഽതിവീര്യവാൻ. 30

ലങ്കാം അഭിമുഖഃ ഏഷഃ	ലങ്കയ്ക്കഭിമുഖമായി ഇതാ
നദൻ തിഷ്ഠതി വാനരഃ	ഗർജ്ജിച്ചുനില്ക്കുന്നു ഒരു വാനരൻ.
യൂഥപാനാം സഹസ്രാണാം	ലക്ഷം ഗണമുഖ്യരാൽ
ശതേന പരിവാരിതഃ യഃ	പരിസേവിതനായ ഇവനാണ്
സുഗ്രീവസേനാധിപതിഃ	സുഗ്രീവന്റെ സേനാപതി.
അഗ്നിനന്ദനഃ	അഗ്നിയുടെ പുത്രൻ
നീലഃ നാമ	നീലനെന്നു പേരുടയവൻ.
പർവ്വതശൃംഗാഭഃ	ഗിരിശൃംഗംപോലെ ഉന്നതനും
പദ്മകിഞ്ജല്ക്കസന്നിഭഃ	താമരയല്ലിയുടെ നിറമാർന്നവനും
അഭിസംരബ്ധഃ പുനഃ പുനഃ	ക്രുദ്ധനായി വീണ്ടും വീണ്ടും
ലാംഗൂലം യഃ സ്ഫോടയതി	വാൽ നിലത്തടിപ്പവനുമാണ്
യുവരാജാ അംഗദഃ നാമ	യുവരാജാവ്, അംഗദൻ.
ബാലിപുത്രഃ	ബാലിപുത്രനായ (അവൻ)
അതിവീര്യവാൻ	അതിവീര്യവാനത്രെ.

യേന ദൃഷ്ടാ ജനകജാ രാമസ്യാതീവവല്ലഭാ
ഹനൂമാനേഷ വിഖ്യാതോ ഹതോ യേന തവാത്മജഃ. 31

രാമസ്യ അതീവവല്ലഭാ	രാമന്റെ പ്രാണവല്ലഭയായ
ജനകജാ യേന ദൃഷ്ടാ വിഖ്യാതഃ	ജനകജയെ കണ്ടെത്തിയ വിഖ്യാതൻ
ഹനൂമാൻ ഏഷഃ	ഹനുമാനാണ് ഇത്.
യേന തവ ആത്മജഃ ഹതഃ	ഇവനാണ് അങ്ങയുടെ മകനെ വധിച്ചത്.

ശ്വേതോ രജതസങ്കാശോ മഹാബുദ്ധിപരാക്രമഃ
തൂർണ്ണം സുഗ്രീവമാഗമ്യ പുനർഗച്ഛതി വാനരഃ. 32

യസ്ത്വേഷ സിംഹസങ്കാശഃ പശ്യത്യതുലവിക്രമഃ
രംഭോ നാമ മഹാസത്ത്വോ ലങ്കാം നാശയിതും ക്ഷമഃ. 33

ശ്വേതഃ രജതസങ്കാശഃ	വെളുത്ത് വെള്ളിപോലെ മിന്നുന്ന
(കശ്ചിത്) വാനരഃ	ഒരു വാനരൻ
സുഗ്രീവം ആഗമ്യ	സുഗ്രീവന്റെ അടുത്തു വന്നിട്ട്
തൂർണ്ണം പുനഃ ഗച്ഛതി	പെട്ടെന്നു തിരിഞ്ഞുപോകുന്നുണ്ടല്ലോ.
ഏഷഃ തു മഹാബുദ്ധി—	ഇവനാണ് മഹാബുദ്ധിശാലി,
പരാക്രമഃ സിംഹസങ്കാശഃ	പരാക്രമി, സിംഹതുല്യൻ,
അതുലവിക്രമഃ മഹാസത്ത്വഃ	കിടയററ വിക്രമൻ, മഹാകരുത്തൻ,
രംഭഃ നാമ	രംഭൻ.
ലങ്കാം നാശയിതും ക്ഷമഃ	ലങ്കയെ മുടിക്കാൻ കരുത്തുററവൻ.
യഃ പശ്യതി	അവനതാ (ഇങ്ങോട്ടു) നോക്കുന്നു!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷ പശ്യതി വൈ ലങ്കാം ദിധക്ഷന്നിവ വാനരഃ
ശരഭോ നാമ രാജേന്ദ്ര, കോടിയൂഥപനായകഃ. 34

ഏഷഃ വാനരഃ വൈ ലങ്കാം ദിധക്ഷൻ ഇവ പശ്യതി	ഇതാ ഒരു വാനരൻ ലങ്കയെ ദഹിപ്പിക്കുമാറു് നോക്കുന്നു!
രാജേന്ദ്ര, കോടിയൂഥപ-നായകഃ ശരഭഃ നാമ	രാജേന്ദ്ര, കോടിഗണമുഖ്യരുടെ നായകൻ ശരഭനാണതു്.

പനസശ്ച മഹാവീര്യോ മൈന്ദശ്ച ദ്വിവിദസ്തഥാ
നലശ്ച സേതുകർത്താഽസൗ വിശ്വകർമ്മസുതോ ബലീ. 35

മഹാവീര്യഃ പനസഃ മൈന്ദഃ ച ദ്വിവിദഃ തഥാ വിശ്വകർമ്മസുതഃ നലഃ ച	മഹാധീരൻ പനസൻ, മൈന്ദൻ, ദ്വിവിദൻ; അതുപോലെ വിശ്വകർമ്മാവിൻപുത്രൻ നളൻ.
അസൗ ബലീ സേതുകർത്താ	ഈ ബലശാലിയാണു് സേതുവിന്റെ കർത്താവു്.

വാനരാണാം വർണ്ണനേ വാ സംഖ്യാനേ വാ ക ഈശ്വരഃ
ശൂരാഃ സർവ്വേ മഹാകായാഃ സർവ്വേ യുദ്ധാഭികാംക്ഷിണഃ. 36

വാനരാണാം വർണ്ണനേ വാ സംഖ്യാനേ വാ ഈശ്വരഃ കഃ	വാനരരെ വർണ്ണിക്കാനോ എണ്ണാനോ കഴിവുററവനാരു്?
സർവ്വേ ശൂരാഃ മഹാകായാഃ യുദ്ധാഭികാംക്ഷിണഃ	സകലരും ശൂരർ, ഭീമകായർ, യുദ്ധക്കൊതിയന്മാർ.

ശക്താഃ സർവ്വേ ചൂർണ്ണയിതും ലങ്കാം രക്ഷോഗണൈഃ സഹ
ഏതേഷാം ബലസംഖ്യാനം പ്രത്യേകം വച്മി തേ ശൃണു. 37

രക്ഷോഗണൈഃ സഹ ലങ്കാം ചൂർണ്ണയിതും ശക്താഃ സർവ്വേ	രാക്ഷസരോടൊപ്പംതന്നെ ലങ്കയെ പൊടിയാക്കാൻ പോരുന്നവരാണു് എല്ലാം.
ഏതേഷാം പ്രത്യേകം ബലസംഖ്യാനം തേ വച്മി, ശൃണു	ഇവരിലോരോരുത്തരുടെയും പടയുടെ എണ്ണം അങ്ങയോടു പറയാം, കേട്ടാലും.

ഏഷാം കോടി സഹസ്രാണി നവ പഞ്ച ച സപ്ത ച
തഥാ ശംഖസഹസ്രാണി തഥാർബ്ബുദശതാനി ച. 38

ഏഷാം നവ പഞ്ച ച സപ്ത ച കോടി സഹസ്രാണി തഥാ ശംഖസഹസ്രാണി തഥാ അർബ്ബുദശതാനി ച	ഇവരുടെ കീഴിൽ ഇരുപത്തൊരായിരം കോടി, അനേകായിരം ശംഖം, നൂറുകോടി (എന്ന കണക്കിൽ സൈനികരുണ്ടു്).

സുഗ്രീവസചിവാനാം തേ ബലമേതത് പ്രകീർത്തിതം
അന്യേഷാം തു ബലം നാഹം വക്തും ശക്തോഽസ്മി രാവണ. 39

സുഗ്രീവസചിവാനാം ബലം തേ ഏതത് പ്രകീർത്തിതം	സുഗ്രീവന്റെ മന്ത്രിമാരുടെ സൈന്യശക്തിയാണു് അങ്ങേയ്ക്കു് ഈ വിവരിച്ചതന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണ അന്യേഷാം ബലം വക്തും അഹം തു ശക്തഃ ന അസ്മി	രാവണ, മററുള്ളവരുടെ ബലം വർണ്ണിക്കാൻ ഞാൻ പ്രാപ്തനേയല്ല.

രാമോ ന മാനുഷഃ സാക്ഷാദാദിനാരായണഃ പരഃ
സീതാ സാക്ഷാജ്ജഗദ്ധേതുശ്ചിച്ഛക്തിഃ ജഗദാത്മികാ. 40

രാമഃ ന മാനുഷഃ സാക്ഷാത് പരഃ ആദിനാരായണഃ	രാമൻ മനുഷ്യനല്ല. സാക്ഷാൽ പരമപുരുഷനാണ്; ആദിനാരായണൻ.
ജഗദ്ധേതുഃ ജഗദാത്മികാ ചിച്ഛക്തിഃ സീതാ	ജഗത്തിന്റെ ഹേതുവും ജഗദാത്മാവുമായ ചിച്ഛക്തിയാകുന്നു സീത.

താഭ്യാമേവ സമുത്പന്നം ജഗത്സ്ഥാവരജംഗമം
തസ്മാത് രാമശ്ച സീതാ ച ജഗതസ്തസ്ഥുഷശ്ച തൗ. 41

പിതരൗ പൃഥിവീപാല, തയോർവൈരീ കഥം ഭവേത്
അജാനതാ ത്വയാനീതാ ജഗന്മാതൈവ ജാനകീ. 42

സ്ഥാവരജംഗമം ജഗത് താഭ്യാം ഏവ സമുത്പന്നം	സ്ഥാവരജംഗമമായ ജഗത്ത് അവരിൽനിന്നുതന്നെ ഉളവായതാണ്.
തസ്മാത് തൗ സീതാ ച രാമഃ ച ജഗതഃ തസ്ഥുഷഃ ച പിതരൗ	ആകയാൽ അവർ, സീതാരാമന്മാർ, ചരാചരപ്രപഞ്ചത്തിന്റെ പിതാക്കളത്രെ.
പൃഥിവീപാല തയോഃ വൈരീ കഥം ഭവേത്	മന്നവ, അവർക്കെങ്ങനെ വൈരിയുണ്ടാകും?
അജാനതാ ത്വയാ ആനീതാ ജഗന്മാതാ ജാനകീ ഏവ	അറിവില്ലാത്ത നീ കൊണ്ടുപോന്നതു് ജഗദംബയായ ജാനകിയെത്തന്നെയാണ്.

ക്ഷണനാശിനി സംസാരേ ശരീരേ ക്ഷണഭംഗുരേ
പഞ്ചഭൂതാത്മകേ രാജംശ്ചതുർവിംശതിതത്ത്വകേ. 43

മലമാംസാസ്ഥിദുർഗ്ഗന്ധഭൂയിഷ്ഠേഽഹംകൃതാലയേ
കൈവാസ്ഥാ വ്യതിരിക്തസ്യ കായേ തവ ജഡാത്മകേ. 44

രാജൻ ക്ഷണനാശിനി സംസാരേ ക്ഷണഭംഗുരേ പഞ്ചഭൂതാത്മകേ ചതുർവിംശതിതത്ത്വകേ മലമാംസാസ്ഥി– ദുർഗ്ഗന്ധഭൂയിഷ്ഠേ അഹംകൃതാലയേ ജഡാത്മകേ ശരീരേ കായേ	മഹാരാജാവേ, ക്ഷണത്തിൽ നശിക്കുന്ന ഈ ലോകത്തിലും, ക്ഷണഭംഗുരവും പഞ്ചഭൂതാത്മകവും *ഇരുപത്തിനാലുതത്ത്വങ്ങളുടെ സമവായ- വും മലമാംസാസ്ഥികളുടെ ദുർഗ്ഗന്ധം നിറഞ്ഞതും അഹംഭാവത്തിനിരിപ്പിടവും ജഡവും ജീർണ്ണിക്കുന്നതുമായ ഉടലിൽ,

---

* മൂലപ്രകൃതി, ബുദ്ധി, അഹങ്കാരം, പഞ്ചഭൂതങ്ങൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ, ശബ്ദസ്പർശാദി അഞ്ചു വിഷയങ്ങൾ, മനസ്സ് ഇവയാണ് ഇരുപത്തിനാലു തത്ത്വങ്ങൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തദ്) വ്യതിരിക്തസ്യ (ആത്മവസ്തുനഃ) തവ കഃ ആസ്ഥാ	(അതിൽനിന്നു്) വേറിട്ടുനില്ക്കുന്ന, (ആത്മവസ്തുവായ) നിനക്കു് എന്തു പ്രതിപത്തി?

യത്കൃതേ ബ്രഹ്മഹത്യാദി പാതകാനി കൃതാനി തേ
ഭോഗഭോക്താ തു യോ ദേഹഃ സ ദേഹോഽത്ര പതിഷ്യതി. 45

ബ്രഹ്മഹത്യാദി പാതകാനി യത്കൃതേ തേ കൃതാനി ഭോഗഭോക്താ തു യഃ ദേഹഃ സഃ ദേഹഃ അത്ര പതിഷ്യതി	ബ്രഹ്മഹത്യാദി പാതകങ്ങൾ ഏതിനുവേണ്ടി നീ ചെയ്തുവോ, ഭോഗം ഭുജിക്കുന്നതു് ഏതു ദേഹമാണോ, ആ ദേഹം ഇവിടെ കിടന്നുപോകും.

പുണ്യപാപേ സമായാതോ ജീവേന സുഖദുഃഖയോഃ
കാരണേ ദേഹയോഗാദിനാത്മനഃ കുരുതേഽനിശം. 46

സുഖദുഃഖയോഃ കാരണേ പുണ്യപാപേ ജീവേന സഹ സമായാതഃ	സുഖദുഃഖങ്ങൾക്കു ഹേതുവായ പുണ്യപാപങ്ങൾ ജീവനോടൊത്തു പോരുന്നു.
ദേഹയോഗാദിനാ അനിശം ആത്മനഃ സുഖദുഃഖേ കുരുതഃ	(അവ) ദേഹത്തോടു ചേർന്നു് എന്നും ആത്മാവിനു് സുഖദുഃഖങ്ങൾ ഉളവാക്കി (നില കൊള്ളും).

ആത്മാവിനു സുഖദുഃഖങ്ങൾ വരുത്തിവയ്ക്കുന്നതു്, നല്ലതും അല്ലാത്തതുമായ കർമ്മങ്ങളാണു്. അവ ഉടൽ വീണടിഞ്ഞതിനുശേഷവും ജീവനെ പിന്തുടരുന്നു. കാരണശരീരം മരണാനന്തരവും നിലനില്ക്കുമെന്നു് ദാർശനികന്മാർ. പുനർജ്ജനനവും കർമ്മസംസ്കാരം പേറിക്കൊണ്ടുതന്നെ.

യാവദ്ദേഹോഽസ്മി കർത്താഽസ്മീത്യാത്മാഹംകുരുതേഽവശഃ
അധ്യാസാത്താവദേവ സ്യാജ്ജന്മനാശാദിസംഭവഃ. 47

(അഹം) ദേഹ അസ്മി കർത്താ അസ്മി ഇതി അവശഃ ആത്മാ അധ്യാസാത് യാവത് അഹം കുരുതേ താവത് ഏവ ജന്മനാശാദി- സംഭവഃ സ്യാത്	ഞാൻ ദേഹമാണെന്നു് കർത്താവാണു്, എന്നൊക്കെ അവശനായ ആത്മാവു് മിഥ്യാരോപവ- ശാൽ എപ്പോഴുംവരെ അഹംഭാവം പുലർത്തു- മോ, അപ്പോഴുംവരെമേ ജനനമരണാദി- കൾ ഉണ്ടായിരിക്കയുള്ളൂ.

തസ്മാത് ത്വം ത്യജ ദേഹാദാവഭിമാനം മഹാമതേ
ആത്മാതിനിർമ്മലഃ ശുദ്ധോ വിജ്ഞാനാത്മാചലോഽവ്യയഃ. 48

മഹാമതേ തസ്മാത് ദേഹാദൗ അഭിമാനം ത്വം ത്യജ	മഹാമതേ, ആകയാൽ ദേഹാദിയിലുള്ള അഭിമാനം നീ ത്യജിക്കുക.
ആത്മാ അതിനിർമ്മലഃ	ആത്മാവു് തികച്ചും നിർമ്മലം.
ശുദ്ധഃ അചലഃ അവ്യയഃ വിജ്ഞാനാത്മാ	ശുദ്ധം, അചലം, അഴിവില്ലാത്തതു്, ജ്ഞാനസ്വരൂപം.

സ്വാജ്ഞാനവശതോ ബന്ധം പ്രതിപദ്യ വിമുഹ്യതി
തസ്മാത് ത്വം ശുദ്ധഭാവേന ജ്ഞാത്വാത്മാനം സദാ സ്മര. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാജ്ഞാനവശതഃ ബന്ധം	സ്വന്തം അറിവില്ലായ്മയാൽ കെട്ടിൽ
പ്രതിപദ്യ വിമുഹ്യതി (ആത്മാ)	പെട്ട് ഉഴറുകയാണ് ആത്മാവ്.
തസ്മാത് ത്വം ശുദ്ധഭാവേന	തന്മൂലം നീ ശുദ്ധഭാവനയോടെ
ആത്മാനം ജ്ഞാത്വാ	ആത്മാവിനെ അറിയുകയും
സദാ സ്മര	സദാ സ്മരിക്കുകയും ചെയ്യുക.

വിരതിം ഭജ സർവ്വത്ര പുത്രദാരഗൃഹാദിഷു
നിരയേഷ്വപി ഭോഗഃ സ്യാച്ഛ്വസൂകരതനാവപി. 50

പുത്രദാരഗൃഹാദിഷു	മക്കൾ, ഭാര്യ, ഭവനം തുടങ്ങിയ
സർവ്വത്ര വിരതിം ഭജ	എല്ലാററിലും രാഗരഹിതനായിരിക്കണം.
നിരയേഷു അപി	നരകങ്ങളിലായാലും,
ശ്വസൂകരതനൗ അപി	നായ്, പന്നി ഇവയുടെ ഉടലിലൂടെയാ-
ഭോഗഃ സ്യാത്	യാലും ഭോഗം സംഭവിക്കുമല്ലോ.

ദേഹം ലബ്ധ്വാ വിവേകാഢ്യം ദ്വിജത്വം ച വിശേഷതഃ
തത്രാപി ഭാരതേ വർഷേ കർമ്മഭൂമൗ സുദുർല്ലഭം. 51

കോ വിദ്വാനാത്മസാത്കൃത്വാ ദേഹം ഭോഗാനുഗോ ഭവേത്?
അതസ്ത്വം ബ്രാഹ്മണോ ഭൂത്വാ പൗലസ്ത്യതനയശ്ച സൻ. 52

അജ്ഞാനീവ സദാ ഭോഗാനനുധാവസി കിം മുധാ
ഇതഃ പരം വാ ത്യക്ത്വാ ത്വം സർവ്വസംഗം സമാശ്രയ. 53

രാമമേവ പരാത്മാനം ഭക്തിഭാവേന സർവ്വദാ
സീതാം സമർപ്പ്യ രാമായ തത്പാദാനുചരോ ഭവ. 54

വിവേകാഢ്യം ദേഹം	വിവേകിതയുററ മാനവദേഹം
ലബ്ധ്വാ വിശേഷതഃ ദ്വിജത്വം	നേടി, വിശിഷ്യ വിപ്രത്വം;
തത്ര അപി കർമ്മഭൂമൗ ഭാരതേ വർഷേ	അതും കർമ്മഭൂവായ ഭാരതവർഷത്തിൽ;
സുദുർല്ലഭം	സുദുർല്ലഭമാണ് (ഇതെല്ലാം).
വിദ്വാൻ കഃ ദേഹം	മതിമാനായ ഏതൊരുവൻ ഉടലാണ്
ആത്മസാത്കൃത്വാ	ആത്മാവെന്നെണ്ണി
ഭോഗാനുഗഃ ഭവേത്	ഭോഗങ്ങളുടെ പിമ്പേ പോകും?
പൗലസ്ത്യതനയഃ സൻ	പുലസ്ത്യപുത്രന്റെ (വിശ്രവസ്സിന്റെ) തന-
ബ്രാഹ്മണഃ ഭൂത്വാ	യനായി, വിപ്രനായി പിറന്ന
ത്വം അജ്ഞാനി ഇവ	അങ്ങ് വെറും മൂഢനെപ്പോലെ
കിം മുധാ സദാ ഭോഗാൻ	എന്തിന് ഇങ്ങനെ വൃഥാ സദാ ഭോഗങ്ങ-
അനുധാവസി	ളുടെ പിമ്പേ പായുന്നു?
ഇതഃ പരം സർവ്വസംഗം ത്യക്ത്വാ	ഇനിമേൽ സംഗമെല്ലാം വെടിഞ്ഞ്
ത്വം രാമം പരമാത്മാനം ഏവ	അങ്ങ് രാമപരമാത്മാവിനെത്തന്നെ
ഭക്തിഭാവേന സർവ്വദാ	ഭക്തിഭാവത്തോടെ എന്നേക്കുമായി
സമാശ്രയ	ആശ്രയിച്ചാലും.
രാമായ സീതാം സമർപ്പ്യ	രാമനു സീതയെ സമർപ്പിച്ച്
തത്പാദാനുചരഃ	അദ്ദേഹത്തിന്റെ പാദാനുചരനായി
ഭവ	ഭവിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിമുക്തഃ സർവ്വപാപേഭ്യോ വിഷ്ണുലോകം പ്രയാസ്യസി
നോ ചേദ് ഗമിഷ്യസേഽധോഽധഃ പുനരാവൃത്തിവർജ്ജിതഃ
അംഗീകുരുഷ്വ മദ്വാക്യം ഹിതമേവ വദാമി തേ. 55

സർവ്വപാപേഭ്യഃ വിമുക്തഃ വിഷ്ണുലോകം പ്രയാസ്യസി	(അങ്ങനെ ചെയ്താൽ) സകല പാപങ്ങ-ളിൽനിന്നും മുക്തിനേടി, വിഷ്ണുലോകം പൂകാം.
നോ ചേത് അഥ പുനരാവൃത്തിവർജ്ജിതഃ അധഃ ഗമിഷ്യസേ	അല്ലാത്തപക്ഷം ഇനിയും തിരിച്ചുപോരാനാവാത്തവിധം താഴോട്ടു വീണുപോകും.
തേ ഹിതം വദാമി (അഹം) മദ്വാക്യം അംഗീകുരുഷ്വ	അങ്ങേയ്ക്കു ഹിതമോതുകയാണ് ഞാൻ. എന്റെ വാക്ക് അംഗീകരിക്കൂ.

സത്സംഗതിം കുരു ഭജസ്വ ഹരിം ശരണ്യം
ശ്രീരാഘവം മരകതോപലകാന്തികാന്തം
സീതാസമേതമനിശം ധൃതചാപബാണം
സുഗ്രീവലക്ഷ്മണവിഭീഷണസേവിതാംഘ്രിം. 56

സത്സംഗതിം കുരു	സജ്ജനസംസർഗ്ഗം ചെയ്യുക.
മരകതോപലകാന്തികാന്തം ധൃതചാപബാണം സുഗ്രീവലക്ഷ്മണവിഭീഷണ-സേവിതാംഘ്രിം സീതാസമേതം ശരണ്യം ഹരിം ശ്രീരാഘവം അനിശം ഭജസ്വ	മരകതക്കല്ലിന്റൊളിതിരളുന്നവനും ചാപബാണങ്ങളേന്തിയവനും സുഗ്രീവ-ലക്ഷ്മണ-വിഭീഷണ-സേവിതപാദനും സീതാസമേതനും ശരണീയനുമായ ശ്രീഹരിയെ, രാമനെ സദാ ഭജിച്ചുകൊള്ളുക.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ചതുർത്ഥഃ സർഗ്ഗഃ

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം നാലാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം അഞ്ച്

ശുകവൃത്താന്തം—മാല്യവോപദേശം—സമരം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ശ്രുത്വാ ശുകമുഖോദ്ഗീതം വാക്യമജ്ഞാനനാശനം
രാവണഃ ക്രോധതാമ്രാക്ഷോ ദഹന്നിവ തമബ്രവീത്. 1

ശുകമുഖോദ്ഗീതം*	ശുകമുഖത്തുനിന്നുതിർന്ന,

* 'ഉദ്ഗീതം' എന്ന വാക്കിനു വൈദികമായ പ്രസക്തിയുണ്ട്. രാവണൻ വൈദികധർമ്മത്തിൽ നിഷ്ണാതനായിരുന്നല്ലോ. യജ്ഞാവലിയിൽ സാമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജ്ഞാനനാശനം	അജ്ഞാനനാശകമായ
വാക്യം ശ്രുത്വാ	വചനം കേട്ടപ്പോൾ,
ക്രോധതാമ്രാക്ഷഃ രാവണഃ	ക്രോധത്താൽ നയനം ചുട്ടുത്ത രാവണൻ,
തം ദഹൻ ഇവ	അവനെ ദഹിപ്പിക്കുമോ എന്നു തോന്നുമാറ്
അബ്രവീത്	(ഇങ്ങനെ) പറഞ്ഞു.

അനുജീവ്യ സുദുർബുദ്ധേ, ഗുരുവദ് ഭാഷസേ കഥം
ശാസിതാഹം ത്രിജഗതാം ത്വം മാം ശിക്ഷൻ ന ലജ്ജസേ. 2

അനുജീവ്യ	(എന്നെ) ആശ്രയിച്ചു ജീവിപ്പവനേ,
സുദുർബുദ്ധേ	തികഞ്ഞ ദുർബുദ്ധിക്കാരാ,
ത്വം കഥം	നീ എങ്ങനെ
ഗുരുവത് ഭാഷസേ	ഗുരുവിനെപ്പോലെ സംസാരിക്കുന്നു?
ത്രിജഗതാം ശാസിതാ അഹം	മൂവുലകിനും ഗുരുവാണ് ഞാൻ.
മാം ശിക്ഷൻ	എന്നെ ഉപദേശിക്കാൻ
ന ലജ്ജസേ	(നിനക്ക്) ലജ്ജയില്ലേ?

ഇദാനീമേവ ഹന്മി ത്വാം കിന്തു പൂർവ്വകൃതം തവ
സ്മരാമി തേന രക്ഷാമി ത്വാം യദ്യപി വധോചിതം. 3

ഇദാനീം ഏവ	ഇപ്പോൾത്തന്നെ
ത്വാം ഹന്മി	നിന്റെ കഥ ഞാൻ കഴിക്കുമായിരുന്നു.
കിന്തു തവ പൂർവ്വകൃതം	പക്ഷേ, നിന്റെ മുൻചെയ്തികൾ
സ്മരാമി	(നന്മകൾ) ഞാൻ ഓർക്കുന്നു.
തേന യദ്യപി വധോചിതം	അതിനാൽ വധ്യനെങ്കിലും
ത്വാം രക്ഷാമി	നിന്നെ രക്ഷിക്കുകയാണ്.

ഇതോ ഗച്ഛ വിമൂഢ ത്വമേവം ശ്രോതും ന മേ ക്ഷമം
മഹാപ്രസാദ ഇത്യുക്ത്വാ വേപമാനോ ഗൃഹം യയൌ. 4

വിമൂഢ	പടുവിഡ്ഢീ,
ത്വം ഇതഃ ഗച്ഛ	നീ ഇവിടെനിന്നു പൊയ്ക്കൊള്ളുക.
ഏവം ശ്രോതും മേ	ഇങ്ങനെയൊന്നും കേൾക്കാൻ എനിക്ക്
ന ക്ഷമം. 'മഹാപ്രസാദഃ'	ആവില്ല (അവിടുത്തെ) 'മഹാപ്രസാദം'
ഇതി ഉക്ത്വാ വേപമാനഃ	എന്നു ചൊല്ലി (ശുകൻ പേടിച്ചു) വിറച്ച്
ഗൃഹം യയൌ	വീട്ടിലേക്കു പോയി.

ശുകോഽപി ബ്രാഹ്മണഃ പൂർവ്വം ബ്രഹ്മിഷ്ഠോ ബ്രഹ്മവിത്തമഃ
വാനപ്രസ്ഥവിധാനേന വനേ തിഷ്ഠൻ സ്വകർമ്മകൃത്. 5

വേദങ്ങളിലെ മന്ത്രം ഉച്ചരിക്കുന്ന ഋത്വിക്കാണ് 'ഉദ്ഗാതാവ്'. ശുകന്റെ ഉപദേശം ശ്രവിച്ചിട്ടും രാവണനു് യാതൊരു ചലനവുമുണ്ടായില്ല. പ്രത്യുത കോപം വർദ്ധിക്കയും ചെയ്തു. വാല്മീകിയുടെ രാവണൻ രണ്ടുപേരെയാണ് അയച്ചതു്— ശുകൻ, സാരണൻ. അവർ ജ്ഞാനോപദേശത്തിനു മുതിർന്നില്ലെങ്കിലും സദ്ബുദ്ധി ഉപദേശിക്കാതിരുന്നില്ല. അവിടെയും ഫലം തഥൈവ. അവരെ രാവണൻ കണക്കിനു കളിയാക്കുകയുംചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാനാമഭിവൃദ്ധ്യർത്ഥം വിനാശായ സുരദ്വിഷാം
ചകാര യജ്ഞവിതതിമവിച്ഛിന്നാം മഹാമതിഃ. 6

ബ്രഹ്മിഷ്ഠഃ ബ്രഹ്മവിത്തമഃ	ബ്രഹ്മനിഷ്ഠയുള്ള, ബ്രഹ്മജ്ഞരിൽ ഉത്ത-
ബ്രാഹ്മണഃ ശുകഃ അപി	മനായ, ബ്രാഹ്മണൻ ശുകൻ
പൂർവ്വം വാനപ്രസ്ഥവിധാനേന	മുമ്പ്, വാനപ്രസ്ഥവിധിപ്രകാരം
സകർമ്മകൃത്	സ്വധർമ്മമനുഷ്ഠിച്ചുകൊണ്ട്
വനേ തിഷ്ഠൻ (ആസീത്)	കാനനത്തിൽ കഴിയുകയായിരുന്നു.
ദേവാനാം അഭിവൃദ്ധ്യർത്ഥം	ദേവന്മാരുടെ ഉത്കർഷത്തിനും
സുരദ്വിഷാം വിനാശായ ച	ദേവദ്രോഹികളുടെ നാശത്തിനുമായി
മഹാമതിഃ ശുകഃ	മഹാത്മാ ശുകൻ
അവിച്ഛിന്നാം	ഇടതടവെന്യേ
യജ്ഞവിതതിം ചകാര	ബഹുയജ്ഞം അനുഷ്ഠിക്കുകയുണ്ടായി.

രാക്ഷസാനാം വിരോധോഽഭൂച്ഛുകോ ദേവഹിതോദ്യതഃ
വജ്രദംഷ്ട്ര ഇതി ഖ്യാതസ്തത്രൈകോ രാക്ഷസോ മഹാൻ. 7

അന്തരം പ്രേപ്സുരാതിഷ്ഠച്ഛുകാപകരണോദ്യതഃ
കദാചിദാഗതോഽഗസ്ത്യസ്തസ്യാശ്രമപദം മുനേഃ. 8

ദേവഹിതോദ്യതഃ ശുകഃ	ദേവന്മാരുടെ ഹിതകാരിയാണ് ശുകൻ
ഇതി രാക്ഷസാനാം	(എന്ന വസ്തുത) രാക്ഷസരുടെ
വിരോധഃ അഭൂത്	വിരോധത്തിനിടയാക്കി.
തത്ര ഏകഃ മഹാൻ രാക്ഷസഃ	അവരിൽ ഒരു മഹാരാക്ഷസൻ,
വജ്രദംഷ്ട്ര ഇതി ഖ്യാതഃ	വജ്രദംഷ്ട്രനെന്നു പുകഴ്പെററവൻ,
ശുകാപകരണോദ്യതഃ	ശുകനെ അപായപ്പെടുത്താൻ ഉദ്യമിച്ച്
അന്തരം പ്രേപ്സുഃ ആതിഷ്ഠത്	അവസരംപാർത്തിരുന്നു.
കദാചിത് അഗസ്ത്യഃ	ഒരുനാൾ അഗസ്ത്യൻ
തസ്യ മുനേഃ	ആ മുനിയുടെ (ശുകന്റെ)
ആശ്രമപദം ആഗതഃ	ആശ്രമപദത്തിലെത്തി.

തേന സംപൂജിതോഽഗസ്ത്യോ ഭോജനാർത്ഥം നിമന്ത്രിതഃ
ഗതേ സ്നാതും മുനൗ കുംഭസംഭവേ പ്രാപ്യ ചാന്തരം. 9

അഗസ്ത്യരൂപധൃക് സോഽപി രാക്ഷസഃ ശുകമബ്രവീത്
യദി ദാസ്യസി മേ ബ്രഹ്മൻ, ഭോജനം ദേഹി സാമിഷം. 10

തേന സംപൂജിതഃ അഗസ്ത്യഃ	അവനാൽ പൂജിതനായ അഗസ്ത്യൻ
ഭോജനാർത്ഥം നിമന്ത്രിതഃ	ഭക്ഷണത്തിനു ക്ഷണിക്കപ്പെട്ടു.
മുനൗ കുംഭസംഭവേ സ്നാതും	അഗസ്ത്യമുനി കുളിക്കാൻ
ഗതേ സഃ രാക്ഷസഃ അപി	പോയപ്പോൾ ആ രാക്ഷസൻ
അന്തരം പ്രാപ്യ	അവസരം നേടി
അഗസ്ത്യരൂപധൃക്	അഗസ്ത്യരൂപംപൂണ്ട്
ശുകം അബ്രവീത്	ശുകനോടു ചൊല്ലി.
ബ്രഹ്മൻ യദി മേ	ബ്രഹ്മജ്ഞ, എനിക്ക്
ഭോജനം ദാസ്യസി	ഭോജനം തരുന്നെങ്കിൽ
സാമിഷം ഭോജനം ദേഹി	മാംസഭോജനം വേണം തരേണ്ടത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബഹുകാലം ന ഭുക്തം മേ മാംസം ഛാഗാംഗസംഭവം
തഥേതി കാരയാമാസ മാംസഭോജ്യം സവിസ്തരം. 11

ബഹുകാലം മേ	വളരെക്കാലമായി ഞാൻ
ഛാഗാംഗസംഭവം മാംസം	ആട്ടിറച്ചി
ന ഭുക്തം	കഴിച്ചിട്ടില്ല.
തഥാ ഇതി	'അങ്ങനെയാകട്ടെ'
സവിസ്തരം	(എന്നു പറഞ്ഞ് ശുകൻ) വിസ്തരിച്ച്
മാംസഭോജ്യം കാരയാമാസ	മാംസഭോജനം തയ്യാറാക്കിച്ചു.

ഉപവിഷ്ടേ മുനൗ ഭോക്തും രാക്ഷസോऽതീവസുന്ദരം
ശുകഭാര്യാവപുർധൃത്വാ താം ചാന്തർമോഹയൻ ഖലഃ. 12

നരമാംസം ദദൗ തസ്മൈ സുപക്വം ബഹുവിസ്തരം
ദത്ത്വൈവാന്തർദധേ രക്ഷസ്തതോ ദൃഷ്ട്വാ ചുകോപ സഃ. 13

അമേധ്യം മാനുഷം മാംസമഗസ്ത്യഃ ശുകമബ്രവീത്
അഭക്ഷ്യം മാനുഷം മാംസം ദത്തവാനസി ദുർമ്മതേ. 14

മഹ്യം ത്വം രാക്ഷസോ ഭൂത്വാ തിഷ്ഠ ത്വം മാനുഷാശനഃ
ഇതി ശപ്തഃ ശുകോ ഭീത്യാ പ്രാഹാഗസ്ത്യം മുനേ ത്വയാ. 15

ഇദാനീം ഭാഷിതം മേऽദ്യ മാംസം ദേഹീതി വിസ്തരം
തഥൈവ ദത്തം ഭോ ദേവ, കിം മേ ശാപം പ്രദാസ്യസി. 16

ഖലഃ രാക്ഷസഃ താം	ദുഷ്ടരാക്ഷസൻ, ശുകപത്നിയെ
അന്തർമോഹയൻ അതീവ–	ഉടജത്തിൽ മയക്കിയിരുകയും അതി–
സുന്ദരം ശുകഭാര്യാവപുഃ ധൃത്വാ	സുന്ദരിയായ അവളുടെ രൂപം പേറി,
മുനൗ ഭോക്തും ഉപവിഷ്ടേ	മുനി ഭക്ഷണം കഴിക്കാനിരുന്നപ്പോൾ
തസ്മൈ ബഹുവിസ്തരം	അദ്ദേഹത്തിന് പലതരത്തിൽ
സുപക്വം	രുചികരമായി പാകംചെയ്ത
നരമാംസം ദദൗ ച	നരമാംസം വിളമ്പുകയും ചെയ്തു.
ദത്ത്വാ ഏവ	(ഭക്ഷണം) കൊടുത്തിട്ട് (ഉടൻ)തന്നെ
അന്തർദധേ രക്ഷഃ	മറഞ്ഞു, രാക്ഷസൻ.
അമേധ്യം മാനുഷം മാംസം	അശുചിയായ മനുഷ്യമാംസം
ദൃഷ്ട്വാ തതഃ അഗസ്ത്യഃ	കണ്ടതോടെ അഗസ്ത്യൻ
ചുകോപ	കുപിതനായി.
സഃ ശുകം അബ്രവീത്	അദ്ദേഹം ശുകനോട് പറഞ്ഞു:
ദുർമ്മതേ അഭക്ഷ്യം	ദുർബ്ബുദ്ധി, അഭക്ഷ്യമായ
മാനുഷം മാംസം മഹ്യം	മനുഷ്യമാംസം എനിക്ക
ദത്തവാൻ അസി (ത്വം)	വിളമ്പിയവനാണ് (നീ).
ത്വം രാക്ഷസഃ ഭൂത്വാ	നീ രാക്ഷസനായി ഭവിച്ച്
മാനുഷാശനഃ തിഷ്ഠ	നരമാംസം തിന്നു കഴിഞ്ഞുകൂടുക.
ഇതി ശപ്തഃ ശുകഃ	ഇപ്രകാരം ശപിക്കപ്പെട്ട ശുകൻ
ഭീത്യാ അഗസ്ത്യം പ്രാഹ	ഭീതിയോടെ അഗസ്ത്യനോട് പറഞ്ഞു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുനേ, അദ്യ മേ വിസ്തരം മാംസം ദേഹി ഇതി ത്വയാ ഭാഷിതം തഥാ ഏവ മേ ദത്തം	'മുനേ, ഇന്നെനിക്കു് വിസ്തരിച്ച് മാംസഭക്ഷണം നല്കണ'മെന്നാണല്ലോ ങ്ങ് അരുളിയതു്. അങ്ങനെതന്നെ ഞാൻ തരികയും ചെയ്തു.
ഇദാനീം കിം ദേവ മേ ശാപം പ്രദാസ്യസി	ഇപ്പോഴം എന്തിനാണു് ദേവ, എനിക്കു ശാപം നല്കുന്നതു്?

ശ്രുത്വാ ശുകസ്യ വചനം മുഹൂർത്തം ധ്യാനമാസ്ഥിതഃ
ജ്ഞാത്വാ രക്ഷഃ കൃതം സർവ്വം തതഃ പ്രാഹ ശുകം സുധീഃ. 17

ശുകസ്യ വചനം ശ്രുത്വാ മുഹൂർത്തം ധ്യാനം ആസ്ഥിതഃ സുധീഃ രക്ഷഃ കൃതം സർവ്വം ജ്ഞാത്വാ തതഃ ശുകം പ്രാഹ	ശുകന്റെ വചനം കേട്ടിട്ടു് അല്പനേരം ധ്യാനലീനനായിരുന്ന ആ വിശുദ്ധചിത്തൻ രാക്ഷസന്റെ ചെയ്തി- യെല്ലാം ഗ്രഹിക്കുകയും പിന്നെ ശുകനോടിങ്ങനെ അരുളുകയും ചെയ്തു.

തവാപകാരിണാ സർവ്വം രാക്ഷസേന കൃതം ത്വിദം
അവിചാര്യൈവ മേ ദത്തഃ ശാപസ്തേ മുനിസത്തമ. 18

മുനിസത്തമ ഇദം തു തവ അപകാരിണാ രാക്ഷസേന കൃതം	മുനിവര, ഇതാകട്ടെ നിന്നെ അപായപ്പെടുത്താനൊന്നിയ രാക്ഷസൻ കാട്ടിക്കൂട്ടിയതാണു്.
അവിചാര്യ ഏവ തേ മേ ശാപഃ ദത്തഃ	ആലോചിക്കാതെതന്നെ നിന്നെ ഞാൻ ശപിച്ചുകളഞ്ഞു!

തഥാഽപി മേ വചോഽമോഘം ഏവമേവ ഭവിഷ്യതി
രാക്ഷസം വപുരാസ്ഥായ രാവണസ്യ സഹായകൃത്. 19

തിഷ്ഠ താവദ് യദാ രാമോ ദശാനനവധായ ഹി
ആഗമിഷ്യതി ലങ്കായാഃ സമീപം വാനരൈഃ സഹ. 20

തഥാപി മേ വചഃ അമോഘം ഏവം ഏവ ഭവിഷ്യതി ഹി	എന്നാലും എന്റെ വാക്കു് അമോഘമാണു്. ഇങ്ങനെ ഭവിക്കുകതന്നെ ചെയ്യും.
രാമഃ ദശാനനവധായ വാനരൈഃ സഹ ലങ്കായാഃ സമീപം യദാ ആഗമിഷ്യതി താവത് രക്ഷസം വപുഃ ആസ്ഥായ രാവണസ്യ സഹായകൃത് തിഷ്ഠ	ദശഗ്രീവനെ വധിക്കാൻ വാനരരൊത്തു് ലങ്കയ്ക്കടുത്തു് രാമൻ എന്നു് എത്തിച്ചേരുമോ അന്നുവരെ, രാക്ഷസദേഹം കൈക്കൊണ്ടു് രാവണസഹായിയായി നിലകൊള്ളുക.

പ്രേഷിതോ രാവണേന ത്വം ചാരോ ഭൂത്വാ രഘൂത്തമം
ദൃഷ്ട്വാ ശാപാദ് വിനിർമ്മുക്തോ ബോധയിത്വാ ച രാവണം.

തത്വജ്ഞാനം തതോ മുക്തഃ പരം പദമവാപ്സ്യസി,
ഇത്യുക്തോഽഗസ്ത്യമുനിനാ ശുകോ ബ്രാഹ്മണസത്തമഃ. 22

ബഭൂവ രാക്ഷസഃ സദ്യോ രാവണം പ്രാപ്യ സംസ്ഥിതഃ
ഇദാനീം ചാരരൂപേണ ദൃഷ്ട്വാ രാമം സഹാനുജം. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണം തത്ത്വവിജ്ഞാനം ബോധയിത്വാ പുനർദ്രുതം
പൂർവ്വവത് ബ്രാഹ്മണോ ഭൂത്വാ സ്ഥിതോ വൈഖാനസൈഃ
സഹ. 24

രാവണേന പ്രേഷിതഃ ത്വം ചാരഃ ഭൂത്വാ രഘൂത്തമം ദൃഷ്ട്വാ ശാപാത് വിനിർമ്മുക്തഃ (ഭവിഷ്യസി)	രാവണനാൽ നിയുക്തനായ നീ ചാരനായി രഘുവരനെ ദർശിച്ച് ശാപവിമുക്തനായിത്തീരും.
രാവണം തത്ത്വജ്ഞാനം ബോധയിത്വാ തതഃ മുക്തഃ പരം പദം അവാപ്സ്യസി ച	രാവണന് തത്ത്വജ്ഞാനം ഉപദേശിച്ചതിനുശേഷം മുക്തനായി പരമപദം പൂകുകയുമാകാം.
ഇതി അഗസ്ത്യമുനിനാ ഉക്തഃ ബ്രാഹ്മണസത്തമഃ ശുകഃ സദ്യഃ രാക്ഷസഃ ബഭൂവ	ഇങ്ങനെ അഗസ്ത്യരാൽ അരുളപ്പെട്ട വിപ്രവരൻ ശുകൻ ഉടനടി രാക്ഷസനായി മാറി.
രാവണം പ്രാപ്യ സംസ്ഥിതഃ	രാവണസമീപമെത്തി വസിച്ചു.
ചാരരൂപേണ സഹാനുജം രാമം ദൃഷ്ട്വാ രാവണം തത്ത്വവിജ്ഞാനം ബോധയിത്വാ പുനഃ പൂർവ്വവത് ദ്രുതം ബ്രാഹ്മണഃ ഭൂത്വാ വൈഖാനസൈഃ സഹ സ്ഥിതഃ ഇദാനീം	ചാരവേഷത്തിൽ (ചെന്ന്) സാനുജനായ രാമനെ ദർശിക്കയും രാവണന് തത്ത്വജ്ഞാനം ഉപദേശിക്കയും ചെയ്തിട്ട് പഴയപടി ക്ഷിപ്രം വിപ്രത്വം പൂണ്ട് വനപ്രസ്ഥികളൊത്ത് കഴിയുകയാണ് ഇപ്പോൾ.*

തതഃ സമാഗമദ് വൃദ്ധോ മാല്യവാൻ രാക്ഷസോ മഹാൻ
ബുദ്ധിമാൻ നീതിനിപുണോ രാജ്ഞോ മാതുഃ പ്രിയഃ പിതാ.

വൃദ്ധഃ ബുദ്ധിമാൻ നീതിനിപുണഃ രാജ്ഞഃ മാതുഃ പ്രിയഃ പിതാ മഹാൻ രാക്ഷസഃ മാല്യവാൻ തതഃ സമാഗമത്	വൃദ്ധനും ബുദ്ധിമാനും നീതികുശലനും രാജമാതാവിന്റെ പ്രിയപിതാവുമായ മഹാരാക്ഷസൻ മാല്യവാൻ അനന്തരം വന്നുചേർന്നു.

പ്രാഹ തം രാക്ഷസം വീരം പ്രശാന്തേനാന്തരാത്മനാ
ശൃണു രാജൻ വചോ മേഽദ്യ ശ്രുത്വാ കുരു യഥേപ്സിതം. 26

പ്രശാന്തേന അന്തരാത്മനാ തം വീരം രാക്ഷസം പ്രാഹ	പ്രശാന്തമായ ചേതസ്സോടെ (മാല്യവാൻ) ആ വീരരാക്ഷസനോടോതി:
രാജൻ അദ്യ മേ വചഃ ശൃണു ശ്രുത്വാ യഥേപ്സിതം കുരു	രാജാവേ, ഇപ്പോൾ എന്റെ വചനം ശ്രവിക്കുക. കേട്ടിട്ട് യഥേഷ്ടം ചെയ്യുക.

---

* വാല്മീകിരാമായണപ്രകാരം ശുകസാരണന്മാർക്കുപുറമേ ശാർദ്ദൂലാദികളെയും ചാരവൃത്തിക്കു നിയോഗിക്കുന്നുണ്ട് രാവണൻ. മായികമായി മുറിക്കപ്പെട്ട രാമശിരസ്സ് മൈഥിലിയുടെ മുമ്പിൽ നിക്ഷേപിക്കയും ചെയ്യുന്നു. ദുഃഖവിഹ്വലയായ സീതയെ ആശ്വസിപ്പിക്കുന്നത് സരമയാണ്. അതിനുശേഷമാണ് തത്ത്വോപദേശത്താൽ രാവണനെ നേർവഴിക്കു വരുത്താൻ മാല്യവാന്റെ സംരംഭം. രാവണന്റെ മാതുലനും മന്ത്രിയുമാണ് മാല്യവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദാ പ്രവിഷ്ടാ നഗരീം ജാനകീ രാമവല്ലഭാ
തദാദി പുര്യാം ദൃശ്യന്തേ നിമിത്താനി ദശാനന. 27

രാമവല്ലഭാ ജാനകീ യദാ നഗരീം പ്രവിഷ്ടാ തദാദി ദശാനന പുര്യാം ദുർന്നിമിത്താനി ദൃശ്യന്തേ	രാമപത്നി ജാനകി നഗരിയിൽ പ്രവേശിച്ചപ്പോൾമുതൽ, രാവണപട്ടണത്തിൽ ദുർന്നിമിത്തങ്ങൾ കാണപ്പെടുന്നു.

ഘോരാണി നാശഹേതൂനി താനി മേ വദതഃ ശൃണു
ഖരസ്തനിതനിർഘോഷാ മേഘാ അതിഭയങ്കരാഃ. 28

ശോണിതേനാഭിവർഷന്തി ലങ്കാമുഷ്ണേന സർവ്വദാ
രുദന്തി ദേവലിംഗാനി സ്വിദ്യന്തി പ്രചലന്തി ച. 29

ഘോരാണി നാശഹേതൂനി (ദൃശ്യന്തേ). താനി മേ വദതഃ ശൃണു	ഭയങ്കരങ്ങളായ നാശഹേതുക്കൾ കാണപ്പെടുന്നു. അവയെപ്പറ്റി ഞാൻ പറയുന്നതു കേൾക്കണം.
ഖരസ്തനിതനിർഘോഷാഃ അതിഭയങ്കരാഃ മേഘാഃ സർവ്വദാ ഉഷ്ണേന ശോണിതേന അഭിവർഷന്തി ലങ്കായാം	ഘോരമായി ഇടിവെട്ടിയലറുന്ന അതിഭീകരമേഘങ്ങൾ, എപ്പോഴും ചുടുനിണം കോരിച്ചൊരിയുകയാണ് ലങ്കയിൽ.
ദേവലിംഗാനി രുദന്തി, സ്വിദ്യന്തി പ്രചലന്തി ച	ദേവപ്രതിമകൾ കരയുന്നു, വിയർക്കുന്നു, (സ്വസ്ഥാനത്തുനിന്നു്) ഇളകുകയും ചെയ്യുന്നു.

കാലികാ പാണ്ഡുരൈർദന്തൈഃ പ്രഹസത്യഗ്രതഃ സ്ഥിതാ
ഖരാ ഗോഷു പ്രജായന്തേ മൂഷകാഃ നകുലൈഃ സഹ 30

മാർജ്ജാരേണ തു യുദ്ധ്യന്തി പന്നഗാഃ ഗരുഡേന തു
കരാളോ വികടോ മുണ്ഡഃ പുരുഷഃ കൃഷ്ണപിംഗലഃ. 31

കാലോ ഗൃഹാണി സർവ്വേഷാം കാലേ കാലേ ത്വവേക്ഷതേ
ഏതാന്യന്യാനി ദൃശ്യന്തേ നിമിത്താന്യുദ്ഭവന്തി ച. 32

കാലികാ അഗ്രതഃ സ്ഥിതാ പാണ്ഡുരൈഃ ദന്തൈഃ പ്രഹസതി	കാളി മുന്നിൽനിന്നു വെൺപല്ലിളിച്ചു പരിഹസിക്കുന്നു.
ഖരാഃ പ്രജായന്തേ ഗോഷു	കഴുതകൾ പിറക്കുന്നു, ഗോക്കളിൽ.
മൂഷകാഃ നകുലൈഃ മാർജ്ജാരേണ സഹ യുദ്ധ്യന്തി	എലികൾ കീരികളോടും പൂച്ചയോടും പൊരുതുന്നു!
ഗരുഡേന തു പന്നഗാഃ	പരുന്തിനോടു പാമ്പുകൾ!
കൃഷ്ണപിംഗലഃ കരാളഃ വികടഃ മുണ്ഡഃ കാലഃ സർവ്വേഷാം ഗൃഹാണി കാലേ കാലേ തു അവേക്ഷതേ	കറുപ്പുകലർന്ന മഞ്ഞനിറക്കാരൻ, കരാളവികൃതമുഖൻ, മൊട്ടത്തലയൻ കാലൻ സകലരുടെയും വീടുകളിലേക്കു് അടിക്കടി തുറിച്ചുനോക്കുന്നു!
ഏതാനി അന്യാനി നിമിത്താനി ദൃശ്യന്തേ	ഇവയും, (കൂടാതെ) വേറെയും ദുർന്നിമിത്തങ്ങൾ കാണപ്പെടുന്നുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രകൃതിയിലുള്ള ഈ വിപര്യയം ആസന്നമായ അത്യാപത്തിന്റെ മുന്നറിയിപ്പാണ്. വിപത്തിൽപ്പെട്ടവന് അന്തഃശുദ്ധി മാത്രമേ ആശ്വാസമേകൂ. ആകയാൽ ദുശ്ചരിതങ്ങളും കൈവെടിഞ്ഞ് ആത്മശാന്തിക്ക് യത്നം തുടരുകയാണ് ആവശ്യം.

അതഃ കുലസ്യ രക്ഷാർത്ഥം ശാന്തിം കുരു ദശാനന
സീതാം സത്കൃത്യ സധനാം രാമായാശു പ്രയച്ഛ ഭോഃ. 33

അതഃ ഭോഃ ദശാനന	ആകയാൽ, അല്ലയോ ദശാനന,
കുലസ്യ രക്ഷാർത്ഥം	വംശരക്ഷ ലാക്കാക്കി
ശാന്തിം കുരു	സമാധാനം സ്ഥാപിക്കുക.
സീതാം സത്കൃത്യ	സീതയെ സൽക്കരിച്ച്
സധനാം രാമായ	(ബഹു)ധനസഹിതം രാമനു
പ്രയച്ഛ ആശു	നല്കിയേക്കുക, ഉടനെ.

രാമം നാരായണം വിദ്ധി വിദ്വേഷം ത്യജ രാഘവേ
യത്പാദപോതമാശ്രിത്യ ജ്ഞാനിനോ ഭവസാഗരം. 34

തരന്തി ഭക്തിപൂതാന്താസ്തതോ രാമോ ന മാനുഷഃ
ഭജസ്വ ഭക്തിഭാവേന രാമം സർവ്വഹൃദാലയം. 35

രാമം നാരായണം വിദ്ധി	രാമനെ നാരായണനെന്നറിയണം.
രാഘവേ	രാമനിലുള്ള
വിദ്വേഷം ത്യജ	വിദ്വേഷം വെടിയുകയും വേണം.
യത്പാദപോതം	അവന്റെ ചരണമാകുന്ന വഞ്ചിയി—
ആശ്രിത്യ	ലേറിയാണല്ലോ
ഭക്തിപൂതാന്താഃ	ഭക്തിപ്രമത്താൽ അന്തഃശുദ്ധി നേടിയ
ജ്ഞാനിനഃ ഭവസാഗരം തരന്തി	ജ്ഞാനികൾ ഭവക്കടൽ താണ്ടുന്നത്.
രാമഃ ന മാനുഷഃ	രാമൻ മനുഷ്യനല്ല.
സർവ്വഹൃദാലയം	സകലരുടേയും അകക്കാമ്പിലമരും
രാമം തതഃ ഭക്തിഭാവേന	രാമനെ തന്മൂലം ഭക്തിപൂർവ്വം
ഭജസ്വ	ഭജിച്ചുകൊള്ളുക.

യദ്യപി ത്വം ദുരാചാരോ ഭക്ത്യാ പൂതോ ഭവിഷ്യസി
മദ്വാക്യം കുരു രാജേന്ദ്ര, കുലകൗശലഹേതവേ. 36

ത്വം യദ്യപി ദുരാചാരഃ	നീ ദുർവൃത്തനാണെങ്കിലും
ഭക്ത്യാ പൂതഃ ഭവിഷ്യസി	ഭക്തികൊണ്ടു പരിപൂതനായിത്തീരും.
കുലകൗശലഹേതവേ	വംശക്ഷേമം കൈവരാൻ
രാജേന്ദ്ര, മദ്വാക്യം കുരു	രാജേന്ദ്ര, ഞാൻ പറഞ്ഞതനുഷ്ഠിക്കൂ.

ജന്മസിദ്ധമായ ദോഷങ്ങൾ നീങ്ങാൻ ഇനി വൈകേണ്ടതില്ല. ഏതു സമയവും അതിനു പറ്റുന്നതാണ്. ഇന്നുവരെയുള്ള ചര്യയിൽനിന്ന് ആത്മാർത്ഥമായ വ്യതിയാനശ്രമമേ ആവശ്യമുള്ളൂ. കുതറിമാറാനുള്ള ഒറ്റ ഉപാധിയാണ് ഭഗവദ്ഭക്തി.

തത്തു മാല്യവതോ വാക്യം ഹിതമുക്തം ദശാനനഃ
ന മേനേ ദുഷ്ടാത്മാ കാലസ്യ വശമാഗതഃ. 37

മാല്യവതഃ ഉക്തം	മാല്യവാൻ ചൊന്ന
ഹിതം തത് വാക്യം	ആ ഹിതോപദേശം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഷ്ടാത്മാ ദശാനനഃ	ദുഷ്ടാത്മാവായ ദശഗ്രീവന്ന്
ന മമർഷയതി (സ്മ)	സഹിക്കാൻ കഴിഞ്ഞില്ല.
(സഃ) കാലസ്യ വശം ആഗതഃ	(അവൻ) കാലൻെറ പിടിയിൽ പെട്ടിരുന്നു.

മാനവം കൃപണം രാമമേകം ശാഖാമൃഗാശ്രയം
സമർത്ഥം മന്യസേ കേന ഹീനം പിത്രാ മുനിപ്രിയം. 38

കൃപണം ഏകം	നിസ്സഹായനും ഏകനും
ശാഖാമൃഗാശ്രയം	കുരങ്ങന്മാരെ ആശ്രയിച്ചവനും
പിത്രാ ഹീനം	പിതാവിനാൽ തള്ളപ്പെട്ടവനും
മുനിപ്രിയം മാനവം	മുനിമാർക്കു പ്രിയനും (വെറും) നരനുമായ
രാമം കേന	രാമനെഎന്തു(കാരണത്താലാണ്)നീങ്ങൾ
സമർത്ഥം മന്യസേ	കഴിവുററവനായി കരുതുന്നതു്?

രാമേണ പ്രേഷിതോ നൂനം ഭാഷസേ ത്വമനർഗ്ഗളം
ഗച്ഛ വൃദ്ധോഽസി ബന്ധുസ്ത്വം സോഢം സർവ്വം ത്വയോദിതം. 39

ത്വം നൂനം രാമേണ	നീങ്ങൾ തീർച്ചയായും രാമനാൽ
പ്രേഷിതഃ	അയയ്ക്കപ്പെട്ടവനാണ്.
അനർഗ്ഗളം ഭാഷസേ	തുമ്പില്ലാതെ പുലമ്പുന്നു!
ബന്ധുഃ	(എൻെറ) ബന്ധുവും
വൃദ്ധഃ അസി ത്വം	കിഴവനുമാണല്ലോ നീങ്ങൾ.
ത്വയാ ഉദിതം സർവ്വം	(തന്മൂലം) നീങ്ങൾ പറഞ്ഞതെല്ലാം
സോഢം, ഗച്ഛ	സഹിച്ചിരിക്കുന്നു. പൊയ്ക്കൊള്ളുക.

ഇതോ മത്കർണ്ണപദവീം ദഹത്യേതദ്വചസ്തവ
ഇത്യുക്ത്വാ സർവ്വസചിവൈഃ സഹിതഃ പ്രസ്ഥിതസ്തദാ. 40

തവ ഏതദ് വചഃ ഇതഃ	നീങ്ങളുടെ ഈ വചനം ഇതാ
മത്കർണ്ണപദവീം ദഹതി	എൻെറ കാതുകളെ പൊള്ളിക്കുന്നു.
ഇതി ഉക്ത്വാ സർവ്വസചിവൈഃ	ഇത്രയും പറഞ്ഞിട്ട് സകലമന്ത്രിമാരേയും
സഹിതഃ തദാ	കൂട്ടി ഉടനെ (രാവണൻ അവിടെനിന്ന്)
പ്രസ്ഥിതഃ	ഇറങ്ങിപ്പോയി.

പ്രാസാദാഗ്രേ സമാസീനഃ പശ്യൻ വാനരസൈനികാൻ
യുദ്ധായായോജയത് സർവ്വരാക്ഷസാൻ സമുപസ്ഥിതാൻ. 41

പ്രാസാദാഗ്രേ സമാസീനഃ	മാളികമുകളിലിരുന്നുകൊണ്ട്
വാനരസൈനികാൻ പശ്യൻ	വാനരപ്പടയെ നിരീക്ഷിക്കയും
സമുപസ്ഥിതാൻ	സന്നിഹിതരായ
സർവ്വരാക്ഷസാൻ	സകലരാക്ഷസരേയും
യുദ്ധായ അയോജയത് ച	പടനീക്കത്തിന്ന് നിയോഗിക്കയുംചെയ്തു.

രാമോഽപി ധനുരാദായ ലക്ഷ്മണേന സമാഹൃതം
ദൃഷ്ട്വാ രാവണമാസീനം കോപേന കലുഷീകൃതഃ. 42

കിരീടിനം സമാസീനം മന്ത്രിഭിഃ പരിവേഷ്ടിതം
ശശാങ്കാർദ്ധനിഭേനൈവ ബാണേനൈകേന രാഘവഃ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്വേതഛത്രസഹസ്രാണി കിരീടദശകം തഥാ
ചിച്ഛേദ നിമിഷാർദ്ധേന തദദ്ഭുതമിവാഭവത്. 44

ആസീനം രാവണം ദൃഷ്ട്വാ	(മാളികയിൽ) ഇരുന്ന രാവണനെ കണ്ട—
രാമഃ അപി കോപേന	വേ രാമൻ കോപത്താൽ
കലുഷീകൃതഃ (അഭവത്)	കലുഷിതനായി.
ലക്ഷ്മണേന സമാഹൃതം	ലക്ഷ്മണനാൽ ആനീതമായ
ധനുഃ ആദായ, കിരീടിനം	വില്ലെടുത്തു; മുകുടധാരിയും
മന്ത്രിഭിഃ പരിവേഷ്ടിതം	മന്ത്രിമാരാൽ ചൂഴപ്പെട്ട്
സമാസീനം	സ്വസ്ഥതയോടെയിരുന്നവനുമായ
(രാവണം) ദൃഷ്ട്വാ	(രാവണനെ) നിരീക്ഷിച്ചു; എന്നിട്ട്
ശശാങ്കാർദ്ധനിഭേന	അമ്പിളിക്കീറുപോലുള്ള
ഏകേന ബാണേന ഏവ	ഒററയമ്പിനാൽത്തന്നെ
രാഘവഃ ശ്വേതഛത്രസഹ—	രാഘവൻ (അവന്റെ) ആയിരമായിരം
സ്രാണി തഥാ കിരീടദശകം	വെൺകൊററക്കുടയും മുകുടം പത്തും
നിമിഷാർദ്ധേന ചിച്ഛേദ	അരക്ഷണത്തിലരിഞ്ഞുവീഴ്ത്തി.
തദ് അദ്ഭുതം ഇവ	അത് ഒരു അത്ഭുതംപോലെയാണ്
അഭവത്	ഭവിച്ചത്.

ലജ്ജിതോ രാവണസ്തൂർണ്ണം വിവേശ ഭവനം സ്വകം
ആഹൂയ രാക്ഷസാൻ സർവ്വാൻ പ്രഹസ്തപ്രമുഖാൻ ഖലഃ. 45
വാനരൈഃ സഹ യുദ്ധായ നോദയാമാസ സത്വരഃ.

ലജ്ജിതഃ രാവണഃ തൂർണ്ണം	നാണിച്ച രാവണൻ വേഗം
സ്വകം ഭവനം വിവേശ	സ്വഗൃഹത്തിൽ പ്രവേശിച്ചു.
സത്വരഃ പ്രഹസ്തപ്രമുഖാൻ	അതിവേഗം പ്രഹസ്തപ്രമുഖരായ
സർവ്വാൻ രാക്ഷസാൻ ആഹൂയ	എല്ലാ രാക്ഷസരെയും വിളിച്ചുവരുത്തി,
(സഃ) ഖലഃ വാനരൈഃ സഹ	ആ ഖലൻ വാനരരോട്
യുദ്ധായ നോദയാമാസ	അടരാടാൻ ആജ്ഞ നല്കി.

തതോ ഭേരീമൃദംഗാദ്യൈഃ പണവാനകഗോമുഖൈഃ. 46
മഹിഷോഷ്ട്രൈഃ ഖരൈർസിംഹൈർദ്വീപിഭിഃ കൃതവാഹനാഃ,
ഖഡ്ഗശൂലധനുഃ പാശയഷ്ടിതോമരശക്തിഭിഃ. 47
ലക്ഷിതാഃ സർവ്വതോ ലങ്കാം പ്രതിദ്വാരമുപായയുഃ.

മഹിഷോഷ്ട്രൈഃ ഖരൈഃ സിംഹൈഃ	പോത്ത്, ഒട്ടകം, കഴുത, സിംഹം,
ദ്വീപിഭിഃ കൃതവാഹനാഃ	പുലി എന്നീ മൃഗങ്ങളെ വാഹനങ്ങളാക്കി—
ഖഡ്ഗശൂലധനുഃ	യവരും വാൾ, ശൂലം, വില്ല്,
പാശയഷ്ടിതോമരശക്തിഭിഃ	കയർ, വടി, ഇരുമ്പുപാര, വേൽ എന്നീ
ലക്ഷിതാഃ (രാക്ഷസാഃ)	ആയുധങ്ങളേന്തിയവരുമായ (രാക്ഷസർ)
തതഃ ഭേരീമൃദംഗാദ്യൈഃ	അനന്തരം ഭേരി, മൃദംഗം,
പണവാനകഗോമുഖൈഃ	പണവം, പെരുമ്പറ, ഗോമുഖം
(ഘോഷയന്തഃ)	(ഇവ മുഴക്കിക്കൊണ്ട്)
ലങ്കാം സർവ്വതഃ	ലങ്കയിൽ എല്ലായിടത്തും
പ്രതിദ്വാരം ഉപായയുഃ	ഓരോ വാതില്ക്കലും എത്തിച്ചേർന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്പൂർവ്വമേവ രാമേണ നോദിതാഃ വാനരർഷഭാഃ. 48

ഉദ്യമ്യ ഗിരിശൃംഗാണി ശിഖരാണി മഹാന്തി ച
തരൂംശ്ചാത്പാട്യ വിവിധാൻ യുദ്ധായ ഹരിയൂഥപാഃ. 49

പ്രേക്ഷമാണാ രാവണസ്യ താന്യനീകാനി ഭാഗശഃ
രാഘവപ്രിയകാമാർത്ഥം ലങ്കാമാരുരുഹുസ്തദാ. 50

തത്പൂർവ്വം ഏവ രാമേണ	(പക്ഷേ) അതിനു മുമ്പുതന്നെ രാമനാൽ
നോദിതാഃ വാനരർഷഭാഃ	നീതരായ കപിവരർ
മഹാന്തി ഗിരിശൃംഗാണി	പെരിയ ഗിരിക്കൂടങ്ങളും
ശിഖരാണി ഉദ്യമ്യ	ശിഖരങ്ങളും (അടർത്തി) ഉയർത്തി,
വിവിധാൻ തരൂൻ ച	പലതരം മരങ്ങളും
ഉത്പാട്യ (ആയയുഃ)	പുഴക്കിപ്പൊക്കി ഇരമ്പിക്കയറി.
താനി രാവണസ്യ അനീകാനി	ആ രാവണസേനയെ
ഭാഗശഃ പ്രേക്ഷമാണാഃ	പലഭാഗങ്ങളായി നിരീക്ഷണംചെയ്തുകൊണ്ടു്
ഹരിയൂഥപാഃ	വാനരപ്പടനായകർ
രാഘവപ്രിയകാമാർത്ഥം യുദ്ധായ	രാമന്റെ പ്രിയകാര്യത്തിനായി അടരാ-
തദാ ലങ്കാം ആരുരുഹുഃ	ടാൻ, അപ്പോൾ ലങ്കയിലേക്കു കടന്നു.

തേ ദ്രുമൈഃ പർവ്വതാഗ്രൈശ്ച മുഷ്ടിഭിശ്ച പ്ലവംഗമാഃ
തതഃ സഹസ്രയൂഥാശ്ച കോടിയൂഥാശ്ച യൂഥപാഃ. 51

കോടിശതയുതാശ്ചാന്യേ രുരുധുർനഗരം ഭൃശം.
ആപ്ലവന്തഃ പ്ലവന്തശ്ച ഗർജ്ജന്തശ്ച പ്ലവംഗമാഃ 52

രാമോ ജയത്യതിബലോ ലക്ഷ്മണശ്ച മഹാബലഃ
രാജാ ജയതി സുഗ്രീവോ രാഘവേണാനുപാലിതഃ. 53

ഇത്യേവം ഘോഷയന്തശ്ച സമം യുയുധിരേഽരിഭിഃ.

സഹസ്രയൂഥാഃ കോടിയൂഥാഃ	ആയിരംയൂഥങ്ങളും കോടിയൂഥങ്ങളും
ച യൂഥപാഃ തേ പ്ലവംഗമാഃ	ചേർന്ന ആ ഗണമുഖ്യരും കപികളും,
അന്യേ കോടിശതയുതാഃ ച	മറ്റു നൂറുകോടികളോടു ചേർന്നു്
നഗരം ഭൃശം രുരുധുഃ	നഗരം സത്വരം ഉപരോധിച്ചു.
ആപ്ലവന്തഃ പ്ലവന്തഃ ച തേ	മേലോട്ടും കീഴോട്ടും ചാടുന്ന അവർ
രാമഃ ജയതി, മഹാബലഃ	'രാമൻ ജയിക്കുന്നു, പ്രബലൻ
ലക്ഷ്മണഃ ജയതി	ലക്ഷ്മണൻ ജയിക്കുന്നു,
രാഘവേണ അനുപാലിതഃ	രാമൻ കാത്തുപോരുന്ന
രാജാ സുഗ്രീവഃ ച ജയതി	സുഗ്രീവനൃപനും ജയിക്കുന്നു'
ഇതി ഘോഷയന്തഃ ദ്രുമൈഃ	എന്നു് ഉദ്ഘോഷമുയർത്തി, മരങ്ങളും
പർവ്വതാഗ്രൈഃ മുഷ്ടിഭിഃ ച	ഗിരിശിഖരങ്ങളും മുഷ്ടികളുംകൊണ്ടു്
അരിഭിഃ സമം യുയുധിരേ	അരികളോടു് ഏറ്റുമുട്ടി.

ഹനൂമാനംഗദശ്ചൈവ കുമുദോ നീല ഏവ ച. 54

നലശ്ച ശരഭശ്ചൈവ മൈന്ദോ ദ്വിവിദ ഏവ ച
ജാംബവാൻ ദധിവക്ത്രശ്ച കേസരീ താര ഏവ ച. 55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യേ ച ബലിനഃ സർവ്വേ യൂഥപാശ്ച പ്ലവംഗമാഃ
ദ്വാരാണ്യുത്പ്ലുത്യ ലങ്കായാഃ സർവ്വതോ രുരുധുർഭൃശം.
തദാ വൃക്ഷൈർമ്മഹാകായാഃ പർവ്വതാഗ്രൈശ്ച വാനരാഃ. 56

ഹനൂമാൻ അംഗദഃ ച ഏവ	ഹനുമാൻ, അംഗദൻ,
കുമുദഃ നീല ഏവ ച നലഃ	കുമുദൻ, നീലൻ, നളൻ,
ച ശരഭഃ ച ഏവ മൈന്ദഃ	ശരഭൻ, മൈന്ദൻ,
ദ്വിവിദഃ ച ഏവ ജാംബവാൻ	ദ്വിവിദൻ, ജാംബവാൻ,
ദധിവക്ത്രഃ ച കേസരീ	ദധിവക്ത്രൻ, കേസരി,
താരഃ ഏവ ച ബലിനഃ	താരൻ എന്നിവരും ശക്തരും
മഹാകായാഃ അന്യേ പ്ലവംഗമാഃ	ഭീമകായന്മാരുമായ മറ്റു കപികളും
ച യൂഥപാഃ ച ഏവ ദ്വാരാണി	ഗണമുഖ്യരും ഗോപുരവാതിൽ
ഉത്പ്ലുത്യ വൃക്ഷൈഃ	ചാടിക്കടന്നു് മരങ്ങളും
പർവ്വതാഗ്രൈഃ ച ലങ്കായാഃ	പർവ്വതാഗ്രങ്ങളും കൊണ്ടു് ലങ്കയെ ശക്തി–
ഭൃശം സർവ്വതഃ രുരുധുഃ	യോടെ നാലുപാടുനിന്നും ഉപരോധിച്ചു.

നിജഘ്നുസ്താനി രക്ഷാംസി നഖൈർദന്തൈശ്ച വേഗിതാഃ
രാക്ഷസാശ്ച തദാ ഭീമാഃ ദ്വാരേഭ്യഃ സർവ്വതോ രുഷാ. 57

നിർഗ്ഗത്യ ഭിണ്ഡിപാലൈശ്ച ഖഡ്ഗൈഃ ശൂലൈഃ പരശ്വധൈഃ
നിജഘ്നുർവ്വാനരാനീകം മഹാകായാഃ മഹാബലാഃ. 58

വേഗിതാഃ (വാനരാഃ)	ശീഘ്രഗാമികളായ (വാനരർ)
നഖൈഃ ദന്തൈഃ ച	നഖങ്ങളും പല്ലുകളും കൊണ്ടു്
താനി രക്ഷാംസി നിജഘ്നുഃ	ആ രാക്ഷസരെ കടന്നാക്രമിച്ചു.
ഭീമാഃ മഹാകായാഃ	ഭീമന്മാരും മഹാകായരും
മഹാബലാഃ ച രാക്ഷസാഃ	പ്രബലരുമായ രാക്ഷസർ
തദാ സർവ്വതഃ ദ്വാരേഭ്യഃ	തൽസമയം എല്ലാ കവാടങ്ങളിലൂടെയും
നിർഗ്ഗത്യ ഭിണ്ഡിപാലൈഃ	പുറത്തുവന്നു് കവണ,
ഖഡ്ഗൈഃ ശൂലൈഃ	വാൾ, ശൂലം,
പരശ്വധൈഃ ച രുഷാ	വെൺമഴു ഇവകൊണ്ടു് ക്രോധത്തോടെ
വാനരാനീകം നിജഘ്നുഃ	വാനരവാഹിനിയെ തകർക്കയുണ്ടായി.

രാക്ഷസാംശ്ച തഥാ ജഘ്നുർവ്വാനരാഃ ജിതകാശിനഃ
തഥാ ബഭൂവ സമരോ മാംസശോണിതകർദ്ദമഃ. 59

രക്ഷസാം വാനരാണാം ച സംബഭൂവാദ്ഭുതോപമഃ.

ജിതകാശിനഃ വാനരാഃ	ജയശോഭയാർന്ന വാനരർ
രാക്ഷസാൻ ച തഥാ	രാക്ഷസരെയും അതേപടി
ജഘ്നുഃ	തിരിച്ചടിച്ചു.
മാംസശോണിത കർദ്ദമഃ	മാംസവും ചോരയും ചളികെട്ടിയ
അദ്ഭുതോപമഃ സമരഃ	ആശ്ചര്യജനകമായ സമരമാണു്
രക്ഷസാം വാനരാണാം ച	രാക്ഷസരും വാനരരും
സംബഭൂവ	തമ്മിലുണ്ടായതു്.

തേ ഹയൈശ്ച ഗജൈശ്ചൈവ രഥൈഃ കാഞ്ചനസന്നിഭൈഃ.

രക്ഷോവ്യാഘ്രാ യുയുധിരേ നാദയന്തോ ദിശോ ദശ
രാക്ഷസാശ്ച കപീന്ദ്രാശ്ച പരസ്പരജയൈഷിണഃ. 61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാക്ഷസാൻ വാനരാഃ ജഘ്നുർവ്വാനരാംശ്ചൈവ രാക്ഷസാഃ
രാമേണ വിഷ്ണുനാ ദൃഷ്ടാ ഹരയോ ദിവിജാംശജാഃ. 62

ബഭ്രുവുർബ്ബലിനോ ഹൃഷ്ടാസ്തദാ പീതാമൃതാ ഇവ.

ഗജൈഃ അശ്വൈഃ	ആനകളും, അശ്വങ്ങളും,
കാഞ്ചനസന്നിഭൈഃ രഥൈഃ	കനകാഭകലരും തേരുകളും
ച ഏവ ദശദിശഃ നാദയന്തഃ	ഇവയിലേറി പത്തുദിക്കും മുഴക്കിക്കൊണ്ട്
തേ രക്ഷോ വ്യാഘ്രാഃ യുയുധിരേ	അസുരവ്യാഘ്രങ്ങൾ സമരം ചെയ്തു.
രാക്ഷസാഃ ച കപീന്ദ്രാഃ ച	രാക്ഷസരും കപീന്ദ്രരും
പരസ്പരജയൈഷിണഃ	പരസ്പരം വെല്ലാൻ കൊതിയോടെയാണ്
(യുയുധിരേ)	ഏറ്റുമുട്ടിയത്.
രാക്ഷസാൻ വാനരാഃ	രാക്ഷസരെ വാനരരും
വാനരാൻ രാക്ഷസാഃ	വാനരരെ രാക്ഷസരും
ച ഏവ ജഘ്നുഃ	കൊന്നൊടുക്കി.
വിഷ്ണുനാ രാമേണ	വിഷ്ണുവായ രാമനാൽ (കൃപാപൂർവ്വം)
ദൃഷ്ടാഃ ദിവിജാംശജാഃ	കടാക്ഷിക്കപ്പെട്ട, ദേവാംശജരായ
ഹരയഃ തദാ പീതാമൃതാഃ	കപികൾ അപ്പോൾ അമൃതപാനം
ഇവ ഹൃഷ്ടാഃ ബലിനഃ ച	ചെയ്തവരെപ്പോലെ സന്തുഷ്ടരും
ബഭ്രുവുഃ	ശക്തരുമായിത്തീർന്നു.

സീതാഭിമർശപാപേന രാവണേനാഭിപാലിതാൻ. 63

ഹതശ്രീകാൻ ഹതബലാൻ രാക്ഷസാൻ ജഘ്നുരോജസാ
ചതുർത്ഥാംശാവശേഷേണ നിഹതം രാക്ഷസം ബലം. 64

സീതാഭിമർശപാപേന	സീതയെ സ്പർശിച്ച പാപം പേറുന്ന
രാവണേന അഭിപാലിതാൻ	രാവണനാൽ പരിപാലിതരായ
ഹതശ്രീകാൻ ഹതബലാൻ	ഐശ്വര്യം കെട്ട, ബലമററ,
രാക്ഷസാൻ ഓജസാ	രാക്ഷസരെ ഓജസ്സാൽ തന്നെ (കപികൾ)
ജഘ്നുഃ. രാക്ഷസം ബലം	സംഹരിച്ചു. (അങ്ങനെ) രാക്ഷസസേന
ചതുർത്ഥാംശാവശേഷേണ	വെറും നാലിലൊന്നു മാത്രം അവശേഷി-
നിഹതം	ക്കമാറു തകർന്നുപോയി.

സ്വസൈന്യം നിഹതം ദൃഷ്ട്വാ മേഘനാദോഽഥ ദുഷ്ടധീഃ
ബ്രഹ്മദത്തവരഃ ശ്രീമാനന്തർദ്ധാനം ഗതോഽസുരഃ. 65

സർവ്വാസ്ത്രകുശലോ വ്യോമ്നി ബ്രഹ്മാസ്ത്രേണ സമന്തതഃ
നാനാവിധാനി ശസ്ത്രാണി വാനരാനീകമർദ്ദയൻ. 66

വവർഷ ശരജാലാനി തദദ്ഭുതമിവാഭവത്.

സർവ്വാസ്ത്രകുശലഃ ശ്രീമാൻ	സർവ്വാസ്ത്രനിപുണനും ഐശ്വര്യശാലി-
അസുരഃ മേഘനാദഃ	യുമായ അസുരൻ, മേഘനാദൻ
സ്വസൈന്യം നിഹതം ദൃഷ്ട്വാ	സ്വസൈന്യം തകർന്നു കണ്ട്
വ്യോമ്നി അന്തർദ്ധാനം ഗതഃ	വിണ്ണിലൊളിച്ചുകളഞ്ഞു.
ബ്രഹ്മദത്തവരഃ (സഃ)	ബ്രഹ്മാവിൽനിന്നു വരം നേടിയ (ആ)
ദുഷ്ടധീഃ(വ്യോമ്നിസ്ഥിതഃ ഏവ)	ദുർബ്ബുദ്ധി(ആകാശത്തുനിന്നുകൊണ്ടുതന്നെ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാനരാൻ അർദ്ദയൻ	വാനരരെ തകർക്കുവാറ്
ബ്രഹ്മാസ്ത്രേണ (സഹ)	ബ്രഹ്മാസ്ത്രത്തോടൊപ്പം
നാനാവിധാനി ശസ്ത്രാണി	പലതരം ആയുധങ്ങളും
ശരജാലാനി ച	അമ്പിൻനിരകളും,
സമന്തതഃ വവർഷ	എമ്പാടും ചൊരിയുകയുണ്ടായി.
തത് അദ്ഭുതം ഇവ അഭവത്	അത് അത്ഭുതംപോലെയാണ് ഭവിച്ചത്.

രാമോഽപി മാനയൻ ബ്രാഹ്മമസ്ത്രം അസ്ത്രവിദാം വരഃ. 67

ക്ഷണം തൂഷ്ണീമുവാസാഥ ദദർശ പതിതം ബലം
വാനരാണാം രഘുശ്രേഷ്ഠശ്ചുകോപാനലസന്നിഭഃ. 68

ചാപമാനയ സൗമിത്രേ, ബ്രഹ്മാസ്ത്രേണാസുരം ക്ഷണാത്
ഭസ്മീകരോമി മേ പശ്യ ബലമദ്യ രഘൂത്തമ. 69

അസ്ത്രവിദാം വരഃ രാമഃ അപി	വില്ലാളികളിൽ മുമ്പനായ രാമനും
ബ്രാഹ്മം അസ്ത്രം മാനയൻ	ബ്രഹ്മാസ്ത്രത്തെ ബഹുമാനിച്ച്
ക്ഷണം തൂഷ്ണീം ഉവാസ	തെല്ലിട മൗനംപേറി.
അഥ പതിതം വാനരാണാം	പിന്നെ, വീണടിഞ്ഞ വാനരവാഹിനി–
ബലം ദദർശ	യുടെനേരെ കണ്ണോടിച്ചു.
രഘുശ്രേഷ്ഠഃ അനലസന്നിഭഃ	രഘുവരൻ അഗ്നിയെപ്പോലെ
ചുകോപ	കോപത്താൽ ജ്വലിച്ചവനായി.
സൗമിത്രേ ചാപം ആനയ	(അരുളി): ലക്ഷ്മണ, വില്ല് ഇങ്ങു തരൂ;
ബ്രഹ്മാസ്ത്രേണ (ഏവ)	ബ്രഹ്മാസ്ത്രം കൊണ്ടുതന്നെ
ഭസ്മീകരോമി അസുരം	ഭസ്മീകരിക്കട്ടെ അസുരനെ,
ക്ഷണാത്	ഞൊടിയിടയിൽ.
രഘൂത്തമ മേ	രഘുവര (ലക്ഷ്മണ), എന്റെ
ബലം അദ്യ പശ്യ	ബലം ഇന്നു കണ്ടുകൊൾക.

മേഘനാദോഽപി തച്ഛ്രുത്വാ രാമവാക്യമതന്ദ്രിതഃ
തൂർണ്ണം ജഗാമ നഗരം മായയാ മായികോഽസുരഃ. 70

അതന്ദ്രിതഃ മായികഃ	തളരാത്ത മായാവി,
അസുരഃ മേഘനാദഃ അപി	അസുരൻ മേഘനാദൻ
തത് രാമവാക്യം ശ്രുത്വാ	ആ രാമവചനം ശ്രവിക്കവേ
മായയാ തൂർണ്ണം നഗരം	മായയാൽ വേഗം നഗരത്തിലേക്ക
ജഗാമ	പിൻവാങ്ങി.

പതിതം വാനരാനീകം ദൃഷ്ട്വാ രാമോഽതിദുഃഖിതഃ
ഉവാച മാരുതിം ശീഘ്രം ഗത്വാ ക്ഷീരമഹോദധിം. 71

തത്ര ദ്രോണഗിരിർനാമ ദിവ്യൗഷധിസമുദ്ഭവഃ
സമാനയ ദ്രുതം ഗത്വാ സംജീവയ മഹാമതേ. 72

വാനരൗഘാൻ മഹാസത്വാൻ കീർത്തിസ്തേ സുസ്ഥിരാ ഭവേത്
ആജ്ഞാ പ്രമാണമിത്യുക്ത്വാ ജഗാമാനിലനന്ദനഃ. 73

പതിതം വാനരാനീകം ദൃഷ്ട്വാ	വീണുപോയ വാനരസേനയെ കണ്ട്
അതിദുഃഖിതഃ രാമഃ	അതിദുഃഖംപൂണ്ട രാമൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാരുതിം ഉവാച	മാരുതിയോട് അരുളി:
ശീഘ്രം ക്ഷീരമഹോദധിം ഗത്വാ	(നീ) ശീഘ്രം പാൽക്കടൽക്കരെ എത്തുക;
തത്ര ദിവ്യൗഷധിസമുദ്ഭവഃ	അവിടെ ദിവ്യൗഷധികൾ തിങ്ങിയ
ദ്രോണഗിരിഃ നാമ	'ദ്രോണഗിരി' ഉണ്ട്;
(അസ്തി) ദ്രുതം സമാനയ	അതു പെട്ടെന്നു കൊണ്ടുവരണം.
മഹാസത്വാൻ വാനരസംഘാൻ	പ്രബലരായ വാനരഗണങ്ങളെ
സംജീവയ	ഉജ്ജീവിപ്പിക്കുകയും വേണം.
മഹാമതേ തേ	മഹാമതേ, നിനക്ക്
സുസ്ഥിരാ കീർത്തിഃ ഭവേത്	ശാശ്വതയശസ്സ് ഉളവാകും.
ആജ്ഞാ പ്രമാണം	'കല്പനപ്രമാണം'
ഇതി ഉക്ത്വാ	എന്നു ചൊന്നു്
അനിലനന്ദനഃ ജഗാമ	വായുതനയൻ യാത്രയായി.

ആനീയ ച ഗിരിം സർവ്വാൻ വാനരാൻ വാനരർഷഭഃ
ജീവയിത്വാ പുനസ്തത്ര സ്ഥാപയിത്വാ യയൗ ദ്രുതം. 74

ഗിരിം ആനീയ സർവ്വാൻ വാനരാൻ	മല കൊണ്ടുവന്നു സകലവാനരരേയും
ജീവയിത്വാ പുനഃ	ജീവിപ്പിച്ചതിനുശേഷം (അതു്) വീണ്ടും
തത്ര സ്ഥാപയിത്വാ ച	പൂർവ്വസ്ഥാനത്തു സ്ഥാപിച്ചിട്ട്
വാനരർഷഭഃ ദ്രുതം യയൗ	കപിവരൻ തിരിച്ചുപോന്നു.

പൂർവ്വവത് ഭൈരവം നാദം വാനരാണാം ബലൗഘതഃ
ശ്രുത്വാ വിസ്മയമാപന്നോ രാവണോ വാക്യമബ്രവീത്. 75

വാനരാണാം ബലൗഘതഃ	കപിസേനാസമൂഹത്തിൽനിന്നു്
പൂർവ്വവത് ഭൈരവം നാദം	മുമ്പിലത്തെപ്പോലെ ഭീകരനാദം
ശ്രുത്വാ വിസ്മയം ആപന്നഃ	(ഉതിർന്നതു) കേട്ട് വിസ്മയംകൊണ്ടു
രാവണഃ വാക്യം അബ്രവീത്	രാവണൻ ഇങ്ങനെ പ്രഖ്യാപിച്ചു:

രാഘവോ മമ മഹാൻ ശത്രുഃ പ്രാപ്തോ ദേവവിനിർമ്മിതഃ
ഹന്തും തം സമരേ ശീഘ്രം ഗച്ഛന്തു മമ യൂഥപാഃ. 76

മന്ത്രിണോ ബാന്ധവാഃ ശൂരാഃ യേ ച മത്പ്രിയകാംക്ഷിണഃ
സർവ്വേ ഗച്ഛന്തു യുദ്ധായ ത്വരിതം മമ ശാസനാത്. 77

യേ ന ഗച്ഛന്തി യുദ്ധായ ഭീരവഃ പ്രാണവിപ്ലവാത്
താൻ ഹനിഷ്യാമ്യഹം സർവ്വാൻ മച്ഛാസനപരാങ്മുഖാൻ. 78

ദേവവിനിർമ്മിതഃ	ദേവന്മാരാൽ നിർമ്മിതൻ
മേ മഹാൻ ശത്രുഃ രാഘവഃ	എന്റെ മഹാവൈരി, രാഘവൻ
പ്രാപ്തഃ	വന്നണഞ്ഞിരിക്കയാണു്.
സമരേ തം ശീഘ്രം ഹന്തും	സമരത്തിൽ അവനെ ഉടനടി കൊല്ലാൻ
മമ യൂഥപാഃ	എന്റെ സേനാപതികൾ എല്ലാം
ഗച്ഛന്തു	പുറപ്പെടട്ടെ.
മന്ത്രിണഃ ബാന്ധവാഃ	മന്ത്രിമാർ, ബന്ധുക്കൾ
മത്പ്രിയകാംക്ഷിണഃ യേ	എന്റെ ശുഭകാംക്ഷികളായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശൂരാഃ സർവ്വേ മമ ശാസനാത് യുദ്ധായ ത്വരിതം ഗച്ഛന്തു	ധീരർ എല്ലാവരും നമ്മുടെ ആജ്ഞപ്രകാരം പോരാടാൻ ഉടൻ പോകട്ടെ.
പ്രാണവിപ്ലവാത് യേ ഭീരവഃ ന ഗച്ഛന്തി മച്ഛാസനപരാങ്മുഖാൻ താൻ സർവ്വാൻ അഹം ഹനിഷ്യാമി	പ്രാണനാശം പേടിച്ച് ഏതു ഭീരുക്കളാണോ (യുദ്ധത്തിന്) പോകാത്തത്, എന്റെ കല്പന ലംഘിക്കുന്ന അവരെയെല്ലാം ഞാൻ വധിക്കും.

തച്ഛ്രുത്വാ ഭയസംത്രസ്താഃ നിർജ്ജഗ്മൂ രണകോവിദാഃ
അതികായഃ പ്രഹസ്തശ്ച മഹാനാദമഹോദരൗ.   79

ദേവശത്രുർനികുംഭശ്ച ദേവാന്തകനരാന്തകൗ
അപരേ ബലിനഃ സർവ്വേ യയുർയുദ്ധായ വാനരൈഃ.   80

തത് ശ്രുത്വാ ഭയസംത്രസ്താഃ രണകോവിദാഃ നിർജ്ജഗ്മുഃ	അതു കേട്ട് പേടിച്ചരണ്ട സമരവീരന്മാർ യാത്രയായി.
അതികായഃ പ്രഹസ്തഃ ച മഹാനാദമഹോദരൗ ദേവശത്രുഃ നികുംഭഃ ദേവാന്തകഃ നരാന്തകഃ ബലിനഃ അപരേ സർവ്വേ വാനരൈഃ യുദ്ധായ യയുഃ	അതികായൻ, പ്രഹസ്തൻ, മഹാനാദൻ, മഹോദരൻ, ദേവശത്രു, നികുംഭൻ, ദേവാന്തകൻ, നരാന്തകൻ (തുടങ്ങി) ശക്തരായ മറ്റെല്ലാവരും വാനരരോടു പൊരുതാൻ പുറപ്പെട്ടു.

ഏതേ ചാന്യേ ച ബഹവഃ ശൂരാഃ ശതസഹസ്രശഃ
പ്രവിശ്യ വാനരം സൈന്യം മമന്ഥുർബ്ബലദർപ്പിതാഃ.   81

ഭുശുണ്ഡിഭിന്ദിപാലൈശ്ച ബാണൈഃ ഖഡ്ഗൈഃ
പരശ്വധൈഃ
അന്യൈശ്ച വിവിധൈരസ്ത്രൈർനിജഘ്നുർ ഹരിയൂഥപാൻ.

ഏതേ ച അന്യേ ബഹവഃ ബലദർപ്പിതാഃ ശൂരാഃ ച ശതസഹസ്രശഃ പ്രവിശ്യ വാനരം സൈന്യം മമന്ഥുഃ	ഇരുവരും കരുത്തിൽ ഞെളിഞ്ഞ മറ്റ് അനേകം ധീരരും നൂറായിരക്കണക്കിനു കടന്ന് വാനരപ്പടയെ തകർത്തുതുടങ്ങി.
ഭുശുണ്ഡിഭിന്ദിപാലൈഃ ച ബാണൈഃ ഖഡ്ഗൈഃ പരശ്വധൈഃ അന്യൈഃ വിവിധൈഃ അസ്ത്രൈഃ ഹരിയൂഥപാൻ നിജഘ്നുഃ	ചാട്ടുളികളും, കവണകളും, ബാണങ്ങളും, വാളുകളും, മഴുവുകളും (എന്നിവയാലും) മറ്റു പലവിധം ആയുധങ്ങളാലും (രാക്ഷസർ) വാനരസേനാപതികളെ പ്രഹരിച്ചു.

തേ പാദപൈഃ പർവ്വതാഗ്രൈർനഖദംഷ്ട്രൈശ്ച മുഷ്ടിഭിഃ
പ്രാണൈർവിമോചയാമാസുഃ സർവ്വരാക്ഷസയൂഥപാൻ.   83

പാദപൈഃ പർവ്വതാഗ്രൈഃ നഖദംഷ്ട്രൈഃ മുഷ്ടിഭിഃ ച തേ (വാനരാഃ) സർവ്വരാക്ഷസയൂഥപാൻ പ്രാണൈഃ വിമോചയാമാസുഃ	മരങ്ങളും, ഗിരിശിഖരങ്ങളും, നഖങ്ങളും, ദംഷ്ട്രകളും, മുഷ്ടികളും ഇവകൊണ്ടെല്ലാം ആ വാനരർ എല്ലാ രാക്ഷസപ്പടനായകന്മാർക്കും പ്രാണഹാനിവരുത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമേണ നിഹതാഃ കേചിത് സുഗ്രീവേണ തഥാപരേ
ഹനൂമതാംഗദേന ലക്ഷ്മണേന മഹാത്മനാ
യൂഥപൈർവാനരാണാം തേ നിഹതാഃ സർവ്വരാക്ഷസാഃ. 84

കേചിത് രാമേണ നിഹതാഃ	ചിലർ രാമനാൽ വധിക്കപ്പെട്ടു.
അപരേ സുഗ്രീവേണ	മറ്റുചിലർ സുഗ്രീവനാൽ.
ഹനൂമതാ അംഗദേന ച	ഹനുമാനാലും അംഗദനാലും.
(കേചിത്) തഥാ	(ചിലർ) അതുപോലെ
മഹാത്മനാ ലക്ഷ്മണേന	മഹാത്മാവായ ലക്ഷ്മണനാലും.
വാനരാണാം യൂഥപൈഃ	(അങ്ങനെ) വാനരയൂഥപന്മാരാൽ
തേ സർവ്വരാക്ഷസാഃ നിഹതാഃ	ആ രാക്ഷസരെല്ലാം ഹതരായി.

രാമതേജഃ സമാവിശ്യ വാനരാഃ ബലിനോഽഭവൻ
രാമശക്തിവിഹീനാനാമേവം ശക്തിഃ കുതോ ഭവേത്. 85

രാമതേജഃ സമാവിശ്യ	രാമതേജസ്സു തിങ്ങിനിറഞ്ഞു്
വാനരാഃ ബലിനഃ അഭവൻ	വാനരർ പ്രബലരായിത്തീർന്നു.
രാമശക്തിവിഹീനാനാം	രാമനിൽനിന്നു ശക്തിയാർജ്ജിക്കാത്തവർക്കു്
ഏവം ശക്തിഃ കുതഃ ഭവേത്	ഇത്ര ശക്തി എവിടെനിന്നാണു കിട്ടുക?

സർവ്വേശ്വരഃ സർവ്വമയോ വിധാതാ
മായാമനുഷ്യത്വവിഡംബനേന
സദാ ചിദാനന്ദമയോഽപി രാമോ
യുദ്ധാദിലീലാം വിതനോതി മായാം. 86

സർവ്വേശ്വരഃ സർവ്വമയഃ	സർവ്വേശ്വരനും സർവ്വവ്യാപിയും
വിധാതാ രാമഃ	ജഗത്സ്രഷ്ടാവുമായ രാമൻ
സദാ ചിദാനന്ദമയഃ അപി	സദാ ചിദാനന്ദമയനാണു്, എങ്കിലും
മായാമനുഷ്യത്വവിഡംബനേന	മായാമാനവഭാവം അനുകരിക്കയാൽ
യുദ്ധാദിലീലാം	സമരാദിലീലയ്ക്കു് (അനുരൂപമാംവിധം)
മായാം	മായയെ
വിതനോതി	സവിശേഷം പ്രവർത്തിപ്പിക്കയാണു്.

മായയാൽ മാനവഭാവം പൂണ്ട സർവ്വേശ്വരനും ആനന്ദരൂപനുമായ ഭഗവാനു് തദനുസരണം പലതും പ്രവർത്തിക്കേണ്ടിവന്നുപോകുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ പഞ്ചമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം അഞ്ചാംസർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ആറ്

ലക്ഷ്മണൻെറ മോഹാലസ്യം—
രാമരാവണയുദ്ധം—ഔഷധാഹരണം—
രാവണകാലനേമിസംവാദം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ശ്രുത്വാ യുദ്ധേ ബലം നഷ്ടമതികായമുഖം മഹത്
രാവണോ ദുഃഖസന്തപ്തഃ ക്രോധേന മഹതാവൃതഃ. 1

നിധായേന്ദ്രജിതം ലങ്കാരക്ഷണാർത്ഥം മഹാദ്യുതിഃ
സ്വയം ജഗാമ യുദ്ധായ രാമേണ സഹ രാക്ഷസഃ. 2

അതികായമുഖം മഹത്
ബലം യുദ്ധേ നഷ്ടം
ശ്രുത്വാ രാവണഃ ദുഃഖസന്തപ്തഃ

അതികായൻ തുടങ്ങിയ മഹത്തായ
സൈന്യശക്തി യുദ്ധത്തിലൊടുങ്ങിയതു
കേട്ട രാവണൻ ശോകത്തിൽ നീറി.

മഹതാ ക്രോധേന ആവൃതഃ
(സഃ) മഹാദ്യുതിഃ രാക്ഷസഃ
ലങ്കാരക്ഷണാർത്ഥം ഇന്ദ്രജിതം
നിധായ സ്വയം രാമേണ സഹ
യുദ്ധായ ജഗാമ

കൊടിയ കോപത്തിൽ മുഴുകിയ
ആ തേജോനിധി, രാക്ഷസൻ
ലങ്കയുടെ സംരക്ഷണത്തിനു ഇന്ദ്രജിത്തിനെ
നിയോഗിച്ചിട്ട് സ്വയം രാമനോടു
പടപൊരുതാൻ പുറപ്പെട്ടു.

ദിവ്യം സ്യന്ദനമാരുഹ്യ സർവ്വശസ്ത്രാസ്ത്രസംയുതം
രാമമേവാഭിദുദ്രാവ രാക്ഷസേന്ദ്രോ മഹാബലഃ. 3

സർവ്വശസ്ത്രാസ്ത്രസംയുതം
ദിവ്യം സ്യന്ദനം ആരുഹ്യ
മഹാബലഃ രാക്ഷസേന്ദ്രഃ
രാമം ഏവ അഭിദുദ്രാവ

എല്ലാവിധ ആയുധങ്ങളും അമ്പുകളും
സജ്ജീകരിച്ച ദിവ്യരഥത്തിലേറി
മഹാബലവാൻ രാക്ഷസേന്ദ്രൻ
രാമനുനേരെതന്നെ പാഞ്ഞടുത്തു.

വാനരാൻ ബഹുശോ ഹത്വാ ബാണൈരാശീവിഷോപമൈഃ
പാതയാമാസ സുഗ്രീവപ്രമുഖാൻ യൂഥനായകാൻ. 4

ആശീവിഷോപമൈഃ
ബാണൈഃ ബഹുശഃ വാനരാൻ
ഹത്വാ സുഗ്രീവപ്രമുഖാൻ
യൂഥനായകാൻ പാതയാമാസ

കൊടിയ വിഷത്തോടു കിടപിടിക്കുന്ന
ബാണങ്ങളാൽ നിരവധി വാനരരെ
കൊല്ലുകയും സുഗ്രീവൻ തുടങ്ങിയ
യൂഥനായകന്മാരെ തറപറ്റിക്കുകയും ചെയ്തു.

ഗദാപാണിം മഹാസത്വം തത്ര ദൃഷ്ട്വാ വിഭീഷണം
ഉത്സസർജ്ജ മഹാശക്തിം മയദത്താം വിഭീഷണേ. 5

മഹാസത്വം വിഭീഷണം
ഗദാപാണിം തത്ര
ദൃഷ്ട്വാ (രാവണഃ) മയദത്താം
മഹാശക്തിം വിഭീഷണേ
ഉത്സസർജ്ജ

മഹാശക്തനായ വിഭീഷണൻ
ഗദയും കൈയിലേന്തി അവിടെ
നില്ക്കുന്നതു കണ്ട് (രാവണൻ) മയാസുരൻ
നല്കിയ മഹാശക്തി അവൻെറനേരെ
പ്രയോഗിക്കുകയുണ്ടായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താമാപതന്തീമാലോക്യ വിഭീഷണവിഘാതിനീം
ദത്താഭയോയം രാമേണ വധാർഹോ നായമാസുരഃ. 6

ഇത്യുക്ത്വാ ലക്ഷ്മണോ ഭീമം ചാപമാദായ വീര്യവാൻ
വിഭീഷണസ്യ പുരതഃ സ്ഥിതോഽകമ്പ ഇവാചലഃ. 7

വിഭീഷണവിഘാതിനീം	വിഭീഷണനെ തകർക്കമാറു്
ആപതന്തീം താം ആലോക്യ	പാഞ്ഞുവരുന്ന ആ ശക്തി കണ്ടു്,
രാമേണ ദത്താഭയഃ അയം	'രാമനാൽ അഭയം അരുളപ്പെട്ട ഈ
ആസുരഃ വധാർഹഃ ന	അസുരകുമാരൻ വധാർഹനല്ല'
ഇതി ഉക്ത്വാ വീര്യവാൻ ലക്ഷ്മണഃ	എന്നു പറഞ്ഞുകൊണ്ടു് വീര്യവാൻ
ഭീമം ചാപം ആദായ അകമ്പഃ	ലക്ഷ്മണൻ തന്റെ ഭീമമായ വില്ലുമേന്തി
അചലഃ ഇവ വിഭീഷണസ്യ	ഇളകാത്ത മലയെപ്പോലെ വിഭീഷണന്റെ
പുരതഃ സ്ഥിതഃ	മുമ്പിൽ നിലയുറപ്പിച്ചു.

സാ ശക്തിർലക്ഷ്മണതനും വിവേശാമോഘശക്തിതഃ
യാവന്ത്യഃ ശക്തയോ ലോകേ മായായാഃ സംഭവന്തി ഹി. 8

താസാമാധാരഭൂതസ്യ ലക്ഷ്മണസ്യ മഹാത്മനഃ
മായാശക്ത്യാഭവേത് കിം വാ ശേഷാംശസ്യ ഹരേസ്തനോഃ. 9

അമോഘശക്തിതഃ	വ്യർത്ഥമാവിലാകാത്ത കെൽപ്പുററതാകയാൽ
സാ ശക്തിഃ ലക്ഷ്മണതനും	ആ ശക്തി ലക്ഷ്മണന്റെ ഉടലിലേക്കുതന്നെ
വിവേശ	തുളച്ചുകയറി.
യാവന്ത്യഃ മായായാഃ ശക്തയഃ	(എങ്കിലും) എത്രമാത്രം മായാശക്തികൾ
ലോകേ സംഭവന്തി ഹി	ഈ ലോകത്തിൽ സംഭവിക്കാമോ,
താസാം ആധാരഭൂതസ്യ	അവയെല്ലാക്കെ ആധാരഭൂതനും
ഹരേഃ തനോഃ	വിഷ്ണുവിന്റെ ദേഹഭാഗമായ
ശേഷാംശസ്യ	ആദിശേഷന്റെ അംശാവതാരവുമായ
മഹാത്മനഃ ലക്ഷ്മണസ്യ	ആ മഹാത്മാവിനു്, ലക്ഷ്മണനു്
മായാശക്ത്യാ കിം വാ	(രാവണന്റെ) മായാശക്തിയാൽ എന്തു
ഭവേത്?	(കുഴപ്പം) ഭവിക്കാനാണു്?

തഥാപി മാനുഷം ഭാവമാപന്നസ്തദനുവ്രതഃ
മൂർച്ഛിതഃ പതിതോ ഭൂമൗ തമാദാതും ദശാനനഃ. 10

ഹസ്തൈസ്തോലയിതും ശക്തോ ന ബഭൂവാതിവിസ്മിതഃ
സർവ്വസ്യ ജഗതഃ സാരം വിരാജം പരമേശ്വരം. 11

കഥം ലോകാശ്രയം വിഷ്ണും തോലയേല്ലഘുരാക്ഷസഃ

തഥാപി മാനുഷം ഭാവം	എന്നാലും മാനുഷഭാവം കൈക്കൊണ്ടതി–
ആപന്നഃ തദനുവ്രതഃ	നാൽ അതിനനുസൃതമായി
മൂർച്ഛിതഃ ഭൂമൗ പതിതഃ	മോഹാലസ്യപ്പെട്ടു നിലത്തു വീണു.
തം ആദാതും	അവനെ എടുക്കാൻ (തുനിഞ്ഞെങ്കിലും)
ഹസ്തൈഃ തോലയിതും	കൈകൊണ്ടു പൊക്കിയെടുക്കാൻ
ദശാനനഃ ന ശക്തഃ	രാവണനു കഴിഞ്ഞില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതീവവിസ്മിതഃ ബഭൂവ	(അതിനാൽ രാവണൻ) അതീവവിസ്മിതനായി.
സർവ്വസ്യ ജഗതഃ സാരം വിരാജം പരമേശ്വരം ലോകാശ്രയം വിഷ്ണും ലഘുരാക്ഷസഃ കഥം തോലയേത്	സകല വിശ്വത്തിനും സാരഭൂതനും വിരാട്പുരുഷനും സർവ്വേശ്വരനും ലോകത്തിനാശ്രയവുമായ വിഷ്ണുവിനെ ഒരു നിസ്സാരനായ രാക്ഷസൻ എങ്ങനെ തൂക്കിയെടുക്കും?

ലക്ഷ്മണൻ വിഷ്ണുവിൻെറ അംശാവതാരമാണ്. അതിനാൽ അദ്ദേഹവും സ്വയം വിഷ്ണുതന്നെ. വിഷ്ണുവിനെ പൊക്കിയെടുക്കാൻ ഒരു വെറും രാക്ഷസനു കഴിയുകയില്ലല്ലോ.

ഗ്രഹീതുകാമം സൗമിത്രിം രാവണം വീക്ഷ്യ മാരുതിഃ. 12
ആജഘാനോരസി ക്രുദ്ധോ വജ്രകല്പേന മുഷ്ടിനാ
തേന മുഷ്ടിപ്രഹാരേണ ജാനുഭ്യാമപതത് ഭുവി. 13
ആസ്യൈശ്ച നേത്രശ്രവണൈരുദ്വമൻ രുധിരം ബഹു
നിഘൂർണ്ണമാനനയനോ രഥോപസ്ഥ ഉപാവിശത്. 14

സൗമിത്രിം ഗ്രഹീതുകാമം രാവണം വീക്ഷ്യ ക്രുദ്ധഃ മാരുതിഃ വജ്രകല്പേന മുഷ്ടിനാ ഉരസി ആജഘാന	സൗമിത്രിയെ കൈക്കലാക്കാനൊരുമ്പെട്ടന്ന രാവണനെ കണ്ട ക്രോധംപൂണ്ട മാരുതി വജ്രതുല്യമായ മുഷ്ടികൊണ്ട് അവൻെറ നെഞ്ചിൽ ആഞ്ഞിടിച്ചു.
തേന മുഷ്ടിപ്രഹാരേണ ജാനുഭ്യാം ഭുവി അപതത്	ആ മുഷ്ടിപ്രഹാരമേററതോടെ (രാവണൻ) ഇരുമുട്ടുംകുത്തി നിലംപററി.
ആസ്യൈഃ നേത്രശ്രവണൈഃ ബഹുരുധിരം ഉദ്വമൻ നിഘൂർണ്ണമാനനയനഃ രഥോപസ്ഥേ ഉപാവിശത്	വായ്കളിലും മിഴികളിലും കാതുകളിലും-കൂടെ കുടുകുടെ നിണമൊലിപ്പിച്ചുകൊണ്ട് കണ്ണുചുററി തേർത്തട്ടിലിരുന്നുപോയി.

അഥ ലക്ഷ്മണമാദായ ഹനൂമാൻ രാവണാർദ്ദിതം
ആനയത് രാമസാമീപ്യം ബാഹുഭ്യാം പരിഗൃഹ്യ തം. 15

രാവണാർദ്ദിതം തം ലക്ഷ്മണം ബാഹുഭ്യാം പരിഗൃഹ്യ ആദായ ഹനൂമാൻ രാമസാമീപ്യം ആനയത്	രാവണനാൽ പ്രപീഡിതനായ ആ ലക്ഷ്മണനെ അനന്തരം കരങ്ങളു-കൊണ്ടെടുത്തു് ഹനൂമാൻ രാമന്നരികിലെത്തിച്ചു.

ഹനൂമതഃ സുഹൃത്വേന ഭക്ത്യാ ച പരമേശ്വരഃ
ലഘുത്വമഗമദ്ദേവോ ഗുരൂണാം ഗുരുരപ്യജഃ. 16

പരമേശ്വരഃ അജഃ ദേവഃ ഗുരൂണാം ഗുരുഃ അപി ഹനൂമതഃ ഭക്ത്യാ സുഹൃത്വേന ച ലഘുത്വം അഗമത്	പരമേശ്വരനും അജനുമായ ആ ദേവൻ ഗുരുക്കളിൽ ഗുരുവുമാണെങ്കിലും മാരുതിയുടെ സ്നേഹസൗഹൃദങ്ങളാൽ (സ്വയം) ലാഘവം കൈവരിച്ചു.

ലക്ഷ്മണൻ ആദിശേഷനാണ്, നാരായണാംശജനാണ്. അംശവും അംശിയുംതമ്മിൽ അഭിന്നത്വമുണ്ടല്ലോ. താൻ അവശനായി വീണെന്നതു ശരി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പക്ഷേ; അജനും ഈശ്വരാംശജനുമായ തനിക്കു് മരണം ഭവിക്കാവതല്ല. ധരണിയെ തലയിൽ പേറുന്ന താൻ ഗുരുക്കളിൽ ഗുരുവാണു്. അറിവിലും ഗുരുതന്നെ. (വിഭീഷണന്റെ നല്ലന്ന ഉപദേശം ശ്രദ്ധിക്കുക; സർഗ്ഗം 12.) ഹനുമാനോടുള്ള സൗഹൃദംകൊണ്ടു് താൻ ലാഘവം കൈക്കൊണ്ടു. അല്ലാത്തപക്ഷം ലക്ഷ്മണനെ എടുത്തു പൊക്കാൻ ഹനുമാന്നു സാധിക്കുമായിരുന്നില്ല. രാമനാണു് സൗഹൃദംമൂലം ലക്ഷ്മണന്റെ ഭാരം ഒഴിവാക്കിയതെന്നും പക്ഷമുണ്ടു്.

സാ ശക്തിരപി തം ത്യക്ത്വാ ജ്ഞാത്വാ നാരായണാംശജം
രാവണസ്യ രഥം പ്രാഗാദ്രാവണോപി ശനൈസ്തതഃ. 17

സംജ്ഞാമവാപ്യ ജഗ്രാഹ ബാണാസനമഥോ രുഷാ
രാമമേവാഭിദുദ്രാവ ദൃഷ്ട്വാ രാമോപി തം ക്രുധാ. 18

ആരുഹ്യ ജഗതാം നാഥോ ഹനൂമന്തം മഹാബലം
രഥസ്ഥം രാവണം ദൃഷ്ട്വാഽഭിദുദ്രാവ രാഘവഃ. 19

സാ ശക്തിഃ അപി തം (ലക്ഷ്മണം) നാരായണാംശജം ജ്ഞാത്വാ രാവണസ്യ രഥം പ്രാഗാത്	ആ ശക്തി അവനെ (ലക്ഷ്മണനെ) വിഷ്ണുവിന്റെ അംശജാതനെന്നറിഞ്ഞു് രാവണന്റെ തേരിലേക്കു തിരിച്ചുപോയി.
ശനൈഃ ശനൈഃ സംജ്ഞാം അവാപ്യ രാവണഃ അപി തതഃ ബാണാസനം ജഗ്രാഹ രാമം ഏവ രുഷാ അഭിദുദ്രാവ	മെല്ലെ മെല്ലെ ബോധം പ്രാപിച്ച രാവണൻ പിന്നെ ചാപമെടുത്തു. രാമന്റെനേരെതന്നെ സരോഷം പാഞ്ഞുചെന്നു.
രാമഃ അപി രാവണം ക്രുധാ ദൃഷ്ട്വാ	രാമനാകട്ടെ രാവണനെ ക്രോധത്തോടെ നോക്കി.
തം രഥസ്ഥം ദൃഷ്ട്വാ ജഗതാം നാഥഃ രാഘവഃ മഹാബലം ഹനൂമന്തം ആരുഹ്യ അഭിദുദ്രാവ	അവനെ രഥസ്ഥനായി കണ്ടപ്പോൾ ലോകനാഥൻ രാഘവൻ, മഹാശക്തനായ മാരുതിയുടെ തോളിലേ- റിയാണു് പാഞ്ഞടുത്തതു്.

ജ്യാശബ്ദമകരോത്തീവ്രം വജ്രനിഷ്പേഷനിഷ്ഠുരം
രാമോ ഗംഭീരയാ വാചാ രാക്ഷസേന്ദ്രമുവാച ഹ. 20

വജ്രനിഷ്പേഷനിഷ്ഠുരം തീവ്രം ജ്യാശബ്ദം അകരോത്	ഇടിവെട്ടൽപോലെ ഘോരവും തീവ്രവുമായ ഞാണൊലിയിട്ടു.
ഗംഭീരയാ വാചാ രാമഃ രാക്ഷസേന്ദ്രം ഉവാച ഹ	ഗംഭീരമായ വാക്കുകളിൽ രാമൻ രാക്ഷസാധിപനോടു പറഞ്ഞു:

രാക്ഷസാധമ തിഷ്ഠാദ്യ ക്വ ഗമിഷ്യസി മേ പുരഃ
കൃത്വാപരാധമേവം മേ സദ്വൃത്ത സമദർശിനഃ. 21

രാക്ഷസാധമ, പുരഃ തിഷ്ഠ സദ്വൃത്ത സമദർശിനഃ മമ ഏവം അപരാധം കൃത്വാ അദ്യ ക്വ ഗമിഷ്യസി	രാക്ഷസാധമ, മുന്നിൽ നില്ക്കുക. എങ്ങും സമദൃഷ്ടി പുലർത്തുന്ന എന്നോടു് ഇത്തരം അപരാധം ചെയ്തിട്ടു് ഇപ്പോൾ നീയെങ്ങോട്ടു പോകയാണു്?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേന ബാണേന നിഹതാ രാക്ഷസാസ്തേ ജനാലയേ
തേനൈവ ത്വാം ഹനിഷ്യാമി തിഷ്ഠാദ്യ മമ ഗോചരേ. 22

ജനാലയേ തേ രാക്ഷസാഃ	ജനസ്ഥാനത്തുവച്ച് നിന്റെ രാക്ഷസരെ
യേന ബാണേന നിഹതാഃ	ഏതു ബാണങ്ങൾ വധിച്ചുവോ,
തേന ഏവ ത്വാം	അതിനാൽത്തന്നെ നിന്നെയും
ഹനിഷ്യാമി	കൊല്ലുന്നുണ്ട്.
അദ്യ മമ ഗോചരേ തിഷ്ഠ	ഇപ്പോഴും എന്റെ മുമ്പിൽ നില്ക്കുക.

ശ്രീരാമസ്യ വചഃ ശ്രുത്വാ രാവണോ മാരുതാത്മജം
വഹന്തം രാഘവം സംഖ്യേ ശരൈസ്തീക്ഷ്ണൈരതാഡയത്.

ശ്രീരാമസ്യ വചഃ ശ്രുത്വാ	ശ്രീരാമന്റെ വചനം ശ്രവിച്ചപ്പോൾ
രാവണഃ സംഖ്യേ രാഘവം	രാവണൻ, യുദ്ധത്തിൽ രാമനെ
വഹന്തം മാരുതാത്മജം	ചുമലിൽ വഹിച്ചിരുന്ന
തീക്ഷ്ണൈഃ ശരൈഃ	മാരുതിയുടെനേരെ കൂരമ്പു
അതാഡയത്	ചൊരിഞ്ഞുതുടങ്ങി.

ഹതസ്യാപി ശരൈസ്തീക്ഷ്ണൈർവ്വായുസൂനോഃ സ്വതേജസാ
വ്യവർദ്ധത പുനസ്തേജോ നനർദ്ദ ച മഹാകപിഃ. 24

തീക്ഷ്ണൈഃ ശരൈഃ	മൂർച്ചയേറിയ അമ്പുകളാൽ
ഹതസ്യ അപി വായുസൂനോഃ	മുറിവേററുവെങ്കിലും മാരുതിയുടെ
തേജഃ സ്വതേജസാ	തേജസ്സ് ആത്മതേജസ്സാൽ
പുനഃ വ്യവർദ്ധത	തുലോം വർദ്ധിച്ചു.
മഹാകപിഃ നനർദ്ദ ച	ആ മഹാകപി (ഭീകരമാംവിധം) അലറി.

തതോ ദൃഷ്ട്വാ ഹനൂമന്തം സവ്രണം രഘുസത്തമഃ
ക്രോധമാഹാരയാമാസ കാലരുദ്ര ഇവാപരഃ. 25

ഹനൂമന്തം സവ്രണം ദൃഷ്ട്വാ തതഃ	മാരുതിയെ മുറിവേററവനായി കണ്ടതോടെ
രഘുസത്തമഃ	രഘൂത്തമൻ,
അപരഃ കാലരുദ്രഃ ഇവ	മറെറാരു സംഹാരരുദ്രനെപ്പോലെ
ക്രോധം ആഹാരയാമാസ	ക്രോധം കൈക്കൊണ്ടു.

സാശ്വം രഥം ധ്വജം സൂതം ശസ്ത്രൗഘം ധനുരഞ്ജസാ
ഛത്രം പതാകാം തരസാ ചിച്ഛേദ ശിതസായകൈഃ. 26

സാശ്വം രഥം	കുതിരയോടൊപ്പം തേര്,
ധ്വജം സൂതം ശസ്ത്രൗഘം	കൊടിമരം, തേരാളി, ആയുധക്കൂട്ടം,
ധനുഃ ഛത്രം പതാകാം	വില്ല്, കുട, പതാക (എന്നിവയെല്ലാം)
ശിതസായകൈഃ	തീക്ഷ്ണശരങ്ങളാൽ
അഞ്ജസാ തരസാ ചിച്ഛേദ	ഉടനടി, സത്വരം മുറിച്ചുവീഴ്ത്തി.

തതോ മഹാശരേണാശു രാവണം രഘുസത്തമഃ
വിവ്യാധ വജ്രകല്പേന പാകാരിരിവ പർവ്വതം. 27

തതഃ രഘുസത്തമഃ	അനന്തരം രഘുവരൻ,
വജ്രകല്പേന മഹാശരേണ	വജ്രസദൃശമായ ഒരു മഹാശരത്താൽ,
പാകാരിഃ പർവ്വതം ഇവ	ഇന്ദ്രൻ ഗിരിയെ എന്നപോലെ
രാവണം ആശു വിവ്യാധ	രാവണനെ പെട്ടെന്നു മുറിപ്പെടുത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമബാണഹതോ വീരശ്ചചാല ച മുമോഹ ച
ഹസ്താന്നിപതിതശ്ചാപസ്തം സമീക്ഷ്യ രഘൂത്തമഃ. 28

അർദ്ധചന്ദ്രേണ ചിച്ഛേദ തത്കിരീടം രവിപ്രഭം
അനുജാനാമി ഗച്ഛ ത്വമിദാനീം ബാണപീഡിതഃ. 29

പ്രവിശ്യ ലങ്കാമാശ്വാസ്യ ശ്വഃ പശ്യസി ബലം മമ

രാമബാണഹതഃ വീരഃ	രാമബാണത്താൽ ആഹതനായ ആ വീരൻ
ചചാല ച മുമോഹ ച	ഇളകി; മോഹാലസ്യപ്പെട്ടു.
ഹസ്താത് ചാപഃ നിപതിതഃ	കൈയിൽനിന്നു വില്ലു വീണുപോയി.
തം സമീക്ഷ്യ	അവനെ സൂക്ഷ്മതയോടെ നോക്കിയിട്ട്
രഘൂത്തമഃ രവിപ്രഭം	രഘൂത്തമൻ കതിരവപ്രഭയാർന്ന
തത്കിരീടം അർദ്ധചന്ദ്രേണ	അവന്റെ കിരീടം അർദ്ധചന്ദ്രശരത്താൽ
ചിച്ഛേദ	തകർത്തു (പറഞ്ഞു):
ബാണപീഡിതഃ ത്വം	ശരശകലിതനായ നിനക്കിപ്പോൾ
ഇദാനീം ഗച്ഛ അനുജാനാമി	പോകാം; ഞാനനുവദിച്ചിരിക്കുന്നു.
ലങ്കാം പ്രവിശ്യ ആശ്വാസ്യ	ലങ്കയിൽ ചെന്നാശ്വസിച്ച്
ശ്വഃ മമ ബലം പശ്യസി	നാളെ (വന്ന്) എന്റെ ബലം കണ്ടുകൊ-ള്ളുക.

രാമബാണേന സംവിദ്ധോ ഹതദർപ്പോഽഥ രാവണഃ. 30

മഹത്യാ ലജ്ജയാ യുക്തോ ലങ്കാം പ്രാവിശദാതുരഃ
രാമോഽപി ലക്ഷ്മണം ദൃഷ്ട്വാ മൂർച്ഛിതം പതിതം ഭുവി. 31

മാനുഷത്വമുപാശ്രിത്യ ലീലയാഽനുശുശോച ഹ

രാമബാണേന സംവിദ്ധഃ	രാമബാണമേറ്റു് ശകലിതനും
ഹതദർപ്പഃ രാവണഃ	അഭിമാനമററവനുമായ രാവണൻ
ആതുരഃ മഹത്യാ ലജ്ജയാ യുക്തഃ	ശോകാതുരനും തികച്ചും ലജ്ജിതനുമായി
അഥ ലങ്കാം പ്രാവിശത്	പിന്നീട് ലങ്കയിലേക്കു പോയി.
മൂർച്ഛിതം ഭുവിപതിതം	മൂർച്ഛിച്ചു നിലത്തുവീണ
ലക്ഷ്മണം ദൃഷ്ട്വാ രാമഃ അപി	ലക്ഷ്മണനെ കണ്ടു് രാമൻ
മാനുഷത്വം ഉപാശ്രിത്യ	മാനവഭാവം കൈക്കൊണ്ടു്
ലീലയാ അനുശുശോച ഹ	ലീലയാലനുശോചിച്ചു!

തതഃ പ്രാഹ ഹനൂമന്തം വത്സ ജീവയ ലക്ഷ്മണം. 32

മഹൗഷധീഃ സമാനീയ പൂർവ്വവദ് വാനരാനപി
തഥേതി രാഘവേണോക്തോ ജഗാമാശു മഹാകപിഃ. 33

ഹനൂമാൻ വായുവേഗേന ക്ഷണാത്തീർത്ത്വാ മഹോദധിം.

തതഃ ഹനൂമന്തം പ്രാഹ	പിന്നെ അദ്ദേഹം മാരുതിയോടു് അരുളി:
വത്സ, മഹൗഷധീഃ	കുഞ്ഞേ, മികച്ച ഔഷധികൾ
സമാനീയ പൂർവ്വവത്	കൊണ്ടുവന്നു് മുമ്പത്തെപ്പോലെ,
ലക്ഷ്മണം വാനരാൻ അപി	ലക്ഷ്മണനേയും വാനരരേയും
ജീവയ	ജീവിപ്പിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവേണ ഉക്തഃ	രാഘവനാൽ നിർദ്ദേശിക്കപ്പെട്ട
മഹാകപിഃ ഹനുമാൻ	മഹാകപി മാരുതി
തഥാ ഇതി വായുവേഗേന	'അങ്ങനെ' എന്നു പറഞ്ഞ് വായുവേഗ-
ക്ഷണാത് മഹോദധിം	ത്തിൽ, ക്ഷണംകൊണ്ട് മഹാസാഗരം
തീർത്ത്വാ ആശു ജഗാമ	കടന്ന് ശീഘ്രം പോയി.

ഏതസ്മിന്നന്തരേ ചാരാഃ രാവണായ ന്യവേദയൻ. 34

രാമേണ പ്രേഷിതോ ദേവ ഹനുമാൻ ക്ഷീരസാഗരം
ഗതോ നേതും ലക്ഷ്മണസ്യ ജീവനാർത്ഥം മഹൌഷധീഃ. 35

ഏതസ്മിൻ അന്തരേ ചാരാഃ	ഇതിനിടയ്ക്ക്, ചാരന്മാർ
രാവണായ ന്യവേദയൻ	രാവണനെ അറിയിച്ചു:
ദേവ ലക്ഷ്മണസ്യ ജീവനാർത്ഥം	ദേവ, ലക്ഷ്മണനെ ജീവിപ്പിക്കാനായി
മഹൌഷധീഃ ആനേതും	മഹൌഷധികൾ കൊണ്ടുവരാൻ
രാമേണ ക്ഷീരസാഗരം പ്രേഷിതഃ	രാമനാൽ പാലാഴിയിലേക്കയയ്ക്കപ്പെട്ട
ഹനുമാൻ ഗതഃ	മാരുതി യാത്രയായിട്ടുണ്ട്.

ശ്രുത്വാ തച്ചാരവചനം രാജാ ചിന്താപരോഽഭവത്
ജഗാമ രാത്രാവേകാകീ കാലനേമിഗൃഹം ക്ഷണാത്. 36

തത് ചാരവചനം ശ്രുത്വാ	ആ ചാരവചനം കേട്ട്
രാജാ ചിന്താപരഃ അഭവത്	രാവണൻ ചിന്താപരനായി ഭവിച്ചു.
രാത്രൗ ഏകാകീ ക്ഷണാത്	രാത്രിയിലൊററയ്ക്ക് (നടന്ന്) ക്ഷണ-
കാലനേമിഗൃഹം ജഗാമ	ത്തിൽ കാലനേമിയുടെ ഭവനത്തിലെത്തി.

ഗൃഹാഗതം സമാലോക്യ രാവണം വിസ്മയാന്വിതഃ
കാലനേമിരുവാചേദം പ്രാഞ്ജലിർഭയവിഹ്വലഃ
അർഘ്യാദികം തതഃ കൃത്വാ രാവണസ്യാഗ്രതഃ സ്ഥിതഃ. 37

രാവണം ഗൃഹാഗതം	രാവണൻ വീട്ടിൽ വന്നതു
സമാലോക്യ വിസ്മയാന്വിതഃ	കണ്ട് ആശ്ചര്യംപൂണ്ട
ഭയവിഹ്വലഃ കാലനേമിഃ	പേടിച്ചരണ്ട കാലനേമി
പ്രാഞ്ജലിഃ ഇദം ഉവാച	തൊഴുകൈയോടെ ഇങ്ങനെ ചോദിച്ചു:
തതഃ അർഘ്യാദികം കൃത്വാ	പിന്നെ അർഘ്യാദികളനുഷ്ഠിച്ച്
രാവണസ്യ അഗ്രതഃ സ്ഥിതഃ	രാവണൻെറ മുമ്പിൽ വന്നു നിന്നു.

കിം തേ കരോമി രാജേന്ദ്ര, കിമാഗമനകാരണം
കാലനേമിമുവാചേദം രാവണോ ദുഃഖപീഡിതഃ. 38

മമാപി കാലവശതഃ കഷ്ടമേതദുപസ്ഥിതം
മയാ ശക്ത്യാ ഹതോ വീരോ ലക്ഷ്മണഃ പതിതോ ഭുവി. 39

തം ജീവയിതുമാനേതുമോഷധീർഹനുമാൻ ഗതഃ
യഥാ തസ്യ ഭവേദ്വിഘ്നം തഥാ കുരു മഹാമതേ. 40

രാജേന്ദ്ര,	രാജേന്ദ്ര,
തേ കിം കരോമി	അങ്ങേയ്ക്കു ഞാനെന്താണു ചെയ്യേണ്ടതു്?
ആഗമനകാരണം കിം	വന്നതിൻെറ കാരണമെന്തു്?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖപീഡിതഃ രാവണഃ	ശോകാകുലനായ രാവണൻ
കാലനേമിം ഇദം ഉവാച	കാലനേമിയെ അറിയിച്ചു:
കാലവശതഃ മമ അപി	കാലക്കേടുകൊണ്ടു് എനിക്കും
ഏതത് കഷ്ടം ഉപസ്ഥിതം	ഇത്ര കഷ്ടപ്പാടണഞ്ഞിരിക്കുന്നു.
മയാ ശക്ത്യാ ഹതഃ	എന്റെ ശക്തിയാൽ ആഹതനായ
വീരഃ ലക്ഷ്മണഃ	വീരലക്ഷ്മണൻ
ഭുവി പതിതഃ	നിലത്തു വീണിരിക്കയാണു്.
തം ജീവയിതും	അവനെ ജീവിപ്പിക്കാനുള്ള
ഓഷധീഃ ആനേതും	ഓഷധികൾ കൊണ്ടുവരാൻ
ഹനുമാൻ ഗതഃ	ഹനുമാൻ പോയിരിക്കുന്നു.
മഹാമതേ, തസ്യ യഥാ	മഹാമതേ, അവനു് എങ്ങനെ
വിഘ്നം ഭവേത്	തടസ്സമുണ്ടാകുമോ
തഥാ കുരു	അങ്ങനെ ചെയ്യണം.

മായയാ മുനിവേഷേണ മോഹയസ്വ മഹാകപിം.
കാലാത്യയോ യഥാ ഭൂയാത്തഥാ കൃത്വൈഹി മന്ദിരേ 41

മായയാ മുനിവേഷേണ	മായയാൽ മുനിവേഷംപൂണ്ടു്
മഹാകപിം മോഹയസ്വ	മഹാകപിയെ മോഹിപ്പിക്കുക.
യഥാ കാലാത്യയഃ	എങ്ങനെയായാൽ കാലതാമസ—
ഭൂയാത് തഥാ കൃത്വാ	മുണ്ടാകുമോ അങ്ങനെ ചെയ്തു്
മന്ദിരേ ഏഹി	വീട്ടിലേക്കു പോരിക.

രാവണസ്യ വചഃ ശ്രുത്വാ കാലനേമിരുവാച തം
രാവണേശ വചോ മേഽദ്യ ശൃണു ധാരയ തത്ത്വതഃ. 42

രാവണസ്യ വചഃ ശ്രുത്വാ	രാവണന്റെ വചനം കേട്ടപ്പോൾ
കാലനേമിഃ തം ഉവാച	കാലനേമി അവനോടു പറഞ്ഞു:
ഈശ രാവണ അദ്യ	മഹാരാജാവേ, രാവണ, ഇപ്പോൾ
മേ വചഃ ശൃണു	ഞാൻ പറയുന്നതു കേൾക്കുക.
തത്ത്വതഃ ധാരയ	പരമാർത്ഥമായി സ്വീകരിക്കുക.

പ്രിയം തേ കരവാണ്യേവ ന പ്രാണാൻ ധാരയാമ്യഹം
മാരീചസ്യ യഥാരണ്യേ പുരാഽഭൂൻ മൃഗരൂപിണഃ. 43

തഥൈവ മേ ന സന്ദേഹോ ഭവിഷ്യതി ദശാനന,
ഹതാഃ പുത്രാശ്ച പൗത്രാശ്ച ബാന്ധവാഃ രാക്ഷസാശ്ച തേ. 44

ഘാതയിത്വാസുരകുലം ജീവിതേനാപി കിം തവ,
രാജ്യേന വാ സീതയാ വാ കിം ദേഹേന ജഡാത്മനാ. 45

സീതാം പ്രയച്ഛ രാമായ രാജ്യം ദേഹി വിഭീഷണേ
വനം യാഹി മഹാബാഹോ, രമ്യം മുനിഗണാശ്രയം. 46

തേ പ്രിയം	നിനക്കു പ്രിയമായതു
കരവാണി ഏവ	ഞാൻ തീർച്ചയായും ചെയ്യാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം പ്രാണാൻ ന ധാരയാമി	(പക്ഷേ, പിന്നെ) ഞാൻ ജീവിക്കയില്ല.
പുരാ അരണ്യേ മൃഗരൂപിണഃ	പണ്ടു കാട്ടിൽ മാൻവേഷംപൂണ്ട
മാരീചസ്യ യഥാ അഭൂത്	മാരീചന് എന്തു സംഭവിച്ചുവോ,
തഥാ ഏവ മേ ഭവിഷ്യതി	അതുതന്നെ എനിക്കും ഭവിക്കും;
ന സന്ദേഹഃ	സംശയമില്ല.
ദശാനന തേ പുത്രാഃ പൗത്രാഃ	രാവണ, നിന്റെ പുത്രരും പൗത്രരും
ബാന്ധവാഃ ച രാക്ഷസാഃ ഹതാഃ	ബന്ധുക്കളുമായ രാക്ഷസർ കൊല്ലപ്പെട്ടു.
അസുരകുലം ഘാതയിത്വാ	അസുരവംശം നശിപ്പിച്ചിട്ട്
തവ ജീവിതേന അപി	നിന്റെ ജീവിതംകൊണ്ടോ,
രാജ്യേന വാ സീതയാ വാ	രാജ്യംകൊണ്ടോ, സീതയാലോ,
ജഡാത്മനാ ദേഹേന	ജഡമായ ദേഹത്താലോ
വാ കിം	എന്ത് (ഫലമാണു നേടുക)?
സീതാം രാമായ പ്രയച്ഛ	സീതയെ രാമനു നല്കുക;
രാജ്യം വിഭീഷണേ ദേഹി	രാജ്യം വിഭീഷണനും കൊടുക്കുക.
മഹാബാഹോ	മഹാബാഹോ, (അനന്തരം)
മുനിഗണാശ്രയം	മുനിമാർക്കാശ്രയമായ
രമ്യം വനം യാഹി	രമ്യകാനനം പൂകുക.

സ്നാത്വാ പ്രാതഃ ശുഭജലേ കൃത്വാ സന്ധ്യാദികാഃ ക്രിയാഃ
തത ഏകാന്തമാശ്രിത്യ സുഖാസനപരിഗ്രഹഃ. 47

വിസൃജ്യ സർവ്വതഃ സംഗമിതരാൻ വിഷയാൻ ബഹിഃ
ബഹിഃപ്രവൃത്താക്ഷഗണം ശനൈഃ പ്രത്യക് പ്രവാഹയ. 48

പ്രകൃതേർഭിന്നമാത്മാനം വിചാരയ സദാനഘ,
ചരാചരം ജഗത് കൃത്സ്നം ദേഹബുദ്ധീന്ദ്രിയാദികം. 49

ആബ്രഹ്മസ്തംബപര്യന്തം ദൃശ്യതേ ശ്രൂയതേ ച യത്
സൈഷാ പ്രകൃതിരിത്യുക്താ സൈവ മായേതി കീർത്തിതാ. 50

സർഗ്ഗസ്ഥിതിവിനാശാനാം ജഗദ്വൃക്ഷസ്യ കാരണം
ലോഹിതശ്വേതകൃഷ്ണാദി പ്രജാഃ സൃജതി സർവ്വദാ. 51

പ്രാതഃ ശുഭജലേ, സ്നാത്വാ	പ്രഭാതത്തിൽ ശുദ്ധജലത്തിൽ കുളിച്ച്
സന്ധ്യാദികാഃ ക്രിയാഃ കൃത്വാ	സന്ധ്യാവന്ദനാദികർമ്മങ്ങൾ ചെയ്യുകയും
തതഃ ഏകാന്തം ആശ്രിത്യ	പിന്നീടേകാന്തതയെ ആശ്രയിച്ച്
സുഖാസന പരിഗ്രഹഃ (ഭവ)	സുഖമായൊരു ആസനത്തിലിരിക്കയും—വേണം.
സർവ്വതഃ സംഗം വിസൃജ്യ	സകലതിൽനിന്നും സംഗം വിട്ട്,
ഇതരാൻ വിഷയാൻ	ഇതരവിഷയങ്ങളെ
ബഹിഃ (വിസൃജ്യ) ബഹിഃ	ബഹിഷ്കരിച്ച്, ബാഹ്യവസ്തുക്കളിൽ
പ്രവൃത്താക്ഷഗണം	പ്രവർത്തിക്കുന്ന ഇന്ദ്രിയസമൂഹത്തെ
ശനൈഃ പ്രത്യക്	സാവധാനം ആത്മാവിലേക്കു
പ്രവാഹയ	പ്രവഹിപ്പിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനഘ പ്രകൃതേഃ	ഹേ പരിശുദ്ധ, പ്രകൃതിയിൽനിന്നു
ഭിന്നം ആത്മാനം സദാ	ഭിന്നമാണ് ആത്മാവെന്നു് സദാ
വിചാരയ	വിഭാവനംചെയ്തുകൊള്ളണം.
ദേഹബുദ്ധീന്ദ്രിയാദികം	ദേഹം, ബുദ്ധി, ഇന്ദ്രിയങ്ങൾ തുടങ്ങി
ആബ്രഹ്മസ്തംബപര്യന്തം	ബ്രഹ്മാദിസ്തംബപര്യന്തം
ചരാചരം ജഗത് കൃത്സ്നം	ചരാചരജഗത്തിലാകെ
യത് ദൃശ്യതേ ശ്രൂയതേ ച	എന്തൊക്കെ കാണുകയും കേൾക്കുകയും
സാ ഏഷാ	ചെയ്യുന്നുവോ അതാണു്
പ്രകൃതിഃ ഇതി ഉക്താ	പ്രകൃതിയെന്നു പറയപ്പെടുന്നതു്.
സാ ഏവ മായാ ഇതി	അതുതന്നെ മായയെന്നും
കീർത്തിതാ	കീർത്തിക്കപ്പെടുന്നു.
സർഗ്ഗസ്ഥിതിവിനാശാനാം	സൃഷ്ടിസ്ഥിതിവിനാശങ്ങൾക്കും
ജഗദ്വൃക്ഷസ്യ	ജഗത്താകുന്ന വൃക്ഷത്തിനും
കാരണം സാ	കാരണം ആ (പ്രകൃതിയാണു്).
സാ സർവ്വദാ	അവൾ നിരന്തരം
ലോഹിതശ്വേതകൃഷ്ണാദി	ചുവന്നതും, വെളുത്തതും, കറുത്തതുമായ
പ്രജാഃ സൃജതി	പ്രജകളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

നിറങ്ങൾക്കാധാരം സത്വാദിഗുണങ്ങൾതന്നെ. ശോണിമ രജോഗുണത്തെയും വെണ്മ സാത്വികതയെയും കാളിമ താമസഗുണത്തെയും പ്രതീകാത്മകമായി വ്യഞ്ജിപ്പിക്കുന്നു.

കാമക്രോധാദിപുത്രാദ്യാൻ ഹിംസാതൃഷ്ണാദികന്യകാഃ
മോഹയത്യനിശം ദേവമാത്മാനം സ്വഗുണൈർവിഭും. 52

കാമക്രോധാദിപുത്രാദ്യാൻ	കാമക്രോധാദിപുത്രന്മാരെയും
ഹിംസാതൃഷ്ണാദികന്യകാഃ	ഹിംസ, തൃഷ്ണ തുടങ്ങിയ പുത്രിമാരെയും
(മായാ സൃജതി)	(പ്രകൃതി—മായ സൃഷ്ടിക്കുന്നു).
സ്വൈഃ ഗുണൈഃ	തന്റെ ഗുണങ്ങളാൽ
വിഭും ദേവം ആത്മാനം	വിഭുവും ദേവനുമായ ആത്മാവിനെ
അനിശം മോഹയതി	എപ്പോഴും മോഹിപ്പിക്കയും ചെയ്യും.

മായയുടെ പ്രഭാവത്തിനു് അതിരില്ല. കാമക്രോധാദികൾ അവളുടെ പുത്രന്മാരും ഹിംസാതൃഷ്ണാദികൾ പുത്രിമാരുമാണു്. ആത്മാവു് സ്വഭാവേന പ്രകാശയുക്തവും ആനന്ദസ്വരൂപവുമാണെങ്കിലും പ്രകൃതി അതിനെ തന്റെ ഗുണങ്ങളാൽ മോഹഗ്രസ്തമാക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടേയിരിക്കും.

കർതൃത്വഭോക്തൃത്വമുഖാൻ സ്വഗുണാനാത്മനീശ്വരേ
ആരോപ്യ സ്വവശം കൃത്വാ തേന ക്രീഡതി സർവ്വദാ. 53

കർതൃത്വഭോക്തൃത്വമുഖാൻ	കർത്തൃത്വം, ഭോക്തൃത്വം തുടങ്ങിയ
സ്വഗുണാൻ ഈശ്വരേ	സ്വഗുണങ്ങളെ ഈശ്വരനായ
ആത്മനി ആരോപ്യ	ആത്മാവിൽ ആരോപിച്ചു്
സ്വവശം കൃത്വാ	(മായ അതിനെ) തന്റെ വശത്താക്കുകയും
തേന സർവ്വദാ ക്രീഡതി	അതുമായി സദാ കളിയാടുകയുംചെയ്യുന്നു.

പ്രവൃത്തിചെയ്യുന്നു, ഫലംപേറുന്നു എന്നൊന്നും ആത്മാവിനെപ്പററി വ്യവഹരിക്കാൻ പാടില്ല. അതെല്ലാം പ്രകൃതിയുടെ വ്യാപാരങ്ങൾ മാത്രം. ആത്മാവു് വിശുദ്ധമായ ചൈതന്യമായി വിരാജിക്കുകയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുദ്ധോപ്യാത്മാ യയാ യുക്തഃ പശ്യതീവ സദാ ബഹിഃ
വിസ്മൃത്യ ച സ്വമാത്മാനം മായാഗുണവിമോഹിതഃ. 54

യയാ യുക്തഃ ആത്മാ	മായയോടു ചേർന്ന ആത്മാവ്
ശുദ്ധഃ അപി	സ്വയം ശുദ്ധനെങ്കിലും,
മായാഗുണവിമോഹിതഃ	മായാഗുണങ്ങളിൽ മോഹിതനാകയാൽ
സ്വം ആത്മാനം വിസ്മൃത്യ	സ്വന്തഭാവം വിസ്മരിച്ച്
സദാ ബഹിഃ	എപ്പോഴും ബഹിർമ്മുഖനെപ്പോലെ
പശ്യതി ഇവ	(വർത്തിക്കുന്നു).

മായയുടെ ഗുണങ്ങളാൽ ബദ്ധനാകയാലാണ് ആത്മാവ് സ്വന്തം ആനന്ദാത്മകത്വം വിസ്മരിച്ച് വിഷയാസക്തനായിത്തീരുന്നത്.

യദാ സദ്ഗുരുണാ യുക്തോ ബോധ്യതേ ബോധരൂപിണാ
നിവൃത്തദൃഷ്ടിരാത്മാനം പശ്യത്യേവ സദാ സ്ഫുടം. 55

യദാ ബോധരൂപിണാ	എപ്പോൾ ബോധരൂപിയായ
സദ്ഗുരുണാ യുക്തഃ	സദ്ഗുരുവിനോടുള്ള സമ്പർക്കത്താൽ
ബോധ്യതേ തദാ	തത്ത്വബോധം ലബ്ധമാകുന്നുവോ അപ്പോൾ
നിവൃത്തദൃഷ്ടിഃ ആത്മാനം	അന്തർദൃഷ്ടിയായി ആത്മാവിനെ
സദാ സ്ഫുടം പശ്യതി ഏവ	സദാ സ്ഫുടം ദർശിക്കയുംചെയ്യും.

സദ്ഗുരു അറിവിന്നുറവിടം മാത്രമല്ല, സ്വയം അറിവുതന്നെ. സദ്ഗുരുവിന്റെ സാന്നിദ്ധ്യത്താൽ സാധകന്റെ ബഹിർമ്മുഖവൃത്തി തടയപ്പെടുകയും അന്തർമ്മുഖവൃത്തി ഉണരുകയുംചെയ്യുന്നു. അന്തർദൃഷ്ടിക്കു മാത്രമേ ആത്മസ്വരൂപം സ്ഫുടമായി ദർശിക്കാനാവൂ.

ജീവന്മുക്തഃ സദാ ദേഹീ മുച്യതേ പ്രാകൃതൈർഗ്ഗുണൈഃ
ത്വമപ്യേവം സദാത്മാനം വിചാര്യ നിയതേന്ദ്രിയഃ. 56

പ്രകൃതേരന്യമാത്മാനം ജ്ഞാത്വാ മുക്തോ ഭവിഷ്യസി
ധ്യാതും യദ്യസമർത്ഥോഽസി സഗുണം ദേവമാശ്രയ. 57

ജീവന്മുക്തഃ ദേഹീ	ജീവന്മുക്തനായ വ്യക്തി
പ്രാകൃതൈഃ ഗുണൈഃ	പ്രകൃതിയുടെ ഗുണങ്ങളിൽനിന്ന്
സദാ മുച്യതേ	എന്നെന്നേക്കുമായി വിടുതൽ നേടുന്നു.
നിയതേന്ദ്രിയഃ ത്വം അപി	ജിതേന്ദ്രിയനായ നീനാകും
ആത്മാനം സദാ വിചാര്യ	ആത്മാവിനെ അനുസ്യൂതം ധ്യാനിച്ച്,
പ്രകൃതേഃ അന്യം ആത്മാനം	പ്രകൃതിക്ക് അതീതനായ ആത്മാവിനെ
ജ്ഞാത്വാ മുക്തഃ ഭവിഷ്യസി	അറിഞ്ഞ്, മുക്തനായിത്തീരാം.
യദി ധ്യാതും	(മേൽപ്പറഞ്ഞവിധം) ധ്യാനിപ്പാൻ
അസമർത്ഥഃ അസി	നീ സമർത്ഥനല്ലെങ്കിൽ
സഗുണം ദേവം ആശ്രയ	സഗുണനായ ഈശ്വരനെ ആശ്രയിക്കുക.

ഹൃത്പത്മകർണ്ണികേ സ്വർണ്ണപീഠേ മണിഗണാന്വിതേ
മൃദുശ്ലക്ഷ്ണതരേ തത്ര ജാനക്യാ സഹ സംസ്ഥിതം. 58

വീരാസനം വിശാലാക്ഷം വിദ്യുത്പുഞ്ജനിഭാംബരം
കിരീടഹാരകേയൂരകൗസ്തുഭാദിഭിരന്വിതം. 59

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൂപുരൈഃ കടകൈർഭാന്തം തഥൈവ വനമാലയാ
ലക്ഷ്മണേന ധനുർബാണപാണിനാ പരിസേവിതം. 60

ഏവം ധ്യാത്വാ സദാത്മാനം രാമം സർവ്വഹൃദിസ്ഥിതം
ഭക്ത്യാ പരമയാ യുക്തോ മുച്യതേ നാത്രസംശയഃ. 61

മണിഗണാന്വിതേ മുദ്ഗലക്ഷ്ണ–	മണിഗണം പതിച്ച, മൃദുലതയും
തരേ സ്വർണ്ണപീഠേ	മിനുസവുമേറിയ, കനകാസനത്തിൽ
തത്ര ജാനക്യാസഹ വീരാസനം	ജാനകിയോടൊത്ത് വീരാസനനായി
സംസ്ഥിതം വിശാലാക്ഷം	വിരാജിപ്പവൻ, വിശാലാക്ഷൻ,
വിദ്യുത്പുഞ്ജനിഭാംബരം	മിന്നൽനിരയോട് കിടനില്ക്കും തുകിലണി-
കിരീടഹാരകേയൂരകൗസ്തുഭാദിഭിഃ	ഞ്ഞവൻ, കിരീടഹാരകേയൂരകൗസ്തുഭാദി
അന്വിതം	ധരിച്ചവൻ,
നൂപുരൈഃ കടകൈഃ വനമാലയാ പ	നൂപുരകടകങ്ങളാലും വനമാലയാലും
ഭാന്തം ധനുർബാണപാണിനാ	പരിശോഭിതൻ, ഇരുകൈയിലും വില്ലേ-
ലക്ഷ്മണേന പരിസേവിതം	ന്തിയ സൗമിത്രിയാൽ പരിസേവിതൻ,
തഥാ ഏവ സർവ്വഹൃദിസ്ഥിതം	അതുപോലെതന്നെ സർവ്വാന്തര്യാമിയായ
ആത്മാനം ഏവം (ഭൂതം)	പരമാത്മാവ് ഇങ്ങനെയെല്ലാമായ
രാമം പരമയാ ഭക്ത്യാ	രാമനെ പരമമായ ഭക്തിയോടെ
ഹൃത്പത്മകർണ്ണികേ	മനതാരിന്മദ്ധ്യത്തിൽ
ധ്യാത്വാ മുച്യതേ	നിനച്ചും മുക്തിനേടാം.
അത്ര സംശയഃ ന	ഇതിൽ സംശയം വേണ്ട.

നിർഗ്ഗുണബ്രഹ്മത്തെ ഉപാസിക്കാൻതക്ക പരിപാകം ലഭിച്ചിട്ടില്ലാത്തവർക്ക് സഗുണോപാസനയാണ് സുഗമം. സഗുണോപാസനയ്ക്ക് ഉതകുന്ന ഭഗവത്സ്വരൂപമാണ് മേൽ വിവരിച്ചത്.

ശൃണു വൈ ചരിതം തസ്യ ഭക്തൈർനിത്യമനന്യധീഃ
ഏവം ചേത് കൃതപൂർവ്വാണി പാപാനി ച മഹാന്ത്യപി
ക്ഷണാദേവ വിനശ്യന്തി യഥാഗ്നേസ്തൂലരാശയഃ. 62

ഭക്തൈഃ തസ്യ	ഭക്തരോടൊത്ത് അദ്ദേഹത്തിന്റെ
ചരിതം അനന്യധീഃ	ചരിതം അന്യചിന്തയെന്യേ
നിത്യം ശൃണു	നിത്യവും ശ്രവിക്കുക.
ഏവം ചേത് കൃതപൂർവ്വാണി	ഇങ്ങനെയായാൽ (അങ്ങ്) മുമ്പു ചെയ്ത–
മഹാന്തി അപി പാപാനി	പോയ മഹാപാപങ്ങൾപോലും
ച ക്ഷണാദ് ഏവ	ഞൊടിയിടയിൽത്തന്നെ
വിനശ്യന്തി	നശിച്ചുപോകും.
യഥാ അഗ്നേഃ	അഗ്നിസ്പർശത്താൽ
തൂലരാശയഃ	പഞ്ഞിക്കെട്ടുകളെന്നപോലെ.

ഭജസ്വ രാമം പരിപൂർണ്ണമേകം
വിഹായ വൈരം നിജഭക്തിയുക്തഃ
ഹൃദാ സദാ ഭാവിതഭാവരൂപ–
മനാമരൂപം പുരുഷം പുരാണം. 63

ഹൃദാ സദാ ഭാവിത–	മനസ്സാൽ സദാ ധ്യാനിക്കപ്പെടുന്ന
ഭാവരൂപം	സത്സ്വരൂപനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനാമരൂപം പരിപൂർണ്ണം	നാമരൂപങ്ങളില്ലാത്ത പരിപൂർണ്ണനും
പുരാണം പുരുഷം	പുരാണപുരുഷനും
ഏകം രാമം	ഏകനുമായ രാമനെ
വൈരം വിഹായ	വൈരങ്ങളെല്ലാം വിട്ട്
നിജഭക്തിയുക്തഃ ഭജസ്വ	ആത്മാർത്ഥഭക്തിയോടെ ഭജിച്ചാലും.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ഷഷ്ഠഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം ആറാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഏഴ്

കാലനേമിവധം—ലക്ഷ്മണജാഗരണം—കുംഭകർണ്ണനിദ്രാഭംഗം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

കാലനേമിവചഃ ശ്രുത്വാ രാവണോഽമൃതസന്നിഭം
ജജ്വാല ക്രോധതാമ്രാക്ഷഃ സർപ്പിരദ്ഭിരിവാഗ്നിമത്. 1

അമൃതസന്നിഭം	അമൃതസമാനമായ
കാലനേമിവചഃ ശ്രുത്വാ	കാലനേമിവചനം കേട്ട്
ക്രോധതാമ്രാക്ഷഃ രാവണഃ	കോപത്താൽ മിഴിതുടുത്ത രാവണൻ
അഗ്നിമത് സർപ്പിഃ	(തിളച്ച്) തീപിടിച്ച നെയ്യ്
അദ്ഭിഃ ഇവ ജജ്വാല	ജലമൊഴിച്ചാലെന്നപോലെ പൊട്ടിത്തെറിച്ചു.

നിഹന്മി ത്വാം ദുരാത്മാനം മച്ഛാസനപരാങ്മുഖം
പരൈഃ കിഞ്ചിദ് ഗൃഹീത്വാ ത്വം ഭാഷസേ രാമകിംകരഃ. 2

മച്ഛാസനപരാങ്മുഖം	എന്റെ കല്പന ധിക്കരിക്കുന്ന
ദുരാത്മാനം ത്വാം	ദുരാത്മാവായ നിന്നെ
നിഹന്മി	കൊന്നുകളയും (ഞാൻ).
പരൈഃ ദത്തം കിഞ്ചിത്	വൈരികൾ തന്നതെന്തോ
ഗൃഹീത്വാ ഭാഷസേ	കൈപ്പററി (അവരുടെ പക്ഷം) പറയുന്നു!
ത്വം രാമകിംകരഃ (അസി)	നീ രാമന്റെ കിങ്കരനാണ്.

കാലനേമിരുവാചേദം രാവണം ദേവ, കിം ക്രുധാ
ന രോചതേ മേ വചനം യദി ഗത്വാ കരോമി തത്. 3

കാലനേമിഃ	കാലനേമി
രാവണം ഇദം ഉവാച	രാവണനോട് ഇങ്ങനെ പറഞ്ഞു:
ദേവ, ക്രുധാ കിം	ദേവ, കോപംകൊണ്ടെന്തു ഫലം?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദി മേ വചനം ന രോചതേ	എന്റെ വാക്കു രുചിക്കുന്നില്ലെങ്കിൽ
ഗത്വാ തത് കരോമി	ചെന്നു് (പറഞ്ഞതു) ചെയ്യേക്കാം.

ഇത്യുക്ത്വാ പ്രയയൗ ശീഘ്രം കാലനേമിർമഹാസുരഃ
നോദിതോ രാവണേനൈവ ഹനൂമദ്വിഘ്നകാരണാത്. 4

ഹനൂമദ്വിഘ്നകാരണാത്	ഹനുമാന്റെ വിഘ്നമുണ്ടാക്കാൻ
രാവണേന ഏവ നോദിതഃ	രാവണനാൽത്തന്നെ പ്രേരിപ്പിക്കപ്പെട്ട
മഹാഽസുരഃ കാലനേമിഃ	മഹാരാക്ഷസൻ കാലനേമി,
ഇതി ഉക്ത്വാ ശീഘ്രം പ്രയയൗ	ഇങ്ങനെ പറഞ്ഞു് വേഗം യാത്രയായി.

സ ഗത്വാ ഹിമവത്പാർശ്വം തപോവനമകല്പയത്
തത്ര ശിഷ്യൈഃ പരിവൃതോ മുനിവേഷധരഃ ഖലഃ. 5

ഗച്ഛതോ മാർഗ്ഗമാസാദ്യ വായുസൂനോർമഹാത്മനഃ
തതോ ഗത്വാ ദദർശാഥ ഹനൂമാനാശ്രമം ശുഭം. 6

ചിന്തയാമാസ മനസാ ശ്രീമാൻ പവനനന്ദനഃ
പുരാ ന ദൃഷ്ടമേതൻമേ മുനിമണ്ഡലമുത്തമം. 7

മുനിവേഷധരഃ സഃ ഖലഃ	മുനിവേഷം പൂണ്ട ആ ദുഷ്ടൻ
ഹിമവത്പാർശ്വം ഗത്വാ	ഹിമവത്പാർശ്വത്തിലെത്തി
തപോവനം അകല്പയത്	ഒരു തപോവനം നിർമ്മിച്ചു.*
ഗച്ഛതഃ മഹാത്മനഃ	(അതിലേ) പോകുന്ന മഹാത്മാവായ
വായുസൂനോഃ മാർഗ്ഗം ആസാദ്യ	മാരുതിയുടെ വഴിയിൽ ചെന്നു്
ശിഷ്യൈഃ പരിവൃതഃ (സ്ഥിതഃ)	ശിഷ്യപരിവൃതനായി നിലയായി.
തതഃ ഗത്വാ ശുഭം	അവിടെ എത്തിയതോടെ ശോഭനമായ
ആശ്രമം ഹനൂമാൻ ദദർശ	(ആ) ആശ്രമം ഹനുമാൻ കണ്ടു.
ശ്രീമാൻ പവനനന്ദനഃ	ഐശ്വര്യശാലി പവനതനയൻ
മനസാ ചിന്തയാമാസ	മനസ്സിലിങ്ങനെ ആലോചിച്ചു:
ഏതത് ഉത്തമം മുനിമണ്ഡലം	ഈ ഉത്തമമുനിസമൂഹത്തെ
പുരാ മേ ന ദൃഷ്ടം	മുമ്പു ഞാൻ കണ്ടിട്ടില്ലല്ലോ.

മാർഗ്ഗോ വിഭ്രംശിതോ വാ മേ ഭ്രമോ വാ ചിത്തസംഭവഃ
യദ്വാവിശ്യാശ്രമപദം ദൃഷ്ട്വാ മുനിമശേഷതഃ. 8

പീത്വാ ജലം തതോ യാമി ദ്രോണാചലമനുത്തമം
ഇത്യുക്ത്വാ പ്രവിവേശാഥ സർവ്വതോ യോജനായതം. 9

മേ മാർഗ്ഗഃ വിഭ്രംശിതഃ വാ	എനിക്കു വഴി തെററിയതാണോ?
യദ്വാ ചിത്തസംഭവഃ ഭ്രമഃ വാ	അതോ, ഉള്ളിലുളവായ ഭ്രമമോ?
ആശ്രമപദം ആവിശ്യ	(ഏതായാലും) ആശ്രമസ്ഥലത്തു കടന്നു്,
മുനീം അശേഷതഃ ദൃഷ്ട്വാ	മുനിവൃന്ദത്തെയെല്ലാം കണ്ടു്,
ജലം പീത്വാ തതഃ	ജലപാനവും ചെയ്തതിനുശേഷം

* ഹിമവത്പാർശ്വത്തിലല്ല, ഗന്ധമാദനത്തിലാണു് ഹനുമാൻ എത്തിയതെന്നു് വാല്മീകി. ഗന്ധമാദനം മേരുവിനു കിഴക്കു് സ്ഥിതിചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുത്തമം ദ്രോണാചലം യാമി	അത്യുത്തമമായ ദ്രോണാചലത്തിലേക്കു പോകാം.
ഇതി ഉക്ത്വാ സർവ്വതഃ യോജനായതം അഥ പ്രവിവേശ	ഇങ്ങനെ ചൊല്ലി, എല്ലാംകൂടെ ഒരു യോജന വിസ്തൃതിയുള്ള (ആ സ്ഥലത്തേക്ക് മാരുതി) അനന്തരം പ്രവേശിച്ചു.

ആശ്രമം കദളീസാലഖർജ്ജൂരപനസാദിഭിഃ
സമാവൃതം പക്വഫലൈർനമ്രശാഖൈശ്ച പാദപൈഃ. 10

വൈരഭാവവിനിർമ്മുക്തം ശുദ്ധം നിർമ്മലലക്ഷണം
തസ്മിൻ മഹാശ്രമേ രമ്യേ കാലനേമിഃ സ രാക്ഷസഃ. 11

ഇന്ദ്രയോഗം സമാസ്ഥായ ചകാര ശിവപൂജനം.

പക്വഫലൈഃ കദളീസാലഖർജ്ജൂരപനസാദിഭിഃ നമ്രശാഖൈഃ പാദപൈഃ ച സമാവൃതം ആശ്രമം	പാകമായ പഴങ്ങളും പേറിയ വാഴ, പന, ഇലന്ത, പ്ലാവ് മുതലായവ (നിറഞ്ഞതും) കൊമ്പു ചാഞ്ഞ തരുക്കളും തിങ്ങിയതുമായിരുന്നു ആശ്രമപദം.
(തത്) വൈരഭാവവിനിർമ്മുക്തം ശുദ്ധം നിർമ്മലലക്ഷണം ച (ആസീത്)	(അതു്) വൈരഭാവമററതും ശുദ്ധവും പാവനവും ലക്ഷണയുക്തവും ആയിരുന്നു.
രമ്യേ തസ്മിൻ മഹാശ്രമേ സഃ രാക്ഷസഃ കാലനേമിഃ ഇന്ദ്രയോഗം സമാസ്ഥായ ശിവപൂജനം ചകാര	മനോഹരമായ ആ മഹാശ്രമത്തിൽ ആ രാക്ഷസൻ, കാലനേമി ഇന്ദ്രജാലം (കാപട്യം) കൈക്കൊണ്ട് ശിവപൂജ ചെയ്തു വരുവി.

ഹനുമാനഭിവാദ്യാഹ ഗൗരവേണ മഹാസുരം. 12

ഭഗവൻ രാമദൂതോഽഹം ഹനുമാൻ നാമ നാമതഃ
രാമകാര്യേണ മഹതാ ക്ഷീരാബ്ധിം ഗന്തുമുദ്യതഃ. 13

തൃഷാ മാം ബാധതേ ബ്രഹ്മന്നുദകം കുത്ര വിദ്യതേ
യഥേഷ്ടം പാതുമിച്ഛാമി കഥ്യതാം മേ മുനീശ്വര. 14

ഹനുമാൻ മഹാസുരം അഭിവാദ്യ ഗൗരവേണ ആഹ	ഹനുമാൻ ആ മഹാരാക്ഷസനെ വന്ദിച്ച് സാദരമറിയിച്ചു:
ഭഗവൻ അഹം രാമദൂതഃ നാമതഃ ഹനുമാൻ	ഭഗവൻ, ഞാൻ രാമദൂതനാണ്. പേരു് ഹനുമാൻ.
മഹതാ രാമകാര്യേണ ക്ഷീരാബ്ധിം ഗന്തും ഉദ്യതഃ	മഹത്തായ രാമകാര്യത്തിനു് പാല്ക്കടലിൽ പോകാനൊരുങ്ങുന്നവൻ.
തൃഷാ മാം ബാധതേ	ദാഹം എന്നെ വലയ്ക്കുന്നു.
ബ്രഹ്മൻ ഉദകം കുത്ര വിദ്യതേ	ബ്രഹ്മജ്ഞ, വെള്ളം എവിടെയുണ്ടു്?
യഥേഷ്ടം പാതും ഇച്ഛാമി മുനീശ്വര മേ കഥ്യതാം	യഥേഷ്ടം കുടിക്കാൻ കൊതിക്കുന്നു. മുനിവര, എനിക്കു പറഞ്ഞുതരിക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തച്ഛ്രുത്വാ മാരുതേർവാക്യം കാലനേമിസ്തമബ്രവീത്
കമണ്ഡലുഗതം തോയം മമ ത്വം പാതുമർഹസി. 15

ഭുംക്ഷ്വ ചേമാനി പക്വാനി ഫലാനി തദനന്തരം
നിവസസ്വ സുഖേനാത്ര നിദ്രാമേഹി ത്വരാസ്തു മാ. 16

ഭൂതം ഭവ്യം ഭവിഷ്യം ച ജാനാമി തപസാ സ്വയം
ഉത്ഥിതോ ലക്ഷ്മണഃ സർവ്വേ വാനരാ രാമവീക്ഷിതാഃ. 17

മാരുതേഃ തത് വാക്യം	മാരുതിയുടെ ആ വാക്കു
ശ്രുത്വാ കാലനേമിഃ	കേട്ട് കാലനേമി
തം അബ്രവീത്	അവനോടു പറഞ്ഞു:
മമ കമണ്ഡലുഗതം തോയം	എൻെറ കിണ്ടിയിലുള്ള ജലം
ത്വം പാതും അർഹസി	നിനക്കു കുടിക്കാമല്ലോ.
പക്വാനി ഇമാനി	പാകമായ ഈ
ഫലാനി ച ഭുംക്ഷ്വ	പഴങ്ങളും ഭുജിക്കുക.
തദനന്തരം സുഖേന	തദനന്തരം സസുഖം
അത്ര നിവസസ്വ	ഇവിടെ വസിക്കുക.
നിദ്രാം ഏഹി	ഉറങ്ങുക.
ഗന്തും ത്വരാ മാ അസ്തു	പോകാൻ ധൃതിപ്പെടേണ്ട.
ഭൂതം ഭവ്യം ഭവിഷ്യം ച	ഭൂതവും വർത്തമാനവും ഭാവിയും
തപസാ സ്വയം ജാനാമി	തപശ്ശക്തികൊണ്ട് എനിക്കറിയാം.
ലക്ഷ്മണഃ വാനരാഃ സർവ്വേ	ലക്ഷ്മണനും വാനരന്മാരെല്ലാം
രാമവീക്ഷിതാഃ ഉത്ഥിതാഃ	രാമകടാക്ഷങ്ങളാൽ ഉണർന്നിരിക്കുന്നു.

തച്ഛ്രുത്വാ ഹനുമാനാഹ കമണ്ഡലുജലേന മേ
ന ശാമ്യത്യധികാ തൃഷ്ണാ തതോ ദർശയ മേ ജലം. 18

തത് ശ്രുത്വാ ഹനുമാൻ ആഹ	അതു കേട്ട് ഹനുമാൻ പറഞ്ഞു:
മേ തൃഷ്ണാ അധികാ	എനിക്കു ദാഹം വളരെയുണ്ട്.
കമണ്ഡലുജലേന ന ശാമ്യതി	കിണ്ടിയിലെ ജലംകൊണ്ട് ശമിക്കയില്ല.
തതഃ ജലം മേ ദർശയ	അതിനാൽ ജലാശയം എന്നെ കാണിക്കൂ.

തഥേത്യാജ്ഞാപയാമാസ വടും മായാവികല്പിതം
വടോ ദർശയ വിസ്തീർണ്ണം വായുസൂനോർജ്ജലാശയം. 19

തഥാ ഇതി	അങ്ങനെ എന്നു (സമ്മതിച്ച് മുനി)
മായാവികല്പിതം	മായയാൽ രചിക്കപ്പെട്ട
വടും ആജ്ഞാപയാമാസ	ബ്രഹ്മചാരിയോട് ആജ്ഞാപിച്ചു:
വടോ, വിസ്തീർണ്ണം ജലാശയം	ബ്രഹ്മചാരി, വിസ്തൃതമായ ജലാശയം
വായുസൂനോഃ ദർശയ	മാരുതിക്കു കാട്ടിക്കൊടുക്കുക.

നിമീല്യ ചാക്ഷിണീ തോയം പീത്വാഗച്ഛ മമാന്തികം
ഉപദേക്ഷ്യാമി തേ മന്ത്രം യേന ദ്രക്ഷ്യസി ചൗഷധീഃ. 20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ഷിണീ നിമീല്യ	ഇരുമിഴികളുമടച്ച്
തോയം പീത്വാ	ജലം പാനംചെയ്തിട്ട്
മമ അന്തികം ആഗച്ഛ	എന്റടുത്തു വരിക.
തേ മന്ത്രം ഉപദേക്ഷ്യാമി	നിനക്കു മന്ത്രം ഉപദേശിക്കാം.
യേന ഔഷധീഃ	അതോടെ ഔഷധികൾ
ദ്രക്ഷ്യസി ച	(നീ) കണ്ടെത്തുകയുംചെയ്യും.

തഥേതി ദർശിതം ശീഘ്രം വടുനാ സലിലാശയം
പ്രവിശ്യ ഹനുമാംസ്തോയമപിബൻമീലിതേക്ഷണഃ. 21

തതശ്ചാഗത്യ മകരീ മഹാമായാ മഹാകപിം
അഗ്രസത്തം മഹാവേഗാൻ മാരുതിം ഘോരരൂപിണീ. 22

തഥാ ഇതി	അങ്ങനെ(യാകട്ടെ എന്നു പറഞ്ഞ്)
വടുനാ ദർശിതം സലിലാശയം	ബ്രഹ്മചാരി കാട്ടിയ ജലാശയത്തിലേക്ക്
ശീഘ്രം പ്രവിശ്യ മീലിതേക്ഷണഃ	പെട്ടെന്നിറങ്ങി, മിഴികളടച്ച്
ഹനുമാൻ തോയം അപിബത്	മാരുതി വെള്ളം കുടിച്ചു.
തതഃ ഘോരരൂപിണീ	അപ്പോൾ ഭീകരരൂപിണിയും
മഹാമായാ	മഹാമായാവിനിയുമായ
മകരീ ആഗത്യ	ഒരു പെൺമുതല കടന്നുവന്ന്
തം മഹാകപിം മാരുതിം	ആ മഹാകപിയെ, മാരുതിയെ
മഹാവേഗാത് അഗ്രസത്	അതിവേഗം പിടികൂടി.

തതോ ദദർശ ഹനുമാൻ ഗ്രസന്തീം മകരീം രുഷാ
ദാരയാമാസ ഹസ്താഭ്യാം വദനം സാ മമാര ഹ. 23

ഗ്രസന്തീം മകരീം	(തന്നെ) പിടികൂടുന്ന പെൺമുതലയെ
തതഃ ഹനുമാൻ ദദർശ	തൽക്ഷണം ഹനുമാൻ കണ്ടു.
രുഷാ ഹസ്താഭ്യാം	കോപത്തോടെ കൈകൾകൊണ്ട്
വദനം ദാരയാമാസ	(അതിന്റെ) വായ് വലിച്ചുകീറി.
സാ മമാര, ഹ	അതു ചത്തു മലച്ചു, ആശ്ചര്യം!

തതോഽന്തരിക്ഷേ ദദൃശേ ദിവ്യരൂപധരാംഗനാ
ധാന്യമാലീതി വിഖ്യാതാ ഹനൂമന്തമഥാബ്രവീത്. 24

തതഃ അന്തരിക്ഷേ ദിവ്യരൂപധരാ	അനന്തരം ആകാശത്തിൽ ദിവ്യരൂപംപൂണ്ട
അംഗനാ ദദൃശേ	ഒരു വനിതയെ കാണാറായി.
ധാന്യമാലീ ഇതി	ധാന്യമാലീ എന്നു
വിഖ്യാതാ സാ ഹനൂമന്തം	വിഖ്യാതയായ അവൾ ഹനുമാനോട്
അഥ അബ്രവീത്	അപ്പോൾ ഇങ്ങനെ മൊഴിഞ്ഞു:

ത്വത് പ്രസാദാദഹം ശാപാദ് വിമുക്താസ്മി കപീശ്വര
ശപ്താഹം മുനിനാ പൂർവ്വമപ്സരാ കാരണാന്തരേ. 25

കാരണാന്തരേ മുനിനാ പൂർവ്വം	കാരണവശാൽ മുനിയാൽ പണ്ടു
ശപ്താ അപ്സരാ അഹം	ശപിക്കപ്പെട്ട അപ്സരസ്സാണു ഞാൻ.
കപീശ്വര, ത്വത് പ്രസാദാത്	കപിവര, നിന്റെ പ്രസാദത്താൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം ശാപാദ് വിമുക്താ അസ്മി	ഞാൻ ശാപത്തിൽനിന്നു മുക്തയായിരിക്കുന്നു.

ആശ്രമേ യസ്തു തേ ദൃഷ്ടഃ കാലനേമിർമഹാസുരഃ
രാവണപ്രഹിതോ മാർഗ്ഗേ വിഘ്നം കർത്തും തവാനഘ. 26

മുനിവേഷധരോ നാസൗ മുനിർവ്വിപ്രവിഹിംസകഃ
ജഹി ദുഷ്ടം ഗച്ഛ ശീഘ്രം ദ്രോണാചലമനുത്തമം. 27

ആശ്രമേ യഃ ദുഷ്ടഃ തേ ദൃഷ്ടഃ സഃ മഹാസുരഃ കാലനേമിഃ	ആശ്രമത്തിൽ ഏതു ദുഷ്ടനെ നീ കണ്ടുവോ, അവൻ മഹാരാക്ഷസനാണ്, കാലനേമി.
രാവണപ്രഹിതഃ	രാവണനാൽ അയയ്ക്കപ്പെട്ടവൻ.
തവ മാർഗ്ഗേ വിഘ്നം കർത്തും മുനിവേഷധരഃ (സ്ഥിതഃ) അസൗ ന മുനിഃ	നിന്റെ വഴിയിൽ വിഘ്നമുണ്ടാക്കാൻ മുനിവേഷം പൂണ്ടു നിന്ന അവൻ മുനിയല്ല.
വിപ്രവിഹിംസകഃ അനഘ ദുഷ്ടം ജഹി	വിപ്രരെ ഹിംസിക്കുന്നവനാണ്. പരിശുദ്ധ, (ആ) ദുഷ്ടനെ വധിക്കുക.
ശീഘ്രം അനുത്തമം ദ്രോണാചലം ഗച്ഛ	ശീഘ്രം അത്യുത്തമമായ ദ്രോണഗിരിയിലേക്കു പോകുക.

ഗച്ഛാമ്യഹം ബ്രഹ്മലോകം ത്വത്സ്പർശാദ്ധൂതകല്മഷാ
ഇത്യുക്ത്വാ സാ യയൗ സ്വർഗ്ഗം ഹനൂമാനപ്യഥാശ്രമം. 28

ത്വത്സ്പർശാത് ധൂതകല്മഷാ അഹം ബ്രഹ്മലോകം ഗച്ഛാമി	നിന്റെ സ്പർശത്താൽ നിഷ്പാപയായ ഞാൻ ബ്രഹ്മലോകത്തേക്കു പോകുകയാണ്.
ഇതി ഉക്ത്വാ സാ സ്വർഗ്ഗം യയൗ	ഇങ്ങനെ ചൊന്നു് അവൾ സ്വർഗ്ഗത്തേക്കു യാത്രയായി.
അഥ ഹനൂമാൻ അപി ആശ്രമം (യയൗ)	അതിനുശേഷം ഹനുമാനും ആശ്രമത്തിലെത്തിച്ചേർന്നു.

ആഗതം തം സമാലോക്യ കാലനേമിരഭാഷത
കിം വിലംബേന മഹതാ തവ വാനരസത്തമ. 29

ഗൃഹാണ മത്തോ മന്ത്രാംസ്ത്വം ദേഹി മേ ഗുരുദക്ഷിണാം 30
ഇത്യുക്തോ ഹനുമാൻ മുഷ്ടിം ദൃഢം ബദ്ധ്വാഹ രാക്ഷസം.
ഗൃഹാണ ദക്ഷിണാമേതാമിത്യുക്ത്വാ നിജഘാന തം.

ആഗതം തം സമാലോക്യ കാലനേമിഃ അഭാഷത	വന്നുചേർന്ന അവനെ നോക്കി കാലനേമി പറഞ്ഞു:
വാനരസത്തമ, മഹതാ വിലംബേന കിം തവ	വാനരോത്തമ, അതിവിളംബം കൊണ്ട് എന്തു (ഫലം) നിനക്കു്?
മത്തഃ ത്വം മന്ത്രാൻ ഗൃഹാണ	എന്നിൽനിന്നു നീ മന്ത്രങ്ങൾ സ്വീകരിച്ചുകൊള്ളുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേ ഗുരുദക്ഷിണാം ദേഹി	എനിക്ക ഗുരുദക്ഷിണയും തരണം.
ഇതി ഉക്തഃ ഹനുമാൻ ദൃഢം മുഷ്ടിം ബദ്ധ്വാ രാക്ഷസം ആഹ	ഇങ്ങനെ അറിയിക്കപ്പെട്ട ഹനുമാൻ ദൃഢമായി മുഷ്ടി ചുരുട്ടിപ്പിടിച്ചുകൊണ്ട് രാക്ഷസനോടു ചൊല്ലി:
ഏതാം ദക്ഷിണാം ഗൃഹാണ ഇതി ഉക്ത്വാ തം നിജഘാന	ഇതാ, ഈ ദക്ഷിണ വാങ്ങിക്കൊള്ളുക. ഇത്രയും പറഞ്ഞ് അവനെ ഇടിച്ചു.

വിസൃജ്യ മുനിവേഷം സഃ കാലനേമിർമ്മഹാസുരഃ. 31

യുയുധേ വായുപുത്രേണ നാനാമായാവിധാനതഃ
മഹാമായികദൂതോഽസൗ ഹനുമാൻ മായിനാം രിപുഃ. 32

ജഘാന മുഷ്ടിനാ ശീർഷ്ണി ഭഗ്നമൂർദ്ധാ മമാര സഃ.

മുനിവേഷം വിസൃജ്യ സഃ മഹാസുരഃ കാലനേമിഃ നാനാമായാവിധാനതഃ വായുപുത്രേണ യുയുധേ	മുനിവേഷം വെടിഞ്ഞ് ആ മഹാസുരൻ കാലനേമി പല മായാപ്രയോഗങ്ങളിലൂടെ മാരുതിയോട് ഇടഞ്ഞു.
മഹാമായികദൂതഃ മായിനാം രിപുഃ അസൗ ഹനുമാൻ മുഷ്ടിനാ ശീർഷ്ണി ജഘാന	പരമമായികന്റെ (രാമന്റെ) ദൂതനും മായാവികളുടെ ശത്രുവുമായ ഈ ഹനുമാൻ മുഷ്ടികൊണ്ട് (അവന്റെ) തലയ്ക്കിടിയ്ക്കി.
സഃ ഭഗ്നമൂർദ്ധാ മമാര	(അതോടെ) അവൻ തലപൊട്ടി ചത്തു.

തതഃ ക്ഷീരനിധിം ഗത്വാ ദൃഷ്ട്വാ ദ്രോണം മഹാഗിരിം. 33

അദൃഷ്ട്വാ ചൗഷധീസ്തത്ര ഗിരിമുത്പാട്യ സത്വരഃ
ഗൃഹീത്വാ വായുവേഗേന ഗത്വാ രാമസ്യ സന്നിധിം. 34

ഉവാച ഹനുമാൻ രാമമാനീതോഽയം മഹാഗിരിഃ
യദ്യുക്തം കുരു ദേവേശ വിലംബോ നാത്ര യുജ്യതേ. 35

തതഃ ക്ഷീരനിധിം ഗത്വാ ദ്രോണം മഹാഗിരിം ദൃഷ്ട്വാ തത്ര ഔഷധീഃ അദൃഷ്ട്വാ സത്വരഃ ഗിരിം ഉത്പാട്യ ഗൃഹീത്വാ വായുവേഗേന രാമസ്യ സന്നിധിം ഗത്വാ ഹനുമാൻ രാമം ഉവാച	പിന്നെ പാൽക്കടൽക്കരെ എത്തി, ദ്രോണമഹാഗിരി കണ്ടു. അതിൽ മരുന്നുകൾ കാണായ്കയാൽ സത്വരം ഗിരി പുഴക്കിയെടുത്ത് വായുവേഗത്തിൽ രാമന്റെ അരികിലെത്തി ഹനുമാൻ രാമനോട് ഉണർത്തിച്ചു:
അയം മഹാഗിരിഃ ആനീതഃ	ഇതാ മഹാഗിരി കൊണ്ടുവന്നിരിക്കുന്നു.
ദേവേശ, യത് യുക്തം കുരു അത്ര വിലംബഃ ന യുജ്യതേ	ദേവേശ, യുക്തമായതു ചെയ്യാലും. ഇവിടെ വിളംബം ഉചിതമല്ല.

ശ്രുത്വാ ഹനുമതോ വാക്യം രാമഃ സന്തുഷ്ടമാനസഃ
ഗൃഹീത്വാ ചൗഷധീഃ ശീഘ്രം സുഷേണേന മഹാമതിഃ. 36

ചികിത്സാം കാരയാമാസ ലക്ഷ്മണായ മഹാത്മനേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹനൂമതഃ വാക്യം ശ്രുത്വാ	ഹനുമാൻ ചൊന്നതു കേട്ട്
സന്തുഷ്ടമനസഃ മഹാമതിഃ	പ്രസന്നചിത്തനായ മഹാമതി
രാമഃ സുഷേണേന	രാമൻ, സുഷേണനെക്കൊണ്ട്
ഔഷധീഃ ഗൃഹീത്വാ	മരുന്നുകൾ എടുപ്പിച്ച്
മഹാത്മനേ ലക്ഷ്മണായ	മഹാത്മാവായ ലക്ഷ്മണന്ന്
ചികിത്സാം കാരയാമാസ	ചികിത്സ ചെയ്യിപ്പിച്ചു.

തതഃ സുപ്തോത്ഥിത ഇവ ബുദ്ധ്വാ പ്രോവാച ലക്ഷ്മണഃ. 37

തിഷ്ഠ തിഷ്ഠ ക്വ ഗന്താസി ഹന്മീദാനീം ദശാനന
ഇതി ബ്രുവന്തമാലോക്യ മൂർദ്ധ്ന്യവഘ്രായ രാഘവഃ. 38

മാരുതിം പ്രാഹ വത്സാദ്യ ത്വത്പ്രസാദാന്മഹാകപേ
നിരാമയം പ്രപശ്യാമി ലക്ഷ്മണം ഭ്രാതരം മമ. 39

തതഃ സുപ്തോത്ഥിതഃ ഇവ	അനന്തരം ഉറങ്ങിയുണർന്നവനെപ്പോലെ
ബുദ്ധ്വാ ലക്ഷ്മണഃ പ്രോവാച	ബോധമാർന്ന് ലക്ഷ്മണൻ ചൊല്ലി:
ദശാനന തിഷ്ഠ തിഷ്ഠ	രാവണ, നില്ല്, നില്ല്,
ക്വ ഗന്താസി	എവിടെ പോകുന്നു നീ?
ഇദാനീം ഹന്മി	ഇപ്പോൾ (നിന്റെ) കഥ ഞാൻ കഴിക്കും.
ഇതി ബ്രുവന്തം ആലോക്യ	ഇങ്ങനെ പറയുന്ന (ലക്ഷ്മണനെ) കാണ്കെ
രാഘവഃ മൂർദ്ധ്നി	രാമൻ അവന്റെ നിറുകയിൽ
അവഘ്രായ മാരുതിം പ്രാഹ	മുകർന്നു; മാരുതിയോടരുളി:
വത്സ മഹാകപേ	വത്സ, കപിവര,
ത്വത്പ്രസാദാത് അദ്യ	നിന്റെ പ്രസാദത്താലാണ് ഇന്ന്
മമ ഭ്രാതരം ലക്ഷ്മണം	എന്റെ അനുജനെ, ലക്ഷ്മണനെ,
നിരാമയം പ്രപശ്യാമി	അല്ലലൊഴിഞ്ഞു കാണാറായത്.

ഇത്യുക്ത്വാ വാനരൈഃ സാർദ്ധം സുഗ്രീവേണ സമന്വിതഃ
വിഭീഷണമതേനൈവ യുദ്ധായ സമവസ്ഥിതഃ. 40

പാഷാണൈഃ പാദപൈശ്ചൈവ പർവ്വതാഗ്രൈശ്ച വാനരാഃ
യുദ്ധായാഭിമുഖാഃ ഭൂത്വാ യയുഃ സർവ്വേ യുയുത്സവഃ. 41

ഇതി ഉക്ത്വാ	ഇങ്ങനെ ചൊന്ന്
സുഗ്രീവേണ സമന്വിതഃ	സുഗ്രീവസമേതൻ
(രാമഃ) വാനരൈഃ സാർദ്ധം	രാമൻ വാനരരോടൊപ്പം
വിഭീഷണമതേന	വിഭീഷണന്റെ അഭിമതാനുസരണം
യുദ്ധായ ഏവ	അടരാടാൻതന്നെ
സമവസ്ഥിതഃ (ബഭൂവ)	ഉറച്ചു.
യുയുത്സവഃ വാനരാഃ സർവ്വേ	സമരകുതുകികളായ കപികളെല്ലാം
പാഷാണൈഃ പാദപൈഃ	കല്ലുകളും മരങ്ങളും
പർവ്വതാഗ്രൈഃ ച	ഗിരികൂടങ്ങളുമേന്തിയാണ്
യുദ്ധായ അഭിമുഖാഃ ഭൂത്വാ യയുഃ	ഏറ്റുമുട്ടലിനൊരുങ്ങിപ്പുറപ്പെട്ടത്.

രാവണോ വിവ്യഥേ രാമബാണൈർവിദ്ധോ മഹാസുരഃ
മാതംഗ ഇവ സിംഹേന ഗരുഡേനേവ പന്നഗഃ. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിഭൂതോഽഗമദ്രാജാ രാഘവേണ മഹാത്മനാ
സിംഹാസനേ സമാവിശ്യ രാക്ഷസാനിദമബ്രവീത്. 43

സിംഹേന മാതംഗ ഇവ	സിംഹത്താൽ മദയാനയെന്നപോലെ
ഗരുഡേന പന്നഗ ഇവ	ഗരുഡനാൽ പാമ്പെന്നപോലെ
രാമബാണൈഃ വിദ്ധഃ	രാമശരങ്ങളാൽ മുറിവേല്പിക്കപ്പെട്ട
മഹാസുരഃ രാവണഃ വിവ്യഥേ	മഹാരാക്ഷസൻ രാവണൻ വ്യഥപൂണ്ടു.
മഹാത്മനാ രാഘവേണ	മഹാത്മാവായ രാമനാൽ
അഭിഭൂതഃ രാജാ അഗമത്	പരാഭൂതനായ ആ രാജാവ് മടങ്ങിപ്പോയി.
സിംഹാസനേ സമാവിശ്യ	സിംഹാസനത്തിലിരുന്നതിനുശേഷം
രാക്ഷസാൻ ഇദം അബ്രവീത്	രാക്ഷസരോടിങ്ങനെ കല്പിച്ചു.

മാനുഷേണൈവ മേ മൃത്യുമാഹ പൂർവ്വം പിതാമഹഃ
മാനുഷോഹി ന മാം ഹന്തും ശക്തോഽസ്തി ഭുവി കശ്ചന. 44

തതോ നാരായണഃ സാക്ഷാന്മാനുഷോഽഭൂദസംശയഃ
രാമോ ദാശരഥിർഭൂത്വാ മാം ഹന്തും സമുപസ്ഥിതഃ. 45

മാനുഷേണ ഏവ	മനുഷ്യനാൽ മാത്രമേ
മേ മൃത്യും പൂർവ്വം	എനിക്കു മരണ(മുണ്ടാകൂ എന്ന്) പണ്ടു
പിതാമഹഃ ആഹ	ബ്രഹ്മാവ് അരുളിയിരുന്നു.
മാം ഹന്തും ശക്തഃ കശ്ചന മാനുഷഃ	എന്നെ കൊല്ലാൻ കഴിവുററ ഒരു മനുഷ്യനും
ഭുവി ന അസ്തി ഏവ	ഊഴിയിലില്ലതന്നെ.
തതഃ സാക്ഷാത് നാരായണഃ	തന്മൂലം സാക്ഷാൽ നാരായണൻ
മാനുഷഃ അഭൂത്	നരനായി ജനിച്ചു.
ദാശരഥിഃ രാമഃ ഭൂത്വാ	ദാശരഥി രാമനായി പിറന്ന് (അദ്ദേഹം)
മാം ഹന്തും സമുപസ്ഥിതഃ	എന്നെ കൊല്ലാനണഞ്ഞിരിക്കയാണ്.
ന സംശയഃ	സംശയമില്ല.

അനരണ്യേന യത്പൂർവ്വം ശപ്തോഹം രാക്ഷസേശ്വരാഃ
ഉത്പത്സ്യതേ ച മദ്വംശേ പരമാത്മാ സനാതനഃ. 46

തേന ത്വം പുത്രപൗത്രൈശ്ച ബാന്ധവൈശ്ച സമന്വിതഃ
ഹനിഷ്യസേ ന സന്ദേഹ ഇത്യുക്ത്വാ മാം ദിവംഗതഃ. 47

സ ഏവ രാമഃ സംജാതോ മദർത്ഥേ മാം ഹനിഷ്യതി.

രാക്ഷസേശ്വരാഃ	രാക്ഷസാധിപരേ,
അനരണ്യേന പൂർവ്വം	*അനരണ്യനാൽ പണ്ടു
അഹം ശപ്തഃ	ഞാൻ ശപിക്കപ്പെട്ടിട്ടുണ്ട്.
യത് സനാതനഃ പരമാത്മാ	അതായതു്, 'ശാശ്വതനായ പരമാത്മാവ്
മദ്വംശേ ഉത്പത്സ്യതേ	എന്റെ വംശത്തിൽ ഉദയംചെയ്യും;

---

* സൂര്യവംശത്തിലെ ഒരു രാജർഷിയായിരുന്നു അനരണ്യൻ. തപോനിരതനായ അദ്ദേഹത്തെ രാവണൻ വധിച്ചു. അദ്ദേഹം അവനെ ശപിച്ചു. വേറെയും ശാപങ്ങളുണ്ട്, രാവണന്റെ തലയിൽ. രാവണൻ ധർഷിച്ച വേദവതിയത്രേ സീതയായി പിറന്നതു്. (വാല്മീകി—VI. 60. 8–11)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേന ത്വം പുത്രപൗത്രൈഃ ബാന്ധവൈഃ ച സമന്വിതഃ ഹനിഷ്യസേ ച ന സന്ദേഹഃ	അവനാൽ നീ പുത്രപൗത്രരോടും ബന്ധുക്കളോടുമൊപ്പം ഹനിക്കപ്പെടുകയും ചെയ്യും. തീർച്ച.'
ഇതി മാം ഉക്ത്വാ ദിവം ഗതഃ	ഇങ്ങനെ പറഞ്ഞാണ് (ആ മുനി) വിണ്ണേറിയത്.
സഃ ഏവ മദർത്ഥേ രാമഃ സംജാതഃ	ആ (ഭഗവാൻ)തന്നെ എനിക്കായി (എന്നെ വധിക്കാൻ) രാമനായി ജനിച്ചിരിക്കുന്നു.
മാം ഹനിഷ്യതി	എന്നെ (അവൻ) കൊല്ലും.

കുംഭകർണ്ണസ്തു മൂഢാത്മാ സദാ നിദ്രാവശംഗതഃ. 48

തം വിബോധ്യ മഹാസത്വമാനയന്തു മമാന്തികം
ഇത്യുക്താസ്തേ മഹാകായാസ്തൂർണ്ണം ഗത്വാ തു യത്നതഃ. 49

വിബോധ്യ കുംഭശ്രവണം നിന്യൂ രാവണസന്നിധിം
നമസ്കൃത്യ സ രാജാനമാസനോപരി സംസ്ഥിതഃ. 50

കുംഭകർണ്ണഃ തു മൂഢാത്മാ സദാ നിദ്രാവശംഗതഃ	കുംഭകർണ്ണനാകട്ടെ, മൂഢാത്മാവാണ്. സദാ ഉറങ്ങിക്കഴിയുന്നവൻ.
മഹാസത്വം തം വിബോധ്യ മമ അന്തികം ആനയന്തു	മഹാശക്തനായ അവനെ ഉണർത്തി എന്റെ സമീപം കൊണ്ടുവരുവിൻ.
ഇതി ഉക്താഃ തേ മഹാകായാഃ തൂർണ്ണം ഗത്വാ യത്നതഃ കുംഭശ്രവണം വിബോധ്യ രാവണസന്നിധിം നിന്യുഃ	ഇങ്ങനെ ആജ്ഞാപിക്കപ്പെട്ട ആ ഭീമകാ– യന്മാർ പെട്ടെന്നു ചെന്നു് പണിപ്പെട്ട് കുംഭകർണ്ണനെ ഉണർത്തി രാവണസന്നിധിയിൽ എത്തിച്ചു.
രാജാനം നമസ്കൃത്യ സഃ ആസനോപരി സംസ്ഥിതഃ	രാജാവിനെ വണങ്ങി അവൻ ആസനസ്ഥനായി.

തമാഹ രാവണോ രാജാ ഭ്രാതരം ദീനയാ ഗിരാ
കുംഭകർണ്ണ നിബോധ ത്വം മഹാകഷ്ടമുപസ്ഥിതം. 51

രാമേണ നിഹതാഃ ശൂരാഃ പുത്രാഃ പൗത്രാശ്ച ബാന്ധവാഃ
കിം കർത്തവ്യമിദാനീം മേ മൃത്യുകാല ഉപസ്ഥിതേ. 52

ദീനയാ ഗിരാ രാവണഃ രാജാ തം ഭ്രാതരം ആഹ	ദീനമായ വാക്കുകളിൽ രാവണനൃപൻ ആ ഭ്രാതാവിനെ അറിയിച്ചു:
കുംഭകർണ്ണ, ത്വം നിബോധ മഹാകഷ്ടം ഉപസ്ഥിതം	കുംഭകർണ്ണാ, നീ നന്നായി മനസ്സിലാക്കണം. കടുത്ത വിപത്തണഞ്ഞിരിക്കയാണ്.
ശൂരാഃ പുത്രാഃ പൗത്രാഃ ബാന്ധവാഃ ച രാമേണ നിഹതാഃ	(നമ്മുടെ) ശൂരരായ പുത്രരും പൗത്രരും ബന്ധുക്കളുമെല്ലാം രാമനാൽ കൊല്ലപ്പെട്ടു.
മൃത്യുകാലേ ഉപസ്ഥിതേ ഇദാനീം മേ കിം കർത്തവ്യം	മരണകാലമടുത്തിരിക്കവേ ഇപ്പോഴ് ഞാനെന്താണു ചെയ്യുക?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷ ദാശരഥീ രാമ സുഗ്രീവസഹിതോ ബലീ
സമുദ്രം സബലസ്തീർത്ത്വാ മൂലം നഃ പരികൃന്തതി. 53

യേ രാക്ഷസാഃ മുഖ്യതമാസ്തേ ഹതാ വാനരൈർയുധി
വാനരാണാം ക്ഷയം യുദ്ധേ ന പശ്യാമി കദാചന. 54

നാശയസ്വ മഹാബാഹോ യദർത്ഥം പരിബോധിതഃ
ഭ്രാതുരർത്ഥേ മഹാസത്വ കുരു കർമ്മ സുദുഷ്കരം. 55

ബലീ ഏഷഃ ദാശരഥീ രാമഃ സുഗ്രീവസഹിതഃ സബലഃ സമുദ്രം തീർത്ത്വാ നഃ മൂലം പരികൃന്തതി	ബലവാനായ ഈ ദാശരഥി രാമൻ സുഗ്രീവനോടൊത്ത് പടയുമായി കടൽ കടന്നു വന്ന് നമ്മുടെ വേര് നാലുപാടും അറുക്കുകയാണ്.
മുഖ്യതമാഃ യേ രാക്ഷസാഃ തേ യുധി വാനരൈഃ ഹതാഃ	പ്രമുഖതമരായ രാക്ഷസരെല്ലാം പോരിൽ വാനരരാൽ വധിക്കപ്പെട്ടു.
യുദ്ധേ വാനരാണാം കദാചന ക്ഷയം ന പശ്യാമി	സമരത്തിൽ വാനരന്മാർക്ക് ഒരിക്കലും നാശം കാണുന്നുമില്ല.
മഹാബാഹോ, നാശയസ്വ	മഹാവീര, (നീ അവരെ) നശിപ്പിക്കുക.
യദർത്ഥം പരിബോധിതഃ	അതിനാണ് (നിന്നെ) ഉണർത്തിയത്.
മഹാസത്വ ഭ്രാതുഃ അർത്ഥേ സുദുഷ്കരം കർമ്മ കുരു	മഹാധീര, സഹോദരനുവേണ്ടി അതിദുഷ്കരമായ പ്രവൃത്തി ചെയ്യുക.

ശ്രുത്വാ തദ്രാവണേന്ദ്രസ്യ വചനം പരിദേവിതം
കുംഭകർണ്ണോ ജഹാസോച്ചൈർവ്വചനം ചേദമബ്രവീത്. 56

രാവണേന്ദ്രസ്യ തദ് പരിദേവിതം വചനം ശ്രുത്വാ	രാവണമന്നവന്റെ ആ വിലാപോക്തി കേട്ട്
കുംഭകർണ്ണഃ ഉച്ചൈഃ ജഹാസ	കുംഭകർണ്ണൻ ഉറക്കെ പൊട്ടിച്ചിരിച്ചു.
ഇദം വചനം അബ്രവീത് ച	ഈ വചനം അറിയിക്കുകയും ചെയ്തു.

പുരാ മന്ത്രവിചാരേ തേ ഗദിതം യൻമയാ നൃപ
തദദ്യ ത്വാമുപഗതം ഫലം പാപസ്യ കർമ്മണഃ. 57

നൃപ പുരാ മന്ത്രവിചാരേ യത് മയാ തേ ഗദിതം	രാജൻ, പണ്ടു കാര്യാലോചനയിൽ എന്താണോ ഞാൻ അങ്ങയോടോതിയത്,
പാപസ്യ കർമ്മണഃ തത്ഫലം അദ്യ ത്വാം ഉപഗതം	പാപകർമ്മത്തിന്റെ ആ ഫലം ഇന്നിതാ അങ്ങേയ്ക്കു കിട്ടി.

പൂർവ്വമേവ മയാ പ്രോക്തോ രാമോ നാരായണഃ പരഃ
സീതാ ച യോഗമായേതി ബോധിതോപി ന ബുദ്ധ്യസേ. 58

രാമഃ പരഃ നാരായണഃ സീതാ യോഗമായാ ച ഇതി പൂർവ്വം ഏവ മയാ പ്രോക്തഃ	രാമൻ പരമാത്മാവായ നാരായണനാണെന്നും സീത യോഗമായയാണെന്നും നേരത്തേതന്നെ ഞാൻ പറഞ്ഞുതന്നതാണ്.
ബോധിതഃ അപി ന ബുദ്ധ്യസേ	മനസ്സിലാക്കിത്തന്നിട്ടും അങ്ങു മനസ്സിലാക്കുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകദാഹം വനേ സാനൗ വിശാലായാം സ്ഥിതോ നിശി
ദൃഷ്ടോ മുനിഃ മയാ സാക്ഷാന്നാരദോ ദിവ്യദർശനഃ. 59

ഏകദാ അഹം വനേ	ഒരിക്കൽ ഞാൻ കാനനത്തിലെ
സാനൗ	ഗിരിശിഖരത്തിലുള്ള
വിശാലായാം (ശിലായാം)	വിശാല(ശിലയിൽ)
സ്ഥിതഃ നിശി	ഇരിക്കയായിരുന്നു, രാത്രിയിൽ.
ദിവ്യദർശനഃ	ദിവ്യദർശനനായ
സാക്ഷാത് നാരദഃ മുനിഃ	സാക്ഷാൽ നാരദമുനിയെ (അപ്പോൾ)
മയാ ദൃഷ്ടഃ	ഞാൻ കാണുകയുണ്ടായി.

'വിശാലം' എന്ന പദത്തിന് ബദര്യാശ്രമം എന്നും അർത്ഥമുള്ളതിനാൽ കുംഭകർണ്ണൻ അവിടെവച്ചായിരിക്കണം നാരദനെ കണ്ടതെന്നും പക്ഷമുണ്ട്. രാക്ഷസവൃത്തിക്കാരനാണെങ്കിലും ആധ്യാത്മികസംസ്കാരം വേണ്ടുവോളമുണ്ടായിരുന്നു കുംഭകർണ്ണനും.

തമബ്രുവം മഹാഭാഗ കുതോ ഗന്താസി മേ വദ
ഇത്യുക്തോ നാരദഃ പ്രാഹ ദേവാനാം മന്ത്രണേ സ്ഥിതഃ. 60

തത്രോത്പന്നമുദന്തം തേ വക്ഷ്യാമി ശൃണു തത്വതഃ
യുവാഭ്യാം പീഡിതാഃ ദേവാഃ സർവ്വേ വിഷ്ണുമുപാഗതാഃ. 61

ഊചുസ്തേ ദേവദേവേശം സ്തുത്വാ ഭക്ത്യാ സമാഹിതാഃ
ജഹി രാവണമക്ഷോഭ്യം ദേവ ത്രൈലോക്യകണ്ടകം. 62

തം അബ്രുവം മഹാഭാഗ,	അദ്ദേഹത്തോടു ഞാൻ ചോദിച്ചു: ശ്രീമൻ,
കുതഃ ഗന്താസി	അങ്ങെവിടെനിന്നാണു പോരുന്നത്?
മേ വദ	എന്നോടു പറഞ്ഞാലും.
ഇതി ഉക്തഃ	ഇങ്ങനെ ചോദിക്കപ്പെട്ട
നാരദഃ പ്രാഹ	നാരദൻ അറിയിച്ചു:
ദേവാനാം മന്ത്രണേ	ദേവന്മാരുടെ കാര്യാലോചനയിൽ
സ്ഥിതഃ	സന്നിഹിതനായിരുന്നു (ഞാൻ).
തത്ര ഉത്പന്നം ഉദന്തം	അവിടെയുണ്ടായ ഒരു വൃത്താന്തം
തേ വക്ഷ്യാമി	നിന്നോടു പറയാം.
തത്വതഃ ശൃണു	ശ്രദ്ധിച്ചു കേൾക്കണം.
യുവാഭ്യാം പീഡിതാഃ	നിങ്ങളിരുവരാൽ പീഡിതരായ
ദേവാഃ സർവ്വേ	വാനവരെല്ലാം (ഒരുമിച്ച്)
വിഷ്ണും ഉപാഗതാഃ	വിഷ്ണുവിനെ സമീപിച്ചു.
സമാഹിതാഃ തേ	ഏകാഗ്രചിത്തരായ അവർ
ഭക്ത്യാ ദേവദേവേശം	ഭക്തിയോടെ ദേവദേവേശനെ
സ്തുത്വാ ഊചുഃ	(വിഷ്ണുവിനെ) വാഴ്ത്തി പ്രാർത്ഥിച്ചു:
ദേവ, ത്രൈലോക്യകണ്ടകം	ഭഗവൻ, ത്രിഭുവനദ്രോഹിയും
അക്ഷോഭ്യം	(അന്യരാൽ) അവധ്യനുമായ
രാവണം ജഹി	രാവണനെ വധിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാനുഷേണ മൃതിസ്തസ്യ കല്പിതാ ബ്രഹ്മണാ പുരാ
അതസ്ത്വം മാനുഷോ ഭൂത്വാ ജഹി രാവണകണ്ടകം. 63

ബ്രഹ്മണാ പുരാ മാനുഷേണ തസ്യ മൃതിഃ കല്പിതാ	ബ്രഹ്മാവു പണ്ടേ മനുഷ്യനാൽ (മാത്രം) അവനു മരണം വിധിച്ചിരിക്കയാണ്.
അതഃ ത്വം മാനുഷഃ ഭൂത്വാ രാവണകണ്ടകം ജഹി	ആകയാൽ നീ മനുഷ്യനായിത്തീർന്ന് രാവണശല്യമൊടുക്കണം.

തഥേത്യാഹ മഹാവിഷ്ണുഃ സത്യസങ്കല്പ ഈശ്വരഃ
ജാതോ രഘുകുലേ ദേവോ രാമ ഇത്യഭിവിശ്രുതഃ. 64

തഥാ ഇതി മഹാവിഷ്ണുഃ ആഹ	അങ്ങനെയാകാമെന്ന് മഹാവിഷ്ണു അരുളിച്ചെയ്തു.
സത്യസങ്കല്പഃ ഈശ്വരഃ രഘുകുലേ ജാതഃ	(അങ്ങനെ) സത്യസങ്കല്പനായ ഈശ്വരൻ രഘുകുലത്തിൽ ജാതനായി.
അഭിവിശ്രുതഃ രാമഃ ദേവഃ	(അദ്ദേഹമാണ്) അതിവിശ്രുതൻ രാമദേവൻ.

സ ഹനിഷ്യതി വഃ സർവ്വാനിത്യുക്ത്വാ പ്രയയൗ മുനിഃ
അതോ ജാനീഹി രാമം ത്വം പരം ബ്രഹ്മ സനാതനം. 65

വഃ സർവാൻ സഃ ഹനിഷ്യതി	നിങ്ങളെയെല്ലാം അവൻ ഒടുക്കും.
ഇതി ഉക്ത്വാ മുനിഃ പ്രയയൗ	ഇത്രയും അറിയിച്ചിട്ടാണ് മുനി പോയത്.
അതഃ ത്വം രാമം സനാതനം പരം ബ്രഹ്മ ജാനീഹി	അതിനാൽ നീ രാമനെ ശാശ്വതപരബ്രഹ്മമെന്നറിഞ്ഞുകൊൾക.

ത്യജ വൈരം ഭജസ്വാദ്യ മായാമാനുഷവിഗ്രഹം
ഭജതോ ഭക്തിഭാവേന പ്രസീദതി രഘൂത്തമഃ. 66

വൈരം ത്യജ	വിരോധം വെടിയുക.
മായാമാനുഷവിഗ്രഹം അദ്യ ഭജസ്വ	മായാമാനുഷദേഹംപൂണ്ട (അവനെ) ഇന്നുമുതൽ ഭജിക്കുക.
ഭക്തിഭാവേന ഭജതഃ രഘൂത്തമഃ പ്രസീദതി	ഭക്തിഭാവനയോടെ ഭജിക്കുന്നവരിൽ രഘുവരൻ പ്രസാദിക്കുമല്ലോ.

ഭക്തിർജനിത്രീ ജ്ഞാനസ്യ ഭക്തിർമോക്ഷപ്രദായിനീ
ഭക്തിഹീനേന യത്കിഞ്ചിത്കൃതം സർവ്വമസത്സമം. 67

ഭക്തിഃ ജ്ഞാനസ്യ ജനിത്രീ ഭക്തിഃ മോക്ഷപ്രദായിനീ	ഭക്തിയാണ് അറിവിന്റെ മാതാവ്. ഭക്തി മോക്ഷദായിനിയാണ്.
ഭക്തിഹീനേന യത്കിഞ്ചിത്കൃതം സർവ്വം അസത് സമം	ഭക്തിഹീനൻ ചെയ്യുന്നതെല്ലാം ശൂന്യസമാനം.

അവതാരാഃ സുബഹവോ വിഷ്ണോർലീലാനുകാരിണഃ
തേഷാം സഹസ്രസദൃശോ രാമോ ജ്ഞാനമയഃ ശിവഃ. 68

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലീലാനുകാരിണഃ വിഷ്ണോഃ
അവതാരാഃ സുബഹവഃ
തേഷാം സഹസ്രസദൃശഃ
ജ്ഞാനമയഃ ശിവഃ രാമഃ

ലീലാലോലുപനായ വിഷ്ണുവിന്
അവതാരങ്ങളുണ്ട് വളരെ വളരെ.
അവയിൽ ആയിരത്തിനു സദൃശനാണ്
ജ്ഞാനമയൻ, മംഗലരൂപൻ രാമൻ.

രാമം ഭജന്തി നിപുണാഃ മനസാ വചസാനിശം
അനായാസേന സംസാരം തീർത്ത്വാ യാന്തി ഹരേഃ പദം. 69

നിപുണാഃ മനസാ വചസാ
അനിശം രാമം ഭജന്തി
അനായാസേന സംസാരം തീർത്ത്വാ
ഹരേഃ പദം യാന്തി

സമർത്ഥന്മാർ മനസാ, വചസാ
സദാ രാമനെ ഭജിക്കുന്നു.
ആയാസമെന്യേ സംസാരം കടന്ന്
ഭഗവത്പദം പ്രാപിക്കയും ചെയ്യുന്നു.

യേ രാമമേവ സതതം ഭുവി ശുദ്ധസത്വാ
ധ്യായന്തി തസ്യ ചരിതാനി പഠന്തി സന്തഃ
മുക്താസ്ത ഏവ ഭവഭോഗമഹാഹിപാശൈഃ
സീതാപതേഃ പദമനന്തസുഖം പ്രയാന്തി. 70

ഭുവി ശുദ്ധസത്വാഃ യേ
സന്തഃ രാമം ഏവ
ധ്യായന്തി
തസ്യ ചരിതാനി പഠന്തി
തേ ഏവ
ഭവഭോഗമഹാഹിപാശൈഃ
മുക്താഃ
(തേ) സീതാപതേഃ അനന്തസുഖം
പദം പ്രയാന്തി

ഊഴിയിൽ അന്തരംഗശുദ്ധിയുള്ള ഏതു
സത്തുക്കൾ രാമനെത്തന്നെ
ധ്യാനിക്കുന്നുവോ,
അവന്റെ ചരിതങ്ങൾ പഠിക്കുന്നുവോ,
അവർ മാത്രമാണ്
ഭവക്ലേശമാകുന്ന പെരുമ്പാമ്പിൻകയർക്കുട-
ക്കുകളിൽനിന്ന് വിടുതൽ നേടുന്നത്.
(അവർ) സീതാപതിയുടെ അമിതാനന്ദ-
മായ അടിയിണ ആളുകയും ചെയ്യുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ സപ്തമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം ഏഴാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം എട്ട്

കുംഭകർണ്ണവധം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

കുംഭകർണ്ണവചഃ ശ്രുത്വാ ഭ്രുകുടീവികടാനനഃ 1
ദശഗ്രീവോ ജഗാദേദമാസനാദുത്പതന്നിവ.

കുംഭകർണ്ണവചഃ ശ്രുത്വാ
ഭ്രുകുടീവികടാനനഃ

കുംഭകർണ്ണന്റെ വചനം കേട്ടപ്പോൾ
(കോപത്താൽ) പുരികം ചുളിച്ച മുഖമുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശഗ്രീവഃ ആസനാത് ഉത്പതൻ ഇവ ഇദം ജഗാദ	ദശാനനൻ ഇരിപ്പിടത്തിൽനിന്ന് മേലേ കുതിക്കുംപോലെ (പെട്ടെന്നെണീ- റ്റ്) ഇങ്ങനെ പ്രസ്താവിച്ചു.

ത്വമാനീതോ ന മേ ജ്ഞാനബോധനായ സുബുദ്ധിമാൻ 2
മയാ കൃതം സമീകൃത്യ യുദ്ധസ്വ യദി രോചതേ.
നോ ചേത് ഗച്ഛ സുഷുപ്ത്യർത്ഥം നിദ്രാ ത്വാം ബാധതേധുനാ

ത്വം സുബുദ്ധിമാൻ (അസി)	നീ തികഞ്ഞ ബുദ്ധിമാനാണ്.
മേ ജ്ഞാനബോധനായ ന ആനീതഃ	(പക്ഷേ) എനിക്കറിവുപദേശിപ്പാനല്ല (നിന്നെ) വരുത്തിയത്.
യദി രോചതേ മയാ കൃതം സമീകൃത്യ യുദ്ധസ്വ നോ ചേത് സുഷുപ്ത്യർത്ഥം ഗച്ഛ	ഇഷ്ടമുള്ളപക്ഷം ഞാൻ ചെയ്തതു സമർത്ഥിച്ച് പൊരുതുക. അല്ലെങ്കിൽ ഉറങ്ങാൻ പോകുക.
നിദ്രാ അധുനാ ത്വാം ബാധതേ	ഉറക്കമിപ്പോഴും (തന്നെ) നിന്നെ പിടികൂടുന്നുണ്ട്.

രാവണസ്യ വചഃ ശ്രുത്വാ കുംഭകർണ്ണോ മഹാബലഃ. 3
രുഷ്ടോ/യമിതി വിജ്ഞായ തൂർണ്ണം യുദ്ധായ നിർയയൗ

രാവണസ്യ വചഃ ശ്രുത്വാ അയം രുഷ്ടഃ ഇതി വിജ്ഞായ മഹാബലഃ കുംഭകർണ്ണഃ യുദ്ധായ തൂർണ്ണം നിർയയൗ	രാവണന്റെ വചനം കേട്ടപ്പോൾ, ഇയാൾ കോപിച്ചിരിക്കയാണെന്നറി- ഞ്ഞ് കൊടിയ ബലശാലി കുംഭകർണ്ണൻ അടരാടാൻ ഉടനെ പുറപ്പെട്ടു.

സ ലംഘയിത്വാ പ്രാകാരം മഹാപർവ്വതസന്നിഭഃ. 4
നിർയയൗ നഗരാത്തൂർണ്ണം ഭീഷയൻ ഹരിസൈനികാൻ.

മഹാപർവ്വതസന്നിഭഃ സഃ പ്രാകാരം ലംഘയിത്വാ	മാമലയ്ക്കു തുല്യനായ അവൻ കോട്ടമതിൽ കടന്ന്
ഹരിസൈനികാൻ ഭീഷയൻ തൂർണ്ണം നഗരാത് നിർയയൗ	വാനരഭടന്മാരെ ഭീഷണിപ്പെടുത്തിക്കൊ- ണ്ടാണ് പെട്ടെന്ന് പട്ടണത്തിനു പുറത്തേക്കു വന്നത്.

സ നനാദ മഹാനാദം സമുദ്രമഭിനാദയൻ. 5

വാനരാൻ കാലയാമാസ ബാഹുഭ്യാം ഭക്ഷയൻ രുഷാ 6
കുംഭകർണ്ണം തദാ ദൃഷ്ട്വാ സപക്ഷമിവ പർവ്വതം.
ദുദ്രുവുർവാനരാഃ സർവ്വേ കാലാന്തകമിവാഖിലാഃ

സമുദ്രം അഭിനാദയൻ സഃ മഹാനാദം നനാദ	അലകടൽ ആർത്തിരമ്പിക്കുമാറ് അവൻ ഘോരനാദമുതിർത്തു.
ബാഹുഭ്യാം വാനരാൻ രുഷാ ഭക്ഷയൻ കാലയാമാസ	കരങ്ങളാൽ കപികളെ (വാരിയെടുത്ത്) കോപത്തോടെ തിന്നൊടുക്കി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപക്ഷം പർവ്വതം	ചിറകുള്ള മലപോലെയും
കാലാന്തകം ച ഇവ കുംഭകർണ്ണം	കാലാന്തകനെപ്പോലെയുമുള്ള കുംഭകർണ്ണനെ
ദൃഷ്ട്വാ തദാ അഖിലാഃ	കണ്ടപ്പോൾ ഒന്നൊഴിയാതെ
സർവ്വേ വാനരാഃ ദുദ്രുവുഃ	സകലവാനരന്മാരും ഓട്ടംപിടിച്ചു.

ഭ്രമന്തം ഹരിവാഹിന്യാം മുദ്ഗരേണ മഹാബലം. 7

കാലയന്തം ഹരീൻ വേഗാത് ഭക്ഷയന്തം സമന്തതഃ
ചൂർണ്ണയന്തം മുദ്ഗരേണ പാണിപാദൈരനേകധാ. 8

കുംഭകർണ്ണം തദാ ദൃഷ്ട്വാ ഗദാപാണിർവിഭീഷണഃ
നനാമ ചരണൗ തസ്യ ഭ്രാതുർജ്യേഷ്ഠസ്യ ബുദ്ധിമാൻ. 9

വിഭീഷണോ ഹം ഭ്രാതർമേ ദയാം കുരു മഹാമതേ.

ഹരിവാഹിന്യാം ഭ്രമന്തം	വാനരസേനയിൽ കറങ്ങിയോടുന്നവനും
മഹാബലം മുദ്ഗരേണ	അതിബലവാനും ഇരുമ്പുലക്കയാൽ
കാലയന്തം	(അരികളെ) തകർക്കുന്നവനും
സമന്തതഃ വേഗാത് ഹരീൻ	നാലുപാടുംനിന്ന് തുരുതുരെ കുരങ്ങന്മാരെ
ഭക്ഷയന്തം മുദ്ഗരേണ	പിടിച്ചുതിന്നുന്നവനും മുദ്ഗരത്താലും
പാണിപാദൈഃ അനേകധാ	കൈകാലുകളാലും പലതരത്തിൽ
ചൂർണ്ണയന്തം കുംഭകർണ്ണം	തകർത്തുപൊടിക്കുന്നവനുമായ കുംഭകർണ്ണനെ
ദൃഷ്ട്വാ തദാ ഗദാപാണിഃ	കണ്ടപ്പോൾ ഗദാധാരി
ബുദ്ധിമാൻ വിഭീഷണഃ	വിവേകശാലി, വിഭീഷണൻ
തസ്യ ജ്യേഷ്ഠസ്യ ഭ്രാതുഃ	ആ ജ്യേഷ്ഠസോദരന്റെ കാലടികളെ
ചരണൗ നനാമ	വണങ്ങി (അറിയിച്ചു):
മഹാമതേ ഭ്രാതഃ	മഹാമതേ, സഹോദര,
അഹം വിഭീഷണഃ	ഞാൻ വിഭീഷണനാണ്,
മേ ദയാം കുരു	എന്നിൽ കനിയേണമേ.

രാവണസ്തു മയാ ഭ്രാതർബഹുധാ പരിബോധിതഃ. 10

സീതാം ദേഹീതി രാമായ രാമഃ സാക്ഷാത് ജനാർദ്ദനഃ

ഭ്രാതഃ രാവണഃ തു	സഹോദര, രാവണനെയാകട്ടെ
മയാ പരിബോധിതഃ ബഹുധാ	ഞാൻ പ്രബോധിപ്പിച്ചു പലതരത്തിൽ.
രാമായ സീതാം ദേഹി	രാമനു സീതയെ നല്കിയേക്കുക;
രാമഃ സാക്ഷാത് ജനാർദ്ദനഃ	രാമൻ സാക്ഷാൽ മഹാവിഷ്ണുവാണ്
ഇതി	എന്ന്.

ന ശൃണോതി ച മാം ഹന്തും ഖഡ്ഗമുദ്യമ്യ ചോക്തവാൻ. 11

ധിക്ത്വാം ഗച്ഛേതി മാം ഹത്വാ പദാ പാപിഭിരാവൃതഃ
ചതുർഭിർമന്ത്രിഭിഃ സാർദ്ധം രാമം ശരണമാഗതഃ. 12

ന ശൃണോതി	(പക്ഷേ) കേൾക്കുന്നില്ല.
പാപിഭിഃ ആവൃതഃ	പാപികളാൽ ചൂഴപ്പെട്ട (അയാൾ)
മാം പദാ ഹത്വാ ഹന്തും	എന്നെ കാലുകൊണ്ടു ചവുട്ടി; വെട്ടാൻ
ഖഡ്ഗം ഉദ്യമ്യ ഉക്തവാൻ	വാളോങ്ങി പറഞ്ഞു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാം ധിക്	നിന്നെ തള്ളിയിരിക്കുന്നു;
ഗച്ഛ ഇതി	പൊയ്ക്കൊൾക എന്ന്.
ചതുർഭിഃ മന്ത്രിഭിഃ സാർദ്ധം	നാലു മന്ത്രിമാരോടൊത്ത്
രാമം ശരണം ആഗതഃ	(ഞാൻ) രാമനെ ശരണംപ്രാപിച്ചു.

തച്ഛ്രുത്വാ കുംഭകർണ്ണോഽപി ജ്ഞാത്വാ ഭ്രാതരമാഗതം
സമാലിംഗ്യാഹ വത്സ ത്വം ജീവ രാമപദാശ്രയാത്. 13

കുലസംരക്ഷണാർത്ഥായ രാക്ഷസാനാം ഹിതായ ച
മഹാഭാഗവതോഽസി ത്വം പുരാ മേ നാരദാച്ഛ്രുതം. 14

ഗച്ഛ താത മയേദാനീം ദൃശ്യതേ ന ച കിഞ്ചന
മദീയോ വാപരോ വാപി മദമത്തവിലോചനഃ. 15

ഇത്യുക്തോഽശ്രുമുഖോ ഭ്രാതുശ്ചരണാവഭിവന്ദ്യ സഃ
രാമപാർശ്വമുപാഗത്യ ചിന്താപര ഉപസ്ഥിതഃ. 16

തത് ശ്രുത്വാ കുംഭകർണ്ണഃ	അതു കേൾക്കവേ കുംഭകർണ്ണൻ,
അപി ഭ്രാതരം ആഗതം	സ്വസഹോദരനാണ വന്നതെന്നറിഞ്ഞ്
ജ്ഞാത്വാ സമാലിംഗ്യ ആഹ	(അവനെ) മുറുകെത്തഴുകി അറിയിച്ചു:
വത്സ, കുലസംരക്ഷണാർത്ഥായ	ഉണ്ണീ, (നമ്മുടെ) വംശരക്ഷയ്ക്കും
രാക്ഷസാനാം ഹിതായ ച	രാക്ഷസരുടെ (പൊതു)ഹിതത്തിനുമായി
രാമപദാശ്രയാത്	രാമന്റെ തിരുവടികളാശ്രയിച്ച്
ത്വം ജീവ	നീ ജീവിതം നയിക്കുക.
ത്വം മഹാഭാഗവതഃ അസി	നീ മികച്ച ഭഗവദ്ഭക്തനാണ്.
മേ പുരാ നാരദാത്	ഞാൻ പണ്ടേ നാരദനിൽനിന്ന്
ശ്രുതം	(ആ വസ്തുത) കേട്ടിരിക്കുന്നു.
താത ഗച്ഛ	കുഞ്ഞേ, (നീ) പൊയ്ക്കൊൾക.
മദീയഃ വാ അപരഃ വാ അപി	സ്വജനമോ അപരനോ എന്ന്
മയാ ഇദാനീം	എനിക്കിപ്പോൾ
കിഞ്ചന ന ദൃശ്യതേ	തെല്ലും കാണാവതല്ല.
മദമത്തവിലോചനഃ	(എന്തെന്നാൽ) ഉന്മത്തദൃഷ്ടിയാണ (ഞാൻ).
ഇതി ഉക്തഃ സഃ	ഇപ്രകാരം പറയപ്പെട്ട വിഭീഷണൻ
അശ്രുമുഖഃ	അശ്രുമുഖനായി
ഭ്രാതുഃ ചരണൗ അഭിവന്ദ്യ	ജ്യേഷ്ഠന്റെ കഴലിണ തൊഴുത്,
രാമപാർശ്വം ഉപാഗത്യ	രാമസമീപമെത്തി,
ചിന്താപരഃ ഉപസ്ഥിതഃ	ചിന്താപരനായി കഴിഞ്ഞുകൂടി.

കുംഭകർണ്ണോഽപി ഹസ്താഭ്യാം
പാദാഭ്യാം പേഷയൻ ഹരീൻ
ചചാര വാനരീം സേനാം
കാലയൻ ഗന്ധഹസ്തിവത്. 17

കുംഭകർണ്ണഃ അപി	കുംഭകർണ്ണനും
ഹസ്താഭ്യാം പാദാഭ്യാം	കരങ്ങളാലും ചരണങ്ങളാലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

	കപികളെ കശക്കി,
ഹരീൻ പേഷയൻ	(അപ്പാടെ) വാനരപ്പടയെ തകൎത്തുകൊണ്ട്
വാനരീം സേനാം കാലയൻ	മദയാനയെപ്പോലെ സഞ്ചരിച്ചു.
ഗന്ധഹസ്തീവത് ചചാര	

ദൃഷ്ട്വാ തം രാഘവഃ ക്രുദ്ധോ വായവ്യം ശസ്ത്രമാദരാത്
ചിക്ഷേപ കുംഭകൎണ്ണായ തേന ചിച്ഛേദ രക്ഷസഃ. 18

സമുദ്ഗരം ദക്ഷഹസ്തം തേന ഘോരം നനാദ സഃ
സ ഹസ്തഃ പതിതോ ഭൂമാവനേകാൻ മൎദ്ദയൻ കപീൻ. 19

തം ദൃഷ്ട്വാ ക്രുദ്ധഃ രാഘവഃ	അവനെക്കണ്ടു കോപംപൂണ്ട രാമൻ
ആദരാത് വായവ്യം ശസ്ത്രം	ആദരവോടെ വായവ്യാസ്ത്രം (എടുത്ത്)
കുംഭകൎണ്ണായ ചിക്ഷേപ	കുംഭകൎണ്ണന്റെനേരെ തൊടുത്തുവിട്ടു.
തേന രക്ഷസഃ ദക്ഷഹസ്തം	അതേററ് രാക്ഷസന്റെ വലതുകൈ
സമുദ്ഗരം ചിച്ഛേദ	ഇരുമ്പുപാരസഹിതം അററുപോയി.
സഃ തേന ഘോരം നനാദ	അവൻ അതോടെ ഘോരമായി അലറി.
സഃ ഹസ്തഃ അനേകാൻ കപീൻ	ആ കൈ ഒട്ടേറെ കപികളെ
മൎദ്ദയൻ ഭൂമൌ	ഞെരിച്ചു തകൎത്തുകൊണ്ടാണ്
പതിതഃ	നിലംപതിച്ചത്.

പൎയ്യന്തമാശ്രിതാഃ സൎവ്വേ വാനരാഃ ഭയവേപിതാഃ
രാമരാക്ഷസയോൎയ്യുദ്ധം പശ്യന്തഃ പൎയ്യവസ്ഥിതാഃ. 20

ഭയവേപിതാഃ വാനരാഃ സൎവ്വേ	പേടിച്ചരണ്ട വാനരരെല്ലാം
പൎയ്യന്തം ആശ്രിതാഃ	അററത്തേക്കു മാറിനില്പായി.
രാമരാക്ഷസയോഃ	(അവർ) രാമന്റെയും രാക്ഷസന്റെയും
യുദ്ധം പശ്യന്തഃ പൎയ്യവസ്ഥിതാഃ	ഏററുമുട്ടൽ നോക്കിക്കൊണ്ട് നിലകൊണ്ടു.

കുംഭകൎണ്ണശ്ഛിന്നഹസ്തഃ ശാലമുദ്യമ്യ വേഗതഃ
സമരേ രാഘവം ഹന്തും ദുദ്രാവ തമഥാച്ഛിനത്. 21
ശാലേന സഹിതം വാമഹസ്തമൈന്ദ്രേണ രാഘവഃ.

ഛിന്നഹസ്തഃ കുംഭകൎണ്ണഃ ശാലം	കൈയററ കുംഭകൎണ്ണൻ ഒരു പനയും
ഉദ്യമ്യ സമരേ രാഘവം	പൊക്കി പോരിൽ രാമനെ
ഹന്തും വേഗതഃ ദുദ്രാവ	കൊല്ലാൻ ശീഘ്രം പാഞ്ഞടുത്തു.
ശാലേന സഹിതം തം	സാലമരത്തോടുകൂടിയ ആ
വാമഹസ്തം രാഘവഃ അഥ	ഇടതുകരം രാഘവൻ പിന്നെ
ഐന്ദ്രേണ അച്ഛിനത്	ഇന്ദ്രാസ്ത്രംകൊണ്ടരിഞ്ഞുവീഴ്ത്തി.

ഛിന്നബാഹുമഥോ യാന്തം നൎദ്ദന്തം വീക്ഷ്യ രാഘവഃ. 22

ഭാവൎദ്ധചന്ദ്രൌ നിശിതാവാദായാസ്യ പദദ്വയം
ചിച്ഛേദ പതിതൌ പാദൌ ലങ്കാദ്വാരി മഹാസ്വനൌ. 23

ഛിന്നബാഹും	കൈയററുപോയ,
അഥോ നൎദ്ദന്തം യാന്തം	അനന്തരം അലറിയടുക്കുന്ന (അവനെ)
വീക്ഷ്യ രാഘവഃ	കൺപാൎത്ത് രാഘവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിശിതൗ ദ്വൗ	കൂർത്ത രണ്ട്
അർദ്ധചന്ദ്രൗ (ബാണൗ) ആദായ	അർദ്ധചന്ദ്രശരമെടുത്ത്
അസ്യ പാദദ്വയം ചിച്ഛേദ	അവന്റെ ഇരുകാലും വെട്ടി.
പാദൗ മഹാസ്വനൗ	കാലുകൾ തുമുലശബ്ദത്തോടെ
ലങ്കാദ്വാരി പതിതൗ	ലങ്കയുടെ ഗോപുരവാതില്ക്കൽ വീണു.

നികൃത്തപാണിപാദോഽപി കുംഭകർണ്ണോഽതിഭീഷണഃ
ബഡവാമുഖവദ്വക്ത്രം വ്യാദായ രഘുനന്ദനം. 24
അഭിദുദ്രാവ നിനദൻ രാഹുശ്ചന്ദ്രമസം യഥാ

നികൃത്തപാണിപാദഃ അപി	കൈകാൽ മുറിഞ്ഞവനെങ്കിലും
അതിഭീഷണഃ കുംഭകർണ്ണഃ	അതിഭീകരനായ കുംഭകർണ്ണൻ
ബഡവാമുഖവത് വക്ത്രം	*ബഡവാമുഖംപോലെ വായ്
വ്യാദായ നിനദൻ	പിളർന്നലറിക്കൊണ്ട്,
രാഹുഃ ചന്ദ്രമസം യഥാ	രാഹു തിങ്കളിൻനേരെയെന്നപോലെ
രഘുനന്ദനം അഭിദുദ്രാവ	രാമന്റെനേരെ പാഞ്ഞടുത്തു.

അപൂരയച്ഛിതാഗ്രൈശ്ച സായകൈസ്തദ്രഘൂത്തമഃ. 25
ശരപൂരിതവക്ത്രോഽസൗ ചുക്രോശാതിഭയങ്കരഃ.

ശിതാഗ്രൈഃ സായകൈഃ	കൂർത്ത മുനയുള്ള ബാണങ്ങളാൽ
രഘൂത്തമഃ	രഘുവരൻ (അവന്റെ)
തത് അപൂരയത്	വായ് എല്ലാ നിറച്ചു.
ശരപൂരിതവക്ത്രഃ അസൗ	വായിലമ്പുനിറഞ്ഞ ആ
അതിഭയങ്കരഃ ചുക്രോശ.	അതിഭയങ്കരൻ നിലവിളിക്കൂട്ടി.

അഥ സൂര്യപ്രതീകാശം ഐന്ദ്രം ശരമനുത്തമം. 26
വജ്രാശനിസമം രാമശ്ചിക്ഷേപാസുരമൃത്യവേ.

സൂര്യപ്രതീകാശം	സൂര്യനെപ്പോലെ
വജ്രാശനിസമം	ജ്വലിക്കുന്നതും ഇടിമിന്നലിനു തുല്യവും
അനുത്തമം ഐന്ദ്രം ശരം	അത്യുത്തമവുമായ ഇന്ദ്രാസ്ത്രം,
അസുരമൃത്യവേ	അസുരനെ വധംവരുത്താൻ
അഥ രാമഃ ചിക്ഷേപ	അനന്തരം രാമൻ തൊടുത്തുവിട്ടു.

സ തത്പർവ്വതസങ്കാശം സ്ഫുരത്കുണ്ഡലദംഷ്ട്രകം. 27
ചകർത്ത രക്ഷോഽധിപതേഃ ശിരോ വൃത്രമിവാശനി
തച്ഛിരഃ പതിതം ലങ്കാദ്വാരി കായോ മഹോദധൗ. 28
ശിരോഽസ്യാരോധയദ്ദ്വാരം കായോ നക്രാദ്യചൂർണ്ണയത്

പർവ്വതസങ്കാശം	പർവ്വതതുല്യവും
സ്ഫുരത്കുണ്ഡലദംഷ്ട്രകം	കുണ്ഡലങ്ങളും ദംഷ്ട്രകളും തിളങ്ങുന്നതുമായ
രക്ഷോഽധിപതേഃ	രാക്ഷസേശ്വരശിരസ്സ്
ശിരഃ ചകർത്ത സഃ (ശരഃ)	അരിഞ്ഞു, ആ ശരം.
അശനി വൃത്രം ഇവ	വജ്രം വൃത്രം (ശിരസ്സ്) എന്നപോലെ.

---

* ബഡവാ = കടലിലെ അഗ്നി; വായിൽ തീയുള്ള കടൽപ്പെൺകുതിര.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത് ശിരഃ ലങ്കാദ്വാരി	ആ തല ലങ്കയുടെ ഗോപുരദ്വാരത്തിൽ
പതിതം. കായഃ മഹോദധൗ	പതിച്ചു. ഉടൽ അലകടലിലും.
അസ്യ ശിരഃ	ഇവന്റെ തല (വീണ്)
ദ്വാരം അരോധയത്	ഗോപുരവാതിൽ അടഞ്ഞു.
കായഃ നക്രാദീ അചൂർണ്ണയത്	ഉടൽ (വീണ്) നക്രാദികളെ തകർത്തു.

തതോ ദേവാഃ സഋഷയോ ഗന്ധർവ്വാഃ പന്നഗാഃ ഖഗാഃ. 29

സിദ്ധാഃ യക്ഷാഃ ഗുഹ്യകാശ്ച അപ്സരോഭിശ്ച രാഘവം
ഈഡിരേ കുസുമാസാരൈർവർഷന്തശ്ചാഭിനന്ദിതാഃ. 30

തതഃ ദേവാഃ ഗന്ധർവ്വാഃ പന്നഗാഃ	അതോടെ, ദേവ—ഗന്ധർവ്വ—നാഗന്മാർ,
ഖഗാഃ സിദ്ധാഃ യക്ഷാഃ	ഗഗനചാരികൾ, സിദ്ധ—യക്ഷ—
ഗുഹ്യകാഃ ച സഋഷയഃ	ഗുഹ്യകന്മാർ (ഇവരെല്ലാം) ഋഷിമാരും
അപ്സരോഭിഃ ച	അപ്സരകളുമൊത്ത്
കുസുമാസാരൈഃ വർഷന്തഃ	പൂമാരി ചൊരിഞ്ഞ്
അഭിനന്ദിതാഃ രാഘവം ഈഡിരേ	അഭിമാനപൂർവ്വം രാഘവനെ വാഴ്ത്തി.

ആജഗാമ തദാ രാമം ദ്രഷ്ടും ദേവമുനീശ്വരഃ
നാരദോ ഗഗനാത്തൂർണ്ണം സ്വഭാസാ ഭാസയൻ ദിശഃ. 31

രാമമിന്ദീവരശ്യാമം ഉദാരാംഗം ധനുർദ്ധരം
ഈഷത്താമ്രവിശാലാക്ഷം ഐന്ദ്രാസ്ത്രാഞ്ചിതബാഹുകം. 32

ദയാർദ്രദൃഷ്ട്യാ പശ്യന്തം വാനരാൻ ശരപീഡിതാൻ
ദൃഷ്ട്വാ ഗദ്ഗദയാ വാചാ ഭക്ത്യാ സ്തോതും പ്രചക്രമേ. 33

സ്വഭാസാ ദിശഃ	സ്വകാന്തിയാൽ ദിക്കുകളെ
ഭാസയൻ	ദ്യോതിപ്പിക്കുന്ന
ദേവമുനീശ്വരഃ നാരദഃ	ദേവർഷിമുഖ്യൻ നാരദൻ
രാമം ദ്രഷ്ടും തദാ	രാമനെക്കാണാൻ തത്സമയം
ഗഗനാത് തൂർണ്ണം ആജഗാമ	വിണ്ണിൽനിന്നു വേഗമിറങ്ങിവന്നു.
ഇന്ദീവരശ്യാമം	നീലത്താമരപോലെ ശ്യാമനും
ഉദാരാംഗം ധനുർദ്ധരം	മോഹനാംഗനും ധനുർദ്ധരനും
ഈഷത്താമ്രവിശാലാക്ഷം	തെല്ലു ചുവന്നു വിശാലമായ മിഴിയുള്ളവനും
ഐന്ദ്രാസ്ത്രാഞ്ചിതബാഹുകം	കൈയിൽ ഇന്ദ്രാസ്ത്രമേന്തിയവനും
ശരപീഡിതാൻ വാനരാൻ	അമ്പേറ്റുഴറിയ വാനരരെ
ദയാർദ്രദൃഷ്ട്യാ	അനുകമ്പയിലലിഞ്ഞ മിഴിയാൽ
പശ്യന്തം രാമം ദൃഷ്ട്വാ	നോക്കുന്നവനുമായ രാമനെ ദർശിച്ചിട്ട്
ഭക്ത്യാ ഗദ്ഗദയാ വാചാ	(നാരദൻ) പ്രേമംകൊണ്ടിടറിയ വാക്കാൽ
സ്തോതും പ്രചക്രമേ	സ്തുതിക്കാൻ തുടങ്ങി.

നാരദ ഉവാച: നാരദൻ പറഞ്ഞു

ദേവദേവ ജഗന്നാഥ പരമാത്മൻ സനാതന
നാരായണാഖിലാധാര വിശ്വസാക്ഷിൻ നമോഽസ്തുതേ. 34

ദേവദേവ ജഗന്നാഥ പരമാത്മൻ	ദേവദേവ, ലോകനാഥ, പരമാത്മാവേ,
സനാതന നാരായണ	സനാതന, നാരായണ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഖിലാധാര വിശ്വസാക്ഷിൻ തേ നമഃ അസ്തു	സകലാധാര, വിശ്വസാക്ഷീ, നിനക്കു വന്ദനം.

വിശുദ്ധജ്ഞാനരൂപോഽപി ത്വം ലോകാനതിവഞ്ചയൻ
മായയാ മനുജാകാരഃ സുഖദുഃഖാദിമാനിവ. 35

ത്വം വിശുദ്ധജ്ഞാനരൂപഃ അപി മായയാ മനുജാകാരഃ സുഖദുഃഖാദിമാൻ ഇവ ലോകാൻ അതിവഞ്ചയൻ (സ്ഥിതഃ അസി)	നീ വിശുദ്ധജ്ഞാനസ്വരൂപനാണെ- ങ്കിലും മായയാൽ മാനവാകൃതി പൂണ്ട് സുഖദുഃഖാദികൾ വിധേയനെപ്പോലെ ലോകരെ മററും വ്യാമോഹിപ്പിച്ചു കഴിയുകയാണ്.

ത്വം മായയാ ഗൂഹ്യമാനഃ സർവ്വേഷാം ഹൃദിസംസ്ഥിതഃ
സ്വയം ജ്യോതിഃസ്വഭാവസ്ത്വം വ്യക്ത ഏവാമലാത്മനാം. 36

ത്വം സർവ്വേഷാം ഹൃദി സംസ്ഥിതഃ സ്വയംജ്യോതിഃസ്വഭാവഃ (അസി)	നീ സകലരുടേയും കരളിൽ കുടികൊള്ളുന്നവനും സ്വയംപ്രകാശസ്വഭാവവാനുമാണ്.
മായയാ ഗൂഹ്യമാനഃ അപി ത്വം അമലാത്മനാം വ്യക്ത ഏവ	മായയാൽ മറയ്ക്കപ്പെട്ടവനെങ്കിലും നീ വിമലമാനസർക്കു വെളിപ്പെട്ടവൻതന്നെ.

ഉന്മീലയൻ സൃജസ്യേതന്നേത്രേ രാമ ജഗത്ത്രയം
ഉപസംഹ്രിയതേ സർവ്വം ത്വയാ ചക്ഷുർന്നിമീലനാത്. 37

രാമ നേത്രേ ഉന്മീലയൻ ഏതത് ജഗത്ത്രയം സൃജസി	രാമ, തിരുമിഴികൾ തുറന്ന് (നീ) ഈ ലോകം മൂന്നും ചമയ്ക്കുന്നു.
ചക്ഷുർന്നിമീലനാത് ത്വയാ സർവ്വം ഉപസംഹ്രിയതേ ച	മിഴിപൂട്ടുകവഴി നിന്നാൽ എല്ലാം സംഹരിക്കപ്പെടുകയുമായി.

യസ്മിൻ സർവ്വമിദം ഭാതി യതശ്ചൈതച്ചരാചരം
യസ്മാന്നകിഞ്ചില്ലോകേസ്മിംസ്തസ്മൈതേ ബ്രഹ്മണേ നമഃ. 38

ഇദം സർവ്വം യസ്മിൻ ഭാതി ഏതത് ചരാചരം യതഃ യസ്മാത് (അന്യത്) അസ്മിൻ ലോകേ കിഞ്ചിത് ന തസ്മൈ ബ്രഹ്മണേ തേ നമഃ	ഇതെല്ലാം ഏതിൽ വിളങ്ങുന്നു, ഈ ചരാചരം ഏതിൽനിന്ന് (ഉളവായി), ഏതിൽനിന്ന് അന്യമായി ഈ ലോകത്തിൽ ഒന്നുംതന്നെയില്ല, ആ ബ്രഹ്മമായ നിനക്കു പ്രണാമം.

പ്രകൃതിം പുരുഷം കാലം വ്യക്താവ്യക്തസ്വരൂപിണം
യം ജാനന്തി മുനിശ്രേഷ്ഠാസ്തസ്മൈ രാമായ തേ നമഃ. 39

പ്രകൃതിം പുരുഷം കാലം വ്യക്താവ്യക്തസ്വരൂപിണം യം മുനിശ്രേഷ്ഠാഃ ജാനന്തി തസ്മൈ തേ രാമായ നമഃ	പ്രകൃതി, പുരുഷൻ, കാലം എന്നും വ്യക്ത–അവ്യക്തസ്വരൂപനെന്നും ഏതൊരാളെ മാമുനിമാർ അറിയുന്നുവോ, ആ നിനക്ക്, രാമന് നമസ്കാരം.

വികാരരഹിതം ശുദ്ധം ജ്ഞാനരൂപം ശ്രുതിർജഗൗ
ത്വാം സർവ്വജഗദാകാരമൂർത്തിം ചാപ്യാഹ സാ ശ്രുതിഃ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാം വികാരരഹിതം	നിന്നെ വികാരരഹിതനെന്നും
ശുദ്ധം ജ്ഞാനരൂപം	വിശുദ്ധനെന്നും ചിദ്രൂപനെന്നും
ശ്രുതിഃ ജഗൗ	വേദം വ്യപദേശിക്കുന്നു.
സാ ശ്രുതിഃ സർവ്വജഗദാകാരമൂർത്തിം ച അപി ആഹ	അതേ ശ്രുതി, സകലജഗത്തുമാകുന്ന ആകൃതിയോടുകൂടി- യവനെന്നും (നിന്നെ) വിളിക്കാറുണ്ട്.

വിരോധോ ദൃശ്യതേ ദേവ വൈദികോ വേദവാദിനാം
നിശ്ചയം നാധിഗച്ഛന്തി ത്വത്പ്രസാദം വിനാ ബുധാഃ. 41

വേദവാദിനാം വൈദികഃ വിരോധഃ ദൃശ്യതേ	വേദവാദികൾക്ക് വേദോക്തികളിൽ വൈരുദ്ധ്യം കാണപ്പെടാം.
ത്വത്പ്രസാദം വിനാ ബുധാഃ നിശ്ചയം ന അധിഗച്ഛന്തി	നിന്റെ കൃപകൂടാതെ ജ്ഞാനികൾപോലും (പൊരുൾ) തീർത്തറിയാറില്ല.

മായയാ ക്രീഡതോ ദേവ ന വിരോധോ മനാഗപി
രശ്മിജാലം രവേർയദ്വത് ദൃശ്യതേ ജലവത് ഭ്രമാത്. 42

ഭ്രാന്തിജ്ഞാനാത്തഥാ രാമ ത്വയി സർവ്വം പ്രകല്പ്യതേ
മനസോ വിഷയം ദേവ, രൂപം തേ നിർഗ്ഗുണം പരം. 43

ദേവ മായയാ ക്രീഡതഃ തേ വിരോധഃ മനാഗ് അപി ന	ഭഗവാനേ, മായകൊണ്ടു വിളയാടുന്ന നിന്നിൽ വൈരുദ്ധ്യം തെല്ലുമില്ല.
രവേഃ രശ്മിജാലം യദ്വത് ഭ്രമാത് ജലവത് ദൃശ്യതേ രാമ ഭ്രാന്തിജ്ഞാനാത് തഥാ ത്വയി സർവ്വം പ്രകല്പ്യതേ	രവിയുടെ കിരണജാലം എവ്വിധമാണോ ഭ്രമവശാൽ ജലമായി കാണപ്പെടുന്നതു്, രാമ, മിഥ്യാബോധംമൂലം അങ്ങനെ നിന്നിൽ എല്ലാം കല്പിക്കപ്പെടുകയാണു്.
ദേവ തേ പരം നിർഗ്ഗുണം രൂപം മനസഃ വിഷയം	ദേവ, നിന്റെ പരമമായ നിർഗ്ഗുണരൂപം മനോവിഷയമാണു്. (ഇന്ദ്രിയഗ്രാഹ്യമല്ല)

ഭഗവാന്റെ നിർഗ്ഗുണരൂപം മനസ്സിനു പിടികിട്ടാത്തതെന്നു നിനയ്ക്കേണ്ട. അതും ബുദ്ധിഗ്രാഹ്യംതന്നെ. ഇളകാത്ത വിശ്വാസം നിർഗ്ഗുണത്തെയും വശംവദമാക്കും. പഞ്ചദശി പറയുന്നു: ''നിർഗ്ഗുണബ്രഹ്മതത്ത്വസ്യ നഹ്യുപാസ്തേരസംഭവഃ സഗുണബ്രഹ്മണീവാത്ര പ്രത്യയാവൃത്തിസംഭവാത്.''

കഥം ദൃശ്യം ഭവേദ്ദേവ ദൃശ്യാഭാവേ ഭജേത് കഥം
അതസ്ത്വാവതാരേഷു രൂപാണി നിപുണാ ഭുവി. 44

ഭജന്തി ബുദ്ധിസമ്പന്നാസ്തരന്ത്യേവ ഭവാർണ്ണവം
കാമക്രോധാദയസ്തത്ര ബഹവഃ പരിപന്ഥിനഃ. 45

ഭീഷയന്തി സദാ ചേതോ മാർജ്ജാരാ മൂഷകം യഥാ
ത്വന്നാമ സ്മരതാം നിത്യം ത്വദ്രൂപമപി മാനസേ. 46

ത്വത്പൂജാനിരതാനാം തേ കഥാമൃതപരാത്മനാം
ത്വത്ഭക്തസംഗിനാം രാമ സംസാരോ ഗോഷ്പദായതേ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതസ്തേ സഗുണം രൂപം ധ്യാത്വാഹം സർവ്വദാ ഹൃദി
മുക്തശ്ചരാമി ലോകേഷു പൂജ്യോഽഹം സർവ്വദൈവതൈഃ. 48

ദേവ കഥം ദൃശ്യം ഭവേത് ദൃശ്യാഭാവേ കഥം ഭജേത്	ദേവ, എങ്ങനെ (നിർഗ്ഗുണം) ദൃശ്യമാകും? ദൃശ്യമാകാതെ ഭജിപ്പതെങ്ങനെ?
അതഃ ഭുവി നിപുണാഃ അവതാരേഷു തവ രൂപാണി ഭജന്തി	ആകയാൽ ലോകങ്ങളിലുള്ള നിപുണന്മാർ അവതാരങ്ങളിലുള്ള നിൻതിരുരൂപങ്ങളെ ഭജിച്ചുപോരുന്നു.
ബുദ്ധിസംപന്നാഃ ഭവാർണ്ണവം തരന്തി ഏവ	ബുദ്ധിമാന്മാർ സംസാരക്കടൽ തീർച്ചയായും താണ്ടും.
കാമക്രോധാദയഃ ബഹവഃ പരിപന്ഥിനഃ തത്ര മാർജ്ജാരാഃ മൂഷകം യഥാ ചേതഃ സദാ ഭീഷയന്തി	കാമക്രോധാദി ബഹുവൈരികൾ അവിടെയും പൂച്ച എലിയെയെന്നപോലെ ചേതസ്സിനെ എപ്പോഴും ഭീഷണിപ്പെടുത്താറുണ്ട്.
നിത്യം ത്വന്നാമ സ്മരതാം മനസേ ത്വദ്രൂപം (ധ്യായതാം) അപി ത്വത്പൂജാനിരതാനാം തേ കഥാമൃതപാരാത്മനാം ത്വത്ഭക്തസംഗിനാം സംസാരഃ ഗോഷ്പദായതേ	എന്നും നിൻനാമം സ്മരിപ്പോർക്കും ഉള്ളിൽ തിരുരൂപം ധ്യാനിപ്പോർക്കും നിൻപൂജയിൽ മുഴുകിയോർക്കും നിന്റെ കഥാമൃതത്തിൽ മനം രമിപ്പോർക്കും നിന്റെ ഭക്തരോടു ചേർന്നിരിപ്പോർക്കും ഈ സംസാരം കാലിക്കാല്പാട്ടിലെ ജലംപോലെ (നിസ്സാരം).
അതഃ തേ സഗുണം രൂപം ഹൃദി സർവ്വദാ ധ്യാത്വാ മുക്തഃ അഹം ലോകേഷു ചരാമി	അതിനാൽ നിന്റെ സഗുണരൂപം അന്തരംഗത്തിൽ സദാ ധ്യാനിച്ച് മുക്തനായ ഞാൻ ലോകങ്ങളിൽ സഞ്ചരിക്കയാണ്.
സർവ്വദൈവതൈഃ അഹം പൂജ്യഃ (ച അസ്മി)	സകലദേവതകൾക്കും ഞാൻ പൂജ്യനുമായിരിക്കുന്നു.

രാമ ത്വയാ മഹത്കാര്യം കൃതം ദേവഹിതേപ്സയാ
കുംഭകർണ്ണവധേനാദ്യ ഭൂഭാരോഽയം ഗതഃ പ്രഭോ. 49

രാമ ദേവഹിതേപ്സയാ മഹത്കാര്യം ത്വയാ കൃതം	രാമ, ദേവഹിതം നിറവേററാൻ ഇച്ഛിക്ക– യാൽ മഹത്തായ ഒരു കാര്യമാണ് നീ നിർവ്വഹിച്ചത്.
പ്രഭോ കുംഭകർണ്ണവധേന അദ്യ അയം ഭൂഭാരഃ ഗതഃ	പ്രഭോ, കുംഭകർണ്ണന്റെ വധത്തോടെ ഇന്ന് ഈ ഭൂഭാരം തീർന്നിരിക്കുന്നു.

ശ്വോ ഹനിഷ്യതി സൗമിത്രിരിന്ദ്രജേതാരമാഹവേ
ഹനിഷ്യസേഽഥ രാമ ത്വം പരശ്വോ ദശകന്ധരം. 50

ശ്വഃ ആഹവേ സൗമിത്രിഃ ഇന്ദ്രജേതാരം ഹനിഷ്യതി	നാളത്തെ സമരത്തിൽ ലക്ഷ്മണൻ ഇന്ദ്രജിത്തിനെ കൊല്ലും.
രാമ അഥ പരശ്വഃ ത്വം ദശകന്ധരം ഹനിഷ്യസേ	രാമ, പിന്നെ മറ്റേന്നാൾ നീ രാവണനെയും ഹനിക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശ്യാമി സർവ്വം ദേവേശ സിദ്ധൈഃ സഹ നഭോഗതഃ
അനുഗൃഹ്ണീഷ്വ മാം ദേവ ഗമിഷ്യാമി സുരാലയം. 51

ഇത്യുക്ത്വാ രാമമാമന്ത്ര്യ നാരദോ ഭഗവാനൃഷിഃ
യയൗ ദേവൈഃ പൂജ്യമാനോ ബ്രഹ്മലോകമകല്മഷം. 52

ദേവേശ സിദ്ധൈഃ സഹ നഭോഗതഃ	ദേവേശ, സിദ്ധരൊത്തു് വിണ്ണിൽ നിന്നു്
സർവ്വം പശ്യാമി	ഞാനെല്ലാം വീക്ഷിച്ചുകൊള്ളാം.
ദേവ മാം അനുഗൃഹ്ണീഷ്വ	ഭഗവാനേ, എന്നെ അനുഗ്രഹിച്ചാലും.
സുരാലയം ഗമിഷ്യാമി	ദേവലോകത്തേക്കു പോകട്ടെ (ഞാൻ).
ഇതി ഉക്ത്വാ രാമം ആമന്ത്ര്യ	ഇങ്ങനെ പറഞ്ഞു് രാമനോടു വിടവാങ്ങി
ഭഗവാൻ നാരദഃ ഋഷിഃ	ഭഗവാൻ നാരദമുനി
ദേവൈഃ പൂജ്യമാനഃ	വാനവരുടെ പൂജയേറ്റുകൊണ്ടു്
അകല്മഷം ബ്രഹ്മലോകം യയൗ	കല്മഷമേശാത്ത ബ്രഹ്മലോകം പുകി.

ഭ്രാതരം നിഹതം ശ്രുത്വാ കുംഭകർണ്ണം മഹാബലം
രാവണഃ ശോകസന്തപ്തോ രാമേണാക്ലിഷ്ടകർമ്മണാ. 53

മൂർച്ഛിതഃ പതിതോ ഭൂമാവുത്ഥായ വിലലാപ ഹ!

അക്ലിഷ്ടകർമ്മണാ രാമേണ	അനായാസകർമ്മാവായ രാമനാൽ
മഹാബലം ഭ്രാതരം	(തന്റെ) പ്രബലസോദരൻ
കുംഭകർണ്ണം നിഹതം ശ്രുത്വാ	കുംഭകർണ്ണൻ കൊല്ലപ്പെട്ടതു കേട്ടു്
രാവണഃ ശോകസന്തപ്തഃ	രാവണൻ ശോകച്ചൂടിൽ
മൂർച്ഛിതഃ ഭൂമൗ പതിതഃ	മൂർച്ഛിച്ചു നിലത്തുവീണു.
ഉത്ഥായ വിലലാപ ഹ	(പിന്നെ) എണീറ്റു വിലപിച്ചു.

പിതൃവ്യം നിഹതം ശ്രുത്വാ പിതരം ചാതിവിഹ്വലം. 54

ഇന്ദ്രജിത് പ്രാഹ ശോകാർത്തം ത്യജ ശോകം മഹാമതേ
മയി ജീവതി രാജേന്ദ്ര മേഘനാദേ മഹാബലേ. 55

ദുഃഖസ്യാവസരഃ കുത്ര ദേവാന്തക മഹാമതേ
വേദ്യത്തു തേ ദുഃഖമഖിലം സ്വസ്ഥോ ഭവ മഹീപതേ. 56

പിതൃവ്യം നിഹതം	ഇളയച്ഛൻ കൊല്ലപ്പെട്ടതും (തന്മൂലം)
പിതരം അതിവിഹ്വലം ശ്രുത്വാ	പിതാവു് അതിവിഹ്വലനായതും കേട്ടു്
ഇന്ദ്രജിത് ശോകാർത്തം	ഇന്ദ്രജിത്തു് ശോകാർത്തനായ
(പിതരം) പ്രാഹ	(പിതാവിനോടു്) ചൊല്ലി:
മഹാമതേ ദേവാന്തക	മഹാമതേ, ദേവാന്തകാ,
ശോകം ത്യജ	ശോകം വെടിയേണമേ.
രാജേന്ദ്ര മഹാബലേ മയി	രാജേന്ദ്ര, പ്രബലനായ ഞാൻ,
മേഘനാദേ ജീവതി (സതി)	മേഘനാദൻ, ജീവിച്ചിരിക്കവേ
ദുഃഖസ്യ അവസരഃ കുത്ര	ദുഃഖത്തിനു് അവസരമെവിടെ?
തേ ദുഃഖം അഖിലം വേദ്യത്തു	അങ്ങയുടെ ഖേദമെല്ലാം തീർക്കും.
മഹീപതേ സ്വസ്ഥഃ ഭവ	ലോകനാഥ, സ്വസ്ഥനായാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വം സമീകരിഷ്യാമി ഹനിഷ്യാമി ച വൈ രിപൂൻ
ഗത്വാ നികുംഭിലാം സദ്യസ്തർപ്പയിത്വാ ഹുതാശനം. 57

ലബ്ധ്വാ രഥാദികം തസ്മാദജേയോഽഹം ഭവാമ്യരേഃ
ഇത്യുക്ത്വാ ത്വരിതം ഗത്വാ നിർദ്ദിഷ്ടം ഹവനസ്ഥലം. 58

രക്തമാല്യാംബരധരോ രക്തഗന്ധാനുലേപനഃ
നികുംഭിലാസ്ഥലേ മൗനീ ഹവനായോപചക്രമേ. 59

സർവ്വം സമീകരിഷ്യാമി	എല്ലാം (ഞാൻ) നേരെയാക്കാം.
രിപൂൻ ഹനിഷ്യാമി ച വൈ	ശത്രുക്കളെ തീർത്തും വകവരുത്താം.
സദ്യഃ നികുംഭിലാം ഗത്വാ	ഉടൻ നികുംഭിലയിലെത്തി
ഹുതാശനം തർപ്പയിത്വാ	അഗ്നിയെ തർപ്പണം ചെയ്ത്
തസ്മാദ് രഥാദികം ലബ്ധ്വാ	അതിൽനിന്നു തേരും മറ്റും നേടി
അരേഃ അജേയഃ ഭവിഷ്യാമി	വൈരിക്ക് (ഞാൻ) അജേയനായിത്തീരും.
ഇതി ഉക്ത്വാ നിർദ്ദിഷ്ടം	ഇത്രയും പറഞ്ഞ് നിർദ്ദിഷ്ടമായ
ഹവനസ്ഥലം ത്വരിതം ഗത്വാ	ഹവനസ്ഥലത്ത് സത്വരമെത്തി,
രക്തമാല്യാംബരധരഃ	ചെമ്മാലയും ചെന്തുകിലുമണിഞ്ഞ്,
രക്തഗന്ധാനുലേപനഃ	രക്തചന്ദനാദി പൂശി,
നികുംഭിലാസ്ഥലേ മൗനീ	നികുംഭിലസ്ഥലത്തു മൗനമായിരുന്ന്
ഹവനായ ഉപചക്രമേ	ഹോമത്തിനു വട്ടംകൂട്ടി.

വിഭീഷണോഽഥ തച്ഛ്രുത്വാ മേഘനാദസ്യ ചേഷ്ടിതം
പ്രാഹ രാമായ സകലം ഹോമാരംഭം ദുരാത്മനഃ. 60

സമാപ്യതേ ചേദ്ധോമോഽയം മേഘനാദസ്യ ദുർമ്മതേഃ
തദാഽജേയോ ഭവേദ്രാമ മേഘനാദഃ സുരാസുരൈഃ.
അതഃ ശീഘ്രം ലക്ഷ്മണേന ഘാതയിഷ്യാമി രാവണിം. 61

ആജ്ഞാപയ മയാ സാർദ്ധം ലക്ഷ്മണം ബലിനാം വരം
ഹനിഷ്യതി ന സന്ദേഹോ മേഘനാദം തവാനുജഃ. 62

ദുരാത്മനഃ മേഘനാദസ്യ	ദുരാത്മാവായ മേഘനാദന്റെ
തത് ചേഷ്ടിതം ഹോമാരംഭം	ആ സന്നാഹവും ഹോമാരംഭവും
ശ്രുത്വാ വിഭീഷണഃ	കേട്ടറിഞ്ഞ വിഭീഷണൻ
അഥ സകലം രാമായ പ്രാഹ	അനന്തരം സകലതും രാമനെ അറിയിച്ചു.
രാമ ദുർമ്മതേഃ മേഘനാദസ്യ	രാമ, ദുർബ്ബുദ്ധിയായ മേഘനാദന്റെ
അയം ഹോമഃ	ഈ ഹോമം (സമംഗളം)
സമാപ്യതേ ചേത് സുരാസുരൈഃ	സമാപിച്ചാൽ ദേവന്മാർക്ക്
അജേയഃ ഭവേത് മേഘനാദഃ.	അജയ്യനായിത്തീരും, മേഘനാദൻ.
അതഃ ശീഘ്രം	ആകയാൽ ശീഘ്രം
ലക്ഷ്മണേന രാവണിം	ലക്ഷ്മണനെക്കൊണ്ട് രാവണപുത്രനെ
ഘാതയിഷ്യാമി	കൊല്ലിച്ചേക്കാം.
ബലിനാം വരം ലക്ഷ്മണം	പ്രബലരിൽ മുമ്പനായ ലക്ഷ്മണനോട്
മയാ സാർദ്ധം ആജ്ഞാപയ	എന്റെകൂടെ (പോരാൻ) കല്പിക്കണം.
തവ അനുജഃ മേഘനാദം	അവിടത്തെ അനുജൻ മേഘനാദനെ
ഹനിഷ്യതി ന സന്ദേഹഃ	വധിക്കും, അസംശയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീരാമ ഉവാച: ശ്രീരാമൻ അരുളി

അഹമേവാഗമിഷ്യാമി ഹന്തുമിന്ദ്രജിതം രിപും
ആഗ്നേയേന മഹാസ്ത്രേണ സർവ്വരാക്ഷസഘാതിനാ. 63

സർവ്വരാക്ഷസഘാതിനാ	മുഴുവൻ രാക്ഷസരേയും മുടിക്കുന്ന
ആഗ്നേയേന മഹാസ്ത്രേണ	ആഗ്നേയമഹാസ്ത്രത്താൽ
രിപും ഇന്ദ്രജിതം ഹന്തും	അരിയെ, ഇന്ദ്രജിത്തിനെ, കൊല്ലുവാൻ
അഹം ഏവ ആഗമിഷ്യാമി	ഞാൻതന്നെ പോരാം.

വിഭീഷണോഽപി തം പ്രാഹ നാസാവന്യൈർ നിഹന്യതേ
യസ്തു ദ്വാദശവർഷാണി നിദ്രാഹാരവിവർജ്ജിതഃ. 64

തേനൈവ മൃത്യുർനിർദ്ദിഷ്ടോ ബ്രഹ്മണാസ്യ ദുരാത്മനഃ
ലക്ഷ്മണസ്തു അയോദ്ധ്യായാം നിർഗ്ഗത്യായാത് ത്വയാ സഹ. 65

തദാദി നിദ്രാഹാരാദീൻ ന ജാനാതി രഘൂത്തമ
സേവാർത്ഥം തവ രാജേന്ദ്ര ജ്ഞാതം സർവ്വമിദം മയാ. 66

തദാജ്ഞാപയ ദേവേശ ലക്ഷ്മണം ത്വരയാ മയാ
ഹനിഷ്യതി ന സന്ദേഹഃ ശേഷഃ സാക്ഷാദ്ധരാധരഃ. 67

വിഭീഷണഃ അപി തം	വിഭീഷണൻ അദ്ദേഹത്തിനു
പ്രാഹ; അസൗ അന്യൈഃ	മുന്നറിവു നല്കി; ഇവൻ അന്യരാൽ
ന നിഹന്യതേ	വധിക്കപ്പെടുകയില്ല.
യഃ തു ദ്വാദശവർഷാണി	ഏതൊരാൾ പന്ത്രണ്ടു വർഷം
നിദ്രാഹാരവിവർജ്ജിതഃ	ഉറക്കവും ഊണും ഉപേക്ഷിച്ചിട്ടുണ്ടോ,
തേന ഏവ അസ്യ ദുരാത്മനഃ	അവനാലേ ഈ ദുഷ്ടന്റെ
മൃത്യുഃ ബ്രഹ്മണാ നിർദ്ദിഷ്ടഃ	മരണം വിധാതാവ് വിധിച്ചിട്ടുള്ളൂ.
ലക്ഷ്മണഃ തു	ലക്ഷ്മണനാകട്ടെ
അയോദ്ധ്യായാഃ നിർഗ്ഗത്യ	അയോദ്ധ്യ വിട്ട്
ത്വയാ സഹ ആയാത്	അങ്ങയോടൊത്തു പോരികയുണ്ടായി.
രഘൂത്തമ തദാദി	രഘുവര, അന്നുമുതൽ
നിദ്രാഹാരാദീൻ ന ജാനാതി	നിദ്രാഹാരാദി (അദ്ദേഹം) അറിയാറില്ല.
തവ സേവാർത്ഥം	നിന്തിരുവടിയുടെ സേവയിൽ
(ജീവൻ ആസ്ഥേ)	(മുഴുകി ജീവിതം പുലർത്തിപ്പോരുന്നു).
രാജേന്ദ്ര, ഇദം സർവ്വം	രാജേന്ദ്ര, ഇതെല്ലാം
മയാ ജ്ഞാതം	എനിക്കറിയാം.
തത് ദേവേശ	തന്മൂലം ദേവനാഥ,
മയാ സഹ ത്വരയാ (ഗന്തും)	എന്നോടൊത്തു് ഉടൻ (പുറപ്പെടാൻ)
ലക്ഷ്മണം ആജ്ഞാപയ	ലക്ഷ്മണനോട് ആജ്ഞാപിച്ചാലും.
ധരാധരഃ സാക്ഷാത്	ഊഴിയെ ധരിക്കുന്ന സാക്ഷാൽ
ശേഷഃ	ആദിശേഷൻ
(തം) ഹനിഷ്യതി ന സന്ദേഹഃ	(അവനെ) കൊല്ലുമെന്നതു തീർച്ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വമേവ സാക്ഷാത് ജഗതാമധീശോ
നാരായണോ ലക്ഷ്മണ ഏവ ശേഷഃ
യുവാം ധരാഭാരനിവാരണാർത്ഥം
ജാതൗ ജഗന്നാടകസൂത്രധാരൗ. 68

ത്വം ജഗതാം അധീശഃ സാക്ഷാത് നാരായണഃ ഏവ — നീ ഉലകങ്ങൾക്കധീശൻ, സാക്ഷാൽ ശ്രീനാരായണൻതന്നെ.

ശേഷഃ ഏവ ലക്ഷ്മണഃ — ആദിശേഷൻതന്നെ ലക്ഷ്മണൻ.

ജഗന്നാടകസൂത്രധാരൗ യുവാം ധരാഭാരനിവാരണാർത്ഥം ജാതൗ — ലോകനാടകത്തിന്റെ സൂത്രധാരരായ നിങ്ങളിരുവരും ധരയുടെ ഭാരം പോക്കാൻ പിറന്നവരാണല്ലോ.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ അഷ്ടമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം എട്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഒൻപതു്

മേഘനാദവധം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

വിഭീഷണ വചഃ ശ്രുത്വാ രാമോ വാക്യമഥാബ്രവീത്
ജാനാമി തസ്യ രൗദ്രസ്യ മായാം കൃത്സ്നാം വിഭീഷണ! 1

സഹി ബ്രഹ്മാസ്ത്രവിച്ഛൂരോ മായാവീ ച മഹാബലഃ
ജാനാമി ലക്ഷ്മണസ്യാപി സ്വത്രൂപം മമ സേവനം. 2

ജ്ഞാത്വൈവാസമഹം തൂഷ്ണീം ഭവിഷ്യത്കാര്യഗൗരവാത്
ഇത്യുക്ത്വാ ലക്ഷ്മണം പ്രാഹ രാമോ ജ്ഞാനവതാം വരഃ. 3

വിഭീഷണ വചഃ ശ്രുത്വാ അഥ രാമഃ വാക്യം അബ്രവീത് — വിഭീഷണവചനം കേട്ടതിനുശേഷം രാമൻ ഈ വാക്യം അരുളി.

വിഭീഷണ തസ്യ രൗദ്രസ്യ കൃത്സ്നാം മായാം ജാനാമി — വിഭീഷണ, ആ രൗദ്രന്റെ എല്ലാ മായയും എനിക്കറിയാം.

സഃ ബ്രഹ്മാസ്ത്രവിത് ശൂരഃ ഹി — അവൻ ബ്രഹ്മാസ്ത്രവേദിയും ശൂരനുംതന്നെ.

മഹാബലഃ — മഹാശക്തനാണ്,

മായാവീ ച ഹി — മായാവിയുമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷ്മണസ്യ സ്വരൂപം	ലക്ഷ്മണന്റെ സ്വരൂപവും
മമ സേവനം അപി	(അവൻ) എനിക്കു ചെയ്യുന്ന സേവനവും
ജാനാമി	ഞാൻ മനസ്സിലാക്കുന്നു.
ജ്ഞാത്വാ ഏവ	അറിഞ്ഞുകൊണ്ടുതന്നെ
ഭവിഷ്യത് കാര്യഗൗരവാത്	ഭാവികാര്യത്തിന്റെ ഗൗരവം ഹേതുവായി
അഹം തൂഷ്ണീം ആസം	ഞാൻ മിണ്ടാതിരിക്കയാണു ചെയ്തതു്.
ജ്ഞാനവതാം വരഃ രാമഃ	ജ്ഞാനികളിൽ മുമ്പൻ രാമൻ
ഇതി ഉക്ത്വാ	ഇത്രയും പറഞ്ഞിട്ടു്
ലക്ഷ്മണം പ്രാഹ	ലക്ഷ്മണനോടു് ആജ്ഞാപിച്ചു:

ഗച്ഛ ലക്ഷ്മണ സൈന്യേന മഹതാ ജഹി രാവണിം
ഹനുമത്പ്രമുഖൈഃ സർവ്വൈർയൂഥപൈഃ സഹ ലക്ഷ്മണ. 4

ജാംബവാനൃക്ഷരാജോഽയം സഹ സൈന്യേന സംവൃതഃ
വിഭീഷണശ്ച സചിവൈഃ സഹ ത്വാമഭിയാസ്യതി. 5

ലക്ഷ്മണ, മഹതാ സൈന്യേന	ലക്ഷ്മണ, മഹത്തായ സേനയും
ഹനുമത് പ്രമുഖൈഃ സർവ്വൈഃ	ഹനുമദാദി സകല
യൂഥപൈഃ സഹ ഗച്ഛ	പടനായകന്മാരുമായി പുറപ്പെടുക.
രാവണിം ജഹി ലക്ഷ്മണ	രാവണപുത്രനെ വധിക്കുക, ലക്ഷ്മണ.
സൈന്യേന സംവൃതഃ ഋക്ഷരാജഃ	സേനാപരിവൃതനും, വാനരനാഥനുമായ
ജാംബവാൻ സചിവൈഃ	ജാംബവാനും മന്ത്രിമാരൊത്തു്
അയം വിഭീഷണഃ ച	ഈ വിഭീഷണനും
ത്വാം അഭിയാസ്യതി	നിന്റെകൂടെ പോരും.

അഭിജ്ഞസ്തസ്യ ദേശസ്യ ജാനാതി വിവരാണി സഃ
രാമസ്യ വചനം ശ്രുത്വാ ലക്ഷ്മണഃ സവിഭീഷണഃ. 6

ജഗ്രാഹ കാർമ്മുകം ശ്രേഷ്ഠമന്യത് ഭീമപരാക്രമഃ
രാമപാദാംബുജം സ്പൃശ്യ ഹൃഷ്ടഃ സൗമിത്രിരബ്രവീത്. 7

അഭിജ്ഞഃ സഃ തസ്യ ദേശസ്യ	ജ്ഞാനിയായ അവനു് ആ സ്ഥലത്തിന്റെ
വിവരാണി ജാനാതി	ഉള്ളുകള്ളികൾ അറിയാം.
രാമസ്യ വചനം ശ്രുത്വാ	രാമൻ ചൊന്നതു കേട്ടപ്പോറം
സവിഭീഷണഃ ലക്ഷ്മണഃ	വിഭീഷണസമേതൻ ലക്ഷ്മണൻ
അന്യത് ശ്രേഷ്ഠം കാർമ്മുകം ജഗ്രാഹ	മറെറാരു മികച്ച വില്ലെടുത്തു.
ഭീമപരാക്രമഃ സൗമിത്രിഃ	ഭീമപരാക്രമശാലി സൗമിത്രി
രാമപാദാംബുജം സ്പൃശ്യ	രാമന്റെ കാൽത്താർ തൊട്ടു (വന്ദിച്ചു്)
ഹൃഷ്ടഃ അബ്രവീത്	സന്തോഷത്തോടെ ഉണർത്തിച്ചു.

അദ്യ മത്കാർമ്മുകാൻമുക്താഃ ശരാഃ നിർഭിത്യ രാവണിം
ഗമിഷ്യന്തി ഹി പാതാളം സ്നാതും ഭോഗവതീജലേ. 8

അദ്യ മത്കാർമ്മുകാത്	ഇന്നെന്റെ വില്ലിൽനിന്നു
മുക്താഃ ശരാഃ രാവണിം	വിടപ്പെട്ട ശരങ്ങൾ, ഇന്ദ്രജിത്തിനെ
നിർഭിത്യ ഭോഗവതീജലേ	തുളച്ചുകൊണ്ടു് ഭോഗവതി(പാതാളഗംഗ)—
സ്നാതും പാതാളം ഗമിഷ്യന്തി	ജലത്തിൽ നീരാടാൻ പോകുകതന്നെ
ഹി	ചെയ്യും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവമുക്ത്വാ സ സൗമിത്രിഃ പരിക്രമ്യ പ്രണമ്യ തം
ഇന്ദ്രജിന്നിധനാകാംക്ഷീ യയൗ ത്വരിതവിക്രമഃ. 9

ഏവം ഉക്ത്വാ ത്വരിതവിക്രമഃ സഃ സൗമിത്രിഃ ഇന്ദ്രജിന്നിധനാ- കാംക്ഷീ തം പരിക്രമ്യ പ്രണമ്യ യയൗ	ഇങ്ങനെ പറഞ്ഞിട്ടു് വിക്രമത്വരപൂണ്ട ആ സുമിത്രാപുത്രൻ ഇന്ദ്രജിത്തിനെ വധിക്കാൻ ആകാംക്ഷയോടെ രാമനെ വലംവെച്ചു് പ്രണമിച്ചു്, യാത്രയായി.

വാനരൈർബ്ബഹുസാഹസ്രൈർഹനുമാൻ പൃഷ്ഠതോഽന്വഗാത്
വിഭീഷണശ്ച സഹിതോ മന്ത്രിഭിസ്ത്വരിതം യയൗ. 10

ബഹുസാഹസ്രൈഃ വാനരൈഃ ഹനുമാൻ പൃഷ്ഠതഃ അന്വഗാത്	ആയിരമായിരം കപികളോടൊത്തു് മാരുതി അനുഗമിച്ചു.
വിഭീഷണഃ ച മന്ത്രിഭിഃ സഹിതഃ ത്വരിതം യയൗ	വിഭീഷണനും മന്ത്രിമാരുമായി ശീഘ്രം പോയി.

ജാംബവത്പ്രമുഖാഃ ഋക്ഷാഃ സൗമിത്രിം ത്വരയാഽന്വയുഃ
ഗത്വാ നികുംഭിലാദേശം ലക്ഷ്മണോ വാനരൈഃ സഹ. 11
അപശ്യദ് ബലസംഘാതം ദൂരാദ്രാക്ഷസസങ്കുലം

ജാംബവത്പ്രമുഖാഃ ഋക്ഷാഃ ത്വരയാ സൗമിത്രിം അന്വയുഃ	ജാംബവാദി വാനരർ ക്ഷിപ്രം ലക്ഷ്മണനെ പിൻതുടൎന്നു.
വാനരൈഃ സഹ നികുംഭിലാ- ദേശം ഗത്വാ ലക്ഷ്മണഃ രാക്ഷസസംകുലം ബലസംഘാതം ദൂരാത് ദദർശ	കപികളോടൊത്തു് നികുംഭില- പ്രദേശത്തെത്തി ലക്ഷ്മണൻ രാക്ഷസർ തിങ്ങിയ പടയണി അകലെനിന്നു നിരീക്ഷിക്കുകയുണ്ടായി.

ധനുരാനമ്യ സൗമിത്രിർയത്തോഽഭൂത് ഭൂരിവിക്രമഃ. 12
അംഗദേന ച വീരേണ ജാംബവാൻ രാക്ഷസാധിപഃ
തദാ വിഭീഷണഃ പ്രാഹ സൗമിത്രിം പശ്യ രാക്ഷസാൻ. 13
യദേതദ് രാക്ഷസാനീകം മേഘശ്യാമം വിലോക്യതേ
അസ്യാനീകസ്യ മഹതോ ഭേദനേ യത്നവാൻ ഭവ. 14

ഭൂരിവിക്രമഃ സൗമിത്രിഃ ധനുഃ ആനമ്യ യത്തഃ അഭൂത്	ബഹുവിക്രമൻ സൗമിത്രി വില്ലുകുലച്ചു് ജാഗ്രതയോടെ നിന്നു.
വീരേണ അംഗദേന ജാംബവാൻ ച	ധീരനായ അംഗദനൊത്തു് ജാംബവാനും (സന്നദ്ധനായി).
തദാ രാക്ഷസാധിപഃ വിഭീഷണഃ സൗമിത്രിം പ്രാഹ	തൽസമയം രാക്ഷസാധിപൻവിഭീഷണൻ ലക്ഷ്മണനോടു പറഞ്ഞു:
പശ്യ രാക്ഷസാൻ	നോക്കൂ, രാക്ഷസരെ.
മേഘശ്യാമം യദ് ഏതദ് ദൃശ്യതേ രാക്ഷസാനീകം	മുകിൽപോലെ കറുത്തിതാ കാണപ്പെടുന്നു രാക്ഷസപ്പട!
മഹതഃ അസ്യ അനീകസ്യ ഭേദനേ യത്നവാൻ ഭവ	വമ്പിച്ച ഈ സേനയെ ഭേദിക്കാൻ പരിശ്രമിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാക്ഷസേന്ദ്രസുതോഽപ്യസ്മിൻ ഭിന്നേ ദൃശ്യോ ഭവിഷ്യതി
അഭിദ്രവാശു യാവദ്വൈ നൈതത് കർമ്മ സമാപ്യതേ. 15

ജഹി വീര ദുരാത്മാനം ഹിംസാപരമധാർമ്മികം.

അസ്മിൻ ഭിന്നേ (സതി)	ഇതിനെ ഭേദിക്കുന്നതോടെ
രാക്ഷസേന്ദ്രസുതഃ അപി	രാക്ഷസേന്ദ്രൻെറ പുത്രനെ
ദൃശ്യഃ ഭവിഷ്യതി	കാണാറാകും.
യാവത് ഏതത് കർമ്മ	ഈ (ഹവന)കർമ്മം
ന സമാപ്യതേ	സമാപിക്കുന്നതിനുമുമ്പേ
ആശു അഭിദ്രവ	ശീഘ്രം ആക്രമിച്ചെത്തുക.
വീര, ഹിംസാപരം അധാർമ്മികം	വീര, ഹിംസാശീലനും അധാർമ്മികനുമായ
ദുരാത്മാനം ജഹി	ആ ദുഷ്ടനെ കൊല്ലുക.

വിഭീഷണവചഃ ശ്രുത്വാ ലക്ഷ്മണഃ ശുഭലക്ഷണഃ. 16

വവർഷ ശരവർഷാണി രാക്ഷസേന്ദ്രസുതം പ്രതി
പാഷാണൈഃ പർവ്വതാഗ്രൈശ്ച വൃക്ഷൈശ്ച ഹരിയൂഥപാഃ. 17

നിർജ്ജഘ്നുഃ സർവ്വതോ ദൈത്യാംസ്തേപി വാനരയൂഥപാൻ.

വിഭീഷണവചഃ ശ്രുത്വാ	വിഭീഷണവചനം കേട്ടതോടെ
ശുഭലക്ഷണഃ ലക്ഷ്മണഃ	ശുഭലക്ഷണൻ ലക്ഷ്മണൻ
രാക്ഷസേന്ദ്രസുതം പ്രതി	രാവണപുത്രൻെറ നേരെ
ശരവർഷാണി വവർഷ	ശരമാരി തൂകി.
പാഷാണൈഃ പർവ്വതാഗ്രൈഃ	പാറകളും ഗിരിക്കൂടങ്ങളും
ച വൃക്ഷൈഃ ച ഹരിയൂഥപാഃ	മരങ്ങളുംകൊണ്ട് കപിയൂഥപർ
ദൈത്യാൻ സർവ്വതഃ	അസുരരെ എല്ലായിടത്തുനിന്നും
നിർജ്ജഘ്നുഃ	ആക്രമിച്ചു തകർത്തു.
തേ വാനരയൂഥപാൻ അപി	അവർ വാനരജാലവർഗ്ഗം
(നിർജ്ജഘ്നുഃ)	തിരിച്ചടി നല്കി.

പരശ്വധൈർശിതൈർബാണൈരസിഭിർ യഷ്ടിതോമരൈഃ.
നിർജ്ജഘ്നുർവാനരാനീകം തദാ ശബ്ദോ മഹാനഭൂത്
സ സംപ്രഹാരസ്തുമുലഃ സംജജ്ഞേ ഹരിരക്ഷസാം. 19

പരശ്വധൈഃ ശിതൈഃ	കോടാലികളാ, കൂരമ്പുകളാ,
ബാണൈഃ അസിഭിഃ	വാളുകളാ, വടികളാ,
യഷ്ടിതോമരൈഃ	ഇരുമ്പുപാരകളാ (ഇവകൊണ്ട്)
വാനരാനീകം നിർജ്ജഘ്നുഃ	വാനരസേനയെ സംഹരിച്ചു.
തദാ മഹാൻ ശബ്ദഃ അഭൂത്	അപ്പോൾ ഘോരമായ ആരവമുണ്ടായി.
സഃ ഹരിരക്ഷസാം സംപ്രഹാരഃ	ആ വാനര—രാക്ഷസസംഘട്ടനം
തുമുലഃ സംജജ്ഞേ	തുമുലം ഭയാനകമായിത്തീർന്നു.

ഇന്ദ്രജിത് സ്വബലം സർവ്വം അർദ്ദ്യമാനം വിലോക്യസ
നികുംഭിലാം ച ഹോമം ച ത്യക്ത്വാ ശീഘ്രം വിനിർഗ്ഗതഃ. 20

സ്വബലം സർവ്വം	സ്വസൈന്യം ആസകലം
അർദ്ദ്യമാനം വിലോക്യ	തകർക്കപ്പെടുന്നതു കണ്ടപ്പോൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഃ ഇന്ദ്രജിത് ഹോമം	ആ ഇന്ദ്രജിത്തു് ഹോമവും
നികുംഭിലാം ച ത്യക്ത്വാ	നികുംഭിലയും വിട്ടു്
ശീഘ്രം വിനിർഗ്ഗതഃ	ശീഘ്രം പുറത്തുവന്നു.

രഥമാരുഹ്യ സധനുഃ ക്രോധേന മഹതാഗമത്
സമാഹയിത്വാ സൗമിത്രിം യുദ്ധായ രണമൂർദ്ധനി. 21

സൗമിത്രേ മേഘനാദോഽഹം മയാ ജീവന്ന മോക്ഷ്യസേ.

സധനുഃ രഥം ആരുഹ്യ	വില്ലുമായി തേരിലേറി,
മഹതാ ക്രോധേന	ഉഗ്രമായ ക്രോധത്തോടെ
സൗമിത്രിം സമാഹയിത്വാ	സൗമിത്രിക്കെതിരേ പോർവിളി നടത്തി-
യുദ്ധായ രണമൂർദ്ധനി	ക്കൊണ്ടു്, അടരാടാൻ രണമദ്ധ്യത്തിൽ
ആഗമത്	കുതിച്ചെത്തി.
സൗമിത്രേ, അഹം	(പറഞ്ഞു): സൗമിത്രേ, ഞാനാണു്
മേഘനാദഃ	മേഘനാദൻ.
ജീവൻ മയാ ന മോക്ഷ്യസേ	(നിന്നെ) ജീവനോടെ ഞാൻ വിടില്ല.

തത്ര ദൃഷ്ട്വാ പിതൃവ്യം സ പ്രാഹ നിഷ്ഠുരഭാഷണം. 22

ഇഹൈവ ജാതഃ സംവൃദ്ധഃ സാക്ഷാത് ഭ്രാതാ പിതുർമമ
യസ്ത്വം സ്വജനമുത്സൃജ്യ പരഭൃത്യത്വമാഗതഃ. 23

കഥം ദ്രുഹ്യസി പുത്രായ പാപീയാനസി ദുർമ്മതിഃ.

തത്ര പിതൃവ്യം ദൃഷ്ട്വാ	അവിടെ (തന്റെ) ഇളയച്ഛനെ കണ്ടപ്പോൾ
സഃ നിഷ്ഠുരഭാഷണം പ്രാഹ	അവൻ (ഈ) നിഷ്ഠുരവചനം ഉച്ചരിച്ചു:
ത്വം ഇഹ ഏവ ജാതഃ	നിങ്ങൾ ഇവിടെത്തന്നെ പിറന്നവനും
സംവൃദ്ധഃ മമ പിതുഃ	വളർന്നവൻ; എന്റെ പിതാവിന്റെ
സാക്ഷാത് ഭ്രാതാ	സാക്ഷാൽ സോദരൻ.
സ്വജനം ഉത്സൃജ്യ	സ്വജനത്തെ വിട്ടു്
പരഭൃത്യത്വം ആഗതഃ യഃ	അന്യന്റെ ഭൃത്യത്വം കൈക്കൊണ്ട നിങ്ങൾ
പുത്രായ കഥം	സ്വപുത്രനെ (എന്നെ) എങ്ങനെ
ദ്രുഹ്യസി	ദ്രോഹിക്കുന്നു!
ദുർമ്മതിഃ ത്വം	ദുർമ്മതിയായ നിങ്ങൾ
പാപീയാൻ അസി	കൊടുംപാപിയാണു്.

ഇത്യുക്ത്വാ ലക്ഷ്മണം ദൃഷ്ട്വാ ഹനൂമത്പൃഷ്ഠതഃ സ്ഥിതം. 24

ഉദ്യതായുധനിസ്ത്രിംശേ രഥേ മഹതി സംസ്ഥിതഃ
മഹാപ്രമാണമുദ്യമ്യ ഘോരം വിസ്ഫാരയൻ ധനുഃ. 25

അദ്യ വോ മാമകാഃ ബാണാഃ പ്രാണാൻ പാസ്യന്തി വാ നരാഃ

ഇതി ഉക്ത്വാ	ഇപ്രകാരം പറയവേ
ഹനൂമത്പൃഷ്ഠതഃ സ്ഥിതം	ഹനുമാന്റെ ചുമലിലിരുന്ന
ലക്ഷ്മണം ദൃഷ്ട്വാ	ലക്ഷ്മണനെ കണ്ടു;
ഉദ്യതായുധനിസ്ത്രിംശേ	വെട്ടിത്തിളങ്ങുന്ന ആയുധങ്ങളും വാളും
മഹതി രഥേ സംസ്ഥിതഃ	സജ്ജീകരിച്ച മഹാരഥത്തിലേറി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാപ്രമാണം ഘോരം
ധനുഃ ഉദ്യമ്യ വിസ്ഫാരയൻ
(ഇന്ദ്രജിത് വാനരാൻ
ആഹ) വാനരാഃ
അദ്യ മാമകാഃ ബാണാഃ വഃ
പ്രാണാൻ പാസ്യന്തി

ഭീമാകാരവും ഘോരവുമായ
ചാപം വലിച്ചു ഞാണൊലിയിട്ടുകൊണ്ട്,
(ഇന്ദ്രജിത്ത് വാനരരോടു
വിളിച്ചുപറഞ്ഞു): കുരങ്ങന്മാരേ,
ഇന്നെൻെറ ശരങ്ങൾ നിങ്ങളുടെ
പ്രാണനെ കുടിച്ചുതീർക്കും.

തതഃ ശരം ദാശരഥിഃ സന്ധായാമിത്രകർശനഃ. 26

സസർജ്ജ രാക്ഷസേന്ദ്രായ ക്രുദ്ധഃ സർപ്പ ഇവ ശ്വസൻ
ഇന്ദ്രജിദ്രക്തനയനോ ലക്ഷ്മണം സമുദൈക്ഷത. 27

തതഃ അമിത്രകർശനഃ
ദാശരഥിഃ ക്രുദ്ധഃ സർപ്പഃ ഇവ
ശ്വസൻ ശരം സന്ധായ
രാക്ഷസേന്ദ്രായ സസർജ്ജ

അനന്തരം ശത്രുഘാതകൻ
സൗമിത്രി, ക്രുദ്ധസർപ്പംപോലെ
ചീററിക്കൊണ്ട് അമ്പു തൊടുത്ത്
ഇന്ദ്രജിത്തിന്നെതിരേ വിട്ടു.

രക്തനയനഃ
ഇന്ദ്രജിത് ലക്ഷ്മണം
സമുദൈക്ഷത

കലങ്ങിച്ചുവന്ന കണ്ണുകളോടെ
ഇന്ദ്രജിത്ത് ലക്ഷ്മണനെ
തുറിച്ചുനോക്കി.

ശക്രാശനിസമസ്പർശൈഃ ലക്ഷ്മണേനാഹതഃ ശരൈഃ
മുഹൂർത്തമഭവൻ മൂഢഃ പുനഃ പ്രത്യാഹൃതേന്ദ്രിയഃ. 28

ദദർശാവസ്ഥിതം വീരം വീരോ ദശരഥാത്മജം
സോഽഭിചക്രാമ സൗമിത്രിം ക്രോധസംരക്തലോചനഃ. 29

ശക്രാശനിസമസ്പർശൈഃ
ശരൈഃ ലക്ഷ്മണേന
ആഹതഃ (സഃ) മുഹൂർത്തം
മൂഢഃ അഭവത്

ഇന്ദ്രവജ്രംപോലെ കുത്ത
ശരങ്ങൾകൊണ്ട് ലക്ഷ്മണനാൽ
മുറിവേല്പിക്കപ്പെട്ട (അവൻ) ക്ഷണം
നിശ്ചേതനനായിപ്പോയി.

പുനഃ പ്രത്യാഹൃതേന്ദ്രിയഃ
വീരഃ (തത്രൈവ) അവസ്ഥിതം
ദശരഥാത്മജം വീരം ദദർശ

പിന്നെ ബോധവൃത്തി സമാഹരിച്ച
ആ ശൂരൻ, (അവിടെത്തന്നെ) നിലകൊണ്ട
ലക്ഷ്മണവീരനെ കണ്ടു.

ക്രോധസംരക്തലോചനഃ
സഃ സൗമിത്രിം
അഭിചക്രാമ

ക്രോധത്താൽ കടുംശോണിമകലർന്ന മിഴി-
കളുള്ള അവൻ (ശക്തിയോടെ) സൗമിത്രി-
യോട് ഏററുമുട്ടി.

ശരാൻ ധനുഷി സന്ധായ ലക്ഷ്മണം ചേദമബ്രവീത്
യദി തേ പ്രഥമേ യുദ്ധേ ന ദൃഷ്ടോ മേ പരാക്രമഃ. 30

അദ്യ ത്വാം ദർശയിഷ്യാമി തിഷ്ഠേദാനീം വ്യവസ്ഥിതഃ
ഇത്യുക്ത്വാ സപ്തഭിർബാണൈരഭിവിവ്യാധ ലക്ഷ്മണം. 31

ശരാൻ ധനുഷി സന്ധായ
ലക്ഷ്മണം ഇദം അബ്രവീത് ച

ശരങ്ങൾ വില്ലിൽ തൊടുത്തിട്ട്
ലക്ഷ്മണനോട് ഇങ്ങനെ പറഞ്ഞു:

യദി പ്രഥമേ യുദ്ധേ മേ
പരാക്രമഃ തേ ന ദൃഷ്ടഃ
അദ്യ ത്വാം ദർശയിഷ്യാമി

ആദ്യയുദ്ധത്തിൽ എൻെറ
പരാക്രമം നീ കണ്ടില്ലെങ്കിൽ
ഇന്നു നിന്നെ കാണിച്ചുതരാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദാനീം വ്യവസ്ഥിതഃ തിഷ്ഠ	ഉടൻ സന്നദ്ധനായ് നിന്നോളൂ.
ഇതി ഉക്ത്വാ സപ്തഭിഃ ബാണൈഃ ലക്ഷ്മണം അഭിവിവ്യാധ	എന്നു പറഞ്ഞു് ഏഴു ബാണങ്ങളാൽ ലക്ഷ്മണനെ തുരുതുരെ എയ്തു.

ദശഭിശ്ച ഹനൂമന്തം തീക്ഷ്ണധാരൈഃ ശരോത്തമൈഃ
തതഃ ശരശതേനൈവ സംപ്രയുക്തേന വീര്യവാൻ. 32

ക്രോധദ്വിഗുണസംരബ്ധോ നിർബിഭേദ വിഭീഷണം
ലക്ഷ്മണോഽപി തഥാ ശത്രും ശരവർഷൈരവാകിരത്. 33

ക്രോധദ്വിഗുണസംരബ്ധഃ വീര്യവാൻ തീക്ഷ്ണധാരൈഃ ദശഭിഃ ശരോത്തമൈഃ ഹനൂമന്തം സംപ്രയുക്തേന ശരശതേന തതഃ വിഭീഷണം ച ഏവ നിർബിഭേദ	കോപത്താൽ ഇരട്ടിച്ച വാശിമൂത്ത ആ ധീരൻ കൂർത്തുമൂർത്ത പത്തു് ഉത്തമശരങ്ങളാൽ മാരുതിയേയും സൂക്ഷ്മതയോടെ തൊടുത്തു– വിട്ട ശരശതങ്ങളാൽ പിന്നെ വിഭീഷണ– നേയും മുറിവേല്പിച്ചു.
ലക്ഷ്മണഃ അപി തഥാ ഏവ ശത്രും ശരവർഷൈഃ അവാകിരത്	ലക്ഷ്മണനും അതുപോലെതന്നെ വൈരിയെ ശരമാരിയാൽ മൂടി.

തസ്യ ബാണൈഃ സുസംവിദ്ധം കവചം കാഞ്ചനപ്രഭം
വ്യശീര്യത രഥോപസ്ഥേ തിലശഃ പതിതം ഭുവി. 34

ബാണൈഃ സുസംവിദ്ധം കാഞ്ചനപ്രഭം തസ്യ കവചം രഥോപസ്ഥേ വ്യശീര്യത	ബാണങ്ങളേറ്റു പാടേ കീറിമുറിഞ്ഞ, കാഞ്ചനപ്രഭയാർന്ന. അവന്റെ കവചം തേർത്തട്ടിൽ തകർന്നുവീണു.
തിലശഃ ഭുവി പതിതം	എള്ളിൻമണിപോലെ നിലത്തു ചിതറി.

തതഃ ശരസഹസ്രേണ സംക്രുദ്ധോ രാവണാത്മജഃ
ബിഭേദ സമരേ വീരം ലക്ഷ്മണം ഭീമവിക്രമം. 35

വ്യശീര്യതാപതദ്ദിവ്യം കവചം ലക്ഷ്മണസ്യ ച
കൃതപ്രതികൃതാന്യോന്യം ബഭൂവതുരഭിദ്രുതൗ. 36
അഭീക്ഷ്ണം നിശ്വസന്തൗ തൗ യുദ്ധ്യേതാം തുമുലം പുനഃ.

സംക്രുദ്ധഃ രാവണാത്മജഃ തതഃ ഭീമവിക്രമം വീരം ലക്ഷ്മണം സമരേ ശരസഹസ്രേണ ബിഭേദ	കലിമൂത്ത രാവണതനയൻ പിന്നെ ഭീമവിക്രമനെ, വീരലക്ഷ്മണനെ, പോരിൽ ആയിരം ശരമെയ്തു മുറിച്ചു.
ലക്ഷ്മണസ്യ ദിവ്യം കവചം അപി വ്യശീര്യത	ലക്ഷ്മണന്റെ ദിവ്യകവചവും ശകലിതമാക്കി.
കൃതപ്രതികൃതാന്യോന്യം അഭിദ്രുതൗ ബഭൂവതുഃ	പ്രഹരിച്ചും തടുത്തും അവർ അന്യോന്യം പാഞ്ഞടുത്തു.
അഭീക്ഷ്ണം നിശ്വസന്തൗ തൗ പുനഃ തുമുലം യുദ്ധ്യേതാം	അടിക്കടി ചീറ്റിക്കൊണ്ടു് അവർ പിന്നെയും ഘോരമായ് പൊരുതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശരസംവൃതസൎവ്വാംഗൗ സൎവ്വതോ രുധിരോക്ഷിതൗ. 37

സുദീൎഘകാലം തൗ വീരാവന്യോന്യം നിശിതൈഃ ശരൈഃ
അയുധ്യേതാം മഹാസത്വൗ ജയാജയവിവൎജ്ജിതൗ. 38

ശരസംവൃതസൎവ്വാംഗൗ	സൎവ്വാംഗം ശരംകൊണ്ടു മൂടിയ,
സൎവ്വതഃ രുധിരോക്ഷിതൗ	സൎവ്വത്ര നിണമൊലിപ്പിക്കുന്ന
തൗ മഹാസത്വൗ വീരൗ	ആ മഹാശക്തർ
അന്യോന്യം നിശിതൈഃ ശരൈഃ	അന്യോന്യം കൂരമ്പുകളാൽ
സുദീൎഘകാലം അയുധ്യേതാം	ഏറെനേരം അടരാടി. (പക്ഷേ, ആൎക്കും)
ജയാജയവിവൎജ്ജിതൗ	ജയവും തോൽവിയുമുണ്ടായില്ല.

ഏതസ്മിന്നന്തരേ വീരോ ലക്ഷ്മണഃ പഞ്ചഭിഃ ശരൈഃ
രാവണേഃ സാരഥിം സാശ്വം രഥം ച സമചൂൎണ്ണയത്. 39

ചിച്ഛേദ കാൎമ്മുകം തസ്യ ദൎശയൻ ഹസ്തലാഘവം
സോഽന്യത്തു കാൎമ്മുകം ഭദ്രം സജ്യം ചക്രേ ത്വരാന്വിതഃ. 40

തച്ചാപമപി ചിച്ഛേദ ലക്ഷ്മണസ്ത്രിഭിരാശുഗൈഃ
തമേവച്ഛിന്നധന്വാനം വിവ്യാധാനേകസായകൈഃ. 41

ഏതസ്മിൻ അന്തരേ വീരഃ ലക്ഷ്മണഃ	ഇതിനിടയ്ക്കു് വീരലക്ഷ്മണൻ
പഞ്ചഭിഃ ശരൈഃ രാവണേഃ	അഞ്ചമ്പുകൊണ്ടു് രാവണപുത്രന്റെ
സാരഥിം സാശ്വം	തേരാളിയേയും കുതിരകളോടൊപ്പം
രഥം ച സമചൂൎണ്ണയത്	രഥത്തെയും തവിടുപൊടിയാക്കി.
ഹസ്തലാഘവം ദൎശയൻ	(തന്റെ) കരവിരുതു കാട്ടിക്കൊണ്ടു്
തസ്യ കാൎമ്മുകം ചിച്ഛേദ	അവന്റെ വില്ലു മുറിച്ചു.
ത്വരാന്വിതഃ സഃ ഭദ്രം അന്യത്	വെമ്പലോടെ അവൻ മികച്ച മറ്റൊരു
കാൎമ്മുകം സജ്യം ചക്രേ	വില്ലിൽ ഞാണേററി.
ത്രിഭിഃ ആശുഗൈഃ ലക്ഷ്മണഃ	മൂന്നു് അമ്പുകൊണ്ടു് ലക്ഷ്മണൻ
തത് ചാപം അപി ചിച്ഛേദ	ആ വില്ലും ഛേദിച്ചു.

പുനരന്യത് സമാദായ കാൎമ്മുകം ഭീമവിക്രമഃ
ഇന്ദ്രജില്ലക്ഷ്മണം ബാണൈഃ ശിതൈരാദിത്യസന്നിഭൈഃ. 42

ബിഭേദ വാനരാൻ സൎവ്വാൻ ബാണൈരാപൂരയൻ ദിശഃ.

ഭീമവിക്രമഃ ഇന്ദ്രജിത് പുനഃ	ഭീമവിക്രമൻ ഇന്ദ്രജിത്തു് പിന്നെയും
അന്യത് കാൎമ്മുകം സമാദായ	വേറൊരു വില്ലേന്തി
ആദിത്യസന്നിഭൈഃ	സൂര്യതുല്യം (തിളങ്ങുന്ന)
ശിതൈഃ ബാണൈഃ	കൂരമ്പു ചൊരിഞ്ഞു്
ലക്ഷ്മണം ബിഭേദ	സൗമിത്രിയെ തകൎത്തു.
ദിശഃ ബാണൈഃ ആപൂരയൻ	ദിക്കുകളെ ശരനിരയാൽ നിറച്ചുകൊണ്ടു്
വാനരാൻ സൎവ്വാൻ ബിഭേദ	വാനരരെയാകെ അരിഞ്ഞുതള്ളി.

തതഃ ഐന്ദ്രം സമാദായ ലക്ഷ്മണോ രാവണിം പ്രതി. 43

സന്ധായാകൃഷ്യ കൎണ്ണാന്തം കാൎമ്മുകം ദൃഢനിഷ്ഠുരം
ഉവാച ലക്ഷ്മണോ വീരഃ സ്മരൻ രാമപദാംബുജം. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ ദ്രഢനിഷ്ഠുരം കാർമ്മുകം സമാദായ	അനന്തരം ദൃഢനിഷ്ഠുരമായ കാർമ്മുകം കൈയിലേന്തി,
കർണ്ണാന്തം ആകൃഷ്യ	കാതോളം (ഞാൺ) വലിച്ച്
ഐന്ദ്രം സന്ധായ	ഇന്ദ്രാസ്ത്രം തൊടുത്തു്,
രാവണിം പ്രതി (ക്ഷിപൻ)	ഇന്ദ്രജിത്തിനെതിരേ വിട്ട
ലക്ഷ്മണഃ വീരഃ	ലക്ഷ്മണവീരൻ
രാമപാദാംബുജം സ്മരൻ	രാമപാദാംബുജം സ്മരിച്ചുകൊണ്ടു്
ഉവാച	(ഇങ്ങനെ) ഉദ്ഘോഷിച്ചു:

ധർമ്മാത്മാ സത്യസന്ധശ്ച രാമോ ദാശരഥിർയദി
ത്രിലോക്യാമപ്രതിദ്വന്ദ്വസ്തദേനം ജഹി രാവണിം. 45

ഇത്യുക്ത്വാ ബാണമാകർണ്ണാദ്വികൃഷ്യ തമജിഹ്മഗം
ലക്ഷ്മണഃ സമരേ വീരഃ സസർജ്ജേന്ദ്രജിതം പ്രതി. 46

ദാശരഥിഃ രാമഃ യദി	ദാശരഥിരാമൻ
ധർമ്മാത്മാ സത്യസന്ധഃ	ധർമ്മാത്മാവും സത്യസന്ധനും
യദി ത്രിലോക്യാം	ത്രിലോകത്തിൽ
അപ്രതിദ്വന്ദ്വഃ തത്	എതിരററവനുമാണെങ്കിൽ, ഈ
ഏനം രാവണിം ജഹി	രാവണസൂനുവിനെ വധിക്കുക.
ഇതി ഉക്ത്വാ സമരേ വീരഃ	ഇത്രയും ഉച്ചരിച്ച് രണധീരൻ
ലക്ഷ്മണഃ അജിഹ്മഗം	ലക്ഷ്മണൻ, പതറാതെ പായുന്ന
തം ബാണം ആകർണ്ണാത്	ആ ബാണം ആകർണ്ണം
വികൃഷ്യ ഇന്ദ്രജിതം പ്രതി	വലിച്ച് ഇന്ദ്രജിത്തിന്നെതിരേ
സസർജ്ജ	അയച്ചു.

സ ശരഃ സശിരസ്ത്രാണം ശ്രീമജ്ജ്വലിതകുണ്ഡലം
പ്രമഥ്യേന്ദ്രജിതഃ കായാത് പാതയാമാസ ഭൂതലേ. 47

സശിരസ്ത്രാണം	ശിരോകവചമണിഞ്ഞ,
ശ്രീമത്ജ്വലിതകുണ്ഡലം	കാന്തിമുററിത്തിളങ്ങുന്ന കുണ്ഡലമുള്ള,
ഇന്ദ്രജിതഃ (ശിരഃ) സഃ ശരഃ	ഇന്ദ്രജിത്തിൻതല, ആ ശരം
കായാത് പ്രമഥ്യ	ഉടലിൽനിന്നു വേർപെടുത്തി
ഭൂതലേ പാതയാമാസ	നിലത്തു വീഴ്ത്തി.

തതഃ പ്രമുദിതാഃ ദേവാഃ കീർത്തയന്തോ രഘൂത്തമം
വവർഷുഃ പുഷ്പവർഷാണി സ്തുവന്തശ്ച മുഹുർമുഹുഃ. 48

തതഃ പ്രമുദിതാഃ ദേവാഃ	അതോടെ, തികച്ചും മുദിതരായ ദേവന്മാർ
രഘൂത്തമം കീർത്തയന്തഃ	രഘുവരനെ പ്രകീർത്തിക്കയും
മുഹുർമുഹുഃ സ്തുവന്തഃ ച	വീണ്ടും വീണ്ടും വാഴ്ത്തി
പുഷ്പവർഷാണി വവർഷുഃ	പൂമാരി ചൊരിയുകയുംചെയ്തു.

ജഹർഷ ശക്രോ ഭഗവാൻ സഹ ദേവൈർമഹർഷിഭിഃ
ആകാശേഽപി ച ദേവാനാം ശുശ്രുവേ ദുന്ദുഭിസ്വനഃ. 49

ഭഗവാൻ ശക്രഃ ദേവൈഃ	ഭഗവാൻ ഇന്ദ്രൻ ദേവ–
മഹർഷിഭിഃ സഹ ജഹർഷ	മാമുനിമാരൊത്തു് ആനന്ദിതനായി.
ദേവാനാം ദുന്ദുഭിസ്വനഃ ച അപി	വാനവരുടെ വാദ്യധ്വനിയും
ആകാശേ ശുശ്രുവേ	വിണ്ണിൽ മുഴങ്ങിക്കേട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിമലം ഗഗനം ചാസീത് സ്ഥിരാഽഭൂത് വിശ്വധാരിണീ
നിഹതം രാവണിം ദൃഷ്ട്വാ ജയജല്പസമന്വിതഃ. 50

ഗതശ്രമഃ സ സൗമിത്രിഃ ശംഖമാപൂരയദ് രണേ
സിംഹനാദം തതഃ കൃത്വാ ജ്യാശബ്ദമകരോദ് വിഭുഃ. 51

ഗഗനം വിമലം ആസീത്	വാനിടം വിമലമായി.
വിശ്വധാരിണീ	മന്നിടം (ചലനമെന്യേ)
സ്ഥിരാ അഭൂത് ച	സ്ഥിരമാകയും ചെയ്തു.
രാവണിം നിഹതം ദൃഷ്ട്വാ	ഇന്ദ്രജിത്തു് മരിച്ചതു കണ്ടപ്പോൾ
സഃ വിഭുഃ സൗമിത്രിഃ	ആ സമർത്ഥൻ, സൗമിത്രി
ഗതശ്രമഃ ജയജല്പസമന്വിതഃ	അനായാസം, ജയാരവസമേതം
രണേ ശംഖം ആപൂരയത്	രണമദ്ധ്യത്തിൽ ശംഖം മുഴക്കി.
തതഃ സിംഹനാദം കൃത്വാ	പിന്നെ സിംഹഗർജ്ജനംചെയ്തു്
ജ്യാശബ്ദം അകരോത്	ഞാണൊലിയിടുകയുംചെയ്തു.

തേന നാദേന സംഹൃഷ്ടാഃ വാനരാശ്ച ഗതശ്രമാഃ
വാനരേന്ദ്രൈശ്ച സഹിതഃ സ്തുവദ്ഭിർഹൃഷ്ടമാനസൈഃ. 52

ലക്ഷ്മണഃ പരിതുഷ്ടാത്മാ ദദർശാഭ്യേത്യ രാഘവം
ഹനുമദ്രാക്ഷസാഭ്യാം ച സഹിതോ വിനയാന്വിതഃ. 53

വവന്ദേ ഭ്രാതരം രാമം ജ്യേഷ്ഠം നാരായണം വിഭും
തത് പ്രസാദാദ് രഘുശ്രേഷ്ഠ ഹതോ രാവണിരാഹവേ. 54

തേന നാദേന വാനരാഃ	ആ നാദം കേട്ടതോടെ വാനരർ
ഗതശ്രമാഃ	ക്ഷീണം വിട്ടു്
സംഹൃഷ്ടാഃ ച (ബഭൂവുഃ)	ആനന്ദിതരായി.
പരിതുഷ്ടാത്മാ ലക്ഷ്മണഃ	പരിതുഷ്ടഹൃദയൻ ലക്ഷ്മണൻ
ഹൃഷ്ടമാനസൈഃ സ്തുവദ്ഭിഃ	ഉള്ളംകളിർത്തു വാഴ്ത്തുന്ന
വാനരേന്ദ്രൈഃ സഹിതഃ	വാനരനാഥരോടൊത്തു
രാഘവം അഭ്യേത്യ ദദർശ	രാമന്നരികിലെത്തി ദർശനം നേടി.
ഹനുമദ്രാക്ഷസാഭ്യാം ച സഹിതഃ	ഹനുമാനും വിഭീഷണനുമൊത്തു്
(സഃ) വിനയാന്വിതഃ	(ആ) വിനയധനൻ
വിഭും നാരായണം	വിഭുവും നാരായണനുമായ
ജ്യേഷ്ഠം ഭ്രാതരം രാമം വവന്ദ	ജ്യേഷ്ഠസഹോദരനെ, രാമനെ, പ്രണമിച്ചു
(അബ്രവീത്) രഘുശ്രേഷ്ഠ	(പറഞ്ഞു): രഘുവര,
തത്പ്രസാദാത്	അങ്ങയുടെ പ്രസാദത്താലാണു്
രാവണിഃ ആഹവേ ഹതഃ	ഇന്ദ്രജിത്തു് പോരിൽ കൊല്ലപ്പെട്ടതു്.

ശ്രുത്വാ തല്ലക്ഷ്മണാദ് ഭക്ത്യാ തമാലിംഗ്യ രഘൂത്തമഃ
മൂർധ്ന്യവഘ്രായ മുദിതഃ സസ്നേഹമിദമബ്രവീത്. 55

സാധു ലക്ഷ്മണ! തുഷ്ടോഽസ്മി കർമ്മ തേ ദുഷ്കരം കൃതം
മേഘനാദസ്യ നിധനേ ജിതം സർവ്വമരിന്ദമ. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്ത്യാ ലക്ഷ്മണനാത്	ഭക്തിയോടെ ലക്ഷ്മണനിൽനിന്നുതിർന്ന
തത് (വചനം) ശ്രുത്വാ മുദിതഃ	ആ (മൊഴി) കേട്ട മോദമാർന്ന
രഘൂത്തമഃ തം ആലിംഗ്യ	രഘുവരൻ അവനെ മാറോടണച്ചു്
മൂർധ്നി അവഘ്രായ	നെറുകയിൽ മുകർന്നു്
സസ്നേഹം ഇദം അബ്രവീത്	സസ്നേഹം ഇങ്ങനെയരുളി:
ലക്ഷ്മണ സാധു. തുഷ്ടഃ അസ്മി	ലക്ഷ്മണ, നന്നായി. ഞാൻ സന്തുഷ്ടനാണു്.
ദുഷ്കരം കർമ്മ ത്വയാ കൃതം	ദുഷ്കരമായ കാര്യം നീ നിറവേററി.
അരിന്ദമ, മേഘനാദസ്യ നിധനേ	ശത്രുദമന, മേഘനാദന്റെ വധത്തോടെ
സർവ്വം ജിതം	(വൈരികളെ) എല്ലാം നാം വെന്നിരിക്കുന്നു.

അഹോരാത്രൈസ്ത്രിഭിർവ്വീരഃ കഥഞ്ചിദ്വിനിപാതിതഃ
നിസ്സപത്നഃ കൃതോഽസ്മ്യദ്യ നിര്യാസ്യതി ഹി രാവണഃ. 57

പുത്രശോകാന്മയാ യോദ്ധും തം ഹനിഷ്യാമി രാവണം
മേഘനാദം ഹതം ശ്രുത്വാ ലക്ഷ്മണേന മഹാബലം. 58

രാവണഃ പതിതോ ഭൂമൗ മൂർച്ഛിതഃ പുനരുത്ഥിതഃ
വിലലാപാതിദീനാത്മാ പുത്രശോകേന രാവണഃ. 59

കഥഞ്ചിത്	ബദ്ധപ്പെട്ടു്
ത്രിഭിഃ അഹോരാത്രൈഃ	മൂന്നു ദിനരാത്രങ്ങൾകൊണ്ടു്,
വീരഃ വിനിപാതിതഃ	ആ വീരൻ (ഇന്ദ്രജിത്തു്) വീഴ്ത്തപ്പെട്ടു.
അദ്യ അഹം	ഇന്നു ഞാൻ
നിസ്സപത്നഃ കൃതഃ അസ്മി	എതിരററവനായിരിക്കയാണു്.
പുത്രശോകാത് രാവണഃ മയാ	പുത്രശോകംമൂത്ത രാവണൻ എന്നോടു
യോദ്ധും നിര്യാസ്യതി ഹി	പൊരുതാൻ പുറപ്പെടുമെന്നതു തീർച്ച.
തം രാവണം ഹനിഷ്യാമി	ആ രാവണനെ ഞാൻ കൊന്നോളാം.
മഹാബലം മേഘനാദം	പ്രബലനായ മേഘനാദനെ
ലക്ഷ്മണേന ഹതം ശ്രുത്വാ	ലക്ഷ്മണൻ കൊന്നതായി കേട്ടു്
രാവണഃ മൂർച്ഛിതഃ ഭൂമൗ പതിതഃ	രാവണൻ ബോധമററു നിലംപതിച്ചു.
പുനഃ ഉത്ഥിതഃ	പിന്നെ ബോധമാർന്നെണീററു്,
പുത്രശോകേന അതിദീനാത്മാ	പുത്രശോകത്താൽ ഏറെ ദീനനായ
രാവണഃ വിലലാപ	രാവണൻ വാവിട്ടു കേണു.

പുത്രസ്യ ഗുണകർമ്മാണി സംസ്മരൻ പര്യദേവയത്
അദ്യ ദേവഗണാഃ സർവ്വേ ലോകപാലാ മഹർഷയഃ. 60

ഹതമിന്ദ്രജിതം ജ്ഞാത്വാ സുഖം സ്വപ്സ്യന്തി നിർഭയാഃ
ഇത്യാദി ബഹുശഃ പുത്രലാലസോ വിലലാപ ഹ. 61

പുത്രസ്യ ഗുണകർമ്മാണി സംസ്മരൻ പര്യദേവയത്	മകന്റെ ഗുണകർമ്മങ്ങളോർത്തോർത്തു നിലവിളിക്കൂട്ടി.
ഇന്ദ്രജിതം ഹതം ജ്ഞാത്വാ	ഇന്ദ്രജിത്തു മരിച്ചതറിഞ്ഞു്
ദേവഗണാഃ ലോകപാലാഃ	ദേവഗണങ്ങളും ലോകപാലരും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹർഷയഃ സർവ്വേ അദ്യ നിർഭയാഃ	മുനിമാരുമെല്ലാം ഇനി ഭയമെന്യേ
സുഖം സ്വപ്സ്യന്തി, ഹ	സുഖമായുറങ്ങും, കഷ്ടം!
പുത്രലാലസഃ (രാവണഃ) ഇത്യാദി	പുത്രവത്സലൻ രാവണൻ ഇങ്ങനെ
ബഹുശഃ വിലലാപ	പലതും ചൊല്ലി കരഞ്ഞു.

തതഃ പരമസംക്രുദ്ധോ രാവണോ രാക്ഷസാധിപഃ
ഉവാച രാക്ഷസാൻ സർവ്വാൻ നിനാശയിഷുരാഹവേ. 62

സ പുത്രവധസംതപ്തഃ ശൂരഃ ക്രോധവശം ഗതഃ
സംവീക്ഷ്യ രാവണോ ബുദ്ധ്യാ ഹന്തും സീതാം പ്രദുദ്രുവേ. 63

പരമസംക്രുദ്ധഃ	കോപക്കലിമൂത്ത
രാക്ഷസാധിപഃ രാവണഃ	രാക്ഷസാധിപൻ രാവണൻ,
തതഃ ആഹവേ സർവ്വാൻ	ഉടനേ പോരിലെല്ലാവരെയും
നിനാശയിഷുഃ	നശിപ്പിക്കാനുറച്ചുകൊണ്ട്
രാക്ഷസാൻ ഉവാച	രാക്ഷസർക്ക് സമരാജ്ഞ നല്കി.
പുത്രവധസംതപ്തഃ	പുത്രവധംമൂലം വ്യഥയിലാണ്ട
സഃ ശൂരഃ രാവണഃ	ആ ശൂരൻ, രാവണൻ
ക്രോധവശം ഗതഃ.	ക്രോധവശഗനായിത്തീർന്നു.
ബുദ്ധ്യാ സംവീക്ഷ്യ	ബുദ്ധിപൂർവ്വം ആലോചിച്ചതിനുശേഷം
സീതാം ഹന്തും പ്രദുദ്രുവേ	സീതയെ വധിക്കാൻ പാഞ്ഞടുത്തു.

ഖഡ്ഗപാണിമഥായാന്തം ക്രുദ്ധം ദൃഷ്ട്വാ ദശാനനം
രാക്ഷസീമധ്യഗാ സീതാ ഭയശോകാകുലാഽഭവത്. 64

ക്രുദ്ധം ഖഡ്ഗപാണിം	ക്രുദ്ധനും കൈയിൽ വാളുമായി
ആയാന്തം ദശാനനം ദൃഷ്ട്വാ	വരുന്നവനുമായ രാവണനെക്കണ്ടു
രാക്ഷസീമധ്യഗാ സീതാ	രാക്ഷസിമാരുടെ നടുവിലിരുന്ന സീത
ഭയശോകാകുലാ അഭവത്	പേടിച്ചും ദുഃഖിച്ചും ആകുലയായി ഭവിച്ചു.

ഏതസ്മിന്നന്തരേ തസ്യ സചിവോ ബുദ്ധിമാൻ ശുചിഃ
സുപാർശ്വോ നാമ മേധാവീ രാവണം വാക്യമബ്രവീത്. 65

ബുദ്ധിമാൻ ശുചിഃ	ബുദ്ധിമാനും ശുദ്ധനും
മേധാവീ സുപാർശ്വഃ നാമ	മേധാവിയും സുപാർശ്വനാമാവുമായ
തസ്യ സചിവഃ	തൽസചിവൻ
ഏതസ്മിൻ അന്തരേ	ഈയവസരത്തിൽ
രാവണം വാക്യം അബ്രവീത്	രാവണനോട് ഈ വാക്യമോതി.

നനു നാമ ദശഗ്രീവ സാക്ഷാദ്വൈശ്രവണാനുജഃ
വേദവിദ്യാവ്രതസ്നാതഃ സ്വകർമ്മപരിനിഷ്ഠിതഃ. 66

അനേകഗുണസമ്പന്നഃ കഥം സ്ത്രീവധമിച്ഛസി
അസ്മാഭിഃ സഹിതോ യുദ്ധേ ഹത്വാ രാമം ച ലക്ഷ്മണം
പ്രാപ്സ്യസേ ജാനകീം ശീഘ്രമിത്യുക്തഃ സ ന്യവർത്തത. 67

ദശഗ്രീവ (ത്വം) സാക്ഷാത്	രാവണ, (നീ) സാക്ഷാൽ
വൈശ്രവണാനുജഃ	കുബേരന്റെ അനുജനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദവിദ്യാവ്രതസ്നാതഃ നനു?	വേദവിദ്യയിലും വ്രതചര്യയിലും പൂർണ്ണത കൈവരിച്ചവനുമല്ലേ?
സ്വകർമ്മപരിനിഷ്ഠിതഃ അനേകഗുണസമ്പന്നഃ നാമ	സ്വധർമ്മനിഷ്ഠയുള്ളവനും ബഹുഗുണവാനുമാണല്ലോ (നീ).
ത്വം കഥം സ്ത്രീവധം ഇച്ഛസി	നീയെങ്ങനെ സ്ത്രീയെ വധിക്കാനിച്ഛിക്കും?
അസ്മാഭിഃ സഹിതഃ യുദ്ധേ രാമം ലക്ഷ്മണം ച ഹത്വാ ശീഘ്രം സീതാം പ്രാപ്സ്യസേ	ഞങ്ങളോടൊത്തു് യുദ്ധത്തിൽ രാമനേയും ലക്ഷ്മണനേയും കൊന്നതിനുശേഷം സീതയെ പ്രാപിക്കാമല്ലോ.
ഇതി ഉക്തഃ സഃ ന്യവർത്തത	ഇങ്ങനെ അറിയിക്കപ്പെട്ട അവൻ (ഉദ്യമത്തിൽനിന്നു) പിൻതിരിഞ്ഞു.

തതോ ദുരാത്മാ സുഹൃദാ നിവേദിതം
വചഃ സുധർമ്മ്യം പ്രതിഗൃഹ്യ രാവണഃ
ഗൃഹം ജഗാമാശു ശുചാ വിമൂഢധീഃ
പുനഃ സഭാം ച പ്രയയൗ സുഹൃദ്വൃതഃ. 68

ദുരാത്മാ രാവണഃ സുഹൃദാ നിവേദിതം സുധർമ്മ്യം വചഃ പ്രതിഗൃഹ്യ ശുചാ വിമൂഢധീഃ തതഃ ആശു ഗൃഹം ജഗാമ	ദുരാത്മാ രാവണൻ തോഴനോതിയ, തികച്ചും ധർമ്മാനുസൃതമായ, വചനമംഗീകരിച്ചു. (എങ്കിലും) ശോകത്താൽ വിമൂഢനായ ചേതനയോടെ പിന്നെ വേഗം അരമനയിലേക്കു പോയി.
പുനഃ സുഹൃദ്വൃതഃ സഭാം പ്രയയൗ ച	അനന്തരം സുഹൃത്തുക്കളാൽ ചൂഴപ്പെട്ടു് രാജസഭയിൽ ആഗതനാകയും ചെയ്തു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ നവമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം ഒൻപതാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം പത്തു്

യജ്ഞവിധ്വംസം—മന്ദോദരീസമാശ്വാസനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

സ വിചാര്യ സഭാമധ്യേ രാക്ഷസൈഃ സഹ മന്ത്രിഭിഃ
നിര്യയൗ യോദ്ധുമവശിഷ്ടൈഃ രാക്ഷസൈഃ സഹ രാഘവം. 1
ശലഭഃ ശലഭൈർയുക്തഃ പ്രജ്വലന്തമിവാനലം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഭാമധ്യേ മന്ത്രിഭിഃ രാക്ഷസൈഃ സഹ വിചാര്യ സഃ യേ അവശിഷ്ടാഃ തൈഃ രാക്ഷസൈഃ സഹ രാഘവം നിർയയൗ	സഭാമധ്യത്തിൽ മന്ത്രിമാരും രാക്ഷസരുമായി ആലോചിച്ചതിനുശേഷം രാവണൻ, അവശേഷിച്ച രാക്ഷസരെയുംകൂട്ടി രാഘവനോട് (പൊരുതാൻ) പുറപ്പെട്ടു.
ശലഭൈഃ യുക്തഃ ശലഭഃ പ്രജ്വലന്തം അനലം ഇവ	(അന്യ)ശലഭങ്ങളോടുചേർന്ന ശലഭം കത്തിക്കാളുന്ന തീയിലേക്കെന്നപോലെ.

ഒരു വ്യത്യാസമുണ്ട്. ശലഭത്തിനറിഞ്ഞുകൂട, തീയിൽ വീണാൽ സ്വയം വെന്തു വെണ്ണീറാകുമെന്ന്. രാവണന് പരിണാമം അറിയാം. അറിയാമെങ്കിലും അഭ്യാസസിദ്ധമായ സ്വഭാവം മാററിമറിക്കാൻ അയാൾക്കു കഴിയുന്നില്ല. ആചരണങ്ങളോടു കലരാത്ത അറിവുകൊണ്ടു ഫലമൊന്നുമില്ലെന്നതിന് രാവണചരിതം ഉദാഹരണം.

തതോ രാമേണ നിഹതാഃ സർവ്വേ തേ രാക്ഷസാഃ യുധി. 2

സ്വയം രാമേണ നിഹതഃ തീക്ഷ്ണബാണേന വക്ഷസി
വ്യഥിതസ്ത്വരിതം ലങ്കാം പ്രവിവേശ ദശാനനഃ. 3

തതഃ തേ രാക്ഷസാഃ സർവേ യുധി രാമേണ നിഹതാഃ	അനന്തരം ആ രാക്ഷസരെല്ലാം പോരിൽ രാമനാൽ കൊല്ലപ്പെട്ടു.
തീക്ഷ്ണബാണേന രാമേണ വക്ഷസി നിഹതഃ ദശാനനഃ സ്വയം വ്യഥിതഃ ത്വരിതം ലങ്കാം പ്രവിവേശ	കൂരമ്പുകൊണ്ട് രാമനാൽ മാററത്തു മുറിവേല്പിക്കപ്പെട്ട ദശാനനൻ സ്വയം വ്യഥിതനായി ഉടൻതന്നെ ലങ്കയിലേക്കു മടങ്ങി.

ദൃഷ്ട്വാ രാമസ്യ ബഹുശഃ പൗരുഷം ചാപ്യമാനുഷം
രാവണോ മാരുതേശ്ചൈവ ശീഘ്രം ശുക്രാന്തികം യയൗ. 4

രാമസ്യ മാരുതേഃ ച അപി അമാനുഷം പൗരുഷം ബഹുശഃ ദൃഷ്ട്വാ രാവണഃ ശീഘ്രം ഏവ ശുക്രാന്തികം യയൗ	രാമന്റെയും മാരുതിയുടേയും അമാനുഷമായ പൗരുഷം പലകുറി കണ്ടു രാവണൻ ശീഘ്രംതന്നെ ശുക്രന്നടുത്തേക്കു ചെന്നു.

നമസ്കൃത്യ ദശഗ്രീവഃ ശുക്രം പ്രാഞ്ജലിരബ്രവീത്
ഭഗവൻ രാഘവേണൈവം ലങ്കാ രാക്ഷസയൂഥപൈഃ. 5

വിനാശിതാ മഹാദൈത്യാഃ നിഹതാഃ പുത്രബാന്ധവാഃ
കഥം മേ ദുഃഖസന്ദോഹസ്ത്വയി തിഷ്ഠതി സദ്ഗുരൗ. 6

ശുക്രം നമസ്കൃത്യ പ്രാഞ്ജലിഃ ദശഗ്രീവഃ അബ്രവീത്	ശുക്രനെ നമിച്ച് കൈതൊഴുത് ദശഗ്രീവൻ അറിയിച്ചു:
ഭഗവൻ, രാക്ഷസയൂഥപൈഃ സഹ ലങ്കാ രാഘവേണ വിനാശിതാ	ഭഗവാനേ, രാക്ഷസസേനാപതികളടക്കം ലങ്ക പാടേ രാമൻ നശിപ്പിച്ചു.
പുത്രബാന്ധവാഃ മഹാദൈത്യാഃ നിഹതാഃ	മക്കളും ബന്ധുക്കളും മഹാദൈത്യരും (എല്ലാം) കൊല്ലപ്പെട്ടു.
സദ്ഗുരൗ ത്വയി തിഷ്ഠതി (സതി) മേ ഏവം ദുഃഖസന്ദോഹഃ (ഭവതി) കഥം	സദ്ഗുരുവായി നീന്തിരുവടി വാഴവേ എനിക്കീ താപവ്യൂഹം വേർപ്പതെങ്ങനെ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി വിജ്ഞാപിതോ ദൈത്യഗുരുഃ പ്രാഹ ദശാനനം
ഹോമം കുരു പ്രയത്നേന രഹസി ത്വം ദശാനന. 7

യദി വിഘ്നോ നചേദ്ധോമേ തർഹി ഹോമാനലോത്ഥിതഃ
മഹാൻ രഥശ്ച വാഹാശ്ച ചാപതൂണീരസായകാഃ. 8

സംഭവിഷ്യന്തി തൈർയുക്തസ്ത്വമജേയോ ഭവിഷ്യസി. 9

ഇതി വിജ്ഞാപിതഃ ദൈത്യഗുരുഃ ദശാനനം പ്രാഹ	ഇങ്ങനെ അറിയിക്കപ്പെട്ട അസുരഗുരു ദശമുഖനോട് അരുളി:
ദശാനന, പ്രയത്നേന രഹസി ഹോമം ത്വം കുരു	രാവണ, പ്രയത്നപൂർവ്വം രഹസ്യമായൊരു ഹോമം നീ ചെയ്യുക.
ഹോമേ യദി വിഘ്നഃ ന ചേത് തർഹി ഹോമാനലോത്ഥിതാഃ സംഭവി- ഷ്യന്തി, മഹാരഥഃ വാഹാഃ ചാപതൂണീരസായകാഃ ച	ഹോമത്തിൽ വിഘ്നം പിണയാതിരുന്നാൽ, ഹോമാഗ്നിയിൽനിന്നുയർന്നുവരും പെരുംതേരും കുതിരകളും ചാപതൂണീരശരങ്ങളും.
ത്വം തൈഃ യുക്തഃ അജേയഃ ഭവിഷ്യസി	നീ അവ കൈയാളുന്നതോടെ അജേയനായിത്തീരും.

ഗൃഹാണ മന്ത്രാൻ മദ്ദത്താൻ ഗച്ഛ ഹോമം കുരു ദ്രുതം
ഇത്യുക്തസ്ത്വരിതം ഗത്വാ രാവണോ രാക്ഷസാധിപഃ. 10

ഗുഹാം പാതാളസദൃശീം മന്ദിരേ സ്വേ ചകാര ഹ.

മദ്ദത്താൻ മന്ത്രാൻ ഗൃഹാണ ഗച്ഛ ദ്രുതം ഹോമം കുരു	ഞാൻ തരുന്ന മന്ത്രങ്ങൾ ഗ്രഹിക്കൂ. ചെല്ലൂ; പെട്ടെന്നു ഹോമം ചെയ്യൂ.
ഇതി ഉക്തഃ രാക്ഷസാധിപഃ രാവണഃ ത്വരിതം ഗത്വാ സ്വേ മന്ദിരേ പാതാളസദൃശീം ഗുഹാം ചകാര ഹ	ഇപ്രകാരം അനുശാസിതനായ രാക്ഷസാ- ധിപൻ രാവണൻ, സത്വരം ചെന്ന് സ്വഭവനത്തിൽ പാതാളതുല്യമായ ഒരു ഗുഹ തയ്യാറാക്കി.

ലങ്കാദ്വാരകപാടാദി ബദ്ധ്വാ സർവ്വത്ര യത്നതഃ. 11

ഹോമദ്രവ്യാണി സംപാദ്യ യാന്യുക്താന്യാഭിചാരികേ
ഗുഹാം പ്രവിശ്യ ചൈകാന്തേ മൗനീ ഹോമം പ്രചക്രമേ. 12

ലങ്കാദ്വാരകപാടാദി സർവ്വത്ര യത്നതഃ ബദ്ധ്വാ ആഭിചാരികേ യാനി ഹോമദ്രവ്യാണി ഉക്താനി താനി സമ്പാദ്യ ഗുഹാം പ്രവിശ്യ മൗനീ ഏകാന്തേ ഹോമം പ്രചക്രമേ	ലങ്കയുടെ കവാടാദികൾ സർവ്വത്ര യത്നപൂർവ്വം ബന്ധിച്ച്, ആഭിചാരത്തിൽ എന്തെല്ലാം ഹോമദ്രവ്യങ്ങൾ പറഞ്ഞിട്ടുണ്ടോ അവയൊരുക്കി, ഗുഹയിൽ കടന്ന് മൗനിയായി ഏകാന്തതയിൽ ഹോമം ആരംഭിച്ചു.

ഉത്ഥിതം ധൂമമാലോക്യ മഹാന്തം രാവണാനുജഃ
രാമായ ദർശയാമാസ ഹോമധൂമം ഭയാകുലഃ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശ്യ രാമ ദശഗ്രീവോ ഹോമം കർത്തും സമാരഭത്
യദി ഹോമഃ സമാപ്തഃ സ്യാത് തദാഽജേയോ ഭവിഷ്യതി. 14
അതോ വിഘ്നായ ഹോമസ്യ പ്രേഷയാശു ഹരീശ്വരാൻ.

മഹാന്തം ധൂമം ഉത്ഥിതം	വിപുലമായ ധൂമപടലം ഉയരുന്നതു
ആലോക്യ ഭയാകുലഃ	കണ്ടു് പേടിച്ചരണ്ട
രാവണാനുജഃ ഹോമധൂമം	വിഭീഷണൻ ഹോമധൂമം
രാമായ ദർശയാമാസ	രാമനു് കാട്ടിക്കൊടുത്തു.
രാമ പശ്യ ദശഗ്രീവഃ	രാമ, നോക്കൂ, ദശഗ്രീവൻ
ഹോമം കർത്തും സമാരഭത്	ഹോമംചെയ്യാനാരംഭിച്ചിരിക്കയാണു്.
യദി ഹോമഃ സമാപ്തഃ സ്യാത്	ഹോമം സമാപ്തമായാൽ
തദാ അജേയഃ ഭവിഷ്യതി	അപ്പോൾ (അവൻ) അജയ്യനാകും.
അതഃ ഹോമസ്യ	അതിനാൽ ഹോമത്തിന്
വിഘ്നായ	വിഘ്നം വരുത്താൻ
ഹരീശ്വരാൻ ആശു പ്രേഷയ	കപിവരരെ ഉടൻ നിയോഗിക്കുക.

തഥേതി രാമഃ സുഗ്രീവസമ്മതേനാംഗദം കപിം. 15
ഹനൂമത്പ്രമുഖാൻ വീരാനാദിദേശ മഹാബലാൻ.

തഥാ ഇതി രാമഃ സുഗ്രീവ–	അങ്ങനെയെന്നു രാമൻ, സുഗ്രീവ–
സമ്മതേന കപിം അംഗദം	സമ്മതത്തോടെ കപി അംഗദനേയും
ഹനൂമത്പ്രമുഖാൻ മഹാബലാൻ	ഹനൂമത്പ്രമുഖരായ പ്രബലവീരരേയും
വീരാൻ ആദിദേശ	കല്പിച്ചയച്ചു.

പ്രാകാരം ലംഘയിത്വാ തേ ഗത്വാ രാവണമന്ദിരം. 16
ദശകോട്യഃ പ്ലവംഗാനാം ഗത്വാ മന്ദിരരക്ഷകാൻ
ചൂർണ്ണയാമാസുരശ്വാംശ്ച ഗജാംശ്ച ന്യഹനൻ ക്ഷണാത്. 17

പ്രാകാരം ലംഘയിത്വാ തേ	കോട്ടമതിൽ കടന്നു് അവർ,
പ്ലവംഗാനാം ദശകോട്യഃ	പത്തുകോടി വാനരർ
രാവണമന്ദിരം ഗത്വാ	രാവണന്റെ അരമനയിലെത്തി,
മന്ദിരരക്ഷകാൻ ചൂർണ്ണയാമാസുഃ	മന്ദിരരക്ഷകരെ തകർത്തു.
അശ്വാൻ ഗജാൻ ച	കുതിരകളേയും ആനകളേയും
ക്ഷണാത് ന്യഹനൻ	ക്ഷണത്തിൽ വകവരുത്തി.

തതശ്ച സരമാ നാമ പ്രഭാതേ ഹസ്തസംജ്ഞയാ
വിഭീഷണസ്യ ഭാര്യാ സാ ഹോമസ്ഥാനമസൂചയത്. 18

തതഃ പ്രഭാതേ വിഭീഷണസ്യ	പിറേറന്നു കാലത്തു് വിഭീഷണ-
ഭാര്യാ സരമാനാമ സാ	പത്നി സരമയെന്നവൾ
ഹസ്തസംജ്ഞയാ	കൈക്രിയയാൽ
ഹോമസ്ഥാനം അസൂചയത്	ഹോമസ്ഥാനം നിർദ്ദേശിച്ചു.

ഗുഹാപിധാനപാഷാണമംഗദഃ പാദഘട്ടനൈഃ
ചൂർണ്ണയിത്വാ മഹാസത്വഃ പ്രവിവേശ മഹാഗുഹാം. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാസത്വഃ അംഗദഃ	മഹാബലശാലി അംഗദൻ
ഗൃഹാപിധാനപാഷാണം	ഗുഹയടച്ച പാറ
പാദഘട്ടനൈഃ ചൂർണ്ണയിത്വാ	പാദാഘാതങ്ങളാൽ തകർത്ത്
മഹാഗൃഹം പ്രവിവേശ	മഹാഗുഹയിലേക്ക് കയറി.

ദൃഷ്ട്വാ ദശാനനം തത്ര മീലിതാക്ഷം ദൃഢാസനം
തതോഽംഗദാജ്ഞയാ സർവ്വേ വാനരാ വിവിശുർദ്രുതം. 20

തത്ര ദൃഢാസനം	അവിടെ ദൃഢാസനനായി
മീലിതാക്ഷം ദശാനനം ദൃഷ്ട്വാ	മിഴിപൂട്ടിയിരുന്ന ദശമുഖനെ കണ്ടതോടെ
തതഃ അംഗദാജ്ഞയാ	അംഗദൻെറ ആജ്ഞാനുസരണം
വാനരാഃ സർവ്വേ ദ്രുതം	വാനരരെല്ലാം ശീഘ്രം
വിവിശുഃ	(ഉള്ളിലേക്ക്) കടന്നു.

തത്ര കോലാഹലം ചക്രുസ്താഡയന്തശ്ച സേവകാൻ
സംഭാരാംശ്ചിക്ഷിപുസ്തസ്യ ഹോമകുണ്ഡേ സമന്തതഃ. 21

സേവകാൻ താഡയന്തഃ	സേവകരെ മർദ്ദിച്ചുകൊണ്ട്
തത്ര കോലാഹലം ചക്രുഃ	അവിടെ കോലാഹലമുണ്ടാക്കി.
തസ്യ സംഭാരാഃ	അവൻെറ ഹവനസാമഗ്രികൾ
ഹോമകുണ്ഡേ സമന്തതഃ ചിക്ഷിപുഃ	ഹോമകുണ്ഡത്തിനു ചുറ്റും വലിച്ചെറിഞ്ഞു.

സ്രുവമാച്ഛിദ്യ ഹസ്താച്ച രാവണസ്യ ബലാദ്രുഷാ
തേനൈവ സംജഘ്നാനാശു ഹനൂമാൻ പ്ലവഗാഗ്രണീഃ. 22

പ്ലവഗാഗ്രണീഃ ഹനൂമാൻ	വാനരാഗ്രണി ഹനുമാൻ
രാവണസ്യ ഹസ്താദ്	രാവണൻെറ കൈയിൽനിന്ന്
രുഷാ ബലാത് സ്രുവം	ദേഷ്യത്തോടെ, ബലാൽ സ്രുവം
ആച്ഛിദ്യ തേന ഏവ	പിടിച്ചെടുത്ത് അതുകൊണ്ടുതന്നെ
ആശു സംജഘാന	(അവനെ) പെട്ടെന്നാഞ്ഞടിച്ചു.

ഘ്നന്തി ദന്തൈശ്ച കാഷ്ഠൈശ്ച വാനരാസ്തമിതസ്തതഃ
ന ജഹൗ രാവണോ ധ്യാനം ഹതോഽപി വിജിഗീഷയാ. 23

തം വാനരാഃ ഇതഃ തതഃ	അവനെ വാനരർ ചുറ്റുംനിന്ന്
ദന്തൈഃ	പല്ലുകൾകൊണ്ടു (കടിക്കുകയും)
കാഷ്ഠൈഃ ഘ്നന്തി ച	കമ്പുകൾകൊണ്ട് അടിക്കുകയും ചെയ്തു.
ഹതഃ അപി വിജിഗീഷയാ	ആഹതനായിട്ടും ജയേച്ഛയാൽ
രാവണഃ ധ്യാനം ന ജഹൗ	രാവണൻ ധ്യാനം കൈവിട്ടില്ല.

പ്രവിശ്യാന്തഃപുരേ വേശ്മന്യംഗദോ വേഗവത്തരഃ
സമാനയത് കേശബന്ധേ ധൃത്വാ മന്ദോദരീം ശുഭാം. 24

രാവണസ്യൈവ പുരതോ വിലപന്തീമനാഥവത്
വിദദാരാംഗദസ്തസ്യാഃ കഞ്ചുകം മതഭ്രഷിതം. 25

വേഗവത്തരഃ അംഗദഃ	അതിവേഗശാലി അംഗദൻ
വേശ്മനി അന്തഃപുരേ പ്രവിശ്യ	അരമനയിലെ അന്തഃപുരത്തിൽ കടന്ന്
ശുഭാം മന്ദോദരീം	ശോഭനയായ മന്ദോദരിയെ
കേശബന്ധേ ധൃത്വാ സമാനയത്	മുടിക്കെട്ടിൽ പിടിച്ചിഴച്ച് കൊണ്ടുവന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനാഥവത് വിലപന്തീം രാവണസ്യ പുരതഃ ഏവ (ധർഷയൻ) അംഗദഃ രത്നഭൂഷിതം തസ്യാഃ കഞ്ചുകം വിദദാര	അനാഥയെപ്പോലെ വിലപിക്കുന്ന (മണ്ഡോദരിയെ) രാവണന്റെ മുമ്പിൽ— വച്ചുതന്നെ (ധർഷണംചെയ്തു) അംഗദൻ രത്നഭൂഷിതമായ അവളുടെ മേൽക്കുപ്പായം കീറി.

മുക്താ വിമുക്താ പതിതാഃ സമന്താത് രത്നസംചയൈഃ
ശ്രോണീസൂത്രം നിപതിതം ത്രുടിതം രത്നചിത്രിതം. 26

കടിപ്രദേശാത് വിസ്രസ്താ നീവീ തസ്യൈവ പശ്യതഃ
ഭൂഷണാനി ച സർവ്വാണി പതിതാനി സമന്തതഃ. 27

ദേവഗന്ധർവ്വകന്യാശ്ച നീതാ ഹൃഷ്ടൈഃ പ്ലവംഗമൈഃ
മണ്ഡോദരീ രുരോദാഥ രാവണസ്യാഗ്രതോ ഭൃശം. 28

ക്രോശന്തീ കരുണം ദീനാ ജഗാദ ദശകന്ധരം.

വിമുക്താഃ മുക്താഃ രത്നസഞ്ചയൈഃ സമന്താത് പതിതാഃ	ഊരിവീണ മുത്തുകൾ രത്നസഞ്ചയങ്ങളോടൊപ്പം ചുററും ചിതറി.
രത്നചിത്രിതം ശ്രോണീസൂത്രം ത്രുടിതം നിപതിതം	രത്നം പതിച്ച അരഞ്ഞാൺ പൊട്ടിവീണു.
കടിപ്രദേശാത് നീവീ വിസ്രസ്താം തസ്യ പശ്യതഃ ഏവ	അരക്കെട്ടിൽനിന്നു മടിക്കുത്തഴിഞ്ഞുപോയി, അവൻ കാണവേതന്നെ.
സർവ്വാണി ഭൂഷണാനി ച സമന്തതഃ പതിതാനി	എല്ലാ ആഭരണങ്ങളും ചുററിനും വീണു.
ഹൃഷ്ടൈഃ പ്ലവംഗമൈഃ ദേവഗന്ധർവ്വകന്യാഃ ച നീതാഃ	ഹർഷംപൂണ്ട കപികൾ (രാവണാന്തഃപുര— ത്തിലുള്ള) ദേവ—ഗന്ധർവ്വകന്യകമാരെ വിമോചിപ്പിച്ചു.
രാവണസ്യ അഗ്രതഃ ഭൃശം രുരോദ മണ്ഡോദരീ	രാവണന്റെ മുമ്പിൽ വാവിട്ടു കേണു, മണ്ഡോദരി.
കരുണം ക്രോശന്തീ ദീനാ അഥ ദശകന്ധരം ജഗാദ*	കരളലിയിക്കുമാറു കേഴുന്ന, ആ ദീന അനന്തരം രാവണനോടു മൊഴിഞ്ഞു:

നിർല്ലജ്ജോഽസി പരൈരേവം കേശപാശേ വികൃഷ്യതേ. 29

ഭാര്യാ തവൈവ പുരതഃ കിം ജുഹോഷി ന ലജ്ജസേ
ഹന്യതേ പശ്യതോ യസ്യ ഭാര്യാ പാപൈശ്ച ശത്രുഭിഃ. 30

മർത്തവ്യം തേന തത്രൈവ ജീവിതാൻമരണം വരം
ഹാ മേഘനാദ, തേ മാതാ ക്ലിശ്യതേ ബത വാനരൈഃ. 31

---

* മാന്യയായ മണ്ഡോദരിയെ അംഗദൻ ധർഷിച്ചുവെന്ന സൂചനപോലും വാല്മീകിരാമായണത്തിലില്ല. തുളസീരാമായണത്തെപ്പററി വിശിഷ്യ പറയേണ്ടതായുമില്ല. എഴുത്തച്ഛൻ മൂലകൃതിയെ അനുകരിക്കയാണു്, പക്ഷേ, ചുരുക്കത്തിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വയി ജീവതി മേ ദുഃഖമീദൃശം ച കഥം ഭവേത്
ഭാര്യാ ലജ്ജാ ച സംത്യക്താ ഭർത്ത്രാ മേ ജീവിതാശയാ. 32

തവ പുരതഃ ഏവ പരൈഃ ഭാര്യാ കേശപാശൈഃ ഏവം വികൃഷ്യതേ	നിങ്ങളുടെ മുമ്പിൽവച്ചുതന്നെ ശത്രുക്കൾ ഭാര്യയെ ഈവിധം മുടിക്കുപിടിച്ചു വലിച്ചിഴയ്ക്കുന്നു!
നിർല്ലജ്ജഃ അസി കിം ജുഹോഷി ന ലജ്ജസേ കിം	(നിങ്ങൾ) നാണമില്ലാത്തവനാണ്. എന്തിനായി ഹോമിക്കുന്നു? ലജ്ജിക്കുന്നില്ലേ?
യസ്യ ഭാര്യാ പശ്യതഃ പാപൈഃ ശത്രുഭിഃ ഹന്യതേ തേന തത്ര ഏവ മർത്തവ്യം	ഏതൊരുവന്റെ ഭാര്യ (അവൻ) നോക്കി- നില്ക്കവേ, പാപികളായ ശത്രുക്കളാൽ അപമാനിക്കപ്പെടുന്നുവോ, അവൻ അവിടെവച്ചുതന്നെ ചാവണം.
ജീവിതാത് മരണം വരം	(അവന്) ജീവിതത്തേക്കാൾ മരണമാണ് മെച്ചം.
ഹാ മേഘനാദ തേ മാതാ വാനരൈഃ ക്ലിശ്യതേ ബത	അയ്യോ, (മകനേ) മേഘനാദ, നിന്റെ അമ്മ കുരങ്ങന്മാരാൽ പീഡിപ്പിക്കപ്പെടുന്നല്ലോ, കഷ്ടം!
ത്വയി ജീവതി മേ ഈദൃശം ദുഃഖം ഭവേത് കഥം	നീ ജീവിച്ചിരുന്നെങ്കിൽ എനിക്ക് ഈവിധം ദുഃഖം വേരിട്ടതെങ്ങനെ? (ഭവിക്കുമായിരുന്നില്ല).
ജീവിതാശയാ മേ ഭർത്ത്രാ ഭാര്യാ സംത്യക്താ; ലജ്ജാ ച	ജീവിതാശമൂലം എന്റെ പതിയാൽ ഭാര്യ ത്യക്തയായി; ലജ്ജയും.

ശ്രുത്വാ തദ്ദേവിതം രാജാ മന്ദോദര്യാഃ ദശാനനഃ
ഉത്തസ്ഥൗ ഖഡ്ഗമാദായ ത്യജ ദേവീമിതി ബ്രുവൻ. 33

ജഘാനാംഗദമവ്യഗ്രഃ കടിദേശേ ദശാനനഃ
തതോത്സൃജ്യയയുഃ സർവ്വേ വിധ്വംസ്യ ഹവനം മഹത്. 34

മന്ദോദര്യാഃ തദ് ദേവിതം ശ്രുത്വാ രാജാ ദശാനനഃ ഉത്തസ്ഥൗ	മന്ദോദരിയുടെ ആ വിലാപം കേട്ട് രാവണരാജാവ് എണീററു.
ദേവീം ത്യജ ഇതി ബ്രുവൻ അവ്യഗ്രഃ ഖഡ്ഗം ആദായ ദശാനനഃ അംഗദം കടിദേശേ ജഘാന	ദേവിയെ വിടുക എന്ന് ആക്രോശിച്ചുകൊണ്ട് വ്യഗ്രതയെന്യേ വാളൂരി ദശമുഖൻ അംഗദന്റെ അരക്കെട്ടിൽ വെട്ടി.
തതഃ മഹത് ഹവനം വിധ്വംസ്യ സർവ്വേ ഉത്സൃജ്യ യയുഃ	അതോടെ മഹത്തായ ഹോമം തകർത്ത് സർവ്വരും വിട്ടുപോകയും ചെയ്തു.

രാമപാർശ്വമുപാഗമ്യ തസ്ഥുഃ സർവ്വേ പ്രഹർഷിതാഃ
രാവണസ്തു തതോ ഭാര്യാമുവാച പരിസാന്ത്വയൻ. 35

രാമപാർശ്വം ഉപാഗമ്യ സർവ്വേ പ്രഹർഷിതാഃ തസ്ഥുഃ	രാമന്നരികിലെത്തി സകലരും സന്തുഷ്ടരായി കഴിഞ്ഞുകൂടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണഃ തു തതഃ ഭാര്യാം പരിസാന്ത്വയൻ ഉവാച	രാവണനാകട്ടെ, അനന്തരം ഭാര്യയെ സമാശ്വസിപ്പിച്ചുകൊണ്ട് ഉരചെയ്തു.

ദൈവാധീനമിദം ഭദ്രേ, ജീവതാ കിം ന ദൃശ്യതേ
ത്യജ ശോകം വിശാലാക്ഷി, ജ്ഞാനമാലംബ്യ നിശ്ചിതം. 36

ഇദം ദൈവാധീനം ഭദ്രേ ജീവതാ കിം ന ദൃശ്യതേ	ഈ ലോകം ദൈവത്തിന്നധീനമാണ് ഭദ്രേ. ജീവിക്കുമ്പോൾ എന്തു കാണേണ്ടിവരില്ല!
വിശാലാക്ഷി നിശ്ചിതം ജ്ഞാനം ആലംബ്യ ശോകം ത്യജ	സുന്ദരി, അവിചലമായ അറിവിനെ ആശ്രയിച്ച് അഴൽ വെടിയുക.

അജ്ഞാനപ്രഭവഃ ശോകഃ ശോകോ ജ്ഞാനവിനാശകൃത്
അജ്ഞാനപ്രഭവോഹംധീഃ ശരീരാദിഷ്വനാത്മസു. 37

തന്മൂലഃ പുത്രദാരാദിസംബന്ധഃ സംസൃതിസ്തതഃ
ഹർഷശോകഭയക്രോധലോഭമോഹസ്പൃഹാദയഃ. 38

അജ്ഞാനപ്രഭവഃ ശോകഃ ശോകഃ ജ്ഞാനവിനാശകൃത്	അറിവില്ലായ്മയുടെ സന്താനമത്രേ ശോകം. ശോകം ജ്ഞാനത്തിന്റെ വിനാശകാരിയുമാണ്.
അനാത്മസു ശരീരാദിഷു അഹംധീഃ അജ്ഞാനപ്രഭവാ	ആത്മാവല്ലാത്ത ദേഹാദികളിലുള്ള അഹംബോധം അജ്ഞാനജനിതമാകുന്നു.
തന്മൂലഃ പുത്രദാരാദിസംബന്ധഃ തതഃ സംസൃതിഃ	അതുമൂലമാണ് പുത്രദാരാദിസംബന്ധം. അതിൽനിന്നുതന്നെ സംസാരം.
ഹർഷശോകഭയക്രോധലോഭ- മോഹസ്പൃഹാദയഃ ച	ആഹ്ലാദം, ദുഃഖം, പേടി, കോപം, ലോഭം, മോഹം, ആഗ്രഹം ആദിയും.

അജ്ഞാനപ്രഭവാ ഹ്യേതേ ജന്മമൃത്യുജരാദയഃ
ആത്മാ തു കേവലഃ ശുദ്ധോ വ്യതിരിക്തോഹ്യലേപകഃ. 39

ആനന്ദരൂപോ ജ്ഞാനാത്മാ സർവ്വഭാവവിവർജ്ജിതഃ
ന സംയോഗോ വിയോഗോ വാ വിദ്യതേ കേനചിത് സതഃ.

ഏതേ ജന്മമൃത്യുജരാദയഃ അജ്ഞാനപ്രഭവാഃ ഹി	ഈ ജനനമരണജരാദികൾ അറിവില്ലായ്മ- യിൽനിന്ന് ഉളവായവതന്നെ.
ആത്മാ തു കേവലഃ ശുദ്ധഃ വ്യതിരിക്തഃ അലേപകഃ ഹി	ആത്മാവാകട്ടെ, കേവലം, ശുദ്ധം, തികച്ചും ഭിന്നം, അലേപകം.
ആനന്ദരൂപഃ ജ്ഞാനാത്മാ സർവ്വഭാവവിവർജ്ജിതഃ	ആനന്ദരൂപം, ജ്ഞാനാത്മകം, എല്ലാ ഭാവങ്ങളുമററത്.
സതഃ കേനചിത് സംയോഗഃ വാ വിയോഗഃ വാ ന വിദ്യതേ	സത്തിന് (ആത്മാവിന്) ഒന്നിനോടും ചേർച്ചയോ അകൽച്ചയോ ഇല്ല.

അറിവില്ലായ്മയല്ല, അറിവും ആചരണവും തമ്മിലുള്ള പൊരുത്തമില്ലായ്മയാണ് രാവണനെ സംബന്ധിക്കുന്ന പ്രശ്നമെന്ന് ഈ വാക്കുകൾ വെളിവാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം ജ്ഞാത്വാ ത്വമാത്മാനം ത്യജ ശോകമനിന്ദിതേ
ഇദാനീമേവ ഗച്ഛാമി ഹത്വാ രാമം സലക്ഷ്മണം. 41

ആഗമിഷ്യാമി നോ ചേന്മാം ദാരയിഷ്യതി സായകൈഃ
ശ്രീരാമോ വജ്രകല്പൈശ്ച തതോ ഗച്ഛാമി തത്പദം. 42

തദാ ത്വയാ മേ കർത്തവ്യാ ക്രിയാ മച്ഛാസനാത് പ്രിയേ
സീതാം ഹത്വാ മയാ സാർദ്ധം ത്വം പ്രവേക്ഷ്യസി പാവകം.

അനിന്ദിതേ ആത്മാനം ഏവം ജ്ഞാത്വാ ത്വം ശോകം ത്യജ	മാന്യേ, ആത്മാവിനെ ഈവിധമറിഞ്ഞ് നീ ശോകം വെടിയണം.
ഇദാനീം ഏവ ഗച്ഛാമി	ഇപ്പോഴത്തന്നെ ഞാൻ പോകുന്നു.
സലക്ഷ്മണം രാമം ഹത്വാ ആഗമിഷ്യാമി. നോ ചേത് വജ്രകല്പൈഃ സായകൈഃ ശ്രീരാമഃ മാം ദാരയിഷ്യതി തതഃ തത്പദം ഗച്ഛാമി	ലക്ഷ്മണസഹിതം രാമനെ കൊന്ന് മടങ്ങിവരും. അല്ലാത്തപക്ഷം വജ്രതുല്യമായ ശരങ്ങളാൽ രാമൻ എന്നെ കൊല്ലും. (എങ്കിൽ) പിന്നെ ഞാൻ രാമപാദം പൂകും.
തദാ പ്രിയേ മച്ഛാസനാത് ത്വയാ മേ ക്രിയാ കർത്തവ്യാ	അന്നേരം, പ്രിയേ, എന്റെ നിർദ്ദേശാനുസരണം നീ എനിക്കു ശേഷക്രിയചെയ്യണം.
സീതാം ഹത്വാ മയാ സാർദ്ധം ത്വം പാവകം പ്രവേക്ഷ്യസി	സീതയുടെ കഥകഴിച്ചതിനുശേഷം എന്നോടൊത്ത് അഗ്നിപ്രവേശം ചെയ്യുകയും വേണം.

ഏവം ശ്രുത്വാ വചസ്തസ്യ രാവണസ്യാതിദുഃഖിതാ
ഉവാച നാഥ മേ വാക്യം ശൃണു സത്യം തഥാ കുരു. 44

ഏവം തസ്യ രാവണസ്യ വചഃ ശ്രുത്വാ അതിദുഃഖിതാ ഉവാച. നാഥ സത്യം മേ വാക്യം ശൃണു	ഈവിധം ആ ദശമുഖന്റെ വചനം ശ്രവിച്ച് അതിഖിന്നയായ (മണ്ഡോദരി) മൊഴിഞ്ഞു: നാഥ, സത്യമായ എന്റെ വാക്കു കേൾക്കേണമേ.
തഥാ കുരു	അതിൻപ്രകാരം ചെയ്യേണമേ.

ശക്യോ ന രാഘവോ ജേതും ത്വയാ ചാന്യൈഃ കദാചന
രാമോ ദേവവരഃ സാക്ഷാത് പ്രധാനപുരുഷേശ്വരഃ. 45

ത്വയാ അന്യൈഃ ച രാഘവഃ ജേതും കദാചന ന ശക്യഃ	അങ്ങയാലോ മറ്റുള്ളവരാലോ രാമനെ ജയിക്കാൻ ഒരിക്കലും കഴിയുന്നതല്ല.
രാമഃ പ്രധാന— പുരുഷേശ്വരഃ സാക്ഷാത് ദേവവരഃ	രാമൻ പ്രകൃതിക്കും പുരുഷന്മാർക്കും (ജീവന്മാർ) നിയന്താവായ സാക്ഷാൽ ദേവേശനത്രേ.

മത്സ്യോ ഭൂത്വാ പുരാകല്പേ മനും വൈവസ്വതം പ്രഭുഃ
ররക്ഷ സകലാപദ്ഭ്യോ രാഘവോ ഭക്തവത്സലഃ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാ കല്പേ	പണ്ട് കല്പാന്തപ്രളയത്തിൽ
മത്സ്യഃ ഭൂത്വാ പ്രഭുഃ	മത്സ്യമായി ഭവിച്ച് പ്രഭു,
ഭക്തവത്സലഃ രാഘവഃ	ഭക്തവത്സലൻ, രാമൻ
സകലാപദ്ഭ്യഃ	എല്ലാ ആപത്തുകളിൽനിന്നും
വൈവസ്വതം മനും ররക്ഷ	വൈവസ്വതമനുവിനെ രക്ഷനല്കി.

രാമഃ കൂർമ്മോഽഭവത് പൂർവ്വം ലക്ഷയോജനവിസ്തൃതഃ
സമുദ്രമഥനേ പൃഷ്ഠേ ദധാര കനകാചലം. 47

പൂർവ്വം സമുദ്രമഥനേ രാമഃ	മുമ്പ് പാലാഴിമഥനത്തിൽ രാമൻ
ലക്ഷയോജനവിസ്തൃതഃ	ലക്ഷംയോജന വിസ്താരമുള്ള
കൂർമ്മഃ അഭവത്	ആമയായിത്തീർന്നു.
കനകാചലം പൃഷ്ഠേ ദധാര	കനകപർവ്വതം പുറത്തു ധരിച്ചു.

ഹിരണ്യാക്ഷോഽതിദുർവൃത്തോ ഹതോഽനേന മഹാത്മനാ
ക്രോഡരൂപേണ വപുഷാ ക്ഷോണീമുദ്ധരതാ കില. 48

കില ക്രോഡരൂപേണ	മറിക്കൽ പന്നിയുടെ
വപുഷാ ക്ഷോണീം ഉദ്ധരതാ	ആകൃതിപൂണ്ട് ഭൂമിയെ ഉദ്ധരിച്ച
അനേന മഹാത്മനാ	ഈ മഹാത്മാവിനാൽ
അതിദുർവൃത്തഃ	അതിദുർവൃത്തൻ
ഹിരണ്യാക്ഷഃ ഹതഃ	ഹിരണ്യാക്ഷൻ ഹതനായി.

ത്രിലോകകണ്ടകം ദൈത്യം ഹിരണ്യകശിപും പുരാ
ഹതവാൻ നാരസിംഹേന വപുഷാ രഘുനന്ദനഃ. 49

രഘുനന്ദനഃ പുരാ	രഘുനന്ദനൻ പണ്ട്
നാരസിംഹേന വപുഷാ	നരസിംഹശരീരം പൂണ്ട്
ത്രിലോകകണ്ടകം ദൈത്യം	ത്രിലോകകണ്ടകനും ദൈത്യനുമായ
ഹിരണ്യകശിപും ഹതവാൻ	ഹിരണ്യകശിപുവിനെ സംഹരിച്ചു.

വിക്രമൈസ്ത്രിഭിരേവാഽസൗ ബലിം ബദ്ധ്വാ ജഗത്ത്രയം
ആക്രമ്യാദാത് സുരേന്ദ്രായ ഭൃത്യായ രഘുസത്തമഃ. 50

ബലിം	മഹാബലിയെ (വരപ്രതിജ്ഞയാൽ)
ബദ്ധ്വാ അസൗ രഘുസത്തമഃ	ബന്ധിച്ച് ഈ രഘുവരൻ
ജഗത്ത്രയം ത്രിഭിഃ വിക്രമൈഃ ഏവ	ത്രിഭുവനം മൂന്നടിമാത്രംകൊണ്ട്
ആക്രമ്യ ഭൃത്യായ	അളന്നെടുത്ത് (സ്വ)ഭൃത്യനായ
സുരേന്ദ്രായ അദാത്	ഇന്ദ്രനു നല്കി.

രാക്ഷസാഃ ക്ഷത്രിയാകാരാഃ ജാതാഃ ഭൂമേർഭാരവഹാഃ
താൻ ഹത്വാ ബഹുശോ രാമോ ഭുവം ജിത്വാഹ്യദാൻ മുനേഃ. 51

ഭൂമേഃ ഭാരവഹാഃ രാക്ഷസാഃ	ഭൂമിക്കു ഭാരമുണ്ടാകുമാറ് രാക്ഷസന്മാർ
ക്ഷത്രിയകാരാ ജാതാഃ	ക്ഷത്രിയരായി ജനിച്ചു.
ബഹുശഃ	(പരശുരാമനായവതരിച്ച്) പലകുറി
താൻ ഹത്വാ ഭുവം	അവരെ കൊന്നൊടുക്കി, ഭൂമിയെ
ജിത്വാ	കൈയടക്കി
രാമഃ മുനേഃ അദാത്	രാമൻ കാശ്യപമുനിക്കേകി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ ഏവ സാംപ്രതം ജാതോ രഘുവംശേ പരാത്പരഃ
ഭവദർത്ഥം രഘുശ്രേഷ്ഠോ മാനുഷത്വമുപാഗതഃ. 52

സഃ പരാത്പരഃ ഏവ	ആ പരമപുരുഷൻതന്നെയാണ്
ഭവദർത്ഥം സാംപ്രതം	അങ്ങയെ സംഹരിക്കാനിപ്പോൾ
മാനുഷത്വം ഉപാഗതഃ	മാനവഭാവം പ്രാപിച്ച്
രഘുവംശേ രഘുശ്രേഷ്ഠഃ	രഘുകുലത്തിൽ രഘുവരനായി
ജാതഃ	അവതരിച്ചിരിക്കുന്നത്.

തസ്യ ഭാര്യാ കിമർത്ഥം വാ ഹൃതാ സീതാ വനാത് ബലാത്
മമ പുത്രവിനാശാർത്ഥം സ്വസ്യാപി നിധനായ ച. 53

മമ പുത്രവിനാശാർത്ഥം	എന്റെ കുഞ്ഞുങ്ങളുടെ വിനാശത്തിനും
സ്വസ്യ അപി നിധനായ ച	തന്റെതന്നെ മരണത്തിനും
തസ്യ ഭാര്യാ	(ഇടയാകുമാറ്) അദ്ദേഹത്തിന്റെ ഭാര്യയെ
സീതാ കിമർത്ഥം	സീതയെ എന്തിനാണ്
വനാത് ബലാത് ഹൃതാ	കാട്ടിൽനിന്ന് ബലാൽ അപഹരിച്ചത്?

ഇതഃ പരം വാ വൈദേഹീം പ്രേഷയസ്വ രഘൂത്തമേ,
വിഭീഷണായ രാജ്യം തു ദത്വാ ഗച്ഛാമഹേ വനം. 54

ഇതഃ പരം വാ വൈദേഹീം	ഇനിയെങ്കിലും ജാനകിയെ
രഘൂത്തമേ പ്രേഷയസ്വ	രാമന്നരികിലേക്കയയ്ക്കുക.
രാജ്യം തു വിഭീഷണായ ദത്വാ	നാട് വിഭീഷണനു നല്കി
വനം ഗച്ഛാമഹേ	നമുക്കു വനത്തിലേക്കും പോകാം.

മന്ദോദരീവചഃ ശ്രുത്വാ രാവണോ വാക്യമബ്രവീത്
കഥം ഭദ്രേ രണേ പുത്രാൻ ഭ്രാതൄൻ രാക്ഷസമണ്ഡലം
ഘാതയിത്വാ രാഘവേണ ജീവാമി വനഗോചരഃ. 55

മന്ദോദരീവചഃ ശ്രുത്വാ	മന്ദോദരീഭാഷിതം കേട്ടപ്പോൾ
രാവണഃ വാക്യം അബ്രവീത്	രാവണൻ ഈ വാക്യമോതി:
ഭദ്രേ പുത്രാൻ ഭ്രാതൄൻ	ഭദ്രേ, മക്കളേയും അനുജന്മാരേയും
രാക്ഷസമണ്ഡലം ച	രാക്ഷസസമൂഹത്തെത്തന്നെയും
രാഘവേണ രണേ	രാമനെക്കൊണ്ടു യുദ്ധത്തിൽ
ഘാതയിത്വാ വനഗോചരഃ	കൊല്ലിച്ചിട്ട് കാട്ടിൽച്ചെന്ന്
കഥം ജീവാമി	എങ്ങനെ ഞാൻ ജീവിക്കും?

രാമേണ സഹ യോത്സ്യാമി രാമബാണൈഃ സുശീഘ്രഗൈഃ
വിദാര്യമാണോ യാസ്യാമി തദ്വിഷ്ണോഃ പരമം പദം. 56

രാമേണ സഹ യോത്സ്യാമി	(ഞാൻ) രാമനോടു പൊരുതും.
സുശീഘ്രഗൈഃ രാമബാണൈഃ	അതിശീഘ്രം പായുന്ന രാമശരങ്ങളാൽ
വിദാര്യമാണഃ പരമം തത്	പിളർക്കപ്പെട്ട് പരമമായ ആ
വിഷ്ണോഃ പദം യാസ്യാമി	വിഷ്ണുപദത്തിലേക്കു പോകും.

ജാനാമി രാഘവം വിഷ്ണും ലക്ഷ്മീം ജാനാമി ജാനകീം
ജ്ഞാത്വൈവ ജാനകീ സീതാ മയാനീതാ വനാത് ബലാത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമേണ നിധനം പ്രാപ്യ യാസ്യാമീതി പരം പദം
വിമുച്യ ത്വാം തു സംസാരാത് ഗമിഷ്യാമി സഹപ്രിയേ. 58

രാഘവം വിഷ്ണും ജാനാമി	രാമൻ വിഷ്ണുവാണെന്നു ഞാനറിയുന്നു.
ജാനകീം ലക്ഷ്മീം ജാനാമി	സീത ലക്ഷ്മീദേവിയാണെന്നും അറിയാം.
ജ്ഞാത്വാ ഏവ	അറിഞ്ഞുകൊണ്ടുതന്നെയാണ്
മയാ ജാനകീ സീതാ	ഞാൻ ജനകപുത്രിയെ, സീതയെ,
ബലാത് വനാത്	ബലാൽ വനത്തിൽനിന്നു
ആനീതാ	കൊണ്ടുപോന്നതു്.
രാമേണ നിധനം പ്രാപ്യ	രാമനാലേററു മരണമടഞ്ഞാൽ
പരം പദം യാസ്യാമി ഇതി	പരമപദം പൂകാമെന്നു
(ജാനാമി)	(ഞാൻ കരുതുന്നു).
പ്രിയേ ത്വാം വിമുച്യ	പ്രിയേ, നിന്നെ വെടിഞ്ഞു്
(ബന്ധുഭിഃ) സഹ	ബന്ധുക്കളോടൊത്തു ഞാൻ
സംസാരാത് ഗമിഷ്യാമി	ലോകം വിട്ടുപോകും.

പരാനന്ദമയീ ശുദ്ധാ സേവ്യതേ യാ മുമുക്ഷുഭിഃ
താം ഗതിം തു ഗമിഷ്യാമി ഹതോ രാമേണ സംയുഗേ. 59

പ്രക്ഷാല്യ കല്മഷാണീഹ മുക്തിം യാസ്യാമി ദുർല്ലഭാം. 60

ശുദ്ധാ പരാനന്ദമയീ	ശുദ്ധവും പരമാനന്ദമയവുമായ
യാ (ഗതിഃ) മുമുക്ഷുഭിഃ	ഏതു ലക്ഷ്യമാണോ മോക്ഷാർത്ഥികളാൽ
സേവ്യതേ	സേവിക്കപ്പെടുന്നതു്,
സംയുഗേ രാമേണ ഹതഃ	രണത്തിൽ രാമനാൽ വധിക്കപ്പെടുന്ന
തു താം ഗതിം ഗമിഷ്യാമി	(ഞാൻ) ആ ലക്ഷ്യത്തിലേക്കു പോകും.
ഇഹ കല്മഷാണി പ്രക്ഷാല്യ	ഇഹലോകമലിനതകൾ കഴുകി
ദുർല്ലഭാം മുക്തിം യാസ്യാമി	അസുലഭമുക്തി അണകയും ചെയ്യും.

ക്ലേശാദിപഞ്ചകതരംഗയുതം ഭ്രമാഢ്യം
ദാരാത്മജാപ്തധനബന്ധുഝഷാഭിയുക്തം
ഔർവ്വാനലാഭനിജരോഷമനംഗജാലം
സംസാരസാഗരമതീത്യ ഹരിം വ്രജാമി. 61

ക്ലേശാദിപഞ്ചകതരംഗയുതം	*ക്ലേശപഞ്ചകത്തിന്റെ അലയാർന്ന,
ഭ്രമാഢ്യം ദാരാത്മജാപ്ത–	ഭ്രമം (ചുഴി) മുററിയ, ദാര–തനയ–തോഴ–
ധനബന്ധുഝഷാഭിയുക്തം	ധന-ബാന്ധവരെന്ന മത്സ്യങ്ങൾ തിങ്ങിയ,
ഔർവ്വാനലാഭനിജരോഷം	ബാഡവസമമായ തൻകോപമിയന്ന,

---

* അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം ഇവ ക്ലേശപഞ്ചകം. അനിത്യവും അസ്ഥായിയുമായ വസ്തുജഗത് നിത്യവും സ്ഥായിയുമാണെന്ന ധാരണ അവിദ്യ. അസ്മിത = അഹംഭാവം. രാഗം = ആസക്തി. ദ്വേഷം = വെറുപ്പ്. മരണം, സുഖഭോഗങ്ങൾക്ക് അറുതിവരുത്തുമല്ലോ എന്ന ഭീതിയാണ് അഭിനിവേശം. (യോഗ. II. 3)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനംഗജാലം	മാരന്റെ വലയുള്ള
സംസാരസാഗരം അതീത്യ	(ഈ) സംസാരസാഗരം താണ്ടി
ഹരിം പ്രജാമി	ഞാൻ ശ്രീഹരിയെ പ്രാപിക്കയാണ്.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ദശമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം പത്താംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം പതിനൊന്ന്

രാമരാവണയുദ്ധം—രാവണവധം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ഇത്യുക്ത്വാ വചനം പ്രേമ്ണാ രാജ്ഞീം മന്ദോദരീം തദാ
രാവണഃ പ്രയയൗ യോദ്ധും രാമേണ സഹ സംയുഗേ. 1

രാജ്ഞീം മന്ദോദരീം	റാണിയായ മന്ദോദരിയോട്
പ്രേമ്ണാ ഇതി വചനം ഉക്ത്വാ	പ്രേമപൂർവ്വം ഈ വചനമുരചെയ്തതിനുശേഷം
സംയുഗേ രാമേണ സഹ യോദ്ധും	പോരിൽ രാമനോടേറ്റുമുട്ടാൻ
രാവണഃ തദാ പ്രയയൗ	രാവണൻ തദവസരത്തിൽ പുറപ്പെട്ടു.

ദൃഢം സ്യന്ദനമാസ്ഥായ വൃതോ ഘോരൈർനിശാചരൈഃ
ചക്രൈർഷോഡശഭിർയുക്തം സവരൂഥം സകൂബരം. 2

പിശാചവദനൈർഘോരൈഃ ഖരൈർയുക്തം ഭയാവഹം
സർവ്വാസ്ത്രശസ്ത്രസഹിതം സർവ്വോപസ്കരസംയുതം. 3

നിശ്ചക്രാമാഥ സഹസാ രാവണോ ഭീഷണാകൃതിഃ

ഷോഡശഭിഃ ചക്രൈഃ യുക്തം	പതിനാറു ചക്രം ഘടിപ്പിച്ച,
സവരൂഥം സകൂബരം	ഇരുമ്പുചട്ടയും കേൽമരവും പിടിപ്പിച്ച,
പിശാചവദനൈഃ ഘോരൈഃ	പിശാചിൻമുഖമുള്ള ഭീകര—
ഖരൈഃ യുക്തം	ഖരങ്ങളെ (കഴുതകളെ) പൂട്ടിയ,
സർവ്വാസ്ത്രശസ്ത്രസഹിതം	സർവ്വാസ്ത്ര—ശസ്ത്രസഹിതമായ,
സർവ്വോപസ്കരസംയുതം	സകല ഉപകരണങ്ങളുമുള്ള,
ദൃഢം ഭയാവഹം*	ദൃഢവും ഭയജനകവുമായ
സ്യന്ദനം ആസ്ഥായ ഘോരൈഃ	തേരിലേറിയാണ് ഘോര—
നിശാചരൈഃ വൃതഃ ഭീഷണാകൃതിഃ	രാക്ഷസപരിവൃതൻ, ഭീകരരൂപി,
രാവണഃ അഥ സഹസാ	രാവണൻ അനന്തരം സഹസാ
നിശ്ചക്രാമ	(സമരത്തിന്) പുറപ്പെട്ടത്.

* വാല്മീകിക്കാണ് കൂടുതൽ ഔചിത്യബോധം. തേരിൽ കുതിരകളെത്തന്നെ പൂട്ടിയിരിക്കുന്നു. മുഖം മനുഷ്യസദൃശം. പ്രേക്ഷകർക്ക് അന്തപ്രതീതിയേകം. സാരഥി ബുദ്ധിമാൻ. രഥം ശീഘ്രതയിൽ മനസ്സുല്യം. (യുദ്ധ. 106. 2-4)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയാന്തം രാവണം ദൃഷ്ട്വാ ഭീഷണം രണകർക്കശം. 4
സന്ത്രസ്താഭൂത്തദാ സേനാ വാനരീ രാമപാലിതാ. 5

രണകർക്കശം ഭീഷണം	രണകർക്കശനും ഭയങ്കരനുമായ
രാവണം ആയാന്തം ദൃഷ്ട്വാ തദാ	രാവണൻ വരുന്നതായി കണ്ടതോടെ
രാമപാലിതാ	രാമപാലിതമായ
വാനരീ സേനാ സംത്രസ്താ അഭൂത്	വാനരപ്പട പേടിച്ചു നടുങ്ങി.

ഹനൂമാനഥ ചോത്പ്ലുത്യ രാവണം യോദ്ധുമായയൗ
ആഗത്യ ഹനുമാൻ രക്ഷോവക്ഷസ്യതുലവിക്രമഃ. 6
മുഷ്ടിബന്ധം ദൃഢം ബദ്ധ്വാ താഡയാമാസ വേഗതഃ

അഥ ഉത്പ്ലുത്യ	അനന്തരം മേലോട്ടു കുതികൊണ്ട്
ഹനൂമാൻ രാവണം യോദ്ധും	ഹനുമാൻ രാവണനെ നേരിടാൻ
ആയയൗ	വന്നണഞ്ഞു.
അതുലവിക്രമഃ ഹനുമാൻ	അനുപമവിക്രമൻ മാരുതി
വേഗതഃ ആഗത്യ	പെട്ടെന്നു മുന്നേറി
മുഷ്ടിബന്ധം ദൃഢം ബദ്ധ്വാ	മുഷ്ടി ദൃഢമായി ചുരുട്ടി
രക്ഷോവക്ഷസി താഡയാമാസ	രാവണന്റെ മാറത്തിടിച്ചു.

തേന മുഷ്ടിപ്രഹാരേണ ജാനുഭ്യാമപതദ്രഥേ. 7
മൂർച്ഛിതോഽഥ മുഹൂർത്തേന രാവണഃ പുനരുത്ഥിതഃ
ഉവാച ച ഹനൂമന്തം ശൂരോഽസി മമ സമ്മതഃ. 8

തേന മുഷ്ടിപ്രഹാരേണ	ആ മുഷ്ടിപ്രഹാരമേറ്റ്
മൂർച്ഛിതഃ രാവണഃ	മൂർച്ഛിച്ച രാവണൻ
ജാനുഭ്യാം രഥേ അപതത്	മുട്ടുകുത്തി തേരിൽ വീണുപോയി.
അഥ മുഹൂർത്തേന	പിന്നെ ഞൊടിയിടയിൽ
പുനഃ ഉത്ഥിതഃ	ബോധമുണർന്നെണീറ്റ (അവൻ)
ഹനൂമന്തം ഉവാച	ഹനുമാനോടു പറഞ്ഞു:
മമ സമ്മതഃ ശൂരഃ അസി	എനിക്കു സമ്മതനായ ധീരനാണ് (നീ).

ഹനൂമാനാഹ തം ധിങ് മാം യത്ത്വം ജീവസി രാവണ
ത്വം താവന്മുഷ്ടിനാ വക്ഷോ മമ താഡയ രാവണ. 9
പശ്ചാന്മയാ ഹതഃ പ്രാണാൻ മോക്ഷ്യസേ നാത്രസംശയഃ

ഹനൂമാൻ തം ആഹ	ഹനുമാൻ അവനോടു പ്രതിവചിച്ചു:
രാവണ ത്വം	രാവണ, നീ
ജീവസി യത്	ജീവിച്ചിരിക്കുന്നു എന്ന (വസ്തുത)
തത് മാം ധിങ്	എനിക്ക് അപമാനകരമാണ്.
ത്വം താവത് മുഷ്ടിനാ	നീയിനി മുഷ്ടികൊണ്ട്
മമ വക്ഷഃ താഡയ	എന്റെ നെഞ്ചിലിടിക്കുക.
പശ്ചാത്	പിന്നെ (ഒന്നുകൂടി)
മയാ ഹതഃ ത്വം പ്രാണാൻ	എന്നാലിടിക്കപ്പെടുന്നതോടെ നീ ജീവൻ
മോക്ഷ്യസേ	വെടിഞ്ഞുകൊള്ളും.
അത്ര സംശയഃ ന	ഇതിൽ സംശയമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥേതി മുഷ്ടിനാ വക്ഷോ രാവണേനാപി താഡിതഃ. 10

വിഘൂർണ്ണമാനനയനഃ കിഞ്ചിത് കശ്മലമായയൗ
സംജ്ഞാമവാപ്യ കപിരാട് രാവണം ഹന്തുമുദ്യതഃ. 11

തതോഽന്യത്ര ഗതോ ഭീത്യാ രാവണോ രാക്ഷസാധിപഃ

തഥാ ഇതി രാവണേന അപി	അങ്ങനെയെന്നു് രാവണൻ
മുഷ്ടിനാ വക്ഷഃ താഡിതഃ	മുഷ്ടിചുരുട്ടി (മാരുതിയുടെ) മാറിലിടിച്ചു.
വിഘൂർണ്ണമാനനയനഃ	കണ്ണു കറങ്ങിയ ഹനുമാൻ
കിഞ്ചിത് കശ്മലം ആയയൗ	തെല്ലു പരിഭ്രമിച്ചുപോയി.
സംജ്ഞാം അവാപ്യ കപിരാട്	ബോധമാർന്ന കപിവരൻ
രാവണം ഹന്തും	രാവണന്റെ കഥ കഴിക്കാനാണു്
ഉദ്യതഃ	ഒരുമ്പെട്ടതു്.
രാക്ഷസാധിപഃ രാവണഃ	രാക്ഷസാധിപൻ രാവണൻ
ഭീത്യാ തതഃ	ഭീതിമൂലം അവിടെനിന്നു
അന്യത്ര ഗതഃ	മറെറാരിടത്തേക്കു മാറിക്കളഞ്ഞു.

ഹനൂമാനംഗദശ്ചൈവ നലോ നീലസ്തഥൈവ ച. 12

ചത്വാരഃ സമവേത്യാഗ്രേ ദൃഷ്ട്വാ രാക്ഷസപുംഗവാൻ
അഗ്നിവർണ്ണം തഥാ സർപ്പരോമാണം ഖഡ്ഗരോമകം. 13

തഥാ വൃശ്ചികരോമാണം നിജ്ജഘ്നുഃ ക്രമശോഽസുരാൻ
ചത്വാരശ്ചതുരോ ഹത്വാ രാക്ഷസാൻ ഭീമവിക്രമാൻ
സിംഹനാദം പൃഥക് കൃത്വാ രാമപാർശ്വമുപാഗതാഃ. 14

ഹനൂമാൻ അംഗദഃ ച ഏവ	ഹനുമാൻ, അംഗദൻ, അതുപോലെ
തഥാ ഏവ നലഃ നീലഃ ച	നളൻ, നീലൻ ഇവ
ചത്വാരഃ സമവേത്യ ക്രമശഃ	നാലുപേർ ചേർന്നു് യഥാക്രമം
അഗ്നിവർണ്ണം തഥാ സർപ്പരോമാണം	*അഗ്നിവർണ്ണൻ, സർപ്പരോമൻ,
ഖഡ്ഗരോമകം	ഖഡ്ഗരോമകൻ,
തഥാ വൃശ്ചികരോമാണം	വൃശ്ചികരോമൻ (എന്നു പേരുള്ള)
അസുരാൻ	ദേവവൈരികളായ (നാലു)
രാക്ഷസപുംഗവാൻ	വൻരാക്ഷസരെ
അഗ്രേ ദൃഷ്ട്വാ നിജ്ജഘ്നുഃ	മുമ്പിൽ കണ്ടപാടേ സംഹരിച്ചു.
ഭീമവിക്രമാൻ ചതുരഃ അസുരാൻ	ഭീമപരാക്രമികളായ നാലു് അസുരരേയും
ഹത്വാ ചത്വാരഃ	കൊന്നതിനുശേഷം നാൽവരും
പൃഥക് സിംഹനാദം കൃത്വാ	പ്രത്യേകം സിംഹനാദമുതിർത്തു്
രാമപാർശ്വം ഉപാഗതാഃ	രാമസമീപം എത്തി.

തതഃ ക്രുദ്ധോ ദശഗ്രീവഃ സന്ദശ്യ ദശനച്ഛദം. 15

വിവൃത്യ നയനേ ക്രൂരോ രാമമേവാന്വധാവത

ക്രുദ്ധഃ ക്രൂരഃ ദശഗ്രീവഃ	ക്രുദ്ധനും ക്രൂരനുമായ ദശഗ്രീവൻ
ദശനച്ഛദം സന്ദശ്യ	ചുണ്ടുകടിച്ചു്,

* തീയുടെ നിറമുള്ളതുകൊണ്ടു് അഗ്നിവർണ്ണൻ എന്നു പേർ. സർപ്പംപോലെ ദീർഘമായ രോമമുള്ളവൻ സർപ്പരോമൻ. അതുപോലെ മററു പേരുകളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നയനേ വിവൃത്യ തതഃ രാമം ഏവ അന്വധാവത	കണ്ണുകൾ തുറിച്ചുകൊണ്ട് പിന്നെ രാമന്റെനേരേതന്നെ പാഞ്ഞു.

ദശഗ്രീവോ രഥസ്ഥസ്തു രാമം വജ്രോപമൈഃ ശരൈഃ. 16
ആജഘാന മഹാഘോരൈഃ ധാരാഭിരിവ തോയദഃ
രാമസ്യ പുരതഃ സർവ്വാൻ വാനരാനപി വിവ്യധേ. 17

രഥസ്ഥഃ ദശഗ്രീവഃ തു തോയദഃ ധാരാഭിഃ ഇവ മഹാഘോരൈഃ വജ്രോപമൈഃ ശരൈഃ രാമം ആജഘാന	തേരിലേറിയ രാവണനാകട്ടെ, കാർകൊണ്ടൽ ജലധാരകൊണ്ടെന്നപോ- ലെയാണ് മഹാഘോരവും വജ്രതുല്യവുമാ- യ ശരങ്ങൾകൊണ്ട് രാമനെ ആക്രമിച്ചത്.
രാമസ്യ പുരതഃ സർവ്വാൻ വാനരാൻ അപി വിവ്യധേ	രാമന്റെ (കൺ)മുമ്പിൽവച്ചുതന്നെ സകലവാനരരേയും കുഴക്കി.

തതഃ പാവകസങ്കാശൈഃ ശരൈഃ കാഞ്ചനഭൂഷണൈഃ
അഭ്യവർഷദ്രണേ രാമോ ദശഗ്രീവം സമാഹിതഃ. 18

തതഃ രാമഃ കാഞ്ചനഭൂഷണൈഃ പാവകസങ്കാശൈഃ ശരൈഃ സമാഹിതഃ രണേ ദശഗ്രീവം അഭ്യവർഷത്	അതോടെ രാമൻ കനകഭൂഷിതവും അഗ്നിപ്രഭവുമായ ശരങ്ങൾ അവധാനപൂർവ്വം പോരിൽ ദശഗ്രീവന് എതിരെ വർഷിച്ചു.

രഥസ്ഥം രാവണം ദൃഷ്ട്വാ ഭൂമിസ്ഥം രഘുനന്ദനം
ആഹൂയ മാതലിം ശക്രോ വചനം ചേദമബ്രവീത്. 19

രാവണം രഥസ്ഥം രഘുനന്ദനം ഭൂമിസ്ഥം ച ദൃഷ്ട്വാ ശക്രഃ മാതലിം ആഹൂയ ഇദം വചനം അബ്രവീത്	രാവണനെ രഥസ്ഥനായും രാമനെ നിലത്തു നില്പവനായും കണ്ട് ഇന്ദ്രൻ മാതലിയെ വിളിച്ച് ഈ വചനമരുളി.

രഥേന മമ ഭൂമിഷ്ഠം ശീഘ്രം യാഹി രഘൂത്തമം
ത്വരിതം ഭൂതലം ഗത്വാ കുരു കാര്യം മമാനഘ. 20

അനഘ ഭൂമിഷ്ഠം രഘൂത്തമം മമ രഥേന ശീഘ്രം യാഹി ത്വരിതം ഭൂതലം ഗത്വാ മമ കാര്യം കുരു	വിശുദ്ധ, ഭൂതലത്തിൽ നില്ക്കുന്ന രഘുവരന്നരികിലേക്ക് എന്റെ തേരു- മായി ശീഘ്രം ചെല്ലണം. ഉടനടി ഭൂമിയിലെത്തി നമ്മുടെ കാര്യം നിറവേററുക.

ഏവമുക്തോഽഥ തം നത്വാ മാതലിർദേവസാരഥിഃ
തതോ ഹയൈശ്ച സംയോജ്യ ഹരിതൈഃ സ്യന്ദനോത്തമം
സ്വർഗ്ഗാജ്ജയാർത്ഥം രാമസ്യ ഹ്യുപചക്രാമ മാതലിഃ. 21

ഏവം ഉക്തഃ ദേവസാരഥിഃ മാതലിഃ തം നത്വാ സ്യന്ദനോത്തമം ഹരിതൈഃ ഹയൈഃ സംയോജ്യ രാമസ്യ ജയാർത്ഥം സ്വർഗ്ഗാത് അഥ ഉപചക്രാമ	ഇങ്ങനെ ആജ്ഞപ്തനായ ദേവസാരഥി മാതലി അദ്ദേഹത്തെ വണങ്ങി, ആ ഉത്തമരഥം പച്ചനിറമുള്ള കുതിരകളോടു സംയോജിപ്പിച്ച് രാമന്റെ വിജയാർത്ഥം വിണ്ണിൽനിന്ന് അനന്തരം യാത്രയായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അബ്രവീച്ച തതോ രാമമപ്രതക്ക്യരഥേ സ്ഥിതഃ
പ്രാഞ്ജലിർദേവരാജേന പ്രേഷിതോഽസ്മി രഘൂത്തമ. 22

അപ്രതക്ക്യരഥേ	(വേഗത്തെ സംബന്ധിച്ചിടത്തോളം)
സ്ഥിതഃ പ്രാഞ്ജലിഃ	ഊഹാതീതമായ തേരിലിരുന്ന മാതലി
രാമം അബ്രവീത്	കൈകൂപ്പി രാമനെ അറിയിച്ചു:
രഘൂത്തമ ദേവരാജേന	രഘുവര, ഇന്ദ്രനാൽ
പ്രേഷിതഃ അസ്മി	അയയ്ക്കപ്പെട്ടവനാണ ഞാൻ.

രഥോഽയം ദേവരാജസ്യ വിജയായ തവ പ്രഭോ
പ്രേഷിതശ്ച മഹാരാജ ധനുരൈന്ദ്രം ച ഭൂഷിതം. 23

അഭേദ്യം കവചം ഖഡ്ഗം ദിവ്യതൂണീയുഗം തഥാ
ആരുഹ്യ ച രഥം രാമ, രാവണം ജഹി രാക്ഷസം. 24

മയാ സാരഥിനാ ദേവ, വൃത്രം ദേവപതിര്യഥാ.

പ്രഭോ ദേവരാജസ്യ അയം രഥഃ	പ്രഭോ, ഇന്ദ്രൻെറ ഈ രഥം
തവ വിജയായ	അവിടുത്തെ വിജയലബ്ധിക്കായി
പ്രേഷിതഃ	അയച്ചിരിക്കയാണു്.
മഹാരാജ ഭൂഷിതം ഐന്ദ്രം ധനുഃ	മഹാരാജാവേ, അലംകൃതമായ ഇന്ദ്രചാപ-
അഭേദ്യം കവചം ച ഖഡ്ഗം	വും അഭേദ്യമായ കവചവും വാളും
തഥാ ദിവ്യതൂണീയുഗം ച	രണ്ടു ദിവ്യതൂണീയും (ഇതിലുണ്ടു്).
ദേവ രാമ രഥം ആരുഹ്യ	ദേവ, രാമ, തേരിലേറി
രാവണം രാക്ഷസം ജഹി	രാവണാസുരനെ വധിക്കുക.
സാരഥിനാ മയാ	സാരഥിയായ എന്നോടൊത്തു്
ദേവപതിഃ വൃത്രം യഥാ	ഇന്ദ്രൻ വൃത്രനെ (കൊന്ന)പോലെ.

ഇത്യുക്തസ്തം പരിക്രമ്യ നമസ്കൃത്യ രഥോത്തമം. 25

ആരുരോഹ രഥം രാമോ ലോകാൻ ലക്ഷ്മ്യാ നിയോജയൻ

ഇതി ഉക്തഃ രാമഃ തം	ഇങ്ങനെ പറയപ്പെട്ട രാമൻ ആ
രഥോത്തമം നമസ്കൃത്യ	ഉത്തമരഥത്തെ വണങ്ങി
പരിക്രമ്യ ലോകാൻ	വലംവച്ചു്, ലോകങ്ങൾക്കു
ലക്ഷ്മ്യാ നിയോജയൻ	കാന്തിയും (ഐശ്വര്യവും) ചേർത്തു്
രഥം ആരുരോഹ	അതിൽ ആരോഹണംചെയ്തു.

തതോഽഭവൻ മഹായുദ്ധം ഭൈരവം രോമഹർഷണം. 26

മഹാത്മനോ രാഘവസ്യ രാവണസ്യ ച ധീമതഃ
ആഗ്നേയേന ച ആഗ്നേയം ദൈവം ദൈവേന രാഘവഃ
അസ്ത്രം രാക്ഷസരാജസ്യ ജഘാന പരമാസ്ത്രവിത്. 27

മഹാത്മനഃ രാഘവസ്യ ധീമതഃ	മഹാത്മാവായ രാമനും മതിമാനായ
രാവണസ്യ ച ഭൈരവം	രാവണനും തമ്മിൽ ഭീകരവും
രോമഹർഷണം മഹായുദ്ധം	രോമാഞ്ചകരവുമായ മഹാസംഘട്ടനമാണു്
തതഃ അഭവത്	അനന്തരം നടന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമാസ്ത്രവിത് രാഘവഃ	അമോഘാസ്ത്രമെല്ലാമറിയുന്ന രാമൻ
രാക്ഷസരാജസ്യ	രാക്ഷസരാജന്റെ
ആഗ്നേയം അസ്ത്രം ആഗ്നേയേന	ആഗ്നേയാസ്ത്രം ആഗ്നേയംകൊണ്ടും
ദൈവം ദൈവേന	ദൈവാസ്ത്രം ദൈവാസ്ത്രംകൊണ്ടും
ജഘാന	നിരാകരിച്ചു.

തതസ്സ സസൃജേ ഘോരം രാക്ഷസം ചാസ്ത്രമസ്ത്രവിത്
ക്രോധേന മഹതാഽവിഷ്ടോ രാമസ്യോപരി രാവണഃ. 28

അസ്ത്രവിത് രാവണഃ തു തതഃ	അസ്ത്രവേത്താവായ രാവണൻ പിന്നെ
മഹതാ ക്രോധേന ആവിഷ്ടഃ	വർദ്ധിച്ച കോപാവേശത്തോടെ
ഘോരം രാക്ഷസം അസ്ത്രം	ഘോരമായ രാക്ഷസാസ്ത്രം
രാമസ്യ ഉപരി സസൃജേ	രാമന്റെമേൽ പ്രയോഗിക്കുകയുണ്ടായി.

രാവണസ്യ ധനുർമുക്താഃ സർപ്പാ ഭൂത്വാ മഹാവിഷാഃ
ശരാഃ കാഞ്ചനപുംഖാഭാഃ രാഘവം പരിതോഽപതൻ. 29

രാവണസ്യ ധനുർമുക്താഃ	രാവണന്റെ വില്ലിൽനിന്നു വിടപ്പെട്ട,
കാഞ്ചനപുംഖാഭാഃ ശരാഃ	കാഞ്ചനപ്പിടി തിളങ്ങുന്ന, ശരങ്ങൾ
മഹാവിഷാഃ സർപ്പാഃ ഭൂത്വാ	കൊടിയ വിഷപ്പാമ്പുകളായിത്തീർന്ന്
രാഘവം പരിതഃ അപതൻ	രാമനുചുററും വീണു.

തൈഃ ശരൈർസർപ്പവദനൈർവ്വമദ്ഭിരനലം മുഖൈഃ
ദിശശ്ച വിദിശശ്ചൈവ വ്യാപ്താസ്തത്ര തദാഽഭവൻ. 30

സർപ്പവദനൈഃ മുഖൈഃ	പാമ്പിൻമുഖമുള്ളവയും വായിലൂടെ
അനലം വമദ്ഭിഃ തൈഃ	തീ തുപ്പുന്നവയുമായ ആ
ശരൈഃ തദാ തത്ര	ശരങ്ങളാൽ അന്നേരം അവിടം,
ദിശഃ വിദിശഃ ച	ദിക്കുകളും വിദിക്കുകളുമെല്ലാം,
വ്യാപ്താഃ അഭവൻ	വ്യാപ്തങ്ങളായി.

രാമഃ സർപ്പാംസ്തതോ ദൃഷ്ട്വാ സമന്താത്പരിപൂരിതാൻ
സൗപർണ്ണമസ്ത്രം തദ്ഘോരം പുരഃ പ്രാവർത്തയദ് രണേ. 31

സമന്താത് സർപ്പാൻ	ചുററിനും സർപ്പങ്ങൾ
പരിപൂരിതാൻ ദൃഷ്ട്വാ തതഃ	തിങ്ങിനിറഞ്ഞതു കണ്ട
രാമഃ തദ് ഘോരം	രാമൻ ആ ഘോരമായ
സൗപർണ്ണം അസ്ത്രം രണേ	ഗരുഡാസ്ത്രം രണത്തിൽ
പുരഃ പ്രാവർത്തയത്	മുന്നോട്ടയച്ചു.

രാമേണ മുക്താസ്തേ ബാണാഃ ഭൂത്വാ ഗരുഡരൂപിണഃ
ചിച്ഛിദുഃ സർപ്പബാണാംസ്താൻ സമന്താത് സർപ്പശത്രവഃ. 32

രാമേണ മുക്താഃ തേ ബാണാഃ	രാമൻ വർഷിച്ച ആ ബാണങ്ങൾ,
സർപ്പശത്രവഃ ഗരുഡരൂപിണഃ	സർപ്പശത്രുക്കളായ ഗരുഡന്മാരുടെ രൂപം
ഭൂത്വാ സമന്താത് താൻ	പൂണ്ട്, ചുററിനും നിന്ന
സർപ്പബാണാൻ ചിച്ഛിദുഃ	സർപ്പബാണങ്ങളെ വിച്ഛേദിക്കുകയുണ്ടായി.

അസ്ത്രേ പ്രതിഹതേ യുദ്ധേ രാമേണ ദശകന്ധരഃ
അഭ്യവർഷത്തതോ രാമം ഘോരാഭിഃ ശരവൃഷ്ടിഭിഃ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുദ്ധേ രാമേണ അസ്ത്രേ	രണത്തിൽ രാമനാൽ അസ്ത്രം
പ്രതിഹാതേ (സതി) തതഃ	വിഫലമാക്കപ്പെട്ടതോടെ
ദശകന്ധരഃ ഘോരാഭിഃ	ദശഗ്രീവൻ, ഘോരമായ
ശരവൃഷ്ടിഭിഃ രാമം അഭ്യവർഷത്	ശരമാരി രാമന്റെനേരേ ചൊരിഞ്ഞു.

തതഃ പുരഃ ശരാനീകൈഃ രാമമക്ലിഷ്ടകാരിണം
അർദ്ദയിത്വാ തു ഘോരേണ മാതലിം പ്രത്യവിധ്യത. 34

പാതയിത്വാ രഥോപസ്ഥേ രഥകേതും ച കാഞ്ചനം
ഐന്ദ്രാനശ്വാനഭ്യഹനത് രാവണഃ ക്രോധമൂർച്ഛിതഃ. 35

അക്ലിഷ്ടകാരിണം രാമം	അക്ലിഷ്ടകർമ്മാവായ രാമനെ
ശരാനീകൈഃ അർദ്ദയിത്വാ തതഃ	ശരധാരയാൽ വ്രണപ്പെടുത്തിയതിനു–
പുനഃ ഘോരേണ	ശേഷം ക്രൂരമ്പുകൊണ്ടു്
മാതലിം പ്രത്യവിധ്യത	മാതലിയേയും മുറിപ്പെടുത്തി.
കാഞ്ചനം രഥകേതും	സ്വർണ്ണംകൊണ്ടുള്ള രഥധ്വജം
രഥോപസ്ഥേ പാതയിത്വാ	(തകർത്തു) തേർത്തട്ടിൽ വീഴ്ത്തി,
ക്രോധമൂർച്ഛിതഃ രാവണഃ	കലിമൂത്ത രാവണൻ
ഐന്ദ്രാൻ അശ്വാൻ അഭ്യഹനത്	ഇന്ദ്രന്റെ കുതിരകളേയും മുറിവേല്പിച്ചു.

വിഷേദുർദ്ദേവഗന്ധർവ്വാഃ ചാരണാഃ പിതരസ്തഥാ
ആർത്താകാരം ഹരിം ദൃഷ്ട്വാ വ്യഥിതാശ്ച മഹർഷയഃ. 36

വ്യഥിതാ വാനരേന്ദ്രാശ്ച ബഭൂവുഃ സവിഭീഷണാഃ

ഹരിം ആർത്താകാരം ദൃഷ്ട്വാ	ഹരിയെ ഖിന്നരൂപനായി കണ്ടകെ
ദേവഗന്ധർവ്വാഃ ചാരണാഃ	ദേവഗന്ധർവ്വരും ചാരണരും
തഥാ പിതരഃ വിഷേദുഃ	പിതൃക്കളും വിഷണ്ണരായി.
മഹർഷയഃ ച വ്യഥിതാഃ	ഋഷിമാരും ദുഃഖംപൂണ്ടു.
സവിഭീഷണാഃ വാനരേന്ദ്രാഃ	വിഭീഷണസമേതരായ കപീന്ദ്രരും
ച വ്യഥിതാഃ ബഭൂവുഃ	വ്യഥിതരായി.

ദശാസ്യോ വിംശതിഭുജഃ പ്രഗൃഹീതശരാസനഃ. 37

ദദൃശേ രാവണസ്തത്ര മൈനാക ഇവ പർവ്വതഃ

ദശാസ്യഃ വിംശതിഭുജഃ	പത്തുതലയും ഇരുപതു കരവുമുള്ള,
പ്രഗൃഹീതശരാസനഃ രാവണഃ	ധനുർദ്ധരൻ രാവണൻ,
തത്ര മൈനാകപർവ്വതഃ	അവിടെ മൈനാകപർവ്വതംപോലെയാണു്
ഇവ ദദൃശേ	കാണപ്പെട്ടതു്.

രാമസ്യ ഭ്രുകുടിം ബദ്ധ്വാ ക്രോധസംരക്തലോചനഃ. 38

കോപം ചകാര സദൃശം നിർദ്ദഹന്നിവ രാക്ഷസം.

ക്രോധസംരക്തലോചനഃ	കോപത്താൽ ആരക്തലോചനനായ
രാമഃ തു ഭ്രുകുടീം ബദ്ധ്വാ	രാമനാകട്ടെ പുരികം വളച്ചു
രാക്ഷസം നിർദ്ദഹൻ ഇവ	രാക്ഷസനെ ദഹിപ്പിക്കമാറു്
സദൃശം	(നോക്കി തനിക്കു) സദൃശമാംവിധം
കോപം ചകാര	രോഷം പ്രകടിപ്പിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധനുരാദായ ദേവേന്ദ്രധനുരാകാരമദ്ഭുതം. 39

ഗൃഹീത്വാ പാണിനാ ബാണം കാലാനലസമപ്രഭം
നിർഹന്നിവ ചക്ഷുർഭ്യാം ദദൃശേ രിപുമന്തികേ. 40

ദേവേന്ദ്രധനുരാകാരം	ഇന്ദ്രചാപത്തിന്റെ ആകാരമുള്ള,
അദ്ഭുതം ധനുഃ ആദായ	ആശ്ചര്യകരമായ ഒരു വില്ലെടുത്ത്,
കാലാനലസമപ്രഭം ബാണം	കാലാഗ്നിയെപ്പോലെ ജ്വലിക്കുന്ന ബാ-
പാണിനാ ഗൃഹീത്വാ	ണവും കൈയിലേന്തി,
അന്തികേ രിപും ചക്ഷുർഭ്യാം	സമീപസ്ഥനായ വൈരിയെ കണ്ണുകൊണ്ടു
നിർഹൻ ഇവ ദദൃശേ	ദഹിപ്പിക്കുംപടി നോക്കി.

പരാക്രമം ദർശയിതും തേജസാ പ്രജ്ജ്വലന്നിവ
പ്രചക്രമേ കാലരൂപീ സർവ്വലോകസ്യ പശ്യതഃ. 41

കാലരൂപീ തേജസാ	കാലസ്വരൂപൻ (രാമൻ), തേജസ്സാൽ
പ്രജ്ജ്വലൻ ഇവ സർവ്വലോകസ്യ	കത്തിക്കാളുംപോലെ, എല്ലാ ലോകരും
പശ്യതഃ പരാക്രമം	കാൺകെ, സ്വപരാക്രമം
ദർശയിതും പ്രചക്രമേ	പ്രദർശിപ്പിക്കാൻതുടങ്ങി.

വികൃഷ്യ ചാപം രാമസ്തു രാവണം പ്രതിവിധ്യ ച
ഹർഷയൻ വാനരാനീകം കാലാന്തക ഇവാബഭൗ. 42

ചാപം വികൃഷ്യ	വില്ലു കുലച്ച്
രാവണം പ്രതിവിധ്യ രാമഃ തു	രാവണനെതിരെ (അമ്പ്) എയ്ത രാമൻ,
വാനരാനീകം ഹർഷയൻ	വാനരപ്പടയ്ക്കു ഹർഷമേററിക്കൊണ്ട്
കാലാന്തക ഇവ	ലോകാന്തകനായ കാലനെപ്പോലെ
ആബഭൗ	പ്രശോഭിച്ചു.

ക്രുദ്ധം രാമസ്യ വദനം ദൃഷ്ട്വാ ശത്രും പ്രധാവതഃ
തത്രസുഃ സർവ്വഭൂതാനി ചചാല ച വസുന്ധരാ. 43

ശത്രും പ്രധാവതഃ	വൈരിയുടെ നേരേ പായുന്ന
രാമസ്യ ക്രുദ്ധം വദനം ദൃഷ്ട്വാ	രാമന്റെ ക്രുദ്ധമുഖം കാൺകെ
സർവ്വഭൂതാനി ച തത്രസുഃ	സകലഭൂതങ്ങളും നടുങ്ങി.
വസുന്ധരാ ചചാല	ഭൂമി വിറച്ചു.

രാമം ദൃഷ്ട്വാ മഹാരൗദ്രമുത്പാതാംശ്ച സുദാരുണാൻ
ത്രസ്താനി സർവ്വഭൂതാനി രാവണം ചാവിശദ് ഭയം. 44

മഹാരൗദ്രം രാമം സുദാരുണാൻ	അതിക്രുദ്ധനായ രാമനേയും ഭീകരവും
ഉത്പാതാൻ ച ദൃഷ്ട്വാ	ഭയാനകമായ ദുർന്നിമിത്തങ്ങളെയും കണ്ട്
സർവ്വഭൂതാനി ത്രസ്താനി	ഭൂതങ്ങളെല്ലാം പേടിച്ചരണ്ടു.
രാവണം ച ഭയം ആവിശത്	രാവണനെയും ഭയം പിടികൂടി.

വിമാനസ്ഥാഃ സുരഗണാഃ സിദ്ധഗന്ധർവ്വകിന്നരാഃ
ദദൃശുഃ സുമഹായുദ്ധം ലോകസംവർത്തകോപമം
ഐന്ദ്രമസ്ത്രം സമാദായ രാവണസ്യ ശിരോച്ഛിനത്. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിമാനസ്ഥാഃ സുരഗണാഃ	വിമാനസ്ഥരായ ദേവഗണങ്ങളും
സിദ്ധഗന്ധർവ്വകിന്നരാഃ	സിദ്ധ–ഗന്ധർവ്വ–കിന്നരന്മാരും
ലോകസംവർത്തകോപമം	ലോകപ്രളയത്തിന്ന തുല്യമായ
സുമഹായുദ്ധം ദദൃശുഃ	ആ ഘോരയുദ്ധം വീക്ഷിച്ചു.
തദാ ഐന്ദ്രം അസ്ത്രം സമാദായ	ആ അവസരത്തിൽ, ഇന്ദ്രാസ്ത്രമെടുത്ത്
(രാമഃ) രാവണസ്യ	(രാമൻ) രാവണന്റെ
ശിരഃ അച്ഛിനത്	ശിരസ്സരിഞ്ഞുവീഴ്ത്തി.

മൂർദ്ധാനോ രാവണസ്യാഥ ബഹവോ രുധിരോക്ഷിതാഃ
ഗഗനാത് പ്രപതന്തി സ്മ താലാദിവ ഫലാനി ഹി. 46

രുധിരോക്ഷിതാഃ ബഹവഃ	ചോര പുരണ്ട, ധാരാളം
രാവണസ്യ മൂർദ്ധാനഃ	രാവണശിരസ്സുകൾ
താലാത് ഫലാനി ഇവ	(കരിം)പനയിൽനിന്ന് ഫലങ്ങൾ എന്ന-
ഗഗനാത് പ്രപതന്തി സ്മ	പോലെ ആകാശത്തുനിന്നു താഴെ വീണു.

ന ദിനം ന ച വൈ രാത്രിർന സന്ധ്യാ ന ദിശോഽപി വാ
പ്രകാശന്തേ ന തദ്രൂപം ദൃശ്യതേ തത്ര സംഗരേ. 47

ദിനം (ന പ്രകാശതേ)	ദിനം തെളിഞ്ഞില്ല.
ന വൈ രാത്രിഃ ച	രാത്രിയുമില്ല.
ന സന്ധ്യാ ന ദിശഃ	അന്തിയോ ദിശകളോ
അപി വാ പ്രകാശന്തേ	പ്രകാശിച്ചില്ല.
തത്ര സംഗരേ തദ്രൂപം	ആ സമരത്തിൽ രാവണരൂപം
ന ദൃശ്യതേ	കാണപ്പെട്ടതേയില്ല. (ശിരസ്സേ കണ്ടുള്ളൂ.)

തതോ രാമോ ബഭൂവാഥ വിസ്മയാവിഷ്ടമാനസഃ
ശതമേകോത്തരം ഛിന്നം ശിരസാം ചൈകവർച്ചസാം. 48

തതഃ രാമഃ	അതോടെ രാമൻ
വിസ്മയാവിഷ്ടമാനസഃ ബഭൂവ	വിസ്മിതമാനസനായി (ആലോചിച്ചു):
ഏകവർച്ചസാം ശിരസാം	ഒരുപോലെ തേജോദ്ദീപ്തമായ തല
ഏകോത്തരശതം ഛിന്നം	നൂറ്റൊന്നാണു മുറിച്ചത്.

ന ചൈവ രാവണഃ ശാന്തോ ദൃശ്യതേ ജീവിതക്ഷയാത്
തതഃ സർവ്വാസ്ത്രവിദ്ധീരഃ കൗസല്യാനന്ദവർദ്ധനഃ. 49

അസ്ത്രൈശ്ച ബഹുഭിർയുക്തശ്ചിന്തയാമാസ രാഘവഃ

രാവണഃ ജീവിതക്ഷയാത്	(എന്നിട്ടും) രാവണൻ ജീവനാശത്താൽ
ശാന്തഃ	നിശ്ചലനായി
ന ദൃശ്യതേ ഏവ	കാണപ്പെടുന്നതേയില്ലല്ലോ.
ബഹുഭിഃ അസ്ത്രൈഃ യുക്തഃ	ധാരാളം അസ്ത്രങ്ങൾ കൈവശമുള്ളവനും
സർവ്വാസ്ത്രവിത് ധീരഃ	സർവ്വാസ്ത്രവേദിയും ധീരനും
കൗസല്യാനന്ദവർദ്ധനഃ	കൗസല്യയ്ക്ക് ആനന്ദമേറ്റുവോനുമായ
രാഘവഃ തതഃ ചിന്തയാമാസ	രാഘവൻ തന്മൂലം ചിന്തിച്ചുതുടങ്ങി:

യൈര്യൈര്ബ്ബാണൈര്ഹതാ ദൈത്യാ മഹാസത്വപരാക്രമാഃ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത ഏതേ നിഷ്ഫലം യാതാ രാവണസ്യ നിപാതനേ.

മഹാസത്വപരാക്രമാഃ ദൈത്യാഃ	മഹാബലപരാക്രമികളായ ദൈത്യരെ
യൈഃ യൈഃ ബാണൈഃ ഹതാഃ	ഏതേതു ബാണങ്ങളാംകൊണ്ട് കൊന്നുവോ
തേ ഏതേ രാവണസ്യ നിപാതനേ	അവയിതാ രാവണനെ വീഴ്ത്തുന്നതിൽ
നിഷ്ഫലം യാതാഃ	വിഫലമായിരിക്കുന്നു.

ഇതി ചിന്താകുലേ രാമേ സമീപസ്ഥോ വിഭീഷണഃ. 51

ഉവാച രാഘവം വാക്യം ബ്രഹ്മദത്തവരോഹ്യസൗ.

രാമേ ഇതി ചിന്താകുലേ	രാമൻ ഇങ്ങനെ ചിന്താകുലനാകവേ
(സതി) സമീപസ്ഥഃ	അടുത്തു നിന്ന
വിഭീഷണഃ രാഘവം	വിഭീഷണൻ അദ്ദേഹത്തോട്
വാക്യം ഉവാച	ഈ വാക്യമുണർത്തിച്ചു:
ബ്രഹ്മദത്തവരഃ	(പ്രഭോ) ബ്രഹ്മദത്തമായ
ഹി അസൗ	വരമുള്ളവനാണല്ലോ ഇവൻ.

വിച്ഛിന്നാഃ ബാഹവോഽപ്യസ്യ വിച്ഛിന്നാനി
ശിരാംസി ച. 52

ഉത്പസ്യന്തി പുനഃ ശീഘ്രം ഇത്യാഹ ഭഗവാനജഃ
നാഭിദേശേഽമൃതം തസ്യ കുണ്ഡലാകാരസംസ്ഥിതം. 53

അസ്യ ബാഹവഃ വിച്ഛിന്നാഃ	ഇവൻെറ ബാഹുക്കൾ മുറിഞ്ഞാലും
ശിരാംസി വിച്ഛിന്നാനി അപി	തലകളററാലും
പുനഃ ശീഘ്രം ഉത്പസ്യന്തി	വീണ്ടും, ശീഘ്രം (അവ) ഉണ്ടായ്വരും
ഇതി ഭഗവാൻ അജഃ ആഹ	എന്ന് ഭഗവാൻ ബ്രഹ്മാവരുളിയിട്ടുണ്ട്.
തസ്യ നാഭിദേശേ അമൃതം	അവൻെറ നാഭിയിൽ അമൃതം
കുണ്ഡലാകാരസംസ്ഥിതം	വലയിതമായിരിപ്പുണ്ടതാനും.

തച്ഛോഷയാനലാസ്ത്രേണ തസ്യ മൃത്യുസ്തതോ ഭവേത്
വിഭീഷണവചഃ ശ്രുത്വാ രാമഃ ശീഘ്രപരാക്രമഃ. 54

പാവകാസ്ത്രേണ സംയോജ്യ നാഭിം വിവ്യാധ രക്ഷസഃ
അനന്തരം ച ചിച്ഛേദ ശിരാംസി ച മഹാബലഃ. 55

ബാഹൂനപി ച സംരബ്ധോ രാവണസ്യ രഘൂത്തമഃ

തത് അനലാസ്ത്രേണ ശോഷയ	അതു് ആഗ്നേയാസ്ത്രത്താൽ വററിക്കുക.
തസ്യ തതഃ മൃത്യുഃ ഭവേത്	അവന് തദ്വാരാ മരണം ഭവിക്കും.
വിഭീഷണവചഃ ശ്രുത്വാ	വിഭീഷണവചനം കേട്ടതോടെ
ശീഘ്രപരാക്രമഃ രാമഃ	ശീഘ്രപരാക്രമി രാമൻ
പാവകാസ്ത്രേണ സംയോജ്യ	(വില്ലിൽ) ആഗ്നേയാസ്ത്രം ചേർത്ത്
രക്ഷസഃ നാഭിം വിവ്യാധ	രാക്ഷസൻെറ നാഭിയിൽ എയ്തു.
അനന്തരം മഹാബലഃ	അനന്തരം മഹാബലനും
സംരബ്ധഃ രഘൂത്തമഃ	ക്രുദ്ധനുമായ രഘുവരൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണസ്യ ശിരാംസി ബാഹൂൻ അപി ച ചിച്ഛേദ	രാവണൻെറ തലകളും ബാഹുക്കളും വെട്ടി.

തതോ ഘോരാം മഹാശക്തിമാദായ ദശകന്ധരഃ. 56

വിഭീഷണവധാർത്ഥായ ചിക്ഷേപ ക്രോധവിഹ്വലഃ
ചിച്ഛേദ രാഘവോ ബാണൈസ്താം
ശിതൈർഹേമഭൂഷിതൈഃ. 57

ക്രോധവിഹ്വലഃ ദശകന്ധരഃ തതഃ വിഭീഷണവധാർത്ഥായ ഘോരാം മഹാശക്തിം ആദായ ചിക്ഷേപ	കോപവിഹ്വലൻ ദശഗ്രീവൻ അപ്പോൾ വിഭീഷണനെ വധിക്കാൻ ഘോരമായ മഹാശക്തിയെടുത്തു് വിക്ഷേപിച്ചു.
ഹേമഭൂഷിതൈഃ ശിതൈഃ ബാണൈഃ രാഘവഃ താം ചിച്ഛേദ	സ്വർണ്ണഭൂഷിതമായ കൂരമ്പുകളാൽ രാമൻ അതു മുറിച്ചുവീഴ്ത്തി.

ദശഗ്രീവശിരശ്ഛേദാത്തദാ തേജോ വിനിർഗ്ഗതം
മ്ലാനരൂപോ ബഭൂവാഥ ഛിന്നൈഃ ശീർഷൈർഭയംകരൈഃ. 58

ദശഗ്രീവശിരശ്ഛേദാത് തേജഃ വിനിർഗ്ഗതം	ദശഗ്രീവശിരസ്സ് ഛേദിക്കപ്പെട്ടതോടെ തേജസ്സ് വിട്ടകന്നു.
ഭയംകരൈഃ ശീർഷൈഃ ഛിന്നൈഃ അഥ മ്ലാനരൂപഃ ബഭൂവ	ഭീകരശിരസ്സുകൾ അററുപോകയാൽ (അവൻ) മ്ലാനരൂപനായി.

ഏകേന മുഖ്യശിരസാ ബാഹുഭ്യാം രാവണോ ബഭൗ
രാവണസ്തു പുനഃ ക്രുദ്ധോ നാനാശസ്ത്രാസ്ത്രവൃഷ്ടിഭിഃ. 59

വവർഷ രാമം തം രാമസ്തഥാ ബാണൈർവ്വവർഷ ച
തതോ യുദ്ധമഭൂത് ഘോരം തുമുലം ലോമഹർഷണം. 60

ഏകേന മുഖ്യശിരസാ ബാഹുഭ്യാം രാവണഃ ബഭൗ	ഒററ മുഖ്യശിരസ്സും ഇരുകരങ്ങളുംകൊണ്ടും രാവണൻ പരിശോഭിച്ചു.
ക്രുദ്ധഃ രാവണഃ പുനഃ നാനാശസ്ത്രാസ്ത്രവൃഷ്ടിഭിഃ രാമം വവർഷ	ക്രുദ്ധനായ രാവണൻ വീണ്ടും നാനാശസ്ത്രാസ്ത്രവൃഷ്ടികൾ രാമന്നെതിരെ വർഷിച്ചു.
തം തഥാ രാമഃ ച ബാണൈഃ വവർഷ	അവൻെറനേരെ അതുപോലെ രാമനും ശരമാരി തൂകി.
തതഃ ലോമഹർഷണം തുമുലം ഘോരം യുദ്ധം അഭൂത്	അനന്തരം രോമാഞ്ചകരവും കോലാഹലമയവും ഘോരവുമായ യുദ്ധമാണു നടന്നതു്.

അഥ സംസ്മാരയാമാസ മാതലീ രാഘവം തദാ
വിസൃജാസ്ത്രം വധായാസ്യ ബ്രാഹ്മം ശീഘ്രം രഘൂത്തമ. 61

തദാ മാതലീ രാഘവം സംസ്മാരയാമാസ	തത്സമയം മാതലി രാഘവനെ ഓർമ്മിപ്പിച്ചു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഘൂത്തമ അസ്യ വധായ	രഘുവര, ഇവനെ വധിക്കാൻ
അഥ ശീഘ്രം ബ്രാഹ്മം അസ്ത്രം	ഇനി ശീഘ്രം ബ്രഹ്മാസ്ത്രം
വിസൃജ	പ്രയോഗിക്കുക.

വിനാശകാലഃ പ്രഥിതോ യഃ സുരൈഃ സോഽദ്യ വർത്തതേ
ഉത്തമാംഗം ന ചൈതസ്യ ഛേത്തവ്യം രാഘവ ത്വയാ. 62

സുരൈഃ പ്രഥിതഃ	(ഇവന്റെ) ദേവന്മാർ പ്രഖ്യാപിച്ച
യഃ വിനാശകാലഃ	വിനാശകാലം
സഃ വർത്തതേ അദ്യ	വർത്തിക്കുകയാണിപ്പോൾ.
രാഘവ ത്വയാ	രാമ, അങ്ങ്
ഏതസ്യ ഉത്തമാംഗം	ഇവന്റെ ശിരസ്സല്ല
ഛേത്തവ്യം ച ന	ഛേദിക്കേണ്ടതും.

നൈവ ശീർഷ്ണി പ്രഭോ വധ്യോ വധ്യ ഏവ ഹി മർമ്മണി
തതഃ സംസ്മാരിതോ രാമസ്തേന വാക്യേന മാതലേഃ. 63

ജഗ്രാഹ സ ശരം ദീപ്തം നിഃശ്വസന്തമിവോരഗം
യസ്യ പാർശ്വേ തു പവനഃ ഫലേ ഭാസ്കരപാവകൗ. 64

ശരീരമാകാശമയം ഗൗരവേ മേരുമന്ദരൗ
പർവ്വസ്വപി ച വിന്യസ്താ ലോകപാലാ മഹൗജസഃ. 65

പ്രഭോ	പ്രഭോ, (ഇവൻ)
ശീർഷ്ണി വധ്യഃ ന ഏവ	ശിരച്ഛേദത്താൽ വധ്യനേ അല്ല.
മർമ്മണി ഏവ വധ്യഃ	മർമ്മത്തിലേ (ഹൃദയത്തിൽ മുറിവേല്പി– ച്ചാലേ) വധിക്കാനാവൂ.
മാതലേഃ തേന വാക്യേന	മാതലിയുടെ ആ വചനത്താൽ
സംസ്മാരിതഃ സഃ രാമഃ	ഓർമ്മിപ്പിക്കപ്പെട്ട ആ രാമൻ,
തതഃ ഉരഗം ഇവ നിശ്വസന്തം	അനന്തരം സർപ്പംപോലെ ചീറുന്ന,
ദീപ്തം ശരം ജഗ്രാഹ	ദീപ്തിയേറിയ, ശരം കൈയിലേന്തി.
യസ്യ പാർശ്വേ	അതിന്റെ പാർശ്വത്തിൽ
പവനഃ ഫലേ തു	വായുവും അഗ്രത്തിൽ
ഭാസ്കരപാവകൗ	സൂര്യാഗ്നികളും (വർത്തിച്ചു).
ആകാശമയം ശരീരം	ആകാശമയമായിരുന്നു ശരീരം.
ഗൗരവേ മേരുമന്ദരൗ	ഗുരുതയിൽ മേരുമന്ദരങ്ങൾ.
പർവ്വസു മഹൗജസഃ	ഗ്രന്ഥികളിൽ അതിതേജസ്വികളായ
ലോകപാലാഃ	ലോകപാലകന്മാർ
വിന്യസ്താഃ	വിന്യസിക്കപ്പെട്ടിരുന്നു.

ജാജ്വല്യമാനം വപുഷാ ഭാന്തം ഭാസ്കരവർച്ചസാ
തമുഗ്രമസ്ത്രം ലോകാനാം ഭയനാശനമദ്ഭുതം. 66

അഭിമന്ത്ര്യ തതോ രാമസ്തം മഹേഷ്വം മഹാഭുജഃ
വേദപ്രോക്തേന വിധിനാ സന്ദധേ കാർമ്മുകേ ബലീ. 67

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാസ്കരവർച്ചസം വപുഷാ	ദിനകരകാന്തിതിരളും വപുസ്സാൽ
ശാന്തം ഉഗ്രം ജാജ്ജ്വല്യമാനം	ദീപ്തവും ഉഗ്രവും ഉജ്ജ്വലവും
ലോകാനാം ഭയനാശനം	ലോകങ്ങളുടെ ഭീതിയകറ്റുന്നതും
അദ്ഭുതം തം മഹേഷും അസ്ത്രം	ആശ്ചര്യകരവുമായ ആ മഹാസ്ത്രം
ബലീ മഹാഭുജഃ രാമഃ	ശക്തനും ദീർഘബാഹുവുമായ രാമൻ
വേദപ്രോക്തേന വിധിനാ	വേദോക്തവിധിപ്രകാരം
അഭിമന്ത്ര്യ കാർമ്മുകേ സന്ദധേ	മന്ത്രമുച്ചരിച്ച് വില്ലിൽ തൊടുത്തു.

തസ്മിൻ സന്ധീയമാനേ തു രാഘവേണ ശരോത്തമേ
സർവ്വഭൂതാനി വിത്രേസുഃ ചചാല ച വസുന്ധരാ. 68

രാഘവേണ തസ്മിൻ ശരോത്തമേ	രാഘവൻ ആ ഉത്തമശരം
സന്ധീയമാനേ തു	തൊടുത്തപ്പോൾ
സർവ്വഭൂതാനി വിത്രേസുഃ	സകലഭൂതങ്ങളും നടുങ്ങി;
വസുന്ധരാ ചചാല ച	ഭൂമി ചലിക്കയും ചെയ്തു.

സ രാവണായ സംക്രുദ്ധോ ഭൃശമാനമ്യ കാർമ്മുകം
ചിക്ഷേപ പരമായത്തസ്തമസ്ത്രം മർമ്മഘാതിനം. 69

സംക്രുദ്ധഃ സഃ	അതിക്രുദ്ധനായ അദ്ദേഹം
കാർമ്മുകം ഭൃശം ആനമ്യ	വില്ല് പരമാവധി കുലച്ച്
പരമായത്തഃ മർമ്മഘാതിനം	അതീവശക്തിയോടെ മർമ്മഭേദകമായ
തം അസ്ത്രം രാവണായ ചിക്ഷേപ	ആ അസ്ത്രം രാവണനുനേരെ പ്രയോഗിച്ചു.

സ വജ്ര ഇവ ദുർദ്ധർഷോ വജ്രപാണിവിസർജ്ജിതഃ
കൃതാന്ത ഇവ ഘോരാസ്യോ ന്യപതദ് രാവണോരസി. 70

വജ്രപാണിവിസർജ്ജിതഃ	ഇന്ദ്രൻ പ്രയോഗിച്ച
വജ്ര ഇവ ദുർദ്ധർഷഃ	വജ്രംകണക്ക് അനിരോധ്യമായ
സഃ ഘോരാസ്യഃ	ആ ബാണം ഭീകരമുഖനായ
കൃതാന്തഃ ഇവ രാവണോരസി	കാലനെപ്പോലെ രാവണന്റെ നെഞ്ചിൽ
ന്യപതത്	തറച്ചുകയറി.

സ നിമഗ്നോ മഹാഘോരഃ ശരീരാന്തകരഃ ശരഃ
ബിഭേദ ഹൃദയം തൂർണ്ണം രാവണസ്യ മഹാത്മനഃ. 71

മഹാഘോരഃ ശരീരാന്തകരഃ	അതിഘോരവും ദേഹനാശകവുമായ
സഃ ശരഃ നിമഗ്നഃ	ആ ശരം ആഴത്തിൽ തറച്ച്
മഹാത്മനഃ രാവണസ്യ	മഹാശക്തനായ രാവണന്റെ
ഹൃദയം തൂർണ്ണം ബിഭേദ	ഹൃദയം സത്വരം പിളർന്നു.

രാവണസ്യ ഹരൻ പ്രാണാൻ വിവേശ ധരണീതലേ
സ ശരോ രാവണം ഹത്വാ രാമതൂണീരമാവിശത്. 72

രാവണസ്യ പ്രാണാൻ ഹരൻ	രാവണന്റെ പ്രാണൻ ഹരിച്ച
ധരണീതലേ വിവേശ	(അത്) ഭൂമിയിൽ തുളച്ചിറങ്ങി.
രാവണം ഹത്വാ	രാവണനെ കൊന്നതിനുശേഷം
സഃ ശരഃ രാമതൂണീരം	ആ ശരം രാമന്റെ തൂണീരത്തിൽ
ആവിശത്	തിരിച്ചെത്തുകയും ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ ഹസ്താത് പപാതാശു സശരം കാർമ്മുകം മഹത്
ഗതാസുർഭ്രമിവേഗേന രാക്ഷസേന്ദ്രോഽപതത് ഭുവി. 73

മഹത് കാർമ്മുകം സശരം	ബൃഹത്തായ വില്ല് അമ്പോടൊപ്പം
തസ്യ ഹസ്താത് ആശു പപാത	അവന്റെ കൈയിൽനിന്നു വീണുപോയി.
ഗതാസുഃ രാക്ഷസേന്ദ്രഃ	പ്രാണൻപോയ രാക്ഷസേന്ദ്രൻ
ഭ്രമിവേഗേന	ചുഴലിക്കാററുപോലെ
ഭുവി അപതത്	വേഗത്തിൽ (കറങ്ങി) നിലംപതിച്ചു.

തം ദൃഷ്ട്വാ പതിതം ഭൂമൗ ഹതശേഷാശ്ച രാക്ഷസാഃ
ഹതനാഥാ ഭയത്രസ്താഃ ദുദ്രുവുഃ സർവ്വതോ ദിശം. 74

തം ഭൂമൗ പതിതം ദൃഷ്ട്വാ	അവൻ നിലംപററിയതു കണ്ടതോടെ
ഹതശേഷാഃ രാക്ഷസാഃ	ചാകാതെ ശേഷിച്ച രാക്ഷസർ
ഹതനാഥാഃ ഭയത്രസ്താഃ	അനാഥരും ഭയപരവശരുമായി
സർവ്വതഃ ദിശം ദുദ്രുവുഃ	എല്ലാ ദിക്കിലേക്കും ഓടി.

ദശഗ്രീവസ്യ നിധനം വിജയം രാഘവസ്യ ച
തതോ വിനേദുഃ സംഹൃഷ്ടാഃ വാനരാഃ ജിതകാശിനഃ. 75

വദന്തോ രാമവിജയം രാവണസ്യ ച തദ്വധം
അഥാന്തരിക്ഷേ വ്യനദത സൗമ്യസ്ത്രിദശദുന്ദുഭിഃ. 76

ജിതകാശിനഃ സംഹൃഷ്ടാഃ	ജയപ്രഭ പേറിയവരും സന്തുഷ്ടരുമായ
വാനരാഃ തതഃ ദശഗ്രീവസ്യ	വാനരർ പിന്നെ രാവണന്
നിധനം രാഘവസ്യ	വിനാശവും രാമന്
വിജയം ച വിനേദുഃ	വിജയവും ഉദ്ഘോഷിച്ചു.
രാമവിജയം രാവണസ്യ	രാമവിജയവും രാവണന്റെ
തദ്വധം ച വദന്തഃ	താദൃശവധവും വിവരിച്ചുകൊണ്ടാണ്
(തേ വിനേദുഃ)	(അവർ ഘോഷണംചെയ്തതു്).
അഥ അന്തരിക്ഷേ	അനന്തരം അന്തരീക്ഷത്തിൽ
സൗമ്യഃ ത്രിദശദുന്ദുഭിഃ വ്യനദത്	ആനന്ദകരമായ ദേവദുന്ദുഭി മുഴങ്ങി.

പപാത പുഷ്പവൃഷ്ടിശ്ച സമന്താദ് രാഘവോപരി
തുഷ്ടുവുർമുനയഃ സിദ്ധാശ്ചാരണാശ്ച ദിവൗകസഃ. 77

രാഘവോപരി സമന്താത്	രാമന്റെമേൽ എമ്പാടും
പുഷ്പവൃഷ്ടിഃ പപാത	പൂമാരി ചൊരിഞ്ഞു.
ദിവൗകസഃ മുനയഃ സിദ്ധാഃ	ദേവ–മുനി–സിദ്ധ–
ച ചാരണാഃ ച തുഷ്ടുവുഃ	ചാരണന്മാർ സ്തുതിച്ചു.

അഥാന്തരിക്ഷേ നനൃതുഃ സർവ്വതോഽപ്സരസോ മുദാ
രാവണസ്യ ച ദേഹോത്ഥം ജ്യോതിരാദിത്യവത് സ്ഫുരത്. 78

പ്രവിവേശ രഘുശ്രേഷ്ഠം ദേവാനാം പശ്യതാം സതാം
ദേവാ ഊചുരഹോ ഭാഗ്യം രാവണസ്യ മഹാത്മനഃ. 79

അന്തരിക്ഷേ സർവ്വതഃ	ആകാശത്തിലെങ്ങും
അപ്സരസഃ അഥ മുദാ നനൃതുഃ	അപ്സരസ്സുകൾ ഉടനെ സാനന്ദം നൃത്തമാടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണസ്യ ദേഹാത്ഥം ആദിത്യവത് സ്ഫുരത് ജ്യോതിഃ ദേവാനാം പശ്യതാം സതാം രാഘവശ്രേഷ്ഠം പ്രവിവേശ	രാവണന്റെ ഉടലിൽനിന്നുയന്ന, ദിനകരനെപ്പോലെ ജ്വലിക്കുന്ന, ജ്യോതിസ്സ് ദേവന്മാർ നോക്കിനില്ക്കവേ രാമനിൽ വിലയംകൊണ്ടു.
ദേവാഃ ഊചുഃ	വാനവർ മൊഴിഞ്ഞു:
അഹോ മഹാത്മനഃ രാവണസ്യ ഭാഗ്യം	അഹോ, മഹാത്മാവായ രാവണന്റെ ഭാഗ്യം!

വയം തു സാത്വികാ ദേവാ വിഷ്ണോഃ കാരുണ്യഭാജനാഃ
ഭയദുഃഖാദിഭിർവ്യാപ്താഃ സംസാരേ പരിവർത്തിനഃ. 80

സാത്വികാഃ വിഷ്ണോഃ കാരുണ്യഭാജനാഃ ദേവാഃ വയം തു ഭയദുഃഖാദിഭിഃ വ്യാപ്താഃ സംസാരേ പരിവർത്തിനഃ	സാത്വികരും വിഷ്ണുവിന്റെ കൃപാപാത്രങ്ങളും വാനവരുമായ നാമാകട്ടെ ഭയദുഃഖാദിയിൽ മുങ്ങി സംസാരത്തിൽ ഉഴലുകയാണ്.

അയം തു രാക്ഷസഃ ക്രൂരോ ബ്രഹ്മഹാതീവതാമസഃ
പരദാരരതോ വിഷ്ണുദ്വേഷീ താപസഹിംസകഃ. 81

പശ്യത്സു സർവ്വഭൂതേഷു രാമമേവ പ്രവിഷ്ടവാൻ
ഏവം ബ്രുവത്സു ദേവേഷു നാരദഃ പ്രാഹ സുസ്മിതഃ. 82

ക്രൂരഃ ബ്രഹ്മഹാ അതീവ- താമസഃ പരദാരരതഃ വിഷ്ണുദ്വേഷീ താപസ- ഹിംസകഃ അയം രാക്ഷസഃ തു സർവ്വഭൂതേഷു പശ്യത്സു രാമം ഏവ പ്രവിഷ്ടവാൻ	ക്രൂരനും ബ്രഹ്മഘാതിയും തികഞ്ഞ താമസികനും പരസ്ത്രീരതനും വിഷ്ണുവിദ്വേഷിയും താപസരെ ഹിംസിക്കുന്നവനുമായ ഈ രാക്ഷസനാക- ട്ടെ, സകല ഭൂതരും നോക്കിനില്ക്കേ രാമനിൽത്തന്നെ ലയമാന്നു.
ദേവേഷു ഏവം ബ്രുവത്സു സുസ്മിതഃ നാരദഃ പ്രാഹ	ദേവന്മാർ ഇങ്ങനെ ഉരചെയ്യവേ പുഞ്ചിരിയോടെ നാരദനരുളി:

ശൃണുതാത്ര സുരാ യൂയം ധർമ്മതത്ത്വവിചക്ഷണാഃ
രാവണോ രാഘവദ്വേഷാദനിശം ഹൃദി ഭാവയൻ. 83

ഭൃത്യൈഃ സഹ സദാ രാമചരിതം ദ്വേഷസംയുതഃ
ശ്രുത്വാ രാമാത് സ്വനിധനം ഭയാത് സർവ്വത്ര രാഘവം. 84

പശ്യന്നനുദിനം സ്വപ്നേ രാമമേവാനുപശ്യതി
ക്രോധോഽപി രാവണസ്യാശു ഗുരുബോധാധികോഽഭവത്. 85

ധർമ്മതത്ത്വവിചക്ഷണാഃ സുരാഃ യൂയം ശൃണുത	ധർമ്മതത്ത്വപ്രവീണരാര, സുരന്മാരേ, നിങ്ങൾ കേൾക്കുവിൻ.
ദ്വേഷസംയുതഃ രാവണഃ രാമാത് സ്വനിധനം ശ്രുത്വാ രാഘവദ്വേഷാത് ഭൃത്യൈഃ സഹ രാമചരിതം അനിശം	ദ്വേഷവാനായ രാവണൻ രാമനിൽനിന്ന് തനിക്ക് അന്ത്യം (ഭവിക്കുമെന്നു) കേട്ടതോ- ടെ, രാഘവദ്വേഷംമൂലം സ്വഭൃത്യസമേതം രാമചരിതം നിരന്തരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹൃദി ഭാവയൻ ഭയാത്	ഉള്ളിൽ നിന്നമ്മകയും ഭീതിയോടെ
സദാ സർവ്വത്ര രാഘവം പശ്യൻ	എന്നുമെങ്ങും രാമനെത്തന്നെ വീക്ഷിക്കയും
സ്വപ്നേ അനുദിനം രാമം	കിനാവിൽപ്പോലും അനുദിനം രാമനെ
ഏവ അനുപശ്യതി	മാത്രം ദർശിക്കയും ചെയ്തുപോന്നു.
രാവണസ്യ ക്രോധഃ അപി	രാവണന്റെ കോപംപോലും
ഗുരുബോധാധികഃ	(അവന്) ഗുരൂപദേശത്തിലും മികച്ചതായി
അഭവത്	ഭവിച്ചു.

രാമേണ നിഹതശ്ചാന്തേ നിർധൂതാശേഷകല്മഷഃ
രാമസായുജ്യമേവാപ രാവണോ മുക്തബന്ധനഃ. 86

അന്തേ രാമേണ നിഹതഃ	ഒടുവിൽ, രാമനാൽ വധിക്കപ്പെട്ട,
നിർധൂതാശേഷകല്മഷഃ	സകലപാപങ്ങളുമൊഴിഞ്ഞ,
മുക്തബന്ധനഃ	ബന്ധനമുക്തനായ,
രാവണഃ രാമസായുജ്യം ഏവ	രാവണൻ രാമസായുജ്യംതന്നെ
ആപ ച	നേടുകയുംചെയ്തു.

പാപിഷ്ഠോ വാ ദുരാത്മാ പരധനപരദാരേഷു
സക്തോ യദി സ്യാ-
ന്നിത്യം സ്നേഹാദ് ഭയാദ്വാ രഘുകുലതിലകം
ഭാവയൻ സംപരേതഃ
ഭൂത്വാ ശുദ്ധാന്തരംഗോ ഭവശതജനിതാ-
നേകദോഷൈർവിമുക്തഃ
സദ്യോ രാമസ്യ വിഷ്ണോഃ സുരവരവിനുതം
യാതി വൈകുണ്ഠമാദ്യം. 87

പാപിഷ്ഠഃ വാ ദുരാത്മാ	മഹാപാപിയും ദുരാത്മാവും
പരധനപരദാരേഷു	പരധനത്തിലും പരഭാര്യയിലും
സക്തഃ യദി സ്യാത്	ആസക്തനുമാണെങ്കിലും,
സ്നേഹാത് വാ ഭയാത് വാ	സ്നേഹത്താലോ ഭയത്താലോ
രഘുകുലതിലകം	രഘുകുലതിലകനെ (രാമനെ)
ഭാവയൻ സംപരേതഃ	സ്മരിച്ചുകൊണ്ട് മരണമടയുന്നവൻ,
ശുദ്ധാന്തരംഗഃ ഭൂത്വാ	ശുദ്ധാന്തഃകരണനായിത്തീർന്ന്,
ഭവശതജനിതാനേക-	ജന്മശതങ്ങളിലുളവായ നിരവധി
ദോഷൈഃ വിമുക്തഃ	ദോഷങ്ങളിൽനിന്നു വിടുതൽനേടി,
വിഷ്ണോഃ രാമസ്യ (ധാമനി)	വിഷ്ണുവായ രാമന്റെ (ധാമത്തിൽ),
സുരവരവിനുതം	സുരവരന്മാർപ്പോലും നമിക്കപ്പെടുന്ന
ആദ്യം വൈകുണ്ഠം	ആദിധാമത്തിൽ, വൈകുണ്ഠത്തിൽ,
സദ്യഃ യാതി	സത്വരം എത്തിച്ചേരുന്നു.

ഹത്വാ യുദ്ധേ ദശാസ്യം ത്രിഭുവനവിഷമം
വാമഹസ്തേന ചാപം
ഭൂമൗ വിഷ്ടഭ്യ തിഷ്ഠന്നിതരകരധൃതം
ഭ്രാമയൻ ബാണമേകം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരക്തോപാന്തനേത്രഃ ശരദലിതവപുഃ
സൂര്യകോടിപ്രകാശോ
വീരശ്രീബന്ധുരാംഗസ്ത്രിദശപതിനുതഃ
പാതു മാം വീരരാമഃ. 88

ത്രിഭുവനവിഷമം ദശാസ്യം	ത്രിലോകകണ്ടകനായ ദശഗ്രീവനെ
യുദ്ധേ ഹത്വാ	രണത്തിൽ സംഹരിച്ചതിനുശേഷം
വാമഹസ്തേന ചാപം	ഇടത്തുകൈയാൽ കോദണ്ഡം
ഭൂമൗ വിഷ്ടഭ്യ തിഷ്ഠൻ	നിലത്തൂന്നി നിലകൊള്ളുവോനും,
ഇതരകരധൃതം ഏകം ബാണം	മറ്റുകൈയിലേന്തിയ ഏകബാണം
ഭ്രാമയൻ	ചുഴറ്റുവോനും
ആരക്തോപാന്തനേത്രഃ	അരുണിമയാന്ന കടമിഴിയുള്ളവനും
ശരദലിതവപുഃ	അമ്പേറ്റു മുറിപ്പെട്ട ദേഹമുള്ളവനും
സൂര്യകോടിപ്രകാശഃ	കതിരവകോടിയുടെ കാന്തിചിന്തുവോനും
വീരശ്രീബന്ധുരാംഗഃ	വീരശ്രീയാൽ മനോഹരമായ അംഗമുള്ള—
ത്രിദശപതിനുതഃ	വനും ഇന്ദ്രനാൽ നമിക്കപ്പെടുന്നവനുമായ
വീരരാമഃ മാം പാതു	ധീരാഗ്രണി രാമൻ എന്നെ രക്ഷിക്കട്ടെ.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ഏകാദശഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം പതിനൊന്നാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം പന്ത്രണ്ട്

വിഭീഷണാഭിഷേകം—അഗ്നിപരീക്ഷണം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

രാമോ വിഭീഷണം ദൃഷ്ട്വാ ഹനൂമന്തം തഥാംഗദം
ലക്ഷ്മണം കപിരാജം ച ജാംബവന്തം തഥാപരാൻ. 1

പരിതുഷ്ടേന മനസാ സർവ്വാനേവാബ്രവീദ്വചഃ
ഭവതാം ബാഹുവീര്യേണ നിഹതോ രാവണോ മയാ. 2

ഹനൂമന്തം വിഭീഷണം	മാരുതി, വിഭീഷണൻ,
ലക്ഷ്മണം തഥാ അംഗദം	ലക്ഷ്മണൻ, അംഗദൻ,
കപിരാജം ജാംബവന്തം	സുഗ്രീവൻ, ജാംബവാൻ എന്നിവരെയും
തഥാ അപരാൻ ച	അപ്രകാരം അന്യരെയും
പരിതുഷ്ടേന മനസാ	പരിതോഷമാന്ന ചേതസ്സോടെ
ദൃഷ്ട്വാ സർവ്വാൻ ഏവ	തൃക്കൺപാർത്ത് എല്ലാവരോടുമായി
രാമഃ വചഃ അബ്രവീത്	രാമൻ (ഈ) വചനമരുളി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭവതാം ബാഹുവീര്യേണ	ഭവാന്മാരുടെ ബാഹുവീര്യത്താലാണു്
രാവണഃ മയാ നിഹതഃ	രാവണൻ എന്നാൽ നിഹതനായതു്.

സഹവർത്തികളുടെ കഴിവിനെ വിലമതിക്കുന്നതിൽ കാട്ടുന്ന ഹൃദയവിശാലത നോക്കുക. ആ ദിവ്യചരിതത്തിന്റെ പ്രമുഖ ഉപാദാനങ്ങളിൽ ഒന്നു് ഈ ഉദാരതയാണു്.

കീർത്തിഃ സ്ഥാസ്യതി വഃ പുണ്യാ യാവച്ചന്ദ്രദിവാകരൗ
കീർത്തയിഷ്യന്തി ഭവതാം കഥാം ത്രൈലോക്യപാവനീം. 3
മയോപേതാം കലിഹരാം യാസ്യന്തി പരമാം ഗതിം.

യാവത് ചന്ദ്രദിവാകരൗ (താവത്)	ചന്ദ്രനും സൂര്യനും ഉള്ള നാൾവരെ
വഃ പുണ്യാ കീർത്തിഃ	നിങ്ങളുടെ പുണ്യകീർത്തി
സ്ഥാസ്യതി	നിലനില്ക്കും.
മയോപേതാം	എന്നെ സംബന്ധിക്കുന്നതും (തന്മൂലം)
ത്രൈലോക്യപാവനീം	ഉലകം മൂന്നും സംശുദ്ധമാക്കുന്നതും
കലിഹരാം ഭവതാം കഥാം	കലിഹരവുമായ ഭവദീയകഥ
(യേ) കീർത്തയിഷ്യന്തി	ഏവർ പ്രകീർത്തിക്കുമോ,
(തേ) പരമാം ഗതിം യാസ്യന്തി	അവർ പരമപദം പൂകും.

ഏതസ്മിന്നന്തരേ ദൃഷ്ട്വാ രാവണം പതിതം ഭുവി. 4

മന്ദോദരീമുഖാഃ സർവ്വാഃ സ്ത്രിയോ രാവണപാലിതാഃ
പതിതാ രാവണസ്യാഗ്രേ ബഹുധാ പര്യദേവയൻ. 5

ഏതസ്മിൻ അന്തരേ രാവണം	ഇതിനിടയിൽ, രാവണൻ
ഭുവി പതിതം ദൃഷ്ട്വാ	നിലംപതിച്ചതു കാൺകയാൽ,
രാവണപാലിതാഃ	അയാരാൽ പുലർത്തിപ്പോന്ന
മന്ദോദരീമുഖാഃ സ്ത്രിയഃ സർവ്വാഃ	മന്ദോദര്യാദി നാരിമാരെല്ലാം
രാവണസ്യ അഗ്രേ പതിതാഃ	തത്സവിധം വീണു്
ബഹുധാ പര്യദേവയൻ	പലതരത്തിൽ മുറവിളികൂട്ടി.

വിഭീഷണഃ ശുശോചാർത്തഃ ശോകേന മഹതാവൃതഃ
പതിതോ രാവണസ്യാഗ്രേ ബഹുധാ പര്യദേവയത്. 6

മഹതാ ശോകേന ആവൃതഃ	കൊടുംകദനത്തിലാണ്ട,
ആർത്തഃ വിഭീഷണഃ ശുശോച	ആർത്തൻ വിഭീഷണൻ സന്തപിച്ചു.
രാവണസ്യ അഗ്രേ പതിതഃ	രാവണസമീപം വീണരുണ്ടു്
ബഹുധാ പര്യദേവയത്	ബഹുധാ വിലപിച്ചു.

രാമസ്തു ലക്ഷ്മണം പ്രാഹ ബോധയസ്വ വിഭീഷണം
കരോതു ഭ്രാതൃസംസ്കാരം കിം വിലംബേന മാനദ. 7

രാമഃ തു ലക്ഷ്മണം പ്രാഹ	രാമനാകട്ടെ, ലക്ഷ്മണനോടരുളി:
മാനദ വിഭീഷണം ബോധയസ്വ	മാനദോത്തമനേ (നീ) വിഭീഷണനെ പ്രബോധിപ്പിക്കുക.
ഭ്രാതൃസംസ്കാരം കരോതു	(അവൻ) സോദരനെ സംസ്കരിക്കട്ടെ.
വിളംബേന കിം	വിളംബംകൊണ്ടു് എന്തു ഫലം?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ത്രിയോ മന്ദോദരീമുഖ്യാഃ പതിതാ വിലപന്തി ച
നിവാരയതു താഃ സർവ്വാഃ രാക്ഷസീഃ രാവണപ്രിയാഃ. 8

മന്ദോദരീമുഖ്യാഃ സ്ത്രിയഃ	മണ്ഡോദരി തുടങ്ങിയ മഹിളമാർ
പതിതാഃ വിലപന്തി ച	വീണു മുറവിളികൂട്ടുകയും ചെയ്യുന്നു.
രാവണപ്രിയാഃ	രാവണഭാര്യമാരായ
താഃ രാക്ഷസീഃ സർവ്വാഃ	ആ രാക്ഷസിമാരെയെല്ലാം
നിവാരയതു	(വിഭീഷണൻ) ആശ്വസിപ്പിക്കട്ടെ.

ഏവമുക്തോഽഥ രാമേണ ലക്ഷ്മണോഽഗാത് വിഭീഷണം
ഉവാച മൃതകോപാന്തേ പതിതം മൃതകോപമം. 9

രാമേണ ഏവം ഉക്തഃ	രാമനാൽ ഇങ്ങനെ അരുളപ്പെട്ട
ലക്ഷ്മണഃ മൃതകോപാന്തേ	ലക്ഷ്മണൻ മരിച്ചവന്നരികെ
മൃതകോപമം പതിതം	മൃതനെപ്പോലെ കിടന്ന
വിഭീഷണം അഗാത്	വിഭീഷണന്റെ സമീപമെത്തി
അഥ ഉവാച	പിന്നെ ഇങ്ങനെ മൊഴിഞ്ഞു:

ശോകേന മഹതാവിഷ്ടം സൗമിത്രിരിദമബ്രവീത്
യം ശോചസി ത്വം ദുഃഖേന കോഽയം തവ വിഭീഷണ. 10
ത്വം വാസ്യ കതമഃ സൃഷ്ടേഃ പുരേദാനീമതഃ പരം.

മഹതാ ശോകേന ആവിഷ്ടം	കടുത്ത കദനത്തിലാണ്ട (അവനോട്)
സൗമിത്രിഃ ഇദം അബ്രവീത്	ലക്ഷ്മണൻ ഇങ്ങനെയാണ് ചൊല്ലിയത്.
വിഭീഷണ ത്വം ദുഃഖേന	വിഭീഷണ, നീ സന്താപപൂർവ്വം
യം ശോചസി	ആരെയോർത്തുഴലുന്നുവോ,
അയം തവ കഃ	അവൻ നിന്റെ ആര്?
സൃഷ്ടേഃ പുരാ	(നിന്റെ) ജനനത്തിനു മുമ്പും
ഇദാനീം അതഃ പരം	ഈ സമയത്തും ഇനി മേലിലും
ത്വം അസ്യ കതമഃ വാ	നീ ഇവന്റെ ആര്?

ആത്മാവിന് ആരോടും സ്ഥായിയായ ബന്ധമില്ല. അത് സ്വഭാവേന മുക്തവും ആനന്ദാത്മകവുമാകയാൽ ഇടയ്ക്കു വന്നുപെടുന്ന വിഷമങ്ങളിൽ അത്രമാത്രം അല്ലൽപെടേണ്ടതുണ്ടോ? ഈ ദുഃഖം ഇന്നലെ ഉണ്ടായിരുന്നോ? ഇല്ല. നാളെ കാണുകയുമില്ല. ആകയാൽ ഇപ്പോഴും അത്ര ദുഃഖിക്കേണ്ടതില്ലതന്നെ.

യദ്വത്തോയൗഘപതിതാഃ സികതാ യാന്തി തദ്വശാഃ. 11
സംയുജ്യന്തേ വിയുജ്യന്തേ തഥാ കാലേന ദേഹിനഃ
യഥാ ധാനാസു വൈ ധാനാഃ ഭവന്തി ന ഭവന്തി ച. 12

ഏവം ഭൂതേഷു ഭൂതാനി പ്രേരിതാനീശമായയാ
ത്വം ചേമേ വയമന്യേ ച തുല്യാഃ കാലവശോദ്ഭവാഃ. 13

തോയൗഘപതിതാഃ സികതാഃ	ജലപ്രവാഹത്തിൽപ്പെട്ട മണൽത്തരികൾ
യദ്വത് തദ്വശാഃ യാന്തി	എപ്രകാരമാണോ അതോടൊത്ത്
സംയുജ്യന്തേ വിയുജ്യന്തേ	ഒഴുകിച്ചേരുകയും പിരിയുകയും ചെയ്യുന്നത്
തഥാ	അതുപോലെതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലേന	കാല(പ്രവാഹത്തിൽപ്പെട്ട)
ദേഹിനഃ ച	ജീവികളും (ചേർന്നു പിരിയുന്നു).
ധാനാസു ധാനാഃ	വിത്തുകളിൽനിന്നു മററു വിത്തുകളും
യഥാ ഭവന്തി ന ഭവന്തി ച	ഉണ്ടാകാം, ഉണ്ടാകാതെയുമിരിക്കാം.
ഏവം	ഇതുപോലെയാണ്
ഭൂതേഷു ഭൂതാനി	ജന്തുക്കളിൽനിന്നു ജന്തുക്കളും
ഈശമായയാ പ്രേരിതാനി	ഈശ്വരമായയാൽപ്രേരണയാൽ
ഭവന്തി ന ഭവന്തി ച	ജനിക്കയും മരിക്കയും ചെയ്യുന്നതു്.
ത്വം ച അയം ച	നീയും ഇവനും
വയം ച അന്യേ ച തുല്യാഃ	നാമും അന്യരും (എല്ലാം) തുല്യർ,
കാലവശോദ്ഭവാഃ	കാലവശാൽ ജനിച്ചവർ.

അല്പമൊന്നാലോചിച്ചാൽ ലക്ഷ്മണവചനം തികച്ചും സംഗതമെന്നു തെളിയും. ഒഴുക്കിൽപ്പെട്ട മണൽത്തരികൾ ഒഴുകും. പലതുമായും ചേരും. പിരിയും. ഒടുവിൽ ഒറ്റയായി നിലകൊള്ളും. ജീവികളും അങ്ങനെതന്നെയല്ലേ? എങ്ങുനിന്നോ വരുന്നു. ആർക്കറിയാം, എവിടെനിന്നെന്നു്? ബന്ധുക്കളും സുഹൃത്തുക്കളുമായി ചേരുന്നു. നിനച്ചിരിക്കാതെ മരണത്തിന്റെ വായിൽപ്പെടുന്നു. അവ്യാഖ്യേയമായ, തികച്ചും അനിവാര്യമായ, ഈ സ്ഥിതിവിശേഷത്തെ മായയെന്നതിനാലല്ലാതെ മറേറതു വാക്കാലാണ് വ്യപദേശിക്കുക? 'വിരയുന്നു മനുഷ്യനേതിനോ തിരിയാ ലോകരഹസ്യമാർക്കുമേ' എന്നു കവി പറഞ്ഞതു് വെറുതെയല്ല.

ജന്മമൃത്യൂ യദാ യസ്മാത് തദാ തസ്മാത് ഭവിഷ്യതഃ
ഈശ്വരഃ സർവ്വഭൂതാനി ഭൂതൈഃ സൃജതി ഹന്ത്യജഃ. 14

ആത്മസൃഷ്ടൈരസ്വതന്ത്രൈർനിരപേക്ഷോപി ബാലവത്
ദേഹേന ദേഹിനോ ജീവാഃ ദേഹാദ് ദേഹോഽഭിജായതേ. 15

ബീജാദേവ യഥാബീജം ദേഹേഭ്യ ഇവ ശാശ്വതഃ
ദേഹിദേഹവിഭാഗോഽയമവിവേകകൃതഃ പുരാ. 16

ജന്മമൃത്യൂ	ജനനമരണങ്ങൾ
യദാ യസ്മാത്	എപ്പോഴും എവിടെനിന്നു വേണമോ
തദാ തസ്മാത് ഭവിഷ്യതഃ	അപ്പോൾ അവിടെനിന്നു ഭവിച്ചുകൊള്ളും.
അജഃ ഈശ്വരഃ	അജനായ ഈശ്വരൻ
നിരപേക്ഷഃ അപി	നിരപേക്ഷനെങ്കിലും
ബാലവത് ആത്മസൃഷ്ടൈഃ	ബാലനെപ്പോലെ(ലീലയാൽ)താൻ ചമച്ച
അസ്വതന്ത്രൈഃ ഭൂതൈഃ	അസ്വതന്ത്രജീവജാലങ്ങളിലൂടെ
സർവ്വഭൂതാനി സൃജതി	സകലഭൂതങ്ങളേയും സൃഷ്ടിക്കുന്നു.
ഹന്തി ച	സംഹരിക്കുകയും ചെയ്യുന്നു.
ദേഹേന ജീവാഃ	ദേഹധാരണംമൂലമാണ് ജീവന്മാർ
ദേഹിനഃ (ഭവന്തി)	ദേഹികളായി ഭവിക്കുന്നതു്.
ബീജാദ് ഏവ	ബീജത്തിൽനിന്നുതന്നെ
യഥാ ബീജം	ബീജമുളവാകുംപോലെ
ദേഹാത് ദേഹഃ അഭിജായതേ	ഉടലിൽനിന്നും ഉടൽ ഉളവാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാശ്വതഃ (ജീവഃ) ദേഹബദ്ധഃ ഇവ	(തന്മൂലമാണ്) ശാശ്വതനായ ജീവൻ ദേഹബദ്ധനെന്നപോലെ (തോന്നിക്കുന്നതും).
അയം ദേഹീദേഹവിഭാഗഃ പുരാ അവിവേകകൃതഃ	ഈ ദേഹീദേഹവിഭജനംതന്നെ മൗലികമായി അവിവേകജനിതമത്രെ.

പിറവിയും മൃതിയും വെറും സ്വാഭാവികപ്രക്രിയകളാം. സ്ഥലകാലാനുരൂപം അവ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. നമുക്കതിൽ ആത്യന്തികമായ നിയാമകത്വം ഒന്നുമില്ല. പരമപിതാവാണ് അതിന്റെ വിധാതാവ്. പ്രകൃതി ഉപാധിയും. ഭഗവാന്റെ ലീലയാണല്ലോ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ. ജീവൻ ജനിമൃതിയുടെ ചക്രങ്ങളിൽപ്പെട്ട് നട്ടംതിരിയുന്നു. വിത്തിൽനിന്നു വിത്തെന്നപോലെ ഉടലിൽനിന്ന് ഉടലിലേക്കു കടക്കുന്നു. എങ്കിലും ജീവന്റെ തനിമ വേരൂന്നുന്നത് ആനന്ദാത്മകതയിലത്രെ. അവിവേകംമൂലം ആനുഷംഗികമായി വന്നണഞ്ഞ ഒരു സ്ഥിതിവിശേഷമാണ് സംസാരം. ഭഗവാന്റെ ലീലതന്നെ എല്ലാം. “ലീലാഭാവേന ലോകാദികളുലമലം സൃഷ്ടിചെയ്യുന്നു നീ താനാരാൽ കാക്കുന്നു പിന്നെ ത്ധടിതിയിലലിയിക്കുന്നു പ്രാലേയസിന്ധൗ.”

നാനാത്വം ജന്മനാശശ്ച ക്ഷയോ വൃദ്ധിഃ ക്രിയാഫലം
ദ്രഷ്ടുരാഭാന്ത്യതദ്ധർമ്മാ യഥാഗ്നേർദാരുവിക്രിയാ. 17

നാനാത്വം ജന്മനാശഃ ച ക്ഷയഃ വൃദ്ധിഃ	നാനാത്വം, ജനനം, മരണം ക്ഷയം, വളർച്ച,
ക്രിയാഫലം ദ്രഷ്ടുഃ ആഭാന്തി	കർമ്മഫലം ഇവ ദ്രഷ്ടാവിന് (ആത്മാവിന്) പ്രതീതങ്ങളാം മാത്രം.
അതദ്ധർമ്മാഃ	തനതു ധർമ്മങ്ങളല്ല.
ദാരുവിക്രിയാ അഗ്നേഃ യഥാ	വിറകിന്റെ പരിണാമം അഗ്നിക്കെന്നപോലെ.

ജനിമൃതികൾ ദേഹധർമ്മങ്ങളാണ്. അനിവാര്യങ്ങളുമാണ്. ജീവന് അവയുമായി താത്വികമായി ബന്ധമില്ല. ഈശ്വരമായയ്ക്കു വിധേയനാകയാൽ ജീവൻ ജനിമൃതികളിലുഴലുന്നുവെന്നേയുള്ളു. ഈ അവസ്ഥാന്തരം സ്ഥായിയായ യാതൊരു പ്രഭാവവും ജീവനിൽ ഉളവാക്കുന്നില്ല. വിറകിന്റെ ധർമ്മവും പരിണാമവും അഗ്നിയെ ബാധിക്കാറില്ലല്ലോ.

ത ഇമേ ദേഹസംയോഗാദാത്മനോ ഭാന്ത്യസദ്ഗ്രഹാത്
യഥാ യഥാ തഥാ ചാന്യദ് ധ്യായതോഽസദ് സദാഗ്രഹാത്.

അസദ് ഗ്രഹാത്	അസത്തിനെ, മിഥ്യയെ, ഗ്രഹിക്കുമൂലം
ദേഹസംയോഗാത്	(ഉളവായ) ദേഹസംയോഗത്താൽ
യഥാ യഥാ	ഏതേതുവിധമാണോ
തേ ഇമേ	താദൃശമായ ഈ (ദേഹധർമ്മങ്ങൾ)
ആത്മനഃ ഭാന്തി	ആത്മാവിന്റേതായി തോന്നുന്നത്,
തഥാ സദാഗ്രഹാത്	അതുപോലെ സത്യത്തിലാസ്ഥയോടെ
ധ്യായതഃ അന്യത്	ധ്യാനിപ്പവന് (ദേഹധർമ്മം) അന്യവും
അസത് (ഭാതി)	അസത്തുമായി അനുഭവപ്പെടുന്നു.

ദേഹധർമ്മങ്ങൾ ആത്മാവിന്റേതാണെന്നു തോന്നാൻ മിഥ്യാജ്ഞാനമാണ് ഹേതു. ഇല്ലാത്തതിനെ ഉള്ളതെന്നു കരുതുകയാണല്ലോ മിഥ്യാജ്ഞാനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്തിനെ യഥാർത്ഥബോധത്തോടെ അനുസന്ധാനം ചെയ്യുന്നോക്ക് സംസാരധർമ്മങ്ങൾ മിഥ്യയാണെന്നു ബോദ്ധ്യപ്പെടും.

പ്രസുപ്തസ്യാനഹംഭാവാത് തദാ ഭാതി ന സംസൃതിഃ
ജീവതോഽപി തഥാ തദ്വദ് വിമുക്തസ്യാനഹംകൃതേഃ. 19

പ്രസുപ്തസ്യ	ഗാഢനിദ്രയിലാണ്ടവന്
അനഹംഭാവാത് തദാ	ഞാനെന്ന ഭാവമില്ലായ്കയാൽ തത്സമയം
സംസൃതിഃ ന ഭാതി	സംസാരം പ്രതീതമാകുന്നില്ല.
തദ്വത്	അങ്ങനെ,
തഥാ അനഹംകൃതേഃ	അതുപോലെ അഹംബോധമില്ലാത്ത
വിമുക്തസ്യ ജീവതഃ അപി	ജീവന്മുക്തന് ജീവിച്ചിരിക്കുമ്പോഴും
(സംസൃതിഃ ന ഭാതി)	(പ്രപഞ്ചബോധമുണ്ടാകുന്നില്ല).

പൂർണ്ണനിദ്രയിലാണ്ടവന് തന്നെപ്പററിയോ പ്രപഞ്ചത്തെപ്പററിയോ പ്രതീതിയില്ല. ബ്രഹ്മലീനന്റെ നിലയും ഇതുപോലെതന്നെ. അയാൾ ജീവിതവ്യാപാരങ്ങൾ നിർവ്വഹിക്കും. ബ്രഹ്മഭാവനയോടെ. എങ്ങും ബ്രഹ്മത്തെ ദർശിക്കയുംചെയ്യും. 'സർവ്വം ഖല്വിദം ബ്രഹ്മ' എന്നു തോന്നുന്ന ഈ അവസ്ഥയിലാണ് 'നേഹ നാനാസ്തി കിഞ്ചന' (ഇവിടെ നാനാത്വം തെല്ലുപോലുമില്ല) എന്ന പ്രതീതി ഉളവാകുന്നതു്.

തസ്മാൻമായാമനോധർമ്മം ജഹ്യഹമ്മമതാഭ്രമം
രാമഭദ്രേ ഭഗവതി മനോ ധേഹ്യാത്മനീശ്വരേ. 20
സർവ്വഭൂതാത്മനി പരേ മായാമാനുഷരൂപിണി
ബാഹ്യേന്ദ്രിയാർത്ഥസംബന്ധാത് ത്യാജയിത്വാ മനഃ ശനൈഃ.

തസ്മാത് അഹം മമതാഭ്രമം	അതിനാൽ ഞാൻ എന്റേതു് എന്ന ഭ്രമവും
മായാമനോധർമ്മം ജഹി	മായികമനോവ്യാപാരവും വിടുക.
ബാഹ്യേന്ദ്രിയാർത്ഥസംബന്ധാത്	ഇന്ദ്രിയങ്ങളുടെ ബാഹ്യവിഷയബന്ധ–
മനഃ ശനൈഃ	ത്തിൽനിന്നു് മനസ്സിനെ മെല്ലെ
ത്യാജയിത്വാ സർവ്വഭൂതാത്മനി	വിടുവിച്ചു് സർവ്വഭൂതസ്വരൂപനും
പരേ ആത്മനി ഈശ്വരേ	പരമാത്മാവും ഈശ്വരനും
മായാമാനുഷരൂപിണി	മായാമാനുഷരൂപിയുമായ
ഭഗവതി രാമഭദ്രേ	ഭഗവാൻ രാമഭദ്രനിൽ
മനഃ ധേഹി	സ്വഹൃദയം അർപ്പിച്ചുകൊൾക.

തത്ര ദോഷാൻ ദർശയിത്വാ രാമാനന്ദേ നിയോജയ
ദേഹബുദ്ധ്യാ ഭവേദ് ഭ്രാതാ പിതാ മാതാ സുഹൃത്പ്രിയഃ. 22

തത്ര ദോഷാൻ	(ബാഹ്യജഗത്തിലെ) വിഷയദോഷങ്ങൾ
ദർശയിത്വാ (മനഃ)	ബോദ്ധ്യപ്പെടുത്തി മനസ്സ്
രാമാനന്ദേ	രാമനാകുന്ന ആനന്ദക്കാമ്പിൽ
നിയോജയ	ലയിപ്പിക്കണം.
ദേഹബുദ്ധ്യാ ഭ്രാതാ	ദേഹാഭിമാനത്താലാണ് സോദരൻ,
പിതാ മാതാ സുഹൃത്	പിതാവ്, മാതാവ്, സുഹൃത്തു്,
പ്രിയഃ ഭവേത്	പ്രിയൻ (എന്നീ ഭാവനകൾ) ഉളവാകുന്നതു്.

വിലക്ഷണം യദാ ദേഹാത് ജാനാത്യാത്മാനമാത്മനാ
തദാ കഃ കസ്യ വാ ബന്ധുർഭ്രാതാ മാതാ പിതാ സുഹൃത്. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാനം ദേഹാത് വിലക്ഷണം	ആത്മാവിനെ ദേഹഭിന്നനെന്ന്
യദാ ആത്മനാ ജാനാതി	എപ്പോൾ ആത്മാവുകൊണ്ടറിയുന്നുവോ
തദാ കഃ കസ്യ വാ ബന്ധുഃ	അപ്പോൾ (പിന്നെ) ആര് ആർക്ക് ബന്ധു?
ഭ്രാതാ മാതാ	(ആര് ആരുടെ) സോദരൻ, മാതാവ്,
പിതാ സുഹൃത്	പിതാവ്, സുഹൃത്ത്?

മിഥ്യാജ്ഞാനവശാത് ജാതാഃ ദാരാഗാരാദയഃ സദാ
ശബ്ദാദയശ്ച വിഷയാ വിവിധാശ്ചൈവ സമ്പദഃ. 24

ബലം കോശോ ഭൃത്യവർഗ്ഗോ രാജ്യം ഭൂമിഃ സുതാദയഃ
അജ്ഞാനജത്വാത് സർവ്വേ തേ ക്ഷണസംഗമഭംഗുരാഃ. 25

ദാരാഗാരാദയഃ	ഭാര്യാഭവനാദികൾ,
ശബ്ദാദയഃ വിഷയാഃ	ശബ്ദാദിവിഷയങ്ങൾ,
വിവിധാഃ സമ്പദഃ ച ബലം	വിവിധസമ്പത്തും സേന,
കോശഃ ഭൃത്യവർഗ്ഗഃ രാജ്യം ഭൂമിഃ	ഭണ്ഡാരം, ഭൃത്യഗണം, രാജ്യം, ഭൂമി,
സുതാദയഃ ച സദാ	പുത്രാദികൾ (ഇവയെല്ലാം) എക്കാലവും
മിഥ്യാജ്ഞാനവശാത് ജാതാഃ ഏവ	അജ്ഞാനജനിതങ്ങൾതന്നെ.
അജ്ഞാനജത്വാത്	അറിവില്ലായ്മയിൽനിന്നുളവായതുമൂലം
തേ സർവ്വേ ക്ഷണസംഗമ—ഭംഗുരാഃ	അവയെല്ലാം ക്ഷണസംഗമ—ത്തിനുശേഷം നാശമടയുന്നവയുമാണ്.

അഥോത്തിഷ്ഠ ഹൃദാ രാമം ഭാവയൻ ഭക്തിഭാവിതം
അനുവർത്തസ്വ രാജ്യാദി ഭുഞ്ജൻ പ്രാരബ്ധമന്വഹം. 26

അഥ ഉത്തിഷ്ഠ	ഇനി എഴുന്നേല്ക്കുക.
ഭക്തിഭാവിതം രാമം	ഭക്തിയാൽ ഭാവിതനായ രാമനെ
ഹൃദാ ഭാവയൻ	മനതാരിൽ നിനച്ച്,
പ്രാരബ്ധം ഭുഞ്ജൻ	പ്രാരബ്ധഫലം ഭുജിച്ചുകൊണ്ട്,
അന്വഹം രാജ്യാദി അനുവർത്തസ്വ	അനുദിനം രാജ്യഭാരാദി നിറവേറ്റുക.

കർമ്മങ്ങൾ മൂന്നുവിധം: സഞ്ചിതം, പ്രാരബ്ധം, ക്രിയമാണം. ജന്മാന്തരകൃതം സഞ്ചിതം. പൂർവ്വജന്മത്തിൽ തുടങ്ങിയതെങ്കിലും ചെയ്തുതീർക്കാത്തത് പ്രാരബ്ധം. ഇപ്പോൾ ചെയ്‌വതു ക്രിയമാണം. സഞ്ചിതവും പ്രാരബ്ധവും നിയതിയായി നിലനിന്ന് മനുഷ്യഭാഗധേയം നിയന്ത്രിക്കുന്നു. ക്രിയമാണത്തിൽ കർത്താവ് സ്വതന്ത്രനാണ്. ആകയാൽ സ്വന്തഭാഗധേയം അവന് സ്വയം നിയന്ത്രിക്കാം. സഞ്ചിതങ്ങളുടെ ഫലം അനുഭവിക്കുക. പ്രാരബ്ധം ചെയ്തുതീർക്കുക. ക്രിയമാണവും അതിന്റെ ഫലവും ഭഗവാനിലർപ്പിക്കുക. ഫലാപേക്ഷയില്ലാത്ത കർമ്മം ബന്ധഹേതുകമല്ലാത്തതിനാൽ മോക്ഷദായകമാണ്.

ഭൂതം ഭവിഷ്യദജൻ വർത്തമാനമഥാചരൻ
വിഹരസ്വ യഥാന്യായം ഭവദോഷൈർന ലിപ്യസേ. 27

ഭൂതം ഭവിഷ്യത് അജൻ	പോയതും വരാനുള്ളതും ഗൗനിക്കാതെ
വർത്തമാനം ആചരൻ	നിലവിലുള്ളതാചരിച്ചുകൊണ്ട്
യഥാന്യായം വിഹരസ്വ	ന്യായാനുസരണം വിഹരിക്കുക.
അഥ ഭവദോഷൈഃ	ഇനി ഭവദോഷങ്ങൾ
ന ലിപ്യസേ	(നിന്മേൽ) പുരളുകയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർമ്മമില്ലാതെ ജീവിതം സാദ്ധ്യമല്ല. ബന്ധനമാകാതെ കർമ്മം ചെയ്യുകയാണ് ജീവിതധർമ്മം. "കുർവ്വന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതം സമാഃ." (യജു. 40. 2) കർമ്മങ്ങൾ ചെയ്തുകൊണ്ടുതന്നെ നൂറുവർഷം ജീവിക്കാനാഗ്രഹിക്കണമെന്നാണല്ലോ വേദങ്ങൾ ഉപദേശിക്കുന്നതു്.

ആജ്ഞാപയതി രാമസ്ത്വാം യദ് ഭ്രാതുഃ സാമ്പരായികം
തത് കുരുഷ്വ യഥാശാസ്ത്രം രുദതീശ്ചാപി യോഷിതഃ. 28
നിവാരയ മഹാബുദ്ധേ, ലങ്കാം ഗച്ഛന്തു മാ ചിരം.

രാമഃ ത്വാം ആജ്ഞാപയതി	രാമൻ നിന്നോടാജ്ഞാപിക്കയാണ്:
മഹാബുദ്ധേ ഭ്രാതുഃ	മഹാമതേ, സോദരന്റെ
യത് സാംപരായികം തത്	ചെയ്യേണ്ട പാരത്രികകർമ്മമെല്ലാം
യഥാശാസ്ത്രം കുരുഷ്വ	ശാസ്ത്രാനുസരണം അനുഷ്ഠിക്കുക.
രുദതീഃ യോഷിതഃ ച	വിലപിക്കുന്ന വനിതകളെ
അപി നിവാരയ	ആശ്വസിപ്പിക്കുകയുംചെയ്യുക.
(താഃ) ലങ്കാം ഗച്ഛന്തു	(അവർ) ലങ്കയിലേക്കു പൊയ്ക്കൊള്ളട്ടെ.
മാ ചിരം	വൈകേണ്ടതില്ല.

ശ്രുത്വാ യഥാവദ് വചനം ലക്ഷ്മണസ്യ വിഭീഷണഃ. 29
ത്യക്ത്വാ ശോകം ച മോഹം ച രാമപാർശ്വമുപാഗമത്.

ലക്ഷ്മണസ്യ യഥാവദ്	ലക്ഷ്മണന്റെ യഥോചിതമായ
വചനം ശ്രുത്വാ ശോകം	വചനം ശ്രവിക്കയാൽ ശോകവും
മോഹം ച ത്യക്ത്വാ വിഭീഷണഃ	മോഹവും വിട്ട് വിഭീഷണൻ
രാമപാർശ്വം ഉപാഗമത്	രാമന്നരികത്തു വന്നിരുന്നു.

വിമൃശ്യ ബുദ്ധ്യാ ധർമ്മജ്ഞോ ധർമ്മാർത്ഥസഹിതം വചഃ. 30
രാമസ്യൈവാനുവൃത്യർത്ഥമുത്തരം പര്യഭാഷത
നൃശംസമനൃതം ക്രൂരം ത്യക്തധർമ്മവ്രതം പ്രഭോ. 31
നാഹോഽസ്മി ദേവ സംസ്കർത്തും പരദാരാഭിമർശിനം
ശ്രുത്വാ തദ്വചനം പ്രീതോ രാമോ വചനമബ്രവീത്. 32

ധർമ്മജ്ഞഃ വിഭീഷണഃ	ധർമ്മജ്ഞൻ വിഭീഷണൻ
ബുദ്ധ്യാ വിമൃശ്യ	ബുദ്ധിപൂർവ്വം പര്യാലോചിച്ചതിനുശേഷം
രാമസ്യ അനുവൃത്യർത്ഥം	രാമഹിതം അനുവർത്തിക്കുമാറു്
ധർമ്മാർത്ഥസഹിതം വചഃ	ധർമ്മാർത്ഥസഹിതമായ വചനം
ഉത്തരം പര്യഭാഷത	ഉത്തരമായി മൊഴിഞ്ഞു.
പ്രഭോ ദേവ നൃശംസം അനൃതം	പ്രഭോ, ദേവ, ഘാതകനും, നേരില്ലാത്തവനും
ക്രൂരം ത്യക്തധർമ്മവ്രതം	ക്രൂരനും ധർമ്മചര്യ വെടിഞ്ഞവനും
പരദാരാഭിമർശിനം	പരദാരദ്രോഹിയുമായ (രാവണനെ)
സംസ്കർത്തും അഹഃ ന അസ്മി	സംസ്കരിക്കാൻ ഞാൻ അർഹനല്ല.
തദ്വചനം ശ്രുത്വാ പ്രീതഃ	ആ മൊഴി കേട്ട് പ്രീതനായ
രാമഃ വചനം അബ്രവീത്	രാമൻ (ഇവ) വചനമരുളി.

മരണാന്താനി വൈരാണി നിവൃത്തം നഃ പ്രയോജനം
ക്രിയതാമസ്യ സംസ്കാരോ മമാപ്യസ്യ യഥാ തവ. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈരാണി മരണാന്താനി	വൈരങ്ങളം മരണത്തോടെ തീരുന്നു.
നഃ പ്രയോജനം നിവൃത്തം	നമ്മുടെ കാര്യം നിറവേറി.
ഏഷഃ യഥാ തവ തഥാ മമ	(ഇനി) ഇവൻ നിനക്കെങ്ങനെയോ അങ്ങനെതന്നെ എനിക്കും.
അസ്യ സംസ്കാരഃ ക്രിയതാം	ഇവന്റെ അന്ത്യസംസ്കാരം നടത്തുക.

ഏതു വിരോധവും മരണത്തോടെ തീരണം. മരണശേഷവും വൈരം വച്ചു പുലർത്തുക മനുഷ്യോചിതമല്ല. രാവണനോട് ഇനിയുമുള്ള വിദ്വേഷം അധാർമ്മികമായിരിക്കും. ഇവൻ നിന്റേതെന്നപോലെ എന്റേയും ഭ്രാതാവാണ്. ഇവന്റെ ദോഷങ്ങളെ വെറുക്കണം. പക്ഷേ, ഗുണങ്ങളെ അവഗണിക്കുന്നതു നന്നല്ല. വാല്മീകിയുടെ രാമനും ഈ സന്ദർഭത്തിൽ രാവണന്റെ ഗുണഗണങ്ങളെ മുക്തകണ്ഠം പ്രശംസിക്കുന്നു.

രാമാജ്ഞാം ശിരസാ ധൃത്വാ ശീഘ്രമേവ വിഭീഷണഃ
സാന്ത്വവാക്യൈർമഹാബുദ്ധിം രാജ്ഞീം മന്ദോദരീം തദാ. 34

സാന്ത്വയാമാസ ധർമ്മാത്മാ ധർമ്മബുദ്ധിർവിഭീഷണഃ
ത്വരയാമാസ ധർമ്മജ്ഞഃ സംസ്കാരാർത്ഥം സ്വബാന്ധവാൻ. 35

രാമാജ്ഞാം ശിരസാ ധൃത്വാ	രാമാജ്ഞ ശിരസാ വഹിച്ച്
ധർമ്മാത്മാ വിഭീഷണഃ	ധർമ്മാത്മാ വിഭീഷണൻ
ശീഘ്രം ഏവ മഹാബുദ്ധിം	ഉടൻതന്നെ, മഹാബുദ്ധിമതിയായ
മന്ദോദരീം രാജ്ഞീം	മന്ദോദരീരാജ്ഞിയെ
സാന്ത്വവാക്യൈഃ	സാന്ത്വനവചനങ്ങളാൽ
സാന്ത്വയാമാസ	ആശ്വസിപ്പിച്ചു.
ധർമ്മബുദ്ധിഃ ധർമ്മജ്ഞഃ വിഭീഷണഃ തദാ സംസ്കാരാർത്ഥം സ്വബാന്ധവാൻ ത്വരയാമാസ	ധർമ്മബുദ്ധിയും ധർമ്മജ്ഞനുമായ വിഭീഷണൻ അപ്പോൾ (രാവണന്റെ) സംസ്കാരകർമ്മത്തിന് സ്വജനങ്ങളെ ത്വരിതപ്പെടുത്തി.

ചിത്യാം നിവേശ്യ വിധിവത് പിതൃമേധവിധാനതഃ
ആഹിതാഗ്നേർയഥാ കാര്യം രാവണസ്യ വിഭീഷണഃ. 36

തഥൈവ സർവ്വമകരോത് ബന്ധുഭിഃ സഹ മന്ത്രിഭിഃ
ദദൗ ച പാവകം തസ്യ വിധിയുക്തം വിഭീഷണഃ. 37

പിതൃമേധവിധാനതഃ ചിത്യാം വിധിവത് നിവേശ്യ യഥാ ആഹിതാഗ്നേഃ തഥാ രാവണസ്യ സർവ്വം കാര്യം ബന്ധുഭിഃ മന്ത്രിഭിഃ സഹ വിഭീഷണഃ അകരോത്	പിതൃമേധവിധിപ്രകാരം (മൃതദേഹം) ചിതയിൽ യഥാവിധി വച്ച് അഗ്നിഹോത്രിക്ക ചെയ്യേണ്ടതു് ഏതുവി– ധമോ, അപ്രകാരം രാവണന്റെ (അന്ത്യ)– കർമ്മമെല്ലാം ബന്ധുക്കളോടും മന്ത്രിമാരോടും ചേർന്ന് വിഭീഷണൻ നിർവ്വഹിച്ചു.
വിഭീഷണഃ തസ്യ വിധിയുക്തം പാവകം ച ദദൗ	വിഭീഷണൻ അവന്ന് വിധിപ്രകാരം അഗ്നിദാനവും നടത്തി.

സ്നാത്വാ ചൈവാർദ്രവസ്ത്രേണ തിലാൻ ദർഭാദിമിശ്രിതാൻ
ഉദകേന ച സമ്മിശ്രാൻ പ്രദായ വിധിപൂർവ്വകം. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രദായ ചോദകം തസ്മൈ മൂർധ്നാ ചൈനം പ്രണമ്യ ച
താഃ സ്ത്രീയോഽനുനയാമാസ സാന്ത്വമുക്ത്വാ പുനഃ പുനഃ. 39

സ്നാത്വാ ആർദ്രവസ്ത്രേണ ച ഏവ	കളിച്ച് നനഞ്ഞ വസ്ത്രത്തോടെതന്നെ
തസ്മൈ ദർഭാദിമിശ്രിതാൻ	അവന് ദർഭാദി ചേർത്ത,
ഉദകേന ച സമ്മിശ്രാൻ തിലാൻ	ജലം കലർത്തിയ എള്ള് (തിലോദകം)
വിധിപൂർവ്വകം പ്രദായ	വിധിപൂർവ്വകം അർപ്പിച്ച്;
ഉദകം ച പ്രദായ	നീർ വീഴ്ത്തിയിട്ട്
മൂർധ്നാ ഏനം പ്രണമ്യ	ശിരസ്സുകൊണ്ട് അവനെ വണങ്ങി;
പുനഃ പുനഃ സാന്ത്വം ഉക്ത്വാ	വീണ്ടും വീണ്ടും സാന്ത്വനമോതി
താഃ സ്ത്രീയഃ	ആ വനിതകളെ
അനുനയാമാസ	ആശ്വസിപ്പിക്കുകയും ചെയ്തു.

ഗമ്യതാമിതി താഃ സർവ്വാഃ വിവിശുർനഗരം തദാ
പ്രവിഷ്ടാസു ച സർവ്വാസു രാക്ഷസീഷു വിഭീഷണഃ. 40
രാമപാർശ്വമുപാഗത്യ തദാഽതിഷ്ഠദ്വിനീതവത്.

'ഗമ്യതാം' ഇതി	'ഇനി പോകാമല്ലോ' എന്ന്
(വിഭീഷണേന നിർദ്ദിഷ്ടാഃ)	വിഭീഷണൻ നിർദ്ദേശിക്കയാൽ
താഃ (സ്ത്രീയഃ) സർവ്വാഃ	ആ മഹിളകളെല്ലാം
തദാ നഗരം വിവിശുഃ	ഉടനെ നഗരിയിലേക്കു പോന്നു.
സർവ്വാസു രാക്ഷസീഷു	എല്ലാ രാക്ഷസിമാരും
പ്രവിഷ്ടാസു തദാ വിഭീഷണഃ	പൊയ്ക്കഴിഞ്ഞപ്പോൾ വിഭീഷണൻ
രാമപാർശ്വം ഉപാഗത്യ	രാമന്നരികിലെത്തി
വിനീതവത് അതിഷ്ഠത്	വിനയവാനായി നിലയായി.

രാമോഽപി സഹസൈന്യേന സസുഗ്രീവഃ സലക്ഷ്മണഃ. 41
ഹർഷം ലേഭേ രിപൂൻ ഹത്വാ യഥാ വൃത്രം ശതക്രതുഃ.

സസുഗ്രീവഃ സലക്ഷ്മണഃ	സുഗ്രീവലക്ഷ്മണസമേതനായ
രാമഃ അപി രിപൂൻ ഹത്വാ	രാമനും വൈരികളെ സംഹരിച്ച്
സൈന്യേന സഹ ഹർഷം ലേഭേ	സൈന്യങ്ങളോടൊത്ത് ആനന്ദംപൂണ്ടു.
വൃത്രം ഹത്വാ	വൃത്രനെ വധിച്ചതിനുശേഷം
ശതക്രതുഃ യഥാ	ദേവേന്ദ്രനെന്നപോലെ.

മാതലിശ്ച തദാ രാമം പരിക്രമ്യാഭിവന്ദ്യ ച. 42
അനുജ്ഞാതശ്ച രാമേണ യയൗ സ്വർഗ്ഗം വിഹായസാ.

മാതലിഃ ച തദാ രാമം	മാതലിയും അനന്തരം രാമനെ
പരിക്രമ്യ അഭിവന്ദ്യ ച	വലംവച്ചു വണങ്ങി.
രാമേണ അനുജ്ഞാതഃ ച	രാമൻെറ അനുമതിയോടെ
വിഹായസാ സ്വർഗ്ഗം യയൗ	വ്യോമമാർഗ്ഗം സ്വർഗ്ഗത്തേക്കു പോയി.

തതോ ഹൃഷ്ടമനാ രാമോ ലക്ഷ്മണം ചേദമബ്രവീത്. 43
വിഭീഷണായ മേ ലങ്കാരാജ്യം ദത്തം പുരൈവ ഹി
ഇദാനീമപി ഗത്വാ ത്വം ലങ്കാമധ്യേ വിഭീഷണം. 44
അഭിഷേചയ വിപ്രൈശ്ച മന്ത്രവദ്വിധിപൂർവ്വകം
ഇത്യുക്തോ ലക്ഷ്മണസ്തൂർണ്ണം ജഗാമ സഹ വാനരൈഃ. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലങ്കാം സുവർണ്ണകലശൈഃ സമുദ്രജലസംയുതൈഃ
അഭിഷേകം ശുഭം ചക്രേ രാക്ഷസേന്ദ്രസ്യ ധീമതഃ. 46

തതഃ ഹൃഷ്ടമനാഃ രാമഃ	അനന്തരം പ്രസന്നചിത്തൻ രാമൻ
ലക്ഷ്മണം ഇദം അബ്രവീത്	ലക്ഷ്മണനോട് ഇങ്ങനെ അരുൾചെയ്തു:
പുരാ ഏവ ഹി മേ	നേരത്തേതന്നെ ഞാൻ
വിഭീഷണായ ലങ്കാരാജ്യം ദത്തം	വിഭീഷണന് ലങ്കാരാജ്യം നല്കി.
ത്വം ഗത്വാ	(എങ്കിലും) നീ ചെന്ന്
ലങ്കാമദ്ധ്യേ വിപ്രൈഃ	ലങ്കാമദ്ധ്യത്തിൽവച്ച് വിപ്രരെക്കൊണ്ട്
മന്ത്രവത് വിധിപൂർവ്വകം	മന്ത്രോച്ചാരണപൂർവ്വകം
ഇദാനീം അപി വിഭീഷണം	യഥാവിധി ഇപ്പോഴും വിഭീഷണനെ
അഭിഷേചയ	അഭിഷേചിപ്പിക്കണം.
ഇതി ഉക്തഃ ലക്ഷ്മണഃ	ഇങ്ങനെ ആജ്ഞപ്തനായ ലക്ഷ്മണൻ
വാനരൈഃ സഹ തൂർണ്ണം	വാനരരൊത്ത് ശീഘ്രം
ലങ്കാം ജഗാമ	ലങ്കയിലെത്തി.
സമുദ്രജലസംയുതൈഃ	സമുദ്രജലം നിറച്ച
സുവർണ്ണകലശൈഃ ധീമതഃ	സ്വർണ്ണകലശങ്ങളാൽ, ധീമാനായ
രാക്ഷസേന്ദ്രസ്യ	രാക്ഷസനാഥന്
ശുഭം അഭിഷേകം ചക്രേ	ശുഭാഭിഷേകംചെയ്തു.

തതഃ പൗരജനൈഃ സാർദ്ധം നാനോപായനപാണിഭിഃ
വിഭീഷണഃ സസൗമിത്രിരുപായനപുരസ്കൃതഃ. 47

ദണ്ഡപ്രണാമമകരോദ്രാമസ്യാക്ലിഷ്ടകർമ്മണഃ
രാമോ വിഭീഷണം ദൃഷ്ട്വാ പ്രാപ്തരാജ്യം മുദാന്വിതഃ. 48

കൃതകൃത്യമിവാത്മാനമമന്യത സഹാനുജഃ
സുഗ്രീവം ച സമാലിംഗ്യ രാമോ വാക്യമഥാബ്രവീത്. 49

സസൗമിത്രിഃ വിഭീഷണഃ	സലക്ഷ്മണൻ വിഭീഷണൻ
ഉപായനപുരസ്കൃതഃ	(സ്വയം) ഉപഹാരങ്ങളേന്തി,
നാനോപായനപാണിഭിഃ	നിരവധി തിരുമുൽക്കാഴ്ചകൾ കൈകളി-
പൗരജനൈഃ സാർദ്ധം	ലുള്ള പൗരന്മാരുമായി (വന്ന്)
അക്ലിഷ്ടകർമ്മണഃ രാമസ്യ	അനായാസകർമ്മാവായ രാമന്റെ (തിരു-
തതഃ ദണ്ഡപ്രണാമം അകരോത്	മുമ്പിൽ) അനന്തരം ദണ്ഡനമസ്കാരംചെയ്തു.
വിഭീഷണം പ്രാപ്തരാജ്യം	വിഭീഷണനെ രാജ്യം നേടിയവനായി
ദൃഷ്ട്വാ മുദാന്വിതഃ	കണ്ട് മുദിതനായ
സഹാനുജഃ രാമഃ ആത്മാനം	സാനുജൻ രാമൻ സ്വയം (തന്നെയും)
ച കൃതകൃത്യം ഇവ അമന്യത	കൃതകൃത്യനെന്ന് എണ്ണി.
സുഗ്രീവം സമാലിംഗ്യ രാമഃ	സുഗ്രീവനെ വാരിപ്പുണർന്ന് രാമൻ
അഥ വാക്യം അബ്രവീത്	പിന്നീട് ഈ വചനം ഉരചെയ്തു.

സഹായേന ത്വയാ വീര ജിതോ മേ രാവണോ മഹാൻ
വിഭീഷണോഽപി ലങ്കായാമഭിഷിക്തോ മയാനഘ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീര ത്വയാ സഹായേന	വീര, നീ തുണയ്ക്കയാലാണ്
മഹാൻ രാവണഃ	പ്രഭാവശാലിയായ രാവണനെ
മേ ജിതഃ	ഞാൻ ജയിച്ചത്.
അനഘ വിഭീഷണഃ	പുണ്യാത്മൻ, വിഭീഷണനെ
മയാ ലങ്കായാം അഭിഷിക്തഃ	ഞാൻ ലങ്കയിൽ വാഴിച്ചതും
അപി ച	(നിന്റെ സഹായത്താൽത്തന്നെ).

തതഃ പ്രാഹ ഹനൂമന്തം പാർശ്വസ്ഥം വിനയാന്വിതം
വിഭീഷണസ്യാനുമതേർഗച്ഛ ത്വം രാവണാലയം. 51

ജാനക്യൈ സർവ്വമാഖ്യാഹി രാവണസ്യ വധാദികം
ജാനക്യാഃ പ്രതിവാക്യം മേ ശീഘ്രമേവ നിവേദയ. 52

പാർശ്വസ്ഥം വിനയാന്വിതം	അരികെ നിന്ന വിനയവാനായ
ഹനൂമന്തം തതഃ പ്രാഹ	ഹനൂമാനോട് പിന്നെ അരുളി:
വിഭീഷണസ്യ അനുമതേഃ	വിഭീഷണന്റെ അനുമതിയോടെ
ത്വം രാവണാലയം ഗച്ഛ	നീ രാവണവസതിയിൽ എത്തണം.
രാവണസ്യ വധാദികം സർവ്വം	രാവണവധാദി(വാർത്ത)യെല്ലാം
ജാനക്യൈ ആഖ്യാഹി	ജാനകിയെ അറിയിക്കയും വേണം.
ജാനക്യാഃ പ്രതിവാക്യം	ജാനകിയുടെ പ്രതിവചനം
ശീഘ്രം ഏവ മേ നിവേദയ	ഉടൻതന്നെ എന്നെ അറിയിക്കുക.

ഏവമാജ്ഞാപിതോ ധീമാൻ രാമേണ പവനാത്മജഃ
പ്രവിവേശ പുരീം ലങ്കാം പൂജ്യമാനോ നിശാചരൈഃ. 53

പ്രവിശ്യ രാവണഗൃഹം ശിംശപാമൂലമാശ്രിതാം
ദദർശ ജാനകീം തത്ര കൃശാം ദീനാമനിന്ദിതാം. 54

രാക്ഷസീഭിഃ പരിവൃതാം ധ്യായന്തീം രാമമേവ ഹി

രാമേണ ഏവം ആജ്ഞാപിതഃ	രാമനാൽ ഇങ്ങനെ ആജ്ഞപ്തനായ
ധീമാൻ പവനാത്മജഃ	മതിമാൻ മാരുതി,
നിശാചരൈഃ പൂജ്യമാനഃ	നിശാചരരുടെ പൂജയേറ്റുകൊണ്ട്
ലങ്കാം പുരീം പ്രവിവേശ	ലങ്കാപുരിയിൽ പ്രവേശിച്ചു.
രാവണഗൃഹം പ്രവിശ്യ	രാവണന്റെ അരമനയിൽ ചെന്ന്,
തത്ര ശിംശപാമൂലം	അവിടെയുള്ള ശിംശപാതരുവിന്റെ
ആശ്രിതാം കൃശാം ദീനാം	ചുവട്ടിലിരുന്ന കൃശയും ദീനയും
അനിന്ദിതാം	ആദരണീയയും
രാക്ഷസീഭിഃ പരിവൃതാം	രാക്ഷസീ പരിവൃതയും
രാമം ഏവ ഹി ധ്യായന്തീം	രാമനെത്തന്നെ ധ്യാനിപ്പവളുമായ
ജാനകീം ദദർശ	ജാനകിയെ ദർശിക്കയുണ്ടായി.

വിനയാവനതോ ഭൂത്വാ പ്രണമ്യ പവനാത്മജഃ. 55

കൃതാഞ്ജലിപുടോ ഭൂത്വാ പ്രഹ്വോ ഭക്ത്യാഗ്രതഃ സ്ഥിതഃ
തം ദൃഷ്ട്വാ ജാനകീ തൂഷ്ണീം സ്ഥിത്വാ പൂർവ്വസ്മൃതിം യയൗ. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിനയാവനതഃ പവനാത്മജഃ	വിനയാവനതനായ പവനതനയൻ
പ്രണമ്യ കൃതാഞ്ജലിപുടഃ	വണങ്ങി കൈകൂപ്പി,
ഭൂത്വാ ഭക്ത്യാ പ്രഹ്വഃ	ഭക്തിനമ്രനായി
ഭൂത്വാ അഗ്രതഃ സ്ഥിതഃ	മുന്നിൽ നിലകൊണ്ടു.
തം ദൃഷ്ട്വാ തൂഷ്ണീം	അവനെ നോക്കി (തെല്ലിട)
സ്ഥിത്വാ ജാനകീ	മൗനമായിരുന്നതിനുശേഷം ജാനകി
പൂർവ്വസ്മൃതിം യയൗ	പൂർവ്വസ്മൃതി നേടി.

ജ്ഞാത്വാ തം രാമദൂതം സാ ഹർഷാത് സൗമ്യമുഖീ ബഭൗ
സ താം സൗമ്യമുഖീം ദൃഷ്ട്വാ തസ്യൈ പവനനന്ദനഃ
രാമസ്യ ഭാഷിതം സർവ്വമാഖ്യാതുമുപചക്രമേ. 57

തം രാമദൂതം ജ്ഞാത്വാ	അവനെ രാമദൂതനെന്നറിഞ്ഞ്
സാ സൗമ്യമുഖീ	ആ സൗമ്യമുഖി
ഹർഷാത് ബഭൗ	ആഹ്ലാദവായ്പാൽ തെളിഞ്ഞു.
താം സൗമ്യമുഖീം ദൃഷ്ട്വാ	അവളെ പ്രസന്നവദനയായി കണ്ട
സഃ പവനനന്ദനഃ	ആ വായുതനയൻ
രാമസ്യ ഭാഷിതം സർവ്വം	രാമഭാഷിതമെല്ലാം
തസ്യൈ ആഖ്യാതും ഉപചക്രമേ	അവൾക്കു വിവരിച്ചുകൊടുക്കാൻതുടങ്ങി.

ദേവി, രാമഃ സസുഗ്രീവോ വിഭീഷണസഹായവാൻ
കുശലീ; വാനരാണാം ച സൈന്യൈശ്ച സഹ ലക്ഷ്മണഃ. 58

രാവണം സസുതം ഹത്വാ സബലം സഹ മന്ത്രിഭിഃ
ത്വാമാഹ കുശലം രാമോ രാജ്യേ കൃത്വാ വിഭീഷണം. 59

ദേവി വിഭീഷണസഹായവാൻ	ദേവി, വിഭീഷണന്റെ തുണയുള്ളവനും
സഹ ലക്ഷ്മണഃ സസുഗ്രീവഃ	ലക്ഷ്മണസുഗ്രീവസഹിതനുമായ
രാമഃ സൈന്യൈഃ	രാമൻ സൈന്യസമേതം
കുശലീ (വർത്തതേ)	സസുഖം കഴിയുന്നു.
വാനരാണാം ച (കുശലം)	വാനരർക്കും കുശലം തന്നെ.
സബലം സഹ മന്ത്രിഭിഃ സസുതം	സേനാ—സചിവ—സന്തതിസഹിതം
രാവണം ഹത്വാ	രാവണനെ സംഹരിക്കയും
വിഭീഷണം രാജ്യേ	വിഭീഷണനെ നാട്ടിൽ വാഴിക്കയും
കൃത്വാ രാമഃ	ചെയ്തതിനുശേഷം രാമൻ
ത്വാം കുശലം ആഹ	അവിടത്തേക്കു കുശലമാശംസിച്ചിരിക്കുന്നു

ശ്രുത്വാ ഭർത്തുഃ പ്രിയം വാക്യം ഹർഷഗദ്ഗദയാ ഗിരാ
കിം തേ പ്രിയം കരോമ്യദ്യ ന പശ്യാമി ജഗത്ത്രയേ. 60

സമം തേ പ്രിയവാക്യസ്യ രത്നാന്യാഭരണാനി ച
ഏവമുക്തസ്തു വൈദേഹ്യാ പ്രത്യുവാച പ്ലവംഗമഃ. 61

ഭർത്തുഃ പ്രിയം വാക്യം	പതിയുടെ പ്രിയവചനം
ശ്രുത്വാ ഹർഷഗദ്ഗദയാ	കേട്ടാക്കെ ഹർഷഗദ്ഗദമാർന്ന
ഗിരാ (സീതാ അബ്രവീത്)	വാക്കിൽ (സീത മൊഴിഞ്ഞു):
തേ അദ്യ കിം പ്രിയം	നിനക്കിന്ന് എന്തു പ്രിയമാണ്
കരോമി	(ഞാൻ) ചെയ്യുക?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഗത്ത്രയേ രത്നാനി	ലോകം മൂന്നിലുമുള്ള രത്നങ്ങളും
ആഭരണാനി ച തേ	ആഭരണങ്ങളും (പോലും) നിന്റെ
പ്രിയവാക്യസ്യ സമം	പ്രിയവചനത്തിന്ന സമമാണെന്ന്
ന പശ്യാമി	ഞാൻ കരുതുന്നില്ല.
വൈദേഹ്യാ ഏവം ഉക്തഃ	വൈദേഹിയാൽ ഈവിധം അരുളപ്പെട്ട
പ്ലവംഗമഃ തു പ്രത്യുവാച	കപി പ്രതിവചിച്ചു:

രത്നൗഘാത് വിവിധാത് വാഽപി ദേവരാജ്യാത് വിശിഷ്യതേ
ഹതശത്രും വിജയിനം രാമം പശ്യാമി സുസ്ഥിരം. 62

ഹതശത്രും	വൈരിയെ കൊന്ന,
വിജയിനം സുസ്ഥിരം	വിജയിയും സ്വാസ്ഥ്യചിത്തനുമായ,
രാമം പശ്യാമി	രാമനെ ഞാൻ കാണുന്നുണ്ടല്ലോ.
(തദ് മേ) വിവിധാത് രത്നൗഘാത് ദേവരാജ്യാത് വാ അപി	(അതെനിക്ക്) നാനാരത്നസഞ്ചയത്തേക്കാളും സ്വർഗ്ഗലോകത്തേക്കാളും
വിശിഷ്യതേ	വിശിഷ്ടമത്രേ.

തസ്യ തദ്വചനം ശ്രുത്വാ മൈഥിലീ പ്രാഹ മാരുതിം
സർവ്വേ സൗമ്യാഃ ഗുണാഃ സൗമ്യ, ത്വയ്യേവ പരിനിഷ്ഠിതാഃ. 63

തസ്യ തദ്വചനം ശ്രുത്വാ	അവന്റെ ആ വചനം കേട്ട്
മൈഥിലീ മാരുതിം പ്രാഹ	മൈഥിലി മാരുതിയോട് ഓതി:
സൗമ്യ സർവ്വേ സൗമ്യാഃ ഗുണാഃ	സൗമ്യ, സകല സദ്ഗുണങ്ങളും
ത്വയി	നിന്നിൽ
പരിനിഷ്ഠിതാഃ ഏവ	നിറഞ്ഞുതന്നെ നിലകൊള്ളുകയാണ്.

രാമം ദ്രക്ഷ്യാമി ശീഘ്രം മാമാജ്ഞാപയതു രാഘവഃ
തഥേതി താം നമസ്കൃത്യ യയൗ ദ്രഷ്ടും രഘൂത്തമം. 64

രാഘവഃ മാം ആജ്ഞാപയതു	രാഘവൻ എന്നോട് ആജ്ഞാപിക്കട്ടെ.
ശീഘ്രം രാമം ദ്രക്ഷ്യാമി	(ഞാൻ) ശീഘ്രം രാമനെ ദർശിക്കാം.
തഥാ ഇതി	അങ്ങനെയെന്ന് (പറഞ്ഞ്)
താം നമസ്കൃത്യ (മാരുതിഃ)	അവളെ വണങ്ങി (ഹനുമാൻ)
രഘൂത്തമം ദ്രഷ്ടും യയൗ	രഘുവരനെ കാണാൻ പോയി.

ജാനക്യാ ഭാഷിതം സർവ്വം രാമസ്യാഗ്രേ ന്യവേദയത്
യന്നിമിത്തോഽയമാരംഭഃ കർമ്മണാം ച ഫലോദയഃ. 65

താം ദേവീം ശോകസന്തപ്താം ദ്രഷ്ടുമർഹസി മൈഥിലീം
ഏവമുക്തോ ഹനുമതാ രാമോ ജ്ഞാനവതാം വരഃ. 66

മായാസീതാം പരിത്യക്തും ജാനകീമനലേ സ്ഥിതാം
ആദാതും മനസാ ധ്യാത്വാ രാമഃ പ്രാഹ വിഭീഷണം. 67

ജാനക്യാഃ ഭാഷിതം സർവ്വം	ജാനകിയുടെ മൊഴിയശേഷം
രാമസ്യ അഗ്രേ ന്യവേദയത്	രാമസമക്ഷം അറിയിച്ചു:
അയം ആരംഭഃ കർമ്മണാം	ഈ പ്രയത്നവും കർമ്മങ്ങളുടെ
ഫലോദയഃ ച	ഫലപ്രാപ്തിയും (എല്ലാം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യന്നിമിത്തഃ	ആതനിമിത്തമായിരുന്നുവോ,
ശോകസന്തപ്താം താം	അല്ലലിൽ നീറുന്ന ആ
മൈഥിലീം ദേവീം	മൈഥിലീദേവിയെ
ദ്രഷ്ടും അർഹസി	അങ്ങു ദർശിക്കമാറാകണം.
ഹനുമതാ ഏവം ഉക്തഃ	ഹനുമാനാൽ ഈവിധം അറിയിക്കപ്പെട്ട
ജ്ഞാനവതാം വരഃ രാമഃ	ജ്ഞാനിവരൻ രാമൻ,
മായാസീതാം പരിത്യക്തും	മായാസീതയെ വെടിയാനും
അനലേ സ്ഥിതാം ജാനകീം	അഗ്നിസ്ഥയായ ജാനകിയെ
ആദാതും മനസാ ധ്യാത്വാ	കൈക്കൊള്ളാനും മനസാ ധ്യാനിച്ച്
വിഭീഷണം പ്രാഹ	(നിശ്ചയിച്ച്),വിഭീഷണനോട് അരുളി:

ഗച്ഛ രാജൻ ജനകജാമാനയാശു മമാന്തികം
സ്നാതാം വിരജവസ്ത്രാഢ്യാം സർവ്വാഭരണഭൂഷിതാം. 68

രാജൻ ഗച്ഛ. സ്നാതാം	രാജൻ, ചെല്ലുക. കുളികഴിഞ്ഞ്
വിരജവസ്ത്രാഢ്യാം	വെൺചേല ചാർത്തി വിലസുന്ന,
സർവ്വാഭരണഭൂഷിതാം	സർവ്വാഭരണഭൂഷിതയായ,
ജനകജാം മമ അന്തികം	ജനകജയെ എന്റെ സമീപത്തേക്ക്
ആശു ആനയ	ഉടനെ ആനയിക്കുക.

വിഭീഷണോഽപി തച്ഛ്രുത്വാ ജഗാമ സഹമാരുതിഃ
രാക്ഷസീഭിഃ സുവൃദ്ധാഭിഃ സ്നാപയിത്വാ തു മൈഥിലീം. 69

സർവ്വാഭരണസമ്പന്നാമാരോപ്യ ശിവികോത്തമേ
യഷ്ടികൈർബ്ബഹുഭിർഗ്ഗുപ്താം കഞ്ചുകോഷ്ണീഷിഭിഃ ശുഭാം. 70

തത് ശ്രുത്വാ വിഭീഷണഃ	അതു കേട്ട് വിഭീഷണൻ
സഹമാരുതിഃ ജഗാമ	മാരുതിയുമായി നടകൊണ്ടു.
സുവൃദ്ധാഭിഃ രാക്ഷസീഭിഃ	പടുവൃദ്ധകളായ രാക്ഷസിമാരെക്കൊണ്ട്
മൈഥിലീം സ്നാപയിത്വാ	സീതയെ സ്നാനം ചെയ്യിക്കയും
കഞ്ചുകോഷ്ണീഷിഭിഃ	കുപ്പായവും തലപ്പാവുമണിഞ്ഞ
ബഹുഭിഃ യഷ്ടികൈഃ ഗുപ്താം	നിരവധി കോൽക്കാരാൽ സുരക്ഷിതയും
സർവ്വാഭരണസമ്പന്നാം	സർവ്വാഭരണസമ്പന്നയും
ശുഭാം (താം ജനകാത്മജാം)	ശോഭനയുമായ ആ ജനകപുത്രിയെ
ശിവികോത്തമേ ആരോപ്യ	ഉത്തമശിബികയിലേററി
(ആനിനായ)	(ആനയിക്കയും ചെയ്തു).

താം ദ്രഷ്ടുമാഗതാഃ സർവ്വേ വാനരാ ജനകാത്മജാം
താൻ വാരയന്തോ ബഹവഃ സർവ്വതോ വേത്രപാണയഃ. 71

കോലാഹലം പ്രകുർവ്വന്തോ രാമപാർശ്വമുപായയുഃ
ദൃഷ്ട്വാ താം ശിവികാരൂഢാം ദൂരാദഥ രഘൂത്തമഃ. 72

വിഭീഷണ, കിമർത്ഥം തേ വാനരാൻ വാരയന്തി ഹി
പശ്യന്തു വാനരാഃ സർവ്വേ മൈഥിലീം മാതരം യഥാ. 73

താം ജനകാത്മജാം ദ്രഷ്ടും	ആ ജനകനന്ദിനിയെ (ഒരുനോക്കു)
വാനരാഃ സർവ്വേ ആഗതാഃ	കാണാൻ കപികളെല്ലാം തിക്കിക്കൂടി.
സർവ്വതഃ താൻ വാരയന്തഃ	എല്ലായിടത്തുനിന്നും അവരെ തടഞ്ഞു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കോലാഹലം പ്രകുർവ്വന്തഃ	കോലാഹലമുണ്ടാക്കിക്കൊണ്ട്
ബഹവഃ വേത്രപാണയഃ	നിരവധി ദണ്ഡധാരികൾ
രാമപാർശ്വം ഉപായയുഃ	രാമസമീപം എത്തിച്ചേർന്നു.
ശിബികാരൂഢാം താം	ശിബികയിലിരുന്ന ആ (സീതയെ)
ദൂരാത് ദൃഷ്ട്വാ രഘൂത്തമഃ	ദൂരെനിന്നു വീക്ഷിച്ച രഘുവരൻ
അഥ (പ്രാഹ)	അനന്തരം അരുളി:
വിഭീഷണ, തേ വാനരാൻ	വിഭീഷണ, അവർ കപികളെ
കിമർത്ഥം വാരയന്തി?	എന്തിനു തടയുന്നു?
മാതരം യഥാ സർവ്വേ വാനരാഃ	അമ്മയെ എന്നപോലെ എല്ലാ വാനരരും
മൈഥിലീം പശ്യന്തു	സീതയെ കണ്ടുകൊള്ളട്ടെ.

പാദചാരേണ സാ യാതു ജാനകീ മമ സന്നിധിം
ശ്രുത്വാ തദ്രാമവചനം ശിബികാദവരുഹ്യ സാ. 74

പാദചാരേണ ശനകൈരാഗതാ രാമസന്നിധിം
രാമോഽപി ദൃഷ്ട്വാ താം മായാസീതാം കാര്യാർത്ഥനിർമ്മിതാം. 75

അവാച്യവാദാൻ ബഹുശഃ പ്രാഹ താം രഘുനന്ദനഃ
അമൃഷ്യമാണാ സാ സീതാ വചനം രാഘവോദിതം. 76

ലക്ഷ്മണം പ്രാഹ മേ ശീഘ്രം പ്രജ്ജ്വാലയ ഹുതാശനം
വിശ്വാസാർത്ഥം ഹി രാമസ്യ ലോകാനാം പ്രത്യയായ ച. 77

പാദചാരേണ മമ	കാൽനടയായി വേണം എന്റെ
സന്നിധിം സാ ജാനകീ	സന്നിധിയിലേക്ക് ആ ജാനകി
യാതു	വരേണ്ടതു്.
തത് രാമവചനം ശ്രുത്വാ	ആ രാമവചനം കേട്ട്
ശിബികാത് അവരുഹ്യ	ശിബികയിൽനിന്നിറങ്ങി
സാ പാദചാരേണ ശനകൈഃ	അവൾ കാൽനടയായി മന്ദം
രാമസന്നിധിം ആഗതാ	രാമസന്നിധിയിലെത്തി.
കാര്യാർത്ഥനിർമ്മിതാം താം	കാര്യാർത്ഥം നിർമ്മിച്ച ആ
മായാസീതാം ദൃഷ്ട്വാ	മായാസീതയെ നോക്കി
രഘുനന്ദനഃ രാമഃ അപി	രഘുനന്ദനൻ രാമൻ
അവാച്യവാദാൻ	പറയാൻപാടില്ലാത്ത വാക്കുകൾ
ബഹുശഃ പ്രാഹ	വളരെ ഉച്ചരിച്ചു.
രാഘവോദിതം വചനം	രാഘവൻ ഉരചെയ്ത വചനം
അമൃഷ്യമാണാ സാ സീതാ	സഹിക്കാനാവാതെ ആ സീത
ലക്ഷ്മണം പ്രാഹ	ലക്ഷ്മണനോട് അപേക്ഷിക്കയുണ്ടായി:
മേ ശീഘ്രം ഹുതാശനം പ്രജ്ജ്വാലയ	(അനുജ) എനിക്കായി വേഗം തീകൂട്ടുക.
രാമസ്യ വിശ്വാസാർത്ഥം	രാമനു വിശ്വാസത്തിനും
ലോകാനാം പ്രത്യയായ ച ഹി	ലോകർക്ക് ബോദ്ധ്യത്തിനുമായി.

രാഘവസ്യ മതം ജ്ഞാത്വാ ലക്ഷ്മണോഽപി തഥൈവ ഹി
മഹാകാഷ്ഠചയം കൃത്വാ ജ്വാലയിത്വാ ഹുതാശനം. 78

രാമപാർശ്വമുപാഗമ്യ തസ്ഥൗ തൂഷ്ണീമരിന്ദമഃ
തതഃ സീതാ പരിക്രമ്യ രാഘവം ഭക്തിസംയുതാ. 79

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവസ്യ മതം ജ്ഞാത്വാ	രാഘവൻെറ മനോഗതം അറിഞ്ഞ്
അരിന്ദമഃ ലക്ഷ്മണഃ അപി	ശത്രുദമനൻ ലക്ഷ്മണൻ,
തദാ ഏവ ഹി മഹാകാഷ്ഠചയം	ഉടൻതന്നെ വലിയ വിറകുമട്ടികൾ
കൃത്വാ ഹുതാശനം ജ്വാലയിത്വാ	ശേഖരിച്ച് തീ കത്തിക്കുകയും
രാമപാർശ്വം ഉപാഗമ്യ	രാമൻെറ അരികിലണഞ്ഞ്
തൂഷ്ണീം തസ്ഥൗ	മൗനമായി നിലകൊള്ളുകയും ചെയ്തു.
തതഃ സീതാ ഭക്തിസംയുതാ	പിന്നെ സീത ഭക്തിപൂർവ്വം
രാഘവം പരിക്രമ്യ (സ്ഥിതാ)	രാമനെ വലംവച്ചു (നിന്നായി).

പശ്യതാം സർവ്വലോകാനാം ദേവരാക്ഷസയോഷിതാം
പ്രണമ്യ ദേവതാഭ്യശ്ച ബ്രാഹ്മണേഭ്യശ്ച മൈഥിലീ. 80

ബദ്ധാഞ്ജലിപുടാ ചേദമുവാചാഗ്നിസമീപഗാ

സർവ്വലോകാനാം	സകലലോകരും
ദേവരാക്ഷസയോഷിതാം പശ്യതാം	ദേവാസുരാംഗനമാരും നോക്കിനില്ക്കേ,
ദേവതാഭ്യഃ ബ്രാഹ്മണേഭ്യഃ	ദേവതകളെയും വിപ്രരെയും
ച പ്രണമ്യ മൈഥിലീ	വണങ്ങി മൈഥിലി
അഗ്നിസമീപഗാ	അഗ്നിയെ സമീപിച്ച്
ബദ്ധാഞ്ജലിപുടാ ഇദം ഉവാച	തൊഴുകൈയോടെ ഇങ്ങനെ മൊഴിഞ്ഞു:

യഥാ മേ ഹൃദയം നിത്യം നാപസർപ്പതി രാഘവാത്. 81

തഥാ ലോകസ്യ സാക്ഷീ മാം സർവ്വതഃ പാതു പാവകഃ
ഏവമുക്ത്വാ തദാ സീതാ പരിക്രമ്യ ഹുതാശനം. 82

വിവേശ ജ്വലനം ദീപ്തം നിർഭയേന ഹൃദാ സതീ. 83

യഥാ മേ ഹൃദയം	ഏതുവിധമാണോ എൻെറ ഹൃദയം
നിത്യം രാഘവാത്	എക്കാലവും രാഘവനിൽനിന്നു
ന അപസർപ്പതി,	വ്യതിചലിക്കാതെ (നിലകൊള്ളുന്നത്),
തഥാ ലോകസ്യ സാക്ഷീ	ആവിധം, ലോകസാക്ഷിയായ
പാവകഃ മാം	പാവകദേവൻ എന്നെ
സർവ്വതഃ	എല്ലായിടത്തുനിന്നും (എല്ലാത്തരത്തിലും)
പാതു	കാത്തുകൊള്ളട്ടെ.
ഏവം ഉക്ത്വാ ഹുതാശനം	ഇങ്ങനെ ചൊല്ലി, അഗ്നിയെ
പരിക്രമ്യ നിർഭയേന ഹൃദാ	വലംവച്ച്, നിർഭയചേതസ്സോടെ
സതീ സീതാ ദീപ്തം	സതി സീത കത്തിക്കാളുന്ന
ജ്വലനം തദാ വിവേശ	തീയിൽ സത്വരം പ്രവേശിച്ചു.

ദൃഷ്ട്വാ തതോ ഭൂതഗണാഃ സസിദ്ധാഃ
സീതാം മഹാവഹ്നിഗതാം ഭൃശാർത്താഃ
പരസ്പരം പ്രാഹുരഹോ സ സീതാം
രാമഃ ശ്രിയം സ്വാം കഥമത്യജത് ജ്ഞഃ. 84

സസിദ്ധാഃ ഭൂതഗണാഃ	സിദ്ധസമേതരായ ഭൂതഗണങ്ങൾ
സീതാം മഹാവഹ്നിഗതാം	സീത കൊടുംതീയിൽ ചാടുന്നതു
ദൃഷ്ട്വാ ഭൃശാർത്താഃ	കണ്ടു പരിതാപം പൂണ്ട്
പരസ്പരം പ്രാഹുഃ	പരസ്പരമോതി:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞഃ സഃ രാമഃ	ജ്ഞാനിയായ ആ രാമൻ
സ്വാം ശ്രിയം സീതാം	തൻെറ ശ്രീദേവിയെ, സീതയെ
അഹോ, കഥം അത്യജത്	കഷ്ടം, എങ്ങനെ പരിത്യജിച്ചു!

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ദ്വാദശഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം പന്ത്രണ്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം പതിമ്മൂന്ന്

ദേവസ്തുതി—സീതാസ്വീകരണം—അയോധ്യാഗമനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

തതഃ ശക്രഃ സഹസ്രാക്ഷോ യമശ്ച വരുണസ്തഥാ
കുബേരശ്ച മഹാതേജാഃ പിനാകീ വൃഷവാഹനഃ. 1

ബ്രഹ്മാ ബ്രഹ്മവിദാം ശ്രേഷ്ഠോ മുനിഭിഃ സിദ്ധചാരണൈഃ
പിതരോ ഋഷയഃ സാധ്യാഃ ഗന്ധർവ്വാപ്സരസോരഗാഃ. 2

ഏതേ ചാന്യേ വിമാനാഗ്ര്യൈരാജഗ്മുർയത്ര രാഘവഃ
അബ്രുവൻ പരമാത്മാനം രാമം പ്രാഞ്ജലയശ്ച തേ. 3

തതഃ സഹസ്രാക്ഷഃ ശക്രഃ	അനന്തരം ആയിരംകണ്ണൻ ഇന്ദ്രൻ,
യമഃ ച തഥാ വരുണഃ	യമൻ, വരുണൻ,
മഹാതേജാഃ കുബേരഃ ച	അതിതേജസ്വി കുബേരൻ,
പിനാകീ വൃഷവാഹനഃ	പിനാകംപേറിയ വൃഷവാഹനൻ(ശിവൻ)
മുനിഭിഃ സിദ്ധചാരണൈഃ	മുനി—സിദ്ധ—ചാരണസമേതനും
(സഹ) ബ്രഹ്മവിദാം ശ്രേഷ്ഠഃ	ബ്രഹ്മജ്ഞമുഖ്യനുമായ
ബ്രഹ്മാ ച പിതരഃ ഋഷയഃ	ബ്രഹ്മാവ്, പിതൃക്കൾ, മുനിമാർ,
സാധ്യാഃ ഗന്ധർവ്വാപ്സരസഃ	സാധ്യന്മാർ, ഗന്ധർവ്വന്മാർ, അപ്സരസ്സുകൾ,
ഉരഗാഃ ഏതേ ച അന്യേ ച	നാഗന്മാർ എന്നിവരും മററുള്ളവരും
വിമാനാഗ്ര്യൈഃ യത്ര	ഉത്തമവിമാനങ്ങളിലേറി
രാഘവഃ (തത്ര) ആജഗ്മുഃ	രാഘവനിരുന്നിടത്തേക്കു വരുകയുണ്ടായി.
പ്രാഞ്ജലയഃ തേ	കൂപ്പുകൈകളോടെ അവർ
രാമം പരമാത്മാനം അബ്രുവൻ	രാമപരമാത്മാവിനെ അറിയിച്ചു.

കർത്താ ത്വം സർവ്വലോകാനാം സാക്ഷീ വിജ്ഞാനവിഗ്രഹഃ
വസൂനാമഷ്ടമോഽസി ത്വം രുദ്രാണാം ശംകരോ ഭവാൻ. 4

ത്വം സർവ്വലോകാനാം കർത്താ	നീ സകലഭുവനസ്രഷ്ടാവ്,
സാക്ഷീ വിജ്ഞാനവിഗ്രഹഃ	സാക്ഷി, വിജ്ഞാനമൂർത്തി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം അസി വസൂനാം അഷ്ടമഃ	നീയാണ് [1]വസുക്കളിൽ എട്ടാമൻ (പാവകൻ).[2]
രുദ്രാണാം ശംകരഃ ഭവാൻ	രുദ്രരിൽ[3] ശങ്കരനാണു നീ.

ആദികർത്താഽസി ലോകാനാം ബ്രഹ്മാ ത്വം ചതുരാനനഃ
അശ്വിനൗ ഘ്രാണഭൂതൗ തേ ചക്ഷുഷീ ചന്ദ്രഭാസ്കരൗ. 5

ലോകാനാമാദിരന്തോഽസി നിത്യ ഏകഃ സദോദിതഃ
സദാ ശുദ്ധഃ സദാ ബുദ്ധഃ സദാ മുക്തോ ഗുണോദയഃ. 6

ലോകാനാം ആദികർത്താ	ലോകങ്ങളുടെ ആദികർത്താവായ
ചതുരാനനഃ ബ്രഹ്മാ ത്വം അസി	നാന്മുഖൻ, ബ്രഹ്മാവ്, നീയാണ്.
അശ്വിനൗ	അശ്വിനീദേവന്മാർ
തേ ഘ്രാണഭൂതൗ	നിന്റെ നാസാപുടങ്ങൾ.
ചന്ദ്രഭാസ്കരൗ ചക്ഷുഷീ	സോമസൂര്യന്മാർ മിഴികൾ.
ത്വം ലോകാനാം	നീ ലോകങ്ങൾക്ക്
ആദിഃ അന്തഃ അസി	ആദിയും അന്തവുമാണ്.
നിത്യഃ ഏകഃ സദോദിതഃ	(നീ) നിത്യൻ, ഏകൻ, നിജപ്രകാശൻ,
സദാ ശുദ്ധഃ സദാ ബുദ്ധഃ	നിതാന്തശുദ്ധൻ, നിത്യബുദ്ധൻ,
സദാ മുക്തഃ ഗുണോദയഃ	നിത്യമുക്തൻ, ഗുണങ്ങൾക്കുറവിടം.

എല്ലാ ദിവ്യപ്രതിഭാസങ്ങളും അവയുടെ നാനാനാമങ്ങളും ഏകമായ പരംപൊരുളിനെ ലക്ഷീകരിക്കുന്നു. ''ഏകോ വശീ സർവ്വഭൂതാന്തരാത്മാ.'' അവികലവും ഏകരസവുമായ ആ പരമതത്ത്വംതന്നെ രാമൻ.

ത്വന്മായാസംവൃതാനാം ത്വം ഭാസി മാനുഷവിഗ്രഹഃ
ത്വന്നാമ സ്മരതാം രാമ, സദാ ഭാസി ചിദാത്മകഃ. 7

ത്വന്മായാസംവൃതാനാം	നിന്റെ മായയിൽ മുഴുകിയവർക്ക്
രാമ ത്വം മാനുഷവിഗ്രഹഃ	രാമ, നീ നരരൂപനായി
ഭാസി. ത്വന്നാമ സ്മരതാം	വിളങ്ങുന്നു. നിൻനാമം നിനപ്പോർക്കാകട്ടെ,
ത്വം സദാ ചിദാത്മകഃ	നീയെന്നും ചിത്‌സ്വരൂപനായാണ്
ഭാസി	വിലസുക.

രാവണേന ഹൃതം സ്ഥാനമസ്മാകം തേജസാ സഹ
ത്വയാദ്യ നിഹതോ ദുഷ്ടഃ പുനഃ പ്രാപ്തം പദം സ്വകം. 8

അസ്മാകം തേജസാ സഹ	ഞങ്ങളുടെ തേജസ്സിനോടൊപ്പം
സ്ഥാനം (ച) രാവണേന ഹൃതം	പദവിയും രാവണൻ അപഹരിച്ചിരുന്നു.
(സഃ) ദുഷ്ടഃ അദ്യ	ആ ദുഷ്ടൻ ഇന്നു
ത്വയാ നിഹതഃ	നിന്നാൽ നിഹതനായി.
സ്വകം പദം പുനഃ പ്രാപ്തം	സ്വപദവി (ഞങ്ങൾക്കു) വീണ്ടും കൈവന്നു.

---

1. അഷ്ടവസുക്കൾ—അഹസ്സ്, ധ്രുവൻ, സോമൻ, ധരൻ (ധവൻ), അനിലൻ, അനലൻ, പ്രത്യൂഷസ്, പ്രഭാസം ഇവയടങ്ങുന്ന ദേവവ്യൂഹം.
''ധരോ ധ്രുവശ്ച സോമശ്ച അഹശ്ചൈവാനിലോഽനലഃ
പ്രത്യൂഷശ്ച പ്രഭാസശ്ച വസവോഽഷ്ടാവിതി സ്മൃതാഃ.''
2. ''വസൂനാം പാവകശ്ചാസ്മി.'' (ഗീത—10. 23)
3. രുദ്രസമൂഹത്തിന്റെ അധിപനാണു ശിവൻ. ''രുദ്രാണാം ശങ്കരശ്ചാസ്മി.'' (ഗീത—10. 23)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏവം ബ്രുവത്സു ദേവേഷു ബ്രഹ്മാ സാക്ഷാത് പിതാമഹഃ
അബ്രവീത് പ്രണതോ ഭൂത്വാ രാമം സത്യപഥേ സ്ഥിതം. 9

ദേവേഷു ഏവം ബ്രുവത്സു	ദേവന്മാർ ഈവിധം ഉരചെയ്യവേ,
(സത്സു) പിതാമഹഃ	പിതാമഹൻ
സാക്ഷാത് ബ്രഹ്മാ പ്രണതഃ	സാക്ഷാൽ ബ്രഹ്മാവ് പ്രണാമപൂർവ്വം
ഭൂത്വാ സത്യപഥേ സ്ഥിതം	സത്പഥഗാമിയായ
രാമം അബ്രവീത്	രാമനെ വാഴ്ത്തിപ്പറഞ്ഞു.

ബ്രഹ്മാ ഉവാച: ബ്രഹ്മാവ് അരുളി

വന്ദേ വിഷ്ണും ദേവമശേഷസ്ഥിതിഹേതും
ത്വാമധ്യാത്മജ്ഞാനിഭിരന്തർഹൃദി ഭാവ്യം
ഹേയാഹേയദ്വന്ദ്വവിഹീനം പരമേകം
സത്താമാത്രം സർവ്വഹൃദിസ്ഥം ദൃശിരൂപം. 10

അശേഷസ്ഥിതിഹേതും	സകലത്തിന്റെയും നിലനില്പിനു ഹേതുവും
വിഷ്ണും	സർവ്വവ്യാപിയും
അധ്യാത്മജ്ഞാനിഭിഃ	ആത്മവേദികളാൽ
അന്തർഹൃദി ഭാവ്യം	ഉള്ളിന്നുള്ളിൽ ഊഹ്യനും
ഹേയാഹേയ	ത്യാജ്യം ഗ്രാഹ്യം (ദ്വേഷം രാഗം) എന്ന
ദ്വന്ദ്വവിഹീനം പരം ഏകം	ദ്വന്ദ്വമില്ലാത്തവനും പരമമായ, ഏകമായ
സത്താമാത്രം സർവ്വഹൃദിസ്ഥം	ഉണ്മയായോനും സകലഹൃദയസ്ഥനും
ദൃശിരൂപം ദേവം	ജ്ഞാനവിഗ്രഹനും ലീലാമയനുമായ
ത്വാം വന്ദേ	നിന്നെ (ഞാനിതാ) വണങ്ങുന്നു.

പ്രാണാപാനൗ നിശ്ചയബുദ്ധ്യാ ഹൃദി രുദ്ധ്വാ
ഛിത്വാ സർവ്വം സംശയബന്ധം വിഷയൗഘാൻ
പശ്യന്തീശം യം ഗതമോഹാ യതയസ്തം
വന്ദേ രാമം രത്നകിരീടം രവിഭാസം. 11

പ്രാണാപാനൗ നിശ്ചയബുദ്ധ്യാ	*പ്രാണാപാനന്മാരെ ദൃഢബുദ്ധിയോടെ
ഹൃദി രുദ്ധ്വാ	ഹൃദയത്തിൽ രോധിച്ചും

* പ്രാണാപാനന്മാരെ ഹൃദയത്തിൽ നിരോധിക്കുകയാണ് പ്രാണായാമം. പ്രാണൻ ശ്വാസവായു. അപാനൻ നിശ്വാസവായു. ''ശ്വാസപ്രശ്വാസയോർഗതിവിച്ഛേദഃ പ്രാണായാമഃ.'' (യോഗ—II. 42.) യമനിയമങ്ങളിലൂടെ ഉടലിലും ഉള്ളത്തിലും പാവനത കൈവരിച്ച സാധകന് പ്രാണായാമം ചെയ്യാൻ യാതൊരു ബുദ്ധിമുട്ടുമില്ല, ആസനസിദ്ധിയും വേണം. (യോഗ—II. 48)

പ്രാണായാമത്തിൽ മൂന്നു പ്രക്രിയകൾ മുഖ്യങ്ങൾ: 1. രേചകം—ശ്വാസം മൂക്കിലൂടെ മെല്ലെ വെളിയിൽ വിടുക. 2. പൂരകം—ഉള്ളിലേക്കു വലിക്കുക, മെല്ലെ 3 കുംഭകം—അകത്തും പുറത്തും തടഞ്ഞുനിറുത്തുക. രേചകപൂരകങ്ങൾ കൂടാതെ വായു തടയുന്നതിനെ സ്തംഭവൃത്തി എന്നു പറയുന്നു. ഏററവും സരളമായ പ്രാണായാമവിധിയാണ് മേല്പറഞ്ഞത്. ദേശകാലമനുസരിച്ച് പ്രാണായാമത്തിനു ഭേദങ്ങളുമുണ്ട്. ലക്ഷ്യം മാറുന്നതോടെ പ്രയോഗരീതിയും മാറും.

പ്രാണായാമംമൂലം ഇന്ദ്രിയദോഷങ്ങൾ ദഹിക്കുകയും മനസ്സ് നിർമ്മലമാകുകയും ചെയ്യുന്നു. ശരീരത്തിനു കൈവരുന്ന നീരോഗത വിശേഷിച്ചു പറയേണ്ടതില്ല. (യോഗ—II. 28; മനു—VI. 71; ഗീത—VI. 11–17)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വം സംശയബന്ധം	സകല സംശയക്കെട്ടും
വിഷയജാലാൻ ച ഛിത്വാ	വിഷയജാലങ്ങളും അറുത്തുനീക്കിയും
ഗതമോഹാഃ യതയഃ	മോഹമുക്തി നേടിയ യതികൾ
യം പശ്യന്തി	ഏതുവനെയാണോ ദർശിക്കുന്നത്,
രത്നകിരീടം	മണിക്കിരീടധാരിയും
രവിഭാസം തം ഈശം	ദിനകരപ്രഭനുമായ ആ ഈശനെ,
രാമം വന്ദേ	രാമനെ, വന്ദിക്കുന്നു.

മായാതീതം മാധവമാദ്യം ജഗദാദിം
മാനാതീതം മോഹവിനാശം മുനിവന്ദ്യം
യോഗിധ്യേയം യോഗവിധാനം പരിപൂർണ്ണം
വന്ദേ രാമം രഞ്ജിതലോകം രമണീയം. 12

മായാതീതം ആദ്യം	മായാതീതമായ ആദിതത്ത്വം,
മാനാതീതം ജഗദാദിം	മാനാതീതൻ, ഉലകത്തിനാവിടം,
യോഗിധ്യേയം	യോഗികൾക്കു ധ്യാനവിഷയം,
യോഗവിധാനം	യോഗത്തിന്റെ പരമാചാര്യൻ,
പരിപൂർണ്ണം മോഹവിനാശം	പരിപൂർണ്ണൻ, മോഹമൊഴിപ്പവൻ,
മുനിവന്ദ്യം രഞ്ജിതലോകം	മുനിവന്ദ്യൻ, ലോകരഞ്ജകൻ,
രമണീയം മാധവം	ചാരുരൂപൻ, രമാപതി, (ഇങ്ങനെയുള്ള)
രാമം വന്ദേ	രാമനെ വണങ്ങുകയാണ് (ഞാൻ).

മായാതീതനായ രാമൻ മാധവനത്രേ. മാ = ലക്ഷ്മി. ലക്ഷ്മി അനാദിയായ മൂലപ്രകൃതിയാകുന്നു. പ്രകൃതിയുടെ നിയാമകൻ രാമനാകയാൽ താൻ മാധവൻ താനെന്ന. എല്ലാ ഭൂതങ്ങളും തന്നിൽനിന്ന് ആവിർഭവിക്കുന്നു—"യതോ വാ ഇമാനി ഭൂതാനി ജായന്തേ." അപരിമേയനാകയാൽ മാനാതീതൻ. പ്രത്യക്ഷാനുമാനാദി പ്രമാണങ്ങൾ അദ്ദേഹത്തെ ആകലനംചെയ്യാനുതകിയേക്കാമെങ്കിലും അറിവു പകരാൻപോരുന്നവയല്ല. ശരിയായ അറിവ് അനുഭവമാണ്. അതു തിരുകൃപയുടെ വരദാനമാകുന്നു—"യമേവൈഷ വൃണുതേ തേനലഭ്യഃ" മോഹമെല്ലാം അവിടുത്തെ സവിധത്തിൽ വിലയംകൊള്ളുന്നു—"ഛിദ്യന്തേ സർവ്വസംശയാഃ." താൻ യോഗികൾക്കു ധ്യേയനാണ്. യോഗേശ്വരനുമാണ്. (ഗീത—18. 78). വിവസ്വാനു താനാണ് യോഗം ഉപദേശിച്ചതെന്നു ഭഗവാൻ. (ഗീത—4. 1). രാമൻ എങ്ങും നിറഞ്ഞു വിളങ്ങുന്നവൻ—പരിപൂർണ്ണൻ. ലോകരഞ്ജനം തന്റെ സ്വാഭാവികധർമ്മമാണുതാനും.

ഭാവാഭാവപ്രത്യയഹീനം ഭവമുഖ്യൈർ—
യോഗാസക്തൈരർച്ചിതപാദാംബുജയുഗ്മം
നിത്യം ശുദ്ധം ബുദ്ധമനന്തം പ്രണവാഖ്യം
വന്ദേ രാമം വീരമശേഷാ സുരദാവം. 13

ഭാവാഭാവപ്രത്യയഹീനം	ഉണ്ടു, ഇല്ലാന്നു എന്നീ ധാരണകൾക്ക്
യോഗാസക്തൈഃ	അതീതനും യോഗനിരതരായ
ഭവമുഖ്യൈഃ	ശങ്കരാദികളാൽ
അർച്ചിതപാദാംബുജയുഗ്മം	സംപൂജിതമായ കാൽത്താരിണയുള്ളവനും
നിത്യം ശുദ്ധം ബുദ്ധം	നിത്യ—ശുദ്ധ—ബുദ്ധനും
അനന്തം പ്രണവാഖ്യം	അനന്തനും ഓം എന്ന നാമമുടയവനും
അശേഷാസുരദാവം	അസുരരെ അശേഷം ഭസ്മീകരിച്ച
വീരം രാമം വന്ദേ	ധീരനുമായ രാമനെ ഞാൻ നമസ്കരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉണ്ട്, ഇല്ല എന്നൊക്കെയുള്ള സങ്കല്പവികല്പങ്ങൾക്ക പ്രസക്തിയില്ല പരംപൊരുളിൽ. അതു വിതർക്കവിഷയമല്ല എന്നു ഭാവം. അറിയാം എന്നു മാത്രം. ''വാക്കുകൊണ്ടു വിവരിക്കാനാവില്ല, അന്തഃകരണംകൊണ്ടറിയാം'' എന്നാണ് അനുഭവസ്ഥരുടെ മതം. നിത്യം, ശുദ്ധം ഇത്യാദി വിശേഷണങ്ങൾ പരമാത്മാവിനു മാത്രമേ ചേരൂ. തന്റെ നാമമാണ് 'ഓം'. ''തസ്യ വാചകഃ പ്രണവഃ.'' വേദത്തിലെ പ്രണവം താനാണെന്ന് ഗീതാകാരൻ. (ഗീത—X. 25)

ത്വം മേ നാഥോ നാഥിതകാര്യാഖിലകാരീ
മാനാതീതോ മാധവരൂപോഽഖിലധാരീ
ഭക്ത്യാ ഗമ്യോ ഭാവിതരൂപോ ഭവഹാരീ
യോഗാഭ്യാസൈർഭാവിതചേതഃസഹചാരീ. 14

ത്വം മേ നാഥഃ	നീയാണ് എന്റെ നാഥൻ.
നാഥിത കാര്യാഖിലകാരീ	പ്രാർത്ഥിതകാര്യങ്ങളെല്ലാം തന്നരുളുന്നവൻ.
മാനാതീതഃ മാധവരൂപഃ	സീമയററവൻ, മാധവരൂപൻ.
അഖിലധാരീ	എല്ലാററിനുമാധാരം.
ഭക്ത്യാ ഗമ്യഃ	പ്രേമത്താൽ പ്രാപ്യൻ.
ഭാവിതരൂപഃ	(ഭക്തി)ഭാവിതമായ രൂപമുള്ളവൻ.
ഭവഹാരീ	സംസാരക്ലേശമകററുന്നവൻ.
യോഗാഭ്യാസൈഃ	യോഗചര്യകളാൽ
ഭാവിതചേതസ്സഹചാരീ	പാവനതയാർന്ന ചേതസ്സോടൊത്തു ചരിപ്പവൻ.

ഭക്തിയും യോഗവും സമന്വയിക്കപ്പെടുകയാണിവിടെ. പരമമായ പ്രേമമാണല്ലോ ഭക്തി. ''സാ പരാനുരക്തിരീശ്വരേ.'' ഭഗവത്പ്രാപ്തിക്ക് ഏററവും മികച്ച ഉപാധിയും അതുതന്നെ. പാവനമായ മനസ്സിലേ പ്രേമം പുലരൂ. മനസ്സു പാവനമാകുന്നതു് യോഗചര്യയിലൂടെയാണ്. ശുദ്ധചേതസ്സിൽ ഭഗവദ്രൂപം നിരന്തരം സ്ഫുരിക്കുന്നു.

ത്വാമാദ്യന്തം ലോകതതീനാം പരമീശം
ലോകാനാം നോ ലൗകികമാനൈരധിഗമ്യം
ഭക്തിശ്രദ്ധാഭാവസമേതൈർഭജനീയം
വന്ദേ രാമം സുന്ദരമിന്ദീവരനീലം. 15

ലോകതതീനാം ആദ്യന്തം	ലോകതതിക്ക് ആദിയുമന്തവുമായോനും
ലോകാനാം പരം ഈശം	ഉലകങ്ങളുടെ പരമാധ്യക്ഷനും
ലൗകികമാനൈഃ	ലൗകികപ്രമാണങ്ങളാൽ
നോ അധിഗമ്യം	അറിയാനാവാത്തവനും
ഭക്തിശ്രദ്ധാഭാവസമേതൈഃ	ഭക്തിയും ശ്രദ്ധാഭാവവുമുള്ളവക്ക
ഭജനീയം ഇന്ദീവരനീലം	ഭജനീയനും നീലത്താമരയുടെ നിറമാർന്നവനും
സുന്ദരം ത്വാം രാമം	സുന്ദരനുമായ നിന്നെ, രാമനെ
വന്ദേ	ഞാൻ വന്ദിക്കുന്നു.

പ്രമാണങ്ങളുടെ അപര്യാപ്തത 12–ാം ശ്ലോകത്തിൽ സൂചിപ്പിച്ചു. പ്രേമം ഒന്നു മാത്രമേ ഭഗവത്പ്രാപ്തിക്ക് ഉതകൂ എന്നു വീണ്ടും ആവർത്തിക്കുകയാണ്. ഗ്രന്ഥകാരന്റെ സിദ്ധാന്തപക്ഷം അതാണല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കോ വാ ജ്ഞാതും ത്വാമതിമാനം ഗതമാനം
മായാസക്തോ മാധവ ശക്തോ മുനിമാന്യം
വൃന്ദാരണ്യേ വന്ദിതവൃന്ദാരകവൃന്ദം
വന്ദേ രാമം ഭവമുഖവന്ദ്യം സുഖകന്ദം. 16

മാധവ, അതിമാനം	അല്ലയോ മാധവ, അളവിനും
ഗതമാനം	ദുഃഖത്തിനും അവിധേയനും
മുനിമാന്യം ത്വാം മായാസക്തഃ	മുനിമാർക്കും അനന്യനായ നിന്നെ മായയി–
കഃ വാ ജ്ഞാതും ശക്തഃ	ലാണ്ട ആർക്കാണറിയാൻകഴിയുക?
വൃന്ദാരണ്യേ	(കൃഷ്ണാവതാരകാലത്ത്) *വൃന്ദാവനത്തിൽ-
വന്ദിതവൃന്ദാരകവൃന്ദം	വച്ച് ദേവവൃന്ദങ്ങളാൽ വണങ്ങപ്പെടുന്ന–
ഭവമുഖവന്ദ്യം	വനും ശങ്കരാദികൾക്ക് ആരാധ്യനും
സുഖകന്ദം രാമം	ആനന്ദക്കാമ്പും രമണശീലനുമായ
ത്വാം വന്ദേ	നിന്നെ ഞാൻ കുമ്പിടുന്നു.

നാനാശാസ്ത്രൈർവേദകദംബൈഃ പ്രതിപാദ്യം
നിത്യാനന്ദം നിർവ്വിഷയജ്ഞാനമനാദിം
മത്സേവാർത്ഥം മാനുഷഭാവം പ്രതിപന്നം
വന്ദേ രാമം മരകതവർണ്ണം മഥുരേശം. 17

നിത്യാനന്ദം	(സ്വയം) നിത്യമായ ആനന്ദവും
നിർവ്വിഷയജ്ഞാനം	വിഷയസ്പർശമേശാത്ത അറിവും
വേദകദംബൈഃ നാനാശാസ്ത്രൈഃ	നാനാവേദശാസ്ത്രതതികൾ
പ്രതിപാദ്യം അനാദിം	പ്രതിപാദ്യമായ അനാദി (തത്ത്വമാ–
മത്സേവാർത്ഥം	ണെങ്കിലും) എന്നെയനുഗ്രഹിപ്പാൻ
മാനുഷഭാവം പ്രതിപന്നം	മാനുഷഭാവം പൂണ്ട,
മരകതവർണ്ണം മഥുരേശം	മരകതനിറമുടയ, മഥുരാനാഥനെ,
രാമം വന്ദേ	രാമനെ, നമിക്കുന്നു.

കൃഷ്ണാവതാരകാലത്താണ് ഭഗവാൻ മഥുരേശനാകുന്നത്. രാമനും കൃഷ്ണനും ഒന്നാകയാൽ ഒരുവന്റെ വിശേഷണം മറേറയാളിനും ചേരും. സർവ്വജ്ഞനായ ബ്രഹ്മാവാണല്ലോ പോരെങ്കിൽ സ്തോത്രകർത്താവ്.

ശ്രദ്ധായുക്തോ യഃ പഠതീമം സ്തവമാദ്യം
ബ്രാഹ്മം ബ്രഹ്മജ്ഞാനവിധാനം ഭുവി മർത്ത്യഃ
രാമം ശ്യാമം കാമിതകാമപ്രദമീശം
ധ്യാത്വാ ധ്യാതാ പാതകജാലൈർവ്വിഗതഃ സ്യാത്.

കാമിതകാമപ്രദം	കാമിച്ച കാമമേകുന്നവനും
ശ്യാമം ഈശം രാമം	ശ്യാമനും ഈശനുമായ രാമനെ
ധ്യാത്വാ ബ്രാഹ്മം	നിനച്ചുകൊണ്ട്, ബ്രഹ്മരചിതവും
ബ്രഹ്മജ്ഞാനവിധാനം	ബ്രഹ്മജ്ഞാനമുളവാക്കുന്നതും
ആദ്യം ഇമം സ്തവം	പ്രമുഖവുമായ ഈ സ്തോത്രം
ധ്യാതാ ശ്രദ്ധായുക്തഃ	ധ്യാനശീലനും ശ്രദ്ധാസമേതനുമായ
യഃ മർത്ത്യഃ ഭുവി പഠതി	ഏതൊരാൾ ഈ ഭൂമിയിൽ പഠിക്കുന്നുവോ,

* ''രാമഃ ശസ്ത്രഭൃതാമഹം'' (ശസ്ത്രധാരികളിൽ രാമനാണു ഞാൻ) എന്നു സ്വയം കൃഷ്ണൻ പറയുന്നുണ്ട്. (ഗീത—X. 31)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഃ പാതകജാലൈഃ വിഗതഃ സ്യാത് — അവൻ പാപജാലത്തിൽനിന്നു വിട്ടതൽ നേടും.

ശ്രുത്വാ സ്തുതിം ലോകഗുരോർവ്വിഭാവസുഃ
സ്വാങ്കേ സമാദായ വിദേഹപുത്രികാം
വിഭ്രാജമാനാം വിമലാരുണദ്യുതിം
രക്താംബരാം ദിവ്യവിഭൂഷണാന്വിതാം. 19

പ്രോവാച സാക്ഷീ ജഗതാം രഘൂത്തമം
പ്രപന്നസർവ്വാർത്തിഹരം ഹുതാശനഃ
ഗൃഹാണ ദേവീം രഘുനാഥ, ജാനകീം
പുരാ ത്വയാ മയ്യവരോപിതാം വനേ. 20

ലോകഗുരോഃ സ്തുതിം — ലോകഗുരുവിന്റെ (ബ്രഹ്മാവിന്റെ) സ്തുതി
ശ്രുത്വാ ജഗതാം സാക്ഷീ — കേട്ടതിനുശേഷം ജഗത്സാക്ഷിയും
ഹുതാശനഃ വിഭാവസുഃ — ഹോമിപ്പതു് അശിപ്പവനായ അഗ്നി,
രക്താംബരാം — ചെഞ്ചേല ചാർത്തിയും
ദിവ്യവിഭൂഷണാന്വിതാം — ദിവ്യാഭരണമണിഞ്ഞും
വിമലാരുണദ്യുതിം — വിമലമായ ശോണകാന്തി ചിന്തിയും
വിഭ്രാജമാനാം — സവിശേഷം വിളങ്ങുന്ന
വിദേഹപുത്രികാം — ജനകപുത്രിയെ
സ്വാങ്കേ സമാദായ (ആഗത്യ) — തന്റെ മടിയിലേറ്റി (വന്നു്)
പ്രപന്നസർവ്വാർത്തിഹരം — ശരണാഗതരുടെ ശോകമെല്ലാം തീക്കുന്ന
രഘൂത്തമം പ്രോവാച — രഘുവരനോടു് ഇങ്ങനെയരുളി:

രഘുനാഥ, ത്വയാ പുരാ — രഘുനാഥ, നീ മുമ്പു്
വനേ മയി അവരോപിതാം — വനത്തിൽവച്ചു് എന്നിലർപ്പിച്ച
ജാനകീം ദേവീം ഗൃഹാണ — ജാനകീദേവിയെ കൈക്കൊണ്ടാലും.

വിധായ മായാജനകാത്മജാം ഹരേ
ദശാനനപ്രാണവിനാശനായ ച
ഹതോ ദശാസ്യഃ സഹപുത്രബാന്ധവൈഃ
നിരാകൃതോഽനേന ഭരോ ഭുവഃ പ്രഭോ. 21

ഹരേ, ദശാനനപ്രാണവിനാശനായ മായാജനകാത്മജാം വിധായ പുത്രബാന്ധവൈഃ സഹ ദശാസ്യഃ ഹതഃ — ഹരേ, ദശഗ്രീവന്റെ ജീവനാശം ലാക്കാക്കി മായാസീതയെ ചമച്ച (നീ) പുത്ര–ബാന്ധവരടക്കം രാവണനെ വധിച്ചുവല്ലോ.

പ്രഭോ, അനേന ഭുവഃ ഭരഃ നിരാകൃതഃ ച — പ്രഭോ, അതോടെ പാരിന്റെ ഭാരം ഒഴിവാകയുംചെയ്തു.

തിരോഹിതാ സാ പ്രതിബിംബരൂപിണീ
കൃതാ യദർത്ഥം കൃതകൃത്യതാം ഗതാ
തതോഽതിഹൃഷ്ടാം പരിഗൃഹ്യ ജാനകീം
രാമഃ പ്രഹൃഷ്ടഃ പ്രതിപൂജ്യ പാവകം. 22

യദർത്ഥം കൃതാ — എന്തിനായി ചമയ്ക്കപ്പെട്ടുവോ,
കൃതകൃത്യതാം ഗതാ — (അതിൽ) ചരിതാർത്ഥയായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാ പ്രതിബിംബരൂപിണീ	ആ നിഴൽരൂപി (മായാസീത)
തിരോഹിതാ	പോയിമറഞ്ഞു.
തതഃ പാവകം പ്രതിപൂജ്യ	അനന്തരം അഗ്നിയെ അഭിവാദ്യം ചെയ്ത് പ്ര
അതിഹൃഷ്ടാം ജാനകീം	തികച്ചും തുഷ്ടയായ ജാനകിയെ
പരിഗൃഹ്യ രാമഃ തതഃ	കൈക്കൊണ്ട്, രാമൻ
പ്രഹൃഷ്ടഃ (അഭവത്)	പരമാനന്ദം പൂണ്ടു.

സ്വാങ്കേ സമാവേശ്യ സദാനപായിനീം
　　ശ്രിയം ത്രിലോകീജനനീം ശ്രിയഃ പതിഃ
ദൃഷ്ട്വാഥ രാമം ജനകാത്മജായുതം
　　ശ്രിയാ സ്ഫുരന്തം സുരനായകോ മുദാ
ഭക്ത്യാ ഗിരാ ഗദ്ഗദയാ സമേത്യ
　　കൃതാഞ്ജലിഃ സ്തോതുമഥോപചക്രമേ. 23

സദാ അനപായിനീം	ഒരിക്കലും പിരിയാത്തവളും
ത്രിലോകീജനനീം	മൂന്നു ലോകത്തിനും മാതാവുമായ
ശ്രിയം ശ്രിയഃ പതിഃ	ശ്രീദേവിയെ ശ്രീപതി
സ്വാങ്കേ സമാവേശ്യ (സ്ഥിതഃ)	തന്റെ മടിയിലേറ്റി (സ്ഥിതിചെയ്തു).
അഥ ശ്രിയാ സ്ഫുരന്തം	അനന്തരം കാന്തിയാൽ തിളങ്ങുന്നവനും
ജനകാത്മജായുതം രാമം	സീതാസമേതനുമായ രാമനെ
മുദാ സമേത്യ ദൃഷ്ട്വാ	സന്തോഷം അരികിലണഞ്ഞു ദർശിച്ച്,
കൃതാഞ്ജലിഃ സുരനായകഃ	മുകുളിതപാണി ദേവേന്ദ്രൻ
ഭക്ത്യാ ഗദ്ഗദയാ ഗിരാ	ഭക്തിയാൽ ഗദ്ഗദമാന്ന വാക്കുകളിൽ
സ്തോതും ഉപചക്രമേ	സ്തുതിച്ചുതുടങ്ങി.

ഇന്ദ്ര ഉവാച: ഇന്ദ്രൻ അരുളി

ഭജേഹം സദാ രാമമിന്ദീവരാഭം
　　ഭവാരണ്യദാവാനലാഭാഭിധാനം
ഭവാനീഹൃദാ ഭാവിതാനന്ദരൂപം
　　ഭവാഭാവഹേതും ഭവാദിപ്രപന്നം. 24

ഭവാരണ്യദാവാനലാഭാ-	സംസാരവനത്തിനു ദാവാനലതുല്യമായ
ഭിധാനം ഭവാനീഹൃദാ	നാമമുള്ളവനും ഉമാദേവി മനതാരിൽ
ഭാവിതാനന്ദരൂപം	നിനയ്ക്കുമാനന്ദരൂപത്തിനുടമയും
ഭവാഭാവഹേതും	ഭവപരിഹാരത്തിനു ഹേതുഭൂതനും
ഭവാദിപ്രപന്നം	ശങ്കരാദികൾക്കാശ്രയമായവനും
ഇന്ദീവരാഭം	നീലത്താമരയുടെ കാന്തിയെഴുന്നവനുമായ
രാമം അഹം സദാ ഭജേ	രാമനെ ഞാനെപ്പോഴും ഭജിക്കുന്നു.

സുരാനീകദുഃഖൗഘനാശൈകഹേതും
　　നരാകാരദേഹം നിരാകാരമീഡ്യം
പരേശം പരാനന്ദരൂപം വരേണ്യം
　　ഹരിം രാമമീശം ഭജേ ഭാരനാശം. 25

സുരാനീകദുഃഖൗഘ-	സുരഗണങ്ങളുടെ ശോകതതി
നാശൈകഹേതും	തീർക്കാൻ ഏകഹേതു,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നരാകാരദേഹം	നരന്റെ രൂപവും ഉടലും പേറിയവൻ,
നിരാകാരം ഈഡ്യം	(പക്ഷേ) അരൂപി, സ്തുത്യൻ,
പരേശം പരാനന്ദരൂപം	പരമേശ്വരൻ, പരമാനന്ദത്തിടമ്പ്,
വരേണ്യം ഭാരനാശം	വരണീയൻ, ഭൂഭാരം പോക്കുന്നവൻ,
ഹരിം ഈശം	ഹരി, ഈശൻ (എല്ലാമായ)
രാമം ഭജേ	രാമനെ ഭജിക്കയാണ് ഞാൻ.

പ്രപന്നാഖിലാനന്ദദോഹം പ്രസന്നം
പ്രപന്നാർത്തിനിശ്ശേഷനാശാഭിധാനം
തപോയോഗയോഗീശഭാവാഭിഭാവ്യം
കപീശാദിമിത്രം ഭജേ രാമമിത്രം. 26

പ്രപന്നാഖിലാനന്ദദോഹം	ശരണാഗതർക്ക് അഖിലാനന്ദവുമേകുവോൻ
പ്രസന്നം പ്രപന്നാർത്തി–	പ്രസന്നൻ, ആശ്രിതരുടെ അഴൽ
നിശ്ശേഷനാശാഭിധാനം	അശേഷമൊഴിവാക്കും നാമമുള്ളവൻ,
തപോയോഗയോഗീശ	തപോയോഗങ്ങളിലൂടെ യോഗീശ്വരർക്ക്
ഭാവാഭിഭാവ്യം	ഭക്തിപൂർവ്വം ധ്യാനിപ്പാനുതകുന്നവൻ,
കപീശാദിമിത്രം	(സുഗ്രീവാദി) കപിവരരുടെ ഉററവൻ, തോഴൻ
ഭജേ രാമമിത്രം	(ഇങ്ങനെയുള്ള) രാമനെ ഞാൻ ഭജിക്കുന്നു.

സദാഭോഗഭാജാം സുദൂരേ വിഭാന്തം
സദാ യോഗഭാജാമദൂരേ വിഭാന്തം
ചിദാനന്ദകന്ദം സദാ രാഘവേശം
വിദേഹാത്മജാനന്ദരൂപം പ്രപദ്യേ. 27

ഭോഗഭാജാം സദാ	ഭോഗക്കൊതിയന്മാർക്ക് എന്നും
സുദൂരേ വിഭാന്തം യോഗഭാജാം	വിദൂരവർത്തിയും യോഗനിഷ്ഠർക്ക്
സദാ അദൂരേ വിഭാന്തം	എപ്പോഴും അരികിൽ വിരാജിപ്പവനും
ചിദാനന്ദകന്ദം	ചിദാനന്ദത്തിന്റെ മൂലവും
വിദേഹാത്മജാനന്ദരൂപം	വിദേഹജയ്ക്ക് ആനന്ദത്തിടമ്പുമായ
രാഘവേശം	രാഘവേന്ദ്രനെ
സദാ പ്രപദ്യേ	എന്നെന്നും ആശ്രയിക്കയാണ് (ഞാൻ).

മഹായോഗമായാവിശേഷാനുയുക്തോ
വിഭാസീശ, ലീലാനരാകാരവൃത്തിഃ
ത്വദാനന്ദലീലാകഥാപൂർണ്ണകർണ്ണാഃ
സദാനന്ദരൂപാ ഭവന്തീഹലോകേ. 28

മഹായോഗമായാ–	മഹത്തായ യോഗമായയുടെ
വിശേഷാനുയുക്തഃ	വൈശിഷ്ട്യം പേറി,
ലീലാനരാകാരവൃത്തിഃ	ലീലയാൽ നരരൂപവും ചര്യയുമാർന്നു
വിഭാസി, ഈശ	വിലസുകയാണ് നീ ഭഗവാനേ!
ത്വദാനന്ദലീലാ–	നിന്റെ ആനന്ദലീലയുടെ
കഥാപൂർണ്ണകർണ്ണാഃ	കഥ (കേട്ടു) കാതു നിറഞ്ഞവർ
ഇഹലോകേ സദാ	ഇഹലോകത്തിൽ സദാ
ആനന്ദരൂപാഃ ഭവന്തി	ആനന്ദരൂപരായി വർത്തിച്ചുപോരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം മാനപാനാഭിമത്തഃ പ്രമത്തോ
    ന വേദാഖിലേശാഭിമാനാഭിമാനഃ
ഇദാനീം ഭവത്പാദപദ്മപ്രസാദാത്
    ത്രിലോകാധിപത്യാഭിമാനോ വിനഷ്ടഃ. 29

പ്രമത്തഃ അഹം	വഴിതെററിയ ഞാൻ
മാനപാനാഭിമത്തഃ	അഭിമാനത്തിലും (സോമ)പാനത്തിലും
(ആസം)	മതിമറന്നു കഴിഞ്ഞുപോന്നു.
അഖിലേശാഭിമാനാഭിമാനഃ	അഖിലേശനെന്ന് അഭിമാനഗർവ്വംകൊണ്ടു
(അഹം തത്ത്വം) ന വേദ	(എനിക്ക് തത്ത്വം)അറിയാനിടയായില്ല.
ഭവത് പാദപദ്മപ്രസാദാത്	അവിടത്തെ കാൽത്താരിൻകനിവാൽ
ത്രിലോകാധിപത്യാഭിമാനഃ	ത്രിലോകപതിയെന്ന (എന്റെ) ഗർവ്വം
ഇദാനീം വിനഷ്ടഃ	ഇപ്പോഴം തകർന്നടിഞ്ഞിരിക്കയാണ്.

സ്ഫുരദ്രത്നകേയൂരഹാരാഭിരാമം
    ധരാഭാരഭൂതാസുരാനീകദാവം
ശരച്ചന്ദ്രവക്ത്രം ലസത്പദ്മനേത്രം
    ദുരാവാരപാരം ഭജേ രാഘവേശം. 30

സ്ഫുരദ്രത്ന–	രത്നപ്രഭചൊരിയുന്ന
കേയൂരഹാരാഭിരാമം	ഹാരകേയൂരങ്ങളാൽ അഴകാർന്നവനും
ധരാഭാരഭൂതാസുരാനീക–	ഭൂവിനു ഭാരഭൂതരായ അസുരസൈനികർക്കു
ദാവം ശരച്ചന്ദ്രവക്ത്രം	കാട്ടുതീയായവനും ശരച്ചന്ദ്രമുഖനും
ലസത് പദ്മനേത്രം	വിരിഞ്ഞ താമരയ്ക്കൊത്ത മിഴിയുള്ളവനും
ദുരാവാരപാരം	ആദ്യന്തമററവനുമായ
രാഘവേശം ഭജേ	രാഘവേശനെ ഞാൻ ഭജിക്കുന്നു.

അവാരം = ഇക്കര. പാരം = അക്കര. ഇരുപാടും ദുർഗ്രഹമായവൻ ദുരാവാരപാരൻ. പരമപുരുഷൻ ഉണ്ടായതല്ല. എന്നും ഉള്ളതാണ്. ഉണ്ടായതിനേ ആദിയും അന്തവും പ്രസക്തമാകൂ. എന്നും ഉള്ളതിന് ആദിയുമില്ല, അന്തവുമില്ല. എന്നെങ്കിലും ഇല്ലാതിരുന്നെങ്കിലല്ലേ എന്നുണ്ടായി എന്ന ചോദ്യമുദിക്കൂ? എന്നും ഉള്ളതിനു നാശവുമില്ലല്ലോ. അസത്തിനു ഭാവമില്ല. സത്തിന് (ഉണ്മയ്ക്ക്) അഭാവവുമില്ല. ''നാഽസതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സതഃ.'' (ഗീത—II. 16)

സുരാധീശനീലാഭ്രനീലാംഗകാന്തിം
    വിരാധാദിരക്ഷോവധാത് ലോകശാന്തിം
കിരീടാദിശോഭം പുരാരാതിലാഭം
    ഭജേ രാമചന്ദ്രം രഘൂണാമധീശം. 31

സുരാധീശനീലാഭ്ര–	ഇന്ദ്രനീലക്കല്ലിനും നീലമുകിലിനുമൊത്ത
നീലാംഗകാന്തിം	അംഗകാന്തിയിയന്നവനും
വിരാധാദിരക്ഷോവധാത്	വിരാധാദി രാക്ഷസരെ വധിക്കയാൽ
ലോകശാന്തിം (വിചിന്വന്തം)	ലോകത്തിനു ശാന്തിയേകുവോനും
കിരീടാദിശോഭം	കിരീടാദിയാൽ പ്രശോഭിക്കുന്നവനും
പുരാരാതിലാഭം	പരമശിവന് പരമധനമായവനും
രഘൂണാം അധീശം	രഘുക്കൾക്ക് അധീശനുമായ
രാമചന്ദ്രം ഭജേ	രാമചന്ദ്രനെ ഭജിക്കയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലസച്ചന്ദ്രകോടിപ്രകാശാദിപീഠേ
സമാസീനമങ്കേ സമാധായ സീതാം
സ്ഫുരദ്ധേമവർണ്ണാം തഡിത്പുഞ്ജഭാസാം
ഭജേ രാമചന്ദ്രം നിവൃത്താർത്തിതന്ദ്രം. 32

സ്ഫുരദ്ധേമവർണ്ണാം	തിളങ്ങുന്ന കനകത്തിന്റെ നിറവും
തഡിത്പുഞ്ജഭാസാം	മിന്നൽപ്പിണരിന്റെ ദീപ്തിയുമുള്ള
സീതാം അങ്കേ സമാധായ	സീതയെ മടിയിലേററി,
ലസച്ചന്ദ്രകോടിപ്രകാശാ–	കോടി പൂർണ്ണചന്ദ്രന്മാരുടെ ഒളിപെറുന്ന
ദിപീഠേ സമാസീനം	ആദിപീഠത്തിൽ ഇരുന്നരുളുന്നവനും
നിവൃത്താർത്തിതന്ദ്രം	ശോകാലസ്യങ്ങൾക്ക് അതീതനുമായ
രാമചന്ദ്രം ഭജേ	രാമചന്ദ്രനെ ഞാൻ ഭജിക്കുന്നു.

തതഃ പ്രോവാച ഭഗവാൻ ഭവാന്യാ സഹിതോ ഭവഃ
രാമം കമലപത്രാക്ഷം വിമാനസ്ഥോ നഭഃസ്ഥലേ. 33

തതഃ ഭവാന്യാ സഹിതഃ	അനന്തരം ഭവാനീസമേതൻ
ഭഗവാൻ ഭവഃ	ഭഗവാൻ പരമശിവൻ
നഭഃസ്ഥലേ വിമാനസ്ഥഃ	വിണ്ടലത്തിൽ വിമാനത്തിലിരുന്നുകൊ–
കമലപത്രാക്ഷം രാമം	ണ്ട്, കമലലോചനനായ രാമനോട്
പ്രോവാച	അരുൾചെയ്തു.

ആഗമിഷ്യാമ്യയോധ്യായാം ദ്രഷ്ടും ത്വാം രാജ്യസത്കൃതം
ഇദാനീം പശ്യ പിതരമസ്യ ദേഹസ്യ രാഘവ. 34

രാഘവ ത്വാം	രാഘവ, അങ്ങയെ
രാജ്യസത്കൃതം ദ്രഷ്ടും	രാജ്യാഭിഷിക്തനായി കാണാൻ
അഹം അയോധ്യായാം	ഞാൻ അയോധ്യയിൽ
ആഗമിഷ്യാമി	വരുന്നുണ്ട്.
ഇദാനീം അസ്യ ദേഹസ്യ	ഇപ്പോൾ ഈ ഉടലിന്റെ
പിതരം പശ്യ	പിതാവിനെ ദർശിച്ചാലും.

തതോഽപശ്യദ്വിമാനസ്ഥം രാമോ ദശരഥം പുരഃ
നനാമ ശിരസാ പാദൌ മുദാ ഭക്ത്യാ സഹാനുജഃ. 35

വിമാനസ്ഥം പിതരം ദശരഥം	വിമാനത്തിലിരുന്ന താതദശരഥനെ
തതഃ രാമഃ പുരഃ അപശ്യത്	പിന്നെ രാമൻ മുമ്പിൽ കണ്ടു.
സഹാനുജഃ മുദാ	അനുജനോടൊത്തു് ആനന്ദത്തോടെ,
ഭക്ത്യാ പാദൌ	ഭക്തിയോടെ, (താതന്റെ) കഴലിണ
ശിരസാ നനാമ	ശിരസാ വണങ്ങി.

ആലിംഗ്യ മൂർധ്നി അവഘ്രായ രാമം ദശരഥോഽബ്രവീത്
താരിതോഽസ്മി ത്വയാ വത്സ സംസാരാത് ദുഃഖസാഗരാത്. 36

രാമം ആലിംഗ്യ മൂർധ്നി	രാമനെ വാരിപ്പുണർന്നു്, നിറുകയിൽ
അവഘ്രായ ദശരഥഃ അബ്രവീത്	മുകർന്നു് ദശരഥൻ അരുൾചെയ്തു:
വത്സ ദുഃഖസാഗരാത്	ഉണ്ണീ, ശോകസാഗരമായ
സംസാരാത് ത്വയാ	സംസാരത്തിൽനിന്നു് നീ എന്നെ
താരിതഃ അസ്മി	കരകേററിയിരിക്കയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്ത്വാ പുനരാലിംഗ്യ യയൗ രാമേണ പൂജിതഃ
രാമോഽപി ദേവരാജം തം ദൃഷ്ട്വാ പ്രാഹ കൃതാഞ്ജലിം. 37

ഇതി ഉക്ത്വാ	ഇത്രയും ചൊന്നതിനുശേഷം
പുനഃ ആലിംഗ്യ	(മകനെ) വീണ്ടും പുണർന്നു;
രാമേണ പൂജിതഃ (സൻ)	രാമനാൽ സംപൂജിതനായ
ദശരഥഃ യയൗ	ദശരഥൻ തിരിച്ചുപോകയുംചെയ്തു.
രാമഃ അപി കൃതാഞ്ജലിം	രാമനാകട്ടെ, കൈകൂപ്പിനില്ക്കുന്ന
തം ദേവരാജം ദൃഷ്ട്വാ	ആ ദേവരാജനെ നോക്കി
പ്രാഹ	ഇങ്ങനെ ഓതി.

മത്കൃതേ നിഹതാൻ സംഖ്യേ വാനരാൻ പതിതാൻ ഭുവി
ജീവയാശു സുധാവൃഷ്ട്യാ സഹസ്രാക്ഷ, മദാജ്ഞയാ. 38

സഹസ്രാക്ഷ മത്കൃതേ	ഇന്ദ്ര, എനിക്കുവേണ്ടി
സംഖ്യേ നിഹതാൻ	യുദ്ധത്തിൽ കൊല്ലപ്പെട്ട
ഭുവിപതിതാൻ വാനരാൻ	നിലംപററിയ വാനരരെ(യെല്ലാം)
മമ ആജ്ഞയാ സുധാവൃഷ്ട്യാ	എന്റെ ആജ്ഞപ്രകാരം അമൃതവൃഷ്ടിയാൽ
ആശു ജീവയ	സത്വരം ജീവിപ്പിക്കുക.

തഥേത്യമൃതവൃഷ്ട്യാ താൻ ജീവയാമാസ വാനരാൻ
യേ യേ മൃതാഃ മൃധേ പൂർവ്വം തേ തേ സുപ്തോത്ഥിതാ ഇവ
പൂർവ്വവദ് ബലിനോ ഹൃഷ്ടാ രാമപാർശ്വമുപായയുഃ. 39

തഥാ ഇതി	അങ്ങനെയെന്നു് (സമ്മതിച്ച്)
അമൃതവൃഷ്ട്യാ താൻ വാനരാൻ	അമൃതവർഷത്താൽ ആ കപികളെ
ജീവയാമാസ	(ഇന്ദ്രൻ) ജീവിപ്പിച്ചു.
പൂർവ്വം യേ യേ	നേരത്തേ ആരെല്ലാം
മൃധേ മൃതാഃ	അടരിൽ ഉയിർവിട്ടുവോ
തേ തേ സുപ്തോത്ഥിതാ ഇവ	അവരെല്ലാം(തന്നെ) ഉറങ്ങിയുണർന്നമാ-
പൂർവ്വവത് ബലിനഃ	തിരി മുന്നേപ്പോലെ പ്രബലരും
ഹൃഷ്ടാഃ രാമപാർശ്വം ഉപായയുഃ	പ്രഹൃഷ്ടരുമായി രാമന്നരികിലെത്തി.

നോത്ഥിതാഃ രാക്ഷസാസ്തത്ര പീയൂഷസ്പർശനാദപി
വിഭീഷണസ്തു സാഷ്ടാംഗം പ്രണിപത്യാബ്രവീദ്വചഃ. 40

പീയൂഷസ്പർശനാത് അപി	പീയൂഷസ്പർശംകൊണ്ടുപോലും
തത്ര രാക്ഷസാഃ ന ഉത്ഥിതാഃ	അവിടെ (കിടന്ന) രാക്ഷസർ ഉണർന്നില്ല.*
വിഭീഷണഃ തു സാഷ്ടാംഗം	(അപ്പോൾ) വിഭീഷണൻ സാഷ്ടാംഗം
പ്രണിപത്യ	വണങ്ങി (രാമനോട്)
വചഃ അബ്രവീത്	ഈ വചനം ഉണർത്തിച്ചു.

ദേവ, മാമനുഗൃഹ്ണീഷ്വ യദി തേ മയ്യനുഗ്രഹഃ
മംഗലസ്നാനമദ്യ ത്വം കുരു സീതാസമന്വിതഃ. 41

* ഭഗവാന്റെ ശരമേററു് ഉയിർവെടിഞ്ഞ രാക്ഷസവീരർ മുക്തരായിക്കഴിഞ്ഞിരുന്നു. അവർക്കു വീണ്ടും സാംസാരികജീവിതത്തിലേക്കു മടങ്ങിവരേണ്ട ആവശ്യമുണ്ടായില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അലംകൃത്യ സഹ ഭ്രാത്രാ ശ്വോ ഗമിഷ്യാമഹേ വയം
വിഭീഷണവചഃ ശ്രുത്വാ പ്രത്യുവാച രഘൂത്തമഃ. 42

ദേവ മയി യദി തേ അനുഗ്രഹഃ മാം അനുഗൃഹ്ണീഷ്വ	ദേവ, എന്നിൽ അങ്ങേയ്ക്കു കനിവുണ്ടെങ്കിൽ എന്നെ അനുഗ്രഹിക്കുമാറാകണം.
ത്വം അദ്യ സീതാസമന്വിതഃ മംഗലസ്നാനം കുരു	അവിടുന്ന് ഇന്നു സീതാസമേതം മംഗലസ്നാനം ചെയ്യണം.
അലംകൃത്യ ഭ്രാത്രാ സഹ ശ്വഃ വയം ഗമിഷ്യാമഹേ	അലങ്കാരം ചാർത്തി അനുജനോടൊത്തു് നാളെ നമുക്കു് (നാട്ടിലേക്കു) തിരിക്കയും വേണം.
വിഭീഷണവചഃ ശ്രുത്വാ രഘൂത്തമഃ പ്രത്യുവാച	വിഭീഷണഭാഷിതം കേട്ട് രഘുവരൻ പ്രതിവചിച്ചു:

സുകുമാരോഽതിഭക്തോ മേ ഭരതോ മാമവേക്ഷതേ
ജടാവല്ക്കലധാരീ സ ശബ്ദബ്രഹ്മസമാഹിതഃ. 43
കഥം തേന വിനാ സ്നാനമലങ്കാരാദികം മമ
അതഃ സുഗ്രീവമുഖ്യാംസ്ത്വം പൂജയാശു വിശേഷതഃ. 44
പൂജിതേഷു കപീന്ദ്രേഷു പൂജിതോഽഹം ന സംശയഃ.

സുകുമാരഃ അതിഭക്തഃ മേ ഭരതഃ മാം അവേക്ഷതേ	മൃദുലഹൃദയനും അതിസ്നേഹിയുമായ എന്റെ (അനുജൻ) ഭരതൻ എന്നെ കാത്തിരിക്കയാണു്.
ജടാവല്ക്കലധാരീ സഃ ശബ്ദബ്രഹ്മസമാഹിതഃ (വർത്തതേ)	ജടയും മരവുരിയുമണിഞ്ഞ അവൻ ബ്രഹ്മലീനനായി കഴിയുന്നു.
തേന വിനാ മമ കഥം സ്നാനം അലങ്കാരാദികം	അവനെക്കൂടാതെ എനിക്കു് എങ്ങനെ നീരാട്ടും ചമയങ്ങളും?
അതഃ സുഗ്രീവമുഖ്യാൻ ത്വം ആശു വിശേഷതഃ പൂജയ	ആകയാൽ സുഗ്രീവാദികളെ നീ വേഗം സവിശേഷം പൂജിച്ചുകൊള്ളുക.
കപീന്ദ്രേഷു പൂജിതേഷു അഹം പൂജിതഃ ന സംശയഃ	കപീന്ദ്രർ പൂജിതരാകുമ്പോൾ ഞാനും പൂജിതനായി; സന്ദേഹം വേണ്ട.

ഇത്യുക്തോ രാഘവേണാശു സ്വർണ്ണരത്നാംബരാണി ച. 45
വവർഷ രാക്ഷസശ്രേഷ്ഠോ യഥാകാമം യഥാരുചി
തതസ്താൻ പൂജിതാൻ ദൃഷ്ട്വാ രാമോ രത്നൈശ്ച യൂഥപാൻ. 46
അഭിനന്ദ്യ യഥാന്യായം വിസസർജ്ജ ഹരീശ്വരാൻ
വിഭീഷണസമാനീതം പുഷ്പകം സൂര്യവർച്ചസം. 47
ആരുരോഹ തതോ രാമസ്തദ്വിമാനമനുത്തമം
അങ്കേ നിധായ വൈദേഹീം ലജ്ജമാനാം യശസ്വിനീം. 48
ലക്ഷ്മണേന സഹ ഭ്രാത്രാ വിക്രാന്തേന ധനുഷ്മതാ
അബ്രവീച്ച വിമാനസ്ഥഃ ശ്രീരാമഃ സർവ്വവാനരാൻ. 49
സുഗ്രീവം ഹരിരാജം ച അംഗദം ച വിഭീഷണം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവേണ ഇതി ഉക്തഃ	രാഘവനാൽ ഈവിധം അരുളപ്പെട്ട
രാക്ഷസശ്രേഷ്ഠഃ ആശു	വിഭീഷണൻ ഉടൻ
സ്വർണ്ണരത്നാംബരാണി ച	സ്വർണ്ണം, രത്നം, വസ്ത്രം ഇവയെല്ലാം
യഥാരുചി യഥാകാമം വവർഷ	യഥാരുചി വേണ്ടുവോളം വിതരണംചെയ്തു
യൂഥപാൻ ഹരീശ്വരാൻ ച	ഗണപാലകരായ കപിവരരെ
രത്നൈഃ പൂജിതാൻ ദൃഷ്ട്വാ	രത്നങ്ങളാൽ സംഭാവിതരായി കണ്ട്
രാമഃ തതഃ താൻ	രാമൻ പിന്നെ അവരെ
യഥാന്യായം അഭിനന്ദ്യ	യഥാർഹം അഭിനന്ദിച്ച്
വിസസർജ്ജ	യാത്രയാക്കി.
തതഃ രാമഃ വിഭീഷണ–	അനന്തരം രാമൻ, വിഭീഷണൻ
സമാനീതം സൂര്യവർച്ചസം	കൊണ്ടുവന്നതും ദിനകരപ്രഭതിരളുന്നതും
അനുത്തമം തത് പുഷ്പകം വിമാനം	സർവ്വോത്തമവുമായ ആ പുഷ്പകവിമാന-
ആരുരോഹ	ത്തിൽ കയറിയിരുന്നു.
ലജ്ജമാനാം യശസ്വിനീം	ലജ്ജാശീലയും യശസ്വിനിയുമായ
വൈദേഹീം അങ്കേ നിധായ	സീതയെ മടിയിലേററി
ധനുഷ്മതാ വിക്രാന്തേന	ധനുർധരനും ധീരനുമായ
ഭ്രാത്രാ സഹ വിമാനസ്ഥഃ	സോദരനോടൊത്ത് വിമാനത്തിലിരുന്ന-
ശ്രീരാമഃ സർവ്വവാനരാൻ	രുളിയ ശ്രീരാമൻ സകലവാനരരോടും
ഹരിരാജം സുഗ്രീവം ച	വാനരരാജനായ സുഗ്രീവനോടും
അംഗദം വിഭീഷണം ച	അംഗദൻ വിഭീഷണൻ എന്നിവരോടുമായി
അബ്രവീത്	കല്പിച്ചു.

മിത്രകാര്യം കൃതം സർവ്വം ഭവദ്ഭിഃ സഹ വാനരൈഃ. 50

അനുജ്ഞാതാ മയാ സർവ്വേ യഥേഷ്ടം ഗന്തുമർഹഥ
സുഗ്രീവ, പ്രതിയാഹ്യാശു കിഷ്കിന്ധാം സർവ്വസൈനികൈഃ. 51

വാനരൈഃ സഹ	വാനരന്മാരോടൊത്ത്
ഭവദ്ഭിഃ മിത്രകാര്യം	ഭവാന്മാരാൽ മിത്രകാര്യമെല്ലാം
സർവ്വം കൃതം	നിറവേററപ്പെട്ടിരിക്കുന്നു.
സർവ്വേ മയാ അനുജ്ഞാതാഃ	സകലർക്കും ഞാൻ അനുമതി തരികയാണ്.
യഥേഷ്ടം ഗന്തും അർഹഥ	യഥേഷ്ടം (തിരിച്ചു)പോകാം.
സുഗ്രീവ സർവ്വസൈനികൈഃ	സുഗ്രീവ, സകലസൈനികരുമൊത്ത്
കിഷ്കിന്ധാം പ്രതി ആശു യാഹി	കിഷ്കിന്ധയിലേക്കു നീ വേഗം മടങ്ങണം.

സ്വരാജ്യേ വസ ലങ്കായാം മമ ഭക്തോ വിഭീഷണ,
ന ത്വാം ധർഷയിതും ശക്താഃ സേന്ദ്രാ അപി ദിവൗകസഃ. 52

വിഭീഷണ മമ ഭക്തഃ ത്വം	വിഭീഷണ, എന്റെ ഭക്തനായ നീ
സ്വരാജ്യേ ലങ്കായാം വസ	സ്വരാജ്യമായ ലങ്കയിൽ വാഴുക.
സേന്ദ്രാഃ അപി ദിവൗകസഃ	ഇന്ദ്രനോടൊത്ത ദേവന്മാർ(പോലും)
ത്വാം ധർഷയിതും ന ശക്താഃ	നിന്നെ ധിക്കരിക്കാൻ ശക്തരാകയില്ല.

അയോധ്യാം ഗന്തുമിച്ഛാമി രാജധാനീം പിതുർമ്മമ
ഏവമുക്താസ്തു രാമേണ വാനരാസ്തേ മഹാബലാഃ. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഊചുഃ പ്രാഞ്ജലയഃ സർവ്വേ രാക്ഷസശ്ച വിഭീഷണഃ
അയോധ്യാം ഗന്തുമിച്ഛാമസ്ത്വയാ സഹ രഘൂത്തമ. 54

മമ പിതുഃ രാജധാനീം	(ഇനി) എന്റെ പിതൃരാജധാനിയായ
അയോധ്യാം ഗന്തും	അയോധ്യയ്ക്കു പോകാൻ
ഇച്ഛാമി	ആഗ്രഹിക്കയാണു് ഞാൻ.
രാമേണ ഏവം ഉക്താഃ	രാമനാൽ ഇങ്ങനെ അരുളപ്പെട്ട
തേ മഹാബലാഃ വാനരാഃ	ആ പ്രബലവാനരരും
രാക്ഷസഃ വിഭീഷണഃ ച സർവ്വേ	രാക്ഷസപതി വിഭീഷണനുമെല്ലാം
പ്രാഞ്ജലയഃ ഊചുഃ	തൊഴുകൈയോടെ അറിയിച്ചു:
രഘൂത്തമ ത്വയാ സഹ	രഘുവര, അങ്ങയോടൊത്തു്
അയോധ്യാം ഗന്തും	അയോധ്യയ്ക്കു പോരാൻ
ഇച്ഛാമഃ	ഞങ്ങൾക്കു് ആഗ്രഹമുണ്ടു്.

ദൃഷ്ട്വാ ത്വാമഭിഷിക്തം തു കൗസല്യാമഭിവാദ്യ ച
പശ്ചാദ് വൃണീമഹേ രാജ്യം അനുജ്ഞാം ദേഹി നഃ പ്രഭോ. 55

ത്വാം രാജ്യേ അഭിഷിക്തം	അങ്ങയെ നാട്ടിൽ അഭിഷിക്തനായി
ദൃഷ്ട്വാ കൗസല്യാം	കാണുകയും കൗസല്യാദേവിയെ
അഭിവാദ്യ ച പശ്ചാദ്	വണങ്ങുകയും ചെയ്തു് പിന്നെ
രാജ്യം വൃണീമഹേ	നാട്ടിലേക്കു പൊയ്ക്കൊള്ളാം ഞങ്ങൾ.
പ്രഭോ നഃ അനുജ്ഞാം ദേഹി	പ്രഭോ, ഞങ്ങൾക്കനുമതി തരുമാറാകണം.

രാമസ്തഥേതി സുഗ്രീവവാനരൈഃ സവിഭീഷണഃ
പുഷ്പകം സഹനുമാംശ്ച ശീഘ്രമാരോഹ സാമ്പ്രതം. 56

തഥാ ഇതി രാമഃ	അങ്ങനെയാകട്ടെ എന്നു രാമൻ
(അബ്രവീത്)	(കല്പനയായി):
സുഗ്രീവ സവിഭീഷണഃ	സുഗ്രീവ, വിഭീഷണനും
സഹനുമാൻ വാനരൈഃ ച	ഹനുമാനും വാനരരുമൊത്തു്
സാമ്പ്രതം ശീഘ്രം	നീ ഇനി ശീഘ്രം
പുഷ്പകം ആരോഹ	വിമാനത്തിൽ കേറിക്കൊള്ളുക.

തതസ്തു പുഷ്പകം ദിവ്യം സുഗ്രീവഃ സഹ സേനയാ
വിഭീഷണശ്ച സാമാത്യഃ സർവ്വേ ചാരുരുഹുർദ്രുതം. 57

തതഃ സേനയാ സഹ	അതിനുശേഷം സൈനികരുമായി
സുഗ്രീവഃ സാമാത്യഃ	സുഗ്രീവനും സചിവരോടൊത്തു്
വിഭീഷണഃ ച സർവ്വേ ദ്രുതം	വിഭീഷണനുമെല്ലാം വേഗം
ദിവ്യം പുഷ്പകം ആരുരുഹുഃ	ദിവ്യപുഷ്പകത്തിലേറി.

തേഷ്വാരൂഢേഷു സർവ്വേഷു കൗബേരം പരമാസനം
രാഘവേണാഭ്യനുജ്ഞാതമുത്പപാത വിഹായസാ. 58

തേഷു സർവ്വേഷു ആരൂഢേഷു	അവരെല്ലാം കയറിയപ്പോൾ
(തത്) കൗബേരം പരമാസനം	കുബേരന്റേതായ ആ ശ്രേഷ്ഠവാഹനം
രാഘവേണ അഭ്യനുജ്ഞാതം	രാഘവാനുമതിയോടെ
വിഹായസാ ഉത്പപാത	വിഹായസ്സിലേക്കു പറന്നുയർന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബഭൗ തേന വിമാനേന ഹംസയുക്തേന ഭാസ്വതാ
പ്രഹൃഷ്ടശ്ച തദാ രാമശ്ചതുർമ്മുഖ ഇവാപരഃ. 59

ഭാസ്വതാ തേന വിമാനേന	ഉജ്ജ്വലമായ ആ വിമാനത്തിലേറി
പ്രഹൃഷ്ടഃ രാമഃ തദാ	ആഹ്ലാദമാർന്ന രാമൻ അപ്പോൾ
ഹംസയുക്തേന അപരഃ	ഹംസവാഹനമേറിയ മറ്റൊരു
ചതുർമ്മുഖഃ ഇവ ബഭൗ	നാന്മുഖനെപ്പോലെ പ്രശോഭിച്ചു.

തതോ ബഭൗ ഭാസ്കരബിംബതുല്യം
കുബേരയാനം തപസാനുലബ്ധം
രാമേണ ശോഭാം നിതരാം പ്രപേദേ
സീതാസമേതേന സഹാനുജേന. 60

തപസാ അനുലബ്ധം (തത്)	തപസ്സാൽ ലഭിച്ച ആ
കുബേരയാനം തതഃ	കുബേരവാഹനം അന്നേരം
ഭാസ്കരബിംബതുല്യം ബഭൗ	ദിനകരബിംബത്തിനൊപ്പം വിളങ്ങി.
സീതാസമേതേന	സീതാസമേതനും
സഹാനുജേന രാമേണ	അനുജസഹിതനുമായ രാമന്റെ (സാന്നി-
നിതരാം ശോഭാം പ്രപേദേ	ധ്യത്താൽ) പരമശോഭ കൈവരിച്ചു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ത്രയോദശഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം പതിമ്മൂന്നാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം പതിന്നാല്

അയോധ്യാഗമനം—ഭരതസന്ദർശനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

പാതയിത്വാ തതശ്ചക്ഷുഃ സർവ്വതോ രഘുനന്ദനഃ
അബ്രവീൻമൈഥിലീം സീതാം രാമഃ ശശിനിഭാനനാം. 1

തതഃ സർവ്വതഃ ചക്ഷുഃ പാതയിത്വാ	അനന്തരം എമ്പാടും മിഴിയയച്ച്
രഘുനന്ദനഃ രാമഃ ശശിനിഭാനനാം	രഘുനന്ദനൻ രാമൻ, മതിമുഖിയായ
മൈഥിലീം സീതാം	മൈഥിലിയോട്, സീതയോട്,
അബ്രവീത്	ഇവ്വിധം അരുളിച്ചെയ്തു.

ചിത്രകൂടശിഖരാഗ്രസ്ഥിതാം പശ്യ ലങ്കാം മഹാപ്രഭാം
ഏതാം രണഭുവം പശ്യ മാംസകർദ്ദമപങ്കിലാം. 2

ചിത്രകൂടശിഖരാഗ്രസ്ഥിതാം	ചിത്രകൂടത്തിന്റെ ശിഖരാഗ്രത്തിൽ
മഹാപ്രഭാം ലങ്കാം	സ്ഥിതിചെയ്യുന്ന അത്യുജ്ജ്വലമായ ലങ്ക
പശ്യ	യതാ നോക്കൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാംസരക്തപങ്കിലാം	മാംസത്തിന്റെ മാലിന്യം ചളികെട്ടിയ
ഏതാം രണഭുവം പശ്യ	ഈ പോർക്കളം കാണുക.

അസുരാണാം പ്ലവംഗാനാമത്ര വൈശസനം മഹത്
അത്ര മേ നിഹതഃ ശേതേ രാവണോ രാക്ഷസേശ്വരഃ. 3

അത്ര അസുരാണാം	ഇവിടെയാണ് രാക്ഷസന്മാരുടെയും
പ്ലവംഗാനാം മഹത് വൈശസനം (അഭവത്)	കപികളുടേയും കൊടിയ കൂട്ടക്കൊല നടന്നതു്.
മേ നിഹതഃ	എന്നാൽ കൊല്ലപ്പെട്ട
രാക്ഷസേശ്വരഃ രാവണഃ	രാക്ഷസേശ്വരൻ രാവണൻ
ശേതേ അത്ര	കിടന്നതു് ഇവിടെയാണ്.

കുംഭകർണ്ണേന്ദ്രജിന്മുഖ്യാഃ സർവ്വേ ചാത്ര നിപാതിതാഃ
ഏഷ സേതുർമ്മയാ ബദ്ധഃ സാഗരേ സലിലാശയേ. 4

കുംഭകർണ്ണേന്ദ്രജിന്മുഖ്യാഃ	കുംഭകർണ്ണൻ, ഇന്ദ്രജിത്തു്
സർവ്വേ ച അത്ര	മുതലായവരെല്ലാം ഇവിടെയാണ്
നിപാതിതാഃ	വീഴ്ത്തപ്പെട്ടതു്.
സലിലാശയേ സാഗരേ	ജലരാശിയായ അലയാഴിയിൽ
മയാ ബദ്ധഃ സേതുഃ	ഞാൻ കെട്ടിയ ചിറയാണ് ഈ
ഏഷഃ	(കാണുന്നതു്).

ഏതച്ച ദൃശ്യതേ തീർത്ഥം സാഗരസ്യ മഹാത്മനഃ
സേതുബന്ധമിതി ഖ്യാതം ത്രൈലോക്യേന ച പൂജിതം. 5

മഹാത്മനഃ സാഗരസ്യ	അപാരമായ അലകടലിലെ
സേതുബന്ധം ഇതി ഖ്യാതം തീർത്ഥം	'സേതുബന്ധം' എന്ന വിഖ്യാതതീർത്ഥം
ഏതത് ദൃശ്യതേ	ഇതാ കാണപ്പെടുന്നു.
ത്രൈലോക്യേന പൂജിതം ച	ത്രിലോകപൂജിതവുമാണ് ഇതു്.

ഏതത് പവിത്രം പരമം ദർശനാത് പാതകാപഹം
അത്ര രാമേശ്വരോ ദേവോ മയാ ശംഭുഃ പ്രതിഷ്ഠിതഃ. 6

ഏതത് പരമം പവിത്രം	ഇതു് പരമപാവനവും
ദർശനാത്	ദർശനത്താൽത്തന്നെ പാപം
പാതകാപഹം	പരിഹരിക്കുന്നതുമാണ്.
അത്ര രാമേശ്വരഃ ശംഭുഃ ദേവഃ	ഇവിടെ രാമേശ്വരനെ, ശംഭുദേവനെ
മയാ പ്രതിഷ്ഠിതഃ	ഞാൻ പ്രതിഷ്ഠിച്ചിരിക്കുന്നു.

അത്ര മാം ശരണം പ്രാപ്തോ മന്ത്രിഭിശ്ച വിഭീഷണഃ
ഏഷാ സുഗ്രീവനഗരീ കിഷ്കിന്ധാ ചിത്രകാനനാ. 7

വിഭീഷണഃ മന്ത്രിഭിഃ ച	വിഭീഷണൻ മന്ത്രിമാരുമായി
മാം ശരണം പ്രാപ്തഃ അത്ര	എന്നെ ശരണം പ്രാപിച്ചിടം ഇതാ.
ഏഷാ ചിത്രകാനനാ	ഇതാണ് രമണീയവനങ്ങളുള്ള
കിഷ്കിന്ധാ സുഗ്രീവനഗരീ	കിഷ്കിന്ധ, സുഗ്രീവരാജധാനി.*

* വിമാനം മുന്നേറുന്നതനുസരിച്ച് സ്ഥലങ്ങൾ ഓരോന്നായി കാണപ്പെടുകയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര രാമാജ്ഞയാ താരാപ്രമുഖാ ഹരിയോഷിതഃ
ആനയാമാസ സുഗ്രീവഃ സീതായാഃ പ്രിയകാമ്യയാ. 8

തത്ര സീതായാഃ	അവിടെ (എത്തിയപ്പോൾ) സീതയുടെ
പ്രിയകാമ്യയാ താരാപ്രമുഖാഃ	മനഃപ്രീതിക്കായി താര മുതലായ
ഹരിയോഷിതഃ രാമാജ്ഞയാ	വാനരവനിതകളെ രാമാജ്ഞപ്രകാരം
സുഗ്രീവഃ ആനയാമാസ	സുഗ്രീവൻ ആനയിച്ചു.

താഭിഃ സഹോത്ഥിതം ശീഘ്രം വിമാനം പ്രേക്ഷ്യ രാഘവഃ
പ്രാഹ ചാദ്രിമൃഷ്യമൂകം പശ്യ ബാല്യത്ര മേ ഹതഃ. 9

താഭിഃ സഹ വിമാനം	അവരുമായി വിമാനം
ശീഘ്രം ഉത്ഥിതം പ്രേക്ഷ്യ	വിരവിലുയർന്നതു കണ്ട്°
രാഘവഃ പ്രാഹ	രാഘവൻ അരുളി:
ഋഷ്യമൂകം അദ്രിം പശ്യ	ഋഷ്യമൂകഗിരി കണ്ടാലും.
അത്ര ബാലീ മേ	ഇവിടെവച്ചാണ്° ബാലിയെ ഞാൻ
ഹതഃ	കൊന്നതു°.

ഏഷാ പഞ്ചവടീ നാമ രാക്ഷസാഃ യത്ര മേ ഹതാഃ
അഗസ്ത്യസ്യ സുതീക്ഷ്ണസ്യ പശ്യാശ്രമപദേ ശുഭേ. 10

ഏഷാ പഞ്ചവടീ നാമ	ഇതാണ്° പഞ്ചവടി.
യത്ര രാക്ഷസാഃ മേ ഹതാഃ	ഇവിടെവച്ചാണ്° (ഖരാദി) രാക്ഷസരെ ഞാൻ കൊന്നതു°.
അഗസ്ത്യസ്യ സുതീക്ഷ്ണസ്യ ശുഭേ ആശ്രമപദേ പശ്യ	അഗസ്ത്യന്റെയും സുതീക്ഷ്ണന്റെയും പാവനമായ ആശ്രമപദങ്ങളും കണ്ടുകൊള്ളുക.

ഏതേ തേ താപസാഃ സർവ്വേ ദൃശ്യന്തേ വരവർണ്ണിനി,
അസൗ ശൈലവരോ ദേവി, ചിത്രകൂടഃ പ്രകാശതേ. 11

വരവർണ്ണിനി	സുന്ദരി,
തേ സർവ്വേ താപസാഃ	ആ താപസരെല്ലാം
ഏതേ ദൃശ്യന്തേ	ഇതാ കാണപ്പെടുന്നു.
ദേവി അസൗ ശൈലവരഃ	ദേവി, ഇതാ ശൈലപതി
ചിത്രകൂടഃ പ്രകാശതേ	ചിത്രകൂടം വിളങ്ങുന്നു.

അത്ര മാം കൈകയീപുത്രഃ പ്രസാദയിതുമാഗതഃ
ഭരദ്വാജാശ്രമം പശ്യ ദൃശ്യതേ യമുനാതടേ. 12

അത്ര കൈകയീപുത്രഃ മാം പ്രസാദയിതും ആഗതഃ	ഇവിടെയാണ്° ഭരതൻ എന്നെ അനുനയിക്കുവാൻ വന്നെത്തിയതു°.
പശ്യ, ഭരദ്വാജാശ്രമം	നോക്കു, ഭരദ്വാജാശ്രമം,
യമുനാതടേ ദൃശ്യതേ	അതാ, യമുനാതടത്തിൽ കാണപ്പെടുന്നു.

ഏഷാ ഭാഗീരഥീ ഗംഗാ ദൃശ്യതേ ലോകപാവനീ
ഏഷാ സാ ദൃശ്യതേ സീതേ, സരയൂർയൂപമാലിനീ. 13

ഏഷാ ദൃശ്യതേ ലോകപാവനീ ഭാഗീരഥീ ഗംഗാ	ഈ കാണപ്പെടുന്നതാണ്° ലോകപാവനി, ഭാഗീരഥി, ഗംഗ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സീതേ യൂപമാലിനീ സാ സരയൂ ഏഷാ ദൃശ്യതേ	സീതേ, *യൂപജാലമുള്ള ആ സരയൂവാണ്° ഈ കാണുന്നത്°.

ഏഷാ സാ ദൃശ്യതേഽയോധ്യാ പ്രണാമം കുരു ഭാമിനി,
ഏവം ക്രമേണ സംപ്രാപ്തോ ഭരദ്വാജാശ്രമം ഹരിഃ. 14

ഭാമിനി ഏഷാ സാ അയോധ്യാ ദൃശ്യതേ	ഓമനേ, ഇതാ ആ അയോധ്യ കാണപ്പെടുന്നു.
പ്രണാമം കുരു	നമസ്കരിക്കൂ.
ഏവം ക്രമേണ ഹരിഃ ഭരദ്വാജാശ്രമം സംപ്രാപ്തഃ	ഇങ്ങനെ ക്രമേണ ഹരി ഭരദ്വാജാശ്രമത്തിലെത്തി.

പൂർണ്ണേ ചതുർദ്ദശേ വർഷേ പഞ്ചമ്യാം രഘുനന്ദനഃ
ഭരദ്വാജം മുനിം ദൃഷ്ട്വാ വവന്ദേ സാനുജഃ പ്രഭുഃ 15

ചതുർദ്ദശ വർഷേ പൂർണ്ണേ പഞ്ചമ്യാം സാനുജഃ പ്രഭുഃ രഘുനന്ദനഃ ഭരദ്വാജം മുനിം ദൃഷ്ട്വാ വവന്ദേ	പതിന്നാലുവർഷം പൂർണ്ണമായതോടെ പഞ്ചമിനാളിൽ സാനുജൻ, പ്രഭു രാഘവൻ ഭരദ്വാജമുനിയെ ദർശിച്ചു വണങ്ങി.

പപ്രച്ഛ മുനിമാസീനം വിനയേന രഘൂത്തമഃ
ശൃണോഷി കച്ചിത്° ഭരതഃ കുശല്യാസ്തേ സഹാനുജഃ. 16
സുഭിക്ഷാ വർത്തതേഽയോധ്യാ ജീവന്തി ച ഹി മാതരഃ

ആസീനം മുനിം രഘൂത്തമഃ വിനയേന പപ്രച്ഛ	(അവിടെ) ഇരുന്നരുളിയ മുനിയോടു° രഘുവരൻ വിനയപൂർവ്വം ചോദിച്ചു:
സഹാനുജഃ ഭരതഃ കുശലീ ആസ്തേ ശൃണോഷി കച്ചിത്°	അനുജ(ശത്രുഘ്ന)നോടൊപ്പം ഭരതൻ കുശലമായിരിക്കുന്നുവെന്ന്° അങ്ങ്° കേൾക്കുന്നുവോ ആവോ?
അയോധ്യാ സുഭിക്ഷാവർത്തതേ മാതരഃ ച ജീവന്തി ഹി	അയോധ്യയിലും സുഭിക്ഷമല്ലേ? അമ്മമാരും ജീവിച്ചിരിപ്പുണ്ടല്ലോ?

ശ്രുത്വാ രാമസ്യ വചനം ഭരദ്വാജഃ പ്രഹൃഷ്ടധീഃ. 17

പ്രാഹ സർവ്വേ കുശലിനോ ഭരതസ്തു മഹാമനാഃ
ഫലമൂലകൃതാഹാരോ ജടാവല്ക്കലധാരകഃ. 18

പാദുകേ സകലം ന്യസ്യ രാജ്യം ത്വാം സുപ്രതീക്ഷതേ
യദ്യത്° കൃതം ത്വയാ കർമ്മ ദണ്ഡകേ രഘുനന്ദന. 19

രാക്ഷസാനാം വിനാശം ച സീതാഹരണപൂർവ്വകം
സർവ്വം ജ്ഞാതം മയാ രാമ, തപസാ തേ പ്രസാദതഃ. 20

ത്വം ബ്രഹ്മ പരമം സാക്ഷാത്° ആദിമധ്യാന്തവർജ്ജിതഃ
ത്വമഗ്രേ സലിലം സൃഷ്ട്വാ തത്ര സുപ്തോഽസി ഭൂതകൃത്°. 21

* 'ആഫലോദയകർമ്മാ'ക്കളായിരുന്നു രഘുവംശനൃപന്മാർ. അവർ അനുഷ്ഠിച്ച യാഗ പരമ്പരയുടെ പ്രതീകമെന്നോണം യൂപനിര സരയൂതടത്തിലുടനീളം കാണപ്പെട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാരായണോഽസി വിശ്വാത്മൻ, നരാണാമന്തരാത്മകഃ
ത്വന്നാഭികമലോത്പന്നോ ബ്രഹ്മാ ലോകപിതാമഹഃ. 22

രാമസ്യ വചനം ശ്രുത്വാ	രാമന്റെ വചനം കേട്ട
പ്രഹൃഷ്ടധീഃ ഭരദ്വാജഃ പ്രാഹ	മനംകുളിർത്ത ഭരദ്വാജൻ അരുളി:
സർവ്വേ കുശലിനഃ	എല്ലാവർക്കും കുശലം(തന്നെ).
മഹാമനാഃ ഭരതഃ തു	മഹാശയനായ ഭരതനാകട്ടെ
ജടാവല്ക്കലധാരകഃ	ജടാവല്ക്കലധാരിയും
ഫലമൂലകൃതാഹാരഃ രാജ്യം സകലം	ഫലമൂലാഹാരനുമായി നാടെല്ലാം
പാദുകേ ന്യസ്യ	നിന്റെ മെതിയടിയിൽ അർപ്പിച്ച്
ത്വാം സുപ്രതീക്ഷതേ	നിന്നെ പേർത്തും പ്രതീക്ഷിച്ചിരിക്കുന്നു.
രഘുനന്ദന, സീതാഹരണപൂർവ്വകം	രാഘവ, സീതാപഹരണത്തോടനുബന്ധി-
രാക്ഷസാനാം വിനാശം	ച്ച് രാക്ഷസരെ പാടേ മുടിച്ചതുവരെ
ദണ്ഡകേ ത്വയാ യദ് യദ് കൃതം	ദണ്ഡകത്തിൽ നീ എന്തെല്ലാം
തത് സർവ്വം തേ	ചെയ്തുവോ, അതെല്ലാംതന്നെ നിന്റെ
പ്രസാദതഃ തപസാ	പ്രസാദത്താൽ തപോബലംകൊണ്ട്
മയാ ജ്ഞാതം	ഞാൻ അറിഞ്ഞിരിക്കുന്നു.
രാമ ത്വം സാക്ഷാത്പരമം ബ്രഹ്മ	രാമ, നീ സാക്ഷാൽ പരബ്രഹ്മമാണ്.
ആദിമധ്യാന്തവർജ്ജിതഃ	ആദിമധ്യാന്തങ്ങളറ്റവനാണ്.
ഭൂതകൃത് ത്വം അഗ്രേ	ഉളവായതെല്ലാം ചമച്ച നീ ആദിയിൽ
സലിലം സൃഷ്ട്വാ	ജലം സൃഷ്ടിച്ച്
തത്ര സ്വപ്തഃ അസി	അതിൽ പള്ളിയുറക്കംകൊള്ളുന്നു.
വിശ്വാത്മൻ നരാണാം	വിശ്വാത്മാവേ, (നീ) നരരുടെ
അന്തരാത്മകഃ നാരായണഃ അസി	അന്തരാത്മാവായ നാരായണനാണ്.
ലോകപിതാമഹഃ ബ്രഹ്മാ	ഉലകത്തിനു പിതാമഹനായ ബ്രഹ്മാവ്
ത്വന്നാഭികമലോത്പന്നഃ	നിന്റെ നാഭികമലത്തിൽ പിറന്നവ— നാണല്ലോ.

അതസ്ത്വം ജഗതാമീശഃ സർവ്വലോകനമസ്കൃതഃ
ത്വം വിഷ്ണുർജാനകീ ലക്ഷ്മീഃ ശേഷോഽയം ലക്ഷ്മണാഭിധഃ. 23

അതഃ ത്വം	ആകയാൽ നീ
സർവ്വലോകനമസ്കൃതഃ	സകലലോകരും വണങ്ങുന്ന
ജഗതാം ഈശഃ വിഷ്ണുഃ	ജഗന്നാഥനായ വിഷ്ണുവാണ്.
ജാനകീ ലക്ഷ്മീഃ	സീത ലക്ഷ്മിയും.
ലക്ഷ്മണാഭിധഃ അയം	ലക്ഷ്മണനാമാവായ ഇവൻ
ശേഷഃ	ആദിശേഷനത്രേ.

ആത്മനാ സൃജസീദം ത്വം ആത്മന്യേവാത്മമായയാ
ന സജ്ജസേ നഭോവത് ത്വം ചിച്ഛക്ത്യാ സർവ്വസാക്ഷികഃ 24

ആത്മനാ ആത്മനി ഏവ	ആത്മാവിനാൽ ആത്മാവിൽത്തന്നെ
ആത്മമായയാ ത്വം ഇദം	സ്വമായകൊണ്ട് നീ ഈ (ലോകം)
സൃജസി	ചമയ്ക്കുന്നു.
ന സജ്ജസേ നഭോവത്	(ഒന്നിലും) കലരാറില്ല, വിണ്ടലംപോലെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിച്ഛക്ത്യാ സർവ്വസാക്ഷികഃ	ചേതനശക്തിയാൽ അഖിലസാക്ഷി–
(വർത്തസേ ച)	യായി വർത്തിക്കയുമാണ്.

ബഹിരന്തശ്ച ഭൂതാനാം ത്വമേവ രഘുനന്ദന
പൂർണ്ണോഽപി മൂഢദൃഷ്ടീനാം വിച്ഛിന്ന ഇവ ലക്ഷ്യസേ. 25

ഭൂതാനാം ബഹിഃ അന്തഃ ച	ഭൂതങ്ങളുടെ പുറത്തും അകത്തും
ത്വം ഏവ പൂർണ്ണഃ	നീതന്നെ നിറഞ്ഞുവിളങ്ങുന്നു.
(തഥാപി) മൂഢദൃഷ്ടീനാം	എങ്കിലും മൂഢമതികൾക്ക്
രഘുനന്ദന വിച്ഛിന്ന ഇവ	രഘുനന്ദന, നീ പരിച്ഛിന്നനായാണ്
ലക്ഷ്യസേ	കാണപ്പെടുക.

ജഗത് ത്വം ജഗദാധാരസ്ത്വമേവ പരിപാലകഃ
ത്വമേവ സർവ്വഭൂതാനാം ഭോക്താ ഭോജ്യം ജഗത്പതേ. 26

ജഗത്പതേ ത്വം ജഗത്	ജഗന്നാഥ, നീ ലോകമാണ്.
ജഗദാധാരഃ	ലോകത്തിന്നാധാരമാണ്.
പരിപാലകഃ ത്വം ഏവ	പരിപാലകനും നീതന്നെ.
ത്വം ഏവ സർവ്വഭൂതാനാം	നീ മാത്രമാണ് സകലഭൂതങ്ങളുടേയും
ഭോക്താ ഭോജ്യം ച	ഭോക്താവും ഭോജ്യവും.

സകലഭൂതങ്ങളും കാലത്തിൽ വിലയംകൊള്ളുന്നു. കാലരൂപനായ ഭഗവാൻ അവയെ തന്നിൽ ഒതുക്കുകയാണ് (ഭുജിക്കുകയാണ്) ചെയ്യുന്നതു്. ഭുജിക്കയാൽ ഭോക്താവു്. ഭോജ്യത്തിലും തത്ത്വത്തിൽ നിന്റെ സാന്നിദ്ധ്യമുണ്ടല്ലോ. അതിനാൽ ഭോജ്യവും നീയാണ്.

ദൃശ്യതേ ശ്രൂയതേ യദ്യത് സ്മര്യതേ വാ രഘൂത്തമ,
ത്വമേവ സർവ്വമഖിലം ത്വദ്വിനാന്യന്ന കിഞ്ചന. 27

യദ് യദ് ദൃശ്യതേ	(ഉലകത്തിൽ) എന്തെല്ലാം കാണപ്പെടുകയും
ശ്രൂയതേ സ്മര്യതേ വാ	കേൾക്കപ്പെടുകയും ഓർക്കപ്പെടുകയും ചെയ്യു-
അഖിലം സർവ്വം	ന്നുവോ, തെല്ലൊഴിയാതെ അതെല്ലാം
ത്വം ഏവ	നീതന്നെയാണ്.
രഘൂത്തമ	രഘുവര,
ത്വദ് വിനാ അന്യത് കിഞ്ചന ന	നീയല്ലാതെ മറ്റൊന്നുമില്ല.

മായാ സൃജതി ലോകാംശ്ച സ്വഗുണൈരഹമാദിഭിഃ
ത്വച്ഛക്തിപ്രേരിതാ രാമ തസ്മാത്ത്വയ്യുപചര്യതേ. 28

ത്വച്ഛക്തിപ്രേരിതാ മായാ	നിന്റെ ശക്തിയാൽ പ്രേരിതയായ മായ
അഹം ആദിഭിഃ സ്വഗുണൈഃ	അഹങ്കാരാദി സ്വഗുണങ്ങളെ ആശ്രയിച്ച്
ലോകാൻ സൃജതി	ലോകങ്ങളെ രചിക്കുന്നു.
രാമ തസ്മാത് ത്വയി	രാമ, തന്മൂലമാണ് (സൃഷ്ടി) നിന്നിൽ
ഉപചര്യതേ	ആരോപിതമാവുന്നതു്.

ജഗത്തിന്റെ നിർമ്മാണം മായയുടെ കാര്യമാണ്; എങ്കിലും ഭഗവത്പ്രേരണകൂടാതെ മായയ്ക്കൊന്നും ചെയ്യാൻ വയ്യ. അങ്ങനെ മായാകാര്യം ഭഗവാനിൽ ഔപചാരികമായി ആരോപിതമാകുന്നു.

യഥാ ചുംബകസാന്നിധ്യാച്ചലന്ത്യേവായ ആദയഃ
ജഡാസ്തഥാ ത്വയാ ദൃഷ്ടാ മായാ സൃജതി വൈ ജഗത്. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചുംബകസാന്നിധ്യാത്	കാന്തത്തിന്റെ സാന്നിദ്ധ്യത്തിൽ
അയ ആദയഃ ജഡാഃ യഥാ ചലന്തി	ഇരുമ്പ് മുതലായവ ചലിക്കുന്നതെങ്ങ-
തഥാ ഏവ	നെയോ, അങ്ങനെതന്നെയാണ്
ത്വയാ ദൃഷ്ടാ മായാ	നിന്നാൽ ഈക്ഷിതയായ മായ
ജഗത് സൃജതി വൈ	ജഗത്സൃഷ്ടിക്കു (സമർത്ഥ)യാകുന്നത്.

''ആത്മാനം ത്വം സൃജസി'' എന്നു നേരത്തെ പറഞ്ഞു. ഇപ്പോൾ പറയുന്നു, ''മായയാണു സൃഷ്ടിക്കുന്നത്'' എന്ന്. ഇതിൽ വൈരുദ്ധ്യമില്ലേ? ഉണ്ടെന്നു തോന്നാം. ഈശ്വരനും മായയും രണ്ടുതരത്തിലാണ് സൃഷ്ടിക്കു കാരണമായി വർത്തിക്കുന്നതെന്നു ഗ്രഹിക്കുമ്പോൾ വൈരുദ്ധ്യം പരിഹൃതമാകും. പ്രകൃതി, സൃഷ്ടിയുടെ ഉപാദാനകാരണവും ഈശ്വരൻ നിമിത്തകാരണവുമാണ്. ഉപാദാനനിമിത്തകാരണങ്ങൾ ഒന്നാകുക വിഷമം. ഉപാദാനത്തിന്റെ ഗുണം കാര്യത്തിൽ സംക്രമിക്കുന്നു. മണ്ണ് ഉപാദാനം; കുടം കാര്യം. മണ്ണിന്റെ ഗുണം കുടത്തിലുമുണ്ടല്ലോ. ഈശ്വരൻ ശുദ്ധചേതനം. മായ (പ്രകൃതി) ജഡം. അങ്ങനെ ദൃശ്യപ്രപഞ്ചത്തിന് ഈശ്വരനും മായയും രണ്ടുതരത്തിൽ കാരണമാകുന്നു. ഈശ്വരന്റെ ഇച്ഛാശക്തിയാണ് മായയെ പ്രവർത്തനക്ഷമമാക്കുന്നത്.

ദേഹദ്വയമദേഹസ്യ തവ വിശ്വം രിരക്ഷിഷോഃ
വിരാട് സ്ഥൂലം ശരീരം തേ സൂക്ഷ്മം സൂത്രമുദാഹൃതം. 30

വിശ്വം രിരക്ഷിഷോഃ	വിശ്വം രക്ഷിപ്പാനിച്ഛിക്കുന്ന.
അദേഹസ്യ തവ	അദേഹനായ, നിനക്ക്
ദേഹദ്വയം ഉദാഹൃതം	രണ്ടു ദേഹങ്ങൾ ഉദാഹരിക്കപ്പെടുന്നു.
വിരാട് സ്ഥൂലം ശരീരം	വിരാഡ്രൂപമായ സ്ഥൂലശരീരം.
സൂത്രം സൂക്ഷ്മം	സൂത്രാത്മകമായ സൂക്ഷ്മദേഹം.

തികച്ചും അരൂപിയാണ് നീ. എങ്കിലും ലോകപാലനേച്ഛയാൽ നിനക്കു രണ്ടുടൽ കൈക്കൊള്ളേണ്ടിവരുന്നു. ഒന്ന് വിരാട്. വിപുലവും വിശേഷേണ വിളങ്ങുന്നതുമായ സ്ഥൂലജഗത്. രണ്ടാമത്തേത് സൂത്രാത്മകമായ സൂക്ഷ്മദേഹം. അതു മണികളിൽ നൂലെന്നപോലെ പ്രപഞ്ചത്തിൽ വർത്തിക്കുന്നു. പ്രപഞ്ചം ബ്രഹ്മശരീരമാണെന്നാണ് ഇവിടെ സിദ്ധാന്തപക്ഷം. അദ്വൈതമതത്തിന് അതു നിരക്കുന്നില്ല എന്നും ഓർക്കേണ്ടതുണ്ട്.

വിരാജഃ സംഭവന്ത്യേതേ അവതാരാഃ സഹസ്രശഃ
കാര്യാന്തേ പ്രവിശന്ത്യേവ വിരാജം രഘുനന്ദന. 31

വിരാജഃ ഏതേ സഹസ്രശഃ	വിരാട്ടിൽനിന്ന് ഈ ആയിരമായിരം
അവതാരാഃ സംഭവന്തി	അവതാരങ്ങൾ സംഭവിക്കുന്നു.
രഘുനന്ദന കാര്യാന്തേ	രാഘവ, കാര്യം തീരുമ്പോൾ (അവ)
വിരാജം ഏവ പ്രവിശന്തി	വിരാട്ടിൽത്തന്നെ ലയിക്കുകയുംചെയ്യുന്നു.

അവതാരംമൂലം ബ്രഹ്മതത്ത്വത്തിനു വികാരമൊന്നും സംഭവിക്കുന്നില്ല. വിരാട്പുരുഷന്റെ കാര്യമാണ് അവതാരലീല. സൂക്ഷ്മമായ ബ്രഹ്മതത്ത്വം നിതാന്തനിർവ്വികാരമായി നിലകൊള്ളുന്നു. അവികാരിക്ക് അവതാരം സാധ്യമല്ലല്ലോ. അവികാരിയായ ബ്രഹ്മതത്ത്വമാണ് രാമൻ എന്നു ഭാവം.

അവതാരകഥാം ലോകേ യേ ഗായന്തി ഗൃണന്തി ച
അനന്യമനസോ മുക്തിസ്തേഷാമേവ രഘൂത്തമ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകേ യേ അവതാരകഥാം	ലോകത്തിൽ ഏവരാണോ അവതാരകഥ
അനന്യമനസഃ ഗായന്തി	അന്യചിന്തയെന്യേ പാടുകയും
ഗൃണന്തി ച	കേൾക്കുകയും ചെയ്യുന്നതു്,
രഘൂത്തമ തേഷാം ഏവ മുക്തിഃ	രഘുവര, അവർക്കേ മുക്തിയുള്ളൂ.

ത്വം ബ്രഹ്മണാ പുരാ ഭൂമേർഭാരഹാരായ രാഘവ,
പ്രാർത്ഥിതസ്തപസാ തുഷ്ടസ്ത്വം ജാതോഽസി രഘോഃ കുലേ. 33

രാഘവ ഭൂമേഃ ഭാരഹാരായ	രാഘവ, ഭൂഭാരം പരിഹരിക്കാൻ
ബ്രഹ്മണാ പുരാ ത്വം	ബ്രഹ്മാവു് പണ്ടു് നിന്നോടു
പ്രാർത്ഥിതഃ	പ്രാർത്ഥിച്ചിരുന്നു.
തപസാ തുഷ്ടഃ ത്വം	തപസ്യയാൽ പരിതുഷ്ടനായ നീ
രഘോഃ കുലേ ജാതഃ അസി	രഘുകുലത്തിൽ പിറന്നിരിക്കയാണു്.

ദേവകാര്യമശേഷേണ കൃതം തേ രാമ, ദുഷ്കരം
ബഹുവർഷസഹസ്രാണി മാനുഷം ദേഹമാശ്രിതഃ. 34

കുർവ്വൻ ദുഷ്കരകർമ്മാണി ലോകദ്വയഹിതായ ച
പാപഹാരീണി ഭുവനം യശസാ പൂരയിഷ്യസി. 35

രാമ ദുഷ്കരം ദേവകാര്യം	രാമ, ദുഷ്കരമായ ദേവകാര്യം
തേ അശേഷേണ കൃതം	നീ നിശ്ശേഷം നിറവേററി.
മാനുഷം ദേഹം ആശ്രിതഃ	മാനവശരീരമാശ്രയിച്ച നീ (ഇനി)
ബഹുവർഷസഹസ്രാണി	ആയിരമായിരമാണ്ടേക്കു്
ലോകദ്വയഹിതായ	ഇഹപരലോകങ്ങളുടെ നന്മ ലാക്കാക്കി
പാപഹാരീണി ദുഷ്കരകർമ്മാണി	പാപഹരമായ ദുഷ്കരകർമ്മങ്ങൾ
കുർവ്വൻ	ചെയ്തുകൊണ്ടു്
ഭുവനം യശസാ പൂരയിഷ്യസി	പാരിടം യശസ്സാൽ നിറയ്ക്കും.

പ്രാർത്ഥയാമി ജഗന്നാഥ പവിത്രം കുരു മേ ഗൃഹം
സ്ഥിത്വാദ്യ ഭുക്ത്വാ സബലഃ ശ്വോ ഗമിഷ്യസി പത്തനം. 36

ജഗന്നാഥ പ്രാർത്ഥയാമി	ജഗദീശ, ഞാൻ പ്രാർത്ഥിക്കയാണു്.
ഭുക്ത്വാ സബലഃ	ഭോജനാനന്തരം സൈനികരോടൊത്തു്
അദ്യ സ്ഥിത്വാ	ഇന്നിവിടെ സന്നിധിചെയ്തു്
മേ ഗൃഹം പവിത്രം കുരു	എന്റെ ഭവനം പാവനമാക്കമാറാകണം.
ശ്വഃ പത്തനം ഗമിഷ്യസി	നാളെ നഗരത്തിലേക്കു പോകയുമാകാം.

തഥേതി രാഘവോഽതിഷ്ഠത്തസ്മിന്നാശ്രമ ഉത്തമേ
സസൈന്യഃ പൂജിതസ്തേന സീതയാ ലക്ഷ്മണേന ച. 37

തഥാ ഇതി	അങ്ങനെയെന്നു സമ്മതിച്ചു്
സസൈന്യഃ രാഘവഃ	സൈന്യസമേതൻ രാമൻ
സീതയാ ലക്ഷ്മണേന ച	സീതയും ലക്ഷ്മണനുമൊത്തു്
തേന പൂജിതഃ	മുനിയാൽ സൽകൃതനായി
തസ്മിൻ ഉത്തമേ ആശ്രമേ	ആ ഉത്തമാശ്രമത്തിൽ
അതിഷ്ഠത്	തങ്ങി.

തതോ രാമശ്ചിന്തയിത്വാ മുഹൂർത്തം പ്രാഹ മാരുതിം
ഇതോ ഗച്ഛ ഹനൂമംസ്ത്വമയോധ്യാം പ്രതി സത്വരഃ. 38

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ മുഹൂർത്തം ചിന്തയിത്വാ രാമഃ മാരുതിം പ്രാഹ	പിന്നെ തെല്ലിട ആലോചിച്ചിട്ട് രാമൻ മാരുതിയോടോതി:
ഹനുമൻ, ത്വം സത്വരഃ ഇതഃ അയോധ്യാം പ്രതി ഗച്ഛ	മാരുതി, നീ അതിവേഗം ഇവിടെനിന്ന് അയോധ്യയിലെത്തണം.

ജാനീഹി കുശലീ കച്ചിജ്ജനോ നൃപതിമന്ദിരേ
ശൃംഗവേരപുരം ഗത്വാ ബ്രൂഹി മിത്രം ഗുഹം മമ. 39

ജാനകീലക്ഷ്മണോപേതമാഗതം മാം നിവേദയ.

നൃപതിമന്ദിരേ ജനഃ കുശലീ കച്ചിത്, ജാനീഹി	രാജഭവനത്തിലെ ആളുകൾക്ക് കുശലമോ എന്നറിയണം.
ശൃംഗവേരപുരം ഗത്വാ മമ മിത്രം ഗുഹം ബ്രൂഹി	ശൃംഗവേരപുരിയിൽ ചെന്ന് എന്റെ തോഴനായ ഗുഹനോട് സംസാരിക്കയും വേണം.
ജാനകീലക്ഷ്മണോപേതം മാം ആഗതം നിവേദയ	ജാനകീലക്ഷ്മണസമേതനായി ഞാൻ വന്നിരിക്കുന്നതായി അറിയിക്കുക.

നന്ദിഗ്രാമം തതോ ഗത്വാ ഭ്രാതരം ഭരതം മമ. 40

ദൃഷ്ട്വാ ബ്രൂഹി സഭാര്യസ്യ സഭ്രാതുഃ കുശലം മമ
സീതാപഹരണാദീനി രാവണസ്യ വധാദികം. 41

ബ്രൂഹി ക്രമേണ മേ ഭ്രാതുഃ സർവ്വം തത്ര വിചേഷ്ടിതം
ഹത്വാ ശത്രുഗണാൻ സർവ്വാൻ സഭാര്യഃ സഹലക്ഷ്മണഃ. 42

ഉപയാതി സമൃദ്ധാർത്ഥഃ സഹ ഋക്ഷഹരീശ്വരൈഃ
ഇത്യുക്ത്വാ തത്ര വൃത്താന്തം ഭരതസ്യ വിചേഷ്ടിതം. 43

സർവ്വം ജ്ഞാത്വാ പുനഃ ശീഘ്രമാഗച്ഛ മമ സന്നിധിം
തഥേതി ഹനുമാംസ്തത്ര മാനുഷം വപുരാസ്ഥിതഃ. 44

തതഃ നന്ദിഗ്രാമം ഗത്വാ മമ ഭ്രാതരം ഭരതം ദൃഷ്ട്വാ	അവിടെനിന്ന് നന്ദിഗ്രാമത്തിലെത്തി എന്റെ സോദരനായ ഭരതനെക്കണ്ട്
സഭാര്യസ്യ സഭ്രാതുഃ മമ കുശലം ബ്രൂഹി	സഭാര്യനും സോദരസമേതനുമായ എനിക്കു കുശലമാണെന്നറിയിക്കണം.
സീതാപഹരണാദീനി രാവണസ്യ വധാദികം മേ തത്ര വിചേഷ്ടിതം സർവ്വം ക്രമേണ ഭ്രാതുഃ ബ്രൂഹി	സീതാപഹരണത്തെത്തുടന്ന്, രാവണവധം മുതലായി ഞാനവിടെച്ചെയ്ത കാര്യങ്ങളെല്ലാം യഥാക്രമം അനിയനു വിശദീകരിച്ചുകൊടുക്കണം.
ശത്രുഗണാൻ സർവ്വാൻ ഹത്വാ സഭാര്യഃ സഹലക്ഷ്മണഃ ഋക്ഷഹരീശ്വരൈഃ സഹ സമൃദ്ധാർത്ഥഃ രാമഃ ഉപയാതി ഇതി ഉക്ത്വാ തത്ര വൃത്താന്തം ഭരതസ്യ	ശത്രുഗണങ്ങളെ മുഴുവൻ സംഹരിച്ച് പത്നീ—ലക്ഷ്മണ— വാനര—യൂഥപസമേതം പൂർണ്ണകാമൻ രാമൻ വന്നുചേരുന്നു എന്നറിയിക്കയും അവിടത്തെ വാർത്തയും ഭരതന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിചേഷ്ടിതം സർവ്വം ജ്ഞാത്വാ	പ്രതികരണവുമെല്ലാം അറിഞ്ഞ്
ശീഘ്രം മമ സന്നിധിം	ഉടനടി എന്റെ സമീപം
പുനഃ ആഗച്ഛ	മടങ്ങിവരികയും വേണം.
തഥാ ഇതി ഹനുമാൻ	അങ്ങനെയെന്നു (സമ്മതിച്ച) ഹനുമാൻ
തത്ര മാനുഷം വപുഃ ആസ്ഥിതഃ	അവിടെവച്ച് മാനവാകൃതി കൈക്കൊണ്ടു.

നന്ദിഗ്രാമം യയൗ തൂർണ്ണം വായുവേഗേന മാരുതിഃ
ഗരുത്മാനിവ വേഗേന ജിഘൃക്ഷൻ ഭുജഗോത്തമം. 45

ഭുജഗോത്തമം വേഗേന	സർപ്പരാജനെ ക്ഷിപ്രം
ജിഘൃക്ഷൻ	സംഹരിക്കാൻ (പായുന്ന)
ഗരുത്മാൻ ഇവ	ഗരുഡനെപ്പോലെ
മാരുതിഃ വായുവേഗേന	മാരുതി വായുവേഗേന
തൂർണ്ണം നന്ദിഗ്രാമം യയൗ	വിരവിൽ നന്ദിഗ്രാമത്തിലെത്തി.

ശൃംഗവേരപുരം പ്രാപ്യ ഗുഹമാസാദ്യ മാരുതിഃ
ഉവാച മധുരം വാക്യം പ്രഹൃഷ്ടേനാന്തരാത്മനാ. 46

ശൃംഗവേരപുരം പ്രാപ്യ	(ആദ്യം) ശൃംഗവേരപുരിയിലെത്തി
ഗുഹം ആസാദ്യ പ്രഹൃഷ്ടേന	ഗുഹനെ കണ്ട്, ആഹ്ലാദമേലതല്ലുന്ന
അന്തരാത്മനാ മാരുതിഃ	അന്തരാത്മാവോടെ മാരുതി
മധുരം വാക്യം ഉവാച	മധുരവചനമറിയിച്ചു.

രാമോ ദാശരഥിഃ ശ്രീമാൻ സഖാ തേ സഹ സീതയാ
സലക്ഷ്മണസ്ത്വാം ധർമ്മാത്മാ ക്ഷേമീ കുശലമബ്രവീത്. 47

തേ സഖാ ധർമ്മാത്മാ	നിന്റെ തോഴൻ, ധർമ്മാത്മാവ്,
ശ്രീമാൻ ദശരഥിഃ രാമഃ	ശ്രീമാൻ, ദാശരഥി രാമൻ
സീതയാ സഹ സലക്ഷ്മണഃ	സീതാലക്ഷ്മണസമേതം
ക്ഷേമീ (പുനഃ ആഗത്യ)	സസുഖം (മടങ്ങിവന്ന്)
ത്വാം കുശലം അബ്രവീത്	നിനക്കിതാ കുശലമാശംസിച്ചിരിക്കുന്നു!

അനുജ്ഞാതോഽദ്യ മുനിനാ ഭരദ്വാജേന രാഘവഃ
ആഗമിഷ്യതി തം ദേവം ദ്രക്ഷ്യസി ത്വം രഘൂത്തമം. 48

ഭരദ്വാജേന മുനിനാ അനുജ്ഞാതഃ	ഭരദ്വാജമുനിയാൽ അനുജ്ഞപ്പനായ
രാഘവഃ അദ്യ ആഗമിഷ്യതി	രാഘവൻ ഇന്ന് (ഇവിടെ) വന്നുചേരും.
ത്വം അദ്യ തം ദേവം	നിനക്കിന്ന് ആ ദേവനെ,
രഘൂത്തമം ദ്രക്ഷ്യസി	രഘുവരനെ, ദർശിക്കാറാകും.

ഏവമുക്ത്വാ മഹാതേജാഃ സംപ്രഹൃഷ്ടതനൂരുഹം
ഉത്പപാത മഹാവേഗോ വായുവേഗേന മാരുതിഃ. 49

സംപ്രഹൃഷ്ടതനൂരുഹം (ഗുഹം)	ഹർഷപുളകംപൂണ്ട ഗുഹനോട്
ഏവം ഉക്ത്വാ	ഇങ്ങനെ ചൊന്നതിനുശേഷം
മഹാതേജാഃ മഹാവേഗഃ	മഹാതേജസ്വി, മഹാവേഗവാൻ,
മാരുതിഃ വായുവേഗേന	മാരുതി വായുവേഗത്തിൽ
ഉത്പപാത	കുതിച്ചുയർന്നു.

സോഽപശ്യദ് രാമതീർത്ഥം ച സരയൂം ച മഹാനദീം
താമതിക്രമ്യ ഹനുമാൻ നന്ദിഗ്രാമം യയൗ മുദാ. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമതീർത്ഥം സരയൂം ച	[1]രാമതീർത്ഥവും സരയൂനദിയും
സഃ അപശ്യത്	അവൻ കാണാറായി.
താം മഹാനദീം അതിക്രമ്യ	ആ മഹാനദി കടന്ന്
ഹനുമാൻ മുദാ	ഹനുമാൻ സാമോദം
നന്ദിഗ്രാമം യയൗ ച	നന്ദിഗ്രാമത്തിലെത്തുകയും ചെയ്തു.

ക്രോശമാത്രേ ത്വയോധ്യായാശ്ചീരകൃഷ്ണാജിനാംബരം
ദദർശ ഭരതം ദീനം കൃശമാശ്രമവാസിനം. 51

മലപങ്കവിദിഗ്ദ്ധാംഗം ജടിലം വല്ക്കലാംബരം
ഫലമൂലകൃതാഹാരം രാമചിന്താപരായണം. 52

പാദുകേ തേ പുരസ്കൃത്യ ശാസയന്തം വസുന്ധരാം
മന്ത്രിഭിഃ പൗരമുഖ്യൈശ്ച കാഷായാംബരധാരിഭിഃ. 53

വൃതദേഹം മൂർത്തിമന്തം സാക്ഷാദ്ധർമ്മമിവസ്ഥിതം
ഉവാച പ്രാഞ്ജലിർവ്വാക്യം ഹനൂമാൻ മാരുതാത്മജഃ. 54

ചീരകൃഷ്ണാജിനാംബരം	പഴന്തുകിലും മാൻതോലുമണിഞ്ഞവനും
മലപങ്കവിദിഗ്ദ്ധാംഗം	അഴുക്കും ചെളിയും പുരണ്ട മേനിയുള്ളവനും
ജടിലം വല്ക്കലാംബരം	ജടയും വല്ക്കലവും ധരിച്ചവനും
ഫലമൂലകൃതാഹാരം ദീനം	ഫലമൂലങ്ങളാണ്മാത്രമശിപ്പവനും ദീനനും
കൃശം രാമചിന്താപരായണം	കൃശനും രാമചിന്തയിലാണ്ടവനും
അയോധ്യായാഃ	അയോധ്യയിൽനിന്നു
ക്രോശമാത്രേ	വിളിപ്പാടുമാത്രമകലെയുള്ള
ആശ്രമവാസിനം	ആശ്രമത്തിൽ വസിപ്പവനും
തേ പാദുകേ പുരസ്കൃത്യ	ആ പാദുകങ്ങളെ മുമ്പിൽ വച്ച്
വസുന്ധരാം ശാസയന്തം	രാജ്യം ഭരിപ്പവനും
കാഷായാംബരധാരിഭിഃ	കാഷായാംബരധാരികളായ
മന്ത്രിഭിഃ പൗരമുഖ്യൈഃ ച	മന്ത്രിമാരാലും പൗരമുഖ്യരാലും
വൃതദേഹം സാക്ഷാത് മൂർത്തിമന്തം	ചൂഴപ്പെട്ടവനും സാക്ഷാൽ ഉടൽപൂണ്ട
ധർമ്മം ഇവ (സ്ഥിതം)	ധർമ്മംപോലെ നിലകൊണ്ടവനുമായ
ഭരതം ദദർശ	ഭരതനെ ദർശിച്ചു.
മാരുതാത്മജഃ ഹനൂമാൻ	വായുതനയൻ ഹനുമാൻ
പ്രാഞ്ജലിഃ വാക്യം ഉവാച	തൊഴുകൈയോടെ ഈ വചനമോതി.

യം ത്വം ചിന്തയസേ രാമം താപസം ദണ്ഡകേ സ്ഥിതം
അനുശോചസി കാകുൽസ്ഥഃ സ ത്വാം കുശലമബ്രവീത്. 55

ദണ്ഡകേ സ്ഥിതം താപസം	ദണ്ഡകവാസിയും തപസ്വിയുമായ
യം രാമം ത്വം ചിന്തയസേ	ഏതു രാമനെ നീ നിനയ്ക്കുന്നുവോ,
അനുശോചസി	(ഓർത്തോർത്തു) കദനംകൊള്ളുന്നുവോ,
സഃ കാകുൽസ്ഥഃ ത്വാം	ആ [2]കാകുൽസ്ഥനിതാ നിനക്കു
കുശലം അബ്രവീത്	കുശലമാശംസിച്ചിരിക്കുന്നു.

---

1. രാമതീർത്ഥം പരശുരാമനിർമ്മിതമെന്നു പറയപ്പെടുന്നു.

2. കകുൽസ്ഥന്റെ വംശത്തിൽ പിറന്നവൻ. സൂര്യവംശരാജാക്കന്മാർക്ക് പൊതുവിലുള്ള ഉപാധിയാണ് കാകുൽസ്ഥൻ. ''കാകുൽസ്ഥമാലോകയതാം നൃപാണാം.'' (രഘുവംശം—VI. 2; XII. 30. 46) കകുത് = അഗ്രം. കാള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രിയമാഖ്യാമി തേ ദേവ, ശോകം ത്യജ സുദാരുണം
അസ്മിൻ മുഹൂർത്തേ ഭ്രാത്രാ ത്വം രാമേണ സഹ സംഗതഃ. 56

ദേവ തേ പ്രിയം ആഖ്യാമി — ദേവ, നിനക്കു പ്രിയം ചൊല്ലാം.
സുദാരുണം ശോകം ത്യജ — കൊടിയ ശോകം വെടിയുക.

ഭ്രാത്രാ രാമേണ സഹ — ഭ്രാതാവായ രാമനോട്
അസ്മിൻ മുഹൂർത്തേ — ഈ ക്ഷണത്തിൽ
ത്വം സംഗതഃ — നീ ചേർന്നുകഴിഞ്ഞിരിക്കുന്നു.

സമരേ രാവണം ഹത്വാ രാമഃ സീതാമവാപ്യ ച
ഉപയാതി സമൃദ്ധാർത്ഥഃ സസീതഃ സഹലക്ഷ്മണഃ. 57

രാവണം സമരേ ഹത്വാ — രാവണനെ രണത്തിൽ സംഹരിച്ചതിനു-
സീതാം അവാപ്യ — ശേഷം സീതയെ വീണ്ടെടുത്തു്,
സമൃദ്ധാർത്ഥഃ രാമഃ — സമൃദ്ധവിഭവനായ രാമൻ
സസീതഃ സഹലക്ഷ്മണഃ — സീതാലക്ഷ്മണസമേതം
ഉപയാതി — (ഇതാ) അന്തികമണയുകയാണു്.

ഏവമുക്തോ മഹാതേജാഃ ഭരതോ ഹർഷമൂർച്ഛിതഃ
പപാത ഭുവി ചാസ്വസ്ഥഃ കൈകേയീപ്രിയനന്ദനഃ. 58

ഏവം ഉക്തഃ മഹാതേജാഃ — ഇപ്രകാരം അറിയിക്കപ്പെട്ടമഹാതേജസ്വി,
കൈകേയീപ്രിയനന്ദനഃ — കൈകേകിയുടെ പ്രിയനന്ദനൻ,
ഭരതഃ ഹർഷമൂർച്ഛിതഃ — ഭരതൻ ആനന്ദമൂർച്ഛിതനായി,
അസ്വസ്ഥഃ ച ഭുവി പപാത — അസ്വസ്ഥനായി നിലംപതിച്ചു.

ആലിംഗ്യ ഭരതഃ ശീഘ്രം മാരുതിം പ്രിയവാദിനം.
ആനന്ദജൈരശ്രുജലൈഃ സിഷേച ഭരതഃ കപിം. 59

പ്രിയവാദിനം കപിം — പ്രിയമോതും കപിയെ,
മാരുതിം ഭരതഃ ശീഘ്രം — മാരുതിയെ, ഭരതൻ തെറെറന്നു്
ആലിംഗ്യ ആനന്ദജൈഃ — ആലിംഗനംചെയ്യുകയും ആനന്ദാശ്രുക്കളാൽ
അശ്രുജലൈഃ സിഷേച — കുളിപ്പിക്കുകയുംചെയ്തു.

ദേവോ വാ മാനുഷോ വാ ത്വമനുക്രോശാദിഹാഗതഃ
പ്രിയാഖ്യാനസ്യ തേ സൗമ്യ, ദദാമി ബ്രുവതഃ പ്രിയം. 60

ഗവാം ശതസഹസ്രം ച ഗ്രാമാണാം ച ശതം വരം
സർവ്വാഭരണസമ്പന്നാഃ മുഗ്ദ്ധാഃ കന്യാസ്തു ഷോഡശ. 61

സൗമ്യ ദേവഃ വാ മാനുഷഃ വാ — സൗമ്യ, വാനവനായാലും മാനവനായാലും
അനുക്രോശാത് ഇഹ — അനുകമ്പയാലിവിടെ
ആഗതഃ ത്വം — അണഞ്ഞവനാണു് നീ.

യുടെ തോളിൻമുകളിലെ ഉപചയം (പൂഞ്ഞി). അസുരരോടേററു തോററ ഇന്ദ്രൻ പുരംജയനോട് സഹായമഭ്യർത്ഥിച്ചു. ഇക്ഷ്വാകുവംശത്തിൽ പിറന്ന ശശാദന്റെ മകനാണു് പുരംജയൻ. ഇന്ദ്രൻ തന്നെ ചുമലിൽ വഹിച്ചാൽ ചെല്ലാമെന്നായി പുരംജയൻ. ഇന്ദ്രൻ വൃഷഭരൂപംപൂണ്ടു് അയാളെ കകുത്തിൽ ഏററിക്കൊണ്ടു പോയി. പുരംജയൻ അസുരരെ തോല്പിക്കയുംചെയ്തു. അന്നുമുതലാണു് ഇക്ഷ്വാകു (സൂര്യ)വംശജർക്കു് കാകുൽസ്ഥൻ എന്നു മാറാപ്പേരുണ്ടായതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രിയം ബ്രുവതഃ തേ	പ്രിയമറിയിച്ച നിനക്ക്,
ഗവാം ശതസഹസ്രം	നൂറായിരം ഗോക്കൾ
ഗ്രാമാണാം ശതം	നൂറ് ഗ്രാമങ്ങൾ,
സർവ്വാഭരണസമ്പന്നാഃ	സർവ്വാഭരണഭൂഷിതകളും
മുഗ്ദ്ധാഃ	മനോമോഹിനികളുമായ
ഷോഡശ തു കന്യാഃ ച	പതിനാറ് കന്യകമാർ (ഇവ)
പ്രിയാഖ്യാനസ്യ	പ്രിയവചനത്തിന് പ്രതിഫലമായി
വരം ദദാമി	തരികയാണ്.

ഏവമുക്ത്വാ പുനഃ പ്രാഹ ഭരതോ മാരുതാത്മജം
ബഹൂനീമാനി വർഷാണി ഗതസ്യ സുമഹദ് വനം. 62

ശൃണോമ്യഹം പ്രീതികരം മമ നാഥസ്യ കീർത്തനം
കല്യാണീ ബത ഗാഥേയം ലൗകികീ പ്രതിഭാതി മേ. 63

ഏതി ജീവന്തമാനന്ദോ നരം വർഷശതാദപി
രാഘവസ്യ ഹരീണാം ച കഥാമാസീത് സമാഗമഃ. 64

തത്വമാഖ്യാഹി ഭദ്രം തേ വിശ്വസേയം വചസ്തവ
ഏവമുക്തോഽഥ ഹനുമാൻ ഭരതേന മഹാത്മനാ. 65

ആചചക്ഷേഽഥ രാമസ്യ ചരിതം കൃത്സ്നശഃ ക്രമാത്
ശ്രുത്വാ തു പരമാനന്ദം ഭരതോ മാരുതാത്മജാത്. 66

ഏവം ഉക്ത്വാ ഭരതഃ	ഇങ്ങനെ ചൊല്ലി ഭരതൻ
പുനഃ മാരുതാത്മജം പ്രാഹ	പിന്നെയും മാരുതിയോടോതി:
ഇമാനി ബഹൂനി വർഷാണി	ഇത്രയേറെ വർഷങ്ങൾ
സുമഹദ് വനം ഗതസ്യ മമ	കൊടുംകാട്ടിൽ കഴിച്ച എന്റെ
നാഥസ്യ പ്രീതികരം കീർത്തനം	നാഥന്റെ പ്രിയവാർത്ത
അഹം ശൃണോമി	ഞാൻ (ഇപ്പോൾ) കേൾക്കുകയാണല്ലോ!
ഇയം ലൗകികീ ഗാഥാ ബത	ഈ ലോകഗാഥ (അഹോ)
കല്യാണീ മേ	അർത്ഥവത്താണെന്ന് എനിക്കു
പ്രതിഭാതി	തോന്നിപ്പോകുന്നു!
ജീവന്തം മാനവം	ജീവിതം പേറുന്ന മാനവന്
വർഷശതാദ് അപി	നൂററാണ്ടിനകമായാലും
ആനന്ദം ഏതി	ആനന്ദം കൈവരികതന്നെ ചെയ്യും!
രാഘവസ്യ ഹരീണാം ച കഥം	രാഘവന് കപികളോടെങ്ങനെയാണ്
സമാഗമഃ ആസീത്?	സമാഗമമുണ്ടായത്?
തത്വം ആഖ്യാഹി	യഥാതഥമായി വിവരിക്കു.
തേ വചഃ വിശ്വസേയം	നിന്റെ വചനം ഞാൻ വിശ്വസിക്കാം.
തേ ഭദ്രം (ഭവതു)	നിനക്കു നന്മ വരട്ടെ.
മഹാത്മനാ ഭരതേന	മഹാത്മാവായ ഭരതനാൽ
ഏവം ഉക്തഃ ഹനുമാൻ	ഇങ്ങനെ ചോദിക്കപ്പെട്ട മാരുതി
രാമസ്യ ചരിതം കൃത്സ്നശഃ	രാമചരിതം അശേഷം
അഥ ക്രമാത് ആചചക്ഷേ	അനന്തരം ക്രമമായി വിവരിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാരുതാത്മജാത് ശ്രുത്വാ — മാരുതിയിൽനിന്ന് (വാർത്ത) കേട്ട
ഭരതഃ പരമാനന്ദം (പ്രാപ) — ഭരതൻ പരമാനന്ദം പേറി.

ആജ്ഞാപയച്ഛത്രുഹണം മുദാ യുക്തം മുദാന്വിതഃ
ദൈവതാനി ച യാവന്തി നഗരേ രഘുനന്ദന. 67

നാനോപഹാരബലിഭിഃ പൂജയന്തു മഹാധിയഃ
സൂതാ വൈതാളികാശ്ചൈവ വന്ദിനഃ സ്തുതിപാഠകാഃ. 68

വാരമുഖ്യാശ്ച ശതശോ നിര്യാന്ത്വദ്യൈവ സംഘശഃ
രാജദാരാസ്തഥാമാത്യാഃ സേനാ ഹസ്ത്യശ്വപത്തയഃ. 69

ബ്രാഹ്മണാശ്ച തഥാ പൗരാ രാജാനോ യേ സമാഗതാ
നിര്യാന്തു രാഘവസ്യാദ്യ ദ്രഷ്ടും ശശിനിഭാനനം. 70

മുദാ യുക്തം ശത്രുഹണം — സന്തുഷ്ടനായ ശത്രുഘ്നനോട്
മുദാന്വിതഃ ആജ്ഞാപയത് — മുദിതനായ (ഭരതൻ) ആജ്ഞാപിച്ചു:
രഘുനന്ദന നഗരേ യാവന്തി — രഘുകുമാരാ, നഗരിയിൽ എത്ര
ദൈവതാനി താവന്തി — ദൈവങ്ങളുണ്ടോ അവരെയെല്ലാം
നാനോപഹാരബലിഭിഃ — പല ഉപഹാരബലികളാൽ
മഹാധിയഃ പൂജയന്തു — മഹാപുരോഹിതർ പൂജിക്കട്ടെ.

സൂതാഃ വൈതാളികാഃ — സൂതർ, വൈതാളികർ,
വന്ദിനഃ സ്തുതിപാഠകാഃ — വണക്കക്കാർ, സ്തുതിപാഠകർ,
വാരമുഖ്യാഃ (ഏതേ) — നർത്തകീമുഖ്യമാർ ഇവരെല്ലാം
ശതശഃ സംഘശഃ — നൂറുകണക്കിനു സംഘം ചേർന്ന്
അദ്യ ഏവ നിര്യാന്തു — ഇന്നുതന്നെ പുറപ്പെടണം.

രാജദാരാഃ തഥാ അമാത്യാഃ — രാജ്ഞിമാർ, മന്ത്രിമാർ,
ഹസ്ത്യശ്വപത്തയഃ സേനാഃ — ആന–കുതിര–കാലാൾപ്പട,
ബ്രാഹ്മണാഃ തഥാ പൗരാഃ — വിപ്രന്മാർ, പൗരന്മാർ,
സമാഗതാഃ യേ രാജാനഃ — സന്നിഹിതരായ മന്നവർ
രാഘവസ്യ ശശിനിഭാനനം — (ഇവരെല്ലാം) രാമന്റെ ശശിവദനം
ദ്രഷ്ടും — ദർശിപ്പാൻ
അദ്യ നിര്യാന്തു — ഇന്നു(തന്നെ) പുറപ്പെടട്ടെ.

ഭരതസ്യ വചഃ ശ്രുത്വാ ശത്രുഘ്നപരിചോദിതാഃ
അലഞ്ചക്രുശ്ച നഗരീം മുക്താരത്നമയോജ്ജ്വലൈഃ. 71

തോരണൈശ്ച പതാകാഭിർവ്വിചിത്രാഭിരനേകധാ
അലംകുർവ്വന്തി വേശ്മാനി നാനാബലിവിചക്ഷണാഃ. 72

ഭരതസ്യ വചഃ ശ്രുത്വാ — ഭരതവചനം ശ്രവിച്ച്
ശത്രുഘ്നപരിചോദിതാഃ — ശത്രുഘ്നനാൽ നിയുക്തരായ
നാനാബലിവിചക്ഷണാഃ — നാനാകലാകുശലന്മാർ
മുക്താരത്നമയോജ്ജ്വലൈഃ — മുത്തും മണിയും പേറി വിളങ്ങും
തോരണൈഃ — തോരണങ്ങളാലും
വിചിത്രാഭിഃ പതാകാഭിഃ — ചിത്രപതാകകളാലും
നഗരീം അനേകധാ — നഗരിയെ പലതരത്തിൽ
അലംചക്രുഃ — മോടിപിടിപ്പിച്ചു.
വേശ്മാനി ച അലംകുർവന്തി (സ്മ) — ഭവനങ്ങളും അലങ്കരിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർയാന്തി വൃന്ദശഃ സർവ്വേ രാമദർശനലാലസാഃ
ഹയാനാം ശതസാഹസ്രം ഗജാനാമയുതം തഥാ. 73

രഥാനാം ദശസാഹസ്രം സ്വർണ്ണസൂത്രവിഭൂഷിതം
പാരമേഷ്ഠീന്യുപാദായ ദ്രവ്യാണ്യുച്ചാവചാനി ച. 74

രാമദർശനലാലസാഃ (തേ) സർവ്വേ	രാമദർശനതൽപരരായ അവരെല്ലാം
വൃന്ദശഃ നിര്യാന്തി	സംഘമായാണു് യാത്രചെയ്തതു്.
ഹയാനാം ശതസാഹസ്രം	കുതിരകൾ നൂറായിരം.
ഗജാനാം അയുതം	ആനകൾ പതിനായിരം.
സ്വർണ്ണസൂത്രവിഭൂഷിതം	സ്വർണ്ണനൂലുകളാൽ മോടികൂട്ടിയ
രഥാനാം ദശസാഹസ്രം	തേരുകൾ പതിനായിരം.
ഉച്ചാവചാനി	വൈവിദ്ധ്യമാർന്ന
പാരമേഷ്ഠീനി ദ്രവ്യാണി	രാജകീയദ്രവ്യങ്ങളും
ഉപാദായ (സാർവ്വ യയുഃ)	വഹിച്ചുകൊണ്ടു് എല്ലാവരും യാത്രയായി.

തതസ്തു ശിബികാരൂഢാ നിർയയുർരാജയോഷിതഃ
ഭരതഃ പാദുകേ ന്യസ്യ ശിരസ്യേവ കൃതാഞ്ജലിഃ. 75

ശത്രുഘ്നസഹിതോ രാമം പാദചാരേണ നിർയയൗ
തദൈവ ദൃശ്യതേ ദൂരാത് വിമാനം ചന്ദ്രസന്നിഭം. 76

പുഷ്പകം സൂര്യസങ്കാശം മനസാ ബ്രഹ്മനിർമ്മിതം
ഏതസ്മിൻ ഭ്രാതരൗ വീരൗ വൈദേഹ്യാ രാമലക്ഷ്മണൗ. 77

സുഗ്രീവശ്ച കപിശ്രേഷ്ഠോ മന്ത്രിഭിശ്ച വിഭീഷണഃ
ദൃശ്യതേ പശ്യത ജനാഃ ഇത്യാഹ പവനാത്മജഃ. 78

ശിബികാരൂഢാഃ	ശിബികയിലേറിയ (കൗസല്യാദി)
രാജയോഷിതഃ തതഃ നിർയയുഃ	രാജ്ഞിമാർ അനന്തരം പുറപ്പെട്ടു.
ഭരതഃ തു പാദുകേ	ഭരതനാകട്ടെ, രാമപാദുകങ്ങൾ
ശിരസി ഏവ ന്യസ്യ	തലയിൽത്തന്നെ വച്ചുകൊണ്ടു്
കൃതാഞ്ജലിഃ പാദചാരേണ	തൊഴുകൈയോടെ കാൽനടയായാണു്
ശത്രുഘ്നസഹിതഃ	ശത്രുഘ്നനുമായി
രാമം നിർയയൗ	രാമസന്നിധിയിലേക്കു പോയതു്.
മനസാ ബ്രഹ്മനിർമ്മിതം	മനസാ ബ്രഹ്മാവു നിർമ്മിച്ച,
സൂര്യസങ്കാശം	സൂര്യനെപ്പോലെ പ്രകാശമാനമായ,
ചന്ദ്രസന്നിഭം	സോമസമാനം (ആഹ്ലാദജനകമായ),
പുഷ്പകം വിമാനം തദാ ഏവ	പുഷ്പകവിമാനം അപ്പോഴുതന്നെ
ദൂരാത് ദൃശ്യതേ	അങ്ങകലെ കാണപ്പെടുകയായി!
പവനാത്മജഃ ഇതി ആഹ	വായുതനയൻ ഇങ്ങനെ വിളിച്ചറിയിച്ചു:
ഏതസ്മിൻ (ദൃശ്യേതേ)	ഇതിലതാ കാണപ്പെടുന്നു,
വൈദേഹ്യാ (സഹിതൗ)	വൈദേഹീസഹിതരായ
വീരൗ ഭ്രാതരൗ	വീരസോദരർ,
രാമലക്ഷ്മണൗ	രാമലക്ഷ്മണന്മാർ!
കപിശ്രേഷ്ഠഃ സുഗ്രീവഃ	കപിവരൻ സുഗ്രീവൻ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രിഭിഃ വിഭീഷണഃ ച ദൃശ്യതേ	മന്ത്രിമാരോടൊത്ത വിഭീഷണനും കാണപ്പെടുന്നു!
ജനാഃ പശ്യത	ജനങ്ങളേ, ദർശനം നേരുവിൻ.

തതോ ഹർഷസമുദ്ഭൂതോ നിസ്വനോ ദിവമസ്പൃശത്
സ്ത്രീബാലയുവവൃദ്ധാനാം രാമോƒയമിതി കീർത്തനാത്. 79

അയം രാമഃ ഇതി	'ഇതാ രാമൻ!' എന്നു
സ്ത്രീബാലയുവവൃദ്ധാനാം	പെണ്ണുങ്ങളും കുഞ്ഞുങ്ങളും വൃദ്ധരും ഉതിർത്ത
കീർത്തനാത്	ഉദ്ഘോഷത്തിന്റെ
ഹർഷസമുദ്ഭൂതഃ നിസ്വനഃ	ആഹ്ലാദവായ്പ്പിൽനിന്നും ഉയർന്ന ആരവം
തതഃ ദിവം അസ്പൃശത്	അതോടെ വാനിടത്തെ സ്പർശിച്ചു.

രഥകുഞ്ജരവാജിസ്ഥാഃ അവതീര്യ മഹീം ഗതാഃ
ദദൃശുസ്തേ വിമാനസ്ഥം ജനാ സോമമിവാംബരേ. 80

രഥകുഞ്ജര— വാജിസ്ഥാഃ	തേരിലും കുതിരപ്പുറത്തും ആനപ്പുറത്തും ഇരുന്ന
ജനാഃ മഹീം അവതീര്യ ഗതാഃ	ജനങ്ങൾ നിലത്തേക്കിറങ്ങിച്ചെന്നു.
അംബരേ സോമം ഇവ വിമാനസ്ഥം തേ ദദൃശുഃ	മാനത്തുദിച്ച വർത്തിങ്കളിനെയെന്നപോലെയാണ് വിമാനത്തിലിരുന്ന (രാമനെ) അവർ നോക്കിക്കണ്ടത്.

പ്രാഞ്ജലിർഭരതോ ഭൂത്വാ പ്രഹൃഷ്ടോ രാഘവോന്മുഖഃ
തതോ വിമാനാഗ്രഗതം ഭരതോ രാഘവം മുദാ. 81

വവന്ദേ പ്രണതോ രാമം മേരുസ്ഥമിവ ഭാസ്കരം
തതോ രാമാഭ്യനുജ്ഞാതം വിമാനമപതത് ഭുവി. 82

പ്രഹൃഷ്ടഃ ഭരതഃ	പ്രഹർഷം പൂണ്ട ഭരതൻ
പ്രാഞ്ജലിഃ ഭൂത്വാ	തൊഴുകൈയോടെ
രാഘവോന്മുഖഃ (അഭവത്)	രാഘവോന്മുഖനായി നിന്നു.
മേരുസ്ഥം ഭാസ്കരം ഇവ	മേരുസ്ഥനായ രവിയെപ്പോലെ
വിമാനാഗ്രഗതം	വിമാനത്തിൽ മുൻഭാഗത്തിരുന്ന
രാഘവം രാമം	രഘുരാമനെ
ഭരതഃ തതഃ	ഭരതൻ പിന്നെ
മുദാ പ്രണതഃ വവന്ദേ	സാമോദം താണുവണങ്ങി.
രാമാഭ്യനുജ്ഞാതം	രാമന്റെ അനുമതിയോടെ
വിമാനം തതഃ	വിമാനം അനന്തരം
ഭുവി അപതത്	ഭൂമിയിലിറങ്ങുകയും ചെയ്തു.

ആരോപിതോ വിമാനം തദ് ഭരതഃ സാനുജസ്തദാ
രാമമാസാദ്യ മുദിതഃ പുനരേവാഭ്യവാദയത്. 83

സാനുജഃ ഭരതഃ തദാ	അനുജനുമായി ഭരതൻ അപ്പോൾ
തദ് വിമാനം ആരോപിതഃ	ആ വിമാനത്തിലേക്ക് കയറി.
മുദിതഃ രാമം ആസാദ്യ	ആമോദത്തോടെ രാമസമീപമെത്തി
പുനഃ ഏവ അഭ്യവാദയത്	പിന്നെയും അഭിവാദനമർപ്പിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമുത്ഥായ ചിരാദ് ദൃഷ്ടം ഭരതം രഘുനന്ദനഃ
ഭ്രാതരം സ്വാങ്കമാരോപ്യ മുദാ തം പരിഷസ്വജേ. 84

ചിരാദ് ദൃഷ്ടം	ഏറെ നാളുകൾക്കുശേഷം കാണാറായ
തം ഭ്രാതരം ഭരതം	ആ സോദരനെ, ഭരതനെ
സമുത്ഥായ സ്വാങ്കം ആരോപ്യ	എഴുന്നേല്പിച്ചു തൻെറ മടിയിലേററി
രഘുനന്ദനഃ	രഘുനന്ദനൻ
മുദാ പരിഷസ്വജേ	വാത്സല്യത്തോടെ വാരിപ്പുണർന്നു.

തതോ ലക്ഷ്മണമാസാദ്യ വൈദേഹീം നാമ കീർത്തയൻ
അഭ്യവാദയത പ്രീതോ ഭരതഃ പ്രേമവിഹ്വലഃ. 85

പ്രേമവിഹ്വലഃ പ്രീതഃ	സ്നേഹവിഹ്വലനും പ്രീതനുമായ
ഭരതഃ തതഃ ലക്ഷ്മണം	ഭരതൻ പിന്നെ ലക്ഷ്മണൻെറയും
വൈദേഹീം ച ആസാദ്യ	വൈദേഹിയുടേയും അരികിലെത്തി
നാമ കീർത്തയൻ	സ്വനാമമുച്ചരിച്ചുകൊണ്ട്
അഭ്യവാദയത	അഭിവാദനമർപ്പിക്കുകയുണ്ടായി.

സുഗ്രീവം ജാംബവന്തം ച യുവരാജം തഥാംഗദം
മൈന്ദദ്വിവിദനീലാംശ്ച ഋഷഭം ചൈവ സസ്വജേ. 86

സുഷേണം ച നലം ചൈവ ഗവാക്ഷം ഗന്ധമാദനം
ശരഭം പനസം ചൈവ ഭരതഃ പരിഷസ്വജേ. 87

സുഗ്രീവം ജാംബവന്തം ച	സുഗ്രീവജാംബവാന്മാരേയും
യുവരാജം അംഗദം ച	യുവരാജാവായ അംഗദനേയും
മൈന്ദദ്വിവിദനീലാൻ ച	മൈന്ദൻ, ദ്വിവിദൻ, നീലൻ ഇവരേയും
ഋഷഭം ച ഭരതഃ സസ്വജേ	ഋഷഭനേയും ഭരതൻ തഴുകി.
സുഷേണം ച നലം ച	സുഷേണൻ, നളൻ,
ഏവ ഗവാക്ഷം ഗന്ധമാദനം	ഗവാക്ഷൻ, ഗന്ധമാദനൻ,
ശരഭം പനസം	ശരഭൻ, പനസൻ എന്നിവരേയും
പരിഷസ്വജേ	ആശ്ലേഷിച്ചു.

സർവ്വേ തേ മാനുഷം രൂപം കൃത്വാ ഭരതമാദൃതാഃ
പപ്രച്ഛുഃ കുശലം സൗമ്യാഃ പ്രഹൃഷ്ടാശ്ച പ്ലവംഗമാഃ. 88

സൗമ്യാഃ പ്രഹൃഷ്ടാഃ തേ	സൗമ്യരും സന്തുഷ്ടരുമായ
പ്ലവംഗമാഃ സർവ്വേ മാനുഷം രൂപം	ആ കപികളെല്ലാം മനവാകൃതി
കൃത്വാ ഭരതം ആദൃതാഃ	പൂണ്ട് ഭരതനെ ആദരിക്കുകയും
കുശലം പപ്രച്ഛുഃ ച	കുശലമാരായുകയും ചെയ്തു.

തതഃ സുഗ്രീവമാലിംഗ്യ ഭരതഃ പ്രാഹ ഭക്തിതഃ
ത്വത്സഹായേന രാമസ്യ ജയോ/ഭൂത് രാവണോ ഹതഃ. 89

ത്വമസ്മാകം ചതുർണ്ണാം തു ഭ്രാതാ സുഗ്രീവ പഞ്ചമഃ
ശത്രുഘ്നശ്ച തദാ രാമമഭിവാദ്യ സലക്ഷ്മണം. 90

സീതായാശ്ചരണൗ പശ്ചാദ് വവന്ദേ വിനയാന്വിതഃ
രാമോ മാതരമാസാദ്യ വിവർണ്ണാം ശോകവിഹ്വലാം. 91

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഗ്രാഹ പ്രണതഃ പാദൗ മനോ മാതുഃ പ്രസാദയൻ
കൈകേയീം ച സുമിത്രാം ച നനാമേതരമാതരൗ. 92

തതഃ സുഗ്രീവം ആലിംഗ്യ	അനന്തരം സുഗ്രീവനെ പുണർന്ന്
ഭരതഃ ഭക്തിതഃ പ്രാഹ	ഭരതൻ സസ്നേഹം അറിയിച്ചു:
ത്വത്സഹായേന	നിന്റെ സഹായത്താലാണ്
രാമസ്യ ജയഃ അഭൂത്	രാമന്റെ വിജയം കൈവന്നതും
രാവണഃ ഹതഃ	രാവണൻ കൊല്ലപ്പെട്ടതും.
സുഗ്രീവ ത്വം അസ്മാകം	സുഗ്രീവ, നീ ഞങ്ങൾ നാലുപേർക്കും
ചതുർണ്ണാം പഞ്ചമഃ ഭ്രാതാ	അഞ്ചാംസോദരനാണ്.
ശത്രുഘ്നഃ ച തദാ	ശത്രുഘ്നനും അപ്പോൾ
വിനയാന്വിതഃ സലക്ഷ്മണം	സവിനയം ലക്ഷ്മണസമേതനായ
രാമം അഭിവാദ്യ പശ്ചാത്	രാമനെ അഭിവദിക്കുകയും പിന്നെ
സീതായാഃ ചരണൗ വവന്ദേ	സീതയുടെ കഴലിണ വണങ്ങുകയും ചെയ്തു.
ശോകവിഹ്വലാം വിവർണ്ണാം	വേദനയാലുഴറി വിളറിയ
മാതരം ആസാദ്യ	അമ്മയുടെ അരികേ ചെന്ന്
രാമഃ പ്രണതഃ	രാമൻ നമസ്കരിച്ചു.
മാതുഃ മനഃ പ്രസാദയൻ	മാതൃഹൃദയത്തിനാനന്ദമേകുമാറ്
പാദൗ ജഗ്രാഹ	ചരണങ്ങൾ ഗ്രഹിക്കുകയുമുണ്ടായി.
ഇതരമാതരൗ കൈകേയീം	മററ് അമ്മമാരായ കൈകേയിയേയും
സുമിത്രാം ച നനാമ	സുമിത്രയേയും പ്രണമിച്ചു.

ഭരതഃ പാദുകേ തേ തു രാഘവസ്യ സുപൂജിതേ
യോജയാമാസ രാമസ്യ പാദയോർഭക്തിസംയുതഃ. 93

സുപൂജിതേ	(താൻ) സാദരം പൂജിച്ചുപോന്ന
തേ രാഘവസ്യ പാദുകേ ഭരതഃ	ആ രാമപാദുകകൾ ഭരതൻ
ഭക്തിസംയുതഃ	ഭക്തിപൂർവ്വം
രാമസ്യ പാദയോഃ യോജയാമാസ	രാമപാദങ്ങളിൽ യോജിപ്പിച്ചു.

രാജ്യമേതന്ന്യാസഭൂതം മയാ നിര്യാതിതം തവ
അദ്യ മേ സഫലം ജന്മ ഫലിതോ മേ മനോരഥഃ. 94

യത്പശ്യാമി സമായാതമയോധ്യാം ത്വാമഹം പ്രഭോ
കോഷ്ഠാഗാരം ബലം കോശം കൃതം ദശഗുണം മയാ. 95

ത്വത്തേജസാ ജഗന്നാഥ, പാലയസ്വ പുരം സ്വകം.

ന്യാസഭൂതം ഏതത് രാജ്യം	ന്യാസമായി (ഏല്പിച്ച) ഈ നാട്
മയാ തവ നിര്യാതിതം	ഞാനിതാ അങ്ങയെ തിരിച്ചേല്പിക്കുന്നു.
പ്രഭോ, അയോധ്യാം സമായാതം	പ്രഭോ, അയോധ്യയിൽ മടങ്ങിയെത്തിയ
ത്വാം അഹം പശ്യാമി	അങ്ങയെ എനിക്കു ദർശിക്കുമാറായല്ലോ!
യത് അദ്യ മേ ജന്മ സഫലം	തന്മൂലം ഇന്ന് എന്റെ ജന്മം സഫലം.
മേ മനോരഥഃ ഫലിതഃ	എന്റെ മനോരഥം ഫലിച്ചു.
കോഷ്ഠാഗാരം ബലം	ധാന്യക്കലവറ, സൈന്യം, കോശം (സമ്പ-
കോശം ത്വത്തേജസാ മയാ	ത്ത്) ഇവ നിൻതിരുകൃപയാൽ ഞാൻ
ദശഗുണം കൃതം	പത്തിരട്ടിയാക്കിയിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഗന്നാഥ	ജഗന്നാഥ,
സ്വകം പുരം പാലയസ്വ	സ്വരാജ്യം പാലിച്ചാലും.

ഇതി ബ്രുവാണം ഭരതം ദൃഷ്ട്വാ സർവ്വേ കപീശ്വരാഃ. 96
മുമുചുർനേത്രജം തോയം പ്രശശംസുർമുദാന്വിതാഃ.

ഇതി ബ്രുവാണം ഭരതം ദൃഷ്ട്വാ	ഇങ്ങനെയുരചെയ്യുന്ന ഭരതനെ നോക്കി
കപീശ്വരാഃ സർവ്വേ	കപിവരരെല്ലാം
നേത്രജം തോയം മുമുചുഃ	മിഴിനീർ പൊഴിച്ചു.
മുദാന്വിതാഃ പ്രശശംസുഃ	സാനന്ദം (അവനെ) പുകഴ്ത്തി.

തതോ രാമഃ പ്രഹൃഷ്ടാത്മാ ഭരതം സ്വാങ്കഗം മുദാ. 97
യയൗ തേന വിമാനേന ഭരതസ്യാശ്രമം തദാ.

പ്രഹൃഷ്ടാത്മാ രാമഃ	പ്രസന്നഹൃദയൻ രാമൻ
തതഃ സ്വാങ്കഗം ഭരതം (ആദായ)	അനന്തരം അങ്കതലത്തിലിരുന്ന ഭരതനുമാ-
തേന വിമാനേന തദാ മുദാ	യി, സാമോദം ആ വിമാനത്തിൽ ഉടനെ
ഭരതസ്യ ആശ്രമം യയൗ	ഭരതാശ്രമത്തിലേക്കു തിരിച്ചു.

അവരുഹ്യ തദാ രാമോ വിമാനാഗ്രാൻമഹീതലം. 98
അബ്രവീത് പുഷ്പകം ദേവോ ഗച്ഛ വൈശ്രവണം വഹ
അനുഗച്ഛാനുജാനാമി കുബേരം ധനപാലകം. 99

വിമാനാഗ്രാത്	വിമാനത്തിൽനിന്നു
മഹീതലം അവരുഹ്യ രാമഃ ദേവഃ	ഭൂതലത്തിലിറങ്ങിയിട്ട് രാമദേവൻ
പുഷ്പകം തദാ അബ്രവീത്	പുഷ്പകത്തോട് അപ്പോൾ അരുളി:
അനുജാനാമി ഗച്ഛ	ഞാൻ അനുമതിയേകുന്നു, പൊയ്ക്കൊൾക.
വൈശ്രവണം അനുഗച്ഛ	വൈശ്രവണനെ അനുഗമിക്കുക.
ധനപാലകം	ധനപാലകനായ (ആ)
കുബേരം വഹ	കുബേരനെ വഹിക്കുക.

രാമോ വസിഷ്ഠസ്യ ഗുരോഃ പദാംബുജം
നത്വാ യഥാ ദേവഗുരോഃ ശതക്രതുഃ
ദത്വാ മഹാർഹാസനമുത്തമം ഗുരോഃ
ഉപാവിവേശാഥ ഗുരോഃ സമീപതഃ. 100

ശതക്രതുഃ	ഇന്ദ്രൻ
ദേവഗുരോഃ യഥാ	ദേവഗുരു(ബൃഹസ്പതി)വിന്റെ എന്നവണ്ണം
ഗുരോഃ വസിഷ്ഠസ്യ പദാംബുജം	സ്വഗുരുവിന്റെ കാൽത്താർ
നത്വാ ഉത്തമം	വണങ്ങുകയും ഉത്തമവും
മഹാർഹാസനം	സംപൂജ്യവുമായ ഇരിപ്പിടം
ഗുരോഃ ദത്വാ അഥ	അദ്ദേഹത്തിനു നല്കുകയും ചെയ്തതിനുശേഷം
രാമഃ ഗുരോഃ സമീപതഃ	രാമൻ ഗുരുവിന്നരികിലായി
ഉപാവിവേശ	ആസനസ്ഥനായി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ചതുർദ്ദശഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം പതിന്നാലാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം പതിനഞ്ചു്

ശ്രീരാമപട്ടാഭിഷേകം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

തതസ്തു കൈകയീപുത്രോ ഭരതോ ഭക്തിസംയുതഃ
ശിരസ്യംജലിമാധായ ജ്യേഷ്ഠം ഭ്രാതരമബ്രവീത്. 1

കൈകയീപുത്രഃ ഭരതഃ തു	കൈകേയീപുത്രൻ ഭരതനാകട്ടെ
ശിരസി അംജലിം ആധായ	ശിരസ്സിൽ തൊഴുകൈവച്ച്,
ഭക്തിസംയുതഃ ജ്യേഷ്ഠം	ഭക്തിപൂർവ്വം തന്റെ ജ്യേഷ്ഠസോദരനോട്
ഭ്രാതരം തതഃ അബ്രവീത്	അനന്തരം അഭ്യർത്ഥിച്ചു.

മാതാ മേ സത്കൃതാ രാമ ദത്തം രാജ്യം ത്വയാ മമ
ദദാമി തത്തേ ച പുനർയഥാ ത്വമദദാ മമ. 2

രാമ, ത്വയാ മമ രാജ്യം ദത്തം	രാമ, അങ്ങെനിക്കു രാജ്യം നല്കി.
മേ മാതാ സത്കൃതാ	(അതുവഴി) എന്റെ അമ്മയെ ആദരിച്ചു.
യഥാ ത്വം മമ തദ് അദദാഃ	ഏതുവിധം അങ്ങ് എനിക്കതു നല്കിയോ,
തേ	(അതേവിധം) ഇതാ അങ്ങേയ്ക്കു
പുനഃ ദദാമി	തിരികെ തരുന്നു.

ഇത്യുക്ത്വാ പാദയോർഭക്ത്യാ സാഷ്ടാംഗം പ്രണിപത്യ ച
ബഹുധാ പ്രാർത്ഥയാമാസ കൈകേയ്യാ ഗുരുണാ സഹ. 3

ഭക്ത്യാ ഇതി ഉക്ത്വാ	ഭക്തിപൂർവ്വം ഇങ്ങനെ ചൊല്ലുകയും
പാദയോഃ സാഷ്ടാംഗം	ചരണങ്ങളിൽ സാഷ്ടാംഗം
പ്രണിപത്യ ച	വണങ്ങുകയും ചെയ്തു (ഭരതൻ)
ഗുരുണാ കൈകേയ്യാ സഹ	ഗുരുവിനോടും കൈകേയിയോടുമൊത്തു്
ബഹുധാ പ്രാർത്ഥയാമാസ	പലതരത്തിൽ അഭ്യർത്ഥിച്ചു.

തഥേതി പ്രതിജഗ്രാഹ ഭരതാദ് രാജ്യമീശ്വരഃ
മായാമാശ്രിത്യ സകലാം നരചേഷ്ടാമുപാഗതഃ. 4

മായാം ആശ്രിത്യ സകലാം	മായയെ ആശ്രയിച്ച് സകല
നരചേഷ്ടാം ഉപാഗതഃ ഈശ്വരഃ	മാനവചേഷ്ടകളും കൈക്കൊണ്ട ഭഗവാൻ
തഥാ ഇതി	'അങ്ങനെ'യെന്നു് (സമ്മതിച്ച്)
ഭരതാത് രാജ്യം പ്രതിജഗ്രാഹ	ഭരതനിൽനിന്നു രാജ്യം ഏറ്റുവാങ്ങി.

സ്വാരാജ്യാനുഭവോ യസ്യ സുഖജ്ഞാനൈകരൂപിണഃ
നിരസ്താതിശയാനന്ദരൂപിണഃ പരമാത്മനഃ. 5

മാനുഷേണ തു രാജ്യേന കിം തസ്യ ജഗദീശതുഃ
യസ്യ ഭ്രൂഭംഗമാത്രേണ ത്രിലോകീ നശ്യതി ക്ഷണാത്. 6

യസ്യ ഭ്രൂഭംഗമാത്രേണ	ഏതൊരുവന്റെ ഭ്രൂചലനമാത്രത്താൽ
ത്രിലോകീ ക്ഷണാത്	ഉലകം മൂന്നും ഞൊടിയിടയിൽ
നശ്യതി	നാശമടയുന്നുവോ,
സ്വാരാജ്യാനുഭവഃ	സ്വകീയമായ ആത്മാനന്ദംതന്നെ
യസ്യ	ഏതൊരുവനു രാജ്യാനുഭവമാകുന്നുവോ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഖജ്ഞാനൈകരൂപിണഃ	ചിദാനന്ദമായ ഒരേ വടിവുടയവനും
നിരസ്താതിശയാനന്ദരൂപിണഃ	നിരതിശയാനന്ദത്തിടമ്പും
ജഗദീശതുഃ	ജഗദീശനുമായ
തസ്യ പരമാത്മനഃ	ആ പരമാത്മാവിന്
മാനുഷേണ രാജ്യേന കിം	മാനവരാജ്യംകൊണ്ടു കാര്യമെന്ത്?

യസ്യാനുഗ്രഹമാത്രേണ ഭവന്ത്യാഖണ്ഡലശ്രിയഃ
ലീലാസൃഷ്ടമഹാസൃഷ്ടേഃ കിയദേതദ് രമാപതേഃ. 7

യസ്യ അനുഗ്രഹമാത്രേണ	യാതൊരാളുടെ അനുഗ്രഹമാത്രത്താൽ
ആഖണ്ഡലശ്രിയഃ ഭവന്തി	ഇന്ദ്രൈശ്വര്യങ്ങൾ സംഭവിക്കുന്നുവോ,
ലീലാസൃഷ്ടമഹാസൃഷ്ടേഃ	ലീലയാൽ ബ്രഹ്മാണ്ഡം ചമച്ച
(തസ്യ) രമാപതേഃ	ആ ലക്ഷ്മീപതിക്ക്
ഏതത് കിയത്?	ഈ (രാജ്യ)മെന്ത്?

തഥാപി ഭജതാം നിത്യം കാമപൂരവിധിത്സയാ
ലീലാമാനുഷദേഹേന സർവ്വമപ്യനുവർത്തതേ. 8

തഥാപി നിത്യം ഭജതാം	എങ്കിലും (തന്നെ) നിത്യവും ഭജിപ്പവർക്ക്
കാമപൂരവിധിത്സയാ	അഭിലാഷപൂർത്തി കൈവരുത്തണമെന്ന
ലീലാമാനുഷദേഹേന	ആഗ്രഹത്താൽ ലീലാമാനവദേഹം കൈ-
സർവ്വം അപി	ക്കൊണ്ട് സകലതും (ആദ്ദേഹം)
അനുവർത്തതേ	അനുവർത്തിച്ചുപോരുന്നു.

തതഃ ശത്രുഘ്നവചനാന്നിപുണഃ ശ്മശ്രുകൃന്തകഃ
സംഭാരാസ്യാഭിഷേകാർത്ഥമാനീതാ രാഘവസ്യ ഹി. 9

ശത്രുഘ്നവചനാത്	ശത്രുഘ്നവചനപ്രകാരം
നിപുണഃ ശ്മശ്രുകൃന്തകഃ	(ഒരു) നിപുണക്ഷുരകനും
അസ്യ രാഘവസ്യ	ആ രാഘവന്റെ
അഭിഷേകാർത്ഥം സംഭാരാഃ ച	അഭിഷേകത്തിനുള്ള (മററു) സാമഗ്രികളും
തതഃ ആനീതാഃ ഹി	അനന്തരം ആനയിക്കപ്പെട്ടു.

പൂർവ്വം തു ഭരതേ സ്നാതേ ലക്ഷ്മണേ ച മഹാത്മനി
സുഗ്രീവേ വാനരേന്ദ്രേ ച രാക്ഷസേന്ദ്രേ വിഭീഷണേ. 10

വിശോധിതജടഃ സ്നാതശ്ചിത്രമാല്യാനുലേപനഃ
മഹാർഹവസനോപേതസ്തസ്ഥൗ തത്ര ശ്രിയാ ജ്വലൻ. 11

പൂർവ്വം തു ഭരതേ മഹാത്മനി	ആദ്യം ഭരതനും മഹാത്മാ
ലക്ഷ്മണേ ച വാനരേന്ദ്ര	ലക്ഷ്മണനും പിന്നെ വാനരേന്ദ്രൻ
സുഗ്രീവേ രാക്ഷസേന്ദ്രേ	സുഗ്രീവൻ രാക്ഷസരാജൻ
വിഭീഷണേ ച	വിഭീഷണൻ എന്നിവരും
സ്നാതേ	കുളികഴിച്ചതോടെ,
വിശോധിതജടഃ സ്നാതഃ	ജടയിറക്കി സ്നാനംചെയ്തു,
ചിത്രമാല്യാനുലേപനഃ	വിശിഷ്ടഹാരങ്ങളും കുറിക്കൂട്ടുകളുമണിഞ്ഞ,
മഹാർഹവസനോപേതഃ	വിലയേറിയ ഉടയാട ധരിച്ച,
ശ്രിയാ ജ്വലൻ	ഐശ്വര്യോജ്ജ്വലനായ
(രാമഃ) തത്ര തസ്ഥൗ	രാമൻ അവിടെ സന്നിഹിതനായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതികർമ്മ ച രാമസ്യ ലക്ഷ്മണസ്യ മഹാമതിഃ
കാരയാമാസ ഭരതഃ സീതായാഃ രാജയോഷിതഃ. 12

മഹാമതിഃ ഭരതഃ	മഹാശയൻ ഭരതൻ
രാമസ്യ ലക്ഷ്മണസ്യ ച	രാമലക്ഷ്മണന്മാക്ക്
പ്രതികർമ്മ കാരയാമാസ	അലങ്കാരങ്ങൾ ചെയ്യിച്ചു.
സീതായാഃ രാജയോഷിതഃ	സീതയെ രാജനാരിമാർ (ഒരുക്കി).

മഹാർഹവസ്ത്രാഭരണൈരലംചക്രുഃ സുമദ്ധ്യമാം
തതോ വാനരപത്നീനാം സർവ്വാസാമേവ ശോഭനാ. 13

അകാരയത കൗസല്യാ പ്രഹൃഷ്ടാ പുത്രവത്സലാ
തതഃ സ്യന്ദനമാദായ ശത്രുഘ്നവചനാത് സുധീഃ. 14

സുമന്ത്രഃ സൂര്യസങ്കാശം യോജയിത്വാഗ്രതഃ സ്ഥിതഃ
ആരുരോഹ രഥം രാമഃ സത്യധർമ്മപരായണഃ. 15

മഹാർഹവസ്ത്രാഭരണൈഃ സുമദ്ധ്യമാം അലംചക്രുഃ	അനർഘങ്ങളായ ആടയാഭരണങ്ങളാൽ (ആ) സുന്ദരിയെ(റാണിമാർ)അലങ്കരിച്ചു.
പുത്രവത്സലാ പ്രഹൃഷ്ടാ ശോഭനാ കൗസല്യാ തതഃ സർവ്വാസാം വാനരപത്നീനാം ഏവ അകാരയത	പുത്രവത്സലയും പ്രസന്നയും ശോഭനയുമായ കൗസല്യ പിന്നീടെല്ലാം വാനരപത്നിമാരെയും അണിയിച്ചൊരുക്കി.
തതഃ ശത്രുഘ്നവചനാത് സുധീഃ സുമന്ത്രഃ സൂര്യസങ്കാശം സ്യന്ദനം യോജയിത്വാ ആദായ അഗ്രതഃ സ്ഥിതഃ	അനന്തരം ശത്രുഘ്നവചനപ്രകാരം ബുദ്ധിശാലി സുമന്ത്രൻ സൂര്യപ്രഭ തിരളുന്ന ഒരു രഥത്തിൽ (കുതിരകളെ) പൂട്ടിക്കൊണ്ടുവന്നു (രാമന്റെ) മുമ്പിൽ നിലകൊണ്ടു.
സത്യധർമ്മപരായണഃ രാമഃ രഥം ആരുരോഹ	സത്യധർമ്മങ്ങളിൽ നിഷ്ഠയുള്ള രാമൻ തേരിലേറി.

സുഗ്രീവോ യുവരാജശ്ച ഹനുമാംശ്ച വിഭീഷണഃ
സ്നാത്വാ ദിവ്യാംബരധരാ ദിവ്യാഭരണഭൂഷിതാഃ. 16

രാമമന്വീയുരഗ്രേ ച രഥാശ്വഗജവാഹനാഃ
സുഗ്രീവപത്ന്യഃ സീതാ ച യയുർയാനൈഃ പുരം മഹത്. 17

സുഗ്രീവഃ യുവരാജഃ ച ഹനുമാൻ വിഭീഷണഃ ച സ്നാത്വാ ദിവ്യാംബരധരാഃ ദിവ്യാഭരണഭൂഷിതാഃ രഥാശ്വഗജവാഹനാഃ ച അഗ്രേ രാമം അന്വീയുഃ	സുഗ്രീവനും യുവരാജാവും ഹനുമാനും വിഭീഷണനും കുളിച്ച്, ദിവ്യവസ്ത്രം ചാർത്തി ദിവ്യാഭരണങ്ങളണിഞ്ഞ്, തേരിലും കുതിരപ്പുറത്തും ആനപ്പുറത്തുമേറി മുമ്പേ രാമന് അകമ്പടിസേവിച്ചു.
സുഗ്രീവപത്ന്യഃ സീതാ ച യാനൈഃ മഹത്പുരം യയുഃ	സുഗ്രീവപത്നിമാരും സീതയും വാഹനങ്ങളിൽ മഹാപുരിയിലേക്കു യാത്രയായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വജ്രപാണിർയഥാ ദേവൈർഹരിതാശ്വരഥേ സ്ഥിതഃ
പ്രയയൗ രഥമാസ്ഥായ തഥാ രാമോ മഹത്പുരം. 18

ഹരിതാശ്വരഥേ	പച്ചനിറമുള്ള കുതിരകളെ പൂട്ടിയ തേരിൽ
ദേവൈഃ യഥാ വജ്രപാണിഃ	ദേവന്മാരുമൊത്ത് ഇന്ദ്രനെങ്ങനെയോ
സ്ഥിതഃ തഥാ	അപ്രകാരമാണ്
രഥം ആസ്ഥായ രാമഃ	രഥാരൂഢനായ രാമൻ
മഹത് പുരം	മഹത്തായ (അയോധ്യാ)നഗരിയിലേക്ക്
യയൗ	എഴുന്നള്ളിയത്.

സാരഥ്യം ഭരതശ്ചക്രേ രത്നദണ്ഡം മഹാദ്യുതിഃ
ശ്വേതാതപത്രം ശത്രുഘ്നോ ലക്ഷ്മണോ വ്യജനം ദധേ. 19

മഹാദ്യുതിഃ ഭരതഃ സാരഥ്യം ചക്രേ	അതിതേജസ്വി ഭരതൻ തേർ തെളിച്ചു.
ശത്രുഘ്നഃ രത്നദണ്ഡം	ശത്രുഘ്നൻ രത്നപ്പിടിയുള്ള
ശ്വേതാതപത്രം ലക്ഷ്മണഃ	വെൺകൊററക്കുടയും ലക്ഷ്മണൻ
വ്യജനം ദധേ	ആലവട്ടവും പിടിച്ചു.

ചാമരം ച സമീപസ്ഥോ ന്യവീജയദരിന്ദമഃ
ശശിപ്രകാശം ത്വപരം ജഗ്രാഹാസുരനായകഃ. 20

അരിന്ദമഃ സമീപസ്ഥഃ	ശത്രുദമനൻ (സുഗ്രീവൻ)
ചാമരം ന്യവീജയത്	അരികിൽനിന്ന് ചാമരം വീശി.
അസുരനായകഃ തു	(മറുവശത്തുനിന്ന്) വിഭീഷണൻ
ശശിപ്രകാശം അപരം	തിങ്കൾപ്രഭയാർന്ന മറെറാരു
ച ജഗ്രാഹ	ചാമരവും വീശിക്കൊടുത്തു.

ദിവിജൈഃ സിദ്ധസംഘൈശ്ച ഋഷിഭിർദിവ്യദർശനൈഃ
സ്തൂയമാനസ്യ രാമസ്യ ശുശ്രുവേ മധുരധ്വനിഃ. 21

ദിവിജൈഃ സിദ്ധസംഘൈഃ	ദേവന്മാർ, സിദ്ധഗണങ്ങൾ,
ദിവ്യദർശനൈഃ ഋഷിഭിഃ ച	ദിവ്യദർശനരായ ഋഷിമാർ എന്നിവരാൽ
രാമസ്യ സ്തൂയമാനസ്യ	രാമൻ സ്തുതിക്കപ്പെടുന്നതിന്റെ
മധുരധ്വനിഃ ശുശ്രുവേ	മധുരനാദം കേൾക്കാറായി.

മാനുഷം രൂപമാസ്ഥായ വാനരാഃ ഗജവാഹനാഃ
ഭേരീശംഖനിനാദൈശ്ച മൃദംഗപണവാനകൈഃ. 22

പ്രയയൗ രാഘവശ്രേഷ്ഠസ്താം പുരീം സമലംകൃതാം
ദദൃശുസ്തേ സമായാന്തം രാഘവം പുരവാസിനഃ. 23

മാനുഷം രൂപം ആസ്ഥായ	മാനവരൂപം പേറിയ
വാനരാഃ ഗജവാഹനാഃ	വാനരർ ആനപ്പുറമേറിയാണ്
(യയുഃ)	സഞ്ചരിച്ചത്.
ഭേരീശംഖനിനാദൈഃ	പെരുമ്പറ—ശംഖനാദങ്ങളോടും
മൃദംഗപണവാനകൈഃ	മൃദംഗ—പണവ—ആനകഘോഷങ്ങളോടും—
ച രാഘവശ്രേഷ്ഠഃ സമലംകൃതാം	കൂടെ രാഘവേന്ദ്രൻ സമലംകൃതമായ
താം പുരീം പ്രയയൗ	ആ നഗരിയിലേക്കു പ്രവേശിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമായാന്തം രാഘവം തേ	വന്നണയുന്ന രാഘവനെ ആ
പുരവാസിനഃ ദദൃശുഃ	നാഗരികർ ദർശിക്കയായി (കൺകളിരെ).

ദൂർവ്വാദലശ്യാമതനും മഹാർഹ—
കിരീടരത്നാഭരണാഞ്ചിതാംഗം
ആരക്തകഞ്ജായതലോചനാന്തം
ദൃഷ്ട്വാ യയുർമോദമതീവപുണ്യാഃ. 24

ദൂർവ്വാദലശ്യാമതനും	കറുകനാമ്പിൻപടി കറുത്ത മേനി,
മഹാർഹകിരീടരത്നാ—	അനർഘമായ കിരീടം (ചൂടിയ) ശിരസ്സ്,
ഭരണാഞ്ചിതാംഗം	രത്നാഭരണങ്ങളണിഞ്ഞ അവയവങ്ങൾ,
ആരക്തകഞ്ജായത-	തെല്ലരുണവും താമരയിതൾപോലെ
ലോചനാന്തം	ആയതവുമായ കടമിഴി
(രാമം) ദൃഷ്ട്വാ	(ഇങ്ങനെയുള്ള രാമനെ) കണ്ട്
അതീവപുണ്യാഃ മോദം യയുഃ	ആ പുരപുണ്യശാലികൾ ആനന്ദമടഞ്ഞു.

വിചിത്രരത്നാഞ്ചിതസൂത്രനദ്ധ—
പീതാംബരം പീനഭുജാന്തരാളം
അനർഘ്യമുക്താഫലദിവ്യഹാരൈഃ
വിരോചമാനം രഘുനന്ദനം പ്രജാഃ. 25

വിചിത്രരത്നാഞ്ചിതസൂത്ര—	വിചിത്രരത്നങ്ങളാൽ മോടികൂട്ടി പൊൻ—
നദ്ധപീതാംബരം	നൂൽ കൊരുത്ത പീതാംബരമണിഞ്ഞവനും
അനർഘ്യമുക്താഫലദിവ്യഹാരൈഃ	വിലതീരാമുത്തിൻ ദിവ്യഹാരങ്ങളാൽ
വിരോചമാനം	സുശോഭിതനും
പീനഭുജാന്തരാളം	നീണ്ടുതടിച്ച ഭുജമദ്ധ്യമുള്ളവനുമായ
രഘുനന്ദനം പ്രജാഃ ദദൃശുഃ	രാഘവനെ ജനങ്ങൾ ദർശിച്ചു.

സുഗ്രീവമുഖ്യൈർഹരിഭിഃ പ്രശാന്തൈർ—
നിഷേവ്യമാണം രവിതുല്യഭാസം
കസ്തൂരികാചന്ദനലിപ്തഗാത്രം
നിവീതകല്പദ്രുമപുഷ്പമാലം. 26

പ്രശാന്തൈഃ സുഗ്രീവമുഖ്യൈഃ	പ്രശാന്തരായ സുഗ്രീവാദി—
ഹരിഭിഃ നിഷേവ്യമാണം	വാനരരാൽ പരിസേവിതനും
കസ്തൂരികാചന്ദനലിപ്തഗാത്രം	കസ്തൂരി കലർന്ന ചന്ദനം മേനിയിൽ പൂശി-
നിവീതകല്പദ്രുമപുഷ്പമാലം	യവനും കല്പകപ്പൂമാല ചൂടിയവനും
രവിതുല്യഭാസം	സൂര്യനു സമം വിളങ്ങുന്നവനുമായ
രാമം പ്രജാഃ (ദദൃശുഃ)	രാമനെ ജനം (കൺകളിരെ കണ്ടു).

ശ്രുത്വാ സ്ത്രിയോ രാമമുപാഗതം മുദാ
പ്രഹർഷവേഗോത്കലിതാനനശ്രിയഃ
അപാസ്യ സർവ്വം ഗൃഹകാര്യമാഹിതം
ഹർമ്മ്യാണി ചൈവാരുരുഹുഃ സ്വലംകൃതാഃ. 27

രാമം ഉപാഗതം ശ്രുത്വാ	രാമൻ അരികിലണഞ്ഞതായി കേട്ട്
പ്രഹർഷവേഗാത്	ആനന്ദത്തള്ളലാൽ
കലിതാനനശ്രീയഃ സ്ത്രിയഃ	ആകലമായ മുഖശ്രീപേറിയ പെണ്ണുങ്ങൾ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഹിതം ഗൃഹകാര്യം സർവ്വം	കൂടിക്കിടന്ന ഗൃഹജോലിയെല്ലാം
അപാസ്യമുദാ സ്വലംകൃതാഃ	വിട്ട് സാമോദമണിഞ്ഞൊരുങ്ങി
ഹർമ്മ്യാണി ഏവ ആരുരുഹുഃ ച	മാളികകളിൽ കയറി നില്പായി.

ദൃഷ്ട്വാ ഹരിം സർവ്വദൃഗുത്സവാകൃതിം
പുഷ്പൈഃ കിരന്ത്യഃ സ്മിതശോഭിതാനനാഃ
ദൃഗ്ഭിഃ പപുർനേത്രമനോരസായനം
സ്വാനന്ദമൂർത്തിം മനസാഽഭിരേമിരേ. 28

സർവ്വദൃഗുത്സവാകൃതിം	സകലരുടേയും മിഴികൾക്കുത്സവം പകരുന്ന
ഹരിം ദൃഷ്ട്വാ	ആകാരമുടയ ഹരിയെക്കണ്ടവേ
സ്മിതശോഭിതാനനാഃ	പുഞ്ചിരിയുടെ അഴകിയലും ആനനമുള്ള
(അംഗനാഃ)	മഹിളമാർ
പുഷ്പൈഃ കിരന്ത്യഃ	പൂവുകൾ തൂകി
നേത്രമനോരസായനം	കണ്ണിനും കരളിനും രസായനമായ
ദൃഗ്ഭിഃ പപുഃ	(അദ്ദേഹത്തെ)മിഴികളാൽമോന്തിക്കുടിച്ചു;
സ്വാനന്ദമൂർത്തിം	(ആ) സ്വാനന്ദമൂർത്തിയുമായി
മനസാ അഭിരേമിരേ	മനസാ മുററും രമിച്ചു.

രാമഃ സ്മിതസ്നിഗ്ദ്ധദൃശാ പ്രജാസ്തഥാ
പശ്യൻ പ്രജാനാഥ ഇവാപരഃ പ്രഭുഃ
ശനൈർജ്ജഗാമാഥ പിതുഃ സ്വലംകൃതം
ഗൃഹം മഹേന്ദ്രാലയസന്നിഭം ഹരിഃ. 29

പ്രഭുഃ ഹരിഃ രാമഃ അപരഃ	പ്രഭു, താപഹാരി, രാമൻ മറെറാരു
പ്രജാനാഥഃ ഇവ	പ്രജാപതിയെ(ബ്രഹ്മാവിനെ)പ്പോലെ
സ്മിതസ്നിഗ്ദ്ധദൃശാ	പുഞ്ചിരിക്കനിവിയന്ന മിഴിയാൽ
പ്രജാഃ തഥാ പശ്യൻ	പ്രജകളെ അങ്ങനെ വീക്ഷിച്ചുകൊണ്ട്
സ്വലംകൃതം	പൂർണ്ണാലംകൃതവും
മഹേന്ദ്രാലയസന്നിഭം	ഇന്ദ്രഭവനസമാനവുമായ
പിതുഃ ഗൃഹം	പിതൃഗൃഹത്തിലേക്ക്
അഥ ശനൈഃ ജഗാമ	അനന്തരം മന്ദം ചെന്നു കേറി.

പ്രവിശ്യ വേശ്മാന്തരസംസ്ഥിതോ മുദാ
രാമോ വവന്ദേ ചരണൗ സ്വമാതുഃ
ക്രമേണ സർവ്വാഃ പിതൃയോഷിതഃ പ്രഭുർ–
നനാമ ഭക്ത്യാ രഘുവംശകേതുഃ. 30

വേശ്മാന്തരസംസ്ഥിതഃ പ്രഭുഃ	അരമനയിലെത്തിയ പ്രഭു,
രാമഃ (അന്തഃ) പ്രവിശ്യ	രാമൻ അകത്തേക്കു ചെന്നു്
മുദാ	ആമോദത്തോടെ
സ്വമാതുഃ ചരണൗ വവന്ദേ	സ്വമാതാവിൻെറ കഴലിണ കമ്പിട്ടു.
പിതൃയോഷിതഃ സർവ്വാഃ	പിതൃഭാര്യമാരെയെല്ലാവരേയും
ക്രമേണ (സഃ) രഘുവംശകേതുഃ	ക്രമത്തിന്, ആ രഘുകുലകേതു
ഭക്ത്യാ നനാമ	ഭക്തിപൂർവ്വം വണങ്ങി.

തതോ ഭരതമാഹേദം രാമഃ സത്യപരാക്രമഃ
സർവ്വസംപത്സമായുക്തം മമ മന്ദിരമുത്തമം. 31

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിത്രായ വാനരേന്ദ്രായ സുഗ്രീവായ പ്രദീയതാം
സർവ്വേഭ്യഃ സുഖവാസാർത്ഥം മന്ദിരാണി പ്രകല്പയ. 32

സത്യപരാക്രമഃ രാമഃ തതഃ
ഭരതം ഇദം ആഹ

സത്യപരാക്രമി രാമൻ പിന്നെ
ഭരതനോട് ഇങ്ങനെ കല്പിച്ചു:

സർവ്വസമ്പത്സമായുക്തം
മമ ഉത്തമം മന്ദിരം മിത്രായ
വാനരേന്ദ്രായ സുഗ്രീവായ
പ്രദീയതാം

സർവ്വസമ്പൽസമൃദ്ധമായ
എന്റെ ഉത്തമഭവനം ഉററതോഴന്,
വാനരപതി സുഗ്രീവന്,
കൊടുക്കുക.

സർവ്വേഭ്യഃ സുഖവാസാർത്ഥം
മന്ദിരാണി പ്രകല്പയ

എല്ലാവർക്കും സുഖവാസത്തിന്നുതകിയ
ഭവനങ്ങൾ ഏർപ്പെടുത്തണം.

രാമേണൈവം സമാദിഷ്ടോ ഭരതശ്ച തഥാഽകരോത്
ഉവാച ച മഹാതേജാഃ സുഗ്രീവം രാഘവാനുജഃ. 33

രാമേണ ഏവം സമാദിഷ്ടഃ
ഭരതഃ തഥാ അകരോത് ച

രാമനാൽ ഈവിധം ആജ്ഞാപ്തനായ
ഭരതൻ അങ്ങനെ ചെയ്തു.

മഹാതേജാഃ രാഘവാനുജഃ
സുഗ്രീവം ഉവാച

അതിതേജസ്വീ, ഭരതൻ (പിന്നെ)
സുഗ്രീവനോട് അഭ്യർത്ഥിക്കുകയുണ്ടായി.

രാഘവസ്യാഭിഷേകാർത്ഥം ചതുഃസിന്ധുജലം ശുഭം
ആനേതും പ്രേഷയസ്വാശു ദൂതാംസ്ത്വരിതവിക്രമാൻ. 34

രാഘവസ്യ അഭിഷേകാർത്ഥം
ശുഭം ചതുഃസിന്ധുജലം
ആനേതും ത്വരിതവിക്രമാൻ
ദൂതാൻ ആശു പ്രേഷയസ്വ

രാഘവന്റെ അഭിഷേകത്തിന്
ശുഭകരമായ നാല്ക്കടൽവെള്ളം
ആനയിക്കാൻ ശീഘ്രഗാമികളായ
ദൂതരെ ക്ഷിപ്രം അയയ്ക്കുക.

പ്രേഷയാമാസ സുഗ്രീവോ ജാംബവന്തം മരുത്സുതം
അംഗദം ച സുഷേണം ച തേ ഗത്വാ വായുവേഗതഃ. 35

ജലപൂർണ്ണാൻ ശാതകുംഭകലശാംശ്ച സമാനയൻ
ആനീതം തീർത്ഥസലിലം ശത്രുഘ്നോ മന്ത്രിഭിഃ സഹ. 36

രാഘവസ്യാഭിഷേകാർത്ഥം വസിഷ്ഠായ ന്യവേദയത്.

ജാംബവന്തം മരുത്സുതം
അംഗദം സുഷേണം ച
സുഗ്രീവഃ പ്രേഷയാമാസ

ജാംബവാൻ, മാരുതി,
അംഗദൻ, സുഷേണൻ ഇവരെയാണ്
സുഗ്രീവൻ നിയോഗിച്ചത്.

തേ വായുവേഗതഃ ഗത്വാ
ശാതകുംഭകലശാൻ
ജലപൂർണ്ണാൻ സമാനയൻ

അവർ വായുവേഗത്തിൽ ചെന്ന്
സ്വർണ്ണകുംഭങ്ങളിൽ
ജലം നിറച്ചുകൊണ്ടുവന്നു.

ആനീതം തീർത്ഥസലിലം
രാമസ്യ അഭിഷേകാർത്ഥം
മന്ത്രിഭിഃ സഹ ശത്രുഘ്നഃ
വസിഷ്ഠായ ന്യവേദയത്

ആനീതമായ തീർത്ഥജലം
രാമാഭിഷേകത്തിനായി
മന്ത്രിമാരൊത്ത് ശത്രുഘ്നൻ
വസിഷ്ഠന്ന് അർപ്പിക്കുകയുണ്ടായി.

തതസ്തു പ്രയതോ വൃദ്ധോ വസിഷ്ഠോ ബ്രാഹ്മണൈഃ സഹ. 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമം രത്നമയേ പീഠേ സസീതം സംന്യവേശയത്
വസിഷ്ഠോ വാമദേവശ്ച ജാബാലിർഗ്ഗൗതമസ്തഥാ. 38

വാല്മീകിശ്ച തഥാ ചക്രുഃ സർവ്വേ രാമാഭിഷേചനം
കുശാഗ്രതുളസീയുക്തപുണ്യഗന്ധജലൈർമുദാ. 39

പ്രയതഃ വൃദ്ധഃ വസിഷ്ഠഃ	ജിതേന്ദ്രിയൻ വൃദ്ധൻ വസിഷ്ഠൻ
ബ്രാഹ്മണൈഃ സഹ രാമം	വിപ്രരോടൊത്ത് രാമനെ
സസീതം തതഃ	സീതാസമേതം അനന്തരം
രത്നമയേ പീഠേ സംന്യവേശയത്	മണിപീഠത്തിലിരുത്തി.
വസിഷ്ഠഃ വാമദേവഃ ച	വസിഷ്ഠൻ, വാമദേവൻ,
ജാബാലിഃ തഥാ ഗൗതമഃ	ജാബാലി, ഗൗതമൻ,
വാല്മീകിഃ സർവ്വേ ച	വാല്മീകി ഇവരെല്ലാം
കുശാഗ്രതുളസീയുക്ത–	ദർഭനാമ്പും തുളസിയും ചേർത്ത
പുണ്യഗന്ധജലൈഃ മുദാ	പുണ്യഗന്ധജലത്താൽ സന്തോഷം
രാമാഭിഷേചനം ചക്രുഃ	രാമനെ അഭിഷേകം ചെയ്തു.

അഭ്യഷിഞ്ചൻ രഘുശ്രേഷ്ഠം വാസവം വസവോ യഥാ
ഋത്വിഗ്ഭിഃ ബ്രാഹ്മണൈഃ ശ്രേഷ്ഠൈഃ
കന്യാഭിഃ സഹ മന്ത്രിഭിഃ. 40

സർവ്വൗഷധിരസൈശ്ചൈവ ദൈവതൈർനഭസിസ്ഥിതൈഃ
ചതുർഭിർലോകപാലൈശ്ച സ്തുവദ്ഭിഃ സഗണൈസ്തഥാ. 41

നഭസി സ്ഥിതൈഃ സ്തുവദ്ഭിഃ	വിണ്ണിൽനിന്നു വാഴ്ത്തുന്ന
ദൈവതൈഃ സഗണൈഃ	ദേവഗണങ്ങളും, പരിവാരസമേതരായ
ചതുർഭിഃ ലോകപാലൈഃ	നാലു ലോകപാലകന്മാർ,
ഋത്വിഗ്ഭിഃ ശ്രേഷ്ഠൈഃ ബ്രാഹ്മണൈഃ	വേദജ്ഞരായ ശ്രേഷ്ഠവിപ്രർ (ഇവരെല്ലാം)
കന്യാഭിഃ മന്ത്രിഭിഃ ച സഹ	കന്യകമാരും മന്ത്രിമാരുമൊത്ത്
സർവ്വൗഷധിരസൈഃ	എല്ലാ ദിവ്യൗഷധിരസങ്ങളും ചൊരിഞ്ഞ്
രഘുശ്രേഷ്ഠം അഭ്യഷിഞ്ചൻ	രഘുവരനെ അഭിഷേചിച്ചു.
വസവഃ വാസവം യഥാ	(അഷ്ട) വസുക്കൾ ഇന്ദ്രനെയെന്നപോലെ.

ഛത്രം ച തസ്യ ജഗ്രാഹ ശത്രുഘ്നഃ പാണ്ഡുരം ശുഭം
സുഗ്രീവരാക്ഷസേന്ദ്രൗ തൗ ദധതുഃ ശ്വേതചാമരേ. 42

ശത്രുഘ്നഃ തസ്യ	ശത്രുഘ്നനാണ് അദ്ദേഹത്തിന്
ശുഭം പാണ്ഡുരം ഛത്രം	മംഗലകരമായ വെൺകൊററക്കുട
ജഗ്രാഹ	പിടിച്ചത്.
തൗ സുഗ്രീവരാക്ഷസേന്ദ്രൗ	ആ സുഗ്രീവവിഭീഷണന്മാർ
ശ്വേതചാമരേ ദധതുഃ	വെഞ്ചാമരം വീശി.

മാലാം ച കാഞ്ചനീം വായുർദദൗ വാസവചോദിതഃ
സർവ്വരത്നസമായുക്താം മണികാഞ്ചനഭൂഷിതാം. 43

ദദൗ ഹാരം നരേന്ദ്രായ സ്വയം ശക്രസ്സു ഭക്തിതഃ
പ്രജഗുർദേവഗന്ധർവ്വാ നനൃതുശ്ചാപ്സരോഗണാഃ. 44

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാസവചോദിതഃ വായുഃ	ഇന്ദ്രനാൽ പ്രേരിതനായ വായു
കാഞ്ചനീം മാലാം ദദൗ	കാഞ്ചനമാലയണിയിച്ചു.
സ്വയം ശക്രഃ തു	സ്വയം ഇന്ദ്രനാകട്ടെ
സർവ്വരത്നസമായുക്തം	സകലരത്നങ്ങളും പതിച്ച
മണികാഞ്ചനഭൂഷിതം	മണികാഞ്ചനഭൂഷിതമായ
ഹാരം നരേന്ദ്രായ ഭക്തിതഃ	മുത്തുമാലയാണ് സാദരം നരപതിക്കു
ദദൗ	സമർപ്പിച്ചത്.
ദേവഗന്ധർവ്വാഃ	ദേവഗന്ധർവ്വന്മാർ ചേതോഹരമായി
പ്രജഗുഃ	പാടി.
അപ്സരോഗണാഃ	അപ്സരോഗണങ്ങൾ
നനൃതുഃ ച	നൃത്തമാടുകയും ചെയ്തു.

ദേവദുന്ദുഭയോ നേദുഃ പുഷ്പവൃഷ്ടിഃ പപാത ഖാത്
നവദൂർവ്വാദലശ്യാമം പദ്മപത്രായതേക്ഷണം. 45

രവികോടിപ്രഭായുക്തകിരീടേന വിരാജിതം
കോടികന്ദർപ്പലാവണ്യം പീതാംബരസമാവൃതം. 46

ദിവ്യാഭരണസമ്പന്നം ദിവ്യചന്ദനലേപനം
അയുതാദിത്യസങ്കാശം ദ്വിഭുജം രഘുനന്ദനം. 47

വാമഭാഗേ സമാസീനാം സീതാം കാഞ്ചനസന്നിഭാം
സർവ്വാഭരണസമ്പന്നാം വാമാങ്കേ സമുപസ്ഥിതാം. 48

രക്തോത്പലകരാംഭോജാം വാമേനാലിംഗ്യ സംസ്ഥിതാം
സർവ്വാതിശയശോഭാഢ്യം ദൃഷ്ട്വാ ഭക്തിസമന്വിതഃ. 49

ഉമയാ സഹിതോ ദേവഃ ശങ്കരോ രഘുനന്ദനം
സർവ്വദേവഗണൈർയുക്തഃ സ്തോത്രം സമുപചക്രമേ. 50

ദേവദുന്ദുഭയഃ നേദുഃ	ദേവദുന്ദുഭികൾ മുഴങ്ങി.
ഖാത് പുഷ്പവൃഷ്ടിഃ പപാത	വിണ്ണിൽനിന്നു പൂമഴ പൊഴിഞ്ഞു.
നവദൂർവ്വാദലശ്യാമം	ഇളംകറുകനാമ്പിൻപടി കറുമ്പനും
പദ്മപത്രായതേക്ഷണം	താമരയിതളൊത്ത ആയതമിഴിയുള്ളവനും
രവികോടിപ്രഭായുക്ത-	കതിരവകോടിയുടെ പ്രഭപേറിയ
കിരീടേന വിരാജിതം	മുകുടത്താൽ സുശോഭിതനും
കോടികന്ദർപ്പലാവണ്യം	കോടി മാരന്മാരുടെ ചാരുതയുള്ളവനും
പീതാംബരസമാവൃതം	മഞ്ഞപ്പട്ടുകിലണിഞ്ഞവനും
ദിവ്യാഭരണസമ്പന്നം	ദിവ്യാഭരണഭൂഷിതനും
ദിവ്യചന്ദനലേപനം	ദിവ്യചന്ദനം പൂശിയവനും
അയുതാദിത്യസങ്കാശം	ആയിരമായിരമാദിത്യന്മാരുടെ ആഭ
ദ്വിഭുജം കാഞ്ചനസന്നിഭാം	പേറിയവനും ഇരുകരമുടയവനും, കാഞ്ചന—
സർവ്വാഭരണസമ്പന്നാം	തുല്യയും സർവ്വാഭരണസമ്പന്നയും
രക്തോത്പലകരാംഭോജാം	ചെന്താമര കരതാരിലേന്തിയവളും
വാമഭാഗേ സമാസീനാം	ഇടത്തുവശത്ത് ചെമ്മേ ചേർന്ന്
വാമാങ്കേ സമുപസ്ഥിതാം	ഇടത്തുമടിയിൽ ഒപ്പമിരുന്നവളുമായ
സീതാം വാമേന (കരേണ)	മൈഥിലിയെ ഇടത്തുകരത്താൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആലിംഗ്യ സംസ്ഥിതം	പുണർന്നിരുന്നവനായ
രഘുനന്ദനം സർവ്വാതിശയ—	രഘുനന്ദനനെ, സകലരെയുമതിശ—
ശോഭാഢ്യം (രാമം) ദൃഷ്ട്വാ	യിക്കുംപടി വാഞ്ഞററ രാമനെ, ദർശിച്ച്
ഉമയാസഹിതഃ ദേവഃ ശങ്കരഃ	ഉമാസമേതൻ ഭഗവാൻ ശങ്കരൻ
സർവ്വദേവഗണൈഃ യുക്തഃ	സകല സുരവൃന്ദവുമൊത്ത്
ഭക്തിസമന്വിതഃ	ഭക്തിപൂർവ്വം
സ്തോത്രം സമുപചക്രമേ	സ്തുതിച്ചുതുടങ്ങി.

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ ഉരചെയ്തു

നമോഽസ്തു രാമായ സശക്തികായ
നീലോല്പലശ്യാമളകോമളായ
കിരീടഹാരാംഗദഭൂഷണായ
സിംഹാസനസ്ഥായ മഹാപ്രഭായ. 51

നീലോല്പലശ്യാമളകോമളായ	നീലോല്പലംപോലെ ശ്യാമളകോമളനും
കിരീടഹാരാംഗദഭൂഷണായ	കിരീട—ഹാര—അംഗദഭൂഷിതനും
സശക്തികായ	സീതാസമേതനും
സിംഹാസനസ്ഥായ	സിംഹാസനസ്ഥനും
മഹാപ്രഭായ രാമായ നമഃ അസ്തു	തീവ്രപ്രഭനുമായ രാമനു നമസ്കാരം.

ത്വമാദിമധ്യാന്തവിഹീന ഏകഃ
സൃജസ്യവത്സ്യത്സി ച ലോകജാതം
സ്വമായയാ തേന ന ലിപ്യസേ ത്വം
യത് സ്വേ സുഖേഽജസ്രരതോഽനവദ്യഃ. 52

ത്വം ആദിമധ്യാന്തവിഹീനഃ	നീ ആദിമധ്യാന്തമററവൻ,
ഏകഃ	ഏകൻ.
സ്വമായയാ ലോകജാതം	സ്വമായയാൽ (നീ) ലോകവ്യൂഹം
സൃജസി അവത്സി അത്സി ച	ചമയ്ക്കുന്നു, പോററുന്നു, ഒടുക്കുന്നു.
തേന ന ലിപ്യസേ	(എങ്കിലും) അതിനാൽ ലിപ്തനാകുന്നില്ല.
യത് സ്വേ സുഖേ	എന്തെന്നാൽ സ്വീയസുഖത്തിൽ
അജസ്രരതഃ	നിരന്തരം രമിക്കുന്ന
അനവദ്യഃ	പരമപാവനനാണല്ലോ (നീ).

ലോകരചനാദി കാര്യം നിർവ്വഹിക്കുമെങ്കിലും നിന്നെയതു ബാധിക്കാറില്ല. നീ സർവ്വഥാ സ്വതന്ത്രൻ, ആത്മാരാമൻ.

ലീലാം വിധത്സേ ഗുണസംവൃതസ്ത്വം
പ്രപന്നഭക്താനുവിധാനഹേതോഃ
നാനാവതാരൈഃ സുരമാനുഷാദ്യൈഃ
പ്രതീയസേ ജ്ഞാനിഭിരേവ നിത്യം. 53

പ്രപന്നഭക്താനുവിധാനഹേതോഃ	ശരണാഗതരായ ഭക്തരെ അനുഗ്രഹിപ്പാ-
ഗുണസംവൃതഃ	നായി ഗുണംപേറി
സുരമാനുഷാദ്യൈഃ	ദേവമാനവാദി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാനാ അവതാരൈഃ ത്വം ലീലാം വിധത്സേ	നാനാവതാരങ്ങൾ കൈക്കൊണ്ട് നീ കേളിയാടുന്നു.
ജ്ഞാനിഭിഃ ഏവ നിത്യം പ്രതീയസേ	ജ്ഞാനികൾക്കു മാത്രമേ എന്നും (നിൻെറ പൊരുൾ) തിരിയൂ.

പ്രപഞ്ചസൃഷ്ടി നിൻെറ ലീലയാണ്. ലീല നിൻെറ സ്വഭാവവുമാണ്. എങ്കിലും ലീലയിലൂടെ ഒരു മഹാകാര്യം സഹജമായി സാധിതമാകുന്നു—ആരാധകരുടെ ഹൃദയരഞ്ജനം. അവതാരവും നിൻെറ ലീലയാണല്ലോ. നാനാ രൂപങ്ങളിൽ നാനായോനികളിൽ നീ അവതരിക്കുന്നു. ഭക്തർക്കു നിൻെറ ലീലാ രഹസ്യമറിയാം. അവരാണ് ജ്ഞാനികൾ. ശാസ്ത്രവേദികളല്ല. അങ്ങനെയാണ് നീ ജ്ഞാനികൾക്കുമാത്രം ഗോചരനായി വിരാചിക്കുന്നത്—"തം വിദിത്വാ ഏവ അതിമൃത്യുംഏതി."—അവനെ അറിയുന്നതിലൂടെ മാത്രമേ അമരത്വം കൈവരൂ.

സ്വാംശേന ലോകം സകലം വിധായ
ബിഭർഷി ച ത്വം തദധഃ ഫണീശ്വരഃ
ഉപര്യധോ ഭാന്വനിലോഡുപൗഷധി-
പ്രവർഷരൂപോഽവസി നൈകധാ ജഗത്. 54

സ്വാംശേന സകലം ലോകം വിധായ ഫണീശ്വരഃ അധഃ ത്വം തദ് ബിഭർഷി ഉപര്യധഃ ഭാന്വനിലോഡു- പൗഷധിപ്രവർഷരൂപഃ (സൻ) ന ഏകധാ ജഗത് അവസി ച	സ്വാംശത്താൽ ഉലകമെല്ലാം ചമച്ച് അനന്തനായി താഴെനിന്ന് നീ അതിനെ താങ്ങുന്നു. മുകളിലും താഴെയും സൂര്യ—വായു—ചന്ദ്ര— സസ്യ—വർഷധാരാരൂപനായി (വിരാജിച്ച്) പലതരത്തിൽ ലോകം പുലർത്തുകയുംചെയ്യുന്നു.

ഭഗവാൻ സ്വാംശംകൊണ്ട് ഉലകം നിർമ്മിച്ചു. അങ്ങനെ ജഗത്ത് തൻെറ അംശമായിത്തന്നെ നിലകൊള്ളാനിടയാക്കി. ബ്രഹ്മത്തിൻെറ ശരീരമാണ് ജഗത്തെന്നാണല്ലോ രാമാനുജാചാര്യർ സിദ്ധാന്തിക്കുന്നത്.

ത്വമിഹ ദേഹഭൃതാം ശിഖിരൂപഃ
പചസി ഭുക്തമശേഷമജസ്രം
പവനപഞ്ചകരൂപസഹായോ
ജഗദഖണ്ഡമനേന ബിഭർഷി. 55

ശിഖിരൂപഃ ഇഹ ദേഹഭൃതാം ഭുക്തം അശേഷം ത്വം അജസ്രം പചസി പവനപഞ്ചകരൂപസഹായഃ അനേന അഖണ്ഡം ജഗത് ബിഭർഷി	*അഗ്നിരൂപനായി ലോകത്തിൽ (നിലകൊണ്ട്) ദേഹികൾ അശിച്ച അന്നം അശേഷം നീ നിരന്തരം ദഹിപ്പിക്കുന്നു. പഞ്ചാഗ്നിസഹായനായി തദ്വാരാ അഖിലജഗത്തും പാലിക്കുന്നതും (നീതന്നെ).

അഗ്നിയുടെ ധാത്വർത്ഥംതന്നെ 'ഗതി'യാണ്, 'പൂജനവും'. അഗ്നി പരമാത്മാവിൻെറ അഭിധാനവുമാണല്ലോ. "അഗ്നിമീളേ പുരോഹിതം." (ഋക്—I.1) ദേഹധാരികളുടെ നിലനില്പിനും വികാസത്തിനും ഹേതുവായ പ്രകാശസ്ഫുരണം

* "അഗ്നിർയഥൈകോ ഭുവനം പ്രവിഷ്ടോ..." (കഠ—II. 2. 9)
"അഹം വൈശ്വാനരോ ഭൂത്വാ..." (ഗീത—XV. 14)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമനിൽ കാണാം. മൃൺമയമായ ഉടലിനും ചിന്മയമായ ആത്മാവിനും ആ പ്രകാശം പരിരക്ഷ നല്കുന്നു.

ചന്ദ്രസൂര്യശിഖിമധ്യഗതം യത്
തേജ ഈശ ചിദശേഷതനൂനാം
പ്രാഭവത്തനഭൃതാമിവ ധൈര്യം
ശൗര്യമായുരഖിലം തവ തത്ത്വം. 56

ഈശ, ചന്ദ്രസൂര്യ—ശിഖിമധ്യഗതം യത് തേജഃ അശേഷതനൂനാം ചിത് അനുഭൃതാം പ്രാഭവത് ഇവ ധൈര്യം ശൗര്യം ആയുഃ അഖിലം തവ തത്ത്വം	ഈശ്വര, ചന്ദ്ര—സൂര്യ—അഗ്നികളിലെ തേജസ്സ്, സകല ദേഹികളിലും അടങ്ങി—യ ചൈതന്യം, ജീവികളിലൂടെ ആവിർഭവിപ്പതായി തോന്നുന്ന ധൈര്യം, ശൗര്യം, ആയുസ്സ് എന്നിവയെ—ല്ലാം (സത്യത്തിൽ) നിന്റേതായ തത്ത്വ—മത്രേ.

ചരാചരങ്ങളിൽ സ്ഫുരിക്കുന്ന തേജസ്സെല്ലാം ഭഗവാന്റെയാണല്ലോ. ശക്തി, ധൈര്യം, ചൈതന്യം ഇവയുടെയെല്ലാം മൂലസ്രോതസ്സവിടുന്നല്ലാതെ മറ്റാരാണ്?

''യദ് യദ് വിഭൂതിമത് സത്വം ശ്രീമദൂർജിതമേവ വാ
തത്തദേവാവഗച്ഛ ത്വം മമ തേജോംശസംഭവം.'' (ഗീത—X. 41)

ത്വം വിരിഞ്ചിശിവവിഷ്ണുവിഭേദാത്
കാലകർമ്മശശിസൂര്യവിഭാഗാത്
വാദിനാം പൃഥഗിവേശ വിഭാസി
ബ്രഹ്മ നിശ്ചിതമനന്യദിഹൈകം. 57

ഈശ ത്വം വിരിഞ്ചിശിവ—വിഷ്ണുവിഭേദാത് കാലകർമ്മശശിസൂര്യവിഭാഗാത് പൃഥക് ഇവ വിഭാസി വാദിനാം	ഭഗവാനേ, നീ ബ്രഹ്മാവ്, ശങ്കരൻ, വിഷ്ണു എന്നു പലതായും കാല—കർമ്മ—ചന്ദ്ര—സൂര്യഭേദേനയും വെവ്വേറെ എന്നവിധം വിളങ്ങാറുണ്ട്, തത്ത്വവാദികളുടെ (ദൃഷ്ടിയിൽ).
ഇഹ അനന്യത് ഏകം ബ്രഹ്മ നിശ്ചിതം	(പക്ഷേ) ഇവിടെ അനന്യവും ഏകവുമായ ബ്രഹ്മമേ ധ്രുവ സത്യമായുള്ളു.

ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്ന ത്രിമൂർത്തികൾ മൗലികമായി മൂന്നു പ്രവർത്തനങ്ങളുടെ പ്രതീകങ്ങളാണ്. ബ്രഹ്മാവ് സൃഷ്ടിയെ, വിഷ്ണു പരിപാലനത്തെ, ശിവൻ സംഹാരത്തെ പ്രതിനിധീകരിക്കുന്നു. ത്രിമൂർത്തികൾ സത്യത്തിൽ ഒരേ അവികലസത്യത്തിന്റെ ഭിന്നഭാവങ്ങൾമാത്രം. ദാർശനികന്മാർ ഏകസത്യത്തെ ബഹുധാ നിരീക്ഷിക്കുന്നു. അതാണ് ബഹുത്വഹേതു. സൂര്യചന്ദ്രാദി വസ്തുസംഘാതവും അതിന്റെ കാര്യകലാപവുമെല്ലാം നേരേനോക്കിയാൽ നിന്റെ തിരുവിളയാട്ടമത്രേ. നീയൊന്നേ ശാശ്വതമായുള്ളു—''മത്തഃ പരതരം നാന്യത് കിഞ്ചിദസ്തി'' ''മത്തോഽന്യന്നാസ്തി കിഞ്ചന.''

മത്സ്യാദിരൂപേണ യഥാ ത്വമേകഃ
ശ്രുതൗ പുരാണേഷു ച ലോകസിദ്ധഃ
തഥൈവ സർവ്വം സദസദ്‌വിഭാഗ-
സ്ത്വമേവ നാന്യദ് ഭവതോ വിഭാതി. 58

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുതൗ പുരാണേഷു	*ശ്രുതിയിലും പുരാണങ്ങളിലും
മത്സ്യാദിരൂപേണ	മത്സ്യാദിരൂപത്തിൽ
യഥാ ഏകഃ ത്വം ഏവ	എങ്ങനെയാണോ നീ ഒരാൾതന്നെ,
ലോകസിദ്ധഃ (വർത്തസേ)	വിശ്വവിദിതനായി വർത്തിക്കുന്നതു്
തഥാ ഏവ	അതുപോലെതന്നെ
സദസദ്വിഭാഗഃ	സത്തിന്റേതും അസത്തിന്റേതുമായ എല്ലാ
	വിഭാഗങ്ങളിലും (നീതന്നെ വിരാജിക്കുന്നു)
ഭവതഃ അന്യത്	നിന്നിൽനിന്നു് അന്യമായി
ന വിഭാതി	ഒന്നും നിലനില്ക്കുന്നില്ല.
സർവ്വം ത്വം ഏവ	എല്ലാം നീന്തിരുവടിതന്നെ.

പുരാണങ്ങളിലും മററും മത്സ്യകൂർമ്മാദി അവതാരങ്ങളെപ്പററി പ്രസ്താവമുണ്ടെങ്കിലും നീ അവിഭക്തനും അവിചലനുമായി നിലകൊള്ളുന്നു. സത്തും അസത്തുമായ വസ്തുക്കളെല്ലാം നിന്റെ ബഹിഃസ്ഫുരണംതന്നെ.

യദ്യത് സമുത്പന്നമനന്തസൃഷ്ടൗ
ഉത്പത്സ്യതേ യച്ച ഭവച്ച യച്ച
ന ദൃശ്യതേ സ്ഥാവരജംഗമാദൗ
ത്വയാ വിനാതഃ പരതഃ പരസ്ത്വം. 59

അനന്തസൃഷ്ടൗ	അന്തമററ ഈ സൃഷ്ടിയിൽ
യദ് യദ് സമുത്പന്നം	എന്തെന്തു് ഉളവായോ,
യത് ഉത്പത്സ്യതേ	എന്തു് ഉളവാകുമോ,
യത് ച ഭവത്	എന്തു് ഉളവാകുന്നുവോ,
സ്ഥാവരജംഗമാദൗ	(താദൃശ)സ്ഥാവരജംഗമാദിയിൽ
ത്വയാ വിനാ (കിഞ്ചിത്)	(എല്ലാററിലും) നീയല്ലാതെ യാതൊന്നും
ന ദൃശ്യതേ	കാണപ്പെടുന്നില്ല.
അതഃ ത്വം പരതഃ പരഃ (അസി)	ആകയാൽ നീ പരാൽപരനാകുന്നു.

ഉണ്ടായതും ഉണ്ടാകുന്നതും ഉണ്ടാകാവുന്നതുമായ ഏതു പ്രതിഭാസവും നിന്റെ വിലാസംതന്നെ. ബാഹ്യലോകം ഒരു സത്യമാണു്, (നിന്റെ) കാവ്യമാണു്. അതിനു മരണമോ ജീർണ്ണതയോ ഇല്ല. ''പശ്യ ദേവസ്യ കാവ്യം, ന മമാര, ന ജീര്യതി!'' എന്നു വൈദികകവി പാടിയിട്ടുണ്ടല്ലോ. അററിയില്ലാത്തതാണ്, അവ്യാഹതമാണു് നിന്റെ കർമ്മങ്ങൾ—സൃഷ്ടിസ്ഥിതിസംഹാരങ്ങൾ. ''അവിച്ഛിന്നാസ്തതസ്ത്വത്തേ സർഗ്ഗസ്ഥിത്യന്തസംയമാഃ.'' പുരുഷനാണു് പരമകാഷ്ഠ; അതിനപ്പുറമൊന്നുമില്ല. ''പുരുഷാന്നപരം കിഞ്ചിത് സാ കാഷ്ഠാ സാ പരാ ഗതിഃ.'' (കാ—I. 3. 11)

തത്ത്വം ന ജാനന്തി പരാത്മനസ്തേ
ജനാഃ സമസ്താസ്തവ മായയാതഃ
ത്വദ്ഭക്തസേവാമലമാനസാനാം
വിഭാതി തത്ത്വം പരമേകമൈശം. 60

* ഇവിടെ ഒരു കാര്യം സവിശേഷം ശ്രദ്ധിക്കേണ്ടതുണ്ടു്. വേദങ്ങളിൽ ഈശ്വരാവതാരങ്ങളെപ്പററി ഒരു വിദൂരസൂചനപോലുമില്ല. പുരാണങ്ങളാണു് മുഖ്യമായും അവതാരവാദം ഒരു സിദ്ധാന്തമായി ഉന്നയിച്ചു് ഉറപ്പിക്കുന്നതു്. ഗ്രന്ഥകർത്താവു്, മററു പലരും ചെയ്യാറുള്ളതുപോലെ, പുരാണങ്ങളെയും വേദങ്ങളോളംതന്നെ പ്രാമാണികമായി കരുതുന്നുണ്ടായിരിക്കണം.

എല്ലാ വസ്തുക്കളിലും ഈശ്വരചൈതന്യം നിറഞ്ഞിരിക്കുന്നു. തന്മൂലം അവയെല്ലാം ഈശ്വരൻതന്നെയെന്നു് ആലങ്കാരികമായി പറയാവുന്നതാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമസ്താഃ ജനാഃ തവ മായയാ (അഭിഭൂതാഃ) അതഃ പരാത്മനഃ തേ തത്ത്വം ന ജാനന്തി	സമസ്തജനങ്ങളും നിന്റെ മായയ്ക്കു വശഗരാണ്. തന്മൂലം പരമാത്മാവായ നിന്റെ പൊരുളും (അവർ) അറിയുന്നില്ല.
ത്വദ്ഭക്തസേവാ— മലമാനസാനാം ഐശം പരം ഏകം തത്ത്വം വിഭാതി	നിന്റെ ഭക്തന്മാരുടെ പരിസേവയിലൂടെ അന്തരംഗം അമലമാക്കിയവർക്ക് ഏകവും പരമവുമായ ഈശതത്ത്വം (സ്വയം) തെളിഞ്ഞുകൊള്ളും.

മായയിൽനിന്നു വിടുതൽ നേടിയാലേ ആത്മതത്ത്വം അറിയാനാവൂ. ആത്മജ്ഞാനം അനായാസേന കൈവരാറില്ല. അനുഭൂതിമണ്ഡലത്തിലെ ഒരു തരം ഒളിചിന്നലാണ് അത്. അവാച്യമായ ഒരു ചൈതന്യസ്ഫുരണം. പവിത്ര ഹൃദയത്തിലെ സിദ്ധി. മനസ്സ് വിമലമാക്കാൻ ഏറ്റവും പററിയ ഉപാധിയാണ് പരിസേവ—ഭഗവദ്ഭക്തന്മാരെ ശുശ്രൂഷിക്കൽ. ''പ്രണിപാതേന, പരിപ്രശ്നേന, സേവയാ ച'' എന്നാണല്ലോ ഭഗവദുക്തി തന്നെ. നിന്റെ സേവകരെ സേവിക്കുന്നവർക്കുപോലും നിന്റെ പരമതത്ത്വം വെളിവാകുന്നു. ആകയാൽ സേവനമാണ്—സ്നേഹമാണ്—അമോഘമായ ഉപാധി.

ബ്രഹ്മാദയസ്തേ ന വിദുഃ സ്വരൂപം
ചിദാത്മതത്ത്വം ബഹിരർത്ഥഭാവാഃ
തതോ ബുധസ്ത്വാമിദമേവ രൂപം
ഭക്ത്യാ ഭജന്മുക്തിമുപൈത്യദുഃഖഃ. 61

ബ്രഹ്മാദയഃ തേ സ്വരൂപം ചിദാത്മതത്ത്വം ന വിദുഃ	ബ്രഹ്മാദികൾപോലും നിന്റെ സ്വരൂപമായ ചിദാത്മതത്ത്വം അറിയുന്നില്ല.
(തേ) ബഹിരർത്ഥഭാവാഃ (സന്തി)	(കാരണം, അവർ) ബാഹ്യാർത്ഥങ്ങളിൽ ഭാവമൂന്നിയവരാണ്.
ബുധഃ തതഃ ഇദം രൂപം ത്വാം ഏവ ഭക്ത്യാ ഭജൻ അദുഃഖഃ മുക്തിം ഉപൈതി	ബുദ്ധിമാൻ തന്മൂലം ഈവിധം രൂപമാന്ന നിന്നെത്തന്നെ പ്രേമപൂർവ്വം ഉപാസിച്ച് അല്ലലെന്യേ മോക്ഷം നേടുന്നു.

മനസ്സിന് രണ്ടു വൃത്തികളുണ്ട്—അന്തർമ്മുഖി, ബഹിർമ്മുഖി. അന്തർമ്മുഖി വൃത്തിയാണ് ആത്മാവിനേയും ഈശ്വരനേയും അറിയാൻ സഹായിക്കുന്നത്. ബഹിർമ്മുഖി, ബാഹ്യവിശ്വം കാട്ടിത്തരുന്നു. രണ്ടും ഒരേസമയം പ്രവർത്തിക്കാറില്ല. മനസ്സ് അന്തർമ്മുഖമാകുന്നതോടെ ബാഹ്യബോധം അകലുന്നു. ബഹിർമ്മുഖമനസ്സിന് അന്തർദ്ദർശനം അശക്യം. ഈശ്വരാനുഭവം അന്തർദ്ദർശനമാണല്ലോ—''വേനസ്തത്പശ്യൻ നിഹിതം ഗുഹായാം.'' ബ്രഹ്മാദികൾ അറിവുള്ളവർ തന്നെ. പക്ഷേ, അവർക്കു ബാഹ്യവസ്തുക്കളിലാണു ശ്രദ്ധ. ആത്മജ്ഞാനത്തിലല്ല. അതുകൊണ്ടാണ് ധിഷണാശാലികൾ പ്രത്യക്ഷസാക്ഷാത്കാരത്തിലൂടെ—സ്തുതി—പ്രാർത്ഥന—ഉപാസനാദികളിലൂടെ—ഭഗവാനിൽ ലയിച്ചു മുക്തരാകുന്നത്.

അഹം ഭവന്നാമ ഗൃണൻ കൃതാർത്ഥോ
വസാമി കാശ്യാമനിശം ഭവാന്യാ
മുമൂർഷമാണസ്യ വിമുക്തയേഽഹം
ദിശാമി മന്ത്രം തവ രാമ നാമ. 62

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭവന്നാമ ഗൃണൻ കൃതാർത്ഥഃ അഹം ഭവാന്യാ (സഹ) കാശ്യാം അനിശം വസാമി	നിന്റെ നാമം ഉച്ചരിച്ച് കൃതാർത്ഥനായ ഞാൻ ഭവാനിയോടൊത്ത് കാശിയിൽ സദാ വസിച്ചുപോരുന്നു.
മുമൂർഷമാണസ്യ വിമുക്തയേ തവ നാമമന്ത്രം രാമ അഹം ദിശാമി	മരണോന്മുഖർക്ക് മോക്ഷത്തിന്ന് നിന്റെ നാമമന്ത്രമാണ് രാമ, ഞാൻ ഉപദേശിക്കുന്നത്.

മരണവേളയിലെ ഭഗവന്നാമസ്മരണം മോക്ഷദായകമാണ്. രാമമന്ത്രം 'സംസാരോദ്ധാരകം' എന്ന് സുവിദിതവുമാണല്ലോ.

ഇമം സ്തവം നിത്യമനന്യഭക്ത്യാ
ശൃണ്വന്തി ഗായന്തി ലിഖന്തി യേ വൈ
തേ സർവ്വസൗഖ്യം പരമം ച ലബ്ധ്വാ
ഭവത്പദം യാന്തു ഭവത്പ്രസാദാത്. 63

അനന്യഭക്ത്യാ നിത്യം ഇമം സ്തവം യേ ശൃണ്വന്തി ഗായന്തി ലിഖന്തി ച തേ വൈ ഭവത്പ്രസാദാത് സർവ്വസൗഖ്യം ലബ്ധ്വാ പരമം ഭവത്പദം യാന്തു	പതറാത്ത ഭക്തിയോടെ എന്നും ഈ സ്തോത്രം ആർ കേൾക്കുന്നു, പാടുന്നു, എഴുതുന്നു അവർ നിന്റെ പ്രസാദത്താൽ സർവ്വസൗഭാഗ്യവും നേടി പരമമായ ഭവൽപദം പൂകുമാറാകട്ടെ.

ഭക്തിമാർഗ്ഗത്തിൽ സ്തുതി—പ്രാർത്ഥനകൾക്കാണ പ്രാമുഖ്യം. ചൊല്ലുന്നവർക്ക് മാത്രമല്ല, കേൾക്കുന്നവർക്കും എഴുതുന്നവർക്കും എല്ലാം അതിന്റെ ഫലം കൈവരുന്നു. ഉത്തമമായ ഈ സ്തോത്രം അനുശീലനംചെയ്യുന്നവർക്ക് മോക്ഷം ലഭിക്കുമാറാകട്ടെ.

ഇന്ദ്ര ഉവാച: ഇന്ദ്രൻ അരുളി

രക്ഷോഽധിപേനാഖിലദേവസൗഖ്യം
ഹൃതം ച മേ ബ്രഹ്മവരേണ ദേവ,
പുനശ്ച സർവ്വം ഭവതഃ പ്രസാദാത്
പ്രാപ്തം ഹതോ രാക്ഷസദുഷ്ടശത്രുഃ. 64

ബ്രഹ്മവരേണ രക്ഷോഽധിപേന മേ അഖിലദേവസൗഖ്യം ഹൃതം	ബ്രഹ്മവരപ്രഭാവത്താൽ രാക്ഷസാധിപൻ, എന്റെ എല്ലാ ദിവ്യസുഖങ്ങളും കവർന്നുകളഞ്ഞു.
ദേവ, ഭവതഃ പ്രസാദാത് സർവ്വം പുനഃ പ്രാപ്തം	ദേവ, നിന്തിരുവടിയുടെ പ്രസാദത്താൽ (അവ) എല്ലാമെനിക്കു തിരിച്ചുകിട്ടി.
രാക്ഷസദുഷ്ടശത്രുഃ ഹതഃ ച	രാക്ഷസദുഷ്ടശത്രു കൊല്ലപ്പെടുകയുംചെയ്തു.

ദേവാഃ ഊചുഃ ദേവന്മാർ പറഞ്ഞു

ഹൃതാ യജ്ഞഭാഗാ ധരാദേവദത്താ
മുരാരേ ഖലേനാദിദൈത്യേന വിഷ്ണോ
ഹതോഽദ്യ ത്വയാ നോ വിതാനേഷു ഭാഗാഃ
പുരാവദ് ഭവിഷ്യന്തി യുഷ്മത്പ്രസാദാത്. 65

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(നഃ) ധരാദേവദത്താഃ യജ്ഞഭാഗാഃ ഹൃതാഃ ഖലേന ആദിദൈത്യേന	ഞങ്ങൾക്ക് ഭൂസുരരർപ്പിച്ച യജ്ഞഭാഗങ്ങൾ അപഹരിച്ചുപോന്നു. (ആ) ഖലൻ, ആദിദൈത്യൻ.
വിഷ്ണോ, മുരാരേ അദ്യ (സഃ) ത്വയാ ഹതഃ	വിഷ്ണോ, മുരാരേ, ഇന്നവൻ നിന്നാൽ നിഹതനായി.
യുഷ്മത്പ്രസാദാത് നഃ വിതാനേഷു ഭാഗാഃ പുരാവത് (ലഭ്യാഃ) ഭവിഷ്യന്തി	നിന്റെ തിരുകൃപയാൽ ഞങ്ങൾക്ക യാഗഭാഗങ്ങൾ (ഇനി) മുന്നേപ്പോലെ ലഭിക്കുമല്ലോ.

പിതരഃ ഊചുഃ പിതൃക്കൾ ചൊല്ലി

ഹതോഽദ്യ ത്വയാ ദുഷ്ടദൈത്യോ മഹാത്മൻ,
ഗയാദൗ നരൈർദത്തപിണ്ഡാദികാന്നഃ
ബലാദത്തി ഹത്വാ ഗൃഹീത്വാ സമസ്താ-
നിദാനീം പുനർലബ്ധസത്വാ ഭവാമഃ. 66

മഹാത്മൻ അദ്യ ത്വയാ ദുഷ്ടഃ ദൈത്യഃ ഹതഃ	മഹാത്മൻ, ഇന്നു നിന്നാൽ ദുഷ്ടദേനവൻ വധിക്കപ്പെട്ടു.
നരൈഃ ഗയാദൗ നഃ ദത്തപിണ്ഡാദികാൻ സമസ്താൻ ബലാത് ഗൃഹീത്വാ (സഃ) അത്തി	മനുഷ്യർ ഗയാദി (പുണ്യസ്ഥലങ്ങളിൽ) ഞങ്ങൾക്കർപ്പിച്ച പിണ്ഡാദികളെല്ലാം ബലാൽ പിടിച്ചെടുത്ത് അവനാണു തിന്നുപോന്നത്.
ഇദാനീം ഹത്വാ വയം പുനഃ ലബ്ധസത്വാഃ ഭവാമഃ	ഇപ്പോൾ (നീയവനെ) സംഹരിക്കയാൽ ഞങ്ങൾ വീണ്ടും ബലശാലികളായിത്തീരുകയാണ്.

യക്ഷാ ഊചുഃ യക്ഷർ അറിയിച്ചു

സദാ വിഷ്ടികർമ്മണ്യനേനാഭിയുക്താ
വഹാമോ ദശാസ്യം ബലാദ് ദുഃഖയുക്താഃ
ദുരാത്മാ ഹതോ രാവണോ രാഘവേശ,
ത്വയാ തേ വയം ദുഃഖജാതാദ് വിമുക്താഃ. 67

അനേന ബലാത് വിഷ്ടികർമ്മണി അഭിയുക്താഃ വയം ദുഃഖയുക്താഃ ദശാസ്യം വഹാമഃ	ഇവനാൽ ബലാൽക്കാരം വിടവേലയ്ക്കു നിയോഗിക്കപ്പെട്ട ഞങ്ങൾ ദുഃഖവുംപേറി ദശഗ്രീവനെ പൊക്കിനടക്കുകയായിരുന്നു.
രാഘവേശ, ദുരാത്മാ രാവണഃ ത്വയാ ഹതഃ തേ വയം ദുഃഖജാതാദ് വിമുക്താഃ	രാഘവര, ദുഷ്ടരാവണനെ നീ നിഗ്രഹിച്ചതോടെ, ആ ഞങ്ങൾ ശോകജാലത്തിൽനിന്നു വിമുക്തരായി.

ഗന്ധർവ്വാ ഊചുഃ ഗന്ധർവ്വന്മാർ മൊഴിഞ്ഞു

വയം സംഗീതനിപുണാഃ ഗായന്തസ്തേ കഥാമൃതം
ആനന്ദാമൃതസന്ദോഹയുക്താഃ പൂർണ്ണാഃ സ്ഥിതാഃ പുരാ. 68

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഗീതനിപുണാഃ വയം	സംഗീതനിപുണരായ ഞങ്ങൾ,
തേ കഥാമൃതം ഗായന്തഃ	നിൻെറ കഥാമൃതമാലപിച്ച്
ആനന്ദാമൃതസന്ദോഹയുക്താഃ	ആനന്ദത്തിൻെറ അമൃതധാരയിൽ മുഴുകി
പൂർണ്ണാഃ സ്ഥിതാഃ പുരാ	പൂർണ്ണകാമരായി കഴിഞ്ഞുപോന്നു, മുമ്പ്.

പശ്ചാദ് ദുരാത്മനാ രാമ രാവണേനാഭിവിദ്രുതാഃ
തമേവ ഗായമാനാശ്ച തദാരാധനതല്പരാഃ. 69

സ്ഥിതാസ്ത്വയാ പരിത്രാതാ ഹതോഽയം ദുഷ്ടരാക്ഷസഃ
ഏവം മഹോരഗാഃ സിദ്ധാഃ കിന്നരാ മരുതസ്തഥാ. 70

വസവോ മുനയോ ഗാവോ ഗുഹ്യകാശ്ച പതത്രിണഃ
സപ്രജാപതയശ്ചൈതേ തഥാ ചാപ്സരസാം ഗണാഃ. 71

സർവ്വേ രാമം സമാസാദ്യ ദൃഷ്ട്വാ നേത്രമഹോത്സവം
സ്തുത്വാ പൃഥക് പൃഥക് സർവ്വേ രാഘവേണാഭിവന്ദിതാഃ. 72

യയുഃ സ്വം സ്വം പദം സർവ്വേ ബ്രഹ്മരുദ്രാദയസ്തഥാ
പ്രശംസന്തോ മുദാ രാമം ഗായന്തസ്തസ്യ ചേഷ്ടിതം. 73

ധ്യായന്തസ്ത്വഭിഷേകാർദ്രം സീതാലക്ഷ്മണസംയുതം
സിംഹാസനസ്ഥം രാജേന്ദ്രം യയുഃ സർവ്വേ ഹൃദിസ്ഥിതം. 74

പശ്ചാത് ദുരാത്മനാ രാവണേന	പിന്നെ, ദുഷ്ടരാവണനാൽ
അഭിവിദ്രുതാഃ	ആട്ടിയോടിക്കപ്പെട്ടതോടെ (സ്വരക്ഷയ്ക്ക്)
തം ഏവ ഗായമാനാഃ	അവനെ മാത്രം പാടിപ്പുകഴ്ത്തി,
തദാരാധനതത്പരാഃ	അവൻെറ സേവയിൽ താൽപര്യമാന്ന്
സ്ഥിതാഃ	കഴിഞ്ഞുകൂടി.
ഇദാനീം അയം	ഇപ്പോൾ ഈ
ദുഷ്ടരാക്ഷസഃ ഹതഃ	ഖലരാക്ഷസൻ കൊല്ലപ്പെട്ടു;
(വയം) ത്വയാ പരിത്രാതാഃ	(ഞങ്ങൾ) നിന്നാൽ രക്ഷിതരായി.
ഏവം മഹോരഗാഃ സിദ്ധാഃ	ഇപ്രകാരം മഹാനാഗ—സിദ്ധ—
കിന്നരാഃ മരുതഃ തഥാ	കിന്നര—മരുത്തുകളും
വസവഃ മുനയഃ ഗാവഃ	വസുക്കൾ, മുനിമാർ, ഗോക്കൾ,
ഗുഹ്യകാഃ പതത്രിണഃ ച	ഗുഹ്യകർ, പക്ഷികൾ,
അപ്സരസാംഗണാഃ ഏതേ ച സർവ്വേ	അപ്സരോഗണങ്ങൾ എന്നിവരുമെല്ലാം
സപ്രജാപതയഃ	പ്രജാപതിമാരുമായി
രാമം സമാസാദ്യ	രാമന്നരികിലെത്തി
നേത്രമഹോത്സവം തം	മിഴികൾക്കു മഹോത്സവമായ ആ (രൂപം)
ദൃഷ്ട്വാ പൃഥക് പൃഥക് സ്തുത്വാ	ദർശിക്കുകയും വെവ്വേറെ വാഴ്ത്തി സ്തുതിക്കയും
സർവ്വേ രാഘവേണ	ചെയ്തു. എല്ലാവരും രാഘവനാൽ
അഭിവന്ദിതാഃ ച (ബഭൂവുഃ)	അഭിവന്ദിതരുമായി.
മുദാ രാമം പ്രശംസന്തഃ	സാമോദം രാമനെ പ്രശംസിക്കുന്ന,
തസ്യ ചേഷ്ടിതം ഗായന്തഃ	തൻ്റെ പ്രവൃത്തനങ്ങളെ പാടിപ്പുകഴ്ത്തുന്ന
ബ്രഹ്മരുദ്രാദയഃ സർവ്വേ	ബ്രഹ്മരുദ്രാദികളെല്ലാം
സ്വം സ്വം പദം യയുഃ	സ്വസ്ഥാനത്തേക്കു മടങ്ങി.
അഭിഷേകാർദ്രം	അഭിഷേകത്താൽ നനവാന്നവനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സീതാലക്ഷ്മണസംയുതം	സീതാലക്ഷ്മണസമേതനും
സിംഹാസനസ്ഥം	സിംഹാസനസ്ഥനും (എവരുടെയും)
(സർവ്വേഷാം) ഹൃദിസ്ഥിതം	മനതാരിൽ കുടികൊള്ളുന്നവനുമായ
(തം) രാജേന്ദ്രം ധ്യായന്തഃ	ആ രാജേന്ദ്രനെ ധ്യാനിച്ചുകൊണ്ടാണ്
സർവ്വേ യയുഃ	സകലരും തിരിച്ചുപോയത്.

ഖേ വാദ്യേഷു ധ്വനത്സു പ്രമുദിതഹൃദയൈർ—
ദേവവൃന്ദൈഃ സ്തുവദ്ഭിഃ
വർഷദ്ഭിഃ പുഷ്പവൃഷ്ടിം ദിവിമുനിനികരൈ—
രീഡ്യമാനഃ സമന്താത്
രാമഃ ശ്യാമപ്രസന്നസ്മിതരുചിരമുഖഃ
സൂര്യകോടിപ്രകാശഃ
സീതാസൗമിത്രിവാതാത്മജമുനിഹരിഭിഃ
സേവ്യമാനോ വിഭാതി. 75

ഖേ വാദ്യേഷു ധ്വനത്സു	വിണ്ണിൽ വാദ്യങ്ങൾ മുഴങ്ങവേ,
പ്രമുദിതഹൃദയൈഃ	ഉള്ളിലെ ആനന്ദത്തള്ളലാൽ
പുഷ്പവൃഷ്ടിം വർഷദ്ഭിഃ സ്തുവദ്ഭിഃ	പൂമാരി തൂകി സ്തുതിക്കുന്ന
ദേവവൃന്ദൈഃ ദിവിമുനിനികരൈഃ	ദേവവൃന്ദങ്ങളാലും ദേവർഷിഗണങ്ങളാലും
ഈഡ്യമാനഃ	വാഴ്ത്തപ്പെടുന്നവനും
പ്രസന്നസ്മിത—	പ്രസന്നമായ പുഞ്ചിരിയാൽ
രുചിരമുഖഃ	രുമയാർന്ന മുഖമുള്ളവനും
സൂര്യകോടിപ്രകാശഃ	കോടിസൂര്യപ്രഭ പേറിയവനും
സീതാസൗമിത്രിവാതാത്മജ—	സീതാ—ലക്ഷ്മണ—മാരുതി—
മുനിഹരിഭിഃ	മാമുനിമാരാലും കപികളാലും
സേവ്യമാനഃ ശ്യാമഃ രാമഃ	പരിസേവിതനുമായ ശ്യാമസുന്ദരൻ രാമൻ
(സർവ്വോത്കർഷേണ) വിഭാതി	(സർവ്വോൽക്കർഷേണ) വിരാജിതനായി.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ പഞ്ചദശഃ സർഗ്ഗഃ

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം പതിനഞ്ചാംസർഗ്ഗം കഴിഞ്ഞു.

സർഗ്ഗം പതിനാറ്

വാനരർക്കു വിട—ഗ്രന്ഥപ്രശംസ

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

രാമേഽഭിഷിക്തേ രാജേന്ദ്രേ സർവ്വലോകസുഖാവഹേ
വസുധാ സസ്യസമ്പന്നാ ഫലവന്തോ മഹീരുഹാഃ. 1

സർവ്വലോകസുഖാവഹേ	സകലലോകത്തിനും സുഖം പകരുന്ന
രാമേ രാജേന്ദ്രേ	രാമൻ രാജാധിരാജനായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിഷിക്തേ	അഭിഷിക്തനായതോടെ
വസുധാ സസ്യസമ്പന്നാ	ഭൂമി സസ്യസമ്പന്നയായി.
മഹീരുഹാഃ ഫലവന്തഃ	തരുനിരകളിൽ ഫലം തിങ്ങി.

ഗന്ധഹീനാനി പുഷ്പാണി ഗന്ധവന്തി ചകാശിരേ
സഹസ്രശതമശ്വാനാം ധേനൂനാം ച ഗവാം തഥാ. 2

ദദൗ ശതവൃഷാൻ പൂർവ്വം ദ്വിജേഭ്യോ രഘുനന്ദനഃ
ത്രിംശത് കോടിസുവർണ്ണസ്യ ബ്രാഹ്മണേഭ്യോ ദദൗ പുനഃ. 3

ഗന്ധഹീനാനി പുഷ്പാണി	മണമില്ലാത്ത പൂക്കളും
ഗന്ധവന്തി ചകാശിരേ	നറുമണം പേറി വിളങ്ങി.
ശതവൃഷാൻ	നൂറു കാള,
അശ്വാനാം സഹസ്രശതം	നൂറായിരം കുതിര
തഥാ ധേനൂനാം	അത്രതന്നെ കറവപ്പശുക്കളും
ഗവാം ച പൂർവ്വം	ഇവ നേരത്തെതന്നെ
രഘുനന്ദനഃ ദ്വിജേഭ്യഃ ദദൗ	രാഘവൻ ബ്രാഹ്മണർക്ക് ദാനംചെയ്തു.
ത്രിംശത് കോടി	മുപ്പതുകോടി
സുവർണ്ണസ്യ (മുദ്രാഃ)	സ്വർണ്ണനാണയങ്ങളും
പുനഃ ബ്രാഹ്മണേഭ്യഃ ദദൗ	പിന്നെയും വിപ്രർക്ക് നല്കി.

വസ്ത്രാഭരണരത്നാനി ബ്രാഹ്മണേഭ്യോ മുദാ തഥാ
സൂര്യകാന്തിസമപ്രഖ്യാം സർവ്വരത്നമയീം സ്രജം. 4

സുഗ്രീവായ ദദൗ പ്രീത്യാ രാഘവോ ഭക്തവത്സലഃ
അംഗദായ ദദൗ ദിവ്യേ ഹ്യംഗദേ രഘുനന്ദനഃ. 5

വസ്ത്രാഭരണരത്നാനി തഥാ	വസ്ത്ര—ആഭരണ—രത്നങ്ങളും അതുപോലെ
മുദാ ബ്രാഹ്മണേഭ്യഃ ദദൗ	സന്തോഷപൂർവ്വം വിപ്രർക്ക് നല്കി.
സർവ്വരത്നമയീം	സകലരത്നങ്ങളും പതിച്ചതും
സൂര്യകാന്തിസമപ്രഖ്യാം	സൂര്യന്റെ കാന്തിക്ക് കിടപിടിക്കുന്നതുമാ-
സ്രജം ഭക്തവത്സലഃ രാഘവഃ	യ ഒരു ഹാരമാണ് ഭക്തവത്സലൻ രാമൻ
പ്രീത്യാ സുഗ്രീവായ ദദൗ	പ്രേമപൂർവ്വം സുഗ്രീവനു നല്കിയത്.
ദിവ്യേ അംഗദേ	ദിവ്യങ്ങളായ (രണ്ടു) തോൾവളകൾ
രഘുനന്ദനഃ അംഗദായ ദദൗ	രാഘവൻ അംഗദനു കൊടുത്തു.

ചന്ദ്രകോടിപ്രതീകാശം മണിരത്നവിഭൂഷിതം
സീതായൈ പ്രദദൗ ഹാരം പ്രീത്യാ രഘുകുലോത്തമഃ. 6

ചന്ദ്രകോടിപ്രതീകാശം	കോടിതിങ്കളിന്നൊളിയിയന്ന,
മണിരത്നവിഭൂഷിതം	മണിരത്നങ്ങളാൽ അലംകൃതമായ
(കാഞ്ചന)ഹാരം രഘുകുലോത്തമഃ	ഒരു ഹാരം രഘുവരൻ
പ്രീത്യാ	പ്രേമപൂർവ്വം
സീതായൈ പ്രദദൗ	മൈഥിലിക്ക് സമ്മാനിക്കുകയുണ്ടായി.

അവമുച്യാത്മനഃ കണ്ഠാദ്ധാരം ജനകനന്ദിനീ
അവൈക്ഷത ഹരീൻ സർവ്വാൻ ഭർത്താരം ച മുഹുർമുഹുഃ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മനഃ കണ്ഠാത് ഹാരം	തന്റെ കഴുത്തിൽനിന്ന് ഹാരം
അവമുച്യ ജനകനന്ദിനീ	ഊരിയെടുത്തിട്ട് ജാനകി
ഭർത്താരം ഹരീൻ സർവ്വാൻ	ഭർത്താവിനെയും കപികളേയുമെല്ലാം
ച മുഹുഃ മുഹുഃ അവൈക്ഷത	പലവുരു വീക്ഷിച്ചു.

രാമസ്താമാഹ വൈദേഹീമിംഗിതജ്ഞോ വിലോകയൻ
വൈദേഹി, യസ്യ തുഷ്ടാഽസി ദേഹി തസ്മൈ വരാനനേ. 8

ഇംഗിതജ്ഞഃ രാമഃ താം	മനോഗതമറിഞ്ഞ രാമൻ ആ
വൈദേഹീം വിലോകയൻ ആഹ	വൈദേഹിയെ നോക്കി അരുളി:
വരാനനേ വൈദേഹി	സുമുഖി, ജാനകി, ആരിൽ
യസ്യ തുഷ്ടാ അസി	നീ സംപ്രീതയാണോ,
തസ്മൈ തദ് ദേഹി	അവന് അതു നല്കിക്കൊള്ളുക.

ഹനൂമതേ ദദൗ ഹാരം പശ്യതോ രാഘവസ്യ ച
തേന ഹാരേണ ശുശുഭേ മാരുതിർഗൗരവേണ ച. 9

രാഘവസ്യ പശ്യതഃ	രാമൻ (സാകൂതം) നോക്കവേ
ഹാരം ഹനൂമതേ	ഹാരം (അവൾ) ഹനുമാനു
ദദൗ ച	കൊടുക്കുകയും ചെയ്തു.
തേന ഹാരേണ	ആ ഹാരത്താലും
ഗൗരവേണ ച	(അതു ലഭിച്ചതിലുള്ള) ഗൗരവത്താലും
മാരുതിഃ ശുശുഭേ	മാരുതി (നിതരാം) ശോഭിതനായി.

രാമോഽപി മാരുതിം ദൃഷ്ട്വാ കൃതാഞ്ജലിമുപസ്ഥിതം
ഭക്ത്യാ പരമയാ തുഷ്ട ഇദം വചനമബ്രവീത്. 10

കൃതാഞ്ജലിം ഉപസ്ഥിതം	കൈകൂപ്പി അടുത്തു നിന്ന
മാരുതിം ദൃഷ്ട്വാ (തസ്യ)	മാരുതിയെ നോക്കി, (അവന്റെ)
പരമയാ ഭക്ത്യാ തുഷ്ടഃ രാമഃ	പരമഭക്തിയാൽ പ്രീതനായ രാമൻ
അപി ഇദം വചനം അബ്രവീത്	ഈ വചനം അരുളിച്ചെയ്തു.

ഹനൂമംസ്തേ പ്രസന്നോഽസ്മി വരം വരയ കാംക്ഷിതം
ദാസ്യാമി ദേവൈരപി യദ്ദുർലഭം ഭുവനത്രയേ. 11

ഹനുമൻ തേ പ്രസന്നഃ അസ്മി	മാരുതി, നിന്നിൽ പ്രീതനാണു ഞാൻ.
കാംക്ഷിതം വരം വരയ	ഇഷ്ടവരം വരിച്ചുകൊള്ളുക.
ഭുവനത്രയേ ദേവൈഃ അപി	ഉലകം മൂന്നിലും ദേവന്മാർക്കുപോലും
യത് ദുർലഭം (തത്)	ദുർലഭമേതോ നിനക്കതു
തത് ദാസ്യാമി	ഞാൻ തരുന്നതായിരിക്കും.

ഹനൂമാനപി തം പ്രാഹ നത്വാ രാമം പ്രഹൃഷ്ടധീഃ
ത്വന്നാമസ്മരതോ രാമ, ന തൃപ്യതി മനോ മമ. 12

ഹനുമാൻ അപി പ്രഹൃഷ്ടധീഃ	ഹനുമാനും തികഞ്ഞ സന്തോഷത്തോടെ
തം രാമം നത്വാ പ്രാഹ	ആ രാമനെ വണങ്ങി അറിയിച്ചു:
രാമ, ത്വന്നാമസ്മരതഃ	ഭഗവാനേ, തിരുവടിയുടെ നാമം
മമ മനഃ	എത്ര സ്മരിച്ചാലും എന്റെ മനസ്സിനു
ന തൃപ്യതി	മതിവരാറില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതസ്ത്വന്നാമ സതതം സ്മരൻ സ്ഥാസ്യാമി ഭൂതലേ
യാവത് സ്ഥാസ്യതി തേ നാമ ലോകേ താവത് കലേബരം.

മമ തിഷ്ഠതു രാജേന്ദ്ര, വരോഽയം മേഽഭികാംക്ഷിതഃ
രാമസ്തഥേതി തം പ്രാഹ മുക്തസ്തിഷ്ഠ യഥാസുഖം. 14

രാജേന്ദ്ര അതഃ സതതം ത്വന്നാമ സ്മരൻ ഭൂതലേ സ്ഥാസ്യാമി	രാജേന്ദ്രാ, ആകയാൽ നിരന്തരം നിൻനാമം നിനച്ചുകൊണ്ട് മന്നിൽ വാണുകൊള്ളാം.
യാവത് തേ നാമ ലോകേ സ്ഥാസ്യതി താവത് മമ കലേബരം തിഷ്ഠതു	എന്നുവരെ നിന്റെ നാമം ലോകത്തിൽ നിലനില്ക്കുമോ, അന്നുവരെ എന്റെയുടലും നിലനില്ക്കണം.
അയം വരഃ മേ അഭികാംക്ഷിതഃ	ഈ വരമാണ് ഞാൻ കാംക്ഷിക്കുന്നതു്.
തഥാ മുക്തഃ യഥാസുഖം തിഷ്ഠ ഇതി രാമഃ തം പ്രാഹ	'അങ്ങനെ ജീവന്മുക്തനായി യഥാസുഖം വാഴുക' എന്ന് രാമൻ അവനെ ആശീർവദിച്ചു.

കല്പാന്തേ മമ സായുജ്യം പ്രാപ്സ്യസേ നാത്ര സംശയഃ
തമാഹ ജാനകീ പ്രീതാ യത്രകുത്രാപി മാരുതേ. 15

സ്ഥിതം ത്വാമനുയാസ്യന്തി ഭോഗാഃ സർവ്വേ മമാജ്ഞയാ
ഇത്യുക്തോ മാരുതിസ്താഭ്യാമീശ്വരാഭ്യാം പ്രഹൃഷ്ടധീഃ. 16

ആനന്ദാശ്രുപരീതാക്ഷോ ഭൂയോ ഭൂയോ പ്രണമ്യ തൗ
കൃച്ഛ്റാദ്യയൗ തപസ്തപ്തും ഹിമവന്തം മഹാമതിഃ. 17

കല്പാന്തേ മമ സായുജ്യം പ്രാപ്സ്യസേ അത്ര സംശയഃ ന	കല്പാന്തത്തിൽ എന്റെ സായുജ്യം നേടും (നീ) എന്നതിലും സംശയമില്ല.
പ്രീതാ ജാനകീ തം ആഹ	പ്രീതയായ മൈഥിലി അപ്പനോടരുളി:
മാരുതേ യത്രകുത്ര അപി സ്ഥിതം ത്വാം മമ ആജ്ഞയാ സർവ്വേ ഭോഗാഃ അനുയാസ്യന്തി താഭ്യാം ഈശ്വരാഭ്യാം ഇതി ഉക്തഃ മഹാമതിഃ മാരുതിഃ പ്രഹൃഷ്ടധീഃ ആനന്ദാശ്രുപരീതാക്ഷഃ തൗ ഭൂയഃ ഭൂയഃ പ്രണമ്യ കൃച്ഛ്റാത് ഹിമവന്തം യയൗ തപഃ തപ്തും	മാരുതി, എവിടെയിരുന്നാലും നിന്നെ, എന്റെ ആജ്ഞാനുസരണം സകലസുഖങ്ങളും അനുഗമിച്ചുകൊള്ളും. ആ ഈശ്വരരാൽ ഈവിധമാശീർവ്വദിക്ക- പ്പെട്ട മഹാശയൻ മാരുതി മാനസാനന്ദംപൂണ്ടു; ആനന്ദാശ്രു തിങ്ങിയ മിഴികളോടെ അവരെ പേർത്തും പേർത്തും വണങ്ങി വിഷമത്തോടെ ഹിമഗിരിയിലേക്കു പോയി, തപസ്സനുഷ്ഠിക്കാൻ.

തതോ ഗുഹം സമാസാദ്യ രാമഃ പ്രാഞ്ജലിമബ്രവീത്
സഖേ, ഗച്ഛ പുരം രമ്യം ശൃംഗവേരമനുത്തമം. 18

തതഃ രാമഃ പ്രാഞ്ജലിം ഗുഹം സമാസാദ്യ അബ്രവീത്	അനന്തരം രാമൻ കൈതൊഴുതു നിന്ന ഗുഹന്റെയരികിലെത്തി അരുളിച്ചെയ്തു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഖേ, അനുത്തമം	തോഴരേ, (ഇനി നിങ്ങളുംകൂടി) അത്യുത്തമവും
രമ്യം ശൃംഗവേരം പുരം	രമ്യവുമായ ശൃംഗവേരപുരത്തിലേക്കു
ഗച്ഛ	പോകാമല്ലോ.

മാമേവ ചിന്തയൻ നിത്യം ഭുംക്ഷ്വ ഭോഗാൻ നിജാർജ്ജിതാൻ
അന്തേ മമൈവ സാരൂപ്യം പ്രാപ്സ്യസേ ത്വം ന സംശയഃ. 19

നിത്യം മാം ഏവ ചിന്തയൻ	എന്നും എന്നെത്തന്നെ നിനച്ചുകൊണ്ട്
നിജാർജ്ജിതാൻ ഭോഗാൻ	സ്വയമാർജ്ജിച്ച ഭോഗങ്ങളും
ഭുംക്ഷ്വ	ഭുജിച്ചുകൊള്ളുക.
അന്തേ ത്വം മമ	ഒടുക്കം നിനക്ക് എന്റെ
സാരൂപ്യം പ്രാപ്സ്യസേ	സാരൂപ്യവും ലഭിക്കും.
ന സംശയഃ	സംശയം വേണ്ട.

ഇത്യുക്ത്വാ പ്രദദൗ തസ്മൈ ദിവ്യാന്യാഭരണാനി ച
രാജ്യം ച വിപുലം ദത്വാ വിജ്ഞാനം ച ദദൗ വിഭുഃ. 20

ഇതി ഉക്ത്വാ വിഭുഃ	ഇപ്രകാരം അരുളിച്ചെയ്ത് ഭഗവാൻ
തസ്മൈ ദിവ്യാനി ആഭരണാനി	അവന് ദിവ്യാഭരണങ്ങളും
വിപുലം രാജ്യം ച പ്രദദൗ	വിപുലഭൂഭാഗവും നല്കി;
വിജ്ഞാനം ച ദദൗ	വിജ്ഞാനവും പ്രദാനംചെയ്തു.

ഭൗതികവും ആധ്യാത്മികവുമായ സകലസിദ്ധികളും തന്റെ ഉത്തമഭക്തന് കനിഞ്ഞരുളുവാൻ ഭഗവാൻ സദാ സന്നദ്ധനാണല്ലോ.

രാമേണാലിംഗിതോ ഹൃഷ്ടോ യയൗ സ്വഭവനം ഗുഹഃ
യേ ചാന്യേ വാനരാഃ ശ്രേഷ്ഠാഃ അയോധ്യാം സമുപാഗതാഃ. 21

അമൂല്യാഭരണൈർവ്വസ്ത്രൈഃ പൂജയാമാസ രാഘവഃ
സുഗ്രീവപ്രമുഖാഃ സർവ്വേ വാനരാഃ സവിഭീഷണാഃ. 22

യഥാർഹം പൂജിതാസ്തേന രാമേണ പരമാത്മനാ
പ്രഹൃഷ്ടമനസഃ സർവ്വേ ജഗ്മുരേവ യഥാഗതം. 23

രാമേണ ആലിംഗിതഃ ഹൃഷ്ടഃ	രാമനാൽ പുണരപ്പെട്ട, പരിതോഷംപൂണ്ട
ഗുഹഃ സ്വഭവനം യയൗ	ഗുഹൻ സ്വഭവനത്തിലേക്കു മടങ്ങി.
അന്യേ യേ ശ്രേഷ്ഠാഃ വാനരാഃ	കൂടാതെയും ഏതെല്ലാം ശ്രേഷ്ഠവാനരർ
അയോധ്യാം സമുപാഗതാഃ	അയോധ്യയിലെത്തിയിരുന്നുവോ
(താൻ) ച അമൂല്യാഭരണൈഃ	(അവരെയും) വിലതീരാത്ത ആഭരണ-
വസ്ത്രൈഃ ച	ങ്ങളാലും ആടകളാലും
രാഘവഃ പൂജയാമാസ	രാഘവൻ സൽക്കരിച്ചു.
സവിഭീഷണാഃ	വിഭീഷണസമേതരും
സുഗ്രീവപ്രമുഖാഃ സർവ്വേ വാനരാഃ	സുഗ്രീവപ്രമുഖരുമായ സകലവാനരരും
തേന രാമേണ പരമാത്മനാ	ആ രാമപരമാത്മാവിനാൽ
യഥാർഹം പൂജിതാഃ	യഥോചിതം സൽകൃതരായി.
പ്രഹൃഷ്ടമനസഃ ഏവ	പ്രഹർഷം മുററിയ ചേതസ്സുമായിത്തന്നെ
സർവ്വേ യഥാഗതം	അവരെല്ലാം വന്നതുപോലെ
ജഗ്മുഃ	മടങ്ങിപ്പോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഗ്രീവപ്രമുഖാഃ സർവ്വേ കിഷ്കിന്ധാം പ്രയയുർമുദാ
വിഭീഷണസ്തു സംപ്രാപ്യ രാജ്യം നിഹതകണ്ടകം. 24

രാമേണ പൂജിതഃ പ്രീത്യാ യയൗ ലങ്കാമനിന്ദിതഃ
രാഘവോ രാജ്യമഖിലം ശശാസാഖിലവത്സലഃ. 25

സുഗ്രീവപ്രമുഖാഃ സർവ്വേ	സുഗ്രീവന്റെ നേതൃത്വത്തിലുള്ളവരെല്ലാം
മുദാ കിഷ്കിന്ധാം പ്രയയുഃ	സന്തോഷപൂർവ്വം കിഷ്കിന്ധയ്ക്കു തിരിച്ചു.
അനിന്ദിതഃ വിഭീഷണഃ തു	മാന്യനായ വിഭീഷണനാകട്ടെ,
രാമേണ പൂജിതഃ	രാമനാൽ സത്കൃതനായി
നിഹതകണ്ടകം രാജ്യം	വിപത്തൊഴിഞ്ഞ നാടും
സംപ്രാപ്യ പ്രീത്യാ ലങ്കാം യയൗ	നേടി പ്രീതിയോടെ ലങ്കയ്ക്കു മടങ്ങി.
അഖിലവത്സലഃ രാഘവഃ	ഏവരിലും വാത്സല്യം ചൊരിയുന്ന രാമൻ
രാജ്യം അഖിലം ശശാസ	നാടാകെ ഭരിച്ചു.

അനിച്ഛന്നപി രാമേണ യൗവരാജ്യേഽഭിഷേചിതഃ
ലക്ഷ്മണഃ പരയാ ഭക്ത്യാ രാമസേവാപരോഽഭവത്. 26

അനിച്ഛൻ അപി	(സ്വയം പദവി) ഇച്ഛിപ്പവനല്ലെങ്കിലും
രാമേണ	രാമനാൽ
യൗവരാജ്യേ അഭിഷേചിതഃ	യുവരാജപദത്തിലഭിഷിക്തനായ
ലക്ഷ്മണഃ പരയാ ഭക്ത്യാ	ലക്ഷ്മണൻ പരമമായ ഭക്തിയോടെ
രാമസേവാപരഃ അഭവത്	രാമസേവയിൽ മുഴുകി.

രാമസ്തു പരമാത്മാപി കർമ്മാധ്യക്ഷോഽപി നിർമ്മലഃ
കർത്തൃത്വാദിവിഹീനോപി നിർവ്വികാരോപി സർവ്വദാ. 27

സ്വാനന്ദനോപി തുഷ്ടഃ സൻ ലോകാനാമുപദേശകൃത്
അശ്വമേധാദിയജ്ഞൈശ്ച സർവ്വൈർവ്വിപുലദക്ഷിണൈഃ. 28

അയജത് പരമാനന്ദോ മാനുഷം വപുരാശ്രിതഃ
ന പര്യദേവൻ വിധവാ ന ച വ്യാലകൃതം ഭയം. 29

ന വ്യാധിജം ഭയം ചാസീത് രാമേ രാജ്യം പ്രശാസതി
ലോകേ ദസ്യുഭയം നാസീദനർത്ഥോ നാസ്തി കശ്ചന. 30

കർമ്മാധ്യക്ഷഃ അപി	കർമ്മാധ്യക്ഷനെങ്കിലും
കർത്തൃത്വാദിവിഹീനഃ	കർത്തൃത്വഹീനനും,
നിർവ്വികാരഃ അപി	വികാരരഹിതനെങ്കിലും
സർവ്വദാ സ്വാനന്ദനഃ തുഷ്ടഃ	സദാ ആത്മാനന്ദത്താൽ രമിപ്പവനുമാണ്
നിർമ്മലഃ പരമാനന്ദഃ	പാവനൻ, പരമാനന്ദരൂപൻ,
പരമാത്മാ രാമഃ	പരമാത്മാ, രാമൻ.
(തഥാപി സഃ) മാനുഷം വപുഃ	(എങ്കിലും താൻ) മാനവദേഹം
ആശ്രിതഃ സൻ	കൈക്കൊള്ളുകയാൽ
ലോകാനാം ഉപദേശകൃത്	ലോകർക്കുപദേശംചെയ്യാനെന്നതുകൊണ്ട്
വിപുലദക്ഷിണൈഃ സർവ്വൈഃ	വിപുലമായ ദക്ഷിണ നല്കിക്കൊണ്ട്
അശ്വമേധാദി യജ്ഞൈഃ ച	അശ്വമേധാദി സകലയാഗങ്ങളും
അയജത്	അനുഷ്ഠിക്കുകയുണ്ടായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമേ രാജ്യം പ്രശാസതി	രാമൻ നാടുവാഴവേ
വിധവാഃ	വിധവകൾ (അനാഥരായി)
ന പര്യദേവൻ	വിലപിച്ചില്ല.
വ്യാളകൃതം ഭയം ച ന	സർപ്പഭീതിയുമുണ്ടായിരുന്നില്ല.
വ്യാധിജം ഭയം ച ന ആസീത്	രോഗജനിതമായ ഭയവും ഇല്ലായിരുന്നു.
ലോകേ ദസ്യുഭയം ന ആസീത്	നാട്ടിൽ ചോരഭയമില്ലാതായി.
അനർത്ഥഃ കശ്ചന ന അസ്തി	അനർത്ഥമൊന്നുമുണ്ടായില്ല.

വൃദ്ധേഷു സത്സു ബാലാനാം നാസീന്മൃത്യുഭയം തഥാ
രാമപൂജാപരാഃ സർവ്വേ, സർവ്വേ രാഘവചിന്തകാഃ. 31

വൃദ്ധേഷു സത്സു ബാലാനാം	വൃദ്ധന്മാർ ജീവിച്ചിരിക്കവേ ബാലന്മാർക്ക്
മൃത്യുഭയം ന ആസീത്	മൃതിഭവിക്കുമെന്ന ഭീതി ഇല്ലാതായി.
സർവ്വേ രാമപൂജാപരാഃ	സകലജനങ്ങളും രാമപൂജാനിരതർ.
തഥാ സർവ്വേ രാഘവചിന്തകാഃ ച	ഏവരും രാമചിന്താലീനർ.

വവർഷുർജ്ജലദാസ്തോയം യഥാകാലം യഥാരുചി
പ്രജാഃ സ്വധർമ്മനിരതാഃ വർണ്ണാശ്രമഗുണാന്വിതാഃ. 32

ജലദാഃ യഥാകാലം	മേഘങ്ങൾ യഥാസമയം
യഥാരുചി തോയം വവർഷുഃ	യഥേഷ്ടം ജലം വർഷിച്ചു.
പ്രജാഃ സ്വധർമ്മനിരതാഃ	പ്രജകൾ സ്വധർമ്മനിഷ്ഠരും
വർണ്ണാശ്രമഗുണാന്വിതാഃ ച (ആസൻ)	വർണ്ണാശ്രമതൽപരരുമായി.

ഔരസാനിവ രാമോഽപി ജുഗോപ പിതൃവത് പ്രജാഃ
സർവ്വലക്ഷണസംയുക്തഃ സർവ്വധർമ്മപരായണഃ. 33

ദശവർഷസഹസ്രാണി രാമോ രാജ്യമുപാസ്ത സഃ. 34

ഔരസാൻ പിതൃവത്	സ്വസന്തതിയെ പിതാവെന്നപോലെ
രാമഃ പ്രജാഃ ജുഗോപ	രാമൻ സ്വപ്രജകളെ കാത്തു.
സർവ്വലക്ഷണസംയുക്തഃ	സർവ്വലക്ഷണങ്ങളും തികഞ്ഞ,
സർവ്വധർമ്മപരായണഃ സഃ രാമഃ	സർവ്വധർമ്മപരായണനായ ആ രാമൻ
ദശവർഷസഹസ്രാണി	പതിനായിരം സംവത്സരമാണ്
രാജ്യം ഉപാസ്ത	രാജ്യം ഭരിച്ചത്.

ഇദം രഹസ്യം ധനധാന്യർദ്ധിമ-
ദ്ദീർഘായുരാരോഗ്യകരം സുപുണ്യദം
പവിത്രമാധ്യാത്മികസംജ്ഞിതം പുരാ
രാമായണം ഭാഷിതമാദിശംഭുനാ. 35

ധനധാന്യർദ്ധിമത്	ധനധാന്യസമൃദ്ധിക്കുതകുന്നതും
ദീർഘായുരാരോഗ്യകരം	ദീർഘായുസ്സും ആരോഗ്യവുമുളവാക്കുന്നതും
പവിത്രം സുപുണ്യദം രഹസ്യം	പാവനവും ബഹുപുണ്യപ്രദവും ഗൂഢവും
ആധ്യാത്മികസംജ്ഞിതം	ആധ്യാത്മികമെന്നു പേരുള്ളതുമായ
ഇദം രാമായണം പുരാ	ഈ രാമായണം പണ്ട്
ആദിശംഭുനാ ഭാഷിതം	ആദിമഹാദേവൻ അരുളിച്ചെയ്തതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശൃണോതി ഭക്ത്യാ മനുജഃ സമാഹിതോ
ഭക്ത്യാ പഠേദ്വാ പരിതുഷ്ടമാനസഃ
സർവ്വാഃ സമാപ്നോതി മനോഗതാശിഷോ
വിമുച്യതേ പാതകകോടിഭിഃ ക്ഷണാത്. 36

സമാഹിതഃ പരിതുഷ്ടമാനസഃ യഃ മനുജഃ ഭക്ത്യാ (ഇദം) പഠേത്, വാ ശൃണോതി, (സഃ) സർവ്വാഃ മനോഗതാശിഷഃ സമാപ്നോതി	പതറാത്ത, പരിതുഷ്ടഹൃദയമുള്ള, ഏതൊരു മനുജൻ ഭക്തിപൂർവ്വം ഇതു വായിക്കുന്നു, അഥവാ കേൾക്കുന്നു, അവന് സകല മനോരഥങ്ങളും സംസിദ്ധമാകുന്നു.
പാതകകോടിഭിഃ ക്ഷണാത് (സഃ) വിമുച്യതേ	പാപകോടികളിൽനിന്ന് ക്ഷിപ്രം അവൻ വിമോചനവും നേടുന്നു.

രാമാഭിഷേകം പ്രയതഃ ശൃണോതി യോ
ധനാഭിലാഷീ ലഭതേ മഹദ്ധനം
പുത്രാഭിലാഷീ സുതമാര്യസമ്മതം
പ്രാപ്നോതി രാമായണമാദിതഃ പഠൻ. 37

ധനാഭിലാഷീ യഃ രാമാഭിഷേകം പ്രയതഃ ശൃണോതി (സഃ) മഹത് ധനം ലഭതേ	ധനമഭിലഷിക്കുന്ന ഏവനെങ്കിലും രാമാഭിഷേകം ശ്രദ്ധാപൂർവ്വം ശ്രവിച്ചാൽ അവന് വിപുലമായ ധനം ലഭിക്കും.
രാമായണം ആദിതഃ പഠൻ പുത്രാഭിലാഷീ ആര്യസമ്മതം സുതം പ്രാപ്നോതി	രാമായണം ആദ്യംമുതൽ വായിക്കുന്ന പുത്രാർത്ഥിക്ക് സജ്ജനസമ്മതനായ മകനെ കിട്ടും.

ശൃണോതി യോഽധ്യാത്മികരാമസംഹിതാം
പ്രാപ്നോതി രാജാ ഭുവമൃദ്ധസമ്പദം
ശത്രൂൻ വിജിത്യാരിഭിരപ്രധർഷിതോ
വ്യപേതദുഃഖോ വിജയീ ഭവേന്നൃപഃ. 38

യഃ രാജാ ആധ്യാത്മികരാമസംഹിതാം ശൃണോതി (സഃ) ഋദ്ധസമ്പദം ഭുവം പ്രാപ്നോതി	ഏതൊരു മന്നവൻ അധ്യാത്മരാമായണസംഹിത കേൾക്കുന്നുവോ, അയാറ് സമ്പത്സമൃദ്ധമായ ഭൂമണ്ഡലം നേടും.
അരിഭിഃ അപ്രധർഷിതഃ (സഃ) നൃപഃ ശത്രൂൻ വിജിത്യ വ്യപേതദുഃഖഃ വിജയീ ഭവേത്	അരികളാൽ അമർത്തപ്പെടാനാവാത്ത ആ അരചൻ വൈരികളെ വെന്ന് അല്ലലെന്യേ വിജയിയായി വാഴും.

സ്ത്രീയോഽപി ശൃണ്വന്ത്യധിരാമസംഹിതാം
ഭവന്തി താ ജീവിസുതാശ്ച പൂജിതാഃ
വന്ധ്യാപി പുത്രം ലഭതേ സുരൂപിണം
കഥാമിമാം ഭക്തിയുതാ ശൃണോതി യാ. 39

(യാഃ) സ്ത്രീയഃ അധിരാമസംഹിതാം	ഏതു വനിതകൾ അധ്യാത്മരാമായണസംഹിത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശൃണ്വന്തി താഃ	ശ്രവിക്കുന്നുവോ, അവർ
ജീവിസുതാഃ	ദീർഘായുഷ്മാന്മാരായ മക്കളുള്ളവരും
പൂജിതാഃ അപി ച ഭവന്തി	പൂജിതരുമായിത്തീരുന്നു.
യാ വന്ധ്യാ ഇമാം കഥാം	ഏതെങ്കിലും വന്ധ്യ ഈ കഥ
ഭക്തിയുതാ ശൃണോതി	ഭക്തിയോടെ കേൾക്കുന്നുവെങ്കിൽ
(സാ) അപി സുരൂപിണം പുത്രം ലഭതേ	അവൾക്കും സുന്ദരനായ പുത്രൻ പിറക്കും.

ശ്രദ്ധാന്വിതോ യഃ ശൃണുയാത് പഠേന്നരോ
വിജിത്യ കോപം ച തഥാ വിമത്സരഃ
ദുർഗ്ഗാണി സർവ്വാണി വിജിത്യ നിർഭയോ
ഭവേത് സുഖീ രാഘവഭക്തിസംയുതഃ. 40

കോപം വിജിത്യ തഥാ	കോപമടക്കി
വിമത്സരഃ ച യഃ നരഃ	മത്സരമൊഴിവാക്കിയ ഏതു മനുഷ്യൻ
ശ്രദ്ധാന്വിതഃ (ഇദം)	ശ്രദ്ധാപൂർവ്വം ഇതു്
പഠേത് ശൃണുയാത്	പഠിക്കയും കേൾക്കയും ചെയ്യുമോ,
സഃ സർവ്വാണി ദുർഗ്ഗാണി	അവൻ സകല ദുരിതങ്ങളെയും
വിജിത്യ സുഖീ നിർഭയഃ	വെന്നു് സുഖിയും നിർഭയനും
രാഘവഭക്തിസംയുതഃ ഭവേത്	രാമഭക്തനുമായി ഭവിക്കും.

സുരാഃ സമസ്താഃ അപി യാന്തി തുഷ്ടതാം
വിഘ്നാഃ സമസ്താ അപയാന്തി ശൃണ്വതാം
അധ്യാത്മരാമായണമാദിതോ നൃണാം
ഭവന്തി സർവ്വാ അപി സമ്പദഃ പരാഃ. 41

അധ്യാത്മരാമായണം	അധ്യാത്മരാമായണം
ആദിതഃ ശൃണ്വതാം നൃണാം	ആദിമുതൽ ശ്രവിക്കുന്ന മനുജരിൽ
സുരാഃ സമസ്താഃ അപി	ദേവന്മാരെല്ലാംതന്നെ
തുഷ്ടതാം യാന്തി	പരിതോഷം പ്രാപിക്കുന്നു.
വിഘ്നാഃ സമസ്താഃ അപയാന്തി	വിഘ്നങ്ങളെല്ലാം (അവരെ) വിട്ടകലുന്നു.
സർവ്വാഃ അപി പരാഃ സമ്പദഃ ഭവന്തി	സകല ശ്രേഷ്ഠസമ്പത്തുകളും (അവർക്കു) കൈവരികയുംചെയ്യുന്നു.

രജസ്വലാ വാ യദി രാമതത്പരാ
ശൃണോതി രാമായണമേതദാദിതഃ
പുത്രം പ്രസൂതേ ഋഷഭം ചിരായുഷം
പതിവ്രതാ ലോകസുപൂജിതാ ഭവേത്. 42

രജസ്വലാ യദി രാമതത്പരാ	ഋതുമതി, രാമഭക്തിയോടെ
ഏതദ് രാമായണം ആദിതഃ	ഈ രാമായണം ആദിമുതൽ
ശൃണോതി ചിരായുഷം	കേട്ടാൽ ആയുഷ്മാനും
ഋഷഭം പുത്രം	ഉത്തമനുമായ പുത്രനെ
പ്രസൂതേ	പ്രസവിക്കുന്നതാണു്.
(സാ) പതിവ്രതാ	ആ പതിവ്രത
ലോകസുപൂജിതാ ഭവേത്	ലോകാരാധ്യയായിത്തീരുകയുംചെയ്യും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂജയിത്വാ തു യേ ഭക്ത്യാ നമസ്കുർവ്വന്തി നിത്യശഃ
സർവ്വൈഃ പാപൈർവിനിർമ്മുക്താ വിഷ്ണോർയാന്തി പരം പദം.

യേ ഭക്ത്യാ	ഏവർ (ഈ ഗ്രന്ഥത്തെ) ഭക്തിയോടെ
പൂജയിത്വാ	പൂജിച്ച്
നിത്യശഃ നമസ്കുർവന്തി	നിത്യവും പ്രണമിക്കുന്നുവോ,
(തേ) സർവ്വൈഃ പാപൈഃ	(അവർ) എല്ലാ പാപങ്ങളിൽനിന്നും
വിനിർമ്മുക്താഃ	വിമുക്തിനേടി
പരം വിഷ്ണോഃ പദം യാന്തി	പരമമായ വിഷ്ണുപദം പ്രാപിക്കുന്നു.

അധ്യാത്മരാമചരിതം കൃത്സ്നം ശൃണ്വന്തി ഭക്തിതഃ
പഠന്തി വാ സ്വയം വക്ത്രാത് തേഷാം രാമഃ പ്രസീദതി. 44

അധ്യാത്മരാമചരിതം കൃത്സ്നം	അധ്യാത്മരാമായണം മുഴുവൻ
യേ ഭക്തിതഃ ശൃണ്വന്തി	ആര് ഭക്തിപൂർവ്വം കേൾക്കുകയോ
സ്വയം വക്ത്രാത് പഠന്തി വാ	സ്വയം വായിക്കുകയോ ചെയ്യുമോ,
തേഷാം രാമഃ പ്രസീദതി	അവരിൽ രാമൻ പ്രസാദം ചൊരിയും.

രാമ ഏവ പരം ബ്രഹ്മ തസ്മിംസ്തുഷ്ടേഽഖിലാത്മനി
ധർമ്മാർത്ഥകാമമോക്ഷാണാം യദ്യദിച്ഛതി തദ്ഭവേത്. 45

രാമഃ പരം ബ്രഹ്മ ഏവ	രാമൻ പരമമായ ബ്രഹ്മംതന്നെ.
അഖിലാത്മനി തസ്മിൻ തുഷ്ടേ	സർവ്വാത്മാവായ അദ്ദേഹം കനിഞ്ഞാൽ
ധർമ്മാർത്ഥകാമമോക്ഷാണാം	ധർമ്മാർത്ഥകാമമോക്ഷങ്ങളിൽ
യദ് യദ് ഇച്ഛതി	ഏതു് ഇച്ഛിച്ചാലും
തദ് ഭവേത്	അതു് കൈവന്നുകൊള്ളും.

ശ്രോതവ്യം നിയമേനൈതദ് രാമായണമഖണ്ഡിതം
ആയുഷ്യമാരോഗ്യകരം കല്പകോട്യഘനാശനം. 46

നിയമേന രാമായണം	നിയമേന രാമായണം
അഖണ്ഡിതം ശ്രോതവ്യം	മുഴുവൻ ശ്രവിക്കേണ്ടതാണ്.
ഏതദ് ആയുഷ്യം ആരോഗ്യകരം	ഇതു് ആയുഷ്കരവും ആരോഗ്യദായകവും
കല്പകോട്യഘനാശനം	കല്പകോടികളിലെ(പ്പോലും) പാപങ്ങൾ നശിപ്പിക്കുന്നതുമാകുന്നു.

ദേവാശ്ച സർവ്വേ തുഷ്യന്തി ഗ്രഹാഃ സർവ്വേ മഹർഷയഃ
രാമായണസ്യ ശ്രവണേ തൃപ്യന്തി പിതരസ്തഥാ. 47

രാമായണസ്യ ശ്രവണേ	രാമായണം കേൾക്കുമ്പോൾ
സർവ്വേ ദേവാഃ തുഷ്യന്തി	എല്ലാ ദേവന്മാരും സന്തോഷിക്കുന്നു.
ഗ്രഹാഃ മഹർഷയഃ ച സർവ്വേ	ഗ്രഹങ്ങളും മുനിമാരും എല്ലാം
തഥാ പിതരഃ	(പ്രസാദിക്കുകയും) പിതൃക്കൾ
തൃപ്യന്തി	തൃപ്തിയടയുകയുംചെയ്യുന്നു.

അധ്യാത്മരാമായണമേതദദ്ഭുതം
വൈരാഗ്യവിജ്ഞാനയുതം പുരാതനം
പഠന്തി ശൃണ്വന്തി ലിഖന്തി യേ നരാ-
സ്തേഷാം ഭവേസ്മിന്ന പുനർഭവോ ഭവേത്. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ഭുതം	അദ്ഭുതകരവും
വൈരാഗ്യവിജ്ഞാനയുതം	വൈരാഗ്യവിജ്ഞാനസഹിതവും
പുരാതനം	പുരാതനവുമായ
ഏതദ് അധ്യാത്മരാമായണം	ഈ അധ്യാത്മരാമായണം
യേ നരാഃ പഠന്തി	ഏതു മനുഷ്യർ പഠിക്കുന്നു,
ലിഖന്തി ശൃണ്വന്തി	എഴുതുന്നു, കേൾക്കുന്നു,
തേഷാം അസ്മിൻ ഭവേ	അവർക്ക് ഈ സംസാരത്തിൽ
പുനർഭവഃ ന ഭവേത്	പുനർജ്ജനിയുണ്ടാകയില്ല.

ആലോഡ്യാഖിലവേദരാശിമസകൃ-
ദ്യത്താരകം ബ്രഹ്മ തദ്
രാമോ വിഷ്ണുരഹസ്യമൂർത്തിരിതി യോ
വിജ്ഞായ ഭൂതേശ്വരഃ
ഉദ്ധൃത്യാഖിലസാരസംഗ്രഹമിദം
സംക്ഷേപതഃ പ്രസ്ഫുടം
ശ്രീരാമസ്യ നിഗൂഢതത്ത്വമഖിലം
പ്രാഹ പ്രിയായൈ ഭവഃ. 49

അഖിലവേദരാശിം	സകലവേദസംഹിതയും
അസകൃത് ആലോഡ്യ	പലവുരു മഥിച്ച്,
യത് രാമഃ തദ് താരകം ബ്രഹ്മ	രാമനാമം എന്നതു് താരകബ്രഹ്മമാണ്,
വിഷ്ണുരഹസ്യമൂർത്തിഃ	വിഷ്ണുവിന്റെ രഹസ്യമൂർത്തിയാണ്,
ഇതി വിജ്ഞായ	എന്ന് അറിഞ്ഞ
യഃ ഭൂതേശ്വരഃ ഭവഃ	ഭൂതനാഥൻ പരമശിവൻ,
അഖിലസാരസംഗ്രഹം	അഖില(വേദോപനിഷത്)സാരസംഗ്ര-
ഇദം ഉദ്ധൃത്യ	ഹമായ ഈ ഗ്രന്ഥത്തെ ഉദ്ധരിക്കയും
ശ്രീരാമസ്യ	രാമന്റെ
നിഗൂഢതത്ത്വം അഖിലം	ഗൂഢതത്ത്വം എല്ലാം
സംക്ഷേപതഃ പ്രസ്ഫുടം	സംക്ഷേപിച്ച് സുസ്പഷ്ടമായി (തദ്വാരാ)
പ്രിയായൈ പ്രാഹ	പ്രിയതമയ്ക്കു് ഉപദേശിക്കയുംചെയ്തു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
യുദ്ധകാണ്ഡേ ഷോഡശഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
യുദ്ധകാണ്ഡം പതിനാറാം സർഗ്ഗം കഴിഞ്ഞു.

സമാപ്തമിദം യുദ്ധകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്തരകാണ്ഡം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഒന്നു്

രാവണാദികളുടെ പൂർവ്വചരിത്രം

ജയതി രഘുവംശതിലകഃ കൗസല്യാഹൃദയനന്ദനോ രാമഃ
ദശവദനനിധനകാരീ ദാശരഥിഃ പുണ്ഡരീകാക്ഷഃ. 1

ദശവദനനിധനകാരീ	രാവണനെ കൊലചെയ്തവൻ,
രഘുവംശതിലകഃ	രഘുകുലത്തിനു തൊടുകുറി,
പുണ്ഡരീകാക്ഷഃ	കമലനയനൻ,
ദാശരഥി	ദശരഥപുത്രൻ,
കൗസല്യാ—	കൗസല്യയുടെ
ഹൃദയനന്ദനഃ	ഹൃദയത്തിനു് ആനന്ദമരുളുന്നവൻ
രാമഃ ജയതി	രാമൻ ജയിക്കുന്നു.

പാർവ്വതീ ഉവാച: പാർവ്വതി ചോദിച്ചു

അഥ രാമഃ കിമകരോത് കൗസല്യാനന്ദവർദ്ധനഃ
ഹത്വാ മൃധേ രാവണാദീൻ രാക്ഷസാൻ ഭീമവിക്രമഃ. 2

അഭിഷിക്തസ്ത്വയോധ്യായാം സീതയാ സഹ രാഘവഃ
മായാമാനുഷതാം പ്രാപ്യ കതിവർഷാണി ഭൂതലേ. 3

സ്ഥിതവാൻ ലീലയാ ദേവഃ പരമാത്മാ സനാതനഃ
അത്യജൻ മാനുഷം ലോകം കഥമന്തേ രഘൂദ്വഹഃ. 4

കൗസല്യാനന്ദവർദ്ധനഃ	കൗസല്യയ്ക്കു് ആനന്ദമരുളുന്ന
ഭീമവിക്രമഃ രാമഃ	മഹാവിക്രമൻ രാമൻ
മൃധേ രാവണാദീൻ രാക്ഷസാൻ	യുദ്ധത്തിൽ രാവണാദിരാക്ഷസരെ
ഹത്വാ	കൊന്നു്
സീതയാ സഹ	സീതാസമേതം
അയോധ്യായാം	അയോധ്യയിലെത്തി
അഭിഷിക്തഃ തു കിം അകരോത്	അഭിഷിക്തനായതിനുശേഷം എന്തുചെയ്തു?
സനാതനഃ പരമാത്മാ ദേവഃ	സനാതനനും പരമാത്മാവുമായ ആ ദേവൻ
ലീലയാ മായാമാനുഷതാം പ്രാപ്യ	ലീലയാൽ മായാമാനവവേഷം പൂണ്ടു്
കതിവർഷാണി ഭൂതലേ	എത്ര വർഷം ഭൂമിയിൽ
സ്ഥിതവാൻ	കഴിഞ്ഞുകൂടി?
അന്തേ രഘൂദ്വഹഃ	അവസാനം രഘുവരൻ
മാനുഷം ലോകം	മനുഷ്യലോകം
കഥം അത്യജത്	എങ്ങനെയാണു് വെടിഞ്ഞതു്?

ഏതദാഖ്യാഹി ഭഗവൻ ശ്രദ്ധയാ ത്വാം മമ പ്രഭോ
കഥാപീയൂഷമാസ്വാദ്യ തൃഷ്ണാ മേ/തീവ വർദ്ധതേ
രാമചന്ദ്രസ്യ ഭഗവൻ ബ്രൂഹി വിസ്തരശഃ കഥാം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭഗവൻ ശ്രദ്ധയുക്തായ മേ	ഭഗവൻ, ശ്രദ്ധാലുവായ എനിക്ക്
ഏതദ് ആഖ്യാഹി	ഇതു പറഞ്ഞുതരു.
കഥാപീയൂഷം ആസ്വാദ്യ	കഥാമൃതം ആസ്വദിച്ച്
പ്രഭോ മേ തൃഷ്ണാ	പ്രഭോ, എന്റെ ആഗ്രഹം
അതീവവർദ്ധതേ	വളരെ വർദ്ധിക്കുകയാണ്.
രാമചന്ദ്രസ്യ കഥാം	ശ്രീരാമന്റെ കഥ
വിസ്തരശഃ ബ്രൂഹി	സവിസ്തരം കേൾപ്പിച്ചാലും.

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

രാക്ഷസാനാം വധം കൃത്വാ രാജ്യേ രാമ ഉപസ്ഥിതേ
ആയയുർമുനയഃ സർവ്വേ ശ്രീരാമമഭിവന്ദിതും. 6

രാക്ഷസാനാം വധം കൃത്വാ	രാക്ഷസരെ വധിച്ചതിനുശേഷം
രാമേ രാജ്യേ ഉപസ്ഥിതേ (സതി)	രാമൻ നാടുവാഴുന്നകാലത്ത്
മുനയഃ സർവ്വേ	മുനിമാരെല്ലാം
ശ്രീരാമം അഭിവന്ദിതും	അദ്ദേഹത്തെ അഭിവാദനംചെയ്യാൻ
ആയയുഃ	വന്നെത്തി.

വിശ്വാമിത്രോഽസിതഃ കണ്വോ ദുർവ്വാസാഃ ഭൃഗുരംഗിരാഃ
കശ്യപോ വാമദേവോഽത്രിസ്തഥാ സപ്തർഷയോഽമലാഃ. 7

അഗസ്ത്യഃ സഹശിഷ്യൈശ്ച മുനിഭിഃ സഹിതോഽഭ്യഗാത്
ദ്വാരമാസാദ്യ രാമസ്യ ദ്വാരപാലമഥാബ്രവീത്. 8

വിശ്വാമിത്രഃ അസിതഃ	വിശ്വാമിത്രൻ, അസിതൻ,
കണ്വഃ ദുർവ്വാസാഃ ഭൃഗുഃ	കണ്വൻ, ദുർവ്വാസാവ്, ഭൃഗു,
അംഗിരാഃ കശ്യപഃ	അംഗിരസ്സ്, കശ്യപൻ,
വാമദേവഃ തഥാ	വാമദേവൻ,
അമലാഃ സപ്തർഷയഃ	വിശുദ്ധസപ്തർഷികൾ
ശിഷ്യൈഃ സഹ	ശിഷ്യരും
മുനിഭിഃ സഹിതഃ ച അഗസ്ത്യഃ	മുനിമാരുമൊത്ത് അഗസ്ത്യൻ
അഭ്യഗാത്	(ഓരോരുത്തരും) എത്തി.
അഥ രാമസ്യ ദ്വാരം ആസാദ്യ	അനന്തരം രാമന്റെ കവാടത്തിലെത്തി
ദ്വാരപാലം അബ്രവീത്	ദ്വാരപാലകനെ അറിയിച്ചു.

ബ്രൂഹി രാമായ മുനയഃ സമാഗത്യ ബഹിഃ സ്ഥിതാഃ
അഗസ്ത്യപ്രമുഖാഃ സർവ്വേ ആശീർഭിരഭിനന്ദിതും. 9

രാമായ ബ്രൂഹി	രാമനോടു പറയൂ,
ആശീർഭിഃ അഭിനന്ദിതും	ആശിസ്സുകളിൽ അഭിനന്ദിക്കുന്നതിന്
അഗസ്ത്യപ്രമുഖാഃ	അഗസ്ത്യൻ തുടങ്ങിയ
സർവ്വേ മുനയഃ	മുനിമാർ എല്ലാം
സമാഗത്യ ബഹിഃസ്ഥിതാഃ (ഇതി)	വന്നു വെളിയിൽ നില്ക്കുന്നു എന്ന്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതീഹാരസ്തതോ രാമമഗസ്ത്യവചനാത് ദ്രുതം
നമസ്കൃത്യാബ്രവീത് വാക്യം വിനയാവനതഃ പ്രഭും. 10

അഗസ്ത്യവചനാത്	അഗസ്ത്യവചനമനുസരിച്ച്
പ്രതീഹാരഃ ദ്രുതം	ദ്വാരപാലൻ ഉടനടി
പ്രഭും (പ്രാപ്യ)	രാമനെ സമീപിച്ച്
വിനയാവനതഃ	വിനയപൂർവ്വം
വാക്യം അബ്രവീത്	വാക്യം ഉണർത്തിച്ചു.

കൃതാഞ്ജലിരുവാചേദം അഗസ്ത്യോ മുനിഭിഃ സഹ
ദേവ, ത്വദ്ദർശനാർത്ഥായ പ്രാപ്തോ ബഹിരുപസ്ഥിതഃ. 11

കൃതാഞ്ജലിഃ	കൂപ്പുകൈകളോടെ (അവൻ)
ഇദം ഉവാച	ഇങ്ങനെ പറഞ്ഞു:
ദേവ ത്വദ്ദർശനാർത്ഥായ	ഭഗവൻ, അങ്ങയെ ദർശിക്കാൻ
മുനിഭിഃ സഹ പ്രാപ്തഃ	മുനിമാരുമൊത്തു വന്ന
അഗസ്ത്യഃ ബഹിഃ ഉപസ്ഥിതഃ	അഗസ്ത്യർ വെളിയിൽ നില്പുണ്ട്.

തമുവാച ദ്വാരപാലം പ്രവേശയ യഥാസുഖം
പൂജിതാ വിവിശുർവ്വേശ്മ നാനാരത്നവിഭൂഷിതം. 12

തം ദ്വാരപാലം ഉവാച	ആ ദ്വാരപാലനോട് (രാമൻ) അരുളി:
യഥാസുഖം പ്രവേശയ	(മുനിമാരെ) സസുഖം കടത്തിവിടൂ.
പൂജിതാഃ നാനാരത്ന–	പൂജിതരായ (അവർ) നാനാരത്നങ്ങളാൽ
വിഭൂഷിതം	മോടികൂട്ടിയ
വേശ്മ വിവിശുഃ	കൊട്ടാരത്തിലേക്കു പോയി.

ദൃഷ്ട്വാ രാമോ മുനീൻ ശീഘ്രം പ്രത്യുത്ഥായ കൃതാഞ്ജലിഃ
പാദ്യാർഘ്യാദിഭിരാപൂജ്യ ഗാം നിവേദ്യ യഥാവിധി. 13

നത്വാ തേഭ്യോ ദദൗ ദിവ്യാന്യാസനാനി യഥാർഹതഃ
ഉപവിഷ്ടാഃ പ്രഹൃഷ്ടാശ്ച മുനയോ രാമപൂജിതാഃ. 14

മുനീൻ ദൃഷ്ട്വാ രാമഃ	മുനിമാരെ കണ്ട് രാമൻ
ശീഘ്രം പ്രത്യുത്ഥായ	വേഗം എഴുന്നേറ്റ്,
കൃതാഞ്ജലിഃ യഥാവിധി	കൈകൂപ്പി, യഥാവിധി
പാദ്യാർഘ്യാദിഭിഃ	പാദ്യാർഘ്യങ്ങളാൽ
ആപൂജ്യ ഗാം നിവേദ്യ	പൂജിച്ചു, കുശലാന്വേഷണം നടത്തി;
നത്വാ തേഭ്യഃ യഥാർഹതഃ	നമസ്കരിച്ചു; അവർക്ക് യഥാർഹം
ദിവ്യാനി ആസനാനി ദദൗ	ദിവ്യാസനങ്ങൾ നല്കി.
രാമപൂജിതാഃ മുനയഃ	രാമനാൽ പൂജിതരായ മുനിമാർ
പ്രഹൃഷ്ടാഃ ഉപവിഷ്ടാഃ ച	സസന്തോഷം ഇരുന്നു.

സംപൃഷ്ടകുശലാഃ സർവ്വേ രാമം കുശലമബ്രുവൻ
കുശലം തേ മഹാബാഹോ സർവ്വത്ര രഘുനന്ദനഃ. 15

സംപൃഷ്ടകുശലാഃ	രാമനാൽ കുശലം ചോദിക്കപ്പെട്ട
സർവ്വേ	അവരെല്ലാം
രാമം കുശലം അബ്രുവൻ	രാമനോടും ക്ഷേമം അന്വേഷിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാബാഹോ രഘുനന്ദന	മഹാവീര, രഘുനന്ദന,
തേ സർവ്വത്ര കുശലം	അങ്ങേക്കു സർവ്വത്ര സുഖംതന്നെയല്ലേ?

ദിഷ്ട്യേദാനീം പ്രപശ്യാമോ ഹതശത്രുമരിന്ദമ
നഹി ഭാരഃ സ തേ രാമ രാവണോ രാക്ഷസേശ്വരഃ. 16

അരിന്ദമ ദിഷ്ട്യാ	ശത്രുദമന, ഭാഗ്യത്താൽ
ഇദാനീം ഹതശത്രും	ഇന്നു നിന്നെ ശത്രുരഹിതനായി
പ്രപശ്യാമഃ	കാണുമാറായി.
രാമ രാക്ഷസേശ്വരഃ	രാമ, രാക്ഷസാധിപതി,
സഃ രാവണഃ തേ	ആ രാവണൻ നിനക്കു്
ഭാരഃ നഹി	ഒരു ഭാരം ആയിരുന്നില്ല.

സധനുസ്ത്വം ഹി ലോകാംസ്ത്രീൻ വിജേതും ശക്ത ഏവ ഹി
ദിഷ്ട്യാ ത്വയാ ഹതാഃ സർവ്വേ രാക്ഷസാഃ രാവണാദയഃ. 17

സധനുഃ ത്വം ഹി	ധനുർധരനായ നീ
ത്രീൻ ലോകാൻ	മൂവുലകങ്ങളെയും
വിജേതും ശക്ത ഏവ ഹി	വെല്ലാൻ കെല്പുററവനാണു്.
ദിഷ്ട്യാ രാവണാദയഃ	ഭാഗ്യംകൊണ്ടു് രാവണാദി
സർവ്വേ രാക്ഷസാഃ	സകലരാക്ഷസരും
ത്വയാ ഹതാഃ	നിന്നാൽ വധിക്കപ്പെട്ടു.

സഹ്യമേതൻമഹാബാഹോ രാവണസ്യ നിബർഹണം
അസഹ്യമേതത് സംപ്രാപ്തം രാവണേർയന്നിഷൂദനം. 18

മഹാബാഹോ	മഹാബാഹോ,
ഏതദ് രാവണസ്യ	ഈ രാവണവധം
നിബർഹണം സഹ്യം	(താരതമ്യേന) സുകരമായിരുന്നു.
രാവണേഃ യത്	രാവണപുത്രന്റെ (മേഘനാദന്റെ)
നിഷൂദനം അസഹ്യം സംപ്രാപ്തം	വധമാണു് ദുഷ്കരമായിരുന്നതു്.

അന്തകപ്രതിമാഃ സർവ്വേ കുംഭകർണ്ണാദയോ മൃധേ
അന്തകപ്രതിമൈർബാണൈർ ഹതാസ്തേ രഘുസത്തമ. 19

രഘുസത്തമ മൃധേ	രഘുവര, അടരിൽ
അന്തകപ്രതിമാഃ	കാലതുല്യരായ
കുംഭകർണ്ണാദയഃ സർവ്വേ തേ	കുംഭകർണ്ണാദികൾ എല്ലാം
അന്തകപ്രതിമൈഃ തേ	കാലസദൃശങ്ങളായ നിന്റെ
ബാണൈഃ ഹതാഃ	ശരങ്ങൾക്കു് ഇരയായി.

ദത്താ ചേയം ത്വയാസ്മാകം പുരാ ഹ്യഭയദക്ഷിണാ
ഹത്വാ രക്ഷോഗണാൻ സംഖ്യേ കൃതകൃത്യോഽദ്യ ജീവസി. 20

പുരാ ഹി ത്വയാ	മുമ്പുതന്നെ നീ
അസ്മാകം ഇയം അഭയദക്ഷിണാ	ഞങ്ങൾക്കു് ഈ അഭയദാനം
ദത്താ ച	നല്കിയിരുന്നതാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്യ രക്ഷോഗണാൻ	ഇപ്പോഴം രാക്ഷസഗണങ്ങളെ
സംഖ്യേ ഹത്വാ	സമരത്തിൽ സംഹരിച്ചിട്ട്
കൃതകൃത്യഃ ജീവസി	നീ കൃതകൃത്യനായി ജീവിക്കുന്നു.

ശ്രുത്വാ തു ഭാഷിതം തേഷാം മുനീനാം ഭാവിതാത്മനാം
വിസ്മയം പരമം ഗത്വാ രാമഃ പ്രാഞ്ജലിരബ്രവീത്. 21

ഭാവിതാത്മനാം തേഷാം മുനീനാം	വിശുദ്ധചിത്തരായ ആ മുനിമാരുടെ
ഭാഷിതം ശ്രുത്വാ	വാക്കുകളെ കേട്ട്
തു പരമം വിസ്മയം ഗത്വാ രാമഃ	അതിവിസ്മയം പൂണ്ട രാമൻ
പ്രാഞ്ജലിഃ അബ്രവീത്	കൂപ്പുകൈകളോടെ അരുളി:

രാവണാദീനതിക്രമ്യ കുംഭകർണ്ണാദിരാക്ഷസാൻ
ത്രിലോകജയിനോ ഹത്വാ കിം പ്രശംസഥ രാവണിം. 22

ത്രിലോകജയിനഃ രാവണാദീൻ	ഉലകം മൂന്നും വെന്ന രാവണാദികളെയും
കുംഭകർണ്ണാദിരാക്ഷസാൻ	കുംഭകർണ്ണാദിരാക്ഷസരെയും
അതിക്രമ്യ രാവണിം	തള്ളി രാവണപുത്രനെ (മേഘനാദനെ)
കിം	എന്തുകൊണ്ടാണ് നിങ്ങൾ
പ്രശംസഥ	പ്രകീർത്തിക്കുന്നത്?

തതസ്തദ്‌വചനം ശ്രുത്വാ രാഘവസ്യ മഹാത്മനഃ
കുംഭയോനിർമഹാ തേജാഃ രാമം പ്രീത്യാ വചോഽബ്രവീത്. 23

മഹാത്മനഃ രാഘവസ്യ	മഹാത്മാവായ രാഘവന്റെ
തത് വചനം ശ്രുത്വാ	ആ വചനം കേട്ടപ്പോൾ
മഹാതേജാഃ കുംഭയോനിഃ	മഹാതേജസ്വീ അഗസ്ത്യർ
പ്രീത്യാ രാമം വചഃ അബ്രവീത്	പ്രീതിപൂർവ്വം ഇങ്ങനെ ഉരചെയ്തു:

ശൃണു രാമ യഥാ വൃത്തം രാവണേഃ രാവണസ്യ ച
ജന്മ കർമ്മ വരാദാനം സംക്ഷേപാത് വദതോ മമ. 24

രാവണസ്യ രാവണേഃ ച	രാവണന്റെയും മേഘനാദന്റെയും
ജന്മ കർമ്മ വരാദാനം	ജനനം, പ്രവൃത്തി, വരപ്രാപ്തി
ച	ഇവയെപ്പറ്റി
സംക്ഷേപാത് യഥാ വദതഃ	സംക്ഷേപിച്ച ഞാൻ പറയുന്ന
മമ വൃത്തം രാമ ശൃണു	കഥ രാമ, കേട്ടുകൊൾക.

പുരാ കൃതയുഗേ രാമ പുലസ്ത്യോ ബ്രഹ്മണഃ സുതഃ
തപസ്തപ്തും ഗതോ വിദ്വാൻ മേരോഃ പാർശ്വം മഹാമതിഃ. 25

രാമ പുരാ കൃതയുഗേ	രാമ, പണ്ട് കൃതയുഗത്തിൽ
ബ്രഹ്മണഃ സുതഃ മഹാമതിഃ	ബ്രഹ്മപുത്രൻ, മഹാമതി
വിദ്വാൻ പുലസ്ത്യഃ	ജ്ഞാനീ, പുലസ്ത്യൻ
തപഃ തപ്തും	തപസ്സനുഷ്ഠിക്കാൻ
മേരോഃ പാർശ്വം ഗതഃ	മേരുവിന്റെ പ്രാന്തത്തിലെത്തി.

തൃണബിന്ദോരാശ്രമേഽസൗ ന്യവസത് മുനിപുംഗവഃ
തപസ്തേപേ മഹാതേജാഃ സ്വാദ്ധ്യായനിരതഃ സദാ. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാതേജാഃ അസൗ മുനിപുംഗവഃ തൃണബിന്ദോഃ ആശ്രമേ ന്യവസത്	മഹാ തേജസ്വി ആ മുനിവരൻ തൃണബിന്ദു മുനിയുടെ ആശ്രമത്തിൽ വസിച്ചു.
സദാ സ്വാദ്ധ്യായനിരതഃ തപഃ തേപേ	നിരന്തരം സ്വാദ്ധ്യായത്തിൽ നിരതനായി തപസ്സ് അനുഷ്ഠിച്ചു.

തത്രാശ്രമേ മഹാരമ്യേ ദേവഗന്ധർവ്വകന്യകാഃ
ഗായന്ത്യോ നൃത്യന്ത്യസ്തത്ര ഹസന്ത്യോ വാദയന്തി ച. 27

പുലസ്ത്യസ്യ തപോവിഘ്നം ചക്രുഃ സർവ്വാഃ അനിന്ദിതാഃ
തതഃ ക്രുദ്ധോ മഹാതേജാഃ വ്യാജഹാര വചോ മഹത്. 28

മഹാരമ്യേ തത്ര ആശ്രമേ ദേവഗന്ധർവ്വകന്യകാഃ ഗായന്ത്യഃ നൃത്യഃ	പരമരമണീയമായ ആ ആശ്രമത്തിൽ ദേവ—ഗന്ധർവ്വകന്യകമാർ പാട്ടുപാടി, നൃത്തംചെയ്തു.
ഹസന്ത്യഃ വാദയന്തി ച	പൊട്ടിച്ചിരിച്ചു, വാദ്യം മുഴക്കി.
അനിന്ദിതാഃ സർവ്വാഃ പുലസ്ത്യസ്യ തപോവിഘ്നം ചക്രുഃ	സുന്ദരിമാർ എല്ലാം ചേർന്ന് പുലസ്ത്യന്റെ തപസ്സു മുടക്കി.
തതഃ മഹാതേജാഃ ക്രുദ്ധഃ മഹത് വചഃ വ്യാജഹാര	അപ്പോൾ ആ മഹാതേജസ്വി ക്രോധത്തോടെ കടുത്ത വാക്ക് ഉച്ചരിച്ചു:

യാ മേ ദൃഷ്ടിപഥം ഗച്ഛേത് സാ ഗർഭം ധാരയിഷ്യതി
താഃ സർവ്വാഃ ശാപസംവിഗ്നാഃ ന തം ദേശം പ്രചക്രമുഃ. 29

യാ മേ ദൃഷ്ടിപഥം ഗച്ഛേത് സാ ഗർഭം ധാരയിഷ്യതി	ഏവൾ എന്റെ കൺമുമ്പിൽ കടക്കുമോ അവൾ ഗർഭം ധരിക്കും.
ശാപസംവിഗ്നാഃ താഃ സർവ്വാഃ തം ദേശം ന പ്രചക്രമുഃ	ശാപഭീതരായ അവർ ആരും (പിന്നെ) ആ സ്ഥലത്തു കാൽകുത്തിയില്ല.

തൃണബിന്ദോസ്തു രാജർഷേഃ കന്യാ തന്നാശൃണോദ്വചഃ
വിചചാര മുനേരഗ്രേ നിർഭയാ തം പ്രപശ്യതി. 30

തൃണബിന്ദോഃ രാജർഷേഃ കന്യാ തു തദ് വചഃ ന അശൃണോത്	തൃണബിന്ദു എന്ന രാജർഷിയുടെ മകൾ ആകട്ടെ ആ വചനം കേട്ടിരുന്നില്ല.
നിർഭയാ തം പ്രപശ്യതീ മുനേഃ അഗ്രേ വിചചാര	നിർഭയം മുനിയെ നോക്കിക്കൊണ്ട് (അവൾ) അദ്ദേഹത്തിന്റെ മുമ്പിലൂടെ നടന്നു.

ബഭൂവ പാണ്ഡുരതനുഃ വ്യഞ്ജിതാന്തഃശരീരജാ
ദൃഷ്ട്വാ സാ ദേഹവൈവർണ്ണ്യം ഭീതാ പിതരമന്വഗാത്. 31

സാ പാണ്ഡുരതനുഃ വ്യഞ്ജിതാന്തഃശരീരജാ ബഭൂവ	അവളുടെ ദേഹം വിളറി, സ്തനങ്ങൾ തടിച്ചു.
ദേഹവൈവർണ്ണ്യം ദൃഷ്ട്വാ ഭീതാ സാ പിതരം അന്വഗാത്	ദേഹം വിളറിയതു കണ്ടു പേടിച്ചു അവൾ അച്ഛന്റെ അരികിൽ എത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃണബിന്ദുശ്ച താം ദൃഷ്ട്വാ രാജർഷിരമിതദ്യുതിഃ
ധ്യാത്വാ മുനികൃതം സർവ്വം അവൈദ്വിജ്ഞാനചക്ഷുഷാ. 32

അമിതദ്യുതിഃ രാജർഷിഃ	അതിതേജസ്വി രാജർഷി
തൃണബിന്ദുഃ താം ദൃഷ്ട്വാ	തൃണബിന്ദു തന്റെ മകളെ കണ്ടപ്പോൾ,
ധ്യാത്വാ വിജ്ഞാനചക്ഷുഷാ	ധ്യാനിച്ച് ജ്ഞാനദൃഷ്ട്യാ
മുനികൃതം സർവ്വം അവൈദ്	മുനി ചെയ്തതെല്ലാം അറിഞ്ഞു.

താം കന്യാം മുനിവര്യായ പുലസ്ത്യായ ദദൗ പിതാ
താം പ്രഗൃഹ്യാബ്രവീത് കന്യാം ബാഢമിത്യേവ സ ദ്വിജഃ. 33

പിതാ താം കന്യാം	പിതാവ് ആ കന്യകയെ
മുനിവര്യായ പുലസ്ത്യായ ദദൗ	മുനിവരൻ പുലസ്ത്യനു തന്നെ ദാനം ചെയ്തു.
സഃ ദ്വിജഃ താം കന്യാം പ്രഗൃഹ്യ	ആ ദ്വിജൻ ആ കന്യകയെ കൈക്കൊണ്ടിട്ട്
ബാഢം ഇതി ഏവ അബ്രവീത്	'ശുഭം ഭവിക്കട്ടെ' എന്നുതന്നെ അരുളി.

ശുശ്രൂഷണപരാം ദൃഷ്ട്വാ മുനിഃ പ്രീതോഽബ്രവീദ്വചഃ
ദാസ്യാമി പുത്രമേകം തേ ഉഭയോർ വംശവർദ്ധനം. 34

ശുശ്രൂഷണപരാം	(അവളെ) ശുശ്രൂഷാനിരതയായി
ദൃഷ്ട്വാ പ്രീതഃ മുനിഃ	കണ്ട് പ്രീതനായ മുനി
വചഃ അബ്രവീത്	ഈ വചനം പറഞ്ഞു:
ഉഭയോഃ വംശവർദ്ധനം	ഇരുവരുടെയും വംശവൃദ്ധിക്കുതകുന്ന
ഏകം പുത്രം തേ ദാസ്യാമി	ഒരു മകനെ നിനക്കു നല്കാം.

തതഃ പ്രസൂത സാ പുത്രം പുലസ്ത്യാത് ലോകവിശ്രുതം
വിശ്രവാ ഇതി വിഖ്യാതഃ പൗലസ്ത്യോ ബ്രഹ്മവിൻ മുനിഃ. 35

തതഃ സാ പുലസ്ത്യാത്	അനന്തരം അവൾ പുലസ്ത്യനിൽനിന്നു
ലോകവിശ്രുതം പുത്രം	പിറന്ന ലോകപ്രശസ്തനായ പുത്രനെ
പ്രസൂത	പ്രസവിച്ചു.
പൗലസ്ത്യഃ ബ്രഹ്മവിത് മുനിഃ	പുലസ്ത്യപുത്രൻ ബ്രഹ്മജ്ഞാനിമുനി
വിശ്രവാ ഇതി വിഖ്യാതഃ	വിശ്രവസ്സ് എന്ന(പേരിൽ)പ്രശസ്തനായി.

തസ്യ ശീലാദികം ദൃഷ്ട്വാ ഭരദ്വാജോ മഹാമുനിഃ
ഭാര്യാർത്ഥം സ്വാം ദുഹിതരം ദദൗ വിശ്രവസേ മുദാ. 36

തസ്യ ശീലാദികം ദൃഷ്ട്വാ	അദ്ദേഹത്തിന്റെ സൗശീല്യവും മററും കണ്ട്
മഹാമുനിഃ ഭരദ്വാജഃ	മഹാമുനി ഭരദ്വാജൻ
മുദാ സ്വാം ദുഹിതരം	സസന്തോഷം തന്റെ മകളെ
വിശ്രവസേ ഭാര്യാർത്ഥം ദദൗ	വിശ്രവസ്സിനു വിവാഹം ചെയ്തുകൊടുത്തു.

തസ്യാം തു പുത്രഃ സംജജ്ഞേ പൗലസ്ത്യാല്ലോകസമ്മതഃ
പിതൃതുല്യോ വൈശ്രവണോ ബ്രഹ്മണാ ചാനുമോദിതഃ. 37

പൗലസ്ത്യാത് തസ്യാം തു	പുലസ്ത്യന്റെ മകനിൽനിന്ന് അവളിൽ
ലോകസമ്മതഃ പുത്രഃ സംജജ്ഞേ	ലോകപ്രശസ്തനായ ഒരു പുത്രൻ പിറന്നു.
പിതൃതുല്യഃ വൈശ്രവണഃ	പിതൃതുല്യൻ വൈശ്രവണൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മണാ ച	ബ്രഹ്മാവിനാൽപ്പോലും
അനുമോദിതഃ	അനുമോദിക്കപ്പെട്ടവൻ.

ദദൗ തത്തപസാ തുഷ്ടോ ബ്രഹ്മാ തസ്മൈ വരം ശുഭം
മനോഭിലഷിതം തസ്യ ധനേശത്വമഖണ്ഡിതം. 38

തത്തപസാ തുഷ്ടഃ ബ്രഹ്മാ	അവന്റെ തപസ്സാൽ പ്രീതൻ ബ്രഹ്മാവു്
തസ്യ മനോഭിലഷിതം	മനോവാഞ്ഛിതമനുസരിച്ച്
അഖണ്ഡിതം ധനേശത്വം	അഖണ്ഡമായ ധനേശപദവി എന്ന
ശുഭം വരം തസ്മൈ ദദൗ	ശുഭവരം അവനു നല്കി.

തതോ ലബ്ധവരഃ സോഽപി പിതരം ദ്രഷ്ടുമാഗതഃ
പുഷ്പകേണ ധനാധ്യക്ഷോ ബ്രഹ്മദത്തേന ഭാസ്വതാ. 39

ലബ്ധവരഃ ധനാധ്യക്ഷഃ	വരം നേടി ധനപതിയായ
സഃ അപി ബ്രഹ്മദത്തേന	അവൻ ബ്രഹ്മാവു ദാനംചെയ്ത
ഭാസ്വതാ പുഷ്പകേണ	ഉജ്ജ്വലമായ പുഷ്പകവിമാനത്തിലേറി
പിതരം ദ്രഷ്ടും	പിതാവിനെ കാണാൻ
തതഃ ആഗതഃ	അനന്തരം ചെന്നു.

നമസ്കൃത്യാഥ പിതരം നിവേദ്യ തപസഃ ഫലം
പ്രാഹ മേ ഭഗവാൻ ബ്രഹ്മാ ദത്വാ വരമനിന്ദിതം. 40

നിവാസായ ന മേ സ്ഥാനം ദത്തവാൻ പരമേശ്വരഃ
ബ്രൂഹി മേ നിയതം സ്ഥാനം ഹിംസാ യത്ര ന കസ്യചിത്.

പിതരം നമസ്കൃത്യ തപസഃ	പിതാവിനെ വണങ്ങി തപസ്സിന്റെ
ഫലം നിവേദ്യ അഥ	ഫലം അദ്ദേഹത്തെ അറിയിച്ചതിനുശേഷം
പ്രാഹ	പറഞ്ഞു:
പരമേശ്വരഃ ഭഗവാൻ ബ്രഹ്മാ	പരമേശ്വരൻ ഭഗവാൻ ബ്രഹ്മാവു്
മേ അനിന്ദിതം വരം ദത്വാ	എനിക്കു മികച്ച വരം നല്കി.
നിവാസായ സ്ഥാനം ന ദത്തവാൻ	പക്ഷേ, താമസിക്കാൻ സ്ഥലം തന്നില്ല.
മേ നിയതം സ്ഥാനം	എനിക്കു് നിശ്ചിതമായ ഒരു സ്ഥലം
ബ്രൂഹി	നിർദ്ദേശിച്ചാലും.
യത്ര കസ്യചിത്	അവിടെ ആക്കും
ഹിംസാ ന	ഹാനി ഉണ്ടാവുകയുമരുതു്.

വിശ്രവാ അപി തം പ്രാഹ ലങ്കാനാമപുരീ ശുഭാ
രാക്ഷസാനാം നിവാസായ നിർമ്മിതാ വിശ്വകർമ്മണാ. 42

വിശ്രവാ അപി തം പ്രാഹ	വിശ്രവസ്സ് അദ്ദേഹത്തോടു് അരുളി:
ലങ്കാനാമപുരീ ശുഭാ	ലങ്കാനഗരി വളരെ ശുഭകരമാണു്.
രാക്ഷസാനാം നിവാസായ	രാക്ഷസർക്കു വസിക്കാൻ
വിശ്വകർമ്മണാ നിർമ്മിതാ	വിശ്വകർമ്മാവു സൃഷ്ടിച്ചതാണു് അതു്.

ത്യക്ത്വാ വിഷ്ണുഭയാത് ദൈത്യാഃ വിവിശുസ്തേ രസാതലം
സാ പുരീ ദുഷ്പ്രധർഷാഽന്യൈഃ മധ്യേ സാഗരമാസ്ഥിതാ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷ്ണുഭയാത് താം ത്യക്ത്വാ	വിഷ്ണുവിനെ ഭയന്ന് ലങ്ക വിട്ട്
തേ ദൈത്യാഃ രസാതലം വിവിശുഃ	ദൈത്യർ രസാതലത്തിലേക്കു പോയി.
മദ്ധ്യേ സാഗരം ആസ്ഥിതാം	നടുക്കടലിൽ കിടക്കുന്ന
സാ പുരീ അന്യൈഃ	ആ നഗരി ശത്രുക്കൾക്കു
ദുർപ്രധർഷാ	കൈയേറാൻ പററാത്തതാണ്.

തത്ര വാസായ ഗച്ഛ ത്വം നാന്യൈഃ സാധിഷ്ഠിതാ പുരാ
പിത്രാദിഷ്ടസ്തതഃസൗ ഗത്വാ താം പുരീം ധനദോഽവിശത്. 44

തത്ര വാസായ ത്വം ഗച്ഛ	അവിടെ വസിക്കാൻ നീ പൊയ്ക്കൊള്ളുക.
പുരാ അന്യൈഃ ന അധിഷ്ഠിതാ	മുമ്പ് അന്യരാരും അവിടെ പാർത്തിട്ടില്ല.
പിത്രാ ആദിഷ്ടഃ അസൗ	പിതാവിൻെറ ആജ്ഞപ്രകാരം
ധനദഃ ഗത്വാ താം പുരീം	ധനപതി ആ നഗരത്തിലെത്തി
അവിശത്	വസിച്ചു.

സ തത്ര സുചിരം കാലം ഉവാസ പിതൃസമ്മതഃ
കസ്യചിത്ത്വഥ കാലസ്യ സുമാലീ നാമ രാക്ഷസഃ. 45

രസാതലാൻ മർത്ത്യലോകം ചചാര പിശിതാശനഃ
ഗൃഹീത്വാ തനയാം കന്യാം സാക്ഷാദ്ദേവീമിവ ശ്രിയം. 46

പിതൃസമ്മതഃ	പിതാവിൻെറ സമ്മതത്തോടെ
സഃ തത്ര	അയാൾ അവിടെ
സുചിരം കാലം ഉവാസ	വളരെക്കാലം കഴിഞ്ഞുകൂടി.
കസ്യചിത് കാലസ്യ അഥ	കുറെക്കാലത്തിനുശേഷം
സുമാലീ നാമ പിശിതാശനഃ	സുമാലി എന്ന മാംസഭോജി
രാക്ഷസഃ സാക്ഷാത്	രാക്ഷസൻ സാക്ഷാൽ
ശ്രിയം ദേവീം ഇവ	ലക്ഷ്മീദേവിയെപ്പോലെ ഐശ്വര്യവതി-
കന്യാം തനയാം ഗൃഹീത്വാ	യും, കന്യകയുമായ മകളെയും കൂട്ടി
രസാതലാത്	പാതാളത്തിൽനിന്നു
മർത്ത്യലോകം ചചാര	ഭൂലോകത്തിൽ വന്നു.

അപശ്യത് ധനദം ദേവം ചരന്തം പുഷ്പകേണ സഃ
ഹിതായ ചിന്തയാമാസ രാക്ഷസാനാം മഹാമനാഃ. 47

സഃ പുഷ്പകേണ	അയാൾ പുഷ്പകവിമാനത്തിൽ
ചരന്തം	സഞ്ചരിക്കുന്ന
ദേവം ധനദം അപശ്യത്	ദേവനെ, കുബേരനെ, കാണാനിടയായി.
മഹാമനാഃ രാക്ഷസാനാം	ആ മഹാമനസ്സൻ രാക്ഷസന്മാരുടെ
ഹിതായ ചിന്തയാമാസ	നന്മയെപ്പററി ആലോചിച്ചു.

ഉവാച തനയാം തത്ര കൈകസീം നാമ നാമതഃ
വത്സേ വിവാഹകാലസ്തേ യൗവനം ചാതിവർത്തതേ. 48

നാമതഃ കൈകസീം നാമ	കൈകസി എന്നു പേരായ
തനയാം തത്ര	പുത്രിയോട് സുമാലി അപ്പോൾ
ഉവാച	പറയുകയുണ്ടായി:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വത്സേ	കുഞ്ഞേ,
തേ വിവാഹകാലഃ	നിനക്കു വിവാഹകാലം ആയിരിക്കുന്നു.
യൗവനം അതിവർത്തതേ ച	യൗവനം കടന്നുപോവുകയാണ്.

പ്രത്യാഖ്യാനാച്ച ഭീതൈസ്ത്വം ന വരൈർഗൃഹ്യതേ ശുഭേ
സാ ത്വം വരയ ഭദ്രം തേ മുനിം ബ്രഹ്മകുലോത്ഭവം. 49

സ്വയമേവ തതഃ പുത്രാഃ ഭവിഷ്യന്തി മഹാബലാഃ
ഈദൃശാഃ സർവ്വശോഭാഢ്യാഃ ധനദേന സമാഃ ശുഭേ. 50

ശുഭേ, പ്രത്യാഖ്യാനാത്	ശോഭനേ, വിട്ടുപോകുമെന്നു
ഭീതൈഃ വരൈഃ	ഭയപ്പെടുന്ന വരന്മാർ
ത്വം ന ഗൃഹ്യസേ	നിന്നെ കൈക്കൊള്ളുന്നില്ല.
സാ ത്വം ബ്രഹ്മകുലോത്ഭവം	നീ ബ്രഹ്മകുലജാതനായ
മുനിം വരയ	മുനിയെ വരിക്കുക.
തേ ഭദ്രം	നിനക്കു നന്മവരും.
തതഃ സ്വയം ഏവ	അദ്ദേഹത്തിൽനിന്ന് സ്വാഭാവികമായും
തേ മഹാബലാഃ	നിനക്ക് മഹാശക്തരും
സർവ്വശോഭാഢ്യാഃ	എല്ലാ ശോഭനഗുണങ്ങളും തികഞ്ഞവരും
ധനദേന സമാഃ	കുബേരതുല്യരുമായ
ഈദൃശാഃ പുത്രാഃ ഭവിഷ്യന്തി	ഇത്തരം പുത്രന്മാർ പിറക്കും.

തഥേതി സാശ്രമം ഗത്വാ മുനേരഗ്രേ വ്യവസ്ഥിതാ
ലിഖന്തീ ഭുവമഗ്രേണ പാദേനാധോമുഖീ സ്ഥിതാ. 51

തഥാ ഇതി	'അങ്ങനെതന്നെ' എന്നു്
സാ ആശ്രമം ഗത്വാ	അവൾ ആശ്രമത്തിലെത്തി
മുനേഃ അഗ്രേ വ്യവസ്ഥിതാ	മുനിയുടെ മുമ്പിൽ നിലകൊണ്ടു.
അധോമുഖീ അഗ്രേണ പാദേന	തലകുനിച്ച് കാൽവിരൽത്തുമ്പാൽ
ഭുവം ലിഖന്തീ സ്ഥിതാ	നിലത്തു വരച്ചു നില്പായി.

താം അപൃച്ഛൻമുനിഃ കാ ത്വം കന്യാഽസി വരവർണ്ണിനി
സാബ്രവീത് പ്രാഞ്ജലിർബ്രഹ്മൻ ധ്യാനേന
ജ്ഞാതുമർഹസി. 52

മുനിഃ താം അപൃച്ഛത്	മുനി അവളോടു ചോദിച്ചു:
വരവർണ്ണിനി	സുന്ദരീ,
കന്യാ ത്വം കാ അസി	കന്യകയായ നീ ആരു്?
പ്രാഞ്ജലിഃ സാ അബ്രവീത്	തൊഴുകൈകളോടെ അവൾ മൊഴിഞ്ഞു:
ധ്യാനേന ജ്ഞാതും അർഹസി	ധ്യാനത്താൽ അങ്ങേയ്ക്കു് (ഞാൻ ആരെന്നു്) അറിയാമല്ലോ.

തതോ ധ്യാത്വാ മുനിഃ സർവ്വം ജ്ഞാത്വാ താം പ്രത്യഭാഷത
ജ്ഞാതം തവാഭിലഷിതം തം മത്തഃ പുത്രാനഭീപ്സ്യസി. 53

തതഃ ധ്യാത്വാ മുനിഃ	എന്നിട്ടു് ധ്യാനത്തിലൂടെ മുനി
സർവ്വം ജ്ഞാത്വാ	സകലതും അറിഞ്ഞു്
താം പ്രത്യഭാഷത	അവളോടു പ്രതിവചിച്ചു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തവ തം അഭിലഷിതം ജ്ഞാതം	നിന്റെ ആ അഭിലാഷം മനസ്സിലായി.
മത്തഃ പുത്രാൻ അഭിപ്സ്യസി	എന്നിൽനിന്നുള്ള പുത്രരെ ആഗ്രഹിക്കുന്നു, അല്ലേ?

ദാരുണായാം തു വേലായാം ആഗതാസി സുമധ്യമേ
അതസ്തേ ദാരുണൗ പുത്രൗ രാക്ഷസൗ സംഭവിഷ്യതഃ. 54

സുമധ്യമേ, ദാരുണായാം വേലായാം തു ആഗതാ അസി	സുന്ദരീ, ദാരുണമായ വേളയിലാണല്ലോ നീ വന്നത്.
അതഃ തേ ദാരുണൗ രാക്ഷസൗ പുത്രൗ സംഭവിഷ്യതഃ	ആകയാൽ ദാരുണരായ രണ്ടു രാക്ഷസർ നിനക്കു പുത്രരായി പിറക്കും.

സാബ്രവീൻമുനിശാർദ്ദൂല, ത്വത്തോഽപ്യേവംവിധൗ സുതൗ
താമാഹ പശ്ചിമോ യസ്തേ ഭവിഷ്യതി മഹാമതിഃ. 55

മഹാഭാഗവതഃ ശ്രീമാൻ രാമഭക്ത്യേകതത്പരഃ
ഇത്യുക്താ സാ തഥാ കാലേ സുഷുവേ ദശകന്ധരം. 56

രാവണം വിംശതിഭുജം ദശശീർഷം സുദാരുണം
തദ്രക്ഷോ ജാതമാത്രേണ ചചാല ച വസുന്ധരാ. 57

സാ അബ്രവീത്	അവൾ മൊഴിഞ്ഞു:
മുനിശാർദ്ദൂല, ത്വത്തഃ അപി ഏവംവിധൗ സുതൗ	മുനിവര, അങ്ങയിൽനിന്നുമോ ഇത്തരം പുത്രന്മാർ?
താം ആഹ	അവൾക്കു മുനി മറുപടി നല്കി:
യഃ പശ്ചിമഃ തേ സഃ മഹാമതിഃ മഹാഭാഗവതഃ ശ്രീമാൻ രാമഭക്ത്യേകതത്പരഃ ഭവിഷ്യതി	ഒടുവിൽ പിറക്കുന്നവൻ മഹാബുദ്ധിമാനും പരമഭാഗവതനും ഐശ്വര്യശാലിയും രാമഭക്തിയിൽ മാത്രം തൽപരനും ആയിരിക്കും.
ഇതി ഉക്താ സാ യഥാകാലേ ദശശീർഷം വിംശതിഭുജം സുദാരുണം രാവണം സുഷുവേ	ഇപ്രകാരം പറയപ്പെട്ട അവൾ യഥാകാലം പത്തു തലകളും ഇരുപതു കരങ്ങളുമുള്ളവനും അതിഭയങ്കരനുമായ രാവണനെ പ്രസവിച്ചു.
തദ്രക്ഷോ ജാതമാത്രേണ വസുന്ധരാ ചചാല ച	ആ രാക്ഷസൻ പിറന്നുവീണപ്പോഴുതന്നെ ഭൂതലം നടുങ്ങി.

ബഭൂവുർനാശഹേതൂനി നിമിത്താന്യഖിലാന്യപി
കുംഭകർണ്ണസ്തതോ ജാതോ മഹാപർവ്വതസന്നിഭഃ. 58

നാശഹേതൂനി അഖിലാനി നിമിത്താനി അപി ബഭൂവുഃ	നാശഹേതുക്കളായ സകലനിമിത്തങ്ങളും സംഭവിച്ചു.
തതഃ മഹാപർവ്വതസന്നിഭഃ കുംഭകർണ്ണഃ ജാതഃ	അതിനുശേഷം മാമലയ്ക്കു തുല്യൻ കുംഭകർണ്ണൻ ജാതനായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ ശൂർപ്പണഖാ നാമ ജാതാ രാവണസോദരീ
തതോ വിഭീഷണോ ജാതഃ ശാന്താത്മാ സൗമ്യദർശനഃ. 59

സ്വാധ്യായീ നിയതാഹാരോ നിത്യകർമ്മപരായണഃ
കുംഭകർണ്ണസ്തു ദുഷ്ടാത്മാ ദ്വിജാൻ സന്തുഷ്ടചേതസഃ. 60

ഭക്ഷയൻ ഋഷിസംഘാംശ്ച വിചചാരാതിദാരുണഃ
രാവണോഽപി മഹാസത്വോ ലോകാനാം ഭയദായകഃ
വവൃധേ ലോകനാശായ ഹ്യാമയോ ദേഹിനാമിവ. 61

തതഃ രാവണസോദരീ ശൂർപ്പണഖാ നാമ ജാതാ	അനന്തരം രാവണസോദരി ശൂർപ്പണഖ ജനിച്ചു.
തതഃ ശാന്താത്മാ സൗമ്യദർശനഃ സ്വാധ്യായീ നിയതാഹാരഃ നിത്യകർമ്മ പരായണഃ വിഭീഷണഃ ജാതഃ	പിന്നെ ശാന്താത്മാ, സൗമ്യരൂപി, സ്വാധ്യായനിരതൻ, മിതാഹാരി, നിത്യകർമ്മനിഷ്ഠൻ, വിഭീഷണൻ ജാതനായി.
ദുഷ്ടാത്മാ അതിദാരുണഃ കുംഭകർണ്ണഃ തു സന്തുഷ്ടചേതസഃ ദ്വിജാൻ ഋഷിസംഘാൻ ച ഭക്ഷയൻ വിചചാര	ദുരാത്മാ, ഭീകരൻ, കുംഭകർണ്ണനാകട്ടെ പ്രസന്നചിത്തരായ വിപ്രരേയും മുനിജനങ്ങളെയും പിടിച്ചു തിന്നുകൊണ്ട് ചുററിനടന്നു.
മഹാസത്വഃ ലോകാനാം ഭയ– ദായകഃ രാവണഃ അപി ദേഹിനാം ആമയ ഇവ ലോകനാശായ വവൃധേ	മഹാശക്തനും ലോകകണ്ടകനുമായ രാവണൻ ജീവികൾക്കു വ്യാധിയെന്നപോലെ ലോകനാശത്തിനായി വളർന്നു.

രാമ, ത്വം സകലാന്തരസ്ഥമഭിതോ
ജാനാസി വിജ്ഞാനദൃക്
സാക്ഷീ സർവ്വഹൃദിസ്ഥിതോ ഹി
പരമോ നിത്യോദിതോ നിർമ്മലഃ
ത്വം ലീലാമനുജാകൃതിഃ സ്വമഹിമൻ
മായാഗുണൈർനാജ്യസേ
ലീലാർത്ഥം പ്രതിചോദിതോഽദ്യ ഭവതാ
വക്ഷ്യാമി രക്ഷോദ്ഭവം. 62

രാമ വിജ്ഞാനദൃക് ത്വം സകലാന്തരസ്ഥം അഭിതഃ ജാനാസി	രാമ, ജ്ഞാനദൃഷ്ടിയുള്ള നീ സകലരുടേയും ഉള്ളിലിരിപ്പ് പൂർണ്ണമായും അറിയുന്നു.
സാക്ഷീ സർവ്വഹൃദിസ്ഥിതഃ	സാക്ഷിയായി എല്ലാവരുടേയും ഉൾക്കാമ്പിൽ നീ വിളങ്ങുന്നു.
പരമഃ നിത്യോദിതഃ നിർമ്മലഃ	നീ പരമപുരുഷൻ, നിത്യമുക്തൻ, നിർമ്മലൻ.
സ്വമഹിമൻ ലീലാമനുജാകൃതിഃ ത്വം	സ്വന്തം മഹിമാവോടെ ലീലാമാനവരൂപം പൂണ്ടവനാണു നീ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായാഗുണൈഃ ന ആജ്യസേ — മായാഗുണങ്ങളാം നിന്നെ ചുററുന്നില്ല.

അദ്യ ഭവതാ ലീലാർത്ഥം പ്രതിചോദിതഃ രക്ഷോദ്ഭവം വക്ഷ്യാമി — ഇന്നു നീ ലീലയ്ക്കായി എന്നെ പ്രേരിപ്പിച്ചതുകൊണ്ട് രാക്ഷസന്മാരുടെ ആവിർഭാവകഥ വിവരിക്കാം.

ജാനാമി കേവലമനന്തമചിന്ത്യശക്തിം
ചിന്മാത്രമക്ഷരമജം വിദിതാത്മതത്ത്വം
ത്വം രാമ ഗൂഢനിജരൂപമനുപ്രവൃത്തോ
മൂഢോഹ്യഹം ഭവദനുഗ്രഹതശ്ചരാമി. 63

രാമ ത്വം അനന്തം അചിന്ത്യശക്തിം ചിന്മാത്രം അക്ഷരം അജം വിദിതാത്മതത്ത്വം കേവലം ജാനാമി — രാമ, നീ അനന്തനും അമേയശക്തിയും ശുദ്ധചേതനനും അനശ്വരനും അജനും ആത്മതത്ത്വവേദിയും കേവലനുമാണെന്ന് എനിക്കറിയാം.

മൂഢഃ അഹം ഗൂഢനിജരൂപം അനുപ്രവൃത്തഃ ഭവദനുഗ്രഹാത് ചരാമി — മൂഢനായ ഞാൻ നിജരൂപം നിഗൂഢമാക്കി വച്ചിരിക്കുന്ന നിന്നെ ഭജിച്ച് നിന്റെ അനുഗ്രഹത്താൽ (സാനന്ദം) ജീവിച്ചുപോരുന്നു.

ഏവം വദന്തമിനവംശ പവിത്രകീർത്തിഃ
കുംഭോദ്ഭവം രഘുപതിഃ പ്രഹസൻ ബഭാഷേ
മായാശ്രിതം സകലമേതദനന്യകത്വാത്
മത്കീർത്തനം ജഗതി പാപഹരം നിബോധ. 64

ഏവം വദന്തം കുംഭോദ്ഭവം ഇനവംശപവിത്രകീർത്തിഃ രഘുപതിഃ പ്രഹസൻ ബഭാഷേ — ഇങ്ങനെ ചൊല്ലിയ അഗസ്ത്യനോട് സൂര്യവംശത്തിന്റെ പാവനകീർത്തി പേറുന്ന രഘുവരൻ പുഞ്ചിരിയോടെ അരുളി.

മായാശ്രിതം ഏതത് സകലം അനന്യകത്വാത് മത്കീർത്തനം ജഗതി പാപഹരം നിബോധ — മായാകല്പിതമായ ഈ ജഗത്തെല്ലാം എന്നിൽനിന്നു ഭിന്നമല്ലായ്കയാൽ എന്നെ വാഴ്ത്തിസ്തുതിക്കുക മാത്രമാണ് ലോകത്തിലുള്ള പാപങ്ങൾക്കു പരിഹാരമെന്ന് അറിഞ്ഞുകൊള്ളുക.

മായാമയമെങ്കിലും ജഗത് ഭഗവാനിൽനിന്നു ഭിന്നമല്ല. ഭഗവത്സ്വരൂപം തന്നെ. മായയും അതിലുളവാകുന്ന പാപങ്ങളുമെല്ലാം ഭഗവദ്ഭജനംകൊണ്ടേ പരിഹൃതമാകൂ.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ പ്രഥമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം ഒന്നാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം രണ്ട്

രാക്ഷസരുടെ രാജ്യസ്ഥാപനം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ ഉരചെയ്തു

ശ്രീരാമവചനം ശ്രുത്വാ പരമാനന്ദനിർഭരഃ
മുനിഃ പ്രോവാച സദസി സർവ്വേഷാം തത്ര ശൃണ്വതാം. 1

ശ്രീരാമവചനം ശ്രുത്വാ	ശ്രീരാമന്റെ വാക്കുകൾ കേട്ട്
പരമാനന്ദനിർഭരഃ മുനിഃ	പരമാനന്ദത്തിൽ മുഴുകിയ മുനി
തത്ര സദസി സർവ്വേഷാം	ആ സദസ്സിലുള്ള എല്ലാവരും
ശൃണ്വതാം പ്രോവാച	കേൾക്കുമാറു പറഞ്ഞു.

അഥ വിത്തേശ്വരോ ദേവഃ തത്ര കാലേന കേനചിത്
ആയയൗ പുഷ്പകാരൂഢഃ പിതരം ദ്രഷ്ടുമഞ്ജസാ. 2

അഥ കേനചിത് കാലേന	പിന്നെ കുറെനാൾ കഴിഞ്ഞ്
വിത്തേശ്വരഃ ദേവഃ	ധനപതിദേവൻ (കുബേരൻ)
പുഷ്പകാരൂഢഃ	പുഷ്പകവിമാനത്തിലേറി
പിതരം ദ്രഷ്ടും	പിതാവിനെ ദർശിക്കാൻ
അഞ്ജസാ തത്ര ആയയൗ	ആകസ്മികമായി അവിടെയെത്തി.

ദൃഷ്ട്വാ തം കൈകസീ തത്ര ഭ്രാജമാനം മഹൗജസം
രാക്ഷസീ പുത്രസാമീപ്യം ഗത്വാ രാവണമബ്രവീത്. 3

മഹൗജസം ഭ്രാജമാനം	മഹാതേജസ്വിയും കാന്തിമാനുമായ
തം തത്ര ദൃഷ്ട്വാ	അവനെ (കുബേരനെ) അവിടെ കണ്ടിട്ട്
രാക്ഷസീ കൈകസീ	(ആശ്ചര്യം പൂണ്ട) രാക്ഷസി കൈകസി
പുത്രസാമീപ്യം ഗത്വാ	സ്വപുത്രനായ രാവണന്റെ സമീപമെത്തി
രാവണം അബ്രവീത്	ഈവിധം അറിയിച്ചു.

പുത്ര പശ്യ ധനാധ്യക്ഷം ജ്വലന്തം സ്വേന തേജസാ
ത്വമപ്യേവം യഥാ ഭൂയാഃ തഥാ യത്നം കുരു പ്രഭോ. 4

പുത്ര സ്വേന തേജസാ ജ്വലന്തം	മകനേ, സ്വതേജസ്സാൽ ജ്വലിക്കുന്ന
ധനാധ്യക്ഷം പശ്യ	കുബേരനെ നോക്കൂ.
പ്രഭോ ത്വം അപി	സമർത്ഥനായ മകനേ, നീയും
യഥാ ഏവം ഭൂയാഃ തഥാ	അവനെപ്പോലെയാകാൻ
യത്നം കുരു	പ്രയത്നിക്കണം.

തത് ശ്രുത്വാ രാവണോ രോഷാത് പ്രതിജ്ഞാമകരോത് ദൃഢം
ധനദേന സമോ വാപി ഹ്യധികോ വാ ചിരേണ തു. 5

ഭവിഷ്യാമ്യംബ മാം പശ്യ സന്താപം ത്യജ സുവ്രതേ
ഇത്യുക്ത്വാ ദുഷ്കരം കർത്തും തപഃ സ ദശകന്ധരഃ. 6

അഗമത് ഫലസിദ്ധ്യർത്ഥം ഗോകർണ്ണം തു സഹാനുജഃ
സ്വം സ്വം നിയമമാസ്ഥായ ഭ്രാതരസ്തേ തപോ മഹത്. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസ്ഥിതാഃ ദുഷ്കരം ഘോരം സർവ്വലോകൈകതാപനം
ദശവർഷസഹസ്രാണി കുംഭകർണ്ണോഽകരോത്തപഃ. 8

തത് ശ്രുത്വാ രാവണഃ	അതു കേട്ട് രാവണൻ
രോഷാത് ദ്രുതം	ക്രോധത്തോടെ ഉടൻ
പ്രതിജ്ഞാം അകരോത്	പ്രതിജ്ഞ ചെയ്തു.
സുവ്രതേ അംബ	വ്രതനിഷ്ഠയായ മാതാവേ,
സന്താപം ത്യജ	ദുഃഖം വെടിയൂ.
മാം പശ്യ അചിരേണ	എന്നെ നോക്കൂ; ഉടൻതന്നെ
ധനദേന സമഃ വാ അപി	ഞാൻ കുബേരനു സമനോ അയാളെക്കാൾ
അധികഃ ഹി വാ ഭവിഷ്യാമി	മികച്ചവനോ ആയിത്തീരും.
ഇതി ഉക്ത്വാ തു	ഇത്രയും പറഞ്ഞ്
സഹാനുജഃ സഃ ദശകന്ധരഃ	അനുജരുമൊത്ത് ആ ദശമുഖൻ
ഫലസിദ്ധ്യർത്ഥം ദുഷ്കരം	ഇഷ്ടഫലസിദ്ധി ലാക്കാക്കി
തപഃ കർത്തും	കഠിനതപസ്സ് അനുഷ്ഠിക്കാൻ
ഗോകർണ്ണം അഗമത്	ഗോകർണ്ണത്തിലേക്കു പോയി.
സ്വം സ്വം നിയമം ആസ്ഥായ	അവരവരുടെ അനുഷ്ഠാനം കൈക്കൊണ്ട്
തേ ഭ്രാതരഃ ദുഷ്കരം ഘോരം	ആ സോദരർ ദുഷ്കരവും ഘോരവും
സർവ്വലോകൈകതാപനം	സകലലോകത്തെയും തപിപ്പിക്കുന്നതുമായ
മഹത് തപഃ ആസ്ഥിതാഃ	മഹാതപസ്സു ചെയ്തു.

വിഭീഷണോപി ധർമ്മാത്മാ സത്യധർമ്മപരായണഃ
പഞ്ചവർഷസഹസ്രാണി പാദേനൈകേന തസ്ഥിവാൻ. 9

സത്യധർമ്മപരായണഃ	സത്യധർമ്മങ്ങളിൽ നിഷ്ഠയുള്ള
ധർമ്മാത്മാ വിഭീഷണഃ അപി	ധർമ്മാത്മാ വിഭീഷണനും
പഞ്ചവർഷസഹസ്രാണി	അയ്യായിരം വർഷക്കാലം
ഏകേന പാദേന തസ്ഥിവാൻ	ഒറ്റക്കാലിൽ നിന്ന് തപസ്സനുഷ്ഠിച്ചു.

ദിവ്യവർഷസഹസ്രം തു നിരാഹാരോ ദശാനനഃ
പൂർണ്ണേ വർഷസഹസ്രേ തു ശീർഷമഗ്നൗ ജുഹാവ സഃ
ഏവം വർഷസഹസ്രാണി നവ തസ്യാതിചക്രമുഃ. 10

ദശാനനഃ തു	രാവണനാകട്ടെ,
ദിവ്യവർഷസഹസ്രം	ആയിരം ദിവ്യസംവത്സരങ്ങൾ
നിരാഹാരഃ	നിരാഹാരനായി കഴിഞ്ഞുകൂടി.
പൂർണ്ണേ വർഷസഹസ്രേ തു	ആയിരം ആണ്ടു പൂർത്തിയായപ്പോൾ
സഃ ശീർഷം	അയാൾ തന്റെ ഒരു തല
അഗ്നൗ ജുഹാവ	തീയിൽ ഹോമിച്ചു.
ഏവം തസ്യ	ഇങ്ങനെ അവന്
നവവർഷസഹസ്രാണി	ഒമ്പതിനായിരം വർഷം
അതിചക്രമുഃ	കടന്നുപോയി.

അഥ വർഷസഹസ്രം തു ദശമേ ദശമം ശിരഃ
ഛേത്തുകാമസ്യ ധർമ്മാത്മാ പ്രാപ്തശ്ചാഥ പ്രജാപതിഃ
വത്സ, വത്സ, ദശഗ്രീവ പ്രീതോഽസ്മീത്യഭാഷത. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ	അനന്തരം
വർഷസഹസ്രേ ദശമേ തു	പതിനായിരം വർഷം തികഞ്ഞപ്പോൾ
ദശമം ശിരഃ	പത്താം ശിരസ്സ്
ഛേത്തുകാമസ്യ	ഛേദിക്കാൻ തുനിഞ്ഞ (രാവണന്റെ സമീ-
ധർമ്മാത്മാ പ്രജാപതിഃ പ്രാപ്തഃ	പം) ധർമ്മാത്മാ പ്രജാപതി പ്രത്യക്ഷപ്പെട്ടു.
വത്സ വത്സ ദശഗ്രീവ	കുഞ്ഞേ, കുഞ്ഞേ, രാവണ,
പ്രീതഃ അസ്മി ഇതി അഭാഷത	'ഞാൻ പ്രീതനായി' എന്ന് അരുളിച്ചെയ്തു.

വരം വരയ ദാസ്യാമി യത്തേ മനസി കാംക്ഷിതം
ദശഗ്രീവോപി തത് ശ്രുത്വാ പ്രഹൃഷ്ടേനാന്തരാത്മനാ. 12

അമരത്വം വൃണോമീശ വരദോ യദി മേ ഭവാൻ
സുപർണ്ണനാഗയക്ഷാണാം ദേവതാനാം തഥാ സുരൈഃ
അവധ്യത്വം തു മേ ദേഹി തൃണഭൂതാഃ ഹി മാനുഷാഃ. 13

വരം വരയ	വരം ചോദിച്ചുകൊള്ളു.
യത് തേ മനസി കാംക്ഷിതം	നീ മനസ്സിൽ നിനയ്ക്കുന്നതെന്തും
ദാസ്യാമി	ഞാൻ നല്കാം.
തത് ശ്രുത്വാ പ്രഹൃഷ്ടേന	അതു കേട്ട് അത്യന്തം സന്തുഷ്ടമായ
അന്തരാത്മനാ ദശഗ്രീവഃ അപി	മനസ്സോടെ ദശമുഖൻ (പറഞ്ഞു):
ഈശ ഭവാൻ യദി മേ വരദഃ	ഭഗവൻ, ഭവാൻ എനിക്ക് വരം തരുമെങ്കിൽ
അമരത്വം വൃണോമി	(ഞാനിതാ) അമരത്വം വരിക്കുകയാണ്.
സുപർണ്ണനാഗയക്ഷാണാം	പക്ഷി—നാഗ—യക്ഷന്മാർ,
ദേവതാനാം തഥാ അസുരൈഃ	ദേവ—അസുരർ എന്നിവരാൽ
അവധ്യത്വം	വധിക്കപ്പെടാൻ ആവാത്ത അവസ്ഥ
മേ ദേഹി	എനിക്ക് തന്നാലും.
മാനുഷാഃ തൃണഭൂതാഃ ഹി	മനുഷ്യർ വെറും പുല്ലാണല്ലോ.

തഥാസ്ത്വിതി പ്രജാധ്യക്ഷഃ പുനരാഹ ദശാനനം
അഗ്നൗ ഹുതാനി ശീർഷാണി യാനി തേഽസുരപുംഗവ. 14

ഭവിഷ്യന്തി യഥാപൂർവ്വം അക്ഷയാണി ച സത്തമ. 15

തഥാ അസ്തു ഇതി പുനഃ	'അങ്ങനെ ഭവിക്കട്ടെ' എന്ന് പിന്നെ
പ്രജാധ്യക്ഷഃ ദശാനനം ആഹ	ബ്രഹ്മാവ് രാവണനോട് അരുളി.
സത്തമ അസുരപുംഗവ	മഹാനായ അസുരശ്രേഷ്ഠ,
അഗ്നൗ ഹുതാനി യാനി തേ	തീയിൽ ഹോമിക്കപ്പെട്ട നിന്റെ
ശീർഷാണി യഥാപൂർവ്വം	തലകൾ മുമ്പത്തെപ്പോലെതന്നെ
അക്ഷയാണി ഭവിഷ്യന്തി ച	അക്ഷയങ്ങൾ ആവുകയും ചെയ്യും.

ഏവമുക്ത്വാ തതോ രാമ ദശഗ്രീവം പ്രജാപതിഃ
വിഭീഷണമുവാചേദം പ്രണതം ഭക്തവത്സലഃ. 16

രാമ ദശഗ്രീവം	രാമ, രാവണനോട്
ഏവം ഉക്ത്വാ	ഇങ്ങനെ അരുളിയതിനുശേഷം
തതഃ ഭക്തവത്സലഃ പ്രജാപതിഃ	ഭക്തവത്സലൻ പ്രജാപതി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രണതം വിഭീഷണം	പ്രണമിച്ചുനിന്ന വിഭീഷണനോട്
ഇദം ഉവാച	ഇങ്ങനെ കല്പിച്ചു:

വിഭീഷണ, ത്വയാ വത്സ, കൃതം ധർമ്മാത്മമുത്തമം
തപസ്തതോ വരം വത്സ വൃണീഷ്വാഭിമതം ഹിതം. 17

വത്സ വിഭീഷണ ത്വയാ	വത്സ, വിഭീഷണ, നീ
ധർമ്മാത്മം	ധർമ്മബുദ്ധിക്കായി
ഉത്തമം തപഃ കൃതം	ഉത്തമതപസ്സ് അനുഷ്ഠിച്ചു.
തതഃ വത്സ ഹിതം	തന്മൂലം കുഞ്ഞേ, ഹിതകരവും
അഭിമതം	മനസ്സിനിണങ്ങിയതുമായ
വരം വൃണീഷ്വ	വരം ചോദിച്ചുകൊള്ളുക.

വിഭീഷണോഽപി തം നത്വാ പ്രാഞ്ജലിർവാക്യമബ്രവീത്
ദേവ മേ സർവ്വദാ ബുദ്ധിർധർമ്മേ തിഷ്ഠതു ശാശ്വതീ
മാ രോചയത്വധർമ്മം മേ ബുദ്ധിഃ സർവ്വത്ര സർവ്വദാ. 18

വിഭീഷണഃ അപി തം	വിഭീഷണൻ അദ്ദേഹത്തെ
നത്വാ പ്രാഞ്ജലിഃ	നമിച്ച്, കൈകൂപ്പി,
വാക്യം അബ്രവീത്	ഇവ്വിധം അറിയിച്ചു:
ദേവ മേ ബുദ്ധിഃ	ഭഗവാനേ, എന്റെ ബുദ്ധി
ശാശ്വതീ സർവ്വദാ ധർമ്മേ	അവിചലമായി എന്നും ധർമ്മത്തിൽ
തിഷ്ഠതു	നിലകൊള്ളുമാറാകണം.
മേ ബുദ്ധിഃ സർവ്വത്ര സർവ്വദാ	എന്റെ ബുദ്ധിക്ക് എല്ലായിടത്തും എന്നും
അധർമ്മം മാ രോചയതു	അധർമ്മം അരോചകമായിത്തീരട്ടെ.

തതഃ പ്രജാപതിഃ പ്രീതോ വിഭീഷണമഥാബ്രവീത്
വത്സ ത്വം ധർമ്മശീലോഽസി തഥൈവ ച ഭവിഷ്യസി. 19

തതഃ പ്രീതഃ പ്രജാപതിഃ	അങ്ങനെ പ്രീതനായ പ്രജാപതി
അഥ വിഭീഷണം അബ്രവീത്	പിന്നെ വിഭീഷണനോട് അരുളി:
വത്സ ത്വം ധർമ്മശീലഃ അസി	വത്സ, നീ ധർമ്മാത്മാവാണ്,
തഥാ ഏവ ഭവിഷ്യസി	നീ ആഗ്രഹിച്ചതുപോലെ ആയിത്തീരും.

അയാചിതോഽപി ദാസ്യേഽഹം അമരത്വം വിഭീഷണ,
കുംഭകർണ്ണമഥോവാച വരം വരയ സുവ്രത. 20

വിഭീഷണ അയാചിതഃ അപി	വിഭീഷണ, ആവശ്യപ്പെടാതെതന്നെ
തേ അഹം അമരത്വം ദാസ്യേ	നിനക്കു ഞാൻ അമരത്വം നല്കുന്നു.
അഥ കുംഭകർണ്ണം ഉവാച	അനന്തരം കുംഭകർണ്ണനോട് അരുളി:
സുവ്രത വരം വരയ	സുവ്രത, വരം ചോദിച്ചുകൊള്ളൂ.

വാണ്യാ വ്യാപ്തോഽഥ തം പ്രാഹ കുംഭകർണ്ണഃ പിതാമഹം
സ്വപ്സ്യാമി ദേവ ഷൺമാസാൻ ദിനമേകം തു ഭോജനം. 21

വാണ്യാ വ്യാപ്തഃ കുംഭകർണ്ണഃ	സരസ്വതിയാൽ പ്രേരിതനായ കുംഭകർണ്ണൻ
അഥ തം പിതാമഹം	ആ പിതാമഹനോട്
പ്രാഹ	ആവശ്യപ്പെടുകയുണ്ടായി:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവ ഷൺമാസാൻ
സ്വപ്സ്യാമി
ഏകം ദിനം തു ഭോജനം

ഭഗവൻ, ആറുമാസം
ഞാൻ ഉറങ്ങിക്കൊള്ളാം.
ഒരുദിവസം ഭക്ഷണവും കഴിക്കാം.

ഏവമസ്ത്വിതി തം പ്രാഹ ബ്രഹ്മാ ദൃഷ്ട്വാ ദിവൗകസഃ
സരസ്വതീ തദ് വക്ത്രാത് നിർഗ്ഗതാ പ്രയയൗ ദിവം. 22

ബ്രഹ്മാ ദിവൗകസഃ
ദൃഷ്ട്വാ
ഏവം അസ്തു ഇതി
തം പ്രാഹ

ബ്രഹ്മാവ് ദേവന്മാരെ
കടാക്ഷിച്ചതിനുശേഷം
'അങ്ങനെ ഭവിക്കട്ടെ' എന്നു്
അവനു വരം നല്കി.

സരസ്വതീ ച
തദ് വക്ത്രാത് നിർഗ്ഗതാ
ദിവം പ്രയയൗ

സരസ്വതി
കുംഭകർണ്ണൻെറ വദനത്തിൽനിന്നു് ഇറങ്ങി
സ്വർഗ്ഗത്തേക്കു പോവുകയുംചെയ്തു.

കുംഭകർണ്ണസ്തു ദുഷ്ടാത്മാ ചിന്തയാമാസ ദുഃഖിതഃ
അനഭിപ്രേതമേവാസ്യാത് കിം നിർഗ്ഗതമഹോ വിധിഃ. 23

ദുഷ്ടാത്മാ കുംഭകർണ്ണഃ തു
ദുഃഖിതഃ ചിന്തയാമാസ

ദുരാത്മാ കുംഭകർണ്ണൻ
ഖേദത്തോടെ ആലോചിച്ചു:

അനഭിപ്രേതം ഏവ
ആസ്യാത് കിം നിർഗ്ഗതം?

ഞാൻ ആഗ്രഹിക്കാത്തതല്ലേ
എൻെറ മുഖത്തുനിന്നു പുറപ്പെട്ടതു്?

അഹോ വിധിഃ

വിധി ആശ്ചര്യകരംതന്നെ!

സുമാലീ വരലബ്ധാംസ്താൻ ജ്ഞാത്വാ പൗത്രാൻ നിശാചരാൻ
പാതാളാന്നിർഭയഃ പ്രായാത് പ്രഹസ്താദിഭിരന്വിതഃ. 24

നിശാചരാൻ താൻ പൗത്രാൻ
വരലബ്ധാൻ ജ്ഞാത്വാ
പ്രഹസ്താദിഭിഃ അന്വിതഃ
സുമാലീ നിർഭയഃ പാതാളാത്
പ്രായാത്

തൻെറ പൗത്രരായ ആ രാക്ഷസർക്കു്
വരം ലഭിച്ചതറിഞ്ഞു്
പ്രഹസ്തൻ തുടങ്ങിയവരോടൊപ്പം
സുമാലി നിർഭയം പാതാളത്തിൽനിന്നു
മടങ്ങിപ്പോയി.

ദശഗ്രീവം പരിഷ്വജ്യ വചനം ചേദമബ്രവീത്
ദിഷ്ട്യാ തേ പുത്ര സംവൃത്തോ വാഞ്ഛിതോ മേ മനോരഥഃ. 25

ദശഗ്രീവം പരിഷ്വജ്യ
ഇദം വചനം അബ്രവീത്

രാവണനെ മാറോടണച്ചു്
ഈവിധം അറിയിച്ചു:

പുത്ര ദിഷ്ട്യാ
മേ വാഞ്ഛിതഃ
തേ മനോരഥഃ സംവൃത്തഃ

മകനെ, ഭാഗ്യവശാൽ
ഞാൻ ആശിച്ചവിധം
നിൻെറ മനോരഥം നിറവേറി.

യദ് ഭയാച്ച വയം ലങ്കാം ത്യക്ത്വാ യാതാഃ രസാതലം
തദ് ഗതം നോ മഹാബാഹോ മഹദ്വിഷ്ണുകൃതം ഭയം. 26

മഹാബാഹോ, യദ് ഭയാത്
വയം ലങ്കാം ത്യക്ത്വാ
രസാതലം യാതാഃ

മഹാബാഹോ, എന്തു പേടിച്ചാണോ
ഞങ്ങൾ ലങ്ക വിട്ടു്
പാതാളത്തേക്കു പോയതു്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷ്ണുകൃതം	വിഷ്ണുമൂലമുള്ള
തദ് മഹത്ഭയം	ആ മഹാഭയം നമ്മെ സംബന്ധി–
നഃ ഗതം	ച്ചിടത്തോളം ഇല്ലാതായിരിക്കുന്നു.

അസ്മാഭിഃ പൂർവ്വമുഷിതാ ലങ്കേയം ധനദേന തേ
ഭ്രാത്രാ കാന്താമിദാനീം ത്വം പ്രത്യാനേതുമിഹാർഹസി. 27

സാമ്നാ വാഥ ബലേനാപി രാജ്ഞാം ബന്ധുഃ കുതഃ സുഹൃത്
ഇത്യുക്തോ രാവണഃ പ്രാഹ നാർഹസ്യേവം പ്രഭാഷിതും. 28

ഇയം ലങ്കാ അസ്മാഭിഃ	ഈ ലങ്കയിൽ നമ്മളാണ്
പൂർവ്വം ഉഷിതാ	മുമ്പു പാർത്തിരുന്നത്.
തേ ഭ്രാത്രാ ധനദേന	നിന്റെ സോദരനായ കുബേരനാൽ
ആക്രാന്താം (ഇമാം)	കീഴടക്കപ്പെട്ട (ലങ്കയെ)
ത്വം ഇദാനീം സാമ്നാ	നീ ഇപ്പോൾ സാമംകൊണ്ടോ
അഥ വാ ബലേന അപി	ബലംകൊണ്ടോ
പ്രത്യാനേതും അർഹസി	പിടിച്ചെടുക്കണം
	(സഹോദരസ്നേഹംമൂലം മടിക്കേണ്ടതില്ല).
ബന്ധുഃ രാജ്ഞാം	ബന്ധു രാജാക്കന്മാർക്ക്
കുതഃ സുഹൃത്	ശുഭചിന്തകനാകാറുണ്ടോ?
ഇതി ഉക്തഃ രാവണഃ	ഇങ്ങനെ അറിയിക്കപ്പെട്ട രാവണൻ
പ്രാഹ	മറുപടി നല്കി:
ഏവം പ്രഭാഷിതും ന അർഹസി	ഇങ്ങനെ പറയുന്നതു നന്നല്ല.

വിത്തേശോ ഗുരുരസ്മാകം ഏവം ശ്രുത്വാ തമബ്രവീത്
പ്രഹസ്തഃ പ്രശ്രിതം വാക്യം രാവണം ദശകന്ധരം. 29

വിത്തേശഃ അസ്മാകം ഗുരുഃ	കുബേരൻ എന്റെ ജ്യേഷ്ഠനാണ്.
ഏവം ശ്രുത്വാ പ്രഹസ്തഃ	ഇതു കേട്ടപ്പോൾ പ്രഹസ്തൻ
ദശകന്ധരം രാവണം	ദശകന്ധരനായ രാവണനോട്
പ്രശ്രിതം വാക്യം അബ്രവീത്	വിനയപൂർവ്വം പറഞ്ഞു:

ശൃണു രാവണ യത്നേന നൈവം ത്വം വക്തുമർഹസി
നാധീതാ രാജധർമ്മാസ്തേ നീതിശാസ്ത്രം തഥൈവ ച. 30

രാവണ ത്വം ഏവം	രാവണ, നീ ഇങ്ങനെ
വക്തും ന അർഹസി	പറയാൻ പാടില്ല.
യത്നേന ശൃണു	ശ്രദ്ധിച്ചു കേൾക്കു.
രാജധർമ്മാഃ തഥാ	രാജധർമ്മങ്ങളും
നീതിശാസ്ത്രം ച ഏവ	നീതിശാസ്ത്രവും
തേ ന അധീതാഃ	പഠിച്ചിട്ടില്ലല്ലോ.

ശൂരാണാം ന ഹി സൗഭ്രാത്രം ശൃണു മേ വദതഃ പ്രഭോ
കശ്യപസ്യ സുതാ ദേവാഃ രാക്ഷസാശ്ച മഹാബലാഃ. 31

ശൂരാണാം സൗഭ്രാത്രം ന ഹി	ശൂരന്മാർക്ക് സോദരബന്ധം ഇല്ല.
പ്രഭോ മേ വദതഃ ശൃണു	പ്രഭോ, ഞാൻ പറയുന്നതു കേട്ടാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കശ്യപസ്യ സുതാഃ ദേവാഃ	കശ്യപന്റെ പുത്രരായ ദേവാസുരന്മാർ
രാക്ഷസാഃ ച മഹാബലാഃ	അതിവശക്തിശാലികളായിരുന്നു.

പരസ്പരം യുദ്ധ്യന്തഃ ത്യക്ത്വാ സൗഹൃദമായുധൈഃ
നൈവേദാനീന്തനം രാജൻ വൈരം ദേവൈരനുഷ്ഠിതം. 32

സൗഹൃദം ത്യക്ത്വാ ആയുധൈഃ	സൗഹൃദം വിട്ട് ആയുധമേന്തി
പരസ്പരം യുദ്ധ്യന്തഃ	അന്യോന്യം അവർ അടരാടി.
രാജൻ ദേവൈഃ	രാജാവേ, ദേവന്മാരോട്
അനുഷ്ഠിതം വൈരം	നിലവിലുള്ള ശത്രുത
ഇദാനീന്തനം ന ഏവ	ഇപ്പോഴുണ്ടായതല്ലതന്നെ.

പ്രഹസ്തസ്യ വചഃ ശ്രുത്വാ ദശഗ്രീവോ ദുരാത്മനഃ
തഥേതി ക്രോധതാമ്രാക്ഷഃ ത്രികൂടാചലമന്വഗാത്. 33

ദുരാത്മനഃ പ്രഹസ്തസ്യ	ദുർബുദ്ധിയായ പ്രഹസ്തന്റെ
വചഃ ശ്രുത്വാ	വചനം കേട്ട്
തഥാ ഇതി	'അങ്ങനെയാകട്ടെ' എന്നു ചൊല്ലി
ക്രോധതാമ്രാക്ഷഃ	കോപംകൊണ്ടു കണ്ണു കലങ്ങിയ
ദശഗ്രീവഃ	രാവണൻ
ത്രികൂടാചലം അന്വഗാത്	ത്രികൂടപർവ്വതത്തിലേക്കു പോയി.

ദൂതം പ്രഹസ്തം സംപ്രേഷ്യ നിഷ്കാസ്യ ധനദേശ്വരം
ലങ്കാമാക്രമ്യ സചിവൈഃ രാക്ഷസൈഃ സുഖമാസ്ഥിതഃ. 34

പ്രഹസ്തം ദൂതം സംപ്രേഷ്യ	പ്രഹസ്തനെ ദൂതനായി നിയോഗിച്ച്
ധനദേശ്വരം നിഷ്കാസ്യ	(അയാളിലൂടെ) കുബേരനെ
	പുറത്താക്കുകയും
ലങ്കാം ആക്രമ്യ	ലങ്കയെ ആക്രമിച്ചു കീഴടക്കി,
സചിവൈഃ രാക്ഷസൈഃ	മന്ത്രിമാരായ രാക്ഷസരുമൊത്ത്
സുഖം ആസ്ഥിതഃ	സസുഖം വാഴുകയുംചെയ്തു.

ധനദഃ പിതൃവാക്യേന ത്യക്ത്വാ ലങ്കാം മഹായശഃ
ഗത്വാ കൈലാസശിഖരം തപസാ തോഷയച്ഛിവം. 35

മഹായശഃ ധനദഃ	മഹായശസ്വി കുബേരൻ
ലങ്കാം ത്യക്ത്വാ	ലങ്ക വെടിഞ്ഞ്
പിതൃവാക്യേന	പിതൃനിർദ്ദേശപ്രകാരം
കൈലാസശിഖരം ഗത്വാ	കൈലാസശിഖരത്തിലെത്തി
ശിവം തപസാ അതോഷയത്	ശിവനെ തപസ്സാൽ പ്രസാദിപ്പിച്ചു.

തേന സഖ്യമനുപ്രാപ്യ തേനൈവ പരിപാലിതഃ
അലകാം നഗരീം തത്ര നിർമ്മമേ വിശ്വകർമ്മണാ. 36

തേന സഖ്യം അനുപ്രാപ്യ	അദ്ദേഹത്തിന്റെ മൈത്രി നേടി,
തേന ഏവ	അദ്ദേഹത്തിന്റെതന്നെ
പരിപാലിതഃ	സംരക്ഷണത്തിൽ കഴിഞ്ഞുകൂടി;
തത്ര വിശ്വകർമ്മണാ	അവിടെ വിശ്വകർമ്മാവിനെക്കൊണ്ട്
അലകാം നഗരീം നിർമ്മമേ	അളകാപുരി നിർമ്മിപ്പിക്കുകയുംചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിക്പാലത്വം ചകാരാത്ര ശിവേന പരിപാലിതഃ
രാവണോ രാക്ഷസൈഃ സാർദ്ധം അഭിഷിക്തഃ സഹാനുജൈഃ. 37

രാജ്യം ചകാരാസുരാണാം ത്രിലോകീം ബാധയൻ ഖലഃ
ഭഗിനീം കാലഖഞ്ജായ ദദൗ വികടരൂപിണീം. 38

വിദ്യുജ്ജിഹ്വായ നമ്നാസൗ മഹാമായീ നിശാചരഃ
തതോ മയോ വിശ്വകർമ്മാ രാക്ഷസാനാം ദിതേഃ സുതഃ. 39

സുതാം മന്ദോദരീം നമ്നാ ദദൗ ലോകൈകസുന്ദരീം
രാവണായ പുനഃ ശക്തിമമോഘാം പ്രീതമാനസഃ. 40

ശിവേന പരിപാലിതഃ	ശിവനാൽ പരിരക്ഷിതൻ കുബേരൻ
അത്ര ദിക്പാലത്വം ചകാര	അവിടെ ദിക്പാലകനായി വാണരുളി.
രാക്ഷസൈഃ അഭിഷിക്തഃ	രാക്ഷസരാൽ അഭിഷിക്തനായ
ഖലഃ രാവണഃ	ദുഷ്ടരാവണൻ
അനുജൈഃ സഹ	അനുജരുമൊത്ത്
ത്രിലോകീം	മൂന്നു ലോകത്തെയും
ബാധയൻ	പീഡിപ്പിച്ചുകൊണ്ടാണ്
അസുരാണാം രാജ്യം ചകാര	അസുരരാജ്യം ഭരിച്ചത്.
അസൗ മഹാമായീ നിശാചരഃ	ആ മഹാമായാവി രാക്ഷസൻ
വികടരൂപിണീം ഭഗിനീം	ഭീകരരൂപിണിയായ സ്വസഹോദരിയെ
കാലഖഞ്ജായ നമ്നാ	കാലഖഞ്ജകുലത്തിൽ പിറന്ന
വിദ്യുജ്ജിഹ്വായ	വിദ്യുജ്ജിഹ്വനു
ദദൗ	(കല്യാണം കഴിച്ചു) കൊടുത്തു.
തതഃ ദിതേഃ സുതഃ രാക്ഷസാനാം	പിന്നെ ദിതിയുടെ പുത്രൻ
വിശ്വകർമ്മാ മയഃ സുതാം	അസുരശില്പി മയൻ തന്റെ മകൾ
ലോകൈകസുന്ദരീം നമ്നാ	ലോകൈകസുന്ദരി
മന്ദോദരീം	മന്ദോദരിയെ
രാവണായ ദദൗ	രാവണനു നല്കി.
പുനഃ അമോഘാം ശക്തിം ച	പിന്നെ ലക്ഷ്യം പിഴയ്ക്കാത്ത 'ശക്തി'യും
പ്രീതമാനസഃ ദദൗ	(ആയുധം) പ്രീതിപൂർവ്വം ദാനംചെയ്തു.

വൈരോചനസ്യ ദൗഹിത്രീം വൃത്രജ്വാലേതി വിശ്രുതാം
സ്വയം ദത്താമുദവഹത് കുംഭകർണ്ണായ രാവണഃ. 41

വൈരോചനസ്യ ദൗഹിത്രീം	വൈരോചനന്റെ മകളുടെ മകളും
വൃത്രജ്വാലാ ഇതി വിശ്രുതാം	'വൃത്രജ്വാല' എന്നു പ്രശസ്തയും
സ്വയം ദത്താം	സ്വയം വൈരോചനൻതന്നെ ഏല്പിച്ചുകൊടുത്തവളുമായ (ഒരു കുമാരിയെ)
കുംഭകർണ്ണായ	കുംഭകർണ്ണനെക്കൊണ്ട്
രാവണഃ ഉദവഹത്	രാവണൻ പരിണയിപ്പിച്ചു.

ഗന്ധർവ്വരാജസ്യ സുതാം ശൈലൂഷസ്യ മഹാത്മനഃ
വിഭീഷണസ്യ ഭാര്യാർത്ഥേ ധർമ്മജ്ഞാം സമുദാവഹത്. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സരമാം നാമ സുഭഗാം സർവ്വലക്ഷണസംയുതാം
തതോ മന്ദോദരീപുത്രം മേഘനാദം അജീജനത്. 43

ഗന്ധർവ്വരാജസ്യ മഹാത്മനഃ	ഗന്ധർവ്വരാജാവും മഹാത്മാവുമായ
ശൈലൂഷസ്യ സുതാം	ശൈലൂഷന്റെ മകളും
സർവ്വലക്ഷണസംയുതാം	സർവ്വലക്ഷണസമ്പന്നയും
ധർമ്മജ്ഞാം സുഭഗാം	ധർമ്മജ്ഞയുമായ സുന്ദരി
സരമാം നാമ വിഭീഷണസ്യ	സരമയെ വിഭീഷണന്റെ
ഭാര്യാർത്ഥം ഉദാവഹത്	കളത്രമാക്കി.
തതഃ മന്ദോദരീ	യഥാകാലം മന്ദോദരി
മേഘനാദം പുത്രം അജീജനത്	മേഘനാദനെന്ന പുത്രനെ പ്രസവിച്ചു.

ജാതമാത്രസ്തു യോ നാദം മേഘവത് പ്രമുമോച ഹ
തതഃ സർവ്വേ‍ഽബ്രുവൻ മേഘനാദോയമിതി ചാസകൃത്. 44

ജാതമാത്രഃ തു യഃ	പിറന്നപ്പോഴേ അവൻ
മേഘവത് നാദം	മേഘംപോലെയാണ്
പ്രമുമോച ഹ	ശബ്ദം ഉതിർത്തു.
തതഃ അയം മേഘനാദഃ	ആകയാൽ 'ഇവൻ മേഘനാദൻതന്നെ'
ഇതി സർവ്വേ അസകൃത്	എന്ന് സകലരും പലതവണ
അബ്രുവൻ	ഉദ്ഘോഷിച്ചു.

കുംഭകർണ്ണസ്തതഃ പ്രാഹ നിദ്രാ മാം ബാധതേ പ്രഭോ
തതശ്ച കാരയാമാസ ഗൃഹാം ദീർഘാം സുവിസ്തരാം. 45

കുംഭകർണ്ണഃ തതഃ പ്രാഹ	കുംഭകർണ്ണൻ പിന്നെ അറിയിച്ചു:
മാം നിദ്രാം ബാധതേ പ്രഭോ	എന്നെ ഉറക്കം ശല്യപ്പെടുത്തുന്നു, പ്രഭോ!
തതഃ ദീർഘാം	അപ്പോൾത്തന്നെ സുദീർഘവും
സുവിസ്തരാം	സുവിസ്തൃതവുമായ
ഗൃഹാം കാരയാമാസ	ഒരു ഗുഹ തയ്യാറാക്കി.

തത്ര സുഷ്വാപ മൂഢാത്മാ കുംഭകർണ്ണോ വിഘൂർണ്ണിതഃ
നിദ്രിതേ കുംഭകർണ്ണേ തു രാവണോ ലോകരാവണഃ. 46

ബ്രാഹ്മണാൻ ഋഷിമുഖ്യാംശ്ച ദേവദാനവകിന്നരാൻ
ദേവശ്രിയോ മനുഷ്യാംശ്ച നിജഘ്നേ സ മഹോരഗാൻ. 47

മൂഢാത്മാ കുംഭകർണ്ണഃ	മൂഢമതി കുംഭകർണ്ണൻ
തത്ര വിഘൂർണ്ണിതഃ സുഷ്വാപ	അവിടെ കൂക്കംവലിച്ച് ഉറങ്ങി.
കുംഭകർണ്ണേ നിദ്രിതേ തു	കുംഭകർണ്ണൻ ഉറങ്ങിയതോടെ
ലോകരാവണഃ രാവണഃ	ലോകകണ്ടകൻ രാവണൻ
ബ്രാഹ്മണാൻ ഋഷിമുഖ്യാൻ ച	വിപ്രന്മാർ, മാമുനിമാർ
ദേവദാനവകിന്നരാൻ	ദേവ–ദാനവ–കിന്നരർ
സ മഹോരഗാൻ മനുഷ്യാൻ ച	മഹാസർപ്പങ്ങൾ, മനുഷ്യർ ഇവരെയെല്ലാം
നിജഘ്നേ	സംഹരിച്ചു.
ദേവശ്രിയഃ ച	ദേവസമ്പത്തും തന്റേതാക്കി.

ധനദോപി തതഃ ശ്രുത്വാ രാവണസ്യാക്രമം പ്രഭുഃ
അധർമ്മം മാ കുരുഷ്വേതി ദൂതവാക്യൈർന്യവാരയത്. 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണസ്യ അക്രമം ശ്രുത്വാ	രാവണന്റെ അക്രമം കേട്ട
തതഃ പ്രഭുഃ ധനദഃ	പ്രഭു, കുബേരൻ
അധർമ്മം മാ കുരുഷ്വ ഇതി	'അധർമ്മം ചെയ്യരുതേ' എന്നു
ദൂതവാക്യൈഃ	ദൂതൻ മുഖാന്തിരം പറഞ്ഞയച്ച്
ന്യവാരയത്	അവനെ തടയാൻ നോക്കി.

തതഃ ക്രുദ്ധോ ദശഗ്രീവോ ജഗാമ ധനദാലയം
വിനിർജ്ജിത്യ ധനാദ്ധ്യക്ഷം ജഹാരോത്തമപുഷ്പകം. 49

തതഃ ക്രുദ്ധഃ ദശഗ്രീവഃ	തന്മൂലം കുപിതനായ രാവണൻ
ധനദാലയം ജഗാമ	കുബേരപുരിയിൽ കടന്നു,
ധനാദ്ധ്യക്ഷം വിനിർജ്ജിത്യ	ധനപതിയെ കീഴടക്കി
ഉത്തമപുഷ്പകം	മഹത്തായ പുഷ്പകവിമാനം
ജഹാര	കൈക്കലാക്കി.

തതോ യമം ച വരുണം നിർജ്ജിത്യ സമരേഽസുരഃ
സ്വർഗ്ഗലോകമഗാത് തൂർണ്ണം ദേവരാജജിഘാംസയാ. 50

യമം വരുണം ച സമരേ	യമനെയും വരുണനെയും സമരത്തിൽ
നിർജ്ജിത്യ തതഃ സഃ അസുരഃ	തോല്പിച്ചതിനുശേഷം ആ രാക്ഷസൻ
ദേവരാജജിഘാംസയാ	ഇന്ദ്രനെ വകവരുത്താനായി
തൂർണ്ണം സ്വർഗ്ഗലോകം അഗാത്	പെട്ടെന്നു സ്വർഗ്ഗത്തിലേക്കു കടന്നു.

തതോഽഭവൻ മഹദ്യുദ്ധം ഇന്ദ്രേണ സഹ ദൈവതൈഃ
തതോ രാവണമഭ്യേത്യ ബബന്ധ ത്രിദശേശ്വരഃ. 51

തതഃ ഇന്ദ്രേണ ദൈവതൈഃ സഹ	അതോടെ ഇന്ദ്രനും ദേവന്മാരും എതിരെ
മഹദ് യുദ്ധം അഭവത്	കടുത്ത പോരാട്ടം നടന്നു.
തതഃ ത്രിദശേശ്വരഃ രാവണം	ഉടനെ ഇന്ദ്രൻ രാവണന്റെ
അഭ്യേത്യ ബബന്ധ	അടുത്തെത്തി അവനെ ബന്ധനസ്ഥനാക്കി.

തത് ശ്രുത്വാ സഹസാഗത്യ മേഘനാദഃ പ്രതാപവാൻ
കൃത്വാ ഘോരം മഹദ്യുദ്ധം ജിത്വാ ത്രിദശപുംഗവാൻ. 52

ഇന്ദ്രം ഗൃഹീത്വാ ബദ്ധ്വാസൗ മേഘനാദോ മഹാബലഃ
മോചയിത്വാ തു പിതരം ഗൃഹീത്വേന്ദ്രം യയൗ പുരം. 53

തത് ശ്രുത്വാ പ്രതാപവാൻ	വാർത്ത കേട്ട പ്രതാപി,
മഹാബലഃ മേഘനാദഃ	മഹാശക്തൻ, മേഘനാദൻ
സഹസാ ആഗത്യ	സ്വർഗ്ഗത്തു പാഞ്ഞെത്തി
ഘോരം മഹദ്യുദ്ധം കൃത്വാ	ഘോരമായി പടവെട്ടി
ത്രിദശപുംഗവാൻ ജിത്വാ	ദേവശ്രേഷ്ഠരെ തോല്പിച്ചു,
ഇന്ദ്രം ഗൃഹീത്വാ	ഇന്ദ്രനെ പിടിച്ചുകെട്ടി,
പിതരം മോചയിത്വാ	പിതാവിനെ മോചിപ്പിച്ചു,
ഇന്ദ്രം ഗൃഹീത്വാ	ഇന്ദ്രനെയുംകൊണ്ട്
പുരം യയൗ	സ്വന്തം നഗരത്തിലേക്കു പോവുകയുംചെയ്തു.

ബ്രഹ്മാ തു മോചയാമാസ ദേവേന്ദ്രം മേഘനാദതഃ
ദത്വാ വരാൻ ബഹൂംസ്തസ്മൈ ബ്രഹ്മാ സ്വഭവനം യയൗ. 54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാ തു	ബ്രഹ്മാവാണ്
മേഘനാദതഃ	മേഘനാദന്റെ പിടിയിൽനിന്നു്
ദേവേന്ദ്രം മോചയാമാസ	ഇന്ദ്രനെ മോചിപ്പിച്ചതു്.
തസ്മൈ ബഹൂൻ വരാൻ ദത്വാ	അവനു് വേണ്ടുവോളം വരങ്ങളും നല്കി
ബ്രഹ്മാ സ്വഭവനം യയൗ	ബ്രഹ്മാവു് സ്വഭവനത്തിലേക്കു പോയി.

രാവണോ വിജയീ ലോകാൻ സർവ്വാൻ ജിത്വാ ക്രമേണ തു
കൈലാസം തോലയാമാസ ബാഹുഭിഃ പരിഘോപമൈഃ. 55

ക്രമേണ സർവ്വാൻ ലോകാൻ	മുറയ്ക്കു് സകലലോകങ്ങളും
ജിത്വാ വിജയീ രാവണഃ	കീഴടക്കി വിജയിച്ച രാവണൻ
പരിഘോപമൈഃ ബാഹുഭിഃ	ഇരുമ്പുലക്കയ്ക്കൊത്ത (തന്റെ) കൈകളാൽ
കൈലാസം തോലയാമാസ	കൈലാസം പൊക്കിത്തൂക്കി.

തത്ര നന്ദീശ്വരേണൈവം ശപ്തോഽയം രാക്ഷസേശ്വരഃ
വാനരൈർമാനുഷൈശ്ചൈവ നാശം ഗച്ഛേതി കോപിനാ. 56

കോപിനാ നന്ദീശ്വരേണ	കുപിതനായ നന്ദികേശ്വരൻ
അയം രാക്ഷസേശ്വരഃ	ആ രാക്ഷസരാജാവിനെ
ഏവം ശാപിതഃ	ഈവിധം ശപിച്ചു:
വാനരൈഃ മാനുഷൈഃ ച	വാനരരും മനുഷരും മൂലം
ഏവ നാശം ഗച്ഛ ഇതി	നീ നാശമടയും എന്നു്.

ശപ്തോപ്യഗണയൻ വാക്യം യയൗ ഹൈഹയപത്തനം
തേന ബദ്ധോ ദശഗ്രീവഃ പുലസ്ത്യേന വിമോചിതഃ. 57

ശപ്തഃ അപി വാക്യം	ശപിക്കപ്പെട്ടെങ്കിലും ശാപവാക്യം
അഗണയൻ ഹൈഹയപത്തനം	വിഗണിച്ച് അവൻ ഹൈഹയപട്ടണം
	(കാർത്തവീര്യാർജ്ജുനന്റെ രാജധാനി)
ഗതഃ	ആക്രമിക്കുകയുണ്ടായി.
തേന ബദ്ധഃ ദശഗ്രീവഃ	കാർത്തവീര്യാർജ്ജുനൻ ബന്ധിച്ച രാവണ–
പുലസ്ത്യേന വിമോചിതഃ	നെ പുലസ്ത്യനാണ് മോചിപ്പിച്ചതു്.

തതോ ഹി ബലമാസാദ്യ ജിംഘാസുർഹരിപുംഗവം
ധൃതസ്തേനൈവ കക്ഷേണ വാലിനാ ദശകന്ധരഃ. 58

തതഃ അതിബലം ഹരിപുംഗവം	പിന്നെ അതിശക്തനായ വാനരപതിയെ
ജിംഘാസുഃ ആസാദ്യ	(ബാലിയെ) കൊല്ലാൻ അടുത്തു;
തേന ബാലിനാ ഏവ	അതേ ബാലിതന്നെ
ദശകന്ധരഃ കക്ഷേണ ധൃതഃ	രാവണനെ കക്ഷത്തിൽ ഒതുക്കിക്കളഞ്ഞു.

ഭ്രാമയിത്വാ തു ചതുരഃ സമുദ്രാൻ രാവണം ഹരിഃ
വിസർജ്ജയാമാസ തതഃ തേന സഖ്യം ചകാര സഃ. 59

ചതുരഃ സമുദ്രാൻ ഭ്രാമയിത്വാ	നാലു കടലിലും കറക്കിയിട്ടാണ്
രാവണം ഹരിഃ വിസർജ്ജയാമാസ	രാവണനെ ബാലി വിട്ടയച്ചതു്.
തതഃ സഃ തേന	അതോടെ അവൻ ബാലിയോടു
സഖ്യം ചകാര	മൈത്രികൂടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവണഃ പരമപ്രീതഃ ഏവം ലോകാൻ മഹാബലഃ
ചകാര സ്വവശേ രാമ, ബുഭുജേ സ്വയമേവതാൻ. 60

രാമ ഏവം മഹാബലഃ	രാമ, ഇങ്ങനെയാണ് പ്രബലനായ
രാവണഃ ലോകാൻ	രാവണൻ ലോകങ്ങളെ
സ്വവശേ ചകാര	അടിപ്പെടുത്തിയത്.
പരമപ്രീതഃ താൻ സ്വയം ഏവ ബുഭുജേ	തികഞ്ഞ പ്രീതിയോടെ അവൻ ലോകഭോഗങ്ങളെ തനിയെ ഭുജിക്കുകയുംചെയ്തു.

ഏവം പ്രഭാവോ രാജേന്ദ്ര ദശഗ്രീവഃ സഹേന്ദ്രജിത്
ത്വയാ വിനിഹതഃ സംഖ്യേ രാവണോ ലോകരാവണഃ. 61

മേഘനാദശ്ച നിഹതോ ലക്ഷ്മണേന മഹാത്മനാ
കുംഭകർണ്ണശ്ച നിഹതഃ ത്വയാ പർവ്വതസന്നിഭഃ. 62

രാജേന്ദ്ര, സഹേന്ദ്രജിത് ദശഗ്രീവഃ ഏവം പ്രഭാവഃ	രാജേന്ദ്ര, മേഘനാദസഹിതൻ രാവണൻ ഇത്ര പ്രഭാവശാലിയാണ്.
ലോകരാവണഃ രാവണഃ സംഖ്യേ ത്വയാ വിനിഹതഃ	ലോകകണ്ടകനായ രാവണനെ സമരത്തിൽ നീ വധിച്ചു.
മഹാത്മനാ ലക്ഷ്മണേന മേഘനാദഃ ച നിഹതഃ	ധീരനായ ലക്ഷ്മണനാൽ മേഘനാദനും ഹതനായി.
പർവ്വതസന്നിഭഃ കുംഭകർണ്ണഃ ച ത്വയാ നിഹതഃ	മാമലയ്ക്കൊത്ത കുംഭകർണ്ണനെയും നീതന്നെ കൊന്നു.

ഭവാൻ നാരായണഃ സാക്ഷാത് ജഗതാം ആദികൃദ്വിഭുഃ
തത്സ്വരൂപമിദം സർവ്വം ജഗത്സ്ഥാവരജംഗമം. 63

ജഗതാം ആദികൃത് വിഭുഃ സാക്ഷാത് നാരായണഃ ഭവാൻ	ലോകങ്ങളുടെ മൂലകാരണവും പ്രഭുവുമായ സാക്ഷാൽ നാരായണനാണ് അങ്ങ്.
സ്ഥാവരജംഗമം ഇദം ജഗത് സർവ്വം ത്വത് സ്വരൂപം	സ്ഥാവരജംഗമമായ ഈ ജഗത്ത് എല്ലാം നിന്റെ സ്വരൂപമാകുന്നു.

ത്വന്നാഭികമലോത്പന്നോ ബ്രഹ്മാ ലോകപിതാമഹഃ
അഗ്നിസ്തേ മുഖതോ ജാതോ വാചാ സഹ രഘൂത്തമ. 64

ലോകപിതാമഹഃ ബ്രഹ്മാ ത്വന്നാഭികമലോത്പന്നഃ	ലോകപിതാമഹൻ ബ്രഹ്മാവ് നിന്റെ നാഭികമലത്തിൽ പിറന്നവനാണല്ലോ.
രഘൂത്തമ, അഗ്നീ വാചാ സഹ തേ മുഖതഃ ജാതഃ	രഘുവര, അഗ്നി വാക്കിനോടുകൂടി നിന്റെ മുഖത്തുനിന്നാണ് ജനിച്ചത്.

ബാഹുഭ്യാം ലോകപാലൗഘാഃ ചക്ഷുർഭ്യാം ചന്ദ്രഭാസ്കരൗ
ദിശശ്ച വിദിശശ്ചൈവ കർണ്ണാഭ്യാം തേ സമുത്ഥിതാഃ. 65

ബാഹുഭ്യാം ലോകപാലൗഘാഃ	തൃക്കൈകളിൽനിന്നു ലോകപാലർ
ചക്ഷുർഭ്യാം ചന്ദ്രഭാസ്കരൗ	മിഴികളിൽനിന്നു ചന്ദ്ര–സൂര്യന്മാർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ കർണ്ണാഭ്യാം ദിശഃ വിദിശഃ ച ഏവ സമുത്ഥിതാഃ	നിന്റെ കാതുകളിൽനിന്നാണു് ദിശകളും വിദിശകളും ഉണ്ടായതു്.

ഘ്രാണാത് പ്രാണഃ സമുത് പന്നശ്ചാശ്വിനൗ ദേവസത്തമൗ
ജംഘാജാന്വൂരുജഘനാത് ഭുവർല്ലോകാദയോഽഭവൻ. 66

ഘ്രാണാത് പ്രാണഃ സമുത്പന്നഃ	മൂക്കിൽനിന്നു് പ്രാണൻ ഉളവായി.
ദേവസത്തമൗ അശ്വിനൗ ച	ദേവസത്തമർ അശ്വിനീകുമാരന്മാരും (മൂക്കിൽനിന്നു)തന്നെ.
ജംഘാജാന്വൂരുജഘനാത് ഭുവർല്ലോകാദയഃ ഉത്പന്നാഃ	തുട—കാൽമുട്ടു്—ജഘനങ്ങളിൽനിന്നു് ഭുവർല്ലോകാദികൾ ആവിർഭവിച്ചു.

കുക്ഷിദേശാത് സമുത് പന്നാഃ ചത്വാരഃ സാഗരാഃ ഹരേ
സ്തനാഭ്യാം ഇന്ദ്രവരുണൗ ബാലഖില്യാശ്ച രേതസഃ. 67

ഹരേ കുക്ഷിദേശാത് ചത്വാരഃ സാഗരാഃ സമുത്പന്നാഃ	ഭഗവാനേ (നിന്റെ) വയററിൽനിന്നാണു് നാലു സാഗരങ്ങളും ഉണ്ടായതു്.
ഇന്ദ്രവരുണൗ സ്തനാഭ്യാം രേതസഃ ബാലഖില്യാഃ ച	ഇന്ദ്ര—വരുണന്മാർ സ്തനങ്ങളിൽനിന്നു്. വീര്യത്തിൽനിന്നു് ബാലഖില്യാദികളും.

ബാലഖില്യന്മാർ ഒരുകൂട്ടം കീരമുണ്ടാക്കുതപസ്വികൾ. വലുപ്പം വിരലോളം. എണ്ണം അറുപത്തിനാലായിരം. സൂര്യരഥത്തിനു മുമ്പേ സഞ്ചരിക്കുന്നു. വേദമന്ത്രങ്ങളാൽ സൂര്യനെ സ്തുതിക്കുന്നു.

മേഢ്റാത് യമോ ഗുദാൻമൃത്യുഃ മന്യോർരുദ്രഃ ത്രിലോചനഃ
അസ്ഥിഭ്യഃ പർവ്വതാഃ ജാതാഃ കേശേഭ്യോ മേഘസംഹതിഃ. 68

ഔഷധ്യസ്തവ രോമേഭ്യോ നഖേഭ്യശ്ച ഖരാദയഃ
ത്വം വിശ്വരൂപഃ പുരുഷോ മായാശക്തിസമന്വിതഃ. 69

യമഃ മേഢ്റാത്	യമൻ ലിംഗത്തിൽനിന്നു്.
മൃത്യുഃ ഗുദാത്	മൃത്യു ഗുദത്തിൽനിന്നു്.
മന്യോഃ ത്രിലോചനഃ രുദ്രഃ	രോഷത്തിൽനിന്നു് മുക്കണ്ണർ രുദ്രൻ.
അസ്ഥിഭ്യഃ പർവ്വതാഃ	അസ്ഥികളിൽനിന്നു് ഗിരിനിരകൾ.
കേശേഭ്യഃ മേഘസംഹതിഃ	മുടികളിൽനിന്നു മേഘക്കൂട്ടം.
ഔഷധ്യഃ തവ രോമേഭ്യഃ	സസ്യങ്ങൾ നിന്റെ രോമങ്ങളിൽനിന്നു്.
നഖേഭ്യഃ ഖരാദയഃ ച	നഖങ്ങളിൽനിന്നു കഴുത മുതലായവ (ഉളവായി).
മായാശക്തിസമന്വിതഃ വിശ്വരൂപഃ പുരുഷഃ ത്വം	മായാശക്തിയോടു ചേർന്നു് വിശ്വരൂപം പൂണ്ട പരമപുരുഷനാണു നീ.

ദൃശ്യജഗത്തിലുള്ള വസ്തുക്കളെല്ലാംതന്നെ പരമപുരുഷനിൽനിന്നു് ആവിർഭവിച്ചു എന്നു സാരം.

നാനാരൂപ ഇവാഭാസി ഗുണവ്യതികരേ സതി
ത്വാം ആശ്രിത്യൈവവിബുധാഃ പിബന്ത്യമൃതമധ്വരേ. 70

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുണവ്യതികരേ	(പ്രകൃതിയുടെ) ഗുണങ്ങളുമായി ചേർന്നു
സതി	നിലകൊള്ളുകയാൽ നീ
നാനാരൂപ ഇവ ആഭാസി	നാനാരൂപത്തിൽ ഭാസിക്കുന്നു.
ത്വാം ആശ്രിത്യ ഏവ	നിന്നെ ആശ്രയിച്ചു മാത്രമാണ്
വിബുധാഃ അധ്വരേ	ദേവന്മാർ യാഗത്തിൽ
അമൃതം പിബന്തി	അമൃതപാനം ചെയ്യുന്നത്.

ത്വയാസൃഷ്ടമിദം സർവ്വം വിശ്വം സ്ഥാവരജംഗമം
ത്വാം ആശ്രിത്യൈവ ജീവന്തി സർവ്വേ സ്ഥാവരജംഗമാഃ. 71

സ്ഥാവരജംഗമം ഇദം	ചരാചരമായ ഈ
സർവ്വം വിശ്വം	വിശ്വം അഖിലവും
ത്വയാസൃഷ്ടം	നിന്റെ നിർമ്മിതിയത്രെ.
സ്ഥാവരജംഗമാഃ സർവ്വേ	സ്ഥാവരജംഗമങ്ങളെല്ലാം
ത്വാം ആശ്രിത്യ ഏവ	നിന്നെ ആശ്രയിച്ചുതന്നെ
ജീവന്തി	ജീവിക്കുന്നു.

ത്വദ്വ്യാപ്തമഖിലം വസ്തു വ്യവഹാരേഽപി രാഘവ
ക്ഷീരമധ്യഗതം സർപ്പിര്യഥാ വ്യാപ്യാഖിലം പയഃ. 72

രാഘവ ക്ഷീരമധ്യഗതം സർപ്പിഃ	രാഘവ, പാലിലുള്ള നെയ്യ്
യഥാ പയഃ അഖിലം	പാലിൽ മുഴുവൻ
വ്യാപ്യ (തിഷ്ഠതി)	വ്യാപിച്ചുനില്ക്കുംപോലെ
തഥാ വ്യവഹാരേ അപി	വ്യവഹാരദശയിൽപ്പോലും
അഖിലം വസ്തു	അഖിലവസ്തുക്കളിലും
ത്വദ് വ്യാപ്തം	നീ നിറഞ്ഞുനില്ക്കുന്നു.

ത്വദ് ഭാസാ ഭാസതേഽർക്കാദി ന ത്വം തേനാവഭാസതേ
സർവ്വഗം നിത്യമേകം ത്വാം ജ്ഞാനചക്ഷുർവിലോകയേത്. 73

അർക്കാദി	സൂര്യാദികൾ
ത്വദ് ഭാസാ ഭാസതേ	നിന്റെ പ്രഭയാലാണ് പ്രകാശിക്കുക.
ത്വം തേന ന	നീ സൂര്യാദിയാൽ അല്ല
അവഭാസതേ	ഭാസിക്കുന്നത്.
സർവ്വഗം നിത്യം ഏകം	സർവ്വവ്യാപിയും നിത്യനും ഏകനുമായ
ത്വാം ജ്ഞാനചക്ഷുഃ	നിന്നെ ജ്ഞാനക്കണ്ണുള്ളവൻ
വിലോകയേത്	കാണും.

നാജ്ഞാനചക്ഷുസ്ത്വാം പശ്യേത് അന്ധദൃക് ഭാസ്കരം യഥാ
യോഗിനസ്ത്വാം വിചിന്വന്തി സ്വദേഹേ പരമേശ്വരം. 74

അതന്ദിരസനമുഖൈർവേദശീഷൈരഹന്നിശം
ത്വദ്പാദഭക്തിലേശേന ഗൃഹീതാ യദി യോഗിനഃ. 75

വിചിന്വന്തോ ഹി പശ്യന്തി ചിന്മാത്രം ത്വാം ന ചാന്യഥാ
മയാ പ്രലപിതം കിഞ്ചിത് സർവ്വജ്ഞസ്യ തവാഗ്രതഃ
ക്ഷന്തുമർഹസി ദേവേശ തവാനുഗ്രഹഭാഗഹം. 76

അന്ധദൃക് ഭാസ്കരം യഥാ	കണ്ണില്ലാത്തവൻ സൂര്യനെ എന്നപോലെ
അജ്ഞാനചക്ഷുഃ	ജ്ഞാനക്കണ്ണില്ലാത്തവൻ
ത്വാം ന പശ്യേത്	നിന്നെ കാണുകയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതന്നീരസനമുഖൈഃ	ആത്മവ്യതിരിക്തമായതിനെ നിഷേധി-
വേദശീർഷൈഃ	ക്കുന്ന പ്രമുഖശ്രുതിവചനങ്ങളിലൂടെ
പരമേശ്വരം ത്വാം	പരമേശ്വരനായ നിന്നെ
യോഗിനഃ	യോഗികൾ
അഹർന്നിശം സ്വദേഹേ	രാവും പകലും സ്വദേഹത്തിൽ തന്നെ
വിചിന്വന്തി	തേടുന്നു.
യദി യോഗിനഃ ത്വദ്പാദഭക്തി-	യോഗികൾക്ക് നിന്റെ പാദഭക്തി
ലേശേന ഗൃഹീതാഃ	ലേശമെങ്കിലും ഉണ്ടാവുമെങ്കിൽ
വിചിന്വന്തഃ	അന്വേഷിച്ചന്വേഷിച്ച് (അവർ)
ചിന്മാത്രം ത്വാം പശ്യന്തി	ജ്ഞാനസ്വരൂപനായ നിന്നെ കണ്ടെത്തും.
അന്യഥാ ന ഹി	അല്ലെങ്കിൽ ഇല്ലതന്നെ.
സർവ്വജ്ഞസ്യ തവ അഗ്രതഃ	എല്ലാം അറിയുന്ന നിന്റെ തിരുമുമ്പിൽ
മയാ കിഞ്ചിത് പ്രലപിതം	ഞാൻ എന്തോ ചിലതു പുലമ്പി.
ദേവേശ ക്ഷന്തും അർഹസി	ഭഗവാനേ, നീ ക്ഷമിക്കണമേ.
അഹം തവ അനുഗ്രഹഭാക്	ഞാൻ നിന്റെ അനുഗ്രഹ പാത്രമാണല്ലോ.

ദിഗ്ദേശകാലപരിഹീനമനന്യമേകം
ചിന്മാത്രമക്ഷരമജം ചലനാദിഹീനം
സർവ്വജ്ഞമീശ്വരമനന്തഗുണം വ്യപസ്ത-
മായം ഭജേ രഘുപതിം ഭജതാമഭിന്നം. 77

ദിക്ദേശകാലപരിഹീനം	ദിക്—ദേശ—കാലഭേദം ഇല്ലാത്തവൻ,
അനന്യം ഏകം	അന്യനല്ലാത്തവൻ, ഏകൻ,
ചിന്മാത്രം അക്ഷരം	ശുദ്ധചേതനൻ, അനശ്വരൻ,
അജം ചലനാദിഹീനം	ജനനമില്ലാത്തവൻ, ചലനമില്ലാത്തവൻ,
സർവ്വജ്ഞം അനന്തഗുണം	സർവ്വജ്ഞൻ, അനന്തഗുണവാൻ,
വ്യപസ്തമായം	മായാരഹിതൻ,
ഭജതാം അഭിന്നം	ഭക്തർക്ക് അഭിന്നൻ (ഇപ്രകാരമുള്ള)
രഘുപതിം ഭജേ	രഘുപതിയെ ഞാൻ ഭജിക്കുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ ദ്വിതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം രണ്ടാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം മൂന്നു്

ബാലിസുഗ്രീവന്മാരുടെ പൂർവ്വചരിത്രം—
രാവണ-സനത്കുമാരസംവാദം

ശ്രീരാമ ഉവാച: ശ്രീരാമൻ അരുളി

ബാലിസുഗ്രീവയോർജന്മ ശ്രോതുമിച്ഛാമി തത്ത്വതഃ
രവീന്ദ്രൗ വാനരാകാരൗ ജജ്ഞാത ഇതി നഃ ശ്രുതം. 1

ബാലിസുഗ്രീവയോഃ ജന്മ തത്ത്വതഃ ശ്രോതും ഇച്ഛാമി	ബാലിസുഗ്രീവന്മാരുടെ ജനനകഥ യഥാവത്തായി കേൾക്കാൻ ആഗ്രഹിക്കുന്നു.
രവീന്ദ്രൗ വാനരാകാരൗ ജജ്ഞാതേ ഇതി നഃ ശ്രുതം	സൂര്യനും ഇന്ദ്രനും വാനരാകാരത്തിൽ പിറന്നു എന്നാണു് നാം കേട്ടിരിക്കുന്നതു്.

അഗസ്ത്യ ഉവാച: അഗസ്ത്യൻ പറഞ്ഞു

മേരോഃ സ്വർണ്ണമയസ്യാദ്രേഃ മധ്യശൃംഗേ മണിപ്രഭേ
തസ്മിൻ സഭാസ്തേ വിസ്തീർണ്ണാ ബ്രഹ്മണഃ ശതയോജനാ. 2

സ്വർണ്ണമയസ്യ മേരോഃ അദ്രേഃ മണിപ്രഭേ തസ്മിൻ മധ്യശൃംഗേ ശതയോജനാ വിസ്തീർണ്ണാ സഭാ ആസ്തേ ബ്രഹ്മണഃ	സ്വർണ്ണപ്രഭയോന്ന മേരുഗിരിയുടെ മണിപ്രഭമായ ആ നടക്കൊടുമുടിയിൽ നൂറുയോജന വിസ്തൃതിയുള്ള ഒരു സഭാതലമുണ്ടു്, ബ്രഹ്മാവിന്റെവക.

തസ്യാം ചതുർമ്മുഖഃ സാക്ഷാത് കദാചിത് യോഗമാസ്ഥിതഃ
നേത്രാഭ്യാം പതിതം ദിവ്യം ആനന്ദസലിലം ബഹു. 3

തസ്യാം സാക്ഷാത് ചതുർമ്മുഖഃ കദാചിത് യോഗം ആസ്ഥിതഃ	അവിടെ സാക്ഷാൽ നാന്മുഖൻ ഒരിക്കൽ ധ്യാനലീനനായിരിക്കുകയായിരുന്നു.
ദിവ്യം ബഹു ആനന്ദസലിലം നേത്രാഭ്യാം പതിതം	ദിവ്യമായ ധാരാളം ആനന്ദജലം (സന്തോഷാശ്രു) അദ്ദേഹത്തിന്റെ മിഴികളിൽനിന്നു് ഒഴുകി.

തദ് ഗൃഹീത്വാ കരേ ബ്രഹ്മാ ധ്യാത്വാ കിഞ്ചിത് തദത്യജത്
ഭൂമൗ പതിതമാത്രേണ തസ്മാജ്ജാതോ മഹാകപിഃ. 4

തത് കരേ ഗൃഹീത്വാ ബ്രഹ്മാ കിഞ്ചിത് ധ്യാത്വാ ഭൂമൗ അത്യജത്	ആ ജലം കൈയിലെടുത്തു് ബ്രഹ്മാവു് കുറഞ്ഞൊന്നു ധ്യാനിച്ചു് ഭൂമിയിലേക്കു് ഒഴുക്കി.
പതിതമാത്രേണ തസ്മാത് മഹാകപിഃ ജാതഃ	(ഭൂമിയിൽ) പതിച്ചപ്പോഴുതന്നെ അതിൽനിന്നു് ഒരു മഹാകപി ജനിച്ചു.

തമാഹ ദ്രുഹിണോ വത്സ, കിഞ്ചിത്കാലം വസാത്ര മേ
സമീപേ സർവ്വശോഭാഢ്യേ തതഃ ശ്രേയോ ഭവിഷ്യതി. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ബ്രഹ്മാ ആഹ	അവനോട് ബ്രഹ്മാവ് അരുളി:
വത്സ സർവ്വശോഭാഢ്യേ	കുഞ്ഞേ, സകലഭംഗിയും തികഞ്ഞ
അത്ര മേ സമീപേ	ഈ സ്ഥലത്ത് എന്നരികിൽ
കിഞ്ചിത് കാലം വസ	കുറെക്കാലം കഴിയുക.
തതഃ തേ ശ്രേയഃ ഭവിഷ്യതി	തന്മൂലം നിനക്കു നന്മവരും.

ഇത്യുക്തോ ന്യവസത് തത്ര ബ്രഹ്മണാ വാനരോത്തമഃ
ഏവം ബഹുതിഥേ കാലേ ഗതേ ഋക്ഷാധിപഃ സുധീഃ. 6

കദാചിത് പര്യടന്നദ്രൗ ഫലമൂലാർത്ഥമുദ്യതഃ
അപശ്യത് ദിവ്യസലിലാം വാപീം മണിശിലാന്വിതാം. 7

ബ്രഹ്മണാ ഇതി ഉക്തഃ	ബ്രഹ്മാവിനാൽ ഇപ്രകാരം ഉപദേശിക്ക-
വാനരോത്തമഃ തത്ര ന്യവസത്	പ്പെട്ട വാനരവരൻ അവിടെ വസിച്ചു.
ഏവം ബഹുതിഥേ കാലേ ഗതേ	ഇങ്ങനെ ഏറെനാൾ പോയപ്പോൾ
സുധീഃ ഋക്ഷാധിപഃ കദാചിത്	ബുദ്ധിശാലി വാനരാധിപൻ ഒരുനാൾ
ഫലമൂലാർത്ഥം ഉദ്യതഃ	ഫലമൂലങ്ങൾ തേടി
അദ്രൗ പര്യടൻ	ഗിരിയിൽ ചുററിനടന്നു. (അപ്പോൾ)
മണിശിലാന്വിതാം	മണിപ്പടവുകളുള്ള,
ദിവ്യസലിലാം	ദിവ്യജലം നിറഞ്ഞ
വാപീം അപശ്യത്	ഒരു കുളം കാണാനിടയായി.

പാനീയം പാതുമാഗച്ഛത്തത്ര ഛായാമയം കപിം
ദൃഷ്ട്വാ പ്രതികപിം മത്വാ നിപപാത ജലാന്തരേ. 8

പാനീയം പാതും	വെള്ളം കുടിക്കാൻ
തത്ര ആഗച്ഛൻ	അവിടെ എത്തിയ (വാനരൻ)
ഛായാമയം കപിം ദൃഷ്ട്വാ	നിഴൽക്കുരങ്ങിനെ കണ്ട്
പ്രതികപിം മത്വാ	എതിരാളിയെന്നു കരുതി
ജലാന്തരേ നിപപാത	ജലത്തിലേക്കു ചാടിക്കളഞ്ഞു.

തത്രാദൃഷ്ട്വാ ഹരിം ശീഘ്രം പുനരുത്ഥായ വാനരഃ
അപശ്യത് സുന്ദരീം രാമാം ആത്മാനം വിസ്മയം ഗതഃ. 9

തത്ര ഹരിം അദൃഷ്ട്വാ	അവിടെ മററു കുരങ്ങിനെ കാണായ്കയാൽ
വാനരഃ ശീഘ്രം പുനഃ ഉത്ഥായ	കപി ശീഘ്രം പുറത്തേക്കു പൊന്നു.
ആത്മാനം സുന്ദരീം രാമാം	താൻ സുന്ദരിയായ ഒരു സ്ത്രീയായി
അപശ്യത് വിസ്മയം ഗതഃ	മാറിയതു കണ്ടു വിസ്മിതനായി.

തതഃ സുരേശോ ദേവേശം പൂജയിത്വാ ചതുർമ്മുഖം
ഗച്ഛൻ മധ്യാഹ്നസമയേ ദൃഷ്ട്വാ നാരീം മനോരമാം. 10
കന്ദർപ്പശരവിദ്ധാംഗഃ ത്യക്തവാൻ വീര്യമുത്തമം
താം അപ്രാപ്യൈവ തദ്ബീജം ബാലദേശേഽപതത് ഭുവി.

ദേവേശം	ദേവനാഥനായ
ചതുർമ്മുഖം പൂജയിത്വാ	ബ്രഹ്മാവിനെ പൂജിച്ച്
മധ്യാഹ്ന സമയേ ഗച്ഛൻ	മധ്യാഹ്നവേളയിൽ മടങ്ങവേ
മനോരമാം നാരീം ദൃഷ്ട്വാ	മനോഹരിയായ ആ നാരിയെ കണ്ട്
സുരേശഃ കന്ദർപ്പശരവിദ്ധാംഗഃ	സുരേന്ദ്രൻ കാമവിവശനായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ
ഉത്തമം വീര്യം ത്യക്തവാൻ
അതോടെ അയാളുടെ
ഉത്തമവീര്യം സ്ഖലിച്ചു.

തദ് ബീജം താം അപ്രാപ്യ ഏവ
ബാലദേശേ ഭുവി അപതത്
ആ ബീജം അവളിൽ പതിക്കാതെ
രോമങ്ങളിലൂടെ (ഒലിച്ച്) നിലംപതിച്ചു.

ബാലീസമഭവത് തത്ര ശക്രതുല്യപരാക്രമഃ
തസ്യ ദത്വാ സുരേശാനഃ സ്വർണ്ണമാലാം ദിവം ഗതഃ. 12

തത്ര ശക്രതുല്യപരാക്രമഃ
ബാലീ സമഭവത്
അവിടെയാണ് ഇന്ദ്രതുല്യപരാക്രമി
ബാലി പിറന്നത്.

തസ്യ സ്വർണ്ണമാലാം ദത്വാ
സുരേശാനഃ ദിവം ഗതഃ
അവന് ഒരു സ്വർണ്ണമാല സമ്മാനിച്ചിട്ട്
ദേവേന്ദ്രൻ സ്വർഗ്ഗത്തേക്ക് പോയി.

ഭാനുരപ്യാഗതസ്തത്ര തദാനീമേവ ഭാമിനീം
ദൃഷ്ട്വാ കാമവശോ ഭൂത്വാ ഗ്രീവാദേശേഽസൃജൻ മഹത്. 13

ബീജം തസ്യാസ്തതഃ സദ്യോ മഹാകായോഽഭവദ്ധരിഃ
തസ്യ ദത്വാ ഹനൂമന്തം സഹായാർത്ഥം ഗതോ രവിഃ. 14

തദാനീം ഏവ ഭാനുഃ അപി
തത്ര ആഗതഃ
അപ്പോഴാണ് തന്നെ സൂര്യനും
അവിടെ എത്തി.

ഭാമിനീം ദൃഷ്ട്വാ
കാമവശഃ ഭൂത്വാ
തസ്യാഃ ഗ്രീവാദേശേ
മഹത് വീര്യം അസൃജത്
സുന്ദരിയെ കണ്ട്
കാമവിവശനാവുകയും
അവളുടെ കഴുത്തിൽ
ശ്രേഷ്ഠവീര്യം വീഴ്ത്തുകയും ചെയ്തു.

തതഃ സദ്യഃ മഹാകായഃ
ഹരിഃ അഭവത്
ഉടൻതന്നെ ഒരു മഹാതടിയൻ
വാനരൻ ജനിച്ചു.

തസ്യ സഹായാർത്ഥം
ഹനൂമന്തം ദത്വാ
രവിഃ ഗതഃ
അവനെ സഹായിക്കാൻ
ഹനുമാനെ ചുമതലപ്പെടുത്തി
രവി യാത്രയായി.

പുത്രദ്വയം സമാദായ ഗത്വാ സാ നിദ്രിതാ ക്വചിത്
പ്രഭാതേഽപശ്യദാത്മാനം പൂർവ്വവദ് വാനരാകൃതിം. 15

പുത്രദ്വയം സമാദായ സാ
ക്വചിത് ഗത്വാ നിദ്രിതാ
ഇരുപുത്രരേയും പേറി അവൾ
എങ്ങോ ചെന്നു കിടന്നു് ഉറങ്ങി.

പ്രഭാതേ ആത്മാനം
പൂർവ്വവത് വാനരാകൃതിം
അപശ്യത്
നേരം പുലർന്നപ്പോൾ താൻ
വാനരാകൃതിയായി മാറിയതു്
അവൾ കണ്ടു.

ഫലമൂലാദിഭിഃ സാർദ്ധം പുത്രാഭ്യാം സഹിതഃ കപിഃ
നത്വാ ചതുർമ്മുഖസ്യാഗ്രേ ഋക്ഷരാജഃ സ്ഥിതഃ സുധീഃ. 16

ഫലമൂലാദിഭിഃ സാർദ്ധം
പുത്രാഭ്യാം സഹിതഃ സുധീഃ കപിഃ
ഋക്ഷരാജഃ ചതുർമ്മുഖസ്യ
അഗ്രേ നത്വാ സ്ഥിതഃ
ഫലമൂലങ്ങൾ എടുത്തു്,
പുത്രരേയും കൂട്ടി, ബുദ്ധിശാലി
വാനരരാജൻ ബ്രഹ്മാവിന്റെ
മുന്നിൽ എത്തി വണങ്ങിനിന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതോഽബ്രവീത് സമാശ്വാസ്യ ബഹുശഃ കപികുഞ്ജരം
തത്രൈകം ദേവതാഭൂതമാഹൂയാമരസന്നിഭം. 17

തതഃ കപികുഞ്ജരം	അനന്തരം കപിവരനെ (ബ്രഹ്മാവ്)
ബഹുശഃ സമാശ്വാസ്യ	പലതരത്തിൽ സമാശ്വസിപ്പിക്കുകയു-
അമരസന്നിഭം ഏകം ദേവതാദൂതം	ണ്ടായി; മഹാനായ ഒരു ദേവദൂതനെ
തത്ര ആഹൂയ	അവിടേക്കു വിളിച്ചുവരുത്തി
അബ്രവീത്	അദ്ദേഹം ആജ്ഞാപിച്ചു.

ഗച്ഛ ദൂത മയാദിഷ്ടോ ഗൃഹീത്വാ വാനരോത്തമം
കിഷ്കിന്ധാം ദിവ്യനഗരീം നിർമ്മിതാം വിശ്വകർമ്മണാ. 18

ദൂത മയാ ആദിഷ്ടഃ	ദൂത, എന്റെ ആജ്ഞപ്രകാരം
വാനരോത്തമം ഗൃഹീത്വാ	നീ ഈ വാനരവീരനെയും കൂട്ടി,
വിശ്വകർമ്മണാ നിർമ്മിതാം	നീ വിശ്വകർമ്മാവു നിർമ്മിച്ച
ദിവ്യനഗരീം കിഷ്കിന്ധാം	ദിവ്യപുരിയിലേക്ക്, കിഷ്കിന്ധയിലേക്ക്
ഗച്ഛ	പോകണം.

സർവ്വസൗഭാഗ്യവലിതാം ദേവൈരപി ദുരാസദാം
തസ്യാം സിംഹാസനേ വീരം രാജാനം അഭിഷേചയ. 19

സർവ്വസൗഭാഗ്യവലിതാം	സകലസൗഭാഗ്യങ്ങളും തികഞ്ഞ,
ദേവൈഃ അപി ദുരാസദാം	ദേവന്മാർക്കുപോലും ദുഷ്പ്രാപമായ,
തസ്യാം സിംഹാസനേ	ആ പുരിയിലെ സിംഹാസനത്തിൽ
വീരം	ഈ വീരനെ
രാജാനം അഭിഷേചയ	രാജാവായി വാഴിക്കുകയും വേണം.

സപ്തദ്വീപഗതാഃ യേ യേ വാനരാഃ സന്തി ദുർജ്ജയാഃ
സർവ്വേ തു ഋക്ഷരാജസ്യ ഭവിഷ്യന്തി വശേഽനുഗാഃ. 20

സപ്തദ്വീപഗതാഃ ദുർജ്ജയാഃ	ഏഴു ദ്വീപിലും ദുർജ്ജയരായ
യേ യേ വാനരാഃ സന്തി	എത്രയെത്ര വാനരരുണ്ടോ,
തേ സർവ്വേ തു ഋക്ഷരാജസ്യ	അവരെല്ലാം ഈ കപിശ്രേഷ്ഠന്റെ
വശേ അനുഗാഃ	വശഗരും അനുഗാമികളും
ഭവിഷ്യന്തി	ആയിത്തീരും.

തദാ നാരായണഃ സാക്ഷാത് രാമോ ഭൂത്വാ സനാതനഃ
ഭൂഭാരാസുരനാശായ സംഭവിഷ്യതി ഭൂതലേ. 21

തദാ സർവ്വേ സഹായാർത്ഥേ തസ്യ ഗച്ഛന്തു വാനരാഃ
ഇത്യുക്തോ ബ്രഹ്മണാ ദൂതോ ദേവാനാം സമഹാമതിഃ. 22

യഥാജ്ഞപ്തസ്തഥാ ചക്രേ ബ്രഹ്മണാ തം ഹരീശ്വരം
ദേവദൂതസ്തതോ ഗത്വാ ബ്രഹ്മണേ തദ് ന്യവേദയത്. 23

തദാദി വാനരാണാം സാ കിഷ്കിന്ധാഽഭൂത് നൃപാശ്രയഃ. 24

തദാ സനാതനഃ	അന്നു്, സനാതനൻ
സാക്ഷാത് നാരായണഃ	സാക്ഷാൽ നാരായണൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂമേരാസുരനാശായ രാമഃ ഭൂത്വാ ഭൂതലേ സംഭവിഷ്യതി	ഭൂമിക്കു ഭാരമായ അസുരനെ നിഗ്ര- ഹിക്കാൻ രാമനായി ഭൂമിയിൽ അവതരിക്കും.
തദാ വാനരാഃ സർവ്വേ തസ്യ സഹായാർത്ഥേ ഗച്ഛന്തു	അപ്പോൾ വാനരർ എല്ലാം അദ്ദേഹത്തെ സഹായിക്കാൻ എത്തണം.
ബ്രഹ്മണാ ഇതി ആജ്ഞപ്തഃ മഹാമതിഃ ദേവാനാം ദൂതഃ യഥാ ഉക്തഃ തഥാ തം ഹരീശ്വരം ചക്രേ	ബ്രഹ്മാവിനാൽ ഇപ്രകാരം ആജ്ഞാപിക്കപ്പെട്ട ആ ബുദ്ധിശാലി, ദേവദൂതൻ ആജ്ഞാനുസരണം അവനെ വാനരരാജാവാക്കി.
ഗത്വാ ബ്രഹ്മണേ തദ് ന്യവേദയത് ച	മടങ്ങിച്ചെന്നു് കാര്യമെല്ലാം ബ്രഹ്മാവിനെ അറിയിക്കുകയും ചെയ്തു.
തദാദി സാ കിഷ്കിന്ധാ വാനരാണാം നൃപാശ്രയഃ അഭൂത്	അന്നുമുതൽ ആ കിഷ്കിന്ധ വാനരന്മാരുടെ രാജധാനിയായി.

സർവ്വേശ്വരഃ ത്വമേവാസീരിദാനീം ബ്രഹ്മണാർത്ഥിതഃ
ഭൂമേർഭാരോ ഹൃതഃ കൃത്സ്നസ്ത്വയാ ലീലാനൃദേഹിനാ
സർവ്വഭൂതാന്തരസ്ഥസ്യ നിത്യമുക്തചിദാത്മനഃ. 25

അഖണ്ഡാനന്ദരൂപസ്യ കിയാനേവ പരാക്രമഃ
തഥാപി വർണ്ണ്യതേ സദ്ഭിർലീലാമാനുഷരൂപിണഃ. 26

യശസ്തേ സർവ്വലോകാനാം പാപഹത്യൈ സുഖായ ച
യ ഇദം കീർത്തയേൻ മർത്ത്യോ വാലിസുഗ്രീവയോർമ്മഹത്. 27

ജന്മ ത്വദാശ്രയത്വാത് സ മുച്യതേ സർവ്വപാതകൈഃ. 28

ത്വം സർവ്വേശ്വര ഏവ ആസീഃ	നീ സർവ്വേശ്വരൻതന്നെയാകുന്നു.
ലീലാനൃദേഹിനാ ത്വയാ ഭൂമേഃ ഭാരഃ കൃത്സ്നഃ ഹൃതഃ	ലീലയാൽ മാനവദേഹം പൂണ്ട നീ ഭൂഭാരമെല്ലാം പോക്കി.
സർവ്വഭൂതാന്തരസ്ഥസ്യ നിത്യമുക്തചിദാത്മനഃ അഖണ്ഡാനന്ദരൂപസ്യ (തവ) ഏഷ കിയാൻ പരാക്രമഃ	സർവ്വഭൂതങ്ങളുടെയും അന്തരാത്മാവിൽ വസിക്കുന്നവനും നിത്യമുക്തചൈതന്യവും അഖണ്ഡാനന്ദത്തിടമ്പുമായ (നിനക്കു്) ഇതെന്തു പരാക്രമം?
തഥാപി സദ്ഭിഃ ലീലാമാനുഷരൂപിണഃ തവ യശഃ വർണ്ണ്യതേ	എങ്കിലും സത്തുക്കൾ ലീലാമാനവരൂപം പൂണ്ട നിന്റെ യശസ്സു് വർണ്ണിക്കുന്നു.
സർവ്വലോകാനാം പാപഹത്യൈ സുഖായ ച	സകലലോകരുടെയും പാപപരിഹാരത്തിനും സുഖപ്രാപ്തിക്കുമായി.
യഃ മർത്ത്യഃ ബാലിസുഗ്രീവയോഃ ഇദം മഹത് ജന്മ കീർത്തയേത് സഃ ത്വദാശ്രയത്വാത് സർവ്വപാതകൈഃ മുച്യതേ	ഏതു മനുഷ്യൻ ബാലിസുഗ്രീവന്മാരുടെ ഈ മഹത്തായ ജന്മകഥ പാടിപ്പുകഴ്ത്തുന്നു, അവൻ നിന്നെ ആശ്രയിക്കയാൽ സകലപാപങ്ങളിൽനിന്നും മുക്തനാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

അഥാന്യാം സംപ്രവക്ഷ്യാമി കഥാം രാമ ത്വദാശ്രയാം
സീതാ ഹൃതാ യദർത്ഥം സാ രാവണേന ദുരാത്മനാ. 29

രാമ ത്വദാശ്രയം	രാമ, നിന്നെ സംബന്ധിക്കുന്ന
അന്യാം കഥാം പ്രവക്ഷ്യാമി	മറ്റൊരു കഥ പറയട്ടെ.
യദർത്ഥം സാ സീതാ	എന്തിനുവേണ്ടി ആ സീതയെ
ദുരാത്മനാ രാവണേന	ദുഷ്ടരാവണൻ
ഹൃതാ	തട്ടിക്കൊണ്ടുപോയതെന്നു കേൾക്കുക.

പുരാ കൃതയുഗേ രാമ പ്രജാപതിസുതം വിഭും
സനത്കുമാരമേകാന്തേ സമാസീനം ദശാനനഃ
വിനയാവനതോ ഭൂത്വാ ഹ്യഭിവാദ്യേദമബ്രവീത്. 30

പുരാ കൃതയുഗേ	പണ്ടു കൃതയുഗത്തിൽ
പ്രജാപതിസുതം വിഭും	പ്രജാപതിപുത്രൻ, പ്രഭു,
സനത്കുമാരം ഏകാന്തേ	സനത്കുമാരൻ ഏകാന്തതയിൽ
സമാസീനം ദശാനനഃ	ഇരിക്കവേ രാവണൻ
വിനയാവനതഃ ഭൂത്വാ	വിനയപൂർവ്വം (അദ്ദേഹത്തെ)
അഭിവാദ്യ	അഭിവാദനംചെയ്തു്
ഇദം അബ്രവീത്	ഇങ്ങനെ ചോദിച്ചു:

കോന്വസ്മിൻ പ്രവരോ ലോകേ ദേവാനാം ബലവത്തരഃ
ദേവാശ്ച യം സമാശ്രിത്യ യുദ്ധേ ശത്രും ജയന്തി ഹി. 31

അസ്മിൻ ലോകേ ബലവത്തരഃ	ഈ ലോകത്തിൽ അതിപ്രബലനായ
ദേവാനാം പ്രവരഃ കഃ നു	ദേവശ്രേഷ്ഠൻ ആരാണ്?
ദേവാഃ ച യം സമാശ്രിത്യ	ദേവന്മാർപോലും ആരെ ആശ്രയിച്ചാണ്
യുദ്ധേ ശത്രും ജയന്തി	സമരത്തിൽ ശത്രുവിനെ ജയിക്കുന്നതു്?

കം യജന്തി ദ്വിജാ നിത്യം കം ധ്യായന്തി ച യോഗിനഃ
ഏതൻമേ ശംസ ഭഗവൻ പ്രശ്നം പ്രശ്നവിദാം വര. 32

കം ദ്വിജാ	ആരെ (ഉദ്ദേശിച്ച്) ബ്രാഹ്മണർ
യജന്തി	യാഗംചെയ്യുന്നു?
കം നിത്യം യോഗിനഃ	ആരെയാണ് യോഗികൾ
ധ്യായന്തി	സദാ ധ്യാനിക്കുന്നതു്?
ഭഗവൻ പ്രശ്നവിദാം	ഭഗവൻ, നീ പ്രശ്നവേദികളിൽ
വരഃ അസി	മുമ്പനാണല്ലോ.
ഏതത് പ്രശ്നം	ഈ ചോദ്യത്തിനുത്തരം
മേ ശംസ	എനിക്കു പറഞ്ഞുതരണം.

ജ്ഞാത്വാ തസ്യ ഹൃദിസ്ഥം യത്തദശേഷേണ യോഗദൃക്
ദശാനനമുവാചേദം ശൃണു വക്ഷ്യാമി പുത്രക. 33

തസ്യ ഹൃദിസ്ഥം യത്	അവന്റെ ഇംഗിതം
തദ് അശേഷേണ ജ്ഞാത്വാ	എല്ലാം മനസ്സിലാക്കിയ
യോഗദൃക്	ആ യോഗദ്രഷ്ടാവു് (സനത്കുമാരൻ)
ദശാനനം ഇദം ഉവാച	ദശമുഖനോടു് ഈവിധം അരുളി:

Digitized by Arya Samaj Foundation Chennai and eGangotri

ഭർത്താ യോ ജഗതാം നിത്യം യസ്യ ജന്മാദികം ന ഹി
സുരാസുരൈർനതോ നിത്യം ഹരിർനാരായണോഽവ്യയഃ. 34

യഃ ജഗതാം നിത്യം ഭർത്താ	ഏവൻ ജഗത്തിന്റെ നിത്യരക്ഷകൻ,
യസ്യ ജനനാദികം ന ഹി	ഏവനു ജനനാദികളില്ല,
നിത്യം സുരൈഃ നതഃ	എന്നും ദേവന്മാരാൽ നമിക്കപ്പെടുന്ന
ഹരിഃ നാരായണഃ അവ്യയഃ	ആ ഹരി, നാരായണൻ അവ്യയനാണ്.

യന്നാഭിപങ്കജാത് ജാതോ ബ്രഹ്മാ വിശ്വസൃജാം പതിഃ
സൃഷ്ടം യേനൈവ സകലം ജഗത് സ്ഥാവരജംഗമം. 35

തം സമാശ്രിത്യ വിബുധാ ജയന്തി സമരേ രിപൂൻ
യോഗിനോ ധ്യാനയോഗേന തമേവാനുജപന്തി ഹി. 36

യേന സ്ഥാവരജംഗമം	ആര് ചരാചരജഗത്
സകലം ജഗത് സൃഷ്ടം	എല്ലാം രചിച്ചു,
യന്നാഭിപങ്കജാത്	ആരുടെ നാഭികമലത്തിൽനിന്ന്
വിശ്വസൃജാം പതിഃ	ലോകസ്രഷ്ടാക്കളുടെ നാഥൻ
ബ്രഹ്മാ ജാതഃ	ബ്രഹ്മാവ് ജാതനായി,
തം സമാശ്രിത്യ	ആ (നാരായണനെ) ആശ്രയിച്ചാണ്
വിബുധാഃ	ദേവന്മാർ
സമരേ രിപൂൻ ജയന്തി	രണത്തിൽ ശത്രുക്കളെ ജയിക്കുന്നതു്.
ധ്യാനയോഗേന യോഗിനഃ	ധ്യാനയോഗത്തിലൂടെ യോഗികം
തം ഏവ അനുജപന്തി ഹി	അവന്റെ നാമം ജപിക്കുകയും ചെയ്യുന്നു.

മഹർഷേർവചനം ശ്രുത്വാ പ്രത്യുവാച ദശാനനഃ
ദൈത്യദാനവരക്ഷാംസി വിഷ്ണുനാ നിഹതാനി ച. 37

കാം വാ ഗതിം പ്രപദ്യന്തേ പ്രേത്യ തേ മുനിപുംഗവ
തമുവാച മുനിശ്രേഷ്ഠോ രാവണം രാക്ഷസാധിപം. 38

മഹർഷേഃ വചനം ശ്രുത്വാ	മഹർഷിയുടെ വചനം കേട്ട്
ദശാനനഃ പ്രത്യുവാച	ദശാനനൻ ചൊല്ലി:
വിഷ്ണുനാ	വിഷ്ണുവിനാൽ
ദൈത്യദാനവരക്ഷാംസി	ദൈത്യ—ദാനവ—രാക്ഷസന്മാർ
നിഹതാനി ച	കൊല്ലപ്പെട്ടുവല്ലോ.
മുനിപുംഗവ	മുനിവര,
തേ പ്രേത്യ കാം വാ	അവർക്ക് മരണാനന്തരം
ഗതിം പ്രപദ്യന്തേ	എന്താണു ഗതി?
രാക്ഷസാധിപം തം രാവണം	രാക്ഷസാധിപതിയായ ആ രാവണനോടു്
മുനിശ്രേഷ്ഠഃ ഉവാച	മുനിശ്രേഷ്ഠൻ അരുളംചെയ്തു:

ദൈവതൈർന്നിഹതാഃ നിത്യം ഗത്വാ സ്വർഗ്ഗമനുത്തമം
ഭോഗക്ഷയേ പുനസ്തസ്മാത് ഭ്രഷ്ടാഃ ഭുമൗ ഭവന്തി തേ. 39

ദൈവതൈഃ	(സാധാരണ) ദേവന്മാരാൽ
നിഹതാഃ തേ	വധിക്കപ്പെടുന്നവർ
അനുത്തമം സ്വർഗ്ഗം ഗത്വാ	ഉത്തമമായ സ്വർഗ്ഗലോകത്തിലെത്തി
നിത്യം	നീണാൾ (ഭോഗസുഖം അനുഭവിക്കുകയും)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭോഗക്ഷയേ	ഭോഗം ക്ഷയിക്കുമ്പോൾ
തസ്മാത് ഭ്രഷ്ടാഃ	അവിടെനിന്നു ഭ്രഷ്ടരായി
ഭ്രമൗ ഭവന്തി	ഭൂമിയിൽ ജനിക്കുകയും ചെയ്യുന്നു.

പൂർവ്വാർജ്ജിതൈഃ പുണ്യപാപൈഃ മ്രിയന്തേ ചോദ്ഭവന്തി ച
വിഷ്ണുനാ യേ ഹതാസ്തേ തു പ്രാപ്നുവന്തി ഹരേർഗതിം. 40

പൂർവ്വാർജ്ജിതൈഃ പുണ്യപാപൈഃ	മുമ്പാർജ്ജിച്ച പുണ്യപാപങ്ങളനുസരിച്ച്
മ്രിയന്തേ ച ഉദ്ഭവന്തി ച	മരിക്കുന്നു, ജനിക്കുന്നു.
വിഷ്ണുനാ യേ ഹതാഃ തേ തു	വിഷ്ണുവിനാൽ കൊല്ലപ്പെട്ടവർ
ഹരേഃ ഗതിം പ്രാപ്നുവന്തി	വിഷ്ണുപദം പൂകും.

ശ്രുത്വാ മുനിമുഖാത് സർവ്വം രാവണോ ഹൃഷ്ടമാനസഃ
യോത്സ്യേഽഹം ഹരിണാ സാർദ്ധം ഇതി
ചിന്താപരോഽഭവത്. 41

മുനിമുഖാത് സർവ്വം ശ്രുത്വാ	മുനിമുഖത്തുനിന്ന് എല്ലാം കേട്ട്
രാവണഃ ഹൃഷ്ടമാനസഃ അഭവത്	രാവണൻ സന്തുഷ്ടചിത്തനായി.
അഹം ഹരിണാ സാർദ്ധം	ഞാൻ വിഷ്ണുവിനെതിരേ
യോത്സ്യേ ഇതി	പടപൊരുതും എന്ന്
ചിന്താപരഃ അഭവത്	നിശ്ചയിച്ചുറച്ചു.

മനഃസ്ഥിതിം പരിജ്ഞായ രാവണസ്യ മഹാമുനിഃ
ഉവാച വത്സ, തേഽഭീഷ്ടം ഭവിഷ്യതി ന സംശയഃ. 42

രാവണസ്യ മനഃസ്ഥിതിം	രാവണന്റെ മനോഗതം
പരിജ്ഞായ മഹാമുനിഃ ഉവാച	ശരിക്കറിഞ്ഞ മാമുനി അരുളി:
വത്സ തേ അഭീഷ്ടം ഭവിഷ്യതി	കുഞ്ഞേ, നിന്റെ അഭീഷ്ടം നിറവേറും,
സംശയഃ ന	സംശയം വേണ്ട.

കിഞ്ചിത്കാലം പ്രതീക്ഷസ്വ സുഖീഭവ ദശാനന
ഏവമുക്ത്വാ മഹാബാഹോ മുനിഃ പുനരുവാച തം. 43

ദശാനന, സുഖീഭവ	ദശവദന, സുഖമായിരിക്കൂ.
കിഞ്ചിത്കാലം പ്രതീക്ഷസ്വ	അല്പനാൾ കാക്കുക.
മഹാബാഹോ രാമ	മഹാബാഹോ രാമ,
ഏവം ഉക്ത്വാ മുനിഃ	ഇത്രയും പറഞ്ഞതിനുശേഷം മുനി
പുനഃ തം ഉവാച	തുടർന്ന് അരുളി:

തസ്യ സ്വരൂപം വക്ഷ്യാമി ഹ്യരൂപസ്യാപി മായിനഃ
സ്ഥാവരേഷു ച സർവ്വേഷു നദേഷു ച നദീഷു ച. 44

അരൂപസ്യ മായിനഃ അപി	അരൂപനും മായാമയനുമെങ്കിലും
തസ്യ സ്വരൂപം	ആ വിഷ്ണുവിന്റെ തനിരൂപം
വക്ഷ്യാമി	(നിനക്കു ഞാൻ) ചൊല്ലിത്തരാം.
സർവ്വേഷു സ്ഥാവരേഷു	സകലസ്ഥാവരങ്ങളിലും
നദീഷു നദേഷു ച	നദീ—നദങ്ങളിൽപ്പോലും
(സഃ വർത്തതേ)	(അവൻ വർത്തിക്കുന്നുണ്ട്).

ഓംകാരശ്ചൈവ സത്യം ച സാവിത്രീ പൃഥിവീ ച സഃ
സമസ്തജഗദാധാരഃ ശേഷരൂപധരോ ഹി സഃ. 45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓംകാരഃ ച സത്യം ച ഏവ	ഓംകാരം, സത്യം എല്ലാം അവൻതന്നെ.
സഃ ഏവ സാവിത്രീ	അവനാണ് സാവിത്രിയും
പൃഥിവീ ച	പൃഥിവിയും.
സമസ്തജഗദാധാരഃ	ജഗത്തിനെല്ലാം ആധാരമായ
ശേഷരൂപധരഃ	ശേഷരൂപനും (അനന്തൻ)
സഃ ഹി	അവൻതന്നെ.

സർവ്വേ ദേവാഃ സമുദ്രാശ്ച കാലഃ സൂര്യശ്ച ചന്ദ്രമാഃ
സൂര്യോദയോ ദിവാരാത്രീ യമശ്ചൈവ തഥാനിലഃ. 46

അഗ്നിരിന്ദ്രസ്തഥാ മൃത്യുഃ പർജ്ജന്യോ വസവസ്തഥാ
ബ്രഹ്മാ രുദ്രാദയശ്ചൈവ യേ ചാന്യേ ദേവദാനവാഃ. 47

സർവ്വേ ദേവാഃ സമുദ്രാഃ	അഖിലദേവന്മാർ, അലകടലുകൾ,
കാലഃ സൂര്യഃ ചന്ദ്രമാഃ ച	കാലം, സൂര്യചന്ദ്രന്മാർ,
സൂര്യോദയഃ ദിവാരാത്രീ	സൂര്യോദയം, ദിനരാത്രങ്ങൾ,
യമഃ തഥാ അനിലഃ ച ഏവ	യമൻ, വായു,
അഗ്നിഃ ഇന്ദ്രഃ തഥാ മൃത്യുഃ	തീയ്, ഇന്ദ്രൻ, മരണം,
പർജ്ജന്യഃ തഥാ വസവഃ	മേഘം, വസുക്കൾ,
ബ്രഹ്മാ രുദ്രാദയഃ ച ഏവ	ബ്രഹ്മാവ്, രുദ്രന്മാർ ഇവരും
യേ ച അന്യേ ദേവദാനവാഃ	മററു ദേവദാനവന്മാരും
(തസ്യ രൂപാഃ)	എല്ലാം അവൻെറ രൂപങ്ങൾ തന്നെ.

വിദ്യോതതേ ജ്വലത്യേവ പാതി ചാത്തീതി വിശ്വകൃത്
ക്രീഡാം കരോത്യവ്യയാത്മാ സോയം വിഷ്ണുഃ സനാതനഃ. 48

വിശ്വകൃത് സഃ	ലോകസ്രഷ്ടാവായ അവൻ
വിദ്യോതതേ	വിദ്യുത്തായി വിളങ്ങുന്നു.
ജ്വലതി	ജ്വലിക്കുന്നു (അവൻ അഗ്നിയാണ്)
പാതി	രക്ഷിക്കുന്നു (അവൻതന്നെ വിഷ്ണു)
അത്തി	ഭക്ഷിക്കുന്നു (അവൻ രുദ്രൻ).
സനാതനഃ അവ്യയാത്മാ	ആ സനാതനൻ, അവ്യയൻ
സഃ അയം വിഷ്ണുഃ	വിഷ്ണു (വിശ്വത്തിൽ)
ക്രീഡാം കരോതി	കേളിചെയ്യുന്നു.

തേന സർവ്വമിദം വ്യാപ്തം ത്രൈലോക്യം സചരാചരം
നീലോത്പലദളശ്യാമോ വിദ്യുത്‌വർണ്ണാംബരാവൃതഃ. 49

സചരാചരം	ചര—അചരമായ
ഇദം ത്രൈലോക്യം	ഈ ത്രൈലോക്യമെല്ലാം
സർവ്വം തേന വ്യാപ്തം	അവനാൽ വ്യാപ്തമത്രേ.
സഃ നീലോത്പലദള—	അവൻ നീലത്താമരദളംപോലെ
ശ്യാമഃ	കറുത്തവൻ.
വിദ്യുദ്വർണ്ണാംബരാവൃതഃ	മിന്നൽനിറമാന്ന ആടയണിഞ്ഞവൻ.

ശുദ്ധജാംബൂനദപ്രഖ്യാം ശ്രിയം വാമാങ്കസംസ്ഥിതാം
സദാനപായിനീം ദേവീം പശ്യന്നാലിംഗ്യ തിഷ്ഠതി. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനപായിനീം	അനശ്വരയും
വാമാങ്കസംസ്ഥിതാം	ഇടത്തുവശം ചേന്നിരിക്കുന്നവളും
ശുദ്ധജാംബൂനദപ്രഖ്യാം	കനകകാന്തി ചിന്തുന്നവളുമായ
ശ്രിയാം ദേവീം പശ്യൻ	ശ്രീദേവിയെ കടാക്ഷിച്ചും
ആലിംഗ്യ	പുണന്നും
തിഷ്ഠതി	അവൻ സ്ഥിതിചെയ്യുകയാണ്.

ദ്രഷ്ടും ന ശക്യതേ കൈശ്ചിത് ദേവദാനവപന്നഗൈഃ
യസ്യ പ്രസാദം കുരുതേ സ ചൈനം ദ്രഷ്ടുമർഹതി. 51

ദേവദാനവപന്നഗൈഃ	ദേവ—ദാനവ—നാഗന്മാക്ക്
കൈശ്ചിത് ദ്രഷ്ടും	ആക്കും (അവനെ) ദശിക്കാൻ
ന ശക്യതേ	സാദ്ധ്യമല്ല.
യസ്യ പ്രസാദം കുരുതേ	ആരിൽ അവൻ കനിയുന്നുവോ,
സഃ ഏനം ദ്രഷ്ടും അർഹതി	അവനേ ഭഗവാനെ കാണാൻ പററൂ.

ന ച യജ്ഞതപോഭിർവാ ന ദാനാധ്യയനാദിഭിഃ
ശക്യതേ ഭഗവാൻ ദ്രഷ്ടും ഉപായൈരിതരൈരപി. 52

യജ്ഞതപോഭിഃ വാ	യജ്ഞതപസ്സുകളാലോ
ദാനാധ്യയനാദിഭിഃ	ദാന—അധ്യയനാദികളാലോ
ഇതരൈഃ ഉപായൈഃ	മററുപാധികളാലോ
അപി ഭഗവാൻ ദ്രഷ്ടും	ഭഗവാനെ ദശിക്കുക
ന ശക്യതേ	സാദ്ധ്യമല്ല.

തദ്ഭക്തൈഃ തദ്ഗതപ്രാണൈഃ തച്ചിത്തൈർധൂതകല്മഷൈഃ
ശക്യതേ ഭഗവാൻ വിഷ്ണുർവേദാന്താമലദൃഷ്ടിഭിഃ. 53

തദ്ഗതപ്രാണൈഃ	അവനിൽ ജീവനപ്പിച്ച,
തച്ചിത്തൈഃ	അവനിൽ ചിത്തമൂന്നിയ,
ധൂതകല്മഷൈഃ	പാപക്കറയററ,
വേദാന്താമലദൃഷ്ടിഭിഃ	വേദാന്തചിന്തയാൽ വിശുദ്ധദൃഷ്ടി നേടിയ
തദ്ഭക്തൈഃ ഏവ	അവന്റെ ഭക്തക്ക മാത്രമേ
ഭഗവാൻ വിഷ്ണുഃ	ഭഗവാൻ വിഷ്ണുവിനെ
(ദ്രഷ്ടും) ശക്യതേ	ദശിക്കാൻ കഴിയൂ.

അഥവാ ദ്രഷ്ടുമിച്ഛാ തേ ശൃണു ത്വം പരമേശ്വരം
ത്രേതായുഗേ സ ദേവേശോ ഭവിതാ നൃപവിഗ്രഹഃ. 54

ഹിതാർത്ഥം ദേവമർത്ത്യാനാം ഇക്ഷ്വാകൂണാം കുലേ ഹരിഃ
രാമോ ദാശരഥിർഭൂത്വാ മഹാസത്വപരാക്രമഃ. 55

അഥവാ (യദി) പരമേശ്വരം	പക്ഷേ, ആ പരമപുരുഷനെ
ദ്രഷ്ടും തേ ഇച്ഛാ (തഹി)	ദശിക്കാൻ നിനക്കു് ആഗ്രഹമുണ്ടെങ്കിൽ
ത്വം ശൃണു	കേൾക്കുക:
മഹാസത്വപരാക്രമഃ	മഹാപരാക്രമിയായ
സഃ ദേവേശഃ ഹരിഃ രാമഃ	ആ ദേവേശൻ, ഹരി, രാമൻ,
ദേവമർത്ത്യാനാം ഹിതാർത്ഥം	ദേവ—മാനവ രക്ഷ ലാക്കാക്കി
ഇക്ഷ്വാകൂണാം കുലേ	ഇക്ഷ്വാകുവംശത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൃപവിഗ്രഹഃ ദാശരഥി	നൃപദേഹം കൈക്കൊണ്ട് ദാശരഥി
രാമഃ ഭൂത്വാ ഭവിതാ	രാമനായി അവതരിക്കും.

പിതുർനിയോഗാത് സ ഭ്രാത്രാ ഭാര്യയാ ദണ്ഡകേ വനേ
വിചരിഷ്യതി ധർമ്മാത്മാ ജഗന്മാത്രാ സ്വമായയാ. 56

പിതുഃ നിയോഗാത്	പിതാവിന്റെ ആജ്ഞപ്രകാരം
സഃ ധർമ്മാത്മാ ഭ്രാത്രാ	ആ ധർമ്മാത്മാവ്, സോദരനോടും
ജഗന്മാത്രാ സ്വമായയാ	ജഗന്മാതാവും സ്വമായയുമായ
ഭാര്യയാ	ഭാര്യയോടുംകൂടി
ദണ്ഡകേ വനേ വിചരിഷ്യതി	ദണ്ഡകവനത്തിൽ സഞ്ചരിക്കും.

ഏവം തേ സർവ്വമാഖ്യാതം മയാ രാവണ വിസ്തരാത്
ഭജസ്വ ഭക്തിഭാവേന സദാ രാമം ശ്രിയാ യുതം. 57

രാവണ ഏവം മയാ	രാവണ, ഇങ്ങനെ ഞാൻ
തേ സർവ്വം വിസ്തരാത്	നിന്നോടു സകലതും വിസ്തരിച്ച്
ആഖ്യാതം	ഉപപാദിച്ചു.
ശ്രിയാ യുതം രാമം	സീതാസമേതനായ രാമനെ
ഭക്തിഭാവേന സദാ ഭജസ്വ	ഭക്തിയോടെ സദാ ഭജിച്ചുകൊൾക.

അഗസ്ത്യ ഉവാച: അഗസ്ത്യൻ അരുളി

ഏവം ശ്രുത്വാഽസുരാധ്യക്ഷോ ധ്യാത്വാ കിഞ്ചിത് വിചാര്യ ച
ത്വയാ സഹ വിരോധേപ്സുഃ മുമുദേ രാവണോ മഹാൻ. 58

ഏവം ശ്രുത്വാ	ഇതു കേട്ട്
അസുരാധ്യക്ഷഃ	അസുരാധിപൻ,
മഹാൻ രാവണഃ	പ്രബലൻ, രാവണൻ
കിഞ്ചിത് ധ്യാത്വാ	കുറഞ്ഞൊന്നു ചിന്തിച്ച്
വിചാര്യ	ആലോചിക്കുകയും
ത്വയാ സഹ വിരോധേപ്സുഃ	നിന്നെ എതിർക്കാൻ തീരുമാനിച്ച്
മുമുദേ ച	സന്തോഷിക്കുകയും ചെയ്തു.

യുദ്ധാർത്ഥീ സർവ്വതോ ലോകാൻ പര്യടൻ സമവസ്ഥിതഃ
ഏതദർത്ഥം മഹാരാജ രാവണോഽതീവബുദ്ധിമാൻ
ഹൃതവാൻ ജാനകീം ദേവീം ത്വയാത്മവധകാംക്ഷയാ. 59

യുദ്ധാർത്ഥീ ലോകാൻ സർവ്വതഃ	ഏറ്റുമുട്ടൽ തേടി ലോകമെല്ലാം
പര്യടൻ സമവസ്ഥിതഃ	ചുററിക്കഴിഞ്ഞുകൂടി.
മഹാരാജ ഏതദർത്ഥം	മഹാരാജാവേ, ഇതിനായാണ്,
ത്വയാ ആത്മവധകാംക്ഷയാ	നിന്നാൽ സ്വവധം കാംക്ഷിച്ച
അതീവബുദ്ധിമാൻ രാവണഃ	അതിബുദ്ധിമാൻ രാവണൻ
ജാനകീം ദേവീം ഹൃതവാൻ	ജാനകീദേവിയെ അപഹരിച്ചതു്.

ഇമാം കഥാം യഃ ശൃണുയാത് പഠേദ് വാ
സംശ്രാവയേദ് വാ ശ്രവണാർത്ഥിനാം സദാ
ആയുഷ്യമാരോഗ്യമനന്തസൗഖ്യം
പ്രാപ്നോതി ലാഭം ധനമക്ഷയം ച. 60

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഃ ഇമാം കഥാം ശൃണുയാത്	ആരു് ഈ കഥ കേൾക്കുകയോ
പഠേത് വാ	വായിക്കുകയോ
ശ്രവണാർത്ഥിനാം	കേൾക്കാൻ താൽപര്യമുള്ളവരെ
സദാ സംശ്രാവയേത് വാ	സദാ കേൾപ്പിക്കുകയോ ചെയ്യുന്നു,
സഃ ആയുഷ്യം	അവൻ ദീർഘായുസ്സും
ആരോഗ്യം അനന്തസൗഖ്യം	ആരോഗ്യവും അസീമസൗഖ്യവും
പ്രാപ്നോതി	നേടും.
ലാഭം അക്ഷയം ധനം	ലാഭവും അക്ഷയ ധനവും
ച പ്രാപ്നോതി	ആർജ്ജിക്കുകയുംചെയ്യും.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ തൃതീയഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം മൂന്നാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം നാലു്

രാമരാജ്യം—സീതാവനവാസം

ശ്രീമഹാദേവ ഉവാച: പരമശിവൻ അരുളി

ഏകദാ ബ്രഹ്മണോ ലോകാദായാന്തം നാരദം മുനിം
പര്യടൻ രാവണോ ലോകാൻ ദൃഷ്ട്വാ നത്വാബ്രവീദ് വചഃ. 1

ഹേ ദേവി ലോകാൻ	ഹേ ദേവി, ലോകങ്ങളിലെല്ലാം
പര്യടൻ രാവണഃ ഏകദാ	ചുററിനടന്ന രാവണൻ ഒരിക്കൽ
ബ്രഹ്മണഃ ലോകാത്	ബ്രഹ്മലോകത്തുനിന്നു
ആയാന്തം നാരദം മുനിം ദൃഷ്ട്വാ	വരുന്ന നാരദമുനിയെ കണ്ടു
നത്വാ വചഃ അബ്രവീത്	വന്ദിച്ച് ഇങ്ങനെ അറിയിച്ചു:

ഭഗവൻ ബ്രൂഹി മേ യോദ്ധും കുത്ര സന്തി മഹാബലാഃ
യോദ്ധുമിച്ഛാമി ബലിഭിഃ ത്വം ജ്ഞാതാസി ജഗത്ത്രയം. 2

ഭഗവൻ ജഗത്ത്രയം	ഭഗവൻ, നീ മൂന്നു ലോകവും
ജ്ഞാതാ അസി	അറിയുന്നവനാണല്ലോ.
മേ യോദ്ധും	എനിക്കു് ഏററുമുട്ടാൻ പററിയ
മഹാബലാഃ	മഹാബലന്മാർ
കുത്ര സന്തി ബ്രൂഹി	എവിടെയുണ്ടു് എന്നു പറഞ്ഞാലും.
ബലിഭിഃ യോദ്ധും	ശക്തരോടു പൊരുതാൻ
ഇച്ഛാമി	ഞാൻ ആഗ്രഹിക്കുന്നു.

മുനിർധ്യാത്വാഹ സുചിരം ശ്വേതദ്വീപനിവാസിനഃ
മഹാബലാഃ മഹാകായാഃ തത്ര യാഹി മഹാമതേ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുനിഃ സുചിരം ധ്യാത്വാ	മുനി ഏറെനേരം ആലോചിച്ച്
ആഹ	മറുപടിനല്കി:
ശ്വേതദ്വീപനിവാസിനഃ	ശ്വേതദ്വീപവാസികൾ
മഹാകായാഃ മഹാബലാഃ	ഭീമകായരാണ്, പ്രബലരുമാണ്;
മഹാമതേ	മഹാമതേ രാവണ,
തത്ര യാഹി	അങ്ങോട്ടു ചെല്ലുക.

വിഷ്ണുപൂജാരതാ യേ വൈ വിഷ്ണുനാ നിഹതാശ്ച യേ
ത ഏവ തത്ര സംജാതാ അജേയാശ്ച സുരാസുരൈഃ. 4

യേ വൈ വിഷ്ണുപൂജാരതാഃ	വിഷ്ണുപൂജയിൽ തൽപരർ,
യേ വിഷ്ണുനാ നിഹതാഃ ച	വിഷ്ണുവിനാൽ വധിക്കപ്പെട്ടവർ,
തേ ഏവ തത്ര സംജാതാഃ	അവരാണ് അവിടെ ജനിച്ചിരിക്കുന്നതു്.
സുരാസുരൈഃ	ദേവന്മാർക്കും അസുരന്മാർക്കും
അജേയാഃ ച	അവരെ കീഴടക്കാൻ സാദ്ധ്യമല്ല.

ശ്രുത്വാ തദ് രാവണോ വേഗാത് മന്ത്രിഭിഃ പുഷ്പകേണ താൻ
യോദ്ധുകാമഃ സമാഗതഃ ശ്വേതദ്വീപസമീപതഃ. 5

തത് ശ്രുത്വാ രാവണഃ	അതു കേട്ട് രാവണൻ
താൻ യോദ്ധുകാമഃ	അവരോടു സമരംചെയ്യാനുറച്ച്
മന്ത്രിഭിഃ പുഷ്പകേണ ച	മന്ത്രിമാരേയും കൂട്ടി പുഷ്പകമാർഗ്ഗം
ശ്വേതദ്വീപസമീപതഃ സമാഗതഃ	ശ്വേതദ്വീപിന്റെ അടുത്തെത്തി.

തത്പ്രഭാഹതതേജസ്കം പുഷ്പകം നാചലത്തതഃ
ത്യക്ത്വാ വിമാനം പ്രയയൗ മന്ത്രിണശ്ച ദശാനനഃ. 6

തത്പ്രഭാഹത—	ആ ദ്വീപിന്റെ പ്രഭയാൽ
തേജസ്കം പുഷ്പകം	നിസ്തേജമാക്കപ്പെട്ട പുഷ്പകവിമാനം
തതഃ ന അചലത്	അവിടെനിന്ന് ഇളകിയില്ല.
വിമാനം മന്ത്രിണഃ ച	വിമാനത്തേയും മന്ത്രിമാരേയും
ത്യക്ത്വാ ദശാനനഃ	വിട്ട് രാവണൻ
പ്രയയൗ	(ഒറ്റയ്ക്ക്) മുന്നോട്ടു പോയി.

പ്രവിശന്നേവ തദ്ദ്വീപം ധൃതോ ഹസ്തേന യോഷിതാ
പൃഷ്ടശ്ച ത്വം കുതഃ കോऽസി പ്രേഷിതഃ കേന വാ വദ. 7

തദ്ദ്വീപം പ്രവിശൻ ഏവ	ആ ദ്വീപിലേക്കു കടന്നപ്പോൾത്തന്നെ
യോഷിതാ ഹസ്തേന ധൃതഃ	ഒരു സ്ത്രീ (അവന്റെ) കൈ പിടിച്ചു
പൃഷ്ടഃ ച	ചോദിച്ചു:
കഃ അസി ത്വം കുതഃ	ആരാണു നീ, എവിടെനിന്നു വരുന്നു?
വദ കേന വാ	പറയൂ, ആരാണ് നിന്നെ
പ്രേഷിതഃ അസി	ഇങ്ങോട്ട് അയച്ചതു്?

ഇത്യുക്തോ ലീലയാ സ്ത്രീഭിഃ ഹസന്തീഭിഃ പുനഃ പുനഃ
കൃച്ഛ്റാത് ഹസ്താത് വിനിർമ്മുക്തഃ താസാം സ്ത്രീണാം ദശാനനഃ.

ലീലയാ ഹസന്തീഭിഃ സ്ത്രീഭിഃ	കളിച്ചു ചിരിക്കുന്ന പെണ്ണുങ്ങൾ
ഇതി പുനഃ പുനഃ ഉക്തഃ	ഇങ്ങനെ പലവട്ടം ചോദ്യമായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താസാം സ്ത്രീണാം ഹസ്താത്	ആ വനിതകളുടെ കരങ്ങളിൽനിന്ന്
ശോനനഃ കൃച്ഛ്റാത് വിനിർമ്മുക്തഃ	രാവണൻ കഷ്ടിച്ചാണ് രക്ഷപ്പെട്ടത്.

ആശ്ചര്യമതുലം ലബ്ധ്വാ ചിന്തയാമാസ ദുർമ്മതിഃ
വിഷ്ണുനാ നിഹതോ യാമി വൈകുണ്ഠമിതി നിശ്ചിതഃ. 9

അതുലം ആശ്ചര്യം ലബ്ധ്വാ	അതുലമായ ആശ്ചര്യത്തോടെ
ദുർമ്മതിഃ ചിന്തയാമാസ	ആ ദുർബുദ്ധി ആലോചിച്ചു:
വിഷ്ണുനാ നിഹതഃ	വിഷ്ണുവിന്റെ കൈകൊണ്ടു കൊല്ലപ്പെട്ടാൽ
(അഹം) വൈകുണ്ഠം യാമി	എനിക്കു വൈകുണ്ഠം പൂകാമെന്ന്
ഇതി നിശ്ചിതഃ	തീർച്ച.

മയി വിഷ്ണുർയഥാ കുപ്യേത് തഥാ കാര്യം കരോമ്യഹം
ഇതി നിശ്ചിത്യ വൈദേഹീം ജഹാര വിപിനേഽസുരഃ. 10

യഥാ വിഷ്ണുഃ	എന്തുചെയ്താൽ വിഷ്ണു
മയി കുപ്യേത്	എന്നോടു കോപിക്കുമോ,
തഥാ കാര്യം കരോമി	അത്തരം കാര്യം ഞാൻ ചെയ്യും
ഇതി നിശ്ചിത്യ	എന്നു നിശ്ചയിച്ച്
അസുരഃ	ആ അസുരൻ
വിപിനേ വൈദേഹീം	കാട്ടിൽനിന്നു് വൈദേഹിയെ
ജഹാര	തട്ടിക്കൊണ്ടുപോയി.

ജാനന്നേവ പരാത്മാനം സ ജഹാരാവനീസുതാം
മാതൃവത് പാലയാമാസ ത്വത്തഃ കാംക്ഷൻ വധം സ്വകം. 11

ത്വാം പരാത്മാനം	നിന്നെ പരമാത്മാവെന്ന്
ജാനൻ ഏവ	അറിഞ്ഞുകൊണ്ടുതന്നെ,
ത്വത്തഃ സ്വകം വധം കാംക്ഷൻ	നിന്നിൽനിന്നു സ്വവധം കാംക്ഷിച്ച്
സഃ അവനീസുതാം ജഹാര	അവൻ ഭൂപുത്രിയെ അപഹരിച്ചു,
മാതൃവത് പാലയാമാസ	മാതാവിനെപ്പോലെ പരിപാലിച്ചു.

രാമ ത്വം പരമേശ്വരോഽസി സകലം
ജാനാസി വിജ്ഞാനദൃക്
ഭൂതം ഭവ്യമിദം ത്രികാലകലനാ—
സാക്ഷീ വികല്പോജ്ഝിതഃ
ഭക്താനാമനുവർത്തനായ സകലാം
കുർവ്വൻ ക്രിയാ സംഹതിം
ത്വം ശൃണ്വൻ മനുജാകൃതിർമുനിവചോ
ഭാസീശ ലോകാർച്ചിതഃ. 12

രാമ ത്വം പരമേശ്വരഃ അസി	രാമ, നീ പരമേശ്വരനാണ്.
വിജ്ഞാനദൃക്	വിജ്ഞാനദൃഷ്ടിയാണ്.
ഭൂതം ഭവ്യം ഇദം	ഭൂത—ഭാവി—വർത്തമാനം
സകലം ജാനാസി	എല്ലാം നിനക്കറിയാം.
ത്രികാലകലനാ—	മൂന്നു കാലങ്ങളിലെയും സംഭവങ്ങൾക്ക്
സാക്ഷീ	നീ സാക്ഷി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വികല്പോജ്ഝിതഃ	നിനക്കു വികല്പമില്ല.
ഭക്താനാം അനുവർത്തനായ	ഭക്തക്കു വഴികാട്ടാൻ
സകലാം ക്രിയാസംഹതിം കുർവ്വൻ	സകലകർമ്മങ്ങളും നീ ചെയ്യുന്നു.
ലോകാർച്ചിതഃ	ലോകാരാധ്യനെങ്കിലും
മനുജാകൃതിഃ	മനുജരൂപം പൂണ്ട്
മുനിവചഃ	മുനിമാരുടെ വചനം
ശൃണ്വൻ	കേൾക്കുന്നവനെപ്പോലെ
ഈശ ത്വം ഭാസി	ഭഗവൻ, നീ വിളങ്ങുന്നു.

സ്തുത്വൈവം രാഘവം തേന പൂജിതഃ കുംഭസംഭവഃ
സ്വാശ്രമം മുനിഭിഃ സാർദ്ധം പ്രയയൗ ഹൃഷ്ടമാനസഃ. 13

ഏവം രാഘവം സ്തുത്വാ	ഇപ്രകാരം രാമനെ വാഴ്ത്തി,
തേന പൂജിതഃ കുംഭസംഭവഃ	അദ്ദേഹത്താൽ പൂജിക്കപ്പെട്ട അഗസ്ത്യൻ
ഹൃഷ്ടമാനസഃ മുനിഭിഃ സാർദ്ധം	സന്തുഷ്ടമനസ്സനായി, മുനിമാരെയും കൂട്ടി
സ്വാശ്രമം പ്രയയൗ	തൻെറ ആശ്രമത്തിലേക്കു മടങ്ങി.

രാമസ്തു സീതയാ സാർദ്ധം ഭ്രാതൃഭിഃ സഹ മന്ത്രിഭിഃ
സംസാരീവ രമാനാഥോ രമമാണോഽവസത് ഗൃഹേ. 14

സീതയാ സാർദ്ധം ഭ്രാതൃഭിഃ സഹ	സീത, സഹോദരർ, മന്ത്രിമാർ
രമമാണഃ	ഇവരോടു ചേർന്ന് സസന്തോഷം
രമാനാഥഃ രാമഃ	രമാപതി രാമൻ
സംസാരീ ഇവ	സാധാരണക്കാരനെപ്പോലെയാണ്
ഗൃഹേ അവസത്	വീട്ടിൽ കഴിഞ്ഞുകൂടിയതു്.

അനാസക്തോഽപി വിഷയാൻ ബുഭുജേ പ്രിയയാ സഹ
ഹനുമദ് പ്രമുഖൈഃ സദ്ഭിർ വാനരൈഃ പരിവേഷ്ടിതഃ. 15

അനാസക്തഃ അപി	സ്വയം തൽപരനല്ലെങ്കിലും
പ്രിയയാ സഹ	പ്രിയയോടു ചേർന്ന്
വിഷയാൻ ബുഭുജേ	വിഷയസുഖങ്ങൾ ഭുജിച്ചു.
ഹനുമദ്പ്രമുഖൈഃ സദ്ഭിഃ	ഹനുമാൻ തുടങ്ങിയ പ്രമുഖ–
വാനരൈഃ പരിവേഷ്ടിതഃ	വാനരരാൽ പരിസേവിതനായി
	നാൾപോക്കി.

പുഷ്പകം ചാഗമദ് രാമമേകദാ പൂർവ്വവത് പ്രഭുഃ
പ്രാഹ ദേവ കുബേരേണ പ്രേഷിതഃ ത്വാമഹം തതഃ. 16

ഏകദാ പുഷ്പകം പൂർവ്വവത്	ഒരിക്കൽ പുഷ്പകം പതിവുപോലെ
പ്രഭും രാമം അഗമത്	ഭഗവാൻ രാമൻെറ അരികിലെത്തി,
പ്രാഹ, ദേവ കുബേരേണ	അറിയിച്ചു: ഭഗവൻ, കുബേരൻ
തതഃ അഹം	വീണ്ടും എന്നെ
ത്വാം പ്രേഷിതഃ	നിൻെറ അടുക്കലേക്ക് അയച്ചിരിക്ക–
	യാണ്.

ജിതം ത്വാം രാവണേനാദൗ പശ്ചാദ് രാമേണ നിർജ്ജിതഃ
അതസ്ത്വം രാഘവം നിത്യം വഹ യാവദ് വസേദ് ഭുവി. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദൗ ത്വം രാവണേന ജിതഃ	'ആദ്യം നിന്നെ രാവണൻ കീഴടക്കി.
പശ്ചാത് രാമേണ നിർജ്ജിതഃ	പിന്നെ രാമൻ പിടിച്ചെടുത്തു.
അതഃ യാവത്	ആകയാൽ അദ്ദേഹം
ഭുവി വസേത്	ഭൂമിയിൽ ഉള്ള നാംവരെ
ത്വം നിത്യം	നീ എന്നും
രാഘവം വഹ	രാമനെ വഹിച്ചുകൊൾക.'
	(ഇതാണ് കുബേരനിർദ്ദേശം)

യദാ ഗച്ഛേത് രഘുശ്രേഷ്ഠോ വൈകുണ്ഠം യാഹി മാം തദാ
തച്ഛ്രുത്വാ രാഘവഃ പ്രാഹ പുഷ്പകം സൂര്യസന്നിഭം. 18

രഘുശ്രേഷ്ഠഃ	രഘുവരൻ
യദാ വൈകുണ്ഠം ഗച്ഛേത്	വൈകുണ്ഠത്തേക്കു പോകുമ്പോൾ
തദാ മാം യാഹി	എന്റെ സമീപത്തേക്കു പോരണം.
തത് ശ്രുത്വാ രാഘവഃ	അതു കേട്ടപ്പോൾ രാമൻ
സൂര്യസന്നിഭം	സൂര്യനെപ്പോലെ തിളങ്ങുന്ന
പുഷ്പകം പ്രാഹ	പുഷ്പകത്തോട് ആജ്ഞാപിച്ചു:

യദാ സ്മരാമി ഭദ്രം തേ തദാ ഗച്ഛ മമാന്തികം
തിഷ്ഠാന്തർദ്ധായ സർവ്വത്ര ഗച്ഛേദാനീം മമാജ്ഞയാ. 19

തേ ഭദ്രം	നിനക്കു നന്മവരട്ടെ.
യദാ സ്മരാമി തദാ	ഞാൻ സ്മരിക്കുമ്പോൾ
മമ അന്തികം ആഗച്ഛ	എന്നരികിൽ വരണം.
സർവ്വത്ര അന്തർദ്ധായ തിഷ്ഠ	സർവ്വത്ര അദൃശ്യനായി നിലകൊള്ളുക.
ഇദാനീം മമ ആജ്ഞയാ	ഇപ്പോൾ എന്റെ ആജ്ഞാനുസരണം
ഗച്ഛ	പോകാം.

ഇത്യുക്ത്വാ രാമചന്ദ്രോപി പൗരകാര്യാണി സർവ്വശഃ
ഭ്രാതൃഭിഃ മന്ത്രിഭിഃ സാർദ്ധം യഥാ ന്യായം ചകാര സഃ. 20

ഇതി ഉക്ത്വാ സഃ	ഇങ്ങനെ അരുളിയതിനുശേഷം
രാമചന്ദ്രഃ അപി ഭ്രാതൃഭിഃ	രാമചന്ദ്രൻ സോദരന്മാം
മന്ത്രിഭിഃ സാർദ്ധം	മന്ത്രിമാരുമൊത്ത്
പൗരകാര്യാണി സർവ്വശഃ	പൗരകാര്യങ്ങൾ എല്ലാം
യഥാന്യായം ചകാര	യഥാന്യായം നിർവ്വഹിച്ചു.

രാഘവേ ശാസതി ഭുവം ലോകനാഥേ രമാപതൗ
വസുധാ സസ്യസമ്പന്നാ ഫലവന്തശ്ച ഭൂരുഹാഃ. 21

ലോകനാഥേ രമാപതൗ	ലോകനാഥൻ ലക്ഷ്മീപതി
രാഘവേ ഭുവം ശാസതി	രാമൻ നാടുവാഴുന്നകാലത്ത്
വസുധാ സസ്യസമ്പന്നാ	ഭൂമി സസ്യസമൃദ്ധയായി.
ഭൂരുഹാഃ ഫലവന്തഃ ച	വൃക്ഷങ്ങളിൽ ഫലം നിറഞ്ഞു.

ജനാഃ ധർമ്മപരാഃ സർവ്വേ പതിഭക്തിപരാഃ സ്ത്രിയഃ
നാപശ്യത് പുത്രമരണം കശ്ചിത് രാജനി രാഘവേ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവേ രാജനി	രാമൻ രാജാവായിരിക്കുമ്പോൾ
സർവ്വേ ജനാഃ	സകലജനങ്ങളും
ധർമ്മപരാഃ	ധർമ്മനിഷ്ഠ പുലർത്തി.
സ്ത്രിയഃ പതിഭക്തിപരാഃ	സ്ത്രീകൾ പതിഭക്തിയുള്ളവർ.
പുത്രമരണം കശ്ചിത്	പുത്രമരണം ഒരുവനും
ന അപശ്യത്	കാണേണ്ടിവന്നില്ല.

സമാരുഹ്യ വിമാനാഗ്ര്യം രാഘവഃ സീതയാ സഹ
വാനരൈഃ ഭ്രാതൃഭിഃ സാർദ്ധം സംചചാരാവനിം പ്രഭുഃ. 23

സീതയാ സഹ	സീതയും
വാനരൈഃ ഭ്രാതൃഭിഃ സാർദ്ധം	വാനരരും ഭ്രാതാക്കളുമൊത്തു്
വിമാനാഗ്ര്യം സമാരുഹ്യ	ഉത്തമവിമാനത്തിലേറി
പ്രഭുഃ രാഘവഃ	പ്രഭു ശ്രീരാമചന്ദ്രൻ
അവനീം സംചചാര	ഭൂമിയിൽ സഞ്ചരിച്ചു.

അമാനുഷാണി കാര്യാണി ചകാര ബഹുശോ ഭുവി
ബ്രാഹ്മണസ്യ സുതം ദൃഷ്ട്വാ ബാലം മൃതമകാലതഃ. 24

ശോചന്തം ബ്രാഹ്മണം ചാപി ജ്ഞാത്വാ രാമോ മഹാമതിഃ
തപസ്യന്തം വനേ ശൂദ്രം ഹത്വാ ബ്രാഹ്മണബാലകം. 25

ജീവയാമാസ ശൂദ്രസ്യ ദദൗ സ്വർഗ്ഗമനുത്തമം
ലോകാനാം ഉപദേശാർത്ഥം പരമാത്മാ രഘൂത്തമഃ. 26

കോടിശഃ സ്ഥാപയാമാസ ശിവലിംഗാനി സർവ്വശഃ
സീതാം ച രമയാമാസ സർവ്വഭോഗൈഃ അമാനുഷൈഃ. 27

അമാനുഷാണി കാര്യാണി	അമാനുഷകാര്യങ്ങൾ പലതും
ബഹുശഃ ഭുവി ചകാര	ലോകത്തിൽ നിറവേററി.
അകാലതഃ മൃതം	അകാലചരമം പ്രാപിച്ച
ബ്രാഹ്മണസ്യ സുതം ദൃഷ്ട്വാ	ബ്രാഹ്മണപുത്രനെ കണ്ടു്
ബ്രാഹ്മണം ശോചന്തം ച അപി	ബ്രാഹ്മണൻ വളരെ ദുഃഖിക്കുന്നു
ജ്ഞാത്വാ മഹാമതിഃ രാമഃ	എന്നറിഞ്ഞ മഹാമതി രാമൻ,
വനേ തപസ്യന്തം	കാട്ടിൽ തപസ്സനുഷ്ഠിച്ചപോന്ന
ശൂദ്രം ഹത്വാ	ശൂദ്രനെ കൊന്നു്
ബ്രാഹ്മണബാലകം ജീവയാമാസ	ബ്രാഹ്മണകുമാരനെ ജീവിപ്പിച്ചു.
ശൂദ്രസ്യ അനുത്തമം	ശൂദ്രനു് മഹത്തമമായ
സ്വർഗ്ഗം ദദൗ	സ്വർഗ്ഗം നല്കി.
ലോകാനാം ഉപദേശാർത്ഥം	ലോകോപകാരാർത്ഥം
രഘൂത്തമഃ പരമാത്മാ	രാമപരമാത്മാവു്
സർവ്വശഃ കോടിശഃ	നാടാകെ കോടികോടി
ശിവലിംഗാനി സ്ഥാപയാമാസ	ശിവലിംഗങ്ങൾ സ്ഥാപിച്ചു.
അമാനുഷൈഃ	അമാനുഷങ്ങളായ
സർവ്വഭോഗൈഃ	സകല ഭോഗസുഖങ്ങളും നല്കി
സീതാം രമയാമാസ ച	സീതയെ ആനന്ദിപ്പിക്കുകയും ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശശാസ രാമോ ധർമ്മേണ രാജ്യം പരമധർമ്മവിദ്
കഥാം സംസ്ഥാപയാമാസ സർവ്വലോകമലാപഹാം. 28

പരമധർമ്മവിദ് രാമഃ ധർമ്മേണ രാജ്യം ശശാസ	പരമധർമ്മജ്ഞൻ രാമൻ ധർമ്മനിഷ്ഠയോടെയാണ് രാജ്യം ഭരിച്ചത്.
സർവ്വലോകമലാപഹാം കഥാം സംസ്ഥാപയാമാസ	സകലലോകങ്ങളുടെയും പാപം ഹരിക്കുന്ന (തന്റെ) കഥ, ചരിതം, ശാശ്വതമായി നിലനിർത്തി.

ദശവർഷസഹസ്രാണി മായാമാനുഷവിഗ്രഹഃ
ചകാര രാജ്യം വിധിവത് ലോകവന്ദ്യപദാംബുജഃ. 29

ലോകവന്ദ്യപദാംബുജഃ മായാമാനുഷവിഗ്രഹഃ രാമഃ ദശവർഷസഹസ്രാണി വിധിവത് രാജ്യം ചകാര	ലോകാരാധ്യമായ പദാംബുജമുള്ള മായാമാനുഷരൂപൻ രാമൻ പതിനായിരം സംവത്സരക്കാലം വിധിപൂർവ്വം നാടു വാണു.

ഏകപത്നീവ്രതോ രാമോ രാജർഷിഃ സർവ്വദാ ശുചിഃ
ഗൃഹമേധീയമഖിലം ആചരൻ ശിക്ഷയൻ ജനാൻ. 30

രാജർഷിഃ രാമഃ ഏകപത്നീവ്രതഃ (ആസീത്) സർവ്വദാ ശുചിഃ	രാജർഷി രാമൻ ഏകപത്നീവ്രതക്കാരൻ ആയിരുന്നു. സദാ വിശുദ്ധൻ.
ജനാൻ ശിക്ഷയൻ അഖിലം ഗൃഹമേധീയം ആചരൻ	ജനങ്ങളെ പ്രബുദ്ധരാക്കാൻ സകല ഗൃഹസ്ഥധർമ്മങ്ങളും നിറവേററുന്നവൻ.

സീതാ പ്രേമ്ണാനുവൃത്ത്യാ ച പ്രശ്രയേണ ദമേന ച
ഭർത്തുർമ്മനോഹരാ സാധ്വീ ഭാവജ്ഞാ സാ ഹ്രിയാ ഭിയാ. 31

പ്രേമ്ണാ അനുവൃത്ത്യാ പ്രശ്രയേണ ദമേന ഹ്രിയാ ഭിയാ ച ഭർത്തുഃ ഭാവജ്ഞാ മനോഹരാ സാധ്വീ സീതാ (അവർത്തത)	പ്രേമം, അനുസരണം, വിനയം, ഇന്ദ്രിയദമനം, ലജ്ജ, ഭയം ഇവയാൽ സ്വഭർത്താവിന്റെ ഹിതമറിഞ്ഞും മനംകവർന്നും സാധ്വി സീത ജീവിച്ചുപോന്നു.

ഏകദാ ക്രീഡാവിപിനേ സർവ്വഭോഗസമന്വിതേ
ഏകാന്തേ ദിവ്യഭവനേ സുഖാസീനം രഘൂത്തമം. 32

നീലമാണിക്യസംകാശം ദിവ്യാഭരണഭൂഷിതം
പ്രസന്നവദനം ശാന്തം വിദ്യുത്പുംജനിഭാംബരം. 33

സീതാകമലപത്രാക്ഷീ സർവ്വാഭരണഭൂഷിതാ
രാമമാഹ കരാഭ്യാം സാ ലാളയന്തീ പദാംബുജേ. 34

നീലമാണിക്യസംകാശം ദിവ്യാഭരണഭൂഷിതം പ്രസന്നവദനം ശാന്തം	നീലമാണിക്യംപോലെ തിളങ്ങുന്നവനും ദിവ്യാഭരണങ്ങളും ധരിച്ചവനും പ്രസന്നവദനനും ശാന്തനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യുത്പുഞ്ജനിഭാംബരം	മിന്നൽപ്പിണരിനോടൊത്ത ഉടയാട അണിഞ്ഞവനും
ക്രീഡാവിപിനേ	ക്രീഡാവനത്തിൽ
സർവ്വഭോഗസമന്വിതേ	സർവ്വസുഖങ്ങളും തികഞ്ഞ
ദിവ്യഭവനേ ഏകാന്തേ	ദിവ്യഭവനത്തിൽ ഏകാന്തതയിൽ
സുഖാസീനം രഘൂത്തമം	സുഖപൂർവ്വം ഇരിക്കുന്നവനുമായ
രാമം	രഘുവരനോട്
സർവ്വാഭരണഭൂഷിതാ	സർവ്വാഭരണഭൂഷിത,
കമലപത്രാക്ഷീ സാ സീതാ	താമരയിതഴക്കണ്ണി സീത
പദാംബുജേ ലാളയന്തീ	കാൽ തടവിക്കൊണ്ട്
ആഹ	ഇപ്രകാരം ഉണർത്തിച്ചു:

ദേവദേവ ജഗന്നാഥ പരമാത്മൻ സനാതന
ചിദാനന്ദാദിമധ്യാന്തരഹിതാശേഷകാരണ. 35

ദേവ ദേവാഃ സമാസാദ്യ മാമേകാന്തേഽബ്രുവൻ വചഃ
ബഹുശോഽർത്ഥയമാനാസ്തേ വൈകുണ്ഠഗമനം പ്രതി. 36

ദേവദേവ ജഗന്നാഥ	ദേവദേവ, ജഗന്നാഥ,
സനാതന പരമാത്മൻ	സനാതനനായ പരമാത്മാവേ,
ചിദാനന്ദ ആദിമധ്യാന്തരഹിത	ചിദാനന്ദ, ആദിമധ്യാന്തമില്ലാത്തവനേ,
അശേഷകാരണ ദേവ	സകലകാരണനു ഭഗവാനേ,
ദേവാഃ മാം സമാസാദ്യ	ദേവന്മാർ എന്നെ സമീപിച്ച്
ഏകാന്തേ വചനം	രഹസ്യമായി (ഒരു കാര്യം)
അബ്രുവൻ	അറിയിക്കുകയുണ്ടായി.
തേ വൈകുണ്ഠഗമനം പ്രതി	അങ്ങ് വൈകുണ്ഠത്തിലേക്കു മടങ്ങണമെ-
ബഹുശഃ	ന്ന് അവർ പലപ്രാവശ്യം
അർത്ഥയമാനാ	അഭ്യർത്ഥിച്ചു.

ത്വയാ സമേതോ ചിച്ഛക്ത്യാ രാമസ്തിഷ്ഠതി ഭൂതലേ
വിസൃജ്യാസ്മാൻ സ്വകം ധാമ വൈകുണ്ഠം ച സനാതനം. 37

സനാതനം സ്വകം ധാമ	സനാതനമായ സ്വസ്ഥാനം
വൈകുണ്ഠം	വൈകുണ്ഠം വിട്ട് (സേവകരായ)
അസ്മാൻ ച വിസൃജ്യ	ഞങ്ങളെയും വെടിഞ്ഞ്
ചിച്ഛക്ത്യാ ത്വയാ സമേതഃ	ചേതനശക്തിയായ നിന്നോടൊത്ത്
ഭൂതലേ തിഷ്ഠതി രാമഃ	ഭൂമിയിൽ കഴിയുകയാണ് രാമൻ.

ആസ്തേ ത്വയാ ജഗദ്ധാത്രി, രാമഃ കമലലോചനഃ
അഗ്രതോ യാഹി വൈകുണ്ഠം ത്വം തഥാ ചേദ് രഘൂത്തമഃ. 38

ആഗമിഷ്യതി വൈകുണ്ഠം സനാഥാന്നഃ കരിഷ്യതി
ഇതി വിജ്ഞാപിതാഹം തൈർമയാ വിജ്ഞാപിതോ
ഭവാൻ. 39

ജഗദ്ധാത്രി	ജഗന്മാതാവേ,
കമലലോചനഃ രാമഃ	കമലനയനൻ രാമൻ
ത്വയാ (സഹ) ആസ്തേ	നിന്നോടുകൂടിയാണല്ലോ വസിക്കുന്നത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം അഗ്രതഃ വൈകുണ്ഠം	നീ മുന്നാലെ വൈകുണ്ഠത്തിലേക്കു
യാഹി ചേത് തഥാ	മടങ്ങിപ്പോകുമെങ്കിൽ
രഘൂത്തമഃ വൈകുണ്ഠം ആഗമിഷ്യതി	രഘുവരനും അങ്ങോട്ടു പോരും.
നഃ സനാഥാൻ കരിഷ്യതി	ഞങ്ങളെ സനാഥരാക്കും.
തൈഃ അഹം ഇതി	അവർ എന്നെ ഇങ്ങനെ
വിജ്ഞാപിതാ	അറിയിച്ചു.
മയാ ഭവാൻ	ഞാൻ അങ്ങയെ
വിജ്ഞാപിതഃ	(വിവരം) അറിയിക്കുകയാണു്.

യദ് യുക്തം തത് കുരുഷ്വാദ്യ നാഹമാജ്ഞാപയേ പ്രഭോ
സീതായാസ്തദ് വചഃ ശ്രുത്വാ രാമോ ധ്യാത്വാഽബ്രവീത് ക്ഷണം. 40

പ്രഭോ അഹം ന ആജ്ഞാപയേ	പ്രഭോ, ഞാൻ ആജ്ഞാപിക്കുകയല്ല.
അദ്യ യുക്തം യത്	ഇപ്പോൾ യുക്തമെന്തോ
തത് കുരുഷ്വ	അതു ചെയ്താലും.
സീതായാഃ തദ് വചഃ	സീതയുടെ ആ വചനം
ശ്രുത്വാ രാമഃ ക്ഷണം	കേട്ട രാമൻ അല്പനേരം
ധ്യാത്വാ അബ്രവീത്	ആലോചിച്ചു് അരുളി:

ദേവി ജാനാമി സകലം തത്രോപായം വദാമി തേ
കല്പയിത്വാ മിഷം ദേവി ലോകവാദം ത്വദാശ്രയം. 41

ത്യജാമി ത്വാം വനേ ലോകവാദാത് ഭീത ഇവാപരഃ
ഭവിഷ്യതഃ കുമാരൗ ദ്വൗ വാല്മീകേരാശ്രമാന്തികേ. 42

ദേവി സകലം ജാനാമി	ദേവി, സകലതും എനിക്കറിയാം.
തത്ര ഉപായം	അതിനൊരു ഉപായം
തേ വദാമി	നിന്നോടു പറയുകയാണു്.
ത്വദാശ്രയം മിഷം ലോകാപവാദം	നിന്നെ സംബന്ധിക്കുന്ന ഒരു മിഥ്യാ-
കല്പയിത്വാ	പവാദം കണക്കിലെടുത്തു്
ലോകവാദാത് ഭീതഃ	അപവാദഭീതനായ
അപര ഇവ	സാധാരണപുരുഷനെപ്പോലെ
ത്വാം വനേ ത്യജാമി	ഞാൻ നിന്നെ വനത്തിൽ വെടിയും.
വാല്മീകേഃ ആശ്രമാന്തികേ	വാല്മീകിയുടെ ആശ്രമസമീപത്തിൽ
ദ്വൗ കുമാരൗ ഭവിഷ്യതഃ	നിനക്കു രണ്ടു കുമാരന്മാർ പിറക്കും.

ഇദാനീം ദൃശ്യതേ ഗർഭഃ പുനരാഗത്യ മേഽന്തികം
ലോകാനാം പ്രത്യയാർത്ഥം ത്വം കൃത്വാ ശപഥമാദരാത്. 43

ഭൂമേർവ്വിവരമാത്രേണ വൈകുണ്ഠം യാസ്യസി ദ്രുതം
പശ്ചാദഹം ഗമിഷ്യാമി ഏഷ ഏവ സുനിശ്ചയഃ. 44

ഇദാനീം ഗർഭഃ	ഇപ്പോൾ (നിന്നിൽ) ഗർഭലക്ഷണം
ദൃശ്യതേ	കാണാനുണ്ടു്.
പുനഃ മേ അന്തികം ആഗത്യ	പ്രസവാനന്തരം എന്നരികിൽ എത്തുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകാനാം പ്രത്യയാർത്ഥം	ലോകരെ ബോധ്യപ്പെടുത്താൻ
ആദരാത് ശപഥം കൃത്വാ	ആദരപൂർവ്വം ശപഥംചെയ്ത്
ഭൂമേഃ വിവരമാർഗ്ഗേണ	ഭൂമിയുടെ വിടവിലൂടെ
ദ്രുതം ത്വം	പെട്ടെന്നു നീ
വൈകുണ്ഠം യാസ്യസി	വൈകുണ്ഠത്തിലേക്കു പൊയ്ക്കൊള്ളണം.
പശ്ചാദ് അഹം ഗമിഷ്യാമി	പിന്നാലെ ഞാനും പോരാം.
ഏഷ ഏവ സുനിശ്ചയഃ	ഇതുതന്നെ തീരുമാനം.

ഇത്യുക്ത്വാ താം വിസൃജ്യാഥ രാമോ ജ്ഞാനൈകലക്ഷണഃ
മന്ത്രിഭിഃ മന്ത്രതത്ത്വജ്ഞൈഃ ബലമുഖ്യൈശ്ച സംവൃതഃ. 45

തത്രോപവിഷ്ടം ശ്രീരാമം സുഹൃദഃ പര്യുപാസത
ഹാസ്യപ്രൗഢകഥാസുജ്ഞാ ഹാസയന്തഃ സ്ഥിതാഃ ഹരിം. 46

ജ്ഞാനൈകലക്ഷണഃ രാമഃ	ജ്ഞാനസ്വരൂപൻ രാമൻ
ഇതി ഉക്ത്വാ	ഇത്രയും അരുളി
താം വിസൃജ്യ	സീതയെ വിട്ടുപോന്നു.
അഥ മന്ത്രജ്ഞൈഃ മന്ത്രിഭിഃ	അനന്തരം മന്ത്രജ്ഞരായ മന്ത്രിമാരാലും
ബലമുഖ്യൈഃ ച സംവൃതഃ	സേനാപതിമാരാലും പരിവൃതനായി
തത്ര ഉപവിഷ്ടം ശ്രീരാമം	അവിടെ ഇരുന്നരുളിയ ശ്രീരാമനെ
സുഹൃദഃ പര്യുപാസത	സുഹൃത്തുക്കൾ പരിചരിച്ചു.
ഹാസ്യപ്രൗഢകഥാസുജ്ഞാഃ	വിനോദകഥാപ്രവീണർ (വിദൂഷകർ)
ഹരിം ഹാസയന്തഃ സ്ഥിതാഃ	ഹരിയെ വിനോദിപ്പിച്ചു നില്പായി.

കഥാപ്രസംഗാത് പപ്രച്ഛ രാമോ വിജയനാമകം
പൗരാഃ ജാനപദാഃ മേ കിം വദന്തീഹ ശുഭാശുഭം. 47

സീതാം വാ മാതരം വാ മേ ഭ്രാതൄൻ വാ കൈകയീമഥ
ന ഭേതവ്യം ത്വയാ ബ്രൂഹി ശാപിതോഽസി മമോപരി. 48

കഥാപ്രസംഗാത് രാമഃ വിജയ- നാമകം പപ്രച്ഛ	പ്രസംഗവശാൽ രാമൻ വിജയൻ എന്ന (ദൂതനോട്) ചോദിച്ചു:
മേ സീതാം വാ മാതരം	എന്നെ, സീതയെ, അമ്മയെ,
ഭ്രാതൄൻ അഥവാ	എന്റെ സോദരരെ അഥവാ
കൈകയീം	കൈകേയിയെ ഒക്കെക്കുറിച്ച്
ഇഹ പൗരാഃ ജാനപദാഃ	ഇവിടെയുള്ള പൗരന്മാരും നാട്ടുകാരും
കിം ശുഭാശുഭം	എന്തൊക്കെ നന്മതിന്മകളാണു
വദന്തി	പറയുന്നത്?
മമ ഉപരി ശാപിതഃ അസി	എന്നെപ്പിടിച്ചു ശപഥംചെയ്യുന്നു;
ത്വയാ ന ഭേതവ്യം ബ്രൂഹി	നീ പേടിക്കേണ്ട. പറഞ്ഞുകൊള്ളുക.

ഇത്യുക്തഃ പ്രാഹ വിജയോ ദേവ സർവ്വേ വദന്തി തേ
കൃതം സുദുഷ്കരം സർവ്വം രാമേണ വിദിതാത്മനാ. 49

കിന്തു ഹത്വാ ദശഗ്രീവം സീതാമാഹൃത്യ രാഘവഃ
അമർഷം പൃഷ്ഠതഃ കൃത്വാ സ്വം വേശ്മ പ്രത്യപാദയത്. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതി ഉക്തഃ	ഇങ്ങനെ ചോദിക്കപ്പെട്ട
വിജയഃ പ്രാഹ: ദേവ	വിജയൻ മറുപടി നല്കി: ദേവ,
സർവ്വേ തേ വദന്തി	സകലരും നിന്നെ പുകഴ്ത്തി പറയുന്നു.
വിദിതാത്മനാ രാമേണ	ആത്മജ്ഞാനി രാമൻ
കൃതം സർവ്വം സുദുഷ്കരം	ചെയ്തതെല്ലാം തികച്ചും ദുഷ്കരം.
കിന്തു ദശഗ്രീവം ഹത്വാ	പക്ഷേ, രാവണനെ വധിച്ച്
സീതാം ആഹൃത്യ	സീതയെ വീണ്ടെടുത്തപ്പോഴും
അമർഷം പൃഷ്ഠതഃ കൃത്വാ	അസഹ്യഭാവം വെടിഞ്ഞ്
സ്വവേശ്മ	തന്റെ വീട്ടിൽ (അവളെ വീണ്ടും)
പ്രത്യപാദയത്	പ്രവേശിപ്പിച്ചുകളഞ്ഞു.

കീദൃശം ഹൃദയേ തസ്യ സീതാസംഭോഗജം സുഖം
യാ ഹൃതാ വിജനേഽരണ്യേ രാവണേന ദുരാത്മനാ. 51

ദുരാത്മനാ രാവണേന	ദുഷ്ടരാവണൻ
വിജനേ അരണ്യേ	വിജനവനത്തിൽനിന്നു
യാ ഹൃതാ	തട്ടിക്കൊണ്ടുപോയ ആ
സീതാസംഭോഗജം	സീതയുമായുള്ള സഹവാസത്തിൽനിന്നു്
തസ്യ ഹൃദയേ	അദ്ദേഹത്തിന്റെ മനസ്സിനു
കീദൃശം സുഖം	എന്തു സുഖമാണു ലഭിക്കുക?

അസ്മാകമപി ദുഷ്കൃത്യം യോഷിതാം മർഷണം ഭവേത്
യാദൃക് ഭവതി വൈ രാജാ താദൃശ്യോ നിയതം പ്രജാഃ. 52

അസ്മാകം യോഷിതാം അപി	നമ്മുടെ പെണ്ണുങ്ങളുടേയും
ദുഷ്കൃത്യ മർഷണം ഭവേത്	ദുഷ്കൃത്യം ഇനി ക്ഷമിച്ചേ പറ്റൂ.
രാജാ യാദൃക് ഭവതി പ്രജാഃ	രാജാവ് ഏതുപ്രകാരമോ പ്രജകളും
നിയതം താദൃശ്യഃ	തീർച്ചയും അപ്രകാരമായിരിക്കുമല്ലോ.

ശ്രുത്വാ തദ്വചനം രാമഃ സ്വജനാൻ പര്യപൃച്ഛത
തേപി നത്വാഽബ്രുവൻ രാമം ഏവം ഏതന്നസംശയഃ. 53

തദ് വചനം ശ്രുത്വാ	അവന്റെ വചനം ശ്രവിച്ചു
രാമഃ സ്വജനാൻ	രാമൻ സ്വജനങ്ങളുടെ
അപൃച്ഛത	(അഭിപ്രായം) തേടി.
തേ അപി രാമം അബ്രുവൻ	അവരും രാമനോട് പറഞ്ഞു:
ഏതദ് ഏവം	അതു് അങ്ങനെതന്നെ.
ന സംശയഃ	സംശയം വേണ്ട.

തതോ വിസൃജ്യ സചിവാൻ വിജയം സുഹൃദസ്തഥാ
ആഹൂയ ലക്ഷ്മണം രാമോ വചനം ചേദമബ്രവീത്. 54

തതഃ സുഹൃദഃ	അനന്തരം സുഹൃത്തുക്കളെയും
സചിവാൻ	മന്ത്രിമാരെയും
തഥാ വിജയം വിസൃജ്യ	വിജയനെയും യാത്രയാക്കിയിട്ട്
ലക്ഷ്മണം ആഹൂയ	ലക്ഷ്മണനെ വിളിച്ചുവരുത്തി
രാമഃ ഇദം വചനം അബ്രവീത്	രാമൻ ഇങ്ങനെ കല്പിച്ചു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകാപവാദസ്തു മഹാൻ സീതാമാശ്രിത്യ മേഽഭവത്
സീതാം പ്രാതഃ സമാനീയ വാല്മീകേരാശ്രമാന്തികേ. 55

ത്യക്ത്വാ ശീഘ്രം രഥേന ത്വം പുനരായാഹി ലക്ഷ്മണ
വക്ഷ്യസേ യദി വാ കിഞ്ചിത് തദാ മാം ഹതവാനസി. 56

ലക്ഷ്മണ, സീതാം ആശ്രിത്യ മേ മഹാൻ ലോകാപവാദഃ അഭവത്	ലക്ഷ്മണ സീതയെ കേന്ദ്രീകരിച്ച് എനിക്ക് കടുത്ത ലോകാപവാദമാണ് വന്നിരിക്കുന്നത്.
അതഃ പ്രാതഃ സീതാം രഥേന സമാനീയ വാല്മീകേഃ ആശ്രമാന്തികേ ത്യക്ത്വാ ശീഘ്രം പുനഃ ആയാഹി	ആകയാൽ രാവിലെ സീതയെ തേരിൽ കൊണ്ടുചെന്ന് വാല്മീകിയുടെ ആശ്രമസമീപം ഉപേക്ഷിച്ചിട്ട് ഉടനടി മടങ്ങണം.
യദി കിഞ്ചിത് വക്ഷ്യസേ തദാ മാം ഹതവാൻ അസി	(മറുത്ത്) എന്തെങ്കിലും മിണ്ടിയാൽ എന്നെ കൊന്നവനാകും നീ.

ഇത്യുക്തോ ലക്ഷ്മണോ ഭീത്യാ പ്രാതരുത്ഥായ ജാനകീം
സുമന്ത്രേണ രഥേ കൃത്വാ ജഗാമ സഹസാ വനം. 57

ഇതി ഉക്തഃ ലക്ഷ്മണഃ ഭീത്യാ പ്രാതഃ ഉത്ഥായ സുമന്ത്രേണ ജാനകീം രഥേ കൃത്വാ സഹസാ വനം ജഗാമ	ഇങ്ങനെ ആജ്ഞാപിക്കപ്പെട്ട ലക്ഷ്മണൻ ഭീതിയോടെ കാലത്തെണീററ് സുമന്ത്രൻമുഖേന സീതയെ തേരിലേററി പെട്ടെന്ന കാട്ടിലേക്ക പുറപ്പെട്ടു.

വാല്മീകേരാശ്രമസ്യാന്തേ ത്യക്ത്വാ സീതാമുവാച സഃ
ലോകാപവാദഭീത്യാ ത്വാം ത്യക്തവാൻ രാഘവോ വനേ. 58

വാല്മീകേഃ ആശ്രമസ്യ അന്തേ സീതാം ത്യക്ത്വാ സഃ ഉവാച	വാല്മീകിയുടെ ആശ്രമസമീപം സീതയെ ഉപേക്ഷിച്ചിട്ട് അവൻ അറിയിച്ചു:
ലോകാപവാദഭീത്യാ ത്വാം രാഘവഃ വനേ ത്യക്തവാൻ	ലോകാപവാദഭീതിമൂലം ഭവതിയെ രാഘവൻ വനത്തിൽ ഉപേക്ഷിച്ചിരിക്കയാണ്.

ദോഷോ ന കശ്ചിൻമേ മാതർഗച്ഛാശ്രമപദം മുനേഃ
ഇത്യുക്ത്വാ ലക്ഷ്മണഃ ശീഘ്രം ഗതവാൻ രാമസന്നിധിം. 59

മാതഃ മമ കശ്ചിത് ദോഷഃ ന മുനേഃ ആശ്രമപദം ഗച്ഛ	മാതാവേ, എനിക്കിതിൽ തെല്ലുപോലും ദോഷമില്ല. മുനിയുടെ ആശ്രമത്തിലേക്ക പോയാലും.
ഇതി ഉക്ത്വാ ലക്ഷ്മണഃ ശീഘ്രം രാമസന്നിധിം ഗതവാൻ	ഇത്രയും അറിയിച്ച് ലക്ഷ്മണൻ ശീഘ്രം രാമസന്നിധിയിലേക്ക പോയി.

സീതാപി ദുഃഖസംതപ്താ വിലലാപാതി മുഗ്ദ്ധവത്
ശിഷ്യൈഃ ശ്രുത്വാ സ വാല്മീകിഃ സീതാം ജ്ഞാത്വാ സ
ദിവ്യദൃക്. 60

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർഘ്യാദിഭിഃ പൂജയിത്വാ സമാശ്വാസ്യ ച ജാനകീം
ജ്ഞാത്വാ ഭവിഷ്യം സകലമാപ്പ്യയൻ മുനിയോഷിതാം. 61

അതിദുഃഖസന്തപ്താം സീതാം അതിമുഗ്ദ്ധവത് വിലലാപ	അതിദുഃഖത്താൽ തപിച്ച സീത തീകച്ചും മോഹിതയെപ്പോലെ വിലപിച്ചു.
ശിഷ്യൈഃ ശ്രുത്വാ സഃ ദിവ്യദൃക്' വാല്മീകിഃ സീതാം ജ്ഞാത്വാ	ശിഷ്യരിലൂടെ (വാർത്ത) കേട്ട് ദിവ്യചക്ഷുസ്സ്' വാല്മീകി അതു സീതയാണെന്നു മനസ്സിലാക്കി.
ഭവിഷ്യം സകലം ജ്ഞാത്വാ അർഘ്യാദിഭിഃ പൂജയിത്വാ സമാശ്വാസ്യ ജാനകീം മുനിയോഷിതാം ആപ്പ്യയത്'	ഭവിഷ്യത്തെല്ലാം നിരൂപിച്ചതിനുശേഷം അർഘ്യാദികളാൽ പൂജിച്ച് ആശ്വസിപ്പിച്ച്' ജാനകിയെ മുനിപത്നിമാരുടെകൂടെ താമസിപ്പിക്കുകയും ചെയ്തു.

താസ്താം സംപൂജയന്തി സ്മ സീതാം ഭക്ത്യാ ദിനേ ദിനേ
ജ്ഞാത്വാ പരാത്മനോ ലക്ഷ്മീം മുനിവാക്യേന യോഷിതഃ
സേവാം ചക്രുഃ സദാ തസ്യാഃ വിനയാദിഭിരാദരാത്'. 62

മുനിവാക്യേന പരമാത്മനഃ ലക്ഷ്മീം ജ്ഞാത്വാ താഃ യോഷിതഃ താം ദിനേ ദിനേ ഭക്ത്യാ സംപൂജയന്തി സ്മ	മുനിയുടെ വാക്കുകളിൽനിന്ന്' (അവരെ) ഭഗവത്'പത്നി ലക്ഷ്മിയാണെന്നറിഞ്ഞ ആ സ്ത്രീകൾ അവളെ എന്നും ഭക്തിപൂർവ്വം പൂജിക്കുകയുണ്ടായി.
വിനയാദിഭിഃ ആദരാത്' സദാ തസ്യാഃ സേവാം ചക്രുഃ	വിനയാദികളാൽ ബഹുമാനത്തോടെ അവളെ സേവിക്കുകയുംചെയ്തു.

രാമോഽപി സീതാരഹിതഃ പരാത്മാ
വിജ്ഞാനദൃക്' കേവല ആദിദേവഃ
സംത്യജ്യ ഭോഗനഖിലാൻ വിരക്തോ
മുനിവ്രതോഽഭൂൻ മുനിസേവിതാംഘ്രിഃ. 63

ആദിദേവഃ കേവലവിജ്ഞാനദൃക്' പരാത്മാ മുനിസേവിതാംഘ്രിഃ രാമഃ	ആദിദേവനും ശുദ്ധജ്ഞാനദൃഷ്ടിയും പരമാത്മാവും മുനിപൂജിതപാദനുമാണ്' രാമൻ.
തഥാപി സീതാരഹിതഃ അഖിലാൻ ഭോഗാൻ സംത്യജ്യ വിരക്തഃ മുനിവ്രതഃ അഭൂത്'	എങ്കിലും സീതയെ പിരിഞ്ഞതോടെ സകലഭോഗങ്ങളും പരിത്യജിച്ച്' വിരക്തനായി, മുനിവ്രതംപൂണ്ടാണ്' കഴിഞ്ഞുകൂടിയത്'.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ ചതുർത്ഥഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം നാലാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം അഞ്ചു്

രാമഗീത

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

തതോ ജഗന്മംഗലമംഗലാത്മനാ
വിധായ രാമായണകീർത്തിമുത്തമാം
ചചാര പൂർവ്വാചരിതം രഘൂത്തമോ
രാജർഷിവര്യൈരഭിസേവിതം യഥാ. 1

ജഗന്മംഗലമംഗലാത്മനാ	ലോകമംഗലകരമായ ശുഭചര്യയാൽ
ഉത്തമാം രാമായണകീർത്തിം	അനുപമമായ രാമായണകീർത്തി
വിധായ രഘൂത്തമഃ	(ലോകമാകെ) പരത്തിയ രഘുവരൻ
രാജർഷിവര്യൈഃ യഥാ	രാജർഷിമുഖ്യർ
പൂർവ്വാചരിതം	മുമ്പ് ആചരിച്ച, അനുഷ്ഠിച്ച
അഭിസേവിതം	കർമ്മങ്ങൾ ചെയ്തുകൊണ്ട്
തഥാ തതഃ ചചാര	അങ്ങനെ ജീവിതം നയിച്ചു.

സൗമിത്രിണാ പൃഷ്ട ഉദാരബുദ്ധിനാ
രാമഃ കഥാഃ പ്രാഹ പുരാതനീഃ ശുഭാഃ
രാജ്ഞഃ പ്രമത്തസ്യ നൃഗസ്യ ശാപതോ
ദ്വിജസ്യ തിര്യക്ത്വമഥാഹ രാഘവഃ. 2

ഉദാരബുദ്ധിനാ സൗമിത്രിണാ	ഉദാരമതിയായ ലക്ഷ്മണൻ
പൃഷ്ടഃ രാമഃ	ചോദിച്ചതനുസരിച്ച് രാമൻ
പുരാതനീഃ ശുഭാഃ കഥാഃ	പഴയ ശുഭകഥകൾ (പലതും)
പ്രാഹ	പറയുകയുണ്ടായി.
പ്രമത്തസ്യ നൃഗസ്യ രാജ്ഞഃ	ഗർവ്വിഷ്ഠനായ നൃഗരാജാവ്
ദ്വിജസ്യ ശാപതഃ	ബ്രാഹ്മണശാപംമൂലം
തിര്യക്ത്വം അഥ	തിര്യക്കായ കഥയും പിന്നെ
രാഘവഃ ആഹ	രാമൻ വിവരിച്ചു.

കദാചിദേകാന്ത ഉപസ്ഥിതം പ്രഭും
രാമം രമാലാളിതപാദപങ്കജം
സൗമിത്രിരാസാദിത ശുദ്ധഭാവനഃ
പ്രണമ്യ ഭക്ത്യാ വിനയാന്വിതോഽബ്രവീത്. 3

രമാലാളിത—	ലക്ഷ്മീദേവിയാൽ ലാളിക്കപ്പെടുന്ന
പാദപങ്കജം	പാദപങ്കജങ്ങളുള്ള,
ഏകാന്തേ ഉപസ്ഥിതം	ഏകനായി ഇരുന്നരുളിയ,
പ്രഭും രാമം ആസാദിത	ഭഗവാൻ രാമചന്ദ്രനെ സമീപിച്ച്
ഭക്തിഭാവനഃ സൗമിത്രിഃ	വിശുദ്ധചിത്തൻ ലക്ഷ്മണൻ
ഭക്ത്യാ പ്രണമ്യ വിനയാന്വിതഃ	ഭക്ത്യാദരപൂർവ്വം പ്രണമിച്ച്
ഏകദാ അബ്രവീത്	ഒരിക്കൽ ഇങ്ങനെ അറിയിച്ചു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം ശുദ്ധബോധോഽസി ഹി സർവ്വദേഹിനാം
ആത്മാസ്യധീശോസി നിരാകൃതിഃ സ്വയം
പ്രതീയസേ ജ്ഞാനദൃശാം മഹാമതേ
പാദാബ്ജഭൃംഗാഹിതസംഗസംഗിനാം. 4

മഹാമതേ ശുദ്ധബോധഃ അസി ത്വം മഹാമതേ, വിശുദ്ധജ്ഞാനമാകുന്നു നീ.

സർവ്വദേഹിനാം	ദേഹധാരികളുടെയെല്ലാം
ആത്മാ അസി	ആത്മാവ് നീയാണ്.
അധീശഃ അസി	അധിപനും നീതന്നെ.
സ്വയം നിരാകൃതിഃ	(അതേസമയം) സ്വയം നിരാകാരൻ.
പാദാബ്ജഭൃംഗാഹിത-	നിന്റെ കാൽത്താരിൽ വണ്ടുപോലെ
സംഗസംഗിനാം	ചേർന്നിരിക്കുന്ന ഭക്തരോട് സമ്പർക്കമുള്ള
ജ്ഞാനദൃശാം പ്രതീയസേ	ജ്ഞാനദൃഷ്ടികൾക്കേ നിന്നെ അറിയാ- നാവൂ.

അഹം പ്രപന്നോഽസ്മി പദാംബുജം പ്രഭോ
ഭവാപവർഗ്ഗം തവ യോഗിഭാവിതം
യഥാഞ്ജസാ ജ്ഞാനമപാരവാരിധിം
സുഖം തരിഷ്യാമി തഥാനുശാധി മാം. 5

യോഗിഭാവിതം	യോഗികൾ ധ്യാനിക്കുന്നതും
ഭവാപവർഗ്ഗം	ജന്മമോക്ഷങ്ങൾക്കു ഹേതുകവുമായ
തവ പദാംബുജം	നിന്റെ പാദപദ്മത്തിൽ
പ്രഭോ, അഹം പ്രപന്നഃ അസ്മി	ഭഗവൻ, ഞാനിതാ ശരണം പ്രാപിക്കുന്നു.
അജ്ഞാനം അപാരവാരിധിം	അജ്ഞാനമാകുന്ന കരകാണാക്കടൽ
യഥാ തരിഷ്യാമി തഥാ	കടക്കാൻ കഴിയുമാറ്
മാം അനുശാധി	എനിക്ക് ഉപദേശം നല്കേണമേ.

ശ്രുത്വാഥ സൗമിത്രിവചോഖിലം തദാ
പ്രാഹ പ്രപന്നാർത്തിഹരഃ പ്രസന്നധീഃ
വിജ്ഞാനമജ്ഞാനതമഃ പ്രശാന്തയേ
ശ്രുതിപ്രപന്നം ക്ഷിതിപാലഭൂഷണഃ. 6

സൗമിത്രിവചഃ അഖിലം	സൗമിത്രിയുടെ വചനമെല്ലാം
ശ്രുത്വാ അഥ പ്രസന്നധീഃ	ശ്രവിച്ചതിനുശേഷം പ്രസന്നചിത്തൻ,
പ്രപന്നാർത്തിഹരഃ	ശരണാഗതരുടെ താപഹാരി,
ക്ഷിതിപാലഭൂഷണഃ	രാജശ്രേഷ്ഠൻ (ശ്രീരാമൻ)
അജ്ഞാനതമഃ പ്രശാന്തയേ	(ലക്ഷ്മണന്റെ) അജ്ഞാനാന്ധകാരം ശമി-
ശ്രുതിപ്രപന്നം വിജ്ഞാനം	പ്പിക്കാൻ വേദാന്തസാരിയായ വിജ്ഞാനം
പ്രാഹ	വിശദീകരിച്ചു.

ആദൗ സ്വവർണ്ണാശ്രമവർണ്ണിതാഃ ക്രിയാഃ
കൃത്വാ സമാസാദിതശുദ്ധമാനസഃ
സമാപ്യ തത് പൂർവ്വമുപാത്തസാധനഃ
സമാശ്രയേത് സദ്ഗുരുമാത്മലബ്ധയേ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദൗ സ്വവർണ്ണാശ്രമ–
വർണ്ണിതാഃ ക്രിയാഃ കൃത്വാ
സമാസാദിത ശുദ്ധമനസഃ
ഉപാത്ത സാധനഃ

ആദ്യം അവനവന്റെ വർണ്ണാശ്രമത്തിൽ
നിർദ്ദേശിച്ച കർമ്മങ്ങളെ അനുഷ്ഠിച്ച്
ചിത്തശുദ്ധി നേടുക.
(ശമദമാദികളെ) ആർജ്ജിക്കുക.

തത് പൂർവ്വം
സമാപ്യ

(പിന്നെ) വർണ്ണാശ്രമകർമ്മങ്ങളെ
കൈവെടിയുക.

ആത്മലബ്ധയേ
സദ്ഗുരും
സമാശ്രയേത്

ആത്മജ്ഞാനത്തിനായി
സദ്ഗുരുവിനെ
ശരണംപ്രാപിക്കുകയും ചെയ്യുക.

ക്രിയാ ശരീരോദ്ഭവഹേതുരാദൃതാ
പ്രിയാപ്രിയൗ തൗ ഭവതഃ സുരാഗിണഃ
ധർമ്മേതരൗ തത്ര പുനഃ ശരീരകം
പുനഃക്രിയാ ചക്രവദീര്യതേ ഭവഃ. 8

ശരീരോദ്ഭവഹേതുഃ
ക്രിയാ ആദൃതാ

ദേഹാന്തരപ്രാപ്തിക്കുള്ള ഉപാധി
എന്ന നിലയിൽ കർമ്മത്തിനു മഹത്ത്വമുണ്ട്.

സുരാഗിണഃ
പ്രിയാപ്രിയൗ തൗ

പ്രതിപത്തിയുള്ളവന്
പ്രിയത്തിനും അപ്രിയത്തിനും (ധർമ്മാ–
ധർമ്മങ്ങളാകുന്ന്)

ഭവതഃ

അവ (ദേഹവും കർമ്മവും) ഉതകും.

ധർമ്മേ തരൗ തത്ര
പുനഃ ശരീരകം

ധർമ്മത്തിൽനിന്നു വ്യതിചലിച്ചാൽ
വീണ്ടും ശരീരം പേറണം.

പുനഃ ക്രിയാഃ
ഭവഃ ചക്രവത് ഈര്യതേ

വീണ്ടും കർമ്മം (ആവർത്തിക്കുന്നു)
സംസാരം ചക്രംപോലെ തിരിയുന്നു.

അജ്ഞാനമേവാസ്യ ഹി മൂലകാരണം
തദ്ധാനമേവാത്ര വിധൗ വിധീയതേ
വിദ്യൈവ തന്നാശവിധൗ പടീയസീ
ന കർമ്മ തജ്ജം സവിരോധമീരിതം. 9

അസ്യ മൂലകാരണം
അജ്ഞാനം ഏവ

ഈ ജഗത്തിന്റെ മൂലകാരണം
അജ്ഞാനംതന്നെ.

അത്ര വിധൗ തദ്
ഹാനം ഏവ
വിധീയതേ

ഇതേപ്പററിയുള്ള വിധിയിൽ (വേദവാക്യ–
ങ്ങളിൽ) സംസാരപരിഹാരമാണ്
വിധിക്കപ്പെട്ടിരുന്നത്.

വിദ്യാ ഏവ
തന്നാശവിധൗ പടീയസീ

വിദ്യ (ജ്ഞാനം) മാത്രമാണ്
സംസാരനാശത്തിനു സമർത്ഥം.

തജ്ജം കർമ്മ
സവിരോധം
ന ഈരിതം

സംസാരജനിതമായ കർമ്മം
അതിനെ പരിഹരിക്കയില്ല
എന്നു ശ്രുതിവചനം.

നാജ്ഞാനഹാനിർ ന ച രാഗസംക്ഷയോ
ഭവേത്തതഃ കർമ്മ സദോഷമുദ്ഭവേത്.
തതഃ പുനഃ സംസൃതിരപ്യവാരിതാ
തസ്മാദ് ബുധോ ജ്ഞാനവിചാരവാൻ ഭവേത്. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജ്ഞാനഹാനിഃ രാഗസംക്ഷയഃ	അജ്ഞാനത്തിന്റ ഹാനിയോ ആസക്തിക്ഷയമോ
ച തതഃ ന ഭവേത്	(സകാമ)കർമ്മത്താൽ ഭവിക്കുകയില്ല.
സദോഷകർമ്മ സമുദ്ഭവേത്	ദോഷമുള്ള കർമ്മം ഉണ്ടാവുകയുംചെയ്യും.
തതഃ പുനഃ സംസൃതിഃ അപി അനിവാരിതാ	അതിൽനിന്നു പിന്നെയും സംസാരം അനിവാര്യമായി വരുന്നു.
തതഃ ബുധഃ ജ്ഞാനവിചാരവാൻ ഭവേത്	ആകയാൽ ബുദ്ധിമാൻ ജ്ഞാനചിന്തയിൽ മുഴുകണം.

നനു ക്രിയാ വേദമുഖേന ചോദിതാ
തഥൈവ വിദ്യാ പുരുഷാർത്ഥസാധനം
കർത്തവ്യതാ പ്രാണഭൃതഃ പ്രചോദിതാ
വിദ്യാസഹായത്വമുപൈതി സാ പുനഃ. 11

വിദ്യാ പുരുഷാർത്ഥ സാധനം	ജ്ഞാനം പുരുഷാർത്ഥസിദ്ധിക്ക് ഉപാധിയാണ്.
വേദമുഖേന ചോദിതാ ക്രിയാ ച തഥാ ഏവ	വേദാനുസാരിയായ കർമ്മവും അതുപോലെതന്നെ.
പ്രാണഭൃതഃ കർത്തവ്യതാ പ്രചോദിതാ	ജീവികൾക്കു കർമ്മസ്വഭാവം ഈശ്വരപ്രദത്തമാകുന്നു.
സാ പുനഃ വിദ്യാ സഹായത്വം ഉപൈതി	കർമ്മം ക്രമേണ ജ്ഞാനത്തിന്റ സഹായകമാവുകയും ചെയ്യും.

കർമ്മാകൃതൗ ദോഷമപി ശ്രുതിർജ്ജഗൗ
തസ്മാത് സദാകാര്യമിദം മുമുക്ഷുണാ
നനു സ്വതന്ത്രാ ധ്രുവകാര്യകാരിണീ
വിദ്യാ ന കിഞ്ചിത് മനസാപ്യപേക്ഷതേ. 12

കർമ്മാകൃതൗ ദോഷം അപി ശ്രുതിഃ ജഗൗ	കർമ്മം ചെയ്യാതിരിക്കുക ദോഷമാണെന്നു വേദം അനുശാസിക്കുന്നു.
തസ്മാത് മുമുക്ഷുണാ സദാ ഇദം കാര്യം	അതിനാൽ മോക്ഷേച്ഛു സദാ കർമ്മം അനുഷ്ഠിക്കണം.
വിദ്യാ സ്വതന്ത്രാ നനു ധ്രുവകാര്യകാരിണീ	ജ്ഞാനം സ്വതന്ത്രമല്ലേ? തീർച്ചും ഫലപ്രദവുമാണല്ലോ.
മനസാ അപി കിഞ്ചിത് ന അപേക്ഷതേ	സങ്കല്പത്തിൽപ്പോലും അതിന് മറെറാന്നും (കർമ്മം) ആവശ്യമില്ല.

ഈ അഭിപ്രായം ശരിയല്ല എന്ന് അടുത്ത ശ്ലോകത്തിൽ സമർത്ഥിക്കുന്നു.

ന സത്വകാര്യോഽപി ഹി യദ്വദധ്വരഃ
പ്രകാംക്ഷതേഽന്യാനപി കാരകാദികാൻ
തഥൈവ വിദ്യാ വിധിതഃ പ്രകാശിതൈഃ
വിശിഷ്യതേ കർമ്മഭിരേവ മുക്തയേ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധ്വരഃ സത്വകാര്യഃ അപി	യജ്ഞം സാത്വികകർമ്മം; എങ്കിലും
യദ്വത് കാരകാദികാൻ അന്യാൻ	അതിനു നടത്തിപ്പുകാരും മററും
അപി പ്രകാംക്ഷതേ	ആവശ്യമാണ്.
തഥാ ഏവ	അതുപോലെ ജ്ഞാനവും
വിദ്യാ വിധിതഃ പ്രകാശിതൈഃ	വിധിപൂർവ്വം അനുഷ്ഠിക്കുന്ന
കർമ്മഭിഃ ഏവ	കർമ്മങ്ങളിലൂടെ മാത്രമേ
മുക്തയേ വിശിഷ്യതേ	മുക്തിക്കു പ്രയോജകമാകൂ.

കേചിദ് വദന്തീതി വിതർക്കവാദിനഃ
തദപ്യസദ് ദൃഷ്ടവിരോധകാരണാത്.
ദേഹാഭിമാനാത് അഭിവർദ്ധതേ ക്രിയാ
വിദ്യാ ഗതാഹംകൃതിതഃ പ്രസിദ്ധ്യതി. 14

കേചിത് വിതർക്കവാദിനഃ	ചില കുതർക്കക്കാർ
വദന്തി	പറയാറുണ്ട്: (കർമ്മമില്ലാതെയും ജ്ഞാനം മോക്ഷദായകമാണെന്ന്)
ദൃഷ്ട വിരോധകാരണാത്	പ്രത്യക്ഷവിരുദ്ധമാകയാൽ
തദ് അപി അസത്	അതു ശരിയല്ല.
ക്രിയാ ദേഹാഭിമാനാത് അഭിവർദ്ധതേ	കർമ്മം ദേഹാഭിമാനംമൂലം വർദ്ധിക്കുന്നു.
വിദ്യാ ഗതാഹംകൃതിതഃ പ്രസിദ്ധ്യതി	ജ്ഞാനമാകട്ടെ, അഹംബോധം ഇല്ലാതായേ സിദ്ധിക്കൂ.

വിശുദ്ധവിജ്ഞാന വിരോചനാഞ്ചിതാ
വിദ്യാത്മവൃത്തിശ്ചരമേതി ഭണ്യതേ.
ഉദേതി കർമ്മാഖിലകാരകാദിഭിഃ
നിഹന്തി വിദ്യാഖിലകാരകാദികം. 15

വിശുദ്ധവിജ്ഞാന വിരോചനാഞ്ചിതാ	വിശുദ്ധമായ വിജ്ഞാനപ്രഭ വിതറുന്ന
ചരമാ ആത്മവൃത്തിഃ	പരമ—ആത്മബോധമാണ്
വിദ്യാ ഇതി ഭണ്യതേ	ജ്ഞാനം എന്നു പറയപ്പെടുന്നത്.
കർമ്മ അഖില കാരകാദിഭിഃ ഉദേതി	കർമ്മം പല ഉപാധികളിലൂടെ ഉദ്ഭവിക്കുന്നു.
അഖിലകാരകാദികം നിഹന്തി വിദ്യാ	അപ്പാടെ ഉപാധികളെ ഇല്ലാതാക്കുന്നു, ജ്ഞാനം.

തസ്മാത് ത്യജേത് കർമ്മമശേഷതഃ സുധീഃ
വിദ്യാവിരോധാന്ന സമുച്ചയോ ഭവേത്.
ആത്മാനുസന്ധാനപരായണഃ സദാ
നിവൃത്ത സർവ്വേന്ദ്രിയവൃത്തിഗോചരഃ. 16

തസ്മാത്	തന്മൂലം
നിവൃത്തസർവ്വേന്ദ്രിയ വൃത്തിഗോചരഃ	ഇന്ദ്രിയവൃത്തികളിൽനിന്നു പിൻതിരിഞ്ഞ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സദാ ആത്മാനുസന്ധാനപരായണഃ	സദാ ആത്മാന്വേഷണത്തിൽ മുഴുകുന്ന
സുധീഃ കാര്യം	ബുദ്ധിശാലി, കർമ്മങ്ങളെ
അശേഷതഃ ത്യജേത്	അശ്ശേഷം ത്യജിച്ചുകളയണം
വിദ്യാവിരോധാത്	ജ്ഞാനവിരുദ്ധമായതുകൊണ്ട്
(തയോഃ) സമുച്ചയഃ	(കർമ്മ—ജ്ഞാനങ്ങളെ) സമന്വയിപ്പിക്കുക
ന ഭവേത്	അസാദ്ധ്യം.

യാവച്ഛരീരാദിഷു മായയാത്മധീ-
സ്താവദ് വിധേയോ വിധിവാദകർമ്മണാം
നേതീതി വാക്യൈരഖിലം നിഷിധ്യ തത്
ജ്ഞാത്വാ പരാത്മാനമഥ ത്യജേത് ക്രിയാം. 17

മായയാ ശരീരാദിഷു	മായാപ്രഭാവത്താൽ ദേഹാദികളിൽ
യാവത് ആത്മധീഃ	അഹംബുദ്ധി നിലനില്ക്കുന്നിടത്തോളമേ
താവത് വിധിവാദകർമ്മണാം	(സാധകന്) വൈദികകർമ്മങ്ങളോട്
വിധേയഃ	വിധേയത്വമുള്ളു.
നേതി ഇതി വാക്യൈഃ	'നേതി' ആദി വാക്യങ്ങളാൽ
അഖിലം	സകല (അനാത്മ) വസ്തുക്കളേയും
നിഷിധ്യ	നിഷേധിച്ച്
തത് പരാത്മാനം ജ്ഞാത്വാ	പരമാത്മാവിനെ അറിയുകയും
അഥ ക്രിയാഃ	അതോടെ കർമ്മങ്ങളെ
ത്യജേത്	ത്യജിക്കുകയും വേണം

യദാ പരമാത്മവിഭേദഭേദകം
വിജ്ഞാനമാത്മന്യവഭാതി ഭാസ്വരം
തദൈവ മായാ പ്രവിലീയതേഽഞ്ജസാ
സകാരകാകാരണമാത്മസംസൃതേഃ. 18

പരമാത്മവിഭേദഭേദകം	പരമാത്മ—ജീവാത്മാക്കളുടെ ഭേദം
ഭാസ്വരം വിജ്ഞാനം	ഒഴിവാക്കുന്ന ഉജ്ജ്വലജ്ഞാനം
യദാ ആത്മനി അവഭാതി	എപ്പോൾ ആത്മാവിൽ വിളങ്ങുമോ
തദാ ഏവ	അപ്പോൾത്തന്നെ
ആത്മസംസൃതേഃ കാരണം	ആത്മ—സംസാരബന്ധഹേതു,
മായാ സകാരകാ പ്രവിലീയതേ	മായ, ഉപാധിസഹിതം നീങ്ങുകയായി.

ശ്രുതിപ്രമാണാഭിവിനാശിതാ ച സാ
കഥം ഭവിഷ്യത്യപി കാര്യകാരിണീ
വിജ്ഞാനമാത്രാദമലാദദ്വിതീയതഃ
തസ്മാദവിദ്യാ ന പുനർഭവിഷ്യതി. 19

ശ്രുതിപ്രമാണാഭിവിനാശിതാ	വേദപ്രമാണങ്ങളിലൂടെ പാടേ നീക്കപ്പെട്ട
സാ കാര്യകാരിണീ	ആ മായയ്ക്കു കാര്യം നിർവ്വഹിക്കാൻ
ഭവിഷ്യതി കഥം	കഴിവതെങ്ങനെ?
വിജ്ഞാനമാത്രാത് അമലാത്	വിജ്ഞാനമാത്രവും വിശുദ്ധവും
അദ്വിതീയതഃ തസ്മാത്	ഏകവുമായ ബ്രഹ്മത്തിൽനിന്നു്
അവിദ്യാ പുനഃ ന ഭവിഷ്യതി	അവിദ്യ പിന്നീട് ഉണ്ടാവുകയേ ഇല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദി സ്മ നഷ്ടാ ന പുനഃ പ്രസൂയതേ
കർത്താഹമസ്യേതി മതിഃ കഥം ഭവേത്
തസ്മാത് സ്വതന്ത്രാ ന കിമപ്യപേക്ഷതേ
വിദ്യാ വിമോക്ഷായ വിഭാതി കേവലാ. 20

യദി നഷ്ടം	വിനാശം അടഞ്ഞ മായ
പുനഃ ന പ്രസൂയതേ സ്മ	വീണ്ടും മുളയ്ക്കുകയില്ല
അഹം അസ്യ കർത്താ	ഞാനാണ് ഇതിന്റെ കർത്താവെന്ന
ഇതി മതിഃ	ബോധം (ആത്മാവിന്)
ഭവേത് കഥം	പിന്നെ ഉണ്ടാകുന്നതെങ്ങനെ?
തസ്മാത് സ്വതന്ത്രാ വിദ്യാ	ആകയാൽ സ്വതന്ത്രമായ ജ്ഞാനത്തിന്
കിമപി ന അപേക്ഷതേ	മറ്റൊന്നും വേണ്ട.
കേവലാ വിദ്യാ വിമോക്ഷായ	കേവലജ്ഞാനം മോക്ഷത്തിനു
വിഭാതി	തികച്ചും സമർത്ഥമായി വിരാജിക്കുന്നു

സാ തൈത്തിരീയശ്രുതിരാഹ സാദരം
ന്യാസം പ്രശസ്താഖിലകർമ്മണാം സ്ഫുടം
ഏതാവദിത്യാഹ ച വാജിനാം ശ്രുതിഃ
ജ്ഞാനം വിമോക്ഷായ ന കർമ്മസാധനം. 21

പ്രശസ്താ സാ തൈത്തിരീയശ്രുതിഃ	പ്രശസ്തമായ തൈത്തിരീയ ഉപനിഷദ്
ആഹ	ഉദ്ഘോഷിക്കുന്നു:
അഖിലകർമ്മണാം ന്യാസം	അഖിലകർമ്മങ്ങളും ഉപേക്ഷിച്ചുകൊള്ളുക.
ഏതാവത് ഇതി	'ഏതാവത്' എന്നു തുടങ്ങുന്ന
വാജിനാം ശ്രുതിഃ	'വാജസനേയി' ശ്രുതിയും
ച ആഹ	അതുതന്നെ പറയുന്നു:
ജ്ഞാനം വിമോക്ഷായ സാധനം	ജ്ഞാനമാണ് മോക്ഷഹേതു
ന കർമ്മ	കർമ്മം അല്ല.

വിദ്യാസമത്വേന തു ദർശിതസ്ത്വയാ
കർത്തുർ ന ദൃഷ്ടാന്ത ഉദാഹൃതഃ സമഃ
ഫലൈഃ പൃഥക്ത്വാദ് ബഹുകാരകൈഃ ക്രതുഃ
സംസാധ്യതേ ജ്ഞാനമതോ വിപര്യയം. 22

വിദ്യാസമത്വേന	ജ്ഞാനത്തിനു തുല്യമാണ് കർമ്മം (യജ്ഞം)
ത്വയാ ദർശിതഃ	എന്ന് നിങ്ങൾ ചൂണ്ടിക്കാട്ടി.
ഉദാഹൃതഃ ദൃഷ്ടാന്തഃ ന സമഃ	പക്ഷേ, ഉദാഹരിച്ച ദൃഷ്ടാന്തം ശരിയല്ല.
ഫലൈഃ പൃഥക്ത്വാദ്	(കാരണം), ഫലങ്ങൾ ഭിന്നങ്ങളാണ്.
ക്രതുഃ ബഹുകാരകൈഃ	യജ്ഞം (കർമ്മം) പല ഉപാധികളിലൂടെ—
സംസാധ്യതേ	യാണല്ലോ നടത്തപ്പെടുക.
അതഃ വിപര്യയം ജ്ഞാനം	അതിനു വിപരീതമാണ് ജ്ഞാനം.

കർമ്മപദത്താൽ യജ്ഞമാണ് വിവക്ഷിതം. യജ്ഞത്തിനു നിരവധി വസ്തുക്കൾ വേണം. ഹോതാവ്, ഋത്വിക്, യജമാനൻ, ഹോമദ്രവ്യങ്ങൾ ആദി. ജ്ഞാനത്തിന് അവയുടെയൊന്നും ആവശ്യമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സപ്രത്യവായോ ഹ്യഹമിത്യനാത്മധീഃ
അജ്ഞപ്രസിദ്ധാ ന തു തത്ത്വദർശിനഃ
തസ്മാത് ബുധൈഃ ത്യാജ്യമവിക്രിയാത്മഭിഃ
വിധാനതഃ കർമ്മ വിധിപ്രകാശിതം. 23

അഹം	(കർമ്മം ത്യജിച്ചാൽ) താൻ
സപ്രത്യവായഃ ഇതി	പാപഭാക്കാകം എന്ന രീതി
അനാത്മധീഃ	ആത്മബോധമില്ലാത്ത
അജ്ഞപ്രസിദ്ധാ	അജ്ഞന്മാരിലേ കാണൂ.
തത്ത്വദർശിനഃ തു ന	തത്ത്വദർശികാക്കു് ഇല്ല.
തസ്മാത് വിക്രിയാത്മഭിഃ	ആകയാൽ വികാരാതീതരായ
ബുധൈഃ	ബുദ്ധിമാന്മാർ
വിധിപ്രകാശിതം കർമ്മ	വിഹിതകർമ്മംപോലും
വിധാനതഃ ത്യാജ്യം	നിയമേന വിടേണ്ടതാണു്.

ശ്രദ്ധാന്വിതസ്തത്ത്വമസീതി വാക്യതോ
ഗുരോഃ പ്രസാദാദപി ശുദ്ധമാനസഃ
വിജ്ഞായ ചൈകാത്മ്യമഥാത്മജീവയോഃ
സുഖീഭവേൻ മേരുരിവാ പ്രകമ്പനഃ. 24

അഥ ശുദ്ധമാനസഃ	അനന്തരം വിശുദ്ധചിത്തനായി.
ഗുരോഃ പ്രസാദാത് അപി	ഗുരുപ്രസാദവും നേടി,
തത് ത്വമസി ഇതി	'തത് ത്വമസി' എന്ന
വാക്യതഃ	മഹാവാക്യം
ആത്മജീവയോഃ ഐകാത്മ്യം	അനുധ്യാനംചെയ്തു്, പരമാത്മ—ജീവാത്മ
വിജ്ഞായ	ഐക്യം ശരിക്കമറിഞ്ഞു്,
മേരുഃ ഇവ അപ്രകമ്പനഃ	മേരുവെപ്പോലെ നിശ്ചലം,
സുഖീ ഭവേത്	സാനന്ദം വാണുകൊാംക.

ആദൗ പദാർത്ഥാവഗതിർ ഹി കാരണം
വാക്യാർത്ഥവിജ്ഞാനവിധൗ വിധാനതഃ
തത്ത്വം പരാർത്ഥൗ പരമാത്മജീവകാ—
വസീതി ചൈകാത്മ്യമഥാനയോർ ഭവേത്. 25

വിധാനതഃ	വിധിപൂർവ്വം
വാക്യാർത്ഥവിജ്ഞാനകാരണം	മഹാവാക്യാർത്ഥം ഗ്രഹിക്കാനുള്ള മാർഗ്ഗം
ആദൗ പദാർത്ഥാവഗതിഃ ഹി	ആദ്യമേ ശബ്ദാർത്ഥം അറിയുകതന്നെ.
തത് ത്വം പദാർത്ഥൗ	'തത്', 'ത്വം' എന്ന വാക്കുകൾക്കു് അർത്ഥം
പരമാത്മജീവകൗ	യഥാക്രമം പരമാത്മാ, ജീവാത്മാ
അഥ അസി ഇതി	പിന്നെ 'അസി' എന്നതിനാൽ
അനയോഃ ഐകാത്മ്യം ഭവേത്	അവയുടെ ഏകത്വം വിവക്ഷിതം.

പ്രത്യക് പരോക്ഷാദി വിരോധം ആത്മനോഃ
വിഹായ സംഗൃഹ്യതയോഃ ചിദാത്മതാം
സംശോധിതാം ലക്ഷണയാ ച ലക്ഷിതാം
ജ്ഞാത്വാ സ്വമാത്മാനമഥാദ്വയോ ഭവേത്. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മനോഃ	ആത്മ—പരമാത്മാക്കൾക്ക് (കല്പിതമായ)
പ്രത്യക് പരോക്ഷാദി വിരോധം	പ്രത്യക്ഷ—പരോക്ഷാദിവൈരുദ്ധ്യം
വിഹായ	വെടിഞ്ഞ്,
ലക്ഷണയാ ലക്ഷിതം	ലക്ഷണയിലൂടെ ലക്ഷീകരിച്ച്
സംശോധിതം ച	പരിശോധിച്ച
തയോഃ ചിദാത്മതാം	അവയുടെ ചിദാത്മത(ഏകാത്മത)തന്നെ—
സ്വാത്മാനം ജ്ഞാത്വാ	യാണ് തന്റെയും ആത്മാവെന്നറിഞ്ഞ്
അഥ അദ്വയഃ	അങ്ങനെ അദ്വൈതസിദ്ധി
ഭവേത്	കൈവരിക്കണം.

പ്രത്യക്പദംകൊണ്ടു വിവക്ഷിതം ജീവാത്മാവ്. അത് സ്വയംസിദ്ധം. 'അക്ഷ്ണഃ പ്രതിപ്രത്യക്ഷം'. പരമാത്മാവ് പരോക്ഷം—അക്ഷ്ണഃ പരം. നേരിട്ട് അനുഭവഗോചരമല്ല; തന്മൂലം പരോക്ഷം. അവതമ്മിലുള്ള ദ്വൈതം വെടിയണം. ഒരേ ചിത്തത്ത്വമാണ് അവയെന്നറിയണം. അതുതന്നെ തന്റെയും ആത്മാവ്. ഈ ബോധമാണ് അദ്വൈതസിദ്ധി. അദ്വൈതബോധം എങ്ങനെ കൈവരും? വാക്കുകളുടെ മുഖ്യാർത്ഥത്തിലൂടെ സാദ്ധ്യമല്ല. മുഖ്യാർത്ഥം (വാച്യാർത്ഥം) ബാധിതമാകുമ്പോൾ മറ്റൊരു ശബ്ദശക്തി പ്രവർത്തിക്കുന്നു— ലക്ഷണ. ലക്ഷണയിലൂടെ കിട്ടുന്നതു് ലക്ഷ്യാർത്ഥം. ലക്ഷണ പ്രവർത്തിക്കുന്നത് രൂഢിയേയോ പ്രയോജനത്തെയോ ആസ്പദമാക്കിയാണ്. ഇവിടെ രണ്ടും ഉണ്ട്.

മുഖ്യാർത്ഥബാധേ തദ്യുക്തോ യയാഽന്യോർത്ഥഃ പ്രതീയതേ
രൂഢേഃ പ്രയോജനാദ് വാസൗ ലക്ഷണാ ശക്തിരർപ്പിതാ.
(സാഹിത്യദർപ്പണം 2. 5)

ജീവാത്മ—പരമാത്മാക്കളുടെ ഐക്യം പ്രത്യക്ഷത്തിലൂടെ സിദ്ധമല്ലായ്കയാൽ ലക്ഷണയിലൂടെ ഗ്രഹിക്കുക എന്നു താൽപര്യം.

ഏകാത്മകത്വാത് ജഹതീ ന സംഭവേത്
തഥാ ജഹല്ലക്ഷണതാ വിരോധതഃ
സോയം പദാർത്ഥാവിവ ഭാഗലക്ഷണാ
യുജ്യേത തത്ത്വം പദയോരദോഷതഃ. 27

ഏകാത്മകത്വാത്	ഏകത്വമൂലം
തത് ത്വം പദയോഃ	'തത് ത്വം' പദങ്ങൾക്ക്
ജഹതീ ന സംഭവേത്	ജഹതീലക്ഷണ സംഭവിക്കയില്ല.
വിരോധതഃ	വൈരുദ്ധ്യമുള്ളതുകൊണ്ട്
അജഹല്ലക്ഷണാ ച തഥാ	അജഹല്ലക്ഷണയും ഇല്ല.
(തത് ത്വം പദയോഃ)	(തത് ത്വം പദങ്ങൾക്ക്)
അദോഷതഃ	ദോഷം നേരിടായ്കയാൽ
ഭാഗലക്ഷണാ യുജ്യതേ	ഭാഗലക്ഷണ യോജിക്കും.
സഃ അയം	'സഃ അയം' എന്ന
പദാർത്ഥ ഇവ	വാക്കുകളുടെ അർത്ഥങ്ങൾക്കെന്നപോലെ.

തത് = അതു്. ത്വം = നീ. സഃ = അവൻ. അയം = ഇവൻ.

ലക്ഷണയ്ക്ക് പല ഭേദങ്ങൾ ഉണ്ട്. ഈ ശ്ലോകത്തിൽ മൂന്നെണ്ണം പരാമർശിക്കപ്പെടുന്നു: (1) ജഹല്ലക്ഷണം. (2) അജഹല്ലക്ഷണം. (3) ജഹദജഹല്ലക്ഷണാ (ഭാഗലക്ഷണം).

1. ജഹല്ലക്ഷണം: ജഹത് = വിടുന്നതു്. ഇതിൽ വാച്യാർത്ഥം വിട്ടുകളയുന്നു. ലക്ഷ്യാർത്ഥവുമായി അതിനു കാര്യമായ ബന്ധമില്ല. ഉദാ: 'ആ വീട്'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നദിയിലാണ്''. നദിയിൽ വീട നില്ക്കയില്ല. അതിനാൽ വാച്യാർത്ഥം പററില്ല. നദിയുടെ തീരത്താണ് വീടെന്നു ലക്ഷ്യാർത്ഥം. 'തത് ത്വം അസി' എന്ന വാക്യത്തിലും വാച്യാർത്ഥമെടുക്കാൻ സാദ്ധ്യമല്ല. അതിനാലാണ് അവിടെ ജഹല്ലക്ഷണ സംഭവിക്കയില്ല എന്നു പറഞ്ഞത്.

2. അജഹല്ലക്ഷണ: അജഹത്=വിടാത്തതു്. ഇവിടെ വാച്യാർത്ഥവും ലക്ഷ്യാർത്ഥവും ബന്ധപ്പെട്ടിരിക്കുന്നു. ഉദാ: 'ഉരുക്കുതൊപ്പി വന്നതോടെ ആൾക്കൂട്ടം ഓടി'. ഉരുക്കുതൊപ്പി=പോലീസ് (പട്ടാളം). ഉരുക്കുതൊപ്പിയും പോലീസുമായി സാഹചര്യസംബന്ധമുണ്ട്. വാച്യാർത്ഥം വിട്ടുപോകുന്നില്ല. അതിനാൽ അജഹല്ലക്ഷണ. 'തത് ത്വം അസി'യെ വ്യാഖ്യാനിക്കാൻ ഇതും അപര്യാപ്തം.

3. ജഹദജഹല്ലക്ഷണ: വിട്ടു വിടാത്ത ലക്ഷണ എന്നു ശബ്ദാർത്ഥം. ഇതിൽ വാച്യാർത്ഥം വിടാം; വിടാതെയുമിരിക്കാം. ഇതുതന്നെ ഭാഗലക്ഷണ. ഉദാ: "ആ ദേവദത്തനാണ് ഇവൻ". ഒരിക്കൽ ഒരിടത്തു ദേവദത്തനെ കണ്ടു. പിന്നൊരിക്കൽ മറെറാരിടത്തും കണ്ടു. ആദ്യം കണ്ടതും ഇപ്പോൾ കണ്ടതുമായ ദേശകാലങ്ങളെ വിട്ടാൽ ദേവദത്തനു വ്യത്യാസമൊന്നുമില്ല. ആ ആൾതന്നെ ഇതു്. ദേശകാലങ്ങളെ വിടുന്നു; ആളിനെ വിടുന്നുമില്ല. ആകയാൽ ജഹദജഹല്ലക്ഷണ. തത്ത്വമസിയെ വ്യാഖ്യാനിക്കാൻ ഇതു മതി. ദേശകാലങ്ങളെ—മായയെയും ഉപാധികളെയും വിട്ടാൽ ബ്രഹ്മം മാത്രം വിരാജിക്കുന്നു. തത് ത്വം എന്നീ രണ്ടു പദങ്ങളുടെയും ലക്ഷ്യാർത്ഥം ഒന്നാകുന്നു. അങ്ങനെ അദ്വൈതസിദ്ധി (ജീവബ്രഹ്മൈക്യം) സിദ്ധം.

രസാദി പഞ്ചീകൃതഭൂതസംഭവം
ഭോഗാലയം ദുഃഖസുഖാദികർമ്മണാം
ശരീരമാദ്യന്തവദാദികർമ്മജം
മായാമയം സ്ഥൂലമുപാധിമാത്മനഃ. 28

രസാദി പഞ്ചീകൃത ഭൂത-	പൃഥിവ്യാദി പഞ്ചഭൂതങ്ങളിൽനിന്ന്
സംഭവം	ഉളവായതും
ദുഃഖസുഖാദികർമ്മണാം	സുഖദുഃഖാദികർമ്മങ്ങളുടെ
ഭോഗാലയം	ഫലഭോഗത്തിനുള്ള ഉപാധിയും
ആദികർമ്മജം മായാമയം	പൂർവ്വകർമ്മപരിണതിയും മായാമയവും
ആദ്യന്തവത് ശരീരം	ആദ്യന്തയുക്തവുമായ ശരീരമാണ്
ആത്മനഃ സ്ഥൂലം	ആത്മാവിൻെറ സ്ഥൂലമായ
ഉപാധിം	ഉപാധിയെന്ന്
(ബുധാഃ വദന്തി)	വിദ്വാന്മാർ പറയുന്നു.

പഞ്ചീകരണം: പഞ്ചഭൂതങ്ങളെ വിശേഷരീത്യാ ഭാഗിച്ചു മിശ്രണം ചെയ്യുന്ന പ്രക്രിയയാണ് പഞ്ചീകരണം. സൂക്ഷ്മഭൂതങ്ങളിൽനിന്ന് എങ്ങനെ ഈ വിശാലവിശ്വം വികസിച്ചുവന്നു എന്നതിനു വേദാന്തം നല്കുന്ന വിശദീകരണമാണ് അതു്.

ആകാശാദിപഞ്ചഭൂതങ്ങളെ ഓരോന്നിനെയും രണ്ടായി വിഭജിക്കുക. പത്തുഭാഗങ്ങൾ. അവയിൽ ആദ്യത്തെ അഞ്ചു ഭാഗങ്ങളിൽ ഓരോന്നിനെയും നാലു സമഭാഗങ്ങൾ ആക്കുക. അതാതിൻെറ രണ്ടാം അർദ്ധഭാഗം ഒഴിവാക്കി ബാക്കിയെ അട്ടത്തിൻെറ മററു ഭാഗങ്ങളുമായി കലർത്തുക. അവയിൽനിന്നും ആകാശം, വായു, തേജസ്സ്, ജലം പൃഥിവി എന്നീ ഭൂതങ്ങൾ വികസിക്കുന്നു.

ആകാശം ശബ്ദത്തെ വ്യഞ്ജിപ്പിക്കുന്നു. വായുവിൽ ശബ്ദവും സ്പർശവുമുണ്ട്. അഗ്നിയിൽ ശബ്ദസ്പർശരൂപങ്ങൾ. ശബ്ദ–സ്പർശ–രൂപ–രസങ്ങൾ ജലത്തിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൃഥിവിയിൽ ശബ്ദ–സ്പർശ–രൂപ–രസ–ഗന്ധങ്ങൾ. ഈ പഞ്ചീകൃതഭൂതങ്ങളിൽ നിന്നാണ് ബ്രഹ്മാണ്ഡം വികസിച്ചത്. നോക്കുക—വേദാന്തസാരം, 39—42.

ശരീരം മൂന്നുവിധം: (1) സ്ഥൂലം, (2) സൂക്ഷ്മം, (3) കാരണം. കോശങ്ങൾ അഞ്ച്: (1) അന്നമയം, (2) പ്രാണമയം, (3) മനോമയം, (4) വിജ്ഞാനമയം, (5) ആനന്ദമയം. സ്ഥൂലശരീരത്തോടു ബന്ധപ്പെട്ടത് അന്നമയകോശം. പ്രാണമയ—മനോമയ—വിജ്ഞാനമയകോശങ്ങൾ സൂക്ഷ്മശരീരത്തോടു ബന്ധപ്പെടുന്നു. കാരണശരീരം ആനന്ദമയകോശത്തോട്.

സൂക്ഷ്മം മനോബുദ്ധിദശേന്ദ്രിയൈര്യുതം
പ്രാണൈരപഞ്ചീകൃതഭൂതസംഭവം
ഭോക്തുഃ സുഖാദേരനുസാധനം ഭവേത്
ശരീരമന്യദ് വിദുരാത്മനോ ബുധാഃ.   29

മനോബുദ്ധിദശേന്ദ്രിയൈഃ	മനസ്സ്, ബുദ്ധി, പത്തിന്ദ്രിയങ്ങൾ,
പ്രാണൈഃ ച യുതം	പഞ്ചപ്രാണന്മാർ ഇവയോടു ചേർന്നതും
അപഞ്ചീകൃതഭൂതസംഭവം	പഞ്ചീകരിക്കാത്ത ഭൂതത്തിൽനിന്നുത്ഭവി-
ഭോക്തുഃ സുഖാദേഃ	ച്ചതും ജീവന്റെ സുഖദുഃഖങ്ങൾക്ക്
അനുസാധനം ആത്മനഃ അന്യത്	ഉപാധിയുമായി ആത്മാവിനു മറ്റൊരു
സൂക്ഷ്മം ശരീരം ഭവേത് ഇതി	സൂക്ഷ്മശരീരമുണ്ടെന്നും
ബുധാഃ വിദുഃ	വിദ്വാന്മാർ അഭിപ്രായപ്പെടുന്നു.

സൂക്ഷ്മശരീരത്തിൽ പതിനേഴ് വസ്തുക്കൾ അടങ്ങിയിരിക്കുന്നു:

ജ്ഞാനേന്ദ്രിയങ്ങൾ	— 5
സൂക്ഷ്മവിഷയങ്ങൾ (തന്മാത്രകൾ)	— 5
പ്രാണന്മാർ	— 5
മനസ്സ്	— 1
ബുദ്ധി	— 1
	17

ജ്ഞാനേന്ദ്രിയങ്ങളോടൊപ്പം അവയുടെ തന്മാത്രകളും (ശബ്ദ—സ്പർശ—രൂപ—രസ—ഗന്ധം) കൂട്ടിച്ചേർത്താണ് ശ്ലോകത്തിൽ ദശേന്ദ്രിയങ്ങൾ എന്നു പറഞ്ഞിരിക്കുന്നത്.

അനാദ്യനിർവ്വാച്യമപീഹ കാരണം
മായാപ്രധാനം തു പരം ശരീരകം
ഉപാധിഭേദാത്തു യതഃ പൃഥക് സ്ഥിതം
സ്വാത്മാനം ആത്മന്യവധാരയേത് ക്രമാത്.   30

അനാദി അനിർവ്വാച്യം	അനാദിയും അനിർവ്വചനീയവും
മായാപ്രധാനം കാരണം ശരീരകം	മായാമയവുമായ കാരണശരീരമാണ്
തു പരം	അതിനപ്പുറത്ത്.
യതഃ ഉപാധിഭേദാത്	അതുകൊണ്ട്, ഉപാധിഭേദങ്ങളിൽനിന്നു
പൃഥക് സ്ഥിതം സ്വാത്മാനം	വേറിട്ടുനില്ക്കുന്ന സ്വാത്മാവിനെ
ക്രമാത് സ്വാത്മനി	ക്രമേണ സ്വാത്മാവിൽത്തന്നെ.
അവധാരയേത്	ദർശിക്കേണ്ടതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കോശേഷ്വയം തേഷു തു തത്തദാകൃതിഃ
വിഭാതി സംഗാത് സ്ഫടികോപലോ യഥാ
അസംഗരൂപോഽയമജോ യതോഽദ്വയോ
വിജ്ഞായതേഽസ്മിൻ പരിതോ വിചാരിതേ. 31

സ്ഫടികോപലഃ യഥാ	സ്ഫടികക്കല്ലുപോലെ ആത്മാവ്
തേഷു കോശേഷു സംഗാത്	അതതു കോശങ്ങളുമായി ചേരുമ്പോൾ
തത്തദാകൃതിഃ വിഭാതി	അതതിന്റെ ആകൃതിയിൽ വിളങ്ങും.
അസ്മിൻ പരിതഃ വിചാരിതേ	ആ വിഷയത്തിൽ ഗാഢമായി ചിന്തിച്ചാൽ
അയം അസംഗരൂപഃ	ആത്മാവ് സംഗമില്ലാത്ത
യതഃ അദ്വയഃ വിജ്ഞായതേ	അദ്വയതത്ത്വമാണ് എന്ന് അറിയാം.

ബുദ്ധേസ്ത്രിധാ വൃത്തിരപീഹ ദൃശ്യതേ
സ്വപ്നാദിഭേദേന ഗുണത്രയാത്മനഃ
അന്യോന്യതോഽസ്മിൻ വ്യഭിചാരതോ മൃഷാ
നിത്യേ പരേ ബ്രഹ്മണി കേവലേ ശിവേ. 32

ഗുണത്രയാത്മനഃ ബുദ്ധേഃ	ത്രിഗുണാത്മകമായ ബുദ്ധിക്ക്
സ്വപ്നാദിഭേദേന	സ്വപ്നാദിഭേദങ്ങളുള്ള
ത്രിവിധാ	(ജാഗ്രത്, സ്വപ്നം, സുഷുപ്തി) മൂന്നു
വൃത്തിഃ അപി ഇഹ ദൃശ്യതേ	പ്രവണതകളും കാണാം.
അസ്മിൻ അന്യോന്യതഃ	ഇവയ്ക്കു പരസ്പരം
വ്യഭിചാരതഃ	സംഘട്ടനം ഉള്ളതുകൊണ്ട്
കേവലേ ശിവേ നിത്യേ	കേവലമംഗലവും നിത്യവുമായ
പരബ്രഹ്മണി	പരബ്രഹ്മത്തിൽ അവ
മൃഷാ	മിഥ്യയായിത്തീരുന്നു.

ദേഹേന്ദ്രിയപ്രാണമനശ്ചിദാത്മനാം
സംഘാദജസ്രം പരിവർത്തതേ ധിയഃ
വൃത്തിസ്തമോമൂലതയാജ്ഞലക്ഷണാ
യാവദ് ഭവേത് താവദസൗ ഭവോദ്ഭവഃ. 33

ദേഹേന്ദ്രിയപ്രാണമന- ശ്ചിദാത്മനാം സംഘാത്	ദേഹ—ഇന്ദ്രിയ—പ്രാണ—മന— ചിദാത്മാ ഇവയുടെ സംഘാതമായി
അജസ്രം പരിവർത്തതേ	നിരന്തരമാററത്തിനു വിധേയമാകുന്നതു്
ധിയഃ വൃത്തിഃ	ബുദ്ധിയുടെ വൃത്തി മാത്രമാണ്.
തമോമൂലതയാ	ഇതു് തമോഗുണത്തിൽനിന്നുളവായതി-
അജ്ഞലക്ഷണാ	നാൽ അജ്ഞതയാകുന്നു.
യാവത് ഭവേത് താവത്	ഇതു നിലനില്ക്കുന്നിടത്തോളംകാലം
അസൗ ഭവോദ്ഭവഃ ഭവേത്	ലോകത്തിൽ ജനിക്കേണ്ടതായും വരും.

നേതി പ്രമാണേന നിരാകൃതാഖിലോ
ഹൃദാ സമാസ്വാദിത ചിദ്ഘനാമൃതഃ
ത്യജേദശേഷം ജഗദാത്ത സദ്രസം
പീത്വാ യഥാംഭഃ പ്രജഹാതി തത്ഫലം. 34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേതി പ്രമാണേന നിരാകൃതാഖിലഃ ഹൃദാ സമാസ്വാദിത ചിദ്ഘനാമൃതഃ ആത്മസദൃശം സ്വീകൃത്യ	'നേതി നേതി' എന്ന വേദപ്രമാണത്തി- ലൂടെ അഖിലസംസാരബന്ധവും വിച്ഛേ- ദിച്ച്, ഹൃദയത്തിൽ ചൈതന്യാമൃതം ആസ്വദിച്ച്, രസരൂപമായ ബ്രഹ്മത്തെ കൈക്കൊള്ളുക.
അശേഷം ജഗത് ത്യജേത്	ലോകത്തെ നിശ്ശേഷം തള്ളുകയും ചെയ്യുക.
അംഭഃ പീത്വാ യഥാ തത്ഫലം പ്രജഹാതി	ഇളനീർ കുടിച്ചിട്ട് തൊണ്ടു കളയുന്നതുപോലെ.

ദൃശ്യമായതു് ഒന്നും ബ്രഹ്മമല്ല. ആകയാൽ അതിനെ തള്ളുക. ഹൃദയം നിറയുമാറ് അഖണ്ഡമായ ആനന്ദാമൃതം—ബ്രഹ്മാനന്ദം—അനുഭവിച്ചുകൊണ്ട് വെറും തൊണ്ടായ ജഗത്തിനെ കൈവെടിയുക എന്നു് ഉപദേശം.

കദാചിദാത്മാ ന മൃതോ ന ജായതേ
ന ക്ഷീയതേ നാപി വിവർദ്ധതേഽനവഃ
നിരസ്തസർവ്വാതിശയഃ സുഖാത്മകഃ
സ്വയംപ്രഭഃ സർവ്വഗതോഽയമദ്വയഃ. 35

ആത്മാ കദാചിത് ന മൃതഃ ന ജായതേ	ആത്മാവു് ഒരിക്കലും മരിക്കുന്നില്ല, ജനിക്കുന്നില്ല.
ന ക്ഷീയതേ ന വിവർദ്ധതേ അപി	ക്ഷയിക്കുന്നില്ല, വർദ്ധിക്കുന്നില്ല.
അയം അനവഃ നിരസ്തസർവ്വാതിശയഃ സുഖാത്മകഃ സ്വയംപ്രഭഃ സർവ്വഗതഃ അദ്വയഃ	അതു പുതിയതല്ല. അതിനെ അതിശയിക്കാൻ ഒന്നുമില്ല. അതു് സുഖാത്മകം, സ്വയംപ്രകാശകം. സർവ്വവ്യാപകം, ഏകം.

ഏവംവിധേ ജ്ഞാനമയേ സുഖാത്മകേ
കഥം ഭവോ ദുഃഖമയഃ പ്രതീയതേ
അജ്ഞാനതോഽധ്യാസവശാത് പ്രകാശതേ
ജ്ഞാനേ വിലീയേത വിരോധതഃ ക്ഷണാത്. 36

ഏവംവിധേ ജ്ഞാനമയേ സുഖാത്മകേ ദുഃഖമയഃ ഭവഃ കഥം പ്രതീയതേ	ഇങ്ങനെ ജ്ഞാനമയവും ആനന്ദരൂപവുമായ ആത്മാവിൽ ആടൽനിറഞ്ഞ ലോകം എങ്ങനെ പ്രതീതമാകും?
അജ്ഞാനതഃ അധ്യാസവശാത് പ്രകാശതേ	അജ്ഞതമൂലമുള്ള അധ്യാസംകൊണ്ടാണു് ജഗത്തു് പ്രകാശിക്കുന്നതു്.
ജ്ഞാനേ ക്ഷണാത് വിലീയതേ	ജ്ഞാനം ഉദിക്കുമ്പോൾ നിമിഷത്തിൽ അതു് ഇല്ലാതാകും.

അധ്യാസത്തെ അടുത്ത ശ്ലോകത്തിൽ വിവരിക്കുന്നു. വിശദവിവരണത്തിനു്—'വിവേകചൂഡാമണി', ശ്ലോകം 139, 140, 141, 142, 143, 144.

അറിവുണ്ടാകുമ്പോൾ സംസാരം ഇല്ലാതാകും. സംസാരം അജ്ഞാനമാണു്. അറിവിൻെറ മുമ്പിൽ അതിനു നിലനില്പില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദന്യദന്യത്ര വിഭാവ്യതേ ഭ്രമാത്
അധ്യാസമിത്യാഹുരമും വിപശ്ചിതഃ
അസർപ്പഭൂതേഽഹിവിഭാവനം യഥാ
രജ്ജ്വാദികേ തദ്വദപീശ്വരേ ജഗത്. 37

അന്യത് അന്യത്ര ഭ്രമാത്	അന്യമായ ഒന്നിനെ ഭ്രമംമൂലം
യത് വിഭാവ്യതേ	മറെറാരിടത്ത് വിഭാവനചെയ്യാറുണ്ടല്ലോ.
അമും വിപശ്ചിതഃ	ഇതിനെയാണ് വിദ്വാന്മാർ
അധ്യാസം ഇതി ആഹുഃ	അധ്യാസമെന്നു പറയുക.
അസർപ്പഭൂതേ രജ്ജ്വാദികേ	സർപ്പമല്ലാത്ത കയറിലും മററും
അഹിവിഭാവനം യഥാ	പാമ്പിനെ ഭാവനചെയ്യുന്നപോലെ
ഈശ്വരേ ജഗത്	ഈശ്വരനിൽ ജഗത്തിനെയും
അപി	(ഭാവനചെയ്യുന്നു).

വികല്പമായാരഹിതേ ചിദാത്മകേ—
ഽഹംകാര ഏഷഃ പ്രഥമഃ പ്രകല്പിതഃ
അധ്യാസ ഏവാത്മനി സർവ്വകാരണേ
നിരാമയേ ബ്രഹ്മണി കേവലേ പരേ. 38

വികല്പമായാരഹിതേ	വികല്പവും മായയുമില്ലാത്തതും
ചിദാത്മകേ സർവ്വകാരണേ	ചിത്സ്വരൂപവും സകലകാരണവും
നിരാമയേ കേവലേ ആത്മനി	അഴലററ കേവലാത്മാവുമായ
പരേ ബ്രഹ്മണി	പരബ്രഹ്മത്തിൽ
ഏഷ അഹംകാരഃ	ഈ അഹംബോധം
പ്രഥമഃ കല്പിതഃ	ആദ്യമായി കല്പിക്കപ്പെട്ടു.
(സ) ഏവ അധ്യാസഃ	അതാണ് 'അധ്യാസം'.

ഇച്ഛാദിരാഗാദി സുഖാദി ധാർമ്മികാഃ
സദാ ധിയഃ സംസൃതിഹേതവഃ പരേ
യസ്മാത് പ്രസുപ്തൗ തദഭാവതഃ പരഃ
സുഖസ്വരൂപേണ വിഭാവ്യതേ ഹി നഃ. 39

പരേ ഇച്ഛാദി രാഗാദി	പരമാത്മാവിൽ ഇച്ഛ—സ്നേഹ—
സുഖാദി ധാർമ്മികാഃ	സുഖാദി ധർമ്മങ്ങളുടെ ഭാവനകൾ
ധിയഃ സദാ	പുലത്തുകയാണ്
സംസൃതിഹേതവഃ	സംസാരത്തിനു കാരണം.
പ്രസുപ്തൗ തദഭാവതഃ	ഗാഢനിദ്രയിൽ സംസാരം
യസ്മാത് പരഃ	ഇല്ലാതാകുന്നതിനാൽ പരമാത്മാവിനെ
സുഖസ്വരൂപേണ ഹി	ആനന്ദരൂപനായിത്തന്നെ
നഃ വിഭാവ്യതേ	നമുക്കു വിഭാവനചെയ്യാൻ സാധിക്കും.

അനാദ്യവിദ്യോദ്ഭവ ബുദ്ധിബിംബിതോ
ജീവഃ പ്രകാശോഽയമിതീര്യതേ ചിതഃ
ആത്മാ ധിയഃ സാക്ഷിതയാ പൃഥക്സ്ഥിതോ
ബുദ്ധ്യാ പരിച്ഛിന്ന പരഃ സ ഏവ ഹി. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനാദ്യവിദ്യോദ്ഭവ	അനാദിയായ അവിദ്യയിൽനിന്നുളവായ
ബുദ്ധിബിംബിതഃ	ബുദ്ധിയിൽ ബിംബിതമായ
ചിതഃ പ്രകാശഃ	ചേതനപ്രകാശമാണ്
ജീവ ഇതി ഈര്യതേ	ജീവൻ എന്നു പറയപ്പെടുക.
ധിയഃ സാക്ഷിതയാ	ബുദ്ധിക്കു സാക്ഷിയായി
ആത്മാ പൃഥക് സ്ഥിതഃ	ആത്മാവ് വേറിട്ടുനില്ക്കുന്നു.
സഃ പരഃ തു ബുദ്ധ്യാ	ആ പരമാത്മാവാകട്ടെ ബുദ്ധിയാൽ
അപരിച്ഛിന്നഃ	പരിച്ഛേദിക്കപ്പെടുന്നില്ല.

ചിദ്ബിംബസാക്ഷ്യാത്മധിയാം പ്രസംഗത-
സ്ത്വേകത്ര വാസാദനലാക്തലോഹവത്
അന്യോന്യമധ്യാസവശാത് പ്രതീയതേ
ജഡാജഡത്വം ച ചിദാത്മചേതസോഃ. 41

അനലാക്തലോഹവത്	തീയിൽ ചുട്ടുപഴുത്ത ഇരുമ്പുപോലെ
ചിദ്ബിംബസാക്ഷ്യ-	ചിദ്ബിംബവും അതിനു സാക്ഷിയായ
ത്മധിയാം	ആത്മാ, ബുദ്ധി എന്നിവയും
പ്രസംഗതഃ ഏകത്ര വാസാത്	ഒരുമിച്ച് ഒരിടത്തു വർത്തിക്കുന്നതിനാൽ
ചിദാത്മചേതസഃ	ചിദാത്മാവിനും ബുദ്ധിക്കും
അധ്യാസവശാത് അന്യോന്യം	അധ്യാസവശാൽ അന്യോന്യം
ജഡാജഡത്വം ച	ജഡത്വവും ചേതനത്വവും
പ്രതീയതേ	ഉണ്ടെന്നു തോന്നാം.

അഗ്നി ഇരുമ്പിൽ വ്യാപിക്കുന്നു. അതിന്റെ ഗുണം (താപം) ഇരുമ്പിൽ കലരുന്നു. രണ്ടും അപ്പോൾ ഒന്നാണെന്നു തോന്നാം. അതുപോലെ ആത്മാവ് ജഡത്തിലേക്കു വ്യാപിക്കുമ്പോൾ (ആത്മാവും അനാത്മാവും) രണ്ടും ഒന്നുതന്നെ എന്നു നമുക്കു തോന്നാം. അവസ്ഥ പരസ്പരം അധ്യാസമുണ്ട്. അധ്യാസം മിഥ്യാ പ്രതീതി ഉളവാക്കും. അധ്യാസം നീങ്ങുന്നതോടെ യഥാർത്ഥജ്ഞാനം അങ്കുരിക്കുകയും ചെയ്യും.

ഗുരോഃ സകാശാദപി വേദവാക്യതഃ
സംജാത വിദ്യാനുഭവോ നിരീക്ഷ്യ തം
സ്വാത്മാനം ആത്മസ്ഥമുപാധിവർജ്ജിതം
ത്യജേദശേഷം ജഡമാത്മഗോചരം. 42

ഗുരോഃ സകാശാത്	ഗുരുവിന്റെ സാമീപ്യത്താൽ,
വേദവാക്യതഃ അപി	വേദവാക്യങ്ങളുടെ മനനത്താൽ,
സംജാത വിദ്യാനുഭവഃ	ആത്മജ്ഞാനാനുഭവം നേടി
ആത്മസ്ഥം	തന്നിൽ നിലകൊള്ളുന്ന
ഉപാധിവർജ്ജിതം	ഉപാധിരഹിതനായ
തം സ്വാത്മാനം നിരീക്ഷ്യ	ആ പരമാത്മാവിനെ ദർശിക്കുകയും
ആത്മഗോചരം ജഡം	ആത്മാവിൽ പ്രതീതമായ ജഡത്തെ
അശേഷം ത്യജേത്	അശേഷം ഉപേക്ഷിക്കുകയും വേണം.

പ്രകാശരൂപോഹമജോഹമദ്വയോ-
ഽസകൃത്വിഭാതോഽഹമതീവനിർമ്മലഃ
വിശുദ്ധവിജ്ഞാനഘനോ നിരാമയഃ
സംപൂർണ്ണ ആനന്ദമയോഽഹമക്രിയഃ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം പ്രകാശരൂപഃ	ഞാൻ പ്രകാശരൂപൻ,
അഹം അജഃ അദ്വയഃ	ഞാൻ ജനനമില്ലാത്തവൻ, അദ്വയൻ,
അഹം അസകൃത് വിഭാതഃ	ഞാൻ നിരന്തരം ഭാസിക്കുന്നവൻ,
അതീവനിർമ്മലഃ	പരമപരിശുദ്ധൻ,
വിശുദ്ധജ്ഞാനഘനഃ	വിശുദ്ധവിജ്ഞാനക്കാമ്പ്,
നിരാമയഃ അക്രിയഃ	അല്ലലില്ലാത്തവൻ, ക്രിയയില്ലാത്തവൻ,
അഹം സമ്പൂർണ്ണ ആനന്ദമയഃ	ഞാൻ തികച്ചും ആനന്ദമയൻ.

സദൈവ മുക്തോഹമചിന്ത്യശക്തിമാൻ
അതീന്ദ്രിയജ്ഞാനമതിക്രിയാത്മകഃ
അനന്തപാരോഹമഹന്നിശം ബുധൈഃ
വിഭാവിതോഽഹം ഹൃദി വേദവാദിഭിഃ. 44

അഹം സദൈവ മുക്തഃ	ഞാൻ എന്നും മുക്തൻ,
അചിന്ത്യശക്തിമാൻ	അപാരശക്തിക്കുടമ,
അതീന്ദ്രിയഃ ജ്ഞാനം	ഇന്ദ്രിയാതീതൻ, ജ്ഞാനസ്വരൂപി,
അതിക്രിയാത്മകഃ	ക്രിയകൾക്ക് അതീതൻ,
അഹം അനന്തപാരഃ	ഞാൻ അതിരില്ലാത്തവൻ.
വേദവാദിഭിഃ ബുധൈഃ	വൈദികവിദ്വാന്മാർ
അഹന്നിശം ഹൃദി വിഭാവിതഃ	രാവും പകലും മനസ്സിൽ ധ്യാനിക്കുന്നതു്
അഹം	എന്നെയാണു്.

ഏവം സദാത്മാനമഖണ്ഡിതാത്മനാ
വിചാരമാണസ്യ വിശുദ്ധഭാവനാ
ഹന്യാദവിദ്യാമചിരേണ കാരകൈഃ
രസായനം യദ്വദുപാസിതം രുജഃ. 45

ഏവം അഖണ്ഡിതാത്മനാ	ഇപ്രകാരം, പതറാത്ത മനസ്സോടെ
സദാ ആത്മാനം വിചാരമാണസ്യ	സദാ ആത്മവിചിന്തനംചെയ്യുന്നവന്റെ
വിശുദ്ധഭാവനാ അചിരേണ	ശുദ്ധഭാവന, ഉടനടി
കാരകൈഃ	ഉപാധികളോടൊപ്പം
അവിദ്യാം ഹന്യാത്	അവിദ്യയെ നശിപ്പിച്ചുകളയും.
ഉപാസിതം രസായനം	സേവിക്കപ്പെട്ട രസായനം
രുജഃ യദ്വത്	രോഗങ്ങളെയെന്നപോലെ.

വിവിക്ത ആസീന ഉപാരതേന്ദ്രിയോ
വിനിർജ്ജിതാത്മാ വിമലാന്തരാശയഃ
വിഭാവയേദേകമനന്യസാധനോ
വിജ്ഞാനദൃക് കേവല ആത്മസംസ്ഥിതഃ. 46

വിമലാന്തരാശയഃ	(സാധകൻ) അന്തഃകരണം വിമലമാക്കി
ഉപാരതേന്ദ്രിയഃ	ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു പിന്തിരിച്ച്
വിനിർജ്ജിതാത്മാ	മനോനിയന്ത്രണത്തോടെ
വിവിക്തേ ആസീനഃ (ഭവേത്)	ഏകാന്തതയിൽ ആസനസ്ഥനാകണം.
കേവലഃ ആത്മസംസ്ഥിതഃ	കേവലം ആത്മാവിൽ ഉറച്ചു്,
അനന്യസാധനഃ	മററു സഹായം തേടാതെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിജ്ഞാനദൃക്	വിജ്ഞാനദൃഷ്ടിയാൽ
ഏകം (ആത്മാനം)	ഏകനായ പരമാത്മാവിനെ
വിഭാവയേത്	ധ്യാനിക്കുകയും വേണം.

വിശ്വം യദേതത് പരമാത്മദർശനം
വിലോപയേത് ആത്മനി സർവ്വകാരണേ
പൂർണ്ണശ്ചിദാനന്ദമയോഽവതിഷ്ഠതേ
ന ച വേദ ബാഹ്യം ന ച കിഞ്ചിദാന്തരം. 47

ഏതദ് യദ് വിശ്വം	ഈ വിശ്വം
പരമാത്മദർശനം	പരമാത്മസ്വരൂപമാണ്.
സർവ്വകാരണേ	(അതിനെ) സർവ്വകാരണമായ
ആത്മനി വിലോപയേത്	പരമാത്മാവിൽ ലയിപ്പിക്കുക.
പൂർണ്ണഃ ചിദാനന്ദമയഃ	തികച്ചും ചിദാനന്ദമായ
യഃ അവതിഷ്ഠതേ	(പരംപൊരുളിൽ) ലയിപ്പവന്
ബാഹ്യം ന, ന ച ആന്തരം	ബാഹ്യമെന്നോ ആന്തരമെന്നോ
കിഞ്ചിത്	തെല്ലും തോന്നുകയില്ല.

പൂർവ്വം സമാധേരഖിലം വിചിന്തയേത്
ഓങ്കാരമാത്രം സചരാചരം ജഗത്
തദേവ വാച്യം പ്രണവോ ഹി വാചകോ
വിഭാവ്യതേഽജ്ഞാനവശാത് ന ബോധതഃ. 48

സമാധേഃ പൂർവ്വം	സമാധി ലഭിക്കുന്നതിനുമുമ്പ്
വിചിന്തയേത്	ഇങ്ങനെ ചിന്തിച്ചുറയ്ക്കണം:
സചരാചരം ജഗത്	'ചരാചരമയമായ ജഗത്ത്
ഓംകാരമാത്രം	ഓംകാരം മാത്രമാണ്.'
തദ് വാച്യം	അത് (ജഗത്ത്) വാച്യവും
പ്രണവഃ വാചകഃ ഏവ	ഓംകാരം വാചകവുംതന്നെ.
അജ്ഞാനവശാത്	അജ്ഞതയാലാണ് ജഗത്ത്
വിഭാവ്യതേ	പ്രതീതമാകുന്നത്.
ബോധതഃ ന	ബോധോദയത്തിൽ ജഗത്ത് ഇല്ലാതാകും.

അകാരസംജ്ഞഃ പുരുഷോ ഹി വിശ്വകോ–
ഹ്യുകാരകസ്തൈജസ ഈര്യതേ ക്രമാത്
പ്രാജ്ഞോ മകാരഃ പരിപഠ്യതേഽഖിലൈഃ
സമാധിപൂർവ്വം ന തു തത്വതോ ഭവേത്. 49

ക്രമാത് അകാരസംജ്ഞഃ	ക്രമപ്രകാരം അകാരം
വിശ്വകഃ പുരുഷഃ	വിശ്വപുരുഷൻ.
ഉകാരഃ തൈജസഃ	ഉകാരം തൈജസപുരുഷനെ
ഈര്യതേ	സൂചിപ്പിക്കുന്നു.
പ്രാജ്ഞഃ മകാരഃ	പ്രാജ്ഞനാണ് മകാരം എന്ന്
അഖിലൈഃ പരിപഠ്യതേ	ഏവർക്കും അറിയാം.
സമാധിപൂർവ്വം	സമാധിക്കു മുമ്പുവരെയേ ഇവയുള്ളു.
തത്വതഃ ന തു ഭവേത്	തത്ത്വത്തിൽ ഉണ്ടായിരിക്കയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമാത്മാവിൻെറ ഏററവും പ്രധിതനാമം പ്രണവമാണ്—ഓംകാരം. ''തസ്യ വാചകഃ പ്രണവഃ'' (യോഗസൂത്രം 1.27) ''തത്തേ സംഗ്രഹേണ ബ്രവീമി ഓമിതി ഏതത്.'' മൂന്നക്ഷരങ്ങൾ ചേർന്ന് ഓംകാരം ഉണ്ടാകുന്നു—അ, ഉ, മ്. ഇവയ്ക്ക് അർത്ഥങ്ങൾ പലതുണ്ട്. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നു ത്രിമൂർത്തികളെ പൗരാണികന്മാർ വ്യപദേശിക്കുന്നു. വിശ്വൻ, തൈജസൻ, പ്രാജ്ഞൻ ഇവ ജീവാത്മാവിൻെറ നാമങ്ങൾതന്നെ. നാമഭേദങ്ങൾക്ക് ആധാരം അവസ്ഥാത്രയം. അവസ്ഥാത്രയങ്ങൾ നശിക്കുന്നതോടെ ജീവൻ പരമാത്മാവായി മാറുമെന്നാണ് പ്രകൃതത്തിലെ വിവക്ഷ.

വിശ്വം ത്വകാരം പുരുഷം വിലോപയേത്
ഉകാരമധ്യേ ബഹുധാ വ്യവസ്ഥിതം
തതോ മകാരേ പ്രവിലോപ്യ തൈജസം
ദ്വിതീയവർണ്ണം പ്രണവസ്യ ചാന്തിമേ. 50

ബഹുധാ വ്യവസ്ഥിതം	പലതരത്തിൽ സ്ഥിതിചെയ്യുന്ന
അകാരം പുരുഷം വിശ്വം	അകാരപുരുഷനെ, വിശ്വനെ,
ഉകാരമധ്യേ വിലോപയേത്	ഉകാരത്തിൽ ലയിപ്പിക്കുക.
തതഃ പ്രണവസ്യ	എന്നിട്ട് പ്രണവത്തിൻെറ
ദ്വിതീയം വർണ്ണം തൈജസം	രണ്ടാംവർണ്ണവും തൈജസരൂപവുമായ
അന്തിമേ മകാരേ	ഉകാരത്തെ അന്തിമമകാരത്തിൽ
പ്രവിലോപ്യ	ലയിപ്പിക്കണം.

മകാരമപ്യാത്മനി ചിദ്ഘനേ പരേ
വിലോപയേത് പ്രാജ്ഞമപീഹ കാരണം
സോഹം പരം ബ്രഹ്മ സദാ വിമുക്തിമത്
വിജ്ഞാനദൃങ്മുക്ത ഉപാധിതോഽമലഃ. 51

കാരണം പ്രാജ്ഞം	കാരണരൂപനായ പ്രാജ്ഞനെ—
മകാരം അപി ചിദ്ഘനേ	മകാരത്തെ—ചൈതന്യഘനമായ
പരേ ആത്മനി വിലോപയേത്	പരമാത്മാവിൽ ലയിപ്പിക്കണം.
സദാ വിമുക്തിമത് അമലഃ	നിത്യമുക്തവും നിർമ്മലവും
ഉപാധിതഃ മുക്തഃ	ഉപാധിരഹിതവും
വിജ്ഞാനദൃക് സഃ	വിജ്ഞാനചക്ഷുസ്സുമായ ആ
പരം ബ്രഹ്മ അഹം	പരബ്രഹ്മമാണ് താൻ എന്നു
(ഇതി ഭാവയ)	വിചാരിച്ചുകൊൾക.

ഏവം സദാ ജാതപരാത്മഭാവനഃ
സ്വാനന്ദതുഷ്ടഃ പരിവിസ്മൃതാഖിലഃ
ആസ്തേ സ നിത്യാത്മസുഖപ്രകാശകഃ
സാക്ഷാദ് വിമുക്തോഽചലവാരിസിന്ധുവത്. 52

ഏവം സദാ	ഇപ്രകാരം നിരന്തരം
പരമാത്മഭാവനഃ	പരമാത്മചിന്തയിൽ മുഴുകി,
സ്വാനന്ദതുഷ്ടഃ	ആത്മാനന്ദത്തിൽ തുഷ്ടിപൂണ്ട്,
പരിവിസ്മൃതാഖിലഃ	മറെറല്ലാം മറന്ന്
നിത്യാത്മസുഖപ്രകാശകഃ	നിത്യാത്മസുഖം പ്രകാശിപ്പിക്കുന്ന
(യോഗീ)	യോഗി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അചലവാരിസീന്ധുവത് സാക്ഷാത് വിമുക്തഃ (ഭവതി)	അചലജലമായ സാഗരംപോലെ നേരേ മോക്ഷം നേടുന്നു.

ഏവം സദാഭ്യസ്ത സമാധിയോഗിനോ
നിവൃത്തസർവ്വേന്ദ്രിയഗോചരസ്യ ഹി
വിനിർജ്ജിതാശേഷരിപോരഹം സദാ
ദൃശ്യോ ഭവേയം ജിത ഷഡ്ഗുണാത്മനഃ. 53

ഏവം സദാ അഭ്യസ്ത സമാധിയോഗിനഃ നിവൃത്തസർവ്വേന്ദ്രിയഗോചരസ്യ വിനിർജ്ജിതാശേഷരിപോഃ ജിത ഷഡ്ഗുണാത്മനഃ അഹം സദാ ദൃശ്യഃ ഭവേയം	ഇങ്ങനെ സദാ സമാധിയോഗം അഭ്യസിക്കുന്ന, എല്ലാം ഇന്ദ്രിയവിഷയങ്ങളിൽനിന്നും പിന്തിരിഞ്ഞ, കാമാദിരിപുക്കളെ പാടെ വെന്ന, ഷഡ്ഗുണങ്ങളെ അടക്കിയ (യോഗിക്ക്) ഞാൻ സദാ ദൃശ്യനായിരിക്കും.

ധ്യാത്വൈവമാത്മാനമഹർന്നിശം മുനിഃ
തിഷ്ഠേത് സദാ മുക്തസമസ്തബന്ധനഃ
പ്രാരബ്ധമശ്നൻ അഭിമാനവർജ്ജിതോ
മയ്യേവ സാക്ഷാത് പ്രവിലീയതേ തതഃ. 54

അഹർന്നിശം ആത്മാനം ധ്യാത്വാ ഏവ മുക്തബന്ധനഃ സദാ മുനിഃ തിഷ്ഠേത്	പകലും രാവും ആത്മധ്യാനത്തിൽ മുഴുകി, ബന്ധനങ്ങളിൽനിന്നും എന്നേക്കുമായി വിട്ടതന്നേടി വേണം മുനി കഴിയേണ്ടതു്.
അഭിമാനവർജ്ജിതഃ പ്രാരബ്ധം അശ്നൻ ജീവേത്	(കർത്തൃത്വാദി) അഭിമാനം വിട്ട് പ്രാരബ്ധം ഭുജിച്ചു ജീവിക്കണം.
തതഃ സാക്ഷാത് മയി ഏവ പ്രവിലീയതേ	അവസാനം ആയാൾ നേരെ എന്നിൽത്തന്നെ ലയിക്കുകയുംചെയ്യുന്നു.

ആദൗ ച മദ്ധ്യേ ച തഥൈവ ചാന്തതോ
ഭവം വിദിത്വാ ഭയശോകകാരണം
ഹിത്വാ സമസ്തം വിധിവാദചോദിതം
ഭജേത് സ്വമാത്മാനമഥാഖിലാത്മനാം. 55

ആദൗ ച മദ്ധ്യേ ച തഥാ അന്തതഃ ച ഭവം ഭയശോകകാരണം വിദിത്വാ വിധിവാദചോദിതം സമസ്തം ഹിത്വാ അഥ അഖിലാത്മനാം സ്വാത്മാനം ഭജേത്	തുടക്കത്തിലും ഇടയ്ക്കും ഒടുക്കവും ഈ ലോകം ഭയശോകങ്ങൾക്കു കാരണമാണെന്നു് അറിഞ്ഞു് വിധിനിഷേധാത്മകമായ കർമ്മജാലമെല്ലാം കൈവിട്ടു; എന്നിട്ട് സകലപ്രാണികളിലും കുടികൊള്ളുന്ന സ്വാത്മാവിനെ (പരമാത്മാവിനെ) ഭജിക്കുക.

ആത്മന്യഭേദേന വിഭാവയന്നിദം
ഭവത്യഭേദേന മയാത്മനാ തദാ
യഥാ ജലം വാരിനിധൗ യഥാ പയഃ
ക്ഷീരേ വിയദ് വ്യോമ്ന്യനിലേ യഥാനിലഃ. 56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജലം വാരിനിധൗ യഥാ	ജലം സമുദ്രത്തിൽ,
യഥാ പയഃ ക്ഷീരേ	പാലിൽ പാൽ,
വിയത് വ്യോമ്നി	മഹാകാശത്തിൽ ഘടാകാശം,
അനിലേ യഥാ	വായുവിൽ വായു ഇവ ചേർന്ന്
അനിലഃ	ഒന്നാകുംപോലെ
ഇദം	ഈ ജഗത്ത്
ആത്മനി അഭേദേന	ആത്മാവിൽനിന്ന് അഭിന്നമാണെന്ന്
സദാ വിഭാവയൻ	സദാ വിഭാവനംചെയ്യാൻ
ആത്മനി മയി സദാ	ജീവാത്മാവ്, പരമാത്മാവായ എന്നിൽ–
അഭേദേന വേത്തി	നിന്ന് അഭിന്നനായി ഭവിക്കും.

ജീവാത്മ–പരമാത്മാക്കളുടെ അഭിന്നത്വം സാക്ഷാത്കരിക്കാൻ അഭേദചിന്തയാണ് മാർഗ്ഗം.

ഇത്ഥം യദീക്ഷേത ഹി ലോകസംസ്ഥിതോ
ജഗന്മൃഷൈവേതി വിഭാവയൻ മുനിഃ
നിരാകൃതത്വാത് ശ്രുതിയുക്തിമാനതോ
യഥേന്ദുഭേദോ ദിശി ദിഗ്ഭ്രമാദയഃ. 57

ഇത്ഥം ലോകസംസ്ഥിതഃ	ഇങ്ങനെ ലോകത്തിൽ ജീവിച്ചുകൊണ്ടു–
യത് ജഗത് മൃഷാ ഏവ	തന്നെ ഈ ലോകം വെറും മിഥ്യയെന്ന്
ഇതി മുനിഃ വിഭാവയൻ ഈക്ഷേത	മുനി ആലോചിച്ചു മനസ്സിലാക്കണം.
ശ്രുതിയുക്തിമാനതഃ	ശ്രുതിയുക്തിപ്രമാണങ്ങൾ
നിരാകൃതത്വാത്	ജഗത്തിനെ നിരാകരിക്കുന്നുവല്ലോ.
ഇന്ദുഭേദഃ	ചന്ദ്രനിലെ ഭേദം,
ദിശി ദിഗ്ഭ്രമാദയഃ യഥാ	ദിക്കുകളിലെ ദിഗ്ഭ്രമം ഇവപോലെ.

ശ്രുതി–യുക്തി–പ്രമാണങ്ങൾ ലോകം മിഥ്യ എന്നു തെളിയിക്കുന്നു. ലോകജീവിതം നയിക്കുന്ന ജ്ഞാനി ഈ വസ്തുത ഒരിക്കലും വിസ്മരിക്കരുത്. കണ്ണ് അമർത്തിയാൽ രണ്ടായി കാണപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ചന്ദ്രൻ ഒന്നേയുള്ളു. അതുപോലെതന്നെ പരമസത്യവും ഒന്നുമാത്രം. പലതെന്നു തോന്നുന്നത് ഭ്രമം.

യാവന്നപശ്യേദഖിലം മദാത്മകം
താവന്മദാരാധനതത്പരോ ഭവേത്
ശ്രദ്ധാലുരത്യൂർജ്ജിതഭക്തിലക്ഷണോ
യസ്തസ്യ ദൃശ്യോഽഹമഹർന്നിശം ഹൃദി. 58

യാവത് അഖിലം മദാത്മകം	വിശ്വത്തെയെല്ലാം എന്റെ സ്വരൂപമെന്ന
ന പശ്യേത് താവത്	നിലയിൽ കാണാൻ കഴിയാത്തപക്ഷം
	(അതിനു കഴിവു ലഭിക്കുന്നതുവരെ)
മദാരാധനതത്പരഃ ഭവേത്	എന്നെ ഭജിക്കുന്നതിൽ മുഴുകിക്കൊള്ളുക.
ഊർജ്ജിതഭക്തിലക്ഷണഃ ശ്രദ്ധാലുഃ	ഉത്കടമായ ഭക്തിയുള്ള ശ്രദ്ധാലുവിന്
യഃ തസ്യ അഹം അഹർന്നിശം ഹൃദി	എന്നെ എല്ലായ്പോഴും തന്റെ ഹൃദയത്തിൽ–
ദൃശ്യഃ	ത്തന്നെ ദർശിക്കാവുന്നതാണ്.

അഖിലവിശ്വത്തിലും പരമാത്മാവിനെ ദർശിക്കുകയാണ് പരമലക്ഷ്യം. "യസ്തു സർവ്വാണി ഭൂതാനി ആത്മന്യേവാനുപശ്യതി, സർവ്വഭൂതേഷു ചാത്മാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നം...'' എന്നാണല്ലോ ശ്രുതി (ഈശ. 6). അതു ക്രമേണ വളർത്തിയെടുക്കേണ്ട വീക്ഷണവിശേഷം. ഹൃദയത്തിലും ഭഗവാനെ ദർശിക്കാം. ''വേനസ്തത് പശ്യൻ നിഹിതം ഗുഹായാം'' (യജു. 32. 8). ഭക്തിപൂർവ്വം നിരന്തരം ഭജിക്കുക. വിശ്വത്തെ ഈശ്വരരൂപമായി കാണാൻ കഴിയും.

രഹസ്യമേതത് ശ്രുതിസാരസംഗ്രഹം
മയാ വിനിശ്ചിത്യ തവോദിതം പ്രിയ
യസ്ത്വേതദാലോചയതീഹ ബുദ്ധിമാൻ
സ മുച്യതേ പാതകരാശിഭിഃ ക്ഷണാത്. 59

ഏതത് ശ്രുതിസാരസംഗ്രഹം രഹസ്യം	ഇതാണ് ശ്രുതിയുടെ സാരസംഗ്രഹമായ രഹസ്യതത്ത്വം.
പ്രിയ മയാ വിനിശ്ചിത്യ തവ ഉദിതം	പ്രിയപ്പെട്ടവനേ, ഞാൻ നിശ്ചയപൂർവ്വകം നിനക്ക് ഇതു് ഉപദേശിച്ചിരിക്കുന്നു.
ഇഹ യഃ ബുദ്ധിമാൻ ഏതദ് ആലോചയതി പാതകരാശിഭിഃ സഃ ക്ഷണാത് മുച്യതേ	ഈ ലോകത്തിൽ ഏതെങ്കിലും ബുദ്ധിയുള്ളവൻ ഇതേപ്പററി മനനംചെയ്താൽ സകലപാപങ്ങളിൽനിന്നും അവൻ ക്ഷണത്തിൽ മുക്തി നേടും.

ഭ്രാതർയദീദം പരിദൃശ്യതേ ജഗത്
മായൈവ സർവ്വം പരിഹൃത്യ ചേതസാ
മദ്ഭാവനാഭാവിതശുദ്ധമാനസഃ
സുഖീ ഭവാനന്ദമയോ നിരാമയഃ. 60

ഭ്രാതഃ യദ് ഇദം ജഗത് പരിദൃശ്യതേ മായാ ഏവ	സോദരാ, ഇക്കാണുന്ന ലോകം വെറും മായയാണ്.
സർവ്വം ചേതസാ പരിഹൃത്യ മദ്ഭാവനാഭാവിതഃ ശുദ്ധമാനസഃ ഭവ	ഇതെല്ലാം മനസാ വെടിഞ്ഞു് എന്നെ ധ്യാനിച്ച് ചിത്തശുദ്ധി നേടുക.
സുഖീ ആനന്ദമയഃ നിരാമയഃ ഭവ	സുഖിയും ആനന്ദമയനും ശോകരഹിതനും ആവുക.

യഃ സേവതേ മാം അഗുണം ഗുണാത്പരം
ഹൃദാ കദാ വാ യദി വാ ഗുണാത്മകം
സോഹം സ്വപാദാഞ്ചിതരേണുഭിഃ സ്പൃശൻ
പുനാതി ലോകത്രിതയം യഥാ രവിഃ. 61

ഗുണാത്പരം അഗുണം ഗുണാത്മകം വാ ഹൃദാ കദാ വാ യദി മാം യഃ സേവതേ സഃ അഹം	ഗുണാതീതനായ എന്നെ നിർഗ്ഗുണനായോ, സഗുണനായോ, ഹൃദയപൂർവ്വം എന്നെങ്കിലും ഏവനെങ്കിലും സേവിച്ചാൽ അവൻ ഞാനാണ് (ഞാനും അവനും ഒന്നുതന്നെ).
സ്വപാദാഞ്ചിതരേണുഭിഃ സ്പൃശൻ ലോകത്രയം പുനാതി യഥാ രവിഃ	തന്റെ പാദപാംസുക്കളാൽ സ്പർശിച്ച് (അവൻ) ലോകത്രയം പാവനമാക്കുന്നു, സൂര്യൻ എന്നപോലെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിജ്ഞാനമേതദഖിലം ശ്രുതിസാരമേകം
വേദാന്തവേദ്യപരണേന മയൈവ ഗീതം
യഃ ശ്രദ്ധയാ പരിപഠേത് ഗുരുഭക്തിയുക്തോ
മദ്രൂപമേതി യദി മദ്വചനേഷു ഭക്തിഃ. 62

ഏതദ് അഖിലം വിജ്ഞാനം ശ്രുതിസാരം ഏകം	ഇതാണ് നിഖിലവിജ്ഞാനം. വേദങ്ങളുടെ ഏകസാരം.
വേദാന്തവേദ്യപരണേന മയാ ഏവ ഗീതം	വേദാന്തംകൊണ്ട് അറിയേണ്ട പാദങ്ങളുള്ള ഞാൻതന്നെ നിന്നെ ഉപദേശിച്ചിരിക്കുന്നു.
ഗുരുഭക്തിയുക്തഃ യഃ	ഗുരുഭക്തിയുള്ള ആരു്
ശ്രദ്ധയാ പരിപഠേത്	ഇതു് ശ്രദ്ധാപൂർവ്വം പഠിക്കുന്നുവോ,
യദി മദ്വചനേഷു	എന്റെ വചനങ്ങളിൽ
ഭക്തിഃ	പ്രതിപത്തിയുള്ളപക്ഷം അവൻ
മദ്രൂപം ഏതി	എന്റെ സാരൂപ്യം പ്രാപിക്കുകതന്നെ ചെയ്യും.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ പഞ്ചമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം അഞ്ചാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ആറ്

ലവണവധം—കുശലവരോടൊത്ത് യജ്ഞസ്ഥലത്തേക്കു് വാല്മീകിയുടെ വരവ്

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ഏകദാ മുനയഃ സർവ്വേ യമുനാതീരവാസിനഃ
ആജഗ്മുഃ രാഘവം ദ്രഷ്ടും ഭയാല്ലവണരക്ഷസഃ. 1

ലവണരക്ഷസഃ ഭയാത്	ലവണാസുരനെ പേടിച്ച
യമുനാതീരവാസിനഃ	യമുനാതീരവാസികളായ
മുനയഃ സർവ്വേ	മുനിമാർ എല്ലാവരും ചേർന്നു്
ഏകദാ രാഘവം ദ്രഷ്ടും	ഒരിക്കൽ ശ്രീരാമദർശനത്തിനു്
ആജഗ്മുഃ	എത്തിച്ചേർന്നു.

കൃത്വാഗ്രേ തു മുനിശ്രേഷ്ഠം ഭാർഗ്ഗവം ച്യവനം ദ്വിജാഃ
അസംഖ്യാതാഃ സമായാതാഃ രാമാദഭയകാംക്ഷിണഃ. 2

ഭാർഗ്ഗവം മുനിശ്രേഷ്ഠം	ഭൃഗുപുത്രനായ മുനിശ്രേഷ്ഠൻ
ച്യവനം അഗ്രേ കൃത്വാ	ച്യവനന്റെ നേതൃത്വത്തിലാണു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമാത് അഭയകാംക്ഷിണഃ	രാമനിൽനിന്നു് അഭയം കാംക്ഷിച്ചു
അസംഖ്യാതാഃ ദ്വിജാഃ സമായാതാഃ	എണ്ണമററ മുനിമാർ വന്നണഞ്ഞതു്.

താൻ പൂജയിത്വാ പരയാ ഭക്ത്യാ രഘുകുലോത്തമഃ
ഉവാച മധുരം വാക്യം ഹർഷയൻ മുനിമണ്ഡലം. 3

പരയാ ഭക്ത്യാ താൻ പൂജയിത്വാ	നിറഞ്ഞ ഭക്തിയോടെ അവരെ പൂജിച്ച്,
മുനിമണ്ഡലം ഹർഷയൻ	മുനിമണ്ഡലത്തെ സന്തോഷിപ്പിച്ച്
രഘുകുലോത്തമഃ മധുരം വാക്യം	രഘുവരൻ മധുരവചനങ്ങളിൽ
ഉവാച	അന്വേഷിച്ചു:

കരവാണി മുനിശ്രേഷ്ഠാഃ കിമാഗമനകാരണം
ധന്യോ{\/}സ്മി യദി യൂയം മാം പ്രീത്യാ ദ്രഷ്ടുമിഹാഗതാഃ. 4

മുനിശ്രേഷ്ഠാഃ	മുനിവരരേ,
ആഗമനകാരണം കിം	നിങ്ങൾ വന്നതിന്റെ കാരണമെന്തു്?
കരവാണി	(എന്തായാലും) ഞാൻ നിറവേററിത്തരാം.
യദി യൂയം പ്രീത്യാ മാം	ഭവാന്മാർ പ്രീതിപൂർവ്വം എന്നെ
ദ്രഷ്ടും ഇഹ	സന്ദർശിക്കാനാണു് ഇങ്ങോട്ടു
ആഗതാഃ	പോന്നതെങ്കിൽ
അഹം ധന്യഃ	ഞാൻ ധന്യൻതന്നെ.

ദുഷ്കരം ചാപി യത്കാര്യം ഭവതാം തത്കരോമ്യഹം
ആജ്ഞാപയന്തു മാം ഭൃത്യം ബ്രാഹ്മണാഃ ദൈവതം ഹി മേ. 5

ഭവതാം യത് കാര്യം	ഭവാന്മാരുടെ കാര്യം എത്ര
ദുഷ്കരം ച അപി അഹം കരോമി	ദുഷ്കരമായാലും ഞാൻ നിർവ്വഹിക്കാം.
ഭൃത്യം മാം ആജ്ഞാപയന്തു	ഭൃത്യനായ എന്നോടു് ആജ്ഞാപിച്ചാലും.
ഹി മേ ബ്രാഹ്മണാഃ	എന്തെന്നാൽ എനിക്കു ബ്രാഹ്മണർ
ദൈവതം	ദൈവതങ്ങളത്രേ.

തച്ഛ്രുത്വാ സഹസാ ഹൃഷ്ടോ ച്യവനോ വാക്യമബ്രവീത്
മധുനാമാ മഹാദൈത്യഃ പുരാ കൃതയുഗേ പ്രഭോ. 6

ആസീദതീവ ധർമ്മാത്മാ ദേവ ബ്രാഹ്മണപൂജകഃ
തസ്യ തുഷ്ടോ മഹാദേവോ ദദൗ ശൂലമനുത്തമം. 7

തത് ശ്രുത്വാ സഹസാ ഹൃഷ്ടഃ	അതു കേട്ടു് അതീവസന്തുഷ്ടൻ
ച്യവനഃ വാക്യം അബ്രവീത്	ച്യവനൻ വാക്യം അറിയിച്ചു:
പ്രഭോ പുരാ കൃതയുഗേ	പ്രഭോ, ശ്രീരാമ, പണ്ടു കൃതയുഗത്തിൽ
മധുനാമാ	മധു എന്ന പേരിൽ
മഹാദൈത്യഃ ആസീത്	ഒരു മഹാദൈത്യൻ ഉണ്ടായിരുന്നു.
അതീവധർമ്മാത്മാ	അതീവധർമ്മിഷ്ഠൻ,
ദേവബ്രാഹ്മണപൂജകഃ	ദേവന്മാരെയും വിപ്രരെയും പൂജിക്കുന്നവൻ.
തുഷ്ടഃ മഹാദേവഃ തസ്യ	സന്തുഷ്ടനായ മഹാദേവൻ അവനു്
അനുത്തമം ത്രിശൂലം ദദൗ	അത്യുത്തമമായ ഒരു ത്രിശൂലം നല്കി.

പ്രാഹ ചാനേന യം ഹംസി സ തു ഭസ്മീഭവിഷ്യതി
രാവണസ്യാനുജാ ഭാര്യാ തസ്യ കുംഭീനസീ ശ്രുതാ. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാഹ ച അനേന യം ഹംസി സഃ തു ഭസ്മീഭവിഷ്യതി	അർത്ഥം ചെയ്തു: ഇതു നീ ആക്കെതിരെ പ്രയോഗിക്കുമോ അവൻ ചാമ്പലായിപ്പോകും.
രാവണസ്യ അനുജാ കുംഭീനസീ തസ്യ ഭാര്യാ ശ്രുതാ	രാവണന്റെ ഇളയ സഹോദരി കുംഭീനസിയായിരുന്നു അവന്റെ ഭാര്യ എന്നു കേൾക്കുന്നു.

തസ്യാം തു ലവണോ നാമ രാക്ഷസോ ഭീമവിക്രമഃ
ആസീത് ദുരാത്മാ ദുർധർഷോ ദേവബ്രാഹ്മണഹിംസകഃ. 9

തസ്യാം തു ഭീമവിക്രമഃ ലവണഃ നാമ രാക്ഷസഃ	അവളുടെ മകനാണ് മഹാപരാക്രമി ലവണാസുരൻ.
സഃ ദുരാത്മാ ദുർധർഷഃ ദേവബ്രാഹ്മണഹിംസകഃ ആസീത്	അവൻ ദുഷ്ടനും ധിക്കാരിയും ദേവബ്രാഹ്മണരെ ഹിംസിക്കുന്നവനും ആയിരുന്നു.

പീഡിതസ്തേന രാജേന്ദ്ര വയം ത്വാം ശരണം ഗതാഃ
തച്ഛ്രുത്വാ രാഘവോപ്യാഹ മാ ഭീർവോ മുനിപുംഗവാഃ. 10

രാജേന്ദ്ര തേന പീഡിതാഃ വയം ത്വാം ശരണം ഗതാഃ	രാജേന്ദ്ര, അവനാൽ പീഡിതർ ഞങ്ങൾ നിന്നെ ശരണംപ്രാപിക്കയാണ്.
തത് ശ്രുത്വാ രാഘവഃ അപി ആഹ മുനിപുംഗവാഃ വഃ മാ ഭീഃ	അതു കേട്ട് രാഘവൻ അരുളി: മുനിവരരേ, നിങ്ങൾക്കു ഭയമേ വേണ്ട.

ലവണം നാശയിഷ്യാമി ഗച്ഛന്തു വിഗതജ്വരാഃ
ഇത്യുക്ത്വാ പ്രാഹ രാമോപി ഭ്രാതൄൻ കോ വാ ഹനിഷ്യതി. 11

ലവണം രാക്ഷസം ദദ്യാത് ബ്രാഹ്മണേഭ്യോऽഭയം മഹത്
തച്ഛ്രുത്വാ പ്രാഞ്ജലിഃ പ്രാഹ ഭരതോ രാഘവായ വൈ. 12

ലവണം നാശയിഷ്യാമി വിഗതജ്വരാഃ ഗച്ഛന്തു	ലവണനെ നശിപ്പിച്ചുകൊള്ളാം. (ഭവാന്മാർ) അല്ലലെന്യേ പോയാലും.
ഇതി ഉക്ത്വാ രാമഃ അപി ഭ്രാതൄൻ പ്രാഹ	ഇത്രയും അരുളിയതിനുശേഷം രാമൻ സഹോദരരോടു ചോദിച്ചു:
ലവണം രാക്ഷസം കഃ വാ ഹനിഷ്യതി	ലവണാസുരനെ (നിങ്ങളിൽ) ആർ കൊല്ലും?
ബ്രാഹ്മണേഭ്യഃ മഹത് അഭയം കഃ ദദ്യാത്	വിപ്രർക്കു മഹത്തായ അഭയം ആർ നല്കും?
തത് ശ്രുത്വാ പ്രാഞ്ജലിഃ ഭരതഃ രാഘവായ പ്രാഹ	(ചോദ്യം) കേട്ട് കൈകൂപ്പി ഭരതൻ രാമനെ അറിയിച്ചു:

അഹമേവ ഹനിഷ്യാമി ദേവാജ്ഞാപയ മാം പ്രഭോ
തതോ രാമം നമസ്കൃത്യ ശത്രുഘ്നോ വാക്യമബ്രവീത്. 13

അഹം ഏവ തം ഹനിഷ്യാമി ദേവ മാം ആജ്ഞാപയ	ഞാൻതന്നെ അവനെ കൊല്ലാം. ദേവ, എനിക്കു അനുജ്ഞ നല്കിയാലും.
തതഃ ശത്രുഘ്നഃ രാമം നമസ്കൃത്യ വാക്യം അബ്രവീത്	പിന്നെ ശത്രുഘ്നൻ രാമനെ വണങ്ങി ഇങ്ങനെ ഉണർത്തിച്ചു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷ്മണേന മഹത്കാര്യം കൃതം രാഘവ സംയുഗേ
നന്ദിഗ്രാമേ മഹാബുദ്ധിർഭരതോ ദുഃഖമനാവ്രതത്. 14

രാഘവ ലക്ഷ്മണേന മഹത്	രാഘവ, ലക്ഷ്മണൻ മഹത്തായ
കാര്യം സംയുഗേ	കാര്യങ്ങളാണ് യുദ്ധത്തിൽ
കൃതം	നിറവേററിയത്.
മഹാബുദ്ധിഃ ഭരതഃ നന്ദിഗ്രാമേ	മഹാമതി ഭരതൻ നന്ദിഗ്രാമത്തിൽ
ദുഃഖം അനാവ്രതത്	(വസിച്ച്) ക്ലേശം സഹിച്ചു.

അഹമേവ ഗമിഷ്യാമി ലവണസ്യ വധായ ച
ത്വത്പ്രസാദാത് രഘുശ്രേഷ്ഠ, ഹന്യാം തം രാക്ഷസം യുധി. 15

അഹം ഏവ ഗമിഷ്യാമി	ഞാൻതന്നെ പോകാം.
ലവണസ്യ വധായ	ലവണനെ വകവരുത്താൻ.
രഘുശ്രേഷ്ഠ ത്വത്പ്രസാദാത്	രഘുവര, നിന്റെ തിരുകൃപയാൽ
തം രാക്ഷസം	ആ രാക്ഷസനെ
യുധി ഹന്യാം	യുദ്ധത്തിൽ കൊന്നുകൊള്ളാം.

തച്ഛ്രുത്വാ സ്വാങ്കമാരോപ്യ ശത്രുഘ്നം ശത്രുസൂദനഃ
പ്രാഹാദ്യൈവാഭിഷേക്ഷ്യാമി മധുരാരാജ്യകാരണാത്. 16

തത് ശ്രുത്വാ ശത്രുഘ്നം	അതു കേൾക്കവേ ശത്രുഘ്നനെ
സ്വാങ്കം ആരോപ്യ	മടിയിലേററി
ശത്രുസൂദനഃ പ്രാഹ	ശത്രുദമനൻ രാമൻ ചൊല്ലി:
അദ്യ ഏവ മധുരാരാജ്യ—	ഇന്നുതന്നെ മധുരാരാജ്യത്തിന്റെ
കാരണാത് അഭിഷേക്ഷ്യാമി	അധിപനായി (നിന്നെ) ഞാൻ വാഴിക്കും.

ആനായ്യ ച സുസംഭാരാൻ ലക്ഷ്മണേനാഭിഷേചനേ
അനിച്ഛന്തമപി സ്നേഹാത് അഭിഷേകം അകാരയത്. 17

ലക്ഷ്മണേന അഭിഷേചനേ	ലക്ഷ്മണനെക്കൊണ്ട് അഭിഷേകത്തിനുള്ള
സുസംഭാരാൻ ആനായ്യ	ഉത്തമസാമഗ്രികളെല്ലാം വരുത്തിച്ച്
അനിച്ഛന്തം അപി	(ശത്രുഘ്നന്) താൽപര്യം ഇല്ലായിരു— ന്നെങ്കിലും
സ്നേഹാത് അഭിഷേകം അകാരയത്	രാമൻ സ്നേഹപൂർവ്വം അവനെ വാഴിച്ചു.

തതോ ത്വസ്മൈ ശരം ദിവ്യം രാമഃ ശത്രുഘ്നമബ്രവീത്
അനേന ജഹി ബാണേന ലവണം ലോകകണ്ടകം. 18

തസ്മൈ ദിവ്യം ശരം ദത്വാ	അവന് ദിവ്യാസ്ത്രം നല്കി
രാമഃ ശത്രുഘ്നം അബ്രവീത്	രാമൻ ശത്രുഘ്നനോട് അരുളി:
ലോകകണ്ടകം ലവണം	ലോകോപദ്രവിയായ ലവണനെ
അനേന ബാണേന ജഹി	ഈ ബാണംകൊണ്ട് കൊല്ലുക.

സ തു സംപൂജ്യ തച്ഛൂലം ഗേഹേ ഗച്ഛതി കാനനം
ഭക്ഷണാർത്ഥം തു ജന്തൂനാം നാനാപ്രാണിവധായ ച. 19

സഃ തു തത് ശൂലം	ലവണനാകട്ടെ പരമശിവൻ നല്കിയ ശൂലം
ഗേഹേ സംപൂജ്യ	വീട്ടിൽ പൂജിച്ചുവച്ചതിനുശേഷമാണ്
നാനാപ്രാണിവധായ	പല ജന്തുക്കളെ കൊല്ലാനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജന്തൂനാം ഭക്ഷണാൎത്ഥം	അവയെ തിന്നാനും
കാനനം ഗച്ഛതി	കാട്ടിലേക്കു കടക്കുക.

സ തു നായാതി സദനം യാവദ് വനചരോ ഭവേത്
താവദേവ പുരദ്വാരി തിഷ്ഠ ത്വം ധൃതകാൎമ്മുകഃ. 20

സഃ സദനം യാവദ് ന ആയാതി	അവൻ വീട്ടിൽ എത്താതെ
വനചരഃ ഭവേത് താവത് ഏവ	കാട്ടിൽ ചുററിനടക്കുവോളം
ത്വം ധൃതകാൎമ്മുകഃ	നീ വില്ലുമേന്തി
പുരദ്വാരി തിഷ്ഠ	നഗരവാതില്ക്കൽ നിലകൊള്ളണം.

യോത്സ്യതേ സഃ ത്വയാ ക്രുദ്ധഃ തദാ വധ്യോ ഭവിഷ്യതി
തം ഹത്വാ ലവണം ക്രൂരം തദ്വനം മധുസംജ്ഞിതം. 21

നിവേശ്യ നഗരം തത്ര തിഷ്ഠ ത്വം മേഽനുശാസനാത്
അശ്വാനാം പഞ്ചസാഹസ്രം രഥാനാം ച തദൎദ്ധകം. 22

ഗജാനാം ഷട്ശതാനീഹ പത്തീനാമയുതത്രയം
ആഗമിഷ്യതി പശ്ചാത് ത്വം അഗ്രേ സാധയ രാക്ഷസം. 23

ക്രുദ്ധഃ സഃ ത്വയാ	ക്രുദ്ധനായ അവൻ
യോത്സ്യതേ	നിന്നോട് എതിരിട്ടും.
തദാ ത്വയാ വധ്യഃ ഭവിഷ്യതി	അപ്പോൾ നിന്നാൽ അവൻ കൊല്ലപ്പെടും.
തം ക്രൂരം ലവണം ഹത്വാ	ആ ക്രൂരലവണനെ സംഹരിച്ച്
മധുസംജ്ഞിതം തദ്വനം	മധുവനമെന്ന വനത്തിൽ
നഗരം നിവേശ്യ	നഗരം സ്ഥാപിച്ച്
മേ അനുശാസനാത്	എന്റെ കല്പനപ്രകാരം
ത്വം തത്ര തിഷ്ഠ	നീ അവിടെ വസിച്ചുകൊൾക.
അഗ്രേ രാക്ഷസം സാധയ	ആദ്യം രാക്ഷസനെ വകവരുത്തുക.
അശ്വാനാം പഞ്ചസാഹസ്രം	കുതിരകൾ അയ്യായിരം,
രഥാനാം തദൎദ്ധകം ച	തേരുകൾ അതിൽ പാതി.
ഗജാനാം ഷട്ശതാനി	ആനകൾ അറുനൂറ്,
പത്തീനാം അയുതത്രയം	കാലാൾപ്പട മുപ്പതിനായിരം.
പശ്ചാത് ആഗമിഷ്യതി	ഇവ പിന്നാലെ വന്നുകൊള്ളും.

ഇത്യുക്ത്വാ മൂൎദ്ധ്ന്യവഘ്രായ പ്രേഷയാമാസ രാഘവഃ
ശത്രുഘ്നം മുനിഭിഃ സാൎദ്ധം ആശീൎഭിരഭിനന്ദ്യ ച. 24

ഇതി ഉക്ത്വാ രാഘവഃ	ഇത്രയും ചൊന്നു് രാഘവൻ
മൂൎദ്ധ്നി അവഘ്രായ	നെറുകയിൽ ചുംബിച്ചു.
ആശീഭിഃ അഭിനന്ദ്യ ച	ആശീസ്സുകളാൽ അഭിനന്ദിച്ച്
ശത്രുഘ്നം മുനിഭിഃ സാൎദ്ധം	ശത്രുഘ്നനെ മുനിമാരെയുംകൂട്ടി
പ്രേഷയാമാസ	യാത്രയാക്കി.

ശത്രുഘ്നോഽപി തഥാ ചക്രേ യഥാ രാമേണ ചോദിതഃ
ഹത്വാ മധുസുതം യുദ്ധേ മഥുരാം അകരോത് പുരീം. 25

രാമേണ യഥാ ചോദിതഃ	രാമൻ ആജ്ഞാപിച്ചതുപോലെതന്നെ
ശത്രുഘ്നഃ അപി തഥാ ചക്രേ	ശത്രുഘ്നൻ ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മധുസുതം യുദ്ധേ ഹത്വാ	മധുപുത്രനെ, ലവണനെ, അടരിൽ കൊന്ന്
മഥുരാം പുരീം അകരോത്	മഥുരാപുരി സ്ഥാപിച്ചു.

സ്ഫീതാം ജനപദാം ചക്രേ മഥുരാം ദാനമാനതഃ
സീതാപി സുഷുവേ പുത്രൗ ദ്വൗ വാല്മീകേരഥാശ്രമേ. 26

ദാനമാനതഃ	ദാനമാനങ്ങളാൽ
മഥുരാം	(ജനങ്ങളെ സന്തോഷിപ്പിച്ച്) മഥുരയെ
സ്ഫീതാം ജനപദാം ചക്രേ	സമൃദ്ധമായ ഒരു നഗരിയാക്കി.
അഥ വാല്മീകേഃ ആശ്രമേ	യഥാകാലം വാല്മീകിയുടെ ആശ്രമത്തിൽ
സീതാ ദ്വൗ പുത്രൗ	സീത രണ്ടു കുഞ്ഞുങ്ങളെ
സുഷുവേ	പ്രസവിച്ചു.

മുനിസ്തയോർ നാമ ചക്രേ കുശോ ജ്യേഷ്ഠോഽനുജോ ലവഃ
ക്രമേണ വിദ്യാസമ്പന്നൗ സീതാപുത്രൗ ബഭൂവതുഃ. 27

മുനിഃ തയോഃ നാമ ചക്രേ	മുനി അവർക്കു പേർ നല്കി:
കുശഃ ജ്യേഷ്ഠഃ	കുശൻ ജ്യേഷ്ഠൻ.
അനുജഃ ലവഃ	അനുജൻ ലവൻ.
ക്രമേണ സീതാപുത്രൗ	ക്രമേണ സീതയുടെ മക്കൾ
വിദ്യാസമ്പന്നൗ ബഭൂവതുഃ	വിദ്യാസമ്പന്നരായിത്തീർന്നു.

ഉപനീതൗ ച മുനിനാ വേദാദ്ധ്യയനതത്പരൗ
കൃത്സ്നം രാമായണം പ്രാഹ കാവ്യം ബാലകയോർമുനിഃ. 28

മുനിനാ ഉപനീതൗ	മുനിയാൽ ഉപനയനം കഴിക്കപ്പെട്ടതോടെ
തൗ വേദാദ്ധ്യയനതത്പരൗ	അവർ വേദാദ്ധ്യയനത്തിൽ മുഴുകി.
ബാലകയോഃ മുനിഃ	ആ ബാലകർക്ക് മുനി
രാമായണം കാവ്യം	രാമായണകാവ്യം
കൃത്സ്നം പ്രാഹ	മുഴുവൻ ചൊല്ലിക്കൊടുത്തു.

ശങ്കരേണ പുരാ പ്രോക്തം പാർവ്വത്യൈ പുരഹാരിണാ
വേദോപബൃംഹണാർത്ഥായ താവഗ്രാഹയത പ്രഭുഃ. 29

പുരഹാരിണാ ശങ്കരേണ പുരാ	ത്രിപുരാന്തകൻ ശങ്കരൻ മുമ്പ്
പാർവ്വത്യൈ പ്രോക്തം	അതു പാർവ്വതിക്ക് ഉപദേശിച്ചതാണ്.
വേദോപബൃംഹണാർത്ഥായ	വേദാർത്ഥങ്ങൾ വിപുലീകരിക്കാൻ
പ്രഭുഃ തൗ	മുനി അത് അവർക്ക്
അഗ്രാഹയത	മനസ്സിലാക്കിക്കൊടുത്തു.

കുമാരൗ സ്വരസമ്പന്നൗ സുന്ദരാവശ്വിനാവിവ
തന്ത്രീതാളസമായുക്തൗ ഗായന്തൗ ചേരതുർവ്വനേ. 30

അശ്വിനൗ ഇവ	അശ്വിനീകുമാരന്മാരെപ്പോലെ
സുന്ദരൗ കുമാരൗ	സുഭഗരായ ആ കുമാരന്മാർ
തന്ത്രീതാള സമായുക്തൗ	വീണാനാദവും താളവും സമന്വയിപ്പിച്ച്
സ്വരസമ്പന്നൗ ഗായന്തൗ	സ്വരസഹിതം കാവ്യം പാടിക്കൊണ്ട്
വനേ ചേരതുഃ	കാട്ടിൽ സഞ്ചരിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്ര തത്ര മുനീനാം തൗ സമാജേ സുരരൂപിണൗ
ഗായന്താവഭിതോ ദൃഷ്ട്വാ വിസ്മിതാ മുനയോഽബ്രുവൻ. 31

സുരരൂപിണൗ	ദേവകുമാരന്മാരെപ്പോലെ സുന്ദരരായ
തൗ തത്ര തത്ര	അവർ അവിടവിടെ
മുനീനാം സമാജേ ഗായന്തൗ	മുനിമാരുടെ സമൂഹത്തിൽ പാടി.
അഭിതഃ തൗ ദൃഷ്ട്വാ	എങ്ങും അവരെ കണ്ട
വിസ്മിതാഃ മുനയഃ അബ്രുവൻ	വിസ്മയിച്ച മുനിമാർ പറഞ്ഞു:

ഗന്ധർവ്വേഷ്വിവ കിന്നരേഷു ഭുവി വാ ദേവേഷു ദേവാലയേ
പാതാളേഷ്വഥവാ ചതുർമ്മുഖഗൃഹേ ലോകേഷു സർവ്വേഷു ച
അസ്മാഭിശ്ചിരജീവിഭിശ്ചിരതരം ദൃഷ്ട്വാദിശഃ സർവ്വതോ
നാജ്ഞായീദൃശഗീതവാദ്യഗരിമാ നാദർശി നാശ്രാവി ച.

ചിരജീവിഭിഃ അസ്മാഭിഃ	ചിരഞ്ജീവികളായ ഞങ്ങൾ
സർവ്വതഃ ദിശഃ	സകല ദിശകളും
ചിരതരം ദൃഷ്ട്വാ	നീണ്ടനാൾ ദർശിച്ചവരാണ്.
ഗന്ധർവ്വേഷു ഇവ	ഗന്ധർവ്വരിലെന്നപോലെ
കിന്നരേഷു	കിന്നരരിലോ,
ഭുവി ദേവേഷു	ഭൂമിയിലോ, ദേവന്മാരിലോ,
ദേവാലയേ വാ	ദേവസ്ഥാനങ്ങളിലോ,
പാതാളലോകേഷു	പാതാളലോകങ്ങളിലോ,
അഥവാ ചതുർമ്മുഖഗൃഹേ	ബ്രഹ്മലോകത്തിലോ,
സർവ്വേഷു ലോകേഷു ച	സകല ഭുവനങ്ങളിലുംതന്നെയോ
ഈദൃശ ഗീതവാദ്യഗരിമാ	ഗീതവാദ്യങ്ങളിൽ ഇത്രമാത്രം നൈപുണ്യം
ന അജ്ഞായി	ഞങ്ങൾ അറിഞ്ഞിട്ടില്ല.
ന അദർശി അശ്രാവി ച	കണ്ടിട്ടില്ല, കേട്ടിട്ടുമില്ല.

ഏവം സ്തുവദ്ഭിരഖിലൈഃ മുനിഭിഃ പ്രതിവാസരം
ആസാതേ സുഖമേകാന്തേ വാല്മീകേരാശ്രമേ ചിരം. 33

പ്രതിവാസരം ഏവം സ്തുവദ്ഭിഃ	പ്രതിദിനം ഇങ്ങനെ പ്രശംസ ചൊരിയുന്ന
അഖിലൈഃ മുനിഭിഃ (സമേതൗ)	മുനിമാരോട്ട ചേർന്ന് (അവർ)
വാല്മീകേഃ ഏകാന്തേ ആശ്രമേ	വാല്മീകിയുടെ ഏകാന്തമായ ആശ്രമത്തിൽ
ചിരം സുഖം ആസാതേ	വളരെനാൾ സസുഖം വസിച്ചു.

അഥ രാമോഽശ്വമേധാദീംശ്ചകാര ബഹുദക്ഷിണാൻ
യജ്ഞാൻ സ്വർണ്ണമയീം സീതാം വിധായ വിപുലദ്യുതിഃ. 34

വിപുലദ്യുതി രാമഃ അഥ	പരമതേജസ്വീ രാമൻ, അനന്തരം
സ്വർണ്ണമയീം സീതാം വിധായ	സ്വർണ്ണംകൊണ്ട സീതാപ്രതിമ നിർമ്മിച്ച്
ബഹുദക്ഷിണാൻ	ധാരാളം ദക്ഷിണകൾ നല്കി
അശ്വമേധാദീൻ യജ്ഞാൻ	അശ്വമേധാദി യാഗങ്ങൾ
ചകാര	അനുഷ്ഠിക്കുകയുണ്ടായി.

തസ്മിൻ വിതാനേ ഋഷയഃ സർവ്വേ രാജർഷയസ്തഥാ
ബ്രാഹ്മണാഃ ക്ഷത്രിയാഃ വൈശ്യാഃ സമാജഗ്മുർദിദൃക്ഷവഃ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിദൃക്ഷവഃ സർവ്വേ രാജർഷയഃ	(യജ്ഞം) ദർശിക്കാൻ സകലരാജർഷികളും
ബ്രാഹ്മണാഃ ക്ഷത്രിയാഃ വൈശ്യാഃ	ബ്രാഹ്മണ—ക്ഷത്രിയ—വൈശ്യരും
തസ്മിൻ വിതാനേ	ആ യാഗശാലയിൽ
സമാജഗ്മുഃ	എത്തിച്ചേർന്നു.

വാല്മീകിരപി സംഗൃഹ്യ ഗായന്തൗ തൗ കുശീലവൗ
ജഗാമ ഋഷിവാടസ്യ സമീപം മുനിപുംഗവഃ. 36

മുനിപുംഗവഃ വാല്മീകിഃ അപി	മഹർഷിയും വാല്മീകിയും
ഗായന്തൗ തൗ	ഗായകരായ
കുശീലവൗ സംഗൃഹ്യ	കുശലവന്മാരെയും കൂട്ടി
ഋഷിവാടസ്യ സമീപം ജഗാമ	ഋഷിമാരുടെ ആശ്രമസമീപം എത്തി.

തത്രൈകാന്തേ സ്ഥിതം ശാന്തം സമാധിവിരമേ മുനിം
കുശഃ പപ്രച്ഛ വാല്മീകിം ജ്ഞാനശാസ്ത്രം കഥാന്തരേ. 37

തത്ര ഏകാന്തേ സ്ഥിതം	അവിടെ ഏകാന്തയിലിരുന്ന
ശാന്തം മുനിം വാല്മീകിം	ശാന്തനായ വാല്മീകിമുനിയോട്
സമാധിവിരമേ	(അദ്ദേഹത്തിന്റെ) സമാധി സമാപിച്ച—
കഥാന്തരേ	പ്പോൾ കഥാകഥനത്തിനിടയ്ക്ക്,
കുശഃ ജ്ഞാനശാസ്ത്രം	കുശൻ അധ്യാത്മശാസ്ത്രത്തെപ്പററി
പപ്രച്ഛ	ജിജ്ഞാസ പ്രകടിപ്പിച്ചു.

ഭഗവൻ ശ്രോതുമിച്ഛാമി സംക്ഷേപാത് ഭവതോഽഖിലം
ദേഹിനഃ സംസൃതിർബന്ധഃ കഥമുത്പദ്യതേ ദൃഢം. 38

ഭഗവൻ ഭവതഃ	ഭഗവൻ, അങ്ങയിൽനിന്നു്
സംക്ഷേപാത് അഖിലം	സംക്ഷേപിച്ച് സകലതും
ശ്രോതും ഇച്ഛാമി	കേൾക്കാൻ എനിക്കിച്ഛയുണ്ട്.
ദേഹിനഃ ദൃഢഃ സംസൃതിബന്ധഃ	ജീവാത്മാവിന് ദൃഢസംസാരബന്ധം
കഥം ഉത്പദ്യതേ	എങ്ങനെയാണ് ഉണ്ടാവുക?

കഥം വിമുച്യതേ ദേഹീ ദൃഢബന്ധാത് ഭവാഭിധാത്
വക്തുമർഹസി സർവ്വജ്ഞ മഹ്യം ശിഷ്യായ തേ മുനേ. 39

ഭവാഭിധാത് ദൃഢബന്ധാത്	സംസാരമെന്ന കെട്ടുകെട്ടിൽനിന്നു്
ദേഹീ കഥം വിമുച്യതേ	ജീവാത്മാവ് എങ്ങനെ മോചനം നേടും?
സർവ്വജ്ഞ മുനേ	എല്ലാം അറിയുന്ന മഹർഷേ,
തേ ശിഷ്യായ മഹ്യം	അവിടുത്തെ ശിഷ്യനായ എനിക്ക്
വക്തും അർഹസി	തത്ത്വം ഉപദേശിച്ചുതന്നാലും.

വാല്മീകിഃ ഉവാച: വാല്മീകി പറഞ്ഞു

ശൃണു വക്ഷ്യാമി തേ സർവ്വം സംക്ഷേപാത് ബന്ധമോക്ഷയോഃ
സ്വരൂപം സാധനം ചാപി മത്തഃ ശ്രുത്വാ യഥോദിതം. 40

തഥൈവാചര ഭദ്രം തേ ജീവന്മുക്തോ ഭവിഷ്യസി
ദേഹ ഏവ മഹാഗേഹം അദേഹസ്യ ചിദാത്മനഃ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബന്ധമോക്ഷയോഃ സ്വരൂപം സാധനം ച അപി സർവ്വം സംക്ഷേപാത് തേ വക്ഷ്യാമി ശൃണു — ബന്ധമോക്ഷങ്ങളുടെ നിജസ്ഥിതി, മോചനത്തിനുള്ള ഉപാധി ഇവയെല്ലാം ചുരുക്കി നിനക്ക് ഞാൻ ചൊല്ലിത്തരാം, കേൾക്കുക.

തഥാ ഏവ ആചര — അതുപോലെതന്നെ പ്രവർത്തിക്കുക.
തേ ഭദ്രം — നിനക്കു മംഗളം വരും.

ജീവന്മുക്തഃ ഭവിഷ്യസി — നീ ജീവന്മുക്തനാകും.

അദേഹസ്യ ചിദാത്മനഃ ഏഷ ദേഹഃ മഹാഗേഹഃ — ദേഹമില്ലാത്ത ചിദാത്മാവിന് ഈ ശരീരമാണ് മഹാഭവനം.

തസ്യാഹങ്കാര ഏവാസ്മിൻ മന്ത്രീ തേനൈവ കല്പിതഃ
ദേഹഗേഹാഭിമാനം സ്വം സമാരോപ്യ ചിദാത്മനി. 42

തേന താദാത്മ്യമാപന്നഃ സ്വചേഷ്ടിതമശേഷതഃ
വിദധാതി ചിദാനന്ദേ തദ്വാസിതവപുഃ സ്വയം. 43

തേന സംകല്പിതോ ദേഹീ സംകല്പനിഗഡാവൃതഃ
പുത്രദാരഗൃഹാദീനി സംകല്പയതി ചാനിശം. 44

തേന ഏവ കല്പിതഃ അഹങ്കാര ഏവ തസ്യ മന്ത്രീ — ജീവാത്മാവുതന്നെ കല്പിച്ചുണ്ടാക്കിയ അഹംബോധമാണ് അതിന്റെ മന്ത്രി.

സ്വം ദേഹഗേഹാഭിമാനം ചിദാത്മനി സമാരോപ്യ — തന്റെ ദേഹഗേഹാദികളിലുള്ള അഭിമാനം ചിദാത്മാവിൽ അതു് ആരോപിക്കുന്നു.

തേന താദാത്മ്യം ആപന്നഃ തദ് വാസിത— വപുഃ സ്വയം സ്വചേഷ്ടിതം അശേഷതഃ ചിദാനന്ദേ വിദധാതി — അതുമായി താദാത്മ്യംപ്രാപിച്ച് അതിന്റെ പ്രേരണയിൽ മുഴുകി (അഹംഭാവനയിൽ ആണ്ട) ജീവാത്മാവ് സ്വചേഷ്ടിതങ്ങളെ എല്ലാം ആനന്ദരൂപമായ ആത്മാവിൽ അദ്ധ്യാരോപിക്കയാണു ചെയ്യുന്നതു്.

തേന സംകല്പിതഃ ദേഹീ സംകല്പനിഗഡാവൃതഃ അനിശം പുത്രദാരഗൃഹാദീനി സംകല്പയതി ച — അഹംബോധപ്രേരിതനായ ജീവൻ സങ്കല്പച്ചങ്ങലയാൽ ചുററപ്പെട്ട് എപ്പോഴും പുത്രകളത്രാദികളുടെ ചിന്തയിൽ മുഴുകുന്നു.

സംകല്പയൻ സ്വയം ദേഹീ പരിശോചതി സർവ്വദാ
ത്രയസ്തസ്യാഹമോ ദേഹാ അധമോത്തമമദ്ധ്യമാഃ. 45

സംകല്പയൻ ദേഹീ സ്വയം സർവ്വദാ പരിശോചതി — (പുത്രദാരാദി) സങ്കല്പങ്ങളിൽ ലയിക്കുന്ന ജീവൻ എന്നും ദുഃഖിക്കുന്നു.

തസ്യ അഹമഃ ദേഹാഃ ത്രയഃ അധമോത്തമ മദ്ധ്യമാഃ — അതിന് അഹംബുദ്ധിമൂലം മൂന്നുതരം ദേഹങ്ങൾ വേറെയുണ്ട്— അധമം, ഉത്തമം, മദ്ധ്യമം.

തമഃ സത്വരജഃ സംജ്ഞാഃ ജഗതഃ കാരണം സ്ഥിതേഃ
തമോരൂപാദ്ധി സംകല്പാത് നിത്യം താമസചേഷ്ടയാ. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്യന്തം താമസോ ഭൂത്വാ കൃമികീടത്വമാപ്നുയാത്
സത്വരൂപോ ഹി സംകല്പോ ധർമ്മജ്ഞാനപരായണഃ. 47

അദൂരമോക്ഷസാമ്രാജ്യഃ സുഖരൂപോ ഹി തിഷ്ഠതി
രജോരൂപോ ഹി സംകല്പോ ലോകേ സ വ്യവഹാരവാൻ. 48

പരിതിഷ്ഠതി സംസാരേ പുത്രദാരാനുരംജിതഃ
ത്രിവിധം തു പരിത്യജ്യ രൂപമേതൻ മഹാമതേ. 49

സംകല്പം പരമാപ്നോതി പദമാത്മപരിക്ഷയേ
ദൃഷ്ടീഃ സർവ്വാഃ പരിത്യജ്യ നിയമ്യ മനസാ മനഃ. 50

സബാഹ്യാഭ്യന്തരാർത്ഥസ്യ സംകല്പസ്യ ക്ഷയം കുരു
യദി വർഷസഹസ്രാണി തപശ്ചരതി ദാരുണം. 51

പാതാളസ്ഥസ്യ ഭൂസ്ഥസ്യ സ്വർഗ്ഗസ്ഥസ്യാപി തേഽനഘ,
നാന്യഃ കശ്ചിദുപായോഽസ്തി സംകല്പോപശമാദൃതേ. 52

തമഃ സത്വരജഃ	തമസ്സ്, സത്വം, രജസ്സ് എന്നീ ഗുണങ്ങളെ
സംജ്ഞാഃ	ആശ്രയിച്ചുള്ള മൂന്നു ദേഹങ്ങളാണ്
ജഗതഃ സ്ഥിതേഃ കാരണം	ജഗത്തിന്റെ നിലനില്പിനു കാരണം.
താമസരൂപാത് സംകല്പാത്	താമസീകമായ സംകല്പത്താൽ
നിത്യം താമസചേഷ്ടയാ	നിത്യവും താമസീകകർമ്മങ്ങൾ ചെയ്താൽ
അത്യന്തം താമസഃ ഭൂത്വാ	(ജീവൻ) അത്യന്തം താമസീകങ്ങളായ
കൃമികീടത്വം ആപ്നുയാത്	ക്രിമികീടങ്ങളായി പിറക്കും.
സത്വരൂപഃ സംകല്പഃ ഹി	സാത്വികസംകല്പങ്ങൾ ഉള്ളവൻ
ധർമ്മജ്ഞാനപരായണഃ	ധർമ്മ–ജ്ഞാനതൽപരനാകും.
അദൂരമോക്ഷസാമ്രാജ്യഃ	മോക്ഷസാമ്രാജ്യത്തിന്നരികെ (അവൻ)
സുഖരൂപഃ തിഷ്ഠതി	സുഖമായി വസിക്കും.
രജോരൂപഃ സംകല്പഃ	രാജസസംകല്പക്കാരൻ
സഃ ലോകവ്യവഹാരവാൻ	ലോകവ്യവഹാരവിദഗ്ധനായി
പുത്രദാരാനുരംജിതഃ	പുത്രകളത്രങ്ങളിൽ ലയിച്ച്
സംസാരേ പരിതിഷ്ഠതി	ലോകത്തിൽ വാഴും.
മഹാമതേ ഏതത് ത്രിവിധം രൂപം	മഹാമതേ, ഈ ത്രിവിധസംകല്പങ്ങളും
പരിത്യജ്യ ആത്മപരിക്ഷയേ	ഒഴിവാക്കുന്നവനാണ് മനശ്ചാഞ്ചല്യം
പരം പദം ആപ്നോതി	തീരുമ്പോൾ പരമപദം പ്രാപിക്കുന്നത്.
ദൃഷ്ടീഃ സർവ്വാഃ പരിത്യജ്യ	ബാഹ്യവീക്ഷണങ്ങളെല്ലാം ഒതുക്കി,
മനസാ മനഃ നിയമ്യ	മനസ്സാൽ മനസ്സിനെ അടക്കി,
സബാഹ്യാഭ്യന്തരാർത്ഥസ്യ	പുറമെയും അകമെയും ഉള്ള
സംകല്പസ്യ ക്ഷയം കുരു	വസ്തുസംകല്പനം ഇല്ലാതാക്കുക.
അനഘ പാതാളസ്യ	വിശുദ്ധ, പാതാളത്തിലോ
ഭൂസ്ഥസ്യ സ്വർഗ്ഗസ്ഥസ്യ അപി	ഭൂമിയിലോ സ്വർഗ്ഗത്തിലോ വസി–
വർഷസഹസ്രാണി	ച്ചുകൊണ്ട് ആയിരമായിരം വർഷം
ദാരുണം തപഃ ചരസി അപി	ഘോരതപസ്സനുഷ്ഠിച്ചാലും
സംകല്പോപശമാത് ഋതേ	സംകല്പശമനമല്ലാതെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യഃ കശ്ചിത് ഉപായഃ	മറ്റൊരു മാർഗ്ഗവും
തേ ന അസ്തി	നിനക്കില്ല (എന്നു മനസ്സിലാക്കണം).

അനാബാധേഽവികാരേ സ്വേ സുഖേ പരമപാവനേ
സംകല്പോപശമേ യത്നം പൗരുഷേണ പരം കുരു. 53

അനാബാധേ അവികാരേ	അല്ലലറ്റതും വികാരരഹിതവും
സ്വേ സുഖേ പരമപാവനേ	നിജാനന്ദരൂപവും പരമപാവനവുമായ
സംകല്പോപശമേ	സംകല്പശമനസിദ്ധിക്കായി
പൗരുഷേണ പരം യത്നം കുരു	പൗരുഷത്തോടെ കഠിനയത്നം ചെയ്യുക.

സംകല്പതന്തൗ നിഖിലാഃ ഭാവാഃ പ്രോതാഃ കിലാനഘ,
ഛിന്നേ തന്തൗ ന ജാനീമഃ ക്വ യാന്തി വിഭവാഃ പരാഃ. 54

അനഘ സംകല്പതന്തൗ	വിശുദ്ധാത്മാവേ, സംകല്പച്ചരടിൽ
നിഖിലാഃ ഭാവാഃ	സകലഭാവങ്ങളും (പദാർത്ഥങ്ങളും)
പ്രോതാഃ	കോർത്തിരിക്കുന്നു.
ഛിന്നേ തന്തൗ	ചരടു പൊട്ടുന്നതോടെ
പരാഃ വിഭവാഃ	മികച്ച വിഭവങ്ങൾ
ക്വ യാന്തി ഇതി	എങ്ങോട്ടു പോകുന്നു എന്ന്
ന ജാനീമഃ	നമുക്കറിഞ്ഞുകൂട.

നിഃസംകല്പോ യഥാപ്രാപ്തവ്യവഹാരപരോ ഭവ
ക്ഷയേ സംകല്പജാലസ്യ ജീവോ ബ്രഹ്മത്വമാപ്നുയാത്. 55

നിഃസംകല്പഃ	സംകല്പമില്ലാത്തവനും
യഥാപ്രാപ്തവ്യവഹാരപരഃ	വന്നണയുന്ന കാര്യങ്ങളിൽ മാത്രം
ഭവ	ശ്രദ്ധാലുവായും ഭവിക്കുക.
സംകല്പജാലസ്യ ക്ഷയേ	സംകല്പജാലം ഇല്ലാതാകുമ്പോൾ
ജീവഃ ബ്രഹ്മത്വം ആപ്നുയാത്	ജീവൻ ബ്രഹ്മത്വം പ്രാപിച്ചുകൊള്ളും.

അധിഗതപരമാർത്ഥതാം ഉപേത്യ
പ്രസഭമവാപ്യ വികല്പജാലമുച്ചൈഃ
അധിഗമയ പദം തദദ്വിതീയം
വിതതസുഖായ സുഷുപ്തചിത്തവൃത്തിഃ. 56

ഉച്ചൈഃ പ്രസഭം	തീവ്രയത്നം ചെയ്ത്
വികല്പജാലം അപാസ്യ	വികല്പജാലം ഒഴിവാക്കി
അധിഗത പരമാർത്ഥതാം	പരമാർത്ഥജ്ഞാനം നേടുക.
ഉപേത്യ വിതതസുഖായ	എന്നിട്ട് നിത്യാനന്ദം ലാക്കാക്കി
സുഷുപ്തചിത്തവൃത്തിഃ	ചിത്തവൃത്തികളെ നിരോധിക്കണം.
അദ്വിതീയം	അങ്ങനെ അദ്വിതീയമായ
തത് പദം അധിഗമയ	ആ പരമപദം പ്രാപിക്കുകയും ചെയ്യുക.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ ഷഷ്ഠഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം ആറാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം ഏഴ്

യജ്ഞവേദിയിൽ ലവകുശന്മാരുടെ ഗാനം—സീതയുടെ ഭൂപ്രവേശം—മാതാവിന്ന് ഉപദേശം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

വാല്മീകിനാ ബോധിതോഽസൗ കുശഃ സദ്യോഗതഭ്രമഃ
അന്തർമ്മുക്തോ ബഹിഃ സർവ്വം അനുകുർവ്വംശ്ചകാര സഃ. 1

വാല്മീകിനാ ബോധിതഃ അസൗ കുശഃ സദ്യഃ ഗതഭ്രമഃ	വാല്മീകിയുടെ പ്രബോധനത്താൽ കുശന്റെ സംശയമെല്ലാം പാടേ നീങ്ങി.
അന്തർമ്മുക്തഃ ബഹിഃ സർവ്വം അനുകുർവ്വൻ സഃ ചകാര	അകമേ മുക്തനും പുറമേ എല്ലാം കർത്തവ്യങ്ങളും അനുഷ്ഠിക്കുന്നവനുമായി അദ്ദേഹം ജീവിച്ചു.

വാല്മീകിരപി തൗ പ്രാഹ സീതാപുത്രൗ മഹാധിയൗ
തത്ര തത്ര ച ഗായന്തൗ പുരേ വീഥിഷു സർവ്വതഃ. 2

രാമസ്യാഗ്രേ പ്രഗായേതാം ശുശ്രൂഷുർയദി രാഘവഃ
ന ഗ്രാഹ്യം വൈ യുവാഭ്യാം തത് യദി കിഞ്ചിത്
പ്രദാസ്യതി. 3

വാല്മീകിഃ അപി മഹാധിയൗ തൗ സീതാപുത്രൗ പ്രാഹ	വാല്മീകി അതിബുദ്ധിശാലികളായ ആ സീതാകുമാരന്മാരോട് അരുളി:
ഗായന്തൗ പുരേ വീഥിഷു തത്ര തത്ര സർവ്വതഃ (സഞ്ചരന്തൗ) യദി രാഘവഃ ശുശ്രൂഷുഃ രാമസ്യ അഗ്രേ പ്രഗായേതാം	പാട്ടുംപാടി പട്ടണത്തിലും വീഥികളിലും അവിടവിടെയായി അങ്ങനെ എല്ലായി- ടത്തും സഞ്ചരിക്കുമ്പോൾ ശ്രീരാമനും (പാട്ടു) കേൾക്കാൻ ആഗ്രഹമുണ്ടെങ്കിൽ അദ്ദേഹത്തിന്റെ മുമ്പിലും പാടിക്കൊള്ളുക.
യദി കിഞ്ചിത് പ്രദാസ്യതി തദ് യുവാഭ്യാം ന ഗ്രാഹ്യം	അദ്ദേഹം എന്തെങ്കിലും തന്നാൽ അതു നിങ്ങൾ സ്വീകരിക്കരുത്.

ഇതി തൗ ചോദിതൗ തത്ര ഗായമാനൗ വിചേരതുഃ
യഥോക്തം ഋഷിണാ പൂർവ്വം തത്ര തത്രാഭ്യഗായതാം. 4

ഇതി ചോദിതൗ തൗ ഗായമാനൗ തത്ര വിചേരതുഃ	ഇങ്ങനെ ആജ്ഞാപിക്കപ്പെട്ട അവർ പാട്ടുംപാടി അവിടെ സഞ്ചരിച്ചു.
പൂർവ്വം ഋഷിണാ യഥാ ഉക്തം തഥാ അഭ്യഗായതാം	നേരത്തെ മുനി നിർദ്ദേശിച്ചിടത്തെല്ലാം അവർ പാടി.

താം സ ശുശ്രാവ കാകുൽസ്ഥഃ പൂർവ്വചര്യാം തതസ്തതഃ
അപൂർവ്വപാഠജാതിം ച ഗേയേന സമലംകൃതാം. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാലയോഃ രാഘവഃ ശ്രുത്വാ കൗതൂഹലമുപേയിവാൻ
അഥ കർമ്മാന്തരേ രാജാ സമാഹൂയ മഹാമുനീൻ. 6

രാജ്ഞശ്ചൈവ നരവ്യാഘ്രഃ പണ്ഡിതാംശ്ചൈവ നൈഗമാൻ
പൗരാണികാൻ ശബ്ദവിദോ യേ ച വൃദ്ധാഃ ദ്വിജാതയഃ. 7

തതസ്തത്ര പൂർവ്വചര്യാഃ	അവിടവിടെ തന്റെ പൂർവ്വചരിതങ്ങളും
സഃ കാകുൽസ്ഥഃ ശുശ്രാവ	പാടുന്നതു് ആ രാഘവൻ കേട്ടു.
ബാലയോഃ (ഗാനം) ശ്രുത്വാ	ബാലന്മാരുടെ ഗാനം ശ്രവിച്ച്
രാഘവഃ കൗതൂഹലം ഉപേയിവാൻ	രാഘവനു് കൗതുഹലമുണ്ടായി.
അഥ കർമ്മാന്തരേ	പിന്നീടു് വിശ്രമസമയത്തു്
നരവ്യാഘ്രഃ രാജാ	നരകേസരി, മഹാരാജാ രാമൻ,
മഹാമുനീൻ രാജ്ഞഃ ച	മാമുനിമാർ, നൃപന്മാർ,
പണ്ഡിതാൻ നൈഗമാൻ ച	പണ്ഡിതന്മാർ, വൈദികർ,
പൗരാണികാൻ ശബ്ദവിദഃ	പൗരാണികർ, ശബ്ദശാസ്ത്രജ്ഞർ,
യേ ദ്വിജാതയഃ വൃദ്ധാഃ ച	ദ്വിജന്മാർ, വൃദ്ധർ
(താൻ സർവ്വാൻ സമാഹൂയ)	മുതലായവരെയെല്ലാം വിളിച്ചുകൂട്ടി.

ഏതാൻ സർവ്വാൻ സമാഹൂയ ഗായകൗ സമവേശയത്
തേ സർവ്വേ ഹൃഷ്ടമനസോ രാജാനോ ബ്രാഹ്മണാദയഃ. 8

രാമം തൗ ദാരകൗ ദൃഷ്ട്വാ വിസ്മിതാഹ്യനിമേഷണാഃ
അവോചൻ സർവ്വ ഏവൈതേ പരസ്പരമഥാഗതാഃ. 9

ഏതാൻ സർവ്വാൻ സമാഹൂയ	ഇവരെയെല്ലാം സംഘടിപ്പിച്ചതിനുശേഷം
ഗായകൗ സമവേശയത്	ഗായകബാലകരെയും വരുത്തി.
തേ രാജാനഃ ബ്രാഹ്മണാദയഃ	ആ രാജാക്കന്മാരും ബ്രാഹ്മണാദികളും
സർവ്വേ ഹൃഷ്ടമനസഃ	എല്ലാം സന്തോഷിച്ചു.
രാമം തൗ ദാരകൗ ദൃഷ്ട്വാ	രാമനെയും ആ കുമാരന്മാരെയും കണ്ടു്
വിസ്മിതാഃ	വിസ്മയരഞ്ജരായ
അനിമേഷണാഃ ഹി	അനിമേഷരായി നിന്നുപോയി.
ആഗതാഃ ഏതേ സർവ്വേ	ആഗതർ സകലരും
പരസ്പരം അവോചൻ	അന്യോന്യം പറഞ്ഞു:

ഇമൗ രാമസ്യ സദൃശൗ ബിംബാത് ബിംബമിവോദിതൗ
ജടിലൗ യദി ന സ്യാതാം ന ച വല്ക്കലധാരിണൗ. 10

വിശേഷം നാധിഗച്ഛാമോ രാഘവസ്യാനയോസ്തദാ
ഏവം സംവദതാം തേഷാം വിസ്മിതാനാം പരസ്പരം. 11

ഉപചക്രമതുർഗ്ഗാതും താവുഭൗ മുനിദാരകൗ
തതഃ പ്രവൃത്തം മധുരം ഗാന്ധർവ്വമതിമാനുഷം. 12

ഇമൗ രാമസ്യ സദൃശൗ	ഇവർ രാമനു തുല്യർ;
ബിംബാത് ഉദിതൗ	ബിംബത്തിൽനിന്നു് ഉളവായ
പ്രതിബിംബം ഇവ	പ്രതിബിംബംപോലെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദി ജടിലൗ വല്കലധാരിണൗ ച ന സ്യാതാം തദാ രാഘവസ്യ അനയോഃ ച വിശേഷം ന അഭിഗച്ഛാമഃ	ജടയും വല്കലവും ധരിക്കാതിരുന്നെങ്കിൽ രാമനും ഇവരും തമ്മിൽ അന്തരമെന്നും തോന്നരമായിരുന്നില്ല.
വിസ്മിതാനാം തേഷാം ഏവം പരസ്പരം സംവദതാം തൗ മുനികുമാരകൗ ഉഭൗ ഗാതും ഉപചക്രമതുഃ	വിസ്മിതരായ അവർ ഇപ്രകാരം അന്യോന്യം സംസാരിക്കവേ ആ മുനികുമാരന്മാർ ഇരുവരും പാടാൻ തുടങ്ങി.
തതഃ അതിമാനുഷം മധുരം ഗാന്ധർവ്വം പ്രവൃത്തം	അതോടെ അതിമാനുഷവും മധുരവുമായ ഗാനം പ്രവഹിച്ചു.

ശ്രുത്വാ തം മധുരം ഗീതം അപരാഹ്ണേ രഘൂത്തമഃ
ഉവാച ഭരതം ചാഭ്യാം ദീയതാമയുതം വസു. 13

മധുരം തദ് ഗീതം ശ്രുത്വാ രഘൂത്തമഃ അപരാഹ്ണേ ഭരതം ഉവാച	മധുരമായ ആ ഗാനം കേട്ട രഘുവരൻ വൈകുന്നേരം ഭരതനോട് അരുളി:
ആഭ്യാം അയുതം വസു ദീയതാം	ഈ കുട്ടികൾക്ക് പതിനായിരം സ്വർണ്ണമുദ്ര നല്കണം.

ദീയമാനം സുവർണ്ണം തു ന തദ് ജഗൃഹതുസ്തദാ
കിമനേന സുവർണ്ണേന ആവാം നോ വന്യഭോജനൗ. 14

ഇതി സംത്യജ്യ സംദത്തം ജഗ്മതുർമ്മുനിസന്നിധിം
ഏവം ശ്രുത്വാ തു ചരിതം രാമഃ സ്വസ്യൈവ വിസ്മിതഃ. 15

തദാ ദീയമാനം തദ് സുവർണ്ണം ന ജഗൃഹതുഃ	അപ്പോൾ നല്കിയ ആ സ്വർണ്ണം അവർ സ്വീകരിച്ചില്ല.
രാജൻ (ആവാം) വന്യഭോജനൗ അനേന സുവർണ്ണേന നഃ കിം	മഹാരാജാവേ, ഞങ്ങൾ കാട്ടിൽ കിട്ടുന്നതു ഭക്ഷിക്കുന്നവരാണ്. ഈ കനകംകൊണ്ട് ഞങ്ങൾക്ക് എന്തു കാര്യം?
ഇതി സംദത്തം സംത്യജ്യ മുനിസന്നിധിം ജഗ്മതുഃ	ഇങ്ങനെ, കൊടുത്ത സ്വർണ്ണം വെടിഞ്ഞ് അവർ മഹർഷിയുടെ അരികിലേക്കു പോയി.
ഏവം സ്വസ്യ ഏവ ചരിതം ശ്രുത്വാ രാമഃ വിസ്മിതഃ	ഇങ്ങനെ തന്റെതന്നെ ചരിത്രം ശ്രവിച്ച രാമൻ അദ്ഭുതപ്പെട്ടു.

ജ്ഞാത്വാ സീതാകുമാരൗ തൗ ശത്രുഘ്നം ചേദമബ്രവീത്
ഹനൂമന്തം സുഷേണം ച വിഭീഷണമഥാംഗദം. 16

തൗ സീതാകുമാരൗ ജ്ഞാത്വാ ശത്രുഘ്നം ഹനൂമന്തം സുഷേണം വിഭീഷണം അംഗദം ച ഇദം അബ്രവീത്	അവർ സീതയുടെ മക്കളാണ് എന്നറിഞ്ഞപ്പോൾ, ശത്രുഘ്നൻ, ഹനുമാൻ, സുഷേണൻ, വിഭീഷണൻ, അംഗദൻ എന്നിവരോട് രാമൻ കല്പിച്ചു:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭഗവന്തം മഹാത്മാനം വാല്മീകിം മുനിസത്തമം
ആനയധ്വം മുനിവരം സസീതം ദേവസമ്മിതം. 17

മഹാത്മാനം ദേവസമ്മിതം മുനിസത്തമം ഭഗവന്തം വാല്മീകിം സസീതം ആനയധ്വം	മഹാത്മാവും ദേവതുല്യനും മുനിവരനുമായ ഭഗവാൻ വാല്മീകിയെ സീതാസഹിതം ആനയിക്കുക.

അസ്യാസ്തു പർഷദോ മദ്ധ്യേ പ്രത്യയം ജനകാത്മജാ
കരോതു ശപഥം സർവ്വേ ജാനന്തു ഗതകല്മഷാം. 18

സീതാം തദ്വചനം ശ്രുത്വാ ഗതാഃ സർവ്വേഽതിവിസ്മിതാഃ
ഊചുർയഥോക്തം രാമേണ വാല്മീകിം രാമപാർഷദാഃ. 19

അസ്യാഃ പർഷദഃ മദ്ധ്യേ ജനകാത്മജാ ശപഥം കരോതു	ഈ സഭാമദ്ധ്യത്തിൽ സീത ശപഥംചെയ്യട്ടെ.
സർവ്വേ ജനകാത്മജാം സീതാം ഗതകല്മഷാം ജാനന്തു	സകലരും ജനകപുത്രിയെ— സീതയെ—പരിശുദ്ധയെന്നറിയട്ടെ.
തദ് വചനം ശ്രുത്വാ രാമപാർഷദാഃ സർവ്വേ അതിവിസ്മിതാഃ	ആ വചനം കേട്ട രാമദൂതൻ പാടേ വിസ്മയംപൂണ്ടു.
വാല്മീകിം ഗതാഃ രാമേണ യഥാ ഉക്തം ഊചുഃ	വാല്മീകിയുടെ സമീപമെത്തി രാമൻ അരുളിയപോലെ അറിയിക്കുകയുംചെയ്തു.

രാമസ്യ ഹൃദയം സർവ്വം ജ്ഞാത്വാ വാല്മീകിരബ്രവീത്
ശ്വഃ കരിഷ്യതി വൈ സീതാ ശപഥം ജനസംസദി. 20

രാമസ്യ ഹൃദ്ഗതം സർവ്വം ജ്ഞാത്വാ വാല്മീകിഃ അബ്രവീത്	രാമന്റെ മനോഗതമെല്ലാം അറിഞ്ഞ വാല്മീകി പ്രഖ്യാപിച്ചു:
ജനസംസദി സീതാ ശ്വഃ ശപഥം കരിഷ്യതി	ജനക്കൂട്ടത്തിനുമുമ്പിൽ സീത നാളെ ശപഥംചെയ്യുന്നതാണ്.

യോഷിതാം പരമം ദൈവം പതിരേവ ന സംശയഃ
തത് ശ്രുത്വാ സഹസാ ഗത്വാ സർവ്വേ പ്രോചുർമുനേർവചഃ. 21

രാഘവസ്യാപി രാമോഽപി ശ്രുത്വാ മുനിവചസ്തഥാ
രാജാനോ മുനയഃ സർവ്വേ ശൃണുധ്വമിതി ചാബ്രവീത്. 22

സീതായാഃ ശപഥാ ലോകാഃ വിജാനന്തു ശുഭാശുഭം
ഇത്യുക്തോ രാഘവേണാഥ ലോകാഃ സർവ്വേ ദിദൃക്ഷവഃ. 23

ബ്രാഹ്മണാഃ ക്ഷത്രിയാഃ വൈശ്യാഃ ശൂദ്രാശ്ചൈവ മഹർഷയഃ
വാനരാശ്ച സമാജഗ്മുഃ കൗതുഹലസമന്വിതാഃ. 24

യോഷിതാം പരമം ദൈവം പതിഃ ഏവ ന സംശയഃ	സ്ത്രീകൾക്കു പരമമായ ദൈവം ഭർത്താവുതന്നെ; സംശയമില്ല.
മുനേഃ തദ് വചനം ശ്രുത്വാ സർവ്വേ സഹസാ ഗത്വാ രാഘവസ്യ പ്രോചുഃ	മുനി ആ പറഞ്ഞതു കേട്ടപ്പോൾ സകലരും ഓടിച്ചെന്നു രാമനെ വിവരമറിയിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ മുനിവചനം ശ്രുത്വാ
രാമഃ അപി ഇതി അബ്രവീത്

അപ്രകാരം മുനിവചനം ശ്രവിച്ച
രാമൻ പ്രഖ്യാപിക്കുകയുണ്ടായി:

രാജാനഃ മുനയഃ സർവ്വേ
സീതായാഃ ശപഥം ശൃണുധ്വം
ലോകാഃ ശുഭാശുഭം വിജാനന്തു

രാജാക്കന്മാരേ, മുനിമാരേ, എല്ലാവരും
സീതയുടെ ശപഥം ശ്രദ്ധിക്കുവിൻ.
മാലോകർ ശുഭാശുഭം അറിയട്ടെ.

രാഘവേണ ഇതി ഉക്താഃ
ബ്രാഹ്മണാഃ ക്ഷത്രിയാഃ
വൈശ്യാഃ ശൂദ്രാഃ
മഹർഷയഃ വാനരാഃ ച
കൗതൂഹലസമന്വിതാഃ
ദിദൃക്ഷവഃ സമാജഗ്മുഃ

രാമൻ ഇങ്ങനെ പ്രഖ്യാപിച്ചതോടെ
ബ്രാഹ്മണ—ക്ഷത്രിയ—
വൈശ്യ—ശൂദ്രന്മാർ,
മഹർഷിമാർ, വാനരർ എല്ലാവരും
കൗതൂഹലപൂർവ്വം (സീതാശപഥം
കാണ്മാൻ) വന്നുചേർന്നു.

തതോ മുനിവരസ്തൂർണ്ണം സസീതഃ സമുപാഗമത്
അഗ്രതസ്തമൃഷിം കൃത്വായാന്തീ കിഞ്ചിദവാങ്മുഖീ. 25

കൃതാഞ്ജലിർബാഷ്പകണ്ഠാ സീതായജ്ഞം വിവേശ തം
ദൃഷ്ട്വാ ലക്ഷ്മീമിവായാന്തീം ബ്രഹ്മാണമനുയായിനീം. 26

വാല്മീകേഃ പൃഷ്ഠതഃ സീതാം സാധുവാദോ മഹാനഭൂത്
തദാ മദ്ധ്യേ ജനൗഘസ്യ പ്രവിശ്യ മുനിപുംഗവഃ. 27

സീതാസഹായോ വാല്മീകിരിതി പ്രാഹ ച രാഘവം
ഇയം ദാശരഥേ സീതാ സുവ്രതാ ധർമ്മചാരിണീ. 28

അപാപാ തേ പുരാ ത്യക്താ മമാശ്രമസമീപതഃ
ലോകാപവാദഭീതേന ത്വയാ രാമ മഹാവനേ. 29

തതഃ മുനിവരഃ സസീതഃ
തൂർണ്ണം സമുപാഗമത്

അപ്പോൾ മുനിവൻ സീതയോടുകൂടി
പെട്ടെന്ന് അവിടെയെത്തി.

കിഞ്ചിത് അവാങ്മുഖീ
കൃതാഞ്ജലിഃ ബാഷ്പകണ്ഠാ
തം ഋഷിം അഗ്രതഃ കൃത്വാ ആയാന്തീ
സീതാ യജ്ഞം വിവേശ

അല്പ മുഖം താഴ്ത്തി,
തൊഴുകൈയോടെ, ഗദ്ഗദകണ്ഠയായി,
ആ മുനിയുടെ പിമ്പേ നടന്നുവന്ന
സീത യജ്ഞശാലയിൽ പ്രവേശിച്ചു.

ബ്രഹ്മാണം അനുയായിനീം
ലക്ഷ്മീം ഇവ വാല്മീകേഃ
പൃഷ്ഠതഃ ആയാന്തീം
സീതാം ദൃഷ്ട്വാ മഹാൻ
സാധുവാദഃ അഭൂത്

ബ്രഹ്മാവിനെ അനുഗമിക്കുന്ന
ലക്ഷ്മിയെപ്പോലെ വാല്മീകിയുടെ
പിന്നാലെ വന്ന
സീതയെ ദർശിച്ചതോടെ (ജനതതി)
ഉച്ചത്തിൽ അഭിവാദനം മുഴക്കി.

തദാ സീതാസഹായഃ
ജനൗഘസ്യ മദ്ധ്യേ
മുനിപുംഗവഃ വാല്മീകിഃ
രാഘവം ഇതി പ്രാഹ ച

അനന്തരം സീതാസമേതം
ജനങ്ങളുടെ ഇടയിലേക്കു കടന്ന്
മുനിവരൻ വാല്മീകി
രാമനോട് ഇങ്ങനെ അരുളി:

രാമ ലോകാപവാദഭീതേന
ത്വയാ പുരാ
മമ ആശ്രമസമീപതഃ
മഹാവനേ ത്യക്താ ഇയം സീതാ

രാമ, ലോകാപവാദം ഭയന്ന്
നീ കാലേനോരം മുമ്പ്
എന്റെ ആശ്രമത്തിനടുത്ത്
കൊടുംകാട്ടിൽ തള്ളിക്കളഞ്ഞ സീത ഇതാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദശരഥേ സുവ്രതാ	ദശരഥേ, ഇവൾ തീകച്ചും പതിവ്രതയും
ധർമ്മചാരിണി അപാപാ	ധർമ്മനിഷ്ഠയുള്ളവളും നിഷ്കളങ്കയുമാണ്.

പ്രത്യയം ദാസ്യതേ സീതാ തദനുജ്ഞാതുമർഹസി
ഇമൗ തു സീതാതനയൗ ഇമൗ യമലജാതകൗ. 30

സീതാ പ്രത്യയം ദാസ്യതേ	സീത (തന്റെ വിശുദ്ധത) പ്രമാണീകരി–
തദ് അനുജ്ഞാതും അർഹസി	ക്കും. അതിന് അനുമതി നല്കിയാലും.
ഇമൗ സീതാതനയൗ	ഇവർ സീതയുടെ കുഞ്ഞുങ്ങളാണ്.
യമലജാതകൗ ഇമൗ	ഇരട്ടപിറന്നവരാണ് ഇവർ.

സുതൗ തു തവ ദുർധർഷൗ തഥ്യമേതദ് ബ്രവീമി തേ
പ്രചേതസോഽഹം ദശമഃ പുത്രോ രഘുകുലോദ്വഹ. 31

ദുർധർഷൗ തവ പുത്രൗ	അജയ്യരായ ഇവർ നിന്റെ പുത്രരാണ്.
തേ ഏതത് സത്യം ബ്രവീമി	നിന്നോട് ഞാൻ ഈ പറയുന്നതു സത്യം.
രഘുകുലോദ്വഹ	രഘുവര, പ്രജാപതി
പ്രചേതസഃ	പ്രചേതസ്സിന്റെ
ദശമഃ പുത്രഃ അഹം	പത്താമത്തെ മകനാണ് ഞാൻ.

അനൃതം ന സ്മരാമ്യുക്തം തഥേമൗ തവ പുത്രകൗ
ബഹൂൻ വർഷഗണാൻ സമ്യക് തപശ്ചര്യാ മയാകൃതാ. 32

അനൃതം ഉക്തം	ഞാൻ പൊളിപറഞ്ഞിട്ടുള്ളതായി
ന സ്മരാമി	ഓർക്കുന്നുപോലുമില്ല.
തഥാ ഇമൗ	(വീണ്ടും പറയുന്നു) ഇവർ
തവ പുത്രകൗ	നിന്റെ മക്കൾതന്നെയാണ്.
ബഹൂൻ വർഷഗണാൻ	ബഹുവർഷങ്ങൾ
സമ്യക് തപശ്ചര്യാ മയാകൃതാ	തീവ്രതപസ്സനുഷ്ഠിച്ചവനാണ് ഞാൻ.

നോപാശ്നീയം ഫലം തസ്യാഃ ദുഷ്ടേയം യദി മൈഥിലീ
വാല്മീകിനൈവമുക്തസ്തു രാഘവഃ പ്രത്യഭാഷത. 33

യദി ഇയം മൈഥിലീ ദുഷ്ടാ	ഈ മൈഥിലി ദുഷ്ടയെങ്കിൽ
തസ്യാഃ ഫലം	ആ തപഃഫലം
ന ഉപാശ്നീയം	ഞാൻ വെടിയുന്നതാണ്.
വാല്മീകിനാ ഏവം ഉക്തഃ	വാല്മീകിയാൽ ഇപ്രകാരം പറയപ്പെട്ട
രാഘവഃ തു പ്രത്യഭാഷത	രാമൻ പ്രതിവചിച്ചു:

ഏവമേതൻമഹാപ്രാജ്ഞ യഥാ വദസി സുവ്രതാ
പ്രത്യയോ ജനിതോ മഹ്യം തവ വാക്യൈരകിൽബിഷൈഃ.

സുവ്രത മഹാപ്രാജ്ഞ	മഹാതപസ്വി, മഹാജ്ഞാനി,
യഥാ വദസി ഏവം ഏതത്	അങ്ങു പറയുന്നതു സത്യമാണ്.
തവ അകിൽബിഷൈഃ വാക്യൈഃ	അവിടുത്തെ വിശുദ്ധവചനങ്ങളിൽ
മഹ്യം പ്രത്യയഃ ജനിതഃ	എനിക്കു വിശ്വാസം ഉളവായിരിക്കുന്നു.

ലങ്കായാമപി ദത്തോ മേ വൈദേഹ്യാഃ പ്രത്യയോ മഹാൻ
ദേവാനാം പുരതസ്തേന മന്ദിരേ സംപ്രവേശിതാ. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലങ്കായാം ദേവാനാം	ലങ്കയിൽ ദേവന്മാരുടെ
പുരതഃ അപി വൈദേഹ്യാ	സന്നിധിയിൽവച്ചും വൈദേഹി
മേ മഹാൻ പ്രത്യയഃ	എനിക്കു തികഞ്ഞ വിശ്വാസം
ദത്തഃ	പകർന്നുതരികയുണ്ടായി.
തേന മന്ദിരേ	ആകയാൽ ഗൃഹത്തിലേക്കു
സംപ്രവേശിതാ	പ്രവേശിപ്പിക്കുകയും ചെയ്തു.

സേയം ലോകഭയാത് ബ്രഹ്മൻ അപാപാപി സതീ പുരാ
സീതാ മയാ പരിത്യക്താ ഭവാംസ്തത് ക്ഷന്തുമർഹതി. 36

അപാപാ അപി ലോകഭയാത്	നിർദ്ദോഷയെങ്കിലും ലോകഭയംമൂലം
സാ ഇയം സതീ സീതാ	ഈ പതിവ്രതയെ—സീതയെ—
മയാ പുരാ പരിത്യക്താ	ഞാൻ അന്നു തള്ളി.
ഭവാൻ തത് ക്ഷന്തും അർഹതി	അങ്ങ് അതു ക്ഷമിക്കുമാറാകണം.

മമൈവ ജാതൗ ജാനാമി പുത്രാവേതൗ കുശീലവൗ
ശുദ്ധായാം ജഗതീമദ്ധ്യേ സീതായാം പ്രീതിരസ്തു മേ. 37

മമ ജാതൗ പുത്രൗ ഏവ	എനിക്കു പിറന്ന കുഞ്ഞുങ്ങൾതന്നെയാണ്
ഏതൗ കുശീലവൗ ഇതി ജാനാമി	ഈ കുശലവന്മാരെന്നും അറിയാം.
ജഗതീമദ്ധ്യേ	ലോകത്തിന്റെ മുമ്പിൽ
ശുദ്ധായാം സീതായാം	വിശുദ്ധയായി വിളങ്ങുന്ന സീതയിൽ
മേ പ്രീതിഃ അസ്തു	എനിക്കു പ്രീതി ഭവിക്കട്ടെ.

ദേവാഃ സർവ്വേ പരിജ്ഞായ രാമാഭിപ്രായമുത്സുകാഃ
ബ്രഹ്മാണമഗ്രതഃ കൃത്വാ സമാജഗ്മുഃ സഹസ്രശഃ. 38

രാമാഭിപ്രായം പരിജ്ഞായ	രാമന്റെ ഇംഗിതം അറിഞ്ഞതോടെ
ഉത്സുകാഃ സഹസ്രശഃ	ഉത്സുകരായ ആയിരക്കണക്കിനു
ദേവാഃ സർവ്വേ	ദേവന്മാർ സകലരും ചേർന്ന്
ബ്രഹ്മാണം അഗ്രതഃ കൃത്വാ	ബ്രഹ്മാവിന്റെ നേതൃത്വത്തിൽ
സമാജഗ്മുഃ	അവിടെ സന്നിഹിതരായി.

പ്രജാഃ സമാഗമൻ ഹൃഷ്ടാഃ സീതാ കൗശേയവാസിനീ
ഉദങ്മുഖീഹ്യധോദൃഷ്ടിഃ പ്രാഞ്ജലിർവാക്യമബ്രവീത്. 39

ഹൃഷ്ടാഃ പ്രജാഃ സമാഗമൻ	സന്തുഷ്ടരായ പ്രജകളും വന്നു.
കൗശേയവാസിനീ സീതാ	പട്ടുടയാടയണിഞ്ഞ സീത (എണീറ്റ്)
ഉദങ്മുഖീ	വടക്കോട്ടു മുഖംതിരിഞ്ഞ്
അധോദൃഷ്ടിഃ പ്രാഞ്ജലിഃ	ദൃഷ്ടി താഴെയൂന്നി, തൊഴുകൈയോടെ
വാക്യം അബ്രവീത്	ഇങ്ങനെ മൊഴിഞ്ഞു:

രാമാദന്യം യഥാഹം വൈ മനസാപി ന ചിന്തയേ
തഥാ മേ ധരണീദേവീ വിവരം ദാതുമർഹതി. 40

രാമാത് അന്യം അഹം	രാമനല്ലാതെ മറ്റൊരുവനെ
മനസാ അപി യഥാ	മനസ്സിൽപ്പോലും നിനയ്ക്കാതെയാണു ഞാൻ
ന ചിന്തയേ തഥാ	കഴിയുന്നതു് എന്നതു സത്യമെങ്കിൽ,
ധരണീദേവീ മേ	അല്ലയോ ഭൂമിദേവീ, എനിക്ക്
വിവരം ദാതും അർഹതി	വിടവ് (പ്രവേശനം) നല്കിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ ശപന്ത്യാഃ സീതായാഃ പ്രാദുരാസീൻമഹാദ്ഭുതം
ഭൂതലാദ് ദിവ്യമത്യർഥം സിംഹാസനമനുത്തമം. 41

സീതായാഃ തഥാ ശപന്ത്യാഃ ഭൂതലാത് മഹാദ്ഭുതം അത്യർഥം ദിവ്യം അനുത്തമം സിംഹാസനം പ്രാദുരാസീത്	സീത ഈവിധം ശപഥം ചെയ്യവേ, ഭൂമിക്കുള്ളിൽനിന്ന് അത്യന്തം അത്ഭുത- കരവും, അതീവദിവ്യവും അത്യുത്തമവുമായ ഒരു സിംഹാസനം പൊന്തിവന്നു.

നാഗേന്ദ്രൈർ ധ്രിയമാണം ച ദിവ്യദേഹൈഃ രവിപ്രഭം
ഭൂദേവീ ജാനകീം ദോർഭ്യാം ഗൃഹീത്വാ സ്നേഹസംയുതാ. 42

സ്വാഗതം താമുവാചൈനാം ആസനേ സംന്യവേശയത്
സിംഹാസനസ്ഥാം വൈദേഹീം പ്രവിശന്തീം രസാതലം. 43

നിരന്തരം പുഷ്പവൃഷ്ടിർദിവ്യാ സീതാമവാകിരത്
സാധുവാദശ്ച സുമഹാൻ ദേവാനാം പരമാദ്ഭുതഃ. 44

രവിപ്രഭം ദിവ്യദേഹൈഃ നാഗേന്ദ്രൈഃ ധ്രിയമാണം ച	സൂര്യനെപ്പോലെ തിളങ്ങുന്ന (സിംഹാസ- നം) ദിവ്യശരീരരായ നാഗരാജാക്കന്മാരാ- ണ് വഹിച്ചത്.
ഭൂദേവീ സ്നേഹസംയുതാ ജാനകീം ദോർഭ്യാം ഗൃഹീത്വാ താം സ്വാഗതം ഉവാച	ഭൂമിദേവി സ്നേഹപൂർവ്വം സീതയെ ഇരുകരങ്ങളും നീട്ടി സ്വീകരിച്ചു. അവൾക്കു സ്വാഗതം ഓതി.
ഏനാം സിംഹാസനേ സംന്യവേശയത്	അവളെ സിംഹാസനത്തിൽ ഇരുത്തി.
സിംഹാസനസ്ഥാം രസാതലേ പ്രവിശന്തീം വൈദേഹീം സീതാം നിരന്തരാ ദിവ്യാ പുഷ്പവൃഷ്ടിഃ അവാകിരത്	സിംഹാസനസ്ഥയായി പാതാളത്തിലേക്കു പ്രവേശിച്ച ആ വിദേഹപുത്രിയുടെമേൽ നിരന്തരം ദിവ്യപുഷ്പങ്ങൾ വർഷിക്കപ്പെട്ടു.
ദേവാനാം പരമാദ്ഭുതഃ സുമഹാൻ സാധുവാദഃ ച	ദേവന്മാരുടെ അത്യത്ഭുതകരവും മഹ- ത്തരവുമായ അഭിവാദനങ്ങളും (മുഴങ്ങി).

ഊചുശ്ച ബഹുധാ വാചോഹ്യന്തരിക്ഷഗതാഃ സുരാഃ
അന്തരിക്ഷേ ച ഭൂമൗ ച സർവ്വേ സ്ഥാവരജംഗമാഃ. 45

വാനരാശ്ച മഹാകായാഃ സീതാശപഥകാരണാത്
കേചിച്ചിന്താപരാഃ തസ്യ കേചിദ് ധ്യാനപരായണാഃ. 46

അന്തരിക്ഷഗതാഃ സുരാഃ ബഹുധാ വാചഃ ഊചുഃ ച	അന്തരീക്ഷത്തിൽ നിരന്ന വാനവർ പലതും സംസാരിച്ചു.
സീതാശപഥകാരണാത് അന്തരിക്ഷേ ഭൂമൗ ച സർവ്വേ സ്ഥാവരജംഗമാഃ (വ്യാകുലാഃ)	സീതയുടെ ശപഥത്തെച്ചൊല്ലി ആകാശത്തിലും ഭൂമിയിലുമുള്ള സകല ചരാചരങ്ങളും വ്യാകുലരായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാകായാഃ വാനരാഃ ച	ഭീമകായരായ വാനരരിൽ
കേചിത് ചിന്താപരാഃ കേചിത്	ചിലർ ചിന്താകുലരും ചിലർ
ധ്യാനപരായണാഃ	ആലോചനാമഗ്നരും (ആയിത്തീർന്നു).

കേചിദ് രാമം നിരീക്ഷന്തഃ കേചിത് സീതാമചേതസഃ
മുഹൂർത്തമാത്രം തത്സർവ്വം തൂഷ്ണീംഭൂതമചേതനം. 47

കേചിത് രാമം	ചിലർ രാമനെ നോക്കി
കേചിത് സീതാം നിരീക്ഷന്തഃ	മറ്റുചിലർ സീതയെ നോക്കി
അചേതസഃ ബഭൂവുഃ	മോഹാലസ്യപ്പെട്ടു.
മുഹൂർത്തമാത്രം തത് സർവ്വം	ക്ഷണനേരത്തേക്ക് അവരെല്ലാം
അചേതനം തൂഷ്ണീംഭൂതം	അചേതനരും നിശ്ചലരുമായി.

സീതാപ്രവേശനം ദൃഷ്ട്വാ സർവ്വം സംമോഹിതം ജഗത്
രാമസ്തു സർവ്വം ജ്ഞാത്വൈവ ഭവിഷ്യത് കാര്യഗൗരവം. 48

അജാനന്നിവ ദുഃഖേന ശുശോച ജനകാത്മജാം
ബ്രഹ്മണാ ഋഷിഭിഃ സാർദ്ധം ബോധിതോ രഘുനന്ദനഃ. 49

സീതാപ്രവേശനം	(ഭൂമിയുടെ വിടവിലേക്ക്) സീത പ്രവേ-
ദൃഷ്ട്വാ ജഗത് സർവ്വം സംമോഹിതം	ശിക്കുന്നതു കണ്ട് ലോകമെല്ലാം സ്തംഭിച്ചു.
ഭവിഷ്യത് കാര്യഗൗരവം	ഭാവികാര്യങ്ങളുടെ ഗൗരവം
സർവ്വം ജ്ഞാത്വാ ഏവ രാമഃ	അറിഞ്ഞുകൊണ്ടുതന്നെ രാമൻ
അജാനൻ ഇവ ജനകാത്മജാം	അജ്ഞനെപ്പോലെ സീതയെച്ചൊല്ലി
ദുഃഖേന ശുശോച	ദുഃഖിതനായി.
ഋഷിഭിഃ സാർദ്ധം ബ്രഹ്മണാ	മുനിമാരോടൊത്തു ബ്രഹ്മാവ്
രഘുനന്ദനഃ ബോധിതഃ	അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

പ്രതിബുദ്ധ ഇവ സ്വപ്നാത് ചകാരാനന്തരാഃ ക്രിയാഃ
വിസസർജ്ജ ഋഷീൻ സർവ്വാൻ ഋത്വിജോ യേ സമാഗതാഃ. 50

താൻ സർവ്വാൻ ധനരത്നാദ്യൈഃ തോഷയാമാസ ഭൂരിശഃ
ഉപാദായ കുമാരൗ താവയോദ്ധ്യാമഗമത് പ്രഭുഃ. 51

സ്വപ്നാത്	സ്വപ്നത്തിൽനിന്ന്
പ്രതിബുദ്ധ ഇവ	ഉണർന്നവനെപ്പോലെയാണ്
സഃ അനന്തരാഃ ക്രിയാഃ	അദ്ദേഹം ശേഷിച്ച കർമ്മങ്ങൾ
ചകാര	ചെയ്തുതീർത്തു.
സമാഗതാഃ യേ ഋത്വിജഃ	യജ്ഞത്തിന് ഋത്വിക്കുകളായി
താൻ സർവ്വാൻ ഋഷീൻ	വന്ന ഋഷിമാരെയെല്ലാം
ഭൂരിശഃ ധനരത്നാദ്യൈഃ	ധാരാളം ധനരത്നാദികൾ
തോഷയാമാസ	(ദക്ഷിണ)നല്കി സന്തുഷ്ടരാക്കി.
വിസസർജ്ജ ച	യാത്രയാക്കുകയും ചെയ്തു.
പ്രഭുഃ രാമഃ തൗ കുമാരൗ	ഭഗവാൻ രാമൻ ആ കുമാരന്മാരെയും
ഉപാദായ അയോദ്ധ്യാം അഗമത്	കൂട്ടി പിന്നെ അയോദ്ധ്യയിലേക്കു പോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദാദി നിസ്പൃഹോ രാമഃ സർവ്വഭോഗേഷു സർവ്വദാ
ആത്മചിന്താപരോ നിത്യം ഏകാന്തേ സമുപസ്ഥിതഃ. 52

തദാദി സർവ്വഭോഗേഷു	അന്നു തുടങ്ങി സകലഭോഗങ്ങളിലും
സർവ്വദാ നിസ്പൃഹഃ രാമഃ	എന്നേക്കുമായി ഇച്ഛ കൈവിട്ട രാമൻ
ആത്മചിന്താപരഃ	ആത്മചിന്തയിൽ മുഴുകി
നിത്യം ഏകാന്തേ സമുപസ്ഥിതഃ	സദാ ഏകാന്തതയിൽ കഴിഞ്ഞു.

ഏകാന്തേ ധ്യാനനിരതേ ഏകദാ രാഘവേ സതി
ജ്ഞാത്വാ നാരായണം സാക്ഷാത് കൗസല്യാ പ്രിയവാദിനീ.

ഭക്ത്യാഗത്യ പ്രസന്നം തം പ്രണതാ പ്രാഹ ഹൃഷ്ടധീഃ
രാമ ത്വം ജഗതാമാദിഃ ആദിമധ്യാന്തവർജ്ജിതഃ. 54

ഏകദാ ഏകാന്തേ രാഘവേ	ഒരിക്കൽ ഏകാന്തതയിൽ രാമൻ
ധ്യാനനിരതേ സതി	ധ്യാനനിരതനായിരിക്കവേ,
തം സാക്ഷാത്	അദ്ദേഹം സാക്ഷാൽ
നാരായണം	ശ്രീനാരായണനാണ് എന്ന്
ജ്ഞാത്വാ പ്രിയവാദിനീ	അറിയാവുന്ന പ്രിയഭാഷിണി
കൗസല്യാ	കൗസല്യാദേവി
ഭക്ത്യാ ആഗത്യ	ഭക്തിപൂർവ്വം സമീപിച്ച്,
ഹൃഷ്ടധീഃ പ്രണതാ	സന്തുഷ്ടമായ മനസ്സോടെ വിനയപൂർവ്വം
പ്രാഹ	അറിയിച്ചു:
രാമ ആദിമധ്യാന്തവർജ്ജിതഃ	രാമ, ആദിമധ്യാന്തങ്ങളില്ലാത്ത
ത്വം ജഗതാം ആദി	നീയാണല്ലോ പ്രപഞ്ചത്തിനു
	മൂലകാരണം.

പരമാത്മാ പരാനന്ദഃ പൂർണ്ണഃ പുരുഷ ഈശ്വരഃ
ജാതോസി മേ ഗർഭഗൃഹേ മമ പുണ്യാതിരേകതഃ. 55

പരമാത്മാ പരാനന്ദഃ	നീ പരമാത്മാവ്, പരമാനന്ദരൂപൻ,
പൂർണ്ണഃ പുരുഷഃ ഈശ്വരഃ	പൂർണ്ണപുരുഷൻ, ഈശ്വരൻ എല്ലാമാണ്.
മമ പുണ്യാതിരേകതഃ	എന്റെ പുണ്യത്തികവുകൊണ്ട്
മേ ഗർഭഗൃഹേ ജാതഃ അസി	എന്റെ ഗർഭത്തിൽ പിറന്നു എന്നേയുള്ളു.

അവസാനേ മമാപ്യദ്യോ സമയോഽഭൂദ് രഘൂത്തമ
നാപ്യാദ്യബോധജഃ കൃത്സ്നോ ഭവബന്ധോ നിവർത്തതേ. 56

രഘൂത്തമ, അവസാനേ മമ	രഘൂത്തമ, ഒടുക്കം എനിക്ക്
അദ്യയഃ	ഇന്നാണ് (ചിലതു ചോദിക്കാൻ)
സമയഃ അഭൂത്	അവസരം കൈവന്നത്.
അദ്യ അപി അബോധജഃ	ഇന്നും അജ്ഞാനജനിതമായ
ഭവബന്ധഃ	സംസാരബന്ധം (എന്നിൽനിന്നും)
കൃത്സ്നഃ	പൂർണ്ണമായി
ന നിവർത്തതേ	വിട്ടുപോയിട്ടില്ല.

ഇദാനീമപി മേ ജ്ഞാനം ഭവബന്ധനിവർത്തകം
യഥാ സംക്ഷേപതോ ഭൂയാത് തഥാ ബോധയ മാം വിഭോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഭോ ഇദാനീം മേ അപി	പ്രഭോ, ഇനി എനിക്കും
ഭവബന്ധനിവർത്തകം ജ്ഞാനം	സംസാരനാശകമായ ജ്ഞാനം
യഥാ സംക്ഷേപതഃ ഭവേത്	സംക്ഷേപിച്ച്
തഥാ ബോധയ	ഉപദേശിച്ചാലും.

നിർവ്വേദവാദിനീമേവം മാതരം മാതൃവത്സലഃ
ദയാലുഃ പ്രാഹ ധർമ്മാത്മാ ജരാജർജ്ജരിതാം ശുഭാം. 58

ധർമ്മാത്മാ മാതൃവത്സലഃ	ധർമ്മാത്മാ, മാതൃഭക്തൻ,
ദയാലുഃ രാമഃ	ദയാമയൻ രാമൻ,
ജരാജർജ്ജരിതാം	ജരയാൽ ക്ഷീണിച്ചവളും
വൈരാഗ്യവാദിനീം	വിരക്തിവചനം ഓതുന്നവളും
ശുഭാം മാതരം	ശുഭംകരിയുമായ തന്റെ മാതാവിനോട്
ഏവം പ്രാഹ	ഈവിധം അരുളി:

മാർഗ്ഗാസ്ത്രയോ മയാ പ്രോക്താഃ പുരാ മോക്ഷാപ്തിസാധകാഃ
കർമ്മയോഗോ ജ്ഞാനയോഗോ ഭക്തിയോഗശ്ച ശാശ്വതഃ. 59

മോക്ഷാപ്തിസാധകാഃ	മോക്ഷപ്രാപ്തിക്കുതകുന്ന
ത്രയഃ മാർഗ്ഗാഃ പുരാ	മൂന്നു വഴികൾ നേരത്തെതന്നെ
മയാ പ്രോക്താഃ	ഞാൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്—
കർമ്മയോഗഃ ജ്ഞാനയോഗഃ	കർമ്മയോഗം, ജ്ഞാനയോഗം,
ശാശ്വതഃ ഭക്തിയോഗഃ ച	ശാശ്വതമായ ഭക്തിയോഗം.

ഭക്തിർവ്വിഭിദ്യതേ മാതഃ ത്രിവിധാ ഗുണഭേദതഃ
സ്വഭാവോ യസ്യ യസ്തേന തസ്യ ഭക്തിർവ്വിഭിദ്യതേ. 60

മാതഃ	മാതാവേ,
ഗുണഭേദതഃ	(സാധകന്റെ) ഗുണഭേദമനുസരിച്ച്
ഭക്തിഃ ത്രിവിധാ വിഭിദ്യതേ	ഭക്തി മൂന്നായി വിഭജിക്കപ്പെടുന്നു.
യസ്യ യഃ സ്വഭാവഃ	ആർക്ക് ഏതാണോ സ്വഭാവം,
തേന തസ്യ ഭക്തിഃ വിഭിദ്യതേ	അത്തരത്തിലായിരിക്കും അവന്റെ ഭക്തി.

യസ്തു ഹിംസാം സമുദ്ദിശ്യ ദംഭമാത്സര്യമേവ വാ
ഭേദദൃഷ്ടിശ്ച സംരംഭീ ഭക്തോ മേ താമസഃ സ്മൃതഃ. 61

ഹിംസാം ദംഭം	ഹിംസ, ദംഭം,
മാത്സര്യം വാ സമുദ്ദിശ്യ	മാത്സര്യം ഇവ ലാക്കാക്കി
ഭേദദൃഷ്ടിഃ യഃ സംരംഭീ	ഭേദദൃഷ്ടിയോടെ ഭക്തിക്ക് ഉദ്യമിക്കുന്നവൻ
സഃ മേ താമസഃ ഭക്തഃ	എന്റെ താമസഭക്തൻ
സ്മൃതഃ	എന്നു പറയപ്പെടുന്നു.

ഫലാഭിസന്ധിർഭോഗാർത്ഥീ ധനകാമോ യശസ്തഥാ
അർച്ചാദൗ ഭേദബുദ്ധ്യാ മാം പൂജയേത് സ തു രാജസഃ. 62

ഫലാഭിസന്ധിഃ ഭോഗാർത്ഥീ	ഫലേച്ഛു, ഭോഗാസക്തൻ,
ധനകാമഃ	പണക്കൊതിയൻ,
തഥാ യശഃ അർച്ചാദൗ	കീർത്തി—ബഹുമാനാദികളിൽ
ഭേദബുദ്ധ്യാ യഃ	താൽപര്യംകൊണ്ട്
മാം പൂജയേത്	എന്നെ പൂജിക്കുന്നവൻ
സഃ തു രാജസഃ	ഇവനൊക്കെ രാജസഭക്തൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരസ്മിന്നർപ്പിതം യസ്തു കർമ്മനിർവ്വഹണായ ച
കർത്തവ്യമിതി വാ കുര്യാത് ഭേദബുദ്ധ്യാ സ സാത്വികഃ. 63

പരസ്മിൻ അർപ്പിതം	പരമാത്മാവിൽ അർപ്പിച്ച്,
കർമ്മനിർവ്വഹണായ വാ	കടമ നിറവേററാനോ അഥവാ
കർത്തവ്യം ഇതി വാ	കർത്തവ്യമെന്നു കരുതിയോ,
ഭേദബുദ്ധ്യാ യഃ കർമ്മ	ഭേദബുദ്ധിയോടെ കർമ്മം
കുര്യാത് സഃ സാത്വികഃ	ചെയ്യുന്നവൻ സാത്വികൻ.

സാത്വികൻ സർവ്വസ്വവും പരമാത്മാവിൽ അർപ്പിച്ചു കർമ്മംചെയ്യുന്നു. ജീവേശ്വരന്മാർ ഭിന്നരെന്ന ഭാവനയോടെ നിത്യനൈമിത്തികകർമ്മങ്ങൾ അനുഷ്ഠിക്കുന്നവനും സാത്വികൻതന്നെ.

മദ്ഗുണശ്രവണാദേവ മയ്യനന്തഗുണാലയേ
അവിച്ഛിന്നം മനോവൃത്തിഃ യഥാ ഗംഗാംബുനോംബുധൗ. 64

തദേവ ഭക്തിയോഗസ്യ ലക്ഷണം നിർഗ്ഗുണസ്യ ഹി
അഹൈതുക്യവ്യവഹിതാ യാ ഭക്തിർമയി ജായതേ. 65

സാ മേ സാലോക്യ സാമീപ്യ സാർഷ്ടി സായൂജ്യമേവ വാ
ദദാത്യപി ന ഗൃഹ്ണന്തി ഭക്താ മത്സേവനം വിനാ. 66

മദ്ഗുണശ്രവണാത് ഏവ	എന്റെ ഗുണങ്ങൾ കേട്ടുകേട്ട്
അനന്തഗുണാലയേ	അനന്തഗുണങ്ങൾക്ക് ആധാരമായ
മയി	എന്നിൽ
അവിച്ഛിന്നം മനോവൃത്തിഃ	ഏകാഗ്രതയോടെ മനസ്സ്
(ഭവേത്)	ലയിക്കണം—
ഗംഗാംബുനഃ അംബുധൗ യഥാ	ഗംഗാജലം സമുദ്രത്തിലെന്നപോലെ.
തദ് ഏവ	അതാണ്
നിർഗ്ഗുണസ്യ ഭക്തിയോഗസ്യ	നിർഗ്ഗുണഭക്തിയുടെ
ലക്ഷണം	ലക്ഷണം.
അഹൈതുകീ അവ്യവഹിതാ	അകാരണവും അഖണ്ഡവുമായി
യാ ഭക്തിഃ മയി ജായതേ	എന്നിലുളവാകുന്ന ഭക്തി—
സാ മേ സാലോക്യ—സാമീപ്യ—	അതു് എന്റെ സാലോക്യ—സാമീപ്യ
സാർഷ്ടി—സായൂജ്യം	സമസ്ഥിതി—സായൂജ്യം
ഏവ വാ ദദാതി	ഇവയെല്ലാംതന്നെ നേടിത്തരും.
ഭക്താഃ മത്സേവനം	എങ്കിലും ഭക്തന്മാർ എന്റെ സേവനം
വിനാ ന ഗൃഹ്ണന്തി	ഒഴികെ ഒന്നും സ്വീകരിക്കാറില്ല.

സാലോക്യം, സാമീപ്യം മുതലായവയൊന്നും പരമഭക്തന്മാർ ലക്ഷീകരിക്കാറില്ല. സായൂജ്യംപോലും അവർ ആഗ്രഹിക്കുകയില്ല. ഭഗവത്സേവനം മാത്രമാണ് അവർക്കു ലക്ഷ്യം. മോക്ഷം അതിന്റെ മുമ്പിൽ കേവലം തുച്ഛം.

സ ഏവാത്യന്തികോ യോഗോ ഭക്തിമാർഗ്ഗസ്യ ഭാമിനി
മദ്ഭാവം പ്രാപ്നുയാത് തേന അതിക്രമ്യ ഗുണത്രയം. 67

ഭാമിനി സ ഏവ	മാതാവേ, അതുതന്നെയാണ്
ഭക്തിമാർഗ്ഗസ്യ ആത്യന്തികഃ യോഗഃ	ഭക്തിമാർഗ്ഗത്തിലെ ആത്യന്തികയോഗം.
തേന ഗുണത്രയം	അതിലൂടെ ത്രിഗുണങ്ങളെ
അതിക്രമ്യ	(സത്വരജസ്തമസ്സുകളെ) അതിക്രമിച്ച്
മദ്ഭാവഃ പ്രാപ്നുയാത്	ഞാനുമായി സാത്മ്യം പ്രാപിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹതാ കാമഹീനേന സ്വധർമ്മാചരണേന ച
കർമ്മയോഗേന ശസ്തേന വർജ്ജിതേന വിഹിംസനാത്. 68

കാമഹീനേന	നിഷ്കാമഭാവനയോടെ
സ്വധർമ്മാചരണേന	സ്വധർമ്മം ആചരിച്ചും
വിഹിംസനാത് വർജ്ജിതേന	ഹിംസയില്ലാത്തതും
ശസ്തേന മഹതാ	പ്രശസ്തവും മഹത്തുമായ
കർമ്മയോഗേന	കർമ്മയോഗം അനുഷ്ഠിച്ചും
(മദ്ഭാവം പ്രാപ്നുയാത്)	എന്നെ പ്രാപിക്കാം.

മദ്ദർശനസ്തുതി മഹാപൂജാഭിഃ സ്മൃതിവന്ദനൈഃ
ഭൂതേഷു മദ് ഭാവനയാ സംഗേനാസത്യവർജ്ജനൈഃ. 69

മദ്ദർശനസ്തുതി	എന്നെ ദർശിക്കുക, സ്തുതിക്കുക,
മഹാപൂജാഭിഃ	മഹാപൂജ നടത്തുക,
സ്മൃതിവന്ദനൈഃ	സ്മരിക്കുക, വന്ദിക്കുക,
ഭൂതേഷു	എല്ലാ പ്രാണികളിലും
മദ്ഭാവനയാ	എന്റെ സാന്നിദ്ധ്യം അനുഭവിക്കുക,
അസത്യവർജ്ജനൈഃ	അസത്യം ഒഴിവാക്കുക,
സംഗേന ച	സത്സംഗം ചെയ്യുക—ഇവയാൽ
	(എന്നെ സാക്ഷാത്കരിക്കാവുന്നതാണ്).

ബഹുമാനേന മഹതാം ദുഃഖിനാം അനുകമ്പയാ
സ്വസമാനേഷു മൈത്ര്യാ ച യമാദീനാം നിഷേവയാ. 70

മഹതാം ബഹുമാനേന	മഹാന്മാരോട് ബഹുമാനം,
ദുഃഖിനാം അനുകമ്പയാ	ദുഃഖിതരോട് കാരുണ്യം,
സ്വസമാനേഷു മൈത്ര്യാ	സമന്മാരോട് മൈത്രി,
യമാദീനാം	യമനിയമാദികളുടെ
നിഷേവയാ ച	പരിപാലനം ഇവയാലും.

വേദാന്തവാക്യശ്രവണാത് മമ നാമാനുകീർത്തനാത്
സത്സംഗേനാർജ്ജവേനൈവ ഹ്യഹമഃ പരിവർജ്ജനാത്. 71

വേദാന്തവാക്യശ്രവണാത്	വേദാന്തവാക്യങ്ങൾ ശ്രവിക്കുക,
മമ നാമാനുകീർത്തനാത്	എന്റെ നാമസങ്കീർത്തനം ചെയ്യുക,
സത്സംഗേന ആർജ്ജവേന	സത്സംഗം, ഹൃദയശുദ്ധി,
അഹമഃ പരിവർജ്ജനാത്	അഹങ്കാരമില്ലായ്മ ഇവയാലും.

കാംക്ഷയാ മമ ധർമ്മസ്യ പരിശുദ്ധാന്തരോ ജനഃ
മദ്ഗുണശ്രവണാദേവ യാതി മാമഞ്ജസാ ജനഃ. 72

മമ ധർമ്മസ്യ	എന്റെ ധർമ്മത്തിലുള്ള
കാംക്ഷയാ	അഭിനിവേശത്താലും
പരിശുദ്ധാന്തരഃ ജനഃ	അന്തഃശുദ്ധി നേടിയ ആൾ
മദ്ഗുണശ്രവണാത് ഏവ	എന്റെ ഗുണഗണങ്ങൾ കേട്ടുകൊണ്ടുതന്നെ
അഞ്ജസാ മാം യാതി	അനായാസം എന്നോട് ചേരുന്നു.

യഥാ വായുവശാത് ഗന്ധഃ സ്വാശ്രയാദ് ഘ്രാണമാവിശേത്
യോഗാഭ്യാസരതം ചിത്തം ഏവമാത്മാനമാവിശേത്. 73

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗന്ധഃ യഥാ സ്വാശ്രയാത്	ഗന്ധം അതിൻെറ ഉദ്ഭവസ്ഥാനം വിട്ട്
വായുവശാത്	വായുവിലൂടെ (ജീവികളുടെ)
ഘ്രാണം	ശ്വാസനേന്ദ്രിയത്തിൽ
ആവിശേത് ഏവം	കടക്കുന്നതുപോലെയാണ്
യോഗാഭ്യാസരതം ചിത്തം	യോഗാഭ്യാസനിരതമായ ചിത്തം
ആത്മാനം ആവിശേത്	ആത്മാവിൽ പ്രവേശിക്കുന്നതു്.

സർവ്വേഷു പ്രാണിജാതേഷു ഹ്യഹമാത്മാ വ്യവസ്ഥിതഃ
തമജ്ഞാത്വാ വിമൂഢാത്മാ കുരുതേ കേവലം ബഹിഃ. 74

സർവ്വേഷു പ്രാണിജാതേഷു	സകലപ്രാണികളിലും
ആത്മാ വ്യവസ്ഥിതഃ	ആത്മാവായി നിലകൊള്ളുന്നതു്
അഹം ഹി	ഞാനാണ്.
തം അജ്ഞാത്വാ വിമൂഢാത്മാ	അതിനെ അറിയാതെ മൂഢന്മാർ
കേവലം ബഹിഃ കുരുതേ	(എന്നെ) വെറുതെ വെളിയിൽ തേടുന്നു.

ക്രിയോത്പന്നൈർനൈകഭേദൈർദ്രവ്യൈർമേ നാംബ തോഷണം
ഭൂതാവമാനിനാർച്ചായാം അർച്ചിതോഹം ന പൂജിതഃ. 75

അംബ ക്രിയോത്പന്നൈഃ	അമ്മേ, അനേകകർമ്മങ്ങളിൽനിന്നുളവായ
നൈകഭേദൈഃ ദ്രവ്യൈഃ	ബഹുവിധദ്രവ്യങ്ങളാൽ (പൂജിക്കുന്നതു-കൊണ്ടു്)
മേ തോഷണം ന	എനിക്കു പ്രീതിയാകുമെന്നു കരുതരുതു്.
ഭൂതാവമാനിനാ	സമസ്തസൃഷ്ടങ്ങളെ അപമാനിക്കുന്നവൻ
അർച്ചായാം അർച്ചിതഃ	(പ്രതിമാദികളിൽ) എന്നെ പൂജിച്ചാൽ
അഹം ന പൂജിതഃ	ഞാൻ പൂജിക്കപ്പെട്ടുകയുമില്ല.

ധാരാളം ദ്രവ്യം വിനിയോഗിച്ച് ചടങ്ങുകളോടെ പൂജ നടത്തിയാൽ ഭഗവാൻ പ്രീതനാവുകയില്ല. ആർഭാടം ഭഗവത്പ്രീതികരമല്ല. സമസ്തസൃഷ്ടങ്ങളോടു ക്രൂരമായി പെരുമാറുകയും ഭഗവത്പൂജ നടത്തുകയും ചെയ്യുന്നവർ യഥാർത്ഥഭക്തരല്ല. സ്നേഹമാണ് ഭക്തി. സ്നേഹസ്വരൂപനാണ് ഭഗവാൻ. സ്നേഹത്തിനു വേണ്ടതു് സ്നേഹം മാത്രം.

താവൻ മാമർച്ചയേത് ദേവം പ്രതിമാദൗ സ്വകർമ്മഭിഃ
യാവത് സർവ്വേഷു ഭൂതേഷു സ്ഥിതം ചാത്മനി ന സ്മരേത്. 76

സർവ്വഭൂതേഷു	സർവ്വഭൂതങ്ങളിലും
ആത്മനി ച	സ്വന്തം അന്തരാത്മാവിലും
സ്ഥിതം	സ്ഥിതിചെയ്യുന്ന
ദേവം മാം യാവത്	ദേവനാണു ഞാനെന്നു്
ന സ്മരേത്	മനസ്സിലാക്കാൻ കഴിയാത്ത കാലംവരെ
സ്വകർമ്മഭിഃ	സ്വകർമ്മാനുഷ്ഠാനങ്ങളാൽ എന്നെ
പ്രതിമാദിഷു അർച്ചയേത്	പ്രതിമാദികളിൽ പൂജിച്ചുകൊള്ളുക.

സമസ്തസൃഷ്ടികളിലും വസ്തുക്കളിലും മാത്രമല്ല തന്നിൽത്തന്നെയും ഭഗവാനെ സാക്ഷാത്കരിക്കുകയാണ് ശരിയായ ഈശ്വരാനുഭവം. അതിനു കഴിവില്ലെങ്കിൽ മാത്രം പ്രതിമാപൂജനം ചെയ്താൽ മതി. സർവ്വത്ര പരമപുരുഷനെ ദർശിക്കാൻ കഴിഞ്ഞാൽ പ്രതിമാപൂജനത്തിനു് എന്തു പ്രസക്തി?

യസ്തു ഭേദം പ്രകുരുതേ സ്വാത്മനശ്ച പരസ്യ ച
ഭിന്നദൃഷ്ടേർ ഭയം മൃത്യുസ്തസ്യ കുര്യാന്ന സംശയഃ. 77

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഃ തു സ്വാത്മനഃ	ആരു് തൻെറ ആത്മാവിനും
പരസ്യ ച	അന്യൻെറ ആത്മാവിനും തമ്മിൽ
ഭേദം പ്രകുരുതേ	ഭേദം കല്പിക്കുന്നു,
ഭിന്നദൃഷ്ടേഃ തസ്യ	ഭേദദൃഷ്ടിക്കാരനായ അവനെ
മൃത്യുഃ ഭയം കുര്യാത്; ന സംശയഃ	മൃത്യു ഭയപ്പെടുത്തുമെന്നു തീർച്ച.

മാമതഃ സർവ്വഭൂതേഷു പരിച്ഛിന്നേഷു സംസ്ഥിതം
ഏകം ജ്ഞാനേന മാനേന മൈത്ര്യാ ചാർച്ചേദഭിന്നധീഃ. 78

അതഃ അഭിന്നധീഃ (സാധകഃ)	അതിനാൽ അഭേദബുദ്ധിയുള്ള സാധകൻ
പരിച്ഛിന്നേഷു സർവ്വഭൂതേഷു	പരിച്ഛിന്നങ്ങളായ സകലഭൂതങ്ങളിലും
ഏകം	ഏകനായി (അപരിച്ഛിന്നനായി)
സംസ്ഥിതം	വർത്തിക്കുന്ന
മാം ജ്ഞാനേന മാനേന	എന്നെ ജ്ഞാന–ബഹുമാന–
മൈത്ര്യാ ച അർച്ചയേത്	സൗഹൃദങ്ങളാൽ പൂജിച്ചുകൊള്ളട്ടെ.

ഭിന്നരായ മനുഷ്യരിലും പ്രാണികളിലും ഏകരസമായി പരമപുരുഷൻ വർത്തിക്കുന്നു. മൗലികമായ സത്യം ഇതാണ്. ഈ ധാരണയോടെ വേണം ജ്ഞാനങ്ങാലോ ബഹുമാനത്താലോ സൗഹൃദത്താലോ ഭഗവാനെ പൂജിക്കേണ്ടതു്. നൈവേദ്യാദികളാലല്ല. ഉച്ചനീചത്വവും ഭേദബുദ്ധിയും പുലർത്തുന്നവനു് ഈശ്വര സാക്ഷാത്ക്കാരം ലഭിക്കുകയില്ല.

ചേതസൈവാനിശം സർവ്വഭൂതാനി പ്രണമേത് സുധീഃ
ജ്ഞാത്വാ മാം ചേതനം ശുദ്ധം ജീവരൂപേണ സംസ്ഥിതം. 79

ശുദ്ധം ചേതനം മാം	ശുദ്ധചേതനനായ ഞാൻതന്നെയാണു്
ജീവരൂപേണ സംസ്ഥിതം	ജീവരൂപേണ വർത്തിക്കുന്നതെന്നു്
ജ്ഞാത്വാ സുധീഃ ചേതസാ	അറിഞ്ഞു് ബുദ്ധിമാൻ മനസാ
അനിശം സർവ്വഭൂതാനി	നിരന്തരം സകലജീവജാലങ്ങളെയും
പ്രണമേത് ഏവ	പ്രണമിക്കുകതന്നെ വേണം.

തസ്മാത് കദാചിന്നേക്ഷേത ഭേദമീശ്വരജീവയോഃ
ഭക്തിയോഗോ ജ്ഞാനയോഗോ മയാ മാതരുദീരിതഃ. 80

തസ്മാത് ഈശ്വരജീവയോഃ	തന്മൂലം ഈശ്വരനും ജീവനും തമ്മിൽ
ഭേദം കദാചിത്	ഭേദം ഒരിക്കലും
ന ഈക്ഷേത	കാണാൻ പാടില്ല.
മാതഃ ഭക്തിയോഗഃ	മാതാവേ, ഭക്തിയോഗവും
ജ്ഞാനയോഗഃ	ജ്ഞാനയോഗവും (അവിടുത്തേക്കു്)
മയാ ഉദീരിതഃ	ഞാൻ ഉപദേശിച്ചുതന്നു.

ആലംബ്യൈകതരം വാപി പുരുഷഃ ശമമൃച്ഛതി
തതോ മാം ഭക്തിയോഗേന മാതഃ സർവ്വഹൃദിസ്ഥിതം. 81

പുത്രരൂപേണ വാ നിത്യം സ്മൃത്വാ ശാന്തിമവാപ്സ്യസി
രാമസ്യ വചനം ശ്രുത്വാ കൗസല്യാനന്ദസംയുതാ. 82

ഏകതരം വാ	രണ്ടിൽ ഏതെങ്കിലും ഒന്നിനെ
ആലംബ്യ അപി	ആശ്രയിച്ചാലും
പുരുഷഃ ശമം ഋച്ഛതി	സാധകനു് ശാന്തി ലഭിക്കും.
മാതഃ തതഃ മാം	മാതാവേ, ആകയാൽ എന്നെ
സർവ്വഹൃദിസ്ഥിതം	സകലരുടെയും ഹൃദയത്തിൽ സ്ഥിതൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാ പുത്രരൂപേണ വാ	എന്നോ സ്വന്തം മകൻ എന്നോ
നിത്യം സ്മൃത്വാ	സദാ നിനച്ച്
ശാന്തിം അവാപ്സ്യസി	അങ്ങേയ്ക്കു് ശാന്തി നേടാവുന്നതാണ്.
രാമസ്യ വചനം ശ്രുത്വാ	രാമന്റെ വാക്കുകഠം കേട്ട്
കൗസല്യാ ആനന്ദസംയുതാ	കൗസല്യ ആനന്ദിതയായി.

രാമം സദാ ഹൃദി ധ്യാത്വാ ഛിത്വാ സംസാരബന്ധനം
അതിക്രമ്യ ഗതീസ്തിസ്രോഽപ്യവാപ പരമാം ഗതിം. 83

ഹൃദി സദാ രാമം ധ്യാത്വാ	ഹൃദയത്തിൽ സദാ ശ്രീരാമനെ ധ്യാനിച്ച്,
സംസാരബന്ധനം ഛിത്വാ	സംസാരബന്ധനം മുറിച്ച്,
തിസ്രഃ ഗതീഃ അതിക്രമ്യ	മൂന്നു ഗതികളെയും അതിക്രമിച്ച്,
പരമാം ഗതിം അപി അവാപ	അവർ പരമപദം പ്രാപിച്ചു.

മൂന്നു മരണാനന്തരഗതികഠം ത്രിഗുണങ്ങളെ ആസ്പദമാക്കി സങ്കല്പിക്കപ്പെടുന്നു. സാത്വികപ്രകൃതിക്കാർക്ക് പരലോകപ്രാപ്തിക്ക് അർച്ചിരാദിഗതി. രജോഗുണക്കാർക്ക് ധൂമാദിഗതി. താമസികന്മാർക്കു സംസാരഗതി—ജനനമരണചക്രം. ജ്ഞാനത്താൽ മാത്രം ലഭിക്കുന്ന പരമഗതിയാണ് കൗസല്യ നേടിയത്.

കൈകേയീ ചാപി യോഗം രഘുപതിഗദിതം
പൂർവ്വമേവാഭിഗമ്യ
ശ്രദ്ധാഭക്തിപ്രശാന്താ ഹൃദി രഘുതിലകം
ഭാവയന്തീ ഗതാസുഃ
ഗത്വാ സ്വർഗ്ഗം സ്ഫുരന്തീ ദശരഥസഹിതാ
മോദമാനാവതസ്ഥേ
മാതാ ശ്രീലക്ഷ്മണസ്യാപ്യതിവിമലമതിഃ
പ്രാപ ഭർത്തുഃ സമീപം. 84

കൈകേയീ ച അപി	കൈകേയിയും നേരത്തെതന്നെ
പൂർവ്വം ഏവ	(ചിത്രകൂടത്തിൽവച്ച്)
രഘുപതിഗദിതം	രാമൻ ഉപദേശിച്ച
യോഗം അധിഗമ്യ	യോഗം ഹൃദിസ്ഥമാക്കി
ശ്രദ്ധാഭക്തിപ്രശാന്താ	ശ്രദ്ധാഭക്തിയാൽ പരമശാന്തി നേടുകയും
ഹൃദി രഘുതിലകം ഭാവയന്തീ	മനസ്സിൽ രാമനെ നിനച്ചുകൊണ്ട്
ഗതാസുഃ	പ്രാണൻ വിടുകയുംചെയ്തു.
സ്വർഗ്ഗം ഗത്വാ ദശരഥസഹിതാ	അവർ സ്വർഗ്ഗത്തിൽ ദശരഥനോടു ചേർന്നു
സ്ഫുരന്തീ മോദമാനാ അവതസ്ഥേ	പ്രഭതൂകി സസന്തോഷം കഴിഞ്ഞുകൂടി.
അതിവിമലമതിഃ	അതിവിശുദ്ധയായ
ലക്ഷ്മണസ്യ മാതാ അപി	ലക്ഷ്മണമാതാവ് കൈകേയിയും
ഭർത്തുഃ സമീപം പ്രാപ	പതിയുടെ സമീപം എത്തിച്ചേർന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ സപ്തമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം ഏഴാം സർഗ്ഗം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർഗ്ഗം എട്ട്

കാലന്റെ വരവ്—
ലക്ഷ്മണന്റെ സ്വർഗ്ഗപ്രാപ്തി

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

അഥ കാലേ ഗതേ കസ്മിൻ ഭരതോ ഭീമവിക്രമഃ
യുധാജിതാ മാതുലേന ഹ്യാഹൂതോഽഗാത് സസൈനികഃ. 1

അഥ കസ്മിൻ കാലേ ഗതേ	അങ്ങനെ കാലം കുറെ ചെന്നതോടെ
ഭീമവിക്രമഃ ഭരതഃ	ഭീമപരാക്രമി ഭരതൻ
മാതുലേന യുധാജിതാ	സ്വമാതുലൻ യുധാജിത്ത്
ആഹൂതഃ സസൈനികഃ	വിളിച്ചതനുസരിച്ച് സേനാസമേതം
അഗാത്	കേകയരാജ്യത്ത് എത്തി.

രാമാജ്ഞയാ ഗതസ്തത്ര ഹത്വാ ഗന്ധർവ്വനായകാൻ
തിസ്രഃ കോടീഃ പുരേ ദ്വേ തു നിവേശ്യ രഘുനന്ദനഃ. 2

രാമാജ്ഞയാ	രാമന്റെ ആജ്ഞപ്രകാരം
തത്ര ഗതഃ രഘുനന്ദനഃ	അവിടെ എത്തിയ ഭരതൻ
തിസ്രഃകോടീഃ ഗന്ധർവ്വനായകാൻ	മൂന്നു കോടി ഗന്ധർവ്വവീരരെ
ഹത്വാ ദ്വേ പുരേ നിവേശ്യ	വധിച്ച് രണ്ടു നഗരികൾ സ്ഥാപിച്ചു.

പുഷ്കരം പുഷ്കരാവത്യാം തക്ഷം തക്ഷശിലാഹ്വയേ
അഭിഷിച്യ സുതൗ തത്ര ധനധാന്യസുഹൃദ്വൃതൗ. 3

പുനരാഗത്യ ഭരതോ രാമസേവാപരോഽഭവത്
തതഃ പ്രീതോ രഘുശ്രേഷ്ഠോ ലക്ഷ്മണം പ്രാഹ സാദരം. 4

സുതൗ പുഷ്കരം തക്ഷം	പുത്രന്മാരായ പുഷ്കരനെയും തക്ഷനെയും
പുഷ്കരാവത്യാം	(യഥാക്രമം) പുഷ്കരാവതിയിലും
തക്ഷശിലാഹ്വയേ	തക്ഷശിലയിലും
അഭിഷിച്യ	വാഴിക്കുകയും
തത്ര ധനധാന്യസുഹൃദ്വൃതൗ	ധന—ധാന്യ—സുഹൃത്തുക്കളാൽ സുരക്ഷിത—
കൃത്വാ	രാക്കുകയും ചെയ്തതിനുശേഷം
ഭരതഃ പുനഃ ആഗത്യ	ഭരതൻ മടങ്ങിവന്ന്
രാമസേവാപരഃ അഭവത്	രാമനെ സേവിക്കുന്നതിൽ മുഴുകി.
പ്രീതഃ രഘുശ്രേഷ്ഠഃ തതഃ	പ്രീതനായ രഘുവരൻ പിന്നീട്
ലക്ഷ്മണം സാദരം പ്രാഹ	ലക്ഷ്മണനോട് സ്നേഹപൂർവ്വം പറഞ്ഞു:

ഉഭൗ കുമാരൗ സൗമിത്രേ ഗൃഹീത്വാ പശ്ചിമാം ദിശം
തത്ര ഭില്ലാൻ വിനിർജ്ജിത്യ ദുഷ്ടാൻ സർവ്വാപകാരിണഃ. 5

അംഗദശ്ചിത്രസേനശ്ച മഹാസത്വപരാക്രമൗ
ദ്വയോർ ദ്വേ നഗരേ കൃത്വാ ഗജാശ്വധനരത്നകൈഃ. 6

അഭിഷിച്യ സുതൗ തത്ര ശീഘ്രമാഗച്ഛ മാം പുനഃ
രാമസ്യാജ്ഞാം പുരസ്കൃത്യ ഗജാശ്വബലവാഹനഃ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗത്വാ ഹത്വാ രിപൂൻ സർവ്വാൻ സ്ഥാപയിത്വാ കുമാരകൗ
സൗമിത്രിഃ പുനരാഗത്യ രാമസേവാപരോഽഭവത്. 8

സൗമിത്രേ	ലക്ഷ്മണ,
ഉഭൗ കുമാരകൗ ഗൃഹീത്വാ	നീ നിന്റെ രണ്ടു കുമാരന്മാരെയുംകൂട്ടി
പശ്ചിമാം ദിശം ഗച്ഛ	പശ്ചിമദിക്കിലേക്കു പോകണം.
അംഗദഃ	(നിന്റെ കുട്ടികൾ) അംഗദനും
ചിത്രകേതുഃ ച	ചിത്രകേതുവും
മഹാസത്വപരാക്രമൗ	മഹാവീരന്മാരാണ്.
തത്ര സർവ്വാപകാരിണഃ	അവിടെ സകലർക്കും ദ്രോഹംചെയ്യുന്ന
ദുഷ്ടാൻ ഭില്ലാൻ വിനിർജ്ജിത്യ	ദുഷ്ടരായ ഭില്ലരെ അമർത്തണം.
ഉഭയോഃ ദ്വേ നഗരേ	(മക്കളെ) ഇരുവരേയും ഇരുനഗരങ്ങളും
കൃത്വാ	ഏല്പിക്കണം.
ഗജാശ്വധനരത്നാദ്യൈഃ	ആന–കുതിര–ധന–രത്നാദികളാൽ
സുതൗ അഭിഷിച്യ ശീഘ്രം	പുത്രന്മാരെ അഭിഷേകവുംചെയ്ത് ഉടൻ
മാം പുനഃ ആഗച്ഛ	എന്റെ സമീപത്തേക്കു പോന്നുകൊള്ളൂ.
രാമസ്യ ആജ്ഞാം പുരസ്കൃത്യ	രാമന്റെ കല്പനപ്രകാരം
ഗജാശ്വബലവാഹനഃ	ആന–കുതിര–സേനാ–വാഹനസഹിതം
ലക്ഷ്മണഃ ഗത്വാ	ലക്ഷ്മണൻ അവിടെ എത്തി,
സർവ്വാൻ രിപൂൻ ഹത്വാ	ശത്രുക്കളെയെല്ലാം കൊന്നു,
കുമാരകൗ സ്ഥാപയിത്വാ	കുമാരന്മാരെ വാഴിച്ചു;
പുനഃ ആഗത്യ സൗമിത്രിഃ	മടങ്ങിവന്നു
രാമസേവാപരഃ അഭവത്	രാമനെ ശുശ്രൂഷിച്ചു കഴിഞ്ഞുകൂടി.

തതസ്തു കാലേ മഹതി പ്രയാതേ
രാമം സദാ ധർമ്മപഥേ സ്ഥിതം ഹരിഃ
ദ്രഷ്ടും സമാഗാത് ഋഷിവേഷധാരീ
കാലസ്തതോ ലക്ഷ്മണമിത്യുവാച. 9

തതഃ മഹതി കാലേ പ്രയാതേ	അങ്ങനെ വളരെക്കാലം കഴിഞ്ഞപ്പോൾ,
സദാ ധർമ്മപഥേ സ്ഥിതം	സദാ ധർമ്മമാർഗ്ഗത്തിൽ ചരിക്കുന്ന
ഹരിം രാമം ദ്രഷ്ടും	ഹരിയെ—രാമനെ—ദർശിക്കാൻ
ഋഷിവേഷധാരീ കാലഃ	ഋഷിവേഷം പൂണ്ട യമൻ (ഒരുനാൾ)
സമാഗാത്	വന്നുചേർന്നു.
തതഃ ലക്ഷ്മണം ഇതി	(അദ്ദേഹം) ലക്ഷ്മണനെ ഈവിധം
ഉവാച	അറിയിക്കുകയുണ്ടായി:

നിവേദയ സ്വാതിബലസ്യ ദൂതം
മാം ദ്രഷ്ടുകാമം പുരുഷോത്തമായ
രാമായ വിജ്ഞാപനമസ്തി തസ്യ
മഹർഷിമുഖ്യസ്യ ചിരായ ധീമൻ. 10

ധീമൻ പുരുഷോത്തമായ	ഹേ ബുദ്ധിശാലീ, പുരുഷോത്തമനായ
രാമായ നിവേദയ	രാമനെ അറിയിക്കൂ:
അതിബലസ്യ ദൂതം	അതിബലൻ എന്ന ഋഷിയുടെ ദൂതനായ
മാം ദ്രഷ്ടുകാമം (ആയാതം)	ഞാൻ ദർശനത്തിനു വന്നിരിക്കുന്നു എന്ന്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യ മഹർഷിമുഖ്യസ്യ	ആ മഹർഷിമുഖ്യൻെറ സന്ദേശം
ചിരായ വിജ്ഞാപനം അസ്തി	ദീർഘനേരം അറിയിക്കാൻ ഉണ്ട്.

തസ്യ തദ്വചനം ശ്രുത്വാ സൗമിത്രിസ്ത്വരയാന്വിതഃ
ആചചക്ഷേഽഥ രാമായ സ സാംപ്രതം തപോധനം. 11

തസ്യ തദ്വചനം ശ്രുത്വാ	അയാളുടെ ആ വചനം കേട്ട
സഃ സൗമിത്രിഃ	ലക്ഷ്മണൻ മഹർഷി
തപോധനം സാംപ്രതം	സന്നിഹിതനായിരിക്കുന്നു എന്ന വാർത്ത
ത്വരയാന്വിതഃ രാമായ ആചചക്ഷേ	വേഗംതന്നെ രാമനെ അറിയിച്ചു.

ഏവം ബ്രുവന്തം പ്രോവാച ലക്ഷ്മണം രാഘവോ വചഃ
ശീഘ്രം പ്രവേശ്യതാം താത മുനിഃ സത്കാരപൂർവ്വകം. 12

ഏവം ബ്രുവന്തം ലക്ഷ്മണം	വാർത്ത അറിയിച്ച ലക്ഷ്മണനോട്
രാഘവഃ വചഃ പ്രോവാച	രാമൻ അരുളി:
താത മുനിഃ സത്കാരപൂർവ്വകം	വത്സ, മുനിയെ ആദരവോടെ
ശീഘ്രം പ്രവേശ്യതാം	വേഗം കൂട്ടിക്കൊണ്ടുവരൂ.

ലക്ഷ്മണസ്തു തഥേത്യുക്ത്വാ പ്രാവേശയത താപസം
സ്വതേജസാ ജ്വലന്തം തം ഘൃതസിക്തം യഥാനലം. 13

തഥാ ഇതി ഉക്ത്വാ ലക്ഷ്മണഃ	'അങ്ങനെതന്നെ' എന്നുരച്ച് ലക്ഷ്മണൻ
ഘൃതസിക്തം അനലം യഥാ	ഘൃതാഹുതിയാൽ അഗ്നിയെന്നപോലെ
സ്വതേജസാ ജ്വലന്തം തം	സ്വതേജസ്സാൽ ജ്വലിക്കുന്ന ആ
താപസം പ്രാവേശയത	തപസ്വിയെ കൂട്ടിക്കൊണ്ടുവന്നു.

സോഽഭിഗമ്യ രഘുശ്രേഷ്ഠം ദീപ്യമാനം സ്വതേജസാ
മുനിർമ്മധുരവാക്യേന വർദ്ധസ്വേത്യാഹ രാഘവം. 14

സ്വതേജസാ ദീപ്യമാനഃ സഃ	സ്വതേജസ്സാൽ തിളങ്ങുന്ന ആ
മുനിഃ രഘുശ്രേഷ്ഠം അഭിഗമ്യ	മുനി രഘുവരൻെറ അരികിൽ എത്തി
മധുരവാക്യേന രാഘവം ആഹ	മധുരവചനങ്ങളാൽ രാമനോട് ഓതി:
വർദ്ധസ്വ ഇതി	'അങ്ങേക്ക് അഭിവൃദ്ധിയുണ്ടാകട്ടെ' എന്ന്.

തസ്മൈ സ മുനയേ രാമഃ പൂജാം കൃത്വാ യഥാവിധി
പൃഷ്ട്വാഽനാമയമവ്യഗ്രോ രാമഃ പൃഷ്ടോഽഥ തേന സഃ. 15

രാമഃ തസ്മൈ മുനയേ	രാമൻ ആ മുനിയെ
യഥാവിധി പൂജാം കൃത്വാ	യഥാവിധി പൂജിച്ചു;
അവ്യഗ്രഃ അനാമയം പൃഷ്ട്വാ	ശാന്തനായി കുശലാന്വേഷണം നടത്തി.
അഥ തേന സഃ	അനന്തരം മുനി
രാമഃ പൃഷ്ടഃ	രാമനോടും കുശലം ചോദിച്ചു.

ദിവ്യാസനേ സമാസീനോ രാമഃ പ്രോവാച താപസം
യദർത്ഥമാഗതോഽസി ത്വം ഇഹ തത് പ്രാപയസ്വ മേ. 16

ദിവ്യാസനേ സമാസീനഃ രാമഃ	ദിവ്യാസനത്തിൽ ഇരുന്ന രാമൻ
താപസം പ്രോവാച	താപസനോട് അരുളി:
യദർത്ഥം ത്വം	എന്തു കാര്യത്തിനാണ് അങ്ങ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇഹ ആഗതഃ	ഇങ്ങോട്ടു പോന്നതെന്നു്
അസി തത് മേ പ്രാപയസ്വ	എന്നോടു പറഞ്ഞാലും.

വാക്യേന ചോദിതസ്തേന രാമേണാഹ മുനിർവ്വചഃ
ദ്വന്ദ്വമേവ പ്രയോക്തവ്യം അനാലക്ഷ്യം തു തദ്വചഃ. 17

രാമേണ (ഉക്തേന) തേന വാക്യേന	രാമൻ ഉരചെയ്ത ആ വചനത്താൽ
ചോദിതഃ മുനിഃ വചഃ ആഹ	പ്രചോദിതനായ മുനി പ്രതിവചിച്ചു:
തദ് വചഃ ദ്വന്ദ്വം ഏവ	ആക്കാര്യം നമുക്കുതമ്മിലേ
പ്രയോക്തവ്യം	പറയാൻ പററൂ.
അനാലക്ഷ്യം ച	(മററാരും) കേൾക്കാനും പാടില്ല.

നാന്യേന ചൈതത് ശ്രോതവ്യം നാഖ്യാതവ്യം ച കസ്യചിത്
ശൃണുയാദ് വാ നിരീക്ഷേദ് വാ യഃ സവധ്യഃ ത്വയാ പ്രഭോ. 18

അന്യേന ഏതത് ന ശ്രോതവ്യം	അന്യൻ ഇതു കേൾക്കരുതു്.
കസ്യചിത് ആഖ്യാതവ്യം ച ന	ആരോടും പറയുകയുമരുതു്.
പ്രഭോ യഃ ശൃണുയാത്	ആരെങ്കിലും കേൾക്കുകയോ
വാ നിരീക്ഷേത്	കാണുകയോ ചെയ്താൽ
സഃ ത്വയാ വധ്യഃ	അവനെ അങ്ങു വധിക്കണം.

തഥേതി ച പ്രതിജ്ഞായ രാമോ ലക്ഷ്മണമബ്രവീത്
തിഷ്ഠ ത്വം ദ്വാരി സൗമിത്രേ നായാത്വത്ര ജനോ രഹഃ. 19

തഥാ ഇതി പ്രതിജ്ഞായ	'അങ്ങനെ' എന്നു പ്രതിജ്ഞചെയ്തു്
രാമഃ ലക്ഷ്മണം അബ്രവീത്	രാമൻ ലക്ഷ്മണനോടു് ആജ്ഞാപിച്ചു:
സൗമിത്രേ ത്വം ദ്വാരി തിഷ്ഠ	സൗമിത്രേ, നീ വാതില്ക്കൽ നില്ക്കണം
അത്ര രഹഃ ജനഃ	ഈ രഹസ്യസ്ഥലത്തേക്കു് ഒരാളും
ന ആയാതു	കടക്കരുതു്.

യഥാ ഗച്ഛതി കോ വാപി സ വധ്യോ മേ ന സംശയഃ
തതഃ പ്രാഹ മുനിം രാമോ യേന വാ ത്വം വിസർജ്ജിതഃ. 20

യത്തേ മനീഷിതം വാക്യം തദ്വദസ്വ സമഗ്രതഃ
തതഃ പ്രാഹ മുനിർവാക്യം ശൃണു രാമ യഥാതഥം. 21

ബ്രഹ്മണാ പ്രേഷിതോഽസ്മീശ കാര്യാർത്ഥേന്തികം പ്രഭോ
അഹം ഹി പൂർവ്വജോ ദേവ തവ പുത്രഃ പരംതപ. 22

കഃ വാ അപി യഥാ ആഗച്ഛതി	ആരെങ്കിലും വന്നുപോയാൽ
സഃ മേ വധ്യഃ	അവനെ ഞാൻ കൊല്ലും;
ന സംശയഃ	സംശയം വേണ്ട.
തതഃ രാമഃ മുനിം പ്രാഹ	പിന്നെ രാമൻ മുനിയോടു് ആരാഞ്ഞു:
യേന വാ ത്വം വിസർജ്ജിതഃ	ആരാണു് അങ്ങയെ അയച്ചതു്,
യത് തേ മനീഷിതം	എന്താണു് അങ്ങേക്കു് ആഗ്രഹം,
തദ് വ്യക്തം	അതെല്ലാം വ്യക്തമായി
സമഗ്രതഃ വദസ്വ	സമഗ്രമായി എന്നോടു പറഞ്ഞാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ മുനിഃ വാക്യം പ്രാഹ രാമ യഥാതഥം ശൃണു	അപ്പോൾ മുനി അറിയിച്ചു: രാമ, കാര്യം ഉള്ളതുപോലെ കേട്ടാലും.
ഈശ പ്രഭോ ബ്രഹ്മണാ കാര്യാർത്ഥം തേ അന്തികം പ്രേഷിതഃ	ജഗദീശ, പ്രഭോ, ബ്രഹ്മാവാണ് ഒരു കാര്യത്തിനായി നിന്റെ അടുക്കലേക്ക് എന്നെ അയച്ചത്.
പരംതപ ദേവ അഹം തവ പുത്രഃ (അസ്മി)	ശത്രുദമന, ദേവ, ഞാൻ നിന്റെ പുത്രനാകുന്നു.

മായാസംഗമജോ വീര, കാലഃ സർവ്വഹരഃ സ്മൃതഃ
ബ്രഹ്മാ ത്വാമാഹ ഭഗവൻ സർവ്വദേവർഷിപൂജിതഃ. 23

രക്ഷിതും സ്വർഗ്ഗലോകസ്യ സമയസ്തേ മഹാമതേ
പുരാ ത്വം ഏക ഏവാസീഃ ലോകാൻ സംഹൃത്യ മായയാ. 24

വീര മായാസംഗമജഃ സർവ്വഹരഃ കാലഃ സ്മൃതഃ	വീര, മായയുമായി നീ സംഗമിച്ചപ്പോൾ ഉളവായ ഞാൻ സർവസംഹാരകനായ കാലനാണ്.
സർവ്വദേവർഷിപൂജിതഃ ബ്രഹ്മാ ത്വാം പ്രാഹ	സകലദേവർഷിമാരാലും പൂജിക്കപ്പെടുന്ന ബ്രഹ്മാവ് നിന്നെ ഇങ്ങനെ അറിയിക്കുന്നു:
മഹാമതേ തേ സ്വർഗ്ഗലോകസ്യ രക്ഷിതും സമയഃ	മഹാത്മൻ, സ്വർഗ്ഗലോകം രക്ഷിക്കേണ്ട സമയം സമാഗതമായി.
പുരാ മായയാ ലോകാൻ സംഹൃത്യ ത്വം ഏക ഏവ ആസീഃ	പണ്ട് മായയാൽ ലോകങ്ങളെല്ലാം സംഹരിച്ച നീ ഏകനായി വർത്തിക്കുകയായിരുന്നല്ലോ.

ഭാര്യയാ സഹിതസ്ത്വം മാമാദൌ പുത്രമജീജനഃ
തഥാ ഭോഗവതം നാഗമനന്തമുദകേ ശയം. 25

ഭാര്യയാ (മായയാ) സഹിതഃ ത്വം ആദൌ പുത്രം മാം അജീജനഃ	പത്നിയായ മായയോടു ചേർന്ന് നീ ആദ്യം പുത്രനായി എനിക്കു ജന്മമേകി.
തഥാ ഭോഗവതം ഉദകേ ശയം അനന്തം നാഗം ച	അതുപോലെ, ഫണമുള്ളവനും ജലവാസിയുമായ അനന്തനാഗത്തെയും സൃഷ്ടിച്ചു.

മായയാ ജനയിത്വാ ത്വം ദ്വൌ സസത്വൌ മഹാബലൌ
മധുകൈടഭകൌ ദൈത്യൌ ഹത്വാ മേദോസ്ഥിസംചയം. 26

ഇമാം പർവ്വതസംബദ്ധാം മേദിനീം പുരുഷർഷഭ,
പദ്മേ ദിവ്യാർക്കസംകാശേ നാഭ്യാമുത്പാദ്യമാമപി. 27

മാം വിധായ പ്രജാധ്യക്ഷം മയി സർവ്വം ന്യവേദയത്
സോഹം സംയുക്തസംഭാരസ്ത്വാമവോചം ജഗത്പതേ. 28

മായയാ ജനയിത്വാ ത്വം സസത്വൌ മഹാബലൌ ദ്വൌ ദൈത്യൌ മധുകൈടഭൌ	മായകൊണ്ട് (ഞങ്ങളെ) ജനിപ്പിച്ചതിനുശേഷം നീ ധീരരും അതിശക്തരുമായ രണ്ടു ദൈത്യരെ—മധുകൈടഭരെ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹത്വാ	വധിക്കുകയും, (അവരുടെ)
മേദോസ്ഥിസംചയം	മേദസ്സും അസ്ഥിക്കൂട്ടവുമാകുന്ന
പർവ്വതസംബദ്ധാം	പർവ്വതങ്ങളുള്ള
ഇമാം മേദിനീം സസർജ്ജ	ഈ ഭൂമിയെ സൃഷ്ടിക്കുകയും ചെയ്തു.
പുരുഷർഷഭ നാഭ്യാം	പുരുഷശ്രേഷ്ഠ, നിന്റെ നാഭിയിലെ
ദിവ്യാർക്കസംകാശ പദ്മേ	സൂര്യപ്രഭ തിങ്ങുന്ന താമരയിൽ
മാം അപി ഉത്പാദ്യ	എനിക്കു ജന്മം നല്കി.
മാം പ്രജാപതിം വിധായ	എന്നെ പ്രജാപതിയാക്കി,
മയി സർവ്വം	എന്നെത്തന്നെ
പ്രജാധ്യക്ഷ്യം ന്യവേദയേത്	സൃഷ്ടിയുടെ അധിപനാക്കുകയും ചെയ്തു.
ജഗത്പതേ, സംയുക്തസംഭാരഃ	ജഗദീശ, ലോകത്തിന്റെ ഭാരമേററ
അഹം ത്വാം	ഞാൻ നിന്നോടുതന്നെ
അവോചം	അഭ്യർത്ഥിക്കുകയുണ്ടായി:

രക്ഷാം വിധത്സ്വ ഭൂതേഭ്യോ യേ മേ വീര്യാപഹാരിണഃ
തതസ്ത്വം കശ്യപാജ്ജാതോ വിഷ്ണുർവാമനരൂപധൃക്. 29

യേ മേ വീര്യാപഹാരിണഃ	'എന്റെ വീര്യത്തെ
(തേഭ്യഃ) ഭൂതേഭ്യഃ	(പ്രജകളെ) നശിപ്പിക്കുന്നവരിൽനിന്നു്
രക്ഷാം വിധത്സ്വ	എന്നെ രക്ഷിക്കമാറാകണം.'
തതഃ ത്വം വിഷ്ണുഃ	അതനുസരിച്ച് നീ മഹാവിഷ്ണു
കശ്യപാത്	കശ്യപപുത്രനായ
വാമനരൂപധൃക് ജാതഃ	വാമനനായി അവതരിച്ചു.

ഹൃതവാനസി ഭൂഭാരം വധാദ് രക്ഷോഗണസ്യ ച
സർവ്വാസൂത്സാര്യമാണാസു പ്രജാസു ധരണീധര. 30

രാവണസ്യ വധാകാംക്ഷീ മർത്ത്യലോകമുപാഗതഃ
ദശവർഷസഹസ്രാണി ദശവർഷശതാനി ച. 31

കൃത്വാ വാസസ്യ സമയം ത്രിദശേഷ്വാത്മനഃ പുരാ
സ തേ മനോരഥഃ പൂർണ്ണഃ പൂർണ്ണേ ചായുഷി തേ നൃഷു. 32

രക്ഷോഗണസ്യ വധാദ്	രാക്ഷസവംശം നശിപ്പിച്ച്
ഭൂഭാരം ഹൃതവാൻ അസി	ഭൂഭാരം നീക്കി.
ധരണീധര	അല്ലയോ ലോകരക്ഷക,
സർവ്വാസു പ്രജാസു	സകല ജനസമൂഹവും
ഉത്സാര്യമാണാസു	പീഡിപ്പിക്കപ്പെടുന്നതു കണ്ടിട്ടാണ്
രാവണസ്യ വധാകാംക്ഷീ	രാവണനെ വധിക്കാനുറച്ച് നീ
മർത്ത്യലോകം ഉപാഗതഃ	(ഇക്കുറി) ഭൂമിയിൽ അവതരിച്ചതു്.
ആത്മനഃ വാസസ്യ സമയം	നിനക്കു ഭൂമിയിലുള്ള വാസസമയം
ദശവർഷസഹസ്രാണി	പതിനോരായിരം വർഷങ്ങൾ
ദശവർഷശതാനി ച	എന്നാണു് ദേവന്മാരുമായി ആലോചിച്ച്
ത്രിദശേഷു പുരാ കൃത്വാ	നേരത്തേ തീരുമാനിച്ചതു്.
നൃഷു തേ ആയുഷി	മനുഷ്യരുടെ മധ്യത്തിൽ നിന്റെ ആയുസ്സു
പൂർണ്ണേ തേ മനോരഥഃ	പൂർണ്ണമായതോടെ നിന്റെ മനോരഥം
പൂർണ്ണഃ	(രാവണവധം) നിറവേറി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലസ്താപസരൂപേണ ത്വത്സമീപമുപാഗമത്
തതോ ഭൂയശ്ച തേ ബുദ്ധിര്യദി രാജ്യമുപാസിതും. 33

തത്തഥാ ഭവ ഭദ്രം തേ ഏവമാഹ പിതാമഹഃ
യദി തേ ഗമനേ ബുദ്ധിർദേവലോകം ജിതേന്ദ്രിയ. 34

സനാഥാ വിഷ്ണുനാ ദേവാ ഭജന്തു വിഗതജ്വരാഃ
ചതുർമ്മുഖസ്യ തദ്വാക്യം ശ്രുത്വാ കാലേന ഭാഷിതം. 35

ഹസൻ രാമസ്തദാ വാക്യം കൃത്സ്നസ്യാന്തകമബ്രവീത്
ശ്രുതം തവ വചോ മേദ്യ മമാപീഷ്ടതരം തു തത്. 36

കാലഃ താപസരൂപേണ	കാലനാണ് താപസവേഷത്തിൽ
ത്വത്സമീപം ഉപാഗമത്	നിന്റെ സമീപിച്ചിരിക്കുന്നതു്.
തതഃ ഭൂയഃ രാജ്യം	ഇനിയും തുടന്നു് രാജ്യം
ഉപാസിതും തേ ബുദ്ധിഃ	ഭരിക്കാനാണു് നിനക്കു വിചാരമെങ്കിൽ
തത് തഥാ ഭവ	അതു നടക്കട്ടെ.
തേ ഭദ്രം	നിനക്കു മംഗളം!
ജിതേന്ദ്രിയ	ജിതേന്ദ്രിയ, (മറിച്ചു്)
യദി ദേവലോകേ ഗമനേ	ദേവലോകത്തേക്കു മടങ്ങാനാണു്
തേ ബുദ്ധിഃ	നിന്റെ തീരുമാനമെങ്കിൽ,
വിഷ്ണുനാ	വിഷ്ണുവിന്റെ (നിന്റെ) സാമീപ്യത്താൽ
സനാഥാഃ ദേവാഃ	സനാഥരാകുന്ന ദേവന്മാർ
വിഗതജ്വരാഃ	അല്ലലെന്യേ നിന്നെ
ഭജന്തു	ഭജിച്ചുകൊള്ളും.
ഏവം പിതാമഹഃ ആഹ	ഇതാണു് ബ്രഹ്മാവിന്റെ സന്ദേശം.
കാലേന ഭാഷിതം	കാലൻ ചൊന്ന
ചതുർമ്മുഖസ്യ തദ്വാക്യം ശ്രുത്വാ	ബ്രഹ്മവചനം കേട്ടു്
രാമഃ ഹസൻ കൃത്സ്നസ്യ	രാമൻ പുഞ്ചിരിയോടെ ആ
അന്തകം	സർവ്വസംഹാരകനോടു് (യമനോടു്)
അബ്രവീത്	പ്രതിവചിച്ചു:
അദ്യ തവ വചനം മേ ശ്രുതം	ഇപ്പോഴം നീ പറഞ്ഞതു ഞാൻ കേട്ടു.
തത് മമ അപി ഇഷ്ടതരം	അതു് എനിക്കും വളരെ ഇഷ്ടമാണു്.

സന്തോഷഃ പരമോ ജ്ഞേയഃ ത്വദാഗമനകാരണാത്
ത്രയാണാമപി ലോകാനാം കാര്യാർത്ഥം മമ സംഭവഃ. 37

ത്വദാഗമനകാരണാത്	നിങ്ങൾ വന്നതു് (എനിക്കു)
പരമഃ സന്തോഷഃ	പരമസന്തോഷത്തിനു
ജ്ഞേയഃ	ഹേതുവായി എന്നറിയുക.
ത്രയാണാം ലോകാനാം	മൂന്നു ലോകങ്ങളുടെയും
കാര്യാർത്ഥം	ക്ഷേമകാര്യത്തിനാണു്
മമ സംഭവഃ	ഞാൻ അവതരിച്ചതു്.

ഭദ്രം തേസ്തു ഗമിഷ്യാമി യത ഏവാഹമാഗതഃ
മനോരഥസ്തു സംപ്രാപ്തോ ന മേ ത്വാസ്തി വിചാരണാ. 38

തേ ഭദ്രം അസ്തു	നിനക്കു മംഗളം ഭവിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത ഏവ അഹം ആഗതഃ
ആഗമിഷ്യാമി

എവിടെനിന്നു പോന്നുവോ
(അവിടേക്കു) ഞാൻ വരും.

മേ മനോരഥഃ തു സംപ്രാപ്തഃ
അത്ര വിചാരണാ ന അസ്തി

എന്റെ മനോരഥം നേടി.
ഇനി വിചാരിക്കാൻ ഒന്നുമില്ല.

മത്സേവകാനാം ദേവാനാം സർവ്വകാര്യേഷു വൈ മയാ
സ്ഥാതവ്യം മായയാ പുത്ര യഥാ ചാഹ പ്രജാപതിഃ. 39

പുത്ര യഥാ പ്രജാപതിഃ ആഹ
മത്സേവകാനാം ദേവാനാം
സർവ്വകാര്യേഷു മായയാ
മയാ സ്ഥാതവ്യഃ

പുത്രാ, ബ്രഹ്മാവു പറഞ്ഞതുപോലെ
എന്റെ സേവകരായ ദേവന്മാരുടെ
സകലകാര്യങ്ങളിലും മായയെ ആശ്ര-
യിച്ച് ഞാൻ ഒപ്പം നില്ക്കേണ്ടവനാണ്.

ഏവം തയോഃ കഥയതോഃ ദുർവ്വാസാമുനിരഭ്യഗാത്
രാജദ്വാരം രാഘവസ്യ ദർശനാപേക്ഷയാ ദ്രുതം. 40

തയോഃ ഏവം കഥയതോഃ
മുനിഃ ദുർവ്വാസാഃ രാഘവസ്യ
ദർശനാപേക്ഷയാ
ദ്രുതം രാജദ്വാരം അഭ്യഗാത്

അവർ ഇങ്ങനെ സംസാരിക്കുമ്പോൾ
മഹർഷി ദുർവ്വാസാവ് രാമനെ
സന്ദർശിക്കാൻ
പെട്ടെന്ന് രാജദ്വാരത്തിൽ എത്തി.

മുനിർലക്ഷ്മണമാസാദ്യ ദുർവ്വാസാ വാക്യമബ്രവീത്
ശീഘ്രം ദർശയ രാമം മേ കാര്യം മേഽത്യന്തമാഹിതം. 41

ലക്ഷ്മണം ആസാദ്യ
മുനിഃ ദുർവ്വാസാഃ
വാക്യം അബ്രവീത്

ലക്ഷ്മണനെ സമീപിച്ച്
മുനി ദുർവ്വാസാവ്
അറിയിച്ചു:

ശീഘ്രം രാമം മേ ദർശയ
മേ അത്യന്തം കാര്യം
ആഹിതം

ഉടനടി രാമനെ എനിക്കു കാണിച്ചുതരിക.
എനിക്കൊരു അത്യാവശ്യകാര്യം
വന്നിരിക്കുന്നു.

തത് ശ്രുത്വാ പ്രാഹ സൗമിത്രിഃ മുനിം ജ്വലനതേജസം
രാമേണ കാര്യം കിം തേഽദ്യ കിം തേഽഭീഷ്ടം കരോമ്യഹം. 42

തത് ശ്രുത്വാ സൗമിത്രിഃ
ജ്വലനതേജസം
മുനിം പ്രാഹ

അതു കേട്ട ലക്ഷ്മണൻ
തീയ്പോലെ ജ്വലിക്കുന്ന
മുനിയോടു പറഞ്ഞു:

രാമേണ അദ്യ തേ
കിം കാര്യം
തേ അഭീഷ്ടം കിം
അഹം കരോമി

രാമനെക്കൊണ്ട് ഇപ്പോൾ അങ്ങേക്ക്
എന്താണു കാര്യം?
അങ്ങേക്കു വേണ്ടതെന്ത്?
ഞാൻ ചെയ്തുതരാമല്ലോ.

രാജാ കാര്യാന്തരേ വ്യഗ്രോ മുഹൂർത്തം സംപ്രതീക്ഷ്യതാം
തത് ശ്രുത്വാ ക്രോധസംതപ്തോ മുനിഃ സൗമിത്രിമബ്രവീത്. 43

രാജാ കാര്യാന്തരേ
വ്യഗ്രഃ

മഹാരാജാവ് മറ്റു കാര്യങ്ങളിൽ
വ്യഗ്രനാണ്.

മുഹൂർത്തം സംപ്രതീക്ഷ്യതാം

അല്പനേരം കാത്തിരിക്കൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത് ശ്രുത്വാ ക്രോധസംതപ്തഃ മുനിഃ സൗമിത്രിം അബ്രവീത്	അതുമ്രയും കേട്ടതോടെ കോപംമൂത്ത മുനി ലക്ഷ്മണനോട് അലറി:

അസ്മിൻ ക്ഷണേ തു സൗമിത്രേ ന ദർശയസി ചേദ് വിഭും
രാമം സവിഷയം വംശം ഭസ്മീകുര്യാം ന സംശയഃ. 44

സൗമിത്രേ അസ്മിൻ ക്ഷണേ വിഭും രാമം ന ദർശയസി ചേത് സവിഷയം വംശം ഭസ്മീകുര്യാം ന സംശയഃ	സൗമിത്രേ, ഈ നിമിഷംതന്നെ ഭഗവാൻ രാമനെ കാണിക്കാത്തപക്ഷം നാട്ടോടൊപ്പം നിന്റെ കുലംതന്നെ ഞാൻ ചാമ്പലാക്കും, തീർച്ച.

ശ്രുത്വാ തദ് വചനം ഘോരം ദുർവ്വാസസോ ഭൃശം
സ്വരൂപം തസ്യ വാക്യസ്യ ചിന്തയിത്വാ സ ലക്ഷ്മണഃ. 45

സർവ്വനാശാദ് വരം മേദ്യ നാശോ ഹ്യേകസ്യ കാരണാത്
നിശ്ചിത്യൈവം തതോ ഗത്വാ രാമായ പ്രാഹ ലക്ഷ്മണഃ. 46

ദുർവ്വാസസഃ ഋഷേഃ തത് ഘോരം വചനം ശ്രുത്വാ തസ്യ വാക്യസ്യ സ്വരൂപം ഭൃശം ചിന്തയിത്വാ സഃ ലക്ഷ്മണഃ	ദുർവ്വാസാവുമഹർഷിയുടെ ആ ഘോരവചനം കേൾക്കുകയും അതിന്റെ സ്വഭാവത്തെപ്പററി ഗാഢമായി ആലോചിക്കുകയും ചെയ്ത ലക്ഷ്മണൻ നിനച്ചു:
ഏകസ്യ കാരണാത് സർവ്വനാശാത് മമ നാശഃ അദ്യ വരം	ഒരുവൻമൂലം സകലരും നശിക്കുന്നതിനേക്കാൾ എന്റെ നാശമാണ് ഇപ്പോൾ കാമ്യം.
ഏവം നിശ്ചിത്യ ലക്ഷ്മണഃ തതഃ ഗത്വാ രാമായ പ്രാഹ	ഇങ്ങനെ ചിന്തിച്ചുറച്ച ലക്ഷ്മണൻ അവിടെനിന്ന് (മുന്നോട്ട്) ചെന്ന് രാമനെ അറിയിച്ചു:

സൗമിത്രേർ വചനം ശ്രുത്വാ രാമഃ കാലം വ്യസർജ്ജയത്
ശീഘ്രം നിർഗ്ഗമ്യ രാമോപി ദദർശാത്രേർസുതം മുനിം. 47

സൗമിത്രേഃ വചനം ശ്രുത്വാ രാമഃ കാലം വ്യസർജ്ജയത്	സൗമിത്രി പറഞ്ഞതു കേട്ടപ്പോൾ രാമൻ കാലനെ യാത്രയാക്കി.
ശീഘ്രം നിർഗ്ഗമ്യ രാമഃ അത്രേഃ സുതം മുനിം ദദർശ	ശീഘ്രം പുറത്തുകടന്ന് അദ്ദേഹം അത്രിപുത്രനെ—ദുർവ്വാസാവിനെ—കണ്ടു.

രാമോഽഭിവാദ്യ സംപ്രീതോ മുനിം പപ്രച്ഛ സാദരം
കിം കാര്യം തേ കരോമീതി മുനിമാഹ രഘൂത്തമഃ. 48

സംപ്രീതഃ രാമഃ മുനിം അഭിവാദ്യ സാദരം പപ്രച്ഛ മുനേ തേ കിം കാര്യം	സംപ്രീതൻ രാമൻ മുനിയെ വണങ്ങി ആദരവോടെ അന്വേഷിച്ചു: മുനേ, അങ്ങേക്ക് എന്താണു കാര്യം?
രഘൂത്തമഃ മുനിം ആഹ കരോമി ഇതി	രഘുവരൻ തുടർന്ന് അരുളി: നിറവേററാമല്ലോ എന്ന്.

തത് ശ്രുത്വാ രാമവചനം ദുർവ്വാസാഃ രാമമബ്രവീത്
അദ്യ വർഷം സഹസ്രാണാം ഉപവാസസമാപനം. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത് രാമവചനം ശ്രുത്വാ	ആ രാമവചനം ശ്രവിച്ച
ദുർവ്വാസാഃ രാമം അബ്രവീത്	ദുർവ്വാസാവ് അദ്ദേഹത്തെ അറിയിച്ചു:
വർഷസഹസ്രാണാം	ആയിരം വർഷമായുള്ള
ഉപവാസസമാപനം	എന്റെ ഉപവാസം സമാപിക്കയാണ്
അദ്യ	ഇന്ന്.

അതോ ഭോജനമിച്ഛാമി സിദ്ധം യത്തേ രഘൂത്തമ
രാമോ മുനിവചഃ ശ്രുത്വാ സന്തോഷേണ സമന്വിതഃ. 50

സ സിദ്ധമന്നം മുനയേ യഥാവത് സമുപാഹരത്
മുനിർഭുക്ത്വാന്നമമൃതം സംതുഷ്ടഃ പുനരഭ്യഗാത്. 51

അതഃ രഘൂത്തമ	അതിനാൽ രഘുവര,
യത് തേ സിദ്ധം ഭോജനം	നിന്നിൽനിന്നു കിട്ടുന്ന ഭക്ഷണം
ഇച്ഛാമി	കഴിക്കാൻ ആഗ്രഹിക്കുന്നു.
മുനിവചനം ശ്രുത്വാ	മുനിവചനം കേട്ട്
സന്തോഷേണ സമന്വിതഃ രാമഃ	സന്തുഷ്ടനായ രാമൻ
യഥാവത് സിദ്ധം അന്നം	വിധിപൂർവ്വം പാകപ്പെടുത്തിയ ഭക്ഷണം
മുനയേ സമുപാഹരത്	മുനിക്കു പ്രദാനംചെയ്തു.
അമൃതം അന്നം ഭുക്തവാൻ	അമൃതംപോലുള്ള അന്നം ഭുജിച്ചു
സന്തുഷ്ടഃ മുനിഃ പുനഃ അഭ്യഗാത്	തൃപ്തിയോടെ മുനി മടങ്ങി.

സ്വമാശ്രമം ഗതേ തസ്മിൻ രാമഃ സസ്മാര ഭാഷിതം
കാലേന ശോകദുഃഖാർത്തോ വിമനാശ്ചാതിവിഹ്വലഃ. 52

തസ്മിൻ സ്വം ആശ്രമം	മുനി തന്റെ ആശ്രമത്തിലേക്കു
ഗതേ രാമഃ	പോയപ്പോൾ രാമൻ
കാലേന ഭാഷിതം സസ്മാര	കാലൻ പറഞ്ഞതു് ഓർത്തു:
ശോകദുഃഖാർത്തഃ	അദ്ദേഹം ശോകപീഡിതനും
വിമനാഃ	ഉത്സാഹഹീനനും
അതിവിഹ്വലഃ ച	വളരെ വ്യാകുലനുമായി.

അവാങ്മുഖോ ദീനമനാഃ ന ശശാകാഭിഭാഷിതും
മനസാ ലക്ഷ്മണം ജ്ഞാത്വാ ഹതപ്രായം രഘൂദ്വഹഃ. 53

ലക്ഷ്മണം ഹതപ്രായം ജ്ഞാത്വാ	ലക്ഷ്മണൻ ഏതാണ്ടു മരിച്ചുകഴിഞ്ഞു
ഇതി മനസാ ജ്ഞാത്വാ രഘൂദ്വഹഃ	എന്നു മനസാ നിനച്ച രഘുവരൻ
ദീനമനാഃ അവാങ്മുഖഃ	ദീനമാനസനായി തലതാഴ്ത്തി.
അഭിഭാഷിതും	ഉരിയാടാൻപോലും
ന ശശാക	അദ്ദേഹത്തിനു കഴിഞ്ഞില്ല.

അവാങ്മുഖോ ബഭൂവാഥ തൂഷ്ണീമേവാഖിലേശ്വരഃ
തതോ രാമം വിലോക്യാഹ സൗമിത്രിർദുഃഖസംപ്ലുതം. 54

തൂഷ്ണീംഭൂതം ചിന്തയന്തം ഗർഹന്തം സ്നേഹബന്ധനം
മത്കൃതേ ത്യജ സന്താപം ജഹി മാം രഘുനന്ദന: 55

അഖിലേശ്വരഃ അഥ	അഖിലേശ്വരൻ പിന്നെയും
അവാങ്മുഖഃ തൂഷ്ണീം ഏവ ബഭൂവ	തലകുനിച്ച് മൗനംപൂണ്ടിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തതഃ രാമം ദുഃഖസംപ്ലുതം	അങ്ങനെ രാമനെ ശോകാകുലനും
തൂഷ്ണീംഭൂതം ചിന്തയന്തം	മൗനിയും ചിന്താക്രാന്തനും
സ്നേഹബന്ധനം ഗർഹന്തം	സ്നേഹബന്ധത്തെ പഴിക്കുന്നവനുമായി—
വിലോക്യ സൗമിത്രിഃ ആഹ	കണ്ട് ലക്ഷ്മണൻ ഉണർത്തിച്ചു:
രാഘുനന്ദന മത്കൃതേ	രാഘവ, എന്നെച്ചൊല്ലിയുള്ള
സന്താപം ത്യജ	സന്താപം വിടുക,
മാം ജഹി	എന്നെ വധിച്ചുകൊള്ളുക.

ഗതിഃ കാലസ്യ കലിതാ പൂർവ്വമേവേദൃശീ പ്രഭോ
ത്വയി ഹീനപ്രതിജ്ഞേ തു നരകോ മേ ധ്രുവം ഭവേത്. 56

പ്രഭോ കാലസ്യ ഈദൃശീ	പ്രഭോ, കാലത്തിന്റെ ഈ
ഗതിഃ പൂർവ്വം ഏവ കലിതാ	പോക്ക് ഞാൻ മുൻകൂട്ടി കണ്ടിരുന്നു.
ത്വയി ഹീനപ്രതിജ്ഞേ തു	അങ്ങു പ്രതിജ്ഞ തെറ്റിച്ചാൽ
മേ നരകഃ ധ്രുവം ഭവേത്	എനിക്കു തീർച്ചയായും നരകമേ കിട്ടു.

മയി പ്രീതിർയദി ഭവേത് യദ്യനുഗ്രാഹ്യതാ തവ
ത്യക്ത്വാ ശങ്കാം ജഹി പ്രാജ്ഞ മാമധർമ്മം ത്യജ പ്രഭോ. 57

യദി മയി പ്രീതിഃ ഭവേത്	എന്നിൽ പ്രീതിയുണ്ടെങ്കിൽ,
യദി തവ അനുഗ്രാഹ്യതാ	അവിടുത്തെ അനുഗ്രഹത്തിന് ഇവൻ പാത്ര
പ്രാജ്ഞ ശങ്കാം ത്യക്ത്വാ	മെങ്കിൽ, മഹാപ്രാജ്ഞ, മടികൂടാതെ
മാ ജഹി	എന്നെ വധിച്ചുകൊള്ളുക.
പ്രഭോ ധർമ്മം മാ ത്യജ	പ്രഭോ, ധർമ്മം കൈവിടാതിരിക്കേണമേ.

സൗമിത്രിണോക്തം തത് ശ്രുത്വാ രാമശ്ചലിതമാനസഃ
ആഹൂയ മന്ത്രിണഃ സർവ്വാൻ വസിഷ്ഠം ചേദമബ്രവീത്. 58

സൗമിത്രിണാ ഉക്തം തത് ശ്രുത്വാ	സൗമിത്രി അങ്ങനെ പറഞ്ഞതു കേട്ട്
രാമഃ ചലിതമാനസഃ	രാമന്റെ മനസ്സ് ചഞ്ചലമായി.
സർവ്വാൻ മന്ത്രിണഃ ആഹൂയ	സകല മന്ത്രിമാരെയും വിളിച്ചുകൂട്ടിയിട്ട്
വസിഷ്ഠം	വസിഷ്ഠരോട് രാമൻ
ഇദം അബ്രവീത് ച	ഇതേപ്പറ്റി സംസാരിക്കുകയുണ്ടായി.

മുനേരാഗമനം യത്തു കാലസ്യാപി ഹി ഭാഷിതം
പ്രതിജ്ഞാം ആത്മനശ്ചൈവ സർവ്വമാവേദയത് പ്രഭുഃ. 59

മുനേഃ ആഗമനം യത്	മുനിയുടെ വരവ്,
കാലസ്യ ഭാഷിതം അപി	കാലന്റെ ഭാഷണം,
ആത്മനഃ പ്രതിജ്ഞാം ച ഏവ	തന്റെ പ്രതിജ്ഞ ഇവയെപ്പറ്റിയെല്ലാം
പ്രഭുഃ സർവ്വം	അദ്ദേഹം വസിഷ്ഠക്ക്
ആവേദയത്	വിവരിച്ചുകൊടുത്തു.

ശ്രുത്വാ രാമസ്യ വചനം മന്ത്രിണഃ സപുരോഹിതാഃ
ഊചുഃ പ്രാഞ്ജലയഃ സർവ്വേ രാമമക്ലിഷ്ടകാരിണം. 60

രാമസ്യ വചനം ശ്രുത്വാ	രാമന്റെ വാക്കുകൾ കേട്ടപ്പോൾ
സർവ്വേ മന്ത്രിണഃ	സകലമന്ത്രിമാരും ചേർന്ന്
	വസിഷ്ഠരെയുംകൂട്ടി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്കീഷ്ടകാരിണം രാമം പ്രാഞ്ജലയഃ ഊചുഃ	കർമ്മകുശലനായ രാമനെ അഭിവാദ്യംചെയ്തു് അറിയിച്ചു.

പൂർവ്വമേവ ഹി നിർദ്ദിഷ്ടം തവ ഭൂഭാരഹാരിണഃ
ലക്ഷ്മണേന വിയോഗസ്തേ ജ്ഞാതോ വിജ്ഞാനചക്ഷുഷാ. 61

ഭൂഭാരഹാരിണഃ തവ ലക്ഷ്മണേന വിയോഗഃ പൂർവ്വം ഏവ നിർദ്ദിഷ്ടഃ	ഭൂഭാരം പോക്കാൻ പിറന്ന നിനക്കു് ലക്ഷ്മണനുമായുള്ള വിയോഗം നേരത്തെ നിർദ്ദിഷ്ടമാണു്.
വിജ്ഞാനചക്ഷുഷാ തേ (വിയോഗഃ) ജ്ഞാതഃ	ജ്ഞാനദൃഷ്ടികൊണ്ടു് നിന്റെ വേർപാടു് മുൻകൂട്ടി കണ്ടിരുന്നതാണും.

ത്യജാശു ലക്ഷ്മണം രാമ മാ പ്രതിജ്ഞാം ത്യജ പ്രഭോ
പ്രതിജ്ഞാതേ പരിത്യക്തേ ധർമ്മോ ഭവതി നിഷ്ഫലഃ. 62

പ്രഭോ രാമ ലക്ഷ്മണം ആശു ത്യജ	പ്രഭോ, രാമ, ലക്ഷ്മണനെ ഉടൻ ത്യജിച്ചാലും.
പ്രതിജ്ഞാം മാ ത്യജ	പ്രതിജ്ഞ ലംഘിക്കാൻ പാടില്ല.
പ്രതിജ്ഞാതേ പരിത്യക്തേ ധർമ്മഃ നിഷ്ഫലഃ ഭവതി	പ്രതിജ്ഞ കൈവിട്ടാൽ ധർമ്മം നിഷ്ഫലമാകും.

ധർമ്മേ നഷ്ടേഽഖിലേ രാമ ത്രൈലോക്യം നശ്യതി ധ്രുവം
ത്വം തു സർവ്വസ്യ ലോകസ്യ പാലകോഽസി രഘൂത്തമ. 63

രാമ ധർമ്മേ അഖിലേ നഷ്ടേ ത്രൈലോക്യം നശ്യതി ധ്രുവം	രാമ, ധർമ്മം നിശ്ശേഷം നശിച്ചാൽ ത്രിഭുവനം നശിക്കുമെന്നു തീർച്ച.
രഘൂത്തമ ത്വം തു സർവ്വസ്യ പാലകഃ അസി	രഘൂത്തമ, നീ സകലലോകത്തിന്റെയും രക്ഷകനാണല്ലോ.

ത്യക്ത്വാ ലക്ഷ്മണമേവൈകം ത്രൈലോക്യം ത്രാതുമർഹസി
രാമോ ധർമ്മാർത്ഥസഹിതം വാക്യം തേഷാമനിന്ദിതം. 64

സഭാമദ്ധ്യേ സമാശ്രുത്യ പ്രാഹ സൗമിത്രിമഞ്ജസാ
യഥേഷ്ടം ഗച്ഛ സൗമിത്രേ മാ ഭൂദ്ധർമ്മസ്യ സംശയഃ. 65

ഏകം ലക്ഷ്മണം ത്യക്ത്വാ ത്രൈലോക്യം ത്രാതും അർഹസി	ഒരു ലക്ഷ്മണനെ കൈവിട്ടു്. ത്രിഭുവനം സംരക്ഷിക്കുകയാണു വേണ്ടതു്.
ധർമ്മാർത്ഥസഹിതം അനിന്ദിതം തേഷാം വാക്യം സഭാമദ്ധ്യേ സമാശ്രുത്യ രാമഃ സൗമിത്രിം അഞ്ജസാ പ്രാഹ	ധർമ്മാർത്ഥസഹിതവും ശ്രദ്ധേയവുമായ അവരുടെ വാക്യം സഭാനടുവിൽ കേട്ട രാമൻ സൗമിത്രിയോടു് പെട്ടെന്നു് ആജ്ഞാപിച്ചു:
സൗമിത്രേ യഥേഷ്ടം ഗച്ഛ ധർമ്മസ്യ സംശയഃ മാ ഭൂത്	ലക്ഷ്മണ, നിനക്കു് ഇഷ്ടംപോലെ പോകാം. ധർമ്മത്തെപ്പററി സംശയം ഉണ്ടാകാതിരിക്കട്ടെ.

പരിത്യാഗോ വധോ വാപി സതാമേവോഭയം സമം
ഏവമുക്തേ രഘുശ്രേഷ്ഠേ ദുഃഖവ്യാകുലിതേക്ഷണഃ. 66

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാമം പ്രണമ്യ സൗമിത്രിഃ ശീഘ്രം ഗൃഹമഗാത് സ്വകം
തതോഽഗാത് സരയൂതീരം ആചമ്യ സ കൃതാഞ്ജലിഃ. 67

നവദ്വാരാണി സംയമ്യ മൂർദ്ധ്നി പ്രാണമധാരയത്
യദക്ഷരം പരം ബ്രഹ്മ വാസുദേവാഖ്യമവ്യയം. 68

പദം തത് പരമം ധാമ ചേതസാ സോഽപ്യചിന്തയത്
വായുരോധേന സംയുക്തം സർവ്വേ ദേവാഃ സഹർഷയഃ. 69

സാഗ്നയോ ലക്ഷ്മണം പുഷ്പൈഃ തുഷ്ടുവുശ്ച സമാകിരൻ
അദൃശ്യം വിബുധൈഃ കൈശ്ചിത് സശരീരം സവാസവഃ. 70

ഗൃഹീത്വാ ലക്ഷ്മണം ശക്രഃ സ്വർഗ്ഗലോകമഥാഗമത്
തതോ വിഷ്ണുശ്ചതുർഭാഗം തം ദേവം സുരസത്തമാഃ
സർവ്വേ ദേവർഷയോ ദൃഷ്ട്വാ ലക്ഷ്മണം സമപൂജയൻ. 71

രഘുശ്രേഷ്ഠ ഏവം ഉക്തേ	രഘുവരൻ ഇങ്ങനെ പറഞ്ഞതോടെ
ദുഃഖവ്യാകുലിതേക്ഷണഃ	ദുഃഖത്താൽ കണ്ണുകലങ്ങിയ
സൗമിത്രിഃ	ലക്ഷ്മണൻ
രാമം പ്രണമ്യ ശീഘ്രം	രാമനെ വണങ്ങി പെട്ടെന്നു
സ്വകം ഗൃഹം അഗാത്	സ്വഭവനത്തിലേക്ക് പോയി.
തതഃ സരയൂതീരം അഗാത്	അവിടെനിന്ന് സരയൂതീരത്തേക്ക് നടന്നു.
ആചമ്യ കൃതാഞ്ജലിഃ	ആചമിച്ച് അഞ്ജലി ബന്ധിച്ച്
സഃ നവദ്വാരാണി സംയമ്യ	അദ്ദേഹം നവദ്വാരങ്ങളും നിരോധിച്ചു.
മൂർദ്ധ്നി പ്രാണാൻ അധാരയത്	ശിരസ്സിൽ പ്രാണവായുവിനെ അടക്കി.
അക്ഷരം വാസുദേവാഖ്യം	അനശ്വരവും വാസുദേവനാമകവും ആയ
പരം ബ്രഹ്മ യത് പദം തത്	പരബ്രഹ്മപദം—
പരമം ധാമ	പരമധാമം—
സഃ ചേതസാ അപ്യചിന്തയത്	അദ്ദേഹം മനസാ ധ്യാനിച്ചു.
വായുരോധേന സംയുക്തം ലക്ഷ്മണം	പ്രാണനെ നിരോധിച്ച ലക്ഷ്മണന്റെമേൽ
സഹർഷയഃ	മഹർഷിമാർ,
സാഗ്നയഃ ദേവാഃ	അഗ്നിസമേതരായ ദേവന്മാർ
സർവ്വേ പുഷ്പൈഃ സമാകിരൻ	ഇവരെല്ലാം പൂക്കൾ വിതറി.
തുഷ്ടുവുഃ ച	(അദ്ദേഹത്തെ) വാഴ്ത്തി സ്തുതിച്ചു.
വിബുധൈഃ കൈശ്ചിത് അദൃശ്യം	ദേവന്മാർക്കുപോലും ദർശിക്കാൻപററാത്ത
ലക്ഷ്മണം സശരീരം ഗൃഹീത്വാ	ലക്ഷ്മണനെ ഉടലോടെ കൂട്ടിക്കൊണ്ട്
വാസവഃ ശക്രഃ അഥ	ഇന്ദ്രൻ
സ്വർഗ്ഗലോകം അഗമത്	സ്വർഗ്ഗലോകത്തേക്ക് പോയി.
വിഷ്ണോഃ ചതുർഭാഗം തം	വിഷ്ണുവിന്റെ നാലാം അംശമായ ആ
ലക്ഷ്മണം ദേവം ദൃഷ്ട്വാ	ലക്ഷ്മണദേവനെ ദർശിച്ച്
സർവ്വേ സുരസത്തമാഃ ദേവർഷയഃ	സകലദേവന്മാരും ദേവർഷിമാരും
സമപൂജയൻ	പൂജകൾ അർപ്പിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷ്മണേന ദിവമാഗതേ ഹരൗ
സിദ്ധലോകഗതയോഗിനസ്തദാ
ബ്രഹ്മണാ സഹ സമാഗമൻ മുദാ
ദ്രഷ്ടുമാഹിതമഹാഹിരൂപകം. 72

ഹരൗ ലക്ഷ്മണേ ദിവം ആഗതേ തദാ ആഹിതമഹാഹി– രൂപകം (തം) ദ്രഷ്ടും സിദ്ധലോകഗതയോഗിനഃ ബ്രഹ്മണാ സഹ മുദാ സമാഗമൻ	വിഷ്ണുവിന്റെ അംശമായ ലക്ഷ്മണൻ സ്വർഗ്ഗത്തിൽ എത്തിയപ്പോൾ മഹാസർപ്പത്തിന്റെ (അനന്തന്റെ) രൂപം പൂണ്ട അദ്ദേഹത്തെ ദർശിക്കാൻ സിദ്ധലോകത്തിലെ യോഗികൾ ബ്രഹ്മാവിനോടൊപ്പം സസന്തോഷം അവിടെ വന്നുചേർന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ അഷ്ടമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം എട്ടാം സർഗ്ഗം കഴിഞ്ഞു.

സർഗ്ഗം ഒൻപത്

മഹാപ്രയാണം

ശ്രീമഹാദേവ ഉവാച: ശ്രീമഹാദേവൻ അരുളി

ലക്ഷ്മണം തു പരിത്യജ്യ രാമോ ദുഃഖസമന്വിതഃ
മന്ത്രിണോ നൈഗമാംശ്ചൈവ വസിഷ്ഠം ചേദമബ്രവീത്. 1

ലക്ഷ്മണം പരിത്യജ്യ രാമഃ ദുഃഖസമന്വിതഃ	ലക്ഷ്മണനെ പരിത്യജിച്ചതോടെ രാമൻ ദുഃഖനിമഗ്നനായി.
മന്ത്രിണഃ നൈഗമാൻ വസിഷ്ഠം ച ഏവ ഇദം അബ്രവീത്	മന്ത്രിമാർ, വൈദികർ, വസിഷ്ഠൻ എന്നിവരോടായി അദ്ദേഹം ഇപ്രകാരം പറഞ്ഞു:

അഭിഷേക്ഷ്യാമി ഭരതം അധിരാജ്യേ മഹാമതിം
അദ്യ ചാഹം ഗമിഷ്യാമി ലക്ഷ്മണസ്യ പദാനുഗഃ. 2

മഹാമതിം ഭരതം അധിരാജ്യേ അഭിഷേക്ഷ്യാമി	അതിബുദ്ധിമാനായ ഭരതനെ ഞാൻ നാട്ടിൽ അഭിഷേകംചെയ്യും.
അദ്യ അഹം ച ലക്ഷ്മണസ്യ പദാനുഗഃ ഗമിഷ്യാമി	(എന്നിട്ട്) ഇന്നു ഞാനും ലക്ഷ്മണന്റെ വഴിയേ പോകും.

ഏവമുക്തേ രഘുശ്രേഷ്ഠേ പൗരജാനപദാസ്തദാ
ദ്രുമാ ഇവ ഛിന്നമൂലാഃ ദുഃഖാർത്താ പതിതാ ഭുവി. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഘുശ്രേഷ്ഠേ ഏവം ഉക്തേ	രഘുവരൻ ഇങ്ങനെ ചൊന്നപ്പോൾ
പൌരാഃ ജാനപദാഃ	നഗരവാസികളും നാട്ടിൻപുറക്കാരും
ഛിന്നമൂലാഃ ദ്രുമാ ഇവ	ചുവടററ മരങ്ങൾപോലെ
ദുഃഖാർത്താഃ ഭുവി പതിതാഃ	ശോകാർത്തരായി നിലംപതിച്ചു.

മൂർച്ഛിതോ ഭരതോ വാപി ശ്രുത്വാ രാമാഭിഭാഷിതം
ഗർഹയാമാസ രാജ്യം സ പ്രാഹേദം രാമസന്നിധൌ. 4

രാമഭാഷിതം ശ്രുത്വാ	രാമവചനം കേട്ട
ഭരതഃ അപി മൂർച്ഛിതഃ	ഭരതനും ബോധമററു.
രാജ്യം ഗർഹയാമാസ	രാജ്യാധികാരം നിന്ദ്യമായി കരുതി.
സഃ രാമസന്നിധൌ ഇദം പ്രാഹ	അദ്ദേഹം രാമനോടു് ഇങ്ങനെ പറഞ്ഞു:

സത്യേന ച ശപേ നാഹം ത്വാം വിനാ ദിവി വാ ഭുവി
കാംക്ഷേ രാജ്യം രഘുശ്രേഷ്ഠ ശപേ ത്വത്പാദയോഃ പ്രഭോ. 5

രഘുശ്രേഷ്ഠ അഹം	രഘുവര, ഞാൻ
സത്യേന ശപേ	സത്യമായി ശപഥം ചെയ്യുകയാണു്.
ത്വാം വിനാ ദിവി വാ	നിന്നെക്കൂടാതെ സ്വർഗ്ഗത്തിലായാലും
ഭുവി വാ	ഭൂമിയിലായാലും
രാജ്യം ന കാംക്ഷേ	രാജ്യം എനിക്കാവശ്യമില്ല.
പ്രഭോ ത്വത് പാദയോഃ	പ്രഭോ, നിന്റെ പാദം തൊട്ടു്
ശപേ	ആണയിടുന്നു.

ഇമൌ കുശലവൌ രാജൻ അഭിഷിഞ്ചസ്വ രാഘവ
കോസലേഷു കുശം വീരം ഉത്തരേഷു ലവം തഥാ. 6

രാജൻ രാഘവ	മഹാരാജാവേ, രാഘവ,
ഇമൌ കുശലവൌ അഭിഷിഞ്ചസ്വ	ഈ കുശലവന്മാരെ അഭിഷേചിച്ചാലും.
വീരം കുശം കോസലേഷു	വീരനായ കുശനെ കോസലത്തിലും
തഥാ ഉത്തരേഷു ലവം	ഉത്തരദേശത്തു് ലവനെയും.

ഗച്ഛന്തു ദൂതാസ്ത്വരിതം ശത്രുഘ്നാനയനായ ഹി
അസ്മാകമേതദ് ഗമനം സ്വർഗ്ഗായ ശൃണോതു സഃ. 7

ശത്രുഘ്നാനയനായ	ശത്രുഘ്നനെ കൂട്ടിക്കൊണ്ടുവരാൻ
ത്വരിതം ദൂതാഃ ഗച്ഛന്തു	ഉടനടി ദൂതന്മാർ പോകട്ടെ.
സ്വർഗ്ഗവാസായ അസ്മാകം	സ്വർഗ്ഗവസതിയിലേക്കുള്ള നമ്മുടെ
ഏതത് ഗമനം സഃ ശൃണോതു	ഗമനവാർത്ത അവനും കേൾക്കട്ടെ.

ഭരതേനോദിതം ശ്രുത്വാ പതിതാസ്താഃ സമീക്ഷ്യ തം
പ്രജാശ്ച ഭയസംവിഗ്നാഃ രാമവിശ്ലേഷകാതരാഃ. 8

രാമവിശ്ലേഷകാതരാഃ	രാമൻ വേർപിരിയുന്നതിൽ ദുഃഖിതരും
ഭയസംവിഗ്നാഃ ച താഃ പ്രജാഃ	ഭയചകിതരുമായ ആ ജനതതി
ഭരതേന ഉദിതം ശ്രുത്വാ	ഭരതന്റെ വചനം കേട്ടപ്പോൾ
തം സമീക്ഷ്യ	അദ്ദേഹത്തെ ഉററുനോക്കി
പതിതാഃ	നിലംപതിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസിഷ്ഠോ ഭഗവാൻ രാമമുവാച സദയം വചഃ
പശ്യ താതാദരാത് സർവ്വാഃ പതിതാഃ ഭൂതലേ പ്രജാഃ. 9

ഭഗവാൻ വസിഷ്ഠഃ സദയം രാമം വചഃ ഉവാച	(അപ്പോൾ) ഭഗവാൻ വസിഷ്ഠൻ കനിവോടെ രാമനോട് ഈ വചനം അരുളി:
താത പ്രജാഃ സർവ്വാഃ ഭൂതലേ പതിതാഃ ആദരാത് പശ്യ	കുഞ്ഞേ, നിന്റെ പ്രജകളെല്ലാം നിലംപതിച്ചു; അവരെ സ്നേഹപൂർവ്വം നോക്കുക.

താസാം ഭാവാനുഗം രാമ പ്രസാദം കർത്തുമർഹസി
ശ്രുത്വാ വസിഷ്ഠവചനം താഃ സമുത്ഥാപ്യ പൂജ്യ ച. 10

സസ്നേഹോ രഘുനാഥസ്താഃ കിം കരോമീതി ചാബ്രവീത്
തതഃ പ്രാഞ്ജലയഃ പ്രോചുഃ പ്രജാഃ ഭക്ത്യാ രഘൂദ്വഹം. 11

രാമ താസാം ഭാവാനുഗം പ്രസാദം കർത്തും അർഹസി	രാമ, അവരുടെ ഭാവനയ്ക്കനുരൂപമായി നീ അവരോട് പ്രസാദം കാട്ടേണ്ടതാണ്,
വസിഷ്ഠവചനം ശ്രുത്വാ രഘുനാഥഃ താഃ സമുത്ഥാപ്യ പൂജ്യ ച സസ്നേഹഃ അബ്രവീത്	വസിഷ്ഠവചനം ശ്രവിച്ച രഘുനാഥൻ അവരെ എഴുന്നേല്പിച്ചു ബഹുമാനിച്ച് സ്നേഹപൂർവ്വം ആരാഞ്ഞു:
കിം കരോമി ഇതി	(ഞാൻ നിങ്ങൾക്ക്) എന്താണ് ചെയ്യേണ്ടത്?
പ്രാഞ്ജലയഃ ഭക്ത്യാ പ്രജാഃ രഘൂദ്വഹം പ്രോചുഃ	തൊഴുകൈയോടെ ഭക്തിപൂർവ്വം പ്രജകൾ രഘുവരന് മറുപടി നല്കി.

ഗന്തുമിച്ഛസി യത്ര ത്വം അനുഗച്ഛാമഹേ വയം
അസ്മാകമേഷാ പരമാ പ്രീതിർധർമ്മോയമക്ഷയഃ. 12

ത്വം യത്ര ഗന്തും ഇച്ഛസി വയം അനുഗച്ഛാമഹേ	നീ എങ്ങോട്ടു പോകാൻ ഇച്ഛിക്കുന്നുവോ, (അവിടേക്ക്) ഞങ്ങളും കൂടെ വരും.
ഏഷാ അസ്മാകം പരമാ പ്രീതിഃ അയം അക്ഷയഃ ധർമ്മഃ	ഇതാണ് ഞങ്ങൾക്കു പരമമായ പ്രീതി. ഇതാണ് അക്ഷയധർമ്മം.

തവാനുഗമനേ രാമ ഹൃദ്ഗതാ നോ ദൃഢാ മതിഃ
പുത്രദാരാദിഭിഃ സാർദ്ധം അനുയാമോഽദ്യ സർവ്വഥാ. 13

തപോവനം വാ സ്വർഗ്ഗം വാ പുരം വാ രഘുനന്ദന
ജ്ഞാത്വാ തേഷാം മനോദാർഢ്യം കാലസ്യ വചനം തഥാ. 14

ഭക്തം പൗരജനം ചൈവ ബാഢമിത്യാഹ രാഘവഃ
കൃത്വൈവം നിശ്ചയം രാമസ്തസ്മിന്നേവാഹനി പ്രഭുഃ. 15

പ്രസ്ഥാപയാമാസ ച തൗ രാമഭദ്രഃ കുശീലവൗ
അഷ്ടൗ രഥസഹസ്രാണി സഹസ്രം ചൈവ ദന്തിനാം. 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷഷ്ടിം ചാശ്വസഹസ്രാണാം ഏകൈകസ്യൈ ദദൗ ബലം
ബഹുരത്നൗ ബഹുധനൗ ഹൃഷ്ടപുഷ്ടജനാവൃതൗ. 17

രാമ തവ അനുഗമനേ	രാമ, നിന്റെകൂടെ പോരാൻ
നഃ ഹൃദ്ഗതാ മതിഃ ദൃഢാ	ഞങ്ങളെട്ടത്ത തീരുമാനം ഉറച്ചതാണ്.
രഘുനന്ദന തപോവനം വാ	രാഘവ, തപോവനത്തിലോ,
സ്വർഗ്ഗം വാ പുരം വാ	സ്വർഗ്ഗത്തിലോ, നഗരിയിലോ എവിടെ—
പുത്രദാരാദിഭിഃ സാർദ്ധം	യുമാകട്ടെ, പുത്രദാരാദികളോടൊത്ത്
സർവ്വഥാ അദ്യ അനുയാമഃ	ഞങ്ങളെല്ലാം ഇന്നു നിന്നെ അനുഗമിക്കും.
തേഷാം മനോബലം ജ്ഞാത്വാ	അവരുടെ മനോദാർഢ്യം ഗ്രഹിക്കുകയും
കാലസ്യ വചനം (സ്മൃത്വാ) ച	കാലന്റെ വചനം സ്മരിക്കുകയുംചെയ്ത
രാഘവഃ ഭക്തം പൗരജനം	രാഘവൻ ഭക്തരായ പൗരജനങ്ങളോട്
ബാഢം ഇതി ആഹ	'അങ്ങനെയാകട്ടെ' എന്നു സമ്മതിച്ചു.
ഏവം നിശ്ചയം കൃത്വാ	ഇങ്ങനെ നിശ്ചയിച്ചുറച്ച
പ്രഭുഃ രാമഃ	പ്രഭു രാമചന്ദ്രൻ
തസ്മിൻ അഹനി ഏവ തൗ	ആ ദിവസംതന്നെ
കുശീലവൗ പ്രസ്ഥാപയാമാസ	കുശലവന്മാരെ യാത്രയാക്കി.
അഷ്ടൗ രഥ സഹസ്രാണി	എണ്ണായിരം തേരു്,
മന്തിനാം സഹസ്രം ച	ആയിരം ആനകരം,
അശ്വസഹസ്രാണാം ഷഷ്ടി ച	ആറായിരം കുതിരകരം (ഇവയടങ്ങിയ)
ബലം ഏകൈകസ്യൈ ദദൗ	സേനയെ ഓരോരുത്തർക്കും കൊടുത്തു.
ബഹുരത്നൗ ബഹുധനൗ	(ഒപ്പം) ധാരാളം രത്നവും സമ്പത്തും
ഹൃഷ്ടപുഷ്ടജനാവൃതൗ ച	ആരോഗ്യമുള്ള പരിചാരകരെയും.

അഭിവാദ്യ ഗതൗ രാമം കൃച്ഛ്രേണ തു കുശീലവൗ
ശത്രുഘ്നാനയനേ ദൂതാൻ പ്രേഷയാമാസ രാഘവഃ. 18

കുശീലവൗ രാമം അഭിവാദ്യ	കുശലവന്മാർ രാമനെ പ്രണമിച്ച്
കൃച്ഛ്രേണ ഗതൗ	വിഷമത്തോടെ വിടവാങ്ങി.
രാഘവഃ ശത്രുഘ്നാനയനേ	രാഘവൻ പിന്നെ ശത്രുഘ്നനെ വരുത്താൻ
ദൂതാൻ പ്രേഷയാമാസ	ദൂതരെ അയച്ചു.

തേ ദൂതാസ്ത്വരിതം ഗത്വാ ശത്രുഘ്നായ ന്യവേദയൻ
കാലസ്യാഗമനം പശ്ചാത് അത്രിപുത്രസ്യ ചേഷ്ടിതം. 19

ലക്ഷ്മണസ്യ ച നിര്യാണം പ്രതിജ്ഞാം രാഘവസ്യ ച
പുത്രാഭിഷേചനം ചൈവ സർവ്വം രാമചികീർഷിതം. 20

കാലസ്യ ആഗമനം	കാലന്റെ വരവ്,
അത്രിപുത്രസ്യ ചേഷ്ടിതം	ദുർവ്വാസാവിന്റെ പ്രവൃത്തി,
ലക്ഷ്മണസ്യ നിര്യാണം	ലക്ഷ്മണനിര്യാണം,
രാഘവസ്യ പ്രതിജ്ഞാം	രാമപ്രതിജ്ഞ,
പുത്രാഭിഷേചനം ച	കുമാരന്മാരുടെ രാജ്യാഭിഷേകം,
ഏവം രാമചികീർഷിതം	ഇനി രാമൻ ചെയ്യാനിച്ഛിക്കുന്നത്
സർവ്വം	അങ്ങനെ എല്ലാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ ദൂതാഃ ത്വരിതം ഗത്വാ	ആ ദൂതന്മാർ പെട്ടെന്നു ചെന്നു്
ശത്രുഘ്നായ ന്യവേദയൻ	ശത്രുഘ്നനെ അറിയിച്ചു.

ശ്രുത്വാ തദ് ദൂതവചനം ശത്രുഘ്നഃ കുലനാശനം
വ്യഥിതോപി ധൃതിം ലബ്ധ്വാ പുത്രാവാഹൂയ സത്വരഃ
അഭിഷിച്യ സുബാഹും വൈ മഥുരായാം മഹാബലഃ. 21

യൂപകേതും ച വിദിശാ നഗരേ ശത്രുസൂദനഃ
അയോധ്യാം ത്വരിതം പ്രാഗാത് സ്വയം രാമദിദൃക്ഷയാ. 22

കുലനാശനം തദ് ദൂതവചനം	വംശവിനാശകരമായ ആ ദൂതവാക്യം
ശ്രുത്വാ ശത്രുഘ്നഃ	കേട്ടപ്പോൾ ശത്രുഘ്നൻ
വ്യഥിതഃ അപി	ദുഃഖിതനായി എങ്കിലും
ധൃതിം ലബ്ധ്വാ മഹാബലഃ	ധൈര്യം കൈക്കൊണ്ടു് ആ മഹാധീരൻ
സത്വരഃ പുത്രൗ ആഹൂയ	ഉടൻതന്നെ ഇരുപുത്രന്മാരെയും വരുത്തി;
സുബാഹും മഥുരായാം	(അവരിൽ) സുബാഹുവിനെ മഥുരയിലും
വിദിശാനഗരേ യൂപകേതും ച	വിദിശാനഗരിയിൽ യൂപകേതുവിനെയും
അഭിഷിച്യ	വാഴിച്ചു.
രാമദിദൃക്ഷയാ	എന്നിട്ട് രാമദർശനതൽപരനായി
സ്വയം രിപുസൂദനഃ ത്വരിതം	സ്വയം ശീഘ്രം അദ്ദേഹം
അയോധ്യാം പ്രാഗാത്	അയോധ്യയിലേക്കു പോയി.

ദദർശ ച മഹാത്മാനം തേജസാ ജ്വലനപ്രഭം
ദുകൂലയുഗസംവീതം ഋഷിഭിശ്ചാക്ഷയൈർവൃതം. 23

തേജസാ ജ്വലനപ്രഭം	തേജസ്സാൽ തീപോലെ തിളങ്ങുന്ന,
ദുകൂലയുഗസംവീതം	രണ്ടു പട്ടുടയാട അണിഞ്ഞ,
അക്ഷയൈഃ ഋഷിഭിഃ	ചിരഞ്ജീവികളായ ഋഷിമാരാൽ
വൃതം മഹാത്മാനം	പരിസേവിതനായ ആ മഹാനെ,
രാമം ദദർശ	രാമനെ ദർശിച്ചു.

അഭിവാദ്യ രമാനാഥം ശത്രുഘ്നോ രഘുപുംഗവം
പ്രാഞ്ജലിർധർമ്മസഹിതം വാക്യം പ്രാഹ മഹാമതിഃ. 24

രമാനാഥം രഘുപുംഗവം	രമാപതിയായ രഘുവരനെ
അഭിവാദ്യ	വണങ്ങിയിട്ടു്
മഹാമതിഃ ശത്രുഘ്നഃ	ബുദ്ധിശാലി ശത്രുഘ്നൻ
പ്രാഞ്ജലിഃ ധർമ്മസഹിതം	തൊഴുകൈയോടെ ധർമ്മാനുസൃതമായ
വാക്യം പ്രാഹ	വാക്കുകൾ സംസാരിച്ചു.

അഭിഷിച്യ സുതൗ തത്ര രാജ്യേ രാജീവലോചന
തവാനുഗമനേ രാജൻ വിദ്ധി മാം കൃതനിശ്ചയം. 25

രാജീവലോചന രാജൻ	രാജീവലോചന, രാജാവേ,
സുതൗ തത്ര	മക്കളെ ഇരുവരെയും
രാജ്യേ അഭിഷിച്യ	നാട്ടിൽ വാഴിച്ചതിനുശേഷം
തവ അനുഗമനേ	നിന്നെ അനുഗമിക്കാൻ
കൃതനിശ്ചയം	ദൃഢനിശ്ചയം ചെയ്തു (വന്നിരിക്കയാണു്)
മാം വിദ്ധി	ഞാൻ എന്നറിഞ്ഞാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്യക്തും നാർഹസി മാം വീര ഭക്തം തവ വിശേഷതഃ
ശത്രുഘ്നസ്യ ദൃഢാം ബുദ്ധിം വിജ്ഞായ രഘുനന്ദനഃ. 26

സഞ്ജീവതു മദ്ധ്യാഹ്നേ ഭവാൻ ഇത്യബ്രവീദ്വചഃ
അഥ ക്ഷണാത് സമുത്പേതുർവാനരാഃ കാമരൂപിണഃ. 27

ഋക്ഷാശ്ച രാക്ഷസാശ്ചൈവ ഗോപുച്ഛായ സഹസ്രശഃ
ഋഷീണാം ദേവതാനാം ച പുത്രാഃ രാമസ്യ നിർഗ്ഗമം. 28

ശ്രുത്വാ പ്രോചു രഘുശ്രേഷ്ഠം സർവ്വേ വാനരരാക്ഷസാഃ
തവാനുഗമനേ വിദ്ധി നിശ്ചിതാർത്ഥാൻ ഹി നഃ പ്രഭോ. 29

വീര വിശേഷതഃ തവ ഭക്തം മാം ത്യക്തും ന അർഹസി	വീര, വിശേഷിച്ചും നിന്റെ ഭക്തനായ എന്നെ പരിത്യജിക്കാൻ പാടില്ല.
ശത്രുഘ്നസ്യ ദൃഢാം ബുദ്ധിം വിജ്ഞായ രഘുനന്ദനഃ ഇതി വചഃ അബ്രവീത്	ശത്രുഘ്നന്റെ ദൃഢ നിശ്ചയമറിഞ്ഞ രാമൻ ഈവിധം അരുളി:
മധ്യാഹ്നേ ഭവാൻ സഞ്ജീവതു	ഉച്ചയ്ക്കു പുറപ്പെടാൻ നീ ഒരുങ്ങിക്കൊള്ളുക.
കാമരൂപിണഃ വാനരാഃ അഥ ക്ഷണാത് സമുത്പേതുഃ	കാമരൂപികളായ വാനരർ ഉടൻ അവിടെ വന്നുചേർന്നു.
ഋക്ഷാഃ ഗോപുച്ഛാഃ ഋഷീണാം ദേവതാനാം ച പുത്രാഃ വാനരരാക്ഷസാഃ സർവ്വേ സഹസ്രശഃ രാമസ്യ നിർഗ്ഗമനം ശ്രുത്വാ	ഋക്ഷന്മാർ (കരടിക്കരങ്ങുകൾ), കാളവാലന്മാർ, ഋഷിമാരുടെയും ദേവതകളുടെയും പുത്രരായ വാനരർ, രാക്ഷസർ എല്ലാം ആയിരക്കണക്കിന് രാമന്റെ ഗമനവാർത്ത കേട്ട് (തടിച്ചുകൂടി).
തേ രഘുശ്രേഷ്ഠം പ്രോചുഃ	അവർ രഘുവരനെ അറിയിച്ചു:
പ്രഭോ തവ അനുഗമനേ നഃ നിശ്ചിതാർത്ഥാൻ വിദ്ധി	പ്രഭോ, നിന്നെ അനുഗമിക്കാൻ നിശ്ചയിച്ചവരാണ് ഞങ്ങൾ എന്നു് അറിഞ്ഞാലും.

ഏതസ്മിന്നന്തരേ രാമം സുഗ്രീവോഽപി മഹാബലഃ
യഥാവദഭിവാദ്യാഹ രാഘവം ഭക്തവത്സലം. 30

ഏതസ്മിൻ അന്തരേ മഹാബലഃ സുഗ്രീവഃ അപി ഭക്തവത്സലം രാഘവം രാമം യഥാവത് അഭിവാദ്യ ആഹ	ഇതേസമയത്തു് മഹാപരാക്രമി സുഗ്രീവനും ഭക്തവത്സലനായ രാഘവനെ യഥാവിധി വന്ദിച്ച് നിവേദനംചെയ്തു.

അഭിഷിച്യാംഗദം രാജ്യേ ആഗതോഽസ്മി മഹാബലം
തവാനുഗമനേ രാമ വിദ്ധി മാം കൃതനിശ്ചയം. 31

രാമ മഹാബലം അംഗദം രാജ്യേ അഭിഷിച്യ ആഗതഃ അസ്മി	രാമ, പ്രബലനായ അംഗദനെ രാജാവായി അഭിഷേചിച്ചിട്ടാണ് ഞാൻ വന്നിരിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തവ അനുഗമനേ	നിന്റെ പിമ്പേ വരാൻ
കൃതനിശ്ചയം	നിശ്ചയിച്ചവനാണ്
മാം വിദ്ധി	ഞാൻ എന്നു ധരിച്ചാലും.

ശ്രുത്വാ തേഷാം ദൃഢം വാക്യം ഋക്ഷവാനരരക്ഷസാം
വിഭീഷണമുവാചേദം വചനം മൃദു സാദരം. 32

തേഷാം ഋക്ഷവാനരരക്ഷസാം	ആ ഋക്ഷന്മാരുടെയും വാനരരാക്ഷസന്മാരുടെയും
ദൃഢം വാക്യം ശ്രുത്വാ	ദൃഢഭാഷണം കേട്ട രാമൻ
വിഭീഷണം ഇദം മൃദുവചനം	വിഭീഷണനോട് മൃദുവാക്കുകളിൽ
ഉവാച	സാദരം അരുളിച്ചെയ്തു.

ധരിഷ്യതി ധരാ യാവത് പ്രജാസ്താവത് പ്രശാധി മേ
വചനാത് രാക്ഷസം രാജ്യം ശാപിതോസി മമോപരി. 33

യാവത് ധരാ പ്രജാഃ	എന്നുവരെ ഉലകം ജനതതിയെ
ധരിഷ്യതി താവത്	പുലർത്തുമോ അന്നുവരത്തേക്ക്
മേ വചനാത്	എന്റെ കല്പനപ്രകാരം നീ
രാക്ഷസം രാജ്യം പ്രശാധി	രാക്ഷസരാജ്യം വാണുകൊൾക.
മമ ഉപരി	(അങ്ങനെ ചെയ്യാമെന്ന്) എന്റെ നാമ—
ശാസിതഃ അസി	ത്തിൽ നിന്നെ ശപഥംചെയ്യിക്കുന്നു.

ന കിഞ്ചിദുത്തരം വാച്യം ത്വയാ മത്കൃതകാരണാത്
ഏവം വിഭീഷണം ത്വുക്ത്വാ ഹനൂമന്തമഥാബ്രവീത്. 34

മത്കൃതകാരണാത് ത്വയാ	എന്റെ പ്രവൃത്തിയെപ്പറ്റി നീ
കിഞ്ചിത് ഉത്തരം ന വാച്യം	ഒന്നും മറുത്തു പറയരുത്.
വിഭീഷണം ഏവം	വിഭീഷണനോട് ഇങ്ങനെ
ഉക്ത്വാ അഥ	അരുളിയതിനുശേഷം
ഹനൂമന്തം അബ്രവീത്	മാരുതിയോട് ഓതി:

മാരുതേ ത്വം ചിരംജീവ മമാജ്ഞാം മാ മൃഷാ കൃഥാഃ
ജാംബവന്തമഥ പ്രാഹ തിഷ്ഠ ത്വം ദ്വാപരാന്തരേ. 35

മാരുതേ ത്വം ചിരംജീവ	മാരുതേ, നീ നീണാൾ വാഴുക.
മമ ആജ്ഞാം വൃഥാ മാ കൃഥാഃ	എന്റെ (മുൻ)കല്പന വൃഥാവിലാക്കരുത്.
അഥ ജാംബവന്തം പ്രാഹ	പിന്നെ ജാംബവാനോട് അരുളി:
ദ്വാപരാന്തരേ	ദ്വാപരയുഗത്തിന്റെ അവസാനംവരെ
ത്വം തിഷ്ഠ	നീ ഭൂമിയിൽ കഴിയണം.

മയാ സാർദ്ധം ഭവേദ് യുദ്ധം യത്കിഞ്ചിത് കാരണാന്തരേ
തതസ്താൻ രാഘവഃ പ്രാഹ ഋക്ഷരാക്ഷസവാനരാൻ
സർവ്വാനേവ മയാ സാർദ്ധം പ്രയാതേതി ദയാന്വിതഃ. 36

യത് കിഞ്ചിത് കാരണാന്തരേ	ചില കാരണവശാൽ (അന്ന്)
മയാ സാർദ്ധം യുദ്ധം ഭവേത്	നീ എനിക്കെതിരെ പൊരുതും.
തതഃ സർവ്വാൻ ഋക്ഷ—	അനന്തരം സകല വാനര—
രാക്ഷസവാനരാൻ	രാക്ഷസരോടുമായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഘവഃ ദയാന്വിതഃ പ്രാഹ	രാഘവൻ ദയാപൂർവ്വം കല്പിച്ചു:
മയാ സാർദ്ധം പ്രയാത ഇതി	എല്ലാവരും എന്നോടൊത്തു പോരുവിൻ.

തതഃ പ്രഭാതേ രഘുവംശനാഥോ
വിശാലവക്ഷാഃ സിതകഞ്ജനേത്രഃ
പുരോധസം പ്രാഹ വസിഷ്ഠമാര്യം
യാന്ത്വഗ്നിഹോത്രാണി പുരോ ഗുരോ മേ. 37

വിശാലവക്ഷാഃ	വിശാലവക്ഷസ്സുള്ള
സിതകഞ്ജനേത്രഃ	വെൺതാമരക്കണ്ണൻ
രഘുവംശനാഥഃ	രഘുകുലനാഥൻ രാമൻ
തതഃ പ്രഭാതേ	അടുത്ത പ്രഭാതത്തിൽ
പുരോധസം ആര്യം	പുരോഹിതനും പൂജ്യനുമായ
വസിഷ്ഠം പ്രാഹ	വസിഷ്ഠമുനിയോട് അഭ്യർത്ഥിച്ചു:
ഗുരോ അഗ്നിഹോത്രാണി	ഗുരോ, അഗ്നിഹോത്രസാമഗ്രികൾ
മേ പുരഃ	എന്റെ യാത്രയ്ക്കു മുമ്പേതന്നെ
യാന്തു	കൊടുത്തയയ്ക്കണം.

തതോ വസിഷ്ഠോപി ചകാര സർവ്വം
പ്രാസ്ഥാനികം കർമ്മ മഹദ്വിധാനാത്
ക്ഷൗമാംബരോ ദർഭപവിത്രപാണിഃ
മഹാപ്രയാണായ ഗൃഹീതബുദ്ധിഃ. 38

നിഷ്ക്രമ്യ രാമോ നഗരാത് സിതാഭ്രാത്
ശശീവ യാതഃ ശശികോടികാന്തിഃ
രാമസ്യ സവ്യേ സിതപദ്മഹസ്താ
പദ്മാ ഗതാ പദ്മവിശാലനേത്രാ. 39

തതഃ വസിഷ്ഠഃ അപി	അതനുസരിച്ച് വസിഷ്ഠമുനി,
മഹാപ്രാസ്ഥാനികം	മഹാപ്രസ്ഥാനത്തിനു വേണ്ട
കർമ്മ സർവ്വം	കർമ്മങ്ങളെല്ലാം
മഹദ്വിധാനാത് ചകാര	തികച്ചും വിധിപൂർവ്വം അനുഷ്ഠിച്ചു.
ശശികോടികാന്തിഃ രാമഃ	കോടിചന്ദ്രന്മാരുടെ കാന്തിയാർന്ന രാമൻ
ക്ഷൗമാംബരഃ ദർഭപവിത്രപാണിഃ	വെൺപട്ടുടുത്ത്, ദർഭ കൈയിലേന്തി,
മഹാപ്രയാണായ ഗൃഹീതബുദ്ധിഃ	മഹായാത്രയിൽ മനസ്സൂന്നി,
സിതാഭ്രാത് ശശീ ഇവ	വെൺമേഘത്തിൽനിന്ന് തിങ്കളെന്നപോ-
നഗരാത് നിഷ്ക്രമ്യ യാതഃ	ലെ നഗരിയിൽനിന്നു നടന്നകന്നു.
രാമസ്യ സവ്യേ	രാമന്റെ ഇടതുവശത്തായി
സിതപദ്മഹസ്താ	വെൺതാമര കൈയിലേന്തി,
പദ്മവിശാലനേത്രാ പദ്മാ	പദ്മവിശാലാക്ഷി ലക്ഷ്മിയും
ഗതാ	നടന്നുപോയി.

പാർശ്വേഽഥ ദക്ഷേഽരുണകഞ്ജഹസ്താ
ശ്യാമാ യയൗ ഭൂരപി ദീപ്യമാനാ
ശാസ്ത്രാണി ശസ്ത്രാണി ധനുശ്ച ബാണാ
ജഗ്മുഃ പുരസ്താദ്ധൃതവിഗ്രഹാസ്തേ. 40

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ ദക്ഷേ പാർശ്വേ	വലതുവശത്തുകൂടെ,
അരുണകഞ്ജഹസ്താ	ചെന്താമര കൈയിലേന്തി
ശ്യാമാ ദീപ്യമാനാ	കറുത്ത നിറക്കാരി, കാന്തിമതി
ഭൂഃ അപി യയൗ	ഭൂമീദേവിയും നടക്കുന്നുണ്ടായിരുന്നു.
ധൃതവിഗ്രഹാഃ ധനുർബാണാഃ	ആകാരംപൂണ്ട ധനുർബാണങ്ങളും,
ശാസ്ത്രാണി ശസ്ത്രാണി ച	ശാസ്ത്രങ്ങളും, ശസ്ത്രങ്ങളും ഇവ
പുരസ്താദ് ജഗ്മുഃ	മുമ്പേ ഗമിച്ചു.

വേദാശ്ച സവ്വേ ധൃതവിഗ്രഹാശ്ച
യയുശ്ച സവ്വേ മുനയശ്ച ദിവ്യാഃ
മാതാ ശ്രുതീനാം പ്രണവേന സാധ്വീ
യയൗ ഹരിം വ്യാഹൃതിഭിഃ സമേതാ. 41

ധൃതവിഗ്രഹാഃ സവ്വേ വേദാഃ ച	ആകൃതിപൂണ്ട അഖിലവേദങ്ങളും
സവ്വേ ദിവ്യാഃ മുനയഃ ച യയുഃ	എല്ലാ ദിവ്യമുനിമാരും യാത്രയായി.
പ്രണവേന വ്യാഹൃതിഭിഃ	ഓംകാരവും വ്യാഹൃതിയും (ഭൂഃ ഭുവഃ സ്വഃ)
ച സമേതാ ശ്രുതീനാം മാതാ	സഹിതം വേദമാതാവായ
ഗായത്രീ ച	ഗായത്രിയും പോയി.

ഗച്ഛന്തമേവാനുഗതാഃ ജനാസ്തേ
സപുത്രദാരാഃ സഹ ബന്ധുവഗ്ഗൈഃ
അനാവൃതദ്വാരമിവാപവഗ്ഗം
രാമം വ്രജന്തം യയുരാപ്തകാമാഃ
സാന്തഃപുരഃ സാനുചരഃ സഭാര്യഃ
ശത്രുഘ്നയുക്തോ ഭരതോഽനുയാതഃ. 42

ഗച്ഛന്തം തേ ജനാഃ	യാത്രയായ രാമനെ ആ ജനതതി
സപുത്രദാരാഃ ബന്ധുവർഗ്ഗൈഃ	പുത്രകളത്രാദികളും ബന്ധുവഗ്ഗങ്ങളും
സഹ ഏവ അനുഗതാഃ	ഒത്തുതന്നെയാണ് അനുഗമിച്ചത്.
ആപ്തകാമാഃ തേ അനാവൃത—	ഇച്ഛകളെല്ലാം നേടിയ അവർ മലക്കെ
ദ്വാരം അപവർഗ്ഗം ഇവ വ്രജന്തം	തുറന്ന മോക്ഷവാതിലിലേക്ക് എന്ന—
രാമം യയുഃ	പോലെ രാമനെ അനുഗമിച്ചു.
സാന്തഃപുരഃ സാനുചരഃ	അന്തഃപുരവാസികളും, അനുചരർ,
സഭാര്യഃ ശത്രുഘ്നയുക്തഃ	പത്നി, ശത്രുഘ്നൻ ഇവരോടൊത്ത്
ഭരതഃ അനുയാതഃ	ഭരതനും പോയി.

ഗച്ഛന്തമാലോക്യ രമാസമേതം
ശ്രീരാഘവം പൗരജനാഃ സമസ്താഃ
സബാലവൃദ്ധാശ്ച യയുർദ്വിജാഗ്ര്യാഃ
സാമാത്യവഗ്ഗാശ്ച സമന്ത്രിണോ യയുഃ. 43

രമാസമേതം ശ്രീരാഘവം	രമാദേവിയോടൊത്ത് ശ്രീരാമൻ
ഗച്ഛന്തം ആലോക്യ	കടന്നുപോകുന്നതു കണ്ട്
സബാലവൃദ്ധാഃ സമസ്താഃ	ആബാലവൃദ്ധം സമസ്ത—
പൗരജനാഃ സാമാത്യവർഗ്ഗാഃ	പൗരജനങ്ങളും അമാത്യർ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമന്ത്രിണഃ ദ്വിജാഗ്ര്യാഃ ച യയുഃ	മന്ത്രിമാർ ഇവരോടൊത്തു് ബ്രാഹ്മണ— മുഖ്യരും യാത്രയായി.

സർവ്വേ ഗതാഃ ക്ഷത്രമുഖാഃ പ്രഹൃഷ്ടാഃ
വൈശ്യാശ്ച ശൂദ്രാശ്ച തഥാപരേ ച
സുഗ്രീവമുഖ്യാ ഹരിപുംഗവാശ്ച
സ്നാതാ വിശുദ്ധാഃ ശുഭശബ്ദയുക്താഃ. 44

ക്ഷത്രമുഖാഃ വൈശ്യാഃ ശൂദ്രാഃ തഥാ പരേ ച സർവ്വേ പ്രഹൃഷ്ടാഃ ഗതാഃ	ക്ഷത്രിയമുഖ്യർ, വൈശ്യർ, ശൂദ്രർ, മററുള്ളവർ അങ്ങനെ എല്ലാവരും അതീവസന്തോഷത്തോടെയാണു് പോയതു്.
സ്നാതാഃ വിശുദ്ധാഃ ശുഭശബ്ദയുക്താഃ സുഗ്രീവമുഖ്യാഃ ഹരിപുംഗവാഃ ച ഗതാഃ	കുളിച്ച വിശുദ്ധരായി മംഗളശബ്ദം ഉതിർത്തുകൊണ്ടു് സുഗ്രീവാദി വാനരശ്രേഷ്ഠരും നടന്നകന്നു.

ന കശ്ചിദാസീത് ഭവദുഃഖയുക്തോ
ദീനോഽഥവാ ബാഹ്യസുഖേഷു സക്തഃ
ആനന്ദരൂപാനുഗതാ വിരക്താ
യയുശ്ച രാമം പശുഭൃത്യവർഗ്ഗൈഃ. 45

കശ്ചിത് ഭവദുഃഖയുക്തഃ ദീനഃ അഥവാ ബാഹ്യസുഖേഷു സക്തഃ ന ആസീത്	ഒരുവൻപോലും സംസാരദുഃഖിതനോ ദീനനോ സുഖാസക്തനോ ആയിരുന്നില്ല.
ആനന്ദരൂപാനുഗതാഃ (തേ) വിരക്താഃ പശുഭൃത്യവർഗ്ഗൈഃ രാമം യയുഃ ച	ആനന്ദസ്വരൂപനെ പിന്തുടർന്ന ആ വിരക്തർ സ്വന്തം വളർത്തുമൃഗങ്ങളും, ഭൃത്യർ സഹിത— മാണു് രാമനോടൊപ്പം പോയതു്.

ഭൂതാന്യദൃശ്യാനി ച യാനി തത്ര
യേ പ്രാണിനഃ സ്ഥാവരജംഗമാശ്ച
സാക്ഷാത് പരാത്മാനമനന്തശക്തിം
ജഗ്മുർവിരക്താഃ പരമേകമീശം. 46

അദൃശ്യാനി ച യാനി ഭൂതാനി യേ പ്രാണിനഃ സ്ഥാവരജംഗമാഃ ച വിരക്താഃ അനന്തശക്തിം ഏകം ഈശം സാക്ഷാത് പരാ- ത്മാനം രാമം ജഗ്മുഃ	അദൃശ്യജീവികളും, അന്യപ്രാണികളും, സ്ഥാവരജംഗമങ്ങളും ഇവയെല്ലാം വിരക്തിയോടെ അനന്തശക്തിമാനും ഏകേശ്വരനും സാക്ഷാൽ പരമാത്മാവു— മായ രാമനെ അനുയാത്രചെയ്തു.

നാസീദയോധ്യാനഗരേ തു ജന്തുഃ
കശ്ചിത്തദാ രാമമനാഃ ന യാതഃ
ശൂന്യം ബഭൂവാഖിലമേവ തത്ര
പുരം ഗതേ മാജനി രാമചന്ദ്രേ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തദാ അയോധ്യാനഗരേ	ആ സമയത്തു് അയോധ്യാനഗരിയിൽ
രാമമനാഃ ന യാതഃ	രാമനിൽ ലീനമാനസനല്ലാത്ത
കശ്ചിത് ജന്തുഃ ന ആസീത്	ഒററജീവിപോലും ഉണ്ടായിരുന്നില്ല.
രാജനി രാമചന്ദ്രേ ഗതേ	രാജാവായ ശ്രീരാമചന്ദ്രൻ വിട്ടുപോയ-
തത്ര പുരം അഖിലം ഏവ	തോടെ ആ നഗരമെല്ലാം തികച്ചും
ശൂന്യം ബഭൂവ	ശൂന്യമായി.

തതോഽതിദൂരം നഗരാത സ രാജാ
ദൃഷ്ട്വാ നദീം താം ഹരിനേത്രജാതാം
നനന്ദ രാമഃ സ്മൃതപാവനോതോ
ദദർശ ചാശേഷമിദം ഹൃദിസ്ഥം. 48

തതഃ നഗരാത്	അതിനുശേഷം നഗരത്തിൽനിന്നു്
അതിദൂരം (ഗത്വാ) സഃ രാജാ രാമഃ	അതിദൂരമെത്തി ആ രാജാവു്, രാമൻ,
ഹരിനേത്രജാതാം	വിഷ്ണുവിന്റെ മിഴികളിൽനിന്നുത്ഭവിച്ച
താം നദീം ദൃഷ്ട്വാ നനന്ദ	ആ നദി (സരയു) കണ്ടു് സന്തോഷിച്ചു.
സ്മൃതപാവനഃ	സ്മരിച്ചാൽ പരിശുദ്ധി പകരുന്ന അദ്ദേഹം
അതഃ അശേഷം ഇദം	അങ്ങനെ സമസ്തവിശ്വത്തെയും
ഹൃദിസ്ഥം ദദർശ	തന്റെ ഉള്ളിൽ ദർശിക്കുകയുംചെയ്തു.

അഥാഗതസ്തത്ര പിതാമഹോ മഹാൻ
ദേവാശ്ച സർവ്വേ ഋഷയശ്ച സിദ്ധാഃ
വിമാനകോടീഭിരപാരപാരം
സമാവൃതം ഖം സുരസേവിതാഭിഃ. 49

രവിപ്രകാശാഭിരഭിസ്ഫുരന്തം
ജ്യോതിർമ്മയം തത്ര നഭോ ബഭൂവ
സ്വയംപ്രകാശൈർമഹതാം മഹദ്ഭിഃ
സമാവൃതം പുണ്യകൃതാം വരിഷ്ഠൈഃ. 50

അഥ മഹാൻ പിതാമഹഃ	അപ്പോൾ മഹാപിതാമഹൻ
തത്ര ആഗതഃ	ബ്രഹ്മാവു് അവിടെയെത്തി.
ദേവാഃ ഋഷയഃ സിദ്ധാഃ	ദേവന്മാർ, ഋഷിമാർ, സിദ്ധർ
ച സർവ്വേ ആഗതാഃ	എല്ലാവരും വന്നു.
സുരസേവിതാഭിഃ	ദേവന്മാർ കയറിയ
വിമാനകോടീഭിഃ	വിമാനകോടികളാൽ
അപാരപാരം ഖം സമാവൃതം	അനന്തമായ ആകാശം നിറഞ്ഞു.
രവിപ്രകാശാഭിഃ (വിമാനൈഃ)	സൂര്യപ്രഭ ചൊരിയുന്ന വിമാനങ്ങളാൽ
അഭിസ്ഫുരത് നഭഃ	തിളങ്ങുന്ന ആകാശം
ജ്യോതിർമ്മയം ബഭൂവ	പ്രകാശപൂരിതമായി.
സ്വയംപ്രകാശൈഃ	സ്വയം പ്രകാശം ചൊരിയുന്ന
മഹതാം മഹദ്ഭിഃ	അതിമഹാന്മാരാൽ,
പുണ്യകൃതാം വരിഷ്ഠൈഃ	ശ്രേഷ്ഠരായ പുണ്യാത്മാക്കളാൽ,
ച നഭഃ സമാവൃതം	നഭോമണ്ഡലം നിറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വവുശ്ച വാതാശ്ച സുഗന്ധവന്തോ
വവർഷ വൃഷ്ടിഃ കുസുമാവലീനാം.
ഉപസ്ഥിതേ ദേവമൃദംഗനാദേ
ഗായത്സു വിദ്യാധരകിന്നരേഷു. 51

രാമസ്തു പദ്ഭ്യാം സരയൂജലം സകൃത്
സ്പൃഷ്ട്വാ പരിക്രാമദനന്തശക്തിഃ
ബ്രഹ്മാ തദാ പ്രാഹ കൃതാഞ്ജലിസ്തം
രാമം പരാത്മൻ പരമേശ്വരസ്ത്വം. 52

വിഷ്ണുഃ സദാനന്ദമയോഽസി പൂർണ്ണോ
ജാനാസി തത്ത്വം നിജമൈശമേകം
തഥാപി ദാസസ്യ മമാഖിലേശ
കൃതം വചോ ഭക്തപരോഽസി വിദ്വൻ. 53

സുഗന്ധമയാഃ വാതാഃ വവുഃ ച കുസുമാവലീനാം വൃഷ്ടിഃ വവർഷ	നറുമണംപേറിയ കാററു വീശി. പൂമാരി ചൊരിഞ്ഞു.
ദേവമൃദംഗജനാദേ ഉപസ്ഥിതേ വിദ്യാധരകിന്നരേഷു ഗായത്സു അനന്തശക്തിഃ രാമഃ സരയൂജലം സകൃത് സ്പൃഷ്ട്വാ പദ്ഭ്യാം പരിക്രാമത്	ദേവന്മാരുടെ മൃദംഗഘോഷം തുടങ്ങിയപ്പോഴും, വിദ്യാധര-കിന്നരന്മാർ പാടവേ, അനന്തശക്തിമാൻ രാമൻ സരയൂജലം ഒരുതവണ സ്പർശിച്ചു് ആചമിച്ചു; ചരണങ്ങളാൽ പ്രദക്ഷിണംചെയ്തു.
തദാ കൃതാഞ്ജലിഃ ബ്രഹ്മാ തം രാമം പ്രാഹ	അപ്പോൾ തൊഴുകൈയോടെ ബ്രഹ്മാവു് രാമനോടു പറയുകയായി:
പരാത്മൻ ത്വം പരമേശ്വരഃ സദാ ആനന്ദമയഃ പൂർണ്ണഃ വിഷ്ണുഃ അസി	പരമാത്മാവേ, നീ എല്ലാററിനും അധിപൻ, നിത്യാനന്ദരൂപനായ നീ പരിപൂർണ്ണനാണു്, വിഷ്ണു.
നിജം ഏകം ഐശം തത്ത്വം ജാനാസി	നിന്റെ കേവലമായ പരമതത്ത്വം നീ മാത്രം അറിയുന്നു.
തഥാപി അഖിലേശ ദാസസ്യ മമ വചഃ കൃതം	എങ്കിലും ദാസനായ എന്റെ പ്രാർത്ഥന നീ പൂർത്തീകരിച്ചുവല്ലോ.
വിദ്വൻ ഭക്തപരഃ അസി	എല്ലാം അറിയുന്നവനേ, നീ ഭക്തവത്സലൻ ആകുന്നു.

ത്വം ഭ്രാതൃഭിർവൈഷ്ണവമേവമാദ്യം
പ്രവിശ്യ ദേഹം പരിപാഹി ദേവാൻ
യദ്വാ പരോ വാ യദി രോചതേ തം
പ്രവിശ്യ ദേഹം പരിപാഹി നസ്ത്വം. 54

ത്വം ഭ്രാതൃഭിഃ ആദ്യം വൈഷ്ണവം ദേഹം പ്രവിശ്യ ദേവാൻ പരിപാഹി	നീ സോദരരോടുകൂടി ആദിമമായ വൈഷ്ണവദേഹം പൂകി ദേവന്മാരെ പരിരക്ഷിച്ചാലും.
യദ് വാ യദി പരഃ രോചതേ	അഥവാ മറെറാരു ദേഹമാണു് സ്വീകാര്യമെങ്കിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ദേഹം പ്രവിശ്യ	അതിൽ പ്രവേശിച്ച്
ത്വം നഃ പരിപാഹി	നീ ഞങ്ങളെ പരിപാലിക്കേണമേ.

ത്വമേവ ദേവാധിപതിശ്ച വിഷ്ണുഃ
ജാനന്തി ന ത്വാം പുരുഷാ വിനാ മാം
സഹസ്രകൃത്വസ്തു നമോ നമസ്തേ
പ്രസീദ ദേവേശ പുനർനമസ്തേ. 55

ത്വം ഏവ ദേവാധിപതിഃ വിഷ്ണുഃ	നീതന്നെ ദേവാധിപൻ വിഷ്ണു.
മാം വിനാ പുരുഷാഃ	ഞാനൊഴിച്ച് മററാരും
ത്വാം ന ജാനന്തി	നിന്നെ (വിഷ്ണുവെന്ന്) അറിയുന്നില്ല.
ദേവേശ തേ സഹസ്രകൃത്വഃ	ദേവാധിപ, നിനക്ക് ആയിരമായിരം
നമോ നമഃ. പ്രസീദ	നമസ്കാരം. പ്രസാദിക്കേണമേ,
പുനഃ തേ നമഃ	വീണ്ടും നിനക്കു വണക്കം.

പിതാമഹപ്രാർത്ഥനയാ സ രാമഃ
പശ്യത്സു ദേവേഷു മഹാപ്രകാശഃ
മുഷ്ണംശ്ച ചക്ഷൂംഷി ദിവൗകസാം തദാ
ബഭൂവ ചക്രാദിയുതഃ ചതുർഭുജഃ. 56

പിതാമഹപ്രാർത്ഥനയാ സഃ രാമഃ	ബ്രഹ്മാവിൻെറ അഭ്യർത്ഥനപ്രകാരം രാമൻ
ദേവേഷു പശ്യത്സു	ദേവന്മാർ നോക്കിനില്ക്കവേതന്നെ,
ദിവൗകസാം ചക്ഷൂംഷി മുഷ്ണൻ	അവരുടെ കണ്ണുകളെ വഞ്ചിച്ച്
ചക്രാദിയുതഃ	ചക്രാദി ആയുധങ്ങളും ധരിച്ച
ചതുർഭുജഃ ബഭൂവ	നാലു കൈകളുള്ള (വിഷ്ണുവായി) ഭവിച്ചു.

ശേഷോ ബഭൂവേശ്വരതല്പഭൃതഃ
സൗമിത്രിരത്യദ്ഭുതഭോഗധാരീ
ബഭൂവതുശ്ചക്രദരൗ ച ദിവ്യൗ
കൈകേയിസൂനുർലവണാന്തകശ്ച. 57

സൗമിത്രിഃ അത്യദ്ഭുതഭോഗധാരീ	ലക്ഷ്മണൻ അത്യദ്ഭുതഫണങ്ങളുള്ള,
ഈശ്വരതല്പഭൃതഃ	ഭഗവാന്ന് തല്പമായി മേവുന്ന,
ശേഷഃ ബഭൂവ	അനന്തനായി മാറി.
കൈകേയീസൂനുഃ ലവണാന്തകഃ ച	ഭരതനും ലവണാന്തകനും (ശത്രുഘ്നൻ)
ദിവ്യൗ ചക്രദരൗ ബഭൂവതുഃ	ദിവ്യങ്ങളായ ചക്രവും ശംഖുമായിത്തീൎന്നു.

സീതാ ച ലക്ഷ്മീരഭവത് പുരൈവ
രാമോ ഹി വിഷ്ണുഃ പുരുഷഃ പുരാണഃ
സഹാനുജഃ പൂർവ്വശരീരകേണ
ബഭൂവ തേജോമയദിവ്യമൂർത്തിഃ. 58

സീതാ ച പുരാ ഏവ	സീത നേരത്തെതന്നെ
ലക്ഷ്മീഃ അഭവത്	ലക്ഷ്മീദേവിയായി ഭവിച്ചിരുന്നു.
രാമഃ പുരാണഃ പുരുഷഃ	രാമൻ പുരാണപുരുഷനായ
വിഷ്ണുഃ ഹി	വിഷ്ണുവാണല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഹാനുജഃ	അനുജന്മാരോടൊപ്പം (അദ്ദേഹം)
പൂർവ്വശരീരകേണ	മുൻദേഹത്തോടുകൂടി
തേജോമയദിവ്യമൂർത്തിഃ ബഭൂവ	തേജസ്സാററ ദിവ്യമൂർത്തിയായി മാറി.

വിഷ്ണും സമാസാദ്യ സുരേന്ദ്രമുഖ്യാഃ
ദേവാശ്ച സിദ്ധാഃ മുനയശ്ച യക്ഷാഃ
പിതാമഹാദ്യാഃ പരിതഃ പരേശം
സ്തവൈർഗൃണന്തഃ പരിപൂജയന്തഃ. 59

സുരേന്ദ്രമുഖ്യാഃ ദേവാഃ സിദ്ധാഃ	ഇന്ദ്രാദിദേവന്മാർ, സിദ്ധർ,
മുനയഃ യക്ഷാഃ ച	മുനിമാർ, യക്ഷർ,
പിതാമഹാദ്യാഃ പരേശം	ബ്രഹ്മാദികരം സർവ്വേശനായ
വിഷ്ണും പരിതഃ സമാസാദ്യ	വിഷ്ണുവിന്റെ അരികിലെത്തി
സ്തവൈഃ ഗൃണന്തഃ പരിപൂജയന്തഃ	സ്തോത്രങ്ങളാൽ വാഴ്ത്തി പൂജിച്ചു.

ആനന്ദസംപ്ലാവിതപൂർണ്ണചിത്താഃ
ബഭൂവിരേ പൂർണ്ണമനോരഥാസ്തേ
തദാഹ വിഷ്ണുർദ്രുഹിണം മഹാത്മാ
ഏതേ ഹി ഭക്താഃ മയി ചാനുരക്താഃ. 60

പ്രാപ്തമനോരഥാഃ തേ	മനോരഥങ്ങളം നേടി,
ആനന്ദസംപ്ലാവിതപൂർണ്ണചിത്താഃ	ആനന്ദത്തിൽ ആറാടി
ബഭൂവിരേ	അവർ പൂർണ്ണകാമരായിത്തീന്നു.
തദാ മഹാത്മാ വിഷ്ണുഃ	ആ സമയത്തു് മഹാവിഷ്ണു
ദ്രുഹിണം ആഹ	ബ്രഹ്മാവിനോടു് അരുളി:
ഏതേ ഭക്താഃ	ഇവർ ഭക്തരാണു്;
മയി അനുരക്താഃ ച	എന്നിൽ സ്നേഹവായ്പുള്ളവരും.

യാന്തം ദിവം മാമനുയാന്തി സർവ്വേ
തിര്യക്ശരീരാ അപി പുണ്യയുക്താഃ
വൈകുണ്ഠസാമ്യം പരമം പ്രയാന്തു
സമാവിശസ്വാശു മമാജ്ഞയാ ത്വം. 61

ദിവം യാന്തം മാം	സ്വർഗ്ഗത്തേക്കു മടങ്ങുന്ന എന്നെ
അനുയാന്തി സർവ്വേ	അനുഗമിക്കുകയാണു് ഇവരെല്ലാം.
തിര്യക്ശരീരാ അപി	ഇവരിൽ തിര്യക്ശരീരികരം
പുണ്യയുക്താഃ	(വിശേഷബുദ്ധിയില്ലാത്ത ജന്തുക്കരം) പോലും പുണ്യശാലികളാണു്.
വൈകുണ്ഠസാമ്യം പരമം	വൈകുണ്ഠതുല്യമായ പരമപദം
പ്രയാന്തു	പ്രാപിക്കട്ടെ ഇവർ.
ആശു മമ ആജ്ഞയാ	വേഗം എന്റെ ആജ്ഞാനുസരണം
ത്വം സമാവിശസ്വ	ഇവരെ (സ്വർഗ്ഗത്തിൽ) പ്രവേശിപ്പിക്കുക.

ശ്രുത്വാ ഹരേർവാക്യമഥാബ്രവീത് കഃ
സാന്താനികാൻ യാന്തു വിചിത്രഭോഗാൻ
ലോകാൻ മദീയോപരി ദീപ്യമാനാൻ
തദ്ഭാവയുക്താഃ കൃതപുണ്യപുംജാഃ. 62

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരേഃ വാക്യം ശ്രുത്വാ കഃ അബ്രവീത്	ഹരിയുടെ വാക്യം കേട്ട ബ്രഹ്മാവ് പ്രതിവചിച്ചു:
ത്വദ്ഭാവയുക്താഃ കൃതപുണ്യപുംജാഃ മദീയോപരി ദീപ്യമാനാൻ വിചിത്രഭോഗാൻ സാന്താനികാൻ ലോകാൻ യാന്തു	നിന്നിൽ മനസ്സു ലയിപ്പിച്ചവരും അധികപുണ്യം ചെയ്തവരുമായ ഇവർ എന്റെ ലോകത്തിനു മേലേ വിളങ്ങുന്ന, വിചിത്രഭോഗങ്ങളും നിറഞ്ഞ, 'സാന്താനികം' എന്ന ലോകങ്ങളിലേക്കു പൊയ്ക്കൊള്ളട്ടെ.

യേ ചാപി തേ രാമ പവിത്രനാമ
ഗൃണന്തി മർത്ത്യാഃ ലയകാല ഏവ
അജ്ഞാനതോ വാപി ഭജന്തു ലോകാൻ
താനേവ യോഗൈരപി ചാധിഗമ്യാൻ. 63

യേ മർത്ത്യാഃ അന്തകാലേ ഏവ അജ്ഞാനതഃ വാ അപി തേ പവിത്രനാമ ഗൃണന്തി തേ അപി യോഗൈഃ അപി അധിഗമ്യാൻ താൻ ലോകാൻ ഏവ ഭജന്തു	ഏതു മനുഷ്യർ മരണസമയത്തു മാത്രമായാലും അറിയാതെയായാലും നിന്റെ പാവനനാമം ഉച്ചരിക്കുന്നുവോ അവരും യോഗങ്ങളാൽ മാത്രം പ്രാപ്യമായ ആ ലോകങ്ങളിൽത്തന്നെ ചെന്നുചേരട്ടെ.

തതോതിഹൃഷ്ടാ ഹരിരാക്ഷസാദ്യാഃ
സ്പൃഷ്ട്വാ ജലം ത്യക്തകലേബരാസ്തേ
പ്രപേദിരേ പ്രാക്തനമേവ രൂപം
യദംശജാ ഋക്ഷഹരീശ്വരാസ്തേ. 64

തതഃ അതിഹൃഷ്ടാഃ ഹരിരാക്ഷസാദ്യാഃ ജലം സ്പൃഷ്ട്വാ ത്യക്തകലേബരാഃ	അനന്തരം അത്യന്തം സന്തോഷിച്ച വാനര—രാക്ഷസാദികൾ സരയൂജലം സ്പർശിച്ച് ദേഹം വെടിഞ്ഞു.
തേ ഋക്ഷഹരീശ്വരാഃ യദംശജാഃ പ്രാക്തനം രൂപം ഏവ പ്രപേദിരേ	ആ ഋക്ഷ—വാനരവീരർ ഏതു ദേവാംശത്തിൽനിന്ന് അവതരിച്ചുവോ, അതേ പൂർവ്വരൂപത്തിൽത്തന്നെ ലീനരായി.

പ്രഭാകരം പ്രാപ ഹരിപ്രവീരഃ
സുഗ്രീവ ആദിത്യജവീര്യവത്വാത്
തതോ വിമഗ്നാഃ സരയൂജലേഷു
നരാഃ പരിത്യജ്യ മനുഷ്യദേഹം. 65

ആരുഹ്യ ദിവ്യാഭരണാഃ വിമാനം
പ്രാപുശ്ച തേ സാന്തനികാഖ്യലോകാൻ
തിര്യക്പ്രജാതാ അപി രാമദൃഷ്ട്വാ
ജലം പ്രവിഷ്ടാ ദിവമേവ യാതാഃ. 66

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദിത്യജവീര്യവത്വാത്	സൂര്യന്റെ വീര്യത്തിൽനിന്നു ജനിച്ചവ-
ഹരിപ്രവീരഃ സുഗ്രീവഃ	നാകയാൽ വാനരവീരൻ സുഗ്രീവൻ
പ്രഭാകരം പ്രാപ	സൂര്യനിൽ ലയിച്ചു.
നരാഃ സരയൂജലേഷു വിമഗ്നാഃ	മനുഷ്യർ സരയൂജലത്തിൽ മുങ്ങി
മനുഷ്യദേഹം പരിത്യജ്യ	മാനവശരീരം ത്യജിച്ചു;
ദിവ്യാഭരണാഃ	ദിവ്യാഭരണങ്ങൾ അണിഞ്ഞു്
വിമാനം ആരുഹ്യ തേ	വിമാനത്തിലേറി അവർ
സാന്താനികാഖ്യ-	സാന്താനികമെന്നു പേരുള്ള
ലോകാൻ പ്രാപുഃ ച	ലോകങ്ങളിൽ എത്തി.
രാമദൃഷ്ടാ	രാമന്റെ ദൃഷ്ടിയിൽപ്പെട്ട
തിര്യക്പ്രജാതാ അപി	തിര്യക്കുകൾപോലും
ജലം പ്രവിഷ്ടാ	ജലത്തിൽ മുങ്ങി
ദിവം ഏവ യാതാഃ	സ്വർഗ്ഗത്തിൽത്തന്നെ ചെന്നുചേർന്നു.

ദിദൃക്ഷവോ ജാനപദാശ്ച ലോകാഃ
രാമം സമാലോക്യ വിമുക്തസംഗാഃ
സ്മൃത്വാ ഹരിം ലോകഗുരും പരേശം
സ്പൃഷ്ട്വാ ജലം സ്വർഗ്ഗമവാപുരംജഃ. 67

ദിദൃക്ഷവഃ	ദർശനം കാംക്ഷിച്ചെത്തിയ
ജാനപദാഃ ലോകാഃ ച	ഗ്രാമണിജനങ്ങളും
രാമം സമാലോക്യ വിമുക്തസംഗാഃ	രാമനെ ദർശിച്ചു് മുക്തി നേടി.
ലോകഗുരും പരേശം	ലോകഗുരുവും സർവ്വേശനുമായ
ഹരിം സ്മൃത്വാ	ഹരിയെ സ്മരിച്ചുകൊണ്ടു്
ജലം സ്പൃഷ്ട്വാ	ജലം സ്പർശിച്ചു് അവർ
അംജഃ സ്വർഗ്ഗം അവാപുഃ	ആയാസമെന്യേ സ്വർഗ്ഗം പ്രാപിച്ചു.

ഏതാവദേവോത്തരമാഹ ശംഭുഃ
ശ്രീരാമചന്ദ്രസ്യ കഥാവശേഷം
യഃ പാദമപ്യത്ര പഠേത് സ പാപാത്
വിമുച്യതേ ജന്മസഹസ്രജാതാദ്. 68

ഏതാവദ് ഏവ ശ്രീരാമചന്ദ്രസ്യ	ഇത്രമാത്രമാണു് ശ്രീരാമചന്ദ്രന്റെ
കഥാവശേഷം	കഥയ്ക്കു പരിശിഷ്ടമെന്ന നിലയിൽ
ഉത്തരം ശംഭുഃ	ഉത്തരകാണ്ഡം പരമശിവൻ
ആഹ	അരുളിച്ചെയ്തതു്.
അത്ര പാദം അപി യഃ പഠേത് സഃ	ഇതിലെ ഒരു വരിയെങ്കിലും പഠിക്കുന്നവൻ
ജന്മസഹസ്രജാതാദ്	ആയിരം ജന്മങ്ങളിൽ ചെയ്ത
പാപാത് വിമുച്യതേ	പാപങ്ങളിൽനിന്നുപോലും മുക്തനാകും.

ദിനേ ദിനേ പാപചയം പ്രകുർവ്വൻ
പഠന്നരഃ ശ്ലോകമപീഹ ഭക്ത്യാ
വിമുക്തസർവ്വാഘചയഃ പ്രയാതി
രാമസ്യ സാലോക്യമനന്യലഭ്യം. 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിനേ ദിനേ പാപചയം പ്രകുർവ്വൻ	ദിനംപ്രതി ബഹുപാപം ചെയ്യുന്ന
നരഃ അപി ഇഹ ശ്ലോകം	മനുഷ്യൻപോലും ഇതിലെ ഒരു ശ്ലോകം
ഭക്ത്യാ പഠേത്	ഭക്തിപൂർവ്വം പഠിക്കുമെങ്കിൽ
വിമുക്തസർവ്വാഘചയഃ	സകലപാപങ്ങളിൽനിന്നും വിമുക്തൽ നേടി
അനന്യലഭ്യം	മററാർക്കും ലഭിക്കാത്ത
രാമസ്യ സാലോക്യം പ്രയാതി	രാമസാലോക്യം പ്രാപിക്കും.

ആഖ്യാനമേതദ് രഘുനായകസ്യ
കൃതം പുരാ രാഘവചോദിതേന
മഹേശ്വരേണാപ്തഭവിഷ്യദർത്ഥം
ശ്രുത്വാ തു രാമഃ പരിതോഷമേതി. 70

ആപ്തഭവിഷ്യദർത്ഥം	ഭാവിസംഭവങ്ങൾകൂടി വിവരിക്കുന്ന
ഏതദ് രഘുനായകസ്യ ആഖ്യാനം	ഈ രാമകഥ
രാഘവചോദിതേന	രാമൻെറതന്നെ പ്രചോദനത്താൽ
മഹേശ്വരേണ പുരാ കൃതം	പരമശിവനാണ് പണ്ടു രചിച്ചതു്.
ശ്രുത്വാ രാമഃ	ഇതു കേട്ട് രാമൻ
പരിതോഷം ഏതി	പ്രസാദിക്കുന്നു.

രാമായണം കാവ്യമനന്തപുണ്യം
ശ്രീശങ്കരേണാഭിഹിതം ഭവാന്യൈ
ഭക്ത്യാ പഠേദ് യഃ ശൃണുയാത് സ പാപൈഃ
വിമുച്യതേ ജന്മശതോദ്ഭവൈശ്ച. 71

അനന്തപുണ്യം രാമായണം കാവ്യം	അനന്തപുണ്യമുള്ള രാമായണകാവ്യം
ശ്രീശങ്കരേണ ഭവാന്യൈ	പരമശിവൻ പാർവ്വതീദേവിക്ക്
അഭിഹിതം	ഉപദേശിച്ചതാണ്.
യഃ ഭക്ത്യാ പഠേത്	ഭക്തിപൂർവ്വം ഇതു പഠിക്കുന്നവനും
ശൃണുയാത് സഃ	കേൾക്കുന്നവനും
ജന്മശതോദ്ഭവൈഃ	നൂറു ജന്മങ്ങളിൽ ചെയ്ത
പാപൈഃ വിമുച്യതേ	പാപങ്ങളിൽനിന്നുപോലും മുക്തനാകും.

അധ്യാത്മരാമം പഠതശ്ച നിത്യം
ശ്രോതുശ്ച ഭക്ത്യാ ലിഖിതുശ്ച രാമഃ
അതിപ്രസന്നശ്ച സദാ സമീപേ
സീതാസമേതഃ ശ്രിയമാതനോതി. 72

നിത്യം അധ്യാത്മരാമം	നിത്യവും അധ്യാത്മരാമായണം
ഭക്ത്യാ പഠതഃ ശ്രോതുഃ	ഭക്തിപൂർവ്വം പഠിക്കുകയും കേൾക്കുകയും
ലിഖിതുഃ ച സമീപേ	എഴുതുകയും ചെയ്യുന്നവൻെറ സമീപം
സീതാസമേതഃ രാമഃ	സീതാസമേതൻ രാമൻ
അതിപ്രസന്നഃ	അതിപ്രീതിയോടെ സന്നിഹിതനായി
ശ്രിയം ആതനോതി	ഐശ്വര്യം ചൊരിയുന്നു.

രാമായണം ജനമനോഹരമാദികാവ്യം
ബ്രഹ്മാദിഭിഃ സുരവരൈരപി സംസ്തുതം ച
ശ്രദ്ധാന്വിതഃ പഠതി യഃ ശൃണുയാത്തു നിത്യം
വിഷ്ണോഃ പ്രയാതി സദനം സ വിശുദ്ധദേഹഃ. 73

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മാദിഭിഃ സുരവരൈഃ അപി	ബ്രഹ്മാദി ദേവശ്രേഷ്ഠരാൽപ്പോലും
സംസ്തുതം ജനമനോഹരം ച	പുകഴ്ത്തപ്പെടുന്നതും ജനഹൃദയഹാരിയുമായ
ആദികാവ്യം രാമായണം	ആദികാവ്യം രാമായണം,
യഃ നിത്യം ശ്രദ്ധാന്വിതഃ പഠതി	ആരു് നിത്യവും ശ്രദ്ധാപൂർവ്വം പഠിക്കുന്നു,
ശൃണുയാത് സഃ വിശുദ്ധദേഹഃ	കേൾക്കുന്നു, അവൻ വിശുദ്ധദേഹംപൂണ്ടു്
വിഷ്ണോഃ സദനം പ്രയാതി	വിഷ്ണുപദം പ്രാപിക്കുന്നു.

ഇതി ശ്രീമദധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ
ഉത്തരകാണ്ഡേ നവമഃ സർഗ്ഗഃ.

ഉമാമഹേശ്വരസംവാദമായ അധ്യാത്മരാമായണത്തിലെ
ഉത്തരകാണ്ഡം ഒൻപതാം സർഗ്ഗം കഴിഞ്ഞു.

സമാപ്തമിദം ഉത്തരകാണ്ഡം.

7939

പാർവ്വത്യൈ പരമേശ്വരേണ ഗദിതേ-
ഹ്യധ്യാത്മരാമായണേ
കാണ്ഡൈഃ സപ്തഭിരന്വിതേഽതിശുഭദേ
സർഗ്ഗാശ്ചതുഃഷഷ്ടികാഃ
ശ്ലോകാനാം തു ശതദ്വയേന സഹിതാ-
ന്യുക്താനി ചത്വാരി വൈ
സാഹസ്രാണി സമാപ്തിതഃ ശ്രുതിശതാ-
ന്യുക്താനി തത്വാർത്ഥതഃ.

പാർവ്വത്യൈ പരമേശ്വരേണ ഗദിതേ പാർവ്വതിക്കു് പരമേശ്വരൻ ഉപദേശിച്ചതും

സപ്തഭിഃ കാണ്ഡൈഃ അന്വിതേ	ഏഴു കാണ്ഡങ്ങളുള്ളതും
അതിശുഭദേ	അതിവശുഭപ്രദവുമായ
അധ്യാത്മരാമായണേ	അധ്യാത്മരാമായണത്തിൽ
സർഗ്ഗാഃ ചതുഃഷഷ്ടികാഃ	സർഗ്ഗങ്ങൾ അറുപത്തിനാലു്.
സമാപ്തിതഃ ഉക്താനി	അവസാനംവരെ എഴുതിയിട്ടുള്ള
ശ്ലോകാനി	ശ്ലോകങ്ങൾ
ശതദ്വയേന സഹിതാനി	
ചത്വാരി സാഹസ്രാണി	നാലായിരത്തി ഇരുനൂറു്.
തത്വാർത്ഥതഃ	തത്വാർത്ഥപ്രതിപാദകങ്ങളായ
ശ്രുതി ശതാനി	നൂറുകണക്കിനു് ശ്രുതികളും
ഉക്താനി	ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

GURUKUL KANGRI LIBRARY
Acc... 21753
Class...
Cat...
Tag etc.
Checked
Any Other

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധ്യാത്മരാമായണം

വിവ: ഡോ. എ. രാമചന്ദ്രദേവ്

ധർമ്മരശ്മികൾ ചിതറിക്കൊണ്ടു്, തമോവൃത്തികളെ തകർത്തുകൊണ്ടു്, ജീവിതസരണികളെ സുന്ദരമാക്കിക്കൊണ്ടു് ഭാരതീയസാഹിത്യമന്ദിരത്തിൽ ഇന്നും അധ്യാത്മരാമായണം ഉത്തമപുരുഷകഥാജ്വാലാനാളം പ്രകാശിപ്പിച്ചുപോരുന്നു. നമ്മുടെ ദേശഭാഷകളിലെ എത്ര മഹാകവികളാണു്, അതിൽനിന്നു ചൈതന്യം ഉൾക്കൊണ്ടിട്ടുള്ളതു്! എത്ര തലമുറകളാണു് ചിത്തശുദ്ധിയും ആത്മപ്രസാദവും സാത്വികാനന്ദവും നേടിയിട്ടുള്ളതു്! അധ്യാത്മരാമായണം [illegible] ഭംഗിയുടെ ഒരു [illegible]ണു്. മൂലഭാഷയി[illegible]തത്തെ മുൻനിർത്തിക്കൊണ്ടു് പ്രഗല്ഭപ[illegible] ഡോ. എ. രാമചന്ദ്രദേവ് തയ്യാറാക്കിയ [illegible] ഗദ്യപരിഭാഷയാണ് ഈ ഗ്രന്ഥം. പദാ[illegible] ആശയപ്രകാ[illegible] സുഗമവും സുന്ദരവുമായ മലയാള ഗദ്യത്തിലൂടെ സാധിക്കുകയെന്ന അത്യന്തം ശ്രമകരമായ നിയോഗമാണ് ഡോ. എ. രാമചന്ദ്രദേവ് ഇവിടെ സാർത്ഥകമാക്കിയിരിക്കുന്നതു്. സംസ്കൃതത്തിന്റെ സൗഭാഗ്യം കുറച്ചൊക്കെ ദേശഭാഷ മാത്രമറിയാവുന്ന അനുവാചകർക്കും അനുഭവിക്കാനുള്ള നടപ്പാത ഈ ഗ്രന്ഥത്തിൽ തെളിയുന്നു. ആശയമാധുര്യം അനായാസം നാട്ടുമൊഴിയിൽത്തന്നെ ആസ്വദിക്കാം. എഴുത്തച്ഛന്റെ മഹാശില്പവും അന്യാദൃശവുമായ കിളിപ്പാട്ടു് ഒന്നുകൂടി ഉള്ളിൽക്കടന്നു് അറിഞ്ഞാസ്വദിക്കുന്നതിനു് ഈ ഗ്രന്ഥം സഹായകമാകും. വിശ്വസാഹിത്യത്തിലെ അത്യുന്നതസ്ഥാനം കൈവരിച്ചിട്ടുള്ള ഈ ക്ലാസ്സിക്ഗ്രന്ഥം അനുവാചകർക്കു് അമൂല്യമായൊരു ഉപലബ്ധിയാണു്.

വില 135.00

നാഷനൽ ബുക്ക്സ്റ്റാൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar